# ശബ്ദതാരാവലി.

വ്യുൽപത്തി ചരിത്രപ്രയോഗങ്ങൾ മുതലായവ അടങ്ങിയ ഒരു

## മലയാള നിഘണ്ടു.

ക്രൂടതൽ വാക്കുകളും വിവരണങ്ങളും ചിത്രങ്ങളും

മറ്റും ചേർത്തു പരിഷ്കരിച്ച

രണ്ടാം പതിപ്പു്.

ഒന്നാം വാല്യം.

അ മുതൽ ഒ വരെ.


ഗ്രന്ഥകർത്താവു്

ശ്രീകണ്ഠേശ്വരം ജി. പദ്മനാഭപിള്ള.



പ്രകാശകൻ

പി. ചന്ദ്രശേഖരൻനായർ.

—:o:—

പ്രതി ൧൦൦൦.

"ഭാസ്കര" പ്രസ്സ്—തിരുവനന്തപുരം.

൧൯൦൪.

വില ഇ്രി. രൂപ 7.

(പകർപ്പവകാശം പ്രകാശകനിലും മറ്റും).

പ്രസാധകന്റെ മുൻകൂട്ടിയുള്ള പുസ്തകം വ്യാജനിർമ്മിതമാകുന്നു.

# മുഖവുര.

'ശബ്ദതാരാവലി' എന്ന ഈ മലയാളനിഘണ്ടുവിന്റെ ഒന്നാം പതിപ്പു പുറത്തായി രണ്ടുകൊല്ലം കഴിഞ്ഞശേഷം ആവശ്യക്കാക്ക് പുസ്തകം കൊടുപ്പാനില്ലാതെ വന്നതുനിമിത്തം ഈ രണ്ടാംപതിപ്പു് ആരംഭിക്കയും ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തി മുഴുപ്പിക്കയും ചെയ്തിട്ടുള്ളതാകുന്നു. ഇതിൽ ഞാൻ യഥാശക്തി വേണ്ട പരിഷ്കാരം ചെയ്തിട്ടുണ്ടു്. കേരളത്തിൽ എന്നല്ല, ഭാരതഖണ്ഡത്തിലും അതിനു പുറമേയും ഈ ഗ്രന്ഥം ചെലവായിക്കൊണ്ടിരിക്കുന്നതു നോക്കുമ്പോൾ പൊതുജനങ്ങൾ എന്നെ വേണ്ടുവോളം പ്രോത്സാഹിപ്പിക്കുന്നുണ്ടെന്നു പ്രസ്പഷ്ടമാകുന്നു. അവരുടെ അനുഗ്രഹം എനിക്കു് അത്യന്തം ചാരിതാർത്ഥ്യജനകമാണു്. എന്റെ പ്രയത്നത്തിന്റെ പ്രതിഫലവും അതു തന്നെ എന്നു ഞാൻ സ്വാത്മനാ സമ്മതിച്ചുകൊള്ളുന്നു. ഈ നിഘണ്ടു അപൂർണ്ണമാണെന്നു അപൂർവ്വം ചിലർ അഭിപ്രായപ്പെട്ടുന്നതായി കേൾക്കുന്നുണ്ടു്. നിഘണ്ടു ഒരിക്കലും പൂർണ്ണമാകുന്ന ഗ്രന്ഥമല്ല. 'പൂർണ്ണമായ നിഘണ്ടു' എന്നു് ഒരു നിഘണ്ടുകാരൻ പറയുമെന്നും എനിക്കു തോന്നുന്നില്ല. 'ശബ്ദതാരാവലി' പുറപ്പെട്ടതു മുതൽ 'നിഘണ്ടുനിർമ്മാണനിശ്ശ്ലാഷം' ഉച്ചൈസ്തരമായിരിക്കുന്നു. ചുവരുണ്ടായാൽ ചിത്രമെഴുതാമല്ലൊ. 'ശബ്ദതാരാവലി'യെക്കാൾ മെച്ചമായ ഒരു നിഘണ്ടു ഉണ്ടാകുന്നതു് വാസ്തവത്തിൽ എനിക്കും അത്യധികം സന്തോഷംതന്നെ. എന്നാൽ നിർമ്മത്സരന്മാരും കൃതമുഖന്മാരും പ്രതീക്ഷ്യന്മാരും ആയ ഏതാനും വിപശ്ചിദ്വിദ്വന്മാർ ഒത്തൊരുമിച്ചു് ഇരുപതോളം സംവത്സരം വേലചെയ്താലേ അതു് സാധിപ്പാൻ തരമുള്ളൂ. അതല്ല, രണ്ടുമൂന്നു കൊല്ലംകൊണ്ടു് ആരെങ്കിലും ഒരു നിഘണ്ടു എഴുതി പുറപ്പെടുവിക്കുന്നപക്ഷം അതു് 'ശബ്ദതാരാവലി'യുടെ പകർപ്പായിരിപ്പാനേ എളുപ്പമുള്ളൂ. സൌഭികസമ്പ്രദായംകൊണ്ടു് നിഘണ്ടു നിർമ്മിക്കാവുന്നതല്ല. 'സുഖം' എന്ന പദത്തിന്റെ അർത്ഥം എന്റെ നിഘണ്ടുവിൽ കൊടുത്തിട്ടുണ്ടെന്നുവരികിലും പരമാർത്ഥത്തിൽ അതെങ്ങനെയിരിക്കുമെന്നു് ഞാൻ ഇതുവരെ അറിഞ്ഞിട്ടുള്ളവനല്ല. എന്റെ കുടുംബക്കാരും ബന്ധുക്കളും സ്നേഹിതന്മാരും അതിനു സാക്ഷികളാകുന്നു. 'താരാവലി'യെ മുദ്രണംചെയ്തു വണിജ്യയിൽ സമധികമായ ലാഭത്തെ സമ്പാദിക്കണമെന്നു വിചാരിക്കാതെ 'ക്ലേശകൃഷ്ടമായ ഭാഷാസാഹിത്യപരിചയത്തിനു പയ്യാപ്പു'മാകണമെന്നു

മായും ഉദ്ദേശിച്ചു ൧൦൲ മുതൽ ൧൧൦൰ വരെ നാല് സംവത്സരം 'ശബ്ദതാരാവലി'ക്കു ചെലവാക്കിയതിന്റെ ശേഷവും അതിനെ പ്പറ്റി എന്റെ ഹൃദയത്തിനതന്നെ സന്തുഷ്ടി വന്നിട്ടില്ലെന്നുള്ളതും 'പെട്ടെന്ന് ഒരു നിഘണ്ടു പുറപ്പെടുവിച്ചുകളയാം' എന്നു വിചാരിക്കുന്നവർ ഓർമ്മിക്കേണ്ടതാകുന്നു. നിഘണ്ടു പതിപ്പു തോറും പരിഷ്കരിക്കണമെന്നുള്ളതും അതിന്റെ പ്രസാധകന്റെയും പിൻഗാമികളുടെയും ചുമതലയാണു്.

ഈ നിഘണ്ടുവിന്റെ ഒന്നാംപതിപ്പിൽ ഏതാനും പ്രതികം എടുത്തു സഹായിച്ച തിരുവിതാംകൂർ, കൊച്ചി ഈ രണ്ടു ബഹുമാനപ്പെട്ട ഗവർമ്മെണ്ടുകൾക്കും, വേണ്ട ഉപദേശങ്ങളും തന്നും അനുമോദിച്ചും എന്നെ പ്രോത്സാഹിപ്പിച്ച പണ്ഡിതശ്രേഷ്ഠന്മാർക്കും, ഈ പതിപ്പിലേയ്ക്കു ക്ലേശതൽ വാക്കുകളും ചേർക്കുന്നതിനിടയാക്കിയ മാന്യസ്നേഹിതന്മാർക്കും, ഒഴിച്ചുകൂടാത്ത ജോലിത്തിരക്കിനിടയിൽ വിലയേറിയ സമയത്തെ വ്യയംചെയ്തു് എന്റെ 'ജീവചരിത്രസംക്ഷേപം' സമുപജോഷ്ടം എഴുതിയയച്ചുതന്ന ഒരു പ്രത്യയിതസുഹൃത്തും ഭാഷാഭക്തനുമായ ശ്രീമാൻ പരുത്തിക്കാട്ടു ഗോപാലപിള്ള അവർകളും ബീ. എ-യ്ക്കും, ഈ പുസ്തകം ഭംഗിയായി അച്ചിട്ടുതന്ന നിഷ്കളങ്കഹൃദയനും "ഭാസ്കര"പ്രസ്സ് മാനേജരുമായ ബ്രഹ്മശ്രീ എൻ. പത്മനാഭയ്യങ്കാർ അവർകൾക്കും ഹൃദയപൂർവ്വം നന്ദിപറയുകയും, അസൂയാസഹസ്രഘണക്കരിമ്പാമ്പുകളുടെ ശല്യത്തിൽനിന്നും 'ശബ്ദതാരാവലി'യെ സംരക്ഷണംചെയ്തുപോരുന്ന സർവ്വസാക്ഷിയായ ജഗദീശ്വരന്റെയും, ഈ നിഘണ്ടു നിർമ്മാണത്തിൽ തിരുവുള്ളമുണ്ടായി വേണ്ട പ്രോത്സാഹനം നൽകി എന്നെ അനുഗ്രഹിച്ച നാടുനീങ്ങിയ ശ്രീമൂലകമഹാരാജാവു തിരുമനസ്സിലേയും ഇപ്പോൾ നാടുവാഴുന്ന കൊച്ചീമഹാരാജാവു തിരുമനസ്സിലേയും പാദാരവിന്ദങ്ങളെ ഭക്തിപൂർവ്വം വന്ദിക്കയും ചെയ്തിട്ട് ഈ രണ്ടാംപതിപ്പും ഞാൻ മഹാജനസമക്ഷം സവിനയം സമർപ്പിച്ചുകൊള്ളുന്നു.

---

കുറുമ്പ്രനാട്-ഉദയം കര. }
തിരുവനന്തപുരം. }

പ്രസാധകൻ.

ഒന്നാം പതിപ്പിന്റെ

# മുഖവുര.

—o—

സർവ്വലോകൈകനിയന്താവിന്റെ അനുഗ്രഹം ഹേതുവായിട്ടു ശബ്ദതാരാവലി നിഘണ്ടു 22 സങ്ഖികയോടു—1584 പുറത്തോടു—ക്രടി ഇതാ പൂർത്തിയായിരിക്കുന്നു. 1072-ാമാണ്ടു് ഈ നിഘണ്ടു എഴുതുന്നതിനു് ആരംഭിച്ചു. ആയിട എഴുത്തുകാപ്പി ഏതാനും പുറം ശ്രീമൽകേരളകാളിദാസനായ കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ കാണിക്കയും അവിടുന്നു സന്തോഷിച്ചു് "ഈ രീതിയിൽ മുഴുപ്പിക്കുന്നതു് അതിൽ മലയാളഭാഷയ്ക്കു് ഇതു വലുതായ ഒരു സമ്പാദ്യമായിരിക്കുമെന്നും, വേണ്ട സഹായസഹകരണങ്ങൾ ചെയ്യാമെന്നും, മുമ്പു നിങ്ങളുടെ കാരണവർ—മിസ്റ്റർ പി. ശേവിന്ദപ്പിള്ള ബി. ഏ —ഒരു 'ഇംഗ്ലീഷ് മലയാളനിഘണ്ടു' എഴുതുന്നതിനു് ആരംഭിച്ചതിന്റെ ശേഷം, രോഗികളുടെ ക്ലേശങ്ങളിലായിരിക്കും, ഉടനടി മുടങ്ങിയതുപോലെ വന്നുപോകരുതെന്നും, ഈ മഹാരംഭത്തിന്റെ സ്ഥിതി ആലോചിച്ചാൽ ഇതു് എഴുതിത്തീർക്കുന്നതിനു മുപ്പതോളം വർഷം വേണ്ടിവരുമെന്നുള്ളതുകയാൽ ക്രമത്തിലധികം ക്ഷമയും ശ്രദ്ധയും ഉണ്ടായിരിക്കണമെന്നും" എന്നോടു കല്പിച്ചു. അവിടുത്തെ മരുമകനും കേരളപാണിനിയുമായ ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടും ഇതേ വിധം തന്നെയാണു് ഗുണദോഷിച്ചതു്. ഏതാനും ലക്ഷങ്ങൾ അവിടുന്നു കാണുകയും വേണ്ട ഉപദേശങ്ങളും തരികയും ചെയ്തിട്ടുള്ള വാസ്തവവും പ്രസ്താവ്യമാകുന്നു. ഈ വിഷയത്തോടുള്ള ഭയത്തിന്റെ അഭാവം ശബ്ദതാരാവലിയുടെ ഭാഗ്യപരിപൂർണ്ണതയ്ക്കു ഹാനികരമായി തീർന്നിട്ടുണ്ടെന്നുള്ള പരമാർത്ഥവും ഇവിടെ പ്രസ്താവിക്കാതിരിക്കാൻ എനിക്കു മനസ്സുവരുന്നില്ല.

1072 മുതൽ ഏഴുവർഷം തുടർച്ചയായി വേലചെയ്തതിന്റെ ശേഷം നിഘണ്ടു മുഴുവനാക്കുന്നതിനു് ഇനിയും പത്തുപതിനഞ്ചു വർഷംകൂടി വേണ്ടിവരുമെല്ലോ എന്നു് ഒരു വലിയ മടുപ്പു തോന്നുകയാൽ തൽക്കാലം അതുപേക്ഷിച്ചു നിറുത്തിവെച്ചു ക്രോഡീകരിച്ചിരുന്നവയിൽ ഏതാനും ശബ്ദങ്ങളെ എടുത്തു 'കീശനിഘണ്ടു' എന്ന നാമധേയത്തിൽ ഒരു കാരാഴി ഞാൻ പുറത്തുകൊണ്ടു. ഇതു് 1080-ൽ ആയിരുന്നു അതു് ഏല്പിച്ചു ചെലവായതിനാൽ എന്റെ പ്രയത്നം വീണ്ടും ആരംഭിച്ചു. 1084 അവസാനത്തിൽ 'ശബ്ദരത്നാകരം' എന്ന നിഘണ്ടുവിന്റെ പുറപ്പാടിന്റെ വട്ടങ്ങൾ കണ്ടുതുടങ്ങി. അതിന്റെ പ്രയോജകന്മാർ എന്റെ പ്രിയസുഹൃത്തുക്കളായ ബ്രഹ്മശ്രീ സി. എൻ. ഏ. രാമയ്യാശാസ്ത്രി എം. ഏ. അവർകളും, ശ്രീമാൻ മുള്ളുവിളാകം കെ. ശേവിന്ദപ്പിള്ള അവർകളും ആയിരുന്നു. രണ്ടുപേരും അതിലേക്കു സർവ്വഥാ സമർത്ഥന്മാരായിരുന്നു എങ്കിലും ഒരാൾ പാണ്ഡിത്യംകൊണ്ടും മറെറയാൾ പരിശ്രമംകൊണ്ടും മുമ്പും വമ്പും സമ്പാദിച്ചിരുന്നു. 1085 കന്നിയിൽ അതു പുറപ്പെട്ടതോടുകൂടി എന്റെ പ്രയത്നം ഞാൻ നിറുത്തിവച്ചു ദൈവവശാലായിരിക്കാം അപ്പോൾ അതോ ലക്ഷങ്ങളോടുകൂടി ശബ്ദരത്നാകരത്തിന്റെ പ്രസ്ഥാനം അസ്ഥാനത്തിലായി. തദനന്തരം എന്റെ ഉദ്യമത്തെ ഞാൻ വീണ്ടും ആവർത്തിച്ചു. ആകപ്പാടെ ഇരുപതുകൊല്ലംകൊണ്ടു—1092-ൽ—ഈ പുസ്തകം ഒരുവിധം പുറപ്പെടുവിക്കാമെന്നുള്ള നിലയിൽ വന്നുതീർന്നു. ഇങ്ങനെയാണു് ഇതിന്റെ ആവിർഭാവം.

ശീലവതി തുടങ്ങി മഹാഭാഗവതം വരെയുള്ള എല്ലാ ഗ്രന്ഥങ്ങളുടേയും, അനേകം വ്യാഖ്യാനങ്ങളുടെയും പ്രത്യേകം പ്രത്യേകമുള്ള അകാരാദി, തുടച്ചയിൽതന്നെ തയാറാക്കിയ മഹാസംഗതിയാണ്, ഇതു മുഴുപ്പിക്കുന്നതിനു സഹായിച്ചതെന്നു ഞാൻ പ്രത്യേകം അറിയിക്കുന്നു. മഹാശയന്മാരായ കൊല്ലിൻസ്, ഗ്രണ്ടർട്ട്, ബെയിലി, ആപ്തി മുതലായവരുടെ നിഘണ്ടുകളും മറ്റനേക ഗ്രന്ഥങ്ങളും എന്നെ ഇതിൽ വേണ്ടുംവിധം സഹായിച്ചിട്ടുണ്ടെന്നുള്ളതും അത്യന്തം സ്മരണീയമാകുന്നു. ശ്രീമാന്മാരായ പി. കെ. നാരായണപിള്ള ബി. എ., ബി. എൽ. അവർകളും, വള്ളത്തോൾ നാരായണമേനോൻ അവർകളും (ആത്മോപാക്ഷിണി പത്രാധിപർ) മുതലായവർ നേരിട്ടും, മാസികമുതലായവമൂലവും ചിലദേശത്തികളും ചെയ്യണമെന്നു മുൻകൂട്ടി ഉപദേശിച്ചതിനെ നിവൃത്തിയുള്ളിടത്തോളം ഞാൻ അനുസരിച്ചു പ്രവർത്തിച്ചിട്ടുണ്ട്. നിർമ്മത്സരന്മാരായ ആ സുഹൃത്തുക്കൾക്കും ഞാൻ മുമ്പേയും നന്ദിപറഞ്ഞുകൊള്ളുന്നു. ഏറിയകാലത്തെ നിരന്തരമായ പരിശ്രമംകൊണ്ടു ഇപ്പോൾ എനിക്കു ശരീരത്തിനു ബലമായ സുഖക്കേടു തട്ടുകയാൽ മനസ്സിനെ ബാധിച്ചിട്ടുള്ള അലസത, ഈ മുഖവുരയെ ഇതിലധികം നീട്ടുന്നതിനും, തൽക്കാലം അനുബന്ധം ചേർക്കുന്നതിനും എന്നെ അനുവദിക്കുന്നില്ലെന്നു ഞാൻ സവിനയം അറിയിച്ചുകൊള്ളുന്നു.

ഇതിലുള്ള പലേ ന്യൂനതകളും പരിഹരിച്ചുതന്ന എന്റെ ഒരു ഗുരുനാഥനായ ശ്രീമാൻ എം. സി. നാരായണപിള്ള ബി. ഏ. അവർകളേയും, 15-ാം സംഖ്യകവരെ പ്രൂഫ് ശീറ്റ് തിരുത്തുന്നതിലും മറ്റും സഹായിച്ച് അടിച്ചുതന്ന സരസ്വതീവിലാസം പ്രസ്സ് ഉടമസ്ഥൻ ബ്രഹ്മശ്രീ എസ്. വിഠലഭട്ടത്തിരി (മഹോപാധ്യായൻ) അവർകളേയും, ശേഷം സഞ്ചികകളും ടൈറ്റിൽ മുതലായവയും അച്ചിട്ടുതന്ന ഇംഗ്ലീഷ് ടീച്ചർ പ്രസ്സ് മാനേജർ എൻ. ശങ്കരപ്പിള്ള അവർകളേയും, ഈ ഗ്രന്ഥം പ്രസിദ്ധപ്പെടുത്തുന്നതിൽ ഹാർദ്ദമായി സഹായിച്ചും പ്രയത്നിച്ച ജേ. കേപ്പ അവർകളേയും കുറിച്ചുള്ള അന്യാദൃശജ്ഞതയോടും, ഈ ഗ്രന്ഥത്തെ എല്ലാവരും ആദരിക്കുന്ന പക്ഷം അതുതന്നെ എന്റെ പരിശ്രമത്തിന്റെ ഫലമെന്നുള്ള പൂർണ്ണവിശ്വാസത്തോടും ഇതിനെ മഹാജന സമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

1098-ാമാണ്ട്
മീനമാസം 9-ാംനു-

ഗ്രന്ഥകർത്താ.

---

## ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തി പൂർത്തിയാക്കിയതിൽ പിന്നീടുള്ള അനുമോദനങ്ങളും മറ്റും.

---

പൂണ്ണികര,
ആലുവാ,
23-8-98.

ശ്രീമൻ,

ശബ്ദതാരാവലിയുടെ ഒടുവിലെ ലക്കം സസന്തോഷം കൈപ്പറ്റി. സംഖ്യകൾ ഏകനായിത്തന്നെ ഈ സമുദ്രം പിന്നിട്ടതിനാൽ

കേരളീയരുടെയെല്ലാം പൂർണ്ണബഹുമാനത്തിനും ശാശ്വതാഭിനന്ദനത്തിനും പാത്രീഭവിച്ചിരിക്കുന്നു. ഉത്സാഹശാലിയും ഭാഷാഭക്തനുമായ നിങ്ങൾക്കു ജഗദീശൻ ദീർഘായുസ്സു നൽകുമാറാകട്ടെ!

താരാവലി ബയിൻഡുചെയ്തു സൂക്ഷിപ്പാൻ തുടങ്ങുകയാണു്.

സ്വന്തം വള്ളത്തോൾ

വി. നാരായണമേനോൻ.

---

A TRUE COPY OF A LETTER FROM DEWAN BAHADUR

## M. Krishnan Nair, B. A., B. L.,

(M. L. C)

**(Ex-Dewan of Travancore.)**

Palghat,
17-4-1923.

My Dear Padmanabha Pillai,

I acknowledge with thanks the receipt of a copy of your "SABDATHARAVALI" which you so kindly sent to me.

I have gone through the book with some care. It is a monumental work and will, I venture to think, last so long as the Malayalam language exists. It supplies a long-felt want. It is not only a useful Dictionary but a valuable commentary, in many instances, on Puranic events and personages. The perseverance and industry which you have brought to bear on the preparation of this remarkable work are admirable. You have by the production of this book laid the whole of the Malayalam speaking world under a deep debt of obligation to you. I am proud to think that I was of some service to you in the preparation of this book.

Wishing you every success and with kindest regards.

I am,
Yours sincerely,
M. KRISHNAN NAIR.

---

TRIVANDRUM DAILY NEWS.

*WEDNESDAY APRIL 4, 1923.*

## A Great Achievement.

Mr. G. Padmanabha Pillai of Srikanteswaram has completed in the current Malabar month his "Sabdatharavali", Malayalam Dictionary, a work which he began in 1072,i e. 26 years ago, four years earlier than was anticipated by His Highness the late Valiyakoil Thampuran, when the first part of it was submitted to him for his opinion. He said then that if in the way he gave it he could complete the work, the latter would be a great acquisition to Malayalam language and that he would render it all possible help and hoped it would not meet with the fate of the English-Malayalam Dictionary begun by the author's *karanavan*, the late Mr. P. Govinda Pillay B. A., Sarvadhikariyakar. He told him that only with extraordinary patience and attention he could complete the work: The same advice was given and the same hope expressed by the late Mr. A. R. Rajaraja Varma. He has been, besides the help received from the valuable works of Gundert, Collins, Bailey and Apte, reading all Malayalam works from *Seelavathi to Bhagavatham*, with the express object of acquiring a comprehensive vocabulary. He has also not failed in getting expert advice from some of the leading Malayalam Pandits of Kerala. Its usefulness has been recorded by the leading public organs of this country and also by some of its literary celebrities, one of whom, Mr. S. Parameswara Iyer, referring to this "gigantic work" said that the author's laudable efforts deserve due encouragement at the hands of the public. "Mr. Padmanabha Pillai is one of the very few who have the qualifications to begin a great work and to complete it. Though in the words of our *kavithilakan*, Mr. Padmanabha Pillai has already earned a name as an author and publisher of several Malayalam books", he will be best remembered by the most important and latest of them, the *Sabdatharavali*. Mr. Padmanabha Pillai's work makes it clear that success attends on those who aim high and who works patiently and attentively for the attainment of that aim and his life, that genius invariably has to taste the cup of poverty which on that account becomes sacred. Just as Olloor will in Malayalam literature be ever associated with Mr. Parameswara Iyer, Sreekantaswaram will be with the lexicographer, Mr. Padmanabha Pillai. Several independent attempts were made during the interval on this same line but not one of them was crowned with success. It would have been wiser if they had co-operated with the one who has

already begun to work in the field. Had they done so, this work would have been far more than "a skeleton of a comprehensive Malayalam Dictionary". We do not require three Malayalam Dictionaries or more for Kerala. One good Dictionary will be enough and that is to be the joint product of the best scholars of this coast. If this work is still regarded as a bare skeleton, we commend the idea of giving it flesh and blood to the *Kavithilakans* and *Sahityakusalans* of Kerala, without frittering away their energies on nonbeneficial literary activities. Mr. Pillai's work is a great achievement which will, however humbly, add to the literary brilliance of His Highness the present Maha Rajah's reign. We congratulate Mr. Padmanabha Pillai on his great achievement which will ever remain a monument of his high aim, patient work and unflagging industry and an inspiring example to the young men of this country. We wish the author strength and peace to continue his high literary labors for the good of the land of his birth and the development of his mother tongue.

---

## കങ്കണം രാജഹംസേന

---

സുപ്രസിദ്ധപത്രപ്രവർത്തകനായ കണ്ടത്തിൽ വറുഗീസുമാപ്പിള അവർകളുടെ കാലത്തു 'മലയാളമനോരമാ'പങ്ക്തികളിൽ കവിതാസമരം നടത്തി വിരുതുനേടിയിട്ടുള്ള വിഖ്യാതരായ കേരളീയകവിവീരന്മാരുടെ ഇടയിൽ സമ്മതി സമ്പാദിച്ചിട്ടുള്ള മി. ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള കഴിഞ്ഞ ഒരു പാദശതാബ്ദത്തിൽപരമായി 'ശബ്ദതാരാവലി' എന്ന നിഘണ്ടുവിന്റെ രചനയിൽ ഏർപ്പെട്ടിരിക്കയായിരുന്നു. കഴിഞ്ഞ അഞ്ചുവർഷങ്ങൾക്കുള്ളിൽ ഖണ്ഡശഃസേയ്കാരൂപത്തിൽ പ്രസിദ്ധീകരിച്ചുവന്ന ഈ മഹാകൃതി ഇക്കഴിഞ്ഞ മീനത്തിൽ പൂർണ്ണമായ പുസ്തകരൂപം അവലംബിച്ചതായി ഞങ്ങൾ അറിഞ്ഞിട്ടുണ്ട്. ഈ നിഘണ്ടു വായിച്ചു വിമർശനം ചെയ്യാൻ ഞങ്ങൾക്കു നാളതുവരെ സൌകര്യമുണ്ടായിട്ടില്ലെങ്കിലും ഡെമ്മി 8 വലിപ്പത്തിൽ ഏന്നൂറു വശങ്ങളുള്ള ഈ ഗ്രന്ഥം മലയാളഭാഷാസാഹിത്യത്തിന് ഒരു അമൂല്യനിധിയായിരിക്കുമെന്നുള്ള ഞങ്ങളുടെ ബോദ്ധ്യം അസ്ഥാനത്തിലായ്വരികയില്ലെന്നു വിശ്വസിക്കുന്നു. മറ്റു പല കാര്യങ്ങളിലെന്നപോലെതന്നെ കവിവരന്മാരെയും വിദ്വജ്ജനങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിലും അനാദികാലം മുതൽക്കേ പ്രസിദ്ധി സമ്പാദിച്ചിട്ടുള്ളതാണു തിരുവിതാംകൂർ മഹാരാജകുടുംബം. കരുണാനിധിയായ ശ്രീമൂലംതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു മി.

പത്മനാഭപിള്ളയ്ക്ക് ഒരു വീരശൃംഖല കല്പിച്ചു സമ്മാനിച്ചിരിക്കുന്നതായി ഞങ്ങൾ അറിയുന്നു. പ്രായാധിക്യനിമിത്തം ശരീരശക്തികൾ ക്രമേണ ക്ഷയോന്മുഖമായിത്തീരുന്ന വാർദ്ധക്യദശയിൽ ഇത്ര ഗംഭീരമായ ഒരു സാഹിത്യപ്രസ്ഥാനത്തിലേപ്പെട്ട് ഒരു പുരുഷായുസ്സിന്റെ ചതുർഭാഗത്തോളം വിനിയോഗിച്ച് അതു ഫലപ്രദമാക്കിത്തീർത്ത മി. പത്മനാഭപിള്ള ഏതാട്ടശമായ മഹാരാജപ്രോത്സാഹനത്തിനു സർവ്വഥാ അർഹനും തിരുമനസ്സിലെ ഈ സമുചിതമായ സമ്മാനം സാഹിത്യപരിശ്രമികൾക്ക് അകമാനം പ്രോത്സാഹജനകവുമാണെന്നുള്ളതു നിസ്സന്ദേഹം തന്നെ.

കേരളദീപം, 1വ ഇടവം 1൦.

---

No. 843. 18-6-23.

ഭാഷാപോഷണവിഷയത്തിൽ നിങ്ങൾ ചെയ്തിട്ടുള്ള അതിമഹത്തായ പരിശ്രമത്തെ അഭിനന്ദിച്ചു മഹാരാജാവു തിരുമനസ്സുകൊണ്ടു നിങ്ങൾക്ക് ഒരു വീരശൃംഖല കല്പിച്ചു സമ്മാനിച്ചതിനു ഞാൻ അത്യന്തം സന്തോഷിക്കുകയും നിങ്ങളെ ഈ വിഷയത്തിൽ അഭിനന്ദിക്കുകയും ചെയ്യുന്നു. അധികകാലമായി നിങ്ങൾ ചെയ്തിട്ടുള്ള അശ്രാന്തമായ അദ്ധ്വാനത്തിനു് ഇതു ഒരു പ്രതിഫലമാകുന്നതല്ലെങ്കിലും തുക്കയിൽനിന്നു കിട്ടുന്ന ഒരു ബിരുദം പ്രത്യേകം വിലയേറിയതാണല്ലൊ. ഇനിയും നിങ്ങൾ ഇത്തരത്തിൽ പല വലിയ കായ്ങ്ങളിലുംപ്രവേശിച്ചു ജയംസിദ്ധിക്കുവാനിടവരുത്തണമെന്നു ഞാൻ ദൈവത്തെ പ്രാർത്ഥിക്കുന്നു.

പി. വി. കൃഷ്ണവാര്യർ,
കോട്ടയ്ക്കൽ.

---

തിരുവനന്തപുരം.
20-12-98.

ശ്രീരസ്തു.

ശ്രീമൻ,

സദയം അയച്ചുതന്ന ശബ്ദതാരാവലി (ബൈൻഡുചെയ്ത വാല്യം രണ്ടും) കിട്ടി. വളരെ വളരെ വന്ദനം. ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണം വലുതായ ഒരു ന്യൂനതയെ പരിഹരിക്കുന്നതിനു പ്രയോജനപ്പെട്ടുമെന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. ഭാഷാസാഹിത്യചരിത്രകർത്താവിന്റെ വംശ്യനായ നിങ്ങൾ ശബ്ദകോശ

ത്തിന്റെ നിർമ്മിതിക്ക് ഉദ്യമിച്ചതും ആ മഹാപ്രയത്നത്തെ സഫലമായി നിവഹിച്ചതും വിചാരിച്ച ഞാൻ അത്യന്തം ആഹ്ലാദിക്കുന്നു.

കൃത്യാന്തരപരമ്പരനിമിത്തം ഝടിതി മുഴുവൻ നോക്കുവാൻ സാധിക്കാത്തതിൽ ഞാൻ ഖേദിക്കുന്നു. എങ്കിലും വിശ്രുതമായ നിങ്ങളുടെ പാണ്ഡിത്യത്തെ വിശ്വസിച്ച് ഈ കൃതിയുടെ മാഹാത്മ്യത്തെ ഞാൻ സഹർഷമനാ അഭിനന്ദിക്കുന്നു. ഇടയ്ക്കിടെ സന്ദേഹനിവൃത്തിക്കു വിഷമിച്ച ഭാഗമായ കോശഗ്രന്ഥങ്ങൾ ഇല്ലാതെ ഞാൻ ക്ലേശിക്കാവുണ്ട്. നിങ്ങളുടെ പ്രയത്നം മേലിൽ അങ്ങനെയുള്ള അവസരങ്ങളിൽ അനുഗ്രഹമായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ഈ മഹാപ്രബന്ധത്തിനു സകല സിദ്ധികളും ഞാൻ ആശംസിക്കുന്നു. എന്നു ശ്രീമാൻ

ശ്രീകണ്ഠേശ്വരം ജി. പദ്മനാഭപിള്ള അവർകൾക്ക്,
വിശ്വസ്തമിത്രം പി. കെ. നാരായണപിള്ള.

---

Camp. Trichur. Dated,
22nd July 1923.

My Dear Sir,

Your letter No. 55 dated the 21st Mithunam was received by me some three days after its despatch, but the copy of the 'Sabdatara-vali' advised in it reached me only three days ago. I am much obliged to you for sending me the copy. I have of course had no time to go through it except cursorily and must say from what I have seen of it that as a first attempt, it is a highly creditable production. You have to remember that long accustomed to standard English Dictionaries my ideals are rather high and in matters of definition I should naturally expect greater breadth and perspicacity. Considering however the fact that you had to practically work singlehanded your achievement is all the more creditable to you and the indebtedness of the Malayalam speaking community to you on that account is unquestionable.

Yours sincerely
P. Narayana Menon,
*Dewan of Cochin.*

---

നിഘണ്ടുനിർമ്മാണം ദുഷ്കരമായൊരു കർമ്മമാണ്. ഒരാളാൽ അതു കേവലം ദുസ്സാധമെന്നാണു ഞാൻ കരുതിയിരുന്നതും. എന്നാൽ നിങ്ങളുടെ 'ശബ്ദതാരാവലി' എന്നെ അബദ്ധപഥതന്ത്രനാക്കിത്തീ

ത്തിരിക്കുന്നു, അത് നിങ്ങളുടെ പാണ്ഡിത്യം, ക്ഷമ എന്നിവയുടെ പ്രത്യക്ഷതേജസ്സായി കോശനാഭോമണ്ഡലത്തിൽ എന്നും ഉപകാര പ്രദമായി പ്രകാശിച്ചുകൊണ്ടിരിക്കട്ടെ.

കുമാരാലയം
എറണാകുളം
ഫ്രെ-ഫ്രൻസ്.

റവ. കെ. കൃഷ്ണമേനോൻ.

---

ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തിവരുന്നതായ

## അനുമോദനകത്തുകൾ.

"ശബ്ദതാരാവലി" പ്രസാധകനായ മിസ്റ്റർ ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള അച്ചടിപ്പിച്ചുവരുന്ന ആ നിഘണ്ടുവിന്റെ ഒന്നാം ഭാഗം എനിക്കു അയച്ചുതന്നിട്ടുള്ളതു ഞാൻ നന്ദിപൂർവ്വം കൈപ്പറ്റിയിരിക്കുന്നു. ചെറിയനേ സരസ്വതീപ്രസാദം ബഹുമായി തന്നിട്ടുണ്ടെന്നു പ്രകടിപ്പിച്ച പ്രസാധകനെ ഞാൻതന്നെ കണ്ടിട്ടാർ സംസ്കൃതം പഠിപ്പിച്ചിട്ടുണ്ടു്. മക്ഷ്മീകടാക്ഷം കുറഞ്ഞിരുന്നതിനാൽ പ്രസാധകനു ശരിയായവിധം ഇംഗ്ലീഷ് പഠിക്കാൻ ഭാഗ്യമുണ്ടായില്ല.

മലയാളഭാഷയിൽ അനേകം ഗ്രന്ഥങ്ങൾ സാരസ്വതവൈഭവം ഏറെയുള്ള ഈ പ്രസാധകൻ രചിച്ചിട്ടുള്ളതു കണ്ടു ഞാൻ ആനന്ദിക്കുന്നു.

ഈ നിഘണ്ടു ആകട്ടെ പ്രസാധകന്റെ ഒറ്റ, ഒരു കൊല്ലങ്ങളിലെ നിരന്തരമായ പരിശ്രമത്തിന്റെ ഫലമാകുന്നു. ഗ്രന്ഥമെഴുത്തുകാക്കേ ഗ്രന്ഥമെഴുതി അച്ചടിച്ചുപ്രസിദ്ധംചെയ്യുന്നതിലുള്ള ക്ലേശങ്ങൾ എത്രത്തോളമുണ്ടെന്നു് അറിഞ്ഞുകൂടൂ. പ്രസ്തുതഗ്രന്ഥത്തിൽ മിസ്റ്റർ പത്മനാഭപിള്ളയുടെ ക്ഷമയോടുകൂടിയ പരിശ്രമവും, യാഥാമുഖമായ ജ്ഞാനവും നിഴലിച്ചു കാണ്മാനുണ്ടു്. ഈ പ്രസാധകൻ സർവ്വഥാ മലയാള ഭാഷാഭിമാനികളാൽ അഭിനന്ദനീയൻ തന്നെ. എന്നാൽ നെടുനാൾ ഇടവിടാതെ ഏകനായി വേല ചെയ്ത പ്രസാധകനേയും പ്രസാധകന്റെ ആ വേലയുടെ ഫലമായ ഈ അമൂല്യ ഗ്രന്ഥത്തേയും നാം അനുമോദിച്ചു സാധുവാദം കൊല്ലി വിട്ടേച്ചാൽ പോര. ഈ ഗ്രന്ഥത്തെ ഒന്നു നന്നേ പോഷിപ്പിച്ചു് ഈ കൊഴുത്തുതടിച്ചു മാംസളശരീരത്തോടുകൂടിയതായി വരത്തക്കവണ്ണം നാം ചെയ്തിക്കേണ്ടതായിട്ടുണ്ടു്. അതിലേക്കു അനേകരുടെ പണ്ഡ അല്ലെങ്കിൽ പഠിപ്പും അധികം പണവും അത്യന്താപേക്ഷിതമായിരിക്കുന്നു. അതുകൊണ്ടു വിദ്യാനുപമമായ വിശ്വത്തിൽ തൽപരരായിരിക്കുന്നവരുടെ പൊന്നുതമ്പുരാൻ തിരുമനസ്സിലെ ഗവണ്മെണ്ടും

കൊച്ചി സർക്കാരിലെ ഭാഷാഭിമാനികളായ പൊതുജനശ്രേഷ്ഠന്മാരും പണ്ഡിതവര്യന്മാരും വേണ്ടതുപോലെ ഈ ഗ്രന്ഥകാരനെ സഹായിച്ചു "ശബ്ദതാരാവലി"യെ അചിരേണ "ലോകതാരാവലി"ക്കു തുല്യമാക്കിത്തീർക്കുമെന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. ഒടുവിലായി ഒന്നു പറഞ്ഞുകൊള്ളട്ടെ. മഹാമേധാവിയായിരുന്ന മലയാള ഭാഷാചരിത്രത്തിന്റെ കർത്താവിനെ ആ ഗ്രന്ഥരചനയിൽ ഞാൻ ബ്രഹ്മചാരിയായിരുന്ന കാലത്തു യഥാശക്തി സഹായിച്ചിട്ടുണ്ടായിരുന്നു. ഇപ്പോൾ ആ യശഃശരീരന്റെ സഹധർമ്മിണിയായ ഈ ഭാഷാനിഷ്ണാതന്റെ കർത്താവിനെ വാനപ്രസ്ഥാശ്രമത്തിൽ പ്രവേശിക്കേണ്ടതായ വയസ്സിൽ എന്നിക്കഴിഞ്ഞിരിക്കുന്ന എനിക്കു ഒരുവിധം സഹായിക്കാൻ ഇടവന്നതു് എന്റെ ഭാഗ്യംതന്നെ എന്നു വിചാരിച്ചു ഞാൻ സന്തോഷിക്കുന്നു. പ്രസാധകനും പ്രകാശകനും കൈയൂന്നിയിരിക്കുന്ന ഈ പ്രശംസനീയമായ പ്രയത്നം ഫലപരിണതിയെ പ്രാപിച്ചിട്ടു് ഇരുവരും വിജയമുടി ചൂടുമാറു ജഗന്നിയന്താവു് ഇവരെ അനുഗ്രഹിക്കട്ടെ എന്നു സദാ ഞാൻ ആശീർവദിച്ചുകൊണ്ടിരിക്കുന്നു.

10-3-94. എം. സി. നാരായണപിള്ള ബി. എ.

---

I have gone through a few pages of "Sabdataravali" the new Malayalam Dictionary, now being published in parts by Mr. Sreecanteswaram G. Padmanabha Pillai. Mr. Padmanabha Pillai has already earned a name as an author and publisher of several Malayalam books and I am convinced that he has taken considerable pains in the preparation of the present publication. His laudable efforts in this direction certainly deserve due encouragement at the hands of the public. I do not mean to say that the book does not stand in need of revision here and there; but that may well be done in a future edition. What is now required is the skeleton of a comprehensive Malayalam Dictionary and I am glad to say that Mr. Padmanabha Pillai's publication is valuable as a skeleton and goes a long way towards satisfying a public demand. I wish the enterprising author all success in his present gigantic task.

Trivandrum,
28-10-1918. } S. Parameswara Iyer, M. A., B. L., M. R. A. S.

---

സൂചന.

ഏഴുത്തു "ശബ്ദതാരാവലി" ഉത്തരകാണ്ഡശബ്ദങ്ങളുടെ മുദ്രണപ്രാരംഭത്തോടുകൂടി വളരെ താമസിച്ചുപോയതു പറഞ്ഞുകൊള്ളുന്നു.

ഭഗീരഥൻക്കുടി രഥം തെളിപ്പോകത്തക്കവണ്ണമുള്ള ഇടുങ്ങിയ ശ്രമം കൈക്കൊണ്ടിരിക്കുന്ന നിങ്ങളെക്കുറിച്ച് അഭിനന്ദിക്കുന്നതിനു താമസിക്കരുതെന്നു വിചാരിച്ചു ത്വടിതി ഈ മറുപടി എഴുതുന്നതാകുന്നു.

പ്രസ്തുത കൃതിയെക്കുറിച്ചു സ്തുതിക്കയല്ലാതെ മാറ്റും കാണുന്നില്ല. അസാമാന്യമായ ക്ഷമയും അവധാനവും സവ്യതാമുഖമായ വൈദുഷ്യവും കൊണ്ടല്ലാതെ ഇപ്രകാരം ഒരു ഗ്രന്ഥം നിർമ്മിക്കുവാൻ സാധിക്കുന്നതല്ലെന്നു നിസ്സംശമാകുന്നു. ഈ ഗ്രന്ഥകർത്താവു നിങ്ങളുടെ കൃതിയിൽ സൂക്ഷ്മമായി കാണുന്നുണ്ടെന്നു നിർമ്മത്സരന്മാർ സമ്മതിക്കുമെന്നു വിശ്വസിക്കുന്നു. അമരസിംഹാദി കൃതികൾ ഹൃദിസ്ഥമാക്കി ശബ്ദനിഷ്ഠ സമ്പാദിക്കുന്നതിനു വേണ്ട സൌകര്യമോ സമാധാനമോ ആധുനികന്മാർക്കുണ്ടെന്നു തോന്നുന്നില്ലാ. ആ സ്ഥിതിക്കു കേരളഭാഷയുടെ വർത്തമാനാവസ്ഥയ്ക്കനുരൂപമായി സന്ദേഹനിവൃത്തിക്ക് ഒരു നിഘണ്ടു ഉണ്ടായിരിക്കേണ്ടതു് അത്യാവശ്യംതന്നെ. ഗുണ്ടർട്ട് പ്രഭൃതികളുടെ കൃതികൾ പ്രശംസനീയങ്ങൾതന്നെ എങ്കിലും ക്ലേശകരമായ ഭാഷാസാഹിത്യ പരിചയത്തിനു പയ്യാപ്പുങ്ങളല്ല. ഈ വിഷയത്തിൽ ഭാഷാചരിത്രകർത്താവിന്റെ ഭാഗധേയൻ നിഘണ്ടുനിർമ്മാണത്തിനു തയ്യാറുള്ള വ്യവസ്ഥാസമുച്ചിതമായിരിക്കുന്നു. ഇതിനെ സംപൂർണ്ണമാക്കുന്നപക്ഷം ഭാഷക്കു ശാശ്വതമായ ഒരു സമ്പാദ്യം ഗ്രന്ഥകാരനായ നിങ്ങൾ സമ്പാദിച്ചുകൊടുത്തു എന്നുള്ള ഖ്യാതി അനശ്വരമായി നിലനിൽക്കുന്നതാകുന്നു. ഓരോ കേരവമായി പഠിയ്ക്കുമ്പോൾ അസാരം അസ്വരസമായി തോന്നിയതു പഠിയാതിരിക്കുന്നതു ശരിയല്ലല്ലൊ എന്നു വിചാരിച്ച് അല്പം പ്രസ്താവിക്കേണ്ടതുണ്ട്. അതായതു ശബ്ദങ്ങളുടെ അർത്ഥത്തിനെപ്പറ്റി സന്ദേഹത്തിന് തീരെ അവകാശമില്ലാതിരിക്കെ ചിലടത്തു നിങ്ങൾ വളരെ ഉദാഹരണങ്ങൾ ഉദ്ധരിച്ചുകാണുന്നതും പ്രയോഗങ്ങളെ വിശദീകരിക്കാൻ ഉദാഹരണങ്ങൾ വേണ്ടതായ ചില ടിക്കിൽ കേവലം മെയ്യനം അവലംബിച്ചുകാണുന്നതും ആയ സംഗതിയാകുന്നു. ഈ അംശത്തിൽ കുറെക്കൂടി യാഥാർത്ഥ്യമുണ്ടായാൽ കൊള്ളാമെന്നു തോന്നുന്നു. ഒരു നിഘണ്ടുവിന്റെ പ്രാമാണ്യത ശബ്ദങ്ങളുടെ ബാഹുല്യത്തെക്കാൾ അർത്ഥനിഷ്കർഷയെ അവലംബിച്ചിരിക്കുമെന്നുള്ളതു പ്രത്യേകം പറയേണ്ടതില്ലല്ലൊ.

അകപ്പാടെ പഠിഞ്ഞാൽ ഈ ഉദ്യമത്തിൽ ഞാൻ നിങ്ങളെ ഹാർദ്ദമായി അനുമോദിക്കയും ഈ ആരംഭത്തിനു സകല സിദ്ധികളും ആശംസിക്കയും ചെയ്യുന്നു. ബഹുജ്ഞനായ അമരസിംഹന്റെ കൃതികണ്ടു മതിയ്ക്കുന്നുള്ള ബ്രാഹ്മണർ, "അമരസിംഹോ, ഹി, പാപിയാൻ സർവ്വം ഭാഷ്യമചീചുരൽ" എന്നു പഠിഞ്ഞതായി ഒരു കഥ

യുണ്ട്. അതുപോലെ കേരളീയരെപ്പറ്റി ബഹുമാനം തോന്നിക്കാത്ത ഭാഗങ്ങളുണ്ടെങ്കിൽ "ജീ. പത്മനാഭോമാ, ഹീ, പാപീയാൻ സർവ്വജ്ഞാ മച്ചൂചുരൽ" എന്നു അസൂയയോടുകൂടി പ്രലപിക്കാതെ ഉദാരമായും ഗംഭീരമായും തിങ്ങളുടെ കൃതിക്കു പ്രതിഷ്ഠയുണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

* * * * * *

കോട്ടയം പി. കെ. നാരായണപിള്ള,
12—3—94. ബി. എ., ബി. എൽ.

---

"ശബ്ദതാരാവലി"യുടെ ആരംഭദശമുതൽ നാളതുവരെ അതിന്റെ വളർച്ചയെ സോൽകണ്ഠം പ്രതീക്ഷിക്കയും അതിൽ വിവക്ഷിച്ചിട്ടുള്ള ഓരോ വാക്കും എത്രയും സൂക്ഷ്മമായി വായിച്ച് അപ്പഴപ്പാഠം തോന്നീട്ടുള്ള അഭിപ്രായങ്ങളെ സാഹിത്യശ്രീമാനായ പത്മനാഭപിള്ള അവർകളെ ഞാൻ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ദരിദ്രനതിധികിട്ടിയാൽ ഉണ്ടാകുന്ന അനുഭവമാണ് ഒരു നല്ല നിഘണ്ടു ലഭിച്ചാൽ മലയാളികർക്കു സിദ്ധമാകുന്നതെന്നു നിശ്ചയമാണ്. ആർഭാടങ്ങൾ ഒന്നും കൂടാതെ ശക്തിക്കനുസരിച്ചു സാഹിത്യപരിപോഷണം ചെയ്യുന്ന ഒരു യഥാർത്ഥ ഭാഷാഭിമാനിയാണ് ഈ നിഘണ്ടുകാരൻ എന്നു മുക്തകണ്ഠം പ്രതിജ്ഞചെയ്യുവാൻ എനിക്കു ധൈര്യമുണ്ട്. പ്രകൃതമായ സാഹിത്യസംരംഭം വിജയപൂർവ്വമായ പൂർണ്ണതയെ പ്രാപിക്കുന്നതോടുകൂടി പത്മനാഭപിള്ള അവർകളുടെ കീർത്തി മലയാളലോകത്തിൽ ചിരപ്രതിഷ്ഠയെ പ്രാപിക്കുമെന്നും തന്മൂലം ഭാഷാശാരീരം പ്രകാശസമ്പന്നമാകുമെന്നും സധൈര്യം പ്രവചിക്കാം. പത്മനാഭപിള്ള അവർകളെ പ്രസ്തുത പരിശ്രമത്തിൽ സഹായിക്കുന്നതു സർവ്വശ്ലാഘ്യമായ ഒരു ധർമ്മാനുഷ്ഠാനം മാത്രമാണ്. എന്ന്

12—3—94. മുള്ളർ ഗോവിന്ദപ്പിള്ള, ബി. എ, ബി. എൽ.

---

Neyyattinkara,
25—8—1094.

*Dear. Sir,*

The 1st Vol. of the ശബ്ദതാരാവലി sent by you, was duly received. Kindly excuse the delay in acknowledging the same. I wanted to write after using the book for some references. A standard Dictionary is a great desideratum at present for the Malayalam Language. Your book promises to supply this want. Its vocabulary is fuller, and explanations more elaborate and clearer than in other dictionaries in the field. The Encyclopædic information and the apt and interesting quotations interspersed with the explanations make occa-

sional references interesting, and the oppressive dryness in reading a dictionary is little felt. The book when completed will make an invaluable addition to all our Vernacular Libraries. The book may help not only to elucidate the past and current literature, but it may also promote its growth in indirect ways, I think it won't be an exaggeration on my part to say that the publication of the complete work may mark the beginning of a new Epoch in the history of the Malayalam Language, like that of Dr. Johnson's was for the English Language.

It is really literary works of the kind you have undertaken that deserve help from Government. I hope you will get it sooner or later. I wish every Departmental school in the State is supplied with a copy of your book as early as possible. Teachers are at present greatly handicapped in their work, owing to the want of a standard dictionary. I heartily congratulate you on what you have already achieved, and I pray to God to bless you with health and vigour to pursue your gigantic task with enthusiasm, and crown you with complete success in your noble and patriotic enterprise. Please enrol me also as a subscriber.

Yours sincerely,
P. Krishna Iyer.
Assistant Inspector, Dist, IV.
Neyyattinkara.

---

## പത്രാഭിപ്രായങ്ങൾ.

ഭാഷക്ക സമ്പത്തു വർദ്ധിപ്പിക്കുവാൻ ശ്രമിക്കുന്നതിനു മുമ്പായി ഉള്ളതിന്റെ ഒരു ശരിയായ കണക്ക തയ്യാറാക്കുകയാണെല്ലൊ ഭാഷാഭിമാനികർം ചെയ്യേണ്ടതു്. ഈ കൃത്യം യഥായോഗ്യം നിർവ്വഹിക്കുന്നതിനു ഒരു നിഘണ്ടു ഇതുവരെ മലയാളത്തിൽ ഉണ്ടാകാത്തതു വലിയ കഷ്ടമാണെന്നു പറയാതെ നിവൃത്തിയില്ലാ. ഭാഷാഭിമാനികളിൽ ചിലർ ഇക്കാര്യത്തിൽ ഇടക്കു വിവ ഒച്ചപ്പാടുകളുണ്ടാക്കിയെങ്കിലും പിന്നെ ഒന്നും കേൾക്കാതാവുകയാണു ചെയ്തതു്.

ഇങ്ങനെയിരിക്കുന്ന സന്ദർഭത്തിൽ ബാഹുല്യമൊന്നുംകൂടാതെ ഏറ്റവും ഉപയോഗപ്രദമായ രീതിയിൽ പുറത്തിറങ്ങിയ ഈ ശബ്ദതാവലിക്കു ഞങ്ങൾ ഹൃദയപൂർവ്വം സ്വാഗതം പറഞ്ഞുകൊള്ളുന്നു. മലയാളപദങ്ങളുടേയും മലയാളത്തിൽ പ്രചാരത്തിലിരിക്കുന്ന സംസ്കൃതപദങ്ങളുടേയും അർത്ഥം, വ്യുൽപ്പത്തി, ക്രിയ, പ്രയോഗങ്ങൾ എന്നിതെല്ലാം ഇതിൽ വേണ്ടതുപോലെ വിവരിച്ചുകാണുന്നുണ്ടു്.

ഡിമ്മി കു-ൽ മരു ഭാഗമുള്ള ഓരോ പുസ്തകം രാസംതോറും പ്രസിദ്ധപ്പെടുത്തിവരുന്നു. മൂന്നിസംഖ്യ കൊല്ലത്തിൽ ൪ ക. യാണു്.

ഈ നിലയിൽതന്നെ ഇതു മുഴുപ്പിച്ചുകിട്ടിയാൽ മലയാളഭാഷയ്ക്കു നിഘണ്ടുവില്ലാത്ത കുറവു തീർന്നുപോകുമെന്നു തന്നെയാണു ഞങ്ങൾക്കു തോന്നുന്നതു്. ഇതിന്റെ പ്രവർത്തകന്മാർക്കു ഞങ്ങൾ സർവ്വവിജയങ്ങളും ആശംസിച്ചുകൊള്ളുന്നു. (കവനകൌമുദി)

---

തിരുവനന്തപുരം ശ്രീകണ്ഠേശ്വരം ജി. പദ്മനാഭപിള്ള അവർകൾ പുതിയതായി ഖണ്ഡശഃ പ്രസിദ്ധംചെയ്തുതുടങ്ങിയിരിക്കുന്ന ഒരു മലയാളനിഘണ്ടുവിന്റെ പേരാണു് ഇതു്. സൌകര്യത്തെ ഉദ്ദേശിച്ചാണു് ഇങ്ങിനെ മാസികയായി ഈ പ്രസിദ്ധീകരണം ആരംഭിച്ചിരിക്കുന്നതു്. മിസ്റ്റർ പദ്മനാഭപിള്ള കഴിഞ്ഞ പല വർഷകാലം പരിശ്രമിച്ചതിന്റെ ഫലമായി ഉണ്ടാക്കിയിരിക്കുന്നതാണു് ഈ നിഘണ്ടുവെന്നു പറയുമ്പോൾ, എത്രമാത്രം ക്ഷമയോടുകൂടിയാണു് ഈ വിഷയത്തിൽ യത്നിച്ചിരിക്കുന്നതെന്നു് അതിനെ മനസ്സിലാക്കുവുന്നതാണു്. സാഹിത്യവിഷയമായി വളരെ പരിശ്രമിക്കുന്ന ഒരു സവ്യദയനാണു് മിസ്റ്റർ പദ്മനാഭപിള്ള എന്നുള്ളതിനു സംശയമില്ല. ഇതുവരേക്കും അദ്ദേഹം രവ്വ ഗദ്യപദ്യകൃതികൾ പ്രസിദ്ധപ്പെടുത്തീട്ടുണ്ടു്. ഈ നിഘണ്ടു കേരളീയർക്കു വളരെ പ്രയോജനകരമായ ഒരു പ്രസിദ്ധീകരണമാണെന്നു പറയേണ്ടതില്ലല്ലൊ. ഇപ്പോൾ ഞങ്ങളുടെ മുമ്പാകെ ഇരിക്കുന്നതു് ഒന്നാംലക്കമാണു്. ഇതിൽ 'അ' മുതൽ 'അകൃതി' വരെയുള്ള പദങ്ങൾ അടങ്ങീട്ടുണ്ടു്. പ്രസാധകന്റെ ഈ ഉദ്യമത്തിൽ കേരളീയരുടെ വേണ്ടതുപോലെയുള്ള പ്രോത്സാഹനം സിദ്ധിച്ചുകാണ്മാൻ ഞങ്ങൾ പ്രത്യേകം താൽപര്യപ്പെടുന്നു. സരസ്വതീവിലാസംപ്രസ്സിൽ ഭംഗിയായി അച്ചടിച്ചിരിക്കുന്ന ഈ ഒന്നാംലക്കം എല്ലാവിധത്തിലും വളരെ നന്നായിരിക്കുന്നു. (മലയാളി)

---

ശ്രീകണ്ഠേശ്വരം ജി. പദ്മനാഭപിള്ള അവർകൾ ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയിരിക്കുന്ന "ശബ്ദതാരാവലി" എന്ന മലയാളനിഘണ്ടുവിന്റെ ഫർമ ൧- ലക്കങ്ങൾ ഞങ്ങൾക്കു കിട്ടിയിരിക്കുന്നു. ഇദ്ദേഹത്തിന്റെ ഈ പരിശ്രമം മലയാളികളാൽ അഭിനന്ദനീയമാണെന്നുള്ളതിനു സന്ദേഹമില്ല. ഇതിന്റെ രചനാരീതിനോക്കിയാൽ, മി. പദ്മനാഭപിള്ള അത്യന്തം ക്ഷമയോടുകൂടി അനേകകാലം ചെയ്തിട്ടുള്ള പ്രയത്നത്തിന്റെ ഫലമാണെന്നു പ്രത്യക്ഷപ്പെടുന്നതാണു്. ഏറ്റവും പ്രയോജനകരമായ ഈ ഉദ്യമത്തിന്റെ ശ്ലാഘകരമായ പരിപാലിക്കേ ദേശാഭിമാനികളും ഭാഷാഭിമാനികളും ആയ സകലരും അദ്ദേഹത്തെ സഹായിക്കുമെന്നതേ ഞങ്ങളുടെ ദൃഢമായ വിശ്വാസം. ഈ ഗ്രന്ഥത്തിന്റെ പ്രയോജനത്തെ അപേക്ഷിച്ചു്

അതിലേക്ക് നിശ്ചയിച്ചിട്ടുള്ള വില (ഒരാണ്ടേക്ക് ൪ രൂപാ) അശേഷം കൂടുതലല്ലെന്ന് ഏവരും സമ്മതിക്കുന്നതാണ്. ഈ ഗ്രന്ഥത്തെ എല്ലാ ഗവണ്മെണ്ട് സ്കൂളുകളുടേയും ഉപയോഗത്തിനായി ഓരോ പ്രതി വീതം വരുത്തിവക്കുന്നതിനു വിദ്യാഭ്യാസമേലദ്ധ്യക്ഷന്മാർ ആജ്ഞാപിച്ചിരിക്കുമെന്നാണു ഞങ്ങളുടെ വിശ്വാസം. (പ്രതിദ്ധ്വനി)

---

ശരിയായ വിധത്തിലുള്ള ഒരു മലയാളനിഘണ്ടു ഇല്ലാത്തതുകൊണ്ടുള്ള ബുദ്ധിമുട്ട് ഇക്കാലത്തു പലർക്കും ഏറക്കുറെ ബോധപ്പെട്ടിരിക്കാനിടയുണ്ട്. റവ. റിച്ചാർഡ് കൊല്ലിൻസിന്റെ നിഘണ്ടു മുതലായി ഇപ്പോൾ ഭാഷയിൽ ചില നിഘണ്ടുക്കൾ ഇല്ലാതെയില്ലെങ്കിലും ഇക്കാലത്തെ ആവശ്യത്തിന് അതുകൾ പര്യാപ്തമാകാതെയാണിരിക്കുന്നത്. എട്ടുപത്തുകൊല്ലങ്ങൾക്കു മുമ്പു, സി. എൻ. ഏ രാമയ്യാശാസ്ത്രി അവർകൾ എം. ഏ. യും, മുള്ളൂവിളാകം കെ. ഗോവിന്ദപ്പിള്ള അവർകളും 'ശബ്ദരത്നാകരം' എന്ന നാമധേയത്തിൽ ഒരു മലയാളനിഘണ്ടു നിർമ്മിക്കാൻ ശ്രമിക്കയുണ്ടായി. തൽഫലമായി മാസികാഗ്രന്ഥത്തിൽ പ്രസ്തുതനിഘണ്ടുവിന്റെ ആദിമഭാഗം പുറത്തു വന്നുവെങ്കിലും, പ്രോത്സാഹനത്തിന്റെ കുറവുകൊണ്ടായിരിക്കാം, പ്രയോജനകരമായ ആ പ്രസിദ്ധീകരണം പിന്നെ തീരെ നിന്നുപോവുകയാണുണ്ടായതു്. തന്മൂലം ഭാഷാഭിമാനികൾക്കു പൊതുവെ നേരിട്ട ഈ ക്ഷതിഭാഗത്തെ പരിഹരിക്കുന്നതിനൊ എന്നു തോന്നുമാറു ശ്രീകൃഷ്ണശർമ്മ ജി പത്മനാഭപിള്ള അവർകൾ ശബ്ദതാരാവലി എന്ന അഭിധാനത്തിൽ വ്യുൽപത്തി ചരിത്രപ്രയോഗങ്ങൾ മുതലായവ അടങ്ങിയ ഒരു മലയാളനിഘണ്ടു മാസികാഗ്രന്ഥത്തിൽ ഇപ്പോൾ പ്രസിദ്ധീകരിച്ചുതുടങ്ങിയിരിക്കുന്നു. വായിച്ചുനോക്കിയിടത്തോളം പ്രസ്തുതനിഘണ്ടു പൂർത്തിയായി കിട്ടുന്നപക്ഷം അതു മലയാളഭാഷാദേവിയുടെ വാസ്തവത്തിൽ ശാശ്വതമായ ഒരനുഗ്രഹവും ഒരു സമ്പാദ്യവുമായിരിക്കുമെന്നഭിപ്രായപ്പെടാൻ ഞങ്ങൾക്കു തെല്ലും അധൈര്യമില്ല. വേണ്ടവിധത്തിൽ ഒരു നിഘണ്ടു നിർമ്മിക്കയെന്നുള്ളതു് എത്രയോ കൃച്ഛ്രസാധ്യമായ ഒരു കാര്യമാണ്. അസാധാരണമായ വ്യുൽപത്തിമാർഗ്ഗവും വിസ്മയനീയമായ ക്ഷമയും ഈ ജോലിക്കു പുറപ്പെടുന്ന ആളിനു ഒഴിച്ചുകൂടാത്തതാകുന്നു. മലയാളഗ്രന്ഥങ്ങളും ഗ്രന്ഥകാരന്മാരും മണിക്കൂറുതോറും വർദ്ധിക്കുന്ന ഒരു കാലമായിരുന്നിട്ടും ഏതാദൃശമായ പ്രസിദ്ധീകരണങ്ങൾക്കും പ്രായേണ ആരും പുറപ്പെട്ടുകാണാത്തതിന്റെ രഹസ്യം ഇതല്ലാതെ മറെറാന്നുമല്ല. നിഘണ്ടുക്കൾ, ശാസ്ത്രകൃതികൾ മുതലായവ ഒരു ഭാഷയുടെ അസ്ഥിവാരങ്ങളാണെന്നു നിസ്സംശയം പറയാം. ഇങ്ങിനെയുള്ള ഗ്രന്ഥങ്ങളുടെ യോഗ്യതകളെ സാധാരണയായി ജന

ങ്ങൾം വേണ്ടപോലെ അറിഞ്ഞു് അവയെ ആദരിക്കയും തൽക്കർത്താക്കളെ പ്രോത്സാഹിപ്പിക്കയും ചെയ്യുന്നവരികയില്ല. അതിനാൽ എത്രയും പ്രയോജനകരങ്ങളായ ഈദൃശപ്രസിദ്ധീകരണങ്ങളുടെ വിഷയത്തിലെങ്കിലും ഗവണ്മെണ്ടിന്റേയും ധനവാന്മാരുടേയും സഹായവും പ്രോത്സാഹനവും അപരിത്യാജ്യമാണു്. "സാധിക്കുമായധികദൃഷ്ടരമായ" ശബ്ദതാരാവലി നിർമ്മാണത്തിനുദ്യോഗിച്ചിരിക്കുന്ന മിസ്റ്റർ പിള്ളയെ, അതിന്റെ ഏതാനും പ്രതികം വിലക്കെടുത്തെങ്കിലും, തിരുവിതാംകൂർ കൊച്ചി ഗവണ്മെണ്ടുകളും മറ്റു ധനികരായ ഭാഷാഭിമാനികളും പ്രോത്സാഹിപ്പിച്ചുകാണ്മാൻ ഞങ്ങൾം ആഗ്രഹിക്കുന്നു. (നസ്രാണിദീപിക)

---

ശബ്ദതാരാവലി-വ്യുൽപത്തിചരിത്രപ്രയോഗങ്ങൾം മുതലായവ അടങ്ങിയ ഒരു മലയാളനിഘണ്ടുവാണിതു്. ഈ മാസികയുടെ ഒന്നാം ലക്കം ഇവിടെ കിട്ടിയതിൽ 'അ' മുതൽ 'ആകൃതി' എന്ന വാക്കുവരെ അടങ്ങിയിരിക്കുന്നു. പ്രസാധകൻ ശ്രീകണ്ഠേശ്വരം ജി. പദ്മനാഭപിള്ള അവർകളാണു്. തിരുവനന്തപുരം സരസ്വതീവിലാസം അച്ചുക്കൂടത്തിൽനിന്നു് അച്ചടിപ്പിച്ചുപോരുന്നു. വരി ആണ്ടടക്കം ൪ ക. യാണു്. ഫ-ാംലക്കത്തിൽ ചേർക്കപ്പെട്ട വാക്കുകളുടെ അർത്ഥങ്ങളും മറ്റും തൃപ്തികരമാംവണ്ണം വിശദമായിട്ടുണ്ടു്. ഇതു് ഈ വിധത്തിൽതന്നെ പൂർത്തീകരിക്കപ്പെടുന്നതായാൽ പ്രസ്തുതനിഘണ്ടു മലയാളഭാഷക്കു വിലയേറിയ ഒരു ധനമായിരിക്കും. (കേരളസഞ്ചാരി)

---

തിരുവനന്തപുരത്തുനിന്നു ശ്രീകണ്ഠേശ്വരം ജി. പദ്മനാഭപിള്ള അവർകൾ എഴുതി പ്രസിദ്ധീകരിച്ചുവരുന്ന 'ശബ്ദതാരാവലി' എന്ന മലയാളനിഘണ്ടുവിന്റെ ആദ്യലക്കം സന്തോഷപൂർവ്വം കൈപ്പറ്റി നന്ദി പറയുന്നു. ഈ ലക്കത്തിൽ 'അ' മുതൽ 'ആകൃതി' വരെയുള്ള പദങ്ങളാണു് അടങ്ങിയിരിക്കുന്നതു്. പദങ്ങളുടെ വ്യുൽപത്തി ചരിത്രപ്രയോഗം ഇത്യാദികളോടുകൂടി എഴുതീട്ടുള്ള ഈ നിഘണ്ടു മലയാളികൾക്കു് അത്യന്തം ഉപയോഗമുള്ള ഒരു പുസ്തകമാണെന്നുള്ളതിൽ സംശയമില്ലാ. (ശാരദ)

---

ശബ്ദതാരാവലി—ഏതൊരു സംഗതിയിലും പൌരസ്ത്യർക്കു മാർഗ്ഗദർശികളായിട്ടു് ഇപ്പോൾ പാശ്ചാത്യന്മാരാണല്ലൊ വെളിക്കു വരു

ന്നത്. അതുപോലെതന്നെ കേരളഭാഷായോഷയുടെ ഗാത്രഗോത്ര പരിശോധനക്കും അതുല്യം അരങ്ങത്തിറങ്ങിയതു പടിഞ്ഞാറൻപണ്ഡിതന്മാർ തന്നെയായിരുന്നു. മെസ്സേഴ്സ് ഗാൺട്വയിറർ, ഗുണ്ടർട്ട്, എന്നീപണ്ഡിതന്മാർ ചിരപ്രയത്നംകൊണ്ടു സമ്പാദിച്ച ജ്ഞാനധനത്തിന്റെ ഏകലക്ഷ്യമായി കൈരളിക്കു വ്യാകരണവും നിഘണ്ടുവും മുതലായി നിർമ്മിക്കയും അവരുടെ പരിശ്രമത്തിന്റെ സ്മാരകസ്തംഭങ്ങളായി ഇന്നും പ്രസ്തുത ഗ്രന്ഥങ്ങൾ മലയാളികളുടെ ആദരത്തിനു പാത്രീഭവിക്കയും ചെയ്തിട്ടുണ്ട്.

എന്നാൽ മലയാളം മാതൃഭാഷയല്ലാതിരുന്നതുകൊണ്ടു കൈരളീപ്രണയികളായ മേൽപ്പറഞ്ഞ പണ്ഡിതശിരോമണികളുടെ ഗ്രന്ഥങ്ങൾ രണ്ടും ഏതാനും ചില ന്യൂനതകളോടുകൂടിയാണെന്നുള്ള അക്ഷേപം ഭാഷാശാസ്ത്രജ്ഞന്മാരിൽ പലർക്കും ഇപ്പോൾ ഉണ്ടുതന്നെ.

മേൽപ്പറഞ്ഞ ദോഷങ്ങൾ പരിഹരിക്കേണ്ട ചുമതല വ്യുൽപന്നന്മാരായ എല്ലാ മലയാളികൾക്കും ഉണ്ടെന്നാണു വിശ്വസിക്കുന്നത്. ഈ ഒരു മഹത്തായ വിശ്വാസമാണു 'ശബ്ദതാരാവലി' പ്രസാധകത്വത്തിനായിട്ടു ശ്രീകണ്ഠേശ്വരം മിസ്റ്റർ ജി. പദ്മനാഭപിള്ളയെ പ്രേരിപ്പിച്ചതെന്നുള്ളതിൽ സംശയമില്ല. വ്യുൽപത്തി ചരിത്രപ്രയോഗങ്ങൾ അടങ്ങിയ ഒരു മലയാളനിഘണ്ടുവിന്റെ ആവശ്യം മേൽപ്രകാരം ഒഴിച്ചുകൂടാത്തതാണെന്നുള്ള അഭിപ്രായംകൊണ്ടു ശബ്ദതാരാകരം എന്ന് അനവദ്യനാമമായ ഒരു ഗ്രന്ഥം പ്രസിദ്ധീകരിക്കാൻ ഒരുങ്ങിയ ചില വിദ്വൽകേസരികളുടെ അഭിനന്ദനീയമായ ശ്രമം വളരെനാൾ തുടർന്നു കാണാതിരുന്നതു മലയാളത്തിന്റെയും മലയാളഭാഷാഭിമാനികളുടേയും ഭാഗ്യദോഷത്താൽ തന്നെയായിരുന്നു. എങ്കിലും ഭാഷാദേവി സമാരാധനത്താൽ പ്രസിദ്ധമായ ഒരു വംശത്തിൽജനിച്ച മിസ്റ്റർ പദ്മനാഭപിള്ളയുടെ ഏതദ്വിഷയകമായ യത്നം മേൽപ്പറഞ്ഞ ആ ശങ്കയേയും ന്യൂനതയേയും സവിശേഷം പരിഹരിച്ചിട്ടുണ്ടെന്നുള്ള ഞങ്ങൾ അഭിപ്രായപ്പെടുന്നത്.

ശബ്ദതാരാവലിയുടെ ഒന്നും രണ്ടും ഭാഗങ്ങൾ സംസ്കൃതത്തിലെ 'ശബ്ദോമുഖരം' വാചസ്പത്യം മുതലായ ഉൽകൃഷ്ടനിഘണ്ടുഗ്രന്ഥങ്ങളോളം പ്രയോജനം ഉള്ളതാണെന്നു പറയാൻ അശേഷം മടിക്കേണ്ട ആവശ്യമില്ല. ഈ സദുദ്യമത്തിൽ പ്രസാധകപ്രകാശകന്മാരെ ഞങ്ങൾ സഹർഷമനാ അനുമോദിക്കയും ഗ്രന്ഥപരമ്പരയുടെ സമ്പൂർണ്ണതക്കായി പ്രാർത്ഥിക്കയും ചെയ്യുന്നു. (സ്വരാജ്യം)

We have great pleasure in acknowledging receipt of the first two numbers of the "Sabdatharavali" by Mr. G. Padmanabha Pillai of Srikanteswaram. Mr. Pillay's literary enterprises may not be well-known, but they are admirable and worthy of all imitation. This work he has begun shows the nature and spirit of his labours and we most heartily wish him success in this praiseworthy and absolutely essential enterprise. He deserves the encouragement of every one interested in the development of the Malayalam language.

The "Concn"

---

## ഗ്രന്ഥവിഹാരം.

### ശബ്ദതാരാവലി.

[മലയാളനിഘണ്ടു]

[പ്രസാധകൻ: ശ്രീകണ്ഠേശ്വരം ജി. പദ്മനാഭപിള്ള, പ്രകാശകൻ: ജേ. കേപ്പ്; സരസ്വതീവിലാസം പ്രസ്സ്: തിരുവനന്തപുരം. സചിത്രം മന്നിന വില രൂപ്പിക].

മതിയാംവണ്ണം ഒരു നിഘണ്ടു ഉണ്ടായി തീരുന്നതിൽ മലയാളികൾക്കുള്ള ആഗ്രഹം ഇന്നോ ഇന്നലെയോ തുടങ്ങിയതല്ലാ. 'ഭാഷാപോഷിണി' സഭയുടേയും മറ്റും സമ്മേളനങ്ങൾ എപ്പോഴൊക്കെ നടന്നിട്ടുണ്ടോ; അപ്പോഴൊക്കെ നിഘണ്ടു നിർമ്മാണമായിഗ്രന്ഥാക്ഷം പ്രസംഗമണ്ഡപങ്ങളിൽനിന്നു പ്രസരിച്ച് ആകാശമണ്ഡലത്തിൽ ലയിയ്ക്കാതിരുന്നിട്ടില്ലാ. ഒന്നരണ്ടു വർഷങ്ങൾക്കു മുമ്പു, കൊച്ചിയിലെ 'ഭാഷാപരിഷ്കരണ'ക്കമ്മിറ്റിയും നിഘണ്ടുവിന്നു വേണ്ട ചില ശബ്ദങ്ങൾ ഉണ്ടാക്കുകയുണ്ടായി. ഇപ്പോൾ അതും നിശ്ശബ്ദമായി എന്നു തോന്നുന്നു. ഈ കമ്മിറ്റി ഭാഷാപരിഷ്കരണത്തിനു പഠയത്തക്കതായിട്ടെന്താണ് പ്രവർത്തിച്ചിട്ടുള്ളതെന്നോ, പ്രവർത്തിക്കുന്നതെന്നോ അങ്ങൾക്കറിഞ്ഞുകൂടാ. ഭാഷാപരിഷ്കരണം പേരിൽമാത്രം സ്ഥിതി ചെയ്യാൽ മതി എന്നായിരിക്കുമോ, ; ഇതിന്നായി ഇരുപതിനായിരം രൂപ്പിക കല്പിച്ചു നൽകിയ ആ തിരുമേനിയുടെ (വാഴ്ത്തയാഴിഞ്ഞ വലിയതമ്പുരാന്റെ) അഭിമതം !

കേരളത്തിന്റെ മുന്നു സംസ്ഥാനങ്ങളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട ഏതാനും പണ്ഡിതന്മാർ ഒത്തൊരുമിച്ചുവേലചെയ്യാലേ, സമ

ഗ്രമായ ഒരു മലയാളനിഘണ്ടു ഉണ്ടായി വരികയുള്ളൂ. ആ ശോഭനമായ കാലം എത്രയുഗയിലാണാവോ കിടക്കുന്നതു! എന്നാൽ ഒരൊറ പണ്ഡിതന്മാരിൽനിന്നു താനും, ഇതാ, ഏതാണ്ടു പൂർണ്ണവും പ്രശസ്തവുമായൊരു നിഘണ്ടു നമുക്കു ലഭിപ്പാൻപോകുന്നു. ശ്രദ്ധയും ഭക്തിയുമായ ഈ പരന്ന മനുഷ്യനെയെ ഏകാകിയായി പിന്തിടുന്നതിനു് ഒരുങ്ങിപുറപ്പെട്ടിരിക്കുന്ന പത്മനാഭപിള്ള അവർകളുടെ ഭാഷാഭിമാനത്തെമാവിൽനിന്നു സംഭൂതമായ മനോധൈര്യത്തെ ഒന്നാമതായി നാം അഭിനന്ദിക്കുക! ഈ ആണ്ടിന്റെ ആദിയിലാണു 'ശബ്ദതാരാവലി'യുടെ ആവിർഭാവം. ഫാൽഗുനമാസം മുതൽക്കു, രണ്ടു മാസത്തിലൊരിക്കൽ ഡെമ്മി രൂപത്തിൽ പുറം വീതമുള്ള ഓരോ ലക്കമായി പ്രസിദ്ധീകരിച്ചുവരുന്ന ഇതിന്റെ ഏഴു ലക്കങ്ങൾ ഇവിടെ കിട്ടിയിട്ടുണ്ടു്. ഏഴാംലക്കത്തിൽ 'ദശ'ശബ്ദമാണു് അവസാനിച്ചിരിക്കുന്നതു്.

പതിനൊന്നു ലക്കങ്ങളിലധിക്രൂടി ഉൾപ്പെടുന്നതിൽ പലതാത്തങ്ങളും ഞങ്ങൾ സശ്രദ്ധം വായിച്ചുനോക്കി, എടുത്തുപറയത്തക്ക യാതൊരപഭ്രംശവും ഞങ്ങളുടെ ദൃഷ്ടിയിൽപെടുകയുണ്ടായില്ലെന്നു സസന്തോഷം പ്രസ്താവിച്ചുകൊള്ളുന്നു. പദങ്ങളുടെ അർത്ഥം വിവരിക്കുകമാത്രമല്ല പ്രസാധകൻ ചെയ്തിട്ടുള്ളതു്; വ്യുല്പത്തി, ചരിത്രം, പ്രയോഗം മുതലായവയേയും വേണ്ടതിനുള്ളതു കാണിച്ചിട്ടുണ്ടു്. ഇത്തരത്തിൽ സുവിസ്തൃതമായ ഒരഭിധാനഗ്രന്ഥം രചിക്കേണമെങ്കിൽ, എത്രയെത്ര അന്വേഷണങ്ങൾ ചെയ്തിരിക്കണം, എത്രയെത്ര ഗ്രന്ഥങ്ങൾ വായിക്കണം എന്നൊക്കെ ആലോചിക്കുമ്പോഴേ, ഈ പരിശ്രമത്തിന്റെ മഹാത്മ്യം കുറച്ചെങ്കിലും നമുക്കു മനസ്സിലാകയുള്ളൂ. ഹാ, ക്ലേശസഹിഷ്ണുത്വത്തെ ആമൂലാഗ്രം കുലുക്കിയോക്കുന്ന ഒരു മഹാപ്രാരംഭമാണിതു്! ഇതിനു ഞങ്ങൾ അവ്യാഹതമായ വിജയം ആശംസിക്കുന്നു. അക്ഷിരോഗത്തിന്റെ ഭാഷാമാതാവു തിരുമനസ്സിലാരിദ്ര്യത്തിൽനിന്നു് ഒരുവിധം വിമുക്തയായി, ശിശിരസുരഭിലമായ ദീർഘനിശ്വാസം അയക്കുമാറാകട്ടെ!

ഈ നിഘണ്ടുവിൽ ചിലേടത്തു തെല്ലൊരു വ്യർത്ഥസ്ഥലത പറ്റിപ്പോയിട്ടില്ലെ എന്നു ഞങ്ങൾ സംശയിക്കുന്നു. 'അ' എന്നതിനെ പദങ്ങളുടെ മുമ്പിൽച്ചേർത്താൽ വിരുദ്ധാർത്ഥം വരുമെന്നു് ഉദാഹരണങ്ങളോടുകൂടി ആദ്യമേ ഉപദേശിച്ചിട്ടുള്ള സ്ഥിതിക്കു്, 'അകർമ്മം' 'അകഥനീയം' മുതലായ അനേകം പദങ്ങളെ വിശേഷാൽ കാണിക്കേണ്ടതില്ലായിരുന്നു. കർമ്മകഥനീയങ്ങളുടെ അർത്ഥം അറിഞ്ഞാൽ, അകർമ്മകഥനീയങ്ങളുടെ അർത്ഥവും അറിഞ്ഞുകഴിഞ്ഞുവല്ലോ. 'അതികരുണം' 'അതികോപി' മുതലായവയും അത്യാവശ്യകങ്ങളല്ല. 'അതി'

യുടേയും 'കരുണ'ത്തിന്റേയും അർത്ഥം ഗ്രഹിച്ചുവന്നു് അതികരുണം എന്ന സമസ്തപദവും സുവിജ്ഞേയം തന്നെയായിരിക്കും. 'അമരാപഗ'യുടെ അർത്ഥം കാണിച്ചിട്ടത്രേ, അമരശബ്ദത്തോടു ഗടീപഴ്ച്ചായങ്ങൾ ചേർത്താൽ ഗംഗാനദി എന്നർത്ഥം സിദ്ധിക്കുമെന്നൊരു കുറിപ്പു കൊടുത്തിട്ടുണ്ടെങ്കിലും ഇതിൽനിന്നു ദേവപഴ്ച്ചായങ്ങളിലേതിനോടെങ്കിലും ഗടീപഴ്ച്ചായശബ്ദം ചേർത്താൽ ഗംഗാനദിയായി എന്ന ബോധം സാധാരണന്മാർക്കുണ്ടാകയില്ലെന്നു വരാം. 'അനംഗലീല'ക്കും മറ്റും പ്രയോഗം കാണിച്ചേ കഴിയൂ എന്നില്ല. തേരെമറിച്ചു സമൃദ്ധി എന്നർത്ഥംകൊടുത്തിട്ടുള്ള 'അമലി' മുതലായവ പ്രയോഗത്തെ പ്രതീക്ഷിക്കുന്നവയാണു്.

വിട്ടുപോയിട്ടുള്ള പദങ്ങളെ, അന്വയബന്ധത്തിൽ ചേർക്കുന്നതിനായി പണ്ഡിതന്മാർ എഴുതിയയച്ചുകൊടുത്താൽ കൊള്ളാമെന്നു പ്രസാധകൻ അപേക്ഷചെയ്തിട്ടുണ്ടു്. ഈ അപേക്ഷയെ അഭിജ്ഞന്മാർ ഏറെ വേറുന്ന പക്ഷം, അതു ഭാഷക്കു് ഒരു വിലയേറിയ ഉപകാരമായിരിക്കും. മലയാളത്തിലെ ധനികന്മാരും, ഈ മഹാകൃത്യത്തെ തങ്ങളുടെ ഉദാരശീലത്തിനു കുറഞ്ഞൊന്നു ലക്ഷ്യമാക്കിയാൽ കൊള്ളാം. ഇതിനും വലുപ്പമുള്ള ഒരു പുസ്തകം അച്ചടിക്കുന്നതിനു്, ഇക്കാലത്തു വിശേഷിച്ചും, എത്രയേറെ പണച്ചെലവു വേണ്ടിവന്നേയ്ക്കാം!

വ്യുൽപിത്സുക്കളായ വായനക്കാരിൽ കഴിവുള്ളവരെല്ലാം ശബ്ദതാരാവലിയുടെ ഓരോ പ്രതി സമ്പാദിച്ചുവെക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഗ്രന്ഥപാരായണപണ്ഡിതന്മാർക്കു് അച്ചടിപ്പോൾ സംശയം തീർത്തുകൊടുക്കുന്ന ഒരു മിത്രഗ്രന്ഥവുമായിരിക്കുമല്ലോ ഈ ഗ്രന്ഥം.

(ആത്മപോഷണി 1095 മിഥുനം.)

---

## ഒരു മറുവടി.

---

കുന്നംകുളം,
28-2-97.

ശ്രീമൻ,

22-ാംനു- അങ്ങു വാത്സല്യത്തോടെ അയച്ച എഴുത്തു് എനിക്കു അത്യന്തം സന്തോഷിപ്പിക്കുന്നു. എനിക്കു ബാല്യംമുതൽക്കേ അങ്ങയുടെ നാമധേയം എനിക്കു പരിചിതമാണു്. ചെറുപ്പകാലത്തു ഞാൻ വായിച്ചുപഠിച്ചിരുന്ന രമണീയകാവ്യങ്ങളിൽ ഒന്നായിരുന്നു അങ്ങയുടെ കൃതിയായ കനകലതാസ്വയംവരം നാടകം. കഴിഞ്ഞ ആണ്ടിൽ തൃശ്ശൂർവെച്ചു് എനിക്കുപ്രിയശിഷ്യനായ കേശവനോടു് അങ്ങയുടെ വിശേഷവിവരമെല്ലാം

മുഖം എന്നെപ്പറ്റി തന്നാലുമായി സംസാരിച്ച എന്നു കേട്ടതിൽ ഞാൻ വാസ്തവമായും ഖുഷ്യാകലിതാക്ഷനായിപ്പോയി! മിഥ്യസ്തുതിശതം അഹിരേണ തുല്യം സഹിക്കുമാറാകട്ടെ.

ശബ്ദതാരാവലിയെപ്പറ്റി എനിക്കുള്ള സുവിസ്തീർണ്ണമായ ബഹുമാനത്തിന്റെ ഒരു ചെറിയ അലമാത്രമാണ് ആത്മപോഷിണിയിൽ കണ്ടതു്. ആ മഹാഗ്രന്ഥം കൊച്ചിമഹാരാജാവു തിരുമനസ്സിലെ പ്രസാദത്തിനു പാത്രീഭവിച്ചതിൽ അത്ഭുതമൊന്നുമില്ല. എന്നാൽ തിരുമനസ്സിലെ ഔദാര്യമുക്ഷ്യി താരാവലിയെ താലോലിച്ചതു് ഏതുവിധത്തിലായിരുന്നു എന്നു ഞാനറിഞ്ഞില്ല.....

അങ്ങയ്ക്കു് അവ്യാഹതമായ ആരോഗ്യവും ശബ്ദതാരാവലിക്കു പ്രചുരമായ പ്രചാരവും ഞാൻ സദാ ആശംസിക്കുന്നു.

സ്വന്തം വല്ലഭത്തോൾ,

വി. നാരായണനമേനോൻ (ഒപ്പ്)



SREEKUNTESWARAM G. PADMANABHA PILLAI

ശ്രീകണ്ഠേശ്വരം ജി. പദ്മനാഭപിള്ള

അവർകളുടെ

# ജീവചരിത്രസംക്ഷേപം.

ശ്രീകണ്ഠേശ്വരം ജീ. പദ്മനാഭപിള്ള അവർകൾക്കും എനിക്കും തമ്മിലുള്ള മമതാബന്ധത്തിന്റെ ദൃഢതയും, 'ശബ്ദതാരാവലി'യുടെ എണ്ണവും വണ്ണവും നിണ്ണയിച്ച ആ മഹാപുരുഷനിലുള്ള ബഹുമാനാതിരേകവും, ഈ ഒരൊറ്റ മഹാഗ്രന്ഥമാകുന്ന ശാശ്വതസമ്പത്തു കൈരളീമഹിളയ്ക്കു ലഭിച്ചതിലുള്ള പരമാനന്ദവും സമ്മേളിച്ചു തിരതല്ലുന്ന ഒരു വികാര വിശേഷത്തിന്റെ പ്രവാഹമാണു് ഞാൻ എഴുതാൻ ഭാവിക്കുന്ന ഈ ജീവചരിത്ര സംക്ഷേപം.

"മലയാളത്തിലേ ഡാക്ടർ ജാൺസൻ" എന്നുള്ള മഹനീയമായ അപരാഭിധാനത്തിനു് സ്വപ്രകാരേണയും അർഹനായിത്തീർന്നിട്ടുള്ള പദ്മനാഭപിള്ള അവർകൾ മലയാളത്തിൽ സുമാർ അറുപതു കൃതികളുടെ കർത്താവാണെന്നറിയുന്ന അവസരത്തിൽ അതുകൊണ്ടെന്നെ അത്ഭുതകർത്തവ്യലങ്കാരം ഉളവാകുകയില്ല! ഒരു യതിവരന്റേതുപോലെ പരമപാവനമായ ഇദ്ദേഹത്തിന്റെ ജീവചരിത്രം ഒരു വിസ്തൃതമായ തോതിൽ പുനഃകർത്തവ്യപേണ അടുത്ത ഭാവിയിൽ പ്രസിദ്ധീകരിക്കാമെന്നുള്ള സമാധാനം നിമിത്തം ഇവിടെ അതിന്റെ ഒരു രത്നച്ചുരുക്കം മാത്രമേ തല്ക്കാലം ചേർക്കുന്നുള്ളൂ എന്നുള്ള വിചാരമുള്ളൂ.

കൊല്ലം ഏർ-ാമാണ്ടു വൃശ്ചികമാസം ഏഴാംതീയതി ചിത്തിരനക്ഷത്രത്തിൽ തിരുവനന്തപുരത്തു ശ്രീകണ്ഠേശ്വരത്തു കുളവറവിളാകത്തു വീട്ടിലാണു് നമ്മുടെ നായകൻ ഭൂലോകജാതനായതു്. പിതാവു മേൽകങ്ങാണം തഹശീൽദാർ ആയിരുന്നു മരിച്ചുപോയ ശ്രീകണ്ഠേശ്വരത്തു പരുത്തിക്കാട്ടു നാരായണപിള്ള അവർകളും, മാതാവു്, കൊട്ടാരം സവ്യാധികായ്ക്കാരും പ്രസിദ്ധനായ ഭാഷാചരിത്രകർത്താവുമായ പീ. ഗോവിന്ദപ്പിള്ള അവർകൾ ബീ-ഏയുടെ മൂത്ത സഹോദരി ശ്രീമതി നാരായണിപ്പിള്ളയും ആയിരുന്നു. ഇദ്ദേഹം പഴയ തോതിൽ പ്രാഥമികവിദ്യാഭ്യാസം മാമൻപിള്ള ആശാന്റെ കളരിയിൽ സായിച്ചുശേഷം ഇംഗ്ലീഷു് പഠിച്ചുതുടങ്ങി. ബാല്യം മുതല്ക്കേ ഇദ്ദേഹത്തിനു മലയാളഭാഷയോടുള്ള പ്രത്യേക വാസനയെ മലയാളപണ്ഡിതന്മാരായിരുന്ന മാതുലന്മാർ അവർകൾ

ബി-എ, പുരുഷോത്തമൻപിള്ള അവർകളും മുതലായവർ പ്രത്യേകം ശ്ലാഘിക്കയും അഭിനന്ദിച്ചു പ്രോത്സാഹിപ്പിക്കയും ചെയ്തതു കൂടാതെ അദ്ദേഹത്തിന്റെ ഉദ്യോഗസ്ഥാനവും വഹിച്ചിട്ടുണ്ട്. രാമകൃഷ്ണപ്പിള്ള അവർകളും ബി-എ, വാഞ്ഛേശ്വരശാസ്ത്രിയാരും അവർകളും, എം. സി. നാരായണപിള്ള അവർകളും ബി-എ മുതലായവരുടെ കീഴിൽ സംസ്കൃതവും പരമേശ്വരമൂസ്സവർകളിൽ നിന്ന് ആയുർവേദവും നമ്മുടെ നായകൻ അഭ്യസിച്ചു.

ബാല്യകാലം മുതൽ തുള്ളൽക്കഥയിലുള്ള അനിതരസാധാരണമായ ഒരു ഭ്രമം നിമിത്തം നമ്പിയാരുടെ തുള്ളൽക്കഥകളും നിത്യപാരായണത്തിന് എടുത്തുവന്നു. ശ്രീപദ്മനാഭസ്വാമിക്ഷേത്രത്തിലേ ഉത്സവകാലത്തുള്ള തുള്ളൽസ്ഥലങ്ങളിൽ ഇദ്ദേഹം കഴിവില്ലാതെ ഹാജർകൊടുക്കയും ചെയ്തിരുന്നു. പദ്മനാഭപിള്ള അവർകളുടെ കവിതാവാണി ആദ്യമായി പ്രവഹിച്ചതു 'ബാലിവിജയം' എന്നുള്ളതന്റെ ഒരു തുള്ളൽക്കഥ വഴിക്കായിരുന്നെങ്കിലും പ്രോത്സാഹനക്കുറവിനാലും അരങ്ങത്തിറങ്ങുന്നതിലുള്ള ഭീരുത്വത്താലും അതിനു സൂര്യപ്രകാശം കാണാനിടയായില്ല. ഇദ്ദേഹത്തിനു് അക്കാലത്തു 'തുള്ളൽഭ്രാന്തു്' എത്രകലശലായിരുന്നു എന്നു താഴെ പറയുന്ന സംഭവത്തിൽ നിന്നു് ഊഹിക്കാവുന്നതാണു്. അതിനേപ്പറ്റിയുള്ള അദ്ദേഹത്തിന്റെ വിവരണം തന്നെ താഴെ ഉദ്ധരിക്കുന്നു. തുള്ളലിൽനിന്നു കഥകളിയിലേക്കുള്ള പുറപ്പാടും ഇതിൽനിന്നുതന്നെ കാണാവുന്നതാണു്.

"കോട്ടയ്ക്കത്തേ തുള്ളൽ തീർന്നാൽ ഞാൻ ഉടൻ ചാലയിൽ ചെന്നു് ആ തുള്ളൽക്കഥാപുസ്തകം വിലകൊടുത്തുവാങ്ങും. അന്നു തുള്ളൽക്കഥയ്ക്കു് ഏഴരയെട്ടു ചക്രം കൊടുക്കണം. അക്കാലത്തു ഞാൻ ഇംഗ്ലീഷു വായിച്ചുകൊണ്ടിരിക്കയാണു്. ഹൈസ്കൂളിൽ നിന്നു് ഉച്ചയ്ക്കു ദിവസംപ്രതി ശ്രീകണ്ഠേശ്വരം വരെ വെയിലിൽ നടക്കുന്നതു് വൈഷമ്യമെന്നു കരുതി അമ്മ മിക്കവാറും ദിവസങ്ങളിൽ ഉച്ചയ്ക്കു് കാപ്പിക്കു ചക്രം തന്നയയ്ക്കും. അതു ശേഖരിച്ചു ഞാൻ ചാലയിൽചെന്നു നമ്പിയാരുടെ തുള്ളൽക്കഥകൾ ഓരോന്നായി വാങ്ങിക്കുമ്പോൾ പതിവു്. വിഷുവിനു കൈയ്നീട്ടം കിട്ടുന്ന പണം മുതലായവയും പുസ്തകം വാങ്ങുന്നതിലായി് ഉപയോഗിക്കുക. ഒരിക്കൽ അച്ഛന്റെ വെള്ളിപ്പിടിയിട്ട പിച്ചാങ്കത്തിയെടുത്തു പണയം വെച്ചു് ഒരു തുള്ളൽക്കഥ വിലയ്ക്കുവാങ്ങി. അച്ഛൻ അറിയാതെ

പണയം തിരിയെ എടുത്തു. നമ്പിയാരുടെ തുള്ളൽക്കഥകൾ ഒട്ടു ക്കാലും വായിച്ചതിന്നപ്പോൾ ഭ്രമം കഥകളിയിലായി. നമ്പിയാ രിലുള്ള പ്രതിപത്തി കൊട്ടാരക്കരത്തമ്പുരാനിലേയ്ക്കും പകർന്നു. ആടി ക്കാണുന്നതിലും വലിയ ഭ്രമമാണു്. ഒരു ശിവരാത്രിയ്ക്കു വീട്ടിൽ ഒരു കഥകളി വേണമെന്നു നിശ്ചയിച്ചു. ഞാൻതന്നെ കൂട്ടുകാരുമായി ആലോചിച്ചു കളിക്കോപ്പുകൾ ഉണ്ടാക്കാൻ തുടങ്ങി. 'ദുര്യോധന വധം' എന്ന കഥയും തീർച്ചയാക്കി. കളിക്കോപ്പുകൾ നിർമ്മിക്കുന്ന തിനു, വേലകളിക്കാരോടു പരിചയം സമ്പാദിച്ചു; ചാലയിൽ നിന്നു പലതരത്തിലുള്ള വർണ്ണത്തകടലാസ്സുകൾ വിലയ്ക്കുവാങ്ങി പല്ലാങ്കു ഴിയിൽ വച്ചു കുമിളകൾ തയ്യാറാക്കി; ചണനൂലുകൾ വാങ്ങി മഷി പിരട്ടി തലമുടിയുണ്ടാക്കി; ചെമ്പിച്ച തലമുടിക്കുവേണ്ടി ചണനൂലിൽ ചെമന്ന ചായം മുക്കി; കൊല്ലാരം മുതലായവ സ്വന്തപണിയിൽ തീർത്തു. നിശ്ചയിച്ച ദിവസം കഥകളിക്കു കേളികൊട്ടുകഴിഞ്ഞ പ്പോൾ എല്ലാവരും അറിഞ്ഞു. എനിക്കു് അന്നു ഭീമന്റെ വേഷ മായിരുന്നു. നാണം ഇന്നതെന്നു് അറിഞ്ഞുകൂടാത്ത പ്രായമായിരുന്ന തിനാൽ കാണിച്ച ഗോഷ്ടിയൊന്നിട്ടു് ഇപ്പോൾ ചിരിവരുന്നു. രാത്രി ഏഴു മണിയായപ്പോൾ ചുട്ടികുത്തുന്നതിനു പൊടുന്നനെ പ്രസിദ്ധ നായ ആട്ടക്കാരൻ തകഴിയിൽ കൊച്ചുനീലകണ്ഠപ്പിള്ള അവർകൾ വന്നുചേർന്നു. അദ്ദേഹം ചുട്ടികൾ കുത്തിത്തന്നതു കൂടാതെ പ്രധാന വേഷക്കാർക്കു മുഖക്കെയ്കളും ആവശ്യത്തിനു പറഞ്ഞുതന്നു. പുറ പ്പാടിനു ഞാൻതന്നെ ചെണ്ട കൊട്ടി. 'ഞാൻ ഭീമനാവുമ്പോൾ ചെണ്ട കൊട്ടുന്നതാരു്?' എന്നു പരുങ്ങിയിരിക്കുന്ന സമയം ഭാഗ്യ വശാൽ ഞങ്ങളെ ഉത്സാഹിപ്പിക്കുന്നതിനു മലയാള പണ്ഡിതർ രാമ ക്കുറുപ്പദ്ദേഹവും വന്നുചേർന്നു. 'നിനക്കു് എന്താണൊ വേഷം?' എന്നു് എന്നോടു ചോദിച്ചു. 'ഭീമന്റെ വേഷം' എന്നു ഞാൻ മറുപടി പറഞ്ഞു. എന്നാ പിന്നെ ചെണ്ടകൊട്ടിക്കൊണ്ടു നില്ക്കുന്നതു് എന്നു ചോദ്യംചെയ്തു. ഇതിനാരും ഇല്ലാത്തതുകൊണ്ടാണു് എന്നായിരുന്നു എന്റെ മറുപടി. 'ചെണ്ട ഇങ്ങോട്ടതരൂ. നീ പോയി വേഷം അണിയുക' എന്നു പറഞ്ഞു് അദ്ദേഹം ചെണ്ട വാങ്ങിച്ചു തകർത്തു തുടങ്ങി. അദ്ദേഹത്തിനു ബോധിച്ചതുപോലെ ചെണ്ട കൊട്ടു, ഞങ്ങൾക്കു ബോധിച്ചതുപോലെ കലാശവും. അപ്പോൾ ഞങ്ങൾക്കു് ഉത്സാഹം മുമ്പിലത്തേതിലും വർദ്ധിച്ചു. ഞാൻ വേഷം അണിഞ്ഞു കൊണ്ടു വേഗം അരങ്ങത്തു വന്നു. പിന്നത്തെ ഗോഷ്ടിയൊന്നും പറ യാനില്ല. ഞങ്ങൾക്കു നേരിയതുകളും മറ്റും സമ്മാനങ്ങളായി ചിലർ

തന്നു. അങ്ങനെ ഒരു ശിവരാത്രിയിൽ വേഷംകെട്ടി ആടിയതിനോടുക്രൂടി ഒരു കഥകളി എഴുതാൻ ശക്തനാകണമെന്ന് ഒരു ദുർമ്മോഹം എന്നിൽ കടന്നുക്രൂടി. പിന്നീട്ടും മൂന്നു നാലു ശിവരാത്രി ഇങ്ങിനെ ഗോഷ്ടികാണിച്ചു. ആട്ടത്തിന് എവിടെയെങ്കിലും കേളികൊട്ടിയതായിക്കേട്ടാൽ അന്നു രാത്രി കഥകളിസ്ഥലത്തു ഞാൻ ഹാജർ. പാട്ടുകാരുടെ അടുക്കൽ എന്നെ നിശ്ചയമായി കാണും. എന്നാൽ രാത്രി പുറത്തിറങ്ങി സഞ്ചരിപ്പാൻ അമ്മ സമ്മതിക്കുന്ന പതിവില്ല. അമ്മ ഉറങ്ങുന്നതിനു പത്തു മണിയാകും. അതിനകം ഞങ്ങളുടെ മുറികളുടെ വാതുക്കൽ വന്ന് ഒരു പരിശോധന പതിവാണ്. ആ പരിശോധനയിൽ അകപ്പെടാതെയിരിപ്പാനായി തലയണയെടുത്തു നീളത്തിലിട്ട മുണ്ടുകൊണ്ടു മൂടിയുംവെച്ചു പുറത്തു പോകും. അമ്മ പരിശോധനയ്ക്കു വരുമ്പോൾ ഇങ്ങനെയാണു ഞാൻ ജയം നേടുക."

ഒരിക്കൽ ഇദ്ദേഹം ഒരു പദ്യം എഴുതി മാതുലനു കൊടുത്തു. അത് മുവടേ ചേർക്കുന്നു.

മുന്നംസപ്തശ്ലോകനാഥാത്മജനതിബലവാൻസപ്തസാലപ്രഹാരി-
ക്കന്നംഭോരാശിമർദ്ദിച്ചുളവുകരഗതാകാബലാകല്പബുദ്ധ്യൈ।
വന്ദ്യന്മാരാംജടായുമ്മനിലസുതനുമാരിന്ദ്രനാരാസനം ഹേ
ധന്യാത്മൻചൊൽകയുക്തിക്കുചിതതരമതാമർത്ഥമിന്നർത്ഥയേഹം ॥

ഇതിൽ കാണുന്ന ഓരോ ചോദ്യത്തിന്റെയും ഉത്തരം എടുത്തു ഓരോന്നിന്റേയും ഒടുവിലത്തെ അക്ഷരം ചേർത്തു വായിച്ചാൽ എന്തെന്നറിയാം. താര, പക്ഷി, ചൊക്കൻ, വാരണം. (ര+ക്ഷി+ക്ക+ണം)='രക്ഷിക്കണം'. ഇതിലേയ്ക്കു കാരണവർ അഞ്ചു രൂപാ ഇനാം കൊടുത്തിട്ടുണ്ട്. കാരണവർ കൊട്ടാരം സംബന്ധികായ്ക്കുരുദ്യോഗം ഒഴിഞ്ഞിരിക്കേ ഈ കഥാനായകൻ ശ്രീവിശാഖംതിരുനാൾ മഹാരാജാവു തിരുമുമ്പാകെ തിരുമനസ്സറിയിച്ചതും തുള്ളൽരീതിയിൽ എഴുതിയതുമായ സങ്കടത്തിൽ ഒരു ഭാഗം താഴെ ചേർക്കുന്നു.

ഇന്ദ്രസമാനമഹാവിഭവൻതവം
ചന്ദ്രസമാനസുശീതളരൂപൻ
വന്ദാരുക്കടെപാണിതലത്തേ
മന്ദാരദ്രുമമെന്നകണക്കേ
പൂരിപ്പിച്ചു ദരിദ്രതനീക്കി
ക്ഷീരസമാനയശസ്സുപരത്തി
സൂര്യസമം ഖത ശോഭിക്കുമ്പോൾ

ദാരിദ്ര്യാമയ ക്രൂരിതയുണ്ടോ?
കഞ്ഞികുടിപ്പാൻ വഴിയടിയങ്ങടെ
കുഞ്ഞുങ്ങൾക്കുലഭിപ്പാൻതക്കൊരു
മണ്ണുള്ളുജീവനമിനി മമ പഴവൻ
പഞ്ഞികണക്കുപറക്കുംമുമ്പേ
നിന്തിരുവടിയുടെകല്പനയാലെ
സന്തോഷേണ ലഭിക്കായ്വരണം
മാപ്പംതരണമുപേക്ഷിക്കാതെ
കാപ്പാനുള്ളൊരു നിന്തിരുമേനി.

വിദ്യാർത്ഥിയായിരുന്നപ്പോൾ ഒരിക്കൽ സ്കൂളിലേ പീസു മുടങ്ങി. അതിലേക്കു തിരുമനസ്സറിയിച്ച പദ്യങ്ങളിൽ ഒന്നു താഴെ ചേർക്കുന്നു.

പീസില്ലാത്തതുകൊണ്ടു മാസ്റ്റർ വളരെക്കോപിച്ചു ഡിസ്മിസ്സിലായ് ക്ലാസ്സിൽ കേറരുതാഞ്ഞു താപമൊടഹോ ലൂസുന്നു പാഠങ്ങളെ ।
മാസന്തോറുമൊടുക്കണം പണമൊരഞ്ചേകാലൊടുക്കായ്കിലു-
ള്ളാസം രോഡുകടംതോറുമെന്നുകഠിനൻ വാദ്യാരിറക്കീബഹിഃ ॥

ഇങ്ങനെ ദിവസങ്ങൾ കഴിഞ്ഞു. പതിനെട്ടാമത്തെ വയസ്സിൽ ഇദ്ദേഹത്തിനു പിതൃവിയോഗദുഃഖം അനുഭവിക്കേണ്ടിവന്നു. മെടിക്കുലേഷനു് ഒരുതവണ തോറ്റതോടുകൂടി പഠിപ്പു് തല്ക്കാലത്തേയ്ക്കു് ഏട്ടുകെട്ടി. ഇതിനുശേഷം ഇദ്ദേഹത്തിന്റെ നിരന്തരമായ പരിശ്രമം ആട്ടക്കഥാനിർമ്മാണത്തിലായി.

## ധർമ്മപുത്രവിജയം

### കഥകളി.

പ്രദോഷമാഹാത്മ്യം കഥയെ അടിസ്ഥാനപ്പെടുത്തി ഇതു ഫാന്റസി-രാമണ്ടു് എഴുതിത്തീർക്കയും, ശ്രീകണ്ഠേശ്വരത്തുള്ള സ്വന്ത ഭവനത്തിൽ വച്ചു് ദിവസങ്ങോറും കഴിപ്പിക്കയും ചെയ്തു. അക്കാലത്തെ രസിക ശിരോമണികളായ രാമക്കുപ്പവർകൾ ബി-എ, വക്കീൽ മാധവൻതമ്പി അവർകൾ, വക്കീൽ തിരുവല്ലാ വേലുപ്പിള്ള അവർകൾ മുതലായ മഹാന്മാർ ഹാജരായിരുന്നു് കൃതിയെ ശ്ലാഘിക്കയും ചെയ്തു. വലിയകൊട്ടാരത്തിലെ കഥകളിക്കാർ കടികളിലും കളിക്കാൻ അനുമതിസിദ്ധിച്ച അയിടക്കു കൊച്ചുനീലകണ്ഠപ്പിള്ള അവർകൾ മുതലായ നടന്മാരുടെ അഭിനയചാതുര്യവും മറ്റും നിമിത്തം ഈ കൃതിയും പൊതുജനങ്ങളുടെ പ്രത്യേകാഭിനന്ദനത്തിനു പാത്രീഭൂതമായി.

അറം എന്നതിൽ വല്ല അർത്ഥവുമുണ്ടെന്നു് ആക്കെക്കിലും വിചാരമുണ്ടെങ്കിൽ ഈ കഥകളിയിലുള്ള "ഇനിയൊരാടിമമവരികബ്രഹ്മപണി" എന്ന ഭാഗമാണു് അദ്ദേഹത്തിനു പിന്നീടു് ഒരവസരത്തിലുണ്ടായിരുന്ന ആന്ത്രനീരിനു കാരണമാക്കിയതെന്നു വിശ്വസിക്കാതിരിക്കയില്ല. കഥകളിയിൽ ഒരു ഭാഗം താഴെ ചേർക്കുന്നു.

കാപി—ചെമ്പട.

കലകലനിനദംകേട്ടുണ്ടുതാൽ വിപ്രപുത്രൻ
നിലമതിലമരുമ്പോളന്തികേ കാണുമാറായ്,
വലിയൊരുകനകത്താൽ പൂർണ്ണമാം കുംഭവും താൻ
നലമൊടുജനയിത്രീമുന്നിടം ചെന്നിതപ്പോഥം ॥

കണ്ടാലുമമ്മേ! കനകമിതാ-ശ്രീകണ്ഠദേവൻ
കൊണ്ടാടിത്തന്ന ധനമിതാ
കണ്ടായിതോയെൻ മാതെ
പണ്ടിതുപോൽക്കണ്ടിട്ടുണ്ടോ (കണ്ടാ)

കാമവൈരിയും മോദിച്ചു—നമ്മുടെ കായ്ച്ചു
മാമയമെന്യേസാധിച്ചു.
ഭീമദാരിദ്ര്യം വേണ്ടാ—ഭിക്ഷക്കിനിനാംപോണ്ടാ
സാമോദമിങ്ങിരിക്കാം സോമചൂഡം ഭജിക്കാം (കണ്ടാ)

എത്രനാളായീനാമെല്ലാം—യാചിച്ചുകൊണ്ടി
ട്ടത്രവാഴ്ചം വിധമെല്ലാം
മൃത്യുനാശനൻ പാരം ചിത്തേ നിനച്ചനേരം
മെത്തീടും കൃപവന്നു സദ്യോയിതിങ്ങുതന്നു (കണ്ടാ)

## സുഭദ്രാപഹരണം

കഥകളി.

ഇതു ഫാന്നു-ൽ എഴുതി ഫാൺ-ൽ അച്ചിട്ടു. ഇതിൽ ഏതാനും ഭാഗം താഴെ ചേർക്കുന്നു.

കുമ്മി.

നാടെങ്ങും വിഖ്യാതിതേടീടുന്ന
പേടമാൻകണ്ണിമാർ ചൂടീടുന്ന
പാടലതുല്യപ്രാധരീമേനകേ പര
പോടിന്നു പാടേണം നീ മനോജ്ഞേ ॥

വിണ്ണവർ തമ്പുരാൻ തൃക്കണ്ണുക-
ളെണ്ണുകിലീരഞ്ചുറും മയങ്ങും
വണ്ണമോരോരോ വിനോദങ്ങൾ കാട്ടേണം
പുണ്ഡരീകാക്ഷിമാരേനാമിപ്പോൾ ॥

മാലകൾ താലി വളയെടുത്തോ—നല്ല
ചേലോട്ട ചേലഞൊറിഞ്ഞുടുത്തോ
മാലിനിപോരാ—പാദസരം
കാലിന്ന ചേരാ—തലയിൽ പൂ
മാലയിതാരാ—മൂടിനിൻെറ
കാലത്തും തീരാ—നിൻ ഗോഷ്ഠികൾ
ചേലൊത്തൊരു ബാലത്തരു-
ണീലിത്തിരുമേനിക്കൊരു
കാലത്തുമാശജനിക്കയില്ലെ—നിൻെറ
കോലത്തെയീമട്ടിൽ കാണിക്കല്ലെ ॥

രംഭോരുന്നവരുകണ്ടോതോഴി
അംഭോജബാണനും പിമ്പെയുണ്ടോ
ഉമ്പർകോൻവന്ന—മട്ടമല
രമ്പനും ചേന്ന—രസവിധ
വൻപൂതുടന്ന—സുരൂണെ
രംഭമുതിന്ന—കണ്ടോതോഴി
ജംഭാരിയുമമ്പോടനുകമ്പാലയരംഭാദിനി
തംബിനിമാരോടുമൊത്തുക്രീടി—പരി
രംഭണംചെയ്തുമെത്രമോടി ॥

മല്ലശരോപമചാരുഗാത്ര—പ്രാണ
വല്ലഭഞങ്ങൾക്കാനന്ദപാത്ര
മുപ്പാരിടത്തെ—ജയിക്കുംക
ന്ദപ്പനടുത്തെ—ശരമെയ്യും
ഒപ്പംതൊടുത്തെ—സഹിക്കുന്നി
ല്ലല്പംമടുത്തേ:—മെമ്മോഴിമാക്ക
ചെപ്പേലുമൊരിപ്പോർമുല
കെല്പോടിനിയല്പേതര-
മുൾപ്രമോദേനപുണർന്നീടേണം—സുര
നിപ്രദേശംവെടിഞ്ഞോടീടേണം ॥

വളരുകിലുകിലെക്കിലുങ്ങീടവെ—നല്ല
കുളർമുലത്തുളുമ്പീടവേ

അളിവേണിമാരെ—കളിക്കുവിൻ
കളവാണിമാരെ—മൃദുഗാനം
തെളിവോടുനേരെ—പ്രയോഗിപ്പിൻ
കളിയല്ലചാരെ—വാവാനീയും
തിളതിളപ്പൊടുകളികളിപ്പൊരു
കളമൊഴിക്കൊരുവളകൊടുക്കണ-
മെളുതാമോമേനകിക്കിന്നലാസ്യം—അതു
കളിയല്ലീയുവ്ശിക്കെതുഹാസ്യം ॥

മുഖാരി—ആടന്ത.

ഇതിസവിബുധാധീശോദന്താവളോപമഗാമിനീ
സുമശരസുഖേതാന്താ കാന്താമുദാപരിലാളയൻ ।
നികടളവിസംപ്രാപ്തംഭക്ത്യാപ്രണമ്യതപോധനം
ധൃതഹരിപദാംഭോജസപാന്തംഹിനാരദമൂകവാൻ ॥

വൈണികമാമുനേവന്ദേഹം.

ഭാവുകംകിംതേഹേവിഭോമേവുകമണിപീഠാന്തേ
സാവകാശമായിച്ചിലദേവകാര്യംചൊൽവാനുണ്ട് ॥

ഗീർവ്വാണലോകമെന്നല്ലസർവ്വലോകങ്ങളുമയ്യോ
പൂർവ്വദേവന്മാരടക്കിനിർവ്വാഹമില്ലഹോ കഷ്ടം ॥
അത്യുപദ്രവികളാകുംദൈത്യവംശാധമന്മാരാം
ധൂർത്തസുന്ദോപസുന്ദന്മാരിതിലോകം മുടിക്കുന്നു ॥

സൃഷ്ടാവിൻവരബലത്താൽ പുഷ്ടഗർവ്വംനശൂരന്മാർ
കഷ്ടമഹോ! ചെയ്തീടും ദുശ്ചേഷ്ടിതംചൊല്ലാവോന്നല്ലേ ॥
ഘോരസന്താപാതിഭാരദൂരീകരണാർത്ഥമൊരു
സാരോപായമരുൾചെയ്ക സാരസസംഭവസൂനോ ॥ വൈ ॥

സാരി.

സൃഷ്ടാസർവ്വചരാചരങ്ങളുടെ സാരാംശത്തെയെല്ലാമൂ-
ക്കുട്ടിത്തീർത്തൊരുദിവ്യരത്നഖചിതാകാരാംനിരീക്ഷ്യാദരാൽ ।
ചിത്രത്തിൽപണിചെയ്തവെച്ചൊരുശിലാരൂപംകണക്കേവരും
പാർത്തുള്ളുള്ളുതമാൻനിലയ്ക്കുയവളും സ്തബ്ധംതുടങ്ങീടിനാൾ ॥

ദിവ്യനവരത്നപ്രഭതിങ്ങിവിങ്ങും—ചാരു
ഭവ്യസ്വരൂപിണി വിശ്വമോഹനാംഗി
ശുഭശുദ്ധരത്നചിത്രിതമുഖിയവൾതന്നെക്കണ്ടാ—ലുടൻ
തിരുവനകമനികളഖിലരുമടിയിണവന്ദിച്ചീടും ॥

പൂർണ്ണശരദശശാങ്കബിംബപ്രഭ—തന്നിൽ
മന്ദമുരുകീടും ചന്ദ്രകാന്തംപോലെ
മന്ദഹസിതമരവിന്ദനയനയുഗംബാലചന്ദ്ര—ഫാലം
കന്ദമുകുളനയനങ്ങളാമുതമുറ്റുവാഗ്വിലാസം ॥

ബന്ധൂകത്തിൻചന്തം വെന്നകാന്തിചിന്തും—നല്ല
ദന്തച്ഛദമതുമെഴുംപൂനാസികയും
ഛന്തകാമുകന്മാരിലന്ധതചേർത്തുകാമഭ്രാന്തായീടും—ഘോര
സിന്ധുവിൽ മുഴുകിക്കും ബന്ധുരമാംകടാക്ഷവീക്ഷണവും ॥

പങ്കജബാണന്റെ കേളിയാടീടുവാൻ—തീർത്ത
തങ്കട്ടന്തച്ചെപ്പുകളാം കൊങ്കകളും
പങ്കമകന്നുനീണ്ടിരുണ്ടുമുരുണ്ടുഭംഗ്യാപാദതോളും—പററി
സംഘടിതകുസുമപരിമളമെഴുമൊരു പൂങ്കുഴലും ॥

ഇത്യാദികൊണ്ടിതുലോകമൊന്നുപോലെ—ജയ
കീർത്തിചേർത്തതാതേൻവാണീമെനുലിരതം
മത്തഗജഗമനമന്ദമന്ദംസുന്ദോപസുന്ദന്മാരെ—ക്കണ്ടു
തതുപിതുനിയോഗാൽ വാരിക്കോരിച്ചൊരിഞ്ഞു മന്ദാക്ഷങ്ങളം ॥

## കനകലതാസ്വയംബരം

### നാടകം.

ഇതു ഫാന്സു-ൽ ആരംഭിച്ചു. അതു കുറെ എഴുതിയശേഷം ഒരത്യാവശ്യമായി വിളവംകോടുവരെപോയി മടങ്ങിവരുന്ന അവസരത്തിൽ കലശലായ ഒരുതിസാരവും ഛർദ്ദിയും പിടിപെട്ടു വഴിമദ്ധ്യേ ഒരു പുൽത്തകടിയിൽ കിടക്കുന്നതിനിടയായി. അപ്പോൾ അവശനായി പലതവണ ചാവിട്ട് അമ്മയെ വിളിക്കുകയും ചെയ്തിട്ടുണ്ട്. ഒരുവിധം തപ്പിപ്പിഴച്ചു വീട്ടിൽ വന്നശേഷം നാടകത്തിൽ എഴുതിവച്ചിരുന്ന ഭാഗംനോക്കി. അതു ഇപ്രകാരമായിരുന്നു.

അമ്മേ! നീപെറ്റവിണ്ണാസരനുരിമയായെന്നെയെന്നുംവളർത്തി
സ്സമ്മോദാൽലാളനംചെയ്തരികിലനുദിനംതങ്കമേ! എന്നണച്ചും
നിർമ്മായംവെച്ചുസൂക്ഷിച്ചതുമതുലമഹാപാപിയിന്നീർഷ്യനെന്നോ[ർ]ത്തി
ത്തിമ്മാനോഛതകഷ്ടം! ജനകനെവിടെമാ:കാനുകൊഞ്കാത്തമാ

ഈ ശ്ലോകം അദ്ദേഹം പുൽത്തകടിയിൽവെച്ചു നല്ലവണ്ണം അനുഭവസത്തോടെ അഭിനയിക്കയും ചെയ്തു. ഇതും അറുപായിരിക്കാം. ഈ നാടകം ഫാന്സു-ൽ അച്ചിട്ടു.

ചൂതസായകൻ പഠിത്തത്തിൽ ഉപേക്ഷ കാണിക്കുന്നതറിഞ്ഞു പിതാവു ഗുരുവിനുകൊടുക്കുന്ന ആജ്ഞയാണു താഴെചേർക്കുന്ന പദ്യം—

പഠനമെന്നതിലൊരല്പമെങ്കിലും
ശഠനിലുണ്ടുമടിയെന്നുകാണ്കിലോ।
കഠിനശിക്ഷയതുനൽകണംദൃതം
ദൃഢമതിങ്കലൊരുതുപ്തിയില്ലമേ ॥

കനകലത ചൂതസായകനെ പിരിയുമ്പോൾ—

പ്രാണൻപിന്നിൽകിടക്കുന്നുടലൊരുതടിമാത്രംഗമിക്കുന്നുമുന്നിൽ
പ്രാണൻരക്ഷിച്ചൊരോമൽപ്രിയതമസസുഖംവാഴ"കടീഷ്വായുഷാനീ
ഞാനെൻസ്വാപതിയിലുംനിൻശശിസമവദനംവിസ്മരിക്കില്ലതെല്ലും
ഏനംതാമെന്നിയേമറൊരുവനെവരനായ്ഞാൻവരിക്കീലയെന്നും

നാടകംകൊണ്ടു നാടകംനിറയുന്ന ഒരു കാലമായിരുന്നിട്ടും ഇതിനെ വിദ്വജ്ജനങ്ങൾ വേണ്ടുംവണ്ണം കൊണ്ടാടാതിരുന്നിട്ടില്ല. ഇതിനെപ്പറ്റി "Some time ago I read a good portion of it with the greatest pleasure and interest. What I read convinced me that you are a writer of force and elegance. The play is true to life" എന്നു കണ്ടെഴുത്തു ദിവാൻപേഷ്കാരും, നല്ലൊരു സാഹിത്യരസികനും, പണ്ഡിതനുമായ വി. നാഗയ്യാ അവർകളും ബി. എ. പോലും അദ്ദേഹത്തിനു് എഴുതിയിരുന്നു.

## രാമനചരിതം.

തിരുവാതിരപ്പാട്ടു്.

ഇതു് ഫാന്സ്യ-ൽ എഴുതി അച്ചടിപ്പിച്ചു. ശ്രീകൃഷ്ണൻ രുക്മിണിയോടു പറയുന്ന ഭാഗം നോക്കുക—

(കൊണ്ടൽവേണിയാൾ എന്നപോലെ).

പ്രാണനുള്ളുനാളേനേനേയെ
കാണിനേരംപിരിഞ്ഞുമേ
വാഴുവീടാൻ തെല്ലുമില്ലെകാകാംക്ഷ
പ്രാണനായികേ ബോധയ
ബന്ധുകാന്തരപീയൂഷം നക-
ന്നന്തമ്മോടാൽ നിന്നന്തികേ
പന്തുന്നിയുമക്കൊങ്കയും മാറിൽ

ബന്ധിച്ചുംബുജലോചനൻ
ബന്ധുരാംഗി ! യെൻ തങ്കമേയെന്നു
സന്തോഷേണ കൊണ്ടോടിയും
കന്തളംകെട്ടിപൂവണിഞ്ഞതി
ലന്തരമെന്യെ ചുംബിച്ചും
വാണതും ചാരുവേണിനീയൊക്കെ
.....
മാനസേമറന്നോ പ്രിയേ!

ഒരിക്കൽ ഒരു സ്നേഹിതൻ മുപ്പതുനാഴികകൊണ്ടു് ഒരു ശതകം നിർമ്മിക്കാമോ എന്നു ചോദിച്ചു. ഇദ്ദേഹം വടക്കനാണു്. മറ്റു സ്നേഹിതന്മാരും ക്രൂടി ഉത്സാഹിപ്പിക്കയാൽ ഒരു രാത്രി എട്ടര മണിക്കു് അതു് ആരംഭിക്കയും രാത്രിതന്നെ രണ്ടര മണിക്കു് അവസാനിപ്പിക്കയും ചെയ്തു. "ബാല്യൂത്ഭവം" ആണു കഥം. എഴുത്തുകാപ്പി ആ സ്നേഹിതൻതന്നെ കൊണ്ടുപോയി. അച്ചടിപ്പിച്ചിട്ടില്ല. ഈ ശതകവനത്തിലേ ഒരു പദ്യം നോക്കുക—

സരിഗമപധനിസ പാടി
സരസമവരുടൻ ചിരിച്ചുക്രുത്താടി.
സുരവരനതുകൊണ്ടോടി
സുരവനിതകൾ താണ്ഡവങ്ങൾബഹുമോടി ॥

## പാണ്ഡവവിജയം

നാടകം.

ഇതു ഫ്രാൻസു-ൽ എഴുതി അച്ചടിപ്പിച്ചു. നൂറാംപതിപ്പു മുതൽ സംഗീതംക്രൂടിച്ചേർത്തു. ഈ നാടകം ഇപ്പോൾ അനേകം പതിപ്പുകളായിട്ടുണ്ടു്.

ദുശ്ശാസനൻ പാഞ്ചാലിയെ തലമുടിക്കു പുറകിപ്പിടിച്ചു വലിച്ചിഴച്ചു കൊണ്ടുവരുന്ന അന്നിയറ ശ്ലോകം—

പൊട്ടെങ്കുനിൻറെതലകെട്ടെങ്കുനല്ലമുലയാട്ടെങ്കുമാടികലരും
മട്ടെങ്കുകാന്തരുടെപിട്ടെങ്കുപായിവർവരട്ടിങ്കുനമ്മൊടെതിരായ്
ഒട്ടംഗരൊക്കെമുറിപെട്ടെങ്കുപാട്ടെയതിനിട്ടെങ്കുമിങ്കുമൊരുപോൽ
പെട്ടെന്നിഴച്ചുപലവാട്ടം പുഴറവുമയിർപോട്ടെങ്കിലെന്തൊരുഭയം

പാഞ്ചാലിയുടെ ചോദ്യവും ഭീമൻറെ ഉത്തരവും:—

ചിക്കിക്കെട്ടാനുമില്ലീയിടമഴിക്കരുനല്ലുടക്കുപിടിച്ചു- [പ്പോം
ട്ടൊക്കെത്തൊട്ടാൽത്തൊഴിഞ്ഞിടുകപതിവുവിഴക്കില്ലതിന്മൂലമി

മുക്കവൻദുശ്ശാസനൻദുന്ന്യജലനിധിതൻരക്തമാമെണ്ണനൽകാ-
നിക്കാണ്ടന്നാരിലാക്കട്ടെയുദരയ 'ദുഢമെന്നോമനേ ഭീമനുണ്ട്' ॥

ഉള്ളുകൈയൊരുചക്കരൽപ്രിയതമേബോധിക്ക നന്നായെനി-
ക്കുള്ളാരിശ്ശടചക്രലേക്കുകഠിനക്രോധംതടിക്കാളയാം ।
എള്ളിൻപ്രായമരാതിമുമ്മതിശഠൻദുശ്ശാസനൻതന്നെഞാൻ
ചെല്ലുന്നാട്ടിയെടുത്തരക്തതിലജത്താൽക്രന്തൽബന്ധിക്കുവെൻ ॥

ഇതിലും ഒരറം പറഞ്ഞിട്ടുണ്ട്.

മണ്ടയിടികൊണ്ടുതലമണ്ടപിളരുന്നെ-
ന്നിണ്ടലിവരംകണ്ടഴലുകൊണ്ടുവലയുന്നു ।
വേണ്ടപനിയുണ്ടുകുളിരുണ്ടുജലദോഷം
രണ്ടുദിനമുണ്ടതൊഴിയാണ്ടിഹവശായി ॥

എന്നതനുസരിച്ചു തലവേദന പതിനെട്ടു സംവത്സരക്കാലം ഒഴിയാതെ ഇദ്ദേഹത്തെ ബാധിച്ചിരുന്നു. ഈ നാടകത്തെപ്പറ്റി ലക്ഷ്മീപുരത്തു രവിവർമ്മ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടും, നടുവത്തച്ഛൻ നമ്പൂതിരിപ്പാടവർകളും അയച്ചുകൊടുത്ത അഭിപ്രായവും ചുവടേ ചേർത്തുന്നു.

ചങ്ങനാശ്ശേരി,
൯൦-ാം൹-.

ശ്രീ

പത്മനാഭപിള്ളയ്ക്ക്,

ഏഴുത്തും പാണ്ഡവവിജയം നാടകവും കിട്ടി. നാടകം വായിച്ചുനോക്കി വളരെ സന്തോഷിക്കുന്നു. മലയാളഭാഷയ്ക്ക് ഉചിതമായ സാരള്യവും അനേക വിധത്തിൽ നവീനാർത്ഥകല്പനകളും ചെയ്യുന്നതിനു ഗ്രന്ഥകർത്താവിനുള്ള ബുദ്ധിവൈദഗ്ദ്ധ്യവും വേണ്ടപോലെ ഈ കവിതയിൽ പ്രകാശിക്കുന്നുണ്ട്. പ്രകൃതാനുസാരേണ നടുവത്തച്ഛനെന്നും ഭഗവദ്ഭക്തനെന്നും മറ്റും അർത്ഥാന്തരത്തിൽ പ്രയോഗിച്ചിരിക്കുന്ന ഭാഗം പ്രത്യേകം ശ്ലാഘാസ്പദമായിരിക്കുന്നു.

ശ്രീപാണ്ഡുപുത്രവിജയം വിരചിച്ചുവാഴ്ക്കീ
ഭൂമീപത്മനാഭകവിതീർത്തൊരു നൽപ്രബന്ധം ।
ശ്രീപാരമാന്മകവിപുംഗവരംഗമദ്ധ്യേ
ദീപായമാനരുചിപൂണ്ടുവിളങ്ങിടട്ടെ ॥

മുദ്രാലങ്കാരരീത്യാമുഹുരപിനടുവത്തച്ഛനേയും വിശേഷാൽ
ഭദ്രാകാരം വിളങ്ങും സുഹൃഹിതഭഗവദ്ഭക്തിനയും പുകഴ്ത്തി.
നൽദ്രാക്ഷാപാകമാന്നിസ്സുരസകവിവരൻതീർത്തഭാഗത്തെവിണ്ടും
മുദ്രാഹീനപ്രമോദത്തൊടുവിബുധവരന്മാരുകൊണ്ടാടിവാഴ്ക. ॥

ശുഭം.

ലക്ഷ്മീപുരത്തു കൊട്ടാരത്തിൽ
രവിവർമ്മ കോയിത്തമ്പുരാൻ (ഒപ്പ്)

രാ-രാ. ശ്രീകണ്ഠേശ്വരം ജി. പദ്മനാഭപിള്ള അവർകൾക്ക്.

കിട്ടീപാണ്ഡവവിജയം
തുഷ്ടിയാഞാൻതന്നെ നോക്കിവായിച്ചു.
മട്ടും കഥയുടെ ക്രുട്ടി-
ക്കെട്ടും മറവും മനോജ്ഞതരമായി ॥

വ്യംഗ്യപ്രയോഗാലതിലെന്നെയും കൊ-
ണ്ടങ്ങുന്നുചാടിച്ചതു കാണ്കമൂലം.
തുംഗപ്രമോദം കളിയാടിടുന്നു
മംഗല്യമൂർത്തി! മഹനീയകീർത്തി! ॥

നടുവത്തച്ഛൻ നമ്പൂരി.

ഇക്കാലത്തു കഥാനായകൻ പത്രത്തിൽ ഒരു സമസ്യ കാണുകയുണ്ടായി. അതു താഴെ പറയുംപ്രകാരമായിരുന്നു.
"വെള്ളക്കാക്കമലൻരാത്രി ഗഗനത്തിങ്കൽ പാറുംദ്വയം."

തന്നോടു് കുറെ കൃപാ കടംവാങ്ങിച്ച തിരുവനന്തപുരത്തുകാരനായ ഒരു സ്നേഹിതൻ കുറേനാളും മാസങ്ങളും കഴിഞ്ഞിട്ടും അതു തിരിയെ തരാതെയിരിക്കുന്ന സന്ദർഭത്തിലാണു് ഈ സമസ്യകണ്ടതു്. അതു താനും പൂരിപ്പിച്ചയച്ചു. അതു താഴെ പറയുംപ്രകാരമായിരുന്നു.

ഉള്ളിൽകള്ളമൊതുക്കിവച്ചുചതിവായ്പ്പിന്നെത്തരാമെന്നുടൻ
ചൊല്ലീട്ടിഷ്ടജനങ്ങളോടുചതിവായ്ക്കുട്ടീസുതട്ടിച്ചിടും
കള്ളന്മാരതുഹന്തഹന്തതിരിയേനൽകുന്നകാലത്തഹോ
"വെള്ളക്കാക്കമലൻരാത്രിഗഗനത്തിങ്കൽപറക്കുംദ്വയം" ॥

## കീചകവധം.

ഓട്ടൻതുള്ളൽ.

ഇതു ഫാന്സുവ-ൽ എഴുതി അച്ചടിപ്പിച്ചു. സൂത്രശാലിനിയായ സൈരന്ധ്രി കീചകനെ വട്ടത്തിലാക്കാൻ ഉദ്ദേശിച്ചു പറയുന്നഭാഗം സൂക്ഷിച്ചു വായിക്കുക.

"പ്രാജ്ഞകലാന്തിപപമതുപാലയ
പത്മമടളാകാരാഞ്ജിതസുമുഖ!
നീരസഭാവമകറവുകസന്ത്രതി
നീരസമോടുധരിക്കഗിരാമേ
അപരാധംഞാൻചെയ്തതുമങ്ങേ
ക്ഷപകൊണ്ടാന്തപൊറുത്തീടേണം
ഏവംക്രറെൻപ്രിയതമനെന്നില
താതാഞ്ഞീടാഞ്ഞതുകൊണ്ടേറവും
നാരായണപുനരിന്നിതിനെല്ലാം
കാരണമായ്വന്നയ്യോകഷ്ടം!
കാമിച്ചീടുംപുരുഷങ്കൽകുല
കാമിനിമാരപ്രിയമതുവിട്ടുമോ?
കാമിതമെല്ലാംസാധിക്കും മൽ
സ്വാമിക്കരുതുവിരോധംതെല്ലും
ഇത്താഗാരേനിശിവരവേണം
തത്രശയിക്കുംപ്രിയനന്നേരം
ചിത്തജമദവുംഗവ്വുമപ്പൂ
മെത്തയിലിട്ടതകത്തുപൊടിക്കാം
മാലിനിമൂലംചെറുംമനസിജ
മാലിനിയുണ്ടാകാത്തവിധത്തിൽ
കാമവിലാസരസങ്ങളിലുള്ളൊരു
ഭീമപരാക്രമമൊക്കെക്കാട്ടാം.

## കേരളവർമ്മശതകം

ഇതു് ഫാന്സുവ-ൽ എഴുതി. ഫാവ്വെ-ൽ അച്ചിട്ടു. "കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ ജീവചരിത്ര സംഗ്രഹമാണു് വിഷയം. ആ വിശ്വവിശ്രുതനായ കേരളകാളിദാസൻ ഫാൻാ കന്നി ന്യ-ാംന്ധ- തീപ്പെട്ടതിൽ പിന്നീടു് എട്ടു ശ്ലോകം കൂട്ടത്തിൽ ചേർത്തു് ഈ പുസ്തകത്തിനു് 'കേരളവർമ്മചരിതം' എന്നു പേർ കൊടുത്തു് വീണ്ടും പ്രസിദ്ധപ്പെടുത്തി. പാഠഭേദങ്ങൾ താഴെ ചേർക്കുന്നു.

പുത്തൻവാങ്മധുതുകരുന്നവനസുധാമുദാ ചെയ്യുമെൻ
തത്തേസദ്ഗുണശാലിനീ തിലവനൈകാനന്ദസന്ദായിനി!
നൽത്തേൻശർക്കര പഞ്ചസാര പഴവും പാലും ഭുജിച്ചിന്നുള്ള-
ത്തത്താം കേരളസൽക്കവീന്ദ്രചരിതം സല്ലീലയാചൊൽക നീ॥

വിദ്യാംഭോനിധിതന്നിലുത്സുകതയാംവൻതാണിയേറിശ്രമ
പുത്തൻ നമ്പു വഴിച്ചുടൻ മുകരയ്ക്കുത്തീട്ട കീർത്ത്യധ്വവും ।
സദ്യോനേടിയവിശ്രുതൻ വലിയകോയിത്തമ്പുരാൻ തന്റെ സ-
ദ്വൃത്താന്തമാമൃതപാനമാക്കുമതുലാഹ്ലാദപ്രദംശാരികേ ॥

ദിനചര്യയെയിതുപോലൊരു
മനുജനുമനുസ്മൃത്യാ വാഴ്കപണിപാരം ।
ഗഡിഹാരംതൻ ഹൃദയവു-
മണപിരികില്ലുണരുക്കമതുകളിലും ॥

## മാക്കണ്ഡചരിതം

താരാട്ട്.

ഇതു് ഫൗണ്ടെ-രാമണ്ടു് എഴുതിത്തീക്കുകയും ഫൗണ്ടെ-ൽ അച്ചിടുകയും ചെയ്തു. അതിൽ അല്പം ചുവടെ കാണിക്കുന്നു.

അന്നേരം ഗർഭമുദിച്ചു—മെല്ലെ
നന്ദനനേപ്രസവിച്ചു
ഫാലേക്ഷണന്റെകൃപയാ—ചാരു
മേളംകലർന്നുജനിച്ചു
ബാലകൻതന്നുടെ ദിവ്യ—രൂപ
മാല്യസ്യമാക്കുമകറും
പാലൊത്തമാധുര്യവാക്കും—നല്ല
ചേലൊത്തിണങ്ങുന്ന നോക്കും
എഴുപ്പൂവും നേരിട്ടതോക്കും—ചാരു
കെല്പുകലന്നൊരു മുക്കും
തൊണ്ടിപ്പഴംവെന്ന ചുണ്ടും—നല്ല
വണ്ടുകൾ കണ്ടുടൻമണ്ടും
.....

## നാളായണീചരിതം

ഊഞ്ഞാൽപ്പാട്ട്.

ഇതു് ഫൗണ്ടെ-ൽ എഴുതുകയും ഫൗണ്ടെ-ൽ അച്ചടിപ്പിക്കയും ചെയ്തു. മാതൃകയേക്കാണുക.

കുട്ടുവാനൊക്കെപ്പുകച്ചുവായിൽ
തൊട്ടീടാനേതുമരുതു കഷ്ടം !
നാടിപ്പുകഞ്ഞൊരുചാറെടുക്കായ്
കോരിവിളമ്പിയ നിന്നെയിപ്പോഴം
മൂലാലടിക്കണമെയന്നിനക്കി

ക്കാലംമഹാനിന്ദതന്നെപെണ്ണേ !
വൃക്കരുട്ടകണ്ണനുംവലി
പ്പത്തലോവല്ലതുംവെട്ടിയിട്ട്
വയ്ക്കുംകറിപിന്നെച്ചോറുനന്നായ്
കയ്ക്കുംകരിക്കട്ടകൾകടിക്കും

## കുചേലവൃത്തം

താരാട്ട്.

ഇതു ഫാഴ്സി-ൽ എഴുതി. ഫാരൈ-ൽ അച്ചിട്ടു. മാതൃകയ്ക്കു അല്പം താഴെ ചേർക്കുന്നു.

ഇന്നിതുനേരമായി—ഇതേവരെ
യൊന്നുമേയമ്മതന്നീ
ലെന്നുമീമട്ടുതന്നെ—യീയമ്മയ്ക്കി
ങ്ങാരിരരാരാരോ.
ഇങ്ങനെകാട്ടിടാമോ—വിശപ്പിനെ
എങ്ങനെ നിവ്വഹിക്കും
അങ്ങോട്ടുകേറിരണ്ടു—കൊടുക്കണ
മാരിരരാരാരോ.

## പൂതനാമോക്ഷം

ശ്ലോകത്താരാട്ട്.

ഫാസ്സെ-ലാണു് ഇതെഴുതിയതു്. ഫാരൈ-ൽ അച്ചടിപ്പിച്ചു. ഇതിൽ ഏതാനുംഭാഗം താഴെ ചേർക്കുന്നു—

പൂതനയുടെ ലളിതാവേഷം ഇങ്ങിനെ വർണ്ണിക്കുന്നു.

മാലോടുമങ്ങളികുലങ്ങളൊളിച്ചുമണ്ടും
കാലോടിടഞ്ഞകചഭാരമവർണ്ണനീയം ।
ചാലേവകുത്തൊരുവശത്തവൾകെട്ടിനൽപ്പൂ-
മാലാംധരിച്ചുമുടനാരിരരാരിരാരോ ॥
വാലിട്ടകണ്ണെഴുതിബാലശശാങ്കതുല്യ
ഫാലപ്രദേശമതിൽ നൽതിലകംചമച്ചു ।
ശ്രീളാവിഹീനമവരംവെറിലതിന്നനല്ല
ചേലാക്കിയോരധരമാരിരരാരിരാരോ ॥
ഇക്കണ്ടകാമുകജനങ്ങളെശിക്കിയാട്ടി
ത്തിക്കിത്തിരക്കിയഥമമ്മിലിടഞ്ഞുനോക്കും ।

വൃത്തംതികഞ്ഞകുളർകൊങ്കയിലാശ്ലേകാകോ
ളത്തെപ്പിരട്ടിയവളാരിരരാരിരാരോ ॥

.....

മട്ടൊത്തവാണിയുലകൊങ്കയുമക്കടക്കൺ
വെട്ടിങ്കലിട്ടവധംകറക്കിമഹാകരീന്ദ്രൻ।
ഞെട്ടന്നമന്ദഗതിചൂണ്ടുനടന്നിളംപൈ
തത്തിൻസമീപമുടനാരിരരാരിരാരോ ॥

.....

## കംസവധം

### വഞ്ചിപ്പാട്ട്.

ഇതിന്റെ ആവിർഭാവം ൧൦൯-ാമത്തെ പേജിൽ അച്ചടിച്ചിട്ടുണ്ട്. ഗോപിമാർ കൃഷ്ണന്റെ വേർപാടിൽ ഇപ്രകാരം വ്യസനിക്കുന്നു.

നന്ദനന്ദനൻമധുരതന്നിൽയാത്രാസന്നാഹംസാ
നന്ദംതുടരുന്നതറിഞ്ഞന്നുഗോപിമാർ ॥

ഒന്നിച്ചെല്ലാംപരുംക്രൂടികണ്ണുനീർപൊഴിച്ചുപാരം
ഖിന്നതപൂണ്ടുവിലാപമാഹാതുടങ്ങി ॥

കംസമന്ദിരത്തിലുള്ളഹംസഗാമിനീജനങ്ങൾ
സംശയംവിനാമഹാകൃതാത്ഥമാരത്രേ ॥

ചഞ്ചലാക്ഷിമാരുടയപുഞ്ചിരിവിലാസവും താ
പിഞ്ഛനീലകേശഭാരനിസ്തുലാഭയും ॥

ശീലഗുണങ്ങളും ചന്ദ്രഫലപ്രകാശവിളങ്ങി
മേളിച്ചുകാന്തിപ്രസരംചിന്തിടുന്നൊരു ॥

ചാന്തുകുറിയുംകാമരാജന്തുപകിട്ടുംമിരട്ടും
സിന്ധുമാധരപ്രഭാകടാക്ഷവീക്ഷണം ॥

പന്തിടഞ്ഞപോർമുലപൈന്തെന്മൊഴിയും ചാരുകുന്ത
ളന്തപുക്കുശോഭയെന്നിവയെക്കാണുമ്പോഴും ॥

മായാമയൻമവരിൽമയങ്ങാതിരിക്കുമോചാ
ഡ്യായതാക്ഷിമാരുംസന്ത്യജിയക്കാരത്രേ ॥

ഇദ്ദേഹത്തിന്റെ അമ്മ ഫാദറുടെ കന്നിയിൽ പരലോകം പ്രാപിച്ചു. ഇദ്ദേഹം കുറേനാൾ കണ്ടെഴുത്തിൽ ജോലിയായിരുന്നശേഷം ഫാദർ-ൽ മജിസ്ട്രേട്ടപരീക്ഷയിൽ ജയിച്ചു് ഒരു വർഷം വക്കീൽജോലിയിൽ ഏർപ്പെട്ടിരുന്നു. ഇതിനിടയിൽ അനവധി ചില്ലറ പുസ്തകങ്ങളും എഴുതിത്തീർത്തു. ഫാദർ മേടം ൧൪-ാം നു- രാത്രി ൧൧½നാഴികയ്ക്കു നവരസാലംകാര നാടകക്കമ്പനിക്കാർ തമിഴ് രീതിയിൽ "കനകലതാസ്വയംവരം" നാടകത്തെ അഭിനയിച്ചു.

## മാർക്കണ്ഡചരിതം

### തിരുവാതിരപ്പാട്ട്.

ഇതു് ഫാദറുടെ-ൽ എഴുതി അച്ചടിപ്പിച്ചു. ഇതിൽ അല്പം താഴെ ചേർക്കുന്നു.

കാമോദരി—ചെമ്പട.

പല്ലവി.

ഉമാമഹേശ്വരാഹേ മഹേശ്വര—താവകീനചരണ

താമരസം വന്ദേഹംശംഭോ ॥

അനുപല്ലവി.

കാമനാശന കാലശാസന ഭീമഭവഹരയീമതാംവര ॥ സോമ ॥

ചരണം.

കറയറ്റജടയിലുമ്പരാവും—കാന്തിചിന്തീടും
നെറിയതിലമ്പിളിക്കീറും—തീക്കനൽക്കണ്ണും
പൊട്ടിത്തെറിക്കും കണ്ണുംചീറും—ഫണിഗണവും
അസ്ഥിമാലാകപാലംനീറും - അണിഞ്ഞുമന്ദേം—
ദേവമുനിവൃന്ദസേവിതനായുമാ
ദേവിയൊടുമെരുതേറിനലമൊടു
കൈലാസാചലമതിൽവിലസും ജഗദീശ
ശ്രീപരമേശാ ॥ സോമ ॥

ശ്രീമതി ഗൌരിഅമ്മയുമായുള്ള ഇദ്ദേഹത്തിന്റെ വിവാഹം ഫാദറുടെ മേടം ൨൦-ാംനു-യായിരുന്നു. ഈ ഗൌരിഅമ്മ തിരുവനന്തപുരത്തു കൈതമുക്കിൽ വാവുവിളാകത്തുവീട്ടിൽ ആനന്ദപ്പിള്ള ലക്ഷ്മിപ്പിള്ളയുടെ പെങ്കുടവിള അധികാരത്തിൽ ചെമ്പൂരുദേശത്തു്

നെല്ലിവീട്ടിൽ പരമേശ്വരൻ പിള്ള അവർകൾക്കുണ്ടായ മൂത്തപുത്രി യാണു്.

൧൦൭൨ തുലാം ൯-൦൩- രാത്രി വിക്ടോറിയാ ജൂബിലി ടൌൺ ഹാളിൽവച്ചു പുന്നപ്രം ഗാനനാടക സമാജക്കാർ 'സംഗീതകനകലതാസ്വയംവരം' നാടകത്തെ അഭിനയിച്ചു. 'സുന്ദോപസുന്ദയുദ്ധം' കഥകളിയുടെ അരങ്ങേറ്റം ൧൦൭൦ൽ മകരം ൧-൦൩- ഭാഗ്യോദയത്തിൽ വച്ചു നടത്തിച്ചു.

## ഹജൂർവിലാസം

മണിപ്രവാളം.

ഇതു് ൧൦൭൯-ൽ എഴുതി അച്ചിട്ടു. ഹജൂർകച്ചേരിയേയും അതിലേ ഓരോ തുറയേയും ഉദ്യോഗസ്ഥന്മാരെയും വിവരിക്കുന്നതാണു് മാതൃക നോക്കുക—

ശ്രീമാനാംഭുജഗക്ഷ്മജക്ഷിതിവരൻ മന്ദാരമാത്രോപമൻ
യീമാൻ മാധവരായർ മന്ത്രിതിലകൻ ബാട്ടൺമഹാനിഞ്ചിനീർ।
കേമന്മാരിവരാണുകേൾപ്പനികഴിപ്പിച്ചിത്തരംകെട്ടിടം
സാമോദംശുണകൊല്ലമായിരമൊടും നാല്പത്തിനാലായതിൽ ॥

ഇരിമ്പഴിയതുണ്ടുചുറവുമതിനുള്ളിലത്യുത്തമം
പരംപുതുമലർവിടിന്നരിയഭംഗിതിങ്ങുന്നതും।
തരിമ്പുകളവല്ലുതൂപനസാദിശോഭിപ്പതും
കരിമ്പുമുടുവാണികണ്ണിനിയലുന്നകൌതുഫലം ॥

ചൊല്ലൊള്ളുംധർമ്മരാജൻതിരുവടിസുജനക്ഷേമസംരക്ഷണയ്ക്കാ-
യിക്കാലംനാലുരൂപംവടിവിനൊടുധരിച്ചിങ്ങെഴുന്നെള്ളിയിപ്പോഴം।
പാക്കുന്നെന്നാക്കുമേതോന്നിടുമൊരുവിധമജ്ജ്യുമാരോടുക്രൂടി-
ത്തെക്കേബ്ഭാഗത്തുകണ്ടീടുവതുമുഖിയിന്നാട്ടൈക്കോട്ടൈബാലേ॥

കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ ഷഷ്ടിപൂർത്തിയെപ്പറ്റി ഒരു സപ്തകമുണ്ടാക്കി അദ്ദേഹത്തിനയച്ചതിനു് തിരുമനസ്സുകൊണ്ടയച്ച മറുപടി താഴെ ചേർക്കുന്നു.

തിരുവനന്തപുരം,
൧൦൭൦ കംഭം ൨൦.

ശ്രീ

ജി. പത്മനാഭപിള്ളയ്ക്കു്,

നിങ്ങൾ ൧൦൭-൦൩- അയച്ച എഴുത്തും ഷഷ്ടിപൂർത്തിസപ്തകവും കിട്ടി. വളരെ സന്തോഷമായി. പെരുന്തച്ചൻകോവിലപ്പന്റെ അനു

ഗൃഹത്തിനാൽ അരുപത്തു വയസ്സു തികഞ്ഞ അവസരത്തിൽ നിങ്ങളെപോലെയുള്ള ഇഷ്ടന്മാരുടേയും സ്നേഹിതന്മാരുടേയും ക്ഷേമാശംസ എനിക്ക് അത്യന്തം ചാരിതാർത്ഥ്യത്തെ ജനിപ്പിക്കുന്നുണ്ട്. പിന്നെ നിങ്ങളുടെ സരസസാഹിത്യരൂപമായ ഈ അഭിഗ്രഹത്തെക്കുറിച്ചു് വിശേഷിച്ചു ഒന്നും പറയേണ്ടതില്ലല്ലൊ.

നിങ്ങൾക്കുണ്ടായിരുന്ന സുഖക്കേടെല്ലാം നിശ്ശേഷം ശമിച്ചു് നിങ്ങൾ എന്നെയുംരാജ്യസമ്പത്സമൃദ്ധിയോടുകൂടി സുഖമായിരിക്കുന്നതെന്നു പ്രാർത്ഥിച്ചുകൊണ്ടു് നിങ്ങളുടെ ക്ഷേമാശംസിയായ

കേരളവർമ്മ (ഒപ്പു്)

## മദനകാമരാജചരിതം

സംഗീതനാടകം.

ഇതു് ഫാവുഫ-ൽ എഴുതി, വഞ്ചിയൂർ ലളിതാവിലാസനാടകശാലാസമാജക്കാർ ഫാവുഫ-ചിങ്ങം ന്യ-ാംനു- ബുധനാഴ്ച ജൂബിലിറൌൺഹാളിൽവച്ചു അഭിനയിച്ചു. മാതൃകയ്ക്കു ഏതാനും ഭാഗം ചുവടേചേർക്കുന്നു:—

നല്കു്.

ത്രിനേശാ! ഭുവനേശാ ഭവനാശനഭവനെ!
ശ്രീകണ്ഠാ! ശിതികണ്ഠാ! ശ്രിതവത്സലശിവനെ!
വെണ്ണീറുംബതചീറും വിമലഫണിഗണവും
വിണ്ണാറും പൂണ്ടനീയേവിശിഷ്ടഗതിദിനവും ॥
മണ്ണാശപെണ്ണാശമരണമിരുവഴിയേ
ഉന്നതനുമെളിയോനുമൊടുവിൽഗതികുഴിയേ ॥
ഞാനെന്നുമെന്റെതെന്നുംഭിമാനംവെടിഞ്ഞു
മാനേലുംകണ്ണികളിൽനമഴിഞ്ഞീടുമ്പോൾ ॥
വിശ്വാസംകിന്നുഫലംവിറകുമുട്ടിജ്ജഡത്തിൽ
ആശ്വാസംനീങ്ങുമപ്പോളതുവിഫലംജഗത്തിൽ ॥

ഫാവുഫ-മേടം ന്യ-ാംനു- ഉച്ചയ്ക്കു ഫഫ മണിക്കു ചോതിനക്ഷത്രത്തിൽ നമ്മുടെ നായകന്റെ ഭാര്യ ഒരു പുരുഷപ്രജയെ പ്രസവിച്ചു. ആ കുഞ്ഞിനു 'ചന്ദ്രശേഖരൻ' എന്നു നാമകരണംചെയ്തു. ഫാവുന-ിഥുനം ന്യ-ാംനു- രണ്ടാമതും ഒരു ആൺകുട്ടിയെ പ്രസവിച്ചു. ഈ കുട്ടി ഫാവുർ-ൽ പരലോകം പ്രാപിച്ചു. ഫാവുവു-മേടം ഫവ-ാംനു- രാത്രി ൧൧ മണിക്കു കേട്ടനക്ഷത്രത്തിൽ ഗൌരിഅമ്മ മൂന്നാ

മതും ഒരു പുരുഷപ്രജയെ പ്രസവിച്ചു. ആ കുഞ്ഞിനു 'ദാമോദരൻ' എന്നു പേരിട്ടു.

## തിരുവിതാംകൂർ ഭൂമിശാസ്ത്രം

### പദ്യപാഠാവലി.

ഈ ഗ്രന്ഥവും൯- ർ എഴുതി അച്ചടിപ്പിച്ചു. അല്പം താഴെ കാണുന്നു.

പാനമട്ട്.

പർവ്വതങ്ങളെപ്പൊല്ലുവെൻഞാനിനി
കേരവാളത്താലൂക്കിൽമഹേന്ദ്രഗിരി
അശ്മമൂലമൂലാഞ്ജിയിങ്ങിനെ
വിശാലങ്ങളായ്മൂന്നുണ്ടുപർവ്വതം

## ബാലരാമായണം പദ്യം

ഗ്രന്ഥവും൯-ലാണ് ഇതും എഴുതി അച്ചടിപ്പിച്ചതു്. ഏതാനും രാഗങ്ങളും താഴെ കാണുന്നു.

### കുണ്ഡഗാഥാരീതി

കാടകംപൂക്കൊരുനേരത്തുനേരിട്ടാഠം
താടകയോരഭയംകരിയാഠം
പൊട്ടക്കിണറെന്നപെട്ടെന്നതോന്നിട്ടും
ദൃഷ്ടികളം വട്ടിവയറുംപിന്നെ
ഒട്ടറെച്ചെമ്പിച്ചകേശവുംഗാഢരം
തോറുപോം വായുംമലപോലുള്ള
ഗാത്രവുംപൂണ്ടൊരുരാക്ഷിയവളം
ധാത്രീതലത്തെക്കലുക്കിക്കൊണ്ടും
പച്ചയിറച്ചികവളിൽനിറച്ചുവെ
ച്ചുച്ചത്തിലങ്ങുചവച്ചുകൊണ്ടും
ഈറച്ചകംപോലെകഴുകുകംകാകന്മാർ
മെച്ചത്തിൽമെയ്യെച്ചുഴലുന്നേരം
ആട്ടിക്കളഞ്ഞുംമനുഷ്യക്കുടൽമാല
മാറിമാറിമാറിലിട്ടുകൊണ്ടും
പോഞ്ഞുവരുംരക്ഷാനാരിയെക്കണ്ടിട്ട
പാരാതെരാമൻചിരിച്ചുപോയി.

# ഹരിശ്ചന്ദ്രചരിതം.

## കിളിപ്പാട്ട്.

പലപ്പോഴുമായി എഴുതിയതാണ്. ഫർമ്മാ-ൽ അച്ചിട്ട. വിവാഹകാണ്ഡം, വഞ്ചനകാണ്ഡം, വ്യസനകാണ്ഡം, നഗരപരിത്യാഗകാണ്ഡം, കാശികാണ്ഡം, നിവൃത്തികാണ്ഡം ഇങ്ങിനെ ആറുകാണ്ഡങ്ങളാം ഇതിൽ അടങ്ങിയിരിക്കുന്നു. മാതൃക നോക്കുക.

ചന്ദ്രശേഖരനന്നെന്നുസ്മരിച്ചുതുടങ്ങിനാൾ
ചന്ദ്രാനനാ സാ സതീമാലികാചന്ദ്രമതീ
മംഗലാകൃതേ! പാപനാശന! പരമേശാ!
ഗംഗാകാമുക! ഗൌരീവല്ലഭ! കൃപാനിധേ!
ചോരച്ചെന്താമരപ്പൂന്തളിരിൻപ്രഭപോലെ
പാരംകാന്ത്യാവിളങ്ങുംതല്പാദയുഗളവും
ചന്ദ്രക്കീറിൽശകലത്തുണ്ടുകണംപോലെത്തിരി
സാന്ദ്രപ്രകാശംതിങ്ങിവിളങ്ങുനഖങ്ങളും
പഞ്ചസായകനതികൌതുകംപൂണ്ടുതന്നെറ
പൂഞ്ചോലതന്നിൽനട്ടുപനിനീരുംതളിച്ചു
ചെഞ്ചമ്മേവളത്തിയുണ്ടാക്കിയകൈതപ്പുവിൻ
ചന്തുമഞ്ചീടുംമുഴങ്കാലതുകണ്ടാലേറാറം
സമ്മോഹനശ്രീവിലാസപ്രൌഢിതേടുംഗാത്ര
പ്പൊന്മണ്ഡപപ്പുത്തൻതൂൺതുടശ്രീസുഷമയും
പന്നഗച്ചുരുട്ടുകളഞ്ഞുതെളിഞ്ഞുല
മുന്നിദ്രകാന്ത്യാമിന്നുമരയുംമനോജ്ഞയാം
ശ്യാമളശിലപോലെകോമളമായിനിത്യം
കാമദേവനുഗമിപ്പാനൊരുമാർഗ്ഗമായി
സീമാവിഹീനകാന്ത്യാവിളങ്ങീടുന്നളിവ്യ
രോമാവലിയുംഭ്രുതിഭ്രഷിതതിരുമെയ്യും

കുഞ്ചൻനമ്പ്യാർ

## മണിപ്രവാളം

ഫർമ്മാ-ൽ എഴുതി അച്ചടിപ്പിച്ചു. ഒരു പദ്യം മുമ്പേ കാണിക്കുന്നു:—

കിള്ളിക്കുറിച്ചിയിതികീർത്തിയെഴുന്നടിക്കിൽ
തുള്ളൽക്കഥയ്ക്കാരു പിതാവു ജനിച്ചുമുന്നം ।
കല്യാണശീലഗുണമേറിയതുഞ്ചനാകം
ചൊല്ലാൻകേരളമഹാകവിയെന്നപോലെ ॥

## കാളിയമർദ്ദനം

മണിപ്രവാളം.

ഇതു് ഫാൻറം-ൽ എഴുതി പ്രസിദ്ധംചെയ്തു. ഇതിൽ അല്പം മുമ്പടെ ചേർക്കുന്നു:—

ചീളെന്നഥോകാളിമയായകാന്തി
കാളീടുനല്ലാദ്ഭുതമാർന്നുമേകം
മേളംകലന്നീടിനരമ്യമായ
കാളിന്ദിയാം വാഹിനികണ്ടുമന്ദം

.....

ഉടനെഴുന്നഫണമണ്ഡലം രുഷാ
പൊക്കിയങ്ങിനെ പിടിച്ചു പന്നഗം
കൊച്ചുകൃഷ്ണനൊട്ടു പാഞ്ഞടുത്തുതേ
വെക്കമോടുമൊരു വഞ്ചിയെന്നപോൽ.

——:o:——

ശ്രീകണ്ണേശ്വരം ജീ. പദ്മനാഭപിള്ള അവർകളാൽ

എഴുതിയിട്ടുള്ള പുസ്തകങ്ങളുടെ പട്ടിക താഴെ ചേർക്കുന്നു.

1 ശങ്കുണ്ണിവിജയം കഥകളി.
2 സുന്ദോപസുന്ദയുദ്ധം ടി.
3 ഇൻഡ്യാവെ വരണം നോട്ട്.
4 കനകലതാസ്വയംവരം നാടകം.
5 ഉഷാകല്യാണം ചമ്പു നോട്ട്.
6 രാമന്റെചരിതം തിരുവാതിരപ്പാട്ട്.
7 പാണ്ഡവവിജയം നാടകം.
8 കീചകവധം തുള്ളൽ.
9 കേരളവർമ്മചരിതം മണിപ്രവാളം.
10 ഇൻഡ്യാചരിത്രം നോട്ട്.
11 തിരുവിതാംകൂർ ചരിത്രം ചോ-നോട്ട്.
12 ടി രണ്ടാംഭാഗം ടി
1 മാർക്കണ്ഡചരിതം തിരുവാട്ട്.
14 നാരായണീചരിതം ഉത്തരാസ്വയംവരം നോട്ട്.
15 കുചേലവൃത്തം തിരുവാട്ട്.
16 പൂതനാമോക്ഷം ശ്ലോകത്തിരുവാട്ട്.
17 കംസവധം വഞ്ചിപ്പാട്ട്.
18 ശ്രീകൃഷ്ണചരിതം നോട്ട് 12-ഭാഗങ്ങൾ.
19 മാർക്കണ്ഡവർമ്മ ചോ-നോട്ട്.
20 അമരകോശം (ഏ-ാം കാണ്ഡം) വ്യാഖ്യാനം.

21 ശ്രീകൃഷ്ണചരിതം നോട്ട് (സ. പു).
22 മാർക്കണ്ഡചരിതം തിരുവാതിരപ്പാട്ട്.
23 മലയാള വ്യാകരണം
24 തിരുവിതാംകൂർ പ്രത്യേകഭൂമിശാസ്ത്രം.
25 കൃഷിശാസ്ത്രം.
26 രണ്ടാംപാഠനോട്ട് (പഴയത്).
27 ശ്രീകൃഷ്ണചരിതം നോട്ട് (സ-ക).
28 ഹരിശ്ചന്ദ്രവിലാസം മണിപ്രവാളം.
29 പുതിയ ഒന്നാംപാഠനോട്ട്.
30 ടി രണ്ടാംപാഠനോട്ട്.
31 ടി മൂന്നാംപാഠനോട്ട്.
32 കീശനിഘണ്ടു.
33 പാവക്കുട്ടി (ശബ്ദം).
34 മദനകദമചരിതം (നാടകം).
35 ലക്ഷ്മീരാജ്ഞി (ശബ്ദം).
36 (തിര) ഭൂമിശാസ്ത്രം പദ്യപാഠാവലി.
37 ബാലരാമായണം (പദ്യം).
38 രാമചന്ദ്രൻ (ശബ്ദം).
39 ബി. എ. ബായിഅമ്മ (ശബ്ദം).
40 വക്കീൽ മന്തേകിഅമ്മ (ശബ്ദം-തർജ്ജിമ)
41 വിജ്ഞാനരത്നാവലി (അകാരാദി).
42 ശ്രീരാമവർമ്മ (ശബ്ദം).
43 ഹരിശ്ചന്ദ്രചരിതം കിളിപ്പാട്ട്.
44 കഞ്ചൻനമ്പ്യാർ മണിപ്രവാളം.
45 കാളിയമർദ്ദനം ടി
46 പ്രഥമഗണിതം (കണക്ക് ഏ-ാംഭാഗം)
47 ടി ടി ഐ-ാംഭാഗം.
48 നമ്മുടെ മഹാരാജാവു്. (ശബ്ദം).
49 വിദ്യാരംഭം (അക്ഷരമാല).
50 പുതിയ ഏ-ാംപാഠനോട്ട്.
51 ടി ഐ-ാംപാഠനോട്ട്.
52 ടി ഒ-ാംപാഠനോട്ട്.
53 ടി ഓ-ാംപാഠനോട്ട്.
54 ശബ്ദതാരാവലി നിഘണ്ടു.
55 പുതിയ ഔ-ാംപാഠനോട്ട്.
56 വിദ്യാധനം (ശബ്ദം).
57 വിനോദചന്ദ്രിക (പദ്യം).
58 ബാലപരിശീലനം (ശബ്ദം).
59 (മലയാളം) ജനാൽമോക്ഷ.
60 പഴയമലയാളം പാഠാവലി നിഘണ്ടു.

---

വിസ്തരഭയത്താൽ ഇവയുടെയെല്ലാം പൂർണ്ണനിരൂപണം ഇനിയൊരവസരത്തിലേയ്ക്കു മാറ്റിവയ്ക്കാനേ തരമുള്ളുവെന്നു വന്നിരിക്കുന്നു. പൊതുവെ പറയുന്നതായാൽ ഈവ പൊതുജനങ്ങളുടെ അത്യാദരത്തിനു പാത്രീഭൂതങ്ങളാണു്. അവയിൽ ചിലതിനെപ്പറ്റി മാത്രകക്കായി ചില ഭാഗങ്ങൾ യഥാസ്ഥാനങ്ങളിൽ ചേർത്തിട്ടുണ്ടു്.

സഹൃദികായ്ക്കാർ ഗോവിന്ദപ്പിള്ള അവർകളുടെ അനല്പമായ സാഹിത്യപരിശ്രമങ്ങളും ഭാഷാഭിമാനവും തന്റെ ഭാഗിനേയനെ വേണ്ടുംവണ്ണം പ്രേരിപ്പിക്കാതിരുന്നിട്ടില്ല. ഭാഷാദേവിക്കു ശാശ്വതമായി എന്തെങ്കിലും ചെയ്യണമെന്നുള്ള അഭിലാഷം നമ്മുടെ നായകനും ബാല്യത്തിലേ ഉള്ളതാണു്. ഒരു നിഘണ്ടു എഴുതണമെന്നുള്ള വിചാരം ഏ൫െ-കുംഭത്തിലാണു് ആദ്യമായിത്തിന് ഉദിച്ചതു. ശീലവതി തുടങ്ങിയ സകല കൃതികളും-പ്രൂസിലുകളും അപ്രൂസിലുകളും-ക്ഷമയോടെ വായിച്ചു് ഒരകാരാദി ചമയ്ക്കുകയാണു് അദ്ദേഹം

ആത്മാർത്ഥമായി ചെയ്തതു്. ഫാവുഫാൽ പണി രാജികൊടുത്തിട്ടു ഇതിനായിത്തന്നെ ഉദ്യമിച്ചു് ഇതുകാലം പരിശ്രമിച്ചിട്ടും കാര്യഭാഗം പോലും ആയില്ലെന്നുള്ളതു് അദ്ദേഹത്തിനു വലുതായ കണ്ഠിതമുണ്ടാക്കി. അതുകൊണ്ടു് ഒരു കീശാനിഘണ്ടു മതിയെന്നു തീർച്ചയാക്കി അപ്രകാരം ഒന്നു പ്രസിദ്ധംചെയ്തു. ഇതിന്റെ ആയിരം പ്രതിയും ക്ഷണത്തിൽ വിറ്റുതീർന്നതിനാൽ ആദ്യത്തെ ശ്രമം പൂർത്തിയാക്കാനുള്ള ഉദ്യമം വീണ്ടും തുടങ്ങി. എഴുതിത്തീർന്ന നിഘണ്ടുവിന്റെ ഏതാനുംപുറം (കൈയെഴുത്തുകാപ്പി) കേരളവർമ്മവലിയകോയിത്തമ്പുരാൻ തിരുമനസ്സിനെയും, എ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ തിരുമനസ്സിനെയും ഫാദർ-ഹെർമാൻഗുണ്ടർട്ടിനെയും കാണിച്ചശേഷം ഇതു മുഴുപ്പിക്കുന്നതിനു മുപ്പതോളം കൊല്ലം വേണ്ടിവരുമെന്നും, അത്രയുംകാലം പത്മനാഭപിള്ള ഏകനായിരുന്നു കായ്ം നിറവേറുമെന്നു് നല്ലവിശ്വാസം തോന്നുന്നില്ലെന്നും, ഈ എഴുതിയിരിക്കുന്ന രീതിയിൽ മുഴുവനാക്കുന്നപക്ഷം ഭാഷയ്ക്കു വലുതായ സഹായത്തു തന്നെന്നും, വേണ്ട സഹായസഹകരണങ്ങളും ചെയ്യാൻ ഒരുക്കമാണെന്നും, റഫറൻസിനുവേണ്ടുന്ന പുസ്തകങ്ങളും തന്നുകൊള്ളാമെന്നും, അയയ്ക്കുന്ന കൈയെഴുത്തു കാപ്പികളും പരിശോധിച്ചു് അപ്പപ്പോൾ മടക്കിയയച്ചുതരാമെന്നും, പത്മനാഭപിള്ളയുടെ വിജയത്തിനായി ഈശ്വരനെ പ്രാർത്ഥിക്കുന്നെന്നും ആ വിദ്വത്തേജോദയം പ്രോത്സാഹിപ്പിച്ചു. ഇതു മുതൽ ഇദ്ദേഹം നിഘണ്ടുവിനുവേണ്ടി ഫാവുഫാൽ വീണ്ടും വക്കീൽ പണിയിൽ പ്രവേശിച്ചു് നെയ്യാറ്റിൻകരെ താമസമുറപ്പിച്ചശേഷവും നിഘണ്ടുജോലിതന്നെ തുടർന്നുവന്നു.

ഫാവുഫാമാണ്ടു് ബ്രഹ്മശ്രീ സി. എൻ. എ. രാമയ്യാശാസ്ത്രി അവർകളും എം. എ യും, മുള്ളുവിളാകം ഗോവിന്ദപ്പിള്ള അവർകളും ക്രിസ്ത്യൻ 'ശബ്ദരത്നാകരം' എന്നൊരു നിഘണ്ടു പുറപ്പെടുവിച്ചു തുടങ്ങി. നമ്മുടെ നായകൻ ഇതുനിമിത്തം അല്പം ഒരു മടുപ്പുണ്ടാകയാൽ നിഘണ്ടുവിനുള്ള എല്ലാ റിക്കാർട്ടുകളും തല്ക്കാലം കെട്ടിവച്ചു. ഫാവുഫാൽ ഇദ്ദേഹം ഭാഷാവിലാസം എന്നൊരു മാസിക തുടങ്ങി. ഒരുകൊല്ലം നടത്തി. 'ശബ്ദരത്നാകരം' പൂർത്തിയാകാറായതോടുകൂടി പത്മനാഭപിള്ള അവർകൾ നിഘണ്ടുവിന്റെ വീണ്ടും പൂർവ്വാധികം ഉത്സാഹത്തോടെ തുടങ്ങി.

പലതരം ഗ്രഹപ്പിഴകളും ഇക്കാലത്തു നമ്മുടെ നായകനുണ്ടായി. അദ്ദേഹത്തെ മസൂരിരോഗം ബാധിച്ചു. നിത്യവൃത്തിക്കുള്ള വക കൾ തനിയേതന്നെ ഉണ്ടാക്കേണ്ടഭാരം അദ്ദേഹത്തിനുണ്ടായിരുന്ന തിനാൽ വളരെവലഞ്ഞു എന്നുപറഞ്ഞാൽ കഴിഞ്ഞല്ലൊ.

"മാതാനിന്ദിക്കുമച്ഛൻവെടിയുമധനനിൽ
സോദരനുമൊന്നനാകും
ഭൃത്യൻപാരംഹസിക്കുംനിജസുതനുമവൻ
ചൊല്ലുകിൽകേൾക്കയില്ല.
കോപിക്കും ഭാര്യബന്ധുക്കളുമധികബല-
ട്ടോത്തുകണ്ടാലൊളിക്കും
എന്നോത്തത്തങ്ങളംനേടീടുവിനഖിലജനം
വന്ദനംചെയ്യുമപ്പോളം"

ഈ അനുഭവങ്ങളെല്ലാം അദ്ദേഹത്തിനുണ്ടായതാണു്. ൧൦൨൬-ൽ വക്കലെ വക്കീൽപണിയിൽ പ്രവേശിക്കയും അവിടെവെച്ചു "വിജ്ഞാനരത്നാവലി" എന്നൊരു പുതിയ അകാരാദി നിഘണ്ടുകയും ചെയ്തു. പിന്നീടു തിരുവനന്തപുരത്തു മടങ്ങിവന്നു. വൃത്തം-ൽ "ലക്ഷ്മീരാജ്ഞി" എന്നൊരു പുസ്തകം എഴുതി. ഇതിലേയ്ക്കു വലിയകോയിത്തമ്പുരാൻ, എ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ എം. എ. മുതലായവർ നല്ല സർട്ടിഫിക്കറുകളും അയച്ചുകൊടുത്തിട്ടുണ്ടു്.

അതുപോലെതന്നെ ൧൦൨൭-ാമാണ്ടു് പ്രസിദ്ധീകരിച്ച 'ശ്രീരാമവർമ്മ' എന്ന പുസ്തകത്തെയും ജനങ്ങൾ ശ്ലാഘിച്ചു. ഇതു ശ്രീമൂലംതിരുനാൾ മഹാരാജാവു തിരുമനസ്സിലെ ജീവചരിത്രമാണു്. തിരുവിതാംകൂർ ഗവർമ്മെൻറിൽനിന്നു ഇതിനെ ഇംഗ്ലീഷ്സ്കൂൾ ൪-ാം ഫാറത്തിലേയ്ക്കു ഗ്രന്ഥപാഠമായി സ്വീകരിച്ചു. ഈ പുസ്തകത്തിനു് കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു് കൊടുത്തിട്ടുള്ള അഭിപ്രായം ചുവടേ ചേർക്കുന്നു.

൧൯-൧-൯൦.

൧൪-ാംനു- തയ്യാറായ എഴുത്തും 'ശ്രീരാമവർമ്മ' എന്ന ഗദ്യപുസ്തകവും കിട്ടി. പുസ്തകം ഞാൻ ഒരാവൃത്തി വായിച്ചുനോക്കി. പരമകാരുണികനും പ്രജാവത്സലനുമായ നമ്മുടെ മഹാരാജാവു തിരുമനസ്സിലേ ഈ ചെറിയ ജീവചരിത്രം അതിനന്ദനീയമായ രീതിയിൽ എഴുതപ്പെട്ടിരിക്കുന്നു എന്നുള്ളതിനു സംശയമില്ലാ. തിരുമനസ്സിലേ ചരിത്രത്തിൽ അവശ്യവിജ്ഞേയങ്ങളായ സംഗതികളെല്ലാം ഈ പുസ്തക

മെന്നും വിശ്വസിക്കുത്തക്കതാണെന്നു ചിലർ സന്ദേഹിച്ചേക്കുമെങ്കിലോ എന്നു വിചാരിച്ചു ഇവ ചേർക്കേണ്ടെന്നു നമ്മുടെ നായകൻ എന്നോടുപറഞ്ഞിട്ടും ഉണ്ടായിരുന്നു, എങ്കിലും ഇവ ചില പ്രത്യേക ഗുണാംശങ്ങളെ സൂചിപ്പിക്കുന്നവയാണെന്നു് എനിക്കു തോന്നുകയാൽ അവയിൽ ചിലതു മുവടേ ചേർക്കുന്നു.

## ചില വിശേഷ സംഭവങ്ങൾ.

"എന്റെ ജനനത്തിനു മുമ്പുണ്ടായതും അമ്മ പറഞ്ഞുകേട്ടിട്ടുള്ളതുമാണു് അത്ഭുതമായി പറയുന്നതു്.

൧. അമ്മയ്ക്കു ഗർഭം ഒൻപതുമാസമായിരിക്കുമ്പോൾ ഒരുദിവസം ശ്രീകണ്ഠേശ്വരത്തു ഭവനത്തിൽവെച്ചുണ്ടായതാണു് ഈ അത്യാപൽക്കരമായ ഭയംകരസംഭവം. അമ്മയുടെ അച്ഛൻ അതായതു് അപ്പുപ്പൻ മൻസിഫ് മണക്കാട്ടു പപ്പുപിള്ള അവർകൾ നത്തിനെ വെടിവെപ്പാനായി ഒരുദിവസം ഒരു തോക്കുനിറച്ചു് അടിച്ചുക്കുട്ടപുരയുടെ മുലയിൽ വെച്ചിരുന്നു. ഈ നത്തു് പതിവായി വീട്ടിനകത്തുള്ള ഒരു വൃക്ഷത്തിന്മേലിരുന്നു ശബ്ദിക്കുകകൊണ്ടു് ആ ഉപദ്രവത്തിൽനിന്നു നിവർത്തിപ്പാനാണു പിതാമഹൻ ഇതിനാരംഭിച്ചതു്. അദ്ദേഹം ഒരു നല്ല വെടിക്കാരനായിരുന്നു. എന്നാണു കേൾവി. അച്ഛൻ ഒരുദിവസംവൈകുന്നേരം കച്ചേരിയിൽനിന്നു വന്നപ്പോൾ അമ്മ ആ അടിച്ചുക്കുട്ടപുരക്കകം അടിച്ചുവാരുകയായിരുന്നു. അച്ഛൻ കച്ചേരിക്കുള്ള മുണ്ടു് അഴിച്ചിട്ടു് മറ്റൊരുമുണ്ടു് ഉടുത്തുംകൊണ്ടു് കളിക്കായി മൂലയിലിരുന്ന തോക്കെടുത്തു കളിയുയത്തി അമ്മയുടെ നെഞ്ചു് കുറിയാക്കി 'വയ്ക്കട്ടൊ വെടി' എന്നു ചോദിച്ചു. "കുറച്ചു തമുണ്ടു്" എന്നു അമ്മ പറഞ്ഞു. ഉടൻ കുറിയെ അല്പം ചുവരിലേക്കു മാറി കളിതെറിയുത്തും മൂലുമായി അമ്മയും, തോക്കുമായി അച്ഛനും നിലത്തുപതിച്ചതും ഒന്നായിക്കഴിഞ്ഞു. ഉടൻ നിലവിളിച്ചുകൊണ്ടു് എല്ലാവരും ഓടിവന്നു. അടിച്ചുക്കുട്ടപുര പുകകൊണ്ടും ആളുകളെക്കൊണ്ടും നിറഞ്ഞു. ഉടൻ രണ്ടുപേരും എഴുന്നേറ്റു് 'ഒന്നുമില്ലാ, ഒന്നുമില്ലാ' എന്നു പറഞ്ഞു. വയറ്റിൽകിടന്ന എന്നെ അന്നു് എല്ലാവരും പ്രശംസിക്കയും ദീർഘായുസ്സിനു് ഈശ്വരനെ പ്രാർത്ഥിക്കയും ചെയ്തു. അപ്പോഴുള്ള തോക്കുകൾ ഇപ്പോഴുള്ളവയെപ്പോലെ കേപ്പു വയ്ക്കുന്നവയല്ലെന്നും, കല്ലുവയ്ക്കുന്നവയാണെന്നുംകൂടി ഇവിടെ സ്മരിച്ചുകൊള്ളുന്നു.

൨. ഒരുദിവസം ഒരു കായ്ത്തിനായി എനിക്കു പാറയിശ്ശാല വരെ പോയിവരേണ്ടതായുണ്ടായിരുന്നു. അവിടെ എത്തി ആ കായ്ം സാധിച്ചിട്ടു രാത്രി ഉദ്ദേശം ൯-മണിക്കു് മടങ്ങി. മണി പന്ത്രണ്ടടിച്ചോ എന്തൊ? പള്ളിച്ചൽ തോട്ടിനു് ഉദ്ദേശം രണ്ടു ഫർലാങ്ങിനു കിഴക്കു വന്നപ്പോൾ എനിക്കു കുറച്ചുകുറച്ചു ഭയം തോന്നിത്തുടങ്ങി. അതുവരെ ഭയം എന്താണെന്നുള്ളതു് എന്നെ മനസ്സിലാക്കാതിരുന്നതു എന്റെ പ്രായമായിരുന്നു. ഭയം ക്രമേണ വളർന്നു് ഒരു മുഴുവട്ടം മുന്നാട്ടു നടക്കുന്നതിനു ശക്തിയില്ലാതെ ഞാൻ തോട്ടിന്റെ പാലത്തിൽ വന്നു നിലയായി. ഞാൻ നടന്നു പോകുന്നു എന്നാണു് എന്റെ ഉള്ളിലെ വിചാരം. വാസ്തവത്തിൽ ഒരു കൈവരിയോടു ചേർന്നു നില്ക്കുകയായിരുന്നു. വെളുത്തപക്ഷമായിരുന്നതിനാൽ കുറച്ചു ചന്ദ്രികയും ഉണ്ടായിരുന്നു. അല്പം കഴിഞ്ഞപ്പോൾ ഞാൻ നില്ക്കുകയാണെന്നും, സ്ഥലം ഇന്നതെന്നും ഓർമ്മ വന്നു. ഒരു അഞ്ചാലോട്ടുക്കാരെന്നെങ്കിലും വന്നെങ്കിൽ അയാളോടു് ഓടാമെന്നു് എനിക്കു് ഒരു വിചാരം തോന്നി. ഈ വിഷമവൃത്തത്തിൽ, തോട്ടിൽ ഇറങ്ങിയും വെച്ചു റോട്ടിലേയ്ക്കു കയറിവരുന്ന ഒരു സന്ന്യാസി പെട്ടെന്നു് അഭിമുഖനായി ഭവിച്ചു. അപ്പോൾ എന്റെ ഭയം അശേഷം തീർന്നു് സന്തോഷമുണ്ടായി.

സന്ന്യാസി—നിങ്ങളാരു്? ഇവിടെ നില്ക്കുന്നതെന്തു്?

ഞാൻ—പാറയിശ്ശാലയിൽനിന്നു തിരുവനന്തപുരത്തേയ്ക്കു പോകുന്ന ഒരു പാന്ഥനാണു്.

സന്ന്യാസി—ഈ അസമയത്തു് ഏകാകിയായി സഞ്ചരിക്കുന്നതിനു എന്താണു കാരണം?

ഞാൻ—വിശേഷ കാരണം ഒന്നുമില്ല. നിങ്ങളും ഏകാകിതന്നല്ലൊ.

സന്ന്യാസി—ഞാൻ ഏകാകിയെന്നു സമ്മതിക്കുന്നു. പക്ഷേ നിങ്ങളെപ്പോലെ ഭീരു അല്ല.

ഞാൻ—നിങ്ങളുടെ നിലയിൽ ഞാനും എത്തിയിരുന്നുവെങ്കിൽ ഈ അഭിപ്രായം നിങ്ങൾക്കു തോന്നുകയില്ലായിരുന്നു. നമുക്കു നടന്നുകൊണ്ടു വർത്തമാനം പറകയല്ലെ നന്നു്?

സന്ന്യാസി—അങ്ങനെയാകാം (തിരിക്കുന്നു)

ഞാൻ—വാസ്തവത്തിൽ ഞാൻ ഭയപ്പെട്ടു നില്ക്കുയായിരുന്നു.

സന്ന്യാസി—എനിക്ക മനസ്സിലായി. നിങ്ങളുടെ പേരെന്ത്?

ഞാൻ—പത്മനാഭപിള്ള.

സന്ന്യാസി—പാപ്പുസ്ഥലം?

ഞാൻ—ശ്രീകണ്ഠേശ്വരം.

സന്ന്യാസി—നിങ്ങളെ ഞാൻ അറിയും. എന്നെ നിങ്ങളും അറിയുകയില്ല. നിങ്ങളും എന്നല്ല, എന്നെ അറിയുന്നവർ ചുരുക്കമാണ്.

ഞാൻ—അവിടുത്തെ സ്വദേശം ഏത്? അവിടുന്ന് ആരാണെന്നും ഭയവുണ്ടായി അറിയിച്ചു തരുമോ?

സന്ന്യാസി—ഞാൻ തിരുവനന്തപുരത്തു തമ്പാനൂർക്കാരനാണ്. പത്തു പന്ത്രണ്ടു വയസ്സു പ്രായമായപ്പോൾ കുടുംബംവിട്ടു പോകാനിടയായി. ഇപ്പോൾ എനിക്ക് അൻപത്തഞ്ചുവയസ്സ് പ്രായമുണ്ട്. ഇൻഡ്യാരാജ്യം ഒട്ടുക്കുള്ള പുണ്യസ്ഥലങ്ങളിൽ ദർശനം കഴിച്ചു വരികയാണ്. ഇവിടെ അധികമായി താമസമില്ല. ശേഷമുള്ള കാലവും ഈ സന്ന്യാസവൃത്തിയിൽ കഴിക്കണമെന്നാണു വിചാരം. നിങ്ങളും സരസ്വതീവിലാസം ഉള്ള ഒരാളാണെന്ന് എനിക്കു തോന്നുന്നു.

ഞാൻ—ഇരിക്കാം. ഞാൻ ഒന്നുരണ്ടു പുസ്തകം എഴുതീട്ടുണ്ട്.

സന്ന്യാസി—എന്താണു പേർ.

ഞാൻ—ഒന്നു 'ധർമ്മപുത്രവിജയം' കഥകളി; മറെറാന്നു 'കനകലതാസ്വയംവരം' നാടകം.

സന്ന്യാസി—വളരെ നന്നായി. എനിക്ക് വർത്തമാനത്തിനു ശരിയായ ഒരാളിനെ കിട്ടിയതിൽ വളരെ സന്തോഷിക്കുന്നു. നിങ്ങളുടെ മേലാൽ ഭയം ഉണ്ടാകാതെയിരിപ്പാൻ ഞാൻ ഒരുപദേശം തരാം (കാതിൽ പറഞ്ഞുതരുന്നു). ഇതു ജപിച്ചുകൊണ്ടാൽ ഭയം തോന്നുകയില്ല. (മറെറാന്നു മറെറകാതിൽ ഉപദേശിച്ചിട്ട്) ഇതു ജപിച്ചിരുന്നാൽ മോക്ഷമാകാൻ പോകുന്ന സംഗതികളും ഗുണമായി ഭവിക്കും. ഭവിഷ്യൽ ഫലങ്ങളും ഇതുകൊണ്ടറിയാം. ഏകാഗ്രമായ ഹൃദയത്തോടിരുന്നു ഇതു ജപിച്ചാൽ ഇന്ന കാര്യം ഇന്നതുപോലെ അവസാനിക്കുമെന്നു ഗ്രഹിക്കാം. നിങ്ങളെ ആരു ദ്രോഹിക്കുന്നുവോ അവർ നിശ്ശേഷമായി അപകടത്തിൽപെടും. ഈ ഉപദേശം ഞാൻ ഒരുത്തനും നൽകുക പതിവില്ല.

സത്യവാനും മഹാശയാഗ്രഹനും സമചിത്തനുമാണു നിങ്ങൾ എന്നു് എനിക്കു് ബോദ്ധ്യം വരികയാൽ തന്നതാണു്. നിങ്ങൾക്കു കുറെ കഷ്ടതകൾ ഉണ്ടാകും. അവിടം കഴിഞ്ഞതിനു മേലേ എന്റെ ഉപദേശങ്ങൾ പ്രകാശിക്കയുള്ളൂ. അതുവരെ എന്നെ പഴിക്കരുതു്. നിങ്ങളുടെ ഭാഗ്യം ദൂരത്തിൽ കിടക്കുന്നു. നിങ്ങൾക്കു സ്വന്ത കാര്യത്തേക്കാൾ പരകാര്യത്തെക്കുറിച്ചാണു് നോട്ടം. നിങ്ങൾ വലിയ കീർത്തിമാനായി ഭവിക്കും.

ഞാൻ—അവിടുത്തെ അനുഗ്രഹം എനിക്കു നന്മയെ ചെയ്യട്ടെ. അവിടുന്നു സർവ്വോൽക്കർഷേണ വർത്തിക്കണം. (ഇങ്ങനെ പറഞ്ഞു നടന്നുതുടങ്ങി).

സന്ന്യാസി—കരമനപ്പാലമല്ലേ ഈ കാണുന്നതു് ?

ഞാൻ—അതേ.

സന്ന്യാസി—ഇനി ഭയമുണ്ടോ?

ഞാൻ—അവിടുന്നുകൂടിയുള്ളപ്പോൾ എനിക്കു് എന്താണു ഭയം ?

സന്ന്യാസി—ഞാൻ ഇവിടെ നില്ക്കാനാണു ഭാവം.

ഞാൻ—ഇവിടെ നില്ക്കുന്നുവെന്നോ ?

സന്ന്യാസി—(പാലത്തിന്റെ പടിഞ്ഞാറെ കൈവരിയിൽ ചാരിക്കൊണ്ടു്) നിങ്ങൾ പോകണം.

ഞാൻ—എന്നോടുകൂടി വരുന്നു എന്നല്ലെ പറഞ്ഞതു് ? പിന്നെ ഇവിടെ നിൽക്കുന്നുവെന്നു പറയുന്നതെന്തു് ?

സന്ന്യാസി—നിങ്ങളോടുകൂടിത്തന്നല്ലൊ ഞാൻ വന്നതു്.

ഞാൻ—തമ്പാന്മാരിൽ പോകുന്നുവെന്നല്ലെ പറഞ്ഞതു് ?

സന്ന്യാസി—അങ്ങനെ ഞാൻ പറഞ്ഞിട്ടില്ലാ. തമ്പാന്മാർക്കാരെന്നേ പറഞ്ഞിട്ടുള്ളൂ. നിങ്ങൾ നടക്കണം.

ഞാൻ—അങ്ങേയ്ക്കു് ഇവിടെയിറങ്ങി കളിയ്ക്കണമെന്നുണ്ടോ ? എങ്കിൽ ഞാൻകൂടി ഇവിടെ നില്ക്കാം.

സന്ന്യാസി—ഞാൻ കളിക്കും. പക്ഷേനിങ്ങൾക്കതുകാണ്മാൻപാടില്ലാ.

ഞാൻ—എന്നെ അങ്ങു തനിച്ചു പോകാൻ പറകയാണോ ?

സന്ന്യാസി—അതെ, ഞാൻ സർവ്വഥാ നിങ്ങൾക്കു കൂട്ടുണ്ടു്. വിശേഷിച്ചു ഞാൻ ഉപദേശവും തന്നിട്ടുണ്ടല്ലൊ. നിങ്ങൾക്കു ലോകത്തിൽ ഒരു ശത്രുവുണ്ടാകുന്നപക്ഷം അധികതാമസംകൂടാതെ

അയാൾക്കനേകങ്ങളുണ്ടായി നശിപ്പാനിടയാകും പോകണം, നടക്കണം. ഇനി അധികം വർത്തമാനം പറയുന്നതിന് എനിക്കവസരമില്ല. ഉണ്ടിപ്പോൾതന്നെ. പിന്നെ എന്താണു ഭയം?

ഞാൻ—ഉണ്ടിനു സമയമായോ? എന്നാൽ ഞാൻ നടക്കട്ടെ.

സന്ന്യാസി—നടക്കണം, തിരിഞ്ഞുനോക്കരുത്. നിങ്ങടെ മനഃപൂർവ്വമായി വിചാരിക്കുന്ന സമയങ്ങളിൽ ഞാൻ നിങ്ങളുടെ അരികിലുണ്ടു്.

ഞാൻ നടക്കവെ ഈ വാക്കുകേട്ടു ഭയപ്പെട്ടു തിരിഞ്ഞുനോക്കി. എന്തൊരത്ഭുതമാണു കണ്ടതു്? ഇതു് എന്റെ തോന്നലോ, വാസ്തവമോ! ദൈവമേ! സന്ന്യാസി കൈവരിയുടെ മുകളിൽ നാലഞ്ചാം പൊക്കത്തിൽനിന്നു് പതുക്കെ കീഴ്പ്പോട്ടു ജലത്തിൽ ഇറങ്ങുന്നതായി എന്റെ ദൃഷ്ടിയിൽപ്പെട്ടു. ഇതു സന്ന്യാസിയോ അതോ വേറെ സ്വരൂപമോ! തദനന്തരം ഉഷ്ണസ്ഥിതിപതിവിൻപ്രകാരം എന്റെ ശയനസ്ഥലത്തുനിന്നും ഞാൻ ഉണർന്നെഴുന്നേറ്റതായി മാത്രമേ എനിക്കറിയാവൂ. പലർക്കും വേണ്ടി പല ഭവിഷ്യൽഫലങ്ങളും ഞാൻ പറയുകയും അവമിക്കവാറും ഫലിക്കയും ചെയ്യുന്നുണ്ടു്. അതു ഈ ദിവ്യന്റെ അനുഗ്രഹം ഒന്നുമാത്രംതന്നെ.

൩. വെള്ളംനിറഞ്ഞൊഴുകുന്ന കാലത്തു് ഒരുദിവസം ഞാനും ചില സ്നേഹിതന്മാരുമായി കരമനയാറ്റിൽ കുളിക്കാൻ തിരിച്ചു. അവിടെച്ചെന്നു പാലക്കടവിനു വടക്കുവശമിറങ്ങി. "പടിഞ്ഞാറെക്കടവിലേയ്ക്കു മത്സരിച്ചു് നീന്താമോ" എന്നു ഒരു സ്നേഹിതൻ പലരോടും ചോദിച്ചു. പ്രയാസമെന്നു മറ്റെല്ലാവരും പിൻവലിച്ചു. ഞാനും അയാളുംകൂടി വാതുപിടിച്ചു നീന്തി. വടക്കുഭാഗം നിൽക്കുന്ന ചീലാന്തികളും മുട്ടി ജലം പായുകയായിരുന്നു. മാറ്റംപകുതികഴിഞ്ഞപ്പോൾ എന്റെ കൈയും കാലും തളർന്നു യാതൊരുവലംബവുമില്ലാതായി. ഇതിനു കാരണം മറ്റെ ആളെക്കാൾ മുമ്പേ കരയ്ക്കു് എത്തണമെന്നുള്ള എന്റെ നിർബന്ധബുദ്ധിയായിരുന്നു. ഞാൻ ഒന്നുകണ്ടു താണുയർന്നു. അപ്പോൾ ദൈവഗത്യാ ചീലാന്തിവൃക്ഷങ്ങളുടെ ഓമ്മ എനിക്കുണ്ടായി. ഉടൻ അതിലൊന്നിൽ പറ്റിക്കയറി അവിടെയിരിക്കവേ ഒരുവൻ—ഒരുപകാരത്തൽപരൻ—ഒരു വടവുംകൊണ്ടു

നിന്നു എന്റെ സമീപംവന്ന വടത്തിന്റെ ഒരുപുച്ഛം എന്റെ കൈയിൽതന്നിട്ടു കരയ്ക്കുപോയി. ഞാൻ ആ പുച്ഛത്തിൽ മുറുകെപ്പിടിച്ചുകൊണ്ടു നീന്തി. എന്തിനു് ഇനി സാമർത്ഥ്യം പറയുന്നു. അവർ പലരുംകൂടി എന്നെവലിച്ചു മുക്കുവന്മാർ മീൻവലയെ എന്നപോലെ കരയ്ക്കാക്കി. അങ്ങനെയും ഒരുതവണ രക്ഷപ്പെട്ടു.

'ശബ്ദതാരാവലി'യെപ്പറ്റി അറിയുന്നതിനു ശ്രീമാൻ പി. കെ. നാരായണപിള്ള അവർകൾ ബി. എ., ബി. എൽ. മുതലായവർ എഴുതീട്ടുള്ള അഭിപ്രായത്തിലേക്കു വായനക്കാരുടെ ശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു.

തിരുവനന്തപുരം.

20-12-98.

ശ്രീരസ്തു.

ശ്രീമൻ,

സദയം അയച്ചുതന്ന ശബ്ദതാരാവലി (ബയിൻഡുചെയ്ത വാല്യം രണ്ടും) കിട്ടി. വളരെ വളരെ വന്ദനം. ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണം വലുതായ ഒരു ന്യൂനതയെ പരിഹരിക്കുന്നതിനു പ്രയോജനപ്പെട്ടുമെന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. ഭാഷാസാഹിത്യചരിത്രകർത്താവിന്റെ വംശ്യനായ നിങ്ങൾ ശബ്ദകോശത്തിന്റെ നിർമ്മിതിക്കു് ഉദ്യമിച്ചതും ആ മഹാപ്രയത്നത്തെ സഫലമായി നിർവ്വഹിച്ചതും വിചാരിച്ചു ഞാൻ അത്യന്തം ആഹ്ലാദിക്കുന്നു.

കൃത്യാന്തരപരമ്പരനിമിത്തം ഝടിതി മുഴുവൻ നോക്കുവാൻ സാധിക്കാത്തതിൽ ഞാൻ ഖേദിക്കുന്നു. എങ്കിലും വിശ്രുതരായ നിങ്ങളുടെ പാണ്ഡിത്യത്തെ വിശ്വസിച്ചു് ഈ കൃതിയുടെ മാഹാത്മ്യത്തെ ഞാൻ സർവ്വാത്മനാ അഭിനന്ദിക്കുന്നു. ഇടയ്ക്കിടെ സന്ദേഹനിവൃത്തിക്കു വിഷമിച്ച ഭദ്രമായ കോശഗ്രന്ഥങ്ങൾ ഇല്ലാതെ ഞാൻ ക്ലേശിക്കാറുണ്ടു്. നിങ്ങളുടെ പ്രയത്നം മേലിൽ അങ്ങനെയുള്ള അവസരങ്ങളിൽ അനുഗ്രഹമായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ഈ മഹാപ്രബന്ധത്തിനു സകല സിദ്ധികളും ഞാൻ ആശംസിക്കുന്നു. എന്നു ശ്രീമാൻ

ശ്രീകണ്ഠേശ്വരം ജി. പദ്മനാഭപിള്ള അവർകൾക്കു്,

വിശ്വസ്തനും പി. കെ. നാരായണപിള്ള.

ചൂണ്ണികര.
ആലുവാ.
23-8-98.

ശ്രീമൻ,

ശബ്ദതാരാവലിയുടെ ഒടുവിലെ ലക്കം സസന്തോഷം കൈപ്പറ്റി. നിങ്ങടം ഏകനായിത്തന്നെ ഈ സമുദ്രം പിന്നിട്ടതിനാൽ കേരളീയരുടെയെല്ലാം പൂർണ്ണബഹുമാനത്തിനും ശാശ്വതാഭിനന്ദനത്തിനും പാത്രീഭവിച്ചിരിക്കുന്നു. ഉത്സാഹശാലിയും ഭാഷാഭക്തനുമായ നിങ്ങടംക്ക ജഗദീശൻ ദീഘ്രായുസ്സു നൽകുമാറാകട്ടെ!

'താരാവലി' ബയിൻഡുചെയ്തു സൂക്ഷിപ്പാൻ തുടങ്ങുകയാണു്.

സ്വന്തം വല്ലത്തോടം
വി. നാരായണമേനോൻ.

---

## കങ്കുണം രാജഹന്തുനു.

സുപ്രസിദ്ധപത്രപ്രവർത്തകനായ കണ്ടത്തിൽ വറുഗീസുമാപ്പിള അവർകളുടെകാലത്തു 'മലയാളമനോരമ' പങ്ക്തികളിൽ കവിതാസമരം നടത്തി വിരുതുനേടിയിട്ടുള്ള വിഖ്യാതരായ കേരളീയകവിവീരന്മാരുടെ ഇടയിൽ സമ്മതി സമ്പാദിച്ചിട്ടുള്ള മി. ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള കഴിഞ്ഞ ഒരു പാദശതാബ്ദത്തിൽപരമായി 'ശബ്ദതാരാവലി' എന്ന നിഘണ്ടുവിന്റെ രചനയിൽ ഏർപ്പെട്ടിരിക്കയായിരുന്നു. കഴിഞ്ഞ അഞ്ചുവർഷങ്ങടംക്കുള്ളിൽ ഖണ്ഡശഃസഞ്ചികാരൂപത്തിൽ പ്രസിദ്ധീകരിച്ചുവന്ന ഈ മഹാകൃതി ഇക്കഴിഞ്ഞ മീനത്തിൽ പൂർണ്ണമായ പുസ്തകരൂപം അവലംബിച്ചുതായി ഞങ്ങടം അറിഞ്ഞിട്ടുണ്ടു്. ഈ നിഘണ്ടു വായിച്ചു വിമർശനംചെയ്യാൻ ഞങ്ങടംക്കു നാളതുവരെ സൌകര്യമുണ്ടായിട്ടില്ലെങ്കിലും ഡെമ്മി ർ വലിപ്പത്തിൽ ഏന്നൂറു വശങ്ങളുള്ള ഈ ഗ്രന്ഥം മലയാളഭാഷാസാഹിത്യത്തിനു ഒരു അമൂല്യനിധിയായിരിക്കുമെന്നുള്ള ഞങ്ങളുടെ ബോദ്ധ്യം അസ്ഥാനത്തിലായ് വരികയില്ലെന്നു വിശ്വസിക്കുന്നു. മറ്റു പലേ കാര്യങ്ങളിലെന്നപോലെതന്നെ കവിവര്യന്മാരെയും വിദ്വജ്ജനങ്ങളേയും പ്രോത്സാഹിപ്പിക്കുന്നതിലും അനാദികാലം മുതൽക്കേ പ്രസിദ്ധി സമ്പാദിച്ചിട്ടുള്ളതാണു് തിരുവിതാംകൂർ മഹാരാജകുടുംബം. കരുണാനിധിയായ ശ്രീമൂലംതിരുനാടം മഹാരാജാവു തിരുമനസ്സുകൊണ്ടു

മി. പത്മനാഭപിള്ളയ്ക്ക് ഒരു വീരശൃംഖല കല്പിച്ചു സമ്മാനിച്ചിരിക്കുന്നതായി നാടുകടം അറിയുന്നു. പ്രായാധിക്യംനിമിത്തം ശരീരശക്തികൊണ്ടു ക്രമേണ ക്ഷയോന്മുഖമായിത്തീരുന്ന വാർദ്ധക്യദശയിൽ ഇത്ര ഗംഭീരമായ ഒരു സാഹിത്യപ്രസ്ഥാനത്തിലേർപ്പെട്ട് ഒരു പുരുഷായുസ്സിന്റെ ചതുർഭാഗത്തോളം വിനിയോഗിച്ചു് അതു ഫലപ്രദമാക്കിത്തീർത്ത മി. പത്മനാഭപിള്ള ഏതാട്ടശമായ മഹാരാജപ്രോത്സാഹനത്തിനു സർവ്വഥാ അർഹനും തിരുമനസ്സിലെ ഈ സമുചിതമായ സമ്മാനം സാഹിത്യപരിശ്രമികൾക്കു് ആകമാനം പ്രോത്സാഹജനകവുമാണെന്നുള്ളതു നിസ്സന്ദേഹം തന്നെ.

'കേരളദീപം'—൯൰ ഇടവം ൧൦.

പത്മനാഭപിള്ള അവർകളുടെ ഈ ഭഗീരഥപ്രയത്നത്തെ ആദരിച്ച ഭാഷാഭിമാനികളും മറ്റു നാട്ടുകാരും അദ്ദേഹത്തിനു് എന്തെല്ലാം ഒത്താശകൾ ചെയ്കയും പ്രോത്സാഹിച്ചു് എത്രമാത്രം ഔദാര്യം കാണിക്കയും അദ്ദേഹം അർഹിക്കുന്നവിധം എത്രത്തോളം അനുമോദിക്കയും ചെയ്തിട്ടുണ്ടെന്നു് എനിക്കു തുപമില്ലായ്കയാൽ ആ ഭാഗം ഇവിടെ വർണ്ണിക്കുന്നില്ല.

സകലേശ്വരനിലുള്ള നിഷ്കളങ്കമായ ഭക്തി, അപാരമായ പാണ്ഡിത്യം, അനാഡംബരമായ ജീവിതരീതി, നവീനതത്ത്വഗ്രഹണത്തിനുള്ള അത്യധികമായ ഗവേഷണശീലം, ക്ഷമയായ പ്രതിഭാവിശേഷം മുതലായവയുടെ ഒരു വിശിഷ്ട നിലയനമായ പത്മനാഭപിള്ള അവർകൾ തന്റെ വിശിഷ്ടഗുണസമ്പന്നയായ സഹധർമ്മിണിയോടും, പി. ചന്ദ്രശേഖരൻനായർ, പി. ദാമോദരൻനായർ ഇങ്ങിനെ രണ്ടു സന്താനങ്ങളോടും ക്രൂടി സ്വപരിശ്രമത്താൽ നന്ദനത്തെ വെല്ലുന്നതും ചെറിയ ഒരു മനോഹരാരാമം മുഴുവുന്നതും കൈതമുക്കിൽ സ്ഥിതിചെയ്യുന്നതും ശമപ്രധാനവുമായ സ്വന്തം ആശ്രമത്തിൽ ഒരു യോഗീശ്വരനെപ്പോലെ പരിപൂതമായ ജീവിതത്തെ നയിക്കുന്നു. മഹാപരിശ്രമത്തിനു ശേഷം വിശ്രമം അനുഭവിക്കയാണെങ്കിലും ആനവധി പുതിയ ഗ്രന്ഥങ്ങൾ ഇനിയും നിർമ്മിക്കുന്നതിനു സർവ്വശക്തൻ ഇദ്ദേഹത്തിന്റെ വൃദ്ധതന്ത്രികൾക്കു നവീന ചൈതന്യം പ്രദാനം ചെയ്യട്ടെ!

ഈ മഹാപരിശ്രമത്തോടു് ഇതുവിധമെങ്കിലും സംബന്ധിക്കാനിടയായതിൽ പ്രത്യേകമായ സന്തോഷത്തോടുക്രൂടി ഉപസംഹരിക്കുന്നു.

# സങ്കേത സൂചി

അ—അവ്യയം.

അ. ക്രി. —അകർമ്മക്രിയ (അകർമ്മകൃതി).

ഇ—ഇംഗ്ലീഷു്.

ഉ-ം,—ഉദാഹരണം.

കാ. ക്രി.—കാരണക്രിയ (പ്രയോജകപ്രകൃതി).

ക്രി.—ക്രിയ (കൃതി).

ക്രി. മ.—ക്രിസ്തുമതസംബന്ധം.

ഗു. ന—ഗുണനാമം.

ഗ്രീ—ഗ്രീക്കു്.

ത—തമിഴ്.

ന. പ.—നാമപകരം (സർവ്വനാമം).

പ. മ.—പഴയമലയാളം.

പൊ, പോ.—പോർത്തുഗീസ്.

പ്ര. ല.—പ്രമാരലൂപ്പ്.

മ—മലയാളം.

ല—ലത്തീൻ.

വി—വിശേഷണം.

വി. ന.—വിശേഷണ നാമം.

സ. ക്രി.—സകർമ്മക്രിയ (സകർമ്മകൃതി).

സം—സംസ്കൃതം.

സു, സുറി.—സുറിയാനി.

ഹീ—ഹീബ്രു.

# ശബ്ദതാരാവലി.

## മലയാള നിഘണ്ടു.



**അ**—ഇൻഡ്യയിലെ എല്ലാ ഭാഷകളിലുമുള്ള ആദിമമായ അക്ഷരം ഇതുതന്നെ.

| | |
|---|---|
| തമിഴിൽ | அ |
| ഗ്രന്ഥത്തിൽ | 𑌅 |
| സംസ്കൃതത്തിൽ | अ |
| ഇംഗ്ലീഷിൽ | A |

ഇങ്ങനെ പലമാതിരി ലിപികളും ഉണ്ട്.

മലയാളത്തിൽ വിവേചകമായി 'അ' എന്നുപ്രയോഗിച്ചാൽ 'അവൻ' 'അവൾ' 'അക്കരെ' 'അപ്പുറം' ഇത്യാദിപോലെ 'അട്ടത്തല്ലാത്ത' എന്നർത്ഥംവരും സംസ്കൃതത്തിൽ ര, ല എന്ന അക്ഷരങ്ങളിൽ തുടങ്ങിയിരിക്കുന്ന പദങ്ങൾക്കു തത്ഭവരൂപം അകാരം അപൂർവ്വമായി മലയാളത്തിൽ അകാരാദിപദങ്ങളായി കാണുന്നുണ്ട്. അരത്തം (രകതം.) അരക്ക് (രക്ഷ = രക്കം.) അരചൻ (രാജാ.)

മലയാളത്തിൽ 'അ' എന്ന കേവല സ്വരത്തെ ഉച്ചരിക്കുന്നതിന് അധികം പ്രയാസമുള്ളതിനാൽ അതിനു തീവ്രപ്രയത്നം എന്നു പറയുന്നു. തന്നിമിത്തം പല വാക്കുകളിലും അതിന്റെ ഉച്ചാരണം ദുഷിച്ചിട്ടുണ്ട്. ആ ദുഷിച്ച ധ്വനി 'ഐ' കാരത്തിന്റെ ഛായയിൽ കാണാം. ഉ-ം,-ശാന്ധാ-കശാന്ധം. രവി-രൈവി. സംസ്കൃതത്തിൽ 'അഃ' എന്ന പദത്തിനു വിസർഗ്ഗം എന്നർത്ഥമുണ്ട്. 'ഓം' എന്ന പ്രണവശബ്ദം വിഷ്ണുവിനേയും ശിവനേയും ബ്രഹ്മാവിനേയും കുറിക്കുന്നു. അ=വിഷ്ണു. ഉ=ശിവൻ. മ=ബ്രഹ്മാവു്. അ + ഉ + മ=ഓം.

'അകാരോ വിഷ്ണുരിഷ്ടഃ
ഉകാരസ്തു മഹേശ്വരഃ
മകാരസ്തു സ്മൃതോബ്രഹ്മാ
പ്രണവസ്തു ത്രയാത്മകഃ' [നെ'

'ഓങ്കാരമയേപാതം മൂന്നായിരിഞ്ഞുട
(ഹരിനാമകീർത്തനം)

പുല്ലിംഗത്തിൽ 'അ' ശബ്ദത്തിനു 'കാമദേവൻ' എന്നർത്ഥം കാണുന്നു. സംഭാഷണത്തിന്റെ തുടക്കത്തെ കാണിക്കാൻ 'അ' എന്നതിനെ ഉപയോഗിക്കുന്നുണ്ട്. ഈ ശബ്ദം വ്യാക്ഷേപകമായി കൃപയേയും നിന്ദയേയും കുറിക്കും. സംസ്കൃതത്തിൽ 'അ' എന്നതിനെ നാമങ്ങളുടേയോ വിശേഷണപദങ്ങളുടേയോ അവ്യയപദങ്ങളുടേയോ, ചിലപ്പോൾ ക്രിയകളുടേയോ മുമ്പിൽ ചേർത്താൽ വിപരീതാർത്ഥം വരും. (അശുകരൻ, അനുഭവം, അക്ഷീണവിക്രമം,) ഈ 'അ', സ്വരങ്ങൾക്കുമുമ്പു 'അൻ' എന്നാകും. ഉണ്ണീ എന്ന പദത്തിനു മുമ്പു മാത്രം അങ്ങനെ അകാരത്തെ ചേർക്കും (അണ്ണൻ.) ഈവിധം നടത്തി ഉണ്ടായിട്ടുള്ള പദങ്ങൾ പ്രയോഗിക്കുമ്പോൾ, [രാ

'തൽസദൃശ്യമഭാവശ്ച തദന്യത്വം തദല്പതാ
തദപ്രാശസ്ത്യം വിരോധശ്ചേത്യനർത്ഥാഃ
കഥിതാഃ പ്രകീർത്തിതാഃ'

എന്നതനുസരിച്ചു 'അ' എന്ന ഉപസർഗ്ഗത്തിനു ആറുമാതിരി അർത്ഥം കാണുന്നു. ക. സദൃശം-അക്ഷത്രിയൻ; കണ്ടാൽ ക്ഷത്രിയനെന്നു തോന്നും; എന്നാൽ ക്ഷത്രിയനല്ലതാനും. ഖ. അഭാവം(ഇല്ലായ്മ)-അസ്ഥാനം. ഗ. അന്യത്വം (ഭേദം)-

അപടം; യസ്മാല്ലത്തത്. ഭ. അല്പത-
അനഭര; അല്പോദരി എന്നത്ഥം ഇ. അ
പ്രാശസ്ത്യം (കൊള്ളാത്തത്)-അപ്രത്യം.
ന. വിരോധം-അന്യായം. സംസ്കൃത
ത്തിൽ 'അഃ' എന്നതിനെ ശിവൻ, ബ്ര
ഹ്മാവ്, വായു, അഗ്നി ഇവരുടെ പര്യാ
യമായി പ്രയോഗിക്കുന്നു നാനാർത്ഥര
മാലയിൽ 'അ' ശബ്ദത്തിനു ബ്രഹ്മാവ്,
വിഷ്ണു, ശിവൻ, ആത്മ, അങ്കണം, യുദ്ധം,
ശൈരവം, അന്തഃപുരം, ഹേതു, അപ
രണം, കാൽ, പാർവതി, ഞാൻ എന്നീ
അർത്ഥങ്ങളും കാണുന്നു.

'അകാരോ ബ്രഹ്മവിഷ്ണ്വീശ
കാമരോഷാംഗണ രണേ
ശൈരവോന്തഃപുര ഹേതുര
ക്ഷണം ശ്യാവുമേ ച്യുതേ'

ക്രിയാരൂപങ്ങളിലും മുമ്പ് 'അ' വരു
മ്പോൾ സാധാരണ നിഷേധാർത്ഥം വരും
'അ' എന്ന ഉപസർഗ്ഗം ചിലപ്പോൾ പി
ന്നീടു വരുന്ന പദത്തിന്റെ അർത്ഥത്തെ
അല്ല നിഷേധിക്കുന്നതു് എന്നതിനു് 'അ
നന്തരം' എന്ന പദം ദൃഷ്ടാന്തമാകുന്നു.
അനന്തരം = ഏതിനേക്കാളും ഉത്തമ
മായി മറ്റൊന്നിനെ പറവാൻ കാണു
ന്നില്ലയോ അതു്.

അണുണി-കടമില്ലാത്തവൻ. 'അനൃണി'
എന്ന പ്രയോഗം തന്നെ. സ്ത്രീലിംഗം-
അനൃണ നി.

അംശം-ഭ. ഒരു പങ്ക്, ഓഹരി, ഭാഗം,
അംശ് = വിഭജിക്ക. ഈ ധാതുവിനോടു്
ഉപസർഗ്ഗമായ 'വി' ചേർത്താൽ വ്യംശ്
എന്നാകും. ഇതിനു് 'വിഭജിക്ക' എന്നും
ചിലപ്പോൾ, 'ചതിക്ക' എന്നും അർത്ഥം
വരും. ഉ. ജ്യോതിശ്ശാസ്ത്രത്തിൽ നൂ
റുകല ചേർന്നതു. നൂറു കല=ഒരു കല.
'വിദ്യാധരസ്ത്രീകളെ ദിവ്യപുഷ്പംകൊണ്ടു
എല്ലാമയുള്ളോരു മാല്യംകൊടുത്തതു
ശർവ്വംശമാതയായതെന്നു മുനീന്ദ്രനും
ദുർവ്വാസാവിനു കൊടുത്തവരംപോലെ'
(ഭാരതം)

അംശകം-ഭ പുക, ഓഹരി, ഭാഗം,
ഉ. ഒരു ദിവസത്തിന്റെ നാലിൽ ഒരു
ഭാഗം. ന. മുപ്പത്തിദിവസംകൊണ്ടുള്ള ഒരു
മാസത്തിലെ ഒരു ദിവസം (മാസാരദിനം)

അംശകൻ-ഭ. ഒരു പങ്കിനവകാശമുള്ള
വൻ. ഉ. ബന്ധു.

അംശക്രിയ-ശ്രേഷ്ഠത, ഉയർന്ന പദവി.

അംശജ-വിശേഷണശബ്ദം അംശംകൊ
ണ്ടു ജനിച്ച.

അംശദാനം-പങ്കിട്ടു കൊടുക്കുന്ന പ്രവൃത്തി.

അംശപത്രം-ഭാഗപത്രം.

അംശഭാക്കു്-മുതലിനവകാശമുള്ളവൻ.

അംശഭുക്കു്-പങ്കിനെ അനുഭവിക്കുന്നവൻ

അംശയിതാവു്-പങ്കിട്ടു കൊടുക്കുന്നവൻ

അംശവ-വി. പങ്കിനവകാശമുള്ള.

അംശവടി-ഒരുദ്യാനത്തിന്റെ മുൻപെകൊ
ണ്ടുനടക്കുന്നവടി; അംശങ്ങളിൽ ഒന്നായ
വടി. (അംശങ്ങൾ = ഉപകരണങ്ങൾ.)

അംശസവർണ്ണന-(അങ്കഗണിതത്തിൽ)
അംശങ്ങളെ (ഭിന്നസംഖ്യകളെ) സവർണ്ണ
നംചെയ്യുക (ഒരേവിധം അധോഭാഗ സംഖ്യ
യുള്ളവയാക്കിത്തീർക്കുക).

അംശഹരൻ-പങ്കിനവകാശമുള്ളവൻ.

അംശഹാരി-പങ്കിനവകാശമുള്ളവൻ.

അംശാംശം-ഭ. പങ്കിന്റെ ഒരു പങ്ക്.
ഉ. പ്രധാനമല്ലാത്ത ഒരവയവം. (പ്ര
യോഗം ചുരുക്കം)

അംശാവതാരം, അംശാവതരണം-
ഒരു ദേവന്റെ ഒരംശമാത്രം മനുഷ്യനാ
യി അവതരിക്ക. ശ്രീരാമൻ-വിഷ്ണുവി
ന്റെ അർദ്ധാംശം. ലക്ഷ്മണൻ-കാൽ ഭാ
ഗം ഭരതശത്രുഘ്നന്മാർ-അരയ്യംശവീതം
'സ്വാമേതം ബാലക്രീഡാതല്പരന്മാരാംകുല
രാമലക്ഷ്മണന്മാരം തമ്മിലൊന്നു ചുരുങ്ങീ
ഭരതശത്രുഘ്നന്മാരെന്നമ്മ ചെല്ലുന്നാളും.
മതവീട്ടിനു പായസാംശാനുസാരവശാൽ'
(രുക്മാംഗദചരിതം തുള്ളൽ)

ധർമ്മരാജനും വസുപിറന്ന വിദുരരായ്
ധർമ്മൻതന്നുടെയംശമായ്ത്തു യുധിഷ്ഠിരൻ
വായുവിനുടെയംശം ഭീമനെന്നറിഞ്ഞാലും
ദേവേന്ദ്രനുടെയംശം ഫൽഗുനൻമഹാരഥൻ
അശ്വിനീദേവകൾതന്നംശം മാദ്രേയന്മാരു-
മഗ്നിതാനുടെയംശമായതു ധൃഷ്ടദ്യുമ്നൻ
ആദിത്യനുടെയംശം കണ്ണനെന്നറിഞ്ഞാലും
സോമനാനന്ദനനായ സുവർച്ചസ്സഭിമന്യു
വിശ്വദേവകളുടെയംശം ദ്രൌപദേയന്മാർ
സ്ത്രീപുംസമായിട്ടുള്ളഗ്രഹകൻശിഖണ്ഡിയും
ശ്രീദിവലക്ഷ്മിയുടെയംശംപോൽ
പാഞ്ചാലിയും
ധൃതിയും സിദ്ധിയുംപോൽ
കന്തിയും മദ്രിതാനും
പ്രദ്യുമ്നൻസനൽകുമാരാംശമെന്നതുംചൊല്ലും
അനന്തമൂർത്തിയുടെയംശംപോൽ ബലഭദ്രൻ
വിഷ്ണുതന്നുടെയംശംകൃഷ്ണനെന്നറിഞ്ഞാലും'
(ഭാരതം)

അംശി-പംക്തിയുള്ളവൻ.

അംശിക്ക, അംശിപ്പിക-പങ്കിട്ടു കൊടുക്കുക.

അംശിനി-പ. പങ്കിനവകാശമുള്ളവൻ. ഉ. പംക്തികളുള്ളവരും

അംശിപ്പ്-പങ്കിടുന്ന പ്രവൃത്തി.

അംശിപ്പാൻ-അംശിക്കുവാൻ, അംശിക്കാൻ.

അംശിപ്പിൻ- അംശിക്കുവിൻ, അംശിക്കിൻ.

അംശു-പ. രശ്മി, ശോഭ, രവിചിഹ്നം, നേത്രരസ്സ്, കതിർ, കിരണം. ഉ. തുൽ, ചരടിന്റെ അറ്റം. ന. മുന (അവസാനം). ര വസ്ത്രം, അലങ്കാരം, മുട്ടപ്പ്. ☉ അന്ന എന്ന ശീലുള്ള. അംശു എന്നതു്, 'കിരണാസ്ത്രമയുഖാംശു' എന്നമരമുള്ളതിനാൽ, സൂര്യരശ്മിയുടെ(കിരണത്തിന്റെ) പേർ എന്നു സ്പഷ്ടമാകുന്നു. അംശു-വ്യാപിക്കുന്നതു്, മിക്കതിലും വ്യാപിക്കുന്നതു് എന്നു വ്യുൽപത്തി.

'അത്രം വിശേഷിച്ചു ജന്മിതമില്ല
ശീതാംശുവംശേ മഹദേവശംഭോ'
(പതിനാലുവൃത്തം)

അംശുകം-പ. ഏതെങ്കിലും തരത്തിലുള്ള വസ്ത്രം, തുണി, അംശു (നൂൽ) കൊണ്ടുണ്ടാക്കിയതു്, നേരിയവസ്ത്രം, ഉത്തരീയവസ്ത്രം, വെളുത്തവസ്ത്രം.

'തിലപുഷ്പനിഭസുസ്നേഹ സംസിക്തവസ്ത്രങ്ങളിവ്യപട്ടാംശുകങ്ങളവും പുറിനാർ' [മ
(അശ്വത്ഥാമരാമായണം)

'നീലാംശുകധരന്മാരം ചിദേന്ദ്രന്മാർ
കോലാഹലേന വേഗങ്ങളമോതിനാർ'
(ഭാരതം)

'ഗജഗാമിനി ദേവയാനി, വേണം
നിജമാമംശുക,മെന്ന ശണ്ഠകൂടി'
(ദേവയാനീപരിണയം മണിപ്രവാളം)

ഉ. പച്ചില (സമൂലപ്പച്ച) ന. ഇല. ര. അല്പമായ പ്രകാശം. പച്ചില കഫജങ്ങളായ എല്ലാ രോഗങ്ങൾക്കും നന്നാണ്. രുചിയ്ക്കും വിരേചനത്തിനും കൊള്ളാം. മുഖത്തിലുള്ള ദോഷത്തെയും, രക്തത്തിലുള്ള ദോഷത്തെയും ശോധനചെയ്യും. പാണ്ഡു, കൃമി, വാതം, അർശ്ശസ്സ്, നൊന്തുകലിപ്പ്, വിഷം, വസ്തിദോഷം, ജ്വരം, പീനസം, പ്ലീഹരോഗം, രക്താർശ്ശസ്സ് ഇവയെ നീക്കം വസൂപയ്യായങ്ങളെല്ലാം ഇതിനു പേരായിവരും.

അംശുജാലം-രശ്മിക്കൂട്ടം, പ്രകാശത്തിന്റെ അധികത.

അംശുതാ-അംശുവായുള്ള സ്ഥിതി, രശ്മിയായിരിക്കുന്ന ഭാവം, പ്രകാശസ്ഥിതി.

അംശുത്വം-അംശുവായിരിക്കുന്ന സ്ഥിതി, രശ്മിയായിരിക്കുന്ന ഭാവം, പ്രകാശസ്ഥിതി.

ഏതു നാമത്തോടും 'ത്വം' എന്നോ 'തം' എന്നോ ചേർത്തു് ആ നാമം കുറിയ്ക്കുന്ന വസ്തു ആയിരിക്കുന്ന സ്ഥിതി എന്നു അർത്ഥം പറയാം. എങ്കിലും എല്ലാ നാമ

ങ്ങളോടും ഇങ്ങിനെ ചേർത്തു പ്രയോഗിക്കാൻ ഒരുപോലെ അവസരങ്ങളും വരുന്നതല്ല.

അംശുദൻ-അംശുവിനെ(രശ്മിയെ)ദാനം ചെയ്യുന്നവൻ (കൊടുക്കുന്നവൻ). [ഏതു വസ്തുവിനെ എങ്കിലും കൊടുക്കുന്നവൻ എന്നു വരുന്നതെങ്കിൽ ആ വസ്തുവിനെ കുറിയ്ക്കുന്ന ശബ്ദത്തോടു 'ദൻ' എന്നു ചേർത്താൽ മതി. ഉ-ം, ക്ഷേമദൻ, മോക്ഷദൻ ഇത്യാദി. സ്ത്രീ-ക്ഷേമദ, മോക്ഷദ. നപും-ക്ഷേമദം, മോക്ഷദം.]

അംശുദാനം-അംശുവിന്റെ ദാനം, പ്രകാശത്തിന്റെ ദാനം (ദാനം=കൊടുക്കുക).

അംശുദാതാവു്-അംശുക്കളെ ദാനംചെയ്യുന്നവൻ, കിരണങ്ങളെ കൊടുക്കുന്നവൻ.

അംശുദായകൻ-കിരണങ്ങളെ കൊടുക്കുന്നവൻ.

അംശുദായി-കിരണങ്ങളെ കൊടുക്കുന്നവൻ.

അംശുദായിക-കിരണങ്ങളെ കൊടുക്കുന്നവൾ.

അംശുദായിനി-കിരണങ്ങളെ കൊടുക്കുന്നവൾ.

അംശുധരൻ-സൂര്യൻ, കിരണത്തെ ധരിക്കുന്നവൻ, വേഗത്തെ ധരിക്കുന്നവൻ.

അംശുധാനപട്ടണം-ദശരഥൻ മരിച്ചതിന്റെ ശേഷം ഭരതൻ കേകയരാജ്യത്തിൽ നിന്നു് അയോധ്യയ്ക്കു തിരിച്ചുവരുന്ന വഴിയ്ക്കു് കണ്ട നഗരങ്ങളേയും നദികളേയും മറ്റും വാല്മീകി വർണ്ണിച്ചിട്ടുള്ളതിൽ ഉൾപ്പെട്ട ഒരു പട്ടണം.

'മഹാരണ്യത്തെയും വിലോകിച്ചുകൊണ്ടു്
മഹാവേഗത്താലംശുധാനപട്ടണേ
സുരനദിയെയും വിലോകിച്ചുകൊണ്ടു്
നടന്നുപ്രാഗ്വടപുരത്തിങ്കൽചെന്നു'

(കേരളവർമ്മരാമായണം കിളിപ്പാട്ടു്)

അംശുനാഥൻ-സൂര്യൻ, അംശുക്കളുടെയും സ്ത്രീകളുടെ നാഥൻ.

അംശുപട്ടം-അംശു (നേരിയ ഇഴ) കൊണ്ടുണ്ടാക്കിയ പട്ടം (വസ്ത്രം), ഒരുവക പട്ടവസ്ത്രം.

ശ്രീഹരേരംശുപട്ടാനാം. (വിഷ്ണു പുരാണം).

അംശുപതി- സൂര്യൻ, അംശുക്കളുടെയും സ്ത്രീകളുടെ ഭർത്താവു്.

അംശുബാണൻ-സൂര്യൻ, കിരണങ്ങളാകുന്ന ബാണ (ശര)ങ്ങളോടുകൂടിയവൻ.

അംശുഭർത്താവു്-സൂര്യൻ, കിരണങ്ങളെ ഭരണംചെയ്യുന്നവൻ.

അംശുഭൃത്തു്-സൂര്യൻ, കിരണങ്ങളെ ഭരണംചെയ്യുന്നവൻ.

അംശുമത്തു്-പ്രകാശമുള്ളതു്, ശോഭയുള്ളതു്.

അംശുമത്ഫല-വ്യാഴ. സൂര്യനെപ്പോലെ ചെമന്ന നിറത്തിൽ പഴമുള്ളതിനാലും വാഴയുടെ പുഷ്പഗന്ധത്തിനു തുല്യം, അംശുമാനു തുല്യം അംശുക്കളുള്ളവ ണ്ണം, വേണ്ടുവോളം ഫലമുള്ളതിനാലും ഈ പേർ സിദ്ധിച്ചു.

അംശുമതി-പ. പ്രകാശമുള്ളവൾ. ഉ. മൂവില. സ. ദമിഷ്ടൻ എന്ന ശന്ദ്വന്റെ മകളുടെ പേർ.

'ദമിഷ്ടാഹ്വയശന്ദ്വംശ്ചിപനയുടെ
മകളാമംശുമതീതി കുമാരി'

(പ്രമോക്ഷമഹാത്മ്യം തുള്ളൽ)

'കാടകത്തിലുടനീടെഴുന്നൊരതി
പാടവേന കളിയാടിയും
പാടിതോടിയിവ പാടിയാടിയുള്ള
മേടിയോടുമടുക്കുടിയും
ഉടനോമാമകമഹാപടമന്നഴികം
ചൂടുമംശുമതിചേടിമാ-
രോടുമുള്ളശരി മൂഢകേതുപട-
താരിമത്തിൽ വഴിയോളുടൻ'

(ശങ്കുണ്ണിവിജയം കഥകളി)

അംശുമാൻ-പ. സൂര്യൻ. ഉ പ്രകാശമുള്ളവൻ, കിരണങ്ങളും ഉള്ളവൻ. നു. സൂര്യവംശത്തിൽ ഇക്ഷ്വാകു മുതൽ സുമിത്രൻവരെ ൻറ രാജാക്കന്മാരുണ്ടായിരുന്നവരിൽ ഒരു രാജാവ്, (ദിലീപൻറെ അച്ഛൻ, സഗരൻറെ പൌത്രൻ, അസമഞ്ജസൻറെ പുത്രൻ.) സഗരൻറെ അറുപതിനായിരം പുത്രന്മാർ കപിലമഹർഷിയുടെ ശാപംനിമിത്തം ഭസ്മമായിപ്പോയിരുന്നു. അവരുടെ അസ്ഥി മുതലായവരെയ ഇദ്ദേഹം കരുണയാൽ.

അംശുമാല-കിരണങ്ങളുടെ കൂട്ടം. അന്യോന്യബന്ധമുള്ള അംശങ്ങളുടെ കൂട്ടിയ സമൂഹത്തിനു മാലാശബ്ദം സവിശേഷം യോജിയ്ക്കും. ഉ-ം, ശബ്ദമാല, പദ്യമാല, കാവ്യമാല ഇത്യാദി.

അംശുമാലി-പ. സൂര്യൻ. അംശുമാല യോടുകൂടിയവൻ, അതുകൊണ്ടു മാലയെപ്പോലെ ധരിച്ചിട്ടുള്ളവൻ. ഉ. എരിക്ക്

'അഥാഭിഗമ്യന്തികമംശുമാലീ
നരാധിപസ്യാമരരത്നകേതോഃ
തമബ്രവീത്സംകുചിതാംശുമാല-
സ്സന്മാർഗ്ഗദർശം പ്രകൃതിംകിരൻചാ'

(കിമ്മീരവധം കഥകളി)

അംശുല-വി. പ്രകാശമുള്ള, ശോഭയുള്ള.

അംശുലൻ-പ. പ്രകാശമുള്ളവൻ, ശോഭയുള്ളവൻ. ഉ. ചാണക്യൻറെ ഒരു പേർ. മന്ത്രപ്രകാശം (ബുദ്ധിവിശേഷം) കൊണ്ട് ചാണക്യനു ഈ പേരുണ്ടായി.

അംശുവാഹി-സൂര്യൻ, കിരണങ്ങളുള്ളവൻ.

അംശുശാലി-സൂര്യൻ, കിരണങ്ങളുള്ളവൻ.

അംശുസ്വാമി-സൂര്യൻ. സൂര്യൻ അസ്തമിക്കുന്ന സമയം അദ്ദേഹത്തിൻറെ രാജ്യമാരാകുന്ന തിട്ടകം കൂടെ മറിപ്പോകുന്നവരുണ്ടെന്നും അഗ്നിയിൽ പ്രവേശിക്കുന്നു എന്നതുകൊണ്ടു ഈ പേരുണ്ടായി.

അംശ്രുഹസ്തൻ-സൂര്യൻ, കിരണങ്ങളാകുന്ന കൈകൾ (രശ്മികൾ)കൊണ്ടുകൂടിയവൻ.

അംസം-പ. തോൾ, ചുമൽ.

'യമമംസസ്ഥലന്യസ്തശൂലാഗ്രത്തിങ്കലുണ്ടു
ഭീമശാർങ്ഗല സിംഹമഹിഷവരാഹാളി'

(അദ്ധ്യാത്മരാമായണം)

'വസിക്കുന്നീ യെന്നംസേതാങ്ങി
വധിപ്പപ്പുരുഷം വക്രാപാംഗി'

(നളചരിതം കഥകളി)

'കംസനെ മഞ്ചത്തിന്നന്തി-
ക്കാതംവഴിമേലുരത്തിട്ടു [ക്കം
ഹിംസിച്ചിട്ടും കൈവരമൊട്ടുങ്ങാഞ്ഞങ്ങോട്ടേ
അംസത്തിൽപ്പിടിച്ചിഴച്ചു
സഭ്യസാക്ഷിയായിരിക്കും
പുംസാംകേതിചെയ്തുലില്ലകുപയ്യുമഠം'

(കുചേലവൃത്തം വഞ്ചിപ്പാട്ട്)

ഉ. ഒരു മർമ്മം.

അംസക്കൂടം-പ. പുഞ്ഞിക്കൂട്ട്. കഴുത്തിൻറെ കഴുത്തിനടുത്തുള്ള മുഴ. ഇതിനെ കാളപ്പൊതി, പുഞ്ഞിക്കൂടം, പുഞ്ഞകുറടി എന്നിങ്ങനെ പറയുന്നു. ഉ. വലിയ തോൾകൊട്ട്. കൂടം = പൊങ്ങിനിൽക്കുന്ന ഭാഗം. ഉ-ം = ഹേമകൂടം, അഗസ്ത്യകൂടം, ചിത്രകൂടം.

'രാജന്യോച്ചാംസകൂടകുഥനപടുരഥൈ'

(പ്രബോധചന്ദ്രോദയം)

അംസവലനം-തോളിൻറെ ഇളക്കം.

അംസോച്ഛ്രയം-തോളിൻറെ പിരിപ്പ്.

അംസതടം-അംസമാകുന്ന പരന്നഭാഗം.

അംസത്രം-പ. ഒരുവിധം കവചം. അംസത്രം ത്രാണംചെയ്യുന്നത്. ത്രാണം ചെയ്യുക = രക്ഷിക്കുക. ഉ. വില്ല്.

അംസഫലകം-പ മുതുകിൻറെ ഒരുഭാഗം, അംസമാകുന്ന പരന്ന ഭാഗം.

'ചുംബ്യമാനകപോലഫലകം'

(കാദംബരി)

ഉ. ഒരു മർമ്മം.

അംസപ്രദേശം-അംസസ്ഥലം.

അംസബലം-ഒരുതരം അംസബന്ധം എന്ന രോഗത്തിനു പറയുന്നതും, ബാഹുബലം, കരബലം എന്നിങ്ങനെ രണ്ടു തരത്തിലുണ്ടെന്നു പറയുന്നതുമാണ്.

അംസഭരം-തോളിൽ വയ്ക്കുന്ന ചുമട്.

അംസഭരൻ-ചുമലിൽ ചുമടേറ്റുകയിയവൻ.

അംസഭാരം-തോളിൽ വയ്ക്കുന്ന ചുമട്.

അംസഭാരൻ-ചുമലിൽ ചുമടേറ്റുകയിയവൻ.

അംസമധ്യം-തോളുകളുടെ നടുവിലുള്ള, തോളിന്റെ നടുവിലുള്ള.

അംസമധ്യം-ചുമലിന്റെയും ചുമലുകളുടെയും നടുവ്.

അംസലൻ-ബലവാൻ, ബലമുള്ള അംസത്തോടുകൂടിയവൻ. സ്ത്രീലിംഗം-അംസലാ(ള). നപും; അംസലം(ള).

അംസശോഷം-ഒരു വാതരോഗം. തോളിൽ നിൽക്കുന്ന വായു അവിടെയുള്ള ബന്ധനത്തെ ശോഷിപ്പിക്കുമ്പോൾ തോൾ താണുപോകും. അതിനു 'അംസശോഷം' എന്നു പേർ.

'അംസദേശസ്ഥിതോ വായുഃ
ശോഷയേദംസബന്ധനം'

(മാധവനിദാനം)

അംസസ്ഥലി-അംസമാകുന്ന പരന്ന ദേശം.

അംസള-ബലമുള്ള.

അംസഹാരൻ-ചുമലിൽ ചുമടേറ്റുകയിയവൻ.

അംസ്യ-വി. അംസത്തെ (തോളിനെ) സംബന്ധിച്ച, അംസങ്ങളെ സംബന്ധിച്ച, ചുമലുകളെ സംബന്ധിച്ച. ഉ. അംസത്തിൽ (അംസങ്ങളിൽ = ചുമലുകളിൽ) ഭവിക്കുന്ന.

അംഹ്-(ധാതു) ഗ. പുറപ്പെടുക. ഉ. പ്രകാശിക്കുക. ന. അയയ്ക്കുക. ഘ. അടക്കുക. ങ. സംസാരിക്കുക.

അംഹതി-പ്ര. സമ്മാനം, ഇന്നം, മാനം. ഉ. കഷ്ടപ്പാട്. പാപത്തെ ഹനിക്കുന്നതുകൊണ്ടു ഈ പേരുണ്ടായി. പദ്യായങ്ങൾ—

'ഉത്സഞ്ജനം പ്രാമേശത്വം.
അപവഴ്ജനമംഹതിഃ
അന്തരായം സാത്വികം ദാനം
മുടപ്പുവ്വന്തു ഉപഷ്ടികം'

(വൈജയന്തി)

അംഹനം-വക്ഷസ്സ് (മാറിടം)കൊണ്ടുള്ള ഗതി (ഗമനം). പന്നിയെപ്പോലെ ഗമിക്കുക.

'അംഹനം വക്ഷസാ ഗതിഃ'

(വൈജയന്തി)

അംഹസ്-പാപം, അഘം, ദുഷ്കൃതം. പ്രായശ്ചിത്തംകൊണ്ടു നീങ്ങുന്നതിനാൽ ഈ പേരുണ്ടായി. ഉ. കഷ്ടത, വ്യാകുലം, ചിന്ത, ആധി

'അന്തംക്ലേശതരംഹ-
സ്സതിനിടയുളവാക്കി'

(ഒരു പ്രാചീനപത്രം)

അംഹസ്പതി-സൂര്യൻ. ഭക്തജനങ്ങളുടെ ദുഷ്കൃതത്തെയും കഷ്ടപ്പാടിനെയും നീക്കാൻ അധികൃതനായതുകൊണ്ട് ഈ പേരുണ്ടായി.

അംഹസ്വത്-വി. പാപമുള്ള.

അംഹിതി-പ്ര. ദോനം. പാപത്തെ നശിപ്പിക്കുകകൊണ്ടു ഈ പേർ സിദ്ധിച്ചു. ഉ ഇനാം.

അഹ്രു-(ത്രിഷു) ദുഷ്കൃതത്തെ ചെയ്യുന്ന.

അയോഽചീസുമതിവ്യുത്യാഭം ഹോഽഭിഭ്യം
(യജുർവേദം)

അഹ്രുരഃ-(ത്രിഷു) നടക്കുന്ന. (ഈ ശബ്ദം ദുർല്ലഭം)

അഹ്രുരണ-വി. പാപമുള്ള.

അഃഥായു-വി. ഉപദ്രവകരമായ, പാപത്തിൽനിന്ന് ഒഴിഞ്ഞ.

അംഘ്രി–പ. പാദം. ഉ. വൃക്ഷങ്ങളുടെ വേര്. സ. നാല്. അംഘ്രി എന്നതാണ് അംഘ്രി എന്നായത്.

അംഘ്രിപം–വൃക്ഷം. പാദം(വേര്)കൊണ്ടു പാനംചെയ്യ(കുടിക്ക)ന്നതുനിമിത്തം ഈ പേർ ഉണ്ടായി.

അംഘ്രിസന്ധം—കാൽപെരുവിരലിന്റെ സന്ധി, പുറംകാൽ.

അകൽ–പ. പുറപ്പെടുക. ഉ. പാമ്പിനെപ്പോലെ വളഞ്ഞുപോക.

അക–മുള, ബീജം, പൂമൊട്ട്, തെരയ്, തളിർ. (പ്രയോഗം ദുർല്ലഭം).

അകം–(മലയാളത്തിൽ) പ. ഉദരവശം, ഉള്ള്, ഉള്ളകം, മനസ്സ്, അന്തർഭാഗം.

'പൂണശകലവുമെന്നോടുഷ്ടശമ്മിശ്രുപൊട്ടക്കിണറിനകമെടുത്തുപ്പെണ്ണിനെത്തള്ളിയിട്ടു' [ട്ടും'

(മഹയാംനിപരിണയം മണിപ്രവാളം)

'പൊയ്യും വന്മഴയെയ്ക്കയും ബതനന-
ഞ്ഞൂറിത്തണുത്തുറഞ്ഞുറഞ്ഞു-
ങ്ങായ്യും കോവിലകത്തുമെന്നഥനിലത്തീറം പ്രതീക്ഷിച്ചഹോ'

(പൂരപ്രബന്ധം)

'നെന്മകുമിളകന്ന തിലകമതുമിട്ട
പെണ്ണുണ്ണാണെന്നാനല്ലതംബുലമുണ്ടുംതിന്നു'

(സ്മാർത്തവിരോധനം)

അകം> <പുറം. (സംസ്കൃതത്തിൽ) ഉ. ദുഷ്കൃതം, പാപം, വേദന, ദുഃഖം, രോഗം. കേട്ട്. കം (സുഖം) ഇല്ലായ്മ. സ. കം (ജലം) ഇല്ലായ്മ.

അകക്കടൽ–ഉൾക്കടൽ.

അകക്കരൾ–ഹൃദയം, മനസ്സ്.

അകക്കരുപ്പൻ–കട്ട കരിങ്കല്ലുപോലെയുള്ള ഒരു വ്യാധി. ഇതിനു പനിയും അതിസാരവുമുണ്ടാകും. ചെകിടും ചെവിയിലും അരയ്ക്കും വെള്ളരോഗവും. ആദ്യമേതിരെ ചികിത്സിക്കണം. ഉള്ളിൽ പൻ, സഹ്യാംശം വേതനം, അകത്തും പുറവും വ്രണം എന്നിവയുണ്ടായാൽ വൈഷമ്യമാണ്.

അകക്കാമ്പ്–മനസ്സ്. കാമ്പ് എന്നാൽ പുഷ്പത്തിന്റെ തണ്ട് എന്നർത്ഥം. മുഖ്യമായ ഭാഗം. പൂവിന് ആധാരം അതിന്റെ (കാമ്പ്) തണ്ടാണ്.

'സച്ചിദാനന്ദരൂപകനപരായനനാമയൻ
നിശ്ചലൻ നിരാകുലനനന്തനടുത്തനാഥൻ
ശ്രീരാമദേവകളുയേ മുഖ്യശിഷ്യനമാരോടും
ഒരുപോലെ നമസ്കരിക്കാമ്പിൽവണ്ണീടവേണം

(തേനാരിമാഹാത്മ്യം) [സർഗം'

അകഴ്ത്തുക–പ. ചേർത്ത് മന്നാവുക. ഉ. പൊടിക്കുക, അംകുരിക്കുക, വളരുക.

'അടവിമഴകൊണ്ടുപൊട്ടിയരുകച്ചിട്ടും
കഠിനവരുചം വെട്ടിമുറിച്ചുമുകച്ചിടാ'

(ഭാരതം വിരാടപർവം)

അകക്കുരുന്ന്–മനസ്സ്. മനസ്സിൽനിന്ന് വിചാരങ്ങളുണ്ടായി വരുന്നതുകൊണ്ടു ഈ പേരുണ്ടായി. ഉ–ം, മനക്കുരുന്ന്. ഉദരക്കുരുന്ന്, കരുന്ന് = ഇളംപ്രായം, ഉദ്ഭവമുള്ളത്.

'പരമപുരോകാരകയിനിയുള്ള കാമം
അകക്കുരുന്നോഠംതെളിഞ്ഞു ധർമ്മൻ'

(ഭാരതം)

അകക്കോട്ട–ദുർഗ്ഗം, കോട്ട.

അകങ്കാൽ–ഉള്ളുകാൽ, കാലിന്റെതാഴം, പാദത്തിന്റെ കീഴ്ഭാഗം. ഉ–ം, 'ഉള്ളംകാൽമുതൽ ഉച്ചിതലയോളം'.

അകങ്കൊ–ഉള്ളുകൊക്ക, (അരയുടെ അകത്തെ ഭാഗം).

അകച്ചവ–വി. കവചം (രോമം) ഇല്ലാത്ത, തലമുടിയില്ലാത്ത.

അകച്ചവൻ–കേ. അകത്തിനായി (ദുഃഖത്തിനായി) ചെയ്കന്നവൻ. കേരളത്തിൽ ലോകത്തിനു കഷ്ടശേഷമുണ്ടാകുമെന്നു ശാസ്ത്രം രേഖപ്പെടുത്തുന്നു.

അകച്ചുര–വി. മുഴുപാറ. മുഴുഞ്ഞതല്ലാത്ത, അടുക്കില്ലാത്ത, കരയുടെ മിശ്രമില്ലാത്ത.

അകഞ്ചുകിത–വി. കഞ്ചുകം (ഉടുപ്പ്) ഇല്ലാത്ത.

അകച് ഛത്തുര–വി. ഫ. ചിരങ്ങില്ലാത്ത. ഫ. കാമമില്ലാത്ത.

അകഞ്ജ–വി. കവള്ളത്തിലുണ്ടായതല്ലാത്ത

അകടഖാദക–വി. അധികം ഭക്ഷിക്കാത്ത

അകട്ട—വി. ഫ. ഘരിവില്ലാത്ത, ഫ. ക്രോധമില്ലാത്ത, കോപമില്ലാത്ത, ന. ചൂടില്ലാത്ത. ര. രസക്കേടില്ലാത്ത. ഖ. ക്രൂരതയില്ലാത്ത. (സ്ത്രീ–അകടാ.) കട്ട എന്നാൽ തീക്ഷ്ണം എന്നർത്ഥം.

'കൃത്സനാരിപതക്ഷങ്ങൾംഘനങ്ങൾം
ഉസ്സാഹങ്ങൾംകട്ടകോപകരങ്ങൾം'

(പതിനാലുവൃത്തം)

അകടവികടം–തലകീഴാവുക, കീഴ്മേലാവുക, പ്രയോജനമില്ലാതാവുക.

അകടവികട–തലകീഴാവുക, കീഴ്മേലാവുക, പ്രയോജനമില്ലാതാവുക.

അകഠിന–വി. കഠിനമല്ലാത്ത, കട്ടപ്പമില്ലാത്ത, മൃദുവായ.

'കഠിനതരമലറിനിജകരമതിലെടുത്തുടൻ
കർബുരേന്ദ്രനുരസ്സിലടിച്ചാർ കപീന്ദ്രനും'

(അദ്ധ്യാത്മരാമായണം)

അകഠോര–വി. കഠോരമല്ലാത്ത, കട്ടപ്പമില്ലാത്ത, ക്രൂരതയില്ലാത്ത, മൃദുവായ.

'ക്ഷത്രിയകന്യയെ നിങ്ങളുമിക്കവനെ
തരുമോ കഠോരന്മാരേ'

(പത്തുവൃത്തം)

അകഡമം–ഗ്രാഹ്യഗോപായ മന്ത്രത്തിൽ ഗുരോഗുവിചാരോപയോഗിയായ ഒരു ചക്രം.

അകഡാര–വി. കരൾനിറമല്ലാത്ത, തവിട്ടുനിറമല്ലാത്ത.

അകണിക–വി. ഏറ്റവും ചെറുതല്ലാത്ത, ഇളയതല്ലാത്ത.

അകണ്ടക–വി. ഉപദ്രവത്തിനിടയില്ലാത്ത, ഉപദ്രവഹേതുവല്ലാത്ത (കണ്ടകൻ എന്നാൽ മൂർഖൻ, ദുഷ്ടൻ, ഉപദ്രവകരൻ എന്നർത്ഥം).

'കപികുലബലേന കടന്തമനന്തരൂപ–
കണ്ടകരനക്ഷൊന്ത കൊണ്ടുപോകുന്നു മം'

(അദ്ധ്യാത്മരാമായണം സുന്ദര)

അകണ്ടകതാപം–കണ്ടകതാപം (ദുഷ്ടതാപം, മൂർഖതാപം) ഇല്ലായ്മ.

അകണ്ടകിത–വി. ഫ. മുള്ളില്ലാത്ത. ഫ. രോമാഞ്ചമുണ്ടാകാത്ത.

അകതന്ത്രണി–മസൂരി പതിനെട്ടിനംമുള്ളതിൽ ഒന്ന്. ഇതു മൂന്നുദിവസം കഴിഞ്ഞാൽ പ്രയത്നസാദ്ധ്യം എന്നു ശാസ്ത്രം.

അകതന്ത്രണിവ്യാധിക്കുലക്ഷണംപറയുന്നതു
രക്തംകലങ്ങിയൊട്ടേറെച്ചർദ്ദിയുംപോക്ക [മാസ്സതും
തൊട്ടാൽപാരംചുടുംദേഹമുടനേയുള്ളവും വ [ർദ്ധം
തണുപ്പുപാരമുണ്ടാകുംകോച്ചുംകാലുകരങ്ങളും
കൺമുവന്നങ്ങുതാണീടുമെച്ചുപാരമടച്ചിടും
വായുപൂരണങ്ങോടീടുംനോക്കീടുമിടവുംവലം
ഉരളുംഉരലേപീനാരലഴനേല്പുൻതുടങ്ങിയും
മംസംവെന്തമണംപോലെ ശന്ധമണ്ണുപുറ [പ്പെടും
ഇവയൊക്കയിലുംമുന്നേതലവെട്ടുതുടങ്ങുകിൽ
അസാധ്യമകതന്ത്രണി മൂന്നാംനാളിൽമരിച്ചു [പോം
മരണംവന്നിടുന്നേരം സൂക്ഷിപ്പുമർമ്മസന്ധി [ങ്ങൾ
കടുകിന്മണിപോലങ്ങു മൂന്നുമൂന്നുകതക്കളും
നിഴലിച്ചിട്ടുകണ്ടീടുമതു സൂക്ഷിച്ചുകൊള്ളുക'.

(മസൂർപടലം)

അകതളിർ–മനസ്സ്. തളിരുപ്പോലെ സൂക്ഷിച്ചു (അകൃത്യങ്ങളിൽ അകപ്പെടാതെ നോക്കി) നടക്കേണ്ടതുകൊണ്ട് ഈ പേർ സിദ്ധിച്ചു

'അതിവിശദമന്തരചിദുഹസിതമാനനവു–
മകതളിരിലാകമപരമരുളുമാഥയെ'

(രാമായണം ഫ.ശ വൃത്തം)

അകതാർ–മനസ്സ്. താർ=തമിഴിൽ മല, മലയാളത്തിൽ പൂവ്.

'ആയതുവന്നമേ ഏതെന്നതുസംശയ-
മകതാരിൽ പുനരുണ്ടാകേണ്ട'

(കിരാതം ഓട്ടൻതുള്ളൽ)

അകതിപയ-വി. കുറച്ചല്ലാത്ത, ഏതാനും മല്ലാത്ത, ചിലതല്ലാത്ത. കതിപയശബ്ദത്തിനു 'ചില' 'ഏതാനും' 'കുറച്ചു' എന്നർത്ഥം.

'മതികമലവിലാസഹേതുഭൂതം
കതിപയസൗമിദം കരോമി കാവ്യം'

(ശ്രീകൃഷ്ണചരിതം മണിപ്രവാളം)

അകത്തകം-ഉള്ളറ.

അകത്തങ്ങട്ട്-മനസ്സ്.

'ഉണ്ടുപണ്ടേമമകക്ഷിയിൽ മണ്ണതു
കണ്ടകത്തങ്ങടിലുണ്ടാകൊലാ ശങ്കയും'

(ഭാഗവതം)

അകത്തവർ, അകത്താർ-നംപൂതിരിമാരുടെ സ്ത്രീകൾക്കു പ്രത്യേകം പറയുന്ന ഒരു പേർ.

അകത്തമ്മമാർ-നംപൂതിരിമാരുടെ സ്ത്രീകൾ വെളിയിലിറങ്ങുന്നതിലേയ്ക്കു സ്വാതന്ത്ര്യമില്ലായ്കകൊണ്ടു നംപൂതിരിമാരുടെ സ്ത്രീകൾക്കു 'അകത്തമ്മമാർ' എന്ന പേർ സിദ്ധിച്ചു.

അകത്തഴി-ക്ഷേണവസ്ത്രങ്ങളെ സമ്പാദിക്കുക.

അകത്താൻ-വീട്ടിലെ നാഥൻ.

അകത്താർ-അകത്തവർ.

അകത്താൾ-വീട്ടിലെ നായിക.

അകത്തി-ഒരു വൃക്ഷം. അകത്തിയുടെ ഇലകൾ നായ്ക്കൾക്കും വലിപ്പമുണ്ട്. പരദേശങ്ങളിലാണ് ഇതു ധാരാളമുണ്ടാകുന്നതു. കായ്കൾ മൂരിങ്ങയ്ക്കായ്കളോളം നീളമിരിയ്ക്കും. ഉള്ളിലെയും പിഞ്ഞകഫങ്ങളെയും നീക്കും. ഇല കഴുകിച്ചു മധുരിച്ചിരിക്കും. ദഹശീതിഗിയിൽ ഇതുകൊണ്ടുള്ള കറി ഉപയോഗിക്കുക വിശേഷമാണ്. വാതത്തെ അകറ്റും. വയറിലെ പുണ്ണിനെ മാറ്റും. കൃമി, കഫം, വിഷം, ചൊറി, രക്തപിത്തം ഇവയ്ക്കു നന്ന്. പൂക്കൾ-പാകരസം ഏറിവരുന്നു. കായ്കൾ-ഗുരുവായിരിക്കും. വീനസം, വാതം, ചാതുർത്ഥിക ജ്വരം, നക്തന്ധ്യാ, ഉഷ്ണം, കഫം, പിത്തം ഇവയെ കളയും. പര്യായങ്ങൾ-അഗസ്ത്യ, വംഗസേന, മുനിപുഷ്പം, മുനിദ്രുമം, അഗസ്തി, ശീഘ്രപുഷ്പം, വ്രണാരി, ദീർഘപാലകം, രക്തപുഷ്പം, സുരപ്രിയം, ദൃഢപുഷ്പം, വ്രണഹരം, ഖരധ്വംസി, പവിത്രം, മുനിപ്രിയം, മുനിതരു, വംഗസേനകം, കനലി, വകപുഷ്പം. (സംസ്കൃതത്തിൽ) അഗസ്തി. (തമിഴിൽ) അകത്തി. 'സിതപീതനീലലോഹിത കുസുമവിശേഷാച്ചതുർവിധോഗസ്തി' ഇതിൻപ്രകാരം നാലുവിധമുണ്ട്.

അകത്തിറച്ചി-കാക്കാമ്പരണ്ട. പക്ഷിമാംസം.

അകത്തു്-ഉള്ളിൽ, മനസ്സിൽ 'അത്തു' മലയാളത്തിൽ പ്രയോഗിപ്പാനുള്ള രീതി കേരളപാണിനീയം മൂന്നാം-ാം സൂത്രം നോക്കുക.

'നേത്രങ്ങളുടച്ചുംകൊണ്ടി-
ന്ദ്രിയങ്ങളെ തന്നുടെ
ശത്രുത്തിന്നകത്താക്കി
ഹൃദയത്തോടു ബന്ധിച്ചു'

(ശജേന്ദ്രമോക്ഷം പറയൻതുള്ളൽ)

'അകത്തുമനസാൽ മുഴുത്തുരാമൽവരൻ
നിലത്തുകിടക്കയും ഹരിനാമം'

(രാമായണം മഹാഭാരതം)

'പുറത്തകത്തുംപുറത്തും
ബലിശിലകളും, രമ്യമാ
പൊറാവടികയും, രഥാനം
കൊടി മരവും'

(കാലചക്രം വഞ്ചിപ്പാട്ട്)

അകത്തുന്ന-ഇല്ലാതാക്കുന്ന. ദൂരത്താക്കുന്ന.

'മാലകത്തുന്നസഖ്യാത മാലകത്തുന്നതീവി

(രാമാംശമചരിതം മഹാകാവ്യം) [ധം'

അകത്തുട്ട്-ഗൃ. പുരയും വേലിയും കഴിഞ്ഞ് കെട്ടീട്ടുള്ള ഒരു വീട്ട്. ഉ: മലബാറിൽ മകോട്ടാരത്തിനുള്ള ഒരു പഴയ പദ്യപ്രയോഗം.

അകത്തുട്ടുപരിഷ്-നായന്മാരിൽ ഒരിനക്കാർ. ഇവക്ക് 'മുള്ളുകത്തുനായർ' എന്നും 'കൊച്ചുതിരുമ്പി' എന്നും പറയാറുണ്ട്. സാമൂതിരിയുടെ മക്കളിൽനിന്നുണ്ടായിട്ടുള്ളപ്രകാരം വിചാരിച്ചുവരുന്നതുകൊണ്ട് ഇവക്ക് ഈ സ്ഥാനപ്പേരുകിട്ടി.

അകത്തേപ്പുറം-ഉൾവശം.

അകത്തേപ്രവൃത്തി-രാജാക്കന്മാരുടെ തിരുമുമ്പിലുള്ള സേവകവൃത്തി.

അകത്തോട്ട്- ഉള്ളിലേയ്ക്കായിട്ട്. ഇതിന്റെ വ്യുല്പത്തിയെക്കുറിച്ചു പല അഭിപ്രായങ്ങളും കാണുന്നു. 'അകത്തുട്ട്', 'അങ്ങോട്ട്', 'ഇങ്ങോട്ട്' എന്നിങ്ങനെയുള്ള പദങ്ങൾ 'അകത്തോട്ട്' 'അങ്ങോട്ട്' 'ഇങ്ങോട്ട്' എന്നിപ്രകാരം സംസ്കരിച്ച് 'അകത്തോട്ട്' 'അങ്ങോട്ട്' 'ഇങ്ങോട്ട്' എന്നിങ്ങനെയായി എന്ന പക്ഷമാണു നമുക്കുള്ളതു തോന്നുന്നു.

'അങ്ങോടിങ്ങോടുഴന്നും വിപിനമിവിതമു-
ന്നും വിചാരംകലർന്നും'

(നളചരിതം കഥകളി)

'അങ്ങോടിങ്ങോട്ടുമോടിക്കളിച്ചുതുടങ്ങിനാൻ
കിങ്ങിണീശബ്ദിക്കയും സംഗീതംപാടുകയും
(സ്കന്ദപുരാണം)

അകത്തോൻ-ചീട്ടിനകത്തുള്ള വേലക്കാരൻ.

അകത്തോർ-അകത്തമ്മമാർ.

അകത്മനം-ആത്മസ്തുതി (താനതാൻ സ്തുതി) ചെയ്യുന്നു.

അകഥക-വി. കഥപറയാത്ത.

അകഥനം-പറയാതിരിക്കുന്ന സ്ഥിതി.

'സങ്കഥാകഥനമെന്നതുള്ളതു മറ്റുള്ളോട്'

(പഞ്ചതന്ത്രം)

'ഇതനന്തരൻ മമ ഭുജങ്ങളിലേറിന
ധരണിസുതയ്ക്കുമനസ്സുകുളിരുവാൻ
സരസകഥാകഥനത്തിനെന്നിക്കെന്ത
പെരുവഴിമറ്റും കാണാറായി'

(കിർമ്മീരവധം തുള്ളൽ)

അകഥനീയം- കഥനീയം (കഥിക്കത്തക്കതു) അല്ലാത്തതു്, പറയത്തക്കതാത്തതു്, പറയുവാൻ സ്ഥിതിയിലല്ലാത്തതു്, പറയത്തക്കതല്ലാത്തതു്.

ഒരുവഴിയേക്കാമുകനുമുഖമുടനെ
അതുമുഖമതു കിം കഥനീയം'

(പഞ്ചബാണം)

'മമജനകളപനേറുമാശ്രവകാരണമതു
ശ്രമരഹിതമിഹ മമ കിട്ടാനുപായത്തെ
സുമതികഴക്കൂട്ടത്തുപിള്ളതാൻനിരൂപിച്ചു
കിമപികഥനീയമെന്നതുടനെനോതും'

(വീരമാർത്താണ്ഡവർമ്മവിജയം കഥകളി)

അകഥിക-വി. പറയാത്ത.

അകഥിതം-പറയപ്പെട്ടിട്ടില്ലാത്തതു്.

'കഥിതാഖിലമയാ ദേവയുക്തമതങ്ങൾ
കഞ്ജളമാക്ഷിയും വിശ്വസിച്ചീടിനാൾ'

(അദ്ധ്യാത്മരാമായണം സുന്ദര)

അകഥ്യം - മന്ത്രസംബന്ധമായ ഒരു ചക്രം.

അകഥ്യ-വി. പറയാൻ യോഗ്യമില്ലാത്ത, പറയത്തക്കതല്ലാത്ത.

അകദനം-ദുഃഖമില്ലായ്മ.

അകടുക്ക-വി. കടുക്കും (അല്പം കൂടി) ഇല്ലാത്ത

അകടാട-വി. ചീത്തയാക്കാ പറയത്തക്ക.

അകനീയസ്സ്-വി. കനീയസ്സ് (ഏറ്റവും ചെറുതു്) അല്ലാത്ത.

അകനിന്ദ-(ദ്രാവിഡ സംസ്കൃതപദങ്ങൾ സമാസിച്ചുണ്ടായതാകാം ഈ ശബ്ദം). ഉള്ളിലുള്ള കോപം, പുച്ഛം, പരിഹാസം, മനഃക്കോട്ടായി വിചാരിക്കുക, ധിക്കാരം.

'അത്തിപ്പഴത്തോളമകനിന്ദയുണ്ടെങ്കി-
ലല്ലിക്കിലെങ്കിലും വിളങ്ങാ ഗ്രഹപദം'

അകനിഷ്ടൻ-പ. ബുദ്ധോദയത്തമന്റെ ഒരു പേർ. ഉ. ഏറ്റവും ഇളയവനല്ലാത്തവൻ.

അകനിഷ്ഠപൻ-ബുദ്ധമതക്കാരുടെ ഒരു പ്രധാനി.

അകന്യ-കന്യയല്ലാത്തവൾ. (കന്യ=പ്രായപൂർത്തിയായ പെൺകുട്ടി.) വിവാഹം കഴിച്ചിട്ടില്ലാത്ത പെൺകുട്ടിക്കു പൊതുവായി കന്യ എന്നു പറഞ്ഞുവരുന്നു.

അകന്ദളിത-വി. അങ്കുരിച്ചിട്ടില്ലാത്ത, മുളച്ചിട്ടില്ലാത്ത.

അകപടം-ചതിയില്ലായ്മ, വ്യാജമില്ലായ്മ. 'കപടമതിവേഷമയ് കട്ടുകൊണ്ടീടിനാൻ കണ്ണനെന്നു ധരിച്ചു രാമനും തന്നിയും'

(അദ്ധ്യാത്മരാമായണം, സുന്ദര.)

അകപിലം-വി. കരിമ്പിൻനിറമല്ലാത്ത ഒട്ടകത്തിന്റെ കഴുത്തിലുള്ള രോമങ്ങളുടെനിറംപോലെയുള്ള നിറത്തിനു 'കപിലം' എന്നു പേർ.

അകപിശ-വി. കറപ്പോടുകൂടിയ ചെമപ്പുനിറമല്ലാത്ത.

അകപ്പ-ഒരു രോഗം.

അകപ്പം-പുൽക്കാടു്, പുൽത്തരയു്.

അകപ്പക-ഉള്ളിലുള്ള വിരോധം, മനസ്സിലുള്ള നീരസം.

അകപ്പെട്ടവൻ-മസൂരികയുടെ ഉപദ്രവവിശേഷം.

'വൃത്തിരേഖങ്ങളുരുക്കേണ്ടും
കണ്ണുകൊണ്ടും രിപുക്കളുൾ
ദുഷ്ടയായേടംകൊണ്ടിട്ടും
ഇടവഥകം ചെയ്യുമ്പിലും
കൂടിയും മിക്കനേരംകൊണ്ടു-
മുറക്കംകൊണ്ടുമെന്നിവ
പിഴച്ചുവന്നാൽ പട്ടവൻ-
തൻതണ്ടയിൽവന്നിട്ടും
ക്ഷണത്തിൽപിഴച്ചുന്നാൽ
അകപ്പെട്ടവനായ് ചമ്പം
അകപ്പെട്ടവനണ്ടായാൽ
മരിച്ചീടുമസംശയം'

(മസൂരിപടലം)

അകപ്പറങ്കി-വിഷയലമ്പടത്വം കൊണ്ടുണ്ടാകുന്ന ഒരു രോഗം, ഉല്പാദനേന്ദ്രിയരോഗം, രതിസംബന്ധമായ രോഗം. ഇതു സാധാരണ മൂത്രവസ്തിയിലുണ്ടാകുന്നു; അമിതഭോഗമാണ് ഇതിനു മുഖ്യകാരണം. (പറങ്കി=വ്യാധിവിശേഷം.)

അകപ്പാട്ട-കട്ടങ്ങൽ, കരുക്കിലും (കണ്ണിയിലും) മറവും വീഴുക. (പ്രവേശനം എന്നും ലാഭം എന്നുംകൂടി അർത്ഥമുണ്ട്).

അകപ്പെടുന്നു-പ. കരുക്കിൽ വീഴുന്നു, കുടുങ്ങുന്നു. ഉ. പ്രവേശിക്കുന്നു, ലഭിക്കുന്നു. ഡ. ഉൾപ്പെടുന്നു. ഭ. പിടിപെടുന്നു.

ഇങ്ങിടന്നങ്ങുറങ്ങുന്ന കംസകേസ്സന്നിതന്നെയി [പ്പോൾ
ആക്കണത്താനെളുതെയുറുഞ്ചടത്തിലകപ്പെട്ട'

(കംസകേസ്സന്നവധം തുള്ളൽ)

'അരുതരുതു വധൂവധം മഹാത്മൻ
ദുരിതമകപ്പെടുമിപ്രകാരമായാൽ'

(ശ്രീകൃഷ്ണചരിതം മണിപ്രവാളം)

'അകപ്പെടുക' എന്ന ശബ്ദത്തിനു കരുക്കിൽ വീഴുക, കുടുങ്ങുക എന്നുള്ള അർത്ഥമാണു് അധികമായി നടപ്പിലിരിക്കുന്നതു്. പ്രയോഗഭേദത്തിൽ ആക്രമം തോന്നിപ്പോകുന്നതു ആ അർത്ഥംതന്നെ.

അകപ്പെടുത്തുന്നു-കടത്തുന്നു, കരുക്കിൽ വീഴിക്കുന്നു.

അകപ്പൊരുൾ-പ. ഉള്ളിലെ പൊരുൾ, ഉള്ളിലെ ദ്രവ്യം, സൂക്ഷ്മമുള്ള അർത്ഥം. ഉ. ദൈവം. പൊരുൾ എന്നതിനു-അർത്ഥം, പൊരുൾ, ധനം, സാധനം എന്നീ അർത്ഥങ്ങളും കാണുന്നു. എല്ലാറ്റിന്റേയും അകത്തുള്ള സാരദ്രവ്യമായും സൂക്ഷ്മാർത്ഥമായും കിടക്കുന്നതുകൊണ്ടു് അകപ്പൊരുൾ എന്ന പദത്തിനു 'ദൈവം' എന്ന അർത്ഥംതന്നെ ഉത്തമം.

'അക്കാനലാമിവെളിവാരക്കെ ഗ്രഹിക്കരുമ് കണ്ണിനുകണ്ണു മനമാകുന്നകണ്ണതിനു [രു കണ്ണായീരുന്ന പൊരുൾതാനെന്നറയ്ക്കുമു-വാനന്ദമെന്തു ഹരിനാരായണായനമഃ'

(ഹരിനാമകീർത്തനം)

'ഗ്രന്ഥങ്ങൾനാക്കി വായിച്ചുപൊരുൾപറ-ഞ്ഞന്തരംക്രൂടാതെ കാലംകഴിക്കയും'

(ധ്രുവചരിതം തുള്ളൽ).

n. തമിഴിലെ ഒരുഗ്രന്ഥത്തിന്റെ പേർ

അകബ്ബരൻ-അക്ബർ (മുഗൾ) ചക്രവർത്തി (സ്ഥലം-ഡൽഹി.)

'പ്രത്യാഹൃതാഃ പാർത്ഥിവസമ്പദോ നവാഃ പ്രപേദിരേചാകബ്ബരം കുമാരകം'

(ആംഗലസംഗ്രഹ്യം)

അകബ്ബളിത-വി. വിഴുങ്ങപ്പെട്ടതല്ലാത്ത.

അകബ്ബളീകൃത - വി. വിഴുങ്ങപ്പെട്ടതല്ലാത്ത.

അകമടങ്ങുക-മനോമയ്യാമയോടെ അകത്തടങ്ങിയിരിക്കുക, മറവിലിരിക്കുക. (ചില ജാതിയിലുള്ള സ്ത്രീകൾ അകമടങ്ങിയിരിക്കുക പതിവാണ്.)

അകമനം-വി. ക. കാമിക്കുന്ന (ആഗ്രഹിക്കുന്ന) ശീലമല്ലാത്ത. ക. സൌന്ദര്യമില്ലാത്ത. (മലയാളത്തിൽ) അകത്തെമനം, അകത്തുള്ള മനം.

അകമനീയ-വി. മനോഹരമല്ലാത്ത, ആഗ്രഹിക്കേണ്ടതല്ലാത്ത.

'കമലാകാന്തന്റെ കാരുണ്യശീലന്റെ കമനീയാംഗന്റെ കാമസമാനന്റെ'

(പതിനാലുവൃത്തം)

അകമല-മലയാളത്തിൽ - അക + മല മലയിടുക്ക്, മലംപള്ളം, മലയടിവാരം, താഴ്വര.

കൊല്ലവർഷം ആദ്യകാലംമുതൽ മലയാളഭാഷയിൽ നടപ്പുണ്ടായിരുന്ന വാക്കുകളിൽ അനേകം വാക്കുകൾ ഇപ്പോൾ മലയാളത്തിൽ നടപ്പില്ല. 'അകമല' എന്ന ശബ്ദം കൊല്ലവർഷാരംഭത്തിൽ ഉണ്ടായ ഒരു ശിലാശാസനത്തിൽ കാണുന്നുണ്ട്.

'കന്യാഴം കർക്കടകം ഞായർ @-ം തീയതി നമ്മുടെ കല്പിക്കുങ്കര ഇമ്മൂർ ഭഗവതി തിരുമുമ്പെ വടക്കേനടയിൽ ശേഖരിവമ്മ (എന്ന) തെക്കനാഥൻ നാലുക്രൂ വാഴ്ചയും രണ്ടു തയ്യാട്ടിയും രണ്ടു പെൺവഴി അനന്തരവന്മാരും കണ്ടർ നംപൂരിപ്പാട്ടം നാട്ടുകാരും രായരിനല്ലൂർ കമരപുരവും നഗരക്കാരും യോഗക്കാരും കൊച്ചുക്കമന്ദാടിയും രണ്ടു കൊടുകണ്ണാന്മാരും അറിയിക്കണം പാറയുടകീഴ് ഫർ-ചേരിക്കൽ ഫർഫ-കലം നെല്ലു വിതയ്ക്കുവുന്ന.) കൊട്ടപടി (എന്ന) നമ്മുടെ ഈ മൂർഭഗവതി ദേവസ്വം തിലവും ഉടയവും പാറയും തൻകര(കണ്ടത്തുകളുങ്ങളും) ർഫ-ചേരിക്കൽ മലയകം ചെമ്പനമുതൽ കാച്ചുനടവരെയും മലയകം അകമല പുറമല ചിറമല കീഴ്മല വരെയും (ഉള്ള) ഫഫറ കലം (നെല്ലു വിതയ്ക്കുവുന്ന) ഉടയവും കല്ലും കാവേരിയും പുല്ലും ഭൂമിയും ഉള്ള നാംവരെ മന്യംവിട്ടു (കൊടുത്തിരിക്കുന്ന അതുകളിൽനിന്നുമുള്ള) വന്നമാനംകൊണ്ടു പൂജ ഉത്സവം, പാട്ടു, പ്രജകൾ (ഇവയുടെ) ചിലവുകൾ ഏറവരികയും ഇല്ലാതെ (നടത്തിക്കൊള്ളുകയും) വേണം. ഇതുകൂടാതെ ർഫഫ-നെല്ലു വിതയ്ക്കുവുന്ന നിലങ്ങളുടെ പാട്ടംകൊണ്ടു വിശേഷ അളിയന്തരം നടക്കണം (ഇവയ്ക്ക്) ദോഷംചെയ്യുന്നവൻ ശംഗക്കരയിൽ ബ്രഹ്മഹത്തി ചെയ്യുന്ന ദോഷത്തിൽ പോകുംവടക്കനാഥൻ വില്ലാളിനാഥൻ ഈ സാക്ഷികൾ അറിയും' ഇതിൽ വന്നമാനം, ഇല്ലാതെ, മന്യംവിട്ടു എന്ന തമിഴ്വാക്കുകളും കല്ലും കാവേരിയും ശംഗക്കരയിൽ ബ്രഹ്മഹത്തി എന്നിങ്ങനെയുള്ള പഴയ ഉടമ്പടിസംബന്ധമായി പറയുന്ന വാചകങ്ങളും അട

ങ്ങീട്ടുണ്ട്. ഇതിന്റെ തീയതി കൊല്ലം ൬൪ അകന്നു.

(മലയാളഭാഷാചരിത്രം)

(സംസ്കൃതത്തിൽ) അകമല-വി. കമലം (താമര) ഇല്ലാത്തതു.

അകമലർ-മനസ്സ്. മനസ്സു, മലർ (പുഷ്പം) പോലെയിരിക്കുന്നതിനാൽ അകമലർ എന്നു പറയുന്നു. മലരുക = വിടിയുക, വികസിക്കുക. മനസ്സു വികസിക്കുമല്ലോ.

'രവളിവുമൊരു തെളിവുമവനകമലരിലില്ല രവണ്ണയുംപോലും കവൻതളിപ്പവൻ' [ടോ

(രാമന്റെചരിതം കുട്ടൻതുള്ളൽ)

അകമലർ-വി. ആഗ്രഹമില്ലാത്തതു.

അകമലരി-മസൂരിയിൽ ഒരിനം.

അകമിതാവു്-പ്ര. കാമമില്ലാത്തവൻ. ഉ. കമിതാവു് (ഭർത്താവു്) അല്ലാത്തവൻ.

അകമിത്രി-കാമമില്ലാത്തവരും, ആഗ്രഹമില്ലാത്തവരും.

അകമുണ്ടി-കുട്ടികൾക്കു പതിനാറു വയസ്സിനു മുമ്പുണ്ടാകുന്ന അമ്പത്താറുവിധം കരപ്പനിൽ ഒന്നു്. പതിനേഴുനാൾ ഇടയിട്ടു പനിയുണ്ടാകും. അകവും പുറവും അടയുണ്ടാകും. ഭോധക്കേടുണ്ടാകും. വായ്, കണ്ണു്, മലദ്വാരം, മൂത്രദ്വാരങ്ങൾ ഇവയിൽ നിന്നു രക്തം പോലെ പുറപ്പെടും. ഈ ലക്ഷണങ്ങൾ കണ്ടാൽ പത്തുണ്ടു ദിവസത്തിനകം മരിക്കും. അതിനു മുമ്പിൽ ചികിത്സിക്കുക നന്നു്.

അകമേ-പ്ര. മനസ്സിൽ, ഉ. അകത്തു് 'നിന്നഴലുമൂലംകലിവന്നകാമവഴിഞ്ഞവൻ'

(നളചരിതം കഥകളി)

'അഞ്ചിവസം പുനരാശ്രമവാളിപ്പി-
ന്നകമേസുഖമെഴുനാറു കൂടിച്ചു'

(പ്രഭോക്ഷമാഹാത്മ്യം കുട്ടൻതുള്ളൽ)

അകമ്പു-വി. കമ്പു അല്ലാത്തതു്. കമ്പു = മനോഹരം.

'ഫലരേണനാളം സകളഭവനസാരം
മധുരതരമാമ്രകപചകകളം
കചരേണനാളം മമതരണി തമ്പും-
ധരിയെവിടെലീനം പരമശിവശംഭോ'

(രാമായണം ഇരുപത്തിനാലുവൃത്തം)

അകമ്പടി-സേവകവൃത്തി, മെയ്ക്കാവൽ, മറ്റൊരാളുടെ ശരീരം കാക്കുക, കൊട്ടാരത്തിലേയോ പ്രഭുക്കന്മാരുടെയോ പടി (ശമ്പളം).

'എന്നോമലാൾക്കരമനയ്ക്കു വരുന്നതിനു വന്നെത്തുമാളുകളകമ്പടിയേടുമെന്നു'

(മലയാളശാകുന്തളം)

'കലപ്പും പദവിയും പെരുക്കം കല്പനാ-
ശക്തിയുമെങ്ങു കളഞ്ഞു സുയോധന
ഒറവുകടപ്പെരുഡി പച്ചുഞ്ഞരക്കോടി
പുറമകമ്പടിയും കവടിയും നട-
വട്ടത്തിൽനിന്നാലവട്ടങ്ങൾ വീശുന്ന
വട്ടണിക്കൊങ്കമാരിപ്പൊഴങ്ങുള്ളു'

(ദുര്യ്യോധനവധം തുള്ളൽ)

അകമ്പടികാര്യക്കാരൻ - അകമ്പടിക്കാരിൽ പ്രധാനി, സേവകവൃത്തി ചെയ്യുന്നവരിൽ മുഖ്യൻ.

അകമ്പടിക്കാരൻ-സേവകവൃത്തി ചെയ്യുന്നവൻ.

അകമ്പടിജനം-പ്ര. സേവകവൃത്തിചെയ്യുന്നവൻ, അകമ്പടിക്കാരൻ. ഉ. കോഴിക്കോടു മുതലായ സ്ഥലങ്ങളിലും മറ്റും ചില നായന്മാക്കന്മാർ സ്ഥാനപ്പേർ.

അകമ്പടിനടത്തുന്നു- സേവകവൃത്തിനടത്തുന്നു.

'മരിച്ച പടജ്ജനവുമായി
പിടിച്ചുകളിയകമ്പടികം
നടത്തി കടതഴപിടിപ്പി-
ച്ചുലിച്ചുതലിപുറിയിൽ പുക്ക'

(രാമായണം ഇരുപത്തിനാലുവൃത്തം)

അകമ്പൻ-പ്ര. ഒരു രാക്ഷസൻ.

'കംസൻ നികുംഭനകമ്പനെന്നുള്ളതു
വസ്തടമുമ്പാം നിശിചരിവൃന്ദവും'

(കല്യാണസൗഗന്ധികം തുള്ളൽ)

ഇങ്ങനെ ഒരുവനെ കാണുന്നില്ല. നമ്പൂരിപ്രകാരം പറയുകയും ചെയ്യുന്നു.

അകമ്പനൻ ഉണ്ട്. ആ അകമ്പനൻ ആയിരിക്കും ഈ അകമ്പൻ.

ക. നിശ്ചലൻ.

അകമ്പന-വി. ഇളക്കമില്ലാത്ത (കമ്പനം = ഇളക്കം.)

'അന്ധ്രതി നിശമ്യശേകണ്ണനതിവേലം
കമ്പനമിയന്ന ജനതാപി ഹരിരാമ'

(രാമായണം ഇരുപത്തിനാലുവൃത്തം)

അകമ്പനൻ-ഒരു രാക്ഷസൻ. അകമ്പൻ എന്ന പേരായിട്ടു രണ്ടു രാക്ഷസന്മാരെ കാണാം.

'വായുതനയനോടേറവനംനിജ-
കായംവെടിഞ്ഞുകാലാലയംമേവിനാൻ'

എന്നതുകൊണ്ടു ഒരാളെ ഹനുമാൻ കൊന്നതായും,

'കമ്പനാകമ്പനപ്രമുഖേഷു
ബാലിസുതേനപ്രമാപിതേഷു'

എന്നതുകൊണ്ടു മറെറാരാളെ അംഗദൻ കൊന്നതായും വെളിവാകുന്നു

'അണ്ണയാക്കി അകമ്പനൻ മെയ്യല്ലും'

(രാമചരിതം)

അകമ്പിത-വി. കമ്പിത (ഇളക്കപ്പെട്ടതല്ലാത്ത, ഇളകുന്നതല്ലാത്ത, ഇളകിയതല്ലാത്ത).

'സ്ഥിതികിടുകോപിയാംഗന്ധവാഹത്തെന്നൻ
കഠിനമലരിസ്ഥം കമ്പിതാശാമുഖൻ'

(പതിനാലുവൃത്തം)

അകമ്പുറം-ക. വിവേകം. ഉ. അകത്തുള്ളതും പുറത്തുള്ളതും, അകവും പുറവും

'കുട്ടമകമ്പുറമില്ലാതെല്ലാമത-
യുള്ളീനില്ലുനിനക്കെന്തറിയാം'

(രാഘവയാദവ കുട്ടൻതുള്ളൻ)

'എട്ടനാളിനകംപുറം ചില
പട്ടരുമാണ്ട പകൻതാപാം.'

(പതിനാലുവൃത്തം)

അകമ്പുറം അറിയുക-തിരിച്ചറിയുക.

അകമ്പുറം ചെയ്ക-ചതി ചെയ്ക.

അകമ്പുകുക-അകത്തു പ്രവേശിക്കുക.

'വലിയവനമകം പുക്കുമേൽമ
വലിയ ചിലനിനമംകേട്ട'

(രാമായണം ഇരുപത്തിനാലുവൃത്തം)

അകമ്പ്ര-വി. ഇളക്കമില്ലാത്ത

അകര-വി. ക. കരം (കൈ) ഇല്ലാത്ത. ഉ. കരം (രശ്മി) ഇല്ലാത്ത. ന. കരം (നികുതി) ഇല്ലാത്ത. കരമാഴിവയുള്ള. ര. പ്രകാശമില്ലാത്ത, ശോഭയില്ലാത്ത. ള. പ്രവർത്തിക്കാത്ത.

അകരജ-വി ക. കൈയിൽ നിന്നുണ്ടാകാത്ത. ഉ. രശ്മിയിൽ നിന്നുണ്ടാകാത്ത.

അകര-ബ്രഹ്മണൻറെ ഭവനം, അല്ലെങ്കിൽ ഭവനങ്ങൾ. അഗരം എന്നതിനു (സംസ്കൃതത്തിൽ) വീട്, ഗൃഹം, ഭവനം, പട്ടണം എന്നിങ്ങനെ അർത്ഥങ്ങൾ കാണുന്നു. അഗാരം ആയിരിക്കും അകരമായതു്.

അകരണം- ക. പ്രവൃത്തി ചെയ്യാതിരുന്നു, ഉ. നിവൃത്തി (പ്രവൃത്തിക്കു വിപരീതമായ ഗതി.)

അകരണൻ-പരമാത്മാവു്. യാതൊരു കരണവും (ക്രിയയും) ഇല്ലാത്തവൻ.

അകരണി-ക. തോൽവി. കരണം (ക്രിയ) കൂടാതിരിക്കുക. ഉ. തെറവു്, നാശം മുടിവു്. അകരണിശബ്ദം ശാപത്തിലാണു് അധികമായി പ്രയോഗിക്കുക. 'അകരണിരിത്യാമൊള്ളാപേ' എന്ന മരം ആദിശബ്ദം 'അജീവനി' 'അമരനി' ഇത്യാദികളെ കാണിക്കുന്നു. ആ പോപകഥാമകരണ്യാനലജ്ജാസ അജീവന സ്സോദരം ത്വയാ'-എടാ പാപി നീ ഒരു പാപം ചെയ്യാത്തതുകൊണ്ടു എങ്ങനെ മരിക്കുന്നീല. തന്നെക്കൊണ്ടവർ പല പാപങ്ങളുചെയ്ത തങ്ങൾക്കുണ്ടാകുന്ന മോഹത്തിൽ താൽപര്യത്തോടെ ഭൂമിയിൽ അവർ ഒരുപാടു പാപം ചെയ്താതിനാൽ ആ ഇരിപ്പു് അവനു ലജ്ജയെ ഉണ്ടാക്കും, നിനക്കു ലജ്ജയോടെ

ന്നില്ല; നീ അതു പാപിയാണ്, എന്നു തെളിച്ചു. ഇതിൽ നിന്നു അറിഞ്ഞിട്ടില്ല.

അകരണീയം—ചെയ്യരുതാത്തതു്; അകൃത്യം.

അകരുമല്ലി—'സേവനാൽ അകം രാതി' സേവനംകൊണ്ടു ദുഃഖത്തെ ഇല്ലാതാക്കുന്നതു്; മരുമല്ലിക എന്നു താൽപര്യം.

അകരുണൻ—കരുണ (കൃപ) യില്ലാത്തവൻ, മനഃകാഠിന്യമുള്ളവൻ, നിർദ്ദയൻ. 'കരുണാചിത്തനാമാരം ധരണീസുരവര്യന്റെ—ചരണാംഭോരുഹത്തെയ്യാരണംപ്രാപിക്കുന്നേ (സംഭവം) [ൻ'

അകൽക്ക—വി. കലർപ്പുള്ളതല്ലാത്ത.

അകൽക്കര—വി. കട്ടപ്പുമില്ലാത്ത.

അകൽക്കശ—വി. കട്ടപ്പം ഇല്ലാത്ത, മൃദുവായ. (കൽക്കശം = കട്ടപ്പം.)

'കൽക്കശമാനസ നിൻതല നമ്മുടെ
ചക്രംകൊണ്ടു മുറിച്ചേവിടുഞാൻ'

(കൃഷ്ണാർജ്ജുനവിജയം തുള്ളൽ)

അകൺണ്ണ—വി. ചെവിയില്ലാത്ത, ചെവികേൾക്കാത്ത.

അകൺണ്ണം—പാമ്പു്. കണ്ണുണ്ടായിട്ടില്ലാത്തതു്. സർപ്പം കണ്ണുകൊണ്ടുതന്നെയാണു് കേൾക്കുന്നതും. "ചക്ഷുശ്രവസ്സു്" = സർപ്പം.

അകൺണ്ണ്യ—വി. ചെവിക്കുയോഗ്യമല്ലാത്ത.

അകത്തന—വി. ഉയരമില്ലാത്ത, പൊക്കമില്ലാത്ത.

അകത്തവ്യ—വി ചെയ്യാൻ പാടില്ലാത്ത, ചെയ്യരുതാത്തതെന്നുമല്ലാത്ത, കരണത്തിനു (പ്രവൃത്തിക്കു) യോഗ്യതയില്ലാത്ത.

അകത്തൃ—വി. പ്രവൃത്തിയില്ലാത്ത. (അകർത്താ, അകർത്രി, അകർത്തു).

അകത്തൃത്വ—അധികാരമില്ലായ്മ.

അകട്ടിമം—ഗു. അഴുക്കില്ലാത്തതു്, ചളിയില്ലാത്തതു്. ഉ. മാംസമല്ലാത്തതു്. ന. പാപമല്ലാത്തതു്.

അകർമ്മുര—വി. പല നിറമല്ലാത്ത

അകമ്മ—ന. കർമ്മം (പ്രവൃത്തി) ഇല്ലായ്മ. ഉ. അകൃത്യം, കുറ്റം. ന. (വ്യാകരണത്തിൽ) കർത്താവു് ക്രിയയുടെ ഫലത്തെ ഏതിൽ ചേർക്കുന്നതിനെ ഉദ്ദേശിക്കുന്നുവോ ആ കാരകത്തിനു കർമ്മം എന്നു പേർ. അങ്ങിനെയുള്ള കർമ്മം ഇല്ലായ്മ. ര. കർമ്മം (ഉദ്ദേശ്യം) ഇല്ലായ്മ.

അകമ്മക—വി. കർമ്മം (പ്രവൃത്തി) ഒന്നുമില്ലാത്ത, കർമ്മമൊന്നും ചെയ്യാത്ത.

അകമ്മകരൻ—അകൃത്യം ചെയ്യുന്നവൻ. (കർമ്മകരൻ = കൂലിക്കാരൻ, കൃഷിക്കാരൻ, തൊഴുവൻ = അങ്ങനെ അല്ലാത്തവൻ അകർമ്മകരൻ).

അകമ്മകൃത്തു്—അകൃത്യം ചെയ്യുന്നവൻ.

അകമ്മ(ക)ക്രിയ—(വ്യാകരണത്തിൽ) ഇന്ന രൂപപ്രകാരം ഇരിക്കുന്ന എന്നുള്ള സ്ഥിതിയെക്കുറിക്കുന്നതു്, കർമ്മത്തോടുകൂടാത്തതു്. ഉ—, ഉറങ്ങുക, നടക്കുക മുതലായവ.

അകമ്മഠ—വി. വേലയിൽ മിടുക്കില്ലാത്ത, ജോലിയിൽ താൽപര്യമില്ലാത്ത.

അകമ്മണ്യ—വി. ജോലിയിൽ താല്പര്യമില്ലാത്ത, ഉത്സാഹമില്ലാത്ത.

അകമ്മണ്യത—ഉത്സാഹമില്ലായ്മ, മിടുക്കില്ലായ്മ, സാമർത്ഥ്യമില്ലായ്മ.

അകമ്മശീല—വി. കർമ്മം (പ്രവൃത്തികൾ) ചെയ്യുന്ന ശീലമില്ലാത്ത.

അകമ്മശൂര—വി. വേലചെയ്യുൽ സാമർത്ഥ്യമില്ലാത്ത, ജോലിയിൽ ഉത്സാഹമില്ലാത്ത.

അകമ്മക്ഷമ—വി. ജോലിചെയ്യുന്നതിനു ശക്തിയില്ലാത്ത, പ്രവൃത്തിക്കു ശക്തിയില്ലാത്ത.

അകമ്മാർഹ—വി. പ്രവൃത്തിക്കു യോഗ്യമല്ലാത്ത, കർമ്മത്തിനു യോഗ്യമല്ലാത്ത.

അകൾന—വി. മെലിപ്പില്ലാത്ത, ഉണ്ണിയപ്പെട്ടതല്ലാത്ത.

അകൾഗിത—വി. മെലിഞ്ഞതല്ലാത്ത.

അകൃഷ്ക—വി. കൃഷിചെയ്യുന്നതല്ലാത്ത

അകഷ്ടിത-വി. ക്രി. ഉരക്കപ്പെടാത്ത. ഉ. ഉഴപ്പെട്ടതല്ലാത്ത. നു. വലിക്കപ്പെട്ടതല്ലാത്ത.

അകൽ(ല്)-മണ്ണരകൊണ്ടുള്ള ഒരുവിധം ഉരുണ്ട വിളക്ക്-(ദേശ്യപദം)

അകല-വി കലകം (അംശങ്ങൾ)ഇല്ലാത്ത. ലകാര ഉകാരങ്ങൾക്ക് സംസ്കൃതത്തിൽ രേഫമില്ല. 'ലമുയോരഭേദഃ' എന്നുണ്ടല്ലോ. ഈശ്വരനെ അകളൻ, നിഷ്കളൻ, സകളൻ എന്നിങ്ങനെ പറയുന്നു. അകലൻ (അകളൻ), നിഷ്കലൻ (നിഷ്കളൻ)=കലകം (അംശങ്ങൾ) ഇല്ലാത്തവൻ. സകലൻ (സകളൻ)=അംശങ്ങൾ ഉള്ളവൻ. ഈശ്വരനെ സകളനായും സങ്കല്പിക്കാറുണ്ട്.

'സകളനപിചനിഷ്കളൻ ഹരേ നീ'

(ശ്രീകൃഷ്ണചരിതം)

അകലം-ക്രി. ദൂരം. ഉ. വീതി. അകന്നിരിക്കുന്നത്-അകലം. ഇതു സംസ്കൃതപദമല്ല.

'ഒരു നൂറു യോജനയു-
ണ്ടകലംലങ്കയിൽ ചെല്ലുവാൻ'

(ലങ്കാമർദ്ദനം ഓട്ടൻതുള്ളൽ)

'അകിലുമരംകൊണ്ടഖിലം തീർത്തു
അകലം നീളവുമളവില്ലേതും'

(സ്യമന്തകം ഓട്ടൻതുള്ളൽ)

അകലവേ-ദൂരത്ത്. 'അകല' എന്ന കവ്ൽക്രിയാരൂപത്തോട് 'ഏ' എന്ന നിപാതം ചേർന്നുണ്ടായ രൂപം.

'ഉടൻക്രമാൽശാപമുപാംസ്മൃതിമറയുകയാൽ
വല്ലഭൻ നിന്നെയന്നാൾ
ഒടുക്കത്തോന്നിയില്ലിന്നുപിന്നെക്കലുഷമകലവേ
സാദരം സ്വീകരിച്ചു'

(മലയാളശാകുന്തളം)

അകലഹാ-ശണ്ഠയില്ലായ്മ. (കലഹം=ശണ്ഠ).

'കമലമുഖിചാരു ഹരിണമിത വാവാ
കലഹമിഹാപോരം പരമശിവശംഭോ'

(രാമായണം ഇരുപത്തിനാലുവൃത്തം)

അകലിക്ക-അകലത്താക്കുക, ദൂരത്താക്കുക. അകലുക എന്ന കേവലക്രിയയുടെ പ്രയോജകക്രിയ(ംരംപ്രായംശം ദുല്ലിംഗം).

അകലിത-വി. ക്രി. എണ്ണപ്പെട്ടതല്ലാത്ത. ഉ. സമ്പാദിക്കപ്പെട്ടതല്ലാത്ത. നു. കെട്ടപ്പെട്ടതല്ലാത്ത. ൽ. അറിയപ്പെട്ടതല്ലാത്ത.

'കവിതരചിഗഗനമിവി കാരണമെന്തെടോ
കാരണ്യവാരന്നിധേ കപികുഞ്ജര'

(അദ്ധ്യാത്മരാമായണം സുന്ദര)

അകലിലം-പ്രവേശിക്കപ്പെട്ടവൻ പ്രയാസമില്ലാത്ത.

അകലുക-ക്രി. ദൂരത്താക, ഉ. ഇല്ലാതാക. 'അകൽ' എന്ന ധാതുവിനോട് 'ഉക' ചേർന്ന് 'അകലുക' എന്നായി. അകലുക എന്ന കേവലക്രിയയുടെ പ്രയോജകരൂപം 'അകറ്റുക' എന്നാണ്, 'അകലിക്ക' എന്നുമുണ്ട്. പക്ഷേ ആ ശബ്ദം പ്രയോഗിക്കുക പതുക്കെ. അകലുന്ന എന്നതിന്റെ ഭൂതകാലം=അകന്ന.

'ശാപമകന്നവളുമുടൻ ചാരുസ്മിതമധുരമുഖി'

(രാമായണം ഇരുപത്തിനാലുവൃത്തം)

അകലുഷ-ക്രി. പാപമില്ലാത്ത. ഉ. കലങ്ങിയ സ്ഥിതിയില്ലാത്ത, കലങ്ങൽ(കലക്കൽ) ഇല്ലാത്ത. [കളങ്ക

'കലുഷതകളം കളവിനിഹരംക്ഷമസ്ത്രീ
കണങ്കൊള്ളുമിതു സത്യമത്രേ ദൃഢം,'
'കലുഷമനവധിധടിതിചെയ്തിതെന്നാകി
കാരണ്യമീവണ്ണമില്ല മറക്കുമേ' [ലും

(രാമായണം, സുന്ദരകാണ്ഡം)

അകലുഷിത-കലങ്ങിയതല്ലാത്ത, കലക്കപ്പെട്ടതല്ലാത്ത.

'പോകുന്നേരത്തിതുനാമംശകന്തളപിരി-
ഞ്ഞന്നോരുത്തുത്തുസുകം
തുകഞ്ഞതു ഗളോദരം കലുഷിതം
ഭവം ഭയം ചിന്തയാൽ'

(മലയാളശാകുന്തളം)

അകലേ-ദൂരത്ത്. അകല എന്നതിനോട് 'ഏ' ചേർന്ന് 'ല' എന്നതിലെ അകാരം

ലോപിച്ചു സന്ധിയിൽ 'അകലേ' എന്നായതാണ്.

'കേകീവാത്താ പ്രിയവിരഹിതാ
കോമളംഗീ തരാനീ-
മേകീളതാ സഖികളുകലെ-
ച്ചെന്നുറങ്ങുന്നനേരം'
(മയൂരസന്ദേശം)

'ഏതരങ്കിലും ഒരുമിച്ചു വന്നവരെ ചെന്നകണ്ട് ആത്മമത്തിൽനിന്നും അധികം അകലെയല്ലാതെ ഒരെടത്തു നിവർത്തം'
(അഭിജ്ഞാനശാകുന്തളം)

അകല്ല്യ-വി. ക. കലക്കം (അത്തലടി) ഇല്ലാത്ത. ഖ. എണ്ണ വെളിച്ചെണ്ണ മുതലായതിന്റെ മട്ട (ഊറൽ) ഇല്ലാത്ത. ന. പാപം ഇല്ലാത്ത. ര. മരുന്നാരച്ചും മറ്റുമുണ്ടാകുന്ന കല്ക്കം എന്ന (വസ്തു) ഇല്ലാത്ത (അല്ലാത്ത.) ങ. തെളിവുള്ള.

അകല്ല്യ-നിലാവ്. നിർമ്മലമായ (കളങ്കമില്ലാത്തത്)കൊണ്ട് ഈ പേരുണ്ടായി.

അകല്ല്യത-ആജ്ജവം, സത്യം, നിർമ്മലത.

അകല്ല്യന-വി. വിനയമുള്ള, മനസ്സിൽ ഗർവ്വമായ ദോഷം ഇല്ലാത്ത, പാപമില്ലാത്ത.

'അകല്ല്യനോ നിരാരംഭൻ'
(ഭഗവദ്ഗീത)

അകൽക, അകലുക-ദൂരത്താക. 'അകൽക' എന്ന രൂപം തമിഴിൽ ധാരാളമുണ്ട്. മലയാളത്തിൽ അപൂർവം. 'പഠഞ്ഞുകൊടുക്കുക' 'ചെയ്യുകൊടുക്കുക' എന്നിങ്ങനെ കാണാറുമുണ്ട്. 'അകൽക' എന്നു പ്രയോഗിക്കാതെയിരിക്കുന്നു.

അകല്ച-അകന്നിരിക്കുന്ന സ്ഥിതി, വിടീച്ച്, വേർപാട്, ദൂരത്താക 'അകൽ' എന്നതിനോടു 'ച' എന്ന പ്രത്യയം ചേർന്നതായത്.

(കേരളപാണിനീയം സൂത്രം ൫൫൯)

'അകല്ച ചാണക്യനമമെഴുത്തിനോടൊ'
(ചാണക്യസൂത്രം) [രികയുന്നു'

'ശകടം പഞ്ചഹായസ്തൈ
ർരഥമേകേന വാജിനം
ഹസ്തിനം ഹസ്തസഹസ്രേണ
ദുർജ്ജനം ദൂരതസ്ത്യജേൽ'

എന്നതനുസരിച്ചു ചാട്ടിന് അഞ്ചും, കുതിരയ്ക്കു പത്തും, ആനയ്ക്ക് ആയിരവും, ദുർജ്ജനത്തിന് അനവധിയും കോൽ അകന്നു നില്ക്കണം.

അകല്ച്ചകം താഴെ വിവരിക്കുന്ന വണ്ണം നാലുവിധമുണ്ടെന്നും കാണുന്നു.

ക. ആനയ്ക്ക് ആയിരംകോൽ ഖ. കുതിരയ്ക്കു നൂറുകോൽ. ന. മാറു കൊമുള്ളവയ്ക്കു പത്തുകോൽ. ര. ദുഷ്ടക്ക് അളവറ കോൽ.

അകല്പ-വി. ക. സാദൃശ്യം, തുല്യത ഇല്ലാത്ത. ഖ. ബലക്കുറവുള്ള. ന. തടുക്കരുതാത്ത.

അകല്പിത-വി. ക. കല്പിക്കപ്പെട്ടതല്ലാത്ത, ഉണ്ടാക്കപ്പെട്ടതല്ലാത്ത. ഖ. ഉപദേശിക്കപ്പെട്ടതല്ലാത്ത. ന. നിശ്ചയിക്കപ്പെട്ടതല്ലാത്ത. ര. വിചാരിക്കപ്പെട്ടതല്ലാത്ത.

'കമ്പിൽകല്പിതമല്ലചസ്യ ച തരോ-
മ്മൂലേ ചികിഷ്യാമ്യഹം'
(അഭിജ്ഞാനശാകുന്തളം)

ഇവിടെ കല്പിതശബ്ദത്തിനു 'തുക്കപ്പെട്ട' എന്നർത്ഥം.

അകല്മഷ-വി. കല്മഷം (പാപം) ഇല്ലാത്ത; മലശ്ശുദ്ധിയില്ലാത്ത, അഴുക്കില്ലാത്ത.

'കാലകല്മഷഹീനനായ മകനെ-
പ്പാറക്കണ പ്രാഹിച്ചാൽ
ബാലേ നീമമ വിപ്രയോഗകൃതമാ,
മാലേമുമാലാചിയാ'
(അഭിജ്ഞാനശാകുന്തളം)

അകല്മാഷൻ-ര-ാമതായ മനുവിന്റെ മകൻ.

അകല്യ-വി. ക. കലാവിദ്യകളിൽ ഒന്നുപോലും അറിയാത്ത. ഖ. രോഗമുള്ള.

ന. വിദ്യാവൃദ്ധൻപത്തിയില്ലാത്ത. ഭ. നിർവ്യാജമായ. ഇ. സന്തോഷത്തെ നൽകുന്ന സ്ഥിതിയല്ലാത്ത. ന. ശുഭമല്ലാത്ത. ഒ. ഉത്തമയല്ലാത്ത. വ. തയാറല്ലാത്ത. (കല്യ=കുശലിനി, ശുഭവതി).

'കല്യം ദൈവാൽ കഥമപിസമൻ=
മൂലിതസ്വന്തശല്യം'

'കല്യൻ ഗുണപ്രവരനൊരുവൻ
കാന്തധൈരേയനാരാൽ'
(മയൂരസന്ദേശം)

'ഉൽക്ഷിപ്തൽ തത്തടേരെപ്പരം വിറപ്പിച്ചക്കല്യൻ നൃപനടെ മട്ടിലംഗമിച്ചു'
(രുഗ്മാംഗദചരിതം മഹാകാവ്യം)

അകല്യാണ-വി. കല്യാണം (ശുഭം) ഇല്ലാത്ത. കല്യാണം എന്ന പദത്തിന്റെ ദോഷയിൽ 'വിവാഹം' എന്ന് അർത്ഥം നടപ്പായിരിക്കുന്നു. സംസ്കൃതത്തിൽ ഈ ശബ്ദത്തിന്റെ 'വിവാഹം' എന്നർത്ഥമില്ല

'ശ്രേയസം ശിവം ഭദ്രം
കല്യാണം മംഗളം ശുഭം
ഭാവുകം ഭവ്യം ഭവ്യം
കുശലം ക്ഷേമമസ്ത്രിയാം
ശസ്തം ചാഥ ത്രിഷു ദ്വയ്യേ
പരപുണ്യസുഖാദി ച'

എന്ന് അമരം ഉള്ളതുകൊണ്ടു സംശയമാകുന്നു. കല്യാണം രോഗമില്ലായ്മയെ പ്രാപിപ്പിക്കുന്നത് എന്ന വ്യുൽപത്തി. 'കല്യാണം' എന്നതിന്റെ വിവാഹസംബന്ധമായ അർത്ഥം ഇല്ല. ശുഭോത്സവമായതുകൊണ്ടു വിവാഹത്തിന്റെ 'കല്യാണം' എന്ന ദോഷയിൽ അർത്ഥം വന്നുകൂടിയതായിരിക്കണം. ഇതു ധാരാളം നടപ്പിൽ വന്നുപോയതുകൊണ്ടു സാധുതരുന്നു. 'സുന്ദരീകല്യാണം' 'ഉഷാകല്യാണം' 'ലക്ഷ്മീകല്യാണം' മുതലായവ നോക്കുക. 'കല്യാണം' ശുഭമെന്നതിന്റെ ഉ-ം,

'കല്യാണാംഗീക്രതികഠിനമേ-
ലല്യാലയം പിണഞ്ഞു'
(മയൂരസന്ദേശം)

'കല്യാണശീല നൃപമൌലിപാത്രം[ത്രം' ലഭിച്ചോരുദന്തം,കേട്ടവാഴ്ത്തുപലതുംവേ
(കിമ്മീരവധം കഥകളി)

വിവാഹം എന്നതിന്റെ ഉ-ം,

'മുല്പാട്ട ദൈവജ്ഞവരം വരുത്തി-
ക്കല്പിച്ചു കല്യാണദിനം തദാനീം'
(ഭാഷാരാമായണം ആരണ്യം)

ഈ 'കല്യാണദിനത്തിന്റെ' ശുഭദിവസമെന്നും അർത്ഥം വരാമെന്നുള്ളതിനാൽ ഒരുദാഹരണംകൂടി ചേർക്കുന്നു:—

'കല്യാണക്കോപ്പിവണ്ണംകനിവൊടുവി-
ഭക്ഷമാപാലരത്നം'

'കല്യത്തമാതീർത്തു പൃഥീതിലകപരിവൃഢ-
പ്രൌഢിമാനേതുമാരാൽ'
(ഭാഷാരാമായണം ആരണ്യം)

അകല്യാണി-കല്യാണി അല്ലാത്തവൾ, നന്മയില്ലാത്തവൾ.

അകല്ലോല-വി. വിരോധമില്ലാത്ത, ശത്രുതയില്ലാത്ത.

അകവ-വി. വഞ്ചിക്കാത്തതല്ലാത്ത.

'അകവാമഹോദിദേ' (വേദം)

അകവലിവ്-ഉൾവലിവ്, അകത്തേക്കുള്ള വലിവ്. ആഠിനേഠം മഠം അരികിൽ ചിലേടത്തു മേലോട്ടുള്ള ഒഴുക്ക്, അടിയിൽക്കൂടിയുള്ള വലിവ്.

അകവശം-ഉൾഭാഗം, അന്തർഭാഗം.

അകവാരം-മുലയുടെ ഉപരിഭാഗവിശേഷം

അകവാപ്പ്-ഖാദനാർത്ഥം പതിനാറവയസ്സിനകത്തു ഉണ്ടാകുന്ന അന്ധത്വവിധം കരപ്പനിൽ ഒന്ന്. പനി, ഇക്കിൾ, സന്ധിവാതം ഇവയുണ്ടാകും. അകാന്ധ്യത്തിന്റെ മുമ്പ്, കണ്മിഴി മേലെപ്പോകുന്നതിൽ മറ്റും, ദാഹം വർദ്ധിക്കും, വിളറിക്കായും, അപ്പഴപ്പുറം തെളിയുകയും ചെയ്യും ഇത്യാദിയത്രേ ലക്ഷണങ്ങൾ.

അകവി-വി. ബുദ്ധിയില്ലാത്ത, ജ്ഞാനമില്ലാത്ത.

അകവില-നിരക്കാവില. അകത്തുള്ള (കമ്പോളത്തിൽ) നടപ്പുള്ള വില.

അകരോഷ്ണ-വി. കരോഷ്ണം (അല്പമായ ചൂട്) അല്ലാത്ത.

അകശ്മല-വി. അഴുക്കില്ലാത്ത, മുഷിഞ്ഞതല്ലാത്ത, ലജ്ജാകരമായ ഉണ്ടാക്കുന്നതല്ലാത്ത

'ഒരവസ്ഥതിരിയാത്തകശ്മലന്മാരിവരല്ലൊ'

(നാരായണീചരിതം തുള്ളൽ)

അകശ്മീല-ഉശിശില, അകത്തേശീല, ഉശിത്തുണി.

അകഷായ-വി. ക. ചവർപ്പുരസമല്ലാത്ത. ഉ. ചെമപ്പുനിറമല്ലാത്ത.

അകസ്മാൽ-അകാരണമായി, കാരണം കൂടാതെ, പെട്ടെന്ന്. ഇതു സംസ്കൃതത്തിലെ 'അകസ്മാത്' എന്ന ശബ്ദമാണ് ബലാത് =ബലാൽ ഇത്യാദി നോക്കുക.

'കല്യാണംഗീ കതിപയപദാ-
ന്യേവ പോയിട്ടകസ്മാൽ'

(അഭിജ്ഞാനശാകുന്തളം)

അകളങ്ക-വി. കളങ്കം (കറ) ഇല്ലാത്ത, കറവില്ലാത്ത, മാലിന്യമില്ലാത്ത.

'ശുഷ്കപത്രനടവേ വിലസീടും
നിഷ്കളങ്കതളിരെന്നതുപോലെ'

(അഭിജ്ഞാനശാകുന്തളം)

അകളങ്കിത-വി. കളങ്കിതമല്ലാത്ത. (കളങ്കിതം=കളങ്കമുള്ളത്).

'തികഴുമതന്നുടെ കളങ്കിതകമുടൽ
ശങ്കരന്റെ ശരീരമണ്ഡലം'

(മോക്ഷോപക്ഷണം)

അകറുക-ദൂരത്താക്കുക. അകലുക എന്ന കേവലക്രിയയുടെ പ്രയോജകക്രിയ; 'അകലിക്ക' എന്നപ്രയോഗം വളരെ പ്രസിദ്ധം

'സന്താപസന്താരധൂമമാഴിയകറീട്ടീഷ്ടങ്ങളെല്ലാം
സന്താനന്തനടിമലർപണിഞ്ഞീടുവോരെക്കിട്ടുന്നു'

(മയൂരസന്ദേശം)

'സന്താപമകന്നമകറവാനം
ചെന്താർശരൻതാനതുഹേതുവായി'

(മലയാളശാകുന്തളം)

'പങ്കജാസനനെഞ്ഞിച്ചുവരേ-
ണ്ടതൊക്കെവരിക്കണം
പങ്കമാശുകളഞ്ഞുനമ്മുടെ
സങ്കടങ്ങളകറണം.

(ത്രിപുരദഹനം തുള്ളൽ)

രണ്ടുവസ്തുക്കളും തന്നിച്ചു തൊട്ടിരിക്കയോ വളരെ അടുത്തിരിക്കുകയോ ചെയ്താൽ അവയെ വേർപെടുത്തി ഇടയുണ്ടാക്കുന്നതിനും 'അകറുക' എന്നു പറയാറുണ്ട്.

അകാ-വീട്ടിനകം.

അകാകങ്കക-വി. ക. ഭീതിയില്ലാത്ത, ഉ. നഗ്നമല്ലാത്ത.

അകാഛിത-ഉറിയിൽതൂക്കപ്പെട്ടതല്ലാത്ത.

അകാണ്ഡ-വി. പെട്ടെന്നുണ്ടായ, കാണ്ഡം (തടിയായ ഭാഗം) ഇല്ലാത്ത.

അകാണ്ഡജാത-വി. പെട്ടെന്നുണ്ടായ.

അകാണ്ഡപാതം-യാദൃച്ഛികമായ സംഭവം. അകാണ്ഡമായി (പെട്ടെന്നെന്നെ) പതിച്ചത് (ഉണ്ടായത്).

അകാണ്ഡപാതജാത-വി. ജനിച്ചുടൻ മരിക്കുന്ന.

അകാണ്ഡീന-വി. അസ്തമിച്ചില്ലാത്ത, അസ്തമെടുക്കാത്ത.

അകാണ്ഡ- (അവ്യയം) പെട്ടെന്ന്, അകാരണമായി.

'ഭഗ്നകാരണചരണക്ഷതഭുജകാണ്ഡ'

(സംസ്കൃതശാകുന്തളം)

അകാതര-വി. ഭയമില്ലാത്ത, പേടിയില്ലാത്ത. ഉ. പരവശതയില്ലാത്ത. കാതര=ഭയശീല.

'കലഹമവനൊടുത്തടിതിരുതെന്നുമുകാതരയായ്ത്തനിനീയയന്നിശ്ചയം' [യും

(അദ്ധ്യാത്മരാമായണം)

അകാതര്യം-കാതര്യം, ഭീരുത്വം ഇല്ലായ്മ.

അകാന്ത-വി. ഭംഗിയില്ലാത്ത, രസഭാവമില്ലാത്ത, മനോഹരമല്ലാത്ത.

അകാന്തിശീല-ഭയപ്പെടുന്നസ്വഭാവമുള്ള.

അകാപടിക-വി. ക. ഉള്ളിലമില്ലാത്ത. ഉ. വ്യാജമില്ലാത്ത.

അകാപാലിക– വി. തലയോടിനോട സംബന്ധിച്ചതല്ലാത്ത.

അകാമ–വി. പ. കാമം (ആഗ്രഹം) ഇല്ലാത്ത, സ്നേഹം ഇല്ലാത്ത. ക. അനുരാഗം ഇല്ലാത്ത, മനഃപൂവ്മില്ലാത്ത.

'അകാമനാണെങ്കിലുമങ്ങിവണ്ണമി–
ന്നകാരണംകേറിവരില്ലനിശ്ചയം'

(രഘുവംശമഹാകാവ്യം)

അകാമത–(തസിലന്തമവ്യയം) മനഃപൂവ്മില്ലാതെ, മനസ്സില്ലാതെ, ഇഷ്ടമില്ലാതെ, ഫലോദ്ദേശംകൂടാതെ. [മതഃ'

'ഇതരേതരതവന്തസ്വപാപാന്യോന്യകാ

(മനുസ്മൃതി)

അകാമത–അനുരാഗം ഇല്ലായ്മ, സ്നേഹമില്ലായ്മ.

അകാമദ–വി. ഇഷ്ടമുള്ളതിനെ കൊടുക്കുന്നതല്ലാത്ത.

അകാമഹത–വി. അനുരാഗം നശിച്ച, ശാന്തമായ.

അകാമി–കാമി അല്ലാത്തവൻ, ആഗ്രഹമുള്ളവനല്ലാത്തവൻ.

'കണക്കാമീ നിമ്നകമനിയം
നീലവേണീം നിനച്ചി–
ട്ടിണങ്ങിക്കാറം വശഗനവിടെ–
ത്തന്നെ മിണ്ടാതെനിന്നാൻ'

(മയൂരസന്ദേശം)

കാമീ ഭൂമീവലരിവ്വിചരദുപവനേ
ന്സ്സഹായോ ന്ഗൂഢഃ'

(ഭോജരാജനെക്ഷധചയു

അകാര്യ–വി. കാര്യം (ആഗ്രഹിക്കത്തക്കതു) അല്ലാത്ത.

അകായ–വി. കായം (ശരീരം) ഇല്ലാത്ത.

അകായൻ–പ. ശരീരമില്ലാത്തവൻ. ക. പരബ്രഹ്മം. ന. രുദ്രൻ. പാലഭിഷേകത്തിൽ രുദ്രന്റെ അംഗമംഗാമവന്നിട്ടുള്ള. ശരീരം മുഴുവനും പോയ്പോകയെന്നല്ല 'അകായൻ' എന്ന പേരുണ്ടായതു. രണ്ടു കയും തലയും ഇല്ലാതായിട്ടുണ്ട്. രുദ്രവേഷം മാറി അനുരാഗം കളഞ്ഞു ദേവന്മാരുടെ ഇടയിൽ ഇരുന്നു കാട്ടുകൂടിച്ചുപ്പോൾ സൂര്യചന്ദ്രന്മാർനിന്നും കിട്ടിയ അറിവുകൊണ്ടു വിഷ്ണുരുദ്രവിനെ മേൽപ്രകാരം ശിക്ഷിക്കയുണ്ടായി.

അകായിൽ–ഭവനത്തിനകത്തു, വീട്ടിനകത്തു. 'അകവായിൽ' എന്ന ശൈവിഡപദമാണ് 'അകായിൽ' എന്നായതു. അകവായിൽ = അകത്തു. ഇൽ എന്ന പ്രത്യയത്തിനു (ഭവനം) ഇല്ലം എന്നാണു പണ്ടേയുള്ള അർത്ഥം.

അകായിലുള്ളവർ– ബ്രാഹ്മണസ്ത്രീകൾക്കു പ്രത്യേകിച്ചു പറയുന്ന ഒരു പേർ. (സംസ്കൃതത്തിൽ) ഗൃഹിണി. തമിഴിൽ ഇല്ലാളം, മനൈവി.

അകായിക–വി. ശരീരസംബന്ധമല്ലാത്ത.

അകാര–വി. പ്രവർത്തിക്കാത്ത.

അകാരണ–വി. കാരണമില്ലാത്ത, അപേക്ഷിക്കാത്ത സംഭവിച്ച.

അകാരണം–കാരണമില്ലാതെയുണ്ടായതു, കാരണമില്ലാതെയുള്ളതു.

'കരവകമണവും കലൻ വാതം
കരളിതകാരണമായുമാത്തിയേകം'

(മാളവികാഗ്നിമിത്രം)

അകാരം–'അ' എന്ന സ്വരം. 'കാരമായിവയസ്സും കറിയ്യും' (കേരളപാണിനീയം സൂത്രം ക.ര.)

അകാരാദി–വിജയങ്ങളെ ഏറ്റപ്പോൾ തോക്കി ഗ്രഹിപ്പാനായ്. അ. ആ. ഇ. ഈ. എന്ന ശബ്ദക്രമത്തിൽ അടുക്കി ചേർത്തിരിക്കുന്നു.

അകാരിതം–അപ്രേരണക്രിയ. (വ്യാകരണത്തിൽ) പ്രയോജകപ്രകൃതിയുടെ രൂപമുള്ള ചില കേവലധാതുക്കളെ (സേവിക്ക, ഭജിക്ക, കാരിതം (പ്രേരണക്രിയ) എന്നും പ്രയോജകപ്രകൃതിയുടെ രൂപമില്ലാത്ത ധാതുക്കളെ (ഉറങ്ങുക, നടക്കുക) അകാരിതം (അപ്രേരണക്രിയ) എന്നും പറയുന്നു.

അകാരുണിക– വി. കരുണയില്ലാത്ത, കൃപയില്ലാത്ത, ദയയില്ലാത്ത.

അകാരുണ്യ-വി. കാരുണ്യം (കൃപ=ദയ) ഇല്ലാത്ത.

അകാർണ്ണവേഷ്ടകിക-വി. കണ്ണുങ്ങളിൽ അണിയാൻ കൊള്ളാത്ത.

അകാർപ്പണ്യം-പ. കാർപ്പണ്യം (കൃപണഭാവം) ഇല്ലായ്മ, ദരിദ്രതയില്ലായ്മ. ൨. കൃപയില്ലായ്മ. ൩. ദുരാഗ്രഹമില്ലായ്മ, ലോഭമില്ലായ്മ. ൪. മഹാമനസ്കതയില്ലായ്മ.

അകാമ്മി-വി. പ്രവർത്തിക്കശീലമല്ലാത്ത.

അകാമ്മിനം-വശീകരപ്രവൃത്തിയില്ലായ്മ സ്വാധീനമാകുന്നതിനുള്ള പ്രയോഗമില്ലായ്മ.

അകാമ്മുക-വി. മോഹിച്ചയ്യുന്നതിൽ മിടുക്കോ യോഗ്യതയോ ഇല്ലാത്ത. പു-അകാമ്മുകൻ. സ്ത്രീ അകാമ്മുകി. നപു-അകാമ്മുകം.

അകായ്യ-വി. ചെയ്യേണ്ടതല്ലാത്ത [ച്യുൽ 'കായ്യമില്ലാത്ത വസ്തു ചിന്തിച്ചു പ്രവർത്തികാരണംകൂടാതുള്ളോരനർത്ഥം ഭവിച്ചീടും' (പഞ്ചതന്ത്രം)

അകായ്യ-കായ്യമല്ലാത്ത പ്രവൃത്തി, ദുഷ്പ്രവൃത്തി, ദോഷം, ചെയ്യരുതാത്തത്.

അകായ്യകാരി-ദുഷ്കൃത്യം ചെയ്യുന്നവൻ, അകൃത്യം ചെയ്യുന്നവൻ.

അകായ്യകുശലൻ-ചെയ്യാനുള്ള പ്രവൃത്തിയിൽ സാമർത്ഥ്യമില്ലാത്തവൻ.

അകാര്യത-ആനയുടെകാലുകളിൽമുട്ടിനു നാൽവിരൽ മുകളിലുള്ള ഒരു മർമ്മം

അകാര്യ-കാര്യം (കർമ്മവിധി) ഇല്ലായ്മ.

അകാർഷ്ണ്യ-കാർഷ്ണ്യം (കറുത്തനിറം) ഇല്ലായ്മ.

അകാല-വി. തക്ക കാലത്തിലല്ലാത്ത. (കാലമല്ലാത്തതു=തക്കകാലമല്ലാത്തതു) ഉ-ം, 'അകാലമരണം' 'അകാലജനനം'

'നോ അന്നേരത്തകലയുമിതു-
ന്നീടാഖം നീയകാലേ
ചാക്കേണ്ടാകാരമതുകവും
ചാക്കേതാറില്ലവർക്ക്'

(മയൂരസന്ദേശം)

കാലം എന്നാൽ തക്കകാലം എന്നർത്ഥം.

'കാലേ കലുഷഹീനനായ മകനെ-
പ്പെറ്റർക്കെന പ്രാചിപോൽ'

(അഭിജ്ഞാനശാകുന്തളം) [ല്ലും

'ശോകങ്ങളും നാരികളും കാലത്തുകൊഴുമപൂക്കയുംകായ്ക്കയുംചെയ്തീടുമേ മരങ്ങളും'

(ഭാരതം)

അകാലം - അസമയം, തക്കകാലമല്ലാത്തതു്.

അകാലകുസുമം (പുഷ്പം) - തക്കകാലത്തിലല്ലാതെ ഉണ്ടാകുന്നതോ വിടിരുന്നതോ ആയ പൂവ്.

അകാലഗതി-അകാലത്തിലുള്ള (അസമയത്തിലുള്ള) പോക്കു്.

അകാലജ-വി. അകാലത്തിലുണ്ടായ, തക്ക കാലത്തിലല്ലാതെയുണ്ടായ.

അകാലജലദം-അസമയത്തുണ്ടായമേഘം

അകാലജാത-വി. അകാലത്തിലുണ്ടായ, തക്കകാലത്തിലല്ലാതെയുണ്ടായ.

അകാലജ്ഞ-വി അകാലത്തെയറിയുന്ന

അകാലവേള-തക്കതല്ലാത്ത സമയം, അകാലസമയം.

അകാലവൈഭവം-അസമയത്തിലുള്ള ശക്തി.

അകാലസഹ-വി. പ. സഹനശക്തിയില്ലാത്ത. ൨. താമസത്തെ സഹിക്കാത്ത. ൩. താങ്ങാൻ കഴിയാത്ത.

അകാലിക-വി. അസമയത്തുള്ള, അസമയത്തുണ്ടായ. പു-അകാലികൻ. സ്ത്രീ-അകാലികി. നപു-അകാലികം.

അകാലുഷ്യ-പ. കലുഷ്യം (കലുഷത=കലുഷഭാവം) ഇല്ലായ്മ, അഴുക്കില്ലായ്മ. ൨. കലക്കമില്ലായ്മ, മനസ്സിനു വല്ലായ്മയില്ലാതിരിക്കുന്ന സ്ഥിതി

'കാലുഷ്യം സ്വയമേവ പോകിനതെനി-
ക്കത്യന്തവിശ്രാന്തിയും'

(അഭിജ്ഞാനശാകുന്തളം)

അകാലോൽപന്ന- അകാലത്തുണ്ടായ.

അകാല്പനിക-വി. ക. കാല്പനിക മല്ലാത്ത, വിചാരമാത്രമല്ലാത്ത ഉ. ചതിയില്ലാത്ത. കാല്പനികം = കല്പന ത്തെ സംബന്ധിച്ചുള്ള. (അറിയാത്ത കാര്യങ്ങളെ സൂക്ഷ്മമായി അറിഞ്ഞവയെ പ്പോലെ വിവരിച്ചു പറയുന്നതിനു 'കല്പന' എന്നു പേർ.

അകാല്യ-വി. ക. അകാലത്തിലുള്ള, തക്ക കാലത്തിലുള്ളതല്ലാത്ത, സമയത്തുണ്ടാ കാൻ തക്കതല്ലാത്ത. ഉ. മനസ്സിനിണ ങ്ങിയതല്ലാത്ത. ന. മംഗലമല്ലാത്ത.

അകാല്യാണകം-അമംഗലം; ശുഭമില്ലാ യ്മ. ശുഭം അല്ലെങ്കിൽ മംഗലം എന്നർത്ഥ മുള്ള കല്യ്യാണശബ്ദത്തിൽനിന്നു കാല്യാ ണകം ഉണ്ടായി. കാല്യ്യാണകം ഇല്ലാ ത്തതു് അകാല്യ്യാണകം. കാല്യ്യാണകം = മംഗലം, അല്ലെങ്കിൽ മംഗലത്തെ നൽ കുന്ന സ്ഥിതി.

അകാവു-ബുദ്ധിക്ഷ.

അകാവ്യ-വി. വിചാരമെന്നറയെ കവി യുടെയും രീതിയില്ലാത്ത ഉ. വരുവാ നുള്ള കാര്യം മുൻകൂട്ടി ഗ്രഹിക്ക എന്നുള്ള സ്ഥിതിയില്ലാത്ത. ന. കവിതയിൽ വ്യാ സനയില്ലാത്ത.

അകാശി-വി. പ്രകാശമില്ലാത്ത; ശോഭ യില്ലാത്ത

അകാശ്യത്വ - അകശ്യമത, മൂഢത്വമി ല്ലായ്മ, പാപമില്ലായ്മ, ഞെഴക്കില്ലായ്മ.

'ദുശ്ശീലനായുള്ള ദുശ്ശാസനന്റെ
കാശ്യത്വമെന്നും മറന്നില്ലഭീമൻ'

(പകിതാലുവൃത്തം)

അകാഷായ-വ്യ. രചമപ്പില്ലാത്ത.

അകാഷ്ഠ-ക. മരമല്ലാത്തതു്, വിറകല്ലാ ത്തതു. ഉ. മലമല്ലാത്തതു്.

അകാസ-വി. കാസം(ചുമ)ഇല്ലാത്ത.

'അതിവ്യായാമത്തേ കാസഃ
പ്രഭവ ഇതി ചർമ്മിശ്വരായതേ'

(അഷ്ടാംഗഹൃദയം)

അകാഹള-വി, ക വാടാത്ത. ഉ. വല്ല തല്ലാത്ത; വളരെ അല്ലാത്ത ന. ഉപദ്ര വിക്കാത്ത.

അകാളു-വി. കറുത്തതല്ലാത്ത കാളം = കറുത്തതു.

'കാളമേഘമിടതിങ്ങിവിങ്ങിഖര
ഭംഗിയേറുമിടിമിന്നലും'

(ശ്രീകൃഷ്ണചരിതം)

അകാളികം കാളികം (മഷി, കറുപ്പു്) അല്ലാത്ത.

അകിക്കുക-ശമിക്കുക. ഉ-ം, മന്ദാകിനി (മന്ദമായി അകിക്കുന്നവൾ, ശമിക്കുന്ന വൾ) ഗംഗ.

അകിഞ്ചന-വി. അല്പവുമില്ലാത്ത. കി ഞ്ചന = അല്പം.

'വാക്കിനാരൊട്ടുമിന്നകിഞ്ചന
രായ്ചൊല്ലുവില്ലതു നിശ്ചയം'

(നാരായണീചരിതം തുള്ളൽ)

അകിഞ്ചനൻ-ദരിദ്രൻ. ആക്ക് ഒട്ടുമി ല്ലയെ അവൻ അകിഞ്ചനൻ. (നാസ്തി കിഞ്ചന യസ്യ സഃ).

അകിഞ്ചനത-അകിഞ്ചനന്റെ ഭാവം, ഇരപ്പാളിത്തം.

അകിഞ്ചനത്വം- അകിഞ്ചനന്റെ ഭാ വം, ദാരിദ്ര്യം, ഇരപ്പാളിത്തം.

അകിഞ്ചിജ്ഞൻ- ഒന്നും അറിയാത്ത വൻ. മൂഢൻ.

അകിഞ്ചിത്കര-വി. ഒരു പ്രവൃത്തിയും ചെയ്യാത്ത, ഉപയോഗമില്ലാത്ത.

അകിട്-മൃഗങ്ങളുടെ മുലത്തടം, നാല്ക്കാ ല് മൃഗങ്ങളുടെ വേകോശക്കു മേലെ പാല് നിൽക്കുന്ന സ്ഥലം.

'ഉധസ്സു ക്ലീബമപീനം' എന്നമരം. ഉധസ്സ്, ആപീനം ഇവ രണ്ടും അകി ടിന്റെ പര്യായങ്ങളാണ്.

'ക്ഷീരമുള്ളോരകിടിൻമുലവട്ടിലും
ചോരതന്നെ കൊടുക്കിന്നകേളുകം

അകിടുപകിടു-അകടുവികടു, തലകീഴാവുക, കീഴ്മേലാവുക "അകടവികടമായി, അകിടുപകിടായി, ഒക്കെ അകടുവികടാക്കി."

അകിതവൻ-കിതവനല്ലാത്തവൻ, ധൂർത്തനല്ലാത്തവൻ. കിതവൻ = ധൂർത്തൻ.

'ഏവമയികിതവ മമ ഭാവമിനിയതുറിക'
(നളചരിതം)

അകിച്ച്-മുക്കാശബ്ദം, കാളയുടെ മുക്കാശബ്ദംപോലെയുള്ള ശബ്ദം.

അകിമ്മീര-വി. ചിത്രവർണ്ണങ്ങളില്ലാത്ത.

അകിമ്മീരിതം-ചിത്രവർണ്ണമാക്കപ്പെട്ടതല്ലാത്തത്.

അകിൽ-മണമുള്ള ഒരു വൃക്ഷം. അഗരു എന്നതിന്റെ തത്ഭവമാണ്. തമിഴിൽ അകിൽ എന്നും, ഇംഗ്ലീഷിൽ Eagle wood; ഈഗിൾവുഡ് എന്നുപറയുന്നു. സാധാരണ ഔഷധികൾക്ക് ഉപയോഗിച്ചുവരുന്നത് ഇതിന്റെ തടിയാണ്. നാലുവിധമുള്ളതിൽ കറുത്തതാണ നന്ന്. ശ്രമവും ക്ലമവും നശിപ്പിക്കും. കൃഷ്ണനാഗനമാണ്.

'അകിൽ ചെങ്കുങ്കുമച്ചാറും
ധരിച്ച തോഴിമാരോടും'
(നളചരിതം കഥകളി)

'അകിലണിവാർ മുലയാരും'
'അകിലാതം വർകൊങ്കുകളും'
(രാമചരിതം)

അകില്ബിഷ-വി. പ. കില്ബിഷ (പാപ) മില്ലാത്ത. ഉ. കുറവില്ലാത്ത.

'കില്ബിഷകാരിണിയായതുകൊണ്ടിതൻ
ഗർഭത്തിൽനിന്നു ജനിച്ചുള്ള കുമാരൻ'
(അദ്ധ്യാത്മരാമായണം)

അകിശോര-വി. ബാല്യമില്ലാത്ത, കുട്ടിക്കാലമില്ലാത്ത.

അകിഞ്ചന-വി. ധീരതയില്ലാത്ത, നിസ്സാരയായുള്ള, കുറഞ്ഞതല്ലാത്ത.

അകിഴ്-കിടക്കുക, കോട്ടയ്ക്കു പുറമുള്ള കിടങ്ങ്.

അകിഴുകാരുക-ഇതിനെ ചിറകെട്ടിത്തടുക്കുക, അണകെട്ടി നിർത്തുക എന്നും അർത്ഥം കാണുന്നു.

അകിറുക-നിലയിളകുക, അലറുക, അക്കുക, മുക്കുറയിടുക, ശബ്ദിക്കുക.

അകിനാശ-വി. പ. കൃഷിവേലയില്ലാത്ത. ഉ. ദാരിദ്ര്യമില്ലാത്ത. സ. അല്പതയില്ലാത്ത.

അകീർത്തന-വിസ്തരിക്കാതിരിക്കുന്നത്, കീർത്തികേട്.

അകീർത്തനം-കീർത്തിക്കാതിരിക്കുന്നത്, പറയാതിരിക്കുന്നത്, വിവരിക്കാതിരിക്കുന്നത്.

അകീർത്തനീയം-കീർത്തിക്കത്തക്കതല്ലാത്തത്, സ്തുതിക്കത്തക്കതല്ലാത്തത്.

'കീർത്തനീയഗുണവാരിധേ! തവ
കീർത്തിപൂരമവനീപതേ'
(കാർത്തവീര്യോപാഖ്യാനവിജയം കഥകളി)

അകീർത്തി-പ. ദുഷ്കീർത്തി (കീർത്തികേട്). കീർത്തിശബ്ദത്തിനു മുഖ്യമായ അർത്ഥം യശസ്സ് എന്നാണ്. ഉ. കുപ്രസിദ്ധിയില്ലായ്ക. സ. പ്രകാശമില്ലായ്ക. ഭ. വിശ്രുതമില്ലായ്ക.

അകീർത്തിത-വി. കീർത്തിക്കപ്പെട്ടതല്ലാത്ത, സ്തുതിക്കപ്പെട്ടതല്ലാത്ത.

അകീലിത-വി. മറപ്പിച്ചുവിടാത്ത, ബന്ധിക്കപ്പെട്ടതല്ലാത്ത, തറയ്ക്കപ്പെട്ടതല്ലാത്ത, ആണിവെച്ചു മുറുക്കിയിട്ടില്ലാത്ത. (കീലം = ആണി).

അകുചരൻ-കുചരൻ അല്ലാത്തവൻ. കുചരൻ എന്നാൽ ദോഷത്തെ പാകശീലമായിട്ടുള്ളവൻ എന്നർത്ഥം.

'സതതമേ കവാടം കുചരരേ' എന്നമരം.

അകുചല-വി. മുക്കിഞ്ഞവസ്തുമില്ലാത്ത

അകുഞ്ചിത-വി. വളയ്ക്കപ്പെട്ടതല്ലാത്ത, വളഞ്ഞതല്ലാത്ത, ചുരുണ്ടതല്ലാത്ത. (കുഞ്ചിതം = ചുരുണ്ടത്.)

'അഞ്ചമ്പൻമലർവില്ലിൻഭംഗിയെക്കെട്ടുക
ന്ന കഞ്ചിതരത്നവല്ലീ ചില്ലികളം വിലാസ
(വാല്മീകിരാമായണം) [വും'

അകടങ്കകം-ചെറിയ കടിലല്ലാത്തത്.

അകടപടൻ-പ. സന്ന്യാസിയല്ലാത്തവൻ, ജ്ഞാനിയല്ലാത്തവൻ. ഉ. മൂഢൻ.

അകടി-പ. കടിലല്ലാത്തത്, ചെറിയതേ നമല്ലാത്തത്. ഉ. വളഞ്ഞതല്ലാത്തത്.

അകടിരം-കടിലല്ലാത്തത്.

അകുടില-വി. പ. വളഞ്ഞതല്ലാത്ത, കൃത്രിമമായി നടക്കാത്ത, വളഞ്ഞു ഗമിക്കാത്ത. ഉ. ചതിയില്ലാത്ത. സ. കള്ളമില്ലാത്ത. ഭ. ചരിവില്ലാത്ത.

'കടിലമതേ! പടരപോന്നവതിനടമയെം-
ടടൽനിലമതിൽ വാടാ'
(ഉത്തരാസ്വയംവരം കഥകളി)

'കടിലധൃതരുഷ്പുജന്മനാമായ് ചേന്നവാ-
നടിയനൊരുനാളുമില്ലാഗ്രഹം മാനസെ'
(പതിനാലുവൃത്തം)

അകുടിലത-വളവില്ലായ്മ, ചതിവില്ലായ്മ.

അകുടീരാ-പ. കടിലല്ലാത്തത്. ഉ. കല്ലറയല്ലാത്തത്. ഉ-ം, 'ശവകുടീരം' (കുടീരം=വീട്).

'സായാഹ്നേ നിജമാൽ കുടീരമൽ
നഷ്ടായ്മഃ പ്രയയൗ'

ഓരോകിയസമയത്തു ജനങ്ങൾ തങ്ങളുടെ വീടുകളിൽനിന്നു ധനം നശിച്ചുവരായി ഓടിപ്പോയി.
(കൃഷ്ണഗാഥാനിരൂപണം)

അകുടീരകാ-കടിലല്ലാത്തത്.

അകുടുംബവ്യാവൃത-വി. കുടുംബക്ഷേമത്തിൽ താൽപര്യമില്ലാത്ത.

അകുടുംബി-ഒരു കുടുംബം രക്ഷിക്കാനില്ലാത്തവൻ, കുടുംബിയല്ലാത്തവൻ.

അകുടുംബികൻ-ഒരു കുടുംബം രക്ഷിക്കാനില്ലാത്തവൻ, കുടുംബിയല്ലാത്തവൻ.

അകുട്ടനം-പ. രപാടിക്കാതിരിക്കുക, കല്ലുകൊണ്ടു രപാടിച്ചുമാത്രം ഉപജീവിക്കുന്നവരെ 'അശ്മകുട്ടന്മാർ' എന്നു പഠഞ്ഞുകാണുന്നു. ഉ. അടക്കാതിരിക്ക. ഥ. കാറംപറയാതിരിക്ക. ഭ. അസത്യം പറയാതിരിക്ക

അകുട്ടാകു-വി. അംശിക്കാത്ത, പങ്കിടാത്ത, ഭാഗിക്കാത്ത.

അകുട്ടാരാ-പ. ഉപേക്ഷിക്കാതിരിക്ക. ഉ. സ്ത്രീസംഗമില്ലായ്ക.

അകുട്ടിമം-പ. ചെറിയ വീടല്ലാത്തത്. ഉ. കൽത്തറയല്ലാത്തത്.

'നിസ്തുലതരപ്രഭേ നിബിഡമണികുട്ടിമേ
വിസ്തൃതമതേ സഖിമ വിഭ്രമം വന്നി
(ദുര്യോധനവധം കഥകളി) [രോ'

അകുട്ടിഹാരികാ-അടിമയല്ലാത്തവൾ.

അകുട്മള-വി. വിടിരാത്ത, വിരിയാത്ത.

അകുട്മളം-കുട്മളമല്ലാത്തത്. കുട്മളം=അല്പം വിരിഞ്ഞ പൂവ്.

'ഇഷത് കോടയതി ഇതി കുട്മളഃ'

'തരിണീമേനിരകാതിച്ചുതുടങ്ങിനാർ
കുമളം കണ്ടുള്ളി വണ്ടുപോലെ'

'കുട്മളോമുകുളംസ്സ്രിയാം' എന്നമരം. ഇവരണ്ടും (കുട്മളം, മുകുളം) വിടിഞ്ഞുതുടങ്ങിയ രമാട്ടിന്റെ പേരാണ്. മഹേശ്വരടീകയിൽ 'കുട്മളോ മുകുളംസ്സ്രിയാം' എന്നു കാണുന്നു. അതിനാൽ കുട്മളശബ്ദം നന്ന്. കുഡ്മളം എന്നതു പ്രാമാദികമാണ്.

'വനജസമ്മനസുരഭികുചകലശകുട്മളം
വക്ഷപ്രദേശം നിറഞ്ഞതിങ്ങനെ'
(അഹല്യാമോക്ഷം ഓട്ടൻതുള്ളൽ)

അകുണ്ഠിക-വി. തടിക്കാത്ത.

അകുണ്ഡു-വി. പ. പ്രവൃത്തികളിൽ മിടുക്കില്ലാത്ത. ഉ. മൂഢനല്ലാത്ത. ഥ. ബുദ്ധിക്കുറവില്ലാത്ത. ഭ. ഉദാസീനതയില്ലാത്ത. ഇ. ശുചിയില്ലാത്ത. ഫ. ദ്വേഷമില്ലാത്ത. ഒ. ബലക്കുറവില്ലാത്ത. (അകണ്ഡത, അകണ്ഡതം).

'കണ്ണനയില്ല രണത്തിലെനിക്കിന്ന
ശ്രുണ്ണി നിന്റെ ബാഹുവീര്യങ്ങൾകാട്ടുക'
(രാജസൂയം കഥകളി)

'കണ്ണനാമടിയന്റെ നീശതിയിന്റെ ശങ്കര
(പതിനാലുവൃത്തം) [പാഹിമാം'

അകണ്ണുക-വി. വിഡ്ഡിയല്ലാത്ത, മോഷനല്ലാത്ത.

അകണ്ണുഡിഷ്ണ്ണ്യം-സ്വഗ്ഗം.

അകണ്ണിത-വി. ക. മൂച്ചുകെടുത്തിട്ടില്ലാത്ത. ഖ. അവയവഹീനതയില്ലാത്ത. ന. വിക്ഷതമില്ലാത്ത. ഘ. ബുദ്ധിക്കുറവില്ലാത്ത. ങ. സ്വൊയ്മുള്ള.

അകതുകം-ഉത്സാഹമില്ലായ്മ, സന്തോഷമില്ലായ്മ, താൽപര്യമില്ലായ്മ. [മം

'തവ തമതികതുകമെട്ടേമെന്ന നോക്കീട്ട
തവ ശതമാനസനെന്നറികെന്ന നീ'
(അദ്ധ്യാത്മരാമായണം.)

അകതുഫല-വി. ക. ഉത്തരവഹമല്ലാത്ത. ഖ. ശ്രേഷ്ഠതയില്ലാത്ത. ന. താല്പര്യമില്ലാത്ത. ഘ. കീർത്തി ലഭിക്കാത്ത.

'ബലകതുഫലമങ്ങു കടന്ന
നടന്നിതു ശംഭോശരണം'
(പതിനാലുവൃത്തം)

അകതുഫലം-ക. ശ്രേയയില്ലായ്മ. ഖ. താൽപര്യമുണ്ടാക്കാത്ത വസ്തു. ന. ആഗ്രഹമില്ലായ്മ.

അകതോഭയ-വി. ഒരിടത്തും പേടിയില്ലാത്ത, ആപത്തില്ലാത്ത, നിർഭയമായ, സുരക്ഷിതമായ. 'നാസ്തി കുതോഭയം യസ്യ' എന്ന് വ്യൽപത്തി. കുതഃ എന്നത് അവ്യയമാണ്. അതിന് 'എവിടെ' എന്നർത്ഥം.

'മേവോ ന ജാനാതി കുതോ മനുഷ്യഃ'
(നീതിസാരം)

അകതഃ-(അവ്യയം) ഒരു മനുഷ്യനിന്നുമല്ലാത്ത, ഒരു കാരണംകൊണ്ടുമല്ലാത്ത.

അകതൻ-ശിവൻ. ഒരു സ്വാമനുഷ്യനിന്ന് ഒരു കാരണവുംകൊണ്ട് ഉണ്ടായിട്ടില്ലാത്തവൻ എന്ന വ്യൽപത്തി.

അകുതശ്ചിത്വൻ-ശിവൻ

അകുതസ്സ-ഉദ്ദേശം ന.ഖ. അംഗുലമുള്ള ഒരളവ്.

അകുതസ-നിന്ദിക്കുക, അസത്യം പറയുക, ശകാരിക്കുക.

അകുതസനം-നിന്ദിക്കുക, അസത്യം പറയുക, ശകാരിക്കുക.

അകുതസിത-വി. ക. വെറുപ്പിക്കാത്ത. ഖ. ദോഷമില്ലാത്ത. ന. നിന്ദിക്കപ്പെടാത്ത. ഘ നീചാവസ്ഥയിലല്ലാത്ത.

'കുതസിതമായ മത്സ്യക്രമാദികളായതും
വത്സപാലനംചെയ്യുവനത്തിൽനടന്നതും'
(വടക്കൻകല്യാണസൗഗന്ധികംകഥകളി')

അകുനഖി-വി. കുഴിനഖമില്ലാത്ത.

അകുപിത-വി. കോപിക്കാത്ത.

അകുപ്യ-വി. നീചതയില്ലാത്ത, നിന്ദ്യമായുള്ളതല്ലാത്ത, വെറുക്കപ്പെട്ടിട്ടില്ലാത്ത

അകുപ്യം-കുപ്യം (നീചലോഹം) അല്ലാത്തത്, പൊന്ന്, വെള്ളി ഇതലായത്. ഒച്ച പുറപ്പെട്ടവിടുമ്പോൾ താൻ നീചലോഹമായി ഭവിച്ചുവല്ലോ എന്ന ലജ്ജാഹേതുവായിട്ട് കോപിക്കുന്നതായി വിചാരിച്ച നീചലോഹത്തിന് 'കുപ്യം' എന്ന പേര് കൊടുത്തു.

അകുപ്രിയ-വി. നികൃഷ്ടമല്ലാത്ത, കീഴ്ത്തരമല്ലാത്ത.

അകുബ്ജ-വി കുനില്ലാത്ത, വളവില്ലാത്ത.

'അപ്പോൾമന്ത്രിവകുയംകുബ്ജയുംമാനസേ
കല്പിച്ചുറച്ചുടൻ പ്രാസാദമേറിനാൾ'
(അദ്ധ്യാത്മരാമായണം)

അകുബ്ജിക - കുബ്ജികയല്ലാത്തവൾ. വിവാഹം കഴിഞ്ഞിട്ടില്ലാത്ത എട്ടു വയസ്സുള്ള പെൺകുട്ടിക്ക് 'കുബ്ജിക' എന്ന പേർ. എട്ടു വയസ്സായവൾക്ക് 'ഗൗരി' എന്നും പറയാം.

അകുംഭ-വ്യഭിചാരിണിയല്ലാത്തവൾ.

അകുംഭിലൻ-ക. കള്ളനല്ലാത്തവൻ.

ക. ഗർഭം പൂർത്തിയായതിൽപിന്നീട് ജനിക്കുന്നവൻ, അകാലങ്ങളിൽ ജനിക്കാത്തവൻ.

അകുമതി–വി. ദുഷ്ടബുദ്ധിയല്ലാത്ത.

അകുരുപ–വി. സൌന്ദര്യക്കേടില്ലാത്ത, രൂപംകെടില്ലാത്ത.

അകുറ്റ്–അപൂർവം.

അകുലൻ–പ. ശിവൻ. ക. നല്ല കുലത്തിൽ ജനിക്കാത്തവൻ.

അകുല–വി. താണതരത്തിലുള്ള, നീചമായ

അകുല–പ. പാർവതി. അകുലനായ ശിവന്റെ ഭാര്യയായതുകൊണ്ട് പാർവതിക്ക് 'അകുല' എന്ന പേർ വന്നു. വേൻ–ഭയം നി. രുദ്രൻ–രുദ്രാണി. ശർവൻ–ശർവാണി ഇത്യാദി നോക്കുക. ക. നല്ല കുലത്തിൽ ജനിക്കാത്തവൾ.

അകുലം–ശ്രേഷ്ഠമല്ലാത്ത കുലം.

കുലം=നല്ല കുലം. ഗുണം=നല്ല ഗുണം. എന്നിങ്ങനെ അർത്ഥം വരുന്നതുപോലെ കുലശബ്ദത്തിന് 'ശ്രേഷ്ഠകുലം' എന്നർത്ഥം.

അകുലജ–വി. ശ്രേഷ്ഠകുലത്തിൽ ജനിക്കാത്ത.

അകുലട–കുലട (വ്യഭിചാരിണി)യല്ലാത്തവൾ. 'കുലനി അടതി ഇതി കുലടാ അന്യഭവനങ്ങളിൽ (പുരുഷന്മാരെ തേടി) ചെല്ലുന്നതുകൊണ്ട് 'കുലട' എന്ന പേരുണ്ടായി. കുലത്തിന് അവമാനമുണ്ടാകത്തക്കവിധം തന്നിഷ്ടംപോലെ നടക്കുന്നവൾ എന്ന താൽപര്യം.

അകുലിക–വി. പ. ശ്രേഷ്ഠതയുള്ള വംശത്തിൽ ജനിക്കാത്ത. ക. വംശത്തെ പ്രധാനമല്ലാത്ത.

അകുലികൻ–പ. ബന്ധുവല്ലാത്തവൻ ക. വംശത്തിൽ പ്രമാണിയല്ലാത്തവൻ.

അകുലീന–വി. നല്ല വംശത്തിൽ ജനിക്കാത്ത, നീചമായ, മാനംകെട്ട.

അകുലീനൻ–കുലീനൻ (കുലശ്രേഷ്ഠൻ) അല്ലാത്തവൻ.

'യസ്യാസ്തി വിത്തം സ നരഃ കുലീനഃ
സ പണ്ഡിതഃ സ ശ്രുതവാൻ ഗുണജ്ഞഃ'
(ഭർതൃഹരി)

അകൂല്യ–വി. നല്ല വംശത്തിലുണ്ടാകാത്ത

അകുല്യ വ്യഭിചാരിണി.

അകുശല–വി. പ. സാമർത്ഥ്യമില്ലാത്ത, മിടുക്കില്ലാത്ത, യോഗ്യതയില്ലാത്ത, പരിപ്പില്ലാത്ത. ക. ഭാഗ്യമില്ലാത്ത. ന. ചീത്തയായ, ശരിയല്ലാത്ത.

അകുശലൻ–കുശലൻ (സമർത്ഥൻ) അല്ലാത്തവൻ, മിടുക്കില്ലാത്തവൻ.

'ഇജ്ജാസന കേപ്പുനടയന്നെന്തൊരു ബന്ധം
നിശ്ശേഷവിധാനേ കുശലൻ ഞാൻ ഹരശങ്കരം'
(പതിനാലുവൃത്തം)

അകുശലം–പ. സാമർത്ഥ്യമില്ലായ്മ, സമർത്ഥനില്ലായ്മ ക. ക്ഷേമമില്ലായ്മ.

അകുശലപ്രശ്നം – സൌഖ്യത്തെക്കുറിച്ചു ചോദിക്കാതിരിക്കുക.

അകുശലബുദ്ധി — സാമർത്ഥ്യമില്ലാത്തവൻ, സാമർത്ഥ്യമില്ലാത്തവൾ, സാമർത്ഥ്യം കുറഞ്ഞ ബുദ്ധി.

അകുശലി–ഭാഗ്യമില്ലാത്തവൻ.

അകുശലിനി–ഭാഗ്യമില്ലാത്തവൾ.

അകുശീല–വി. കുശീലം (ദുർന്നടപ്പ്) ഇല്ലാത്ത.

അകുസൃതിത–വി. പുറുപുറുപ്പുകാരത്തമില്ലാത്ത.

അകുസൃതി–പ. വഞ്ചനയില്ലായ്മ. ക. ശാഠ്യമില്ലായ്മ. ന. ദുർമാർഗമില്ലായ്മ. 'കൃ' ധാതുവിനു 'ഗമനം' എന്നർത്ഥം. അതിൽ നിന്നാണു 'കൃതി' ശബ്ദമുണ്ടായതു്. കുസൃത് എന്നതിനു 'ചീത്തയായ ആചരണം' എന്നു താൽപര്യം.

'കുസൃതിമാശുമനപേതരനെന്നിരുപി
ക്കുമ്പിട്ടിരുന്നതുകണ്ടു കപീന്ദ്രനും' [ക്ഷ

(ഭാഷാരാമായണം)

അകൃത്സിതൻ-കൃത്സിതൻഅല്ലാത്തവൻ. കൃത്സിതൻ=നിന്ദ്യൻ.

'എന്തുമേ കൃത്സിതനായി
സംഭവിച്ചൊരുജീവനാഥൻ'
(നാളായണീചരിതം തുള്ളൽ)

അകൃഷ(കൃ)-വി. വലുതായില്ലാത്ത, ഇന്ദ്രജാലമില്ലാത്ത.

അകൃഷ(കൃ)ൻ-ചതിയനല്ലാത്തവൻ.

അകൃഷകം-ചതിയില്ലായ്മ.

അകൃഷ്ണ-പ. അന്യോദ്ദേശ്യമൊന്നുംകൂടാതെ ഈശ്വരസംബന്ധമായ കർമ്മങ്ങളെ അനുഷ്ഠിക്കു. ഉ. ചതിയില്ലായ്മ. ന. കപടഭക്തിയില്ലായ്മ.

അകൃഷ്ണനിക-അന്യോദ്ദേശ്യമൊന്നും കൂടാതെ ഈശ്വരവിഷയകകർമ്മങ്ങളെ അനുഷ്ഠിക്കു. ഉ. ചതിയില്ലായ്മ. ന കപടഭക്തിയില്ലായ്മ.

അകൃഷ്ടകൃഷ്ടവേള-കൃഷ്ടികവേളയല്ലാത്തത്. കൃഷ്ടികവേള എന്നാൽ ഒരു നല്ലവേല തുടങ്ങുന്നതിന കൊള്ളുന്നതായ (ഓരോ ദിവസത്തിലുമുള്ള) കാലഭാഗങ്ങൾ എന്നർത്ഥം. 'കൃഷ്ടികവേലാ' എന്ന സംസ്കൃതപദമാണ മലയാളത്തിൽ 'കൃഷ്ടികവേള' എന്നായിത്തീർന്നത്.

അക്രൂട-വി. പ. കപടമില്ലാത്ത ഉ. മറപ്പില്ലാത്ത, ഇളകുന്നതായ. ന. വ്യാജമില്ലാത്ത.

അക്രൂടം-പ. കപടമില്ലായ്മ ഉ. അസത്യമല്ലാത്തത്, ചതിയില്ലായ്മ. ന. അസ്ഥിരമായ വരാത്തത്. ര. പ്രത്യക്ഷമായ അർത്ഥത്തോടുകൂടിയത്. ഋ പരോക്ഷമില്ലാത്തത്. ൠ ഇന്ദ്രജാലമല്ലാത്തത്. ഌ. ഇളക്കത്തോടുകൂടിയത്. ൡ. സൂത്രമല്ലാത്തത്. ൻ. ഗോമികരുടെ ഹിംസിപ്പാനുള്ള വല മുതലായ പരോക്ഷമല്ലാത്തത്. ഫ. ഇരയുകൊടുക്കുന്ന കൂടമല്ലാത്തത്. ഫ. കൊഴുവല്ലാത്തത്.

'മയൂരനിശ്വലയന്ത്രേഷു
കൈതവാന്യതരാശിഷു
അയോഽഘനേ ശൈലശൃംഗേ
സിരാംശേക്രൂടമസ്ത്രിയാം'
(അമരം)

അക്രൂപാരം-പ. സമുദ്രം. അക്കരെ ചെല്ലുന്നതിന ഏർപ്പെടുമില്ലാത്തതു കൊണ്ട് ഈ പേരുണ്ടായി.

'അപാരേ ഹർഷാഖ്യേ ഹരിഹരസമേ-
ഭ്രപതിരസം-
വക്രൂപാരേ മജ്ജന്നനയമനയോ
ഹന്ത ദിവസാൻ'
(ദുഷ്ടാരമനഷ്ടധാന്യം)

ഉ. ലോകങ്ങളെ വഹിച്ചുകൊണ്ടിരിക്കുന്ന ആദിക്രൂമം. കൂ (ഭൂമി) ജലത്തിൽ താണുപോകാതെ താങ്ങിക്കൊണ്ടിരിക്കുന്നതിനാൽ ആദിക്രൂമം എന്ന പേർ സിദ്ധിച്ചു. ന. ആമ.

അക്രൂപാരൻ-സൂര്യൻ. ദൂരഗമിയായതിനാൽ സൂര്യനു ഈ പേർ സിദ്ധിച്ചു.

അക്രൂച്ച്-വി. പ. ചതിയില്ലാത്ത. ഉ. കപടമുള്ള.

അക്രൂച്ചൻ-ബുദ്ധൻ.

അക്രൂവാരം-സമുദ്രം. അക്രൂപാരശബ്ദത്തിന്റെ പ്രയോഗബാഹുല്യംകൊണ്ട്, പകാരവകാരലിപികളുടെ കഴപ്പമൊന്നറിയിക്കുന്നു.

അകൃച്ഛ്ര-വി. കൃച്ഛ്രം (പ്രയാസം)ഇല്ലാത്ത.

അകൃച്ഛ്രം-കൃച്ഛ്രം (പ്രയാസം) ഇല്ലായ്മ, കഠിനമില്ലായ്മ.

അകൃത-വി. പ. കൃതം (ചെയ്യപ്പെട്ടത്) അല്ലാത്ത, പ്രവർത്തിക്കാത്ത. ഉ. ചെയ്തു മുഴുവനാക്കാത്ത ന. സൃഷ്ടിക്കപ്പെടാത്ത. ര. ശരിയല്ലാതെയും മറ്റൊരു ചെയ്യപ്പോയ. ഋ. പ്രാപ്തിവന്നിട്ടില്ലാത്ത, പാകമാകാത്ത.

അകൃതം-പ. ചെയ്തുപ്പെട്ടിട്ടില്ലാത്ത പ്രവൃത്തി. കൃതം=ചെയ്തുപ്പെട്ടത്.

'തന്നാളലകൃതാംതപയിപ്രണയിതാം'
(അഭിജ്ഞാനശാകുന്തളം)

ഉ. കേടുംവിപോലുമില്ലാത്ത ഒരു പ്രവൃത്തി, ക്രിയയുടെ അഭാവം. ന. ദുഷ്ടത, ദോഷം, ദുസ്സ്വഭാവം, വികൃതിത്തരം, അധർമ്മം, പാപം, കുറ്റം, ദ്രോഹം. ര. യാഗാദിക്രിയകൾക്കു മുഴുവൻ ശേഖരിക്കാതെ കിടപ്പുള്ള സാധനം.

അകൃതക-വി. പ. ഉണ്ടാക്കിയെടുത്തതല്ലാത്ത. ഉ. കള്ളമല്ലാത്ത. ന. വ്യാജം ഇല്ലാത്ത, അകൃത്രിമമായ.

'അകൃതകപ്രണയമനുരാഗമർദ്ദ്രമാവും
സുകൃതസാധ്യമെന്നിൽ മുന്നേ ഭവിക്കിൽ
(നളചരിതം കഥകളി) [ത്തുടർന്ന്'

ഇവിടെ അകൃതകപ്രണയത്തിന് 'അകൃത്രിമമായ സ്നേഹം' എന്നുള്ള അർത്ഥം നോക്കുക.

അകൃതകാപടം- കള്ളം കാണിക്കാതെ. കൃതകപടം = കള്ളം കാണിച്ച്.

അകൃതകർമ്മം-പ്രവർത്തിക്കപ്പെട്ടിട്ടില്ലാത്ത വേല (തൊഴിൽ).

അകൃതകർമ്മാവ്-തന്റെ തൊഴിൽ ചെയ്തിട്ടില്ലാത്തവൻ, തന്റെ തൊഴിലിൽ സാമർത്ഥ്യമില്ലാത്തവൻ. കർമ്മം എന്ന ശബ്ദം നകാരാന്തമാണ്. 'വ്' ആഗമം ചേർന്ന് കർമ്മാവ് എന്നായി.

ഉ-ം, പത്മജന്മാ-പത്മജന്മാവ്. വിശ്വകർമ്മാ-വിശ്വകർമ്മാവ് ഇത്യാദി.

അകൃതകാമ-കാമം (ആഗ്രഹം) സാധിച്ചിട്ടില്ലാത്ത.

അകൃതകാര്യ-പ. കാര്യം കണ്ടപ്പോൾ ചെയ്തിട്ടില്ലാത്ത. ഉ. കുറെ കാലത്തേയ്ക്കു താമസിച്ചിട്ടില്ലാത്ത.

അകൃതകൃത്യ-വി. ചെയ്യേണ്ടതു ചെയ്തിട്ടില്ലാത്ത, തൃപ്തിവന്നിട്ടില്ലാത്ത, ജയം ലഭിച്ചിട്ടില്ലാത്ത, കാര്യം സഫലമായിട്ടില്ലാത്ത, ചെയ്യാനുള്ളതിനെ ചെയ്യാത്ത, ചെയ്യാനുള്ളതിനെ ചെയ്തവൻ കൃതകൃത്യൻ.

'കനിവിനൊടുകണ്ടകൃതാർത്ഥനായേനഹം
കാമമംഗൽ കൃതകൃത്യനായീടിനേൻ'
(അദ്ധ്യാത്മരാമായണം)

അകൃതകൃത്യത-കൃതകൃത്യതയില്ലായ്മ. കൃതകൃത്യത=ചെയ്യേണ്ടതു ചെയ്ത സുഖം.

അകൃതക്രയൻ-വാങ്ങീട്ടില്ലാത്തവൻ.

അകൃതക്ഷണ-വി. മതിയായ സന്ദർഭം കിട്ടീട്ടില്ലാത്ത

അകൃതഘ്ന-വി. ഉപകാരത്തെ മറന്നിട്ടില്ലാത്ത, നന്ദിയുള്ള. കൃതത്തെ വർദ്ധിക്കയോ ഫലമില്ലാതാക്കുകയോ ചെയ്യുന്നവൻ 'കൃതഘ്നൻ'. [ൽ

'കിമപിനഹിഭവതി കരണീയംഭവതിയം
കീർത്തിഹീനൻ കൃതഘ്നൻ ഭുവോഭാരനിർമ്മമൻ'
(അദ്ധ്യാത്മരാമായണം)

അകൃതഘ്നത-ഉപകാരത്തെ മറക്കുന്നവന്റെ സ്വഭാവം ഇല്ലായ്മ.

അകൃതചൂഡൻ-ചൂഡാകർമ്മം കഴിഞ്ഞിട്ടില്ലാത്തവൻ. ചൂഡാകർമ്മം എന്നതു കുട്ടികൾക്ക് ആദ്യമായി കുടുമ വയ്ക്കുമ്പോൾ നടത്തുന്ന മന്ത്രക്രിയയാകുന്നു. ഇതിനെ 'ചൌളം' എന്നും പറയും.

അകൃതജപം- പ്രവർത്തിക്കപ്പെട്ടിട്ടില്ലാത്ത ജപം.

അകൃതജ്ഞൻ- കൃതജ്ഞൻ (നന്ദിയുള്ളവൻ) അല്ലാത്തവൻ. ചെയ്യപ്പെട്ടതിന്റെ ജ്ഞാനമുള്ളവൻ-കൃതജ്ഞൻ.

അകൃതജ്ഞത-ഉപകാരം ചെയ്തതിനെക്കുറിച്ചു വിചാരിക്കുന്നസ്വഭാവം ഇല്ലായ്മ.

അകൃതതീർത്ഥ-വി. പ. പുണ്യസ്ഥലങ്ങൾ ദർശിച്ചിട്ടില്ലാത്ത. ഉ. അദ്ധ്യാപകന്റെ കീഴിൽ ചേർന്നു പഠിച്ചിട്ടില്ലാത്ത.

അകൃതദംശനൻ-കൃതമായിരിക്കുന്നതുപോലെ നാഗത്താൻ കൂടിയവൻ കൃതദംശനൻ. അതല്ലാത്തവൻ അകൃതദംശനൻ (ദംശനം= കടി.)

'മഹനാമേഷ ഭുജഗോ മഹീപതേ
ദശപ്രയത്നേന കൃതദംശനഃ'
(നളചരിതം കഥകളി)

അകൃതധർമ്മം-പ്രവർത്തിച്ചിട്ടില്ലാത്തധർമ്മം

അകൃതധീ(ബുദ്ധി)- വി. അജ്ഞതാനിയായ.

അകൃതനിശ്ചയ-വി. നിശ്ചയംവന്നിട്ടില്ലാത്ത.

അകൃതപരിശ്രമൻ-പ. ശ്രമിച്ചിട്ടില്ലാത്തവൻ. ഉ. പഠിച്ചിട്ടില്ലാത്തവൻ.

അകൃതപുങ്ഖ- വി. ശരപ്രയോഗശീലം വന്നിട്ടില്ലാത്ത. പുങ്ഖം എന്നതു അമ്പിന്റെ കടയാണ്. അതിൽ ചിറകുകെട്ടിയയ്ക്കുക എന്ന ഏർപ്പാടുണ്ടായിരുന്നു

'ഹേമപുങ്ഖമൊട്ട കങ്കപത്രമതു
ചേരത്തൊരസ്ത്രമൊന്നുകൈയിലും'

(ജാനകീപരിണയം)

അകൃതപുങ്ഖൻ— ശരപ്രയോഗത്തിൽ സാമർത്ഥ്യമില്ലാത്തവൻ (അകൃതഹസ്തശബ്ദം നോക്കുക). പുങ്ഖം (അമ്പിന്റെ ചുവട്ട്) നല്ലവണ്ണം ഞാണിന്മേൽ തൊട്ടറിയുന്നവൻ കൃതപുങ്ഖൻ.

അകൃതപുണ്യം- പ്രവർത്തിക്കപ്പെട്ടിട്ടില്ലാത്ത പുണ്യം (സുകൃതം).

അകൃതപൂർവ്വ-വി. മുമ്പു പ്രവർത്തിച്ചിട്ടില്ലാത്ത.

അകൃതപ്രകമ്പനം- ചെയ്യപ്പെട്ടിട്ടില്ലാത്ത വലിയ ഇളക്കം.

അകൃതപ്രതിജ്ഞ-വംശത്തിനനുസരിച്ചു നടന്നിട്ടില്ലാത്ത, ഉടമ്പടിചെയ്തിട്ടില്ലാത്ത.

അകൃതബന്ധന-ചെയ്യപ്പെട്ടിട്ടില്ലാത്ത ബന്ധനം. (കൃതബന്ധനം = ചെയ്യപ്പെട്ട ബന്ധനം).

'അമലഹരിമധുമഥനകേതിവ് ശ്രുധരം-
യജ്ഞാനകർമ്മകൃതബന്ധനം ക്ഷണാൽ
സുചിരവിരചിതരപിവിമുച്യതേ ഖലം
സുധിരം പ്രപേക്ഷതിരല്ലാതസംശയം'

(അദ്ധ്യാത്മരാമായണം)

അകൃതമാർഗ്ഗം-ചെയ്യപ്പെട്ടിട്ടില്ലാത്തവഴി.

അകൃതമുഖ-വി. പഠിപ്പില്ലാത്ത, മുമ്പിയിയില്ലാത്ത, സംസർത്ഥ്യമില്ലാത്ത.

അകൃതയത്ന— ചെയ്യപ്പെട്ടിട്ടില്ലാത്ത യത്നം.

അകൃതലക്ഷണ-വി. പ. അടയാളപ്പെടുത്തീട്ടില്ലാത്ത. ഉ. മംഗിയില്ലാത്ത, രൂപമില്ലാത്ത. ന. ഗുണമില്ലാത്ത. ഴ. ക്ഷപ്പി(നിശ്ചയം ഇല്ലാത്ത. ഇ. മര്യ്യാദയില്ലാത്ത. ന. പ്രമാണമില്ലാത്ത.

അകൃതലക്ഷണൻ-പ. അടയാളപ്പെടുത്തീട്ടില്ലാത്തവൻ ഉ. മംഗിയില്ലാത്തവൻ, രൂപമില്ലാത്തവൻ. ന. ഗുണമില്ലാത്തവൻ. ഴ. ക്ഷപ്പി (നിശ്ചയം)ഇല്ലാത്തവൻ. ഇ. മര്യ്യാദയില്ലാത്തവൻ. ന. പ്രമാണമില്ലാത്തവൻ. കൃതലക്ഷണൻ= ഗുണങ്ങളെക്കൊണ്ടു പ്രസിദ്ധനായവൻ.

'ഗുണൈഃ പ്രതീതെഃകൃത-
ലക്ഷണാഹതലക്ഷണൈഃ' (അമരം)

അകൃതവതി കൃതവതിയല്ലാത്തവം. കൃതവതി = ചെയ്തവം.

അകൃതവാൻ-കൃതവാൻ അല്ലാത്തവൻ. കൃതവാൻ = ചെയ്തവൻ.

'ഭക്ത്യാ യോതിസമർച്ചനസ്യ കൃതവാൻ'

(കിരാതം തുള്ളൽ)

അകൃതവിദ്യ-വി. പഠിപ്പില്ലാത്ത.

അകൃതശ്രവണ-വി. കുലിയ്ക്കു വേല ചെയ്യാത്ത, കൂലിയില്ലാത്ത.

അകൃതഃവദി-ഉപകാരസ്മരണയില്ലാത്തവൻ. 'അകൃതവേദി' എന്നതു പുല്ലിംഗമായും നപുംസകലിംഗമായും ഉപയോഗിക്കാം. ഉ-ം, അകൃതവേദിയായ പുരുഷൻ. അകൃതവേദിയായ സംഘം.

അകൃതഃവേദിനി-ഉപകാരസ്മരണയില്ലാത്തവം.

അകൃതഃവശ- വി. അലങ്കരിച്ചിട്ടില്ലാത്ത, ഉടുപ്പിട്ടിട്ടില്ലാത്ത.

അകൃതഃവേഷ- വി. ഉടുപ്പിട്ടിട്ടില്ലാത്ത, അലങ്കരിച്ചിട്ടില്ലാത്ത 'അകൃതവേശ' എന്നുള്ളതിന് അകൃതഃവേഷശബ്ദത്തിനും പ്രചാരമില്ല. രണ്ടും ഒന്നുതന്നെതാനും. ഇതുപോലെ ശ, ഷകാരങ്ങൾ തമ്മിൽ ഉച്ചാര

ണവ്യത്യാസം വേറെയുംകാണാം. വേഷശബ്ദത്തിനു വസ്ത്രംമാത്രമല്ലാതെ ഉദ്ദേശിക്കപ്പെട്ട ശോഭയെന്ന അർത്ഥമുണ്ട്.

'അകല്പവേഷശ്രീ' (അമരം)

അകൃതവൈരം-ക്ര. കൃതവൈരം അല്ലാത്തത്. കൃതവൈരം=ചെയ്യപ്പെട്ട കായ്ത്തിൽ വിരോധം.

അകൃതശൌച-വി. മലിനതയില്ലാത്ത, അഴുക്കില്ലാത്ത ഉ. സംമർത്ഥ്യമില്ലാത്ത, മിടുക്കില്ലാത്ത.

അകൃതശൌച-ശുദ്ധിചെയ്തിട്ടില്ലാത്ത.

അകൃതശ്രമൻ—ക്ര. ശ്രമിച്ചിട്ടില്ലാത്തവൻ. ഉ. പഠിച്ചിട്ടില്ലാത്തവൻ.

അകൃതശ്രാന്തി-വി. കൃതശ്രാന്തിയല്ലാത്ത. കൃതശ്രാന്തി=ചെയ്യപ്പെട്ടക്ഷീണം.

അകൃതസങ്കല്പ-വി. സങ്കല്പിച്ചിട്ടില്ലാത്ത (നിശ്ചയിച്ചിട്ടില്ലാത്ത).

അകൃതസാപത്നൃക- കൃതസാപത്നൃകയല്ലാത്തവൾ കൃതസാപത്നൃക=മുമ്പേ വേൾക്കപ്പെട്ട സ്ത്രീക്ക്, അവളുടെ അനുവാദം പിന്നെ മറ്റൊരുത്തിയെവേട്ടാൽ ഉണ്ടാകുന്നപേർ.

അകൃതഹസ്തൻ-വി. ക്ര. ശരപ്രയോഗത്തിങ്കൽ സാമർത്ഥ്യമില്ലാത്തവൻ. ഉ. മിടുക്കില്ലാത്തവൻ. കൃതഹസ്ത=കൃത (ശിക്ഷിതമായ) ഹസ്തം (കൈ)കൊണ്ടു ബാണങ്ങളെ പ്രയോഗിക്കുന്നവൻ

'കൃതഹസ്തസ്സുപ്രയോഗ
വിശിഖൈരുപപുംലവൽ' (അമരം)

അകൃതഹസ്തക-വി. ക്ര. സാമർത്ഥ്യമില്ലാത്ത. ഉ. ശരപ്രയോഗത്തിൽ കൈവേഗമില്ലാത്ത. ഇതു അകൃതഹസ്തശബ്ദത്തിൽ 'സ്വാർത്ഥകപ്രത്യയം' എന്നതനുസരിച്ചുണ്ടായതത്രേ.

അകൃതഹസ്തത- ക്ര. സാമർത്ഥ്യക്കേട്, കൈവേഗക്കുറവ്. ഉ. ശരപ്രയോഗത്തിൽ കൈവേഗമില്ലായ്മ.

അകൃതാത്മാവു്-ബുദ്ധിഹീനൻ.

അകൃതാത്മത-കൃതാത്മതയില്ലായ്മ, ഇനിച്ച കായ്ത്തെ നേടാത്ത സ്ഥിതിയില്ലായ്മ, മാശ്യക്കേട്.

'എല്ലായ്പോഴും മടികൂടാതെ ശിശുവിന്നുചിതമല്ലാത്തശ്രമമകൃതാത്മതകൊണ്ടുസഹ്യം'

(പഞ്ചതന്ത്രം)

അകൃതാഭിഷേക-കൃതാഭിഷേകയല്ലാത്തവൾ കൃതാഭിഷേക=രാജസ്ത്രീകളിൽ പട്ടംകെട്ടിയവൾ.

അകൃതാവമതി— കൃതാവമതിയല്ലാത്തവൾ കൃതാവമതി=ചെയ്യപ്പെട്ടതായിരിക്കുന്ന അവമാനത്തോടുകൂടിയവൾ.

അകൃതാസ്ത്ര-വി. ശരപ്രയോഗശീലം വന്നിട്ടില്ലാത്ത.

അകൃതി-കൃതിയല്ലാത്തവൻ. കൃതി=പ്രവൃത്തിയിൽ സാമർത്ഥ്യമുള്ളവൻ, വിദ്വാൻ.

'സംഭാവ്യസ്സകൃതീ കൃതീ ശതമൂരതാം'

(ക്ഷേമേന്ദ്രൻ, കഥകളി)

അകൃതിനി-പ്രവൃത്തിയിൽ കൈവേഗമില്ലാത്തവൾ.

അകൃതോദ്വാഹ-വി. വേൾ കഴിച്ചിട്ടില്ലാത്ത.

അകൃത്ത-വി. വെട്ടീട്ടില്ലാത്ത.

അകൃതന്ന-വി. ക്ര. മിടുക്കില്ലാത്ത ഉ. ജോലി ചെയ്യുന്നതിനു ശേഷിയില്ലാത്ത. നു. ശക്തിയില്ലാത്ത.

അകൃത്യം-കൃത്യമല്ലാത്തതു്, ചെയ്യരുതാത്തതു്.

'കൃത്യമകൃത്യവും ധർമ്മമധർമ്മവും
നിത്യമനിത്യവും സത്യമസത്യവും'

(പഞ്ചതന്ത്രം)

അകൃത്രിമ-വ്. സഹജമായ, മനുഷ്യത്നത്താൽ ഉണ്ടാക്കപ്പെട്ടതല്ലാത്ത.

അകൃത്രിമപ്രഭ-കൃത്രിമപ്രഭയല്ലാത്തതു്. കൃത്രിമപ്രഭ=സ്വതേയുള്ളതല്ലാത്ത ശോഭ.

അകൃത്രിമം-സഹജമായുള്ളതു്, മനുഷ്യത്നത്താൽ ഉണ്ടാക്കപ്പെട്ടതല്ലാത്തതു് സ്വതേയുള്ളതല്ലാത്തതു് =കൃത്രിമം. സംസ്കൃ

തത്തിൽ "കൃത്രിമത" എന്ന ശബ്ദമുണ്ട്. ഭാഷയിൽ 'കൃത്രിമം' എന്നു പ്രയോഗിക്കുന്നതാണു നന്ന്.

'കൃത്രിമമൃഗാങ്കനക്ഷത്രങ്ങൾകാൺകിലോ
ചിത്രമിതു സത്യമെന്നാത്മനി നിനച്ചിടും'

(ദുര്യോധനവധം കഥകളി.)

അകൃതഘാ-(അവ്യയം)ചെയ്യാതെ. കൃതഘം എന്നതിനു 'ചെയ്തിട്ട്' എന്നർത്ഥം

'അകൃതഘാകുലസന്തതിം' (മനു)

അകൃത്സാ-ദുരിതമില്ലായ്മ, പാപമില്ലായ്മ.

അകൃത്സ്ന-വി. മുഴുവനല്ലാത്ത. കൃത്സ്നം എന്നാൽ മുഴുവനം എന്നർത്ഥം.

'കൃപയോടൊരു കൃമിസദൃശസൂക്ഷ്മശരീരനാ
കൃത്സ്നം പുരവരമനിശ്ശ്വനിശ്ചയം' [യ്

(അദ്ധ്യാത്മരാമായണം)

കൃത്സ്നം എന്നാൽ ഒട്ടൊഴിയാതെയുള്ളത് എന്നർത്ഥം. പര്യായങ്ങൾ നോക്കുക: — 'വിശ്വം,നിശേഷം,കൃത്സ്നം' (അമരം)

അകൃന്തനം-മുറിക്കായ്ക, കൃന്തനം ചെയ്യുക = മുറിക്കുക.

'അന്തകന്റെ ചിന്താ ഹന്ത കളഞ്ഞതും
മന്ത്രിവരാസുര കൃന്തനം ചെയ്തതും'

(മക്ഷയാശം കഥകളി)

അകൃപണ-വി. ദരിദ്രതയില്ലാത്ത. 2. നീചത്വമില്ലാത്ത.

അകൃപണൻ-കൃപണനല്ലാത്തവൻ, ദരിദ്രനല്ലാത്തവൻ. നീചത്വമില്ലാത്തവൻ. പിശുക്കിന്റെ ശകുതികൊണ്ടു ദരിദ്രനെന്നപോലെ കഷ്ടമായി ജീവിക്കുന്നവനെ 'കൃപണൻ' എന്ന പേർ

'കദര്യകൃപണക്ഷുദ്ര-
കിടപചനമിതാഭചാഃ' (അമരം)

അകൃപണവാത്സല-വി. ദരിദ്രന്മാരോട് സ്നേഹമില്ലാത്ത, ദരിദ്രന്മാരോട് ദയയില്ലാത്ത.

അകൃപണവാത്സല്യം-ദരിദ്രന്മാരോട് സ്നേഹമില്ലായ്മ, ദരിദ്രന്മാരോട് ദയയില്ലായ്മ.

അകൃപാലു-വി. കൃപയില്ലാത്ത.

അകൃമിഘ്ന-പുഴുവിനെ നശിപ്പിക്കാത്ത.

അകൃമില-പ്രസവിക്കാത്ത സ്ത്രീ.

അകൃശ-വി. ക്ഷമയില്ലാത്ത. കൃശം = മെലിഞ്ഞത്.

'അതുപൊഴുതുപവനസുതനതികൃശശരീര-
നായംഗ്രഹിതുല്യനായുംപ്പുക്കതറിനാൻ'

(അദ്ധ്യാത്മരാമായണം)

കൃശം എന്നാൽ സൂക്ഷ്മമായ എന്നർത്ഥം. 'ശ്ലക്ഷ്ണം ഭവേൽ കൃശം തനു' എന്നമരം. 2. ക്ഷീണിക്കാത്ത. 3. വലുതായ. 4. കട്ടിയുള്ള.

'കാട്ടുതാനകൃശമാം കൃശനെപിടി-
ച്ചട്ടശേഷവുമരിഞ്ഞുപോയ്'

(അന്യാപദേശശതകം)

അകൃശത്വം-1. മെലിയായ്ക സ്ഥിതി. 2. ക്ഷീണിക്കായ്ക. 3. വലുത്. 4. കട്ടിപ്പം.

അകൃശലക്ഷ്മി-പൂർണ്ണശ്രീയുള്ളവൾ

അകൃശാശ്വൻ-ഒരു അയോദ്ധ്യാരാജാവിന്റെ പേർ.

അകൃഷ്ട-വി. കൃഷിചെയ്യപ്പെടാത്ത, കിളയ്ക്കാത്ത.

അകൃഷ്ടം-കൃഷിക്കായ്പെട്ടതല്ലാത്തതു, (വഴിച്ചെടിക്കായ്പെട്ടതല്ലാത്തതു.)

അകൃഷ്ടപച്യ-വി. താനെ മുളയ്ക്കുന്ന. അകൃഷ്ടമായ സ്ഥലത്തു പച്യമാനമായ (കിളയ്ക്കാത്തസ്ഥലത്തു വളർന്നുവരുന്ന.)

അകൃഷ്ടി-വിദ്വാനല്ലാത്തവൻ, അറിവില്ലാത്തവൻ.

അകൃഷ്ണ-വി. 1. കൃഷ്ണ (കറുപ്പ)നിറം ഇല്ലാത്ത. 2. ശ്രദ്ധിക്കേടില്ലാത്ത. 3. ദുഷ്ടതയില്ലാത്ത. കൃഷ്ണം എന്നതിനു മനസ്സിനെ ആകർഷിക്കുന്നതു എന്നു താല്പര്യം.

അകൃഷ്ണകചം-കറുപ്പുനിറമില്ലാത്തതലമുടി

അകൃഷ്ണൻ-കൃഷ്ണം (കറുപ്പു) നിറം ഇല്ലാത്തവൻ

'ചന്ദ്രമരേവ ശുഭ്രകൃഷ്ണഃ' (ശ്രുതി)

അകൃഷ്ണകർമ്മാവ് -ചന്ദ്രൻ, കറുപ്പുചെയ്തിട്ടില്ലാത്തവൻ, പുണ്യശീലൻ, പുണ്യകർമ്മങ്ങളെ ചെയ്യുന്നവൻ.

'ശിശിരമനോ കൃഷ്ണകർമ്മാ' (അമരം)

അകൃഷ്ണകർമ്മി -കറുപ്പു ചെയ്തിട്ടില്ലാത്തവൻ, പുണ്യശീലൻ.

അകൃഷ്ണത-പ്ര. കറുപ്പുനിറമില്ലായ്ക. ര. ശുദ്ധികേടില്ലായ്ക. ന. ദുഷ്ടതയില്ലായ്ക

അകൃഷ്ണത്വം-കൃഷ്ണത്വം (കറുപ്പുനിറം) ഇല്ലായ്ക.

അകൃഷ്ണധനം -ദുഷ്പ്രവൃത്തികൾ കൊണ്ടു സമ്പാദിക്കാത്ത ധനം (പുണ്യം.)

അക്ഌപ്ത-വി. പ്ര. ചമയ്ക്കപ്പെട്ടിട്ടില്ലാത്ത, നിർമ്മിക്കപ്പെട്ടിട്ടില്ലാത്ത, ചെയ്യപ്പെട്ടിട്ടില്ലാത്ത, തയാറായിട്ടില്ലാത്ത. ര. കല്പിക്കപ്പെട്ടിട്ടില്ലാത്ത, നിശ്ചയിച്ചിട്ടില്ലാത്ത, നിശ്ചയമില്ലാത്ത. ന. വെട്ടപ്പെട്ടിട്ടില്ലാത്ത.

'പ്രാസാദത്തിൽ ശബളമുകര-
ശ്രേണിക്ഌപ്തം കവാടം'

(മയൂരസന്ദേശം)

'കൃ' എന്ന ഒരക്ഷരത്തിനുപകരം 'ക്ലൃ' എന്ന അക്ഷരം പ്രയോഗിക്കുന്നതു നന്നല്ല.

അക്ഌപ്തി-പ്ര. ചമയ്ക്കായ്ക, നിർമ്മിയ്ക്കായ്ക, തയാറാക്കായ്ക. ര. ക്രമനിർണ്ണയമില്ലായ്ക. ന. നിശ്ചയമില്ലായ്ക. ക്ഌപ്തി=പരിച്ഛേദം.

അക്ഌപ്തിക-വി. വങ്കത്തിട്ടില്ലാത്ത.

അകേകര-വി കോങ്കണ്ണില്ലാത്ത.

അകേതിത-വി. പ്ര. വിളിക്കപ്പെടാത്ത ര. നിവസിക്കപ്പെടാത്ത,

അകേതു- (നാസ്തികേതുശ്ചിഹ്നം യസ്യ) കേതു ഇല്ലാത്തവൻ, ചിഹ്നം ഇല്ലാത്തവൻ.

അകേന്ദ്രം - വൃത്തത്തിന്റെ സൂക്ഷ്മമായ നടുഭാഗം കേന്ദ്രം. അതല്ലാത്തതു് അകേന്ദ്രം.

അകേശ-വി. പ്ര. രോമമില്ലാത്ത. ര. ചീത്തരോമമുള്ള.

അകേശിക-വി. വേണ്ടുവോളം രോമമില്ലാത്ത.

അകേശിനി-തലമുടിയില്ലാത്തവൾ.

അകൈതവം-പ്ര. ചതിയില്ലായ്ക. ര. വ്യാജമില്ലായ്ക (കൈതവം=ചതി, വ്യാജം.)

അകൈതവൻ-പ്ര. ചതിയനല്ലാത്തവൻ. ര. വ്യാജമില്ലാത്തവൻ.

അകൈശികം - തലമുടിക്കൂട്ടമില്ലായ്ക, ധാരാളം രോമമില്ലായ്ക.

അകൈശ്യം - കൈശ്യം ഇല്ലാത്തതു്. കൈശ്യം=കേശസമൂഹം.

'കൈശ്യതരുണ്യം മെഴുക്കാലതിവികൃതമഴ-
ക്കേറീടും മാറിടം തേ'

(അമരുകശതകം)

അകൈശോര-വി. പ്ര. വയസ്സിൽ കൂടിയ പ്രായം. കിശോരഭാവം. പ്ര. വയസ്സുവരെയാണെന്നു "കൈശോരമാപഞ്ചമശാത്" എന്നു ഭാഗം കണ്ടിയിക്കുന്നു.

അകൊലീന-അതിശയമില്ലായ്മ, ആഡംബരമില്ലായ്മ. കൊലീന-'കൊലു' എന്ന ധാതുവിൽനിന്നു നിഷ്പന്നമായ നാമരൂപവിശേഷം.

അകോടം-കവുങ്ങ്. [ന കടതീവക്വീ മേവതിസ്സന്ധാടിഷു] വളയാതെ ഒരേക്രമത്തിൽ ഒറ്റത്തടിയായി നിവർന്നു വളരുന്നതു.

അകോമള-മഞ്ജുളമല്ലാത്ത, മംഗിയില്ലാത്ത, മധുരമയില്ലാത്ത, മൃദുലമല്ലാത്ത.

'കോമളം മൃദുമൃദു' എന്നമരം-
'കോമളയായെ നീ വീരനാരിമനസേ
മാനസനഗ്നിശരമന്നോടുകൂടവെ'
'കോമളകോരി! ജയജയ ശ്രീപതേ'

(ഭാരതം)

അകോപന - കോപമായല്ലാത്തവൾ, കോപന=കോപമുള്ളവൾ.

അകോവിദൻ-വിചാരമില്ലാത്തവൻ.
'വേശ്യാസ്ത്രീകോവിദൻ വേവേല്ലീയം
(ക്ഷേയ്യംഗോ കഥകളി) [നി'

അകൌടം-വി. ക. സ്വന്തഗൃഹത്തിൽ വസിക്കാത്ത. ഉ. സ്വാതന്ത്ര്യമില്ലാത്ത. ന. ചതിയില്ലാത്ത. ര. മത്സരമുള്ള

അകൌടം-ക. ചതിയില്ലായ്മ. ഉ. കള്ളമില്ലായ്മ.

അകൌടകികൻ-കൌടകികനല്ലാത്തവൻ. കൌടകികൻ=പക്ഷികളെ പിടിക്കുന്നവൻ, മാംസം വിൽക്കുന്നവൻ.

അകൌടി-ക. ചതിയില്ലാത്തവൾ. ഉ. സ്വാതന്ത്ര്യമില്ലാത്തവൾ. ന. സ്വന്തഗൃഹത്തിൽ താമസിക്കാത്തവൾ. ര. മത്സരമുള്ളവൾ.

അകൌടിക-പക്ഷികളെ പിടിക്കാത്ത.

അകൌടില്യം-കൌടില്യം (കുടിലത=ചതി) ഇല്ലായ്മ. ഉ. ദുഷ്ടത്വമില്ലായ്മ. ന. വളവില്ലായ്മ. കൌടില്യം എന്നതു കുടിലശബ്ദത്തിൽ നിന്നുണ്ടായതാണ്.
'കലിതസംരംഭം കൌരവന്മാരുടെ
കലിയും ദ്വേഷവും കൌടില്യബുദ്ധിയും'
(പതിനാലുവൃത്തം

അകൌടുംബ-വി. ധനത്തിലേയ്ക്കാവശ്യമില്ലാത്ത.

അകൌടുംബി-ധനത്തിലേയ്ക്കാവശ്യമില്ലാത്തവൾ.

അകൌടുംബികൻ-ഒരു ഗൃഹത്തിലെ നായകനോ പിതാവോ അല്ലാത്തവൻ.

അകൌടുംബ-ബന്ധുത്വമില്ലായ്മ

അകൌതുകം-ആഗ്രഹമില്ലായ്മ ഉ. കാത്തിരിപ്പില്ലായ്മ ന. സന്തോഷമില്ലായ്മ
'കേൾക്കനിന്നോടതല്ല കേശമാധവം കണ്ടു
കോകിലാലാപിനി മേന്മേലകൌതുകാലാട്ട
(ദുര്യ്യോധനവധം കഥകളി) [ന്ത'

അകൌതുകം [കൌതുകസ്യാഭാവഃ]
'അരങ്ങാരവനത്തിലതികൌതുകമിതു
(പതിനാലുവൃത്തം) [ന്നാൽ'

അകൌതുകാഗാരം-നല്ലവീടല്ലാത്തതു

അകൌതൂഹലം-ക. ആഗ്രഹമില്ലായ്മ. ഉ. കാത്തിരിപ്പില്ലായ്മ. ന. സന്തോഷമില്ലായ്മ.
'കൌതൂഹലം കൌതുകഞ്ച
കുതുകഞ്ച കുതൂഹലം' (അമരം)
'ജനനീഗൃഹാദി സകലം
ചിന്തിച്ചു കൌതൂഹലാൽ'
(ശ്രീകൃഷ്ണചരിതം മണിപ്രവാളം)

അകൌതൂഹല്യം-ക. ആഗ്രഹമില്ലായ്മ. ഉ. കാത്തിരിപ്പില്ലായ്മ. ന. സന്തോഷമില്ലായ്മ.
കുതുകം, കൌതുകം, കുതൂഹലം, കൌതൂഹലം, കൌതൂഹല്യം എന്നിവയ്ക്കു കാണുന്നതിനോ കേൾക്കുന്നതിനോ അറിയുന്നതിനോ അനുഭവിക്കുന്നതിനോ ഉള്ള കാത്തിരിപ്പ് എന്നത്രേ

അകൌബേര-വി. കുബേര(വൈശ്രവണ)നെ സംബന്ധിച്ചതല്ലാത്ത.

അകൌമാരകം-ക. അഞ്ചുവയസ്സിനു മേലുള്ള പ്രായം ഉ. (സ്ത്രീസംഗതിയിൽ) പതിനാറുവയസ്സിനു മേലുള്ള പ്രായം.

അകൌമുദ-നിലാവില്ലായ്മ.

അകൌല-വി. ക. കുല(വംശ)ത്തെ സംബന്ധിക്കാത്ത. ഉ. നല്ല വംശത്തിൽ ഉൾപ്പെടാത്ത. ന. പാരമ്പര്യത്തിൽ വന്നിട്ടില്ലാത്ത.

അകൌലടിനേയൻ-കൌലടിനേയനല്ലാത്തവൻ കൌലടിനേയൻ=ദിക്കില്ലായ്കയാണു കുലങ്ങളെ അടക്കം ചെയ്യുന്ന സതിയുടെ പുത്രന്റെ പേർ കൌലടേയൻ. എന്നർത്ഥം.

അകൌലടേരൻ-കൌലാടേരൻ അല്ലാത്തവൻ. കൌലാടേരൻ=ജാതിസംഗതിനായിക്കാണു നടക്കുന്ന കുലടയുടെ പുത്രന്റെ പേർ.

അകൌലിക-വി. ക. വംശത്തിലുൾപ്പെടാത്ത. ഉ. വംശത്തിൽ പതിവില്ലാത്ത.

അകുലികി–വംശത്തിൽ ചേരാത്ത വൻ.

അകുലീന–വി. സൽക്കുലത്തിൽപിറന്നിട്ടില്ലാത്ത.

അകുലീന്യം–ശ്രേഷ്ഠകുലത്തിൽ ജനിച്ച സ്ഥിതി ഇല്ലായ്മ.

അകുലേയക–വി. നല്ല കുലത്തിൽ ജനിക്കാത്ത.

അകുല്യ–വി. ശ്രേഷ്ഠകുലത്തിൽ ജനിക്കാത്ത.

അകുശലം–ഫ. സൌഖ്യമില്ലായ്മ, ഭാഗ്യമില്ലായ്മ. ഉ. മിടുക്കില്ലായ്മ, ചതുരതയില്ലായ്മ. ന. അപ്രാപ്തി.

അകുശല്യം–സാമർത്ഥ്യമില്ലായ്മ. കുശല്യം = കുശലത, സാമർത്ഥ്യം.

'കുശല്യം കലരാതെ ബാലിക കര-
ഞ്ഞീടുന്നഹോ കേവലം'

(അമരുകശതകം)

അകുസീദ്യം–ഫ. മടിയില്ലായ്മ, ചൊടിപ്പുള്ള, ഉണർച്ചയുള്ള. ഉ. അന്യായപ്പെടിശ വങ്ങിക്കാതെയിരിക്ക.

അകുസുംഭ–വി. കുസുമ്പപ്പൂനിറമല്ലാത്ത, ചോമന്നതല്ലാത്ത.

അകുസൃതികൻ–ഫ. ചതിയനല്ലാത്തവൻ. ഉ. ഇന്ദ്രജാലവിദ്യയില്ലാത്തവൻ.

അക്കം–അക്ഷം എന്നതിന്റെ തത്ഭവം. ഫ. സംഖ്യയെകുറിക്കുന്ന അടയാളം. ഉ. സംഖ്യ.

അക്കൻ–ജ്യേഷ്ഠൻ. (ചേട്ടത്തി)

അക്കൻ എന്ന പദം മക്കിണക്കേരളത്തിലാണ നടപ്പ്. വയസ്സിനു മൂപ്പുള്ള വരെ ഉദ്ദേശിച്ചുണ്ട് ഈ പ്രയോഗം അധികമായി കാണുന്നതു്. ഇളയ സഹോദരിയും സഹോദരനും മൂത്തസഹോദരിയെ അക്കൻ എന്നു പറയാറുണ്ട്. ഉത്തരകേരളത്തിൽ ചേട്ടത്തി എന്നു പറഞ്ഞുവരുന്നു. തമിഴിൽ 'അക്കാൾ' എന്ന രൂപം നടപ്പുണ്ട്. ഇതിന്റെ വിവർത്തനരൂപം 'അക്ക' എന്നാണ്. അക്കൻ എന്ന ശബ്ദത്തിന സംസ്കൃതത്തിൽ ജനനി എന്ന അർത്ഥം കാണുന്നു. പക്ഷേ ആ രീതിയിൽ ഇതു പ്രയുക്തമല്ല. അക്കൻ എന്നതിന്റെ പുല്ലിംഗപദം തമിഴിൽ 'അണ്ണൻ' എന്നാകുന്നു.

അക്കനം–(അക്ഷരം എന്നതിന്റെ തത്ഭവം). ഫ വിശ്വം ഉ. പരബ്രഹ്മം. ന. പ്രകൃതി. ര. മനസ്സ. ഈശ്വരൻ അക്ഷരങ്ങളിലുള്ളവനാണല്ലോ.

'അക്കനെങ്ങളിലൊക്കെയുമുള്ളൊരുതയുരു
(അഞ്ചടി) [മനെ'

അക്കച്ചി–അലക്കുകാരി വെളുത്തേടത്തി.

'മക്കാച്ചിയാടുകിടയായ് മരുവുന്നതല്ലോ
രക്കച്ചിയന്റെ ഭവനപ്പടി കണ്ടനേരം'

'മുന്നം ഞാൻ ചിലദിവസമക്കതിനാ-
യക്കച്ചി തൻ മന്ദിരം'

(രാമചന്ദ്രവിലാസം)

തെക്കൻതിരുവിതാംകൂറിൽ കഴുതകളെ വെള്ളുപ്പുസഹായത്തിനു അക്കച്ചി എന്നു പറയാറുണ്ട്. ഔപചാരികമായും അക്കച്ചി, അമ്മച്ചി എന്നു വിളിച്ചുവരുന്നു.

അക്കടിക്കട്ടെ–അക്കം കൊണ്ടുള്ള ഒരു മാതിരി സംസാരം.

അക്കച്ചുടു–അക്കങ്ങളോടുകൂടിയ ഒരു മാതിരി രക്ഷാബന്ധം, മന്ത്രവാദികളും ക്ഷുദ്രപ്രയോഗത്തിനായിട്ട് ഉണ്ടാക്കുന്ന ഒരു മാതിരി ഏഴുത്ത്. അക്കവട്ടം എന്നു നോക്കുക.

അക്കടപ്പൂ–നിലപ്പടി, ഫലസസ്യം.

അക്കടപ്പൂരം–ഉപദ്രവം.

അക്കരം–അകരം.

അ കര എന്നതിനു അ, ഇ, ഉ ഇവ മൂന്നും തനിച്ച് വ്യാകരണപ്രകാരം വിവേചകരേഖകളായ മൂന്നുപ്രയോഗങ്ങളുണ്ടെങ്കിലും സാധാരണ പ്രയോഗിച്ചുകാണുന്നതു് അ, ഇ ഇവ രണ്ടുമാണ്. ഇവയ്ക്കു ദീർഘം കൂടുതലായിവന്നാൽ മലയാളഭാഷയിലും അതു ദീർഘം ഇരട്ടിക്കും. സംസ്കൃതത്തിൽ അക്കരം എന്നു ദീർഘം ഇരട്ടിച്ചുവരുന്നതി

നെക്കാൾ 'അ കര' എന്നാകുന്നതു് ഉത്തമം. [അക്കണ്ണിൽ-അ കണ്ണിൽ] കേരളപാണിനീയം സൂത്രം ക്ര-ം, ക്ര-ം നോക്കുക.

'ക്ഷീണിക്കാതക്ഷണമണയണം
കായലിന്നക്കരയ്ക്കു്'
(മയൂരസന്ദേശം)

അക്കരം- (അക്ഷരശബ്ദത്തിന്റെ തത്ഭവം) ഇപ്പോൾ പ്രയോഗമില്ല. ഒരു രോഗം. ഇതു കുട്ടിക്കാലത്തു ചെവിക്കകത്തുണ്ടായി പഴുത്തു പൊട്ടുന്നതാണ്. വായിലുണ്ടാകുന്ന ഒരു ഭീനമെന്നും കാണുന്നു.

അക്കരപ്പിഴ-ക്ര. വലിയ അപരാധം. ഉ: നിർഭാഗ്യം. ദുഃഖത്തിലും മറവും 'എന്തൊരക്കരപ്പിഴ വന്നുപോയി' എന്നു പറയാറുണ്ടു്.

അക്കരംകൊല്ലി-അക്കരം എന്ന വ്യാധിക്കുള്ള ഒരൗഷധച്ചെടി. ഇതിനു് അമൽപൊരി എന്നും പേരുണ്ടു്.

അക്കരെ-എതിർക്കര.

അക്കൽ-തീക്ഷ്ണജ്ഞാനം, നല്ല ബോധം. (പ്രയോഗം ദുർല്ലഭം)

അക്കൽകറുവാ-അക്രാവു്. ഒരങ്ങാടിമരുന്നു്. ഇതിനു് 'അക്കിക്കറുവം' 'അക്കിൽകറ' എന്നിങ്ങനെയും പറയുന്നു 'അഗ്രുഹേ' എന്ന ശബ്ദമാണു് ഈവിധമെല്ലാമായിത്തീർന്നതു്.

അക്കവിട്ടം-മാന്ത്രികമായി ചില രക്ഷകൾക്കുപായോഗിക്കുന്ന അക്കപ്പട്ടിക.

അക്കത്തിന്റെ സമ്പ്രദായം താഴെ കാണിക്കുന്നു.

| | | | |
|---|---|---|---|
| ക്ര | ൽ | ക്ര | ൽ |
| ന | ഉ | ന | ഉ |
| ൽ | ക്ര | ൽ | ക്ര |
| ഉ | ന | ഉ | ന |

അക്കാനി-ഒരു മധ്യതെക്കുതു്, പന മുതലായ വൃക്ഷങ്ങളുടെ ക്രമു ചരച്ചു് അതിന്റെ ഉദരം മുറിച്ചു പുണ്ണാക്കു തേച്ചു് അതിൽ നിന്നൊട്ടുന്ന, ക്രമുകളെ തല്ലിച്ചെത്തി തേച്ചുതേച്ചാൽ കള്ളുകിട്ടും. ഇതു പുളിപ്പിച്ചു വാറ്റുന്നതത്രേ ചാരായം. കരിപ്പട്ടി, പനനി, പനംകല്ലുണ്ടു് ഇവയെല്ലാം മേൽപ്പറഞ്ഞ അക്കാനിയുടെ രൂപാന്തരങ്ങളാണു്.

അക്കി-(അഗ്നി എന്നതിന്റെ തത്ഭവം) ദേഹത്തിൽ പാലിന്റെ നിറത്തിൽ ചെറുപോളകളായുണ്ടാകുന്ന ഒരു രോഗം. അഴൽ, കരു, മുഖക്കരു.

അക്കിൽകറ-അക്രാവു, ഒരങ്ങാടിമരുന്നു്.

അക്കിക്കറുവാ-അക്രാവു്, ഒരങ്ങാടി മരുന്നു്.

'അക്കിക്കറുവയുമക്രാവുമെന്നണ്ണിനുസ [മാനനെ'
(ഒരു ചൊല്ലു്)

അക്കിത്തിരി-കേരളത്തിൽ യാഗംചെയ്ത നമ്പൂതിരിമാർക്കുള്ള ഒരു പേർ. 'അഗ്നിശ്രീ', 'അഗ്നിഹോത്രി' ഇവയുടെ അക്കത്തിരി.

'അക്കിത്തിരിമാർ ചോമാതിരിമാർ
ചൊല്ലുണ്ണിടിനഭട്ടേരികളും'
(സ്യമന്തകം തുള്ളൽ)

അക്കിളാരിതേങ്ങ-അക്രാരി എന്നും പേരുണ്ടു്. ഇതു പടിഞ്ഞാറെ സമുദ്രതീരത്തിൽ അധികമായുണ്ടാകുന്ന ഒരൊഷധം തന്നെ.

അക്കുളം-ക്ര കിക്കിളി (കക്കുടത്തൊട്ടു മർപ്പിക്കുക) കിക്കിളിക്കു ചില സ്ഥലങ്ങളിൽ 'കിറിണി' എന്നു പറയുന്നു. ഉ. കാക്കുളം.

അക്കുത-വി. പൂരിയിരിക്കുന്ന, തെച്ചിട്ടുള്ള. ഈ പദം സമാസത്തിൽ വർക്കായുള്ളു. (രത്നാലക്കുത = രത്നങ്ങൾ പൂരിയിരിക്കുന്ന.)

അക്കുത-രാത്രി.

അക്ബർ, അക്ബരൻ-പ. ഒരു മുഗ ളചക്രവർത്തിയുടെ പേർ. ഉ. അക്ബ രശ്ശിച്ചു എഴുതീട്ടുള്ള ഒരു ആഖ്യായിക.

അക്രത്രം - യുദ്ധത്തിനുപയുക്തമായ ഒരു വസ്ത്രം.

അക്രതു-പ. ക്രതു(യജ്ഞം)ഇല്ലാത്തവൻ. ഉ. സങ്കല്പമില്ലാത്തവൻ, പരമാത്മാവു്.

അക്രതു-പ. യാഗമില്ലായ്ക. ഉ. സങ്കല്പ മില്ലായ്ക. ന. നിശ്ചയമില്ലായ്ക.

അക്രന്ദനം-കൊല്ലാതിരിക്കുക.

അക്രന്ദനം-കരയാതിരിക്കുക. (ക്രന്ദനം =കരച്ചൽ).

അക്രന്ദിത-വി. കരയാത്ത.

അക്രയകം-വാങ്ങാതിരിക്കുക. (ക്രയകം എന്നാൽ വിലയ്ക്കു വാങ്ങുക എന്നർത്ഥം.)

അക്രമ-വി ക്രമമില്ലാത്ത, രീതിമാറിയ, മുറതെറ്റിയ, കഴപ്പമായ.

അക്രമണം-സഞ്ചരിക്കായ്ക.

അക്രമം-പ. ക്രമമില്ലായ്ക, രീതിയില്ലായ്ക, മുറയില്ലായ്ക, കഴപ്പം. ഉ. നീതികേട്. ന. മര്യാദകേട്. ര. കാവ്യദോഷങ്ങളിൽ ഒന്ന്. (ഈ ദോഷം നിപാതങ്ങളെ വാക്യത്തിൽ ക്രമം മാറി പ്രയോഗിക്കുന്നിടത്തുണ്ടാകും). ഉദാഹരണം താഴെ കാണിക്കുന്നു.

'ഇന്നിതെസ്വരമായേകളിക്കുക ചിരി-
ച്ചെന്നോളുമാളീമനം'

(ജാനകീപരിണയം)

"എന്നെ ചിരിച്ചോളും" എന്നതിനു പക രം "ചിരിച്ചെന്നോളും" എന്ന പ്രയോ ഗം നോക്കുക.

അക്രമാതിശയോക്തി-ഒരലങ്കാരം (ഇ തു കാര്യവും കാരണവും ഒന്നിച്ചു സംഭ വിക്കുന്നതായി വർണ്ണിക്കുന്നതാകുന്നു).

അക്രമിക-വി. പ. ക്രമപ്പെടുത്തിയല്ലാത്ത. ഉ. വംശക്രമത്തിലല്ലാത്ത.

അക്രൂരി - ക്രൂരകർമ്മമായി പ്രവർത്തിക്കാത്ത വൻ, ദയാലു.

അക്രമിക്കുന്നു-ക്രമമല്ലാതെ ചെയ്യുന്നു, മുറകേടുചെയ്യുന്നു.

അക്രയം-വിലയ്ക്കു വാങ്ങാതിരിക്കുക.

അക്രയണം-വിലയ്ക്കു വാങ്ങാതിരിക്കുക.

അക്രയ്യ-വി. വിലകൊടുത്തു വാങ്ങിക്കത്തക്കതല്ലാത്ത.

അക്രശിമാവു്-ക്രശിമാവല്ലാത്ത (ഒമലിഞ്ഞിരിക്കാത്ത) സ്ഥിതി. ക്രശീമാ=ക്രശമായിരിക്കുന്ന സ്ഥിതി. മഹിമാ, ലഘിമാ, ഗരിമാ ഇത്യാദിപോലെ ക്രശിമാ എന്നതും സംസ്കൃതപ്രഥമാതൃപമാകുന്നു.

അക്രാന്ത-ചെറുവഴുതിന.

അക്രാന്തം-ക്രാന്തം(വ്യാപ്തം)അല്ലാത്തതു്.

അക്രായികൻ - ക്രായികനല്ലാത്തവൻ. ക്രായികൻ=വിലയ്ക്കു കൊള്ളുന്നവൻ

അക്രാരി-അക്രാരിത്തെങ്ങു. പടിഞ്ഞാറെ സമുദ്രതീരത്തിൽ അധികമായുണ്ടാകുന്നു.

അക്രാവു— ഒരങ്ങാടിമരുന്നു്. ഇതിനു് അക്കൽകരവം, അക്കിൽകറ, അക്കിക്കരവം ഇങ്ങനെ പേരുകളും ഉണ്ടു്.

അക്രാസനം-ക്രാസനം(മേൽവം)ഇല്ലായ്ക.

അക്രിയ-വി. പ. ക്രിയ(പ്രവൃത്തി)യിൽ സംഗതയില്ലാത്ത. ഉ. ഉത്സാഹമില്ലാത്ത.

അക്രിയൻ - പ. മായാബന്ധമില്ലാത്തവൻ, സകല കർമ്മങ്ങളെയും കഴിഞ്ഞവൻ, പരമാത്മാവു്.

'നിർഗുണൻ നിശ്ചലൻ
നിർമ്മലൻ നിരാധാരൻ
നിഷ്ക്രിയൻ നിരാകാരൻ
നിരഹങ്കാരൻ നിത്യൻ'

(അദ്ധ്യാത്മരാമായണം)

ഉ. ഉത്സാഹമില്ലാത്തവൻ. ന. പ്രവൃത്തിയിൽ താൽപര്യമില്ലാത്തവൻ.

അക്രിയ-ക്രിയയില്ലായ്ക, താൽപര്യമില്ലായ്ക, വേലയിൽ വീഴ്ച.

അക്രിയാകാരൻ-വേലചെയ്യാത്തവൻ.

അക്രിയാവാൻ-ക്രിയാവാനല്ലാത്തവൻ. ക്രിയാവാൻ=കർമ്മങ്ങളിൽ ഉത്സാഹത്തോടുകൂടിയവൻ.

'ക്രിയാവാൻ കർമ്മസൂദ്യതഃ' (അമരം)

അക്രുധ-ക്രോധം (കോപം) ഇല്ലായ്ക.

അക്രുദ്ധ-വി. കോപിക്കാത്ത.

'ക്രുദ്ധോ ചുമന്തംകടിച്ചുരംഷ്ടകളും
ഉദ്യൽപ്രഭാപോട്ടിച്ചിരിച്ചുലറി ഘോരം'
(ഭാഗവതം)

അക്രൂരം-കരയായ്ക.

അക്രൂര- മനഃകഠിനതയില്ലാത്ത (അപൂർവ്വമായി 'ഭരിദ്രമില്ലാത്ത' 'ദുർത്തിയില്ലാത്ത' 'നീചത്വമില്ലാത്ത' ഈ അർത്ഥങ്ങളും വരും).

'ക്രൂരവച:സ്സകലംകേട്ടിളപാലനം
പാരമകംചെയ്തുസാരസ്യവണ്ണിയാൽ'
(ഭാഗവതം)

അക്രൂരത-കഠിനതയില്ലായ്ക.

അക്രൂരം-ഉഗ്രമില്ലായ്ക. (ക്രൂരശബ്ദത്തിന് 'ഉഗ്രം' എന്ന അർത്ഥം അപൂർവ്വമായിട്ടേ ഉള്ളൂ) ക്രൂരം=കഠിനം. അതല്ലാത്തത് അക്രൂരം.

'കക്കശം കഠിനം ക്രൂരം' (അമരം)

അക്രൂരൻ-പ. ഒരു യാദവൻ. അച്ഛൻ ശ്വഫല്കൻ. അമ്മ ഗാന്ദിനി. ഈ സ്ത്രീ കാശീശന്റെ പുത്രിയാണ്. ഗാന്ദിനിയുടെ പുത്രനാകയാൽ അക്രൂരനു ഗാന്ദിനേയൻ' എന്ന പേരുണ്ടായി.

'കാശീശൻ ഭാരശാബ്ദ്യോ
വക്ത്രമില്ലാഞ്ഞമൂലം
ദേശേവാസികളോടും
ദുഷ്ടിച്ചുപിന്നെയവൻ
മുഖ്യനാം ശ്വഫല്കനെ
കൊണ്ടുപോയ് രാജ്യത്തിങ്കൽ
മുഖ്യനായ് വച്ചുനപ്പോൾമം
വക്ത്രവുണ്ടായ്തന്നെ
ദുഃഖങ്ങൾ തീർന്നിടുവാൻ
കാശിരാജപുത്രി തന്റെ
വിഖ്യാതഗുണമായ
ഗാന്ദിനിതന്നെയന്ന
ൽകിനാൻ ശ്വഫല്കനു
തൽപുത്രനക്രൂരനും'
(ഭാഗവതം)

അക്രൂരൻ കൃഷ്ണന്റെ ഒരു മാതുലനൊന്നുമല്ലെന്നായല്ല, ആപ്തമിത്രവും കേരനും കൂടിയായിരുന്നു. കംസനെ വധിപ്പാൻ രാമകൃഷ്ണന്മാരെ പ്രേരിപ്പിച്ചു. ഇതിനു കാരണം കംസൻ വസുദേവരേയും, ദേവകിയേയും, ഉഗ്രസേനനേയും അപമാനിച്ചതായിരുന്നു. കംസൻ രാമകൃഷ്ണന്മാരെ കൊല്ലുന്നതിനു ചാപപൂജ എന്ന വ്യാജേന ആരംഭിച്ച ആഘോഷം കാണ്മാൻ അവരെ കൂട്ടിക്കൊണ്ടുവരുന്നതിനു അമ്പാടിയിലേക്കയച്ചതു് ഈ അക്രൂരനെ ആയിരുന്നു. ഇദ്ദേഹത്തെ കൃഷ്ണൻ ഒരിക്കൽ വിശ്വരൂപവും അറിവാൻ ഹസ്തിനാപുരിയിലേക്കയച്ചിട്ടുണ്ട്. അക്രൂരൻ സത്രാജിത്തിനെ ശതധന്വാവു മുഖേനെ കൊണ്ടു കൊല്ലിച്ചു. മണിയെ ശതധന്വാവു് അക്രൂരന്റെ പക്കൽ കൊടുത്തു. അനന്തരം ദ്വാരകാപുരിയിൽ ശതധന്വാവിനെ കൃഷ്ണൻ വധിച്ചു മണി അവന്റെ പക്കൽ കണ്ടില്ലെന്നു് അതിനെപ്പോക്കിനെപ്പറ്റി രാമകൃഷ്ണാദികൾ ആലോചനതുടങ്ങി. അക്രൂരൻ മണിയും കൊണ്ടു കാശിയിലേക്കു പോയി. കൃഷ്ണൻ അക്രൂരനെ വരുത്തി. അക്രൂരൻ മണി കൃഷ്ണനെ ഏൽപ്പിച്ചു. എല്ലാവരും കൂടി ആലോചന നടത്തി മണി അക്രൂരന്റെ പക്കൽതന്നെയിരിക്കട്ടെ എന്നു തീർച്ചപ്പെടുത്തി.

പ. ക്രൂരനല്ലാത്തവൻ (പരദ്രോഹിയല്ലാത്തവൻ).

'നൃശംസോ ഘൃണകഃ ക്രൂരഃ' (അമരം)

അക്രേണി-വിലയ്ക്കു വാങ്ങായ്ക.

അക്രേത്ര-വി. വില്ക്കുന്നതല്ലാത്ത.

അക്രേയം-ക്രേയം (വിലയ്ക്കു യോഗ്യം) അല്ലാത്തതു്.

അക്രോശ്ടു-പ. അക്രോടുങ്ങി, മരുവകഭേദം. പ. തേ മരം.

അക്രോധ-ക്രോധം (കോപം) ഇല്ലാത്ത.

അക്രോധം-കോപമില്ലായ്മ. [ന്നതി-

'ക്രോധേനരവീന്ദക്ഷം തമ്മെനോക്കീട്ട
ന്നാധിചേന്നഴം ഗ്രഹണങ്ങളായതു ര

(ഭാഗവതം) [ണ്ടു'

അക്രോധന-വി. കോപമില്ലാത്ത.

അക്രോധനൻ-പു. ചന്ദ്രവംശരാജാവായ അയുതായുസ്സിനു ഭാസയിൽ ജനിച്ച ഒരു രാജാവു്. പ. ക്രോധനൻ അല്ലാത്തവൻ. ക്രോധനൻ = കോപശീലൻ.

'ക്രോധനോമഷ്ണകോപീ' (അമരം)

അക്രോധാലു- കോപസ്വഭാവമില്ലാത്ത.

അക്ലമം-തളർച്ചയില്ലായ്മ, വാട്ടമില്ലായ്മ.

അക്ലമഥം-തളർച്ചയില്ലായ്മ, വാട്ടമില്ലായ്മ.

'ക്ലമഥക്ലമേ' (അമരം)

അക്ലാന്തം-വാടാത്തതു്. (ക്ലാന്തം = വാടിയതു്).

അക്ലാന്തത്വം-ക്ഷീണതയില്ലായ്മ. (ക്ലാന്തത്വം = ക്ഷീണത).

'ക്ലാന്തത്വത്തൊടുചൊല്ലുമത്തരുണിയെ'

(അമരുകശതകം)

അക്ലാന്തി-തളർച്ചയില്ലായ്മ, പരവശതയില്ലായ്മ.

'ക്ലാന്തിയെവിടിഞ്ഞതികാന്തിയുതന്നു-
രന്തസ്സുഖമൊടുചെന്നാർമകളുടെ'

(ഭാഷാക്ഷയാത്ര ഉള്ളൂർ)

അക്ഷാരി-അക്ഷരിതത്തെങ്ങു. ഇതു പടിഞ്ഞാറെ സമുദ്രതീരത്തിൽ അധികമായുണ്ടാകുന്നു. ഇതിനെ അക്രോടി എന്നും പറയും. സംസ്കൃതത്തിൽ 'അഗ്നിജാര' എന്നു പറയുന്നു.

അക്ഷികാ-അമരി.

അക്ഷിന്ന-വി. നനവു വിടാത്ത.

'ആർദ്രംസംർദ്രം ക്ഷിന്നം' (അമരം)

അക്ഷിന്നവർത്മം-നേത്രവർത്മഗതരേണുക്കളിൻ മേൽ.

'യസ്യാധേതന്യധേതന്നി
സന്ദഹ്യന്തേപുനഃ പുനഃ
വർത്മന്യുപരിപക്ഷ്മനി
വിശ്ലഷ്ടക്ഷിന്നവർത്മതൽ'

(മാധവനിദാനം)

കൺപാളകളും കഴുകിയാലും കഴുകിയില്ലെങ്കിലും വീണ്ടും വീണ്ടും ഉണ്ടാകുന്നപ്രകാരം തോന്നും. എന്നാൽ പഴുപ്പുണ്ടായിരിക്കയില്ല. ഇതിന് അക്ഷിന്നവർത്മം എന്നു പേർ.

അക്ലിശിതൻ— ക്ലിശിതനല്ലാത്തവൻ. ക്ലിശിതൻ = ക്ലേശിച്ചവൻ.

അക്ലിഷ്ട-വി. ക്ലിഷ്ട (ക്ലേശമുള്ളതു്) അല്ലാത്ത, തളർച്ചയില്ലാത്ത, ദോഷം ഭവിക്കാത്ത.

'ക്ലിഷ്ടകർമ്മതെങ്കിലും കര
വാണിശങ്കര പാഹിമാം'

(പത്നാലുവൃത്തം)

അക്ലിഷ്ടൻ-ക്ലിഷ്ടനല്ലാത്തവൻ. ക്ലിഷ്ടൻ എന്നാൽ ക്ലേശിച്ചവൻ എന്നർത്ഥം.

'ക്ലിഷ്ട, ക്ലിശിതേ, വസിതേ' (അമരം)

അക്ലിഷ്ടത-ക്ലിഷ്ടത (ക്ലേശം) ഇല്ലാത്തതു്; തഞ്ഞുകൂടാത്തതു്.

'ഇഷ്ട്വാമനികളുനി തരപരിത്രത്തെ
ക്ലിഷ്ടതരപാത്രാവപദേശവുംചെയ്തു'

(ഭാഗവതം)

അക്ലിഷ്ടി-ക്ലേശം (വേദന) ഇല്ലായ്മ, പ്രയാസമില്ലായ്മ.

അക്ലീബ-നപുംസകലിംഗമല്ലാത്ത, ഷണ്ഡത്വമില്ലാത്ത, നീചത്വമില്ലാത്ത.

അക്ലീബാ-നപുംസകലിംഗമല്ലാത്തതു്.

അക്ലേദം-ക്ലേദം (നനവു്) ഇല്ലായ്മ.

അക്ലൈര്യ-ബുദ്ധിമുട്ടില്ലായ്മ, ക്ലേശമില്ലായ്മ.

'ആദീനവസ്യൈവമ ക്ലൈര്യം' (അമരം)

അക്വാണിതം-കൂജനിതം (ശബ്ദം) ഇല്ലാത്ത.

അക്വാഥനം-കൊഴുപ്പുചെയ്യായ്മ.

അക്ഷം-പു. അച്ചു് (അക്ഷശബ്ദത്തിനർത്ഥവും), അച്ചുതടി. പ. വണ്ടി (വാഹനം), ചക്രം. മ. വണ്ടിയിലെ തെ

തടി ര. (ഭൂമിശാസ്ത്രപ്രകാരം) ഭൂമിയുടെ ഒരു രേഖ. ഇ. ത്രാസിന്റെ കോൽ. ന. മൂന്നുകഴഞ്ചു തൂക്കമുള്ള ഒരു മാത്ര. (കഷം എന്നും പറയും.) ഒരു കഴഞ്ചിന പന്ത്രണ്ടുരൂപ്പണം തൂക്കമുകയാൽ മൂന്നു കഴഞ്ചിനു പണത്തൂക്കം മുപ്പത്തിയാറു ര. ഒ. ചൂതുകളിക്കുള്ള കരു, ചൂതുകായ. വ. പായ്. ൻ ഹൃദയം. ഫ. ജ്ഞാനം. ഫ. വ്യവഹാരം, വ്യവഹാരനടപടി. ഫ. തുലാക്ഷം. ഫ. ഒരുതരം മുപ്പ്. ഫ ഇരുമ്പിലയുപ്പ്.

'രസഭവമ്പിലക്ഷരുചക തിലകം തരു (അമരം) [മേചകേ

രസഭവമ്പിലം, അക്ഷം, രുചകം ഇവമൂന്നും ഇരുമ്പിലയുപ്പിന്റെ പേർ തിലകം = കറുത്ത ഇരുമ്പിലയുപ്പിന്റെ പേർ ഫ ഇരുമ്പിലക്കാരം. ഫ. താന്നി (താന്നിക്കായ്) ഫ ഇന്ദ്രാണി. ഫ. ദേവസങ്കടം (വെൺകടുക്). ഫൻ. കടകപ്പാലയരി. ഫ. മരതകനാരകം. ഫ. കണ്ണ്.

അക്ഷീകാ-തൊട്ടാർ (ഗ്രാഹ്യാംശം പൂറന്തൊലിയാണ്. ഇതിനു 'തേത്തമരം' എന്നും 'തോട്ടാർ' എന്നും കൂടി പറയാറുണ്ട്.)

അക്ഷകണ്ണാ - സമകോണേ ത്രികോണത്തിൽ സമകോണത്തിനെതിരായി കിടക്കുന്ന വര.

അക്ഷകീലം - അച്ചുതണ്ടിന്റെ ആണി. 'നിന്നോട്ടുകടാവ വിഷ്ണിലകംപു [മ സന്നദ്ധനായ് ചെന്നസുരരോടേറാപ്പാ ക്ഷിന്നമായുന്ന രഥാക്ഷകീലം പാരി - ലെന്നതറിഞ്ഞതുമില്ല ശരഥൻ'

(അത്യുത്തരരാമായണം)

അക്ഷകുമാരൻ- രാവണന്റെ ഇളയ മകൻ. അക്ഷൻ എന്നും പറയും. ഇവനെ ഹനുമാൻ കൊന്നു.

'വിനയരമാടുതൊഴിതിളയമകനമുരചെയ്തു വീരപുംസാമഭയാശുമാല്ലുമേ. [നു

അലമലമിതറികിലനുചിതമഖിലജ്ഞോ- മത്തുഖദംരധെയ്യശെയ്തോഹരം.

അരിവരനെനിമിഷമിഹകൊണ്ടുവരുവ- ന്നക്ഷകുമാരനംനിർത്തീടിനാൻ [നെ- കപിവരനുമതുപൊഴുതുതോരണമേറിനാൻ കാണായിതക്ഷകുമാരനെ സന്നിധൌ ശരനികരശകലിതശരീരനായുന്നിതു ശംഖുഗദാധിപൻതാനുമതുനേരം മുനിവിനൊട്ടുഗഗനത്തുവിനിന്നതാണുതു ന്മൂർദ്ധനിമുദ്ധരംകൊണ്ടേറിഞ്ഞീടിനാൻ. ശമനപുരിവിരവിനോടുചെന്നുപുക്കീടിനാ ശകുതനാമക്ഷകുമാരൻമനോഹരൻ. [ൻ

(അത്യുത്തരരാമായണം)

അക്ഷകുശല-വി. ചൂതുകളിയിൽ സാമർത്ഥ്യമുള്ള.

അക്ഷക്കുടം-കണ്ണിലെ കറുത്തമിഴി, അക്ഷത്തി(കണ്ണി)ന്റെ കുടം (മുഖ്യഭാഗം).

അക്ഷകൈതവം-കള്ളച്ചൂത്.

'അക്ഷകൈതവഹേതുനാ സകലംപിടിച്ചുപറിച്ചതും'

(പതിനാലുവൃത്തം)

അക്ഷകോവിദ-വി. ചൂതുകളിയിൽസാമർത്ഥ്യമുള്ള.

അക്ഷക്രിയ- ചൂതാട്ടം, ചൂതുകളി.

അക്ഷക്രീഡ-ചൂതാട്ടം, ചൂതുകളി.

'ദേവനമക്ഷക്രീഡകഴിഞ്ഞോരനന്തരം ദേവിയോടതുംചെയ്തു നീയിനിയൊന്നു [വേണം'

(ഭാരതം)

അക്ഷഗ്രഹൻ — ചൂതുകളിക്കുന്നവൻ. 'ഗ്രഹം എന്നാൽ ചൂതിൽ വാതുചൊല്ലി പണയംകൊടുത്തതിന്റെ പേരാകുന്നു', 'പാണാവക്ഷേഷുഗ്രഹഃ' (അമരം)

അക്ഷജ - ഫ. പ്രത്യക്ഷജ്ഞാനം, നേരിട്ടു കിട്ടിയ അറിവ്. ഫ. ഭൂമിരക്കല്ല്. ന. ഇടവീഴുക.

അക്ഷജൻ-വിഷ്ണു.

അക്ഷജ്ഞ- വി. ചൂതുകളിയിൽ സാമർത്ഥ്യമുള്ള

അക്ഷണം-ക്ര. വേഗം, ഉടൻ ക. ഉത്സവംഇല്ലായ്മ. ന. നാഴികയിൽ ആറിലൊരംശമോ ഇല്ലായ്മ.

'ക്ഷണപരിപാശ്ചമുപഗമ്യനിജ്ജരന്മാരേ
ടക്ഷണമവസ്ഥകളെപ്പേരുമറിയിച്ചുൻ'
(ഭാഗവതം)

അക്ഷണിക-വി. സ്ഥിരതയുള്ള. (ക്ഷണനേരത്തേയ്ക്ക് ഒരേ സ്ഥിതിയിലിരിക്കുന്നതു ക്ഷണികം).

'ഹരിവീക്ഷണാക്ഷണികചക്ഷുക്ഷാ'
(മാഘം)

'ക്ഷണികമതാകിനവിഷയസുഖത്തിൽ
പ്രണയമിയന്നൊരസികന്മാർ'
(കിരാതം ഒട്ടൻതുള്ളൽ)

അക്ഷണപാൻ-കണ്ണുള്ളവൻ.

അക്ഷണപതി-കണ്ണുള്ളവൻ.

അക്ഷണപത്തു്-കണ്ണുള്ളതു്.

അക്ഷത-ക്ര. പകുത്തിട്ടില്ലാത്ത. ക. ന്യൂനത (ക്ഷയം) തട്ടീട്ടില്ലാത്ത, ഉപദ്രവം തട്ടാത്ത, മുറിപ്പെടാത്ത, മുറിവില്ലാത്ത.

'അക്ഷരമീവകകുട്ടിച്ചോത്തതി-
ലക്ഷതമാകിയ രസമുരുവാക്കി'
(സ്യമന്തകം തുള്ളൽ)

'ക്ഷണംപുനരതുതന്നനി
നക്കനമോട്ടുകടവേ
പക്ഷരമക്കിലതങ്ങിനെമമ
പക്ഷമിക്ഷണമക്ഷത.'
(പക്ഷിനാലുവൃത്തം)

'സാമർത്ഥ്യസൃഷ്ടിയികൽ കമലഭവനിന
ക്കക്ഷതം സംഭവിക്കും'
(ഭക്ഷാനാരായണീയം)

'അക്ഷതവീര്യമഹാബലധീര
അക്ഷിയുഗവുമിന്നസഫലമായ്'
(ശന്ധ്യവിജയം കഥകളി)

അക്ഷതൻ-ക്ര. മുറിവുപെടാത്തവൻ. (ക്ഷതം=മുറിവ്). ക. ശിവൻ.

അക്ഷതം-ക്ര. അരി. ക. മലത്. ന. യവം. (ഒരുവക ധാന്യം). ര. നപുംസകൻ. ഇ. നെല്ലും അരിയുംകൂടെ പൂജാമുതലായതിനു ബ്രാഹ്മണൻ നനച്ചുവയ്ക്കാറുണ്ട്, അതിന്റെ പേർ. ഉണക്കലരിക്കും പറയുന്നു.

അക്ഷത-വിവാഹം കഴിയാത്ത സ്ത്രീ.

അക്ഷതണ്ഡുല-വലിയ കുമ്പളങ്ങാ. ഇതിനു സംസ്കൃതത്തിൽ 'മഹാഫല' എന്നു പേർ (മലയാളത്തിൽ ആനക്കുമ്പളങ്ങാ എന്നു പറയുന്നതും ഇതുതന്നെ.).

അക്ഷതതാ-പൂജകളിലുള്ള സ്നാനം, പൂജകളിയുടെ വിധം.

അക്ഷതധാന്യം-യവം (വാൽഗോതമ്പു്)

അക്ഷതയോനി-ഭോഗംകൊണ്ടു കഴിഞ്ഞിട്ടില്ലാത്ത സ്ത്രീ.

അക്ഷതങ്ങടം(അക്ഷതം)-മലത്.

[അക്ഷതങ്ങടം എന്ന രൂപത്തിൽ പ്രയോഗിക്കരുതു്.]

അക്ഷതാധനം-വൈകുന്നേരം വാദ്യമടിക്കുക.

'സായംതൂര്യക്ഷതാധനം'(ഭൈമരുയന്തി)

അക്ഷതികം-തൽപഞ്ചി.

അക്ഷതൈലം-താന്നിഎണ്ണ.

അക്ഷത്രം-തല. അക്ഷങ്ങളെ (ഇന്ദ്രിയങ്ങളെ) ത്രാണനം (രക്ഷ) ചെയ്യുന്നതു്.

'ഉത്തീക്ഷംശീഷ്മക്ഷത്രം' (ഭൈമരുയന്തി)

അക്ഷത്രിയൻ-ക്ര. ക്ഷത്രിയൻ അല്ലാത്തവൻ. ക. കണ്ടാൽ ക്ഷത്രിയനെപ്പോലെയിരിക്കും, എന്നാൽ ക്ഷത്രിയനല്ലാത്തവനും, അങ്ങിനെയുള്ളവൻ.

അക്ഷത്രിയി-ക്ഷത്രിയന്റെ ഭാര്യയല്ലാത്തവൾ.

അക്ഷത്രിയോഗ്യ-ക്ഷത്രിയനു യോഗ്യമല്ലാത്ത.

അക്ഷദർശകൻ-ക്ര. മണ്ടി, മദ്ധ്യസ്ഥൻ, ന്യായാധിപതി. ക. പൂജകളിയിൽ പ്രധാനി. വാതി പ്രതിവാദികളുടെ വിവാഹത്തിൽ തീർപ്പുകല്പിക്കുന്നവരായ ന്യായാധിപന്മാർ. ഈ അവസ്ഥ പൂജകളിയിൽ പ്രധാനിക്കും ഉള്ളതുകൊണ്ടു് ഈ പേരുണ്ടായി.

'പ്രൗഢിവകോക്ഷദർശകെ' (അമരം)

അക്ഷദ്ധർ-പ്ര. ജഡ്ജി, മജിസ്ട്രേട്ട്, ന്യായാധിപതി. ഉ. ചൂതുകളിയുടെ പ്രധാനി. [അക്ഷങ്ങളം=വ്യവഹാര നിയമങ്ങളം.]

അക്ഷദേവി-ചൂതുകളിക്കുന്നവൻ (ഇവിടെ 'ദിവ്' ധാതുവിനെ 'ക്രീഡ്' എന്നർത്ഥം)

'ധൂർത്തോക്ഷദേവീകിതവോ-
'ക്ഷധൂർത്തോമൃതകൈതവമ' (അമരം)

(ധൂർത്തൻ, അക്ഷദേവി കിതവൻ, അക്ഷധൂർത്തൻ, മൃതകൈതവൻ ഇവ അഞ്ചും ചൂതുകളിക്കുന്നവരുടെ പേർ.)

അക്ഷദ്യൂതം-ചൂതുകളി.

'ദ്യൂതേസ്മിന്നുമക്ഷവതീ
കൈതവം പണ ഇത്യപി' (അമരം)

(ദ്യൂതം, അക്ഷവതി, കൈതവം, പണം ഇവ നാലും ചൂതിന്റെ പേർ)

അക്ഷധാരം-പതിവമരം. ശാഖോടവൃക്ഷം എന്നും പേരുണ്ട്.

അക്ഷധരൻ-വിഷ്ണു.

അക്ഷധാന്യം-യവം (വാൽഗോതമ്പ്).

അക്ഷധൂർത്തൻ-പ്ര. ചൂതുകളിക്കാരൻ. ഉ. കള്ളച്ചൂതാളി. മടങ്ങുമ്പോൾ ദേഷ്യംകൊണ്ടു ചൂതെടുത്തു് എറിയുന്നതിനാൽ ഈ പേർ വന്നു.

അക്ഷധൂർത്താ-പതിവമരം. (ശാഖോടവൃക്ഷം.)

അക്ഷധൂർത്തിള-വണ്ടിയിൽ കെട്ടീട്ടുള്ള കോൽ.

അക്ഷൻ-പ്ര. ശതഡൻ ഉ. അക്ഷകുമാരൻ (രാവണന്റെ ഇളയ മകൻ). ഇവനെ ഹനുമാൻ കൊന്നു. (അക്ഷകുമാരൻ എന്ന ശബ്ദം നോക്കുക)

'അക്ഷൻ മരിച്ചുപോയെന്ന വിശേഷങ്ങ
ളുക്ഷണം ചെന്നങ്ങറിയിച്ചുപ്പോരം
രക്ഷോധിനാഥനും ദുഃഖം പെരുത്തുടൻ-
നക്ഷിണിയും വാഴ്ത്തു നാരായണ'

(രാമായണം ചമ്പു യുദ്ധം)

ന. ജനനത്താൽ കരുതൻ (ജന്മ,സ്ഥൻ).

ര. കണ്ണുള്ളവൻ. ഉ-ം, അംബുകേരുക്ഷൻ' പങ്കജാക്ഷൻ.

അക്ഷപടലം-പ്ര. നിയമപ്രമാണങ്ങളും സൂക്ഷിക്കുന്ന സ്ഥലം. ഉ. നീതിന്യായക്കോടതി.

അക്ഷപാടകൻ-ന്യായാധിപതി. പടകൻ എന്നാൽ പാടനംചെയ്യുന്നവൻ (സൂക്ഷ്മമായി ഗ്രഹിക്കുന്നവൻ) എന്നർത്ഥം.

അക്ഷപാദൻ-പ്ര. ന്യായദർശനത്തെ സ്ഥാപിച്ച ഗൗതമമഹർഷി. ഉ. ന്യായദർശനത്തെ ആശ്രയിക്കുന്നവൻ ന്യായദർശനം എന്നതു ഷഡ്ദർശനങ്ങളിൽ ഒന്നാണ്. ഷഡ്ദർശനങ്ങളും (തത്വദർശനങ്ങളും). പ്ര. ന്യായം. ഉ. വൈശേഷികം. ന. സാംഖ്യം. ര. യോഗം. ള. പൂർവ്വമീമാംസ. ഴ. ഉത്തരമീമാംസ ഇവയാകുന്നു.

അക്ഷപാദൻ എന്നതിന്റെ വ്യുൽപത്തിക്ക് ഒരു പുരാണകഥയുണ്ട്. അതിന്റെ സംഗ്രഹം താഴെ ചേർക്കുന്നു. തന്റെ മതത്തെ ദ്വേഷിക്കുന്ന വ്യാസന്റെ മുഖത്തു തന്റെ കണ്ണുകൊണ്ടു നോക്കുകയേ ഇല്ല എന്നു ഗൗതമൻ ശപഥം ചെയ്തിരിക്കേ, വ്യാസൻ അദ്ദേഹത്തെ സന്ദേശിപ്പിച്ചു. അനന്തരം ഗൗതമൻ തന്റെ പാദത്തിൽ കണ്ണുണ്ടാക്കി വ്യാസനെ നോക്കി. അതുകൊണ്ടു ഗൗതമന് അക്ഷപാദൻ എന്ന പേരുണ്ടായി.

അക്ഷപിത-അരിപ്പിക്കപ്പെട്ടതല്ലാത്ത.

അക്ഷപീഡ-പ്ര. ഇന്ദ്രിയങ്ങൾക്കുള്ള പീഡ (ഉപദ്രവം). ക്ഷുദ്രസങ്കടം ഹേതുവായിട്ട് അധികവും നാവിനുള്ള പീഡയ്ക്കാണ് ഈ പേർ പറയുന്നതു്. ഉ. കീരയുള്ളി.

അക്ഷഫലം-തട്ടാംക്ഷം.

അക്ഷബീജം-താന്നിക്കുരു.

അക്ഷഭാഗം-ഭൂമിയുടെ അക്ഷരേഖയിൽ നിന്നു ദൂരം ഗ്രഹിപ്പാൻ എടുപ്പുത്തിനു സങ്കല്പിക്കുന്ന ഭൂരേഖാഭാഗം.

അക്ഷഭാരം-വണ്ടിച്ചുമട്.

അക്ഷഭീരു-ചൂതുകളിയിൽ ഭയമുള്ളവൻ.

അക്ഷമ-പ. കരുത്തില്ലാത്ത. ഉ. ശക്തിയില്ലാത്ത. ന. സഹനശക്തിയില്ലാത്ത.

'അക്ഷമന്മാരായചക്ഷുശ്രവണന്മാർ
പക്ഷീശനാം മമ ഭക്ഷണമാകണം'

(ഭാരതം)

അക്ഷമൻ-അശക്തൻ, സഹനശക്തിയില്ലാത്തവൻ.

'അക്ഷപ്രഭയം വശമായ് വരം തവ
അക്ഷമനാം കലിയുമെന്നോഴിയും'

(നളചരിതം കഥകളി)

അക്ഷമണി-പ. മാല. ഉ. രുദ്രാക്ഷക്കായ്.[1]

അക്ഷമം കരുകിൽപക്ഷി.

അക്ഷമാത്രം-പ. പകിടയെപ്പോലെയുള്ളതു്, പകിട. ഉ. കണ്ണിമപ്പുനിമിഷം.

അക്ഷമാല-പ. ജപമാല(രുദ്രാക്ഷമാല)

'പുരഃ പ്ലവംഭൈരിവപൂരിതാഖ്യാ
വിഭേന്തമക്ഷസ്ഫടികാക്ഷമാലയാ'

(മാഘം)

ഉ. ഗ്രന്ഥതി.

അക്ഷമാലിക-ജപമാല.

'സരസീരുഹമക്ഷമാലികാ
സരസം വരപുസ്തകം ശുകം
കരപത്മപുടത്തിലേന്തിടും
വരദാ സുമുഖീ ഭയിക്കണം'

(വൃത്തമഞ്ജരി)

അക്ഷമി-ക്ഷമാശീലനല്ലാത്തവൻ, സഹനശക്തിയില്ലാത്തവൻ.

അക്ഷയ-വി. ക്ഷയം (കുറവ്) ഇല്ലാത്ത, നാശമില്ലാത്ത.

'തപസ്സും ധനത്തിന്റെ ക്ഷയാംശമല്ലോ
തപസ്സനുക്കക്ഷയം തപസന്മാർ'

(ഭക്തിജ്ഞാനശാകുന്തളം)

'അക്ഷയേണമമവൃന്നിയ ഭൈവം
രക്ഷതുണ്ടിഹ സമസ്തജനാനാം'

(പ്രഭോധചന്ദ്രോദയം മൂലം)

അക്ഷയതൃതീയ-വൈശാഖമായ ചാന്ദ്രമാസത്തിൽ (മേടം, ഇടവം) ശുക്ലപക്ഷത്തിലുള്ള തൃതീയ. ഇതു കാർത്തികനക്ഷത്രത്തിലോ രോഹിണീനക്ഷത്രത്തിലോ വരും. ഈ ദിവസംചെയ്യുന്ന പുണ്യകർമ്മങ്ങളുടെ ഫലം ക്ഷയിക്കയില്ല.

'വൈശാഖേ മാസി രാജേന്ദ്ര
ശുക്ലപക്ഷേതൃതീയികാ
അക്ഷയാസംജ്ഞിതാ പ്രോക്താ
കൃത്തികാരോഹിണീയുതാ
തസ്യാം ദാനാദികം സർവ്വ
മക്ഷയം സമുദാഹൃതം'

(ഭവിഷ്യൽപുരാണം)

അക്ഷയപാത്രം-സൂര്യൻ പാണ്ഡവന്മാർക്കു കൊടുത്ത പാത്രം.

'കന്തിതനയന്മാർമനകരനേ
ചിന്തച്ചുശുശ്രൂഷസ്സൂടങ്ങി;
കന്ത്യാമോഹനനാകിയസൂര്യനു-
മന്തകസീമനിവന്നുവിളങ്ങി;
ശസ്ത്രംകൊണ്ടുംഗുഹ്യമാകിന
ശാസ്ത്രംപുണ്ടിനേശനവക്രാക്ഷ
പാത്രംദാനംചെയ്തുവ്യശേഷം
മാത്രംകേട്ടമഹീസുരവരരേ!
എന്തോവസ്തുലഭിക്കണമെന്നാൽ
കന്തികുമാരന്മാർക്കുസർവ്വം
ചിന്തിച്ചന്നുചൊൽകിലുകണ്ടാം
ഏതൊന്നാരുവിശുദ്ധാത്മാക്കളേ!
ചോറും കറിയും ചാറുംപുളിയും
നൂറുസഹസ്രം ജനമെന്നാലും
ചോറുകൊടുപ്പാൻ തടവില്ലെല്ലും
ഭൂപതിമാരുടെവല്ലഭയാകും
ദ്രൗപദിവേണ്ടതൊക്കെവളമ്പാൻ;
കോറുകഴിഞ്ഞവരംപാന്നാൾവി
ധാരമവാറിൽകാണുകയില്ല[2]ന്നാൾ

(പാത്രചരിതം മൂലൽ)

അക്ഷയലോകം-സ്വർഗ്ഗം.

അക്ഷയ്യ-വി. ക്ഷയമില്ലാത്ത, ക്ഷയമുണ്ടാകാത്ത.

അക്ഷയ്യോദകം-ക്ഷയമില്ലാത്തവെള്ളം. ശ്രാദ്ധത്തിൽ പിണ്ഡദാനാനന്തരമുള്ള തൃപ്തിജലം. ഈ ജലം മധുവും എള്ളും കലർന്നതായിരിക്കും.

'പ്രാണിനാമുദകംദത്തമക്ഷയ്യമുപതിഷ്ഠതേ'
(സ്മൃതി)

അക്ഷര-പ്ര. നാശമില്ലാത്ത, അക്ഷയമായ. ഉ. ഇളക്കമില്ലാത്ത. സ്ഥ. പരബ്രഹ്മത്തെ സംബന്ധിച്ച. ര. മാറ്റമില്ലാത്ത.

അക്ഷരം - പ്ര. അകാരംമുതലുള്ള വ്യഞ്ജനത്തോടുകൂടിയോ കൂടാതെയോ ഇരിക്കുന്ന ഓരോ സ്വരം.

'അക്ഷരമെന്നാലപചയമെന്നതി-
ലില്ലരമെങ്ങൾകേൾപ്പുന്നതൊ?'
(സ്വാതിതിരുനാൾ തുള്ളൽ)

ഉ. മോക്ഷം. സ്ഥ. പരബ്രഹ്മം. ര. ജലം. ള. ആകാശം. ന. പ്രണവം (ഓം എന്നത്). ഒ. ധർമ്മം. വ. പ്രകൃതി. ൻ. യാഗം. പ്ര. തപസ്സ്.

അക്ഷരകം-ഒരക്ഷരം, ഒരു സ്വരം.

അക്ഷരകാഠിന്യം-അക്ഷരത്തിന്റെ കഠിനത (കടുപ്പം), ഒരക്ഷരം ശബ്ദിക്കുന്നതിനുള്ള കടുപ്പം.

അക്ഷരജ്ഞാനി-വി. എഴുതുവാൻ സാമർത്ഥ്യമുള്ള; എഴുതുന്നതിൽ തഴക്കമുള്ള.

'ലിപികാരോക്ഷരച്ചണോ-
ക്ഷരച്ചുഞ്ചുശ്ചലേഖകഃ' (അമരം)
(ലിപികാരൻ, അക്ഷരച്ചണൻ, അക്ഷരച്ചുഞ്ചു, ലേഖകൻ ഇവ നാലും എഴുത്തുകാരന്റെ പേർ).

അക്ഷരച്ചഞ്ചു, അക്ഷരച്ചുഞ്ചു-എഴുതുന്നതിനു തഴക്കമുള്ളവൻ (സാമർത്ഥ്യമുള്ളവൻ).

അക്ഷരച്ചയം-അക്ഷരങ്ങളുടെ കൂട്ടം.

അക്ഷരച്ചന്ദസ്സ്-കവിതയ്ക്ക് അടിയായിനിന്ന് ഇത്ര അക്ഷരമുണ്ടായിരിക്കണമെന്നുകണക്കാക്കുക(കവനം), വർണ്ണവൃത്തം.

അക്ഷരച്ഛായ-അക്ഷരത്തിന്റെ നിഴൽ (പ്രതിബിംബം). ഒരക്ഷരംപോലെ മറ്റൊരക്ഷരം ഇരിക്കുക.

അക്ഷരച്യുത-വി. അക്ഷരം വീണുപോയ, അക്ഷരം ഇളകിയ.

അക്ഷരച്യുതകം-ഒരക്ഷരംവിട്ടു മുമ്പിലത്തേതല്ലാത്ത അർത്ഥം ഉണ്ടാക്കുക.

അക്ഷരച്യുതി-ഏതെങ്കിലും അക്ഷരം വിട്ടുപോകുന്നത്.

അക്ഷരജനനി-എഴുത്തുതുടങ്ങുവൽ, അക്ഷരത്തെ മനിപ്പിക്കുന്നത്.

അക്ഷരജീവൻ, അക്ഷരജീവികൻ, അക്ഷരജീവി-എഴുതി ഉപജീവനം കഴിക്കുന്നവൻ.

അക്ഷരജ്ഞാനം, അക്ഷരപരിജ്ഞാനം-അക്ഷരത്തിലുള്ള പരിചയം, എഴുത്തറിവ്.

'അക്ഷരജ്ഞാനവുമില്ലവിദ്യാഭ്യാസവുമില്ല
രക്ഷശിക്ഷാദികളില്ലരാജ്യസംസാരവുമില്ല'
(സഭാപ്രവേശം തുള്ളൽ)

അക്ഷരൻ-പ്ര. ശിവൻ. ഉ. വിഷ്ണു. സ്ഥ. ബ്രഹ്മാവ്. ര. കൂടസ്ഥൻ.

'ക്ഷരസ്സർവ്വാണി ഭൂതാനി കൂടസ്ഥോക്ഷര
(ശ്രീമദ്ഭഗവദ്ഗീത) [ഉച്യതേ'

അക്ഷരപരിജ്ഞാനി - അക്ഷരത്തിൽ പരിചയമുള്ളവൻ, എഴുത്തറിവുള്ളവൻ.

അക്ഷരപുലിക — എഴുതുന്ന തൂവൽ, സ്റ്റീൽപേന. ഉ. ചായമിടുന്നതിനുള്ള ഉപകരണവിശേഷം.

അക്ഷരന്യാസം-പ്ര. എഴുതുക ഉ. അക്ഷരമാല. സ്ഥ. അക്ഷരക്രമം.

അക്ഷരപട്ടിക-എഴുതാനുള്ള പലക.

അക്ഷരമാല-അക്ഷരക്രമം, അ, ആ, ഇ തുടങ്ങി ക്ഷ വരെയായി വിവരിക്കുന്നത്; ഭാഷയിലുള്ള എല്ലാ അക്ഷരങ്ങളും കൂടി പറയുന്ന പേർ.

അക്ഷരമുഖൻ-വിദ്വാൻ, വിദ്യാർത്ഥി. മുഖത്തു അക്ഷരമെഴുതുവാൻ ശീലമുള്ളവൻ എന്നു വ്യുൽപത്തി.

അക്ഷരലക്ഷം-ഒരു സമ്മാനം. മോഹചരിത്രം മുതലായ ഗ്രന്ഥങ്ങളിൽ കവികൾക്ക് 'അക്ഷരലക്ഷം' കൊടുത്തു എന്നു കാണുന്നുണ്ട്. വിശേഷമായ ശ്ലോകമാണെങ്കിൽ അതിൽ എത്ര അക്ഷരമുണ്ടോ അത്രയും അക്ഷരങ്ങൾക്കു ലക്ഷം പണം വീതം കൊടുക്കുന്നതിനാലാണ് അക്ഷരലക്ഷം എന്നു പറയുന്നത്. മഹാകവി കാളിദാസൻ ഒരിക്കൽ ഉണ്ടാക്കിയ നാലു ശ്ലോകത്തിനു പ്രതിഫലമായി ഭോജരാജാവു തന്റെ രാജ്യം മുഴുവൻ കൊടുത്തു എന്നു നാം പ്രസിദ്ധമായി കേട്ടിട്ടുണ്ടല്ലോ.
(ഒരു മാസിക)

അക്ഷരവർജ്ജിത-വി. വിദ്യയില്ലാത്ത, പഠിത്തമില്ലാത്ത. പഠിത്തമുള്ളവനെ(വിദ്വാനെ) സാക്ഷരൻ എന്നും പഠിത്തമില്ലാത്തവനെ അക്ഷരവർജ്ജിതൻ എന്നും പറയുന്നു.

അക്ഷരവിദ്യ-സാഹിത്യവിദ്യ, പഠിപ്പ്.

'സക്ഷരന്മാർമരിക്കുമ്പോൾ
രക്ഷസന്മാരായിത്തീരും
പക്ഷപാതമതുപിന്നെ
അക്ഷരവിദ്യയിൽവേണം'
(ത്രിപുരദഹനം തുള്ളൽ)

അക്ഷരവിന്യാസം-അക്ഷരത്തെവിന്യസിക്കുന്നത്. വിന്യാസം എന്നാൽ വേണ്ടുംപ്രകാരമുള്ള നിരത്തൽ എന്നർത്ഥം.
ഉ-ം, ബലവിന്യാസം-സൈന്യത്തെ വേണ്ടുംപ്രകാരം നിരത്തുക.

അക്ഷരശ്ലേഷം ഓരോ അക്ഷരമായിട്ട്, സൂക്ഷ്മമായിട്ട്.

അക്ഷരശ്ലോകം-പ. ഒരു വിനോദം. ഒരാൾ ശ്ലോകം ചൊല്ലിയാൽ ആ ശ്ലോകത്തിന്റെ മൂന്നംപാദത്തിന്റെ ആദ്യ അക്ഷരം ഏതോ ആ അക്ഷരത്തിൽ തുടങ്ങുന്ന ശ്ലോകം എതിർകക്ഷി ചൊല്ലുന്നതാണെന്നുള്ള വ്യവസ്ഥയനുസരിച്ചുള്ളതായി നടത്തി ഇതാരെയും തോൽവിയെയും പരീക്ഷിച്ചറിയുക. ഉ. ഹരിനാമകീർത്തനം മുതലായ പുസ്തകങ്ങളുടെ അക്ഷരമാല പോലുള്ള ശ്ലോകസമൂഹം.

അക്ഷരസംഖ്യ-കടപയാദി, പരപ്പെർ.

അക്ഷരസംഖ്യാസൂത്രം താഴെകാണിക്കുന്നു.

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| ക | ഖ | ഗ | ഘ | ങ | ച | ഛ | ജ | ഝ | ഞ |
| ട | ഠ | ഡ | ഢ | ണ | ത | ഥ | ദ | ധ | ന |
| പ | ഫ | ബ | ഭ | മ | യ, | ര, | ല, | വ, | ശ, |
| ഷ | സ | ഹ | ള | ഴ | റ | | | | |

ഇങ്ങിനെ ക=പ ഖ=ഫ ഗ=ബ. എന്നിപ്രകാരം ധരിക്കണം. വ്യഞ്ജനത്തോടു സ്വരം ചേർന്നാൽ സംഖ്യാഭേദപ്പെടുകയില്ല ഉ-ം, കെ പെ രെയും. ഇവയെക്കൂടി പ എന്നതന്നെ. കൂട്ടക്ഷരങ്ങളിൽ അവസാനത്തുള്ള വ്യഞ്ജനം കൂട്ടേണ്ടതാണ്. സ്വ=വ=പ. ക, ട, പ, യ=പ. ഖ, ഠ, ഫ, ര=ഫ. ഗ, ഡ, ബ, ല=ബ. ഘ, ഢ, ഭ, വ=ഭ. ങ, ണ, മ, ശ=മ. ച, ത, ഷ=യ ഛ, ഥ, സ=ര. ജ, ദ, ഹ=ല. ഝ, ധ, ള=വ. ഞ, ന ഋ ഌ-ം, അ ആ മുതലായ പന്ത്രണ്ടു കേവലസ്വരങ്ങളും ശൂന്യം.

അക്ഷരസംയുക്തൻ-വിദ്യാഭ്യാസത്തോടുകൂടിയവൻ.

'ശുദ്ധമക്ഷരസംയുക്തം' (നീതിസാരം)

അക്ഷരസംസ്ഥാനം-പ. എഴുതപ്പെട്ട അക്ഷരം.

'ലിഖിതാക്ഷരസംസ്ഥാനേ
ലിപിർല്ലിഖിതരേഖയോ' (അമരം)

[ലിഖിതം, അക്ഷരസംസ്ഥാനം, ലിപി, ലിഖി ഇവ നാലും എഴുതപ്പെട്ട അക്ഷരത്തിന്റെ പേർ. 'ലിഖിതാക്ഷരവിന്യാസം' എന്നും പാഠം കാണുന്നു]

ഉ. അക്ഷരങ്ങളെ വേണ്ടുംവണ്ണം കൂട്ടിച്ചേർക്കുക. ന. അക്ഷരമാല.

അക്ഷരാഗം-ലിപി. മേയാകുന്നതിൽനിന്നു അക്ഷരങ്ങളുടെ ഉച്ചാരണത്തിനു വല്ലാം എന്നു പേർ വല്ലാത്തെ എഴുതിക്കാണിപ്പാൻ പാടില്ല. ഉച്ചാരണത്തെ കുറിക്ക

ന്ന ണ, ന്ത മുതലായ ചിഹ്നങ്ങൾക്ക 'ചിഹ്നം' എന്നു പറയുന്നു.

അക്ഷരാജൻ–പ. ചൂതുകളിയിൽ അധികം തൽപര്യമുള്ളവൻ ര. ചൂതുകളിയിൽ അതിപ്രധാനമായ 'കലി' എന്ന കരുവ്.

രാജാ, അഹസ്സ്, സഖി ഈ ശബ്ദങ്ങൾക്ക സമാസാന്തത്തിൽ 'ടച്ച്' പ്രത്യയം വന്ന് അകാരാന്തരൂപം വരുന്നു ഉ–ം, ദേവരാജൻ, മകരകുണ്ഡലധരസഖൻ 'രാജാഹസ്സഖിഭ്യഷ്ടച്ച്' എന്നു പാണിനിസൂത്രം.

അക്ഷരാഡംബരം–പ. ഒച്ചമുഴങ്ങുന്നവിധത്തിലുള്ള അക്ഷരങ്ങൾ പ്രയോഗിക്കുക. ര. ചവൽക്കാരം, തുല്യത ഇവ അക്ഷരങ്ങളിൽ വരുത്തുക.

അക്ഷരാഭ്യാസം–പ. അക്ഷരങ്ങൾ അഭ്യസിക്കുക (പഠിക്കുക). ര. അക്ഷരവിദ്യ

അക്ഷരാരംഭം–വിദ്യാരംഭം, കുട്ടികൾക്ക സംഹിതയിൽ അക്ഷരവിദ്യ തുടങ്ങുക.

അക്ഷരാർത്ഥം– വ്യുൽപത്തിയനുസരിച്ചുള്ള പദങ്ങൾക്കുള്ള അർത്ഥം.

അക്ഷർതു–മഴക്കാലം.

അക്ഷലീല–ചൂതുകളി.

'അക്ഷചീലാവ്യധം നിത്യം
ഭക്ഷരേവർഗ്ഗേവാനം
തൽക്ഷണന്തന്നെ ത്രൂപം
പ്രകാശിപ്പിച്ചുതരുംചെയ്യ്'

(പരമേശ്വരോപാഖ്യാനം തുള്ളൽ)

അക്ഷവതി–ചൂതുകളി.

'ദ്യൂതോസ്ത്രിയാമക്ഷവതീ
കൈതവം പണഇത്യപി' അമരം)

ദ്യൂതം, അക്ഷവതി, കൈതവം, പണം ഇവ നാലും ചൂതിന്റെ പേർ.

അക്ഷവതീക്രീഡ–ചൂതുകളി, അക്ഷങ്ങളുകൊണ്ടുള്ള കളി.

അക്ഷവാടം, അക്ഷവാടി, അക്ഷവാടിക–ചൂതുകളിക്കുള്ള ഇടം, ചൂതുകളിപ്പാനുള്ള പലക.

അക്ഷവിത്തു്–പ. ചൂതുകളി അറിയുന്നവൻ. ര. വ്യവഹാരം അറിയുന്നവൻ.

അക്ഷവിദ്യ–ചൂതുകളിയുടെ അറിവ്.

അക്ഷവൃത്തൻ–ചൂതുകളി പരിചയിച്ചവൻ

അക്ഷവൃത്തി–പ ചൂതുകളി അറിയുന്നവരും. ര. വ്യവഹാരം അറിയുന്നവരും,

അക്ഷശാകം–വ്യക്ഷർമരം.

അക്ഷശൗണ്ഡൻ–ചൂതുകളിപ്പാൻ സമർത്ഥൻ.

അക്ഷസസ്യം–വ്യക്ഷർമരം.

അക്ഷസൂത്രം–രുദ്രാക്ഷമാലയുള്ള ചരട്.

'അക്ഷസൂത്രം ശിവലിംഗം
വ്യാഘ്രചർമ്മമിവയെല്ലാം
രക്ഷയും തൽക്ഷണം ഭൂര–
ത്തുപേക്ഷിച്ചു കാമലതാൻ'

(ത്രിപുരദഹനം തുള്ളൽ)

അക്ഷഹൃദയം–ഒരു മന്ത്രം. അക്ഷഹൃദയം ഒരു സിദ്ധവിദ്യയാണ്. ഇതു് അറിയാവുന്നവക്ക് ഒരു മരത്തിൽ എത്ര ഇല പൂവു മുതലായവ ഉണ്ടെന്ന് എണ്ണാതെ പറയാൻ കഴിയും.

'വിശ്വാസഭാജനമായ് വന്നാൽപിന്നെ
അശ്വഹൃദയമവനായ് നൽകീടുകിൽ
അക്ഷഹൃദയം വശമാസ്തുതവ;
അക്ഷമനാംകലിയുമെന്നാലിയും'

(നളചരിതം കഥകളി)

അക്ഷാഗ്രകീല(ക)ം– അക്ഷത്തിന്റെ അഗ്രത്തിലുള്ള കീല(ക)ം (അച്ചുതണ്ടിന്റെ തലയ്ക്കുള്ള ആണി), അച്ചുതണ്ടിന്റെ ആണി

'പിണ്ഡികേനാക്ഷിരക്ഷാഗ്ര
കീലകേതുച്ചയോരണി.' (അമരം)

പിണ്ഡിക, നാഭി ഇവ രണ്ടും ചക്രക്കുടത്തിന്റെ പേർ. അക്ഷാഗ്രകീല(ക)ം, ആണി ഇവരണ്ടും അച്ചുതണ്ടിന്റെ പേർ.

അക്ഷാന്തി–ക്ഷമയില്ലായ്മ, ഇരുപ്പു്, ക്ഷമയില്ലായ്മ.

'അക്ഷാന്തിരീർഷ്യാ' (അമരം)

അക്ഷാന്തി, ഈഷ്യ ഇവരണ്ടും ഈഷ്യയുടെ പേർ.

അക്ഷാന്തിമാൻ - ക്ഷമയില്ലാത്തവൻ, ഈഷ്യയില്ലാത്തവൻ, അസൂയയില്ലാത്തവൻ, വിരോധമില്ലാത്തവൻ സ്ത്രീ-അക്ഷാന്തിമതി. ന-അക്ഷാന്തിമത്തു്.

അക്ഷാമ-ക്ഷാമം (ഉല്ലത) ഇല്ലാത്ത.

'അക്ഷാമമേതിപ്രവണേനമൂർധ്നാ
മുഗ്രാഹരാത്രിഞ്ചരകാളരാത്രിഃ'
(ഉത്തരരാമായണം ചമ്പു)

അക്ഷാര-വി. സംക്ഷാൽ ഉപ്പായ.

അക്ഷാരം-സംക്ഷാൽ ഉപ്പു്.

അക്ഷാരലവണം-സംക്ഷാൽ ഉപ്പു്, ഇന്നുപ്പു്.

അക്ഷാവപനം-ചൂതുകളിപ്പലക. (ഇതു ചൂതിലുള്ള കരുക്കളെ ഇളക്കിയിടുന്നതിനുള്ള ആധാരസാധനം).

അക്ഷാവലി-ജപമാല (അക്ഷമാല)

അക്ഷാവാപൻ-ചൂതുകളിക്കുന്നവൻ അക്ഷങ്ങളെ ഉരുക്കിക്കളിക്കുന്നതുകൊണ്ടു് ഈ പേർ വന്നു.

അക്ഷ്ണോരന്ധ്ര-ഭ്രമധ്യരേഖയിൽനിന്നു വടക്കോട്ടോ തെക്കോട്ടോ ഉള്ള ഭൂരത്തിന്റെ പേർ.

അക്ഷം (അച്ചുതണ്ടു്) വടക്കേ ധ്രുവം മുതൽ തെക്കേ ധ്രുവംവരെ ഭൂമിയുടെ ഉള്ളിൽക്കൂടി കടന്നുപോകുന്നതായി ഒരു അക്ഷം (അച്ചുതണ്ടു്) ഉണ്ടെന്നാണല്ലോ ശാസ്ത്രജ്ഞന്മതം. അതിന്റെ ഒത്ത നടുവിലാണു ഭ്രമധ്യരേഖ

അക്ഷി-കണ്ണു്. വിഷയങ്ങളെ വ്യാപിക്കുന്നതു്, വസ്തുക്കളെ വ്യാപിച്ചറിയുന്നതു് എന്നു വ്യൽപത്തി.

അക്ഷികം-കണ്ണിനു ഹിതമായതു്.

അക്ഷികണ്ണം-പയ്യു്.

'അക്ഷികണ്ണന്മാർവംശം നശ്യമാക്കീടുവാ
(ഭാരതം) [നായ്'

അക്ഷികന്ദം-കണ്ണിമയ്ക്കുക.

അക്ഷികൂട-കണ്ണത മിഴി.

അക്ഷികൂലകം-കണ്മണി.

അക്ഷികോണം-കടക്കണ്ണു്,

'ബഭൂവമേഷാന്തിരേകഭ്രമിതപരിഷ്വ-
ത്താതിതൃക്ഷാക്ഷികോണഃ'
(കല്യാണസൗഗന്ധികം കഥകളി)

അക്ഷിഗത-വി. കണ്ണു, കണ്ണിൽപ്പെട്ട, കണ്ണിനു നേരെ വന്ന.

അക്ഷിഗതൻ - ദൃഷ്ടിക്കുപ്പെടത്തക്കവൻ.

'ദ്രഷ്ടേഷ്ടവിക്ഷിഗതഃ' (അമരം)
ദ്രഷ്ടേഷ്ടൻ, അക്ഷിഗതൻ ഇവ രണ്ടും ദൃഷ്ടിക്കുപ്പെടത്തക്കവന്റെ പേർ.

അക്ഷിഗോളം-കൃഷ്ണമിഴി.

അക്ഷിഗോചര-വി കാണാകുന്ന.

അക്ഷിതാര-കൃഷ്ണമിഴി.

അക്ഷിദ്വന്ദ്വം-കണ്ണിണ.

അക്ഷിപക്ഷ്മം-ഇമ, കൺപീലികരം.

അക്ഷിപടലം-കണ്മിഴിയുടെ പുറത്തെ തൊലി. പ. കണ്മിഴിയുടെ പുറത്തെ ലിയുടെ മീതേയുണ്ടാകുന്ന ഒരു രോഗം.

അക്ഷിപാകാത്യയ-ഒരു നേത്രരോഗം. വാതാദിദോഷം നിമിത്തം കൃഷ്ണമണ്ഡലം മുഴുവനും വെളുത്തതായ ശുക്ലം വ്യാപിക്കുന്നതാണു ലക്ഷണം. സന്നിപാതമായ ഈ രോഗം വർജ്ജനീയമാകുന്നു.

'ശ്വേതംസമാക്രാമതി സർവതോഹി
ദോഷേണയസ്യാക്ഷി തമണ്ഡലന്തു
തമക്ഷിപാകാത്യയമക്ഷിരോഗം
സർവാത്മകം വർജ്ജയേ ത്വരിഷ്ടം'
(മാധവനിദാനം)

അക്ഷിപീലു-വലിയ വെപ്പു്.

അക്ഷിപ്ന-ക്ഷിപ്ന (നിരുക്തശീലൻ) അല്ലാത്തവൻ.

'നിരുക്തശീലക്ഷിപ്നസ്സ്യാൽ' (അമരം)

അക്ഷിഭ്രു-സത്യമായതു്, പ്രത്യക്ഷമായതു്.

അക്ഷിരോഗം-ചെമന്ന പാച്ചിലോറി, വെളുത്ത പാച്ചിലോറി എന്നു പാർശ്വം.

അക്ഷിത്വം-പുരികവും കണ്ണും തമ്മിൽ മുട്ടുക. ഇതു കോപംകൊണ്ടോ ക്ഷീണംകൊണ്ടോ ഉണ്ടാകും.

അക്ഷിമണി-കണ്മണി, കണ്മിഴി, അക്ഷികൂടകം.

അക്ഷിയുഗം-കണ്ണിണ.

അക്ഷിലക്ഷീഭവിക്ക-കാണ്മാറാക

അക്ഷിലാമം, അക്ഷിരാമം-ഇമ, കണ്ണിന്റെ രോമം.

അക്ഷിവ(ബ)ം-പ്ര. കടലുപ്പ്. കണ്ണിനു പ്രീതിയെ ഉണ്ടാക്കുന്നത് എന്നു തൽപര്യം. വ. മഞ്ഞനിറമുള്ള മുരിങ്ങ (ശോഭാഞ്ജനവൃക്ഷം.)

അക്ഷിവിക്രുണിതം - കടക്കണ്ണുകൊണ്ടുള്ള നോട്ടം.

അക്ഷിവിക്രൂശിതം- കടക്കണ്ണുകൊണ്ടുള്ള നോട്ടം.

അക്ഷിവിലാസം-കണ്ണിന്റെ ഭംഗി.

അക്ഷിസ്പന്ദം-വ്യാധിമരം.

അക്ഷീണ-വി. ക്ഷീണമില്ലാത്ത, തളർച്ചയില്ലാത്ത.

'വീക്ഷിച്ചുവിഘ്നരഹിതംമുനികൃത്യമെല്ലാ
മക്ഷീണവിക്രമവിജൃംഭിതമംതചക്രീയം'
(അഭിജ്ഞാനശാകുന്തളം)

അക്ഷീണത-ക്ഷീണം(തളർച്ച)ഇല്ലായ്മ.

അക്ഷീണനരുക്ക്-പ്രബലമായ താപം.

'സംക്ഷോഭയുന്നാഇന്ന
വീക്ഷേവിധ്നംഹരി-
ണാക്ഷീംതുവിനാവിരഹേ-
ണാക്ഷീണതരുവിവശേം'
(നളചരിതം കഥകളി)

അക്ഷീരം-വലിയവേപ്പ്.

അക്ഷീവ(ബ)ം-പ്ര. കടലുപ്പ്. കഠികളിൽ വ്യാപിക്കുന്നതിനാൽ ഈ പേരുണ്ടായി എന്നും കാണുന്നു.

'സാമുദ്രം യച്ചമുഖവണ
മക്ഷീബംവസിരഞ്ജനൽ' (അമരം)

അക്ഷീബം, വസിരം ഇവരണ്ടും കടലുപ്പിന്റെ പേർ.

വ. (മഞ്ഞപ്പൂവുള്ള) മുരിങ്ങ.

'രസരമാഞ്ജനേശിഗ്രുതിക്ഷ്ണ
ഗന്ധകാക്ഷീബമോചകാഃ' (അമരം)

രസരമാഞ്ജനം, ശിഗ്രു, തീക്ഷ്ണഗന്ധകം, അക്ഷീബം, മോചകം ഇവ അഞ്ചും മുരിങ്ങയുടെ പേർ.

അക്ഷീബ-വി. മദിച്ചിട്ടില്ലാത്ത.

'മത്തശൈരണ്ഡാൽക്കടക്ഷീബാഃ'
(അമരം)

മത്തൻ, ശൈരണ്ഡൻ, ഉൽക്കടൻ, ക്ഷീബൻ ഇവ നാലും കുടിച്ചു മദിച്ചുവരന്റെ പേർ.

അക്ഷീരം-പ്ര. വലിയ വേപ്പ്. വ. മുള വെണ്ണ.

അക്ഷുണ്ണ-വി. പ്ര. പരിചയിക്കപ്പെടാത്ത. (ഉ-ം, അക്ഷുണ്ണശിഖരങ്ങൾ. 'അക്ഡ്ബർ'). വ. ചതയ്ക്കപ്പെട്ടതല്ലാത്ത, പൊടിക്കപ്പെട്ടതല്ലാത്ത, മുറിക്കാത്ത, മുറിയാത്ത. ന. ജയിക്കപ്പെടാത്ത. ര. ജയശീലമുള്ള. ള കുറക്കാത്ത, കുറയാത്ത. ണ. ചവുട്ടീട്ടില്ലാത്ത. ഠ. അസാധാരണമായ. വ്യ. അഭ്യസിക്കാത്ത. ൻ ചേടരനിവിൻ കിടക്കുന്ന.

അക്ഷുദ്രൻ-പ്ര. ക്ഷുദ്രനല്ലാത്തവൻ. ക്ഷുദ്രൻ = പിശുക്കിന്റെ ശക്തികൊണ്ട് ദരിദ്രൻ എന്നപോലെ കഷ്ടമായി ജീവിക്കുന്നവൻ. വ ശ്രേഷ്ഠൻ. ന. നിസ്സാരനല്ലാത്തവൻ ര. ശിവൻ.

അക്ഷുദ്ര-വി. പ്ര. ഹീനമല്ലാത്ത. വ. ലുബ്ധുള്ള ന. നിസ്സാരമല്ലാത്ത. ര. ക്രൂരമല്ലാത്ത [രമേട

'ശ്രുക്ഷാട്ടഹാസരമേട്ടമക്കിസ് എലിംഗ
മക്ഷീണമാമസുരരക്ഷോഭേപ്രകര
യക്ഷപ്രധാനികളമക്ഷുദ്രപക്ഷക്കാരം-
രക്ഷക്കളംവളരവിശ്വംഭരായനമഃ'
(ചതുർനാലുവൃത്തം)

അക്ഷുണ്ണത-ക്ഷുണ്ണത (മുച്ചുകുടപ്പെട്ടത്) അല്ലാത്തത്.

അക്ഷുത്ര-വി. പ്ര. കുക്കിച്ചെയ്തിട്ടില്ലാത്ത. വ. വയലുകൾ ഇല്ലാത്ത.

അക്ഷുത്രജീവൻ-കൃഷിക്കാരനല്ലാത്തവൻ.

അക്ഷേത്രം--പ. നല്ല വിദ്യാർത്ഥി അല്ലാത്തവൻ ൨. ചീത്തവയലു്. ന. ക്ഷേത്രം (മെയ്യു) അല്ലാത്ത. ര. ക്ഷേത്രം (ശരീരം) അല്ലാത്ത.

അക്ഷേത്രി-മെയ്യുടെനാഥനല്ലാത്തവൻ

അക്ഷേപിഷ്ണൻ-ക്ഷേപിഷ്ണൻ (വേഗം തിശയമുള്ളവൻ) അല്ലാത്തവൻ.

അക്ഷോടം, അക്ഷോഡ(ക)ം- മലമുകമരം.

'അക്ഷോടകന്ദരാളൂ' (അമരം) അക്ഷോടം, കന്ദരാളൂ (കപ്പൂരാളൂ) രണ്ടും മലമുകമരത്തിന്റെ പേർ.

അക്ഷോഭിഷ്ണൻ- ക്ഷോഭിഷ്ണൻ (അതിക്ഷുദ്രൻ) അല്ലാത്തവൻ.

അക്ഷോഭ്യ-വി. ഇളകാത്ത, ഇളക്കാൻ കഴിയാത്ത, ഇളക്കപ്പെട്ടവൻ വയ്യാത്ത, സ്ഥിരമായ. [തെ

'സമ്മാനത്തിങ്കലുള്ളിൽ സമ്മാദമുണ്ടാകാനിർമ്മലമപമാനത്തിങ്കലുംഖേദിയാതെ[ലെ അക്ഷോഭ്യനായിശംഗതന്നിലേറ്റുദംപോരക്ഷിച്ചു ധർമ്മത്തെയുംവണ്ണിടുന്നവൻ വി (ഭാരതം വിദുരവാക്യം) [പോൻ'

അക്ഷോഭ്യനിശ്ചയം-ഇളകാത്ത മനസ്സുറപ്പുള്ളവൻ.

അക്ഷൌഹിണി-ഒരു വലിയ രസൈന്യവിഭാഗം.

'ഏകരഥകരേഭത്രയശം പത്തിപേ ക്ഷപദാതികം' എന്നതനുസരിച്ചു് ഒരു ആന, ഒരു തേർ, മൂന്നു കുതിര, അഞ്ചു കാലാളും ഇതുയും കൂടിയ രസൈന്യത്തിനു 'പത്തി' എന്ന പേർ.

ന. പത്തി-ഒരു സേനാമുഖം.
ന. സേനാമുഖം-ഒരു ഗുല്മം.
ന. ഗുല്മം-ഒരു ഗണം.
ന. ഗണം-ഒരു വാഹിനി.
ന. വാഹിനി-ഒരു പൃതന
ന. പൃതന-ഒരു ചമു.
ന. ചമു-ഒരു അനീകിനി.
പ. അനീകിനി-ഒരു അക്ഷൌഹിണി.

ഇതനുസരിച്ചു് പ. ഹ, വ്വെ ആന, പ. ഹ വ്വെ തേർ, നൂറ്റമ്പതു കുതിര, ഹാൻ, നൂറ്റിയറു കാലാളും ഇതുയും കൂടിയ രസൈന്യവിഭാഗമാണു് ഒരു അക്ഷൌഹിണി. ആനകളും തേരുകളും എണ്ണത്തിൽ തുല്യമായിരിക്കയും, കുതിരയും കാലാളും യഥാക്രമം മൻചൊന്നവയുടെ മൂന്നും അഞ്ചും ഗുണംവീതം ആയിരിക്കയും ചെയ്യുന്നതു് ഇൻഡ്യയിലെപണ്ടത്തെ യുദ്ധസമ്പ്രദായമാകുന്നു. [ശ

'ഹസ്തിയും തേരുമേഴാന്നശ്വം മൂന്നഞ്ചുകാലാളുപത്തിയും, മൂന്നുപത്തിക്കുടിയാൽസേനാമുഖം തത്ത്രിഗുണിതംഗുല്മം, തത്ത്രിഗുണിതം ഗണത്രിഗുണിതമല്ലോവാഹിനിയാകുന്നതു[ണം തത്ത്രിഗുണിതയല്ലോ പൃതനയാകുന്നതു തത്ത്രിഗുണിതംചമൂരാഖ്യയെന്നതു നൂനം തത്ത്രിഗുണിതയല്ലോചൊല്ലുമനീകിനി തദ്ദശഗുണിതയാകുന്നതുമക്ഷൌഹിണി ഇതുപത്തോരായിരത്തെണ്ണൂറുമെഴുപതും കരികൾവേണം നല്ലരഥവുമത്രവേണം മുന്നടങ്ങതിലശ്വം കാലാളുമഞ്ചുമടങ്ങിമതമറിയിച്ചാൻ മുൻകരോട്ടസൂതൻ' (ഭാരതം)

അഖചിതം-ഖചിതം (പതിച്ചിട്ടുള്ളതു്) അല്ലാത്തതു്, ചേർക്കപ്പെട്ടതല്ലാത്തതു്.

അഖട്ടം-മുംമരം (പ്ലീയാമുവൃക്ഷം).

അഖട്ടി അനുചിതമായ വിസ്താരം. ശിഷ്ടമല്ലാത്ത വ്യവഹാരം.

അഖണ്ഡ-വി. മുഴുവനായ, ൨. മുറിഞ്ഞിട്ടില്ലാത്ത.

അഖണ്ഡൻ-പൂർണ്ണൻ, ഏല്പിച്ചിടവും തിരഞ്ഞവൻ. [ശ്ര-

'ശ്രുത്വേതിസംഹാരകർമ്മകരംചെനക്ഷണ്ഡൻഭ്രമവിക്ലൂതരനാകുമംപൂ (അശ്വത്ഥരാമായണം) [ണ്ട'

അഖണ്ഡാ-അ. മുടക്കുകൂടാതെ, ഇടവിടാതെ, തടവുകൂടാതെ, വിഘ്നംകൂടാതെ.

അഖണ്ഡാ-കേടുവരായ്കയുള്ളതു്.

പ. സമ്പൂർണ്ണം. ൨. സമ്പൂർണ്ണം. ന. വിശദം. ര. അശേഷം, ഇ. കൃത്സ്നം. ഗ. സമസ്തം.

ഒ. നിഖിലം. വ്യ. അഖിലം, ൻ. നിശ്ശേഷം. ഫ്രാ. സമഗ്രം. ഫ്ര. സകലം. ഫ്രഞ്ച് പൂർണ്ണം. ഫ്രെ. അഖണ്ഡം. ഫ്ര്. അന്തനകം. ഇവ പതിനാലും 'ഒരുട്ടാഴിയാതെയുള്ളത്', എന്ന അർത്ഥത്തോടുകൂടിയവയാകുന്നു.

'.....സമം സർവ്വം
യിശ്രമശേഷം കൃത്സ്നം
സമസ്തനിഖിലാഖിലാനി നിശ്ശേഷം
സമഗ്രം സകലം പൂർണ്ണ-
മഖണ്ഡം സ്യാദന്തനകേ' (അമരം)

അഖണ്ഡന-വി. മുഴവനായ, മുറിഞ്ഞിട്ടില്ലാത്ത.

അഖണ്ഡനം-ഫ. മുറിഞ്ഞിട്ടില്ലാത്തത്. ഒ. മുറിയാതിരുന്നസ്ഥിതി, എതിർക്കപ്പെടാതെയിരിക്കുന്ന സ്ഥിതി, അസംധുവാകാതെയിരിക്കുന്ന സ്ഥിതി. സം. കലേം. 'വിഷ്ണോരധീശ്വരൻ വജ്രപ്രയോഗിച്ചു ഖണ്ഡനംചെയ്തു വധിച്ചുകമാരനെ'.

(ഹനുമദുത്ഭവം തുള്ളൽ)

അഖണ്ഡന-മുഴവനായവൻ, മുറിഞ്ഞിട്ടില്ലാത്തവൻ.

അഖണ്ഡാനന്ദൻ-പരിപൂർണ്ണ സച്ചിദാനന്ദത്തോടുകൂടിയവൻ.

അഖണ്ഡിത-വി. ഫ. ഖണ്ഡിതം (മുറിക്കപ്പെട്ടത്) അല്ലാത്ത, മുഴവനായ, അംശിക്കപ്പെട്ടതല്ലാത്ത. ഒ. തടവുകൂടാത്ത, ഉപദ്രവം നേരിടാത്ത.

'അഖണ്ഡിതായുധമഖങ്ങളും'

(നളചരിതം തുള്ളൽ)

അഖണ്ഡിത ഋതു, അഖണ്ഡിത ഋതു-പൂക്കളും മറ്റും വേണ്ടുപോലെ പതിവനുസരിച്ച് ഉണ്ടാകുന്ന കാലം. വി. ശ്രേഷ്ഠമായുള്ള ഫലവത്തായ എന്നർത്ഥം വരും.

അഖണ്ഡ്യ-വി. ഖണ്ഡ്യം (മുറിക്കത്തക്കതു്) അല്ലാത്ത.

അഖവ്-വി. പൂർണ്ണതയുള്ള, തികവായ, ചെറുതല്ലാത്ത, വലുതായ.

'താവൽക്കപ്പാന്തകംഖോൽകടപവനലുറ
പുഷ്കലംവഞ്ചകാദ്ര-
പ്രഖ്യപ്രാണംഖവ്യഗ്രതനപടുതര-
സ്ഫാരവിഷ്ണുരനാദഃ'

(ഉത്തരാസ്വയംവരം കഥകളി)

അഖലതി-വി. കക്ഷണ്ടിയില്ലാത്ത.

അഖലൻ-ഖലൻ (ദുഷ്ടൻ) അല്ലാത്തവൻ, ക്രൂരനല്ലാത്തവൻ.

അഖാതം-വി. ഫ. കഴിച്ചിട്ടില്ലാത്ത. ഒ. കഴിച്ചിട്ടിട്ടില്ലാത്ത.

അഖാതം-ഫ. താനേയുണ്ടായ കുളം. പുണ്യതീർത്ഥം. ഒ. ദേവക്ഷേത്രങ്ങളോടു ചേർന്നുള്ള പൊയ്ക (മറ്റു ജലാശയം).

'അഖാതം ദേവഖാതകം' (അമരം)

അഖാതം=വെട്ടപ്പെടാത്തതു. ദേവഖാതകം=ദേവന്മാരാൽ വെട്ടപ്പെട്ടതു്.

(രണ്ടും പുണ്യതീർത്ഥത്തിന്റെ പേർ)

അഖാതകൻ-കടം വാങ്ങിയവൻ.

അഖാദകൻ-ഭക്ഷിക്കാത്തവൻ.

അഖാദനം-തിന്നാതിരിക്ക

അഖാദുക-വി. ഉപദ്രവം ചെയ്യുന്നതല്ലാത്ത, ദോഷംചെയ്യുന്നതല്ലാത്ത, ദോഷം ചെയ്യണമെന്നുള്ള വിചാരം ഇല്ലാത്ത. സ്ത്രീലിംഗം-അഖാദുകി.

അഖാദ്യ-ഖാദ്യം (കടിച്ചുതിന്നാനുള്ളതു്) അല്ലാത്തതു്, ഭക്ഷണസാധനമല്ലാത്തതു്.

അഖാഡ്വാടൻ- കക്ഷണ്ടിത്തടയനല്ലാത്തവൻ.

അഖിദിരൻ-ഭരിദ്രനല്ലാത്തവൻ, സമ്പത്തു നാശംവന്നവനല്ലാത്തവൻ.

അഖിന്ന-വി. ഖേദമില്ലാത്ത, ക്ഷീണമില്ലാത്ത, തളർച്ചയില്ലാത്ത.

'നിന്നാടുപാർത്തീടുവാൻ നാഥനിച്ഛ
ഖിന്നയാകുന്നു ഞാനതറിക വീ'

(അദ്ധ്യാത്മരാമായണം)

അഖിന്നത-ഖേദമില്ലായ്മ, ക്ഷീണമില്ലായ്മ, തളർച്ചയില്ലായ്മ.

ഖിന്നതയും പറവതിനഹ നഹി
നിന്നുടെ കൃപതാനഹ ശരണം'

(രുക്മിണീസ്വയംവരം തുള്ളൽ)

അഖില-വി. പൂർണ്ണമായ, തികവായ. [അഖണ്ഡം എന്നതു നോക്കുക.] [ലൂ 'അഖിലരമാമതിച്ചുരചന്നാവേഹംചെയ്തി, അഖിലബലവീര്യനാമജനപുത്രനെ' (രാമനുചരിതം തുള്ളൽ)

അഖിലാണ്ഡം-ലോകം മുഴുവനും.

കൈലാസവാസികരുണാനിധികാശ്രയേയ-
മാലോകലോചനഖിലണ്ഡകടാഹനാഥൻ.
(സ്തുതികുസുമാഞ്ജലി)

അഖിലഭൂമി-കൃഷിചെയ്ത ഭൂമി.

അഖിലാധാരൻ-എല്ലാത്തിനെയും താങ്ങുന്നവൻ, എല്ലാത്തിനും ആശ്രയമായിത്തീർന്നവൻ.

അഖിലെന-അ. പൂർണ്ണം, പൂർണ്ണമായിട്ട്.

അഖിലേശൻ-എല്ലാത്തിനും നാഥനായവൻ, ദൈവം, ഈശ്വരൻ.

അഖുല്ലകൻ-നീചനല്ലാത്തവൻ.

അഖേചര-വി. ആകാശത്തിൽ സഞ്ചരിക്കാത്ത.

അഖേദം-ഖേദം (ദുഃഖം, തളർച്ച) ഇല്ലായ്ക.

അഖേടികം-പ. വൃക്ഷം. ഉ. നായാട്ടു ശീലിച്ചിട്ടുള്ള നായ്.

അഖേദനം-ദുഃഖമില്ലായ്ക, തളർച്ചയില്ലായ്ക

അഖ്യാത-ദുഷ്കീർത്തിയുള്ള, യശസ്സുകെട്ട.

അഖ്യാതി-ദുഷ്കീർത്തി, യശസ്സുകേട്.

അഗ-വി. പ ഗമിക്കാത്ത, പോകാത്ത. ഉ. അടുക്കാൻവയ്യാത്ത (പാടില്ലാത്ത)

അഗം-പ. വൃക്ഷം. ഉ. പർവ്വതം. (രണ്ടിനും ഗമിക്കാത്തത് എന്നു വ്യുൽപത്തി.) ന. പാമ്പ്. ഭ. ഏഴ് എന്ന സംഖ്യ. കാരണം പർവ്വതങ്ങളും ഏഴാകയാൽ ഈ പേർ വന്നു.

അഗൻ-സൂര്യൻ.

അഗച്ഛം-വൃക്ഷം. (ഗമിക്കാത്തതിനാൽ ഈ പേരുണ്ടായി.)

അഗജ-പാർവ്വതി.

അഗജ-വി. പ. മലയിൽ നിന്നുണ്ടായ. ഉ. വൃക്ഷത്തിൽ നിന്നുണ്ടായ.

അഗജം-കല്പകം. പർവ്വതശിഖരത്തിൽ നിന്നുണ്ടാകയാൽ ഈ പേരുണ്ടായി.

അഗണനം-എണ്ണായ്ക.

അഗണനീയൻ-ഗണിക്കപ്പെടാൻ യോഗ്യനല്ലാത്തവൻ, നിസ്സാരൻ.

അഗണിതം-വി. ഗണിതമല്ലാത്ത, എണ്ണപ്പെട്ടതല്ലാത്ത, അറിയപ്പെട്ടതല്ലാത്ത.

അഗണ്യ-വി. ഗണ്യം (ഗണിക്കത്തക്കതു്) അല്ലാത്ത, ഉ. സംഖ്യയില്ലാത്ത. ന. ഗണനത്തിന് അവകാശമില്ലാത്ത.

അഗത-പ. പോകാത്ത ഉ. നശിക്കാത്ത.

അഗതി-പ. കാലക്ഷേപത്തിനു പാങ്ങില്ലായ്ക, ഉപജീവനത്തിനു വഴിയില്ലായ്ക. ഉ. ഗതിയില്ലാത്തവൻ ന. ഗതിയില്ലാത്തവൾ. ഭ. ഗതിയില്ലാത്തതു്.

അഗതിക-വി. ഗതിയില്ലാത്ത.

അഗതീക-വി. ഗതിയില്ലാത്ത. (പ്രയോഗം ചുരുക്കം).

അഗത്യന്തര-ഗത്യന്തരം (അന്യ ഗതി) ഇല്ലാത്ത.

അഗദ-വി. ഗദം (രോഗം) ഇല്ലാത്ത.

അഗദം-പ. ഔഷധം. ഗദം (രോഗം) ഇല്ലാതാകുന്നതിനാൽ ഈ പേരുണ്ടായി. ഉ. വൈദ്യശാസ്ത്രം. ന. അരേരേ. ഭ. കൊട്ടം എന്ന ഔഷധം.

അഗദരാജം-കട്ടുക്ക.

അഗദംകാരൻ-ഭിഷഗ്വരൻ അഗദം (രോഗം) ഇല്ലാതാക്കുന്നവൻ

അഗദിത-ഗദിതം (പറയപ്പെട്ടതു്) അല്ലാത്തതു്.

അഗർഭിണി-ഗർഭിണിയല്ലായ്ക, ഗർഭമില്ലായ്ക.

അഗവം-പ. പർവ്വതം ഉ. വൃക്ഷം. ഗമിക്കാത്തതു് = സഞ്ചരിക്കാത്തതു് എന്നു വ്യുൽപത്തി.

അഗമ്യ-വി. ഗമ്യം (പ്രവേശിക്കത്തക്കതു്) അല്ലാത്ത, പ്രാപിക്കത്തക്കതല്ലാത്ത, അടുക്കാൻ പാടില്ലാത്ത.

അഗമ്യ-സംയോഗത്തിനർഹയല്ലാത്തവൾ.

അഗമ്യാഗമനം-അഗമ്യയായസ്ത്രീയോടു ക്രിയയുള്ള സംയോഗം.

അഗമ്യാഗാമി-അഗമ്യാഗമനം ചെയ്യുന്നവൻ.

അഗംഭീരത-ഗംഭീര്യമില്ലായ്മ, മഹത്വമില്ലായ്മ.

അഗരി-ദേവതാമരിവൃക്ഷം. വിഷമില്ലാതാക്കുന്നതിനാൽ ഈ പേർ സിദ്ധിച്ചു. വിഷമില്ലാത്തതാക്കുന്ന മറ്റു സാധനങ്ങൾക്കും അപൂർവ്വമായി 'അഗരി' എന്നു പറയുന്നുണ്ട്. ദേവതാമരിക്കു 'ദേവതാരം' എന്നും പറയും.

അഗമിഷ്ണു-വി. ഉത്സാഹമില്ലാത്ത, ഉറപ്പില്ലാത്ത, കനമില്ലാത്ത.

അഗരു-അകിൽ (അഗരുചന്ദനം). അഗുരു എന്നും പാഠമുണ്ട്. ('അകിൽ' എന്ന ശബ്ദം നോക്കുക.)

അഗരുവാചകം-മുല്ലപ്പൂനാറി അകിൽ.

അഗരുസാരം-അകിൽ.

അഗർവ്വം-ഗർവ്വം (അഹങ്കാരം) ഇല്ലായ്ക.

അഗർഹണം-നിന്ദിക്കായ്ക.

അഗർഹിത-വി. നിന്ദിക്കപ്പെട്ടതല്ലാത്ത.

അഗർഹ്യ-വി. നിന്ദിക്കത്തക്കതല്ലാത്ത.

അഗശി(ഋതസി) - ചണച്ചെടി, പട്ടുനൽ ചണം, ഒരുവക ചെറിയ ചണം.

അഗശിഖരം-പർവ്വതത്തിന്റെ കൊടുമുടി.

'പൊങ്ങിപ്പോരുന്നപോലുള്ളഗശിഖരമതി' (ശാകുന്തളം) [ൽ]

അഗസ്തി-പ. അഗസ്ത്യൻ എന്ന മുനി. ര. അകത്തിവൃക്ഷം അഗസ്ത്യമഹർഷിക്കു പ്രിയമുള്ള വൃക്ഷമായതുകൊണ്ട് ഈ പേരുണ്ടായി. ന. അഗസ്ത്യസംബന്ധമുള്ള തെക്കേദിക്ക്.

അഗസ്തിദ്രു-അകത്തിവൃക്ഷം. 'അകത്തി' ശബ്ദം നോക്കുക.

അഗസ്ത്യൻ-അഗസ്ത്യൻഎന്ന മഹർഷി. വിന്ധ്യപർവ്വതത്തെ അമർത്തിയതിനാൽ ഈ പേരുണ്ടായി.

ഇദ്ദേഹമാണു തമിഴ് ഭാഷയ്ക്ക് ആദ്യമായി വ്യാകരണം,-നിർമ്മിച്ചതു്. സംസ്കൃതരീതിയെ ആശ്രയിച്ചു് ആ ഭാഷയ്ക്കു് ലിപികളും മറ്റും നിശ്ചയിച്ചതും ഇദ്ദേഹംതന്നെ. ആദികാലത്തു് ഇൻഡ്യയിലെ തെക്കൻദിക്കുകളിൽ സഞ്ചരിക്കയും പാർക്കുകയും ചെയ്ത മഹർഷിമാരിൽ ഇദ്ദേഹം പ്രഥമഗണനീയനാകുന്നു. ഇന്ദ്രദ്യുമ്നൻ എന്ന പാണ്ഡ്യരാജപുത്രൻ ആനയായിത്തീർന്നതിനു കാരണം ഇദ്ദേഹത്തിന്റെ ശാപമാകുന്നു. മലയധ്വജിയിൽ ഇന്ദ്രദ്യുമ്നൻ തപസ്സുചെയ്യുന്ന സന്ദർഭത്തിൽ അവിടെ അഗസ്ത്യമഹർഷി ചെന്നതിന്റെ ശേഷം ഉപചരിച്ചില്ല എന്നുള്ളതാണു ഹേതു. നഹുഷൻ സർപ്പമായതും ഇദ്ദേഹത്തിന്റെ ശാപംനിമിത്തംതന്നെ. ഇദ്ദേഹമത്രേ ശ്രീരാമനു ദേവസ്ത്രവശാപം നൽകിയതു്. രാവണവധം കഴിഞ്ഞു ശ്രീരാമഭദ്രികയും അയോദ്ധ്യയ്ക്കു പോകുമ്പോൾ ഇദ്ദേഹവുംകൂടി പോവുകയുണ്ടായി. വാതാപി എന്നും ഇല്വലൻ എന്നും രണ്ടു ദുഷ്ടരാക്ഷസന്മാരെ ഇദ്ദേഹം കൊന്നിട്ടുണ്ട്.

ഇദ്ദേഹത്തിന്റെ ഭാര്യയെ ലോപാമുദ്ര, വരപ്രദ, കൌശീതകി എന്നിങ്ങനെ വിളിക്കുന്നു. സർവ്വഗുണങ്ങളുടേയും മംഗിയേറിയ ഭാഗങ്ങളെ എടുത്താണു ലോപാമുദ്രയെ സൃഷ്ടിച്ചിട്ടുള്ളതു്. അഗസ്ത്യൻ തന്നെയാണു സൃഷ്ടിച്ചതു്. ഈ ലോപാമുദ്രസീതയ്ക്കു വളരെ ഉപകാരങ്ങളും ചെയ്തിട്ടുണ്ട്. അതു ശ്രീരാമനാൽ ത്യജിക്കപ്പെട്ടകാലത്താണ്. ഗംഗാദേവിയുടെ അപേക്ഷയനുസരിച്ചും ഉപകാരങ്ങൾ ചെയ്തിട്ടുണ്ട്.

അഗസ്ത്യന്റെ പേരുകൾ.

പ. രമിത്രാവരുണി-ഉർവ്വശിയെ മോഹിച്ച മിത്രൻ, വരുണൻ ഇവരുടെ ബീജമായതുകൊണ്ട്.

ര. പീതാബ്ധി, സമുദ്രചുളുകൻ-ദേവാസുരയുദ്ധത്തിൽ രാക്ഷസന്മാർ സമു

ദ്രത്തിൽ ഒളിക്കയാൽ അതിനെ കടിച്ചു കീറിച്ചതുകൊണ്ട്.

ന. മാന്യൻ-ഇനിച്ചാപ്പാം വളരെ ചെറുതായിരുന്നതിനാൽ.

ര. കുംഭസംഭവൻ-കുംഭത്തിൽ നിന്നു ജനിച്ചതുകൊണ്ട്, ബീജം കുംഭത്തിൽ വീണുണ്ടായതുകൊണ്ട്.

ഉ. വിന്ധ്യകൂടൻ – വിന്ധ്യൻപർവ്വതം വണങ്ങിയതുകൊണ്ട്.

'അഗസ്ത്യഃ കുംഭസംഭവഃ,
മൈത്രാവരുണിരഗസ്ത്യോവ
ലോപാമുദ്രാസധർമ്മിണീ' (അമരം)

അഗസ്ത്യഗീത-ഭാരതത്തിലെ ശാന്തിപർവ്വത്തിൽ അടങ്ങിയ ഒരു മുഖ്യഭാഗം.

അഗസ്ത്യതീർത്ഥം-പഞ്ചതീർത്ഥങ്ങളിൽ ഒന്ന്.

അഗസ്ത്യരസായനം- ഒരു ലേഹ്യം. (ക്ഷയം, കാസം ഇവയ്ക്കു നന്ന്).

അഗസ്ത്യസംഹിത - വിഷ്ണുപൂജാമുതലായവ നടത്തേണ്ടും ക്രമത്തെ ഉപദേശിക്കുന്ന ഒരു ഗ്രന്ഥം.

അഗാധം-നിലയില്ലാത്ത പ്രദേശം, ആഴമുള്ള കഴി.

അഗാധജലം-ആഴമുള്ള ജലാശയം.

അഗാത്മജ-പാർവ്വതീദേവി.

അഗാരം-വീട്, ഗൃഹം. ഗമിക്കുന്നവരെ പ്രാപിക്കുന്നത് എന്ന വ്യുല്പത്തി.

'വിദ്യുദ്ഗാരമഗാരമപഗാമപഗംമഹി എന്നുള്ളതിനാൽ 'ആഗാരം' എന്നും പറയാം.

അഗാരദാഹി-വീട്ടിനു തീ വയ്ക്കുന്നവൻ.

അഗാരദാഹിനി-വീട്ടിനു തീ വയ്ക്കുന്നവൾ.

അഗിരം-പ. സ്വർഗ്ഗം. ഉ. അഗ്നി. ന. കൊട്ടാവലി.

അഗിരൻ-പ. ഒരു രാക്ഷസൻ. ഉ. അഗ്നിദേവൻ.

അഗിരൌകസ്സ്-ദേവൻ. അഗിരഃസ്വർഗ്ഗഃ കമാകോ വാസസ്ഥാനം യസ്യ= അഗിരം(സ്വർഗ്ഗം), ഓകസ്സ് (വാസസ്ഥാനം) ആയുള്ളവൻ.

അഗീർണ്ണ-വി. പ. വിഴുങ്ങപ്പെടാത്ത. ഉ. സ്തുതിക്കപ്പെടാത്ത.

അഗ്ര-പ. രാഹു. ഉ. ഇരട്ട്. നാസ്തി ഗോഽസ്യേതി-ഗോ (കിരണം) ഇല്ലാതിരിക്കുന്നു എന്ന വ്യുൽപത്തി. രാഹുവിൽ സൂര്യപ്രകാശം തട്ടാത്തതിനാൽ ഈ പേരുണ്ടായി. രാഹു ഒരു ഗ്രഹമല്ലെന്നും ഇരട്ടാണെന്നുമത്രേ ഒരു മതം.

അഗുണ-പ നല്ല ശീലമൊന്നും ഇല്ലാത്ത. ഉ. ഗുണങ്ങൾ (വിശേഷങ്ങൾ) ഒന്നുമില്ലാത്ത.

അഗുണവാദി-കുറ്റം (ദോഷം) പറയുന്നവൻ.

അഗുണം-ദോഷം, കുറ്റം.

അഗുപ്ത-ഗുപ്തം(മായ്ക്കപ്പെട്ടത്) അല്ലാത്ത.

അഗുരു-വി. ഗുരുവല്ലാത്തത്, ഭാരമില്ലാത്തത്, ഘനമില്ലാത്തത്. സ്ത്രീലിംഗം-അഗുർവ്വി.

അഗുരു-പ. ഗുരുവല്ലാത്തവൻ. ഉ. ഗുരുവില്ലാത്തവൻ. ഗുരു=ഉപദേശകൻ. ന. അഗരുചന്ദനം. ര. ഒരു മാത്രയുള്ള അക്ഷരം (ലഘുവക്ഷരം). ഇ. ഇരുവുമരം. ഈ അകിൽ.

അഗുരുശിംശപ-ഇരുവുമരം.

അഗുരുസാരതൈലം-അകിലെണ്ണ.

അഗ്രഥഗന്ധ-വി. മറ്റുവയ്ക്കാൻ പാടില്ലാത്ത ഗന്ധമുള്ള.

അഗ്രഥഗന്ധം-പെരുംകായം. കെട്ടുപോകാത്ത ഗന്ധമുള്ളതിനാൽ ഈ പേരുണ്ടായി.

അഗൃധ്ന-വി. ആഗ്രഹമില്ലാത്ത.

അഗൃഭീത-ഗ്രഹിച്ചിട്ടില്ലാത്ത. (ഇതു വളരെപഴയകൃതികളിലേകാണു) ഭീ=ഹീ.

അഗൃഹൻ-പ. ഗൃഹമില്ലാതെ അലയുന്നവൻ. ഉ. സന്ന്യാസി, വാനപ്രസ്ഥൻ.

അഗൃഹീത-വി. അറിയപ്പെട്ടതല്ലാത്ത

അഗൃഹീതദിക്ക്-വി. ദിക്കറിഞ്ഞിട്ടില്ലാത്ത, കളഞ്ഞുപോയ.

അഗൃഹ്യ-വി. ഗ്രഹിക്കത്തക്കതല്ലാത്ത.

അഗോചര-വി. ഇന്ദ്രിയങ്ങളുടെ കൊണ്ടു് അറിയാൻ വയ്യാത്ത.

'സർവ്വേഷാഗോചരനാ യന്തര്യാമിയായ് സർവ്വഗത്യന്തരാവഹകനായനീ'

(അദ്ധ്യാത്മരാമായണം)

അഗോചരം-ക. ഇന്ദ്രിയങ്ങളുടെ കൊണ്ടു് അറിഞ്ഞിട്ടില്ലാത്ത വസ്തു. ഉ. പരബ്രഹ്മം.

അഗോപന-വി. ഗോപനം (മറവു്) ഇല്ലാത്ത, രക്ഷണമില്ലാത്ത.

അഗോപനീയ-വി ഗോപനീയമല്ലാത്ത, മറയ്ക്കത്തക്കതല്ലാത്ത, രക്ഷിക്കത്തക്കതല്ലാത്ത.

അഗൌകസ്സ്-ക. അഗം പർവ്വതം ഓകോ യസ്യ (അഗം പർവ്വതം) ഓകസ്സ് (വാസസ്ഥാനം) ആയിട്ടുള്ള മനുഷ്യൻ അല്ലെങ്കിൽ മൃഗം. ഉ. വൃക്ഷവാസി എന്ന പക്ഷി. നാ. ശരഭം എന്ന മൃഗം.

ശരഭത്തിനെ മലയാളത്തിൽ എട്ടുകാലി മാൻ എന്നു പറയാറുണ്ടു്. ശരഭം മഹാമൃഗവർഗ്ഗത്തിൽപ്പെട്ടതാണു്. മാനിനോടു് ജാതിയിൽ ചേർന്നതല്ല. ഈ ശരഭമൃഗത്തിനു വേറെ പാഠങ്ങളും ഉണ്ടു്.

'ശരഭസ്സിംഹമാരുരുക്ഷുർവ്യാളീതു ചാഷ്ടപാദ' (മഹാഭാരതം) [ഭരതൻ എന്നതുകൊണ്ടു് ഇതു ഗജമത്തകൊല്ലുന്നതാണെന്നും ഇതിനെ വ്യാളി എന്നു പേരുണ്ടെന്നും തെളിയുന്നു. അഗൌകസ്സ് എന്ന ശബ്ദം ശരഭത്തിനു പര്യായമെന്നും കാണുന്നുണ്ടു്.

അഗൌരവ-വി. ഗൌരവമില്ലാത്ത, മാന്യതയില്ലാത്ത, മാനമില്ലാത്ത, ശ്രേഷ്ഠതയില്ലാത്ത, ലഘുവായ.

അഗ്നാമരുത്തു്-അഗ്നിയും മരുത്തിനും കൂടി ഒന്നായുള്ള പേർ. ഒരേ ഹവിസ്സിനെ ഭുജിക്കുന്നവരാകയാൽ ഈ പേർ വന്നു.

അഗ്നായി-ക. സ്വാഹാദേവി (അഗ്നിയുടെ ഭാര്യയാണു്) ഉ. ത്രേതായുഗം.

അഗ്നി-മേൽപ്പെട്ട പോകുന്നതിനാൽ ഈ പേർ വന്നു. വസ്തുക്കളെ നേരെയും ഗമിക്കുന്നതു എന്നും കാണുന്നു. ക. തീ. ഉ. അഗ്നിദേവൻ.

'അഗ്നിർവൈശ്വാനരോവഹ്നി
വീതിഹോത്രോധനഞ്ജയഃ
കൃപീടയോനിർജ്ജ്വലനോ
ജാതവേദാസ്തനൂനപാത്
ബർഹിശ്ശുഷ്മാകൃഷ്ണവർത്മാ
ശോചിഷ്കേശ ഉഷർബുധഃ
ആശ്രയാശോബൃഹദ്ഭാനുഃ
കൃശാനുഃ പാവകോനലഃ
രോഹിതാശ്വോവായുസഖ
ശ്ശിഖാവാനാശുശുക്ഷണിഃ
ഹിരണ്യരേതാഹുതഭു
ശ്ശഹനോഹവ്യവാഹനഃ
സപ്തച്ചിർദ്ധൂമനാശ്ശുക്രശ്ചിത്രഭാനുർവിഭാവസുഃ
ശുചിരപ്പിത്തം' (അമരം)[വസുഃ

ക അഗ്നി. ഉ. വൈശ്വാനരൻ. നാ. വഹ്നി. ര. വീതിഹോത്രൻ. ങ. ധനഞ്ജയൻ. ണാ കൃപീടയോനി. ച. ജ്വലനൻ. വ. ജാതവേദസ്സ്. ൻ. തനൂനപാത്തു്. ഫാ. ബർഹിസ്സ്. ഫക. ശുഷ്മാവു് ഫാ. കൃഷ്ണവർത്മാവു്. ഫനാ. ശോചിഷ്കേശൻ ഫര. ഉഷർബുധൻ. ഫഠ. ആശ്രയാശൻ ഫന. ബൃഹദ്ഭാനു. ഫഠ. കൃശാനു. ഫവ പാവകൻ. ഫൻ. അനലൻ. ഫാ രോഹിതാശ്വൻ. ഫക. വായുസഖൻ. ഫഫ. ശിഖാവാൻ. ഫനാ. ആശുശുക്ഷണി. ഫര. ഹിരണ്യരേതസ്സ്. ഫഠ. ഹുതഭുക്ക്. ഫന ശഹനൻ. ഫഠ. ഹവ്യവാഹനൻ. ഫവ. സപ്തർച്ചിസ്സ്. ഫൻ. ദനുസ്സ്. നാ. ശുക്രൻ. നക. ചിത്രഭാനു. നഫ. വിഭാവസു. നനാ. ശുചി. നര അപ്പിത്തം. ഇവ മുപ്പത്തിനാലും അഗ്നിയുടെ പേർ.

അഗ്നി വിഷ്ണുവിന്റെ മുഖപുത്രനാണെന്നു വിഷ്ണുപുരാണം ഘോഷിക്കുന്നു. അഗ്നിയുടെ ഭാര്യ സ്വാഹാദേവിയാണു്. അഗ്നി സ്വാഹയിൽ പാവകൻ, പവമാനൻ, ശുചി എന്നു മൂന്നു പുത്രന്മാരെ ഉല്പാദിപ്പിച്ചു. ഇവർ എല്ലാംകൂടി നാല്പത്തഞ്ചു പുത്ര

നാമം ഉണ്ടായിട്ടുണ്ട്. അഗ്നിയേയും അഗ്നിയുടെ പുത്രപൌത്രന്മാരേയും ഉദ്ദേശിച്ചുണ്ടായിട്ടുള്ള നാല്പത്തഞ്ച് സ്വതന്ത്രസൂക്തങ്ങൾ എന്നു പറയുന്നതു്. അഗ്നിരഹസ്യകർമ്മങ്ങൾ ഖാണ്ഡവവനം മുഴുവനും ദഹിപ്പിച്ചു. ഇതു കൃഷ്ണനേയും അർജ്ജുനനേയും സഹായത്തോടുകൂടിയായിരുന്നു. ആ വനത്തിലുള്ള ഔഷധികൾകൊണ്ടു്, തന്റെ ശക്തിക്ഷയംശമിപ്പിക്കുന്നതിനായിരുന്നു ഇപ്രകാരം ചെയ്തതു്. അഗ്നിയെ ദേവേന്ദ്രന്റെ മുഖമായി സങ്കല്പിച്ചുകാണുന്നു.

'കരാളീധൂമിനീശ്വേതാ
ലോഹിതാനീലലോഹിതാ
സുവർണ്ണാപത്മരാഗാച
ജിഹ്വാസപ്തവിരാവസേഃ'

എന്നതനുസരിച്ചു് അഗ്നിക്കു് ക. കരാളി. ധ. ധൂമിനി. ന. ശ്വേത. ര. ലോഹിത ഉ. നീലലോഹിത. ഋ. സുവർണ്ണ. ൿ. പത്മരാഗ. ഇങ്ങിനെ ഏഴു നാവുകളും ഉണ്ടു്. അഗ്നിക്കു് 'സപ്തജിഹ്വ' എന്ന പേരുണ്ടായതുമുതൽ ഇതുകൊണ്ടു രവർമ്മാവുകയും.

ന. ജഠരത്തിലെ അഗ്നി. ര. യാഗത്തിലെ അഗ്നി ൿ സ്വർണ്ണ. ന. പിത്തം. ൿ. മൂന്നു് മുന്നു് എന്ന അർത്ഥം വരുന്നതിനു കാരണം ഗാർഹപത്യം, ആഹവനീയം, ദക്ഷിണം എന്നിങ്ങനെ മൂന്നു യാഗാഗ്നികളും ഉള്ളതിനാലാണു്. വ. കൊടുവേലി. ൻ. ചേരുമരം. ക്ഷ. വട്ടകപ്പൂലി. ക്ഷ്മ. നാരകം.

അഗ്നികം-ക്ഷ. മിന്നാമിനുങ്ങു്, അഗ്നിയെപ്പോലെ പ്രകാശിക്കുന്നതിനാൽ ഈ പേരുണ്ടായി. വ. കൊടുവേലി. ന. ചേരുമരം.

അഗ്നികാനം-തീപ്പെട്ടി.

'ത്രിഷ്വസ്ഫുലിംഗോഗ്നികണഃ'(അമരം)

സ്ഫുലിംഗം, അഗ്നികണം രണ്ടും തീപ്പൊരിയുടെ പേർ.

അഗ്നികർമ്മം-ഹോമം, അഗ്നിഹോത്രം.

അഗ്നികല-അഗ്നിയുടെ അവയവമേതും.

അഗ്നികലകം പത്തുവിധം.

'ധൂമ്രാർച്ചിരുഷ്മാജ്വലിനിർജ്വലിനി ബിസ്ഫുലിംഗിനി സുശ്രീഃ സുരൂപാകപിലാ ഹവ്യകവ്യവഹേ അപി'

അഗ്നികായ്യം-ഹോമം. ബ്രാഹ്മണർ അഗ്നിയിൽ കഴിക്കുന്ന ഒരു കർമ്മം.

അഗ്നികാരിക-ഹോമത്തെ ശ്രേഷ്ഠമാക്കുവാനുള്ള വിധം.

അഗ്നികാഷ്ഠം-അകിൽ. അഗ്നിയെ ജ്വലിപ്പനം ചെയ്യുന്നതു് എന്നു വ്യുല്പത്തി.

അഗ്നികുക്കുടം-അഗ്നി ജ്വലിക്കുന്ന പുൽക്കൂട്ടം. കുക്കുടം എന്നാൽ എരിയുന്ന പൂടു് എന്നു് (ഇവിടെ) അർത്ഥം.

അഗ്നികുണ്ഡം - അഗ്നിയിട്ടുന്നതിനുള്ള വട്ടച്ചുകെട്ടു്, തീച്ചൂള, അഗ്നിയെവെച്ചിരിക്കുന്ന പാത്രം, തീക്കുഴി.

അഗ്നികുമാരൻ-കാർത്തികേയൻ (സുബ്രഹ്മണ്യൻ). അഗ്നിയിൽനിന്നുണ്ടാകയാൽ സുബ്രഹ്മണ്യനു ഈ പേർ സിദ്ധിച്ചു.

അഗ്നികുമാരരസം-ഒരു ഔഷധം. ഇതു് അമദോഷങ്ങളെ നീക്കും.

അഗ്നികേതു-ക്ഷ പുക. ര. രാവണന്റെ ഇഷ്ടന്മാരായ രണ്ടു രാക്ഷസന്മാർ. ഇവരെ ശ്രീരാമൻ കൊന്നു.

അഗ്നികോണം-തെക്കുകിഴക്കു ദിക്കു്. തെക്കുകിഴക്കുമൂല. ഈ മൂല അഗ്നിയായ ദേവതയോടുകൂടിയതുകൊണ്ടു് ഈ പേർ സിദ്ധിച്ചു.

അഗ്നിക്രിയ-ക്ഷ. ശവം ദഹിപ്പിക്കുക. ര. ചൂടുവെയ്ക്കുക.

അഗ്നിക്രീഡ-ചെവിടിക്കെട്ടു്, കരിമരുന്നു പ്രയോഗം.

അഗ്നിഗർഭ മദ്ധ്യഭാഗത്തിൽ അഗ്നിയുള്ള, അകത്തു് അഗ്നിയുള്ള.

അഗ്നിഗർഭം-ക്ഷ. സൂര്യകാന്തം. അഗ്നിയുള്ളിൽ ഉള്ളതിനാൽ ഈ പേർ വന്നു. സൂര്യകിരണം ഹേതുവായിട്ടു തീയുണ്ടാക്കുന്നതിനാലാണു് ഉള്ളിൽ അഗ്നിയുള്ളതെന്നു പറവാൻ കാരണം. ര. ശമിവൃക്ഷം (വന്നി). ന. അക്കരി.

അഗ്നിഗർ-പ്ര ഭൂമി. അകത്തു അഗ്നിയുള്ളതുകൊണ്ട് ഈപേർ വന്നു. പ. വലിയവാല്യവം എന്ന ഒരർത്ഥി. സ. വന്നി.

അഗ്നിഗൃഹം-ഹോമാദികർമ്മങ്ങളുള്ളഗൃഹം.

അഗ്നിഗ്രന്ഥം-ഹോമാദികളെ വിവരിക്കുന്ന ഗ്രന്ഥം.

അഗ്നിഘൃതം-വൈദ്യശാസ്ത്രപ്രകാരമുള്ള ഒരു നെയ്യ്, ഇതു ജഠരാഗ്നിയെ ഉദ്ദീപിപ്പിക്കും.

അഗ്നിചയം, അഗ്നിചയനം-പ്ര. അഗ്നി വർദ്ധിക്കുന്നതിനുള്ള വസ്തു, അഗ്നിയെ വർദ്ധിപ്പിക്കുന്നത് എന്ന വ്യുത്പത്തി. പ. ഒരു മന്ത്രം. സ. തീക്കുമ്പാരം. ക്രി. ഹോമാഗ്നിയെ സമ്പാദിച്ചു സൂക്ഷിക്കുക.

അഗ്നിചിത്തു്-അഗ്നിഹോത്രാദികർമ്മം നടത്തുന്ന ഗൃഹസ്ഥൻ, അക്കിത്തിരി. ഹോമാഗ്നിയെ സമ്പാദിച്ചു സൂക്ഷിക്കുന്നവൻ

അഗ്നിചിത്യ-ഗൃഹസ്ഥൻ ചെയ്യേണ്ടുള്ള അഗ്നിസംരക്ഷണം (അഗ്ന്യാധാനം). ഹോമാഗ്നിയെ സൂക്ഷിക്കുക.

അഗ്നിച്ചൂർണ്ണം-വെടിമരുന്നു്.

അഗ്നിജ-വി, അഗ്നിയിൽ നിന്നുണ്ടായിട്ടു.

അഗ്നിജൻ-സുബ്രഹ്മണ്യൻ. പ. വിഷ്ണു.

അഗ്നിജം-സ്വർണ്ണം. അഗ്നിയിൽ നിന്നുണ്ടായതെന്നുദ്ദേശിക്കുന്നതിനാൽ ഈപേർ വന്നു. പ. അഗ്നിജാരം എന്ന ഒരർത്ഥി (അക്കാരി).

അഗ്നിജന്മാവു്-പ്ര. സുബ്രഹ്മണ്യൻ, പ. സ്വർണ്ണം.

അഗ്നിജാതം-സ്വർണ്ണം.

അഗ്നിജാതൻ-പ്ര. സുബ്രഹ്മണ്യൻ. പ. വിഷ്ണു.

അഗ്നിജാരം-അക്കാരി.

അഗ്നിജിഹ്വ-പ്ര. തീനാക്ക്, അഗ്നിജ്വാല. പ. മേത്തോന്നി.

അഗ്നിജിഹ്വിക-മേത്തോന്നി.

അഗ്നിജ്വാല-പ്ര. തീജ്വാല, തീനാക്ക്. ജ്വാലഎന്നാൽജ്വലിക്കുന്നതു് എന്നർത്ഥം, 'വഹ്നേർജ്വായേജ്വാലകീലം
വച്ചിഹ്നേതിഞ്ജിഖാസ്ത്രിയാം' (അമരം)
(ജ്വാല, കീല, അച്ചിസ്സ്, ഹേതി, ശിഖ ഇവ അഞ്ചും അഗ്നിജ്വാലയുടെ പേർ. ജ്വാല കീലേജ്വായേ-ജ്വാല കീലശബ്ദങ്ങൾ പുല്ലിംഗമായിട്ടും സ്ത്രീലിംഗമായിട്ടും വരും. സ്ത്രീലിംഗത്തിലായാൽ 'ജ്വാലാ' 'കീലാ' ഇപ്രകാരമിരിക്കും. (മലയാളമായാൽ ജ്വാല, കീല) ജ്വാല-ജ്വലിക്കുന്നതു്. കീലം-പക്ഷി മുതലായവയുടെ ശരീരത്തെ തടുക്കുന്നതു്).
പ. താതിരി. സ. തീത്തിപ്പലി.

അഗ്നിതനയൻ-സുബ്രഹ്മണ്യൻ.

അഗ്നിതപസ്സു്-കഠിനമായ തപസ്സു്, പഞ്ചാഗ്നിമദ്ധ്യത്തിലുള്ള തപസ്സു്, അഗ്നിയെപ്പോലെ ഏരിയുന്ന, (കത്തുന്ന, ജ്വലിക്കുന്ന).

അഗ്നിതേജസ്സു്-അഗ്നിയുടെ പ്രകാശം (ശക്തി)

അഗ്നിത്രയം-ദക്ഷിണാഗ്നി, ഗാർഹപത്യാഗ്നി, ആഹവനീയാഗ്നി ഈ മൂന്നഗ്നികൂടുക്കൂടി അഗ്നിത്രയം എന്നു പറയുന്നു.
'ദക്ഷിണാഗ്നിയ തുംഗാർഹ
പത്യമാഹവനീയവും
ഏവമഗ്നികമൂന്നെന്ന
രചോല്പീട്ടന്നബുധാവലി'
(സുരോത്തരതന്ത്രകോശം)

അഗ്നിദ-വി. തീയയ്യുന്ന.

അഗ്നിദഗ്ധ-വി. അഗ്നി(തീ)യിൽ ദഹിച്ചു, തീകൊണ്ടു ദഹിച്ചു.

അഗ്നിദമനി-ചെറിയ കണ്ണാടിച്ചില്ല. (മിലർ 'ഇതുവല്ല' എന്നും പറയുന്നുണ്ടു്).

അഗ്നിദാതാവു്-ശ്രൗതാഗ്നി ചെയ്യുന്നവൻ.

അഗ്നിദീപ്ത-വലിയ വാല്യവം.

അഗ്നിദീപ്ത-വി. തീ ജ്വലിക്കുന്ന, തീപോലെ പ്രകാശിക്കുന്ന.

അഗ്നിദീപ്തി-ദഹനശക്തി.

അഗ്നിദൂഷിത-വി. മൂടുവച്ചു, തീക്കേടുള്ളവച്ചു.

അഗ്നിധമനം-വേപ്പ്.

അഗ്നിധമനി-ചെറിക കണ്ടകാരി.

അഗ്നിധാനം-അഗ്നിഹോത്രിയുടെ ഭവനം. ഗൃഹസ്ഥാഗ്നിയെ സൂക്ഷിപ്പാനുള്ള പാത്രം, അമ്മല്ലകിൽ സ്ഥലം.

അഗ്നിധാരണം-ഗൃഹസ്ഥൻ അഗ്നിയെ സംരക്ഷിക്കുക.

അഗ്നിനിശ്വാസം-അഗ്നിജാരം(അക്കാരി)

അഗ്നിനേത്ര-വി. തീക്കണ്ണുള്ള.

അഗ്നിപദം-ഗ. തീയിടുന്ന സ്ഥലം. ഉ. അഗ്നി എന്ന പദം (വാക്ക്).

അഗ്നിപരിക്രിയ, അഗ്നിപരിഷ്ക്രിയ-അഗ്നിപൂജ.

അഗ്നിപരിച്ഛദം- ഹോമത്തിനാവശ്യമുള്ള ഉപകരണങ്ങൾ.

അഗ്നിപരിധാനം-ഒരുമാതിരി തിര (മറയ്ക്കുന്ന വസ്ത്രം) കൊണ്ട് ഹോമാഗ്നിയെ വളയുക, രചിക്കുക, വച്ചുകെട്ടുക.

അഗ്നിപരീക്ഷ-തീയിൽ ചാടി സത്യമുണ്ടോ പരിശോധിക്കുക, തീയിൽ പഴുപ്പിച്ച ഇരുമ്പിയെ പരിശോധിക്കുക.

അഗ്നിപർവ്വതം-ചില കാലങ്ങളിൽ തീ പൊട്ടിത്തെറിക്കുന്ന മല. ഭൂമിയുടെ അന്തർഭാഗത്തോട് ഒരു കഴൽവഴിയായി ചേർന്നിരിക്കുന്നതും ഉരുക്കിയപാറകളും, വസ്തുശകലങ്ങളും, ആവി ഇവയെമുഖത്തിൽകൂടി പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്നതുമായ കുഴികണ്ട് (പർവതം). ഭൂലോകത്ത് ഇപ്പോൾ തീയുള്ളതായിരിക്കുന്ന ആൻഡിസ് പർവതത്തിലുള്ള 'കൊട്ടപ്പാക്സി' എന്ന അഗ്നിപർവതത്തിന്റെ സമുദ്രനിരപ്പിൽനിന്നുള്ള പൊക്കം 19,000 അടി പൊക്കമുണ്ട്. അഗ്നിപർവതങ്ങൾ കത്തുള്ള സാധനങ്ങളെ പുറത്താക്കുന്നതിന് അതിന്റെ മുകളിൽ ഒരു വലിയ പ്രാകാരമുള്ളതിന് ഇംഗ്ലീഷിൽ 'ക്രേറ്റർ' എന്നാണ് പേർ. ഇതിന്റെയുപരി കിണ്ണം പോലെയാണ്. അഗ്നിപർവതം പൊട്ടുമ്പോൾ നാം കേൾക്കുന്നത്, ഭൂമിക്കകത്തുള്ള പുകപിടിച്ച ജലം ആവിയാകുന്നസമയം അതു ഭൂമിയെ ഭേദിക്കുന്ന ശബ്ദമാകുന്നു. ചാരിയെയും ജലത്തെയും മാത്രം വമിക്കുന്ന കുണ്ഡകം 'സാൽസസ്' എന്നു പറയുന്നു. ഇവയിൽ മണ്ണെണ്ണ ധാരാളം കാണുന്നു. അഗ്നിപർവതത്തിന്റെ അകത്തുനിന്നു ദ്രവിച്ചു ധാതുക്കളും ഉൽകൃഷ്ടമായ ചൂടോടുകൂടി ക്രോറർമാർഗ്ഗമായി കാനനമായ ജലപ്രവാഹം എന്നവണ്ണം പുറത്തൊഴുകുന്നതിനെ ആഗ്നേയാൽഗാരം(ലാവ) എന്നാണ് പേർ. എ. ഡി. 1-ൽ വിസൂവിയസ് അഗ്നിപർവതത്തിന്റെ ചുറ്റുപാടുകളിലുമായ പൊട്ടൽനിമിത്തം ഹർക്കുലേനി, സ്റ്റാബി, പാംപി മുതലായ റോമൻപട്ടണങ്ങളും നശിച്ചു. ആസന്ദർഭത്തിൽ അതിനടുത്തും ഏതാനും നാഴിക അകലമുള്ള സ്ഥലത്തു പകൽസമയം അർദ്ധരാത്രി എന്നവണ്ണം ഇരുട്ടടഞ്ഞിരുന്നു. ഇപ്പോൾ ഭൂലോകത്തിൽ 1000-ൽ അധികം ഉയർന്നിരുന്നതായ അഗ്നിപർവതങ്ങളും ഉണ്ട്.

അഗ്നിപാദപം-വന്നിമരം (ശമിവൃക്ഷം)

അഗ്നിപുരാണം-പതിനെട്ട് പുരാണങ്ങളിൽ ഒന്ന്. ഇതിൽ ഏഴ്, 1000 ശ്ലോകം കാണുന്നു. ഈ പുരാണത്തിൽ ജ്യോതിഷം, ഭൂഗോളം, സ്വപ്നഫലം, ഛന്ദസ്സ്, വ്യാകരണം, അലങ്കാരം, ഛന്ദസ്സ്, പാശുപതാസ്ത്രം തുടങ്ങിയ ഇതരവിഷയങ്ങളും പ്രസ്താവിക്കുന്നു.

അഗ്നിപുഷ്പിക-താന്നി.

അഗ്നിപ്രവേശം, അഗ്നിപ്രവേശനം-തീയിൽ ചാടി മരിക്കുക. ഇതിന് ഉടനടി ചാടുക എന്നും പറയും.

അഗ്നിഫല-വലിയ വാഴുഴവം.

അഗ്നിബലം-ഗ. ദഹനശക്തി, ഉ. തീയുടെ ശക്തി.

അഗ്നിബാധ-തീകൊണ്ടുള്ള ഉപദ്രവം.

അഗ്നിബാഹു-ഒന്നാമത്തെ മനുവിന്റെ ഒരു പുത്രൻ.

അഗ്നിബീജം-സ്വർണ്ണം.

അഗ്നിഭ-ചോരപ്പുന്ന.

അഗ്നിഭം-സ്വർണ്ണം.

അഗ്നിഭവം-സ്വർണ്ണം.

അഗ്നിഭാര്യ-സ്വാഹാദേവി.

'..... ആഗ്നേയീ
സ്വാഹാചാഹുതഭുക്പ്രിയ' (അമരം)

(ആഗ്നേയി, സ്വാഹാ, ഹുതഭുക്പ്രിയ-ന-ം അഗ്നിഭാര്യയുടെ പേർ.)

അഗ്നിഭാസ-ചേരപ്പന.

അഗ്നിഭൃ-സ്വർണ്ണം.

അഗ്നിഭൃവ്-സുബ്രഹ്മണ്യൻ (അഗ്നിയിൽ നിന്നുണ്ടായവൻ).

'സേനാനീരഗ്നിഭൂർഭൂഹഃ' (അമരം)

അഗ്നിഭൂസിത-ഏഴിലംപാല.

അഗ്നിമണി-പ. സൂര്യകാന്തം, ര. ചുക്കുമുക്കുകല്ല് (ചക്കിമുക്കി.)

അഗ്നിമന്ഥകം-മുഞ്ഞ.

അഗ്നിമഥനം-പ. മുഞ്ഞ. ര. തീകടഞ്ഞെടുക്കുക.

അഗ്നിമന്ഥാ, അഗ്നിമന്ഥനം-പ. ഉരച്ചു തീയുണ്ടാക്കുക. ര. മുഞ്ഞ.

അഗ്നിമന്ഥാടി-ഒരു കഷായം.

മുഞ്ഞവേർ, കുമ്പിതൊട്ടിവേർ, ആവണക്കിൻവേർ, ചെറുതേക്ക്, കൊട്ടം, ചുക്ക് ഇവകൊണ്ടുള്ളതാണ്. ഇതു് ഇക്കിൾ, ശ്വാസം, കാസം ഇവയെ ശമിപ്പിക്കും.

'അഗ്നിമന്ഥബലൈരണ്ഡ
ഭാർങ്ഗീകുഷ്ഠമഹൌഷധൈഃ
പിബേൽ പ്രകാഥിതം തോയം
ഹിക്കാ മാന്ദ്യം ശ്വാസകാസവാൻ'
(വൈദ്യസംഗ്രഹം)

അഗ്നിമത്തു്-വി. തീയുള്ള.

അഗ്നിമയം-വി. തീയുള്ള.

അഗ്നിമാൻ-തീയുള്ളവൻ, ഉപനയനം കഴിഞ്ഞ ബ്രാഹ്മണൻ, ഗൃഹസ്ഥാശ്രമത്തിലുള്ള ആൾ.

അഗ്നിമാന്ദ്യം-പ. മന്ദനക്കേടു്. ര. തീയുടെ മന്ദത.

ജഠരാഗ്നി-മന്ദം, തീക്ഷ്ണം, വിഷമം, സമം ഇങ്ങനെ നാലുവിധമുണ്ട്. ദോഷങ്ങളുടെ ആധിക്യംനിമിത്തം ഇവയുണ്ടാകുന്നു. ജഠരാഗ്നി കഫാധിക്യത്താൽ മന്ദമായും പിത്താധിക്യത്താൽ തീക്ഷ്ണമായും വാതാധിക്യത്താൽ വിഷമമായും മൂന്നു ദോഷങ്ങളുടേയും തുല്യതനിമിത്തം സമമായും ഭവിക്കുന്നു. [ത്രിവിധഃ

'മന്ദസ്തീക്ഷ്ണോഥവിഷമസ്സമശ്ചേതിച
കഫപിത്താനിലാധിക്യാത്തസാമ്യാജ്ജാ
ഠരാനലഃ'

അഗ്നികളിൽവെച്ചു സമാഗ്നിയാകുന്നു ശ്രേഷ്ഠം. ഈ അഗ്നി ഉചിതമായ മാത്രയെ അനുസരിച്ചു ഭക്ഷിക്കുന്നവരുടെ ആഹാരത്തെ നല്ലവണ്ണം പചിക്കും.

'സമാഗ്നിഃ ശ്രേഷ്ഠ ഉച്യതേ'
(മാധവനിദാനം)

അഗ്നിമാലി-കൊട്ടവേലി. അഗ്നിയുടെ പര്യായങ്ങളെല്ലാം കൊട്ടവേലിയുടെ പേരാണ്.

അഗ്നിമിത്രൻ-കാളിദാസന്റെ മാളവികാഗ്നിമിത്രം നാടകത്തിലെ നായകൻ. ഇദ്ദേഹം ശുംഗകുലത്തിലെ ഒരു രാജാവാണ്. അച്ഛന്റെ പേർ പുഷ്യമിത്രൻ.

അഗ്നിമുഖം-പ. കുങ്കുമം. ര. മൂട്ട. ന. കയ്യുണി. ഭ. ചേരുമരം. ഇ. കൊട്ടവേലി.

അഗ്നിമുഖൻ-ദേവൻ. ര. ബ്രാഹ്മണൻ.

'അഗ്നിമുഖാ വൈ ദേവാഃ' (ഐതരേയശ്രുതി)

അഗ്നിമുഖി-പ. അടുക്കള. ര. ചേരുമരം. ന. മേത്തോന്നി.

അഗ്നിമൂല-തെക്കുകിഴക്കേദിക്ക് (കോണ്)

അഗ്നിരജസ്സ്-പ. മിന്നാമിനുങ്ങ് (ഇന്ദ്രഗോപകീടം) ര. അഗ്നിയുടെ ശക്തി. ന. സ്വർണ്ണം.

അഗ്നിരാശി-തിയുടെ സൂക്ഷ്മം, തീക്ഷ്ണസ്വഭാവം.

അഗ്നിരുഹ-മാംസരോഹിണി (ഔഷധി)

അഗ്നിരൂപ-വി. അഗ്നിയെപ്പോലെ ആകൃതിയുള്ള, അഗ്നിയുടെ സ്വഭാവമുള്ള.

അഗ്നിരത്നം-സ്വർണ്ണം.

അഗ്നിരാഗിണി-ഒരു രാഗം.

അന്തർഹാഃ, ചരം ഇവയോടുകൂടി ജ്വലിച്ചിരിക്കുന്ന അഗ്നിപോലെയുള്ള പുള്ളികളും മംസം തേടിച്ചു കക്ഷഭാഗങ്ങളിൽ മുട്ടയിക്കുക. ഇതു് ഏഴോ പത്തോ പതിനഞ്ചോ ദിവസംകൊണ്ടു പ്രാണഹാനി ചെയ്യും.

'കക്ഷഭാഗേഷുയസ് ഫോടോ
ജായന്തേമംസഭാരണാഃ
അന്തർഹാഃചരകരാ
ദീപ്തപാവകസന്നിഭാഃ
സദ്യഃപ്രാണഹരാഃശീഘ്രം
പക്ഷാഭ്യാമുല്പതന്തിമനവഃ'

(മാധവനിദാനം)

അഗ്നിഖിംഗം–പു. തീയുടെ അടയാളം ഉ. പുക.

അഗ്നിലോകഃ–മഹർലോകത്തിന്റെ പ്രവർത്തനാംശത്തിൻ കീഴിലുള്ള ഒരു ഭാഗം.

അഗ്നിവക്ത്രകം–ചേരുമരം.

അഗ്നിവർണ്ണൻ – സൂര്യകലത്തിലെ ഒരു രാജാവു്.

അഗ്നിവധൂ–സ്വാഹാദേവി (അഗ്നിയുടെ ഭാര്യ)

അഗ്നിവർദ്ധകം–ദഹനശക്തിയുണ്ടാക്കുന്ന

അഗ്നിവല്ലഭം–മരുന്നു്. ഉ. ചെമ്പരുത്തി.

അഗ്നിവാഹഃ–പു. പുക. ഉ. ആട്ടു്.

അഗ്നിവിസർപ്പഃ–ഒരു രോഗം.

അതിസാരം, പനി, ഛർദ്ദി ഇന്ദ്രിയനാശം, തണ്ണീർദാഹം, തലതിരിച്ചിൽ, ഭ്രമിച്ചുവീഴൽ, അഗ്നിമാന്ദ്യം, രക്തശോഷം, അരുചി ഇവയോടുകൂടിയവിസർപ്പം ഉണ്ടാവുകയും.

ഈ വിസർപ്പം ശരീരത്തിൽ ഏവിടെ വ്യാപിക്കുന്നുവോ അവിടം കരിക്കട്ട പോലെയാകുന്നു കറുക്കയോ നീലിക്കുകയോ ചെയ്യും. ഉടനെ തീ തട്ടിയ മട്ടിൽ പൊള്ളലുകളോടുകൂടിയുമിരിക്കും. എല്ലാടവും വ്യാപിക്കുന്നതിനാലാണു് വിസർപ്പം എന്നു പേരുണ്ടായതു്.

അഗ്നിവീര്യം–പു. സ്വർണ്ണം. ഉ. തീയുടെ ശക്തി.

അഗ്നിവേശൻ–ഒരു മുനി. (ചരകം മുതലായ വൈദ്യഗ്രന്ഥങ്ങളുടെ കർത്താവു്), അഗ്നിയുടെ പുത്രൻ, ദ്രോണരുടെ ഗുരു.

അഗ്നിശരണം–ഗൃഹസ്ഥന്റെ അഗ്നി സൂക്ഷിക്കുന്ന സ്ഥലം.

'ചെന്നാരും ഗൃഹിയാതെഅഗ്നിശരണേ
പൊട്ടിച്ച പാത്രങ്ങളെ'

(ജാനകീപരിണയം)

അഗ്നിശാല–ഗൃഹസ്ഥന്റെ അഗ്നി സൂക്ഷിച്ചിരിക്കുന്ന സ്ഥലം.

അഗ്നിശിഖ–പു. തീജ്വാല, ഉ. മേത്തോന്നി ന. കൂവളത്തിന്റെ ർ. പാച്ചോറ്റി.

അഗ്നിശിഖം–പു. വിളക്കു്, ഉ. ശരം. ന. കരിമരുന്നുപ്രയോഗത്തിനുള്ള വസ്തു ർ. സ്വർണ്ണം. ൽ മഞ്ഞൾ. ന. കുങ്കുമം. (തീനാക്കുപോലെ ശിഖയുള്ളതുകൊണ്ടു് ഈ പേർവന്നു). ൾ കയ്യോന്നി.

അഗ്നിശേഖര–പു. കുങ്കുമം(കുങ്കുമമരം) ഉ. കയ്യോന്നി.

അഗ്നിഷ്ടം–ഹോമാഗ്നിയുടെ മൻഭാഗത്തു നിൽക്കുന്ന യൂപം (തൂൺ).

അഗ്നിഷ്ടോമം, അഗ്നിഷ്ടോമം–ഒരു യാഗകർമ്മം.

അഗ്നിസഖൻ–വായു.

അഗ്നിസാദം–അഗ്നിമാന്ദ്യം, ദഹനശക്തിക്കുറവു്.

അഗ്നിസഹായം–പ്ലാവു്.

അഗ്നിസാരം–രസാഞ്ജനം.

അഗ്നിസംഗ്രഹം–ഹോമം നടത്തുവാനുള്ള മട്ടിൽ അഗ്നിവെയ്ക്കുക.

അഗ്നിസംഭവം–പു. സ്വർണ്ണം. ഉ. അസ്ത്രം. ന. കാട്ടുകയ്യോന്നി.

അഗ്നിസംസ്കാരം–ശവം ദഹിപ്പിക്കുക; അഗ്നികൊണ്ടു ശുദ്ധമാക്കുക.

അഗ്നിസാക്ഷിക–യ്. അഗ്നിയെ സാക്ഷിയായി വെച്ചിട്ടുള്ള, അഗ്നിയുടെ മുൻവശമുള്ള

'സുധിവരാഗ്നിസാക്ഷിയായ്
സഖ്യവുംചെയ്തുപരസ്പരംകാത്തുവും'

(അദ്ധ്യാത്മരാമായണം)

അഗ്നിസാത്-അ. അഗ്നിയുടെ സ്ഥിതിയിൽ (അധീനം).

അഗ്നിസാത്കരിക്ക- അഗ്നിയ്ക്കിരയാക്കിത്തീർക്കുക.

അഗ്നിസുതൻ-സുബ്രഹ്മണ്യൻ.

അഗ്നിസ്തംഭം-അഗ്നിയുടെ ദഹനശക്തി കുറയ്ക്കുന്ന ഒരു മന്ത്രം.

അഗ്നിസ്തുത്ത്-ഒരു നാളത്തേയ്ക്കു മാത്രം നടക്കുന്ന യാഗകർമ്മം.

അഗ്നിസ്തോമം, അഗ്നിഷ്ടോമം-ഒരു യാഗകർമ്മം.

അഗ്നിസ്ഫുലിംഗം-തീപ്പൊരി.

'തൃഷ്ണസ് ഫുലിംഗോഗ്നികണഃ' (അമരം) സ് ഫുലിംഗം-ചേർക്കുന്നത്.

അഗ്നിഹോത്രാവ(നി)ണി-അഗ്നിഹോത്രത്തിന് ആവശ്യമുള്ള ഒരു പാത്രവിശേഷം.

അഗ്നിഹോത്രം-പ. അഗ്നിയിൽ അനുഷ്ഠിക്കുന്ന ഹോമം. ക. ഒരു പ്രത്യേക ഹോമത്തിന്റെ പേർ.

'അഗ്നിഹോത്രവുംരക്ഷി
ച്ചുഗ്രമംതപസ്സോടു
മഗ്നിസന്നിഭൻമഹാ
തേജസാതപോധനൻ'

(ബ്രഹ്മാണ്ഡപുരാണം)

അഗ്നിഹോത്രി-പ. അഗ്നിഹോത്രം പതിവായി നടത്തുന്ന ആൾ, അഗ്നിഹോത്രാദികർമ്മങ്ങൾപതിവായിഅനുഷ്ഠിക്കുന്ന ആൾ. ഹോമത്തിനുവേണ്ടുംപാൽ എന്നിവ നൽകുന്ന പശു എന്ന ശബ്ദാർത്ഥം.

'കൃഷ്ണാനദോതാശരണംഗിരാഹാരി'

(നീതിസംഗ്രഹം)

ക. വരതുലിയുടെ മൂത്തപുത്രൻ.

അഗ്നീധ്രൻ-പ. സ്വായംഭുവ മനുവിനു ശതരൂപ എന്ന പത്നിയിൽ പത്തു പുത്രന്മാരും ഉത്തമസ്വതി എന്ന ഒരു കന്യകയും ജനിച്ചു. ഇവരിൽ മൂത്തവൻപ്രിയവ്രതനായിരുന്നു. ഈ പ്രിയവ്രതന്റെ പുത്രനത്രേ അഗ്നീധ്രൻ.

പ്രിയവ്രതന്റെ പത്നിയായ ബർഹിഷ്മതി വിശ്വകർമ്മാവിന്റെ മകളാണ്. പ്രിയവ്രതനു ബർഹിഷ്മതിയിൽ ജനിച്ച പുത്രന്മാരിൽ മൂത്തവനാകുന്നു അഗ്നീധ്രൻ. ഇദ്ദേഹം ജംബുദ്വീപത്തിലെ അധിപനായിരുന്ന കാലത്തു പർവ്വതഗുഹയിൽ പ്രാപിച്ചു തപസ്സുചെയ്തു. അപ്പോൾ പൂർവ്വചിത്തി എന്ന അപ്സരസ്ത്രീ ബ്രഹ്മാവിന്റെ കല്പനപ്രകാരം അവിടെ ചെല്ലുകയും പ്രിയവ്രതനെ മോഹിപ്പിച്ചു ഭോഗിക്കുകയുംചെയ്തു. അവരിൽ പ. നാഭി ക. കിംപുരുഷൻ. ന. ഹരി. ര. ഇളാവൃത്തൻ. ഭ രമ്യകൻ. സ ഹിരണ്മയൻ. ഹ. കുരു. വ. ഭദ്രാശ്വൻ. ൻ. കേതുമാലൻ എന്നിങ്ങനെ ഒമ്പതുപേരെ പുസവിച്ചതിന്റെ ശേഷം ബ്രഹ്മലോകം പ്രാപിച്ചു. തദനന്തരം അഗ്നീധ്രൻ ജംബുദ്വീപത്തെ ഒമ്പതുപുത്രന്മാർക്കായി പകുത്തുകൊടുത്തിട്ടു ബ്രഹ്മലോകത്തിൽ ചെന്നു പൂർവ്വചിത്തിയുമായി രമിച്ചു.

'അക്കാലമഗ്നീധ്രനംതന്നുടെജംബുദ്വീപ
മൊക്കവേപകുത്തുതൻനന്ദനന്മാർക്കനുജ്ഞാ
തൻപിന്നെത്തപോബലംകൊണ്ടുപോയ്
ബ്രഹ്മലോകസമ്പ്രതംരമിച്ചുപാൽപൂർവ്വചിത്തിയുമാ
(ഭാഗവതം) യി'

ക. അഗ്നിയെ സൂക്ഷിക്കുന്നബ്രാഹ്മണൻ.

അഗ്നീന്ധനം-അഗ്നിയെ സംരക്ഷിക്കുക, അഗ്നിയെ പോഷിപ്പിക്കുക.

അഗ്ന്യഗാരം-അഗ്നികാര്യത്തിനുള്ള ഭവനം, ഹോമം മുതലായവയ്ക്കുള്ള ഗൃഹം.

അഗ്ന്യാഖ്യം-കെടാവേഖി.

അഗ്ന്യാധാനം-ഹോമംനടത്തുന്നതിനുള്ള സ്ഥലത്തു അഗ്നിയിടുക.

അഗ്ന്യാഹിതൻ-അഗ്ന്യാധാനം ചെയ്ത ബ്രാഹ്മണൻ.

അഗ്ന്യുൽപാതം-ധൂമകേതു (വാൽനക്ഷത്രം), വാൽനക്ഷത്രത്തിന്റെ ഉദയം. അഗ്നൗൽപാതം-അഗ്നിയുടെ(ഉൽപാതം) പ്രകൃതിവികൃതിയെ പ്രകാശിക്കുന്ന സ്ഥിതി.

അഗ്നൗൽപാതം എന്നതു ധൂമകേതുവിന്റെ ഉദയം എന്ന ചിലരുടെയും, വഹ്നിയാൽ ഉണ്ടാക്കപ്പെട്ട ആപത്തെന്നു് അന്യന്മാരുടെയും പക്ഷം.

'അഗ്നൗൽപാത ഉപാഹിതേ' (അമരം)

അഗ്ര-വി. അത്യുന്നതമായുള്ള, ശ്രേഷ്ഠമായ, ഒന്നാമത്തെ, വലിയതായുള്ള.

അഗ്രകരം-ഉള്ളങ്കൈ.

അഗ്രം-ന. മുകൾഭാഗം, ഉപരിഭാഗത്തുള്ളതു്. പ. അറ്റം, മുന.

'പൂരോധികമുപയുഗ്രാ-
ണ്യഗ്രാരേനഗരേപുരം' (അമരം)

അഗ്രം എന്നാൽ പൂരോഭാഗത്തിന്റെയും അധികത്തിന്റെയും ഉപരിഭാഗത്തിന്റെയും പേർ.

'ഇരണ്ടഗ്രംപുരണ്ടുള്ളതലമുടിവടിവേടെ'
(നാരായണീചരിതം തുള്ളൽ)

'അഗ്രജൻതന്നപ്പരിചരിച്ചെപ്പൊഴു-
മഗ്രേനടന്നുകൊള്ളേണം പിതിയംതെ'
(അദ്ധ്യാത്മരാമായണം)

പ. മൂഢ്വ. സൂക്ഷ്മത. ര. (സാമുദ്രികശാസ്ത്രത്തിൽ) കേശം തുടങ്ങുന്ന നെറ്റിയുടെ അവസാനത്തിൽനിന്നു് ആരംഭിച്ചു മൂർദ്ധാവിന്റെ നടുവ്വരെ നേരെ നടുവിലുള്ള പ്രദേശം. ഇ. ഉദ്ദേശ്യം. ന. ആരംഭം. ഒ കാണാത്ത വസ്തുവെക്കുറിച്ചുള്ള സ്വപ്നം. വ്യ. കൊടുമുടി, ശൃംഗം.

'രമകേലാസാഗ്രകളാചിദ്രവിശശിവിമലേ
സുന്ദരരത്നപീഠേ' (രാമായണംമൂലം)

അഗ്രഗൻ-നേതാവു്, അഗ്രസ്ഥാനത്തു ഗമിക്കുന്നവൻ.

അഗ്രഗണ്യൻ-മുന്നാമതായി വിചാരിക്കപ്പെടത്തക്കവൻ.

അഗ്രഗാമി-മുമ്പേ പോകുന്നവൻ, സമർത്ഥൻ.

അഗ്രഗാഹി-അക്കിൽകറ എന്ന മരമാണു്. (അക്കിൽകറ നോക്കുക).

അഗ്രജൻ-പ. ജ്യേഷ്ഠൻ, മുമ്പുജനിച്ചവൻ എന്ന വ്യുൽപത്തി. പ. വിപ്രൻ (അഗ്രസ്ഥാനത്തു ജനിക്കുന്നവൻ).

അഗ്രജന്മാവു്-പ. ജ്യേഷ്ഠൻ. പ. ബ്രാഹ്മണൻ.

അഗ്രണി-ശ്രേഷ്ഠൻ, അഗ്രസ്ഥാനത്തു നയിക്കുന്നതുകൊണ്ടു് ഈ പേർ സിദ്ധിച്ചു. അഗ്രനിയാണു് അഗ്രണിയായതു്.

'അഭ്യഗ്രണീർമ്മന്ത്രകൃതാമൃഷീണാം'
(രഘുവംശം)

അഗ്രതഃ-അ. പ. അഗ്രത്തിൽ, അഗ്രത്തിൽനിന്നു്. ഈ മാതിരി ശബ്ദങ്ങളും ഭാഷയിൽ ഗദ്യങ്ങളിൽ പ്രയോഗിക്കാതെയിരിക്കുന്നതു് ഉത്തമം. പ. കിഴക്കെ ദിക്കിൽ നിന്നു്.

അഗ്രതഃകൃത്തു്-മുമ്പിലാക്കപ്പെട്ടവൻ, മുമ്പിൽചെയ്യപ്പെട്ടവൻ.

അഗ്രതസ്സര-വി. മുന്നിൽനടക്കുന്ന.

അഗ്രതസ്സരൻ-നേതാവു്, മുന്നിൽനടക്കുന്നവൻ, പ്രമാണി.

അഗ്രദാനി-ശവദഹനം സംബന്ധിച്ചുള്ള ദാനം വാങ്ങിക്കുന്ന ബ്രാഹ്മണൻ. അത്യാഗ്രഹംകൊണ്ടും ദാരിദ്ര്യംകൊണ്ടും ദാനം വാങ്ങുന്നവർക്കു് ഈ പേർ പറയാം.

അഗ്രദിധിഷു-മൃതനായ (മരിച്ച) ജ്യേഷ്ഠന്റെ ഭാര്യയെ വേൾക്കുന്നവൻ.

അഗ്രദൂതൻ-മറ്റേ പുരുഷനെ മുൻകൂട്ടി അറിവുകൊടുക്കുന്നവൻ.

അഗ്രദ്വയസംഹതി-പ്ലേ.

അഗ്രദ്വീപം-മറ്റേ പുണ്യസ്ഥലം.

ഇതു ബ്രഹ്മപുരാണത്തിൽ തമിഴ്നാട്ടിൽ കാവേരിനദീതീരത്തെന്നു പ്രസിദ്ധനായ നവദ്വീപരഹസ്യനാഥന്റെ ശിഷ്യനായ രാമാനുജന്റെ പ്രതിഷ്ഠയായി മറ്റേ ശ്രീകൃഷ്ണക്ഷേത്രമുണ്ടു്. ശേഷാചലനാഥൻ എന്നാണു് മൂർത്തിയുടെ പേർ. ഇവിടെ കുംഭം മീനം കാലത്തു മറ്റേ ഉത്സവമുണ്ടു്. ഏ,൦൦൦ ആളുകളോളം അന്നു അവിടെ കൂടുമത്രേ. അക്കാലത്തു തീർത്ഥയാത്രക്കാരുടെ ആവശ്യത്തിന്നായി അപ്പ

പ്പോലും കടിച്ചുകൊണ്ടു കൈകയാണ പതിവു്. അല്ലാതെ സത്രങ്ങളും ഒന്നും ഇല്ല (മംഗളമാല)

അഗ്രൻ-മുഖ്യൻ.

'ക്ലീബേ പ്രധാനം പ്രമുഖ
പ്രവേകാനന്തമേന്ത്രമാ
മുഖ്യവയ്യവരേണ്യാശ്ച
പ്രബഹ്നോനവരാഭ്യവൽ
പരാഭ്യാഗ്രപ്രാഗ്രഹര
പ്രാഗ്ര്യാഗ്ര്യീയമഗ്രിയം'

പ്രധാനം ഇത് നിത്യനപുംസകമാകുന്നു പ്രമുഖൻ, പ്രവേകൻ, അനന്തമൻ, ഉത്തമൻ, മുഖ്യൻ, വയ്യൻ, വരേണ്യൻ, പ്രബഹ്നൻ, അനവരാഭ്യൻ, പരാഭ്യൻ, അഗ്രൻ, പ്രാഗ്രഹരൻ, പ്രാഗ്ര്യൻ, അഗ്ര്യൻ, അഗ്രീയൻ, അഗ്രിയൻ ഇവ ഏഴും മുഖ്യനായവന്റെ പേർ.

അഗ്രനഖം-നഖത്തിന്റെ അഗ്രഭാഗം.

അഗ്രനിരൂപണം-മുൻകൂട്ടി നിശ്ചയിക്കുക, ഭീഷ്മദർശനം.

അഗ്രന്യായികൻ-ഒമ്പതന്മാരിൽ ഒരു ഇനക്കാരൻ.

അഗ്രപത്രകം-അമരി. തമിഴിൽ 'അവരി, സംസ്കൃതത്തിൽ 'നീഡി'

അഗ്രപണ്ണി-നായ്ക്കുരണ.

അഗ്രപാതി-മുൻകൂട്ടി അനുഭവിക്കുക, മുന്നായുള്ള, മുൻനടക്കുന്ന.

അഗ്രപാദം-പാദത്തിന്റെ മുൻവശം, വിരൽ, വിരലുകൾ ചേർന്ന ഭാഗം.

അഗ്രപൂജ-മുഖ്യപൂജ. പ്രമാണിയെ ഉദ്ദേശിച്ചു ചെയ്യുന്ന പൂജ. (സല്ലക്ഷണം)

'അഗ്രപൂജയ്ക്കുദേവേഷിബ്രഹ്മർഷിക-
ളുഗ്രനും ഞങ്ങളിന്നിയ് ചന്ദ്രാവലിയും ഒരു
(ദേവതകൾ, ഉമാ)'

അഗ്രബീജം-മഞ്ഞക്കുറുഞ്ഞി.

അഗ്രഭാഗം-പ്ര. മുഖ്യഭാഗം, പ്രധാനവശം. ഉ. മുൻവശം, മുന. ന. അവശേഷം.

'സുഗ്രീവനാഭ്യുപാഭ്യാഭ്യേനപൂജയച്-
ഛ്രഗ്രഭാഗേവീണാവീണാംവണങ്ങിനാൻ'
(അഭ്യുത്തരരാമായണം)

അഗ്രഭാഗി-ഒന്നാമതായി ഒരുകൂട്ടുന്നവൻ, ആദ്യമായവകാശപ്പെടുന്നവൻ.

അഗ്രഭുക്ക്-മുമ്പെ ഊണുകഴിക്കുന്നവൻ, പൂജ്യസ്ഥാനത്തു ഭക്ഷണംകഴിക്കുന്നവൻ.

അഗ്രഭു, അഗ്രഭൂമി-അഗ്രഹവിഷയം.

അഗ്രഭോജനം-ആദ്യമായി മറ്റുള്ളവർക്കു മുമ്പ് ഭക്ഷണം കഴിക്കുക, പൂജ്യസ്ഥാനത്തുള്ള ഭക്ഷണം

അഗ്രമാംസം-അഗ്രം 'ഉൽകൃഷ്ടമായ' മാംസം (ഇറച്ചി). ഹൃദയം. മാംസങ്ങളിൽ പ്രധാനം ഹൃദയത്തിനാണല്ലൊ. ഹൃദയാന്തർഗതമായ മാംസവിശേഷം എന്ന് പാരമേശ്വരി. മുഖ്യമാംസം എന്ന് ബാലപ്രിയ.

'ബുക്കാഗ്രമാംസം ഹൃദയം
ഹൃന്മേദസ്യുപപാവസം' (അമരം)

ബുക്കം, അഗ്രമാംസം ഇവ രണ്ടും മുഖ്യമാംസത്തിന്റെ പേർ. ഹൃദയം, ഹൃത്തു് ഇവ രണ്ടും ഹൃദയത്തിന്റെ പേർ. ബുക്കാദിനാലും തുല്യാർത്ഥമാകുന്നു എന്നും ഒരു പക്ഷമുണ്ട്. ബുക്കാ എന്നതിനു 'യുക്യാ' എന്ന പാഠവും കാണുന്നു.

അഗ്രയാനം-മുമ്പിൽഗമിക്കുക, യുദ്ധത്തിനു മുന്നോട്ടുകടക്കുക.

അഗ്രയായി-പ്ര. സേനാനായകൻ, മുമ്പേ ഗമിക്കുന്നവൻ. ഉ. കരുവേലരിൽ ഒരുവന്റെ പേർ.

അഗ്രയാധി-യുദ്ധത്തിൽ മുഖ്യഭാഗം വഹിക്കുന്നവൻ.

അഗ്രലോഹിത-ചീര അഗ്രം ലോഹിതം യസ്യാഃ സാ (ചില്ലീശാക.)

അഗ്രശാല-ഉയർന്നപുര, ബ്രാഹ്മണർക്കുള്ള ഭക്ഷണശാല.

അഗ്രശാലപ്പുറ-മുൻപുര, മുൻഭാഗത്തു പണിതുണ്ടാക്കിയിരിക്കുന്ന പുര.

അഗ്രസന്ധാനി-മനുഷ്യരുടെ ശ്രേഷ്ഠരുടെ പ്രവൃത്തികളുടെ വിവരം കുറിച്ചുവയ്ക്കുന്നയാളിന്റെ പുസ്തകം.

അഗ്രസന്ധ്യ-സന്ധ്യക്കു കാച്ചു മുമ്പുള്ള കാലം.

'കക്ഷ്യന്തരാമുപരിതുഹിനാംശുരഞ്ജയത്യഗ്രസന്ധ്യ' (ശാകുന്തളം) സന്ധ്യം'

അഗ്രസരൻ - മുന്നിൽനടക്കുന്നവൻ, മുഖ്യൻ. (പ്രയോഗപ്രചാരം കുറഞ്ഞും.)

അഗ്രസാരം-മുള.

അഗ്രഹസ്തം-കരത്തിന്റെ മുൻവശം വിരലുകൊണ്ട്, വിരലുകളും, തുമ്പിക്കരത്തിന്റെ മുൻഭാഗം.

അഗ്രഹായനം, അഗ്രഹായണം -വൃശ്ചികി (ആണ്ടി)ന്റെ ആരംഭം, മാർകഴി എന്ന ചാന്ദ്രമാസം.

അഗ്രഹാരം-രാജാക്കന്മാർ ബ്രാഹ്മണർക്കു ദാനംചെയ്ത ഭൂമി, ബ്രാഹ്മണർ പാർക്കുന്ന ഗ്രാമം മുൻവശം മാലപോലെ തൊട്ടുതിരിക്കുന്നതുകൊണ്ട് ഈ പേരുണ്ടായി.

'അഗ്രഹാരേ രണ്ടു പന്തി നിരക്കുവേ
അഗ്രഹാരങ്ങളുകയുകപൂണ്ടുടൻ'

(കല്യാണസൗഗന്ധികം തുള്ളൽ)

അഗ്രാനീകം, അഗ്രാണീകം-മുന്നണിയിലുള്ള രണസൈന്യം.

അഗ്രാമ്യ-വി. ഗ്രാമസംബന്ധമല്ലാത്ത, പട്ടണസംബന്ധമായ. ഉ. സഭ്യമായ, സഭ്യേതരമല്ലാത്ത.

അഗ്രാശനം-മുമ്പെ ഭക്ഷണം കഴിക്കൽ, പൂർവ്വസ്ഥാനത്തുള്ള ഭക്ഷണം.

അഗ്രാശി-പൂർവ്വസ്ഥാനത്തിലുള്ള ഭക്ഷണം കഴിക്കുന്നവൻ, മുമ്പു ഭക്ഷിക്കുന്നവൻ.

അഗ്രാശിനി-പൂർവ്വസ്ഥാനത്തിൽ ഭക്ഷണം കഴിക്കുന്നവൾ, മൻകുട്ടിക്കു മുമ്പു ഭക്ഷിക്കുന്നവൾ.

'അഗ്രാശിനീമന്യഗൃഹപ്രവേശം നീ
മറ്റോ ഭവാനേൽപ്പതുപോലുസൂതികാം'

(നീതിസാരം)

അഗ്രാസനം-പ്രധാനപീഠം, സമക്ഷം ഭക്ഷണത്തിൽ പ്രതിഷ്ഠിക്കുള്ള പീഠം. ഈ പീഠത്തിൽ സ്ഥിതിചെയ്യുന്നവനെ അഗ്രാസനൻ, അഗ്രാസനാധിപതി, അഗ്രാസനപതി എന്നിങ്ങനെ പറയുന്നു.

അഗ്രാഹ്യ-ഗ്രഹിക്കാൻ വയ്യാത്ത, മനസ്സിലാക്കാൻ കഴിയാത്ത, കൈക്കൊള്ളുന്നതിനു യോഗ്യമല്ലാത്ത.

അഗ്രിമ-വി. ക. ശ്രേഷ്ഠമായ. പ്രധാനമായ, അഗ്രത്തിൽ വേച്ച ഉ. ശ്രേഷ്ഠത്വമുള്ള. നാ. ഒന്നാമത്തെ.

അഗ്രിയ-ക. ശ്രേഷ്ഠമായ, പ്രധാനമായ, അഗ്രത്തിൽ വേച്ച. ഉ. ശ്രേഷ്ഠത്വമുള്ള. നാ. ഒന്നാമത്തെ. (അഗ്രൻ എന്ന ശബ്ദം നോക്കുക).

അഗ്രിയൻ, അഗ്രീയൻ-ക. ശ്രേഷ്ഠഭ്രാതാവ്. ഉ. മുഖ്യൻ.

'വീരാഗ്രീയേഷുതേഷുപ്രതികലകലിത-
പ്രേമയാ യാജ്ഞസേന്യാ'

(കല്യാണസൗഗന്ധികം കഥകളി)

അഗ്രേ-അ. മുമ്പിലായിട്ട്, പ്രധാനസ്ഥാനത്ത്, പിൻവരുന്നതിനേക്കാൾ. 'അഗ്രേ' ശബ്ദം അഗ്രപദത്തിന്റെ സപ്തമി (അധികരണ)യായിട്ടാണ് അധികമായി പ്രയോഗിച്ചുകാണുന്നത്.

'അഗ്രേയാസ്യാമ്യഹം'

(അദ്ധ്യാത്മരാമായണം)

അഗ്രേഗണ്യൻ-പ്രധാനസ്ഥാനത്തു വിചാരിക്കപ്പെടേണ്ടവൻ.

'ഗണ്യന്മാരായ് ഗുരുവിനയരെയ്
ശ്രോത്രിയന്മാരിലഗ്രേ
ഗണ്യന്മാരായ് ശതകലുഷരെ-
യുള്ള ധാത്രീസുരന്മാർ'

(മയൂരസന്ദേശം)

അഗ്രേദിധിഷു-ക. ഒരിക്കൽകല്യാണം കഴിഞ്ഞ സ്ത്രീയെ വിവാഹംചെയ്യുന്ന ബ്രാഹ്മണൻ, ക്ഷത്രിയൻ അങ്ങനെയാകുന്നതിൽ ദോഷമില്ല. ഉ. ജ്യേഷ്ഠൻ മരിച്ചതിൽ പിന്നെ ജ്യേഷ്ഠന്റെ ഭാര്യയെ വിവാഹം ചെയ്യുവൻ. നാ. (സ്ത്രീലിംഗമായാൽ) ജ്യേഷ്ഠത്തിക്കു വിവാഹം കഴിഞ്ഞശേഷമായി

രിക്കെ വിവാഹംകഴിഞ്ഞ അനുജത്തി യുടെ പേർ എന്നർത്ഥം.

പുനർവിവാഹം ചെയ്യരുപ്പെട്ടവളെ പ്ര ധാനഭാര്യയാക്കീട്ടുള്ള ബ്രാഹ്മണനെ അ ഗ്രേദിധിഷു എന്നു പറയുന്നു. ദിധിഷു എന്നും ദിധീഷു എന്നുമർത്ഥം. രണ്ടും, പു നർവിവാഹം ചെയ്യരുപ്പെട്ടവളുടെ പേർ.

അഗ്രേദിധീഷൂപതി-ജ്യേഷ്ഠത്തിക്കു വി വാഹംകഴിയാതെയിരിക്കുമ്പോൾ വി വാഹംകഴിഞ്ഞ അനുജത്തിയുടെ ഭർത്താ വിന്റെ പേർ.

അഗ്രേഭവൻ-മുമ്പിൽ ജനിച്ചവൻ.

അഗ്രേവന(ണ)ം-കാട്ടിന്റെ അറ്റം.

അഗ്രേസരൻ-നേതാവ്, മുമ്പേ നടക്കു ന്നവൻ.

'ഉഴിഞ്ഞേവകലാഗ്രേസരനാകും
ആഴാഞ്ചേരിമഹീസുരരാജനും'
(മുറജപപ്പാന)

അഗ്ര്യ-വി. മുഖ്യമായ, പ്രധാനമായ, ശ്രേഷ്ഠമായ.

'അഗ്ര്യമായുള്ളോരുപുരുകൊണ്ടല്ലോരും
വ്യഗ്രരായ് നിന്നു ചമഞ്ഞുകൂടി'
(കൃഷ്ണഗാഥ)

അഗ്ര്യം-വീട്ടിന്റെമേൽപുര, മേൽക്കൂട്ട്.

അഗ്ര്യൻ-പ. മുമ്പൻ, ഒന്നാമൻ, മുമ്പി ലുള്ളവൻ. ഉ. ജ്യേഷ്ഠഭ്രാതാവ്.

അഗ്ര്യജന്മാവ്-പ. ജ്യേഷ്ഠൻ. ഉ. ബ്രാഹ്മണൻ.

അഗ്ര്യപൂജ-മുഖ്യാരാധന.

അഘം-പ. പാപം. ഉ. വ്യസനം, വേ ദന. ഭാനാദി കൊണ്ടുപോകുന്നതിനാൽ ഇവ പേരുണ്ടായി.

'അഹരഹമഹമഘമകലുഷാ-
നഹികുലപതിശയനാലീലകം'
(ഭാരതം)

'അഘവുംനീങ്ങി മേ സത്യം
ഗുരുവുംപൂതമായിപ്പോൾ'
(നളചരിതം കഥകളി)

അഘകൃത്ത്-വി. പാപംചെയ്യുന്ന, ദോ ഷംചെയ്യുന്ന. (പാപംചെയ്യുന്നവൻ, ദോ ഷംചെയ്യുന്നവൻ).

അഘച്ഛിൽ കൃഷ്ണൻ. (അഘൻ എന്ന അ സുരനെ കൊന്നവൻ).

അഘൻ-ഒരസുരൻ. (കൃഷ്ണൻ കൊന്നു).

## അഘാസുരവധം

ഒരിക്കൽ ശ്രീകൃഷ്ണൻ ശ്രീപാലന്മാ രെന്നിച്ചു കാളിന്ദീതീരത്തിൽ കളിച്ചു കൊണ്ടിരിക്കുമ്പോൾ അഘൻ എന്ന അ സുരൻ കംസനിയോഗം ഹേതുവായിട്ടു കൃഷ്ണനെകൊല്ലുന്നതിനു പെരുമ്പാമ്പായി വന്നു. ഈ അഘാസുരൻ പൂതനയുടേയും ബകാസുരന്റെയും ഭ്രാതാവാണ്. അവ രെ കൃഷ്ണൻ കൊല്ലുകയാൽ അവനു ക്ര മത്തിലധികമായ വിരോധവും ശ്രീകൃഷ്ണ നിൽ ഉണ്ടായിരുന്നു. കൃഷ്ണനും ശ്രീപാ ലന്മാരും സഞ്ചരിക്കുന്ന വഴി നോക്കി യാണ് അഘാസുരൻ (പെരുമ്പാമ്പ്) കിടന്നതു്. അവൻ ഗുഹാപോലെ വായ് പിളർന്നിരുന്നു. ആദ്യം ശ്രീപാലന്മാർ വിവരം അറിയാതെ ചെന്നു വായ്ക്കക ത്തുകയറി. അതറിഞ്ഞു കൃഷ്ണൻ ശ്രീപാ ലന്മാരെ രക്ഷിപ്പാനായി കൂടെക്കയറി. കാര്യം സാധിച്ചു എന്നു സന്തോഷിച്ചു് ഉടൻ പെരുമ്പാമ്പു് വായ് മുറുക്കി. അ തുകണ്ടു ഭഗവാൻ പണ്ടു മഹാബലിയോ ടു ഭൂമി അളന്നുവാങ്ങിക്കുന്നതിനു വളർന്ന തുപോലെ വളർന്നു. അനന്തരം തലയും ഉടലും പൊട്ടി(പാമ്പു)അഘാസുരൻ മരി ക്കയും ഭഗവാനും ശ്രീപാലന്മാരും പു ണ്യവാനെ രക്ഷപ്പെട്ടുകയും ചെയ്തു.

അഘനാശനൻ-പാപത്തെ നശിപ്പിക്കു ന്നവൻ, ദോഷത്തെ ഇല്ലാതാക്കുന്നവൻ.

അഘഭോഗി-പ. പാപത്തെ ഭുജിക്കുന്ന വൻ (അനുഭവിക്കുന്നവൻ). ഉ. പാപ കർമ്മമായ തീറ്റിക്കാരൻ (ഭക്ഷണത്തിനു കൊടുക്കാതെ തന്നത്താൻ വച്ചു തിന്നുന്ന വൻ).

അഘമർഷണം- സകല പാപങ്ങളേയും നശിപ്പിക്കുന്നതും നിത്യം ജപിക്കേണ്ടതുമായ ഒരു മന്ത്രം. പാപത്തെ നശിപ്പിക്കുന്നതുകൊണ്ട് ഈ പേർ സിദ്ധിച്ചു.

അഘമർഷണോമന്ത്രഃ, അഘമർഷണീയകം, അഘമർഷണംസൂക്തം ഇങ്ങിനെയും ലിംഗങ്ങളിലും വരും.

അഘമർഷണസൂക്തം- ഋഗ്വേദത്തിലെ ഒരു ഗീതം. വെള്ളത്തിൽ നിന്ന് മുങ്ങുന്നു പ്രാവശ്യം ഈ സൂക്തം ഉച്ചരിച്ചാൽ സർവ്വപാപവും നശിച്ചുപോകും.

അഘമാര-വി. പാപത്തെ നശിപ്പിക്കുന്ന.

അഘമോചനം-പാപനിവൃത്തി.

അഘല-വി. പാപത്തെ കളയുന്ന (നശിപ്പിക്കുന്ന).

അഘവിഷം-ഒരു പാമ്പ്, ഭയങ്കരവിഷമുള്ളത്.

അഘമ്മ-വി. ചൂടില്ലാത്ത, തണുത്ത.

അഘശംസൻ-കള്ളനെപ്പോലെയുള്ള ദുഷ്ടൻ.

അഘശംസി-പാപത്തെ അറിയിക്കുന്നവൻ.

അഘഹാരൻ- പ്രസിദ്ധനായ രാക്ഷസരാജാവ്.

അഘായു-വി. പാപമുള്ള, ദുർഗ്ഗുണമുള്ള, ദ്വേഷമുള്ള, ഉപദ്രവമുള്ള.

അഘാരി-പ. വ്യസനത്തെ ഓടിക്കുടിയവൻ. ഉ. ആപത്തെ ഓടിക്കുടിയവൻ, ദോഷത്തെ ഓടിക്കുടിയവൻ.

അഘാസുരൻ-അഘൻ എന്ന അസുരൻ. (അഘൻ എന്നതു നോക്കുക).

അഘ്നണ-വി. ഹനണ (വധ) മില്ലാത്ത.

അഘ്നാര-വി. വളരെ ഘോരമല്ലാത്ത.

അഘോര-ഉഗ്രമായ, ഭയങ്കരം കോപമുള്ള. ഉ-ം, 'അഘോരയുധം, അഘോരഭൈരവം'

അഘോരം-കന്നിമാസത്തിൽ കറുത്ത പക്ഷത്തിലെ പതിനാലാംദിവസം.

അഘോരൻ-പ. ശിവൻ. ഉ. ശിവവന്ദനക്കാരൻ, ദുർഗ്ഗാവന്ദനക്കാരൻ.

അഘോരപഥൻ, അഘോരമാർഗ്ഗൻ -ശിവന്റെ അനുഗാമി.

അഘോരപ്രമാണം-ഒരു ഭയങ്കരമായ സത്യം.

അഘോരമൂർത്തി-ശിവൻ.

അഘോരരുദ്രൻ-ശിവൻ.

അഘോരി-കാര എന്ന മരുന്ന്. ഇതു കയ്പ്പും, വീര്യം, സന്നിപാതം ഇവയ്ക്കു നന്ന്. ഇതിന്റെ കായ്ക്കു ചുരത്തിനും സന്നിക്കും ഉപയോഗമുള്ളതാണ്. വിഷത്തിനുള്ള ഒരു പച്ചമരുന്ന്.

അഘോഷ-പ. ഘോഷം (ഉച്ചത്തിലുള്ള ശബ്ദം) ഇല്ലാത്ത. ഉ. ഇടയന്മാരില്ലാത്ത. ന. ഉച്ചശബ്ദമുള്ള.

അഘോഷയാത്ര-പാപം ധിക്കരം.

അഘ്ന്യ-വി. ഹനിക്കുന്നതിനല്ലാത്ത, വധിക്കുന്നതിനല്ലാത്ത.

അഘ്ന്യ-പശു ഹനിക്കപ്പെടുന്നതാത്തതിനാൽ ഈ പേരുണ്ടായി. (പശുശബ്ദത്തിനു പശു എന്നതു നോക്കുക).

അഘ്ന്യൻ-പ. ബ്രഹ്മാവ്. ഉ. ഹനിക്കുന്നതിനുവകയല്ലാത്തവൻ.

അഘ്ന്യാ- വി. ക്ഷീണിക്കുന്നതിനല്ലാത്ത, മണപ്പിക്കുന്നതിനല്ലാത്ത..

അഘ്ന്യാഹം-മദ്യം.

അങ്ക്-പ. അടയാളം ഇടുക, സ്ഥാപിക്കുക. ഉ. എണ്ണുക. ന. കളങ്കപ്പെടുത്തുക, ദുഷിപ്പിക്കുക.

അങ്കകരണം-അടയാളം ഇടുക.

അങ്കഗണിതം-കണക്കുശാസ്ത്രം.

അങ്കകാരൻ-യോദ്ധാവ്, പോരാളി.

അങ്കണം-മുറ്റം. നടക്കുന്നതിനുള്ള സ്ഥലമാകയാൽ ഈ പേർ സിദ്ധിച്ചു. (അംഗനം, അംഗണം).

'അംഗണംചത്വരാജിരേ' (അമരം)

(അംഗണം, ചത്വരം, അജിരം ഇവ മൂന്നും അങ്കണത്തിന്റെ പര്യായങ്ങളാകുന്നു. അംഗണം എന്നതിനു അംഗനം എന്നും പാഠം കാണുന്നു).

'ഇന്ദ്രനീലശിലയാം നി-
ർമ്മിതമംശീവെലിപ്പന്തൽ
ഇന്ദ്രിയങ്ങൾക്കാനന്ദമാ-
മങ്കണങ്ങളും'

(കുചേലവൃത്തം വഞ്ചിപ്പാട്ട്)

അങ്കതന്ത്രം–കണക്കുശാസ്ത്രം.

അങ്കതന്ത്രം–കണക്കുശാസ്ത്രം.

അങ്കതി–ഉ. കാറ്റ്. ട. തീയ്. ന. ബ്രഹ്മാവ്. ര. ഹോമാഗ്നിയെ സൂക്ഷിക്കുന്ന ബ്രാഹ്മണൻ.

അങ്കധാരണം, അങ്കധാരണ–കുറിയിടുക, ശേഖരിയിടുക. (ഒരു വസ്തുവിനെ തിരിച്ചറിയാനോ ശേഖരിയിടുക തിരിവുണ്ടാക്കുന്നു)

അങ്കനം–ഉ. അടയാളം. ട. അടയാളം ഇടുന്ന ക്രിയ. ന. അടയാളം ഇടുകയോ മുദ്രവയ്ക്കുകയോ ചെയ്യുന്ന വഴി.

അങ്കപരിവർത്തം–മടിയിൽ മറുപുറം തിരിയുക, ഒരാളുടെ മടിയിലോ ആയാളിലോ മറിയുക (വിളയാടുക), വിനോദത്തിനു മറിയുകയും തിരിയുകയും ചെയ്യുക.

അങ്കപാലി–ഉ. അങ്കദേശം, അങ്കത്തിൽ (മടിയിൽ) ഉള്ള ഇരിപ്പ്, ആലിംഗനം ചെയ്യുക. ട. ശിശുക്കളെ എടുത്തു വളർത്തുന്നവൾ.

അങ്കപാലിക–ആലിംഗനം.

അങ്കപാശം–അങ്കശണിതത്തിലെ ഒരു പ്രയോഗം, ചങ്ങല തൊടുത്തുന്നതുപോലെ അക്കങ്ങളെ തൊടുക്കുക.

അങ്കപൂരണം–സംഖ്യകളെ പ്രണിക്കുക.

അങ്കപ്പുലക–ആനയുടെ ശരീരത്തിലെ മുകുളംപോലുള്ള വീതിയേറിയ എല്ലിന്റെ പേർ.

അങ്കപ്രായം–പരസ്പരമായ ബന്ധമുള്ളതും (രണ്ടുപേർ കൂടിച്ചെയ്യുന്ന യുദ്ധം).

അങ്കപ്രാന്തം–അങ്കപ്രദേശം.

അങ്കബന്ധം–ഉടൽകളെ ഒന്നോടൊന്നായി ബന്ധിച്ചു രൂപപ്പെടുത്തുക, ഉടലിനെ പിണച്ചുവയ്ക്കുക.

അങ്കം–ഉ. ഉടയാളം. അടയാളപ്പെടുത്തുന്നതിനാൽ അങ്കം എന്ന പേരുണ്ടായി

ഉ–ം, മൃഗാങ്കൻ, ശശാങ്കൻ.

ഉ. മടി. ബാലന്മാർ ഇവിടെ ശയിക്കുന്നതുകൊണ്ട് ഈ പേർ വന്നു.

'അങ്കേചേത്തിട്ടപത്നീപ്രണയപരവശൻ
ഭക്ഷണിത്ഥം ബഭാഷേ'

(ഭക്ഷണാശംസ കഥകളി)

'ഉത്സംഗേ ചിഹ്നയോരങ്കം' അങ്കത്തിനു മടി, അടയാളം എന്നനാനാർത്ഥം.

ന. യുദ്ധം.

'പങ്കമകന്നൊരുതങ്കം പൊന്നിനൊ-
ടങ്കം പൊരുതുമൊരംശപ്രഭയും'

(നളചരിതം തുള്ളൽ)

ര. അടുപ്പം. ഇ. നാടകത്തിലേ അങ്കം. ന. കൊള്ളുന്നു, പൂണ്ടൽ. ഒ. ഒരാളരണം. വ. കളിയിലേ യുദ്ധം. ൻ. സ്ഥലം. ഫ. ഉഷ്ണമ്മം, പാപം, പിഴ. ഫ. വളഞ്ഞ. ഫം. ശരീരം. ഫന. മല ഫർ. ഒരു അക്കം, സംഖ്യ.

അങ്കം–കലിവർഷം ൪൭൦൦-ന മുമ്പു രൂപമാക്കന്മാരുടെ കാലംമുതൽ പോലീസ് കാര്യാദികളെ സംബന്ധിച്ചുണ്ടായ സംഗതികൾക്കു പറയുന്ന പേർ.

'നാടുംനഗരവുമങ്കംചുങ്കം
വീടുംകടികളുമെന്നിവയെല്ലാം'

(പാത്രചരിതം തുള്ളൽ)

അങ്കഭാക്ക്–വി. മടിയിൽ ഇരിക്കുന്ന, കുഞ്ഞിനെപ്പോലെ എളിയിൽ (ഇടുപ്പിൽ) എടുത്തുകൊണ്ടു പോകുന്ന.

അങ്കമാലി–ഉ. ആലങ്ങാട്ട് ഒരു സ്ഥലം. ഉ. പട്ടണത്തിലും മറ്റും നാലു ചുറ്റുമുള്ള സ്ഥലം. നാലുവശവും ഒരുപോലെയുള്ള പരസ്യമായ സ്ഥലം ന. പഴയ സിറിയൻ ബിഷപ്പിന്റെ ഇരിപ്പിടം. പീഠം. ആസനം.

അങ്കലായ്പ്പ്–ദുഃഖം, വ്യസനം. (ഇപ്പോൾ പ്രയോഗിക്കാറുണ്ടെന്നു തോന്നുന്നില്ല).

അങ്കമുഖം-കഥ മുഴുവനും സൂചിപ്പിക്കുന്ന പൂർവരംഗത്തിലേപ്രസ്താവന, മുന്നരങ്ങു്.

അങ്കലോപം-വ്യാപകലനം (കറയ്ക്കുക)

അങ്കവടി-കതിരപ്പറത്തു ചവുട്ടിക്കയറുന്നതിനുള്ള (ഇരിമ്പു) വളയം.

അങ്കവാൽ(ല്ലു്)-പൂവൻകോഴിയുടെ വളഞ്ഞ വാൽ.

അങ്കവിദ്യ-കണക്കുശാസ്ത്രം.

അങ്കവൃക്ഷം-കടമ്പു്.

അങ്കസ്സു്-പ്ര. അടയാളം. ഉ. ശരീരം.

അങ്കാം, അങ്കാമി-തല്ലുലനിയമനം. ഉം-, 'അങ്കാംഗ്രമസ്താൻ, അങ്കാംമിശിപായി'

അങ്കാങ്കം-ജലം.

അങ്കാവതാരം- മുമ്പിലത്തെ അങ്കത്തിന്റെ അവസാനത്തിൽ നടന്മാർ സൂചിപ്പിച്ചിട്ടുള്ള കഥയെ തുടർന്നു് അഭിനയിക്കുന്ന അങ്കത്തിന്റെ ആരംഭം.

അങ്കാശ്രയം - മടിയിൽ കയറിയിരുത്തുക.

'സന്തതനാഭരണനിഷ്ഠലതനയാ-
നങ്കാശ്രയപ്രാർത്ഥിനാ'
(അഭിജ്ഞാനശാകുന്തളം)

അങ്കാളപ്പൻ-ഒരുവക കരപ്പൻ.

അങ്കി-വി. അങ്കമുള്ള, അടയാളമുള്ള.

അങ്കി-പ്ര. മുഴുക്കുപ്പായം. ഉ. ഒരുമാതിരി വസ്ത്രം, തുണി, ഉടുക്കു്. ന. അഗ്നി (തത്ഭവം).

അങ്കിത-വി. രേഖപ്പെട്ട, അടയാളം ചേർക്കപ്പെട്ട.

അങ്കിനി-അടയാളങ്ങളുള്ള സ്ത്രീ.

അങ്കുടം-താക്കോൽ.

അങ്കുപം-മെയ്യുള്ളം.

അങ്കുരം-പ്ര. മുള, വിത്തിൽനിന്നു പുറപ്പെടുന്ന മുള, കിളുന്നു്, തളിർ, കുരു്, നാമ്പു്. ഉ. മെയ്യുള്ളം. (മറ്റൊന്നിനെ സൂചിപ്പിക്കുന്നതുകൊണ്ടു് ഇതിനു പേർ വന്നു).

അങ്കുരകം -പക്ഷിക്കൂടു്, മുളയ്ക്കുന്നതെക്കുടു്.

അങ്കുരിക്കുക-മുളയ്ക്കുക, തഴയ്ക്കുക. (മനസ്സിൽ അങ്കുരിക്കുന്നു = തോന്നുന്നു), സ. ക്രി. അങ്കുരിപ്പിക്കുക.

അങ്കുരിത-വി. മുള്ള, മുളയുള്ള.

'അങ്കുരിതപുളകംകലർന്നിട-
മെൻകപോലമതികലമ്പെട്ട'
(സംസ്കൃതകീർത്തനങ്ങളും പദങ്ങളും)

അങ്കുരോൽപത്തി-കിളുക്കുക, മുളയുണ്ടാകുക.

അങ്കുശം-പ്ര. തോട്ടി (ആനത്തോട്ടി). അടയാളപ്പെടുത്തുന്നതിനാൽ ഈ പേർവന്നു.

'സ്യാദ്ദംകുശോസ്ത്രീസൃണിർദ്വയോഃ'
(അംകുശം, സൃണി ഇവ ഉ-ം ആനത്തോട്ടിയുടെ പേർ).

ഉ. (വ്യാകരണത്തിൽ) ചിഹ്നങ്ങളിൽ ഒന്നു്. ഇതു് അല്പമായ നിവൃത്തിയെ കുറിക്കുന്നു. തടവുക്രിയാതെ വായിച്ചുകൊണ്ടുപോകുമ്പോൾ തോട്ടികൊണ്ടു് ഒടുക്കിയതെങ്ങിനെ അതുപോലെ ഒന്നു തടയണം എന്നു് ഈ ചിഹ്നംകൊണ്ടു കാണിക്കുന്നു.

അങ്കുശഗ്രഹൻ-ആനപ്പാപ്പൻ.

അങ്കുശധരൻ-പ്ര. ഗണപതി.

'പാശാംകുശധരം വന്ദേ'
(ഗണാഷ്ടകം)

ഉ. ആനപ്പാപ്പൻ.

അങ്കുശധാരണൻ-പ്ര. ഗണപതി. ഉ. ആനപ്പാപ്പൻ.

അങ്കുശധാരി- പ്ര. ആനപ്പാപ്പൻ. ഉ. ഗണപതി.

അങ്കുശിത-വി. തോട്ടികൊണ്ടു കുത്തിയ (ഉഴറിയ).

അങ്കുശി-തോട്ടിയുള്ള.

അങ്കുരം-മുള, വിത്തിൽനിന്നു പുറപ്പെടുന്ന മുള, കുരു്.

'അങ്കുരംകലത്തിന്നടിനവമിതുതൈൻ-
മൂലമുണ്ടായ് ചമഞ്ഞു'
(ഉത്തരരാമായണം ചമു)

'അങ്കുരശ്ചാംകുരഃ പ്രോക്തഃ' എന്നുള്ളതിനാൽ അംകുരം അങ്കുരം എന്നു രണ്ടുമാകാം.

അഞ്ജയാളു്-വി. തപ്പിപ്പിഴപ്പുനോക്കിയുമയപ്പെടുമെല ഇഴയുന്ന.

അങ്കുഷ്ഠം–അംകോലം (തൊട്ടി).

അങ്കോടം–അഴിഞ്ഞിൽ (അങ്കോലം നോക്കുക).

അങ്കോലം–അഴിഞ്ഞിൽ. അടയാളപ്പെട്ടുത്തുന്നതിനാൽ ഈ പേർ വന്നു. (ഇതിനു മുള്ളുണ്ട്).

ഇതിലുള്ള കായ്കളിൽ ചിലതിനു ദിവ്യശക്തിയുണ്ടെന്നും അവ താഴെ വീണാൽ ഉടൻ മുന്നൂപ്പൊഴെ ഞെട്ടിൽ ചെന്നു പറ്റിക്കൊള്ളുമെന്നും ഉള്ള സംഗതി സുപ്രസിദ്ധമാകുന്നു. ഈ വക കായ്കളെ തിരഞ്ഞുപിടിച്ചു കൈവശമാക്കി അവയിൽനിന്നു ഒരെണ്ണം എടുത്താൽ അതുകൊണ്ടു പലേ പ്രയോഗങ്ങളും ഫലവത്തുകളുകയും ചെയ്യുമെന്നു മന്ത്രശാസ്ത്രം രേഖപ്പെടുത്തുന്നു. ഈ വൃക്ഷത്തിന്റെ ചുവട്ടിൽ ചാമ്പൽ (രവണ്ണീർ) പരത്തിയാൽ ദിവ്യശക്തിയുള്ളകായെ കണ്ടുപിടിക്കുന്നതിനു എളുപ്പമുണ്ടുപോലും. ഇതിനു അങ്കോടം എന്നും അംഘോഠം എന്നും പാഠാന്തരങ്ങളും കാണുന്നു.

'അങ്കോലമേതന്നികോചകഃ' (അമരം)

അങ്കോലം, നികോചകം–ഉം അഴിഞ്ഞിലിന്റെ പേർ. വേറെയും പല പര്യായങ്ങളും കാണുന്നു.

അങ്കോലാടി–ഒരു എണ്ണ. അഴിഞ്ഞിൽ കുരു മുതലായ ഏതാനും മരുന്നുകളും ചേർത്തു കാച്ചുന്നതു്. തേച്ചുകുളിച്ചാൽ തലയിലേ ചൊറി ചിരങ്ങു മുതലായവ നശിക്കും.

അങ്കോലസാരം – അങ്കോലക്കുരുകൊണ്ടുണ്ടാക്കുന്ന ഒരുമാതിരി വിഷദ്രവ്യം.

അങ്കോലിക–പ്ര. ആലിംഗനം. ഉ. അഴിഞ്ഞിൽ.

അങ്ക്യ–വി. അടയാളപ്പെട്ടുത്തത്തക്ക, അടയാളം ഇടത്തക്ക.

അങ്ക്യം–ഒരുമാതിരി വാദ്യം (മദ്ദിയിൽ തുല്യം കൊട്ടുന്നതാണു്).

'ഡിണ്ഡിമമങ്ക്യമിടയ്ക്കയുടുക്കകം
മഡ്ഡുഝല്ലികംഝർഝരവാദ്യം'

(സ്യമന്തകം തുള്ളൽ)

അങ്ക്വറി–(കണ്ണാടകത്തിൽ അച്ചി) പശുവിന്റെയും മറ്റും മുല, മുലക്കാമ്പു്, സ്തനം.

അഞ്ച്–ഇഴയുക.

അംഘോഠം–അഴിഞ്ഞിൽ. (അങ്കോലം നോക്കുക)

അംഗ– അ. സംബോധനാർത്ഥകം. പ്ര. ഹെ, അല്ലയോ, എടോ!

'അംഗകരസ്വരം പ്രവിശപലതും
തത്കാരണംവിശേഷം'

(മയൂരസന്ദേശം)

ഉ. പിന്നെ.

'പുനരർത്ഥംഗ' (അമരം).

[അംഗ (അവ്യയം) പിന്നെ എന്നു ഇതിന്റെ അർത്ഥം]

അംഗകം–അവയവം.

'അനന്തരംവിടർത്തുമാ
ളുജ്ജ്വലംകുചങ്ങളും
മനോഹരാധരോഷ്ഠവും
തരംഗകങ്ങളാർക്കവേ
തനിച്ചുതങ്ങളൊട്ടുമാം
കൊടഞ്ഞകാംക്ഷിതങ്ങളെ
കണക്കുതീർത്തുനൽകിനാം
നമുന്നപുണ്യവാരിധി'

(ശ്രീകൃഷ്ണകർണ്ണാമൃതം)

അംഗക്രിയ–പ്ര. സുഗന്ധദ്രവ്യങ്ങളെ ശരീരത്തിൽ പൂശുക. ഉ. (വ്യാകരണത്തിൽ) സംധ്യക്രിയകളിൽ ഒന്നു്.

അംഗഗ്രഹം–ഞരമ്പുവലി, കോച്ചൽ, ശരീരത്തിലേ കോളുത്തു്.

അംഗച്ഛേദം–ശരീരം മുറിക്കുക, അവയവം മുറിക്കുക.

അംഗജ–വി. ശരീരത്തിൽനിന്നു ജനിച്ച.

അംഗജ–മകൾ.

അംഗജൻ–പ്ര. കാമദേവൻ. (അംഗം= മനസ്സു്, മനസ്സിൽ ജനിക്കുന്നവൻ)

'അംഗജനാളേറുന്നതാംഗരൂപമതന്നംഗങ്ങളുടെയുള്ള സംധനങ്ങൾ'

(കൃഷ്ണഗാഥ)

'അംഗംപുണരുവതിനമ്പോടു വരികനീ അംഗജസമനാകാം'

(നരകാസുരവധം കഥകളി).

പ. പുത്രൻ.

അംഗജരിപു-പരമേശ്വരൻ. അംഗജന്റെ (കാമദേവന്റെ രിപു (ശത്രു).

അംഗജവാപം-കാമന്റെ വില്ല്.

അംഗജതാപം-കാമവേദന (ചൂട്).

അംഗജബാണം-കാമന്റെ ശരം.

അംഗജലീല-കാമക്രീഡ.

'അംഗജലീലപൂണ്ടന്തഃപുരത്തിങ്കൽ'

(അദ്ധ്യാത്മരാമായണം)

അംഗജാരി-കാമദേവന്റെ ശത്രു,ശിവൻ

അംഗജാത്തി-കാമപീഡ.

'ബലവദംഗജാത്തിപെരുത്തിതുഹൃദിമേ'

(നളചരിതം കഥകളി)

അംഗജം-ചോര.

അംഗജീരം-ക്ഷയം.

അംഗണം-അങ്കണം (മിറ്റം).

അംഗദം-തോൾവള.

'കിരീടഹാരമംഗദവന്യമാല'

(ശ്രീകൃഷ്ണചരിതം)

'കേയൂരമംഗദം തുല്യേ' കേയൂരം, അംഗദം പ-ം തോൾവളയുടെ പേർ. രണ്ടും രണ്ടുവിധത്തിലുള്ളതാണെന്നും അഭിപ്രായമുണ്ട്. കേയൂരം-തോളിലേയ്ക്കു കയറി നിൽക്കുന്നതു്. അംഗദം-കേയൂരത്തിനു താഴെ കൈത്തണ്ടയിൽ കെട്ടുന്നതു്. രണ്ടിനും തോൾവള എന്നതന്നെ പേർ.

അംഗദൻ-പ. ബാലിയുടെ മകൻ, വാനരരാജപുത്രി.

ബാലിക്കു താരയിൽ ജനിച്ചവനാണ്. വാക്സാമർത്ഥ്യം സുഗ്രീവന്റെ മന്ത്രിയായ ഹനുമാനുമുണ്ടു്. അതിനാൽ ശ്രീരാമനെ സഹായിക്കുന്നതിനു സുഗ്രീവന്റെ അഭിപ്രായപ്രകാരം ഹനുമാൻ അംഗദനെ കൂടെ അയച്ചു. സീതയെ അന്വേഷിക്കാൻ സുഗ്രീവൻ നാലുദിക്കിലും വാനരന്മാരെ നിയോഗിച്ചു. തെക്കൻ ദിക്കുകളിൽ നിയമിക്കപ്പെട്ടവരിൽ മുഖ്യൻ അംഗദനായിരുന്നു. ഇദ്ദേഹം വാനരപുംഗവൻ രാമഭക്തനായി രാവണസന്നിധിയെ പ്രകാശിപ്പിക്കയുണ്ടായിട്ടുണ്ട്. സുഗ്രീവനെ പിന്നീടു അംഗദൻ കിഷ്കിന്ധയിൽ രാജാവായി.

പ. ലക്ഷ്മണന്റെ ഉപമിളയിൽ ഉണ്ടായവന്റെ പേർ. സ. ദുര്യോധനകക്ഷിയിലുള്ള ഒരു യോദ്ധാവിന്റെ പേർ. ഭ. കൃഷ്ണന്റെ ഭ്രാതാവായ ശമന്റെ മകൻ.

അംഗദേശം-ബംഗാളിൽ ഭഗൽപ്പൂർ ഡിസ്ട്രിക്ടു് ഉൾപ്പെട്ട സ്ഥലം.

അംഗന-പ. സ്ത്രീ.

'അലങ്കരിച്ചുനിജഗേഹമെല്ലാം കലാംഗനാസംകുലമാംപ്രദേശം'

(ശ്രീകൃഷ്ണചരിതം)

പ. സുന്ദരി (നല്ല ശരീരമുള്ളവൾ). സ. ദിക്കരിണി (വടക്കു കിഴക്കുള്ളതിന്റെ പിടിയാന). ഭ. കറവപശു. ഇ. തൊഴൽ.

അംഗനം-അംഗണം (അങ്കണം, മിറ്റം)

'അംഗനംപ്രാംഗണേയാനേ കാമിന്യുമേംഗനാമതം'

എന്ന വിശ്വവാക്യം.

അംഗനാജനം-സ്ത്രീജാതി.

അംഗനാപ്രിയം-പ. മാവു്. പ. അശോകം.

അംഗപതി-കൃഷ്ണൻ, (അംഗരാജ്യത്തിലേ അധിപൻ)

അംഗപാലിക-(അങ്കപാലികനോക്കുക)

അംഗപ്പട - രാജസൈന്യങ്ങളുടെ പ്രത്യേക പിരിവിനുള്ള പേർ.

ഉ-ം, നാലംഗപ്പട, പത്തംഗപ്പട.

അംഗപ്രകാശം - ദേഹകാന്തി, ശരീരശോഭ, അവയവശോഭ.

'അംഗപ്രകാശശുഭയോരുമുഖാംബുജത്തിൽ-
മംഗീകരിച്ചുതിരുകവാങ്ങിതമംഗനാനാം'

(ശ്രീകൃഷ്ണചരിതം)

അംഗപ്രത്യംഗം-ചെറുതും വലുതുമായ എല്ലാ അവയവങ്ങളും, അവയവങ്ങളും തോറും.

അംഗഭംഗം-അവയവനാശം, കാൽകൈകളെന്നിവ നശിക്കുക.

അംഗഭംഗി-രസഭാവം, ശരീരകാന്തി.

'അങ്ങുചെന്നു മനകാത്മഭരതനോടു
അംഗഭംഗിവഴിപോലെചമഞ്ഞു'

(രാമായണചരിതം തുള്ളൽ)

അംഗഭൂപൻ, അംഗഭൂപാല(ക)ൻ
പ. കർണ്ണൻ. ര. അംഗദേശത്തിലെ രാജാവു്.

'അംഗരാജപാലനെക്കാൺക നീ കന്യകേ'

(ഹരിണീസ്വയംവരം തുള്ളൽ)

അംഗഭൂവു്-പ. ശരീരത്തിൽനിന്നുണ്ടായവൻ (പുത്രൻ)

'ഹിരണ്യഗർഭാംഗഭൂവാംമുനിംഹരിഃ'

(മാഘം)

ര. കാമദേവൻ

അംഗം-പ. ശരീരം, ര. അവയവം. ന. പാമ്പു് ര. ക്ലൃപ്തത്തിൽഒരാംശം (മെമ്പർ) ഭ. യോദ്ധാവിന്റെയും സേനയുടെയും ഒരു ഭാഗം. ന. (വ്യാകരണത്തിൽ) സാദ്ധ്യക്രിയകളിൽ ഒന്നു്, വിശേഷണമായും അപ്രധാനമായും നിൽക്കുന്നതു് അംഗം. 'ഭ്രമാവു്' കംഭകർണ്ണനെ കൊടുത്തവരം ഉറക്കമായിരുന്നു' ഇതിൽ 'കൊടുത്ത'-അംഗം. ഫ, ഭാഗം (വകയ്പു്) വ്യാകരണശാസ്ത്രങ്ങൾ ലഗ്നം. ൻ. ന എന്ന മകരം. ആകാരമോ മംഗങ്ങളും ഉള്ളതുകൊണ്ടു് പ മനസ്സു. (ര-ം അംഗജൻ = മനസ്സിൽ ജനിക്കുന്നവൻ). പ്ര. ബംഗാളിൽ ബ്രഹ്മപുത്രാഡിസ്ട്രിക്കിനു മുൻപെട്ട സ്ഥലം.

അംഗമാർജ്ജനകം-രാജാക്കന്മാർക്കു മറവും രക്ഷയും ചെയ്യുക.

അംഗമട്ട്(ക)ൻ - കാൽമുതലായ അവയവം തിരുമ്മുന്നവൻ (കാലാട്ടുന്നവൻ)

അംഗമർദ്ദനം-കാൽ മുതലായ അവയവം തിരുമ്മുക (കാലാട്ടുക) മെഴുകുക.

'സംവാഹനംമർദ്ദനംസ്യാൽ'

[സംവാഹനം, മർദ്ദനം പ-ം, അംഗമർദ്ദനത്തിന്റെ പേർ.]

അംഗമന്ത്രം-ഒരുമാതിരി മന്ത്രം.

അംഗമഷ്ടം-വാതരോഗം.

അംഗമഹീപതി-കർണ്ണൻ, അംഗദേശത്തിലെ രാജാവു്.

അംഗയജ്ഞം-ഒരുമാതിരി താഴ്ന്നതരം യാഗം.

അംഗരകം-ചെറിയ മുടപ്പു്

അംഗരകതരം-കമ്പിപ്പാല, ഒരുതരം ചാലുള്ള ചെറിയമരം.

അംഗരക്ഷ(ണം)-പ. ശരീരരക്ഷ(ണം) ര. കുപ്പായം.

അംഗരക്ഷകൻ-ശരീരം കാക്കുന്നവൻ, ശരീരംകൊണ്ടു(രക്ഷിച്ചു)നിൽക്കുന്നവൻ,

'രക്ഷിവർഗ്ഗസ്ത്വനീകസ്ഥഃ' (അമരം)

[രക്ഷിവർഗ്ഗം, അനീകസ്ഥം പ-ം രാജാവിന്റെ അംഗരക്ഷകസമൂഹത്തിന്റെ പേർ].

അംഗരക്ഷിണി-പ. മുടപ്പു്, ചട്ട. ര. ശരീരത്തെ രക്ഷിക്കുന്നവൾ.

അംഗരണം-മിറർ.

അംഗരാഗം-കറിക്കൂട്ടു, ശരീരത്തിൽ പൂശുന്ന സുഗന്ധദ്രവ്യം.

'മംഗലശാന്തിയായതുതന്നിലെ
അംഗരാഗംതല്പപാത്രത്തിൽവച്ചിട്ടു'

(ഭാഗവതം)

അംഗരാജൻ-കർണ്ണൻ. (അംഗദേശത്തിലെ രാജാവു്.)

അംഗവധം-ശരീരത്തിൽമുച്ചൂടും, രോമം

'വിഹംഗരാജാംഗരുഹാവധേയം'

(മാഘം)

അംഗലാവണ്യം-ശരീരശോഭ, രസം.

'അംഗലാവണ്യമെകൊണ്ടംഗനമാർക്കുള്ളിൽ'

(രാമായണം തുള്ളൽ)

അംഗലി-മേത്തോന്നി എന്ന മത്സ്യം.

അംഗലേപം- ദേഹത്തിൽ പൂശുവാനുള്ള സുഗന്ധക്കൂട്ട്, കളഭം.

അംഗലോധ്രം-പ. കാട്ടുവെള്ളരി. ഉ. ഒരുമരത്തിന്റെ പൂല്ല്.

അംഗല്യം-വേഷ്ടി.

അംഗവം-ഉണങ്ങിയ കായ്,പഴം, കനി.

അംഗവളപ്പൻ-ദേഹത്തിലുണ്ടാകുന്ന ഭയങ്കരമായ വീക്കം (നീര്). ഇതിനെ അങ്കുളപ്പൻ എന്നും പറയാറുണ്ട്. പരക്ഷ ഇങ്ങനെ പറയുന്നതു് ഗ്രാമ്യമാകുന്നു.

അംഗവസ്ത്രം-ഉത്തരീയം, മേൽപുടവ.

അംഗവാക്യം-(വ്യാകരണത്തിൽ) ഒരു പ്രധാനവാക്യത്തിന്റെ അംഗമായതു്.

അംഗവികല-വി. മുടന്തുള്ള, ശരീരത്തിന് അംഗക്കുറവുള്ള.

അംഗവികൃതി-തൊട്ടുകൂടാതെ മറവും തൊട്ടുമറച്ചും കരചരണാദികൾകൊണ്ടു കാണിക്കുന്ന പ്രവൃത്തിഭേദം. ഉ. അപസ്മാരം.

അംഗവിക്ഷേപം - തൊട്ടുകൂടാതെ മറവും തൊട്ടുമറച്ചും കരചരണാദികൾകൊണ്ടു കാണിക്കുന്ന പ്രവൃത്തിഭേദം (ശൊഷ്ണി.) അംഗവിക്ഷേപം എന്നതിന് അംഗത്തിന്റെ പ്രേരണം എന്ന അർത്ഥം.

'അംഗഹാരോഗവിക്ഷേപഃ' (അമരം)

[അംഗഹാരം, അംഗവിക്ഷേപം]

അംഗവിദ്-പ. വ്യാകരണശാസ്ത്രം. ഉ. അവയവങ്ങളെ നോക്കി കുറിപറയുക. (ഗുണദോഷം പറയുക)

അംഗവീരൻ-പ്രധാന ശൂരൻ, മുഖ്യപരാക്രമി.

അംഗവൈകല്യം - ശരീരത്തിന്റെ മുടക്കം, അവയവങ്ങളുടെ മുടക്കം(ന്യൂനത)

അംഗവൈകാര്യം - അവയവങ്ങളുടെ മാറ്റമേറ്റം, ശരീരത്തിന്റെ മാറ്റമേറ്റം; അംഗഭംഗം കണക്കെ.

അംഗവൈകൃതം-അംഗഭംഗം കണക്കെ, അകമേയുള്ള വിചാരങ്ങളെ മുഖത്തുവരുത്തുകൊണ്ടു കാണിക്കുക. (അംഗവിക്ഷേപം നോക്കുക).

അംഗവൈകൃത്യം-(അംഗവികൃതിയെന്നും കാണുക).

'വികലാംഗസ്തുപോഗണ്ഡഃ' (അമരം).

വികലാംഗൻ, പോഗണ്ഡൻ-ഉപനിക്കുമ്പോൾ തന്നെ അംഗങ്ങൾക്കുവൈകല്യമുള്ളവന്റെ പേർ. വികലാംഗസ്തുപോഗണ്ഡഃ എന്നും 'വികലാംഗസ്തുപോഗണ്ഡഃ' എന്നും പക്ഷാന്തരങ്ങളുമുണ്ടെന്നു.

അംഗവൈഗുണ്യം - വിണ്ണുജനനത്തിലേ സങ്കല്പത്തിനുള്ള ന്യൂനത.

അംഗവൈരൂപ്യം - ശരീരത്തിന്റെ രൂപത (രൂപികേട്ട്) അവയവങ്ങളുടെ ശോഭക്കുറവ്.

അംഗസ്സ്-ഒരു പക്ഷി.

അംഗസത്വം-ദേഹബലം.

അംഗസംഗം-പ. ദേഹസ്പർശം, അവയവത്തോടുചേരുക. ഉ. ആലിംഗനം. ന. സംയോഗം.

അംഗസദനം-ആശ്വാസം.

അംഗസംസ്കാരം-ദേഹത്തെ ശുദ്ധമാക്കിവെക്കുക, ശരീരത്തെ വെടിപ്പാക്കുക.

'പരികർമ്മാംഗസംസ്കാരഃ' (അമരം) പരികർമ്മം, അംഗസംസ്കാരം ഉ-ം മലിനതകളഞ്ഞു ശരീരം വെടിപ്പാക്കുന്നതിന്റെ പേർ.

അംഗസംഹതി-പ. ശരീരബലം. ഉ, സുരക്ഷണം, ഒത്തുകണക്കു, ചേർച്ച.

അംഗസ്പർശം-ശരീരത്തിൽ തൊടുക.

'അംഗസ്പർശം മമ സുഖമേ-
ല്ലുകിലുംനിങ്കലേവം' (മയൂരസന്ദേശം)

അംഗഹാനി-അവയവത്യാശം, കേടിന്റെയും മറവും മുടക്കം.

അംഗഹാരം-തൊട്ടുകൂടാതെ മറവും തൊട്ടുമറച്ചും കരചരണാദികൾകൊണ്ടു കാണിക്കുന്ന പ്രവൃത്തിഭേദം. [അംഗവിക്ഷേപം നോക്കുക.] അംഗഹാരം എന്നതിന് അംഗത്തെ അന്യസ്ഥാനം പ്രാപിപ്പിക്കുക എന്ന വ്യുൽപത്തി.

അംഗഹീനത-ശരീരത്തിന്റെ അംഗക്കുറവ് (ന്യൂനത). അവയവങ്ങളുടെ കേടുകുറവ്

അംഗഹീനൻ-അവയവത്തിനോ അവയവങ്ങൾക്കോ ന്യൂനത തട്ടിയവൻ.

അംഗാംഗിഭാവം - അലങ്കാരത്തിന്റെ ഒരു പിരിവ്.

അംഗാധിപൻ-കർണ്ണൻ (അംഗദേശത്തിലേ രാജാവ്).

'സിന്ധുരൂപനമംഗാധിപനമരുകണ്ടു
കന്തീനന്ദനരഥം പൂട്ടീടുമശ്വങ്ങളെ'

(ഭാരതം)

അംഗാധീശൻ - (അംഗദേശത്തിലേ രാജാവ്) കർണ്ണൻ.

അംഗാരം-പു. തീക്കനൽ.

'ചലമളിത്യംകാരംചെവികളിലംഗാരം'

(നളചരിതം കഥകളി)

പ. കരിക്കട്ട. ന. ചെമപ്പ് (ചെമന്ന നിറം). ര. ചൊവന്നേക്ക്. ഇ. കൊട്ടവേലി.

അംഗാര-വി. ചെമന്ന നിറമുള്ള.

'അംഗാരപ്രഭേദംത്രിഭുവന-
മംഗിയുമോമൽതിരുനാസികയും'

(വിഷ്ണുമായാചരിതം തുള്ളൽ)

അംഗാരകം-പു. തീക്കട്ട, പ. കരിക്കട്ട, തീപ്പൊരി. ന. (ചെമന്നപൂവുള്ള) മുരിക്കുഞ്ഞി. ര. കടുമ്മന്നി.

അംഗാരകതൈലം- ചെത്തുകരമ്പവേര് തുടങ്ങിയുള്ള ഏതാനും മരുന്നുകൾ ചേർത്തുണ്ടാക്കുന്ന എണ്ണ. ഇതു ചൊറിന്റെ വളരെ നന്ന്.

അംഗാരകൻ-ചൊവ്വ എന്ന ഗ്രഹം. തീയെപ്പോലെ നിറമുള്ളവൻ; അവയവങ്ങളെ പീഡിപ്പിക്കുന്നവൻ; ശമിക്കുന്നവൻ എന്നിങ്ങനെ വ്യുൽപത്തി. പര്യായത്തിനു 'ചൊവ്വ' എന്ന ശബ്ദംനോക്കുക.

അംഗാരകി-ഒരു രാക്ഷസി.

അംഗാരകമണി-പവിഴം.

അംഗാരകാരകൻ- കരി ചുട്ടുണ്ടാക്കുന്നവൻ, കരിയെടുക്കുന്നവൻ. [രേ

'അതുമത്തിങ്കൽചെന്നമലകാരനപ്പോ
അതുപയോഗിയകമംഗാരകാരകനാം'

(ഭാരതം)

അംഗാരകാരി-വില്ലുണ്ടാക്കി കൊടുക്കുന്നവൻ.

അംഗാരകിത-വി. വരുത്തി, പൊരിച്ച.

അംഗാരകുഷ്ഠം-ഹിരാവലി എന്ന ഔഷധം.

അംഗാരഗ്രന്ഥികം-ഹിരാവലി എന്ന ഔഷധം.

അംഗാരധാനി(ക)-തീച്ചട്ടി; നെരിപ്പോട്. കനൽ ഇതിൽ നിധാനം ചെയ്യുന്നതിനാൽ ഈ പേർ വന്നു.

അംഗാരനേത്രൻ-ശിവൻ. (കണ്ണിൽതീയേറ്റുകുടിയവൻ).

അംഗാരപരിപാചിതം-പൊരിച്ചമാംസം, പൊരിച്ച ആഹാരസാധനം.

അംഗാരപാത്രി-തീക്കലം, നെരിപ്പോട്.

അംഗാരപുഷ്പം-ഒടൽമരം. അംഗാരം (തീക്കനൽ) പോലെ പൂവും ചെമന്നിരിക്കുന്നതിനാൽ ഈ പേർ വന്നു.

അംഗാരബാഷ്പം-ഒരു വായു.

അംഗാരഭോജി-ചകോരപ്പക്ഷി.

അംഗാരമഞ്ജരി-വലിയ ഉങ്ങ്.

അംഗാരലോചനൻ-ശിവൻ (കണ്ണിൽതീയേറ്റുകുടിയവൻ).

'അംഗാരലോചനതുല്യൻക്രോധോല്ലോചനംദേശനോട്ടമസുരവരനേറ്റം'

(ഭാരതം)

അംഗാരവട്ടക-തീച്ചട്ടി, നെരിപ്പോട്.

അംഗാരവർണ്ണൻ-പാണ്ഡവന്മാരുടെ സഹായിയായ ഒരു ഗന്ധർവരാജാവ്.

പാണ്ഡവന്മാർ അമ്മയുമായി ഏകചക്രയിൽ നിന്നു പാഞ്ചാലപുരിയിലേക്കു പോകുമ്പോൾ ഗംഗാതീരത്തുചെന്ന ഉടൻ അർജുനനിയോഗി. അച്ഛനാൽ ഒരു കോട്ടയിലും മിന്നി ഗംഗകടക്കുന്നതിന് ആരംഭിച്ചു. അനന്തരം ഗംഗയിൽ സേമന്തുവാനണം എന്ന തീർത്തിൽ അംഗാരവർണ്ണൻ മറ്റുള്ളവരുമായി ക്രീഡിക്കുന്നതു കണ്ടു. എവിടെ പോകുന്നു എന്നുള്ള വിവരം പറയണമെന്നും അല്ലെങ്കിൽ യുദ്ധേ

ത്തിനു തയാറായിക്കൊള്ളുണമെന്നും അ
ജ്ജുനനോടു ഗന്ധർവരാജൻ പറഞ്ഞു. അ
നന്തരം അവർ തമ്മിൽ ഘോരയുദ്ധം ന
ടന്നു. ഫൽഗുനൻ അംഗാരവല്ലനെകൊ
ല്ലുന്നതിനു മുതിർന്നു. അതുകണ്ടു അവ
ൻറെ ഭാര്യയായ കുംഭീനസി അജ്ജുന
ൻറെ കാൽക്കൽവീണു ശരണംപ്രാപിച്ചു്
ഭർത്താവിനെ വധിക്കരുതെന്നു പ്രാർത്ഥി
ച്ചു. ഇതുകേട്ടു് അജ്ജുനൻ അവനെ വ
ധിച്ചില്ല. പ്രാണരക്ഷ കിട്ടുകയാലും അ
ജ്ജുനൻറെയുംസാമർത്ഥ്യംകാണുകയാലും
ഗന്ധർവശ്രേഷ്ഠൻ സന്തോഷിച്ചു് അജ്ജുന
ന ചാക്ഷുഷി എന്ന വിദ്യകൊടുത്തു. പ
കരം അഗ്നേയമസ്ത്രം ഗന്ധർവനേയും അ
ജ്ജുനൻ പഠിപ്പിച്ചു. അംഗാരവല്ലനു
ചിത്രരഥൻ എന്നും പേരുണ്ടു്. ഇപ്രകാ
രമാണു് അംഗാരവല്ലൻ പാണ്ഡവരു
ടെ മിത്രമായിത്തീർന്നതു്.

അംഗാരവല്ലം–അംഗാരവല്ലൻ എന്ന
ഗന്ധർവൻറെ വക ഒരു വനം.

'അംഗാരവല്ലമെന്നാഗന്ധർവപ്രവരൻഞാ-
നംഗാരവല്ലംമമതാമത്തൽവനമിതും'
(ഭാരതം)

അംഗാരവല്ലി–ഇരുവുമരം.

അംഗാരവല്ലരി, അംഗാരവല്ലി(കി)–
പ. രുചിരതേങ്ങ്. ഉ. വലിയ ഉങ്ങു്,
ഉങ്ങിൽ ഒരു വകഭേദം.

'അംഗാരവല്ലരീമൂലവല്ലുലേനാർത്തനാമയം
ഇക്ഷൽകഷ്ടമസംയുക്തം രജസ്സാമൃകരം'
(ഹോര) [പരം'

അംഗാരവൃക്ഷം–കരടൽമരം.

അംഗാരവേണു–ഒരുമന്ത്രി മുതൽ.

അംഗാരശകടി–ഒരുതരിപ്പോട്ടു്, തീച്ചട്ടി

അംഗാരസാര–ഇരുവുമരം.

അംഗാരി–പ. കന്നാൻ, മൂശാരി. ഉ. തീ
ച്ചട്ടി. ന. പുകിയംരൽ.

അംഗാരിക–പ. തീക്കലം. ഉ. കരിമ്പി
ൻറെ തണ്ടു്. ന. പ്ലാശിൻറെ ഒരിനു്.

അംഗാരിണി–ചെറിയ തീച്ചട്ടി.

അംഗാരിത–വി വറുത്ത, പൊരിച്ച.

അംഗാരിത–പ്ലാശിൻറെ ഒരിനു്.

അംഗി–സംഖ്യാക്രിയകളിൽ ഒരിനം. വി
ശേഷമായും പ്രധാനമായുംനിൽക്കുന്നതു്
അംഗി 'ബ്രഹ്മാവു കുംഭകർണ്ണനു വരം
കൊടുത്തു. അതു ഉറക്കമായിരുന്നു, ഇതിൽ
'കൊടുത്തു' അംഗി.

അംഗിക–ചട്ട.

അംഗിരൻ, അംഗിരസ്സു്–ഒരു പ്രജാപ
തിയും മഹർഷിയുമാണു്.

ഇദ്ദേഹത്തിൻറെ പത്നി കർദ്ദമൻറെ മ
കളായ ശ്രദ്ധയാകുന്നു. ക്രതുരതെ സ്മൃതി,
സദ്ധ, സതി എന്നിങ്ങനെ മൂന്നു ഭേദ
മരും ഉണ്ടു്. അംഗിരസ്സു് ബ്രഹ്മവിദ്യ
യിൽ ഒരുപാധ്യായനായിരുന്നു. ഇദ്ദേ
ഹം ജ്യോതിശ്ചക്രസ്ഥാനങ്ങളും ചമച്ചിട്ടുണ്ടു്.
ഉരുവിനു് ആഗ്നേയിയിൽ ഉണ്ടായവനാ
ണെന്നും, അഗ്നിയുടെ മകനാണെന്നും,
അഗ്നിയുടെ അച്ഛനാണെന്നും, ബൃഹ
സ്പതിയെന്നും, ബൃഹസ്പതിയുടെ
പിതാവെന്നും, വരുണൻ കഴിച്ച യാഗ
ത്തിൽ നിന്നു് ഉരുവിച്ച മൂന്നു് ഋക്കി
കളിൽ ഒരുവനാണെന്നും പല കഥകളും
കാണുന്നു. അംഗിരസ്സു് ബ്രഹ്മാവിൻറെ
പത്തു മാനസികപുത്രന്മാരിൽ ഒരുവ
നെന്നും പ്രജാപതികളിൽ ഒരാളാണെ
ന്നും മറ്റും പല അഭിപ്രായങ്ങളും ഉണ്ടു്.

അംഗിരസൻ–പരശുരാമവതാരത്തിൽ
വിഷ്ണുവിൻറെ ഒരു ശത്രു.

അംഗീകരണം–പ. രസകരക്കൊള്ളുക,
ഉ. പ്രതിജ്ഞചെയ്യൽ.

അംഗീകരിക്കുക–പ. രസകരക്കൊള്ളുക,
ഉ. പ്രതിജ്ഞചെയ്യുക.

'അംഗപ്രകാശമുടയോരുമവാനിമാനീ-
മംഗീകരിച്ചുതരികവാഞ്ഛിതമംഗനാനാം'
(ശ്രീകൃഷ്ണചരിതം)

അംഗീകാരം–പ സമ്മതം (രസകരക്കൊ
ള്ളുക). ഉ. പ്രതിജ്ഞ, ന. സമ്മതം,
ഉടമ്പടി.

അംഗീകരം എന്നതിനു വിസമ്മതിച്ചതിനെ സമ്മതിക്കുന്നത്, അദ്യം സ്വീകരിക്കാതെയിരുന്നതിനെ സ്വീകരിക്കുന്നത് എന്ന വ്യുൽപത്തി കാണുന്നു. അംഗീകാരം പ്രതിജ്ഞയുടെ പേരെന്ന് അമരം ഘോഷിക്കുന്നു.

അംഗീകൃത-വി. പ. സ്വീകരിക്കപ്പെട്ട, കൈക്കൊള്ളപ്പെട്ട. ക. പ്രതിജ്ഞ ചെയ്യപ്പെട്ട.

അംഗീകൃതം-സ്വീകരിച്ചത് (കൈക്കൊണ്ടത്).

അംഗീകൃതി-സ്വീകാരം (കൈക്കൊൾക).

അംഗു-കൈകയ്.

അംഗുലം-പ. വിരൽ. ക. എട്ടു യവത്തിന്റെ നീളം.

'കൊണ്ടുഗുരുചന്ദനീടിനപാശമെല്ലാം
രണ്ടംഗുലംനീളമതുനമായി'

(ശ്രീകൃഷ്ണചരിതം)

സ. പെരുവിരൽ. ര. അരയംൽ.

അംഗുലി(അംഗുലീ)-പ. വിരൽ. (പ. അംഗുഷ്ഠം=തള്ളവിരൽ. ക. തർജ്ജനി=ചൂണ്ടുവിരൽ സ. മധ്യമ=നടുവിരൽ. ര അനാമിക=മോതിരവിരൽ ങ. കനിഷ്ഠ=ചെറുവിരൽ.) ക. ആനയുടെ തുമ്പിക്കൈയ്.

'അംഗുലീയങ്ങൾകൊണ്ടുവിളങ്ങീടു-
മംഗുലികളുംഹസ്തകടകവും'

(മുദ്രപപ്പാന)

അംഗുലിചന്ദനം-ചന്ദനം മുതലായവകൊണ്ടു മനോഹരിയിൽ അല്പചന്ദ്രാകാരത്തിൽ കുറിയിടുക.

അംഗുലിത്രാണകം-ഒരുയന്ത്രം.

ഇതു് ആനക്കാരും മറ്റും കൊണ്ടുനടക്കുന്നതാണ്. നീളം നാലു വിരൽ സുക്ഷ്മത്തിൽ രണ്ടുണ്ട്. ആകൃതി പാമ്പിന്റെ മുഖംപോലെയിരിക്കും. ഇതു വായ് വിട്ടുള്ളതു എന്നു തിയ്യതികൾ സൂക്ഷകരമാകുന്നു.

'അംഗുലീത്രാണകംമാന്യം
വാർക്ഷം വാചസ്പരംഗുലം
ചിപ്പിദ്വിദം ഗോസ്തനാകാരം
തച്ചക്രുവിപുടതം സുഖം'

(അഷ്ടാംഗഹൃദയം)

അംഗുലിത്രം, അംഗുലിത്രാണം-വില്ലാളികൾ വിരലുകൾക്കു ഹാനി തട്ടാതിരിപ്പാൻ ഇടുന്ന ആവരണം.

'ബദ്ധഗോധാംഗുലിത്ര
യുക്തനായ് ഖഡ്ഗിയായ് സന്നദ്ധനായ് കവചിയായ്
ബ്രഹ്മനിർമ്മിതമായി'

(ഭാരതം)

അംഗുലിപഞ്ചകം-അഞ്ചു വിരലുകൾ.

അംഗുലിഫലം-കോഴിയവര.

അംഗുലിമാനം-വിരൽ, കോൽ മുതലായതു കൊണ്ടുള്ള അളവ്.

'മാനം തുലാംഗുലിപ്രാദേസാദ്യം' എന്നതനുസരിച്ച് മാനം-തുലാമാനം, അംഗുലിമാനം, പ്രസ്ഥമാനം ഇങ്ങനെ മൂന്നു വിധമാകുന്നു. തുക്കി അളക്കുന്നതു തുലാമാനം; വിരൽ, കോൽമുതലായതുകൊണ്ടു അളക്കുന്നതു് അംഗുലിമാനം; ഇടങ്ങഴി, നാഴി എന്നിവകൊണ്ടു അളക്കുന്നതു പ്രസ്ഥമാനം.

അംഗുലിമുദ്ര, അംഗുലിമുദ്രിക-മോതിരം.

'അംഗുലീമുദ്രയേറ്റുള്ളവാണക്കുനം
തൽക്കരത്താരിൽചിലിച്ചുനാ ഭൂനാഥൻ'

(ചാണക്യസൂത്രം)

അംഗുലിമോടന-പ. ഞൊട്ടയിടുക. ക. ഞൊടിക്കുക.

അംഗുലിസംഭൂതം-നഖം. അംഗുലികളിൽ (വിരലുകളിൽ)നിന്നു സംഭൂതം (സംഭവിച്ചതു് ഉണ്ടായതു്.)

അംഗുലിസ്ഫോടനം-പ. ഞൊട്ടയിടുക ക. ഞൊടിക്കുക.

അംഗുലീയം, അംഗുലീയകം -മോതിരം. അംഗുലിയെ (വിരലിനെ) സംബന്ധിച്ചതെന്നർത്ഥം.

'തദനന്തരമംഗുലിസപരിരംഭോപചിതരാഗതസ്യാംഗുലീയവുമണ്ഡലിരസിമേ'

(അദ്ധ്യാത്മരാമായണം)

അംഗുഷ്ഠം-പെരുവിരൽ, തള്ളവിരൽ.

'അതുപൊഴുതുപവനസുതനതികൃശശരീരനം യംഗുഷ്ഠതുല്യനായുംപ്പുക്കതുകിനാൻ'

(അദ്ധ്യാത്മരാമായണം)

അംഗുഷ്ഠമാത്ര - പെരുവിരലോളമുള്ള. പും:—അംഗുഷ്ഠമാത്രൻ. സ്ത്രീ-അംഗുഷ്ഠമാത്രി.

അംഗുഷ്ഠ്യം-തള്ളവിരലിലേതു്. അംഗുഷ്ഠത്തിൽ ഭവിച്ചതു് എന്നർത്ഥം.

അംഗുഷ്ഠം-അസ്രം.

അംഗേശൻ-കണ്ണൻ. അംഗദേശത്തിലേ രാജാവാകയാൽ ഈ പേർ വന്നു.

'ഇത്ഥമധിക്ഷേപവാക്കുകേട്ടംഗേശനെത്രയുംകോപിച്ചുട്ടുത്തുയുദ്ധംചെയ്താൻ'

(ഭാരതം)

അംഗേശ്വരൻ - കണ്ണൻ. അംഗദേശത്തിലേ രാജാവു്.

'ദുഃശനതാകിയ തൽമിണിസുതനൊട്ടുമംഗേശ്വരനാം കണ്ണനുമേറവേ'

(കൃഷ്ണജ്ജുനവിജയം തുള്ളൽ)

അംഘ്ല്-ക്രി. പുറപ്പെടുക. ഉ. ബഹിഷ്പ്പെടുക. നു. നിൽക്ക.

അംഘസ്സ്-പാപം.

അംഘ്രി-ക്രി. പാദം. ഏറ്റുകൊണ്ടു നടക്കുന്നവോ അതു് അംഘ്രി. ഉ. വൃക്ഷാദികളുടെ വേർ. മറ്റുള്ളവർക്കു പാദം എന്നപോലെ വൃക്ഷങ്ങൾക്കു വേരുള്ളതുകൊണ്ടു ഈ പേർ വന്നു. നു. നാല്. പാദശബ്ദം നാല്വ എന്ന അർത്ഥത്തെ കറിക്കുന്നതാകുന്നു. (അംഘ്രിശബ്ദം നോക്കുക).

അംഘ്രിനാമകം-മരുതു്, വൃക്ഷത്തിന്റെ മുവരു്.

അംഘ്രിപം-വൃക്ഷം. പാദം (വേർ) കൊണ്ടു പാനം ചെയ്യുന്നതിനാൽ ഈ പേർ വന്നു.

അംഘ്രിപർണ്ണി, അംഘ്രിപർണ്ണിക-ഓരില.

അംഘ്രിവല്ലി, അംഘ്രിവല്ലിക-ഓരില.

അംഘ്രിബില്വ-ഓരില.

അംഘ്രിസന്ധം-കാൽ പെരുവിരലിന്റെ സന്ധി, പുറംകാൽ.

അങ്ങനെ-അവ്യയകാരം. (അങ്ങിനെ നോക്കുക.)

അങ്ങു്-അവ്യയം. ക്ര. അതു സ്ഥലത്തിൽ, അവിടെ. ഉ. ദൂരെ.

അങ്ങു്-ക്ര. അവിടുന്നു്. ബഹുമാനമുള്ളവരെ നീ എന്നു പറയുന്നതിനു പകരം ഉപയോഗിച്ചുവരുന്ന വാക്കു്. (വിനയപദം--ഇങ്ങു്).

അങ്ങാടി-വരിവരിയായകച്ചവടസ്ഥാനം.

'അങ്ങാടികളിലുമാൽത്തറമേലും
പൊങ്ങുന്നിന്നിതു ഘോഷം കണ്ടേൻ'

(ഘോഷയാത്ര തുള്ളൽ)

'വിപണിഃ പണ്യവീഥികാ' എന്നമരം.

[വിപണി, പണ്യവീഥിക]ഉം അങ്ങാടിത്തെരുവിന്റെ പേർ. ആപണം, നിക്ഷേപ്യ എന്നു രണ്ടുംകൂടി ഉപയോഗിച്ചു പോരുന്നുണ്ടെന്നും അഭിപ്രായമുണ്ടു്.]

അങ്ങാടിക്കാരൻ-സാമാനങ്ങൾ വിൽക്കുന്നവൻ, അങ്ങാടിയിൽ ഇരുന്നു സാമാനങ്ങൾ വിലകൊടുക്കുന്നവൻ.

അങ്ങാടിച്ചരക്കു്-വിലയ്ക്കു കൊടുപ്പാനുള്ള സാമാനങ്ങൾ.

അങ്ങാടിത്തലാലി-അങ്ങാടിയിൽ നിന്നു സാമാനം വാങ്ങുമ്പോൾ അറിയാതെ കൂട്ടുതൽ വിലകൊടുത്തു പോവുക, ന്യായമായ വില അറിഞ്ഞു വാങ്ങുന്നതിനു വിവരമില്ലായ്മ.

'എങ്ങളോടെന്നതുചെയ്യുകംബുമിപ്പോ-
ളങ്ങാടിത്തോലിയങ്ങമ്മയോടെ'
(കൃഷ്ണഗാഥ)

അങ്ങാടിത്തോലിയം-വിലയ്ക്കു വാങ്ങുകയും കൊടുക്കുകയുംചെയ്യുന്നതിലുള്ള മായം. (കൃത്രിമം, ഉരുട്ടു, ചതി.)

അങ്ങാടിപ്പാട്ട-പട്ടണ (നഗര)ത്തിലുള്ള പാട്ട്.

അങ്ങാടിപ്പീടിക-അങ്ങാടിത്തെരുവിലുള്ള കച്ചവടപ്പുര.

അങ്ങാടിമരുന്ന-കടകളിൽ കൊണ്ടുവന്നു വച്ചു വിൽക്കുന്ന ഉണക്കമരുന്ന.

അങ്ങിട്ട്-അവിടെ. (ഇങ്ങിട്ട് = ഇവിടെ) ഈ പ്രയോഗം തെക്കൻദിക്കുകളിൽ നടപ്പില്ല. (അങ്ങിട്ടിങ്ങിട്ട് = അവിടെയും ഇവിടെയും).

അങ്ങിനെ, അങ്ങനെ-അപ്രകാരം, അപ്രകാരം.

പഴയ കൃതികളിൽ അധികവും 'അങ്ങിനെ' എന്നു കാണുന്നു. വടക്കൻ ദിക്കുകളിലെ പ്രയോഗവും അപ്രകാരം തന്നെയാണു കാണുന്നത്. തെക്കൻ ദിക്കുകളിൽ 'അങ്ങനെ' എന്ന എഴുത്തുക നടപ്പായിരിക്കുന്നു. 'അതെ' എന്നതിനു അവിധം എന്നർത്ഥം പറയുന്നു.

'അങ്ങിനെയുള്ളമരങ്ങളിന്നിങ്ങിനെ
അങ്ങിനെകാണെയതെങ്കിലിപ്പോൾ'
'ഇങ്ങിനെചൊന്നവർവാഴ്ത്തിനെരുത്തു'
(കൃഷ്ണഗാഥ)

അങ്ങിനത്തെ-വി. അപ്രകാരമുള്ള, അതുപോലെയുള്ള, അപ്രകാരമുള്ള.

അങ്ങില്ലാപ്പൊങ്ങ്-വെള്ളത്തിലുണ്ടാകുന്ന തരമഞ്ഞിരി ചെടി (രക്ഷേധം)

അങ്ങുന്ന്-ക്ര. അവിടെനിന്ന്. ഉ. വലിയ ഉദ്യോഗസ്ഥന്മാരെ നീ എന്നുപറയുന്നതിനു പകരം ഉപയോഗിക്കുന്ന വാക്ക്. അങ്ങുനിന്ന് എന്നതു 'അങ്ങുന്ന്' എന്നായി. 'അങ്ങുന്നേ' എന്ന സംബോധനയും

'അങ്ങുന്ന് അകത്തുവാകണം. പൊന്നുതമ്പുരാന്റെതിരുവുള്ളമുണ്ടാപ്പോൾ
ഉണ്ടാകട്ടെ'
(അമ്പിജ്ഞാനശേഖരന്തമ്പി)

അങ്ങോട്ട് (അങ്ങോട്ട്, അങ്ങോട്ട്) അവിടത്തെ, ആ ഭാഗത്തു്.

(ഉടൻ എന്ന പദത്തിനു മദ്ധ്യം, അകം, തവണ(പ്രാവശ്യം), പ്രധാനഭാഗം, ഇടയിൽ ചേർക്ക, സൂക്ഷ്മം എന്നീ അർത്ഥങ്ങൾ കാണുന്നു.)

അങ്ങോട്ട-അങ്ങോവീട്ടിൽ.

അങ്ങോട, അങ്ങോത്തെ-വി. അവിടത്തെ, നിന്നെ സംബന്ധിച്ച അങ്ങോടെ എന്നു പറയുന്നതിനെക്കാൾ അങ്ങയുടെ എന്നു പ്രയോഗിക്കുന്നതു നന്നു്. ഉ-ം, 'അങ്ങയുടെ അഭിപ്രായം'.

അങ്ങോക്കുറു-അയൽപക്കം, അടുത്തസ്ഥലം.

'അങ്ങേരവളപ്പിരിഞ്ഞേരനാഴിക
അങ്ങോക്കുറിൽപോലുംപോകയുമില്ല'
(കംസകേശ്ശവധം തുള്ളൽ)

അങ്ങോടം-ആ സ്ഥലം. അങ്ങോ(ആ)ടം (സ്ഥലം.)

അങ്ങോത്തു്-അടുത്തവീട്ടു്, അയൽവീട്ടു്. അവിടത്തേതു്.

അങ്ങോൻ-അവൻ എന്നതിനു പകരം മാന്യനിച്ഛപായുന്നതരവാക്കു്, അങ്ങുള്ളവൻ, അയാൾ, (പഴയപ്രയോഗമാകുന്നു)

അങ്ങോർ-അങ്ങുള്ളവർ, അവർ, അയാൾ.

'അങ്ങേരവളപ്പിരിഞ്ഞേരനാഴിക'
(കംസകേശ്ശവധം തുള്ളൽ)

അങ്ങോരുടെയവർ-അങ്ങുള്ളവർ, അവർ.

അങ്ങോവർ-അങ്ങുള്ളവർ, അവർ

അങ്ങോട്ടു്-ആ ഭാഗത്തേയ്ക്കു്, ആ സ്ഥലത്തേയ്ക്കു്, അവിടേയ്ക്കു്. (അകത്തോട്ടു് എന്ന ശബ്ദം നോക്കുക.)

അങ്ങോൻ-അവൻ എന്നതിനു പകരം ബഹുമാന്യത്വം പ്രയോഗിക്കുന്നതരത്തിൽ

അങ്ങോരു്-അദ്ദേഹം, അവൻ എന്നതിനു പകരം ബഹുമാനസൂചകമായി പറയുന്ന ഒരു വാക്ക്.

'അങ്ങോർ അതിൽ എന്തോ ഒരു സൂക്ഷ്മസംശതി കണ്ടു പിടിച്ചിട്ടുണ്ടു്'

(കഥാരത്നമാല)

'അങ്ങോരായതുകേട്ടകയത്തുട-
നങ്ങോട്ടുംപലവാക്കുപറഞ്ഞു'

(രുക്മിണിസ്വയംവരം തുള്ളൽ)

അഛ്-പോവുക, അനങ്ങുക, ബഹുമാനിക്കുക, അപേക്ഷിക്കുക.

അചക്രം-വി. ക്ര. ചക്രം (ഉരുളം) ഇല്ലാത്ത. ക. നീങ്ങാത്ത, അനങ്ങാത്ത. ന. വിറയ്ക്കാത്ത.

അചക്ഷു-വി. കാഴ്ചയില്ലാത്ത.

അചക്ഷുസ്സു്-ക്ര. ചീത്തക്കണ്ണു. ക. കാഴ്ചയില്ലാത്തവൻ.

അചഞ്ചല-വി. ചഞ്ചലം (ഇളക്കം) ഇല്ലാത്ത; ഉറപ്പുള്ള.

അചണ്ഡ-വി. ക്രൂരതയില്ലാത്ത.

അചണ്ഡൻ-അക്രൂരൻ, ക്രൂരതയില്ലാത്തവൻ.

അചണ്ഡി-ക്ര കോപമില്ലാത്തവൾ. ക. ഇണങ്ങിയ പശു.

'സ്യാദചണ്ഡീ സുകരാ' എന്നമരം

(അചണ്ഡി, സുകര-ക-ം, ഇണക്കമുള്ള പശുവിന്റെ പേർ.)

അചതുര-വി. ക്ര. സാമർത്ഥ്യമില്ലാത്ത. ക. നാലല്ലാത്ത.

അചപല-വി. ചപലം (ഇളക്കം) ഇല്ലാത്ത

അചര-വി. ചരിക്കാത്ത, സഞ്ചരിക്കാത്ത.

'സ്ഥാണനസ്ഥാണനായും നീ
സകലചരാചരജീവനായും നീ'

(ശ്രീകൃഷ്ണചരിതം)

ചരാചരങ്ങൾ, ചരങ്ങളും (ജംഗമങ്ങളും), അചരങ്ങളും (സ്ഥാവരങ്ങളും) ജംഗമങ്ങൾ ഇളകുന്നവ. സ്ഥാവരങ്ങൾ-ഇളകാത്തവ.

അചരാശി-ചരരാശികൾ അല്ലാത്തവ എടവം, ചിങ്ങം, വൃശ്ചികം, കുംഭം ഇവ ർ-ം.

അചരമ-വി. അവസാനത്തതല്ലാത്ത.

അചല-വി. ചലം (ഇളക്കം) ഇല്ലാത്ത.

അചല-ഇളകാത്തതു്, പർവ്വതങ്ങളേ ടുക്കുടിയതു്. ഋകാരരഹിതം.

അചലകന്യക—പാർവ്വതി. അചലം (പർവ്വതം), കന്യക (പുത്രി). പാർവ്വതി ഹിമവാൻ പർവ്വതത്തിന്റെ പുത്രിയാകയാൽ ഈ പേരുണ്ടായി. അചലശബ്ദത്തോടു 'പുത്രി' എന്നർത്ഥമുള്ള ശബ്ദം ചേർത്താൽ പാർവ്വതി എന്നർത്ഥം ഉണ്ടാകും.

അചലകീല-ഭൂമി.

അചലജാത - വി. പർവ്വതത്തിൽനിന്നുണ്ടായതു.

അചലജ-പാർവ്വതി. പർവ്വതത്തിന്റെ പുത്രി, പർവ്വതത്തിനു ജനിച്ചവൾ.

അചലതരം-അനക്കംകുടാതെ.

അചലതമം-ഒട്ടും അനക്കംകുടാതെ.

അചലദ്വേഷി-ഇന്ദ്രൻ.

ഇന്ദ്രൻ പർവ്വതങ്ങളുടെ ചിറകുകളെ മുറിച്ചുകളഞ്ഞു് ഇവറ്റയ്ക്കു ചലനമുണ്ടായി. പണ്ടു പർവ്വതങ്ങൾക്കു ചിറകുണ്ടായിരുന്നു എന്നുള്ളതു പുരാണപ്രസിദ്ധമാണല്ലോ.

അചലനന്ദിനി-പാർവ്വതി, പർവ്വതത്തിന്റെ പുത്രി. ഹിമവാന്റെ മകൾ.

'അഖിലശിവാങ്കനതരണിമാർക്കുപ്പു-
മചലനന്ദിനീബാരുല'

(കിരാതം കഥകളിപ്പാട്ടു്)

അചലൻ-ക്ര. ശിവൻ ക. ശന്തനുരാജാവിന്റെ ഒരു പുത്രൻ.

അചലപതി-പർവ്വതരാജാവു്.

അചലം-ക്ര. പർവ്വതം. ക. ഇളക്കമില്ലാത്തതു്. (പഞ്ചായങ്ങൾക്കു പർവ്വതം എന്ന ശബ്ദം നോക്കുക.)

അചലരാട്ടു്-പർവ്വതരാജാവു്.

അചലാ-ഭൂമി. (പർവ്വതങ്ങൾ ഇല്ലാത്ത ഭൂമി എന്നതു നോക്കുക.)

അചാഞ്ചല്യം - അചഞ്ചലത. ചഞ്ചലത (ഇളക്കം) ഇല്ലാത്ത.

അചാതുര്യം-ചാതുര്യം (ചതുരത, സാമർത്ഥ്യം) ഇല്ലായ്മ.

അചാപല-ഉറപ്പുള്ള, ഇളക്കമില്ലാത്ത.

അചാപലം, അചാപല്യം-ഇളക്കം ഇല്ലായ്മ. ഉറപ്പ്.

അചാലനം-ചാലനം(ഇളക്കം) ഇല്ലായ്മ.

അചിക്കണം-പരുക്ഷം, കഠിനം.

അചിത്തു്-ചിത്തു് (ജ്ഞാനം, അറിവു്) ഇല്ലാത്ത, ദൈവമേകേതിയല്ലാത്ത.

അചിത്ത-വി. അശോചരമായ, വിചാരിച്ചിരിക്കാത്ത. പ. മന്ദബുദ്ധിയായ.

അചിത്തം-മനസ്സില്ലാതെ, മനസ്സുകൂടാതെ.

അചിത്തി-മൂഢത.

അചിന്തനീയ-വി. വിചാരിക്കത്തക്കതല്ലാത്ത.

അചിന്തിതം-ചിന്തിതം, (ചിന്തിക്കപ്പെട്ടതു്, വിചാരിക്കപ്പെട്ടതു്) അല്ലാത്തതു്.

'അചിന്തിതം കേട്ടഥ കണ്ണശില്പം-
വചസ്സുമീയം ദൃശവിക്രുബാത്മം'
(ഉത്തരരാമായണം ചമ്പു)

അചിന്ത്യ-വി. ചിന്ത്യം (വിചാരിക്കത്തക്കതു) അല്ലാത്ത, വിചാരിക്കപ്പെടുവൻ കഴിയാത്ത.

അചിന്ത്യൻ—ഈശ്വരൻ, ദൈവം, ശിവൻ.

അചിന്ത്യജം-രസം.

അചിരം-ചിരം (ഏറെക്കാലം നില്ക്കുന്നതു്) അല്ലാത്ത.

അചിരദ്യുതി-മിന്നൽ, ഇടിവാരം.

അചിരപ്രഭ-മിന്നൽപിണർ.

അചിരപരിചിതൻ-തൽക്കാലം പരിചയിക്കപ്പെട്ടവൻ.

അചിരഭാസ്സു്-മിന്നൽ.

അചിരരാചിസ്സു-മിന്നൽ.

അചിരാൽ-താമസംകൂടാതെ, വേഗം.

അചിരാഭ-മിന്നൽ.

അചിരായ-(അവ്യയം) താമസംകൂടാതെ, വേഗം.

അചിരാംശു-മിന്നൽ.

അചിരേണ-താമസംകൂടാതെ, വേഗം. 'സിന്ധുവമൂരേണമചിരേണഹരശംഭോ'
(പതിന്നാലുവൃത്തം)

അചേതന-വി. പ. ജീവനില്ലാത്ത. ര. ചൊടിപ്പില്ലാത്ത. ന. അറിവില്ലാത്ത.

അചേതസ്സു്-വി. ബുദ്ധിയില്ലാത്ത, ജീവനില്ലാത്ത.

അചേതാന — വി. മന്ദബുദ്ധിയായ, ബോധമില്ലാത്ത, നേരില്ലാത്ത. (വേദത്തിലെ പ്രയോഗമുള്ളതു.)

അചേഷ്ട-വി. [നാസ്തിചേഷ്ടയസ്യ] ചേഷ്ട (ക്രിയ, പ്രവൃത്തി) ഇല്ലാത്ത, വ്യാപാരമില്ലാത്ത, അനക്കമില്ലാത്ത.

അചൈതന്യം-വി. പ വിശേഷജ്ഞാനമില്ലാത്ത, ബോധം (അറിവു) ഇല്ലാത്ത. ര. ബുദ്ധിമാന്ദ്യമുള്ള.

അച്ച-അമ്മ. തമിഴിൽ—അരചത്തെ.

'അച്ചനുടെ മുലനൽകേണം'
(വൈരാഗ്യചന്ദ്രോദയം)

അച്ചൻ-പ. സ്ഥാനവലിപ്പമുള്ളവരെ പറയുന്ന പേർ. ര. ചില രാജവംശങ്ങളിൽ പുരുഷന്മാർക്കുള്ള ബഹുമാനപ്പേര-കൊച്ചിയച്ചൻ, പാലൂത്തച്ചൻ ഇത്യാദി. ന. ചിലർ അമ്മയുടെ സഹോദരനെ വിളിക്കുന്ന പേർ ഴ. പിതാവു, പ്രഭു, ജ്യേഷ്ഠൻ. ഭ. ച്ച ജാതിപ്പേരിന്റെയും പേരിന്റെയും ഒടുക്കം ചേർത്തു പറയുന്ന വാക്കു്. ഈ സ്ഥാനവലിപ്പത്തെയും ബഹുമാനത്തെയുംകൊണ്ടു് ഉണ്ടായവാക്കു്. (ഉ-ം, കരുത്തച്ചൻ.) തമിഴിൽ-അത്തൻ, കണ്ണാടകത്തിലും തുളുവിലും 'അയ്യൻ'.

അച്ചൻകോവിൽമല- കിഴക്കിലെ ചൊക്കേടു താലൂക്കിലുള്ള ഒരു മല.

അച്ച്-അ മുതൽ പതിനാറ അക്ഷരങ്ങളും ക്രമപ്രകാരം ചൊല്ലുന്നതിനു പേർ.

അച്ച്-പ്ര. അക്ഷരങ്ങളും കൊത്തിവച്ചിട്ടുള്ള ആണി. ക. അച്ചുതണ്ട്, അച്ചുതടി. ന. കടച്ചിൽവേലയ്ക്കുള്ള ഒരു യന്ത്രം. ര. മരപ്പണിക്കാരും മറ്റും ഉപയോഗിക്കുന്ന ഒരു പുഴു. ള. രാജമുദ്ര (ആധാരം മുതലായവയിൽ കുത്തുന്നതു്) ഴ. രൂപങ്ങളും അടിച്ചുവച്ചിട്ടുള്ള മാതൃക. റ. അച്ചടിക്കുന്ന യന്ത്രം. വ. പതിനാറു രാശി (ഗണിത ചക്രം.) ൻ. തൈയ്യുന്നവർ തുണി അടുപ്പിക്കുന്ന കോൽ (മുള). ഗ്രന്ഥകർത്താവ് (അക്ഷരശ്ലോകത്തിൽ അച്ചു കൊള്ളുക)

അക്ഷരശ്ലോകമേതിടിൽ
അച്ചുകുടാതെ ചൊല്ലുണം
അച്ചുകുടാതെ ചൊല്ലീടിൽ
അരകെയ്യും വള നൽകുവേൻ'

പ്ര. രചിയ്ക്കുന്ന നന്നു. തമിഴിൽ ഇതിന് നന്നൂൽ, അഖര എന്നു പേരുണ്ടു്.

അച്ചടക്കം-ബഹുമാനം, കീഴ്പെടൽ, ഉള്ളിലേപ്പേടി, ലജ്ജ, ശങ്ക.

അച്ചടി, അച്ചടിപ്പ്-പ്ര. രൂപങ്ങളെയോ അക്ഷരങ്ങളെയോ കടലാസ്സിൽ പതിച്ചുവയ്ക്കുക. ഈ വക രൂപങ്ങളും വാക്കുകളുമാക്കിയവയുടെ സമൂഹം ക. ഒരു മാതിരി ശീല: 'അച്ചടി' എന്നു പേരുണ്ടു്.

'അച്ചടി കോടിയുടുത്തു കച്ചകരിമ്പടം'
(ഹരിണീസന്ദേശം വരം മുള്ളൽ)

അച്ചടിക്കുന്നക്കടം-അക്ഷരങ്ങളും കൊത്തിയുള്ള ആണികളും. ഇവ പല മാതിരിയുണ്ടു്. റോമരെപ്പോലെ, ഇംഗ്ലീഷ്, ഗ്രീക്കുകാർ, സുറിയാനിക്കാർ മുതലായവ.

അച്ചടിക്കാരൻ-അച്ചടിക്കുന്നവൻ.

അച്ചടിക്കുക-കടലാസ്സിലിടുക.

അച്ചടിമഷി-അച്ചടിപ്പാനുള്ള മഷി. ഇതു ഇംഗ്ലീഷുകാർ നിർമ്മിക്കുന്നതു്. അതിനാൽ ഒരിക്കൽ കടലാസിൽ പതിഞ്ഞതിനെ മായ്ക്കുവാൻ സാധിക്കുന്നതല്ല.

അച്ചടിയന്ത്രം-അക്ഷരങ്ങളും രൂപങ്ങളും മറ്റും പതിച്ചുവച്ചിട്ടുള്ള യന്ത്രം.

റോമാപട്ടണത്തിലെ അച്ചടിയന്ത്രത്തിന്റെ ജന്മകർത്താവായ ഗുട്ടൻബർഗ് എന്ന മഹാൻ അച്ചിപ്പായയ്ക്കപ്പെട്ടവനു, ജർമ്മനിയനെന്നും ജർമ്മനിയും ഫ്രാൻസുകാരനെന്നും ഫ്രാൻസും തർക്കിക്കുന്നുണ്ടു്. അച്ചടിവിദ്യ ആദ്യം ചീനന്മാർ ഉണ്ടാക്കിച്ചതായി നമുക്കു വായിക്കാം. കടലാസുണ്ടായതു് ആദ്യമായി അവർക്കിടയിലാണല്ലോ. കടലാസും അച്ചടിയും ആവശ്യമില്ലാത്തവർക്കെന്തറിയുന്നതിൽ പക്ഷാന്തരമെന്തുള്ളു. ഈ വിദ്യയെപ്പറ്റി സുവ്യക്തമായ അറിവ് നമുക്കുകിട്ടീട്ടു് ഇപ്പോൾ 400 വർഷം ഇരിക്കും അച്ചടിവിദ്യ ഒന്നാമതായി കണ്ടുപിടിച്ചതു് ലോറൻ കാസ്റ്റൻ എന്ന മഹാനാണു്. ഇദ്ദേഹം ഡച്ചുദേശമായ ഹാർലം നഗരത്തിലെ ഒരു പള്ളിയുടെ വാർഡനായിരുന്നു. ഇദ്ദേഹം കട്ടികട്ട കൂട്ടിപ്പിടിപ്പാൻ മരത്തകിടിയിൽ അക്ഷരങ്ങളും കൊത്തി കടലാസിൽ പൊതിഞ്ഞു് ഉടുപ്പിൻറെ പോക്കറ്റിൽ ഇട്ടുകൊണ്ടു നടന്നു. ഒരിക്കൽ അവയെ എടുത്തു നോക്കിയപ്പോൾ അക്ഷരങ്ങൾ കടലാസിൽ പതിഞ്ഞുകണ്ടു. ഇങ്ങിനെയാണു് അച്ചടിവിദ്യയുടെ ഉത്ഭവം. പിന്നീടു പലരുടെയും സഹായം കൊണ്ടു് ഹർലിയിൽവച്ചു, ഇപ്പോൾ വിദ്യ പ്രയോഗിക്കുന്ന അച്ചടിയന്ത്രങ്ങൾ ഉണ്ടു്. ഈ യന്ത്രത്തിൽ മണിക്കൂറൊന്നിനു ലക്ഷത്തിലധികം പ്രതികൾ വരെ കിട്ടും. കല്ലച്ചു് എന്നതു് മറ്റൊരുവിധം യന്ത്രമാകുന്നു. ഇതിനു കടലാസും വേണ്ട. ഒരു പ്രതി എഴുതിയതിന്റെ ആവശ്യമുള്ള പ്രതികൾ അതിൽ നിന്നെടുക്കാം. ക്രിസ്തുവർഷം 1800-നോടടുത്തു് ഒരു ജർമ്മനിയനാണു് മഷി

യാരുത്തിൽ ആദ്യം അച്ചുക്കൂടം സ്ഥാപിച്ചത്. ഇതു കൊണ്ടുവന്നതു ജെസ്യൂട്ട് പാതിരിമാരാകുന്നു. ആദ്യം സ്ഥാപിച്ച അച്ചുക്കൂടം കൊടുങ്ങല്ലൂരിനു സമീപം അമ്പലക്കാട് എന്ന നാഗരത്തിലായിരുന്നു.

അച്ചടിയോല-രാജമുദ്ര പതിച്ച ഓല.

അച്ചടിശാല-അച്ചുക്കൂടം.

അച്ചടിശ്ശീല-തുണങ്ങും പതിച്ചെടുക്കുന്ന തുണി.

അച്ചട്ട-സൂക്ഷ്മം, ഉറപ്പ്, തികവ്.

അച്ചം-ഭയം.

'അച്ചമില്ലാതെ നൃപന്മാർക്കവനിയിൽ'
(ഗോവൽഗീത)

അച്ചാരം-വല്ലതും തരാമെന്നോ വാങ്ങിക്കാമെന്നോ പറഞ്ഞ് ഒരുങ്ങി ഒരു തുക തീർപ്പെട്ടുത്തി ഉറപ്പിനായിട്ടു കൊടുക്കുന്ന പണം (ദ്രവ്യം) മുമ്പേ കൊടുക്കുക.

'ഞാൻ ഇതു വിലയ്ക്കു തരാം' 'ഞാൻ ഇതു വിലയ്ക്കു വാങ്ങിച്ചുകൊള്ളാം' എന്നിപ്രകാരം പറയുന്നതിന്റെ പേർ.

'ക്ലീബേ സത്യാപനം സത്യംകാരസ്സത്യാകൃത്സ്ത്രിയാം' എന്നമരം.

(സത്യാപനം, സത്യംകരം, സത്യാകൃതി ഇവ നപുംസകത്തിന്റെ പര്യായങ്ങളും ആകുന്നു. സത്യാപന എന്നുമാകാം)

അച്ചി-പ. നായർസ്ത്രീ.

'മാമുനി ശ്രുതനായപ്പോൾ
കാമിനി അച്ചിയാണ്ടു'
(നാരായണീചരിതം തുള്ളൽ)

ഉ. അമ്മ. ന. ബഹുമാനമായി വയസ്സിനു മൂത്തവരെ പറയുന്ന ഒരു വാക്ക്. (അച്ഛൻ എന്നതു നോക്കുക.)

ഉ-ം, 'അക്കച്ചി, അമ്മച്ചി'.

അച്ചിക്കൂറ്റ്-കൊള്ള രങ്ങളിലും ക്ഷേത്രങ്ങളിലും മഠം അടിച്ചുതളിക്കുന്ന സ്ത്രീകളുടെ മേൽവിചാരക്കാരൻ.

അച്ചിങ്ങ(അത്തിങ്ങ, അന്തിക്ക)-ചെറിയ പയറ്, ചെറിയ അമരയ്ക്ക. ഇതിനെ അച്ചിങ്ങാപ്പയറെന്നും പറയുന്നുണ്ട്. 'അച്ചിങ്ങ പീച്ചിങ്ങ കെറുവിയ്ക്ക പാവയ്ക്ക' എന്ന നമ്പ്യന്മാരുടെ പ്രയോഗം കാണുക.

അച്ചിടുക-അച്ചടിക്കുക.

അച്ചിമുട്ടം-ഒരുതരം കലിരം.

അച്ചിരി-പ. കോപത്തോടുകൂടിയുള്ള ചിരി, അട്ടഹാസം.

'തച്ചിതുഭീമൻതരിച്ചിതുരകത്തലം
ഉച്ചത്തിലൊച്ചപൊങ്ങീനിലത്തേല്പുയൽ
അച്യുതൻക്രൂടചിരിച്ചുനേരുനേരം-
മച്ചിരിപൂണ്ടാനനിലതനായനം'
(ഭാരതം)

ഉ. മുഖത്തിന്റെ വാട്ടമുണ്ടാകുക. ന. ലജ്ജയോടുകൂടിയ ചിരി.

അച്ഛൻചൊന്നതുകേട്ടി-
ട്ടച്ചിരിവന്നാകിൽ
നിശ്ചയംപൊറുക്കുന്നതന്നാലുമെന്നാനവൻ'
(ഭാരതം)

ഇവിടെ 'അച്ചിരിവന്നാകിൽ' എന്നതിനു 'പരിഹാസമുണ്ടായാൽ' എന്നർത്ഥം.

അച്ചോ-അ. അയ്യോ, കഷ്ടം. അച്ഛോ എന്നും പറയാറുണ്ട്. വേദനയോ വ്യസനമോ ആശ്ചര്യമോ തോന്നുമ്പോൾ ഉപയോഗിക്കുന്നതാകുന്നു.

'അച്ചോ! നീലംനിറമിരിക്കുംപൂങ്കണ്ണൽ'

അച്ഛ-യി നിങ്കലമയ, തെളി വുള്ളം-ദുഷ്ടിയെ ഉപദ്രവിക്കാതെയ് എന്നർത്ഥം.

'പുരഃപ്രയാതേഷ്വതിവപുരിതാര്യം
വ്രജന്തമച്ഛസ്ഫടികാക്ഷമാലയം'
(മഹാഭാരതം)

'ശ്രീക്ഷശാന്തൽപ്രസന്നോച്ഛ' (അമരം.)
[പ്രസന്നം; അച്ഛം ഇവരണ്ടും തെളിഞ്ഞതിന്റെ പേർ.]

അച്ഛം-പ. കരടി. ഉ. സ്ഫടികം. ന. നിർമ്മലം. ഭ. ആദിത്യം.

'അച്ഛദസ് ഛടികല്ലേകനിർമ്മലേക്ഷച്ഛമവ്യയം' എന്നു മേദിനി.

അച്ഛദം-ഹിമവത്പർവ്വതത്തിലുള്ള ഒരു തടാകം.

അച്ഛൻ-പ്ര. പിതാവ്. (അടിതോൽ എന്നതു നോക്കുക.)

'തത്തസ്സുമനകപിതാ' എന്നമരം.

[താതൻ, ജനകൻ, പിതാവ് ഇവ നാ-ം അച്ഛന്റെ പേർ. രാമലക്ഷ്മണന്മാരോടു അച്ഛനെ 'തന്തപ്പഴവൻ' എന്നു വേണം പഠവാൻ].

പ. തെളിവോടുകൂടിയവൻ. നാ. യജമാനൻ. ഭ. അമ്മയുടെ സഹോദരൻ (ഏതും ചിലർ പറയുന്നു.) നാട്യോക്തിയിൽ അച്ഛനെ 'ആവുകൻ' എന്നു പറയുന്നു.

'ഗുരുഗീഷ്പതിപിതൃദൈവേ' എന്നതനുസരിച്ച് 'അച്ഛൻ' 'ഗുരു' എന്നുംപേരുണ്ട്, ജനിപ്പിക്ക, പഠിപ്പിക്ക, ചോറുകൊടുത്തു വളർത്തുക എന്നിത്യാദി മുള്ളതിനാലും അച്ഛൻ അത്രേ ഗുരു.

അച്ഛന്ന-വി. ക്ഷന്നം (മറച്ചത്) അല്ലാത്ത അച്ഛന്നത്വംവിധുരചെയ്തതുകൊണ്ടനിക്കല്ലച്ഛനുണ്ടുകാരവെന്നഴലേറിട്ടനു'

(ദേവയാനീപരിണയം മണിപ്രവാളം)

അച്ഛച്ഛൻ-അച്ഛന്റെ അച്ഛൻ.

അച്ഛഭല്ലം-കരടിക്കരടി (ആംകരടി). ആളിമുഖ്യമായി ഹിംസിക്കുന്നതു (ഇണങ്ങിക്കൊല്ലുന്നതു) കൊണ്ടുഈപേരുണ്ടായി

അച്ഛമ്മ-അച്ഛന്റെ അമ്മ.

അച്ഛാവാകൻ-പ്ര. യാഗശക്തിയ ചെയ്യുന്നവൻ. ഋത്വിക്കുകളിൽ ഒന്നു. ക. അഗ്നീധ്രൻ. ഖ. ബ്രാഹ്മണാച്ഛംസി. നാ. രമണത്രവേതനൻ. ഭ. ഹോതാവ്. ങ. പോതാവ്. ച. പ്രശാസ്താവ്. ഛ. അഛാവ്യാവു. ഗാവസ്തുത്ത്. ഝ. ബ്രഹ്മൻ. ഞ പ്രതിഹർത്താവ്. ട. സുബ്രഹ്മണ്യൻ. ഠ. ഉൽഗാതാവ്. ഡ. പ്രതിപ്രസ്ഥാതാവ്. ഢ. നേഷ്ടാവ്. ണ. നേതാവ്. ത. അച്ഛാവാകൻ. (ഋത്വിക്കുകൾ=ഋതുവിങ്കൽ യജിക്കുന്നവർ.)

അച്ഛി(അച്ചി)-അമ്മ. സ്ത്രീ എന്നുള്ള അർത്ഥങ്ങളിൽ ചില മിശ്രകളിൽ പ്രയോഗിക്കുന്നു.

അച്ഛിദ്ര-വി. ഛിദ്രം (ചേരം) ഇല്ലാത്ത. അറകുറയില്ലാത്ത, കലഹമില്ലാത്ത, അവസരമില്ലാത്ത.

അച്ഛിദ്രം-അക്ഷതം, ആരോഗ്യത്തെയ്ക്കൂടെ.

'അച്ഛിദ്രം നിന്നിരവടിയിരിക്കേണമെന്നാനന്ദതൻ' (മയൂരസന്ദേശം)

അച്ഛിന്ന-ഛിന്നം (മുറിക്കപ്പെട്ടതു) അല്ലാത്ത.

അച്ഛിന്നാനന്ദാത്മകനയനസലിലം
കൊണ്ടനച്ഛാസ്യനായി'
(മയൂരസന്ദേശം)

[അച്ഛിന്നശബ്ദത്തിന് ഇവിടെ ധാര മുറിയാത്തതു് എന്നർത്ഥം].

അച്ഛിന്നപത്രം-ശാഖോടവൃക്ഷം.

അച്ഛേദിക, അച്ഛൈദിക-ഛേദിക്ക (മുറിയ്ക്ക)ക്കതല്ലാത്ത, (ഛേദനം നാ ഹ്രതി.)

അച്ഛേദ്യ-വി. വിഭജിക്കത്തക്കതല്ലാത്ത, വേർപിരിച്ചുകൂടാത്ത, പകുത്തുകൂടാത്ത, മുറിച്ചുകൂടാത്ത.

അച്ചോ (അച്ചൊ) അയ്യോ, കഷ്ടം. അച്ചൊ എന്നതു നോക്കുക.

അച്ചോടനം-വേട്ട.

അച്യുത-വി. ച്യുതം (നാശം) ഇല്ലാത്ത.

അച്യുതവാസഃ-അരയാൽ. അച്യുതവാസം എന്നുമുണ്ട്.

അച്യുതസ്ഥാനം-പഞ്ചമിയിൽ തെ സ്ഥാനത്തിന്റെ പേർ.

അച്യുതൻ-വിഷ്ണു. മരിക്കലും നശിക്കും അവൻ എന്നു വ്യൽപത്തി. (പാണ്ഡ്യ അറിക്ക് വിഷ്ണു എന്നശബ്ദം നോക്കുക

'വിശ്വംഭരൻ വൃഷ്ണ്യവാഹനവന്ദിത-
നച്യുതനവ്യയനവ്യക്തനദ്ഭുതൻ'
(ഭാഗവതം)

അച്യുതാഗ്രജൻ-പ്ര. ബലഭദ്രൻ. അച്യുത (കൃഷ്ണ)ന്റെ അഗ്രജൻ (ജ്യേഷ്ഠൻ). ര. ഇന്ദ്രൻ.

'വാമനമൂർത്തിമഹാബലിയേവഞ്ചിപ്പാനായ്
കാമമനിന്ദ്യനേജനായവതാരം ചെയ്തവൻ'
(ഭാഗവതം)

അച്യുതാഗ്രജം-അഞ്ചുപൂളി (കോൽപൂളി, മത്തുംപൂളി, ഞരിഞ്ഞിലംപൂളി, മരപ്പൂളി, പിണംപൂളി ഇവ ഉ-ം.)

അച്യുതാത്മജൻ-കാമദേവൻ, അച്യുത (കൃഷ്ണ)ന്റെ ആത്മജൻ(പുത്രൻ) കൃഷ്ണന്റെ രുക്മിണിയിൽ ജനിച്ചവൻ.

അച്യുതാവാസം-അരയാൽ. അച്യുതവാസം എന്നുമാകാം.

അച്യുതി-നിഘണ്ടു, സ്ഥിരത

അജ-വി. ജനിക്കാത്ത, ഉണ്ടാകാത്ത,

അജ-പ്ര. പെണ്ണാട്, (ആട്ടിൻപെട), അജത്തിന്റെ സ്ത്രീ. (അജജാതിസ്ത്രീ). ര. മായാദേവി.

അജക-ചെറിയ പെണ്ണാട്.

അജകം, അജകാജാതം-ഒരു നേത്രരോഗം.

ആട്ടിൻകാഷ്ഠംപോലെ കറുത്തുതണ്ടു വേദനയോടും അല്പം ചൊമപ്പായും ചവന്ന് വഴവഴത്തുചോരുടെ സ്രവത്തോടും കൃഷ്ണമണ്ഡലത്തെ മേരിവുണ്ടാകുന്ന രോഗം.

'അമരപൂജിത പ്രതിമനുമാവാൻ
സംലോഹിതോ ലോഹിതപിച്ഛിലാസ്യഃ
യിഗ്രന്ഥകൃഷ്ണം പ്രചയേച്ചരുപതി
തച്ചാജകം ജാതമിതിവ്യവസ്യൽ'
(മാധവനിദാനം)

അജകർണ്ണ(ക)ം-മരുത്ത്.

അജകപാലം-പ്ര. ശിവന്റെ വില്ല്. ര. ആട്ടുകൊമ്പുപോലെ പ്രിയമുള്ള ഒരുമാതിരി വൃക്ഷം. ന. യാഗത്തിനുപയുക്തമായ ഒരുതരം മരപ്പാത്രം. ശ. അജകാമാതം എന്ന നേത്രരോഗം. ഉ. വിക്കുമുള്ള ഒരുമാതിരി ചെറിയ മുള്ള്.

അജകാവാം-പ്ര. ശിവന്റെ വില്ല്. വിഷ്ണുവിനെയും ബ്രഹ്മാവിനെയും രക്ഷിക്കുന്നതുകൊണ്ട് ഈ പേർ വന്നു.

അജക്ഷീരം-ആട്ടിന്റെ പാലു്.

ആട്ടിൻപാൽ രാജയക്ഷ്മാവു്, പനി, ശ്വാസം, രക്തപിത്തം, അതിസാരം എന്നിവയെ ശമിപ്പിക്കും.

'അജം ശോക്ഷജരശ്വാസ
രക്തപിത്താതിസാരജിൽ'

കറിയാടിന്റെ പാൽ ഹൃദയത്തിനു ഹിതമല്ല. മുഷ്ണമാണ്. വാതവ്യാധിയെ ശമിപ്പിക്കും. ഏക്കിട്ടുത്തയും ചുക്കാത്തയും പിത്തകഫങ്ങളേയും ഉണ്ടാക്കും.

'അഹൃദ്യം ഉഷ്ണമാവികം
വാതവ്യാധിഹരം ഹി ഛ്മ
ശ്വാസപിത്തകഫപ്രദം'
(അഷ്ടാംഗഹൃദയം)

അജഗജാന്തരം-ആടും ആനയും തമ്മിലുള്ള വ്യത്യാസം.

അജഗൻ-പ്ര. വിഷ്ണു. ര. അഗ്നി.

അജഗർഭം-നീർക്കായി. ചിലർ ചവുട്ടുതിരെ പായു്, ജലവ്യാളം എന്നിങ്ങനെയും പറയുന്നു. അജഗർഭം എന്നാണു പാഠം.

ചവിട്ടിയവനെ പീഡിപ്പിക്കുന്നവൻ അജഗർഭൻ, അങ്ങിനെ അല്പംപേർ അജഗർഭൻ. കടിച്ചാലും വിഷമില്ലാത്തതിനാൽ ഉപദ്രവം ചെയ്കയില്ലെന്നർത്ഥം. ക്ഷണപ്രിയം അധികമുണ്ടു്. സഞ്ചരിക്കയും ശബ്ദിക്കയും ചെയ്യുന്നു്.

അജഗന്ധ-പ്ര. അയമോദകം. ഉ. ആട്ടനാറിവേള (വേള). തെറിവേള എന്നും പറയുന്നു.

അജഗവം-ശിവന്റെ വില്ല്.

ത്രിപുരദഹനസമയം ബ്രഹ്മാവുണ്ടല്ലൊ സൂതനായിരുന്നു; അതിനാൽ ഈ വില്ലിനെക്കുറിച്ച് അദ്ദേഹത്തിനു നല്ല അറിവുണ്ട്. അങ്ങിനെ ബ്രഹ്മാവു് അറിയുന്നതുകൊണ്ടു് ഈ പേരുണ്ടായി. അജത്തെ (യജ്ഞപശുവിനെ) പിൻതുടർന്നു ചെല്ലുന്നതു്. ഭക്ഷയാശം മുടക്കുന്ന സമയം ശിവനെ പേടിച്ചു യജ്ഞം ഒരു മൃഗവേഷം അവലംബിച്ചു ഓടി. ഉടൻ ഭഗവാൻ വില്ലുംധരിച്ചുഅതിന്റെപിന്നാലെ ചെന്നു. 'മൃഗമനുഗതനാം പിനാകപാണിം നഗപതി നന്ദിനിതൻ പതിം സ്മരാമി' എന്ന വചനം നോക്കുക. അജഗവൻ-വിഷ്ണു ശരത്രേണ ഇതിൽ സ്ഥിതി ചെയ്കകൊണ്ടും അജഗവം എന്ന പേർസിദ്ധിച്ചു എന്നു പറയുന്നു. ഇതിന് അജകവം എന്നും ആജഗവം എന്നും അജകാവം എന്നുംകൂടി പേരുണ്ട്.

'പിനാകമജഗവംധനുഃ' (അമരം.)

[പിനാകം, അജഗവം ഉ-ം ശിവന്റെ വില്ലിന്റെ പേര്].

അജഗാവം-പ്ര. ശിവന്റെ വില്ല്. ഉ. സൂര്യചന്ദ്രനക്ഷത്രാദികളുടെ പന്ഥാവിന്റെ തെക്കേ ഭാഗം. ന. ഒരു സപ്തപ്രധാനി.

അജഗം-ശിവന്റെ വില്ല്.

അജഗരം പെരുമ്പാമ്പു്. (നാശമില്ലാത്തെവിക്കുള്ളതു്, ഉറക്കമധികമുള്ളതു്, ആർത്തനുള്ളടി വിഴുങ്ങുന്നതു്).

അജഗന്ധിക-ആട്ടനാറിവേള, നായർവേള. ആടിന്റെ ഗന്ധമുള്ളതുകൊണ്ടു് ഈ പേർ സിദ്ധിച്ചു.

പര്യായങ്ങൾ-അജഗന്ധ, ബസ്തഗന്ധ, സുരപുഷ്പി, വിഗന്ധിക, ഉഗ്രഗന്ധ, ബ്രഹ്മഗർഭ, ബ്രാഹ്മി, പൂതിമയൂരിക.

അജഗന്ധിനി-ആട്ടകൊട്ടപ്പാല. ഇതിനെ ആട്ടതീണ്ടാപ്പാല, ആട്ടതൊടാപ്പാല എന്നിങ്ങനെയും പറയുന്നു.

അജഗല്ലിക-പാലുണ്ണി. ഇതു ക്ഷുദ്രരോഗങ്ങളിൽ ഒന്നാകുന്നു.

മന്ദവേഗമായും മഹാവേഗമായും ക്രൂരമായും മറവുള്ള രോഗത്തെ ക്ഷുദ്രരോഗം എന്നു പറയുന്നു. ബാലന്മാർക്കും ഈ രോഗം ഉണ്ടാകുന്നു. കഫവാതമാണ് ഇതിനു കാരണം. ഈ കുരുക്കൾ മിനുമിനുത്തിരിക്കും. ഇതിന്റെ നിറം ശരീരത്തിനു തുല്യമായിക്കാണും. ആകൃതിയിൽ ചെമ്പയരെന്നു തോന്നും.

'സ്നിഗ്ധാംസ്സവർണ്ണാംശ്ചിതാം
നീരുജാമുദ്ദിശന്ത്യേ
കഫവാതോത്ഥിതാമേതാം
ബാലനാമജഗല്ലികാം

(മാധവനിദാനം)

അജഗളം-കൊഴുത്ത മദ്യം.

അജഗളസ്തനം-ആട്ടിന്റെ കഴുത്തിൽ തൂങ്ങിക്കിടക്കുന്ന മുലക്കണ്ണ്.

അജട-കിഴുകാനെല്ലി.

അജഡ-നായിക്കുരണ.

അജഡ-വി. ദുഷ്ടബുദ്ധിയല്ലാത്ത

അജത്വ-മജ്ജാഗതമായി.

അജട്ട-ആട്ടിൻകുട്ടം.

അജാണ്ഡ-മഹാഭൂതങ്ങളുടെ കീഴ്ഭാഗമുള്ള പ്രസിദ്ധമായ ഗ്രഹസമൂഹം.

[അവിടെയുള്ള വിഹായസ്സിൽ സ്ഥാപിച്ചിരിക്കുന്ന ബൃഹത്പ്രതിമ എന്നുപറയുന്നതിനാൽ ഇതിനു ഉയരമുള്ളതാണെന്നു പറയാം.]

അജാണ്ഡി-ബ്രഹ്മാണ്ഡി. ചമതക്കോൽ എന്ന മരവും പക്ഷം.

അജൻ-പ്ര ബ്രഹ്മാവു്. ഉ. വിഷ്ണു. ന. ശിവൻ. ജനിക്കാത്തവൻ = അജൻ. ര.

ഒരു സൂര്യവംശരാജാവു്. (ദശരഥന്റെ അച്ഛൻ, ശ്രീരാമന്റെ അപ്പൂപ്പൻ) ബ്രഹ്മമുഹൂർത്തത്തിൽ ജനിക്കയാൽ അജൻ എന്ന പേരുണ്ടായി.

അയൻ എന്നതിനെ അജൻ (ബ്രഹ്മാവു്) എന്നേ വിധത്തിൽ പ്രയോഗിച്ചിരിക്കുന്നതു കാണുക.

'ഉരത്തിടങ്കൊണ്ടു പൂണ്ടേ-
നുക്കിലാവളെയെന്നാ
ളുരത്ത നളയനോടല്ലാ
മുടനവൻ ചാപമിട്ടാൻ'

(രാമചരിതം)

അജൻ വിദർഭരാജാവിന്റെ മകളായ ഇന്ദുമതിയെ വിവാഹം ചെയ്യുന്നതിനു പോകുന്നവഴിക്കു് ഒരു കാട്ടാനയെ വധിച്ചു. അനന്തരം ആ മൃഗത്തിൽ നിന്നു ഒരു ഗന്ധർവ്വൻ അവിർഭൂതനായി ഏതാനും ദിവ്യാസ്ത്രങ്ങളെ ദാനംചെയ്തു. ഇവ കൊണ്ടത്രേ സ്വയംവരത്തിൽ ജയം നേടിയതു്.

2. ഒരു ഋഷിയുടെ പേർ. 3. ചന്ദ്രൻ. 4. കാമദേവൻ. 5. ശരീരം.

അജനനി– ജനനാഭാവം. (അകരണി, അജീവനി എന്ന ശബ്ദങ്ങളും നോക്കുക).

അജനൻ–ഈശ്വരൻ, ബ്രഹ്മാവു്.

അജനനാമകം–മക്കിടക്കല്ലു്. (രോഗം തിരുമ്മുമ്പോഴുള്ള; ശരീരധാതുക്കളെ നന്നു്).

അജനപാത്രകം–വാവൽ എന്ന പക്ഷി.

അജനയോനി– ദക്ഷൻ. അജനനാൽ (ബ്രഹ്മാവിൽ) നിന്നുണ്ടായവൻ

അജനി–വഴി.

അജന്മാവു്–ജനിക്കാത്തവൻ, ശരീരം.

അജന്യ– വി. പ്രം ജനിപ്പിക്കത്തക്കതല്ലാത്ത. 2. മനുഷ്യസ്ത്രീയുടെ ഗർഭത്തിനു ചേരാത്ത.

അജന്യു–ശുക്രം ധൂമകേതു മുതലായവ ശുഭാശുഭസൂചകം ജനങ്ങൾക്കു ഇഷ്ടമില്ലാത്തതു് എന്ന വ്യുൽപത്തി. അജനനിൽ (ഈശ്വരനിൽ) നിന്നുണ്ടായതു്.

അജപാല(ക)ൻ–ആട്ടിടയൻ.

അജപ്രിയ–പ്ര. ലന്തമരം. 2. വഹ്നിവൃക്ഷം (കൊടുവേലി).

അജഭക്ഷി–ചെറിയകൊടിത്തൂവ (വന്നി).

അജഭക്ഷ്യം–കയ്പ കാട്ടുതുളസി.

അജം–പ്ര. ആടു്. 2. വെളുത്ത ആട്ടിൻകുട്ടി. അവിടവിടെ സഞ്ചരിക്കുന്നതുകൊണ്ടു് ഈ പേർ വന്നു.

'ശുക്ലേ ശുഭേ ബസ്ത്രശുഭ്രശുഭ്രകമജേ' അമരം.

(ശുക്ലം, ശുഭ്രം, ബസ്ത്രം, ശുഭ്രശുഭ്രകം, അജം ഇവ ഇം വെളുത്ത ആട്ടിൻറെ പേർ).

3. മേടംരാശി. 4. ഒരുമാതിരിധാന്യം. 5. മക്ഷികധാതു. 6. സൂര്യൻറെരഥം.

അജംഭ–വി. പല്ലില്ലാത്ത. നാസ്തി ജംഭോ (ദന്തോ) യസ്യ എന്ന വ്യുൽപത്തി.

അജംഭ–പ്ര. തവള. 2. പല്ലില്ലാത്ത സ്ഥിതി. (കുട്ടികളെപ്പോലെ).

അജംഭൻ–സൂര്യൻ.

അജമാംസം–ആട്ടിറച്ചി.

ആട്ടിൻറെ മാംസത്തിനു അല്പമായ തണുപ്പും, അല്പമായ ഗുരുത്വവും കഫപിത്തസ്നിഗ്ധതയും ഉണ്ടു്. ദോഷങ്ങളെ തുല്യമാക്കിത്തീർക്കുന്നതാണു്. ആട്ടിൻറെ ശരീരധാതുക്കൾക്കും മനുഷ്യസാദൃശ്യമുണ്ടു്. അതിനാൽ കഫസ്രവണകരമല്ല. ദേഹത്തിനു പുഷ്ടിയുണ്ടാക്കും. [കൂടുതൽ

'നാതിശീതഗുരുസ്നിഗ്ധം മാംസമാജമുദാഹൃതം
ശരീരധാതുസാമന്യാന്നാതഭിഷ്യന്ദിബൃംഹണം–

(അഷ്ടാംഗഹൃദയം) [ണം

അജമീഢ–ഒരു ദേശം.

അജമുഖൻ–ദക്ഷൻ. അജത്തിയുടെ (ആട്ടിൻറെ) മുഖമുള്ളവൻ.

അജമുഖി–ഒരു രാക്ഷസി.

രാവണൻ സീതയെ മോഷ്ടിച്ചു ലങ്കയിൽ അശോകവനത്തിൽ ഇരുത്തി പല

രാക്ഷസികളെയും കാവലാക്കിയിരുന്ന് അങ്ങനെ കാണുന്നിന്നവരിൽ ഒരുവളത്രേ 'അജമുഖി'.

അജമുഴ-മനുഷ്യന്റെ കഴുത്തിൽ മുൻഭാഗത്തുള്ള മുഴയുടെ പേർ.

ഇതിനെ 'തൊണ്ടമുഴ' എന്നും പറയും. മർമ്മശാസ്ത്രപ്രകാരം ഇത് ഒരു മർമ്മമാണ് അതിനെ ബലം പ്രയോഗിച്ചാൽ അപകടം സംഭവിക്കും എന്ന മർമ്മശാസ്ത്രം ഉപദേശിക്കുന്നു.

അജമേദം-ആടിനെക്കൊണ്ടു ചെയ്യുന്ന ഒരു യാഗം.

അജരാജ-അയമോദകം, ഓമം.

അജരാജത്വം-ഒരു മരുന്ന്. ഇത് അഗ്നിമാന്ദ്യം, വയറുവേദന ഇവയ്ക്കുനന്ന്.

അജരാജത്രാവകം-ഒരു മരുന്ന്. ഇത് അഗ്നിമാന്ദ്യം, വയറുവേദന ഇവയ്ക്കുനന്ന്.

അജരോള-പ. അയമോദകം, ഓമം. ആടിന്റെ ശബ്ദത്തിനു തുല്യമായ ശബ്ദമുള്ളതുകൊണ്ട് ഈ പേർ വന്നു. ഉ. ഇലവിൻപരു.

അജവാടിക-കറുംജീരകം.

അജയ-വി ജയമില്ലാത്ത.

അജയ-ദുർഗ്ഗയുടെ ഒരു സഖി.

അജയൻ-പ. അഗ്നി. ഉ. വിഷ്ണു. ജയിക്കപ്പെടുവാൻ വയ്യാത്തവൻ എന്നു വ്യുൽപത്തി. ന. ജയമില്ലാത്തവൻ.

അജയം-തോൽവി, അപജയം.

അജയ്യ-വി. ജയിക്കപ്പെടുവാൻകഴിയാത്ത.

അജര-വി. ജരയില്ലാത്ത, എന്നും രൂപത്തോടുള്ള.

അജരം-ചെറിയമരിക്കുന്നി. ഉ. കറുവപ്പട്ട.

അജരം-പ. സ്വർണ്ണം. ഉ. കരിമ്പ.

അജലാഖനം-സ്രോതോഞ്ജനം.

അജവസുരി-ആടിനുണ്ടാകുന്ന വസൂരി, മനുഷ്യർക്ക് എന്നപോലെ വസൂരിക്കുരുവിനും ആട്ടിനും ഉണ്ടാകുന്നു. അതിനെന്താണ് അജവസൂരി എന്നു പറയുക. ആട്ടിന്റെ തുട, ചുണ്ട്, വായ്, മുക്ക് ഈ സ്ഥലങ്ങളിൽ കുരുവുണ്ടാകുന്നു. മുക്കിൽ നിന്നു രക്തവും ഒഴുകുകയും പനിയും അതിസാരവും ക്ഷീണവും ഉണ്ടാകുകയും ചെയ്യും. ക്ഷണം പകരും. രണ്ടോമൂന്നുവട്ടത്തോളം നിൽക്കും, വേഗത്തിൽ പരത്തും. ഉപ്പു ധാരാളം ചേർത്തു കഞ്ഞി വെച്ചു കുറച്ചു ഉപ്പുമുള്ള ഭക്ഷണം കഞ്ഞിയായി കൊടുക്കണം. സ്ഥലശുദ്ധി വരുത്തിക്കൊള്ളണ്ടതു എത്രയും ആവശ്യം.

അജശൃംഗി(കി)-ആടുതൊടപ്പാല (ഒരു ചെടി), ആടുതീണ്ടാപ്പാല ആടുകൊട്ടപ്പാല എന്നും മറവംകൂടെപറയുന്നു. ആടിന്റെ കൊമ്പുപോലെയുള്ള ഫലമുള്ളതിനാൽ ഈ പേർ സിദ്ധിച്ചു. വേലിപ്പരത്തിക്കും ഈ പേർ പറയുന്നു.

അജസ്രം-ഞ, എല്ലാപ്പോഴും.

'അജസ്രമാസ്ഫാലിതവല്ലകീഗ്രഹ-
ക്ഷതോജ്ജ്വലാംഗ്രുഷ്ണഖാംശുടിന്നയം'
(മാഘം)

അജാഡ-വി. ഉപേക്ഷിക്കാത്ത.

അജാഡ-നായ്ക്കുരണ, ശുക്രങ്ങളെ ഉപേക്ഷിക്കാത്തതു്.

അജാക്ഷി-കാട്ടത്തി (പേയത്തി), ഒരു മരം.

അജാഗര-വി. ഉണർച്ചയില്ലാത്ത, ശ്രദ്ധയില്ലാത്ത.

അജാഗരണം-വി. ജാഗരണം (ഉണർച്ച) ഇല്ലാത്ത.

അജാഗരം-കയ്യോന്നി.

അജാഗ്രുത-ജാഗ്രത (ശ്രദ്ധ, ഉത്സാഹം) ഇല്ലായ്മ.

അജാഘ്ലുതം-ആട്ടിൻതോൽ.

അജാജി-പ്ര. ജീരകം. സ്വാദുഗന്ധികമായ മദ്ധ്യാഗ്നിദ്രവത്തെ കളയുന്നത്. ഉ. വെളുത്ത ജീരകം. ന. കാട്ടുജീരകം.

അജാജീവൻ, അജാജീവി-ആട്ടുമേച്ചു കാലം കഴിക്കുന്നവൻ.

'ജംഘാലസ്ത്വജാജീവഃ' (അമരം).

[ജംഘാലൻ, അജാജീവൻ (അജാജീവി) ഉം ആട്ടുമേക്കുന്നവരുടെ പേർ]

അജാണ്ഡി-മറിക്കുന്നി(ഒരുമാതിരി തൈ)

അജാത-വി. ജാതം (ജനിച്ചത്) അല്ലാത്ത, ജനിക്കാത്ത.

അജാതവ്യവഹാരൻ-വയസ്സു (പ്രായം) തികയാത്തവൻ (മൈനർ).

അജാതവ്യഞ്ജന-വി. താരുണ്യം തിരിക്കുന്ന അടയാളമോ ആകൃതിയോ ഇല്ലാത്ത.

അജാതദന്ത-വി. പല്ലില്ലാത്ത, പല്ലില്ലാത്ത സ്ഥിതി.

അജാതപക്ഷ-തൂവലുകൾ വന്നു മൂടീട്ടില്ലാത്ത ചിറകോടുകൂടിയ.

അജാതരിപു-ധർമ്മപുത്രൻ.

അജാതശത്രു-പ്ര. ധർമ്മപുത്രൻ. ഉ. ഒരു മധുരരാജാവ്. ന. ശിവൻ. ശ. ഒരു കാശിരാജാവ്. (യിദ്ധാനം വിദ്യയുടെ രക്ഷകനായിരുന്ന ഈദ്ദേഹം ഒരു ബ്രാഹ്മണനു യജ്ഞാനം ഉപദേശിച്ചിട്ടുണ്ട്).

അജാതി-വി. ജാതിയല്ലാത്ത.

അജാതി-ശാശ്വതൻ, നിത്യൻ.

അജാതൊലലലി-ഒരു മുനി. ഇദ്ദേഹം ആട്ടിൻപാൽ മാത്രം കുടിച്ചു് ഉപജീവിച്ചിരുന്നതായി പറയുന്നു.

അജാദധി-ആട്ടിൻതൈര്.

അജാദനി-ചെറിയ കൊടിത്തുവ.

അജാനി-ജന്മമില്ലാത്തവൻ, ജന്മം മരിച്ചുപോയവൻ. 'നാസ്തിജന്മയസ്യ' എന്നു വ്യൽപത്തി.

അജാനികൻ-ആട്ടിടയൻ.

അജാനേയ-വി. ഒരു കുതിരയെപ്പോലെ ഭയമില്ലാതെയും ശക്തിമത്തായുള്ള ജനനത്തിലുള്ളവൻ.

അജാനേയം-ഒരുവയസ്സും ശക്തിയുമുള്ള വിധം ജനിച്ച ഒരു കുതിര.

അജാന്ത്രി-മലക്കുടരി, മലക്കുന്നി, ചെറിയ മലക്കുന്നി.

അജാപയസ്സ്-ആട്ടിൻപാലു്.

അജാമിളൻ-കന്യാകുബ്ജത്തിലെ ഒരു ബ്രാഹ്മണൻ. (കാന്യകുബ്ജം എന്നും പറയുന്നു).

അജാമിളമോക്ഷം.

അജാമിളൻ കന്യാകുബ്ജപുരത്തിൽ ഗൃഹസ്ഥാശ്രമോചിതപ്രകാരമുള്ള കർമ്മങ്ങളും ചെയ്തു താമസിച്ചുവന്നു. ചമത മുതലായവയ്ക്കായി ഒരു ദിവസം ഇദ്ദേഹം കാട്ടിൽ ചെന്നപ്പോൾ അവിടെ ഒരു ശൂദ്രാംഗനാരത്നത്തെ കണ്ടെത്തി. സംഭോഷണം കൊണ്ടും മറ്റും അന്യോന്യം അനുരാഗവശനായി ഒന്നുചേർന്നു തിരിയെവന്ന ശൂദ്രസ്ത്രീയുടെ ഭവനത്തിൽ താമസമായി. തദനന്തരം ക്രമേണ ബ്രാഹ്മണൻ നിത്യവൃത്തിക്കായി ദുഷ്കർമ്മങ്ങളും തുടങ്ങി. ഏതാനും പുത്രന്മാരെ അങ്ങിലത്തു ജനിച്ച അവരെ പോറ്റുന്നതിന് അകൃത്യങ്ങളും അനവധി ചെയ്തുവന്നു. തദ്ദേശവർണ്ണധർമ്മങ്ങളും കർമ്മവും ഒക്കെ മറന്നു മാംസത്തിനായി കൊന്ന പക്ഷികൾക്കും മറ്റും കണക്കില്ല. ഒരു കാലത്തും വകയില്ലാതായപ്പോൾ കട്ടും കവർന്നും മറ്റും കാലയാപനം തുടങ്ങി. വൃദ്ധവയസ്സും ഇങ്ങനെ കഴിഞ്ഞു. അനന്തരം യമകിങ്കരന്മാരുടെ പുറപ്പാടായി. ഉടൻ തന്റെ മുത്തമകനായ നാരായണനെ 'നാരായണ! നാരായണ! രക്ഷിക്കരക്ഷിക്ക' എന്നു വിളിച്ചുപറഞ്ഞു. അപ്പോൾ തന്നെ വിഷ്ണുവിന്റെ അനുചരന്മാരായ നാലുസിദ്ധയോഗീന്ദ്രന്മാർ വന്നുചേർന്നു. കാലദൂതന്മാരോടു് എതിർത്തു് അജാമിളനെ കൈവിടീയ്ക്കുകയും ഉടൻ കാലകിങ്കരന്മാർ പരമധർമ്മം

ചോദിച്ചു മനസ്സിലാക്കി. അജാമിളനു മഹാവിഷ്ണുവിന്റെ രൂപം കാണാമെന്നായി എന്നു തന്നെയല്ല മരിയ്ക്കുന്നതിനു മുമ്പായി ഭഗവാനും ഉരിച്ചു. വിഷ്ണുദൂതന്മാരും നിർമ്മിച്ചു. അജാമിളൻ ശംഖചക്രഗദാപദ്മധാരിയായ വിഷ്ണുവിന്റെ രൂപത്തോടുകൂടി സ്ഥിതിചെയ്തു. അനന്തരം വിഷ്ണുപാർഷദന്മാർ വന്നു തേരിൽ കയറ്റി മഹാവിഷ്ണുവിന്റെ അടുക്കൽ കൊണ്ടുപോയി.

അജാമൂത്രം– ആട്ടിൻമൂത്രം. (മരുന്നിന് കോലാട്ടിൻമൂത്രം നന്ന്.)

ആട്ടിൻമൂത്രം മരുന്നിനു വിശേഷമാണ്. അരേണുകം, തിപ്പലി, രസോണം, ഇന്തുപ്പ് ഇവ ആട്ടിൻമൂത്രത്തിൽ അരച്ചു ചമച്ചു ഗുളിക കണ്ണിലെഴുതുക. രാക്കണ്ണു കാണാതെയും ശമിക്കും.

'അജാമൂത്രേണവാരേകഴഞ്ചി
കൃഷ്ണാസ്രോതോജ രജസന്ധരേവഃ'
(സഹസ്രയോഗം)

അജികാ-ചെറിയ പെണ്ണാട്.

അജിത-വി. ജയിക്കപ്പെടാത്ത, ആക്രമിയ്പ്പാൻ കഴിവില്ലാത്ത.

'ആസുരമസ്ത്രമയച്ചിതു സംഭ്രമാൻ
അജിതശരംമോചിച്ച വിഭീൻ'

അജിത-പ. മിറ്റം. ഉ. തുവരിമണ്ണ്.

അജിതൻ-പ. വിഷ്ണു. ഉ. ജയിക്കപ്പെടാത്തവൻ.

'വിഷ്ണുവപ്യജിതഃ' (അമരം)

കേരളവന്മാരിൽ ഒരുവനേയും ബുദ്ധമുനിയേയും അജിതൻഎന്നുപറയുന്നുണ്ട്.

അജിതാപീഡൻ-ഒരു രാജാവ്.

അജിനം-മാൻ മുതലായവയുടെ തോലിന്റെ പേർ. ക്ഷോപിക്കപ്പെടുന്നതുകൊണ്ട് ഈ പേർ സിദ്ധിച്ചു.

അജിനപത്രി, അജിനാപത്രി, അജിനപത്രിക-ആവലിന്റെ പേർ. നരിച്ചീർ, വാവൽ, വവ്വാൽ എന്നും മറ്റും കൂടി പറയുന്നുണ്ട്.

'ജതുകാജിനപത്രാസ്യാൽ
പരോഷ്ണീരൈലപായ്കി' (അമരം)

(ജതുക, അജിനപത്രി ഇവ ഉ-ം, ആവലിന്റെ പേർ. പരോഷ്ണി, രൈലപായികി ഇവ ഉ-ം, നരിച്ചീറിന്റെ പേർ. 'ജതുകം ജിനപത്രാസ്യാൽ പരോഷ്ണീ രൈലപായികം' എന്നും പാഠംകാണുന്നു. ഇവ ര-ം ആവലിന്റെ പേർ എന്നും അഭിപ്രായം ഉണ്ട്.) തോലിരുന്നപ്പോലെയുള്ള ചിറകുള്ളതുകൊണ്ട് ഈ പേരുണ്ടായി.

വാവൽ എന്ന പ്രാണിയെ 'രവം വ്വൽ' എന്നും 'കടവാതൽ' എന്നും കൂടി പറയുന്നുണ്ട്. ഇതു പക്ഷിജാതിയിൽ പെട്ടതല്ല. പക്ഷികൾക്കു പല്ലില്ലാ. വവ്വലിനു പല്ലുകളുണ്ട്. ഇതു തലകീഴായി തൂങ്ങിക്കിടക്കുന്നു. ഇതു ജീവനോടെ കുട്ടിയെ പ്രസവിച്ചു മുലകൊടുത്തു വളർത്തുന്നു. ഇതു പക്ഷികളിൽ നിന്നും ഇവയ്ക്കുള്ള വലിയ ഒരു അന്തരമാണ്. നരിച്ചീർ വാവലിന്റെ ജാതിയിൽ തന്നെ വകഭേദമാകുന്നു.

അജിനഭുക്കായനി മാൻ. ധ്യാനാസനമാക്കുന്ന അജിനമുള്ളതു എന്നു വ്യുൽപത്തി. (അജിനയോനികം = കൃഷ്ണസാരമൃഗികം, മാനിനെപ്പോലെയാകുന്നതിനു കാരണമാകയാൽ ഈ പേർ വന്നു).

അജിര-വി. വേഗമുള്ള

അജിര-പ. ദുർഗ്ഗാദേവി. ഉ. ഒരു നദി.

അജിരം-പ. അങ്കണം (അംഗണം), മിറ്റം, മനുഷ്യ മുതലായവയുടെ ചലിക്കുന്ന സ്ഥാനം, ഗമിയ്ക്കുന്നടം ഉ. ശബ്ദസ്പർശരൂപരസഗന്ധങ്ങളുണ്ടാകുന്ന വിഷയങ്ങൾ. ന. ശരീരം. ഴ ഒരുമാതിരി പുഞ്ചോറ്.

'അജിരം വിഷയകായേ' (അമരം)

അജിഹ്മ-വി. വളയാതിരിക്കുന്ന, വളഞ്ഞതല്ലാത്ത.

അജിഷ്മഗം-അമ്പ്. വളഞ്ഞു ഗമിക്കാത്തത് എന്ന വ്യുൽപത്തി. നേരെ പോകുന്നത്.

അജിഷ്മഗ-വി. വളഞ്ഞു ഗമിക്കാത്ത.

'ഋജ്വവജിഷ്മപ്രഗുണഃ' (അമരം)

ഋജു, അജിഷ്മ, പ്രഗുണം ഇവ ന-ം വളയോട്ടക്കുടാത്തതിന്റെ പേർ].

അജിഹ്മം-തവള. ഇതു അഗ്നിയെകോപിപ്പിക്കയാൽ അദ്ദേഹം ശപിച്ചു. അതുകൊണ്ട് ഇതിന നാവില്ലാതായി.

അജികവം-ശിവന്റെ വില്ല്.

അജീഗത്തം-പായ്.

അജീഗത്തൻ-ഋഗ്വേദത്തിലേ ഒരു ബ്രാഹ്മണൻ (ഋക്കി).

ശുനശ്ശേഫന്റെ അച്ഛനാണ്. ബലികഴിപ്പാൻവേണ്ടി ശുനശ്ശേഫനെ വിലയ്ക്കുകൊടുത്തു.

അജീത-വി. തളരാത്ത, ക്ഷീണിക്കാത്ത.

അജീതി. അഭിവൃദ്ധി, ക്ഷേമം.

അജീവ-വി. ജീവനില്ലാത്ത, ചത്തുപോയ.

അജീവന-വി. ജീവനത്തിന(കാലക്ഷേപത്തിന, ഇല്ലാത്ത.

അജീവനി-ജീവിച്ചിരിക്കായ്ക.

'അല്ലെ മൂഢ, നിനക്ക അജീവനി വേണ്ടേ' എന്നതിന്റെ അർത്ഥം നീ മരിക്കേണ്ട എന്നാകുന്നു. നിന്ദിച്ചുപറയുന്ന വാക്കിൽ അന്തർവിച്ഛിത്തിയില്ലാതെ ഈ ശബ്ദം പ്രയോഗിക്കുന്നത്. 'അകരണി' എന്നപോലെ നോക്കുക.

അജീവന-നാശം, മരണം.

അജീവം-മരണം, നാശം.

അജീർണ്ണ-വി. ദഹിക്കാത്ത, കേടുവരാത്ത

അജീർണ്ണകരം-ഉഴുന്ന്.

അജീർണ്ണജരണം-കാച്ചിലേം.

അജീർണ്ണം-പ. മറനാക്കുട്ട്. ര. ദഹനമില്ലായ്മ എന്ന രോഗത്തിന്റെ പേർ.

## അജീർണ്ണലക്ഷണം.

കഫം ഹേതുവായിട്ട ദഹിക്കാതെ കിടക്കുന്ന അന്നത്തിന ആമം എന്നും, വായു ഹേതുവായിട്ടുണ്ടാകുന്ന അജീർണ്ണത്തിന വിഷ്ടബ്ധം എന്നും, പിത്തം ഹേതുവായിട്ടുണ്ടാകുന്ന അജീർണ്ണത്തിന വിദഗ്ദ്ധം എന്നും പറയപ്പെടുന്നു. ആമം, വിദഗ്ദ്ധം, വിഷ്ടബ്ധം എന്നീ മൂന്ന അജീർണ്ണങ്ങൾക്കേ മോക്ഷസംബന്ധമുള്ളൂ. ന-ം അന്നത്തിൽനിന്ന ജനിക്കുന്നവയാണ്, ആഹാരരസത്തിങ്കൽ നിന്ന ജനിക്കുന്നതായി 'രസശേഷം' എന്ന രണ്ടണ്ണം. ഈ അജീർണ്ണത്തിന മോക്ഷസംബന്ധമില്ല. വയറുവീർക്കുക മുതലായ ഉപദ്രവങ്ങളോടുകൂടി ഒരുദിവസം മുഴുവനും കൊണ്ടു ആഹാരം ദഹിക്കുന്നതിനായി ഒരു അജീർണ്ണമുള്ളതിനെ അഞ്ചാമതായി ഗണിക്കാറുണ്ട്. വയറുവീർപ്പ് എന്നിതുമുതൽ ഉപദ്രവങ്ങളൊന്നും കൂടാതെ ഒരു പകൽ കൊണ്ടു ആഹാരം ദഹിക്കുന്നത് ആറാമതായ അജീർണ്ണമെന്ന പറയുന്നു. ക്ഷണം കഴിഞ്ഞാൽ ഉടൻ തന്നെ നടക്കണം. തദനന്തരം ഇടത്തുഭാഗം ചെരിഞ്ഞു കിടക്കണം. മനസ്സിന സന്തോഷത്തെ ചെയ്യുന്ന ശബ്ദസ്പർശരസഗന്ധങ്ങളെ സേവിക്കണം. രക്ഷിച്ചു അന്നം ദഹിക്കുന്നതിന മേൽപ്പറഞ്ഞവ നല്ല മാർഗ്ഗങ്ങളാകുന്നു.

'ലഘുചാപ്യശതംശുദ്ധം
വമേച്ചാർശോനസംവിശേൽ
ശബ്ദസ്പർശരസസ്പർശ
ഗന്ധംശ്ചമനസഃപ്രിയാൻ
ലഘുവാന്നമുപസേവേത
തേനാന്നംസാധുരിഷ്യതി'

(സുശ്രുതം)

അധികമായി ജലപാനം ചെയ്ക, സമയംതെറ്റി ആഹാരം കഴിക്ക, മലമൂത്രാദിവേഗങ്ങളെ തടുക്കുക, പകൽ ഉറങ്ങുക മുതലായവയത്രേ അജീർണ്ണത്തിനുള്ള പ്രധാന കാരണങ്ങൾ.

'അത്യംബുപാനാദജിക്ഷമാശനാച്ച
സന്ധാരണാൽസപ്ലവിപര്യയാച്ച
കാലേപിസാത്മ്യേലഘുചാപിഭുക്ത
മന്നംനപാകംജരതേനരസ്യ.'

(മാധവനിദാനം)

അജ്ഞുഷ്ടി-ഇട്ടുംഭേദം ഉണ്ടാകുക, അതുപ്തി തോന്നുക, സുഖാനുഭവം ഇല്ലായ്ക.

അജേയ-വി. ജേയം (ജയിക്കത്തക്കതു്) അല്ലാത്ത, ജയിക്കപ്പെടുവാൻകഴിയാത്ത.

അജൈത്ര-വി. അജൈത്രം (ജയശീലം) അല്ലാത്ത, ജയിക്കത്തക്കതല്ലാത്ത.

അജോഷ്ട-വി. തൃപ്തിയുണ്ടാകാത്ത, മാശ്യമില്ലാത്ത, സുഖമില്ലാത്ത.

അജ്ഞക-വേശ്യ (ഗണിക, ഭാസി)

'നാട്യേകൈകേ' എന്നുള്ളതിനാൽ ഇവിടെയും നാട്യേകൈയിലാണ പ്രയോഗിക്കേണ്ടതു്.

അജ്ഞകശബ്ദവും നാട്യേകൈയിലല്ലാതെയും പ്രയോഗം.

'ഗണികാപ്രഭൃതിവേശ്യാ
ഭേദക്കാരിണുനാട്യൈകദേശജാതാ
പ്രോക്താഞ്ജകാനാട്യേ
ഗണികായാമേവനാന്യത്ര'

(മേദിനി)

അജ്ഞുഡ-കിഴുകാനെല്ലി. കീഴാനെല്ലി എന്നും പറയുന്നുണ്ടു്. ആശ്വത്ഥനകരമായ സംഘാതത്തോടുകൂടിയതു്.

അജ്ഞുഡാദി-ഒരു തൈലം.

കിഴുകാനെല്ലി, വെപ്പിൻതൊലി, കരിനൊച്ചി ഇവറ്റിൻനീരും വാട്ടമെഴുതും കൽക്കവും. ഈ തൈലം മൊഴുരോഗം ശമിപ്പിക്കും; വ്രണങ്ങളെ വ്യാധികരിക്കുന്നതു്.

അജ്ഞുഡനിംബനിർഗ്ഗുണ്ഡീ
സ്വരസേനവിപാചിതാ
നിശാകല്ക്കയുതം തൈലം
മഹൽഗുരോഗവിനാശനം.

(സഹസ്രയോഗം)

അജ്ഞത-വി. അറിവില്ലാത്ത, മൂഢബുദ്ധിയായ.

'അജ്ഞോമൂഢോയഥാജാതോ മൂഢഃവെദേയബാലിശഃ' (അമരം)

[അജ്ഞൻ, മൂഢൻ, യഥാജാതൻ, മൂഢൻ, വൈദേയൻ, ബാലിശൻ ഇവയും മൂഢന്റെ പേർ.]

'അജ്ഞതയെച്ചെയ്യുമപരാജ്ഞനായുള്ളോരാൻ'

(കൃഷ്ണഗാഥ)

അജ്ഞക-മൂഢസ്ത്രീ.

അജ്ഞത്വം-ഭോഷത്വം.

അജ്ഞാത-വി. ജ്ഞാതം (അറിയപ്പെട്ടതു്) അല്ലാത്ത.

അജ്ഞാതചര്യ-അജ്ഞാതവാസം. അറിയാതെയുള്ള പാർപ്പു്.

അജ്ഞാതവാസം-അറിയാതെയുള്ള പാർപ്പു്.

കൗരവന്മാർ കള്ളച്ചൂതു ചതുരുപായങ്ങളെ പ്രയോഗിച്ചു പാണ്ഡവരെ ജയിക്കയും പന്ത്രണ്ടു സംവത്സരം വനവാസവും ഒരു സംവത്സരം അജ്ഞാതവാസവും അവർക്കു ശിക്ഷയായി കല്പിക്കയും ചെയ്തു. വനവാസം കഴിഞ്ഞതിൽ പിന്നെ പാണ്ഡവർ വേഷപ്രച്ഛന്നരായി ഒരു വർഷം വിരാടപുരത്തിലാണു കഴിച്ചുകൂട്ടിയതു. ഇപ്രകാരം അറിയാതെ ചെയ്ത വാസത്തിനു് (പാർപ്പിനു്) അജ്ഞാതവാസം എന്നു പറയുന്നു.

'അജ്ഞാനമെല്ലാമകലെക്കളഞ്ഞാത്മ
വിജ്ഞാനികളായ ധർമ്മജന്മദികൾ
ആയുധമൊക്കെയുമീവൃക്ഷത്തിന്മേൽവ-
ച്ചായതനേത്രയം കൃഷ്ണയും തങ്ങളും
ഛന്നമായുള്ളൊരു നാമവേഷത്തോടും
ചെന്നു വിരാടപുരിയിലകംപുക്ക്'
(ഭാരതം)

ഈ കഥാവസ്തു അടങ്ങിയതിനാൽ ഈ പേരോടുകൂടിയ ഒരു മോഹനാടകവുണ്ട്.

അജ്ഞാനം-ജ്ഞാനം (അറിവ്) ഇല്ലായ്മ. ജ്ഞാനസമ്പാദനത്തിൽ നശിക്കുന്നത്.
'അജ്ഞാനമവിദ്യാഹമ്മതിസ്ത്രിയാം' അമര.
[അജ്ഞാനം, അവിദ്യ, അഹമ്മതി ഇവ സ.—ം അജ്ഞാനത്തിന്റെ പേർ]

അജ്ഞാനി-അറിവില്ലാത്തവൻ.
'അജ്ഞാനം കൊണ്ടുമല്ലമത്സരംകൊണ്ടുമല്ല
വിജ്ഞാനമുള്ളജനംകേൾക്കണമെന്റവാ
[കൃ.ം
അജ്ഞാനിശിവനിവനെത്രയുമതിനിചൻ
വിജ്ഞാനമുണ്ടെന്നുള്ളതുള്ളിലേയുള്ളുനൂനം'
(രുക്മിണീസ്വയംവരം തുള്ളൽ)

അജ്ഞേയ-വി. അജ്ഞേയം (അറിയേണ്ടതു) അല്ലാത്ത.

അഞ്ചെട്ടി-ഒരുവിധം പാട്ട്.

അഞ്ചതി-പ്ര. കാര്യം. ഉ. അഗ്നി.

അഞ്ചനം-അഞ്ജനം, അഞ്ചനം എന്നു പണ്ടു ചെറുശ്ശേരി മുതലായവർ പ്രയോഗിച്ചിട്ടുണ്ട്. ഇപ്പോൾ ഈ പ്രയോഗം നടപ്പില്ല.

അഞ്ചം-ഒരുമാതിരി ചെറിയ കിണ്ണൻ പാത്രം.

അഞ്ചമ്പൻ-കാമദേവൻ. അഞ്ചു അമ്പുള്ളവൻ.
അഞ്ചും പുഷ്പങ്ങളാണ്. പ്ര. അരവിന്ദം (താമരപ്പൂവ്). ഉ. അശോകം (അശോകപ്പൂവ്). സ. ചൂതം (മാമ്പൂവ്), ര. നവമാലിക (പിച്ചകപ്പൂവ്) നവമല്ലിക എന്നും പാഠമുണ്ട്. ല. നീലോല്പലം (കരിങ്കുവളപ്പൂവ്) ഇവ ല—ം കാമദേവന്റെ അസ്ത്രങ്ങളാണ് പഞ്ചബാണശബ്ദം നോക്കുക.

അഞ്ചൽ-ഒരു മിക്കിൽനിന്നു മറ്റൊരു മിക്കിലേയ്ക്ക് എഴുത്തുകളും പണവും സാധനങ്ങളും മറ്റും കൊണ്ടുപോകുക ഇതു സർക്കാർ ഏർപ്പാടാണ്. ഇതിലേക്കു സർക്കാരിൽനിന്ന് ഏർപ്പെടുത്തീട്ടുള്ള കായ്യോഗത്തിന് അഞ്ചലാഫീസ് എന്നു പേർ.

അഞ്ചലം-അറം.
'പഞ്ചലമേവുമഖിലമകന്നുക-
രാഞ്ചലയുശളം മകളിതമാക്കി'
(കിരാതം തുള്ളൽ)
'അതുപൊഴുതുപവനതനയനെയുമവരാദരി-
ച്ചാലിംഗ്യശാന്തമാ
ത്മാബ്ജബാലാഞ്ചലം'
(അദ്ധ്യാത്മരാമായണം)

അഞ്ചാതെ—പ്ര. കലുക്കംകൂടാതെ. ഉ. പേടിക്കാതെ.
'പഞ്ചശരൻതന്റെ പഞ്ചശരങ്ങളെ
അഞ്ചാതെ കൈയിലാക്കിവന്നു'
(രുക്മിണീസ്വയംവരം തുള്ളൽ)

അഞ്ചാൻ-ഒരുമൂവ്.

അഞ്ചാംപനി-പൊങ്ങൻപനി. വസൂരിസംബന്ധിച്ചുണ്ടാകുന്നതാണ്. ശരീരത്തിൽ തടിപ്പുണ്ടായിരിക്കും.

അഞ്ചാംപുര വ്യഭിചാരദോഷം മൂലമുണ്ടാകുന്ന ബ്രാഹ്മണസ്ത്രീകളെ, അതുനിമിത്തം പുറത്താക്കപ്പെട്ടുന്നവരെ താമസിപ്പിക്കുന്ന സ്ഥലം (ഗൃഹം)

അഞ്ചായുധൻ-കാമദേവൻ. അഞ്ചു ആയുധമുള്ളവനാകുന്നു ഇച്ചാരം പറയുന്നു. (അഞ്ചമ്പൻ എന്ന ശബ്ദം നോക്കുക).

'അഞ്ചിതനഞ്ജനമാത്ര നമുക്ക-
ഞ്ചായുധനെക്കാളും വിജയന്മാർ'
(ക്ഷേത്രക്ഷയം തുള്ളൽ)

അഞ്ചിത-വി. ക. പൂജിക്കപ്പെട്ട ഉ. മനോഹരമായ. സ്ത്രീ. തോറ്റത്തു. ഭ. വളഞ്ഞതു.

'അഞ്ചുപൂജനെ' എന്നുള്ളതിനാൽ ഈ ധാതുവിനു പൂജിയ്ക്കുക എന്നുള്ള അർത്ഥം സ്പഷ്ടം. അഞ്ചു എന്ന ധാതുവിനു പൂജിക്കുക എന്നും ഗമിക്കുക എന്നും അർത്ഥമുള്ള പ്രകാരവും കാണുന്നുണ്ട്.

'പൂജിതേഞ്ചിതഃ (പൂജിതേച്ഛിതഃ)' എന്നമരമുള്ളതിനാൽ പൂജിക്കപ്പെട്ടതു് എന്നതുതന്നെയാണു് പ്രധാനമായഅർത്ഥം

'വഞ്ചിമഹീപതി വരകുലശേഖര-
നഞ്ചിതവിമലമഹാഗുണസഞ്ചയ
സഞ്ചിതനാകിന സകലജനേശന-
മഞ്ചിതധനമനകുലബലശാലി'
(പ്രമോഷമാഹാത്മ്യം തുള്ളൽ)

അഞ്ചു്—എന്നതിനു ക. വളയുക, പുതുകുക. ഉ. പോവുക, അനങ്ങുക. സ. ഭജിക്ക, ഭക്തനാക്കുക, പൂജിക്ക. ഭ. വന്ദിക്ക ങ. അപേക്ഷിക്ക. ഞ ആഗ്രഹിക്ക. ഠ. ദേഹമുഴുക്കുക എന്നീ അർത്ഥങ്ങളും ഉള്ള പ്രകാരവും രേഖപ്പെടുത്തിയിരിക്കുന്നുണ്ട്.

അഞ്ചിതട്ടു-മനോഹരമായ പുരികമുള്ളവൾ, വളഞ്ഞ പുരികമുള്ളവൾ.

അഞ്ചുക-ക. ഭയപ്പെടുക. (അഞ്ചി=ഭയപ്പെട്ടു).

'ചീരനാമുറച്ചുകരവഴിപിഴകണ്ടഞ്ചി'
(രാമചരിതം)

ഉ. ലജ്ജിക്കുക.

അഞ്ചുകുങ്കു്-ചിറയിൻകീഴ് താലൂക്കിലുള്ള സ്ത്രീകൾക്ക് സ്ഥലം.

അഞ്ചുവണ്ണം-കറുപ്പു്, വെളുപ്പു്, ചുവപ്പു്, പച്ച, മഞ്ഞ ഇവ ഭേദം.

അഞ്ജനൻ-ക. പരിഞ്ഞാറേ ദിക്കിലെ കരിമ്പാമ്പു, മഷിപോലെ നിറമുള്ളതു്, ഭംഗിയായി ഗമിക്കുന്നതു്, പ്രകാശിക്കുന്നതു് എന്നു വ്യുൽപത്തി. കർഷകലത്തിലേ ഒരു സപ്പം. ഇതിനു് അനേകം തലകളും ഉണ്ടു്.

അഞ്ജനഭൃതി-മഷിയുടെ നിറം പോലെയുള്ള ശോഭ.

'വസനാമേണനഞ്ജിനമഞ്ജനഭൃതിഃ'
(മാഘം)

അഞ്ജനം-ക. മഷി. ഉ. ഒരുവീരാഞ്ജനം, രസാഞ്ജനം, സ്രോതോഞ്ജനം ഇവ മൂന്നും. സ. ഒരു പർവ്വതം. ഭ. ഒരുതരം ഔഷധി. ങ. ഒരു നേത്രരോഗം.

അഞ്ജനകേശി-ക. പവിഴക്കൊടി. അഞ്ജനവർണ്ണമായ കേശമുള്ളതുകൊണ്ടു് ഈ പേർ സിദ്ധിച്ചു. (പഴുയെങ്ങൾക്കു പവിഴക്കൊടി നോക്കുക). ഉ. നളിനാമലകം എന്ന ശബ്ദതാരാവലി. സ. കറുത്ത തിരുതാളി.

അഞ്ജനക്കല്ലു-ഒരുവക കറുത്ത ഉരക്കുകല്ലു്.

അഞ്ജനക്കുന്നു-അഞ്ജനപർവ്വതം.

'അഞ്ജനക്കുന്നിന്മേൽനിന്നുവീണുള്ള
കഞ്ജമനോഹരമെന്നുപോലെ'
(കൃഷ്ണഗാഥ)

അഞ്ജനശൈലം-അഞ്ജനപർവ്വതം.

'അഞ്ജനശൈലംപോലെശരീരവു-
മത്തജീവനഖമുഖവും കണ്ടാൽ'
(കുചേലവൃത്തം തുള്ളൽ)

അഞ്ജനവർണ്ണൻ-ക. വിഷ്ണു. ഉ. കൃഷ്ണൻ (കറുത്ത നിറമുള്ളവൻ).

'അഞ്ജനവർണ്ണനുകാണുമാഗ്രഹ-
മധികമതുണ്ടെന്നറികയിതെന്നിൽ'
(രാമനൈഷധചരിതം തുള്ളൽ)

അഞ്ജനശലാക-മഷി പിരളി ഉപയോഗിക്കുന്ന ചെറിയ കമ്പു് (ഓപ്താൽമിക്.)

അഞ്ജന-ഹനുമാന്റെ അമ്മ.

അഞ്ജന എന്ന ഈ വാനരസ്ത്രീ പൂയു പുഞ്ജികസ്ഥലി എന്ന ഒരു അപ്സരസ്ത്രീയായിരുന്നു. ശാപം നിമിത്തമാണ് വാനരസ്ത്രീയായ് ഭവിച്ചതു്. അഞ്ജനയുടെ പിതാവിനെ കുഞ്ജരൻഎന്നും ഭർത്താവിനെ കേസരി എന്നും വിളിക്കുന്നു. ഹനുമാനെ പ്രസവിച്ചതു് ഈ അഞ്ജനയാണ്. എന്നാൽ പിതാവു് വായു ആകുന്നു ഹനുമാൻ ശ്രീപരമേശ്വരന്റെ ബീജം കൊണ്ടുണ്ടായി എന്നുള്ളതിനും മറ്റും ഹനുമദ്വൃത്തം നോക്കുക.

അഞ്ജനാദ്രി-അഞ്ജനപർവ്വതം.

അഞ്ജനനാമിക-ഒരു നേത്രരോഗം.

ഇതിനു പോകയിൽ കൃഷ്ണവർണ്ണമാകും. ചെറുതായിരിക്കും. പൂട്ടം കഞ്ഞലും കാണും. ചൊമ്പിച്ചും നേത്രമിരിക്കും. അല്പമായ വേദനയും നേരിട്ടും. ഇതു നേത്രവർത്മഗതരോഗമാണ്.

'മഹതോദവതീവൃത്തൗ
പിടികാവർത്മസംശ്രയൗ
മൃദുനീരുജമസ്യുക്ഷ്ണം
ജ്ഞേയമഞ്ജനനാമികാ'

(മാധവനിദാനം)

അഞ്ജനാതനയൻ-ഹനുമാൻ. അഞ്ജനയുടെ തനയൻ (പുത്രൻ)

അഞ്ജന എന്ന ശബ്ദത്തോടുകൂടി ആത്മജൻ, സുതൻ, നന്ദനൻ, സൂനു, തനയൻ എന്നിപ്രകാരം പുത്രൻ എന്ന അർത്ഥത്തെ കുറിക്കുന്ന ശബ്ദങ്ങളുംചേർന്നാൽ ഹനുമാൻ എന്നർത്ഥം വരും.

അഞ്ജനാംബുസ്സ്-കണ്ണുനീർ.

അഞ്ജനാവതി-കിഷ്കിന്ധാ, വടക്കു കേരളികപാലകന്റെ ആനയായ സുപ്രതീകന്റെ പിടിയാന. മതംപോലെ നിറമുള്ളതു്. അഞ്ജനപർവ്വതംപോലെ ഇരിക്കുന്നതു് എന്നു വ്യുൽപത്തി.

അഞ്ജനി-കടുരോഹിണി.

അഞ്ജനിക-പ. ഒരുമാതിരി പുൽച്ചാടി. ഉ. സുപ്രതീകൻഎന്ന ആനയുടെ പിടി. ന. വേലപ്പാഠത്തിൽ അട്ടക്കുപിടിക്കുക.

അഞ്ജലി-പ. തൊഴുകൈ, കൂപ്പുകൈ. രണ്ടുകൈയുംകൂട്ടി തൊഴുതുപിടിച്ചതു്. രണ്ടുകൈയും കൂട്ടി വെള്ളം കൊള്ളുന്നതിനു വണ്ണം പിടിച്ചതു്.

'ചിന്മയനായ ശിവനെ നാരായണനെ
അഞ്ജലികൊണ്ടുസേവിച്ചീടുന്നിവർകളും'

(ഭാഗവതം)

'അഞ്ജലിക്കുപ്പിയുണ്ടാക്കിച്ചെന്നുടൻ
നഞ്ജനതന്നുടെമകനുടെവചനം'

(രാമായണചരിതം പുള്ളുപ്പാട്ട്)

ഉ. വെള്ളം എടുക്കുവാനുപയോഗിക്കുന്ന ഒരു പാത്രം. ന. ഇരുപത്തിനാലു അംഗുലംനീളമുള്ള ആശൗചമുഴക്കോലിന്റെ പേർ. ര. എല്ലുവിരലും നീട്ടിച്ചിട്ടിച്ചു കൈപ്പടത്തോടുകൂടിയ കൈത്തണ്ടിന്റെ പേർ. ഇ. ൨ പലം = ഒരു പ്രസൃതം, ൨ പ്രസൃതം = ഒരഞ്ജലി. ഇതിനു കുടുംബം എന്നും പറയും.

അഞ്ജലിക-ചെറിയ പുൽച്ചാടി.

അഞ്ജലികം-അർജ്ജുനന്റെ ഒരു അസ്ത്രത്തിന്റെ പേർ.

അഞ്ജലികാരിക-പ. തീണ്ടാനാഴി (തീണ്ടാനാവി, മുക്കറി). ഉ. ഒരുതരം വാടി.

അഞ്ജലിബന്ധം — രണ്ടുകൈയുംകൂട്ടി തൊഴുതുപിടിക്കുക.

അഞ്ജസാ-വേഗത്തിൽ, ഉടനെ

'ഡംഭോരുതവാശു ക്ഷമാഹരാവ
ശംഭോരി വരുകപോർ നഞ്ജസാ'

(ശ്രീകൃഷ്ണചരിതം)

അഞ്ജീര(ക ം-അഞ്ജീർ. ശീമഅത്തിപ്പഴം.

അഞ്ജീർ-അഞ്ജീർ, (തമിഴിൽ ചീരമെ അത്തിപ്പഴം).

അഞ്ഞായം-അന്യായം. അഞ്ഞായം എന്ന ഇപ്പോൾ പറയാറില്ല.

അട (ഡാ) വഴിമറയ്ക്കുക.

അട-പ. ഒരുപലഹാരം (അപ്പം). ക. സഞ്ചാരം, ഭിക്ഷാർത്ഥമായും മറ്റും അവിടവിടെ സഞ്ചരിക്കുക.

'പ്രത്യാടാട്യാപയ്യടനം' അമരം.

[പ്രത്യാ, അടാ, അട്യാ, പയ്യടനം ഇവ ര-ം, പയ്യടനത്തിന്റെ പേർ.] പയ്യടനം-എല്ലാ പ്രദേശങ്ങളിലുമുള്ള നടപ്പ്. അടാട്യാ എന്ന സമസ്തമായും കൂടെ നടന്നു. 'അടാപയ്യടനം ക്രമേ' എന്ന രത്നകോശത്തെയും 'പൃഥട്യേഖലുസംതസ്യ' എന്ന പ്രയോഗത്തെയും അനുസരിച്ചു മഹേശ്വരടീക അടാ അട്യാ എന്നിവയെ പദമാക്കി പ്രതിപാദിക്കുന്നു.

ന. താഴ് (പൂട്ട്). ര. വിളക്ക്.

അടകല്ല്-പ. അടയ്ക്കുന്ന കല്ല്. ക. ലോഹങ്ങൾവച്ച് അടിച്ചുപണിയുന്ന ഉരുക്കുകട്ടി.

അടക്കളം-രക്ഷാസ്ഥലം, രക്ഷ, ആശ്രയം.

അടക്കാവ്-പ. ഉക്കേരികിൽ, അടുക്കളക്കരികിൽ, അടക്കാപ്പക്ഷി. ക. രക്ഷാസ്ഥലം.

അടക്കം-പ. ക്ഷമ.

'ഒപരികരുതടക്കമിക്കാലമെന്നിങ്ങനെ'

(രാമചരിതം)

ക. വിനയം.

അടങ്കിയങ്ങുചന്നരചനെരുത്തുഴുചെല്ലുമുടങ്കിനൻപിടിഴണനണനുയരെല്ലാം'

(രാമചരിതം)

ന. രഹസ്യം.

ചാരിയായിതെൻറുമടക്കമായവർകരുചൊ

(രാമചരിതം) [ല്ലിനാൽ'

ര. സംസ്കാരം, ശവം അടക്കുക. ഇ. മൂഢൻ.

'പളുകപറന്നടക്കുംമുടിക്കം
ഒവൻറിവിളുന്തിരിക്കും'

(രാമചരിതം)

ന. കീഴടക്കുക. ര. അപഹരിക്കുക. വ. ഒതുക്കം.

അടങ്ങുക-പ. സമാധാനപ്പെടുക. ക. ചേരുക. ന. കൊള്ളുക. ര. താഴുക.

അടങ്കൽ-പ. ഒരു പണിവകയ്ക്ക് ആകപ്പാടെ നിശ്ചയിക്കുന്ന ചെലവുതുക. ക. മൂഢൻ.

അടഞ്ഞുന്ന-പിഴുന്ന, മുറിച്ചുട്ടുകുന്ന, വെട്ടിക്കുട്ടുകുന്ന.

അടച്ചുപാറി-അടപലക.

അടച്ചൂറി-അടപ്പ്, അടയ്ക്കുന്നപലക.

അടനം-സഞ്ചാരം, ചുറ്റിത്തിരിയുക. അടന എന്ന ശബ്ദം നോക്കുക.

അടന-യാചിക്കുക.

'യാച്ഞാഭിക്ഷാടനാർത്ഥനാ' (അമരം)

[യാച്ഞാ, ഭിക്ഷാ, അടന, അർത്ഥനാ ര-ം, യാചിക്ക എന്നതിൻറെപേർ]

അടനി-വില്ലിൻറെ തല, വില്ലിൻറെ അറ്റം, വില്ലിൻറെ അഗ്രം. തൊണ്ട ഇതിനെ പ്രയോഗിക്കുന്നതിനാൽ ഇപ്രകാരം പേർവന്നു.

അടന്ത-ഒരു താളം.

അടപതിയൻ-ഒരു പച്ചമരുന്ന്.

ഇതിനെ അടപതിയൻ, അടക്കപതിയൻ, അടവതിയൻ ഇങ്ങനെ പലവിധം പറയുന്നു.

'ജീവന്തീജീവനീജീവാജീവനീയധുസ്രവാ' അമരം.

[ജീവന്തി, ജീവനി, ജീവ, ജീവനീയ, മധുസ്രവ ഇവ അടപതിയൻറെ പേരുകളത്രേ. മധു, സ്രവ എന്നിവയ്ക്കും പാഠമുണ്ട്.]

'ജീവന്തിസ്യുഃജീവനീജീവനീയ
ജീവജീവ്യാജീവകാജീവിരോക്ഷി'

ശാകശ്രേഷ്ഠജീവകഋഷഭോ
മംഗല്യചക്ഷുർജീവകയേശസ്യം
സ്തംഭീജീവപുഷ്പഫലം
കാഞ്ജികശശശിംബികം
സുപിംഗളേതിജീവന്തീ
ജ്ഞേയ അഷ്ടംഭശമിധം'

അടപതിയൻറെ ഇല പുഴുങ്ങിത്തിന്നാൽ രക്തസ്രാവം ശമിക്കും. ഓജസ്സിനെ വർദ്ധിപ്പിക്കും. ദേഹപുഷ്ടിയെ ചെയ്യും. ഒച്ച നന്നാക്കും. ശ്രുതബുദ്ധിതരണ്ട്. ശുക്ലത്തെ അധികമാക്കും. കയർപ്പുനശമനത്തെ അധികകാലം നിലനിർത്തും. കണ്ണിന് ഹിതമാണ്. സകല ദോഷങ്ങളേയും ഇല്ലാതാക്കും. രസം മധുരവും വീര്യം ശീതവുമാണ്. [യനീ 'ജീവനീയുംഹരിണീകണ്വാഗ്രവീര്യരസം ചക്ഷുഷ്യാസർവ്വദോഷഘ്നീജീവന്തീമധുരംഹി (അഷ്ടാംഗഹൃദയം) [മം'

അടപലക-പ കഞ്ഞിയും ചോറും വേർതിരിപ്പാൻ ഉപയോഗിക്കുന്ന പാത്രം.

പാത്രത്തിൻറെ വക്കിൽ ഈ പലക വച്ചാണ് വാർക്കുന്നത്. ചിലേടത്തു ചുറ്റിലുമായി എന്നും പറയുന്നു. പിച്ചളകൊണ്ടു ഈയിട ചിലതു കാണുന്നുണ്ട്. അതിനെ ചിപ്പിലി എന്നു വിളിക്കുന്നു. ഇതു് അരിവടിക്കുന്നതിനും ചോറു വിളമ്പുന്നതിനും ഉപയോഗിക്കുന്നു. ചോറു വിളമ്പുന്നതിൽ ചോറും കാണുകയില്ല.

അടമ്പു്-ഒരുവക വള്ളി അടയു് എന്നു ചിലമിക്കിൽ പറയുന്നു.

അടപ്പു്-പ. അടയ്ക്കുന്ന സാധനം, മരണിയും കപ്പിയും മറ്റും തുറന്നുകിടക്കാതെ മൂടിവയ്ക്കുന്നതിനുള്ള വസ്തു. ഉ. അടയ്ക്കുന്ന സ്ഥിതി.

അടപ്പൻ, അടപ്പം-പ. തവ (വണ്ണം) ഇട്ടുവയ്ക്കുന്ന പാത്രം. ഉ. ഭരണിയുടെ പാക്ക മുതലായവ ഇട്ടുവയ്ക്കുന്ന സഞ്ചി. ന. ക്ഷുരകന്മാർ കത്തിയും മറ്റും ഇട്ടു സൂക്ഷിക്കുന്ന ഉറ.

അടപ്പാംകുരു-കണ്ണകാഠികരോഗത്തിനുള്ള ഒരു വ്യാധി.

[ഇതു പകരുന്നതാണ്. മൂത്രങ്ങളിൽ നിന്നു മനുഷ്യർക്കു പകരും. ഞരമ്പുകളേയും കരിരകളേയും നശിപ്പിക്കുന്ന അസംഖ്യരോഗമാണ്. ഇതിനെ പ. സന്നിപാതോദ്ഭവഗ്രന്ഥി, ഉ. നൊണ്ടിവീക്കം. ന. ശംഖപിടകം. ഴ. ബ്യൂബ്ക്സി. ഇ. വിക്ഷുചരം. ണ. രാജകരം ഇങ്ങിനെ പരാമർശിച്ചിരിക്കുന്നു.]

അടപ്പുക്കാരൻ-ഓവറിലും പാക്കും എടുത്തുകൊടുക്കുന്ന വേലക്കാരൻ.

അടപ്രഥമൻ-ഒരു മധുരക്കറി.

പഴപ്രഥമൻ, പരിപ്പുപ്രഥമൻ, ചക്കപ്രഥമൻ, കടലപ്രഥമൻ, അവൽപ്രഥമൻ, പാൽപ്രഥമൻ, ശർക്കരയുപ്രഥമൻ, ചവ്വരിപ്രഥമൻ ഇത്യാദി പലവിധമുണ്ട്. ചേന, മത്തങ്ങ, ശീമച്ചക്ക, ഉരുളക്കിഴങ്ങു മുതലായ കാരണങ്ങൾകൊണ്ടും ഇയ്യിട പ്രഥമൻ ഉണ്ടാക്കാറുണ്ട്. ഇയ്യിട അമേരിക്കൻമാവുകൊണ്ടാണ് അധികമായി അടപ്രഥമൻ പാകംചെയ്തു കാണുന്നതു്.

അടമഴ-ഇടവിടാതെയുള്ള വർഷം.

അടമാങ്ങ-നല്ലവിളഞ്ഞ പച്ചമാങ്ങ നന്നാക്കി ഉപ്പുംഇട്ടു വയ്ക്കുകയും, ഉപ്പുപിടിക്കുമ്പോൾ ഭരണിയിലിട്ടു് ഉണക്കുകയും ചെയ്യുന്നു. ഇങ്ങിനെ ഒട്ടുക്കുന്ന മാങ്ങയ്ക്കു് അടമാങ്ങ എന്നു പേർ.

അടമാനം-പ. അടയ്ക്കുന്ന സാധനം. ഉ. ഇട്ടേ (പണയം). ന. മറ്റേയം.

അടമാറി-ഞാറടി (അതു വലിയുന്ന ചെറിയ വയൽ. ഇതിനെ ചില ദേശങ്ങളിൽ പള്ളിത്തായൽ, പള്ളിയാം, പള്ളിയാടി, പള്ളിമെത്തായൽ ഇങ്ങിനെ പലവിധം പറയുന്നു. ഉ. ഭൂമിയുടെ നിരപ്പില്ലായ്മ.

അടയ, അടയെ-മുഴുവൻ, എല്ലാം.
'പൊരുതുപാർത്ഥനെക്കൊലചെയ്തപോരിൽ
പൊരുതവനുള്ളതടയനൽകുവൻ'
(ഭാരതം)

അടയർ-ശത്രുക്കൾ.

അടയലർ-ശത്രുക്കൾ.

അടയാളം-വ്യത്യാസം അറിയിപ്പാനുള്ള ലക്ഷ്യം, പദാർത്ഥത്തെ കാണിച്ചുതരുന്നത്.
'കളങ്കാങ്കലാഞ്ഛനഞ്ച
ചിഹ്നംലക്ഷ്യലക്ഷണം' (അമരം)
[കളങ്കം, അംകം, ലാഞ്ഛനം, ചിഹ്നം, ലക്ഷ്യ, ലക്ഷണം ഇവ നു ം, അടയാളത്തിൻറ പേർ. ലക്ഷണം എന്നതിനു ലക്ഷ്യണം എന്നും പറയാം].

അടയാളവാക്ക്-അടയാളത്തെ പ്രദർശിപ്പിക്കുന്ന വാക്ക്.
'എന്നുടെകാര്യത്തിനോക്കിൽപ്രമാണംനീ
യെന്നിയേ മറ്റാരുമില്ലെന്ന നിശ്ചയം
പിന്നെ'അടയാളവാക്ക്'മതമാംചെയ്ത
മന്നവൻപോയശേഷമെന്നയച്ചീടിനാൻ'
എന്ന് അദ്ധ്യാത്മരാമായണത്തിൽ പറയുന്ന * അടയാളവാക്ക് ഒരു ഉദാഹരണമാകുന്നു. ഇതു ശ്രീരാമൻ ഹനുമാനോടു പറഞ്ഞയച്ചതാണല്ലൊ.
* പഞ്ചവടിയിൽവച്ച് 'രാവണൻവന്നു നിന്നെകൊണ്ടുപോകും; അതുകൊണ്ടു നീ അഗ്നിയിൽ മറഞ്ഞിരിക്കണം; മായാസീതയെ ആശ്രമത്തിൽനിറുത്തണം' എന്നു ശ്രീരാമൻ സീതയോടുപറഞ്ഞിരുന്നു.

അടയ്ക്കുക-ക്രി. നിറയ്ക്കുക, മൂടുക.
'ചെകിടേതുരോധമും വരുത്തുക്കും'
(ഭാരതം)
ക. പ്രവേശിക്കുക, ചേരുക.

അടയ്ക്കം-പാക്ക്, കവുങ്ങിൻറ കായ്.
പൂഗസ്തുചിക്കണീചിക്കം
ചിക്കണംശ്രീഷ്ക്കണകംതഥാ
ഉദ്ദേശംക്രമുകഫലം
ദ്വേജ്ഞേയംപൂഗഫലംവസു'
എന്നു അമരസിംഹന്റെ പര്യായങ്ങൾ. വെറ്റിലയ്ക്കുമുമ്പായി അടയ്ക്ക തിന്നരുത്. അങ്ങിനെ തിന്നുന്നവൻ ബുദ്ധിയില്ലാത്തവനും ഭോഗനാശകനും. മരണകാലത്തു് ഈശ്വരസ്മരണയും ഉണ്ടാകയില്ല.
അനിധായമുഖപ്രക്ഷാളനംപൂഗഖാദനമേതന്മതിഭ്രംശാദരിദ്രസ്യാമരന്തെസ്മരതിനോഹരിം
എന്ന പ്രമാണം.

അടയ്ക്കാക്കത്തി-പാക്കരിയുവാൻ, പാക്കരിയുന്നതിനുള്ള കത്തി (ആയുധം).

അടയ്ക്കാമണിയൻ-ഒരുമരത്തിൻറെ(ചെടി). ഇതു വയലുകളിലും മഠം കിട്ടും.

അടയ്ക്കാമരം-കവുങ്ങ്, പാക്കുകായ്ക്കുന്ന വൃക്ഷം.
'പൂഗസ്തുപൂഗവൃക്ഷശ്ചക്രമുകോഭീഷ്വപരേപോ
ദ്ദ്വേവല്ലീവല്ലീതരശ്ചിക്കണശ്ചമുനിഭാഷ്യേ
എന്നു കവുങ്ങിൻറ പര്യായങ്ങൾ.
'പൂഗോണ്ടോതുപൂഗഃക്രമുകോ
ഗുവാകഃഖപൂരശ്ചസ്യാത്' അമരം
[പൂഗാണ്ട, പൂഗം, ക്രമുകം, ഗുവാകം, ഖപൂരം ഈ കവുങ്ങിൻറ പേർ. 'ഗുവാ ഗോപിചഗുവാകഃ' എന്നു ശാരീരപാലവചനമുള്ളതിനാൽ ഗുവാകം എന്നും പറയാം]

അടയ്ക്കുക-മൂടുക, പൊതിയുക, നിറയ്ക്കുക

അടർ-യുദ്ധം, അങ്കം.

അടരുക-ക്രി. അടുക്കുക, നശിക്കുക. ഒഴുകിയകവിഞ്ഞും മണ്ണുകളിടിഞ്ഞും അടരാടരായിവീഴുക എന്നതിലുള്ള ശബ്ദത്തിൻറ പേരെന്നു കൃഷ്ണശർമ്മാവു പറയുന്നു.

അടരുക-പൊളിഞ്ഞുവീഴുക, ഇളകിവീഴുക.

അടരുഷാ-ആടലോടകം. വഴിപോകുന്നവർ തങ്ങൾക്കുതോന്നുമ്പോൾ കേറുന്നതുകൊണ്ടു് ഈ പേർ സിദ്ധിച്ചു.
[ഇതിന് അടരുക്കകം എന്നും അടരുക്കകം എന്നും പാഠാന്തരങ്ങൾകാണുന്നു.

ചയ്യുന്നങ്ങനെ ആടലോടകം എന്ന ശബ്ദം നോക്കുക.]

അടച്ച്-അടഞ്ഞ സ്ഥിതി.

അടയ്ക്കുക-പൊതിക്കുക (അടച്ചി = പൊതിച്ചു)

'മത്തുപചർവിക്രമവൃഷ്ടമശേഷം
കത്തിയടയ്ക്കുമശിപ്പിച്ചുടനെ'

(ഉത്തരരാമായണം ചമ്പു)

അടപ്പ്-അടഞ്ഞടയുന്ന കക്ഷണം, മൂളൽ.

അടൽ-യുദ്ധം.

'കടിലമതേ! പടപൊരുവതിനടമയെ
ടടൽനിലമതിൽവാടം'

(കീചകവധം കഥകളി)

'അപടുതരയോടടൽനടവി-
ലിടരൊടുധനഞ്ജയൻ'

(ഭാരതം)

അടൽ-വി. കൊല്ലുന്ന.

'അടലിടിപോലെ നാമം രചയ്താൻ'

(ശിവൽഗീത)

[അടൽ എന്നതിന്റെ യുദ്ധം എന്നും അർത്ഥമുണ്ട്. 'അടർ' എന്ന ഭാഷയിൽ രൂപാന്തരം.]

അടൽകരി-കൊലയാന(കൊല്ലുന്നതെന)

'അടൽകരിക്കൂട്ടംകണ്ടലറിനചിങ്കംപോലെ'

(രാമചരിതം)

അടൽകിടയ്ക്കുക-പോരിൽ എതിർക്കുക.

'ചിവനോടുമടൽകിടയ്ക്കുവാൻ
ചീർമചേർകരുകളുള്ളോൻ'

(രാമചരിതം)

അടൽക്കളം-യുദ്ധരംഗം, പടനിലം

അടൽത്തറ-യുദ്ധരംഗം, പടനിലം.

അടൽനിലം-യുദ്ധരംഗം, പടനിലം,

അടൽമഴ-ഇടവിടാതെ മഴ, അളമഴ.

അടല-വി. ഇളക്കമില്ലാത്ത, ഉറപ്പുള്ള.

അടലാർ-പ.ശത്രുക്കൾ പ.യോദ്ധാക്കൾ

'പിണങ്ങുമടലാർപുറപ്പാടുനാക്കിത്തിറം'

(രാമചരിതം)

അടലാഴി അടലോടകം.

അടലിടി-യുദ്ധത്തിൽ.

അടവഴി-അടച്ചിട്ടുള്ളവഴി, ഒരിക്കൽ വഴിയായിരുന്ന് പിന്നീട് അടച്ച വഴി.

അടവി-കാട്. (സാധാരണയുള്ളത്). ഉരഗങ്ങളും കിരാതന്മാരും, നായാട്ടിനായി മറവുള്ളവരും സഞ്ചരിക്കുന്നതിനാൽ ഈ പേർ സിദ്ധിച്ചു. കണ്ണാടകത്തിലും തമിഴകത്തിലും കാട് അഡവു എന്ന് പറയുന്നു. (പച്ചയത്തിനു കാട് എന്ന ശബ്ദം നോക്കുക.)

'അവരതവില്ലുമയടുത്തുകണമ്പോ-
ളുവനിമുട്ടപ്പുഞ്ഞടവിരേടും തീ'

(ഭാരതം)

അടവികൻ— വനംവിചരിപ്പുകാരൻ, വനചരൻ, കാട്ടാളൻ.

അടവിക്കരച്ചാലം-ഒരു ഔഷധി.

ഇതു വിഷം, രക്തദോഷം, കുഷ്ഠം, ചൊറി, വ്രണം, കൃമി, വായുക്ഷോഭം, നാസാരോഗം, മുഖരോഗം ഇവയെ ശമിപ്പിക്കും ഉഗ്രഗന്ധമുള്ള ഒരു ധൂപദ്രവ്യമാകുന്നു.

'.....രാക്ഷസീ
ചണ്ഡാധനഹരീക്ഷേമ
ദുഷ്പ്രതൃശ്നഹാസകൾ'

രാക്ഷസി, ചണ്ഡ, ധനഹരി, ക്ഷേമം, ദുഷ്പ്രതൃശ്നഹാസകം ഈ പച്ചയങ്ങളാകുന്നു. ഇതിനെ കരകരച്ചാലം, രചനകരച്ചാലം, അടവിക്കരച്ചൂരം, കാട്ടുകരച്ചാലം, ചണ്ഡക്കിഴങ്ങ് എന്നുംമറ്റും കൂടി പറയാറുണ്ട്.

അടവിലതാ-കാട്ടുവള്ളി.

'അടവീലതയാഗ്രമണസ്സകീരമ്പ്'

(അമരുകശതകം)

അടവ്-അഭ്യാസരീതി, യുദ്ധാസന്നദ്ധത, മറ.

'പടയണിനടവിലൊരടവുപിടിപ്പാൻ
പടുതരതിയുമതുല്ലാതവനാടെ'

(ഭൂരിശ്രേഷ്ഠമഹാത്മ്യം ഉള്ളൽ)

അടാ-അടുക്കുന്നതല്ല, യോഗ്യമല്ല

അടാട്ട്-സങ്ക്ഷേപം. (അട എന്ന ശബ്ദം നോക്കുക).

അടാതോർ-അടുക്കാത്തവർ

'മറന്തനരകത്തുപുക്കമറിതൻപുരാടനാതോർ (രാമചരിതം)

അടാപിടി-ഒരുതരം വഴക്കണ്ടാക്കുക, വയ്യാവേലി, ക്രമക്കേട്.

അടാംപിടി-മുറയ്ക്ക്, യഥാക്രമം. അടവാംപടി എന്നും കാണുന്നു.

അടാവഴി-കടക്കാൻപാടില്ലാത്ത വഴി, ദുർഘടമായ വഴി.

അടാത്ത-വി. തെറ്റായ, അടാത്തതു ചെയ്ക = തെറ്റുചെയ്ക.

അടി-ക്രി. പാദം. ഉ. തല്ല്. ന. കാൽച്ചുവടുകൊണ്ടുള്ള അളവ്. ദി. താഴ്ന്നവശം.

അടികലശൽ-അടിക്കയും ശണ്ഠകൂടുകയും മറ്റും ചെയ്ക. അക്രമത്തിനായുള്ള തമ്പാടെ ഭേഷോഭാവമോ കാണിച്ചാൽ ശിക്ഷണീയമപ്രകാരം ഒരു കുറ്റമാകുന്നു. തിരുവിതാംകൂർ ശിക്ഷാനിയമം വകുപ്പ് ൫൩൨.

അടിതിരി-ആഹിതാഗ്നിയുടെ പേർ. ആധാനം എന്ന കർമ്മം ചെയ്തവനു അടിതിരി എന്ന മോക്ഷ അക്കിത്തിരിക്കു അടുത്ത സ്ഥാനമുള്ള ആൾ.

[അഗ്നിചിത്തു്, അഗ്നിയെ ചയിച്ചവൻറെ പേരെന്നും മോക്ഷ അക്കിത്തിരി എന്നും കാണുന്നുണ്ട്.]

അടിയ്ക്കുടി-തല്ലിനതല്ല്, പിടിനന്നും പിടിനന്നും, പടപ്രതി, കുടമ്മുടെ.

അടിക്കോട്ട്-മുലുകൊണ്ടു അടിച്ചുകൂട്ടിയതിൻറെ പേർ, മുലുകൊണ്ടു അടിച്ചുകൂട്ടിയപ്പെട്ടതിൻറെ പേർ.

'സകരേരവകരസ്സയേ' (രാമചരിതം)

സകരം, അവകരം ഉ-ം, മുലുകൊണ്ടു അടിച്ചുകൂട്ടിയതടിക്കോട്ടിൻറെ പേർ 'സംസ്സരേരവകരേ' എന്നു 'സകാരേരവകരേ' എന്നും പാഠം.

അടിക്കുക-തല്ലുക, വീക്കുക, അറയുക.

അടിത്തലമണ്ണ്-അടിപ്പാറയുടെ മുകളിൽമണ്ണുണ്ടായസ്ഥലത്തുകിടക്കുന്നമണ്ണ്.

മണ്ണിൻറെ ഗുണം പാറകളുടെ ഗുണത്തെ ആശ്രയിച്ചിരിക്കും. മണ്ണു പാറകളിൽനിന്ന് ഉത്ഭവിക്കുന്നതാണെല്ലോ. അടിത്തലമണ്ണ് കേയത്തൂർ മുതലായ ചില മിശ്രകളിലുള്ള ഉയർന്ന ഭൂമികളിൽ കാണുന്നുണ്ട്. ഇതുമണ്ണ് അതിൻറെ ഉത്ഭവത്തിനു കാരണമായ പാറയുടെ മേൽ ഘനംകുറഞ്ഞ അട്ടിയായി കിടക്കുന്നതു നിമിത്തം അതിൽ ചെടികൾക്കു നല്ലപോലെ വളരുന്നില്ല.

അടിച്ചുരക്ക്-ക്രി. കപ്പൽ മുതലായതിനെ സ്ഥിരശരിയാക്കുന്നതിനു് അടിയിൽ കയറ്റുന്ന ഭാരം, അടിയിലിടുന്ന സാമാനം. ഉ. പലവെണ്ണക്കല്ലുമുതലായതിനെയുടെ അടിയിൽ കിടക്കുന്ന ഉമ്മിയും മുതലായവ; അതായതു മുകളിൻറെ ഭാരത്തെ, മഞ്ഞയുടെ കപ്പാടി എന്നിത്യാദി. മറ്റു വല്ലികൾക്കും സാമാനങ്ങൾക്കും കുറിച്ചുകൊടുക്കുമ്പോൾ 'അടിച്ചുരക്ക' എന്നുകൂടി എഴുതാറുണ്ട്.

അടിച്ചിൽ-ക്രി. ഏലിയെപിടിക്കുന്ന ഒരു യന്ത്രം, ഉ. വീണ നിലത്തൊടുപാറുക.

അടിച്ചിപാര, അടിച്ചുപാര-അടിച്ചുവാരാനുള്ള മുലുണ്ടാക്കുന്ന ഇരുമ്പിൽ എണ്ണ മുതലായതു അടിക്കുന്നതിനുള്ള കോച്ചുകൾ(ള) പന്തത്തിനും മറ്റുമുള്ള കൊളുത്തു്, മുട്ട, മാല മുതലായവ.

അടിതോൽ-രാജാക്കന്മാരോടു ജനങ്ങൾക്കും വസ്തു എന്നതിനു പകരം അറിയിക്കുന്ന ഒരു വാക്കു് (മലയാഴ്മ ജാതിക്കാർ ഉൽകൃഷ്ടജാതിക്കാരോടും ഇങ്ങിനെ പറയാറുണ്ടു്. അടിത്തുകിൽ എന്നും പറയും)

രാജാക്കന്മാരോടു ജനങ്ങൾക്കും ഉപയോഗിപ്പാനുള്ള എന്തിനും വാങ്ങുകയും തരുകയും ചെയ്തു.

അതി=കല്ലു്.

അത്തൻ=തന്തപ്പാപ്പൻ.

അനന്തരവൻ = അനന്തരവക്കിടാത്തൻ.
ഏഴുക = മേലേക്കുറച്ചുപൂട്ടചെയ്യുക.
കഞ്ഞി = കരിക്കാടി.
കാരണവൻ = കാരണവപ്പഴവൻ.
ഗൃഹം = കുപ്പുപ്പുട്ട്.
ഞാൻ = അടിയൻ.
തള്ള = പഴന്തള്ള.
പോക = വിടകൊള്ളുക.
മകൻ = മകൻകിടാത്തൻ.
മുണ്ട് = അടിത്തുകിൽ (അടിതോൽ)
മരിക്കുക = കാട്ടുമറയ്ക്കുക.
രാജാക്കന്മാരെ സംബന്ധിച്ചു ജനങ്ങൾ ഉപയോഗിപ്പാനുള്ളവാക്കുകൾ:
ഉപനയനം = തിരുമാടമ്പ്.
ഉടൻ = അഴുതത്തു്.
ഉടനിള = അടീക്കുലം.
ഓടം = പള്ളിബ്ബോട്ട്, പള്ളിയോടം.
കളി = നീരാട്ടുപള്ളി.
കെട്ടുകല്യാണം = പള്ളിക്കെട്ട്.
ഗർഭം = തിരുവയർ വാഴ്ക.
ദീനം = അസ്വാസ്ഥ്യം.
പല്ലുതേക്കുക = തിരുമുത്തു വിളക്കുക.
മാതാവു് = അമ്മ (അമ്മച്ചി)
മാതാവുഗൃഹം = അമ്മവീട്ട്.
മരണം = നാട്ടുനീങ്ങൽ.
മകൻ = തമ്പി.
മകൾ = പോന്നമ്മ.
മൂത്രവിസർജ്ജനം = നീർപ്പള്ളി.
യാത്ര = എഴുന്നള്ളത്തു്.
ശവസംസ്കാരം = പള്ളിയടക്കം.
സന്തോഷം = തിരുവുള്ളം (കരണ)

അടിനാശം-അടിയറവ്.

അടിപണിയുക-വണങ്ങുക, കുമ്പിടുക.

അടിപരത്തുക-നടുക്കുക.

അടിപിടി-ശണ്ഠ, അടികലശൽ, അടിയും പിടിക്കലും ചെയ്യൽ.

അടിപെടുക-അകപ്പെടുക, അടിയിൽ വീഴുക, വീഴുക.
'പട്ടരവിടെ ശേഷനാംഗുരുന്നംപാശത്തി
ലടിപെടുമെന്നരികിലെന്നോത്തുകൊൾക
(പഞ്ചതന്ത്രം) [ഭയാൻ'

അടിത്തട്ട്-പ. കീഴിലുള്ള (താഴെയുള്ള) തട്ടുപലക. ര. ചുവട്ടിലെ ഭാഗം.

അടിത്തളിർ-പ. അടി, പാദം ആകുന്ന തളിർ. ര. തളിരുപോലെ മൃദുത്വമുള്ള പാദം. (കൽച്ചുവടിനെ ബഹുമാനിച്ചു പറയുന്ന ഒരു വാക്ക്). സ. പാദം.

അടിത്താർ-പൂപോലെ മൃദുത്വമുള്ള പാദം. (മുന്നത്തം നോക്കുക.)

അടിത്തുകിൽ-മുണ്ട് (അടിതോൽ നോക്കുക.)

അടിപ്പടവു്-അടിവാരം, അസ്തിവാരം കെട്ടിടത്തിനും മറ്റും അടിയിൽ കല്ലു കെട്ടിയുറപ്പിക്കുന്നതു്.

അടിപ്പാട്ട-പ. കീഴ്വശം. ര. അടിനിമിത്തമുണ്ടായ പാടു് (വടിവു്.)

അടിപ്പായൽ-പ. അടിയിലുള്ള പായൽ (ചണ്ടി). ര. ഒരുമാതിരി കളി.

അടിപ്പു്-പ. അടിച്ചുണ്ടാക്കുക, തകിടു മുതലായവ അടിച്ചുണ്ടാക്കുക. ര. അടിച്ചുണ്ടാക്കിയ സാധനം.

അടിപ്രമാണം-കീഴ്പ്രമാണം.

അടിമ-ദാസവൃത്തിചെയ്യുന്നവൻ(ൾ), കീഴ്പ്പെട്ടവൻ(ൾ).

അടിമക്കുച്ചവടം-അടിമകളെ വില്ക്കുക.
പണ്ടു തിരുവിതാംകൂറിൽ അടിമക്കച്ചവടം ഉണ്ടായിരുന്നു. ഈവക വ്യവഹാരം ര. പ-ംനു- അടിമക്കച്ചവടം നിരോധിച്ചു തിരുവെഴുത്തുവിളംബരമുണ്ടായി തിരുവിതാംകൂറിലെ അടിമക്കച്ചവടം തീരെ ഇല്ലാതായതു ഏ. ഡി. ൧൮൫൫-ൽ ആകുന്നു.

അടിമണ്ണ് തുക്കിശാസ്ത്രപ്രകാരമുള്ള ഒരു തരം മണ്ണ്.

ഇതു സാധാരണ ഒരു മങ്ങിയ നിറത്തിലുള്ളതാണ്. മേൽ മണ്ണിൽനിന്നും ഫലസമൃദ്ധിയിൽ ഭേദഗതിയുള്ളതാകുന്നു. അടിമണ്ണു കട്ടപ്പുള്ള കളിമയമോ ചരലായോ കല്ലായോ ഇരുന്നാൽ അതുഫലവത്തല്ല. ചരലിൽ വളം വളരെ കീഴ്പെട്ടു വലിച്ചു വേരുകൾക്കു കിട്ടാതാകും. വളം വളരെ പ്രാവശ്യം ചെയ്യുന്നതിനാൽ ഈ മാതിരി മണ്ണിനെ 'ആത്തിപിടിച്ച മണ്ണ്' എന്നു പറയുന്നു.

അടിമപ്പണി-അടിമകളുടെപണി, (വേല), കീഴടങ്ങിയവൻ ചെയ്യാനുള്ള തൊഴിൽ.

അടിമപ്പെടുക-കീഴ്പ്പെടുക, വശത്തിയിൽ ഉൾപ്പെടുക.

അടിമയാവനം-അടിമകൾക്കു കരം ഒഴിവായി കൊടുത്തിട്ടുള്ള നിലം പുരയിടം മുതലായവ.

അടിമയോല-അടിമകളെ ചില്ലുകയും വാങ്ങുകയും ചെയ്യുന്നതിനു എഴുതുന്ന പ്രമാണം.

അടിമരം-തായ്മരം.

അടിമലർ-പുഷ്പംപോലെ മൃദുവായപാദം.

അടിമവല-അടിമകൾ ചെയ്യുന്ന തൊഴിൽ.

അടിമുടി-പാദം മുതൽ തലവരെ (പാദാദികേശം).

'കണ്ണൻകാണാക്കിടക്കുന്നടിമുടിമുഴുവൻ
മൂടിമണ്ണിൽമേവിനാൻ'

(അജ്ഞാതവാസം നാടകം)

അടിമുണ്ടു്-അടിയിൽ ഉടുക്കുന്ന മുണ്ടു(വസ്ത്രം.) കോണകത്തിനും (കൌപീനത്തിനും) ചിലർ അടിമുണ്ടെന്നു പറയുന്നു.

അടിയൻ-അടിമക്കാരൻ.

അടിയന്തരം, അടിയന്തിരം-പ. അന്ത്യാക്ഷം, കെട്ടുകല്യാണം, പുലകൊണ്ടു മുതലായതു മുടക്കുചാൻ വയ്ക്കുന്ന കർമ്മം. ഉ. അവസരം. സം. നിർബന്ധം, അത്യാവശ്യം.

അടിയളവു-പാദം (കാൽചുവടു) കൊണ്ടു അളക്കുക, സമയം അറിയാൻ നിഴൽ അളക്കുക.

അടിയറ പദവി (സ്ഥാനമാനം) അവകാശം എന്നിവ നേടുന്നതിനും മറ്റും സർക്കാരിലേക്കു കൊടുക്കുന്ന ഫീസ് (ആദായം).

അടിയറവു-ചതുരംഗപ്പോരിൽ തോല്പിക്കുന്ന കരുത്തള്ളൽ.

അടിയാത്തി(ട്ടി), അടിയാൾ-അടിമക്കാരി.

അടിയാൻ-അടിമക്കാരൻ. അടിയം = അടിയൻ.(ഉ-ം അടിയത്തിനുപ്രയാസം)

അടിയാർ-പ. അടിമകൾ. ഉ. അടിവണങ്ങുന്നവർ.

അടിയാർ > < കടിയാർ.

'അടിയാരെക്കരിച്ചൊരുകരുണയും
കഠിനമുഷ്ടരോടടയ്ക്കുന്നുകോപവും'

(ഭാരതം)

സം. ബാണജാതിക്കാരുടെ ഭാഷ. ശ്രീ. അണജാതിക്കാർ.

അടിയാർപാടം-ജന്മികൾക്കു കൊടുക്കുന്ന പഴയ രീതിയിലുള്ള കരം.

അടിയായ്മ-ദാസ്യം, ദാസവൃത്തി, അടിമയുടെ സ്ഥിതി.

അടിയിടുക-തുരങ്കിക്കുക, അടിയ്ക്കുക.

അടിയിരുത്തുക-വരുക നടക്കുക പോകുക എന്നതിനു പകരം താഴ്ന്നജാതിക്കാർ ഉൽകൃഷ്ടജാതിക്കാരോടു പറയുന്ന വാക്ക്.

അടിയില-രാജാക്കന്മാർ ക്ഷേത്രത്തിനു മുപായനിക്കുന്ന ഇല. അരിയ്ക്കുപം (ഭൂരിഭാഗത്തിനു.)

അടിയുക-പ. താഴോട്ടു അടിയുക, താഴുക, ചേരുക.

'ദീനരോടടനടിഞ്ഞു വാഴ്കയുമ
ശീലമൻപുകലതും മനേ'
(ഉത്തരരാമായണം ചമ്പു)

ക. മലത്തിലേ വസ്തു കാറടിച്ചു കര യ്ക്കുവന്നു ചേരുക സ. നശിക്കുക ര. അടിക്കുക,

അടിയേൻ-ഇതു അടിയൻ എന്നതിന്റെ പൂർവ്വരൂപമാണ്. അടിമക്കാരൻ.

'നിറമെഴുമാഴിയങ്ങുകൊടു
ത്തെടുത്തതുപോലെചെയ്കുന്തൽ
ചെഴുമണിയും തരിത്തടിയേൻ
തിരിച്ചിങ്ങുമീണ്ടിതെന്റെ'
(രാമചരിതം)

അടിയോടിമാർ-നായന്മാരിൽ ഒരു വകക്കാർ. (പ്രധാനമായി കടത്തുവനാട്ടിൽ).

അടിവയറു- പൊക്കിളിന്റെ (നാഭിയുടെ) കീഴ്വശം.

അടിവയ്ക്കുക-പതുക്കെ നടക്കുക.

അടിവഴുക്കൽ, അടിവഴുതൽ-പാദം (ചുവട്ട) തെറ്റുക, (പറക്കുക, വീഴുന്നതിനു തുടങ്ങുക).

അടിവഴുക്കുക, അടിവഴുക്കുക-ചുവട്ട തെറ്റുക(പറക്കുക).

അടിവാനം-അസ്ഥിവാരം. കെട്ടിടംമുതലായവയ്ക്കു അടിയിൽചെയ്യുന്നകല്പണി.

അടിവാരം-ക. കുന്നു മല ഇവയുടെ താഴ്വര. ക. താഴ്ന്നപ്രദേശം സ. വൃക്ഷത്തിന്റെ ചുവട്ട.

അടിസ്ഥലം-കീഴ്നിലം

അടിസ്ഥാനം-അടിവാരം, കെട്ടിടം മുതലായതു പണിയുമ്പോൾ ബലത്തിനു ചുവട്ടിൽ ചെയ്യുന്ന കല്പണി.

അടീ-താണനിലയിലുള്ള സ്ത്രീകളെ വിളിക്കുന്ന വിധം. ചിലർ 'എടീ' എന്നു വിളിക്കുന്നു, ഇതു നന്ന്. അമ്മേ എന്ന ശബ്ദം തോക്കുക.

അടീക്കലം-രാജാക്കന്മാർ അമൂല്യത്തുക കഴിക്കുന്നതിനിടുന്ന ഇലയും മറവും.

അടുക്കൽ-സമീപത്തു, അരികേ.

അടുക്കള-അരിയും കറിയും മറവും പാകം ചെയ്യുന്ന മുറി (പുര), മടപ്പള്ളി.

'സമശൈഘരസവത്യാംതു
പാകസ്ഥാനമഹാനസേ' (അമരം)

രസവതി, പാകസ്ഥാനം, മഹാനസം എന്നും അടുക്കളയുടെ പേർ.

അടുക്കളക്കാരൻ- അരിവയ്പുകാരൻ.

അടുക്കളപ്പുകാവു-ഗൃഹത്തിലേ പുകാവു്. ഉമ്മറപ്പുകാവു് എന്നും പറയുന്നു.

'ഗൃഹാരാമസ്തു നിഷ്കുടഃ'

ഗൃഹാരാമം, നിഷ്കുടം എന്നും, അടുത്തുള്ള പുകാവി (ഗൃഹത്തോടു ചേർത്തു വച്ചുപിടിപ്പിച്ചുണ്ടാക്കുന്ന പൂന്തോട്ടത്തി)ന്റെ പേർ.

അടുക്കളവിചാരിപ്പു്-അരിയുംകറിയും പാകം ചെയ്യുന്നവരുടെ മേലധികാരി, മടപ്പള്ളി വിചാരിപ്പു്.

[അടുക്കള എന്ന പദത്തിന്റെ പര്യായങ്ങളിൽ ഓരോന്നിനോടും 'അദ്ധ്യക്ഷൻ' എന്ന ശബ്ദം കൂടി ചേർത്താൽ 'അടുക്കളവിചാരിപ്പുകാരൻ' എന്നർത്ഥം വരും].

അടുക്കു് - മുറയ്ക്കുള്ള തിരിപ്പു്, നിര, ഒപ്പം, ക്രമം.

അടുക്കളക്കരികിൽ-ഒരുതരം ചെറിയ കരികിൽ (പക്ഷി).

അടുക്കളപ്പുര-മടപ്പള്ളി, ചോറും മറവും പാകംചെയ്യുന്ന മുറി.

അടുക്കളപ്രവൃത്തി-അരിവെയ്പ്പുരയിൽ, പാചകവൃത്തി.

അടുക്കളവെയ്പു്-അരിയുംകറികളും വയ്ക്കുക.

അടുക്കളവേല-അടുക്കളത്തൊഴിൽ.

അടുക്കുക-മുറയ്ക്കു ചേർത്തുവയ്ക്കുക.

അട്ടക്കിടത്തു-മുതലാളിയുടെ കൊഴുവൻ കൊടുക്കുന്ന ഒരു അവകാശം.

അട്ടത്ത-വി. പ. സമീപമുള്ള. ഉ. യോജിക്കുന്ന, സംബന്ധമുള്ള.

അട്ടത്തുണ്ട്-നിശ്ചയിച്ചിട്ടുള്ള കൊല്ലത്തോടും കാലം ഒരാൾ സർക്കാരിനെ സേവിച്ചാൽ അനന്തരം ജോലിയിൽ നിന്നു വിട്ടുനിന്നു കൊടുക്കുന്ന ജീവനാംശം.

അട്ടപ്പ്-പാത്രങ്ങളും മുതലായവ മുകളിൽ വെച്ചു തീകത്തിക്കുന്നതിനു തക്കവണ്ണം കല്ലുകൊണ്ടും മറ്റും ഉണ്ടാക്കുന്നതു്.

'അശ്മന്തമുദ്യാനമധി
ശ്രയണീപുല്ലിരന്ധികാ' (അമരം)

[അശ്മന്തം, ഉദ്യാനം, അധിശ്രയണി, പുല്ലി, അന്ധിക ഇ-ം, അട്ടപ്പിന്റെ പേർ. അശ്മന്തം എന്നതിനു് 'അസ്വന്തം' എന്നും ഉദ്യാനം എന്നതിനു 'ഉദ്ധ്മാനം' എന്നും പാഠാന്തരം കാണുന്നു.]

അട്ടപ്പം-പ. സമീപം. ഉ. സ്നേഹം. ന. ബന്ധം.

'സന്നിധിസ്സന്നികർഷണം' (അമരം)

[സന്നിധി, സന്നികർഷണം ഉ-ം, അട്ടപ്പത്തിന്റെ (സന്നിധാനത്തിന്റെ) പേർ. സന്നിധിക്കു് സന്നിധം എന്നും പാഠം കാണുന്നു.]

'സ്യാദുപാന്ത്യസന്നികൃഷ്ടയോ'

[ഉപാന്ത്യം, അന്തികാശ്രയം ഉ-ം, അട്ടത്ത ആശ്രയത്തിന്റെ പേർ.]

അടോ-താണനിലയിലുള്ളവരെ വിളിക്കുന്നവിധം. ഏടാ എന്നതു നന്നു്.

ഏടാ! എന്ന നിപാതത്തിനു ലിംഗവ്യവസ്ഥയുണ്ടു്.

പു-ം, ഏടാ!-പുല്ലിംഗം.
സ്ത്രീ!-സ്ത്രീലിംഗം.
ഏടോ!-സാധാരണലിംഗം.

അടോലാ, അടോലം-അടുക്കള്ളു്.

അഠാണ-ഒരു രാഗം.

അഠില്ല-ഒരു വൃത്തത്തിന്റെ പേർ.

അട്ട-പ. കറുപ്പു പൊടിപ്പു മുതലായ നിറങ്ങളോടും വളരെ കാലുകളോടും കൂടിയ ഒരുതരം ജന്തു. (ഒരു നെല്ലിട മുതൽ ഒരു ചാൺവരെ നീളം കാണും). ഉ. വെള്ളത്തിലേ അട്ട.

'രക്തപാതുരുച്ഛകായം
സ്യാച്ഛ്രീകലൈകസഃ' (അമരം)

[രക്തപാ, രുച്ഛ, രുച്ഛൈകസ്സ് ന-ം അട്ടയുടെ പേർ. രക്തപാതുരുച്ഛകായം സ്യാച്ഛ്രീകലൈകസഃ എന്നും പാഠം കാണുന്നു.]

അട്ട-വി. പ. ഉന്നതമായ. ഉ. ഉച്ചത്തിലുള്ള, ഉയർന്ന ശബ്ദമായുള്ള.

അട്ടകംപിടിക്കുക—സ്വാധ്യായത്തിനിരിക്കുമ്പോൾ ഉള്ള ക്രിയ. (ഇടംകൈ അഞ്ജലി = വേദത്തിന്നായി ചെയ്യുന്ന ഒരു മുദ്ര തൊഴുകൈ)

അട്ടക്കരി-പുകയറ, ഇല്ലാക്കരി, ദീപകിട്ടം

അട്ടക്കുളങ്ങര-തിരുവനന്തപുരത്തു കിഴക്കേകോട്ടവരെയ്ക്കു സമീപിച്ചു ഒരു സ്ഥലത്തിന്റെ പേർ.

അട്ടം-പ. മാളിക, മേട. ഉ. മാളികയുടെ ഉപരിഗൃഹം. ന. യജ്ഞംചെയ്യാൻ കെട്ടിയ തേരോ മണ്ഡപമോ കൊത്തളമോ. ഭ. മിറാഞ്ചിന്റെ പിൻപുണ്ടാക്കിയ സ്ഥലം. ഇ. കൊത്തളം.

ഈ കൊത്തളത്തിൽ രാജാക്കന്മാർ എല്ലാ സാമഗ്രികളോടുകൂടി സഭാ തയ്യാറായിരിക്കും.

'സ്യാദട്ടഃ കക്ഷ്യമസ്ത്രിയാം' (അമരം)

[അട്ടം, കക്ഷ്യം ഉ-ം, കൊത്തളത്തിന്റെ (രത്നവുമണ്ഡപ)ത്തിന്റെ പേർ.]

'അട്ടങ്ങളും മണിഹർമ്യങ്ങളും പല
പട്ടങ്ങളുമെന്തേ രംഗിയാകട്ടെ'

(സന്ദേശവേശം ഉള്ളൂർ)

അട്ടനം-ചക്രകാരന്മാരുടെ ഒരായുധം.

അട്ടസ്ഥലി–വളരെ കൊട്ടാരങ്ങളും മാളികകളും കോത്തളങ്ങളും ഉള്ള സ്ഥലമോ രാജ്യമോ.

അട്ടഹസിക്കുക–ക്രി. അലറുക. ഉ. ഉറക്കെ ചിരിക്കുക.

അട്ടഹസിതം–ക്രി പൊട്ടിച്ചിരി. ഉ. അലർച്ച.

അട്ടഹാസം—ക്രി. ഉറക്കെയുള്ള ചിരി (പൊട്ടിച്ചിരി). ഉ. അലറുക. നാ. കരുത്തിന്മുല്ല

അട്ടഹാസകം–കരുത്തിന്മുല്ല

അട്ടഹാസി–ക്രി. പൊട്ടിച്ചിരിക്കുന്നവൻ ഉ. ശിവൻ

അട്ടഹാസ്യം– ക്രി. ഉറക്കെച്ചിരിക്കുക. ഉ. അലറുക.

അട്ടാട്ടം–ക്രി. നിന്ദ. ഉ. കവിച്ചൽ, അധിക്ഷേപം. നാ. വലിപ്പം, പ്രധാനത, വിശേഷത.

അട്ടാലം, അട്ടാലകം–ക്രി. യുദ്ധംചെയ്യുന്നതിനായി തെരുവു മണ്ഡപത്തിലോ കോത്തളത്തിലോ കെട്ടുന്ന വീട്ട്, കൊട്ടാരം, മാളിക

'അട്ടാലനുത്തുംഗമായ രത്നവാപീ
യട്ടങ്ങളും മേന്മയിലുത്തുകണ്ടാൻ'

ശ്രീകൃഷ്ണചരിതം മണിപ്രവാളം

അട്ടാലിക–ക്രി. മാളിക, കൊട്ടാരം. ഉ. ഒരു രാജ്ഞിയുടെ പേർ.

അട്ടാലികാകാരൻ–കൊട്ടാരമോ വലിയ ഭവനമോ കെട്ടുന്നവൻ (ഉണ്ടാക്കുന്നവൻ), കല്ലാശാരി, കരവട്ടകൽപണിക്കാരൻ

അട്ടി–അടുക്ക്, കൂട്ടം, നിര, മുറ (ക്രമം)

അട്ടിപ്പേര്–സ്ഥലം പുരയിടം മുതലായവയെ വിലയായി എഴുതിവാങ്ങുന്നതിനു ചില സ്ഥലങ്ങളിൽ പറയുന്ന പേർ.

അട്ടിപ്പേറോല–വിലതീർത്തു എഴുതിവാങ്ങുന്നതിനുള്ള അച്ചുതിയോല.

അട്ടിപ്പേറോലക്രയം–വില തീർത്തു എഴുതിവാങ്ങിച്ച പ്രമാണം (മാക്ക.)

അട്ടിമധുരം–ഏർട്ടിമധുരം.

അഡഹ–അയനിപ്പുലാവ്. വിറകിനുപയോഗിച്ചു മസൂരമരത്തെന്നതുകൊണ്ട് ഈ പേരുണ്ടായി.

'ലകുചോലികചോഡഹൗ' (അമരം)

[ലകുചം, ലികുചം, ഡഹ്ര നാ. അയനിപ്പുലാവിന്റെ പേർ. 'ഡഹ്ര' എന്നതിനു 'അഡഹ്ര' എന്നും 'ഡഹ്ര' എന്നും പാഠാന്തരം.]

അഡ്ഡനം–ചക്രാകാരമായ ഒരായുധം, പരിശ (അട്ടനം).

അഡ്ഡചലം–കലപ്പയുടെ ഒരു ഭാഗം.

അഡ്ഡീൽ–സ്ത്രീകളുടെ ഒരാഭരണം, ഇതു കണ്ണത്തിൽ അണിയുന്നതാണ്.

അണ–(ധാതു) ചേരുക

അണ–ക്രി. ഒരുബ്ബിട്ടീക്ക് നാണയം. (ക്രയവിക്രയം ഒരക്കാശു). ഉ. ചില. നാ. വായ്ക്കകത്തു് ഇടത്തും വലത്തുമുള്ള രണ്ടു ഭാഗം. വായ്ക്കകത്തെയെന്നും കാണാം.

അണക–വി. അധമസ്ഥിതിയിലുള്ള, നിന്ദിക്കപ്പെട്ട.

അണകൻ–നിന്ദിതൻ, അധമൻ. (അണകൻ എന്നുമാകാം)

അണകം–ഒരുതരം പക്ഷി.

അണക്കടപ്പല്ല് – വായ്ക്കകത്തു കോണരണ്ടിലുമുള്ള പല്ല്. (അണക്കടപ്പല്ല് > <മുമ്പരപ്പല്ല്).

അണച്ചൽ–ക്രി. ആശ്ലേഷം (കെട്ടിപ്പിടിക്കുക). ഉ. അടുത്തുവരുക. നാ. മുട്ടുകുട്ടുക.

അണപ്പ്–കോശരോഗം.

അണപ്പല്ല്–അണയിലെപ്പല്ല്; അരപ്പല്ല് (അണക്കടപ്പല്ല് നോക്കുക.) വിലതീർപ്പുപത്രം–മുമ്പരപ്പല്ല്

അണയത്തു്-സമീപത്തു്, അടുക്കെ.
'ദൂരേച്ചകിടക്കുന്നാരുപേരിതന്നണയത്തു്'
(മാനവേദം)

അണയം-അടുക്കൽ, സമീപം.

അണയുക-ക്രി. അടുക്കുക. ഉ. നശിക്കുക

അണയ്ക്കുക-ക്രി. ചേർക്കുക, ആലിംഗനം ചെയ്യുക. ഉ. കരയ്ക്കുക. ന. ഇല്ലാതാക്കുക. ഭ. മുറ്റുയുണ്ടാക്കുക.

അണയ്പു്-ക്രി. അരികിൽ ചേർക്കുക. ഉ. ആലിംഗനം. ന. മുറ്റുയുണ്ടാക്കുക. ഭ. ഇല്ലാതാക്കുക. (ഉ-ം, വിളക്കണച്ചു)

അണൽ-അണ്ണാക്കു്.

അണലി-ഒരുവക വിഷമുള്ള സർപ്പം.

അണവീനം-ചെറുനെല്ലു വിളയുന്നതിനു യോഗ്യമായ സ്ഥലം.

അണാവു-ക്രി. ചേർപ്പു്. ഉ. ആലിംഗനം.

അണാവ്യം-ചെറുനെല്ലു വിളയുന്നതിനു യോഗ്യമായ സ്ഥലത്തിന്റെ പേർ.

അണി-ക്രി. നിരനിരയായി നിറുത്തുക ഉ. വണ്ടിച്ചക്രത്തിന്റെ ആണി. ന. സേനയുടെ നില. ഭ. മുറ്റുയുള്ള ആയുധത്തിന്റെ മുന. ഇ. അലങ്കാരം (ഉ-ം, മുത്തണിക്കുക്കയാം, മുത്തണിപ്പെരുമയാം)

അണിച്ചൽ-ആഭരണങ്ങളും വസ്ത്രങ്ങളും പുഷ്പങ്ങളും എന്നിവകൊണ്ടു ദേഹത്തെയും ഗൃഹത്തെയും മറ്റും അലങ്കരിക്കുക.

അണിമതി-ചന്ദ്രൻ,
'അണിമതിശകലവുമംഭോരുഹനേത്രിയും
ഫണിപതിഫണിഗണമണികളുമണിയും'
(പ്രബോധചന്ദ്രോദയം ഗദ്യം)

അണിമാവു"-അമ്പെയ്യുമ്പോൾ വില്ലിന്നു മറവായ്ക്കു പിടിക്കുന്ന പലകയോ തോൽപ്പരിചയോ ഇല്ലാതെ ശരീരം കൊണ്ടുതന്നെ ശത്രുവിന്റെ അസ്ത്രങ്ങളെ തടുത്തു നിന്നു പൊരുതുന്ന യുദ്ധമുറ.

അണിമാണ്ഡവ്യൻ-ഒരു മുനി. വിശ്വപ്രസിദ്ധനായ ഈ ബ്രാഹ്മണശ്രേഷ്ഠൻ കാട്ടിൽ തപസ്സുചെയ്യുമ്പോൾ അവിടെ കുറെ കള്ളന്മാർ വന്നുചേർന്നു. അവരെ തിരഞ്ഞു രാജഭടന്മാരും അവിടെച്ചെന്നു കള്ളന്മാർ യോഗീന്ദ്രന്മാരായി മാറിപ്പോയി. കള്ളന്മാർ എവിടെ എന്നു നൃപകിങ്കരന്മാർ മഹർഷിയോടു ചോദിച്ചു. ധ്യാനത്തിലാകയാൽ ആയതു് അദ്ദേഹം ശ്രദ്ധിച്ചില്ല. ഇദ്ദേഹത്തെന്നെ ഒരു കള്ളനാണെന്നു അവർക്കു സംശയം തോന്നി. ചില കള്ളന്മാരെയും അവർക്കു പിടികിട്ടി. വിവരം തിരുമനസ്സറിയിച്ചു് കള്ളന്മാരെ ശൂലത്തിലിടുവാൻ കല്പന വാങ്ങി. മാണ്ഡവ്യനേയും ശൂലത്തിന്മേലിട്ടു. അനേകംനാൾ കഴിഞ്ഞിട്ടും അദ്ദേഹം മരിച്ചില്ല. അങ്ങനെയിരിക്കുമ്പോൾ ചില മുനികളും പക്ഷികളുമായി അവിടെച്ചെന്നു് അദ്ദേഹത്തോടു വിവരം ചോദിച്ചു. കർമ്മഫലമാണെന്നും നൃപനു മോക്ഷമില്ലെന്നും അദ്ദേഹം മറുപടി പറഞ്ഞു മുനികൾ വിവരം നൃപനോടറിയിച്ചു. ഉടൻ രാജാവു മാണ്ഡവ്യനെ വന്നു വണങ്ങുകയും ശൂലം മുറിച്ചു വിടുകയും ചെയ്തു. അതിൽപിന്നീടു് ഇദ്ദേഹത്തിനു് അണിമാണ്ഡവ്യൻ (അണിമാണ്ഡവ്യൻ) എന്നപേർ സിദ്ധിച്ചു. തന്നെ ശൂലത്തിലിടുന്നതിനു കാരണമെന്തെന്നു മാണ്ഡവ്യൻ അന്തകനോടു ചോദിച്ചു. കുട്ടിക്കാലത്തു് ഈർക്കിൽ കുത്തിച്ചു ഈച്ചയിൽ കയറിയതിന്റെ ഫലമാണതു് അന്തകൻ മറുപടി പറഞ്ഞു. പ്രായം വയസ്സുവരെയുള്ള ബാലന്മാരുടെ പ്രവൃത്തിക്കു ദോഷമില്ലാത്തതിനാൽ 'നീ ഭൂമിയിൽ പോയി ജനിക്കുക' എന്നു് ഉടൻ മാണ്ഡവ്യൻ ശപിച്ചു. തന്നിമിത്തം ധർമ്മരാജാവു് ഭൂമിയിൽ വിദുരരായി ജനിച്ചു.

അണിയം-വള്ളത്തിന്റെ തല.

വള്ളങ്ങളും ഞോട്ടകളും കപ്പലുകളും മുതലായ വാഹനങ്ങൾക്ക രണ്ടു ഭാഗങ്ങളും ഉണ്ട്. അവ പുരുഭാഗവും പൂർവ്വഭാഗവുമാണ്. പുരുഭാഗത്തിന് അമരം എന്നുപേർ. പൂർവ്വഭാഗത്തിന് അണിയം (തല) എന്നു പേർ. അമരത്തിൽ ഇരിക്കുന്നവനാണ് അമരക്കാരൻ എന്നാണു പേര്. വാഹനങ്ങളുടെ ഗതിയെ നിയന്ത്രണംചെയ്യുന്നത് ഇവനാകുന്നു. (അമരം > < അണിയം.)

അണിയൽ-അലങ്കാരം.

'ആടും ചാക്യാർക്കണിയൽ പ്രധാനം' (പഴഞ്ചൊല്ല്)

അണിയറ-ആട്ടക്കാർ, നാടകക്കാർ മുതലായവർ വേഷം കെട്ടുന്ന സ്ഥലം.

അണിയുക-അലങ്കരിക്കുക.

അണിവിരൽ-മോതിരവിരൽ.

അണിവ്-ആഭരണം, അലങ്കാരം.

അണീയസ്സ്-ഏറ്റവും ചെറുത്, അത്യല്പം. (ഔത്യല്പം നോക്കുക. പയ്യിയം കാണുക).

അണീയാൻ-ഏറ്റവും ചെറിയത്.

അണ്ഡ-പ്ര. സൂക്ഷ്മമായ വസ്തു, ഏറ്റവും ചെറിയപൊടി. ഉ. ചെറുതെല്ല്. ശ്ലിക്കുന്നതിനാൽ പേരുണ്ടായി. സ. ശമ്പിയുടെ പുത്രിയിൽ യയാതിക്ക് ജനിച്ചവൻ. (അണ്ഡ എന്നും പറയുന്നു. അച്ഛനെ യെമവനം കൊടുക്കായ്കയാൽ ശപിക്കപ്പെട്ടു) ൪. വാഴയിലയുടെ നടുവിലെ തണ്ട്. ൫. ശിവന്റെ ഒരു പേർ. ൬. ഒരു മുഹൂർത്തത്തിന്റെ ൫൫,൫൫൫,൦൦൦-ാം ഭാഗം. ൭. കണക്ക സംഖ്യ അനുസരിച്ച് ൫൫,൫൫൫,൦൦൦-ൽ ഒരുഭാഗം.

അണ്ഡക-വി. വളരെ ചെറുതായ, മിടുക്കുള്ള.

അണ്ഡകം-ചെറുതെല്ല്.

അണ്ഡകൻ-അല്പൻ.

അണ്ഡകുക-അട്ടുക.

അണ്ഡത-വളരെ ചെറുതാകുന്ന സ്ഥിതി.

അണ്ഡതൈലം-നസ്യത്തിനുള്ള ഒരു വിധം തൈലം.

അണ്ഡപ്രാണിവിജ്ഞാനീയം-അണ്ഡപ്രാണിശാസ്ത്രം.

അണ്ഡപ്രായം-അതിസൂക്ഷ്മം, വളരെ ചെറുത്.

അണ്ഡഭ-മിന്നൽ.

അണ്ഡമതി-അല്പബുദ്ധി.

'അണ്ഡമതിയാകുമരുതിയനുവടിവെടുത്ത' (പ്രഭോക്ഷമാഹാത്മ്യം തുള്ളൽ)

അണ്ഡമാത്രം-അല്പമെങ്കിലും.

അണ്ഡമുഷ്ടികം-വിങ്കമുഷ്ടി എന്ന ഔഷധം. വിങ്കമുഷ്ടി എന്നതിന്റെ പിറകെ നാറി, കാട്ടതിപ്പലി, കാട്ടപ്പ, കരിങ്കോടി, (തമിഴിൽ) കാഞ്ഞിരം എന്നിങ്ങനെ അർത്ഥം കാണുന്നു.

അണ്ഡവീക്ഷണം-പ്ര. അല്പനേരത്തേക്കുള്ള നോക്ക്. ഉ. ക്ഷുരകന്മാർ പോക്കയുള്ള ഒരു യന്ത്രം.

അണ്ഡശ്രീഹി-ഒരുവിധം ധാന്യം (നെല്ല്)

അണ്ഡാരേവതി-ചെറിയ ഞെരി.

അണ്ഡി-പ്ര. ആനയുടെ കാലും (ചിന്തി). ഉ. ചെറിയ കട്ട (ക്രമ്പാരം).

അണ്ഡർ-ദേവകൾ.

അണ്ഡർകോൻ-ഇന്ദ്രൻ.

'അണ്ഡർകോൻനാട്ടിലംശേഷി
പ്പുണിക്കുവിശ്വകർമ്മാവു
നണ്ഡാന്തകനുശ്വകർമ്മാവൻ
നല്ലവിരുപ്പുണിക്കാരൻ',
(സീതാപ്രവേശം തുള്ളൽ)

അണ്ഡം-പ്ര. വൃക്ഷഫലം. (അണ്ഡം എന്നതിന്റെ തത്ഭവം.) ഉ. പുരുഷന്റെ വൃഷണം. സ. സ്ത്രീകളുടെ ഗർഭാശയം.

'അണ്ടമിളകംപടിയരക്കനലറകേട്ട്'
(രാമചരിതം)

**അണ്ടി**-പ്ര. മരങ്ങ മുതലായവയുടെ അകത്തേക്കുള്ള വ. വൃക്ഷണം.

**അണ്ടിയാട്ടം**-പ്ര. തായംകളി, പകിടകളി. വ. പാരങ്കിമരങ്ങയുടെ അണ്ടികൊണ്ടുള്ള ഒരുവിധം കളി.

**അണ്ഡം**-പ്ര. മുട്ട(മൊട്ട). എല്ലാ മുട്ടകൾക്കും അണ്ഡമെന്നു പറയാം. ഇതിൽനിന്നു ശിശു പുറത്തുവരുന്നതിനാൽ ഈ പേർ വന്നു. വ. വൃക്ഷണം. സം. ബ്രഹ്മാണ്ഡം.

**അണ്ഡകടാഹം**-ലോകംകൊട്ടോഴിയാതെ
'മണ്ഡമുസലശൂലങ്ങൾധരിച്ചകൊ-
ണ്ടണ്ഡകടാഹംനടുങ്ങുമാറുറമം'
(ഭാഗവതം)

**അണ്ഡകം**-പ്ര. വൃക്ഷണം. വ. ചെറിയ മൊട്ട (മുട്ട)

**അണ്ഡകോടരവൃദ്ധി** മറിക്കുന്നി എന്ന ഔഷധം.

**അണ്ഡകോശം**-പ്ര. വൃക്ഷണം. അണ്ഡങ്ങളെ (ബീജം)സൂക്ഷിക്കുന്ന ഉറയാകയാൽ ഈ പേർസിദ്ധിച്ചു. അണ്ഡകോക്ഷം-എന്നു പാഠാന്തരം. വ. ശ്രോതസ്സ്.

**അണ്ഡഗജം**-തകര.

**അണ്ഡഗോളം**-അണ്ഡാകാരമായഗോളം

**അണ്ഡജ**-വി. മൊട്ടയിൽനിന്നു ജനിക്കുന്ന.

**അണ്ഡജ**-കസ്തൂരി.

**അണ്ഡജൻ**-ബ്രഹ്മാവ്.

**അണ്ഡജനായകം**-പുണ്ടും കല്ലും ചെമന്നിരിക്കുന്ന അന്നം

**അണ്ഡജം**-പ്ര. മത്സ്യം വ. സർപ്പം. സം. പക്ഷി. ഭ. ഗരുഡൻ. ഭ. നക്രം. ന. ഉരഗം. മുട്ടയിൽനിന്നു ജനിക്കുന്ന എല്ലാ പ്രാണികൾക്കും പറയാം. അണ്ഡത്തിൽ (മുട്ടയിൽ) ജനിച്ചതു.
'പക്ഷിസർപ്പമേയണ്ഡജം' (അമരം)

**അണ്ഡധരൻ**-ശിവൻ.

**അണ്ഡപഞ്ചി**-മൊട്ടുണ്ടാകുക.

**അണ്ഡവല്ലനം, അണ്ഡവൃദ്ധി**-വൃക്ഷണത്തിലെ വീക്കം.

**അണ്ഡശുദ്ധികം**-മുട്ടയുടെ വെള്ളയുപയോഗിക്കുള്ള ഒരു സാധനം.

**അണ്ഡഹസ്തി**-തകര.

**അണ്ഡവാതം**-വൃക്ഷണത്തിലുണ്ടാകുന്ന വീക്കം.

**അണ്ഡാലു**-ഒരുമാതിരി മത്സ്യം.

**അണ്ഡീരൻ**-ശക്തിമാൻ (ബലശാലി)

**അണ്ഡുകം**-ആനച്ചങ്ങല.

**അണ്ണ**-മേൽഭാഗം.

**അണ്ണൻ**-പ്ര. ജ്യേഷ്ഠൻ.
'അണ്ണനമൃതംചോരുണ്ടവിടവ-
നണ്ണമ്പോൾനല്ലതുകൊടുക്കും'
(കിരാതം ഉള്ളൂർ)
വ. ശ്രേഷ്ഠൻ. സം. അണ്ണാൻ. ഭ. ശിവൻ.

**അണ്ണൻ**-പ്ര. അണ്ണാൻ. വ. ദേവൻ.

**അണ്ണ**-അണ്ണാക്ക്.

**അണ്ണാക്ക്**-തൊണ്ട (നാക്കുതടവിക്കുന്ന സ്ഥലം.)
'താലുതുകാകുഹരം' (അമരം)
[താലു, കാകുഹരം-വ-ം, അണ്ണാക്കിന്റെ പേർ]
'അണ്ണയാക്കിയകമ്പനൻമെയ്യല്ലാം'
എന്ന രാമചരിതത്തിൽ കാണുന്ന, ഈ കൃതി ഇ-ം ശതവർഷത്തിനുണ്ടായതാണു്. 'അണ്ണൻ' എന്ന വാക്കിന്റെ അർത്ഥം 'മേൽഭാഗം' എന്നാകുന്നു. ഇങ്ങനെയാണു് 'അണ്ണാക്ക്' എന്നായതു്.
'വണ്ണംപെരുകിയനിന്നുടെയുലകി-
ന്നണ്ണാക്കിൽതടയാതെടുപ്പിപ്പൻ'
(കൃഷ്ണഗീതം ഉള്ളൂർ)

**അണ്ണാക്കണ്ണൻ**-അണ്ണാൻ (അണ്ണിപ്പിള്ള).

ഇതിനു അണ്ണാക്കണ്ണൻ, അണ്ണാക്കോടൻ, അണ്ണാൻ, അണ്ണി, അണ്ണപ്പിള്ള ഇങ്ങനെ മാരുമിക്കൽ ചിലരേപേർ പറഞ്ഞുവരുന്നു. പണ്ടു ശ്രീരംഗചരൻ സേതുബന്ധനം ചെയ്യുപ്പോൾ വാനരന്മാർ മലകളും കൂട്ടുള്ളും അടുത്തുകൊണ്ടുവന്നിട്ടിരുന്നതു കണ്ടു് അണ്ണാക്കണ്ണൻ അതിനെല്ലാം സമുദ്രം നികത്തുന്നതിനു വെള്ളത്തിൽ മുങ്ങി കരയിൽ വരികയും

മണലിൽ കിടന്നതണ്ടു തന്റെ ദേഹത്തിൽ പറന്ന മണൽ വീണ്ടും മലത്തിൽ കൊണ്ടുചെന്നു കലക്കുകയും ചെയ്തു. ഇതുകണ്ടു സ്വാമി പ്രസാദിച്ചു് അണ്ണാക്കണ്ണന്റെ മുതുകിൽ തൃക്കൈകൊണ്ടു മൂന്നു വരവരച്ചു. അതിൽപിന്നീടു് 'അണ്ണാക്കണ്ണനും തന്നാലായതു് അണ്ണാൻപിള്ളയും തന്നാലായതു്' എന്നുള്ള പഴമൊഴിയുണ്ടായി. ഈ ജന്തു ഒരു പൂച്ചക്കുട്ടിയോളം വളരും; ഇതിന്റെ രോമം ചിത്രരോമഴുത്തുകാർക്കു് ബ്രഷിനു (തൂലികക്കു്) ഉപയോഗമുള്ളതാണു്. ഉടുപ്പിന്റെ വക്കിലുള്ള വരികളും ഉണ്ടാക്കുന്നതിനും ഇതുപയോഗമുണ്ടു്.

അണ്ണാക്കോട്ടൻ-അണ്ണാൻ.

അണ്ണാടി-താടി. കവിളും എന്നുംകൂടുന്നതു്.

അണ്ണാൻ-അണ്ണിപ്പിള്ള. (സാധാരണ അണ്ണാൻ, മലയണ്ണാൻ ഇങ്ങനെ രണ്ടു വിധമുണ്ടു്).

അണ്ണാന്നു്-മേല്പോട്ടു നോക്കീട്ടു്. (അണ്ണാ + എന്നു് = അണ്ണാന്നു്.)

'കാച്ചുപാൽചെന്നുള്ളൊരാജനാതന്മൂട്ടിൽ
മൂച്ചുയേറിട്ടുന്നതുകാൽകൊണ്ടുടൻ
കത്തിക്കുണ്ടണ്ണാന്നുവായുംപിളന്നവൻ
ആസ്ഥയിൽനിന്നുനൽപ്പാൽകടിക്കും'

(കൃഷ്ണഗാഥ)

അണ്ണാവി-പ്രാ. അണ്ണൻ. ഉ. ഉപാദ്ധ്യായൻ. ന. നടപ്രധാനി.

അണ്ണി-പ്രാ. (അണൽ) കവിൾത്തടത്തിനകം, കൊറ്റു്. ഉ. അണ്ണാൻ.

അതകൻ-സഞ്ചരിക്കുന്നവൻ.

അതകുത-ബദ്ധപ്പാടു് (തമിഴിൽ അതരി)

അതക്കുക-ഒതുക്കിവയ്ക്കുക, ഇറുത്തിടുക. (തമിഴിൽ-അതുക്കു)

അതടം-പ്രാ. മലച്ചുരിവു്. ഉ. നിരപ്പില്ലായ്മ.

'പ്രപാതസ്സ്യാതടോഭ്രംശേ' (അമരം)

[പ്രപാതം, അതടം; ഭ്രംശം, മലച്ചരിവിന്റെ പേർ].

അതട്ടുക-ഭയപ്പെടുത്തുക.

അതനൻ-സഞ്ചരിക്കുന്നവൻ.

അതനം-സഞ്ചാരം.

അതനു-വി. തനു (കൃശം) അല്ലാത്ത.

'പരമതനുശരീരേ!തപംതപിപ്പിച്ചിടുന്നു'

(അഭിജ്ഞാനശാകുന്തളം)

അതനു-കാമദേവൻ. തനു (ശരീരം)ഇല്ലാത്തവൻ എന്നു വ്യുൽപത്തി.

അതാപ്ത-വിതപ്തം (തപിപ്പിക്കപ്പെട്ടതു്) അല്ലാത്ത.

അതയ്ക്കുക-തടിയ്ക്കുക.

അതക്കിതം-വിചാരിക്കപ്പെടാത്തതു്.

അതക്കിതം-ഊഹിച്ചിരിക്കാതെ.

അതഷ്ഠണം-ഒരലങ്കാരം.

'സംസർഗ്ഗാൽപരഗുണം
പകരായ്കിലതഷ്ഠണം'

(ഭാഷാഭൂഷണം)

അതലം-പതിനാലു ലോകങ്ങളിൽ ഒന്നു്.

അതലൻ-ശിവൻ.

അതലസ്പർശം-നിലയില്ലാത്ത പ്രദേശം. അടിതൊടുന്നതിനു നിവൃത്തിയില്ലാത്തതു എന്നു വ്യുൽപത്തി.

'അഗാധമതലസ്പർശം' (അമരം.)

[അഗാധം, അതലസ്പർശം-ഉ-ം, നിലയില്ലാത്തവിധം കണ്ടുള്ളപ്രദേശത്തിന്റെ പേർ.]

അതലാന്തികവീചി-അറബിക്കടൽ മഹാസമുദ്രത്തിലെ തിരമാല.

അതസം-പ്രാ. വായു, കാറ്റു്. ഉ. ആത്മാവു്.

അതസി-അഗസി (നാട്ടുഭാഷയിൽ) പാർക്കുന്നു് എന്നു വ്യുൽപത്തി.

'അതസീസ്യാദുമാക്ഷുമം' (അമരം)

[അതസി, ഉമ, ക്ഷുമ ഇവ സം-ം, അഗശിയുടെ പേർ. ഇതിനെ തമിഴിൽ 'അലിസി' എന്ന പേർ കാണുന്നു.]

അതസി-ടിക്ഷ കൊടുത്തു നടക്കുന്നവൻ. (വേഷത്തിൽ പ്രയോഗം.)

അതളി-പ്രം ശബ്ദം. ഉ. അമളി. സം. കലശൽ. (തമിഴുവാക്കുണ്ട്).

അതഃ-അ. ഇവിടെനിന്ന്, ഇതിൽനിന്ന് ഇതുമുതൽ, ഇതുകൊണ്ട്.

അതാ-അ. ദൂരത്തുള്ള വസ്തുവിനെ ചൂണ്ടിക്കാണിച്ചു പറയുന്ന വാക്ക്.

അതാവ്-പ്ര. ക്ഷീണം, തളർച്ച. ഉ. ഇമ്മുമ്മഗം.

'ആശാവലിയോൻഅതാവുപേട്ടുപോം'

(പഴഞ്ചൊല്ല്)

[തെക്കോട്ട് ഈ ശബ്ദം കേൾക്കുന്നില്ല.]

അതി-അം പ്ര. പ്രകർഷം (അധിക്യം.)

ഉ-ം, അതിരൂപയായ സ്ത്രീ.

ഉ. ലംഘനം (അതിക്രമിക്കുക.)

ഉ-ം, അതിസന്ധായ മഹേശൻ.

'പ്രകർഷേലംഘനേപ്യതി' (അമരം)

സം. ദ്വേഷം (ഏറ്റവും).

ഉ-ം, അതിവൃഷ്ടി.

അതി എന്ന ശബ്ദത്തെ തമിഴിൽ അസി എന്നതിനു പകരം ഉപയോഗിക്കുന്നുണ്ട്.

'ഇതവിടയക്കുടം മുഖമീടിവിട്ടേരചോട്ടയതിയിരിപ്പുഴകുന്തമഴിവിൽപീലി

(രാമചരിതം) [കുന്തം

അതികഥ-വി. പ്രം പറയത്തക്കതല്ലാത്ത. ഉ. അധികമായി കൂട്ടിക്കെട്ടിയത്.

അതികഥ-പ്ര. കൂട്ടിച്ചൊല്ലുപറയുന്ന കഥ ഉ. അർത്ഥമില്ലാത്ത സംസാരം.

അതികന്ദകം-മാരശരം.

അതികണ്ടകാ-രണ്ടുകൊടിത്തുവ.

അതികരുണം-ഏറ്റവും ദയയോടെ.

അതികഷ്ടം-പ്ര. വലിയ ഉപദ്രവം. ഉ. വലിയ പ്രയത്നം (ശ്രമം.) സം. ക്രമത്തിലധികമായി വലിക്കുക.

അതികായ-വി. വലിയകായം, (ശരീരം) ഉള്ള

അതികായൻ-രാവണന്റെ പുത്രൻ. ഇവനെ ലക്ഷ്മണൻ കൊന്നു.

അതികാരുണൻ-വളരെ ദയാപരൻ.

അതികൃച്ഛ്ര-വി. വളരെ പ്രയാസമുള്ള.

അതികൃച്ഛ്രം-അസാധാരണമായ കഷ്ടത, വലിയ സങ്കടം.

അതികൃതി-പ്ര. അധികമായിചെയ്യുക' ഉ. ഒരുപുത്തം (വരിയെന്നിനെ ഒരു അക്ഷരം കാണും.)

അതികൃതം-അധികമായി ചെയ്തത്.

അതികേസരം, അതികേശരാ-മുള്ള ചേമന്തി.

അതികേസര-മുള്ളുചേമന്തി.

അതികൊടുവേലി-ബഹുകഠിനം, ഭയങ്കരം വല്ലം.

അതികോട്-അ. വാളുകൊണ്ട്.

'വഴിയിൽമതിത്തടുത്തുതടുത്തതിസ്തുകവന്തനെതെക്കെയതികോടരിന്തവന്നതതെനില്ലയിമ്മോകമിപ്പോരം'

(രാമചരിതം)

അതികോപി-അധികം കോപമുള്ളവൻ 'ചണ്ഡസ്സുചണ്ഡകോപനഃ' (അമരം)

[ചണ്ഡൻ, അത്യന്തകോപനൻ ഉ-ം അത്രികോപിയിലെന്റെ പേർ.]

അതിക്രമ-നടക്കുക.

[ഉ-ം, യുഗാല്പശം, യുഗത്തെക്കാളേറെ യുഗം. യുഗത്തുകൂടി, യുഗംകൊണ്ടു അതിക്രമിച്ചവ, യുഗം-നശിക്കുക. അതിക്രമനം-ക. യുഗാല്പത്തെന്നാണ് പ്രസിദ്ധമാണ്. പ്രസ്രോഗം-നശിക്കുന്നതിനെൽവച്ചു കടക്കുന്ന നശം.]

അതിക്രമം-പ. ക്രമത്തിനു വിരുദ്ധം, ക്രമംവിട്ട പ്രവൃത്തി.

പര്യായയോതിക്രമസ്സുസ്സിന്നതിപാതമുപാത്യയ (അമരം.)

[പര്യായം, അതിക്രമം, അതിപാതം, ഉപാത്യയം ർ., ക്രമംവിട്ട പ്രവൃത്തിയുടെ പേർ.]

ഉ. തെല്ലുപോലും യോഗ്യകാരനെ യുദ്ധത്തിൽ ശത്രുക്കളോട് എതിർത്തുചെല്ലുക (അതിക്രമം.)

അതിക്രമക്കാരൻ-ക്രമംവിട്ട പ്രവർത്തിക്കുന്നവൻ.

അതിക്രമിക്കുക-ലംഘിക്കുക, കവിഞ്ഞുനിൽക്കുക.

അതിക്ഷോഭം-വളരെ ഉറക്കം.

അതിക്ഷുദ്രൻ-അധികം ലുബ്ധൻ, വളരെ പിശുക്കൻ.

അതിക്ഷുദ്രൻ 'ക്ഷോഭിഷ്ണൻ' എന്ന പര്യായം.

അതിഖാം-(വ്യാകരണത്തിൽ) ഖ ഛ ഠ ഥ ഫ ഇവ ഓരോന്നിനുമുള്ള പേർ.

അതിഗണ്ഡൻ-വലിയ കവിൾത്തടമുള്ളവൻ.

അതിഗന്ധ-വി. വളരെ മണമുള്ള.

അതിഗന്ധം-പ. ഗന്ധകം. ര. ചെമ്പകം, ഭൂതൃണം, മുഴുക്കരം മുതലായവ.

അതിഗന്ധം എന്നതിന് പൂതൃണക്കുപ്പുല്ല്, ഏതവപ്പുല്ല്, രകോത്പുല്ല്, ഇങ്ങനെയിപ്പുല്ല് എന്നിങ്ങനെയും അർത്ഥം കാണുന്നു.

അതിഗന്ധകം-ഓടമരം.

അതിഗന്ധാലു-പൂതൃമായി എന്ന ഔഷധം.

അതിഗന്ധിക-അടുക്കുംവണ്ണിയൻ.

അതിഗന്ധി-വി. വളരെ മണമുള്ള.

അതിഗർജ്ജനം-അലർച്ച.

അതിഗർജ്ജിക്കുക-അധികം അലറുക.

അതിഗുണ-വി. വിശേഷഗുണമുള്ള.

അതിഗുരു-വി. വളരെ ഘനമുള്ള.

അതിഗുരു-ബഹുമാനിക്കത്തക്കവൻ (അദ്ധ്യാപകൻ മുതലായവരെപ്പോലെ).

അതിഗുരുത്രയം-പിതാവ്, മാതാവ്, ആചാര്യൻ ഇവർ മൂവരും.

അതിഗുഹ-മൂവില.

അതിഗൃഹ-വി. ഗ്രഹിക്കാൻ പ്രയാസമുള്ള.

അതിഗൃഹം, അതിഗ്രാഹം-ഗ്രഹങ്ങളുടെ വിഷയങ്ങളും.

| ഗ്രഹങ്ങളും | അതിഗ്രഹങ്ങളും. |
|---|---|
| പ. ഘ്രാണൻ | അപാനൻ. |
| ഉ. വാക് | നാമം. |
| ന. ജിഹ്വ | രസം. |
| ർ. ചക്ഷുസ്സ് | രൂപം |
| ള. ശ്രോത്രം | ശബ്ദം |
| ന. മനസ്സ് | കാമം. |
| ഒ. ഹസ്തം | കർമ്മം. |
| വ. ത്വക് | സ്പർശം. |

അതിചണ്ഡ-വി. അധികം ക്രൂരതയുള്ള.

'അതിചണ്ഡരിപുക്ഷണ്ഡഗളഖണ്ഡനപടു' (നളചരിതം കഥകളി)

അതിചര-വി. മരുപ്പറമ്പോക്കുന്ന.

അതിചര-മാരിലത്തുമരം. വേഗത്തിൽ വ്യാപിക്കുന്നത് എന്ന വ്യുൽപത്തി.

അതിചാരവ്-വലിയ അയവ്, അധികമായ അയച്ചിൽ.

അതിച്ഛത്ര-ശതകപ്പ. ഛത്രത്തെക്കാളും മെലിയുള്ള പുറംതോടുകൂടിയത്.

അതിച്ഛത്ര-കടപ്പുല്ല്. പൂതൃണക്കുപ്പുല്ല് എന്നും കാണുന്നു. ഛത്രത്തെക്കാളും മെലിയുള്ളത് എന്ന വ്യുൽപത്തി.

അതിജഗതി-ഛന്ദസ്സുകളിൽ ഒന്ന്. ഈ വൃത്തത്തിന്റെ പാദത്തിൽ ഏഴു അക്ഷരങ്ങൾ വീതം കാണും.

അതിജവൻ-അതിവേഗത്തിൽ നടക്കുന്നവൻ.

'ജംഘാലോഽതിജവസ്തുല്യേ' (അമരം)

[ജംഘാലൻ, അതിജവൻ ഇ-ം അതിവേഗത്തിൽ നടക്കുന്നവന്റെ പേർ.]

അതിജാഗരം-ഗ. അധികം ഉണർവുള്ള സ്ഥിതി. ഉ. കരിഞ്ഞാൽപക്ഷി.

അതിതരാം-അ. ഏറ്റവും.

അതിതാപം-വലിയ ചൂട്, അധികമായ വ്യസനം.

അതിതീക്ഷ്ണം-കരിമുരിങ്ങ.

അതിതീക്ഷ്ണ-ചെങ്കടുക്.

അതിതീവ്ര-മീൻകണ്ണിക്കായാ.

അതിഥി-ഗ. വഴിപോക്കനായി ഭവനത്തിൽ വന്നവൻ. [തേ

'സ്യാദ്ഭാവേശികആഗന്തുരതിഥിർന്നഗൃഹാഗത' (അമരം)

[ആവേശികൻ, ആഗന്തു, അതിഥി. ഗൃഹാഗതൻ ഇവ ൪-ം അതിഥിയുടെ പേർ. നടന്നും വിശന്നും തളർന്നും ക്ഷീണിച്ചുവന്നവനാണ് അതിഥി. ക്ഷണിച്ചുവന്നവനല്ല.]

ഉ. ഒന്ന് ക്കൽ വന്നു പോയതിൽ പിന്നെ പതിനഞ്ചുദിവസത്തിനകം വരാത്തവൻ. തിഥി, ഗള ദിവസം (അ+തിഥി, അതിഥി.)

ന. ഒരു നാളും തീകച്ചു താമസിക്കാത്തവൻ.

ഇവിടെ തിഥി എന്നാൽ ദിവസം എന്നതുകൽപ്പിച്ചും, അതിഥിയുടെലക്ഷണമില്ലാതെ വരുന്നവരെക്കൂടി അഭ്യാഗതനെന്നുംകൂടെ, അതായതു ഇഷ്ടന്മാരും, കടപ്പെട്ടവരുമായി വരുന്നവർ മുതലായവരെയും.

൪. ഒരു സൂര്യവംശരാജാവു്. കുമുദവതിയിൽ കുശന്റെ പുത്രൻ, (രാമന്റെ പൌത്രൻ.)

൫. കന്നുകം.

അതിഥിഗൃഹൻ-ദിവോദാസൻ. ഭൈന്ദ്രന്റെ സഹായത്തോടുകൂടിയുദ്ധം ശംബരനെ ജയിച്ചു.

അതിഥിപൂജ-വഴിപോക്കർക്ക് ഭക്ഷണവുംമറ്റും കൊടുക്കുക (മനുഷ്യയജ്ഞം, അതിഥിസൽക്കാരം, അതിഥിപൂജനം)

അതിഥിസപര്യാ-അതിഥിപൂജ.

അതിസർജ്ജനം-അധികമായ വിട്ടുകൊടുക്കൽ.

അതിഥിസൽക്കാരം-അതിഥിപൂജ.

അതിഥേയം-അതിഥികൾക്കുള്ള തീൻപണ്ടങ്ങൾ (ഭക്ഷണസാധനങ്ങൾ) (സംധുവല്ല.)

അതിദയാപരൻ-വളരെദയയുള്ളവൻ.

അതിദാനം-ഔദാര്യം, അധികമായ വിട്ടുകൊടുക്കൽ.

'വിലംഭസ്ത്വതിസർജ്ജനം' (അമരം)

[വിലംഭം, അതിസർജ്ജനം ഉ-ം, അതിദാനത്തിന്റെ പേർ.]

അതിദീപ്യം-രചനയുള്ള കൊട്ടാവല്ലി

അതിദൂരം-ഏറ്റവും ദൂരം (അകലം)

'ദവീയശ്ചദവിഷ്ഠഞ്ചസുദൂരേ' (അമരം)

[ദവീയസ്സ്, ദവിഷ്ഠം, സുദൂരം ന-ം അത്യന്തദൂരത്തിന്റെ അല്ലെങ്കിൽ അതിദൂരത്തിന്റെ പേർ.]

അതിദേവൻ-ഗ. ശിവൻ. ഉ. ഏറ്റവും ശ്രേഷ്ഠനായ ദേവൻ.

അതിധനപാവു്-തുല്യതയില്ലാത്ത വില്ലാളി.

അതിധൃതി-ഛന്ദസ്സുകളിൽ ഒന്ന്. ഇതിന്റെ പാദത്തിൽ ഏഴ് അക്ഷരം വീതം കാണും.

അതിനിഷ്ഠുരൻ-വലിയക്രൂരൻ, വളരെ കഠിനൻ.

അതിനിർഹാരി-വളരെ ദുരവ്യാപിയായ സുഗന്ധമുള്ള വസ്തു.

അതിന-തോണിയെ അതിക്രമിച്ചുവരുന്നതിന്റെ പേർ. തോണിയെ അതിക്രമിച്ചു (നാവം അതിക്രാന്തം).

അതിപഞ്ച-അഞ്ചുവയസ്സായ പെൺകുട്ടി. (പഞ്ചവർഷമതിക്രാന്തം).

അതിപതനം-ഫ. അതിക്രമം (ലംഘനം). ഒ. വീഴ്ച. സ. വിരോധം.

അതിപത്രകം-തേക്കുമരം.

അതിപത്രം-മരാമ്പു.

അതിപഥി-നല്ല റോട്ട് (വഴി).

അതിപദ-വി. ഫ പദമില്ലാത്ത. ഒ. പദത്തെ അതിക്രമിച്ച. (അതിക്രാന്തഃ പദം).

അതിപതി-ഫ. അപ്പുറംപോകുക. ഒ. തോല്പ്പി.

അതിപന്ന-വി. അപ്പുറംപോയ, കടന്ന.

അതിപന്ഥാവ്-നല്ലവഴി.

'അതിപന്ഥാസ്സുപന്ഥാശ്ച സൽപഥശ്ച' (അമരം)

(അതിപന്ഥാവ്, സുപന്ഥാവ് സൽപഥം സ-ം നല്ലവഴിയുടെ പേർ).

അതിപര-വി. ശത്രുക്കളെ തോല്പിച്ച.

അതിപരൻ-വലിയ ശത്രു

അതിപരാക്രമം-മഹാബലവാന്മാരെക്കാളും അതിശയിതമായ ശക്തിയോടു കൂടിയ ഭാവം.

'വിക്രമസ്സാതിശക്തിതം' (അമരം)

(വിക്രമം, അതിശക്തിത ഒ-ം; അതിപരാക്രമത്തിന്റെ പേർ).

അതിപരുഷൻ-നിഷ്ഠുരകർമ്മി.

'പട്ടാളക്കാരതിപരുഷരായങ്ങുമിങ്ങും നടക്കും' (മയൂരസന്ദേശം)

അതിപരോക്ഷ-വി. കാണ്മാനിടയില്ലാത്ത വളരെ ദൂരത്തായ, കണ്ണോടെന്നതല്ലാത്ത.

അതിപാതം-ഫ. അതിക്രമം(ലംഘനം) ഒ. വീഴ്ച. സ. വിരോധം.

അതിപാതകം-ഏറ്റവും നീചമായ പാപം.

അതിപാദം-ക്രമാതിക്രമം.

അതിപിച്ചില-കാടവാഴ.

അതിപുകച്ചൽ-ഫ. വലിയ കൽത്തൽ. ഒ. വലിയ നീറൽ. സ. തീരെ തെളിവില്ലായ്മ.

അതിപ്രകാശം-അധികമായ ശോഭ.

'ശുഭ്രദീപ്തശുക്ലയോഃ' (അമരം)

(ശുഭ്രം-അധികമായ പ്രകാശത്തോടുകൂടിയതിന്റെയും വെളുപ്പുനിറത്തോടുകൂടിയതിന്റെയും പേർ).

അതിപ്രബന്ധം-ഫ. വലിയ യോജിപ്പ്, വലിയ കൂട്ടിക്കെട്ട്, വലിയ ചേർച്ച. ഒ. വലിയ സന്ധിബന്ധം. സ. വലിയ തുടർച്ച.

അതിപ്രയോഗം-ഫ. അധികമായ യത്നം, അധികമായ പ്രവൃത്തി. ഒ. കടന്ന പ്രവൃത്തി.

അതിപ്രവൃദ്ധ-വി. വളരെ വളർന്ന.

അതിപ്രശ്നം-മറ്റുള്ളവരിടുള്ള ചോദ്യം, അസഹ്യമായുള്ള ചോദ്യം.

അതിപ്രസംഗം-അതിവ്യാപ്തി, ശകാരം, നിന്ദ.

അതിപ്രസിദ്ധ-വി. പ്രകാശിക്കുന്ന.

'പ്രകാശേതി പ്രസിദ്ധോപി' (അമരം)

(പ്രകാശം പ്രകാശിക്കുന്നത്-ഇതു അത്യന്തംപ്രസിദ്ധമായിട്ടുള്ളതിന്റെപേർ).

അതിപ്രസിദ്ധി-വിശേഷമായകീർത്തി.

'വിശ്രാവസ്സുപ്രഖ്യാതി' (അമരം)

[വിശ്രാവം, പ്രഖ്യാതി ഒ-ം അതിപ്രസിദ്ധിയുടെ പേർ.]

അതിപ്രഹർഷം-അത്യന്തസന്തോഷം.

അതിപ്രാണപ്രിയം-ജീവനേക്കാളുമുള്ള സ്നേഹം (സന്തോഷം, ഇഷ്ടം).

അതിപ്രിയൻ-അധികം സന്തോഷിപ്പിക്കുന്നവൻ.

[പ്രേഷ്ഠൻ എന്നത് അതിപ്രിയന്റെ പേരാകുന്നു. അതിശയേനപ്രിയൻ-പ്രേഷ്ഠൻ].

അതിപ്രീതൻ-വളരെസന്തോഷിച്ചുവൻ

അതിപ്രീതി-അധികം സന്തോഷം, അധികം ഇഷ്ടം.

അതിബല-പ. ഒരു മന്ത്രം.

ശ്രീരാമലക്ഷ്മണന്മാരെന്നിച്ചു വിശ്വാമിത്രൻ വനത്തിൽ പോകുന്നമധ്യേ ബല എന്നും അതിബല എന്നും രണ്ടു മന്ത്രങ്ങൾ ഉപദേശിച്ചിട്ടുണ്ട് എന്നുള്ളതു രാമായണം കൊണ്ടു സുപ്രസിദ്ധമാകുന്നു.

'മഹാവും വിശപ്പുമുണ്ടാകാതെയിരിപ്പാനായ് മഹാത്മാവേ കനിഞ്ഞു വിശ്വകളിവരണ്ടും ബലയാം നിന്നെ! നിങ്ങൾ പഠിച്ചുജപിച്ചാലും ബലയും പുനരതിബലയുംമടിയാതെ'

(അദ്ധ്യാത്മരാമായണം)

ഉ. കൃഷ്ണന്റെ ഒരു പുത്രി. ന. കാട്ടുകയനത്തെപ്പറ്റി.

അതിബലൻ-തുല്യനില്ലാത്തായോരാൾ

അതിബലവാൻ-അധികം ശക്തിയുള്ളവൻ.

'ഉജ്ജസ്വലസ്യാപ്യുജ്ജസ്വീ' (അമരം)

[ഉജ്ജസ്വലൻ, ഉജ്ജസ്വി ഉ-ം അതിബലവാന്റെ പേർ.]

അതിബലം-പരിഭം.

അതിബാല-പ. വളരെബാലയായവൾ. ഉ. രണ്ടുവയസ്സായ പശുക്കുട്ടി.

അതിബാന്ധവൻ - പ. ഉഗ്രബന്ധു ഉ. വളരെ കൃത്രിമവിശ്വാസമുള്ളവൻ.

അതിബുധത്വഫലം-പ്ലാവ്.

അതിബ്രഹ്മചര്യൻ - ബ്രഹ്മചര്യത്തെ അത്യന്തനിഷ്ഠയോടെ കഴിക്കുന്നവൻ, സ്ത്രീയോടു ചേർച്ച ഇല്ലാത്തവൻ.

അതിഭക്ഷകൻ-വലിയ തീനിക്കാരൻ.

അതിഭക്ഷണം-ക്രമത്തിലധികമായ തീനി (ഭക്ഷണം).

അതിഭരം, അതിഭാരം-വലിയ ചുമട്.

അതിഭാഗം-പ. കഴിവ്. ഉ. വെളിക്കുതിര.

അതിഭീ-മിന്നൽ, ഇന്ദ്രന്റെ വജ്രായുധത്തിന്റെ കാന്തി.

അതിഭീരുത-വലിയ ഭയം.

അതിഭൂമി-പ. അധികതാപം, കവിച്ചൽ. ഉ. മേധാവിത്വം. ന. ഉന്നതി, പ്രാധാന്യം, അധീശത്വം.

അതിഭോജനം-അധികം തിന്നുക (ഭക്ഷിക്കുക).

അതിമണ്ഡലം - പത്രാക്ഷകം (ചിറ്റീനൽ).

അതിമതി-അധികമായ ഡംഭം (ശഠം).

അതിമധുര-വി. പ. അധികംഇമ്പിമ്പുള്ള. ഉ. വളരെ മനോഹരമായ.

'അതിമധുരതരവപുഷമരികിലുടനൊരുപുമാനുമൊഴിസഖികളോടു കണ്ടു' [ക്ഷ (നളചരിതം കഥകളി)

അതിമധുരം-പ ഇരട്ടിമധുരം. ഉ. അധികമായ മധുരം.

അതിമദ്ധ്യാഹ്നക്രമത്തെ കഴിഞ്ഞ സ്ഥിതി, ചട്ടത്തെ ലംഘിച്ച സ്ഥിതി, ആചാരത്തെ തെറ്റിയുള്ള സ്ഥിതി, അതിര കവിഞ്ഞ സ്ഥിതി.

അതിമലിന-വി. വളരെ അഴുക്കുള്ള

അതിമാത്രം-അതിശയം (ഏറ്റവും). അല്പത്തെ അതിക്രമിച്ചുള്ള എന്നു വ്യുല്പത്തി.

'അതിവേലമതിശായ്യത്ഥാ
തിമാത്രോത്കൃഷ്ടനിർഭരം
തീവ്രൈകാന്തത്വരാന്തതി
ശാഢ്യോഢ്രുഢാനിച'

(അമരം)

[അതിശയം, ഭരം, അതിവേലം, ഉത്കൃഷ്ടം, അത്യർത്ഥം, അതിമാത്രം, ഉത്തമം, നിർഭരം, തീവ്രം, ഏകാന്തം, തിവ്രാന്തം, ഗാഢം, ഡ്യാഢം, ഉഢം എന്നിവ അതിശയം (ഏറ്റവും) എന്നതിന്റെ പേരുകളത്രേ.]

അതിമാനം -അളക്കാൻപാടില്ലാത്തത്, അളവുകടന്നത്. ക. ബഹുമാനം.

അതിമാനഹീന-വി. തീരെ മാനമില്ലാത്ത.

അതിമാനുഷൻ, അതിമർത്ത്യൻ-മനുഷ്യരുടെറ സ്ഥിതിയെകടന്നവൻ, ദൈവികസ്ഥിതിയുള്ളവൻ.

'അതിമാനുഷനിവനെങ്കിലുമെനുവധി
മതിമുഖിമാരൊടുകൂടിരമിപ്പാൻ'

(രാമചരിതം തുള്ളൽ)

അതിമാന്യൻ-വളരെമാനിക്കത്തക്കവൻ

അതിമംഗല്യ-വി. വളരെ ശുഭമേയ.

അതിമംഗല്യം-ക്രിയാമൂ.

അതിമായികൻ-ഈശ്വരൻ.

അതിമാരുത-വി. അധികം കാറുള്ള.

അതിമാംസ-വി. വളരെ മാംസമുള്ള; വളരെ തടിച്ച.

അതിമിത-വി. അളവുകടന്ന. അതിമിത (അ + തിമിത) = നനയാത്ത.

അതിമിത്രം-ഉറ്റസ്നേഹിതൻ.

അതിമുദിതം-ഒരു വൃത്തത്തിന്റെ പേർ. (അഷ്ടിച്ഛന്ദസ്സിൽചേർന്നതാണ്. വരിയിന്നിൽ പതിനാറു അക്ഷരം വീതം കാണും.)

'തംതംതന്തംതംഗമിത്രം
നിമുദിതാംകേറിവൃത്തമാം'

(വൃത്തമഞ്ജരി)

അതിമുക്ത-വി. ക. ലോകവ്യാപാരങ്ങളെ വെടിഞ്ഞ ക. വിരക്തന്മാരായ മനുഷ്യരെ അതിക്രമിച്ച.

അതിമുക്തൻ-ക. കത്തക്കത്തിമുല്ല. വിരക്തന്മാരായവർക്കുടി ഇതിൽതൽപര്യമുള്ളതിനാൽ അവരെ അതിക്രമിച്ചത്, വെള്ളനിറം ഹേതുവായിട്ട് മുത്തുമണിയെക്കുടി അതിക്രമിച്ചത് എന്ന വ്യൽപത്തി.

[ഈ വള്ളിച്ചുടിക്ക കസ്തൂരിതാസ്ഥമുണ്ടെന്നു പറയുന്നു. കത്തക്കത്തി എന്ന പദം തമിഴാണ്].

ക. തൊട്ടകാര. ന. പനച്ചി.

അതിമുക്തി-മോക്ഷം.

അതിമൃത്യു-മോക്ഷം.

അതിമൈഥുനം-സ്ത്രീ പുരുഷന്മാർ തമ്മിലുള്ള കവിഞ്ഞ ചേർച്ച.

അതിമോഘ-വി. നിശ്ചലമായ.

'അതിമോഘങ്ങളുഷങ്ങൾ'

(നളചരിതം കഥകളി)

അതിമോദം ക. അധികമായ സുഗന്ധം ക. നവമല്ലിക, തുളസിമുല്ല.

അതിമോഹനം-അധികം മോഹിക്കത്തക്കത്. 'അതിമോഹനമെന്നുടെയാനം
അതിമോഹനമെന്നുടെദാനം'

(കിരാതം തുള്ളൽ)

അതിരു-അതിൽ (അതിൽ എന്ന ശബ്ദം നോക്കുക).

അതിരഞ്ജക-വി. അധികം യോജിപ്പിക്കുന്ന (ചേർക്കുന്ന.)

അതിരക്ത-വി. വളരെ ചുമന്ന, വളരെ പ്രിയമുള്ള (രാഗമുള്ള).

അതിരഥൻ - പ്രസിദ്ധനായ വലിയ യോദ്ധാവ്. അതിരഥനെ മഹാരഥനെക്കാൾ പത്തുമടങ്ങു ശ്രേഷ്ഠനായുണ്ട്. സാരഥി മരിച്ചുപോയാലും താൻതന്നെ തേരുതെളിച്ചുംകൊണ്ടു യുദ്ധംചെയ്യുന്ന ശത്രുവിനെ ജയിക്കുന്ന വില്ലാളി. (മഹാരഥശബ്ദം നോക്കുക.)

അതിരഭസം-വലിയ സാഹസം, വളരെ വേഗം, വലിയ ബഹളപ്പാട്.

അതിരസ-ക. അരത്ത. ക. വള്ളിച്ചുരുളി മധുരം.

അതിരാജൻ-ക. ഒരു അസംബന്ധരൂപേണ രാജാവ്. ക. രാജാവിനെപ്പോലുള്ളവനോ രാജാവ്.

അതിരാത്രം - ക. രാത്രികഴിഞ്ഞു്. ഉ. അശ്വമേധത്തിന്റെ മൂന്നാംനാൾ.

അതിരിക്ത-വി. ക. അധികം ഏറിയ, അത്യന്തം അധികമായ, അതിരേചിച്ചു് = അതിരിക്തം.

'അതിരിക്തഃസമധികഃ' (അമരം)

[അതിരിക്തം, സമധികം ഉ-ം അത്യന്തം അധികമായിട്ടുള്ളതിന്റെപേർ]

ഉ. ഒഴിഞ്ഞ. ന. പൊള്ളയായ.

അതിരിച്യമാനം-വി. കവിഞ്ഞ, അത്യധികമായ.

അതിരുക - യേപ്പെട്ടുക. ഇതു് തമിഴും പ്രാചീനമലയാളവുമാണ്.

അതിരുക്കു്-ക. അതിസുന്ദരി. ഉ. കാലിന്റെ മുട്ടു് (മുഴങ്കാൽ).

അതിരുക്ഷി-വി. അധികം കഠിനമായ.

അതിരുചിര-വളരെ മനോഹരമായ. അധികം മംഗിയുള്ള.

അതിരുചിര-ഒരു വൃത്തത്തിന്റെ പേര്. അതിജഗതി ഛന്ദസ്സിൽ മുപ്പത്തൊട്ടക്ഷരം ഉണ്ടു്. വരി ഒന്നിൽ ക്രമേ അക്ഷരം വീതം കാണും.

'ചതുസ്ത്രിംശ്ചതുരുത്തരമുരുചിരാമമേസ് ജഗം'

(വൃത്തമഞ്ജരി)

ഉ-ം 'സപദ്യേശരവതിനാരമേവം
സുപദ്മാരുഢപിനിരശാൽത്രിവിഷ്ടപാൽ
രമനപയുശ്ചിയമപാശപാണയേ
ക്രമരമണീയയുരഥകന്ധിനാന്തികാ'

(നളചരിതം കഥകളി)

അതിരുചിരം-രണ്ടു വൃത്തങ്ങളുടെ പേർ. (ജഗതി ഛന്ദസ്സിൽ മുപ്പത്തൊട്ടതിനു വരി ഒന്നിൽ ക്രമേ അക്ഷരം വീതം കാണും).

'നജനസാലഗകിലതിരുചിരം'

[പ്രകൃതിഛന്ദസ്സിൽ ചേർന്നും ക്രമേ അക്ഷരം വീതമുള്ളതുമായ മറ്റൊരു വൃത്തം].

'ഇതപതുലഘ്വക്ഷരവാതഗ്രതയൊടടുവിലതിരുചിരമതം'

(വൃത്തമഞ്ജരി)

അതിരുച്യം-ക. ഏറ്റവും മനോഹരം. ഉ. (അന്നപക്ഷത്തിൽ) ഏറ്റവും സ്വാദുള്ള.

അതിരൂപ-വി. ക. ഭംഗിയില്ലാത്ത, രീതിയില്ലാത്ത, കാഠിന്യത്തോടെ നിറം കൃതിയായ. ഉ. വളരെ ഭംഗിയുള്ള.

അതിരൂപൻ - ഒരു ദേവൻ, സവ്യശ്രവസ്സൻ (അതിക്രാന്തോരൂപം).

അതിരേകം-വി. കവിയുന്ന, വഴിഞ്ഞൊഴുകുന്ന.

'അതിരേകംകൊതിയുമ
ണ്ടതിനൊന്തവിധിയുമ
ണ്ടതിൽക്രൂടെസ്ഥിതിചെയ്ത,
മതിരൂമീപതിവീര'

(സഭാപ്രവേശം തുള്ളൽ)

അതിരേചകം-വി. വളരെ വയറിളക്കുന്നതിനുള്ള.

അതിരോഗം-ക്ഷയം എന്ന രോഗം.

അതിരോമശ, അതിലോമശ-വി. വളരെ മുടിയുള്ള (രോമമുള്ള.)

അതിരോമശം-കരിംകരങ്ങു്. ഉ. ഇണക്കമില്ലാത്ത ആടു് (കൂട്ടാടു്).

അതിൽത്തി-എല്ലുക. കവിഞ്ഞു് അപ്പുറം കടന്നുകടന്നു എന്ന നിർബന്ധമുള്ളതു്.

'ഗ്രാമാന്തമുപശല്യസ്യാൽ'

'സീമസീമേസ്ത്രിയാമുമേ' (അമരം)

സീമാവു്, സീമ ഉ-ം ഗ്രാമാദികളുടെ അതുത്തിയുടെ പേർ. ഈ രണ്ടു സ്വരങ്ങളും ദ്രാവിഡത്തിലില്ലാത്ത സംസ്കൃതങ്ങളാകയാൽ ഇവയുടെ ഉച്ചാരണത്തിൽ ഭേദകാരം കാണുകയില്ല. എന്നാൽ ഇവ ചില മലയാളപദത്തിലും ഉപയോഗിച്ചു കണ്ടേക്കാം. ഇവ സംസ്കൃതപദങ്ങളിലേ ആവശ്യത്തിനായിട്ടാണു സ്വീകരിക്കാനിടയായതു്. ഉ-ം, ഉപ്പാമം, മുന്നേ, അതുത്തു് ഇവയിൽ ഉപ്പാമത്തിലെ 'ഉ, മാത്രം ഉചിതംതന്നെ. മറ്റേടത്തെ മുകിൻ, അതിൽത്തി, എന്നതന്നെ എഴുതണം.

അതിത്തിത്തക്കം - അതിത്തി സംബന്ധിച്ച വാക്കു.

അതിലംബി-ശരകൊപ്പ.

അതിലിഹി-ഒരു വൃത്തം. (ഈ പ്രാകൃതവൃത്തത്തിന്ന് ഓരോവരിയിൽ മാത്രകളുടെ എണ്ണം)

അതിലോമശം-ക്ലീ. കരിംകുരങ്ങ്. പു. ഇണക്കമില്ലാത്ത ആട്ട് (കാട്ടാട്.)

അതിവക്ര-വി. വളരെ വളഞ്ഞ.

അതിവക്തൃ-അധികം പറയുന്നവൻ 'വാവദൂകോതിവക്തരി' (അമരം)

[വാവദൂകൻ, അതിവക്തൃ പു-ം, അധികം പറയുന്നവരുടെ പേർ.]

അതിവക്തൃ-വി. വളരെപറയുന്ന(സംസാരിക്കുന്ന).

അതിവർത്തനം-ക്ലീ. ലംഘനം. പു. മറ്റുള്ളതിനെക്കാൾ കടക്കുന്നതുകൊണ്ടുള്ള കുറവ്.

അതിവർത്തിക്ക-ലംഘിക്ക.

അതിവർത്തുള-വി. അധികം വൃത്തമാകാരമായ (വട്ടമായ).

അതിവർത്തുളം-മലങ്കടല.

അതിവാദി-അധികം സംസാരിക്കുന്നവൻ, വാചാലൻ.

അതിവാദം-മുഷിഞ്ഞു പറയുക. അപ്രിയംപറയുക. അതിരുകടന്നവാക്ക് എന്നു വ്യുൽപത്തി.

പാരുഷ്യമതിവാദഃസ്യാൽ' (അമരം)

[പാരുഷ്യം, അതിവാദം, പു-ം, അപ്രിയമായി മുഷിഞ്ഞു പറയുന്ന വാക്കിന്റെ പേർ]

അതിവാസന-നല്ല മണം (ഗന്ധം) മുഹിപ്പിക്കുന്നതിനുള്ള ശക്തി (മനസ്സിലാക്കുന്നതിനുള്ള സാമർത്ഥ്യം.)

അതിവാസനം-സുഗന്ധദ്രവ്യങ്ങൾകൊണ്ട് ശരീരാദികൾക്ക് സൌരഭ്യമുണ്ടാക്കുക.

അതിവാസം-ശ്രാദ്ധത്തിന്റെ തലേദിവസമുള്ള ഉപവാസം.

അതിവാഹകൻ-മരിച്ചാൽ ജീവനെ മറ്റൊരാളുടെ ശരീരത്തിലാക്കി കൊണ്ടുപോകുന്ന ദേവൻ.

അതിവാഹനം-വലിയ ചുമട്.

അതിവികട-വി. പു. വളരെ ഭയങ്കരമായ. ക. ദുഷ്ടിലമുള്ള.

അതിവികടൻ-പു. വളരെ ദുഷ്ടിലമുള്ളവൻ. ക. ദുഷ്ടിലമുള്ള ആൾ

അതിവികൃതം-ഏറ്റവും വികൃതമായത്.

അതിവിടയം-കരങ്ങാടിമരുന്ന്.

അതിവിടയം എന്നതു തമിഴാകുന്നു. സംസ്കൃതത്തിൽ ഇതിന് 'അതിവിക്ഷ' എന്നു പേർ.

'വിശ്വാവിക്ഷാപ്രതിവിക്ഷാ
തിവക്ഷോപവിക്ഷാതിരണാ
ശ്വാശ്വീമഹൌഷധം' അമരം)

[വിശ്വ, വിക്ഷ, പ്രതിവിക്ഷ, അതിവിക്ഷ, ഉപവിക്ഷ, അതിരണ, ശ്വാശ്വീമഹൌഷധം വു-ം, അതിവിടയത്തിന്റെ പേർ.]

അതിവിക്ഷ എന്നതിന് വിക്ഷയെ അതിക്രമിച്ചത് എന്നർത്ഥം. ഇത് കാസം, കഫപിത്തജ്വരം, വിക്ഷം, ആമപചനം, അതിസാരം, ഛർദ്ദി ഇവയെ ശമിപ്പിക്കുന്നതാകുന്നു.

അതിവിടുവിദ്ധി-കേട്ടാൽ അറിവില്ലാത്തവൻ.

അതിവിതത-വി വളരെ പരന്ന.

അതിവിഭവം-പു വളരെ വിഭവങ്ങളോടുകൂടിയുള്ളത്. ക. വലിയ സമ്പത്ത്.

'അത്യാനന്ദംരചിച്ചുനേതിയിലുമാഹാ
ധന്യനാം വന്യമാചീ'

(ശ്രീകൃഷ്ണചരിതം)

അതിവിഷ-വി. വളരെ വിഷമുള്ള.

അതിവിഷ-അതിവിടയം. (അതിവിടയം എന്ന ശബ്ദം നോക്കുക.)

അതിവിഷാദാവകം-ഇഴ മത്തന്റെ ഗുഹണി, അതിസാരം ഇവയ്ക്കു നന്ന്.

അതിവിസ്താര-വി. അധികപരപ്പുള്ള, അധികം വിസ്തീർണ്ണതയുള്ള, അധികം വ്യാപകമായ.

അതിവൃഷ്ടി – അധികമായ മഴ, ഇതി ഉപദ്രവങ്ങളിൽ ഒന്ന്.

അതിവേലം-ഏറ്റവും. വേലയെ (മര്യാദയെ) അതിക്രമിച്ചത് എന്ന വ്യുൽപത്തി. അതിമാത്രം എന്ന ശബ്ദം നോക്കുക).

'ചീലയാതോംബുധചവ്ണാരമേദ്യുരതി
വേലംവിനോദിച്ചിതന്നതുന്നേരം'

(അദ്ധ്യാത്മരാമായണം)

അതിവേപിത-വി. ഏറ്റവും വിറച്ച

അതിവ്യഥ-വലിയ വേദന.

അതിവ്യഥനം-വലിയ വേദന.

അതിവ്യക്ത-വി. അധികം സ്പഷ്ടമായ (തെളിവായ).

അതിവ്യാപ്തി-പ. അധികമായി വ്യാപിക്കുന്ന (പരക്കുന്ന) സ്ഥിതി. ഉ. ലക്ഷണത്തെ മറുപുറം കടക്കുക.

അതിവ്യായാമം-അധികമായ ദേഹോപദ്രവം.

കസേരത്തുടുക്കുക, മാട്ടുക, ചാട്ടുക മുതലായവയാകുന്നു. സ്ത്രീകൾക്ക് തിരുവാതിരക്കളി മുതലായതും ഗുണദോഷിയും വ്യായാമമാകുന്നു. വ്യായാമം അധികമായി ചെയ്യരുത്. അങ്ങിനെ ചെയ്താൽ കഫം, പനി, ഉഷ്ണം, ക്ഷയം, പ്രമേഹം, രക്തപിത്തം, ദേഹേന്ദ്രിയങ്ങൾക്ക തളർച്ച ഇവയുണ്ടാകും.

'അതിവ്യായാമതഃകായേ
ജ്വരഃ ശ്വാസോഭിജായതേ
തൃഷ്ണാക്ഷയഃപ്രമേഹശ്ച
രക്തപിത്തംശ്രമഃക്ലമഃ'

(അഷ്ടാംഗഹൃദയം)

അതിശക്തിത-അതിപരാക്രമം. മറ്റുള്ളവരിൽ കൂടുതലായ ശക്തിയുള്ള സ്ഥിതി എന്ന വ്യുൽപത്തി (അതിപരാക്രമം എന്ന ശബ്ദം നോക്കുക)

അതിശക്തിഭാക്ക് – അധികം ബലമുള്ളവൻ.

അതിശക്വരി-ഛന്ദസ്സുകളിൽ ഒന്ന്.

[ഈ വൃത്തത്തിന് പാദത്തിൽ ഏഴക്ഷരം വീതം കാണും].

അതിശങ്ക-വലിയ സംശയം.

അതിശയം-ഏറ്റവും

'ഇതിയുവതിജനനാനാംഭീനവാക്യങ്ങൾകേട്ട-
ങ്ങതിശയകരുണാവാനഞ്ജസാകഞ്ജനാഭൻ'

(ശ്രീകൃഷ്ണചരിതം)

(മോക്ഷയിൽ) വിസ്മയം. സംസ്കൃതത്തിൽ അതിശയശബ്ദത്തിനു വിസ്മയം എന്നർത്ഥമില്ല. (അതിമാത്രം എന്ന ശബ്ദം നോക്കുക).

'ഉൽകർഷേതിശയേ' (അമരം).

[ഉൽകർഷം, അതിശയം ഇ-ം ഉൽകർഷത്തിന്റെ പേർ.] ഇവിടെ അതിശയശബ്ദത്തിനു അതിക്രമിക്കുക എന്നർത്ഥം

അതിശയനം-മഹത്വം, വലിപ്പം, പ്രാബല്യം.

അതിശയനീയ -(മോക്ഷയിൽ) വിസ്മയിക്കത്തക്കത്.

അതിശയിക്കുക എന്ന ക്രിയക്ക് വിസ്മയിക്കുക എന്നേ സംസ്കൃതത്തിൽ അർത്ഥമുള്ളൂ. ഈ അർത്ഥം മോക്ഷയിൽ എങ്ങിനെയൊ വന്നുചേർന്നതാണ്. അനീയം എന്നതു സംസ്കൃതത്തിലേ കൃത്പ്രത്യയം തന്നെ (അതിശയ-അനീയം-അതിശയനീയം.)

അതിശയിക്കുക-(സംസ്കൃതത്തിൽ) അതിക്രമിക്കുക. (ഭാഷയിൽ) വിസ്മയിക്കുക അത്ഭുതപ്പെടുക.

അതിശയനി-ഒരു വൃത്തം. (ചിത്രലേഖ എന്നും പറയും)

അതിശയോക്തി-പ്ര. വസ്തുവർണ്ണനയെ കവിഞ്ഞു പോകുക. ഉ. അലങ്കാരങ്ങളിൽ ഒന്ന്.

'ചൊല്ലുള്ളതിൽകവിഞ്ഞുള്ള
തെല്ലുമതിശയോക്തിയാം'
(ഭാഷാഭൂഷണം)

അതിശസ്തൻ-പ്ര. അധികം ശ്രേഷ്ഠൻ. ഉ. ശത്രുവിനാൽ നേരിടപ്പെട്ടവൻ.

അതിശേഷം-അല്പമുള്ള മിച്ചം.

അതിശോഭനൻ-ഏറ്റവും ശ്രേഷ്ഠൻ.

അതിശോഭനം-വളരെ ശോഭയുള്ളത്. അതിശയേന (ഏറ്റവും)ശോഭനം (ശോഭയുള്ളത്.)

അതിശ്രേയസി-ഏറ്റവും മഹത്വമുള്ള ഒരു സ്ത്രീയുടെ അധിപതി. [ശ്രേയസീമതിക്കുന്തൻ]

അതിസംക്രുതി-പ്ര. വല്ലായ അടുപ്പം(ചേർച്ച). ഉ. അധികമായ സ്നേഹം.

അതിസന്ധാനം-കളവ്. ഉ. ചതിവ്.

അതിസന്ധ്യ-ഉച്ചസ്സിനു മുമ്പും സന്ധ്യയ്ക്കു പിമ്പുമുള്ള അല്പസമയം.

അതിസമ്പന്നൻ-വളരെ സമ്പത്തിയുള്ളവൻ.

'അധികർദ്ധിസമൃദ്ധസ്യാൽ' (അമരം)

[അധികർദ്ധി, സമൃദ്ധൻ എന്നീ അതിസമ്പന്നന്റെ പേർ].

അതിസംസ്കൃത-വ്യ. അധികം പരിഷ്കരിക്കപ്പെട്ട.

അതിസമ്മത-രംഭാസ്തംഭം എന്ന വൃത്തത്തിലെ പ്രഥമ വൃത്തത്തിന്റെ പേർ.

തരുണീയുഗളം ചേർന്നുകിസമ്മതയെന്നിട്ടും
(വൃത്തമഞ്ജരി)

ഉ-ം,—

'തരുണോപവനാന്തർമ്മദനർത്തനകീവല്ലഭം [ൻ
നിജമനസി ചേർത്തുരോമരഞ്ജിതരാംഗോമഹം
(ഇരുപത്തിനാലുവൃത്തം)

അതിസംവത്സരം -ഒരു വർഷത്തിലധികം.

അതിസർഗ്ഗം-പ്ര. ആഗ്രഹംപോലെ അനുവദിക്കുക. ഉ. ജോലിയിൽനിന്നും പിരിച്ചുവിടുക. ന. കൊടുക്കുക. ഭ. അധികമായ നിശ്ചയം.

അതിസജ്ജനം- അധികമായവിട്ടുകൊടുക്കൽ. (അതിദാനം എന്ന ശബ്ദം നോക്കുക.)

അതിസപ്പണം-ശർക്കരിലുള്ള ശീതഗുണത്തെ അതിയായ ഇളക്കം.

അതിസവ്-വി. എല്ലാറ്റിലും വിശേഷമായ (ഉചിതമായ).

അതിസവ്ൻ-ഈശ്വരൻ, ദേവൻ.

അതിസഹസ്രകവത്സരം -ആയിരം വർഷത്തിലധികം.

അതിസാന്തപനം-ഒരുതരം കഠിനമായ തപസ്സ്.

അതിസാമ്യ-ഇരട്ടിമധുരം (ഒരൗഷധം)

അതിസാര-വി. പ്ര. അധികം ബലമുള്ള ഉ. അധികം സ്ഥിരമുള്ള. ന. അധികം ശ്രേഷ്ഠമായ.

അതിസാരകി-അതിസാരരോഗത്തോടുകൂടിയവൻ.

'സാതിസാരോതിസാരകീ' (അമരം.)

[സാതിസാരൻ, അതിസാരകി എന്നീ അതിസാരരോഗമുള്ളവന്റെ പേർ]

അതിസാരവല്ലി-അതിവിടയം.

അതിസാരം-വയറിളകിപ്പോകുന്ന ഒരു രോഗം, വയറുകടി. പലകപ്പയ്യാനിയുടെ തൊലി നന്നാക്കിച്ചുട്ടു നെയ്യിൽ കഴച്ച് അരിയിൽ വളിപ്പിച്ചിഞ്ഞു നീരിൽ തേൻചേർത്തു സേവിച്ചാൽ ഏതു

ശക്തിയായ അതിസാരവും വേഗം ശമിക്കും.

കനം, വളരെ മയം, വളരെകട്ടപ്പം, അധികം ചൂട് ഇത്യാദിയായുള്ള പദാർത്ഥങ്ങൾ ഭക്ഷിക്കുക നിമിത്തവും മറവും ദുഷിച്ചരസം, ജലം, മൂത്രം, സ്വേദം, മേദസ്സ്, കഫം, പിത്തം, രക്തം മുതലായവ ജഠരാഗ്നിയെ മന്ദിപ്പിച്ചിട്ട് അധോഭാഗത്തിൽ വായുവിനാൽ പ്രേരിതമായി മലത്തെ അയച്ചിട്ട് ദുർഗന്ധമായി വെളിയിൽ കളയുന്നു. ഇതത്രേ അതിസാരം അതിസാരത്തിന്റെ പൂർവ്വരൂപങ്ങൾ-ഹൃദയം, നാഭി, ഗുദം, വയറു, കക്ഷി ഇവയിൽ കത്തിനോവുക, ദേഹത്തിന്റെ ക്ഷീണം, വായുവിന്റെ പ്രവൃത്തിയില്ലായ്മ, മലബന്ധം ഉണ്ടാകുക, വയറുവീർക്കുക, ദേഹിക്കാതെയിരിക്കുക ഇവയാണ്.

'ഏന്നാഭിപാർശ്വഗരുക്ഷിരുജോ-
ഗാത്രാവസാദാനിലസന്നിരോധാ
വിസംഗമാധ്മാനമഥാവിപാകോ
ഭവിഷ്യതസ്യാപുരസ്സരാണി'

(മാധവനിദാനം)

അതിസൂക്ഷ്മം-പ. ഏറ്റവും ചെറുതായിട്ടുള്ളത്. ഉ. കരികിൽ.

അതിസൗരഭം-പ. അധികമായുള്ള സുഗന്ധം. ഉ. തേന്മാവ്. ന. മാവ്.

അതിസൗഹിത്യം-ആഹാരം കൊണ്ടു നിറയ്ക്കുക.

അതിസ്ഥിമിത-രാമായണം ഉദ്ധ പുത്തരിലേ ഉത്തരം. [ധാ

'സമുദ്രമുദകേനാപ്യാ ഹിമവന്നാതിസ്ഥിമിതഃ'

(പുത്രകാമേഷ്ടി)

മ-ം,—

'രാഘവാധ്വസ്രുദേനാടലിൽതറച്ചുവനതാടിദൃഢിനിന്നഖിലരാമനീചരാധിപതി

അതിസ്ഥിരാ- അതിശയമായസ്ഥിരമായിട്ടുള്ളത്. (ഭൂമിയിൽ കൂന്നു).

'സ്ഥാസ്നുസ്ഥിരതരഃസ്ഥായൻ' (അമരം)

[സ്ഥാസ്നു, സ്ഥിരതരം, സ്ഥായൻ ന-ം, അത്യന്തം സ്ഥിരമായിട്ടുള്ളതിന്റെ പേർ].

അതീത-വി. കഴിഞ്ഞ.

'അതീതജന്മങ്ങളിൽനിങ്ങൾചെയ്തോ-
രതീവപുണ്യക്രിയകൊണ്ടിമാനീ'

(ശ്രീകൃഷ്ണചരിതം)

അതീക്ഷ്ണം-കഠിനമല്ലാത്തത്.

അതീതനൈകം-തോണിയെ അതിക്രമിച്ച ഏതെങ്കിലും വസ്തുവിന്റെ (ആളുടെ)പേർ. തോണിയെ അതിക്രമിച്ചു വർത്തിക്കുന്നത് എന്ന വ്യുൽപത്തി.

അതീതേദ്യു-കഴിഞ്ഞ ദിവസം.

അതീന്ദ്രിയ-വി. ഇന്ദ്രിയങ്ങൾക്കു വിഷയമല്ലാത്ത, ഇന്ദ്രിയങ്ങളെകൊണ്ടു അറിയത്തക്കതല്ലാത്ത. ഇന്ദ്രിയങ്ങളെ അതിക്രമിച്ചത് എന്ന ശബ്ദാർത്ഥം.

'അപ്രത്യക്ഷമതീന്ദ്രിയം' (അമരം)

[അപ്രത്യക്ഷം, അതീന്ദ്രിയം ഉ-ം, ഇന്ദ്രിയങ്ങൾക്കു വിഷയമല്ലാത്തതിന്റെ പേർ.]

അതീന്ദ്രിയജ്ഞാനം-ഇന്ദ്രിയങ്ങളെ കവിഞ്ഞുള്ള അറിവ്.

## അതീന്ദ്രിയജ്ഞാനം.

യോഗശ്ലോകം എന്നാരംഭിക്കുന്നു അതു് ആഹാരംകൊണ്ടുണ്ടാകുന്ന മുതലായി ഇശ്വരധ്യാനത്തോടുകൂടി ഹേത്തിലുള്ള വാതകഫാദികളുടെ സ്ഥിതിക്കു ഭേദവത്തായി ക്ഷുൽപിപാസാദികളെ ഉണ്ടാക്കുന്നു ആകാശഗമനാദി ശക്തിവിശേഷത്തെ കൊടുക്കുന്ന സന്ത്വഭാവമാകുന്നു. അവരുടെ അഭ്യാസവിശേഷം കൊണ്ടു ദൃഷ്ടിക്കു കഴൽക്കണ്ണടിയുടെ ചില്ലുകൾപോലെ നാലുപടലങ്ങളുള്ളതു കണ്ടിരുന്നുവല്ലോ. അപ്പോൾ അതിരുത്തിക്കളയുള്ള സൂക്ഷ്മപദാർത്ഥങ്ങളെയും കാണാം. അതിനെകൊണ്ടു

റിയുന്നതു് അതീന്ദ്രിയജ്ഞാനം എന്നു പറയുന്നു.

അതീവ-വ്യ. ഏറെവും) അതി+ഇവ=അതീവ. (അതിച ഇവച).

'അതിൽകിടക്കുന്നാരക്കെട്ടഹി ച്ചുപോയാ-
രതീവകഷ്ടം! ബതപാണ്ഡവന്മാർ'

(ശ്രീകൃഷ്ണചരിതം)

അതു്-അ. കാര്യം, ആ വസ്തു.

[പുല്ലിംഗം-അവൻ. സ്ത്രീലിംഗം-അവൾ. നപുംസകലിംഗം-അതു്. അതു് എന്നതിന്റെ ബഹുവചനം അവ അല്ലെങ്കിൽ അതുകൾ അവകൾ എന്നും ഉപയോഗിക്കുന്നുണ്ടു്. അവ എന്നതു മതിയാകും.]

അതുക്കുക-കാരിക്കുക, ഞെക്കുക, പിതുക്കുക, തിക്കിക്കേറ്റുക.

അതുച്ചം-വലിയ.

'അതുല്യമാംരൂപംപൂണ്ടുൽപതിച്ചുകണ്ഡിന

(നളചരിതം കഥകളി) [പൂരം'

അതുന്ദ-വി. തടിപ്പില്ലാത്ത, മെലിഞ്ഞ.

അതുല-തുല്യം (സദൃശം) അല്ലാത്ത.

'അതുലപരാക്രമശാലികളാകും
ധൃതരാഷ്ട്രാത്മജരോടമർചെയ്താൽ'

(മോക്ഷയാത്ര തുള്ളൽ)

അതുലം-ക്ര. തുല്യമല്ലാത്തതു്. ഉ. എള്ളിന്റെ രേതം. പയിരെള്ള്.

അതുലിത-വി. തുലിതം (തുല്യമാക്കപ്പെട്ടതു്) അല്ലാത്ത.

അതുഷാരകരൻ-സൂര്യൻ.

അതൃണാദ-വി. പുല്ലുതിന്നാത്ത.

അതൃണാദം-അപ്പോൾമാത്രം മനിച്ച കിടാവു് (കന്നു്).

അതൃന്നകർമ്മാവു്-പുണ്യകർമ്മങ്ങൾ ചെയ്യുന്നവൻ, സദാചാരനുകരൻ.

അദേ-അ. അപ്രകാരംതന്നെ, ഇവ്വു്.

അന്ത-(അന്ത് കനോക്കുക)

അന്തം-ക്ര. ഇരുപത്തേഴു നക്ഷത്രങ്ങളിൽ ഒന്നു്. ഉ. ചിങ്ങത്തിലും മീനത്തിലും കൊച്ചിയിലുള്ള രേവതിനക്ഷത്രം.

അത്തനയിൽ-ആ അളവിൽ. (പ-മ.)

അത്തൽ-ക്ര. വ്യസനം, ദുഃഖം. ഉ. ഭയം.

'അത്രമഹാബലനാകിയശേഷ-
നത്തൽവെടിഞ്ഞുതപംചെയ്യുടനേ'

(കാഞ്ചീവീരൻജ്ഞാനവിജയം തുള്ളൽ)

അത്തർ-ഒരു സുഗന്ധദ്രവ്യം. റോസാപ്പൂവിന്റെ സത്തെന്നു പറയുന്നു. മുല്ലപ്പൂവിന്റെ സത്തെന്നു ചിലർ.

അത്തരം-അ. അപ്രകാരം.

അത്താണി-ചുമടുതാങ്ങി.

'നവമലർവിലസിനപൂങ്കാവുകളും
തറകളുമന്തണമത്താണികളും'

(നളചരിതം തുള്ളൽ)

അത്തായിത്തായി-കൊഞ്ഞയാക്കു്, വിക്കിപ്പറക.

അത്താഴം-രാത്രിയിലെ ഭക്ഷണം. അത്താഴം><മുത്താഴം.

[അൽ+താഴം-അൽ+തായം, അല്ലി(രാത്രി)ലെ തായം (ഭാഗം)-പങ്കു്. തായം എന്നതിനു മതമെന്നർത്ഥമായും മുതലായവ നോക്കുക].

'അത്താഴത്തിനു തന്നുടെയില്ല-
ത്തെത്താനതിനൊരുസംശയമില്ല'

(പ്രാരംഭമാഹാത്മ്യം തുള്ളൽ)

അത്താറ്-മുളകൊണ്ടുള്ളൊരുവിധംപായ്.

അത്തി-ക്ര. ഒരു വൃക്ഷം.

'ഉദുംബരമുദുംഭരഫലോ
യജ്ഞാംഗോഹേമദുഗ്ധകഃ'

[ഉദുംബരം (ഉദുംബരം), ഉദുംഭരഫലം, യജ്ഞാംഗം, ഹേമദുഗ്ധകം ഇ-ം അത്തിയുടെ പേർ. അത്തിക്കാക്കു് സംസ്കൃതത്തിൽ 'പ്ലാക്ഷം' എന്നപേർ കാണുന്നു.]

ക. അസ്ഥി. (പ-മ)

അത്തി-നാടനും ശീമയുമുണ്ടു്. ഷാപ്പുകളിൽ വാങ്ങാൻ കിട്ടുന്നതു ശീമഅത്തിപ്പഴമാണു്. നാടൻഅത്തിയുടെ പഴം ഭക്ഷണയോഗ്യമല്ല.

അത്തിക, അത്ത-ജ്യേഷ്ഠത്തി, മാതൃതുല്യ. എപ്പോഴും തമ്പുരാന്റെ (അനന്തശയനത്തിന്റെ) സമീപത്തിരിക്കുന്നവരും എന്നെ താൽപര്യം 'അന്തിക' എന്നുമാകാം. അന്തികഎന്ന ശബ്ദത്തിനു സോദരന്റെ ഭാര്യയെ വംശകരിയെകൊണ്ടു ഹിംസിക്കുന്നവരും എന്നും വ്യുൽപത്തി കാണുന്നു. (നാടകത്തിൽ പ്രയോഗം).

അത്തിത്തിപ്പലി-ഒരങ്ങാടിമരുന്ന്.

....കരിപിപ്പലീ
കപിവല്ലീ കോലവല്ലീ
ശ്രേയസീ വശിരഃ പുമാൻ'

[കരിപിപ്പശി, കപിവല്ലി, കോലവല്ലി, ശ്രേയസി, വശിരം ഇ-ം അത്തിത്തിപ്പലിയുടെ പേർ. ഇതിനു സംസ്കൃതത്തിൽ 'ഹസ്തിപിപ്പലി' എന്നും തമിഴിൽ യാനൈനെത്തിപ്പലി എന്നും പറയുന്നു ഇതിന്റെ ഗുണം സംശയമെന്യേ തിപ്പലിക്കു തുല്യമെന്നു. മുലപ്പാലിനെ വർദ്ധിപ്പിക്കുക മേഹത്തിനു നിറം ഉണ്ടാക്കുക ഇവ രണ്ടും വിശേഷാൽഗുണങ്ങളാകുന്നു]

അത്തിയാൽ-അത്തിവൃക്ഷം (അത്തിഎന്ന ശബ്ദം നോക്കുക).

അത്തു-ഇത്ത, ഇത്ത (ഇത്ത). തെക്കൻ തിരുകൊച്ചിയിൽ ഇത്ത (ഇത്ത) എന്നു പറയപ്പെടുന്നു.

അത്ഭുതം-ക. ആശ്ചര്യം. ഉ. നവരസങ്ങളിൽ ഒന്ന്. 'അലൗകികവസ്തുദർശനേനാന്യമായൊരുവിസ്മയമുണ്ടാകുന്നതിനെയത്ഭുതം' എന്ന് രേഷ്മോളക്ഷണത്തിൽ (ശ്രവ്യകാവ്യലക്ഷണത്തിൽ) പറയുന്നു. (അത് = ആശ്ചര്യം) ആശ്ചര്യം കൂട്ടുകയിങ്കലുണ്ടാകുന്നത് എന്നു വ്യുൽപത്തി.

'വിസ്മയോത്ഭുതമാശ്ചര്യം....'
(അമരം)

[വിസ്മയം അത്ഭുതം ആശ്ചര്യം ച. ക്ലം ൪-ം അത്ഭുതരസത്തിന്റെ പേർ]

അത്ഭുതൻ- ഒന്നാമതായ മനുവന്തരത്തിലേ ഇന്ദ്രന്റെപേർ.

അത്യഗ്നി- (അതി + അഗ്നി = അത്യഗ്നി). ക. അഗ്നിയേക്കാൾ അധികമായത് ഉ. കഠിനമായ മേഹം.

അത്യധികം-വളരെ അധികം. (അതി + അധികം = അത്യധികം). അതിരിക്തം എന്ന ശബ്ദം നോക്കുക.

അത്യന്തശോണിതം-രുപൻകാവി.

അത്യല്പം-വളരെക്കുറച്ച്; ഏറ്റവുമല്പം (അതി + അല്പം = അത്യല്പം).

'അത്യല്പേഷ്വല്പീയഃകനിയോഞ്ചീയ
(അമരം) [ഇത്യപി'

[അത്യല്പം അല്പിഷ്ഠം അല്പീയസ്സ് കനീയസ്സ് അണീയസ്സ് ഇ-ം അത്യല്പത്തിന്റെ പേർ.]

അത്യനത്ഥം-വലുതായ അപകടം.

അത്യന്ത-വി. ഏറ്റവും അധികമായ.

അത്യന്തം-അ. ഏറ്റവും, നല്ലവണ്ണം.

അത്യന്തകോപന-വി. വളരെ കോപശീലമുള്ള.

'ചാണ്ഡസ്ത്വത്യന്തകോപനഃ' (അമരം)

[ചാണ്ഡൻ അത്യന്തകോപനൻ ഉ-ം അതികോപശീലന്റെ പേർ.]

അത്യന്തഗാമി-വി. വേഗം നടക്കുന്ന (ഗമിക്കുന്ന).

അത്യന്താതിശയോക്തി-ക അലങ്കാരം.

'ഹേതുവിൻമുന്നമേകാര്യ
മത്യന്താതിശയോക്തിയും
മറ്റതുചോയ്മുന്നമേകന്തൻ
പിന്നെത്തൻസംഭ്രമാതിശയൻ'
(രേഷ്മോളക്ഷണം)

അത്യന്തി-തന്നിഷ്ടമുള്ളവൻ.

അത്യന്തിക-വി. ക. വളരെ അടുത്ത. ഉ. വളരെ ദൂരംപോകുന്ന, വളരേയധികം പോകുന്ന.

അത്യന്തികം-ഗ. വളരെ സമീപം. ഉ. അന്തികത്തെ അതിക്രമിച്ചത്.

അത്യന്തീനൻ-ഗ. വളരെദൂരം നടക്കുന്നവൻ, വേഗം നടക്കുന്നവൻ.

'കർമ്മശാസ്ത്രനകഗീനോഹ്യത്യന്തീനസ്സ്മൃതാ' (അമരം) [ശം']

[ശ്ലോകങ്ങളിൽ വീണ്ടുംവീണ്ടും ശമിക്കുന്നവൻ അത്യന്തീനൻ]

അത്യല്പപർണ്ണി-കാട്ടുമാതളനാരകം.

അത്യല്പ-വി. വളരെ പുളിപ്പുള്ള.

അത്യല്പ-കാട്ടുമാതളനാരകം.

അത്യല്പം-ഗ. മരപ്പുളി. ഉ. കാട്ടുമാതളനാരകം. ന. കോൽപുളി.

അത്യയം-ഗ. മരണം. മടങ്ങിവരാത്തഗമനം എന്ന വ്യുൽപത്തി. ഉ. നാശം, അവസാനം.

'അത്യയോതിക്രമേകൃച്ഛ്രേ
മോക്ഷേഭേണ്ഡപ്യഥാപദി' (അമരം)

[അത്യയം എന്നാൽ അതിക്രമിച്ചുഗമിക്കുക അത്യയം എന്നതു് അതിക്രമം ദുഃഖം മോക്ഷം ഭേദം ഇവയുടെ പേർ എന്നു് നാനാർത്ഥവർഗ്ഗം.]

അത്യർക്കം-ഗ. മദ്ധ്യാഹ്നം. ഉ. രവിമദ്ധ്യത്തിൽ.

അത്യർത്ഥം-ഏറ്റവും. അർത്ഥത്തെ (വിഷയത്തെ) കടന്നിരിക്കുന്നതു് എന്ന വ്യുൽപത്തി. പര്യായങ്ങൾക്കു് അതിമാത്രം എന്ന ശബ്ദം നോക്കുക.

അത്യഷ്ടിക്കു്-ഛന്ദസ്സുകളിലൊന്നു്. പാദത്തിൽ ഏഴു അക്ഷരം വീതം കാണും.

അത്യാകാര-ഗ. ന്ദ്ര. ഉ. ദൃഷ്ണം. ന. അലസ്യം, ആലസ്യം.

അത്യാക്രമിക്കുക-എതിർക്കുക. (സമീപത്തുവരുക എന്ന അർത്ഥവും കാണുന്നു).

അത്യാദരക്ഷിപ്രം-ഗ. വലിയ അസഭ്യം. ഉ. വലിയ കഠോരം. ന. വലിയ ശോധന. ഘ. വലിയ വിരോധം. ങ. വലിയ ചോദ്യം.

അത്യാഗ്രഹം-അധികമായ ആഗ്രഹം, അധികമായ ഇച്ഛ (മേഘം).

'ലാഘസംഭവയേ' (അമരം)

[ലാഘസം എന്നാൽ അധികമായ ആഗ്രഹം എന്നർത്ഥം. ലാഘസം എന്നും പറയാം.]

അത്യാചാരം-പൂർവികമായുള്ള വിപരീതമായ പ്രവൃത്തി.

അത്യാദിത്യം-ആദിത്യനേക്കാളും ശ്രേഷ്ഠയുള്ളതു്.

അത്യാനന്ദ-രതിയിൽ ആസക്തിയില്ലായ്മ.

അത്യാനന്ദം-അതിസന്തോഷം.

അത്യാപത്തു്-വലിയ അപകടം.

അത്യായം-ഗ. അതിക്രമം, ലംഘനം, കഠോരം, മോക്ഷം. ഉ. അധികത്വം. ന. വലിയലാഭം.

അത്യായത-വി. അധികം നീണ്ട.

അത്യായു-യാഗത്തിനുള്ളഒരുപകരണപാത്രം

അത്യാർദ്ധൻ-ഗ. അധികം വളർന്നവൻ. ഉ. മുഴുവൻ സ്ഥിതിയിലുള്ളവൻ.

അത്യാവശ്യം-വളരെ കൂടിയതിനു് എന്നുള്ള സ്ഥിതി.

അത്യാശ-അധികമായ ആഗ്രഹം.

'ലോലുപലോലുപൗ' (അമരം.)

[ലോലുപൻ ലോലുപന്റെ ഉ-ം അത്യാശയുള്ളവനെന്ന പേർ.]

അത്യാസകതി-അധികമായ കൂടിച്ചേരൽ.

അത്യാസന്ന-വി. വളരെസമീപമായ.

അത്യാഹിതം-ഗ. അതികലശലായ ഭയം. അതീവാശുധിയതേസ്മ മനസി. (മനസ്സിൽ ഏറ്റവും പതിയുന്നതു്) എന്ന വ്യുൽപത്തി. ഉ. ജീവനിൽ കൊതിയില്ലാതെ ചെയ്യുന്ന സാഹസകർമ്മം ന. വലിയ ആപത്തു്.

അത്യുക്ത-തെ ക്കുന്നസ്സ്. ഒരുപാദത്തിൽ രണ്ടു അക്ഷരം വീതം കാണും.

അത്യുക്തി-യഥാർത്ഥത്തെ അധികമാക്കി പ്പറക, കടന്ന സംസാരം, അസംഭാവന വചനം.

അത്യുഗ്ര-പ്ര. വളരെ ഭയങ്കരമായ. ഉ. വളരെ കഠിനമായ.

അത്യുഗ്രം-പെരുംകായം.

അത്യുഗ്രഗന്ധം-പ്ര. അത്യന്തമായ ഗന്ധമുള്ള. ഉ. കടന്ന മണമുള്ള.

അത്യുച്ച-വി. പ്ര. വളരെ ഉയർന്ന. ഉ. വളരെ ഉറക്കെയുള്ള.

'അത്യുച്ചൈരഥപത്മനാഭഗിരിജം
പത്യുസ്സരോജേവാച്ചുരൻ'

(സിംഹോജ്ജചരിതം കഥകളി)

അത്യുത്സാഹം-അധികമായ ഉത്സാഹം.

അത്യുത്സാഹി-അത്യുത്സാഹം ചെയ്യുന്നവൻ.

'മഹോത്സാഹോമഹോദ്യമഃ' (അമരം)

[മഹോത്സാഹൻ, മഹോദ്യമൻ ഉ-ം വലുതായ ഉത്സാഹത്തോടുകൂടിയ സാധിക്കാൻ പ്രയാസമുള്ള കാര്യംകൂടി സാധിപ്പാനായി ഉത്സാഹം ചെയ്യുന്നവന്റെ പേർ].

അത്യുന്നതം-വി. അധികം ഉയർന്ന.

അത്യുത്തമം-ഏറ്റവും ശ്രേഷ്ഠം.

അത്യുപചാരൻ-ധർമ്മിപരിചയംകൊണ്ടു പരിശുദ്ധനായ മന്ത്രി.

അത്യുഷ്ണം-അധികമായ ചൂടോടുകൂടിയത്.

'തിഗ്മംതീക്ഷ്ണംഖരം' (അമരം)

[തിഗ്മം, തീക്ഷ്ണം, ഖരം ന-ം അത്യുഷ്ണത്തിന്റെ പേർ]

അത്യൂഹം-പ്ര. അന്യവിചാരത്തോടുകൂടാത്ത ധ്യാനം, ചിന്ത. ഉ. നീക്കുക.

അത്യൂഹ-അമരി.

അത്ര-അ. ഇവിടെ.

'പുത്രരവരിസുതനാംനിന്നെ
വീണ്ടുമത്രകാണുകമേ'

(സുഭദ്രാഹരണം കഥകളി)

അത്ര-വി. വളരെ.

'അത്രരേതരയുള്ളുവനിന്നെക-
ളത്രംവച്ചുപുലർത്താൻമോഹം'

(പ്രദോഷമാഹാത്മ്യം തുള്ളൽ)

അത്രത്രാളം, അത്രോളം-പ്ര. അത്രമാത്രം. ഉ. അത്രയവരെ.

അത്രമാത്രം-അത്രത്തോളം.

അത്രമേചകം-കാതൽപ്പ്.

അത്രയും-മുഴവനും.

അത്രയും > < ഇത്രയും.

അത്രാന്തരെ-അ. അതുസമയത്തുകൾ.

'അത്രാന്തരേതത്രസമീപവാസീ
സത്രാജിദാഖ്യൻഖിലയാദവേന്ദ്രൻ'

(ശ്രീകൃഷ്ണചരിതം)

അത്രി-ഒരു മഹർഷി.

ദക്ഷന്റെ മകളായ അനസൂയ സ്വായംഭുവ രണ്ടാമത്തെ മന്വന്തരങ്ങളിൽ ഇദ്ദേഹത്തിന്റെ ഭാര്യയായിരുന്നു. ഈ അനസൂയയിൽ സ്വായംഭുവ മന്വന്തരത്തിൽ 'ദത്തൻ' ദുർവ്വാസസ്സ്, 'സോമൻ' ഇങ്ങിനെ മൂന്നു പുത്രന്മാർ ജനിച്ചു. പിന്നത്തേതിൽ അത്രിമൻ എന്ന ഒരു പുത്രനും അമല എന്ന ഒരു പുത്രിയുമുണ്ടായി. അത്രിയുടെ ആശ്രമം ചിത്രകൂടത്തിന തെക്കുഭാഗത്താണ്. ശ്രീരാമനും സീതയും ഇദ്ദേഹത്തെ അവിടെചെന്നു കാണുകയും യഥാവിധി അദ്ദേഹം സല്ക്കരിക്കയും ചെയ്തിട്ടുണ്ട്. ഇദ്ദേഹം തപസ്സു ചെയ്തുകൊണ്ടിരിക്കുമ്പോൾ കണ്ണിൽനിന്നു ചന്ദ്രനുണ്ടായി. അത്രിമുനി ബ്രഹ്മാവിന്റെ മാനസപുത്രനെന്നും പതിനൊന്നു പ്രജാപതികളിൽ ഒരുവനെന്നും ബ്രഹ്മാവിന്റെ കണ്ണിൽനിന്നു ജനിച്ചവനെന്നും അഗ്നിജ്വാലയിൽ നിന്നുണ്ടായിവന്നവനെന്നും മറ്റും പലവിധം കാണുന്നുണ്ട്. ഇദ്ദേഹം സപ്തർഷികളിൽ ഒരുവനാകുന്നു.

അത്രേ-അന്ന.

അത്രിജൻ-ചന്ദ്രൻ.

അത്രിതനയൻ-പ. ദുർവ്വാസസ്സ്. ൨. ചന്ദ്രൻ.

അത്രിനേത്രപ്രസൂതം-കർപ്പൂരം.

അത്രിനേത്രപ്രസൂതൻ-ചന്ദ്രൻ

അത്രുടം-അത്രുവരെ (അത്ര + ഇടം = അത്രുടം). അത്രുടം എന്നും പറയുന്നുണ്ട്, അതു നന്നല്ല.

അഥ-അനന്തരം, പിന്നീട്, എന്നിട്ട്, അഥ, അഥോ ൨-ം, പക്ഷാന്തരത്തേയും മംഗളാർത്ഥത്തേയും സൂചിപ്പിക്കുന്ന അവ്യയങ്ങളാകുന്നു.

'അഥധ്യായൻ ജായാംകൃത്വയമിനൈ'
(നളചരിതം കഥകളി)

'അഥ' എന്നതിനെ ശുഭസൂചകമായി വിചാരിപ്പാൻ കാരണം ബ്രഹ്മാവിന്റെ കണ്ണും ദേഹിച്ചുവന്നതാകുന്നു.

'ഓങ്കാരശ്ചാഥശബ്ദശ്ച
ദ്വാവേതൗ ബ്രഹ്മണഃപുരാ
കണ്ഠാഭിത്വാവിനിർഭ്യാതൗ
തേനമാംഗലികാവുഭൗ'

അഥവാ-മറെറാരു പ്രകാരം.

അഥർവ്വൻ-ഋഗ്വേദത്തിൽ ഒരാചാര്യൻ. അഥർവ്വാവദ്ധന്റെ കർത്താവാണ്. ഒരു പ്രജാപതിയാകുന്നു. ബ്രഹ്മാവിന്റെ വായിൽ നിന്നുണ്ടായ മൂന്നു പുത്രനാണെന്നും പറഞ്ഞുകാണുന്നു.

ഇദ്ദേഹത്തിനു 'ശാന്തി' എന്നും 'ചിത്തി' എന്നും രണ്ടു ഭാര്യമാരുണ്ടായിരുന്നു. ശാന്തി കർദ്ദമപ്രജാപതിയുടെ പുത്രിയാണ്. തീ ആദ്യം സൃഷ്ടിച്ചതിൽനിന്നു ഭീതിയിൽ കലാണ്ടുവന്നതു് ഇദ്ദേഹമാകുന്നു. ബ്രഹ്മാവിൽ നിന്നാണ് അഥർവ്വൻ ബ്രഹ്മവിദ്യ ഉപദേശിച്ചിട്ടുള്ളതു്.

അഥർവ്വം-നാലാമത്തെ വേദം. ഇതിൽ പ്രാർത്ഥനകളും അഭിചാരമന്ത്രങ്ങളും മറ്റുംകൂടി അടങ്ങീട്ടുണ്ട്.

അഥർവ്വാംഗിരസർ-അഥർവ്വന്റെയും അംഗിരസ്സിന്റേയും സന്തതി.

അഥാപി-അ. എന്നിട്ടും.

അഥേ-അ. പിന്നീട്. (അഥശബ്ദംപോലെ).

അദൃശ്യ-വി. ദൃഷ്ടിപ്പെടാത്ത.

അദണ്ഡ്യൻ-ശിക്ഷിക്കപ്പെടുവാൻ യോഗ്യനല്ലാത്തവൻ.

അദന്ത്-വി. പല്ലില്ലാത്ത.

അദനം-ഭക്ഷിക്കുക.

അദന്ത-വി. ദന്തം (പല്ല്) ഇല്ലാത്ത.

അദന്തൻ-ആദിത്യന്മാരിൽ ഒരുവനായ പൂഷാവിന്റെ പേർ. ഭക്ഷ്യയാഗത്തിൽ പല്ലുപോയതിനാൽ ഈ പേർ വന്നു.

അദല-വി. ഇലയില്ലാത്ത, ഇതൾഇല്ലാത്ത.

അദല-കറവവാഴ.

അദലം-നീർക്കടമ്പ്.

അദഭ്ര-വി. അല്പമല്ലാത്ത, ഏറവും, ധാരാളിയായ.

അദംഭ-വി. ചതിവില്ലാത്ത, ഡംഭമില്ലാത്ത, യോഗ്യതയുള്ള.

അദംഭൻ-ശിവൻ

അദർശനം-കാണാതാവുക, നശിക്കുക ദർശനത്തിന്റെ അഭാവം എന്ന വ്യുൽപത്തി.

അദായ-വി. പങ്കിനവകാശമില്ലാത്ത.

അദായത്തു്-ദ്രവ്യസംബന്ധമായ വ്യവഹാരം. (സിവിൽകോടതി, നിതിന്യായക്കോടതി).

അദാഭ്യ-വി. പ. നശിയ്ക്കുള്ള വിശ്വാസമുള്ള. ൨. ഉപദ്രവപ്പെടാത്ത, ദോഷം ഭവിക്കാത്ത. ൩. നന്മയുള്ള. (വേണ്ടതിലേ പ്രയോഗമുള്ളൂ).

അദിക്കുക-ഭക്ഷിക്കുക.

അദിതി-ദേവമാതാവു്.

അദിതി, ദക്ഷപ്രജാപതിയുടെ അമ്മ എന്നും പുത്രിയെന്നും, യജുർവ്വേദത്തിൽ വിശ്വാവിന്റെ മാതൃകയെന്നും ഹരിവംശത്തിൽ കശ്യപന്റെ ഭാര്യയെന്നും മുതലായവയിൽ

വിഷ്ണുവിന്റെ മരുതാശയനും, വിഷ്ണുപുരാണം അനുസരിച്ചു കശ്യപന്റെ ഭാര്യയെന്നും, ക്ഷുപന്റെ മകളെന്നും, വാമനാവതാരത്തിൽ ഇന്ദ്രന്റെയും വിഷ്ണുവിന്റെയും അമ്മയെന്നും മറവും കാണുന്നു. അദിതി ആകാശത്തിന്റെ രക്ഷാകർത്രിയും ഭൂമിയെ ആദരിക്കുന്ന മഹതിയും ഭൂമിയുടെ ഭരണകർത്രിയും ആണെന്നു വേദത്തിലെ ഒരു ഭാഗം വിവരിക്കുന്നു. കൃഷ്ണന്റെ അമ്മയായ ദേവകി അദിതിയുടെ ഒരവതാരമാകുന്നു. ഇന്ദ്രൻ അദിതിക്കു രണ്ടു കുണ്ഡലങ്ങൾ സമ്മാനിച്ചു. ഇവ പാലാഴിമഥനത്തിൽകിട്ടിയതാണ്. നരകാസുരൻ അവയെ മോഷ്ടിച്ചു. അനന്തരം കൃഷ്ണൻ ആ വിവരം അറിഞ്ഞു നരകാസുരനെകൊന്നു കുണ്ഡലങ്ങൾ തിരിയെ കൊടുത്തുകൊടുത്തു. അദിതി എന്നതിന്റെ അർത്ഥം 'അഖണ്ഡമായും അനവച്ഛിന്നമായും ശാശ്വതമായും ഇരിക്കുന്ന വസ്തു' എന്നാകുന്നു. ഭൂമിയെയും മേഘമണ്ഡലത്തെയും ആകാശത്തെയും അതിക്രമിച്ച് ആദിയും അവസാനവുമില്ലാതെ യഥാമാത്രാചരമായിരിക്കുന്നവസ്തുവിങ്കൽ മനസ്സുകൊണ്ടു സൂക്ഷ്മത്തിങ്കൽ ഒന്നാമതായി ആരോപിക്കപ്പെട്ട വാക്ക് ഇതുതന്നെ ആയിരിക്കണം' എന്നു പ്രാചീനാഭ്യുപഗമം പറയുന്നു.

അദിതിനന്ദനന്മാർ-അദിതിയുടെ നന്നേ (പുത്ര) ന്മാർ. ദേവന്മാരായ അദിതിയുടെ പുത്രന്മാരെ വധിക്കുകൊണ്ടു അവർക്കു സന്താപത്തെ നൽകുന്നവർ (ദൈത്യന്മാരെ നൽകുന്നവർ).

അദിവർമ്മൻ - കേരളത്തിൽ (ആറന്മുളയിൽ) ഭരിച്ചിരുന്ന ഒരു രാജാവ്.

അദൂരം സമീപം.

അദൂരവർത്തി - സമീപത്തു വർത്തിക്കുന്നവൻ.

അദൃക്ക്-ദൃക്ക് (കണ്ണ്) ഇല്ലാത്തവൻ, കുരുടൻ.

അദൃശ്യ-വി. കാണാൻ വയ്യാത്ത, കാണരുതാത്ത.

അദൃശ്യന്തി-ശക്തിയുടെ ഭാര്യ.

അദൃഷ്ട-വി. ദൃഷ്ടം (കാണപ്പെട്ടതു്) അല്ലാത്ത, കാണപ്പെടാത്ത.

അദൃഷ്ടചരൻ-കാണപ്പെട്ടിട്ടില്ലാത്തവൻ.

അദൃഷ്ടം-ക. കാണപ്പെടാത്തതു്. ഉ. ഏപ്പോഴുണരുന്നതിയ്, വെള്ളം മുതലായവയിൽ നിന്നു പൊട്ടുന്നനവു ഉണ്ടാകുന്നതും വന്നുചേരുന്നതെന്നു് മുൻകൂട്ടി അറിയാൻ നിവൃത്തിയില്ലാത്തതു്. ന. പാ. പാ. ൪. ഭാഗ്യക്കേടു്.

അദൃഷ്ടി-കോപാവേശം ഹേതുവായിട്ടുള്ള ക്രൂരമായ ദൃഷ്ടി (നോട്ടം). അദൃഷ്ടി-വി പരീതമായ ദൃഷ്ടി എന്നു വ്യുൽപത്തി.

അദേയം-കൊടുത്തുകളയാൻ പാടില്ലാത്തതു്. (ഭാര്യ, പുത്രൻ മുതലായവർ).

'അനപാഹിതമയാചിതക
മന്യസാധാരണം ചയൽ
നിക്ഷേപഃപുത്രഭാര്യശ്ച
സ്വസ്വാമ്യാന്വയേസതി
ആപൽസ്വപിചകഷ്ടായ
വക്തമാനേനമോഹിതം
അദേയാന്യൈർഹ്രിയാചാപ്യാ-
യച്ചാന്യമനുപ്രതിഷ്ഠതം'

അദേയദാനം-ന്യായമല്ലാത്ത സമ്മാനം.

അദേശം-ക. തൊറിയ സ്ഥലം, മുറപ്പില്ലാത്ത സ്ഥലം. ദേവന്റെ ശരിയായ സ്ഥലം അല്ലാത്തതു്. ഉ. ഗ്രന്ഥമില്ലാത്ത രാജ്യം.

അദോഷം- ന്യൂനത്തില്ലാത്തതു്, കുറവു് ഇല്ലാത്തതു്.

അദ്ധാ-അ. ക. സത്യമായിട്ടു, പരമാർത്ഥമായിട്ടു.

'അദ്ധാതമഹമേതച്ഛ്രമീഭിഃ സമാനോ
ബഭ്രോഅഞ്ജിഭിർമാതരിശ്വയുച്ചേ'

(നിരുക്തകുവചവ്യാഖ്യാനം കഥകളി)

ക. ഗ്രഹരെ, പ്രത്യക്ഷമാക്കിട്ട്. സം. വേണ്ടതുപോലെ.

അക്ഷരഥൻ-തേരിൽ ഏകനായി സ്ഥിതി ചെയ്തു സാരഥ്യകർമ്മം വഹിച്ചുംകൊണ്ടു വളരെ വില്ലാളികളോടു യുദ്ധംചെയ്യാൻ സമർത്ഥൻ.

അക്ഷീമരൻ - ഭക്ഷണം പ്രധാനമായിട്ടുള്ളവൻ, അതിഭക്ഷണക്കാരൻ. അക്ഷികന്നവൻ (ഭക്ഷിക്കുന്നവൻ) എന്നു വ്യുൽപത്തി.

അദ്യ-അ. ക്ര. ഇന്ന്. ഉ. ഇപ്പോൾ.

അദ്യാപി-അ. ക്ര. ഇന്നും ഉ. ഇപ്പോഴും (അദ്യ + അപി = അദ്യാപി.)

അദ്യതനം-ഇന്നുള്ളതു്, ഇപ്പോഴുള്ളതു്.

അദ്യം-ഭക്ഷിക്കത്തക്കതു്, ഭക്ഷണം.

അദ്യൈവ-അ. ക്ര. ഇന്നുതന്നെ. ഉ. ഇപ്പോൾതന്നെ. (അദ്യ + ഏവ = അദ്യൈവ.)

അദ്രി-ക്ര. പർവ്വതം, ഫലമൂലാദികളും ഭക്ഷിപ്പാൻ കിട്ടുന്നേടം. ഉ. വൃക്ഷം. സം. ആദിത്യൻ ൪. ഇടിവാൾ. ൫. കല്ലു്. ൬. മേഘക്കൂട്ടം. ൭. ഒരളവു്. വി. ഏഴു് എന്നലക്ഷം.

അദ്രികണ്ണി-മലയമുക്കി.

അദ്രികന്യ - പാർവ്വതി. പർവ്വതത്തിന്റെ പുത്രി. പർവ്വതത്തിന്റെ പർവ്വയങ്ങളോടു പുത്രി എന്നർത്ഥംവരുന്ന പദംചേർത്താൽ പാർവ്വതി എന്നർത്ഥംവരും.

അദ്രിക-ഒരപ്സരസ്ത്രീ.

കാളിന്ദിയിൽ മത്സ്യമായിട്ടു കിടന്നു. ഇവളുടെ മകൾ കാളി(വേദവ്യാസന്റെ അമ്മ)

അദ്രികക്ഷി-മലയിലെ ഗുഹ.

അദ്രിജ-വി പർവ്വതത്തിൽനിന്നുണ്ടായതു.

അദ്രിജ-ക്ര. പാർവ്വതി. (അദ്രികന്യ നോക്കുക.) ഉ. മലത്തിപ്പുവി. പുങ്കായി എന്നും കാണുന്നുണ്ടു്.

അദ്രിജം-ക്ര. കന്മദം. ഉ. തുമ്പുണി. കായിമരണ്ണന്നം കണ്ണോന്നം.

അദ്രികീല-ഭൂമി.

അദ്രികീലം-ഒരു പർവ്വതം.

അദ്രിജതു-കന്മദം.

അദ്രിപതി-ക്ര. ശിവൻ. ഉ. ഹിമവൽപർവ്വതം.

അദ്രിരാജൻ - പർവ്വതങ്ങളുടെ രാജാവു്, ഹിമവാൻ.

'ഹിമലയോനാമനഗാധിരാജഃ'
(കുമാരസംഭവം)

അദ്രിശൃംഗം-കൊടുമുടി.

അദ്രിസുരിത്തു്-മലയിൽനിന്നു പുറപ്പെടുന്ന നദി.

അദ്രിസാരം-ഉരുക്കു്.

അദ്രുതം-അ. പതുക്കെ.

അദ്രുമം-പവിഴം.

അദ്രോണി-അമരി. (പത്മായങ്ങളിൽ അമരി എന്ന ശബ്ദം നോക്കുക) ദ്രോണത്തക്കതല്ലാത്തതിനാൽ സജ്ജനങ്ങൾ ഇതിനെടുത്തുചെല്ലുന്നില്ല, അതുകൊണ്ടു് ഈ പേർവന്നു.

[സ്മൃതികാരന്മാർ അസ്പൃശ്യങ്ങളുടെകൂട്ടത്തിൽ അമരിയെക്കൂടി ചേർത്തുകാണുന്നില്ലാത്തതിനാൽ ദ്രോണി എന്നപാഠം നന്നു്. ദ്രോണിഎന്നാൽ ദ്രോഗത്തെ പിൻതുടരുന്നതു് എന്നു ശബ്ദാർത്ഥം. അമരത്തിൽ താഴെ പറയുംപ്രകാരം കാണുന്നു.] [നീഘിനീ'

'രാജനീശ്രീഫലീതുല്യാദ്രോണീദ്രോണീചമേ

[ഇവിടെ ദ്രോണി എന്നും അദ്രോണി എന്നും പാഠഭേദംചെയ്യുന്നതും ഭേദപ്പെടുത്തുന്നില്ല.]

അദ്വയ-വി. ദ്വയം (രണ്ടു, രണ്ടു്) അല്ലാത്ത, ഒന്നായ.

അദ്വയം-നിശ്ചയം.

അദ്വയവാദി-ക്ര. സർവ്വജ്ഞൻ ഉ. ബു

അമഹർഷി. ന. ബ്രഹ്മതത്ത്വജ്ഞാനികളിൽ ഒരുവൻ, ജീവാത്മാവും പരമാത്മാവും ഒന്നെന്നു പറയുന്നവൻ.

അദ്വയൻ-രണ്ടല്ലാത്തവൻ.

അദ്വിതീയ-വി. രണ്ടല്ലാത്ത.

അദ്വിതീയൻ-ദ്വിതീയൻ (രണ്ടാമൻ) അല്ലാത്തവൻ, ഒന്നാമതായവൻ.

അദ്വിതീയം-ബ്രഹ്മം.

അദ്വൈതം-ഏകമായ പരബ്രഹ്മം, പരമാത്മാവും ജീവാത്മാവും അഭേദം എന്നുള്ള മതം.

അദ്വൈതക്കാരൻ-പ. ശക്തിപൂജക്കാരൻ. ഉ. പരമാത്മാവും ജീവാത്മാവും ഒന്നുതന്നെ എന്നുള്ളവൻ.

അധന്യൻ-ധന്യനല്ലാത്തവൻ, സുകൃതമില്ലാത്തവൻ, ഭാഗ്യമില്ലാത്തവൻ.

അധമ-വി. നിന്ദിക്കപ്പെട്ട, കീഴ്ത്തരമായ. 'നികൃഷ്ടപ്രതികൃഷ്ടാവ്രേഫയപ്യവമധമകൂപ്യകുത്സിതാവദ്യഖേടശഫ്യൂനകാ:-

[സമാ:

[നികൃഷ്ടം, പ്രതികൃഷ്ടം, അവ്, രേഫം, അപ്യം, അവമം, അധമം, കൂപ്യം, കുത്സിതം, അവദ്യം, ഖേടം, ശഫ്യം, ഊനകം ഇവ പ്രത്യാചാരകലാദികളുടെ നിന്ദിക്കപ്പെട്ടതിന്റെ പേർ 'അധമന്യൂനകുത്സിതെ' എന്ന തനുസരിച്ചു ന്യൂനമായിട്ടുള്ളതിന്റേയും നിന്ദ്യമായിട്ടുള്ളതിന്റേയും പേർ എന്നാനാർത്ഥം. അധമം > < ഉത്തമം.]

അധമർണ്ണ(ക)ൻ-പ്രമാട്ടകാരൻ. തന്നെ തരത്തിലുള്ള ഒരു വേലക്കാരൻ. മൂന്നു വിധമുള്ള വേലക്കാരിൽ ഒരുവൻ.

'ഉത്തമസ്സാധുധീയോത്ത
മധ്യമസ്തുക്ഷീവലഃ
അധമോഭാരവാഹീസ്യാ
ദിത്യേവംത്രിവിധോഭൃതഃ'

അധമണ്ണൻ-കടം വാങ്ങുന്നവൻ, അധമയജ്ഞനത്തോട്ടുകൂടിയവൻ എന്നു വ്യുൽപത്തി.

അധര-വി. താഴത്തെ, കീഴുള്ള.

അധരകണ്ഠിക-ശതാവരി.

അധരകണ്ഠം-കഴുത്തിന്റെ കീഴ്ഭാഗം.

അധരകായം-ശരീരത്തിന്റെകീഴ്ഭാഗം.

അധരൻ-അധമൻ.

അധരപാനം-പ. അധരത്തെ ആസ്വദിക്കുക. ഉ. ചുംബനം.

അധരം-പ. ചുണ്ട്. (താഴെയും മേലെയുമുള്ള രണ്ടു ചുണ്ടിനും പറയാം), സ്ഥിരമായി നിൽക്കുന്നത് എന്നു വ്യുൽപത്തി.

പയ്യുംയങ്ങൾക്കു ചുണ്ട് എന്ന ശബ്ദം നോക്കുക ഓഷ്ഠം എന്നതുമുകളിലത്തെ ചുണ്ടെന്നും അധരം എന്നത് താഴത്തെ ചുണ്ടെന്നും അഭിപ്രായം കാണുന്നുണ്ട്. ഇതു ശരിഅല്ല. താഴെയും മേലെയുമുള്ള ചുണ്ടിനു അധരം എന്നുപറയാം. ഓഷ്ഠം എന്നുംപറയാം. ഓഷ്ഠം മേലെചുണ്ടെന്നു സ്ഥാപിക്കുന്നപക്ഷം 'ബിംബോഷ്ഠി' എന്നുള്ളിടത്തു മേലെചുണ്ടുമാത്രം ബിംബത്തുല്യമെന്നുള്ള അർത്ഥം വരുന്നു. ഇതു തീരെ യോജിക്കുന്നതല്ല.

ഉ. താഴെയുള്ള വസ്ത്രം, (കീഴെഇടുക്കുന്ന വസ്ത്രം). ധരിക്കുന്നത് എന്നു വ്യുൽപത്തി

അധരമധു, അധരാമൃതം-ചുണ്ടിലെ സുധ (പീയൂഷം).

അധരാംബരം-അധര (താഴത്തെ) അംബരം (വസ്ത്രം), ഉള്ളിലുടുത്ത വസ്ത്രം

'സുവർണ്ണസൂത്രകലിതാധരാംബരം'

മംഗല്യം)

അധരിത-താഴ്ത്തിയ, കീഴാക്കപ്പെട്ട.

'മധുരിമകാണുമനാധരിതമധുരസ-
മധരസമാകരചയ്യുവനെൻ'

(മംക്കാരനാക്ഷേപഗതം)

അധർഷണ-വി. അധിക്ഷേപിക്കപ്പെട്ട, കഠോരപ്പെടുത്തപ്പെട്ട.

അധരേദ്യു:-അ. താഴെ ദിവസത്തിൽ, ഇന്നലെ.

അധരോത്തരം-കീഴ്മേൽ.

അധർമ്മ-വി. ക. ധർമ്മം(പുണ്യം)ഇല്ലാത്ത. ഉ. ചെയ്യേതീരു എന്നുള്ള മുറ ഇല്ലാത്ത ന. വേത്തോൽ വിധിക്കപ്പെട്ട യാഗാദികർമ്മങ്ങളും ഇല്ലാത്ത.

അധർമ്മദണ്ഡനം - ന്യായരഹിതമായ ശിക്ഷ.

അധർമ്മിഷ്ഠൻ-പുണ്യമില്ലാത്തവൻ, ചെയ്യേതീരു എന്നുള്ള മുറ ഇല്ലാത്തവൻ, ദുർമ്മാർഗ്ഗമുള്ളവൻ.

അധർമ്മ്യ-വി. പാപമുള്ള, ദുഷ്ടതയുള്ള, ന്യായരഹിതമായ, നീതിരഹിതമായ.

അധവ-ധവൻ (ഭർത്താവു്) ഇല്ലാത്തവൾ.

അധഃപതനം-കീഴ്പ്പെട്ടു വീഴുക.

അധശ്ചരൻ-ക. കള്ളൻ. ഉ. കീഴ്പ്പെട്ടു പോകുന്നവൻ.

അധസ്തന-വി. താഴെയുള്ള. ഉ. മുമുള്ള.

അധസ്തലം-താഴത്തെ പ്രദേശം.

അധസ്താൽ-അ. അധോഭാഗത്തിൽ, കീഴേ

അധസ്ഥ, അധസ്ഥിത-വി. കീഴ്പ്പെട്ട, കീഴുള്ള.

അധാമാർഗ്ഗവം-കടലാടി

അധാർമ്മിക-വി. ധർമ്മമില്ലാത്തവൻ.

അധി-മേലേ, മീതേ, ഉയരേ, മുൻ, കവിഞ്ഞ, ശ്രേഷ്ഠം. (ഈ പദം സംസ്കൃതപദങ്ങളുടെ ആദ്യത്തിൽ വരുമ്പോൾ മുൻ പറഞ്ഞ അർത്ഥങ്ങൾ ഉണ്ടാകും).

അധിക-വി. വളരെ, പെരുകിയ, വലിച്ച.

അധികകണ്ടകം-വെരകുകാട്ടുവ. (അധികണ്ടകം എന്നും കാണുന്നു).

അധികത-അധികമായ സ്ഥിതി.

അധികം-ക. വളരെ. ഉ. ലാഭം.

'ലാഭേധികം ഫലം' എന്നമരം.
(ലാഭം = മുതൽ മുകയിട്ടു വ്യാപാരം ചെയ്യുമ്പോൾ ആ മുകയ്ക്കുമീതെ കൂടുതൽ കിട്ടുന്നതുക.)

ന. ഒരലങ്കാരം.

'ആധേയാധിക്യമായിക-
മാധാരാധിക്യവും കഥാ'
(ഭാഷാഭൂഷണം)

അധികപ്പെടുക-അധികമാവുക.

[അധികമാവുക എന്ന അർത്ഥത്തിൽ 'അധികരിക്കുക' എന്നു ചിലർ പ്രയോഗിക്കുന്നുണ്ടു്. അധികരിക്കുക എന്നതു അധികാരം എന്ന നാമത്തിന്റെ ക്രിയാരൂപമാണു്. അധികശബ്ദത്തോടു് യാതൊരുതരം സംബന്ധവും അധികരിക്കുക എന്നതിനില്ല. അതുകൊണ്ടു് അധികരിക്കുക എന്നതിനെത്തള്ളി അധികപ്പെടുക എന്നതിനെ സ്വീകരിക്കുകയാണു് നന്നു്.]

അധികരണം-ക. വല്ലതും വയ്ക്കുന്നതിനുള്ള പാത്രവും മറ്റും. ഉ. നിയമനം. ന. ചേർച്ച, സംബന്ധം. ഘ. (വ്യാകരണത്തിൽ) സപ്തമിവിഭക്തി. ങ. നീതിന്യായക്കോടതി. ന. അവകാശം, വ്യവഹാരം ഒ മേലധികാരം. വ. സംശയം, വിഷയം.

അധികരണികൻ-ക. ന്യായാധിപതി, മജിസ്ട്രേറ്റ്. ഉ. സർക്കാർ ഉദ്യോഗസ്ഥൻ.

അധികരണ്യം- അധികാരം, ആധിപത്യം.

അധികർദ്ധി-അതിസമ്പന്നൻ. അധികമായ ഋദ്ധിയോടുകൂടിയവൻ എന്നു വ്യുൽപത്തി. ഋദ്ധി = സമ്പത്തു്.

അധികർമ്മികൻ-ചന്തയിലേക്കുകൂടെ ഇടാകുന്ന മേൽവിചാരിപ്പുകാരൻ.

അധികാധികം-വളരെവളരെ.

അധികാംഗ-വി. സംഘാരണയിൽ കൂടുതൽ അവയവങ്ങളും ഉള്ള.

അധികാംഗം-ചളുവുള മത്സ്യത്തിൽകെട്ടുന്ന പട്ട (കച്ച), ഇരിപ്പുപ്പ്. അംഗത്തിൽനിന്നു് അധികമായിട്ടുള്ളതു് എന്നു വ്യുൽപത്തി.

'അധികാംശം സാരസനം' എന്നമരമാല. അധിപാംശം എന്നും പാഠാന്തരംകാണുന്നു. 'അധിപാംശം സാരസനം' എന്നു കാത്യ [വചനം.

ഇതിനു അംശത്തിൽ അധിഷ്ഠാനംചെയ്തു പാലിക്കുന്നത് എന്നു വ്യുൽപത്തി. അധികാംശം എന്നതിനു മറെറാരു പയ്യായമുള്ളതു സാരസനം (സാരസന) എന്നതാകുന്നു.

അധികാരപത്രം- എഴുതിയ ഉടമ്പടി. സ്ഥാനമാനങ്ങളെ കല്പിച്ചു കൊടുക്കുന്നതിന്റെ.

അധികാരം-പ. മേൽവിചാരം. ര. ഉദ്യോഗം. ന. കാര്യവിചാരം. ഭ. സ്ഥാനമാനം. ങ. അവകാശം. ന്യ. ഒരുരാജാവിന്റെ പ്രത്യേകമുള്ള അവകാശം. ച. ഉത്സാഹം, ശ്രമം, വ്യവസായം. വ. അങ്ങാടിയം.

അധികാരി-അധികാരമുള്ളവൻ, ഭരിക്കുന്നവൻ, അവകാശി.

അധികാരിചതുഷ്ടയം- മന്ത്രൻ, മധ്യമൻ, ഉത്തമൻ, ഉത്തമോത്തമൻ ഇവരെന്നു ഗുരുപദേശത്തിനധികാരികൾ.

അധികാരിത്വം-അധികാരിയുടെ സ്ഥിതി, ആധിപത്യം.

അധികൃതൻ-ഒരു കാര്യത്തിൽ പ്രത്യേകമായ അധികാരം ലഭിച്ചവൻ. അധികാരത്തിൽ പ്രവർത്തിക്കുന്നവൻ എന്നു വ്യുൽപത്തി.

'ശസ്ത്രാക്ഷാധികൃതരേവരേ' എന്നമരം. [ശസ്ത്രാക്ഷൻ, അധികൃതൻ ര-ം, ഏതെങ്കിലും സംഗതിക്കു പ്രത്യേകാധികാരം ലഭിച്ചവന്റെ പേർ.]

അധികൃതി-പ്രത്യേകാധികാരം, മേൽവിചാരം, അവകാശം.

അധിക്രമം-അതിക്രമിക്കുക, അവകാശമുള്ള ഉപയോഗം, എതിർക്കുക

അധിക്ഷിപ്ത-വി പ. അധിക്ഷേപിക്കപ്പെട്ട, നിന്ദിക്കപ്പെട്ട.

'അധിക്ഷിപ്തപ്രതിക്ഷിപ്തേ' എന്നമരം. [അധിക്ഷിപ്തൻ, പ്രതിക്ഷിപ്തൻ ര-ം, അധിക്ഷേപിക്കപ്പെട്ടവന്റെ പേർ.]

ര. എറിയപ്പെട്ട. ന. അയക്കപ്പെട്ട.

അധിക്ഷേപം-നിന്ദിക്കുക. ഒരുവന്റെ ശരീരത്തിൽ, വീട്ടിൽ, മുതലായവയെക്കുറിച്ച് അന്യൻ ചെയ്യുന്ന ആക്ഷേപമത്രേ അധിക്ഷേപം.

അധിക്ഷേപകൻ - കർമ്മഹീനനായിട്ടുള്ള ബ്രാഹ്മണൻ.

അധിഗതം-വി. പ്രാപ്തം, പഠിച്ചു, അറിഞ്ഞു മനസ്സിലാക്കിയ.

അധിഗമം, അധിഗമനം-പ. ലഭിക്കുക, പ്രാപിക്കുക ര. അറിവ്, പഠിത്തം. ന. സാമർത്ഥ്യം, ജയം.

അധിജിഹ്മ-പ സപ്തം.

[കരപ്പുല്ലിലുണ്ടായിരുന്ന അതുകൊണ്ടിക്കടിക്കയാൽ നാവു രണ്ടായ്ക്കീറി; തന്നിമിത്തം ഈ പേർ സിദ്ധിച്ചു]

ര രണ്ടാണയിൽ ഉണ്ടാകുന്ന ഒരുരോഗം.

[നാക്കിന്റെ മുകളിൽ നാവിന്റെ അഗ്രം എന്നപോലെ ഉണ്ടാകുന്ന വീക്കമാകുന്നു. പഴത്താൽ ഉപക്ഷിക്കണം]

അധിജ്യ-ഞാണേറപ്പെട്ടത്.

'ഭവതോരേകമേവാശു ധനുരാകൃഷ്യ മുമുക്ഷ്യധിജ്യമാം വില്ലിലും'

(അഭിജ്ഞാനശാകുന്തളം)

അധിതടം-അ. തടത്തിൽ.

അധിത്യകം-പർവ്വതത്തിന്റെ മുകൾഭാഗം, ഉപരിഭൂമി.

'ഉപത്യകാത്തരോസന്നാ-
ഭൂമിരുത്തമധിത്യകം' (അമരം)

അധിദന്തം-മേൽ പല്ലിന്റെ മീതെ വരുന്ന അധികപ്പല്ല്.

അധിഷ്ഠാതൻ-ഭരിപ്പവൻ, പ്രധാനമായ വഴുതൻ.

അധിദേവ, അധിദേവത-പ്രധാന ദേവത, രക്ഷിക്കുന്ന ദേവത. (ദേവം, ദേവൻ.)

[ഓരോ ഇന്ദ്രിയത്തിനും ഓരോ അധിദേവതയുണ്ട്. ചെവിയ്ക്കു-ദിക്ക്. ത്വക്കിന്-വായു. നേത്രത്തിന-അർക്കൻ. നാക്കിന-വരുണൻ. മൂക്കിന അശ്വിനികൾ. വാക്കിന-അഗ്നി. ഹസ്തത്തിന ഇന്ദ്രൻ. പാദത്തിന-ഉപേന്ദ്രൻ. വായുവിന-മിത്രൻ. ഉപസ്ഥത്തിന്-പ്രജാപതി. മനസ്സിന-ചന്ദ്രൻ.]

അധിനാഥൻ-അധീശൻ. (അധിഭർത്താവ് എന്നതു നോക്കുക.)

അധിപൻ-പ. പ്രഭുത്വമുള്ളവൻ. അധിപാലനം ചെയ്യുന്നവൻ എന്ന പദാർത്ഥം.

'.....സപ്തമീതത്പുരുഷേപതിരീശിതാ
അധിഭൂന്നായകോനേതാ പ്രഭുഃ
'പരിവൃഢോധിപഃ' എന്നമരം.

[സപ്തമി, ഈശ്വരൻ, പതി, ഈശിതാവ്, അധിഭൂവ്, നായകൻ, നേതാവ്, പ്രഭു, പരിവൃഢൻ, അധിപൻ എന്നിവ പ്രഭുത്വമുള്ളവരുടെ പേർ.]

ഉ. മേലധികാരി. ന. ഭൂസ്വാമിസ്ഥാനം. ഭ. ഉടയക്കാരൻ. ര. രാജാവ്.

അധിപഞ്ചാ-ഉടുപ്പിടുന്നവൻ മുറുപ്പിനായിട്ട് അതിന്റെ മടിയ്ക്കു കെട്ടുന്ന പട്ട (കച്ച), ഇടുപ്പുടുപ്പ്. (അധികാംശം എന്നതുനോക്കുക).

അധിഭർത്താവ്-അധീശൻ [സാങ്കേതികശബ്ദമായുള്ള (Governor-General) ഗവർണ്ണർ ജനറൽ.]

അധിഭൂവ്-പ്രഭുത്വമുള്ളവൻ-അധിവസിക്കുന്നവൻ (മേലേ നിൽക്കുന്നവൻ) പയ്യന്നൂരിൽ അധിപൻ എന്ന ശബ്ദം നോക്കുക.

അധിമന്ഥം-ഒരു നേത്രരോഗം. കണ്ണ് അത്യധികം പിടിക്കപ്പെടുന്ന എന്നും മഥിക്കപ്പെടുന്നുഎന്നും അർത്ഥമാണ് ഇതിന്റെ സംജ്ഞാന്വർത്ഥലക്ഷണം.

'ഉൽപാട്യതേഇവാത്യർത്ഥം
നേത്രംനിർമ്മഥ്യതേതഥാ'
(മാധവനിദാനം)

അധിമാംസം-മന്തരോഗങ്ങളിൽ ഒന്ന്. കടവായിൽ തടിപ്പുള്ളതിനെ സംബന്ധിച്ചു പല്ലിന്റെ പുറത്തിൽ വലിയ നീരും വളരെ വേദനയും ഉണ്ടാകയും മുഖം ഒടിക്കയും ചെയ്യും. ഇതിന കഫം നിമിത്തമുള്ള അധിമാംസം എന്നു പറയുന്നു.

അധിരഥ-വി. രഥത്തിൽ കയറിയ.

അധിരഥൻ-പ. കണ്ണന്റെ വളർത്തച്ഛനായ അംശദേശത്തിലെ ഒരു രാജാവ്. ഉ. സാരഥി. ന. ധൃതരാഷ്ട്രന്റെ സാരഥി.

അധിരഥം-വണ്ടിയിൽ കൊള്ളുന്ന ഭാരം ചാട്ടിൽ കൊള്ളുന്നത്. (വേഗത്തിലേ പ്രയോഗമുള്ളൂ).

അധിരാട്ട് അധിരാജൻ, ചക്രവർത്തി.

അധിരൂക്ഷ്മ-വി. സപ്തരോഗങ്ങളും ഉള്ള.

അധിരൂഢ-വി. പ. വർദ്ധിച്ച. ഉ. കയറിയ. ന. കയറപ്പെട്ട.

അധിരോഹൻ-ആരോഹിപ്പുൻ.

അധിരോഹണം-കയറൽ.

അധിരോഹിണി-കോണി, കയ്യേട. അധിരോഹണം ചെയ്യുന്നതുള്ള(കയറാനുള്ള)തു് എന്ന വ്യുൽപ്പത്തി.

അധിവചനം-പ. അധികം പറക, മേലേ വക്കീലിനെപ്പോലെ വ്യവഹരിക്കുക, ഉ. അന്യക്രമം പറക.

അധിവസിക്കുക-പാർക്കുക.

അധിവാസനം-പ. കറിച്ചട്ടുകം, മദ്ധൂപം ഇത്യാദികൊണ്ടു ശരീരവസ്ത്രാദികൾ സുഗന്ധമാക്കുന്ന ചെയ്യുന്ന പരിഷ്കാരം. ഉ. ബിംബപ്രതിഷ്ഠ.

'സംസ്കാരോഗന്ധമാല്യാദേരേ-
ത്യുസ്യോത്തരേധിവാസനം'
(അമരം.)

അധിവാസി-വി. ക. അധിവസിക്കുന്ന പാർക്കുന്ന ഉ. സുഗന്ധം ഉണ്ടാക്കുന്ന,

അധിവാസം-ക. പാർപ്പ്. ഉ സുഗന്ധം വരുത്തുക. ന. വസ്ത്രം, മൂടുപ്പ (കപ്പായം.)

അധിവാസൻ-അയല്പക്കാരൻ, സമീപസ്ഥൻ.

അധിവാഹനം-എടുക്കുക, ചുമക്കുക, കൊണ്ടുപോകുക.

അധിവിക്തനം-വെട്ടുക.

അധിവിന്ന-ഒരുവൻ കന്നാമത്തു വേട്ട സ്ത്രീ, വിവാഹാനന്തരം സപത്നീലാഭമുണ്ടായവൾ എന്നു വ്യുൽപത്തി. (ദശരഥന്റെ ഭാര്യയായകൈകേയിച്ചേയ്ക്കു് ഈ പേർ ഉചിതം തന്നെ.)

അധിവേദം, അധിവേദനം-ഒരു മറ്റൊരുത്തനെക്കൂടി വേൾക്കുക.

അധിശ്രയണി-അടുപ്പ് ഇതിൽ പാകം ചെയ്യുന്നതിനാൽ ഈ പേർ സിദ്ധിച്ചു (പര്യായങ്ങൾക്കു 'അടുപ്പ്' എന്ന ശബ്ദം നോക്കുക.)

അധിഷ്ഠാനം-ക. ആധാരം. ഉ. ആശ്രയം. ന. വണ്ടിച്ചക്രം. ഭ. പട്ടണം. ഇ. നഗരം. ഫ. പ്രഭാവം. ഒ. ആക്രമിക്കുക (സ്ഥിതിചെയ്യുക.) ആശ്രയിച്ചിട്ടുള്ള ഇരിപ്പു എന്നു ചിലർ പറയുന്നു.

അധിഷ്ഠിതം-ക. അധികാരണം. ഉ. ഉറപ്പിക്കപ്പെട്ടതു്. ന. നിശ്ചയിക്കപ്പെട്ടതു്.

അധീത-വി. ക. പഠിച്ച ഉ. ഓർമ്മിച്ച

അധ്യേതി-ക. പഠിക്കും. ഉ. ഓർക്കും.

അധീതി-വി. ക. പഠിത്തമുള്ള. ഉ. ഓർക്കുന്നുള്ള.

അധീതി-ക. പഠിത്തമുള്ളവൻ, ഉ. ഓർക്കുന്നുള്ളവൻ.

അധീന-വി. അന്യന്റെ വരുതിക്കീഴിൽ അടങ്ങിയ.

അധീനൻ-അധി (മേൽ) ഇനൻ (സ്വാമി) മുമ്മുവൻ. ഇങ്ങനെ (പ്രകൃതി കനം) അധിശമിച്ചവൻ എന്നു വ്യുൽപത്തി.

'അധീനോനിഷ്ണ ആയത്തോ-
സച്ചന്ദ്രൻഗ്രഹ്യകോപ്യസൗ,
(അമരം.)

[അധീനൻ, നിഷ്ണൻ, ആയത്തൻ, അസച്ചന്ദ്രൻ, ഗ്രഹ്യകൻ-ഇ-ം, അന്യനു അധീനനായിട്ടുള്ളവന്റെ പേർ. 'പരതന്ത്രഃ പരാധീനഃ പരവാൻനാഥവാനപി' അമരം. പരതന്ത്രൻ, പരാധീനൻ, പരവാൻ, നാഥവാൻ ഴ-ം, അന്യന്റെ ചൊല്പടിക്കു നടക്കുന്നവന്റെപേർ. ൻ-ം പരതന്ത്രത്തിന്റെ പേരെന്നും പറയുന്നുണ്ടു്.]

അധീനത-അന്യന്റെ വരുതിക്കീഴിൽ അടങ്ങിയ സ്ഥിതി.

അധീനം-കീഴടങ്ങൽ, വശം.

അധീര-വി. ധൈര്യമില്ലാത്ത, ഉറപ്പില്ലാത്ത, ഭയമുള്ള.

എന്നെ അധീരനെന്നാരുമുപഹസിക്കരുതേ'
(നളചരിതംകഥകളി)

'അധീരരകാതരഃ' (അമരം.)

[അധീരൻ, കാതരൻ ക-ം, രോഗാദികൊണ്ടു് വ്യാകുലമനസ്സായിട്ടുള്ളവന്റെ പേർ]

അധിവാസസ്സ്-മൂടുവാൻ നേരവും മാറ്റുന്ന മൂടുപ്പ് (കപ്പായം).

അധീശൻ-അധിനാഥൻ, അധിക്കേവു എന്നതു നോക്കുക.

അധീശ്വരൻ-നാടുവാഴികളിൽവെച്ചു വലുപ്പമുള്ള രാജാവു്. തന്റെ ചുറ്റുമുള്ള മറ്റു രാജാക്കന്മാരെ കീഴടക്കി വാഴുന്ന രാജാവു്. അധികനായ ഈശ്വരൻ എന്നു താൽപര്യം.

അധുനാ- അ. ഇപ്പോൾ (ഈ കാലത്തിൽ).

'ഏതർഹിസംപ്രതീമാനീ
മധുനാസംപ്രത്യേതഥാ' (അമരം)

[ഏതർഹി, സമ്പ്രതി, ഇമാനീം, അധുനാ, സാമ്പ്രതം-ഈ ൪-നാം, ഇപ്പോൾ (ഈ കാലത്തിൽ) എന്നർത്ഥം].

'നന്മയോടിരുവരുംശയതാകം
പെണ്മണിതന്നൊടെഴുമിമധുനാ'

(ഉത്തരാസ്വയംവരം കഥകളി)

അധുനാതന-വി. ഇപ്പോഴുള്ള, ഇക്കാലത്തുള്ള.

അധൃതി-ധൈര്യമില്ലായ്മ.

അധൃഷ്ട-വി. ലജ്ജയുള്ള, സഭാകമ്പമുള്ള.

'സ്യാദധൃഷ്ടസ്തുശാലീനഃ' (അമരം)

[അധൃഷ്ടൻ, ശാലീനൻ ഏ-ം, ലജ്ജിച്ചവന്റെ പേർ]

അധൃഷ്യ-വി. ജയിച്ചുകൂടാത്ത, അതിക്രമിച്ചുകൂടാത്ത, ലജ്ജയുള്ള. അധൃഷ്യൻ > < അഭിഗമ്യൻ.

അധൃഷ്യ-ഒരാൾ.

അധേനു-പാൽ നൽകാത്ത പശു.

അധോക്ഷി-വി. വണ്ടിയുടെ അച്ചിന്റെ താഴെയുള്ള.

അധോക്ഷജൻ-വിഷ്ണു. തപസ്വികളാൽ മാത്രം കാണപ്പെടാവുന്നവൻ, ഇന്ദ്രിയങ്ങളെ കീഴ്പ്പെടുത്തി ഉണ്ടായവൻ, അധോക്ഷ (ഇന്ദ്രിയ) ന്മാർ കൊണ്ടറിയുന്നവൻ (പ്രത്യക്ഷനായി ഭവിക്കുന്നവൻ.)

അധോഗതി-കീഴ്പ്പെട്ടുള്ളപോക്ക്.

അധോഗന്താവ്-കുഴി.

അധോവസ്ത്ര-വലിയ കടലാട്. നായർമുണ്ടും പറയും.

അധോജിഹ്മിക-അടിനാക്ക്.

അധോഫലം-കിഴുകാനെല്ലി.

അധോഭക്തം-ആഹാരം കഴിഞ്ഞതിന്റെശേഷം കുടിക്കുന്ന മദ്യം. ഡാസ് (മദ്യം നേരത്തെയോ അടങ്ങിയതു) മദ്യമോ അല്ലെങ്കിൽ മദ്യമല്ല.

അധോഭാഗം-കീഴ് വശം, താഴത്തെ പ്രദേശം.

അധോലോകം-പാതാളം, താഴത്തെ ലോകം എന്ന ശബ്ദാർത്ഥം.

അധോമുഖ-വി. തലതാഴ്ത്തിയ.

[അവാങ്മുഖ, അധോമുഖൻ ഏ-ം, തലതാഴ്ത്തിയവന്റെ പേർ. 'അവാങ്മുഖം' അവനതം, അനതം-ന-ം, അധോമുഖമായിട്ടുള്ളതിന്റെ പേർ]

അധോമുഖ-കമിഴ്പ്പാ.

അധോലോകം-പാതാളം, താഴത്തുലോകം.

അധോവാതം-കീഴ്പ്പെട്ടുള്ള വായു.

[കീഴ്പ്പെട്ടുള്ള വായുവിന്റെ ഗതിയെ തടുത്താൽ ഗുന്മം, ഉദാവർത്തം, പുഷ്പോദരവസ്ത്രാലികളിൽ വേദന, ഇന്ദ്രിയങ്ങൾക്കു തളർച്ച, വായുവിനും മൂത്രത്തിനും മലത്തിനും തടവ്, ദൃഷ്ടിനാശം അഗ്നിനാശം, പ്ലീഹോദരം ഇവ സംഭവിക്കും.]

'അധോവാതസ്യരോധേന
ഗുന്മോദരവൃത്തകൃമി
വാതമൂത്രശകൃത്സംഗ
ദൃഷ്ട്യഗ്നിവധാഹ്വൽഗദാഃ'

(അഷ്ടാംഗഹൃദയം)

അധോവായു-കീഴ്പ്പെട്ടുള്ള വായു. (അധോവാതം നോക്കുക).

അധോസ്രോതസ്-മൂത്രപുരീഷാദികൾ കടന്നുപോകുന്ന താഴത്തുള്ള വഴി എന്നു പദാർത്ഥം.

അധർമ ൧ താഴ്ചം. തെറ്റു.

അധർമകരിക്ക-താഴത്താക്കുക.

അധർപതനം-താഴ്ച്ച, സ്ഥാനഭ്രംശം അതഃപതനം, കീഴ്പ്പെട്ടുവീഴുക.

അധഃപുഷ്പി-കൊഴപ്പം.

അധഃശല്യം-വലിയകടലാടി.

അഭ്യണ്ഡ-നാഴ്ക്കൂരണ, കിഴങ്ങുനെല്ലി.

അഭ്യുക്ഷം-മന്ത്രാരം.

അഭ്യുയനം, അഭ്യുദയം-പ. പഠിത്തം. ഉ. ക്ഷേമം.

അഭ്യുവസിത-വി. പ. ഉത്സാഹിച്ചു, ശ്രമിച്ചു. ഉ. നിശ്ചയിച്ചു.

അഭ്യുവസാനം-പ. ഉത്സാഹം. ഉ. ശ്രമം.

അഭ്യുവസായം-ഉത്സാഹം, അവസാനംവരെ നിലനിൽക്കുന്നത് എന്നു വ്യൽപത്തി.

അഭ്യുവസായി-വി. ഉത്സാഹമുള്ള.

അഭ്യുശ്രനം-അമിതമായ ഭക്ഷണം.

അഭ്യുക്ഷ-വി. ഒരു കാര്യത്തിൽ പ്രത്യേകബുദ്ധികാരം ലഭിച്ചും അഭ്യുക്ഷൻ എന്നാൽ എല്ലാദിക്കിലും ചെല്ലുന്നവൻ, പ്രത്യേകമായി കണ്ടറിയുന്നവൻ എന്നർത്ഥം.

അധികൃതങ്ങളായ ലക്ഷ്യങ്ങളെ ഓടുകുടിയവൻ അഭ്യുക്ഷൻ.

അഭ്യുക്ഷം-പ. പ്രത്യക്ഷമായിട്ടുള്ളത്. ഉ. പഴമുണ്ണാമ.

അഭ്യുകാശം-ന. ആകാശത്തിങ്കൽ.

അഭ്യുത്മ-വി. ദേഹത്തെ സംബന്ധിച്ച

അഭ്യുത്മജ്ഞാനം, അഭ്യുത്മവിദ്യ-ആത്മാവിനെക്കുറിച്ചുള്ള അറിവ്.

അഭ്യുത്മപ്രദീപ(കം)-പരമാത്മജ്ഞാനത്തെ തെളിയിക്കുന്നത്.

അഭ്യുത്മരാമായണം-പരമാത്മജ്ഞാനത്തെ കെടുക്കുന്നവനായ ശ്രീരാമൻ ചെയ്തിട്ടുള്ള കൃത്യങ്ങളെ അറിയാനുള്ള മാർഗ്ഗം.

അഭ്യുത്മവിചാരം-പരമാത്മജ്ഞാനത്തെ സംബന്ധിച്ച ആലോചന.

അഭ്യുത്മം-പ സൂക്ഷ്മശരീരം. ഉ. ആത്മനെസംബന്ധിച്ചത്. ന. പരമാത്മാവ്.

അഭ്യുപകൻ-പഠിപ്പിക്കുന്നവൻ. അഭ്യുയനംചെയ്യിക്കുന്നവൻ എന്നു വ്യൽപത്തി.

'ഉപാദ്ധ്യായോഭ്യുപകോഗ്രഃ' (അമരം)

[ഉപാദ്ധ്യായൻ, അഭ്യുപകൻ ഉ-ം പഠിപ്പിക്കുന്നവന്റെ പേർ.]

അഭ്യുപനം-അഭ്യുയനംചെയ്ക, പഠിപ്പിക്ക.

അഭ്യുപായം-വകഭേദകം ചേർണ്ണാകുന്നതിന്റെ പേർ പദങ്ങളും ചേർന്ന വാക്യവും വാക്യങ്ങളുംചേർന്ന വകഭേദം ഉണ്ടാകുന്നു.

[വകഭേദിനെ ഖണ്ഡിക എന്നും പറയുന്നു. കീഴ്വകഭേദ്-ഉപഖണ്ഡിക. അഭ്യുപായത്തിന പകരം സർഗ്ഗം, അങ്കം, കാണ്ഡം ഇത്യാദിയും ഉപയോഗിച്ചുവരുന്നു.]

അഭ്യുപായി-വി. പഠിക്കുന്ന.

അഭ്യുപാരൂഢ-വി പ. പൊരുകിയ. ഉ. കേറിയ.

അഭ്യുപാരോപം, അഭ്യുപാരോപണം-ചുമത്തുക (ചുമത്തൽ).

അഭ്യുപാരോപിത-വി. ചുമത്തപ്പെട്ട.

അഭ്യുപാരോഹം, അഭ്യുപാരോഹണം-കയറുക (കയറൽ).

അഭ്യുപാസനം-കയറിയിരിപ്പ്, ഇരിപ്പ്, സ്ഥലം.

അഭ്യുപാസിക-ഇരിക്ക.

'അഭ്യുപാസിച്ചകസ്ത്രീംപതിവരതരണീ' (അമരകശതകം)

അഭ്യുപാസിതൻ-കയറിയിരിക്കുന്നവൻ.

അഭ്യുപാഹാരം, അഭ്യുപാഹരണം-ഉപഹാരം, കാഴ്ചവയ്ക്കുന്നതെന്തും തീപ്പിൻ കൂട്ടത്തിൽ പലതും ചേർക്കുക.

അഭ്യൂഢ-വി. പ. അധികം വർദ്ധിച്ച ഉ. മഹാശക്തിയുള്ള (സമർത്ഥമായ).

അയ്യൂഢ-വളരെ സ്ത്രീകളെ വിവാഹം ചെയ്തവൻ ആദ്യം വിവാഹംചെയ്ത സ്ത്രീയുടെ പേർ. ഈ സ്ത്രീക്ക് പിന്നിട്ട്, മത്തൊവ് വേട്ട മറെറാരുവളോടുകൂടിയവാഹം എന്ന വ്യുൽപത്തി. അധിശബ്ദത്തിനു ഇവിടെ ഉപലക്ഷണം എന്നർത്ഥം. (അധിവിന്ന എന്ന ശബ്ദം നോക്കുക).

അയ്യൂഢൻ-ശിവൻ.

അയ്യൂധ്നി-തടിച്ചുനിറഞ്ഞ അകിടുള്ള പശു. അധികം 'ഉധ്നോ യസ്യ' എന്ന വ്യുൽപത്തി. (ഉധസ്സ് എന്നതു് അകിടിന്റെ പര്യായമാകുന്നു.)

അയ്യൈക്ഷണ-ഗുരു മുതലായവരെ ആരാധിക്കുക, ഗുരു മുതലായവരെ ഒരു കാര്യത്തിൽ പ്രവർത്തിപ്പിക്കുക (ക്ഷണിക്കുക), ഗുരു മുതലായവരെ അപേക്ഷപൂർവ്വമായി ഏതെങ്കിലും ഒരു കാര്യത്തിൽ നിയോഗിക്കുക. സൽക്കാരപൂർവ്വമായിട്ടുള്ളതു് എന്ന വ്യുൽപത്തി.) അയ്യൈക്ഷണൻ എന്നതിനു കണ്ടാൽ ക്ഷണിക്കുന്നവൻ എന്നുള്ള അർത്ഥവും കാണുന്നു).

'സന്നിസ്ഥാപ്യൈക്ഷണ' (അമരം)

[സന്നി, അയ്യൈക്ഷണം ഇ-ം ഗുരു മുതലായവരെ ആരാധിക്കുന്നതിന്റെ പേർ.]

അയ്യൊതാവു്-വിദ്വാൻ്റി.

അദ്ധ്രുവ-വി. നിശ്ചയമില്ലാത്ത, ഉറപ്പില്ലാത്ത.

അദ്ധ്രുഷം-പനികൂടിയുള്ള ഒരുവക രോഗം. അണ്ണാക്കിൽ രക്തമന്നനിറഞ്ഞിൽ മന്ദമായ നീരണ്ടാകും. കഠിനമായ വേദനയും കാണും.

അധ്വഗഭാഗ്യം, അധ്വഭാഗ്യം-അമ്പഴം.

അധ്വഗ-ഗംഗാനദി.

അധ്വഗൻ-വഴിപോക്കൻ.

അധ്വഗം-പ. ഭേകം. ഉ. രവളിക്കതിര.

അധ്വഗമനം-വഴിനടപ്പു്.

അധ്വനീനൻ-വഴിപോക്കൻ. നല്ലവണ്ണം വഴിനടക്കുന്നവൻ എന്ന വ്യുല്പത്തി.

'അധ്വനീനമനോരഥശ്രമമന്ത
രവകേശീവപാമഭേ'

(ഭാരതചമ്പു)

അധ്വനൃൻ-വഴിപോക്കൻ. അധ്വാവിനെനഗമിക്കുന്നവൻഎന്ന വ്യുൽപത്തി.

അധ്വപ്രശോഷി-അധികം വഴിനടക്കുകനിമിത്തം ക്ഷീണിച്ചുവൻ.

അധ്വപ്രശോഷം-ക്ഷയരോഗം.

[അധികം വഴിനടക്കുക ഹേതുവായിട്ടുണ്ടാകും. മണങ്ങിയ മുഖം, മണങ്ങിയ മൂത്രാശയം, മണങ്ങിയ അണ്ണാക്ക് ഇവ ലക്ഷണങ്ങളാം.]

അധ്വബാധം-വഴിയടപ്പു്.

അധ്വര-വി. പ. വളഞ്ഞതല്ലാത്ത. ഉ. കുഴങ്ങാത്ത, ന. ശ്രേയസ്സുള്ള.

അധ്വരഥൻ-വഴിയാത്രയിൽ സാമർത്ഥ്യമുള്ള രഥൻ.

അധ്വരഥം-വഴിപോകാനുള്ള തേര്.

അധ്വരം-യാഗം. സപ്തർഗ്ഗമാർഗ്ഗത്തെ തരുന്നതു്, രവദികമാർഗ്ഗത്തെ മാനംചെയ്യുന്നതു്.

'അധ്വരത്തിങ്കൽചെന്നു
ശ്രുനകൻ മന്ത്രംകൊണ്ടു
ശ്രുതിമാംപുരോഡാശം
കൊണ്ടുപോകന്നപോലെ'

(അദ്ധ്യാത്മരാമായണം)

അധ്വര്യു-യാഗത്തിങ്കൽ യജുർവ്വേദകർമ്മം ചെയ്യുന്ന ഋത്വിക്കിന്റെ പേർ. താൻ ചെന്ന വിചാരത്തോടുകൂടെ (കപടം കാണിക്കാതെ) യാഗത്തിൽ പ്രവർത്തിക്കുന്നവൻ.

അധ്വശല്യം-വലിയ കടലാടി.

അധ്വസിദ്ധകം-മനോച്ചി.

അധ്വാനസ്സു-വി. ഇല്ലാതാക്കപ്പെട്ട, നശിപ്പിക്കപ്പെട്ട.

അധ്യാധിപൻ-വഴി (റോട്ട്) വിചാരിപ്പുകാരൻ.

അധ്യാനപ്പെടുക-പ്രയത്നപ്പെടുക; വലിയ വേലചെയ്യുക.

അധ്യാനം-പ്ര. പ്രയത്നം. ഉ. ധ്യാനം (ശബ്ദം) ഇല്ലായ്മ.

അധ്യാന്തം-പ്ര. ഇരട്ടിപ്പില്ലായ്മ. ഉ. അസ്ഥാനശോഭ.

അധ്യാവ്-വഴി. ബലത്തെ ഭക്ഷിക്കുന്നതു (ഇല്ലാതാക്കുന്നതു) എന്നു വ്യുൽപത്തി.

'അധ്യപരിശ്രമമുൾക്കൊണ്ടയ്യോ
നിദ്രവരുന്നതുമാശ്ചര്യമന്നോ'

(ഉത്തരരാമായണം ചമ്പു)

അന-അ. ഇല്ല, അല്ല.

ഉ-ം 'അനോപമയായശക്തി' ഇത്യാദി.

അനക-വി. അധമസ്ഥിതിയിലുള്ള. (അണക എന്നതു നോക്കുക).

അനക്കം-ഇളക്കം.

അനക്കുക-ഇളക്കുക, ചലിപ്പിക്കുക.

അനക്ഷി-വി. പ്ര. കാഴ്ചയില്ലാത്ത. ഉ. അടുത്തടിയില്ലാത്ത.

അനക്ഷരം-പ്ര. പറവാൻ യോഗ്യമല്ലാത്തു. ഉ. വിദ്യയില്ലാത്തു. നിന്ദ്യങ്ങളായ അർത്ഥത്തോടുകൂടിയതു് എന്നു വ്യുൽപത്തി.

'അനക്ഷരമവാച്യംസ്യാത്' (അമരം)

[അനക്ഷരം, അവാച്യം ഉ-ം പാവാൻയോഗ്യമല്ലാത്ത വാക്കിന്റെപേർ]

അനഗാരൻ-അഗാരം (ഭവനം) ഇല്ലാത്തവൻ, സന്യാസി.

അനഗാരിക-അലഞ്ഞുനടക്കുന്ന സന്യാസിയുടെ ഭവനമില്ലാത്ത സ്ഥിതി.

അനഘ-വി. പ്ര. അഘം (പാപം) ഇല്ലാത്ത. ഉ. വ്യസനമില്ലാത്ത, ന. ദോഷം ഇല്ലാത്ത, ര. കറ ഇല്ലാത്ത.

'അനഘമതികിന കനകഗൃഹത്തിൽ
കനിവിലിരുത്തിപ്പരിപാലിച്ചു'

(പ്രഭോക്ഷമഹാത്മ്യം തുള്ളൽ)

അനഘ-അതിവിടയം.

അനഘൻ-പ്ര. വിഷ്ണു. ഉ. ശിവൻ.

അനങ്ങുക-ഇളകുക, ചലിക്കുക. ധാതു-അനങ്ങ്.

അനംഗ-വി. പ്ര. അംഗം (ശരീരം) ഇല്ലാത്ത. ഉ. അവയവം ഇല്ലാത്ത. ന. ജ്ഞാനമില്ലാത്ത.

അനംഗൻ-കാമദേവൻ. അംഗം (ശരീരം; ജ്ഞാനം) ഇല്ലാത്തവൻ എന്നു വ്യുൽപത്തി. (ശിവന്റെ തീക്കണ്ണിൽ കാമൻ ദഹിച്ചതു സുപ്രസിദ്ധമാണല്ലോ).

അനംഗം-പ്ര. ആകാശം. ഉ. കാറ്റ്.

അനംഗാരി-ശിവൻ. അനംഗ(കാമ)ന്റെ അരി(ശത്രു). കാമദേവൻ എന്നതിന്റെ പര്യായങ്ങളോടു ശത്രു എന്നർത്ഥമുള്ള പദം ചേർത്താൽ ശിവൻ എന്നർത്ഥമുണ്ടാകും.

അനച്ച-വി. ചൂടുള്ള. (അനൽച്ച എന്നും കാണുന്നുണ്ട്).

'അനച്ചയുള്ളവെള്ളംകൊ-
ണ്ടുശ്ലക്ഷ്ണക്ഷാളനംചെയ്യും'

(നാരായണീചരിതം തുള്ളൽ)

അനച്ച-വി. ഒരുമ്മം (തരളിക്കുന്നതു്) അല്ലാത്തു്, തരളിപ്പില്ലാത്തതു്.

അനഞ്ജന-വി. പ്ര. അഞ്ജനം (മഷി) ഇല്ലാത്ത, പായ്ക്കുള്ളിപ്പില്ലാത്ത. ഉ. മഷിനോട്ടമില്ലാത്ത, കൂടുകൂടില്ലാത്ത, കറുമ്മില്ലാത്ത.

അനഞ്ജനം-പ്ര. ആകാശം. ഉ. ചന്ദ്രഗ്രഹം; വിഷ്ണു.

അനഡുഹിത്പ-കൊഴുപ്പു.

അനഡ്വാൻ-കാള. അനസ്സിനെ (വണ്ടിയെ) വഹിക്കുന്നതിനാൽ ഈ പേർ വന്നതു.

അനഡ്വാഹി-പശു.

അനതി-വി. അതികലല്ലാത്ത.

അനതിതീവ്രം-വി. ക. അതിതീവ്രം (അതികഠിനം) അല്ലാത്ത, ഉ. ഏതിനേക്കാളും അതിതീവ്രമായി മറ്റൊന്നില്ലയേ അത്.

അനതിപ്രാംശു - അതിദീർഘനല്ലാത്തവൻ.

അനതിരിക്തം-അധികമായി കഴിഞ്ഞത് (പൊള്ളയായത് അതിരിക്തം അങ്ങിനെ അല്ലാത്തത് അനതിരിക്തം).

അനതിലഘ്യം-തടുക്കാൻ കഴിയാത്തത്.

അനതിവാമനൻ-അധികം ഹ്രസ്വകായൻ (കിളരം കുറഞ്ഞവൻ) അല്ലാത്തവൻ.

അനതിശയനൻ - അതിശയിക്കപ്പെട്ടവൻകഴിയാത്തവൻ, (അതിശയിക്ക = കവിയുക).

അനതീത-വി. അതീതം (കഴിഞ്ഞുപോയത്) അല്ലാത്ത.

അനത്തിന്-എല്ലാത്തിനും (പ. മ.)

'വരമേതുപുണ്യക്ഷേത്രമനത്തിന'

(ശേവൽഗീത)

അനന്തു-മുഴുവനും, എല്ലാം. (പ്രാചീന മലയാളം. പ്രചാരമില്ലാത്തും).

അനന്തുക-പൂട്ടപിടിപ്പിക്കുക.

അനധീനകൻ-തന്നിൽ അവകാശിയല്ലാത്ത തച്ചൻ. ആക്കം അധീനനല്ലാത്തവൻ എന്നു വ്യൽപ്പത്തി.

ഇവനെ ബോധിച്ചുപോലെ ഏതുസമയവും ആക്കം വേലചെയ്യാം, താഴ്ചയിൽ അവകാശിയായതച്ചനെ ഗ്രാമരക്ഷകൻ എന്നു പേർ. ഇവൻ ഇന്നപ്പോൾ ഇന്നവേലകൾ ചെയ്യേണ്ടതെന്നു നിർബന്ധമുണ്ട്. അനധീനകൻ > < ഗ്രാമരക്ഷകൻ.

അനഭ്യക്ഷ-വി. ക. മേലധികാരമില്ലാത്ത. ഉ. പ്രത്യക്ഷമല്ലാത്ത.

അനനാസ്-മൈകെടുക്കുക, (അന്യരേക്കയിൽനിന്നു വന്നതായിരിക്കണം.)

അനനുവർത്തനം-അനുസരിക്കായ്ക.

അനദ്ധ്യയന, അനദ്ധ്യായ-വി. പഠിത്തമില്ലാത്ത, മുഴിവുള്ള.

അനന്ത-വി. അന്തം (നാശം) ഇല്ലാത്ത, അവസാനമില്ലാത്ത.

അനന്ത-ക. ഭൂമി. അനന്തൻ ധരിച്ചിരിക്കുന്നതു് എന്നും അവസാനമില്ലാത്തതു് എന്നും വ്യൽപ്പത്തി. ഉ. കൊട്ടത്തുവാ, അവസാനമില്ലാത്തതു് എന്നർത്ഥം. ന. നവനീതം, അവസാനമില്ലാത്ത മാഹാത്മ്യത്തോടുകൂടിയതു്. ഭ. കല്പമഞ്ഞൾ, പല രാജ്യങ്ങളിലും പരന്നിരിക്കുന്നതു്. ഇ. കറുക, നാടെങ്ങും വ്യാപിക്കുന്നതു്. ന. കടുക്ക. ഒ. മുഞ്ഞ. വ. നെല്ലി. ൻ. ചിറ്റരത്തു്. ക്ഷ. തിപ്പലി. ക്ഷ. ത്രികോല്പക്കൊന്ന. ക്ഷ. രക്തറിലക്കൊടി. ക്ഷ. മേത്തൊന്നി. ക്ഷ. പുരുഷനു കൈസല്യയിലുണ്ടായ ജനമേജയന്റെ മാതു്. ക്ഷ. പാർവ്വതി. ക്ഷ. ചെറുചീര.

അനന്തകൻ-വേഴൽ,

അനന്തജിത്തു്-വി. സർവ്വം ജയിക്കുന്ന

അനന്തജിത്തു്-വിഷ്ണു.

അനന്തൻ-ആദിശേഷൻ.

'ശേഷോനന്തഃ' (അമരം)

[ശേഷൻ, അനന്തൻ ഉ-ം ആദിശേഷന്റെ പേർ.]

അനന്ത - ക. ആകാശം. ഉ. അന്തം (അവസാനം) ഇല്ലാത്തതു്. ന. അളകം. ഭ. സമുദ്രം. ഇ. വെള്ളക്കോടിത്തുവ. ന മൊച്ചി. ഒ. പാമ്പു്. വ. പരമ്പുരുഷം.

അനന്തഭൃത്തി - ക. ശിവൻ. ഉ. ഇന്ദ്രൻ.

അനന്തദേവൻ-ക. ആദിശേഷൻ. ഉ. വിഷ്ണു.

അനന്തപടം-നാഗപടം, കഴുത്തിലെ ഒരാഭരണം. ഇപ്പോൾ അധികം നടപ്പില്ല. നാഗപടത്താലി ഇതിൽ ഉൾപ്പെട്ടതാണ്. നാഗപടത്തിന്റെ മാതിരി ഇപ്പോൾ തോടയിലും മറ്റും കൊത്തുപണി കാണുന്നുണ്ട്.

അനന്തമുടി, അനന്തോടി-കാതിലെ. (കാതിലിടുന്ന ആഭരണം).

അനന്തമൂലം-നറുനീണ്ടി.

അനന്തര-വി. പ്ര. അതിന്റെശേഷമുള്ള, പിന്നത്തെ. ക്രി. വളരെ സമീപിച്ച.

അനന്തരപ്പാട്ട്-അവകാശി.

അനന്തരം-അ. അതിന്റെശേഷം.

'അനന്തരംബ്രാഹ്മണനേവമൂചെ'

(ശ്രീകൃഷ്ണചരിതം)

അനന്തരവൻ - പ്ര. ശേഷക്കാരൻ. (സഹോദരിയുടെ പുത്രൻ). ക്രി. പിൻവാഴ്ചക്കാരൻ. (അടിതോൽ എന്നതു നോക്കുക). ന. മരുമകൻ (മകളുടെ ഭർത്താവ്) ഭ. മൂത്തവകാശമുള്ളവൻ. ഇ. അനുജൻ.

അനന്തരസ്ഥാനം - പിൻവാഴ്ച. അനന്തരവന്റെ സ്ഥാനം (അവകാശം)

അനന്തൽ-ചിറ്റാമക്കാ.

അനന്തവിജയം-ധർമ്മപുത്രന്റെ ശംഖിന്റെ പേർ.

അനന്തശയനം-പ്ര. തിരുവനന്തപുരത്തുള്ള സുപ്രസിദ്ധമായ ക്ഷേത്രമാകുന്നു. പദ്മനാഭൻ തിരുവല്ലത്ത് എഴുന്നള്ളിത്താമസിക്കുമ്പോഴാണ് അനന്തശയനം ഉണ്ടായതെന്ന് ഐതിഹ്യമുണ്ട്. ക്രി. തിരുവനന്തപുരം, തിരുവിതാംകൂർ.

അനന്തശീർഷ-വാസുകിയുടെ തല.

അനന്തവാതം-ഒരു രോഗം.

[ഇതു പിൻകഴുത്തിലെ ഞരമ്പുകളെ പീഡിപ്പിച്ചിട്ട് പിടലിക്കകത്തിൽ കഠിനമായ വേദന ഉണ്ടാക്കുകയും മറ്റും ചെയ്യും.]

അനന്താസനൻ-വിഷ്ണു.

'മനംഗനന്താസനനായദേവൻ
മനോഹരംസുന്ദരമംബരേക്ഷേ'

(ശ്രീകൃഷ്ണചരിതം)

അനന്യ-വി. തുല്യമില്ലാത്ത.

അനന്യജൻ-കാമദേവൻ. മനസ്സിൽ അല്ലാതെ വേറെ ഒരിടത്തും ജനിക്കാത്തവൻ. (പ്രത്യക്ഷമാവാത്തവൻ). വിഷ്ണുപുത്രൻ.

'അനന്യജശരങ്ങളാൽനിഹിതനാ
യെന്റീയെന്നെനീ'

(മലയാളശാകുന്തളം)

അനന്യബന്ധു-വേറെബന്ധുവില്ലാത്ത.

അനന്യബുദ്ധി-വി. ഒന്നിൽതന്നെമനസ്സുറച്ച.

അനന്യവൃത്തി-ഒന്നിൽതന്നെ മനസ്സുപതിച്ചവൻ. ഒന്നിൽതന്നെ ശ്രദ്ധയുള്ളവൻ വേറെ ഒന്നിൽ പ്രവർത്തിക്കാത്തവൻ എന്നു താൽപര്യം.

അനന്യശാസന-വി. അന്യശാസന(വേറൊരുകല്പന) കൂടാത്ത, ഒരേ കല്പനയുള്ള.

അനന്യാദൃശ-വി. വിശേഷമായ, മറ്റുള്ളവരെപ്പോലെയല്ലാത്ത.

അനന്വയ-വി. സംബന്ധമില്ലാത്ത, കൂടെചേർന്നു ഗമിക്കാത്ത.

അനന്വയം-പ്ര. സംബന്ധമില്ലാത്തത്. ക്രി. ഒരലങ്കാരം.

വേറൊരു സദൃശവസ്തുവിനെപ്പറ്റിയുള്ള കാണിപ്പാനായി ഒരു വസ്തുവിനെ അതിനോടു തന്നെ ഉപമിക്കുന്നത് അനന്വയം എന്ന അലങ്കാരമാകുന്നു. ഉ-ം, രാമരാവണയുദ്ധത്തിനു സദൃശം രാമരാവണയുദ്ധംതന്നെ.

അനപത്യ-വി. അപത്യം (സന്തതി) ഇല്ലാത്ത.

അനപത്യത, അനപത്യതാ-സന്തതിയില്ലായ്മ.

അനപത്യൻ-സന്തതിയില്ലാത്തവൻ.

അനപായ-വി. അപായം (നാശം) ഇല്ലാത്ത.

അനപായം-ഗ. നാശമില്ലാത്തത്. ക. ഒരു പുരാണം. (പ്രകൃതിഛന്ദസ്സിലുംപ്പെട്ടത്. വരി ഒന്നിനു ൫ അക്ഷരംവീതം കാണും.)

'സദേത്തോടിഹകേപിസസനയചേതകിലേപ്പട്ടമനപായം'

(വൃത്തമഞ്ജരി)

അനപേക്ഷ-അപേക്ഷ (ആഗ്രഹം) ഇല്ലായ്മ, ഉപേക്ഷ.

അനപേക്ഷൻ-യോഗി, ആഗ്രഹമെല്ലാം ത്യജിച്ചവൻ.

അനപേതാത്ഥൻ-അർത്ഥത്തോടു കൂടിയവൻ.

അനപ്പു-ചൂട്, ഉഷ്ണം.

അനഭിജ്ഞൻ-അറിവില്ലാത്തവൻ, മൂഢൻ, വേണ്ടതുപോലെ അറിഞ്ഞിട്ടില്ലാത്തവൻ.

അനഭ്ര-വി. മേഘമില്ലാത്ത,

അനഭ്രംശ-ഇടിക്കപ്പെടാത്തത്.

അനശ്നുമൽഫല-വാഴ.

അനാമൻ-ബ്രാഹ്മണൻ.

അനാമിതാപചൻ-ലുബ്ധൻ (പിശുക്കൻ) മിതംപചൻ എന്നാൽ മിതമായി പാകം ചെയ്യുന്നവൻ എന്നർത്ഥം. അങ്ങിനെയല്ലാത്തവൻ അനമിതാപചൻ.

അനാമ്ര-വി. വണക്കമില്ലാത്ത.

അനായ-ഗ. പൂർവ്വ മീമാംസയെ സപ്തവ്യസനങ്ങളും ക, പൂർവ്വത്തിൽ ചെയ്ത പാപകർമ്മം. ന. ആപത്ത്. ഇവയുണ്ടായിട്ട് സുഖത്തിൽ എത്തുന്നില്ലാത്ത വ്യൽപത്തി. ഘ. നീതികേട്, മുറകേട്.

അനാരഞ്ജ്യൻ-സൂര്യവംശത്തിലെ ഒരു രാജാവ്.

അനാരുക-കായുക, പൂട്ടപിടിക്കുക.

അനാർഗ്ഗള-വി. കടവുകൂടാത്ത.

'അനാർഗ്ഗളംകൈവല്യമേയവിഭ്രമം
നിനയ്ക്കിലിഖിഭ്രമിയിലുണ്ടാവിക്കുമോ'

(അഭിജ്ഞാനശാകുന്തളം)

അനാർഗ്ഘ്യ-വി, വിലമതിക്കപ്പെടാത്ത,

'അനക്കുക്കുടാതേനരവരനണ-
ഞ്ഞാസ്തുകുതുകം-
മനഗ്ഘസച്ഛായമശേഷയിതമരയ-
ന്നപ്പരിവൃഢം'

(നളചരിതം കഥകളി)

അനാർഗ്ഘ്യം-ശരിയല്ലാത്ത വില.

അനാർഗ്ഘ്യരാഘവം-ഒരു നാടകം.

ഇതിന്റെ കർത്താവ് മുരാരിമിശ്രനാണ്, അതിനാൽ മുരാരിനാടകമെന്നും പറയുന്നുണ്ട്. കഥാവസ്തുരാമായണംതന്നെ.

അനാത്മ-വി. ഗ. അത്മം (സമ്പത്ത്) ഇല്ലാത്ത. ഘ. പ്രയോജനമില്ലാത്ത.

അനാത്മം-ഉപദ്രവം, ദുഃഖം, ആപത്ത്.

അനാത്മകം-അനാചിതവാക്ക്, അർത്ഥമില്ലാത്ത വാക്ക്.

'അഖലോംസ്യാനേത്മകം' (അമരം)

[അഖലം, അനാത്മകം ഘ-ം, അർത്ഥമില്ലാത്ത വാക്കിന്റെ പേർ.]

അനാത്മചതുഷ്ടയ-ദുഷ്ടതനുത്വം സുകൃതതനുത്വം അപരാധജന്യം കേതിജന്യം-മനസ്സിനെ നേർവഴിയിൽ വിടാതെ കഴയ്ക്കുന്നവയാകുന്നു.

അനാഥൻ-അയോഗ്യൻ.

അനാദ്-ഗ. പൂട്ട്. ഘ. തീയ്.

അനാദ്യ-പൂട്ട്. (അനാച്ച നോക്കുക.)

അനാമയൻ-ഗ. അഗ്നിദേവൻ. സകല പ്രാണികളും ഇതിനാൽ ജീവിക്കുന്നതുകൊണ്ട് ഈ പേരുണ്ടായി. ഭക്ഷണസാധനങ്ങളിൽ തൃപ്തിയില്ലാത്തവൻ എന്നും ജീവിച്ചിരിപ്പാൻ ഹേതുഭൂതൻ എന്നും വ്യൽപത്തികാണുന്നു ഘ. തീയ്.

ന. പിത്തം. ൪. കൊടുവേലി. ൫. വെള്ളത്തെ വെണ്ടകം. ൬. വിഷ്ണു, വാസുദേവൻ. ൭. അഷ്ടവസുക്കളിൽ ഒരുവൻ.

അനലയാമാ-കൊടുവേലി.

അനലപ്രഭ-പ. അഗ്നിപ്രഭ. ൨. ചെറുപ്പുന്ന.

അനലപ്രിയ - (അഗ്നിയുടെ ഭാര്യ) സ്വാഹ.

അനലം-പ. ചേരുമരം. ൨. കൊടുവേലി. ന. സ്വർണ്ണം.

അനലംകൃത-വി. അലംകൃതം (അലങ്കരിക്കപ്പെട്ടത്) അല്ലാത്ത.

അനലി-അകാരക്കുമന്തരം.

അനല്പ-വി. വളരെ, അല്പമല്ലാത്ത.

അനവച്ഛിന്നം- അവച്ഛിന്നമല്ലാത്തത് മുറിക്കപ്പെടാത്തത്, മന്നിച്ചിരിക്കുന്നത്.

അനവധാന-വി. മനസ്സിരുത്തൽ ഇല്ലാത്ത.

അനവധാനത-പ്രമാദം (മനസ്സിരുത്തൽ ഇല്ലായ്ക,) സാവധാനം ഇല്ലായ്ക.

'പ്രമദോനവധാനതം' (അമരം)

[പ്രമാദം, അനവധാനത ഉം-പ്രമാദത്തിന്റെ പേർ].

അനവധാരിതൻ — അറിയപ്പെടാത്തവൻ, അന്വിശ്വിതൻ.

അനവദ്യ-വി. കുറവില്ലാത്ത, കളങ്കമറ്റ.

'അനന്തമന്ദാകിനിതമസൽപുണ്യഫലം
അനവദ്യകന്യാത്രപകരിഷ്കിനീ'

(ഭക്ഷയാഗം കഥകളി)

അനവധി-വി. വളരെ, അവധി (അവതി) ഇല്ലാത്ത.

അനവനം-രക്ഷയില്ലായ്ക.

അനവമ-ഗിരീക്ഷ.

'മീമനരേന്ദ്രസുതാമയനന്ത
നാമരമാനവരം'

(നളചരിതം കഥകളി)

അനവരത-വി ഏല്ലാഴ്പോഴുമുള്ള.

അനവരാഢ്യൻ-മുഖ്യൻ, ശ്രേഷ്ഠൻ.

അനവരാർദ്ധ്യം-മുഖ്യം, ശ്രേഷ്ഠം, അവരമായ അളവിൽ (കുറക്കം) ചെയ്യുന്നത് അവരാർദ്ധ്യം. അവരപ്പെടുന്നത് അനവരാർദ്ധ്യം അതായത് ആദ്യമാത്തത്. (മുഖ്യം എന്ന പദാർത്ഥം.)

അനവസരം-വി. തക്കമില്ലാത്ത.

അനവസ്കരം-അവസ്കരം (മലം) ഇല്ലാത്തത്, ശുദ്ധി വരുത്തിയത്.

അനവസ്ഥിത-വി, സ്ഥിരതയില്ലാത്ത, വ്യവസ്ഥയില്ലാത്ത.

അനവസ്ഥിതൻ.

'ക്രോധിക്കരുതാവുമില്ല, ശാന്തമിതുമില്ല
ക്രൂരനുനാരിയില്ല, സുഖിക്കാവിദ്യയില്ല,
കാമിക്കുനാണമില്ല, കോശമില്ലലസനസവുമില്ലനുനമനവസ്ഥിതനെന്നാൽ'

(മഹാഭാരതം-വിരാടപർവ്വം)

അനവസ്ഥിതി-അവസ്ഥിതി (സ്ഥിരത) ഇല്ലാത്തത്, വ്യവസ്ഥയില്ലാത്തത്.

അനവഹിതത-അന്ധാളിത്തം, മനസ്സിരുത്തായ്ക.

അനവഹിതൻ-കരുതൽ ഇല്ലാത്തവൻ.

'അബലാവിൽപുക്കനവഹിതനായങ്ങുമിങ്ങുംനടന്നാൽ'

(മയൂരസന്ദേശം)

അനവാപ്ത-വി. അവാപ്തം (ചേർക്കപ്പെട്ടത്) അല്ലാത്ത, ചേർക്കാത്ത.

അനവീക്ഷണം-കാര്യമാക്കുന്നതിൽക്കുറവ്.

'ഭംഗികൾ മാറി ചുളുപ്പിക്കാതെ മുഖമുടിൽ നിന്നെ കൂടുന്നു' എന്ന ഓക്കാട്ടക്ഷണം.

അനവ്രതൻ-പ. അന്യം സന്ന്യാസവൃത്തിയുള്ളവൻ. ൨. മേൽപ്രകാരമുള്ള മതം ഇയിക്കൻ.

അനശന-വി. അനശനം (ക്ഷോഭണം) ഇല്ലാത്ത, ഉപവസിക്കുന്ന.

'അനശനേനപരമംബോധയുഷം
അവനിദേവന്മാരുമഴലോടെ'
(കിമ്മീരവധം കഥകളി)

അനശനദീക്ഷ-സ്വ. വും വെടിഞ്ഞു സന്യസിച്ചതിൽപിന്നീട് മേലിൽ ജലപാനംപോലും ചെയ്കയില്ലെന്നുള്ള ദൃഢനിശ്ചയം, മുണ്ഡകയില്ലെന്നുള്ള വ്രതം.

അനശ്വര-വി. നശ്വരം (നാശം) ഇല്ലാത്ത, എന്നെയ്ക്കുമുള്ള.

അനസ്സ്-പ. വണ്ടി (ചാട്ട്).

'ക്ലീബേനസ്സകടഃ' (അമരം)

[അനസ്സ്, ശകടം ഫ-ം വണ്ടിയുടെ (ചാടിന്റെ) പേർ.]

'തരുതെവവിചാരിച്ചുനാമുഖനതുനേരമെതുയുംവിരവിനാലനസ്സുനിമ്മിച്ചുഥ'
(സുന്ദരപുരാണം)

ഫ. ജനനം. സ: ജീവൻ, ശ്വാസം. ര. അടക്കം. ഇ. അമ്മ, അച്ഛൻ. യു. ചോര.

അനസൂയ-പ. അത്രിമുനിയുടെ പത്നി, ദുർവ്വാസസ്സുമഹർഷിയുടെ അമ്മ.

മാണ്ഡവ്യൻ എന്ന മഹർഷി 'നാളെ സൂര്യനുദിക്കുന്ന നേരത്തു നാശം വന്നു ഭവിക്കും നിനക്കെടോ' എന്ന് ഉഗ്രതപസ്സിനെ ശപിക്കയാൽ അദ്ദേഹത്തിന്റെ ഭാര്യയായ ശീലവതി സൂര്യനെ തപസ്സുചെയ്തു ഉദിക്കാതാക്കി. അക്കാലത്തു അനസൂയ തന്റെ പ്രിയസഖിയായശീലവതിയ്ക്കു മംഗല്യദോഷം നേരിടാതെ വിധത്തിൽ സൂര്യനെ ഉദിപ്പിക്കയും ഈ വിക്ഷയത്തിൽസഹായിക്കണമെന്നുപക്ഷിച്ചു ത്രിമൂർത്തികൾക്കും മറവും ഇഷ്ടഭോജനം വരുത്തുകയുംചെയ്തു. അനസൂയതന്റെ മാതാവിന്റെ ആശ്രമത്തിൽക്കൂടെ ഗംഗയെ പ്രവഹിപ്പിച്ചു. ഭൂമിൽക്കരിക്കൽ മഹാതപോക്ഷാമം ഉണ്ടായപ്പോൾ ഈ പതിവ്രതാരത്നം ജലഫലമൂലാദികൾ സൃഷ്ടിച്ച് ജനങ്ങളെ സംരക്ഷിച്ചു. ഒരിക്കൽ അനസൂയയുടെ പാതിവ്രത്യപരീക്ഷണാർത്ഥം ത്രിമൂർത്തികൾ അവരുടെ ഭാഗ്യമാതാവിനെ വാക്കുകേട്ട ചെന്നപ്പോൾ അവരെ ശിശുക്കളാക്കിത്തീർക്കയും അമ്മ വന്നു സങ്കടം പറകയാൽ ത്രിമൂർത്തികളെ പൂർവ്വസ്ഥിതിയിലാക്കുകയും ചെയ്തു. ശ്രീരാമനും സീതയും ലക്ഷ്മണനും അത്രിയുടെ ആശ്രമത്തിൽ ചെന്നപ്പോൾ അനസൂയ വേണ്ടുംവണ്ണം അവരെ സൽകരിക്കയും സീതക്കു തക്ക ഗുണദോഷങ്ങളും, പോകുമ്പോൾ ശരീരകാന്തി സദാപി നിലനിൽക്കുന്നതിനു സീതയെ അനുഗ്രഹിച്ചു വിശേഷമ്മാവു നിമ്മിച്ച ഒരു ഉടുപുടവയും കുണ്ഡലവും അംഗരാഗവും നൽകയും ചെയ്തിട്ടുണ്ട്.

ഫ. ശകുന്തളയുടെ ഒരു തോഴി.

അനഹങ്കാരം, അനഹംകൃതി-അഹങ്കാരം, അഹംകൃതി (ഞാൻ എന്നുള്ള ഭാവം) ഇല്ലായ്ക, അടക്കം.

അനാകാര-വി. ആകാരം (ശരീരം) ഇല്ലാത്ത, രൂപംഇല്ലാത്ത.

അനാകാലം-പ. ക്ഷാമം, ഫ. അനവസരം.

അനാകുല-വി. ആകുലം (വ്യസനം) ഇല്ലാത്ത, ദുഃഖം ഇല്ലാത്ത, മിന്നിച്ചിതറിയതല്ലാത്ത.

അനാകൃത-യിരോധിക്കപ്പെടാത്ത.

അനാകൃഷ്ട-വി. ആകൃഷ്ടം (ആകർഷിക്കപ്പെട്ടത്) അല്ലാത്ത.

അനാക്രാന്ത-വി. ആക്രമിക്കപ്പെടാത്ത, ആക്രമിക്കപ്പെടാത്ത.

അനാക്രാന്ത-പ. കണ്ടകോരിച്ചുണ്ട, ഫ. ചേനവഴുതിന.

അനാഗത-വി. പ. വരാത്ത, ഫ. വരേ നിൽക്കുന്ന. (ഈ കാലത്തോട് ചേരും). സ. ചിക്കാത്ത. ര. പ്രാപിക്കാത്ത, ലഭിക്കാത്ത. ഇ. അറിയാത്ത

അനാഗതശ്മശ്രു-മീശവരാത്തവൻ.
'ദ്വിചൂഡോഽനാഗതശ്മശ്രുപുമ്മുഖേ' (അമരം)
'ബാലകനനാഗതശ്മശ്രുവാം വടുവിനു കാലദേശാവസ്ഥാദിഭേദബുദ്ധിയുമില്ല' (ഭാരതം)

അനാഗതാഹം-നാളെ, അല്പംപ്രമായിവസം.

അനാഗതാത്തവ-തിരളാത്തവൻ. അനാഗതമാത്തവം യസ്യഃ (ഇതുകാലം വരാത്തവൻ) എന്ന വ്യുൽപത്തി.

അനാഗമം-വി. പ. ആഗമമില്ലാത്ത. ഉ. വ്യവഹാരത്തിൽ ആധാരമില്ലാത്ത.

അനാഗമ്യൻ-അടുത്തുകൂടാത്തവൻ.

അനാഘ്രാതം-മണപ്പിക്കപ്പെട്ടതല്ലാത്ത.
'അനാഘ്രാതം പുഷ്പം പുതുമധുവനാ സചരിതരസം'
(അഭിജ്ഞാനശാകുന്തളം)

അനാചാരം-വി. ആചാരം (മര്യാദ, സമ്പ്രദായം) ഇല്ലാത്ത.

അനാജ്ഞ-ധാന്യം.

അനാജ്ഞപ്ത-വി. ആജ്ഞാപ്തം (ആജ്ഞാപിക്കപ്പെട്ടതു, കല്പിക്കപ്പെട്ടതു) അല്ലാത്ത.

അനാജ്ഞാതൻ-പ. അറിയപ്പെടാത്തവൻ. ഉ. അറിയപ്പെട്ട എല്ലാവരിലുമെക്കാൾ ശ്രേഷ്ഠൻ.

അനാതപം-തണൽ.

അനാതുര-വി പ. ദുഃഖമില്ലാത്ത. ഉ. രോഗമില്ലാത്ത.

അനാത്യന്തിക-വി. പ. നിത്യനില്ലാത്ത, സ്ഥിരതയില്ലാത്ത, അവസാനമാത്രമല്ലാത്ത. ഉ. ഇടയ്ക്കിടയുള്ള, കുറച്ചുനേരമുള്ള.

അനാഥ-വി. നാഥൻ (രക്ഷിതാവു, രാജാവു, ഭർത്താവു) ഇല്ലാത്ത.

അനാഥപതി-രക്ഷിതാവില്ലാത്ത സ്ഥിതി.

അനാഥപിണ്ഡദൻ-ഒരു കച്ചവടക്കാരൻ. ബുദ്ധഭഗവാൻ ശിഷ്യരെ അയച്ചു സിപ്പിച്ചിട്ടു് ഇയാളുടെ തോട്ടത്തിൽ വെച്ചുകണ്ടു.

അനാദരം-നിന്ദ, ആദരം (സൽക്കാരം) ഇല്ലായ്മ.
'അനാദരഃ പരിഭവഃ
പരീഭാവസ്തിരസ്ക്രിയാ
രീഡാവമാനനാവജ്ഞാ-
വഹേളനമസൂക്ഷണം' (അമരം)
[അനാദരം, പരിഭവം, പരീഭാവം, തിരസ്ക്രിയ, രീഡ, അവമാനന, അവജ്ഞ, അവഹേളനം, അസൂക്ഷണം എന്നു-ം, അനാദരത്തിന്റെ പേർ.]

അനാദി-വി. ആദി (ആരംഭം, തുടക്കം) ഇല്ലാത്ത.

അനാദിത്വം-ആദിയില്ലാത്ത സ്ഥിതി.

അനാദിതരിശ്ശു-പണ്ടേ തരിശായിക്കിടന്ന സ്ഥലം.

അനാദിനിധനം-ആദിയും അവസാനവും ഇല്ലാത്തതു്.

അനാദിബന്ധം-മായയുടെ കെട്ടുപാടു്.

അനാദിമദ്ധ്യാന്ത-വി. ആദിയും മദ്ധ്യവും അന്തവും ഇല്ലാത്ത.

അനാദിനവ-വി. കുറവില്ലാത്ത; നിർദ്ദോഷമായ, പിഴയില്ലാത്ത, കുറവില്ലാത്ത.

അനാദൃത-വി. അനാദൃതം (ആദരിക്കപ്പെട്ടതു) അല്ലാത്ത, നിന്ദിക്കപ്പെട്ട.

അനാദേയ-വി. സ്വീകരിക്കാൻ യോഗ്യമല്ലാത്ത, മറ്റൊരാൾക്കു കൊടുക്കാവുന്നതല്ലാത്ത.

അനാദ്യ-പ. ആദി (രക്ഷി) ക്കപ്പെടാവുന്നതല്ലാത്ത. ഉ. ആദ്യമല്ലാത്ത.

അനാദ്യൻ-ആദിയില്ലാത്തവൻ, ഈശ്വരൻ.

അനാദ്യന്തൻ-ആദിയും അന്തവും (അവസാനവും) ഇല്ലാത്തവൻ, ഈശ്വരൻ.
'കല്പപ്പുകരാവക്ഷമനാദ്യന്തം'
(ഭാഗവതം)

അനാദ്യവിദ്യ-മായ, ഈശ്വരന്റെ ശക്തി.

അനാധാര-വി. ആധാരം (സഹായം, ആശ്രയം) ഇല്ലാത്ത.

അനാധി-വി. ആധി (ദുഃഖത്തെ ഉണ്ടാക്കുന്നത്) ഇല്ലാത്ത, വ്യാകുലമില്ലാത്ത.

അനാധൃഷ്യൻ-കൈരവരിൽ ഒരുവൻ.

അനാധൃഷ്ട-വി. ക. അഹങ്കാരമില്ലാത്ത. ഖ. കറമില്ലാത്ത. ന. തടുക്കപ്പെടാൻ വയ്യാത്ത.

അനാധൃഷ്ടി-യാദവസൈന്യത്തിന്റെ അധിപൻ, ഉഗ്രസേനന്റെ പുത്രൻ.

അനാപൃഷ്ടി-ലജ്ജിക്കായ്ക.

അനാമക-വി. ക. പ്രസിദ്ധിയില്ലാത്ത, കീർത്തിയില്ലാത്ത. ഖ. പേരില്ലാത്ത.

അനാമകം-അൾസ് എന്ന മൂലരോഗം.

അനാമത്തു്-സൂക്ഷിപ്പാൻ ഏല്പിക്കൽ, രക്ഷക്കായിരിക്കുക.

അനാമയ-വി. ക. ആമയം (വ്യാധി) ഇല്ലാത്ത. ഖ. ദുഃഖമില്ലാത്ത.

അനാമയം-രോഗമില്ലായ്ക. (രോഗത്തിന്റെ അഭാവമെന്ന ശബ്ദാർത്ഥം).

'അനാമയംസ്യാദാരോഗ്യം' (അമരം)

[അനാമയം, ആരോഗ്യം ഖ-ം, രോഗമില്ലായ്മയുടെ പേർ.]

അനാമിക-മോതിരവിരൽ, പേര പറവാൻ പാടില്ലാത്തത് എന്ന ശബ്ദാർത്ഥം. (അംഗുലി എന്നതു നോക്കുക).

[ബ്രഹ്മാവു കള്ളം പറഞ്ഞതിനാൽ ശിവൻ ഈ വിരൽകൊണ്ടാണ ബ്രഹ്മാവിന്റെ തല മുറിച്ചതു്. തന്നിമിത്തം ഇതിനു ബ്രഹ്മഹത്യാദോഷം ഉണ്ടു്. ഈ വിരലിന്മേൽ പവിത്രധാരണം ചെയ്യുന്നതിനു കാരണം ഇതാകുന്നു. മോതിരം ധരിക്കുന്നതിനു [illegible]

'അനാമികാൽപരം രേഖാ
കനിഷ്ഠാസ്യാദ്വിഗാധികാ
ധനവൃദ്ധികരംപുംസാം
മാതൃപക്ഷേഽഥഹ്രസ്വഗാ'

(സാമുദ്രികലക്ഷണം)

[മോതിരവിരലിൽനിന്ന് ആരംഭിച്ചു് ഒരു രേഖ ചെറുവിരലിനെ പ്രാപിക്കയാണെങ്കിൽ ആയാൾ ധനികനും അമ്മയുടെ ഇഷ്ടനും ആകും.]

അനാമിഷ-വി. ക. ആമിഷം(മാംസം) ഇല്ലാത്ത. ഖ. ലാഭമില്ലാത്ത.

അനാമൃത-വി. മരണമില്ലാത്ത, നാശമില്ലാത്ത, നിത്യമായ.

അനായാസം-വി. മനസ്സിൽ ഭാരമില്ലാത്ത, പ്രയാസമില്ലാത്ത.

അനായാസകൃത-വി. പ്രയാസംകൂടാതെ ചെയ്യപ്പെട്ട.

അനായാസകൃതം-എളുപ്പത്തിൽ ഉണ്ടാക്കപ്പെട്ട കഷായവിശേഷം. പ്രയാസംകൂടാതെ ചമയ്ക്കപ്പെട്ടതു് എന്ന ശബ്ദാർത്ഥം.

അനായുഷ്യ-അധികം ആയുസ്സില്ലാത്ത.

അനാരതം-എല്ലായ്പോഴും.

'അനാരതം തുംബുരുനാരദാദി
മുനീന്ദ്രവന്ദ്യസ്തുതിവാദ്യഘോഷം'

(ശ്രീകൃഷ്ണചരിതം)

അനാർദ്രകം-ക. അകിൽ. ഖ. കറുപ്പു മഞ്ഞനിറമുള്ള അകിൽ.

അനാർദ്രജം-അല്പം മഞ്ഞനിറമുള്ള അകിൽ.

അനാർത്തികത-കിരിയാത്ത. ഇതിനു തമിഴിൽ 'തിരവേപ്പു്' എന്നു പറയുന്നു. കിരുതത്തോടുള്ളുണ്ടാകുന്നതു കിരിയാത്ത (കിരിയാത്തു്).

അനാലസ്യം-പ. ആലസ്യം (ക്ഷീണം) ഇല്ലായ്മ. ഉ. ചൊടിപ്പ്.

അനാലാബു(ളു)ക-രജസ്വല. (തീണ്ടായിരുന്നവൾ).

അനാലോകിതൻ - നോക്കപ്പെടാത്തവൻ.

അനാവശ്യം-പ. ആവശ്യമില്ലായ്മ. ഉ. പ്രയോജനമില്ലായ്മ.

അനാവാസയോഗ്യം-പാർക്കുന്നതിന് തക്കതല്ലാത്തത്.

അനാവില-വി. ആവിലം (കലങ്ങിയതു) അല്ലാത്ത, തെളിഞ്ഞ.

അനാവൃത-വി ആവൃതം (മറയ്ക്കപ്പെട്ടതു) അല്ലാത്ത, മറയ്ക്കപ്പെടാത്ത.

അനാവൃതൻ- മറയ്ക്കപ്പെടാത്തവൻ, നഗ്നൻ.

അനാവൃഷ്ടി-വൃഷ്ടി (മഴ) ഇല്ലായ്മ.

അനാവേധ്യോൽകീർണ്ണം-ആവേധ്യോൽകീർണ്ണം (കുത്തിത്തുളക്കപ്പെട്ടതു) അല്ലാത്തം.
'അനാവേധ്യോൽകീർണ്ണം മണി'
(അഭിജ്ഞാനശാകുന്തളം)

അനാശ-വി. പ. ആശ (ആഗ്രഹം) ഇല്ലാത്ത. (അൻ + ആശ). ഉ. നാശം ഇല്ലാത്ത.—(അ + നാശ).

അനാശസ്യ-വി. സ്തുതിക്കപ്പെടാത്ത, പ്രശംസിക്കപ്പെടാത്ത.

അനാശ്രയ-ആശ്രയം (രക്ഷ) ഇല്ലായ്മ.

അനാശ്രവ-വി. കേൾക്കാത്ത, കേൾവി പൊട്ടായ.

അനാസ്ഥ-വി. പ. വിചാരമില്ലാത്ത. ഉ. മാനമില്ലാത്ത. ന. വിശ്വാസമില്ലാത്ത ദ. ആഗ്രഹമില്ലാത്ത.

അനാസ്ഥാന-വി. പ. സമയമില്ലാത്ത. ഉ. ശരിയായ സ്ഥാനം ഇല്ലാത്ത, തക്ക ഇരിപ്പിടം ഇല്ലാത്ത.

അനാഹത-വി. ആഹതം (മുറിയ്ക്കപ്പെട്ടതു, അടിയ്ക്കപ്പെട്ടതു) അല്ലാത്ത.

അനാഹതം-പ. തനയിത്തുരിയിൽനിന്ന് ഇടൻ എടുത്തതും മുറിയ്ക്കാത്തതും അലക്കാത്തതുമായ വസ്ത്രം. (കുത്തു് എന്ന ഭാഷ). ഉ. ആറാധാരങ്ങളിൽ ഒന്ന്.

അനാഹാരം-ആഹാരമില്ലായ്മ.

അനാഹ്യ-വി. പ. സ്വാഭാവികമായം ഉ. ഭക്ഷിക്കത്തക്കതല്ലാത്ത, കൈക്കലാക്കത്തക്കതല്ലാത്ത.

അനിക-കിണികിണിപ്പാലെ.

അനിക്ഷു-ചെറിയ കരുവിക്കരിയ്ക്ക്.

അനിഗൃഹിത-മറയ്ക്കപ്പെടാത്തത്.

അനിച്ഛ-ഉപനിച്ഛ.

അനിത്യ-വി. സ്ഥിരമില്ലാത്ത, ഏറെക്കാലം നിൽക്കാത്ത.

അനിത്യക്രിയ-ക്രൂരകൃത്യത്തിലുള്ള പ്രവൃത്തി.

അനിന്ദിത-വി. നിന്ദിതം (നിന്ദിക്കപ്പെട്ടതു) അല്ലാത്ത.

അനിമിത്ത-വി. അടിസ്ഥാനമില്ലാത്ത, കാരണമില്ലാത്ത

അനിമിത്തലിംഗനാശം-ഒരു നയനരോഗം.
[ദേവന്മാരേയും യക്ഷികാളേയും ഗന്ധർവ്വന്മാരേയും മഹാസർപ്പങ്ങളേയും സൂക്ഷ്മനേയും സൂക്ഷിച്ചുനോക്കുന്നതുകൊണ്ടു മനുഷ്യരുടെ കണ്ണിനു കാഴ്ചയില്ലാതാവുക.]

അനിമിഷം-മത്സ്യം. കണ്ണടച്ചു മിഴി ഇല്ലാത്തതു്.

അനിമിഷൻ-ദേവൻ.
'അനിമിഷവരാരേ ധരിച്ചുകൊൾവിൻ
കനിവൊടുകൊടുമേവെൽതൻനിയോഗം'
(ശ്രീകൃഷ്ണചരിതം)

അനിമേഷ-കണ്ണടച്ചു മിഴിയേടുക്കാത്ത.
'മനമെല്ലാമുൻമുഖമാ-
യനിമേഷകളായ നേത്രപംക്തികളാൽ,
(അഭിജ്ഞാനശാകുന്തളം)

അനിമേഷം-മത്സ്യം.

അനിയന്ത്രണീയൻ-തടുക്കാൻകഴിയാത്തവൻ, അടക്കിവയ്ക്കാൻ കഴിയാത്തവൻ.

അനിയന്ത്രിതൻ-തനിക്കു ബോധിച്ചതുപോലെ ചെയ്യുന്നവൻ.

അനിയന്ത്രിതം-അടക്കി വെക്കപ്പെടാത്തത്, സ്വാതന്ത്ര്യമുള്ളത്.

അനിയമപരിവൃത്തം-കാമ്യമോക്ഷങ്ങളിൽ ഒന്ന്.

[നിയമം വേണ്ടാത്തിടത്തു അതു ചെയ്യുന്നതു ഉം, 'വദനംചന്ദ്രകാന്തംതാൻ' ഇവിടെ 'ചന്ദ്രകാന്തം താൻ' എന്ന നിയമം അനാവശ്യകം. [ഭോക്തൃഭോഷണം].

അനിരുദ്ധ-വി. നിരുദ്ധം (തടഞ്ഞതു്) അല്ലാത്ത, തടുക്കപ്പെട്ടവൻ കഴിയാത്ത

അനിരുദ്ധൻ-കൃഷ്ണന്റെ പൗത്രനായ പ്രദ്യുമ്നന്റെ മകൻ. ബാണാസുരന്റെ മകളായ ഉഷയുടെ ഭർത്താവു്.

അനിർദ്ദേശം-ആജ്ഞയില്ലായ്മ, (കല്പനയില്ലായ്മ).

അനിർദ്ദിശ്യ-വി. നിർദിച്ചു പറയപ്പെട്ടവൻ കഴിയാത്ത.

അനിർദ്ധാരിത-വി. നിശ്ചയപ്പെടുത്താത്ത

അനിർമ്മല-വി. നിർമ്മലം (പരിശുദ്ധം) അല്ലാത്ത.

അനിർവ്വചനീയ-വി. പറയുവാൻ കഴിയാത്ത

അനിർവ്വചനീയസർവ്വസ്വം - ശ്രീഹർഷന്റെ ഒരു പുസ്തകം.

അനിർവ്വചനീയൻ-ഈശ്വരൻ. ഇന്ന പ്രകാരമുള്ളവൻ എന്നു പറയപ്പെടുവാൻ ആർക്കും കഴിയാത്തതുകൊണ്ടു് ഈ പേർ വന്നു.

അനിർവ്വാണ-വി. പ. കെടുകാത്ത, കെടുക്കാത്ത. ഉ. മോക്ഷമില്ലാത്ത.

അനിർവ്വാഹ്യം, അനിർവ്വചനീയം-പറയപ്പെടുവാൻ കഴിയാത്തതു്.

അനിർവ്വായ്യ-വി. തടുത്തുകൂടാത്ത (നിർവ്വായ്യം-നിവാരണംചെയ്യത്തക്കതു്. നിവാരണംചെയ്യുക = തടുക്കുക).

അനിർവ്വാഹം-പ. നിർവ്വഹമില്ലായ്ക, ഉ. തീർച്ചയില്ലായ്ക, സ. സാദ്ധ്യമില്ലായ്ക.

അനിർവ്വേദം-വി. പ. തളർച്ചയില്ലാത്ത, ഉ. വിനയമില്ലാത്ത. സ. വെറുപ്പില്ലാത്ത

അനിർവ്വേശം-പ. ശബ്ദമില്ലായ്ക. ഉ. അധമമായ. സ. പ്രവൃത്തിയില്ലായ്ക, ദ. ഉറച്ചുനിൽക്കായ്ക.

അനിലവല്ല(ക)ം-തെന്നി.

അനിലൻ-വായു, സകലപ്രാണികളെയും ജീവിപ്പിക്കുന്നവൻ എന്ന വ്യുൽപത്തി.

അനിലന്മാർ-അനിലന്മാർ എന്ന ശ്രേണദേവതകൾ(അനിലന്മാർ ൪൯.)

അനിലാത്മജൻ-ഭീമൻ. ഉ. ഹനുമാൻ

അനിലോദ്ധൂത-വി. വായുവിനാൽ അടിച്ചു പറത്തപ്പെട്ട

അനിശാ-അ. എപ്പോഴും, രാത്രിയിലും അടങ്ങിയിരിക്കാത്തതു്, വിശ്രമിക്കേണ്ടതോടുകൂടാത്തതു്.

അനിഷിദ്ധ-വി. നിഷിദ്ധം (നിഷേധിക്കപ്പെട്ടതു്) അല്ലാത്ത.

അനിഷ്കൃത-വി. സ്ഥിരപ്പെടുത്താത്ത, ഒതുങ്ങാത്ത, നിവർത്തിക്കാത്ത, തീർച്ചയാക്കാത്ത.

അനിഷ്ട-വി. ഇഷ്ടം (പ്രിയം) അല്ലാത്ത, അഗ്രഹിക്കപ്പെടാത്ത,

അനിഷ്ടഗ്രഹം-പാപഗ്രഹം, ദുഷ്ടഗ്രഹം.

അനിഷ്ടാപാദനം, അനിഷ്ടാപാദനം - അനിഷ്ടപ്രയോഗം.

അനിഴം-ഒരു നക്ഷത്രം. അനിഷം, അനൂഴം ഇങ്ങനെയും പറയുന്നുണ്ടു്.

അനിസ്തീർണ്ണ-വി. കടക്കപ്പെടാത്ത.

അനീകം-പ. സൈന്യം. ഇതിനാൽ രണ്ടാശ്രയിച്ചു ജീവിക്കുന്നു എന്ന താൽപര്യം. ഉ. മുഖം.

അനീകസ്ഥാ-പ്ര. രാജാവിന്റെ അംഗരക്ഷകശരണം. രണ്ട് സൈന്യത്തിൽ ചേർന്നവർ എന്ന വ്യുല്പത്തി. ഉ. അടയാളം. സ. യുദ്ധത്തിലുള്ള കാംക്ഷ. (ഉത്സുകഴൽ).

അനീകസ്ഥൻ-പ്ര. യോദ്ധാവ് (പോരാളി). ഉ. ആയുധപാണിയായ ഒരു കാവൽക്കാരൻ. സ. ആനപ്പാപ്പാൻ.

അനീകിനി-പ്ര. സേന. ഉ. രണ്ടായിരത്തിലധികം കാലാൾ, കുതിര, തേര്, ആന ഇവയുടെ സമൂഹം. (അക്ഷൗഹിണി എന്നശബ്ദം നോക്കുക.)

അനീതി-നീതി (മര്യാദ) കേട്, ദുഷ്ടിച്ച നടപ്പ്, അവസ്ഥ (ദുർനടപ്പ്).

അനീലവാജി-അർജ്ജുനന്റെ ഒരു പേർ. (വെള്ളക്കുതിരയെ വാഹനമാക്കിയവൻ)

അനീശ്വര-വി, പ്ര. ഈശ്വരൻ ഇല്ലാത്ത. ഉ. രക്ഷിതാവില്ലാത്ത.

അനീശ്വരവാദി-ദൈവം ഇല്ലെന്ന പറയുന്നവൻ, നാസ്തികൻ.

അനീഹൻ-പ്ര. അയോഗ്യനായ ഒരുത്തൻ. ഉ. ആഗ്രഹം ഇല്ലാത്തവൻ.

അനു-അ. പ്ര പിന്നാലെ. ഉ. സാദൃശ്യം. സ. രോഗം. ൪. ഭംഗം. ൫. ലക്ഷണം. ൬. സന്നിധി. ൭ ആയാമം. ൮. ഹീനം. ൯. പിൻഭാഗം, പ്ര. കൂടെ.

അനുക-വി. കാമിക്കുന്ന ശീലമുള്ള.

അനുകൻ-പ്ര. മന്മഥൻ. ഉ. കാമുകൻ, സ്ത്രീ മുതലായുള്ള കാമവസ്തുക്കളെ കാമിക്കുന്നവൻ (ആഗ്രഹിക്കുന്നവൻ).

അനുകഥനം-ക്രിയ (കഥിക്കുക) പഠനം

അനുകഥനീയം-ക്രിയ (കഥിക്കുന്നതാക്കുന്നു) പഠിയ്ക്കുന്നു.

അനുകമ്പ-കരുണാരസം, ദയ, കൃപ, പരദുഃഖത്തിൽ മനസ്സിനെ ഇളക്കുന്നത് (ചലിപ്പിക്കുന്നത്).

'അനുകമ്പയെഴിതവമിന്നാസേ'

(നളചരിതം കഥകളി)

അനുകമ്പി-കൃപയുള്ളവൻ, ദയയുള്ളവൻ.

'വാനോർനഭീപുരേവാണരക്ഷീടുന്ന
മീനാനുകമ്പിയാംകൃഷ്ണൻതിരുവടി'

(കല്യാണസൗഗന്ധികം തുള്ളൽ)

അനുകമ്പിത-വി. കൃപചെയ്യപ്പെട്ട.

അനുകമ്പ്യ-കൃപ (ദയ) ചെയ്യത്തക്ക.

അനുകരണം-അന്യനെപ്പോലെയുള്ള പ്രവൃത്തി.

അനുകരിക്കുക-അന്യൻ ചെയ്യുന്നതു പോലെ ചെയ്യുക, മാതൃകയാക്കി സ്വീകരിക്കുക.

അനുകല്പ-വി. ഏകദേശം സദൃശമായ.

അനുകല്പം-സ്വാംഗയുക്തമായ കർമ്മത്തിൽനിന്ന് ഏതാണ്ടും കുറഞ്ഞ കർമ്മം

[ശാസ്ത്രോക്തവിധി രണ്ടു പ്രകാരമുണ്ട്. മുഖ്യവിധിക്ക പ്രഥമകല്പം എന്നും അപ്രധാനവിധിക്ക് (മുഖ്യ വിധിയെക്കാൾ താണതിന്) അനുകല്പം എന്നും പേർ. ഉ-ം, ഔപാസനത്തിന്റെ നെല്ല മുഖ്യം; അതു കിട്ടിയില്ലെങ്കിൽ വരി നെല്ലും മതിയാകും. ഇതു് അനുകല്പം.]

അനുകർഷം-പ്ര. തേരിന്റെ അടിപ്പലക, അച്ചുതണ്ടിന്റെ പുറത്തിടുന്ന ആണി, അനുകർഷിക്കപ്പെടുന്നത് എന്ന വ്യുൽപത്തി. ഉ. മന്ത്രംകൊണ്ടു വിളിക്കുക, പിടിച്ചുവലിക്ക.

അനുകർഷണം-പ്ര. ആകർഷിക്കുക. ഉ. മന്ത്രംകൊണ്ടു വിളിക്കുക.

അനുകാമം-ഇഷ്ടപോലെ.

'അനുനാനുകാമമിവനോടുകൂടി നീ
മധുരാനനനന്തവസിച്ചുകാംക്ഷകൊടും'

(ശ്രീകൃഷ്ണചരിതം)

അനുകാമിനൻ-ഇഷ്ടംപോലെ ചെയ്യുന്നവൻ, ഇഷ്ടംപോലെ നടക്കുന്നവൻ

'കാമംഗമനുകാമിനഃ' (അമരം)

[കാമംഗമി, അനുകാമീനൻ എ-ം, യുക്തിഭാഷകളിൽ സ്വേച്ഛപോലെ മറ്റവരുടെ കീഴടങ്ങാതെ സഞ്ചരിക്കുന്നവരുടെ പേര്.]

അനുകാര:-ഒന്നിനു തുല്യമായിട്ടു ചെയ്യുക, മറെറാരുവനെപ്പോലെ ചെയ്യുക. 'അനുഹാരോനുകാരസ്യാൽ' (അമര)
[ഒരുവന്റെ രൂപം, ആചാരം, ലക്ഷണം മുതലായവയെ മറെറാരുവൻ അനുകരിക്കുന്നതിന്റെ പേർ.]

അനുകാരി-അനുകരിക്കുന്നവൻ.

അനുകാര്യൻ - അനുകരിക്കപ്പെടുവാൻ യോഗ്യൻ.

അനുകാലം-കാലത്തിനു തക്കവണ്ണം.

അനുകീർത്തനം-പറയുക, അറിയിക്കുക.

അനുകൂലം-വി. ഹിതമായ, ഇഷ്ടമായ.

അനുകൂല-ചെറിയ മന്തി.

അനുകൂലകം-ചെറിയ മന്തി.

അനുകൂലത-അനുസരിപ്പ്, വിരോധമില്ലായ്മ

അനുകൂലശത്രു-ഇഷ്ടമുള്ളഭാവത്തിൽ അടുത്തിരിക്കുന്ന (ചെയ്തമന്ത്രം) വിരോധി.

അനുകൂലിക്ക-അനുസരിക്കുക.

അനുകൃഷ്ണരാച്ചുടാ-മുത്തങ്ങ.

അനുക്രമം-ക്രമത്തെ (മുറയെ) അനുസരിച്ചത്.

അനുക്രമണം-ക്രമം, മുറ.

അനുക്രമണി, അനുക്രമണിക-ഒരു പുസ്തകത്തിലെ സംഗതിവിവരം.

അനുക്രോശം-കരുണാരസം, കൃപ, മയ. ദീനന്മാരെ യെടുത്തുകൊള്ളുക, ദീനന്മാരെക്കുറിച്ചു വ്യസനിക്കുക എന്നർത്ഥം, അനുശോചനം.

അനുക്തവാച്യം - കാവ്യദോഷങ്ങളിൽ ഒന്ന്.
[അവശ്യം പറയേണ്ടുന്ന അംശത്തെ പറയാതിരിക്ക. ഉ-ം, തെല്ലുമില്ലം ഭയമേ വേലയിലാൽ' ഇവിടെ ഭയമില്ല പോലും അല്പമില്ലായ്മ എന്നു വേണ്ടുവാൻ-മാക്കാളിക്കുങ്ങം.]

അനുക്തവാദം-ഒരു വാങ്മയരോഗം.

അനുകൃത-വി. പറയപ്പെടാത്ത(ഉക്തം = പറയപ്പെട്ടത്.)

അനുക്ഷണം - വേഗത്തിൽ, പെട്ടന്നു, ക്ഷണത്തിൽ, ഇടവിടാതെ.

അനുഗ-വി. അനുഗമിക്കുന്ന, പിന്നാലെ പോകുന്ന.

അനുഗൻ-പിന്നാലെ നടക്കുന്നവൻ.

അനുഗത-വി. അനുഗമിക്കപ്പെട്ട (പിന്നാലെ ചെന്ന)

അനുഗതവ്യാഖ്യാനം - മൂലഗ്രന്ഥത്തെ പദംപ്രതി വിവരിച്ച് ഉപപത്തി കാണിക്കുന്നത്.

അനുഗതി-പിന്നാലെ ചെല്ലുക.

അനുഗം-പിമ്പേ പോകുന്നത്, അനുഗമിക്കുന്നത്. [യം'
'അനുപദമനുപക്ഷമനുശയനുപഥംക്ലീബമവ്യ
[അനുപദം, അനുപക്ഷം, അനുശം, അനുപഥം ര-ം പിന്നാലെ എന്ന അർത്ഥത്തിൽ ഉപയോഗം.]

അനുഗമം-പിന്നാലെ പോവുക.

അനുഗമിക്ക-പിന്നാലെ ഗമിക്കുക.

അനുഗമ്യ-വി. പിന്നാലെഗമിക്കത്തക്ക (പോകത്തക്ക.)

അനുഗാനം-കൂടെപ്പാടുക.

അനുഗാമി-പിന്നാലെ ഗമിക്കുന്നവൻ (പോകുന്നവൻ.)

അനുഗാവിനൻ-ഒത്തവണ്ണം നടക്കുന്നവൻ.

അനുഗീതി-ഒരു വൃത്തത്തിന്റെ പേർ.

അനുഗുണ-വി. അനുകൂലമായ ഗുണം. നിമിത്തം സദൃശമായ, ചേച്ചുള്ള.

അനുഗൃഹ്യ-വി. മറയ്ക്കപ്പെട്ട.

അനുഗൃഹീത-വി. അനുഗ്രഹിക്കപ്പെട്ട, നല്ലതുവരട്ടെ എന്നു കല്പിക്കപ്പെട്ട.

അനുഗ്രഹം-പ. പ്രസാദം, വരം, നല്ലതു വരട്ടെ എന്നു പാകം.

[ശത്രുക്കന്മാർ മുതലായവരുടെകൽ പിടിക്കുന്നതിന് 'അഭിവാദ്യം' എന്നു പേർ. അവർ ഇങ്ങോട്ടുചെയ്യുന്ന അനുഗ്രഹത്തിനു, പ്രത്യഭിവാദനം എന്നു പറയപ്പെടുന്നു.]

ക. ഇഷ്ടത്തെ സമ്പാദിക്കയും അനിഷ്ടത്തെ തടുക്കുകയും ചെയ്യുക.

'അഭ്യുപപത്തിരനുഗ്രഹഃ' (അമരം)

[അഭ്യുപപത്തി, അനുഗ്രഹം ക-ം, അനുഗ്രഹത്തിങ്കൽ പേർ. അനുഗ്രഹം എന്നാൽ ചുറ്റും കാത്തു രക്ഷിക്കുക എന്നത്രേ.]

അനുഗ്രഹിക്കുക–'നല്ലതു വരട്ടെ' എന്നു കല്പിക്കുക.

അനുചരൻ- സഹായി, അകമ്പടിക്കാരൻ. പിന്നാലെ സഞ്ചരിക്കുന്നവൻ എന്നു വ്യുൽപത്തി.

അനുചരിക്കുക– പിന്നാലെ സഞ്ചരിക്കുക.

അനുചാരകൻ–പ. വേലക്കാരൻ. ക. പിന്നാലെ നടക്കുന്നവൻ.

അനുചാരി-വി. പിന്നാലെ നടക്കുന്ന.

അനുചാരിക-പ. പിന്നാലെ നടക്കുന്നവൾ. ക. വേലക്കാരി.

അനുചിത-വി. ഉചിതം (കൊള്ളാവുന്നതു) അല്ലാത്ത.

അനുചിതാത്ഥം – കാവ്യദോഷങ്ങളിൽ ഒന്ന്.

[വിവക്ഷിതത്തിനു വിരുദ്ധമായതു് അനുചിതാർത്ഥം എന്നു ദോഷലക്ഷണം.]

അനുചിന്ത, അനുചിന്തനം-വിചാരം

'മാരസംഭരനുചിന്ത്യസന്തതം'

(ശ്രീകൃഷ്ണചരിതം)

[അനുചിന്ത്യ, അനുചിന്തനം ചെയ്തിട്ടു് (വിചാരിച്ചിട്ടു്) എന്നത്രേ.]

അനുച്ചാരകൻ-പ. ഒരുവനു പിന്നാലെ ആവർത്തിച്ചുപറയുന്നവൻ. ക. ഉത്തരവാദി, പ്രതിവാദി.

അനുജ്ഞിതം-ഒപ്പാക്കം ഇല്ലാത്തതു്.

അനുജ-വി. പിന്നാലെ ഉണ്ടായ.

അനുജൻ പിന്നാലെ ജനിച്ചവൻ, രണ്ടാമതുണ്ടായവൻ (ഇളയ സഹോദരൻ.)

'ജ്യായാന്യുജ്ജ്യേസ്യുഃകനിഷ്ഠ

യവീയോവരജാനുജാഃ' (അമരം)

[ജ്യായാന്യുജ്ജ്യൻ, കനിഷ്ഠൻ, യവീയാൻ (കനീയാൻ), അവരജൻ, അനുജൻ ഇ-ം, അനുജന്റെ പേർ],

അനുജ-ഇളയ സഹോദരി.

അനുജത്തി–ഇളയസഹോദരി.

അനുജം-വീരപുണ്ഡരി (ഒരുങ്ങാടിമരത്തെ.)

അനുജന്മ-വി. പിന്നീടുണ്ടായ.

അനുജന്മനക്ഷത്രം-ജന്മനക്ഷത്രം കഴിഞ്ഞുവരുന്ന ഒൻപതാമതെത്തെയും പതിനെട്ടാമതെത്തെയും നക്ഷത്രങ്ങൾ.

[അശ്വതിക്കു മകവും മൂലവും അനുജന്മനക്ഷത്രങ്ങളാകുന്നു. ഇങ്ങിനെ ക്രമപ്രകാരം കണ്ടുകൊൾക.]

അനുജന്മാവു്–അനുജൻ.

അനുജാത-വി. പിന്നാലെ ജനിച്ച.

അനുജാതൻ-അനുജൻ (പിന്നാലെ ജനിച്ചവൻ).

അനുജീവനൻ, അനുജീവി-സേവകൻ.

അനുജീവി-വി. ആശ്രയിച്ചു പാർക്കുന്ന.

അനുജ്ഞ-കല്പന.

അനുജ്ഞാത-വി. കല്പിക്കപ്പെട്ട.

അനുജ്ഞാപനം, അനുജ്ഞാപ്തി-കല്പന.

അനുജ്ഞാപകൻ-കല്പന കൊടുക്കുന്നവൻ, വരുതി നൽകുന്നവൻ.

അനുജ്ഞേയകം-(വ്യാകരണത്തിൽ) പ്രകാരങ്ങളിൽ നാലുവിധമുള്ളവയിൽ നാലാമതത്രേ.

അനുതപിക്കുക-ചെയ്തതിന്റെ ശേഷം അതിനെക്കുറിച്ചു ദുഃഖിക്കുക, കൂടപിടിക്കുക.

അനുതപ്പ്–വി. ചെയ്തതിനെക്കുറിച്ചു പിന്നീടു ദുഃഖിച്ചു, കൂടപിടിപ്പിക്കപ്പെട്ട.

അനുതർഷം, അനുതർഷണം–പ. ഭംഗം. ഉ. മദ്യപാനം. ന. പാനപാത്രം.

അനുതാപം–കഴിഞ്ഞതിനെക്കുറിച്ചു ദുഃഖിക്കുക.

അനുത്തമം – അത്യുൽകൃഷ്ടം, ഏതിനെക്കാളും ഉത്തമമായിട്ടു മറ്റൊന്നില്ലയോ അതു് അനുത്തമം.

അനുത്തമൻ–ആരെക്കാളും ഉത്തമനായിട്ടു മറ്റൊരാളുമവൻ ഇല്ലയോ അവൻ, അത്യുൽകൃഷ്ടൻ.

അനുത്തരം–പ. മേൽഭാഗത്തിങ്കലല്ലാത്തതു് (കീഴ്ഭാഗം). ഉ. വടക്കല്ലാത്ത മറ്റുദിക്കിലുള്ളതു്. ന. ശ്രേഷ്ഠമല്ലാത്തതു്.

അനുത്സാഹം–പ്രയത്നമില്ലായ്മ, അലട്ടുമനമില്ലായ്മ.

അനുൽപന്ന–ഉണ്ടാകാത്ത, ജനിക്കാത്ത.

അനുദകം–വി. ഉദകം (ജലം) ഇല്ലാത്ത.

അനുദാത്തം–ഒരു സ്വരം. നീചസ്ഥാനത്തിൽ ഉച്ചരിക്കപ്പെടുന്നതു് എന്നു വ്യുൽപത്തി. ഉദാത്തം എന്നാൽ ഉച്ചത്തിൽ ഉച്ചരിക്കപ്പെടുന്നതു് എന്നർത്ഥം.

'ഉദാത്താദ്യൈസ്യയഃ സ്വരാഃ' (അമരം)

[സ്വരങ്ങൾ ഉദാത്തം, അനുദാത്തം, സ്വരിതം ഇങ്ങനെ മൂ. പ്രചിതം എന്നു ഒരേ സ്വരം ക്രമേയുള്ള പ്രകാരം കാണുന്നു. അതു ഗ്രന്ഥസമാപ്തിക്കായാൽ ഇവിടെ ഉപേക്ഷിച്ചിരിക്കുന്നു. 'ഉദാത്തശ്ചാനുദാത്തശ്ചസ്വരിതശ്ചസ്വരാസ്ത്രയഃ ചതുർത്ഥഃപ്രചിതോനാക്കേതായാമാഃസ്മൃതാഃ ഛന്ദസഃ സ്മൃതഃ' എന്ന പ്രമാണം].

അനുദിനം, അനുദിവസം–ദിവസംപ്രതി.

അനുദ്യമ–ഉത്സാഹമില്ലാത്ത, മടിയുള്ള.

അനുദ്ഗ്രഹ – ശത്രുവിഷയ്ക്കു യാചിക്കാത്തവൻ.

അനുധാവനം–പിറകേ ഓടുക.

അനുദ്ധത–വി. പ. അഹങ്കാരമില്ലാത്ത. ഉ. ഉയർത്തപ്പെട്ടതല്ലാത്ത.

അനുദ്യോഗ–വി. ശക്തിയില്ലാത്ത, ധൈര്യമില്ലാത്ത, ശാന്തമായ.

അനുനന്ദിക്കുക–സന്തോഷിക്കുക.

അനുനയം–വണക്കം, ഇഷ്ടം, സമ്മതം, നല്ലവാക്ക്.

അനുനായിക–നാടകങ്ങളിൽ നായികയുടെ സഖിയോ ദാസിയോ ആയവൾ.

അനുനാസിക–ങ, ഞ, ണ, ന, മ, ഇവ ന്യ ം, മൂക്കിനെ ആശ്രയിച്ചുവയുകയാൽ ഈ പേർ വന്നു ഉ. പഞ്ചമം.

അനുപദ–അ. പിമ്പു, പദംപ്രതി പദത്തോടും)പദത്തിന്റെ പിന്നാലെ എന്നു വ്യുൽപത്തി. അടുത്ത ക്ഷണത്തിൽ

അനുപദി–അന്വേഷണം ചെയ്യുന്നവൻ.

അനുപദീന–മൂടിച്ചെരിപ്പ് (ബൂട്സ്) കാലിന്റെ അകവും പുറവും ഒരുപോലെ മൂടിക്കൊണ്ടിരിക്കുന്നതു്.

അനുപധി–അ. നിഷ്കാമമായ.

'പ്രേമം നമ്മോടനുപധികമ-
ന്നീടുമസുൽപ്രിയയായഃ'
(മയൂരസന്ദേശം)

അനുപപത്തി–പ. കുറവു്, മുടക്കം. ഉ. യുക്തമില്ലായ്മ, ചേരായ്മ. ന. യുക്തിയില്ലായ്മ ര. അതിരേകത, വിചാരം, കുഴക്കുവാൻ നിർത്യം.

അനുപപന്നം–അയുക്തം.

അനുപയുക്തം–ഉപയോഗിക്കപ്പെടാത്തതു്. ഉപയോഗിക്കുക = അനുഭവിക്കുക.

അനുപമ–വി. ഉപമ (സാദൃശ്യം, തുല്യം) ഇല്ലാത്ത.

'അനുപമഫലമിമമനുഭവ-
മനുജനസംശയിവരമെന്നാൽ'
(പ്രബോധചന്ദ്രോദയം തുള്ളൽ)

അനുപമ – തുലക്കുപിടിഞ്ഞുതൊക്കോണിലേ ഭിക്കുപലകയുടെ അനുയായ കുമുദന്റെ പിടിയനെ. തുല്യത്തോടുകൂടാത്തത് എന്ന ശബ്ദാർത്ഥം.

അനുപയുക്ത-വി. ഉപയോഗമില്ലാത്ത, ഉപയോഗിക്കപ്പെടാത്ത.

അനുപലബ്ധി-പ്ര. മീമാംസകത്തിലുള്ള ഒരു പ്രമാണം. ഉ. അപ്രത്യക്ഷം.

അനുപസ്ഥിതി-പ്ര. ഹാജരില്ലായ്ക, ക്രടെയില്ലായ്ക. ഉ. ഓർമ്മയിലുള്ള ശക്തിക്കുറവ്.

അനുപാതം-പ്ര. തിട്ടം, വീതം, ക്രമം, മാത്ര.

'തുല്യനുപാതകൈരുഹലം'

(ഭാഗവതം)

ഉ. ക്രടെ വീഴുക.

അനുപാദേയം-സ്വീകാര്യമല്ലാത്തത്.

അനുപാനം-പ്ര. ഒരു മരുന്നു സേവിക്കുന്നതിനു മുമ്പോ പിമ്പോ പാനം ചെയ്യപ്പെടുന്നത്. ഉ. ചില ഔഷധം സേവിച്ചാൽ ഉടൻ കുടിക്കുന്ന പാലോ മറ്റു വല്ലതുമോ. നാ. മേമ്പൊടി (മേമ്പൂടി)

അനുപാനീയം-കുടിച്ചതിന്റെ ശേഷം പിന്നീടും കുടിക്കുക.

അനുപാലനം-രക്ഷ. ഉ. അനുസരണം.

അനുപുരുഷൻ-പിറകേ നടക്കുന്നവൻ.

അനുപേക്ഷണീയം-ഉപേക്ഷിക്കാത്തക്കതല്ലാത്തത്.

അനുപോതകം-വശു. (വശുച്ചീ= തെമ്മാടി വള്ളി.)

അനുപ്രദാനം-പ്ര. സമ്മാനം, മന്നം. ഉ (വ്യാകരണത്തിൽ) വല്ലങ്ങളും ചില മാതിരി ശ്രുതിവരുന്നത് അങ്ങുവക കാരണങ്ങളുണ്ടാവേണ്ടേ. അവയിൽ ഒന്ന്.

അനുപ്രയോഗം-പ്ര. ക്രടെ ഉപയോഗിക്കുക. (പ്രയോഗത്തെപ്പറ്റുക), പിന്നെയും പിന്നെയും ചെയ്യുക. ഉ. മരുന്നാദ്യം തുടങ്ങിയിരിനെ സഹായിപ്പാനായി അതിനടുത്തു പരമായ് പ്രയോഗിക്കുന്ന ഔഷധം.

അനുപ്രവചനം-പിന്നെയും പിന്നെയും പഠനം.

അനുപ്രാവൃത്തി-അനുപത്തിനാലുകലകളിൽ ഒന്ന്.

അനുപ്രാസം-മറ്റെയക്ഷരങ്ങളുടെ ആവൃത്തി. (പ്രാസം എന്നതു കവിതയുടെ ഒരുമാതിരി അക്ഷരച്ചേർച്ചയാണ്) ശബ്ദാലങ്കാരങ്ങളിൽ ഒന്ന്.

പ്രതിഷ്ഠിതഭാവങ്ങൾ പ്രൌഢിജ്ഞാപിച്ചുകാണിക്കുന്നതിനായുടേയും മറ്റിയുടേയും ആവർത്തനം നോക്കുക.

അനുപ്ലവൻ-സഹായിക്കുന്നവൻ, സഹായി. പിന്നാലെ പോകുന്നവൻ എന്ന ശബ്ദാർത്ഥം.

അനുബന്ധകം-വി. ഒന്നിച്ചുകൂടിയ, സംഘടിച്ച, ചേർന്ന.

അനുബന്ധവസ്തുക്കൾ-വിക്ഷയം, പ്രയോജനം, സംബന്ധം, അധികാരി ഇവ നാലും.

അനുബന്ധം-പ്ര. അപ്രധാനമാകയാൽ അനുസരിക്കുന്ന കട്ടി. ഉ. ദോഷസംഭവം. നാ. പ്രകൃതിപ്രത്യയാദികളിൽ നിശ്ചയിച്ചുപോകുന്ന അക്ഷരം. ര. പ്രകൃതമായുള്ളത് പൊയ്പോകാതെ രക്ഷിക്കുക. ള. അവസാനം. ന. ഇടവാട്ട്, ഒ. ചേർച്ച. വ. മനം ഇല്ലാതെ നശിച്ചുപോയതിനു മനം ഉണ്ടാക്കുക. ൻ. തോൽവള്ളക്കണം.

അനുബന്ധി-വി. സംബന്ധമുള്ള.

അനുബന്ധ്യ-വി. പ്രധാനമായുള്ള, ഭൃത്യമായുള്ള.

അനുബിംബം-നിഴൽ (പ്രതിച്ഛായ).

അനുബിംബിക്കുക-നിഴലിക്കുക.

അനുഭാവം-പ്ര. ഗന്ധം, അറിയിപ്പ്. ഉ. ഗന്ധം നശിച്ച വസ്തുവിനു പിന്നീടു ഗന്ധം ഉണ്ടാക്കുക.

അനുബോധനം-ഓർമ്മ, അറിയിപ്പ്.

അനുഭവം-പ്ര. പ്രത്യക്ഷം. ഉ. ശബ്ദം. ന. ഉപായോഗം. ര. സഹിക്കുക. ഇ. സ്വീകാരം.

അനുഭാവക-വി. തിരിച്ചുകാണിക്കുന്ന, അറിയിക്കുന്ന.

അനുഭാവം-പ്ര. സത്തുക്കളുടെ ബുദ്ധി നിശ്ചയം, മനോഗതത്തെ തോന്നിക്കുന്നത്, മനോവികാരങ്ങളെ പുറത്തറിയിക്കുന്ന ചേഷ്ടാവിശേഷം. ഭാവത്തിനു ശേഷം ഉണ്ടാകുന്നത് എന്ന വ്യുൽപത്തി. ഉ. അറിവ്. ന. തേജസ്സ്, പ്രഭാവം.

'ജീവനഥൻപരമേശ്വരനോടനു-
ഭാവമോരുണത്തിച്ചുംപുണർന്നുടൻ'
(ഭാഗവതം)

അനുഭാവൻ-പരാക്രമമുള്ളവൻ.

അനുഭാവനം-തോന്നലിനെകാണിക്കുക.

അനുഭാഷണം-പറഞ്ഞതിനെ പിന്നെയും പറക, സഹഭാഷണം, സംസാരം, സംവാദം.

അനുഭൂതി-പ്ര. തോന്നൽ, മനോഭാവം. ഉ. അനുഭവം.

അനുഭൂതിചതുഷ്ടയം-പ്രത്യക്ഷം, അനുമിതി, ഉപമിതി, ശബ്ദം ഇവ നാലും.

അനുഭൂതിസ്മൃതിശ്ചസ്യാദനുഭൂതിശ്ചതുർവിധാ
പ്രത്യക്ഷമപ്യനുമിതിസ്തഥോപമിതിശബ്ദജേ
(കാരികാവലി)

അനുഭോക്തൃത്വം-അനുഭവിക്കുന്നവൻ.

അനുഭോഗം-അനുഭവം.

അനുമണ്ഡപി-ചെറിയ വശമുള്ള ചീര.

അനുമത-പ്ര. അനുവദിക്കപ്പെട്ട, അംഗീകരിക്കപ്പെട്ട. ഉ. സമ്മതിക്കപ്പെട്ട.

അനുമതം-പ്ര. സമ്മതം. ഉ. അംഗീകാരം.

അനുമതി-പ്ര. സമ്മതം. ഉ. അംഗീകാരം. ന. പ്രഥമമുതൽ പതിനാലാം ദിവസം വരുന്ന വാവ്. ഭേദകങ്ങളിലും പിതൃക്കളിലും അനുമാനം ചെയ്യപ്പെടുന്നത് എന്ന ശബ്ദാർത്ഥം.

[ചന്ദ്രൻ അപൂർണ്ണകലനായി ഏതാനും വെളുത്തവാവുന്നാൾ ഉദിക്കുന്നുവോ ആ വെളുത്തവാവിനു 'അനുമതി' എന്നു പേർ.]

അനുമതിക്കുക-സമ്മതിക്കുക.

അനുമനനം-സമ്മതം, അനുജ്ഞ, അനുവാദം.

അനുമരണം-ഉടനടി (ഉടമ്പാവു). ഭർത്താവിന്റെ മൃതശരീരത്തെ ദഹിപ്പിക്കുമ്പോൾ തീയ്ക്കുടി തീയിൽ പതിച്ചു മരിക്കുക.

അനുമാനം-പ്ര. ഊഹം. ഉ. ശാസ്ത്രത്തിലെ ഒരു പ്രമാണം. ന. അലങ്കാരങ്ങളിൽ ഒന്ന് (സാധനംകൊണ്ടു സാധ്യത്തെ ഊഹിക്കുന്നത്).

അനുമാനിക്കുക-ഊഹിക്കുക, സംശയിക്കുക.

അനുമാപകം-സംശയിപ്പിക്കുന്നത്.

അനുമിത-വി. ഊഹിക്കപ്പെട്ട, സംശയിക്കപ്പെട്ട.

അനുമേയ-വി. ഊഹിക്കത്തക്ക, സംശയിക്കത്തക്ക.

അനുമോദം-പ്ര. കൂടെയുള്ള സന്തോഷം, സന്തോഷം, അനുകമ്പ നിമിത്തമുള്ള സന്തോഷം. ഉ. അനുമോദനം.

അനുമോദനം-പ്ര. അംഗീകാരം, താങ്ങൽ. ഉ. സന്തോഷത്തെ ഉണ്ടാക്കുന്നത്, സന്തോഷം, കൂടെയുള്ള സന്തോഷം.

അനുമോദിക്കുക-കൂടെസന്തോഷിക്കുക.

അനുയവം-പട്ടുതുവര

അനുയാജം-യാഗത്തിന്റെ ഒരംശം (യാജ്യാംശം).

അനുയാത്ര-ബഹുമാനമുള്ളവരെ യാത്രയയക്കുമ്പോൾ കുറച്ചുദൂരം അവരോടുനിന്നു് ഒപ്പമരപൂവ്വം പോവുക.

അനുയാത്രികൻ-കൂടെ പോകുന്നവൻ, അകമ്പടിക്കാരൻ.

അനയാനം-ക്രമേ നടക്കുക, അകമ്പടി പോവുക.

അനയായി, അനുയായികൻ- പിന്നാലെ പോകുന്നവൻ, പിൻഗാമി, അനുചരൻ.

അനയുക്ത-അനുയോജിക്ക (ചേർക്ക) പ്പെട്ടതു.

'ഹേതുശ്ചേതോഗതാധോർധ്രുവമിയമനയുക്താവദേദേവഖലോ'

(അഭിജ്ഞാനശാകുന്തളം)

അനയോഗം- ചോദ്യം. അർത്ഥയോജനയോടുകൂടിയതു് എന്നു വ്യുൽപത്തി.

അനുയോജനം-ചോദ്യം, അറിവാൻ വേണ്ടിച്ചോദിക്കുന്നതു്.

അനുയോജിക്കുക- ക്രി. ചേരുക. ഉ. ചേർക്കുക. ന. ഇണങ്ങുക.

അനുയോജ്യൻ-ഭൃത്യൻ, താഴ്മയും അനുസരണവുമുള്ള ഭൃത്യൻ.

അനുരക്ത-അനുരാഗമുള്ള, സ്നേഹമുള്ള.

അനുരക്തൻ-അനുരാഗമുള്ളവൻ, സ്നേഹമുള്ളവൻ.

അനുരഞ്ജനജ്ഞാനം-അഷ്ടപത്തിനാലു കലകളിൽ ഒന്നു്.

അനുരഞ്ജനം-യോജിപ്പു്, ചേർച്ച, സ്നേഹം

അനുരണനം-മാറ്റൊലി.

അനുരതൻ-താൽപര്യമുള്ളവൻ.

അനുരതി-സ്നേഹം, അനുഗ്രഹം, താല്പര്യം.

അനുരഥ്യ-നടക്കുന്നവഴി, ഒരു തെരുവിന്റെ അരുകു്, മറുവഴി.

അനുരസം, അനുരസിതം- മാറ്റൊലി, മാറ്റൊലിപ്പു.

അനുരാഗം-ക്രി. അനുഗ്രഹം, സ്നേഹം. ഉ. വാത്സല്യം. വാത്സല്യം എന്ന അർത്ഥത്തിൽ ഉദാഹരണം താഴെ ചേർക്കുന്നു.

'നിന്നകമാരമ്പരമ്പരയിൽനിന്നു-
ണ്ടെന്നനുരാഗവശേനപറഞ്ഞാൻ'

(കണ്ണശ്ശരാമായണം)

[അനുരാഗത്തിനു രസം എന്നും പറയും.]

'ശൃണുരാഗേരസേരസഃ' (അമരം)

അനുരാഗിണി-അനുരാഗമുള്ളവൾ.

അനുരാത്രു-വി. രാത്രിയെ തുടർന്നു.

അനുരാത്രം-അ. എല്ലാരാത്രിയിലും.

അനുരാധ-വി. ക്ഷേമം ഉണ്ടാക്കുന്ന.

അനുരാധ-അനിഴം.

അനുരൂപ-വി. തുല്യമായ, തക്കതായ.

അനുരൂപം-ക്രി. സാദൃശ്യം (തുല്യത). ഉ. ചേർച്ച, ഉചിതം, യോജിപ്പു്.

അനുരോദനം-ക്രി. അലിവു്, വ്യസനം. ഉ. കൂടെ കരയുക.

അനുരോധം, അനുരോധനം-അനുസരണം, പിന്നാലെ ചെന്നു തടുക്കുക. 'പോകുമ്പോൾ സ്നേഹിതന്മാർ പിറകേ ചെന്നു 'ഇന്നു പോകരുതേ' എന്നു തടുക്കുന്നതുകൊണ്ടു് ഈ പേരുണ്ടായി.

അനുരോധക-വി. ഇണക്കമുള്ള, അനുസരണമുള്ള, അനുകൂലമുള്ള.

അനുലഗ്ന-വി. ചേർന്ന, പാറിയ.

അനുലപിക്കുക-പറഞ്ഞതു തന്നെ പറയുക.

അനുലാപം-പിന്നെയും പിന്നെയും പാടുക, പറഞ്ഞുതീർന്നുടനേ വീണ്ടും പറയുക.

'അനുലാപോമുഹുഷ്കൃഷ്ടം' (അമരം)

[അനുലാപം, മുഹുഷ്കൃഷ്ടം ഇവ ഒന്നു, പിന്നെയും പിന്നെയും പറയുന്നതിന്റെ പേർ.]

അനുലാസം, അനുലാസ്യം-മയിൽ.

അനുലേപം, അനുലേപനം- കുഴക്കുട്ടു്. (ദേഹത്തിൽ പൂശുവാനുള്ള ചന്ദനം മുതലായവ).

അനുലോമ-വി. മുറയുള്ള, ക്രമമായുള്ള, അനുകൂലമായ.

അനുലോമം-അനുകൂലം, മുറ, ക്രമം. അനുലോമം><പ്രതിലോമം.

അനുലോമനം-ക്രി ക്രമേണയാക്കൽ, കരേറ്റം. ഉ. ശമനം. (മരുന്നുകൊണ്ടു്) വിരേചിപ്പിക്കുക, ശുദ്ധിവരുത്തുക.

അനുലോമജൻ-ഹീനജാതിക്കാരൻ.

അനുൽപത്തി-ജനിക്കായ്ക, ഉണ്ടാകായ്ക

അനുവദിക്കുക-സമ്മതിക്കുക, അനുസരിക്കുക.

അനുവർത്തകൻ-അനുസരിക്കുന്നവൻ.

അനുവർത്തനം-അനുസരണം.

അനുവർത്തനീയ-അനുസരിക്കത്തക്ക.

അനുവർത്തിക്കുക-കണ്ടുചെയ്യുക.

അനുവടി-തത്ത.

അനുവർദ്ദിനം-കഴുകച്ചൂരിപ്പ്.

അനുവംശം-തായ്മുഴിപ്പട്ടിക, വംശപാരമ്പര്യപ്പട്ടിക.

അനുവാകം-പ. ഋഗ്വേദസൂക്തമായം, വേദത്തിന്റെ ഒരു ഭാഗം, വേദൈകദേശം. ഉ. നീക്കടയ്.

അനുവാതം-പ. കാറ്റവശം. ഉ. ശിക്ഷ്യനിൽനിന്നു ഗുരുവിന്മേൽ അടിക്കുന്ന കാറ്റ്.

അനുവാദം-സമ്മതം, അനുസരണം.

അനുവാദക, അനുവാദി-വി. പ. അനുസരിച്ചു പറയുന്ന, സമ്മതിക്കുന്ന. ഉ. വിവരപ്പെടുത്തുന്ന.

അനുവാദപത്രം-സമ്മതപത്രം.

അനുവാസം, അനുവാസനം-പ. വസ്ത്രത്തിനും മറ്റും സുഗന്ധമുണ്ടാക്കുക. ഉ. സ്നേഹം.

അനുവാസരം-മിവസംപ്രതി.

അനുവാസിത-ഉടുത്ത, ഉടുപ്പിട്ട.

അനുവിധം-പണയം.

അനുവിധാ-ജീവിതം (ശബ്ദം). ഇന്ന കർമ്മത്തിന് ഇന്നത് എന്നു നിശ്ചയപ്പെട്ടതിയത് എന്നു വ്യൽപത്തി.

അനുവിധാനം-അനുസരണം, തഴമ.

അനുവിദ്ധ-വി. പ. തുളക്കപ്പെട്ട ദ്വാരം ഉണ്ടാക്കപ്പെട്ട. ഉ. മുറിക്കപ്പെട്ട. ന. ചേർക്കപ്പെട്ട.

അനുവൃത്തി-പ. കണ്ടുചെയ്ക. ഉ. നിവൃത്തിയില്ലായ്ക; ജീവിപോകാത്ത വിധത്തിലുള്ള സ്ഥിതി.

അനുവേധം-തുളക്കുക (ദ്വാരമുണ്ടാക്കുക) മുറിക്കുക, ചേർക്കുക.

അനുവേലം-അ ഏറ്റവും, അതിമാത്രം എന്ന ശബ്ദം നോക്കുക. [ഖ

അനുപമഗുണശീല! തിരക്കിനുവഴിപോ
അനുകൂലകർമ്മങ്ങളും ചെയ്തീടുമനുവേലം'
(സുഭദ്രാഹരണം കഥകളി)

അനുവ്യാഹാരം, അനുവ്യാഹരണം പ. ആവർത്തിച്ചു പറക. ഉ. ശപഥം, ശാപം.

അനുവ്രജനം, അനുവ്രജ്യ-കൂടെ പോവുക.

അനുവ്രജിക്കുക-കൂടെ പോവുക, അനുകരിക്കുക.

അനുശയം-പ. വിചാരിച്ചു ദുഃഖിക്കുക. പശ്ചാത്താപം. ഉ. പണ്ടേയുള്ള ദ്വേഷം,

അനുശരൻ-രാക്ഷസൻ.

അനുശസ്ത്രം-ഒരായുധത്തിനു പകരം തല്ക്കാലം ഉപയോഗിക്കുന്ന ആയുധം. (ഇതിൽ നഖവും ഉൾപ്പെടും).

അനുശാസനം-വരുതി. ഉ. ചട്ടം. ന. ശാസ്ത്രം. ര. ഗുണദോഷം.

അനുശാസിക്കുക-പ. വരുതികൊടുക്കുക. കല്പിക്കുക, ചട്ടംകെട്ടുക.

അനുശോകം, അനുശോചനം-പ. പശ്ചാത്താപം ഉ. ദുഃഖം.

അനുഷക്തം-സംബന്ധം, സഹജം, (അനുഷംഗിച്ചുള്ളത് = ഉണ്ടായിച്ചേർന്നത്).

'രംഗമിരാഗാൻസതതാനുഷക്തരൻ'
(അഷ്ടാംഗഹൃദയം)

അനുഷക്ത-അനുരക്ത.

'നളനുഷക്തമവബുധ്യപുത്രീം'
(നളചരിതം കഥകളി)

അനുഷക്തി-സ്നേഹം, അനുരാഗം.

അനുഷംഗം (അനുസംഗം)-പ. ചേർച്ച, നിശ്ചയചേരുക, സംബന്ധം. ഉ. കലർച്ച, അചിവ്.

അനുഷംഗി(ക)-സംബന്ധിച്ച, ചേർന്ന.

അനുഷേകം, അനുസേചനം-വീണ്ടും നടക്കുക.

അനുഷ്ടുപ്-ഛന്ദസ്സുകളിൽ ഒന്ന്, ഈ വൃത്തത്തിന് വരി ഒന്നിൽ മൂ അക്ഷരം വീതം കാണും.

അനുഷ്ടുഭം-അനുഷ്ടുപ്പ്, (വൃത്തം) ഇതിനു പല്യം, ശ്ലോകം ഈ പേരുകളും ഉണ്ട്.

അനുഷ്ഠാനം-പ്രവർത്തിക്കുക, ചെയ്യുക.

അനുഷ്ഠാപനം-ഒന്നു ചെയ്യുവാൻ ഇടയാക്കുക.

അനുഷ്ഠിക്കുക-പ്രവർത്തിക്കുക, ചെയ്യുക

അനുഷ്ഠിത-വി. പ്രവർത്തിക്കപ്പെട്ട, ചെയ്യപ്പെട്ട (അനുഷ്ഠിക്കപ്പെട്ട).

അനുഷ്ഠേയ, അനുഷ്ഠാതവ്യ - വി. ചെയ്യത്തക്ക.

അനുഷ്ണൻ-മടിയൻ. ഉഷ്ണം (ഉത്സാഹം) ഇല്ലാത്തവൻ; ഉഷ്ണൻ (ഭക്ഷൻ) അല്ലാത്തവൻ; കായ്ക്കുമ്പോൾ കൂടില്ലാത്തവൻ.

അനുഷ്ണം-ഉപ്പുലം.

അനുസന്ധാനം-പ്ര. ശോധനം, അന്വേഷണം. ന. വിചാരണ. സ. ചേർക്കുക

അനുസന്ധിക്കുക-പ്ര. ശോധനചെയ്യുക. ന. ചേർക്കുക.

അനുസമാപനം-പ്ര. സംപൂർത്തി, പരിപൂർണ്ണത, അവസാനം. ന. തീർച്ച.

അനുസരണം-സമ്മതം, അനുവാദം, പിന്നാലെ നടക്കുക.

'അനുരോധാനുവർത്തനാ' (അമരം)

[അനുരോധം, അനുവർത്തനം ന-ം, അനുസരണത്തിൻ ചേർ]

അനുസരിക്കുക- സമ്മതിക്കുക, പിന്നാലെ നടക്കുക.

അനുസാരം-ക്രമം, മുറ

അനുസാരി-പിൻ ഉടനെന്നവൻ.

അനുസൂതം-ഇടവിടാതെ.

അനുസന്ധാനം-മറവൊഴിവ്.

അനുസ്യൂതി-പിൻ ഉടൻപോവുക.

അനുസ്മരണം, അനുസ്മൃതി - വീണ്ടുമുള്ള ഓർമ്മ. ഓർമ്മ.

അനുസ്വാരം-സ്വരത്തിനു പിന്നാലെ 'അം' എന്നപോലെ വരുന്ന ഉച്ചാരണം.

അനുഹാരം, അനുഹരണം-ഒന്നിനു തുല്യമായിട്ടു ചെയ്യൽ, ഒരുവനെപ്പോലെ കാണിക്കൽ, അനുകരിക്കുക. (അനുകാരം എന്നതു നോക്കുക).

അനൂകം-പ്ര. സ്വഭാവം. ന. വംശംവിടാതെ നിൽക്കുന്നത് എന്ന ശബ്ദാർത്ഥം.

[പുല്ലിംഗമായാൽ 'പുംസിസ്യാദ്ഗതജന്മനി' എന്നതനുസരിച്ച് കഴിഞ്ഞ ജന്മം' എന്നും അനൂകത്തിനു അർത്ഥം കാണുന്നു.]

അനൂകാശം-പ്രതിഫലിക്കുക, ദീപത്തിന്റെ പ്രതിബിംബം.

അനൂചാനൻ - വേദത്തെയും വേദാംഗത്തെയും അഭ്യസിച്ചവൻ, ഗുരു പഠിപ്പിച്ചുകൊടുക്കുന്നതിനെ കേട്ട ക്രമേട ചൊല്ലി പഠിക്കുന്നവൻ എന്ന പദാർത്ഥം (അനൂചാനൻ = ക്രമേട ചൊല്ലിയവൻ).

അനൂഢ-വി. പ്ര. വഹിക്കപ്പെടാത്ത, തങ്ങാത്ത. ന. വിവാഹം കഴിക്കപ്പെടാത്ത (കഴിഞ്ഞിട്ടില്ലാത്ത)

അനൂഢ-വിവാഹം കഴിയാത്ത സ്ത്രീ.

അനൂനം ഒട്ടാഴിയാത്തത്. (കല്പദ്രുമ. ക്രടാതെയുള്ളകോശം. അതിനാൽ ഈ അർത്ഥമെന്നു)

അനൂനം-വി. ഊനം (കുറവ്) ഇല്ലാത്തത് പൂർത്തിയായത്.

അനൂപ-വി. നനവുള്ള, വളരെ ജലമുള്ള

അനൂപജം-ജലജ.

അനൂപാല്പ-നീർപ്പായ്.

അനൂപം-പ്ര. വെള്ളം ഉടൻവറ്റുകയോ ഒഴിഞ്ഞിരിക്കുന്ന സ്ഥലം.

'ഉപ്യമേയമനൂപംസ്യാൽ
പുംസികക്ലീബസ്ഥമവ്യയം' (അമരം)

[മലപ്രായം, അന്തരം, കല്പം മു-ം രവള്ളം വേണ്ടുവാളുമുള്ള അന്തരാദേശത്തിന്റെ പേർ.]

പു. ഒരു പ്രാത്യകരാജ്യത്തിന്റെ പേർ. ന. ഉഴറാള്ള നിലം (ഇഴറനിലം). ര. പോത്തു്. ഇ. തവള. ന. ആന. ഒ. നദിയുടെയോ പർവ്വതത്തിന്റെയോ അതു്. വി. കുളം (തടാകം).

അന്തരു-ഉത്തരക്കാരം (തുടകരം) ഇല്ലാത്തവൻ, അത്രണൻ (സൂര്യന്റെ സാരഥി).

വളരെക്കാലം കഴിഞ്ഞതിന്റെ ശേഷവും മുട്ടകരം പിരികയ്യായ്കൽ കശ്യപന്റെ ഭാര്യയായ വിനത പരീക്ഷക്കായി അവയിൽ ഒരെണ്ണം പൊട്ടിച്ചു. ഉടനെ അരയ്യ താഴെ മൂപ്പായിട്ടില്ലാത്ത ഒരു കുട്ടിയെ കണ്ടു. അന്തരത്രേ അത്രണൻ.

അന്തരുകൻ-അത്രണൻ.

അന്തരുസാരഥി-സൂര്യൻ. അന്തരു (അത്രണൻ) സാരഥിയായിട്ടുള്ളവൻ.

'ശതംതിരശ്ചീനമന്തരുസാരഥേഃ'

(മാഘം)

അന്യജു-വി. ഋജു (കടിലം, വളഞ്ഞതു്) അല്ലാത്ത, ചൊവ്വില്ലാത്ത, നേരില്ലാത്ത.

അന്യജു-ശാഠ്യക്കാരൻ, നേരില്ലാത്തവൻ, കടിലമായ മനസ്സോടുകൂടിയവൻ, അപകടമനസ്സുള്ളവൻ.

അന്യജുഗതി-വക്രമായിത്തന്നെനടക്കുക.

'കേമത്വംപൂണ്ടുന്നുജുഗതിയാം'

(മയൂരസന്ദേശം)

അന്യണ-വി. ഋണം (കടം) ഇല്ലാത്ത.

അന്യണത, അന്യണ്യം-കടം ഇല്ലായ്ക, കടം വീട്ടിയിരിക്കുന്ന സ്ഥിതി.

അന്യതം-ക്ര. കള്ളവു്, അസത്യം. ഉ. കൂക്കി

അന്യശംസൻ-നുശംസൻ (ക്രൂരൻ) അല്ലാത്തവൻ.

അനേക-വി. ഏകം (ഒന്നു്) അല്ലാത്ത, പല.

അനേകജം-ഒരു പക്ഷി.

അനേകധാ-അ. പലപ്രകാരം.

അനേകപ-പിടിയനെ.

അനേകപം-ആന. അനേക(കൂട്ടത്തെ പാലിക്കുന്നതു്. തുമ്പിക്കൈയും വായും കൊണ്ടു കുടിക്കുന്നതു്. (തുമ്പിക്കൈയ് കൊണ്ടു് ആദ്യം പാനംചെയ്ത ജലത്തെ വായിലാക്കിക്കുടിക്കുന്നതുകൊണ്ടു് ഈ പേർ വന്നു.)

അനേകപ്രകാരം- ഏകപ്രകാരമല്ലാത്തതു്, അനേകഭേദങ്ങളുള്ളതു്.

'ഉച്ചാവചംരനേകഭേദം' (അമരം)

[ഉച്ചാവചം, രനേകഭേദം പു-ം അനേകപ്രകാരത്തിന്റെ പേർ].

അനേകമൂർത്തി-വിഷ്ണു. പല അവതാരങ്ങളും എടുക്കുന്നതുകൊണ്ടു് ഈ പേർ വന്നു.

അനേകശഃ-പലപ്രകാരം.

അനേകാസ്ഥി-മാംസം.

അനേഡ(ള)മൂകൻ-ഉന്മത്തച്ചകിടൻ, മിണ്ടേണ്ടം ചൊവ്വിനേപ്പോലും വയ്യാത്തവൻ. ഏഡ (ചൊവ്വിനേപ്പോലുമറിയാത്തവൻ) മൂക (മിണ്ടാൻവയ്യാത്തവൻ) =ഏഡമൂകൻ. [ഇവനെക്കാളും ഏഡമൂകൻ ഇല്ല എന്ന ശബ്ദാർത്ഥം].

അനേനസ്സ്-സൂര്യവംശരാജാവായ പുരഞ്ജനന്റെ പുത്രൻ.

'പുത്രനായ് ശശബിന്ദവേയനവനുടെ പുത്രനായ് പുരന്ദരനെന്നുള്ളപനുമുണ്ടായ് തൽപുത്രനനേനസ്സുമുണ്ടായൻപ്രസിദ്ധ

[നാമ-തൽപുത്രൻപൃഥുവപൻതൽപുത്രൻപൃഥുവം (ബ്രഹ്മാണ്ഡപുരാണം) [ശപൻ'

അനേകലോചനൻ-ക്ര. ശിവൻ. ഉ. ഇന്ദ്രൻ.

അനേഹസ്സ്-കാലം. നശിക്കാത്തതു് എന്ന വ്യുൽപത്തി.

[അനേനവർ, അനേനസ്സും അനൃവും ഈ ശബ്ദം തമിഴും പഴയമലയാളവും പഴയ കന്നടകവുമാണെന്നു കാണുന്നു]

അനേകഫലം-വൃക്ഷം. അനസ്സിന്റെ (വണ്ടിയുടെ) അക (വേഗം) ത്തെ ഫലന്തി (തടസ്സപ്പെടുത്തുന്നത്). മരത്തിന്റെ നേക്ക് ചെല്ലുന്ന ഏതു വസ്തുവും അതിൽ മുട്ടുകയും ഗതിക്ക മുടക്കം വരുകയും ചെയ്യും. (അനെഫകഫലം എന്ന പാഠം സാധുവല്ല)

അനൌചിത്യം-ഉചിതമല്ലാത്തത്, യോഗ്യമല്ലാത്തത്.

അന്ത-വി. അവസാനത്തിലുള്ള.

അന്തം-പ. മരണം. യമപാശംകൊണ്ടു കെട്ടുന്നതിനാൽ ഈ പേർ വന്നു. ഫ. അവസാനം. ന. നാശം. ര. അതിര്. ള. അയൽസ്ഥലം, അന്തികം. ന്യ. നിശ്ചയം. ഴ. അകത്തുക. വ്യ. അഗ്രം.

[ഇതും പുരാതനവാക്കാണ്. പഞ്ച ദ്രാവിഡഭാഷകളിലുമുണ്ട്].

അന്തകം-പ. അതിര്ത്തി. ഫ. സന്നിപാതം എന്ന രോഗം.

[ഇതിങ്കൽ ചൂട്, സന്താപം, മോഹം, തലയിറയൽ, ഇക്കിൾ, ചുമ, ഇവയുണ്ടാകും. [അസാദ്ധ്യമാണ്.

അന്തകമാർഗ്ഗം-കാലപുരത്തേക്കുള്ള വഴി.

[ഇതിനു ദേവതാണിയെ ക്രടാതെ എണ്ണൂറാറായിരം യോജന വിസ്താരമുണ്ട്. ഇതിന്നാറിനാലുനേഴ യോജന (രപ്പകൽകൊണ്ടു) ദിവസംപ്രതി പ്രേതം നടക്കുന്നു.]

അന്തകൻ-പ. കാലൻ. അന്തം (നാശം) ചെയ്യുന്നവൻ, അവസാനം(മരണം)ത്തെ ചെയ്യുന്നവൻ. ഫ. ഒരു രാക്ഷസൻ. ന. ഒരു യമദേവൻ.

അന്തകരിപു - പരമശിവൻ. അന്തക (കാലം) ന്റെ ശത്രു.

അന്തകാന്തകൻ-അന്തക (കാലം)ന്റെ അന്തകൻ (കാലൻ) = ശിവൻ.

'അന്തകാന്തകരെവമോഹി
ചിന്തിയാതെമമാസ്ഥനായ്'
(ഭക്ഷയാഗംകഥകളി)

അന്തഃഛിദ്രം - അകത്തെകലഹം. (ജനങ്ങളുടെ ഇടയിലുള്ള കലഹം)

അന്തജ-വി. ഒടുക്കം ജനിച്ച.

അന്തണൻ-ബ്രാഹ്മണൻ.

അന്തർഗള-നിലക്കുറഞ്ഞി എന്ന മരുന്ന്.

അന്തർഗമനം-ഭക്ഷണംകൂടാതെ മരണത്തിനായിരിക്ക.

അന്തർഗൃഹം-ഒടുക്കം.

'അന്തർഗൃഹേപോകിലില്ലതിന്നതേ'
(അന്യാപദേശശതകം)

അന്തർജ്ജാലൻ-അഗ്നിമിത്രന്റെകാലത്തു കോട്ടകം കാത്തുവന്ന ഉദ്യോഗസ്ഥന്റെപേർ.

അന്തർഗതം-അ. അകത്ത്.

അന്തർഗവയവങ്ങൾ-അകത്തുള്ള അംഗങ്ങൾ. അന്തർ + അവയവങ്ങൾ = അന്തർഗവയവങ്ങൾ, ആമാശയം, പക്വാശയം, അന്നവാഹി, സ്വേദാവയവം മുതലായവ.

അന്തരം-പ. അവകാശം. ഫ. അവധി. ന. ഒടുക്കുന്ന വസ്തു. ര. മറവ്. ള. ഭേദം. ന്യ. അതിന്നായിക്കൊണ്ടുള്ളത്. ഴ. പഴുത. വ്യ. തന്നസംബന്ധിച്ചത്. ൻ. ക്രടാതെ ഫ൦. ബഹിർഗതത്തിലുള്ളവ. ഫപ. അവസരം. ഫഫ. മദ്ധ്യം. ഫന. അന്തരാത്മാവു. ഫര. സാദൃശ്യം.

'അന്തരമവകാശാവധി
പരിധാനാന്തർഗതിഭേദതാരതമ്യേ
ഷ്വിളയത്തീയവ്നാഭേഹി
രവസരമന്യോന്തരമന്തർനിച'
(അമരം.)

[പ. അവകാശം (സ്ഥലം)-ഉ-ം, പ്രവേശം അന്തരം അസ്തി-പ്രവേശിപ്പാൻ സ്ഥലമുണ്ട്. ഫ. അവധി-ഉ-ം,

നിമിഷാന്തരേ പേയം-ഒരു നിമിഷത്തിനുള്ളിൽ കുടിക്കണം. ന. പരിധാനം (ഉടുക്കുന്ന വസ്ത്രം) ഉ-ം, അന്തരേസുചേലകം-ഉടുപ്പാൻ തുല്യ യോഗ്യങ്ങളും. ഭ. അന്തർധി (മറവു) ഉ-ം, മേഘാന്തരിതോ ചന്ദ്രഃ-മേഘത്താൽ മറക്കപ്പെട്ട ചന്ദ്രൻ. ഇ. ഭേദം (വിശേഷം)-ഉ-ം, യമനന്തരം രാവണരാമയോഃ-രാവണനും രാമനും തമ്മിൽ എത്ര ഭേദമുണ്ട്. ന്യ. താമർത്ഥ്യം – അതിന്നായിക്കൊണ്ടുള്ള-ഉ-ം, ഘൃതാന്തരക്ഷീരഃ-പാൽ നെയ്യുണ്ടാക്കുവാൻ വേണ്ടിയുള്ളതാകുന്നു. ഉ. ഛിദ്രം (പഴുത്) ഉ-ം, അന്തരേപ്രഹർത്തവ്യഃ-പഴുതുള്ളപ്പോൾ ശത്രുക്കളെ പ്രഹരിക്കപ്പെടുവാൻ യോഗ്യനാരാകുന്നു. വ്യ. ആത്മീയം-(തന്നെ സംബന്ധിച്ചത്)-ഉ-ം അയമഭ്യന്തരോമമ-ഇവൻ എന്റെ സ്വന്ത ആളാകുന്നു. ൻ. വിനാ (ക്രടാതെ) ഉ-ം, അന്തരേണ പുരുഷാകാരം- പുരുഷാകൃതി ക്രടാതെ. പ്ര. ബഹിഃ (ബഹിർദ്ദേശത്തിലുള്ളവ) ഉ-ം, അന്തരേചണ്ഡാലഗൃഹാദ്ഗൃഹമേഷ്യ- ചണ്ഡാലന്റെ കുടികൂടിനുള്ളിന്റെ പുറത്താകുന്നു. പ്ര. അവസരം-ഉ-ം, അത്രാന്തരേകിമപിമന്മഥമഹോത്സവിരാസീൽ-ഈ അവസരത്തിൽ ഒരു മന്മഥവികാരം ചെട്ടുണ്ടായി. പ്ര. മദ്ധ്യം-ഉ-ം, ആവയോരന്തരമജനി-നമ്മുടെ മദ്ധ്യത്തിലുണ്ടായിരിക്കുന്നു. പ്ര. അന്തരാത്മാവു-ഉ-ം, ദുഷ്ടാന്തരാത്മാതിരുപ്പ-ജ്യോതിസ്സ്വരൂപമായ അന്തരാത്മാവു കാണപ്പെട്ട. പ്ര. സദൃശം ഉ-ം, ഹകാരസ്യാകാരോന്തരമഃ-ഹകാരത്തിനു അകാരം ഏറ്റവും സദൃശമാകുന്നു.]

അന്തരംഗ-അകത്തുള്ള, ഹൃദയത്തിലുള്ള.

അന്തരംഗം-ഹൃദയം, മനസ്സ്.

'അന്തരംഗത്തിലേറുമനന്തരമില്ലതിനു'

(കിരാതം തുള്ളൽ)

അന്തരാ, അന്തരേ, അന്തരേണ-അ. പ്ര. മദ്ധ്യത്തിങ്കൽ (ഇടയിൽ). ഉ. ഉള്ളിൽ, മനസ്സിൽ. ന. കുറിച്ച്.

അന്തരാന്തരം-ഒ. ക്രടക്കൂടെ.

അന്തരാഭവസതപം-അന്തരപിശാവ്.

അന്തരായാമം-ഒരു വാതരോഗവ്യാധി.

[രോഗി ശരീരത്തെ വില്ലുപോലെ അകത്തേക്കു വലിക്കുന്നതു ഇതിന്റെ ലക്ഷണങ്ങളിൽ ഒന്നാണ്.]

അന്തരായം-മുടക്കം (വിഘ്നം). അന്തരത്തിന്റെ (മറവിന്റെ) അയം(ഗമനം) ഒന്നു തുടങ്ങിയാൽ മുഴുവനുമാകുന്നതു അതിനിടയിലുണ്ടാകുന്ന മറവു

'എന്തഹോ! കഥശേഷമെത്തുകിലി-
ന്നന്തരായമപഹന്തു മന്നവൻ'

(അഭിജ്ഞാനശാകുന്തളം)

അന്തരാത്തി-മനോവേദന.

അന്തരാത്മാവു-പ്ര. ജീവാത്മാവു-ദേഹത്തിനു ചൈതന്യമുണ്ടാക്കുന്നതു, അന്തർഭാഗത്തിൽ ശോഭിക്കുന്ന തേജസ്സു. ഉ. മനസ്സു.

അന്തരാളഭിത്തി-ഘട്ടം.

അന്തരാളം-പ്ര. മദ്ധ്യപ്രദേശം-രണ്ടു വസ്തുക്കളുടെ ഇടയിലുള്ള പ്രദേശം. അവകാശത്തെ കൊടുക്കുന്നതു എന്നർത്ഥം പത്തി. ഉ. പട്ടികക്കളുടെനടുപ്രദേശം.

'അഭ്യന്തരനന്തരാളം' (അമര.)

[അഭ്യന്തരം, അന്തരാളം ഉ-ം, പട്ടികകളുടെ നടുപ്രദേശത്തിന്റെ പേർ]

അന്തരിക്കുക-പ്ര. മരിക്കുക. ഉ. ഇടയിൽ വരുക, ഭേദിക്കുക.

അന്തരിതം-ഇടയിട്ടിട്ടുള്ളതു്.

അന്തരിക്ഷം – ആകാശം. അന്തർഭാഗത്തിൽ ഋക്ഷ (നക്ഷത്ര)ങ്ങൾ ഉള്ളതു്. അന്തരീക്ഷം എന്നും പറയും.

അന്തരിക്ഷൻ-ഒരു സൂര്യവംശരാജാവു്.

അന്തരിക്ഷചരം-ഒരു പക്ഷി.

അന്തരീക്ഷം - ആകാശം. അന്തർഭാഗത്തിൽ കാണുന്ന ലോകത്തോടുകൂടിയതു് എന്നു വ്യുൽപത്തി.

അന്തരീപം-ദ്വീപം(ദ്വീപു്). വെള്ളത്തിന്റെ മധ്യത്തിലുള്ള തടം. ജലത്തിന്റെ മധ്യം, ജലമധ്യത്തിലിരിക്കുന്നതു് എന്നർത്ഥം.

അന്തരീയം-മൂടുന്ന വസ്ത്രം മുതലായതിൻറേയും തെരിയാണിയുടേയും മദ്ധ്യത്തിലുള്ളതു് എന്നർത്ഥം.

അന്തരുദരം-ഉൾവയർ.

അന്തരേ-മദ്ധ്യത്തിൽ (ഇടയിൽ.)

അന്തരേണ-മദ്ധ്യത്തിൽ (ഇടയിൽ).

അന്തർഗതം-പ. വിസ്മൃത-മറയ്ക്കപ്പെട്ടതു്. അന്തർഭാഗത്തിൽ ഗമിച്ചതു് എന്നു വ്യുൽപത്തി. ക. ഉള്ളിലുള്ളതു്. ന. അഭിപ്രായം.

'എന്തിനശോകംതേടുന്നഞാനന്തർഗതമതുംചെ
(ശകവധം കഥകളി) [യ്ക്ക'

അന്തർഗളം-കരിംകറുഞ്ഞി.

അന്തർഗൃഹം-സപത്നീഗൃഹം, അകത്തെ മുറി, ഉള്ളിലുള്ള ഗൃഹം.

അന്തർജനം-ബ്രാഹ്മണസ്ത്രീ.

അന്തർദ്ധ-മറയ്ക്കുക എന്ന ക്രിയ.

അന്തർദ്ധാനം-അപ്രത്യക്ഷമാവുക, മറയുക.

'ദേവന്മാർ പ്രസാദിച്ചു നമുക്ക് ഓരോരുത്തനും ഇരുപതുവരം വീതംതരികയുണ്ടായി അന്തർദ്ധാനം ചെയ്തു'.

(കാന്തരതാരകം)

അന്തർദ്ധാര-ഒരുതരം പഴം.

അന്തർദ്ധി-മറയ്ക്കുക എന്ന ക്രിയ. ഇതിനാൽ പദാർത്ഥം. ഉള്ളിൽ മറയ്ക്കപ്പെട്ടതു എന്നർത്ഥം.

അന്തർദ്ധി-ഉരുക്കുന്നു.

അന്തർദ്ധാരം-കള്ളവാതൽ, ഗൂഢമാർഗ്ഗമുള്ളതു് എന്നർത്ഥം.

അന്തർനഗരം-രാജാവിന്റെ കൊട്ടാരം. (പട്ടണത്തിനകത്തുള്ളതു്).

അന്തർവികസിക-അടങ്ങിയിരിക്കുക, അകത്തുണ്ടാവുക.

അന്തർഭാഗം-അകം.

അന്തർഭാവന-പ. ഉള്ളിലേ ധ്യാനം. ക. അകത്തടങ്ങിയ സ്ഥിതി.

അന്തർഭാവം-പ. അന്തർഭവിച്ചിരിക്കുന്ന സ്ഥിതി. ക. കാണാതാവുക, മറയുക.

അന്തർഭൂതം-അകത്തുണ്ടായതു്.

അന്തർമദം-ഗർവ്വം.

അന്തർമ്മനസ്സ്-വ്യാകുലചിത്തൻ, വിചാരം നിമിത്തം അന്തർഭാഗത്തിൽ ലയിച്ച മനസ്സുള്ളവൻ, ദുഃഖിതമായ മനസ്സോടുകൂടിയവൻ.

അന്തർമഹാനാദം-ശംഖു്.

അന്തർമ്മാദം-സന്തോഷം.

അന്തർയ്യാഗം-മനസ്സുകൊണ്ടു ചെയ്യുന്ന യാഗം, വന്ദിക്ക.

അന്തർയ്യാമി-വി. എല്ലാറ്റിന്റേയും ഉള്ളിൽ സഞ്ചരിക്കുന്ന.

അന്തർയ്യാമി-പരമാത്മാവു്.

അന്തർയ്യാമം-കടശ്ശിയിലേ യാമം. (രാത്രിയാമം = ൬൰ നാഴിക.)

അന്തർയ്യാഗം-ഗൂഢമായ ധ്യാനം.

അന്തർവ്വത്നി, അന്തർവ്വർത്നി-ശർക്കര, അകത്തു ഗർഭം വഹിക്കുന്നവൾ.

'എന്തായ്യാമരാത്രിമേകലുകവിരഹിതാ
നങ്ങളംകൂട്ടിയാമം-
മന്തർവ്വത്നീംകവട്ടെന്തുവനുടുവിപ്പഴചെ-
യ്തീടുതിന്നേരമേ ഞാൻ'

(ഉത്തരരാമായണം ചമ്പു)

അന്തർവ്വമി-ഒരുരോഗം. (മഹനക്കുറവു കൊണ്ടും മറ്റുമുണ്ടാകും.)

അന്തർവ്വേശം-അന്തർഗൃഹം.

അന്തർവ്വാഹിനി-ഭൂമിയുടെ അടിയിൽകൂടി ഒഴുകുന്ന നദി.

അന്തവ്വേശ്മികൻ-പള്ളിയറ വിചാരിപ്പുകാരൻ, പള്ളിയറക്കാരൻ.

അന്തവ്വംശികൻ, അന്തവ്വേശികൻ-രാജസ്ത്രീകളുടെ വേതനത്തിലെ അധികാരി, അന്തഃപുരത്തിൽ നിയോഗിക്കപ്പെട്ടവൻ.

അന്തവ്വാണി-ശാസ്ത്രജ്ഞൻ, അന്തർഗതത്തിൽ വാക്കുള്ളവൻ, അപ്പഴപ്പോൾ സമയോചിതങ്ങളായ വാക്കുകൾ തോന്നിക്കൊണ്ടിരിക്കുന്നവൻ.

'പ്രീണിതയാണീയന്തർ-
വാണികളുണിമണിയിൽ വാണിടുന്നതി
(ക്ഷ്ണിപുത്തിക്ഷ്ണി) [നാൽ'

അന്തവ്വിദ്ധി-ഒരു രോഗം.

വാതം മുതലായ ദോഷങ്ങൾ പ്രത്യേകംപ്രത്യേകം കോപിച്ചു ഗ്രന്ഥംപോലെ കഠിനമായും പുറമ് എന്നവണ്ണം കൊഴുത്തും ഇരിക്കുന്ന വിദ്രധിയെ അന്തർഗതത്തിങ്കൽ ഉണ്ടാക്കുന്നു. ഗുദം, വസ്തി, മുഖം, നാഭി, വയറു, തുടികൾ, പ്രധാനമായ മാംസപിണ്ഡങ്ങൾ, പ്ലീഹ, യകൃത്തു്, ഹൃദയം, ക്ലോമം (ഒരു മാംസപിണ്ഡം) ഇവയിൽ മന്നിതനെ ആശ്രയിച്ചുണ്ടാകും.

അന്തവ്വാസം-ഉള്ളിലേചിറി.

അന്തവ്വിതം-മറഞ്ഞതു്.

അന്തവ്വിതാത്മാവു്-മറഞ്ഞിരിക്കുന്നവൻ.

അന്തസ്താപം-മനോദുഃഖം.

അന്തസ്ഥങ്ങളം-യ, ര, ല, വ. (മധ്യമങ്ങൾ എന്നും പറയും).

അന്തസ്ഥ-വി. അകത്തിരിക്കുന്ന.

അന്തസ്ഥ-ശ്രോത്രത്തിലെ ഒരു മന്ത്രത്തിന്റെ പേർ.

അന്തസ്ഥിത-വി. അകത്തിരിക്കുന്ന.

അന്തസ്സു്-ശരീരവം.

അന്തസ്സാരം-പ്ര: അകത്തെകാതൽ, ശരീരവയവിശേഷം. ഉ. മൃഗാദിശരീരം. സ. മനസ്സിന്റെ ഉറപ്പു്.

'അന്തകമാത്മനന്ദനഗീതക-
മന്തസ്സാരവിഹീനമിവണ്ണം'
(ഒരോവരപൂജ ഉള്ളൽ)

അന്തസ്സ്വേദം-ആന.

അന്താവസായി-പ്ര. ക്ഷുരകൻ(ക്ഷൗരക്കാരൻ). അവസാനംവരെ മുറിപ്പാൻ ശീലമുള്ളവൻ എന്നർത്ഥം. ഉ. പാഠയൻ.

അന്താളം-ഡംഭം.

അന്താഴം, അന്തായം-തഴുതു്-സംക്ഷേപം, തടവു്. (ജന്നലുകളുടെ മൻരോധം കാണുന്നതുപോലെയുള്ളതു്).

അന്തി-ഒരുകണക്കു്. (സന്ധ്യ എന്നതിന്റെ തത്ഭവം).

[അന്തി-സന്ധ്യ. ശബ്ദങ്ങളുടെ അറുതിയിലിരിക്കുന്ന ശ, സ-ഹങ്ങളെ ലോപിക്കുന്നതിനു് ഇതു് ഒരു ഉദാഹരണമാകുന്നു.]

അന്തി-മൂത്രരോഗങ്ങളിൽ

അന്തിക-പ്ര. അടുപ്പു്. ഇതിൽ പാത്രം ഉറപ്പിച്ചുവയ്ക്കുന്നതുകൊണ്ടു് ഈ പേർ വന്നു. ഉ. ചർമ്മവന്ത (ചർമ്മകക്ഷാ) ഒരു ഔഷധം. സ. ജ്യോതിഷ്മതി. അഞ്ജിക എന്നതു നോക്കുക.

അന്തികതമം-ഏറ്റവും അടുത്തതു്.

അന്തികം-സമീപം. അന്തമുള്ളതു് എന്നു ശബ്ദാർത്ഥം.

'നേമിഷ്ടമന്തികതമം' (അമരം)

[നേമിഷ്ടം, അന്തികതമം ഉ-ം, ഏറ്റവും അടുത്തതിന്റെ പേർ.]

അന്തികം-ചെറുപിച്ചകം.

അന്തികാശ്രയം-പ്ര. അടുത്ത ആശ്രയം. ഉ. കൊടി മുതലായവ കേറുന്ന കാൽ അല്ലെങ്കിൽ മരം.


അന്തിഗൃഹം-അയൽവീടു്.

അന്തിത്തിരി-അന്തിവിളക്ക്, വൈകുന്നേരം (സന്ധ്യയ്ക്ക്) വിളക്കുകത്തിക്കുക.

അന്തിമ-വി. വളരെ അടുത്ത.

അന്തിമന്താരം-(അന്തിമലരി നോക്കുക).

അന്തിമം-അന്തികം.



അന്തിമലരി - അന്തിമന്താരം, സന്ധ്യയ്ക്ക് വിടിരുന്ന പൂവുള്ള ഒരു ചെടി, പന്തീരടിപ്പൂവ്. ഇതു വൈകുന്നേരം നാലുമണിക്കു വിടിരുന്നതിനാൽ "നാലുമണിപ്പൂവ്" എന്നും പറയുന്നു.

അന്തിമഹാകാളൻ-ഒരു പരദേവത.

അന്തിയാവള്ളിയൻ-ഒരു ദൈവം,

അന്തിവിളക്ക്-അന്തിത്തിരി.

അന്തേവാസി-പ. ശിഷ്യൻ. ഗുരുവിന്റെ അടുക്കൽ തന്നെ വസിക്കുന്നവൻ എന്നർത്ഥം. ര. ചണ്ഡാലൻ (പറയൻ). ഗ്രാമത്തിന്റെ അന്തത്തിൽ പാർക്കുന്നവൻ എന്നു വ്യുൽപത്തി.

അന്തോന്തേശചരൻ-ദേവം, (വിലക്ഷണപദം) സ്വശുകത്തൻ,

അന്തോളം-പല്ലക്ക്, മഞ്ചൽ.

'ശിബികായാംപ്യയാനംസ്യാൽ' (അമരം)

[ശിബിക, യാപ്യയാനം ര-ം, അന്തോളത്തിന്റെ പേർ.]

അന്തഃകരണം-മനസ്സ്.

അന്തഃകരണചതുഷ്ടയം-മനസ്സ്, ബുദ്ധി, ചിത്തം, അഹങ്കാരം.

അന്തഃകരണവിഷയചതുഷ്ടയം- മനസ്സിനു സങ്കല്പം, ബുദ്ധിക്കു നിശ്ചയം, അഹങ്കാരത്തിന് അഭിമാനം ഇങ്ങിനെ തന്നെ.

അന്തഃകോപിതൻ-ഉള്ളിൽ കോപം തോന്നിയവൻ.

അന്തഃക്ഷോഭം-ആളുകളുടെ ഇടയിലുള്ള കലഹം.

അന്തഃപുരം-രാജാക്കന്മാരുടെ സ്ത്രീകൾ ഇരിക്കുന്ന ഗൃഹം. പുരത്തിന്റെ അകത്തുള്ളതു് എന്നു വ്യുൽപത്തി. (ഇതുതന്നെ രാജസ്ത്രീകളുടെ പേരായും വരും).

'സ്ത്രീണാംരക്ഷാവിധാനേനപുരംസ്യാദവരോധനം ക്ലീബാന്തശ്ചാവരോധശ്ച' (അമരം)

[അന്തഃപുരം, അവരോധനം, ക്ലീബാന്തം, അവരോധം ര-ം, അന്തഃപുരത്തിന്റെ പേർ.]

അന്തഃപുരചാരി-രാജസ്ത്രീകൾ ഇരിക്കുന്നഭവനത്തിനുള്ളിൽസഞ്ചരിക്കുന്നവൻ. (സ്ത്രീലിംഗം-അന്തഃപുരചാരിണി).

'രസൗവിദല്ലൻ കഞ്ചുകിനഃ സ്ഥാപത്യ രസൗവിദാശ്ചരേത്' (അമരം)

[രസൗവിദല്ലൻ, കഞ്ചുകി, സ്ഥാപത്യൻ, രസൗവിദൻ ര-ം, രാജസ്ത്രീകൾ താമസിക്കുന്ന അന്തഃപുരത്തിന്റെ പുറത്തെ രക്ഷാധികാരികൾ (രാജസമീപത്തിങ്കലും രാജസ്ത്രീഗൃഹത്തിങ്കലും ഉള്ള വേത്രധികാരികൾ).]

[അന്തഃപുരത്തിലേ മാസിക്ക് അസിക്നി എന്നു പേർ.]

അന്തഃപുരികമാർ-അന്തഃപുരസ്ത്രീകൾ, രാജസ്ത്രീകൾ.

അന്ത്യ-വി. കടവിലുള്ള.

അന്ത്യകൻ-താണജാതിയിലുള്ളവൻ.

അന്ത്യകാലം-അവസാനസമയം.

അന്ത്യജ-വി. കടക്കൽ ജനിച്ച.

അന്ത്യജൻ-പ. പുലയൻ. ര. പറയൻ.

അന്ത്യത്വം-മുടക്കം.

അന്ത്യൻ-നീചൻ.

അന്ത്യപ്രാസം-ശബ്ദാലങ്കാരങ്ങളിൽ ഒന്ന്. ഈ പ്രാസം മഹാരാഷ്ട്രന്മാർക്ക് വളരെ പ്രിയമാകയാൽ മഹാരാഷ്ട്രപ്രാസം എന്നു പേരിടാമെന്ന് മോഷാകൃഷ്ണം പറയുന്നു.

'കളഹംസവിരാജിതമന്ദഗതേ
കളധൌതമനോഹരഭിവ്യഥതേ
കളവല്ലയികേളഴൽതേടുതേ
കളിയാട്ടകവാനുവരാത്മസുതേ'

തേരിൽകേറിത്തിരിച്ചു വിജനമതിലഹം
സൂതനോടും ചരിച്ചു
പാരംമോഹംഭവിച്ചു പല മൃഗതതിയെ-
ത്തൽക്ഷണം ഞാൻവധിച്ചു
നേരേ മുന്നിൽഗ്ഗമിച്ചു വരതരുണിയൊരു
ടത്തുനാദം ശ്രവിച്ചു [ത്തീ-
ചാരേചെൽവാനോറച്ചു മനമുനിനഭമ-
ല്ലുന്ന സൂതൻവഭിച്ചു.

(കനകലതാസ്വയംവരം നാടകം)

അന്ത്യഭം-രേവതി. അന്ത്യ (ഒടുക്കത്തെ) ഭം (നക്ഷത്രം).

അന്ത്യം-പ. അവസാനം. ഉ. മരണം. ന. നാശം. ര. അവസാനത്തിൽ ഭവിച്ചത്.

'അന്തോജഘന്യചരമ-
മന്ത്യപശ്ചാത്യപശ്ചിമം' (അമരം)

[ജഘന്യം, ചരമം, അന്ത്യം, പശ്ചാത്യം, പശ്ചിമം ഇ-ം അവസാനത്തികൾ ഭവിച്ചതിന്റെ പേർ.]

അന്ത്യമലലക്ഷണം-ഒരു രോഗം.

[വിധിക്കുനുസരിച്ചല്ലാതെ സേവിക്കുന്ന മദ്യം നിമിത്തമുണ്ടാകുന്നതാണ് ഈ രോഗം. മദ്യത്തിന്റെ മൂന്നാമത്തെ മദാവസ്ഥയിൽ കപടവൻ ഗ്രന്ഥപംക്തികളെ ഗ്രന്ഥാന്ത്യം മുതലായവരെ പരിഗ്രഹിക്കയും മറ്റും ചെയ്യുന്നതു ഇതിന്റെ ലക്ഷണമാകുന്നു.]

അന്ത്യയുഗം-കലിയുഗം.

അന്ത്യവർണ്ണം-ശൂദ്രജാതി.

അന്ത്യാവസായി-കാട്ടാളസ്ത്രീയിൽ ചണ്ഡാലനുണ്ടായവൻ

അന്ത്യാവിപുല-ഒരു വൃത്തം.

അന്ത്യക്രൗഞ്ചം, അന്ത്യക്രൗഞ്ചനം, അന്ത്യവിക്രൗഞ്ചനം-കടൽ ഇരപ്പ്, കടൽ മുഴങ്ങുന്ന ശബ്ദം.

അന്ത്രം-കടൽമല. മാലയായിട്ടു വയറിൽ വ്യാപിച്ചുകിടക്കുന്നത്. ആന്ത്രം എന്നും പറയുന്നു.

'ആന്ത്രം പുരീതൽ' (അമരം)

[അന്ത്രം (ആന്ത്രം), പുരീതൽ ഉ-ം, കടൽമലയുടെ പേർ]

അന്ത്രമാംസം-ഒരുമാതിരി പൊരിച്ച ഇറച്ചി.

അന്ത്രവല്ലിക-ഒരുമവള്ളി.

അന്ത്രവൃദ്ധി-വൃഷണത്തിലുണ്ടാകുന്ന വീക്കം (നീര്).

അന്ത്രശില-വിന്ധ്യപർവ്വതത്തിൽ നിന്നു പുറപ്പെട്ട ഒരു നദി.

അന്തിക-പ. അടുപ്പ്. ഉ. അന്തിക(ശ്രേഷ്ഠത്തി).

അന്തുക-പ. ആനച്ചങ്ങല. ഇതുകൊണ്ടു ബന്ധിക്കപ്പെടുന്നതിനാൽ ഈ പേരുണ്ടായി. ഉ. കാൽത്തള (നൂപുരം).

അന്തുക-പ. ആനച്ചങ്ങല. ഉ. കാൽത്തള (നൂപുരം).

അന്തോളം-അന്തോളം, മത്തൽ.

'അന്തോളംപല്ലുകകൃത്തിപോൽത്തോന്നും'
(പ്രബോധചന്ദ്രോദയം തുള്ളൽ)

അന്ദാളിത-വി. ഇളക്കപ്പെട്ട.

അന്ധ-വി. കണ്ണുകാണാത്ത.

അന്ധക-വി. കണ്ണുകാണാത്ത.

അന്ധകൻ-പ. കൗടൻ ഉ. ഒരസുരൻ.

അന്ധകൻ കശ്യപനു ദിതിയിലുണ്ടായ ഒരസുരനാണ്. ഇവനു ഹിരണ്യാക്ഷനു ഉണ്ടായിരുന്നതുപോലെ ആയിരം തലകളും, ആയിരം കണ്ണും കയ്യും ഉണ്ടാ-

യിരുന്നു. കണ്ണുകൾക്കു കാഴ്ച വേണ്ടുവോളം ഉണ്ടായിരുന്നിട്ടും അവൻകരുടനാണെന്നുള്ളഭാവത്തിൽ സഞ്ചരിച്ചതിനാൽ 'അന്ധകൻ' എന്നു വിളിക്കപ്പെട്ടു. പാർവ്വതിയെ മോഷ്ടിച്ചുകൊണ്ടുപോകുന്നതിനായി മാവിച്ചുപ്പോൾ ശിവൻഇവനെകൊല്ലുന്നതിനുമുതിർന്നു, എന്നു മത്സ്യപുരാണത്തിൽ കാണുന്നു. അനന്തരം അവൻ അങ്ങേഹത്തോടു ക്ഷമയാചനം ചെയ്തു. അവന്റെ ഭക്തികണ്ടു ശിവൻ അവനെ ഗണങ്ങളുടെ കൂട്ടത്തിൽ ചേർത്തു. ഒരിക്കൽ ഇവൻ സ്വർഗ്ഗത്തിൽ നിന്നു പാരിജാതം മോഷ്ടിക്കുവാൻ ഉദ്യമിച്ചപ്പോൾ ശിവൻ ഇവനെ കൊന്നു.

൩. കൃഷ്ണന്റെ പൂർവികനായ ഒരു യാദവൻ. അന്ധകനും വൃഷ്ണിയും ക്രോടി സ്ഥാപിച്ചതത്രേ അന്ധകവൃഷ്ണിവംശം. ൪. ഒരു ദൈത്യൻ. ഉചഥ്യൻ എന്ന മുനിക്കു മമതയിലുണ്ടായവൻ.

അന്ധകം-ത്രിപുണി.

അന്ധകരിപു-ശിവൻ. അന്ധകാസുരനെ കൊന്നവൻ എന്നു ശബ്ദാർത്ഥം.

അന്ധകവർത്തം- ഒരു പർവ്വതത്തിന്റെ പേർ.

അന്ധകവൃഷ്ണികം- അന്ധകന്റെയും വൃഷ്ണിയുടെയും വംശത്തിലുള്ളവർ.

അന്ധകാരി-ശിവൻ, അന്ധകരിപു.

അന്ധകാരം-ഇരുട്ട്. കണ്ണുകാണാതാക്കുന്നതു് എന്നു ശബ്ദാർത്ഥം. ലോകത്തെ ഇരുട്ടാക്കുന്നതു് എന്നുമാകാം.

അന്ധക്രൂപം-ഉപാട്ടക്കിണർ, ഇരുട്ടുകിണർ.

അന്ധഗോലാംഗൂലന്യായം-"ഒരു വിദ്വാന്റെ ഉപദേശം കേട്ടു ബഹളിയുള്ള കരടിക്കുറവന്റെ വാൽ പിടിച്ചു വഴിയറിയാൻ ശ്രമിച്ച കരടനെ വളരെ അനർത്ഥം അനുഭവിക്കേണ്ടിവന്ന എന്ന സംഭവത്തെ ദൃഷ്ടാന്തപ്പെടുത്തിക്കൊണ്ടുള്ള ന്യായം, കണ്ണടച്ചു കാട്ടുങ്ങളിൽ പ്രവേശിച്ചു് ആപത്തനുഭവിക്കുന്ന സന്ദർഭത്തെയാണു കാണിക്കുന്നതു്."

അന്ധത-പു. കണ്ണുകാണായ്ക. ൨. അറിവില്ലായ്ക.

അന്ധതമസം-ക്രൂരതരം. അധികമായ ഇരുട്ടു്, കണ്ണു അല്പവുംകാണാത്ത ഇരുട്ടു്.

അന്ധതാമിസ്രം-ഒരു നരകം

അന്ധതിമിരം-ക്രൂരതരം, വലിയഇരുട്ടു്.

അന്ധൻ-പു. കരടൻ, കണ്ണിന്റെ കാഴ്ച കെട്ടവൻ എന്നർത്ഥം.

'അന്ധോദ്ഗകി' (അമരം)

[അന്ധൻ, അദ്ഗ് ധാ-ക, കരടന്റെ പേർ.]

൨. അറിവില്ലാത്തവൻ.

'കണ്ണിനംപിടിപെടാത്തവയെല്ലാ-
മെണ്ണിയെണ്ണിവിവരത്തെക്കുടിച്ചേ,
നിർണ്ണയിപ്പതിനനല്ലാതശാസ്ത്ര-
ക്കണ്ണുകിട്ടുതെളിയാത്തവനന്ധൻ'

(ബാലലക്ഷണം)

'എന്തിക്കലേമകാരണംകണവനോ-
ടന്ധേകലമ്പിച്ചുനീ'

(അമരുകശതകം)

അന്ധപംഗുന്യായം-"കരടനും അവന്റെ തോളിൽ ഇരിക്കുന്ന മുടന്തനും, നടപ്പാനും വഴികാണ്മാനും പരസ്പരം സഹായികളായിത്തീരുന്നു. അപ്രകാരം പ്രത്യേകമായി സാധിപ്പാൻ കഴിയാത്ത കാര്യങ്ങളെ യോജിച്ചു സാധിക്കുന്ന സന്ദർഭത്തെയാണ് ഈ ന്യായം കാണിക്കുന്നതു്."

അന്ധപൂതന- കുട്ടികൾക്കു സുഖക്കേടുകൊണ്ടുണ്ടാകുന്ന ഒരു പിശാചു്.

പീഡിതനായ ശിശുവിനു ക്ഷീണം, കൃശം, ജ്വരം, വെള്ളപ്പോഫം, വസൂരിസ്രാവം, അധികമായകരച്ചൽ, പാലിൽവെറുപ്പു്, അതിസാരം ഇവയുണ്ടാകും.

അന്ധം–പ്ര. ഇരുട്ട്. പ. തിമിരം എന്ന നേത്രരോഗം. സ. വെള്ളം, കലങ്ങിയ വെള്ളം

അന്ധമാർഗ്ഗം–അറിവില്ലാത്ത വിധങ്ങൾ.

അന്ധവിശ്വാസം–മൂഢവിശ്വാസം.

അന്ധവിശ്വാസം.

സ്വപ്നങ്ങൾ, ശകുനങ്ങൾ, ദൃശ്യം, ദൃശ്യക്കുറി, മന്ത്രവാദം മുതലായ അയുക്തകങ്ങളായ അനുഭവങ്ങൾ അന്ധവിശ്വാസമെന്ന പദത്തിലുൾപ്പെടുന്നു.

അന്ധസ്സ്–പ്ര. ചോറ്. ഭക്ഷിക്കപ്പെടുന്നത് എന്നർത്ഥം. പ. സോമലത.

അന്ധഹസ്തിന്യായം–'നാലുകണ്ണന്മാർ കൂടി ആനയുടെ ആകൃതി അറിവാൻ പുറപ്പെട്ടു. ഒരാൾ കാലും മറ്റൊരാൾ വാലും വേറെ ഒരാൾ തുമ്പിക്കൈയും നാലാമൻ ചെവിയും മാത്രം തൊട്ടുനോക്കിട്ട് ആന തൂണുപോലെയെന്നും കയറുപോലെയെന്നും, പായ്പോലെ എന്നും മുറംപോലെയെന്നും ഓരോരുത്തർ തീർച്ചയാക്കി' ഇപ്രകാരം ഒരു വസ്തുവിന്റെ അല്പം മാത്രം ഗ്രഹിച്ച് അതിന്റെ പൂർണ്ണസ്വരൂപം അറിഞ്ഞുകൊണ്ട് അഭിമാനിക്കുന്ന സമ്പ്രദായക്കാരെയാണ് ഈ ന്യായം കാണിച്ചു കളിയാക്കുന്നത്.'

അന്ധാളി–മടയൻ. (അന്താളം നോക്കുക)

അന്ധാളികൂക–പരിഭ്രമംകൊണ്ടോ മറ്റോ മറന്നുപോവുക

'അന്ധാളിപ്പേൻതനതുകഥയും
വിട്ടുപോകുന്നപോൽ'

(മലയാള ശാകുന്തളം)

അന്ധാളിത്തം–പരിഭ്രമംകൊണ്ടോ മറ്റോ മറന്നുപോവുക.

അന്ധിക–പ്ര. രാത്രി. പ. കൺകെട്ടിക്കളി, സ. ഒരു നയനരോഗം.

അന്ധു–കിണറ്. ജനങ്ങൾക്കു ജീവനം കൊടുക്കുന്നത്, ജലമാനഹേതുവായിട്ടു പ്രാണികളെ ജീവിപ്പിക്കുന്നത്.

അന്ധുലം–ശിംശുപവൃക്ഷം (നൊന്തേയിവാക)

അന്ധ്ര–ഒരു രാജ്യം. [ഇപ്പോഴത്തെ തെലിംഗനെ.]

അന്ന്–ആ ദിവസം.

അന്നടേ–അപ്പോൾത്തന്നെ, തൽക്ഷണം.

അന്നന്ന്–അതതുദിവസം.

അന്നം–യി. അഭിക്ഷപ്പെട്ട, ഭക്ഷിക്കപ്പെട്ട.

അന്നകഫാമജാതൃഷ്ണ–തൃഷ്ണാരോഗം.

[ജലവാഹികളായ സ്രോതസ്സുകളും അന്നം കഫം ആമദോഷം ആയ ദോഷങ്ങളും ഹേതുവായിട്ടുണ്ടാകുന്നു. ഇത് ഏഴുവിധമുണ്ട്.]

അന്നക്കൊടി–പ്ര. അന്നത്തിന്റെ അടയാളമുള്ള ഒരു കൊടി. പ. വിശേഷപ്പെട്ട അരയന്നം. സ. അന്നം കൊടുക്കുന്നവരിൽ പ്രമാണി.

'തുള്ളുമിളമാൻകിടാവോ–നേരേ
കൊള്ളുമമരന്നക്കൊടിയോ'

(ഒരു പഴയ താരാട്ട്)

അന്നഗന്ധി–പ്ര. ഗ്രഹണി. പ. അതിസാരം.

അന്നജ–ഇക്കിൾ അഞ്ചുവിധം ഉണ്ട്, അവയിൽ ഒന്ന്, അന്നത്തിൽനിന്നുണ്ടാകുന്നതുകൊണ്ട് ഈ പേർ വന്നു.

[ബഹുപ്പെട്ടും അധികമായും ചെയ്യുന്ന അന്നപാനങ്ങൾകൊണ്ടു വായുവേപ്പെട്ടു ഗമിച്ച് ഇക്കിൾ ഉണ്ടാകുന്നു. പ്ര. അന്നജം. പ. യമിള. സ. ക്ഷുദ്ര. ഭ. ഗംഭീര. ഇ. മഹിത. ഇങ്ങിനെ ഇക്കിൾ 5 വിധം.]

അന്നഗാത്രം–അന്നക്കഴി.

ഭർത്താക്കന്മാരുടെ പരിണയത്തിനു മുമ്പ് സ്ത്രീയുടെ അനുഭവപ്രകാരം അവസ്ഥാന

മില്ലാത്ത ക്ഷേണപദാർത്ഥങ്ങളും ശേഖരിച്ചിരുന്നു. വിവാഹംചെയ്യുവാൻ വന്ന പരമശിവന്റെ ശ്രേഷ്ഠങ്ങളെ തിരിച്ചയച്ചതുകൊണ്ടാണ് ഇതുകൂടെ ശേഖരിച്ചത്. മലപ്രമാണം, രേചലവാകാരകീടപ്പുഴു പദാർത്ഥങ്ങളെ രേചലവാക്കുന്നതിനു മാർഗ്ഗമുണ്ടാക്കിത്തരണമെന്നു ദാരുകൻ തന്റെ തോഴിനോട് അപേക്ഷിച്ചു. ഇതുകേട്ടുകൊണ്ടുശ്രേയസ്സുമാഭോന്മത്തയായ താടകയുടെ അഹങ്കാരം ശമിപ്പിക്കണമെന്നുദ്ദേശിച്ചുഭഗവാൻ സമീപത്തുനിന്നിരുന്ന ഹ്രസ്വശത്രുനായ കണ്ഡോദരനെ മനസ്സുകൊണ്ടു നോക്കി. ഉടൻ അയാൾക്ക അളവറ്റ വിശപ്പു പിടിപെട്ടു. കണ്ഡോദരൻ അനന്തരം അവിടെയുണ്ടായിരുന്ന സകലവും ഭക്ഷിച്ചിട്ടും വിശപ്പു സഹിക്കാഞ്ഞു പരമശിവന്റെ കാൽക്കൽവീണു തന്റെ ക്ഷുദ്ബാധ തീർക്കണമെന്നറിയിച്ചു. താടകയും അങ്ങിനെ ഉടൻ ചെയ്യണമെന്നും കണ്ഡോദരന്റെ വിശപ്പു തീർപ്പാൻ തനിക്ക ശക്തിയില്ലെന്നും ഭഗവാനെ അറിയിച്ചു. ശിവൻ ഉടൻ അന്നപൂർണ്ണേശ്വരിയെ സ്മരിച്ചു. ദേവി പ്രത്യക്ഷമായി നാലു അന്നകുംഭകളും കാണ്ഡോദരനു കാണിച്ചുകൊടുത്തു. ഇവനാലും സകല വിഭവസംപൂർണ്ണങ്ങളായിരുന്നു. ഭഗവാന്റെ കല്പനപ്രകാരം കണ്ഡോദരൻ അവയിലുള്ള സാധനങ്ങളെല്ലാം ഭക്ഷിച്ചു സംതൃപ്തനായി.

അന്നതുണ്ണ-തുണ്ണരോഗം.

[മയം, പുളി, ഉപ്പ്, എരിവ്, ഗുരുദ്രവ്യം ഇത്യാദിപദാർത്ഥങ്ങളും ഭക്ഷിക്കുകനിമിത്തം ഉണ്ടാകുന്നു.]

അന്നദൻ-അന്നംകൊടുക്കുന്നവൻ.

അന്നദാതാവു്-അന്നംകൊടുക്കുന്നവൻ.

അന്നദാ-പ്ര. ദുർഗ്ഗ. പ. അന്നപൂർണ്ണേശ്വരി

അന്നദാനം-ഭക്ഷണം കൊടുക്കുക.

അന്നദ്രവശൂല-ഒരു രോഗം.

[ആഹാരം ദഹിച്ചുകഴിഞ്ഞാൽ ശൂലവും ദഹിക്കുന്ന സമയവും ദഹിക്കാതിരിക്കുന്ന സമയവും വേദനയുണ്ടാകും.]

അന്നനട-പ്ര. അരയന്നംനടക്കുന്നതുപോലെ നടക്കുക. പ. കിളിപ്പാട്ടു സംബന്ധിച്ച ഒരു വൃത്തം. കണ്ണപവും ഈ വൃത്തമാണ്.

അന്നപാനാദി-ആഹാരം (ചോറു) മുതലായവ.

അന്നപൂർണ്ണ-വി. അന്നം നിറഞ്ഞ.

അന്നപൂർണ്ണ-ദുർഗ്ഗയുടെ രൂപം.

അന്നപൂർണ്ണേശ്വരി-പ്ര. ദുർഗ്ഗ. പ. ഒരു രവിയുടെ രൂപം. (ഈ ദേവി സുഭിക്ഷത്തിനു ഈശ്വരിയാകുന്നു.)

അന്നപ്രാശ(ന)ം-ചോറൂണ്.

'അന്നപ്രാശനമണ്ണിക്കീമാസത്തിൽ
പിന്നെന്നാനമരങ്ങത്തുമറികടാ'
(മുക്കുപപ്പാന)

അന്നബലം-ഭക്ഷണസാധനങ്ങളിൽ നിന്നുണ്ടാകുന്ന ബലം.

അന്നഭേദി-ഒരു മരുന്ന്.

അന്നഭേദിസിന്ദൂരം(ഭസ്മം)-ഒരു മരുന്ന്. രക്തശയം, പാണ്ഡു, ഗ്രഹണി ഇവയ്ക്കു നന്ന്.

അന്നം-പ്ര. ചോറ്. അരിക്കപ്പെടുന്നതു് എന്നർത്ഥം. അരിക്ക=ഭക്ഷിക്ക.

'ദിസ്സംസ്ത്രീകേതമന്ധോന്ന
മോദനോസ്ത്രീസഭീദിവ്യ' (അമരം)

അന്നം.

'വസ്തുദാനഫലംരാജ്യം
പാടുകാര്യാംചവാഹനം
താംബൂലാഭോഗമാപ്നോതി
അന്നദാനഫലംത്വയം' (നീതിസാരം)

[ദിസ്സ, ഭക്തം, അന്ധസ്സ്, അന്നം, ഭോജനം, ദീദിവി-ം, ചോറിന്റെ പേർ.]

പ. ഭക്ഷിക്കപ്പെട്ട അന്നാദികളും ന. അരയന്നപ്പക്ഷി.



അന്നം

അരയന്നം പാലിൽ കലർന്ന നീരി
നെ വേർതിരിക്കും.

'പാലിൽകലർന്നുള്ളനീരിനെവേറിട്ട
പാൽകുടിച്ചീടുന്നോരന്നംപോലെ'
(കൃഷ്ണഗാഥ)

[മന്ദമായും മനോഹരമായുമുള്ള അ
ന്നത്തിന്റെ നട പ്രസിദ്ധമാകുന്നു.]

അന്നമയം–ശരീരം. ചോറുമുതലായ ഭ
ക്ഷണപദാർത്ഥങ്ങൾ കൊണ്ടുണ്ടായതു്
എന്നു താല്പര്യം.

അന്നമയാദികോശം – പഞ്ചീകരിക്ക
പ്പെട്ട പഞ്ചഭൂതങ്ങളെക്കൊണ്ടുണ്ടായ സൂ
ക്ഷ്മശരീരം.

അന്നമൂഷിക–ദേവതാളി. (പെരുംപീരം
എന്നാണു പക്ഷം).

അന്നരസം–പ. ഭക്ഷണസാധനങ്ങളുടെ
വീര്യം. സത്തു്. ഉ. ഭക്ഷണസാധന
ങ്ങൾ പോകുന്ന ചെറുകഴൽ.

അന്നൽ–പ. അന്നം, അരയന്നം.

'അന്നൽനേർനടയാൾ'
(മഹാഭാരതം)

ഉ. വളരെ കട്ടി.

'അന്നലപ്പോലെകരഞ്ഞു'
(കൃഷ്ണഗാഥ)

ന. കുരുഞ്ഞപ്പക്ഷി.

അന്നവാഹി–വായിൽ നിന്നു് ആമാശ
യത്തിലേക്കുള്ള കുഴൽ.

അന്നസത്രം–ധർമ്മമായി ഭക്ഷണംകൊടു
ക്കുന്ന സ്ഥലം.

അന്നിൽ– കുരുഞ്ഞപ്പക്ഷി. (തമിഴിൽ)
അൻറിൽപട്ഷി.

'കൃങ് കുരുഞ്ഞേ' (അമരം)

[കൃങ്, കുരുഞ്ഞേ–ഉ–ം, അന്നിൽ
പക്ഷിയുടെ പേർ. കുരുഞ്ഞേത്തിനു കുരു
ഞ്ഞപ്പക്ഷി എന്നേ അർത്ഥം പറയാം
വരൂ.]

അന്നീനൻ–ഭക്ഷിക്കുന്നവൻ.

അന്നേരം–അപ്പോൾ.

അന്വട്ടൻ–ക്ഷുരകശാരൻ.

അൻപൻ–പ. സന്തോഷമുള്ളവൻ. സ്നേ
ഹമുള്ളവൻ ഉ. മേന്മാവു്. ഇ ം, 'മലമ
കൾക്കരൻപൻ'–(രാമചരിതം)

അൻപാതെ–അ. വേഗത്തിൽ

അൻപിന–ഇല്ല.

അൻപു–പ. സന്തോഷം, സ്നേഹം. ഉ.
ഭയം. ന. ഭക്തി. ഭ. വാത്സല്യം.

അൻപുക–പ. സന്തോഷിക്കുക, സ്നേഹി
ക്കുക. ഉ. ചേരുക. ന. വസിക്കുക. ഭ.
ഏർപ്പെടുക

അന്യ–വി. വേറെ, മറ്റു്.

അന്യചിന്ത–മറ്റു വിചാരം.

അന്യതരം–വേറെടുത്തു്.

അന്യതരേദ്യു–അ. രണ്ടിൽ വച്ചുള്ള
ദിവസത്തിൽ, മറ്റന്നാൾ, രണ്ടിലൊരു
നാൾ.

അന്യതോവാതം–ഒരു നേത്രരോഗം.

[വാതം, പിടലി, കണ്ണു്, ശിരസ്സു്,
അടിഎല്ലു് ഇവയിലോ പിൻകഴുത്തി
ലോ ഞരമ്പിലോ വേറെ സ്ഥാനങ്ങ
ളിലോ നിന്നിട്ടു് പുരികത്തിലും കണ്ണിലും
വേദനയെ ഉണ്ടാക്കും. ഇതാണു് അന്യ
തോവാതം.]

അന്യത്തു്–മറ്റൊരാൾ.

അന്യത്ര–പ. വേറൊരിടത്തു്, മറ്റൊരി
ടത്തു്, വേറെ ഏതിടമെങ്കിലും. ഉ.
കൂടാതെ.

അന്യഥാ–അ. മറ്റുപ്രകാരമെങ്കിൽ.

അന്യഥാതിഷ്ഠം–വേറൊരു പ്രകാരമുള്ള
സ്ഥിതി.

അന്യഥാജ്ഞാനം–ഭ്രമം.

'ഭ്രാന്തിർമ്മിഥ്യാമതിർഭ്രമഃ' (അമരം)

[ഭ്രാന്തി, മിഥ്യാമതി, ഭ്രമം–പ–ം,
അന്യഥാജ്ഞാനത്തിന്റെയും പേർ.]

അന്യദ്രവ്യേച്ഛു-മറ്റൊരുവന്റെ വസ്തുക്കളെ ആഗ്രഹിക്കുക. (ഇതിന് 'അഭിധ്യ' എന്നു പര്യായം).

'അഭിധ്യാനുപരസ്വവിഷയേസ്പൃഹാ'
(അമരം)

അന്യനാടി-വി. മറ്റൊരാളുടെ വംശത്തിൽ ചേർന്ന.

അന്യൻ-മറ്റൊരുവൻ.

'ഭിന്നസ്ഥൈകോഽന്യതര
ഏകതരാന്യേതരാവപി' (അമരം)

[ഭിന്നൻ, അന്യതരൻ, ഏകൻ, തരൻ, അന്യൻ, ഇതരൻ എന്നു-ം, അന്യതരന്റെ പേർ. അന്യതര എന്നതിന് ഏകതര എന്നും പാഠമുണ്ട്.]

അന്യംനില്പ്-വംശം ഒടുങ്ങുക.

അന്യപുഷ്ടം-കയിൽ. അന്യനാൽ വളർത്തപ്പെട്ടതുകൊണ്ട് ഈ പേരുണ്ടായി.

കയിൽ അതിന്റെ കുഞ്ഞുങ്ങളെ കാക്കയുടെ കൂട്ടിൽ കൊണ്ടുവയ്ക്കും. തന്റെ കുഞ്ഞെന്നുള്ളമിച്ചു കാക്ക അതുകളെ വളർത്തും. പറന്നുതുടങ്ങിയാൽ അവ തങ്ങളുടെ കൂട്ടത്തിൽ ചേർന്നുകൊള്ളും.

അന്യം-ക്ര. മറ്റൊന്ന്. പു. വംശം, സന്തതി.

അന്യഭാവം-മറ്റൊരുഭാവം (വിചാരം).

'അന്യഭാവമെന്നിൽവേണ്ടാ ആശയം നീ ചൊൽകമ്പാരലേ!' എന്ന ഭക്ഷിയാത്മം കഥകളിയിൽ കാണാം. ഇവിടെ പരിചിതൻ എന്ന വിചാരം-പരിചയമില്ലല്ലോ എന്നുള്ള വിചാരം എന്നർത്ഥം.

അന്യഭൃത്-കാക്ക. മറ്റൊന്നിനെ (കയിലിനെ) വളർത്തുന്നതുകൊണ്ട് ഈ പേരുണ്ടായി.

അന്യഭൃത-കയിൽ. അന്യഭൃത്തായ കാക്ക വളർത്തുകയാൽ ഈ പേർ സിദ്ധിച്ചു.

അന്യരൂപ-വി. രൂപം മാറിയ.

അന്യരൂപേണ-മറ്റൊരു രൂപമായിട്ട്.

അന്യവാദി-വി. ക്ര. കള്ളംപറയുന്ന. പു. കക്ഷിത്തെളിവുകൊടുക്കുന്ന. സ. മറ്റൊരുവനുള്ളതും പറയുന്ന.

അന്യശാഖൻ, അന്യശാഖകൻ-മറ്റൊരാശ്രമത്തിൽ ചേർന്നവൻ, മതഭ്രഷ്ടൻ, മതദ്രോഹി.

അന്യസംഗമം-ക്ര. മറ്റൊരാളിനോടുള്ള ചേർച്ച.

'ആശയംതന്നിലന്യസംഗമ-
മാശയില്ലവർക്കംബുജാക്ഷ'
(പത്തുവൃത്തം)

പു. വ്യഭിചാരം.

അന്യാദൃശം-വി. ഒപ്പം ഇല്ലാത്ത, തുല്യമില്ലാത്ത, മറ്റൊരാൾക്കും ഇതുപോലെ കാണാത്തമട്ടിൽ അപൂർവ്വം.

അന്യാധീനൻ-മറ്റൊരുവന് അധീനനായവൻ. (അധീനശബ്ദം നോക്കുക). (അന്യാധീനപ്പെട്ടുന്നു).

അന്യാപദേശം-പറയുന്നത് ഒന്ന്, മനസ്സിലാക്കേണ്ടതു മറ്റൊന്ന്, ഇതത്രേ അന്യാപദേശരീതി. (അന്യം = മറ്റൊന്ന്. അപദേശം = വ്യാജം)

അന്യാപദേശശതകം-ഒരു പുസ്തകത്തിന്റെ പേർ.

ഇതിന്റെ മൂലഗ്രന്ഥകർത്താവ് ശ്രീനീലകണ്ഠദീക്ഷിതരാകുന്നു. ഇതിലേക്ക് കവിതാകാമിനിയുടെ നാട്ടുനീങ്ങിയ കവികുലശേഖരനായ സാർവ്വഭൗമനായ മഹാരാജാവ് തിരുമനസ്സുകൊണ്ടു പ്രതിപത്യം അവതാരിക എഴുതിച്ചേർക്കുകയും സാഹിത്യസാമ്രാജ്യചക്രവർത്തിയായ മഹാമഹിമശ്രീ കേരളവർമ്മവലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു മുഴുവനും മോടിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

അന്യായക്കാരൻ-ക്ര. സങ്കടക്കാരൻ. കോടതികളിൽ അന്യായം ബോധിപ്പിക്കുന്നവൻ (വാദി). പു. നീതിയല്ലാത്തതു ചെയ്യുന്നവൻ, അന്യായംചെയ്യുന്നവൻ.

അന്യായത്തടങ്കൽ-ഫ. വല്ല ആളെയും ന്യായക്കേടായിതടയുക. ഉ. ശിക്ഷാനിയമപ്രകാരമുള്ള ഒരു കുറ്റം. (തിരുവിതാംകൂർ ശിക്ഷാനിയമം വകുപ്പ് ന൪ഫ. മുതൽ ന൪വ്വ-വരെ)

അന്യായത്തടവ്-ഫ. വല്ല ആളെയും ന്യായക്കേടായി തടവിൽ വെക്കുക. ഉ. ശിക്ഷാനിയമപ്രകാരമുള്ള ഒരു കുറ്റം. (തിരുവിതാംകൂർ ശിക്ഷാനിയമം വകുപ്പ് ന൪ഫ-മുതൽ ന൪വ്വ-വരെ)

അന്യായം-ഫ. ന്യായം (നീതി) അല്ലാത്തത്, അധർമ്മം, മര്യാദക്കേട്. ഉ. കോടതിയിലും മറ്റും എഴുതി ഹരജിക്കുന്ന ഹർജി, ആവലാതി.

അന്യൂന-വി. കുറവില്ലാത്ത, മുഴുവനായ, വലുതായ.

അന്യൂനം-പരിപൂർണ്ണം. ന്യൂനം (കുറവ് കുറവ്) ഇല്ലാത്തത്.

അന്യേദ്യു-അ. കൂടാതെ.

അന്യോന്യതരൻ-അന്യനല്ലാത്തവൻ.

അന്യോന്യദ്യു-അടുത്തദിവസം. (അന്യസ്മിൻഅഹനി=മറ്റൊരുദിവസത്തിൽ)

'അന്യോന്യദ്യുസ്ഥായ ചയംതുരചോല്ലി'

(ശ്രീകൃഷ്ണചരിതം)

അന്യോന്യ-വി. തമ്മിൽതമ്മിലുള്ള, പരസ്പരമുള്ള.

അന്യോന്യഭാവം - പരസ്പരമുള്ള സ്ഥിതി.

അന്യോന്യം-ഫ. പരസ്പരം. ഉ. തമ്മിൽതമ്മിലുള്ളസ്നേഹം. ന. ഒരലങ്കാരം

'പരസ്പരോപകാരത്താ-
നന്യോന്യഖ്യയലംകൃതി
നിശയാൽശശിശോഭിക്കും
ശശിയാൽനിശയുംതഥാ'

(രാക്ഷാളക്ഷണം)

അന്യോന്യവിരുദ്ധാവാക്ക് - പരസ്പരം ചേർച്ചയില്ലാത്ത വാക്ക്.

'സംകലക്ലിഷ്ടപരസ്പരപരാഹതേ'

(അമരം)

[സംകലം, ക്ലിഷ്ടം, പരസ്പരപരാഹതം ന-ം, അന്യോന്യവിരുദ്ധമായ വാക്കിനെം പേർ]

അനവക്ഷ്-വി. പിമ്പേപോകാത്ത, പിന്നാലെ ക്രമത്തിൽ ചെല്ലാത്തത്.

അനവക്ഷം-അ. പിന്നാലെ. ഇന്ദ്രിയത്തെ അനുഗമിച്ചുതന്നെ എന്നർത്ഥം.

അനവയം-ഫ. വംശം. ഉ. അന്യോന്യം സംബന്ധിക്കുന്നത്. ന. അന്യോന്യൈക്യം കൊണ്ടുള്ള വിവരിച്ചു കാണിക്കുക, പദങ്ങളെ വാചകമുറയ്ക്കാക്കുക.

അനവയിക്കുക-പദങ്ങളെ യോജിപ്പായി ചേർക്കുക.

'അങ്ങുമിങ്ങുമിരിക്കുന്ന
പദങ്ങളെയഥാക്രമം
ചേരുന്നപടി ചേർക്കുന്ന-
തനവയംപരികീർത്തിതം'

(ബാലപ്രബോധനം)

അനർത്ഥ-അർത്ഥത്തോടനുസരിച്ചുള്ള.

അനർത്ഥസംജ്ഞ-അർത്ഥത്തോടുകൂടിയ പേര്, ഉചിതമായ പേര്, യുക്തമായ പേര്, തക്കതായ പേര്.

അനർത്ഥം-ഏറുകാലത്തെ നില.

അനവവായം-ഫ. വംശം. മുമ്പുമുള്ളവരെ പിന്നെപ്പിന്നെയുള്ളവർ പിൻതുടർന്നു നടക്കുക എന്നർത്ഥം, പൂർവ്വം അപരവുമായി അനുവയിക്കപ്പെടുന്നത്. ഉ. നിലനിർത്തുന്നത്.

അനവവായചതുഷ്ടയം-സത്യം, ആർജ്ജവം, ഭരം, അനുശംസ്യം ഇവ ൪-ം.

അനവാഹം-ഫ. ദിവസംപ്രതി. ഉ. എല്ലാദിവസവും.

അനവാഖ്യാതസംഭാഷണം-'മറ്റൊരുത്തൻ റിപ്പോർട്ടുചെയ്യുന്നതിൽ വക്താവിന്റെ വാക്യത്തെ ഉദ്ധരിക്കാതെ വിവരിക്കുന്നത്' എന്ന സാഹിത്യസഹ്യം

അനവാഖ്യാനം-റിപ്പോർട്ട് കേൾപ്പിക്കുക, വിവരം അറിയിക്കുക.

അനുവ്യവായം-പ്രധാനംപ്രധാനക്രിയകളുടെ സംഹിതയും.

അനുവ്യാധി-പ്ര. ജന്മം, മൂന്നാംസ്ഥാനം, ഉറപ്പ്, രക്ഷ ൨. പശ്ചാത്തപിച്ചതിനുശേഷമല്ലെങ്കിൽ തെറ്റുകാരനെചെയ്യുംവച്ചു ദുഃഖിക്കുക.

അനുവ്യാഹരണം-ഉടനടിയായി, ഉടനടിയാവു (അനുമരണം നോക്കുക.)

അനുവ്യാസനം-പ്ര. ശുശ്രൂഷ, ഉഴിയം. ൨. മറ്റൊരാളിനു പിന്നീടു സ്ഥാനം ഏൽക്കുക. ൩. ദുഃഖിക്കുക. ൪. സ്നേഹവസ്തി. ൫. പണിസ്ഥലം.

അനുവ്യായ്യം, അനുവ്യായ്യകം-മാംസത്തോടുള്ള പിതൃകർമ്മം, മാംസത്തോടും പിണ്ഡപിതൃയജ്ഞത്തിനു ശേഷം ചെയ്യുന്നതായ അമാവാസ്യാശ്രാദ്ധം.

'പിണ്ഡാന്വാഹാര്യകംശ്രാദ്ധം
കവ്യംന്മാംസാന്വമാസികം'
(മനുസ്മൃതി)

അനുവിത-വി. ക്ഷമിയ.

അനുവിഷ്ട-വി. അന്വേഷിക്കപ്പെട്ട.

അനുവിഷ്ടം-അന്വേഷിക്കപ്പെട്ടതു് (തിരയപ്പെട്ടതു്.)

'അന്വേഷിതംശവേഷിത-
മനുവിഷ്ടംമാർഗ്ഗിതംമൃഗിതം' (അമരം)

[അന്വേഷിതം, ശവേഷിതം, അനുവിഷ്ടം, മാർഗ്ഗിതം, മൃഗിതം ഇ-ം, അന്വേഷിക്കപ്പെട്ടതിനേ പേർ].

അനുവീക്ഷണം-തേടുക.

അനുവേഷണം, അനുവേഷം-തേടുക.

'സംവീക്ഷണംവിചയനം
മാർഗ്ഗണംമൃഗണംമൃഗഃ' (അമരം)

സംവീക്ഷണം, വിചയനം, മാർഗ്ഗണം, മൃഗണം, മൃഗം ഇ-ം, അന്വേഷണത്തിനേ പേർ.

'സത്യംന്വേഷംനിർമ്മിതംവിധുരന്നഹമഹോ
(അഭിജ്ഞാനശാകുന്തളം)

അനുവേഷ്ണ-തുടങ്ങിക്ക് യോഗ്യമായ അന്വേഷിക്കുക.

അനുവേഷ്ടിത-വി. അന്വേഷിക്കപ്പെട്ട (തിരയപ്പെട്ട).

അനുവേഷ്ടാ-അന്വേഷിക്കുന്ന, തേടുന്ന.

അവ-അ. പ്ര. നീചം. ൨. വേർപാടു്. ൩. കീഴ്ത്തരം. ൪. വിരോധം. ൫. ഏ സ്വരൂപം, ഇല്ലാതാവുക. ൬. സന്തോഷം. ൭. സത്യക്കേടു്.

അവകടം-പ്ര. ആപത്തു്, ദോഷം, ൨. അഴിമതി.

അവകരണം-കൃപക്രൂരത.

അവകർഷം-പ്ര. നിന്ദ, പരിഹാസം. ൨. തള്ളൽ, വലിക്കുക, തള്ളിപ്പുറത്താക്കൽ.

അവകർഷിക്കുക-പ്ര. നിന്ദിക്കുക, പരിഹസിക്കുക, തള്ളുക, വലിക്കുക, തള്ളിപ്പുറത്താക്കുക.

അവകാമം-അ. അനുഗ്രഹം ക്രൂരത, മനസ്സില്ലാതെ, മറ്റൊരാളിനു ഹിതക്കേടായിട്ടു്.

അവകാരഗിരു്-അപകാരവാക്കു്, ചീത്തപറയുക.

അവകാരം-ഉപകാരക്കേടു്, വിപരീതമായി ചെയ്യുക.

'നികാരോവിപ്രകാരസ്സ്യാൽ'
(അമരം)

[നികാരം, വിപ്രകാരം ൨-ം, അപകാരത്തിനേ പേർ.]

അവകാരി, അവകാരകൻ-ഉപകാരം ചെയ്യുന്നവനല്ലാത്തവൻ, വിപരീതമായി ചെയ്യുന്നവൻ.

അവകീരണം-ചിതറൽ, ചിതറുക.

അവകീർത്തിപ്പെടുത്തുക-പ്ര. ദുഷ്കീർത്തി ഉണ്ടാക്കുക. ൨. ശിക്ഷാർഹമായപ്രകാരം തെറ്റുകാരം. (തിരുവിതാംകൂർ ശിക്ഷാനിയമം വകുപ്പു് ൪൦൨.)

അവകൃത-വി. അപകാരം ചെയ്യപ്പെട്ട. വിപരീതരീതിയിൽചെയ്യപ്പെട്ട, ഇല്ലാതാക്കപ്പെട്ട.

അപകൃതശരണൻ-ശ. ന. ഇല്ലാത്തവൻ.
'അപകൃതശരണക്കപകൃതിചെയ്യും'
(ഉത്തരരാമായണം ചമ്പു.)

അപകൃതി, അപകൃത്യം-ഉപദ്രവം, വിരോധം, ധിക്കാരം, ധിക്കാരപ്രവൃത്തി, അകൃത്യം.

അപകീർത്തി-ദുഷ്കീർത്തി, കീർത്തികേട്.

അപകൃഷ്ട-വി. പ. താണതായ. ക. അട്ടിക്കളയപ്പെട്ട, പിടിച്ചുതള്ളിപുറത്താക്കപ്പെട്ട.

അപകൃഷ്ടൻ-പ. പിടിച്ചുതള്ളി പുറത്താക്കപ്പെട്ടവൻ. ക. താണവൻ.

അപകൃഷ്ടവംശജൻ-താണവംശത്തിൽ ജനിച്ചവൻ.

അപകൃതി-പാകമാകാത്ത സ്ഥിതി.

അപക്രമം, അപക്രമണം-പ. ഒട്ടം. ശരിയല്ലാതെ കാൽവെയ്ക്കുക എന്ന ശബ്ദാർത്ഥം. ക. പുറകോട്ടുപോവുക, ഒഴിഞ്ഞുപോവുക.

അപക്രയം, അപക്രയണം-വില.

അപക്രിയ-പ. ദുഷ്പ്രവൃത്തി. ക. അശുഭകരമായ കർമ്മം. ന. ഉപദ്രവം,

അപക്രോശം-പ. ശകാരം. ക. നിന്ദ, ധിക്കാരം,

അപക്വ-വി. പ. പക്വം (പാകം) വരാത്ത. ക. പച്ചയായ. ന. മഹിക്കാത്ത.

അപക്വബുദ്ധി-വി. പാകംവരാത്ത ബുദ്ധിയുള്ള.

അപക്വവ്രണരോഹം - ഒരുരോഗം.
[പഴുക്കാത്ത നീര്, ചെറുപുണ്ണ്, അല്പനീര്, കഠിനത, തൊലിയുടെ നിറം. മന്ദാവരണ ഇവയോടുകൂടിയിരിക്കും]

അപക്ഷി-വി. പ. പക്ഷം (ചിറക്) ഇല്ലാത്ത. ക. ഒരുഭാഗമുള്ള് (വശമുള്ള്) അല്ലാത്ത. ന. പക്ഷം (സ്നേഹം) ഇല്ലാത്ത.

അപക്ഷേപം, അപക്ഷേപണം-എറിയുക, കീഴ്പ്പെട്ടിടുക.

അപഖ്യാതി-ദുഷ്കീർത്തി, ദുഷ്പേരുസ്സ്.

അപഗ-വി. പോകുന്ന.

അപഗ-പുഴ. ജലംകൊണ്ടുഗമിക്കുന്നത്.
['ആപഗ' എന്നത് അധികംനടപ്പ്, 'അപഗ' എന്നും ആകാം. 'വിദ്യുദ്ഭഗതമംഗാരമപഗാമപഗാമഹി' എന്ന വിശ്വപ്രകാശം].

അപഗണിതം-വി. അനാദരിക്കപ്പെട്ട, ധിക്കരിക്കപ്പെട്ട.

അപഗത-മാഞ്ഞ, കഴിഞ്ഞ, പോയ.

അപഗമം, അപഗമനം-പിരിയുക. മറയുക, യാത്ര.

അപഗരം-ആക്ഷേപം, അനാദരം, ദൂഷണം, അപഖ്യാതി, ധിക്കാരം, ശകാരം, നിന്ദ.

അപഗരൻ-നിന്ദിക്കുന്നവൻ, അധിക്ഷേപിക്കുന്നവൻ, ശകാരിക്കുന്നവൻ.

അപഗ്രഥിക്ക-കെട്ടഴിക്ക.

അപഘ്നം-കൈകാൽ മുതലായ അവയവങ്ങൾ ക്ലേശിത്തല്ലപ്പെട്ടത്, പീഡിക്കപ്പെട്ടത് എന്ന വ്യുൽപത്തി.

അപഘ്നന്തു-നശിപ്പിച്ചിയങ്ങുന്നത്.
'അപഘ്നന്തോദുരിതംഹവ്യവാഹമഹഃ'
(അഭിജ്ഞാനശാകുന്തളം)

അപചൻ-കൊള്ളുന്നതാകത്തവെയ്പുകാരൻ (പാചകൻ.)

അപചയം-പ. അപഹരണം (ഒന്ന്, ഒരാ ധനത്തെ അവനിൽനിന്നു ബലാൽക്കാരമായി കൈവശമാക്കൽ) [അപ=ഹ്രാസവാചകം. ചയം=വൃദ്ധി=വൃദ്ധിയില്ലായ്മ] ക. നാശം. ന. കുറവ്, ശ. താഴ്ച, ഇ. വീഴ്ച, ചിഴ.

അപചരിത-വി. ദുരാചാരമുള്ള, മര്യാദ, ചൊല്പ്പോയ.

അപചരിതം-വീഴ്ച, കുറവ്, അകൃത്യം.

അപചായിതം-നമസ്കരിക്കപ്പെട്ടത്.

[അപചയിക്കപ്പെട്ടത് = അപചായിതം. അപചയിക്ക = നമസ്കരിക്ക.]

അപചാരം-പ്. തെറ്റ്, പിഴ. ഉ. മുക്കിച്ചൽ. സ. അപമാനം. ഭ. മുട്ട്. ഇ. ക്രടെയില്ലായ്മ. ന. മരണം.

അപചി-പ്രമേഹക്രുക്കളിൽ ഒന്നിന്റെ പേർ, അപചിക്രുത എന്നും പറയാറുണ്ട്.

[ഞാറപ്പഴം, ഉന്തക്കരു എന്നവയെപ്പോലെ കക്ഷം, കവിൾ, പിൻകഴുത്ത് ഇത്യാദി സ്ഥാനങ്ങളിൽ മുഴകളും ഉണ്ടാകും. വളരെക്കാലം ചെന്നാൽ ഇവ പഴുക്കും. അതിനു ശേഷമായാൽ എന്നു പറയും. മാലപോലെ മുഴകളും ഉള്ളത് എന്നർത്ഥം. പഴുത്തതും ഉണങ്ങിയതും എല്ലാംകൂടി വളരെക്കാലം വിട്ടുമാറാതെ നിന്നാൽ അതിനെ അപചി എന്നാചാർ]

അപചിതം. പ്. നമസ്കരിക്കപ്പെട്ടത്. (അപചയിക്ക = നമസ്കരിക്ക) ഉ. ഒരു മരം.

അപചിതി-പ്. പൂജ. ഉ. ക്ഷയം. പൂജിക്രുക എന്നു പദാർത്ഥം, സ. നാശം, ഛേദം.

അപച്ഛേദനം, അപച്ഛേദം-പ്. മുറിക്രുക, തടസ്സം, ഉപദ്രവം. ഉ. നഷ്ടം.

അപവ്യൂത-വി. പ്. വീണുപോയ. ഉ. മറിഞ്ഞുപോയ. സ. പിറകോട്ടുപോയ.

അപശ്രയം-ഇടക്കേട് (നാ.ഭാ.വി.)

അപജാതൻ-പ്. ചീത്തപുത്രൻ, ഉ. അച്ഛനമ്മമാരെക്രാളും ഗുണം കുറഞ്ഞവൻ.

അപാന്തര-വി. ഇടയിൽ മറ്റൊന്നില്ലാതെയിരിക്രുന്ന തന്മയിൽ നിന്നിച്ചൊന്ന.

അപാടാന്തരം-ഇടയിൽ മറ്റൊന്നില്ലാതെയിരിക്രുന്ന തന്മയിൽ നിന്നിച്ചൊന്നു്.

അപാടി-തിരുമ്മിൽ.

അപാടി ക്ഷപം-തിരുമ്മിലയിടുക.

അപാട്ടു-വി. പ്. പ്രവൃത്തിക്ക സാമർത്ഥ്യമില്ലാത്ത. ഉ. രോഗമുള്ള. സ. വാക്സാമർത്ഥ്യമില്ലാത്ത.

അപാട്ടു-അസമർത്ഥൻ, രോഗി, വ്യാധിയുള്ളവൻ.

അപാഠ-വി. പ്. വായിപ്പാൻ ശക്തിയില്ലാത്ത. ഉ. ചീത്തവായനയുള്ള.

അപാണ്ഡു-വി. പ്. വിളർത്തകരുതല്ലാത്ത. ഉ. അഴിയുന്നതല്ലാത്ത.

അപാതപ്പണം - പ്. ഉപവാസം (ഭീമഞ്ഞിൽ.) ഉ. തുപ്തിയില്ലായ്മ.

അപതന്ത്രകം-ഒരു വാതവ്യാധി.

[വായുകോപിച്ചു മേഹത്തെ വില്ലുപോലെ വളയ്ക്കും. രോഗി മരപ്പാവുപോലെ ക്രുകും. പണിപ്പെട്ട ശ്വാസം വിടും.]

അപതാനകം-ഒരു വാതവ്യാധി.

വായു കണ്ണുകളുടെ രൂപഗ്രഹണശക്തി, അറിവ് ഇവയെ ഇല്ലാതാക്കി തൊണ്ടകൊണ്ടു ശബ്ദിക്കുന്നതായവ വരുത്തുന്നു.

അപത്നീകൻ-ഭാര്യ മരിച്ചവൻ.

അപത്രാക-ചെനകലങ്ങിയ പാല.

അപത്ര്യജീവ(കാ)-പുന്നിലഞ്ഞി.

അപത്ര്യ-സ്ത്രീസന്തതിയും പുരുഷസന്തതിയും. മാതാപിതാക്കന്മാരെ നരകത്തിൽ പതിപ്പിക്കാത്തവർ എന്നർത്ഥം.

അപത്ര-വി. പ്. ചിറകില്ലാത്ത. ഉ. ഇലയില്ലാത്ത.

അപത്രപ-പ്. അന്യകൽനിന്നുള്ള ലജ്ജ. ഉ. കഴപ്പം. സ. പരുങ്ങൽ.

അപത്രപിക്ക-ലജ്ജിക്ക.

'അപത്രപിച്ചീടണ്ടൊരോരോ
വനത്തിൽമേവുന്നണാമ്മേ'

(നളചരിതം കഥകളി)

അപത്രവല്ലിക-ഏതമവള്ളി.

അപത്രം-പ്. കരിമ (ഇലയുടെ). ഉ. തട്ട, കലന്ത്. സ. മുളയുടെ കലന്ത്.

ഭ. ചിറകില്ലാത്ത ഒരു പക്ഷി. ഇ. ഇല പൊഴിഞ്ഞുപോയ വൃക്ഷം.

അപത്രപിഷ്ണു-ലജ്ജാശീലൻ, അന്യൻ നിമിത്തമായി ലജ്ജിക്കുന്നവൻ.

അപഥസ്ഥിതി-ഉന്നടപ്പ്.

അപഥം-ക. പിഴവഴി (തെറ്റിയവഴി). ഉ. മാർഗ്ഗത്തിന്റെ അഭാവം (വഴിയില്ലായ്മ). ന. ദുർമ്മാർഗ്ഗം.

അപഥ്യം-ക. പഥ്യക്കേട്, രോഗത്തിനു വിരോധമായി പദാർത്ഥങ്ങളെ ഭക്ഷിക്കുക ഉ. ഹിതക്കേട്.

അപദ-വി. ക. പദമില്ലാത്ത. ഉ. സ്ഥാനമില്ലാത്ത.

അപദം-ക. ഇഴയുന്ന ജന്തു, അരിച്ചുനടക്കുന്ന ജന്തു. ഉ. ഇരിപ്പിടമില്ലാത്തത് ന. പദം (വാക്ക്) ഇല്ലാത്തത്.

അപദാനം-ഉൽകൃഷ്ടകൃത്യം, അത്ഭുതപരാക്രമം, നിഷ്ഠിക്കപ്പെട്ട കർമ്മം, മുൻകഴിഞ്ഞ ചരിത്രം.

'സുരയുവതിഭിരതുച്ഛൈർഗ്ഗീയമാനാപദാനം
, (കൃഷ്ണവിലാസം)

(അവദാനം എന്നും പാഠം കാണുന്നു.)

അപദാഹ-രാമച്ചം.

അപദാന്തരം-ഇടയിൽ മറ്റൊന്നില്ലാത്ത മട്ടിൽ ഒന്നിച്ചുചേർന്നതിന്റെ പേർ ഒരു കാലടി അകലമില്ലാത്തത് എന്നു വ്യൽപത്തി.

'സംസക്തമവ്യവഹിത
മപദാന്തരമിത്യപ്.' (അമരം)

[സംസക്തം, അവ്യവഹിതം, അപദാന്തരം ന-ം, ഇടയിൽ മറ്റൊന്നില്ലാത്തമട്ടിൽ ഒന്നിച്ചുചേർന്നതിന്റെ പേർ]

അപദിശം-തിങ്മദ്ധ്യം (തിങ്കളുടെ മദ്ധ്യപ്രദേശം) രണ്ടുദിക്കിന്റെ നടുഅതായത് തിങ്കൾകിഴക്കും നാലുകാണുകയും ഉള്ളവയിൽനിന്ന്. [നാലുകാണുകയും= കിഴക്കുതെക്ക്, തെക്കുപടിഞ്ഞാറ്, പടിഞ്ഞാറുവടക്ക്, വടക്കുകിഴക്ക്]

അപദേശം-ക. വ്യാജം, മറയ്ക്കൽ, സ്വരൂപച്ഛാദനം.

'വ്യാജോപദേശൗ ലക്ഷ്യം' (അമരം)

[വ്യാജം, അപദേശം, ലക്ഷ്യം ന-ം, തന്റെ ആഗ്രഹം നേടുന്നതിനു ചെയ്യുന്ന പരപുരുഷസംസർഗ്ഗാദിവ്യാജപ്രവൃത്തിയുടെ പേർ]

'കൃതപാതീത്പ്രചാരംപ്രകടിതവനവാസപദേശേന'

(കിമ്മീരവധം കഥകളി)

ഉ. ലാക്ക്. ന. നിമിത്തം.

അപദേശിക്കുക-മറയ്ക്കുക, സ്വരൂപച്ഛാദനംചെയ്യുക.

അപദ്രവ്യം-ചീത്തസാധനം.

അപദ്വാരം-ഒരുവശത്തെ വാതൽ, പ്രധാനവാതലല്ലാത്ത മറ്റൊരു വാതൽ.

അപധാവനം-ഓടിക്കൽ, വക്രോക്തി.

അപധ്വസ്ത-വി. ക. ധിക്കരിക്കപ്പെട്ട (നിന്ദിക്കപ്പെട്ട). ഉ. കീഴ്പെട്ട തള്ളപ്പെട്ട. ന. പൊടിക്കപ്പെട്ട. ഭ. ശപിക്കപ്പെട്ട, ശകാരിക്കപ്പെട്ട.

അപധ്വംസി-വി. നശിക്കുന്ന.

അപധ്വസ്തൻ - നിന്ദിതൻ (നിന്ദിക്കപ്പെട്ടവൻ)

അപനയം-ക. അകറൽ. ഉ. അഭാവം. ന. നീതികേട്. ഭ. അപായം. ഇ. കടം, ഉപദേശം.

അപനയനം-ക. അകലെയാക്കുക, അകറൽ. ഉ. കടയ്ക്കുക ന. ദീനംവാശിയാക്കുക. ഭ. കടംവീട്ടുക.

അപനയിക്കുക-അകറുക.

അപനീത-വി. അകലത്താക്കിയ.

അപന്യായ-ന്യായക്കേട് (അപഭംഗം)

അപപ്രഥ-അപമാനം.

അപപ്രധാനം-രഹസ്യമായി.

അപനാവ്-ക. പിഴവഴി (പിഴച്ചവഴി). ഉ. വഴിയില്ലായ്മ.

അപഭൃതി-തേക്കി, തച്ചൻ.

അപഭ്രംശം-അപശബ്ദം, തെറ്റായവാക്ക്. സംസ്കൃതത്തിൽനിന്ന് അധഃപതനം വന്നത് എന്നർത്ഥം.

'അപഭ്രംശോപശബ്ദൗ' (അമരം)

[അപഭ്രംശം, അപശബ്ദം ഇ-ം, അപശബ്ദത്തിന്റെ പേർ.]

അപഭ്രഷ്ടൻ-അധമൻ.

അപമദ്ദം-മദ്ദമടക്ക്.

അപമർദ്ദനം-പീഡ.

അപമാനം-മാനക്കേട്.

അപമാരിഷം-ചെറുചീര.

അപമിത-വി. പ. ധിക്കരിക്കപ്പെട്ട. ഉ. അലംകൃതമല്ലാത്ത.

അപമിത്യകം, അപമിത്യം-കടം.

അപമൃത്യു-ദുർമ്മരണം. വെട്ട്, കുത്ത് മുതലായവകൊണ്ടു മരിക്കുക.

അപയാനം-പ. ഓട്ടം. ഉ. തിരിച്ചുപോവുക. ന. തോറ്റോടുക.

അപര-വി. പ. വേറൊന്ന്. ഉ. വിലയുമായ. ന. പടിഞ്ഞാറുള്ള. ർ. ഒടുക്കമുള്ള

അപരക്രിയ-ശവം ഹിഡ്ഡിക്കുക മുതലായവ.

അപരത്രം-ഇതരം, വിപരീതം.

അപരൻ-ശത്രു.

അപരപക്ഷം - കൃഷ്ണപക്ഷം (കറുത്തപക്ഷം.)

അപരം-ആനയുടെ പിൻകാൽ മുട്ടിനും കീഴ്ഭാഗം.

അപരവർണ്ണൻ-ശൂദ്രൻ.

അപരസ്പര-വി. പ. (അ+പരസ്പര) അന്യോന്യമല്ലാത്ത. ഉ. ഇടവിടാത്ത

അപര-പ. ഗർഭപുത്രൻ. ഉ. പടിഞ്ഞാറ്

അപരാജിത-വി. തോൽക്കപ്പെടാത്ത

അപരാജിത-പ. തീരെതോൽ (മരണം) ഉ. ചേർന്ന അടയ്ക്കുവേണ്ടിയൻ. ന. പുഴമുത്തങ്ങ. ർ. വെളുത്തകൊച്ചി. ള. മലയമുക്കി. ഴ. ദുർഗ്ഗാദേവി. ഠ. ഒരു വിധം യോഗിനി. വ. ഒരുവൃത്തത്തിന്റെ പേർ, ശകവരിഛന്ദസ്സിൽ പെട്ടതു്, വരി ഒന്നിൽ പത്ത് അക്ഷരം വീതം കാണും.

'നനരസലഗകേമംനടുക്കപരാജിതം' (വൃത്തമഞ്ജരി)

അപരാജിതൻ-പ. ശിവൻ. ഉ. വിഷ്ണു. ന. ഏകാദശരുദ്രന്മാരിൽ ഒരുവൻ. ർ. ഒരു മുനി.

അപരാജിതം-ഒരുതരം വിഷ്ണുള്ള പുഴു.

അപരാദ്ധപൃഷ്ടല്ക - ലക്ഷ്യത്തിൽനിന്ന് അമ്പു പിഴച്ചുവൻ. തെറ്റിപ്പോയ ശരത്തോടുകൂടിയവൻ എന്നു ശബ്ദാർത്ഥം.

[ശരപര്യായങ്ങളിൽ ഏതെങ്കിലും ഒന്നിനോടു 'അപരാദ്ധ'ശബ്ദം ചേർത്താൽ മറ്റു പര്യായങ്ങളും കിട്ടും. ഉദാഹരണത്തിനു 'അപരാദ്ധേഷു' (അപരാദ്ധ+ഇഷു) നോക്കുക.]

അപരാദ്ധേഷു- ലക്ഷ്യത്തിൽനിന്ന് അമ്പു പിഴച്ചുവൻ.

അപരാധഗന്ധാസ്പൃഷ്ടൻ-കറുത്തിയുടെ ശബ്ദംപോലും സ്പർശിക്കപ്പെട്ടിട്ടില്ലാത്തവൻ.

അപരാധം-പിഴ, കറുപ്പ്, ദുഷ്യം, തെറ്റ്. ഹിംസിക്കപ്പെടുന്നത്. കുറ്റങ്ങളെ കെടുക്കുന്നത് എന്നു വ്യുൽപത്തി.

'ആഗഃ പരാധോമന്യുശ്ച' (അമരം)

[ആഗസ്സ്, അപരാധം, മന്യു ത-ം, അപരാധത്തിന്റെ പേർ.]

അപരാധി-വി. തെറ്റുചെയ്ത, പിഴചെയ്ത, കറുപ്പുചെയ്ത.

അപരാന്തിക-മിശ്രവൃത്തങ്ങളിൽ ഒന്ന്. 'പ്രവൃത്തകത്തിന്റെ സമപാദം കൊണ്ടു തന്നെ ശ്ലോകം മുഴുവനും ചേരുമെങ്കിൽ അപരാന്തികം' എന്നു വൃത്തമഞ്ജരി.

അപരാധിക്കുക- കുറ്റംചെയ്യുക, പിഴ ചെയ്യുക. (ദ്രോഹിയിൽ) വ്യഭിചാരം ചെയ്യുക.

അപരാത്രി-പ്ര. രാത്രിയുടെ അവസാനം. ര. കട്ടവിലത്തെ യാമം.

അപരാത്തി-അന്യദുഃഖം.

അപരാഹ്നം-രണ്ടാമത്തെ പാതി.

അപരാസനം-ഹിംസിക്കുക.

അപരാഹ്നം-ചീകുണ്ണി.

അപരാഹ്ണം-പകലിന്റെ ആറിലൊന്നിൽ ഒടുക്കത്തേതു്, പത്തുനാഴിക പകലുള്ള സമയം മുതൽ അസ്തമനം വരെയുള്ള കാലം. അവസാന (ഒടുവിലെ) ത്തെ അഹസ്സ് (പകൽ) എന്നും ശബ്ദാർത്ഥം.

അപരിണയം-ബ്രഹ്മചര്യം, വിവാഹം ചെയ്യായ്ക.

അപരു-ചെങ്കരിങ്ങാലി.

അപരിക്ഷിതം-പരിക്ഷിതം (മറിവുപെടുത്തു) അല്ലാത്തതു്.

'കൊണ്ടോടിയൻപൊടപരിക്ഷിതകോമളം'

(അഭിജ്ഞാനശാകുന്തളം) [നിൻ'

അപരിഗ്രഹം-ഒരാളിൽനിന്നു് ഏതുമേ കരമായ ആപത്തിൽകൂടിയും ഒരു ദാനവും സ്വീകരിക്കാതിരിക്കുക.

അപരിചിത-വി. പരിചയിക്കപ്പെടാത്ത, ശീലിക്കപ്പെടാത്ത.

അപരിചിതൻ- പരിചയിക്കാത്തവൻ.

അപരിച്ഛിന്നൻ-ഇന്ന പ്രകാരത്തിലുള്ളവനെന്നു ഗണിക്കാൻ നിവൃത്തിയില്ലാത്തവൻ. [നായ്

'സർവ്വജ്ഞത്വാദികല്യാണഗുണാനന്ദസാഗര
അപരിച്ഛിന്നമഹിമപരമാനന്ദമായ'

(ഭാഗവതം)

അപരിച്ഛേദ്യ-വി. പരിച്ഛേദിക്കത്തക്കതല്ലാത്ത, നിശ്ചയിക്കുന്നതിനു നിവൃത്തിയില്ലാത്ത, കണക്കാക്കാൻ പാടില്ലാത്ത.

അപരിനിഷ്ഠ-നിശ്ചയമില്ലായ്ക.

അപരിമിത-വി. അളവില്ലാത്ത, അവധിയില്ലാത്ത. (പരിമിതമല്ലാത്തതു്-അപരിമിതം).

അപരിമ്ലാനം-ചോകാത്തി.

അപരിഹാര്യം-പരിഹരിക്കാൻ പാടില്ലാത്തതു്, തള്ളിക്കളയാൻ വയ്യാത്തതു്, ഉപേക്ഷിക്കാൻ കഴിയാത്തതു്.

അപരിഹരണീയം-ഉപേക്ഷിക്കാൻ കഴിയാത്തതു്, തള്ളിക്കളയാൻ കഴിയാത്തതു്, പരിഹരിപ്പാൻ പാടില്ലാത്തതു്.

'അപരിഹരണീയവിധിയന്ത്രത്തിരിപ്പൂന്നീ'

(നളചരിതം കഥകളി)

അപരൂപം-ഭംഗികേടു്, വിരൂപം.

അപരേദ്യുഃ-മറ്റന്നാൾ, മറ്റാരത്തെന്നാൾ. (അപരേഅഹ്നി= മറ്റാരത്ത ദിവസത്തിൽ).

അപരോക്ഷം-പ്രത്യക്ഷം.

അപര്യാപ്തൻ-മതിയാകാത്തവൻ.

അപരാധം-പുറത്താക്കൽ, നീക്കം.

അപർണ്ണ-വി. പർണ്ണം (ഇല) ഇല്ലാത്ത.

അപർണ്ണ- പാർവ്വതി. കടത്തെ കളയുന്നവൾ, തപസ്സികൾ ഇലപോലും തിന്നിട്ടില്ലാത്തവൾ.

'സ്വയംവിശീർണ്ണദ്രുമപർണ്ണവൃത്തിതാ
പരാഹികാഖ്യേന തപസ്യയാപുനഃ
തദേകപാകീകൃതമപ്രിയംവദാ
വദന്ത്യപർണ്ണേതിചതാംപുരോഗമാഃ'

(കുമാരസംഭവം)

അപർണ്ണം-നിന്ദ. വിപരീതസ്തുതി എന്നും ശബ്ദാർത്ഥം.

അപലം-കരിങ്കൊട്ടസൂചി, തുണി, സൂക്ഷ്മം.

അപലാപം, അപലപനം-യഥാർത്ഥത്തെ മറച്ചുപറക, കാര്യത്തെ ഉരുമറച്ചുകളക. മേശപ്പെടുത്തുന്ന വാക്ക് എന്നും ശബ്ദാർത്ഥം.

അപവദിക്ക-ദോഷംപറക.

അപവൻ-വസിഷ്ഠൻ.

അപവർഗ്ഗം-മോക്ഷം. ദുഃഖാദികളുടെ വർജ്ജനം എന്നു വ്യുൽപത്തി.

അപവനം-നടക്കാവു്, ഉപവനം.

അപവർജ്ജനം-പ. ദാനം. പാപത്തെ വർജ്ജിക്കുന്നതിനാൽ ഈ പേർ വന്നു. ക. മുക്തി, കൈവല്യം, പരമാനന്ദം. ന. പരിത്യാഗം (വിട്ടൊഴിവു്).

അപവാദഗിർ-ദുസ്സഹവാക്കു്, നിന്ദാവാക്കു്.

അപവാദം-പ. ദുഷ്കീർത്തി, മാനക്കേടു്. ക. നിന്ദ. അപകൃഷ്ടമായ വചനം എന്നർത്ഥം. വിരോധവാക്കു്, ദൂഷണം. ന. ആജ്ഞ,

'അപവാദോഭയത്രാപി നിന്ദാജ്ഞാസു കീർത്തിതം' (അമരം)

[അപവാദം നിന്ദയുടേയും ആജ്ഞയുടേയും പേർ എന്നർത്ഥം. മുകടനും വിശ്വനും 'അവവാദം' എന്നാണു പറയുന്നതു്. അവവാദം എന്നാൽ ഒരു കാര്യത്തെ അടിസ്ഥാനമാക്കി സ്പഷ്ടമായി പറയപ്പെടുന്നതു് എന്നു ശബ്ദാർത്ഥം.]

അപവാദി-അപവാദം (ദൂഷണം) പറയുന്നവൻ, വിരോധംപറയുന്നവൻ, കീർത്തിദോഷം ഉണ്ടാക്കുന്നവൻ, കുറ്റംപറയുന്നവൻ.

അപവാഹ്യ-മരാമം കേടുകൂടാതെ മരാമരാമ്മുടെ പാകം. (നാടകങ്ങളിൽ പ്രയോഗം.)

അപവാരണം-മറയ്ക്കുക, മൂടുക. ഇതിനാൽ പദാർത്ഥം മൂടപ്പെടുന്നതുകൊണ്ടു് ഈ പേർ വന്നു.

അപവിത്ര-വി. പവിത്രം (ശുദ്ധം) അല്ലാത്ത.

അപവിദ്ധം-വി. പ. ഉപേക്ഷിക്കപ്പെട്ട. ക. നികൃഷ്ടമായ.

അപവിദ്ധൻ, അപവൃത്തൻ-മക്കളെ പിതാക്കന്മാർ ഉപേക്ഷിക്കയും അന്യൻ മക്കളെടുക്കയും ചെയ്ത ഒരു പുത്രൻ.

അപവിദ്ധലോക-വി ഇഹലോകം വെടിഞ്ഞ, മരിച്ച.

അപവിഷ-വി. വിഷമില്ലാത്ത.

അപവിഷ-നിർവ്വിഷി, രാമച്ചം.

അപവേധം-മണിയേയെയുംമുത്തിനേയും മറ്റൊരു നേരെഅല്ലാതെ തുളച്ചു (തുരന്നു) വൃഥാകളക.

അപവ്യയം-അനാവശ്യച്ചെലവു്, അതിമിതിയായ ചെലവു്, ധാരാളച്ചെലവു്, ദുർവ്യയം.

അപവ്യയി, അപവ്യയമാന-വി. പ. ദുർവ്യയമുള്ള. ക. കടംവീട്ടാത്ത, കടത്തെ നിഷേധിക്കുന്ന.

അപശകുനം-ദുർന്നിമിത്തം, ചീത്തശകുനം.

അപശദൻ-നിന്ദ്യൻ. നിർഗ്ഗുണത്വംമൂലം ക്ഷയിക്കുന്നതുകൊണ്ടു് ഈ പേർ വന്നു.

അപശബ്ദം-തെറ്റായ വാക്കു്, അസംബന്ധമായ ശബ്ദം. (അപഭ്രംശം എന്നതു നോക്കുക.)

അപശ്ചിമൻ-ശ്രേഷ്ഠൻ.

അപശ്രയം-തലയണ, നീണ്ടതലയണ.

അപശ്രുതി-ചീത്തക്കേൾവി, ദുഷ്കീർത്തി, അസ്വാരസ്യമായ ശബ്ദങ്ങൾ.

'നികടപശ്രുതികേൾക്കുമ്പോളതിൽ
സകടമടിയങ്ങൾക്കു മഹേശ!'

(കിരാതം തുള്ളൽ)

അപസ്പാ-ആനത്തൊട്ടിയുടെ അഗ്രം.

അപസ്മൃ-പ. പ്രതികൂലം. അനുകൂലമില്ലാതെ നിൽക്കുന്നതു് എന്നു വ്യുൽപത്തി.

'നസ്മൃരാകൃതിരപസ്മൃനിതാന്ത
സ്നിഗ്ധതേനുഭവതോതനുകൃത്രുപീ'

(നാരായണീയം)

ക. വിപരീതം. ന. വിസ്മൃതാർത്ഥം. ഭ. ക്രൂരം. ര. ഇടത്തേതു്. ത. കാലം, സമയം.

അപഷ്വ-ക്ര. മംഗിയായി. ഉ. വിപരീതമായി. ന. കളവായി. ദ. തെറ്റായി.

അപഷ്വര-വി. പ്രതികൂലമായ, എതിരായ.

അപസഞ്ജിപ്പിക്ക-കെടുക്ക.

അപസദൻ-നീചൻ. അപകൃഷ്ടമായ നടപടിയിൽ ചേരുന്നവൻ എന്നു ശബ്ദാർത്ഥം. 'അപശദൻ' എന്നുമാകാം.

അപസമം-കഴിഞ്ഞവഷ്ടത്തിൽ, വഷ്ടായസാനത്തിൽ.

അപസജ്ജനം-ക്ര. ദാനം, സമ്മാനം. ഉ. വിട്ടൊഴിവ്, പരിത്യാഗം. ന. പരമാനന്ദം, മോക്ഷം.

അപസർപ്പൻ - ചാരപുരുഷൻ; ഒറ്റാളി, വേഷംമാറിനടന്നു രാജ്യകാര്യങ്ങൾ അറിയുന്നവൻ. ഒളിച്ചുനടക്കുന്നവൻ എന്നു ശബ്ദാർത്ഥം. (അപസർപ്പകൻ എന്നു മാവാം.)

അപസർപ്പണം-ക്ര. തിരിയെ പോവുക, മടങ്ങുക. ഉ. ചാരപുരുഷനെപ്പോലെ ആചരിക്കുക.

അപസവ്യം-ക്ര. പ്രതികൂലം, ഇടത്തുഭാഗത്തിൽനിന്നു വിട്ടത് എന്നു ശബ്ദാർത്ഥം. ഉ. ശരീരത്തിന്റെ വലത്തുഭാഗം, ന. പെരുവിരലിനും ചൂണ്ടാംവിരലിനും മദ്ധ്യേയുള്ളസ്ഥലം.

അപസവ്യ-വി. ക്ര. വലത്തെ. ഉ. എതിരായുള്ള. ന. വിരുദ്ധമായുള്ള.

അപസ്കരാ-തേരിന്റെ അവയവങ്ങളുടെ പേർ. അതാതുസ്ഥാനത്തിൽ രഥത്തെ ഉപ്പെടുന്നത് എന്നു ശബ്ദാർത്ഥം.

'രഥാംഗമപസ്കരഃ' (അമരം)

[രഥാംഗം, അപസ്കരം ഉ-ം, തേരിന്റെ അവയവങ്ങളുടെ പേർ. അപസ്കരശബ്ദം ചക്രശബ്ദം കഴിച്ചു ബാക്കിയുള്ള രഥാവയവത്തെ പറയുന്നതാണെന്നും അഭിപ്രായമുണ്ട്.]

അപസാരണം-ദൂരെ നീക്കുക, ഓടിക്കുക, പുറത്താക്കുക.

അപസ്കംഭം-ഉറപ്പിക്കുക, ഉറപ്പിക്കൽ.

അപസ്മാരം-ജീവശ്വാസം നിറഞ്ഞതായിരുന്നാലും ഒരുവശത്തിരിക്കുന്ന ഒരു പാത്രം.

അപസ്കലം-ചാട്ടം.

അപസ്നാത-മരിച്ച ആളെ ഉദ്ദേശിച്ചു കുളിച്ചവൻ. അപകൃഷ്ടമായി സ്നാനംചെയ്തവൻ എന്നു ശബ്ദാർത്ഥം.

'അപസ്നാതോഽപസ്നാതഃ' (അമരം)

[അപസ്നാതൻ, ഉപസ്നാതൻ ഉ-ം, പുലകുളിച്ചവന്റെ പേർ.]

അപസ്നാനം-പുലകുളി (മരിച്ചവനെ ഉദ്ദേശിച്ചുള്ള കുളി.)

അപസ്മരിക്ക-മറക്കുക.

അപസ്മാരം - ബോധംകെടുവീഴുന്ന ഒരു രോഗം.

അപസ്മൃതി-ഓർമ്മകേട്.

അപസ്വരം-തെറ്റിയ സ്വരം.

അപഹാരം-തള്ളിക്കളയുക, പുറത്താക്കുക ഉ-ം, 'അതിസാരാപഹാരം' ക്ഷയാപഹാരം ഇത്യാദി.

അപഹർത്താവ് -അപഹരിച്ചുവൻ, ബലാൽ കൈക്കലാക്കിയവൻ.

അപഹരിക്കുക-ക്ര. പിടിച്ചുപറിക്കുക. ബലം പ്രയോഗിച്ചു കൈക്കലാക്കുക. ഉ. ഇല്ലായ്മചെയ്യുക.

അപഹല-വി. ചീത്തക്കുപ്പായുള്ള.

അപഹസിക്കുക-പരിഹസിക്കുക, കാരണംകൂടാതെ ചിരിക്കുക.

അപഹായ-അ. ക്രിയാന്തം, കഴിച്ചിട്ട്, വിട്ടിട്ട്, ഉപേക്ഷിച്ചിട്ട്.

അപഹാരം, അപഹരണം-കൊള്ള, പിടിച്ചുപറിക്കൽ, അന്യന്റെ ധനത്തെ അവന്റെ സമ്മതംകൂടാതെ കൈവശമാക്കുക.

'അപഹാരസ്തുപചയഃ' (അമരം)
[അപഹാരം, ഉപചയം ഉ-ം, അന്യന്റെ സ്വത്തിനെ അവന്റെ സമ്മതം കൂടാതെ കൈവശമാക്കുന്നതിന്റെ പേർ]

അപഹാരകൻ, അപഹാരി-കൊള്ളക്കാരൻ, പിടിച്ചുപറിക്കുന്നവൻ.

അപഹാസം-പ. പരിഹാസം.
'ക്ഷണങ്ങളധികംധരിക്കിലും
ദോഷമെനികിലപഹാസകാരണം'
(ബാലഭക്ഷണം)
ഉ. അകാരണമായ ചിരി.

അപഹാസി-വി. പരിഹസിക്കുന്ന.

അപഹാസ്യ-വി. അപഹസിക്കത്തക്ക, പരിഹസിക്കത്തക്ക.

അപഹാസ്യം-പ. പരിഹാസം. ഉ. അകാരണമായ ചിരി.

അപഹിതം-ഹിതക്കേട്.

അപഹൃത-വി. അപഹരിക്കപ്പെട്ട, പിടിച്ചുപറിക്കപ്പെട്ട.

അപഹ്നവം-പ. മറയ്ക്കൽ. ഉ. സ്നേഹം. ന. നിഷേധം.

അപഹ്നുതി-പ. മന്നിനെ അതല്ലെന്നു മറയ്ക്കുക. ഉ. അലങ്കാരങ്ങളിൽ ഒന്ന്. 'വർണ്യവസ്തുവിനെ അതുതല്ലെന്നു ശബ്ദംകൊണ്ടുതന്നെയോ അർത്ഥംകൊണ്ടോ നിഷേധിച്ചിട്ട് അതാതു സദൃശമായ മറ്റൊരുവസ്തുവാണെന്നു പറയുന്നത്'. (ഭാഷാഭൂഷണം).

അപാക-വി. പ. പാകമാകാത്ത, മൂക്കാത്ത, പഴുക്കാത്ത. ഉ. വേകാത്ത. ന. ദഹിക്കാത്ത.

അപാകത-സ്വഭാവത്തിന്റെ പാകതയില്ലായ്മ.

അപാകശാകം-ഇഞ്ചി.

അപാകൃതം-പ. നീക്കപ്പെട്ട. ഉ. നശിക്കപ്പെട്ട.

അപാകൃതി-നീക്കം, മാറ്റം.

അപാംഗ-വി. അവയവഹീനമായ.

അപാംഗക-വി. അവയവഹീനംവന്ന.

അപാംഗൻ, അപാംഗകൻ-കാമദേവൻ.

അപാംഗകം-പ. കടക്കണ്ണ്. കണ്ണിന്റെ പുറങ്കോണ്. ഉ. വലിയകടലാടി. ന. തിലകം (രപാട്ട്).

അപാംഗദർശനം, അപാംഗവീക്ഷി-കടക്കണ്ണുകൊണ്ടുള്ള നോട്ടം, ചിരിച്ചു നോക്കുക, കടാക്ഷം.

അപാംഗം-പ. കടക്കണ്ണ്, മിഴി ഇവിടെ ചെല്ലുകകൊണ്ട് ഈ പേരുണ്ടായി. (വാൽക്കണ്ണ്).
'അപാംഗശ്രവണനേത്രയോരന്തരേ' (അമരം)
ഉ. തിലകം (രപാട്ട്.) ന. മതസംബന്ധമായി നെറ്റിയിലിടുന്ന കുറി.

അപാകന്മാർ-മഹാകാവ്യകാലത്തു ഹിന്ദുക്കളും അന്യനിവാസികളുമല്ലാതിരുന്ന ഒരു പേർ.

അപാചി-തെക്കേദിക്ക്. സൂര്യൻ ഇവിടെ മദ്ധ്യാഹ്നത്തിൽ ഗമിക്കുന്നതിനാൽ ഈ പേർ വന്നു.
[ഇവിടെ അപ എന്നതിനു മദ്ധ്യം എന്നർത്ഥം. അമരത്തിൽ 'അവാചീ' എന്നു കാണുന്നതു് അപാചീമെന്നു രൂപമാത്രമായി പറയുന്നു.]

അപാചീന - വി. പ. തൊക്കേദിക്കിൽ ഭവിച്ച. ഉ. പിറകിലുള്ള.

അപാടവം-പ. പാടവം (സാമർത്ഥ്യം) ഇല്ലായ്മ. ഉ. ദീനം.

അപാണിനീയ - വി. പാണിനിയുടെ വ്യാകരണം തല്ലുവണ്ണം പഠിച്ചിട്ടില്ലാത്ത

അപാത്രം-പ. അയോഗ്യം. ഉ. ഉപയോഗമില്ലാത്ത പാത്രം. ന. വിലയില്ലാത്ത ആൾ. ഭ. സമ്മാനത്തിന് അർഹതയില്ലാത്ത ആൾ. യ. അസ്ഥാനം.

അപാത്രീകരണചതുഷ്ടയം– നിന്ദിതന്റെ ധനം വാങ്ങുക, വാണിജ്യം, ശൂദ്രസേവനം, അസത്യദർശനം ഇവ നാലും ബ്രാഹ്മണനെ അധോഗതിയാക്കുന്ന പ്രവൃത്തികളാകുന്നു.

'നിന്ദിതോദ്ധ്യോധനാദാനം
വാണിജ്യംശൂദ്രസേവനം
അപാത്രീകരണംജ്ഞേയം
അസത്യസ്യചദർശനം'

(മനുസ്മൃതി)

അപാടാന–വി. ഉൽകൃഷ്ടചരിതങ്ങളോടുകൂടിയ.

അപാദാനം–ക്രി. നീക്കം, എടുക്കുക. 2 ഒന്നിൽനിന്നെടുക്കുക. 3 അഞ്ചാമതായ വിഭക്തിയെക്കുറിച്ചുള്ള ഒരു സംജ്ഞ.

'ധ്രുവമപായേഅപാദാനം'

(പാണിനിസൂത്രം)

അപാനൻ– പഞ്ചവായുക്കളിൽ ഒന്ന് (അധോവായു). വിണ്മൂത്രങ്ങളെ അധോമുഖമാക്കിച്ചെയ്യുന്ന പ്രാണികളെ ജീവിപ്പിക്കുന്നവൻ എന്നർത്ഥം. അപാനന്റെ സ്ഥാനം ഗുദമാകുന്നു.

അപാനം–മലദ്വാരം. അധോവായുവിനെ വിടുന്നത് എന്നർത്ഥം.

അപാമാർഗ്ഗം–ക്രി. വലിയ കടലാടി. 2. ചെറിയ കടലാടി. ഇതിന്റെ കതിരിന്മേലുള്ള മണികൾ വേഗം മേൽതറക്കുന്നതിനാൽ ഈ അർത്ഥമുണ്ടായി. ഇതിന്റെ അടുത്ത വഴികൾ എല്ലാം അപകൃഷ്ടമാണ്. (അപകൃഷ്ട അസമന്താൽമാർഗ്ഗസ്യ).

ഇതു മൂലക്കുരു, മഹോദരം, രക്തദോഷം, ആമദോഷം, അതിസാരം, ക്ഷർപ്പി, ചൊറി, കഫരോഗം ഇവയെ ശമിപ്പിക്കും. ചെമന്നപൂവുള്ളതിനെ 'രക്തപുഷ്പം' എന്നു പേർ. ഇതു വിഷദോഷഹരമാണ്. വേരിനും പല ഗുണങ്ങളും ഉണ്ട്.

അപാംനാഥൻ–ക്രി. സമുദ്രം. 2. വരുണൻ.

അപാംനിധി–ക്രി. സമുദ്രം. 2. വരുണൻ.

അപാംപതി–ക്രി. സമുദ്രം. 2. വരുണൻ. ജലങ്ങളുടെ നാഥൻ എന്നു താൽപര്യം.

അപാരപിത്തം–കൊടുവേലി.

അപായശങ്ക– അനർത്ഥത്തിനുള്ള സംശയം.

അപാംയോനി–സമുദ്രം.

അപായം–ക്രി. അനർത്ഥം, നാശം. 2. വ്യസനം. 3. മരണം. 4. ചേതം. 5. മടങ്ങിപ്പോവുക. 6. പുറപ്പാട്. 7. വിയോഗം.

അപാര–വി. ക്രി. പാരം(മറുകര)ഇല്ലാത്ത. 2. അതിരില്ലാത്ത.

അപാര–ക്രി. ആനയുടെ രണ്ടു പിൻകാൽമുട്ടിന്റെ കീഴ്ഭാഗം, ഇതിന് 'അപരം' 'അവരം' എന്നിങ്ങനെ പാഠാന്തരങ്ങളും കാണുന്നു. 2. ഭൂമി.

അപാരക–വി. ശക്തിയില്ലാത്ത.

അപാരം–അതിരില്ലാത്തത്, മറുകരയില്ലാത്തത്.

അപാർത്ഥ–വി. ക്രി. അർത്ഥം(പ്രയോജനം) ഇല്ലാത്ത, പൊരുളില്ലാത്ത. 2. ബുദ്ധിയില്ലാത്ത.

അപാർത്ഥകരണം – വ്യവഹാരത്തിൽ മുടക്കുന്ന കളവായ വാദം.

അപാവർത്തനം, അപാവൃത്തി–ക്രി. പിൻമാറൽ. 2. തിരിച്ചുൽ. 3. തടയിൽ ഉരുളുക.

അപാവൃത–വി. ക്രി മൂടപ്പെട്ട 2. പുറപ്പെട്ട. 3. തടസ്സപ്പെട്ട. 4. തുറക്കപ്പെട്ട. 5. തന്നിഷ്ടമുള്ള.

അപാവൃതൻ–സ്വതന്ത്രൻ ആവരണം (തടസ്സം) ഇല്ലാത്തവൻ എന്നർത്ഥം. തന്റെ ഇഷ്ടംപോലെ നടക്കുന്നവൻ.

അപാവൃതി, അപാവരണം-ക. തുറക്കുക. ഉ. മൂടുക, മറയ്ക്കുക.

അപാസനം-കൊല, വധം.

അപാസരണം-മടങ്ങൽ, പിൻവാങ്ങൽ.

അപാസു-വി. ജീവൻപോയ, ചത്ത.

അപാസ്ത-വി. ക. ഉപേക്ഷിക്കപ്പെട്ട. ഉ. നിന്ദിക്കപ്പെട്ട. ന. എറിയപ്പെട്ട. ര. വധിക്കപ്പെട്ട. ഇ. നിരസിക്കപ്പെട്ട.

അപാസ്തൻ-നിരസിക്കപ്പെട്ടവൻ.

അപി-അ. ക. ഗഹ്വ (നിന്ദ). ഉ. സമുച്ചയം. ന. പ്രശ്നം (ചോദ്യം). ര. ശംക (അനിഷ്ടമായതിന്റെ ഊഹം). ഇ. സംഭാവന (ശക്യമുള്ളതിനെ പ്രകാശിപ്പിപ്പാനായിക്കൊണ്ടുള്ള അനുകൂതി).

'ഗഹ്വാസമുച്ചയപ്രശ്ന
ശംകാസംഭാവനാസുചി (അമരം)

[ക. ഗഹ്വയിൽ ഉ-ം, അപിപലാണ്ടു സിദ്ധേൽ ഉള്ളിയെ നനക്കുകതന്നെ നിന്നുക്ക കാരണം. ഉ. സമുച്ചയത്തിൽ ഉ-ം, പാലയമപിചിരുമപി-എന്നെയും പുത്രനെയും രക്ഷിച്ചുല്ലും. ന. പ്രശ്നം. ഉ-ം, അപിഭദ്രം-സൌഖ്യം തന്നെയോ. ര. ശംക ഉ-ം, അപിപോരോവേൽ- കള്ളനായിരിക്കുമോ. ഇ. സംഭാവന. ഉ-ം, സമുദ്രമപിലംഘയേൽ-സമുദ്രത്തെക്കൂടി കടക്കും]

അപിഗിർണ്ണ-വി. സ്തുതിക്കപ്പെട്ട.

അപിച-അ. അതുതന്നെയുമല്ല.

'അപിചമമമയിതാകമിയ-
മ്പനതിചിരസുതാ പ്രാണൻ'
(നളചരിതം കഥകളി)

അപിച്ഛില-വി. ക. പശയില്ലാത്ത. ഉ. തെളിവുള്ള. ന. കവങ്ങൽ ഇല്ലാത്ത.

അപിതു-എങ്കിലും, എന്നാലും.

അപിതൃക-വി. ക. പിതാവില്ലാത്ത. ഉ. പിതൃസംബന്ധമില്ലാത്ത.

അപിധാനം-മറയ്ക്കുക.

അപിനദ്ധൻ-ചമഞ്ഞിട്ടവൻ.

അപിനദ്ധം-കെട്ടപ്പെട്ട ചട്ട. കപ്പായം മുതലായവ ബന്ധിക്കപ്പെട്ടത് എന്ന ശബ്ദാർത്ഥം.

അപിനദ്ധ-വി. ചട്ട ധരിക്കപ്പെട്ട, വസ്ത്രം ധരിക്കപ്പെട്ട. ഉ. ബന്ധിക്കപ്പെട്ട.

അപിനസം-മൂക്കു നാസരോഗം.

[വാതകഫങ്ങളാൽ ഉത്ഭവിക്കപ്പെട്ട താണ്- ലക്ഷണം പിനസത്തിനേപോലുതന്നെ]

അപുഷ്ടം-കാവ്യദോഷങ്ങളിൽ ഒന്ന്. 'നിഷ്പ്രയോജനമോ അന്യഥാസിദ്ധമോ ആയതു' എന്ന ദോഷലക്ഷണം.

ഉ-ം, ചെവികൊണ്ടുകേട്ട്. കണ്ണുകൊണ്ടു കണ്ട്.

അപുഷ്പഫലദം-പ്ലാവ്.

അപുഷ്പഫലസംബന്ധം — അത്തിയാലു്.

അപൂപം-അപ്പം. പൊട്ടിച്ചിതറാത്തതു് എന്നർത്ഥം.

അപൂരണി-ഇലവു്.

അപൂർവ്വ-വി. ക. അസാധാരണമായ. ഉ. വിശേഷമായ. ന. മുമ്പേയില്ലാത്ത, പുതുതായ. ര. കിഴക്കേതല്ലാത്ത,

അപൂർവ്വപതി-കന്യക.

അപൂർവ്വ-ക. പുതുക്ക. ഉ. ഏതു സംഗതിക്കു പണ്ടുപണ്ടേയുള്ള കാരണം. ന. പരബ്രഹ്മം.

അപേത-വി. ക. നശിച്ച. ഉ. പോയ, ഇല്ലാത്ത. ന. ക്രൂരമായ.

അപേതരാക്ഷസി-തുളസി.

അപേയ-വി. പേയം (കുടിക്കത്തക്കതു്) അല്ലാത്ത.

അപേക്ഷ, അപേക്ഷണം-ക. ആഗ്രഹം. ഉ. ആവശ്യം. ന. കാത്തിരിപ്പു്. ര. യാചന. ഇ. വിചാരം. ണ. ഹർജി.

അപേക്ഷണീയ, അപേക്ഷ്യ, അപേക്ഷിതവ്യ-വി. ക. വിചാരിക്ക

പ്പെടത്തക്ക. ഉ. ആഗ്രഹിക്കപ്പെടത്തക്ക. ന. ആവശ്യപ്പെടത്തക്ക.
അപേക്ഷണീയം> <ഉപേക്ഷണീയം.
'ആയതമയതമപേക്ഷണീയം
ശതംശതംസഖ്മുപേക്ഷണീയം'

അപേക്ഷിത-വി. പ. അപേക്ഷിക്കപ്പെട്ട. ഉ. ആവശ്യപ്പെട്ട. ന. ആഗ്രഹിക്കപ്പെട്ട.

അപേക്ഷി-വി. പ. ആഗ്രഹിക്കുന്ന, അപേക്ഷിക്കുന്ന. ഉ. ആവശ്യപ്പെടുന്ന.

അപോഗണ്ഡൻ-പ. മനുഷ്യന്റെ ഒരു നന്ന അംഗത്തിനെങ്കിലും കുറവുള്ളവൻ. അപകൃഷ്ടനായി മനുഷ്യരാൽ കണക്കാക്കപ്പെടുന്നവൻ എന്നു ശബ്ദാർത്ഥം. ഉ. പത്തുവയസ്സിനുതാഴെ പ്രായമുള്ള കുട്ടി. മേലാസകലം മുഴുത്തുള്ളവൻ അപോഗണ്ഡൻ. ഏതെങ്കിലും ചില അംഗങ്ങൾ അധികമുള്ളവൻ.

അപോടിക-വലിയ വശമുള്ള ചീര.

അപോദ്ധാരം - (വ്യാകരണത്തിൽ) അനേകം ഉപവാക്യങ്ങളെ കൂട്ടിക്കെട്ടിച്ചുമച്ചിരിക്കുന്ന ഒരു പ്രധാന വാക്യത്തെ അഴിച്ചു തരംതിരിക്കുക.

അപോഹം, അപോഹനം-നിശ്ചയിക്കൽ.
[ഊഹാപോഹം (ഊഹം + അപോഹം) ഊഹം = ഒന്നിനെക്കുറിച്ചുള്ള ആലോചന. അപോഹം = ആലോചിക്കപ്പെട്ടതിന്റെ തീരുമാനം.]

അപോഹ്യ, അപോഹനീയ-വി. നിശ്ചയിക്കത്തക്ക.

അപൌരുഷ, അപൌരുഷേയ-വി. പുരുഷത്വമില്ലാത്ത, ഭയ്യക്കുറവുള്ള

അപൌരുഷം-പുരുഷത്വമില്ലായ്മ, ഭയ്യക്കുറവ്.

അപ്പാരിയാമം-ഒരിയന്ത്രം.

അപ്പ്-വെള്ളം.

അപ്പക്കാരൻ-അപ്പം (പലഹാരം) ഉണ്ടാക്കി വിൽക്കുന്നവൻ.

അപ്പക്കാരിക-അപ്പം വാക്കുന്ന ഒരു പാത്രം. ഇതിനു കഴികുടിയുണ്ടായിരിക്കും.

അപ്പക്കാരോൽ-അപ്പം വാക്കുന്ന ഒരു പാത്രം. ഇതിനു കഴികുടിയുണ്ടായിരിക്കും.

അപ്പച്ചി-അമ്മായി.

അപ്പച്ചൻ-പ. ഭർത്താവിന്റെ അപ്പൻ. ഉ. ഭാര്യയുടെ അപ്പൻ. ന. അമ്മായപ്പൻ.

അപ്പടി-അപ്രകാരം.

അപ്പടി-മുഴുവനും.

അപ്പതി-പ. വരുണൻ. അപ്പുകളുടെ(ജലങ്ങളുടെ) പതി (നാഥൻ). ഉ. സമുദ്രം.

അപ്പൻ-പ. പിതാവ് (അച്ഛൻ). ഉ. പിതാവിന്റെ (അച്ഛന്റെ) അനുജൻ.

അപ്പന്മാർ-തെരുവങ്ങാടി, ഉ-ം, ഉടനാടുരത്തപ്പൻ, വൈക്കത്തപ്പൻ ഇത്യാദി.

അപ്പൻവിരൽ-തള്ളവിരൽ.

അപ്പം-പലഹാരം, അരിമാവ്, ശർക്കര മുതലായവ തനിച്ചും വേറെപലതും കൂട്ടിച്ചേർത്തിട്ടും ഉണ്ടാക്കുന്ന തീൻപണ്ടം.
'പൂപോപൂപപീഷ്ടകഃസ്യാൽ' (അമരം)
[പൂപം, അപൂപം, പിഷ്ടകം ന-ം അപ്പത്തിന്റെ പേർ.]

അപ്പാ-അ. ഒരു അത്ഭുതദ്യോതകപദം, ഒരു വ്യാക്ഷേപകം. അസാമാന്യമായ ദുഃഖത്തിലും ആശ്ചര്യത്തിലും സന്തോഷത്തിലും മറ്റും പറയാറുണ്ട്. അപ്പാ, അപ്പപ്പാ, അപ്പടാ, അമ്പാ, അയ്യാ.

അപ്പാടെ-അപ്രകാരം.

അപ്പാട്ട-അപ്രകാരം.

അപ്പാട്ട-അന്തർ, (അങ്ങോട്ടുവീട്).
'അപ്പാടെടവീട്ടിലേകംകൂടിടാവിനെ
കൂട്ടവൻനമ്മുടെടവീട്ടിലുംകൊട്ടിനാൻ'
(കൃഷ്ണലീല തുള്ളൽ)

അപ്പുറൽ-അവിടെ.

'രപരി ടമയറിഞ്ഞനൻമരമേത്താൽ
പോയിതുപലനാറങ്ങായതപ്പാൽ'
(രാമചരിതം)

അപ്പായി-അച്ഛന്റെ അമ്മ.

അപ്പി-പ്ര. മലം. ഉ. കഞ്ഞു, ഒമേന.

അപ്പിത്തം-പ്ര. തീയ്, അഗ്നി. പിത്തം എന്നപോലെ രോഗത്തെ മഹിപ്പിക്കുന്നവൻ എന്നർത്ഥം. ഉ. കൊടുവേലി.

അപ്പു-ഇരുവേലി.

അപ്പുപ്പൻ-അച്ഛന്റെയോ അമ്മയുടേയോ അച്ഛൻ.

അപ്പുറപ്പെട്ടുക-മുതിരുക.

അപ്പുറം-അങ്ങപ്പുറം, മറുപുറം.

അപ്പോഠം-അ. ആ സമയത്തു്, അന്നേരത്തു്.

അപ്പൊഴു്-ആ സമയത്തു്, അപ്പോൾ.
അപ്പൊഴുതമരകിംകരകരക്കിംണ്ടാരതിശ്രുതം
(ഭാഗവതം)

[രപൊഴു-(കാലം) എന്ന ശബ്ദത്തിലേ 'ു' ലോപിക്കുമ്പോൾ 'അപ്പോൾ' 'ഇപ്പോൾ' 'എപ്പോൾ' എന്ന രൂപങ്ങൾ സിദ്ധിക്കുന്നു എന്നു പറഞ്ഞിരിയം.]

അപ്പോലെ-അതുപോലെ, അവ്വണ്ണം.
'അപ്പോരലെസരേരേന്നതുഗന്ധവും'
(ഭാഗവതം)

അപ്രകരണം-പ്ര. സംബന്ധമില്ലാത്ത സംഗതി. ഉ. ഇടയിൽ സംഭവിക്കുന്നതു്. നു. അപ്രധാനമായ സംഗതി, കാര്യം.

അപ്രകാണ്ഡം-പ്ര. തണ്ടില്ലാതേയും ഇലയില്ലാതേയും ഉള്ള വള്ളി. ഉ. കറുത്തവൽ. നു. കറുകുട്ട്, തായ്ത്തടിയില്ലാത്ത കുട്ട്.

അപ്രകാരം-അ. അതിനപ്പുറം, അതുപോലെ, അവ്വണ്ണം.

അപ്രകാശം, അപ്രകാശനം-പ്ര. പ്രകാശം (തെളിവ്) ഇല്ലായ്മ. ഉ. മറഞ്ഞ സ്ഥിതി, രഹസ്യമായ സ്ഥിതി.

അപ്രകൃതാശ്ലിഷ്ടം-മരവക്കാരം. ശ്ലേഷത്താലുണ്ടാകുന്ന രണ്ടർത്ഥങ്ങളും അപ്രകൃതങ്ങളാകുന്നതു്.

അപ്രകൃഷ്ട-വി. നിസ്സാരമായ, ചീത്തയായ നീചമായ.

അപ്രകൃഷ്ടൻ-കാക്ക, കാകൻ.

അപ്രക്ഷിത-വി. നശിക്കാത്ത, ക്ഷയിക്കാത്ത.

അപ്രഗല്ഭ-വി. പ്ര. സാമർത്ഥ്യമില്ലാത്ത ഉ. ഹീനമായ. നു. പ്രസിദ്ധമല്ലാത്ത. ൽ. ധൈര്യമില്ലാത്ത, കരുക്കമില്ലാത്ത.

അപ്രഗല്ഭം-അസമർത്ഥം.

അപ്രഗ്രഹണ-ചിതറിയ, ചിന്നിച്ചിതറിയ

അപ്രഗ്രാഹ-പ്ര. കീഴടക്കമില്ലാത്ത. ഉ. ബന്ധനമില്ലാത്ത. നു. സ്വാതന്ത്ര്യമുള്ള.

അപ്രതാപം-പ്ര. പ്രതാപം (പ്രഭാവം) ഇല്ലായ്മ. ഉ. ചൂടില്ലായ്മ. നു. തേജസ്സില്ലായ്മ. ൽ. മഹത്വമില്ലായ്മ.

അപ്രതി-വി. ശത്രുവില്ലാത്ത, വിരോധിയില്ലാത്ത.

അപ്രതിഗ്രാഹക-കൈക്കൊള്ളാത്ത.

അപ്രതിപക്ഷ-വി. ശത്രുവില്ലാത്ത.

അപ്രതിപത്തി-ഇന്നതു ചെയ്യണമെന്നുള്ള അറിവില്ലായ്മ, ശ്രദ്ധയില്ലായ്മ.

അപ്രതിബന്ധ-വി. തടസ്സമില്ലാത്ത.

അപ്രതിഭ-വി. പ്ര. പ്രതിഭ (ബുദ്ധിവിശേഷം) ഇല്ലാത്ത. ഉ. വിവേകശക്തിയില്ലാത്ത. നു. പ്രതിബിംബിക്കാത്ത.

അപ്രതിഷ്ടൻ-എതിരില്ലാത്ത യോദ്ധാവു്, ഉല്യനില്ലാത്തപടയാളി, യുദ്ധോടൻ.

അപ്രതിമ-വി. ഉപമയില്ലാത്ത, ഉപമിക്കുവാൻ വയ്യാത്ത, മറ്റൊന്നിനോടു സാദൃശപ്പെടുത്താൻ വയ്യാത്ത.

'രപപ്പുമുനീന്ദ്രചപ്പേരമേന്തരകം
അപ്രതിമപ്പുവനേ'
(നളചരിതം കഥകളി)

അപ്രതിയോഗി-പ്രതിയോഗി (എതിരാളി) ഇല്ലാത്തത്, ഏതുകക്ഷിയില്ലാത്ത.

അപ്രതിരഥൻ-പ. എതിരാളിയില്ലാത്തയോദ്ധാവ്. ഉ. മുനി.

അപ്രതിരവ-വി. തടുക്കാൻ ഉടക്കാത്ത.

അപ്രതിഷ്ഠ-വി. പ. പ്രതിഷ്ഠ (ഉറപ്പ്) ഇല്ലാത്ത. ഉ. പ്രയോജനമില്ലാത്ത ന. യശസ്സില്ലാത്ത.

അപ്രതിഹത-വി. നശിക്കപ്പെടാത്ത.

'അപ്രതിഹതമമതന്മാരിൽ'
(അംബരീഷചരിതം കഥകളി)

അപ്രതീക്ഷണം-ഒത്തിരിക്കാത്തത്.

അപ്രതീതം-പ. (കാവ്യത്തിൽ പദരോഷങ്ങളിൽ ഒന്ന്. 'ശാസ്ത്രമാത്രത്തിലല്ലാതെ ലോകത്തിൽ പ്രസിദ്ധികുറഞ്ഞത്' ഉ-ം, 'ഏഴാമടം' ജ്യോതിശ്ശാസ്ത്രത്തിൽ 'മാന്ദ്യം' എന്നർത്ഥം. ഉ. പ്രസിദ്ധി കുറഞ്ഞത്.

അപ്രത്യക്ഷം-വി. ഇന്ദ്രിയങ്ങൾക്കു വിഷയമല്ലാത്തത്, കാണാത്തത്, ഇല്ലാത്തത്. പ്രത്യക്ഷവിരുദ്ധം എന്ന ശബ്ദാർത്ഥം.

അപ്രഥമൻ-പ്രാഥമ്യമില്ലാത്തവൻ, പ്രാധാന്യമില്ലാത്തവൻ, ആദ്യത്തേവനല്ലാത്തവൻ.

അപ്രദിക്ഷിണം - ഇടത്തുനിന്നു വലത്തോട്ട്.

അപ്രധാനൻ-മുഖ്യനല്ലാത്തവൻ.

അപ്രധാനം-പ്രധാനമല്ലാത്തത്.

'അപ്രാഗ്ര്യം ചേയഹീനോഭേ
അപ്രധാനോപസർജ്ജനേ'
(അമരം)

[അപ്രാഗ്ര്യം, അപ്രധാനം, ഉപസർജ്ജനം ന-ം, അപ്രധാനത്തിന്റെ പേർ]

അപ്രമത്തഭാവം-മനസ്സിനതൽ.

'ഇഹചെന്നുമിഹ്മ ഭവനപുസ്തകപ്രമത്തഭാവംകലർന്നധികസുകൃതയന്നബുധ്യേ'
(സുഭാഷിതരത്നകരം)

അപ്രമാണം-പ. കളവ്. ഉ. പ്രമാണം (കാരണം) ഇല്ലാത്തത്. ന. വേദത്തെ സ്വീകരിക്കാതെ സാക്ഷിപ്പെടുത്തുവാൻ വയ്യാത്തത്. ദ. പരിച്ഛേദമില്ലാത്തത്. ഇ. വിശ്വാസം ഇല്ലാത്തത്. ന. ദൃഢതയില്ലാത്തത്. ഒ. നിശ്ചയമില്ലാത്തത്. പ അതിരില്ലായ്മയുള്ളത്. ൻ. തെറ്റായുള്ളത്.

അപ്രമുക്ത-വി. പ. കൈവിടാത്ത, ഉ. വിട്ടയച്ച. ന. അഴിച്ചുവിട്ട.

അപ്രമേയ-വി. പ. പ്രമാണിപ്പാനുള്ളകാരണം ഇല്ലാത്ത. ഉ. അളക്കുന്നതിനതീതമല്ലാത്ത. ന. എണ്ണുന്നതിനതീതമല്ലാത്ത. ദ. ഗ്രഹിച്ചുകൂടാത്ത; നിർണ്ണയിക്കാൻവയ്യാത്ത.

'അപ്രമേയസ്ത്രീപുത്രക്ഷസംവാങ്ങേളം'
(കുചേലവൃത്തം വഞ്ചിപ്പാട്ട്)

അപ്രമോദം-സന്തോഷമില്ലായ്ക.

അപ്രയത്നം-പ്രയത്നമില്ലായ്ക, മാത്രയില്ലായ്ക, മടി.

അപ്രയാസം- ക്ലേപ്പത്തിൽ, പ്രയാസമില്ലാതെ.

അപ്രയുക്തം-പ. പ്രയുക്തമല്ലാത്തത്, പ്രയോഗിക്കാവുന്നത്. ഉ. (കാവ്യത്തിൽ) പദദോഷങ്ങളിൽ ഒന്ന്. തെ കാലത്തു നടപ്പുണ്ടായിരുന്നിട്ടു കാലക്രമേണ ഉപയോഗമില്ലാതെവന്നത്. ഉ-ം, 'വിള്ള്' ഇത്യാദി.

അപ്രയോജനം-വി. പ്രയോജനം (ഉപകാരം) ഇല്ലാത്ത.

അപ്രവക്തവ്യം-പറയത്തക്കതല്ലാത്ത.

അപ്രശസ്യ-വി. പ്രശസ്യം (പ്രശംസിക്കപ്പെട്ടത്) അല്ലാത്ത, കീർത്തിയില്ലാത്ത, നല്ലതല്ലാത്ത.

അപ്രസക്ത-വി. പ. ചേർന്നിരിക്കാത്ത. ഉ. പ്രിയമില്ലാത്ത.

അപ്രസന്ന-വി. പ്രസന്നം (തെളിവ്) ഇല്ലാത്ത, കലങ്ങിയ, പ്രസാദമില്ലാത്ത.

അപ്രസന്നത-തെളിവില്ലായ്മ.

അപ്രസവൻ-സന്തതിയില്ലാത്തവൻ(പ്ര സവം സന്തതി.)

അപ്രസാദം-പ്രസാദം (സന്തോഷം) ഇ ല്ലായ്മ, തെളിവില്ലായ്മ.

അപ്രസൂത-വി. കണ്ഞില്ലാത്ത, മച്ചി യായ.

അപ്രസിദ്ധ- വി. പ്രസിദ്ധമില്ലാത്ത, കേൾവിപ്പെടാത്ത, അപൂർവമായ, പ്ര കർഷേണ സാധിച്ചതല്ലാത്ത.

അപ്രസ്തുത-വി. കാര്യത്തിനോ സമയ ത്തിനോ യോജിക്കാത്ത. ൨. സംബന്ധ മില്ലാത്ത. ൩. നിരർത്ഥകമായ.

അപ്രസ്തുതപ്രശംസ-ഒരലങ്കാരം.

ഇതിന ലക്ഷണം-'അപ്രസ്തുതപ്രശം സാന്യമപ്രസ്തുതമുരയ്ക്കുതാൻ'

(ഭാഷാഭൂഷണം)

'സാരസംവിരിയുന്നനേരത്തെപ്പാത്തുപാത്തു പാരാതെ മധുപാനംചെയ്തിട്ടും മധുപന്മാർ'

(സംഭവം)

ഇവിടെ ദേവയാനിക്ക് ശർമ്മിഷ്ഠനാ പ്രാപ്യമായിരിക്കുന്ന സ്ഥിതിക്ക കാമുക നായ കചന് അവരെ അനുഭവയോഗ്യ യായിരിക്കുന്ന എന്നുള്ള പ്രസ്തുതം വർണ്ണ മായിരിക്കെ, അപ്രസ്തുതമായിരിക്കുന്ന തേനരയുടേയും വണ്ടിന്റേയും കാര്യം പറഞ്ഞിരിക്കയാൽ അപ്രസ്തുത പ്രശംസ എന്ന അലങ്കാരമാകുന്നു.

അപ്രഹത-വി. ൧. ഉപദ്രവിക്കപ്പെടാ ത്ത, അടിക്കപ്പെടാത്ത ൨. കുഴിക്കപ്പെ ട്ടാത്ത.

അപ്രഹതം-ഒരിക്കലും വാഴാത്ത ഭൂമി, തെങ്ങും വാഴാത്ത നിലം, ഒരു കാല ത്തും ഉഴാത്ത ഭൂമി. കലപ്പ മുതലായ തിനാൽ പീഡിക്കപ്പെടാത്തത് എന്ന് അർത്ഥം.

അപ്രാകൃത-വി. പ്രാകൃതമല്ലാത്ത, ഹീന മല്ലാത്ത, മുഖ്യമായ, പ്രത്യേകമായ, വിശേഷമായ, അകാര്യംചെയ്യാത്ത, സ ജ്ജനങ്ങളിൽനിന്നു വേർപിരിയാത്ത.

അപ്രാകാശ്യം-രഹസ്യമായിവയ്ക്കേണ്ട കാര്യങ്ങൾ- ഇവ- ൻ.

'ജന്മർക്ഷംമൈഥുനംമന്ത്രോ ഗൂഹനിദ്രം ച വഞ്ചനം ആയുധാനാപമാനം സ്ത്രീ നപ്രകാശ്യാനിസപ്തമാ'

അപ്രാഗ്ര്യ - വി. പ്രാഗ്ര്യം അല്ലാത്ത, അപ്രധാനമായ.

അപ്രാഗ്ര്യൻ-പ്രധാനനല്ലാത്തവൻ.

അപ്രാപണം-ലഭിക്കായ്ക, കിട്ടായ്ക.

അപ്രാപ്തകാലമൃതി-അകാലമരണം.

അപ്രാപ്തം-കിട്ടാൻ എളുപ്പമല്ലാത്തത്.

അപ്രാമാണിക-വി. ൧. വിശ്വസിക്കു ത്തക്കതല്ലാത്ത ൨. അധികാരമില്ലാത്ത

അപ്രിയ -വി. പ്രിയമല്ലാത്ത, ഇഷ്ടമ ല്ലാത്ത.

'ദുർമ്മുഖേമുഖരാഖ്യേമുഖഃ (അമരം)

[ദുർമ്മുഖൻ, മുഖരൻ, അഖ്യേമുഖൻ ന-ം, അപ്രിയത്തെ പറയുന്നവരുടെ പേർ.]

അപ്രിയവചനം-മുഷിഞ്ഞുപറയുക.

'പാരുഷ്യമതിവാദഃ' (അമരം)

[പാരുഷ്യം, അതിവാദം, ൨-അപ്രി യവചനത്തിന്റെ പേർ.]

അപ്രിയൻ-൧. മുഷിഞ്ഞുപറയുന്നവൻ. ൨. ശത്രു.

അപ്രിയവാദി-ഇഷ്ടക്കേടായി പറയുന്ന വൻ, മുഷിഞ്ഞു പറയുന്നവൻ.

അപ്രിയ-൧ അപ്രിയം പറയുന്നവരും ൨. ഒരു മത്സ്യം (ശുംഗീമത്സ്യം).

അപ്രീതി-൧. പ്രീതി (സന്തോഷം) ഇ ല്ലായ്ക ൨. വിരോധം.

അപ്രേതരാക്ഷസി-തുളസി.

അപ്സരസ്സകം-ഉർവ്വശി മുതലായ ദേ വസ്ത്രീകൾ. അപ്സുകളിൽ (വെള്ളത്തിൽ) നിന്നുണ്ടായവർ, പുണ്യകൃത്തുക്കളാൽ പ്രാ

പിക്കപ്പെട്ടവർ, ദേവന്മാരിൽനിന്നു സർവ്വരേയും തെറിക്കുന്നവർ.

[ഉർവ്വശി മുതലായവർ പാലാഴിമഥനത്തിൽ ഉത്ഭവിച്ചവരാണ്. ഇവർ ദേവസുരന്മാർക്കു പൊതുവേ ഭോഗ്യമാരാകുന്നു. ഇതിനു കാരണം അവർ രണ്ടു കൂട്ടരുടെയും സഹായം സ്വീകരിക്കുന്നതുതന്നെ. യുദ്ധത്തിൽ മൃതന്മാരായി സ്വർഗ്ഗം പ്രാപിക്കുന്ന യോദ്ധാക്കൾക്ക് ഇവരത്രേ ഭാര്യമാർ. കൂടിയിൽ ഇവർക്കു താൽപര്യമുണ്ടാകും. ഇതിനു വിപരീതമായി വല്ലവരും കഠിനതപം ആരംഭിച്ചാൽ ഉടനെ അദ്ദേഹം ഈ സ്ത്രീകളെ അയച്ചു തപോവിഘ്നം വരുത്തും. സുരാംഗനകൾ, സ്വർവേശ്യകൾ, സമുദ്രത്തമ്മമാർ എന്നും ഇവർക്കു പേരുണ്ട്. വിചാരിക്കുന്ന രൂപത്തെ അവലംബിക്കുന്നതിന് ഇവർക്കു ശക്തിയുണ്ട്. ഇന്ദ്രസഭയിലെ പ്രധാന അപ്സരസ്ത്രീകൾ 'ഘൃതാചിമേനകാരംഭാ ഉർവ്വശീ ച തിലോത്തമാ സുകേശീ മഞ്ജുഘോഷാലംബൂഷാ കഥ്യന്തേപ്സരസോ ബുധൈഃ. അപ്സരസ്ത്രീകളിൽ ഉത്തമകൾ ഘൃതാചി, മേനക, രംഭ, തിലോത്തമ, സുകേശി, മഞ്ജുഘോഷ, അലംബൂഷ എന്നിവരാണ്. 'ഉർവ്വശീപൂർവ്വചിത്തിസഹജന്യയും പിന്നെവിശ്വാചിമേനകയും വിശ്വാചി ഘൃതാചിയും അപ്സരസ്ത്രീകളിൽവച്ചിവർകളുടെയത്രേ ഭാഗിനേയിമാരുമാണെന്നു മേനകതാൻ'.] (ഭാരതം)

അപ്സരസ്തീർത്ഥം- അപ്സരസ്സുകൾ കുളിക്കുന്ന ഒരു പരിശുദ്ധമായ തടാകം

അപ്സരസ്പതി-ഇന്ദ്രൻ.

അഫല-വി. ഫലമില്ലാത്ത. ഉ. കായ്ക്കാത്ത. സ. ഉപയോഗമില്ലാത്ത, ർ. കായ്മനിയില്ലാത്ത.

അഫലം-ഫ. ഒരിക്കലും കായ്ക്കാത്തമരം. ഫലമില്ലാത്തത് എന്ന ശബ്ദാർത്ഥം.

അഫല-കാരവേഴ.

അഫൂകം-കടുപ്പ്.

അഫേന-വി. നരയില്ലാത്ത, പതയില്ലാത്ത.

അഫേന(ക)ം-കടുപ്പ്.

അപ്ലവിക്ക-സ്നാനംചെയ്ത.

അപ്ലവ-വി. ഫ. കപ്പൽഇല്ലാത്ത, ഉ. നീന്താത്ത.

അബന്ധ്യ-വി. ബന്ധ്യം (ബന്ധിക്കത്തക്കതു്) അല്ലാത്ത.

അബല-വി. ഫ. കെട്ടഴപ്പടാത്ത, ഉ. സ്വാതന്ത്ര്യമുള്ള,

അബലം-ഫ. അർത്ഥമില്ലാത്തവാക്ക്. മനസ്സുബന്ധിക്കപ്പെടാത്തത്, കേൾക്കുന്നവന്റെ മനസ്സ് ഇതിൽ ബന്ധിക്കുന്നില്ല എന്നർത്ഥം. ഉ. തെറ്റ്, മോക്ഷംപോക. സ. കെട്ടഴപ്പടാത്തത്.

'അബലംസ്യാദനർത്ഥകം' (അമരം)

[അബലം, അനർത്ഥകം ഉ-ം, അർത്ഥമില്ലാത്ത വാക്കിന്റെ പേർ. അബല്യം എന്നും പാഠാന്തരം കാണുന്നുണ്ട്]

അബലമുഖൻ-അപ്രിയത്തെ പറയുന്നവൻ, മുഖത്തെ അടക്കാത്തവൻ എന്നർത്ഥം.

അബല്യം-അർത്ഥമില്ലാത്ത വാക്ക്. അബലം.

അബല-വി. ബലം (ശക്തി) ഇല്ലാത്ത.

അബല-സ്ത്രീ. ബലംകുറഞ്ഞവൾ എന്നർത്ഥം.

അബലം-ഫ. ബലമില്ലാത്തത്. ഉ. നീർമാതളം. സ. യവം.

അബാധാ-ഫ. ബാധ (തടവ്) ഇല്ലായ്മ. ഉ. ഉപദ്രവമില്ലായ്മ.

അബാധിത-വി. ബാധിതം (ബാധിക്കപ്പെട്ടതു്) അല്ലാത്ത, തടുക്കപ്പെട്ടതല്ലാത്ത.

അബോധവേള-അല്പരാത്രി.

അബ്ജൻ-ഫ. ചന്ദ്രൻ. വെള്ളത്തിൽ ഉണ്ടായവൻ എന്ന വ്യുൽപത്തി. ഉ. ദേവരൈവദ്യനായ ധന്വന്തരി.

അബ്ജകർണ്ണിക, അബ്ജകേസരം -താമരയല്ലി.

അബ്ജജൻ-ബ്രഹ്മാവ്. അബ്ജത്തിൽ (താമരയിൽ) ജനിച്ചവൻ. അബ്ജശബ്ദത്തോടു ജ, ഭവൻ, യോനി ഇത്യാദി ചേരുമ്പോലെ ചേർന്നാൽ ബ്രഹ്മാവ് എന്നർത്ഥം.

അബ്ജനയനൻ-താമരക്കണ്ണൻ, താമരയുടേ ഇതൾപോലെ നീണ്ടകണ്ണുള്ളവൻ. അബ്ജശബ്ദത്തോടു ദൃക്, ലോചന, നയന, നേത്ര, അക്ഷ ഇത്യാദി ചേർന്നാൽ താമരപോലെ കണ്ണുള്ള എന്നർത്ഥം.

അബ്ജബാന്ധവൻ-സൂര്യൻ; താമരബന്ധുവായുള്ളവൻ.

അബ്ജഭോഗം-പ. താമരക്കിഴങ്ങ്. ഉ. കവളി.

അബ്ജം-പ. ശംഖ്. ഉ. താമര. സ. കപ്പൂരം. ഭ. നീർക്കടയ്. ഇ. വെള്ളത്തിൽ ആമ്പൽ. ന. പത്ത്,ലക്ഷം,കോടി എന്ന സംഖ്യ.

അബ്ജവാഹനൻ-ശിവൻ. ചന്ദ്രനെ വഹിക്കുന്നവൻ എന്നർത്ഥം.

അബ്ജയോനി-ബ്രഹ്മാവ്, താമരയിൽ നിന്നു ജനിച്ചവൻ.

'ശങ്കരപ്രിയശോഭനമബ്ജയോനി
പ്രണയിനിയാകിയദേവിവാണിതന്നെ'
(ശ്രീകൃഷ്ണചരിതം)

അബ്ജസംഭവൻ-ബ്രഹ്മാവ് (താമരയിൽനിന്നുണ്ടായവൻ)

അബ്ജസ്ഥിതൻ-ബ്രഹ്മാവ്.

അബ്ജഹസ്തൻ-സൂര്യൻ. കൈയിൽ താമരയേന്തുന്നവൻ എന്നർത്ഥം.

അബ്ജിനി-താമരപ്പൂവു്.

അബ്ജിനീപതി-സൂര്യൻ.

അബ്ജൻ-പ. ജലമുണ്ടാക്കുന്നവൻ. ഉ. മേഘം. കടൽ.

'അബ്ജൻകമ്പസുപാർശമഹോദരൻ
തുംബുരോധിപ്രഭംബവിശങ്കൻ'
(ഭാരതമർമ്മം പുള്ളിക്കൽ)

അബ്ദം-പ. മേഘം. ഉ. വത്സരം. സ. മുത്തങ്ങ. ഭ. ഒരു പർവ്വതത്തിന്റെപേർ.

അബ്ദവാഹനൻ-പ. ഇന്ദ്രൻ. ഉ. ശിവൻ.

അബ്ദസാരം-കപ്പൂരം.

അബ്ധി-പ. സമുദ്രം. ജലത്തിന്റെ ഇരിപ്പിടം, വെള്ളത്തെ ധരിക്കുന്നതു് എന്നു വ്യുൽപത്തി. ഉ. കളം. സ. കയർ.

അബ്ധികഫം-കടൽനുരയ്ക്ക് (കടൽനുര) സമുദ്രത്തിന്റെ കഫംപോലെയുള്ളതു് എന്നർത്ഥം.

അബ്ധിജ-വി. സമുദ്രത്തിൽനിന്നുണ്ടായതു്.

അബ്ധിജ-പ. ലക്ഷ്മീദേവി. ഉ. മദ്യം.

അബ്ധിജൻ-ചന്ദ്രൻ.

അബ്ധിജന്മാർ-അശ്വനീപുത്രന്മാർ, ദേവന്മാർ.

അബ്ധിജാതൻ- ചന്ദ്രൻ, സമുദ്രത്തിൽനിന്നു ജനിച്ചവൻ.

അബ്ധിജം-ശംഖ്, ചിപ്പി.

അബ്ധിഡണ്ഡീരം-കടൽനുരയ്ക്ക്, കടൽനുര.

അബ്ധിനഗരി-ദ്വാരക.

അബ്ധിനവനീത(ക)ം-ചന്ദ്രൻ.

അബ്ധിദ്വീപ-ഭൂമി, ദ്വീപം.

അബ്ധിനന്ദിനി - മഹാലക്ഷ്മി (സമുദ്രരാജന്റെ മകൾ)

അബ്ധിപല്ലവം-പവിഴം.

അബ്ധിഫേനം-കടൽനുര, കടൽനുരയ്ക്ക്

അബ്ധിഭവ - വി. സമുദ്രത്തിൽ നിന്നുണ്ടായതു്.

അബ്ധിമണ്ഡൂകി-മുള്ളൻചിപ്പി.

അബ്ധിമേഖല-ഭൂമി. അബ്ധി (സമുദ്രം) ആകുന്നമേഖല (ഉടഞ്ഞാൺ) പോലുള്ളതു്. വെള്ളംകൊണ്ടു ചുറ്റപ്പെട്ടിരിക്കുന്നതു് എന്നു താൽപര്യം.

അബ്ധിശയനൻ-വിഷ്ണു.

അബ്ധിസാരം-ഒരു രത്നം.

അഖ്യംഗി – ബഡവാംഗി, സമുദ്രാംഗി.

അഖ്യംബുവികൃതി – സമുദ്രജലത്തിന്റെ വികാരം, വേലിയേറ്റം.

അബ്രഹ്മണ്യം – ബ്രാഹ്മണാദികളാൽ ചെയ്യപ്പെടുന്ന മോക്ഷോപായത്തിൽ ബ്രാഹ്മണന് ഇഷ്ടമല്ലാത്തത് എന്നർത്ഥം.

അബ്രാഹ്മണൻ – കണ്ടാൽ ബ്രാഹ്മണനെപ്പോലെ തോന്നും, എന്നാൽ ബ്രാഹ്മണനല്ലാതാനും.

അബ്രാ ! – (വ്യാകരണത്തിൽ) പ്രധാനവ്യാക്ഷേപങ്ങളിൽ ഒന്ന്. അത്ഭുതം, ദുഃഖം, സന്തോഷം എന്നിവയുണ്ടാകുമ്പോൾ പറയുന്നത്. അപ്പാ എന്നതു നോക്കുക.

അഭഗ – വി. ഭാഗ്യംകെട്ട.

അഭംഗം – പ്ര. നാശമില്ലായ്മ. ഉ. തടവില്ലായ്മ. ന. തിരമാലയില്ലായ്ക. ശ. ശ്ലേഷാലങ്കാരത്തിന്റെ ഒരു പിരിവ്.

അഭംഗുര – വി. നാശമില്ലാത്ത.

'തിങ്ങിയിണങ്ങിയഭംഗുരഭംഗിവിളങ്ങി'
(നളചരിതം കഥകളി)

അഭയം – പ്ര. ശരണം.

'ശ്രീമതിവസുദേവനേവമപ്പോ
ളായതിനന്നവണങ്ങിനിന്നുചൊന്നാൻ'
(ശ്രീകൃഷ്ണചരിതം)

ഉ. പേടിയില്ലായ്ക, ധൈര്യം. ന. രാമച്ചത്തിന്റെ വേർ. വ്യാധിഭയം കളയുന്നതുകൊണ്ട് ഈ പേർവന്നു.

അഭയ – പ്ര. കടുക്ക. ഭയത്തെ കളയുന്നതു് എന്നർത്ഥം. ഉ. ഉഴിഞ്ഞയുടെ ഒരു ശ്ലോകം

അഭയാരിഷ്ടം – ഒരു മരുന്ന്. ഇതു മൂലരോഗ, ശോധനക്കുറവ് ഇവകൾക്കു നന്ന്.

അഭയാലവണം – (ഒരു ലവണം) ഇതു മരുന്നു ദീപനക്ഷയം, പ്ലീഹാരോഗം ഇവയ്ക്കു നന്ന്.

അഭയാഷ്ടകാഥം – ഇതു മരുന്നു കാസത്തിനു പ്രധാനം.

അഭയാഹാ – കണവീരം (ഏന്നൊരുപക്ഷം).

അഭയൻ – പ്ര. ഭയമുള്ളവൻ. ഉ. കൈരവത്തിൽ (ആറാപേരിൽ) ഒരുവൻ.

അഭാഗ – വി. ഭാഗ്യമില്ലാത്ത, പങ്കുകിട്ടിട്ടില്ലാത്ത.

അഭാഗ്യം – വി. ഭാഗ്യം (ദൈവാനുകൂലം) ഇല്ലാത്ത.

അഭാവം – പ്ര. ഇല്ലായ്മയുള്ള അവസ്ഥ, ഇല്ലായ്മ. ഉ. മരണം. ന. നാശം. നാശമെന്നതു ഭാവനാശം എന്ന അഭാവമാകുന്നു. ഇതിന്റെ പൂർവ്വപ്രാഗഭാവവും അത്യന്താഭാവവും അന്യോന്യാഭാവവുമുണ്ട്. അതുകളും അഭാവപദത്തിന്റെ അർത്ഥമാകുന്നു. ശ. ശ്ലോകാർത്ഥത്തിന് അലങ്കാരശാസ്ത്രമനുസരിച്ചുള്ള സാരമോ ഗം ഇല്ലായ്ക.

അഭാവന – ധ്യാനം ഇല്ലായ്ക.

അഭാഷിത്വം – പ്ര. സംസാരിക്കാതിരിക്ക, മിണ്ടാതിരിക്ക. ഉ. വ്രതങ്ങളും നിമിത്തമായി മിണ്ടാതിരിക്ക.

അഭാസ്വരൻ – ശോഭയേറ്റുകൂടാത്തവൻ.

അഭി – അ. ഏറ്റവും, നേരെ, വേറെ, മീതെ, അടുക്കൽ.

അഭികാ – വി. സ്ത്രീ തുടങ്ങിയുള്ള കാമ്യവസ്തുക്കളെ കാമിക്കുന്ന.

അഭികാൻ – പ്ര. ഭർത്താവ്. ഉ. കാന്തൻ. സ്ത്രീ തുടങ്ങിയുള്ള കാമ്യവസ്തുക്കളെ കാമിക്കുന്നവൻ.

അഭികുന്ദ – അലച്ചിൽ, വലുതായ ക്ഷീണം.

അഭികൃതി – ഛന്ദസ്സുകളിൽ ഒന്ന്, പാദം ഒന്നിനു ഏഴ് അക്ഷരംവീതം കാണും.

അഭിക്രമം – പ്ര. ശത്രുക്കളുടെ നേരെ ചെന്നുപ്പെടാതെ പുറപ്പെടുക. അഭിമുഖമായുള്ള ഗമനം എന്നു ശബ്ദാർത്ഥം. ഉ. കോകം.

അഭിക്രോശം – പ്ര. കരച്ചിൽ. ഉ. ശകാരം.

അഭിഖ്യ-പ്ര. സാമാന്യശബ്ദം. പുഴലവും പ്രസിദ്ധമെന്നു കാണപ്പെടുന്നതു് എന്നർത്ഥം. ഉ. പേർ. ന. യശസ്സ്. ര. മഹത്വം.

'അഭിഖ്യാനാമശോഭയേത്' (അമരം)

[അഭിഖ്യാ-പുഴലവും പ്രസിദ്ധപ്പെട്ടതു്. ഇതു് പേരിന്റെയും ശോഭയുടെയും പേർ].

'ചിന്തിച്ചുവിധാമെജനിച്ചുലർശനൻ
നാരായണാഭിധ്യയം'
(ശ്രീരുദ്രശേഖരംജയിജയം)

അഭിഖ്യാതം-വി. കീർത്തിപ്പെട്ട.

അഭിഖ്യാനം-ഇല്ലാത്തതോക്കെത്തു ചൂണ്ടിപ്പറക. ഇല്ലാത്തതിനെ ഉണ്ടാക്കിപ്പറക എന്നു ശബ്ദാർത്ഥം, കാരണംകൂടാതെയുള്ള ചോദ്യം (വഴക്ക്).

അഭിഗമനം-നേരെ വരുക, നേരെ ചെല്ലുക, അടുക്കൽ ചെല്ലുക.

അഭിഗമ്യ-സമീപത്തു ചെല്ലുവാൻ തക്ക, നേരെ ചെല്ലുവാൻ തക്ക.

അഭിഗരം-സ്തുതി.

അഭിഗർജ്ജനം-കഠിനമായ അലർച്ച (അമരകം).

അഭിഗുപ്തി-സംരക്ഷിക്കുക

അഭിഗുപ്ത-വി. പ്ര. വിഴുങ്ങപ്പെട്ട. ഉ. കീഴിലാക്കപ്പെട്ട. ന. പിടിക്കപ്പെട്ട.

അഭിഗ്രഹം-പ്ര പോരിനുവിളി. ഗ്രഹ എന്നു ധാതുവിനു ശബ്ദാർത്ഥം. ഉ. നല്ല വസ്തു പറഞ്ഞുതടവുചെയ്യൽ.

അഭിഗ്രാഹ്യം-പ്ര. നേരിട്ടു പൊത്തിപ്പിടിക്കുക, അഭിമുഖമായ ഗ്രഹണം എന്നു ശബ്ദാർത്ഥം. ഉ. മോഷണം.

അഭിഘട്ടനം-ഉരസ്സുക.

അഭിഘാതി പ്ര ഒ. അഭിഹനിക്കുന്നവൻ എന്നർത്ഥം. ഉ. കൊല്ലുന്നവൻ. ന. ഉപദ്രവിക്കുന്നവൻ.

അഭിഘാതം-അടിയ്ക്കുക, അടി.

നിത്യം ചാപല്ലനാഭിഘാതകഠിനി'
(അഭിജ്ഞാനശാകുന്തളം)

[ഇവിടെ ചാപല്ലനാഭിഘാതം എന്നതിനു ഞാണടി എന്നർത്ഥം.]

അഭിഘാതശോഫം-കൈ രോഗം. മുറിയുക, വീണുമുറിക, ചതവുപറ്റുക, ശീതക്കാറേറൽക്കുക, കടൽക്കാറേൽക്കുക, ചേരിൽവാലു് നായ്ക്കുരണയുടെ മേൽ ഇവ മേലിൽ തട്ടുക ഇത്യാദി ഹേതുക്കൾ കൊണ്ടുണ്ടാകുന്ന ശോഫം. വിസ്പഷ്ടം, തീവ്രമായ ചൂടു്, ചെമപ്പുനിറം ഇത്യാദി ലക്ഷണം.

അഭിഘ്നാരം-ഉരക്കിയ പശുവിൻനെയ്യു്.

അഭിചരകർമ്മം-മന്ത്രം, അഭിചാരം.

അഭിചരൻ-സഹായിക്കുന്നവൻ, പിന്നാലെ നടക്കുന്നവൻ, ഭൃത്യൻ. അഭി (ചുറ്റിലും) ചരൻ (ശമിക്കുന്നവൻ)

അഭിചാരം-മന്ത്രികമായ മാരണാദികർമ്മം, മറ്റൊരുത്തനെ കൊല്ലുന്നതിനായി ചെയ്യുന്ന ഹോമം ജപം മന്ത്രം മുതലായവ.

'ഹിംസാകർമ്മാഭിചാരസ്യാൽ' (അമരം)

[ഹിംസാകർമ്മം, അഭിചാരം ഉ-ം, പയ്യ് തങ്ങൾ.]

അഭിചാരിണി-ക്ഷുദ്രപ്രവൃത്തി ചെയ്യുന്നവൾ.

അഭിജനം-പ്ര. വംശം. ഇടവിടാതെ ഉരുവിടുന്നു, ഇതിന്നഭിമുഖമായിജനങ്ങൾ ജനിക്കുന്നു എന്നർത്ഥം. ഉ. ജന്മഭൂമി (ജനിച്ചനാടു്). ന. വംശമുദ്ധരിച്ചവൻ. ര. കീർത്തി. ള. ജ്ഞാനം. ഴ. ഒരുമ എന്നർത്ഥം. ം. ഒരുമാഗ്യം. വ. ഭാഗ്യശാലിയായ. ൻ. കുലം ഹ.

'ഇക്ഷ്വാകുരിതിനാകോവ
കുലമിഹകുലഖ്യാതയശോജനനാമിതി
ഭാഗ്യൽകർഷേചസമാഗ്യേ
ജ്ഞാനസമുദ്ധ്യയാരഫി'
(ശബ്ദവ്യൂഹതരംഗിണി)

അഭിജന്മത്വം – അഭിജന്മാവിന്റെ ഭാവം, ആഭിജാത്യം.

അഭിജയം–പൂർണ്ണജയം.

അഭിജാത–വി. നല്ലകുലത്തിൽ ജനിച്ച. പ. വിദ്വാനായ. സ. യോഗ്യതയുള്ള. ഭ. ഭംഗിയുള്ള.

അഭിജാതൻ–പ. നല്ലകുലത്തിങ്കൽ ജനിച്ചവൻ, നല്ല തറവാട്ടിലുള്ളവൻ. നല്ല ജനനത്തോടുകൂടിയവൻ എന്നർത്ഥം. പ. വിദ്വാൻ.

അഭിജിത്ത്–വി. പ. പൂർണ്ണജയമുള്ള. പ. നക്ഷത്രക്കൂട്ടത്തിൽ ജനിച്ച.

അഭിജിത്ത്–പ. വിഷ്ണു. പ. ഒരു യംശം. സ. ഒരു നക്ഷത്രത്തിന്റെ പേർ. ഭ. ഒരു ദിവസത്തിന്റെ എട്ടാമത്തെ മുഹൂർത്തം, ശ്രാദ്ധത്തിനുപയുക്തമായ മദ്ധ്യാഹ്നം. ഇ. യാത്രയ്ക്ക് കൊള്ളാവുന്ന ഒരു ലഗ്നത്തിന്റെ പേർ.

അഭിജിഹ്വിക–നവനീതം.

അഭിജ്ഞ–വി. പ. സാമർത്ഥ്യമുള്ള. പ. എല്ലാം അറിയുന്ന.

അഭിജ്ഞൻ–സമർത്ഥൻ. എല്ലാം അറിയുന്നവൻ എന്ന ശബ്ദാർത്ഥം.

അഭിജ്ഞത–സമർത്ഥത.

അഭിജ്ഞാതൻ– വിദ്വാൻ, എല്ലാമറിഞ്ഞവൻ.

അഭിജ്ഞാനശാകുന്തളം–കാളിദാസൻ എഴുതിയ അതിപ്രസിദ്ധിയുള്ള ഒരു നാടകം. ഇതിനെ മഹാമഹിമശ്രീ കേരളവർമ്മവലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട് മലയാളത്തിലാക്കിയിട്ടുണ്ട്.

[ശ്രീമഹാഭാരതം ആദിപർവ്വത്തിനുള്ളിലുള്ള സംഭവം എന്ന അവാന്തരപർവ്വത്തിൽ നൂറു മുതൽ ഒമ്പതു വരെയുള്ള ഒമ്പതദ്ധ്യായങ്ങളിൽ വിവരിക്കപ്പെട്ട ശകുന്തളോപാഖ്യാനമാകുന്നു അഭിജ്ഞാനശാകുന്തളത്തിലെ കഥാവസ്തു. കഥാസംഗ്രഹം—പണ്ടു ചന്ദ്രവംശത്തിൽ അതിധാർമ്മികനായി ദുഷ്മന്തൻ എന്നൊരു രാജാവുണ്ടായിരുന്നു. അദ്ദേഹം ഒരിക്കൽ നായാട്ടിനു പോയപ്പോൾ കണ്വമഹർഷിയുടെ ആശ്രമം കാണുകയുണ്ടായി. മഹർഷിയെ അന്വേഷിച്ച് അകത്തു കടന്നപ്പോൾ രൂപവതിയായ ഒരു മുനികന്യക വന്നു ആതിഥ്യം ചെയ്തു. തന്റെ അച്ഛനായ കണ്വൻ ഫലാഹരണത്തിനായി വെളിയിൽ പോയിരിക്കുന്നു എന്നറിയിച്ചു. അവിടെ അവർ തമ്മിൽ ഉണ്ടായ സംഭാഷണത്താൽ പരസ്പരം അനുരാഗം വർദ്ധിച്ചു. ശകുന്തള തന്റെ ഉൽപത്തിയെ ദുഷ്മന്തനെ സവിശേഷം കേൾപ്പിച്ചു. അനന്തരം അവിടെവച്ച് അവർതമ്മിൽ ഗാന്ധർവ്വവിവാഹം നടന്നു. കുറച്ചുകാലം ആശ്രമത്തിൽ താമസിച്ചു. പിന്നെ രാജാവു നഗരത്തിലേക്കു പോയി. ശകുന്തള ഗർഭം ധരിച്ചു. മടങ്ങിവന്ന കണ്വമഹർഷി കഥയെല്ലാം ദിവ്യചക്ഷുസ്സുകൊണ്ടറിഞ്ഞു. ശകുന്തള ആശ്രമത്തിൽ തന്നെ പ്രസവിച്ചു. കുഞ്ഞിനു 'സർവ്വദമനൻ' എന്ന പേർ കല്പിച്ചു. കുമാരനു യൗവ്വരാജ്യാഭിഷേകത്തിനു പ്രായമായപ്പോൾ കണ്വൻ ശിഷ്യരെ ഏർപ്പെടുത്തിച്ചു പുത്രനോടുകൂടി ശകുന്തളയെ നാട്ടിലേക്കയച്ചു. രാജാവ് ശകുന്തളയെ നിരാകരിച്ചു. ശകുന്തള മടങ്ങുന്നതിനു ഭാവിച്ചു. അപ്പോൾ അശരീരിവാക്കുണ്ടായി. അനന്തരം മഹാരാജാവു ശകുന്തളയെ സ്വീകരിച്ച് പട്ടമഹിഷിയാക്കി അഭിഷേകം ചെയ്തു. ഇങ്ങിനെയാണ് മൂലഗ്രന്ഥകഥാസംഗ്രഹം. ദുർവ്വാസശ്ശാപം, അംഗുലീയവൃത്താന്തം, സർവ്വദമനൻ ഇവയൊന്നും നാടകകർത്താവു വിശേഷാൽ ചേർത്തിട്ടുണ്ട്.]

അഭിജ്ഞാനം–അടയാളം. പ. അറിവ്.

അഭിജ്ഞാപക–വി. അറിയിക്കുന്ന.

അഭിതപിക്ക–വ്യസനിക്ക.

അഭിതപ്ത-വി. ഏറ്റവും ചൂടുള്ള, വളരെ വ്യസനിച്ച.

അഭിതരൻ-സഹായക്കാരൻ.

അഭിതഃ അ. ക്ര. അടുക്കെ, സമീപം. ഉ. ഇരുഭാഗങ്ങളിൽ. ന. ചൊടുന്നനവെ. ഭ. എല്ലാ ദേശങ്ങളിൽ. ഇ മുഖത്തിനു നേരെയുള്ള ഭാഗത്തിൽ.

അഭിതാമ്ര-വി, വളരെ ചെമന്ന.

അഭിധ-ക്ര. പേർ. ഉ. (ശബ്ദാർത്ഥപ്രകരണത്തിൽ) "ഒരു വാചകശബ്ദം തന്റെ അർത്ഥത്തെ പ്രതിപാദിക്കുന്നതിൽ ചെയ്യുന്ന വ്യാപാരം അഭിധ". അഭിധ മൂന്നുവിധം. വൃദ്ധി, യൗഗം, യൗഗരൂഢി.

അഭിധാധ്യാസി-വി. ഒരുവന്റെ പേരിനെ കരുതുന്ന.

അഭിധർമ്മം-ബുദ്ധമത സിദ്ധാന്തമനുസരിച്ചുള്ള അതൃൽകൃഷ്ടമായ സത്യം.

അഭിധാനകം-ശബ്ദം.

അഭിധാനകോശം-നിഘണ്ടു.

അഭിധാനചിന്താമണി- ഹേമചന്ദ്രൻ ഉണ്ടാക്കിയ ഒരു പ്രസിദ്ധനിഘണ്ടു.

അഭിധാനമാല-ഒരു നിഘണ്ടു.

അഭിധാനരത്നമാല - ഹലായുധന്റെ ഒരു നിഘണ്ടു.

അഭിധാനം-നാമം (പേർ) ധരിക്കപ്പെട്ടതാണ്.

അഭിധാവകൻ-ക്ര. പിറകെ ഓടുന്നവൻ. ഉ. ഒരുകയേറ്റം ചെയ്യുന്നവൻ.

അഭിധായ-പറഞ്ഞിട്ട്.

അഭിധാവനം-ക്ര. പിന്നാലെയുള്ളോട്ടം. ഉ. ഒരുകയേറ്റം.

അഭിധേയ-വി. പറയത്തക്ക, പേരിടത്തക്ക.

അഭിധേയം-ക്ര. പേർ. ഉ. പദാർത്ഥം, വസ്തു. ന. അർത്ഥമുള്ള വാക്ക്.

അഭിന്യാ-അന്യരെ വ്യക്തികരുതുള്ള ഇഷ്ടം പിടിച്ചുപറ്റുവാനുള്ളവിചാരം എന്നർത്ഥം.

അഭിന്യാനം-മനസ്സുകൊണ്ടുള്ള ആരാധന.

അഭിനന്ദദ-സന്തോഷം, അനുഗ്രഹം.

അഭിനന്ദനം-ക്ര. സന്തോഷം, ഉ. പ്രോത്സാഹിപ്പിക്കൽ.

അഭിനമിക്ക-നമസ്കരിക്ക.

അഭിനയം-അടുക്കൽ. മനോഭിപ്രായത്തെ കൈമുദ്രമുതലായവകൊണ്ടു പുറത്തു കാണിച്ചു മനസ്സിലാക്കിക്കൊടുക്കുക.

'വ്യഞ്ജകാഭിനയൗ' (അമരം)

[വ്യഞ്ജകം, അഭിനയം ഇവ ഉ-ം, പര്യായങ്ങളാം. അഭിനയം രണ്ടു വിധം. ക്ര. ആംഗികം. ഉ. സാത്വികം. ഇവ ഉ-ം, ക്രമത്തിൽ പുരികം മുതലായ അംഗങ്ങളാംകൊണ്ടു അനുഭവിക്കുന്നക്രിയകൾക്കും സത്വത്താൽ ഉണ്ടാക്കപ്പെട്ട സ്വേദരോമാഞ്ചാദികൾക്കും ഉള്ള പേരാകുന്നു. ഭ്രൂലതവിക്ഷേപാദിക്രിയകളും ആംഗികങ്ങളും എന്നും, സ്തംഭം, പ്രളയം, രോമാഞ്ചം, സ്വേദം, വൈവർണ്യം, വേപഥു, അശ്രു, വൈസ്വര്യം ഇവ എട്ടും സാത്വികങ്ങളും എന്നും അറിയുക]

അഭിനയചതുഷ്ടയം-ആംഗികം, സാത്വികം, വാചികം, ആഹാര്യകം ഈ നാലും നാട്യത്തിൽ അടങ്ങിയവ.

അഭിനവ-വി. പുതിയ

അഭിനവപയസ്സ്-ക്ര. നിൽക്കലരുകം. ഉ. പുതിയ പാൽ.

അഭിനവം-പുതിയതു, പുറമേ പ്രശംസിക്കപ്പെടുന്നതു എന്ന ശബ്ദാർത്ഥം.

'പതിരതിലേഖാംവിലോകയതേതിനവം'

(അമരുശതകം)

അഭിനവോദ്ഗീതൻ-വിണ്ടിൽനിന്നും പുതിയ ദേഹം. അഭിനവം = പുതിയതു. ഉത്തു = പൊങ്ങിപ്പുറപ്പെടുന്നതുണ്ടാകുന്നതു. ഭൂമിയിൽനിന്നുണ്ടാകുന്ന ദേഹം, ശുക്ല

അഭിനിധാനം-ഇടുക, ചെയ്യുക.

അഭിനിയുക്ത-വി. ഭോഗിയിൽ നിയോഗിക്കപ്പെട്ട.

അഭിനിയോഗം-പ്ര. കല്പന. ഉ. മഹോത്സാഹം, ദൃഢത.

അഭിനിമ്മുക്ത-വി. ഉപേക്ഷിക്കപ്പെട്ട, തള്ളപ്പെട്ട.

അഭിനിമ്മുക്തൻ-പ്ര. തള്ളപ്പെട്ടവൻ. ഉ. സൂര്യൻ അസ്തമിക്കുന്നസമയം ഉറങ്ങുന്നവൻ, രാവെകുന്നേരത്തെ സന്ധ്യാവന്ദനത്തെ ഉപേക്ഷിച്ചവൻ എന്നർത്ഥം.

അഭിനിയ്യാണം-യാത്ര, പുറപ്പാട്. (എല്ലാവിധ യാത്രയ്ക്കും പറയാം).

അഭിനിവേശ(ന)ം-പ്ര. അഭിപ്രായം. ഉ. കാര്യസാദ്ധ്യത്തിനുള്ള താൽപര്യം. ന. ക്ഷണിക്കൽ.

അഭിനിവേശിക്ക-പ്ര. ദൃഢതരചെയ്യുക. ഉ. ക്ഷണിക്കുന്നതിനുണ്ടാക്കുക, പ്രവേശിക്കുക.

അഭിനിഷ്ക്രമണം-പുറത്തിയിൽ പോവുക.

അഭിനീത-വി. പ്ര. യുക്തമായിട്ടുള്ള. ഉ. ഏറ്റവും അലങ്കരിക്കപ്പെട്ട. ന. ക്ഷമയോടുകൂടിയ. ദ. സമീപത്തു കൊണ്ടുവന്ന.

അഭിനീതം-പ്ര. ന്യായമായി കിട്ടുന്നത്. ഉ. യുക്തം. ന. ന്യായത്തോടുകൂടിയത്. കാര്യങ്ങളെ സാധിപ്പിക്കുന്നത് എന്ന ശബ്ദാർത്ഥം.

അഭിനീതൻ-പ്ര. യോഗ്യനായിട്ടുള്ളവൻ ഉ. ക്ഷമയോടുകൂടിയവൻ.

അഭിനുത-വി. സ്തുതിക്കപ്പെട്ട.

അഭിനേതാവ്-പ്ര. കാര്യം നടത്തുന്നവൻ. ഉ. അഭിനയക്കാരൻ.

അഭിനേത്രി-പ്ര. കാര്യം നടത്തുന്നവൾ. ഉ. അഭിനയക്കാരി.

അഭിന്യാസം-തെറ്റായ സന്നിപാതം ജ്വരം.

ഈ സന്നിപാതത്തിൽ മുഖത്തിനു മിനുമിനുപ്പ്, നിദ്രാഭംഗം, നിശ്ചേഷ്ടത, കഴുത്തുവേദന, ബലക്ഷയം, ശ്വാസകോശങ്ങൾക്ക് തടവ് ഇവയുണ്ടാകും. ഇതു കാലനാകുന്നു.

അഭിന്നം-വി. പ്ര. ഭിന്നം (ഖണ്ഡിക്കപ്പെട്ടതു) അല്ലാത്ത. ഉ. വ്യത്യാസം വന്നിട്ടില്ലാത്ത.

അഭിപന്നൻ-പ്ര. അപരാധമുള്ളവൻ. ഉ. ആപത്തിൽ അകപ്പെട്ടവൻ. ന. ശത്രുവിനാൽ ആക്രമിക്കപ്പെട്ടവൻ. അഭിപതിച്ചവൻ എന്നു ശബ്ദാർത്ഥം.

അഭിപൂർവ്വം-അം. തുടരെ.

അഭിപൂരണം-നിറക്കുക.

അഭിപ്രതപ്ത-വി വളരെ ചൂടുപിടിച്ച, വേദനനിമിത്തം ക്ഷീണിച്ച.

അഭിപ്രായം-മനസ്സിലിരിപ്പ്, അവനവനുടെ മനസ്സിൽ തോന്നിയതു്. എല്ലാവർക്കും തൃപ്തിവരുത്തുക എന്നു ശബ്ദാർത്ഥം. 'അഭിപ്രായശ്ചന്ദആശയഃ' (അമരം)

[അഭിപ്രായം, ഛന്ദസ്സ്, ആശയം ന-ം, അഭിപ്രായത്തിന്റെ പേർ.]

അഭിപ്രീതി-സന്തോഷം.

അഭിപ്രേത-വി. പ്ര. ആഗ്രഹിക്കപ്പെട്ട. ഉ. വിചാരിക്കപ്പെട്ട. ന. യത്നിക്കപ്പെട്ടം.

അഭിപ്രേക്ഷണം-കണ്ണിപ്പ (കണ്ണിക്കുക).

അഭിപ്ലവം-പ്ര. മഹത്വം. ഉ. തോഷി. ന. അവമാനം.

അഭിബുദ്ധി-ജ്ഞാനേന്ദ്രിയങ്ങൾ. കണ്ണ്, മൂക്ക്, ചെവി, നാക്ക്, തൊലി.

അഭിഭവം-പ്ര. അവമാനം. ഉ. തോഷി.

അഭിഭാ-ശോഭ, കാന്തി.

അഭിഭാഗം-ഹാനി, തടസ്സം, മുടക്കം.

അഭിഭാര-വി. വളരെ ഭാരമുള്ള.

അഭിഭൂത-വി. പ്ര. പരിഭവിക്കപ്പെട്ട. ഉ. കീഴാക്കപ്പെട്ട, തോല്പിക്കപ്പെട്ട.

അഭിഭൂതൻ-പരിഭവിക്കപ്പെട്ടവൻ. അഭിഭവിക്കപ്പെട്ടവൻ എന്നു ശബ്ദാർത്ഥം.

(പരിഭവിക്കപ്പെട്ടവൻ എന്നാൽ അന്യ നാൽ അഹങ്കാരം ഇല്ലാതാക്കപ്പെട്ടവൻ എന്നർത്ഥം.)

അഭിഭൂതി-പ്ര. നിന്ദ, അവമാനം, ഉ. മേൽവിചാരം, ന. ജയം.

അഭിമത-വി. പ്ര. സമ്മതിക്കപ്പെട്ട, ഉ. അഭിപ്രായപ്പെട്ട, ന. ആഗ്രഹിക്കപ്പെട്ട.

അഭിമതം-പ്ര. സമ്മതം. ഉ. ആഗ്രഹം, ഇഷ്ടം.

'അവനിവിടിരുന്നതെന്നപോലെയേഇപ്പോഴും അഭിമതമല്ലവനെസഹായം'

(നളചരിതം കഥകളി)

അഭിമത-സഖി.

അഭിമതൻ-സ്നേഹമുള്ളവൻ, പ്രിയൻ.

അഭിമന്ത്രണം-പ്ര. ക്ഷണിക്കൽ, വിളിക്കൽ, ഉ. ആലോചന. ന. വശീകരണം. ര. മന്ത്രംചൊല്ലുക.

അഭിമന്ത്രിത-വി. പ്ര. ക്ഷണിക്കപ്പെട്ട, വിളിക്കപ്പെട്ട ഉ. ആലോചന ചെയ്യപ്പെട്ട. ന. വശീകരിക്കപ്പെട്ട ര. മന്ത്രം ചൊല്ലപ്പെട്ട.

അഭിമന്യു-അർജ്ജുനനു സുഭദ്രയിൽ ജനിച്ചവൻ, ശ്രീകൃഷ്ണന്റെ അനന്തരവൻ

[അഭിമന്യു അത്യസുന്ദരനും ധീരനുമാണ്. ജനനത്തിൽതന്നെ പരംക്രമശാലിയായും മീഢ്വാംഭാവായും അഗ്നിസദൃശനായും കരുതപ്പെട്ടു. അതിനാൽ അഭിമന്യു എന്നുപേർനൽകി വിരാടരാജ്ഞിയുടെ പുത്രിയായ ഉത്തരയും, ശ്വേതരാജന്റെ പുത്രിയായ വത്സലയും തന്റെ ഭാര്യമാരാകുന്നു. ദുര്യോധനന്റെ മകനായ ലക്ഷ്മണനെ അഭിമന്യുവാണ് വധിക്കുന്നത്. കൗരവന്മാർ അഭിമന്യുവിനെ പദ്മവ്യൂഹ (ചക്രവ്യൂഹ) ത്തിൽ അകപ്പെടുത്തി വഞ്ചിച്ചു വധിച്ചു. അഭിമന്യുവിന് സൗഭദ്രൻ എന്നും പേരുണ്ട്. കർണ്ണൻ, കൃപർ, ദ്രോണർ, അശ്വത്ഥാമാവ്, കൃതവർമ്മാവ്, ബൃഹദ്ബലൻ ഇങ്ങിനെ ആറു മഹാരഥന്മാർ ക്രൂരമായാണ് അഭിമന്യുവിനെ പതിനാറു ദിവസം കൊന്നത്. അക്കാലം ഉത്തരയ്ക്ക് ഗർഭമുണ്ടായിരുന്നു. അനന്തരം ഉത്തര പ്രസവിച്ചു, പുത്രനെ പരീക്ഷിത്ത് എന്നു നാമകരണം ചെയ്തു. ഇദ്ദേഹം ഹസ്തിനപുരിയിൽ രാജാവായി.]

അഭിമരം-പ്ര. യുദ്ധം. ഉ. കൊല. ന. സ്വന്തകക്ഷിയിലോ ആളിലോ നിന്നുണ്ടാകുന്ന ആപത്ത്. ര. വിലങ്ങ്, ചങ്ങല, ബന്ധനം.

അഭിമരൻ-ആന, കടുവ മുതലായവയോട് എതിർത്തു ശണ്ഠകൂടുന്നവൻ.

അഭിമർദ്ദ(ന)ം-പ്ര. യുദ്ധം. ഉ. അടി ന. ഞെരുക്കൽ, പീഡ.

അഭിമർശ(ന)ം, അഭിമർഷ(ണ)ം-പ്ര. സ്പർശനം, തൊടൽ ഉ. ക്ഷമയുറ്റതു, അതിക്രമം. ന. സംയോഗം ര. ശോധനം.

അഭിമാതി-ശത്രു. പ്രതിപക്ഷത്തെ അറിയുന്നവൻ എന്നു ശബ്ദാർത്ഥം.

അഭിമാതൃൻ-ശത്രു.

അഭിമാരി-മഹാരി, മയക്കം.

അഭിമാനം-പ്ര. ഗർവ്വം. തനിക്കു വളരെ അവസ്ഥയുണ്ട് എന്നുള്ള ഭാവം, ധനാദികളാലുണ്ടായ ഗർവ്വ്, താൻ എന്നോട് എന്നു തുടങ്ങിയ വിചാരം, എല്ലാവരും തന്നെ പൂജിക്കണം എന്നുള്ള വിചാരം.

'ഗർവ്വോഭിമാനോഹങ്കാരഃ' (അമ.)

[ഗർവ്വം, അഭിമാനം, അഹങ്കാരം ന-ം, ഗർവ്വത്തിന്റെ പേർ.]

ഉ. അഭിജ്ഞാനം (അഭിജ്ഞാനം). ന. പ്രശ്നം. ര. ഹിംസ മറ്റുള്ളവരെ കെടുക്കുന്നു എന്ന ശബ്ദാർത്ഥം.

അഭിമാനി-ക്ര. അഭിമാനമുള്ളവൻ ക. തനിക്ക ബഹുമാനമുണ്ടെന്നു താൻതന്നെ വിചാരിക്കുന്നവൻ.

അഭിമാനിക്ക-അഹങ്കരിക്ക, അഭിമാനം കളയുക.

അഭിമാനിത-ക്ര. അഹംബുദ്ധി, അഹംഭാവം. ക. സ്നേഹം.

അഭിമുഖ-മുഖത്തിനുനേരെ ചെല്ലുക.

അഭിമുഖത-അനുകൂലത, മുഖത്തിനുനേരെ തിരിയുള്ളതു്.

അഭിമുഖം-അ എതിരേ, നേരിട്ട്.

അഭിമുഖീകരിക്ക-മുമ്പുചെല്ലുക, നേരെചെല്ലുക, നേരേമുഖത്തോട്ടുകൂടിയതാക്കിചെയ്ക, മുൻഭാഗത്താവുക.

അഭിമോദം-സന്തോഷം.

അഭിയാതി-ക്ര. ശത്രു. ക. സവ്യവൈരി

അഭിയുക്ത-വി. തക്ക, ശരിയായ, അഭിയോഗിക്കപ്പെട്ട.

അഭിയുക്തന്മാർ-യോഗ്യന്മാർ.

'അഭിയുക്തന്മാർകശലന്മാരെന്നിവനാലും' (ഭാഗവതം)

അഭിയോഗം-ക്ര. പോരിനായിക്കെ, ഞള്ളുവിദ്യ, ചുറ്റംക്രട്ടുക എന്നു ശബ്ദാർത്ഥം. ക. നല്ലവണ്ണം പറഞ്ഞു തടവു ചെയ്ക. ന. അത്ഭുതപ്പെട്ടുചോദിക്കുക.

അഭിയോഗി-വി. ക്ര. പോക്കുവിദ്യക്കാരൻ. ക. എതിർക്കുന്ന, കയ്യേറുന്ന.

അഭിയോഗി-ക്ര. പോക്കുവിദ്യക്കാരൻ. ക. വാദി (അന്യായക്കാരൻ.)

അഭിയോക്താവു-യുദ്ധസന്നദ്ധൻ, എതിരാളി, എതിർകക്ഷി.

അഭിരതം-അനന്ദം, സന്തോഷം.

അഭിരാമ-വി. മനോഹരമായ, രസഭരമുള്ള, രംഗിയുള്ള.

അഭിരാമത-മനോഹരത്വം.

അഭിരാമം-മനോഹരം, മനസ്സിനെ സന്തോഷിപ്പിക്കുന്നതു്.

അഭിരാമനി സുന്ദരമിശ്രൻ എഴുതിയ ഒരു നാടകം. (കഥാവസ്തു-രാമായണം)

അഭിരുചി-ക്ര. ആഗ്രഹം. ക. താൽപര്യം.

'മാധവൻകഥാമൃതംതന്നിലുള്ളഭിരുചി-
ചേതസികാഞ്ഞീടിലേതുമേഹലമില്ല'
(ഭാഗവതം)

അഭിരുചിതം-ഇഷ്ടം.

അഭിരുചിതൻ-പ്രിയൻ, ഇഷ്ടൻ.

അഭിരുച്യം-ക്ര. ഏറ്റവും മനോഹരം. ക. ഏറ്റവും സ്വാദുള്ളതു്.

അഭിരുതം-കരച്ചൽ, ശബ്ദം.

അഭിരൂപൻ-ക്ര. വിഷ്ണു. ക. സുന്ദരൻ. അഭിലക്ഷ്യമായ രൂപത്തോടുകൂടിയവൻ എന്നു ശബ്ദാർത്ഥം. ന. ശിവൻ. ര. വിഷ്ണു. ങ. കാമൻ. ന. ചന്ദ്രൻ.

അഭിരൂപം-മനോഹരമായിട്ടുള്ളതു്.

അഭിലഷിത-വി. ആഗ്രഹിക്കപ്പെട്ട.

അഭിലഷിതം-അഭിലാഷം.

'നരപതേ! വേദേഭിലഷിതമെന്നാൽ
സാധിതപ്രായമിദം'
(നളചരിതം കഥകളി)

അഭിലാവം-വാക്ക്.

അഭിലാവം-കൊയ്തുള്ളു (നെല്ലു മുതലായവ കൊയ്ക) ചേദിക്കുക എന്നു ശബ്ദാർത്ഥം.

അഭിലാഷം-ഇച്ഛ, വഴിപോലെ ആഗ്രഹിക്കുക. ചുഴലവും പ്രകാശിക്കുക എന്നു ശബ്ദാർത്ഥം.

'അഭിലാഷംകൊണ്ടുതന്നെഗ്രഹണമോക്ഷംവേ
(നളചരിതം കഥകളി) [ണ്ടുതുല്ല

'.....ഥ മോഹനം
ഇച്ഛാകാംക്ഷാസ്പൃഹാഹർഷ തൃഡ്
വാഞ്ഛാഭിലിപ്സാ മനോരഥം
കാമോഭിലാഷസ്സ്യാൽക്ഷശ്ച' (അമരം)

[മോഹനം, ഇച്ഛാ, കാംക്ഷ, സ്പൃഹ, ഹർഷ, തൃഡ്, വാഞ്ഛ, ലിപ്സാ, മനോരഥം, കാമം, അഭിലാഷം, തർഷം,

ക്രമം, ഇച്ഛയുടെ പേർ. ഈ ഇച്ഛ അത്യന്തം വർദ്ധിച്ചാൽ അതിനെ 'ലാലസ' എന്നും, അഭിലാഷമുള്ളതിനിക്ക് 'രാഗം, മോഹമെന്നി' എന്നും അഭിലാഷാധിക്യത്തിനെ 'ആശ' എന്നും പേർ.]

അഭിലാഷുക-വി. ആശയുള്ള (അഭിലാഷാധിക്യമുള്ള).

അഭിലിഖിതം, അഭിലേഖനം-എഴുത്ത്.

അഭിവന്ദനം-നമസ്കാരം, തൊഴുക.

അഭിവന്ദിത-വി. നമസ്കരിക്കപ്പെട്ട.

അഭിവന്ദ്യ-വി. നമസ്കരിക്കത്തക്ക. അ. നമസ്കരിച്ചിട്ട്.

അഭിലൂതാ-രോമമതിരി ചിലന്തി.

അഭിവയസ്സ്-വളരെപ്രായമുള്ള, പ്രായമേറിയ.

അഭിവാഞ്ഛ-ആഗ്രഹം, മോഹം.

അഭിവാഞ്ഛിക്ക - ആഗ്രഹിക്ക, മോഹിക്ക.

അഭിവാഞ്ഛിത-വി. ആഗ്രഹിക്കപ്പെട്ട മോഹിക്കപ്പെട്ട.

അഭിവാദകൻ-വന്ദനശീലമുള്ള.

അഭിവാദകൻ-വന്ദനശീലൻ, അഭിവാദ്യംചെയ്യുന്നവൻ എന്നർത്ഥം.

അഭിവാദനം-പ. അഭിവാദ്യംചെയ്യുക. വന്ദിക്കപ്പെട്ടവൻ അഹ്നമാരായ്യുതക്കന്മാർ മുതലായവരുടെ മുമ്പിൽ ചെന്നതന്റെ പേരും കുലവും പറഞ്ഞു കാൽപിടിക്കുന്നതിനു അഭിവാദ്യം എന്നു പേർ. ക, ദ്രവ്യം, ദക്ഷിണ.

അഭിവാദ്യ-വി. വന്ദിക്കപ്പെടത്തക്ക.

അഭിവാദ്യം - വന്ദനം. (അഭിവാദനം നോക്കുക).

അഭിവാസം, അഭിവാസനം-പ. മൂടുക. ക. മൂടുക.

അഭിവൃദ്ധി-വർദ്ധന, നന്മ, സമൃദ്ധി, ഭാഗ്യം.

അഭിവ്യക്തത-വളരെ സ്പഷ്ടത (തെളിവ്)

അഭിവ്യക്തം-നല്ലസ്പഷ്ടം. (തെളിവ്)

അഭിവ്യഞ്ജനം-പ്രകാശിപ്പിക്കൽ, അറിയിക്കൽ.

അഭിവ്യഞ്ജിപ്പിക്ക- പ്രകാശിപ്പിക്ക, അറിയിക്ക.

അഭിവ്യാഹാരം-പ്രതിധ്വനി.

അഭിവ്യാപ്ത-വി. വ്യാപിക്കപ്പെട്ട, പരക്കപ്പെട്ട.

അഭിവ്യാപ്തി-എല്ലാ പ്രദേശത്തിങ്കലുമുള്ള വ്യാപനം.

അഭിശംസനം - അപവാദം, അവമാനം, മറിവാക്ക്, അധിക്ഷേപം.

അഭിശസ്തൻ-പ. ലോകാപവാദത്താൽ ദൂഷിതനായവൻ. ക. മൈഥുനം നിമിത്തമായി നിന്ദിക്കപ്പെട്ടവൻ. അഭിശം (ചുറകം) വാക്കുകൊണ്ടു ഹിംസിക്കപ്പെട്ടവൻ എന്നു ശബ്ദാർത്ഥം.

'ആക്ഷാരിതഃക്ഷാരിതോഭിശസ്തേ'
(അമരം)

[ആക്ഷാരിതൻ, ക്ഷാരിതൻ, അഭിശസ്തൻ തു-ം, പര്യായം.]

അഭിശസ്ത-വി. ഉപദ്രവം ചെയ്യപ്പെട്ട, ഏൽക്കപ്പെട്ട, അധിക്ഷേപിക്കപ്പെട്ട.

അഭിശസ്തി-പ. യാചന (യാചിക്കുക.) അഭിമുഖമായി സ്തുതിക്കുക (യാചിക്കുക) എന്നു ശബ്ദാർത്ഥം. 'അഭിക്ഷസ്തി' എന്നു പാഠാന്തരം. ക. നിർബ്ബന്ധമായി യാചിക്കുക. ന. അപവാദം, അധിക്ഷേപം. ഭ. ഭാഗ്യക്കേട്.

അഭിശാപം, അഭിശാപനം-പ. ഇല്ലാത്തദോഷത്തെ ഉണ്ടാക്കിപ്പറക. ഉണ്ടാക്കിച്ചു ശപിക്കുക എന്നു ശബ്ദാർത്ഥം.

'.....അഥമിഥ്യാഭിശംസനം
അഭിശാപഃ' (അമരം)

[മിഥ്യാഭിശംസനം, അഭിശാപം ചെ-ം, 'നീ മോഷ്ടിച്ചു' എന്നും മറ്റും ഇല്ലാത്തദോഷത്തെ ഉണ്ടാക്കിപ്പറയുന്നതിന്റെ പേർ.]

ക. ദുഷ്പേര്, കരട്ട, നാണ, അപവാദം. ന. ഉപദ്രവം.

അഭിശാപജ്വരം-ശാപോച്ചാരണം നിമിത്തമുണ്ടായ പനി.

അഭിശാപനം-ശാപോച്ചാരണം.

അഭിഷംഗം (അഭിസംഗം)-ക്ര. ശാപം. ക. തിരസ്കാരം. ചുറവും പാറവുന്നത് എന്ന ശബ്ദാർത്ഥം. ന. ചേർച്ച ര. പിശാചും മറവും ഉപദ്രവിക്കുക. ള. സത്യം. ന. ആലിംഗനം. ഒ. പരിഹാസം, നിന്ദ, അപമാനിക്കുക. വ. ചെട്ടനുണ്ടായ. ഇളക്കം അല്ലെങ്കിൽ ദുഃഖം. ൻ. അത്യാസക്തി.

അഭിഷംഗജ്വരം-പിശാചു ബാധിക്കുകൊണ്ടുണ്ടാകുന്ന പനി.

അഭിഷവം-ക്ര. സോമവള്ളി ഇടിച്ചുപിഴിയുന്ന ക്രിയ (സോമാഭിഷവം.) ക. യജ്ഞാന്തസ്നാനം. ന. രാക്ക കാച്ചുക (മദ്യസന്ധാനം). ആണ, മുള, കരിയ് മുതലായവയിൽ നിന്നു ബാഷ്പകരൂപം കൊണ്ടു ചമച്ച മദ്യം. ര. കാടി. ള. അഭിഷേകം, കളി.

അഭിഷസ്തി-യാചന, 'അഭിശസ്തി' നോക്കുക.

അഭിഷിക്ത-വി. അഭിഷേകം ചെയ്യപ്പെട്ട, നനയ്ക്കപ്പെട്ട.

അഭിഷുതം-കാടി. കഞ്ഞിപ്പിഴിഞ്ഞതു എന്ന ശബ്ദാർത്ഥം.

അഭിഷേകം-ക്ര. എണ്ണതേച്ചായവ തലയിൽ ഒഴിക്കുക. ക. രാജാവാകുന്നതിനു ചെയ്യുന്ന ഒരു ക്രിയ.

അഭിഷേചനം-അഭിഷേകം.

'ഉത്തരമഭിഷേചനംമേഗ്രത്തമനകാരണ്യം സകലസാധകമെന്നു'

(നിവാതകവചവധം കഥകളി)

അഭിഷേണനം-ക്ര. സൈന്യസമേതം ശത്രുവിന്റെ എതിരേചെല്ലുക. സേനയെ നിച്ചു് അഭിമുഖമായി ചെല്ലുക എന്നർത്ഥം. ക. ആക്രമണം.

അഭിഷ്ടവം-സ്തുതി.

അഭിഷ്ടുത-സ്തുതിക്കപ്പെട്ട.

അഭിഷ്യന്ദ-വി. ഒലിക്കുന്ന (ഒഴുകുന്ന)

അഭിഷ്യന്ദം-ഒരു നേത്രരോഗം.

വാതം, പിത്തം, കഫം, രക്തം ഇവ ഓരോന്നും ഹേതുവായിട്ടു് ഈ രോഗം ര വിധം ഉണ്ടാകും. ദുസ്സഹമായ വേദന കാണും. പ്രായേണ എല്ലാ നേത്രരോഗങ്ങളേയും ഉണ്ടാക്കും.

അഭിഷ്യന്ദി-വി. ക്ര. ഒലിക്കുന്ന, ഒഴുകുന്ന. ക. വയറിളക്കുന്ന.

അഭിഷ്യന്ദിരമണം-ഉപഗ്രാമം, ശാഖാനഗരം.

അഭിഷ്വംഗം-ക്ര. സ്പർശനം, സംഘടനം. ക. അനുരാഗം, സ്നേഹം.

അഭിസന്താപം-ക്ര. യുദ്ധം. ക. ചൂട്. ന. വ്യസനം.

അഭിസന്ധി(കി)ൻ-ചതിയൻ.

അഭിസന്ധാനം-ക്ര. ചേർച്ച. ക. ചതി. ന. സമാധാനം ഉണ്ടാക്കുക.

അഭിസംപ്രായം-വർത്തമാനം.

അഭിസംപാതം-യുദ്ധം, പോര്. ശത്രുക്കൾക്ക് അഭിമുഖമായി ശമിക്കുക. നേരിട്ടു ചാടിവീഴുക എന്നു ശബ്ദാർത്ഥം.

അഭിസംബോധനംചെയ്യുക-നേരെ നോക്കി വിളിക്കുക

അഭിസംവൃത-മൂടിയ, വസ്ത്രംധരിച്ച.

അഭിസംശ്രയം-രക്ഷാസ്ഥലം, അഭയസ്ഥലം.

അഭിസംസ്കാരം-പ. വിചാരം, അഭിപ്രായം. ഉ. ലാഭമില്ലാത്ത പ്രവൃത്തി.

അഭിസംസ്തവം-വലിയ സ്തുതി.

അഭിസമവായം-ചേർച്ച.

അഭിസരൻ-സഹായി, പുറകേ സഞ്ചരിക്കുന്നവൻ എന്ന ശബ്ദാർത്ഥം.

അഭിസരണം-എതിരേ ചെല്ലുക.

'പ്രസഭമഭിസരന്നിതരേണ്യനന്ദീ'

(ഭക്ഷയംഗാ നഥകളി)

അഭിസാരണം-ഒരു പ്രിയനോട് ചേരുവാനായി പോവുക.

അഭിസാരം-പ. ചെന്നുചേരുന്നതിനായി പോവുക (ഒരു പ്രിയനോടെന്നപോലെ). ഉ. അന്ധകാരമുള്ളവർ മുറപ്പകാരം കൂടുന്ന സ്ഥലം (സംകേതം). ന. ഏതിക്കുക. ര. യുദ്ധം. ഋ. ശക്തി. ൠ. ഒരായുധം. ഌ. മീൻ.

അഭിസാരൻ-സഹായക്കാരൻ, ക്രമേണടക്കുന്നവൻ.

അഭിസാരിക-പുരുഷനെ അമന്വഷിച്ചു കൊണ്ടുവരുന്നവൾ, നേരിട്ടുചെല്ലുന്നവൾ എന്നർത്ഥം.

അഭിസാരികാലക്ഷണം—

'അഭിസംഭയതേകാന്തായാമന്മഥവശംവദാ
സ്വയംവാഭിസരത്യേഷാധീരൈരുക്താഭിസാരികാ'

(സാഹിത്യദർപ്പണം) [സാരികം'

[കാമദേവനെ കീഴ്പ്പെട്ട് ഏവമൊരു കാന്തനെ കൊണ്ടുവരുന്നതിനായി അവളുടെ സ്ഥലത്തേക്ക് ചെല്ലുകയോ, താൻതന്നെ കൊണ്ടുവരുന്നതിനായി അവളുടെ സ്ഥലത്തേക്ക് ചെല്ലുകയോ ചെയ്യുന്ന അവളാണ് 'അഭിസാരിക' ഉ-ം, തമ്മിൽ വളരെ അന്തരമില്ല വേണ്ടുന്നടുത്തുള്ള പൂങ്കാവുകളിലും മറ്റും കാന്തനെ വരുത്തുകയായിരിക്കാം ഒന്നാമത്തേത്. രണ്ടാമത്തേതു പ്രസ്തുതത്തിലുള്ള അഭിസാരികയാകുന്നു.]

അഭിസാരികകളുടെ ഭേദങ്ങൾ:-

'സംചീനാസേഷുശാത്രേഷു
മൂകീകൃതവിലക്ഷണാ
അവഗുണ്ഠനസംവീത
കലജാഭിസരേദ്യദി
വിചിത്രൈരാജ്ജ്വലവേഷാ ഉ
രണന്യൂപുരകങ്കണാ
പ്രമോദാസ്മരവദനാ
സ്വയമേഷ്യാഭിസരേദ്യദി
മദസ്ഖലിതസല്ലാപാ
വിഭ്രമൽപുല്ലലോചനാ
ആവിലഗതിസഞ്ചാരാ
സ്യാൽപ്രേഷ്യാഭിസരേദ്യദി'

[കുലസ്ത്രീയാണെങ്കിൽ അവൾ അവയവങ്ങളെല്ലാം ഒതുക്കിയും ആഭരണങ്ങളുടെ ഒച്ച കേൾപ്പിക്കാതെയും വസ്ത്രം പൂമാല കരിക്കുട്ട മുതലായവകൊണ്ടു ദേഹം മറച്ചും അഭിസരിക്കണം. ഒരു വേശ്യ ആകിൽ വിവിധം ശോഭിക്കുന്ന വേഷത്തോടും ഒച്ച പുറപ്പെടുവിക്കുന്ന കാൽചിലമ്പു വള മുതലായ ആഭരണങ്ങളോടും സന്തോഷിച്ചും ചിരിച്ചും അഭിസരിക്കണം. ഒരു ദാസിയാണെങ്കിൽ മദംകൊണ്ടു സ്ഖലിതമായ വാക്കുകളോടും വിലാസഹേതുവായിട്ടു വിടർന്ന കണ്ണുകളോടും തട്ടിത്തടഞ്ഞഗതിയോടും കൂടിയവളായി അഭിസരിക്കണം.]

അഭിസരണസ്ഥാനങ്ങൾ:-

'ക്ഷേത്രംവാടീഗൃഹോദ്യാനം
ലായാദ്യതീർത്ഥഗമനം
മാലാപണ്യശ്മശാനാന്ത
നദ്യാദീനംതടീതഥാ
ഏവംകുലാഭിസരണാം
പുംശ്ചലീനാംവിനോദനം
സ്ഥാനാന്യുദ്ദിഷ്ടവത്സ്വാധ്യാന്തേ
ക്ലൃപ്തേകരുചിരാശ്രയേ'

ക. കൃഷിത്തൊട്ടങ്ങൾ, വയലുകൾ. ഖ. പൂങ്കാവുകൾ. ന. ജീർണ്ണമായ ദേവാലയം. ഘ. ദുരിതമനുഭവിക്കുന്ന ഭവനം. ങ. വനം. ച. വഴിയമ്പലം. ഛ. ചുടുകാട്. ജ. നദി മുതലായവയുടെ കര ഇവ ഏട്ടുമാത്രം അഭിക്രീഡാസ്ഥാനങ്ങൾ. ഇതും നിറഞ്ഞ ഗൃഹ മുതലായ സ്ഥലങ്ങളും ഇവക്ക് യോഗ്യസ്ഥലങ്ങളാകുന്നു.]

അഭിസർഗ്ഗം-സൃഷ്ടി.

അഭിസഞ്ജനം-ക. മനം. ഖ. കൊല.

അഭിഹത-വി, ക. അടിക്കപ്പെട്ട. ഖ. കീഴടക്കപ്പെട്ട. ന. ഹനിക്കപ്പെട്ട. ഘ. തടയപ്പെട്ട.

അഭിഹനനം-ക. കൊല. ഖ. ഉപദ്രവം, നാശം.

അഭിഹരണം, അഭിഹാരം-ക. നേരിട്ടു ചെന്നുപിടിക്കുക. അഭിമുഖ്യേന യുള്ള ഹരണം എന്നു ശബ്ദാർത്ഥം. (അഭിഗ്രഹണം നോക്കുക). ഖ. മോഷണം. ന. നേരെ രചനാക്രമിക്കുക. ഘ. കവചബന്ധനം മുതലായത്.

അഭിഹാസം-ഉല്ലാസം, നേരമ്പോക്ക്, കളിയാക്കൽ.

അഭിഹിത-വി, പറയപ്പെട്ട.

'വിതതംഗഗനം,ക്ഷിതിതലമപിഹിതം
മഹിഹിതമപിഹിതവചനംനതുണ്ണത'

(നളചരിതം കഥകളി)

അഭിഹൂതി-ക. വിളി. ഖ. ഉപാസന, ആരാധനം.

അഭീക-വി. കാമശീലമുള്ള.

അഭീകൻ-ക. കാമുകൻ. അഭികാമിക്കുന്നവൻ എന്നു ശബ്ദാർത്ഥം. ഖ. നല്ല സൂര്യവംശരാജാവ്. ന. സ്ത്രീ തുടങ്ങിയുള്ള കാമവസ്തുക്കളെ കാമിക്കുന്നവൻ. ഘ. നല്ല കയ്യി.

അഭീക്ഷ്ണം-അ. ക. പിന്നെയും പിന്നെയും. ഖ. എല്ലായ്പോഴും.

അഭീത-വി. ഭയമില്ലാത്ത.

അഭീതി-ഭയമില്ലായ്മ.

അഭീപ്സിത-വി. ആഗ്രഹിക്കപ്പെട്ട.

അഭീപ്സിതം-ഇഷ്ടമായത്. പിന്നെയും പിന്നെയും പ്രാപിക്കാനിച്ഛിക്കപ്പെടുന്നത് എന്നു ശബ്ദാർത്ഥം.

അഭീരുപല്ലി-ഇടയന്മാരുടെ വാസസ്ഥലം (അഭീരുപല്ലി എന്നാണ് അധികംകാണുന്നത്). അഭിരുപല്ലി എന്നും പാഠമുണ്ട്.

അഭീമൻ-ക. ഭയങ്കരനല്ലാത്തവൻ. ഖ. വിഷ്ണു.

അഭീരൻ-പശുപാലൻ (ഇടയൻ). (അഭീരശബ്ദമാണ് അധികം നടപ്പ്.)

അഭീര-കുമിഴ്.

അഭീരി-അഭീരജനങ്ങളുടെ ഭാഷ.

അഭീരു-വി. ഭീരുവല്ലാത്ത, ഭയമില്ലാത്ത.

അഭീരു-ക. ശതാവരി. ഉറപ്പുള്ള മുള്ളും ഇലകളുമുള്ളതുകൊണ്ട് ഭയമില്ലാത്തത് എന്നു ശബ്ദാർത്ഥം. ഖ. ശിവൻ. ന. യുദ്ധാങ്കണം.

അഭീരുപത്രി-ശതാവരി. ഉറപ്പുള്ള ഇലകളും മുള്ളുള്ളത് എന്നു ശബ്ദാർത്ഥം.

അഭീവൃത-വി. മൂടിയ, ചുറ്റിയ.

അഭീശു, അഭീഷു-ക. കടിഞ്ഞാൺ. ഖ. രശ്മി. അഭിഗമിക്കുന്നത്, അഭിഗമിപ്പിക്കുന്നത് എന്നു ശബ്ദാർത്ഥം.

'അഭീഷുഃ പ്രഗ്രഹേ രശ്മൗ' (അമരം)

അഭീഷ്ടംഗാ-ശാപം. അഭിമുഖമായി ശാപം ഏൽപ്പിക്കുക എന്നു ശബ്ദാർത്ഥം.

അഭീഷ്ട-പ്രിയപ്പെട്ട, ആഗ്രഹിക്കപ്പെട്ട.

അഭീഷ്ടം-ക. ഇഷ്ടമായത്. എല്ലാടവും ഇഷ്ടപ്പെടുന്നത് എന്നു ശബ്ദാർത്ഥം. ഖ. മനോഗതം.

'അഭീഷ്ടേപ്സിതം ഹൃദ്യം
മനോജ്ഞം വല്ലഭം പ്രിയം'

[അഭീഷ്ടം, അഭീപ്സിതം, ഹൃദ്യം മനോജ്ഞം, വല്ലഭം, പ്രിയം നാ., ഇഷ്ടമായതിന്റെ പേർ.]

ന. ഉണ്ണി, ഒരുമനം. ര. മയിലെള്ള്.

അഭീഷ്ടം-ന. പ്രിയമുള്ളസ്ത്രീ, പഠിപ്പിക്കുന്നസ്ത്രീ. പ. അരേണുകം.

അഭുക്തപൂർവ്വം-മുമ്പിൽ ഉണ്ടായിട്ടില്ലാത്തത്

അഭുക്താത്മകം-പഞ്ചഭൂതസംബന്ധമല്ലാത്തത്.

അഭുക്തി-ഭാഗ്യഹീനം.

അഭൂവ്-വിഷ്ണു. ജനനമില്ലാത്തവനെന്നർത്ഥം.

അഭേദ-വി. ഭേദമില്ലാത്ത, വ്യത്യാസമില്ലാത്ത, തുല്യമായ.

അഭേദ്യ-വി. ഭേദ്യം (ഭേദിക്കുവാൻ തക്കത്) അല്ലാത്ത.

അഭേദ്യം-ന. ഭേദ്യമല്ലാത്തത്. പ. വജ്രം

അഭോഗം-അനുഭവമില്ലായ്ക.

അഭോജനം-ഭക്ഷണം ഇല്ലായ്ക, ഉപവാസം.

അഭോജ്യ-വി. ഭോജ്യം (ഭുജിക്കുവാൻ തക്കത്) അല്ലാത്ത.

അഭൌതിക-വി. ഭൌതികം (ഭൂതസംബന്ധം) അല്ലാത്ത, മനസ്സോടുചേർന്ന.

അഭൌമം-ഭൂസംബന്ധമല്ലാത്തത്.

അഭ്യകുതൻ-എണ്ണതേച്ചവൻ.

അഭ്യഗ-വി. അടുത്ത, സമീപമുള്ള.

അഭ്യഗ -സമീപം. അഭിമുഖമായ അഗ്രത്തോടുകൂടിയത് എന്ന ശബ്ദാർത്ഥം.

അഭ്യംഗം-എണ്ണ, എണ്ണതേപ്പ്.

അഭ്യംഗസ്നാനം-എണ്ണതേച്ചുകുളി.

അഭ്യന്തരം-രണ്ടു വസ്തുക്കളുടെ ഇടയിലുള്ള സ്ഥലം, രണ്ടു മിക്കഭാഗങ്ങളുടെ ഇടയിലുള്ള പ്രദേശത്തിന്റെ പേർ. അവകാശം (ഇട) മുതലായ എന്ന ശബ്ദാർത്ഥം.

അഭ്യന്തര-വി. ഉള്ളിലുള്ള.

അഭ്യന്തരകൻ-ഉറ്റ സ്നേഹിതൻ.

അഭ്യനുജ്ഞ-കല്പന.

അഭ്യമനം-ന. ആക്രമം, ഉപദ്രവം. പ. വ്യാധി, രോഗം.

അഭ്യമിത-വി. രോഗമുള്ള.

അഭ്യമിതൻ- രോഗി, രോഗംകൊണ്ട് ആഹാരനിഹാരങ്ങളും ചുരുങ്ങിയവൻ.

അഭ്യമിത്രൻ, അഭ്യമിത്രീയൻ, അഭ്യമിത്രീണൻ-യാതൊരുനേരത്തെന്നും ശത്രുക്കളെക്കുറിച്ചു യുദ്ധത്തിന്നായിരിക്കുന്നുനേരിട്ടുകൂടുന്നവനോ അവൻ, ബലാൽക്കാരമായി ശത്രുവിന്റെ നേരെ എതിർത്തു ചെല്ലുന്നവൻ.

അഭ്യമിത്രം-ശത്രുവിനെ എതിർക്കുക.

അഭ്യർച്ചനം-പൂജ.

അഭ്യർച്ച-പൂജ.

അഭ്യർച്ചിത-വി. പൂജിക്കപ്പെട്ട.

അഭ്യർണ്ണ-വി. അടുത്ത.

അഭ്യർണ്ണം-സമീപം. അഭിഗമിക്കപ്പെടുന്നത് എന്ന ശബ്ദാർത്ഥം.

'സനാതനാഭ്യർണ്ണമണഞ്ഞുചോന്നൻ'

(ശ്രീകൃഷ്ണചരിതം)

അഭ്യർണ്ണത-സമീപം.

അഭ്യർത്ഥനം, അഭ്യർത്ഥന-അപേക്ഷ.

അഭ്യർത്ഥിത-വി. അപേക്ഷിക്കപ്പെട്ട, യാചിക്കപ്പെട്ട.

അഭ്യർത്തനം-പീഡ, ഭണ്ഡം, വേഗം, ദുഃഖം.

അഭ്യർഹിതൻ-പൂജ്യൻ.

അഭ്യവകരണം-പുറത്തു കളക.

അഭ്യവകർഷണം-പുറത്തേക്കിടൽ, അതുമാറ്റം തുടങ്ങിയ പുറത്തെടുക്കൽ. അഭിമുഖമായി അവകർഷിക്കുകയെന്ന ശബ്ദാർത്ഥം.

അഭ്യവകാശം-ഉറന്നസ്ഥലം.

അഭ്യവപത്തി-അനുഗ്രഹം.

അഭ്യവസ്കന്ദനം-ചതിച്ചുംക്രമിക്കുക. പുഴ്ത്തിയേട്ടു നിലനിന്നിരുന്നതിനെ പൊട്ടുന്നതരവേ നശിപ്പിക്കുക എന്നർത്ഥം.

അഭ്യവഹാരം-ഭക്ഷണം.

അഭ്യവഹൃത-വി. ഭക്ഷിക്കപ്പെട്ട.

അഭ്യവഹൃതം-ഭക്ഷിക്കപ്പെട്ട അന്നം മുതലായതു്. അഭ്യവഹരിക്കപ്പെട്ടതു് എന്നു ശബ്ദാർത്ഥം.

അഭ്യസനം-ശീലം, പഠിത്തം.

അഭ്യസിക്കുക-ശീലിക്കുക, പഠിക്കുക.

അഭ്യസ്ത-വി. അഭ്യസിക്കപ്പെട്ട.

അഭ്യാഖ്യാനം-ഇല്ലാത്ത ദോഷത്തെ ചുമത്തിപ്പറയുക. ഇല്ലാത്തതു് ഉണ്ടെന്നാക്കിപ്പറയുന്ന ആക്ഷേപവാക്കു്. (അഭിഖ്യാനം എന്നും പറയാം).

അഭ്യാഗത-വി. നേരേ വന്ന.

അഭ്യാഗതൻ-പ്ര. നേരേ വന്നവൻ. ര. വിരുന്നുകാരൻ, തന്റെ ഗൃഹത്തിലേയ്ക്കു വന്ന അതിഥി.

'പ്രാംഷുഷ്ണികഃ പ്രാംശുനകഃ' (ഭരതം)

[പ്രാംഷുഷ്ണികൻ, പ്രാംശുനകൻ ര-ം അഭ്യാഗതന്റെ പേർ. അതിഥിക്കു പറഞ്ഞ ലക്ഷണങ്ങളും ഇല്ലാത്തവരെല്ലാം അഭ്യാഗതന്മാരാകുന്നു. ബന്ധുക്കളും, കൃത്യംപ്രമാണിച്ചു വരുന്നവർ മുതലായവർ ഇതിൽ ഉൾപ്പെട്ടതു്.]

അഭ്യാഗമം-പ്ര. പോരു് യുദ്ധം. അഭിമുഖമായ ആഗമനം, നേരിട്ടെതിർത്തുചെല്ലുക എന്നു ശബ്ദാർത്ഥം. ര. നേരെവരുക, തമ്മിൽ കണ്ടു സംസാരിക്കുക (സമാഗമം.) ന. സമീപം. ഭ. എഴുന്നേൽക്കുക. ങ. അടിക്കുക. ന. എതിർക്കുക. ഛ. ശത്രുത്വം.

അഭ്യാഗമനം-തമ്മിൽകാണുക, വരവു്.

അഭ്യാഗാരികൻ-കടുംബത്തിൽ തന്നെ പ്രയത്നം ചെയ്യുന്നവൻ, കടുംബത്തിനുരക്ഷണത്തിനായി സകലയത്നിച്ചുകൊണ്ടിരിക്കുന്നവൻ ഗൃഹംവിട്ടു പോകുന്നതിനു നിവൃത്തിയില്ലാത്തവൻ എന്നു ശബ്ദാർത്ഥം

അഭ്യാഘാതം-അടി, അക്രമം.

അഭ്യാദാനം-ആരംഭമാത്രം. ആദിമുതലേ നയുള്ള ആരംഭനം എന്നു ശബ്ദാർത്ഥം.

അഭ്യാന്ത-വി. രോഗമുള്ള.

അഭ്യാന്തൻ-രോഗമുള്ളവൻ, രോഗി.

അഭ്യാപാതം-നിഷ്ഠുരം, ഭംഗ്യാദേഷം.

അഭ്യാമർദ്ദം-പോരു്, യുദ്ധം, മനസ്സുകൊണ്ടു ഇതികൽത്തിക്കിത്തിരക്കുന്നതിനാൽ ഈ പേരുണ്ടായി. അഭിമർദ്ദം (എന്നും പാഠം)

അഭ്യാരൂഢ-വി. പ. കയറിയ, ര. വർദ്ധിച്ച.

അഭ്യാശ, അഭ്യാസ-വി. അടുത്തുള്ള.

അഭ്യാശം-സമീപം. ചുറ്റും വ്യാപിച്ചതു് എന്നു ശബ്ദാർത്ഥം. അഭ്യാസം എന്നു പാഠം. '(അഭ്യാശേസാഭ്യാസനേന്തികേ' എന്നു വിശ്വം.)

അഭ്യാസം-പ്ര. ശിക്ഷ. ര. പരിചയം. ന. ഒരു വിഷയത്തെത്തന്നെ മനസ്സിൽ വീണ്ടും വീണ്ടും വിചാരിച്ചു ശീലിക്കുക. ഭ. പഠിപ്പു്. ങ. സമീപം. ഞ. കച്ചുകെട്ടിനടുത്തുന്ന പാട്ടം മറിച്ചുൽ മുതലായവ.

അഭ്യാസശാല - അഭ്യസിക്കുന്ന ശാല (സ്ഥലം.)

അഭ്യാസാദനം-ചതിച്ചുംക്രമിക്കുക, കപടിചൊടിക്കുക എന്നു ശബ്ദാർത്ഥം.

അഭ്യാസി-അഭ്യസിക്കുന്ന, പഠിക്കുന്ന.

അഭ്യാസി-ആയുധങ്ങളെ പ്രയോഗിപ്പാൻ ശീലമുള്ളവൻ.

അഭ്യുഛാനം-പ്ര. കരുവു്, മേൽക്ഷണം. ര. തോരിട്ടു കപ്പാത്തിപ്പിടിക്കുക.

അഭ്യുക്ഷണം-തളിപ്പു്, തളിയ്ക്കുക, തളി്പ്പു്, തളിക്കുക.

അഭ്യുചിത-വി. ചേർച്ചയായ, നടപ്പായ.

അഭ്യുച്ഛ്രിത - വി. മേലെപ്പൊയത്തിയ, ശ്രേഷ്ഠനിലയിലാക്കപ്പെട്ട.

അഭ്യുത്ഥാനം-പ്ര. എതിരേല്പ്, ബഹുമാനാർത്ഥം എഴുന്നേല്ക്കൽ. ര. പുറപ്പെടുക. ന. സൂര്യോദയം, ഉദയകാലം. ര. ക്ഷേമം, വാർത്ത.

അഭ്യുത്ഥായി - വി. എതിരേൽക്കുന്ന, ബഹുമാനാർത്ഥം എഴുന്നേൽക്കുന്ന, ഉയർത്തിയ.

അഭ്യുത്ഥിത-വി. എതിരേറ്റ, ബഹുമാനാർത്ഥം എഴുന്നേറ്റ, ഉയർത്തപ്പെട്ട, തീപോലെ ജ്വലിച്ച.

അഭ്യുദയം-ഉയർച്ച, ശ്രേയസ്സ്, മംഗളവർത്തമാനം, ശുഭോത്തി.

അഭ്യുദിത-പ്ര. ആദിത്യോദയ സമയം കിടന്നറിയുന്ന. ര. യാഗദീക്ഷകമായുണ്ടായ. ന. ഉയർത്തപ്പെട്ട. ര. ഉദിക്കപ്പെട്ട.

അഭ്യുദിതൻ-പ്ര. സൂര്യോദയസമയം കിടന്നറിയുന്നവൻ, കാലത്തു ചെയ്യേണ്ടതായ സന്ധ്യാവന്ദനം മുതലായ കർമ്മങ്ങളെ ചെയ്തിട്ടവൻ എന്ന ശബ്ദാർത്ഥം ര. നേരത്തെ ഉദിച്ചവൻ.

അഭ്യുദ്യത-വ്. ഉത്സാഹമുള്ള, താൽപര്യമുള്ള.

അഭ്യുന്നതം-ഉയർന്നത്.

അഭ്യുന്നതി-ഉയർച്ച

അഭ്യുൽപതനം-ചാട്ടം, കുതിച്ചുചാൽ. കൊണ്ടുക, മേലെപ്പൊട്ടുള്ള ചാട്ടം.

അഭ്യുപഗമം-പ്ര. അംഗീകാരം, കൈയേൽക്കുക, പ്രതിജ്ഞ. തുടങ്ങിയ ഏർപ്പാടിനെ ഏൽക്കുക എല്ലായിടത്തും അംഗീകരിക്കുന്നത്. തത്ത്വപക്ഷം സമ്മതിക്കുന്നത് എന്ന ശബ്ദാർത്ഥം.

അഭ്യുപപത്തി-പ്ര. യുക്തം, ന്യായം, ശരിക്കിൻ യുക്തി, ര. സംഗതി. ന. അറിവ്. ര. അനുഗ്രഹം.

അഭ്യുപായം-പ്ര. പ്രതിജ്ഞ. ര. ഉപായം, നിശ്ചയം, വഴി, കഴിവ്.

അഭ്യുപായനം-കൈക്കൂലി, ഉപചാരപൂർവ്വമായ ദാനം.

അഭ്യുപേത്യ-അ. പ്ര. പ്രാപിച്ചിട്ട്. ര. പ്രതിജ്ഞചെയ്തിട്ട്.

അഭ്യൂഷം, അഭ്രൂഷം, അഭ്യോഷം-ചോളി ഒട്ടടേ മുതലായ പലഹാരം. (ഇവ അരിമാവ് ശോധനയുമാവ് മുതലായതുകൊണ്ട് ഉണ്ടാക്കപ്പെടുന്ന സംധാരണയിൽ കവിഞ്ഞ വേറെ ഇവയ്ക്കു പേരുള്ളു) അഭ്യൂഷം എന്നതിന് എല്ലാടവും വേറുതട്ടിയത് എന്നത്രേ ശബ്ദാർത്ഥം. 'ആപൂപകപ്പൊളിരഭ്യൂഷം' (അമരം).

[ആപൂപകം, പൊളി, അഭ്യൂഷം ഇവ ന-ം, പര്യായങ്ങൾ. പകർത്തി വേവിച്ച യവം മുതലായതോ നെയ്യിലും മറ്റും വറുത്ത യവം മുതലായതോ കൊണ്ട് ഉണ്ടാക്കുന്ന ഒരു സംധാനമെന്നും ഒരു ദേശത്തിൽ ഇതിനെ 'പൊള' എന്നു പറയുന്നു എന്നും അഭിപ്രായം കാണുന്നു. എള്ള്, ശർക്കര മുതലായതും അരിമാവും കൂട്ടി ഉണ്ടാക്കുന്നതാണെന്നു മറ്റൊരഭിപ്രായവും ഉണ്ട്. അഭ്യൂഷം എന്ന പദത്തിനാണ് അധികം പ്രചാരം.]

അഭ്രകം-ഒരുവക ധാതു, തിരിയുരൽ, അഭ്രം, കടലാപ്പൊടി, പഴമാനം. മേഘതുല്യം എന്ന ശബ്ദാർത്ഥം.

അഭ്രകാദി-ഒരു ചൂർണ്ണം. മഹാനക്ഷയം, ഗ്രഹൻ ഇവയ്ക്കു നന്ന്.

അഭ്രഗ-ഗ-ആകാശഗംഗ.

അഭ്രതലം-ആകാശം

അഭ്രനാഗം-ഒരുരോഗം.

അഭ്രനിർജ്ഝരണി-ഹംഗ.

'പ്രേമസ്ഫൂർത്തിയാമഭ്രനിർജ്ഝരണി
യെക്കാണാഞ്ഞാലുള്ളുടമ'

(മനോരമചരിതം നാടകം)

അഭ്രപഥം-ആകാശം. ക. ധൂമയന്ത്രം.

അഭ്രപിശാചം-രാഹു

അഭ്രപുഷ്പം-പ. വഞ്ഞി. വഷ്ക്കാലത്തു പൂക്കുന്നതു് എന്നു ശബ്ദാർത്ഥം. ക. ജലം. ന. ആകാശപ്പൂവു്, സാധിക്കാത്തകാര്യം എന്നർത്ഥം ആകാശത്തിൽ വേലികെട്ടുക എന്നും മറവും പറക സാധാരണമാണല്ലൊ.

അഭ്രം-പ അകാശം, ചലനമില്ലാത്തതു്, പ്രകാശമില്ലാത്തതു്, ഒന്നിനേയും ഭരിക്കാത്തതു്, (വല്ലതും മേലെപ്പെട്ടിട്ടാൽ കീഴ്പെട്ട പോലെകൊണ്ടു ഈ അർത്ഥം സിദ്ധിച്ചു) ഇങ്ങിനെ വ്യൽപത്തി. ക. മേഘം. രവള്ളത്തെ ധരിക്കുന്നതു്, ശമിക്കുന്നതു, എന്നിങ്ങിനെ വ്യൽപത്തി. ന. അഭ്രകം. ർ. മുത്തങ്ങ @. സ്വർണ്ണം. ണ. കർപ്പൂരം. (കണക്കിൽ) '0' (പൂജ്യം).

[അഭ്രം എന്ന ധാതുദ്രവ്യം ഭൂമിയിൽ നിന്നെടുക്കുന്ന ഒരു മരുന്നാണ്. ഇതു സ്വർണ്ണം നാലുവിധമുണ്ടു്. പ. വെൺമണ്ണു്-ഇതു തീയിലിട്ടാൽ തവളയെപ്പോലെ ശബ്ദിക്കും. അതിനാൽ അതിനു 'ഭേകം' എന്നപേർ സിദ്ധിച്ചു. ക. വെള്ളത്തു്-ഇതു നാഗംപോലെ ശബ്ദിക്കും. ന. മഞ്ഞയായുള്ളതു്-തീയിലിട്ടാൽ നാലുവിധം ശബ്ദിക്കും. ർ. കറുത്തതു്-ശബ്ദിക്കയില്ല.]

അഭ്രാകർഷി-വി. ആകാശത്തെ സ്പർശിക്കുന്ന, ആകാശത്തിൽ ഉരസുന്ന.

അഭ്രാകർഷം-പ. വായു ക. പർവ്വതം. ന. തെങ്ങുമരം.

അഭ്രാങ്കുശം-ഒരു മരുന്നു്. ശുക്ലവർദ്ധിക്കും ആയുർവൃദ്ധിക്കും നന്നു്.

അഭ്രാലിഹ-വി. മേഘത്തെ തൊട്ട, വളരെ ഉയർന്ന. (രാപാക്കുമുള്ള).

അഭ്രാതംഗം-ഐരാവതം എന്ന ആനഅഭ്രത്തിങ്കൽ (=ആകാശത്തിൽ—മേഘക്കൂട്ടത്തിൽ) ഉള്ള ആന, മേഘസദൃശമായ ആന എന്നിങ്ങിനെ വ്യൽപത്തി.

അഭ്രാസി-ആകാശമെന്നു എന്ന മരുന്നു്.

അഭ്രമു-കീഴ്ക്കേടിക്കരിണി (കീഴ്ക്കേടിക് പാലകൻ ൦) ആനയുടെ പിടി. മേഘങ്ങളിൽ വർത്തിക്കുന്നതു്, ആകാശത്തിൽ ഒതുങ്ങിനിൽക്കുന്നതു്, ഭർത്താവിനെ വിട്ടുപിരിയാത്തതു് എന്നിങ്ങനെ വ്യൽപത്തി.

അഭ്രമുവല്ലഭൻ-ഐരാവതം. അഭ്രമുവിന്റെ ഭർത്താവു് എന്നർത്ഥം.

'അഭ്രമുവല്ലഭനോംഭ്രമമുംകൊ-
ണ്ടഭ്രതലപരവശനായ് മണ്ടി'

(ഐരാവതപൂജ ഉള്ളൂർ)

അഭ്രവാടികം, അഭ്രവാടിക-അന്വേഷം.

അഭ്രാതൃക-വി. സഹോദരനെന്നാരില്ലാത്ത.

അഭ്രരാഥം-വൈഡൂര്യം.

അഭ്രസഖൻ-മയിൽ.

അഭ്രസത്വം-ഉരുക്കു്.

അഭ്രസാരം-കർപ്പൂരം.

അഭ്രി-പ. തോണികെട്ടുന്ന കഠാരി, തോണിയിലെ നാനാവിധം കൂടുന്നു നന്നാക്കുന്ന കൂർപ്പൻകോൽ എന്നും അഭിപ്രായമുണ്ടു്. ക. മരക്കത്തിവ.

അഭ്രിയ-വി. മേഘത്തിൽ ഭവിച്ച.

അഭ്രിയം-പ. മേഘത്തിൽനിന്നുണ്ടായ വസ്തു. അഭ്ര (മേഘം) ത്തിൽ ഉണ്ടായതു് എന്നു ശബ്ദാർത്ഥം. ക. മിന്നൽ. ന. ഇടി മേഘങ്ങളുടെ കൂട്ടം.

അഭ്രിഖാത-വി. തുമ്പം (മൺവെട്ടി) കൊണ്ടു കിളച്ച.

അഭ്രിഖാതം-ഉഴുത വയൽ.

അഭ്രിൻ-നഗ്നൻ, മുണ്ടുടുക്കാത്ത തപസ്വി. കാഠിന്യം കൂട്ടുന്നവൻ(നഗ്നൻ) എന്നു ശബ്ദാർത്ഥം.

അഭ്രേയം-മിന്നൽ.

അഭ്രേയം-നീതിന്യായം, യോഗ്യത, സ ദ്ധർമ്മത്തിൽനിന്നു തെറ്റാതിരുന്നതു്.

അഭ്രോത്ഥാ-ദേവതാ.

അമ-അമ്പഴുട്ടൽ എന്ന ഔഷധം, പേക്കരിയു്.

'ഗ്രന്ഥസ്സുനകഃശരഃ' (അമരം)

[ഗ്രന്ഥം, തേങ്ങാനകം, ശരം സ്ത്രീ-ം, അമയുടെ പേർ. ശരോബ്ബോണഇക്ഷുഃ കാണ്ഡഉൽക്കടഃ സായകഃക്ഷുരഃ ഇക്ഷുരഃ ക്ഷുരികാപത്രോവിശിഖശ്ചമശംഖിധഃ'എന്നു പര്യായങ്ങൾ.]

അമ-അ. കൂടെ.

'മഹനശമന്തവയരണൈരമ'

(നളചരിതം കഥകളി)

അമട്ടു്-ഭയപ്പെട്ടത്തൽ, ഭീക്ഷണിവാക്കു്.

അമട്ടുക-ഭയപ്പെടുത്തുക, ഭീക്ഷണിപറക.

അമണ്ഡ-അലങ്കരിക്കാത്ത.

അമണ്ഡം-ആഭരണക്കു്. അമണ്ഡം, ആഭരണ്ഡം, മണ്ഡം ഇങ്ങിനെയും പഠയം. മണ്ഡം എന്നതിനു് അലങ്കരിക്കുന്നതു് എന്നർത്ഥം.

അമതി-ക്ര. ദുഷ്ടബു. ഉ. കള്ളൻ.

അമത്രം-പാത്രം. അന്നാദികളെ വെയ്ക്കപ്പെടുന്നതിനാൽ ഈ പേർ സിദ്ധിച്ചു.

അമന്ദൻ-മന്ദൻ(അല്പൻ) അല്പജ്ഞനായവൻ.

അമനാകി-അ. അനല്പമായ.

'അമനാക്കമിയതാംതദീയം'

(ക്ഷേയാശം കഥകളി)

അമംഗല, അമംഗല്യ-വി. ക്ര. മംഗളമല്ലാത്ത, ശുഭമല്ലാത്ത, ദോഷമായ. ഉ. നിർഭാഗ്യമുള്ള.

അമംഗലം-ആഭരണക്കു്.

അമയുക-വസിക്കുക.

അമർ-യുദ്ധം.

അമക്കളം-പോർക്കളം.

അമക്കുക-ഉറപ്പിക്കുക, തൊക്കുക.

അമച്ചു-ശാന്തത.

അമച്ചുക്കൊടി-വാതരോഗി (ഒരുപക്ഷം)

അമത്തൽ-ഉറപ്പിക്കൽ, തൊക്കൽ.

അമര-വി. മരണമില്ലാത്ത, ചാകാത്ത.

അമര-ക്ര. ഒരുമാതിരിപയറു, അമരയ്ക്കു, അവര എന്നും പറയും. ഉ. ചതുരക്കള്ളി. സ്ത്രീ. ചിറകുള്ളതു്. ഭ. കരിംകുറുക. കറുവാഴ. നു. ആറുവരിപ്പോരൽ. ഭ. വലിയ അമരി. വൃ. തേക്കിൻ. ൻ. ചെറിയകായ്ക്കുറവള്ളമരി. ക്ര. ഇന്ദ്രനഗരി. ക്ര. ഗർഭപാത്രം. ക്ര. ഉണ്ണ്.

അമരകണ്ടകം-ദിവ്യരാജ്യത്തുള്ള ഒരു പുണ്യക്ഷേത്രം.

അമരകണ്ടകൻ-ഒരു രാക്ഷസൻ. മഹാവിഷ്ണു വിധിച്ചു.

അമരകോശം - അമരസിംഹചാര്യൻ എഴുതിയ 'നാമലിംഗാനുശാസനം' എന്ന സംസ്കൃതഗ്രന്ഥം.

അമരത്തായഗ-ദേവനദി.

അമരന്മാർ-ദേവന്മാർ. മരണം ഇല്ലാത്തവർ എന്നർത്ഥം.

അമരകാഷ്ഠം -ദേവതാരം.

അമരക്കാരൻ-അമരത്തിലിരിക്കുന്നവൻ വാഹനങ്ങളുടെ ഗതിയെ നിയന്ത്രണം ചെയ്യുന്നവൻ.

അമരചന്ദ്രൻ, വേണീകൃപാണാമരൻ-ഒരു കവി.

അമരത-ക്ര. സഖ്യസംബന്ധമായ പരമാനന്ദം. ഉ. ദേവകളുടെ സ്ഥിതി.

അമരതാരു-ദേവതാരം.

അമരനാഥം-കാശ്മീരരാജ്യത്തുള്ള ഒരു പുണ്യക്ഷേത്രം.

അമരനിസ്സ-ംസ.

'ക്ഷേമമായമരനിസ്സഗാദിപതനം'

(അന്യാപദേശശതകം)

അമരപരിഷ്കാരം-ദേവസമൂഹം.

അമരപുഷ്പകം, അമരപുഷ്പം-കടുവിക്കായു്, പുന്ന, കേതകം, കല്പവൃക്ഷം

അമരപുഷ്പി-ശതകുപ്പ.

അമരപുഷ്പിക-ശതകുപ്പ, വയൽച്ചുള്ളി.

അമരപ്രഭു-വിഷ്ണുവിന്റെ സഹസ്രനാമങ്ങളിൽ ഒന്ന്.

അമരം-പ്ര. അമരകോശം എന്ന ഗ്രന്ഥം. ഉ. വള്ളങ്ങളും കപ്പലുകളും മുതലായവയുടെ രണ്ടു ഭാഗങ്ങളിൽ പുഴുഭാഗത്തിന്റെ പേർ. പൂർവ്വഭാഗത്തിനെ അണിയം(തല) എന്നു പറയുന്നു. അമരത്തിൽ ഇരിക്കുന്നവൻ അമരക്കാരൻ; വാഹനങ്ങളുടെ ഗതിയെ നിയന്ത്രണംചെയ്യുന്നതു് ഇവനാകുന്നു. ന. ആനയുടെ പിൻപുറം. ര. കണ്ണിൽ ഉണ്ടാകുന്ന ഒരു രോഗം. ഋ. രസം. ൠ. ചതുരക്കള്ളി, ഌ. ചങ്ങലം പരണ്ട. ൡ. സ്വർണ്ണം.

അമരർകോൻ-ദേവേന്ദ്രൻ.

അമരമാല-ഒരു അകാരാദി.

അമരരത്നം-സ്ഫടികം.

അമരലത-ആകാശവള്ളി.

അമരവല്ലി, അമരവല്ലിക-ആകാശവള്ളി.

അമരവരൻ-ദേവേന്ദ്രൻ.

അമരസരിത്തു്-ഗംഗാനദി.

അമരസിംഹൻ-അമരകോശം എന്ന ഗ്രന്ഥത്തിന്റെ കർത്താവു്.

[നേപ്പാളരാജ്യത്തിൽ കാന്തി എന്ന രാജധാനിക്കു കിഴക്കായിട്ടു 'വിശാലം' എന്നു ഒരു നഗരം വിക്രമാബ്ദം ക്ര-ം നൂറാണ്ടിനു മുമ്പുണ്ടായിരുന്നു. ഇതു ക്രി-ം നൂറാണ്ടിൽ ഘോരമായ ഒരഗ്നിബാധയിൽ നശിച്ചു. ഇക്കാലത്തും കൃഷിക്കാർ കിളക്കുമ്പോൾ അന്നത്തെ ഗൃഹോപകരണങ്ങളുടെ അവശിഷ്ടങ്ങൾ കണ്ടുവരുന്നതിനാൽ അപ്രകാരം ഒരു നഗരം ഉണ്ടായിരുന്നു എന്നു പ്രസ്പഷ്ടമാകുന്നു. ഈ നഗരത്തിലാണ് അമരസിംഹൻ ജനിച്ചതു്. ഒരിക്കൽ ഇദ്ദേഹവും ശങ്കരാചാര്യസ്വാമിയും തമ്മിൽ ഒരാഴ്ചവട്ടം വാദം നടത്തി. ആ സമയം അമരസിംഹൻ ഒരു തിരശ്ശീലയ്ക്കുള്ളിലും ആചാര്യസ്വാമി അതിനു വെളിയിലുമാണ് ഇരുന്നിരുന്നതു്. ആർക്കും ജയമോ തോൽവിയോ ഉണ്ടാകാത്തതിനാൽ സംശയം തോന്നി ആചാര്യസ്വാമി തിരശ്ശീലനീക്കി നോക്കിയപ്പോൾ അമരസിംഹൻ മൌനവ്രതത്തോടു നിൽക്കുന്നതും കടത്തിൽ ആവാഹിച്ചുവെച്ചിട്ടുള്ള സരസ്വതി സംസാരിക്കുന്നതും കണ്ടു്, എടീ! പാപി നീ എന്നെ ഉപേക്ഷിച്ചു് ഒരു ബൌദ്ധനെ സ്വീകരിച്ചുവോ എന്നും ആചാര്യസ്വാമി ചോദിച്ചു. അനന്തരം സരസ്വതി അവിടെ നിന്നും മറഞ്ഞു. വീണ്ടും ഉണ്ടായ വാദത്തിൽ അമരസിംഹൻ തോറ്റു ലജ്ജാഹേതുവായിട്ടു പട്ടിണികിടന്നു മരിച്ചു. ഇപ്രകാരം പല ഐതിഹ്യങ്ങളും കാണുന്നുണ്ടു്. അമരസിംഹൻ ജൈനമതക്കാരനായിരുന്നു എന്നു മറ്റൊരഭിപ്രായവും ഇല്ലാതില്ല. ബുദ്ധഗയയിലെ ക്ഷേത്രം ഇദ്ദേഹമാണു പോൽ പണികഴിപ്പിച്ചതു്. ഇദ്ദേഹം വിക്രമാദിത്യന്റെ സദസ്സിലുണ്ടായിരുന്ന നവരത്നങ്ങളിൽ ഒന്നായിരുന്നു എന്നു താഴെ പറയുന്ന ശ്ലോകംകൊണ്ടു തെളിയുന്നു.]

'ധന്വന്തരിക്ഷപണകാമരസിംഹശങ്കു
വേതാളഭട്ടഘടകർപ്പരകാളിദാസാഃ [യം
ഖ്യാതോവരാഹമിഹിരോ നൃപസ്യസഭാ
തന്നിധെവവരരുചിർന്നവവിക്രമസ്യ

(ജ്യോതിർവിദാഭരണം)

അമരാംഗന-ദേവസ്ത്രീ.

അമരാചാര്യൻ-ദേവഗുരു (ബൃഹസ്പതി, വ്യാഴൻ)

അമരാദ്രി-മഹാമേരുപർവ്വതം.

അമരാധിപൻ-പ്ര. ദേവേന്ദ്രൻ, അമര എന്ന പദത്തോടു് ഇന്ദ്രൻ, ഈശ്വരൻ,

ഈശൻ, പതി, ഭർത്താ, രാജാ ഇത്യാദി പല്ലോം ചേർത്താൽ ദേവേന്ദ്രൻ എന്നർത്ഥമുണ്ടാകും. ഉ. ശിവൻ. ന. വിഷ്ണു.

അമരാപഗ-ഗംഗ എന്ന നദി. അമര എന്ന ശബ്ദത്തോടു ചേർന്നു, ദേവർ ഇത്യാദി നദീപര്യായങ്ങൾ ചേർന്നാൽ ഗംഗാനദി എന്നർത്ഥം ഉണ്ടാകും.

അമരാരി-അസുരൻ, ദേവന്മാരുടെ ശത്രു.

അമരാലയം-സ്വർഗ്ഗം.

അമരാവതി-പ. ഇന്ദ്രനഗരി. ദേവകളുടെ വാസസ്ഥാനം എന്ന ശബ്ദാർത്ഥം. ഉ. ബീരർ എന്ന രാജ്യത്തിലെ ഇപ്പോഴത്തെ ഒരു പട്ടണം. ന. ഒരു നദി.

അമരി-പ. ഒരു ചെടി, തമിഴിൽ 'അവുരി' എന്നും ഇംഗ്ലീഷിൽ 'ഇൻഡിഗോ' (Indigo) എന്നും പറയുന്നു. [കാ 'നീലീകാമൃക്ഷീരികികാഗ്രാമീണാമധുപർണ്ണിരഞ്ജനീശ്രീഫലീവൃത്താമോരാണിമോരചനീ (അമരം) [മിനി'

[നീലി, കാമ്പ, ക്ഷീരകിക, ഗ്രാമീണ, മധുപർണ്ണിക, രഞ്ജനീ (രജനി), ശ്രീഫലി, വൃത്ത, മോരണി, മോര, നീലിനി ഫല-ം, അമരിയുടെ പേർ. 'നീലീനീലാനീലിനീനീലപത്രീവൃത്താരാമഞ്ജിനീലികാനീലപുഷ്പി; കാമ്പീശ്യാമാശോധനിശ്രീഫലാ ചഗ്രാമ്യ ഭദ്രാടരുവാഹീച മോരണ; കൃഷ്ണവ്യഞ്ജനാകേശീച രഞ്ജനീച 2ഫാഫലാ; അസിതാ ക്ഷീരിനീലികേനീലാരടികാമ്പാ; ഗന്ധപുഷ്പാഗ്ര്യാമൃകാരംഗപത്രീ2ഫാജ്വാലാ; സ്ഥിരരംഗരോഗപുഷ്പീ സ്യാദേകവിംശതിരാഫലയഃ' എന്നു പര്യായം ഇവകൂടി, കാസശ്വാസം, ജ്വരം, ആമദോഷം, വാതകഫരോഗം, മഹോദരം, രക്തദുഷ്ടി, ഗ്രഹൻ ഇവയെ ഇല്ലാതാക്കാ. വിക്കത്തിനു അമരി സിരോരോഗധമാകുന്നു. കേശവർനാമാണ്.]

ഉ. മരിക്കാത്തവർ, ന. ദേവസ്ത്രീ.

അമരിക-ചേരുക, വസിക്കുക, അടങ്ങുക, ശാന്തമാവുക, താഴുക.

അമരുകൻ, അമരു-ഒരു കവിയും രാജാവുമാണ്. ക്രിസ്താബ്ദം 660-നു മുമ്പു ജീവിച്ചിരുന്നു. സംസ്കൃതത്തിൽ ശൃംഗാരരസം അടങ്ങിയതും 100 പദ്യങ്ങളുള്ളതുമായ ഒരു കാവ്യം ഇദ്ദേഹം നിർമ്മിച്ചിട്ടുണ്ട്. അതിനു 'അമരുകശതകം' എന്നു പേർ. ഇദ്ദേഹം ശങ്കരാചാര്യരുടെ അവതാരമാണെന്ന് അഭിപ്രായമുണ്ട്.

അമരുകശതകം - ശൃംഗാരരസപ്രധാനമായി 100 ശ്ലോകങ്ങളും അടങ്ങിയ ഒരു സംസ്കൃതകാവ്യം. അമരുകൻ ഉണ്ടാക്കിയതിനാൽ ഈ പേർ സിദ്ധിച്ചു.

"ശങ്കരാചാര്യർ ദിഗ്വിജയത്തിനെന്നുള്ള വ്യാജേന കാശ്മീരരാജ്യത്തിൽ പോയ സമയം ശൃംഗാരരസപ്രധാനമായി ഒരു കാവ്യം ഉണ്ടാക്കാൻ സഭാസ്യന്മാരാൽ പ്രാർത്ഥിക്കപ്പെട്ട എന്നും, മൃതനായ അമരുകരാജാവിന്റെ ശരീരത്തിൽ തന്റെ ജീവനെ ആരോപിച്ചുകൊണ്ട് രാജാവിന്റെ ഭാര്യമാരോടൊന്നിച്ചു സുഖമായി വസിച്ച് അമരുകശതകത്തെ ഉണ്ടാക്കി എന്നും രവിചന്ദ്രന്റെ അമരുകശതകവ്യാഖ്യാനത്തിൽ കാണുന്ന പ്രകാരവും മറ്റും മഹാമഹിമശ്രീ പൂയം തിരുനാൾ കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ രക്ഷാന്തരീകരണമായ അമരുകശതകം മണിപ്രവാളത്തിന്റെ ഭാവുകത്തിൽ പ്രസ്താവിച്ചിരിക്കുന്നു."

അമരുലകം-ദേവലോകം.

അമരേറ്റു, അമറേറ്റു-രാത്രിഭക്ഷണം ആഹാരം കഴിക്കുന്നതിനു പറയുന്ന പേർ. വിലക്ഷണപ്രയോഗമാണ്. ഇപ്പോൾ പ്രയോഗിക്കാറില്ല. 'അത്താഴം' എന്നാണിപ്പോൾ നടപ്പ്.

അമരേന്ദ്രൻ-ദേവേന്ദ്രൻ.

അമരേശ്വരൻ-ദേവേന്ദ്രൻ.

അമരൈസ്വര്യം-ദേവൈശ്വര്യം.

അമച്ച്-അടക്കം, ഒതുക്കം.

അമച്ചുകൊടി-വാതരക്കൊടി എന്ന ഒരു രോഗം.

അമത്തൽ-തടഞ്ഞുകൊൾക, തൊന്തരവുകൊൾക, ഉറപ്പിച്ചിരുത്തൽ.

അമത്തുക-തടഞ്ഞുനിർത്തുക, ഉറപ്പിച്ചിരുത്തുക.

അമർത്യ-വി. മർത്യൻ (മനുഷ്യൻ) അല്ലാത്ത, ചാകാത്ത.

അമർത്യൻ-ദേവൻ. മരണം ഇല്ലാത്തവൻ എന്ന വ്യുൽപത്തി.

അമർത്യത്വം-പ. ദേവത്വം. ഉ. മരണം ഇല്ലായ്മ.

അമർത്യനദി-ദേവഗംഗ.

അമർത്യഭവനം-സ്വർഗ്ഗം.

അമർത്യവൈരി-അസുരൻ, ദേവശത്രു.

അമർന്ന-വി. പ. ചേർന്ന, വസിച്ച. ഉ. അടങ്ങിയ. ന. ശാന്തമായ.

അമപ്പ്-ചേർപ്പ്.

അമമ്മജാത-വി. മമ്മത്തിൽ ഉണ്ടാകാത്ത

അമമ്മാവധി-വി. പ. മമ്മത്തെ ഉപദ്രവിക്കാത്ത. ഉ. ശാന്തമായ. ന. മൃദുവായ.

അമര്യാദ-വി. പ. മര്യാദ (ക്രമം) ഇല്ലാത്ത, ക്രമകേടുള്ള. ഉ. അതിരില്ലാത്ത. ന. ന്യായമില്ലാത്ത, നീതിയില്ലാത്ത, ദുസ്സ്വഭാവമുള്ള.

അമര്യാദ-ക്രമകേട്, ന്യായക്കേട്, നീതികേട്, ദുസ്സ്വഭാവം, ബഹുമാനഭംഗം ലംഘിക്കുക.

അമർഷഹാസം-കോപമുള്ള ചിരി.

അമർഷി-വി. ക്ഷയമില്ലാത്ത, സഹനശക്തിയില്ലാത്ത.

അമർഷണ-വി. കോപശീലമുള്ള

അമർഷണൻ-പ. കോപശീലൻ, സഹിക്കാത്തവൻ എന്ന ശബ്ദാർത്ഥം ഉ. ഒരു സൂര്യവംശരാജാവ്.

അമർഷം-കോപം, സഹിക്കായ്ക എന്ന ശബ്ദാർത്ഥം.

അമല്-പ. കരപ്പിരിവ്. ഇത് ഈറഞ്ചി മിശ്രയാണ്. ഉ. കിടക്കം.

അമല്പൊരി-അക്കരം എന്ന രോഗത്തിനു ശമനൗഷധമായ ഒരു ചെടി. ചെമപ്പ് വെളുപ്പ് ഇങ്ങിനെ രണ്ടുവിധം പൂവുള്ളതുണ്ട്. ചെമന്ന പൂവുള്ളതു വിശേഷിച്ചു നന്ന്. കഫശമനത്തെയും ചെയ്യും. വെളുത്ത പൂവുള്ളതു അക്കരം എന്ന രോഗത്തിനും, മറവകരപ്പൻ ജാതിയിലുള്ള രോഗങ്ങൾക്കും ശമനൗഷധമാകുന്നു. ഇതിന് അക്കരംകൊല്ലി എന്നും പേരുണ്ട്.

അമല-വി. മലം (അഴുക്ക്) ഇല്ലാത്ത, തെളിഞ്ഞ, ശുദ്ധിയുള്ള, പ്രകാശമുള്ള, വെളുപ്പുള്ള.

അമല-പ. ഒരു വൃത്തം. അഷ്ടി ഛന്ദസ്സിൽ ഉൾപ്പെട്ടതാണ്. പാദം ഒന്നിൽ ഏഴു അക്ഷരം കാണും.

'അമലാഖ്യംസഭേഭസംപിതന്നാതഗുരു
(വൃത്തമഞ്ജരി) [വംകേകം'

ഉ. കിഴക്കാനെല്ലി

അമലതരം-പ. ഒരു വൃത്തം, അതിധൃതി ഛന്ദസ്സിൽപെട്ടതു. ഒരു പാദത്തിൽ ഏൻ അക്ഷരം കാണും.

'അമലതരാഭിധമിഹനജനംസനസഗ
(വൃത്തമഞ്ജരി) [വരികിൽ'

ഉ. വലുതരം ഒരുതരിവുള്ളതു. ന. പഴുപ്പ് നം. ൪. ഈർക്കിൽ(കു).

അമലം-പ. നിർമ്മലം, സ്വച്ഛം, അഴുക്കില്ലാത്തതു. ഉ. ലക്ഷ്മി. ന. ചന്ദനവൃക്ഷം.

അമലമണി-സ്ഫടികം.

അമലരത്നം-സ്ഫടികം.

അമലി-പ. സൂര്യൻ. ഉ. ലക്ഷ്മി.

അമലിക്കുക സൂര്യനാക്കുക, ശോഭിപ്പിക്കുക.

അമലിന-വി. അഴുക്കില്ലാത്ത, പരിശുദ്ധമായ.

അമസം-ക്ര. രോഗം. ഉ. വിഡ്ഢിത്തം.

അമസ്സണ-വി. മസ്സണം (മൃദുത്വം) ഇല്ലാത്ത.

അമളി-ക്ര. ദുഃഖം, ആലോചനയില്ലായ്മ. തിടുക്കം, പരിഭ്രമം, അമ്പരപ്പ്, വലച്ചൽ, വ്യസനം, കലക്കം, കലമ്പൽ.

'വീട്ടിലൊരമളിനമുക്കുണ്ടായതു
കേട്ടില്ലെങ്കിൽ പറയാം കറെ ഞാൻ'
(രുക്മിണീസ്വയംവരം തുള്ളൽ)

ഉ. കിടക്ക, മെത്ത (ഇപ്പോൾമിനടപ്പില്ല).

'അല്ലമമളിക്കുമേൽമണിത്തൂപള്ളികൊണ്ടേ'
(രാമചരിതം)

അമളിക്കുക-പരിഭ്രമിക്കുക, തിടുക്കപ്പെടുക, വ്യസനിക്കുക.

അമറൽ-ക്ര. കാളയുടെയും മറ്റും ശബ്ദം. ഉ. കാളയെപ്പോലെയുള്ള ശബ്ദം.

അമറുക-കാളയെയും മറ്റും പോലെ ശബ്ദിക്കുക.

അമാ-അ. ക്ര. കൂടെ. ഉ. സമീപം.

'സകേസരിസുതാസമംസഖിമമാസഹ'
(അവ്യയാർത്ഥപ്രകാശം)

ക്ര. അമാത്യൻ-സമീപത്തിലുള്ളവൻ.

ഉ. അമാവാസ്യ-സൂര്യനും ചന്ദ്രനും ഇവിടെ കൂടിയിരിക്കുന്ന എന്ന സങ്കല്പാർത്ഥം

ന. കറുത്തവാവു്, സൂര്യനും ചന്ദ്രനും കൂടി ചേരുന്ന ദിവസം.

അമാത്യ-തേവിടിശ്ശി.

അമാത്യൻ-ക്ര. പ്രധാനമന്ത്രി സദാ സമീപത്തിൽതന്നെ നിൽക്കുന്നവൻ എന്നു ശബ്ദാർത്ഥം.

'മന്ത്രീധീസചിവോമാത്യഃ' (അമരം)

[മന്ത്രി, ധീസചിവൻ, അമാത്യൻ ന-ം, പ്രധാനമന്ത്രിയുടെ പേർ.]

ഉ. രാജ്യംഗങ്ങളിൽ ഒന്നു്.

[സ്വാമി, അമാത്യൻ, സുഹൃത്തു്, കോശം, രാഷ്ട്രം, ദുർഗ്ഗം, ബലം ഇ-ം, രാജ്യാംഗങ്ങളും ആകുന്നു.]

അമാനന(ം)-വിനയമില്ലായ്മ, നിന്ദ, അനാദരണക്കേടു്.

അമാനവ-വി. മനുഷ്യസംബന്ധമല്ലാത്ത, ദൈവസംബന്ധമായ.

അമാനസ്യം-ദുഃഖം. അമനസ്സിന്റെ (ദുർമ്മനസ്സിന്റെ-ദുഷ്ടമനസ്സിന്റെ) ഭാവം.

അമാനുഷ(ഷി)-വി. മനുഷ്യം (മനുഷ്യസംബന്ധം) അല്ലാത്ത, ദൈവികമായുള്ള.

അമാനുഷ്യ-വി. മനുഷ്യസംബന്ധമല്ലാത്ത, ദൈവികമായ.

അമാന്തം-അമളി, നാനാവിധം, കഴപ്പം, മടി.

അമാന്തക്കാരൻ-അമാന്തം കാണിക്കുന്നവൻ.

അമാംസ-വി. മാംസമില്ലാത്ത, മെലിഞ്ഞ, ബലംകുറഞ്ഞ.

അമാംസൻ-ദുർബ്ബലൻ. അല്പമാംസമുള്ളവൻ എന്നു ശബ്ദാർത്ഥം.

അമാർ-ഒരുവൃക്ഷം. പട്ടുനൂലുണ്ടാക്കുന്ന പുഴുക്കൾക്കു് ഇതിന്റെ ഇല ഭക്ഷണമായി കൊടുക്കുന്നു. അമാർ എന്നതു പെർഷ്യൻഭാഷയാണു്.

അമാർഗ്ഗ-വി. മാർഗ്ഗം (വഴി) ഇല്ലാത്ത.

അമാർഗ്ഗം-വഴിയില്ലായ്മ.

അമാനത്തു് (പെർഷ്യൻഭാഷ) അനാമത്തു്, പണയം.

അമാനം-അളവറവു്.

അമാമസി-കറുത്തവാവു്.

അമാമാസി-കറുത്തവാവു്.

അമാവസി-കറുത്തവാവു്.

അമാവാസി-കറുത്തവാവു്.

അമാവാസ്യ, അമാവസ്യ-കറുത്തവാവു്. അമാസ്യനും ചന്ദ്രനും ഈ ദിവസം ഒന്നിച്ചുവസിക്കുന്നു എന്നു് ശബ്ദാർത്ഥം.

അമി-വരിനെല്ല്.

അമിക്കയറു-നകംകയച്ചു കെട്ടുന്നകയറ്.

അമിക്കുക-നകംകയച്ചുകെട്ടുക.

അമിൽദാർ-പട്ടാളത്തിലെ ഒരു ജോലി. അറബിഭാഷ.

അമിത-വി. മിതം (കണക്ക്) അല്ലാത്ത, ക്രമത്തിലധികമായ.

അമിത്രഘ്നാത-വി. ശത്രുക്കളെ കൊല്ലുന്ന.

അമിത്രജിത്തു്-വി. ശത്രുക്കളെ ജയിക്കുന്ന.

അമിത്രജിത്തു്-പ. ഒരു സൂര്യവംശരാജാവു്. പ. കൌരവരിൽ ഒരുവൻ.

അമിത്രത്വം-ശത്രുത്വം, വിരോധം.

അമിത്രൻ-ശത്രു.

അമിത്രാന്തകൻ-ജയിക്കുന്നവൻ. ശത്രുക്കളുടെ കാലൻ എന്ന ശബ്ദാർത്ഥം.

അമിലാതകം-വൻകറുഞ്ഞി.

അമിഴ്ത്തുക-ഉറപ്പിക്കുക.

അമിഴുക-(പഴയമലയാളം) താഴുക, മുഴുകുക, മുങ്ങുക.

'പോരിൽഅമിഴ്ന്തകവിവീരരെയരക്കർ
ചിലർവാപിളർന്തമണ്ണിനപേയുംനാന്യും'
(രാമചരിതം)

വീഴുക, പതിക്കുക, വസിക്കുക.

'ശ്രീലോകംതന്നിലമണ്ണുതുടങ്ങിനാർ
നൂതനമായോരുകാന്തിയുമായ്'
(കൃഷ്ണഗാഥ)

അമീത-വി. ഉപദ്രവിക്കാത്ത, നിർദ്ദോഷമായുള്ള.

അമീത്തു്-ഭക്ഷണംകഴിക്കുക.

അമീൻ-(അറബിഭാഷ) സ്വദേശസ്ഥൻ, ചുമതലപതിച്ചവൻ.

അമീൻ-(അറബിഭാഷ) കലാശ്രേഷ്ഠൻ, മഹാൻ. (അമീന്മാർ-കലാശ്രേഷ്ഠന്മാർ, മഹാന്മാർ.)

അമുക്കൻ-വലിയ കള്ളൻ.

അമുക്കു്, അമുക്കൽ-ഞെക്കൽ, തെറ്റുകൽ.

അമുക്കം-ഞെക്കൽ, തെറ്റുകൽ, കുറുക്കൽ, പിഴുക്കൽ, പിഴിയൽ.

അമുക്കുക-ഞെക്കുക, തെറ്റുകുക, പിഴുക്കുക.

അമുക്കുരം-കുരങ്ങാടിമരത്തു്. അമുക്കിരം. തമിഴിൽ-അമുവകൈന്തിക്കിഴങ്ങു്, അമുക്കിരാക്കിഴങ്ങു്. സംസ്കൃതത്തിൽ-അശ്വഗന്ധം.

അമുങ്ങുക-ഞെരുങ്ങുക, പതുങ്ങുക.

അമുകുതം-ഒരായുധം, വാൾ, കത്തി. ഇതു വീണപോകാതെ സദാ കൈയിൽ മുറുകിയിരിക്കുന്നതാണു്.

അമുതു്-അമൃതു്. (പ-മ.)

അമുത്ര-അ. ജന്മാന്തരത്തിങ്കൽ, പരലോകത്തിൽ.

അമുഴ്ത്തുക-പതിക്കുക. ഉ-ം, തെങ്ങിനെ അമുഴ്ത്തിയ ആരേണങ്ങളം.

അമൂർത്ത-വി. മൂർത്തം (രൂപം) ഇല്ലാത്ത, ആകൃതിയില്ലാത്ത, ശരീരമില്ലാത്ത.

അമൂർത്തദ്രവ്യങ്ങൾ

ഇന്ദ്രിയഗോചരങ്ങളായ യാതൊരു ലക്ഷണങ്ങളും ഇല്ലാത്ത പദാർത്ഥങ്ങളെ 'അമൂർത്തദ്രവ്യങ്ങൾ' എന്നു പറഞ്ഞുവരുന്നു. കാലം, ദിക്കു് മുതലായവ.

അമൂർത്തൻ-ശിവൻ.

അമൂർത്തി-വി. രൂപമില്ലാത്ത, ആകൃതിയില്ലാത്ത.

അമൂർത്തി-പ. വിഷ്ണു. പ. രൂപമില്ലായ്മ, ആകൃതിയില്ലായ്മ.

അമൂല-വി. പ. കീഴ്ങ്ങില്ലാത്ത. പ. കാരണമില്ലാത്ത, അടിസ്ഥാനമില്ലാത്ത.

അമൂല-മേതോന്നി എന്ന ഔഷധം.

അമൂല്യ-വി. വിലമതിക്കത്തക്കതല്ലാത്ത, വിലയേറിയ.

അമൃണാളം-രാമച്ചം. ജലത്തിൽ സ്ഥിതിചെയ്യുന്നതു് എന്ന വ്യുല്പത്തി. ജലത്തിന്ന

രികെ ഇതു സാധാരണ നല്ലവണ്ണം വ
ളരുന്നു.

അമൃത-വി. മരിക്കാത്ത, മരണമില്ലാത്ത.

അമൃത-ഗ. നെല്ലി. മരണത്തെക്കൂടെയുന്ന
തെന്നു ശബ്ദാർത്ഥം. ൨. കടുക്ക. ൩. ചി
റ്റാമൃത്. ൪. മല്ലം. ൫. കരിംകടുക. ൬.
ചേറുപ്പുന്ന. ൭. കിഴുകാനെല്ലി. ൮. കടുക്ക. ൯. കിണികിണിപ്പാല ഗ൦. ഐവിരവിക്കോവ. ഗഗ. അതിവിട
യം. ഗ൨. തുളസി. ഗ൩. തിപ്പലി. ഗ൪. താരെല്ലുപ്പെക്കാന്ന. ഗ൫. സൂര്യ
ന്റെ ഒരു കിരണത്തിന്റെ പേർ. ഗ൬. ചേറുകാട്ടുവെള്ളരി.

അമൃതകരൻ-ചന്ദ്രൻ.

അമൃതകിരണം-കർപ്പൂരം.

അമൃതകിരണൻ-ചന്ദ്രൻ.

അമൃതകുണ്ഡം-സുധനിറഞ്ഞൊരുപാത്രം.

അമൃതഗർഭ-വി. അമൃതുമേ വെള്ളമോ
നിറഞ്ഞ.

അമൃതജടം-മഞ്ഞി.

അമൃതതരംഗിണി-നിലാവു്.

അമൃതദാരുലാദി-ഒരു കഷായം. ക്ഷ
യം, കഫ, അഗ്നിമാന്ദ്യം ഇവയ്ക്കുനന്നു്.

അമൃതദീധിതി-ചന്ദ്രൻ.

അമൃതദ്യുതി-ചന്ദ്രൻ.

അമൃതൻ-ഗ. മരണമില്ലാത്തവൻ. ൨.
ദേവൻ. ൩. ഇന്ദ്രൻ. ൪. വിഷ്ണു. ൫
ശിവൻ ൬. സൂര്യൻ.

അമൃതഫലാ-ഗ നെല്ലി. ൨. മുന്തിരി.

അമൃതഫലം-ഗ. നെല്ലിക്ക. ൨. കടുക്ക
൩. നാരകം. ൪. കപ്പൻപടോലം
൫. ദീപാന്തരത്തിലുള്ള ഇഴഞ്ഞപ്പഴം.

അമൃതം-ഗ. അമൃത്, സുധാ. ൨. മോ
ക്ഷം. മരണമില്ലാത്തതു എന്നു് ഇതിനു
ശബ്ദാർത്ഥം. മനനമില്ലാത്ത സ്ഥിതിയാ
കുമ്പോൾ മരണവുമില്ലല്ലോ. ൩. ജലം.
മരണത്തെ നിവർത്തിപ്പിക്കുന്നതു് എന്നു
ശബ്ദാർത്ഥം. ൪. യാഗശിഷ്ടമായ ഹവി
സ്സുമുതലായതു്. ൫. ആരെങ്കിലും വല്ലതും
മനസ്സറിഞ്ഞു തരുന്നതിനെ ഭക്ഷിക്കുക,
ആരോടും ഒന്നിനേയും യാചിക്കാതെ
ഈശ്വരധ്യാനത്തോടേ സന്തുഷ്ടനായി
വസിക്കുക. ൬. പാൽ. ൭. രസം. ൮.
നെയ്യ്, ഉരുക്കുനെയ്യ്. ൯. വത്സനാഭം.
ഗ൦. കിഴുകാനെല്ലി. ഗഗ പന്നിക്കിഴ
ങ്ങു്. ഗ൨ മങ്കുട്ടപയറു്. ഗ൩. ചിറ്റാമൃ
ത്. ഗ൪. വിഷം. ഗ൫. മോത്ത്. ഗ൬.
കടുക്ക ഗ൭. നെല്ലു്. ഗ൮. ലോഹം.
ഗ൯. ബ്രഹ്മം. ൨൦ വാരനക്ഷത്രയോ
ഗം, തിഥിവാരയോഗം. ൨ഗ. നാലു
എന്ന അക്കം. ൨൨. സ്വർണ്ണം.

അമൃതമഥനം-പാലാഴിമഥനം.

വിദ്യാധരസ്ത്രീകൾ ഒരു ദിവ്യപുഷ്പമാ
ല ദുർവ്വാസസ്സിനു കൊടുത്തു. അദ്ദേഹം
അതിനെ ഇന്ദ്രനു ദാനംചെയ്തു. ഇന്ദ്രൻ
ആ മാലയെ ഐരാവതത്തിന്റെ മസ്തകത്തിന്മേൽ വെച്ചിട്ടു രമിച്ചിരിക്കുമ്പോൾ വണ്ടുകളുടെ ഉപദ്രവം ഹേതുവാ
യിട്ടു് ആ പുഷ്പമാലയെ ഐരാവതം
നശിപ്പിച്ചു. അതുകണ്ടു കോപാക്രാന്തനാ
യി 'ദേവകൾ മുതലായുള്ളവരെയെ
ല്ലാവരെയും ജയിക്കട്ടെ' എന്നു് ദുർവ്വാസസ്സു
മഹർഷി ശപിച്ചു. പിന്നീടു 'അമൃതമാ
ലനം ചെയ്തു മുതലായവർ തിരികെ
ട്ടെ' എന്നു് ശാപമോക്ഷം നൽകി. അമൃതം എടുക്ക
ുന്നതിനായിട്ടു് അനന്തരം പാലാഴി കട
ഞ്ഞു. ഇതിലേയ്ക്കു മന്ദരപർവ്വതവും,
കയറു വാസുകിയും, പ്രവർത്തകന്മാർ ദേ
വാസുരന്മാരും ആയിരുന്നു.

അമൃതമാലിനി-ദുർഗ്ഗയുടെ ഒരു പേർ.

അമൃതരശ്മി-ചന്ദ്രൻ.

അമൃതരസാ-വലിയ മുന്തിരി.

അമൃതലതാ, അമൃതവല്ലികാ-ചിറ്റമൃ
ത്.

അമൃതവല്ലി, അമൃതവല്ലരി-ചിറ
മൃത്.

അമൃതസംഭവം-ചിറമുണ്ട്.

അമൃതസംസ്കാരം-കല്പമുതലായതിന്റെ വിഷം പോക്കുക.

അമൃതസോദരം-കതിര.

അമൃതസ്രവ-അമൃതവള്ളി. അഴുകണ്ണി.

അമൃതസ്രവം-അമൃതത്തിന്റെ ഒലിപ്പ.

അമൃതാംശു-പ. ചന്ദ്രൻ. ക. കല്പൂരം.

അമൃതാടി-ഒരുതരം പുണ്ണ. (ചെറിയതു) രക്തവാതത്തിനും തലചുറ്റ്, വേദന ഇവക്കും നന്ന്, (വലിയതു) നീരിളക്കം, കുത്ത, ചിരങ്ങു് ഇവയിൽ തലയിൽ തേയ്ക്കുണം.

അമൃതാന്ധസ്സുകർ-ദേവന്മാർ. അമൃതത്തെ ഭക്ഷിക്കുന്നവർ എന്നു ശബ്ദാർത്ഥം.

അമൃതാത്മാവ്-പ. ചന്ദ്രൻ. ക. ശിവൻ. അമൃതസ്വരൂപൻ (മരണമില്ലാത്തവൻ).

'തിരോഹിതേദ്യാഗമൃതാത്മനീശ്വരേ
(ഭക്ഷയാഗം കഥകളി)

അമൃതഭാനു-ചന്ദ്രൻ.

അമൃതാണ്ഡവലേഹ്യം-ഒരു മരുന്നു്. രക്തശുദ്ധി, ശരീരകാന്തി, ഓജ്ജശക്തി, ഇവയെ നൽകുന്നതും ക്ഷയം, വയറുപോക്കു, ഭീഷ്മകാമം മുതലായ തലവേദന, മനഞ്ഞുവേദന ഇവയെ ശമിപ്പിക്കുന്നതുമാകുന്നു.

അമൃതാഫലാ-രക്തകുപ്പൻ പടവലം.

അമൃതപ്രാശ(ന)ം-ഒരു ഘൃതം. ത്രിദോക്ഷയം, ബലക്ഷയം, ശോക്ഷം, ക്ഷതം, കാസം ഇവയ്ക്കു നന്ന്.

അമൃതാശനന്മാർ-ദേവന്മാർ. അമൃതം ഭക്ഷിക്കുന്നവർ എന്നർത്ഥം.

അമൃതാസംഗം-കുപ്പിരിമുത്തം.

അമൃതാശൻ-വിഷ്ണു.

അമൃതാഹ്വം-നാസാപോതി എന്ന ഔഷധം.

അമൃതാഹരൻ-ഗരുഡൻ.

അമൃതായ-നെയ്യ്.

അമൃതു-പ. അമൃതു് എന്ന മരുന്നു്. ക. ദേവകളുടെ ഭക്ഷണം. ന. ജലം. ഭ. മോക്ഷം. ഉ. പാൽ. യു. വിഷം. വി. ഉരുക്കുനെയ്യു്. വൃ. മോരു്. ൻ. സമ്പത്തു്. ഫാ. യംശശിഷ്യൻ. ഫഫ. ഒന്നും യാചിക്കാതെ ഭഗവദ്വിചാരത്തിൽ ഇരിക്കുക. ഫഫ. അന്നം, ചോറു്. ഫന. പൊന്നു. ഫഭ. രസം—'അമൃതു' എന്ന ശബ്ദം നോക്കുക.

അമൃതേശൻ, അമൃതേശ്വരൻ-ശിവൻ.

അമൃതശയൻ-വിഷ്ണു പാലാഴിയിൽ ശയിക്കുന്നവൻ എന്നു ശബ്ദാർത്ഥം.

അമൃതേത്തു്-രാജാക്കന്മാരുടെ മറവു ഭക്ഷിക്കുന്നതിനു പറയുന്നപേർ. അമീത്തു എന്നും കാണുന്നു. അമൃതേത്തു് എന്നതാണു് അധികം നടപ്പു്.

'മുണ്ടിശനേശനവയർനിറവോളം
കണ്ണുമടച്ചമൃതേത്തുകഴിക്കും'
(രുഗ്മാംഗദചരിതം തുള്ളൽ)

അമൃത്യു-മരണം ഇല്ലായ്ക.

അമൃഷാ-അ. സത്യമായിട്ടു്, കപടവുക്തിയാതെ.

അമേദ്യ-വി. മേദസ്സും (തുടയിലുള്ളതു്) അല്ലാത്ത, കൊഴുപ്പില്ലാത്ത, ഭക്ഷിച്ചാൽ ബുദ്ധിക്കുകൊള്ളരുതാത്ത.

അമേദ്യം-പ. മലം. ക. ഉച്ചിഷ്ടം.

അമേദ്യലേപാ-മലംപുശൽ, അഴുക്കു പിരട്ടുക.

അമേയ-വി. അളവില്ലാത്ത, പരിച്ഛേദിക്കാൻ വയ്യാത്ത.

അമേയം-എത്രത്തോളം ഉണ്ടെന്നു പരിച്ഛേദിക്കാൻ വയ്യാത്തതു്.

'അനുമേയം, അതിമേയം
അനുമേയമെന്നുമല്ലയതിൽ'
(രുക്മാംഗചരിതം കഥകളി)

അമോക്ഷം-പ. മോക്ഷം ഇല്ലായ്മ. ഉ. മാംസ്യം, കൂവൽ.

അമോഘ-വി. വിഫലമല്ലാത്ത.

'അമോഘചിന്തനമണിഭകേതിമാത്രം'
(ശ്രീകൃഷ്ണചരിതം)

ഉ. ഫലമുള്ള. നാ. വ്യർത്ഥമല്ലാത്ത

അമോഘ-പ. പാതിരി (പൂപ്പതിരി) ഉ. വിഴാൽവൃക്ഷം നാ. കടുക്ക. ര. കൈപ്പൻപടവലം.

അമ്പണം-അസത്യം.

അമ്പത്-നൂറിൽ പാതി.

അമ്പ!-അ. പ്രധാനവ്യാക്ഷേപകങ്ങളിൽ ഒന്ന്.

അമ്പാടി-ഗോഷ്ഠം, തൊഴുത്ത്.

ഇന്ദുമതിയശ്ശീട്ടമ്പാടിയിലെട്ടാമ്പത്തുവഷ്ടം
(കലേലവൃത്തം വഞ്ചിപ്പാട്ട്)

അമ്പ്-അസ്ത്രം.

'പൃഷത്കമ്വാണവിശിഖാ
അജിഹ്മഗഖശാത്രവാഃ
കളംബമാർഗ്ഗണശരാഃ
പത്രീരോപഇഷ്വർപയേഃ'
(അമരം)


അമ്പ്

[പൃഷത്കം, ബാണം, വിശിഖം, ജിഹ്മഗം, ഖഗം, ആശുഗം, കളംബം, മാർഗ്ഗണം, ശരം, പത്രി, രോപം, ഇഷു എന്നീ പേരുകൾ, അമ്പിന്റെ പേർ, ശരം എന്നതിനെ 'സരം' എന്നും പാഠമുണ്ട്. 'ചിത്രപുങ്ഖൈസ്സരൈർഗ്ഗരഃ']

അമ്പ-ചേലുള്ള കയറ്.

അമ്പുക-ചേരുക, വസിക്കുക.

അമ്പുക്കുട്ട്-ആവനാഴി, അമ്പും, അമ്പാറ (അമ്പിടുന്ന രോപാത്രം.)

അമ്പുകോൽ-അമ്പിൻറെ തണ്ട്.

അമ്പട്ടൻ-രക്ഷകരെക്കാരൻ.

അമ്പരക്കുക-പരിഭ്രമിക്കുക, വിഷമിക്കുക.

'കസ്തിഷ്ണോരുഭയത്രാപ്തോരുഭയോഃ സമമന്ധകൻ
അഭവന്നാരദോഭേജേസംഭ്രമന്തംതമോ'
(ഭാഗവതം)

അമ്പരപ്പ്-പരിഭ്രമം, വിഷമം

അമ്പലപ്പടി-ക്ഷേത്രത്തിൽ ചിലക്കർമ്മങ്ങളുള്ള ഒരു ബ്രാഹ്മണസ്ഥാനം.

അമ്പലം-ക്ഷേത്രം.

അമ്പലപ്പുഴ-പ. തിരുവിതാംകൂറിലെ ഒരു താലൂക്ക്. ഉ. ആ താലൂക്കിലെ ഒരു പക്തി.

[അമ്പലപ്പുഴ ചെമ്പകശ്ശേരി രാജാക്കന്മാരുടെ തലസ്ഥാനമായിരുന്നു. എന്നാൽ 1730-ൽ രാമയ്യൻദളവാ അതിനെ തിരുവിതാംകൂറിനോട് ചേർത്തു. ഇവിടെ വിശേഷപ്പെട്ട ഒരു കൃഷ്ണസ്വാമിക്ഷേത്രമുണ്ട്. അമ്പലപ്പുഴക്ക് സംസ്കൃതത്തിൽ 'അംബരീഷപുരം' എന്നു പേർ]

അമ്പലപ്പുഴപ്പായസം-അമ്പലപ്പുഴ കൃഷ്ണസ്വാമിക്ഷേത്രത്തിലേ പാൽപായസം. ഈ പായസം വകയ്ക്ക് ആണ്ടാണ്ടിന്നു പതിനെണ്ണായിരപ്പറ നെല്ലും, തിവസരമാന്നിനു മുപ്പത്തിആറപറ പാലും, മൂന്നിടങ്ങഴി അരിയും, ഒന്നരത്തുലാം പഞ്ചസാരയും ചെലവുണ്ടെന്നാണ് അറിവ്. ഈ പായസം സുപ്രസിദ്ധമാകുന്നു.

"ഒരിക്കൽ ചെമ്പകശ്ശേരിരാജാവ് തന്റെ സൈന്യത്തിലേക്കായി യാട്ടുകാരനായ ഒരു പരദേശബ്രാഹ്മണനോട് പത്തായിരപ്പറ നെല്ല് വായ്പവാങ്ങി ഈ കടം വീട്ടാൻ ഇടയാക്കാതെ കരക്കാലം കിടന്നു. മുതലും പലിശയും പലിശയ്ക്കു പലിശയും കൂടി ക്രമത്തിലധികം വർദ്ധിച്ചു. മണ്ഡാഗരത്തിൽ മുതൽ കാഞ്ഞപ്പോൾ ബ്രാഹ്മണൻ കടം വീട്ടണമെന്നു ശഠിച്ചതും തന്റെ അവസരത്തിലായിരുന്നു. രാജാവ് വിഷണ്ണനായിരുന്നുസമയം നോക്കി ഒരു ദിവസം ബ്രാഹ്മണൻ ധാന്യമണ്ഡപത്തിൽ മറിച്ചുനിന്നു. ഉടൻ എഴുന്നള്ളത്തായി. അപ്പോൾ ബ്രാഹ്മണൻ ഇപ്രകാരം

പറഞ്ഞു 'എന്റെ കടംതീർക്കാതെ നീ രാമണ അകത്തുകടക്കരുത്' ഇതുകേട്ട രാജാവ് പരുങ്ങലിലായി. നിമിഷം കൊണ്ടു മന്ത്രിയുടെ വഞ്ചനയനുസരിച്ചു കണക്കിൻപ്രകാരം നെല്ലും മുതലുംപലിശയും പലിശയ്ക്കുപലിശയും കൊടുത്തു ബ്രാഹ്മണന്റെ മുമ്പാകെ അളന്നുകൂട്ടി ബ്രാഹ്മണൻ അനന്തരം സന്തോഷത്തിലും ആശ്ചര്യത്തിലും ഒന്നോടെ മുങ്ങി. ഉടമ്പടിയനുസരിച്ചു നെല്ല് ഉടൻമാറി കൊള്ളുണമെന്നു മന്ത്രി നിർബ്ബന്ധിച്ചു അതിലേക്കുള്ള ഉപകരണം ഒന്നു കിട്ടം ഞ്ഞു ബ്രാഹ്മണൻ മാപ്പുചോദിക്കയും അവധിക്കുപേക്ഷിക്കയും ചെയ്തിട്ടു ഥലപ്പെടുകയാൽ ഒരുപിടിനെല്ലും കൂച്ചീട്ടും കൂടി കൃഷ്ണസ്വാമിക്കു നടരാജയെച്ചു അതു തൽകൊണ്ടു എല്ലാനാളും കൃഷ്ണസ്വാമിക്കു പാൽപ്പായസം നടത്തിക്കൊള്ളുണമെന്നു ഏർപ്പാടുചെയ്തിട്ടുപിരിഞ്ഞു."

'അമ്പലപ്പുഴമേവുമംബുജ
നേത്രകൃഷ്ണനമോസ്തുതേ'

(നാരായണീചരിതം തുള്ളൽ)

അമ്പലവാസി-പ. ക്ഷേത്രത്തിൽ താമസിക്കുന്നവൻ. ഉ. ക്ഷേത്രത്തിലെ വേലക്കാരൻ. സ. ക്ഷേത്രത്തിലെ വേലക്കാരുടെ ജാതി.

[വണ്ണാൻ, കരുക്കൾ, പുഷ്പകൻ, മാരൻ, പിഷാരടി, നമ്പിയാർ, ചാക്യാർ പുതുവാൾ, നമ്പിടി ഇവരെല്ലാം അമ്പലവാസികളിൽ ഉൾപ്പെട്ടവരാണ്.]

അമ്പഴം-ഒരു വൃക്ഷം.

'.....പീതനകപീതനനഭൂതാതകം.....' (അമരം)

[പീതനം, കപീതനം, ഭൂതാതകം സ-ം, അമ്പഴത്തിന്റെ പേർ. 'ഭൂതാതകപീതനകൈകപിമുതോമ്പാടി (തി)കം; സ്യാംഗികപിരസാഢ്യശ്രവനക്ഷിരകപിപ്രിയം' എന്ന പദ്യമെങ്കിലും ഇതിന്റെ പച്ചക്കായ് അത്ര പിത്തകരമല്ല. തലി. മാഹം, വാതപിത്തങ്ങൾ ഇവയ്ക്ക് വളരെ നന്ന്. ലവണത്തെ വർദ്ധിപ്പിക്കും. കഫത്തെ മുണ്ടാക്കും. വിരേചനകരമാണ്. പഴുത്തകായ് പിത്തകഫാപഹമാണ് മാഹം ക്ഷയം ക്ഷതം ഇവകളെയും കളയും. ഈ വൃക്ഷത്തെ 'അമ്പാഴം' എന്നും ചിലദിക്കിൽപറയുന്നു. കണ്ണാടകത്തിലും തുളുവിലും 'അമ്പട' എന്നത്രെ]

അമ്പഴങ്ങാ-അമ്പഴത്തിന്റെ കായ്.

അമ്പറ, അമ്പുറ-ആവനാഴി, അമ്പിടുന്ന സാധനം.


അമ്പറ

അമ്പാറ്റപ്പാട്ട-തണ്ടു വലിക്കുന്ന പാട്ട്.

അമ്പാരാ-കുമ്പൽ.

അമ്പാരി-ആനയുടെ പുറത്തു രാജാവിന് എഴുന്നള്ളുവാൻ കെട്ടിയുണ്ടാക്കുന്നതു്. ഇതു രാജാവിന്റെ (ചിഹ്നങ്ങളിൽ) സ്ഥാനമാനങ്ങളിൽ ഒന്നാകുന്നു. ഇതു ഹിന്ദുസ്ഥാനി ഭാഷയാണ്.

'കല്പനാസജ്ജനാസമേ' (അമരം)

[കല്പന, സജ്ജന, ഉ-ം, രാജാവിനു കയറുവാനായി ആനയുടെ പുറത്തു അമ്പാരികെട്ടിച്ചമക്കുന്നതിന്റെ പേർ.]

അമ്പിൻമിറക്-അമ്പിനു വേഗം കൂട്ടുന്നതിനായിട്ടതിന്റെ കടയ്ക്കൽ ചെത്തുകെട്ടുന്ന തുവൽ.

'പക്ഷോവാജസ്ത്രിപത്രകഃ'

പക്ഷം, വാജം ഉ-ം അമ്പിന്റെ കടയ്ക്കലെ തുവലിന്റെ പേർ]

അമ്പിൻമുന-അമ്പിന്റെ തലയ്ക്കൽ ഇരിമ്പുകൊണ്ടു കൂർപ്പോടുകൂടിയതായി ഉണ്ടാക്കിവെയ്ക്കുന്ന മുനയുടെ പേർ.

'വാപ്യംസിശല്യംശകുന്നം' (അമരം)

[ശല്യം, ശംകു ഉ-ം, പയ്യായങ്ങളും കന്നു. മുച്ചുള്ളുള്ളഇരിയുകയടിയുടെ പേരെന്നും അഭിപ്രായമുണ്ട്.]

അമ്പിട്ടൻ - ക്ഷേത്രരക്ഷാരൻ, അമ്പട്ടൻ എന്നുമുണ്ട്.

അമ്പിളി-പ്ര. ചന്ദ്രൻ. ഉ. കർപ്പൂരം.

അമ്പിളിക്കല-ചന്ദ്രകല (ചന്ദ്രക്കല).

അമ്പിളിത്തെല്ല്-ചന്ദ്രകല.

അമ്പിളിയമ്മാമൻ-ചന്ദ്രൻ.

അമ്പുക-ചേരുക, വസിക്കുക.

അമ്പുമാരി-ശരവർഷം.

അമ്പേ, അമ്പൈ-ഒരു വ്യാക്ഷേപകം. അല്ലയോ, സന്തോഷം ഇവയുണ്ടാകുമ്പോൾ പറയപ്പെടുന്നു.

അമ്പോട്ട-സന്തോഷത്തോട്ട.

അമ്പോട്ടൽ-അമയുടെപേർ (തമിഴിൽ) പേക്കുമ്പു.

അംബ-പ്ര. അമ്മ. ഉ. പാർവ്വതി, ദുർഗ്ഗ, ന. ഒരപ്സരസ്ത്രീ ര. അംബാഡി. ഭീ. കാശിരാജാവിന്റെ ഒരു പുത്രി.

കാശിരാജാവിന്നു മൂന്നു പുത്രികളുണ്ടായിരുന്നു. അവരിൽ മന്നരെത്തു അംബ മാറ രണ്ടുപേരുടേയും നാമധേയം അംബികഎന്നും അംബാലിക എന്നുമായിരുന്നു. ഇവരെ വിചിത്രവീര്യനു വിവാഹം ചെയ്തുകൊടുപ്പാനായി ഇവരെയും കൊണ്ടു ഭീഷ്മർ ഹസ്തിനപുരം പ്രാപിച്ചു. തന്നിക്കു സാലവർ മതയെന്നു അംബാരാജാവു അവരെ സാലവന്റെ അടുക്കൽ ചെന്നു. സാലവനും അവരെ ഉപേക്ഷിച്ചു അതിന്നു കാരണം അവർ അന്യപുരുഷത്തിൽപ്പെട്ടു എന്നുള്ളതാണെന്നു തീർച്ചയെ ഭീഷ്മരോടു സങ്കടം അറിയിച്ചു. അദ്ദേഹവും അവരെ ഉപേക്ഷിച്ചു. അനന്തരം വ്യാസനാൽ ഉത്പന്നയായ അംബകാളിൽചെന്നു ഭീഷ്മരോടു പ്രതിക്രിയക്കായി തപസ്സുചെയ്തു. ശിവൻ പ്രത്യക്ഷനായി. അടുത്തജന്മത്തിൽ നിന്നേക്കൊണ്ടു സംഹരിക്കട്ടെ എന്നു വരംകൊടുത്തു. പിന്നീടു ദ്രുപദന്റെ പുത്രിയായി ശിഖണ്ഡിനി എന്ന നാമധേയത്തോടു ജനിച്ചു.

അംബകം-പ്ര. കണ്ണ്. ഉ-ം, ത്ര്യംബകൻ (ത്രി + അംബകൻ) ത്രിനേത്രൻ = മൂക്കണ്ണൻ = ശിവൻ.

'അംബകംനയനംദൃഷ്ടിഃ' ഇതിഹലായുധഃ

ഉ. കൈക്കുമന്തര ന. ചെമ്പു്.

അംബകൻ-പിതാവു്. ഉ-ം, ത്ര്യംബകൻ = മൂന്നുലോകങ്ങൾക്കും പിതാവായവൻ (ശിവൻ.)

അംബം-കണ്ണ്. ഉ. ജലം. ന. ശബ്ദം.

അംബൻ-പ്ര. അച്ഛൻ. ഉ. ശബ്ദിക്കുന്നവൻ.

അംബരതടിനി-ആകാശഗംഗ.

'അംബരതടിനീനിലയനിലീനമമരംബൂജനയനാംനയനാനന്ദം'

(ഭോജപ്രബന്ധത്തിലെ ശ്ലോകം)

അംബരചാരി-പ്ര. ആകാശത്തിൽ സഞ്ചരിക്കുന്ന.

അംബരദം-പഞ്ഞി.

അംബരനദി-ഗംഗ.

അംബരം-പ്ര. ആകാശം, ശബ്ദിക്കുന്നതു് എന്നു വ്യുൽപത്തി. ഉ. വസ്ത്രം. ന. ജലം. ര. അളകം. ഭീ. പച്ചില.

അംബരമണി-സൂര്യൻ.

'അംബരമാർഗ്ഗതന്നിൽവിളങ്ങുമമരം-
രംബരമണിയുടെമിഴിപോലെതന്നെയും'

(സുഭദ്രാഹരണം)

അംബരമാർഗ്ഗം-ആകാശം.

അംബരയുഗം-ഉടുക്കുന്ന വസ്ത്രവും തോളിൽ ഇടുന്ന വസ്ത്രവും.

അംബരസ്ഥലി-ഭൂമി.

അംബരാന്തം-പ്ര. ചക്രവാളം. ഉ. വസ്ത്രത്തിന്റെ അഗ്രം. ന. ആകാശപ്രദേശം.

അംബരാന്തം-അ. ചക്രവാളംവരെ.

'അംബരാന്തംമുഴുമുകരംതുടുതുടെ'

(നന്ദനചരിതം പാന)

അംബരായണം–ആകാശഗമനം.

'രവണ്മതികലരമേധിനഞ്ജയ–
നംബരായണമാകന്നവിഭ്രയംൽ'

(സന്താനഗോപാലം–പാന)

അംബരി–സാമൂതിരിമാരുടെ സ്ത്രീകൾക്കു ള്ള ബഹുമാനപ്പേർ (വലിയതമ്പുരാട്ടി).

അംബരീഷൻ–പ. ഒരു സൂര്യവംശരാജാവ്. (നാഭാഗരാജന്റെ പുത്രൻ). ഉ. ശിവൻ. ന. വിഷ്ണു.

അംബരീഷചരിതം–അംബരീഷരാജാവിന്റെ കഥ.

വിഷ്ണുഭക്തനായ അംബരീഷന്റെ പത്നിയെന്നിച്ചു ദ്വാദശീവ്രതാനുഷ്ഠാനം ചെയ്ത് കാളിന്ദിയുടെ സമീപത്തിൽ വസിച്ചിരുന്നു. ഭക്ത്യതിശയം ഹേതുവായിട്ടു വിഷ്ണു പ്രസാദിച്ച് ഇദ്ദേഹത്തിന് ഒരു ചക്രം കൊടുത്തു. പാരണദിവസം വിഷ്ണുപൂജാവസാനത്തിൽ ദുർവ്വാസസ്സ് മഹർഷി അദ്ദേഹത്തെ പ്രാപിച്ചു. ഉടൻ നൃപതി അദ്ദേഹത്തെ ഭുജിപ്പാൻ ക്ഷണിച്ചു. അനന്തരം യമുനയിൽ സ്നാനത്തിനായി മഹർഷിഗമിച്ചു. പാരണസമയം തെറ്റിപ്പോകരുതെന്നു ഭയപ്പെട്ട് രാജാവ് പാരണംകഴിച്ചു. ഇതു മുനി ദിവ്യദൃഷ്ടികൊണ്ട് അറിഞ്ഞ് കോപാന്ധനായിവന്ന് നൃപനെ അസഭ്യം പറഞ്ഞു ജടപറിച്ചു കൃത്തികയെ ഉണ്ടാക്കി. ഭീഷണത്രിപിണിയായ കൃത്യയെക്കണ്ടു സംഭ്രമിച്ച അംബരീഷനൃപൻ വിഷ്ണുവിനെസ്മരിച്ചു. ഉടൻ വിഷ്ണുചക്രം പുറപ്പെട്ടു. കൃത്യ അഗ്നിയിൽ ശലഭം എന്നപോലെനശിച്ചു. ചക്രം മുനിയെ പിൻതുടർന്നോടിച്ചു. മുനി ബ്രഹ്മാവിനെയും ശിവനെയും പ്രാപിച്ചു രക്ഷകിട്ടിയില്ല. പിന്നീടു വിഷ്ണുവിന്റെ കാൽക്കൽതന്നെ വന്നുവീണു. അംബരീഷനുപചാരം സേവിപ്പാൻ അദ്ദേഹം ആജ്ഞാപിച്ചു. മുനി വ്യസനത്തോടെ രാജാവിന്റെ കാൽപിടിച്ചു. ഉടൻ രാജാവ് ചക്രം അടങ്ങുന്നതിനു വിഷ്ണുവിനെ സ്തുതിച്ചു. അപ്പോൾത്തന്നെ ചക്രം മടങ്ങി. മുനി സന്തുഷ്ടനായി നൃപന് ഇഷ്ടവരങ്ങളെ പ്രദാനംചെയ്തു.

അംബരീഷം–പ. വറവുപാത്രം. കനല്ലും, അപ്പക്കാരിക. മലർ വറുക്കുമ്പോഴും മറ്റും ശബ്ദിക്കുന്നത് എന്നു ശബ്ദാർത്ഥം. ഉ. അമ്പഴം. ന. കാരകിൽ. ര. പതിനെട്ടു നരകങ്ങളിൽ ഒന്ന്. ള. യുദ്ധം. ഴ. ആണ്കതിരക്കട്ടി, ആൺകഴുതക്കട്ടി. ഴ. ആകുലം, വ്യസനം, പശ്ചാത്താപം.

അംബഷ്ഠ–പ. കറുമുഴിമല്ല. അമ്മയെയപ്പോലെ സ്ഥിതിചെയ്യുന്നതു എന്ന് വ്യൽപത്തി. ഉ. പാട (വള്ളി). ന. പൂരിയം രൽ. ര. അമ്പട്ടത്തി.

അംബഷ്ഠൻ–പ. അമ്പട്ടൻ. ഉ. ആനക്കാരൻ. ന. ഒരുവെള്ളൻ. ര. ഒരുവൈശ്യസ്ത്രീയിൽ ബ്രാഹ്മണനു ജനിച്ചവൻ. ഇവന്റെ പ്രവൃത്തി ചികിത്സയാകുന്നു.

അംബഷ്ഠകി–പാട (വള്ളി).

അംബഷ്ഠികാ–ബ്രഹ്മി.

അംബഷ്ഠി–അമ്പട്ടത്തി.

അംബഷ്ഠം–അമ്പഴം.

അംബാലിക–പ. വിചിത്രവീര്യന്റെ ഭാര്യ, കാശിരാജാവിന്റെ ഒരു പുത്രി, പാണ്ഡുവിന്റെ അമ്മ (അംബാലികയിൽ വ്യാസനാണു പാണ്ഡുജനിച്ചതു). ഉ. അംബാഡി.

അംബിക–പ. പാർവ്വതി. ജഗന്മാതാവ്, ലോകമാതാവ് എന്നു ശബ്ദാർത്ഥം. ഉ. ധൃതരാഷ്ട്രന്റെ അമ്മ.

'അംബികാപാണ്ഡുമാതാക്കൾ
ധൃതരാഷ്ട്രസ്യമാതരൗ'

എന്നു മേദിനി.

അംബായു–അമ്മ.

അംബികേയൻ–പ. ഗണേശ്വരൻ. ഉ. സുബ്രഹ്മണ്യൻ. അംബികയാകുന്ന പാർവ്വതിയിൽ ജനിച്ചതുകൊണ്ട് ഈ പേർ സി

ലിച്ചു ന. ധൂസരാംഷുർ. അംബിക എന്ന കാശിരാജപുത്രിയിൽ ഉണ്ടായതുകൊണ്ട് ഈ പേർവന്നു.

അംബു-പ. ജലം, ഒഴുകുമ്പോൾ ശബ്ദിക്കുന്നതിനാൽ ഈ പേരുണ്ടായി. പ. ഇരുവേലി (രി).

'നാംബുപയമശകുന്യാവാ
സപല്ലമല്ലഗ്നിഗ്രന്ഥിഭിഃ
പാണ്ഡുരോരുസംരംഭോ
ഗ്രഹണീരോഗശോഫിഭിഃ
സമസ്തലക്ഷണോപേതാ
മദ്ധ്യാന്തപ്രഥമാംബുവാ'

[മന്ദാഗ്നിയുള്ളവൻ, ഗ്രന്ഥിയുള്ളവൻ, പാണ്ഡുരോഗി, മഹോദരമുള്ളവൻ, അതിസാരമുള്ളവൻ, അൽസ്സമുള്ളവൻ, ഗ്രഹണിദോഷമുള്ളവൻ, പീക്കരുള്ളവൻ ഇവർ വെള്ളം കുടിക്കരുത്. തീരെ സഹിക്കാവയ്യെങ്കിൽ കാച്ചി കുടിക്കണം. രോഗമില്ലാത്തവനായാലും ശരത് ഗ്രീഷ്മം രണ്ടിനെയുംഒഴിച്ചു ശേഷമുള്ള കാലങ്ങളിൽ ജലം കാച്ചി കുടിക്കണം. ശരൽഗ്രീഷ്മങ്ങളിൽ ഇഷ്ടംപോലെ കുടിക്കാം. ക്ഷീണമദ്ധ്യത്തിൽ വെള്ളം കുടിച്ചാൽ ശരീരം വളരെ തടിക്കുകയും വളരെ മെലിയുകയും ഇല്ല. സമശരീരനായി ഭവിക്കും. ക്ഷീണത്തിന്റെ ഒടുവിൽ ജലപാനം ചെയ്താൽ മേഹം തടിക്കും. ക്ഷീണത്തിന്റെ ആദ്യത്തിൽ വെള്ളം കുടിച്ചാൽ മേഹം മെലിയും. അതിനാൽ ക്ഷീണമദ്ധ്യത്തിൽ ജലപാനം ചെയ്യുന്നു.

അംബുകണം-വെള്ളത്തുള്ളി.

അംബുകണ്ടകം-പ. മുതല പ. വൻകോട്ട.

അംബുകണാകര-ഉറവുകഴി.

അംബുകം-കൊക്കുമന്താരം, തളമന്താരം, വെള്ളാമ്പൽ, ജലജന്തു.

അംബുകിമാതം-മുതല.

അംബുക്രമ്മ, അംബുകീശം-മുതലയോട് ഉല്പാദകതിയായ മത്സ്യത്തിന്റെ പേർ (ശിംശുമാരം), നീർക്കാഞ്ഞ്, നീർമുതല, കടൽആന, ചീങ്കണ്ണി.

അംബുകുക്കുടം-നീർക്കോഴി.

അംബുചാമരം-കരിമ്പായൽ.

അംബുജ-വി. ജലത്തിൽ ഉണ്ടായത്.

അംബുജൻ-ചന്ദ്രൻ.

അംബുജന്മാ-പ. ചന്ദ്രൻ. പ. താമര. ന. വണ്ടാരംകോഴി. ശ. ശംഖ്, ചിപ്പി.

അംബുജബന്ധു-സൂര്യൻ.

അംബുജം-പ. താമര. ജലത്തിലുണ്ടായത് എന്ന ശബ്ദാർത്ഥം. പ. നീർകടമ്പ്. ന. ആറവണ്ണിയുടെ വകഭേദം. ശ. ശംഖ്, ചിപ്പി.

അംബുജശരൻ-കാമദേവൻ.

അംബുജാക്ഷ-വി. താമരപ്പൂപോലെ കണ്ണുള്ള, സൌന്ദര്യമുള്ള.

അംബുജാക്ഷൻ-വിഷ്ണു.

അംബുജാസനൻ-ബ്രഹ്മാവ്.

അംബുജാസന-ലക്ഷ്മി.

അംബുജാവാസൻ-ബ്രഹ്മാവ്.

അംബുജേക്ഷണ-വി. താമരപ്പൂപോലെ കണ്ണുള്ള.

അംബുജോദ്ഭവൻ-ബ്രഹ്മാവ്.

അംബുതസ്കരൻ-സൂര്യൻ. തന്റെ രശ്മി ജലത്തെ കുടിച്ചുകളയുന്നതിനാൽ ഈ പേരുണ്ടായി.

അംബുതാലം-കരിമ്പായൽ.

അംബുദ-വി. ജലത്തെ കൊടുക്കുന്നത്.

അംബുദം-പ. മുത്തങ്ങ. പ. മേഘം.

അംബുദാഹ്വയം-മുത്തങ്ങ.

അംബുധരം-പ. മുത്തങ്ങ പ. മേഘം.

അംബുധി-സമുദ്രം.

അംബുധിപ്രസവാ-കാരവെള്ള.

അംബുധിസ്രവാ-കാരവെള്ള.

അംബുനാമാ-ഇരുവേലി.

അംബുനിധി-കടൽ.

അംബുപനസം-അയിനി.

അംബുപ്രസാദം-തേറ്റാമരം.

അംബുപ്രസാദനം-തേറ്റാമ്പരൽ.

അംബുഭ്രഷ്ണൻ-വരുണൻ.

അംബുവ്യൂഹം-മേഘം ജലത്തെ ഒരിക്കുന്നതു് എന്ന ശബ്ദാർത്ഥം. സമൂഹമെന്നും പറയുന്നു.

അംബുരാശി-സമുദ്രം.

അംബുരാജൻ-വരുണൻ, സമുദ്രം.

അംബുരുഹം-താമര. അംബുവിൽ(ജലത്തിൽ) രുഹിക്കുന്നതു (മുളയ്ക്കുന്നതു)

അംബുരോഹി-പ. വണ്ടാർകോഴി. ഉ. താമര.

അംബുവല്ലികാ-പാവൽ (വല്ലതു്).

അംബുവാഹം-പ. മേഘം. ഉ. ജലത്തെ വഹിക്കുന്നതു്.

'അംബുവാഹങ്ങളംകേശംശിരസ്സുവിധം (ഭാഗവതം) [രാവും'

അംബുവേതസം-ആറുവഞ്ഞി(മരം).

അംബുസരണം-ജലത്തിന്റെ ഒഴുക്കു്.

അംബുസാരം-വെള്ള

അംബുസൂർപ്പിക-മുത്തുച്ചിപ്പി.

അംബുകൃതം-വായിലെ രുചിയുള്ള തെറിക്കുന്നതുകൊണ്ടു പറക. അംബുഇല്ലാത്തതിനെ അംബു ഉള്ളതാക്കിചെയ്തതു് അംബുകൃതം.

അംഭസ്സു്-പ. ജലം. ഗമിക്കുന്നതു്, ഒഴിച്ചുചെല്ലുന്നതു് എന്നു വ്യുൽപത്തി ഉ. ഇരുമ്പു.

അംഭസ്സംഭവം-നീർച്ചുഴി.

അംഭസ്സാരം-മുത്തു്.

അംഭാരവം-കാളയെപ്പോലെ മുക്കായിടുക, അലച്ചിൽ.

അംഭോജ-വി ജലത്തിൽനിന്നുണ്ടായതു്.

അംഭോജം-പ. താമര. ഉ. ശംഖു്. ന. വണ്ടാർകോഴി. ര. കർപ്പൂരം

അംഭോജൻ-ചന്ദ്രൻ.

അംഭോജബാന്ധവൻ-കാർമുകിൽവർണ്ണൻ. അംഭോജം (താമരപ്പൂവു്) ബന്ധുവെന്നു (ശത്രു) ആയിട്ടുള്ളവൻ.

അംഭോജയോനി-ബ്രഹ്മാവു്. അംഭോജം (താമരപ്പൂവു്) യോനി (ജനനസ്ഥാനം) ആയിട്ടുള്ളവൻ.

'അംഭോജയോനിക്കുകുറില്ലനമ്മളിൽ' (കുളിയമട്ടം തുള്ളൽ)

അംഭോജിനി-താമരപ്പൈങ്കു.

അംഭോദം-പ. മേഘം. ഉ. മുത്തങ്ങ.

അംഭോധരം-പ. മേഘം. ഉ. മുത്തങ്ങ. ന. കടൽ.

അംഭോധി-സമുദ്രം.

അംഭോധികന്യ-ലക്ഷ്മി.

അംഭോധിനാഥൻ-വരുണൻ

അംഭോധിപാനം-അധികമായ ജലപാനം.

അംഭോധിവല്ലഭം-പവിഴം.

അംഭോധിശായി-വിഷ്ണു. പാൽക്കടലിൽ കിടക്കുന്നവൻ എന്നർത്ഥം

അംഭോനിധി-സമുദ്രം

അംഭോരാശി-സമുദ്രം.

അംഭോരുഹം-പ. താമര. അംഭസ്സിൽ (ജലത്തിൽ) രുഹം (ഉണ്ടായതു്). ഉ. വണ്ടാർകോഴി.

അമ്മ-പ. മാതാവു്.

'ജനയിത്രീപ്രസൂർമ്മാതാജനനീ'(അമരം) [ജനയ്ത്രി, പ്രസു, മാതാവു്, ജനനി മ്മ-ം, അമ്മയുടെ ചേർ. അടിതോൽ എന്നതു നോക്കുക ]

ഉ. സ്ത്രീകളെ ബഹുമാനിച്ചു പറയുന്നവാക്കു്.

അമ്മക്കളളൻ-വലിയകള്ളൻ.

അമ്മച്ചി-പ. അമ്മ. ഉ. വയസ്സായസ്ത്രീകളേയും രാജ്ഞിമാരേയും ബഹുമാനിച്ചു പറയുന്ന വാക്കു്.

അമ്മച്ചൻ-അമ്മയുടെ അച്ഛൻ.

അമ്മയകം-ബ്രാഹ്മണഭാഷയിലെ തറവാട്ട്.

അമ്മയച്ഛന്മാർ-അമ്മയും അച്ഛനും.

'മാതാപിതരൗ പിതരൗ മാതരപിതരൗ പ്രസൂജനയിതാരൗ' (അമരം)

[മാതാപിതാക്കന്മാർ, പിതാക്കന്മാർ, മാതരപിതാക്കന്മാർ, പ്രസൂജനയിതാക്കന്മാർ ഇവർ ൪-ം, അച്ഛനും അമ്മയ്ക്കും കൂടിയുള്ള പേർ.]

അമ്മയം-അപ്പിന്റെ (വെള്ളത്തിന്റെ) വികാരം. (പയ്യ്മയം-ആപ്യം) വെള്ളമുള്ള, ജലമയമായി പരന്നപോലെയും മറ്റുമിരിക്കുന്നത്. (അപ് + മയം= അമ്മയം.)

അമ്മമ്മ-൧. അമ്മയുടെ അമ്മ. ൨. ദുഃഖമോ വലിയ സംശയമോ അത്ഭുതമോ വന്നപ്പോഴും 'അമ്മമ്മാ' എന്നു വിളിക്കാറുണ്ട്.

അമ്മരം-വൻകുടൽ, അസഭ്യവാക്ക്.

അമ്മരക്കാരൻ-അസഭ്യം പറയുന്നവൻ.

അമ്മയാർ-അയിമ്മ, ബ്രാഹ്മണസ്ത്രീ.

അമ്മവീട്-രാജാക്കന്മാരുടെ മാതൃഗൃഹം.

അമ്മശാസ്ത്രം-ഭാഷാജ്യോതിഷം, പഴഞ്ചൊല്ല്.

അമ്മാഞ്ഞിയമ്മാഞ്ഞി, അമ്മാഞ്ഞിഅമ്മാഞ്ഞി-അല്പബുദ്ധി, കഠച്ച്, അങ്ങിനെ, ഇങ്ങിനെ.

അമ്മാത്തു-അമ്മയുടെ ഉടപ്പിറന്നവന്റെ വീട്.

അമ്മാത്തുമൂത്തച്ഛൻ-അമ്മയുടെ പിതാവും പയ്യ്മയം-മാതാമഹൻ.)

അമ്മാത്തുമൂത്തമ്മ-അമ്മയുടെ അമ്മ.

അമ്മാൻ-അമ്മാവൻ, അമ്മാനപ്പൻ, അമ്മായപ്പൻ, അച്ഛന്റെ സഹോദരൻ.

അമ്മാനപ്പാ-അമ്മാനം എറിഞ്ഞു കളിക്കുന്നതിന് കോട്ടയംഭാഷയിലെ മറ്റൊരു പേരോ ഉണ്ടാക്കിയ ഉത്സവവസ്തു.

അമ്മാനപ്പാട്ട്-കേരളത്തിൽ പുരാതനമായി അമ്മാനക്കളിക്ക് ഉപയോഗിച്ചു വരുന്ന ഒരു പാട്ട്.

അമ്മാനം-ഒരുവക കളി, അമ്മാനയാട്ടം.

അമ്മാനയാട്ടക്കാരൻ-അമ്മാനം കളിക്കുന്നവൻ.

അമ്മാനക്കളി-അമ്മാനക്കരുമേല്പോട്ട് എറിഞ്ഞു പിടിച്ചുകളിക്കുന്ന ഒരു വിനോദം

അമ്മാ൨(വ)ൻ- അമ്മയുടെതാഴെയും മേലേയുമുള്ള സഹോദരൻ. (മാതൃയുടെ അച്ഛനേയും ഇങ്ങിനെ വിളിക്കുന്നുണ്ട്. ചില സ്ഥലങ്ങളിൽ അമ്മോൻ, അമ്മോമൻ എന്നും വിളിച്ചുവരുന്നു

'മാതുഭ്രാതാതുമാതുലഃ' (അമരം)

ഭ്രാതൃശബ്ദം ജ്യേഷ്ഠനേയും അനുജനേയും കുറിക്കുന്നു.

അമ്മായിപ്പഞ്ചതന്ത്രം - ഒരു പുസ്തകത്തിന്റെ പേർ.

അമ്മായി,അമ്മാവി-അമ്മാമനെന്നർത്ഥം

'മാതുലാനീതു മാതുലീ' (അമരം)

[മാതുലാനീ, മാതുലി ൨-ം, അമ്മായിയുടെ പേർ.]

തന്തവിന്റെ അമ്മയേയും മാതൃയുടെ അമ്മായിയേയും ഇങ്ങിനെ വിളിക്കുന്നുണ്ട്. മാതൃയുടെ അമ്മയെ അമ്മാമി, അമ്മായിയമ്മ എന്നും വിളിച്ചുവരുന്നു.

അമ്മായിശാസ്ത്രം - പഴയകാലപ്പണ്ഡിതകൃതി ശാസ്ത്രം, അന്ധവിശ്വാസത്തെ പ്രകടിപ്പിക്കുന്ന പഠിത്തം.

അമ്മാശി-സാമൂതിരി മുതലായ ചില മഹിഷിക്കാർ.

അമ്മി-അരകല്ല്.

അമ്മിക്കുഴവി- അരകല്ലിന്മേൽ വെച്ചരയ്ക്കുന്ന ചെറിയ കല്ല്. അമ്മിക്കുട്ടി, അമ്മിപ്പിള്ള.

അമ്മിഞ്ഞി-മുല. സംസാരഭാഷയിൽ മുല കുടിക്കുന്ന കുട്ടികളും മുലയ്ക്ക് അമ്മിഞ്ഞി

എന്നാണ്ട പറയുക. കല്ലുടകത്തിലും തൂ
ടുവിലും 'അമ്മണ്ണി' എന്ന പറയുന്നു.
അമ്മിഞ്ഞിനന്നായ് ക്കടിച്ചുകൊടുകനിൻറ
അമ്മയാകുന്നതൊരെന്നറിഞ്ഞീടുനീ'
(കൃഷ്ണലീല തുള്ളൽ)

അമ്മിട്ടം-കീഴ്ച്ചുണ്ട്. തമിഴിൽ 'നമുട്ട'

അമ്മിണി-ഒരു സ്ത്രീയുടെ പേർ. വാത്സ
ല്യംകൊണ്ട് അമ്മയും മക്കളും അന്യോ
ന്യം വിളിക്കുന്ന പേർ. ഭാര്യയേയും അ
മ്മയേയും മറവും ചിലർ 'അമ്മണ' എന്ന
വിളിക്കുന്നു.

അമ്മിപ്പിള്ള-അരകല്ലിന്മേൽ വെച്ചുര
യ്ക്കുന്ന ചെറിയ കല്ല്, അമ്മിക്കുട്ടി.

അമ്മു-പ്രാ. മാമനപ്പേര. ഉ. ഒരു സ്ത്രീയുടെ
പേർ. ന. വ്യസനത്തിൽ പറയുന്ന ഒരു
വാക്ക്.

അമ്മുകു-അമുങ്ങുക.

അമ്മുണ്ണി-വടക്കേ മലയാളത്തിൽ ഈ
പേർ സ്ത്രീകൾക്കാണ്. അമ്മുണ്ണി, കുഞ്ഞി
ക്കുട്ടി, മാതു എന്നീ മൂന്നുപേരുകളും ചില
ദിക്കിൽ പുരുഷന്മാർക്കും മറവു ചില ദി
ക്കിൽ സ്ത്രീകൾക്കും ധാരാളം ഉപയോ
ഗിച്ചുവരുന്നുണ്ട്.

അമ്മുമ്മ-പ്രാ. അമ്മയുടെ അമ്മ. ഉ. വയ
സ്സധികംചെന്ന സ്ത്രീകളെ ബഹുമാനിച്ചു
പറയുന്ന വാക്ക്.

അമ്മുമ്മത്തള്ള-അമ്മുമ്മ.

അമ്മേ-അശ്രദ്ധ, പേടി, വ്യസനം എ
ന്നിവയുണ്ടാകുമ്പോൾപറയുന്നഒരു വാക്ക.

അമ്മോച്ചൻ-പ്രാ. അമ്മാവൻ ഉ. സിം
ഹത്തെയോ കടുവയെയോ വിളിക്കുന്ന
ഒരു കന്നവാക്ക് (ദുർഭാക്ഷ).

അമ്രം-മാവ്.

അമ്രാതകം-അമ്പഴം. അമൃതസമത്തെ പ്രാ
പിച്ചുകൊണ്ടിരിക്കുന്നത് എന്ന ശബ്ദാ
ർത്ഥം. അമ്രാതകം (അമ്രാതം) എന്ന
പക്ഷം കൊണ്ടാടി നന്ന്.

അമ്ല-വി. പുളിയുള്ള.

അമ്ലകം-പ്രാ. അയനിമരം ഉ. പുളിച്ച
തികട്ടൽ.

അമ്ലജനകം-ജീവധാരണക്ഷമം, പ്രാണ
വായു.

അമ്ലപത്രകം-രവണം.

അമ്ലപനസം-അയിനി.

അമ്ലപിത്തം-ഒരു രോഗം.

[ഹൃദയക്കേട്, ക്ഷീണം, ഉന്മേഷം,
തേട്ടൽ, ശരീരത്തിനു കനം, പുകയുവും
തൊണ്ടയും വരളുക, അരുചി ഇവ ല
ക്ഷണം.]

അമ്ലാ-പ്രാ. പുളിപ്പ്, രോഗത്തെ ചെയ്യു
ന്നതു്, അരുചിയെ പോക്കുന്നതു് എന്ന
ശബ്ദാർത്ഥം. [അബ്ദം ഇതും പാഠാന്ത
രം. തിന്നുമ്പോൾ പുളിപ്പു തോന്നുവായി
ട്ടു ശബ്ദം പുറപ്പെടുവിക്കുതു് എന്ന
ശബ്ദാർത്ഥം, ഉ. മോര്. ന. തെരി
ഞ്ഞിൽപുളി. ര. ചണ.

അമ്ലലോണി(ക), അമ്ലലോളികം,
അമ്ലലോളി-പുളിയാരൽ.

അമ്ലവല്ലം-പുളിവേരിന്മേൽ തൊലി.

അമ്ലവേതസം-തെരിഞ്ഞിൽപുളി. പുളി
യുള്ളവായി വെള്ളത്തിനരികേ തുങ്ങിനി
ൽക്കുന്നതു് എന്ന ശബ്ദാർത്ഥം.

അമ്ലസാരം-പ്രാ. കാടി. ഉ. തെരിഞ്ഞിൽ
പുളി. ന. വടുകപ്പുളി നാരകം. ര. ഇ
രുപ്പന.

അമ്ലാ-പ്രാ. ഇഞ്ച. ഉ. കോലുപുളി. ന. പു
ളിഞ്ചി. ര. പുളിയാരൽ.

അമ്ലാക്ഷിതാ-ഒരു നേത്രരോഗം.

[കണ്ണിനകം നടവു് കരുവാളിച്ചും
ചെമന്നുമിരിക്കും. കണ്ണുരുവൻപഴുക്കും.
ചൂടും വീക്കവും കാണും. കണ്ണുനീരും
ഉണ്ടായിരിക്കും ഇവ ലക്ഷണം.]

അമ്ലാന-വി. മൂന്നാം (മാളിയതു്) അല്പം
ത്ത, തെളിവുള്ള.

അമ്ലാനാ-വാരിക്കരഞ്ഞി. ഏഴിലപ്പാല വം
ശത്തെ പൂവള്ളിയു് എന്ന ശബ്ദാർത്ഥം.

അല്ലിക-പുളിമരം. പുളിരസമുള്ളത് എന്നർത്ഥം. 'അമ്ലകം' എന്നും പാഠമുണ്ട്.

അയ-(ധാതു) മുറുകെത്തിരിക്കുക.

അയ-വല്ലുകൊണ്ടോ മുട്ടുകൊണ്ടോ മുറുകെവല്ലുന്നതിനോ കെട്ടുന്ന കയർ.

അയം-പ്ര. അനുകൂലമായ ദൈവത്തിന്റെ പേർ. സുകൃതിയെ (പുണ്യവാനെ) പ്രാപിക്കുന്നത്. ശ്രേഷ്ഠം, ഗുണവിധി. ഉ. പോക്ക്, നീണ്ടൽ. സ. ചുക്കിണി, ചകിട.

അയം-ഇവൻ. (സംസ്കൃതം പ്ര. ഏ)

അയക്കുറ്റി-ഒരു വക മത്സ്യം. (തമിഴിൽ അയം=ചേറ്, ജലം.)

അയക്കോൽ-മുണ്ടു മുതലായവ ഇടുന്നതിനു കെട്ടിയ വടി.

അയയ്ക്കുക-പ്ര. മുറുക്കമില്ലാതാക്കുക. ഉ. ആർദ്രമാക്കുക. സ. വിടുക. ര. കട്ടപ്പം കുറയ്ക്കുക.

അയക്ഷ്മം-ആരോഗ്യം.

അയച്ചൽ - അയവ്, മുറുക്കമില്ലാത്ത സ്ഥിതി, വിടുതൽ.

അയജ്ഞകം-വി. യാഗത്തിനു കൊള്ളാത്തത്.

അയഞ്ഞ-വി. പ്ര. ഉലകിയ.

'വിലീനമവിദ്രുതമുദ്രുതം' (അമരം)

[വിലീനം, വിദ്രുതം, ദ്രുതം സ-ം ഉലകിയതിന്റെ തന്നെയാൻ അയഞ്ഞതിന്റെ പേർ.]

ഉ. മുറുക്കമില്ലാതായ, കട്ടപ്പം കുറഞ്ഞ.

അയത-വി. തടുക്കപ്പെടാത്ത.

അയൻ-അജൻ, ബ്രഹ്മാവ്. (പ. മ)

അയന്ത്രാ-ശത്രുക്കളെ കീഴടക്കുന്നതിനുള്ള ശക്തിയില്ലാത്ത തേ തുടങ്ങിയ.

അയഥാ-വി. ഇരിക്കേണ്ടുപോലെ ഇരിക്കാത്തതായ.

അയപ്പു-പ്ര. അയക്കുക. ഉ. അയവ്. സ. വിടുതൽ.

അയനം-പ്ര. സഞ്ചാരം, ഗതി. ഉ. മൂന്നു ഋതുക്കൾ കൂടിയ കാലം. അയ=ഗമിക്ക. സൂര്യൻ ഇതുകൊണ്ടു ഗമിക്കുന്നു.

അയനം രണ്ടു. പ്ര. ഉത്തരായണം. ഉ. ദക്ഷിണായനം. മാഘം മുതൽ ആഷാഢമാസംവരെ സൂര്യൻ ഉത്തരമായി പോകുന്നതിനാൽ ഉത്തരായണം എന്നും ശ്രാവണം മുതൽ പുഷ്യമാസം വരെ സൂര്യൻ ദക്ഷിണമായി ഗമിക്കുന്നതിനാൽ ദക്ഷിണായനമെന്നും പേർ.

സ. മാർഗ്ഗം, വഴി. ഗമിക്കപ്പെടുന്നത് എന്ന ശബ്ദാർത്ഥം.

അയനി, അയനിഉണ്ണി- വിവാഹമുഹൂർത്തത്തിനു അല്പം മുമ്പ് അതു സംബന്ധമായി കഴിക്കുന്ന ആഹാരം.

അയനിപ്പിലാവ് - അയനിമരം, ആഞ്ഞിലി.

'ലകുചോലികാചാഡ്ഢ്യൗ' (അമരം)

[ലകുചം, ലികുചം, ഡ്ഢ ഇവ സ-ം അയനിപ്പിലാവിന്റെ പേർ]

അയന്ത്രിത-വി, കീഴടക്കപ്പെടാത്ത.

അയന്ന-ക്ഷീണിച്ച.

അയമിത-വി. കീഴടക്കപ്പെടാത്ത.

അയമോദകം-കാരം. തമിഴിൽ അയമോദകത്തിന് ഓമം, കായച്ചുരക്ക്, കരിച്ചുരക്ക്, കാച്ചുരക്ക് എന്നിങ്ങനെ പാഠമുണ്ട്. സംസ്കൃതത്തിൽ 'അജമോദ' എന്ന പേർ ആട്ടിന്റെ ഗന്ധത്തോടു സദൃശമായ ഗന്ധമുള്ളതിന്. ആട്ടിനു സന്തോഷം ഉണ്ടാകുന്നു.

അജമോദാ ദ്വിഗന്ധാജ്വമഭക്ഷ്യ (അമരം) വാനികം'

[അജമോദ, ദ്വിഗന്ധ, ജ്വമഭക്ഷ്യ, യവാനിക ഇവ സ-ം അയമോദകത്തിന്റെ പേർ ഇവയിൽ ആദ്യത്തെ രണ്ടും മൂന്നു വിധവും മാത്രം രണ്ടും പ്രയോഗയോഗ്യമായ അയമോദകമാണെന്ന് ഈ പ്രയോഗത്തിന്റെ കാരണം (ആശയം)

എന്നു വേറൊരു പക്ഷം. ഇതു വയറുവേദന, കഫവാതരോഗങ്ങൾ, കൃമിരോഗം, ഇക്കിൾ, അഗ്നിമാന്ദ്യം, അരോചകം, മഹോദരം, ജ്വരം, മേൽവയറുവീർപ്പ്, ഗ്രഹണി ഇവയെ ഇല്ലാതാക്കും. നന്നാലാംപനിക്കു വളരെ നന്ന്.]

അയയുക-ക്രി. മുറുക്കം കുറയുക. പ. അൂർദ്ധമാവുക.

അയക്കുക-ക്രി. മൂടിക്കുക, മറയ്ക്കുക. പ. തടുക്കുക. സ. നിന്ദയോടു സംസാരിക്കുക. ഭ. ഇടയുക. ങ. വെറുത്തു പറയുക.

'പഴുതേതെന്നെനിന്നൊടയത്തുഞാൻ'
(സന്താനഗോപാലം പാന)

അയർത്തി, അയപ്പ്-ക്രി. മൂർച്ഛ, മോഹാലസ്യം. പ. മറവി. സ. ഇടച്ചൽ. ഭ. നിന്ദിച്ചുള്ള സംസാരം. ങ. കോപം.

അയപ്പിക്കുക-കോപമുണ്ടാക്കുക.

അയൽ-വി. സമീപമുള്ള, അടുക്കലുള്ള.

അയൽ-അയ (വല്ലതും ഇടുന്നതിനു കെട്ടുന്ന കയർ) വടക്കൻപ്രയോഗം.

അയൽ-സമീപം, അടുക്കൽ.

അയല-ഒരുവക മത്സ്യം.

അയൽപക്കം-അടുത്തവീട്ട്, സമീപമുള്ള ഭവനം.

അയൽപക്കം-അയൽപക്കം. പ്രയോഗം ചുരുങ്ങും.

അയവ്-മുറുക്കമില്ലാത്ത സ്ഥിതി, അയച്ചൽ.

അയലപ്പക്കം-അയൽപക്കം. അയൽപക്കം എന്നതു ലോപിച്ചു അയലപ്പക്കമായി. ഇതു ഒരു വിലക്ഷണപദമാണ്.

അയവിറക്കുക-അയറുക. ആട്ടു മുതലായ ചില ജന്തുക്കൾ തിന്നതിനെ കുറെ വീണ്ടും വായിലാക്കി ചവയ്ക്കുക, അയവെട്ടുക എന്നും പറയും.

അയവെട്ടുക-അയവിറക്കുക.

അയസ്സുലാകം-നേരത്തെ തുടിനാഴികയിൽ ഇരിയ്ക്കുന്ന,

അയസ്ഥിതി-ഒരു മരുന്ന്. പ്രമേഹം, രക്തപിത്തം ഇവയ്ക്കു നന്ന്.

അയശസ്സ്-യശസ്സ് (കീർത്തി) കേട്, ദുഷ്കീർത്തി.

അയസ്കാണ്ഡം-ക. ഇരിമ്പയിര്, (ഇരിയുരുകാണ്ടുള്ള അയിര്). പ. നല്ല ഇരുമ്പ്.

അയസ്കാന്തം-കാന്തക്കല്ല്. തമിഴിൽ-മുഴുക്കാന്തം. മഹനം, രുചി, ഗുണം, മേഹം ഇവയ്ക്കു നന്ന്.

അയസ്കാരൻ-കൊല്ലൻ.

അയസ്സ്-ഇരിമ്പ്, ഉരുക്ക്. ശല്യാദിരൂപം കൊണ്ടു പിളക്കുന്നതിനാൽ ഈ പേരുണ്ടായി.

അയാചിതം-ഇരക്കാത്തത്.

അയാചനം-വി. പോരാത്ത, ഇരക്കാത്ത.

അയാവക-വി. സ്വഭാവേന രുചമന്ന.

അയി-അ. അല്ലയോ, ഹേ. അനന്തരയത്തിനുൽ പ്രയോഗം.

അയിക്കരനാട്-കന്നത്തുനാടുതാലൂക്കിൽ ഒരു പകുതി.

അയിനി-അയിണിമരം. ഇതരത്തേ ആഞ്ഞിലി. ഇതിന്റെ പഴം നിന്ദ്യമാണ്. സംസ്കൃതത്തിൽ-ലകുചം. തമിഴിൽ-ഈരപ്പല, ആലിനി.

അയിരാണിമുട്ട-തിരുവനന്തപുരം താലൂക്കിൽ ഒരു പകുതി.

അയിരു, അയിരം-പഞ്ചലോഹമുള്ള കല്ലും മണ്ണും. ഇരിയുണ്ടാക്കുന്ന ഒരുവക കല്ല്.

അയിരാ..ു-ക്ര. അമ്പരൽ, മനസ്സിന്റെ വ്യാകുലത. പ. അനൗചിത്യം.

അയിരി-വായ്ക്കുരു, ഉണങ്ങിയ പുൽച്ചെ.

അയിരുരുള്ള്-അയിര് ഉരുക്കി ഇരിമ്പാക്കുക.

അയിരുപ്പാറ-തിരുവനന്തപുരം താലൂക്കിൽ ഒരു പകുതി.

അയിരൂർ-ചിറയിൻകീഴ്, തിരുവല്ലാ, ആലങ്ങാട് ഈ മൂന്നു താലൂക്കുകളിലും ഈ പേരുള്ള ഓരോ പകുതിയുണ്ട്.

അയുക്ത-വി. യുക്തം (യോഗ്യം) അല്ലാത്ത, ചേരാത്ത.

'അത്രയുക്തമുടയശത്രുവഴിഞ്ഞതു-
മെത്രയുമയുക്തതരമത്രേനിനയ്ക്കിലെ'
(ദുര്യ്യോധനവധം കഥകളി)

അയുക്തി-യുക്തി (ചേർച്ച) കേട്.

അയുഗ-വി. ഒറ്റയായുള്ള. (യുഗം = ഇരട്ട).

അയുഗനേത്രൻ, അയുഗനയനൻ-ശിവൻ.

അയുഗബാണൻ-കാമദേവൻ.

അയുഗവിശിഖൻ-കാമദേവൻ.

'ശരവദനനയുഗശരപരവശതയാസമം'
(അദ്ധ്യാത്മരാമായണം)

അയുഗസപത്നി. സൂര്യൻ.

അയുഗള-വി. യുഗളം (ഇരട്ട) അല്ലാത്ത. ഒറ്റയായ.

അയുഗ്മ-ഒരു കട്ടിയുള്ളസ്ത്രീ.

അയുഗ്മ-വി. ഒറ്റയായുള്ള. യുഗ്മം (ഇരട്ട) അല്ലാത്ത.

അയുഗ്മനേത്രൻ, അയുഗ്മനയനൻ-ശിവൻ.

അയുഗ്മം-ക്ര. ഒറ്റ, പ. (വൃത്തശാസ്ത്രത്തിൽ) പദ്യത്തിൽ നാലു പാദങ്ങളും ഉള്ളതിൽ ഒന്നും മൂന്നും ചേർന്നതിന്റെ പേർ.

അയുഗ, അയുഗ്മ, അയുഗള ഈ പദങ്ങൾക്കു കണ്ണുള്ളവൻ എന്ന അർത്ഥം വരുന്ന നേത്രൻ, ലോചനൻ മുതലായ പദങ്ങളും ചേർത്താൽ ശിവൻ എന്നും, അയുള്ളവൻ എന്നർത്ഥം വരുന്ന ബാണൻ, ശരൻ മുതലായവ ചേർത്താൽ കാമദേവൻ എന്നും അർത്ഥം വരും.

അയുജ-വി. ക്ര. കൂട്ടില്ലാത്ത. പ. ഒറ്റയായ. ന. പ്രത്യേകമായ.

അയുത-വി യുതം (ചേർന്നത്) അല്ലാത്ത, ചേരാത്ത.

അയുതൻ-ചന്ദ്രവംശത്തിൽ മഹാരഥനായ ദേവമീഢുഷന്റെ സുമന്ത്രയിൽ ഉണ്ടായവൻ.

അയുതം-ക്ര ചേർന്നതല്ലാത്തത്. പ. പതിനായിരം

അയുതാജ്യാപകൻ-നല്ല വാദ്ധ്യാർ.

അയുധൻ-യോദ്ധാവല്ലാത്തവൻ, പോരാളി അല്ലാത്തവൻ.

അയേ-അ. സ്വരണം. വിചാരത്തെ ബോധിപ്പിക്കുന്നതു, ഹേ, അല്ലയോ.

അയോഗം-ക്ര. വേർപാട്, പിരിവ്. പ. ന്യായമല്ലാത്ത ചേർച്ച

അയോഗൻ-ഭാഗ്യമറിച്ചുവൻ.

അയോഗു-കൊല്ലൻ.

അയോഗ്യം-വി. യോഗ്യം (ചേർച്ച) ഇല്ലാത്ത, യോഗ്യമല്ലാത്ത.

അയോഗ്യൻ, അയോഗ്യകം-ക്ര. ഉലക്ക. തലയ്ക്കൽ ഇരുമ്പുകൊണ്ടു കെട്ടിയത് എന്നർത്ഥം. പ. ചുറവുകല്ല്.

അയോഘനം-ഇരിമ്പടിക്കുന്ന കൂടം.

അയോജ്യത-ചേർച്ചയില്ലായ്മ.

അയോദ്ധ്യ-ഒരു നഗരം. പട്ടണം. യുദ്ധം ചെയ്യപ്പെടാത്തതല്ലാത്തത് എന്നു ശബ്ദാർത്ഥം.

ഈ സൂര്യവംശരാജധാനിയുടെ സ്ഥാനമാണ് ഇപ്പോൾ ഔധ് (Oudh) എന്നു പേർ. ഈ സരയൂനദിയുടെ തീരത്തിലാണ് സ്ഥിതിചെയ്യുന്നത്. ഇതിനു രണ്ടു മൈൽ തീർവും ക്രമത്തിൽ വീതിയുണ്ട്. ഇതിനു 'സാകേതം' എന്നും പേരുണ്ട്.

അയോനി-വി. ക്ര. ജനനസ്ഥാനമില്ലാത്ത. പ. ശാശ്വതമായ. ന. ആദ്യന്തമില്ലാത്ത.

അയോനി-പ്ര. ബ്രഹ്മാവ് ര. ശിവൻ.

അയോനിജ-യോനിജം (പ്രസവിച്ചുണ്ടാ യത്) അല്ലാത്തത്.

അയോനിജ, അയോനിസംഭവ-സീത.

അയോനിജൻ-വിഷ്ണു.

അയോപാനം-നരകങ്ങളിൽ ഒന്ന്. ഇ വിടെ ചെന്നകപ്പെട്ടവരുടെ വായിൽ ഇരിമ്പ് ഉരുക്കി ഒഴിച്ച് അവരെക്കൊ ണ്ടു കുടിപ്പിക്കും. അതുകൊണ്ട് ഈ പേ രുണ്ടായി.

അയോമയ-വി. ഇരിമ്പുകൊണ്ടുള്ള.

അയോമലം-ഇരിമ്പുകീടം.

അയോരജസ്സ്, അയോരസം-ഇരിമ്പു കീടം, ഉരുക്കുപൊടി.

അയഃപാത്രം-ഇരിമ്പുകുടം.

അയഃപിണ്ഡം-ഇരിമ്പുരുള.

അയ്യ- അ. പരിഹാസവാക്ക്, നിന്ദാ വാക്ക്.

അയ്യൻ-പിതാവ്, പ്രഭു, യജമാനൻ. ബ്രാഹ്മണരുടെ നാമാധ്യത്തോടു ഈ പദം ചേർക്കാറുണ്ട്. ഉ-ം, രാമയ്യൻ, കൃ ഷ്ണയ്യൻ ഇത്യാദി.

അയ്യൻ, അയ്യപ്പൻ-ശാസ്താവ്.

അയ്യൻവഴി-ആചാരമതിരി നായാട്ടുള്ള തിൽ ബഹുമാനമുള്ള ഒന്ന്. (കുറിച്ചുനാ യാട്ട്).

അയ്യന്നി-ആണ്ടിൽ രണ്ടുതവണ വിളയു ന്ന നിലം (വയൽ) മകരക്കണ്ടം.

അയ്യ-വി. ചീത്ത; കൊള്ളരുതാത്ത.

അയ്യം-പ്ര. ദുഃഖം. ര. കൊള്ളരുതാത്തത്. ന. യാചന ഘ. ധർമ്മം ങ. നിലവിളി. ഞ. സംശയം.

അയ്യാവിളി-പ്ര. ഏലാവിളി. ര. നില വിളി. ന. ഭയംകൊണ്ടുള്ള വിളി.

അയ്യയ്യേ-നിന്ദ, ആക്ഷേപം, പരിഹാ സം ഇവയെ അറിയിക്കുന്നത്.

അയ്യയ്യോ, അയ്യോ-സങ്കടത്തെയും ഭ യാശയും അറിയിക്കുന്ന ഒരു പ്രധാന വ്യാക്ഷേപകം.

അയ്യായിരം-ഒരു സംഖ്യ (൫൦൦൦).

അര-(ധാതു) ദേഷ്യപ്പെടുക, പൊടിയുക.

അര-പ്ര. കടിപ്രദേശം, മദ്ധ്യം, നടുവ്, ഇടം.

'കടോനിതംശ്രോണിഫലകം
കടിശ്രോണീകകഃ മതീ' (അമരം)

[കടം, ശ്രോണിഫലകം ര-ം അര യുടെ പേർ എന്നും കടം, ശ്രോണിഫല കം, കടി, ശ്രോണി, കകഃ മതി ഇവ ങ-ം അരയുടെ പേർ എന്നും രണ്ടുപക്ഷ മുണ്ട്. ഒടുവിലേ ന-ം കകികൻറ പേ രെന്നു മറവാരഭിപ്രായവും കാണുന്നു.] ര. ഒന്നിൽ പകുതി.

[അരൻ-ഹരൻ പഴയമലയാളം. ശി വൻ എന്നർത്ഥം.]

അരം-അ. കാലത്രാമസംക്ലാതെ, വേഗം, ഏറാം.

അരം-പ്ര. രാക്ഷസന്മാർക്കുള്ള ഒരായുധം. ര. രഥ ചക്രം.

'ചാതുരകരപദ്ധതിതൻവിവ-
രൽഖഹിപേതയാലൂടിട്'
(അഭിജ്ഞാനശാകുന്തളം)

ന. കട്ടിലിൻറ കാൽ തുളച്ചു ചെലുത്തു ന്ന മരം (ഏഴക) കീലം. ഘ. മൂല, കോ ണം. ങ. അല്ലി.

അരകല്ല്-അരയ്ക്കുന്നതിനുള്ള കല്ല്.

അരക്ക്-പ്ര. കോലരക്ക്. ര. കറ, പശ. ന. മുദ്രത്തിരി. ഘ. ചക്കരയരക്ക്.

'ലാക്ഷാരാക്ഷാമൃക്കിംഖ
യാവേ ലകേതുമയഃ'

[ലാക്ഷ, രാക്ഷ, മൃഗ, യാവം, അ ലകത്തം, ദ്രുമമയം ഇവ ന-ം അര ക്കിൻറ പേർ. അരക്ക് എന്നതു തമിഴ് വാക്കാകുന്നു. കോലരക്കു വിശേഷം വി

ക്ഷം, ശ്രാദ്ധം, മുറിവ്, നേത്രരോഗം ഇവയെ ശമിപ്പിക്കും. കേശത്തിനു വളരെ നന്ന് ]

അരക്കച്ച-അരയിൽ കെട്ടുന്ന ഒരുമാതിരി ശീലത്തുണ്ട് (വടക്ക്).

അരക്കൻ-പ. രാക്ഷസൻ.

'അരക്കന്മാരൊട്ടുനേരത്തു
കരങ്ങന്മാരിവിടത്തിൽ'

(കംഭകർണ്ണവധം തുള്ളൽ)

ക. പിശാക്കൻ, ലുബ്ധൻ. ന. ചെമന്നമുഖം.

അരക്കാടുക-ചായം തേച്ചു മിനുക്കുവാനായിട്ടു പെട്ടിയിലും മറ്റും കോലരക്ക് ഉരുക്കി പൂശുക.

അരയ്ക്കാണി-ഒന്നര നാഴികയായി ഭാഗിച്ചുള്ള നാഴിക. പ.

അരയ്ക്കാൽ-ഒന്ന് എട്ടായി ഭാഗിച്ചുള്ള വിഭാഗം. പ.

അരക്കിടുക-ചുളുക്കുവരാതിരിക്കാൻ തോടു, തൊലി, കായ്പ് മുതലായ ആഭരണങ്ങൾക്കകത്തു് അരക്കു് ഉരുക്കിഒഴിക്കുക.

അരക്കില്ലം-അരക്കുകൊണ്ടുണ്ടാക്കിയ ഗൃഹം, ജതുഗൃഹം.

പാണ്ഡവന്മാരെ ചതിപ്പാൻ നൂറവർ പേർ തീപ്പിച്ചുകൊടുത്ത അരക്കില്ലം പുരാണപ്രസിദ്ധമാണ്. രുക്മരഥപക്ഷത്തിലുള്ള പുരോചനൻ ആണ് ഇതു തീപ്പിച്ചതു്. ഈ കെട്ടിടത്തിൽ ചണം, രോമം, എണ്ണ മുതലായ അഗ്നിദീപകമായ വസ്തുക്കൾ ധാരാളമുണ്ട്. നെയ്യ്, എണ്ണ, കൊഴുപ്പ്, അരക്ക് എന്നിവ മണ്ണിൽ കലർത്തി ചുമരുകളിലെല്ലാം കനത്തിൽ തേച്ചിരിക്കയാണ്. സന്ദർഭമായതിൽ പാണ്ഡവരെ അവിടെ താമസമാക്കി. കാര്യം മുഴുവൻ മനസ്സിലാക്കിയിരുന്ന ധീമാൻ തെരിവസം കൃഷ്ണപക്ഷത്തിൽ ചതുർദ്ദശിനാളിൽ രാത്രി പുരയ്ക്ക് തീവെച്ചു. എന്നാൽ വിദുരർ ചതിയുടെ വിവരം മുൻകൂട്ടി അറിഞ്ഞു് പണിമെനഞ്ഞു ഒരു വിലംകൂടി തീപ്പിച്ചിരുന്നു. അതുടെ പഞ്ചപാണ്ഡവർ രക്ഷയെ പ്രാപിച്ചു. തരംനോക്കി തീവെച്ചു പാണ്ഡവരെ നശിപ്പിക്കാമെന്ന സദ്ധെയ്യും വാഗ്ദത്തവും ചെയ്തു് അനുകൂലശത്രുവായി താമസിച്ച പുരോചനന്റെ ക്രൂരകൃത്യം സാധിപ്പാൻ സർവ്വേശ്വരൻ സമ്മതിച്ചില്ല.

അരക്കുതിരി-മെഴുകുതിരി. ഇതു മലയാളമാണുള്ളതു്.

അരക്കുപാതം-അരക്കിന്റെ പാകം.

അരക്കുപാവു-അരക്കുകൊണ്ടുണ്ടാക്കിയ പാവു. ഇതിനു സംസ്കൃതത്തിൽ 'ജതുക്ഷം' എന്നു പേർ.

അരക്കുപ്പായം-അരയിലേക്കുള്ള ചട്ടം.

അരക്കുഴൽ-അരയിൽ കെട്ടുന്ന ഒരാഭരണം. പൊന്നു മുതലായവകൊണ്ടു തീർക്കുന്നതാണ്.

അരക്കെട്ടു്-പ. ഇട, മലയാ, എഴു. ക. കച്ചവു്.

അരകതം-അരുതു.

അരക്ഷണം-ക്ഷണത്തിൽ പകുതി, ഒട്ടും ക്ഷണം, അധികം വേഗം

അരക്ഷിതം-രക്ഷിതം (രക്ഷിക്കപ്പെട്ടതു്) അല്ലാത്തതു്, രക്ഷിക്കപ്പെടാത്തതു്.

അരഗൻ-ആരോൻ. Eel. ഒരു പക്ഷി.

അരഗ്വധം-കരിമ്പന വൃക്ഷം. (ആരഗ്വധം എന്നുമുണ്ടു്. മുഴുവൻ രോഗശമനത്തെയും കൂടുന്നതു് എന്നർത്ഥം).

അരവട്ട-കയർമുതലായതു കോർക്കുന്ന ഒരു യന്ത്രം, ചുഴലയന്ത്രം.

അരങ്ങു്-പ. കളികാൺമാനുള്ള സ്ഥലം. ക. കളരി, ന. സഭ. ഭ. പോർക്കളം. (രംഗം = അരങ്ങു്). ഇ. രംഗസ്ഥലം. ആ. പലതരത്തെ കളിപ്പിക്കുന്നവർ മൂടുന്ന തുണി.

അരങ്ങൽ-തിരകനി. കരക് ഇതിൽ കിടന്നു തിരിയുന്നു.

അരങ്ങഴിക്കുക-അപമാനിക്കുക.

അരങ്ങഴിച്ചൽ, അരങ്ങഴിവു-അപകീർത്തി, അപവാദം, അനേകംആളുകളുടെ മുമ്പിൽവച്ചുള്ള പരിഹാസം.

അരങ്ങഴിയുക-അപമാനം സംഭവിച്ചു നടക്കുക.

അരങ്ങിടുക-ആരംഭിക്കുക.

അരങ്ങുക, അരകുക - നെല്ലുകുത്തി തൊലിക്കുക. ഉ. മുറിക്കുക. ഉ-ം, ഒല അരങ്ങുക, ചതക്കുക, ഞെരുക്കുക, ഉടയ്ക്കുക.

അരങ്ങേറുക - മുമ്പ് അഭ്യസിച്ചതിന്റെ ശേഷം ആദ്യമായി അരങ്ങത്തു (സഭയിൽ) പ്രയോഗിക്കുക.

അരങ്ങേറ്റം, അരങ്ങേറ്റ്-ഒരഭ്യാസം ശീലിച്ചതിന്റെ ശേഷം ഒന്നാമതായി സഭയിൽ കാണിക്കുന്ന പ്രയോഗം.

അരചൻ-പ്ര. രാജാവ്. ഉ. പ്രജ. തത്ത്വത്തിൽപെട്ട രാജാ എന്ന പ്രകൃതിയുടെ വികൃതി. അരചൻ ഉണ്ടാക്കിച്ചു അരയൻ എന്നായി.

അരചിടുക-സ്ഥിതീകരിക്കുക, സ്ഥാപിക്കുക

അരചീനൻ- ചന്ദ്രവംശത്തിൽ ബുധസേനന്റെ സുഷുവയിൽ ഉണ്ടായവൻ.

അരചു-പ്ര. രാജത്വം. ഉ. സന്മാർഗ്ഗം, വിനയം. സ. അരയാൽ (അരചം എന്നും കാണുന്നു) ദ്ര. രാജാവ്. (പ-മ).

അരചുവാഴ്ച-രാജ്യഭാരം.

അരച്ചട്ട-പ്ര അരയിൽ ഇടുന്ന കുപ്പായം ഉ. കൊച്ചുചട്ട. (അരവരെ എത്തുന്നതു)

അരച്ചല്ലടം-അര മുതൽ മുട്ടുവരെയുള്ള ചെറിയ കുപ്പായം.

അരച്ചിപ്പുല്ല-സംസ്കൃതത്തിൽ ശർമ്മത് ശർമ്മുള്ള് എന്നതു് അരച്ചിപ്പുല്ല് എന്ന ചിലതും, തിന എന്ന മറ്റു ചിലതും അരിപ്പയെപ്പറ്റുന്നതേ.

അരച്ചുരിക-കത്തുകളുടെ അരയിലിടുന്ന ഒരുതരം.

അരഞാൺ, അരഞ്ഞാൺ-അരയിൽ കെട്ടുന്നതിനു പൊന്നു വെള്ളി എന്നവ കൊണ്ടുണ്ടാക്കുന്ന ഒരാഭരണം. അപൂർവമായി 'അരഞ്ഞാൺ' എന്നും ചില സ്ഥലത്തു പറയുന്നു.

....മേഖലാകാഞ്ചിസപ്തകീരശനാഭിധാ
ക്ലീബേസാരസനം ചാഥ.....

[മേഖല, കാഞ്ചി, സപ്തകി, രശന, സാരസനം-ഇവ ഏ-ം, സ്ത്രീകളരയിൽ ഉടുത്ത വസ്ത്രത്തിന്റെ മേൽഭാഗത്തു കെട്ടുന്ന അരഞ്ഞാണിന്റെ പേർ]

അരഞ്ഞിൽ-അഴിഞ്ഞിൽവൃക്ഷം.

അരട്ട്-മരംകൊണ്ടുള്ള വണ്ടിയുടെ അച്ചു്, കടയാണി.

അരട്ടുക-യോജിപ്പിക്കുക.

അരൺ-പ്ര. കോട്ട. ഉ. അഴക്.

അരണ-ഇഴയുന്ന ഒരു ചെറിയ ജന്തു.

അരണം-പ്ര അനക്കം, പോക്ക്. ഉ. അഭയസ്ഥാനം.

അരണികം-കാട്ടുമുഞ്ഞ, മുഞ്ഞ.

അരണി-പ്ര. അഗ്നി. കടകഞ്ഞട്ടുപ്പുണ്ടാക്കുള്ള മുട്ടി (മരത്തുണ്ട്) ഇതു രണ്ടുണ്ട്. മുമ്പ് ഉത്തരാരണി, മറ്റൊന്ന് അധരാരണി. 'അഗ്നി' ഇതിൽ നിന്നുത്പാദിക്കുന്നതിനാൽ 'അരണി' എന്ന പേരുണ്ടായി. ഉ. കടഞ്ഞാട്ടി. സ. കോട്ട. ഈ അർത്ഥം ഇപ്പോൾ മലയാളത്തിൽ നടപ്പില്ല.

'അരണിയൽകിഴക്കിൻവംപിക്കൽ'
(രാമചരിതം)

ദ്ര. മുഞ്ഞ. ത അരണികം.

അരണിക്ക- പ്രതിക്രൂലമായിരിക്കുക.

അരണിപ്പു- ഇയിച്ചുകൂടാത്തതായിരിക്കുക, ഇളക്കമില്ലാത്തതായിരിക്കുക.

അരണികൊതു-മുഞ്ഞ.

അരണിസുതൻ-ശുകൻ എന്ന മുനി. ഘൃതാചിയെ മേഹിയ്യുയാൽ വ്യാസന്റെ ബീജം അരണിയിൽ(യുക്കത്തിൽ)

യീഴകയും ശ്ലോകൻ ജനിക്കയുമുണ്ടായി. അതിനാൽ ഈ പേർ വന്നു.

അരണ്മനം–കോട്ടമതിലുകളുള്ള മനം, ഉറപ്പുള്ള മനം. ഈ ശബ്ദമാണ് 'അരമനം' ആയത്.

അരണ്യം–കാട്ട്, വനം. മൃഗങ്ങൾക്കും മറ്റുള്ളവയ്ക്കും സഞ്ചരിക്കുന്ന സ്ഥലം എന്നർത്ഥം.

അരണ്യധാന്യം–നീവാരം, വരിനെല്ല്

അരണ്യമക്ഷിക–കാട്ടീച്ച.

അരണ്യരക്ഷകൻ – വനം സൂക്ഷിപ്പുകാരൻ.

അരണ്യരാജൻ–സിംഹം. കടുവാഎന്നും അഭിപ്രായം ഉണ്ട്.

അരണ്യശ്വാവ്–ചെന്നായ്.

അരണ്യാനി–വലിയ കാട്ട്.

അരത–വി. തൃപ്തികേടുവരുത്തുന്ന, അസന്തുഷ്ടിയുള്ള.

അരതം – സംഗമില്ലായ്ക, സംഭോഗമില്ലായ്ക.

അരതി–മുല്യംസമില്ലായ്ക, സന്തോഷമില്ലായ്ക, ഇഷ്ടമില്ലായ്ക, കോപം.

അരത്ത–അങ്ങാടിമരുന്നുവകയിൽ ഒന്ന്. ഇതു ചെമന്നതും വെളുത്തതുമുണ്ട്. ചെമന്നതിനു ചിറ്റരത്ത എന്നു പേർ അതു മുഷ്ണമാണ്. കഫം, വിഷം, കാസം, മാഹാദോഷം, ശോഫം, ആമദോഷം രക്തവാതം ഇവയെ കളയും. വെളുത്തതിനും ഈ ഗുണം തന്നെ. പക്ഷേ അല്പം കുറയും. അരത്ത എന്നതു തമിഴാണ്. സംസ്കൃതത്തിൽ രാസ്നം. പര്യായങ്ങൾ നക്തഹ്വ, സുരസാ രാസ്നാ, സുഗന്ധ, ഗന്ധനാകുലി, നക്തഭോജ്യ, ഭൂതശാക്കി, ഛത്രാകി, സുവഹ. ഏലാപ്പച്ച, സുവഹ, രാസ്ന, യൂകരസ ഇവയ്–ചിറ്റരത്തയുടെ പേരുകളും അരത്തയുടെ പേരുകളും അഭിപ്രായങ്ങളും കാണുന്നു. ഏലംപച്ച, യൂകരസ ഇവ ചിറ്റരത്തയുടേയും സുവഹ, രാസ്ന ഇവ ചിറ്റരത്തയുടേയും അരത്തയുടേയും പേരെന്നു ഒരക്ഷരനിഘണ്ടു പറയുന്നു.

അരത്തം–കത്തി. മഞ്ഞളും ചുണ്ണാമ്പും കൂട്ടിച്ചേർത്തു കലക്കിയ ജലം. രക്തം എന്ന പദമാണ് അരത്തം എന്നായത്.

അരത്താലി–കുട്ടികളുടെ അരയിൽ കെട്ടുന്ന താലി (ഒരാഭരണം).

അരദ–വി. ക. പല്ലില്ലാത്ത. ത. പല്ലുപോയ.

അരദേശി–പരദേശി.

അരത്നി–ക. കൈമുട്ടുമുതൽ ചെറുവിരലിന്റെ അറ്റംവരെയുള്ള ദൂരം, ചെറുവിരൽമാത്രം നിവർത്തി മറ്റു വിരലും കൈ മടക്കിപ്പിടിച്ച മുഷ്ടിയോടുകൂടിയ ഹസ്തം. (രത്നി അല്പമായത് അരത്നി. രത്നി കച്ചവടക്കാർ ഇതുകൊണ്ടു തുണി അളക്കുന്നതിനാൽ ഈ പേർ വന്നു) ത. മുഴം കൈ, കൈയുടെ മുട്ട്. ചിലപ്പോൾ മുഷ്ടി എന്നും പറയുന്നു. സ. ബാഹു, ഭുജം (അരത്നി എന്നതുകൂടാതെ അരത്നം എന്നും അപൂർവ്വം കാണുന്നു.)

അരൻ–ശിവൻ, ഹരൻ.

അരന്ധുഷ–വി. ഉറപ്പിക്കുന്ന.

അരപ്പടം–അരക്കച്ച.

അരപ്പട്ട–ചട്ടയിടുന്നവർ മാറ്റിനുവേണ്ടി മടിയുടുത്തിൽ കെട്ടുന്ന പട്ടയുടെ പേർ. സാരസനം, അധികാംശം ഇവ രണ്ടും പര്യായങ്ങൾ. 'അധികാംശം' എന്ന ശബ്ദം നോക്കുക.

അരപ്പ്–അരവ്, അരയ്ക്കുക.

അരം–ക. രാകുന്നതിനു സാധനം. ത. മുട്ട്. സ. (വണ്ടിയുടെ ചക്രത്തിന്റെയും മറ്റും) കീലം, ഏഴുക.

അരമ–ക്രി. ഒന്നിനെ നാല്പതായിട്ട ഭാഗിച്ചത്. ഭ–ൽ ക്രി. വി. സാക്ഷി. അരമയ്യൻ (സാക്ഷിയ്യൻ) പത്ത്യം അർത്ഥം.

അരമ–വി. താഴ്ന്ന, ഹീനമായ, നീചമായ.

അരമണ, അരമമാണ–വി. ക്രി. സന്തോഷമില്ലാത്ത. വ. ഒഴിയാത്ത, ഇടവിടാത്ത.

അരമണി–ക്രി. കണ്ണുങ്ങളുടെ അരയിൽ അണിയുന്ന ഒരാഭരണം. വ. രമണിഅല്ലാത്തവർ. ആലിംഗനചുംബനാദിക ളുടെക്കൊണ്ടു പുരുഷനെ രമിപ്പിക്കുന്നവളെ 'രമണി' എന്നു പറയുന്നു.

അരമതി–ക്രി. കാന്തി. വ. ആഡംബരം. ന. അനാസരണം.

അരമതി–വി. ചൊടിപ്പുള്ള.

അരമൻ–വളരാത്ത ധാന്യം.

അരമന–ക്രി. ഒരുകൊട്ടാരം. അരണ്മന എന്നതാണ് അരമനയായത് (അരണ്മന നോക്കുക.)

'അരമനസദനത്തിൽമംഗ്യസന്താനവല്ലീ
അരമനവഴിയേചെന്നത്തുതശ്രീവിലാസരസ'
(ശ്രീമദ്വിശാഖരാജവിജയം)

'രസൗധോസ്ത്രീരാജസദനം' (അമരം)

[രസൗധം; രാജസദനം വ–ം, അരമനയുടെ പേർ.]

വ. ന്യായസ്ഥലം.

അരമാനം–അരമ.

അരമാഠം–അരക്കെട്ട്, ഇടുപ്പ്.

അരയന്നം–ഒരുവക പക്ഷി.

'ഹംസസ്സാശ്വേതഗതൗ
ശക്രാംശോമാനസൗകസ്സ'
(അമരം)

[ഹംസം, ശ്വേതഗതൗ, ചക്രാംശം, മാനസൗകസ്സ് ഇവ ര–ം, അരയന്നത്തിന്റെ പേർ (കാരംബം, കളഹംസം വ–ം, കാരന്നത്തിന്റെ പേർ. കൊക്കും കാലും ചെമന്നും ബാക്കി മുഴുവൻ വെളുത്തും ഇരിക്കുന്ന ഹംസങ്ങൾക്ക 'രാജഹംസങ്ങൾ' എന്ന പേർ. ഏറെക്കുറെ ധൂമ്രനിറമുള്ള കൊക്കും കാലുമുള്ളവയും ശേഷമെല്ലായും വെളുപ്പോട്ടു കൂടിയവയുമായ ഹംസങ്ങൾക്ക 'മല്ലികങ്ങൾ' എന്ന പേർ. കൊക്കും കാലും കറുത്തും ശരീരം വെളുത്തുമുള്ള അരയന്നങ്ങൾക്ക 'ധാത്തരാഷ്ട്രങ്ങൾ' എന്ന പേർ. അരയന്നപ്പിടക്ക വരട എന്നു പറയുന്നു]

അരയൻ–ക്രി. മുക്കുവന്മാരുടെ പ്രധാനി, മരക്കാന്മാരുടെ പ്രമാണി. വ. തെക്കോട്ടുള്ള ഒരുവക മുക്കുവർഗ്ഗം. കായലരയന്മാരിൽ പ്രധാനി. 'ചെമ്പിൽ അരയൻ. ന. മലയരിൽ ഒരു ഇനം. സ്ത്രീലിംഗം—അരയി.

അരയാൽ–ഒരു വൃക്ഷം, അരശുമരം. അരശുവൃക്ഷം. തമിഴിൽ അരചമരം. സംസ്കൃതത്തിൽ അശ്വത്ഥം.

'ബോധദ്രുമശ്ചലദ്ദളചിപ്പിഫലകേങ്കുരശനശ്ച
അശ്വത്ഥോഥ .....' (അമരം)

[ബോധദ്രുമം, ചലദ്ദളം, പിപ്പലം, കേങ്കുരശനം, അശ്വത്ഥം ഇവ ഉ–ം, അരയാലിന്റെ പേർ. അരയാലിന്റെ രസം മധുരകഷായവും വീര്യം ശീതവുമാണ്. ഇതു ചുട്ടുനീറൽ, രക്തദോഷം, കഫപിത്തങ്ങൾ ഇവയെ കളയും. ഇതു കൊണ്ടുള്ള കഷായം സ്തംഭനിദ്രോഷങ്ങളെ ഇളപ്പം ശമിപ്പിക്കും. അരയാൽ കായ്ക്കും അശ്വത്ഥം എന്നാകുന്നു. 'എല്ലാവൃക്ഷങ്ങളിലും വെച്ച് അശ്വത്ഥവൃക്ഷം അനേകം കൊണ്ട' എന്ന ശ്രൗതപ്രമാണമുള്ളതിനാൽ വൃക്ഷങ്ങളിൽ ശ്രേഷ്ഠം അശ്വത്ഥമാകുന്നു. ഇതു വൃക്ഷജാതിയിൽ ബ്രാഹ്മണനും ജന്തുജാതിയിൽ ഗോവുമാണ്.]

അരുകാരം–(വ്യാകരണത്തിൽ) ഉകാരം രണ്ടുപ്രകാരം ഉള്ളതിൽ ഒന്ന്. പല്ല്, നാട്ട് എന്നിവരെയുള്ളതിലെ അന്ത്യമായ

മഴയി ഒരു ഉരുവലിയോടുകൂടി ഉച്ചരി ക്കുന്നതു്. ഇതിനു സംവൃതം എന്നു പേർ.

അരയ്ക്കുക-രേയ്ക്കുക, അമ്മിയിൽ വല്ലതും വെച്ചിട്ടു് അതിൻറെ കഴമ്പിരുകണ്ടു് അങ്ങോട്ടും ഇങ്ങോട്ടും ഉരുട്ടി നേർമ്മപ്പെടുത്തുക.

അരരം-വ്യം. അങ്ങോട്ടും ഇങ്ങോട്ടും വന്നുപോയിരിക്കുമ്പോൾ.

'അരരംതിരവല്ലാഭ! ദുര-
മരച്ചിടാതിഹമനംതെളിഞ്ഞുനീ'
(വാതൽതിരപ്പാട്ടു്)

അരരി-വ്യം.

അരവു്-അരയ്ക്കുക, അരപ്പു്.

അരവ-വി. രവം (ശബ്ദം) ഇല്ലാത്ത.

അരവം-പ്ര. പാമ്പു്. ര. ശബ്ദമില്ലായ്മ.

അരവാശി-അൽപം, പാതി.

അരവിന്ദനാഭൻ, അരവിന്ദനാഭി-വിഷ്ണു. നാഭിയിൽ അരവിന്ദം (താമര) ഉള്ളവൻ.

അരവിന്ദം-താമരപ്പൂവു്. അല്ലികം ഉള്ളതു്, മുപ്പതുള്ള ഇലകളും ഉള്ളതു്, ചക്രംഗതുല്യങ്ങളായ ഇതളുകളും ഉള്ളതു്, വേഗത്തിൽ ആഗ്രഹത്തെ ഉണ്ടാക്കുന്നതു് എന്നിങ്ങിനെ ശബ്ദാർത്ഥം.

അരവിന്ദാക്ഷൻ-പ്ര. വിഷ്ണു. ര. താമരപ്പൂപോലെ കണ്ണുള്ളവൻ. ന. സുന്ദരൻ.

അരവിന്ദാക്ഷി-പ്ര. ലക്ഷ്മി. ര. താമരപ്പൂപോലെ കണ്ണുള്ളവൾ. ന. സുന്ദരി.

അരശു-ഒരു വൃക്ഷം (അരചു).

അരളി-ഒരു വൃക്ഷം.

അരള-പ്ര. പലകപ്പല്ലുള്ള. വ്യുൽപന്നശീലമെന്തു് ഈ പേരിനു കാരണം. ര. ചെമ്പരത്തി. ന. വയ്യാഴാന്ത.

അരളിക-പ്ര. മേയപ്പെടുക. അരണ്ടു=മേയപ്പെടു.

'കണ്ണനംചെന്നവൻവഞ്ചിലേപൂകുമ്പോൾ
വിണ്ണവർതിണ്ണമരണ്ടുനിന്നു'
(കൃഷ്ണഗാഥ)

ര. കറയുക. ന. ചുരങ്ങുക, ചുളങ്ങുക.

അരളിക-പ്ര. പലകപ്പല്ലുള്ള. ര. ചെമ്പരത്തി മരം. ന. വയ്യാഴാന്ത.

അരാടം-പേടി, ഭീതി.

അരാജക-വി. രാജാവില്ലാത്ത.

അരാജി-പേയത്തി എന്ന ഔഷധി.

അരാതി-ശത്രു (നരകത്തിനുള്ള സുഖത്തെ കൊടുക്കാത്തവൻ എന്നർത്ഥം.

അരാദ്ധി-പ്ര. കഠിനം, പാപം. ര. അസൂയ.

അരാള-വി. വളഞ്ഞ, ചുരുണ്ട.

അരാളകേശി-ചുരുണ്ടതലമുടിയുള്ളവൾ.

'മരാളകന്യാമിവമാനസംഗതാം
അരാളകേശീമവലോക്യതാംസതീം'
(ഭക്ഷ്യയാഗം കഥകളി)

അരാളം-പ്ര. ചെഞ്ചല്യം. ദുഃഖത്തെ കൊടുക്കാത്തതു് എന്നു ശബ്ദാർത്ഥം. ര. വളഞ്ഞളിഞ്ഞ, ബഹു. ന. മദംപിടിച്ച ആന.

അരാള-പ്ര. വ്യഭിചാരിണി, കുലട. ര. മറ്റുള്ളയാളുള്ള സ്ത്രീ, അടക്കമുള്ള സ്ത്രീ.

അരി-പ്ര. നെല്ലിനകത്തുള്ള കരു, ചക്കരെ തലയ്ക്കുനകത്തിരിക്കുന്ന കരു. ര. ശത്രു. വിരോധത്തെ ശമിക്കുന്നവൻ എന്നർത്ഥം. ന. ചക്രം എന്ന ആയുധം. ഭ. വണ്ടിയുടെ ഉരുളം. ക. ആര എന്ന അക്ഷരം. (ശത്രുക്കളും നാവിധം ഉള്ളതിനാൽ—കാമം, ക്രോധം, ലോഭം, മദം, മോഹം, മത്സരം). നു. കാറു്. ഭി. ഭയം. വ്യ. രണ്ടിലധികമുള്ളവൻ. ൻ. ഹരി, ക്ഷ, യമനൻ. ഈ പ്രയോഗം കേരളവർമ്മരാജാവിൻറെ കാലത്തുകൂടി നടപ്പിലായതു (അരിതോൽ എന്നപദം നോക്കുക)

അരികത്തു്-സമീപത്തു്.

അരിക-പ്ര. സമീപം, അടുക്കൽ. ര. വക്കു്.

അരികാരുഡി-ഒരുവിധം സന്ധിരോഗം.

അരികവഴി-സമീപത്തുള്ള വഴി.

അരിക്കൻ-അമിതൃൻ. അക്കൻ എന്ന തോണ്ട് അരിക്കൻ ആയതു്.

'അരിക്കരൻറകലമലങ്കരിക്കുംനിനുടെ'
(നളചരിതം കഥകളി)

അരിക്കാടി-അരികഴുകിയ വെള്ളം. തമിഴിൽ അരിചിക്കാടി, സംസ്കൃതത്തിൽ തണ്ഡുലാംബു.

അരിക്കാരി- ഗ. കടകപ്പാലരി. ഉ. കാർകോലരി. ന. ചെറുപുന്നയരി. ഭ. കൊത്തമ്പാലരി. ങ. ഏലത്തരി. ന. വിഴാലരി. ഇങ്ങിനെ ന. ഇതിന് 'അരിയാഉ' എന്നുള്ള പദം പ്രസിദ്ധം.

അരിക്കുക-ഗ. അരിയിലേകല്ലു്, എണ്ണയിലേ കല്ലും മുതലായവ വേർപെടുത്തുക. ഉ. ഉരമ്മു മുതലായവ നടക്കുകയോ കരണ്ടു തിന്നുകയോ ചെയ്യുക. എണ്ണ മുതലായവ അരിക്കുന്നതുപോലെ അരമണൽ മുതലായവയും അരിക്കാറുണ്ടു്.

അരിക്കൊട്ട-അരിവട്ടി. അരികഴുകുന്നതിനു വേയുടെ രൊപ്പി മുതലായവകൊണ്ടുണ്ടാക്കുന്നതു്.

അരിഗ്രസ്തൻ-യി. ശത്രുവിനാൽ പിടിക്കപ്പെട്ട.

അരിങ്കമാല-കഴുത്തിലേക്കുള്ള ഒരു വിലപിടിച്ചമാല, കണ്ഠശ്രീ.

അരിങ്കിനാവു്-അപൂർവമായ കിനാവു് (സ്വപ്നം.)

അരിച്ചൽ-ഗ. വേർപെടുത്തുക, അരിക്കുക. ഉ. ചെറിയ പ്രാണികളുടെ സഞ്ചാരം.

അരിജീവിതം-പണയം.

അരിജാതി-നെല്ലു്, ചോളം, കമ്പം, തിന, വരക, ചാമ, ശോതയു്, കമ്പഞ്ഞോളം, രയി മുതലായവ.

അരിതാരം-കരഞ്ഞിമരത്തു്, താളകം, സംസ്കൃതത്തിൽ ഹരിതാലം. തമിഴിൽ അരിതാരം. ഇതിന്റെ രസം നന്നായി ചവച്ചു് മധുരിച്ചതാണു്. വിഷത്തിനു നന്നു്.

'പിഞ്ജരംപീതനംതാലം
മാലഞ്ചഹരിതാലകേ' (അമരം)

[പിഞ്ജരം, പീതനം, താലം, ആലം, ഹരിതാലകം ഇവ ൩-ം, അരിതാരത്തിന്റെ പേർ. ഇതിന്റെഇസ്സും ചൂര, മാന്തം, കയ്പും, വണ്ടുകടി, എലിവിഷം ഇവയ്ക്കു നന്നു്.]

അരിത്രം-ചുക്കാൻ, തുഴ, പങ്കായം. ഇതുകൊണ്ടു തോണി ഗമിക്കുന്നു.

അരിധാരം-പൊയ്ത്തലച്ചി എന്ന ഒരു ക്ഷുദ്രി.

അരിന്തപൻ-ജയിക്കുന്നവൻ.

അരിന്ദമ-വി. ജയിക്കുന്ന.

അരിന്ദമൻ-ഗ. വിഷ്ണു. ഉ. ശത്രുക്കളെ അടക്കുന്നവൻ.

അരിന്മണി-മരതകം.

അരിപ്പം, അരുപ്പം-പ്രയാസം.

അരിപ്പു്-ഗ. അരിക്കുന്ന വസ്തും അതല്ലെങ്കിൽ പാത്രം. ഉ. അരിക്കുക.

അരിപ്പകൊട്ട-തിരുകല്ലിലിട്ടു രൊപ്പിച്ചു അരി, ഗോതമ്പു മുതലായവയുടെ തരിയും രൊപ്പിയും വേർതിരിപ്പാനുള്ള ഒരു പാത്രം. ഇതിനു് അനേകം പ്രകാരങ്ങൾ കാണും. കെട്ടിത്തൂക്കി ആട്ടുന്നതാണു്. ചിലർ ചല്ലടമെന്നു പറയാറുണ്ടു്. പല്ലു് യങ്ങളും ചാലിനി, തിരള.

അരിപ്പുണ്ണു്-വ്രണത്തിൽ രൊപ്പുകിടക്കുന്ന മാംസം. ഇതു് അരിപ്പാലെയിരിക്കും

അരിപ്പവല-മീൻ പിടിക്കുന്ന ഒരു തരം വല.

അരിപ്പൊടി-മാവുരൊപ്പി.

അരിപ്പാവു്-കാട്ടുപ്പാവു്, കൊതുപ്പാവു്

അരിപ്പം-വി. പാപമില്ലാത്ത, കറയില്ലാത്ത.

അരിമ-വി. ക്ഷ പ്രിയമുള്ള. ഉ. പ്രയാസമുള്ള. ന. ശ്രേഷ്ഠതയുള്ള.

അരിമ-വേഗം.

അരിമാരൻ-വെള്ളക്കരിങ്ങാലി, പീനാറി

അരിമാവു്-അരി പൊടിച്ചതു്.

[ഇതു തണുപ്പാണു്. ഇതു മലത്തിൽ കലക്കി തീയിൽ കാച്ചി പുണ്ണിൽവെച്ചു കെട്ടിയാൽ നന്നായി ഉണങ്ങും. വങ്കം ഉപ്പിച്ചു എന്ന നഞ്ചു തിന്നാൽ ഇതു പാലിൽ കലക്കിക്കൊടുക്കുന്ന പക്ഷം ഗുണമുണ്ടാകും. വസൂരി പിടിപെട്ടു കിടക്കുന്ന വരുടെ ഉള്ളംശാന്തിക്കു് ഇതു പുറത്തു വിതറിയാൽ മതിപോലും.]

അരിമേദം-പീനാറി, സഹിക്കവയ്യാത്ത ഗന്ധങ്ങൊടുക്കുടിയ കൊഴുപ്പുള്ളതു് എന്നർത്ഥം. ചിലർ കരിവേലം എന്നു പഠയുന്നു. കവനത്തു കരിങ്ങാലി എന്നു വേറെ ചിലർ. വെള്ളക്കരിങ്ങാലി എന്നു മറ്റാരഭിപ്രായം. മരാരാമപര്യായം—വിരൂക്ഷദിരം.

[ഇതു മൂലരോഗം, വിഷം, വിസർപ്പം, കൃമി, ശ്വിത്രാധ, ശോഫം ഇവയെ ശമിപ്പിക്കും.]

അരിമ്പു്, അരിമ്പു-ക്ര. രോഗിക്കും മുറപ്പിനുമായി ആഭരണങ്ങളുടെ വകയിലും മറ്റും പൊന്നുകൊണ്ടുണ്ടാക്കി വെയ്ക്കുന്നതു്. ഉ. പൂരമേട്ടു്.

അരിമ്പാറ-ശരീരത്തിൽ മുളച്ചുണ്ടാകുന്ന ഒരു വക കഴല. ഇതു കാൻസർ(?); വേരെ കാണുകയില്ല. ഉരുളൻ കിഴങ്ങു പുഴുങ്ങിയ വെള്ളംകൊണ്ടു് ഈ സ്ഥാനത്തുള്ള ഒരു തേച്ചുകഴുകുകയും പല പ്രാവശ്യം ഒരു ആ വെള്ളത്തിൽ മുക്കുകയും ചെയ്താൽ നശിച്ചുപോകും.

അരിമ്പുണ്ണു്-അരിപ്പുണ്ണു്.

അരിമ്പുമണി-അനവധി അരിയുകൂടി കൂട്ടി വിളക്കിയുണ്ടാക്കുന്ന മരാരേണം.

അരിമ്പൊരുൾ-സാക്ഷാലുള്ള അർത്ഥം.

അരിയ-വി. ക്ര. വലിയ. ഉ. അസാധാരണമായ. ന. കഠിനമായ, പ്രയാസമുള്ള.

'സുരലോകേചെന്നമരാരികളും
അരിയനിവാരകവചന്മാരെ'

(സന്താനഗോപാലം തുള്ളൽ)

അരിയാറു-ക്ര. കടകപ്പുലരി മുതലായി ആറവിധം അരികൾ. 'അരിക്കാരി' എന്നതു നോക്കുക. ഉ. ശരീരത്തിലുള്ള കാമം, ക്രോധം, ലോഭം, മോഹം, മദം, മാത്സര്യം ഈ ആറു ശത്രുക്കൾ.

അരിയിട്ടുവാഴ്ച-രാജാക്കന്മാരുടെ കിരീടധാരണസംബന്ധമായ ഒരു ശുക്രിയ. ഈ ക്രിയയിൽ കുറച്ചു അരിയും പൂവും കൂടെ എടുത്തു് അവരുടെ ശിരസ്സിൽ ഇടുക പതിവുണ്ടു്.

അരിയുന്നം-കണ്ടിക്കുന്ന, നുറുക്കുന്ന, കൊയ്യുന്ന, ചെത്തുന്ന.

അരിവെയ്പുകാരൻ-അരിയും കറിയും പാകംചെയ്യുന്നവൻ. അരാളികൻ, അസ്സിസികൻ, സൂനേ, മഹാനസികൻ, ബ്രാഹ്മണൻ ഇവ പര്യായങ്ങൾ.

അരിവട്ടി-അരി കഴുകുന്നതിനും മറ്റും വേയുടെ പോലെ മുതലായവകൊണ്ടുണ്ടാക്കുന്ന ഒരു പാത്രം.

അരിവാൾ-ക്ര. പുല്ലും മറ്റും അരുക്കുന്നതിനുള്ള ഒരായുധം. അയുധം, വല്ലിത്രം കത്തി.

[ഇതുകൊണ്ടു അരിയുന്നതിനാൽ അരിവാൾ എന്ന പേരുണ്ടായി. അസ്ത്രം, ലവിത്രം ഉ-ം, പര്യായങ്ങൾ]

ഉ. ദുഷ്ടം, കിളുത്തുന്നം

അരിവി, അരുവി-നീർച്ചാട്ടം.

'അരിവികൾ മദംപൂസമം
ചൊരിയുന്ന മദംബുപോലരുവി'
(രാജാരുക്ഷണം)

അരിശം-കോപം.

അരിഷ്ണ്യ-വി. ഉപദ്രവിക്കാത്ത.

അരിഷ്ടം-പ. നില്ക്കാതെ വളരെനേരം പെയ്യുന്ന മഴ. ഉ. ഒരു മൂലരോഗം.

അരിഷ്ടകം-പുളിഞ്ഞിമരം.

അരിഷ്ടത-കഷ്ടത, വ്യസനം, ദാരിദ്ര്യക്കേടു, ദരിദ്രത.

അരിഷ്ടതാതി-ശ്രമത്തെ ചെയ്യുന്നവൻ.

അരിഷ്ടതാതി-വി. ശ്രമത്തെ ചെയ്യുന്ന, ശ്രമമുള്ള, ശ്രമമേയ.

അരിഷ്ടതി-രക്ഷ, സുഖം, തുടച്ചയായ സൌഖ്യം.

അരിഷ്ടദുഷ്ടധി-മരണം അടുത്തതിനാൽ ഭ്രമിച്ച മനസ്സോടുകൂടിയവൻ, മരണലക്ഷണംകൊണ്ടു ബുദ്ധികെട്ടവൻ.

അരിഷ്ടൻ-ഒരസുരൻ. ബലിയുടെപുത്രൻ.
[ഇവൻ കാളയുടെ ആകൃതിയിൽ കൃഷ്ണനോടെതിർത്തു. അദ്ദേഹം ഇവനെ കൊന്നു.]

അരിഷ്ടപുരം-ഒരു സ്ഥലത്തിന്റെ പേർ.

അരിഷ്ടമഥനൻ-പ. വിഷ്ണു, കൃഷ്ണൻ. ഉ. ശിവൻ.

അരിഷ്ട-വി. പ. നിർദ്ദോഷമായുള്ള. ഉ. രോഗമായ. ന. നിശ്ചയമായ, മരിപ്പായ.

അരിഷ്ട-ദക്ഷന്റെ ഒരു പുത്രി, കശ്യപന്റെ ഒരു ഭാര്യ.

അരിഷ്ടം-പ. ശ്രമം, ദോഷം. ഉ. അസുഖം. നിർദ്ദോഷം. ന. ഇരുമ്പില്ലം. ഭ. പുളിഞ്ഞിമരം. രക്ഷിക്കുന്നതു എന്നർത്ഥം. പുഴുത്തി എന്ന തമിഴരും ശീതഹേനം എന്ന മലയാളികളും പറയുന്നു. ഇ. വെള്ളകുമ്പിൾ. അസുഖമില്ലാത്തതു എന്ന ശബ്ദാർത്ഥം. ഗു. കാക്ക(കാകൻ). മരണമില്ലാത്തതു എന്ന ശബ്ദാർത്ഥം. ഭ. മോത്ത്. ദുഃഖം ഉണ്ടാകാത്തതു എന്നർത്ഥം. വൃ. മരണലക്ഷണം. ൻ. ആപത്തിനുള്ള ഒരു അടയാളം. ഫ. ഒരുവക മദ്യം. ഫ. ഞാറപ്പക്ഷി. ഫ. പുളിഞ്ഞി. ബ. വേപ്പുമരം.

'അരിഷ്ടോലുനേനിംബ
ഹേനിലേകാകകയോഃ
അരിഷ്ടമശ്രമേതോക്തസൂതികാശാര
ആസവേശ്രമേമരണചിഹ്നേച'
എന്ന മേദിനി.

അരിഷ്ടശയ്യാ-ഇരിക്കുകട്ടിലിലേശയനം.

'അരിഷ്ടശയ്യംപരിതോവിസാരിണാ'
(രഘുവംശം)

അരിഷ്ടസൂദനൻ-കൃഷ്ണൻ, വിഷ്ണു.

അരിഷ്ടിക്കുക-കഷ്ടപ്പെട്ടു കഴിക്കുക.

അരു, അരുവു-പ. വക്ക്. ഉ. വിശേഷമായ, ശ്രേഷ്ഠമായ.

'അരുമറകളരിമയൊട്ടു
വകവകതിരിച്ചുവർ' (ഭാരതം)

ന. സൂക്ഷ്മമായ. ഭ. സൂക്ഷ്മമായ.

അരു-ശ്രുതിഭേദകങ്ങളിൽ മുന്ന്. അപൂർവ്വം എന്നർത്ഥമായിരുന്ന ഈ വാക്കിന്റെ അർത്ഥം. ഇതു ഒരു പുരാതനവാക്കാണ്. പക്ഷേ ഓവിഡമാക്ഷകളിലും കാണുന്നുണ്ട്.

അരുക-വക്ക്.

അരുകുക-കായുക, തീയ്യുക, ചൊരുതാവുക.

അരുക്ക്-വി. തക്ക് (രോഗം) ഇല്ലാത്ത.

അരുക്ക്-തക്കോട്ട (രോഗത്തോട്ട) കൂടാത്തവൻ.

അരുകൊല-അരുകൊല, കത്തികൊല്ലുക, നിർദ്ദയഹിംസ.

അരുചി-ദുസ്സാദ്ധ്യ, രുചികേട്.

രുചി കാംക്ഷിക്കുന്നവർ ഭക്ഷണം കഴിക്കുന്നതിന് അരമണിക്കൂറിന മുമ്പേ അരക്കഴഞ്ചു ഇഞ്ചി അല്പം ഉപ്പുകൂട്ടിത്തിന്നാൽ ഉണ്ടാകുന്ന നല്ല രുചി തോന്നുന്നതാണ്.

അരുജ-വി. രുജ (രോഗം) ഇല്ലാത്ത.

അരുജം-രോഗമുക്തം.

അരുണ-ചി ചെമപ്പുള്ള, അവ്യക്തമായ ചെമപ്പുള്ള.

അരുണ-പ്ര. അതിവിടയം. ൨. തിരക്കോല്പുരക്കാരന്ന. ന. നാരല്ലൂപ്പുരക്കാരന്ന. ൪. കന്നി. ൫. മങ്ങാട്ടി.

അരുണൻ-പ്ര. സൂര്യൻ. സഞ്ചരിക്കുന്നവൻ (ഗമിക്കുന്നവൻ) എന്നർത്ഥം. ൨. സൂര്യരഥസാരഥി. അരുണനിറമുള്ളവൻ എന്നർത്ഥം.

[അരുണോല്പത്തി-കശ്യപപ്രജാപതിക്ക് 'കദ്രു' എന്നും 'വിനത' എന്നും രണ്ടു ഭാര്യമാരുണ്ടായിരുന്നു. അവരുടെ സൌശീല്യാദിഗുണം കണ്ടിട്ട് അദ്ദേഹം പ്രസന്നനായി അവരോട് എന്തുവരം വേണമെന്നു ചോദിച്ചു. വീര്യബലമുള്ള നാഗസഹസ്രം വേണമെന്നു കദ്രു ഉത്തരം പറഞ്ഞു. കദ്രുസുതന്മാരെക്കാൾ വേഗമുള്ള രണ്ടു പുത്രന്മാരുണ്ടാകണമെന്നായിരുന്നു വിനതയുടെ അപേക്ഷ. രണ്ടുപേക്ഷയും മുട്ടയുണ്ടാകുമ്പോൾ രണ്ടാളും കൂടി സൂക്ഷിച്ചുകൊള്ളുമെന്നും കശ്യപൻ കല്പിച്ചു. അതിന്റെ ശേഷം കദ്രു ആയിരം മുട്ടയും വിനത രണ്ടു മുട്ടയും പെറ്റു. അഞ്ഞൂറു വർഷം കഴിഞ്ഞപ്പോൾ ആയിരം മുട്ടയിൽനിന്ന് ആയിരം നാഗങ്ങളുണ്ടായി. മുട്ട പിരിയാഞ്ഞു വിനത വ്യസനിച്ച് ഒന്നിനെ കൊട്ടിയുടച്ചു. അനന്തരം അനൂരുവായി (തുടകൂടം ഇല്ലാത്തവനായി) അരുണൻ ജനിച്ച് ആകാശം പ്രാപിച്ചു. ശരീരം മുഴുവനും തീരുന്നതിനുമുമ്പ് ഈ വിധം ചെയ്തുകൊണ്ട് 'കദ്രുവിന് അടിമയായി വരുക' എന്നു അരുണൻ മാതാവിനെ ശപിക്കയും 'ഇരിക്കുന്ന മുട്ടയെ പൊട്ടിച്ചുകളയരുത്' അവൻ ഉണർവിച്ചു അമ്മയുടെ ദാസ്യം തീർക്കും, ഇനി അഞ്ഞൂറുവർഷത്തെ താമസമുണ്ട്, അവൻ മഹാബലവാനായിട്ട് അമ്മയ്ക്കു ഗതി വരുത്തും' എന്നിങ്ങനെ ഉപദേശിക്കയും ചെയ്തശേഷം താൻ സൂര്യന്റെ സാരഥിയായി തീർന്നു. അരുണന് ആശ്മനൻ, തരുൻ, അനൂരു, വിപ്രമൻ എന്നിങ്ങനെ പല പേരുണ്ട്. അരുണന്റെ മറ്റുള്ളോ ശ്യേനി എന്ന പേർ. സംപാതിയും ജടായുവും അരുണന ശ്യേനിയിൽ ഉണ്ടായവരാകുന്നു.]

അരുണശബ്ദത്തിന് ഏരിക്ക് എന്നും അർത്ഥം ഉണ്ട്.

അരുണം-പ്ര. ചെമപ്പു, വ്യക്തമല്ലാത്ത ചെമപ്പു, (പ്രകാശം ഇല്ലാത്ത ചുവപ്പു). മനസ്സിനെ പ്രീപിക്കുന്നത് എന്നർത്ഥം.

'അവ്യക്തരാഗസ്സ്വാതരുണഃ'

(അമരം)

൨. ചെറു ചെംകരുഞ്ഞി. ന. രക്തചന്ദനത്തിനു പടിഞ്ഞാറുള്ള (ഹിമവാന്റെ) ഒരു കൊടുമുടി. ൪. പുലരായ. ൫-പ്ര, അരുണതാരുണ്യൻ.

അരുണാഗ്രജൻ-ശബ്ദമാ. അരുണൻ എന്ന അഗ്രജൻ (ജ്യേഷ്ഠൻ) ഉള്ളവൻ എന്നർത്ഥം.

അരുണാത്മജ-യമുന. അരുണന്റെ (സൂര്യന്റെ) ആത്മജ (പുത്രി)

അരുണാത്മജൻ-പ്ര. ശനി. ൨. കർണ്ണൻ. ന. സുഗ്രീവൻ. ൪. യമൻ. ൫. സാവർണ്ണിമനു-ഇവർ സൂര്യപുത്രന്മാർ. ൬. സംപാതി, ജടായു ഇവർ രണ്ടുപേരും, സൂര്യസാരഥിയായ അരുണന്റെ പുത്രന്മാർ.

അരുണാച്ചിസ്സ്-സൂക്ഷ്മൻ

അരുണാലോചനം-പ്ര. ചെമന്നകണ്ണ്. ൨. പ്രാവ്.

അരുണാവരജൻ ശബ്ദമാ.

അരുണിത, അരുണീകൃത-വി ചെമപ്പുനിറമാക്കപ്പെട്ട.

അരുണിമ-പ്ര. ചെമപ്പുനിറം. ൨. ചെമന്നനിറമുള്ള പുണ്ണ്.

അരുണോദക-ഒരു തീർത്ഥത്തിന്റെ പേർ.

അരുണോദകം-തേങ്ങാവെള്ളം.
അരുണോദയം-പ്രഭാതം, ആദിത്യൻ ഉദിപ്പാൻ തുടങ്ങുന്ന സമയം, ഉഷസ്സ്.
അരുത്-നിഷേധവാക്ക്. പ്രയോഗസമയത്തിലുള്ളത്. ഉ-ം, വിലയറിയാതെയുള്ള ഭാവം. അരിയമുതലായതിന്റെ പദങ്ങൾ കാണ്മുക.
അരുതാത്ത-വി. നിഷേധിക്കപ്പെട്ട, വിലക്കപ്പെട്ട, ദോഷമുള്ള.
അരുതായ്ക - ആവതില്ലായ്ക, അശക്തി, ക്ഷീണത.
അരുതായ്മ - ആവതില്ലായ്മ, അശക്തി. ക്ഷീണത.
അരുന്തുചൻ-ദുർല്ലഭമായ തപസ്സോടുകൂടിയവൻ.
അരുന്തുട-വി. അത്യുപദ്രവമുണ്ടാക്കുന്ന, മർമ്മത്തെ പിളർക്കുന്ന, വ്രണങ്ങളെ വേഗത്തപ്പെടുത്തുന്ന.
അരുന്ധതി-വസിഷ്ഠമഹർഷിയുടെ പത്നി.

[അമ്മ ദേവഹൂതി. അച്ഛൻ-കർദ്ദമപ്രജാപതി. അരുന്ധതി പാതിവ്രത്യനിഷ്ഠയിൽ അതിപ്രസിദ്ധയാണ്. ഒരു നക്ഷത്രം ആകുന്നു. മരണം സമീപിച്ചിരിക്കുന്നവർ നോക്കിയാൽ ഈ നക്ഷത്രത്തെ കാണുകയില്ല. ആകാശത്തിൽ വടക്കു ഭാഗത്തിൽ സപ്തർഷിമണ്ഡലചക്രത്തിൽ വസിഷ്ഠസമീപത്തു പ്രകാശത്തോടുകൂടി മാലാരൂപത്തിൽ അരുന്ധതി സ്ഥിതിചെയ്യുന്നു ]

'അരുന്ധത്യാലോപമേയം
അരുന്ധതിമുപാഗമം
മുനിഗൃഹിണിമരുല്ലഭം
അനുഗൃഹ്ണാതുനമ്മെ'
(നളചരിതം കഥകളി)

അരുമ-ഭംഗമായ
അരുമന-വില്വംകേരള താലൂക്കിൽ ഒരു പകരി.
അരുമനല്ലൂർ-തേവാരതാലൂക്കിൽ ഒരു പകരി.
അരുമാന്ത-വി. ക. അപൂർവ്വമായ. ഉ. കൗതുകമുള്ള.
അരുമാമറ - സൂക്ഷ്മവും മഹത്തുമായ വേദം.
അരുമറ-അരു (സൂക്ഷ്മമായ) മറ (വേദം)
അരുവ-സുന്ദരി (പ-മ.)
അരുവയർ-ക. സുന്ദരിമാർ. അരുവ എന്ന പദത്തോടുകൂടി 'ആർ' പ്രത്യയം ചേർന്നതാണ്. വയറുമായി യാതൊരു സംബന്ധവുമില്ല. ഉ. ഇരുപതാമത്തെ വയസ്സായ പെണ്ണ്.
അരുവലർ-ശത്രുക്കൾ.
അരുവാഠം-അരിവാൾ (ഈ പദം നോക്കുക.)
അരുവി, അരിവി-നീർച്ചാട്ടം.
അരുവിക്കര-കൽക്കുളംതാലൂക്കിലെ ഒരു പകരി.
അരുവിയാറു-പർവ്വതത്തിൽനിന്നുള്ള ജലം (ഉറവ്) പുറപ്പെടുന്ന സ്ഥലത്തിൽനിന്നുമുള്ള ജലപ്രവാഹം. വാരിപ്രവാഹം, നിർത്തരം, സ്ഥിരം ഇവ സൂചിപ്പിക്കുന്നു.
അരുവൈ-(അരിവൈ എന്ന പദത്തിന്റെ രൂപാന്തരം) ഇരുപത്തഞ്ചുവയസ്സായ പെൺ. സുന്ദരി. (ഈ പദത്തോടുകൂടിയ പൂജകബഹുവചനപ്രത്യയമായ 'ആർ' ചേർത്താൽ അരുവയരാകും. അരുവയറിന് വയറുമായി സംബന്ധമില്ല.)
അരുഷൻ-ക. സൂര്യൻ. ഉ. സൂര്യനെപ്പോലെ ചോരപ്പുകതിർ.
അരുഷി-ഇരുമ്പിന്റെ രോഗം, രൗദ്രനാമ അമ്മ
അരുഷം-സൂര്യനെപ്പോലെ ചോരനിറമുള്ള കതിർ.
അരുന്തുദ-വി. വ്രണത്തെ ചെയ്യുന്ന.
അരുന്തുദം-ചേർമരം. വ്രണത്തെ ചെയ്യുന്നത് എന്നർത്ഥം.

അനുഷ്ഠിത-വി. മുറപ്പെട്ടുത്തിയ, വേണ്ടപ്പെട്ടുത്തിയ.

അനുസ്സ്-പുണ്ണം, പുണ്ണ്. ചീഞ്ഞുപോയി ഉണ്ടായത് എന്നർത്ഥം.

അനുഭം-പ. കല്പന. ഉ. കരുണ, സ്നേഹം.

'നാരായണനനുഭവമെനിക്കരുമി'

(ഭാഗവൽഗീത)

അനുഭപ്പാട്ട്-കല്പന.

'അനുഭപ്പാടതുകേട്ടുകിരീടി

പുരികകൊടിരുകൊണ്ടുനന്നറിയിച്ചു'

(കൃഷ്ണാട്ടുനവിജയം തുള്ളൽ)

അനുഭചെയ്യുക-കല്പിക്കുക, പറയുക.

അനുഭാക-പ കല്പിക്കുക, പറയുക. ഉ. കൊടുക്കുക. സ. മംഗളാശംസചെയ്യുക.

അനുക്കുറവി-ചേരുംവരുമാലുകളിലേ ഒരു പകുതി.

അനുപ-വി. രൂപം (ശരീരം-ആകൃതി-രസരൂപം) ഇല്ലാത്ത.

അനുപം-ചുരുക്കം.

അനുപി-രൂപവും. രൂപം (ശരീരം, ആകൃതി) ഇല്ലാത്തവൻ എന്നർത്ഥം.

അനുർ-ചേരുംവരുമാലുകളിലേ ഒരുപകുതി

അനുഷിക-ഒരു ക്ഷുദ്രരോഗം.

[കഫരക്തങ്ങളും കൃമിയും കോപിച്ച് തലയിൽ വ്രണമുണ്ടാകും. വളരെ മുഖങ്ങളും പഴുപ്പും കണ്ടും]

അരം-അ. ഛേദം, ഹീനന്മാരെ സംബോധനചെയ്യുന്നതിൽ പ്രയോഗം.

അരേ! ദുരാചാരന്യശംസകംസ!

(ശ്രീകൃഷ്ണചരിതം)

അരേങ്കം-വാൽമുളക്, തക്കോലം, സംസ്കൃതത്തിൽ ഹരേണു. തമിഴിൽ-വാൽമിളകു്. കടലേരി എന്നു ചിലർ പറയുന്നു. ചിറ്റ, ഹരേണു, രേണുകം, കേരന്തി, കപിലം, ഗന്ധസന്ധിനി-ഗു-ം, പുണ്ഡ്രയങ്ങളും.

അരോക-വി. പ്രയോജനമുള്ളത്, പ്രയോജനമില്ലാത്ത. രോചനം (ദീപ്തി) ഇല്ലാത്തത് എന്നർത്ഥം.

അരോഗത-രോഗമില്ലായ്മ.

അരോചകം-പ. അരുചി. രുചികേട്. ഉ. ഒരു രോഗം.

[മനസ്സിനു് അധികമായ ക്ഷീണം, ഭയം, ക്രോധം, ശോകം, അതിലോഭം മുതലായവകൊണ്ടു് അരോചകം ഉണ്ടാകുന്നു. വാതംകൊണ്ടുള്ള അരോചകത്തിനു പല്ലുപുളിക്കും, വായ്മുഴുവൻ പുരസംകൊണ്ടും.]

അൎക്കചന്ദനം-രക്തചന്ദനം.

അൎക്കജൻ-പ. കർണ്ണൻ. ഉ. ശനി. സ. സുഗ്രീവൻ. ഭ. അന്തകൻ. ഇ. രേവന്തസ്വരൂപനായ ഇവർ അൎക്കനിൽ (സൂര്യനിൽ) നിന്നുണ്ടായവരാകയാൽ ഈ പേർ വന്നു.

അൎക്കതനയ-യമുനാനദി. യമുന സൂര്യന്റെ പുത്രിയാകയാൽ ഈ പേർവന്നു.

അൎക്കൻ-പ. സൂര്യൻ. സപ്തരശ്മികളും പൂജിക്കപ്പെടുന്നവൻ എന്നർത്ഥം. ഉ. വിഷ്ണു.

അൎക്കപത്രം-എരിക്കില.

അൎക്കപാടപം-നിംബം (വേപ്പ്).

അൎക്കപുഷ്പം-എരിക്ക്. സൂര്യനെപ്പോലെ തിക്ഷ്ണങ്ങളായ ഇലകളും ഉള്ളതു് എന്നു ശബ്ദാൎത്ഥം.

അൎക്കപുത്രൻ-പ. കർണ്ണൻ. ഉ. ശനി. സ. സുഗ്രീവൻ. ഭ. അന്തകൻ. ഇ. രേവന്തസ്വരൂപനായ.

അൎക്കബന്ധു-ശാകുനി. സൂര്യകുലത്തിൽ അവതരിച്ചതുകൊണ്ടു് ഈ പേരുണ്ടായി.

അൎക്കബാന്ധവൻ-ശാകുനി.

അൎക്കം-പ. സ്ഫടികം, സൂര്യകാന്തം. ഉ. എരിക്ക്.

അൎക്കവല്ലകം-പ. തകര. ഉ. ചെറുകുറുക.

അക്ഷവാസരം-ഞായറാഴ്ച.

അക്ഷരാഗം-പ. സുഗന്ധക്കല്ല്. ഉ. കന്നി.

അക്ഷവാരം-ഞായറാഴ്ച.

അക്ഷവിധാ-താമ്രശാസനപത്രം.

അക്ഷാന്വയം-സൂര്യവംശം. അക്ഷന്റെ (സൂര്യന്റെ) അന്വയം (വംശം).

അക്ഷാഹ്വം-എരിക്ക്. അക്ഷം എന്ന പേരുള്ളതു്.

അക്ഷേന്ദുസംഗമം-അമാവാസ്യ.

അഗ്ഗളം-സാക്ഷ (തഴുത) മുറുകിനിൽക്കുന്നതു് എന്നർത്ഥം.

'അഗ്ഗളാഹ്വവംരോഹിണിപുത്രനെ'
(കൃഷ്ണലീല തുള്ളൽ)

അഗ്ഗള-സാക്ഷ (തഴുത).

'ഹാരഃഹിന്നോവേതുഹരിണീ
ശാബമുഗ്ധാക്ഷികാമം
ചോരസഞ്ജനമണിമയകവാ
ടാഗ്ഗളസംഗമംഗൾ'

അഗ്ഗളി-സാക്ഷ (തഴുത്).

അഗ്ഗളിക-ചെറിയസാക്ഷ (തഴുത്)

അഗ്ഗളിത-വി. സാക്ഷയിട്ട (തഴുതിട്ട).

അഗ്ഗളീയ-വി. സാക്ഷയെ (തഴുതിനെ) സംബന്ധിച്ച.

അർഗ്ഘാ-പ. വില. ഉ. പൂജാവിധി. ഇതുകൊണ്ടു പൂജിക്കുന്നതിനാൽ ഈ പേർ സിദ്ധിച്ചു.

അർഗ്ഘാംശൻ-ശിവൻ.

അർഗ്ഘ്യ-വി. പൂജയ്ക്കായിക്കൊണ്ടുള്ള, പൂജിക്കപ്പെടേണ്ടുന്ന.

അർഗ്ഘ്യ-നല്ല ജാതിപ്പുല്ല.

അർഗ്ഘ്യം-പ. പൂജയ്ക്കായിക്കൊണ്ടുള്ള ജലം. ഉ. വിലമതിക്കേണ്ടതു്.

അഗ്ഗ്വധം, അഗ്വഗാധം-രോഗശമനകരമായ വൃക്ഷം രോഗശമനകരമായല്ലാം കൂടുന്നതെന്നു ശബ്ദാർത്ഥം.

അച്ച്-പ. പൂജ. ഉ. പ്രതിബിംബം, പൂജയ്ക്കായി ശില, ലോഹം മുതലായവ കൊണ്ടു നിർമ്മിക്കുന്ന പ്രതിമ. മറ്റുള്ളവയ്ക്കും (ഉപചാരങ്ങൾ) പര്യായം. സ. നേത്രരോഗവിശേഷം.

അച്ചകൻ-പൂജകക്കാരൻ.

അച്ചന-പൂജ.

അച്ചനം-പൂജ, വന്ദനം.

അച്ചനീയ-വി. പൂജിക്കത്തക്ക.

അച്ചി, അച്ചിസ്സ്-അഗ്നിജ്വാല. പൂജിക്കപ്പെടുന്നതു് എന്നു ശബ്ദാർത്ഥം.

അച്ചിക്കുക-പൂജിക്കുക.

അച്ചിത-വി. പൂജിക്കപ്പെട്ട.

അച്ചിതം-പ. പൂജിക്കപ്പെട്ടതു്. ഉ. ഭസ്മം പൂരിക്കപ്പെട്ടതു്.

അച്ചിവ്രണം-തീപ്പൊരി.

അച്ചിസ്സ്-പ. അഗ്നിജ്വാല. പൂജിക്കപ്പെടുന്നതു് എന്നർത്ഥം. ഉ. സൂര്യകിരണം. സ. ജ്വാല, ശോഭ.

അഞ്ജക-വി. നേടുന്ന.

അഞ്ജകം-കറുപ്പുകണ്ണുകം, അരോമത്തെ സമ്പാദിക്കുന്നതു് എന്നർത്ഥം. കറുത്ത തുളസി എന്നും പറയുന്നുണ്ടു്. ചിലർ മല്ലിയാവു് എന്നു വിളിക്കുന്നു.

അഞ്ജനം-സന്ധ്യാരാഗം.

അഞ്ജി, അഞ്ജി, ഹഞ്ജി-അപേക്ഷയേയും സങ്കടം, പരാതി ഇവയെയും എഴുതി സർക്കാരിൽ ബോധിപ്പിക്കുക.

അഞ്ജിത-വി. സമ്പാദിക്കപ്പെട്ട.

അഞ്ജുന-വി. വെളുത്ത.

'പിശംശമേരഞ്ജിയുമഞ്ജുനച്ഛവിം'
(മാഘം)

അഞ്ജുന-ഒരു രാജ്യത്തിന്റെ പേർ.

അഞ്ജുനകൻ-അഞ്ജനമെന്ന വസ്തുവിൽക്കുന്നവൻ.

അജ്ജുനക്കൊടി-ഒരു പച്ചരുത്ത്.

അജ്ജുനൻ-പ, പാണ്ഡവരിൽ മൂന്നാമത്തവൻ.

പാണ്ഡവർ അഞ്ചുപേർ. പ. ധർമ്മപുത്രൻ. ര. ഭീമൻ. ന. അജ്ജുനൻ. ഴ. നകുലൻ. ങ. സഹദേവൻ. ഇവരിൽ അജ്ജുനൻ ഇന്ദ്രനെ കന്തിയിൽ ജനിച്ചവനാകുന്നു. ദ്രോണർ ആകുന്നു അജ്ജുനനെ ആയുധവിദ്യ അഭ്യസിപ്പിച്ചത്. ഇദ്ദേഹം ദ്രോണരുടെ പ്രിയശിഷ്യനെന്നുള്ളതു് സുപ്രസിദ്ധമാണ്. പാണ്ഡവന്മാർ അഞ്ചുപേരും ക്രമേണയാണ് പാഞ്ചാലിയെ ഭാര്യയാക്കി താമസിപ്പിച്ചുവന്നതു്. എന്നാൽ വിവാഹം ചെയ്തതു് അജ്ജുനനായിരുന്നു. ഓരോ വത്സരം ഓരോരുത്തനും പാഞ്ചാലിയുമായി ഗൃഹത്തിൽതാമസിക്കണമെന്നും അദ്ദിവസം മറ്റുള്ള നാലുപേരിൽ ആരെങ്കിലും ആ ഗൃഹത്തിൽ വന്നാൽ അയാൾ തീർത്ഥയാത്ര ചെയ്യണമെന്നും ഒരു നിയമം ഉണ്ടായിരുന്നു. ഇതു കന്തിയുടേതായിരുന്നു വരുത്. ഒരുദിവസം അജ്ജുനൻ പാഞ്ചാലിയുടെ താമസസ്ഥലത്തു തന്റെ ആയുധം എടുപ്പാനായി ഓടിച്ചെന്നപ്പോൾ ഒരുപേരിനെയും ധർമ്മപുത്രനെയും കണ്ടു കാണ്മാനിടയായി. ഇതു ഹേതുവായിട്ടു മുൻ നിശ്ചയപ്രകാരം അജ്ജുനൻ ഏഴു മാസം കട്ടംബത്തെ വെടിഞ്ഞു സഞ്ചാരിക്കേണ്ടിവന്നു. ഇദ്ദേഹം ഖാണ്ഡവവനം ദഹിപ്പിച്ചു് അഗ്നിയേട്ടു ശാണ്ഡീവവും, കിരാതവേഷം ധരിച്ചുവന്ന പരമേശ്വരങ്കൽനിന്നു പാശുപതവും വാങ്ങി. അജ്ജുനൻ ഭാരതയുദ്ധത്തിൽ ഭീഷ്മരെ കഠിനമായി മുറിവേൽപ്പിക്കയും പലരെയും തോല്പിക്കയും ജയദ്രഥനെയും കർണ്ണനെയും കൊല്ലുകയും ചെയ്തു. അജ്ജുനനെ പാഞ്ചാലിയിൽ ശ്രുതകീർത്തി, സുഭദ്രയിൽ അഭിമന്യു, ഉലൂപിയിൽ ഇരാവാൻ, ചിത്രാംഗദയിൽ ബഭ്രുവാഹനൻ ഇങ്ങിനെ നാലു പുത്രന്മാർ ഉണ്ടായിട്ടുണ്ട്. കൃഷ്ണനെക്കാൾ മൂന്നുമാസത്തെ ഇളപ്പമുണ്ടു് അജ്ജുനന്. അജ്ജുനൻ, ഫൽഗുനൻ, പാർത്ഥൻ, കിരീടി, ശ്വേതവാഹനൻ, ബീഭത്സു, വിജയൻ, ജിഷ്ണു, സവ്യസാചി, ധനഞ്ജയൻ ഇവ പത്തും അജ്ജുനന്റെ പേരുകളാകുന്നു.

'അജ്ജുനഃ ഫൽഗുനഃ പാർത്ഥഃ
കിരീടി ശ്വേതവാഹനഃ
ബീഭത്സുർവിജയോ ജിഷ്ണുഃ
സവ്യസാചീ ധനഞ്ജയഃ'

ഈ പത്തു പേരും ജപിച്ചുകൊണ്ടാൽ ഇടിഭയം ഉണ്ടാകയില്ലെന്നു ബുധവചനം. അജ്ജുനന്റെ എല്ലാ പേരുകളും കക്കിവൃക്ഷത്തിന്റെ (നീർമരുതിന്റെ-പുല്ലുമരുതിന്റെ) പര്യായങ്ങളാകുന്നു.

'അജ്ജുനഃ കകുഭഃ പാർത്ഥ
ശ്വേതയോധീ ധനഞ്ജയഃ
വീരാന്തകഃ കിരീടീച
നദീസൂജ്യോഷി പാണ്ഡവഃ'

(ധന്വന്തരി)

'അജ്ജുനസ്തുംബുരുഃ പാർത്ഥ
ശ്വേതയോധീ ധനഞ്ജയഃ
രൗവീരാന്തകഃ കിരീടീച
ശാണ്ഡീവീ ശിവമല്ലകഃ
സവ്യസാചീ നദീസൂജ്യഃ
കൽഗുനഃ കപിവീരകഃ
കകുഭോന്തയ ഇന്ദ്രസൂനശ്ച
വീഭത്സുഃ കൃഷ്ണസാരഥിഃ
പൃഥാജഃ ഫൽഗുനോ ധന്യോ
കകുഭൈരേശ്വകവിംശതിഃ'

(രാജനിഘണ്ടു)

പ. കാർത്തവീര്യൻ-ഹൈഹയാധിപനും ത കൃതവീര്യന്റെ മകൻ. സാധാരണപേർ കാർത്തവീര്യൻ. ഇദ്ദേഹത്തെ പരശുരാമൻ വധിച്ചു. ന. ഇന്ദ്രൻ.

അഞ്ജനം-പ. കറുത്ത നിറം. സന്ധാരിച്ചുവെയ്യുന്നത് എന്നർത്ഥം. ക. നീർമരുത്. പുല്ലുമരുതെന്നും അഭിപ്രായം കാണുന്നു. അഞ്ജനന്റെ പേരുള്ളത് എന്നർത്ഥം. ന. തൃണമേഹം. സന്ധാരിക്കപ്പെടുന്നത് എന്ന ശബ്ദാർത്ഥം. ഭ. വെള്ളി. ഇ. സപ്തസ്സ്. ന. ഒരു നേത്രരോഗം.

[വേദനകൂടാതേയും മിനുപ്പോടുകൂടിയും മുയലിന്റെ ചോരപോലെ രക്തവർണ്ണമായുള്ള ഒരു ബിന്ദു കണ്ണിന്റെ ശുക്ലമണ്ഡലത്തിങ്കൽ ഉണ്ടാകും. ഇതത്രേ അഞ്ജനം.]

അഞ്ജനി-പ. പക്ഷി. ക. ഒരുവക സർപ്പം. ന. ഉഷ (അനിരുദ്ധന്റെ ഭാര്യ). ഭ. ഒരു നദി (കരതോയ). ഇ. അഞ്ജനന്റെ പുത്രൻ. ന. മിക്കവാറും വെളുത്ത നിറമുള്ളവൻ.

അഞ്ജനോപമം-തേക്കുവൃക്ഷം.

അണ്ണ-ഒരു നദി.

അണ്ണപോതം-വള്ളം, കപ്പൽ.

അണ്ണം-തേക്കുമരം.

അണ്ണവകാഞ്ചി-ഭൂമി.

അണ്ണവം-സമുദ്രം, ജലമുള്ളത്.

'കണ്ണസ്സായുധനമീപ്സുമിതികളും
അണ്ണവമാശുകടപ്പാൻനരല്ലാതെ'
(കിരാതം തുള്ളൽ)

അണ്ണവമന്ദിരൻ-പ. വിഷ്ണു. ക. വരുണൻ.

അണ്ണവമലം-കടൽനുര.

അണ്ണവോൽഭവ-ലക്ഷ്മി.

അണ്ണവോത്ഭവൻ-ചന്ദ്രൻ.

അണ്ണവോത്ഭവം-അഗ്നിമാരുവൃക്ഷം.

അണ്ണസ്സ്-പ. ജലം, പൊയ്യാണ്ടിരിക്കുന്നത് എന്നർത്ഥം. ക. ഇരുവേലി.

അണ്ണോജഭവൻ-ബ്രഹ്മാവ്. താമരയിൽ ഉണ്ടായവൻ എന്നർത്ഥം.

അണ്ണോജം-താമര. ജലത്തിലുണ്ടായത്.

അണ്ണോദം-പ. മേഘം. ക. മുത്തങ്ങ.

അണ്ണോരുഹം-താമര. ജലത്തിൽ മുളച്ചത്.

അണ്ണോരുഹാക്ഷൻ-വിഷ്ണു. താമരപോലെയിരിക്കുന്ന കണ്ണോടുകൂടിയവൻ.

അത്തഗളം-നീലക്കുറിഞ്ഞി.

അത്തന-വി. പ. ദുഃഖിക്കുന്ന, നിന്ദിക്കുന്ന. ക. ദുഃഖമുള്ള, ദുഃഖിച്ച.

അത്തനാ-പ. ഖേദം (ഉള്ള). ക. ആക്ഷേപം.

അത്തി-പ. പീഡ. ക. വില്ലിന്റെ അഗ്രഭാഗം. ഹിംസിക്കുന്നത് എന്നർത്ഥം.

അത്ഥദാപനം-കടം വാങ്ങിക്കൊടുത്ത അർത്ഥത്തെ മടക്കി കൊടുപ്പിക്കുന്നത്.

അത്ഥദൂഷണം-പ. ദ്രവ്യം, അധികച്ചെലവ്. കോപമുമായ ദോഷം. അർത്ഥദൂഷണം സപ്തവ്യസനങ്ങളിൽ ഒന്നാകുന്നു. ക. അർത്ഥത്തിൽ ദോഷം കണ്ടുപിടിക്കുക. ന. അന്യന്റെ വസ്തുവെ നശിപ്പിക്കുക.

അത്ഥന-യാചന, അപേക്ഷ.

അത്ഥനിർദ്ദേശം-പൊരുൾതിരിപ്പ്.

അത്ഥപതി-പ. കുബേരൻ. ക. മഹാരാജാവ്.

അത്ഥപരീക്ഷ-അർത്ഥനിശ്ചയം ചെയ്യൽ, വഴിപോലെ കണക്കുനോക്കൽ. ചർച്ച, സംഖ്യ, വിചാരണ ഇവ ന-ം, പര്യായങ്ങളും (പ്രമാണംകൊണ്ടുള്ള അർത്ഥപരീക്ഷ എന്നു താൽപര്യം).

അത്ഥപാലിനി-ഉഭയ

അത്ഥപ്രയോഗ-പറയുക

ഒന്നു സൂചിക്കുന്ന അർത്ഥത്തെ എടുത്തു പറയുക ഉ-ം, വെള്ളം മാഹിത്തു, വയറുവിശക്കുന്ന മുതലായവ

അത്ഥപ്രയോഗ-ധനം കൊടുത്തുപകരി ശയായി കൊടുക്കുക. കഴിക്കുക.

അർത്ഥബന്ധം-വാക്കുകളെ അടുക്കുക.

അർത്ഥം-പ. ധനം. യാചിക്കപ്പെടുന്നത് എന്നർത്ഥം. ഉ. ശബ്ദംകൊണ്ടു പറയപ്പെടുന്നത്. ന. നിവൃത്തി. ദ. പ്രയോജനം. ഇ വസ്തുതത്വം. നു. (വ്യാകരണത്തിൽ) കൃതികളിൽ ഒരു വിഭാഗം.

അർത്ഥലാഘവം-വി. ദുരാഗ്രഹമുള്ള.

അർത്ഥവത്ത്-വി. പ. ധനമുള്ള. ഉ. ബുദ്ധിയുള്ള. ന. സാരമുള്ള. ദ ജയമുള്ള. ഇ ഉപയോഗമുള്ള.

അർത്ഥവാൻ-പ. ധനവാൻ. ഉ. മനുഷ്യൻ.

അർത്ഥവിചാരം- അർത്ഥത്തെക്കുറിച്ചുള്ള ഓർമ്മ.

അർത്ഥവിജ്ഞാനം- അർത്ഥത്തെക്കുറിച്ചുള്ള അറിവ്.

അർത്ഥവ്യക്തി-കാര്യഗ്രഹണങ്ങളിൽ ഒന്ന്. വസ്തുസ്വഭാവം സ്ഫുടമായിരിക്കുന്നത്.

അർത്ഥശാസ്ത്രം- അർത്ഥമെന്ന പുരുഷാർത്ഥത്തിന് ഉപയോഗിയായ ശാസ്ത്രം. അർത്ഥം=ഭൂമി, ധനം മുതലായത്. ഇവയെക്കുറിച്ചുള്ളശാസ്ത്രം അർത്ഥശാസ്ത്രം. ഇതു് അറിഞ്ഞിരുന്നെങ്കിലേ ഭൂമി മുതലായ സമ്പത്തുക്കളെ പരിപാലിപ്പാൻ കഴികയുള്ളു.

അർത്ഥസാധനം-വേഷ്ടു്.

അർത്ഥാഗമം-ധനലാഭം.

അർത്ഥാഗ്രഹം-ധനത്തിലുള്ള താല്പര്യം

അർത്ഥാഗ്രഹി-ധനത്തിലിച്ഛയുള്ളവൻ.

അർത്ഥാതിദ്ദ്യം-ധനം മുതലായതിനാലുണ്ടായ ഗർവ്വം.

അർത്ഥാതുരൻ-ധനത്തെക്കുറിച്ചു കീഴ്നിലയുള്ളവൻ.

അർത്ഥാന്തരന്യാസം-ഒരലങ്കാരം.

'പ്രസ്തുതമായ സാരാന്യത്തെ സമർത്ഥിപ്പാൻ വേണ്ടി അപ്രസ്തുതമായ വിശേഷത്തെയും, അതിനു പ്രസ്തുതമായ വിശേഷത്തിനു വേണ്ടി അപ്രസ്തുതമായ സാരാന്യത്തെയും കഥിക്കുന്നത്'.

(ഭാഷാഭൂഷണം)

അർത്ഥാന്തരം-മറ്റൊരർത്ഥം.

അർത്ഥാപത്തി-ഒരലങ്കാരം. 'ഒരു കാര്യത്തിന്റെ ഉൽപ്പത്തിയിൽ അതിനെ സംബന്ധിച്ചു് മറ്റൊരു കാര്യത്തിന്റെ നിഷ്പത്തി അർത്ഥസിദ്ധമായി വരുക'.

(ഭാഷാഭൂഷണം)

അർത്ഥാർത്ഥി-അർത്ഥത്തെ യാചിക്കുന്ന.

അർത്ഥാലങ്കാരം- അലങ്കാരത്തിൽ ഒരു പിരിവു്. മറ്റൊന്നു ശബ്ദാലങ്കാരം.

അർത്ഥി-പ. യാചകൻ. ധനം ഒരുകാലശമില്ലാത്തവൻ എന്നർത്ഥം. ഉ. ധനമുള്ളവൻ. ന. രാജസേവകൻ.

അർത്ഥികൻ-പ. വിളിച്ചുപറയുന്നവൻ, കാവൽക്കാരൻ. ഉ. ഭൃത്യൻ. ഉണരേണ്ടസമയത്തെയും ഉറങ്ങേണ്ടസമയത്തെയും പാട്ടുപാടി അറിയിക്കുന്നതാരാണ് ഇവരുടെ തൊഴിൽ.

അശിശു-കുട്ടികളില്ലാത്തവൾ. ശിശുവില്ലാത്തവൾ എന്നു ശബ്ദാർത്ഥം.

അശിഷ്ട-വി. പ്ര. മൂഢതയുള്ള. പു. നല്ല നടത്തയില്ലാത്ത.

അശിഷ്ടം-അഗ്നി.

അശിഷ്ടു-വി. അധികം ഭക്ഷിക്കുന്ന.

അശീത-വി. ശീതം (തണുപ്പ്) ഇല്ലാത്ത.

അശീതകരൻ-സൂര്യൻ.

അശീതതേജസ്സ്-സൂര്യൻ.

അശീതരശ്മി-സൂര്യൻ.

അശീതി-എണ്പത് (൮൦).

അശീതികൻ-എണ്പതുവയസ്സുള്ളവൻ.

അശീർഷക-വി. ശീർഷം (തല) ഇല്ലാത്ത.

അശീലം-ശീലം (മര്യാദ, നല്ലസ്വഭാവം) ഇല്ലായ്മ, മൂർഖത.

അശുദ്ധ-വി. തൂലോം ശുചിയായ.

അശുചി-പ്ര. ശുചി (പുണ്യം) കേട്, അശുദ്ധി. പു. കറപ്പുനിറം. അവമാനം എന്നും പറയുന്നു.

അശുദ്ധ-വി. ശുദ്ധമല്ലാത്ത, അഴുക്കായ, തൊറായ.

അശുദ്ധി-ശുദ്ധിയില്ലായ്മ.

അശുഭ-വി. പ്ര. ശുഭം (ക്ഷേമം, സൌഖ്യം) ഇല്ലാത്ത. പു. നന്മകേടുള്ള. നാ. അമംഗളമായ. ര. നിർഭാഗ്യമുള്ള.

അക്ഷേമം-പ. ക്ഷേമമില്ലായ്മ, അമംഗളം. ഉ. പാപം. സ. നിർഭാഗ്യം. ര. തന്മകേട്ട്.

അക്ഷൗഭോദ്രക്കം-അമംഗലഫലം.

'നീരന്ധ്രംഭോധരനിരയതി
ന്നാർപ്പുകേട്ടംഭ്രടിക്കാ-
യാരംഭിച്ചാലതുടനതുഭോ
ഭദ്രമംതർക്കമില്ല'

(മയൂരസന്ദേശം)

അക്ഷത-വി. പ. പാകംചെയ്യപ്പെടാത്ത. ഉ. മൂക്കാത്ത, പച്ചയായ (പഴുക്കാത്ത).

അക്ഷേഷം-ഒട്ടുംശിയാതെയുള്ളത്, മുഴുവനായുള്ളത്. ബാക്കിയില്ലാത്തത് എന്ന ശബ്ദാർത്ഥം.

അശോക-ശോക (ദുഃഖ) മില്ലാത്ത.

അശോകൻ-പ. ശോകം (ദുഃഖം) ഇല്ലാത്തവൻ. ഉ. വിഷ്ണു. സ. ദശരഥന്റെ ഒരു മന്ത്രി. ര. മൌര്യവംശത്തിലെ പ്രധാനരാജാവ്.

[ബുദ്ധമതകാലം തുടങ്ങുന്നതു് അശോക മഹാരാജാവിന്റെ രാജ്യഭരണം മുതൽക്കാണ്. വിഖ്യാതികൊണ്ടു് ഇദ്ദേഹം ഭാരതത്തിലുള്ള എല്ലാ രാജാക്കന്മാരേയും കയിച്ചിരുന്നു. അശോകമഹാരാജാവിന്റെ അച്ഛന്റെ പേർ ബിന്ദുസാരൻ എന്നായിരുന്നു. അമ്മ സുഭദ്രാംഗി എന്ന ബ്രാഹ്മണസ്ത്രീയാണ്. കലി ഉ൨൪-ലും ര൮-ലും ഇദ്ദേഹം സിംഹാസനാരോഹണംചെയ്തു. ഇദ്ദേഹം വേണ്ടുംവണ്ണം ബുദ്ധമതത്തെ പ്രചരിപ്പിച്ചു. മഹാരാജാവിന് ഒന്നിലധികം ഭാര്യമാരുണ്ടായിരുന്നു. പാടലീപുത്രമായിരുന്നു തദ്ദേഹത്തിന്റെ തലസ്ഥാനം. ചന്ദ്രഗുപ്തന്റെ പൌത്രനാണ്.]

അശോകം-പ. അശോകവൃക്ഷം. ശോകത്തെകളയുന്നതു് എന്നു വ്യുൽപത്തി. വൻമുള, എന്നതു പര്യായമാകുന്നു.

[ഇത് ഗ്രന്ഥം, ശ്രുവ, വ്രണം, മൂലക്കുരു, രക്തം, പിത്തം, ചൂടുനീർ, മേൽ വയറുവീർക്കൽ ഇവയെ ശമിപ്പിക്കും. തിക്തരസമാണ്.]

'അശോകഃശോകനശനസ്ത്വം
മമിശോകാവഞ്ജുമഞ്ജരീ
മധുപുഷ്പോപശോകശ്ച
കങ്കേലീകലികസ്തഥാ
രക്തപല്ലവകശ്ചിത്രോ
വിചിത്രഃകേസരപൂരകഃ
സുരാധിവാസഃസുഭഗോ
ദോഷഹാരീപ്രപല്ലവഃ
രാഗീതരുഹേമപുഷ്പോ
രാമഃരാമഃമനോഹ്ലാദകഃ
പിണ്ഡീപുഷ്പോനടരുഷ്പവ
പല്ലവദ്ധർഭവിംശതിഃ'

എന്നു പര്യായം. ഉ. കടുകരോഹിണി. സ. കന്മദം.

അശോക-പ. കടുകരോഹിണി. ഉ. രസം.

അശോകരോഹിണി-കടുകരോഹിണി അശോകംപോലെ മുച്ചുണ്ടാകുന്നതു് എന്നു വ്യുൽപത്തി.

അശോകവനിക-അശോകാരാമം.

അശോകവനികാന്യായം-"അശോകവനികയോടു തുല്യങ്ങളായി വേറെയും മദ്ധ്യനങ്ങൾ ലങ്കയിലുണ്ടായിരുന്നുവെങ്കിലും അശോകവനികയിലാണ് രാവണൻ സീതയെക്കൊണ്ടാക്കിയതു്. അപ്രകാരം തുല്യസ്ഥാനങ്ങളിൽ മറ്റു തിരഞ്ഞെടുക്കുന്നതിനു സൌകര്യമുണ്ട് പ്രമാണം. ആ വിഷയത്തിൽ ചോദ്യത്തിന്നവകാശമില്ല എന്ന സമ്പ്രദായത്തെ ഈ ന്യായം കാണിക്കുന്നു."

അശോകവൽകനൻ-മശകയിലെ ഒരു ചക്രവർത്തി.

അശോഭന-വി. ശോഭനമല്ലാത്ത, പ്രകാശമില്ലാത്ത.

അശൌചം-അശുദ്ധി.

അശ്മകം-കന്മദം.

അശ്മകൻ-പ. ഒരു രാജാവ്. ഉ. ഒരു മുനി.

അശ്മകുട്ടൻ-കല്ലുകൊണ്ടു പൊടിച്ചുമാത്രം ഭക്ഷിക്കുന്നവൻ.

അശ്മഗർഭം-മരതകരത്നം. കല്ലിൽനിന്നുണ്ടായത് എന്നു ശബ്ദാർത്ഥം.

അശ്മജം-കന്മദം.

അശ്മദാവ്-കന്മദം.

അശ്മദാരണം-കല്ലുമഴ, മഴ.

അശ്മന്ത-വി. പ. അതിരില്ലാത്ത. ഉ. ചീത്തശകുനമുള്ള.

അശ്മന്തകം - കല്ലുർവഞ്ചി, കൊങ്ങുമന്താരം.

അശ്മന്തം-പ. അടപ്പ്. കല്ലിനെക്കൂടി നാശംവരുത്തുന്നതുകൊണ്ട് ഈ പേർവന്നു. അവസാനത്തിൽ കല്ലുള്ളത് എന്നും വ്യൽപത്തികാണുന്നു. 'അസ്വന്തം' എന്നും പാഠമുണ്ട്. ഉ. മരണം. ന. അസ്തമയം.

അശ്മപട്ടം-പാഠപ്പുറം.

അശ്മപുഷ്പം-ചേലേയം. കല്ലിന്റെ പൂപോലെയുള്ളതെന്നു ശബ്ദാർത്ഥം. ഇതു പാഠപ്പുറത്തുണ്ടായി വളരുന്നു.

അശ്മഭിത്ത്-കല്ലുർവഞ്ചി(ഞ്ഞി).

അശ്മഭേദം-കല്ലുർവഞ്ചി(ഞ്ഞി).

അശ്മം-പ. കല്ല്, പാറ, ശില. ഉ. മല. അശിക്ക-ഭക്ഷിക്കുക. വസ്ത്രാഭികളെ അവക്കുമ്പോൾ ഭക്ഷിക്കുന്നതു എന്നർത്ഥം.

അശ്മരി-കല്ലടപ്പ്. കല്ലുണ്ടാക്കിത്തീർക്കുന്നതു എന്നു ശബ്ദാർത്ഥം.

[ഇതു വായു, വസ്തി മുഷ്കത്തെരോധിച്ചു മൂത്രത്തെ പിത്താശയത്തോടോ കഫത്തോടോ ശുക്ലത്തോടുകൂടി ഉണ്ടാക്കുന്നതാകുന്നു (പശുവിന്റെ പിത്താശയത്തിൽനിന്നും ഗോരോചനയുണ്ടാകുംവണ്ണം)].

അശ്മശ്രു-മീശവരാത്ത പുരുഷൻ.

അശ്മസാരം-ഇരിമ്പ്, കല്ലിന്റെ സാരം. ഇരിമ്പു മുതലായ കല്ലിൽനിന്നു കിട്ടുന്നതുകൊണ്ട് ഈ പേരുണ്ടായി.

അശ്മാവ്-കല്ല്.

അശ്മിക-പ്രാചിനചാരന്റെ ഭാര്യ.

അശ്രദ്ദധാനൻ - ശ്രദ്ധിക്കുന്നവനല്ലാത്തവൻ.

അശ്രദ്ധ-വി. ശ്രദ്ധ(അൽപത്തം, മറവുതന്നെ, വിശ്വാസം) ഇല്ലാത്ത.

അശ്രദ്ധ-വിശ്വാസക്കേട്.

അശ്രം-പ. മൂല. ഉ-ം, ചതുരശ്രം ഇത്യാദി. ഉ. കണ്ണുനീർ (കണ്ണുനീരിനു 'അസ്രം' എന്നതു നന്ന്.)

അശ്രമം-ശ്രമം (അലസത, ക്ഷീണം) ഇല്ലായ്ക.

അശ്രാന്ത-വി. ക്ഷീണം ഇല്ലാത്ത, എപ്പോഴുമുള്ള.

അശ്രാന്തം-എല്ലായ്പോഴും, എപ്പോഴുമുള്ളതു്.

അശ്രാവ്യ-വി. ശ്രാവ്യം (കേൾക്കാവുന്നതു്, ശ്രവിക്കത്തക്കതു്) അല്ലാത്ത.

അശ്രി-വി. ഐശ്വര്യമില്ലാത്ത.

അശ്രി-ആയുധങ്ങളുടെ വായ്ത്തല. ശത്രുക്കളുടെ ശരീരത്തിൽ പ്രവേശിക്കുന്നതു് എന്നു ശബ്ദാർത്ഥം.

അശ്രി-പ. കന്നത്തിന്റെ മുന. ഉ. കോണ്. ന. ഒരു മുറിയുടെയും വീട്ടിന്റെയും മൂല.

അശ്രീക-വി. പ. അഴകില്ലാത്ത. ഉ. നിഭ്രശ്രീയുള്ള, ഐശ്വര്യമില്ലാത്ത.

അശ്രീകരം-വൃത്തികേട്, ദാരിദ്ര്യം.

അശ്രു-കണ്ണുനീർ. ഒരാറാമ (ഇറങ്ങുക) വീഴുന്നതു്, കവിൾത്തടത്തിൽ വ്യാപിക്കുന്നതു് എന്നിങ്ങനെ ശബ്ദാർത്ഥം.

'ചാസ്രൃനേത്രാംബുരക്തേക്ഷണസ്രൗ ച'

(അമരം)

[അസ്രൃ, നേത്രാംബു, രക്തേക്ഷണം, അസ്രം, അശ്രു ഇ-ം, കണ്ണുനീരിന്റെ പേർ.]

അശ്രുകണം-കണ്ണുനീർത്തുള്ളി.

അശ്രുകല-കണ്ണുനീർത്തുള്ളി.

അശ്രുജലം-കണ്ണുനീർ.

അശ്രുത-വി. ശ്രുതം (കേട്ടിട്ടുള്ളത്) അല്ലാത്ത, കേട്ടിട്ടില്ലാത്ത.

അശ്രുദേവൻ-ഒരു സൂര്യവംശരാജാവ്.

അശ്രുവാർക്കുക-കണ്ണുനീർ ഒലുക്കുക, കരയുക

'അശ്രുവാർത്തുരമംഗനനിന്നപ്പോൾ
വിശ്രുതകീർത്തിചൊല്ലിനാൻശോഭിന്ദ'

(രാമായണം 4ാം വൃത്തം)

അശ്ലീല-വി. സഭ്യോചിതമായില്ലാത്ത.

അശ്ലീലം-ക്ര. നീചവചനം, സഭ്യോചിതമായില്ലാത്തവാക്ക്. മംഗിയില്ലാത്തത്, മനോഹരതയില്ലാത്തത് എന്നിപ്രകാരം വ്യൽപത്തി. ര. സാഹിത്യസാഹ്യപ്രകാരം കാവ്യ (പദ) ദോഷങ്ങളിൽ ഒന്ന്. ലജ്ജ, ജുഗുപ്സ, അമംഗലം ഇവയുള്ള

– ഇടംകൊടുക്കുന്നത്.

'വീരരതകുംഭവിധുസ്രീവടിവുവിധുധരൻ
കണ്ടുകാമിച്ചുടത്തി-
ട്ടേതാരണ്ടരക്കപ്രവത്തിച്ചുമുവവതരണം
ചെയ്തരചെതന്യമുത്തി'

ഇവിടെ 'ഏതാരണ്ടാരക്ക പ്രവത്തിച്ചുമുവ്' എന്നത് അശ്ലീലം ആകുന്നു. (ഭക്ഷാലക്ഷണം.)

അശ്വകം-ക്ര. ചെറിയ കതിര. ര. മുടമസ്സൻ ഇന്നാരന്നറിയാതെ വഴിതെറ്റിനടക്കുന്ന കതിര.

അശ്വകണ്ണ(ക)ം-മരത്തിന്റെ. കതിരച്ചെടിപോലെ ഇലകളുള്ളത് എന്നശബ്ദാത്ഥം. മുപ്പുമരത്തിന്റെ, ദേവതാരത്തിന്റെ ഇങ്ങിനെയും കാണുന്നു

അശ്വകാമുകൻ-കതിരപ്രധാനി.

അശ്വഗതി-ക്ര. കതിരയുടെ ഗമനം. ര. രണ്ടു പുരുഷന്മാരുടെ പേർ. മനുഷ്യഅസ്ഥിക്രമത്തിൽ ഉൾപ്പെട്ടതു്. പാദത്തിൽ ഗ്ര അക്ഷരം വീതം കാണും.

'അശ്വകേതുമഹാശ്വ
ഗതിരശ്വാഭിധാനവും'

മരാഠാനന്ദ ധൃതിഛന്ദസ്സിൽ ഉൾപ്പെട്ടതു പാദത്തിൽ ഏഴു അക്ഷരംവീതംകാണും.

'അശ്വഭകാരമിഹാശ്വഗതിക്ക
സകാരവുമൊടുവിൽ' (വൃത്തമഞ്ജരി)

അശ്വഗന്ധം-അമുക്കുരം.

അശ്വഗ്രീവൻ-ഹയഗ്രീവൻ എന്ന അസുരൻ.

അശ്വഘോഷൻ - 'ബുദ്ധചരിത'ത്തിന്റെ കർത്താവാകുന്നു. ഇദ്ദേഹം കനിഷ്കൻ എന്ന രാജാവിന്റെ സമകാലീനനാണ് എന്നു ബുദ്ധമതക്കാർ പറയുന്നു. അതു വാസ്തവമാണെങ്കിൽ ഈ സുപ്രസിദ്ധകവി എ-ഡി ഒന്നാംനൂറ്റാണ്ടിൽ ജീവിച്ചിരുന്നിരിക്കണം. ഏതായാലും ബുദ്ധചരിതത്തിന്റെ നിർമ്മാണകാലം എ-ഡി. 22-നും, 78-നും പിമ്പാകാൻ നിവൃത്തിയില്ലാ എന്നുള്ളതിനു തെളിവുണ്ട്.

അശ്വച്ഛ-പേരാൽ.

അശ്വതരം-ഒരുമാതിരി കുഴുത.

അശ്വതി-അശ്വിനി നക്ഷത്രം.

അശ്വത്ഥാ-അരയാൽ. വളരെക്കാലം നിലനിൽക്കുന്നത്, ബലമുള്ളത് എന്നു ശബ്ദാത്ഥം.

അശ്വത്ഥാമാവ്-ദ്രോണർക്കു കൃപിയിൽ ജനിച്ച ഏകപുത്രൻ. അശ്വത്തിനെപ്പോലെ സ്ഥാമം (ബലം) ഉള്ളവൻ എന്നു ശബ്ദാത്ഥം. അശ്വത്തിന്റെ സ്ഥിതിപോലെയിരിക്കുന്ന സ്ഥിതിയോടുകൂടിയവൻ എന്നുമാകാം.

[ഈ അശ്വത്ഥാമാവു് ജനിച്ചതു ദ്രോണനും ദ്രൗപദിക്കും നിദ്രാഭംഗമായ യുദ്ധത്തിൽ അതിവിശേഷനായിരുന്നു. ഇദ്ദേഹം ചിരംജീവികളിൽ ഒരുവനാണ്. ദുര്യോധനന്റെ സേനാപതിയുമായിരുന്നു. ദിമൻ അസ്തമിച്ചു മരിച്ചയവർ കൂടി അടിച്ചു് ഈ വീരന്റെ തലയിലുണ്ടായിരുന്ന രത്നത്തെ പറിച്ചെടുത്തു പാ

ങ്ങുമ്പോലിക്ക കൊടുത്തു. ബ്രാഹ്മണനാകയാൽ കൊന്നില്ല.]

ചിരംജീവികൾ.

'അശ്വത്ഥാമാബലിർവ്യാസോ
ഹനുമാംശ്ച വിഭീഷണഃ
കൃപഃ പരശുരാമശ്ച
സപ്തൈതേ ചിരജീവിനഃ'

അശ്വപതി-പ. കുതിരക്കാരൻ. ഉ. ഒരു ബ്രഹ്മണപ്പേർ.

അശ്വപാലൻ-കുതിരക്കാരൻ, ലായം വിചാരിപ്പുകാരൻ.

അശ്വം-കുതിര. ഗമനംകൊണ്ടു ഭിക്കുക എന്ന വ്യുൽപത്തി. വേഗത്തോടെ ഗമിക്കുന്നതു് എന്ന വ്യുൽപത്തി.

അശ്വമാലിക-തുളസി.

അശ്വമേധം-ഒരു യാഗം.

ഇതു പുരാണകാലങ്ങളിൽ ഉണ്ടായിരുന്നതാണു്. രാജാക്കന്മാർ മോക്ഷനിവൃത്തിക്കു് ഇതു നടത്തിവന്നിരുന്നു. ഒരു കുതിരയേ യഥേഷ്ടം സഞ്ചരിക്കുന്നതിനയക്കയും അതു ചെല്ലുന്ന രാജ്യത്തുള്ള രാജാക്കന്മാർ അതിനെ തടയുകയും അയച്ച രാജാവു് അവിടെ ചെന്നു യുദ്ധംചെയ്തു ജയിച്ചു് അതിനെ തിരിയെ കൊണ്ടുപോരുകയും ചെയ്യുകയാണു്. ഈ അശ്വമേധം കഴിക്കുന്ന രാജാവിനു് ഇന്ദ്രനാകാം.

അശ്വമേധീയം-അശ്വമേധയാഗത്തിനു നിശ്ചയിക്കപ്പെട്ട കുതിര. മറ്റൊരു പര്യായം 'യയു'.

അശ്വയുക്കു്-അശ്വതിനക്ഷത്രം. രൂപം കൊണ്ടു അശ്വത്തിനു തുല്യമായതു്.

അശ്വയുജം-തുലാമാസം.

അശ്വരഥ-ഒരു നദി. (ശബ്ദമാലയിലാണു്),

അശ്വരത്നം-നല്ല കുതിര.

അശ്വലളിതം-ഒരു വൃത്തം. വികൃതിഛന്ദസ്സിൽ പെട്ടതു്. പാദത്തിൽ ഒന്നു അക്ഷരം വീതം കൂടും.

'ഇഹ പതിനൊന്നിൽനിന്നു നന്നായ് മുറ
മുടയശേഷങ്ങളശ്വലളിതം'

(വൃത്തമഞ്ജരി)

അശ്വലക്ഷണം-കുതിരയുടെലക്ഷണം.

അശ്ലവൃത്തി-നീചന്മാരെ സേവിക്കുന്നവൻ.

അശ്വശാല-കുതിരപ്പുര.

അശ്വസൻ-നായാടി. ഇവൻവേടനാണു.

അശ്വസമൂഹം-കുതിരക്കൂട്ടം. അശ്വീയം (ആശ്വീയം), ആശ്വം-ഇവ പര്യായങ്ങൾ.

അശ്വസാദി-കുതിരയ്ക്കുകുങ്കുരൻ.

അശ്വസേനൻ-തക്ഷകന്റെ പുത്രൻ.

അശ്വഹൃദയം-അശ്വത്തെ നയിക്കുന്നതിനുള്ള ഒരു മന്ത്രം. ഇതു നളൻ ഋതുപർണ്ണനു കൊടുത്തതാണു്. ഈ മന്ത്രം പഠിച്ചാൽ മനോവേഗത്തിൽ കുതിരയെ ഓടിക്കുന്നതിനു കഴിയും. (അക്ഷഹൃദയം എന്ന ശബ്ദം നോക്കുക).

അശ്വ-പെൺകുതിര.

അശ്വാനീകം-കുതിരപ്പട്ടാളം, അശ്വസൈന്യം.

അശ്വാരൂഢ-കുതിരപ്പുറത്തു കയറിയ.

അശ്വാരോഹണം, അശ്വാരോഹം-കുതിരപ്പുറത്തു കയറുക.

അശ്വാരോഹൻ-പ. കുതിരമേൽ കയറിയവൻ. ഉ. കുതിരക്കാരൻ.

അശ്വാരോഹ-അമുക്കുരം.

അശ്വി-പ. അശ്വതിനക്ഷത്രം. ഉ. ശ്രേഷ്ഠമായ കുതിരപ്പെടയാളി.

അശ്വികം-ദേവരാജവൈദ്യന്മാർ, രോഗശാസ്ത്രോപദേഷ്ടാക്കന്മാരായ രണ്ടു ദേവകൾ.

അശ്വിനി-അശ്വതിനക്ഷത്രം. അശ്വത്തെപ്പോലെ രൂപവുള്ളതെന്നുശബ്ദാർത്ഥം.

അശ്വിനീദേവന്മാർ - സപ്തർഷിദേവന്മാർ.

[ഇവർ രണ്ടുപേരും സദാ ഒരുമിച്ചു സഞ്ചരിക്കുന്നവരാണ്. ഇവരിൽ ഒരാളുടെ പേർ 'നാസത്യൻ', മറ്റൊരാളുടെ പേർ 'ദസ്രൻ'. ഇവർ നകുലനേയും സഹദേവനേയും പിതാക്കന്മാരാകുന്നു. കുതിരയുടെ രൂപം അവലംബിച്ച (അശ്വിനി) സംജ്ഞാദേവി എന്ന അപ്സരസ്ത്രീയിൽ സൂര്യനാജനിച്ചവരാകുന്നു. ഇവർക്ക് ശതാശതർ, സപ്തരെവ്യർ, അഷ്ടിജർ, വാമദേവ്യർ, പുഷ്കരസ്രജർ എന്നുള്ള പേരുകളും കാണുന്നുണ്ട്.]

അശ്വിനീസുതന്മാർ- അശ്വിനീദേവന്മാർ (അശ്വിനിയുടെ പുത്രന്മാർ).

അശ്വിമാഹാത്മ്യം-പ. ശ്രേഷ്ഠരായ കുതിരപ്പടയാളികളുടെ സാമർത്ഥ്യം. ഉ, അശ്വിനീദേവന്മാരെപ്പോലെയുള്ള വൈദ്യവിദ്യാസാമർത്ഥ്യം.

അശ്വീയം-കുതിരക്കൂട്ടം. [ആശ്വീയം എന്നതു കൂടാതെ കാണുന്നുണ്ട്.]

അശ്വോപജീവനൻ-കുതിരയെ രക്ഷിച്ചു നിത്യവൃത്തി കഴിക്കുന്നവൻ.

അശ്വോഷധം-കുതിരക്കൂട്ടം.

അഷ്ടധക്ഷിണം-രണ്ടാമതു തനിച്ചു ചെയ്യുന്ന മന്ത്രം, മൂന്നാമതൊരാവർത്തനമറിയാത്ത മന്ത്രം, ആവർത്തിച്ചു കേൾക്കാത്തത് എന്ന ശബ്ദാർത്ഥം. (രഹസ്യം).

അഷാഢകം-കർക്കടകമാസം. അഷാഢാ (ക)ം എന്ന ശബ്ദം പ്രസിദ്ധം. 'സ്യാദാഷാഢോത്രഷാഢാകഃ' എന്ന ശബ്ദാർണ്ണവവചനം. 'ആശാഢം' എന്നും മിഥുനം മദ്ധ്യം മുതൽ കർക്കടകം മദ്ധ്യംവരെയാണെന്നു കാണുന്നു.)

അഷ്ട-വി. എട്ടുമാതിരി.

അഷ്ടകവർഗ്ഗങ്ങൾ-കാമം, ക്രോധം, ലോഭം, മോഹം, മദം, മാത്സര്യം, ഡംഭം, അസൂയ ഇവ എട്ടും.

അഷ്ടകൻ-ഒരു മുനി, വിശ്വാമിത്രന്റെ ഒരു പുത്രൻ.

അഷ്ടകം-എട്ട്, എട്ടാമതായത്.

അഷ്ടകോണം-എട്ടുകോണുള്ളത്.

അഷ്ടഗന്ധം-അകിൽ, ചന്ദനം, ഗുൽഗുലു, മഞ്ചി, കുങ്കുമം, കൊട്ടം, രാമച്ചം, ഇരുവേലി ഇവ എട്ടും ചേർന്നത്.

അഷ്ടഗുണങ്ങൾ-എല്ലാപ്രവൃത്തികളിലുമുള്ള ക്ഷമ, അനസൂയ, ശൌചം, അനായാസം, മംഗളം, അകാർപ്പണ്യം, അസ്പൃഹ ഇവ എട്ടും. ഇവയെ അഷ്ടാംഗശുശ്രൂഷചെയ്യുന്നിടത്തു എന്നും പറയും.

അഷ്ടഗൌഡന്മാർ-പരശുരാമൻ ഉത്തരദേശത്തു കൃഷ്ണനദിയുടെതീരത്തു നിന്നു കൊണ്ടുവന്ന വേദശാസ്ത്രാദികളിൽനിപുണന്മാരായ ബ്രാഹ്മണന്മാർ (സ്ഥാനപ്പേർ യോഗംചെയ്യുൻ) എട്ടുപുരുഷന്മാർ. ഇവർക്ക് എട്ടുപേർക്കും വെവ്വേറെ ഇല്ലവും കെട്ടിച്ചു എട്ടില്ലക്കാർക്കും സ്ഥാനവകിപ്പവും അഷ്ടഗൌഡത്തിലെ 'ഗൌഡന്മാർ' എന്നപേരും കൊടുത്തു വാഴിച്ചു."

(മ-ദേ-ച)

അഷ്ടഗ്രാഹി-എട്ടുതരമാത്രം ഭിക്ഷിക്കുന്നവൻ സന്ന്യാസി.

അഷ്ടചൂർണ്ണം-ചുക്ക്, മുളക്, തിപ്പലി, അയമോദകം, ജീരകം, കരിഞ്ജീരകം, ഇന്തുപ്പ്, കായം ഇവ എട്ടുകൂട്ടം മരുന്നുകളും കൂട്ടിയുണ്ടാക്കുന്ന ഒരു പൊടി. ഇതു് അഗ്നിവർദ്ധനയ്ക്കും വാതഗുന്മത്തിനുമാറാൻ നന്ന്.

അഷ്ടതാരിണി-കാർത്തികാദേവിയുടെ എട്ടു രൂപങ്ങൾ

'താരാചോഗ്രാമഹോഗ്രാച
വജ്രാകാളീസരസ്വതീ
കാമേശ്വരീചഭാരുണ്ഡാ
താർണ്ണേഷ്ടേവികീർത്തിതാഃ

അഷ്ടദിക്പതികൾ, അഷ്ടദിക്പാലന്മാർ-ഇന്ദ്രൻ, വഹ്നി, പിതൃപതി, നിർഋതി, വരുണൻ, മരുത്ത്, കുബേരൻ, ഈശൻ ഇവർ എട്ടും.

'ഇന്ദ്രോവഹ്നിശ്ചിതിപതിർ-
നിർഋതിർവരുണോമരുത്
കുബേരഈശഃപതയഃ
പൂർവാദീനാംദിശാംക്രമാൽ'(അമരം)

അഷ്ടദിക്കകം-എട്ടുദിക്കകം. കിഴക്ക്, തെക്കുകിഴക്ക്, തെക്ക്, തെക്കുപടിഞ്ഞാറ്, പടിഞ്ഞാറ്, വടക്കുപടിഞ്ഞാറ്, വടക്ക്, വടക്കുകിഴക്ക്. (ദിക്കും അതുകളുടെ ദേവതകളും.)

'പൂർവദിഗീയമീക്ഷിണാചേ
നൈർഋതീപശ്ചിമാതഥാ
വായവീചോത്തരൈശാനീ
ദിശസ്സ്യുഷ്ടാവിതീരിതാഃ'

അഷ്ടദിക്കരിണികകം-എട്ടു ദിഗ്ഗജങ്ങളുടെ പിടിയാനകകം. അഭ്രമു, കപിലാ, പിംഗലാ, അനുപമാ, താമ്രകർണ്ണി, ശുഭദന്തി, അംഗനാ, അഞ്ജനാവതി.

അഷ്ടദിഗ്ഗജങ്ങകം-ഐരാവതൻ, പുണ്ഡരീകൻ, വാമനൻ, കുമുദൻ, അഞ്ജനൻ പുഷ്പദന്തൻ, സാർവ്വഭൌമൻ, സുപ്രതീകൻ ഇങ്ങനെ വ.

അഷ്ടദ്രവ്യം- യാഗത്തിനുപയുക്തങ്ങളായ എട്ടു ദ്രവ്യങ്ങകം. അരയാൽ, അത്തി, പ്ലാശ്, പേരാൽ ഇതുകളുടെ ചമത, കടുക്, എള്ള്, പായസം, നെയ്യ്-ഇവ.

'അശ്വത്ഥോദുംബരപ്ലക്ഷ
ന്യഗ്രോധസമിദസ്തിലാഃ
സിദ്ധാർത്ഥപായസാജ്യാനി
ദ്രവ്യണ്യേഷ്ടൗവിദുർബുധാഃ'

അഷ്ടധാ-അ. എട്ടുപ്രകാരം.

അഷ്ടധാതുക്കകം-പൊന്ന്, വെള്ളി, ചെമ്പ്, വെള്ളീയം, യശദം, കാരീയം, ഇരിമ്പ്, രസം ഇവ വ-ം

'സച്ചാന്തുരുപ്യത്രപുതാമ്രകാംശ
രംശീയശദ്മമേവച
സീസംചലോഹംരസശ്ചേതി
ധാതവോഷ്ടൗപ്രകീർത്തിതാഃ'

അഷ്ടപടി-ഒരു പാട്ടുപുസ്തകം.

[ഇതിൽ കൃഷ്ണന്റെയും ഗോപസ്ത്രീകളുടെയും ക്രീഡാവർണ്ണനമാണ് അടങ്ങിയിരിക്കുന്നത്. കലിവർഷം ൪൫൦൦-ൻറെ ഇടയ്ക്കു ജീവിച്ചിരുന്ന 'മയൂരദേവർ' എന്ന പ്രസിദ്ധകവിപ്രവരന്റെ കൃതികളിൽ ഒന്നാണ്. ഈ ഗ്രന്ഥത്തിന്റെ പ്രധാനനാമധേയം 'ഗീതഗോവിന്ദം' എന്നാകുന്നു. (സംസ്കൃതഗ്രന്ഥമാണ്)].

അഷ്ടപാത്തു്-എട്ടുകാലി, എട്ടുടിമാൻ.

അഷ്ടപാദം-എട്ടുകാലി.

അഷ്ടപ്രാസം-ശബ്ദാലങ്കാരങ്ങളിൽ ഒന്ന്

അഷ്ടബന്ധം-ബിംബം ഉറപ്പിപ്പാൻ ഏതാനും മരുന്നുകളും ഇടിച്ചു നേപ്പിച്ചുണ്ടാക്കുന്നത്.

അഷ്ടബുദ്ധിഗുണങ്ങകം-ശുശ്രൂഷ, ശ്രവണം, ഗ്രഹണം, ധാരണം, ഊഹം പോഹങ്ങകം, അർത്ഥവിജ്ഞാനം, തത്വജ്ഞാനം ഇവ എട്ടും.

അഷ്ടഭാര്യമാർ-ശ്രീകൃഷ്ണന്റെ എട്ടു ഭാര്യമാർ. ൧. രുക്മിണി. ൨. ജാംബവതി. ൩. സത്യഭാമ. ൪. കാളിന്ദി. ൫. മിത്രവിന്ദ. ൬. സത്യ. ൭. ഭദ്ര. ൮. ലക്ഷണ.

അഷ്ടഭാഷാജാഡ്യകം-എട്ടു ഭാഷകളുടേയും തീക്ഷ്ണമായ ശകതി.

അഷ്ടമി-വി. എട്ടാമത്തെ.

അഷ്ടമംഗലം-ബ്രാഹ്മണൻ, പശു, അഗ്നി, സ്വർണ്ണം, നെയ്യ്, ആദിത്യൻ, ജലം, രാജാവ് ഇവ എട്ടും.

അഷ്ടമംഗല്യം-കരവാ, ഉപ്പണം, ദീപം കലശം, വസ്ത്രം, അക്ഷതം, അംഗനാ, സ്വർണ്ണം ഇവ എട്ടും.

'കരവംഭൂപ്പണംദീപംകലശംവസ്ത്രമക്ഷതം
അംഗനാഹേമസംയുക്തമഷ്ടൗമംഗല്യലക്ഷണം'

'കേരളപ്പോടഷ്ടമംഗല്യമിസാകല്യത്തൊട്ടും'
(കവേചവൃത്തം വഞ്ചിപ്പാട്ട്)

അഷ്ടമി-എട്ടാമത്തെ പക്കം.

അഷ്ടമിരോഹിണി-ഒരു വിശേഷദിവസം(കൃഷ്ണൻ ജനിച്ച ദിവസം.)

അഷ്ടമുടി-തിരുവിതാംകൂറിൽ കൊല്ലം താലൂക്കിലുള്ള ഒരു കായൽ.

നീളം മയിൽ പത്തു്. ഇതിന് എട്ടു ശാഖകളും (മുടികളും) ഉള്ളതുകൊണ്ടാണ് അഷ്ടമുടി എന്നു വിളിക്കുന്നതു്. ഇവയിൽ പ്രധാനശാഖകളാ ണ. മഞ്ഞപ്പാടം, ഉ. മുകുന്ദപുരം, ന. അഷ്ടമുടി. ര. ഇരുമ്പനം, ഇ. കരീപ്പുഴ. നു. കായിക്കോട്ട് ഇവയാണ്. നീണ്ടകരഅഴി ഇതിനെ സമുദ്രത്തോടു ചേർക്കുന്നു.

അഷ്ടമൂർത്തി-ശിവൻ. ജലം, വഹ്നി (അഗ്നി), യജമാനൻ (ഹോതാവു്), സൂര്യൻ, ചന്ദ്രൻ, ആകാശം, വായു, അവനി (ഭൂമി)ഇവ എട്ടു മൂർത്തികളോടുകൂടിയവൻ

'ജലംവഹ്നിസ്ഥായജ്ഞാ
സൂര്യാചന്ദ്രമസൗതഥാ
ആകാശംവായുരവനി,
മൂർത്തയോഷ്ടൗപിനാകിനഃ'

മറ്റൊന്നു്.

'പൃഥിവിസലിലംതേജാ
വായുരാകാശമേവച
സൂര്യാചന്ദ്രമസൗസാസാ
യജ്ഞീഹോതൃഷ്ടമൂർത്തയഃ'

അഷ്ടരസങ്ങൾ-ശൃംഗാരം, ഹാസ്യം, കരുണം, രൗദ്രം, വീരം, ഭയാനകം, ബീഭത്സം, അദ്ഭുതം ഇവ എട്ടും. ഇവയോടു ശാന്തം കൂടി ചേർന്നാൽ 'നവരസം'

'ശൃംഗാരഹാസ്യകരുണം'
രൗദ്രവീരഭയാനകാഃ
ബീഭത്സാദ്ഭുതസംജ്ഞൗതൗചേ
ത്യഷ്ടൗനാട്യരസാഃസ്മൃതാഃ'

അഷ്ടരാഗങ്ങൾ-കാമം, ക്രോധം, ലോഭം, മോഹം, മദം, മാത്സര്യം, ഡംഭം, അസൂയ ഇവ എട്ടും.

അഷ്ടലോഹകം-എട്ടുലോഹങ്ങൾ.

'സുവർണ്ണംരജതംതാമ്രം
സീസകംകാന്തികംതഥാ
വംശംലൗഹംതീക്ഷ്ണലൗഹം
ലൗഹാന്യഷ്ടാവിമാനിതു'

അഷ്ടവർഗ്ഗം-ഒരു കഷായം. വാതത്തിനു നന്നു്.

അഷ്ടവസുക്കൾ-ധരൻ; ധ്രുവൻ,സോമൻ, ആപൻ, അനലൻ, അനിലൻ, പ്രത്യൂഷൻ, പ്രഭാസൻ ഇവർ എട്ടും.

'ധരനംധ്രുവനംസോമൻ
പ്രത്യൂഷനനിലൻതഥാ
ആപൻപ്രഭാസനനല
നേവമഷ്ടവസുക്കളും'
(സുഭാഷിതരത്നാകരം)

അഷ്ടവിവാഹങ്ങൾ-എട്ടു തരം വിവാഹങ്ങൾ.

'ബ്രാഹ്മംദൈവവുമാർഷം
പ്രാജാപത്യംനിനയ്ക്കുതഗാന്ധർവ്വം
ആസുരവുംരാക്ഷസവും
കൂടെപൈശാചവുമാംവിവാഹമെട്ടേവം'
(സുഭാഷിതരത്നാകരം)

[ക. ബ്രാഹ്മം-പിതാവു പുത്രിയെ ഉടനെത്തന്നെ കൂടുകൂടി പ്രതിഫലം കൂടാതെ ബ്രഹ്മചാരിക്കു കൊടുക്കുക.

ഖ. ദൈവം-പിതാവു പുത്രിയെ ആഭരണങ്ങളോടുകൂടെക്കൊണ്ടു് അലങ്കരിച്ചു യാഗത്തിൽ പ്രവർത്തിക്കുന്ന (പുരോഹിതനു)കൊടുക്കുക.

ഗ. ആർഷം-പശുവിനേയോ കാളയേയോ വാങ്ങിച്ചുകൊണ്ടു പകരം കന്യകയെ കൊടുക്കുക.

ഘ. പ്രാജാപത്യം-'നിങ്ങൾ നിയമനിഷ്ഠന്മാരോടുകൂടി വാഴുവിൻ' എന്നു പറഞ്ഞിട്ടു പിതാവു പ്രതിഫലംകൂടാതെ പുത്രിയെ പുരുഷനു കൊടുക്കുക.

ഉ. ഗാന്ധർവ്വം-കാമുകൻ അന്തരംഗയായ സ്ത്രീയെ ബന്ധുക്കളോടും മറ്റും ആലോചിക്കാതെയും കർമ്മങ്ങൾകൂടാതെയും രഹസ്യമാളുക. (രണ്ടുപേർ പരസ്പരാന്തരാശംകൊണ്ടു ഗ്രന്ഥസമ്മതം ഗണിക്കാതെ ചെയ്യുന്ന വിവാഹം).

'ഇച്ഛയാന്യോന്യസംയോഗഃ
കന്യായാശ്ചവരസ്യച
ഗാന്ധർവ്വസ്തുവിജ്ഞേയോ
രതിമൈഥുന്യകാമസംഭവഃ' (മനു)

ഊ. ആസുരം-(മാനുഷം) ഒരു പുരുഷൻ കന്യകയെ പിതാവിൻറെ അടുക്കൽനിന്നു വിലയ്ക്കു വാങ്ങുക.

ഋ. രാക്ഷസം-ഒരു സ്ത്രീയെ ബന്ധുക്കളെ യുദ്ധത്തിൽ തോല്പിച്ചു ബലാൽകാരേണ പിടിച്ചുകൊണ്ടുപോക.

ൠ. പൈശാചം-സ്ത്രീക്കു ബോധം ഇല്ലാതിരിക്കുമ്പോൾ അവളെ പുരുഷൻ ബലാൽക്കാരേണ ഭോഗിക്കുക. (ഇവയിൽ ആദ്യത്തെ നാലും വസിഷ്ഠമതം. ശേഷം ബോധായനമതം).

വിവാഹത്തിനു പുരുഷൻറെ ജന്മനക്ഷത്രം മാത്രം വർജ്ജിക്കണം.]

അഷ്ടവൈദ്യന്മാർ-പ്ര. കട്ടൻചെറുമൂസ്സ് (വാസസ്ഥലം-കൊച്ചിവടക്കാഞ്ചേരി). ൨. പ്ലാന്തോട്ടമൂസ്സ് (വള്ളുവനാട്ടുതാലൂക്ക്). ൩. ചീരിട്ടമൻമൂസ്സ് (കോട്ടയത്തു് ഉള്ളൂയിൽ). ൪. ഇളയിടത്തു രതിക്കാട്ടുമൂസ്സ്. ൫. തൃശ്ശിവപേരൂർ രതിക്കാട്ടുമൂസ്സ്. ൬. രവള്ളൂട്ടുമൂസ്സ്. ൭. ആലത്തൂർനമ്പി. ൮. കാഞ്ഞാൽനമ്പി. ഇവർ എട്ടുപേരും.

അഷ്ടവൈദ്യന്മാർ-പരശുരാമൻ വന്നു പൂരിമാരിൽ വച്ചു ബ്രാഹ്മണർക്കു വൈദ്യശാസ്ത്രം ഉപദേശിച്ചു. ഇതു കേരളവാസികൾക്കു രോഗശമനം വരുത്തിക്കൊടുക്കുന്നതിനായിരുന്നു.

കലിവർഷം ഏകദേശം ൫൪൦൦-നു ഇപ്പുറം അഷ്ടവൈദ്യന്മാരിൽ ചിലരും വിദ്വാന്മാർ യോഗരത്നസമുച്ചയം, ശാർങ്ഗധരം, സഹസ്രയോഗം, നവഖണ്ഡം, മനോരമ മുതലായ വൈദ്യഗ്രന്ഥങ്ങളും കേരളത്തിൽ സംസ്കൃതഭാഷയിൽ ഉണ്ടാക്കി. അവരുടെ ശിഷ്യന്മാരെ പഠിപ്പിച്ചു വന്നു. കേരളബ്രാഹ്മണർ ഉണ്ടാക്കീട്ടുള്ള വൈദ്യഗ്രന്ഥങ്ങളും വേറെയും അനേകം ഉണ്ടു്.

അഷ്ടശൈലം-പ്രധാനങ്ങളായ എട്ടു പർവ്വതങ്ങൾ.

അഷ്ടസിദ്ധി-അണിമാദ്യൈശ്വര്യം.

അഷ്ടാക്ഷരം-'ഓം നമോ നാരായണായ' എന്ന മന്ത്രം.

അഷ്ടാംഗയോഗങ്ങൾ-പ്ര. പരബ്രഹ്മയോഗം. ൨. ജ്ഞാനയോഗം. ൩. രാജയോഗം. ൪. സംഖ്യയോഗം. ൫. സന്ന്യാസയോഗം. ൬. അഭ്യാസയോഗം. ൭. ഭക്തിയോഗം. ൮. വിവേകയോഗം. ഇങ്ങനെ എട്ടു്.

അഷ്ടാംഗപ്രണാമം, അഷ്ടാംഗപ്രണാമം, അഷ്ടാംഗനമസ്കാരം-സാഷ്ടാംഗനമസ്കാരം (എട്ടംഗങ്ങളും കൊണ്ടുള്ള നമസ്കാരം.)

'ജാനുഭ്യാമുരസാപദ്ഭ്യാം
പാണിഭ്യാമുരസാധിയാ
ശിരസാവചസാദൃഷ്ട്യാ
പ്രണാമോഷ്ടാംഗഇരീരിതഃ'

അഷ്ടാംഗബ്രഹ്മചര്യനിഷ്ഠ-എട്ടംഗങ്ങളോടുകൂടിയ ബ്രഹ്മചര്യനിഷ്ഠ. ഇവ എട്ടംഗങ്ങളായിതു്. പ്ര. എല്ലാ ഭാവങ്ങളിലും മനസ്സും, ൨. കർമ്മവും, ൩. അനസൂയയും, ൪. ശൗചവും, ൫. അനായാസവും, ൬. മംഗളവും, ൭. അകാർപ്പണ്യവും, ൮. അസ്പൃഹതയും (എന്നു ശൈതമതം.)

അഷ്ടാംഗയോഗങ്ങൾ-പ്ര. യമം, ൨.

നിയമം. ന. ആസനം. ഭ. പ്രാണായാമം. ഇ. പ്രത്യാഹാരം. ന. ധ്യാനം. ഒ. ധാരണ. വ. സമാധി ഇങ്ങനെ എട്ട്

അഷ്ടാംഗഹൃദയം-എട്ടംഗങ്ങളെ സംബന്ധിച്ചുള്ള ഒരു ആയുർവ്വേദഗ്രന്ഥം. പ്ര. കായം :-ധാതുക്കളുടെ തികവോടുകൂടിയ ശരീരം. ര. ബാലം:-ധാതുക്കളുടെ തികവോടുകൂടാത്ത ശരീരം. ന. ഗ്രഹം:-ബാലന്മാരെ ബാധിക്കുന്ന ഭൂതങ്ങൾ. ഭ. ഊർദ്ധ്വാംഗം:-ശിരസ്സ്. ഇ. ശല്യം:-ശരീരത്തിലുംകൊള്ളുന്ന ശല്യം മുതലായവ. ന. ദംഷ്ട്ര:-വിഷപ്പല്ല്. ഒ. ജര:-വയോഹാനി (ഒരുവനക്ഷയം) വ. വൃഷം:-ശുക്ലം. ഇങ്ങിനെ എട്ടു വസ്തുക്കളിൽ ചികിത്സയുടെ സംശ്രയം ഉണ്ടാകയാൽ ഈ പേരുണ്ടായി.

അഷ്ടാംഗങ്ങൾ-ശരീരത്തിലേ എട്ടു പ്രധാനമായ അംഗങ്ങൾ. (അഷ്ടാംഗപ്രണാമം, അഷ്ടാംഗഹൃദയം ഇവ നോക്കുക.)

അഷ്ടാദശപർവ്വങ്ങൾ-ആദി, സഭാ, വനം, വിരാടം, ഉദ്യോഗം, ഭീഷ്മം, ദ്രോണം, കർണ്ണം, ശല്യം, സൗപ്തികം, സ്ത്രീ, ശാന്തി, അനുശാസനം, ആശ്വമേധികം, ആശ്രമവാസികം, മൗസലം, മഹാപ്രസ്ഥാനികം, സ്വർഗ്ഗാരോഹണം.

അഷ്ടാദശപുരാണങ്ങൾ - വൈഷ്ണവങ്ങൾ:-പ്ര. വൈഷ്ണവം. ര. നാരദീയം. ന. ഭാഗവതം. ഭ. ഗാരുഡം. ഇ. പാദ്മം. ന. വാരാഹം. ഒ. വൈഷ്ണവങ്ങൾ:-ഒ. മാത്സ്യം. വ. കൗർമ്മം. ൻ. ലൈംഗം. പ്ര. വായവ്യം. പ്ര. സ്കാന്ദം. പ്ര. ആഗ്നേയം:-ബ്രാഹ്മങ്ങൾ:-ന. ബ്രാഹ്മാണ്ഡം. പ്ര. ബ്രാഹ്മവൈവർത്തം. പ്ര. മാർക്കണ്ഡേയം. പ്ര. ഭവിഷ്യത്ത്. പ്ര. വാമനം. പ്ര. ബ്രാഹ്മം ഇവ പതിനേട്ടും.

അഷ്ടാദശസ്മൃതികർത്താക്കന്മാർ— പ്ര. മനു. ര. അത്രി. ന. വിഷ്ണു. ഭ. ഹാരീതൻ. ഇ. യാജ്ഞവൽക്യൻ. ന. ഉശനസ്സ്. ഒ. അംഗിരസ്സ്. വ യമൻ. ൻ. ആപസ്തംബൻ. പ്ര. സംവർത്തൻ. പ്ര. കാത്യായനൻ. പ്ര. ബൃഹസ്പതി. പ്ര. പരാശരൻ. പ്ര. വ്യാസൻ. പ്ര. ശംഖൻ. പ്ര. ലിഖിതൻ. പ്ര. ദക്ഷൻ. പ്ര. ഗൗതമൻ. ഇങ്ങനെ പതിനെട്ടു മഹർഷികൾ.

അഷ്ടാദശോപപുരാണങ്ങൾ-പ്ര. സനൽകുമാരം. ര. നാരസിംഹം. ന. നാരദീയം. ഭ. ശിവപുരാണം. ഇ. ദുർവ്വാസസം. ന. കാപിലം. ഒ. മാനവം. വ. ഔശനസം. ൻ. ബ്രഹ്മാണ്ഡം. പ്ര. വാരുണം. പ്ര. കാളികം. പ്ര. മാഹേശ്വരം. പ്ര. സാംബം. പ്ര. സൗരം. പ്ര. പാരാശര്യം. പ്ര. ഭാഗവതം. (രണ്ട്.) പ്ര. കൗർമ്മപുരാണം.

'അഷ്ടാദ്യേവപുരാണാനി
മുനിഭിഃകഥിതാനിതു
ആദ്യംസനൽകുമാരാഖ്യം
നാരസിംഹമതഃപരം
തൃതീയംനാരദാഭിഖ്യം
കുമാരേണതുഭാഷിതം
ചതുർത്ഥംശിവധർമ്മാഖ്യം
സാക്ഷാന്നന്ദീശഭാഷിതം
ദുർവ്വാസസോക്തമാശ്രുത്യം
താരാമോക്തമതഃപരം
കാപിലംമാനവംതദ്വച്ച
തഥൗശനസമേവച
ബ്രഹ്മാണ്ഡംവാരുണഞ്ചാഥ
കാളികംഹ്യപരമേവച
മാഹേശ്വരംതഥാസാംബം
സൗരംസർവ്വാർത്ഥസഞ്ചയം
പരാശരോക്തംപ്രവരം
തഥാഭാഗവതദ്വയം

ഇദമിഷ്ടാദശപ്രോക്തം
പുരാണംധർമ്മസംയുതം'

അഷ്ടോപചാരങ്ങൾ-പതിനെട്ട് ഉപചാരങ്ങൾ.

'ആസനംസ്വാഗതംപാദ്യം
അർഘ്യമാചമനീയകം
സ്നാനംവസ്ത്രോപവീതംച
ഭൂഷണാനിചസർവ്വശഃ
ഗന്ധപുഷ്പതഥാധൂപ
ദീപംവന്നൈവതർപ്പണം
മാല്യനൈവേദ്യപാനംചൈവ
നമസ്കാരവിസർജ്ജനെ
അഷ്ടാദശോപചാരൈരസ്തു
മന്ത്രീപൂജാസമാചരേൽ'

അഷ്ടാദശ-പതിനെട്ട്.

അഷ്ടാദശധാന്യങ്ങൾ-പതിനെട്ടു ധാന്യങ്ങൾ.

'യവഗോധൂമധാന്യാനി
തിലകംഗുകുലത്ഥകഃ
മഹാമുദ്ഗമസൂരാശ്ച
നിഷ്പാവാഃശ്യാമസർഷപഃ
ഗവേധുകാശ്ചനീവാരാ
ഒഡോകൃഷ്ണസതീനകാ
ചണകാശ്ചീനകാശ്ചൈവ
ധാന്യാന്യഷ്ടാദശൈവതു'

അഷ്ടാദശവിദ്യകൾ-പതിനെട്ടു വിദ്യകൾ.

'അംഗാനിവേദാശ്ചത്വാരോ
മീമാംസാന്യായവിസ്തരഃ
പുരാണംധർമ്മശാസ്ത്രഞ്ച
വിദ്യാഹ്യേതാശ്ചതുർദ്ദശ
ആയുർവ്വേദോധനുർവ്വേദോ
ഗാന്ധർവ്വശ്ചേതിതേത്രയഃ
അർത്ഥശാസ്ത്രംചതുർത്ഥാതു
വിദ്യാഹ്യഷ്ടാദശൈവതു'

അഷ്ടോപദം-ഒരു സസ്യം. എട്ടുധാതുക്കളിൽ നിന്നുണ്ടാകുന്നതു് 'അഷ്ടധാതവോ തവഃപര നിസ്ഥാനാന്യസ്യ' എന്ന ശബ്ദാർത്ഥം. ൨. മൃതുപടം. എല്ലാവരിയിലും എട്ടെട്ടു കള്ളിയുള്ളതു് എന്ന ശബ്ദാർത്ഥം. ൩. എട്ടുകാലി. ൪. കൈലാസപർവ്വതം. ൫. ശരീരം എന്ന മൂലം. (അഷ്ടശരകസ്സു് എന്ന ശബ്ദം നോക്കുക). ൬. ഒരു പുഴു.

അഷ്ടാപദി-കാട്ടുമല്ല.

അഷ്ടാവക്രൻ-ഒരു ബ്രാഹ്മണൻ, മുനി.

'ഇദ്ദേഹം കഹോഡമുനിയുടെ പുത്രനാണ്. ഗർഭത്തിലേ അച്ഛനെ ശപിച്ചു. കാരണം അദ്ദേഹം വിദ്യാഭ്യാസത്തിലുള്ള താൽപര്യം ഹേതുവായിട്ട് ഭാര്യയോടു് അതിപ്രീതികാണിക്കാതിരുന്നതാണു്. ആ ശാപംകൊണ്ടെന്നു വക്രമായ അവയവങ്ങളോടുകൂടി ജനിപ്പാൻ ഇടയായതു്. അനന്തരം കഹോഡരൻ ഒരു ബുദ്ധസന്ന്യാസിയുമായുള്ള വാഗ്വാദത്തിൽ പരാജിതനായതിനാൽ പരാജിതന്മാരായ ബ്രാഹ്മണരോടുകൂടി ഒരു ആറ്റിൽ തള്ളപ്പെട്ടു. പന്ത്രണ്ടുവയസ്സിൽ അഷ്ടാവക്രൻ ഈ വിവരം അറിഞ്ഞു് ആ ബുദ്ധസന്ന്യാസിയെ വാദത്തിൽ മടക്കി. അപ്പോൾ 'താൻ വരുണപുത്രനാണെന്നും ഒരു യാഗത്തിനു ബ്രാഹ്മണരെ ലഭിപ്പാൻ വേണ്ടിവന്ന ബ്രാഹ്മണരെ ഇങ്ങിനെ നദിയിൽ തള്ളിച്ചതാണെന്നും പറഞ്ഞു് കഹോഡരനെ തിരിയെ വരുത്തി. പിന്നീടു് അഷ്ടാവക്രൻ പോയി സമംഗനദിയിൽ കളിച്ചു ദേഹത്തിൽനിന്നു വക്രതയെ കളഞ്ഞു. ഇതു സുജാതനായ കഹോഡരൻ കല്പനയുകാരമായിരുന്നു. ഒരിക്കൽ അഷ്ടാവക്രൻ ജലത്തിൽ തപസ്സുചെയ്തു നില്ക്കുമ്പോൾ ഏതാനും ദേവസ്ത്രീകൾ അദ്ദേഹത്തെ വന്നുവന്ദിച്ചു. സുജാതനായി ഉടൻ അദ്ദേഹം തന്റെ വരംവേണമെന്നു് അവരോടു ചോദിച്ചു.

മനുഷ്യനിൽ ഉത്തമനായവൻ ഭർത്താവാകണമെന്ന് അവർ അപേക്ഷിച്ചു. താൻ ഭർത്താവായിക്കൊള്ളാമെന്നു പറഞ്ഞ് മുനി കരയിൽ കയറി. വക്രതകണ്ടു അവർ ചിരിച്ചു. ഉടൻ കോപിച്ച് ഇഷ്ടം പോലെ ഭർത്താവിനെ കിട്ടട്ടെന്നും കള്ളന്മാർ അവരെ കൊല്ലട്ടെന്നും പറഞ്ഞ് മറഞ്ഞു'.

അഷ്ടാശി–എണ്പത്.

അഷ്ടാശീതി–എണ്പത്തെട്ട്.

അഷ്ടി–ഈ ഛന്ദസ്സിനെ പാദത്തിൽ എട്ടു അക്ഷരംവീതം കാണും.

അഷ്ടി–പ. ഭക്ഷണം, ഊണ്. ഉ. അന്നം.

അഷ്ടീല–പ. കടകപ്പാല. ഉ. മാംസക്കട്ടി.

അഷ്ടീവാൻ, അഷ്ടീവത്ത്–മുട്ട്, കനത്ത അസ്ഥിയുള്ളതെന്ന ശബ്ദാർത്ഥം.

അഷ്ടൈശ്വര്യങ്ങൾ–പ. അണിമാവ് (ചെറുപ്പം) ഉ. മഹിമാവ് (വലുപ്പം). ൩. ലഘിമാവ് (ലഘുത്വം). ൪. ഗരിമാവ് (ഗുരുത്വം). ൫. ഈശിത്വം (എല്ലാത്തിനേയും അതിശയിച്ചിരിക്കുന്നു എന്നുള്ളത്). ൬ വശിത്വം (എല്ലാവരേയും തനിക്ക് അധീനന്മാരാക്കുന്നത്. ഇന്ദ്രിയങ്ങളെ സ്വാധീനത്തിൽ ഇരുത്തുന്നത്). ൭. പ്രാപ്തി (ലാഭം). ൮ പ്രാകാശ്യം (ഇച്ഛപോലെ സങ്കല്പശക്തിയെ കൊടുക്കുന്നത്).

അസകൃൽ–അ. വളരെ പ്രാവശ്യം, വീണ്ടുംവീണ്ടും.

അസകൃത്–വി. സകൃത് (താൽപര്യം) ഇല്ലാത്ത, ഇഷ്ടമാകയ്യാപോരങ്ങൾ രഹിത.

അസകൃതി–പ സകൃത് (താൽപര്യം) ഇല്ലായ്മ. ഉ. ചേർച്ചയില്ലായ്മ. ൩. സ്നേഹമില്ലായ്മ.

അസഞ്ജാതരസം–കരനെല്ല.

അസതി–സതി (പതിവ്രത) അല്ലാത്തവൾ, വ്യഭിചാരിണി.

അസതീസുതൻ–കലടംപുത്രൻ.

അസൽ–വി. പ. ഇല്ലാത്ത. ഉ. നേരില്ലാത്ത. ൩. മേയ്ക്കാത്ത.

അസൽ–പകരപ്പ്ഴുതിയതിനെ ശരിപ്പെടുത്തി എഴുതിയത്.

അസദ്ഭാവം–പ. ഇല്ലായ്മ. ഉ. ചീത്ത സ്വഭാവം.

അസത്ത്–പ. ചീത്തയായത്. ഉ. ശരിയല്ലാത്തത്.

അസത്യ–വി. സത്യം അല്ലാത്ത.

അസത്യം–സത്യക്കേട്, വ്യാജം.

അസത്യഭാഷണം–പൊളിപറക. വിതഥം എന്ന പദ്യാംശം.

അസത്യവാദി–പൊളിപറയുന്നവൻ.

അസത്വ–വി. പ. സത്വഗുണമില്ലാത്ത. ഉ. ബലമില്ലാത്ത. ൩. ജന്തുവില്ലാത്ത. ൪. നന്മയില്ലാത്ത.

അസത്വം–പ. സത്വഗുണമില്ലായ്മ. ഉ. സത്യമില്ലായ്മ. ൩. ദുഷ്ടത. ൪. ഇരട്ട്.

അസനവിലാദി(തൈലം)–കരണ്ണ

'അസനവിലപലാശമുരുപാചിതേ
മധുകനാഗരകൃതിഫലാനിതേ
പയസിതതൈലമിദംപയസാപചേൽ
നയനകണ്ഠശിരോഹിതമുത്തമം'

വേങ്ങാക്കാതൽ, കുവളത്തിൻവേർ, കറന്തോട്ടിവേർ, അരുൾ ഇവ കഷായം. എണ്ണ, പാൽ, ഇരട്ടിമധുരം, മുക്ക്, തിഫല, കല്ലുപ്പ്. ഈ തൈലം നയനരോഗവും കണ്ഠരോഗവും ശിരോരോഗവും ശമിപ്പിക്കും.

അസനപണ്ണി–ഉപരപ്പയം. (നീരാൽ എന്നും അഭിപ്രായമുണ്ട്). വേങ്ങയുടെ ഇലയെപ്പോലെ ഇലയുള്ളത് എന്ന ശബ്ദാർത്ഥം.

അസനം-പ്ര. വേങ്ങാമരം. കയ്പും മുതലായവയെ നശിപ്പിക്കുന്നത് എന്ന ശബ്ദാർത്ഥം. അശനം എന്നും ആസനം എന്നും കൂടെ പാഠഭേദമുണ്ട്. ഉ. ഒഴിച്ചൽ. ന. വിട്ടയക്കൽ.

അസന്തുഷ്ട-വി. സന്തോഷമില്ലാത്ത.

അസന്തുഷ്ടി-സന്തോഷമില്ലായ്മ.

അസന്ദിഗ്ദ്ധ-വി. സന്ദിഗ്ദ്ധം (സംശയിക്കപ്പെട്ടത്) അല്ലാത്ത. നിശ്ചയമുള്ള, തെളിവുള്ള.

അസന്ദിഗ്ദ്ധാത്മാവു് - യാതൊന്നിലും സംശയം ഇല്ലാത്തവൻ.

അസന്ദിഗ്ദ്ധം-സംശയം ഇല്ലായ്മ, നിശ്ചയം.

അസന്ദിഷ്ട-വി. അറിയപ്പെടാത്ത.

അസന്ധി-വി. ഒരുമിപ്പില്ലാത്ത.

അസന്നികർഷം-ദൂരം, അകലം.

അസന്നികൃഷ്ട-അടുത്തല്ലാത്ത, അകന്ന.

അസഭ്യ-വി. സഭ്യം (സഭയ്ക്കു യോഗ്യമായതു) അല്ലാത്ത, ഹീനമായ.

അസഭ്യവാക്കു്-ചീത്തവാക്കു്.

അസമഞ്ജൻ-ഒരു സൂര്യവംശരാജാവു്.

അസമഞ്ജസ-വി. പ്ര. നീതിന്യായമില്ലാത്ത, സമ്മതമായ തരപ്പെടുത്തലുകളില്ലാത്ത. ഉ. തരമില്ലാത്ത, ക്രമപ്പെടുത്തലുകൾ വരുത്തുവാൻ പ്രയാസമായ.

അസമത്ഥ-കഴിവില്ലാത്തതു്.

അസമശരൻ-കാമദേവൻ. അസമശബ്ദത്തോടു ശരപര്യായങ്ങളിൽ ചേർത്താൽ 'കാമദേവൻ' എന്നർത്ഥമുണ്ടാകും.

അസമാന-സമാനം (തുല്യം) അല്ലാത്ത.

അസമാസാർത്ഥ-സമസ്യം.

അസമീക്ഷ്യകാരി-വി. വേണ്ടുംവണ്ണം ആലോചിക്കാതെ പ്രവർത്തിക്കുന്ന.

അസമുന്നദ്ധൻ -ഗർവ്വമില്ലാത്തവൻ, വിനയമുള്ളവൻ എന്നു വിചാരിക്കപ്പെടുന്നവൻ.

അസമേഷു-കാമദേവൻ.

അസമ്മത-വി. സമ്മതം (ഇഷ്ടം) അല്ലാത്ത, വിരോധമുള്ള.

അസമ്മതി-സമ്മതമില്ലായ്മ.

അസംകുല-തെറ്റാതെങ്ങാത്ത, തിങ്ങാത്ത.

അസംകുലം-വീതി (വിസ്താരം) ഉള്ള വഴി

അസംഖ്യ-വി. എണ്ണം ഇല്ലാത്ത.

അസംഖ്യാവണ്ണുക്കർ-പ്ര. സംഖ്യയില്ലാത്തവർ. ഉ. സംഖ്യയെത്തുകയില്ലാത്തവർ-മാനമാർ-അല്ലാത്തവർ.

അസംഗ-വി. ചേർച്ച ഇല്ലാത്ത.

അസംഗതം-അസംബന്ധം.

അസംഗതി-പ്ര. കാരണമില്ലായ്മ; ഉ. അലങ്കാരം.

'ഹേതുവെന്നിൽകാര്യമെന്നി
ലെന്നവന്നലസംഗതി
കൊണ്ടലുണ്ടു വിഷം. മൂർച്ച
പൂണ്ടുപോൽപന്നഗനിതമർ'

(ഭാഷാഭൂഷണം)

അസംഗൻ-ഭിക്ഷുനാമൻ എന്ന കവിയുടെ ആചാര്യൻ.

അസംപത്തി-നിർഭാഗ്യം.

അസംപ്രേക്ഷണം-ക്രമവിട്ടപ്രവൃത്തി, സാഹസം.

അസംബന്ധ-വി. സംബന്ധം (ചേർച്ച) ഇല്ലാത്ത.

അസംബന്ധാതിശയോക്തി-അലങ്കാരം.

'അന്യോന്യംചൊൽകയോഗത്തി-
ലായോഗാതിശയോക്തിയും.
തൽപ്പരമേയമുള്ളപ്പോൾ
കല്പിപ്പതുപോലുള്ളതും'

(ഭാഷാഭൂഷണം)

അസംബാധ-പ്ര. തിക്കില്ലാത്തതു്, ഇടുസ്സമില്ലാത്തതു്. ഉ. പ്രയാസമെന്തെന്നുകൂടാത്തതു്, ന. ഒരു വൃത്തം, ശകുനീഭൂതം

സ്സിൽപെട്ടതു്. പാദം ഒന്നിൽ ക്ര അക്ഷരംവീതം കാണം.

'അഞ്ജിതിതട്ടുംമിതനസഗഗമസംബന്ധം'

(വൃത്തമഞ്ജരി)

അസംഭവ-സംഭവമല്ലാത്ത, ഉണ്ടാകാത്ത.

അസംഭവം-ഉണ്ടാകായ്ക, അപൂർവ്വകായ്ക.

അസംഭാവ്യം-വി. സംഭാവ്യം (സംഭവിക്കത്തക്കതു്) അല്ലാത്ത.

അസംഭിന്ന-വി. സംഭിന്നം (ഭേദിച്ചതു്) അല്ലാത്ത, വേർപെടാത്ത.

അസംഭൃത-വി. സംഭരിച്ചതല്ലാത്ത, ഉണ്ടായതല്ലാത്ത.

അസംരംഭം-ഇളക്കമില്ലാതിരിക്ക.

അസംശയം-സംശയമില്ലായ്ക.

അസംശയം-അ. നിശ്ചയമായിട്ട്, ക്ര സൽക്രടാതെ.

അസംസ്കൃത-വി. പ. സംസ്കൃതം (സംസ്കരിക്കപ്പെട്ടതു്, പരിഷ്കരിക്കപ്പെട്ടതു്) അല്ലാത്ത. ഉ. ഉണ്ടാക്കപ്പെടാത്ത. ന. അലങ്കരിക്കപ്പെടാത്ത. ര. ശുദ്ധീകരിക്കപ്പെടാത്ത.

അസഹന-വി. സഹിച്ചുകൂടാത്ത.

അസഹനൻ-ശത്രു.

അസഹനീയ-വി. സഹിക്കവയ്യാത്ത.

അസഹായ-വി. സഹായം(അത്രയം)ഇല്ലാത്ത.

അസഹിഷ്ണു-വി. സഹിക്കുന്ന(സഹിക്കുന്ന ശീലം) ഇല്ലാത്ത.

അസഹ്യ-വി. സഹ്യം (സഹിക്കത്തക്കതു്)അല്ലാത്ത.

അസഹ്യപ്പെടുത്തുക-ഉപദ്രവപ്പെടുത്തുക.

അസാകല്യം-സംപൂർണ്ണമാകാതെയിരിക്ക, ഏതാനും.

അസാംഗത്യം-യോജിപ്പില്ലായ്മ.

അസാധക-വി. സാധിക്കാത്ത, സാധകമല്ലാത്ത.

അസാധാരണ-വി. സാധാരണം (സാമാന്യം) അല്ലാത്ത.

അസാധാരണം-പരിപ്പുവടയുടെ.

അസാധു-വി. പ. സാധു(നല്ലതു്) അല്ലാത്ത, ചീത്തയായ ഉ. നന്മയില്ലാത്ത. ന. മനോഹരമല്ലാത്ത.

അസാധു-നല്ലതായി വാട്ടിൽജനിക്കാത്തവൻ. ധർമ്മത്തെ സാധിക്കാത്തവൻ.

അസാദ്ധ്യ-വി. സാദ്ധ്യം(സാധിക്കത്തക്കതു്) അല്ലാത്ത.

അസാധ്വി-പതിവ്രതയല്ലാത്തവൾ.

അസാംപ്രതം-അ. അയുക്തം.

'വിഷ്വഗ്വീക്ഷോപിസംവല്ഗ്യ
സ്വയംഹേത്വനുമസാംപ്രതം'

അസാമാന്യ-വി. പ. സാമാന്യം (സാധാരണം) അല്ലാത്ത. ഉ. തുല്യമല്ലാത്ത ന. പ്രധാന്യമുള്ള.

അസാര-വി. സാരം (കാതൽ, ബലം, ചാറു്) ഇല്ലാത്ത.

അസാരത-വകയ്ക്കുകൊള്ളായ്ക.

അസാരം-പ. അല്പം. ഉ. കാതൽ(ബലം) ഇല്ലാത്തതു്. സാരം (സ്ഥിരാംശം)ഇല്ലാത്തതു് എന്ന വ്യുൽപത്തി. ന. അവണക്കു്. ര. വാഴ.

അസാരസ്യ-പ. വി. സാരസ്യം (രസികത്തം) ഇല്ലാത്ത. ഉ. രുചിയില്ലാത്ത.

അസി-പ. വാൾ. ശത്രുക്കളെ ക്ഷേപിക്കുന്നതു് എന്നർത്ഥം. ഉ. കാശിക്കടുത്തുള്ള ഒരു നദി.

അസിക്നി-പ. വാല്മീകം വരാഹന്റെയും രാജന്യിക്കളുടെ മാംസം തൊട്ടുള്ള അവരുടെ ഗാഢത്തിൽ ചേർന്നവൾ.(മാസി) കറുത്ത തലമുടിയുള്ളവൾ എന്ന ശബ്ദാർത്ഥം. ഉ. രാത്രി. ന. പാഞ്ചാലിയുടെ ഒരു തലിയുടെ പേർ.

അസിജീവി-വാൾകൊണ്ടു് ഉപജീവിക്കുന്നവൻ, പടയാളി.

അസിത-വി. സിതം (വെളുത്തത്) അല്ലാത്ത, കറുത്ത.

അസിതച്ഛത്രു-ശതകപ്പ.

അസിതൻ-പ. ശനി, കറുപ്പുനിറമുള്ളവൻ എന്ന ശബ്ദാർത്ഥം. ഉ. ഒരു സൂര്യവംശരാജാവ്.

അസിതാ-പ. കറുപ്പ്. ഉ. അവീൻ. ന. അമരി.

അസിതം-പ. കറുപ്പ്. ഉ. കറുത്തപക്ഷം.

അസിദന്തം-പ മുതല. ഉ. ചീങ്കണ്ണി.

അസിധാര- വാളിന്റെ വായ്ത്തല. വാൾ മുതലായവയെ വെടിപ്പാക്കുന്നതുകൊണ്ട് ഈ പേർ വന്നു.

അസിധാരാവ്രതം-'കാമമോഹീപകങ്ങളായ സകല ശൃംഗാരോപകരണങ്ങളെയും ഒക്കെയുണ്ടും അലങ്കരിക്കപ്പെട്ട ശയ്യാഗൃഹത്തിൽ മനോമോഹനങ്ങളായ വേഷാലങ്കാരങ്ങളുമൊക്കെയുണ്ട് ഏതയഹാരിണിയായ മറ്റൊരുത്തിയോടുകൂടി സരസസല്ലാപാദിവിനോദങ്ങളും ചെയ്തു ഏകശയ്യയിൽ കിടക്കണം. മനസ്സിൽ അല്പംപോലും കാമവികാരം ഉണ്ടാകയും അരുത്.'

(അശുചിസഞ്ജനം കഴിഞ്ഞാൽ ആ അശുചി ഉപേക്ഷിണം കഴിച്ചു തിരിയെ വരുന്നുള്ളതിനുള്ള കാലം ഒരു സംവത്സരമാണ്. ആ ഒരു സംവത്സരകാലം ധർമ്മപുത്രർ 'അസിധാരാവ്രതം' അനുഷ്ഠിച്ചുകൊണ്ടിരുന്നിട്ടുണ്ട്).

അസിധാവകൻ-ആയുധം (വാൾ) കടയുന്നവൻ, കടച്ചിൽക്കാരൻ.

അസിധേനുക, അസിധേനു-ചുരിക എന്ന ആയുധം. അസിയുടെ (വാളിന്റെ) ധേനുക(പുത്രി) എന്നു ശബ്ദാർത്ഥം.

അസിപത്രം, അസിപത്രകം-പ. കരിയ്ക്ക്. ഉ. ഒരു നരകം. ന. വാളുകൾ.

അസിപത്രവനം-ഒരു നരകം.

അസിപുത്രി-ചുരിക.

അസിരം-പ. രശ്മി. ഉ. അമ്പ്.

അസിൽ-ഒരുവകപ്പക്ഷി. ഇതിനെ 'കുങ്', 'ക്രൌഞ്ചം' ഇങ്ങിനെ രണ്ടു പര്യായങ്ങളും അമരത്തിൽ കാണുന്നു.

അസിലത-ഖഡ്ഗം, വാൾ, നല്ലവാൾ, വള്ളിപോലെ പൂകുന്ന വാൾ.

അസിവേതി-വാൾക്കാരൻ, വാളേന്തുകുടിയവൻ. മറ്റൊരു പര്യായം-'ഖഡ്ഗസ്രിംശികൻ'.

അസു-പ. പ്രാണൻ, ശ്വാസിക്കുന്നത് എന്നർത്ഥം. ഉ. ജലം.

അസുഖം-സുഖക്കേട്, വ്യസനം, വേദന.

അസുധാരണൻ-ജീവനെയുടുകുടിയിരിക്കുന്നവൻ.

അസുധാരണം-ജീവിച്ചിരിപ്പ്.

അസുനാശം-ജീവനാശം, മരണം.

അസുനിയമം-പ്രാണധാരണം.

'യാവദസുനിയമമത്രമില്ല'

(നളചരിതം കഥകളി)

അസുപ്ത-വി. ഉറങ്ങാത്ത.

അസുഭരണം-പ്രാണധാരണം.

'വസുനിനക്കിന്നതന്നേനസുരോണേചിതം'

(നളചരിതം കഥകളി)

അസുരഗണം-അസുരക്കൂട്ടം.

അസുരൻ-സുരന്മാരുടെ (ദേവന്മാരുടെ) ഉപദ്രവിക്കുന്നവൻ എന്നർത്ഥം.

[ഈശ്വരൻ ഒഴിച്ചുള്ള സകലരും ദേവന്മാർ എന്ന അർത്ഥത്തിൽ ഈ വാക്ക് ഉപയോഗിച്ചുവരുന്നു. ക്രമേണ അർത്ഥം ദേവന്മാരുടെ ശത്രു എന്നായി. അസുരന്മാരും രാക്ഷസന്മാരും ഒന്നല്ല. രാക്ഷസർ പുലസ്ത്യപ്രജാപതിയുടെ സന്തതികളാണ്. പ്രജാപതി, ദേവന്മാരുടെ ഉപായത്തെ സൃഷ്ടിച്ചുപ്പോൾ അവരുടെ ഉപാ

വയറിൽനിന്നു് ഉത്ഭവിച്ചുവരുണ്ടു് അസുരന്മാർ എന്നു കാണുന്നു. പ്രജാപതിയുടെ മേൽപ്പുറത്തെ സൃഷ്ടിസമയം നിലത്തു തുകിയ മലത്തിൽനിന്നുണ്ടായി എന്നും ബ്രഹ്മാവിന്റെ അരയിൽനിന്നും ഉത്ഭവിച്ചു എന്നും പലവിധം കാണുന്നുണ്ടു്. അന്യായകർമ്മങ്ങളും ചെയ്കയാൽ അസുരന്മാർ ദേവകളുടെ കൂട്ടത്തിൽനിന്നു ഭ്രഷ്ടന്മാരായിത്തീർന്നു. അസുരന്മാർ പാതാളവാസികളുമാണു്.]

'അസുരാദൈത്യദൈതേയ
ദനുജേന്ദ്രാരിദാനവാഃ
ശുക്രശിഷ്യാദിതിസുതാഃ
പൂർവ്വദേവാഃസുരദ്വിഷഃ'

[അസുരൻ, ദൈത്യൻ, ദൈതേയൻ, ദനുജൻ, ഇന്ദ്രാരി, ദാനവൻ, ശുക്രശിഷ്യൻ, ദിതിസുതൻ, പൂർവ്വദേവൻ, സുരദ്വിട്ടു് -ഈ പേരുകൾ അസുരന്റെ പേർ.]

അസുരനഖം-ഒരൗഷധം. ഇതിനു് അരേണുകത്തിന്റെ ഗുണമുണ്ടു്.

അസുരരിപു-വിഷ്ണു.

അസുരാ-സ്ത്രീ. രാത്രി. പു. ഒരു രാശി.

അസുരാചാര്യൻ ശുക്രൻ.

അസുരാധിപൻ-ഇന്ദ്രൻ.

അസുരി-സ്ത്രീ. അസുരസ്ത്രീ. പു. കറുത്ത കടുക്.

അസുലഭം-എളുപ്പത്തിൽ കിട്ടാത്തതു്.

അസൂഹ്യൻ-സൂയനുള്ളു് (ദുഷ്ടൻ) അല്ലാത്തവൻ, ശത്രു.

അസൂയ-മറ്റൊരുവന്റെ ഗുണങ്ങൾ കൽദോഷത്തെ ഉണ്ടാക്കുക. (ഈർഷ്യ എന്നതു നോക്കുക).

"കോപം, രാഗം, അസൂയ മുതലായ മനോവികാരങ്ങളും നിമിത്തം മനുഷ്യദേഹത്തിൽ വിക്രിയയായ പലതരം ദ്രവ്യങ്ങളും ഉണ്ടാകുമെന്നും, അതിൽ ചിലതു വളരെ അപായകരമാണെന്നും ഡാക്ടർ ഗ്ടണിലെ പ്രൊഫസർ എഡ്മർശേഫ് സ് എന്ന മഹാൻ രസതന്ത്രപരീക്ഷകൾ കൊണ്ടു് നിശ്ചയിച്ചിരിക്കുന്നു. കോപം കൊണ്ടു് ചെയ്യുന്നിന്നുള്ള ഒരുവക ദ്രവമാണുണ്ടാകുന്നതു്. അതു് മറ്റു ജീവികളിൽ കുത്തിവച്ചാൽ സ്ഥായുക്ഷോഭമുണ്ടാകും. അസൂയാദ്രവം ഒരു പന്നിയുടെ ദേഹത്തിൽ കടത്തിയ ക്ഷണത്തിൽ അതു മരിച്ചുപോയത്രേ." (ഒരു മാസിക)

അസൂർക്ഷണം, അസൂക്ഷണം-അന്നാഹരം, ആഹാരമില്ലായ്ക, നിന്ദ, പ്രാണങ്ങളെ നശിപ്പിക്കുന്നതു്.

അസൃക്-ചോര. ചർമ്മം മുറിയുമ്പോൾ പുറത്തുവരുന്നതു് എന്നർത്ഥം.

അസൃക്പാൻ-രാക്ഷസൻ. രക്തം കുടിക്കുന്നവൻ എന്ന ശബ്ദാർത്ഥം. അസൃപൻ, അസൃപാൻ ഈ പാഠങ്ങളും കാണുന്നു.

അസൃക്കരെ-രസധാതു.

അസൃഗ്ദരം-സ്ത്രീകൾക്കുണ്ടാകുന്ന ഒരു രോഗവിശേഷം.

അസൃഗ്ധര-തൊലി, രക്തധാതു ഒഴുകിപ്പോകാതെ നിറുത്തിക്കൊള്ളുന്നതു്. 'അസൃഗ്ധരം' എന്നും പാഠം കാണുന്നു.

അസേചനകം-കണ്ടാൽ തൃപ്തിവരാത്ത വസ്തു (വീണ്ടുംവീണ്ടും കണ്ടാൽ കൊള്ളാമെന്നു തോന്നുന്ന വസ്തു). ഇതിൽനിന്നു മനസ്സു പിരിഞ്ഞുപോകാത്തതുകൊണ്ടു് ഈ പേർ വന്നു. (കളിപ്പിക്കുന്നതു് എന്നർത്ഥം).

അസൈവനം-അന്നസേവനമില്ലായ്മ.

അസൈന്യൻ-ഇവൻ (പു. ഏ.) സംസ്കൃതമേയുള്ളു.

അസൈന്യം-സൈന്യം ഇല്ലായ്മ.

അസൈനമ്യസ്വര-ഖി. കാക്കയുടെയും മറ്റും പോലെ ക്രൂരമായ ശബ്ദം.

അസംയമ്യാക്ഷം-യോഗത്തെ അനുഭവിപ്പിക്കുന്നതോട്ടം.

അസംഖലിത-വി. നിലയിൽനിന്നു ചലിക്കാത്ത, ഒരിടത്തുനിന്നു, ഇളകാത്ത, ഇളക്കമില്ലാത്ത.

അസ്ത-വി. ക. നീക്കപ്പെട്ട. ഉ. പ്രേരിപ്പിക്കപ്പെട്ട.

അസ്തകം-മോക്ഷാനന്തരം.

അസ്തം-ക. അസ്തമനപർവ്വതം. സന്ധ്യാസമയത്തിൽ പ്രകാശിക്കുന്നതു്, സൂര്യചന്ദ്രന്മാരെ തള്ളിയിടുന്നതു് എന്നിങ്ങനെ വ്യുൽപത്തി. ഉ. കാണാതാവുക.

[അർത്ഥം രണ്ടുവിധം. കേവലനാശംകൊണ്ടു്. ഉ-ം, അസ്തംഗതോബാലിഃ. ഉ. മറവുകൊണ്ടു്. ഉ-ം, അസ്തംഗതശ്ചന്ദ്രഃ.]

അസ്തഗതി-മൂവില.

അസ്തമനപർവ്വതം-ആദിത്യൻ മറയുന്ന പർവ്വതം. പഴയകാലം-അസ്തം, ചരമക്ഷ്മാഭൃത്തു്.

അസ്തമനം-പകലിന്റെ അവസാനത്തിൽ ആദിത്യൻ മറയുക.

അസ്തമനസന്ധ്യ-ദിനാവസാനസമയം. (പകലിന്റെ അവസാനകാലം). ദിനാന്തം, സായം-ഉ-ം, പഴയകാലം.

അസ്തമയം-സൂര്യൻ മറയുന്ന സമയം.

അസ്തമാനം-അസ്തമനം.

അസ്തമിക്കുക-മറയുക. (ദിവസാവസാനത്തിൽ ആദിത്യൻ മറയുക).

അസ്തശങ്കം-വി. ക. ശങ്ക (സംശയം) ക്കുടാത്ത. ഉ. ഭയം ക്കുടാത്ത.

അസ്തശിഖി-അസ്തപർവ്വതത്തിന്റെ മകുടമുടി.

അസ്താചലം-അസ്തമനപർവ്വതം.

അസ്തി-അ. കാലസാമാന്യം. ഉണ്ടു് എന്ന ഇതിന്റെ അർത്ഥം. കേപത്തോടുകൂടിയ വാക്യത്തിങ്കൽ പ്രയോഗം.

അസ്തികൻ-ഒരു മുനി.

[ജരല്ലാവേ എന്ന മഹാമുനി വാസുകിയുടെ സോദരിയായ ജരല്ലാവേ എന്ന വരേ വേട്ടു. ഇവളിൽ ഉണ്ടായവനത്രേ അസ്തികൻ. ജനമേജയന്റെ യാഗത്തിൽ, തീയിൽ നശിക്കാതെ, നാഗങ്ങളെ രക്ഷിച്ചു.]

അസ്തിത്വം-ഇരിപ്പു്.

അസ്തു-അ. ക ഇരിക്കട്ടെ. ഉ. ആയ്ക്കോട്ടെ. ന. അസൂയയോടുകൂടിയുള്ള അംഗീകാരം. അസൂയ എന്നതിനു കോപം എന്നു താഴ് വ്യാഖ്യാനം.

അസ്തുവാകുക-ഇല്ലാതാവുക.

അസ്തൂയം-മോക്ഷണം ചെയ്യായ്ക.

അസ്തോകം-അ. അനല്പം.

അസ്ത്രജീവൻ-പട്ടാളക്കാരൻ.

അസ്ത്രജ്ഞ-വി. അസ്ത്രവിദ്യയെ അറിയുന്ന.

അസ്ത്രം-ക. അമ്പു്. ഉ. ആയുധം. ഇതുകൊണ്ടു് ശത്രുക്കളെ ഓടിക്കുന്നു എന്നർത്ഥം. സംജ്ഞാപദം ആയുധം, ഏറിയന്നത്തു്.

അസ്ത്രമാർജ്ജകൻ-കടച്ചിക്കൊല്ലൻ.

അസ്ത്രശാല-ആയുധം വെയ്ക്കുന്ന വേനം.

അസ്ത്രാഭ്യാസം-ആയുധവിദ്യ പഠിക്കുക.

അസ്ത്രി-ക. യുദ്ധസമർത്ഥൻ. ഉ. വില്ലാളി. ന. മന്ത്രാസ്ത്രമുള്ളവൻ.

അസ്ത്രീകൻ-ക. സ്ത്രീയില്ലാത്തവൻ. ഉ. ഭാര്യയില്ലാത്തവൻ.

അസ്ഥാനത്തിൽ— കാരണമില്ലാത്തപ്പോൾ.

അസ്ഥാനസ്ഥപദം- കാര്യമോക്ഷങ്ങളിൽ ഒന്നു്.

പദങ്ങളെ വേണ്ടസ്ഥാനത്തുനിന്നതറി പ്രയോഗിക്കുക. 'പക്ഷിശ്രേഷ്ഠൻ ജടായുസ്സിതിനടെ വലുതായുള്ള ശരീര

ത്തിൽ വരണം' 'ഇക്ഷ്വാണിധ്രുവ വട്ടിൽ സുഖമൊട്ടുടനേ ഞങ്ങളും വരണമുന്നം'. (ഭാഷാക്ഷരണം)

അസ്ഥി-എല്ല്. മാംസഭോജികളാൽ എടുത്തുകളയപ്പെടുന്നത്, അശ്നുതെമെന്ന് ഉപേക്ഷിച്ചു കളയുന്നത് എന്നിങ്ങനെ ശബ്ദാർത്ഥം. (കീകസം, കല്യം, അസ്ഥി-ഇവ മൂന്നും എല്ലിന്റെ പേർ).

അസ്ഥിക്രൂടം-എല്ലുമാത്രമുള്ള ശരീരം.

അസ്ഥിക്കുറച്ചി, അത്തിക്കുറച്ചി-ശൂദ്രജാതിയിൽ ഒരു താണവകക്കാർ. ശവസംസ്കാര ക്രിയയിൽ നായന്മാർക്ക് ഇവരെക്കൊണ്ടുപകാരമുണ്ട്.

അസ്ഥിച്ചോര-മജ്ജ.

അസ്ഥിഭൂഷണൻ-ശിവൻ. എല്ലുകളും അണിയുന്നവൻ എന്നു ശബ്ദാർത്ഥം.

അസ്ഥിമാലി-ശിവൻ. അസ്ഥികളുടെ (എല്ലുകളുടെ) മാലയോടുകൂടിയവൻ.

അസ്ഥിയുരുക്കം-ഒരു രോഗം.

അസ്ഥിര-വി. സ്ഥിരം (ഉറപ്പ്) ഇല്ലാത്ത, ഇളകുന്നത്.

അസ്ഥിരൻ-സ്ഥിരതയില്ലാത്തവൻ.

അസ്ഥിസമുച്ചയം-മരിച്ച് ദഹനം കഴിഞ്ഞതിൽപിന്നീട് അവരുടെ അസ്ഥി (എല്ല്) എടുത്ത് മൺകലത്തിലാക്കി നദിയിൽ ഒഴുക്കുകയോ ഭൂമിയിൽ സ്ഥാപിക്കുകയോ ചെയ്യുക.

അസ്ഥിസഞ്ചയം-മരിച്ച ദഹനം കഴിഞ്ഞാൽ അസ്ഥി എടുക്കുക.

അസ്ഥിസ്രാവം—എല്ലുരുകൽ എന്നർത്ഥം.

അസ്പഷ്ട—വി. സ്പഷ്ടം-വ്യക്തം-അല്ലാത്തത്.

അസ്പഷ്ടദൃഷ്ടം-സ്പഷ്ടമായിട്ടല്ലാതെ കാണപ്പെട്ടത്.

അസ്പഷ്ടം-രേഖയുടെ.

അസ്പൃശി-പുത്തരിച്ചുണ്ട. സ്പർശിച്ചുകൂടാത്തത്. കണ്ടകാരിച്ചുണ്ട എന്നും പറയുന്നുണ്ട്.

അസ്പൃഷ്ട-വി. സ്പൃഷ്ടം (സ്പർശിക്കപ്പെട്ടത്-രുചിക്കപ്പെട്ടത്) അല്ലാത്ത.

അസ്പൃടവാക്ക്-അസ്പഷ്ടമായി പറയുന്നവൻ. മറ്റൊരു പര്യായം-'ലോഹലൻ'.

അസ്മദീയം-എന്നെ സംബന്ധിച്ചത്.

'അത്തിനുടയസമപ്പുറവസ്മദീയമവരോധം'
(അഭിജ്ഞാനശാകുന്തളം)

അസ്മൽ-വി. എന്നെ സംബന്ധിച്ച

അസ്മാതിക്കാർ-നമ്മുടെ ജാതിക്കാർ, ഒരു ജാതിയിലുള്ളവർ.

അസ്രപ-അട്ട. രക്തത്തെ പാനം ചെയ്യുന്നത്.

അസ്രപൻ-രാക്ഷസൻ. ചോരകുടിക്കുന്നവൻ എന്നർത്ഥം.

അസ്രം-പ. രക്തം അസൃക്ശബ്ദത്തിന്റെ അർത്ഥം തന്നെ. ഉ. തലമുടി. ക്ഷേപിക്കപ്പെട്ടത് എന്നർത്ഥം. ന. കോണ്. ര കണ്ണുനീർ.

ദാസ്രം-കണ്ണുനീർ, ഒരുമാറാവീഴുന്നത്

അസഹിഷ്ണു-വി. മറ്റൊരുത്തന്റെ വർദ്ധിക്കെ കീഴടങ്ങുന്ന, അന്യാശ്രയമുള്ള.

അസഹായൻ-പരാധീനൻ.

അസഹ്യം-അടുപ്പ്. [അശ്മന്തം എന്ന ശബ്ദത്തിന്റെ പാഠഭേദം.]

അസഹ്യന്മാർ-മേലാന്മാർ. സഹ്യം (ഉറപ്പ്) ഇല്ലാത്തവർ എന്നു ശബ്ദാർത്ഥം.

അസഹരൻ-കൂടെയുള്ളവരും മറ്റും പോലെ കൂടെയുള്ള ശബ്ദമുള്ളവർ.

അസഹ്യസ്ഥത, അസഹ്യാസ്വാസ്ഥ്യ-സുഖക്കേട്.

അസഹ്യാത്ര്യം-പരാധീനം.

അസഹ്യായൻ-പ. വേണ്ടാത്തതിനി

ല്ലാത്തവൻ, വേദം പഠിക്കാത്തവൻ. പ. വേദം പഠിച്ചു മറന്നവൻ. [സ്വാദ്ധ്യായം=വേദംപഠിക്കുക.]

അസ്വാധീന-വി. സ്വാധീനമല്ലാത്ത, വശത്തിൽ നില്ക്കാത്ത.

അസ്വാധീനത-സ്വാധീനമില്ലായ്മ

അസ്വാസ്ഥ്യ-വി. സ്വാസ്ഥ്യം(സൌഖ്യം) ഇല്ലാത്ത.

അസ്സർ-അസ്സർപ്പു (പതിറ്റടി-അറബി ഭാഷ).

അസ്സൽ-ഒന്നെഴുതിയതിനേറ ശേഷം അതിനെ തിരുത്തി ശരിയാക്കിയെഴുതിയാൽ അതിനുള്ള പേർ. ആദ്യം എഴുതിയതിനു നക്കൽ എന്നു പേർ. അസ്സൽ-അറബി ഭാഷയാണ്.

'പക്ഷെ അസ്സൽ എഴുതിയതിൽ ഒരു ബന്ധം പറ്റി'. (കഥാരത്നമാല)

അഹമഹമിക-ഞാൻ ശക്രനാകുന്നു ഞാൻ ശക്രനാകുന്നു എന്നിപ്രകാരമുള്ള അഹങ്കാരം, ഞാൻ മുമ്പേ ഞാൻ മുമ്പേ എന്നുള്ള തിരക്ക്.

'തെന്നിച്ചംഭസ്സതിലതിരയം
ബോട്ടുപായിക്കുമുള്ളം
തന്നിൽതിങ്ങുന്നഹമഹമിക
യുള്ളത്തുകൈവത്തരപ്പോലും'
(മയൂരസന്ദേശം)

അഹം-ഞാൻ (പ്ര. ഏ) ഇതു സംസ്കൃതശബ്ദമാണ്.

അഹങ്കരിക്കുക-മമിക്കുക.

അഹങ്കാരം-ശവ്വം. ഞാൻ ശ്രേഷ്ഠൻ എന്നബുദ്ധിയെ തോന്നിക്കുന്നതു എന്നു ശബ്ദാർത്ഥം. ശവ്വം, അഭിമാനം, അഹങ്കാരം ഇവ പര്യായങ്ങളാം.

അഹങ്കാരശീല-വി. ശവ്വസ്വഭാവമുള്ള.

അഹങ്കാരി-ശവ്വമുള്ളവൻ. അഹംയു, എന്നതു മേറ്റാരു പര്യായമാകുന്നു.

അഹംകൃതൻ-അഹങ്കരിച്ചവൻ.

അഹംകൃതി-ശവ്വം.

അഹംബുദ്ധി-അഹംമതി.

അഹംഭാവം-അഹംമതി.

അഹംഭാവി-ഡംഭുള്ളവൻ, മദമുള്ളവൻ.

അഹമ്മതി-തന്നോടൊപ്പമില്ലാ എന്നുള്ള നിനവ്, മോഹാദികളിൽ ഞാൻ എന്നുള്ള ബുദ്ധി, അറിവില്ലായ്മ, മദം.

അഹംയു-പ്ര. അഹംകരി. അഹം എന്ന ഭാവമുള്ളവൻ എന്നു ശബ്ദാർത്ഥം. പ. പട്ടാളക്കാരൻ.

അഹംപൂർവ്വ, അഹംപൂർവിക-ഞാൻ മുമ്പിൽ ഞാൻ മുമ്പിൽ എന്നു തമ്മിലുള്ള തിരക്ക്. സേന്ദ്രകർ യുദ്ധത്തിന്നായി ഞാൻ മുമ്പേ, ഞാൻ മുമ്പേ എന്നമട്ടിൽ ഒരുങ്ങി കൂടുക എന്നതിനും പറയാം.

അഹർമ്മാസം-മാസം.

അഹർന്നിശം-അ. രാപ്പകൽ, രാത്രിയും പകലും.

അഹർപ്പതി-പ്ര. ആദിത്യൻ. അഹസ്സിന്റെ (പകലിന്റെ) പതി (അധിപൻ). പ. ഏതുക്ക്.

അഹർമ്മുഖം-പ്രഭാതം. പകലിന്റെ ആരംഭകാലം എന്നു ശബ്ദാർത്ഥം.

അഹർവൃത്തി-നിത്യോപജീവിതം. മേക്കയിൽ ഇതിനെ അഹോവൃത്തി എന്നു പറയുന്നു.

അഹരഹഃ-ദിനംതോറും, പ്രതിദിവസം. (അഹഃ + അഹഃ=അഹരഹഃ).

'അഹരഹമഹമാത്മകല്യാണൻ'
(ഭാരതം)

അഹല്ലിക-ശവ്വം

അഹല്യ-ഗൌതമമഹർഷിയുടെ പത്നി.

ഇന്ദ്രൻ മഹർഷി അഹല്യയെ കാണുന്നതിനു മുമ്പു നാലാംയാമത്തിൽ സന്ധ്യാവന്ദനത്തിനു പോയപ്പോൾ അഹല്യയെ പ്രാപിക്കയും ചെയ്തു. അതനന്തരം സൂര്യോദയം അടുത്തിരിക്കുന്നു കണ്ടു മഹർ

തിരിയെ വന്നപ്പോൾ പരമാത്മാവ് മനസ്സിലാക്കി 'സഹസ്രഭഗനായി മേലിൽ ഭവിക്കട്ടെ' എന്നു ഇന്ദ്രനെയും 'കല്ലായിപ്പോവുക' എന്നു അഹല്യയെയും ശപിക്കയുമുണ്ടായി. 'ശ്രീരാമപാദസ്പർശം കൊണ്ടു ദുരിതം നശിക്കട്ടെ' എന്ന് അനന്തരം അഹല്യയ്ക്കു മുനി ശാപമോക്ഷം നൽകി. ഇന്ദ്രൻ ഭഗാങ്കിതമുപത്തിലാണ് അഹല്യയെ പ്രാപിച്ചതെന്നും കോഴിയുടെ ശബ്ദം പുറപ്പെടുവിച്ചാണ് മഹർഷിയെ അകറ്റിയതെന്നും കാണുന്നുണ്ട്. ബ്രഹ്മാവ് ആദ്യം സൃഷ്ടിച്ചസ്ത്രീയത്രേ അഹല്യ.

അഹല്യാകാമുകൻ-ദേവേന്ദ്രൻ.

അഹല്യാജാരൻ-ദേവേന്ദ്രൻ.

അഹല്യാനന്ദനൻ-ശതാനന്ദമുനി.

അഹല്യം-വി. ഉഴപ്പെടാത്ത.

അഹസ്കരൻ-പ. സൂര്യൻ. അഹസ്സിനെ (പകലിനെ) ചെയ്യുന്നവൻ എന്നു ശബ്ദാർത്ഥം. പ. എരുക്ക്.

അഹസ്പതി-ആദിത്യൻ.

അഹസ്സ്-പകൽ. സൂര്യനെ പിരിഞ്ഞിരിക്കാത്തതു്. സൂര്യനാൽ ഉപേക്ഷിക്കപ്പെടാത്തതു്, മടങ്ങി വരവിനെ തടകെടിയതാത്തതു് എന്നിങ്ങനെ വ്യുല്പത്തി.

അഹഹ-അ. പ. അത്ഭുതം. പ. ഖേദം. ന. ക്ഷീണം. ഭ. ഇഷ്ടം. ഖ. കഷ്ടം. ന. വിളി.

അഹായ്യ-വി. ഹായ്യം (ഹരിക്കത്തക്കതു്) അല്ലാത്ത.

അഹായ്യം-പവ്യം. ഹരിക്കപ്പെടുവാൻ യോഗ്യമല്ലാതു് എന്നർത്ഥം.

അഹികാന്തം-വായു, കാറ്റ്.

അഹി-പ. സർപ്പം. ഗമിക്കുന്നതു്, കൊല്ലുന്നതു് എന്നർത്ഥം. പ. ഇരുമ്പു്.

അഹി-പ പൂതനാസുരൻ. പ. ആദിത്യൻ. ന. വഴിപോക്കൻ.

അഹിഗ്രാഹി-പാമ്പിനെ പിടിക്കുന്നവൻ.

അഹിച്ഛത്രം-അജ്ഞാനൻ മുയിച്ചു് ദ്രോണർക്കു കൊടുത്ത ഒരു രാജ്യം, അഹിക്ഷേത്രം.

അഹിച്ഛത്രകരിയു്.

അഹിച്ഛത്രകം-കുമിൾ, കുൺ.

അഹിജിത്തു്-കൃഷ്ണൻ. കാളിയനെ കൊന്നതിനാൽ ഈ പേർവന്നു. പ. ഇന്ദ്രൻ.

അഹിത-വി. ഹിതം (ഇഷ്ടം) ഇല്ലാത്ത.

അഹിതൻ-ശത്രു. ഒരിക്കലും ഹിതത്തെ ചെയ്യാത്തവൻ എന്നു ശബ്ദാർത്ഥം.

അഹിതുണ്ഡികൻ-പാമ്പാട്ടി. അഹിതുണ്ഡം (പാമ്പിന്റെ മുഖം) കൊണ്ടു കളിക്കുന്നവൻ എന്നു ശബ്ദാർത്ഥം. 'അഹിതുണ്ഡകൻ' എന്നു പാഠാന്തരം.

അഹിദംഷ്ട്ര, അഹിദംഷ്ട്രിക-പാമ്പിൻപല്ലു്.

അഹിദേശം-പൂർവകാലത്തു ഗ്രീസ്സ് രാജ്യത്തുനിന്നു മിസ്രസഞ്ചാരികളുമായി വന്നിരുന്ന ഭൂഗോളശാസ്ത്രജ്ഞന്മാരിൽ മുമ്പനായ 'ടാമി' കേരളത്തിനെ 'അഹിദേശം' എന്നു പേർ വിളിച്ചതായി പ്രാചീനഗ്രന്ഥങ്ങളിൽ നാം കാണുന്നു.

അഹിനാഥൻ-ബലദേവൻ.

അഹിപതി-പ. അനന്തൻ. പ. വാസുകി. ന. തക്ഷകൻ, സർപ്പരാജാവു്.

അഹിഫേനാദ്യാവകം-ഒരു മരുന്നു്. അതിസാരം വയറുവേദന ഇവയ്ക്കു നന്നു്.

അഹിഫേനാസവം-ഒരു ഔഷധം. അതിസാരം, ഗ്രഹണി, ശൂല ഇവയ്ക്കു നന്നു്.

അഹിഫേനം-കറുപ്പു്.

അഹിഭയം-പ. സർപ്പഭയം. പ. സ്വപക്ഷക്കാരിൽ നിന്നുണ്ടാകുന്ന ഭയം. രാവണനു് വിഭീഷണനിൽ നിന്നുണ്ടായതു പോലെയുള്ള ഭയമെന്നു് അഹിഭയം.

'മഹീളജമഹിയേംസപക്ഷപ്രവേംയേം'
(അമരം)

'ശ്രീമത്പത്രൽ മദമോടുജശൽ
പ്രാണനേതിനനന്നായ്
സാമർത്ഥ്യത്തോടഹിയേമുരി
പ്പിച്ചുടമീപതിക്കും (മയൂരസന്ദേശം)

അഹിളക്ക്-ക്ര. മയിൽ. ര. ശത്രുഡൻ. പാമ്പിനെ തിന്നുന്നത് എന്ന ശബ്ദാർത്ഥം. ചകോരം, പാമ്പുതീനി.

അഹിഭ്രക്ഷണൻ-ശിവൻ. പാമ്പിനെ ഭക്ഷണമാക്കിയവൻ.

അഹിമകരണൻ-സൂര്യൻ.

അഹിമരശ്മി-സൂര്യൻ.

അഹിമാരകം-ശത്രുഡരക്കോടി.

അഹിയാമൻ (ഒഹെയാമൻ)-'ചീന രാജ്യത്തുകാർ വളരെക്കാലം മുമ്പു ഭക്ഷിണഖണ്ഡത്തിന്റെ ഭൂപടം ഉണ്ടാക്കിയതിൽ മലയക്കുടം അല്ലെങ്കിൽ മലയാളം എന്ന രാജ്യത്തിനു 'ഒഹെയാമൻ' അല്ലെങ്കിൽ 'അഹിയാമൻ' എന്നപേർകൂടി ഉപയോഗിച്ചതായി അറിയുന്നു. ഈ പേരുകളുടെ പൂർവ്വാർത്ഥത്തിൽകാണുന്ന 'അഹി' എന്ന സംസ്കൃതപദത്തിന്റെ അർത്ഥം പാമ്പ് എന്നാകുന്നു'. (അഹിദേശം എന്നതുകൂടി നോക്കുക).

അഹിരിപു-ക്ര. ശത്രുഡൻ. ര. കൃഷ്ണൻ. ന. ഇന്ദ്രൻ.

അഹിർബുധ്ന്യൻ-ശിവൻ.

അഹിംസ-പരപീഡചെയ്യാതിരിക്കൽ.

അഹിംസ്യ-പരപീഡചെയ്യേണ്ടതല്ലാത്ത

അഹിംസ്ര-വി. ഉപദ്രവമില്ലാത്ത.

അഹിഷ്ഠാ-ക്ര. പുത്രൻ. ര. ശത്രുഡൻ. ന. ഇന്ദ്രൻ.

അഹീനൻ-സപ്തർഷികളിൽ ഒരുവൻ.

'വിശ്വാമിത്രോവസിഷ്ഠോഽത്രി
ർഗൗതമോ ജമദഗ്നിരപ്യഹം
ഭരദ്വാജഃ കശ്യപശ്ചേത്യേതേ
സപ്തർഷയോ മതാഃ'
(അംബരീക്ഷചരിതം കഥകളി)

അഹീനളജൻ-ഭീഷ്മർ.

അഹേതു-ഹേതു (കാരണം) ഇല്ലായ്മ.

അഹേതുക-വി. കാരണമില്ലാത്ത.

അഹേയ-ശത്രുവരി. പോകാത്തത്, നശിക്കാത്തത് എന്ന ശബ്ദാർത്ഥം. 'അഹേമ' എന്ന പാഠവും കാണുന്നു.

അഹോ-ക്ര. വിസ്മയം. ര. വികല്പം. ന. നിന്ദ. ശ. ഭയ. ഷ. പരിഹാസം. സ. ദുഃഖം. ഹ. അപമാനം. ള ക്ഷീണം. ൻ. ഗ്രന്ഥപൂരണം. ക്ര. കഷ്ടം. ക്ര. വിളി. ക്ര. പ്രശംസ. 'അഹോ' എന്നുമാവും.

അഹോബലം-കേ പുണ്യക്ഷേത്രം.

അഹോരാത്രം-ന. മുഹൂർത്തം. (ആ നാഴിക ക്ര മണിക്കൂർ) കൂടിയത്. രേ രണ്ടുവൻ ദിവസം, രാവുപകൽ, പകലിനോടുകൂടിയ രാത്രി എന്നിങ്ങിനെ ശബ്ദാർത്ഥം.

അഹോവൃത്തി-കഠിനക്ലേശം, നിത്യപ്പെടവു്.
[സന്ധിയിൽ 'അഹവൃത്തി' എന്നു വേണ്ടതാണ്. ശൈലിയിൽ 'അഹോവൃത്തി' എന്നും സാധുതന്നെ.]

അഹ്ന-അഹസ്സ്.

അഹ്നാന്തം-പൈകുന്നേരം.

അഹ്നായ-അ. ഉടനെ, വേഗം.

അംമാരി, അൽമാരി-ഉടുപ്പുപെട്ടി, വസ്ത്രം മുതലായവ വെയ്ക്കുന്ന തരമാകിരി പെട്ടി. (ഇതു പോർച്ചുഗീസ്ശൈലിയാകുന്നു).

അള-പോള്. പുക്കുമ്പോൾ പക്ഷികളും മറ്റും ഇരിക്കുന്ന ചോരം.

അളകം-ക്ര. കേശനിര. തേനറിയുടെ മുകളിൽ വണ്ണിന്റെ വടിവിൽ പ്രത്യേകം പ്രത്യേകം അഴകിയതട്ടിൽ മെഴുകിനിയുള്ള

ന്ന തലമുടി. മറ്റൊരുപേയ്ക്കുയം 'ചുണ്ണ കന്തളം'. ഉ. പേപ്പട്ടി.

അളകവർണ്ണൻ-കൃഷ്ണൻ. കടൽവർണ്ണൻ. (തമിഴിൽ അളം = സമുദ്രം).

അളമട-പക്ഷികളും മൃഗികളും ഇരിക്കുന്ന പോരം.

അളക-പ. വൈശ്രവണന്റെ രാജധാനി. അലങ്കരിക്കുന്നത് എന്ന ശബ്ദാർത്ഥം.

ഈ നഗരം ഹിമാലയപർവ്വതത്തിലാണ്. ശന്ധ്യന്മാരുടെ വാസസ്ഥലമാകുന്നു. ഈ ശബ്ദത്തോട് അധിപൻ, പതി, ഈശ്വരൻ ഇത്യാദി ചേർത്താൽ കുബേരൻ എന്ന് അർത്ഥവത്താം.

ഉ. എട്ടുമുതൽ പ (വയസ്സ്) വരെ പ്രായംചെന്ന പെൺകുട്ടി.

അളകാനന്ദ-പ. ഗംഗ. ഉ. ഗംഗയിൽ വീഴുന്ന മറ്റൊരു നദി. ന. വ-മുതൽ ക്ക-വരെ പ്രായംചെന്ന പെൺകുട്ടി.

അളകാപുരി-വൈശ്രവണന്റെ രാജധാനി.

അളക്കുക-തൂക്കം അറിയുക. നാഴി, ഇടങ്ങഴി മുതലായവകൊണ്ട് എത്രമാത്രമുണ്ടെന്ന തിട്ടംവരുത്തുക.

അളം-പ. ഉപ്പു ശേഖരിക്കുന്ന സ്ഥലം. ഉ. ഇരുന്നിലമെന്നും കാണാറുണ്ട്. (തമിഴിൽ സമുദ്രം).

അളക്കം-പ. വെള്ളരിക്ക. ഉ. പേനാത്. എല്ലാവരാലും തട്ടിക്കളയപ്പെടുന്നതുകൊണ്ട് ഈ പേർ വന്നു. മുന്നുമുതലായതു കൊണ്ട് ഉന്മാദിയാക്കപ്പെട്ടതായ് എന്നുമുണ്ട്. ന. മന്ദാരം (മന്ദാരം).

അളക്കർ-സമുദ്രം.

അളക്കുക-അളവുക, കരയുക.

അളകം-അളവ്.

അളച്ച്, അളച്ച്-അളവുക, കരച്ചൽ.

അളവ്-തിട്ടപ്പെടുത്തൽ, തൂക്കം ഗ്രഹിക്കുക അളക്കുക, അളക്കുന്ന തൊഴിൽ.

അളവറ്റ-വി. എണ്ണമില്ലാത്ത, അളവില്ലാത്ത.

[അളമാത്തിക്കപ്പിത്താൻ-ജന്മൻ പ്രധാനി. അലേമാനി=ജർമ്മനി]

അളരുക-ഭയപ്പെടുക.

അളവൻ-പ. അളക്കുന്നവൻ. ഉ. തന്നത്താൻ സ്തുതിക്കുന്നവൻ.

അളവറ്റവൻ-ഈശ്വരൻ.

അളവുകോൽ-മുഴക്കോൽ, അളക്കുന്നതിനുള്ള കോൽ.

അളവുചരട്-അളക്കുന്നതിനുള്ള തുടൽ. നൂറു ജാതിയടി അല്ലെങ്കിൽ ഏറ്റവും കുറഞ്ഞ ലിങ്ക്സ് നീളമുള്ള ചങ്ങല.

അളവുവാശി-അളക്കുന്നതിൽ അധികം വരുന്നത്.

അളവേ-പ. ഭംഗിയായി.

'എന്നറിയിച്ചവനംവണങ്കിനാനളവേ'
(രാമചരിതം)

ഉ. മുഴുവനും. ന. സ്ഥിതിയിൽ, സമയത്തു്.

അളി-പ. വണ്ട്. ഉ. മദ്യം, ന. കേരം, ക. കൂട്ടം.

അളികണ്ണ്-ചീത്തക്കണ്ണ്.

അളികം-നെറ്റി. അലങ്കരിക്കപ്പെടുന്നത് എന്നർത്ഥം.

അളികുളം-ചെറു വണ്ട്.

അളിക്കണ്ണൻകുരുവി-ഒരു വകപ്പക്ഷി. ആരോയി, ചില്ലം-ഇവ പര്യായങ്ങൾ.

അളിക്കുക-കൈകൊണ്ടു അടിക്കുക (വിശേഷിച്ചു).

അളിച്ചൽ-ചീച്ചൽ. അളി എന്ന ധാതുവിനു പാകമേറി ദ്രവിക്കുക എന്നർത്ഥം.

അളിഞ്ജരം-പാത്രവിശേഷം. അഖിഞ്ജരം നോക്കുക.

അളിന്ദം-പുറന്തിണ്ണ.

അളിനി-പെൺവണ്ട്.

'നാനാരതപ്രസവചീനാളിനീനിവഹ-
ശോനാതിമേഹനതമാഭേ'
(അംബരീഷചരിതം കഥകളി)

അളിപ്പ്-അളിച്ചൽ.

അളിയൻ-പ. ഭാര്യയുടെ സഹോദരൻ. ര. സഹോദരിയുടെ ഭർത്താവ്.

അളിയുക-ചീയുക.

അളീകം-പ. അപ്രിയം. ര. അസത്യം.

'പയ്യപ്പോയീടിനാരാളികമരുളിയിലളീ
കങ്ങളോരോന്നുചൊല്ലി'
(അമരുകശതകം)

സ. നെറി. ഭ. സഭ്യം.

അളുക്ക്-ചിമിഴ്.

അളുക്കുക-തിരുമ്പിപ്പോവുക, കോച്ചുക.

അളുങ്ക-ചെറുപനച്ചി. ഇതു് വയറുകടിക്കും കണ്ണിനും നന്നു്.

അളുക്കം-ഭയം.

അളുമ്പുക-ചതയ്ക്കുക, ഞെരുക്കുക, പിഴിയുക.

അളുപം-ചേമ്പു്.

അളുള-രാഗവേഗം. (അറബിവാക്കു്).

അളുളയാക-രമിയ്ക്കുക.

അളുളുക-മന്ത്രുക.

അഴകൻ-സുന്ദരൻ.

അഴകം-സ്ത്രീകളും രാകയിലിടുന്ന മരടയാളും.

അഴകി-സുന്ദരി.

അഴകിയരാവണൻ-വേഷംകെട്ടിരസം തുള്ളുമുണ്ടാക്കുന്നവൻ.

അഴകിയപാണ്ടിപുരം-തിരുവിതാംകൂറിൽ തോവാള താലൂക്കിലെ ഒരു പകുതി.

അഴക്ക്-മേശി.

അഴയുക-അയയുക. വിപരീതപദം 'കൊഴുക്കുക'.

അഴൽ-പ. വ്യസനം. ര. ചൂട്. സ. രൗദ്രിയ രൌദ്രി.

അഴൽപ്പ്-ചൂട്, നീറൽ, ദുഃഖം.

അഴലുക-പ. വ്യസനിക്കുക. ര. ഉണ്ണിക്കുക. സ. എരിയുക. ഭ. കാണുക.

അഴി-പ. തച്ചുകയറാവുന്ന മരം ര. കരയിലും സമുദ്രവും തമ്മിൽ സദാ തൊട്ടുകിടക്കുന്ന ഭാഗം. അഴി എന്ന ധാതുവിനു കെട്ടുവിടുക എന്നർത്ഥം.

അഴിച്ചൽ-പ. രചവു്. ര. നാശം. സ. മനസമ്മതം.

അഴിഞ്ഞിൽ-അങ്കോലം എന്ന വൃക്ഷം. അങ്കോലം എന്നതു് നോക്കുക.

അഴിനില-പ. തരക്കേടു്. ര. തടസ്സം. സ. നാശം. ഭ. ആശാഭംഗം. ങ. നിലയിടൽ.

അഴിന്തു്-മനസ്സുതകി. (പ-മ.)

അഴിപ്പുര-ദാണവു്, ചാരവു്, കാരാഗൃഹം.

അഴിമതി-പ. അക്രമം, ദുർന്നടപ്പു്. ര. നാശം.

അഴിമുഖം-പ. കപ്പൽ അടുക്കുന്ന ഭാഗം. ര. നദി സമുദ്രത്തോടു ചേരുന്ന സ്ഥലം. പര്യായങ്ങൾ- സംഗമം, സിന്ധുസംഗമം.

അഴിയം-പ. തോട്ടം. ര. കടിയിരിക്കുന്നിടം.

അഴിയുക-പ. കെട്ടുവിടുക. ര. രചലവാകുക. സ. നശിക്കുക.

അഴിവു-പ. രചവു്. ര. നാശം. സ. മരണം. ഉ-ം, അഴിവുരചട്ട = ദരിദ്രം.

അഴു, അഴുകു്-വലിയ കൽച്ചുവരു്.

അഴുകൽ-ചീയ്ക്കൽ.

അഴുകുക-ചീയുക. (തമിഴിൽ-കരയുക.)

അഴുകുരൽ-ഒരു പക്ഷി. പര്യായങ്ങൾ- ഉൽക്രോശം, കാരം (കരലം).

അഴുക്കു്-മലം, രചവു്, ദുഷ്ടികേടു്.

അഴുതയാവ്-തിരുവിതാംകൂറിൽ പമ്പയാറിന്റെ ഒരു പോഷകനദി.

അഴുത്തം-മിനുസം.

അഴുത്തുക-അമിട്ടുക.

അഴുവ-അതിമാംസയത്തിന്റെ മുഖത്തുണ്ടാകുന്ന നീരക്കെട്ട്.

അഴൂർ-തിരുവിതാംകൂറിൽ ചിറയിൻകീഴ് താലൂക്കിലെ ഒരു പകുതി.

അറ-ധാ. തല്ലിനുറക്കുക.

അറ-പ്र. നെല്ല് പണം മുതലായവ രഹസ്യമായി സൂക്ഷിക്കുന്ന മുറി. ര. കിടപ്പുമുറി. ന. മുഴുവൻ.

അറക്കളം-തിരുവിതാംകൂറിൽമൂവാറ്റുപുഴ താലൂക്കിലെ ഒരു പകുതി.

അറക്കുക-പ്र. മുറിക്കുക. ര. കൊയ്യുക ന. പിളർക്കുക.

അറച്ചീര-ഒരുവക ചീര. ഇതിന്റെ ഇല ഔഷധമുള്ളതാണ്.

അറപ്പക്കി-അടുക്കളക്കരിക്കിൽ

അറപ്പ്-പ്र. കൊയ്ത്ത്. ര. മുറിക്കുക.

അറപ്പുര-പ്र. നെല്ലുര. ര. ഒരു രഹസ്യമുറി (ഇതു സാധാരണ വീട്ടിന്റെ പടിഞ്ഞാറുവശത്തായിരിക്കും).

അറപ്പുവാൾ-അറക്കുന്ന വാൾ.

അറം-പ്र. കവികൾ കഥാപാത്രങ്ങളുടെ വാക്കായിട്ട് മുന്നമപുരക്ഷസവ്നാമം ചേർത്ത് ശാപാർത്ഥമായ സംഗതി പറയുന്നതു് മേലാൽ തന്നിക്കുതന്നെ ഫലിക്കുന്നതാണ് അറം.

തന്മയത്വമാണ് ഇതിനു മുഖ്യം അതു മഹാകവികളുടെ വാക്കിലേ കാണുകയുള്ളൂ. ക്ഷുദ്രകവികൾക്ക് അതിനു വകുപ്പില്ലതാനും.

'കലമിതയിലവുമെതിവന്നിതു'

(നളചരിതം കഥകളി)

[മഹാകവിയായ ഉണ്ണായിവാരരുടെ തറവാട്ട് അപ്പോഴത്തോടുകൂടി അന്യം നിന്നുപോയി എന്നതു് സുപ്രസിദ്ധമാണല്ലോ.]

ര. ധർമ്മം. ന. നാശം.

അറമുറിയൻ-തുരങ്കക്കാരൻ.

അറയ്ക്കുക-പ്र. വെട്ടിനുറുക്കുക. ര. നുറുങ്ങുകയല്ലുക ന. അടിക്കുക.

അറയ്ക്കുക-തടയുക, ഉദ്ദേശം മുതലായവകൊണ്ടു തൊടുന്നതിനു മടിക്കുക.

അറപ്പ് (അറയ്പ്)-അറയ്ക്കുക, മടി.

അറവാതൻ-അറയുടെ മുൻഭാഗത്തുള്ള കതക്.

അറവി-അറേബ്യാ എന്ന രാജ്യം.

അറാം-ന്യായവിരുദ്ധം.

അറിമുഖം-പരിചയം.

അറിയുക-ഗ്രഹിക്കുക, മനസ്സിലാക്കുക. അറി എന്ന ധാതുവിനു് ഗ്രഹിക്കുക എന്നർത്ഥം.

അറിവ്-മനസ്സിലാക്കൽ.

അറിയിപ്പ്-അറിവ് കൊടുക്കുക.

അറിവാളൻ, അറിവൻ-പരിച്ചുവൻ, പരിചയിച്ചുവൻ.

അറുക-പ്र. മുറിയുക. ര. അവസാനിക്കുക. 'അറ' എന്ന ധാതുവിനു 'ഖണ്ഡിക്ക' എന്നർത്ഥം.

അറുകുലത്തീനൻ-തീരെ താണ കുലത്തിൽ ജനിച്ചുവൻ, ചണ്ഡാലൻ.

'മാന്യനാകിലുമറുകുലത്തീനൻ'

(ഭഗവൽഗീത)

അറുകൻചാട്ട്-കവുക.

അറുകൊല-കണ്ടുകെട്ടുക, നിർദ്ദയഹിംസ.

അറുക്കൽ-ഭിത്തിയിലുണ്ടാക്കിയ അറ.

അറുപ്പ്-മുറിക്കൽ, പിളർക്കുക.

അറുനൂറ-ആയിരത്തറ കുടിയാണ്.

അറുനൂറ്റാർ-നായർയോഗക്കാർ.

['അറനൂറ്', 'പതിനായിരത്താർ' എന്നും മറ്റും പറയുന്നുണ്ട്, നംപൂതിരിമാർ

അവതരടെ അധികാരങ്ങളെ കൈകടത്തി പ്രയോഗിച്ചു കാവൽഭൂമിയിലിരുന്ന നാട്ടിലെ രക്ഷാധികാരികളായ നായർ യോഗക്കാരെ അകന്നു.]

അരനെല്ലി-കീഴരനെല്ലി. (അരനെല്ലി എന്നതു തമിഴാണ്).

അരുതി-അവസാനം.

അരുപ്പുവാഠം-അരക്കുന്ന വാരം.

അരുമുഖൻ-സുബ്രഹ്മണ്യൻ. (ആറുമുഖമുള്ളവൻ).

അരുവർ-ആറുപേർ.

അരുനു്-പഞ്ഞം, ദുർഭിക്ഷം.

അറാ-വി. അവസാനിച്ച, ഇല്ലാത്ത, അവതിവന്ന.

അറാകാലം-മരണം.

അറാക്കഴ-ജലാശയങ്ങളിൽ നിൽക്കുന്ന മഴവെള്ളം.

അറാകുറാം-കേട്ട്, കെടുമതി.

അറാടക്കം-തറവാട്ടിലേ അനന്തരാവകാശം ലഭിക്കാത്ത ഒരു ശാഖയെ മുഴിപ്പിച്ചു നല്ല അവകാശം നേടുക.

അറാറ-അവസാനം, ഒടുക്കം.

അരേ-അ. അത്ഭുതത്തിൽ പ്രയോഗിക്കുന്ന ഒരു വാക്ക്.

---

# അ

**അ**—പ. മലയാള അക്ഷരങ്ങളിൽ രണ്ടാമത്തേതു്. ഉ. ഒന്നു. ന. ഭയം. ഭ. സംശയം. ഇ. അവധി. ണ. അഭിവിധി. ഒ. അല്പം.

അം-അ. അനന്തരണത്തിങ്കൽ ഉപയോഗിക്കുന്നതു്. അകം.

അക-വി. മുഴുവനായ.

അകണ്ണം-അ. കണ്ണാ (കഴുത്തു) വരെ.

'അകണ്ണംനീരിലഴും മുനികളുടെ ജടാഭാരമിടം മശായാം'

(ഭാനുകീവരിണയം)

അകത്ഥനം-വയ്യു പറക.

അകത്ഥാ-അത്ഭുതപ്പെടുക.

അകനിഷ്ഠം-ചെറുവിരൽവരെ.

അകപ്പാടെ-അ. മുഴുവനും.

അകമാന-മുഴുവനും, എല്ലാം, ചാഞ്ചാടുക

അകമ്പന-ഇളക്കം.

അകമ്പിത, അകമ്പ്യ-വി. ഇളക്കപ്പെട്ട, കുറഞ്ഞാനും ഇളക്കപ്പെട്ട.

അകയാൽ-അ. അയതുകൊണ്ടു്.

അകരം-പ. രത്നങ്ങളും വിളയുന്നസ്ഥലം. ഉ. പുഷ്കരം. ന. ഇരിപ്പിടം.

അകരികൻ-രത്നം വിളയുന്ന സ്ഥലത്തിലേ വിചാരിപ്പുകാരൻ.

അകർണ്ണാകർണ്ണ-അ. പിന്നെയും പിന്നെയും കേട്ടിട്ടു്.

അകർണ്ണനം-കേൾക്കുക.

അകർണ്ണം-ചെവിയോളം.

അകല-വി. വലിച്ച.

'അകലശ്രീതകുചചന്ദനവിടപിവര-
ഭോന്തിരകൈരക്കോണ്ടുഞാനും'

(ഉത്തരരാമായണം ചമ്പു)

അകഷ്ക-വി. വലിക്കുന്ന. സ്ത്രീലിംഗം അകഷ്കി.

അകഷ്കം-കുന്തക്കല്ലു്, ഉരകല്ലു്.

അകഷ്ണം-പ. വലിക്കുക. അകഷ്ക്കുന്നതു്, അകഷ്ക്കപ്പെടുന്നതു് എന്നു ശബ്ദാർത്ഥം. ഉ. വണ്ടിയുടെ ചക്രം. ന. വാഗ്പ്രതിവാദം.

അകഷ്കിക്കുക-വലിക്കുക, വലിച്ചുപൊട്ടിക്കുക.

അകഷ്ടം-പൂവുകളിൽ, പക്ഷികളുടെ, പൂവു നിറത്തുന്ന പലക ഇവയുടെ പേർ.

അകലനം-പ. കണക്കുകൂട്ടുക. ഉ. പിടിക്കുക. ന. മനസ്സിലാക്കുക. ഭ. അനുമാനം. ഇ. ആഗ്രഹം.

അകലിതം-ക്ഷയം, കെട്ടുപോട്ടതു്, ചെയ്യപ്പെട്ടതു്.

'സുവർണ്ണസൂത്രകലിതാധരശംഖരം'
(മാഘം)

അകല്പകം-പ്ര. വ്യസനത്തോടെ ഒാമ്മിക്കുക. ഉ. സന്തോഷം. നു. ബുദ്ധിമാന്ദ്യം. ദ്വി. കെട്ട്, (മുടിച്ചുൽ.)

അകല്പം, അകല്പകാലം-അ. ലോകനാശം വരെ.

അകല്പം-പ്ര. അലങ്കാരം, വസ്ത്രമാല്യാദികളെക്കൊണ്ടുള്ള അലങ്കാരം. ഉ. അലങ്കാരം നിമിത്തമുണ്ടായ ശോഭ. നു. ഭീനം. ദ്വി. വല്ക്കം.

അകല്യം-രോഗം.

അകവെ-അ. മുഴുവനും, എല്ലാംകൂടെ.

അകസ്മികം-അ. പെട്ടെന്ന്, കാരണംകൂടാതെ.

'ക്രൂരതട്ടുമകസ്മികമായെത്തുമഹാമഴയും'
(കാചേലവൃത്തം വഞ്ചിപ്പാട്ട്)

അകാ-അ. ആകില്ല, കൊള്ളുന്നതല്ല, ഇല്ല.

അകാത്ത, അകാതി-കൊള്ളുന്നതാത്ത, ചീത്ത.

അകാംക്ഷി-പ്ര. ആഗ്രഹം.

'അകാംക്ഷപരവശചേതസാലോകിക്കുന്നു'
(അദ്ധ്യാത്മരാമായണം)

ഉ. (വ്യാകരണത്തിൽ) വിശേഷണത്തിന്റെ വിശേഷ്യത്തോട് എന്നപോലെ ശബ്ദങ്ങളുടെ വേർപെടുത്തരുതാത്ത ബന്ധം.

അകാംക്ഷിക്കുക-ആഗ്രഹിക്കുക.

അകാംക്ഷിത-വി. ആഗ്രഹിക്കപ്പെട്ട

അകായ്യ-വിഡ്ഡിത്തം, കൊള്ളുന്നതായ്മ.

അകായം-പ്ര. ചിത. ഉ. ചിതയിൽ കത്തുന്ന തീയ്. നു. പാപ്പിടം.

അകാരം-പ്ര. ശരീരം. ഉ. ആകൃതി (അവയവസംസ്ഥാനം). നു. രത്നങ്ങൾ വിളയുന്ന സ്ഥലം. ദ്വി. അഭിപ്രായത്തിന് അനുരൂപമായ ചേഷ്ട. ത്രി. അഭിപ്രായം. ന്യൂ. സ്വഭാവം. ഒ. 'അ' എന്ന അക്ഷരം. വ്യ. അടയാളം.

അകാരഗോപനം, അകാരഗുപ്തി, അകാരഗ്രഹനം-ശോകം മുതലായ വകകൊണ്ടുണ്ടായ മനോവികാരം മുഖവികാരം ഇവയെ മറച്ചുവെയ്ക്കുക. അകാരത്തെ മറച്ചുവെയ്ക്കുക എന്ന ശബ്ദാർത്ഥം.

അകാരണം, അകാരണ-വിളിക്കുക എന്ന ക്രിയ, ക്ഷണിക്ക.

അകാരാന്താ-'അ' കൊണ്ടവസാനിക്കുന്നത്.

അകാരികൻ-രത്നം വിളയുന്ന സ്ഥലം സൂക്ഷിപ്പുകാരനായ മേലധികാരിയായി രാജാവിനാൽ നിയമിക്കപ്പെട്ടവൻ.

അകാരിത-വി. വിളിക്കപ്പെട്ട.

അകാലം-പ്ര. ശരിയായ സമയം. ഉ. തെറ്റായ സമയം.

അകാലിക-വി. പ്ര. അല്പസമയത്തേയ്ക്കുമാത്രമുള്ള. ഉ. സമയത്തിന് തക്കതല്ലാത്ത. നു. സമയത്തിനതീതമായുള്ള.

അകാലികി-മിന്നൽ.

അകാശഗം-പക്ഷി.

അകാശഗംഗ, അകാശഗാ-സ്വർഗ്ഗത്തിലെ നദി.

അകാശഗമനം-ആകാശത്തിൽ നടക്കുക.

അകാശഗരുഡൻ-ഗരുഡക്കോഴി, പേയത്തി, ചീന്തിൽ.

[അകാശഗരുഡക്കോഴി എന്നു ഇതിനെ വിളിക്കാറുണ്ട്. ഈ സന്നിപാതത്തിനു നന്ന്.]

അകാശചമസം-ചന്ദ്രൻ.

അകാശചാരി-വി. ആകാശത്തിൽ സഞ്ചരിക്കുന്ന.

അകാശപുണ്ണം-പുകയം, ഇതു മുണ്ടാണ്. മേഢ്രരോഗത്തിനും ശീതോപചാരത്തിനും വിഷത്തിനുപായശേഷം.

അകാശദീപം, അകാശപ്രദീപം-ദീപാവലിദിവസം മകയിറ്റുനാളിലെ വിഷ്ണുവിനോടെയും പ്രസാദത്തിനായിട്ടു

കൊളുത്തികൊണ്ടിരിക്കുന്ന വിളക്ക്.

ആകാശഭോഷിതം-അശരീരിവാക്ക്.

ആകാശമണ്ഡലം-നക്ഷത്രങ്ങൾ കാണപ്പെടുന്ന ശോഭം, ആകാശം.

ആകാശമാർഗ്ഗം-ആകാശത്തിലെ വഴി.

ആകാശം-പ. പഞ്ചഭൂതങ്ങളിൽ ഒടുവിലത്തേതു്. എങ്ങും പ്രകാശിക്കുന്നതു്. സൂക്ഷ്മികളുടെ ശോഭയോടുകൂടിയതു്. ഭൂമിക്കും നക്ഷത്രങ്ങൾക്കും ഇടയിലുള്ളതു്. ക. ഒഴിഞ്ഞസ്ഥലം. ന. ഭാരം. ര. അനന്തസാരം, ഒരു കണ്ണു്.

പര്യായങ്ങൾ-പ. ദ്യൗ. ക. ദ്യുവ് ന. അളം. ര. വ്യോമം. ഇ. പുഷ്കരം. ണ. അംബരം. ഒ. നഭസ്സ്. വ. അന്തരിക്ഷം (അന്തരീക്ഷം). ൻ. ഗഗനം. ഫ അനന്തം. ഫപ. സുരവർത്മ. ഫക. ഖം. ഫന. വിയത്തു്. ഫര. വിഷ്ണുപദം. ഫള. ആകാശം. ഫണ. വിഹായസ്സ്. ഫഴ. വിഹായസം. ഫവ. നാകം. ഫൻ. ശൂ. ഫാ. താരാപഥം. ഫപ. ശബ്ദഗ്രഹണം. ഫക. മേഘാംബരാവ്. ഫന. മഹാഭ്രമം

ആകാശവഴുതിന-ഒരു തരം.

ആകാശവാണി-അശരീരിവാക്ക്.

ആകാശവീഥി-ആകാശമാർഗ്ഗം.

ആകാശസലിലം-പ. മഴ. ക. മഞ്ഞു്.

ആകി-ആയി. (പ-മ.)

ആകിൽ-കഴിയുമെങ്കിൽ.

ആകിഞ്ചനം, ആകിഞ്ചന്യം-മാന്യം.

ആകീർണ്ണ-വി. പ. ചിതറപ്പെട്ട. ക. പലവസ്തുക്കളും കൂടിയ. ന. നിറയപ്പെട്ട. ര. പരന്ന.

ആകീർണ്ണം-പ. അനേകതരത്തിലുള്ളവ മന്നിച്ചുചേർന്നു്. ക. അന്യൂനമിശ്രമായതു്. മറ്റു പര്യായങ്ങൾ-സങ്കീർണ്ണം, സങ്കലം.

ആകീർണ്ണത-നിറവു്.

ആകുഞ്ചം-പ. ജീവനം. ക. വളവു്.

ആകുഞ്ചനം-പ. വളവു്. ക. മുറവിളി കൂട്ടുക, വലിക്കുക.

ആകുഞ്ചിത-വി. പ. വളയ്ക്കപ്പെട്ട. ക. ചുരുക്കപ്പെട്ട.

'അതിവിപുലശൂകുലവുമഴുവരക്കിനി-
ന്നാകുഞ്ചിതംപ്രിയായുല്പനയനനായ്'
(അല്യുത്തരാമായണം)

ആകുക-പ. പോകുക. ക. തീരുക.

ആകുലം-വി. പ. ദുഃഖമുള്ള. ക. ക്ഷീണമുള്ള. ന. കഴഞ്ഞ, ക്രമംതെറ്റിയ. ര. നിറഞ്ഞ. ഇ. മനം കലങ്ങിയ.

ആകുലതാ, ആകുലത-പ. ദുഃഖം. ക. പാരവശ്യം. ന. ക്രമക്കേടു്.

ആകുലപ്പെടുക-പ. ദുഃഖപ്പെടുക, ക. പരവശപ്പെടുക.

ആകുലി-ആവിമരം, ആവീരമരം.

ആകുലീഭൂതം-ആകുലമായി ഭവിച്ചതു്.

ആകുലം-പ. ദുഃഖിച്ചതു്, ദുഃഖം, വ്യസനം. ക. സംഭ്രാന്തം. ന. ചിന്നിച്ചിതറിയതു്, കൂട്ടിക്കെട്ടിക്കിടപ്പു കാഞ്ഞതു് എന്ന ശബ്ദാർത്ഥം.

ആകുല്യം-ആവിക്കുല, ആവീരക്കുല.

ആകൂതം-പ. അഭിപ്രായം, ആശയം, ക. ഊഹം.

ആകൃതി-പ. സ്വരൂപം, ക. അവയവങ്ങളുടെ ചേർച്ച.

ആകൃതിപ്പെടുക-രൂപപ്പെടുക.

ആകൃഷ്ട-വി. ആകർഷിക്കപ്പെട്ട.

ആകോലി-ആരാകോലി, ഒരു മത്സ്യം.

ആക്കോടകം-മകരംരാശി.

ആക്കം-പ. ബലം, ശക്തി, വേഗത, ശ്രീ. ക. വീര്യം. ന. വിസ്തൃതം. ര. താൽപര്യം, ആശയം. ഇ. അഭിവൃദ്ധി.

'ആക്കമിയന്നവലംഹകകുംകിത'
(കൃഷ്ണഗാഥ)

അക്കുക-ക്രി. നിയമിക്കുക; ഏല്പിക്കുക. ക. ഒ. ചെയ്യുക.

അക്രൂന്ദൻ-പ്ര. എതിരാളി. ക. കരയുന്നവൻ.

അക്രന്ദ(ന്ദ)ം-പ്ര. നിലവിളി. ക. വിളി. ന. നിലവിളിപ്പിക്കുക. ഭ. മുറവിളി (ഉച്ചത്തിൽ കരയുക). ഇ. ഭയങ്കരയുദ്ധം. ന. രക്ഷിതാവ്.

അക്രന്ദികൻ- നിലവിളികേട്ട സ്ഥലത്തെയ്ക്കു ഓടിച്ചെല്ലുന്നവൻ.

അക്രന്ദിത-വി. നിലവിളിക്കപ്പെട്ട.

അക്രമണം, അക്രമം-പ്ര. ക്രമക്കേടായ പ്രവേശം, അതിരുവിട്ട പ്രവേശം. ക. അപ്പുറം കടക്കുക. ന. ശത്രുരാജ്യം വളയുക. ഭ. ജയം.

അക്രമി-പ്ര. അക്രമിക്കുന്നവൻ, ബലാൽകൃത്യാചാരം ചെയ്യുന്നവൻ. ക. ജയിക്കുന്നവൻ.

അക്രമിക്ക-പ്ര. അതിരുകവിയുക. ക. അപ്പുറം കടക്കുക, ബലാൽകൃത്യമാകുക. ന. ജയിക്കുക.

അക്രാന്തൻ-അക്രമിക്കപ്പെട്ടവൻ.

അക്രാന്തം-അക്രമിക്കപ്പെട്ടത്.

അക്രാമകൻ- ക്രമക്കേടായി പ്രവേശിക്കുന്നവൻ, അക്രമിക്കുന്നവൻ.

അക്രീഡം-പ്ര. ഉദ്യാനം, പൂങ്കാവ്. ക്രീഡിക്കുന്നേടം എന്നർത്ഥം. 'ജ്ഞേയമക്രീഡമുദ്യാനം' എന്നമരമാല. ക. ഉല്ലാസം.

അക്രോശനം- ശാപം. അമിതമായ്വിനവിളിച്ചുപറയുന്നത്.

അക്രോശം-പ്ര. ശാപവചനം, ശാപം, ഞാണ, അക്രോശം, ദൂരേക്ഷണം,-ഇവ പര്യായങ്ങൾ. ക. നിലവിളി. ന. നിന്ദ

അക്രോശിക്കുക-ശപിക്കുക,നിന്ദിക്കുക

അക്രോശിക്കുന്നിതെന്നെപ്രതിനിഖിലജനം' (ഉത്തരരാമായണം ചമ്പു)

അക്ഷപാകൻ-എറിയുന്നവൻ.

അക്ഷപാണം-പകിണി.

അക്ഷപാദൻ-ന്യായശാസ്ത്രത്തെ അറിയുന്നവൻ. 'അക്ഷപാദൻ' എന്നമകരം. ഇതേ ശബ്ദം നോക്കുക.

അക്ഷപാടികൻ-ന്യായാധിപതി. അക്ഷപാടകശബ്ദം നോക്കുക.

അക്ഷാരണ, അക്ഷാരണം-രമേഥുനത്തെക്കുറിച്ചു നിന്ദിച്ചുപറക. അന്യന്റെ സംസർഗ്ഗം ഹേതുവായിട്ട് ഒരു സ്ത്രീയേയും, അന്യസ്ത്രീസംസർഗ്ഗം ഹേതുവായിട്ട ഒരു പുരുഷനേയും നിന്ദിക്കുക. നാടകങ്ങൾ പരക്കുന്നത് എന്നു ശബ്ദാർത്ഥം.

അക്ഷാരിതൻ-രമേഥുനം ഹേതുവായിട്ട് ഉള്ളതും ഇല്ലാത്തതുമായ ദോഷങ്ങളെ ആരോപിച്ചു നിന്ദിക്കപ്പെട്ടവൻ, ലോകാപവാദം ഹേതുവായിട്ട ദുഃഖിതനായവൻ.

അക്ഷാരം-രമേഥുനം നിമിത്തമായ നിന്ദാവചനം.

അക്ഷികം-ചൂതുകളിയിൽകിട്ടിയപണം, ചൂതുകളിയിൽ നഷ്ടമായ പണം.

അക്ഷിപ്ത-വി. ആക്ഷേപിക്ക(നിന്ദിക്കപരിഹസിക്ക)പ്പെട്ട.

അക്ഷീവ(ബ)ം-മറിഞ്ഞ. മലിപ്പിക്കുന്നത് എന്നർത്ഥം.

അക്ഷേപം-പ്ര. പരിഹാസം, നിന്ദ. ക. വിരോധം. ന. ചോദ്യം. ഭ. കഠോരം. ഇ. ശോധന. ന ഞാണുകെട്ടപ്പെട്ട ചാപം. ഒ. ഒരു അലങ്കാരം. (പഞ്ഞിട്ടോ, പറയൻ മായിച്ചിട്ടോ മതിയോ എന്നാലോചിച്ചിട്ടുവേണമെന്നു വയ്ക്കുന്നത്).

അക്ഷേപയം-എറിയുക (എറിച്ചിൽ), എറിയുക.

അക്ഷേപിക്കുക-പരിഹസിക്കുക, നിന്ദിക്കുക.

അക്ഷോട(ഡ)ം-മദ്യകരണം. 'അക്ഷോടം' എന്നതു നോക്കുക.

ആഖണ്ഡലൻ-ഇന്ദ്രൻ. ശത്രുക്കളെ കൊല്ലുന്നവൻ, ശത്രുക്കളെ പിളർക്കുന്നവൻ ഇങ്ങിനെ ശബ്ദാർത്ഥം.

ആഖനം-തുമ്പം.

ആഖനികൻ-പ. കള്ളൻ. ഉ. തുരന്നു മോഷ്ടിക്കുന്നവൻ. ന. നിലം വെട്ടിക്കഴിക്കുന്നവൻ.

ആഖനികം-പ. തുമ്പം. ഉ. എലി, ചുണ്ടെലി. ന. പന്നി.

ആഖരം-തുമ്പം, മൺവെട്ടി.

ആഖരൻ-കിളയ്ക്കുന്നവൻ, ആഖനികം-കള്ളം.

ആഖു-പ. എലി. ചുറ്റും തുരക്കുന്നവൻ എന്നർത്ഥം. ഉ. പന്നി. ന. ഒരു വൃക്ഷം. ർ. കള്ളൻ. ഇ. ദേവതാളി.

ആഖുകർണ്ണിക-എലിച്ചെവിയൻ.

ആഖുഗൻ-ഗണേശൻ.

ആഖുപത്രൻ-ഗണേശൻ.

ആഖുഭക്ഷ്-പൂച്ച. എലിയെ തിന്നുന്നതു് എന്നർത്ഥം.

ആഖുരഥൻ-ഗണേശൻ.

ആഖുവാഹനൻ-ഗണേശൻ.

ആഖുവിഷഘ്നാ-ദേവതാളിലത. ഇതു് എലി കഴിച്ച വിഷത്തിനു നന്നു്.

ആഖേടം-നായാട്ടു്. ഏപ്പെട്ടുത്തുന്നതു് എന്നർത്ഥം.

ആഖ്യ-പ. പേരു, നാമം. പറയപ്പെടുന്നതു് എന്നർത്ഥം. ഉ. (വ്യാകരണത്തിൽ) നാം ഏതിനെക്കുറിച്ചു പറയുന്നുവോ അതു്. ഉ-ം, കൃഷ്ണൻ പാഠം പഠിച്ചു. ഇതിൽ 'കൃഷ്ണൻ' എന്നതു് ആഖ്യം.

ആഖ്യാതം-പ. ആഖ്യയെക്കുറിച്ചു നാം എന്തുപറയുന്നുവോ അതു് ഉ-ം, 'രാമൻപഠിച്ചു' 'പഠിച്ചു' എന്നതു് ആഖ്യാതം. ഉ. പറയപ്പെട്ടതു്. (ആഖ്യാതം ചെയ്യപ്പെട്ടതു്). ന. വിളിക്കപ്പെട്ടതു്.

ആഖ്യാനം-പ. കഥ. ഉ. വാക്കു്. ന. പേരു. ർ. പാഠം. ഇ. ഒരു സംഗതി നന്നായി പ്രസ്താവിക്കുന്നതിനു പറയുന്ന പേർ.

ആഖ്യാനകി - അൽസമവൃത്തങ്ങളിൽ ഒന്നു്.

[വിഷമപാദങ്ങളിൽ ഇന്ദ്രവജ്രയും സമപാദങ്ങളിൽ ഉപേന്ദ്രവജ്രയും പ്രയോഗിക്കുന്നതു്.]

ആഖ്യാനികകേ-പാഠുക.

ആഖ്യായകൻ-ചാരൻ, ദൂതൻ.

ആഖ്യായിക-കവികല്പിതമാത്രമല്ലാതേയും പരമാർത്ഥത്തിൽ മുമ്പു നടന്നേതുമായ കഥയെ പ്രതിപാദിക്കുന്നതു്, നോവൽ.

ഒരു യഥാർത്ഥനോവലിന്റെ ഉദ്ദേശ്യം ഒരു സമുദായത്തിന്റെ ആചാരനടപടികളും ചില പ്രത്യേകജനങ്ങളുടെ സ്വഭാവവിശേഷങ്ങളും വിവരിക്കുകയത്രേ. ഏതു തരത്തിലുള്ള വ്യവഹാരങ്ങളേയും അസാമാന്യമായി രസിപ്പിക്കണം. അവ രണ്ടുകണ്ടു് ആവശ്യംപോലെ ചിരിപ്പിക്കയും കരയിക്കയും ഇടയ്ക്കിടയ്ക്കു് ശോഭനമായ ആലോചന ചെയ്യിക്കയും അവസരം പോലെ ഹൃദയത്തിൽ നാനാപ്രകാരേണ ക്ഷോഭങ്ങളും ഉണ്ടാക്കുകയും ആകപ്പാടെ അത്യന്തം തൃപ്തികരമായ ഒരനുഭവം ജനിപ്പിക്കയും ചെയ്യണം. ഇവയെല്ലാം അടങ്ങിയെങ്കിലത്രേ ഒരു യഥാർത്ഥനോവൽ ആകയുള്ളു. ഉ-ം, 'ഇന്ദുലേഖ.'

ആഗത-വി. വന്ന, ലഭിക്കപ്പെട്ട.

ആഗതപുത്രി-മേത്തെന്നി.

ആഗതി-വരവു്, ലാഭം.

ആഗന്തു-പ. താൻ ഗൃഹത്തിലേക്കു വന്ന അതിഥി, വിരുന്നുകാരൻ. ഉ. വഴിപോക്കൻ.

ആഗന്തു(ക)-വി. വരുന്ന, ഭവിഷ്യിക്കുന്ന.

ആഗന്തുകൻ-വിരുന്നുകാരൻ, വഴിപോക്കൻ.

അന്നമേനത്തിൻറെവട്ടങ്ങൾകൂട്ടി
ആഗന്തുകന്മാരേവന്നിടക്കുടി'
(ഹരണീസഖയംവരം തുള്ളൽ)

ആഗമജ്ഞൻ-വേദജ്ഞൻ.

ആഗമനനാമം - ക. യരവുനാമം ൨. ക്രിസ്തുവിൻറെ വരവുനാമം, ഇംഗ്ലീഷ് സഭയിൽ ആഭ്യന്തരയറാഴ്ച.

ആഗമനം, ആഗമം-വരവ്.

ആഗമം-ക. വേദം. ൨. വരവ്. ന. ശാസ്ത്രം. ൪. വ്യാകരണത്തിൽ പദങ്ങളുടെ കൂട്ടിച്ചേർക്കയാകുന്ന ഇടയിൽവരുന്ന വർണ്ണം.

[സംസ്കാരണമായി ഇങ്ങനെ ചേരുന്നത് യ്, വ് എന്നിവറ്റിൽ മറ്റൊന്നു ഉ-ം, ചാടി+ഓടി=ചാടിയോടി. തിരു+ഓണം=തിരുവോണം.]

൫. ചരിത്രം.

ആഗാരം-അമാവാസ്യ.

ആഗസ്ത്യൻ-അഗസ്ത്യൻ. അഗസ്ത്യൻ എന്ന ശബ്ദം നോക്കുക.

ആഗസ്സ്-ക. പാപം.

'ആഗസ്സണ്ടാക്കുന്നതവരെനീ
ഹന്തബോധിച്ചുസാധുൻ'
(മയൂരസന്ദേശം)

൨. കാഠം, അപരാധം. പ്രതികൂലാചരണത്തെ പ്രകാശിക്കുന്നത് എന്നർത്ഥം.

ആഗസ്വി-അപരാധി.

ആഗമം-കഴുത്തുവരെ.

ആഗാഖാൻ-മഹമ്മദീയസമുദായത്തിലാരുകൻ. സ്ഥലം. പശ്ചിമഇൻഡ്യ.

ആഗാമി-വി. വരുവാനുള്ള.

ആഗാമിക-വി. വരുവാനുള്ള.

ആഗാരധർമ്മം-വീട്ടിനുതീയയ്ക്കുക.

ആഗാരം-ഭവനം.

ആഗ്രു-പ്രതിജ്ഞ (ഏൽക്കുന്നത്), അംഗീകാരം. എല്ലാം അറിയുന്നത്, ഭരിക്കുന്നത്, എന്ന വ്യുൽപത്തി.

ആഗ്നാന്ധ്രം-തെക്കുഭാഗം (അന്ധ്രദേശം-പൂർവ്വഭാഗം സ്ഥിതിചെയ്യുന്നതാകയാൽ)വരെ.

ആഗ്നിക-വി. അഗ്നിയെ സംബന്ധിച്ച, യാഗാഗ്നിയെ സംബന്ധിച്ച.

ആഗ്നീധ്രൻ-ഋത്വിക്ക്, യാഗാഗ്നിയെ പോഷിപ്പിക്കുന്നവൻ.

അഗ്നീധ്രാഭികം(ഋത്വിക്കുകം)ക്ര. ക. അഗ്നീധ്രൻ. ൨. ബ്രഹ്മണാച്ഛംസി. ന. ഒരുമാതിരിവരുണൻ. ൪. ഹോതാവ്. ൫. പോതാവ്. ന. പ്രശാസ്താവ്. ൭ അദ്ധ്വര്യു. ൮. ഗ്രാവസ്തുത്. ൯. ബ്രഹ്മൻ. (ബ്രഹ്മാവ്) ക്ര. പ്രതിഹർത്താവ്. ക്ര. സുബ്രഹ്മണ്യൻ. ക്ര. ഉൽഗാതാവ്. ക്ര. പ്രതിപ്രസ്ഥാതാവ്. ക്ര. നേഷ്ടാവ്. ക്ര. നേതാവ്. ക്ര. ആഗ്നീധ്രവാകൻ. ഇവരേ യാഗക്രിയ ചെയ്യുന്നവർ.

ആഗ്നീധ്രം-ഹോമകുണ്ഡം.

ആഗ്നേയ-വി. അഗ്നിയെസംബന്ധിച്ച.

ആഗ്നേയകീടം-ശലഭം, തീയിൽപറന്നു വീഴുന്ന ഈയൽ.

ആഗ്നേയൻ-ക. അഗസ്ത്യൻ. ൨. കൃത്തികേയൻ. ന. അഗ്നിവന്ദനക്കാരൻ.

ആഗ്നേയപുരാണം-പതിനെട്ടു പുരാണങ്ങളിൽ ഒന്ന്.

ആഗ്നേയം-ക. സ്വർണ്ണം. ൨. കൃത്തിക നക്ഷത്രം. ന. ക്രവ പുരാണങ്ങളിൽ ഒന്ന്. ൪. ചോര. ൫. ഒരു രാജ്യം.

ആഗ്നേയി-ക. തെക്കുകിഴക്കേക്കോണ്, (അഗ്നികോണ്) ൨. അഗ്നിയുടെഭാര്യ.

ആഗ്നേയാൽഗാരം-അഗ്നിപർവ്വതത്തിൻറെ അന്തർഭാഗത്തിൽ നിന്നും ദ്രവിച്ചിട്ടുള്ള ധാതുക്കളും അതികഠിനമായ മൂടേടുകളും ക്രോറർ വഴിയായി തീവ്രമായ ജലപ്രവാഹംപോലെ പുറത്തേക്കിക്കുക.

[ക്രോറർ-ഭൂമി അഗ്നിപർവ്വതത്തിനകത്തുള്ള വസ്തുക്കളെ പുറത്തുകൊണ്ടുവരുന്നതിനു അഗ്നിപർവ്വതത്തിൻറെ വശങ്ങളിൽ ഉള്ള വഴിയായ ചാരമേകത്തു.]

ആഗ്ന്യാധാനികി-ഭക്ഷിണ.

ആഗ്രയണം, ആഗ്രായണം-പുത്തരിയുണ്ണ്. ബ്രാഹ്മണന്മാരുടെ ഒരു കർമ്മം.

ആഗ്രഹം-മോഹം, ഇഷ്ടം, ഇച്ഛ.

ആഗ്രഹായണി-മകീരം. അഗ്രത്തിങ്കൽ ഹായനത്തോടു (സംവത്സരത്തോടു) കൂടിയതു്. (മൃഗശീർഷ നക്ഷത്രത്തോടുകൂടിയ പൌർണ്ണമിയിൽ സംവത്സരത്തിന്റെ ആരംഭത്തിൽ പുതുയുഗധ്യാനം കൊണ്ടു് ഹവിർയ്യാഗം ചെയ്യുന്നതിനാൽ അഗ്രത്തിങ്കൽ ഹായനത്തോടുകൂടിയതു്) നവപൌർണ്ണമികളോടുകൂടിയതു്. മാർഗ്ഗശീർഷമാസം മുതൽക്കു വത്സരം ആരംഭിക്കുന്നതിനാൽ ഈ പേർ സിദ്ധിച്ചു.

ആഗ്രഹായണികം, ആഗ്രഹായണം-ധനുമാസം. അഗ്രഹായണി (മകയിരം) ഇതോടുകൂടിയ വെളുത്തവാവു് ഇതിങ്കലുള്ളതിനാൽ ഈ പേരുണ്ടായി

ആഗ്രഹി-ഇച്ഛയുള്ളവൻ, ആഗ്രഹമുള്ളവൻ.

ആഗ്രഹിക-സ്നേഹം. ൨. സഹായം.

ആഗ്രഹിക്കുക-ക്രി. മോഹിക്കുക. ൨. ഇച്ഛിക്കുക.

ആഗ്രഹിത-വി. മോഹിക്കപ്പെട്ട, ആഗ്രഹിക്കപ്പെട്ട.

ആഘട്ടനം(ം)-ക്രി. അടി. ൨. കയ്യു്. ന. മുട്ടു്. ൪. ഉരയൽ. ൫. തേപ്പു്.

ആഘട്ടനം-ഉരച്ചൽ. ൨. കുട്ടിമുട്ടൽ.

ആഘാടം-ക്രി. കൊല, ൨. ഒരു വാദ്യം. ന. അതിതു്.

ആഘാടി-ഒരു വാദ്യം.

ആഘാതം-ക്രി. അടി. ൨. കടലാടി. ന. കയ്യു്, മുറിവു്. ൪. കൊല്ലുക. ൫ കൊലസ്ഥലം.

ആഘൃണം-ചുവപ്പു്, ചെയ്യു്.

ആഘൃണനം-ചുറ്റൽ, ചുറിത്തിരിയൽ

ആഘൃണിത-വി ക്രി. തലചുറിക്കപ്പെടുവാൻ.

'പ്രേയ് വാഗ്വിക്ഷായൃഷ്ടികാ'
(അമരകോശം)

൨. തുറിച്ചുമിഴിക്കപ്പെട്ട. ന. ചുറിക്കപ്പെട്ട, ഉരുട്ടപ്പെട്ട.

ആഘൃണി-സൂര്യൻ.

ആഘോഷം-കോലാഹലം, അപ്പുവിളി.

ആഘോഷിക്കുക-ക്രി. അപ്പുവിളിക്കുക. ൨. കോലാഹലമായി നടത്തുക.

ആഘ്രാണം-മണപ്പിക്കൽ.

ആഘ്രാണിക്കുക-മണക്കുക.

ആഘ്രാത-വി. ക്രി. മണപ്പിക്കപ്പെട്ട.

'അനാഘ്രാതം പുഷ്പം പുനരധുവതാ
സ്വാദിതരസം'
(അഭിജ്ഞാനശാകുന്തളം)

൨. കവിയപ്പെട്ട.

ആങ്ങു്-അങ്ങു്. (പ-മ.)

ആങ്കോലം-അങ്കോലം. (അങ്കോലശബ്ദം നോക്കുക).

ആങ്ങ്-അ. ഒരു ഉപസർഗ്ഗം ക്രി പ്രാപ്തി. ൨. ഇച്ഛ. ന. ബന്ധനം. ൪. ഭയം. ൫. വാക്യം. ൬ ശ്ലേഷം, ൭ അഭിവിധി. ൮. സമ്പൂർണ്ണം. ൯. കൃത്സ്നം. ൧൦ ആദികർമ്മം. ൧൧. ഗ്രഹണം. ൧൨. നിശ്ചയം. ൧൩. സാമീപ്യം. ൧൪. വ്യക്തിയ. ൧൫. നിമന്ത്രണം. ൧൬. നിപുണത ൧൭. ആശിസ്സു്. ൧൮. ആരോഹം. ൧൯ അന്തർഭാവം. ൨൦. സ്പർശ ൨൧. ആഭിമുഖ്യം. ൨൨ ഉദ്ദ്യോഗം. ൨൩. വിസ്മയം. ൨൪. പ്രതിജ്ഞ. ൨൫ നിന്ദ്യം. ൨൬. ശക്തി ൨൭ ചുറ്റു. (ചെയ്യാമൂർത്തി) ക്രി. കരാ, കാച്ചു്. ൨. ഉടങ്ങി ന. വരെ, മാത്രം. ൪. അതിതു് എന്നീ അർത്ഥങ്ങൾ പ്രധാനം.

ആംഗ-വി. ക്രി. അവയവസംബന്ധമായ. ൨ ശരീരസംബന്ധമായ. ന. നാടകത്തിലേ താണതരം പാത്രങ്ങളെ സംബന്ധിച്ചു.

ആംഗലം-ഇംഗ്ലാണ്ട്.
ആംഗലന്മാർ-ഇംഗ്ലീഷുകാർ.
ആംഗ്ലേയൻ-ഇംഗ്ലീഷു തവണ്ണർ.
ആംഗാര-പ്ര. തീക്കൊള്ളിക്കുട്ടം. ഉ. കരി, കരിക്കട്ട
ആംഗികം-പ്ര. പിരികക്കൊടി മുതലായ അംഗങ്ങളെക്കൊണ്ടു മനിപ്പിക്കുന്നതിയ. പിരികക്കൊടി ഇളക്കുക മുതലായ അംഗവിക്ഷേപംകൊണ്ടു മനോഗതമർത്ഥത്തെ പ്രകാശിപ്പിക്കുക. ഉ. ശരീരസംബന്ധമായത്. (വ്യാകരണത്തിൽ) അഭിധാനിയമകങ്ങളിൽ ഒന്ന്.
ആംഗികൻ-മിമാവടിക്കുന്നവൻ.
ആംഗൻ-അംഗദേശരാജാവ്.
ആംഗം-രസന്തുമുള്ള ശരീരം.
ആംഗകൻ-പ്ര. അംഗദേശനിവാസി ഉ. അംഗദേശത്തെ രോഗിക്കുന്ന ആൾ.
ആംഗിരസൻ-വ്യാഴൻ. അംഗിരസ്സിന്റെ പുത്രൻ, ദേവകളുടെ ആചാര്യൻ.
ആംഗിരസ്സുകൾ-അംഗിരസ്സിന്റെ വംശത്തിൽ ജനിച്ച മീശ്വരന്മാരായ അംഗിരസ്സിന്റെ പുത്രന്മാർ.
ആംഗ്യം-കൈകൊണ്ടു മുതലായ അംഗങ്ങളെക്കൊണ്ടു അറിയിക്കുന്ന ഭാവം, കൈകൊണ്ടിയ, നവരസങ്ങളെ നടിക്കുക.
ആങ്ങളം-പ്ര. ഉടപ്പിറന്നവൻ, സഹോദരൻ. ആങ്ങളം><പെങ്ങളം. നായർ സ്ത്രീകളുടെ സഹോദരനെ ആങ്ങളം എന്നു വിളിക്കുന്നു. ഉ. പുരുഷൻ.
ആചണ്ഡാലൻ-ബ്രാഹ്മണൻ മുതൽ പറയൻ വരെ.
ആചന്ദ്രകാലം-ചന്ദ്രൻ ഉള്ളിടത്തോളം.
ആചന്ദ്രതാരകം, ആചന്ദ്രതാരം-ചന്ദ്രനും നക്ഷത്രങ്ങളും ഉള്ള കാലംവരെ.
ആചന്ദ്രാർക്കം-ചന്ദ്രനും അർക്കനും (സൂര്യനും) ഉള്ള കാലംവരെ.
ആചമനം-ബ്രാഹ്മണർ ജലംകൊണ്ടു ശരീരശുദ്ധിചെയ്യുക, വെള്ളം കുറച്ചു ഭക്ഷിക്കപ്പെടുന്നതിനാൽ ഈ പേരുണ്ടായി.
ആചമനീയം-ആചമിപ്പാനുള്ള ജലം.
ആചമിക്കുക-ജലംകൊണ്ടു ശരീരശുദ്ധി ചെയ്യുക.
ആചയം-പ്ര. കൂനപോലെ കൂട്ടിയത്; കൂമ്പാരം. ഉ. ധാരാളം ശേഖരിച്ചത്.
ആചയകൻ-ശേഖരിപ്പാൻ സാമർത്ഥ്യമുള്ള.
ആചരണം-അനുഷ്ഠാനം, നടത്തൽ.
ആചരിക്കുക-പ്ര. നടത്തുക, അനുഷ്ഠിക്കുക, ചെയ്യുക. ഉ. ശീലിക്കുക.
ആചരിതം-ആചരിക്കപ്പെട്ടത്, നടത്തം.
ആചാര്യാചാര്യൻ-അനുകരണീയമായ നടപടിയോടുകൂടിയവൻ.
ആചാമം-വാങ്ങിക്കഞ്ഞി. ആചമിക്കപ്പെടുന്നത് (ഭക്ഷിക്കപ്പെടുന്നത്) എന്നർത്ഥം.
ആചാമനകം-പടിക്കം, തുപ്പാനുള്ള പാത്രം.
ആചാരദീപം-ആചാരത്തിനെ കാണിക്കുന്ന വിളക്ക്. 'നിറനാഴിയും വിളക്കും' എന്നും മറ്റും പ്രസിദ്ധമാണല്ലോ.
ആചാരം-പ്ര. നടപ്പ്. ഉ. മര്യാദ, ന. മുറ, ര. ചട്ടം. ഇ. അനുഷ്ഠാനം.
ആചാരാനുരാധേന-ആചാരപ്രകാരം.
ആചാര്യകം-പഠിപ്പിപ്പ്, പഠിപ്പിക്കുക, വാദ്ധ്യാർവേല.
ആചാര്യത, ആചാര്യതാ-ആചാര്യന്റെ അവസ്ഥ.
ആചാര്യത്വം-ആചാര്യന്റെ മന്ത്രം, ആചാര്യാനി എന്ന പദ്ധതിയേം.
ആചാര്യൻ-ഗുരു, വാദ്ധ്യർ, ആശാൻ, പട്ടക്കാരൻ. തന്റെ ശിഷ്യജനങ്ങളെക്കൊണ്ടു ധർമ്മങ്ങളെ ആചരിപ്പിക്കുന്നവൻ എന്നു ശബ്ദാർത്ഥം.
ആചാര്യൻ-സ്വയം പഠിപ്പിക്കുന്ന സ്ത്രീ, മറ്റുള്ളവരെക്കൊണ്ടു ചെയ്യുന്നവളുടെ പേർ. ആചരിക്കുന്നവൾ എന്നു ശബ്ദാർത്ഥം.

[പണ്ടു സ്ത്രീകൾ ഉപനയനാദിസംസ്കാരവും ഗായത്രി ജപവും വേദം അഭ്യസിപ്പിക്കലും നടത്തിവന്നിരുന്നു എന്നു യമസ്മൃതി തെളിയിക്കുന്നു ]

ആചാര്യാനി-ആചാര്യന്റെ ഭാര്യ. ഇതിൽ 'ന'കാരത്തിനു ണത്വം ഇല്ല

[ആചാര്യാണി എന്നതു തെറ്റാകുന്നു. 'ന'കാരത്തിന്റെ സ്ഥാനത്തു 'ണ'കാരദേശത്തിനു നിഷേധമുണ്ടാകയാൽ 'ആചാര്യാണി' എന്ന ശബ്ദത്തിനു ശാസ്ത്രസമ്മതിയില്ല.]

ആചിത-വി. കൂട്ടപ്പെട്ട. പ. പരുങ്ങപ്പെട്ട. ന. കോൾക്കൊപ്പെട്ട. ര. മൂടപ്പെട്ട.

ആചിതം, ആചിതി-ഒരു വണ്ടിയിൽ കയറാവുന്ന ഭാരം, പത്തുഭാരം (പാരം) വലിച്ചതു് എന്നു ശബ്ദാർത്ഥം.

ആചീന-വി. പത്തു ഭാരം തൂങ്ങുന്ന.

ആചൂഷണം-വലിച്ചുകുടിക്കുക, വായ്കൊണ്ടു വലിയ്ക്കുക.

ആച്ചി-ഇടയത്തി. പുല്ലിംഗം-ആയൻ.

ആച്ചിയാർ-വൈശ്യസ്ത്രീ.

ആച്ചു്-ഫ. തഞ്ചം. പ. സൌകര്യം, തക്കസമയം.

ആച്ചുക-കനം നോക്കുക.

ആച്ഛന്നം-മറയ്ക്കപ്പെട്ടതു്.

ആച്ഛാകം, ആച്ഛാദകം-ഒരുവൃക്ഷം (ആക്ഷികം).

ആച്ഛാദനം-ഫ. മറയ്ക്കുക. പ. മൂടി. ന. കപ്പുയം. ര. മറ. ള. വസ്ത്രം. ഇതുകൊണ്ടു് ആച്ഛാദനം ചെയ്യുന്നു എന്നർത്ഥം.

ആച്ഛാദനി-ഫ. മറ. പ. വസ്ത്രം.

ആച്ഛാദിക്കുക-ഫ. മറയ്ക്കുക, മൂടുക. പ. മൂടുക.

ആച്ഛാദിത-വി. ഫ. മറയ്ക്കപ്പെട്ട, മൂടപ്പെട്ട. പ. മൂടപ്പെട്ട.

ആച്ഛുരിത(ക)ം-രോമാഞ്ചിച്ചിരിക്കുക. മരാരാതിയുടെ മത്സ്യിനെ പിളർക്കുന്നതു് എന്നു ശബ്ദാർത്ഥം

ആച്ഛാദനം-നായാട്ടു്. ഇതിൽ ഉൾപ്പെടുകയും ആച്ഛാദിക്കപ്പെടുന്നതിനാൽ ഈ പേർവന്നു.

ആച്ഛാടനം-ഞൊട്ടയൊടിക്കുക.

ആജകം-കോലാടിൻകൂട്ടം, ആട്ടിൻകൂട്ടം.

ആജകാരൻ-ശിവന്റെ കാള.

ആജനനം-ഉന്നതമായ ജനനം (ഉത്തമം)

ആജനനം-അ. ജനനം മുതൽ.

ആജന്മം-അ. ജനിച്ച നാൾമുതലുള്ള.

ആജഗവം-ശിവന്റെ വില്ലു്. 'അജഗവം' എന്നതു നോക്കുക.

ആജം-ഉരുക്കുന്നെയ്യു്. പ. ആട്ടിൻപാൽ.

ആജയനം-ഫ. ജയം. പ. യുദ്ധം.

ആജാനമനോഹരം-പ്രകൃത്യാതന്നെ മനോഹരം.

'രാജാനമനുമേതരവോദ്ധ-
മാജാനമനോരമമെന്തു കഥം'

(നളചരിതം കഥകളി)

ആജാനു-അ. മുട്ടുവരെ.

ആജാനുബാഹു-വി. കൈമുട്ടുകളോളം കയ്യും നീളമുള്ള.

ആജാനം-ഫ. ജന്മഭൂമി. പ. ജനനം.

ആജാനി-ഫ. ജനനം. പ. വംശം.

ആജാനേയം-നല്ലജാതി കുതിര. കുതിരക്കാരൻ സംജ്ഞകളെ അറിയുന്നു് എന്നു വ്യുൽപത്തി.

മരാരാതിചൂഡാഭം-കഫീനം.

[എല്ലാ അശ്വലക്ഷണങ്ങളും തികഞ്ഞ ആൺകുതിരയിൽനിന്നു് ഏതിധമുള്ള പെൺകുതിരയിൽ ഉണ്ടാകുന്നതായിരിക്കുന്നതും.]

ആജി-ഫ. യുദ്ധം.

'ആജിതന്നിൽനിന്നു കൊടുവരുത്തുന-
രോജിതപുത്രപൗത്രനന്നിധാനൻ'

(സുഭദ്രാഹരണം കഥകളി)

പ. സമരഭൂമി.

ആജിക്രിയ-ശബ്ദം, യുദ്ധം.
ആജിശൂരൻ-യുദ്ധവിദഗ്ദ്ധൻ.
ആജീവകഫലം-പേയത്തി.
ആജീവനാന്തം-അ. ജീവിച്ചിരിക്കുന്ന കാലം മുഴുവനും, ജനനം മുതൽ മരണം വരെ.
ആജീവം-ജീവനോപായം, ഉപജീവനം. ഇതുകൊണ്ടു ജീവിക്കുന്നു എന്നർത്ഥം.
ആജീവ(ന)ം-പ്ര. ഉപജീവനം. ര. ഉപജീവനത്തിനുള്ള പ്രവൃത്തി.
ആജീവകൻ-ഭിക്ഷക്കാരൻ.
ആജ്ഞ-പ്ര. ബലാൽക്കാരേണ നരകത്തിലിടുക എന്ന ക്രിയ. നരകദുഃഖത്തെ അനുഭവിക്കുന്നതു് എന്നർത്ഥം. ര. നരകത്തിലിടപ്പെടുന്ന പ്രാണി. ന. ക്രൂരികൊടുക്കാതെ വേലയെടുപ്പിക്കുക.
ആജീവിക-ജീവനോപായം.
ആജ്യം-നെയ്യ്. അന്നത്തിൽ ഒഴിപ്പാൻ യോഗ്യം എന്നു ശബ്ദാർത്ഥം. മറവു പറ്റുന്നയങ്ങൾ-ഘൃതം, ഘവിസ്സ്, സപ്പിസ്സ്.
ആജ്ഞ-കല്പന, നല്ലവണ്ണം അറിവുകൊടുക്കുന്നതു് എന്നു ശബ്ദാർത്ഥം. മറവു പറ്റുന്നയങ്ങൾ അവധാരം, നിർദ്ദേശം, നിദേശം, ശാസനം, ശിഷ്ടി. ആജ്ഞയുടെ തത്ത്വം-ആണ.
ആജ്ഞപ്തി-കല്പന.
ആജ്ഞാകരൻ-ഭൃത്യൻ. ആജ്ഞയെ ചെയ്യുന്നവൻ എന്നർത്ഥം.
ആജ്ഞാകാരിണി-വേലക്കാരി.
ആജ്ഞാചക്രം-ആധാരങ്ങളിൽ ഒന്നു്.
ആജ്ഞാപക-വി. കല്പിക്കുന്ന, കല്പന കൊടുക്കുന്ന.
ആജ്ഞാപത്രം-കല്പന എഴുതിയ കടലാസ്.
ആജ്ഞാപനം-കല്പന.
ആജ്ഞാപിക്കുക-കല്പിക്കുക.
ആജ്ഞാഭംഗം-കല്പനയ്ക്കു വിരോധം.
ആജ്ഞാപിത-വി. കല്പിക്കപ്പെട്ട
ആജ്ഞാപ്രതീക്ഷി-ആജ്ഞയെ കാത്തു നിൽക്കുന്നവൻ. സ്ത്രീലിംഗം-ആജ്ഞാപ്രതീക്ഷിണി.
ആജ്ഞാവശംവദൻ-ആജ്ഞയെ അനുസരിക്കുന്നവൻ.
ആജ്ഞാവശീകൃതൻ-വരുതി കേറിയവൻ.
ആജ്ഞാവഹൻ-വേലക്കാരൻ.
ആജ്ഞാവിധേയ-വരുതികേറിയവൻ.
ആജ്യാഹുതി-ആജ്യംകൊണ്ടുള്ള ഹോമം
ആഞ്ഞുക-മുന്നോട്ടുചാടുക, ആയുക.
ആഞ്ഞിലി, ആഞ്ഞലി-അയനിമരം. 'അയനി' എന്നതു നോക്കുക. അയണി എന്നും പറയാറുണ്ടു്. ഇതിന്റെ പഴം വളരെ നിന്ദ്യമാണു്.
ആട-വസ്ത്രം (മുഖ്യമായി സ്ത്രീകളുടേതാണു്) കുട്ടികളും വിശേഷദിവസങ്ങളിൽ ഉടുക്കുന്ന വസ്ത്രത്തിനു 'ചിറ്റാട' എന്നുപേർ.
ആടകം-മേലാട.
ആടരൂഷകം-ആടലോടകം. 'ആടരൂഷം' നോക്കുക.
ആടൽ-പ്ര. ഉൽകണ്ഠ.

'കൂടുള്ളുടക്കരയുമതിനടെ
ചാരുനീയന്തികേ ചെ-
ന്നാടൽകൈക്കല്ലാമതു യുവ
കേണനമൻക്ഷമമേതി'

(മയൂരസന്ദേശം)

ര. വ്യസനം, ദുഃഖം. ന. ആട്ടം (ആടുക) ചാഞ്ചാട്ടം, അനക്കം. ശ. ഇളക്കം. ഷ. ഉലഞ്ഞാട്ടം.
ആടലോടകം-ഒരു പച്ചമരുന്നു്. പര്യായങ്ങൾ-രോഗഭൈഷജം, സിംഹി, വാംശിക (വാസിക), വൃഷം, അതൃക്ഷം (ആതൃക്ഷം), സിംഹാസ്യം, വാസകം (വാശകം), വാജിദന്തകം-വ. ഇതിന്റെ വേരു ചതച്ചിടുക വിശേഷം. ആടലോടകം

കം ഭേഷധിക്ക പച്ചുമായിരിക്കണം. ഛർദ്ദി, കാസം, രക്തപിത്തം ഇവയെ ശമിപ്പിപ്പാൻ പ്രധാനം. ഇതിന്റെ ഇല ശീതമാണ്, രസം തിക്തം പാക ത്തിൽ കടു ഗുരുഹിയാണ്. വാതകൃമി കഫപിത്തജ്വരത്തുമകറ്റും.

ആടി–കർക്കടകമാസം.

ആടിമാതങ്ങാ–മഴക്കാലം. (പ-മ)

ആടു്–ഒരു നാല്കാലിമൃഗം.

[മലയാടു്, വരയാടു്, കോലാടു്, വെള്ളാടു്, പള്ളാടു്, ചെമ്മരിയാടു് ഇങ്ങിനെ പലവിധമുണ്ടെന്നു അജ, ഛാഗി പു-ം, പെൺകോലാടിന്റെ പേർ. സ്ഥൂരം, ഛാഗം, ബസ്തം, ഛാഗലകം, അജം ഇ-ം, കോലാടിന്റെ പേർ. മേഢ്രം, ഉരഭ്രം, ഉരണം, ഊർണ്ണായു, മേക്ഷം, വൃഷ്ണി, ഏഡകം ഒ-ം, കറിയാടിന്റെ പേർ. അജ, ഛാഗി ഇവ വെളുത്ത പെണ്ണാടിന്റെയും സ്തംഭേരി ഇ-ം, വെളുത്ത ആണാടിന്റെയും മേഢ്രാരി ഒ-ം, ചെമന്ന ആടിന്റെയും പേരെന്നു ചിലർ പക്ഷം.]

[പെരു (Peru) ദേശത്തിൽ മൃദുവായ നീണ്ട രോമങ്ങളോടുകൂടിയ ഒരു വകഭേദമുള്ള ആടുണ്ട്. അതിനുപേർ Alpaca (അല്പക്കാ) എന്നു പറയുന്നു പടം നോക്കുക.]



ആടുക–അങ്ങോട്ടും ഇങ്ങോട്ടും മാറി മാറി പ്പോവുക, തൂങ്ങുക, അലയുക പ. കളിക്കുക (നാടകം ആടുക). ന. മുഴുകുക, (തീർത്ഥമാടുക), നായാടുക, എണ്ണയാടുക.

ആടുതീണ്ടാപ്പാല, ആടുതൊടാപ്പാല–ഒരു ഔഷധം, വേലിപ്പരുത്തി.

ആടുമാടു്–കന്നുകാലി.

ആടോപാല–ആടുകൊടുപ്പാല.

ആടോപം–മ. ത്വം.

'സംഭേപംവികടഗഭീരഗർത്തനേത്രം' (അംബരീഷചരിതം കഥകളി)

പ. ആഡംബരം. (സംസ്കൃതത്തിൽ) സമാംസമീന എന്നു പേർ.

ആട്ട–ആണ്ടു്. ഉ-ം ആട്ടപ്പിറന്നാൾ, ആട്ടമാവു് ഇത്യാദി.

ആട്ടക്കഥ–കേരളത്തിൽ അഭിനയയോഗ്യമായ ഒരുതരം പ്രബന്ധകൃതി. ഇതു ഇവിടെ നടപ്പായിട്ടു ഏട്ടു ശതവർഷം കഴിഞ്ഞിരിക്കും. (കഥകളി എന്നതു നോക്കുക).

ആട്ടക്കന്നി–ആണ്ടിൽആണ്ടിൽ പെറുന്ന പശു.

ആട്ടക്കാരത്തി–ആടുന്നവൾ, വേഷംകെട്ടി കളിക്കുന്നവൾ, പദ്മാഭരണം–നർത്തകി, ലാസിക.

ആട്ടി(ണ്ടു)ങ്ങ–കാട്ടുവെള്ളരിക്ക.

ആട്ടപ്പിറന്നാൾ–ആണ്ടുതോറും വരുന്ന പിറന്നാൾ.

ആട്ടാ–കളി, കഥകളി, രംഗനാടകം.

ആട്ടവിശേഷം–ആണ്ടുതോറും വരുന്ന വിശേഷദിവസം, പെരുന്നാൾ.

ആട്ടിക്കടിയൻ–കരക്കൻ(നായാട്ടുപേർ).

ആട്ടിടയൻ–ആട്ടിനെ മേയ്ക്കുന്നവൻ, പദ്മാഭരണം–ജാബാലൻ, അജജീവൻ.

ആട്ടിങ്കല്ലു്–ശോരോചന.

ആട്ടിനറുങ്കനം–പരുത്തിയപ്പെടുത്തിയപ്പോൾ. (പ-മ)

ആട്ടിൻകുട്ടി–ആട്ടിൻകുട്ടി, കണ്ണാടു്.

ആട്ടിൻകൊമ്പു്–ആട്ടിൻകൊമ്പു്. ഇതു കണ്ണിനുപയോഗം.

ആട്ടിൻപല്ലു്–ആട്ടിൻപല്ലു്. കണ്ണിനു ഹിതം.

ആട്ടിൻപാൽ–ആട്ടിൻപാലു്.

ആട്ടിൻപിഴുക്ക–ആട്ടിൻകാഷ്ഠം (മലം).

ആട്ടിൻപെട്ടി–ആട്ടിൻകൂടു്.

അട്ടിൻമരാമം-അട്ടിന്റെ രോമം.

അട്ടുക-ചെക്കിലിട്ട തെക്കി എണ്ണ ഏട്ടുക്കുക. ക. ഇളക്കുക. ന. പുറത്തുപൊയ്യുംമ്പിക എന്നും മറവും കോപ്പുത്തോട്ടുപറക, അലക്ഷ്യമാക്കുക. ര. അങ്ങും ഇങ്ങും അടുന്നതിന് ഇടയാക്കുക.

അട്ടുകട്ടിൽ-ഉരത്തോൽകട്ടിൽ, തൊട്ടി.

അട്ടുകല്ല്-കഴിയുള്ളതും പലഹാരം മുതലായവയ്ക്ക് അരിയും മറവും അട്ടുന്നതുമായ ഒരു പണിചെയ്ത കല്ല്.

അട്ടുകൊട്ടുപ്പാല, അട്ടുകൊട്ടുമ്പാല-അട്ടതിന്നാപ്പാല, അടോറാപ്പാല, വേലിപ്പത്തി എന്ന ചിലർ പറയുന്നു. പയ്യുംയങ്ങും, അജശൃംഗി, വിഷാണി.

[ഇതു വിഷഹരമാണ്. സന്നിപാതത്തിനു നന്ന്. വാതം, ജ്വരം, ഗ്രന്ഥം, ശൂല, അഷ്ഠീല, മഹോദരം, അഗ്നിമാന്ദ്യം, രക്തവിഷേത, വ്രണം ഇവയ്ക്കു നന്ന്. മഞ്ഞപ്പുവുള്ളതു കണ്ണിനു ഹിതം]

അട്ടുകൊറവൻ-മുട്ടാട്ട്, ആണാട്ട്.

അട്ടുനാറിവേള-വേള, നായർവേള പയ്യുംയങ്ങും-ഇബ്രം, കബരി, തുംഗി, ഖരപുഷ്പം, അജഗന്ധിക.

അട്ടെ-(ഒരു പ്രധാന വ്യഞ്ജനപാകം) അനസരിച്ചു പാക.

അഡംബരം-പ. അലങ്കാരം. ക. കോലാഹലം. ന. യജ്ഞോത്സവം. ര. അനയുടെ അലച്ച്. ങ. ആരംഭം. ഞ. അഹംഭാവം. ട. യുദ്ധാരംഭത്തിലും യുദ്ധാവസാനത്തിലും ചെയ്യുന്നതെന്നു വിധിയുള്ള ആഹാരം ചെയ്യുന്നതെന്നു 'ആവശ്യം.' അതിനു സമ്പത്തുള്ള വട്ടങ്ങും വേണമെന്നു 'അഡംബരം'

അഡാകം-നാലിടങ്ങഴി വിത്തു വിതയ്ക്കുന്ന സ്ഥലം.

അഡ്യ-വി. പ. ധനമുള്ള, സമ്പത്തുള്ള. ക. ശ്രേഷ്ഠമായ.

അഡ്യൻ-പ. ധനവാൻ. സമൃദ്ധിയുണ്ടുകൊണ്ടിരിക്കുന്നവൻ എന്നർത്ഥം. മറവു പയ്യുംയങ്ങും-ധനി, ഇഭ്യൻ. ക. ശ്രേഷ്ഠൻ. ന. അഷ്ടഗ്രഹക്കാരിൽഒരാൾ (അഷ്ടഗ്രഹക്കാർ-ബ്രാഹ്മണരിൽ ശ്രേഷ്ഠതയുള്ള ഒരു സംഘക്കാർ). ര. പ്രഭു.

'പരിവാരങ്ങളും ഭൃത്യങ്ങളും
പിശാചങ്ങളുണ്ടനേകം
നിസ്സുപാഡ്യൻ താനെ-
ന്നുണ്ടൊരു ഭാവമുള്ളിൽ'

(രക്ഷയാഗം കഥകളി)

അണൻ-അണ് (പുരുഷൻ).

അണ-ശപഥം, സത്യം.

അണകൻ-ജാത്യാചാരകുലാഭികരണങ്ങളെക്കൊണ്ടു നിന്ദിക്കപ്പെട്ടവൻ. 'അണക' ശബ്ദം നോക്കുക.

അണത്ത-പ. പുരുഷന്റെ അവസ്ഥ, പുരുഷത്വം. ക. ധീരത.

'അണത്തംനടിച്ചുവരോണംപോലെല്ലാമാ
(ഹിഡിംബവധം തുള്ളൽ) [ളും'

അണ-പ. ചാവ്. ഉ-ം, അട്ടുണ്ണം, കോഴിയാണം. ക. സൂപ്പ് (ഇറച്ചിച്ചാറ). ന. കഴയ്ക്. അണം><കക്ഷണം.

അണി-പ. ഇരിയ്ക്ക, മരം മുതലായവകൊണ്ടു മനുഷ്യർപ്പിച്ച് കയ്യുംകൊണ്ടു മുണ്ടാക്കുന്ന വസ്തു. ഉ-ം, പടിപ്പുരണി, കടയാണി. ക. പൊന്നിന്റെ മഹത്ത് ഉരച്ചുനോക്കുന്നതിനു ചെമ്പുകൊണ്ടുണ്ടാക്കുന്നു. ന. പട (കക്ഷ) യിൽ അക

അതിരിക്കുന്ന (ആണി) കണ്ണൻ ക. മ റെപ്പും ആശ്രയിച്ചുനിൽക്കുന്ന രേ ആപ്പ്. ഉ-ം, കണ്ണൻ കൈരവക്ക് കര ണിയണ്ട്.

ആണിക്കണ്ണ-ഒരു വക മത്സ്യം.

ആണിക്കുട്ടം-മാറാറിവൻ പലതര ത്തിൽ സപ്തസ്വരങ്ങളുണ്ടാക്കിയ സപ്ത ശകലങ്ങൾ.

ആണിപ്പൊന്ന-മാറയ്ക്കുടിയ പൊന്ന്.

ആണിമാണ്ഡവ്യൻ-ഒരു ഋഷി. (ആ ണിമാണ്ഡവ്യൻ എന്നതു നോക്കുക.)

ആണില്ലക്കാർ-ഭർത്താവിന്റെ ബന്ധു ക്കൾ.

ആണ്ട, ആണ്ടൽ-മുള, തളിർ.

ആണ്ടങ്ങ, ആട്ടക്ക-കാട്ടുവെള്ളരിക്ക.

ആണ്ടൽ, ആണ്ടാൽ-ഇല്ലിക്കുമ്പ്, മുള ക്കുമ്പ്.

ആണ്ടാൻമുള-മുളംകുമ്പ്.

ആണ്ടി-പ. സുബ്രഹ്മണ്യന്റെ മകനാൻ. ഉ. പണ്ടാരം. സ. മോക്ഷത്തിനായിട്ട് ഇരന്നുനടക്കുന്നവൻ.

ആണ്ടിയാട്ടം-പ. പണ്ടാരങ്ങൾ ഹനുമാ ന്റെ മുഖം വെച്ചുകെട്ടി ആടുക. ഈ പ ണ്ടാരത്തിനെ സാധാരണ 'ഹനുമാൻ പണ്ടാരം' എന്നു വിളിക്കുന്നു. ഉ. ഒരു വിധം കളി.

'ആണ്ടിയാട്ടവുമായുധക്കളി
പാഠകം പല ചാട്ടവും'

(സഭാപ്രവേശം തുള്ളൽ)

ആണ്ടിയൂട്ട്-പണ്ടാരങ്ങൾക്ക് ഭക്ഷണം കൊടുക്കുക.

ആണ്ട്-സംവത്സരം (പ്ര മാസം) പഴ്സ്, യങ്ങൾ-സംവത്സരം, വത്സരം, അബ്ദം, ഹായനം, ദേരുള്ള്, സമകം.

'വത്സരംമുന്നൂററുപത്തുഞ്ചുകാലമപ്പോൾ
മന്നരക്കർക്കണ്ടോന്നുദേവകർക്കൊരഹോരാത്രം'

(ഭാഗവതം)

ആണ്ടുപൂണ്ടു വന്നണഞ്ഞു (ആണ്ടുപൂണ്ട കാ-വന്നണയുക.)

ആൺപാട്ട്-പ. പുരുഷന്റെ പ്രവൃത്തി. ഉ. ആൺപിറന്നവൻ, പുരുഷൻ.

ആണ്മ-ആണത്തം, ധീരത.

'ആണ്മതിരണ്ടോരനാനുഭവൻ'

(കൃഷ്ണഗാഥ)

ആണ്മറി-തെങ്ങയുടെകീഴ് പകുതിഭാഗം.

ആതങ്കം-പ. രോഗം, ഉ. ദുഃഖം, സ. ഭയം, വളരെ കഷ്ടതയിൽ ജീവിക്കുക എന്നർത്ഥം.

ആതഞ്ചനം-പ. പാത്രത്തിൽ ഉറവീഴ്ത്തുക, കഷായത്തിൽ മേലൊട്ടി ചേർക്കുക, എ ണ്ണയിൽ കല്ലും ചേർക്കുക ഇത്യാദി. ഉ. സന്തോഷിപ്പിക്കുക. സ. വേഗം. കൂടി ച്ചേരുക എന്നു ശബ്ദാർത്ഥം. ക. ഭോഗാ ദികളിൽ നീരസമുള്ള പൊരുൾ.

ആതത-വി. വിസ്താരമുള്ള, പരന്ന.

ആതതായി-പ. ക്ഷുദ്രന്മാരെയെടുത്തവൻ, മർമ്മകവചാദികളെ ഭേദിക്കുന്നു സന്നദ്ധനായിട്ടു ശത്രുവിനെ കൊല്ലുന്നതിനു തയ്യാറായി പുറപ്പെട്ടവൻ. ഉ. കള്ളൻ. സ. കവർച്ചക്കാരൻ. സ്ത്രീലിംഗം-ആതതായിനി

ആതനം-പ. കുഴി, ഉ. വിസ്താരം, വ്യാപനം.

ആതപത്രം-പ. വെൺകുടഞ്ഞെ. ആതപത്തിൽനിന്നു ത്രാണംചെയ്യുന്നതു (രക്ഷിക്കുന്നതു) എന്നർത്ഥം. ഉ. കുട.

ആതപനൻ-ശിവൻ.

ആതപം-വെയിൽ. എല്ലാരിക്കും (എല്ലാം) തപിപ്പിക്കുന്നതു എന്നു ശബ്ദാർത്ഥം. പ്രകാശമാത്രത്തിനും (നിലാവിനും) പായും മറ്റും അഭിപ്രായം കാണുന്നു. ചന്ദ്രന്റെ പാർശ്വപ്രദേശങ്ങളും കാണുന്നുണ്ട്.

'ആതപംമഴമതത്തിനെന്നുമറിയാതെ'

(അന്യാപദേശശതകം)

ആതപവാരണം-കുട. വെയിലിനെ തടുക്കുന്നതു എന്നു ശബ്ദാർത്ഥം.

ആതപീയ-വെയിൽതട്ടുന്ന, വെയിലുള്ള.

ആതരം-തേങ്ങക്കുലി, കപ്പൽക്കുലി. ജലമാർഗ്ഗസഞ്ചാരത്തിൽ കടത്തുന്ന സാധനങ്ങൾകൊണ്ടു നടക്കുന്നവർക്ക് കൊടുക്കുന്ന കൂലി. ഇതുകൊണ്ടു തോണിക്കടപ്പുൽക്കഴിയുന്നതിനാൽ ഈ പേർ വന്നു.

'തരണസുസേമിതി തരതീമയമുപകൃതവാനതരം നാവികയേ' (മുരാരി)

ആതാപി, ആതായി-അളിക്കൺ കുരുവി, തന്റെ കൂട്ടരെ രക്ഷിക്കുന്നത്. മറ്റൊരു പക്ഷിയും-ചില്ലും; മലങ്കേരികിൽ, പരുന്ത് ഇങ്ങിനെയും പറയുന്നു.

ആതാമ്ര-വി. ചെമ്പിച്ച നിറമായ, കറുപ്പു ചെമന്ന.

ആതായി-ഒരു പക്ഷി. (ആതാപി നോക്കുക).

ആതാളിക്ക-വിളിച്ചുബഹളം കൂട്ടുക.

ആതി-പൊന്നാൻ, ഒരു പക്ഷി.

ആതിച്ചനല്ലൂർ-തിരുവിതാംകൂറിൽ കൊല്ലം താലൂക്കിലെ ഒരു പകുതി.

ആതിഥ്യം-അതിഥിക്കായുള്ള അന്നാദി. അതിഥിസല്ക്കാരത്തുല്യമായ ക്രിയകൾ വിശേഷിപ്പിയ്ക്കും, അതിഥിസല്ക്കാരം.

'ആതിഥ്യനന്നിമന്ത്രിച്ചുടനേ'
(അംബരീഷചരിതം കഥകളി)

ആതിഥ്യ, ആതിഥേയ-വി. അതിഥികളെ സല്ക്കരിക്കുന്നതിന് യോഗ്യമായ.

ആതിര-തിരുവാതിരനക്ഷത്രം.

ആതു-പൊങ്ങുതടി, ചങ്ങാടം.

ആതുര-രോഗമുള്ള. ഉ. പാരവശ്യമുള്ള.

ആതുരൻ-പ. രോഗി. ഉ. പരവശൻ. രോഗശാന്തിക്കായി ബഹുമുട്ടുന്നവൻ എന്നു ശബ്ദാർത്ഥം.

ആതുരത-പ. രോഗിയുടെ അവസ്ഥ ഉ. പരവശത.

ആതുരശാല-ആശുപത്രി.

ആത്തുളി-ശബ്ദം, മുഴക്കം. തമിഴിൽ-അത്തുളി.

ആതോദ്യ-വീണ മുതലായ തന്ത്രിവാദ്യത്തിന്റെയും, മദ്ദളം മുതലായ ആനദ്ധവാദ്യത്തിന്റെയും, വംശാദിയായ സുഷിരവാദ്യത്തിന്റെയും, കാംസ്യതാളാദിയായ ഘനവാദ്യത്തിന്റെയും സാമാന്യമായ പേർ. എങ്ങും അടിക്കപ്പെടുന്നത് എന്നു ശബ്ദാർത്ഥം.

[തന്ത്രം-വീണ മുതലായ വാദ്യങ്ങൾ. സുഷിരം-ഓടക്കുഴൽ മുതലായ വാദ്യങ്ങൾ. ഘനം-ഓട്ടുകൊണ്ടുണ്ടാക്കപ്പെട്ട താളക്കുട്ടമുതലായത്. കാംസ്യം-ഓട്ടുകൊണ്ടുണ്ടാക്കിയത്.]

'തന്ത്രം വീണാദികം വാദ്യ
മാനദ്ധം മുരജാദികം
വംശാദികന്തുസുഷിരം
കാംസ്യംതാളാദികംഘനം' (അമരം)

ആത്ത-വി. പ. പ്രാപിച്ച. ഉ. എടുക്കപ്പെട്ട (അ+ദത്ത).

ആത്ത-ഒരു വൃക്ഷം.

ആത്തഗന്ധ-വി. പ. സുഗന്ധമുള്ള. ഉ. താത്തപ്പെട്ട.

ആത്തഗന്ധ, ആത്തഗവ്-വി. പരിഭവിക്കപ്പെട്ട, മറ്റൊരുത്തനാൽ ഗർവ്വം നശിപ്പിക്കപ്പെട്ട.

ആത്തഗവ്ൻ, ആത്തഗന്ധൻ-മറ്റൊരുത്തനാൽ ഗർവ്വം നശിപ്പിക്കപ്പെട്ടവൻ. ഇവിടെ ശബ്ദാർത്ഥത്തിനു 'ഗർവ്വം' എന്നർത്ഥം. ആത്തഗവ്ൻ എന്നതിനു ഗർവ്വത്തെ കളഞ്ഞവൻ എന്നു ശബ്ദാർത്ഥം.

'ഗന്ധോഗന്ധകയോരേക
സംബന്ധാലശബ്ദയോഃ' (വിശ്വം)

ആത്തഗർവ്-വി. അഹംഭാവമുള്ള.

ആത്തചാപൻ-ആത്ത (എടുക്കപ്പെട്ട) ചാപത്തോടു (വില്ലോടു) കൂടിയവൻ.

'ശ്രീരാമനെന്നുമാത്തചാപനാകും'
(അദ്ഭുതരാമായണകഥകളി)

ആത്മമോദ-വി. സന്തോഷമുള്ള.

ആത്മിറം-പരിശ്രമം.

ആത്മോപാല്-നംപൂരിമാരുടെ സ്ത്രീകൾ. (ആത്മോപാം = അകത്തെ അവകാശം.)

ആത്മാ-ഗ. ആത്മാവ്. സ്വകർമ്മഫല രൂപേ അനുഭവിക്കുന്നവൻ, എല്ലായ്പോഴും സഞ്ചരിച്ചുകൊണ്ടിരിക്കുന്നവൻ ഇങ്ങനെ ശബ്ദാർത്ഥം. മറ്റുപര്യായങ്ങൾ-ക്ഷേത്രജ്ഞൻ, പുരുഷൻ. ഉ. ജീവാത്മാവ്. ന. പ്രയത്നം. ര. ദൈവ്യം. ള. ബുദ്ധി യു. സ്വഭാവം. ഴ. ബ്രഹ്മം. വ. ശരീരം. ൻ. വേദം. ഗാ. സ്വരൂപം. ഗഗ. അഗ്നി. ഗഉ. വായു. ഗന. പുത്രൻ. ഗര. പരമാത്മാവ്. ഗമ. മനസ്സ്. ഗയ. ബോധം. ഗഴ. താൻ. ഗവ. ആദിത്യൻ

ആത്മകർമ്മം-തന്റെ പ്രവൃത്തി.

ആത്മഗതം-മനസ്സിൽ വിചാരിക്കുക. നാടകങ്ങളിൽ കാണുന്ന ഈ ആത്മഗതം എന്ന ശബ്ദത്തിന്റെ വിപരീതപദം 'പ്രകാശം'.

ആത്മഗുപ്തി-നായ്ക്കുരണ. തന്നെത്താൻ രക്ഷിക്കുന്നത് എന്ന ശബ്ദാർത്ഥം.

ആത്മഗുപ്തി-ഞെടുക്കം.

ആത്മഘാതകൻ, ആത്മഘ്നാതി-തന്നെത്താൻ കൊല്ലുന്നവൻ.

ആത്മഘോഷം-ഗ. കാക്ക. 'കാകം' എന്നിങ്ങനെ തന്നെത്താൻ ഘോഷിക്കുന്നത് എന്നർത്ഥം. ഉ. പൂവൻകോഴി.

ആത്മജൻ, ആത്മജന്മാ-പുത്രൻ. ആത്മാവിൽനിന്നു ജനിക്കുന്നവൻ എന്ന ശബ്ദാർത്ഥം.

ആത്മജ-പുത്രി.

ആത്മജാതൻ-പുത്രൻ. സ്ത്രീലിംഗം-ആത്മജാതം

ആത്മജ്ഞാനം -പരമാർത്ഥമായ മോക്ഷ അറിവ്.

'ക്രമത്താലാത്മാവികാവഖിലകർമ്മങ്ങളും
സമർപ്പിച്ചിരിക്കുമ്പോളുളവാകുമാത്മജ്ഞാനം'
(ഭാഗവതം)

ആത്മതത്വം-തന്റെ പരമാർത്ഥം.

ആത്മദമനം - തന്നെത്താനടക്കുന്നുള്ള ശീലം.

ആത്മനിയമനം-തന്നെത്താൻ അടക്കുക

ആത്മപരിത്യാഗം-തന്നെക്കൂടി ഉപേക്ഷിക്കുമെന്നുള്ള സ്ഥിതി.

ആത്മപ്രശംസ-തന്നെത്താൻ സ്തുതിക്കുക.

ആത്മബഹുമതി-സ്വാഭിമാനം.

ആത്മബോധം-തന്നെത്താനുള്ള അറിവ്

ആത്മഭവൻ-പുത്രൻ.

ആത്മഭൂവ്-ആത്മാവിൽനിന്നുണ്ടായവൻ.

ആത്മഭൂവ്-ഗ. ബ്രഹ്മാവ്. തന്നെത്താനുണ്ടായവൻ, പരമാത്മാവിൽനിന്നുണ്ടായവൻ എന്നർത്ഥം. ഉ. കാമദേവൻ. തന്നെത്താൻ പ്രകാശിക്കുന്നവൻ, മനസ്സിൽ ജനിക്കുന്നവൻ എന്ന ശബ്ദാർത്ഥം. ന. വിഷ്ണു ര. ശിവൻ. ള. പുത്രൻ.

ആത്മഭരി-തന്റെ കാര്യമാത്രം നോക്കുന്നവൻ, ആത്മാവിനെ ഭരിക്കുന്നവൻ എന്ന ശബ്ദാർത്ഥം. മറ്റുപര്യായം-കക്ഷിഭേദി.

ആത്മഭൂമി-തന്റെ ദേശം.

ആത്മമായാനി-ഗ. ബ്രഹ്മാവ്. ഉ. വിഷ്ണു. ന. ശിവൻ. ര. കാമദേവൻ.

ആത്മവത്തു-ബുദ്ധിയുള്ള, അടക്കമുള്ള.

ആത്മവിചാരം-തന്നെത്താൻ അറിയുക.

ആത്മവിത്തു-ആത്മജ്ഞൻ, ജ്ഞാനി.

[ആത്മാ = ആത്മാവ് എന്നതുപോലെ, ജീവാത്മാവ്, പരമാത്മാവ് ഇങ്ങിനെ രണ്ടുവിധം വ്യവഹരിക്കപ്പെടുന്നതായും ആത്മാശബ്ദം സാധാരണമായ പേരോടുകൂടിയതായുമിരിക്കുന്ന വസ്തു എന്നും സംസ്കൃതവ്യാകരണം വിചാരിക്കുന്നു. മോക്ഷപര്യായശബ്ദത്തിനായി യത്നിച്ചുവരുന്നവൻ എന്നു സാരം.

ആത്മസംഭാവന-തന്നെത്താൻ അറിഞ്ഞുള്ള ബഹുമാനം, തന്നെത്താൻ അറിഞ്ഞുള്ള അഭിമാനം.

ആത്മസംയമനം-ആത്മാവിനെ വഴി പോലെ അടക്കുക, മനസ്സിലുണ്ടാകുന്ന ദുർവിചാരങ്ങളെ അടക്കുക.

ആത്മസംയമനംനിത്യംചെയ്തീടുന്നമഹാമതി രാജ്യംപിടിച്ചടക്കുന്നവീരനെക്കാളുമുത്തമൻ

(സുഭാഷിതരത്നാകരം)

ആത്മഹത്യ-ഫ. തന്നെത്താൻകൊല്ലുക. ഉ. ശിക്ഷാനിമിത്തമുള്ളതിനേക്കാൾ കഠിനം.

[ആത്മഹത്യചെയ്യാൻ ഉത്സാഹിപ്പിക്കുന്നതിനു പണ്ടുകൊല്ലുന്നതിനു രണ്ടിൽ ഏതുവിധമെങ്കിലുമായ കടുവ്വധിക്കേണ്ടതുകൂടാതെ, പിഴയുംകൂടി വിധിക്കാം. തിരുവിതാംകൂർ ശിക്ഷാനിയമം വകുപ്പു ൫൦൯. ആത്മഹത്യചെയ്യാൻ ശ്രമിക്കുന്നതിനു ഒരു കൊല്ലത്തെ വെറുംതടവോ പിഴയോ രണ്ടും കൂടിയോ വിധിക്കാം. തി-ശി-നി വകുപ്പു ൫൦൯.]

ആത്മാർത്ഥി-വി. തനിക്കുവേണ്ടിയുള്ള.

ആത്മാനുജ്ഞപൻ-തനിക്കുചേർന്നവൻ.

ആത്മാവബോധം-തന്നെപ്പറ്റിയുള്ള അറിവ്.

ആത്മാരാമൻ-ഫ. ആത്മാവിങ്കൽ അത്യന്തമായുള്ളവൻ. ഉ. സകലജീവനും തന്നിൽതന്നെ രമിക്കുന്നവൻ.

ആത്മാർത്ഥം-ഫ. സ്നേഹം. ഉ. യഥാർത്ഥം ൩. മനഃപൂർവ്വം.

ആത്മീയം-സ്വന്തം, തനിക്കുള്ളത്, തനിയെ സംബന്ധിച്ചത്.

ആത്മോദയം-തന്റെ വൃദ്ധി.

ആത്മോചിതം-തനിക്കുചിതമായിട്ടുള്ളത്.

ആത്യന്തികം-ഫ. നിലനിൽക്കുന്നത്. വിശേഷണം-തുല്യംകൂടാതെ. ഉ. അത്യധികമായ. ൩. ഇടവിടാതെയുള്ള, മുടക്കമായ, അവസാനമില്ലാത്ത. ൪. അമിതമായ. ൫. പൂർണ്ണമായ. ൬. അതിശ്രേഷ്ഠമായ.

ആത്രേയൻ-അത്രിയുടെ പുത്രൻ.

ആത്രേയി-ഫ. തീണ്ടലായിരിക്കുന്നവൾ. ആത്രേയമഹർഷിയുടെ പത്നിയായ ആത്രേയിയെപ്പോലെ ശമിച്ചുകുടുംബവും എന്നർത്ഥം.

[ഋതുവായാൽ ൪ ദിവസം കഴിഞ്ഞേ ശമിക്കാൻ പാടുള്ളൂ. അല്ലെങ്കിൽ പാപമുണ്ട്. ആദ്യത്തെനാലുദിവസവും വർജ്യങ്ങളാണെന്നു ജ്യോതിശ്ശാസ്ത്രവചനമുണ്ട്. ആദ്യത്തെ മൂന്നുദിവസവും ഫ-ംദിവസവും വർജ്യമാണെന്നു വാഗ്ഭടൻ അഭിപ്രായപ്പെട്ടുന്നു.]

ഉ. ആത്രേയമഹർഷിയുടെ പത്നി.

ആഥർവ്വണൻ-അഥർവ്വവേദം പഠിച്ചബ്രാഹ്മണൻ.

ആഥർവ്വണം-ഫ. അഥർവ്വങ്ങളുടെസമൂഹം. ഉ. അഥർവ്വമുനി കൊടുത്ത പ്രാർത്ഥനകളും മറ്റും.

ആദരണീയം-ആദരിക്കത്തക്കതു്.

'ഏതതാരുപുരുഷനിലുള്ളിൽകൌതുകംപരിലാദരണീയം തസ്യജാതകം'

(നളചരിതം കഥകളി)

ആദരം, ആദരവു്-ഫ. വണക്കം. ഉ. ബഹുമാനം.

ആദരിക്കുക-ഫ. ബഹുമാനിക്കുക. ഉ. അനുസരിക്കുക.

ആദർശം-ഫ. കണ്ണാടി. രൂപം മുഴുവനും ഇതിൽ കാണപ്പെടുന്നതുകൊണ്ടു ഈ പേർ വന്നു. മറവപ്പുറയങ്ങൾ-മപ്പിണം മുകരം. ഉ. മാതൃക.

ആദർശകം, ആദർശനം-കണ്ണാടി.

ആദാനം-സ്വീകാരം, എടുക്കുക.

ആദായപ്പെടുക-ലാഭത്തിൽ കിട്ടുക, ലഭിക്കുക.

ആദായം-ഫ. ലാഭം. ഉ. വരവു്.

ആദി-മുതലായതു്. ഉ. മുതു്, ആരംഭം.

ആദി-ആദ്യമായിട്ടു് ഭവിച്ചതു്. പ്രഥമം ഗണിക്കപ്പെടുന്നതു് എന്നർത്ഥം. മറ്റു പ

പ്പുണ്യങ്ങൾം–പുരാ, രപരസ്ത്രീ, പ്രഥമം, ആദ്യം.

ആദികവി–പ്രാ. വാല്മീകിമഹർഷി. ഉ. ബ്രഹ്മാവ്.

ആദികാരണം–മുഖ്യകാരണം, കാര്യത്തിന്റെ ആരംഭകാലത്തിലേ കാരണം. എന്നു ശബ്ദാർത്ഥം. ഉപാദാനകാരണം. മറ്റൊന്നിന്റെ പര്യായം–നിദാനം.

ആദികാലം–മുമ്പുള്ള സമയം, പണ്ടേക്കാലം.

ആദിദേയന്മാർ–ദേവന്മാർ. അദിതിയുടെ പുത്രന്മാർ എന്നു ശബ്ദാർത്ഥം.

ആദിത്യകേതു–പ്രാ. ധൃതരാഷ്ട്രരുടെ ഒരു പുത്രൻ. ഉ. ആദിത്യന്റെ തേർ തെളിക്കുന്നവൻ.

ആദിത്യൻ–പ്രാ. സൂര്യൻ. അദിതിയുടെ പുത്രൻ എന്നു ശബ്ദാർത്ഥം. ഉ. ദേവൻ. ന. എരിക്ക്.

ആദിത്യപുത്രന്മാർ–പ്രാ. യമൻ. ഉ. കർണ്ണൻ. ന. ശനി. ര. സുഗ്രീവൻ.

ആദിത്യഭക്ത–മാരിലത്തുമര.

ആദിത്യവല്ലി–വെളുത്ത ഉഴിഞ്ഞ.

ആദിനായകൻ–മഹാവിഷ്ണു.

ആദിപുരാണം–ബ്രഹ്മപുരാണം.

ആദിപുരുഷൻ–പ്രാ. വിഷ്ണു(കൃഷ്ണൻ). ഉ. ബ്രഹ്മാവ്.

ആദിപ്രാസം–ശബ്ദാലങ്കാരത്തിൽ രണ്ടോ അതിലധികമോ അടുത്തടുത്തുള്ള പദങ്ങളുടെ തുടക്കം ഒരേ വർണ്ണംകൊണ്ടു് ആരംഭിക്കുക.

'മഞ്ഞുതുള്ളും മഹിതതരയം
മന്ദിരശ്രേണികൊണ്ടും
മുഞ്ഞുനേരം മുദമതുളിടും
മുത്സവോപാധ്യസ്സുകൊണ്ടും'

(മയൂരസന്ദേശം)

ഇതിനു ഇംഗ്ലീഷ് കവിതകളിൽ അധികം പ്രചാരമുള്ളതിനാൽ 'ആംഗലപ്രാസം' എന്നും അഭിപ്രായമുണ്ട്.

ആദിഭ്രാതൃ–വി. തന്നാമധേയമായ.

ആദിഭ്രാതൻ–ദൈവം, ഈശ്വരൻ, ആദിയിൽ ഉണ്ടായവൻ.

ആദിമ–വി. ആദ്യമുള്ള.

ആദിയോഗാചാര്യൻ–ശിവൻ.

ആദിരസം–ശൃംഗാരം.

ആദിരാജൻ–മനു. ഉ. പൃഥുചക്രവർത്തി.

ആദിവരാഹൻ–വിഷ്ണു.

ആദിശേഷൻ–അനന്തൻ.



ആദിശേഷൻ

ആദിസർഗ്ഗം–ആദ്യത്തെ സൃഷ്ടി.

ആദീനവം–ക്ലേശം. ക്ലേശിയ്ക്കുക എന്നതിന്റെ പേർ. ക്ഷയിച്ചുകൊണ്ടിരിക്കുക എന്നു ശബ്ദാർത്ഥം. മറ്റു പര്യായങ്ങൾം–ആസ്രവം, ക്ലേശം.

ആദൃഢ–അ. അസ്പഷ്ടം.

ആദൃത–വി. പ്രാ. ആദരിക്കപ്പെട്ട, മാനിക്കപ്പെട്ട.

ആദൃതൻ–പ്രാ. ആദരിക്കപ്പെട്ടവൻ, മാനിക്കപ്പെട്ടവൻ. ഉ. ആദരവോടു കൂടിയവൻ.

ആദൃശം–തുല്യം.

ആദേവനം–പൂതുകളി. ഉ. ചൂതിണി.

ആദേശം–പ്രാ. കല്പന. ഉ. (വ്യാകരണത്തിൽ) അക്ഷരങ്ങളുടെ ചേർപ്പിൽ ഒരു വർണ്ണത്തിനുപകരം മറ്റൊരു വർണ്ണം വരുക. ഉ–ം, പൊൻതാമര = പൊൽത്താമര ഇത്യാദി.

ആദേഷ്ടാവു്–പ്രാ. കല്പിക്കുന്നവൻ. ഉ. യാഗം ചെയ്യിക്കുന്നവൻ.

ആദ്യ–ദ്രു.

ആദ്യ–വി. പ്രാ. ആദിയിൽവേച്ചു, മുമ്പേയുള്ള. ഉ. തിന്നാകുന്ന.

ആദ്യൻ–ഈശ്വരൻ, ആദിയിൽ വേച്ചുവൻ, ദൈവം.

ആദ്യന്ത-ആദിയും അവസാനവും ഉള്ള.

ആദ്യന്തഹീന-വി. ആദിയും അന്തവും ഇല്ലാത്ത.

ആദ്യന്തഹീനൻ-ആദിയും അന്തവും ഇല്ലാത്തവൻ, ഈശ്വരൻ, ദൈവം.

ആദ്യം-ക്ര. ഒന്നാമത്തേതു. ഉ. അന്നം. നാ. ധാന്യം.

ആദ്യമാഷകം-അഞ്ചു കന്നിത്തൂക്കം. (൬ പണത്തൂക്കം).

൧ നെന്മണി=൧ വീശത്തൂക്കം.

൧൬ വീശത്തൂക്കം=൧ പണത്തൂക്കം.

൫ വീശത്തൂക്കം=ഒരു കന്നിയിട.

൬ പണത്തൂക്കവും ൪൮ വീശത്തൂക്കവുമാണ്. ഒരു ആദ്യമാഷമെന്ന മറ്റൊരഭിപ്രായം. ഞാൻ ആദ്യഭിപ്രായത്തോടു യോജിക്കുന്നു.

ആദ്യനൻ-ക്ര. മുയിപ്പുനേരുള്ള ഇച്ഛ ഇല്ലാത്തവൻ, വിശപ്പുകൊണ്ടു ശത്രുവിനെ മുയിപ്പാൻ കൂടെ ഇച്ഛയില്ലാത്തവൻ. മറ്റൊരുപര്യായം-മൗദരികൻ. ഉ. ആദിയില്ലാത്തവൻ.

ആദ്യാതം-പ്ലക്ഷം, പ്രകാശം.

ആധാനം-ക്ര. ഉൽപ്പാദനം (ഗർഭാധാനം). ഉ. വയ്പു.

ആധാരി-സപ്തമി.

ആധാരം-ക്ര. ആശ്രയം. ഉ. പ്രമാണം.

ആധി-ക്ര. മനഃപീഡ. ദുഃഖത്തെ ഉണ്ടാക്കുന്നതു് എന്ന ശബ്ദാർത്ഥം. വ്യസനം. ഉ. ആചയ്ക്കു്. നാ. പണയം.

ആധികാരികം-ശ്രുതകർത്തിലെ വസ്തുക്കളിൽ മന്നു്. മറ്റൊന്നു 'പ്രാസംഗികം'

ആധിക്യം-അധികത.

ആധിദൈവിക-വി. ദൈവത്തിൽനിന്നുണ്ടായ.

ആധിപത്യം-കോയ്മ, അധികാരം.

ആധിപാഠോധി-ആധിയാംകന്നഞ്ഞി

ആധിഭൗതിക-വി. ഭൂതങ്ങളിൽ നിന്നുണ്ടായ.

ആധീന-വി. അധികാരത്തിനു കീഴുള്ള.

ആധുനിക-വി. ഇപ്പോഴുണ്ടായ. പ്രത്യക്ഷമായ.

ആധൃത-വി. കുറഞ്ഞൊന്നു ഇളക്കപ്പെട്ട (ആധൂനനം ചെയ്യപ്പെട്ടതു്-ആധൃതം. ആധൂനനംചെയ്യുന്നു=കുറഞ്ഞൊന്നു ഇളക്കുന്നു). മറ്റൊരുപര്യായങ്ങൾ-വേല്ലിതം, പ്രോഥിതം, ചലിതം, ആകംപിതം, ധൃതം.

ആധേയ-വി. ക്ര. വെയ്ക്കപ്പെട്ട. ഉ. പണയം വെയ്ക്കപ്പെടത്തക്ക.

ആധേയം-ആശ്രയി.

ആധോരണൻ-ആനക്കാരൻ, ആനയെ നല്ലവണ്ണം നടത്തുന്നവൻ എന്ന ശബ്ദാർത്ഥം. മറ്റൊരു പര്യായങ്ങൾ-ഹസ്തിപകൻ (ഹസ്തിപൻ), ഹസ്ത്യാരോഹൻ, നിഷാദി.

ആധ്മെനത-വി. ക്ര. വെർപ്പിക്കപ്പെട്ട. ഉ. കഴുകപ്പെട്ട.

ആധ്മാത-വി. ഉന്തിവീർപ്പിക്കപ്പെട്ട, ഉന്തിവീർക്കപ്പെട്ട.

ആധ്മാതം-വയറുവീർപ്പു്.

ആധ്മാനം-ക്ര. വീർക്കുക. ഉ. വയറുവീർപ്പു്. നാ. തീണ്ടുമരത്തി.

ആധ്യക്ഷ്യം-ആധിപത്യം.

ആധ്യാത്മിക-വി. പരമാത്മാവിനെ സംബന്ധിച്ച, ശ്രേഷ്ഠമായ.

ആധ്യാനം-സ്മൃതി (ചിന്തിക്കുന്നതു്), ദുഃഖത്തോടുള്ള വിചാരം.

ആന-ഒരു മൃഗം. പര്യായങ്ങൾ-കരി, ഗജം, നാഗം, ഹസ്തി, ചിരം, അനേകപം, ചിപം, മതംഗജം, ഗജം, നാഗം, കുഞ്ജരം, വാരണം, കരി, ഇഭം, സ്തംബേരമം, പദ്മി-ക്ര. (നായാട്ടുപോൾ-കൊടകപ്പുയിയൻ).

യൂഥപൻ, യൂഥനാഥൻ ഉ-ം, ആനക്കൂട്ടത്തിന്റെ പേർ. മദോൽകടം, മദകളം ഉ-ം, മദമുള്ള ആനയുടെ പേർ. കളഭം, കരിശാഖകം ഉ-ം, ആനക്കുട്ടിയുടെ പേർ. പ്രഭിന്നൻ, ഗജ്ജിതൻ, മത്തൻ ന-ം, മദംപൊട്ടിയ ആനയുടെ പേർ. ഉപോന്നൻ, നിമ്നഗൻ ഉ-ം, മദം അടങ്ങിയ ആനയുടെ പേർ. ഹാസ്തികം, ഗജതാ ഉ-ം, ആനക്കൂട്ടത്തിന്റെ പേർ. കരിണി, ധേനുക, വശ ന-ം, പിടിയാനയുടെ പേർ. ഗണ്ഡം, കടം ഉ-ം, ആനയുടെ കവിൾത്തടത്തിന്റെ പേർ. മദം, മാനം ഉ-ം, മദജലത്തിന്റെപേർ. വമഥു, കരശീകരം ഉ-ം, തുമ്പിക്കൈയിൽ നിന്നു വീഴുന്ന വെള്ളത്തുള്ളിയുടെ പേർ. കുംഭങ്ങൾ—ആനയുടെ മസ്തകത്തിന്റെ മുഴകളുടെ പേർ. വിദു-മസ്തകങ്ങളുടെ മദ്ധ്യപ്രദേശത്തിന്റെ പേർ. അവഗ്രഹം-ആനയുടെ നെറ്റിയുടെ പേർ. ഇഷീകം-ആനയുടെ നേത്രരോമത്തിന്റെ പേർ. നിർഭിണം-ആനയുടെ കടക്കണ്ണിന്റെ പേർ. ചൂളികം-ആനയുടെ ചെവിക്കുറിയുടെ പേർ. വദനിത്രം-ആനയുടെ മസ്തകത്തിന്റെ താഴെയുള്ള ഭാഗത്തിന്റെ പേർ. പ്രതിമാനം-കൊമ്പുകളുടെ നടുവിന്റെ പേർ. അംസനം, സ്കന്ധദേശം ഉ-ം, ആനയുടെ സ്കന്ധപ്രദേശത്തിന്റെ പേർ (കഴുത്തിൽ അല്പം ഇരിക്കുന്നിടം). പത്മകം, ബിന്ദുമാലകം ഉ-ം, ആനയുടെ മുഖരികളിലെ പുള്ളികളുടെ പേർ. പാർശ്വഭാഗം, പാർശ്വദേശം ഉ-ം, ആനയുടെ പാർശ്വഭാഗത്തിന്റെ പേർ. അഗ്രഭാഗം-ആനയുടെ മുൻഭാഗത്തിന്റെ പേർ. ഗാത്രം-ആനയുടെ മുമ്പിലുള്ള കാലുകളുടെ മുട്ടിനു താഴെയുള്ള ഭാഗത്തിന്റെ പേർ. അവരം (അപരം)-ആനയുടെ പിന്നിലെ കാലുകളുടെ മുട്ടിനു താഴെയുള്ള ഭാഗത്തിന്റെ പേർ. തോത്രം, രോധനകം (വേത്രകം) ഉ-ം, ആനയെ ശിക്ഷിപ്പാനുപയോഗിക്കുന്ന കോലിന്റെ (ആനവടിയുടെ) പേർ. ആളാനം, ബന്ധസ്തംഭം ഉ-ം, ആനയെ തളയ്ക്കുന്ന കെട്ടുകുറ്റിയുടെ പേർ. ശൃംഖല (ശൃംഖല), അന്ദുകം, നിഗഡം (നിഗളം) ന-ം, ആനച്ചങ്ങലയുടെ പേർ. അംകുശം, സൃണി ഉ-ം, ആനത്തോട്ടിയുടെ പേർ. ഉക്ഷ്യം (ഊക്ഷ്യം, ഊക്ഷ), കക്ഷ്യം (കക്ഷം), വരത്രം ന-ം, കച്ചുകയറിന്റെ പേർ. (ആനയുടെ നടുഭാഗത്തു കെട്ടുന്ന തോൽ എന്നു ചിലർ). കല്പനാ, സജ്ജനാ ഉ-ം, രാജാവിനു കയമവനായി ആനയെ അമ്പാരി കെട്ടി ചമയിക്കുന്നതിന്റെ പേർ. പ്രവേണി, ആസ്തരണം, വർമ്മം, പരിസ്തോമം, കഥം ഇ-ം, ആനപ്പുറത്തു വിരിക്കുന്ന കമ്പിളിയുടെ പേർ. വീര്യംയുദ്ധം മുതലായതിനു പ്രയോഗമില്ലാത്തതും ബലക്കുറവുള്ളതുമായ ആനയുടേയും കുതിരയുടേയും പേർ. വാരി, ശബ്ദസഹ ഉ-ം, ആനയെ ചതിച്ചു ചാടിച്ചുപിടിക്കുന്നതിനു കാട്ടാനകൾ സഞ്ചരിക്കുന്ന കാട്ടിൽ കുഴിയുണ്ടാക്കുന്ന വാരിക്കുഴിയുടെ പേർ. ആനപ്പന്തിയെന്നു ചിലർ പറയുന്നു.

ആനകദുന്ദുഭി-വസുദേവർ. ഇദ്ദേഹത്തിന്റെ വേനത്തിൽ വിഷ്ണു ജനിച്ചസമയം ദേവകീ ആനകവാദ്യങ്ങളേയും ഭേരീവാദ്യങ്ങളേയും മുഴക്കിയതിനാൽ ഈ പേരുണ്ടായി.

ആനകം-കൊട്ട എന്ന വാദ്യം. ദേവന്മാരെ ഉത്സാഹിപ്പിക്കുന്നത് എന്നു ശബ്ദാർത്ഥം.

ആനക്കളി-കാത്തുങ്കളുടെ തെയ്യംകെട്ടി, (മുകിൽ കയറി കളിക്കുകയും മറയും),

ആനക്കൊട്ട-തേക്കുപുരത്തിൽനിന്ന് ആന മത്തി ഇറങ്ങുന്നതിനും കയറുന്നതിനും മണ്ണുകൊണ്ടോ കല്ലുകൊണ്ടോ ക്രമത്തിൽ

ചായ്പായി കെട്ടിയുണ്ടാക്കുന്നത്. പര്യായം–ഹസ്തിനഖം.

ആനക്കായ്ക്കുല–ഒരു തരം.

ആനക്കാരൻ–ആനപ്പാപ്പാൻ, പര്യായങ്ങൾ– ആധോരണൻ, ഹസ്തിപകൻ(ഹസ്തിപൻ),ഹസ്ത്യാരോഹൻ, നിഷാദി.

ആനക്കാൽ–പ. ആനയുടെ കാല്. ക. റേട്ടെനന്നാക്കുന്ന കരായുധം.

ആനക്കുറുന്തോട്ടി, വൻകുറുന്തോട്ടി –വലിയ കുറുന്തോട്ടി. പര്യായം മഹാബല.

ഗുണം കുറുന്തോട്ടിക്ക് സമം തന്നെ. ശുഷ്കണകരമാകുന്നു. ശുക്ലത്തെ വർദ്ധിപ്പിക്കും. സന്താപം, ദേഹംവാടുക ഇവയെ നശിപ്പിക്കും. ക്ഷതം ഹേതുവായിട്ട് ക്ഷീണത വേിച്ചവർക്ക് വളരെനന്ന്. ജ്വരം, വിഷമജ്വരം, മൂത്രകൃച്ഛ്രം, സോമരോഗം, (വളരെ മൂത്രം പോകുന്നതു), ത്രിദോഷകോപം, ശോഫം, വാതരക്തം, ഹൃദ്രോഗം, മോഹം ഇവയെ കളയും. മഹാബലക്ക് (ആനക്കുറുന്തോട്ടിക്ക) മഹാരാഷ്ട്രഭാഷയിൽ-ദേംഭർഡി. ഗുജരാത്തിയിൽ സഹദേവി. കന്നടകത്തിൽ–വെല്ലുടുരുവേ. ലത്തീനിൽ (ലാറിനിൽ) (Sidarhomfifolia).

ആനക്കുളം–തിരുവിതാംകൂറിൽ മേവികളം താലൂക്കിൽ ഒരു പകുതി.

ആനക്കുഴി–ആനയെ പിടിക്കുന്ന കുഴി.

ആനക്കൊട്ടിൽ–പ. ആനപ്പുര. ക. കേരളാരങ്ങളിലേയും മറ്റും പ്രധാനവാതിലിനോട് ചേർന്ന് മൻവശം കെട്ടിയുണ്ടാക്കുന്ന പുര.

'ആടകചാകതികളാനകൊട്ടിലുമുള്ള'

(കുചേലവൃത്തം വഞ്ചിപ്പാട്ട്)

ആനക്കൊമ്പ്–ആനയുടെകൊമ്പ്, ദന്തം

[ഇതു കണ്ണിലെ വ്രണത്തിനും മറവും നന്ന്. സംസ്കൃതത്തിൽ വിഷാണം, കുഞ്ജം, നാഗദന്തകം എന്നിപ്രകാരം പറയുന്നു.]

ആനക്കോൽ–ഒരളവു, ഒരു മണ്ഡ്.

ആനച്ചന്തം–ഓരോ അംശവും പ്രത്യേകം പ്രത്യേകം സൂക്ഷിക്കുമ്പോൾ വിരൂപതയുണ്ടെങ്കിലും ആകപ്പാടെ ഒരു നോട്ടത്തിൽ തരക്കേടില്ലാത്ത സ്ഥിതി.

ആനച്ചുണ്ട–ഒരു തരം. കുറുത്ത ചുണ്ടയുടെ ഗുണം തന്നെ. വിശേഷിച്ചു കൃമിനാശനമാണ്. പുഴുക്കടിക്കു നന്ന്.

ആനച്ചൂവടി–ആനയടിയൻ, ക്ഷുദ്രിക എന്നും പറയും.

[ഇതു പ്രമേഹം, പാണ്ഡു, വിദ്രധി, സന്നി, മൂത്രരോഗം മുതലായവക്കുപയോഗം.]

ആനച്ചൊറി–വലിയതരം ചൊറി.

ആനച്ചൊറിയൻ–വലിയ ചൊറിയുള്ളവൻ.

ആനത–വി. പ. താഴ്ത്തപ്പെട്ട.

ആനതഗ്രീവവിനയംകൊണ്ടാനേത വക്ത്രത്തോടേ (അദ്ധ്യാത്മരാമായണം)

ക. അധോമുഖമായിട്ടുള്ള. ന. കുനിഞ്ഞ. ര. വളഞ്ഞ. ഇ. താണ. ന്യ. നമിച്ച.

ആനത്തലവൻ–ആനക്കൂട്ടത്തെ കാക്കുന്നവൻ. പര്യായങ്ങൾ–യൂഥനാഥൻ, യൂഥപൻ.

ആനത്തോട്ടി–ആനയെ നടത്തുന്ന തോട്ടി. പര്യായങ്ങൾ–അംകുശം, സൃണി.

ആനത്ത–വി. കെട്ടപ്പെട്ട.

ആനത്തം–പ. കെട്ടപ്പെട്ടത്. ക. മിഴുവുള്ളതും മുതലായ വാദ്യം. ചർമ്മംകൊണ്ടു മുഖത്തിൽ ബന്ധിക്കപ്പെടുന്നതു് എന്നു ശബ്ദാർത്ഥം.

ആനനക്കി–മലയിലെ ഒരുവക വിഷവൃക്ഷം.

'പാലക്കാടുള്ള ഏലിമ്പുൽ എന്ന മലയിൽ ഒരു പുതിയതരം വൃക്ഷം കണ്ടു

ങ്ങിയിരിക്കുന്നെന്നും ഇതിന്റെ ഇല തൊടുന്നവർക്ക് ഒൻപതുദിവസത്തേക്ക് കഠിനമായ പനിയും ബോധക്ഷയവും ഉണ്ടാകുമെന്നും കാണുന്നു ഈ വൃക്ഷത്തിന് ഇപ്പോൾ വിളിച്ചുവരുന്ന പേര് "ആനനക്കി" എന്നാണെങ്കിലും അതിനെക്കുണ്ടാൽ ആനയ്ക്കും വലിയ ഭയമാണെന്നു പറയപ്പെടുന്നു.'

ആനനം-മുഖം. നിശ്വാസോച്ഛ്വാസങ്ങളെ ചെയ്യുന്നതു് എന്നു ശബ്ദാർത്ഥം.

ആനന്ദം-പ്ര. സന്തോഷം (സുഖം). പ. ഭോഗ്യം. സ. നിർവൃണം. (ആനന്ദം വിവിധം:—പ്ര. വിഷയാനന്ദം. പ. ബ്രഹ്മാനന്ദം. സ. വാസനാനന്ദം. ര. ആത്മാനന്ദം. ഇ. മുഖ്യാനന്ദം. ണ. നിജാനന്ദം. ഒ. അമരഭോഗാനന്ദം. വ. ജ്ഞാനാനന്ദം)'

ആനന്ദഭൂ-പ്ര. സന്തോഷം (സുഖം). പ. ഭോഗ്യം.

ആനന്ദനം-ബന്ധുക്കളെയും മറ്റും സ്വാഗതവാക്യങ്ങളും മുതലായവകൊണ്ടു ആനന്ദിപ്പിക്കുക. ആനന്ദിപ്പിക്കുക എന്നു ശബ്ദാർത്ഥം.

ആനന്ദബാഷ്പം-പ്ര. ഉപസ്ഥം. പ. സന്തോഷാധിക്യം.

ആനന്ദബാഷ്പം-സന്തോഷംകൊണ്ടുണ്ടാകുന്ന കണ്ണുനീർ.

ആനന്ദവനം-ശ്രീകാശി.

[സ്കന്ദപുരാണത്തിലുള്ള ശങ്കരസംഹിതയെ അഗസ്ത്യൻ തന്റെ ശിഷ്യരായ വസിഷ്ഠാദിമഹർഷികൾക്ക് ഉപദേശിച്ചതു് ഈ വനത്തിൽവച്ചായിരുന്നു].

ആനന്ദഭൈരവി-ഒരു രാഗം.

ആനന്ദി-പ്ര. ഭോഗ്യം. പ. സന്തോഷം.

ആനന്ദിക്കുക-പ്ര. സന്തോഷിക്കുക. പ. മിഴിനീർ പ്രതി കപോലത്തു് ഏഴുതുവാണ അവരവരുടെ കിണ്ണറിലേ ജലം മുഖത്തു തൂകുക.

ആനപ്പട-ആനകൾ ക്രമത്തിലായി നിൽക്കുക. പര്യായങ്ങൾ-യൂഥം, ഘടം.

ആനപ്പന്തി-ആനപ്പുര, ആനയെ ചങ്ങലയിട്ടു ചാടിച്ചു പിടിക്കുന്നതിനു കാട്ടാനകൾ സഞ്ചരിക്കുന്ന കാട്ടിൽ കുത്തിയുണ്ടാക്കുന്ന വാരിക്കുഴി. പര്യായങ്ങൾ-വാരി, മദ്ധ്യബന്ധനി.

ആനപ്പുരുവ-ഒരു തരം, തെവള്ളി. ഈ വള്ളി സമൂലം കഷായം വെച്ചുസേവിച്ചാൽ വിട്ടുമാറാത്തതായുള്ള മലബന്ധനിശമിക്കും.

ആനപ്പല്ല്-ആനയുടെ പല്ല്.

[കണ്ണിനു നന്ന്. പല്ലുകൊണ്ടുള്ള പേനാക്കത്തിനുപയോഗമുണ്ട്. ക്ഷതത്തിലുള്ള കുത്തിനു വിശേഷം. തലവേദനക്കു ഇതിനെ അരച്ചു നെറ്റിയിൽ ഇട്ടുകെട്ടുന്നതു നന്നാണ്.]

ആനപ്പാൽ, പിടിപ്പാൽ-ആനയുടെ പാൽ.

[ഇതു ഗുരുവാണ്. കണ്ണിനു ഹിതം, രസായനകരമാകുന്നു, ബലവർദ്ധനവും ശീതവുമാണെന്നു.]

ആനപ്പാവു്-ആനയെ ഇണക്കുന്ന ഒരു സമ്പ്രദായം.

ആനപ്പാവാൻ, ആനപ്പാപ്പാൻ-ആനക്കാരൻ.

ആനപ്പിണ്ടി-ആനയുടെ മലം.

ആനകുടം, ആനമുടകം-ഒരു രോഗം.

[ഇതു് ബാലപീഡകം ശ്രുവയും നന്നു്. വായുശമിക്കും. പിത്തത്തിനു കേമമാം. ഏലിത്തടി എന്നും പറയാറുണ്ടു്. ഇതു വലിയ മരങ്ങളിൽ പാറി നേരെ കയറിച്ചെല്ലുന്ന തടിച്ച വള്ളിയാണു്].

ആനമനം-നമസ്കാരം, വണക്കം.

ആനമിക്കുക-നമസ്കരിക്കുക, വണങ്ങുകതൊഴുക.

ആനമുഖൻ-ഗണപതി.

ആനമുള്ള്-ഒരു ഔഷധം.

ആനമ്ര-വി. വളഞ്ഞ, കുനിഞ്ഞ

ആനയിക്കുന്നു-കൊണ്ടുവരുന്നു.

ആനയിരുത്തി-ഒരു ഔഷധം.

ആനവണങ്ങി-ഔഷധിവിശേഷം.

[ഇതു പുല്ലുമാണ്. വാതപിത്ത ശമനമുണ്ടാക്കുന്നു. ശ്രോഷം, ശ്വാസം, കാസം, ഗ്രഹണം, കഫം, കൃമി, കുഷ്ഠം, അംഗമർദ്ദം ഇവയ്ക്കു നന്ന്.]

ആനയടിവേർ-ആനച്ചുവടി.

ആനവളർ-ആനയെ ശിക്ഷിപ്പാൻ ഉപയോഗിക്കുന്ന കോൽ. പര്യായങ്ങൾ-തോത്രം, തോവണകം(വേണകം).

ആനവാഠം-ക്ഷേത്രാധികാരി. ക്ഷേത്രത്തിലെ ഒരു ഉദ്യോഗസ്ഥൻ.

ആനറായപ്പക്ഷി-റാഞ്ചൽ, ഒരു വക പരുന്ത്.

ആനാകം-അ. സ്വർഗ്ഗത്തോളം, ആകാശത്തോളം.

ആനാട്ട്-തിരുവിതാംകൂറിൽ നെടുമങ്ങാട്ടു താലൂക്കിലെ ഒരു പകുതി.

ആനായൻ-ഇടയൻ, പാട്ടുവടിക്കുന്നവൻ 'ആനായപ്പിള്ളരാൽ പൂഴറാകവേ'ള്ളൻ'

(കൃഷ്ണഗാഥ)

ആനായത്തീട്ട്-ഓരോ ബ്രാഹ്മണനെയും പന്ത്രണ്ടു പന്ത്രണ്ടു സംവത്സരം രാജാവാക്കുന്ന സംഗതികർമ്മത്തിലുള്ള പ്രമാണം.

ആനായം-വല. മത്സ്യങ്ങളെ ആനയിക്കുന്നത്. (പിടിച്ചുകൊണ്ടുവരുന്നത്) എന്നു ശബ്ദാർത്ഥം, മറ്റൊരു പര്യായം-ജാലം.

ആനായു-വി. കൊണ്ടുവരപ്പെടാവുന്ന.

ആനായ്മ-ഗാർഹപത്യാഗ്നിയിൽനിന്നെടുത്തിട്ട് യാതൊരു ദക്ഷിണാഗ്നി പ്രണയിക്കപ്പെടുന്നുവോ, അതു്, ഏതൊരു ദക്ഷിണാഗ്നിയാണോ ഗാർഹപത്യാഗ്നിയിൽ നിന്നു കൊണ്ടുവന്നു സംസ്കരിക്കപ്പെടുന്നതു് അതു്. ഗാർഹപത്യാഗ്നിയിൽ നിന്നു കൊണ്ടുവരപ്പെടുന്നതു് എന്നു ശബ്ദാർത്ഥം.

ആനാവു്-പ്ര. പാട്ടുകിടാവു്. പു. നാക.

ആനാഹം-പ്ര. മലമൂത്രങ്ങളുടെ തടവു, മേൽവയർവീർപ്പു്. കന്നായിട്ടുള്ള ബന്ധനം എന്നു ശബ്ദാർത്ഥം. മറ്റൊരു പര്യായം. 'വിബന്ധം' (നിബന്ധം)പു. നീളം ഇതുകൊണ്ടു കെട്ടുന്നു എന്നർത്ഥം. മറ്റു പര്യായങ്ങൾ-ഒരുദാവർത്തം,ആധ്മാനം. ന. വസ്തിയുടെ നീളം.

ആനാഹലക്ഷണം-ആമമോ മലമോ ക്രമേണ വയറ്റിൽ വലിച്ചാൽ അതു പിന്നെ ഗുണഹീനനായ വായുവിനാൽ വിബദ്ധമായിട്ടു പ്രവൃത്തിയില്ലാതെ കിടക്കും. ആ രോഗത്തെ അനാഹം എന്നു പറയുന്നു."

ആനി-മിഥുനം എന്ന മാസം.

ആനീത-ആനയിക്ക(കൊണ്ടുവര)പ്പെട്ട.

ആനീലൻ-കറുത്ത കുതിര.

ആനുക്രമ്യം-ആനുപൂർവ്യം,

ആനുപൂവി, ആനുപൂർവ്യം-സാമ്പ്രായക്രമം, ക്രമം. ആനുപൂർവ്വത്തിന്റെ (പൂർവ്വത്തെ അനുക്രമിച്ചിട്ടുള്ള സ്ഥിതിയുടെ) ഭാവം, മുമ്പുള്ളതിനെ തുടർന്നുകൊണ്ടുള്ളതു് എന്നിങ്ങനെ ശബ്ദാർത്ഥം.

ആനുയാത്രികൻ-പിൻതുടരുന്നവൻ.

ആനുലോമ്യം-മുകളിൽനിന്നു മുറയ്ക്കു കീഴ്പെട്ട്,ക്രമം. ആനുലോമ്യം><പ്രതിലോമ്യം.

ആനുപ-വി. ജലമുള്ള, നനവുള്ള.

ആനൂപം-സമം ജലത്തിൽ പെരുമാറുന്ന മത്സ്യം. ഉ-ം, പോളത്തു്.

ആനിലൻ, ആനിലി-പ്ര. ഹനുമാൻ. പു. ഭീമൻ.

ആനൃത-വി. എപ്പോഴും കള്ളംപറയുന്ന.

ആനൃശംസ്യം-പ്ര. ദയാമൃദുത പു. കൃപ,

ആനേയം-ദേവശ്യകലത്തിൽ നിന്നോമറോ കൊണ്ടുവന്ന സംസ്കരിക്കപ്പെട്ട ഭക്ഷിണാഗ്നി.

ആന്ത-വി. അന്തത്തെ (അവസാനത്തെ) സംബന്ധിച്ച.

ആന്ത-ഒന്ത്.

ആന്തം-ഫ. കള്ളന്മാർ ഫലവൃക്ഷങ്ങളിൽ പ്രവേശിക്കാതെ തടുപ്പാനുള്ള ക്രൂരമനയോടുകൂടിയ കോൽ, ആന്തക്കോൽ. ഉ. കൊതക്കത്തി.

ആന്തര-വി. ഫ. രഹസ്യമായുള്ള. ഉ. നടുവിലുള്ള, ഇടയിലുള്ള. നാ. അകത്തുള്ള.

ആന്തരാഗാരിക-വി. പണ്ടകശാല വിചാരിപ്പുകാരന്റെ ജോലികളെ സംബന്ധിച്ച, പള്ളിയറവിചാരിപ്പുകാരന്റെ ജോലികളെ സംബന്ധിച്ച, അറവിചാരിപ്പുകാരന്റെജോലികളെസംബന്ധിച്ച.

ആന്തരം-രഹസ്യം, മനസ്സിലുള്ളത്.

ആന്തരികം-ആഭ്യന്തരം, അകമേയുള്ളത്.

ആന്തര്യം-ഞരിപ്രായം.

ആന്തിക-ജ്യേഷ്ഠത്തി.

ആന്തിയന്മാർ-കലം ഉണ്ടാക്കുന്നവർ, ഒരു ജാതിക്കാർ.

ആന്ത്രനായന്മാർ, ആന്ത്രർനായന്മാർ-ഒരുവക ജാതിക്കാർ. കലം ഉണ്ടാക്കുന്നവർ. ആന്ത്രൻ എന്ന ശബ്ദവും കാണുന്നു.

ആന്ത്രം-ഫ. കടൽമല. മാലാത്രപോണ ഉദരത്തിൽ വ്യാപിച്ചുകിടക്കുന്നതു എന്നു ശബ്ദാർത്ഥം. മരാഠാരുടെ പദ്യമായ പുരീതത്തു്. ഉ. വൃക്ഷണം.

ആന്ത്രവായു-ഒരു രോഗം.

ആന്ത്രവീക്കം-വൃക്ഷണത്തിൽ ഉണ്ടാകുന്ന നീർ.

ആന്ത്രവൃദ്ധി-വൃക്ഷണത്തിൽ ഉണ്ടാകുന്ന നീർ.

വൈദ്യകപ്രകരണങ്ങളായ ആതുരാണം കേൾക്കുക, തന്നെത്താൻ മുലത്തിൽ മുഴുകുക, മലമൂത്രാദിവേഗങ്ങളെ അടക്കുക, അവയെ ബലമായി പുറപ്പെടുവിക്കുക, ചൂടുചുമക്കുക, ക്രമത്തിലധികം വഴിനടക്കുക, ദേഹത്തിനു പ്രയാസമുള്ള പ്രവൃത്തികളും ചെയ്യുക, ഇവകൊണ്ടു കോപിച്ച വായു കടലിന്റെ ഒരു ദേശത്തെ ചുരുക്കി സ്വസ്ഥാനത്തിൽ നിന്നു കീഴ്വശത്താക്കി കുടിയുടെ സന്ധിയിൽ നിന്നിട്ടു മുഴക്കോലുള്ള നീരിനെ ഉണ്ടാക്കും. ചികിത്സ ഉടൻ ചെയ്യാഞ്ഞാൽ മേൽവയർ വീർക്കുക, വേദന, സ്തംഭനം, ഇവയോടുംകൂടി വൃഷണങ്ങളെ വലിപ്പിക്കുക കൈകൊണ്ടമർത്തിയാൽ വായു മുകളിക്കേണ്ടു അകത്തു പോവുകയും കൈയെടുത്താൽ വീണ്ടും വീർപ്പിക്കയും ചെയ്യും. ഇതു് ആകൃതികൊണ്ടു വാതമൂലമായ രോഗമാകുന്നു. ഈ രോഗമാതു ആന്ത്രവൃദ്ധി അസാധ്യമാണു്.

ആന്ത്രോളീക-ആന്ത്രോളം.

ആന്ത്രോളം, ആന്ത്രോളനം-ഉദരത്തിലോടും, അങ്ങോട്ടും ഇങ്ങോട്ടും ഓടുക, ഓടിക്കൊണ്ടിരിക്ക.

ആന്ത്രോളിത-വി ഇളക്കപ്പെട്ട, ഇളകുന്ന.

ആന്ധസികൻ-ചെപ്പുകാരൻ, അടുക്കളക്കാരൻ. അന്ധസ്സിനെ (അന്നത്തെ) ഉണ്ടാക്കുന്നവൻ എന്നു ശബ്ദാർത്ഥം.

ആന്ധ്യം-അന്ധത്വം, കണ്ണില്ലായ്മ, കണ്ണു, അജ്ഞാനം.

'കാന്തിയെയാസ്പീടാമെന്നങ്ങനസ്സിനി-
ന്നാന്ധ്യത്തെക്കാലണയോമിപ്പോൾ'
(കൃഷ്ണഗാഥ)

ആന്ധ്രഭാഷാഭേദം-സംസ്കൃതഗ്രന്ഥകാരന്മാർ ശാകുണാദ്യപേക്ഷകളെ ഇങ്ങനെയും വിവരിക്കുന്നു.

ആന്ധ്രാ-തെലുങ്കാണം. Hyderabad.

ആന്ധ്യം-ആശാരിക്കും മാറും കെട്ടുക്കുന്ന കുഴി.

ആനപായിക-വി. ക്രമമായ, നല്ല വംശത്തിലുള്ള.

ആനവീക്ഷികി-(ശൈവമാർഗ്ഗപ്രണീതമായ)തർക്കശാസ്ത്രം. അനവീക്ഷ്യപ്രയോജനമായിട്ടുള്ളതു് ആനവീക്ഷികി. അനു=തുടർച്ചയിൽപിന്നീടു്, ഈക്ഷ്യം=പരീക്ഷണം. അതു് അനവീക്ഷ്യം.

'പ്രത്യക്ഷാഗമങ്ങളെക്കൊണ്ടു സിദ്ധമായ വസ്തുവിനെ യുക്തിബലത്താൽ നല്ലവണ്ണം ആലോചിച്ചു നന്നായ് ഉറപ്പിക്കുന്നതാണല്ലോ തർക്കവിദ്യയുടെ പ്രയോജനം. ഭഗവാൻ ദത്താത്രേയനായി അവതരിച്ചു് അളർക്കൻ എന്ന രാജാവിനും പ്രഹ്ലാദാദികൾക്കും ആനവീക്ഷികിയെ ഉപദേശിച്ചുകാരം ഭാഗവതത്തിൽ കാണുന്നു.'

ആപകര-വി. പ. വിരോധമായ, അനിഷ്ടമായ, ഫ. അപകടമുള്ള, ഉപദ്രവമുള്ള.

ആപകാപ-പ. അരിമാവു്, ശോതയുമാവു് എന്നിവകൊണ്ടുണ്ടാക്കുന്ന ഒരട്ട, ദോശ മുതലായവ. ഇവയ്ക്കു സാധാരണയിൽ ചുരുങ്ങിയ വേവേ പാടുള്ളു. പകതി വെന്തതു് എന്നു ശബ്ദാർത്ഥം. ഫ. പകതി വേവിച്ചതു്. ന. ഒട്ടോട്ടു പഴത്തതു്.

ആപഗാ-പുഴ. ജലസമൂഹംകൊണ്ടു ഗമിക്കുന്നതു് എന്നു ശബ്ദാർത്ഥം. അപഗം എന്നുമാകാം. നദി, ആറു്.

ആപഗേയൻ-ഭീഷ്മർ നദിയുടെപുത്രൻ എന്നർത്ഥം.

ആപണം-ചന്ത മുതലായ കച്ചവടസ്ഥലം. എല്ലാടവും കൊടുത്തുവാങ്ങൽ ഉള്ളതു് എന്നു ശബ്ദാർത്ഥം. മറ്റൊരുപര്യായം 'നിക്ഷ്യം'.

ആപണികൻ-കച്ചവടക്കാരൻ, (സാമാനങ്ങളും വാങ്ങുകയുംവിൽക്കുകയുംചെയ്യുന്നവൻ).

ആപണിക-കച്ചവടസംബന്ധമായുള്ള.

ആപതനം-പ. അടുക്കുക, സമീപിക്കുക. ഫ. കയ്യേറ്റം. ന. അനുഭവം, സംഭവം ർ. ഇറങ്ങിവരവു്.

ആപതികം-പുള്ളു്, രാജാളി.

ആപതിക-വി. യാദൃച്ഛികമായ.

ആപതിത-വി. പ. വീണുപോയ, വീഴപ്പെട്ട, ഫ. ഉണ്ടായ, സംഭവിച്ച.

ആപത്തി-ആപത്തു്. ആപത്തു്>< സമ്പത്തു്.

ആപത്തു്-അനർത്ഥം, അപകടം. പര്യായങ്ങൾ-വിപത്തി, വിപദ്, ആപദ്.

ആപൽക്കര-വി. ആപത്തുണ്ടാക്കുന്ന.

ആപൽപ്രാപ്ത-ആപത്തിൽ അകപ്പെട്ട.

ആപൽപ്രാപ്തൻ- ആപത്തിൽ അകപ്പെട്ടവൻ, മറ്റൊരുപര്യായം-ആപന്നൻ

ആപന്ന-വി. പ. ആപത്തിൽ അകപ്പെട്ട. ഫ. ലഭിച്ച.

ആപന്നൻ-ആപത്തിലകപ്പെട്ടവൻ. ആപദിക്കപ്പെട്ടവൻ എന്നു ശബ്ദാർത്ഥം. ആപന്നൻ>< സമ്പന്നൻ.

ആപന്നസത്വാ-ഗർഭിണി. പ്രാപ്തമായ സത്വത്തോടു (ജന്തുവോടു) കൂടിയവൾ എന്നു ശബ്ദാർത്ഥം. ആണോ പെണ്ണോ എന്നു വ്യക്തമായി അറിവാൻ വയ്യാത്തതുകൊണ്ടു് ജന്തു (ജീവി) എന്നു പറയപ്പെട്ടു

ആപരിത്രൃകം-ഒന്നുകൊടുത്തു പകരം മറ്റൊന്നുവാങ്ങിയതു്. പകരം കൊടുത്തുകിട്ടുന്നതു് എന്നു ശബ്ദാർത്ഥം. രൂപമാറ്റം കൊണ്ടുണ്ടായ ദ്രവ്യം.

ആപവവ്-വസിഷ്ഠൻ.

ആപാതമധുര-വീഴുമ്പോൾ (കേട്ടുതീരുമ്പോൾ) മധുരമായിരിക്കുന്നതു്, തല്ലും പാടും മധുരമായിരിക്കുന്നതു്.

ആപാത-വീഴ്ച.

ആപാതുക-വ്. വീഴുക ശീലമുള്ള.

അപാദം-അ. പാദംവരെ.

അപാദമൂർദ്ധം, അപാദമസ്തകം-കാലുമുതൽ തലവരെ.

അപാദമധുരം-മുഴുവനും മധുരമായിരിക്കുന്നത്.

അപാദിക്ക-ചളിക്ക, കൈകഴുക്കാള്ളുക.

അപാനം, അപാനകം-മദ്യപാനം ചെയ്യുന്നതായി കൂടിച്ചേരുന്ന സഭ. കൂടിച്ചേർന്നുകുടിക്കുന്നേടം എന്ന ശബ്ദാർത്ഥം. മദ്യപാനംചെയ്യുന്ന സ്ഥലം. ക. മദ്യം വിൽക്കുന്ന സ്ഥലം.

അപാലി-പേൻ.

അപിഞ്ജര-വി. ചെമന്നനിറമുള്ള.

അപിഞ്ജരം-സ്വർണ്ണം.

അപീഡം-ശിരോലങ്കാരം, തലയിലേ ആഭരണം. മുഴിഞ്ഞുനിൽക്കുന്നത് എന്ന വ്യുൽപത്തി. മറ്റൊരു പര്യായം-ശേഖരം.

അപീഡനം- ക. ഞെക്കൽ, ഞെരുക്കൽ. ഉ. വേദനപ്പെടുത്തൽ.

അപീത-വി. ക. പാനംചെയ്യപ്പെട്ട, കുടിക്കപ്പെട്ട. ഉ. മഞ്ഞനിറമുള്ള.

അപീന-വി. തടിച്ച

അപീനം-ക. അകിട്. വളരുന്നത് എന്ന ശബ്ദാർത്ഥം. മറ്റൊരു പര്യായം-ഉധസ്സ്. ഉ. കിണവ്.

അപീനസം-പീനസം എന്ന രോഗം. തടിച്ചുവരുമ്പോൾ കൊല്ലുന്നത് എന്ന ശബ്ദാർത്ഥം. മറ്റൊരു പര്യായം-'പ്രതിശ്യായം'.

അപൂപം-അപ്പം.

അപൂപികൻ - പലഹാരക്കച്ചവടക്കാരൻ. മറ്റു പര്യായങ്ങൾ-കാന്തവികൻ, ക്ഷേകാരൻ. അപൂപം (അപ്പം) കച്ചവടമായിട്ടുള്ളവൻ എന്ന ശബ്ദാർത്ഥം.

അപൂപികം-അപൂപങ്ങളുടെ (അപ്പങ്ങളുടെ) സമൂഹം.

അപൂര-വി. നിറഞ്ഞ.

അപൂപ്പച്ചനം-സംഭോക്ഷണം.

അപേക്ഷികമായി-താരതമ്യപ്പെടുത്തി പറയുമ്പോൾ, സദൃശപ്പെടുത്തി പറയുമ്പോൾ.

അപോക്ലിമം-ന, ണ, ൻ, ക ഇവ രൂപികം.

അപ്ത-വി. ക. വിശ്വസിക്കപ്പെട്ട. ഉ. ലഭിക്കപ്പെട്ട.

അപ്തഗർഭ-ശർമ്മിണി.

അപ്തൻ-വിശ്വസ്തൻ, സ്വകാര്യവർത്തമാനങ്ങളെ അറിയുന്നവൻ എന്ന വ്യുൽപത്തി.

അപ്തമിത്രം-വിശ്വസ്തമിത്രം, മനഃപൂർവ്വം സ്നേഹിക്കുന്നവൻ.

അപ്തസ്നേഹം-ഉറച്ചസ്നേഹം.

അപ്ത-പിരിച്ച തലമുടി.

അപ്തി-ക. ലാഭം, ഇഷ്ടലാഭം. ഉ. ബന്ധനം, കെട്ട്. ന. വിശ്വാസം. ർ. ചേച്ച്. ഇ. സ്ത്രീയോടുള്ള ചേച്ച്. ണ. യോഗ്യത. ൾ. മാംഗല്യസമയം.

അപ്തോക്തി-ഗുണാരോപവചനം.

അപ്പ-തവി, കറണ്ടി, വലിയ തവി.

അപ്പ്-മരപ്പൂള്, അടപ്പ്, അടയാളം, സംജ്ഞ.

അപ്യ-വി, ജലത്തിൽ ജനിച്ച.

അപ്യം-ക. അപ്പിന്റെ (ജലത്തിന്റെ) വികാരം. മറ്റൊരുപര്യായം-'അമ്മയം' ഉ. കൊഴുപ്പ്.

അപ്യായനം-ക. തൃപ്തി ഉ. തടിപ്പ്.

അപ്യായിത-ക. തൃപ്തിപ്പെട്ട, ഉ തടിച്ച

അപ്രച്ഛന്നം-സ്വാഗതസംഭാഷികളെക്കൊണ്ട് ഉണ്ടാക്കപ്പെട്ട, ആനന്ദം, ബന്ധുവാദിജനങ്ങളെ സ്വാഗതവചനം മുതലായതുകൊണ്ട് ആനന്ദിപ്പിക്കുക.

അപ്രച്ഛന്ന-രഹസ്യമായുള്ള, മറഞ്ഞ.

അപ്രപദം-അ. പുറവടിയോളം.

ആപ്രപദീനം-പൂവടിയോളം താണവസ്ത്രം, വസ്ത്രത്തിന്റെ എന്നതെന്നെയല്ല പൂവടിവരെ എത്തുന്ന വക്ക മുതലായതോടുകൂടിയ വസ്ത്രാദികൾ. നിലയങ്കിമുതലായത്. പാദാഗ്രത്തെ പ്രാപിക്കുന്നത് എന്ന ശബ്ദാർത്ഥം.

ആപ്ലവനം, ആപ്ലാവം, ആപ്ലവം-ക്ര. തലമുങ്ങിക്കുളി. ഉ. കളി, രോഗം തളിക്ക, വെള്ളത്തിൽ മുഴുവനും ശമിക്കുക എന്ന ശബ്ദാർത്ഥം.

ആപ്ലവവൃതി-ഗൃഹസ്ഥൻ, വിവാഹം കഴിച്ച ബ്രാഹ്മണൻ.

ആപ്ലവിക്ക-ക്ര. തലമുങ്ങിക്കുളിക്കുക. ഉ. കടക്കുക.

ആപ്ലുത-വി. കളിച്ച.

ആപ്ലുതം-കളി.

ആപ്ലുതവ്രതി-സ്നാതകൻ.

[ബ്രഹ്മചര്യാശ്രമത്തിന്റെ സമാപ്തികർമ്മമായ സമാവർത്തനം കഴിഞ്ഞു; ഗൃഹസ്ഥാശ്രമം കൈക്കൊണ്ടിട്ടുമില്ല; ഈ നിലയിലിരിക്കുന്നവനത്രേ സ്നാതകൻ.]

ആപ്ലുതൻ-ഗൃഹസ്ഥൻ.

ആഫലോദയം-അ. ഫലം ലഭിക്കുന്നതുവരെ.

ആഫ്ഠകം-കവിൾ.

ആബദ്ധ-വി. കെട്ടപ്പെട്ട.

ആബദ്ധതൂണൻ-അമുറയിട്ടവൻ.

ആബദ്ധം-കെട്ട്. അമിക്കയവ്.

ആബന്ധനം-ക്ര. കെട്ട്. ഉ. നകക്കയവ്. ന. ആഭരണം, അലങ്കാരം.

ആബന്ധം-ക്ര. നകക്കയവ്. ഇതുകൊണ്ട് ബന്ധിക്കുന്നു. മറവ പയ്യോയങ്ങൾ-യോത്രം, യോക്ത്രം. ഉ. കെട്ട്. ന. ആഭരണം, അലങ്കാരം.

ആബല്യം-ക്ഷീണം, തളർച്ച.

ആബാധ-ദുഃഖം. കലശുന്നത് എന്നർത്ഥം.

ആബാലവൃദ്ധം-അ. ബാലന്മാർ മുതൽ വൃദ്ധന്മാർ വരെ.

ആബാല്യാൽ-ബാല്യംമുതൽക്കേ.

'ആബാല്യാൽപതിമേവത്തുമേവേ'

(ഭക്ഷയാമം കഥകളി)

ആബ്ദികം-വി. ആണ്ടുതോറുമുള്ള.

ആബ്ദികം-ആണ്ടറവലി.

ആഭ-ശോഭ.

ആഭരണം-അലങ്കാരം. മറവ പയ്യോയങ്ങൾ-അലങ്കാരം, പരിഷ്കാരം, വിഭൂഷണം, മണ്ഡനം.

ആഭാഷണം-സംബോധനപൂർവ്വകമായിട്ടുള്ള ഭാഷണം. നേരിട്ടിട്ടുള്ള ഭാഷണം എന്ന ശബ്ദാർത്ഥം. സംസാരം, സംഭാഷണം.

ആഭാസ-വി ക്ര. വഷളായുള്ള. ഉ. ശോഭയുള്ള.

ആഭാസത്തനം-വേണ്ടാതനം.

ആഭാസത്തം-ക്ര. വഷളത്തം. ഉ. പ്രകാശത്വം.

ആഭാസം-ക്ര. വഷളം. ഉ. രോഗിച്ചം, പ്രതിബിംബം.

ആഭാസരൂപകം-രൂപകാലങ്കാരത്തിന്റെ ഒരു പിരിവ്, കവികൾ ചിലപ്പോൾ പാദപൂരണത്തിനുവേണ്ടി ചെയ്യുന്ന രൂപകം. ഉ-ം, അടിമലർ, മുഖാരവിന്ദം ഇത്യാദി.

ആഭാസവരന്മാർ-ഗണദേവതകളിൽ ഒരു കൂട്ടക്കാർ. ഇവർ നൂറ്. ഗണദേവതകൾ=ഒന്നിച്ചുസഞ്ചരിക്കുന്ന ദേവന്മാർ. ആഭാസവരന്മാർ എന്നാൽ പ്രകാശിക്കുന്നവർ എന്നർത്ഥം.

ആഭിചാരം-അന്യനെ ഹിംസിക്കുന്നതിന്നുവേണ്ടി ചെയ്യുന്ന മഹാമന്ത്രോപാധിരൂപമായ കർമ്മം. ക്ഷുദ്രം, ക്രൂരകർമ്മം.

ആഭിചാരികൻ, ആഭിചാരണികൻ-ആഭിചാരം ചെയ്യുന്നവൻ, ക്ഷുദ്രംചെയ്യുന്നവൻ.

ആഭിജാത്യം-നല്ലകുലത്തിലെ ജനനം.

ആഭിമുഖ്യം-ക. അനുകൂലഭാവം.

'അതിനൊത്തരമാഭിമുഖ്യവും'

(നളചരിതം കഥകളി)

ഉ. സന്നിധി, മുഖത്തോടുമുഖം.

ആഭീരൻ-ഇടയൻ, ഗോപൻ. പശുക്കളെ മേയ്ക്കുന്നവൻ എന്നു ശബ്ദാർത്ഥം.

ആഭീരപല്ലി-ഇടയഗ്രാമം, ഇടയന്മാരുടെ വാസസ്ഥലം. മറ്റാരുടെ പശുക്കളേയും മോഷ്ടിക്കും. പല്ലി എന്നു് മാത്രമായാലും പശുക്കളെന്നർത്ഥം.

'ചെയ്യേണപ്രണയേനവാപഹരതഃ

പല്ലീഷുശയ്യാന്യപി'

(നീലകണ്ഠചമ്പു)

ആഭീരി-ഇടയത്തി(ഇടച്ചി). ആഭീരന്റെ സ്ത്രീ എന്നർത്ഥം.

ആഭീലം-ക. ദുഃഖം. എല്ലാടവും ഭയത്തെ ചെയ്യുന്നതു് എന്നു ശബ്ദാർത്ഥം. ഉ. അതിവേദന. ന. ശരീരപീഡ.

ആഭുഗ്ന-വി. അല്പം വളഞ്ഞ, വളഞ്ഞ.

ആഭ്രതപ്പുവം-പിശാചുകളുടെയുള്ള ബാധ.

ആഭ്രതപ്പുവം-അ. ലോകനാശംവരുത്തുന്ന.

ആഭ്രതി-ശക്തി, സാമർത്ഥ്യം.

ആഭോഗം-പരിപൂർത്തി, പരിപൂർണ്ണാവസ്ഥ. ഒരേടത്തും ന്യൂനതയില്ലായ്ക എന്നു ശബ്ദാർത്ഥം, മറ്റാരുടെ പശുക്കളെ-പരിപൂർണ്ണത.

ആഭോഗമാന്ദ്യ-സുഖാനുഭവത്തിനുള്ള ശക്തിമാന്ദ്യ

ആഭോഗാനന്ദം-പൂർണ്ണസന്തോഷം.

ആഭ്യന്തര-വി. അകമേയുള്ള ആഭ്യന്തരം> <ബാഹ്യം.

ആഭ്യന്തരകൃമി-ഒരു രോഗം.

[ജ്വരവും വൈവർണ്ണ്യവും വയറിൽ വേദനയും ഏമ്പോഗവും ശരീരസാദവും തലതിരിച്ചിലും അന്നത്തിൽ രുചിമാന്ദ്യവും അതിസാരവും മുണ്ടാകുമ്പോൾ അകത്തുള്ള കൃമിയുടെ ഉപദ്രവമുണ്ടെന്നറിയണം.]

ആഭ്യന്തരം-വ്യാകരണത്തിൽ ഒരു പ്രയത്നം.

ആമ് (ആം)-അ. അംഗീകാരം, ഒരുത്തൻ മറ്റൊരുത്തനോടു പറഞ്ഞാൽ മടിക്കുടാതെ അതിനെ അംഗീകരിക്കുന്നതിൽപ്രയോഗം. മറാഠരുടെ പദ്ധതിയേ-'ഏവം'.

'സമ്പല്ലക്ഷ്മീരേതല്പ്രാ

ശസ്ത്യമേവംസ്വയമസ്ത്വനഃ' (അമരം)

ആമ-വി. പച്ചയായ, ഉ-ം, ആമകുംഭം= പച്ചക്കുടം,

ആമ-ക. ഇഴയുന്ന ഒരു ജന്തു. ഇതു് ഇതിന്റെ അവയവങ്ങളും അതിനെയും ഉള്ളിലേയ്ക്കു വലിക്കുന്നതുകൊണ്ടു് ഇതിനു 'പഞ്ചാംഗം' എന്നു പേരുണ്ടു്. പദ്ധതിയങ്ങൾ-ക്രമം, കമഠം, കച്ഛപം, ഉ. അംഗീകാരം.

ആമഗന്ധി-മഹിക്കാരുടെ പോകുന്ന മലത്തിന്റെ നാറ്റം, പച്ചമാംസത്തിന്റെ ഗന്ധത്തോടു തുല്യമായ ഗന്ധത്തോടുകൂടിയ വസ്തു.

ആമജ്വരം-ഒരു മീനം.

[ഇതിനു വയറിൽനിന്നു വെള്ളം ഒഴുകും. നെഞ്ചു കഫിക്കും. ഏമ്പക്കത്തിനു് അസുഖി, അരുചി, മടി, ക്ഷീണം, ക്ഷീണക്കുറവു് ഇവയുണ്ടാകും. വായ്ക്കു രസം സംവേദിക്കയില്ല. ദേഹത്തിനു കനമുണ്ടാകും. വിശപ്പു് കാണുകയില്ല. മൂത്രം വളരെ പോകും. ദേഹം സ്തംഭിക്കും. ജ്വരത്തിനു വേഗം അധികമാവും. ഈ രോഗത്തിനു ശ്രദ്ധാധം കൊടുത്താൽ പിന്നെയും വർദ്ധിക്കും.

ആമതാ, ആമത്വം-പച്ചയായസ്ഥിതി.

ആമയുണ്ണ-ഒരു രോഗം.

[ആമദോഷം ഹേതുവായിട്ടു ഉണ്ടാകുന്നു. അതിനു ത്രിദോഷത്തിന്റെ ലക്ഷണങ്ങളും കാണും. ഏതുതരത്തിനു വേ

ന്നേ, ക്ലേദത്തോടുകൂടിയുള്ള തുപ്പൽ, ശരീരത്തിന്റെ തൂക്കു് ഇവയും കൂടി ഉണ്ടാകും.]

ആമണ്ഡം–ആവണക്ക് (ആമണക്ക്). അലങ്കരിക്കുന്നതു് എന്നു ശബ്ദാർത്ഥം.

ആമനസ്യം–പു. ദുഃഖം. അമനസ്സിന്റെ (ദുർമ്മനസ്സിന്റെ) ഭാവം എന്നർത്ഥം. പ. മനഃപീഡ. സ. രോഗമനസ്യം. ര. പ്രസവവേദന.

ആമന്ത്രണം–വഴിയാത്രപറയൽ, യാത്രചോദിക്കുക, ക്ഷണിക്കുക, ക്ഷണത്തിനു വിളിക്കുക.

ആമന്ത്രിക്ക–യാത്രചോദിക്കുക.

'ആമന്ത്രിച്ചിതിമിശപൃതനാ
ധീശനാമീശസൂനം' (മയൂരസന്ദേശം)

ആമന്ത്രാണം–ക്ഷണിക്കൽ. പ. ഉഴ്ട്ട്.

ആമന്ത്രിത–വി. പു. ക്ഷണിക്കപ്പെട്ട, വിളിക്കപ്പെട്ട. പ. യാത്രപറയപ്പെട്ട.

ആമന്ത്രം–മുഴക്കം, മുഴങ്ങൽ.

ആമപീനസം–ഒരു രോഗം.

[ഈ രോഗത്തിനു തലക്കു കനവും അരുചിയും ഉണ്ടാകും. മൂക്കിൽക്കൂടി വെള്ളം ഒഴുകും. ശബ്ദം തനുവായും അവ്യക്തമായും ഇരിക്കും. മൂക്കിൽക്കൂടി കൂടക്കൂടെ കഫം വരും.]

ആമം–പു. തടിവിലങ്ങു. പ. മഹിക്കാതെ വയറിൽ കിടക്കുന്ന അന്നം. സ. രോഗം. ര. അജീർണ്ണം.

ആമന്ദം–അ. പതുക്കപ്പതുക്കെ.

ആമപ്പുലക–ആമയുടെ ആകൃതിയിൽ ഗൃഹനിർമ്മാണത്തിനു പ്രയോജനപ്പെടുത്തുന്ന പീഠം (കൂർമ്മപീഠം)

ആമമാംസം–പച്ചയിറച്ചി.

ആമയം–പു. വ്യാധി. കൊല്ലുന്നതു് എന്നു ശബ്ദാർത്ഥം. പ. ദീനം, രോഗം. സ. കൊടും.

ആമയാവി–വി. വ്യാധിയുള്ള.

ആമരണാന്തം, ആമരണാന്തികം–അ. മരിക്കുന്നതുവരെ.

ആമർദ്ദനം ചെയ്ക–തടവുക.

ആമർശനം–പു. ആലോചന. പ. തൊടുക. സ. ഉരയുക.

ആമർഷം, ആമർഷണം–പു. കോപം. പ. ക്ഷമയില്ലായ്മ.

ആമലകം–നെല്ലിക്ക. പ. നെല്ലിവൃക്ഷം.

ആമലകി, ആമലകം–പു. നെല്ലി. ഗുണങ്ങളെ ധരിക്കുന്നതു് എന്നു ശബ്ദാർത്ഥം. പ. നെല്ലിക്ക.

[നെല്ലിയെപ്രദിക്ഷണംവയ്ക്കുക, സേവിക്കുക, നനയ്ക്കുക, നെല്ലിക്ക മുടങ്ങാതെ തിന്നുക മുതലായവകൊണ്ടു കലിബാധതീരും. ഇവരെകലിബാധിക്കുകയില്ല.]

ആമവാതം–ഒരു രോഗം.

[വിരുദ്ധാഹാരം ഭക്ഷിക്കുന്നവൻ, വിരുദ്ധകർമ്മപ്രവർത്തകൻ, അഗ്നിമാന്ദ്യമുള്ളവൻ, വ്യായാമമില്ലാത്തവൻ, സ്നിഗ്ദ്ധാദ്യന്നങ്ങളെ ക്രമത്തിലധികം ഭക്ഷിക്കുന്നവൻ, ഭക്ഷണം കഴിഞ്ഞാൽ ഉടൻ വ്യായാമം ചെയ്യുന്നവൻ ഇങ്ങിനെയുള്ളവർക്ക് ഈ രോഗം ഉണ്ടാകുന്നു. ആമം വായു പ്രേരിതമായിട്ടു കഫസ്ഥാനത്തെ പ്രാപിക്കയും മറവു ചെയ്യും. ദേഹം സ്തംഭിക്കുന്നതാണു പ്രധാനലക്ഷണങ്ങളിൽ ഒന്നു്.]

ആമശൂല–ഒരു രോഗം.

[ഈ രോഗത്തിനു വയറിൽ പൊടപൊടു് എന്ന ശബ്ദവും, നെഞ്ചു കലപ്പും, ചർദ്ദിയും, ഗുരുത്വവും, മന്ദതയും, വയർവീർപ്പും മറ്റും ലക്ഷണങ്ങളാകുന്നു.]

ആമശ്രാദ്ധം–പിതൃസംബന്ധമായ ഒരു ശ്രാദ്ധം, (ചാത്തം ഉഴുന്നതിനു പകരം, അരിമുതലായ ഭക്ഷണസാധനങ്ങളെ മാത്രം ചെയ്യുന്നു.)

ആമാജീർണ്ണം-ഒരു രോഗം.

[അജീർണ്ണങ്ങളിൽവെച്ച് ഈ രോഗത്തിൽ ദേഹത്തിനു കനവും, തേട്ടലും കവിൾത്തടങ്ങളിലുംകണ്ണിൻപോളയിലും വീക്കവും, ഏമ്പക്കവുമുണ്ടാകും.അപ്പോൾ ക്ഷണം കഴിച്ചതുപോലെ തോന്നും. ഇവയത്രേ ലക്ഷണം.]

ആമാതിസാരം-ഒരു രോഗം.

[അന്നം ദഹിക്കായ്കനിമിത്തംവന്നേ മുതലായ ദോഷങ്ങളും സ്വസ്ഥാനത്തെ ഉപേക്ഷിച്ച് കോഷ്ഠത്തിൽ എത്തിരുകൂടം തുടങ്ങിയ ധാതുക്കളേയും മലമൂത്രങ്ങളേയും ഇളക്കി അതിസാരത്തെ ഉണ്ടാക്കുന്നു അ മലം പല നിറത്തിലിരിക്കും. വയറുവേദനയോടുകൂടിയാണ മലംപോവുക ഇതു് ആറാമത്തെ അതിസാരമാണ്.]

ആമാത്യൻ-പ. മന്ത്രി. ഉ. ഭൃത്യൻ.

ആമാനസ്യം-പ. ഖേദം. ഉ. വ്യസനം

ആമാശയം-ഇതു മാംസപേശികളെക്കൊണ്ടു ഉണ്ടാക്കപ്പെട്ടിട്ടുള്ള ഒരു സഞ്ചിയും ദഹനേന്ദ്രിയങ്ങളിൽ ഒന്നുമാകുന്നു,മേൽവയറ്.

ആമാവു-(വ്യാകരണത്തിൽ) കൊണ്ടോദിഗണത്തിൽ ഉൾപ്പെട്ടതാണ്. ചതുർത്ഥിവിഭക്തിയിൽ ചേരും.

ആമി-ഫലം കുറഞ്ഞമരവർഗവൃക്ഷം (ഉതി).

ആമിക്ഷ്യ,ആമീക്ഷാ-കാച്ചിയതും പൂട്ടിവച്ചതുമായ പാലിൽ കരടർ ചേർത്തുണ്ടാക്കുന്നതു്. കട്ടിച്ചുക്കപ്പെട്ടതു് എന്നു ശബ്ദാർത്ഥം.

ആമിഷഭോജി-രാക്ഷസൻ.

'ആമിക്ഷഭോജികളുപയിപ്പാനായിക്കാണു' (അദ്ധ്യാത്മരാമായണം)

ആമിത്രി-ശത്രുവിൻറെകുട്ടി (കാഞ്ഞു).

ആമിഷാശി-മാംസം ഭക്ഷിക്കുന്നവൻ,രാക്ഷസൻ. മറ്റൊരു പദ്ധതിയും-രശ്ശേഷ്ടൻ' സ്ത്രീലിംഗം-ആമിക്ഷാശിനി.

ആമിഷം-പ. മാംസം. പരസ്പരസ്പഷ്ടകരണം എന്നു ശബ്ദാർത്ഥം. ഉ. കൈക്കൂലി. അന്നമായിക്കൊടുക്കപ്പെടുന്നതു് എന്നു ശബ്ദാർത്ഥം. ന. കപ്പം. ഭ. കൈക്കൂലിദ്രവ്യം.

ആമിഷി-മാഞ്ചി.

ആമീൻ-പ. സ്വദേശപോലീസ് ഉദ്യോഗസ്ഥൻ. ഉ. സിവിൽകോടതികളിലെ ഒരു ജീവനക്കാരൻ.

ആമീൽ-ശേഖരിപ്പുകാരൻ.

ആമുക്ത-വി. പ. അഴിച്ചുവിടപ്പെട്ട. ഉ. ധരിക്കപ്പെട്ട.

ആമുക്തം-പ. കെട്ടഴിപ്പെട്ട ചട്ട കുപ്പായം മുതലായതു. ആമോചിക്കപ്പെട്ടതു് എന്നു ശബ്ദാർത്ഥം. ഉ. വിടപ്പെട്ടതു്.

ആമുക്തി-പ. മോചനം, വിടുതൽ. ഉ. മോക്ഷം.

ആമുഖം-ആരംഭം.

ആമുദ്ധ-വി. രസംതങ്ങിയുള്ള.

ആമുഷ്മിക-പരലോകസംബന്ധമായ.

ആമൂലം-അ. ചുവട്ടിലോളം.

ആമൂലാഗ്രം-അ. ചുവട്ടുതൊട്ടു തുമ്പുവരെ.

ആമൂർണ്ണ-വി. മൂടിയൊപ്പിക്കപ്പെട്ട, മൂടിയൊപ്പിക്കുന്ന.

ആമൃഷ്ടം-തുടയ്ക്കപ്പെട്ടതു്.

'പരിചുംബിച്ചിരിച്ചുമുഷ്ടോരഃ
സ്ഫുരൊരിചന്ദനം' (ശാകുന്തളം)

ആമേരികം-അമേരിക്ക (America)

ആമോചനം-പ. അഴിച്ചുവിടുക, സ്വതന്ത്രമാക്കുക. ഉ. ധരിക്കുക, കെട്ടുക.

ആമോടനം-മണക്കുക, മണപ്പിക്കുക.

ആമോദനം-പ. സന്തോഷം. ഉ. സുഗന്ധമുണ്ടാക്കുക.

ആമോദം-പ. സുഗന്ധം. ഉ. സന്തോഷം ഈ രണ്ടർത്ഥവും തരക്കേടില്ലാത്ത ഉദാഹരണത്തിൽ ഉണ്ടു്.

'കാമോല്ലാസാനുകൂലാംകുവലയമധുഹരൻ-
മോദമേസന്ദേഷ്ടുമീശീം'
(മക്ഷയാഗം കഥകളി)

ആമോദംചെയ്യുക-മണത്തറിയുക.

ആമോദി-വി. പ്ര. സൌരഭ്യത്തെ ഉണ്ടാക്കുന്ന. ഉ. സന്തോഷത്തെ ഉണ്ടാക്കുന്ന.

ആമോദി-മുഖത്തിനു സൌരഭ്യത്തെ ഉണ്ടാക്കുന്നതായ താംബൂലം, കർപ്പൂരം, മദ്യം മുതലായത്.

ആമോഷി-കള്ളൻ.

ആമോഷം-പ്ര. കളവു. ഉ. കയ്പ്.

ആമോഷ്ഠനിക-ഒരു സുഗന്ധസാധനം.

ആമ്നായം-പ്ര. വേദം. അഭ്യസിക്കപ്പെടുന്നത്. ധർമ്മാധർമ്മങ്ങളെ ഉപദേശിക്കുന്നത് എന്നു ശബ്ദാർത്ഥം. ഉ. ഗുരുപരമ്പരയായി സിദ്ധിച്ച സദുപദേശം.

ആമ്നായമൂർത്തി-പ്ര. വിഷ്ണു. ഉ. ശിവൻ.

ആമ്പൽ-വെള്ളത്തിലുള്ള ഒരു തരം, പുഷ്പം. വെള്ളാമ്പൽ, രക്താമ്പൽ, ചെറുചിറാമ്പൽ, കൊട്ടലാമ്പൽ, ചിറാമ്പൽ, തണ്ണാമ്പൽ ഇങ്ങിനെ പലതരം ഉണ്ട്. പര്യായങ്ങൾ-കുമുദം, കൈരവം.

ആമ്പൽപ്പൊയ്ക-ആമ്പൽനിറഞ്ഞതടാകം. പര്യായങ്ങൾ-കുമുദവതി, കുമുദിനി.

ആമ്പാടി, അമ്പാടി-ശ്രീകൃഷ്ണന്മാതാവിന്റെ രാജധാനി. ആയൻപാടി, ഒമ്പാടി ഇങ്ങിനേയും പറയുന്നു.

ആമ്രഫലം-മാങ്ങ.

ആംബരീഷപുരകം-അംബരീഷപുത്രന്മാർ നിവസിച്ച ഒരു രാജ്യം.

ആംബികേയൻ-പ്ര. ധൃതരാഷ്ട്രർ. ഉ. സുബ്രഹ്മണ്യൻ.

ആംഭസികം-മത്സ്യം. അംഭസ്സിൽ (ജലത്തിൽ) ഉണ്ടാകുന്നത്.

ആമ്രകൂടം-ഒരു പർവ്വതം. (സുഗന്ധനാരകകൂടം.)

ആമ്രാതം, ആമ്രാതകം-അമ്പഴം. മാങ്ങയോട് തുല്യമായ ഫലമുള്ളത് എന്നു ശബ്ദാർത്ഥം.

ആമ്രാസ്ഥി-മാങ്ങയണ്ടി.

ആമ്രം-മാവ്. ആഘ്രഹിക്കപ്പെടുന്നത് എന്നു ശബ്ദാർത്ഥം.

ആമ്രേഡനം-പിന്നെയും പിന്നെയും പറക.

ആമ്രേഡിക്ക-വർദ്ധിപ്പിക്ക.

ആമ്രേഡിത-വി. പിന്നെയുംപിന്നെയും ആവർത്തിക്കപ്പെട്ട, രണ്ടുമൂന്നുപ്രാവശ്യം പറയപ്പെട്ട.

ആമ്രേഡിതം-രണ്ടും മൂന്നും പ്രാവശ്യം പറയുന്നതിന്റെ പേർ. പരിഭ്രമം ഹേതുവായിട്ടു പല തവണ ഉച്ചരിക്കപ്പെടുന്നത് എന്നു ശബ്ദാർത്ഥം. ഉ-ം, 'ഹേ! പേപ്പട്ടി!, പേപ്പട്ടി!'

ആമ്ലാനം-വടിയത്.

ആമ്ലം-പുളിരസം. ഉ. പുളിമരം.

ആമ്ലികാ, ആമ്ലികാ-പ്ര. പുളിമരം. പുളിരസമുള്ളത് എന്നർത്ഥം. ഉ. പുളിപ്പ്.

ആയക്കെട്ട്-കരം പതിഞ്ഞ നിലങ്ങളുടെ കണക്ക്, നിലം പുരയിടങ്ങളുടെ കണക്ക്.

ആയത-വി. പ്ര. നീളമുള്ള, നീണ്ട. ഉ. പരന്ന.

ആയതനം-പ്ര. വീട് പാർപ്പിടം. ഉ. യജ്ഞസ്ഥാനവിശേഷം. അഗ്നികാര്യമെയിയതം ചെയ്യുന്നിടം എന്നു ശബ്ദാർത്ഥം. ഉ. ദേവാലയം. ന. രാജപുരിതവൃക്ഷം. ഗ. ദേഹാലയം. ങ. രോഗങ്ങളുടെ കാരണം.

ആയതനേത്രൻ-നീണ്ടകണ്ണുള്ളവൻ.

ആയതനേത്ര, ആയതലോചന, ആയതേക്ഷണ, ആയതാക്ഷി-നീണ്ടകണ്ണുള്ളവൾ (സുന്ദരി എന്നർത്ഥം)

ആയതാക്ഷി-വി. നീണ്ടകണ്ണുള്ള.

ആയതി-പ. ദൈർഘ്യം.

'സ്തുതിയാളം കൈകരളി! നിൻ
സ്തുതിയായതിയാന്നിടുദ്ധംപാരിൽ'
(ഷഷ്ടിപൂർത്തിക്കിഴി)

ഉ. ഭാവികാലം. ഒടുവിൽ അവസാനിക്കുന്നത്. വരാൻപോകുന്നത് എന്നർത്ഥം. ന. പ്രൗഢത്വം. ര. ചേർച്ച. ങ. സ്വീകാരം, ലഭിക്കുക.

ആയതം-നീണ്ടത്. പ്രയത്നപ്പെടുന്നത് എന്ന ശബ്ദാർത്ഥം. മറ്റൊരു പര്യായശബ്ദം.

'ആയതമായുള്ളുധാത്രീതലംഭവാൻ'
(ധ്രുവചരിതം തുള്ളൽ)

ആയത്ത-വി. അധീനമായ.

ആയത്തൻ-അന്യന്നധീനൻ, അന്യനെ വേണ്ടിയതിക്കുന്നവൻ എന്ന ശബ്ദാർത്ഥം

ആയത്തി-പ അധീനം. ഉ. ബലം ന. അതിര്. ര. നീളം. ങ. ഭാവികാലം. ന. പ്രൗഢത്വം.

ആയത്രാതത്ര-വേണ്ടപോലെ അല്ലായ്ക.

ആയൻ-പ. ഇടയൻ, ആട്ടിടയൻ. ഉ. പശുവളർത്തുന്നവൻ. (ആയർ=ഇടയർ) സ്ത്രീലിംഗം-ആച്ചി

ആയമ്പാടി-പ. അമ്പാടി, ശോഭനം. ഉ. സാമൂതിരിയുടെ കോവിലകം(കൈമ്പാടി.)

ആയം-പ. വരവ്, പണത്തിന്റെ വരവ്, ലാഭം. ഉ. ഹോരാശാസ്ത്രത്തിന്റെ സഹായത്തിനായി ആയം> <വ്യയം. ന. (ജ്യോതിഷത്തിൽ)പതിനൊന്നാമെടം.

ആയർകോൻ-പ ആയന്മാരിൽ (ഇടയന്മാരിൽ) പ്രമാണി. ഉ. പശുവളർത്തുന്നവരിൽ മുഖ്യൻ. (കോൻ-മുഖ്യൻ, ശ്രേഷ്ഠൻ,) ഉ-ം, അണ്ടർകോൻ(ഇന്ദ്രൻ)

ആയർമകൻ-ഗോപാലബാലൻ.

ആയവണ്ണം-കഴിയുന്നപോലെ.

ആയസ-വി പ. ഇരുമ്പുകൊണ്ടുള്ള. ഉ. ഇരുമ്പായുധം ധരിച്ച.

ആയസി-പടച്ചട്ട,(ഇരുമ്പു) കവചം.

ആയസം-പ. ഇരുമ്പ്. ഉ. ഇരുമ്പുകൊണ്ടുണ്ടാക്കിയത്. ന. ആയുധം.

ആയസ്സാര-ആനയുടെ തുടയുടെ മുകൾവശം.

ആയാഗം-യാഗത്തിൽ കൊടുക്കുന്ന ഒരു സമ്മാനം.

ആയാചിത-വി. ആവശ്യമെന്നു യാചിക്കപ്പെട്ട.

ആയാത-വി. വന്ന.

ആയാതി-വരവ്.

ആയാതം-വന്നത്.

ആയാനം-വരവ്.

ആയാപനം-പ. വരുവാൻ കാരണമാക്കുക. ഉ. ക്ഷണം (ക്ഷണിക്കുക)

ആയാമം-നീളം, വാർ, കോൽ മുതലായതുകൊണ്ട് അളന്നു കൃത്യപ്പെടുത്തുന്നത് എന്നർത്ഥം.

'ആയാമമുള്ളോരുചാവടിയുങ്ങും
കായമുയുതൻകോരകമെന്നപോലെ'
(ശ്രീകൃഷ്ണചരിതം)

ആയാംകുടി-തിരുവിതാംകൂറിൽ ഏഴരനാർ താലൂക്കിലെ ഒരു പകുതിയായ കുട്ടനാട്ടിലുള്ള ഒരു കര.

ആയാസിക്ക-പ്രയാസപ്പെടുക.

ആയാസം-പ. ക്ഷീണം, തളർച്ച ഉ. പ്രയാസം.

ആയി-പ. ഭവിച്ചു ഉ. തിന്ന ന (വ്യാകരണത്തിൽ)കർത്രാദിഗണങ്ങളിൽ ഒന്ന്. ചൂതാട്ടത്തിൽ ചോന്ന. ദേവനായി = ദേവനുവേണ്ടി.

ആയിക്കുടി-തിരുവിതാംകൂറിൽ ഏഴരകുട്ടനാലൂക്കിലെ ഒരു പകുതി.

ആയിക്കൊണ്ട്-വേണ്ടി. ചൂതാട്ടിയുടെ പര്യായം.

ആയിക്കോട്ട-തിരുവിതാംകൂറിന്റെ വട ക്കെ അതിർത്തിയിലെ കോട്ട.

ആയിനി ആഞ്ഞിലി, കാട്ടുപിലാവ് പൂരിയായിനി-ഇതിന്റെ ഫലത്തിനു 'കാ ട്ടുചക്ക' എന്നു പേർ.

ആയിനിവിളമ്പുക-പാൽചോരുണ്ണ്. ആയിനിയുണ്ണുനോക്കുക.

ആയിരക്കണ്ണി-വിളഭിക്കുക.

ആയിരപ്പന്ത്-ആയിരം തീപന്തമുള്ള പ ന്തം (വിളക്കുതന്നെ)

ആയിരം-പത്തു നൂറുകൂടിയതു്.

ആയിരം തെങ്ങ് - തിരുവിതാംകൂറിൽ അഷ്ടമുടിക്കായലിനെ കായംകുളത്തോട്ടു യോജിപ്പിക്കുന്ന മറെറാരു ചെറിയ കാ യൽ.

ആയിരന്നാവൻ-അനന്തൻ.

ആയിരംപല്ലി-ഒരു വക മത്സ്യം. സം സ്കൃതത്തിൽ 'സഹസ്രദംഷ്ട്രം' എന്നും 'പാഠീനം' എന്നും പേർ.

ആയിരോൻ-ആയിരം നായന്മാർക്കു പ്ര മാണി.

ആയില്യം-പ. ഒൻപതാമത്തെനക്ഷത്രം ക. മണ്ണാറശ്ശാലെ നാഗങ്ങളെ സംബ ന്ധിച്ച ഒരു വിശേഷനാമം.

ആയുകം-പ. ബലം ഊന്നുക. ക. ഞെട്ടുക ക. ന. മുമ്പോട്ടാഞ്ഞുക, (തെരയുക, രച ക്കുക, ചിന്തുക).

ആയുക്ഷീണം-ആയുസ്സിന്റെ ബലക്കുറ വു്.

ആയുധജീവി-ആയുധം പ്രയോഗിച്ചു ജീവി ക്കുന്നവൻ. പട്ടായങ്ങളും-ശസ്ത്രാജീവൻ കാണ്ഡപൃഷ്ഠൻ, ആയുധീയൻ, ആയു ധികൻ.

ആയുധപാണി ആയുധം ധരിച്ചവൻ.

ആയുധം-വാളു്, കുന്തം ശൂലം, വില്ല് ഇതു തുടങ്ങിയവു്. ഇതുകൊണ്ടു യുദ്ധം ചെയ്യുന്നതിനാൽ ഈ പേരുണ്ടായി- മറെറ പര്യായങ്ങളും-പ്രഹരണം, ശസ്ത്രം, അസ്ത്രം.

'ശൂലം, മുസലം, പരിഘവും, ചക്രവും വേലോടു, വെണ്മഴു, കുന്തം, ശരങ്ങളും, തുള്ളും മുനയോടിളകും ചുരികക, ളുള്ളുന്നടങ്ങുംകടുത്തില, വാളുകളും'

ആയുധവിദ്യ-ആയുധാഭ്യാസം. ആയു ധശാസ്ത്രം.

ആയുധശാല-ആയുധങ്ങളുംസൂക്ഷിക്കുന്ന മുറി.

ആയുധാഭ്യാസം-ആയുധപ്രയോഗം ശീ ലിക്കുക.

ഈ വിദ്യ പല വിധം (തുടക്കന്നപ്ര യോഗവും പണിക്കർ പഠിപ്പിക്കുന്നതുമാ ണ്.) പ. ഓതിരം, ര. കടകം, ന. ചട്ടുകം. ൽ. മണ്ഡലം. ള. പുത്തടിക്കുക. ഴ. സുകങ്കുളം. റ. വിജയം. വ. വിശ്വ മോഹനം ൻ. തിയ്യുങ് മണ്ഡലം (അ ന്യോന്യം) ക. ശരയംഭേടശഹരം. കക ശത്രുഞ്ജയം. കര. രസരേഖം. കന. പടലം. കൽ. പുരഞ്ജയം. കള. കായവല്ലി. കഴ. ശിലാഖണ്ഡം. കറ. ശരാശംസ്ത്രം. കവ. അനന്തമം.

ആയുധികൻ, ആയുധീയൻ-ആയു ധവിദ്യകൊണ്ടുപജീവിക്കുന്നവൻ, ആയു ധക്കാരൻ.

ആയുർദ്ദായം-ജീവനകാലം.

ആയുർബലം-ആയുസ്സിന്റെ ശക്തി.

ആയുർഭാവം-ഷട്ടംശരാശി, ഷട്ടംശഭാവം.

ആയുരന്തം-മരണം, (ആയുസ് + അന്തം = ആയുരന്തം)

ആയുർവർദ്ധനം-ആയുസ്സിന്റെ അഭിവൃദ്ധി

ആയുർവേദം-ശരീരത്തിന്റെ ഉപയോഗം, രോഗചികിത്സ.

ആയുഷ്കരം-ശക്തിയുള്ള ആയുസ്സ്.

ആയുഷ്കരൻ-ആയുസ്സിനെ ചെയ്യുന്ന.

ആയുഷ്കർമ്മം-ആയുസ്സുണ്ടാവാൻ ചെയ്യുന്ന പുണ്യം.

ആയുഷ്ടോമം, ആയുഃസ്തോമം–ആയുസ്സിനെ സംബന്ധിച്ച ഒരു അടിയന്തരം.

ആയുഷ്പരിമാണം–ആയുസ്സിന്റെ പരിമാണം. (ഭാഗവതം തൃതീയസ്കന്ധം നോക്കുക).

ആയുഷ്മൽ–വി. വളരേകാലം ജീവിച്ചിരിക്കുന്ന.

ആയുഷ്മാൻ–വളരെക്കാലം ജീവിച്ചിരിക്കുന്നവൻ. വളരെ ആയുസ്സുള്ളവൻ എന്നർത്ഥം. മറ്റൊരു പയ്യായം–ജൈവാതുകൻ.

ആയുഷ്യം–പ. ആയുസ്സിനെറ വൃദ്ധി. ഉ. കൂട്ടി പിറന്നാലുള്ള ഒരടിയന്തരം.

ആയുസ്സ്–പ. ജീവിച്ചിരിക്കുന്ന കാലം. പ്രാപിക്കുന്നത് എന്ന ശബ്ദാർത്ഥം. മറ്റൊരു പയ്യായം–'ജീവിതകാലം'. ഉ. പൂരുരവസ്സിന്റെ പുത്രൻ. (ഉർവ്വശിയിൽ പുരൂരവസ്സിനുണ്ടായവൻ), നഹുഷന്റെ പിതാവ്.

ആയോഗം–പ. നിയമനം, ഏർപ്പാട്ടുള്ളത്. ഉ. പ്രവൃത്തി. നു. കര. ർ. ചേർച്ച

ആയോഗവൻ– ശൂദ്രനെ ഒരുവൈശ്യസ്ത്രീയിൽ ഉണ്ടായവൻ. അസവർണ്ണന്മാരായ മാതാപിതാക്കന്മാരുടെ സംയോഗത്താൽ പതിമൂന്നു സങ്കരജാതികൾ ഉണ്ടാകുന്നതായി പ്രാചീനഗ്രന്ഥവൃത്തം പറയുന്നു. സ്ത്രീലിംഗം–ആയോഗവി.

ആയോജിതം–ചേർക്കപ്പെട്ടത്.

ആയോധനം–യുദ്ധം. നല്ലവണ്ണം പ്രഹരിക്കുക എന്നർത്ഥം.

'ആയിവിജയകരികേസരിമേതദുരാമസം
ആയോധനം വേണമെന്നില്ല ശാർങ്ഗവും'
(കൃഷ്ണാർജ്ജുനവിജയം തുള്ളൽ)

ആരു്–തെങ്ങു, കവുങ്ങു മുതലായതിന്റെ വാരിയിൽനിന്നു് മുള്ളുപോലെ എഴുന്നു വരുന്ന വസ്തു.

ആരു് ?– പരിചയമില്ലാത്ത ഒരാളെക്കണ്ടാൽ ചോദിക്കുന്ന വാക്ക്. ഉ., താൻ ആരു്? നീ ആരു്?

ആര–വി. വിചിത്രമായ, കൊള്ളരുതാത്ത.

ആരക്കുടം–പിച്ചള. ചെല്ലുന്നേടം പൊള്ളിക്കുന്നതു് എന്നു വ്യുത്പത്തി. മറ്റൊരു പയ്യായം–രീതി.

ആരകൃതം–കറഞ്ഞോന്നുചമെന്നതു്.

ആരക്ഷകൻ–കാവൽക്കാരൻ, നടന്നുകാവൽ കാക്കുന്നവൻ.

ആരഖാനം–ആരഖാൻ Arakhan.

ആരഗധം–കൊന്നവൃക്ഷം. രോഗശാകയെ മുഴുവൻ കളയുന്നതു് എന്നു ശബ്ദാർത്ഥം. ആരഗ്വധം, അർഗ്വധം എന്നും പാഠഭേദങ്ങൾ

ആരഞ്ഞിട്ടം–കിണ്ണം.

ആരചിക്ക–ചെയ്യുക.

ആരടം–തറവാടു്.

ആരടൻ–കളിക്കാരൻ, വേഷക്കാരൻ.

ആരട്ടം–പഞ്ചാബിൽ വടക്കു കിഴക്കുവശമുള്ള ഒരു സ്ഥലം; കുതിരകൾക്കു വിശേഷപ്പെട്ടതു്.

ആരണൻ–ബ്രാഹ്മണൻ.

ആരണം–വേഷം.

ആരണി–നീർച്ചുഴി.

ആരണ്ഡം–ആവണക്കു്.

ആരണ്യ–വി. കാട്ടിലുണ്ടായ, കാട്ടിനെ സംബന്ധിച്ച.

ആരണ്യകം–ബ്രാഹ്മണങ്ങളുടെ അന്തത്തിൽ ആരണ്യകമെന്ന ഒരു ഭാഗമുണ്ടു്. ഈ ഭാഗത്തെ വാനപ്രസ്ഥൻ വനത്തിൽനിന്നു അഭ്യസിയ്ക്കേണമത്രേ. അതിൽ വിധിച്ച ധർമ്മങ്ങളെ അനുഷ്ഠിക്കേണ്ടതുകൊണ്ടു അതിനു 'ആരണ്യകം' എന്ന പേർ. മേയ്ക്കുന്നു പിതൃക്കളുടെ ഋണങ്ങളും തീർന്നശേഷം ഗൃഹത്തിനെ പുത്രന്മാർക്കു ഏല്പിച്ചുകൊടുത്തു. ഗൃഹസ്ഥൻ

നിവൃത്തി മംഗ്ലത്തിൽ പോവാനായി സഹികരിക്കേണ്ടുന്ന ആശ്രമം വാനപ്രസ്ഥമാകുന്നു."

ആരണ്യം-പ. കാട്. ഉ. മഹാകാവ്യകാലത്തെ സാഹിത്യാംശങ്ങളിൽ ഒന്ന്. ഇതിൽ കരുക്കരം, പാഞ്ചാലന്മാർ, കോസലരാജ്യക്കാർ വിദേഹന്മാരാദിയായിട്ടുള്ളവർ ഗംഗാതടത്തിൽതാമസിച്ചിരുന്നകാലത്തെക്കുറിച്ചുപറയുന്നു. ന. രാമായണത്തിലേ ഒരു കണ്ഡം. ര. ഭാരതത്തിലേ ഒരു പർവ്വം. ള. വിണ്ണുവിതയ്ക്കാതെ വളരുന്ന ഒരു ധാന്യം. ന്യ. ചാണകം.

ആരതി-ഉപരാമം (നിവൃത്തി), (ഒന്നിൽ നിവർത്തിക്കുക-ഒടുങ്ങുക), നിവൃത്തി. അടങ്ങുക എന്ന ശബ്ദാർത്ഥം.

ആരഥാ-പ. ഒറ്റക്കാളവണ്ടി. ഉ. ഓറക്കുതിരവണ്ടി.

ആരൻ-ചൊവ്വാ (ഗ്രഹം).

ആരനാളകം, ആരനാളം-വെള്ളകാടി. പരന്നിരിക്കുന്ന ശണ്ഡമുള്ളത് എന്ന ശബ്ദാർത്ഥം.

ആരമ്പക്കളി-കട്ടികളും അപ്പുനമ്മമാരും കൂടികളിച്ചുരസിക്കുക.

ആരമ്പക്കൊട്ടി-ഓമനക്കൊട്ടി.

ആരമ്പപ്പൈതൽ-ഓമനക്കുട്ടി.

ആരമ്പം-ഓമന (ആരമ്പമായി വളർക്കുക=ഓമനിച്ചുവളർക്കുക) = പോറുക.

ആരമ്പുളി-ഒരുമാതിരി പുളിമരം. ഇതു വാതപിത്തങ്ങളെ ശമിപ്പിക്കും. മെയ്യിയുടെ അഴകു കളയുന്നതിനു വിശേഷം.

ആരബ്ധം-തുടങ്ങിയതു്, ആരംഭിക്കപ്പെട്ടതു്.

ആരഭ്യി-തുടങ്ങുക, ആരംഭം.

ആരഭേൻ-ധീരൻ.

ആരഭടി-നൃത്തം (ആർഭടി).

ആരഭി-ഒരു രാഗം.

ആരം-പ. ഹാരം, മുത്തു, മുത്തുമാല. ഉ-ം, ആരവാർമുകിൽ. (പഴയ മലയാളപ്രയോഗം).

ഉ. പിച്ചള (പിത്തള). ന. മൂല, കേതു. ര. ശനി എന്ന ഗ്രഹം.

ആരംഭം-പ. തുടങ്ങുക, വേഗത്തിൽ തുടങ്ങുക.

പക്രമം, ഉപക്രമം ഉ-ം, പ്രഥമാരംഭത്തിന്റെ പേർ. അഭ്യുദയനം, ഉൽഘോഷം, ആരംഭം, ന-ം, ആരംഭമാത്രത്തിന്റെ പേർ. പ്രക്രമം മുതൽ ള-ം, ആരംഭത്തിന്റെ പേരെന്നും അഭിപ്രായമുണ്ട്.

ഉ. ഒരുക്കം, ന. മുഖവുര. ര. അവതാരിക.

ആരംഭണം-പ. തൊടക്കലാക്കൽ. ഉ. കൈപിടി.

ആരംഭി-വി. തൽപ്പരയുള്ള.

ആരംഭി-സമർത്ഥൻ.

ആരംഭിക്കുക-തുടങ്ങുക.

ആരമണം-സന്തോഷം. ഉ. നിൽക്കൽ.

ആരമാ-ഒരു നാണയം. (ഇരുപത്തൊമ്പതു).

ആരൽ-പ. ഒരുവക മത്സ്യം. ഉ. നീരാരൽ, പുളിയാരൽ.

ആരവം-ശബ്ദം.

'ആരവമെന്തിതറിയുന്നതേ-ഇഹ
ത്തോരവനത്തിൽ നിന്നെഴുന്നതും'

(നളചരിതം കഥകളി)

ആരവാർമുലയാഭം- ആരം (ഹാരം) കൊണ്ടു വിലസുന്ന മുലയോടുകൂടിയ വടിവു, മുത്തണിമുലയാഭം. സുന്ദരി എന്നർത്ഥം.

ആരവാരം-പ. കൊതി. ഉ. അലച്ചിയുള്ള പുതുക്കാരം (മനക്കുട്ടം).

ആരസ്യം-(അരസത) രുചിയില്ലായ്മ, വൈരസനയില്ലായ്മ.

ആരാ-താലുള്ള. ശമിക്കുന്നതു്, ചക്രത്തെ ഭേദിക്കുന്നതു് എന്നർത്ഥം. മറ്റൊരുപയോഗം-'ചക്രാരികാ'

ആരാവാരം-പരിവാരം, കൂട്ടായ്മ.

ആരാടിക്കുക-താരാട്ടുചൊല്ലി ഉറക്കുക.

ആരാട്ട്-താരാട്ട്.

ആരാതി-ശത്രു.

ആരാധനം-ക്ര. പൂജ. ഉ. നിർമ്മാണം. ന. പ്രാപ്തി. ഭ. സന്തോഷം.

ആരാധകൻ-സേവിക്കുന്നവൻ, ഭജിക്കുന്നവൻ.

ആരാധിക്കുക-ക്ര. പൂജിക്കുക. ഉ. സിദ്ധിക്കുക. ന. പ്രാപിക്കുക. ഭ. സന്തോഷിപ്പിക്കുക.

ആരാധിത-വി. ആരാധിക്കപ്പെട്ട, പൂജിക്കപ്പെട്ട, ഉപചരിക്കപ്പെട്ട.

'ഏധിതംഭവിമഹാതപക്രമൈ-
രാവതോളമിഹലോകമാ
രാധിതംതരണൽഫലങ്ങൾപൂക്കളിവ
കൊണ്ടുശക്തിയതിനെത്തപോൽ'
(അന്യാപദേശശതകം)

ആരാൻ-ഏവനെങ്കിലും ഒരുവൻ, വല്ലവൻ, ഒരാൾ.

'ആരാനുംകൊണ്ടുനോതരുന്നതെങ്കിൽകേൾക്കിക്കാം'
(ശീലാവതി)

ആരാമികൻ-തോട്ടക്കാരൻ.

ആരാമം-നട്ടുനനച്ചുണ്ടാക്കിയ തോപ്പ് (പൂങ്കാവു). മരാരാമപ്രായം-ഉപവനം. കളിക്കുന്നേടം എന്നർത്ഥം.

[സ്വതേ മുളച്ചുണ്ടായി വളരുന്ന വൃക്ഷലതാദികളോടുകൂടിയ വനത്തിനു ഈ പേർ പറഞ്ഞുകൂടാ]

ആരാൽ-ക്ര. അടുക്കൽ. ഉ. ദൂരെ.

ആരായുക-അന്വേഷിക്കുക, തിരയുക.

ആരാഞ്ഞുപുറപ്പെട്ടുനീളേസഞ്ചരിക്കുമ്പോൾ
(ത്രിപുരദഹനം ഉള്ളൽ)

ആരാവാം-ക്ര. ശബ്ദം. ഉ. ആർത്തനാദം.

'അല്ലലപേഴുമസുരമുനികൾതാരമനാമികൾ
ആരാവപൂരമരമ്പലരനസ്തുതിച്ചുടൻ'
(ഭാരതം)

ആരാളികൻ-വെപ്രാളക്കാരൻ, അടുക്കളക്കാരൻ, കുടിലമായി ചരിക്കുന്നവൻ (ആരാളം=കുടിലം).

ആരിഷ്ടം-ദുഷിപ്പോക്കുള്ളത് (ദുഷിക്കുള്ളതെ വാക്ക്.) അരിഷ്ടം എന്നു സംസ്കൃതം.

ആരു-ക്ര. പന്നി. ഉ. ഞണ്ട്. ന. കടൽ. (ജലപാത്രം) ഭ. ഒരു തരം.

ആരുക-നിറഞ്ഞിരിക്കുക, തിങ്ങിയിരിക്കുക. ('ആന്ന' എന്ന പദം നോക്കുക). ഉ-ം, അകിലാരം മുതലായ.

ആരുന്ന-ഉള്ള.

ആരൂഢ-വി. കയറിയ, വർദ്ധിച്ച.

'ആരൂഢപ്രേമരോഷത്തിലവനവിടുയി-
ന്നുജ്ജ്വലനേധാത്തരംഭം'
(സുഭദ്രാഹരണം കഥകളി)

ആരൂഢം-ക്ര. കയറിയതു; വർദ്ധിച്ചതു. ഉ. മേന്തായത്തിനു താഴെയുള്ളുത്തരം.

ആരൂഢമോദം-അ. ഏറിയ സന്തോഷത്തോടെ.

ആരുണി-ഒരുമൈമഹർഷിയുടെ തോപ്പേർ.

ആരുണ്യം-അരുണത (ചെമപ്പു)

ആരുഢം-ക്ര. നട്ടുപിടിപ്പിച്ച ഉ. കടവിൽ പാർപ്പിക്കപ്പെട്ട.

ആരുയിർ-ശ്രേഷ്ഠമായ ഉയിർ, പ്രിയമുള്ള ഉയിർ.

ആരുവാമൊഴി-തോവാളയിൽ ഒരു പ്രധാന സ്ഥലം. ഇതിനെ തിരുവിതാംകൂറിൽനിന്നു തിരുനൽവേലിക്കു കടക്കുന്ന അതിർത്തിവാതലെന്നു പറയുന്നു. ഇവിടെ ഒരു ചാവുക്കോട്ടയുണ്ട്. അതിന്റെ രക്ഷയ്ക്കായിട്ടാണെന്നു തോന്നുന്നു ഒരു കോട്ടയുടെ അവശിഷ്ടങ്ങളും കാണാം.

ആരേവതം-കൊന്ന. മലയാളത്തെ അയച്ചുകളയുന്നതു് എന്നു ശബ്ദാർത്ഥം.

ആരോഗ്യം-ക്ര. (അരോഗത) രോഗമില്ലായ്മ, രോഗമില്ലാത്ത സ്ഥിതി എന്നർത്ഥം. മരാരാമപ്രായം-അനാമയം. ആയുർവേദപ്രകരം മോക്ഷസാമ്യം. ഉ. ശക്തി. ന. മോക്ഷം.

ആരോൻ-നീർമുള്ളുള്ള ഒരു മത്സ്യം.

ആരോപകൻ-ചുമത്തുന്നവൻ.

ആരോപണം, ആരോപം-ക്ര. ചുമത്തുക. ഉ. ഏൽപ്പിക്ക. ന. കാരണക.

ആരോപിക്കുക-ചുമത്തുക.

ആരോമൽ-അത്ഭുതമായ, ഒന്നിനായ.

'ആരോമൽകളുവാണിനീപറകെടോ
ശ്രീവഞ്ചിരുവാസവൻ'

(ശ്രീമഹിഷാഖരാജവിജയം)

ആരോഹണം-ക്ര. കല്പട. കല്ലുകൊണ്ടും മറ്റും (കെട്ടിപ്പൊക്കത്തുണ്ടാക്കുന്നത്). ഇതിലൂടെ മേല്പോട്ട കയറുന്ന എന്നർത്ഥം. മരത്തിന്റെ പടിയായം-'സോപാനം' മരം മുതലായതുകൊണ്ടു പണിചെയ്യപ്പെട്ടുന്ന കോണിക്ക 'നിശ്രേണി' എന്നും 'അധിരോഹിണി' എന്നും പേർ. ഉ. കയറ്റം. ന. മുകച്ചുണ്ടുവുക: ർ. മുകളം.

ആരോഹം-ക്ര. നീളം. ഇതുകൊണ്ടു മരത്തിലും മറ്റും കയറുന്ന എന്നർത്ഥം. ഉ. ഉത്തമസ്ത്രീയുടെ കടിപ്രദേശം. ഇത്രാവിസ്തൽ ആരോഹണം ചെയ്യപ്പെടുന്നതു എന്ന ശബ്ദാർത്ഥം. ന. ഉയരം. ർ. കയറ്റം. ഇ. വൃക്ഷങ്ങളുടെ മുകളഗ്രം. ഉ. സ്ത്രീകളുടെ അര

ആരോഹകൻ-കുതിരപ്പുറത്തും മറ്റും കയറുന്നവൻ, കയറി ഓട്ടിക്കുന്നവൻ.

ആരോഹിക്ക-കയറുക വിശേഷേണ-അവരോഹിക്ക.

ആർ-ക്ര. ഏതാം. ഉ. മൂപ്പ (മന). ന. അലക്ക. ഉ-ം, ആരിൻകന്നം, ആരിൻകോൽ ർ. ആവ്.

ആർ-വി ക്ര പ്രകാശമുള്ള. ഉ. ശ്രേഷ്ഠമായ. ന. നിറഞ്ഞ ർ സൂക്ഷ്മമായ. ഇ അപൂർവമായ

ആക്കൽ-അപ്പ്.

ആക്കാനം-വല്ലവനം.

ആക്കിനമുള്ളോരപെണ്ണിനെത്തൻപാട്ടിലാക്കാമെന്നോർത്തുമത്തോമെയുള്ള'

(കംകേഷ്ടവധം തുള്ളൽ)

ആക്കുക-അപ്പുവിടുക, ഉറക്കെ ശബ്ദിക്കുക.

ആർക്കോടം-ഒരു ദേശം. Arcot.

ആർജ്ജകം-കർക്കടകം.

ആർജ്ജനം-സമ്പാദ്യം.

ആർജ്ജവം-ക്ര. നേര്, സത്യം. ഉ. വണക്കം. [ഋജുത്വം (വക്രത) ഇല്ലായ്മ=നേര്.]

ആർജ്ജിക്കുക-സമ്പാദിക്കുക ആർജ്ജിക്ക ><വർജ്ജിക്ക.

ആർജ്ജിത-വി. സമ്പാദിക്കപ്പെട്ട.

ആർത്ത-വി. ക്ര. ദുഃഖമുള്ള. ഉ. രോഗമുള്ള. ന. പരവശതയുള്ള

ആർത്തഗളം-ക്ര. നീലക്കരഞ്ഞി. പഴകിയാൽ പൊട്ടിച്ചിതറുന്നതു, പഴകിയാൽ ഭക്ഷിക്കാവുന്നതു എന്നർത്ഥം. ഉ. കരിംകരഞ്ഞി. നീലക്കരഞ്ഞിയും കരിംകരഞ്ഞിയും ഒന്നാണെന്നുള്ള അഭിപ്രായക്കാരുമുണ്ട്.

ആർത്തഘനി-കരച്ചിൽ.

ആർത്തനാദം-കരച്ചിൽ.

ആർത്തപരായണ-വി. ആർത്തന്മാരെക്കരിച്ചു കൃപയുള്ള.

ആർത്തബന്ധു-ദീനരക്ഷകൻ.

ആർത്തവ-വി. ഋതുക്കാല സംബന്ധിച്ച.

ആർത്തവം-ക്ര. സ്ത്രീകൾക്കൃതുകാലത്തിൽ സ്രവിക്കുന്ന രക്തം. [സ്ത്രീകൾക്ക് അസ്ഥി (വിലക്കം) ആവുമ്പോൾ (രക്തസ്രാവം) പ്രവർത്തിക്കുന്ന രക്തം.] ഉ. പൂവ്.

ആർത്തവശുദ്ധിലക്ഷണം-മീണ്ടായിരിച്ചാരയുടെ സ്മൃതിയുടെ ലക്ഷണം.

[പരാപരലയല്ലാതെയും പൂട്ട വേണ്ട ഇവ ഇല്ലാതെയും അധികമല്ലാതെയും വളരെ കറയാതെയും മാസംതോറും അഞ്ചുനാൾവരെ പ്രവർത്തിക്കുന്ന രക്തം സ്ത്രീകൾക്കുണ്ട്. ഇതിൽ ചാര ചെയ്യ

ഞ്ഞിച്ചാവ് ഇവയെപോലെയുള്ള രക്തവും കഴുകിയ വസ്ത്രങ്ങൾ പറന്നതിരിക്കുന്ന രക്തവും സ്ഥൂലരക്തം തന്നെ.

ആത്മസ്വരം-കരച്ചിൽ

ആത്തി-ക്ര. വ്യസനം, ദുഃഖം. ഉ. വേദന. സ. വില്ലിന്റെ അറ്റം. ര. നാശം. ഭ. ഭീനം.

ആർതവിജം-യോഗശക്തിയാൽ ക്ലൃപ്തമാക്കുന്ന ബ്രഹ്മണക്കുട്ടം.

ആത്മിക-ക്ര. ബുദ്ധിയുള്ള. ഉ. ധനമുള്ള.

ആത്മികം-അത്മികളുടെ കൂട്ടം.

ആർദ്ര-വി. ക്ര. നനഞ്ഞ. ഉ. പാകം വന്ന. സ. അലിവുള്ള.

ആർദ്രത-ക്ര. അലിവ്, ദയ. ഉ. നനവ്.

ആർദ്രം-ക്ര. നനഞ്ഞത്. നനവിനെ പ്രാപിച്ചത് എന്ന ശബ്ദാർത്ഥം. ഉ. അലിഞ്ഞത്.

ആർദ്ര-തിരുവാതിരനക്ഷത്രം.

[ഇതിന്റെ ഉൽപത്തി-ബ്രഹ്മാവ് ഒരിക്കൽ 'സന്ധ്യ' എന്ന പേരായ തന്റെ മകളോട് സംസർഗ്ഗത്തിന് വട്ടം കൂട്ടുന്നതു കണ്ട് അവൾ മാൻപേടയുടെ രൂപം ധരിച്ചു ഓടി. മാനിന്റെ രൂപത്തിൽ തന്നെ ബ്രഹ്മാവും പിന്നാലെ ഓട്ടം തുടങ്ങി. അവളോട് അട്ടഹാസപ്പോൾ ശിവൻ കണ്ട് അസ്ത്രമയച്ചു. ആ അസ്ത്രം ആണ്മാനിന്റെ കഴുത്തു മുറിച്ചു. അനന്തരം ബ്രഹ്മാവ് സപ്തർഷികളെ അവലംബിച്ച് ശിവനെ ജപിച്ച് പൂജിച്ചു. അതിൽപിന്നെ ശിവന്റെ അമ്പ് 'ആർദ്ര' എന്ന നക്ഷത്രമായും മാനിന്റെ ശിരസ്സ് 'മൃഗശിരസ്സ്' (മകയിരം) എന്ന നക്ഷത്രമായും മാറി ]

ആർദ്രകം-ഇഞ്ചി. നാക്കിനെ നനവുള്ളതാക്കിത്തീർക്കുന്നത്, ആർദ്രനക്ഷത്രത്തിൽ ഉണ്ടായത് എന്നു ശബ്ദാർത്ഥം. മറ്റാരുടെ പര്യായം-ശൃംഗവേരം (ശൃംഗിവേരം).

ആർദ്രപാകം-നല്ലവണ്ണം പഴുത്ത പഴം.

ആർദ്രബുദ്ധി-അലിവുള്ള മനസ്സ്, ദയയുള്ള മനസ്സ്.

ആർദ്രഭാവം-അലിവ്, ദയ.

ആർദ്രാലുബ്ധകം-തിരുവാതിരയ്ക്കു കാണുന്ന നക്ഷത്രം.

ആർദ്രി-ക്ര. ഇഞ്ചി. ഉ. ഉള്ളി.

ആർദ്രിക-പച്ചക്കർത്തയാലരി.

ആന്ന-വി. ക്ര. ഉള്ള. ഉ. പൂണ്ട. സ. കൃതിയ. ര. പ്രാപിച്ച. ഭ. നിറഞ്ഞ. യു. ഉണ്ടായ.

ഇതു ആനകെ എന്ന ക്രിയയിൽ നിന്നുണ്ടായതാണ്. ആനകെ = നിറഞ്ഞിരിക്ക, തിങ്ങിയിരിക്ക ഈ അർത്ഥം പോയി ഇപ്പോൾ 'ഉള്ള' 'പൂണ്ട' 'കൃതിയ' എന്ന അർത്ഥങ്ങൾ വന്നിരിക്കുന്നു. 'തരാർമാനു' എന്നതിലെ ആർ എന്നതിനു 'തിങ്ങിയിരിക്ക' എന്നർത്ഥം. ആൻ എന്നതു വ്യാകരണപ്രകാരം 'കൊണ്ടാടി' ഗണത്തിൽ ഉൾപ്പെട്ടതാണ്. മറ്റിടയിലെ വിഭക്തിയിൽ ചേരുന്നു.

ആപ്പ്-നിലവിളി, ഉറക്കെയുള്ള ശബ്ദം.

ആപ്പടി-ഗൃഹം.

'നീരസ്സുംമോരതിരയതി
ന്നാപ്പുകേട്ടേടിക്കായ്' (മയൂരസന്ദേശം)

ആഭാടാ-ഘോഷം, കൊച്ചുപാട്ട്.

ആയ്-വി. ശ്രേഷ്ഠമായ, നല്ല.

ആയ്കൻ-മൂത്തച്ഛൻ.

ആയ്കടുക്-മരോഷധം.

ഇതിന്റെ ഇല ഉണ്ണുവും ഭീപനവും ഹൃദ്യവും ലഘുവും ക്രിമിഹരവും ആകുന്നു.

ആയ്കം-പിതൃക്രിയക്കുള്ള ഒരു പാത്രം.

ആയ്കർമ്മം-ശ്രേഷ്ഠപ്രവൃത്തി.

ആയ്ക്കാവ്-തിരുവിതാംകൂറിൽ മലയരുള്ള ശാസ്താപ്രതിഷ്ഠാസ്ഥലങ്ങളിൽ ഒന്നും പുണ്യഭൂമിയുമാകുന്നു.

**ആര്യൻ**-പ. മാന്യൻ. ഉ. ശ്രേഷ്ഠൻ. ന. നല്ല തറവാട്ടിൽ ജനിച്ചവൻ. അടുത്തു പരിചയിക്കുന്നതിനു നല്ലവൻ, പാപകർത്തിന്റെ അടുത്തുചെല്ലാത്തവൻ എന്നർത്ഥം.

'ആരാൽയാതഃ' എന്നു വിഗ്രഹിച്ചാൽ ഹിന്ദുക്ഷത്രത്തിൽ നിന്നു പോന്നവർ എന്നർത്ഥം വരും. ആധുനികന്മാരുടെ അഭിമതവും അങ്ങിനെയാണല്ലൊ. 'നല്ല തറവാട്ടിൽ ജനിച്ചവൻ' എന്നതിന്റെ പര്യായങ്ങൾ-മഹാകുലൻ, കുലീനൻ, ആര്യൻ, സജ്ജൻ, സജ്ജനം, സാധു.

**ആര്യപട്ടർ**-ഒരു വൈകപരമശ്രോത്രിയൻ.

**ആര്യപടിക്കൽ**-കൊട്ടാരവാതുക്കൽ.

**ആര്യപുത്രൻ**-പ. ഭർത്താവ്. (നാടകത്തിൽ പ്രയോഗം). ഉ. ഭവാൻ. ന. ശ്രേഷ്ഠപുത്രൻ.

**ആര്യഭട്ടൻ**- ക്രിസ്തുവർഷാരംഭകാലത്തുണ്ടായിരുന്ന ആര്യഭടീയമെന്ന ജ്യോതിഷഗ്രന്ഥകാരൻ.

ഇദ്ദേഹം കലിവർഷം ൩൬൭-ൽ പാടലീപുത്രത്തിൽ ജനിച്ചു. വരാഹമിഹിരൻ ഈ മഹാന്റെ പിൻതുടർച്ചക്കാരനാണ്. ആര്യഭടന്റെ പ്രധാനകൃതിക്ക് 'ആര്യഭടീയം' എന്നു പേർ.

**ആര്യഭാഷ**-സംസ്കൃതം (ശ്രേഷ്ഠഭാഷ).

**ആര്യം**-ശ്രേഷ്ഠം.

**ആര്യമാവ്**- സൂര്യൻ, അസ്തമനപർവ്വതത്തിലേയ്ക്കു ഗമിക്കുന്നവൻ, ഗമനശീലൻ എന്നു ശബ്ദാർത്ഥം.

**ആര്യവേപ്പ്**-മലവേപ്പ്. ഇതു ഏറ്റവും ഔഷധിയും വാതത്തെ ഉണ്ടാക്കുന്നതുമത്രേ.

**ആര്യാ**-പാർവ്വതി. ഉ. ശ്രേഷ്ഠയായവൾ.

**ആര്യാടതെക്ക്, ആര്യാടവടക്ക്**-തിരുവിതാംകൂറിൽ ചേർത്തലതാലൂക്കിലെ രണ്ടു പകുതികൾ.

ആര്യാടൻ-ആലപ്പുഴക്ക് അല്പം വടക്കാണ്. ഇവിടെ മൺകോ സംസ്കൃതത്തിന്റെ ഒരു ദീപസ്തംഭം പണിയിച്ചിട്ടുണ്ട്.

**ആര്യാണി**-ശ്രേഷ്ഠ.

**ആര്യാവർത്തം**-വിന്ധ്യപർവ്വതത്തിന്റെയും ഹിമവാൻ പർവ്വതത്തിന്റെയും മദ്ധ്യദേശം. ഉത്തരഹിന്ദുസ്ഥാൻ. എല്ലാടവും ആര്യന്മാർ പാർക്കുന്ന സ്ഥലം എന്നർത്ഥം. മറ്റൊരു പര്യായം-പുണ്യഭൂമി.

മനുവിന്റെ അഭിപ്രായം-കിഴക്കേ സമുദ്രത്തിൽ നിന്നും പടിഞ്ഞാട്ടും പടിഞ്ഞാറെ സമുദ്രത്തിൽ നിന്നും കിഴക്കോട്ടും, ഹിമവൽ പർവ്വതത്തിൽ നിന്നും തെക്കോട്ടും, വിന്ധ്യപർവ്വതത്തിൽ നിന്നു വടക്കോട്ടുമുള്ള പ്രദേശം.

**ആര്യാവൃത്തം**-മാത്രാവൃത്തങ്ങളിലൊന്ന്.

(വൃത്തരത്നാകരം)

'മതിമുഖിപരമാണുരണ്ടിഹ
ചിതമായ്പോരുകിലാറുതന്നിലൊറ്റകളിൽ
പതിനെട്ടരണ്ടിൽനാലിൽ
പതിനഞ്ചുംമാത്രയാര്യയ്ക്കു'

(കാന്തവൃത്തം)

**ആർഷ**-വി. ഋഷിയെ സംബന്ധിച്ച.

**ആർഷൻ**-ഋഷഭദേവന്റെ പുത്രൻ (ജഡഭരതൻ).

**ആർഷഭം**-പ. ഋഷഭദേവനെ സംബന്ധിച്ചത്. ഉ. കാളയെ സംബന്ധിച്ചത്.

**ആർഷഭ്യൻ**-ഉടയ്ക്കുന്നേ പ്രായമായ കാളക്കുട്ടി, ഋഷഭത്തിന്റെ പ്രകൃതിയെന്നർത്ഥം. മറ്റൊരു പര്യായം-'ക്ഷന്ധമായശൃംഗൻ'

**ആർഷം**-പ. ഋഷിപ്രോക്തം. പാണിനിമഹർഷിയുടെ വ്യാകരണത്തിന്റെ പ്രചാരത്തിന്റെ ശേഷമുണ്ടായ പുരാണങ്ങളും ഇതിഹാസങ്ങളും കാവ്യനാടകങ്ങളും പ്രായേണ മഹർഷിയുടെ വ്യാകരണത്തിനു അനുസരിച്ചു ഇരിക്കുന്നു. പാണിനീ

യത്തിൽ നിന്നു വ്യത്യസ്തമായി മേല്പടി ഗ്രന്ഥങ്ങളിൽ കാണുന്ന പ്രായശ്ചിത്തങ്ങളെ 'ആഷ്ടം' എന്നു പറയും. ഉ. എട്ടുവിധം വിവാഹങ്ങളിൽ ഒന്ന്. (അഷ്ടവിവാഹങ്ങളും നോക്കുക.)

ആർഷ്ടിഷേണൻ-ഒരു ഉത്തരപസ്വി.

ആവ്ഥകൻ-വാദികൻ.

ആവ്ഥതൻ-പ്ര. ബുധൻ. ഉ. ബുധമുനിയുടെ പിതാവ്. സ. ശ്രുതശ്രവസ്സ്.

ആൽ(ല്)-പേരാൽ എന്ന വൃക്ഷം.

ആല-വി. വിസ്താരമുള്ള.

ആല-പ്ര. കൊല്ലൻറെയും മറ്റും പണിപ്പുര. ഉ. ആട്ടുകളെ അടച്ചു സൂക്ഷിക്കുന്നിടം. സ. ചക്രപുര. ര. തിരുവിതാംകൂറിൽ ചെങ്ങന്നൂർതാലൂക്കിലെ ഒരു പകുതി.

ആലക്ഷ്യം-വി. കാണപ്പെടുന്ന.

ആലക്ഷണ്യം-നിർഗ്ഗുണം.

ആലത്തൂർകാക്ക-ആശിച്ചു കാലം കഴിയുന്നവൻ.

ആലത്തൂർനമ്പി-അഷ്ടവൈദ്യന്മാരിൽ ഒരാൾ.

സഹസ്രയോഗം എന്ന ഗ്രന്ഥത്തിലെ രോഗനിദാനസ്ഥാനം ഉണ്ടാക്കിയിട്ടുണ്ട്. സ്ഥലം കോഴിക്കോട്ടപൊന്നാനിതാലൂക്ക്.

ആലപിക്കുക-പ്ര. പാടുക. ഉ. സംഭാഷണംചെയ്യുക.

ആലപ്പുഴ-തിരുവിതാംകൂറിൽ അമ്പലപ്പുഴതാലൂക്കിലെ ഒരു പകുതി.

ഇതു തിരുവിതാംകൂർസംസ്ഥാനത്തിൻറെ പ്രധാന തുറമുഖവും പ്രധാന കച്ചവടസ്ഥലവും ആണ്. ഇതു വേമ്പനാട്ടുകായലിൻറെ തീരത്തേ ഏറ്റവും കിടക്കുന്നു. ഇവിടെ ഒരു മീപസ്സംഭം ഉണ്ട്.

ആലബ്ധം-പ്ര. തുടരപ്പെട്ട, ക്ലിഷ്ടപ്പെട്ട. ഉ. കൊല്ലപ്പെട്ട.

ആലം-പ്ര. അതിതാരം. ഉ. വിസ്താരം. സ. വിഷം. ര. പേഴുമരം. ഭ. ഭൂമി, ലോകം. ഉം, 'ആലങ്ങാട്ട്'

ആലങ്കാരികൻ-അലങ്കാരശാസ്ത്രം വഴിയാകംവണ്ണം പഠിച്ചവൻ.

ആലങ്കോട്ട-തിരുവിതാംകൂറിൽചിറയിൻകീഴ് താലൂക്കിലേ ഒരു പകുതി.

ആലങ്ങാട്ട്-പ്ര തിരുവിതാംകൂറിലേ ഒരു താലൂക്ക്. ഉ. ആ താലൂക്കിലേ ഒരു പകുതി.

ആലമാനം-ഒരുക്കം.

ആലംബ(ന)ം-ആശ്രയം, രക്ഷ

ആലംബിക്കുക-ആശ്രയിക്കുക.

ആലംബിത-വി. ആശ്രയിക്കപ്പെട്ട.

ആലംബിതകരൻ-കൈയിൽ കടന്നു പിടിച്ചവൻ.

ആലംഭം-വധം, കൊല.

'പാലംഭോനിധിയിഹ ഹീന്ദ്രമക്ഷമാധ്യ
ലോലംബോപമരുചിപള്ളികൊള്ളുവീരൻ
ആലംഭത്തിനയമനാഗമിച്ചിടുമ്പാ-
ളാലംബംകനിവൊടെനിക്കനൽകിടേണം'
(സ്തുതികുസുമാഞ്ജലി)

ആലംഭനം-പ്ര. പിടിച്ചുവലിക്കുക, തൊടുക. ഉ. യാഗത്തിനു മൃഗങ്ങളെ കൊല്ലുക. സ. വേരോടെ പറിക്കുക, പിഴുതുകളയുക.

ആലയം-ഭവനം, വീട്, പാർപ്പിടം. സ. സപത്നീകനായി ഇരിപ്പാനുള്ള സ്ഥലം എന്നർത്ഥം.

ആലവട്ടം-പ്ര. തോലിൽ പീലിയും മറ്റും കൊണ്ടു കെട്ടിയുണ്ടാക്കുന്നവിശറി പല്ലക്കുകൾ തുടങ്ങിയ 'രാജകീയ വസ്തുക്കൾ, വ്യജനം. ഉ. പങ്കാ



ആലവട്ടം വീശുക-വിശറി കൊണ്ടു വീശുക (ആചാരവാക്ക്.)

ആലവന്ന്യം-പ്ര. രാജകേട്ട്. ഉ. മംഗികേട്ട്, വിധവത്വം.

ആലവാലം-വൃക്ഷലതാദികളുടെ ചുവട്ടിൽ വെള്ളം നിറുത്തുവാൻ ഉണ്ടാക്കുന്ന തടം. വെള്ളത്തുള്ളികളെ ചുറവം ആദാനം ചെയ്യുന്നത് എന്ന ശബ്ദാർത്ഥം. മറവപര്യായങ്ങൾ-ആവാലം (ആബാലം), ആവാപം.

ആലശീല-അസഹ്യത, വ്യസനം.

ആലസൻ-അലസൻ, മടിയൻ.

ആലസ-വി. മടിയുള്ള.

ആലസ്യം-(അലസത)പ. മടി. ര. ക്ഷീണം. ന. മീനം. [അടിതെറ്റൽ എന്നതിൽ 'മീനം' എന്നതു നോക്കുക.]

ആലാതം-തീക്കൊള്ളി.

ആലാത്തുക-അലറുക, കരവയിടുക.

ആലാപം-പ. സംബോധനാപൂർവകമായി ഒരുത്തനോടു പറയുക, വ്യക്തമായി പറയുക എന്ന ശബ്ദാർത്ഥം. മറവരോടു പറയുന്നതു-ആഭാഷണം. ര. സംഭാഷണം.

'എന്നാലാപമതോടുസമ്മിളിതമാകയാനന്ദം'

(അഭിജ്ഞാനശാകുന്തളം.)

ര. കളിവാക്ക്.

ആലാബു-പുര. 'അലാബു' നോക്കുക.

ആലാരാമപുരം-തിരുവിതാംകൂറിൽ മാവേലിക്കരതാലൂക്കിൽ ഉൾപ്പെട്ട ഒരു സ്ഥലം.

ആലാവട്ടം-ആലവട്ടം.(രത്നമാണ്)

ആലാസ്സ്, ആലാത്തു-നടുരക്കയർ, വടം (അറബിഭാഷയാണ്).

ആലാസ്യം-മുതല.

ആലിക്ക-ആപ്പുവിളിക്ക (പ-മ.)

ആലിംഗനം-പ. കെട്ടിപ്പിടിച്ചു തഴുകുക പര്യായങ്ങൾ-പരിരംഭം (പരീരംഭം) പരിഷ്വംഗം, സംശ്ലേഷം, ഉപഗൂഹനം. ര. തഴുകൽ (ചുമരണ).

ആലിംഗി-തഴുകിക്കൊടുന്ന വാദ്യം.

ആലിംഗ്യം-തഴുകിക്കൊടുന്ന വാദ്യം. ഇതിൻറെ ആകൃതി ഡംപുപോലെയിരിക്കും.

ആലിപ്പഴം-പുതുമഴക്കും മറവും ചില പ്പോൾ നിലത്തുവീണ് അല്പം കഴിഞ്ഞാൽ അലിഞ്ഞു ജലത്തിൽ ചേരുന്നതും, കയ്യിൽ മഞ്ഞുകട്ടിപോലെയിരിക്കുന്നതുമായ വഷോപലം. (വഷോപലം=വെള്ളം കല്ലുപോലെ ഉറച്ചു കട്ടിയായത്) സംസ്കൃതത്തിൽ കരകം (കരകം) ('ശസ്യകമഴ' നോക്കുക)

ആലിമികർ-വിദ്വാന്മാർ. (അംഗ്ലി മിഷ്).

ആലീഢ-വി. പ. തടുക്കപ്പെട്ട. ര. തടുക്കപ്പെട്ട. ന. നടക്കപ്പെട്ട, ഭ. ചുറ്റിക്കെട്ടപ്പെട്ട. ള. മുറിക്കപ്പെട്ടതാക്കപ്പെട്ട.

ആലീഢം-വില്ലാളികളുടെ നില്പ് (ഏവുകാരുടെ നില). വലത്തേ മുഴങ്കാൽനീട്ടി ഇടത്തേ മുഴങ്കാൽ കവക്കിയുള്ള സ്ഥിതിയാണ് ആലീഢം.

വില്ലാളികളുടെ നില അഞ്ചുവിധം-പ. പ്രത്യാലീഢം-ഇടത്തേമുഴങ്കാൽ നീട്ടി വലത്തേ മുഴങ്കാൽ കവക്കിയുള്ള നില. ര. ആലീഢം-മുമ്പു പറഞ്ഞതുപോലെ. ന. സമപദം-ഒരുപോലിനിൽക്കുന്നത്. ഭ. രേവശാഖം-കാലുകളെ പത്രങ്ങൾപോലെ അകത്തിവച്ചുനിൽക്കുന്നത്. ള. മണ്ഡലം-കാലുകളെ മണ്ഡലാകാരമായ് വച്ചുകൊണ്ടുള്ള സ്ഥിതി. 'രേവണ്ണവം' എന്ന ഒരു സ്ഥാനം കൂടിയുണ്ടെന്നു ചിലരതം.

ആലു-പ. കിണ്ടി. ജലത്തെ മാനം ചെയ്യുന്നത് എന്നർത്ഥം. മറവ പര്യായങ്ങൾ-കക്കരി, ശമന്തികാ. 'ആലു' എന്നതു കരകത്തിനുണ്ടായിരുന്നതാണെന്നും ഒരു മാതിരി കടമാക്കണത്തിനുള്ള അഭിപ്രായവും കാണുന്നു. ര. മുള. ന. ഒരു വൃക്ഷം. (കരിനൊച്ചി.)

ആലുക-അനുഭവിക്ക, വ്യാപിക്കുക.

ആലുകൻ-ശലഭൻ.

ആലുഞ്ചനം-ഉണ്ണുണ്ണായി കീറുക.

ആലുണ്ടനം-കൊള്ള, കവർച്ച.

ആലുല-വി. അനക്കമുള്ള, ഉറപ്പില്ലാത്ത, അസ്ഥിരമായ.

ആലുവാ-തിരുവിതാംകൂറിൽ ആലങ്ങാട്ട താലൂക്കിലെ ഒരു പകുതി.

[ഇതു പെരിയാറിന്റെ തീരത്തുള്ള ഒരു സുഖവാസസ്ഥലമാണ്. ശങ്കരാചാര്യർഇവരന്റെ ജന്മഭൂമിയായ 'കാലടി' ഇതിനു കിഴക്കാകുന്നു. കുംഭമാസത്തിലെ ശിവരാത്രിയന്നു ആലുവായിൽ ഒരു പ്രധാനോത്സവം.]

ആലുളിതം-ഇളക്കപ്പെട്ടത്.

ആലൂഴി-പേരാലിൽനിന്നു വീണകാകിടം.

ആലൂന-വി. മഥിക്കപ്പെട്ട.

ആലൂല-വി. അനക്കമുള്ള.

ആലേഖനം-എഴുത്ത്.

ആലേഖ്യം-പടം.

'ശില്പംകല്പിച്ചെഴുതുമതുമതം-
ലേഖ്യമാലോക്യവാഴും' (മയൂരസന്ദേശം)

ആലേപനം-ക്ലീ, പൂശുക. ഉ. ചന്ദനപ്പൂച്ച്.

ആലോകനം-ദർശനം, നോട്ടം. ചുറ്റും നോക്കുക എന്നു ശബ്ദാർത്ഥം.

ആലോകം-പു. ദർശനം കാണുക. ഉ. പ്രകാശം.

ആലോകിത-വി. കാണപ്പെട്ട.

ആലോക്യമാനൻ-നോക്കപ്പെടേണ്ടുന്നവൻ.

ആലോക്യൻ-കാണപ്പെടേണ്ടവൻ.

ആലോചന-ക്ലീ. കുടിവിചാരം. ഉ. ഗുണദോഷം. ന. ഭാവം, ശോധന.

മനുഷ്യന് ഒരു ആലോചന അവനവൻ തന്നെ അറിയുവാൻ ഒരു രസക്കണ്ണിന്റെ നാലുതിരുമേനിശ്ശേ നേരം വേണ്ടിവരുമെന്ന് സിംസ് തോപ്പ്സൺ എന്ന രസവൈദ്യൻ പറഞ്ഞിരിക്കുന്നു. (ശാരദ).

ആലോചനകർത്താവു-ആലോചനക്കാരിൽ പ്രധാനി.

ആലോഡനം-ഉരുക്കുക, പിരട്ടുക, ഇളക്കം, കലക്കം, അന്യോന്യം ചേർക്കുക.

ആലോലമാക്കുക-മറിപ്പാറാവുക.

ആലോലം-വി. ഇളകുന്ന.

'ഇന്നാലോലാളകാളീലതികിടും'
(അമരുകശതകം)

ആൽത്തറ-ആലിന്റെ ചുവടു കല്ലുകെട്ടി പണിചെയ്ത തറ.

ആവണക്കല്ല്-കിണറിനടുത്തുള്ള ഒരു തൊട്ടി (തുണിയും മറ്റും പിഴിയുന്നതു).

ആവണക്ക്-ഒരു ചെടി. പഞ്ചാംഗങ്ങൾ-വ്യാഘ്രപുച്ഛം, ഗന്ധർവഹസ്തകം, ഏരണ്ഡം, ഉരുവുകം (ഉരുബുകം) തലകം, ചിത്രകം, ചഞ്ചു, പഞ്ചാംഗുലം, മണ്ഡം (അമണ്ഡം, ആമണ്ഡം) വദ്ധമാനം, വൃദ്ധംബുകം (വൃദ്ധംബനം). ചിലർ ആമണക്ക് എന്നും പറയുന്നു.

ചിറ്റാവണക്ക്, പേരാവണക്ക്, വെള്ളത്തോവണക്ക്, ചുവന്നാവണക്ക്, കടലാവണക്ക്, കാട്ടാവണക്ക്, പുല്ലാവണക്ക്, കൊടിയാവണക്ക് ഇങ്ങനെ പലതുണ്ട്. ഇവയിൽ പ്രധാനം ചിറ്റാവണക്കെന്ന വെള്ളത്തോവണക്കാകുന്നു. ഇതു മലശോധനത്തിനു നന്ന്. കഫവാതങ്ങളെ ശമിപ്പിക്കും. ശോഫം, ഗുന്മം ഇവയെ കളയും. ഇതിന്റെ ഇല ലഘുവാണ്. വാതഹരമാകുന്നു. വേരും തൊലിയും-പുഷ്പവും വാതഹരവും എന്നു തന്നെ മലശോധനയ്ക്കും നന്ന്. എണ്ണ-ആവണക്കിൽ കരുവിൽനിന്നു ലഭിക്കുന്ന എണ്ണകിട്ടും. ഇതു വാതരോഗത്തെ ശമിപ്പിക്കും. സുഖവിരേചനത്തിനു ഉണ്ടാക്കും. കഫം, വിഷമജ്വരം, ഗുന്മം, മഹോദരം മുതലായവയ്ക്കു ഗുണം.

(ഉത്തരതിരുവിതാംകൂറിലുള്ള ഉൾനാടുകളിൽ ധാരാളമായി (കൃഷി ചെയ്യാതെ തന്നെ) ഉണ്ടാകുന്ന ഒരു ചെടിയാണ്. ഇതിന്റെ വേര്, ഇല, കായ, എണ്ണ ഇവ മിശ്രയുക്തൌഷധങ്ങളിലുണ്ട്. ആ

വണക്ക രണ്ടുതരമുണ്ട്. ഒന്നു വെളുത്തതു്, മറ്റൊന്നു ചെമന്നതു്. വെളുത്തതു ഔഷധികർമ്മത്തിനു വിശേഷം. ഇതിന്റെ കുരുവാണു് എണ്ണ.)

**ആവണക്കെണ്ണ**-ആവണക്കിന്റെ കുരുവിൽ നിന്നെടുക്കുന്ന എണ്ണ.

**ആവണപ്പുലക**-ബ്രാഹ്മണനു് ഇരിപ്പാനുള്ള പലക (ആമപ്പലക).

**ആവണി**-ചിങ്ങം. (സംസ്കൃതത്തിൽ-ശ്രാവണം).

**ആവണിവട്ടം**-ബ്രാഹ്മണർക്കുള്ള ഒരു വിശേഷദിവസം. (ആവണിഅവിട്ടം = ഉപാകർമ്മം).

**ആവതു**-കഴിവുള്ളതു്.

**ആവനാഴിക**-അമ്പുറ (അമ്പു് ഇട്ടുന്ന ഉറ). പര്യായങ്ങൾ-തൂണം, ഉപാസംഗം, തൂണീരം, നിഷംഗം, ഇഷുധി, തൂണി. (അമ്പഥ എന്നതു നോക്കുക).

**ആവപനം**-ക്രി. പാത്രം. സാധനങ്ങൾ വയ്ക്കുന്നതു് എന്നു ശബ്ദാർത്ഥം. ഉ. വിത്തുവിതയ്ക്കുക.

**ആവരണം**-ക്രി. മറവു്. ഉ. തടവു്. ന. മായയുടെ ശക്തികളിൽ ഒന്നു്. (മറ്റൊന്നു വിക്ഷേപം).

**ആവർജ്ജിത**-വി. ദാനം ചെയ്യപ്പെട്ട.

**ആവർത്തനം**-ക്രി. വീണ്ടും പ്രവർത്തിക്കുക. ഉ. ചുറ്റിത്തിരിയുക. ന. കടയുക.

**ആവർത്തം**-ക്രി. നീർച്ചുഴി (ജലത്തിലേ ചുഴി). ചക്രത്തെപ്പോലെ ചുറ്റിത്തിരിയുന്നതു് എന്നു ശബ്ദാർത്ഥം. ഉ. പുരണ്ടതരം ഒരുടി. ന. ഉത്തരം ച്ച. വിചാരം. ഛ. ഒരു കല്പനൈകാലമേഖം.

**ആവർത്തിക്ക**-ക്രി. വീണ്ടും ചെയ്യുക. ഉ. ചുറ്റിത്തിരിയുക.

**ആവർത്തിച്ചുരിയുക**-തിരിച്ചുരിയുക.

**ആവർത്തിനി**-കണ്ണാടിമരം.

**ആവൽ, ആവിൽ**-ഞെട്ടാവൽ (ഒരു വൃക്ഷം). ഉങ്ങിൽ ഒരു വകഭേദം. പര്യായങ്ങൾ-പ്രകീര്യം, പൂതികരഞ്ജം, പൂതികം, കലിമാരകം. ആവലിനെ 'ആവി മരം' എന്നും പറയാറുണ്ടു്.

**ആവൽ**-വാവൽ (വവ്വാൽ). പര്യായങ്ങൾ-മൃതകം, അജിനപത്രം. (വാഗ്ഭടനെന്ന തത്പദാർത്ഥദീപിക).

**ആവലാതി**-വഴക്കു്, സങ്കടം.

**ആവലി**-ക്രി. ക്രമം, നിര. ഉ. ഇടതൂർന്നിയില്ലാത്ത മരക്കൂട്ടം. ചുറ്റും മറയ്ക്കുന്നതു് എന്നു ശബ്ദാർത്ഥം.

**ആവശ്യം, ആവശ്യകം**-ക്രി. വേണ്ടതാക്കുന്നതു്, ക്രിയയെകഴിയ്ക്കുന്നതു്. ഉ. മുട്ടു്. (ആവശ്യക്കാരൻ = മുട്ടുള്ളവൻ).

**ആവസതി**-രാത്രി, പാതിരാത്രി.

**ആവസഥം**-ഭവനം (പാർപ്പിടം) ആവസസ്ഥാനം എന്നു ശബ്ദാർത്ഥം.

**ആവസിക്കുക**-പാർക്കുക.

**ആവസിത**-വി. പാർക്കപ്പെട്ട.

**ആവസിതം**-പൊലി [മെതിച്ചുവയ്ക്കുന്നിൽ നീക്കി ചേറുവാൻ (പാറുവാൻ) തയാറാക്കിവെച്ച മനല്ലു്.]

**ആവഹൻ**-സപ്തമരുത്തുകളിൽ ഒന്നു്, ശ്വസനൻ. [അന്തരിക്ഷത്തിൽ സഞ്ചാരം]

**ആവഹിക്കുക**-ഉണ്ടാക്കുക.

**ആവാക്കു**-ആ വഴി.

'ആവാക്കന്നീവഴിവെടുപഴി-
ഞ്ഞെടുകിഞ്ഞിൽഗമിച്ചുൾക്ക'
(മയൂരസന്ദേശം)

**ആവാപകം**-വൃ. മണിബന്ധത്തിനു മീതെയുള്ളതു് എന്നർത്ഥം.

**ആവാചനം**-ക്രി. തറി, തറിമരം. ഉ. നൂൽചുറ്റുന്നാട്ടു്. ന. ക്ഷൗരംചെയ്യുക.

**ആവാപം**-ക്രി. തടം (വൃക്ഷലതാദികളുടെ മുമ്പട്ടിൽ ജലം നിറുത്തുവാൻ ഉണ്ടാ

ക്കുന്നതു്.) ജലം ഇതിൽ നിധാനം ചെയ്യപ്പെട്ടതു എന്നു ശബ്ദാർത്ഥം മറവപ്പുയങ്ങൾം-ആലവാലം, ആവാലം. ഉ. വിത. ന. വള. ഭ. കല്ലുംചേക്കുക. ഇ. എറിക. നു. പാത്രം.

ആവാര-ഒരു തെറ്റ.

ആവാരി-പീടിക.

ആവാലം-തടം(ആലവാലം നോക്കുക.) വെള്ളത്തെ പുറമേ തടഞ്ഞുനിർത്തുന്നതു് എന്നു ശബ്ദാർത്ഥം.

ആവാസം-വംസസ്ഥലം, പാർപ്പിടം, ഭവനം.

ആവാസശാല-പ്ര. പാർപ്പുസ്ഥലം. ഉ. പടക്കുടി.

ആവാഹനം-മന്ത്രംജപിച്ചു ദൈവത്തെ വിളിക്കുക, വിളി, ക്ഷണം(ക്ഷണിക്കുക)

ആവാഹം-വിവാഹം.

ആവാഹിക്കുക-മന്ത്രംജപിച്ചു ദൈവത്തെ വിളിക്കുക, വിളിക്കുക.

ആവി-പ്ര. ജലബാഷ്പം, പുക. ഉ. ഉഷ്ണാവു്. ന. ചൂടു്. ഭ. ഒരു വൃക്ഷം. ഇ. ആട്ടു്.

ആവിവൃക്ഷത്തിന്റെ വേരിന്മേൽ തൊലിയും ഇലയും ഭീപനമാണു്. അശ്മസ്സു, കൃമി, കഫം, ശ്ലീഹ, മേദസ്സു ഇവയെ നശിപ്പിക്കും. കഫഘ്നമാണു്.

ആവികം-കമ്പിളി.

ആവിക്കലം-വെള്ളത്തെടൻതുണിപുഴുങ്ങുന്നകലം.

ആവിഗ്ന-വി. ബുദ്ധിമുട്ടിക്കപ്പെട്ട, ഉപദ്രവിക്കപ്പെട്ട.

ആവിഗ്നം-ക്ലേശം.

ആവിദ്ധ-വി. പ്ര. വളഞ്ഞ (ആവധിക്കപ്പെട്ടതു്-ആവിദ്ധം.) ഉ. ഇടപ്പെട്ട, ന. മുറിക്കപ്പെട്ട. ഭ. പ്രേരിപ്പിക്കപ്പെട്ട. ഇ. നീക്കപ്പെട്ട. നു. തുളയ്ക്കപ്പെട്ട.

ആവിധ-പ്ര. കണ്ണുവാങ്ങുള്ള ആയുധം, ഉരപ്പണക്കാരുടെ, രത്നംമുതലായതു തുരക്കുന്ന വജ്രസൂചി, ദേഹസൂചി, ഇതുകൊണ്ടുവേധിക്കുന്നതിനാൽ ഈ പേർവന്നു. ഉ. കെട്ടുന്നകോൽ.

ആവിർഭവം-പ്ര. ജനനം. ഉ. പ്രത്യക്ഷം.

ആവിർഭവിക്കുക-പ്രത്യക്ഷമാവുക, പുറത്തുവരുക, ഉണ്ടാവുക.

ആവിർഭാവം-പ്രത്യക്ഷത.

ആവിർഭൂത-വി. പ്രത്യക്ഷമായ, പുറത്തുവന്ന, ഉണ്ടായ.

ആവിർമ്മാദം-സന്തോഷം.

ആവിയാട്ടം-പച്ചമരുന്നു്.

ഇതിന്റെവേരു് അഗ്നിദീപ്യവും മൂത്രവർദ്ധകവുമാണു്. വാതരോഗത്തെ ശമിപ്പിക്കും. ഇക്കിൾ, ശ്വാസം, പിത്തം, കഫം ഇവയെ ഉണ്ടാക്കും.

ആവിൽ-ആവിൽമരം(ആവൽ നോക്കുക)

ആവിലിതം-കലക്കപ്പെട്ടതു്.

ആവില-കലങ്ങിയതു്, തെളിവില്ലാത്തതു്. കണ്ണിനെ പുറംവേറപ്പിക്കുന്നതു് എന്നു ശബ്ദാർത്ഥം.

ആവിഷ്കരിക്ക-പുറത്താക്കുക, പ്രത്യക്ഷപ്പെടുത്തുക, വെളിവാക്കുക.

ആവിഷ്ടൻ-പ്ര ബാധിക്കപ്പെട്ടവൻ, ഉ. പ്രവേശിക്കപ്പെട്ടവൻ

ആവിഷ്ട-വി. പ്ര. പ്രവേശിച്ച. ഉ. ബാധിക്കപ്പെട്ട.

ആവിഃ-അ. പ്രകാശത്വം, സ്പഷ്ടം.

'ആവിരേവരമാടുക്കിരേക്കുസകലം'

(ഉത്തരരാമായണം ചമ്പു)

ആവീതം-ഒരുവക പച്ചമരുന്നു്, രോഗനാശകരീതൻ ഇരിനേരം കൊണ്ടു എല്ലായ്പോഴത്തിലും ഉപയോഗമുള്ളതാണു്.

ആവൃ-ഒരു പ്രയോഗത്തെ വ്യാകോപകം. വേരു, ക്ഷീണം മുതലായവയിൽ പറയുന്ന ഒരു വാക്കു്.

ആവുക-നിറയുക.

ആവുകൻ-അച്ഛൻ. രക്ഷിക്കുന്നവൻ എ ന്നർത്ഥം. (നാടകത്തിൽപ്രയോഗം)

ആവുത്തൻ-സഹോദരിയുടെ ഭർത്താവ്, അളിയൻ. (നാടകത്തിൽ പ്രയോഗം) ആവുത്തൻ എന്നും പറയും. സഹോദരിയെ രക്ഷിക്കുന്നവൻ എന്ന അർത്ഥം.

ആവൂ!-ഒരു പ്രധാന വ്യാക്ഷേപകം. വേദന, ക്ഷീണം മുതലായവയിൽ പറയുന്ന ഒരു വാക്ക്.

ആവൃത-വി. ക്രി. ചുറ്റപ്പെട്ട. ഉ. മറയ്ക്കപ്പെട്ട.

ആവൃതം-ക്രി. ചുറ്റപ്പെട്ടത്. ഉ. മറയ്ക്കപ്പെട്ടത്. നാ. നദി മുതലായതിനാൽ ചുറ്റപ്പെട്ട ദ്വീപു മുതലായതിന്റെ പേർ.

ആവൃതശരീരൻ-മറയ്ക്കപ്പെട്ടശരീരത്തോടുകൂടിയവൻ.

ആവൃതി-ക്രി. രഹസ്യമായ. ഉ. വേലി.

ആവൃത്ത്-സംസ്കൃതവ്യാകരണം, ഉപചാരങ്ങൾ മുതലായ ക്രമങ്ങൾക്കും പറയും. ആവർത്തിക്കുക എന്ന ശബ്ദാർത്ഥം. മറ്റു പര്യായങ്ങൾ-ആനുപൂർവി, പരിപാടി, അനുക്രമം, പദ്ധതി, പര്യായം.

ആവൃത്ത-വി. ക്രി. പിൻതിരിക്കപ്പെട്ട.

'സോൽക്കണ്ണുമാവൃത്തകണ്ണാ'

(അമരുകശതകം)

ഉ. ചുറ്റിത്തിരിയപ്പെട്ട

ആവൃത്തി-ക്രി. പ്രവർത്തനം, തിരിയൽ. ഉ. ചുറ്റിത്തിരിയൽ. നാ. പിൻതിരിയൽ.

ആവൃത്തിദീപകം-ഒരലങ്കാരം.

'വർത്തുടങ്ങിനാർമുമ്പുതന്നെമാത്രമിപ്പു
വർത്തമാനാക്ഷരംപൂർവാസികർക്കുമേ

(മാനസം) [ല്ലും'

ഇവിടെ 'വർത്തുടങ്ങിനാർ' ഇത്യാദിയിൽ ഇവർ വർത്തകരും സന്തോഷം, വർത്തകരും ചെയ്തു. വർത്തമാനം എന്നതു ആവർത്തിച്ചിരിക്കുന്നതുകൊണ്ടു ആവൃത്തിദീപകം എന്നലങ്കാരം. ഇതു മൂന്നു വിധം. അർത്ഥാവൃത്തി, പദാവൃത്തി, ഉഭയാവൃത്തി.

ആവേഗം-ക്രി. തിടുക്കം. ഉ. കോപം. നാ. ഭയം.

ആവേഗി-മരിക്കുന്നി. ആവേശം(ഭയം) ഉള്ളതു് എന്നു ശബ്ദാർത്ഥം. ചൊന്നിച്ചീരയെന്നും പറയുന്നുണ്ടു്. ആട്ടത്തിന്നാപ്പാലയെന്ന മരാഠരാഭിപ്രായവും കാണുന്നു.

ഇതു വാതകഫരോഗങ്ങൾ, ശോഫം, കൃമിരോഗം, പ്രമേഹം, രക്തവാതം, മഹോദരം, കാസം, അരോചകം ഇവയെ കളയും; ബലത്തെ ഉണ്ടാക്കും; ശുക്ലവൃദ്ധികരമാണ്.

ആവേദനം-അറിയിക്കൽ

ആവേധോൽകീർണ്ണം-കത്തിയുള്ളയ്ക്കപ്പെട്ടതു്.

ആവേശനം-ക്രി. ആള (ആശാരി, കൊല്ലൻ, തട്ടാൻ, മൂശാരി, കമ്മാളൻ മുതലായ തൊഴിലാളികളുടെ പണിപ്പുര.) പണിചെയ്യുന്ന ശില്പികളും പണിചെയ്യിപ്പിക്കുന്ന മറ്റു ജനങ്ങളും പ്രവേശിക്കുന്ന സ്ഥലം എന്നർത്ഥം. മരാഠരാഷ്ട്രപര്യായം-ശില്പിശാല (ശില്പിശാലം) ഉ. പ്രവേശം. നാ. പിശാചുബാധ.

ആവേശം-ക്രി. ബാധ.

'കല്യാവേശാൽകലുഷമതിയാ
മെന്റെ ചാപല്യമുഖം'(മേഘസന്ദേശം)

ഉ. പാരവശ്യം. നാ. പിശാചുബാധ. ഭ. പ്രവേശം. ഇ. മോഹാലസ്യം. യു. ദുഃഖം. ഋ. (മലയാളത്തിൽ) ദുരാഗ്രഹം.

ആവേശികൻ-തന്റെ ഗൃഹത്തിലേയ്ക്കു വന്ന അതിഥിയുടെപേർ. വഴിപോക്കൻ. ആവേശത്തിൽ കയറിച്ചെല്ലുന്നവൻ എന്നർത്ഥം. തന്റെ ഗൃഹത്തിലുള്ളവൻ വന്നാൽ അവൻ അതിഥിയല്ലെന്നു തത്ത്വം.

ആവേശികം-സ്വന്തമുള്ള, പ്രയോജകമുള്ള.

ആവേശിക-ക്രി. ബാധിക്കുക. ഉ. പ്രവേശിക്കുക.

ആവേഷ്ടകം-രകേയാലു, മതിലു്, വേലി.

ആവേഷ്ടനം-പ. വേലികെട്ടു്, രകേയാലകെട്ടു്, മതിലുകെട്ടു്. ഉ. തലപ്പാവു്.

ആവോ!-അ. (ഒരു പ്രധാന വ്യാക്ഷേപകം). അറിയുന്നില്ല.

ആവോന്നു്-ആവതു്.

ആവോലി-ഒരുവക മത്സ്യം.

ആവോളം-കഴിവോളം, കഴിയുന്നിടത്തോളം.

ആശ-പ. ആഗ്രഹം. ഉ. ദിക്കു (എങ്ങും വ്യാപിക്കുന്നതെന്നു ശബ്ദാർത്ഥം).

'ആശയംതന്നിലന്യസംശമ
മാശയിലില്ലനിക്കംബുമോക്ഷ' (പത്തുവൃത്തം)

'പൂവ്വാശാബലയായതൻതരുണിയെ
പ്പൂണണ്ടനേരിഞ്ഞപ്പോഴേ'
(പാണ്ഡവവിജയം നാടകം)

സ. അഭിലാഷാധിക്യം (അധികമായ ആഗ്രഹം). [അഭിലാഷം എന്നതു നോക്കുക].

[ഗജൻ, ശശാനൻ, ലുബ്ധൻ, അഭിലാഷുകൻ, തൃഷ്ണൻ ഇവ ഇ-ം, ആശയുള്ളവന്റെ പേർ. ആദ്യത്തെ രണ്ടും അകാംക്ഷയുള്ളവന്റെയും, ശേഷംമൂന്നും അഭിലാഷമുള്ളവന്റെയും പേരാണെന്നും അഭിപ്രായമുണ്ടു്.]

ആശങ്ക-പ. ഭയം. ഉ. സംശയം.

ആശങ്കനീയ-വി. സംശയമുള്ള.

ആശങ്കിത-വി. പ. ഭയപ്പെട്ട. ഉ. സംശയിക്കപ്പെട്ട.

ആശനം-ഇടിവാരം, മേഘമുത്തി.

ആശപ്പെടുക-ആഗ്രഹിക്കുക.

ആശംസ, ആശംസനം-പ. ഇച്ഛ, ആഗ്രഹം. ഉ. പാഠം. സ. സ്തുതി.

ആശംസിത-പ. ഇച്ഛിക്കപ്പെട്ട, ആഗ്രഹിക്കപ്പെട്ട. ഉ. പാഠയപ്പെട്ട.

ആശംസിതാവു്-ഇഷ്ടാർത്ഥത്തെ പ്രാപിപ്പാൻ ആഗ്രഹിക്കുന്നവൻ. മറ്റൊരുത്തന്റെ പക്ഷത്തിലേയ്ക്കു ആശംസു.

ആശംസിതൃ-വി. പ. ആഗ്രഹിക്കുന്ന. ഉ. പാഠയുന്ന.

ആശംസു-ഇഷ്ടാർത്ഥത്തെ പ്രാപിപ്പാൻ ആഗ്രഹിക്കുന്നവൻ, ആശംസിക്കുന്നവൻ എന്നു ശബ്ദാർത്ഥം.

ആശയഭേദം-ആമാശയവും പച്യമാശയവും പക്വാശയവും വസ്തിയും യകൃത്തും പ്ലീഹാവും ഹൃദയവും മലാശയവും ഹൃദയത്തിന്റെ വൈഭോഗവും കേഷ്ടും എന്നു പറയപ്പെട്ടതു.

'സ്ഥാനാന്യാമാശഗ്രഹപക്വനാഭീ
മൂത്രസ്ഥധിർസ്യച
ഹൃണ്ഡുകൗ ഏഷുസക്ഥ
കോഷ്ടുഇത്യാധിധീയതേ'
(മധവനിദാനം)

ആശയം-പ. മനസ്സു്. ഉ. സഞ്ചി. സ. ഭവനം. ദ. വയറു്. ര. ഇരിപ്പിടം. ആ. അഭിപ്രായം.

ആശയാശി-അഗ്നി. ആശയാശൻ എന്നതിന്റെ പാഠഭേദം.

ആശരൻ-പ. രക്ഷസ്സൻ, കൊല്ലുന്നവൻ. ഹിംസിക്കുന്നവൻ എന്നു ശബ്ദാർത്ഥം.

'ആശരനാഥമുഖ്യമം.'
(രാവണവിജയം കഥകളി)

ഉ. രകാടുവേലി. സ. അഗ്നി.

ആശാ-ദിക്കു്. എങ്ങും വ്യാപിക്കുന്നതു് എന്നു ശബ്ദാർത്ഥം.

ആശാധിപതികം-ഇന്ദ്രൻ തുടങ്ങിയ ദിക്പതികം. (അഷ്ടദിക്പതികം എന്നതു നോക്കുക).

ആശാൻ-ഗുരു, വാദ്യകർ.

ആശാപാശം-മോഹബന്ധം, ആഗ്രഹം.

ആശാപുഷ്പി-മേത്തൊന്നി.

ആശാബന്ധം-പ. മോഹബന്ധം, ആഗ്രഹം. ഉ. ചിലന്തിവല.

ആശാഭംഗം-ആഗ്രഹനാശം.

ആശാരി-തച്ചൻ.

ആശാളി-കറുംശണി എന്ന ഔഷധി.

[കൃസം, പാശ്ചാത്യം, ഗ്രൗസ്സ്, ഗ്രഹണി, ജ്വരം ഇവയ്ക്കു നന്ന്.]

ആശി-പ്ര. അനുഗ്രഹം. ഉ. വിഷപ്പുല്ല്.

ആശിത-വി. ഭക്ഷിക്കപ്പെട്ട.

ആശിതിക-ഇലന്ത.

ആശിതംഗവീനം-മുയൽ പശുക്കളെ മേച്ചുനടക്കുന്ന സ്ഥലം. (യത്രപുരാഗാവഃ ആശിതാഃ).

ആശിരൻ-രാക്ഷസൻ. ആശരൻ എന്നതിന്റെ പാഠഭേദം.

ആശിരം-പ്ര. അഗ്നി, ഉ. ഘൃതം നു. വിശേഷം.

ആശിസ്സ്-പ്ര. അനുഗ്രഹം. ഉ. ഇഷ്ടമായവസ്തു. നു. പായസം, ര. വിഷപ്പുല്ല്. ഉ. വിഷം.

ആശീർവചനം-അനുഗ്രഹവാക്ക്.

ആശീർവർദ്ധിക്കുക-അനുഗ്രഹിക്കുക.

ആശീർവാദം-അനുഗ്രഹവാക്ക്.

ആശീവിഷം-സർപ്പം. ആശിസ്സിങ്കൽ (വിഷപ്പുല്ലിൽ) വിഷമുള്ളത് എന്നു ശബ്ദാർത്ഥം.

ആശു-അ. വേഗത്തിൽ, കാലതാമസം കൂടാതെ, വ്യാപിക്കുന്നത് എന്നു ശബ്ദാർത്ഥം.

ആശു-രോഗനാശം.

ആശുഗ-വി. വേഗം ഗമിക്കുന്ന.

ആശുഗൻ-വായു. വേഗത്തിൽ ഗമിക്കുന്നവൻ എന്നു ശബ്ദാർത്ഥം.

ആശുഗം-അമ്പ്.

ആശുവ്രീഹി-നവര മുതലായ നെല്ല്. വേഗം വിളയുന്ന നെല്ല് എന്നു ശബ്ദാർത്ഥം. വ്രീഹി എന്നും അർത്ഥമുണ്ട്.

ആശുശുക്ഷണി-പ്ര. അഗ്നി. വേഗത്തിൽ ശോഷിപ്പിപ്പാൻ ആഗ്രഹിക്കുന്നവൻ എന്നു ശബ്ദാർത്ഥം.

ഈ ശബ്ദത്തിന്റെ മറ്റൊരു വ്യുൽപത്തിയും കാണുന്നു. അതായത് വേഗത്തിൽ നല്ലവണ്ണം ഹിംസിക്കുന്നവൻ. ആശുശുക്ഷണി-ശ്ര എന്നതു പുല്ലിംഗമായ അവ്യയം.

'ആശുശുക്ഷണിഭേവനംശകൃംമിന്നംവണ്ണം' (ഭാഗവതം)

ഉ. രുക്മാംഗദചരിതം. നു. വായു.

ആശോത്തരം-അധികമുള്ള ആഗ്രഹം.

ആശോഷണം-ഉണക്കുക, ശോഷിപ്പിക്കുക.

ആശൌചം-അശുദ്ധി, പുല.

ആശ്ചര്യതാ, ആശ്ചര്യത്വം-അത്ഭുതം

ആശ്ചര്യപ്പെട്ടവൻ-അത്ഭുതപ്പെട്ടവൻ.

പര്യായങ്ങൾ:-വിലക്ഷൻ, വിസ്മയനിധി.

ആശ്ചര്യാവിഷ്കരണം-ആശ്ചര്യത്തെ പ്രത്യക്ഷപ്പെടുത്തുക.

ആശ്ചര്യം-അത്ഭുതരസം. എല്ലാവരാലും സ്വീകരിക്കപ്പെടുന്നത്. ആഃ എന്നിനെയിപ്പിക്കുന്നത് എന്നു ശബ്ദാർത്ഥം. പര്യായങ്ങൾ-വിസ്മയം, അത്ഭുതം, ആശ്ചര്യം, ചിത്രം.

ആശ്ചര്യോദ്ധാരണം-മഴുക്കൽ, തേക്കുക, തന്നെയാക്കുക, കഴുകുക.

ആശ്രം-കല്ലുകൊണ്ടുണ്ടാക്കിയത്.

ആശ്രപചനം-പാചകവൃത്തി.

ആശ്രപാത്രം-കണ്ണാടി.

ആശ്രമധർമ്മം-ബ്രഹ്മചാരി, ഗൃഹസ്ഥൻ വാനപ്രസ്ഥൻ, സന്ന്യാസി എന്നീ നാലു വേഷം ചെയ്യേണ്ടുന്ന മുറ.

ആശ്രമപദം-പർണ്ണശാല.

ആശ്രമം-പ്ര. പർണ്ണശാല, മുനികളുടെ ഇരിപ്പിടം. ഉ. ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്ന്യാസം ഇങ്ങിനെ ആ

ശ്രമം നാല്. ഇതിങ്കൽ തപസ്സുംചെയ്തുകൊണ്ടിയവരായിരിക്കുന്ന എന്നു ശബ്ദാർത്ഥം. ഏപ്പോഴും സ്വധർമ്മാചരണാക്ലേശം ഹേയമായിട്ട (ശ്രമം) ബുദ്ധിമുട്ടുള്ളതു് എന്നു മതം. ബ്രഹ്മചര്യാദി നാലിനും 'ആശ്രമം' എന്നു പറയുന്നുണ്ട്.

പ. ബ്രഹ്മചാരി-ഗുരുവോടു വേദം പഠിക്കുന്നകാലം. ര. ഗൃഹസ്ഥൻ-മാതൃസമേതം ഗൃഹകൃത്യനിർവ്വഹണവും, വേദം പഠിപ്പിക്കുക, ബലികഴിക്കുക, ദാനംകൊടുക്കുക ഇവയും ചെയ്യുന്നകാലം. ന. വാനപ്രസ്ഥൻ-ധ്യാനേന്ദ്രിയനിഗ്രഹങ്ങൾക്ക് വേണ്ടി വനത്തിൽ താമസിക്കേണ്ടകാലം. ഭ. സന്ന്യാസി-സന്തോഷസന്താപങ്ങളേയും മോഹങ്ങളേയും ഉപേക്ഷിച്ചു പരമാത്മാവിൽ ലയിപ്പാനുള്ള ആഗ്രഹം മാത്രം സ്വീകരിച്ച് ഭിക്ഷയെടുത്തു ഉപജീവിക്കേണ്ട കാലം.

ആശ്രമിക-വി. ആശ്രമങ്ങൾ നടത്തുന്നതിൽ മുന്നിനോടുചേരുന്ന.

ആശ്രയഭക്ഷണൻ-അഗ്നി.

ആശ്രയഭ്രേത-രക്ഷിതാവായി വേഷ്ടിച്ച.

ആശ്രയം-പ. താങ്ങ്, ഗുണ, സഹായം, സേവ. ര. ആനുഗുണങ്ങളിൽ ഒന്ന്. ആ ഗുണങ്ങൾ:-സന്ധി, വിഗ്രഹം, യാനം, ആസനം, ദ്വൈധം, ആശ്രയം. ആശ്രയിക്ക എന്നതിൽനിന്നുണ്ടായിട്ടുള്ളതു-ശ്രയം, ശ്രയണം. ന. രക്ഷാസ്ഥലം. രക്ഷ. ഭ. ചോറ്റ്.

ആശ്രയാശൻ-പ അഗ്നി. ആശ്രയിക്കുന്നതിനെ ഭക്ഷിക്കുന്നവൻ എന്നു ശബ്ദാർത്ഥം. പാഠാന്തരങ്ങൾ-ആശ്രയാശി, ആശ്രയാശി ര. രക്ഷാസ്ഥലത്തെ ഇല്ലാതാക്കിയവൻ, ന. കൊടുവേലി.

ആശ്രയാശി-അഗ്നി.

ആശ്രയിക്കുക-ശരണം പ്രാപിക്കുക, അഭയം അപേക്ഷിക്കുക, സേവിക്കുക.

ആശ്രയിഭ്രേതൻ - ആശ്രയമായി ഭവിച്ചവൻ.

ആശ്രവ-വി. അനുസരണയുള്ള, പറഞ്ഞതു കേൾക്കുന്ന.

ആശ്രവൻ-പറഞ്ഞതു കേട്ടു നടക്കുന്നവൻ. മുഴുവൻ കേൾക്കുന്നവൻ എന്നു ശബ്ദാർത്ഥം.

ആശ്രവിക്കുക-ഏൽക്കുക പ. കേൾക്കുക

ആശ്രവം-പ. പ്രതിജ്ഞ (ഏൽക്കുന്നതു), അംഗീകാരം. നല്ലവണ്ണം കേൾക്കുന്നതു് എന്നർത്ഥം. ര. ഉടമ്പടി. ന. ആലസ്യം.

ആശ്രി-വാളിന്റെ വക്ക്.

ആശ്രിത-വി. പ. ആശ്രയിക്കപ്പെട്ട, ശരണം പ്രാപിച്ച. ര. പറ്റുന്ന.

ആശ്രിതപരായണ-വി. ആശ്രയിക്കുന്നവരെക്കുറിച്ചു തൽപരയുള്ള.

ആശ്രിതരക്ഷണം-ശരണം പ്രാപിച്ചവരെ രക്ഷിക്ക.

ആശ്രിതവത്സല-വി. ശരണം പ്രാപിച്ചവരിൽ സ്നേഹമുള്ള.

ആശ്രുത-വി. പ കേൾക്കപ്പെട്ട. ര. യാചനചെയ്യപ്പെട്ട. ന. ഏല്പിക്കപ്പെട്ട.

ആശ്രുതി-കേൾക്കുക. ര. സമ്മതം.

ആശ്രുതം - പ. അംഗീകരിക്കപ്പെട്ടതു്. ആശ്രയിക്കപ്പെട്ടതു്, ഏല്പിക്കപ്പെട്ടതു് എന്നു ശബ്ദാർത്ഥം. ര. കേൾക്കപ്പെട്ടതു്.

ആശ്ലിഷ്ട-വി. പ. ആശ്ലേഷം (ആലിംഗനം) ചെയ്യപ്പെട്ട, കെട്ടിപ്പിടിക്കപ്പെട്ട. ര. ചേർക്കപ്പെട്ട.

ആശ്ലേഷം-ആലിംഗനം (കെട്ടിപ്പിടി). ര. ചേർച്ച.

ആശ്ലേഷ-ആയില്യം എന്ന നക്ഷത്രം.

ആശ്ലേഷിക്കുക- ആലിംഗനംചെയ്യുക, കെട്ടിപ്പിടിക്കുക.

ആശ്വ-പ. കുതിരയെ സംബന്ധിച്ചും ര. കുതിരകളാൽ വലിക്കപ്പെട്ട.

ആശ്വത്ഥം-അരയാൽമരം.
ആശ്വം-കതിരുള്ളത്.
ആശ്വയുജ-തുലാമാസത്തോടു ചേരുന്ന.
ആശ്വയുജം-ആശ്വിനമാസം. (തുലാമാസം). അശ്വതി നക്ഷത്രത്തോടുകൂടിയ പൌർണ്ണിമയുള്ളതു് എന്നു ശബ്ദാർത്ഥം.
ആശ്വയുജി-തുലാമാസത്തിലെ വെളുത്തവാവു്.
ആശ്വലക്ഷണികം-വി. കതിരുടെ ലക്ഷണങ്ങളെ അറിയുന്ന.
ആശ്വലക്ഷണികൻ-പ. കതിരുവൈദ്യൻ. ഉ. ലാടം തറയ്ക്കുന്നവൻ. ന. ലാടം വിചാരിപ്പുകാരൻ.
ആശ്വലായനൻ-ഒരു മഹർഷി, ഒരു കവി. ആശ്വലായനൻ ജീവിച്ചിരുന്നതു് മഹാകൃഷ്ണകാലത്തിനടുത്തു് ഇപ്പുറമുള്ള തൃതീയാർത്തികകാലത്താണു്. [മഹാകൃഷ്ണകാലം-ക്രി.മു.൩൱൦൦] ആശ്വലായനന്റെ ഗൃഹ്യസൂത്രത്തിൽ മഹാഭാരതത്തിന്റെ പേർ കാണുന്നുണ്ടു്. (പ്രാചീനഭൂമുണ്ടു്).
ആശ്വസിക്കുക-സുഖിക്കുക.
ആശ്വസ്ത-വി. ആശ്വസിക്കപ്പെട്ട.
ആശ്വാസകം-ഉടപ്പു, വസ്ത്രം.
ആശ്വാസപ്രദ-വി. ആശ്വാസത്തെ കൊടുക്കുന്ന.
ആശ്വാസം-പ. സുഖം. ഉ. ദീർഘശ്വാസം. ന. പുത്തി. ഭ. അദ്ധ്യായം.
ആശ്വികൻ-പ. കതിരുകാരൻ. ഉ. കതിരുപ്പടയാളി.
ആശ്വിനം-തുലാമാസം. അശ്വതിയോടുകൂടിയ പൌർണ്ണമാസിയുള്ള മാസം.
ആശ്വിനി-കുമ്പാരം, കൂട്ടം
ആശ്വിനേയന്മാർ-അശ്വിനീപുത്രന്മാർ, അശ്വനീദേവന്മാർ, ദേവഭരവൈദ്യന്മാർ. ഇവർ രണ്ടുപേരും സഹോദരന്മാരായിരിക്കുന്നവരാണു്.
ആശ്വീനം-ഒരുകതിർ മുതൽ ഒരു മിവസംകൊണ്ടു് എത്രദൂരം ചെല്ലുമോ അത്രയും ദൂരം.
ആശ്വീയം-കതിരുള്ളത്.
ആഷാഢ-പൂരാടം നക്ഷത്രം.
ആഷാഢം-പ. ആടിമാസം (കർക്കടകമാസം). മിഥുനം മുതൽ കർക്കടകം മദ്ധ്യം വരെയാണു് ആഷാഢമാസം എന്നും കാണുന്നു. ഉ. വ്രതവിശേഷമായി ധരിക്കുന്നതും പ്ലാശുമരംകൊണ്ടുണ്ടാക്കിയതുമായ മണ്ഡു്, ബ്രഹ്മചാരിയാൽധരിക്കപ്പെട്ട പലാശദണ്ഡം. മറ്റു വ്രതസ്നാനാദിയ്ക്കു് ഇതു് പറയാം. ന. മലയപർവ്വതം. ആഷാഢകം എന്നുംകാണുന്നു
ആഷാഢി-ആഷാഢം (പ്ലാശുമണ്ഡു്) കൈയിലുള്ളവൻ.
ആഷാഢി - കർക്കടകത്തിലെ വെളുത്തവാവു.
ആസകലം-മുഴുവൻ, എല്ലാം.
ആസക്ത-ആഗ്രഹമുള്ള, ശുഷ്കാന്തിയുള്ള.
ആസക്തൻ- താൽപര്യത്തോടുകൂടിയവൻ. ആസംശിച്ചവൻ എന്നു ശബ്ദാർത്ഥം
ആസക്തി-പ. താൽപര്യം, ആഗ്രഹം. ഉ. ശുഷ്കാന്തി.
ആസംഗ-വി. എന്നുമുള്ള.
ആസംഗത്വം-വേർപിരിയാതിരിയ്ക്കൽ, ചേരായ്മ, മിന്നത.
ആസംഗം-പ. ഇഷ്ടക്കേടു്.
'ചിത്തമസംഗേനമമം മിഴികളിടകലന്നോതുമാനന്ദം' (അമരുകശതകം)
ഉ. ചേർച്ച, സംബന്ധം. ന. എന്നും. ഭ. ആഗ്രഹം.
ആസംഗിനി-ചുഴലിക്കാറ്റു്.
ആസംഗിമം-മുറിയിനെ കെട്ടുന്ന കെട്ടു (ശസ്ത്രക്രിയ സംബന്ധിച്ചതാണു്.)
ആസംജനം-പ. ഉറപ്പിക്കൽ. ഉ. ചേർച്ച, സംബന്ധം. ന. കെട്ടി,ഉപാസനം. ഭ താൽപര്യം.

ആസത്തി-ക്രി. സമീപം. ഉ. ലാഭം. ന. ചേർച്ച, അധികമായ അടുപ്പം.

ആസനം-ക്രി. പൃഷ്ഠം, കടിയിൽ ഉന്നതമായ പ്രദേശം. ഉ. വേങ്ങ. (പീഠത്തിന്റെ സ്ഥായോ ക്ലീബമാസനം നാട്യജീവക) ന. പീഠം. ര. ഇരിപ്പാനുള്ള കസേര, പായ്, തോൽ മുതലായവ. ഇരിപ്പാനുള്ളത് എന്ന ശബ്ദാർത്ഥം. ങ. ആറു നയങ്ങളിൽ ഒന്ന്. ന. ആനയുടെ സ്കന്ധപ്രദേശം. ഇവിടെ ഇരിക്കുന്നതിനാൽ ഈ പേർ വന്നു. ഒ. ഇരിപ്പ്. വ. അഷ്ടാംഗയോഗങ്ങളിൽ ഒന്ന്. ശരീരധാരണത്തിലുള്ള ഇരിപ്പ്.

ആസനങ്ങൾ-ഭദ്രാസനം, വസ്ത്രാസനം, വ്യാഘ്രചർമ്മാസനം, വൽക്കലാസനം, കുശാസനം, കൃഷ്ണാസനം, വിഷ്ടരാസനം, പദ്മാസനം, മയൂരാസനം, വീരാസനം, സപ്തസ്തികാസനം, ക്രൗഞ്ചാസനം മുതലായവ.

ആസനാ, ആസ്യാ-ഒരുമിക്കിൽതന്നെ സ്ഥിരമായിരുത്തുന്ന ഇരിപ്പ്.

ആസനി-ക്രി. പീടിക (കട). ഉ. പീഠം.

ആസന്ദി-ക്രി. ആസനവിശേഷം, സന്ന്യാസികൾ ഇരിക്കുന്ന ആസനം. ഉ. കസേര, കൈയുള്ളകസേര, വീതിയിൽ നീളമധികമുള്ള നാല്ക്കാലി.

ആസന്ദിക-കൊച്ചിയ ആസനം (കാസര)

ആസന്ന-വി. അടുത്ത.

'ആസന്നമൃത്യവായുള്ളോ-
ർക്കിതുയോഗ്യംതന്നെ'

(ഭാഗവതം)

ആസന്നം-ക്രി. സമീപം. അടുത്തുവന്നത് എന്ന ശബ്ദാർത്ഥം. ഉ. അടുത്തത്. ന. അടുത്തിരിക്കുന്നത്.

ആസന്നമരണത്വം-മരണകാലസമീപ്യം, മരണത്തിന്റെ അടുപ്പം.

ആസന്നമൃത്യു-മരണം അടുത്തവൻ.

ആസന്നമരണൻ-മരണം അടുത്തവൻ.

ആസന്നവർത്തി-വി. അടുക്കൽ സഞ്ചരിക്കുന്ന.

ആസവം-ക്രി. മദ്യത്തെക്കുറിച്ചായാലും, മദ്യം; കരിമ്പിൽനീർപാകംചെയ്യുമ്പോഴുണ്ടാകുന്നതു ശീധു; അതുതന്നെ പാകംചെയ്യാതെ പുളിപ്പിച്ചുണ്ടാകുന്നത് ആസവം.

ആസാദനം-ക്രി. പ്രാപിക്കുക, ലഭിക്കുക. ഉ. സംഭ്യം. ന. യുക്തി.

ആസാദിത-വി. ക്രി. പ്രാപിക്കപ്പെട്ട, ലഭിക്കപ്പെട്ട, സമ്പാദിക്കപ്പെട്ട. ഉ. ക്ഷീണിക്കപ്പെട്ട. ന. മറയ്ക്കപ്പെട്ട.

ആസാദിക്കുക-പ്രാപിക്കുക.

ആസാധനം-ക്രി. നിയുക്തി. ഉ. പ്രാപ്തി. ന. സമ്പാദനം.

ആസാമം-കാമരൂപം എന്നർത്ഥം, Assam.

ആസാരം-ക്രി. ചെറുമഴ, താരതമ്യേനയുള്ള മഴ. എങ്ങും വ്യാപിക്കുന്നത് എന്നർത്ഥം.

'ആധാരമില്ലാതെറാന്നവരുംകഴയ്ക്കേ-
ണ്ടാസാരവുംതുടങ്ങീടിനാൽവാസവൻ'

(ഭാരതം)

ഉ. എല്ലാടവും വ്യാപിച്ചുകൊണ്ടുള്ള പട പുറപ്പാടിന്റെ പേർ. പരന്ന തർക്കം എന്ന ശബ്ദാർത്ഥം. മറെറാരു പര്യായം-പ്രസരണി. ന. ഇടകലരൽ. ര. ശത്രുവധമുണ്ടാക്കുക. ങ. തീർച്ചക്കേട്.

ആസിക-ഇരിപ്പ്.

'സഹചൂലാമയാപ്യന്നലമയാ
ന്മഗ്നാഹമഗ്നാഹസുഖാസികം'

(നളചരിതം കഥകളി)

ആസികൻ-വാർക്കുടൻ (ഖഡ്ഗപാണി).

ആസിക്ത-വി. നനയ്ക്കപ്പെട്ട.

ആസിധാരാ-മഴയുടെ കൂട്ടം. 'ആസിധാരം' നോക്കുക.

'അജ്ഞസ്യതീവപ്രതമസിധാരം'

ആസീന–വി. ഇരുന്ന.

ആസീനൻ–ഇരിക്കുന്നവൻ.

'വിജ്ഞപരമാത്മാനമാസീനംവിധിസമം'
(അദ്ധ്യാത്മരാമായണം)

ആസുഃ, ആസുക്–അ. കോപം, ദീക്ഷണി, ദുഃഖം ഇവയിൽ പറയുന്ന വാക്ക്.

ആസുര–വി. അസുരനെ സംബന്ധിച്ച.

ആസുരൻ–രാക്ഷസൻ.

ആസുരം–രാക്ഷസ്യം, ക്രൂരിത്വം.

ആസുരി–പ. കരിങ്കുടുക്ക്. കടുരസം കൊണ്ട് അസുരസ്ത്രീയെപ്പോലെയുള്ളത്. മുത്താറി എന്നും ചിലർ പറയുന്നു. ഉ. കടുപ്പമുള്ള അസ്ത്രപ്രയോഗം.

ആസൂത്രണം–(സാഹിത്യസാഹ്യപ്രകാരം) "വിക്ഷയത്തിൽ വിവരിക്കേണ്ട അംശങ്ങൾ ഏതെല്ലാമെന്നാലോചിച്ച് നിശ്ചയിച്ച് കുറിച്ചുവെയ്ക്കുന്നതിനു 'വിക്ഷയവിശകലനം'" എന്നു പേർ. "വിശകലനം ചെയ്ത സംഗ്രഹിച്ച കുറിപ്പു (നോട്ട്) കളെ തരംതിരിച്ച ക്രമപ്പെടുത്തി എഴുതിയാൽ അതു് ആസൂത്രണം." (പ്ലാൻ).

ആസൂത്രിത–വി. മാലയുടെ ആകൃതിയിലാക്കിയ.

ആസേകം–തളിക്കൽ, നനയ്ക്കൽ.

ആസേചനക–വി. തളിക്കുന്ന.

ആസേചനകം, ആസേചനകം–പ. കണ്ണാൽ തൃപ്തിവരാത്ത (പിന്നേയും പിന്നേയും കാണണമെന്നുതോന്നുന്ന) വസ്തു. കൂട്ടിപ്പിക്കുന്നതു് എന്നർത്ഥം.

'അപശ്യമാസേചനകം
തദേകരൂപമനുഷംഗി
കോടിഷ്വപി പ്രതിരൂപം
യദഭൂൽകോനുതിവേദിതും'
(രഘുവംശപുരുഷമഹത്ത്വം)

ഉ. തളിപ്പ് (തളിക്കുക).

ആസേദിവാൻ–പ്രാപിച്ചവൻ, ഇരുന്നവൻ.

ആസേദുഷി–ഇരുന്നവൾ.

ആസേവാ, ആസേവനം–പ. രോഗശമനമുള്ളപ്രവൃത്തി. ഉ. സംസർഗ്ഗം. ന. തുടർച്ച.

ആസേവിത–വി. പ. പ്രവർത്തിക്കപ്പെട്ട. ഉ. പിന്നേയും പറയപ്പെട്ട.

ആസേവിതം–പ്രവൃത്തി, അനുഷ്ഠാനം.

ആസ്കന്ദ(ന്ദ)ം–പ. യുദ്ധം. മരിപ്പാനോ തങ്ങി പുറപ്പെടുക എന്ന ശബ്ദാർത്ഥം. ഉ. തിരസ്കാരം, ആക്ഷേപം. ന. സംശോഷണം. ര. കുതിരയുടെ ഗതിഭേദം.

ആസ്കന്ദിതം–കുതിരയുടെ ഗതിഭേദം, കോപംകൊണ്ടോ എന്തുകൊണ്ടുമാവ് നാലുകാലുംപൊക്കി ചാടിച്ചാടിയുള്ള കുട്ടം.

ആസ്ഖലിത–വി. ഇടറിവീഴപ്പെട്ട.

ആസ്തരണിക–വിരിപ്പിനുമേൽ സുഖമേടുക്കുന്നം.

ആസ്തരണം–പ. വിരിപ്പ്, മേൽവിരിപ്പ്.

'മണിമയസദനോമേഹനശയനേ
മണമിയലുംനവകുസുമാസ്തരണേ'
(കിമ്മീരവധം കഥകളി)

ഉ. ആനപ്പുറത്തു വിരിക്കുന്ന കയ്യിൽ. മറയ്ക്കുന്നതു് എന്ന ശബ്ദാർത്ഥം. ന. പഞ്ഞിയിട്ടുകിടക്കയുടെ മേൽവിരിപ്പ്. ര. ആനക്കോപ്പ്. ള. കിടക്ക. ഴ. കിടക്കയിൽ വിരിക്കുന്ന വസ്ത്രം. റ. വിരിക്കുക. വ്യ. ചിതകം.

ആസ്താരം–വിരിക്കുക, ചിതകം.

ആസ്താവം–പ. യാഗത്തിൽ സങ്കീർത്തനം ചൊല്ലുന്നസമയം. ഉ. സങ്കീർത്തനം, സ്തുതി.

ആസ്തി–സംപത്ത്, സ്വത്ത്.

ആസ്തിക–വി. പ. ഈശ്വരവിശ്വാസമുള്ള. ഉ. വിശ്വാസമുള്ള, നാസ്തികനല്ല.

ആസ്തികൻ-പ. പരലോകത്തെയും തത്ത്വത്തെയും വിശ്വസിക്കുന്നവൻ, ആസ്തികൻ><നാസ്തികൻ. ഉ. ഒരു മുനി.

ആസ്തികൻ-ഒരുമുനി, വാസുകിയുടെ സഹോദരിയായ 'ജരല്ലാരു' എന്നവളിൽ 'ജരല്ലാരു' എന്ന മുനിക്കുണ്ടായവൻ. സർപ്പസത്രത്തെ ഒഴിച്ചതു് ഈ ആസ്തികൻ ആകുന്നു. ആസ്തീകൻ എന്നും കാണുന്നു.

ആസ്തികം-മഹാഭാരതത്തിലെ ഒരു പർവ്വം.

ആസ്തിക്യം, ആസ്തികതാ, ആസ്തികതാപം-പ. സ്ത്രീ. ഉ. ഒരു തത്ത്വമുണ്ടെന്നുള്ള വിശ്വാസം.

ആസ്തീർണ്ണം-വിരിക്കപ്പെട്ടതു്.

ആസ്തൃത-വി. പ. വിരിക്കപ്പെട്ടതു്

'കണ്ണാലുരമെങ്കിൽകശാസ്തൃതംസീതയാ'

(അദ്ധ്യാത്മരാമായണം)

ഉ. മൂടപ്പെട്ട. ന. മറഞ്ഞ. ർ. ചേർത്തു കെട്ടപ്പെട്ട.

ആസ്ഥൻ-ആധീനൻ.

ആസ്ഥാ-പ. ആഗ്രഹം.

'ഏതന്തരാസ്ഥാമഹാജ്ഞാനിനാമുള്ളതും'

(അദ്ധ്യാത്മരാമായണം)

ഉ. ഔത്സുക്യം. ന. തൽപ്പരത്വം, സ്ത്രീ. ർ. സ്നേഹം. ൽ. ആസ്ഥാനമണ്ഡപം. ൟ. പ്രയത്നം. ഇതിൽ സ്ഥിതിചെയ്യുന്നു എന്നു ശബ്ദാർത്ഥം. ൎ. ഇരിപ്പിടം.

ആസ്ഥാനദേശം-രാജാക്കന്മാർ സഭകൂടുന്നതുള്ള സ്ഥലം (സഭാമണ്ഡപം).

ആസ്ഥാനം-പ. ഇരിപ്പിടം. ഉ. രാജസഭ. എല്ലാവരും ഇരിക്കുന്നേടം എന്നു ശബ്ദാർത്ഥം.

'ആസ്ഥാനത്തങ്ങിരിപ്പുനിയതവുമറിവു

ലോകവൃത്തങ്ങൾതോറും'

(ഉത്തരരാമായണം ചമ്പു)

ന. സഭ.

ആസ്ഥാനമണ്ഡപം- രാജാക്കന്മാർ സഭകൂടുന്നതുള്ള സ്ഥലം.

ആസ്ഥാനി-രാജസഭ, എല്ലാവരും ഇരിക്കുന്നേടം എന്നു ശബ്ദാർത്ഥം.

ആസ്ഥാപനം-പ. സ്ഥാപിക്കുക, വയ്ക്കുക. ഉ. തമ്മിലടുത്തിരിയാക്കുക.

ആസ്ഥിത-വി. ഇരിക്കപ്പെട്ട, ഇരുന്ന.

ആസ്ഥിതൻ-കയറിയിരിക്കുന്നവൻ.

'സോമകേളിസഭാധാമകണ്ഡുകി

ലാഭാമമത്തമതിമാസ്ഥിതം'

(അംബരീഷചരിതം കഥകളി)

ആസ്പൃഷ്ടീഭൂതം-ആസ്പദം (സ്ഥാനം-ഇരിപ്പിടം) ആയിത്തീർന്നതു്.

ആസ്പദം-പ. സ്ഥാനം, ഇരിപ്പിടം. ഉ. ചെയ്യുന്നകർമ്മം. ഇതിൽ പ്രയോഗിക്കുന്നു എന്നു ശബ്ദാർത്ഥം.

ആസ്പന്ദനം-ഇളക്കം.

ആസ്ഫാലനം-പ. അടി, അടിക്കുക. ഉ. അഹങ്കാരം, അഹങ്കാരം, ഡംഭം. ന. ആന ചെവിയടിക്കുക.

ആസ്ഫാലിത-വി. അടിക്കപ്പെട്ട.

'അമ്പുസമസ്ഫാലിതവല്ലകീസ്ഥനേ

ക്ഷതോജ്ജ്വലംപ്രേഷ്യതലംഗുലിന്നയം'

(മേഘം)

ആസ്ഫുരിത-വി. ശോഭിക്കപ്പെട്ട.

ആസ്ഫോടന(ന)ം-വിടിച്ചു, പിളർപ്പു്.

ആസ്ഫോടം-പ. വിടിച്ചു, പിളർപ്പു്. ഉ. എരിക്കു്. ന. മുള്ളുചിപ്പിയുടെ.

ആസ്ഫോടനി-പ. തൊണ്ടുരിയുന്ന കത്തി, മണിവേലകസൂചി എന്നും പാഠം. പിളർക്കുന്നതു് എന്നു ശബ്ദാർത്ഥം. മറ്റൊരു പുസ്തകത്തിൽ-വേലത്തികം. ഉ. മരം ഉളിയുന്ന ഉളി (വിറക). ന. കത്രിക (കത്തിരി).

ആസ്ഫോതം-എരിക്കു്. വിടിക്കുന്നതു് എന്നു ശബ്ദാർത്ഥം. ആസ്ഫോടം എന്നും പാഠമുണ്ടു്.

ആസ്ഫോതാ, ആസ്ഫോടാ-പ്ര. വിഷ്ണുക്രാന്തി (കൃഷ്ണക്രാന്തി), നാലുതോവം വിടിന്ന് പൂക്കും ഉള്ളത് എന്ന ശബ്ദാർത്ഥം. ഉ. കാട്ടുമല്ല. സ. വെള്ളരിക്ക്. ഭ. കാട്ടുപിച്ചകം. ഇ. ചേറിൻകന്ദ. ന്യ. എരിക്ക്. ഒ. നവമല്ലികപ്പൂവ്.

ആസ്യം-പ്ര. മുഖം. ഉ. വായ്. പൂരിതസവും മറവുകൊണ്ടു മൂടിക്കുന്നത്, അക്ഷരത്തെ ഉച്ചരിക്കുന്നത് ഇങ്ങനെ ശബ്ദാർത്ഥം.

ആസ്യന്ദനം-വി. ഒഴുകുന്ന, ഊറുന്ന.

ആസ്യപത്രം-താമര.

ആസ്യലാംഗലം-പ്ര. പന്നി. ഉ. പട്ടി.

ആസ്യലോമ-പ്ര. മീശ. ഉ. കരടി.

ആസ്യാ, ആസനാ-ഇരിപ്പ്. ഒരു മിക്കിൽതന്നെ സ്ഥിരമായിട്ട ഇരിക്കുക. മറവ പര്യായങ്ങൾ-സ്ഥിതി, സ്ഥാനം.

ആസ്യാസവം-വായിലേ വെള്ളം (ഉമിനീർ).

ആസ്രപൻ-രാക്ഷസൻ (ചോര കുടിക്കുന്നവൻ).

ആസ്രം-പ്ര. രക്തം. ഉ. കണ്ണുനീർ.

ആസ്രവം-ക്ലേശം, സങ്കടം. രോഗിയായിരിക്കുക എന്ന ശബ്ദാർത്ഥം. മറവ പര്യായങ്ങൾ-ആധീനവം, ക്ലേശം.

ആസ്രാവി-വി. ഒഴുകുന്ന, ഒലുക്കുന്ന.

ആസ്രാവം-പ്ര. മുറിവ്. ഉ. വേദന. സ. രോഗം. ഭ. ഗതി, പോക്ക്.

ആസ്വദിക്കുക-പ്ര. രക്ഷിക്കുക.

'പാരമപ്പിതഹവിരാസ്വദിച്ചുധന്യം'

(അംബരീഷചരിതം കഥകളി)

ഉ. രുചിനോക്കുക. സ. അനുഭവിക്കുക.

ആസ്വനിത-വി. ശബ്ദമുണ്ടാക്കപ്പെട്ട.

ആസ്വാദനം-പ്ര. രക്ഷണം. ഉ. രുചിനോക്കുക. സ. അനുഭവിക്കുക.

ആസ്വാദിത-വി. ആസ്വദിക്കപ്പെട്ട, രക്ഷിക്കപ്പെട്ട, രുചി നോക്കപ്പെട്ട, അനുഭവിക്കപ്പെട്ട.

ആഹകം-മുക്കിലേ ഒരുവക രോഗം.

ആഹത-വി. പ്ര. അടിക്കപ്പെട്ട. ഉ. അറിയപ്പെട്ട. സ. പൊതുകിയ.

ആഹതനം-അടി. ഉ. കൊലസ്ഥലം.

ആഹതം-പ്ര. അടിച്ചുണ്ടാക്കിയത്. ഉ. ഒട്ടും ചേർച്ചയില്ലാത്ത അർത്ഥത്തോടുകൂടിയ വാക്ക്. സ. പൊതുകിയ സംഖ്യ. ഭ. ഒരു വാദ്യം.

ആഹതലക്ഷണൻ-ഗുണങ്ങളും ഹേതുവായിട്ട പ്രസിദ്ധി നേടിയവൻ. ഗുണങ്ങളും പിന്നെയും പിന്നെയും പറയുന്ന പേരോടുകൂടിയവൻ എന്ന ശബ്ദാർത്ഥം. ആഹിതലക്ഷണൻ എന്നും ചിലർ പഠിയുന്നുണ്ട്. മറവാരു പര്യായം-കൃതലക്ഷണൻ.

ആഹതി-പ്ര. അടി. ഉ. കൊല്ലുക.

ആഹനനം-പ്ര. അടി. ഉ. വടി.

ആഹനിക്കുക-താഡിക്കുക, അടിക്കുക.

'സിംഹംതാൻകോപിച്ചുങ്ങാനതൻമസ്തകമാഹനിച്ചുരുപാളിപ്പതിനായ്'

(കൃഷ്ണഗാഥ)

ഉ. കൊല്ലുക.

ആഹന്ത-അ. കഷ്ടം, അശ്രദ്ധ.

ആഹരണം-പ്ര. രക്ഷിക്കുക. ഉ. സ്ത്രീധനം.

ആഹരം-രക്ഷ.

ആഹരി-ഒരു രാഗം.

ആഹരിക്കുക-രക്ഷിക്കുക, കൊണ്ടുവരുക.

ആഹവം-പ്ര. യുദ്ധം. സ്പർദ്ധിച്ചു പ്രവൃത്തി എന്ന ശബ്ദാർത്ഥം.

'ആഹവമതിലതിമേഹികളായ് ചില

ദേഹികളവന്നിടുകിൽ'

(അംബരീഷചരിതം കഥകളി)

ഉ. യാഗം.

ആഹവനം-യാഗം.

ആഹവനീയം-അഗ്നികളിൽ മൂന്നുള്ളതിൽ ഒന്ന്. മറവ രക്ഷിണാഗ്നി, ഗാർഹപത്യാഗ്നി.

മഹാകാവ്യകാലത്തു വേദിയിൽപരി ഗാർഹപത്യാഗ്നിയെ പ്രതിഷ്ഠിക്കുന്നതു് എല്ലാ ഗൃഹസ്ഥന്മാരുടേയും ഒരു മുഖ്യപ്രവൃത്തിയായിരുന്നു. ഗാർഹപത്യാഗ്നി വൃത്തത്തിലും, ആഹവനീയാഗ്നി ചതുരത്തിലും, ദക്ഷിണാഗ്നി അർദ്ധവൃത്താകാരത്തിലും ഇട്ടു വന്നിരുന്നു.

ആഹവഭൂമി–പടനിലം.

ആഹാ–അ. സന്തോഷം, അത്ഭുതം, ദുഃഖം ഇവയുണ്ടാകുമ്പോൾ പ്രയോഗിക്കുന്ന ഒരു വാക്ക്.

ആഹാരം–പ്ര. ക്ഷേണം, ഉണ്ണ്, തീററി, തിന്നുന്നതു്. പര്യായങ്ങൾ–ഭുക്തി, ഭോജനം, ജേമനം, ലേഹം, ആഹാരം, നിഷ്പസം.

ആഹാരപദാർത്ഥങ്ങൾ നാലുവിധം–പ്ര. ഖാദ്യം–കടിച്ചുതിന്നുന്നതു്. ര. പേയം–കുടിക്കുന്നതു്. ന. ലേഹ്യം–നക്കിത്തിന്നാവുന്നതു്. ദ. ഭോജ്യം (ഭക്ഷ്യം)–ഭുജിക്കുന്നതു്.

ക. എടുക്കുക.

ആഹാരാദിചതുഷ്ടയം–ആഹാരം മുതലായ നാലു കാര്യങ്ങൾ. ആഹാരം, വിഹാരം, മൈഥുനം, നിദ്ര ഇവ നാലുമത്രേ ജന്തുധർമ്മങ്ങൾ.

ആഹാര്യ–വി. ആഹരിക്ക(എടുക്ക)പ്പെടേണ്ടുന്ന.

ആഹാര്യശോഭ–വസ്ത്രവസ്തുവിലധികമായ ശോഭ. ഇവിടെ ആഹാര്യം എന്ന പദത്തിനു 'കൃത്രിമം' (കെട്ടിച്ചമയ്ക്കുന്നതു്) എന്നർത്ഥം.

ആഹാവം–കൽത്തൊട്ടി. (ഇതു സാധാരണ കിണറുകളും മുതലായതിനു സമീപം നിർമ്മിക്കാറുണ്ടു്. പശുക്കൾക്കു മലം, കുടിപ്പാനായിട്ടാണു്.) ഇതിൻറെ അടുത്തൽ പശുക്കൾ വിളിക്കപ്പെടുന്നു എന്നർത്ഥം. മറാഠാ പര്യായം–തിപനം.

ആഹിതാഗ്നി–അഗ്നിഹോത്രി.

ആഹിതാനലൻ–അഗ്നിഹോത്രി. (ആഹിതാനല എന്നുള്ളതിൽനിന്നുപ്പോലും കല്പനകത്തിൽ 'അനലൻ' എന്നായി).

ആഹിതുണ്ഡികൻ–പാമ്പു പിടിക്കുന്നവൻ(പാമ്പാട്ടി). അഹിതുണ്ഡം (പാമ്പിൻറെ മുഖം)കൊണ്ടു കളിക്കുന്നവൻ എന്നു പാഠാന്തരം. മറാഠാ പര്യായം–വ്യാളഗ്രാഹി.

ആഹുകൻ–ഉഗ്രസേനൻറെ പിതാവു്.

ആഹുത–വി. ഹോമിക്കപ്പെട്ട.

ആഹുതി–ഹോമം.

ആഹൂത–വി. വിളിക്കപ്പെട്ട.

ആഹൂതസംപ്ലവം–ലോകനാശകാലം.

ആഹൂതി–പ്ര. സ്വാഹയെന്നുച്ചരിച്ചുകൊണ്ടു ശരീരരൂപയിൽ ഉണ്ടായവൾ. ര. വിളി.

ആഹൂതാ–വിളി.

ആഹൃത–വി. ആഹരിക്ക(എടുക്ക)പ്പെട്ട.

ആഹേയ–വി. അഹിയെ (സർപ്പത്തെ) സംബന്ധിച്ച.

ആഹേയം–പാമ്പിൻറെ അസ്ഥി, വിഷം, വളർത്തുമൃഗമായതു്. അഹിയിൽ(പാമ്പിൽ) ഭവിച്ചതു് എന്നു ശബ്ദാർത്ഥം.

ആഹോരുഷം–ശക്തൻ. (അഹോരുഷ എന്നുനോക്കുക.)

ആഹ്വാഭനം–നിന്ദ.

ആഹ്വാ–അ. അതേ ഇതേ എന്നുള്ള വികല്പത്തിലും വിശേഷണത്തിലും കൽത്തിലും പ്രയോഗം. ഇതു ഹോഴ്സിലും പ്രയോഗിക്കാറുണ്ടു്.

അഹോപുരുഷിക–അഹംഭാവംഅഹംകാരം, ഞാൻ കേമനാണ്, സമർത്ഥനാണ്, ധീരനാണ് എന്നും മറ്റുമുള്ള വിചാരം.

അഹോസ്വിൽ–അഹോ എന്നതിന്റെ അർത്ഥം.

അഹ്നിക–വി. പകലിനേസംബന്ധിച്ച.

അഹ്നികം–ദിവസന്തോറും ചെയ്യുന്നത് (കളി ക്ഷണം ഇത്യാദിപോലെ.)

അഹ്നികക്രിയ–പകലത്തേകർമ്മം.

അഹ്ലാദനീയ–വി. സന്തോഷിപ്പിക്കേണ്ടുന്ന.

അഹ്ലാദനം–സന്തോഷത്തെനൽകുന്നത്

അഹ്ലാദം–സന്തോഷം.

അഹ്ലാദി– വി. സന്തോഷത്തെ കൊടുക്കുന്ന.

അഹ്ലാദിക്കുക–സന്തോഷിക്കുക.

അഹ്ലാദിത–വി. സന്തോഷിപ്പിക്കപ്പെട്ട.

അഹ്വാ–പേർ, നാമം. അഹ്വാനം ചെയ്യപ്പെടുന്നത് (വിളിക്കപ്പെടുന്നത്) എന്നർത്ഥം.

അഹ്വായം–പേർ, നാമം. വിളിക്കപ്പെടുന്നത് എന്ന ശബ്ദാർത്ഥം.

അഹ്വാനദർശനം–വിചാരണയ്ക്കുഹാജരാവുക.

അഹ്വാനം–ക, വിളി. ഉ. കോടതിയിൽ നിന്നു സമൻസയച്ചു വിളിക്കുക.

അഹ്വാനയതി– സമൻസയക്കുക, കല്പിച്ചുവിളിക്കുക.

അഹ്വായം–ക. സമൻസ്. ഉ. പേർ.

അഹ്വായക–വി. ക്ഷണിക്കുന്ന, വിളിക്കുന്ന.

അഹ്വായകൻ–ദൂതൻ.

അഹ്യം, അഹ്യൻ–ക, മനുഷ്യൻ. ഉ. ശേക്കിനുള്ളവൻ, സമർത്ഥൻ.

'പുത്രനന്യോമേപരവതിനമേ
ഉല്പന്നീതനെന്നവേണം'
(മയൂരസന്ദേശം)

അളക്കൊല്ലി–ധനം, ദ്രവ്യം, ധാന്യം.

അളന്തരം–പുരുഷാന്തരം, മരണം.

അളർക്കം–അളർക്കത്തെ (പേപ്പട്ടിയെ)സംബന്ധിച്ച.

'അളർക്കംവിഷമിവസവ്രതപ്രസൂയം'
(ഉത്തരരാമായണംചമ്പു)

അളവാനം–ആനയെ കെട്ടുന്നതിന്, ആനയെ തളയ്ക്കുന്ന കെട്ടുകുറ്റി. ഇതിനെക്കുറ്റി ചേർത്തു കെട്ടുന്നതിനാൽ ഈ പേർവന്നു. മറ്റൊരുപയോഗം–ബന്ധസ്ഥാനം.

അളവായ്–ശേക്കി, കാര്യപ്രാപ്തി, തനിക്കു താൻപോരിക.

അളി–ക. കൂട്ടം (സമൂഹം.) ഉ. സഖി (ഒപ്പം കളിച്ചു വളർന്നവൻ.) അലങ്കരിക്കുന്നവൻ എന്നർത്ഥം. മറ്റു പയോഗങ്ങൾ–സഖി, വയസ്യൻ, ന. ചിറ, ചെറിയചിറ. വെള്ളത്തെ തടുക്കുന്നത് എന്ന ശബ്ദാർത്ഥം. മറ്റൊരുപയോഗം–സേതു. ര. ഇടതൂർന്നയില്ലാത്ത മരക്കൂട്ടം. അലങ്കരിക്കുന്നത് എന്ന ശബ്ദാർത്ഥം. ഇ. തേനീച്ച. ന. വരയ്ക്കുക. ഒ. വരി. വ. വര.

അളിന്ദം–പൂന്തിണ്ണ. (അളിന്ദം എന്നതിനു പ്രചാരം കുറഞ്ഞിരിക്കുന്നു).

അളിക–ക. രക്ഷിക്കുക. ഉ. രക്ഷിക്കുക. ന. വഹിക്കുക. ര. അനുഭവിക്കുക. ഇ. ഉണ്ടായിരിക്കുക. ന. വാഴുക. ഒ. ഉയരുക. വ. പടർന്നുകയറുക.

അളിപകം–ഇഴഞ്ഞുപോയ്.

അളിർ–തിരുവിതാംകൂറിൽ ഇരണിയൽ താലൂക്കിലെ ഒരു പക്കം.

അളോടി–വെളിപ്പെടുത്തൽ.

അംപ്പാട്ടം–അടിമയെ മറ്റൊരാൾക്കു കൈമാറിക്കൊടുത്തു കിട്ടുന്നതും വാങ്ങിക്കുന്ന ദ്രവ്യം.

ആഢ്യപ്രമാണം – രണ്ടുപ്പടത്തോടുകൂടി രണ്ടു മേലെപ്പട്ട നീട്ടിനിന്ന മനുഷ്യരൻറെ (പുരുഷരൻറെ) നീളം. ഇതിനെ മാഷയിൽ 'ഒരാളും രണ്ടരയെട്ടപ്പും' എന്നു പറയാറുണ്ട്. പര്യായം-പ്രമാണം.

ആഢ്യക്കാട്ടി-പുള്ള്, അസഹ്യതയുണ്ടാക്കുന്ന ഒരുവക പക്ഷി.

ആഢ്യക്കാർ-കീഴ്പെട്ടവർ, കീഴ്ജാതിക്കാർ, അധ്വിതന്മാർ.

ആഢ്യക്കുറിയൻ-ഒരു പക്ഷി.

ആഴക്ക്-നാഴിയിൽ എട്ടിലൊന്ന്.

ആഴം-താഴ്ച (കഴി).

ആഴാതി – അമ്പലവാസികളുടെ ഒരു സ്ഥാനപ്പേർ.

ആഴാന്തൽ-പലകപ്പയ്യാനി.

ആഴി-പ. സമുദ്രം(ആഴമുള്ളത് എന്നർത്ഥം), ക. മോതിരം. ഉ-ം, തിരുവാഴി. ന. സുദർശനം എന്ന ചക്രം. ര. കടൽ. ഇ എരിയുന്ന തീയ്.

ആഴിമാതാവു, ആഴിമാതു-ലക്ഷ്മീദേവതി. സമുദ്രം അമ്മയായവൾ എന്ന ശബ്ദാർത്ഥം.

ആഴിവർണ്ണൻ-വിഷ്ണു (കടൽനിറമുള്ളവൻ).

ആഴുക-താഴുക, മുങ്ങുക, താണുകിടക്കുക

ആഴുവാഞ്ചേരി-ഒരു ബ്രാഹ്മണഗൃഹത്തിലെൻറ പേർ. ഇത് തിരുനാവായ്ക്കടുത്താണ്. ഇതിലേ പ്രമാണിക്ക ആഴ്വൻ ചേരിതമ്പ്രാക്കൾ എന്നു പറഞ്ഞുവരുന്നു.

ആഴെ-വി അഗാധമായി.

ആഴ്ച-തിങ്കൾ, ചൊവ്വാ, ബുധൻ, വ്യാഴം, വെള്ളി, ശനി, ഞായർ എന്ന ഗ്രഹങ്ങളിൽ ഓരോന്നിനും പറയുന്ന പേർ.

ആഴ്ചവട്ടം-ഏഴാഴ്ചകൂടി കൂടി പറയുന്ന പേർ.

ആറന്മുള-തിരുവിതാംകൂറിൽ തിരുവല്ലാതാലൂക്കിൽ ചേർന്ന ഒരു പകുതി. ഇതു വള്ളംകളിക്ക വിശേഷമുള്ളതാണ്.

ആറക്കാൽ-വണ്ടിച്ചക്രത്തിൻറെ വട്ടത്തിനകം കടത്തിനാട്ടുന്ന മരപ്പണിയുള്ള കാല്. ചിലേടത്തു് ഇതിനെ 'അരക്കാൽ' എന്നാണ് പേർ. സംസ്കൃതത്തിൽ 'അരം' എന്നും 'ആരം' എന്നും പറയുന്നു.

'ആറക്കാലിനിടക്കുകുടിനെടുകെ
തുഴഞ്ഞുവേഴാമ്പൽ'

(മലയാളശാകുന്തളം)

ആറാട്ടുക-കളിക്കുക.

ആറാട്ടം-പ. കളി. ക. പിരളുക.

ആറാട്ട്-കളി, ഖിണ്ഡിത കളിപ്പിക്കുക.

ആറാട്ടുതറ-കുളിക്കടവു്.

ആറാട്ടുപുഴ-തിരുവിതാംകൂറിൽ കാർത്തികപ്പള്ളി താലൂക്കിൽ ഒരു പകുതി.

ആറാംപഴഞ്ഞി-ഒരിനം ഞണ്ടുപുല്ല്.

ആറാമട-തിരുവിതാംകൂറിൽ തിരുവനന്തപുരം താലൂക്കിലേ ഒരു പകുതി.

ആറാംവരി-വാരിപ്പറം, വാരിയെല്ല്.

ആറായിരം-ആറ് ആയിരംചേർന്നത്.

ആറാറ്-പ. മുപ്പത്താറ്. ആറു തവണ ആറ് കൂടിയത്. ക. ആറുവീതമായത്.

ആറു-മാതിരി, സദൃശം. (പ-മ)

ആറു-പ. അഞ്ചുകഴിഞ്ഞാലുള്ളത്, മൂന്നിരട്ടിച്ചാൽ വരുന്ന സംഖ്യ. ക. നദി. ന. വഴി. ഉ-ം, ചെയ്യാറു, വന്നാറു. ര. വിധം, സ്ഥിതി. ഉ-ം, കിട്ടിയാറാംങ്ങിനെ. ഇ. വണ്ണം. ഉ-ം, വരുമാറു=വരുംവണ്ണം.

ആറുക-മൂടിപ്പുതയ്ക്കുക.

ആറുകാലാടി-ഒരു വിധം എണ്ണ.

കരയുന്നു, ചിറകടിക്കുന്നു, കൊഴിച്ചു, കൂകുക, മുഴങ്ങുന്ന ഇവ സമം ഇടച്ചു പിഴിഞ്ഞു തീരെ ഇരുനാഴി, എണ്ണ നാഴി; കല്ലുപ്പിനു കരിക്കിഴങ്ങുനാലുകഴഞ്ചു; അരച്ചുകുഴക്കി കാച്ചിയരിച്ചു വയ്ക്കുക; ഇതാണിതിലെ കാമിലയ്ക്കു നന്നു. കല്ലു

ത്തിനു ഇരട്ടിച്ചുരം, ചന്ദനം, കൊട്ടം ഇവയൊക്കിലുമാം. പ്രസവിച്ചാൽ തല നോവു വലിക്കുന്ന പക്ഷം ഈ ഔഷധം ഉപയോഗപ്പെട്ടും. ഈ യോഗം ശ്ലാഘിക്കിത്സയിൽ പെട്ടതാണ്.

ആറുകാലു്-പ. കയ്യുന്നും (കയ്യോന്നി). ഉ. വണ്ടു്.

ആറുദേശപ്പാറു്-തിരുവിതാംകൂറിൽവിളവുകൊട്ട താലൂക്കിലെ ഒരു പകുതി.

ആറുനയങ്ങാം-സന്ധി, വിഗ്രഹം, യാനം, ആസനം, ദ്വൈധീഭാവം, സമാശ്രയം ഇവ ആറും.

ആറുമുഖൻ-സുബ്രഹ്മണ്യൻ (ശിവന്റെ പുത്രൻ).

ആറുരസങ്ങാം-സ്വാദു് (മധുരം), അമ്ലം (പുളി), ലവണം (ഉപ്പു്), തിക്തം (കയ്പു്), ഉഷ്ണം (എരി), കഷായം (ചവർപ്പു്) ഇവ ആറും.

ഇവ ദ്രവ്യത്തെ ആശ്രയിച്ചിരിക്കുന്നു. മുമ്പേ മുമ്പേ പറയപ്പെട്ട രസം മേഹത്തിന് അധികമായി ബലത്തെയുണ്ടാക്കും.

ആറുശാസ്ത്രങ്ങാം-(വേദാംഗങ്ങാം) പ. ശിക്ഷ. (ഉച്ചാരണം ശരിയായി അഭ്യസിപ്പിക്കുന്ന ശാസ്ത്രം). ഉ. കല്പം (അനുഷ്ഠാനങ്ങളെ വിവരിക്കുന്ന ശാസ്ത്രം). ന. വ്യാകരണം (ശബ്ദത്തെക്കുറിക്കുന്നതു്). ര. നിരുക്തം (പദങ്ങളുടെ അർത്ഥത്തെ വിവരിക്കുന്നതു്). ഘ. ജ്യോതിഷം (നക്ഷത്രം മുതലായവയെ പ്രതിപാദിക്കുന്നതു്). ന. ഛന്ദസ്സു് (വൃത്തത്തെക്കുറിച്ചുള്ളതു്).

'ശിക്ഷാകല്പംവ്യാകരണം
നിരുക്തംഛന്ദസംചയം
ജ്യോതിഷാമയനം ചൈവ
വേദാംഗാന്യാഹുരാര്യവു'

ആറേ-അ. ആറിൽക്കൂടെ.

ആറ്റ-കന്നഡി, ചെറിയപക്ഷി.

ആറ്റ-വി. ഒരുമനയായ.

ആറൽ-വി. ഒരുമനയായ.

'ആറൽകിടാവിനെചീറവുംപൂണ്ടു'
(കൃഷ്ണഗാഥ)

ആറൽ-പ. ചെടി, ശുഷ്കാന്തി.

'കാറവതട്ടിവിളക്കുകൊട്ടുപോയാലതിൽപിന്നെ
ആറലോടെവെളിച്ചെണ്ണ
പകർന്നാൽകത്തുമാറുണ്ടോ'
(ത്രിപുരദഹനം തുള്ളൽ)

ഉ. മനോഹരമായ വളപ്പു്. ന. ആശ്വസിപ്പിക്ക. ര. തണുപ്പിക്ക. ഘ. ശമിപ്പിക്ക.

ആറാം-വളരെ. ഉ. യല്പം, ഏതാനും.

ആറുക-തണുപ്പിക്ക, പൂടില്ലാതാക്കുക.

ആറുകാൽ-പ. ആറിൽ നിന്നുണ്ടായതോടു്. ഉ. തിരുവനന്തപുരത്തുള്ള ഒരു ഗണിലുള്ള ഒരു സ്ഥലത്തിന്റെ പേർ.

ആറുങ്ങൽ-തിരുവിതാംകൂറിൽ ചിറയിൻകീഴ് താലൂക്കിലെ ഒരു പകുതി.

ഇതു തിരുവിതാംകൂറിലെ വിശേഷസ്ഥലങ്ങളിൽ ഒന്നാകുന്നു. പണ്ടു് ഒരു രാജ്ഞിയിൽ നിന്നു തിരുവിതാംകൂറിനു കിട്ടിയതാണു്. ഇതു നമ്മുടെ രാജ്ഞിമാരുടെ ഒരു കുടുംബമാണെന്നുള്ളതു് 'ആറങ്ങൽ മൂത്തതമ്പുരാൻ', 'ഇളയതമ്പുരാൻ' എന്ന നാമധേയങ്ങാം കൊണ്ടു സ്പഷ്ടമാകുന്നു. ആറങ്ങലും ഇടപ്പള്ളിയും ശ്രീപാദം വകയാണു്.

ആറുദർ-ഒരു വകപുല്ലു്. പര്യായങ്ങാം-കാശം, ഇക്ഷുഗന്ധ, പോടഗന്ധം, കാശവർക്കരിയു് എന്നും പറയുന്നുണ്ടു്.

ഇതു ശ്രമം, ശോഷം, അരോചകം, ആമദോഷം, രക്തപിത്തം, ഉൽക്ലേദം, ചുട്ടുനീർ, ക്ഷയം ഇവയെ നശിപ്പിക്കും. ശുക്ലവൃദ്ധിയെ ചെയ്യും. രസത്തിൽ മധുരവും പാകത്തിൽ തിക്തരസവും ശീതവീര്യവുമാകുന്നു. ഇതു കണ്ണിനു മേ

ലേ ഉണ്ടാകുന്ന രോഗങ്ങൾക്കും മുടി രോഗങ്ങൾക്കും ഉപയോഗം.

ആറുനോറുപോകുക- കഷ്ടപ്പെട്ടു പ്രയത്നിച്ചു ജീവിക്കുക.

ആറുപേരാൽ-ഒരു വക വൃക്ഷം.

'നഭീവടോയജ്ഞവൃക്ഷഃ
സിദ്ധാത്മാവടകോവടീ
അമരഃസംഗിനീരൈവ
ക്ഷീരകഃപുരുചകീത്തിതാ'

എന്ന പദ്യാർത്ഥം.

'വടീകഷായമധുരശീതശീരപിത്തഹാരിണീ
മഹത്യുഷ്ണശ്രമശ്വാസവിഷ്ണുശീതമനീപരം'

എന്ന ഗുണങ്ങളും.

ആറുവഴി-തിരുവിതാംകൂറിൽ തിരുവനന്തപുരം താലൂക്കിലെ ഒരു പകുതി.

ആറുവഞ്ഞി-ഒരു വൃക്ഷം, പര്യായങ്ങൾ-പരിവ്യാധം, വിദുലം, നാദേയി, അംബുവേതസം.

ഇതിന്റെ പൂവും കായും ശ്രേഷ്ഠമായ കടുപ്പും. ദീപനവും രുചികരവുമാകുന്നു. രക്തപിത്തരോഗത്തെ കളയും. ഇതിനു ആറുവഞ്ഞി എന്നും നീർവഞ്ഞി എന്നുമുള്ള പേരും കാണുന്നു. വ്രണവാതം, മൂത്രകൃച്ഛ്രം, അശ്മരി ഇവയ്ക്കും നന്നാണത്രേ. അധികം ആറുവഞ്ഞിയുള്ള പ്രദേശത്തിനു 'വേതസവാൻ' എന്നുപേർ.

ആറുവട്ട-ഫ. ഒരു ചെടി. പ്രാ. ആറുവക്ക്.

ആറുവെട്ടു്-ആറാതകിൽ ഏകദേശം കോടിയുണ്ടാകുന്ന സ്രാവം. ആറുമുവെട്ടു് >< കരവെട്ടു്.

ആറൂർ-തിരുവിതാംകൂറിൽ കല്ലൂർ താലൂക്കിലെ ഒരു പകുതി.

---

# ഇ

ഇ—സ്വരാക്ഷരങ്ങളിൽ മൂന്നാമത്തേതു്. (താലവ്യം.)

ഇ-കാമദേവൻ.

ഇ-അ, ഫ. കോപം. പ്രാ. അത്ഭുതം. നാ. വ്യസനം. ഭ. ആർദ്രത. ഭാ. നിന്ദ. നു. ബുദ്ധിമുട്ടു്.

ഇകൽ-യുദ്ധം, പോർ. (പഴയമലയാളം)

'ഞങ്ങളിചന്നികൾകിട്ടുവോരമം'
(രാമചരിതം)

ഇകൽക്കളം-പോർക്കളം.

ഇകടം-മുഷ്ടത്തിർ, മുഷ്കുയ്യ്.

ഇകണക്കുക-കഴഞ്ചിക്കുക.

ഇകണ്ണു-ഭയപ്പെടുത്തു, പരിഭ്രമിച്ചു.

'കാട്ടുമനുഷ്യരുമികണ്ണുകിൽ'
(ഭാരതഗീത.)

ഇകറുക-അകറുക.

'ഇകറുമേട്ടുമേമാശമാപ്പോരം'

ഇകാരം-ഇ എന്ന അക്ഷരം.

ഇക്കട്ട-പ്രയാസം, ദുഷ്കടം, ഭാവക്കുറവു്.

ഇക്കി-കാരണവൻ. (അഞ്ചിവണ്ണ്.)

ഇക്കര-ഇങ്ങക്കര.

സംസ്കൃതത്തിൽനിന്നു 'പരം' എന്നും ഇക്കരയ്ക്കു 'അവാരം' എന്നുപോൽ.

ഇക്കണക്കേ, ഇക്കണക്കു്-അ. ഇങ്ങനെ, ഇപ്രകാരം, ഇപ്പോലെ.

ഇക്കിളം. എക്കിട്ട എന്ന രീതി.

മുപ്പുഴുക്കം മാറാതിരുന്നാൽ ചില സ്ഥലങ്ങളിൽ ചെയ്യുന്നതും, അധികം തിരുമ്മുന്നതും മുതലായതുകൊണ്ടു പാനാശയസ്തംഭനമുണ്ടാക്കുന്നതും ചെയ്യുക, ചൊടി, പുക ഇവയുണ്ടാക്കുക, ഭയപ്പെടുത്തുക, കോപിപ്പിക്കുക, വലിയതായി ഒട്ടുക, അതിവ്യായാമം ചെയ്യുക, വളരെ വഴിനടക്കുക, മലമൂത്രാദിവേഗങ്ങളെ തടുക്കുക, ഉപവാസംചെയ്യുക ഇവ ഹേതുവായിട്ടു്

ഇക്കിളും ശ്വാസോച്ഛ്വാസവും ഉണ്ടാകുന്നു. പെട്ടെന്നതരവ അസുഖങ്ങളെ ഹനിക്കുക നിമിത്തം ഹിക്ക (ഇക്കിൾ) എന്നു പറയുന്നു. ഇക്കിൾ അഞ്ചുവിധം.

പ. അന്നജ-ഭയപ്പെട്ടുപായേശിക്കുന്ന അന്നപാനങ്ങൾ കൊണ്ടു വായുപീഡിതനായി മേലോട്ടു ശമിച്ചുണ്ടാകുന്നതു്.

ര. യമള-വളരെ നേരംകൊണ്ടു് ഇരണ്ടുകൂടിവന്നു; ശിരസ്സിനും കഴുത്തിനും ഇളക്കമുണ്ടാകും.

ന. ക്ഷുദ്ര-കണ്ണാസന്ധിയുടെ മൂലത്തിൽ നിന്നും പുറപ്പെട്ടു; മന്ദവേഗത്തോടെവ ളരെനേരംകൊണ്ടാണു പുറപ്പെടുന്നതു്.

ഭ. ഗംഭീര-നാഭിയിൽ നിന്നു പുറപ്പെട്ടു; ഗംഭീരമായ മുഴക്കംകൊണ്ടും. തണ്ണീർദാഹം, ജ്വരം മുതലായവയും ഉണ്ടായിരിക്കും. ഇതു മരണകരമാണ്.

ങ. മഹതി-മൂത്രാശയം, ശിരസ്സ്, ഹൃദയം ഇവയെ പീഡിപ്പിച്ചു സർവ്വശരീരങ്ങളേയും ഇളക്കി സഭയംപുറപ്പെട്ടു.

ഇക്കിളി-കിക്കിളി, കിക്കിലി.

ഇക്കിളിക്കുക-ശ്വാസം മേലോട്ടാക്കി വയറൊളിക്കുക. ഇക്കളിക്ക എന്നും അപൂർവ്വം കാണുന്നുണ്ടു്.

ഇക്കു-ആപത്തു, ഉപദ്രവം. (പ-മ)

ഇക്കുറി-ഇത്തവണ, ഈ പ്രാവശ്യം.

ഇക്കേറി- ലെഡ്ഡ്യർ, (Lingaite) രാജാക്കന്മാരുടെ രാജധാനി. ഇവരുടെ രാജ്യത്തിനു ഇക്കേറി സംസ്ഥാനമെന്നും, നാണയങ്ങൾക്കു ഇക്കേറിപ്പണം, വരാഹൻ, എന്നും പറയുന്നു.

ഇക്കേറിയാൻ-കോലനാട്ടിനു വടക്കു ഭാഗം കീഴടക്കിയ ഒരു രാജാവു്.

ഇക്ഷു-പ. കരിമ്പു്. ഇപ്പഴിക്കപ്പെട്ടുന്നതു് എന്ന ശബ്ദാർത്ഥം. മറ്റൊരു പര്യായം-രസാളം ഇവ ര-ം, കരിമ്പിന്റെ സാമാന്യമായ പേരാണ്. ര. ആഢ്യഫലം.

ഇക്ഷുകാണ്ഡാ-പാൽമുതക്ക.

ഇക്ഷുക്രൂടകൻ-കരിമ്പുശേഖരിക്കുന്നവൻ

ഇക്ഷുഗന്ധാ-പ. ഞരിഞ്ഞിൽ. ഇക്ഷുവിന്റെ ഗന്ധംപോലെ ഗന്ധമുള്ളതു് എന്ന ശബ്ദാർത്ഥം. ര. വയൽച്ചുള്ളി, ന. കരിമുതക്ക്, പാൽമുതക്ക്, കവണമുതക്ക് ഇങ്ങനെയും പറയുന്നു. ഭ. ആറാമട്ട്(കരിവിക്കരിയു് എന്നും പറയുന്നുണ്ടു്.)

ഇക്ഷുദണ്ഡം, ഇക്ഷുയഷ്ടി-കരിമ്പിൻതണ്ടു്.

ഇക്ഷുദണ്ഡികാ - ഒരു പുരത്തിന്റെ പേർ.

ഇക്ഷുദർഭ-ഒരുവിധം പുല്ലു്.

ഇക്ഷുദാ-ഒരു നദിയുടെ പേർ.

ഇക്ഷുധന്വാവു്-കാമദേവൻ. കരിമ്പുവില്ലായുള്ളവൻ.

ഇക്ഷുനിർയ്യാസം-കരിമ്പിൻനീരു്.

ഇക്ഷുരം-പ. വയൽച്ചുള്ളി. കരിമ്പിന്റെ ഗന്ധംപോലെ ഗന്ധമുള്ളതു്. ഇക്ഷുരകം എന്നുമാവാം. ര. കരിമ്പു്.

ഇക്ഷുരസം-കരിമ്പിൻനീരു്.

ഇക്ഷുവല്ലി-പാൽമുതക്കു്.

ഇക്ഷ്വാദം-കരിമ്പിൻനീരു്.

ഇക്ഷ്വാകു-സൂര്യവംശത്തിലെ നന്നാമത്തെ രാജാവു്.

ബ്രഹ്മാവിന്റെ മനസപുത്രനായ മരീചിമഹർഷിയുടെപുത്രൻ കാശ്യപപ്രജാപതി, തൽപുത്രൻ സൂര്യൻ, തൽപുത്രൻ മനുവൈവസ്വതമനു, തൽപുത്രനത്രെ.

(മനുവൈവസ്വതമനുവിനു ശ്രദ്ധയിലുണ്ടായവൻ).

'ഞാനിയിൽമനുവൈവസ്വതനാകിയമനുവിനു
മേനാമനന്തനായനന്തശിക്ഷാകവുരുണ്ടയെല്ലും
മേൽ നീചരന്ധ്രംതിരിഞ്ഞുനോക്കാത്തവണ്ണം
മേൽ നീചകുംഭപുരപരിപാലിച്ചുകൊൾക'

(ബ്രഹ്മാണ്ഡപുരാണം)

ഇക്ഷുപാകം-പേച്ചുര. രകെപ്പുഷോയുവയിട്ട കരിമ്പിനപോലും മധുരമില്ലാതാക്കുന്നത് എന്ന ശബ്ദാർത്ഥം. മരാറാമപച്ചയേം-കട്ടംതുംബി.

ഇംഗ-വി. അനുകമുള്ള, അനുഭവമുള്ള, ഇഷ്ടമുള്ള.

ഇംഗണം-തീപ്പെരി;

ഇംഗം-ക. ഇളകുന്ന വസ്തു. (ഭംഗമം.)ഗമിക്കുന്നത് എന്ന ശബ്ദാർത്ഥം. ഉ. അഭിപ്രായത്തിനനുരൂപമായ ചേഷ്ട, ഇംഗിതം. അഭിപ്രായം. ഇതുകൊണ്ടറിയുന്നു എന്ന ശബ്ദാർത്ഥം. ന. അടയാളം.

ഇംഗാലം-കരി.

ഇംഗാലാമ്ലം - വായുവിൽനിന്നുകിട്ടുന്ന ഒരു സംധനം.

ഇംഗിതജ്ഞ-വി. അഭിപ്രായത്തെ അറിയുന്ന.

ഇംഗിതം-ക. അഭിപ്രായം. ഉ. അഭിപ്രായത്തിനനുരൂപമായ ചേഷ്ട. ന. സൂചകം. ഭ. അനക്കം. മറവ പര്യായങ്ങൾ-ഇംഗം, ആകാരം.

[അബുദ്ധിപൂർവ്വമായ മുഖരാഗാദിക ങ്ങളെ 'ആകാരം' എന്നും, ബുദ്ധിപൂർവ്വകമായ ഹസ്തനയനാദിചേഷ്ടകളെ 'ഇംഗിതം' എന്നും വേർതിരിച്ചുണ്ടെന്നു അഭിപ്രായക്കാരുണ്ട്. അഭിപ്രായഭേദമെന്നും രണ്ടിനും സമമായിട്ടാൽ രണ്ടും മിശ്രമായി പറയപ്പെടുന്നു ]

ഇംഗു-ഒരു രോഗം. (കണ്ണുരോഗത്തിൽ കായം).

ഇംഗുദപഥം-മരുഭൂമി.

ഇംഗുദി-മരുമരം. മേല്പെട്ടുപോകുന്നത് എന്ന ശബ്ദാർത്ഥം. മറവ പര്യായം-ഖരപത്രം.

ഇംഗുദം-മരുമരം.

ഇങ്ങിനെ, ഇങ്ങനെ-അ. ഇപ്രകാരം. [അങ്ങിനെ എന്നതു നോക്കുക.]

ഇങ്ങിട്ട്-അ. ഇവിടെ[അങ്ങിട്ട എന്നതു നോക്കുക.]

ഇങ്ങിനത്തെ-അ. ഈ വക്കുള്ള.

ഇങ്ങു-അ. ക. ഇവിടെ ഉ. നീ എന്തു പറയുന്നതിനുള്ള ഉപചാരവാക്ക്.

ഇങ്ങുന്ന-അ. ഇവിടെനിന്നു, എന്നിൽനിന്ന് (ഇങ്ങു + നിന്നു)

ഇങ്ങോട്ട്-ഇവിടെ, ഇങ്ങ്(അങ്ങോട്ട് നോക്കുക).

ഇങ്ങോട്ടു-ഇങ്ങേവീട്ടിൽ.

ഇങ്ങേ-അ. ഈ വശത്തെ, ഇപ്പോഴത്തെ.

ഇങ്ങേ, ഇങ്ങത്തെ-വി. ഇവിടത്തെ, എന്നെ സംബന്ധിച്ചു[അങ്ങേ, അങ്ങത്തെ നോക്കുക.]

ഇങ്ങേൻ, ഇങ്ങേര-ഇപ്പോഴം, ഇയാൾ.

ഇങ്ങേക്കുറു-അയൽപക്കം.

ഇങ്ങേടം-ഈ സ്ഥലം.

ഇങ്ങേത്തു-അടുത്തവീട്ട.

ഇങ്ങേയവർ-ഇവർ, ഇപ്പോഴുള്ളവർ.

ഇങ്ങോട്ട്-അ. ഇവിടെയ്ക്ക് [അങ്ങോട്ടു എന്നതു നോക്കുക].

ഇങ്ങോൻ, ഇങ്ങോര-ഇവൻ എന്നതിനു പകരം ഉപയോഗിക്കുന്നുപചാരവാക്ക്(അങ്ങോൻ എന്നതു നോക്കുക.)

ഇച്ചികിലം-കക്കം, ചിപ്പി.

ഇച്ചുക്കൻ-ക. ഉസ്സംമേയ്യുവാൻ. ഉ. മുസ്ലിം.

ഇച്ചിരി-ക. ഇച്ചിരി. ഉ. ഒരു സ്ത്രീയുടെ പേര്.

'നിച്ചിരിയിച്ചിരിതോറുണ്ണിയാച്ചിയും'
(കൃഷ്ണലീല ഉത്തരം)

ന. ഇത്തിരി.

ഇച്ഛകം-വഞ്ചിതൻ, ചതിയൻ.

ഇച്ഛ-ആഗ്രഹം. മറവ പര്യായങ്ങൾ-കാമം, കാംക്ഷ, സ്പൃഹ, ഈഹ, ഔത്സുക്യം, ലിപ്സ, മനോരഥം, കരം, അഭിലാഷം, തൽപ്പരം.

ഇച്ഛാപഥ്യം-രോഗിയുടെ അഭിപ്രായപ്പെടുന്നതുപോലെയുള്ള പഥ്യം. പഥ്യം എന്നാൽ വിരോധമൊന്നുംകൂടാതെയുള്ള ഇരിപ്പ് എന്നർത്ഥം. ഇച്ഛാപഥ്യം എന്നു പറഞ്ഞാൽ കഠിനമായ പഥ്യമല്ലെന്നു ഗ്രഹിക്കണം.

ഇച്ഛാമതി-ഒരു ശംഖനദി.

[നേപാളരാജ്യത്തിൽ 'കാന്തി' എന്നു പേരായ രാജധാനിയെ ജനങ്ങൾ 'കാഷ്ഠമണ്ഡപം' (കട്മണ്ടു) എന്നു വിളിച്ചുവരുന്നു. ഈ കാഷ്ഠമണ്ഡപത്തിന് അല്പം കിഴക്കാണ് ഈ ശംഖനദി.]

ഇച്ഛാവന്തു്-വി. ആഗ്രഹമുള്ള

ഇച്ഛാവതി-ആഗ്രഹമുള്ളവൾ

ഇച്ഛാശക്തി-വേദാന്തസിദ്ധാന്തപ്രകാരം ഈശ്വരനുള്ള മൂന്നു പ്രധാനശക്തികളിൽ ഒന്നു. മറ്റവ ജ്ഞാനശക്തി. ക്രിയാശക്തി ഇവയാകുന്നു.

[ഈ ഇച്ഛാശക്തികൊണ്ടാണ് ഈശ്വരൻ പ്രപഞ്ചം സൃഷ്ടിക്കുന്നതു്-'ഇച്ഛാമേത്രപ്രയോഗേസൃഷ്ടിഃ' എന്നപ്രമാണം]

ഇച്ഛാനുകൂല, ഇച്ഛാനുരൂപ-വി ആഗ്രഹത്തിനൊക്കുവണ്ണമുള്ള.

ഇച്ഛിക്കുക-ആഗ്രഹിക്കുക.

ഇച്ഛിത-വി. ആഗ്രഹിക്കപ്പെട്ട.

ഇച്ഛുവു-ഇച്ഛിക്കുന്നവൻ.

'അപുണ്യവാന്മാരുടെമനോരഥപോ-
വതിരുതന്നിച്ഛുവതാകുമെപ്പോൾ'
(കനകലതാസ്വയംവരം)

ഇജ്ജലം-നീർക്കടമ്പു്. ജലത്തെ ഗമിക്കുന്നതു് എന്നർത്ഥം. ഹിജ്ജലം എന്നതിനാണ് അധികം പ്രചാരം.

ഇജ്യൻ-പ. ഗതി. ഉ. യുഗസ്പതി, ന. യിജ്ഞ.

ഇജ്യാ-പ. യാഗം. ഉ. ഭാര്യ. ന. പശു

ഇജ്യാശീലൻ-പിന്നെയും പിന്നെയും യാഗം ചെയ്യുന്നവൻ. മറ്റൊരുപയോഗം-യാഗയുക്തൻ.

ഇഞ്ച-ഒരു മുൾച്ചെടി.

ശരീരത്തിലുള്ള അഴുക്കും മെഴുക്കും മറ്റും കളയുന്നതിനു ഇതിന്റെ തൊലി നന്നാണ്. ഇങ്ങനെ, അത്തു ഇഞ്ചിങ്ങനെ പലവിധം പറയുന്നുണ്ടു്. ഇഞ്ച കാഞ്ഞുങ്ങളുടെ കരപ്പനു നന്നു്. കഫത്തേയും വാതത്തേയും ജയിക്കും.

ഇഞ്ചി-പ. എരിവുള്ള ഒരു വക കിഴങ്ങു് പര്യായങ്ങൾ-ആർദ്രകം, ശൃംഗവേരം (ശൃംഗിവേരം.) ഉ. കോപം.

ഇഞ്ചിത്തൈരു്-ഒരു കറി.

ഇഞ്ചിപ്പച്ചടി-ഒരു കറി.

ഇഞ്ചിളിപ്പു-പ. ഭയം. ഉ. ശങ്ക. ന. മടുപ്പു്

ഇഞ്ചീൽ, ഇഞ്ജീൽ-സുവിശേഷം. (വേദപുസ്തകമായ പുതിയ നിയമം.)

ഇടു്, ഇടുട്ടു് - (വ്യാകരണത്തിൽ) അനുപ്രയോഗങ്ങളിൽ ഉൾപ്പെട്ട ഒരു ധാതു.

ഇട-(ധാതു) ശണുകൂട്ടുക.

ഇടവു്, ഇടപ്പാടു്-പ. സമയം, കാലം. ഉ. നടുവു്. ന. തുക്കം. ഘ. കാരണം. ങ. സ്ഥലം. നു. അകലം.

ഇടച്ചാരൻ-ഉടയ്ക്കുള്ളവനെ തന്നിഷ്ടംപോലെ സഞ്ചരിക്കുന്നവനെയായ കാള, സ്വതന്ത്രികൾ അഗ്രഹാരത്തിലെ സഞ്ചരിക്കുന്നവൻ എന്നു ശബ്ദാർത്ഥം. തിരുവരത്തിക്കുറവൻ, എന്നും പറയാറുണ്ടു്. മറ്റു പര്യായങ്ങൾ-ക്ഷണ്ഡം, ശോപതി.

ഇടകലച്ചു്-കൂടിമേളിപ്പു്.

ഇടകലരുക-കൂടിമേളിക്കുക.

ഇടക്കു-ഒരു വാദ്യം.

ഇടക്കാഴി-തലയുടെ കേടുവരി.

ഇടക്കിടെ, ഇടക്കിടക്കു-ഇടയിടവിട്ടു്, കൂടക്കൂടെ.

ഇടക്കുട്ടുക-ചേരുക, സംഗതിയാകുക.

ഇടക്കുട്ടുക-സംഗതിവരുത്തുക.

ഇടക്കട്ടി-തുക്കം ശരിയാക്കുന്നതിനു ഇട യ്ക്കിടുന്നകട്ടി.

ഇടക്കടി, ഇടക്കടിമാൻ-ഇടക്കുണ ക്കുമാൻ, കൊഴുവലിന്റെ കൊഴുവൻ.

ഇടക്കഴുവ്വൽ-സ്ഥലക്കുഴവ്.

ഇടക്കെട്ട്-പ. അരയിൽകെട്ടുന്ന കച്ച. ഉ. ഇടയ്ക്കുകെട്ടുന്ന തുകട്ട്. സ. ഇടനാഴി. ഭ. നാലുതകട്ട്.

ഇടക്കേടു്-ഉപദ്രവം. ഉ. വിരോധം.

ഇടക്കൊഴുവൻ-കൊഴുവനോടു നിലം പുരയിടങ്ങളും കുഴിതിവാങ്ങിച്ചുവൻ.

ഇടയ്ക്കാട്ട്-തിരുവിതാംകൂറിൽ വിളവ ങ്കോട്ട് ചിറയിൻകീഴ് ഈ താലൂക്കുക ളിൽ ഉള്ള ഒരുതരം പകുതി.

ഇടക്കൊഴ-കൈക്കുലി.

ഇടങ്കോട്ട്-പ. ഉപദ്രവം. ഉ. വിരോധം. സ. ദോഷം, കുറവു. ഭ. പ്രയാസം.

ഇടങ്കൈ-ഇടത്തുകൈ.

ഇടങ്ങഴി-ചങ്ങഴി, നാനാഴി. (നാലുനാ ഴികൊള്ളുന്ന മരുവുപാത്രം). പയ്യന്നൂ പ്രസ്ഥം.

ഇടങ്ങഴിക്കണ്ടം-ഒരിടങ്ങഴി വിത്തു വി തയ്ക്കുന്ന സ്ഥലം. പയ്യന്നൂ-പ്രസ്ഥികം.

ഇടങ്ങാറു്, ഇടങ്ങു്, ഇടങ്ങേറു്-പ. പ്രയാസം, ഇടങ്കോട്ട്. ഉ. വിപരീതം. സ. തടസ്സം.

ഇടചുരുക-ആരോണങ്ങളുടെ ഇടയിൽ കോൽകുന്ന പൂളിങ്ങ് (ആരോണവിശേഷം).

ഇടചേരുക-യോജിക്കുക.

ഇടചേർപ്പു്-യോജിപ്പു്.

ഇടച്ചി-ഇടയൻ, സ്ത്രീ.

ഇടച്ചിൽ, ഇടച്ചു-പ. വഴക്കു്. ഉ. യോജിപ്പില്ലായ്മ. സ. കൂട്ടിമുട്ടുക. ഭ. കലഹം.

ഇടച്ചേരി, ഇടശ്ശേരി-കടത്തുവഞ്ചിക്കാ രെ ഇടവകസ്ഥാനം.

ഇടത്തുരുക-ഇടതിങ്ങുക, നിറയുക.

ഇടത്തുമ്പ-നിറപ്പു്, നിറഞ്ഞിരിക്കുന്ന സ്ഥിതി.

ഇടത്തു്, ഇടത്തു-ഇടത്തുഭാഗത്തുള്ള.

ഇടത്തട്ടു്-പ. മേഘണം. ഉ. ചതിച്ചുകൊ ക്കുക.

ഇടത്തൻ-ഇടതുകൈ വഴക്കമുള്ളവൻ.

ഇടത്തരം-ഇടയിലുള്ളതു്.

ഇടത്തല-ഇടത്തേവശം. ഉ-ം, തേങ്ങാ യുടെ ഇടത്തല.

ഇടത്തിട്ടുക-പ. പുഞ്ചയിലെ ഇടത്തെ കരെ പൊന്തിച്ചു വലത്തെച്ചുമലിൽ കെ ട്ടിച്ചിട്ടുക. ഉ. ഇടത്തുവശമിടുക.

ഇടത്തുട്ടു്-പ. വിരോധം. ഉ. വിപരീ തം. സ. ഇടതുവശം.

ഇടത്തുട്ടുകാർ-വേലവിപരീതക്കാർ, മത വിരോധികൾ.

ഇടനാഴി-രണ്ടു മുറികൾക്കു നടുവേയുള്ള ഒരു വഴി.

ഇടനിര-മുറിതിരിച്ചു പണിത തിര.

ഇടനില-തടസ്സം.

ഇടനില്ലം-അന്യംനില്ലൂ.

ഇടനീതി-ചീട്ടോല.

ഇടനെഞ്ചു്-എടയേം.

ഇടനേരം-ഉച്ചകഴിഞ്ഞ സമയം.

ഇടന്തുക-മുമ്പിടുട്ടി നടക്കുക, പ്രയാസ പ്പെട്ടു നടക്കുക

ഇടപഴകുക-അല്പം പരിചയിക്കുക.

ഇടപഴക്കം-അല്പപരിചയം.

ഇടപറുക-മരംമാരാളുടെ വേണ്ടി പാ യുക.

ഇടപാട്ടു്, ഇടവാട്ടു്-പ. വഴക്കു്. ഉ. വ്യവഹാരം. സ. കയ്യാങ്കളി. ഭ. തെരുവു്, ഇ. ഏഷ്ടുട്ടു്. ന. വാങ്ങൽ.

ഇടപെടുക-ഏഷ്ടുടുക.

ഇടപെടുക്കു്-പരിചയം, ശീലം.

ഇടപ്പക്കം-രാജ്യവിഭാഗം ഭൂമിനോക്കി ക്കിടക്കുന്ന സ്ഥലം.

ഇടപ്പള്ളിനമ്പിയാതിരി- പരശുരാമൻ നാൽ മന്ത്രം ചെയ്ത ഖഡ്ഗത്തോടുകൂടി ഫാവൂരിനു സമീപം താമസിക്കുന്ന നമ്പൂരി ബ്രാഹ്മണരുടെ പ്രമാണി.

ഇടപ്പുറം-ഇടതുവശം.

ഇടപ്രള-നാടുവാഴി.

ഇടപ്പൊട്ടുക-വിസ്മരിക്കുക, ഇടയുണ്ടാകുക.

'കൺ ഇടപ്പെടുത്തുനോക്കി'
(രാമചരിതം)

ഇടപ്രായക്കാരൻ-ഭാ-ം, ഭാ-ം, വയസ്സിനു മദ്ധ്യയുള്ളവൻ.

ഇടം-പ. സ്ഥലം, ഇടം എടമായി. ഇപ്പോൾ എടമായി എന്നഭിപ്രായക്കാരുണ്ടെന്നു കാണുന്നു. എടമായി തീർന്നതു ഇയ്യിടെയല്ലാ എന്നതിനു ദൃഷ്ടാന്തം താഴെ ചേർക്കുന്നു.

'യോഗീന്ദ്രനുക്കിരിപ്പാനൊരിടമവനിമേ-
ലാവഹീനാരമാരേടം'
(ഉത്തരരാമായണം ചമ്പു)

പ. രാജധാനി. ന. സംഗതി. ഭ. വിസ്താരം.

ഇടംകൊണ്ടു-വിസ്താരമായി.

ഇടമണി, ഇടസരി-ഇഴകൂടുക, പൂരിക്ക (ആരേണയിശേഷം).

'മണികനകമിടസരികലർന്നുള്ളമാലയും'
(ചാണക്യസൂത്രം)

ഇടമനക്കൈക്കാരൻ-ഇടതുകൈ വാക്കുള്ളവൻ.

ഇടമിടർ-സന്തോഷാതിരേകം വ്യസനാതിരേകം കൊണ്ടു സംസാരത്തിനു മുടക്കുണ്ടാകുന്ന തരവു.

ഇടമുട്ടു-ഇടവഴിമുട്ടുക.

ഇടമ്പേൽ-പ. വിരോധം. പ. അഹങ്കാരം. ന. നിഷേധം.

ഇടമ്പിരി-പ. ഇടവകം എന്ന മരുന്ന്. പ. ഇടയ്ക്കുണ്ടാകുന്ന പിരിയുള്ള ശംഖ്.

ഇടമ്പുക-പ. നിറയ്ക്കുക. പ. വിരോധിക്കുക.

ഇടമ്പെട്ട-വി. വിസ്താരമായ, വീതിയുള്ള, അകലമുള്ള.

ഇടംവലം-ഇടവും വലവും (ഇടതും വലതും ഭാഗം).

ഇടയത്താഴം-പ. അത്താഴം കഴിച്ചതിനു ശേഷം ഒരിക്കൽ കൂടി ആഹാരം കഴിക്കുന്നതിനുള്ള പേർ. പ. ആദ്യം വിവാഹം കഴിക്കുന്ന തീയരുടെ മന്ത്രകർമ്മത്തിനു മന്ത്രി.

ഇടയത്തി, ഇടച്ചി-ഇടയകർമ്മം ജാതിയിലുള്ള സ്ത്രീ. പയ്യ്യം-ആഭീരി.

ഇടയൻ-പശുക്കളെ മേയ്ക്കുന്ന ഒരു ജാതിക്കാരൻ, ഗോപൻ. പര്യായങ്ങൾ-ഗോപൻ, ഗോപാലൻ, ഗോസംഖ്യൻ, ഗോധുക് (ഗോധുഹൻ), ആഭീരൻ, വല്ലവൻ.

ഇടയാട്ടം, ഇടയിളക്കം-സംശയം.

ഇടയായുധം-ഉപകരണം, ചമയം, കോപ്പ്.

ഇടയാഠം-മദ്ധ്യസ്ഥൻ, ഇടയിൽ നിൽക്കുന്നവൻ.

ഇടയിടെ-അ. കൂടക്കൂടെ, ഇടയിടയിൽ.

ഇടയിളക്കം-സംശയം.

ഇടയുക-കൂട്ടിമുട്ടുക, കലഹിക്കുക, വിപരീതമാവുക, പിണങ്ങുക.

ഇടയുഗ്മരം-ഇടവാതൽ.

ഇടർ-പ. ദുഃഖം.

'രംഭൂപതേയോടിനിയോരിടരുഴിയെ'
(അദ്ധ്യാത്മരാമായണം)

പ. കഷ്ടം. ന. തെറ്റ്. ഭ. യുദ്ധം.

ഇടച്ച്-പ. തടസ്സം. പ. തെറ്റ്. ന. സംശയം, ഉതപ്പ്.

ഇടർപ്പെടുക-പ. ദുഃഖിക്കുക. പ. കഷ്ടപ്പെടുക.

ഇടൽകുക-പ. തെറ്റുക. പ. സംശയിക്കുക.

ഇടവ-സ്ഥലത്തെക്കുറിച്ചുള്ള സൂക്ഷ്മജ്ഞാനം.

ഇടുക–ക്രി. അല്പം തടയുക.

'ചഖികളിലിടറിച്ചിരേണനാമി-
ച്ചുഴിയിലിറങ്ങിനവീനവഷ്ടിനു'

(കമരസംഭവം)

പ. സംശയിക്കുക. ന. വഴുതുക.

ഇടല–വേഗം എറിഞ്ഞുപോകുന്ന ഒരുതരം തിരിവിറക്. മ–ം,'ഇടലച്ചുടലക്കുകൊ'

ഇടവക–കീഴിട്ട, ഇടപ്രഭുവിന്റെ ദേശത്തിൽപ്പെട്ട രാജ്യം.

ഇടവകം–ഒരു മരുന്ന്. ചില പര്യായങ്ങൾ–ശൃംഗി, ഋഷഭം, വൃഷം.

[ഇതു രക്തപിത്തം, വാതരോഗം, ക്ഷയം, മൂത്രാഘാതം ഇവയെ ശമിപ്പിക്കും. അത്യധികം ശുക്ലവൃദ്ധിയെ ഉണ്ടാക്കുന്നതാണ്.]

ഇടവൻ–ധീരൻ, ശൂരൻ. (ഋഷഭൻ) എന്നതിന്റെ തദ്ഭവം.

ഇടവം, ഏടവം–ക്രി. ഒരു മാസം. പ. ഒരു രാശി.

ഇടവാഴി–ഇടപ്രഭു.

ഇടവിടാതെ–അ. എല്ലാപ്പോഴും, തുടരെത്തുടരെ.

ഇടവിടുക–വേർപെടുക, മുറിയുക.

ഇടി–ക്രി. മേഘശബ്ദം.

[സ്തനിതം, ഗർജ്ജിതം, മേഘനിർഘോഷം, രസിതം ഭ–ം, മേഘധ്വനിയുടെ പേർ. സ്ഫൂർജ്ജഥു, വജ്രനിർഘോഷം, (വജ്രനിർഘാതം, വജ്രനിഷ്പേഷം) ഇവ പ–ം, ഇടിയുടെ (വജ്രസംഘട്ടനശബ്ദത്തിന്റെ)പേർ. ഉപനയനം മുതലായ ക്രിയകൾക്കു വിഘ്നം വരുത്തുന്ന ഇടിമുഴക്കമേതു അതിലും അല്പം അധികമായും അപായം പാരമ്പര്യമില്ലാത്ത തോന്നലാണ്. ഈ ഇടിയുടെയും പേരാണ് സ്തനിതം തുടങ്ങിയ ഭ–ം. ഇവ മേഘങ്ങൾ അന്യോന്യം ക്ലിഷ്ടമുട്ടുന്ന സമയം ഉണ്ടാകുന്നു എന്നും അഭിപ്രായമുണ്ട്. സ്ഫൂർജ്ജഥുവും വജ്രനിർഘോഷവും എങ്ങനെയുള്ളവയെന്നാൽ 'ആ ഇടി ആരെങ്കിലുംപറഞ്ഞാണം' എന്നു തോന്നും വിധം ഭയങ്കരമായി വെട്ടിയതിന്റെ ശേഷം മനുഷ്യരെയും മരങ്ങൾപോലെ മരവും അതു തിന്നിട്ടും നശമുണ്ടായപ്രകാരംകേൾപ്പാൻ ഇടവരുന്ന ഇടിയുടെ പേർ ആകുന്നു. ഇതിനെ വജ്രായുധം അണയ്ക്കുന്ന സമയംഉണ്ടാകുന്നശബ്ദമെന്നും പറയുന്നുണ്ട്.]

ഇടിവെട്ടവിൽ അവശത.

ഇടിവെട്ടി അവശത വേഗിച്ചാൽ ഉടനെ ചെയ്യുപാത്രത്തിൽ വെള്ളം നിറച്ചു അതിൽ കിടത്തുകയോ, ആ വെള്ളം ധാരചെയ്യുകയോ ചെയ്താൽമതി.

ക്രി. കൈ മുകളിൽ പ്രഹരിക്കുക. ന. പൊടിക്കുക എന്ന പ്രയോഗി, ചതയ്ക്കുക എന്ന ക്രിയ. ഭ. കുത്തു.

ഇടികല്ല്–വെറ്റിലയും പാക്കും ചതയ്ക്കുന്ന ഉരൽ.

ഇടികുഴൽ–വെറ്റിലയും പാക്കും ചതയ്ക്കുന്ന ഉരൽ (ഒരുതരത്തിൽ കുഴൽ).

ഇടിക്കുക–ക്രി. കൈകൊണ്ടു പ്രഹരിക്കുക. പ. പൊടിക്കുക. ന. ചതയ്ക്കുക. ഭ. നശിപ്പിക്കുക. ഭ. കുത്തുക ന. ക്ഷീണിപ്പിക്കുക (ഇടിവുവരുത്തുക).

ഇടിച്ചക്ക–മൂക്കാത്തചക്ക.

ഇടിച്ചക്ക മൂപ്പു കൊണ്ടൻ ചക്കയാകും. അതു മൂപ്പു പാകമാകുന്നു. ഇടിച്ചക്ക മോഹം ശമിപ്പിക്കും. കുമിക്ക നന്നുണ്ട്. ഗുണപ്രദമുള്ളതാണ്. കഫം, ദാഹം, സ്വേദം, ബലം ഇവയെ ഉണ്ടാക്കും. ഗുന്മിക്കും ബഹുഭിന്നത്തിനും നന്മയുണ്ടാകും.

ഇടിച്ചി–ഇടയത്തി (ഇടയസ്ത്രീ).

ഇടിച്ചിൽ–ക്രി. താഴ്ച. പ. വ്യസനം. ന. നാശം.

ഇടിഞ്ഞിൽ-മണ്ണുകൊണ്ടുണ്ടാക്കുന്ന വിളക്ക്.

ഇടിഞ്ഞീയ്-മിന്നൽ, കൊള്ളിയാൻ, ഇടിയിൽനിന്നു കീഴ്പെട്ടുവീഴുന്ന വൃക്ഷാദികളിൽ പിടിപെടുന്ന തേജസ്സ്. പര്യായം-മേഘജ്യോതിസ്സ്, ഇർമ്മദം.

ഇടിനികരം-വി. ഇടിക്കു തുല്യമായ.

ഇടിപൊടി-ഫ. കോലാഹലം. ഉ. നേമ്പായത്ത പൊടി.

ഇടിമരാ-തോക്കിന്റെ അച്ചുകോൽ.

ഇടിമിന്നൽ-കൊള്ളിയാൻ.

ഇടിമുഴക്കം-മേഘത്തിന്റെ ശബ്ദം.

ഇടിയൻ-ഫ. ഒരു ജാതിക്കാരൻ. ഇവരുടെ തൊഴിൽ (സാധാരണ) അവൽ ഇടിക്കയാണ്. ഉ. വെറിലയും പാക്കും ഇടിക്കുന്ന മരൽ (ഇടികല്ല്).

ഇടിയപ്പം-ഒരു വക അപ്പം.

ഇടിയുക-ഫ. വീഴുക. ഉ. താഴുക. ന. തകരുക. ദ. ദുഃഖിക്കുക.

ഇടിയുണ്ണി, ഇടിയുന്നി-ഒരു മാതിരി അപ്പം.

ഇടിയുരൽ-വെറിലയിടിക്കുന്ന മരൽ.

ഇടിവ്-ഫ. മനസ്സുമുട്ടൽ, തൃപ്തി. ഉ. ഇടിച്ചിൽ. ന. ദുഃഖം. ദ. ക്ഷീണം.

ഇടിവാഠം-മിന്നൽ, കൊള്ളിയാൻ.

ഇടിവാളം-ചാണകവരട്ടിയിൽ ഇടി വീണാൽ കിട്ടുമെന്നുപറയുന്ന സപ്പുക്കട്ട.

ഇടിവിഴുക-വീഴുന്നതു മിന്നലിന്റെ ശക്തിയാണു; എങ്കിലും ഇടിവീണാഎന്നാണു സാധാരണ പറയുക.

ഇടിവെട്ട-ഇടിമുഴക്കം, ഇടികൊണ്ടുണ്ടാകുന്ന ഉപദ്രവം.

ഇടിവേർ, ഇടുവേർ-പൊട്ടി പുറത്തു വേരായി വരുന്നതിനായിട്ടിരിക്കുന്ന തെങ്ങുതുടങ്ങിയ അണ്ടി.

ഇടുക-ഫ. താഴെ കളയുക, താഴെ വീഴുക. ഉ. ശരിക്കുക. ഉ-ം, ഉടുപ്പിക്കുക മേലെയിടുക.

ഇട്ടകാട്ട്-ചുടുകാട്ട്, പ്രേതം മറിപ്പിക്കുന്ന സ്ഥലം.

ഇടുകഴി-ഫ. നിലവറക്കുഴിയിൽ ഇറങ്ങുന്ന വാതിൽ. ഉ. മാളികയിൽ കയറുന്ന വാതിൽ. ന. ഉണ്ടുനെ അടക്കുന്ന ശവക്കുഴി.

ഇടുക്കം-ഫ. വിസ്താരക്കുറവ്. ഉ. പ്രയാസം ന. ദാരിദ്ര്യം, ബുദ്ധിമുട്ട്.

ഇടുക്ക്-ഫ. വിസ്താരം കുറവായ (കടുസ്സായ) സ്ഥലം. ഉ. കൊഞ്ചിന്റെ കാല്. ന. ദാരിദ്ര്യം, ബുദ്ധിമുട്ട്.

ഇടുക്കുക-ഞെരുക്കുക.

ഇടുക്കുകോൽ-കിട്ടി, ഞെക്കുന്ന കോൽ.

ഇടുക്കുവഴി-വിസ്താരം കുറഞ്ഞ വഴി.

ഇടുങ്ങുക-ചുരുങ്ങുക, ഞാങ്ങുക.

ഇടുപടി-പടിവാതിൽ.

ഇടുപലകു-മാളികയിൽ കയറുന്ന വാതിൽ.

ഇടുപൊടുന്നനെ-അ. പെട്ടെന്ന്, വേഗത്തിൽ.

ഇടുപ്പ്-എല്ലി (അര).

ഇടുവ-ഇടുങ്ങിയ വഴി.

ഇട്ട-മലം. വിഷ്ണുവിന്റെ തത്ത്വം.

ഇട്ടലി, ഇഡ്ഡലി-ഒരു പലഹാരം.

ഈ ആവിയിൽ വേകുന്നതുകൊണ്ടു ഗുണപ്രദം കൂടും. മറ്റുകൊണ്ടുള്ള പലഹാരങ്ങൾ ആവികൊണ്ടു വേവിക്കാത്തതുകൊണ്ടു ദഹിക്കുമ്പോൾ പല സുഖക്കേടുകളും ഉണ്ടാകും.

ഇട്ടാൽ ഇട്ടപ്പുറം-ഫ. വീട്ടിനു ചുറ്റുമുള്ള പുറമ്പള്ള. ഉ. വളപ്പ്, പാടം.

ഇട്ടാ-ആശാരിമാർ (പണിക്കന്മാർ) ഉപയോഗിക്കുന്നതും കയറു കൊണ്ടുള്ളതുമായ ഒരു തരം തൊഴിലുപകരണം. (ഇതു കൊണ്ടു പലകകളും മറ്റും കീറാനുള്ളതാണ്).

ഇട്ടി-ഫ. വിവാഹം കഴിയാത്ത പെണ്ണ്. ഉ. ഉണ്ണി എന്ന വകക്കാരുടെ സ്ത്രീ. ന. വള്ളി, യക്ഷി എന്നതിന്റെ അർത്ഥം.

ഇട്ടിക-പ്ര. ചെങ്കല്ല്. ഇഷ്ടക എന്നതിന്റെ തത്ഭവം. ഉ. കമ്മായം കൊണ്ടുണ്ടാക്കുന്ന ഒരുതരം തിരി കല്ല്.

ഇട്ടിക്കൊമ്പിയച്ചൻ-പാചകക്കാട്ടരാജാവ് (ഇട്ടിക്കൊമ്പിമന്നവന്റെ പഞ്ചതന്ത്രം എന്നതു പ്രസിദ്ധമാണല്ലൊ). ഇട്ടിപ്പഞ്ഞിയച്ചന്റെ മരുമകൻ.

ഇട്ടുഴി-അട്ടിപ്പേറ്.

ഇട്ടെങ്കി-കള്ളൻ വന്നവന്ന സ്ഥലം.

ഇഡാ, ഇളാ-പ്ര. പശു. ഉ. ഭൂമി. ന. വാക്ക്. ഉൽക്ഷേപിക്കുന്നതു്, ഉൽക്ഷേപിക്കപ്പെടുന്നതു് എന്ന ശബ്ദാർത്ഥം.

സൂര്യന്റെ മകനായ ഒരുവൈവസ്വതമനുവിനു ശ്രദ്ധ എന്നൊരു ഭാര്യയുണ്ടായിരുന്നു. ഒരു പുത്രനുണ്ടാവാൻ വേണ്ടി വൈവസ്വതൻ മിത്രാവരുണയാഗം കഴിച്ചു. യാഗസന്ദർഭത്തിൽ തനിക്ക് ഒരു പുത്രി വേണമെന്നു ശ്രദ്ധ ഹോതാവിനോടപേക്ഷിച്ചു. അപ്രകാരം ഒരു പുത്രി ഉണ്ടായി. അവളത്രേ ഇള. പിന്നീടു വൈവസ്വതന്റെ അപേക്ഷയനുസരിച്ചു വസിഷ്ഠൻ ഇളയ്ക്കു പുരുഷത്വം കൊടുത്തു. ഇളൻ എന്നും സുദ്യുമ്നൻ എന്നും പേരുകളും ഇട്ടു.

ര. ഒരു നാഡി. ഇ. വൈവസ്വതമനുവിനു ശ്രദ്ധയിൽ ഉണ്ടായവരിൽ ഒരുവൻ. ന. വായുവിന്റെ ഒരു പുത്രി, ധ്രുവൻ വേട്ടയാടുമ്പോൾ ഉല്ലൂഖൻ ജയിച്ചു

ഇഡ്ഡൻ-അഗ്നി.

ഇഡ്ഡവിഡ്ഡാ-വിശ്രവസ്സിന്റെ ഭാര്യ

ഇലവിലം എന്നും പറയും. വൈശ്രവണന്റെ അമ്മ. ഇതുകൊണ്ടു കുബേരനെ ഐലവിലൻ എന്നു വിളിക്കുന്നു. ഇലവിലയുടെ അച്ഛൻ തൃണബിന്ദു, അമ്മ അലംബുഷാ എന്ന അപ്സരസ്സ്രീ.

ഇഡ്ഡസ്പതി-പ്ര. വിഷ്ണു. ഉ. ആദിത്യൻ.

ഇഡ്ഡാചിക-കട്ടന്നൽ (കണ്ണുന്ന ഒരുതരം തിരി ഇഴച്ചു).

ഇഡ്ഡികാ-ഭൂമി.

ഇഡ്ഡുകഞ്ചി-ഒരുവകഗുഗ്ഗുലുക്കാരുടെ പേർ.

ഇഡ്ഡുലി-ഇട്ടലി തോക്കുക.

ഇണ-പ്ര. ഇരട്ട. ഉ. ജോഡി.

ഇണ-വി. ക്രൂരതയുള്ള.

ഇണക്കം-പ്ര. ഇഷ്ടം, സ്നേഹം. ഇണക്കം > <പിണക്കം. ഉ. സാധുത്വം. ന. ചേർച്ച. ര. അനുസരണം.

ഇണക്കുക-സ്നേഹിച്ചുപഴകുക.

ഇണക്കു്-പ്ര. ഉടമ്പടി, ഉഭയസമ്മതം. ഉ. ഉടമസ്ഥൻ പണയക്കാരനു കൊടുക്കുന്നസാക്ഷിപത്രം; ആധി ഒഠിവാങ്ങിയവനു കൊടുക്കുന്നസർട്ടിഫിക്കറ്റ് (ദോശീകൃതാപത്രം).

ഇണങ്കിന-ഉള്ള. (പ-മ)

ഇണങ്ങു്-സ്വഭാവം.

ഇണങ്ങത്തി-സ്വഭാവിക്കാരി.

ഇണങ്ങൻ-സ്വഭാവിക്കാരൻ.

ഇണങ്ങുക-പ്ര. സ്നേഹിക്കുക. ഉ. അനുസരിക്കുക. ന. ചേരുക.

ഇണപെറു-ചേൽ.

ഇണയുക-ചേരുക.

ഇണർ-പ്ര. മീൻമുട്ട. ഉ. പുംകേഖ (എന്നു തമിഴ്).

ഇണക്കിയിണക്കി-കരേറ്റം.

ഇണക്കു്-ശകലം.

ഇണ്ട-കുട്ടം.

'വണ്ടിണയാകമകമ്പടി' (കൃഷ്ണഗാഥ)

'കരുണയ്ക്കുമുടൽ മേൽകടികൊള്ളും
മേടാമഴിമകളന്നിടിനാകം'

(ശ്രീകൃഷ്ണവിലാസം)

തേനീച്ച എന്നും പുമാവു എന്നും കൂടെ അർത്ഥം (പുരുഷൻ) കാണുന്നുണ്ട്.

ഇണ്ടൻതിരി-പ്ര. തിരുവിഴി. ഉ. ഇരച്ചിൽ. ന. അരുചി.

ഇണ്ടൽ-ദുഃഖം.

ഇത-മുള, തമിർ ക. ചെറിയ വേലി.

ഇത-വി. പ്രാപിച്ച.

ഇതകഠം പ്രാപ്തകർമം.

ഇതു്-അടുത്തുള്ളതിനെ പറയുന്ന വാക്ക്.

ഇതക്കുക-മുള്ളുക.

ഇതം-ഹിതം. (പഴയമലയാളം).

'ഇണക്കാരമെന്നോത്തങ്ങിതമൊട്ടുപിഴി
ച്ചോരുവിലേ'

(നളചരിതം കഥകളി)

[ശബ്ദങ്ങളുടെ ആദിയിലിരിക്കുന്ന ശസഹങ്ങൾ ലോപിക്കുമെന്നു കേരളപാണിനീയം പറയുന്നു. ഉ-ം, ഹിതം-ഇതം.]

ഇതര-വി. ക. മറവ. ക. നീചമായ.

ഇതരൻ-ക. നീചൻ. തെണ്ടി നടക്കുന്നവൻ, കാമപരവശൻ, കാമം ഹേതുവായിട്ടു കടന്നു ചാടിപ്പോകുന്നവൻ എന്നിങ്ങനെ ശബ്ദാർത്ഥം. ക. അന്യൻ.

ഇതരം-അന്യം (വേറൊരാളുടെ). അഗ്രഹംകൊണ്ടു കഴിച്ചുകൂട്ടുന്നതു് എന്നു ശബ്ദാർത്ഥം.

ഇതരേതരം-അ. അന്യോന്യം.

ഇതരേദ്യുഃ-അ. മറ്റൊരു ദിവസത്തിൽ (ഇതരസ്മിൻഅഹ്നി).

ഇതവു-ഹിതം, പ്രിയം. (ഇതവിയ-ഹിതമായ) യോഗ്യതയുള്ള.

'മല്ലാരിക്കിതവിനൊട്ടുമുള്ളൊരനാസം'

(വേതാളചരിതം)

ഇതവിത-വി. പ്രിയമുള്ള, യോജിപ്പുള്ള

ഇതശം-പുക്കളുടെ മൂടം (ഇല).

ഇതസ്തതഃ-അ. എല്ലാടവും.

ഇതളിനാരകം-തെയ്യക്ഷം.(മരക്കൊഴി).

ഇതാ-കാണിച്ചുപറയുന്ന വാക്ക്.

ഇതി-അ. ക. ഇപ്രകാരം. ക. ഹേതു. ന. പ്രകാരം. ഭ. പ്രകാശം. ങ. സമാപ്തി. ഞ. പ്രസിദ്ധം. ഠ. സംബന്ധം. വ. ക്രമം. ൻ. എന്നുവെച്ചു്. ഈ അർത്ഥങ്ങൾ വശം.

ഇതികിം-അ. ഇതെന്തു്.

ഇതിവൃത്തം-ക. കഥ, സംഗതി. ക. കള്ളക്കഥ. ന. സംശയം, ഉണ്ടാകുന്നകാര്യം.

ഇതികഥാ-സംശയമില്ലാത്ത വാക്ക്.

ഇതികർത്തവ്യ, ഇതികരണീയ-വി. ചെയ്യപ്പെടേണ്ടതായ.

ഇതികർത്തവ്യതാമൂഢൻ-ഇന്നതാണു ചെയ്യേണ്ടതെന്നറിയാത്തവൻ.

ഇതിൻവണ്ണം-അ. ഇപ്രകാരം.

ഇതിഹ-അ. പാരമ്പര്യമായ ഉപദേശം.

[ഇതി=ഇങ്ങിനെ. ഹ=പ്രസിദ്ധം. ഇതിഹത്തിൽ വേറിട്ടതു് ഐതിഹ്യം.]

ഇതിഹാസം-പുരാതനചരിത്രം. മറ്റൊരു പര്യായം-പുരാവൃത്തം. ഇതിഹ(പാരമ്പര്യോപദേശം) അടങ്ങിയതു് എന്നർത്ഥം.

[ഇതിഹാസത്തിനെ ഇപ്രകാരം നിർവചിച്ചിരിക്കുന്നു.

'ധർമ്മാർത്ഥകാമമോക്ഷാണാം-
മുപദേശസമന്വിതം
പൂർവ്വവൃത്തം കഥായുക്ത-
മിതിഹാസം പ്രചക്ഷതേ'

ധർമ്മം, അർത്ഥം, കാമം, മോക്ഷം ഇവയെ ഉപദേശിക്കുന്നതും, കഥായുക്തവുമായ പൂർവചരിത്രത്തെ ഇതിഹാസം എന്നു പറയുന്നു. രാമായണവും ഭാരതവും ഇതിഹാസങ്ങളാണു്. 'അസ്മിന്നയമർത്ഥോഽയമിതിഹാസമിമാമകം
വേദമെന്നാത്രചോല്പിന്നി' (ഭാരതം)
ഇതിഹാസവും പുരാണവും തമ്മിലുള്ള വ്യത്യാസം അറിഞ്ഞിരിക്കേണ്ടതാണു്. പുരാണം നോക്കുക.]

ഇതീ-അ. ഇവിടെനിന്നു. ക. ഇല്ലാതെ വാങ്ങിട്ടു്. ന. ഇപ്രകാരം. ഭ. ഇപ്പുറം.

ഇതഃപരം-അ ഇനിമേൽ.

'ഇതഃപരം സന്ത്യജതാമകേ'

(ശ്രീകൃഷ്ണചരിതം)

ഇത്ത-ഇത്തരം.

ഇത്തരം-ഇപ്രകാരമുള്ള.

ഇത്തി-ഒരുവൃക്ഷം. പര്യായങ്ങൾ-പ്ലക്ഷം, ജടി, പക്കടി. [ഇത്തിയാലു് എന്നു മലയാഴ്മയിനിഘണ്ടു. ചിറാലു് എന്നു ബോധപ്പിയ.]

[ഇതിന്റെ തൊലിയും അത്തിയുടെ തൊലിപോലെതന്നെ മേഹാമയസ്യം, തൂറ്റു, രക്തപിത്തം, പേയ്പാക മുതലായവയെ ശമിപ്പിക്കും. രക്തപ്രസാദനമാണു്.]

ഇത്തിക്കണ്ണി-ഇത്തിൾ (മരത്തിന്മേൽ കിളുത്തുണ്ടാകുന്നതു്). പര്യായങ്ങൾ-വന്ദാ, വൃക്ഷാദനി, വൃക്ഷരുഹ, ജീവന്തികാ. [ഇത്തിൾ എന്നതു നോക്കുക.]

ഇത്തിരി-കുറേ, അല്പം, വളരെക്കുറച്ചു്.

'ഇത്തരമുടനുടനുത്തരംകൊടുപ്പാ-
നിത്തിരിപോകം വന്നേതീരൂ'
(കിരാതം തുള്ളൽ)

ഇത്തിൾ-പ്ര. ഇത്തിക്കണ്ണി.

പര്യായം അറിയുന്നതിനു് ഇത്തിക്കണ്ണി എന്ന ശബ്ദം നോക്കുക. ഇതു മരത്തിന്മേൽ പറിയുണ്ടായി വളരുന്നു. ഗർഭരക്ഷാചികിത്സകൾക്കു് ഇതു നന്നാണു്. വാതരക്തരോഗങ്ങൾ, മൂത്രകൃച്ഛ്രം, അശ്മരി, മൂത്രാഘാതം ഇവയെ കളയും. കരപ്പനം ഒക്കാളിയും.

ഉ. ഞമഞ്ഞി. ന. അമ. ഭ. പല്ലകളിൽ പറിപ്പിടിക്കുന്ന അഴുക്കു്.

ഇത്തിൾക്കുടം-ഇത്തിക്കണ്ണി.

ഇത്തുട്ടു-ഇത്ര അണു.

ഇത്ഥം-അ. ഇപ്രകാരം.

ഇത്ഥസി-മീനം രാശി.

ഇത്യാദി-ഇപ്രകാരം തുടങ്ങി.

ഇത്യുക്തം-വിവരം, അറിയിപ്പു്.

ഇത്ര-അ. പ്ര. ഇതിൻവണ്ണം. ഉ. ഇതിത്തോളം. [ഇ+തിര=ഇത്ര. തിര=മാത്ര.]

ഇത്രനേരത്തോളം-ഇത്രമാത്രം, ഇപ്പോഴത്തെയും.

ഇത്രപ്പോഴും-അ. ഇത്ര സമയംവരെയും.

ഇത്രമാത്രം-അ. ഇത്രത്തോളം.

ഇത്വരം-ഉടയ്ക്കുന്നവനും തന്നിഷ്ടപ്രകാരം സഞ്ചരിക്കുന്നവനുമായ കാള. 'ഇത്വരം' എന്നതിന്റെ പാഠഭേദം.

ഇത്വരി-കേവിടിച്ചി, വ്യഭിചാരിണി, ഭർത്താക്കന്മാരും ഇരിക്കുന്നേടത്തെയ്ക്കു തന്നെ കടന്നുചെല്ലുന്നവൾ എന്നു ശബ്ദാർത്ഥം.

ഇദം-ഇതു, ഇവ.

ഇദമീയം-വി. ഇതിനെ സംബന്ധിച്ച.

ഇദംപ്രഥമം-തുടക്കമായതു്.

ഇദംപ്രകാരം-അ. ഇവ്വണ്ണത്തിൽ.

ഇദാനീം-അ. ഇപ്പോൾ(ഇക്കാലത്തിൽ).

ഇദാനീന്തന-വി. ഇപ്പോഴുള്ള. സ്ത്രീലിംഗം-ഇദാനീന്തനി.

ഇദാനീന്തനന്മാർ-ഇപ്പോഴുള്ള ആളുകൾ. [ഇദാനീം+തനം. തനം മുതലായ പ്രത്യയമാകുന്നു.]

ഇദ്ധ-വി. പ്ര. വർദ്ധിക്കപ്പെട്ട. ഉ. തെളിഞ്ഞുള്ള. ന. പ്രകാശിച്ചിരിക്കുന്ന. ഭ. വർദ്ധിച്ച.

'ഇദ്ധനന്മരുവയ്പുനരവരതമേ
കാന്തഗോചരീഭസഹ്യൻ'
(ആംഗ്ലസംസ്കൃതം)

ഇദ്ധം-പ്രകാശിച്ചിരിക്കുന്നതു്, പ്രകാശം. ഉ. തെയ്യിൽ. ന. മുട്ടു്. ഭ. വർദ്ധിച്ചതു്.

ഇദ്ധ്മം-പ്ര. വിറക്. അഗ്നി കത്തുവാനുള്ള കരണം എന്നുശബ്ദാർത്ഥം. ഉ. ചമത.

ഇദ്ധ്മവാഹൻ-പ്ര. അഗ്നി. ഉ. തെരാങ്കവു്.

ഇന-വി. ശക്തിയുള്ള, ഉറപ്പുള്ള, തെറ്റുള്ള.

ഇനൻ-പ്ര. സൂര്യൻ. തമസ്സിനെ നീക്കുന്നവൻ, പ്രകാശിക്കുന്നവൻ, പ്രകാശിക്കപ്പെടുന്നവൻ എന്നിങ്ങനെ ശബ്ദാർത്ഥം. ഉ. പ്രഭു.

ഇനപ്പൻ-പ്ര. കർപ്പൂരം. ഉ. കൊങ്ക്.

ഇനം-പ്ര. ജാതി, തരം.

[ഈ അർത്ഥത്തിൽ ഇനം എന്ന പദം തിരുവിതാംകോട്ടെ നമ്പൂരിമ്മാരും പ്രയോഗിക്കാറുണ്ടു്. ക്ലേശം എന്ന അർത്ഥത്തിൽ

തിരുവിതാംകോട്ടും തമ്പുരാൻ പ്രയോഗിക്കുന്നതു നടപ്പില്ല.

ക. കൂട്ടം.

'കോരിക്കനകേയിലിനങ്ങൾതരാചാരി (ഭാഷാരാമനക്ഷധചമ്പു) [ഞാൻ'

ഇനി-അ. മേലിൽ, വരുങ്കാലം ക. വീണ്ടും

ഇനിപ്പം-ഇമ്പം.

ഇനിമ-മേന്മ.

ഇനിമേലാൽ, ഇനിമേലിൽ, ഇനിമേൽ-അ. വരുംകാലത്തു്.

ഇനിയ-വി. പ. ആദ്യത്തെ, മുമ്പിലത്തെ

'അക്ഷീണംസ്സുതമസ്സന്നതുമിനിയപുരീപ്രസ്ഥിയും പ്രീത്യുദരം' (ഉത്തരരാമായണം ചമ്പു)

ക. വരുംകാലത്തുള്ള. സം. നല്ല. ര. ഹിതമുള്ള. ഉ. മധുരമായ. ഋ. മനോഹരമായ. ഒ. ശ്രേഷ്ഠമായ. വൃ. മഹിമയുള്ള ഇൻ (മധുരമായ) ധാതുവിൽനിന്നുണ്ടായതു്. ഇനിപ്പു = മാധുര്യം. ഇനിയ ചൊൽ മുതലായവയുമായി ഒത്തുനോക്കുക. (പ്രയോഗവ്യത്യാസം) ഇപ്പോഴും പ്രയോഗം പുതുക്കം.

ഇനിയും-അ. വീണ്ടും, പിന്നെയും.

ഇനിസ്സു-മാതിരി, ഇനം, തരം. (അറബിഭാഷ).

ഇന്തു-സിന്ധു (എന്നതിന്റെ തത്ഭവം)

ഇന്തുപ്പു-ഒരുമാതിരി ഉപ്പു്. ചില പച്ചയങ്ങൾ-രസൈന്ധവം, ശീതശിവം, മണിമന്ഥം, സിന്ധുജം

[ഇതു മധുരമാകുന്നു. രുചിയെ ഉണ്ടാക്കുന്നു. ലഘുവും സ്നിഗ്ധവുമാണ്. വീര്യം ശീതമാകുന്നു. ഇതു ദോഷങ്ങളുടെ തടവിനെയും ചെറിയ നാഡികളിൽ പ്രവേശിച്ചു ദോഷങ്ങളെയും നീക്കുന്നു. കൃമിദോഷങ്ങൾ, മലബന്ധവു്, വൃണദോഷം ഇവയെ നശിപ്പിക്കുന്നു. അഗ്നിയെ പുഷ്ടിപ്പെടുത്തുന്നു. ഇതിനു കടലുപ്പിനെക്കാൾ ലഘുത്വമുണ്ടു്. ഹിമമാകയാൽ വിഷമല്ല. ലവണങ്ങളിൽ ഇന്തുപ്പു ശ്രേഷ്ഠമാണു്. 'ലവണേഷുചരൈസന്ധവം' എന്നു പ്രമാണം. ചെമന്നതും വെളുത്തതും രണ്ടുതരമുള്ളതിൽ വെളുത്തതു ഉത്തമം. മിനുസത്തിൽ ഇതു് സ്ഫടികസദൃശമായിരിക്കും. ഇതു കിട്ടുന്നതിനു വേണ്ടി ശ്രമിപ്പാൻ. ഇതിനെ ഇംഗ്ലീഷിൽ Chloride of sodium എന്നും ലാറ്റിൻ ഭാഷയിൽ Sodii Chloridum എന്നും പേർ.]

ഇന്ദിന്ദിരം-വണ്ടു്. ഇന്ദതി ഇന്ദിരയാസഹ എന്ന വ്യുൽപ്പത്തി ഇദിപരമൈശ്വര്യേ-പത്മങ്ങളിൽ ലക്ഷ്മിയെന്നിച്ചു പരമൈശ്വര്യത്തോടുകൂടി സ്ഥിതിചെയ്യുന്നതു് എന്നർത്ഥം.

ഇന്ദിരാ-ലക്ഷ്മി. (ഇന്ദിക്ക = ശോഭിക്ക) പരമൈശ്വര്യത്തോടുകൂടിയവൾ എന്നർത്ഥം.

ഇന്ദിരാമന്ദിരൻ-വിഷ്ണു.

ഇന്ദിരാമന്ദിരം-നീലത്താമര.

ഇന്ദിരാപതി-വിഷ്ണു.

ഇന്ദീവരം-കരിങ്കുവളം, കരിങ്കുവളയം. ഇന്ദീ = ലക്ഷ്മീ. ലക്ഷ്മീദേവിക്കു വരം പ്രധാനമായതു് എന്നു ശബ്ദാർത്ഥം. ഇന്ദിവാരം, ഇന്ദീവരം ഇപ്രകാരവും പാഠങ്ങളും കാണുന്നു. മറ്റൊരുപ്രയോഗം-'നീലാംബുജന്മാ', നീലത്താമര എന്ന പേരും ഉണ്ടു്.

ഇന്ദീവരാക്ഷൻ-വിഷ്ണു.

ഇന്ദീവരി-ശതാവരി. ഇന്ദീവരം സദൃശമായ പുഷ്പമുള്ളതു് എന്നർത്ഥം.

ഇന്ദു-പ. ചന്ദ്രൻ. മഞ്ഞുകൊണ്ടു തനയുന്നവൻ എന്നർത്ഥം. ക. കർപ്പൂരം.

ഇന്ദുകരം-ചന്ദ്രരശ്മി.

ഇന്ദുകമലം-വെള്ളത്താമര.

ഇന്ദുകല-ചന്ദ്രകല.

ഇന്ദുകലിക-ചന്ദ്രകല. ക. കേതകി.

ഇന്ദുകാന്ത-ചന്ദ്രകാന്തം. ഒരുമാതിരി സ്ഫടികം.

ഇന്ദുഗോപാ-മിന്നാമിനുങ്ങ്. വർഷകാലത്തുണ്ടാകുന്ന ഒരു മാതിരി ചെമന്നപുഴു.

ഇന്ദുചൂഡൻ-ശിവൻ.

ഇന്ദുജ-വി. ചന്ദ്രനിൽനിന്നുണ്ടായ.

ഇന്ദുജ-നമ്മുടെ എന്ന നദി, രേവാ.

ഇന്ദുത-പ. രാത്രി. ഉ. കേതകി.

ഇന്ദുതലം-ചന്ദ്രകല.

ഇന്ദുധരൻ-ശിവൻ.

ഇന്ദുബിംബം-ചന്ദ്രബിംബം.

ഇന്ദുഭം-രോഹിണീനക്ഷത്രം.

ഇന്ദുമണ്ഡലം-ചന്ദ്രമണ്ഡലം.

ഇന്ദുമതി-പ. വിദർഭരാജാവായ ഭോജന്റെ സഹോദരി, അജന്റെ ഭാര്യ, ദശരഥന്റെ അമ്മ, (നിദ്രയിൽ നാരദന്റെമാല നെഞ്ചിൽ വീണപ്പോൾ മരിച്ചു), ഉ. പൂർണ്ണിമ.

ഇന്ദുമതീസുതൻ-ദശരഥൻ.

ഇന്ദുമണി-ചന്ദ്രകാന്തം.

ഇന്ദുമുഖി-സുന്ദരി (ചന്ദ്രനെപ്പോലെ മുഖമുള്ളവൾ).

ഇന്ദുമൌലി-ശിവൻ.

ഇന്ദുരത്നം-മുത്ത്, മുക്താമണി.

ഇന്ദുരേഖ-ചന്ദ്രകല.

ഇന്ദുലോഹ(കം)-വെള്ളി.

ഇന്ദുവദന-ചന്ദ്രമുഖി. ഉ. ഒരു വൃത്തം. രംഭായണം ഏഴ് വൃത്തത്തിലെ പ-ം, ഏഴ്-ം വൃത്തങ്ങൾ ഇന്ദുവദനയാണ്.

'ഇന്ദുവദനയ്ക്ക് ജേസംനഗ്രഹരണ്ടും'
(വൃത്തമഞ്ജരി)

ഇന്ദുവാരം-തിങ്കളാഴ്ച.

ഇന്ദുവാസരം-തിങ്കളാഴ്ച.

ഇന്ദുശകലം-ചന്ദ്രകല.

ഇന്ദുശേഖരൻ-ശിവൻ.

ഇന്ദുരം-പ. ഈച്ച, പുഴുണ്ടുച്ചി. ഉ. ഒരു രാഗം. Indur.

ഇന്ദ്രകീലം-പ. മന്ദരപർവ്വതം. ഉ. പുരം. സ. ഇന്ദ്രന്റെ കൊടി.

ഇന്ദ്രകുഞ്ജരം-ഐരാവതം.

ഇന്ദ്രക്ഷുടം-ഒരു പർവ്വതം.

ഇന്ദ്രകേതു, ഇന്ദ്രകീലം-ഇന്ദ്രന്റെ കൊടി.

ഇന്ദ്രകോശം, ഇന്ദ്രകോഷ്ഠ(കം)-ഇരിക്കക്കട്ടിൽ Sofa (സോഫ).

ഇന്ദ്രക്കാറു-കിഴക്കേക്കാറ്റ്.

ഇന്ദ്രഗിരി-മഹേന്ദ്രപർവ്വതം.

ഇന്ദ്രഗുരു-ബൃഹസ്പതി.

ഇന്ദ്രഗോപകം, ഇന്ദ്രഗോപം-ഒരു വിധം പുഴു (കീടം). ചെമന്നും വെളുത്തും രണ്ടുവിധമുണ്ട്.

ഇന്ദ്രചന്ദനം-വെളുത്ത ചന്ദനം.

ഇന്ദ്രചാപം-മേഘവില്ല്, മഴവില്ല്.

ഇന്ദ്രജാലം-പ. മായ. ഉ. വഞ്ചന. സ. ക്ഷുദ്രം ര. അർജ്ജുനന്റെ ഒരായുധം.

[മായം, ശാംഭരി ഉ-ം, ഇന്ദ്രജാലം ദിമായയുടെ പേർ.]

ഇന്ദ്രജാലക്കാരൻ - മായപ്പണിയുള്ളവൻ, ക്ഷുദ്രക്കാരൻ, വഞ്ചനക്കാരൻ. പയ്യന്നൂരിൽ-മായക്കാരൻ, പ്രതിഷ്ഠാരികൻ.

ഇന്ദ്രജാലികൻ-ഇന്ദ്രജാലക്കാരൻ.

ഇന്ദ്രജിത്തു്-മേഘനാദൻ (രാവണന്റെ മകൻ).

ഇന്ദ്രനെ ജയിക്കയാൽ 'ഇന്ദ്രജിത്തു്' എന്ന നാമധേയമായി. ലക്ഷ്മണനാൽ വധിക്കപ്പെട്ടു].

ഇന്ദ്രജിദ്വിജയി-ലക്ഷ്മണൻ.

ഇന്ദ്രദ്രുണം-(ദ്രോവർണം എന്നതു നോക്കുക.)

ഇന്ദ്രദിക്ക്-കിഴക്കുദിക്ക്.

ഇന്ദ്രദൈവം-ബ്രഹ്മാവു്.

ഇന്ദ്രദ്യുമ്നൻ-സുമതിയുടെ പുത്രൻ. ഉ. ഭരതന്റെ പുത്രൻ സ. പാണ്ഡ്യരാജാവ്

[ഇന്ദ്രദ്യുമ്നൻ എന്ന പാണ്ഡ്യരാജാവു് വനത്തിൽ സമാധിയിലിരിക്കവേ അ

ത്സ്യമുനി അവിടെ ചെന്നു. സല്ലാപം ചെയ്യുന്നേരം രാജാവു് ആനയായി പ്പോകട്ടെ എന്നു മുനി ശപിച്ചു. അപ്പോൾ സ്ത്രീകൾ ശാപം ഹേതുവായിട്ടു് ആനയായി അനേകം കാട്ടുകളിൽ ചുറ്റി നടന്നു. ഈ ആന ഒരിക്കൽ ഒരു തടാകത്തിൽ ചെന്നിറങ്ങി. അതിൽ കിടന്നിരുന്ന ഒരു മുതല ഉടൻ ആനയുടെ കാലിൽ പിടിക്കുടി. മുതലയായി കിടന്നിരുന്നതു ഹുഹു എന്ന ഗന്ധർവ്വനായിരുന്നു. മുതലയുടെ പിടിവിടുവിക്കുന്നതിനു് ആന നന്നേ ശ്രമിച്ചു, പറ്റിയില്ല. അനന്തരം വിഷ്ണുവിനെ സ്തുതിച്ചു. അദ്ദേഹം വന്നു പിടിവിടുവിച്ചു. കൂടുതൽ വിവരത്തിനു 'ഗജേന്ദ്രമോക്ഷം' നോക്കുക].

ഇന്ദ്രടി-നീർമരുതു്. ഇന്ദ്രൻ സ്വാധീനത്തിൽവെച്ചിരിക്കുന്നതു്. സ്വപുത്രനായ അർജ്ജുനന്റെ നാമം ഇതിനുള്ളതു നിമിത്തം ഇന്ദ്രനു സന്തോഷം ഉണ്ടാക്കുന്ന മരം എന്നത്രേ. (പുല്ലുമരുതു്, ഓടമരം ഇങ്ങിനെയും പറയുന്നു.)

'അന്തരമിന്ദ്രദ്രുശം തഥാവിധം'
(നാരായണീയം)

ഇന്ദ്രധനസ്സു്-മേഘവില്ലു്, മഴവില്ലു്.

ഇന്ദ്രൻ-പ. സ്വർഗ്ഗത്തിന്റെ രാജാവു്, ദേവേന്ദ്രൻ. ശ്രേഷ്ഠമായ ഐശ്വര്യത്തോടു കൂടിയവൻ എന്നത്രേ. പര്യായങ്ങൾ-പ. ഇന്ദ്രൻ. ഉ. മരുത്വാൻ. ന. മഘവാവു്. ഭ. വിഡൗജസ്സു്. ഇ. പാകശാസനൻ. ന. പുരുഹൂതൻ. ന. പുരന്ദരൻ. ക്ഷ. ജിഷ്ണു. ക്ഷ. ദേവേശ്വരൻ. ക്ഷ. ശക്രൻ. ക്ഷ. ശതമന്യു. ക്ഷ. ദിവസ്പതി. ക്ഷ. സുത്രാമാവു്. ക്ഷ. ഗോത്രഭിത്തു്. ക്ഷ. വജ്രി ക്ഷ. വാസവൻ. ക്ഷ. പൃതനാഷാവു്. ഫ. വൃഷാവു്. ഫ. വാസ്തോഷ്പതി. ഫ. സുരപതി. ഫ. വലാരാതി. ഫ. ശചീപതി. ഫ. ജംഭഭേദി. ഫ. ഹരിഹയൻ. ഫ. സ്വാരാട്ടു്. ഫ. നമുചിസൂദനൻ. ഫ. സംക്രന്ദനൻ. ന. ദുശ്ച്യവനൻ. ന. പുരഭിത്തു്. ന. മേഘവാഹനൻ. ന. ആഖണ്ഡലൻ. ന. സഹസ്രാക്ഷൻ. ന. ദുർമ്മുഖാവു്

ബ്രാഹ്മണനായ പുത്രസ്നേഹനെ കൊല്ലുകയാൽ ഇന്ദ്രനു ബ്രഹ്മഹത്തിപാപം ഉണ്ടായി. അതു യാഗംകൊണ്ടു പരിഹരിച്ചു. ഒരിക്കൽ ഗൗതമപത്നിയായ അഹല്യയെ പ്രാപിക്കയാൽ സഹസ്രഭഗനായിത്തീർന്നു. പിന്നീടു സഹസ്രാക്ഷനായി. ഒരിക്കൽ ഇന്ദ്രജിത്തു പിടിച്ചുകെട്ടി ലങ്കയിൽ കൊണ്ടുപോയി. ബ്രഹ്മാവു മുതലായവർ വിടുവിച്ചു. ദുർവ്വാസസ്സുമഹർഷി ഒരിക്കൽ ഇന്ദ്രനു ഒരു പൂമാല കൊടുത്തു. അതിനെ ഇന്ദ്രൻ ഐരാവതം നശിപ്പിക്കയാൽ മുനി ഇന്ദ്രനെ ശപിച്ചു. അതു ഹേതുവായിട്ടു് മുരാസുരനെ ജയിച്ചു. പാലാഴി കടഞ്ഞു് അമൃതം എടുത്തു. അതു തീർത്തു. ഗോവർദ്ധനയാഗത്തിൽ കൃഷ്ണനോടു മത്സരിച്ചു ഇന്ദ്രൻ പെരുമഴ പെയ്യിച്ചു. ഗോവർദ്ധനപർവ്വതത്തെ കയ്യാക്കികൃഷ്ണൻ ഗോപസമൂഹത്തെയും ഗോക്കളേയും രക്ഷിച്ചു. വൃന്ദാവനത്തിൽവെച്ചു ഒരിക്കൽ കൃഷ്ണനെ നിഗ്രഹിപ്പാനായി ഇന്ദ്രൻ ഗോക്കളേയും ഗോപന്മാരേയും മറച്ചു. കൃഷ്ണൻ അവരെ സൃഷ്ടിക്കയാൽ അതിലും ഇന്ദ്രൻ തോറ്റു. അർജ്ജുനൻ ശിവനെ ഉദ്ദേശിച്ചു തപസ്സുചെയ്യുമ്പോൾ തപോവിഘ്നത്തിനായി ഇന്ദ്രൻ ദേവസ്ത്രീകളെ നിയോഗിച്ചു. തപസ്സിളക്കുവാൻ ശക്തിയില്ലാഞ്ഞു അവർ മടങ്ങി. പരിണാമം ഗമിച്ച സന്ദർഭത്തിലും ഇന്ദ്രൻ കൃഷ്ണനാൽ തോല്പിക്കപ്പെട്ടു. ഇന്ദ്രൻ മിക്കിയുടെ സന്താനങ്ങളെ ശപ്തത്തിൽ വെച്ചു നശിപ്പിച്ചു. തന്റെ വജ്രായുധംകൊണ്ടു പർവ്വതങ്ങളുടെ ചിറകുകളെ അരിഞ്ഞിട്ടു. ഇന്ദ്രൻ ദേവ്യു-ഇന്ദ്രാണി

പുത്രൻ-ജയന്തൻ. നഗരം-അമരാവതി, രഥം-വൈജയന്തം. സാരഥി-മാതലി. അശ്വം-ഉച്ചൈശ്രവസ്സ്. പൂങ്കാവ്-നന്ദനം. ആന-ഐരാവതം. ആയുധം-വജ്രം. മാലിക-വൈജയന്തം. ഉത്സവം-ശക്രധ്വജോത്ഥാനം. വൃക്ഷം-മന്ദാരം. ക്ഷീണം-അമൃതം. വില്ല-ശക്രധനു. ദേവസഭാ-സുധർമ്മാ.

പ. ശ്രേഷ്ഠൻ, അധിപൻ. സ. ആത്മാ.

ഇന്ദ്രനീലം, ഇന്ദ്രനീലകം-ഒരുതരം.

ഇന്ദ്രപുഷ്പി-മേത്തോന്നി.

ഇന്ദ്രപുത്രൻ-ജയന്തൻ.

ഇന്ദ്രപ്രസ്ഥം-ഒരു നഗരം. ഇതു യമുനാതീരത്തിൽ പാണ്ഡവന്മാരുടെ വാസസ്ഥലമായിരുന്നു. ഇപ്പോഴത്തെ പേർ ഡൽഹി.

[ഇന്ദ്രപ്രസ്ഥം പണ്ടത്തെ സോമവംശരാജാക്കന്മാരുടെ തലസ്ഥാനമായിരുന്നു. ഇതുമഹാഭീയരാജാക്കന്മാരുടെ കാലത്തു ഡൽഹിയായിത്തീർന്നു.]

ഇന്ദ്രഭ-തൃക്കേട്ട നക്ഷത്രം.

ഇന്ദ്രഭൂജഗം-തൃത്സനാശം.

ഇന്ദ്രഭോഗകുമി-ഒരു ചെറിയ ജന്തു.

ഇന്ദ്രമാല-ഒരു കൊടിയുടെ പേർ.

ഉപരിചരൻ തപസ്സുചെയ്ത് ഇന്ദ്രത്വം കൂടി അഭിക്കാമെന്ന നിലയിൽ എത്തിയപ്പോൾ ദേവന്മാർ ചേർന്നിരുന്നുവായിരിക്കണമെന്ന ആവശ്യപ്പെട്ടു. അപ്രകാരംചെയ്യുന്നതിനായി ഇന്ദ്രൻ ഉപരിചരന് ഒരു വിശേഷതരമായ വിമാനവും മഠവും നൽകി. കൊടിയുടെ പേരാണ് 'ഇന്ദ്രമാല'.

ഭരതിതേരെവൈജയന്തീംമാലാമമ്ലാനപങ്കജാം
ഇന്ദ്രമാലേതിവിഖ്യാതംധന്യമപ്യതിമംമഹൽ

(മഹാഭാരതം)

ഇന്ദ്രമാളിക-ഇന്ദ്രന്റെ മാളിക. പേർ വൈജയന്തം.

ഇന്ദ്രമൌലിഭേദനം-ഹാലാസ്യനഥന്റെ അനുജനായ പുരുഷന്റെ പുത്രനായ ഉത്തമപാണ്ഡ്യനെക്കൊണ്ടു ദേവേന്ദ്രന്റെ തലയിലിടിപ്പിച്ചു പിളർത്തിച്ച ലീല (ഹാലാസ്യമാഹാത്മ്യം അദ്ധ്യായം ഏഴു).

ഇന്ദ്രയവം-കടകപ്പാലയരി. ഇന്ദ്രശബ്ദം ചേർത്തതിന്റെ യുക്തി യവത്തിനു വൃക്ഷത്തിൽ യവത്തുല്യമുണ്ടായതു് എന്നതത്രേ. മറ്റവയ്ക്കുമേലെയും കഴിഞ്ഞതു, ശ്രേഷ്ഠവും.

[ഇതുതിരോക്ഷങ്ങളെ കളയും. ചുട്ട്, രക്തപിത്തം, പനി, വയറുവേദന അഗ്നിമാന്ദ്യം, രക്താതിസാരം മുതലായവയെ വിശേഷാൽ ശമിപ്പിക്കും.]

ഇന്ദ്രലത-ഉഴിഞ്ഞ.

ഇന്ദ്രലുപ്തകം-രോമം കൊഴിയുക, കക്ഷത്തി, തലയിലേ രോമം കൊഴിയുക. മറ്റൊരു പയ്യായം-കേശഭ്രംശം.

[പിത്തംവാതാന്തരോടുന്നിച്ചു രോമകൂപങ്ങളിൽ ചെല്ലുകനിമിത്തമാണ് രോമങ്ങൾ കൊഴിഞ്ഞുപോകുന്നതു്. കൊഴിഞ്ഞാൽ കഫം രക്തത്തോടുകൂടി രോമകൂപങ്ങളെ അടയ്ക്കും. ഇതുകൊണ്ടേ രോമങ്ങൾ വരാത്തതു്. ഇതിനു ഇന്ദ്രലുപ്തം, കാലിത്യം (ഖലിത്യം), എന്നു ഇങ്ങനെ പല പേരു പറയുന്നു.]

ഇന്ദ്രവജ്രം-ഒരു വൃത്തത്തിന്റെ പേർ. തിഗ്മപ്രഹരണസ്സിൽ ചേർന്നതു്. പാദത്തിന്റെ അക്ഷരം ഏഴു വീതം കണക്കും.

'കേളിന്ദ്രവജ്രമുതകം ഭഗംഗം'

(വൃത്തമഞ്ജരി)

ഇന്ദ്രവല്ലി-ഉഴിഞ്ഞ, മുരുക്കാറാൻ.

ഇന്ദ്രവല്ലി, ഇന്ദ്രവല്ലരി-പാർത്ഥാതം.

ഇന്ദ്രവല്ലി-സോമവല്ലി.

ഇന്ദ്രവാരുണി-പ. വലിയ കാട്ടുവെള്ളരി, ഇന്ദ്രനെക്കുറിക്കുന്നതു്; അതുകൊണ്ടു വരുണനുള്ള ഇന്ദ്രൻ വന്നാലും അതിലും വിശേഷമായവസ്തുക്കളെ നീക്കുവാൻ

സാമർത്ഥ്യമുള്ളത് എന്നർത്ഥം. മറെറാരു പര്യായം-'വിശാലം' കൊതുക്കാ എന്നും കറുത്ത ശംഖുപുഷ്പം എന്നും കുമ്മിട്ടിക്കാ എന്നും കൂടി പറഞ്ഞുകാണുന്നു.

ഇന്ദ്രവിദ്ധാ-ഒരു രോഗം.

[കഫക്കെയും വ്യാപിക്കുന്നതാണ് ഇതിന്റെ ലക്ഷണം. അവ വാതപിത്തങ്ങളും കൊണ്ടുണ്ടായതായും പത്മകർണ്ണിക പോലെ അടിവ്രണങ്ങളിയും മുകളും പരന്നും ഉള്ളതായും ഇരിക്കും].

ഇന്ദ്രവെല്ലികം-തലയിൽ ഉണ്ടാകുന്ന ഒരു വക കരു.

[വാതപിത്തങ്ങളും നിമിത്തമുണ്ടാകുന്നു. വൃത്തമായിരിക്കും. അധികം വേദനയും ജ്വരവും കാണും]

ഇന്ദ്രസുതൻ, ഇന്ദ്രസൂനു-പ. ജയന്തൻ പ. അർജ്ജുനൻ. സ. ബാലി.

ഇന്ദ്രസുരസം, ഇന്ദ്രസുരിസം-പ. രണ്ടും ചു. രണ്ടുപര്യായങ്ങളായ രസാഞ്ജനകൂടിയത് എന്നർത്ഥം, ഇന്ദ്രനിഷ്ടമുള്ളത് എന്നും പറയാം. പ. കരുനൊച്ച.

[നൊച്ചികറുത്തതും വെളുത്തതുമുണ്ടെന്നു കാണുന്നു. കറുത്തതിനു നീലമഞ്ജരി മുതലായ പര്യായങ്ങളും, വെളുത്തതിനു ശ്വേതസുരസം മുതലായ ശബ്ദങ്ങളും പ്രയോഗം പ്രായേണ കാണുന്ന സ്ഥിതിക്ക് ഇന്ദ്രസുരസം, നീലസുരസി, ഇന്ദ്രണികാ, സിന്ദുവാരം, സിന്ദുകം ഇവ പ-ം, നൊച്ചിയുടെ സാമാന്യവാചകമായാണ് ഇടയുള്ളു. എന്നാൽ ഇവയെ കരുനൊച്ചി എന്ന അർത്ഥത്തിൽ പ്രയോഗിച്ചും കാണുന്നുണ്ട്.]

ഇന്ദ്രസേനാനി-സുബ്രഹ്മണ്യൻ.

ഇന്ദ്രസേനൻ-ശ്രീരാമന്റെ പുത്രൻ.

ഇന്ദ്രസേന-പ. നളന്റെ പുത്രി. പ. പ. ശ്രീകൃഷ്ണന്റെ പുത്രന്മാരിലൊരുവന്റെ പേർ. നാളായണി എന്നും പറയും. 'ഇന്ദ്രസേനയെന്ന നാമം പിന്നെ നാളായണിയെന്നും'(നാളായണീചരിതം തുള്ളൽ)

ഇന്ദ്രാണികാ, ഇന്ദ്രാണി-പ. ഇന്ദ്രനിഷ്ടമായത്; ഇന്ദ്രന്റെ മാതാവായ അദിതി ഇതിന്റെ അധിദേവതയാകകൊണ്ടു 'ഇന്ദ്രനെ ജനിപ്പിച്ചത്' എന്ന അർത്ഥവും കാണുന്നു. പ. കരുനൊച്ചി (ഇന്ദ്രസുരസം എന്നതു നോക്കുക)

ഇന്ദ്ര-കാട്ടുവെള്ളരി.

ഇന്ദ്രാണി-പ. ശചി, ഇന്ദ്രന്റെ ഭാര്യ. മറെറാരു പര്യായങ്ങൾ-'പുലോമജ, ശചി, ഇന്ദ്രാണി. ഇന്ദ്രനെ കൊണ്ടുവന്നവൾ, ഇന്ദ്രനെ ജീവിപ്പിച്ചവൾ എന്നർത്ഥം.

[ഇന്ദ്രൻ ഒരിക്കൽ താമരവളയത്തിനുള്ളിൽ ഒളിച്ചിരിക്കേണ്ടിവന്നു. ഇതിനു കാരണം ബ്രഹ്മഹത്യാ ഭയമായിരുന്നു. ഇന്ദ്രന്റെ ഈ സ്ഥിതി ഇന്ദ്രാണി, ഭൂഭാസ്പതിയെ തെരിയപ്പെടുത്തുകയും ബ്രഹ്മഹത്യക്കു നിവൃത്തിവരുത്തി പഴയസ്ഥാനത്തിൽ കൊണ്ടുവരുകയും ചെയ്തു.]

പ. നൊച്ചി, കരുനൊച്ചി. സ. ഉദ്ദാ.

ഇന്ദ്രായുധം-മേഘവില്ല്, ഇന്ദ്രന്റെ ആയുധം. മറെറാരു പര്യായം ശക്രധനു. ഇതു മേഘത്തിൽ വില്ലിന്റെ ആകൃതിയിൽ അനേകവർണ്ണമായി ചിലകാലത്തിൽ പ്രത്യക്ഷമായി കാണപ്പെടുന്ന സൂര്യരശ്മി (തേജസ്സ്) ആകുന്നു.

ഇന്ദ്രാരി-അസുരൻ. ഇന്ദ്രന്റെ ശത്രു എന്നർത്ഥം.

ഇന്ദ്രാവരജൻ-വിഷ്ണു. ഇന്ദ്രന്റെ അവരജൻ (അനുജൻ) എന്നർത്ഥം. വാമനമൂർത്തി.

[വാമനാവതാരത്തിൽ വിഷ്ണു അദിതിയുടെ പുത്രനായി ജനിക്കയാൽ വിഷ്ണു ഇന്ദ്രന്റെ അനുജനായി.]

വാമനമൂർത്തിമഹാത്മിതേവന്ദിപ്പതായ്
കാമദനിന്ദ്രനനുജനെയതാകംചെയ്തുതേ

(ഭാഗവതം)

ഇന്ദ്രാവസാനം-വനം, വിജനപ്രദേശം.

ഇന്ദ്രാശനം-പ്ര. കന്നിമരം (ഗ്രന്ഥാവൃക്ഷം.) ര. ചണ, ചണനാര്.

ഇന്ദ്രിയഗ്രാമം-പഞ്ചേന്ദ്രിയങ്ങൾ. [കണ്ണ്, മൂക്ക്, രചവി, നാക്ക്, ത്വക്ക് (തൊലി) ഇവ അഞ്ചും.]

ഇന്ദ്രിയനിഗ്രഹം - ഇന്ദ്രിയങ്ങളെ തന്തന്റെ തന്തന്റെ വിഷയങ്ങളിൽനിന്നു പിൻമടക്കുക.

ഇന്ദ്രിയനിഗ്രഹി-ഇന്ദ്രിയങ്ങളെ അടക്കിയവൻ, ആശകറഞ്ഞവൻ.

ഇന്ദ്രിയബലം-ഇന്ദ്രിയങ്ങളുടെ ശക്തി.

ഇന്ദ്രിയം-പ്ര. ആത്മാവിന്റെ അടയാളം (ഇന്ദ്രിയമിന്ദ്രലിംഗം-ഇന്ദ്രൻ=ആത്മ) ജീവാത്മാവു് ദേഹത്തിലിരിക്കുന്നുണ്ടെന്ന് ഇന്ദ്രിയങ്ങൾ ദൃഷ്ടാന്തപ്പെടുത്തുന്നതിനാൽ ഈ പേരുണ്ടായി. മറ്റു പര്യായങ്ങൾ-ഹൃഷീകം, വിഷയി.

പ്ര. കർമ്മേന്ദ്രിയങ്ങൾ-ഗുദം, ഉപസ്ഥം, കൈ, കാൽ, വാക്ക് (നാവു്) ഇവയുടെ പ്രവൃത്തി മലവിസർജ്ജനം, സന്തോഷിക്കുക, ഏറ്റുക്കുക, നടക്കുക, സംസാരിക്കുക.

ര. ജ്ഞാനേന്ദ്രിയങ്ങൾ(മനസ്സ്), രചവി, കണ്ണ്, രസന, ത്വക്, നാസിക.

ന. അന്തരിന്ദ്രിയം-മനസ്സ്, ബുദ്ധി, ചിത്തം, അഹങ്കാരം.

ര. പുരുഷബീജം (ശുക്ലം.)

ഇന്ദ്രിയവശഗൻ-ഇന്ദ്രിയങ്ങൾക്കു വശമായിപ്പോയവൻ.

ഇന്ദ്രിയവിഷയ-വി. ഇന്ദ്രിയങ്ങളുമായി സംബന്ധിച്ച.

ഇന്ദ്രിയവിഷയം-ഇന്ദ്രിയങ്ങളെ സംബന്ധിച്ചുണ്ടാകുന്ന സംജ്ഞ, ഇന്ദ്രിയങ്ങളുടെ വിഷയം[ആകാശ ഗുണമായ ശബ്ദം ശ്രോത്രേന്ദ്രിയത്തിന്റെ വിഷയമാകുന്നു ഇത്യാദി.]

ഇന്ദ്രിയസ്ഖലനം-ബീജംപുറത്തുപോവുക.

ഇന്ദ്രിയാർത്ഥം - വിഷയം. ഇന്ദ്രിയങ്ങളാൽ ആഗ്രഹിക്കപ്പെടുന്നവ എന്നർത്ഥം. ഇന്ദ്രിയാർത്ഥങ്ങൾ-ശബ്ദസ്പർശരൂപരസഗന്ധങ്ങൾ.

ഇന്ദ്രിയേശൻ-ഇന്ദ്രിയങ്ങളെ അടക്കിയവൻ.

ഇന്ധനം-പ്ര. വിറക്. അഗ്നി ഇളകുകയുണ്ടാകത്തിജ്വലിക്കുന്നു എന്നർത്ഥം. ര. തീയ്കത്തിപ്പാനുള്ള പുല്ല്.

ഇന്ധാനം-ജ്വലിച്ചിയങ്ങുന്നതു്.

ഇന്നു്-അ ഈ ദിവസം.

ഇന്ന-വി. ഏതൊന്നുള്ള.

ഇന്നത്തെ-വി. ഈ ദിവസത്തെ.

ഇന്നൽ-ഇണ്ടൽ.

ഇന്നലെ-കഴിഞ്ഞ ദിവസം.

ഇന്നാ-അ. ഇതാ, കൊടുപ്പാൻതുടങ്ങുമ്പോൾ പറയുന്ന ഒരു വാക്ക്.

ഇന്നാങ്കം-പ്ര. ദുഃഖം. ര. പ്രയാസം, കഷ്ടം, ഉപദ്രവം.

ഇന്നാർ-ഇന്നവൻ.

ഇന്നാൾ-അ. പ്ര. ഈ ദിവസം. ര. കഴിഞ്ഞ ഒരു ദിവസം.

ഇന്നി, ഇനി-ഇപ്പോൾമുതൽക്ക, ഇന്നുമുതൽ.

ഇന്നിശാ-ഒരു രാഗം.

ഇന്നും-ഇനിയും.

ഇന്നെടം-അ. ഇന്നസ്ഥലം.

ഇന്നേ-അ. ഇന്നുതന്നെ.

ഇന്നേടം-അ. ഈ ദിവസം.

ഇന്പപ്പെട്ടുക-ഇഷ്ടപ്പെടുക.

ഇന്പം-ഇഷ്ടമുള്ള, അഴകുള്ള, ചേഷ്ടയുള്ള.

ഇന്പാ-പ്ര. ഇഷ്ടം. ര. സന്തോഷം. ന. സുഖം.

ഇന്പകകരം - മകീരത്തിനടുത്തേ വടക്കിൽ നില്ക്കുന്ന പ്രകോഷ്ഠത്തോടുകൂടിയ ഒരു നക്ഷത്രം. (ഇയ്യകകരം).

ഇപ്പടി-ഇവ്വിധം, ഇപ്രകാരം.
ഇപ്പാടെ-ഇപ്രകാരം, ഇതുപോലെ.
ഇപ്പാർ-ഈ ലോകം.
ഇപ്പി-ചിപ്പി.
ഇപ്പിപ്പുട്ടിൽ-മുത്തുച്ചിപ്പി.
ഇപ്പുറം-ഇവ്വശം, കഴിഞ്ഞതിന്റെശേഷം
ഇപ്പോഥം-അ. ഈ സമയത്തു, ഈ കാലത്തിൽ. പര്യായങ്ങൾ-ഏതഹ്നി, സമ്പ്രതി, ഇദാനീം, അധുനാ, സാമ്പ്രതം.
ഇപ്പോലെ-അ. ഇതുപോലെ.
ഇപ്പോഴം, ഇപ്പഴെ-ഈ സമയത്തു തന്നെ, ഈ കാലത്തുതന്നെ.
ഇപ്രകാരം-ഈ വിധം, ഇങ്ങിനെ.
ഇപ്രദേശം-ഈ മിക്ക.
ഇബാദത്തു്-ശുശ്രൂഷ, മാസവൃത്തി. (അറബിഭാഷ).
ഇബിലിസ്സ്-പിശാച്, കള്ളൻ, ചലൻ.
ഇരകുത്തി-ആനത്തുകൽ.

'അസ്ഥിയണഞ്ഞിരകുത്തിയുടുത്തു
കരത്തിലെടുത്തുകപാലം'

(രുക്മാംഗദ കഥകളി)

ഇരനിമീലിക-പ്ര. കൃത്രിമം, കപടശമം. ര. കശ്മലമുഖി.
ഇരപോടാ-പെണ്ണുണക്കട്ടി.
ഇരഭാനനൻ-ഗണേശൻ.
ഇരഭാരി-സിംഹം. ഇരഭിയുടെ (ആനയുടെ) അരി (ശത്രു).
ഇരി-പിടിയാന.
ഇരിം-ആന. മംഗിയായി നടക്കുന്നു.
ഇരിമാമലം-സിംഹം.
ഇരിൽ-വി. പ്ര. താഴുക. ര. പുഴുങ്ങുക.
ഇരിൽ(ക)-വി. താഴുക. ര. പുഴുങ്ങുക.
ഇരിൽന്-താഴ്ചയിൽ. ഇരിഞ്ഞ (ആനയെ) അഴിക്കുന്നവൻ എന്നർത്ഥം.
ഇരിൽപ്പാ-പെണ്ണാന.
ഇരിൽപ്പം-പ്ര. താഴ്ച. ര. പുഴുങ്ങൽ.
ഇരിമ-കൺപീലി (കൺപോളയിലെ രോമം.)
ഇരിമ്പ്-ഹിമം (തണുപ്പുമണ്ണ്.)
ഇരിമയാട്ടുക-കണ്ണടക്കുക, നയനസംജ്ഞ കാട്ടുക.
ഇരിമയ്ക്കുക-കണ്ണടയ്ക്കുക.
ഇരിമ്മുക-കണ്ണടയ്ക്കുക, കണ്ണു തന്നെ കൂടെ ഉറക്കുക.
ഇരമ്പുക-കട്ടപ്പുമയുവേദനകൊണ്ടു ശബ്ദിക്കുക. (തമിഴിൽ ശബ്ദിക്കുക എന്നും കണ്ണാടകത്തിൽ ആവിപുറപ്പെടുക എന്നും കാണുന്നു.)
ഇരമാൻ-പ്ര. വിശ്വാസം, കീർത്തി, ശ്രദ്ധ. ര. മനം, പ്രതാപം, ശ്രേയസ്സ് (അറബിഭാഷ).
ഇരുമ്പി-പ്ര. ഒരു കീഴ്കണക്ക്. 21/1 അണ, 494802/1, 2150400/1. ര. ഇത്തിരി, ഇമ്മിണി.
ഇമ്മിണി-ഇത്തിരി, വളരെക്കുറച്ച്.

'നമ്പൂരന്തേടുപോരകനന്നി-
ളിമ്മിണിമുതലുനമുക്കുണ്ടായതു്'

(സ്യമന്തകം തുള്ളൽ)

ഇമ്പാ-വേട്ടസമയത്തുള്ള വിളി.
ഇയക്കം-കർമ്മം.

'തരമവനതുമിയക്കമഴിക്കും'

(ശിവൽഗീത)

ഇയക്കുക-ചലിക്കുക, ഏൽപ്പു (ഇയച്ചു) കൊടുക്കുക

'അപ്പുരംക്ഷണനീമിപ്പുരുഷന്റെ
അപ്പോളേമരാരന്നിയച്ചുമേൽ'

(കൃഷ്ണഗാഥ)

['ആ കഥ പോരെന്നുണ്ടെങ്കിൽ മറ്റൊന്നുകൂടി ഏൽപ്പുകൊടുക' എന്നു സാരമെന്നു പാഠാന്തരമുള്ളതു് ഈ 'ഇയക്കു' എന്നതിനെയാണു്.]

ഇയങ്ങുക-ഒരിയായി നടത്തുക, 'പ്രയത്തിക്കുക.

പട്ടങ്ങളിലാണ പ്രയോഗം അധികം. സേവിച്ചിയങ്ങുക-സേവിച്ചുപോരുക ഇത്യാദി.

ഇയത്തക-വി. വളരെ ചെറിയ.

ഇയത്താ, ഇയതാ-ഇത്രമാത്രമുള്ളതാവു എന്നുള്ളത്.

ഇയത്തകാ-ചീത്തഅതിര്.

ഇയമ്പുക-പറയുക, ശബ്ദിക്കുക.

ഇയം-ഇവർ.

ഇയൽ-സ്ഥിതി, സംഗതിയുടെ നില.

ഇയലുക-ക. ചേരുക, കൂടുക, പ്രാപിക്കുക, ഇരിക്കുക. ഉ. പൊരുത്തമുണ്ടായിരിക്കുക. ന. ഉത്സാഹിക്കുക. ഇലുകയാണ് 'ഇയലുക'യായത്.

ഇയറുക-ഉണ്ടാക്കുക, വരുത്തുക, ഇടയാക്കുക.

ഇയ്യപ്പാവ-ഇയ്യംകൊണ്ടുണ്ടാക്കിയ പാവ. പയ്യായം-സ്ത്രീപുരുഷം.

ഇയ്യം-ലോഹങ്ങളിൽ ഒന്ന്, ഈയം, കാരീയവും വെള്ളീയവും ഉണ്ട്. പയ്യായങ്ങം-നാഗം, സീസകം, യോഗേഷ്ടം, വപ്രം ഇവ ര-ം, കറുത്തഇയ്യം. തുപ്പു, പിച്ചടം, രംഗം, വംഗം, ഇവ ര-ം, വെളുത്ത ഇയ്യം.

[നാഗം തുടങ്ങി ര-ം, ഇയ്യത്തിന്റെയും, തുപ്പു മുതൽ ര-ം, തകരത്തിന്റെയും പേരാണ് അഭിപ്രായമുണ്ട്]

ഇയ്യാമ്പാറ-അഗ്നിയിലിട്ടാൽ പതിക്കുന്ന ചെറിയ പറവക(പക്ഷി), ശലഭം.

ഇയ്യിട-ന. ഇതിനപ്പം മുമ്പ്, ഇതിനടുത്ത്. (ഇ+ഇട). അടുത്ത കാലം.

ഇരക്കുക-യാചിക്കുക.

ഇരയ്ക്കുക-മുഴങ്ങുക, ശബ്ദിക്കുക.

ഇരക്കുന്നവൻ യാചിക്കുന്നവൻ. പര്യായങ്ങം-നിസ്വൻ, ദുർവിധൻ, ദീനൻ, ദുസ്ഥൻ, ദരിദ്രൻ.

ഇരച്ചിൽ, ഇരച്ചൽ-രവം, മുഴക്കം, കലപിലൻറെ ശബ്ദം.

ഇരഞ്ഞി-ഇലഞ്ഞി.

ഇരട്ടുക-ഇടറുക (ഇടറ്=വീഴൽ, തെറ്റ്.)

ഇരട്ട-വി. രണ്ടുകൂടിയ, ഇരട്ടഎന്നതിന്റെ പര്യായങ്ങം-യുഗം, യുഗളം, യുഗ്മം.

ഇരട്ടി-വി. രണ്ടുമടങ്ങുകൂടിയ.

ഇരട്ടിക്കുക-രണ്ടുമടങ്ങുകൂട്ടുക, വർദ്ധിക്കുക

ഇരട്ടിപ്പ-രണ്ടുമടങ്ങ്, വർദ്ധന.

ഇരട്ടിപ്പുടി-ഇരട്ടിച്ച പ്രകാരം.

ഇരട്ടിമധുരം-അതിമധുരം. പര്യായങ്ങം-മധുകം, ക്ലീതകം, യഷ്ടീമധുകം, മധുയഷ്ടികം.

[ഇതു ക്ഷയം, തൃഷ്ണ, രക്തരോഗം, ഛർദ്ദി, വിഷം, അരോചകം, പിത്തരോഗങ്ങം, ശീതപിത്തം, വ്രണം ഇവയെ ശമിപ്പിക്കും. ശുക്ലത്തെ അധികമായി വർദ്ധിപ്പിക്കും. കഷായമാക്കിയോ പൊടിയാക്കിയോ വായിൽ പുണ്ണിനും നന്ന്. ഇരട്ടിമധുരം വെളുത്ത കന്നിനൂടെ വേരെന്നു അഭിപ്രായംകാണുന്നുണ്ട്. വെളുത്തകന്നിയുടെ ഇലയും വേരും ''ഞാൻ ചവച്ചുനോക്കിയതിൽ നല്ല മധുരമായും ഇരിക്കുന്നു''.]

ഇരണ്ടം-ക. ഉപരിതലം. ഉ. വനം.

ഇരണ്ട-ഒരു പക്ഷി.

ഇരണ്ടൽ-ആനയുടെ മദം. ചിലർ 'ആനയാണ്ടൽ' എന്നു പറയാറുള്ളതു ശരിയല്ല.

ഇരപ്പ്-ക. യാചന. ഉ. മുഴക്കം, രവം.

ഇരപ്പൻ-യാചിക്കുന്നവൻ.

ഇരപ്പാളി-യാചിക്കുന്നവൻ, ഭിക്ഷുവിൻ.

ഇരപ്പാളിത്തം(ന്നം), ഇരപ്പാളിത്വം, യാചകവൃത്തി.

ഇരമ്പം-രവം.

ഇരമ്പോൽ-ക. വലിയതിര. ഉ. വലിയകോളുടെ കോൽ.

ഇരമ്പൽ-ഇടിഞ്ഞിയ്. രവമുണ്ടാക്കുന്നതു കൂടിക്കുന്നു എന്നർത്ഥം. മേഘാരവപര്യായം-മേഘധ്വനി, സ്തനിതം.

[ഇട്ടിത്തീയ് പടിപെട്ടപ്പോൾ മഴ പെയ്യുന്നുണ്ടെങ്കിലും ആ തീയ് കെട്ടു പോകാതെ വലിച്ചതന്നെ ചെയ്യും.]

പ. ബഡവാഗ്നി മുതലായതിൽ നിന്നുണ്ടാകുന്ന തീയ്.

'മേഘാഗ്ന്യാമിരിരമ്മദഃ' (ശബ്ദാർണ്ണവം)

ഇരവതി-ഇരുപത്തേഴാം നക്ഷത്രം. (രേവതി).

ഇരവി-ഒരു പേർ. രവിയാണ് ഇരവിയായതു്.

[രലങ്ങൾക്കു ആദിയിൽ സ്വരയോഗം വരും എന്ന വ്യാകരണം. ഉ-ം, രവി=ഇരവി. രകാരം=അരത്തം ഇത്യാദി].

ഇരവു്-രാത്രി. [കണ്ണാടകം-ഇരുൾ.]

ഇരവുപകൽ-അ. രാവും പകലും (രാപ്പകൽ).

ഇരവുപകലധികമരസുഖമൊടുവസിക്കയും' (പഞ്ചതന്ത്രം)

ഇരവു്, ഇരവല്-വ്യാപ്തി കാട്ടം, കടം കൊള്ളുക, മറ്റൊരുത്തന്റെ വസ്തു പെരുമാറുക. ഉ-ം, ഇരവല്വാങ്ങിയ വളു.

ഇര-പ. മദ്യം. കാമാവേശത്തെ ഉണ്ടാക്കുന്നതു് എന്ന ശബ്ദാർത്ഥം [ഇ=കാമൻ രാ-മോഹനം]. പ. ഭൂമി. ന. വാക്കു്. ര. സരസ്വതി. ള. തുള്ളി, ചാൽതുള്ളി, കടിക്കാവുന്ന (പാനീയ) ദ്രവ്യം. ഴ. ജലം. ഒ. ഭക്ഷണം. വ. സൌഖ്യം. ൻ. മൃഗങ്ങൾക്കു കിട്ടുന്ന ഭക്ഷണം. പ്രാ. ഇരാവതി. പ്രപ. ഇരപ്പു് (ശബ്ദാ)

ഇരാമര-വി പ. ഭൂമിയിലുള്ള, ഭൂമിയിൽ നടക്കുന്ന. പ. ജലത്തിലുള്ള.

ഇരാമരം-ആലിപ്പഴം.

ഇരാജൻ-കാമൻ.

ഇരാതെ-ഇരിക്കാതെ.

ഇരാവതി-പ. ബ്രഹ്മാവിന്റെ ഒരു നദി. പ. ഭൂമി. ന. ഒരു ചെടി

ഇരാവാൻ-പ. ഉലൂപിയിൽ അർജ്ജുനനു ജനിച്ചവൻ. പ. സമുദ്രം. ന. മേഘം. ര. ഒരു രാജാവു്.

ഇരിക്കക്കെട്ടിൽ-ഇരിപ്പാനുള്ള ഒരു വക കെട്ടിൽ.

ഇരിക്കുക-പ. പാർക്കുക. പ. ജീവിക്കുക.

ഇരിങ്ങാടിപ്പാടു, ഇരിങ്ങാണിക്കോട്ടു്-ഒരു ബ്രാഹ്മണഗ്രാമം (ഇതു കോഴിക്കോട്ടിനു വടക്കാണ്).

ഇരിച്ചിൽ-ഇടച്ചു്.

ഇരിണം-പ. ഓർനിലം. (ഉവർനിലം) പ. നിരാശ്രയദേശം (നിർജ്ജനദേശം.) ന. ചിറ്റാറു്, ചെറുപുഴ, തോടു്.

ഇരിന്നൽ-പൂകയറ, കരി.

ഇരിപ്പ-ഇലിപ്പവൃക്ഷം. പര്യായങ്ങൾ-മധുകം, ഗുഡപുഷ്പം, മധുദ്രുമം, വാനപ്രസ്ഥാ, മധുഷ്ഠീലം.

ഇരിപ്പിടം-പ. ഭവനം. പ. പാർക്കുന്ന സ്ഥലം. ന. ആസനം.

ഇരിപ്പു-പ. സ്ഥിതി, അവസ്ഥ. പ ശേഷിപ്പു. ന. വാസം. ര. വെപ്പു്.

ഇരിപ്പെഴുകു-ഇരുമുവട, തടി.

ഇരിമ്പു-പ. ലോഹങ്ങളിൽ മൊന്നു്. പര്യായങ്ങൾ-ലോഹം, ശസ്ത്രകം, തീക്ഷ്ണം, പിണ്ഡം, കാളായസം, അയസ്സു്, ഭൈമസാരം. ഇരിമ്പിനെ തൊടുകിൽ-'ഇരുമ്പു'

[ഇരിമ്പിന്റെ ഉൽപത്തി ഒരു തരം കല്ലിൽനിന്നാണു്. ഇരിമ്പിൻകിട്ടത്തിനു പര്യായങ്ങൾ-മണ്ഡൂരം, ശിംഘാണം]

ഇരിമ്പകടു-ഇരുമ്പു്.

ഇരിമ്പാല-കൊല്ലന്റെ പണിസ്ഥലം.

ഇരിമ്പുതാഴ്ത്തി-നങ്കൂരം, ചീനി.

ഇരിമ്പുപ്രതിമ-ഇരുമ്പുകൊണ്ടുള്ള പ്രതിമ. പര്യായങ്ങൾ-സൂക്ഷി, സൂണ, അയഃപ്രതിമ.

ഇരിമ്പുലക്ക-ഇരിമ്പുകൊണ്ടുള്ള ഉലക്ക (ഒരായുധം). പര്യായങ്ങൾ-ഗ്രന്ഥണം, മുൽഗരം, ഘനം [പരിഘം, പരിഘാതനം-ഇവയും പര്യായങ്ങളെന്നു കാണുന്നു.]

[പരിഘം, പരിഘാതനം ഇവ-ം ഇരിമ്പുകൊണ്ടിയ വടി (ഇരിമ്പുലക്ക)യുടെ പേരെന്നും ഗ്രന്ഥണം, മുൽഗരം, ഘനം, ഇവ ന-ം, മുംത്തടി (ഇരിമ്പുഗദ-ഇരിമ്പുലക്ക)യുടെ പേരെന്നും അഭിപ്രായമുണ്ട്.]

ഇരിയുക-അടക്കുക, പറിക്കുക.

ഇരിവം-ഇരുട്ട്.

ഇരു-രണ്ട.

ഇരുകര-രണ്ടുകര.

ഇരുക്കുറു-രണ്ടുപംക്ക്.

ഇരുചാൽ-രണ്ടുപ്രാവശ്യം ഉഴുക.

ഇരുട്ട്-ഇരുള്. പര്യായങ്ങൾ-അന്ധകാരം, ധ്വാന്തം, തമിസ്രം, തിമിരം, തമസ്സ്.

[കണ്ണു ലേശം കാണാത്ത ഇരുട്ട് (കൃരിരുട്ട)-'അന്ധതമസം'. ക്ഷീണമായ ഇരിട്ട-'അവതമസം'. പരന്ന ഇരുട്ട-സന്തമസം'.]

ഇരുതലമൂരി-ഒരു പാമ്പ്.

ഇരുതലമൂലി-വിരുദ്ധകക്ഷികളിൽ രണ്ടിലും ചേരുന്നവൻ (ശൈലി).

ഇരുത്തു, ഇരുത്താ-ഇരുപ്പ. ഉ. താഴ്ച

ഇരുത്തി-ഔഷധി എന്ന ഔഷധം. തമിഴിൽ സിദ്ധി എന്നു പറയുന്നു, മറ്റു പര്യായങ്ങൾ-യോഗ്യം, സിദ്ധി, ലക്ഷ്മി.

[ഇതിനു കാട്ടഴുന്ന, കാട്ടമുതിര ഇങ്ങിനെയും പറയുന്നുണ്ട്. ഔഷധി=ഇരുത്തി. ഔഷധിയെ ചിലർ എടമ്പിരി എന്നു പറയുന്നു. ഇതു കഫരോഗം, കൃമി മുതലായവയെ നശിപ്പിക്കും.]

ഇരുത്തുക-പ്ര. പാർപ്പിക്കുക. ഉ. ജീവിപ്പിക്കുക.

ഇരുനിറപ്പച്ച-ഒരു ഔഷധി. ഇതിനെ വിഷ്ണുകാരായണി എന്നും പറയും. വിഷ്ണുവിനു നന്നു.

ഇരുന്നൽ-കൊല്ലന്മാർ ഉപയോഗിക്കുന്ന കരി, നീരിലേവിക്കുന്ന കരി.

ഇരുന്നല്ലാരൻ-കല്ലൂരിവില്ലുന്നവൻ, കല്ലൂരി കുഴിച്ചെടുക്കുന്നവൻ.

ഇരുന്നാലിൽപ്പാട്ടം, ഇരുനാൽപാട്ടം-ഉടമസ്ഥനും പാട്ടക്കാരനും തുടി ധാന്യം സമമായി വീതിച്ചെടുക്കുക.

ഇരുപങ്ക്-രണ്ടുപംക്ക്.

ഇരുപരിഷ-രണ്ടുഭോഗക്കാർ.

ഇരുപാട്ട്-രണ്ടുവശം.

ഇരുപാട്ടുകാർ-രണ്ടുഭോഗക്കാർ.

ഇരുപുറം-രണ്ടുഭാഗം.

ഇരുപ്പ-ഇലിപ്പമരം.

ഇരുപ്പൂളം, ഇരുപൂളം, ഇരുവൂളം-ഇരുമുള്ളുമരം.

ഇരുമ-ഒരു കീഴ്കണക്ക്. 10/1.

ഇരുമണി-പൊടിക്കിയ നെല്ല്.

ഇരുമണിപ്പെടുക്കുക-കാലപ്പെടുക്കുക, പെടുക്കിയെടുക്കുക.

ഇരുമുടി ഇരട്ടച്ചുമട്ട്.

ഇരുമുന-പ്ര. ഇരട്ടമുന. ഉ. ഇരട്ടനാക്ക്.

ഇരുമുനനാരായം-രണ്ടുതലയും മൂർച്ചയുള്ള നാരായം.

ഇരുമുനവാൾ-രണ്ടുതലയും മൂർച്ചയുള്ള വാൾ.

ഇരുമുള്ള, ഇരിവുള്ള-ഒരു വൃക്ഷം. പര്യായങ്ങൾ-പിച്ഛിലാ, ഭഗദത്ത, ശിംശപാ, കപിലാ, ഭസ്മഗർഭാ.

ആദ്യത്തെ മൂന്നും കറുത്ത ഇരുമുള്ളുമരമെന്നും അഭിപ്രായമുണ്ട്.

ഇരുവഴിനാട്ട്, ഇരുവൈനാട്ട്-കോലത്തിരിയുടെ കീഴിൽ നമ്പ്യാർ ഭരിക്കൽ തരിച്ചേരിയിലുംപ്പെട്ടതുമായ ഒരു ദേശം.

ഇരുവാൽചാത്തൻ-ഒരു പക്ഷി. പക്ഷിയുടെ കൂകണം, ക്രൂകരം.

[ഈ കരേട്ടവിൽ (വരണ്ട) ഒരു വകഭേദമെന്നും തമിഴിൽ ഇതിനെ 'കക്കരാവു' എന്നാണു പേരെന്നും കാണുന്നു.]

ഇരുവി-ഒരൌഷധം.

ഇരുവിഡം, ഇരുഡം-ഒരുവിധം ചെമന്ന തട്ടി.

ഇരുവേലി, ഇരുവേരി-ഒരു മരുന്ന്. തമിഴിൽ വെട്ടിവേര്.

ഉപസംഖ്യാനം-ഫ കണക്കുകൂട്ടുക. ഉ. കൂട്ടൽ ചേർക്കുക. ന. പറയുക.

ഉപസംഗ്രഹം, ഉപസംഗ്രഹണം-ഫ: വണക്കം. ഉ. ഉപകരണം ന. ശേഖരിക്കുക, സഹീകരിക്കുക. [ഭംഗ്യന്തരേ എന്നവണ്ണം].

ഉപസംഗ്രാഹ്യ-വി. വണങ്ങേണ്ടുന്ന

ഉപസദനം-അയൽപക്കം.

ഉപസദഃ-സമ്മാനം.

ഉപസന്ധാനം-ചേർക്കുക, കൂട്ടുക.

ഉപസന്ന-വി. നേടിയ.

ഉപസന്നം-യാഗത്തിനു കൊല്ലപ്പെട്ടപശു. കൊല്ലുന്നതിനായി മുഴിഞ്ഞിട്ടതു എന്നർത്ഥം. മറ്റുപശുയങ്ങൾ-പ്രമീതം, പ്രോക്ഷിതം.

ഉപസംയമം-ഫ തടയുക. ഉ. ലോകാവസാനം, ലോകനാശം.

ഉപസംവ്യാനം-അടിമുണ്ട, ഉടുക്കുന്നവസ്ത്രം, ഉടുക്കപ്പെടുന്നതു എന്നർത്ഥം.

ഉപസംഹരിക്കുക-പറഞ്ഞുനിറുത്തുക, അടക്കുക.

ഉപസംഹാരം-ഫ. പറഞ്ഞുനിറുത്തൽ, അവസാനം. ഉ. അടക്കം. ന. ജയിച്ചു പ്രയോഗിച്ച അമ്പു തിരിയെ കൈക്കൊൾക. ര. മരണം. ങ. പിൻവലിക്കുക.

ഉപസംഹിത-വി. ചേർക്കപ്പെട്ട.

ഉപസംഹൃത-വി. അവസാനിപ്പിക്കപ്പെട്ട, നിറുത്തപ്പെട്ട.

ഉപസമുദ്രം-ഫ. ഉൾക്കടൽ. ഉ. സമുദ്രസമീപത്തിൽ

ഉപസരം-ഫ. ശബ്ദഗ്രഹണം. ഉ. പ്രഥമശബ്ദഗ്രഹണം, ന. ചത്തുവിനങ്ങാകുന്ന അളവുശബ്ദം. ര. മൃഗങ്ങളുടെ ജനനം. മ റാന്തൽപറ്റുപായം-'പ്രഭാതം', ങ. സമീപം

ഉപസർപ്പിക്കുക-അടുപ്പിക്കുക, സമീപത്തുവരുത്തുക, ചെല്ലുക.

ഉപസർഗ്ഗദുഷ്ണ-ഒരു രോഗം.

[ഈ ദുഷ്ണാനിദാനത്തിൽപെട്ടതാണ്. ഉപസർഗ്ഗമെന്തെന്നു പറയുന്നതു പനി, മോഹം, ക്ഷയം, ഛർദ്ദി, ശ്വാസം, അതിസാരം മുതലായ രോഗങ്ങൾ ഉള്ളവർക്കു വരുന്ന ദുഷ്ണയാണ്. ഈ ശരീരത്തെ ശോഷിപ്പിക്കും. കഷ്ടസാദ്ധ്യമാണ്. ലക്ഷണങ്ങൾ-വായ്ക്കകം പുറപ്പെടായ്ക, മോഹം, തളർച്ച, വയറ്റുവളർച്ച, കഴുത്തും അണ്ണാക്കും മണങ്ങുക ഇവയാകുന്നു].

ഉപസർഗ്ഗം-ഫ. ഉന്നിമിത്തം. ഉ. ക്രിയാപദങ്ങൾക്കുമുമ്പേ വെയ്ക്കപ്പെടുന്ന പ്ര, പര തുടങ്ങിയ ചിലവാക്കുകൾ. ന. ബാധാ. ര. രോഗം. ങ. മരണഹിംസ. ന. ഗ്രഹണം. ം കൂട്ടൽ അർത്ഥത്തെ സൃഷ്ടിക്കുന്നതു. വ. കൂട്ടുക.

[ഉപസർഗ്ഗം എന്നാൽ കൂടെ സൃഷ്ടിക്കുന്നതു എന്നർത്ഥം. മംഗലാമംഗലങ്ങളുടെ പ്രവർത്തകനായ ഈശ്വരൻ അവയുടെ ഫലം നല്കുന്നതോടുകൂടി ഈ ഉല്പാദനങ്ങളെയും സൃഷ്ടിക്കുന്നു എന്നു താൽപര്യം. ഉപസർഗ്ഗം എന്നതു ധാതുക്കളുടെ സൂചിപ്പിക്കുന്ന ഉൽപാദവിശേഷങ്ങൾ എന്നാണ് അർത്ഥം എന്നവരുകിലും ഉന്നിമിത്തം എന്ന അർത്ഥത്തിനാണ് അധികം പ്രസിദ്ധിയുള്ളതു. (വ്യാകരണപ്രകാരം) ഉപസർഗ്ഗങ്ങൾ ഫ. പ്ര, പര, അപ, സം, അനു, അവ, നിസ് (നിർ), ദുസ് (ദുർ), വി, ആ, നി, അധി, അപി, അതി, സു, ഉത്, അഭി, പ്രതി, പരി, ഉപ].

ഉപസർജ്ജനം-ഫ അപ്രധാനം. ഉപസർജ്ജിക്കപ്പെടുന്നതു (ഉപേക്ഷിക്കപ്പെടുന്നതു) എന്നർത്ഥം. കീഴ്പ്പുരം, രണ്ടാംതരം. ഉ. ഉന്നിമിത്തം. ന. വ്യാകരണത്തിൽ ഒരു സംജ്ഞ.

'പ്രഥമാനിർദ്ദിഷ്ടം സമാസ ഉപസർജ്ജനം'
(പാണിനിസൂത്രം)

**ഉപസർജ്ജിക്കുക**-ഉപേക്ഷിക്കുക.

**ഉപസപ്പണം**-അടുത്തുവരുക.

**ഉപസപ്പു**-ഗ. അടുപ്പം, സാമീപ്യം. ഉ. പിൻതുടർച്ച.

**ഉപസപ്പിണ്ണി**-ഒരു വൃത്തം [രാമായണം ഉര് വൃത്തത്തിലേ ഉപ-ാമത്തെ വൃത്തം.]

'ചരണപല്ലവംകമ്പിട്ടുകിഞ്ചന-
'മരമരികെപ്പോയ് മെല്ലെമറഞ്ഞുപ്പോൾ'
(രാമായണം ഉര് വൃത്തം)

**ഉപസയ്യ**-ചിനപിടിക്കാറായപാത്തു, ശർക്കര ധരിക്കാറായ പാത്തു, കാള ഉപസരിക്കുക (അടുത്തുകൂടിനടക്കുക) കൊണ്ട് ഈ പേരുണ്ടായി.

**ഉപസംസ്കൃതം**-തയാർചെയ്യപ്പെട്ടത്.

**ഉപസീതം**-കലപ്പ.

**ഉപസുന്ദൻ**-നികുംഭാ (സുനിന്ദാ) സുരന്റെ ഇളയ പുത്രൻ, മൂകന്റെ പിതാവു [നികുംഭന്റെ മൂത്ത പുത്രൻ സുന്ദൻ].

[ഹിരണ്യകശിപുവിന്റെ കലത്തിൽ നികുംഭൻ എന്ന ഒരു അസുരനുണ്ടായി. അവന സുന്ദൻ എന്നും ഉപസുന്ദൻ എന്നും രണ്ടു പുത്രന്മാർ ജനിച്ചു. അത്യുഗ്രം സാഹാരവാത്സല്യത്തോടുകൂടി സമാരംഭിച്ച പെരുമാറിവന്ന അവർ ത്രൈലോക്യം ജയിക്കണമെന്ന ഉദ്ദേശിച്ചു ബ്രഹ്മാവിനെ തപസ്സുചെയ്തു. അന്യോന്യകമായിത്തന്നെ രണ്ടുപേരും ആയുധം കൊള്ളാതെയും വരംവാങ്ങി. അനന്തരം അവർ ത്രിഭുവനമൊക്കെ നശിപ്പിപ്പാൻ വട്ടംകൂട്ടി. സകലം സന്നിക്കുവാനായ ദേവാലികം വിവരം ബ്രഹ്മാവിനോടറിയിച്ചു. ഉടൻ അദ്ദേഹം സത്യലോകശില്പിയെ വിളിച്ചു സർവ്വചരാചരങ്ങളുടേയും സാരാംശത്തെ എടുത്തു ഒരു സർവ്വാവയവസുന്ദരിയെ സൃഷ്ടിച്ചു കൊണ്ടുവരുന്നതിന് ആജ്ഞാപിച്ചു. ശില്പിശ്രേഷ്ഠൻ അപ്രകാരം ചെയ്തു. ലാവണ്യാധിക്യഹേതുവായിട്ട് അവർക്ക ബ്രഹ്മാവു 'തിലോത്തമ' എന്ന നാമകരണംചെയ്തു. വേഗത്തിൽചെന്നസുന്ദോപസുന്ദന്മാർക്ക പരസ്പരം കലഹമുണ്ടാക്കിത്തീർക്കണമെന്ന ബ്രഹ്മാവു അവളോടു പറഞ്ഞു. ആജ്ഞയെ ശിരസാവഹിച്ചു തിലോത്തമ തിരിച്ചു. സുന്ദനും ഉപസുന്ദനും സഞ്ചരിക്കുന്ന സ്ഥലത്തെത്തി. അവളുടെ അപൂർവലാവണ്യം ഹേതുവായിട്ട മന്മഥോന്മഥിതചിത്തന്മാരായ ജ്യേഷ്ഠാനുജന്മാർ എൻറേതായ് എൻറേതായ് എനിക്കുവേണം എനിക്കുവേണം എന്ന പിണങ്ങി തമ്മിലടിച്ച് ഒന്നിച്ചു മരിച്ചു. കൂടുതൽ വിവരങ്ങൾക്ക ഭാരതം സംഭവപർവം നോക്കുക. ഈ കഥയെ ഈ നിഘണ്ടുകാരനായ ഞാൻ (ശ്രീകണ്ഠേശ്വരം ജി. പദ്മനാഭപിള്ള) കഥകളിയായി എഴുതി അച്ചടിപ്പിച്ചിട്ടുണ്ട്. പേർ 'സുന്ദോപസുന്ദയുദ്ധം'.]

**ഉപസ്തതിക**-വയറാഴ്ടി.

**ഉപസ്ഥരണം**-കിഴങ്ങ്.

**ഉപസ്ഥിതകം**-പരിവേഷം. സൂര്യനെ ഉപഗമിച്ചതു് എന്നർത്ഥം. ഇതു സൂര്യചന്ദ്രന്മാരുടെ പുറം പൂതാകാരത്തിൽ ചിലപ്പോൾ കണ്ടുവരുന്നു.

[സൂര്യന്റെ സമീപത്തിൽ സൂര്യനെപ്പോലെ ഇരിക്കുന്നു് എന്നും അർത്ഥം കാണുന്നു. പരിവേഷം ഒരു ഉൽപാതസൂചകമാണെന്നു പറയപ്പെട്ടിരിക്കുന്നു.]

**ഉപസ്രുത**-വി. ചോർക്കപ്പെട്ട, ചോരപ്പെട്ട.

**ഉപസ്രുതം**-ഗ. ചോർക്കപ്പെട്ടതു്. ഉ. ചോർച്ച.

**ഉപസ്രുതൻ**-ഗ്രഹണസമയത്തെ ചന്ദ്രൻ അല്ലെങ്കിൽ സൂര്യൻ.

**ഉപാസകം, ഉപാസനം**-നമസ്കരിക്കുക, വഴിപാടുകഴിക്കുക, തൊഴുക.

ഉപസ്കരാ-കറിവെപ്പിനുപയോഗമുള്ള മഞ്ഞൾപൊടി മുളകുപൊടി കായം ജീരകം മുതലായവ. മറെറാരുപയ്യായം-'വേസവാരം' കുഴമ്പാക്കിച്ചുമച്ചുസാധനം, കറി എന്നിങ്ങിനെയും അർത്ഥം കാണുന്നുണ്ട്.

ഉപസ്കരണം-പ. കൊല, ക. ഉപദ്രവം. ന. ശേഖരിപ്പ്.

ഉപസ്കാരം-പ. ആഭരണം. ക. ശേഖരിക്കുക.

ഉപസ്കൃതി-കൂട്ടിച്ചേർപ്പ്, ന്യൂനതയെ പൂരിപ്പിക്ക.

ഉപസ്തരണം-പ. ഉടുക്കുന്നെയ്ത്ത്. ക. തുണി. ന. തുകുക, വിതറുക. ര. നെയ്വിളയുക. ങ. മെത്ത.

ഉപസ്തരിക്കുക-പ. നെയ്വിളയുക. ക. തളിക്കുക. ന. തുകുക, വിതറുക.

ഉപസ്തംഭം, ഉപസ്തംഭനം-പ. ജീവസംരക്ഷണം. [ആഹാരനിദ്രാദിപോലെ.] ക. പ്രേരണസാഹിപ്പിക്കൽ.

ഉപസ്ഥി-പ. ഒരു വൃക്ഷം. ക. ഭൃത്യൻ, പരിചാരകൻ [വേദത്തിൽ പ്രയോഗം]

ഉപസ്ത്രീ-വെപ്പാട്ടി.

ഉപസ്ഥ-വി. സമീപത്തിൽ ഇരിക്കുന്ന.

ഉപസ്ഥനിഗ്രഹം-അടക്കം.

ഉപസ്ഥം-പ. ഗുഹ്യം, സ്ത്രീയോനിയുടേയും പുരുഷലിംഗത്തിന്റേയും പേർ. [രണ്ടിനും പറയാം]. അന്യോന്യം അടുക്കൽ ഇരിക്കുന്നു എന്നർത്ഥം. ക. മടി (തുട).

ഉപസ്ഥാനം-പ. ബ്രാഹ്മണർ ഉച്ചയ്ക്ക് ചെയ്യുന്ന ഒരു കർമ്മം. ക. ഓർമ്മ. ന. പരിശുദ്ധസ്ഥലം.

ഉപസ്ഥാപം-മനസ്സിൽ ഉറപ്പിക്കുക, ഓർമ്മയിൽ വരുത്തുക.

ഉപസ്ഥാപനം-സമീപത്തുകൊണ്ടുവക്കുക.

ഉപസ്ഥായകൻ-ഭൃത്യൻ.

ഉപസ്ഥിതി-പ. ഓർമ്മ. ക. അടുപ്പം ന. ശുശ്രൂഷ. ര. ലാഭം.

ഉപസ്ഥിതാ-പ. സമീപമായത്. ക. ഒരു വൃത്തം. ത്രിഷ്ടുപ് ഛന്ദസ്സിൽപെട്ടതു. പാദം ഒന്നിൽ അക്ഷരം പ്രഥ യതി.

'ഉപസ്ഥിതമതാംജസംസതഗംഗം'

(വൃത്തമഞ്ജരി)

ഉപസ്ഥിത-വി. പ. സമീപമായ, ക. ഒരു വൃത്തം. ത്രിഷ്ടുപ് ഛന്ദസ്സിൽപെട്ടതു പാദം ഒന്നിൽ അക്ഷരം പ്രഥ യതി.

'തംജംജഗഗങ്ങളുപസ്ഥിതാഖ്യം'

(വൃത്തമഞ്ജരി)

ഉപസ്ഥേയം-നനവുണ്ടാക്കുക.

ഉപസ്പർശ(ന)ം-പ. ആചമനം. ക. കൂട്ടിത്തൊടുക. ന. കൂടി.

ഉപസ്മരണം-ഓർമ്മ.

ഉപസ്മൃതി-പ. ഓർമ്മ. ക. താണതരം നിയമഗ്രന്ഥം, ഇതു പ്രധാനമായ ധർമ്മശാസ്ത്രത്തിനു വിധം ഉണ്ട്.

ഉപസ്രവണം-ഒഴുകുക, ഒഴുകൽ.

ഉപഹതക-വി. നിർഭാഗ്യമുള്ള.

ഉപഹതി-പ. കൊല. ക. ഉപദ്രവം.

ഉപഹരണം-പ. അടുക്കൽകൊണ്ടുവരിക. ക. കാണിക്ക.

ഉപഹവം-പ. വിളി, ക്ഷണിക്കുക. ക. സമൻസു അയച്ചു വിളിക്കുക.

ഉപഹസിതം-പരിഹാസം, നിന്ദിച്ചു ചിരിക്കുക.

ഉപഹാസ്തികാ-ഭാഷാചില, പാക്കു, പുണ്ണാക്കു, പുകയില ഇവ ഇട്ടുവയ്ക്കുന്ന ചെറിയ പെട്ടി (സഞ്ചി).

ഉപഹാരം-പ കാഴ്ചദ്രവ്യം, രാജാവിനു കൊണ്ടുചെല്ലുന്ന കാഴ്ചദ്രവ്യം. ഉപഹാരിക്കപ്പെടുന്നതു എന്നർത്ഥം. ക. പൂജാദ്രവ്യം

ഉപഹാലകം-കുന്തളരാജ്യം.

ഉപഹാസകൻ-പ. ഹാസ്യക്കാരൻ. ക. കളിയാക്കി പറയുന്നവൻ.

ഉപഹാസം–പ്ര. നിന്ദിച്ചുചിരിക്കുക. പ. പരിഹാസം. സ. നേരമ്പോക്ക്.

ഉപഹൃതൻ–ക്ഷണിക്കപ്പെട്ടവൻ.

'തിശ്രക്രമ നളോപി നിശ്ചിതമനാ
ദൂതോപഹൂതഃ സ്വയം'

(നളചരിതം കഥകളി)

ഉപഹൃത–വി. ഉപഹരിക്കപ്പെട്ട.

ഉപഹാരം–പ്ര. വിജനസ്ഥലം. പ. സമീപം. ഇവിടെ കടിലമായി ഗമിക്കുന്നു എന്നർത്ഥം. സ. വണ്ടി.

ഉപാംശു–പ്ര. രഹസ്യസ്ഥലം, വിജനപ്രദേശം. ഉപഗതങ്ങളായ അംശുക്കളോടുകൂടിയത് എന്നർത്ഥം. പ. സമീപം,

ഉപാക–വി. ഒന്നിച്ചുചേർന്ന [വേദത്തിൽ പ്രയോഗം].

ഉപാകങ്കർമ്മം–രാപ്പകലിനൊന്നായേവർ.

ഉപാകരണം, ഉപാകർമ്മം–പ്ര. ഉപനയനം കഴിഞ്ഞതിൽപിന്നെ ചെയ്യപ്പെടുന്ന വേദാരംഭം, വേദം പഠിപ്പാൻ തുടങ്ങുക. പ. വേദം പഠിക്കുന്നതിനു മുമ്പെ ചെയ്യപ്പെടുന്ന ഒരു കർമ്മം. സ. യാഗാർത്ഥം കൊല്ലപ്പെട്ട ആട്ട്. ര. ആരംഭം.

ഉപാകൃത–വി. പ്ര. ഉന്നിമിത്തങ്ങളോടുകൂടിയ. പ. സ്വീകരിക്കപ്പെട്ട.

ഉപാകൃതം–പ്ര. യാഗത്തിനായി മന്ത്രോച്ചാരണപൂർവ്വകമായി ഹിംസിക്കപ്പെട്ടവൻ ആയിരിക്കുന്ന പശു. പ. ഉന്നിമിത്തം. സ. സ്വീകരിക്കപ്പെട്ടത്.

ഉപാക്ഷം–അ. കണ്ണിനുമുമ്പേ, മുമ്പാകെ.

ഉപാഖ്യാനം–പ്ര. വലിയകഥയുടെ ഇടയിൽ വരുന്ന ചെറിയ കഥ.

[ഭാരതം പാണ്ഡവരുടെ കഥയാണല്ലൊ. അതിൽ പ്രസംഗവശാൽ ഏഴുതീട്ടുള്ള നൂറ്, ശകുന്തള മുതലായവരുടെ കഥകൾക്കുള്ള പേർ].

പ. പലതും പറഞ്ഞുകേട്ട കഥ വീണ്ടും പറക.

ഉപാഗത–വി. അടുക്കൽവന്ന.

ഉപാഗമം–പ്ര. അടുക്കൽവരിക. പ. പ്രതിജ്ഞ.

ഉപാംഗം–പ്ര. ചന്ദനക്കുറി. പ. ശരീരത്തിനടുക്കൽ.

ഉപാഗ്രം–അറ്റത്തിനടുത്തഭാഗം.

ഉപാഞ്ജനം–ചാണകംകൊണ്ടുമെഴുകുക.

ഉപാത്ത–വി. പ്ര. ലഭിക്കപ്പെട്ട. പ. ആരംഭിക്കപ്പെട്ട.

ഉപാത്ത്യയം–പ്ര. ക്രമത്തെത്തെറ്റി ചെല്ലുക. ഉപഗതത്തെ അതിക്രമിച്ചുശമിക്കുന്നത്. മറ്റൊരുപയ്യായങ്ങൾ–അതിപാതം, പയ്യയം. പ. ക്രമക്കേട്, ക്രമംവിട്ട പ്രവൃത്തി. സ. ഉദാസീനം.

ഉപാദാനം–പ്ര. ഇന്ദ്രിയങ്ങളെ അതതുകളുടെ വിഷയങ്ങളിൽനിന്നു പിൻമടക്കുക. മറ്റൊരുപയ്യായം–പ്രത്യാഹാരം. പ. വാങ്ങിക്ക, എടുക്ക. സ. ഭിക്ഷ.

ഉപാദീയമാനം–വാങ്ങിക്കപ്പെട്ടവരുന്നത്.

'നൃപന്മാർക്കമറുള്ളവസ്തുക്കളിൽനി-
ന്നുപാദീയമാനംധനംനശ്വരംതാൻ'

(അദ്ധ്യാത്മരാമകഥാരംഭം)

ഉപാദേയം–സ്വീകരിക്കത്തക്കത്.

ഉപാധാ–പ്ര. അടുത്തോ മുകളിലോ വയ്ക്കുക. പ. ധരിക്കുക.

ഉപാധി–പ്ര. ധർമ്മവിചാരം. ആധിയോടടുത്തുള്ളതു നിൽക്കുന്നത് എന്നർത്ഥം. ദുഃഖമുള്ളവനേ വസ്തുവായി ധർമ്മവിചാരം ഉണ്ടാകയുള്ളൂ എന്നതു പ്രസിദ്ധമല്ലൊ. മറ്റൊരുപയ്യായം–ധർമ്മചാരം. പ. ആധി. സ. തടങ്കൽ. ര. (വ്യാകരണപ്രകാരം) പ്രകൃതി, സ്വഭാവം, കാരണം, പ്രകരണം, പ്രയോജനം, പുരുഷൻ, ലിംഗം, വചനം മുതലായ. ഇ. ഒരുപ്പെടുന്നു കടംവീട്ടണത്തിനായി യത്നിച്ചുകൊണ്ടിരിക്കുന്നവൻ. ആധിമേൽ ഉപജീവിപ്പവൻ എന്നർത്ഥം. മറ്റൊരുപയ്യായം–കടുംബ

വ്യുപ്പത്തൻ, അദ്ധ്യാപകൻ. ന. ന്യായശാസ്ത്രപ്രകാരം ഷോഡശപദാർത്ഥങ്ങളിൽ ഒന്ന്. ഏ. വിശേഷ(ണം).

ഉപാധിക-വി. അധികമായുള്ള.

ഉപാധിത്രയം-സ്ഥൂലം സൂക്ഷ്മം കാരണം ഇവ മൂന്നും.

ഉപാദ്ധ്യായൻ-വാദ്ധ്യാർ, പുരോഹിതൻ. ഇവന്റെ സമീപത്തുചെന്നു അദ്ധ്യയനം ചെയ്യുന്നതിനാൽ ഈ പേരുണ്ടായി. ഒരു ബ്രാഹ്മണന്റെ പേർ എന്നും കാണുന്നു. [ബ്രാഹ്മണരിൽ വേദം പഠിപ്പിക്കുന്ന ഗുരുവിനു 'ഒരു ബ്രാഹ്മണൻ' എന്നു പറയുന്നു.] മറ്റൊരുപദ്ധ്യായം- അദ്ധ്യാപകൻ. [ഉപാധ്യായർ-തത്ഭവത്തിൽ പ്രകൃതി,-വാദ്ധ്യാർ-തത്ഭവത്തിൽ വികൃതി.]

ഉപാദ്ധ്യായപത്നി-ഉപാദ്ധ്യായന്റെ ഭാര്യ. പദ്ധ്യായങ്ങൾ-ഉപാദ്ധ്യായാനി, ഉപാദ്ധ്യായീ.

ഉപാദ്ധ്യായം- വിദ്യ അഭ്യസിപ്പിക്കുന്നവൻ.

ഉപാദ്ധ്യായാനി-(സംസ്കൃതത്തിൽ) ഉപാദ്ധ്യായന്റെ ഭാര്യ. (ഭാഷയിൽ) സ്വയം വാദ്ധ്യാരുടെ പ്രവൃത്തിചെയ്യുന്നവൻ. [പുല്ലിംഗം ഉപാദ്ധ്യായൻ.]

[ഉപാധ്യായശബ്ദം ആദിയിൽ വാധ്യായൻ എന്നും പിന്നീട് 'യ' കാരവും കൂടി ലോപിച്ചു വധ്യാൻ എന്നും ആയതിനിന്ന്. ഇതിന്റെ സ്ത്രീകളായ വാധ്യാന്മാർ ഉണ്ടായിത്തുടങ്ങിയപ്പോൾ 'ഉപാധ്യായാനി' എന്ന സംസ്കൃതരൂപത്തെ അവലംബിച്ചു 'വാധ്യായിനി' എന്നൊരു ശബ്ദം നടപ്പിൽ വന്നിരിക്കുന്നു. സംസ്കൃതത്തിൽ ഉപാധ്യായാനി എന്നാൽ ഉപാധ്യായന്റെ ഭാര്യയാണ്. ഭാഷയിൽ സ്വയം വാദ്ധ്യാരുടെ പ്രവൃത്തി ചെയ്യുന്നവൻ എന്നാണർത്ഥം.-മണിപ്രവാളിക.]

ഉപാദ്ധ്യായി- വിദ്യ അഭ്യസിപ്പിക്കുന്നവൻ. മറ്റൊരുപദ്ധ്യായം-'ഉപാദ്ധ്യായം' ന. ഉപാദ്ധ്യായന്റെ ഭാര്യ.

ഉപാനൽ-ചെരിപ്പ്.

ഉപാന്ത-വി. സമീപത്തുള്ള.

ഉപാന്തം-അ. സമീപം.

ഉപാന്തം, ഉപാന്ത്യം-കടക്കണ്ണ്, കണ്ണിന്റെ അറ്റം.

ഉപാന്തിക-വി സമീപത്തിലുള്ള.

ഉപാന്തികം-സമീപത.

ഉപാന്തിമ-വി. സമീപത്തുള്ള.

ഉപായജ്ഞൻ-പ്ര. തന്ത്രത്തെ അറിയുന്നവൻ. ന. (മലയാളത്തിൽ) കള്ളസ്ത്രീയക്കാരൻ, കള്ളസൂത്രക്കാരൻ.

ഉപായനം-പ്ര. കാഴ്ചദ്രവ്യം, രാജാവിനു കൊണ്ടുചെല്ലുന്ന കാഴ്ചദ്രവ്യം. സമീപത്തിൽ കൊണ്ടുചെല്ലുന്നതു് എന്നർത്ഥം. മറ്റൊരുപായനങ്ങൾ-ഉപഹാരം, ഉപഹാരം, ഉപഢൗ ന. അടുക്കൽ ചെല്ലുക ന. കാണിക്ക

ഉപായം-പ്ര. യുക്തി, തന്ത്രം. ന. കള്ളസൂത്രം. ന. കള്ളസ്ത്രീത്വം. ഘ. ഒരു ശലം. ങ. നീക്കുപോക്ക്. ന. സാമദാനാദി. ഏ. വഞ്ചന.

ഉപായചതുഷ്ടയം-നഷ്ടോപായങ്ങൾ. സാമം, ദാനം, ഭേദം, ദണ്ഡം.

ഉപായക്കാരൻ, ഉപായി-പ്ര. കള്ളസൂത്രക്കാരൻ. ന. ചതിയൻ. ന. ഒരു ശലക്കാരൻ.

ഉപായാത-വി. സമീപത്തു വന്ന

ഉപായാതം-പ്ര. വരവ്. ന. സംഭവം.

ഉപാരം-പ്ര. തീരം. ന. കാറ്റം ന. പാപം. ഘ. സമീപം. ങ. സാന്നിദ്ധ്യം.

ഉപാർജ്ജിതം-ഉപാർജ്ജിക്കപ്പെട്ടതു(സമ്പാദിക്കപ്പെട്ടതു).

ഉപാലംഭിക്ക-നിന്ദിക്ക.

ഉപാലംഭം, ഉപാലംഭനം-പ്ര. ശകാരം, നിന്ദവാക്ക്. ന. താക്കീതിപ്പിക്ക

ഉപാവത്തനം-ഉരുളുക, പുറകുക.

ഉപാവത്തിക്ക-നിലത്തു കിടന്നുരുളുക.

ഉപാവൃത്ത-വി. ഫ. നിലത്തു കിടന്നുരുളുന്ന. ക. നിന്നുപോയ.

ഉപാവൃത്തം-ക്ഷീണംതീർപ്പാൻ പിന്നെയും പിന്നെയും നിലത്തു കിടന്നുരുളുന്ന കുതിര. ഉപാവത്തിക്കുന്നതു് എന്നർത്ഥം.

ഉപാശ്രമം-ആശ്രമത്തിനടുക്കൽ.

ഉപാസകൻ-ഫ. ജപം ചെയ്യുന്നവൻ. ക. അനുചരൻ, ഭൃത്യൻ.

ഉപാസനം, ഉപാസന-ഫ. ശുശ്രൂഷ. അടുത്തിരിക്കുക എന്നർത്ഥം. മറവചയ്യായങ്ങം-വരിവസ്യ, ശുശ്രൂഷ, പരിചര്യ. ക. സേവ.

ഉപാസനം-ഫ. ശരാഭ്യാസം (വിൽപയറ്റ്). ശരത്തെ ഉപക്ഷിക്കുക എന്നർത്ഥം. ക. ശുശ്രൂഷ. ന. ജപം.

ഉപാസനപഞ്ചാംഗം-ജപം ഹോമം തർപ്പണം അഭിഷേകം വിപ്രഭോജനം ഇവ ൫.

ഉപാസംഗം-ഫ. ആവനാഴിക. ശരങ്ങൾ ഇതിൽ പാർനിറ്റുന്നതിനാൽ ഈ പേരുണ്ടായി. ക. സമീപം.

ഉപാസാ-ഫ. സേവകവൃത്തി. ക. ജപം.

ഉപാസിക്കുക-ഫ സേവിക്കുക. ക. ശുശ്രൂഷിക്കുക.

ഉപാസിത-വി ഫ. പൂജിക്കപ്പെട്ട. ക. സേവിക്കപ്പെട്ട. ന. വസിക്കപ്പെട്ട [ഉപാസിക്കപ്പെട്ടതു് ഉപാസിതം]. മറവചയ്യായങ്ങം-വരിവസിതം, വരിവസ്യിതം, ഉപചരിതം.

ഉപാസീന-വി. ഇരുന്ന.

ഉപാസ്തി-സേവ.

ഉപാസ്യൻ-സേവിക്കപ്പെടുവാൻ യോഗ്യൻ.

ഉപാഹിത-വി. ഫ. കൂട്ടിച്ചേർക്കപ്പെട്ട. ഉപാധാനം ചെയ്യപ്പെട്ട എന്നർത്ഥം. ക. വെയ്ക്കപ്പെട്ട.

'ഉപാഹിതാംവക്ഷസി പീവരസ്തനേ'

ഉപാഹിതം-ഫ. ധൂമകേതു. അടുത്ത അഗ്നിയെ സൂചിപ്പിക്കുന്നതു് എന്നർത്ഥം. ക. അഗ്നിയാൽ ഉണ്ടാക്കപ്പെട്ടതുപത്തു് മറെറാരുപയ്യായം-'സംയോജിതം'.

ഉപാഹൃത-എടുക്കപ്പെട്ട. ക. കൊണ്ടുവരപ്പെട്ട. ന. പിടിക്കപ്പെട്ട. ഭ. കൂടിയ.

ഉപേക്ഷ-ഉദാസീനത, മടി. ക. കളക. ന. നിന്ദ ഭ. യോഗത്തിലേകരുമോവന്ത,

ഉപേക്ഷണം-ഉപേക്ഷ.

ഉപേക്ഷണീയം-ഉപേക്ഷിക്കത്തക്കതു്.

ഉപേക്ഷിക്ക-ഫ. തള്ളിക്കളക. ക. നിന്ദിക്കുക.

ഉപേക്ഷിത-വി. ഫ. തള്ളപ്പെട്ട ക. ഉപേക്ഷിക്കപ്പെട്ട. പര്യായങ്ങം-ത്യക്തം, ഹീനം, വിധുതം, സമുജ്ഝിതം, ധൂതം ഉൽസൃഷ്ടം ഇവ ആറും. ന. നിന്ദിക്കപ്പെട്ട.

ഉപേക്ഷ്യ-വി. ഫ. തള്ളിക്കളയത്തക്ക. ക. നിന്ദിക്കപ്പെടത്തക്ക.

ഉപേത-വി. പ്രാപിച്ച, കൂടിയ.

ഉപേതി-വരവു്, അടുപ്പം, പ്രാപിക്കുക.

ഉപേന്ദ്രൻ-വിഷ്ണു. വാമനരൂപേണ ഇന്ദ്രന്റെ അനുജനായവൻ, ഇന്ദ്രന്റെ രക്ഷക്കായിട്ടു സമീപത്തിൽ സ്ഥിതിചെയ്യുന്നവൻ. ഇന്ദ്രലോകത്തിനും മേൽഭാഗത്തിൽ ഇരിക്കുന്നവൻ ഇങ്ങിനെ ശബ്ദാർത്ഥം.

ഉപേന്ദ്രവജ്രാ-ഒരു വൃത്തം. ഇതു് ഛന്ദസ്സിൽപ്പെട്ടതു്. പാദം തന്നിൽ ഫ ഫ ക്കുരു വീതം കാണും.

'ഉപേന്ദ്രവജ്രാ ജതൗ തഗംഗൗ'

(വൃത്തമഞ്ജരി)

ഉപേയ-വി. പ്രാപിക്കത്തക്ക.

ഉപോഢ-വി. ഫ. വിവാഹം ചെയ്യപ്പെട്ട. ക. അടുത്ത. ന. വഹിച്ച, ശേഖരിച്ച. ഭ. ആരംഭിച്ച.

ഉപോതി, ഉപോതിക-ഒരു ചീര.

ഉപോദകാ, ഉപോദികാ, ഉപോദീകാ-കൊഞ്ഞുവശേ, വാരുള്ളചീര, കൊഴപ്പ അധികം നീരുള്ളത്, വെള്ളത്തിനടുത്തുനില്പുന്നത് എന്നർത്ഥം.

ഉപോദകം-അ. വെള്ളത്തിനടുത്ത്.

ഉപോദ്ഘാതം-അറിവ്, ജ്ഞാനം.

ഉപോദ്ഘാതം-ഒരു വക ചീര, കൊഴപ്പ.

ഉപോദ്ഘാതം-ഗ. പറവാൻ പോകുന്ന വിഷയത്തെപ്പറ്റി വിവരിക്കുക അടുത്തറിയിക്കുന്നത് എന്നർത്ഥം. ക. ഉദാഹരണം, ദൃഷ്ടാന്തം. ന. ആരംഭം. മറെറാരു പര്യായം-'ഉദാഹാരം'

ഉപോദ്ഘാതനം-ഗ. സ്ഥാപനം. ക. ഉറപ്പ്, സ്ഥിരീകരണം.

ഉപോഷണം, ഉപോഷിതം-ഉപവാസം, അനശനം.

ഉപോഷിക്കുക-ഉപവസിക്കുക

ഉപോഷിത-വി. ഉപവസിക്കപ്പെട്ട.

ഉപോഹം-ഗ. ക്ലൃപ്തി ക. ക്ലൃപ്തം,

ഉപകൃഷ്ട-വിതച്ചടിച്ച [ഉപകൃത എന്നും കാണുന്നുണ്ട്].

ഉപക്ത-ഗ വിതയ്ക്കപ്പെട്ട. ക പരിക്കപ്പെട്ട

ഉപക്തകൃഷ്ടം-വിത്തുവിതച്ചു പിന്നേയും ഉഴുത നിലം. ആദ്യം വിതച്ചു പിന്നേ ഉഴുതത് എന്നർത്ഥം. മറെറാരുപര്യായം-'ബീജാകൃതം'.

ഉപ്പനച്ചം-ഒരു ചെടി.

[ഇതിനെ 'അനിച്ചം' എന്നും 'പ്പാച്ചം' എന്നും പറയാറുണ്ട്. ഇതു വിഷത്തേയും ശോഫത്തേയും കളയും അതി വിരോഹിയല്ല. ഇതിന്റെ ഇല കറി ചെയ്താൽ-ഗ്രാഹി, വിരോഹി, കടു, രൂക്ഷം, ഹൃദ്യം, ദീപനം, പാചനം, ദുർനാമകൃമിഹരം, തീക്ഷ്ണം, ശ്ലേഷ്മോല്ക്ലേദകരം, ലഘു].

ഉപ്പട്ടാവ-ഉപ്പുനീർ.

ഉപ്പൻ-ചെമ്പോത്ത് ഈശ്വരൻകാക്ക. പര്യായം-ചകോരം (ചകോരകം).

[ഈ പക്ഷിയുടെ മാംസം മധുരവും സ്നിഗ്ധവും വാതപിത്തപ്രശമനവും ആണ്. പാകത്തിനുകൂടിയും രസത്തിനുകൂടിയും കഴിച്ചാൽ ഗുണത്തേയും ഭുക്തത്തേയും വർദ്ധിപ്പിക്കും].

ഉപ്പളം-ഉപ്പുപടനം, ഉപ്പുവിളയുന്നസ്ഥലം.

ഉപ്പാ-അപ്പൻ [അറബിഭാഷ].

ഉപ്പാട്ടി-അമ്മച്ചി, നായർസ്ത്രീ.

ഉപ്പാളൻ-ഉപ്പുണ്ടാക്കുന്നവൻ.

ഉപ്പിക്ക-ഉപ്പുരസമുള്ളക

ഉപ്പിണിക്കായി-ഉപ്പിലിട്ടത്. (ഉപ്പിനക്കായി, കന്നടം).

ഉപ്പിപ്പു-ഉപ്പുരസം.

ഉപ്പിലിട്ടത-ഗ. നാരങ്ങ, ഇഞ്ചി, മുളക, മാങ്ങ മുതലായവ, ഉപ്പിലിട്ടുവയ്ക്കുന്നതിന്റെ പേർ. ക നാരങ്ങക്കറി, ഇഞ്ചിക്കറി മുതലായവയ്ക്കും പായാരമുള്ള പക്ഷമുണ്ട്. ന. ഉപ്പിലിട്ടു സൂക്ഷിക്കുന്നവസ്തു.

ഉപ്പില്ലാപഥ്യം-ഉപ്പുകൂടാത്ത പഥ്യം.

ഉപ്പിളി-പാമ്പിന്റെ പുറത്തെ തോല് (പാമ്പിൻചട്ട). ഉപ്പുക എന്നതിനു തമിഴിൽ വീക്കുക എന്നർത്ഥം. അതിൽനിന്നു ഉപ്പിളി ഉണ്ടായി

ഉപ്പിറച്ചി ഉപ്പിലിട്ടുണക്കിയ മാംസം.

ഉപ്പ്-ഗ കടലുപ്പ്. പര്യായങ്ങൾ-സാമുദ്രം, ലവണം, അക്ഷീവം, വസിരം.

[ഭൈഷജ്യരത്നാവലികാരൻ ഉപ്പു പ്രധാനമായി ഏഴുവിധം ഉണ്ടെന്നു കരുതുന്നു. കൂവച്ചിലുപ്പ്, ഇന്തുപ്പ്, വിളയുപ്പ് (വളയുപ്പ്), കടലുപ്പ്, ഉവരുപ്പ്, മേരുപ്പ്, ഔദ്ഭിദയുപ്പ് (ഔടിയുപ്പ്), കാരുപ്പ് (നാട്ടുപ്പ്), ഇവയെല്ലാം തീക്ഷ്ണവും

ഉപ്പുവും വൃഷ്യവുമാണ്. മലത്തെ ഉണ്ടാക്കും. വാതഘ്നമാണ്. കഫപിത്തങ്ങളെ ചെയ്യും. കല്ലുപ്പിനു ചവർപ്പ് ഇന്തുപ്പ് ഇങ്ങിനെയും പറഞ്ഞുകാണുന്നു. കൃഷിശാസ്ത്രകാരൻ ഉപ്പു വളത്തിനു നന്ന്. ഇതു തെരുത്തങ്ങിനും വെടിയുപ്പോട്ട ചോന്നാൽ കോതമ്പിനും മുന്തിരിക്കും ഉപയോഗമുള്ള വളമാണ്. ഉപ്പു മനുഷ്യർക്കു എന്നപോലെ മൃഗങ്ങൾക്കും അത്യാവശ്യമാണ്. ഭക്ഷണം ഉണ്ടാക്കും, രോഗത്തിനു ഇടയാക്കുകയില്ല. വയറ്റിലെ കൃമികളെ നശിപ്പിക്കും].

ഉ. കാളയുടെ പൂഞ്ഞുകുറ്റി.

ഉപ്പുകടൽ-ലവണസമുദ്രം.

ഉപ്പുകളർ-ഉപ്പു അധികമായിക്കാണുന്ന ഒരു മാതിരി ചുവപ്പുള്ള മണ്ണ്. (കൃഷിശാസ്ത്രം).

ഉപ്പുകാച്ചി, ഉപ്പിള-ഉപ്പിനെ നന്നാവുന്നതിനിപ്പിനുള്ള ഒരു വക ഇല.

ഉപ്പുകുറ്റി, ഉപ്പുറ്റി-കുതികാൽമടമ്പു, പാമൂലം

ഉപ്പുകുറ്റി-ഉപ്പുകുത്തുന്ന പാറ.

ഉപ്പുകൊറ്റൻ-ഉ. ഉപ്പുകച്ചവടക്കാരൻ. ഉ. തുണിമാതിയിലുള്ള ഒരു പ്രസിദ്ധനായ യോദ്ധാവ് (മുനി)

ഉപ്പുകൊറ്റുവർ-തമിഴർക്കിടയിലുള്ള കള്ളന്മാരായ ഒരു വകക്കാർ.

ഉപ്പുചന്ത-ഉപ്പിനകത്തു് ഉണ്ടാകുന്ന ചപ്പു

ഉപ്പുതെളി-ഉ. ഉപ്പിന്റെ തെളി. ഉ. ഉപ്പുകലക്കിത്തെളിക്കുന്ന ഒരു പച്ചമരുന്നു. ന. ഉപ്പുവള്ളി.

[ഉപ്പുവള്ളിയുടെ നീര ബലത്തോടെ നിഷ്ക്രിയമാക്കുന്നു. അകക്കോപ്പനും വാതത്തിനും നന്ന്].

ഉപ്പുപടന്ന-ഉപ്പുവിളയുന്ന സ്ഥലം. പര്യായങ്ങൾ-ഗഞ്ജം, ഉരം, ലവണാകരം ഇവ മൂന്നും

ഉപ്പുപണ്ടകശാല-ഉപ്പു ശേഖരിച്ചിട്ടുന്ന കെട്ടിടം.

ഉപ്പുമത്തി-ഉപ്പിലിട്ടുണക്കിയ ഒരു വക മത്സ്യം.

ഉപ്പുമഴ-ഉപ്പുകൂട്ടകൾ പതിക്കുന്ന മഴ.

[ഉപ്പുമഴ ഫ്രൻഫ്രെ അക്ലാബർ മുവ്വംനു- കൊട്ടാരക്കര റെയിൽവേസ്റ്റേഷനു സമീപമുള്ള ഒരു സ്ഥലത്തു പെയ്തു. ഏകദേശം ഫ്രഞ്ചു മിന്നിട്ടുനേരത്തേയ്ക്കു വഷ്പാതത്തോടുകൂടി ഉപ്പുകൂട്ടകൾ പതിച്ചുകൊണ്ടിരുന്നു. ഇതു സമുദ്രതീരങ്ങൾക്കു സമീപം എവിടേയെങ്കിലും ഫ്ലൂണ്ടികാവാതത്തിൽ ജലവും സഞ്ചരിച്ചു അധോഭാഗത്തുള്ള ജലത്തെ ആകഷ്ടിച്ചു ഭൂതലത്തെ വളരെ ദൂരത്തോളം ചരിക്കയും ആജലം ഘനീഭവിച്ചുപോകുമ്പോൾ അതിലുള്ളലവണം ശങ്കാം ഭൂമിയിൽ പതിക്കുകയും ചെയ്യുന്നതെന്നാണ് അഭിജ്ഞന്മാരുടെ അഭിപ്രായം-'ലകൈരള്' ഫ്രാൻസു കംപം. പുസ്തകം ന, ലക്കം ഠ]

ഉപ്പുമാങ്ങ-ഉപ്പിലിട്ട മാങ്ങ.

ഉപ്പുമീൻ-ഉപ്പിലിട്ടുണക്കിയ മത്സ്യം.

ഉപ്പുരസം-ഉപ്പിന്റെ രുചിയുള്ളതു്. പര്യായം-'ലവണം'.

ഉപ്പുസമുദ്രം-ഉപ്പുകടൽ.

ഉപ്പുറ്റി-ഒരു ചെടി.

[ഇതിന്റെ ഇല സ്വാദും തൃക്കുവുമാണ്. വാതശ്ലേഷ്മങ്ങളെ ഉണ്ടാക്കും. ഗുരുവും ശീതവുമാകുന്നു. വിരേചനകരവുമാണ്. വിഷംതീണ്ടിയതിനു ചെയ്യും. താമസിച്ചു ഛർദ്ദിക്കും].

ഉപ്പുറ്റി-കുഴിയുടെ പിൻഭാഗം

ഉപ്പേരി-ഉപ്പുചേർത്തു എണ്ണയിൽ (വെച്ചു

ച്ചെല്ലുന്നതിൽ) വരുത്തുണ്ടാക്കുന്ന ക്ഷേണ സാധനം.

ഉഭയചര-വി. ക. ഭൂമിയിലും ജലത്തിലും വസിക്കുന്ന. ഉ. കാറിൽ വസിക്കുന്ന

ഉഭയനിശാ-മഞ്ഞളും മരമഞ്ഞളും.

ഉഭയപക്ഷ-അ. രണ്ടു പ്രകാരം.

ഉഭയപ്രേ-രണ്ടു സ്ഥലത്തു്, രണ്ടു വശത്തു്.

ഉഭയം-രണ്ടുകൂട്ടിയ, രണ്ടു്.

ഉഭയം-ക. പകിശ. ഉ. നിലം: നു. മരഫലം, തെങ്ങു്, കവുങ്ങു്, പിലാവു്, വള്ളി ഈ നാലുതരവുമുള്ള വൃക്ഷങ്ങൾ ൪. അനുഭവം.

ഉഭയരാശി-മിഥുനം, കന്നി, ധനു, മീനം ഈ നാലുരാശികൾക്കുംകൂടിയുള്ള പേർ.

ഉഭയസമ്മതം-വാദിപ്രതികൾ തമ്മിലുള്ള സമ്മതം, ഉടമ്പടി.

ഉഭയീയ-വി. രണ്ടിനേയും സംബന്ധിച്ച.

ഉഭയേഹ്യു-ക. രണ്ടാമിവസത്തിൽ. ഉ. തലേനാളും പിറേന്നാളും.

ഉഭസ്ഥീൻ-മേശു്.

ഉഭൈമേദ-മേദയും, മഹാമേദയും.

ഉമ-ക. പട്ടണം. ഉ. മുറമുഖം.

ഉമയ്ക്കുക-ചെന്നുകൂടുക.

ഉമരി, ഉവരി-കടൽ.

ഉമാ-ക. പാർവ്വതി, രക്ഷിക്കുന്നവൾ [ഉ= അല്ലയ്യെ. മാ=അരുതു്. അമ്മയാൽ തപസ്സിൽനിന്നു നിഷേധിക്കപ്പെട്ടതുകൊണ്ടു് ഉമാ എന്ന പേരുണ്ടായി.]

[ഉമാ=ഉ+മാ. ഉ=തപസ്സു്. മാ =അരുതു്. 'ഉ' എന്നതിനു സംബോധനാർത്ഥവുമുണ്ടു്. (ഹേവത്സേ!) തപസ്സു് അരുതരുതു് അല്ലേപുത്രി! അരുതു് എന്നാണു് ഉമാ എന്ന പദത്തിനു് അർത്ഥം ഉണ്ടു്. 'ഉ'വിന്റെ (ശിവന്റെ) മാ=ലക്ഷ്മി. ലക്ഷ്മണയാ ദേവ്യാ എന്നർത്ഥം].

'ഉമേതിമന്ത്രാ തപസോനിഷിദ്ധാ
പശ്ചാദുമാഖ്യാം സുമുഖീമവാപ'
(കുമാരസംഭവം)

ഉ. അഗശ. ഇതിന്റെ പൂവു് മാല കെട്ടി ശിവനു ചാർത്തുന്നതുകൊണ്ടു് ഈ പേർ വന്നു. നു. പ്രകാശം, കാന്തി, ശോഭ. ൪. കീർത്തി, മാനം. ൫. ശാന്തത. നു. രാത്രി. ൭. മഞ്ഞൾ.

ഉമാഗുരു-ഹിമാലയപർവ്വതം.

ഉമാജനകൻ-ഹിമാലയപർവ്വതം.

ഉമാപതി-ശിവൻ. ഉമയുടെ (പാർവ്വതിയുടെ) ഭർത്താവു്.

ഉമാപതിധരൻ-ജയദേവതുടെ സമകാലീനന്മാരായ കവികളിൽ ഒരുവൻ.

ഉമാർ-ജീവിതകാലം.

ഉമാസുതൻ-ക. സുബ്രഹ്മണ്യൻ. ഉ. ഗണേശൻ.

ഉമി-ധാന്യങ്ങളുടെ തൊലി. പര്യായങ്ങൾ -ധാന്യത്വക്കു്, തുഷം.

ഉമിക്കരി-ഉമികരിച്ചതു്.

ഉമിക്കുക-തുപ്പുക.

ഉമിത്തീയ്-ഉമിയിൽചിടിച്ച തീയ്.

ഉമിനീരു്-വായിലെരവള്ളം, തുപ്പൽ.

ഉമിയുക, ഉമിഴുക-ക. തുപ്പുക. ഉ. തുപ്പലിറക്കുക. നു. കലുക്കഴിയുക.

ഉമിർ-ദേഹത്തിലെരോമം.

ഉമിഴ്-തുപ്പൽ.

ഉമിഴ്ക, ഉമിഴുക-ക. തുപ്പുക. [ഉമിണ്ണു=തുപ്പി.] ഉ. പുറത്തു തള്ളുക.

ഉമേദവാർ-ദാരിദ്ര്യത്തിനു കാരണമിന്നു തോന്നി പരിചയിക്കുന്നവൻ. Volunteer (വളന്റിയർ) ഉമേദവാർ ചെയ്യുന്ന ജോലിയാണു്.

ഉമ്മ-മുത്തം, ചുംബനം. [കന്നഡകം=മുമ്മു.]

ഉമ്മക്കംപൂട്ടുക-തുള്ളുക, ചുംബിക്കുക.

ഉമ്മം, ഉമ്മണ്ണു്-ക. ഒരുതരം പാമ്പു്

യങ്ങളും-ഉന്മത്തം, കിതവം, ധൂർത്തം, ധത്തൂരം, കനകാഹ്വയം, മാധുഫം, മദനം ഇവ ഏഴും.

[ഇതിന്റെ കായ്ക്ക് 'മാതുലപുത്രകം' എന്നു അമരം. ഉമ്മം ഒരു ഉപവിഷമാകുന്നു. മാത്രം, അന്നപാനം മുതലായവിധികളും ഇവയെ നല്ലപോലെ അറിഞ്ഞു പ്രയോഗിച്ചാൽ ജ്വരം, കഫം, കാസശ്വാസം, വിഷം, ക്ഷയം, മൂത്രകൃച്ഛ്രം, അഗ്നി, പ്രമേഹം മുതലായവക്ക് കൈകണ്ടമരുന്നാണ്. സൂക്ഷിച്ചുചെയ്യുഞ്ഞാൽ മരണം വരുത്തും. പേപ്പട്ടിവിഷത്തിന് ഒന്നാംതരമാകുന്നു. വെളുത്തനിറത്തിലും നീലനിറത്തിലുമുണ്ട്. സപ്തർണ്ണനിറത്തിൽ പൂവുള്ളതു കടച്ചാദ്ധ്യയുടെ മുകളിൽ ഉള്ളതായി പറയുന്നു.]

ഉ. സപ്തർണ്ണക്ഷീരം, കനകത്തോണ്ടൽ, പൊൻപൊടിപ്പു്.

ഉമ്മത്തു്-ജനനേന്ദ്രിയം. (അറബിഭാഷ).

ഉമ്മൻ-ഉമ്മൻ.

ഉമ്മരപ്പടി-വാതിൽപ്പടി.

ഉമ്മരുപ്പല്ലു്-മുൻഭാഗത്തെപല്ലു്, മുൻപല്ലു്

'ഉമ്മരത്തെപല്ലുകൊണ്ടു
ചിരിക്കുന്നമ്മേടുക്കണ്ടാൽ'
(സഭാപ്രവേശംപള്ളുപ്പാട്ടു്)

ഉമ്മറ(റ)പ്പുകാവു്-ഗൃഹത്തോടു ചേർത്തു വച്ചു പിടിപ്പിച്ചുണ്ടാക്കുന്ന പൂന്തോട്ടം. പര്യായങ്ങളും-ഗൃഹാരാമം, നിഷ്കുടം ഇവ രണ്ടു്.

ഉമ്മറാ, ഉമ്മാറു-പ്ര. മുൻഭാഗം. ഉ. വാതിൽപടി.

ഉമ്മാ, ഉമ്മാച്ചി, ഉമ്മച്ചി-പ്ര. അമ്മ. (അറബിഭാഷ) ഉ. ജ്യേഷ്ഠസ്ത്രീ.

ഉമ്മാടം-അസു. (അറബിഭാഷ)

ഉമ്മാടം-അ ന്യൂനാർത്ഥം.

ഉമ്മാണി-കാച്ചു.

ഉമ്മിണി-അ: കുറെ, അല്പം.

ഉമ്മിണി-ഒരു പേരു്.

ഉമ്മിട്ടം-ദുഷ്ടമൃഗത്തിന്റെ ശ്വാസംവിടൽ. ഉ. കുട്ടികൾ കൂടെത്തു ഭീരുശ്വാസം വിടുക [ഇതു വിമ്മിട്ടം എന്ന ശബ്ദം ആയിരിക്കണം.]

ഉമ്മ്യാ-ഉമ (അഗശി) വിളയുവാൻ യോഗ്യമായ ക്ഷേത്രം. മഞ്ഞറാൽമത്സ്യം-ഒരു മീനം.

ഉം-പ്ര. ഒരു പ്രധാനവ്യാക്ഷേപകം. ഉ. കോപം, അനാദരം, വാശ്ചര്യം, ശമനം മുതലായവയിൽ പ്രയോഗിക്കുന്ന ഒരു അവ്യയം. നു. വാക്കുകളെ തമ്മിൽ ചേർക്കുന്ന ഒരു അവ്യയം. ർ. ഒരു ഘടകനിർവാതം. [ഉ-ം, പാർവ്വതിയുടേയും ലക്ഷ്മിയുടേയും സംവാദം.]

ഉമ്പർ-ദേവകൾ.

ഉമ്പർകോൻ-ഇന്ദ്രൻ.

ഉമ്പർതടിനി-ഗംഗ.

ഉമ്പർനാടു, ഉമ്പർപുരം-സ്വർഗ്ഗം.

ഉയന്തുക-ഏമ്പക്കമിടുക.

ഉയരം-പൊക്കം. പര്യായങ്ങളും-ഉച്ഛ്രായം, ഉത്സേധം, ഉച്ഛ്രയം ഇവ മൂന്നും.

ഉയരുക-പ്ര. പൊങ്ങുക, കിളരുക. ഉ. പ്രബലമാവുക, ശ്രേഷ്ഠമാവുക.

ഉയരെ, ഉയരവേ-അ. പൊക്കത്തിൽ, മുകളിൽ.

ഉയർത്തുക-പൊക്കുക, വലിയസ്ഥിതിയിലാക്കുക.

ഉയർച്ച-പൊക്കം, ഉയരം.

ഉയർന്നതു്-ഉയർച്ചയുള്ളതു്. പര്യായങ്ങളും-ഉച്ചം, പ്രാംശു, ഉന്നതം, ഉത്തുംഗം, ഉച്ഛ്രിതം, തുംഗം ഇവ ഏഴും.

ഉയർന്നിലം-പൊങ്ങിയ നിലം.

ഉയർമല-പൊങ്ങിയ മല.

ഉയിർ-പ്ര. ജീവൻ. ഉ. ശ്വാസം.

ഉയിക്കുക-ജീവിക്കുക, ജീവനുണ്ടാവുക.

ഉയിപ്പിക്കുക-ജീവിപ്പിക്കുക, ജീവനുണ്ടാക്കുക.

ഉയിപ്പ്-ജീവിപ്പ്.

ഉയിപ്പിക്ക-ജീവിപ്പിക്ക.

ഉയിൽ-മരണപത്രിക.

ഉയ്യുമാറ്-മീതെത്തക്കവണ്ണം.

ഉര-ധാ. പറയുക.

ഉര-ധാ. തമ്മിൽ ചേർന്നരസുകം

ഉര-ക്രി. കീഴ്ത്തി, വീഴ്ത്തം.

'ഉരപെരുകിയപുരന്മാരിലേററംതദനേരം'
(ഭാക്ഷാനൈഷധചംപു)

ക. ഉരസൽ. ന. തേപ്പ്. ര. വാക്ക്.

ഉരകല്ല്, ഉരക്കല്ല്-ക്രി. സ്വർണ്ണം മാറ്റ നോക്കുന്നതിനുള്ള കല്ല്. ക. കത്തികടയുന്ന ചാണ പയ്യായങ്ങൾ-ശാണം, നികഷം, കഷം ഇവ മൂന്നും.

ഉരക്കുക-ക്രി. തേയ്ക്കുക. ക. പറയുക. ന. ബലപ്പെടുക, കട്ടപ്പമാവുക.

ഉരക്ഷതം-ക്രി. ഉരസ്സിലെ മുറിവ്. ക ഒരു രോഗം. ഉരസ്സിന്റെ ഉള്ളിലെ മുറിവ്.

[കഠിനഭാരം വഹിക്ക, ബലവാനോടു പിടിക്കുക, ഉയരത്തിൽനിന്നു വീഴുക, ഒട്ടുന്ന കതിര മുതലായവയെ പിടിച്ചു നിറുത്തുക മുതലായതിൽ ഇതുണ്ടാകുന്നു]

ഉരഗരാജൻ-ദുര്യ്യോധനൻ. (പാമ്പുകൊടിയടയാളമുള്ളവൻ.)

ഉരഗഭക്ഷണൻ-ശിവൻ. ഉരഗ (സർപ്പ) ത്തെ ഭക്ഷണമാക്കിയിരിക്കുന്നവൻ.

ഉരഗം-പാമ്പ്. ഉരസ്സുകൊണ്ടുനടക്കുന്നതു എന്നർത്ഥം.

ഉരഗരാജൻ-ക്രി. അനന്തൻ. ക. വാസുകി.

ഉരഗശത്രു-ശമ്പഡൻ.

ഉരഗാ-ഒരു പട്ടണത്തിന്റെ പേർ.

ഉരഗാഭരണൻ-ശിവൻ.

ഉരഗാരി-ശമ്പഡൻ. ഉരഗത്തിന്റെ അരി (ശത്രു) എന്നർത്ഥം

ഉരഗാശനൻ-ശമ്പഡൻ. ഉരഗത്തെ ഭക്ഷിക്കുന്നവൻ (തിന്നുന്നവൻ.)

ഉരഗി-പെൺപാമ്പ്.

ഉരഗേന്ദ്രൻ-അനന്തൻ. ക. വാസുകി.

ഉരചെയ്ക, ഉരയ്ക്ക-പഠക.

ഉരച്ഛദം-കപ്പുസ്സം, ചട്ട. മാറിനെ മറയ്ക്കുന്നതു എന്നർത്ഥം.

ഉരജൻ-ഒരസുരൻ. (ഇവനെ ഇന്ദ്രൻ കൊന്നു)

ഉരണ(കം)-ക്രി. കറിയാട്ട്. തടിക്കുന്നതു എന്നർത്ഥം. ആട്ടകൊറാൻ, മുട്ടാട്ട്, ആണാട്ട്, ചെമന്നആട്ട് ഇങ്ങിനെയും കാണുന്നുണ്ട്. ക. മേഘം. ന. മുത്തങ്ങ.

ഉരണാഖ്യം-തകര. മേഷത്തിന്റെ പേരുള്ളതു എന്നർത്ഥം.

ഉരണാക്ഷം-തകര.

ഉരണി-പെണ്ണാട്.

ഉരതല്ലുക-പൊരുതുക.

ഉരത്ത-വി. ക്രി. വീഴ്ത്തുള്ള. ക. പാഞ്ഞ. ന. വർദ്ധിച്ച.

ഉരത്തകപ്പുൻ-സ്ഥിരക്കുപ്പൻ.

ഉരത്തവണ്ണം-പറഞ്ഞതുപോലെ.

ഉരത്തവൻ, ഉരത്തൻ-ബലവാൻ.

ഉരത്തശീല-കട്ടിത്തുണി.

ഉരത്തിടം-ശക്തിയുടെ ആധിക്യം.

ഉരത്തുക-ഉരത്തുക, തേയ്ക്കുക.

ഉരപ്പൻ-കരപ്പൻ, ഇരുമ്പുചീപ്പ്.

ഉരപ്പു-ക്രി. കീഴ്ത്തി. ക. തേപ്പു, ഉരയ്ക്കുന്ന (തേയ്ക്കുന്ന) പ്രവൃത്തി.

ഉരാട്ടു-കറിയാട്ട്. വടുതര മാടിനെ കൊല്ലുന്നതു എന്നർത്ഥം ആട്ടകൊറാൻ, മുട്ടാട്, ആണാട്, ചെമന്നആട് ഇങ്ങിനെയും പറയുന്നു.

ഉരാംഗം, ഉരാഗം-സർപ്പം.

ഉരാമുന്ന-ചെറിയകത്തുകൊണ്ടുനടക്കുന്ന ഉരുമ്പ്.

ഉരാ-ക്രി ശക്തി, ഉറപ്പ്. ക മുറപ്പു. ന ഒരുമ്പു. ര തോൽ. ഇ. സസ്യാദികളു

ടെ വളച്ചുകെട്ടുപായോഗമായി നിലം പൂരയിടങ്ങളിൽ ഇടുന്ന സാധനം, വളം. ന. മാർവ്.

ഉരഃകാൽ-വള്ളക്കാരുടെ കോൽ.

ഉരമികം-വി. കീർത്തി അധികമുള്ളത്

ഉരമ്മുക-ഉരയുക, അലറുക.

ഉരമ്പൽ-വലിയശബ്ദം. ക. മുരമുരപ്പ്.

ഉരമ്പുക-ക്രി. ഉറക്കെ ശബ്ദിക്കുക. ക മുരമുരക്കുക. ഉരമ്മുക എന്നുമാകാം.

ഉരയ്ക്കുക-ക്രി. തേയ്ക്കുക. ക. കായുക.

ഉരയ്ക്കുക-ക്രി. ഉരസുക, തേയ്ക്കുക. ക. മത്സരിക്കുക. ന. പൊന്നുമുതലായതു് ഉരച്ചു മാറ്റുനോക്കുക. ര. പായുക.

ഉരയ്പ്പ്, ഉരപ്പ്-ക്രി. ഉരമ്പൽ, തേപ്പ്. ക. മത്സരം. ന. പൊന്നുംമറ്റും ഉരച്ചു മാറ്റുനോക്കുക. ര. സംസാരം, വർത്തമാനം. ങ. കീർത്തി.

ഉരരീ-അ. അംഗീകാരം. ക. വിസ്താരം.

ഉരരീകാരം-ക്രി. വാഗ്ദത്തം. ക. അംഗീകാരം.

ഉരരീകൃത-ക്രി. അംഗീകരിക്കപ്പെട്ട. ഉരരീകരിക്കപ്പെട്ട എന്നർത്ഥം. ക. വിടിക്കപ്പെട്ട. ന. പ്രതിജ്ഞചെയ്യപ്പെട്ട.

ഉരൽ-നെല്ലുകുത്തുക, വല്ലതും പൊടിക്കുക മുതലായവയ്ക്കു കല്ലുകൊണ്ടോ മരംകൊണ്ടോ ഉരുവശം കുഴിച്ചുണ്ടാക്കുന്ന ഒരു വസ്തു.



പര്യായങ്ങൾ-ഉദൂഖലം (ഉഡുഖലം), ഉലൂഖലം.

ഉരൽപ്പുര-നെല്ലുകുത്തുന്ന പുര.

ഉരവ്-തേപ്പ്.

ഉരസൽ-ക്രി. ഉരപ്പ്. ക. വാഗ്വാദം.

ഉരസിക്കുക-തേയ്ക്കുക, ഉരയ്ക്കുക.

ഉരസിജം-മൂല. ഉരസ്സിൽ (മാറിൽ) ജനിച്ചതു്.

ഉരസിലു-വി. നെഞ്ചുറപ്പുള്ള.

ഉരസിലൻ-പരന്ന മാറിടത്തോടു കൂടിയവൻ, മാറിടത്തിന്റെ വിശേഷത കാണുമ്പോൾ ഇവൻ അധികം ബലമുള്ളവനാണെന്നു അറിയുന്നതിനാൽ ഈ പേരുണ്ടായി. മറ്റൊരുപര്യായം-ഉരസ്വാൻ

ഉരസുക-തേയ്ക്കുക, ഉരയ്ക്കുക.

ഉരഃസൂത്രിക-മുത്തുമണികൊണ്ടുണ്ടാക്കിയ താവടം (അയവായി കെട്ടുന്ന കണ്ഠാഭരണം), മുത്തുമാല.

ഉരസ്ത്രാണം-ചട്ട, കവചം.

ഉരസ്യൻ-സവർണ്ണയായ ഭാര്യയിൽ തനിക്കുതന്നെ ഉണ്ടായപുത്രൻ. മറ്റൊരുപര്യായം-ഔരസൻ.

ഉരസ്വൽ-വി. നെഞ്ചുറപ്പുള്ള, ബലമുള്ള [പും-ഉരസ്വാൻ. സ്ത്രീ-ഉരസ്വതി.]

ഉരസ്സ്-മാറിടം, സ്വന്തം ഭാര്യയിൽ തനിക്കുതന്നെ ഉണ്ടായപുത്രൻ എന്നർത്ഥം. മറ്റുപര്യായങ്ങൾ-വത്സം, വക്ഷസ്സ്. [ക്രോഡം, ഭുജാന്തരം ഇവരണ്ടും കൂടി പര്യായമായി സ്വീകരിക്കാമെന്നു കാണുന്നു.]

ഉരസ്സുരം-പായ്.

ഉരി-ധാ. പറിഞ്ഞുപോകുക.

ഉരി-നാഴിയിൽ പാതിയായ അളവ്.

ഉരി-അ. ക്രി. വിസ്താരം. ക. അംഗീകാരം ന. പ്രതിജ്ഞ.

ഉരിച്ചിൽ, ഉരിപ്പു-ക്രി. തൊലിക്കുക. ക വസ്ത്രം അഴിച്ചുകളയുക.

ഉരിപ്പ്-ബലമുള്ള തടി.

ഉരിയൻ-തക്കവൻ.

ഉരിയാടുക-മിണ്ടുക, സംസാരിക്കുക, പറയുക, ശബ്ദിക്കുക. (ഉരിയാടൽ-പാച്ചിൽ. ഉരിയാടൽ എന്നതിൽ നിന്നുമാണു.)

ഉരിയാട്ടം-സംസാരം, വർത്തമാനം.

ഉരിയുക-ക്രി. തൊലിക്കുക. ക. വസ്ത്രം അഴിച്ചുകളയുക.

ഉരിവ്-ഉരിച്ചിൽ.

ഉരീകൃത-വി. ക്ര. അംഗീകരിക്കപ്പെട്ട. ഉ. വിടിക്കപ്പെട്ട. നു. പ്രതിജ്ഞചെയ്യപ്പെട്ട.

ഉരു-ക്ര. വലിയ. ഉ. അധികമായ. പര്യായങ്ങൾ-വിശാലം, പൃഥു, ബൃഹത്ത്, പൃഥുലം, വിശാലം, മഹത്ത്, വഡ്ഢം, വിപുലം.

ഉരു-ക്ര. രൂപം. ഉ. ആവത്തി. നു. ഒരു തുക (എണ്ണം.) ര. കപ്പൽ. ഇ. വെങ്കല പാത്രങ്ങൾ. ന്യ. ദേഹം. ഒ. ആന.

ഉരുകുക-അലിയുക, ദ്രവിക്കുക, മൃദുവാകുക.

ഉരുക്കഴിക്കുക-ഉരുവിടുക, വളരെപ്രാവശ്യം ചൊല്ലിത്തോന്നിക്കുക.

ഉരുക്കം-ക്ര. അലിച്ചിൽ. ഉ. വ്യസനം.

ഉരുക്കാരൻ-കപ്പലോടിക്കുന്നവൻ.

ഉരുക്കു-ക്ര. ഉരുകിയ ഇരുമ്പ്. ഉ. അലിച്ചിൽ

ഉരുക്കുക-അലിക്കുക, ദ്രവിപ്പിക്കുക, മൃദുവാക്കുക.

ഉരുക്കുനെയ്യ്-ഉരുക്കിയനെയ്യ്.

ഉരുക്കുപൊടി-ഉരുക്കിന്റെപൊടി.

[ഇതു ഗോമൂത്രത്തിൽശുദ്ധിചെയ്താൽ ശോഫത്തിന്നുനന്ന്. പാണ്ഡു, പ്ലീഹ, കുഷ്ഠം, ഗുൽമ്മം, കണ്ണിലെ വ്രണശുക്ലാർമികം ഇവ ശമിക്കുന്നതിന്ന കൊള്ളാം.]

ഉരുക്കുപൊന്ന്-പൊൻകട്ടി.

ഉരുക്കുമണി-കരാരേണം.

ഉരുക്കുമണിക്കാതില-കാതിലിടുന്ന കരാരേണം.

ഉരുക്കുവെള്ളി-വെള്ളിക്കട്ടി.

ഉരുക്കൂട്ടുക-ശേഖരിക്കുക.

ഉരുങ്ങുക-തേയുക, ഉരയുക.

ഉരുട്ടൻ-ചതിയൻ.

ഉരുട്ടു-ക്ര. കള്ളസ്സൂത്രം, കള്ളസ്സമ്പ്രായം. ഉ. ചതിവു്.

ഉരുട്ടു-ഉരുണ്ട, വൃത്തമുള്ള.

ഉരുട്ടുക-ക്ര. കള്ളസ്സൂത്രം കാണിക്കുക. ഉ. ചതിക്കുക.

ഉരുണി-എല്ലിന്റെ തുട (സ്ഥാനം.)

ഉരുണ്ട-വി. ഉണ്ടയായ, ഉരുണ്ടിരിക്കുന്ന.

ഉരുതമ-വി. വളരെ വലുതായ.

ഉരുതര-വി. ഏറവും വലുതായ. [തരം എന്നതിൽ കൂടിയതാണ തരം.]

ഉരുതരം-ഓരോ തരത്തിലുള്ള വസ്തു.

ഉരുതാ, ഉരുത്വാ-വലിയതു്, വലുപ്പം, മഹത്തു്.

ഉരുതി-ഭംഗി. [രീതി എന്നതിന്റെ തത്ഭവം]

ഉരുത്തരം-ചേർന്നിരിക്കുന്ന ഭാഗങ്ങൾ.

ഉരുത്തിരളുക-ആകൃതിയിലാവുക.

ഉരുത്തിരിക്കുക-ക്ര. ആകൃതിപ്പെടുത്തുക. ഉ. വേർപെടുത്തുക.

ഉരുത്തിരിയുക-ക്ര. ആകൃതിപ്പെടുക. ഉ. വേർപെടുക.

ഉരുത്തികയുക-സാമാനങ്ങൾ മതിയാവുക.

ഉരുത്തിരിവു-ക്ര. ആകൃതിപ്പെടുത്തുക. ഉ. വേർപാടു.

ഉരുപൂകം-ആവണക്ക്. സംസ്കൃതത്തിൽ 'ഉരുബൂകം'

ഉരുപ്പടി-സാമാനം, ഓരോരോതരത്തിലുള്ള വസ്തു.

ഉരുബൂകം-ആവണക്ക്. വലിയ രോഗങ്ങളെല്ലാടെ മരുന്നാണ്.

ഉരുമ്മൽ-മിനുസം വരുത്തുക.

ഉരുമ്മുക-ക്ര. തേയ്ക്കുക, ഉരയ്ക്കുക.

'അംബരമുരുമ്മിച്ചുടും'

(ഉത്തരരാമായണംചമ്പു)

ഉ. മിനുസം വരുത്തുക. നു. മുഴിയുക. ര. കടാക്ഷിക്കുക. [ഉരുമ്മുക എന്നും കാണാറുണ്ട്.]

ഉരുവം-രൂപം എന്നതിന്റെ തത്ഭവം.

'രാമഭദ്രനിതുരുവം'

(രാമചരിതം)

ഉരുവഴിഞ്ഞുപോയി-കാണാതായി.

ഉരുവാക്കുക-ആകൃതിപ്പെടുത്തുക.

ഉരുവിടുക-ഉരുക്കഴിക്കുക, വളരെ പ്രാവശ്യം ചൊല്ലി തോന്നിക്കുക.

ഉരുവിടുവിക്കുക-ഉരുക്കഴിപ്പിക്കുക, വളരെപ്രാവശ്യംചൊല്ലിച്ചു തോന്നിപ്പിക്കുക.

ഉരുവോട്ടം-കപ്പലോട്ടം.

ഉരുസൽ-ഗ. വീഴ്ച. ഉ. കുഴപ്പം; ശണ്ഠ. ന. കൂടുക. ര. മുടക്കം. ഒ. അലസൽ.

ഉരുസുക-ഗ. വീഴുക. ഉ. കൂടുക. ന. മുടങ്ങുക. ര. അലസുക. ഒ. കുഴയുക.

ഉരുള-ഉണ്ട, പിണ്ഡം. പയ്യായങ്ങൾ-ഗ്രാസം, കബളം ഇവ രണ്ടും.

ഉരുളക്കട്ട, ഉരുളിക്കട്ട-കൃഷിക്കുള്ള ഒരു ഉപകരണം.

[ഇതു് കല്ലുരുമ്പോലെ ഘനമുള്ള മരംകൊണ്ടു ചെയ്തു ഉരുമ്മത്തടിയാകുന്നു. ഇതു കട്ടയുടയ്ക്കും. ഭൂമിയെ മൃദുവാക്കും. മണ്ണ് അമന്നു വിത്തുകൾ ആഴത്തിൽ പോകുന്നതിനെ തടയും. ഭൂമിയെ വിത്തു വിതയ്ക്കുന്നതിനു സ്ഥിതിയിൽ ആക്കുന്നതിനു പൂട്ടൽ, പല്ലിത്തടി വലിക്കൽ, ഉരുളക്കട്ട വലിക്കൽ ഇവ പ്രാധാന്യപ്രവൃത്തികളാകുന്നു. ഉരുളക്കട്ടയ്ക്കു പകരം ചില സ്ഥലങ്ങളിൽ മരക്കഷണമോ പലകയോ ഉപയോഗിച്ചുവരുന്നു.]

ഉരുളൻ-വി. ഉരുണ്ടിരിക്കുന്ന.

ഉരുളൻപുലിശ-പരിശയ്ക്കുപരിശ.

ഉരുളി-ഒരുതരം തിരി മൊട്ടപാത്രം.

ഉരുളിക്കുക-ഉരുട്ടുന്നതിനിടയാക്കുക.

ഉരുളുക-ഗ. മറിഞ്ഞുതിരിഞ്ഞു മറിഞ്ഞുതിരിഞ്ഞു പോവുക. ഉ. ഉണ്ടയാവുക.

ഉരുൾ-ചക്രം, വണ്ടി.

ഉരുൾപൂട്ടുക-ഉരുട്ടുക.

ഉരുൾമരം-ഗ. വെട്ടിയെറിച്ചമരം. ഉ. രൂപംതടി.

ഉരോജം-കുല. ഉരസ്സിൽ ജനിച്ചത് എന്നർത്ഥം.

ഉർവ്വരാ-ഭൂമി. ഭാരിദ്ര്യത്തെ നശിപ്പിക്കുന്നതെന്നർത്ഥം. ധനികന്മാരെ വരിക്കുന്നതു് എന്നുമാകാം. ഉ. ഭൂമി.

ഉർവ്വരാവരൻ-സർവ്വസസ്യസമ്പന്നയായ ഭൂമിയുടെ നായകൻ.

ഉർവ്വശി-ഗ. ഒരു ദേവസ്ത്രീ. ഏറ്റവും പ്രകാശിക്കുന്നവൾ, നാരായണമഹർഷിയുടെ തുടയിൽനിന്നു ജനിച്ചവൾ, വളരെപ്പേരെ വശീകരിക്കുന്നവൾ എന്നർത്ഥം.

[ഈ അപ്സരസ്ത്രീ പുരൂരവസ്സിന്റെ ഭാര്യയായിരുന്നു. മിത്രനും വരുണനും കൊടുത്ത ശാപംകൊണ്ടാണ് അവൾ ഭൂമിയിൽ ജനിപ്പാനിടയായതു്. മിത്രാവരുണന്മാർ അവളുടെമേൽ മോഹിക്കുകനിമിത്തം അഗസ്ത്യനും വസിഷ്ഠനും ഉരുവിച്ചു പുരൂരവസ്സിന്റെ ഭാര്യയായിരുന്നു. കുറച്ചുകഴിഞ്ഞു ശാപം തീർന്നുടൻ തിരികെ സ്വർഗ്ഗംപ്രാപിച്ചു.]

ഉ. ആഗ്രഹം, കാംക്ഷ, ഉത്സാഹം. ന. ഒരു വൃത്തം. അതിജഗതിഛന്ദസ്സിൽ പെട്ടതു്. പാദംഒന്നിൽ അക്ഷരം ൨൧ വീതംകാണും.

'നതതതംഗംവരുന്നകിലാമുർവ്വശി'

(വൃത്തമഞ്ജരി)

ഉർവ്വശീതീർത്ഥം-ഭാരതത്തിലെ ഒരു പുണ്യസ്ഥലം.

ഉർവ്വശീവിലാസം-ഒരുതരം വസ്ത്രം.

'ഉർവ്വശീവിലാസാഭ്യമംവസ്ത്രവും
ഉർവ്വീദേവ! ലഭിച്ചുകിലത്ഭുതം'

(മുറജപപ്പാന)

ഉർവ്വാരു-ഗ. വെള്ളരി. മൂത്രത്തെ ധാരാളമായി പ്രേരിപ്പിക്കുന്നതു് എന്നർത്ഥം. ഉ. പേക്കുമ്മട്ടി.

ഉർവ്വാരുകം-വെള്ളരി. ഉ. പേക്കുമ്മട്ടി.

ഉർവ്വി-വി. മഹത്തായ, വലുതായ.

ഉർവ്വി-ഭൂമി. പാതാളലോകത്തെ മറയ്ക്കുന്നതു് എന്നർത്ഥം.

ഉർവ്വീതലം-ഭൂലോകം.

ഉർവ്വീധരം-പർവ്വതം, ഉർവ്വിയെ ധരിക്കുന്നതു്

ഉവ്വീധവൻ-രാജാവ്, ഭൂമിയുടെ ഭർത്താവ് എന്നർത്ഥം.
ഉവ്വീപതി-രാജാവ്.
ഉവ്വീന്ദ്രൻ-രാജാവ്.
ഉവ്വീഭൃത്ത്-പ. രാജാവ്. ഉ. പർവ്വതം.
ഉവ്വീരുഹം-വൃക്ഷം. ഉർവ്വിയിൽമുളയ്ക്കുന്നത്.
ഉവ്വീശൻ, ഉവ്വീശ്വരൻ-രാജാവ്
ഉവ്വിസുരൻ-ബ്രാഹ്മണൻ. ഉർവിയിലെ സുരൻ (ദേവൻ).
ഉള-ധാ. ഇളകുക, അയവുചേരുക.
ഉള-പ. ലോഹാദികളെ ഉരുക്കുന്നതിക്കുഴി, മൂശ. ഉ. ഉലയത്താൽ. സ. മാംസച്ചുവ.
ഉലകം-ലോകം.
ഉലക്കം-നടക്കം.
ഉലക്ക-നെല്ലു കുത്തുന്നതിനുള്ള ഒരു ആയുധം. ഉലയ്ക്കുക എന്നതു നോക്കുക.
ഉലക്കൊടിൽ-കൊടിൽ, തീയിൽനിന്ന് എടുക്കുന്നതിനും മറ്റുമുള്ള ഒരു ഇരുമ്പുസാധനം.
ഉലച്ചിൽ, ഉലച്ചൽ-പ. ഇളക്കം, കലുക്കം. ഉ. വ്യാകുലം. സ. ക്ഷയം.
ഉലത്തോൽ-ഉലയിൽവെച്ചൂതുന്നതോൽ. പഴുയെങ്ങും-ഭസ്ത്രം, ചർമ്മപ്രസേവിക.
ഉലപം-ഇലകളും മുള്ളികളും ഉള്ളവള്ളി. മറയ്ക്കുന്നത് എന്നർത്ഥം. ഉ. പടർന്നുപിടിച്ച വള്ളി.
ഉലം-ഒരു കാട്ടു ജന്തു.
ഉലയ-ഉലയത്തുക്കുവണ്ണം.
'ഭുവനതലമുലയമുഹുരചറി'
(അദ്ധ്യാത്മരാമായണം)
ഉലയുക-പ. ഇളകുക, ആടുക. ഉ. ക്ഷീണിക്കുക. സ. ഉടവുതട്ടുക.
ഉലയ്ക്ക-പ. നെല്ലുകുത്തുന്നതിനുള്ള ഒരു സാധനം. പഴുയെങ്ങും-അയോഗ്രം, മൂസലം. ഉ. ഇളകുക.
ഉലയ്ക്കുക-ഇളക്കുക, ആട്ടുക. ഉ. ക്ഷീണിപ്പിക്കുക, തോല്പിക്കുക. സ. ഉണ്ടാക്കുക.
ഉലയ്പു-പ. കലുക്കം. ഉ. ക്ഷീണത.
ഉലരുക-ഉണങ്ങുക, പൊരിയുക, നീരുവലിയുക, വാടുക.
ഉലക്കുക, ഉലർത്തുക-ഉണക്കുക, പൊരിക്കുക, നീരുവലിയിക്കുക.
ഉലവ്-ഉണക്ക്.
ഉലർപ്പ്-ഉണക്ക്.
ഉലവ്-പ. ഉണക്ക്. ഉ. കലുക്കം.
ഉലാത്തുക - വിശ്രമാർത്ഥം അങ്ങോട്ടുമിങ്ങോട്ടും പതുക്കെപ്പതുക്കെ നടക്കുക.
ഉലാവിന-ലഭിക്കുന്ന, ഉള്ള.
ഉലാവുക-പ. നടക്കുക, സഞ്ചരിക്കുക. ഉ. കോഴി മുട്ടയിടുന്നതിനു സ്ഥലം അന്വേഷിച്ചു നടക്കുക. സ. പ്രാപിക്കുക, പറക്കുക. ര ലഭിക്കുന്ന, ഉള്ള.
'എന്നെന്നുമെയ്തുമെയ്തു ലുലാവും'
'ഹന്തമാനെ മണംകലന്നലഖവീ-
ടിനരോമാഞ്ച കഞ്ചുകമണിഞ്ഞു ഭൂരുഗം'
(ഉത്തരരാമായണം ചമ്പു)
ഉലുമ്പ്-പ ദുർഗ്ഗന്ധം. ഉ. ദുസ്സ്വഭാവം.
ഉലുവാ-ഒരുതരം ഔഷധിയോഷധിയാണ്.
[ഉലുവയ്ക്കു വെന്തയം എന്നും പേരുണ്ട്. വാതത്തിനും വയറിളക്കട്ടുപ്പിനും നീർദോഷത്തിനും നന്ന്. വാതരക്തത്തിനു വിശേഷം].
ഉലുവാൻ-കൗരവപക്ഷം.
ഉലൂകൻ-പ. ഇന്ദ്രൻ ഉ. കേരവന്മാരുടെ ഇഷ്ടനായ ഒരു രാജാവ് (ഈ ഉലൂകനെ കേരവർ പാണ്ഡവന്മാരുടെ സമീപത്തു ദൂതനായി അയയ്ക്കുന്നുണ്ടായിട്ടുണ്ട്. ഉലൂകൻ്റെ രാജ്യം ഉലൂകം)
ഉലൂകം-പ. മൂങ്ങ, ഉലമൻ. കൂട്ടംകൂട്ടമായി സഞ്ചരിക്കുന്നത് എന്നർത്ഥം. നേത്രജ്യോതിസ്സുകൊണ്ടു കാക്കകളെ ഹേളിച്ചിക്കുന്നത് എന്നുമാകാം. ഉ. ആനയുടെ തുമ്പത്തോടു. സ. ഒരു രാജ്യം. [ഉലൂകൻ എന്ന രാജാവായ, കേരവരുടെ ഒരു ഇഷ്ടൻ ഭരിച്ചിരുന്നത്.]

ഉലൂഖലകം–പ. ഗ്രൽഗ്രലം ആകാശത്തെ വ്യാപിക്കുന്നത് എന്നത്ഥം. ഉ ഉരൽ

ഉലൂഖലം–പ ഉരൽ. ഉ. ഗ്രുല്ലു. [മലയാളികൾ പറയുന്നതു ഗ്രൽഗ്രലു].

ഉലൂഖലിക–വി. ഉരലിൽ ഉലക്കകൊണ്ട് ഇടിച്ചുപൊടിച്ച.

ഉലൂപി–പ. കൊഴമീൻ. ആശ്ചര്യകരമായ രൂപമുള്ളതു്, ശിവനു സദൃശമായ രൂപമുള്ളതു്. മറെറാരുപര്യായം–'ശിശുകം'. ഉ. ഒരു നാഗരാജ്ഞി. അജ്ജുനൻറ ഒരു ഭാര്യ. ഇവളിൽ അജ്ജുനന് ഇരാവാൻ ജനിച്ചു.

[ഉലൂപി നാഗരാജാവായ കൌരവ്യൻറ പുത്രിയാണ്. ഒരിക്കൽ അവർ ഗംഗയിൽ കുളിക്കുമ്പോൾ അജ്ജുനനെ കണ്ടു മോഹിച്ചു പിടിച്ചു പാതാളത്തിൽ കൊണ്ടുപോയി. അനന്തരം അജ്ജുനൻ അവളെ ഭാര്യയാക്കി. ചിത്രവാഹനൻ അജ്ജുനനെ കൊന്നപ്പോൾ ഇവർ ജീവിപ്പിച്ചു.]

ഉലൂതം–പെരുമ്പാമ്പു, അജഗരം.

ഉല്ക്കൻ–ഒന്നിൽ അധികം താൽപര്യപ്പെട്ട മനസ്സോടുകൂടിയവൻ.

ഉല്ക്കമാലി–ശിവൻറെ ഭൃത്യരിൽ ഒരുവൻ

ഉല്ക്കമുഖൻ–ഒരു അസുരൻ. മുഖത്തു തീയുള്ളവൻ എന്നർത്ഥം. ഈ പേർ വന്നു.

ഉല്ക്ക–പ തീക്കൊള്ളി. കത്തുന്ന തീക്കൊള്ളി. ഉ കൊള്ളിമീൻ, തേജോപുഞ്ജം. നു. ഇരിമ്പൽ

ഉല്പന്നം–പ. ഉണ്ടാക്കപ്പെട്ടതു്. ഉ. ലഭിച്ചതു. നു. ജനിച്ചതു.

ഉല്പാദം–പ ഗർഭിണിയുടെ ക്ഷീണം. കുടിമുടുന്നതു് എന്നർത്ഥം. ഉ മേഹപിള്ള.

ഉല്പാതനം–സ്പർശം. ഉ അധികം.

ഉല്പാടകം–പ. തീക്കൊള്ളി. ഭേദിക്കുന്നതു എന്നർത്ഥം. മറെറാരുപര്യായം–'അലാതം'. ഉ. കരിക്കൊള്ളി.

ഉല്പാഠനം–പ. കളകം. ഉ തിന.

ഉല്പാഠിക–ചാടിക്കടക്കുക.

ഉല്പാഠിത–വി. കടക്കപ്പെട്ട.

'ഉല്പാഠിതാജ്ഞനന്മാരെക്കൊല്ലുംസന്ദേഹമി
(നളചരിതം കഥകളി) ല്ല'

ഉല്പവ–വി. ഇളകുന്ന, വിറയ്ക്കുന്ന.

ഉല്പസിക്കുക–പ. സന്തോഷിക്കുക. ഉ. വിടിക്കുക. നു, ശോഭിക്കുക.

ഉല്പസിത–വി. പ. സന്തോഷിച്ച. ഉ. വിടിച്ച നു. പ്രകാശിക്കപ്പെട്ട.

ഉല്പാഷ–വി. രോഗം മാറിയ.

ഉല്പാഷൻ–രോഗം മാറി സുഖപ്പെട്ടവൻ. എല്ലാം ചെയ്യുന്നതിനു നിപുണൻ എന്നർത്ഥം.

ഉല്പാഷവാതം. ഉദ്ഭൂതമായ ലാഘവത്തോടുകൂടിയതു്.

'പാത്താൽക്ഷീണമതെങ്കിലും ഉഡുതരകൊണ്ടുല്പാഷവംസ്വാമിതൻ'
(അഭിജ്ഞാനശാകുന്തളം)

ഉല്പാവ–പ. കൊഞ്ചിപ്പുറക. ഉ. കണ്ണീരോടുസ്വരം.

ഉല്പാസം–പ. സന്തോഷം. ഉ. കാണ്ഡം. നു. വിടിപ്പു.

ഉല്പിഡ–പ വി. ഉറയ്ക്കപ്പെട്ട, തടയ്ക്കപ്പെട്ട. ഉ. പൂത്തിയാക്കിയ, തടുക്കുണ്ടാക്കിയ, മിനുക്കിയ

'ഉത്പിഡാനോല്പിഡൻ' (ഭട്ടാഹരി)

ഉല്ലേഖനം–പ. എഴുത്തു്. ഉ. ചുരണ്ടുക. നു. കിള. ൽ. മുട്ടിക്കുക. ഇ. തടുപ്പു്.

ഉല്ലേഖം–പ ഒരലങ്കാരം. പല ഗുണങ്ങളുള്ള ഒരു വസ്തുവിനെ അവയിൽ ഓരോന്നിനെ പ്രമാണിച്ചു് ഓരോന്നാക്കികൽപ്പിക്കുന്നു.

'ഉല്ലേഖമൊന്നിനെത്തന്നെ
പലതായി നിരൂപിക്കിൽ
കാരണനന്നിവനസ്ത്രീകം
കാലനെന്നാദ്യരെഴർക്കും'
(രസികരഞ്ജനം)

ക. തേയ്ക്കുക(തേപ്പ്), ഉരയ്പ്പ്. ന. ക്ക.

ഉല്ലേപികാ–കഴയ്.

ഉല്ലോചം–മേൽക്കെട്ടി. മേൽഭാഗത്തുള്ളതാ ഭിക്കുന്നത്. മറെറാരുപയ്യായം–'വിതാനം'.

ഉല്ലോലാ–വലിയ തിരമാല, മേല്പെട്ട പൊങ്ങിച്ചാടുന്നത്. മറെറാരുപയ്യായം–കല്ലോലം.

ഉവയ്ക്കുക–ക്ര. സ്നേഹിക്കുക. ക. സന്തോഷിയ്ക്കുക. ന. വിശ്വസിയ്ക്കുക.

ഉവന്ത്–വാത്സല്യത്തോടുകൂടി.

'ഉത്തമനാമിന്ദ്രൻ മമ താതനുവന്നേ തന്നൊരു കാഞ്ചനമാല'

ഉവപ്പ്–ക്ര. സ്നേഹം. ക. സന്തോഷം.

ഉവരി, ഉമരി–കടൽ.

ഉവർ–ഓത്, (സമുദ്രത്തിലേ വെള്ളത്തിൽനിന്ന) ഉപ്പുരസം.

ഉവർകാലി–ജലത്തിൽ കിടപ്പാൻ ആഗ്രഹിക്കുന്ന പോത്തും മറ്റും.

ഉവർനിലം–ഉവർവെള്ളംകേറുന്നസ്ഥലം.

ഉവന്തരിക മാനമായി തരിക.

'സുവർണ്ണമണിമുകുടാഭരണവസ്ത്രാദിക–
ളുവന്തരുളുവൻഞാൻനിനക്കുവേണ്ടുവോളം'
(ഭാരതം)

ഉവർമണ്ണ–ഉവർനിലത്തിലേ മണ്ണ്.

[ഇതിനെ മൂർക്ഷാരമണ്ണെന്നും പേരുണ്ട്. മൂർക്ഷാക്ഷ്മം, ഉന്മം, കഫം, മേദസ്സ് യോനിദോഷം ഇവയെ കളയും].

ഉവർവെള്ളം–സമുദ്രത്തിലേ വെള്ളം.

ഉവരുപ്പ്–മണ്ണുപ്പ്.

[ഇതിനെ ഖനിജം എന്നും പറയും. ഇതു് ഉവരുമണ്ണിൽ വിളയുന്നതാണ്.]

ഉവവി–ക്ര. വാത്സല്യം. 'ഉവന്ത്' എന്നതു നോക്കുക. ക. ആഗ്രഹം, കാംക്ഷ. ന. ചായ്പ്.

ഉവാ–തികവു്.

ഉവ്വ്–ഒരു പ്രധാന വ്യാക്ഷേപകം. അതെ സരിക്കുന്ന ഒരു വാക്ക്.

ഉശനസ്സ്–ഭൃഗുമഹർഷി, അസുരന്മാരുടെ ശ്രേയസ്സിനെ ഇച്ഛിക്കുന്നവൻ.

[ഇദ്ദേഹം അസുരന്മാരുടെ ആചാര്യനാണ്. ഒരു ധർമ്മശാസ്ത്രഗ്രന്ഥവുമുണ്ടാക്കിച്ചിട്ടുണ്ട്.]

ഉശാനി–ഒരു രാജാവ്.

ഉശീനരൻ–ശിബിയുടെ പിതാവ്.

ഉശീനരാ–ഒരു ദേശം (കണ്ടഹേർ).

ഉശീരാ–രാമച്ചത്തിൻ വേര്, ഇച്ഛിക്കപ്പെടുന്നത് എന്നർത്ഥം. മറെറ പയ്യായങ്ങൾ–അഭയം, നളദം, സേവ്യം, അരുണാളം, ജലാശയം, വാരജകം, കുലുലയം, അവമാഹം, ഇഷ്ടകാപേഡം.

ഉഷ–അ. പുലർകാലം, രാത്രിയുടെ അവസാനം.

ഉഷ–ക്ര. പ്രാതഃകാലം. ഉഷസ്സ് എന്നതിന്റെ പാഠഭേദം, ക. ഓർപ്പുള്ള മണ്ണ്. ഉഷം എന്നതിന്റെ പാഠാന്തരം. ന. കലം, പാത്രം. ഉഖ എന്നതിന്റെ പാഠഭേദം. ശ. അനിരുദ്ധന്റെ ഭാര്യ, ബാണാസുരന്റെ മകൾ, ബലിയുടെ പൌത്രി. (ഉഷാപതി എന്നുനോക്കുക)

ഉഷംഗു–ശിവൻ.

ഉഷണം–ഉരുക്ക്. തിളപ്പിക്കുന്നത് എന്നർത്ഥം. ഉഷ്ണം എന്നതിന്റെ പാഠാന്തരം.

ഉഷ്ണാ–തിപ്പലി. ചുട്ടുനീറിക്കുന്നത്. ഉഷണാ എന്നതിന്റെ പാഠഭേദം.

ഉഷതി–അനുശയവചനം. അതെ എന്നതിന്റെ പാഠാന്തരം.

ഉഷപൻ–ക്ര. അഗ്നി. ക. സൂര്യൻ.

ഉഷർബുധൻ–അഗ്നി. പ്രാതഃകാലത്തിൽ പ്രകാശിക്കുന്നവൻ, സന്ധ്യകളിൽ ഉണ്ടാകുന്നവൻ. [സന്ധ്യാസമയങ്ങളിൽ ഒരു പാസനാമികബ്രാഹ്മണർക്ക് ദേവനായി അഗ്നി

യെ ജ്വലിപ്പിക്ക പതിവായതുകൊണ്ട് ഇങ്ങിനെ അർത്ഥം.

ഉഷ്ണീകൃത-ചൂടാക്കിയത്.

ഉഷസ്സ്-പ്രാതഃകാലം. ഇരുട്ടിനെ അശേഷം കളയുന്നതു് എന്നർത്ഥം.

ഉഷാപതി-അനിരുദ്ധൻ. ബാണപുത്രിയായ ഉഷയുടെ ഭർത്താവു് എന്നർത്ഥം.

[ഉഷ ഒരു രാത്രിയിൽ അതിസുന്ദരനായ ഒരുവനെ സ്വപ്നത്തിൽ കണ്ടു മോഹിച്ചുപോയി. അതു മൂലം അവൾ നിദ്ര വെടിഞ്ഞു വിവശയായി. അനന്തരം തന്റെ സഖിയായ ചിത്രലേഖ ഉഷയുടെ ദീനഭാവം കണ്ടു് അവളോടു് അതിന്റെ കാരണം ചോദിച്ചു. അവൾ സർവ്വാവയവസൌന്ദര്യമുള്ള ഒരുവനെ സ്വപ്നത്തിൽ കണ്ടതായും ഇന്നാരെന്നു നിശ്ചയമില്ലെന്നും അവനെ കൂടാതെ ജീവിച്ചിരിക്കുക പ്രയാസമെന്നും സഖിയോടു പറഞ്ഞു. ഉടൻ പല രാജാക്കന്മാരുടെയും ഛായാപടം ചിത്രലേഖ വരച്ചു കാണിച്ചു. അനിരുദ്ധന്റെ പടം കണ്ടപ്പോൾ താൻ ഇദ്ദേഹത്തെത്തന്നെയാണു സ്വപ്നത്തിൽ കണ്ടതെന്നും മറ്റും പറഞ്ഞു പടത്തെ അതിപ്രേമാദികം ചെയ്തു. ഇതു കണ്ടു് അമ്മാവന്റെ കൃപാതന്നിയ തോഴി ഉടൻ ശോണിതപുരത്തെ പ്രാപിച്ചു നിദ്രയിൽ കിടന്ന അനിരുദ്ധനെ ആരും അറിയാതെ രാത്രിതന്നെ എടുത്തു ഉഷയുടെ സമീപത്തെത്തിച്ചു. ഈ മോഷണം ഹേതുവായിട്ടു കൃഷ്ണൻ, ബലഭദ്രൻ മുതലായവർ ഒരു പക്ഷമായും ബാണൻ, ശിവൻ മുതലായവർ മറ്റൊരുപക്ഷമായും യോഗയുദ്ധം നടന്നു. ഒടുക്കം കൃഷ്ണൻ ബാണന്റെ കരങ്ങളെ ഛേദിച്ചു. പ്രഹ്ലാദോപദേശനാകയാൽ ബലഭദ്രൻ കൊന്നില്ല. ബാണൻ സന്തോഷിച്ചു തന്റെ കന്യകയായ ഉഷ എന്ന സുന്ദരിയെ അനിരുദ്ധനായി കൊണ്ടു കൊടുത്തു. എല്ലാവരുടെയും സമ്മതത്തോടുകൂടി അവർ രണ്ടാളും ദ്വാരകത്തേക്കെന്നു രായി ഭവിച്ചു. അനിരുദ്ധനെ ഋഷികൻ എന്നും ഉഷാപതി എന്നും കൂടെ വിളിക്കാറുണ്ടു്. ഈ ദമ്പതികൾക്കു് വജ്രൻ എന്ന പേരായി ഒരു പുത്രനുണ്ടായിത്തന്ന പ്രകാരം കാണുന്നു.]

ഉഷിത-വി. ക. വസിക്കപ്പെട്ട. ഉ. പഴകിയ. ന. ചുട്ട, ദഹിപ്പിക്കപ്പെട്ട.

ഉഷ്ടം-ഒട്ടകം. എപ്പോഴും വെയിലുകൊണ്ടു തപിക്കുന്നതു് എന്നർത്ഥം.

ഉഷ്ടകണ്ടകഭോജനന്യായം-"ഒട്ടകം വളരെ പ്രയാസപ്പെട്ടു മുള്ളുതിന്നുന്നു. അതുകൊണ്ടു ഫലമോ വളരെ സ്വല്പം. ഉപയോഗത്തിന്റെ സന്ദർഭം സ്വൽപ്പം."

ഉഷ്ണ-വി. ചൂടുള്ള.

ഉഷ്ണക-വി. ക. ചൂടുള്ള. ഉ. സാമർത്ഥ്യമുള്ള.

ഉഷ്ണകരൻ-സൂര്യൻ.

ഉഷ്ണകം-പന്നി.

ഉഷ്ണകിരണൻ-സൂര്യൻ.

ഉഷ്ണഗു-സൂര്യൻ.

ഉഷ്ണദീധിതി-സൂര്യൻ.

ഉഷ്ണൻ-മടിക്കുമ്പോൾ കാര്യങ്ങളിൽ പ്രവർത്തിക്കുന്നവൻ.

ഉഷ്ണപുഷ്ണ-ഗ്രഹരോഗം, പിത്തപ്പുണ്ണ്.

ഉഷ്ണവാഷ്പം-കണ്ണുനീർ.

ഉഷ്ണം-ക. ശീതോഷ്ണങ്ങളിൽ ചൂടുനീറുന്ന കാലം എന്നർത്ഥം. ഉ. ചൂട്. ഉഷ്ണം > <ശീതം. ന. എരിവു്. ഭ. ഉത്തി.

ഉഷ്ണരേഖല-ഉത്തരായനത്തിനും ദക്ഷിണായനത്തിനും മദ്ധ്യത്തുള്ള ഭൂഭാഗം. [ഇവിടെ സൂര്യനെ എപ്പോഴും തലയ്ക്കുമീതെ (മുകളിൽ) കാണാം] ഭൂമിയിൽ മദ്ധ്യരേഖയ്ക്കടുത്ത ഭൂഭാഗം.

ഉഷ്ണരശ്മി-ആദിത്യൻ. ചൂടുള്ള രശ്മികളുള്ളവൻ എന്നർത്ഥം.

ഉഷ്ണരുചി-ആദിത്യൻ.

ഉഷ്ണവാതം-ഒരു രോഗം.

[വ്യായാമം, വഴിനടക്കുക, വെയിൽകൊള്ളുക എന്നിവകൊണ്ടു പിത്തം അധികമായി വാതമെന്നിച്ചു വസ്തിയിൽ എത്തി അവിടെയും ലിംഗം ഗുദം ഇവിടങ്ങളിലും ദാഹത്തെ ഉണ്ടാക്കി മൂത്രത്തെയും രക്തത്തെയും വീണ്ടുംവീണ്ടും പണിപ്പെട്ടു ഒഴിപ്പിക്കും. മൂത്രം മഞ്ഞനിറമായോ ചെമ്പുചെമപ്പായോ ഇരിക്കും.]

ഉഷ്ണവാരണം-കുട.

ഉഷ്ണാഗമം-വേനൽക്കാലം.

ഉഷ്ണാംശു-സൂര്യൻ. ഉഷ്ണാംശു> <ശീതാംശു.

ഉഷ്ണാംശുകൻ-ആദിത്യൻ.

ഉഷ്ണിക-കുഞ്ഞി, ചുക്കുകുഞ്ഞി.

ഉഷ്ണിക്ക്-ഒരു ഛന്ദസ്സ്. ഒരു പാദത്തിൽ അക്ഷരം ൭.

ഉഷ്ണിക്കുക-ചൂടുക, ചൂടുവരുക.

ഉഷ്ണിപ്പിക്കുക - ചൂടുവിക്കുക, ചൂടുവരുത്തുക.

ഉഷ്ണീഷം-പ. തൊപ്പി, തലപ്പാവ്. ഉ. തലയിൽകെട്ട്, കിരീടം. ഉഷ്ണത്തെ നശിപ്പിക്കുന്നത് എന്നർത്ഥം.

ഉഷ്ണേതര-വി. തണുത്ത.

ഉഷ്ണേതരാംശു-ചന്ദ്രൻ.

'ഉഷ്ണേതരാംശു ദിവാകരലോചനൻ'

(ഭാഗവതം)

ഉഷ്ണോദകം-ചൂടുവെള്ളം.

ഉഷ്ണോപഗമം-ശീഘ്രത്തിൽ, ഉഷ്ണത്തെയില്ലാതാക്കുന്നത് എന്നർത്ഥം.

ഉഷ്ണം, ഉഷ്ണകം-പ. ശീഘ്രത്തിൽ ഉ. ചൂട്. ന. കോപം. ര. ഉത്സാഹം, താപം.

ഉസ്രൻ-സൂര്യൻ.

ഉസ്രം-പ. രശ്മി. ഉ. ജലത്തിന്റെ നിലാസസ്ഥാനം (ഇതിനകത്തു ജലമുണ്ട്) എന്നർത്ഥം. ഉ. കാള ന. ദിവസം.

ഉസ്രാ-പ. പാൽ. ഇതിൽ ക്ഷീരം ഇരിക്കുന്നതിനാൽ ഈ പേർ വന്നു. നല്ലജാതി പുല്ല് എന്നും അർത്ഥം കാണുന്നു. ഉ. ഒരു ചെടി. ന. പ്രഭാതം. ര. പ്രകാശമാനമായ ആകാശം. ങ. ഭൂമി.

ഉസ്രികാ-പ. കാളക്കുട്ടി. ഉ. പ്രായം അധികമായ കാള.

ഉസ്രികാ-പാൽ.

ഉസ്രിയം-കാള.

ഉസ്രിയാ-പ. പാൽ. ഉ. രശ്മി, പ്രകാശം. ന. കന്നുക്കുട്ടി. ര പാൽ.

ഉള-ഉള്ള.

ഉളകു, ഉളവു-ആയുധാഭ്യാസത്തിൽ ഒരു പ്രധാനഭാഗം.

ഉളയുക, ഉളകുക-നോവുക, വേദനയെടുക്കുക.

ഉളയ്ക്ക-പ. ശബ്ദിക്കുക (തമിഴ്). ഉ. പറയുക, കളിക്കുക.

ഉളവാകുക-ഉണ്ടാവുക.

ഉളവ്-പ. ഉത്സവം. ഉ. ഉളവുക.

ഉളറുക-കഥയില്ലായ്മ പറയുക.

ഉളി-മരം പണിയുന്ന ആയുധം.

ഉളിയത്തച്ചൻ-പ്രസിദ്ധിയുള്ള ഒരു കീഴ്ജാതിക്കാരനായ ഉളിയായുർപ്പെരിയത്തച്ചൻ.

ഉളിന്ദൻ-ശിവൻ.

ഉളിയം-കരടി. (തമിഴ്).

ഉളിയുക-നോക്കുക.

ഉള്ള-മരത്തിലുള്ള പുഴു.

ഉള്ളക്ക്, ഉള്ളക്കൽ-കൊള്ളൽ, ഇടപ്പ്.

ഉള്ളിക്കുക-പ. കൊള്ളുക, ഇടയുക. ഉ. മരപ്പണി ഉളിപ്പണിയായുക.

ഉള്ളിപ്പ്-പ. ലജ്ജാശീലം. ഉ. നാണം. ന. ഉണർച്ച.

ഉഴുന്നു്-ധാന്യത്തിലുള്ള ഒരു വക പുഴു.

ഉളെ, ഉളെള-ഉള്ളിൽ.

ഉള്ള-വി. ഫ. വേിക്കുന്ന. ക. ഉനരായ. ന. ഛേന്.

ഉള്ളകം-ഫ. അകത്തെ മുറി.

'വെണ്ണയുംപാലുംവെച്ചുള്ള കാഴ്കിനാർ'
(കൃഷ്ണഗാഥ)

ക. ഹൃദയം.

ഉള്ളം-ഫ. മനസ്സ്. ക. അകം.

ഉള്ളങ്കാൽ-കാലിന്റെ അകം.

ഉള്ളങ്കൈയ്-കൈയുടെ അകം, കൈപ്പടം. പഞ്ചായങ്ങം-പഞ്ചശാഖം, ശയം, പാണി.

ഉള്ളവണ്ണം-അ. ഫ. സത്യമായിട്ട്. ക ഉള്ളതുപോലെ.

ഉള്ളഴിയുക-മയതോന്നുക, മനസ്സലിയുക.

ഉള്ളഴിവ്-ദയ, മനസ്സലിവ്.

ഉള്ളറ-ഫ. അകത്തകം. ക. ഗർഭഗൃഹം. ഗർഭാഗാരം, അമ്പലങ്ങളിൽ വിഗ്രഹപ്രതിഷ്ഠ ചെയ്തിട്ടുള്ളഗർഭഗൃഹം. ന. ചെടിക്കകത്തുള്ള അറ.

ഉള്ളറിവ്-മനസ്സറിവ്.

ഉള്ളാക്ക്-കരടിയുടെ അലച്ച്.

ഉള്ളാടൻ-കാട്ടുമനുഷ്യൻ. ക. വേടൻ. ന. കൊച്ചീമലയടിവാരത്തുള്ളൊരുവകവേടന്മാർ

ഉള്ളാളൻ-ഫ. കോഴിക്കോട്ട അരിയളവു കൊടുക്കുന്ന ഒരു മാരിയിൽ പെട്ടവൻ, പള്ളിച്ചാൻ ക. ഉള്ളാടൻ.

ഉള്ളി-ഒരു രോമോദ്ഭേദമത്രേ. (ഇതു രണ്ടു വിധം. ചെമന്നുള്ളി, വെളുത്തുള്ളി)

ഉള്ളു-ഫ. അകം. ക. ഹൃദയം. ന. സൂക്ഷ്മബുദ്ധി, വിശ്വസ്തത. ശ. രോഗത്തെ ഗ്രഹിച്ചിരുന്നതു മരുന്നുമായിട്ടു യോജിച്ചിരിക്കുന്ന സ്ഥിതി.

ഉള്ളുണർച്ച-അറിവ്, ബോധം.

ഉള്ളുരുക്കം-ഉള്ളുഴൽ, ഉൾച്ചൂട്.

ഉള്ളുരുക്കി-ഉൾത്തലം, ഉൾത്തിട്ട, കട്ടപ്പാ.

ഉള്ളൂരി-അകത്തെ തൊലി, കനംകുറഞ്ഞ തോൽ.

ഉളം-അ. അകം, ശൂന്യദേശങ്ങളിൽഒന്നു. [ചെം, ഒവം, വൊ, ഇരു. തെളു, മുതു, പൂതു, പഴ, കടു, കൊട്ട, അന്ത. ഒൺ, നൽ, പശ്(പൈ), താഴ്, കീഴ്, മേൽ, കൂർ, ഒന്ന, ഉൾ, നേർ, പോന്ന, ചൊവ, പൊവ, പൊലി, എളി, കിഴ, പഴ്, വൽ, മുഴ ഇത്യാദി ശൂന്യദേശങ്ങളുംകുന്നു].

ഉള്ള, നിശ്ചയം (ഉള്ളു), വാസ്തവം, ഉണ്ട് എന്ന സ്ഥിതി, ഇത്യാദി അർത്ഥങ്ങളും ഉണ്ടാകും.

ഉളംകടൽ-അകക്കടൽ.

ഉളംകണ്ണ്-ദിവ്യചക്ഷുസ്സ്, ജ്ഞാനദൃഷ്ടി.

ഉളംകനം-ഔത്സുക്യം.

ഉളംകപടം-മായ, വഞ്ചന.

ഉളംകലക്കം-ഹൃദയം, മനസ്സ്.

ഉളംകരുപ്പം-ഉൾക്കരുപ്പ്.

ഉളംകരുത്തു്-ധൈര്യം, ഉറപ്പ്.

ഉളംകലന്ന-വി. ഇടകലർന്ന.

ഉളംകാണം-ഉൾക്കോഴ, രഹസ്യകൈക്കൂലി.

ഉളംകാമ്പു-മനസ്സു, ബുദ്ധി.

ഉളംകാഴ്ച-മനസ്സുകൊണ്ടു കാണുന്നകാഴ്ച.

ഉളംകിരുന്ന-മനസ്സ്.

ഉളംകേട്ട്-അകാമയുള്ളാലോചന, ചീത്ത മനസ്സ്.

ഉളംകൈയ്-സഹായം, ഇതു മറ്റുള്ളവർ അറിയാതെ കള്ളന്മാർ മുതലായവർക്കു ചെയ്യുന്ന സഹായം അകമ്പ.

ഉളംകൊതിക-അനുമോദിക്ക, പ്രശംസിക്ക.

ഉളംകോപം-വിരോധം, ദ്വേഷം.

ഉളംകോഴ-രഹസ്യകൈക്കൂലി.

ഉളംപുക്ക-അകത്തെ കപ്പനം.

ഉളംപുതി-കൗശലം, സമ്പ്രദായം, സൂത്രം.

ഉളംപുരി-വ്യാമുഗ്ധി, ഒക്കിള സന്തോഷം.

ഉൾച്ചേർപ്പ്-സ്നേഹം.
ഉൾത്തളിർ, ഉൾത്താർ-മനസ്സ്, ബുദ്ധി
ഉൾത്താപം-അകമേയുള്ള ദുഃഖം.
ഉൾത്തിരക്ക്-ഗ. മത്സരം. ഘ. ശത്രുത്വം. ങ. അസൂയ.
ഉൾപ്പക-നീരസം, വൈരം.
ഉൾപ്പുക-ഉള്ളിൽ (അകത്തു) പോവുക.
ഉൾപ്പൂവ്-മനസ്സ്, ബുദ്ധി.
ഉൾപ്പെടുക-ചേരുക, പ്രവേശിക്കുക, ഏറ്റപ്പെടുക.
ഉൾപ്പെടുത്തുക-ചേർക്കുക, പ്രവേശിപ്പിക്കുക, ഏറ്റപ്പെടുത്തുക.
ഉൾപ്പേടി-ഭയം, ഭീരുത്വം.
ഉൾപ്പൊരുൾ-ഒളിവായി കിടക്കുന്ന അർത്ഥം.
ഉൾപ്പോര്-ഗ. മത്സരം. ഘ. അസൂയ.
ഉൾപ്രേമം-സ്നേഹം.
ഉൾബോധം-അറിവ്, ഉള്ളിലേ ബോധം, ജ്ഞാനം.
ഉൾഭയം-ഉൾപ്പേടി.
ഉൾവെട്ട്-ഗ. അരയ്ക്കു തടിയുടെ അകത്തേഭാഗം. ഘ ചതി. ങ. ചതിച്ചെടുക്കുന്ന ലാഭം.
ഉഴ-ധാ. പൂകുക, ചേർപ്പാൻ വരുക.
ഉഴകലം-പരിജനം, രാജചിഹ്നം.
ഉഴക്കൻവള-അഴിച്ചുവെയ്ക്കാവുന്ന ഒരു മാതിരി വള, വിരിയൻവള.
ഉഴക്കു, ഉഴക്കുതാഴ്പ്-നാഴിയിൽ നാലിൽ ഒരു ഭാഗം. പയ്യായം-നികുഞ്ചം (നികുഞ്ചകം).
ഉഴങ്ങ്-ചെറിയ കട്ടക്ക.
ഉഴപ്പ്-ധൃതി, തിടുക്കം.
ഉഴമ്പുക, ഉഴപ്പുക-ധൃതിപ്പെടുക, തിടുക്കപ്പെടുക.
ഉഴം-കൃഷിചെയ്യുന്ന മല.
ഉഴൽമാൻ-ഒരു വക മാൻ [ഉഴമാൻ എന്നും കാണുന്നു].

[പുള്ളിമാൻ, കലമാൻ ഇങ്ങിനെ പലവിധം പറയുന്നു]

ഉഴയുക-അലസാനിക്കുക, പ്രയത്നപ്പെടുക
ഉഴയ്ക്കുക-ഗ. അലസാനപ്പെടുക, ക്ഷീണിക്കുക. ഘ. നിലത്തു കിടന്നുരുളുക, പാമ്പിനെപ്പോലെ ഓടുക.
ഉഴപ്പ്-ഗ. അലസാനം. ഘ. താൽപര്യം. ങ. ഉത്സാഹം.
ഉഴല-മരത്തിന്റെ കേട്.
ഉഴലുക-ഗ. അലഞ്ഞുതിരിയുക, ചുറ്റിനടക്കുക, ചുഴലുക. ഘ. കഷ്ടപ്പെടുക, ബുദ്ധിമുട്ടുക. ങ. അലസാനപ്പെടുക. ച. ക്ഷീണിക്കുക.
ഉഴൽ, ഉഴൽച്ച-ഗ. ക്ഷീണം. ഘ. അലസാനം. ങ. ചുറ്റിനടപ്പ്.
ഉഴവ്, ഉഴമ-ഉഴുക. ഘ. കൃഷിചെയ്യൽ.
ഉഴയവൻ, ഉഴമക്കാരൻ-കൃഷിക്കാരൻ
ഉഴവാതിൽ-പടിവാതിൽ.
ഉഴവുചാൽ-ഉഴപ്പൊളി.
ഉഴമ്മപ്പെടുക-ധൃതികൂട്ടുക, തിടുക്കപ്പെടുക.
ഉഴറൽ, ഉഴറ്റ്-ഗ. തിടുക്കം. ഘ. ബദ്ധപ്പാട്.
ഉഴറി ശീഘ്രമായി.
ഉഴറുക-ഗ. തിടുക്കപ്പെടുക. ഘ. ബദ്ധപ്പെടുക. ങ. ചുറ്റിനോടുക, ഓടുക.
ഉഴറ്റുക-ഗ. തിടുക്കപ്പെടുത്തുക ഘ. ബദ്ധപ്പെടുത്തുക.
ഉഴറോടെ-അ. വേഗത്തിൽ.
ഉഴി-ധാ. വട്ടത്തിൽ ചുറ്റുക.
ഉഴി-ഒരു വൃക്ഷം.
ഉഴിക്കാണുക-പ്രയത്നംചെയ്യുക.
ഉഴിച്ചിൽ-ഗ. തിരുമ്മുക. ഘ. തെറ്റുകർമ്മം.
ഉഴിഞ്ഞ-ഒരു വള്ളി, ചെടി.

[ഈ കഥപിന്നാലെ കൂടും. ഇതിന്റെ വേര് സന്നിക്ക് നന്ന്. ഗർഭി

ണ്ണികരിക്കും കൊള്ളാം. അരയ്ക്കുമേങ്ങളും ഉള്ള് ഇവയ്ക്കും ഉപയോഗമുണ്ട്.]

ഉഴിഞ്ഞാൽ-തൊട്ടുകൂട്ടിൽ. പര്യായങ്ങൾ ദോമ, പ്രോക്ഷ ഇവ രണ്ടും.

ഉഴിയുക-ക്രി. തിരുമ്മുക. പ. ചുഴറുക. സ. ഉഴിഞ്ഞുമാറുക.

ഉഴിയിക്കുക-ക്രി. തിരുമ്മിക്കുക. പ. ഉഴിഞ്ഞുമാറിക്കുക.

ഉഴിവ്-ഉഴിച്ചിൽ.

ഉഴുകയർ-കൃഷിക്കുള്ള ഒരു ഉപകരണം.

[ഇതു തണ്ടിന്റെ അറ്റത്തു നുകം കെട്ടുന്നിടത്തു ചേർത്തിരിക്കുന്നു. ഇതു താഴ്ത്തിയാൽ ആഴംകുറയും. ഉപാക്കിയാൽ ആഴം കൂടും ഇതുകൊണ്ടു ചാലിന്റെ അകലം ഇത്രയുണ്ടെന്നു നിശ്ചയപ്പെടുത്തുവാൻ കഴിയും.]

ഉഴു(വു)കുക-പൂട്ടുക.

ഉഴുന്ന-ഒരു ധാന്യം. [സംസ്കൃതത്തിൽ മാഷം].

[കേരളത്തിൽ വിളയുന്ന ധാന്യങ്ങളിൽ വെന്നാണ്. സ്നിഗ്ദ്ധമാണ്. ബലത്തേയും ശ്ലേഷ്മത്തേയും മലത്തേയും പിത്തത്തേയും ഉണ്ടാക്കും. ഗുരുത്വവും ഉഷ്ണവുമാകുന്നു. വാതത്തെ കളയും. സ്വാദാണ്. ശുക്ലവൃദ്ധിയെ ചെയ്യും. ഹിതം പോലെ വിരേചിപ്പിക്കും. സരമാകുന്നു. ഉഴുന്നു വിളയുവാൻ യോഗ്യമായ ക്ഷേത്രത്തിനു മാഷ്യം, മാഷീണം എന്നു പര്യായങ്ങൾ.]

ഉഴുതകണ്ടം-പൂട്ടിയ കണ്ടം. പര്യായങ്ങൾ-സീതം, കൃഷ്ടം, ഹല്യം ഇവയുമുണ്ട്.

ഉറ ധാ. കട്ടിയാവുക.

ഉറ-ക്രി. തയ്യുവാൻ ഇട്ടുന്ന സന്ധി. പ. പാലുകാച്ചി തണുത്തതിൽപിന്നെ തൈരാക്കുവാൻ ചേർക്കുന്ന മോര് അല്ലെങ്കിൽ തൈര്. സ. കത്തിരുമ്പു തീറിക്കൊട്ടുന്ന സന്ധി. ൪. വീട്ടും. ൫ തുറ എന്ന സംജ്ഞ. ൬ ഇരുപതുപാക്കിയതുവ് ൭. മൂടി.

ഉറക്കുട്ടുക-പാലിൽ മോരോ തൈരോ ചേർന്ന് തൈരാവുക.

ഉറക്കുട്ടുക-പാലിൽ മോരോ തൈരോ ചേർത്ത് തൈരാക്കുക

ഉറക്കം-ക്രി. നിദ്ര. പര്യായങ്ങൾ-നിദ്ര, ശയനം, സ്വാപം, സ്വപ്നം, സംവേശം. പ. മയക്കം.

[ഒരുദിവസം ഇടവിടാതെ അമ്പതു ദിവസത്തിലധികം ഉറക്കമൊഴിച്ചാൽ മരിച്ചുപോകുന്നതാണ്.]

ഉറക്കറ-കിടപ്പുപുര, കിടക്കപ്പുര, ഉറക്കത്തിനുള്ള അറ.

'കാമവശനായവനുറക്കറയിൽവീണാൻ'
(രാമായണം ൫൪ വൃത്തം)

ഉറങ്ങുക-നിദ്രചെയ്യുക. പ. മയങ്ങുക

ഉറക്കുക-നിദ്രചെയ്യിക്കുക.

ഉറക്കുത്തു്-പുഴുതിന്നുക. ഉ-ം, ഉറക്കുത്തുള്ള മരം.

ഉറക്കെ, ഉറക്കവെ-അ. ക്രി. ഉച്ചത്തിൽ. പ. മുറുകെ.

ഉറക്കൊഴിവു്-ഉറക്കമിളപ്പു്.

ഉറക്കമൊഴിക്കുക-ഉറക്കമിളയ്ക്കുക.

[ഉറക്കമൊഴിക്കുന്നതിന്റെ പര്യായങ്ങൾ-ജാഗര്യം, ജാഗരം ഉറക്കമൊഴിക്കുന്നവൻ അല്ലെങ്കിൽ ഉണർന്നിരിക്കുന്നവൻ എന്നതിനു പര്യായങ്ങൾ-ജാഗരൂകൻ, ജാഗരികൻ. ഉറക്കം ജയിക്കുന്നവന്റെ പര്യായങ്ങൾ-ഗുണാതീതൻ, പ്രചേതസ്സ് തൻ. ഉണർച്ചയില്ലാത്തവനും ഇവയെ പറയാം. നിദ്രശീലൻ എന്നതിനു പര്യായങ്ങൾ സ്വപ്നാലു, ശയാലു (ലു), നിദ്രാലു (ലു) മ. ഉറങ്ങിയവൻ എന്നതിനു പര്യായങ്ങൾ-നിദ്രാണൻ, ശയിതൻ.]

ഉറങ്ങുക-ക്രി. നിദ്രചെയ്യുക. പ. മയങ്ങുക.

ഉറച്ചിൽ-ക്രി പാലിൽ മോരോ തൈരോ ചേർത്ത് തൈരാക്കുക പ. ഉള്ളിൽ, വിറയൽ.

ഉറതെത്ത്-കട്ടതെത്ത്.

ഉറത്തുക-പുഴതിന്നുക.

ഉറന്നെഴുക--ഉറവിടുക.

ഉറന്ത്-വാസസ്ഥലമാക്കി.

ഉറപ്പിക്കുക-ക്രി. സ്ഥിരപ്പെടുത്തുക. ഉ. നിശ്ചയപ്പെടുത്തുക. നാ. കട്ടയാക്കുക.

ഉറപ്പ്-ക്രി. ശക്തി. ഉ. സ്ഥിരത. നാ. കടപ്പാം. ദ്ര. യീശു.

ഉറപ്പുഴ-ഒരു കൃമി, മരത്തിലുള്ള പുഴു.

ഉറയുക-ക്രി. തുള്ളുക, വിറയ്ക്കുക. ഉ. കട്ടിയാവുക. നാ. ഉറവുക.

ഉറയ്ക്കുക-ക്രി. സ്ഥിരപ്പെടുക. ഉ. നിശ്ചയിക്കുക. നാ. കട്ടയാകുക.

ഉറൽ, ഉറപ്പൊടി-കേടുപറ്റിയ മരത്തിന്റെ പൊടി.

ഉറവക്കണ്ണ്-ഭൂമിയിൽനിന്നു ജലംവരുന്ന ദ്വാരം.

ഉറവൻ-ചെള്ള്, ഒരു പുഴു.

ഉറവ്-ക്രി. പുഴു, കിണറു, കുളം മുതലായവയിൽ ഭൂമിയുടെ അന്തർഭാഗത്തിലിരിക്കുന്ന ജലം മേലെപ്പൊങ്ങുക. (ഭൂമിയിൽനിന്നു ചില ദ്വാരങ്ങളിൽകൂടെ ജലം വരുന്നതിനും പറയാം.) ഉറവ്. പര്യായങ്ങൾ-ഭൂമം, ജലനിർഗ്ഗമം. ഉ. സ്നേഹം, അനുരാഗം. നാ. ബന്ധുത്വം.

[പാത്രത്തിൽ മുറവു പൂരപ്പെടുന്നസ്ഥലത്തിനു പര്യായങ്ങൾ-ഉത്സം, പ്രസ്രവണം.] ദ്ര. ഉണ്ണാപ്പി.

ഉറവായി-ബന്ധുത്വത്തോടുകൂടി.

ഉറാം-ക്രി. തീപ്പൊരി. ഉ. ഒരു വിധം പുഴു

[ഈ മരം മുതലായവയെ ഉറയ്ക്കും.]

ഉറി-പാത്രങ്ങളും മറ്റു വസ്തുക്കളും തൂക്കിയിടുന്നതിനു കയറുമുതലായതുകൊണ്ടു കെട്ടിയുണ്ടാക്കിയിട്ടുള്ളതു. പര്യായങ്ങൾ-ശിക്യം, കാമം

ഉറിഞ്ഞുക-ക്രി. ഇഴയുക. ഉ. വലിച്ചുകടിക്കുക. നാ. കൈകടിക്കുക, ഇറയുക, നക്കുക.

ഉറിയപ്പം-ഒരു പലഹാരം.

ഉറിവല-മത്സ്യംപിടിക്കുന്ന ഒരുമാതിരി ചെറിയവല.

ഉറു-ഉള്ള്. [പ്രചാരമില്ലാത്തതു.]

ഉറുക-ക്രി. ഉണ്ടാക്കുക. ഉ. ചേർക്കുക.

ഉറുകലി-വിഷമുള്ള ഒരുമാതിരി ചിലന്തി. [കർണ്ണാടകത്തിൽ ഉക്കിലു.]

ഉറുക്ക്-ക്രി. കൈവള. ഉ. അരയിൽ കെട്ടുന്ന രക്ഷ. ഉ-ം, വെള്ളിയുറുക്ക്, പുലസ്സുറുക്ക് ഇത്യാദി.

ഉറുഞ്ഞിമരം-പൂവത്തി. പര്യായങ്ങൾ-അരിഷ്ടം, ഫേനിലം.

[ഉറുഞ്ഞിമരം എന്നതു അരച്ചുണ്ടാൽ പതയുന്ന ഒരുവിധം മരമാണ്. തമിഴർ പൂവത്തി എന്നും മലയാളികൾ ശീതഫേനം എന്നും ഇതിനു പേർപറയുന്നു.]

ഉറുഞ്ഞുക-വൃണത്തെയും വലിച്ചെടുക്കുക.

ഉറുതി-ക്രി. ഭംഗി, വൃത്തി. ഉ. ഉറപ്പു, ദൃഢത. നാ. അറിവു. ദ്ര. വഴക്കു.

ഉറുഞ്ഞുക-ക്രി. ക്രൂരതയോടെ നോക്കുക. ഉ. പരുപരുക്കുക. നാ. ഇറയം, തിന്നുമുതലായവ ഇടിഞ്ഞാൽ (ഇളകിയാൽ) മണ്ണു കഴച്ചു ആ സ്ഥലം വെടിപ്പാക്കുക. ദ്ര. നടപ്പുക.

ഉറുപ്പ-ക്രി വലിയസഞ്ചി. ഉ. വൃക്ഷണം. നാ. ശർപ്പരം.

ഉറുപ്പടക്കം-ഒരുപഞ്ചടക്കം.

ഉറുപ്പിക-രൂപം, ഒരു നാണയം.

ഉറുപ്പ്-ക്രി. നെഞ്ചും തോളും കൈയും കൂടിയ ശരീരത്തിന്റെഭാഗം, ഉ. ബലമുള്ളതാടി, ഇരിപ്പു.

ഉറുമ്പരിക്കുക-എറുമ്പുകടിക്കുന്നതു തോന്നുക.

ഉറുമ്പൽ-അലാൽ, കടുവായെപ്പോലെ അലറുക.

ഉറുമ്പ്-ഭൂമിയിൽ അരിച്ചുനടക്കുന്ന ഒരുവിധം ചെറിയജന്തു, എറുമ്പ്. ഇതുമാതിരി അരിച്ചുനടക്കുന്ന പല പ്രാണികളും

ക്കും പറയും. എരുമിന പശുവിനെ-പി പീലിക.

[എരുമ പലവിധമുണ്ട്. കട്ടറുമ്പ്, നീറ്ററുമ്പ, ശവംതിന്നിയുറുമ്പ്, നെയ്യുറുമ്പ്, പാമ്പുറുമ്പ്, പുളിയുറുമ്പ് ഇത്യാദിയാകുന്നു]

ഉറുമ്പുക, ഉറുമ്പുക-അമരുക.

ഉറുമാപ്പുലി, ഉറുമാമ്പുലി-വിഷമുള്ള ഒരുമാതിരി ചെറിയജന്തു, വിഷച്ചിലന്തി.

ഉറുമാമ്പഴം, ഉറുമാൻ-താളിമാതളം. പശുവിനെങ്ങും-കരകം, മാഡിമം (ഡാഡിമം).

[താളിമാതളം രണ്ടുവിധം ഉണ്ടെന്നു കാണുന്നു. ഒന്നു മധുരരസവും മറ്റേതു പുളിരസവും ഉള്ളതായ്കൊണ്ടുള്ളതാണ്. ഇതു കഫം, വാതകഫപിത്തരോഗങ്ങൾ, അരോചകം ഇവയെ കളയും.]

ഉറുമാൽ-തലയിൽകെട്ടുന്ന ലേസ്. [ഉപക്ക്യൻ വാക്ക്.]

'പട്ടുകരംപുടവകരംതുപ്പട്ടികളുമി-
രട്ടുകരിമ്പടമുമാൽവകകരം'

(രുക്മിണീസ്വയംവരം-ഉള്ളൂർ)

ഉറുമി-ഒരു പട്ടണത്തിന്റെ പേർ. [ഉറുമിരാമാവു് = ടക്കിസുൽത്താൻ.]

ഉറുള-ഉരുള.

ഉറുളക്കട്ട-കൃഷിക്കുള്ള ഒരുപകരണം. [ഉരുളക്കട്ട എന്നതു നോക്കുക.]

ഉറവ-വി. ക. ഉള്ള. പ. അടുത്ത. സ. രക്തമായ

ഉറവാണ്ടു അടുത്ത ചാച്ചുമാരൻ

ഉറവിൽ-ഉള്ളി, ഇറവിൽ.

ഉറവുവൻ-അടുത്തവൻ. പ. സ്നേഹിതൻ.

ഉറവർ-ബന്ധുക്കൾ.

ഉറവിടം-തത്വത്തിനാധാരം.

ഉറവിക്ക-ഇറക്കുക, ഉള്ളിലുള്ളതിനെയെടുത്തു വീഴിക്കുക.

ഉറവ്-വാത്സല്യത്തോടുകൂടി.

---

# ഉ ൗ

ഉ ൗ—സ്വരാക്ഷരങ്ങളിൽ ഒന്ന്. (ഒരു ദീർഘമായ ഒച്ചയുള്ളതു്.)

ഉൗക-ക. ശിവൻ. പ. ചന്ദ്രൻ സ. രക്ഷിതാവു്.

ഉൗകാരം-ഉൗ എന്ന അക്ഷരം.

ഉൗക്കൻ ശക്തിയുള്ളവൻ.

ഉൗക്കു-ബലം, ശക്തി.

ഉൗക്കു്-ക. ശക്തി, ബലം. പ. സന്ധ്യാവന്ദനം.

ഉൗക്കാരൻ-കറിവെപ്പുകാരൻ.

ഉൗകുക-ക ആചമിക്കുക, ബ്രാഹ്മണർ നിത്യകർമ്മം കഴിക്കുക. പ. ഛർദ്ദിക്കുക സ. മുന്നോട്ടായുക ഉ-ം,

'തീക്കുഴിതന്നിൽചാടുവാനൂക്കുമ്പോൾ'

(സന്താനഗോപാലം-പാന)

ഉൗച്ചിവാൻ-പറഞ്ഞു

ഉൗച്ചു്-ഇണ, ചേരുമാതി.

ഉൗഞ്ഞൽ-ഊഞ്ഞാൽ, ഉഴിഞ്ഞാൽ.

ഉൗഞ്ഞാൽകട്ടിൽ-തൂക്കമഞ്ചം.



(ഊഞ്ഞാൽ)

ഉൗഞ്ഞാൽ ഉഴിഞ്ഞാൽ

ഉൗഞ്ഞാവള്ളി – ഒരു ചെടി.

ഉൗട്ടു്-ക മര്യാ, സരമായ രോഗം ഉ-ം, ഉൗട്ടുവലിക്ക, ഉൗടറിഞ്ഞവനെ രോഗവിമുക്തനാക്കുവു പ. ഞകം. സ. തവണ (പ്രാവശ്യം.) ഉ-ം, അമ്പതുട്ടു്. ഈ പദത്തെ ഇപ്പോൾ സംഖ്യാവിശേഷിയോടു ചേർത്തു പ്രയോഗിക്കാറുള്ളു. അതോടു ചേർത്തു പ്രയോഗിക്കുന്നതു് 'ഉരുട' എന്ന നിപാതപൂർവ്വമായിട്ടുവേണം വിശേഷിയോഗം കൂടാതെ പദ്യത്തിൽ പ്രയോഗിച്ചുകാണുന്നുണ്ടു്. ഉ-ം,

'ഉടേശരംകൊണ്ടു'
(കേരളവൽമീകമാഹാത്മ്യം)
'രണ്ടുമൂന്നുടകൊന്നാർ'
(മഹാഭാരതം)
'ഉടേതുടന്നിതൊരുപ ടവനീപതീനാം'
(ഭാഷാഭരതനൈഷധചമ്പു)
ര. സൂക്ഷ്മം, പരമാർത്ഥം. ഉ-ം, ഉടറിവ് (സൂക്ഷ്മജ്ഞാനം.) ഒ. പരിചയം, ശീലം. ന. ക്രൂടെ. ഉ-ം, അതിലുടെ. ഒ. നമ്മെയിത്തുകാരന്റെ വിലങ്ങുതൽ. വ. രഹസ്യം. ൻ. (വ്യാകരണത്തിൽ) അനുപ്രയോഗങ്ങളിൽ പെട്ട ധാതുക്കളിൽ ഒന്നു്.

ഉടറിവ്-ഫ. സൂക്ഷ്മമായ ജ്ഞാനം. ക. പരിചയം. ന. ശീലം.

ഉടാടാത്തവൻ- സഞ്ചരിക്കാത്തവൻ, പരിചയം ലഭിക്കാത്തവൻ ഉ-ം, അവരുടെ വീട്ടിൽ ഉടാടാത്തവൻ (ദേശ്യം)

ഉടാട്ടുക-ഫ മരുഭൂക്കുടി പോകുക. ക. സഞ്ചരിക്കുക. ന. മരുഭൂമം ഇളകിപോകുക. "ആട്ടുടാട്ടം കാടാകും; അരചൻ ഉടാട്ടം നാടാകും" ര. അയഞ്ഞുകിടക്കുക, ഒ. ഇളക്കുക. ന. കാറ്റു മുതലായവയെപ്പോലെ കടന്നുപോവുക ഒ. പരിചയിക്കുക.

ഉടാട്ടു-അയച്ചിൽ.

ഉടാണി-അയവുള്ള ആണി.

ഉടായി-ആയുധക്കത്തി.

ഉടുനടക്കുക-ഉരസുക കയറുക.

ഉടുപാടു്, ഉടുപോക്കു-ഫ അറിവു്. ക. ശീലം.

ഉടുപാടു്-അ. ഫ. മുഴുവനും. ക. ക്രൂടെ.

ഉടുവഴി-ഫ. രഹസ്യമായവഴി. ക. ദുഷ്ടമായ പ്രത്യേകവഴി, കഴഞ്ഞ പ്രത്യേകവഴി.

ഉടുവലിക്ക-ചോറ്റു മാറുക, ഇലയിൽ ചോറ്റുക.

ഉടെ-വ്യാകരണത്തിൽ കൊണ്ടോദിഗണങ്ങളിൽ പെട്ടതു്. സപ്തമിവിഭക്തിയിൽ ചേരുന്നു. ഉ-ം, അതിൽ ഉടെ (ക്രൂടെ) എന്നർത്ഥം.

ഉടുട്ടു-ഫ ഭക്ഷണം ക. സദ്യ. [തമിഴ് മലയാള കണ്ണാടകങ്ങളിൽ-ഉൺ.] ന. അടിച്ചുപറിക്കുന്ന ഇരിയു്. ര. ഉരുക്കിനാവശ്യമുള്ള തീ പറവലിന്റെ ക്രമം.

ഉടുട്ടി-കണ്ണാ.

ഉടുട്ടുക-ഫ. ഭക്ഷിപ്പിക്കുക. ക. ആയുധങ്ങളെ പൂജകഴിക്കുക. ന. ഇരുമ്പു മെയ്യം വരുത്തുക.

ഉടുട്ടുകാർ-അരിവെപ്പുകാർ.

ഉടുട്ടുപുര-ബ്രാഹ്മണർക്കു ഭക്ഷണം കൊടുക്കുന്ന സ്ഥലം. [ഇതു ക്ഷേത്രം സംബന്ധിച്ചിരിക്കും].

ഉടുട്ടുബ്രാഹ്മണപ്പാ-ബ്രാഹ്മണരുടെ ഉടുട്ടുകൂക്കു ഏർപ്പെടുത്തിയ മുതൽ

ഉടുക്കുകുടപ്പി. പടച്ചട്ട ധരിച്ചു.

ഉടുത-വി. ഫ. വിവാഹംചെയ്യപ്പെട്ട ക. വഹിക്കപ്പെട്ട ന. വലിച്ചു. ഉ-ം, ഉടുത്തുഖലം.

ഉടുത്താ-ഫ വിവാഹം ചെയ്യപ്പെട്ടവൾ. ക. രണ്ടാടെ വേട്ടവൾ.

ഉടുന്നരി-ഉണ്ണുന്നതിനുള്ള അരി.

ഉടുമ്പി, ഉടുമ്പുകാരൻ-ഫ. അധികം ഭക്ഷിക്കുന്നവൻ. ക. വിരുന്നുകാരൻ.

ഉടുമ്പിലപ്പു-അടിക്കുലം. (അടിതോൽ എന്നതു നോക്കുക.)

ഉടുമ്പു-ഭക്ഷണം, ചോറു്. (അടിതോൽ എന്നതു നോക്കുക.)

ഉടുത-വി. ധരിക്കപ്പെട്ട.

ഉടുതൽ-മനുഷ്യർക്കു കടന്നുപോകുന്നതിനു വേലിയിൽ ഉപയോഗിക്കുന്ന മരക്കഷ്ണം. [കണ്ണാടകവും തെലുങ്കും ഉടുത = ഉടുത്തു.]

ഉടുതം-ഉടുക്കും പാവുമായി ധരിക്കപ്പെട്ടതു്. മറ്റുപയോഗങ്ങൾ-സ്യൂതം, ഉതം. പാകിയ നൂൽ എന്നും കാണുന്നു.

ഉത്താപി-ഒപ്പണൻ.

ഉത്തി-ഗ. നെയിത്തു്. ക. പാലനം. ന. വേഗക. ർ വേഗം. ങ. സുഖം ന. അല്പാനം, ആയാസം. ച. കമ്മി. വ്യ. കൃപ. ൻ. സഹായം. ഗ്രാ. തയ്യൽകാരന്റെ ക്രിയ. ഗ്രഹ. ആഗ്രഹം, സന്തോഷം.

ഉത്തിക്കഴിക്കുക-തീകൊണ്ടു സപ്തധാതുക്കളായവയുടെ കറകളക.

ഉത്തുക-ഗ. പ്രവർത്തിച്ചു കാര്യങ്ങൾക്കുക. ക. കഴലും മറവും വിളിക്കുക. ന. കാര്യം ടിക്കുക. [കാ-ക്രി=ഉത്തിക്കുക.]

ഉത്തുകട്ടി-മാറാമുള്ളവള്ളി.

ഉത്തുത്ത-ഗ. മീൻപിടിക്കുന്ന ഒരു കാലം. ക. കേട്ട്.

ഉത്തുത്ത-വി. ചാടിയ, തള്ളിയ.

ഉത്തുത്തവയറ്-ചാടിയവയറ്, തള്ളിയവയറ്.

ഉത്തുത്തവയറ്-വി വയറു ചാടിയ [ഉത്തുത്തവയറൻ, ഉത്തുത്തവയറി, ഉത്തുത്തവയറ്.]

ഉത്തുനിന്നവായ്പിടിയൻ-പായ്. (നായാട്ടുപേർ.)

ഉത്തുൽ-ഗ. കഴലും മറവും വിളിക്കുക ക. കഴൽ, തച്ചുകഴൽ. ന. ചീറൽ. ർ. കാറടിപ്പു്. ങ കാറുണ്ടാവാൻ തക്ക പ്രവൃത്തിചെയ്ക.

ഉത്ഥസ്സ്-ഗ. അകിട്. ക്ഷീരത്തെ വഹിക്കുന്നതു് എന്നർത്ഥം. ക. സ്നേഹിതന്മാർക്കു മാത്രം വരുന്നതിനു തടസ്സമില്ലാത്തവരവു് (സഹകാരം) സ്ഥലം. ന. നെഞ്ചു്.

ഉത്ഥസ്ത്രം-പാൽ.

ഉത്തൻ-ഗ. പല്ലിന്റെ മോണ. ക. നഖത്തിന്റെ ചുവടു്. ന. വ്രണത്തിലുണ്ടാകുന്ന അതിപുഷ്ടി. ർ. വ്രണം.

ഉത്തൻകുത്തു-പല്ലുകുത്തു്.

ഉത്തന-വി. ഗ. അല്പമായ. ക. നിന്ദ്യമായ ന. കുറവുള്ള. ർ. അംഗഹാനിവന്ന. ങ. താണ ന. ചെറിയ.

ഉത്തനക-വി. താണതരത്തിലുള്ള.

ഉത്തന കാകളി-ഒരു കിളിപ്പാട്ടുവൃത്തം.

'രണ്ടാംപാദാവസാനത്തിൽ
വരുന്നൊരുശണത്തിനു
വർണ്ണമൊന്നുകുറഞ്ഞീടി
ലുനകാകളിയാമതു്'

(വൃത്തമഞ്ജരി)

'നാരായണകഥകേട്ടോളവുമതി-
ലേറുന്നിതുരുചികിളിമകളെ'

(ഭാരതം)

ഉത്തനച്ചൂട്ട്-ചീത്തവാക്ക്, മുറുമുറുപ്പു്. (ഉത്തനച്ചൂട് എന്നും കാണുന്നു)

ഉത്തനച്ഛന്ദം-അ. സ്വാതന്ത്ര്യമില്ലാതെ.

ഉത്തനതരിംഗിണി-ഒരു തുള്ളിപ്പാട്ടുവൃത്തം

'രണ്ടാംപാദേശണംരണ്ടുകുറഞ്ഞുനതരിംഗി
(വൃത്തമഞ്ജരി) ണി.'

ഉത്തനം-ഗ. കുറവു്. ക. പഴുതു്. ന. ദോഷം.

ഉത്തനംവരുത്തുക-നശിപ്പിക്കുക.

ഉത്തനമാനം-കുറച്ചിൽ.

ഉത്തനവിംശതി-പതിനൊമ്പതു് (ഗൺ.)

ഉത്തനാതിരേകാ-അ. ഏറക്കുറവു്.

ഉത്തനിക്കുക-ഗ. കിളിർക്കുക, മുളയ്ക്കുക. ക. പ്രത്യക്ഷമാവുക ന. വളരുക.

ഉത്തനിത-വി. കായ്ച്ചുപൊട്ടിയ.

ഉത്തൻ്-ഗ തുങ്ങു്. ക. കഴുക്കോൽകെട്ടുക. ന. ബന്ധം ർ അടയാളം.

ഉത്തന്ധക-ഗ. മാപ്പിക്കുക ക. തടി മുതലായതു കത്തിയിരിയ്ക്കുക. ന. കഴുക്കോൽ കെട്ടുക. ർ. ചാരുക. ങ കണക്കിൽ അടയാളമിടുക. ഞ. വൃക്ഷത്തിനു വേരുപിടിക്കുക. ച. സ്വീകരിക്കുക.

ഉത്തന്ധകാരൻ-വള്ളക്കാരൻ.

ഉത്തന്ധകാൽ-കാറി.

ഉന്നുകോൽ-വടി, മണ്ഡ്, ഉന്നുവടി
ഉപ്പ-ചെറിയ മത്സ്യം.
ഉപ്പടങ്ങെപ്പിടിക്ക - മനഞ്ഞോട്ടുകൂടി അടക്കിപ്പിടിക്ക.
ഉപ്പത്തരി-ഫ. ഏറവും ചെറിയവസ്തു. ഉ. നിസ്സാരകാര്യം. (ഉപ്പത്തിരി പാഠാന്തരം).
ഉപ്പാട്ട-നാശം, അവശത.
ഉപ്പിടി-ഭീഷണിവാക്ക്.
ഉപ്പിടികാട്ടം-ഭയപ്പെടുത്തുക.
ഉപ്പ്-ഫ. വേട്ടയാട്ടം. [ഇതു പലവിധം ഉണ്ട്] ഉ. ദശ, ഇറച്ചി.
ഉമ്പൽ-ഫ. വാടിയ പൂക്കളിലുള്ള ഒരു മന്തിരി പൂമ്പൊടി.

'ഉമ്പലൂറഞ്ഞങ്ങുകുമ്പിമയങ്ങിനേ-
രാമ്പൽനിരകളും മെരുല്ല മെല്ലെ'
(കൃഷ്ണഗാഥ)

ഉ. ഉണ്ട്, തീറ്റി. (ഗ്രാമ്യം).
ഉമ്പുക-ഫ. ഊമ്പുക, കുടിക്കുക. ഉ. ഉണ്ണുക, തിന്നുക (ഗ്രാമ്യം).
ഉം-അ. പ്രശ്നാചോദിക്കുക, എന്നു ഇതി ഒന്റെ അർത്ഥം.
ഉമ-വി. രക്ഷിക്കുന്ന.
ഉമ-മിണ്ടാൻ വയ്യാത്തവൻ. പര്യായം-'മൂകൻ'
ഉമച്ചെരിടൻ-മിണ്ടാനും ചെവികേപ്പാനും വയ്യാത്തവൻ. പര്യായം-'ഷണ്ഡമൂകൻ'.
ഉമൻ-ഫ. മിണ്ടാൻവയ്യാത്തവൻ [സ്ത്രീ-ഉമച്ചി]. ഉ. മൂങ്ങ. പര്യായങ്ങൾ-ഉലൂകം, വായസാരാതി, പേചകം, ദിവാന്ധം, കുശികം, ഘൂകം, മിവാഭീതം, നിശാടനം ഇവ എട്ടും.
ഉമമ്മലർ-മലരിനുവേണ്ടി നെല്ല വരത്താൽ നല്ലപോലെ മലരാതെ കിടക്കുന്നത്.

[ഇതു വിഷ്ണുതൈത്തിരീയത്തിലെ ഉണ്ടാക്കം. തൃക്ഷവും, തപ്പണവും, ലേചനവും, ഗ്രഹവുമാകുന്നു.]

ഉമരി-കടൽ. ഉമരി, ഉവരി ഇങ്ങനെയും കാണുന്നു.
ഉമരികാരം-ഒരു ഭസ്മം.
ഉമയൽ-ഊഞ്ചൽ, ഉഞ്ഞാൽ.
ഉമയലാട്ടുക-ഉഞ്ഞാലാട്ടുക.
ഉമയി-വേദനയുണ്ടാകുമ്പോൾ പറയുന്ന ഒരു വാക്ക്.
ഉമയികാരം, ഉമയാരം-വലിയശബ്ദം, കൂഴങ്ങിയ ശബ്ദം.
ഉമർ-(വ്യാകരണത്തിൽ) അന്യപുരുഷസർവ്വനാമത്തിൽ ഒന്ന്.
ഉമര-പുഴു, ചന്തി, കണ്ടി.
ഉമരകാ-ഫ. ഉമരിന്റെ അകം. ഉ. കൂവന്തോട്ടിയിൽ ഒരു വകഭേദം.
ഉമരകത്തമ്മതിരുവടി-ഈ ക്ഷേത്രം കേരളത്തിലെ അതിപ്രസിദ്ധവും മാഹാത്മ്യങ്ങളും കുടിയതാണ്. ഉമരകത്തമ്മതിരുവടിയുടെ പ്രധാന തിരുനാമം തിരുവലയനാർ ഭഗവതി എന്നാകുന്നു.
ഉമരകത്തി ചീഴുക-പുഴുക്കത്തിചീഴുക.
ഉമരടി ഒരു വക അടിമകം.
ഉമരം-ഒരു വക കൂവന്തോട്ടി. (ഉമരകം, ഉമ്പൽ.)

[ഇതിനെ ഉമ്പൽ എന്നും ഞെക്കി എന്നും പറയാറുണ്ട്. ഉകാരാധിക്യത്തിനു കൊള്ളാം. ശബ്ദക്ഷയത്തിനും നന്നായിരുന്നു. ഇതിന്റെ വേര കണ്ണിലെ വാതരോഗത്തിനും ഔഷധമായുപയോഗിക്കുന്നുണ്ട്.]

ഉമരയാടിപ്പക്ഷി-കുളക്കോഴിപ്പക്ഷി.
ഉമരി-അ. വിസ്മയം. ഉ. അംഗീകാരം.
ഉമരീകൃത വി. അംഗീകരിക്കപ്പെട്ട.
ഉമരൽ-ഫ. വലിച്ചുപൊട്ടൽ. ഉ. ഉരയും മരവും പോലെയുള്ള അരിച്ചുനടപ്പ്.
ഉമറവ്യൻ-ദേവേശൻ.

ഉരഴി-ഉരയ്ക്കുവാനുള്ള അഴി.

ഉരാണി-എടുക്കാൻ തക്കവിധം തറയ്ക്കുന്ന ആണി, അയവ്.

ഉരാമുതൽ-അന്യവസ്തു.

ഉരാണ്മ, ഉരാസ്ഥ-ബ്രാഹ്മണക്ക് ക്ഷേത്രങ്ങളിലുള്ള അധികാരം.

ഉരാളൻ-ഉരാണ്മക്കാരൻ.

ഉരാളി-പ. മുതുരിൽ താണ ഒരു ജാതി ഉ. കാട്ടിൽ പാർക്കുന്ന ഒരു ജാതി.

[തെക്കൻ ജില്ലകളിൽ തേങ്ങ അടക്കുന്ന ഒരു വക ജാതിക്കാരെയാണ് ഉരാളിമാർ എന്നു പറയുന്നത്. ഇവരെ വടക്കൻജില്ലക്കാർ തണ്ടാന്മാർ എന്നു വിളിക്കുന്നു].

ഉരാളിമന്നൻ-ഒരുതരം വലിയപാമ്പു, ഏകദേശം മുഴം അടി നീളവും ഒരു കമുകിന്റെ വണ്ണവും കാണും.

ഉരി-വലിച്ചെടുത്തു. ഉരുകുന്നതിന്റെ ഭൂതകാലം.

ഉരി-അ. അംഗീകാരം. ഉ. വിസ്താരം.

ഉരീകൃത-വി. പ. അംഗീകരിക്കപ്പെട്ട. ഉ. വാശ്തം ചെയ്യപ്പെട്ട. ന. വിസ്താരമാക്കപ്പെട്ട.

ഉരു, ഉർ-ഗ്രാമം, പട്ടണം. ഉ-ം, ബിജാപ്പൂർ, കുന്നത്തൂർ ഇത്യാദി.

ഉരുക-തുട. വസ്ത്രത്താൽ മറയ്ക്കപ്പെടുന്നത് എന്നർത്ഥം. മറ്റൊരുപയോഗം-സക്ഗി.

ഉരുകുക-പ വലിച്ചെടുക്കുക. ഉ. അരിച്ചു നടക്കുക.

ഉരുകാണ്ഡം-തുട.

ഉരുജൻ, ഉരുജന്മാവു്-ദൈവജ്ഞൻ. വിരാടപുരുഷന്റെ ഉരുക്കളിൽ നിന്നുണ്ടായവൻ എന്നർത്ഥം.

'ബ്രാഹ്മണോസ്യമുഖമാസീൽ
ബാഹൂരാജന്യഃ കൃതഃ
ഉരുതദസ്യയദ്വൈശ്യഃ
പദ്ഭ്യാം ശൂദ്രോ അജായത'

(ശ്രുതി)

ഉരുദണ്ഡം-തുട.

ഉരുപർവ്വം-മുട്ട്. തുടയുടെ സന്ധി എന്നർത്ഥം.

ഉരുബുകം, ഉരുബൂകം-ആവണക്ക്. വലിയ രോഗങ്ങളെ മാറ്റുന്നതു് എന്നർത്ഥം.

ഉരുമാതളം-നീർമാതളം.

ഉരുവു, ഉരുവുകം, ഉരുവൂകം-ആവണക്ക്.

ഉരുസ്തംഭം-പ. മുടന്തു്. ഉ. തുട. ന. തുടകൾ സ്തംഭിക്കുന്ന ഒരു രോഗം. ഖഡ്ഗവാതം എന്നും പറയും.

ഉരുസ്തംഭാ-വാഴ.

ഉരുൽ-ഒരു (മരുന്നു) ചെടി.

ഉരുക്കുരുകിൽ-ഒരു ചെറിയ പക്ഷി. പര്യായങ്ങൾ-ചടകം, കളവിങ്കം.

[ഈ പക്ഷി നാട്ടുമൊഴികളിൽ ഉള്ളാതായിട്ടറിയുന്നു. പെൺപക്ഷിക്കു ചടകം എന്നു പേർ].

ഉരുച്ചു-പ. ഞെരി (ഞവരി). ഉ. ഇറക്കം. ന. (കൃഷിശാസ്ത്രപ്രകാരം) വെള്ളം വിട്ടു മണ്ണു ചോരുക്കുക.

ഉരുച്ചുപിടിക്ക-നിലം നിരപ്പാക്കുക.

ഉരുച്ചുപ്പലക-വിതയ്ക്കുമ്പോൾ നിലം നിരപ്പുവരുത്തുന്നതിനുള്ള ഒരു പലക, ഞവരി.

ഉരുച്ചുമരാ-നിലം നിരപ്പാക്കുന്ന തടി, പല്ലിത്തടി.

ഉരുച്ചുവഴി-കാട്ടിൽകൂടിയുള്ള ഇടുക്കുവഴി.

ഉരുജ്ജനം-പ. കാർത്തികമാസം. വിശേഷേണ മുയിപ്പാൻ ആഗ്രഹമുള്ളവർക്ക് ഇതിങ്കൽ ഉത്സാഹം ഭവിക്കുന്നതിനാൽ ഈ പേരുണ്ടായി. ഉ. ബലം, ശക്തി. ന. പ്രയത്നം. ഭ. ജീവൻ. ള. ശ്വാസം ന. മലം.

ഉരുജ്ജസ്വല-വി. പ. ബലവത്തായ, ശക്തിയുള്ള. ഉ. തിണ്ണമായ. ന. ഉറപ്പുള്ള.

ഊർജ്ജസ്വലൻ-അതിബലവാൻ.

ഊർജ്ജസ്വതി-ചൊടിയുള്ളവരം.

ഊർജ്ജസ്വലത-ചാതുര്യം. പ. ശക്തി.

ഊർജ്ജസ്വി-വി. ശക്തിയുള്ള. [സ്ത്രീ-ഊർജ്ജസ്വിനി].

ഊർജ്ജസ്സ്-അതിബലം.

ഊർജ്ജാ-ക്രി. ആഹാരം. പ. ബലം. ന. ദക്ഷന്റെ പുത്രി, വസിഷ്ഠന്റെ ഭാര്യ.

ഊർജ്ജാതിശയാന്വിതൻ-അതിബലവാൻ.

ഊർജ്ജിത-വി. ക്രി. വലിച്ചു. പ. ബല മുള്ള. ന. ഉൽകൃഷ്ടമായ.

ഊർണ്ണനാഭം, ഊർണ്ണനാഭി-ചിലന്തി നാഭിയിൽ നിന്നുള്ളത്. [ആട്ടിൻരോമത്തോട് തുല്യമായ നൂലുള്ളത്.]

ഊർണ്ണം-ക്രി. ആട്ടിൻരോമം. പ. കമ്പിളി.

ഊർണ്ണാ-ക്രി. ആട്ട മുതലായവയുടെ രോമം. പ. പുരികങ്ങളുടെ നടുവിലേ ചുഴി. മറയ്ക്കുന്നത് എന്നർത്ഥം. ന. ചിത്രരഥന്റെ ഭാര്യ. ര. നെയിത്തിന കൊള്ളാവുന്ന രോമം.

ഊർണ്ണായു-ക്രി. കറിയാട്ട, ഊർണ്ണകം(നെയിത്തിനുപയോഗമുള്ള രോമങ്ങളും) ഉള്ളത് എന്നർത്ഥം. പ. ആട്ടിൻരോമം കൊണ്ട നെയ്യണ്ടായ കരിമ്പടം (കമ്പിളി) മുതലായത്. ഊർണ്ണ=(ആട്ടിൻരോമം) ഉള്ളത് എന്നർത്ഥം. ന. ചെമന്ന ആട്. ര. ചിലന്തി.

ഊർത്തരൻ-ക്രി. വീരൻ. പ. ശൂരൻ ന. ഒരു രാക്ഷസൻ.

ഊർത്തരാ-ധാന്യം അളക്കുന്ന പാത്രം.

ഊർദ്ധ്വ-വി. ക്രി. മുകളിലുള്ള. പ. ഉയർന്ന. ന. ഒട്ടകമുള്ള.

ഊർദ്ധ്വകം-ഊർദ്ധ്വദേഹത്തെ (ഉയരത്തെ) കെട്ടിത്തൂക്കി കൊട്ടുന്ന ഒരു വാദ്യം.

ഊർദ്ധ്വകേശൻ-ശിവൻ.

ഊർദ്ധ്വഗതി, ഊർദ്ധ്വഗമനം-ക്രി. മേൽഗതി, സ്വർഗ്ഗം. പ. കരേറൽ. ന. വർദ്ധന.

ഊർദ്ധ്വഗൻ-വിഷ്ണു.

ഊർദ്ധ്വഗം-ഒരു രോഗം.

ഊർദ്ധ്വജാനു, ഊർദ്ധ്വജാതു-വി. മേല്പെട്ട പൊന്തിനിൽക്കുന്ന മുട്ടുള്ള.

ഊർദ്ധ്വജ്വലനം-മേല്പെട്ടുള്ള ജ്വലനം (കത്തൽ).

'പ്രസിദ്ധമൂർധ്വജ്വലനം ഹവിർഭുജഃ'
(മാഘം)

ഊർദ്ധ്വദംഷ്ട്രൻ-ശിവൻ.

ഉദ്ധ്വാൻ-ഒടുക്കത്തെ ശ്വാസം, മരണവായു.

[ക്ഷുദ്രകൻ, തമകൻ, ചിന്നൻ, മഹാൻ, ഊർദ്ധ്വൻ ഇവ അഞ്ചും മരണവായുക്കൾ].

ഊർദ്ധ്വപുണ്ഡ്രം-ഗോപിക്കുറി.

'ശോഭിതലലാടോർദ്ധ്വപുണ്ഡ്രകമനുകാരം'
(ഭാഗവതം)

ഊർദ്ധ്വപുരം-ഹരിശ്ചന്ദ്രന്റെ പുരം.

ഊർദ്ധ്വപുഷ്പി-മേത്തെങ്ങ്.

ഊർദ്ധ്വപ്രാപ്തി-ക്രി. സ്വർഗ്ഗത്തിലേക്കുള്ള കയറ്റം. പ. മരണം. ന. വർദ്ധന.

ഊർദ്ധ്വബാഹു-വി. കൈയുയർത്തിയ.

ഊർദ്ധ്വബാഹു-കൈയുയർത്തിപ്പിടിച്ചു തപസ്സുചെയ്യുന്ന മുനി.

ഊർദ്ധ്വഭാഗം-മുകൾഭാഗം.

ഊർദ്ധ്വഭൂമി-മുകൾപരപ്പ്. പര്യായം-'അധിത്യക'.

ഊർദ്ധ്വം-അ. മേൽ, മേലേ.

ഊർദ്ധ്വമാവുക-കവിഞ്ഞതായാവുക, ഇല്ലാതാവുക.

ഊർദ്ധ്വമുഖ-വി. മേല്പെട്ട മുഖമായുള്ള.

ഊർദ്ധ്വമുഖി-ആദിത്യൻ നിൽക്കുന്ന രാശിയുടെ മുൻപിലത്തെ രാശിയെ പറയുന്ന ഒരു പേർ.

ഊർദ്ധ്വരേതസ്സ്-പ്ര. ശിവൻ. പു. ഭീഷ്മൻ. നപും. ഇന്ദ്രിയനിഗ്രഹംചെയ്തവൻ.

ഊർദ്ധ്വരോധനം-ഛർദ്ദി.

ഊർദ്ധ്വരോമം-മേലോട്ടുനില്ക്കുന്നരോമം

ഊർദ്ധ്വലിംഗൻ-ശിവൻ.

ഊർദ്ധ്വലോകം-സ്വർഗ്ഗം, മേൽഭാഗം.

ഊർദ്ധ്വവർത്മാ-ആകാശം.

ഊർദ്ധ്വവായു-ഒട്ടക്കത്തെ ശ്വാസം. [ഊർദ്ധ്വൻ എന്നതു നോക്കുക].

ഊർദ്ധ്വശായി-ശിവൻ.

ഊർദ്ധ്വശ്വാസം-ഒട്ടക്കത്തെ ശ്വാസത്തോട് [ഊർദ്ധ്വൻ എന്നതു നോക്കുക].

ഊർദ്ധ്വസ്രോതസ്സ്-തപസ്വി.

ഊഴപ്പണം, ഊഴപ്പം-തുത്തി. ഊരം എന്നും പറയും. കവുത്തോട്ടിയിൽ ഒരു വകഭേദം.

ഊഴപ്പന്നി-പോക്ക്, പഴക്കമുള്ള പന്നി.

ഊഴപ്പുര-നായാട്ടുകാർക്ക് സ്ഥാനമാനവും അവകാശവും സ്ഥാപിച്ചു കിട്ടീട്ടുള്ള കെട്ടിടം, അവരുടെ വേട്ടയ്ക്കുള്ള ആതിത്ഥിസ്ഥലം.

ഊഴർപ്പ്-അവകാശം.

ഊഴർപ്രദിക്ഷണം-പട്ടണം ചുറ്റിസഞ്ചരിക്കുക.

ഊഴി-പ്ര. തിര. ഗമനശീലം എന്നർത്ഥം. മറവ പച്ചുഭാഷകളിൽ-ഭംഗം, തരംഗം, വീചി. പു. ഞെറിവ്. നപും. മുഴക്കം. ര. പ്രകാശം. ള. സുഖമില്ലായ്മ. ന. ലോകം, സംഖ്യ ൧. വെള്ളത്തുള്ളി. ഉ. ഗംഗാ ഭഗവതി.

ഊഴിക-പ്ര. തിര, വിരലിൽ ഒന്നിലധികം ദിവസത്തിരിച്ചിട്ടാൽ തിരുമ്മലുപോലെയിരിക്കും അതിനാൽ ഈ പേരുണ്ടായി. മറവരുടെ പച്ചുഭാഷ-ഭംഗുലീയം. പു. തിര. നപും. കൊഴിവ്. ര. തേഞ്ഞിച്ചയുടെ മുഴക്കം. ള. വ്യസനം.

ഊഴിമാല-തിരമാല.

ഊഴിമേലി-സമുദ്രം. ഊഴിമാലയോടുകൂടിയതു്.

ഊഴ്മ്യ-വി. തിരയെ സംബന്ധിച്ച.

ഊഴ്മ്യാ-രാത്രി.

ഊഴ്മിമത്തു്-വി. പ്ര. തിരമാലയുള്ള. പു. വളഞ്ഞ.

ഊഴ്മിമത്തു്-വളഞ്ഞതു്. ഊഴ്മിയോടുകൂടിയതു് എന്നർത്ഥം. സമുദ്രം.

ഊഴ്മിളാ-ലക്ഷ്മണന്റെ ഭാര്യ, സീതയുടെ സഹോദരി, ശന്ധ്വിസോമരയുടെ മാതാവു്.

ഊറ്റ-വി. വലിയ, വലിച്ച.

ഊറ്റൻ-ജ്ഞീകന്റെ അച്ഛൻ, ജമദഗ്നിയുടെ പിതാമഹൻ.

ഊറ്റം-പ്ര. ബഡവാഗ്നി. പു മേഘം.

ഊറ്റാരു, ഊറ്റാലു-വെള്ളരി, [ഉർവ്വാരു എന്നതു നോക്കുക]

ഊറ്റ്യാംഗം-ക്രൺ, ക്രൺ, കുമിൾ, കടയുടെ ഭാഷയിൽ ഭൂമിയിൽ നിന്നു പൊഴുന്തോകുന്ന ഒരു സാധനം.

ഊറൽ, ഊറൽ-ചൂടുമിടുക

ഊറു്-വേദന.

[ഇതു തെക്കൻകേരളത്തിൽ ശിശുക്കൾക്കു വേദനയുണ്ടാകുമ്പോൾ പറയാറുണ്ടു്. 'സൂര്യൻ അധികതരം കനിഞ്ഞതിനാൽ ആഴകയെ വിളക്കി' (രാമചരിതം) ഇതിൽ 'ഒഴവു' എന്ന വാക്കിന്റെ അർത്ഥം 'നീരുകെട്ടു്' എന്നാകുന്നു. ഇതിൽ നിന്നാണ് 'ഊറു്' എന്നതു് ഇപ്പോൾ നടപ്പിലായിട്ടുള്ളതു്.]

ഊശൻ-പ്ര. ദോഷൻ. പു. മീശകറുത്തവൻ.

ഊഷ്മയാക്കുക-നിസ്സാരമാക്കുക, നാണിപ്പിക്കുക, ഉഷ്മിയാക്കുക എന്നും മതി.

ഊഷാന്താടി-കറുത്ത മീശ.

ഊഷ്മകം-പ്ര. ഉഷ്മസ്സു്, ക്രോധം. പു. തല്ലുകൂടൽ. നപും. ചൂടു്. ര. ഉഷ്മാവു്. ള. കല്പനം. ന. മയൂരസ്വരം.

ഉഷസ്സ്-പ്രഭാതം. ഉഷസ്സ് എന്നതിന്റെ പാഠം.

ഉഷാ-ഓർപൂളിയുള്ള മണ്ണ്. നീറലിനെ ചെയ്യുന്നത് എന്നർത്ഥം. മൃത്തിക്ഷാരമാണ്ണ്.

ഉഷ്ണത്രയം ചുക്ക്, മുളക്, തിപ്പലി ഇവ സ-ം.

ഉഷ്ണം, ഉഷ്ണം-ക്ഷ നല്ലമുളക്. ദഹിപ്പിക്കുന്നതു, വേദനപ്പെടുത്തുന്നത് എന്നർത്ഥം. മുളക്. ഉ. തിപ്പലി. സ. ചുക്ക്. ര വാൽമുളക്.

ഉഷ്ണാ, ഉഷ്ണാ-തിപ്പലി. വേദനപ്പെടുത്തുന്നത്, ചുട്ടുനീറുന്നത് എന്നർത്ഥം.

ഉഷ്ടത്വം, ഉഴിതത്വം-ക്ഷ ഭോഷത്വം. ഉ. നാശനം. സ. മൂഢത.

ഉഷ്ടൻ, ഉഴിൻ-എന്തുചെയ്യണമെന്നറിവാൻ പാടില്ലാത്ത മൌഢ്യത്തോടുകൂടിയവൻ, ഭോഷൻ.

'ഭോഷമകന്നോരുഗാനത്തെകേൾക്കയാൽ
ഉഷ്ടനായിങ്ങനെനിന്നുപോയി'

(കൃഷ്ണഗാഥ)

ഉഷ്ടാ, ഉഷ്ടരാ-ഓർനിലം (പടന്ന) വളം വെളിപ്പെടാതെ കിടക്കുന്ന ഭൂമി.

ഉഷ്ടവാൻ-ഓർനിലം (പടന്ന) [സ്ത്രീ ഉഷ്ടവതി. നപും-ഉഷ്ടവത്ത്.]

ഉഷ്ടാപതി-അനിരുദ്ധൻ. [ഖാണ്ഡവപ്രസ്ഥത്തിലായ ഉഷ്ടയെന്നും പറയാം]

ഉഷ്ണ-വി. ചൂട്, വെയിൽ.

ഉഷ്ണകാ-ഗ്രീഷ്മർതു, വേനൽകാലം. വേദനപ്പെടുത്തുന്നത് എന്നർത്ഥം. ഉഷ്ണംകൊണ്ടു ദുഃഖിപ്പിക്കുന്നകാലം എന്നുമാകാം

ഉഷ്ണത-ചൂട്.

ഉഷ്ണളം-ചൂടുള്ളതു്.

ഉഷ്ണാഗമം-ഗ്രീഷ്മകാലം. ഉഷ്ണാവിന്റെ ആഗമം (വരവു്) എന്നർത്ഥം.

ഉഷ്ണാവു്-ചൂട്, ജ്വാല.

ഉഷ്ണ്യക്ഠം-(വ്യാകരണത്തിൽ) ശ, ക്ഷ, സ, ഹ ഇവ നാലും.

ഉഹനീ-ചൂൽ.

ഉഹനീയ-വി. ക്ഷ. ഊഹിക്കത്തക്ക, വിചാരിക്കത്തക്ക. ഉ. തർക്കിക്കത്തക്ക. സ. ഉദ്ദേശിക്കത്തക്ക.

ഉഹം-ക്ഷ വിതർക്കം. ഇതുകൊണ്ടു സംശയിക്കപ്പെടുന്നു. [അങ്ങിനെയോ ഇങ്ങിനെയോ എന്നുള്ള ആലോചനയത്രേ വിതർക്കം] മറവപറ്റിയുണ്ടാകുന്ന അനുമാനം, തർക്കം [ഉഹം എന്നതിനെ കറവുള്ളതിനെ തീർക്കുന്നതിനായി അധികപക്ഷത്തെ ചേർക്കുന്നതിനെയോ അപൂർവ്വത്തെ ഉൽപ്രേക്ഷിക്കുന്നതിനെയോ ഉള്ള പേർ എന്നും അർത്ഥം കാണുന്നു.] ഉ. വിചാരം. സ. ഉദ്ദേശം

ഉഹാപോഹങ്ങൾ-ഉഹങ്ങളും അപോഹങ്ങളും. ഉഹം=ഒരു കാര്യത്തിൽനിന്നു മറെറാരുകാര്യത്തെ അറിവാനുള്ള ശക്തി. അപോഹം=നിശ്ചയിക്കൽ.

ഉഹിക്കുക-ക്ഷ. വിചാരിക്കുക. ഉ. തർക്കിക്കുക. സ. ഉദ്ദേശിക്കുക.

ഉഹിത-വി. ക്ഷ വിചാരിക്കപ്പെട്ട. ഉ. തർക്കിക്കപ്പെട്ട. സ. ഉദ്ദേശിക്കപ്പെട്ട.

ഉഹ്യമാന-വി. ക്ഷ. വിചാരിക്കുന്ന ഉ. തർക്കിക്കുന്ന. സ. ഉദ്ദേശിക്കുന്ന. ര. ഊഹിക്കപ്പെടുന്ന.

ഉഹ്യ-വി. ക്ഷ. വിചാരിക്കത്തക്ക. ഉ. തർക്കിക്കത്തക്ക. സ. ഉദ്ദേശിക്കത്തക്ക. ര. ഊഹിക്കപ്പെടുവാൻതക്ക. ഈ. ഊഹിക്കപ്പെടുവാൻതക്ക

ഉളു-ക്ഷ. ഒരു ചെടി. ഉ ഞെരിഞ്ഞിൽ.

ഉളുൻ-ക്ഷ. നദി. ഉ (വ്യംഗ്യാർത്ഥം) കരുണ കുടിയിരുത്തുന്നവനായി വളരെ പരിഞ്ഞിലയിൽ നടക്കുന്നവൻ.

ഉഴ്-[തമിഴിൽ ഉഴവൽ.] വിധി, കല്പിതം, ഭാഗ്യം.

ഉഴ്ക്കാരൻ-ഭാഗ്യക്കേടു നടത്തുന്നവൻ.

ഉഴൻ, ഉഷ്ണൻ-പ്ര. ദ്വേഷ്ടാവ്. പ. രാജദ്വേഷ്യൻ.

ഉഴതപാ, ഉഷ്ണതപാ-പ്ര. ദ്വേഷ്യതപം. പ. മൂഢത. സ. നാണം.

ഉഴം-പ്ര. മുറ, സമയം, വട്ടം, കറി. പ. പരിചയം. ഉ-ം, ഈ പണിക്ക് അവനു ഉഴമുണ്ട്.

ഉഴംകൂട്ടുക-രാജാക്കന്മാർക്ക് അരികത്തിക്കൊടുക്കുക.

ഉഴമിടുക-മുറയിട്ടു പണിചെയ്യുക.

ഉഴൽ-പ്ര. അഴക്ക്, ദുഷ്ട്, കല്മഷം. പ. ചൂടുക.

ഉഴലിടുക-ചൂടുമിടുക.

ഉഴി, ഉഴിമണ്ഡലം-ഭൂമി, ഭൂതലം.

ഉഴിയക്കാരൻ-വേലക്കാരൻ.

ഉഴിയം-ശുശ്രൂഷ, വേല, സേവ.

ഉഴിയംനടത്തുക-പ്ര. വേലചെയ്യുക. പ. (വ്യംഗ്യാർത്ഥം) ഫലം വല്ലവിധവും വരട്ടെ എന്നുള്ള ഉദ്ദേശ്യത്തോടുകൂടി താൻ ചെയ്യേണ്ടതു ചെയ്യുക.

ഉഴിയവേല-ചൊല്ലുവേല, അടിമവേല.

ഉഴറ, ഉഴറൽ-മട്ട്.

ഉഴറക്കാടി-അരി കഴുകിയ വെള്ളത്തിനു ഉഴറൽ=കാടി.

ഉഴറയിടുക-മയംവരുത്തുക.

ഉഴറയ്ക്കിടുക-മയംവരുത്തുക.

ഉഴാമ്പുലി-കൊട്ടുകാലി. ചില മിക്കിൽ ക്രാംപുലി എന്നു പറയുന്നു. [വിഷപ്പുലി ലന്തി.]

ഉഴുക-പ്ര. മർദ്ദിക്കുക. പ. മലം പരുപ്പുവരുക.

ഉഴുത-പ്ര. മട്ട്. പ. അടിപ്പു. സ. ഒഴിക്കൽ. ദ. അഴുക്ക്. ഭ വാരം.

ഉഴുന്നം-പ്ര. ബലം, ശക്തി. പ. വലിപ്പം. സ. സ്തുതി.

ഉഴുന്നവാക്ക്-പ്ര. വലിപ്പംപറക. പ. നിഷ്ഫലവാക്ക്. സ. മുഖസ്തുതി.

ഉഴുറവെള്ളം-പ്ര. കഞ്ഞിവെ. പ. കാടി.

ഉഴുറ്-ഉറവ്. [ഉറവു എന്ന ശബ്ദംനോക്കുക].

ഉഴുറുക-പ്ര. വാരുക. പ. അരിക്കുക. സ. ഒഴിക്കുക.

ഉഴുറുകുഴി-ഉറവുകുഴി.

## ഋ

ഋ- ഒരു സ്വരാക്ഷരം. (മാതൃകാന്യൂനം) ഇരു, ഇരി (തത്ഭവം). പൃത്തി=യിരുത്തി. ഗൃഹം=കിരിയം.

ഋ-ഋ. എന്ന രണ്ടു സ്വരം ദ്രാവിഡത്തിലില്ലാത്ത സംസ്കൃതങ്ങളാകുന്നു. ദ്രാവിഡത്തിലില്ലാത്ത സ്വരമാകയാൽ ഋ ഋമലയാളപദങ്ങളിൽ ഋകാരം കാണാൻ ഇടയില്ല. എന്നാൽ സംസ്കൃതപദങ്ങളിലേ ആവശ്യത്തിനു വേണ്ടി ഋകാരം സ്വീകരിച്ചതിന്റെ ശേഷം അതിനെ ചില മലയാളപദത്തിലും ഉപയോഗിച്ചു കാണുന്നുണ്ട്. തൃപ്പാദം, തൃക്കേട്ട, അതൃത്തി, മുതുകു. ഇതിൽ തൃപ്പാദം ഇത്യാദികളിലെ 'തൃ'മാത്രം സങ്കല്പിക്കാം. അതൃത്തി, മുതുകു ഇത്യാദികളെ 'അതിർത്തി, മുതുകു' ഇത്യാദിയായിത്തന്നെ എഴുതേണ്ടതാണ്]. (ഋകരൂപാണിനീയം.)

ഋകാരം-ഋ എന്ന അക്ഷരം.

ഋക്ക്-പ്ര വേദങ്ങളിൽ ഒന്ന്. ദേവന്മാർ ഇതുകൊണ്ടു സ്തുതിക്കപ്പെടുന്നതിനാൽ ഈ പേരുണ്ടായി. പ. അഗ്നിയെ ജ്വലിപ്പിക്കാൻ ചൊല്ലുന്ന ഋക്ക്.

ഋക്ഷ-യ്. മുറിവുപെട്ട, ഉപദ്രവപ്പെട്ട.

ഋക്ഥം-പ്ര. ധനം. പ്രസിദ്ധിയെ ഉണ്ടാക്കുന്നതു് എന്നർത്ഥം. പ. പൊരുൾ.

ഋക്ഥാദാനൻ- അവകാശി.

ഋക്ഷഗന്ധാ–മറിക്കന്നി. ഋക്ഷത്തിന്റെ (കരടിക്കരങ്ങിന്റെ) ഗന്ധത്തിനു തുല്യമായ ഗന്ധമുള്ളതു് എന്നർത്ഥം. പൊത്തിച്ചീര എന്നും അഭിപ്രായമുണ്ടു്. ഋശ്യഗന്ധാ, ഋഷ്യഗന്ധാ ഇങ്ങിനെപാഠാന്തരം

ഋക്ഷഗന്ധികാ–വെളുത്ത മുത(ത്ത)ക്കു് (പാൽമുത(ത്ത)ക്കു്) കരടിയെപ്പോലെ ക്രൂരങ്ങളായ പിത്തദോഷരോഗങ്ങളെ ശമിപ്പിക്കുന്നതു് എന്നർത്ഥം.

ഋക്ഷചക്രം–നക്ഷത്രങ്ങൾ വൃത്താകാരത്തിൽ നില്ക്കുക.

ഋക്ഷൻ–ചന്ദ്രവംശത്തിൽ നൃപൻ എന്ന രാജാവിനു ധൂമാദേവിയിൽ ഉണ്ടായ പുത്രൻ.

ഋക്ഷനാഥൻ–പ. ചന്ദ്രൻ. ഉ. ഈശ്വരൻ. ന. ജാംബവാൻ.

ഋക്ഷനേമി–വിഷ്ണു.

ഋക്ഷാ–വടക്കു്.

ഋക്ഷം–പ. നക്ഷത്രം. സഞ്ചരിക്കുന്നതു്, ഇരുട്ടിനെ കളയുന്നതു്. ഉ. പലകപ്പയ്യാനു്, ശമനശീലം എന്നർത്ഥം. ന. കരടി. ഹിംസിക്കുന്നതു് എന്നർത്ഥം. ര. ഒരു മരം

ഋക്ഷരൻ–ഋതുപർണ്ണൻ.

ഋക്ഷരാജൻ–ചന്ദ്രൻ. ഉ. ജാംബവാൻ

ഋക്ഷരാ, ഋക്ഷരം–ഒഴുക്കു്.

ഋക്ഷി–പെൺകരടി.

ഋക്ഷികാ–ദേവി.

ഋക്ഷേശൻ–പ. ചന്ദ്രൻ. ഉ. കർപ്പൂരം.

ഋഗ്വേദാ–ഒന്നാമത്തെ വേദം.

[ഇതു് പ്രധാനവേദമാണു്. അഷ്ടകങ്ങളും വ. മാരാന്നിൽ വ്യ അധ്യായം വീതം. സായനാചാര്യൻ മുതലായവർ ഇതിനു വിശേഷമായ ഓരോ വ്യാഖ്യാനം നിർമ്മിച്ചിട്ടുണ്ടു്. ഋഗ്വേദം ലോകത്തിൽ അത്യധികം പഴക്കമുള്ളതാണു് ഋഗ്വേദം അഗ്നിയിൽ നിന്നു ഉണ്ടായി എന്നു പറയപ്പെടുന്നു.]

ഋഗ്വേദസംഹിതാ–ഒരു ഗ്രന്ഥം.

[സിന്ധുനദി കടന്നു പഞ്ചനദത്തെ ആര്യന്മാർ അധിവസിച്ചതായ വൈദികകാലത്തെ കൃതികളിൽ ഒന്നാണു് 'ഋഗ്വേദസംഹിത'. ഇതു വൈദികകാലത്തുണ്ടായിരുന്ന പരിഷ്കാരത്തെ തെളിയിക്കുന്നു.]

ഋഗ്വേദി–ഋഗ്വേദം പഠിച്ചവൻ.

ഋചീകൻ–ഒരു ഋഷി. ഭൃഗുവിന്റെ അനുജൻ, വിശ്വാമിത്രന്റെ സഹോദരിയായ സത്യവതിയുടെ ഭർത്താവു്, ഉർവ്വന്റെ പുത്രൻ.

[സത്യവതി എന്ന ഒരു ക്ഷത്രിയയുവതിയെ ഋചീകൻ എന്ന ബ്രാഹ്മണൻ കല്യാണം കഴിച്ചു. ബ്രാഹ്മണഗുണങ്ങളോടുകൂടിയ പുത്രനെ ഉല്പാദനം ചെയ്യുന്നതായ ഒരു ആഹാരവിശേഷം തന്റെ ഭാര്യയും, ക്ഷാത്രഗുണങ്ങളോടുകൂടിയ പുത്രനെ ജനിപ്പിക്കുന്നതായ ഭോജനം ഒരു ക്ഷത്രിയന്റെ പത്നിയായ തന്റെ ശത്രുവിനും ഋചീകൻ പാകം ചെയ്തു കൊടുത്തു. പക്ഷേ ക്ഷേണഭവ്യങ്ങൾ ഇവരറിയാതെ മറിയതിനാൽ ക്ഷത്രിയഭാര്യയ്ക്കു് ഗർഭം ധരിച്ചു ബ്രാഹ്മണശീലത്തോടുകൂടിയ വിശ്വാമിത്രനെയും സത്യവതി ക്ഷാത്രവീര്യത്തോടുകൂടിയ ജമദഗ്നിയെയും പ്രസവിച്ചു. ഈ ജമദഗ്നിയുടെ പുത്രനായ പരശുരാമൻ ബ്രാഹ്മണനായിരുന്നുവെങ്കിലും ക്ഷത്രനാശം വിനാശകരിയുമായ ഒരു യോദ്ധാവായിത്തീർന്നു. ഈവക കഥകളും വൈദികഋക്കുകളുടെ ഇടയിൽ ജാതിഭേദം ഉണ്ടായിരുന്ന എന്നതിനെ സാധൂകരിക്കാൻ വേണ്ടി നവീനകവികൾ ഉണ്ടാക്കിട്ടുള്ളവയാകുന്നു. "പ്രാചീനാവീവാം".]

ഋഛീകാ–പ. അടവാക്കുന്ന കുലം. ഉ. ഒരു രാജ്യം.

ഋഷ്ടകാ–അഗ്രഹം.

ഋച്ഛരാ-ഫ. വിലങ്ങു്. ഉ. വ്യഭിചാരിണി. [വേശത്തിൽ പ്രയോഗം.]

ഋജീക-വി. നന്നായവസ്സുള്ളതായ.

ഋജീകൻ-ഇന്ദ്രൻ.

ഋജീകം-ഫ. പുക. ഉ ഒരു പർവ്വതം.

ഋജീഷം, ഋജീഷം-ഫ. അടവാക്കുന്ന കലം (പാത്രം). അപൂപാദിയെ സമ്പാദിക്കുന്നതു് എന്നർത്ഥം. ഉ. നരകം.

ഋജു-വി. ഫ. ചൊവ്വുള്ള, വളവോടുകൂടാത്ത. അതാരണ സമ്പാദിക്കപ്പെടുന്ന എന്നർത്ഥം. ഉ. സത്യമുള്ള.

ഋജുകണ്ടകം-ഇലന്ത.

ഋജുഗതി-നേരെയുള്ള പോക്ക്.

ഋജുത-ഫ. ചൊവ്വു്. ഉ. സത്യം. ഋജുത > <വകുത.

ഋജുപ്രായം-ചൊവ്വുള്ളതു്.

ഋജുലംബി-തോരണമാല.

ഋണഗ്രഹം-കടം വാങ്ങുക.

ഋണത്രയം-ഋഷികൾക്കുള്ള കടം, സുരന്മാർക്കുള്ള കടം, പിതൃക്കൾക്കുള്ള കടം ഇവ ന-ം. ഒന്നാമത്തെകടം ബ്രഹ്മചര്യം കൊണ്ടും, രണ്ടാമത്തേതു യാഗം കൊണ്ടും, മൂന്നാമത്തേതു പുത്രത്വം കൊണ്ടും തീർക്കണം.

ഋണദാതാവു്-കടം കൊടുക്കുന്നവൻ.

ഋണപ്പെടുക-കടം പെടുക

ഋണപ്പെടുത്തുക-കടപ്പെടുത്തുക.

ഋണം-ഫ. കടം. കാലാന്തരത്തിൽ മടങ്ങിവരുന്നതു്. മറവപ്പുസ്യങ്ങൾ-പുണ്യബന്ധനം, ഉധാരം. ഉ. കോട്ട. ന. ജലം. ർ. ഭൂമി.

ഋണമുക്തി, ഋണമോചനം-കടം വീട്ടുക.

ഋണവുള്ളു-വി. കടംപെട്ട. [പു.-വാൻ. സ്ത്രീ.-ഖർ.]

ഋണാനുബന്ധം-കടംകൊണ്ടുള്ള സംബന്ധം.

ഋണാദാനം-കടംകൊടുത്തതു തിരിയെ വാങ്ങുക.

ഋണികൻ-കടം കൊണ്ടവൻ

ഋതീയാ-കൃപ.

ഋത-വി. ഫ. പോയ. ഉ. പ്രകാശമുള്ള. ന. വന്ദിക്കപ്പെട്ട.

ഋതം-ഫ സത്യം. ജനങ്ങൾ പ്രശംസിക്കെ നിമിത്തം ലോകത്തിൽ പ്രസിദ്ധമായിത്തീരുന്നതു് എന്നർത്ഥം. ഉ. ഇരുമണി പൊരുക. [ഉത്തമം എന്നതു നോക്കുക.] ന. വെള്ളം. ർ. ഇരുവേലി.

ഋതംഭരൻ-ഫ. ഈശ്വരൻ. ഉ. സത്യം ഭരിക്കുന്നവൻ.

ഋതി-ഫ. ഭാഗ്യം. ഉ. ഗമനം. ന. വഴി ർ. സേനം. ള. ശകാരം, കലശൽ. ന. ഒമ്മ. ം. ഭാഗ്യക്കേടു്. വ. രക്ഷ.

ഋതീയാ-ഫ. ലജ്ജ. ഉ. രോഷം. ന. കൃപ. ർ. ഭയം.

ഋതു-ഫ. മാഘാദികളായ മാസങ്ങളിൽ ഈരണ്ടുകൂടിയാൽ വരുന്നകാലം ഗമിക്കുന്നതു്. [ദ്വൗദ്വൗമാഘാദിമാസൗഋതുരിത്യുച്യതേ = മാഘംമുതലായ ഈരണ്ടുമാസങ്ങൾ കൂടിയകാലം 'ഋതു' എന്നു പറയപ്പെടുന്നു.]

[മകം നക്ഷത്രത്തോടുകൂടിയ വെളുത്തവാവു യതൊന്നിൽ മാസത്തിങ്കൽ വരുന്നുവോ അതിനെ മാഘമാസം എന്നാകുന്നു. മേൽവിവരിച്ചപ്രകാരമുണ്ടാകുന്ന ഋതുക്കൾ ശിശിരം, വസന്തം, ഗ്രീഷ്മം, വർഷം, ശരത്തു്, ഹേമന്തം ഇങ്ങിനെ പറയപ്പെടുന്നു.]

ഉ. സ്ത്രീരജസ്സു്, തീണ്ടായിരിക്കുന്നതു് എന്നർത്ഥം. ന. ഋതു് എന്ന സംഖ്യ. ർ. പ്രകാശം. ള. സന്താനം. ന. മാസം. ം. വിഷ്ണു. വ. ഒരുമാതിരി അഞ്ജനം, മഷി.

ഋതുകാലം-ഫ. മേടമാസം മുതൽ ഈരണ്ടുമാസം കൂടുന്ന സമയം. ഉ. തീണ്ടായിരിക്കുന്ന (തിരുന്ന) സമയം.

ഋതുപർണ്ണൻ–ഒരു അയോദ്ധ്യാരാജാവു്, സർവ്വകാമന്റെ പുത്രൻ. ചതുരംശക്കളിയിൽ സമർത്ഥനാണു്.

[നളൻ വേഷംമാറി ഇദ്ദേഹത്തിന്റെ പുരിയിൽ (കോസലത്തിൽ) അണ്ഡതാമസിച്ചതു്. മറ്റാരുടെ നളചരിതംകൊണ്ടു ഗ്രഹിക്കാം. ഋതുപർണ്ണരാജശബ്ദത്തിനു ഋതുക്കളുടെ ജാതിയിൽ പ്രധാനിയായ വസന്തമെന്നും അർത്ഥമുണ്ടു്. ഭാഷയിലൊക്കെയും ഋതുവർണ്ണൻ എന്നതന്നെയാണു കാണുന്നതു്. ഭാഗവതത്തിൽ 'ഋവിദൻ' വിവിദനും, 'ഋക്ഷ' ഉക്ഷയും ആയിപ്പോയതുപോലെ ഋതുപർണ്ണൻ ഋതുവർണ്ണനാകുന്നതിനു വിരോധം കാണുന്നില്ല.]

ഋതുപ്രാപ്ത–വി. ഫലംവരുന്ന, ഫലമുള്ള.

ഋതുമതി–തീണ്ടായിരിക്കുന്നവൾ. ഋതുവുള്ളവൾ എന്നർത്ഥം. മറ്റുപര്യായങ്ങൾ–രജസ്വല, സ്ത്രീധർമ്മിണി, അവി, ആർത്തവി, മലിനി, പുഷ്പവതി, ഉദക്യ.

ഋതുവേല–പ്ര. മേടം മുതൽ ഈരണ്ടുമാസം കൂടുന്ന സമയം. ഉ. തീണ്ടായിരിക്കുന്ന സമയം.

ഋതുസമയം–ഋതുകാലം.

ഋതുസംഹാരം–കാളിദാസന്റെ ഒരുകൃതി ഋതുക്കളെ സംബന്ധിച്ചുള്ളതാണു്.

ഋതേ–അ. കൂടാതെ, ഒഴികെ.

ഋത്വിക്കു്–യാഗത്തിൽ ക്രിയചെയ്യുന്ന അച്ചായ്മൻ.

[ഋത്വിക്കുകൾ പന്ത്രണ്ടു്. പ്ര. അഗ്നീദ്ധ്രൻ. ഉ. ബ്രാഹ്മണാച്ഛംസി. ന. മൈത്രാവരുണൻ. ര. ഹോതാവു്. ള. പോതാവു്. ന. പ്രശാസ്താവു്. ഒ. അച്ഛാവാകൻ. വ. ഗ്രാവസ്തുത്തു്. ൻ. ബ്രഹ്മൻ. ഫ. പ്രതിഹർത്താവു്. ഫപ്ര. സുബ്രഹ്മണ്യൻ. ഫഉ. ഉൽഗാതാവു്. ഫന. പ്രതിപ്രസ്ഥാതാവു്. ഫര. നേഷ്ടാവു്. ഫള. നെതാവു്. ഫന്ത. അച്ഛാവാകൻ.]

'അഗ്നീധ്രോബ്രാഹ്മണാച്ഛംസി
മൈത്രാവരുണഏവ ച
ഹോതൃപോതൃപ്രശാസ്താരോ
ഗ്രാവസ്തുച്ഛാവസ്തഥാ
ബ്രഹ്മാഥപ്രതിഹർത്താസു-
ബ്രഹ്മണ്യോദ്ഗാതൃനാമകഃ
പ്രതിപ്രസ്ഥാതൃനേഷ്ടാരൗ
പുനശ്ചോന്നേതൃസംജ്ഞകൗ
അച്ഛാവാകശ്ചയേനിത്യം
യജമാനഹിതേക്ഷിണഃ'

ഋദ്ധ–വി. വർദ്ധിച്ച.

ഋദ്ധം–പൊലി, മെതിച്ചു വയ്ക്കോൽനീക്കി ചേറുവാൻ തയാറാക്കിവെച്ച നെല്ലു്.

ഋദ്ധി–പ്ര. ഇരുത്തി. [ഇരുത്തി എന്ന ശബ്ദം നോക്കുക.] ഉ. വർദ്ധന. ന. പാവ്വരി. ര. സമ്പത്തു്. ള. കുബേരന്റെ ഭാര്യ. ന്ത. ലക്ഷ്മി. ഒ. ചോവിടാക്കൽ.

ഋഭു–പ്ര. നാലുകുമാരന്മാരിൽ ഒരുവൻ. നിദാഘന (പുലസ്ത്യന്റെ പുത്രനു) ജ്ഞാനോപദേശംചെയ്തു. ഈ ഋഭുവിനു ബ്രഹ്മാവു വിഷ്ണുപുരാണം ഉപദേശിച്ചിട്ടുണ്ടു്. ഉ. ചിത്രകേതുരാജാവിന്റെ പുത്രൻ. ന. കൊല്ലൻ. ര. രഥകാരൻ.

ഋഭുക്കൾ–പ്ര. ദേവന്മാർ. ഭൃ=ദേവേ. അമരിയിൽ ജനിച്ചവർ, സത്യഞ്ഞാട്ടു പിറന്നവർ എന്നർത്ഥം. ഉ. സുധന്വാവിന്റെ പുത്രർ, വിഭ്വൻ, വാജൻ എന്ന മൂന്നു പുത്രന്മാർ.

[സുധന്വാവ് അംഗിരസ്സിന്റെ വംശജനാണു്. നന്നായി ഹവിസ്സുകൊടുത്തു അമാനുഷശക്തികളും ദിവ്യത്വവും ലഭിച്ചു. ഇവരാണു ഇന്ദ്രന്റെ കുതിരകളേയും അശ്വനികളുടെ രഥത്തേയും ബൃഹസ്പതിയുടെ വിശേഷപ്പെട്ട പശുവിനേയും നിർമ്മിച്ചതു്. ഇവർ പുരോഗമാതാപിതാക്കന്മാർക്കു യൗവനം നൽകി. പ

ഷ്ടിയുടെ ഒരു പാദത്തിൽനിന്ന് നാലു പാദങ്ങളും ഉണ്ടാക്കി.]

ഋഭു–വി. ബുദ്ധിശക്തിയുള്ള, സാമർത്ഥ്യമുള്ള.

ഋഭുക്ഷൻ–ഇന്ദ്രൻ.

ഋഭുക്ഷാ–ശിവന്റെ വില്ല്.

ഋഭുക്ഷാവു്–ദേവേന്ദ്രൻ. ദേവകളെ ചൊല്ലിനടത്തുന്നവൻ എന്നർത്ഥം. ദേവകൾ സമീപത്തിലുള്ളവൻ എന്നും പറയാം. ഋഭുക്ഷി എന്നുമാകാം.

ഋല്ലകൻ–വാദ്യക്കാരൻ.

ഋല്ലരി–ഒരു വാദ്യം.

ഋശ്യകേതനൻ, ഋശ്യകേതു– പ. അനിരുദ്ധൻ, പ്രദ്യുമ്നന്റെ പുത്രൻ. ഉ. കാമദേവൻ.

ഋശ്യഗന്ധം–അമുക്കുരുന്തോട്ടി.

ഋശ്യഗന്ധാ–മറിക്കുന്നി. [ഋക്ഷഗന്ധ ശബ്ദം നോക്കുക].

ഋശ്യദം–മരമാനിനെ പിടിക്കുന്ന കഴി.

ഋശ്യ(ഷ്യ)പ്രോക്താ–പ. നായ്ക്കുരണ. ഋക്ഷികളാൽ പറയപ്പെടാത്തത്, ഇതിന്റെ ഒപ്പാടി പററി ചൊറിപ്പൊറപ്പാൻ വയ്യാതെ ഉഴലുന്ന മൃഗങ്ങളെക്കാണുമ്പോൾ ആ മിക്കിൽ നായ്ക്കുരണ മുണ്ടെന്നു തോന്നിയാവുന്നതുകൊണ്ടു ഈ പേരുണ്ടായി. ഉ. ശതാവരി. വ്യാഖ്യാവിരോധിയാകകൊണ്ടു മൃഗങ്ങൾ തൊടുകയില്ല എന്നുവായിട്ട് ഈ പേരു സിദ്ധിച്ചു. ന. അമുക്കുരുന്തോട്ടി.

ഋശ്യൻ–മാൻ. ഗമനശീലം എന്നർത്ഥം.

ഋശ്യമൂകം–ഒരു പർവ്വതം.

ഋശ്യശൃംഗൻ–ഒരു ഋഷി.

ഋഷഭധ്വജൻ–ശിവൻ.

ഋഷഭൻ–പ. നാഭിയുടെയും മേരുദേവിയുടെയും പുത്രൻ.

[ഇദ്ദേഹത്തിനു നൂറു പുത്രന്മാരുണ്ടായിരുന്നു. അവരിൽ മൂത്തവൻ ഭരതൻ. രാജ്യം ഭരതനെ ഏൽപ്പിച്ചു വനത്തിൽ ചെന്നു തപസ്സുചെയ്തു].

ഉ. ശ്രേഷ്ഠൻ. ഋഷഭൻ എന്നതു് ഒരു പദത്തിന്റെ പിന്നാലെ ചേരുമ്പോൾ ഈ അർത്ഥം ഉണ്ടാകുന്നു. ഉ–ം, മനുജഋഷഭൻ = മനുജശ്രേഷ്ഠൻ. ന. വിഷ്ണുവിന്റെ ഒരവതാരം.

ഋഷഭ–പ. കാള. ഓടുന്നതു് എന്നർത്ഥം. ഉ. ഇടവകം (ഇടമ്പിരി). രോമത്തെ പിൻതുടർന്നു ചെല്ലുന്നതു് എന്നർത്ഥം. ന. സപ്തസ്വരങ്ങളിൽ രണ്ടാമത്തേതു്. ഏതു ദേയത്തെ (മനസ്സിനെ)പ്രവേശിക്കുന്നതു്, കാളയുടെ ശബ്ദത്തിനു തുല്യമായതു്, പണ്ഡിതന്മാരുടെ കൂട്ടത്തിൽ ഋഷഭം (കാള) എന്നതുപോലെ മറ്റു സ്വരങ്ങളുടെ ഇടയിൽ ശോഭിക്കുന്നതു് എന്നിങ്ങനെ ശബ്ദാർത്ഥം. ര. ഇടവംരാശി.

ഋഷി–പ. മഹർഷി. ഉ. വേദം.

ഋഷികം–മഹർഷി ദേവർഷി ബ്രഹ്മർഷി തുടങ്ങിയ ദേവർഷിനന്മാരായ ഋഷികൾ. ഈ നാനത്തിന്റെ മകരയിലെത്തിയവർ. ഉ. ഋഷ്യാനികം.

[ഗൗതമൻ, ഭരദ്വാജൻ, വിശ്വാമിത്രൻ, അഗ്നി, വസിഷ്ഠൻ, നാരദൻ, കശ്യപൻ, അത്രി, മരീചി, അംഗിരസ്സ്, പുലഹൻ, ക്രതു, പുലസ്ത്യൻ, വസിഷ്ഠൻ, ഭൃഗു, വാല്മീകി, വ്യാസൻ, വിഭണ്ഡകൻ മുതലായി അനേകം മഹർഷികളുണ്ട്. (സപ്തർഷികളെ അറിയുന്നതിനു് 'സപ്തർഷികൾ' എന്ന പദം നോക്കുക.) വിശ്വാമിത്രഗോത്രക്കാരും വസിഷ്ഠഗോത്രക്കാരും ഭരദ്വാജഗോത്രക്കാർ ഋഷികളിൽ പ്രധാനികളായിരുന്നു. ഇവർ പരസ്പരം കലഹിക്കയും ശപിക്കയും പതിവുണ്ടായിരുന്നു. വസിഷ്ഠൻ ബ്രാഹ്മണനെന്നും വിശ്വാമിത്രൻ ക്ഷത്രിയനെന്നും ഭൂഗോളം തെളിയിക്കുന്നു. ഇപ്പോൾ

ബ്രാഹ്മണർ ജപിക്കുന്ന ഗായത്രി മുതലായ ചില മന്ത്രങ്ങളും വിശ്വാമിത്രൻ ഉണ്ടാക്കിയവയാകുന്നു. ഇദ്ദേഹത്തിന്റെ പേർ ഋഗ്വേദത്തിൽ കാണുന്നു. പരശുരാമന്റെ പേർ കാണുന്നില്ല. ഭൃഗു, കണ്വൻ, ഭരദ്വാജൻ, അംഗിരസ്സ് മുതലായവർ വൈദികഋഷികളാണ്. ഇവരെ വേദത്തെഎഴുതീട്ടുണ്ട്. ഇക്കാലത്തെ ഗ്രന്ഥകാരന്മാർ ഋഷികളെ മഹർഷികളെന്നും ബ്രഹ്മർഷികളെന്നും രാജർഷികളെന്നും തരംതിരിച്ചിരിക്കുന്നു. വൈദികകാലത്തുള്ള ഋഷികളും ഇവയിൽ മൂന്നിലും ചേർക്കാവുന്നതില്ല].

ഋഷികല്യാ-പ. പരിശുദ്ധനദി. പ. മഹാനദിയുടെ പേർ,

ഋഷിഗിരി-മഗധരാജ്യത്തിലെ ഒരു പർവ്വതത്തിന്റെ പേർ.

ഋഷിജാംഗലാ, ഋഷിജാംഗലികാ-മരിക്കുന്നി.

ഋഷിപഞ്ചമി-സ്ത്രീകൾക്കുള്ള ഒരു വിശേഷദിവസം.

[ഈ ഭാദ്രപദത്തിന്റെ ശുക്ലപഞ്ചമിദിവസം സ്ത്രീകൾ രാജാദോഷപ്രായശ്ചിത്താർത്ഥം ആചരിക്കപ്പെടുന്ന ഒരു വ്രതം]

ഋഷിപത്നി-ഋഷിയുടെ ഭാര്യ.

ഋഷിപ്രോക്ത-വി. ഋഷിമാരാൽ പറയപ്പെട്ട.

ഋഷിവാടാ-മഹർഷിമാരുടെകൂടിയിരിപ്പ്.

ഋഷ്ടി-ശൂലം.

ഋഷ്യം-മരമാൻ, [ഋശ്യം എന്നതിന്റെ പാഠം].

ഋഷ്യകേതു-[ഋശ്യകേതനൻ എന്നശബ്ദം നോക്കുക].

ഋഷ്യഗന്ധാ-മരിക്കുന്നി.

ഋഷ്യപ്രോക്താ-പ. നായ്ക്കുരണ. പ. ശതാവരി. [ഋശ്യപ്രോക്താ എന്നതു നോക്കുക]

ഋഷ്യമൂകം-ഒരു പർവ്വതം.

[ഇതു പമ്പാതീരത്തിലാണ്. ഇവിടെ വച്ചാണ് രാമസുഗ്രീവന്മാർ അന്യോന്യം അവരവരുടെ കാര്യലാഭത്തിനായ്തീരുമാനത്തെ പ്രാപിച്ചതും മറ്റും]

ഋഷ്യശൃംഗൻ-ഒരു ഋഷി.

[വിഭാണ്ഡകന്റെ പുത്രൻ. അതിനാൽ ഔർവഭാണ്ഡകൻ എന്നും വിളിക്കാറുണ്ട്. ഇദ്ദേഹം ഒരു മാനിന്റെ കുട്ടിയായിരുന്നു. ഒന്നാറിയിൽ ഒരു കൊമ്പുണ്ടായിരുന്നതിനാലാണ് ഋശ്യശൃംഗൻ എന്നു വിളിക്കാനിടയായത്. വനത്തിൽ ഇദ്ദേഹം പിതാവിനാൽ വളർത്തപ്പെട്ടു. പുരുഷത്വം പ്രാപിക്കുന്നതുവരെ മനുഷ്യരെ കണ്ടതേ പാർത്തു. അംഗരാജ്യത്തിൽ മഴിക്കൽമഴയില്ലാതിരുന്നതുനിമിത്തം അവിടത്തെ രാജാവായ ലോമപാദൻ ചില ബ്രാഹ്മണന്മാരുമായി ആലോചിച്ച് ഏതാനും യുവതികളെ അയച്ച് ഇദ്ദേഹത്തെ വശീകരിച്ചുകൊണ്ടുവന്നു ശാന്തയെ ഭാര്യയാക്കി നൽകി. ശാന്ത ലോമപാദന്റെ ദത്തുപുത്രിയും ദശരഥന്റെ പുത്രിയും ആയിരുന്നു. അനന്തരം ഋശ്യശൃംഗൻ സന്തോഷിച്ചു മഴപെയ്യിച്ചു. ദശരഥനു പുത്രലാഭത്തിനു പുത്രകാമേഷ്ടി ചെയ്തതും ഈ ഋശ്യശൃംഗനാണല്ലോ.]

---

## ൠ

ൠ — അ. പ. ഓമ്മ. പ. യേം. ന. ആക്ഷേപം. ദ. കരുണ (ദീർഘമായ ഒരു മൂളൽ)

ൠ പ. ഭൈരവൻ. പ. ഒരു മാനവൻ.

ൠകാരം-ൠ എന്നുള്ള അക്ഷരം.

# ൠ

**ൠ**—പ്ര. ഭൂമി. ഉ. പർവ്വതം. സ. ദേവി. ര. സ്ത്രീസ്വരാക്ഷരം. (അന്ത്യസ്വരം). ൠകാരം—ൠ എന്ന അക്ഷരം.

# ൡ

**ൡ**—പ്ര. അമ്മ. ഉ. മിശ്രസ്ത്രീ. സ. ശിവൻ. മീഡ്വമായ അന്ത്യം. [ൠ, ൡ ഇവ സ്വരങ്ങളും അതിയായിട്ടുള്ള ശബ്ദങ്ങളും അപൂർവ്വം.]

# ഌ

**ഌ**—ഒരു സ്വരാക്ഷരം. (ഹ്രസ്വസ്വരം) ഇതു് ഒരു കണ്ണാടാലവ്യം. ഈ സ്വരത്തിനു സംസ്കൃതത്തിൽ ഹ്രസ്വദീർഘമായ പാഠമില്ല.

[ഌ എന്നതു 'ഇ' 'ഉ' എന്നിങ്ങനെ അറിക്കാമെന്നുണ്ടു്. ഉ-ം, ഇവയ്ക്കു ഉവയ്ക്കു ചിലപ്പോൾ 'അ' എന്നുമാകാം. എന 'അനേ'.

**ഌ**—പ്ര വിഷ്ണു. ഉ. രാത്രി. സ. അസൂയ. ര. കരണം. ങ. വിളി. ന നിന്ദ, അധിക്ഷേപം.

**ഌകറു**—പല്ലു, തേറ (പ്രചാരമില്ലാത്തതു).

**ഌകിറു**—പ്ര. പല്ലു്, മംഗല്യം

'കഠിനവജ്രമേകടകിരീകിറമ
ങ്ങിനസമനെമാനനവുമുള്ളകം'

(പാരാശരരാമായണം)

ഉ. തേറ. സ. ചിറക്.

**ഌക്ക**—പ്ര ഏകൽ. ഉ. കൃഷ്ണമധുരയിൽ വംശത്തിൽ ഉഗ്രസേനപുത്രനായുള്ള ഒരു കംസൻ.

**ഌക്കച്ചക്കം**—വഴക്കു്.

**ഌക്കം**—പ്ര. തക്കം. ഉ. അന്നന്നുള്ള വില. സ. വിലക്കുവാങ്ങുന്നതിനുതക്ക സമയം.

**ഌക്കൽ**—പ്ര. ഒഴുക്കുകൊണ്ടുവരുന്ന വസ്തു. ഉ. എന്തിവലിയുക സ. വയറൊട്ടിക്ക

**ഌക്കളിക്ക, ഌക്കിളിക്ക**—എത്തിവലിയുക, ഏറുക.

**ഌക്കിട്ട, ഌക്കിടം, ഇക്കിടം**—ഒരു ശ്വാസവികൃതി. സംസ്കൃതത്തിൽ 'ഹിക്ക'

**ഌകുക**—പ്ര. ഏക്കിളിക്കുക. ഉ. എത്തിവലിയുക.

**ഌങ്കിൽ, ഌങ്കിലും**—അ. സംശയത്തിങ്കൽ പ്രയോഗം.

**ഌങ്ങൽ**—അങ്ങനെ (നീചഭാഷ) ഞങ്ങനെ എന്നതു് ഉത്തമം. ഞാനും മറവുള്ളവനും എന്നർത്ഥം.

**ഌങ്ങാണ്ടു**—അ. എവിടെയോ.

**ഌങ്ങാനാ**—അ. വല്ലെടത്തും.

**ഌങ്ങിനത്തേ**—വി. ഏതുപ്രകാരമുള്ള.

**ഌങ്ങിനെ**—അ. ഏതുപ്രകാരം.

**ഌങ്ങിനെഌങ്കിലും**—അ. വല്ല പ്രകാരവും.

**ഌങ്ങിനെയും**—അ. ഏതുപ്രകാരവും.

**ഌങ്ങിനെയുള്ള**—അ. ഏതുപ്രകാരമുള്ള.

**ഌങ്ങു്**—അ. എവിടെ.

**ഌങ്ങുന്നിന്നു, ഌങ്ങുന്നാ**—എവിടെനിന്നു.

**ഌങ്ങും**—അ. എവിടേയും, ഒരിടത്തും.

**ഌങ്ങോനാ**—എങ്ങാനും, എവിടെഎങ്കിലും (പഴയ മലയാളം).

'ഏങ്ങോനും മണ്ടിനാൻ'

(കൃഷ്ണഗാഥ)

**ഌങ്ങോട്ട**—എവിടേയ്ക്കു്.

**ഌങ്ങോൻ**—അ. അവൻ എവിടെ (ഏതു അവൻ).

**ഌഞ്ചം**—പ്ര. മനുഷ്യരുടെ മലം. (പ്രധാനമായി ചിലന്തി, പല്ലി ഇവയുടേതാണു്) ഉ. ഇരുമ്പിന്റെ മലം.

എച്ചിൽ-ഗ. ഉണ്ടുശേഷിച്ചുള്ള. പര്യായങ്ങൾ-ഛേഷം, ഭുക്തസമുജ്ഝിതം. ക. ഭക്ഷിച്ചുതിന്റെ ശേഷിപ്പു്, ഉച്ഛിഷ്ടം. ന. അശുദ്ധി. [കണ്ണാടകത്തിൽ-എഞ്ജൽ. തെലുങ്കിൽ-എംഗിൽ.]

എച്ചിൽക്കുപ്പ-അശുദ്ധമായതും അടിച്ചുകൂട്ടിയതുമായ ചവറു്.

എച്ചിൽക്കരുന്നു്-ഒരു ചെടി.

എച്ചിൽക്കുഴി-എച്ചിലിടുന്ന കുഴി (സ്ഥലം.)

എച്ചിൽതീനി-എച്ചിൽ തിന്നുന്നവൻ, ഇരപ്പാളി.

എച്ചിൽപാറുക-തളിക്കുക.

എച്ചിൽപ്പാട്ടു്-ആഹാരം കഴിഞ്ഞതിനുമേലുള്ള പാട്ടു്.

എച്ചിൽപ്പുണ്ണു്-ഒരു ഭീനം.

എജമാനൻ-(യജമാനൻ) ഗൃഹസ്ഥൻ, പുരുഷൻ.

എടനാടു്-കേവലം നാടും കേവലം കാടും അല്ലാത്ത പ്രദേശം.

എടവാടു്-കൊടുക്കൽവാങ്ങൽ.

എടാ-തന്നെക്കാളും താണവനെ വിളിക്കുന്ന ഒരു വാക്കു്.

[ഈ നിപാതത്തിനു ലിംഗവ്യവസ്ഥയുണ്ടു്. 'എടാ' എന്നതു് പുല്ലിംഗമാണു് സ്ത്രീലിംഗം-'എടീ'. എടോ=സാധാരണലിംഗം.]

എടുക്കുക-കൈകൊണ്ടുപോകുക, ചെയ്യുക.

എടുപ്പിക്കുക-കൈകൊണ്ടുപോകിക്കുക, ചെയ്യിക്കുക.

എടുപ്പു്-ഗ. എടുക്കുക. ക. ഒരു ഭീനം ന. ലാഭം. ര. പൊക്കം. ങ. വരവു്. ന. ശേഖരിപ്പു്. ഛ. നികുതി. വ. കൂറ തീർക്കുക.

എടോ-(ഒരു നിപാതം.) സമത്തിലുള്ളവനെ വിളിക്കുന്ന ഒരു വാക്കു്. [എടാ എന്നതു നോക്കുക.]

എട്ടടിമാൻ-ഒരു ഗുണം.

[സംസ്കൃതത്തിൽ ശരഭം എന്നു പറയപ്പെടുന്നു. ഇതു സിംഹത്തെ കൊല്ലുന്നതാണു്. ഇതിനു എട്ടു കാലുണ്ടു്. മഹാവിഷ്ണു പന്നിയായി അവതരിച്ചു ഹിരണ്യകശിപുവിനെ കൊന്നതിന്റെ ശേഷം അദ്ദേഹത്തിന്റെ ഉഗ്രത ശമിച്ചില്ലെന്നുകണ്ടു് അതു ശമിപ്പിപ്പാനായി പരമശിവൻ ശരഭമായി അവതരണം ചെയ്തു. ശരഭത്തിനു സിംഹത്തെ കൊല്ലുന്നതിനുള്ള ശക്തിയുണ്ടു്. ഉഗ്രമായ മൃഗത്തിന്റേയും പക്ഷിയുടേയും വർണ്ണത്തിൽ ഉൾപ്പെടും. ശരഭമഹാമന്ത്രത്തിന്റെ ധ്യാനത്തിൽ പക്ഷിസദൃശമായിട്ടാണു് വർണ്ണിച്ചിട്ടുള്ളതു്. 'ശരഭം' നോക്കുക].

എട്ടംഗം-തല, നെറി, മൂക്കു്, മാറു്, രണ്ടുകൈ, രണ്ടുകാൽ ഇവ വു-ം. (അഷ്ടാംഗശബ്ദം നോക്കുക.)

എട്ടരയോഗം-തിരുവിതാംകൂറിൽ ശ്രീപത്മനാഭക്ഷേത്രം സംബന്ധിച്ചു കൊല്ലം ഒഉ൫ൽ നാടുവാണിരുന്ന മഹാരാജാവു തിരുമനസ്സുകൊണ്ടു ഏർപ്പെടുത്തിയ ഒരു യോഗം.

ഒരോ യോഗം വീതമുള്ള ആപോറിമാരും, ഒരു സഹായിയും, അരയോഗം വീതമുള്ള ശ്രീകാര്യക്കാരും മോറിയും കണ്ണനാക്കരപ്പും മഹാരാജാവും=(എട്ടര.)

ന്യൂ പോറിമാർ ഗ. ക്രുവക്കരപ്പോറി. ക. വമ്പിയൂർ അന്തിയറപ്പോറി. ന കൊല്ലം അന്തിയറപ്പോറി. ര. മുട്ടയിടപ്പോറി ങ. കരുവാപ്പോറി. ന്യ. മനയ്ക്കുന്നൂർപോറി.

എട്ടാം-വി. എട്ടാമതായ.

എട്ടാമതു്-പൂരകഴിഞ്ഞാലുള്ളതു്.

എട്ടാമതായി-വി. പൂരകഴിഞ്ഞാലുള്ള.

എട്ടാമൻ-എട്ടാമതുള്ളവൻ.

എട്ടാലൊന്ന്-എട്ടിലൊരുപാകം $\frac{1}{8}$, അരക്കാൽ.

'തട്ടാൻതൊട്ടാൽ എട്ടാലൊന്ന്'

എട്ടാവട്ടുള്ള-അടുക്കുചെങ്ങും.

എട്ടാശ-എട്ടരിക്ക്, നാലുദിക്കും അതുകളുടെ നടുമൂലയും ഇങ്ങിനെ-വ.

എട്ടി-കുറുന്തിരം.

എട്ടിയാൻ-ചെട്ടിയാൻ. (പരദേശക്കച്ചവടക്കാരിൽ ഒരു വകക്കാർ)

എട്ടിലൊന്ന്- എട്ടിലൊരുപാകം, അരക്കാൽ.

എട്ട്-നാലിരട്ടിച്ചുള്ള്.

എട്ടുകാലൻ, എട്ടുകാലി-ചിലന്തി.

എട്ടുകാലിയുടെ ഒരു വലയിലേ തുടിന കഫം നാഴിക നിലനിൽക്കുമത്രേ.

എട്ടുദിക്ക്-എട്ടുദേശം. [എട്ടുദിശാനാക്കുക]

എട്ടുവീട്ടിൽപിള്ളമാർ-എട്ടു ഭവനങ്ങളിലേയ്ക്കധികാരം. ക. മന്ത്രാന്ധ്രമന്ത്രത്തിൽ പിള്ള. ഉ. രാമനാമന്ത്രത്തിൽപിള്ള. ന. കളത്തൂർപിള്ള. ര കഴക്കൂട്ടത്തുപിള്ള. ഇ. രവണാന്തർപിള്ള. ന. ചെമ്പഴന്തിപ്പിള്ള. ഒ. കൊട്ടാരൻപിള്ള വ. പള്ളിവിളൽപിള്ള.

'മന്ത്രാന്ധ്രരായരാമനാമകളത്തുംകഴക്കൂട്ടവും
രവണാന്തരചെമ്പഴന്തികൊട്ടാരൻ
പള്ളിവിളലെന്നിങ്ങിനെ
ചൊല്പാങ്ങീടുമാറെട്ടിക്കിടമതേ
തൃത്തൃക്കാംപിള്ളമാ-
രൊപ്പംവിക്രമവാർരാശികളഥോ
ചെമ്മേവരുന്നിർത്തരാർ'

(ശ്രീവീരമാർത്താണ്ഡവർമ്മവിജയംകഥകളി)

എട്ടെട്ട-ഈരെഴത്തിനാവു (നൂൽ), എട്ടു എട്ടു കൂടിയത്, എട്ടുവീതമുള്ള.

എണ്ണ-ക. എള്ളിൽനിന്നെടുക്കുന്ന തൈലം. എണ്ണ=എള്ളിലെ തൈ. ഉ. വല്ലതിൻറേയും തൈലവും.

[വൃക്ഷങ്ങളുടേയും ചെടികളുടേയും അരിയും കായും തടിയും തൊലിയും വേരുമൊ വാറിയും അരച്ചിടുകയോ തിളപ്പിക്കുന്നതാണ് തൈലം. മൃഗങ്ങളുടെ മാംസം, കൊഴുപ്പ്, മജ്ജ മുതലായവയിൽ നിന്നും തൈലമെടുക്കാം ]

എണ്ണക്കര-ഒരു വൃക്ഷം.

എണ്ണക്കുരുക്കായം-എണ്ണ എടുക്കാവുന്ന കുരുക്കായം. ആവണക്കിൻകുരു, എള്ള്, നിലക്കടല, പേരയ്ക്ക, തേങ്ങാ, കാട്ടുമഞ്ഞൾ മുതലായവ.

എണ്ണക്കുടി-തൈലമാതിരി അപ്പം.

എണ്ണച്ചട്ടി-തൈലപ്പാത്രം.

എണ്ണച്ചായൽ-വി. വിളറിയുള്ള.

എണ്ണഞെരിഞ്ഞി-ഒരു മരുന്ന്.

എണ്ണത്തോണി-തൈലത്തോണി.

എണ്ണപ്പായൽ – വെള്ളത്തിലുള്ള ഒരു ചെടി.

എണ്ണപ്പെട്ട-വി. ക. യുക എടുക്കപ്പെട്ട.

[എണ്ണപ്പെടുന്ന് എന്നതിനു പര്യായങ്ങൾ-സംഖ്യാതം, ഗണിതം. എണ്ണപ്പെടുവാൻ യോഗ്യം എന്നതിനു പര്യായങ്ങൾ-ഗണനീയം, ഗണ്യം.]

ഉ. മനസ്സിലെടുപ്പെട്ട.

എണ്ണം. ക. സംഖ്യാ, യുക, കണക്ക്. ഉ. മതിപ്പ്. ന. വിലയം. ര. വിശ്വാസം. ഇന്നും നാലും അഞ്ചുമാകുന്ന രാശിയുടെ അധികം പ്രസിദ്ധി. മലയാളത്തിലും നടപ്പുണ്ട്.

'നേരത്തെ മഴിച്ചെണ്ണമവണ്ണമായി'
(മയൂരസന്ദേശം)

എണ്ണവണ്ണം-എണ്ണമാൻ തക്കപോലെ.

എണ്ണലർ-ശത്രുക്കൾ. [പദ്യത്തിൽ പ്രയോഗം ]

എണ്ണാങ്ക്-എട്ടുനാലുകൂടിയതു്. (നാ.)
എണ്ണാങ്കൊടി-ഒരു ചെടി.
എണ്ണായിരം-എട്ടു ആയിരം കൂടിയതു് (വ്യാ.)
എണ്ണാഴി-എട്ടു നാഴി കൂടിയതു്, രണ്ടിടങ്ങഴി.
എണ്ണിക്കൊടുക്ക-കണക്കുകൊടുക്ക.
എണ്ണുക-ക്രി. കണക്കു കൂട്ടുക. പ. വിചാരിക്കുക. നാ. മതിക്കുക. ര. വിശ്വസിക്കുക. ങ. കരുതുക.
എണ്ണൂറ്-എട്ടുനൂറുകൂടിയതു് (വ്യാ.)
എൺ-വി. എട്ടിനെ സംബന്ധിച്ച. തമിഴിൽ എണ്ണം.
എൺകയിൽ- വി. എട്ടുകരണ്ടിയിൽ കൊള്ളുന്ന.
എൺകോൺ-വി. എട്ടുകോണുള്ള.
എൺദിശയും-അ. എട്ടുദിക്കുകളിലും, എല്ലാടവും.
എണ്പതിനായിരം-എട്ടു പതിനായിരം കൂടിയതു് (വ്യാ.)
എണ്പതു്-എട്ടു പത്തു കൂടിയതു് (വ്യാ.)
എണ്പലം-എട്ടുപലം.
എണ്മണി-എള്ളിന്റെ മണി.
എണ്മർ-എട്ടുപേർ. ഉ-ം, എണ്മർയേശുക്കൾ
എണ്മെന്ന-ഇരുപത്തിനാലു്.
എത-ക്രി. അതിര. പ. അവസാനം. നാ. സൂക്ഷ്മമായ സമയം. ര. മുഖ്യന്യൂനമയം.
എതം-തക്കം, തരം, ഏല്, സൌകര്യം. (എതമൊട്ടു തരം നോക്കി)
'ഇണക്കമെന്നാത്തങ്ങതമൊട്ട്'
(നളചരിതംകഥകളി)
എതിരാളി-ശത്രു. നേരിടുവരുന്നവൻ.
എതിരിടം-മുട്ടുക, വകവു്.
എതിരിടുക-ക്രി. നേരിടുക. പ. തടുക്കുക
എതിരു്-വി. ക്രി. വിരോധമായുള്ള. പ. മുമ്പേയുള്ള.
എതിരു്-ക്രി. വിരോധം. പ. മുല്യം. നാ. മാതുക. ര. മുൻഭാഗം. ങ. ഉപമ.
എതിരെ, എതിരേവ-ക്രി. നേരെ. പ. പുലരുവ. നാ. കാലത്തെ.
എതിരേല്പു്-ക്രി. നേരെ ചെന്നു കൂട്ടിക്കൊണ്ടു പോരുക. പ. നേരിടുക.
എതിരേറുക-എതിൽക്കുക.
എതിർ-വി. നേരെയുള്ള.
എതിൽക്കുക-നേരിടുക.
എതിർകോൽ-നടക്കുന്നവഴിയിൽ കൊള്ളുവാൻ തക്കവണ്ണം മാർഗ്ഗത്തിൽ കിടക്കുന്ന കോൽ.
എതിർതരിക-യുദ്ധത്തിനു കൂട്ടുക.
എതിർതല, എതിൎത്തല-ശത്രു.
എതിരേത്ത-അ. മുഴുവനും. ഉ-ം, എതിരേത്തപച്ചനിറം.
എതിർപെടുക-നേരിടുക.
എതിർപൊരുക-യുദ്ധംചെയ്ക.
എതിരുപ്പു്-ക്രി. നേരിടുക. പ. വിരോധിക്ക. നാ. ശകുനം. ര. ദുശ്ശകുനം.
എതിർമുഖം-ക്രി. അഭിമുഖം, എതിരെ മുഖമായി. പ. എതിർപ്പുറം.
എതിർമുള്ള-മറിവേ ഏല്പു്.
എതിർമൊഴി-എതിർപറക.
എതിർവാക്കു്-എതിർമൊഴി, എതിരു പറക, വിരോധംപറക.
എതിർവീടു്-നേരേയുള്ള വീടു്.
എതു്-അതിര, അവസാനം. [എതു നോക്കുക].
എതുക-ദ്വിതീയാക്ഷരപ്രാസം എന്ന പേരിൽ നാം ഇപ്പോൾ വ്യവഹരിച്ചുവരുന്ന ശബ്ദാലങ്കാരവിശേഷം. (ഉദാ: സംഖ്യാമക്ഷരനിബന്ധനമേതുകമോനവുണ്ണിയവിശേഷം പാട്ടു്) (ലീലാതിലകം). എതുകയെ ഇന്നും ലക്ഷണകവികൾ പ്രായേണ അനുഷ്ഠിച്ചുവരുന്നു പോരുന്നു.
എത്തം, എത്തൻ, എത്തു്-ക്രി എള്ളുക, തൊടുവാൻ തക്കവണ്ണം നീളുക. പ. നീളം.

എത്തിക്കൽ-എത്തൽ. ഉം, കാൽഎത്തിക്കൽ.

എത്തിവലിയുക-കാലിന്റെ വിരൽ കൊണ്ടു പൊങ്ങുക.

എത്തുക-ക്രി. ചെല്ലുക.

'എത്തുവനം തൽപുരമതിൽമഹാരാജധാനികയക്കുമെന്നവനോ'

(മയൂരസന്ദേശം)

ഉ. തീരുക, ഇവ്വാതാകുക. നു. തൊടുവാൻതക്കവിധമാവുക. [സം. ക്രി. എത്തിക്കുക].

എത്ര-അ. ക്ര. ഇത്രയെന്നു നിശ്ചയമില്ലാത്തതിനെപ്പറ്റി ചോദിക്കുന്ന ഒരു വാക്ക്. ഉ. വളരെ. നു. ഏറവും. [എത്ര = എ + തിര. തിര = മാത്ര.]

എത്രയും-അ. തൂലാം അധികം.

എത്രോളം, എത്രോടം, എത്രോടം-അ. ഏതുവരെ.

എന-എന്നു്.

എനി-ഇനി.

എന്തു-ഒര. (ഒരു പ്രധാനവ്യാക്ഷേപകം.) അറിയാത്തതിനെക്കുറിച്ചു ചോദിക്കുന്ന ഒരു വാക്ക്.

എന്തുവാൻ-എന്താണ്.

എന്തോ-ഒര (വ്യാക്ഷേപകം). സംശയത്തെ സൂചിപ്പിക്കുക.

എന്ത്യാ, എന്തേ-അ കാരണം അറിയാത്തതിനെക്കുറിച്ചു ചോദിക്കുന്ന ഒരു വാക്ക്.

എൻ-എന്റെ.

എൻപെരുമാൻ-ഇളനാട്ടിലുള്ള ബ്രാഹ്മണൻ.

എൻവൻ-ക്ര. എന്റെ എതിരാളി. ഉ. എപ്പോഴും, നീലേശ്വരത്തും മറ്റുമുള്ള വരും യാഗം കഴിക്കുന്നവരുമായ ഒരു വകബ്രാഹ്മണർ.

'എപ്പോഴുമെൻവിളക്കുള്ള
വാരിയരെൻറെയുള്ളം'

എൻറീശ്വര-ഒര വ്യാക്ഷേപകം.

എൻറു-(പ-മ). എന്നു

എന്നവാറെ-അ. അപ്പോൾ, അതിൽപിന്നീട്.

എന്നാകിൽ, എന്നാൽ-അ. എങ്കിൽ.

എന്നാറെ-അ. അതിൽപിന്നീട്.

എന്നിങ്ങനെ-അ. ഇപ്രകാരം

എന്നിട്ട്-അ. പിന്നെ, അതിന്റെശേഷം, എന്നു പറഞ്ഞിട്ട്.

എന്നിട്ടും-അ. അതിന്റെശേഷവും, പിന്നേയും, എങ്കിലും.

എന്നി, എന്നിയെ-അ. ക്രമേണ.

[ഈൻറി-ക്രമേണ. ഇതു് ഇൻറി എന്നതിന്റെ രൂപഭേദം. ഇൻറിയിൽ നിന്നു എൻറി, എന്നി, എന്നിയെ ഈ രൂപങ്ങളും കാലാന്തരത്തിലുണ്ടായി].

എന്നിരിക്കേ-അ. അപ്പോൾ.

എന്നീവണ്ണം-അ. ഇപ്രകാരം.

എന്നു്-അ. ക്ര. ഇങ്ങിനെ. ഉ. ഏതുദിവസം. എപ്പോൾ [തമിഴിൽ എൻറു].

എന്നാ-അ. എല്ലായ്പോഴും.

എന്നാലോൽ-എന്നുപറയുമ്പോൾ, എന്നു വിചാരിക്കുമ്പോൾ.

എന്നുമേ-അ. എപ്പോഴും, ഒരുനാളും.

എന്നുവെച്ചു്-ഇങ്ങനെ വിചാരിച്ചു, അതുകൊണ്ടു്.

എന്നേ-അ. ഭൂതത്തിലും സന്നിഹിതത്തിലും ഭാവിയിലും പറയുന്നതിനുവേണ്ടി.

എന്നേക്കും, എന്നെന്നേക്കും, എന്നെന്നും-എല്ലാനാളുകളിലും.

എന്മാൻ, എന്മൻ-എന്നുപറവാൻ, എന്നുകൊണ്ടു്. (എന്മൻ എന്നതു നോക്കുക)

എപ്പുറം-എവിടെപുറം.

എന്മൊഴു-എന്നുപറയപ്പെടുന്നു.

എന്മേടം-എന്നുള്ള സംഗതി.

എപ്പോൾപെട്ടെന്നു-അ. എപ്പോഴും, ഉടനെ

എപ്പോഴും-അ. എല്ലാം, എല്ലാവരും.
എപ്പോഴും-അ എല്ലാദിനവും.
എപ്പോൾ-അ. ഏതുസമയത്ത്
എപ്പോഴും-അ. ഏതുസമയത്തും.
[പര്യായങ്ങൾ-സതതം, അനാരതം, അത്യന്തം, സന്തതം, അവിരതം, അനിശം, നിത്യം, അനവരതം, അജസ്രം-ൻ.
എപ്പോഴും, എപ്പോളും-എല്ലാദിനവും
എന്വാതോർ ചക്രവർത്തി.
എന്വാൻ-എൻപുരാൻ.
എമൻ-യമൻ.
എമ്മക്കം-നമ്മൾ.
എമ്മൻകിടാവ് - കോലത്തിരിയുടെ കാര്യസ്ഥൻ.
എമ്മാൻ-അ. എന്നെകൊണ്ട്.
എമ്മാൻ-എന്നെ പാവാൻ.
'അമ്മയച്ചിട്ടുണ്ടെമ്മാനില്ല, ഇല്ലെമ്മാനില്ല
നീരുനിന്നവനു,-കളിയല്ല
(നളചരിതം കഥകളി)
[എമ്മാൻ = എന്നെപറവാൻ 'എൻ' എന്ന ഖണ്ഡധാതുവിന്റെ പിൻവിനയേച്ചമൈ 'എമ്മാൻ'. 'എന്നാൽ' = എന്നുപറഞ്ഞാൽ. ഇതുപോലെ രൂപങ്ങൾ നോക്കുക. 'ഉണ്മാൻ' എന്നതിനെ 'ഉമ്മാൻ' എന്നു ഏഴുതാറുള്ളതുപോലെ 'എന്നാൻ' എന്നതും ഏഴുത്തിൽ 'എമ്മാൻ' എന്നായി (അമ്മയച്ചിട്ടു) നളനെ അന്വേഷിപ്പാൻ ദൂതനെ അയച്ചതിൽ (ഉണ്ടെമ്മാനില്ല) അവൻ ഇവനെത്തള്ളാതെ പാവാനില്ല; (ഇല്ലെമ്മാനില്ല) മറിച്ചുപോയി എന്നു പറവാൻ പാടില്ല എന്നുപ്പറഞ്ഞു യാതൊരുവിധവും കിട്ടീട്ടില്ലെന്ന അർത്ഥം. ന ച സ അന്യഗതഃ പിരേനമുഞ്ജീവതി വനവാസ' എന്നതിന്റെ ശരിയർത്ഥമിതാകുന്നു ഇവ്വണ്ണം സഹിതൃസംഹൃം.]
എയിത്ത്-എയ്ക, അയുകൊണ്ടുള്ള പ്രയോഗം, തെറ്റുക.
എയ്ക്കുക-പ്രാപിക്കുക.
എയ്തിയ-വി. എത്തിയ, പ്രാപിച്ച. [പഴയ മലയാളം].
എയ്ന്ന-എല്ലുന്ന
എയ്യൻ-മുള്ളൻ, മുള്ളൻപന്നി.
എയ്യൻപന്നി-മുള്ളൻപന്നി.
എയ്യമ്പുല്ല്-ഏരകം.
[സമുദ്രതീരത്തിൽ ഉണ്ടാകുന്നതും ശരത്തിനു (അമ്പിനു) ഉപയോഗത്തിലുള്ളതുമായ ഒരു മാതിരി പുല്ല്. ഇത് ഇരിയുപൊടിയിൽനിന്നുണ്ടായി വളരുന്നതാണെന്നു പറയപ്പെടുന്നു.]
എയ്യൻമുള്ള്-മുള്ളൻപന്നിയുടെ മുള്ള്. (തൂവൽ).
എയ്യുക-അയയ്ക്കുക, അയുകൊണ്ടു പ്രയോഗിക്കുക, തൊടുക.
എരക്കം-ഭയവും, അലിവ്.
എരട്ടിമധുരം-ഒരു അങ്ങാടിമരുന്നു പര്യായങ്ങൾ-മധുകം, ക്ലീതകം, യഷ്ടിമധുകം, മധുയഷ്ടികാ ഇവ നാമം.
[ഇതു ക്ഷയം, ശ്വാസം, നയനരോഗം, വിഷം, ഛർദ്ദി, ആരോചകം, ശീതപിത്തം, പിത്തരോഗങ്ങൾ, വ്രണം ഇവയെശമിപ്പിക്കും. ശുക്ലവർദ്ധനയെ ചെയ്യും]
എരവ്-വായിപ്പ വാങ്ങുന്ന ആളുടെ മുതലായതു്. ഏരവൽ എന്ന കീഴേടുകൂടി.
എരി, എരിവു്, എരവു്-ക്ര. ഒരുതരം ഉപ്പു്. ന. ക്ഷാരം. ഗ. കോപം. പര്യായം-'കടു'.
എരികനൽ-കത്തുന്നതീയ്, തീക്കനൽ.
എരിക്ക്-ഒരു ചെടി. പര്യായങ്ങൾ-അർക്കഫലം, വസുകം, ആസ്ഫോടം, ഗണരൂപം, വികീരണം, മന്ദാരം, അർക്കപുഷ്പം.

[ഇതിന്റെ ഇല വാതത്തെയും കഫത്തെയും ശമിപ്പിക്കും. വേര്, വിരേചനത്തെ ചെയ്യും. വിഷഹരവുമാണ്. എരിക്ക വാതത്തെ കളയും. ഭീപനവും ഉഷ്ണവുമാണ്. കൃമിരോഗങ്ങൾക്ക വളരെ വിശേഷം. ശോഫം, ഭഗന്ദരം, കഷ്ടം, വ്രണം, പ്ലീഹ മുതലായവയ്ക്ക് ഉത്തമം.]

എരിക്കിഴങ്ങ്-ഇഞ്ചി

എരിക്കുക-ചുടുക, തീകത്തിക്കുക.

എരിക്കൊള്ളി-തീക്കൊള്ളി.

എരിച്ചിൽ-പ്ര. എരിവ്. ഉ, തീകത്തൽ. സ- കോപം.

എരിതീയ്-കത്തുന്നതീയ്.

എരിതേങ്ങാ-ചില കറികളിൽ മടലോടെ തീകത്തിച്ചുഴിയുന്ന തേങ്ങാ.

എരിപുളി, എരിവുപുളി-ഒരു കറി (മോരു ചേർത്തുണ്ടാക്കുന്നതാണ്.)

എരിപൊരി-വലുതായ സങ്കടം.

എരിപൊരിസഞ്ചാരം-ഉഷ്ണംനിമിത്തം ഉണ്ടാകുന്ന അധികമായ വ്യസനം, എരിച്ചിൽ.

എരിപ്പ്-പ്ര. എരിവ്. ഉ തീകത്തിക്കുക. സ. ഭാഷ. ര. തീക്കൊള്ളി.

എരിമക്കള്ളി-ഒരു ചെടി. ചൂരക്കള്ളി എന്നും പറയുന്നു. ഇതു വിരേചനകരമാണ്. മലഎരിമ എന്നു മറ്റൊരുപക്ഷം

എരിമത്താളി-ഒരു വള്ളി.

[എരിമത്താളി (എരുമത്താളി)ക്ക പുഷ്പങ്ങളുടെ പട്ടപ്പഴുപ്പ്, മഹിമവതി, സപ്തക്ഷീരി, ഹിമവതി ഇങ്ങനെ പര്യായങ്ങൾ കാണുന്നുണ്ട്. ചിലർ മലഎരിമയുടെ പേരാണെന്നു പറയുന്നു.]

എരിമ്പാവൽ-ഒരു ചീര.

എരിമരം-രാത്രിയിൽ പ്രകാശിക്കുന്ന ഒരു മരം.

എരിയുക-നീറുക, തീകത്തുക.

എരിയുകാരൻ-ശ്വോരൻ, ഉഗ്രൻ.

എരിവുകറി-പ്ര. തേങ്ങാ അരച്ചു ചേർത്തുണ്ടാക്കുന്ന ഒരു കറി. ഉ. എരിച്ചു കറി.

എരുക്ക്-എരിക്ക്. [എരിക്ക് എന്നതു നോക്കുക].

എരുത്ത്-കാള, പൂരി, പുരമേടയ്ക്കുവാൻ സാമർത്ഥ്യമുള്ള കാള.

എരുത്തിൽ-കാളക്കൂട്ടം, കന്നുകാലി.

എരുന്ത്, എരിന്ത്-നടയിലുള്ള ചിപ്പിമീൻ.

എരുവുപുളി-മോരുചേർത്തുണ്ടാക്കുന്നൊരുകറി

എരുമ-പെൺകന്ന്.

എരുമപ്പാൽ-എരുമയുടെ പാൽ.

[വളരെ ഗുരുവാണ്. അഗ്നിയെ ശമിപ്പിക്കുന്നതുമാകുന്നു. ഉറക്കത്തെ ഉണ്ടാക്കുന്നു.]

എരുമത്തൈർ-എരുമയുടെ പാലിൽ നിന്നുണ്ടാക്കുന്ന തൈർ.

[വളരെ ഗുരുവാണ്. ഉഷ്ണവും വിഷ്ടംഭവുമാകുന്നു. വാതങ്ങളെ ഉണ്ടാക്കും. മൂലരോഗം, അതിസാരം ഇവയെ ശമിപ്പിക്കും.]

എരുമക്കുളി-ഒരു ചെടി. ഏരിക്കള്ളി നോക്കുക.

[ദുഗ്ധിക, ക്ഷീരാവി എന്നിവ എരുമക്കള്ളിയുടെ പര്യായങ്ങളായും കാണുന്നുണ്ട്.]

എരുമവണ്ട-എരിവ്, എരിവിന്റെ വാസന നല്ലതുപോലെയുള്ള വാസന.

എരുമവാവൽ-ഒരു ചെടി.

[ഇതിന്റെ കിഴങ്ങ് ഭാഷന്മാരുടെ കടയ്ക്കലീക്കം ചീക്കും.]

എരുമാൻ-കല്യാശ്ശേരിയിൽ ഒരുവക ക്കാർ. (ഇവർ തുളുഭാഷ സംസാരിക്കുന്നു.)

എരോപ്പ-യൂറോപ്പ് എന്ന ഭൂഖണ്ഡം. Europe.

എലങ്കം-ഇലവങ്കം.

എലവു-ഇലവു എന്ന വൃക്ഷം. (ഇലവു് എന്നതു നോക്കുക.)

എലാഞ്ഞുക, ലാഞ്ഞുക-ആഞ്ഞുക, അലയുക

[ഒരു പാത്രത്തിൽ നിറയെ അല്പം ഒരു വെള്ളംകഴിച്ചു് ഏടുത്താൽ അതു ഉലയുന്നതിനു ഇതു പേർ പറയുന്നു. ഒരു മിശ്രം ചാഞ്ഞുന്നു എന്നു സാധാരണ പറയാറുണ്ടു്. 'ഓളുഞ്ഞുക' എന്ന ശബ്ദവും കാണുന്നു.]

എലി-ഒരു ചെറിയമൃഗം. പര്യായങ്ങൾ-ഉന്ദുരു, മൂഷികൻ, ആഖു.

[ശിരികം, ബഭ്രുമൂഷിക ഫ-ം, ചുണ്ടെലിയുടെ പേർ. ചുവുന്ദരി, ഗന്ധമൂഷി ഫ-ം അരച്ചുലിയുടെ പേർ. എലിമാംസം ഗ്രഹ്യരോഗങ്ങൾക്കു നന്നു്.]

എലിക്കണി-എലിയെ പിടിക്കുന്ന ഒരു യന്ത്രം.

എലിക്കത്തിരി-എലിക്കണി.

എലിക്കാഷ്ഠം-എലിപ്പിഴുക്കു, എലിയുടെ മലം.

എലിച്ചെവി-ഒരു പച്ചമരുന്നു്. പര്യായങ്ങൾ-ചിത്രു, മൂഷികപർണ്ണി, ഭവന്തി, ശംഖിനി, വൃക്ഷ, പ്രത്യക്പർണ്ണി, സൂചിപർണ്ണി, രന്ധ്രാ, മൂഷികപർണ്ണി.

[ഇതു കഫപിത്തങ്ങളെയും ആമദോഷം, മൂലരം, വയറുവേദന ഇവയെയും നശിപ്പിക്കും. പാചനമാക്കുന്നു ഇതിനു മുയൽചെവി, എഴുത്താണിപ്പച്ച, തിരുതാളി എന്നിങ്ങനെയും പറയുന്നു.]

എ[illegible]-വ്യാഖ്യാനവാ.

എലിത്തടി-ഒരു പച്ചമരുന്നു്. (ആനമടക്കുടം എന്നതു നോക്കുക.)

എലിനടകം, എലിനടക്കാൽ, എലിവാട-മേല്പുരയുടെ (മേൽക്കൂട്ടിന്റെ) മുരോഗം. എലിനടയാടി,

എലിനാഴി-എലിയെപ്പിടിക്കുന്ന യന്ത്രം

എലിപ്പച്ച-ഒരു ചെടി.

എലിപ്പത്തായം-എലിയെ പിടിക്കുന്ന ഒരു യന്ത്രം.

എലിപ്പാതാളം-എലിമടം.

എലിപ്പാഷാണം-എലിയെ കൊല്ലുന്ന ഒരു മരുന്നു്. (വിഷമാണു്.)

[ഇതു എലിവിഷത്തിനു നന്നു്. ശീതജ്വരത്തിനും കൊള്ളാം. ഉൾമരുന്നിലുപയോഗിക്കുന്നതു ഗുണകരം].

എലിപ്പിഴുക്ക-എലിക്കാഷ്ഠം. [ഇതു വിഷമോഹത്തിനു കൊള്ളാം.]

എലിപ്പുന്നാ-എലിമടം.

എലിമഞ്ഞി-എലിയെ പിടിക്കുന്ന ഒരു യന്ത്രം.

എലിമട-എലിയുടെ ചാരം, എലിപ്പാതാളം

എലിമുള്ളു-ഒരു മുൾച്ചെടി.

എലിവഞ്ചികാ-എലിയെ പിടിക്കുന്ന യന്ത്രം.

എലുമിച്ച-കൂടുകപ്പുളിനാരകം.

എലുമ്പൽ-ചെറിയല്ലു്.

എലുമ്പു്-എല്ലു്.

എല്ക, എലുക-അതിനു്. [എല്ലു നോക്കുക.]

എല്ക്കല്ലു്, എലുകക്കല്ലു്-അരിഞ്ഞിക്കല്ലു്, അരിവാൾ ഇടുന്ന കല്ലു്

എല്ലുനതിനു്. [എല്ലുരുമ്മിപ്പോകുക = അത്തിക്കുമ്മിപ്പോകുക]. ഫ അവധി എല്ലുയിൽനിന്നു 'എലുക' വന്നു, എല്ലു=എൽക = എലുക.

എല്ലുതല-അതിനു്.

എല്ലുടവു-അ. എല്ലുസ്ഥലത്തു്.

എല്ലുടനു-അ. എല്ലുസ്ഥലത്തു്.

എല്ലുനാളം-അ. എല്ലുമിവസം.

എല്ലുനേരവും-അ. എല്ലുപ്പോഴും.

എല്ലാം-അ ഒക്കെ, മുഴുവനും. പര്യായങ്ങൾ-സമം, സർവ്വം, വിശ്വം, അശേഷം, കൃത്സ്നം, സമസ്തം, നിഖിലം, അഖിലം, നിഷ്കൃഷ്ടം, സമഗ്രം, സകലം, പൂർണ്ണം, അശേഷം, അനവശേഷം. [എല്ലാം എന്നതു നിത്യബഹുവചനമാകുന്നു.

എല്ലായ്പോഴും-അ. എല്ലാസമയത്തും.

എല്ലാറ്റിലും-ഒക്കെയിലും, മുഴുവനിലും.

എല്ലാരും, എല്ലാവരും-സകല മനുഷ്യരും.

എല്ല്-അസ്ഥി. പര്യായങ്ങൾ-കീകസം, കല്യം, അസ്ഥി.

എല്ലുകാമ്പു-അസ്ഥിസാരം, അസ്ഥിഗതതത്വം, മജ്ജ.

എല്ലുരുക്കം-എല്ലുരുകിപ്പായുന്ന ഒരു രോഗം.

എവിടുത്തു-അ. ഏവിടെ.

[മാധവനെവിടുത്തു, എന്ന ഉദ്യോഗപ്രയോഗം കാണുക. 'കോട്ടയം' 'കൊല്ലം' ഇത്യാദിയിൽ 'ത്തു' ചേർത്തു കോട്ടയത്തു്, കൊല്ലത്തു് ഇത്യാദി രൂപമുണ്ടാക്കുന്നതുപോലെ ഏവിടം എന്നതിൽനിന്ന് 'ഏവിടുത്തു' എന്ന രൂപം ഉണ്ടായി.]

എവിടെ-അ. ഏതുമിക്കിൽ.

എവിടേയും-അ. ഏതുമിക്കിലും, ഒരു മിക്കിലും.

എഷ്ടിമധുകം-ഇരട്ടിമധുരം, അതിമധുരം

എഷ്ടി-ഇരട്ടിമധുരം.

എഷ്ട്യാഹ്വാ-ഇരട്ടിമധുരം.

എഷ്ടാങ്കല്യർഗവതരുപം-ഇടപ്പിള്ളി രാജവംശം.

എള്ള്-അരക്കുട്ടു്. (ഇതി.)

എഴുത്തു-(വ്യാകരണത്തിൽ) ശബ്ദാദേകങ്ങളിൽ ഒന്നു്.

എളിമ-ക. താണസ്ഥിതി. ഖ. അടക്കം. ന. ലജ്ജ. ര. മര്യാദ.

എളിയ-വി. ക. താണ. ഖ. അശക്തിയായ.

എളിയോൻ-നിസ്സാരൻ.

എളുതു-വി. എളുപ്പമുള്ള, കഴിയുന്ന.

എളുപ്പം-അ. പ്രയാസംകൂടാതെ, വേഗം

എളേടത്തു്-വേണാട്ടു പ്രദേശം ചെങ്ങന്നൂർ രാജ്യമായി വിഭജിച്ചിരുന്നതിൽ ഒന്നു്.

എള്ളു്-എണ്ണയുള്ള ഒരു ധാന്യം.

[ഇതു പൈകല്പം ചേർപ്പുമുണ്ടു്. ഉഷ്ണവീര്യമാകുന്നു. രുചിക്കു ഹിതം. സ്നിഗ്ദ്ധമാകുന്നു. കഷായമധുരരസം. വാതത്തെ ക്ഷയിപ്പിക്കും. മേധ, അഗ്നി, കഫം, പിത്തം, ബുദ്ധി, കേശം ഇവയെ വർദ്ധിപ്പിക്കും. മൂത്രത്തെ കായ്ക്കും. ദീപനമുണ്ടാക്കും. എള്ളു് കറുത്തും വെളുത്തും ചെമന്നുമുള്ള നിറങ്ങളിലുണ്ടു്. ഇവയിൽ മേലേമേലേതിനു ഗുണം ക്രമമായി കൂടിയിരിക്കും. ഇതിന്റെ ഇല വാതകൃമിയും കട്ടതികത്താളവും ഭേദിയുമാകുന്നു. എള്ളിണ്ണ എണ്ണകളിൽ പ്രധാനമാണ്.]

എള്ളോളം-എള്ളളവു്.

എഴ-ക. നിലമുള്ള കോൽ. ഖ. നിലമുള്ള നൂൽ. ന. പായുടെ അളി.

എഴിമല-ഒരുപർവ്വതം.

എഴിൽ-ബലം.

എഴു-ക. മരപ്പലകപ്പു്. ഖ. ഉയരം. ന. ഉത്തരിപ്പു് ര മുഴപ്പു്. ഠ. ഏഴു എന്ന അക്കം. ള, ഴു, എഴുപർ.

എഴുക-കട്ടിലിന്റെ കാൽ മുകളിൽ ചേരുന്നതു മരം.

എഴുക-ക. ചൊല്ലുക. ഖ. വർദ്ധിക്ക. ന. ഉണ്ടാക്ക. ര. എഴുന്നള്ളുക.

എഴുതുക-ക. അക്ഷരം ചേർക്കുക. (അടിതൽ എന്നു നോക്കുക.) ഖ. ചിത്രം വരയ്ക്കുക. ന. കണ്ണിൽ മഷിയെഴുതുക. [സംജ്ഞ നോക്കുക.]

എഴുത്തച്ഛൻ-ആശാൻ, ഗുരു, എഴുതിക്കുന്നവൻ.

[തുഞ്ചത്തു രാമാനുജൻ എഴുത്തച്ഛൻ മലയാളഭാഷയുടെ ആദിപിതാവാകുന്നു. കൊല്ലവർഷം ൧൦-നും, ൧൧-നും മദ്ധ്യേ ജീവിച്ചിരുന്നു. ജാതിയിൽ ചക്കാലയാണ്. അച്ഛൻ സവ്യശാസ്രുപാരംശതനായ നീലകണ്ഠൻ നംപൂതിരിയാകുന്നു ജനനസ്ഥലം തിരൂർ തീവണ്ടി ആഫീസിനു സമീപം തുക്കണ്ണിയൂർ എന്ന ദിക്കിൽ ഒരു ഭവനമാണ്. കിളിപ്പാട്ട് എന്ന പുതിയ രീതി കണ്ടുപിടിച്ചതു് ഇദ്ദേഹമാണത്രെ].

എഴുത്തൻ-വി. ചിത്രമെഴുതിയ, ചായം പിടിച്ച.

എഴുത്തൻ-എഴുത്തുകാരൻ.

എഴുത്താണി-എഴുത്തു നാരായം.

എഴുത്താണിപ്പച്ച-ഏലിച്ചെവിയൻ.

എഴുത്താണിവാലൻ-ചേര. (നായാട്ടുപേർ).

എഴുത്താശാൻ-ഗുരു.

എഴുത്തു്-ക്രി. എഴുതുക, അക്ഷരം. ക. ചിത്രം. ന. വിദ്യ. ചീട്ടുകറിമുതലായവ

എഴുത്തുപള്ളി-പാഠശാല.

എഴുത്തോല-കരിമ്പനയോല.

എഴുനിന്നു-എഴുന്നേറ്റു.

എഴുനിലമാടം-എഴുനിലമാളിക.

എഴുന്തീയ്-കാട്ടുതീയ്.

എഴുന്നരുളുവതു, എഴുന്നള്ളുന്നതു-ബ്രാഹ്മണർ രാജാക്കന്മാർ മുതലായവർ പോകുകയോ വരികയോ ചെയ്യുന്നതിനു പറയുന്ന പേർ.

എഴുന്നരുളുക-എഴുന്നള്ളുക.

എഴുന്ന-വി. പൊങ്ങിനില്ക്കുന്ന.

എഴുന്നീല്ക്ക, എഴുനീല്ക്ക, എഴുന്നല്ക്ക-ഉയരുക. എഴുന്നനിൽക്കു എന്നതിൽനിന്നു വന്നതായിരിക്കണം. അതു ലോപിച്ചു എണീക്ക എന്നും ആയിട്ടുണ്ട്.

എഴുന്നെള്ളത്തു്-ക്ഷോഭയാത്ര. (അടിതോൽ എന്നതിൽ യാത്ര എന്ന പദം നോക്കുക.)

എഴുന്നെള്ളിയേടം-തിരുമുമ്പു്.

എഴുന്നേള്ളിയേടത്തന്മാർ-തമിഴ്നാട്ടിലുള്ള ഒരു ബ്രാഹ്മണവർഗ്ഗം.

എഴുന്നേല്പു്-ഉയരുക.

എഴുമുല്ലു്-ഒരുമാതിരി വലിയ പുല്ലു്.

എഴുന്നെള്ളിക്ക, എഴുന്നള്ളിക്ക-ക്ഷോഭയാത്ര പുറപ്പെടുവിക്കുക.

എഴുമ്പുക-പൊങ്ങുക, വലുതാകുക.

എഴുമ-പൊക്കം, ഉയരം.

എഴുവർ-ഏഴുപേർ.

എറ-ഇറ.

എറി-ഏറു്.

എറികണ്ണു്-ചുളിച്ചുനോക്കുക.

എറിക്കുക-തടിയുടെ വെള്ള കളഞ്ഞു ഉരുട്ടുക.

എറിപ്പു്-എറിച്ചിൽ.

എറിയൻ-കണ്ണിൽ ചിലപ്പോൾ വീഴാറുള്ള ഒരു വക ചെറിയമുത്തു.

എറിയുക-ക്രി. കളയുക. ന. ചാടുക.

എറുക-നെറ്റി.

എറുമ്പു്-ഉറുമ്പു്.

എറുമ്പൊഴുക്കൽ-രോമാവലി.

എറവു്-ക്രി. അലക്കു്. ന. അടി. ന. കണി, കണ്ണി, കരുക്കു്.

എറവുക-ക്രി. അലക്കുക. ന. അടിക്കുക.

## ഏ

ഏ—ഒരു സ്വരാക്ഷരം. (കണ്ഠതാലവ്യം.)

ഏ-ഒരു വ്യാക്ഷേപകം. ക്രി. രാമ. ന. മനസ്സുവിയുക. ന. വിളിക്കുക. ൻ. അനുസരണം. ൫. ഖേദം, ഭാവം. ന. ബ

സ്ഥം ഏ. മാത്രം. വ്യ വിഷ്ണു. ൻ. കരുണ. ക്രി. അസൂയ. ക്രി. ആക്ഷേപം, നിന്ദ.

ഏക-വി. ക്രി. ഒന്നായ, ഒറ്റയായ. ഉ. മാത്രമായ. ന. മറ്റൊന്നിനോടുകൂടാത്ത. ര. ഉറപ്പായ. ഇ. മാറ്റപ്പെടാത്തില്ലാത്ത ന. ശ്രേഷ്ഠമായ. ഒ. ഒന്നിൽ തന്നെ ചേർന്ന. വ്യ. അതുല്യമായ. ൻ ചെറുതായ. ക്രി. സത്യമായ.

ഏകക-വി. താനേയുള്ള, ഒന്നു മാത്രമായിട്ടുള്ള.

ഏകകണ്ടകം-വയൽച്ചുള്ളി.

ഏകകൻ-ആരും സഹായമില്ലാതെ ഒറ്റയായിട്ടുള്ളവൻ.

ഏകൽ-കൊടുപ്പ്, ദാശ്യം, വിധി.

ഏകാ-ദുർഗ്ഗാ.

ഏകകാലിക, ഏകകാലീന-വി. ഒരേ കാലത്തുള്ള.

ഏകകുബേരൻ-ക്രി. കുബേരൻ. ഉ. ബലഭദ്രൻ. ന. ശേഷ്ഠൻ.

ഏകഗുരു-ഒരു ഗുരുവിങ്കൽനിന്നു വിദ്യാഭ്യാസം ചെയ്തവർ അന്യോന്യം വിളിക്കുന്ന പേർ. മറ്റൊരു പദ്ധതിയും-സതീർത്ഥ്യൻ.

ഏകചക്ര ഒരു നഗരം. വ്യാസന്റെ ഉണ്ണാമോഷം ഹേതുവായിട്ടു പാണ്ഡവർ ഇവിടെ കുറെക്കാലംതാമസിക്കയുണ്ടായി

'ജതുഗൃഹവും വല്മീകവും ധരിച്ചു പാണ്ഡവന്മാരടവികളും പല നദിയും ഗിരികളും കടന്നുചെന്നിരുന്നകചക്രയാം ഗ്രാമംപുക്കു നടന്നാരവിടെയും ഭിക്ഷായൊറ്റക്കാലം'

(ഭാരതം)

ഏകചര-ഒരു കാട്ടുമൃഗം.

ഏകചക്രത്തൻ-ഒരു കാര്യത്തിൽ തന്നെ ബുദ്ധി ചെന്നിരിക്കുന്നവൻ.

ഏകച്ഛത്രാധിപതി-ക്രി. ഭൂമി ഒട്ടുക്കു അടക്കി ഭരിക്കുന്നവൻ. ഉ. ചക്രവർത്തി.

ഏകജൻ-ഭാസുരൻ, ഒരു അസുരനക്ഷത്രമാർക്കുണ്ടായവൻ.

ഏകജ്യോതിസ്സ്-ശിവൻ.

ഏകണി, ഏകണിപ്പ്-ഏക്കണി.

ഏകതഃ-അ ഒരിടത്തു്.

ഏകത, ഏകത്വം-ഒന്നു് എന്നുള്ള സ്ഥിതി, ഐക്യം.

ഏകതമ-വി. പലതിൽ ഒന്നു്.

ഏകതരം-വി. ക്രി. വേറൊരുത്തൻ്, അന്യം. ഉ. രണ്ടിൽ ഒന്നു.

ഏകതാന-വി. ഒരു കാര്യത്തിൽ തന്നെ ബുദ്ധിചെന്നിരിക്കുന്ന.

ഏകതാനത-ഏകാഗ്രത്വം.

'നന്മയോടരശനെപ്പോഴും ജനഹിതൈകതാനത ഭവിക്കണം'

(ശാകുന്തളം)

ഏകതാളം-ഒറ്റത്താളം.

[സമനിതലയസ്ഥ ഏകതാള ഇത്യുച്യതെ=ലയം വഴിപോലെ ഏതിൽ ചേർന്നിരിക്കുന്നുവോ അതു ഏകതാളം. 'ലയം' എന്നാൽ സ്വരഗീതവാദ്യങ്ങളുടെ ശരിയായ കലാശം ആകുന്നു]. വേണ്ടവിധത്തിൽ യോജിച്ചുനിലനിൽക്കുന്നതായ ഗീതവാദ്യപദവിന്യാസങ്ങളുടെ ക്രിയാകാലസാമ്യാവസ്ഥ.

ഏകത്രു-അ. ഒരിടത്തു്.

ഏകദന്തൻ, ഏകദംഷ്ടൻ-ഒറ്റക്കൊമ്പൻ, ഗണപതി.

ഏകദാ-അ. ഒരിക്കൽ, ഒരു കാലത്തു് (ഒരു നാമം).

ഏകദൃഷ്ടി-ക്രി. കാക്ക. ഒരു കണ്ണിൽ മാത്രം ദർശനശക്തിയുള്ളതിനാൽ ഈ പേർ വന്നു. ഒറ്റക്കണ്ണുകൊണ്ടു നോക്കുവാൻ മാത്രമേ അതിനു ദർശനശക്തി കാണുകയുള്ളു എന്നറിക.

ഏകദേശം-അ. ക്രി. ഒരുവശം. ഉ. ഒരുഭാഗം. ന. ചില അംശം.

ഏകദ്രോഹൻ-ശത്രുവൻ.

ഏകധനം–ക്ര. നല്ല സമ്മാനം. ഉ. ചില വിശേഷദിവസങ്ങളിൽ വെള്ളം കോരുന്ന ഒരു പാത്രം.

ഏകധാ–ക്ര. ഒരുപ്രകാരം. ഉ. ഒരിക്കൽ. നു. ചിലപ്പോൾ.

ഏകധുര, ഏകധുരാവഹ, ഏകധുരീണ–വി. ഒരുവേലതന്നെ എടുക്കുന്ന.

ഏകധുരീണൻ, ഏകധുരൻ–ക്ര. ഒരു ഭാരത്തെ വഹിക്കുന്നവൻ. ഉ. വണ്ടികരി മുതലായതിൽ ഏതെങ്കിലും ഒരു ഭാരത്തെ തന്നെ വഹിക്കുന്ന കാള.

ഏകൻ–ക്ര. ഒരുത്തൻ. ഉ. വിഷ്ണു. നു. ബ്രഹ്മം. ര. മുഖ്യൻ. ഭ. അന്യൻ. ന. കേവലൻ.

ഏകനവതഃ–തൊണ്ണൂറൊന്നാമത്തേ.

ഏകനവതി–തൊണ്ണൂറൊന്നു.

ഏകനാഥൻ–താൻ തന്നെ നാഥനായുള്ള എന്നുള്ളവൻ.

ഏകനായക–വി. ഒരുവൻ തന്നെ പ്രധാനിയായ.

ഏകനായകം–പൊൻകുര(റ)ണ്ടി.

[ഇതു മോഹത്തെ നശിപ്പിക്കും വിക്കത്തിനു നന്നു.]

ഏകനിഷ്ഠ–വി. ഒരു കാര്യത്തിൽ തന്നെ ബുദ്ധിചെന്നിരിക്കുന്ന.

ഏകപഞ്ചാശത്തു–അമ്പത്തൊന്നു.

ഏകപതിക–വി. ഒരു ഭർത്താവുള്ള.

ഏകപത്രം–ഒരിലത്താമര.

ഏകപദം–അ. ക്ര. അപ്പോൾ. ഉ. ഒരിക്കൽ നു. ഒരു വചനം, ഒരു പദം.

ഏകപദി–വഴി. ഓരോരോ കാലടിയിലുള്ളത് എന്നർത്ഥം.

ഏകപദീമാർഗ്ഗം–ഒറയടിപ്പാത.

ഏകപർണ്ണാ–ഹിമവാന്റെ മേനയിലുള്ള ഒരു പുത്രി.

[ഹിമവാന്റെ മേനയിൽ ഉള്ള പുത്രിമാരാണ് ഏകപർണ്ണാ, ഏകപാടലാ, അപർണ്ണാ ഇവർ മൂന്നാപേരും. അവർ മൂവരും കൂടി തപസ്സുചെയ്തു. ഏകപർണ്ണാ ഒരിലയും ഏകപാടല ഒരു പാടലയും മാത്രം ഭക്ഷിച്ചു ജീവിച്ചു. അപർണ്ണ ഒരു ഇലപോലും ഭക്ഷിച്ചില്ല. ഇതു കണ്ടു അപർണ്ണയുടെ അമ്മ 'ഉ-മാ' (മാ) അരുതു എന്നു പറഞ്ഞു. അതു നിമിത്തം ആ ദേവി ശിവന്റെ പത്നിയായ ഉമയായി ഭവിച്ചു.]

ഏകപാടല–ഹിമവാന്റെ മേനയിലുള്ള ഒരു പുത്രി. [ഏകപർണ്ണശബ്ദം നോക്കുക]

ഏകപാടികാ–പക്ഷികളുടെ ഒരുമാതിരി കിടപ്പു്.

ഏകപാൽ, ഏകപാത്തു്–ക്ര. ഒറക്കാലൻ. ഉ. ശിവൻ.

ഏകപിംഗൻ–വൈശ്രവണൻ. പിംഗലമായ (പഴുപ്പുനിറമായ) വർണ്ണമുള്ള ഒരു കണ്ണോടുകൂടിയവൻ.

[വൈശ്രവണൻ, പരമേശ്വരന്റെ വാമാങ്കത്തിൽ സ്ഥിതിചെയ്യുന്ന പാർവ്വതിയെ ഒരിക്കൽ അസൂയയോടുകൂടി നോക്കിയതിനാൽ ഒരു കണ്ണു പൊട്ടിപ്പോയി. പാർവ്വതി മന്ത്രസ്സമാധാനം, ശിവന്റെ അനന്തരം– ഹേതുവായിട്ടു– ഉണ്ടായപ്പോൾ എല്ലാക്കാലവും ഓർമ്മയിരിക്കത്തക്കവണ്ണം ആ നോക്കിയ കണ്ണിനെ പിംഗലനിറമാക്കിത്തീർത്തു].

ഏകം–ക്ര. ഒന്നു. ഉ. ശ്രേഷ്ഠം. [ഏക എന്നതു നോക്കുക].

ഏകമനസ്സ്–വി. ഒരുപോലെമനസ്സുള്ള.

ഏകമൂല–മൂവില.

ഏകയഷ്ടികാ–ഒരിഴമാത്രമായിട്ടുള്ള മുത്തുമാല. [മറ്റൊരുപന്ത്രണ്ടു്. ഏകാവലി].

ഏകരം–ഉത്തരം (നീചമാണ്).

ഏകരാത്രം–ഒരു രാത്രി മുഴുവനുള്ള ഒരടിയന്തരം.

ഏകരീതി–ഒരുമ്പാട്, തുല്യത.

ഏകൽ-ക്രി. ഉച്ചാരണം. ഭ. കല്പന. സം. ശാസന. ര. ഭാഗ്യം, വിധി. ഇ. അനുഗ്രഹം. ന. പ്രതിജ്ഞ. ഒ. കൊടുപ്പ്.

ഏകവചനം-ക്രി. ഒരു വാക്ക്. ഭ. (വ്യാകരണത്തിൽ) വചനങ്ങളിൽഒന്ന്, ഒന്നിനെ കുറിക്കുന്നത്.

ഏകലൻ-ഏകൻ, ആരും സഹായമില്ലാതെ ഒറ്റയായുള്ളവൻ.

ഏകലവ്യൻ-ദ്രോണശിഷ്യന്മാരിൽ ഒരുവൻ, നിഷാദരാജാവിന്റെ പുത്രൻ.
'ഏകലവ്യനെക്കണ്ടുകരച്ചുസാരമേയം'
(ഭാരതം)

ഏകവസ്ത്രൻ-ഒരു വസ്ത്രം ധരിച്ചവൻ.

ഏകവിംശതി-വി. ഇരുപത്തിയൊന്ന്.

ഏകവിലോചനൻ-ശിവൻ.

ഏകശാസന-വി. ഒരുവന്റെ കല്പനയനുസരിക്കുന്ന.

ഏകശാസനം-ഒരു രാജാവിന്റെ വകയായി.

ഏകശൃംഗം-കാണ്ടാമൃഗം.

ഏകസപ്തതി-വി. എഴുപത്തൊന്ന്.

ഏകസഹ്യ-വി. ഒരു കാര്യത്തിൽ തന്നെ ബുദ്ധിചെന്നിരിക്കുന്ന, ഒരാറാനിശ്ചയത്തോടുകൂടിയ.

ഏകഹായനി-ഒരു വയസ്സുചെന്ന പശു.

ഏകാകി-വി. താനേയുള്ള. [സ്ത്രീ-ഏകാകിനി]

ഏകാകിത്വം-താനേയുള്ള എന്നസ്ഥിതി.

ഏകാക്ഷൻ-ശിവൻ.

ഏകാക്ഷം-കാക്ക.

ഏകാഗാരികൻ-കള്ളൻ.

ഏകാംഗൻ-വിഷ്ണു.

ഏകാംഗം-ചന്ദനം.

ഏകാഗ്ര-വി. ക്ര. ഒരു കാര്യത്തിൽതന്നെ ബുദ്ധിചെന്നിരിക്കുന്ന, ഒരിടത്തുതന്നെ മനസ്സു നിറുത്തിയ. ഭ. കലർപ്പില്ലാത്ത.

ഏകാഗ്രചിത്ത-വി. ഒന്നിച്ചുതന്നെ ശ്രദ്ധിച്ചുകൊണ്ടിരിക്കുന്ന.

ഏകാഗ്രത, ഏകാഗ്രത്വം-ഒരിടത്തുതന്നെ മനസ്സു നിറുത്തിയ സ്ഥിതി.

ഏകാഗ്ര്യ-വി. ക്ര. അധികം താൽപര്യമുള്ള. ഭ. ഒന്നിൽതന്നെ ശ്രദ്ധിച്ചുകൊണ്ടിരിക്കുന്ന.

ഏകാദശരുദ്രന്മാർ- അജൈകപാത്ത്, അഹിർബുദ്ധ്ന്യൻ, വിരൂപാക്ഷൻ, സുരേശ്വരൻ, ജയന്തൻ, ബഹുരൂപൻ, അപരാജിതൻ, സാവിത്രൻ, ത്ര്യംബകൻ, വൈവസ്വതൻ, ഹരൻ ഇങ്ങിനെ പതിനൊന്നു രുദ്രന്മാർ.

ഏകാദശി-പതിനഞ്ചുപക്ഷങ്ങളിൽ പതിനൊന്നാംപക്കം.

ഏകാന്ത-വി. ക്ര. അധികമായ. ഭ. തനിച്ചുള്ള. സം. വേറെ.

ഏകാന്തം-ക്ര. ഏറ്റവും, മുഖ്യമായ നിശ്ചയമുള്ളത് എന്നർത്ഥം. ഭ. രഹസ്യസ്ഥലം. സം. അധികത. ര. ഏകത്വം.

ഏകാബ്ദ-ഒരുവയസ്സുചെന്ന പശു.

ഏകായന-വി. ഒരേമാർഗ്ഗത്തെ ആശ്രയിച്ച, ഒന്നിൽതന്നെ ശ്രദ്ധിച്ചുകൊണ്ടിരിക്കുന്ന.

ഏകായനഗത-വി. ഒന്നിൽതന്നെ ശ്രദ്ധിച്ചുകൊണ്ടിരിക്കുന്ന.

ഏകാരം-ഏ എന്ന അക്ഷരം.

ഏകാഹ്നം- നവരോഹങ്ങളിൽ ഒന്ന്. (ജ്യോതിഷത്തിൽ.) നവരോഹങ്ങൾ-ഗുളികൻ, വൃഷ്ടി, ഗാന്ധാരം, വിഷം, ഉഷ്ണം, ഏകാഹ്നം, സാപ്പ്ശരസ്സ്, ലാടം, ഒരുവധൂരം.

ഏകാവലി-ക്ര. ഒരു മാലയിലുള്ള മുത്തുമാല ഭ. ഒരലങ്കാരം.

[മുൻപിൻ ചൊന്നതു പിൻപിൻ വരുന്നതിന് ഏതുവിധമെങ്കിലും വിശേഷണമാകത്തക്കവണ്ണമോ അല്ലെങ്കിൽ നേ

രേമരിച്ചും പിടിച്ചുവിടുന്ന മട്ടിൽ വ്യശേഷണവിശേഷ്യങ്ങളെ ചങ്ങലകോർക്കുന്നതു് ഏകാവലി-രൂപകാലങ്കാരലക്ഷണം.]

ഏകാശ്രയ-വി. ഒരാശ്രയംതന്നെയുള്ള.

[പണ്ടു ദേവാസുരയുദ്ധകാലത്തു മൃതസഞ്ജീവനി എന്ന വിദ്യ അഭ്യസിച്ചുവരുന്നതിനായി ദേവന്മാർ കചനെ ശുക്രമഹർഷിയുടെ അടുക്കലയച്ചു. ശുക്രന്റെ മകളായ ദേവയാനിയെ വശത്താക്കിയാൽ വിദ്യ എളുപ്പം കൈക്കലാക്കാമെന്നും മറ്റും പറയുന്നതു മഹർഷികൾപ്പോലും കചനെ ധരിപ്പിച്ചിരുന്നു അയച്ചതു്. കചൻ അല്പനാൾ പരമസുഖമായ വിധത്തിൽ അവിടെ വർത്തിച്ചു. കപടകൃത്രമംകൊണ്ടു ദേവയാനിക്കു കചനിൽ ദുർമ്മോഹരാഗം ജനിപ്പിച്ചു. വളരെ നാൾ കഴിഞ്ഞപ്പോൾ കചന്റെ പരമാർത്ഥം അസുരന്മാർ അറിഞ്ഞു. ഒരിക്കൽ കചൻ കാട്ടിൽ പുല്ലുകളെ മേഞ്ഞുനിൽക്കുമ്പോൾ അസുരകുലം അവനെ വെട്ടിനുറുക്കി ചെന്നായ്ക്കൾക്കു കൊടുത്തു. കചനെ കാണാഞ്ഞു ദേവയാനി വിഷാദിച്ചുപ്പോൾ ശുക്രൻ കചനെ വിളിച്ചു. ചെന്നായ്ക്കളുടെ വയറ്റിൽനിന്നു കചൻ പുറത്തു വ

ന്നു. മരിച്ചവർക്കൽ അവനെൻറെ ദേഹത്തെ പൊടിച്ചു് ആഴിയിൽ തള്ളി. അന്നം അവനെ മുനി ജീവിപ്പിച്ചു. ഇനി ഇവൻ ജീവിച്ചുവരുമെന്നു വിചാരിച്ചു് അസുരകുലം ഇവനെൻറ ദേഹത്തെ ചുട്ടുപൊടിച്ചു തരി പോക്കി മുട്ടുപൂണ്ണാക്കി മദ്യത്തിൽ കലക്കി ശുക്രനെ സേവിപ്പിച്ചു. അപ്പോഴും മകനെ രോമനേം തുടങ്ങി. ഉടൻ ശുക്രൻ കചനെ വിളിച്ചു. അവൻ വയറിനകത്തു കിടന്നു വിളികേട്ടു. ഈ സന്ദർഭത്തിൽ മുനി മൃതസഞ്ജീവനിവിദ്യ കചനു ഉപദേശിച്ചു. കചൻപുറത്തുവന്നു. ഉടൻ മഹർഷി മരിച്ചു. മഹർഷിയെ ആ വിദ്യകൊണ്ടു കചൻ ജീവിപ്പിച്ചു. അക്കാലം മുതൽ ബ്രഹ്മണർക്കു ശുക്രൻ മദ്യപാനം വിരോധിച്ചു. ഒടുവിൽ ദേവയാനിയെ ഉപേക്ഷിച്ചിട്ടു കചൻ തിരിയെ പോയി.]

കചപക്ഷം–നല്ല തലമുടി.

കചഭരം, കചഭാരം–നല്ല തലമുടി, വലുതായ തലമുടിയുണ്ടായിരിക്കുക.

കചം–പ്ര. തലമുടി. ബന്ധിക്കപ്പെടുന്നതു് എന്നർത്ഥം. പ. ഉണങ്ങിയ വ്രണം, തഴയു് ന. മേഘം, ഭ. കെട്ടു്, ബന്ധനം. ര. വസ്ത്രത്തിൻറെ വക്കു്. ന. ഇരുവേലി.

കചംഗലം–സമുദ്രം.

കചരിപുഫലാ–വന്നി.

കചാ–പെണ്ണാന. പ പ്രകാശം, കാന്തി.

കചാടൂരം–നല്ലതു്.

കചാമോലം–ഇന്ദ്രവല്ലി.

കചില്ലകം–പ്ര പാവൽ പ. വെളുത്ത തഴുതാമ ന. ചെറൂളതുളസി.

കചു–കാച്ചിൽ.

കച്ച–പ്ര. തെരുതിരി കെട്ടിയുള്ള വസ്ത്രം. പ. അട്ടം, ആയുധവിദ്യ മുതലായതു് അഭ്യസിക്കുമ്പോഴും ചെയ്യുമ്പോഴും അരയ്ക്കു മുകളിലും മുകളിലും വരുന്നതിനായി അരയിൽ കെട്ടുന്ന വിതാനത്തുണിയുടെ ഉള്ളിലുള്ള ഒരു ശീല.

കച്ചകെട്ടു്–ആയുധവിദ്യ അഭ്യസിക്കുന്നതു മുതലായവയ്ക്കുള്ള അഭ്യാസം.

കച്ചകെട്ടിയിറങ്ങുക–ഒരുങ്ങുക, തുനിയുക (മലൈ).

കച്ചകെട്ടുക–മെയ്യാഭരണം വരുത്തുക.

കച്ചക്കണക്കു്–ജവളിവ്യാപാരക്കാരുടെ കണക്കു്.

കച്ചക്കയറു–തുന്നുന്നതിനുള്ള നൂലുകയറു്.

കച്ചത്തരം–കച്ചിയുള്ള വസ്ത്രം.

കച്ചപ്പുറം–ഒരാഭരണം, പടിയരഞ്ഞാണം

കച്ചര–വി. പ. മലിനമായിട്ടുള്ള, ചളി പറ്റി മുഷിഞ്ഞ, കലർന്നതായി ചരിക്കുന്നതു് എന്നർത്ഥം. പ. ദുഷ്ടതയുള്ള

കച്ചരം–മോന്തു്.

കച്ചവടക്കാരൻ–സാമഗ്രികളും വാങ്ങുകയും വിൽക്കുകയും ചെയ്യുന്നവൻ. പര്യായങ്ങൾ–വൈദേഹകൻ, സാർത്ഥവാഹൻ, നൈഗമൻ, വാണിജൻ, വണിക്കു്, പണ്യജീവൻ, ആപണികൻ, ക്രയവിക്രയികൻ.

കച്ചവടം–വിൽക്കുകയും കൊള്ളുകയും ചെയ്യൽ, വ്യാപാരം. പര്യായം–വാണിജ്യം, സാമ്യാന്തം.

കച്ചവടസ്ഥലം–കച്ചവടംചെയ്യുന്ന സ്ഥലം. പര്യായം–വിപണി.

കച്ചു, കച്ചിലു–വായ്ക്കൽ.

കച്ചിക്കഴൽ–ശുദ്ധസ്ത്രീകൾ കഴുത്തിൽ കെട്ടുന്ന ഒരാഭരണം.

കച്ചിൽ–അ. ചോദ്യത്തിലും അനുജ്ഞയത്തിലും ഉപയോഗിക്കുന്ന ഒരവ്യയം. [കൽ+ചിൽ=കച്ചിൽ].

[കച്ചിൽ എന്നതു് ഇഷ്ടപ്രാപ്തിയിലധികം ഉപയോഗിക്കാവുന്നതാണു്. ഉ–ം, 'കച്ചിജ്ജീവതി മേ മാതാ'=എൻറെ അമ്മ ജീവിച്ചിരിക്കുമോ? അമ്മ

ജീവിച്ചിരിക്കണമെന്നുള്ള ഇഷ്ടത്തെയാണ് ഇവിടെ ചോദിക്കുന്നതെന്നറിക].

കച്ചില-യുദ്ധത്തിനുള്ള അരക്കെട്ട്

കച്ചിലേക്കിടങ്ങ്-കച്ചോലം.

കച്ചിട്ട്-ലക്ഷ്യമാക്കി എഴുതിക്കൊടുക്കുന്ന ആധാരം.

കച്ചു്-ക്രി. നാടെ ചെ. റവുക്ക.

കച്ചു-രവേദ്ധ. [കയ്യുക എന്നതിന്റെ ജീതകാലം].

കച്ചൂരി-ക്രി. കച്ചൂരിക്കിഴങ്ങ്. ചെ. കച്ചോലം.

കച്ചൂര-കച്ചോലം. [അടവിക്കച്ചോലം എന്നതു നോക്കുക].

കച്ചേര-സക്കാരുദ്യോഗസ്ഥന്മാർ ഇരുന്നു ജോലി ചെയ്യുന്ന സ്ഥലം (ഹിന്ദുസ്ഥാനിമോഷ).

കച്ചേരിനമ്പി-നാലുമന്ത്രിമാരിൽ ഒരിനക്കാർ. [അകത്തുപരിക്ഷ എന്നതു നോക്കുക].

കച്ചോലം-വി. മംഗിയുള്ള.

'കച്ചൽഭുജത്തെയുലിത്തമാക്കുതങ്ങ-
ളുറംപറ്റുന്നതെല്ലാംപുണർന്നണഞ്ഞിട്ടുതിൽ'

(ഭാരതം)

[കച്ചു് എന്നതിനു 'റവുക്ക' എന്നർത്ഥം കണ്ടതിനു. റവുക്കയിട്ടു് ഇക്കിഴങ്ങിനെ ഭോഗിക്കുക വഴക്കത്തിയാൽ മുലപ്പാൽ പ്രതീക്ഷിക്കുന്ന ഒരു പെൺകിടാവിനെ കാണുന്നുണ്ടു്. അതായിരിക്കാം കച്ചുണ്ണിമുലയൻകം എന്ന പഴഞ്ചൊല്ലിന്റെയും മറ്റും ശരിയായ അർത്ഥം]

കച്ചോലം, കച്ചൂര-ഒരുതരത്തിലുള്ള ഒരു ചെടി. പര്യായങ്ങൾ-കച്ചൂരകം, ഗോവിന്ദകം, കുലുക്കം, വേളേഴുകം.

[കച്ചോലത്തിന്റെ ഇല സ്ത്രീരോഗങ്ങളെ കളയും. ഇലയും ഗ്രാമ്പൂവുമാണു് കിഴങ്ങു വളരെ ശീതമാക്കുന്നു, കഫപ്രകൃതിക്കു നന്നു്].

കച്ചുകിഴങ്ങ്-പടകരണം.

കച്ചുകോലി-നീർക്കടയ്ക്ക്.

കച്ചുപാടം-ക്രി അമ. മൂട്ടിൽക്കൂടെ മലത്തെ ഒക്കത്തെയ്ക്കു വലിക്കുന്നു്, ക്ഷുദ്രമായ കൊച്ചു തിന്നുന്നതിനു മുമ്പുള്ളതരം നോക്കി കാത്തിരിക്കുന്നു്, എന്നിങ്ങനെ അർത്ഥം. ചെ. വൈദ്യവണങ്കരന്റെ നവനിധികളിൽ ഒന്നു്. ആമയെപ്പോലെ മുറപ്പായിരിക്കുന്നു് എന്നർത്ഥം. നാ. ഒരു രോഗം.

[കച്ചുപം എന്നതു് അണ്ണാക്കിലുണ്ടാകുന്ന ഒരു രോഗമാണു്. അണ്ണാക്കിന്റെ മദ്ധ്യത്തിൽ അല്പവേദനയോടുകൂടി ആമചോലെ ഉയർന്നു വീക്കമുണ്ടാകും. വളരെക്കാലം കൊണ്ടു വലിപ്പം].

കച്ചുപി-ക്രി പെണ്ണാമ. കച്ചുത്തിൽ പ്രവർത്തനം ചെയ്യുന്നതു് എന്നർത്ഥം. ചെ. സരസ്വതിയുടെ വീണ. നാ. രോഗവിശേഷം.

കച്ചുപിക-പ്രമേഹരോഗങ്ങളിൽ ഒന്നു്, മുഖരോഗം.

[ഇതു് ഒരു ക്ഷുദ്രരോഗമാണു്. കഫവാതങ്ങളും ഹേതുവായിട്ടു് ആമപോലെ മുഖത്തിനോടുകൂടിയ അവയവം അതിവേഗം തടിച്ചുണ്ടാകും.]

കച്ചുമ-ക്രി. വെള്ളം കെട്ടിനിൽക്കുന്ന താഴ്ന്നപ്രദേശം.

'വണ്ടും തുണ്ടും വടിവൊട്ടകളി
ക്കുന്ന കച്ചുങ്ങളേതും'

(മയൂരസന്ദേശം)

ചെ. മലത്തോടടുത്ത പ്രദേശം. നാ. വെള്ളം അധികമുള്ളതായ നാടൻപാടശേഖരം. വെള്ളത്തെ കണക്കാക്കുന്നു് എന്നർത്ഥം. ഭ. തടം. ഇ. പൂവരശുവൃക്ഷം. പടകരണ എന്ന പേരും കാണുന്നു. ഇതു് ഞരിമ്പിന്റെ അകൃതിയിലുള്ളതും അനേകർക്കു് ആഹാരമായിട്ടുള്ളതുമെന്നും കാണുന്നുണ്ടു്. ന. വസ്തുക്കിന്റെ വിലക്കു്.

കച്ചുവായാ-ക്രി. ചെരുപ്പുകുത്തുക, ചെ. കരുവാക്കുക.

കച്ചാ-പന്നിക്കിഴങ്ങ്.

കച്ചാന്തരുവാ-വെങ്കുക.

കച്ചിത്തു-ദ്ര. ചിരങ്ങ്. ഉ. ചൊറി. ശരീരത്തെ കെടുക്കുന്നത് എന്നർത്ഥം.

കച്ചിത്തുകായ്പ്പു-ഒരുവക കായ്പു.

[അസഹ്യമായ ചൂട്, വഴിയാത്ര കങ്ങൾ ഇവ കാണാം. കൈപ്പട്ടത്തിലും ആസനത്തിലും ഉണ്ടാകും കഠിനമാണ്]

കച്ചിത്തുപുല്ലി-ദ്ര. ചെറിയ അടയ്ക്കാവെണ്ണിയൻ. ഉ. കൈപ്പൻപടവലം.

കച്ചിത്തുനാരിനി-ചെറിയ അടയ്ക്കാവെണ്ണിയൻ.

കച്ചിത്തുനായി-നായിക്കൊരുണ.

കച്ചിത്തുരു-വി. ദ്ര. ചിരങ്ങുള്ള. ഉ. കുമുള്ള.

കച്ചിത്തുരുവാ-ദ്ര. വെറകച്ചോലം. ഉ. ചെങ്കൂടിത്തുവ. ന. നായിക്കൊരുണ. ഭ. വെങ്കൊടിത്തുവ.

കച്ചിത്തുരു(ക)ാ-(വെറ) കച്ചോലം.

കച്ചിത്തുരുവാ-ദ്ര. കൊടിത്തുവാ. ഉ. നായിക്കൊരുണ.

കച്ചിത്തുരി-കൊടിത്തുവ.

കച്ചിപ്പിടം-ആമ.

കച്ചിപ്പോത്തു-മുത്തങ്ങ.

കച്ചിയാരുവാ-വെറകച്ചോലം.

കച്ചിവി-കാട്ടിൽ.

കഞ്ജ-ദ്ര. കാമര. ഉ. മീൻ.

കഞ്ജളം-ദ്ര. അഴിക്ക്, ചാടി.

'കഞ്ജളംപാഠിനൽസ്വച്ഛന്ധുംനിക്ഷ്പ്രം'

(അജ്യുനരാമായണം)

ഉ. കണ്ണിലെഴുതുന്ന മഷി, അഞ്ജനം. ന. വിളക്കിലുണ്ടാകുന്ന മഷി. ഭ. മേഘം. ങ്. തുമ്പ.

കഞ്ജലാ-വിളക്കിലുണ്ടാകുന്ന മഷി.

കഞ്ജവാലാനം-വിളക്ക്.

കഞ്ചടംതിരിക്കുക-ചീത്ത.

കഞ്ചാരം-തരം.

കഞ്ചൻ, കഞ്ചനാൻ-കൗസൻ. (പ്രയോഗമലയാളം)

കഞ്ചാരം-ഏതിക്ക്.

കഞ്ചാവു്-ലഹരിയുള്ള ഒരുവക ചെടി. 'ശഞ്ചു' എന്നതാണ 'കഞ്ചാവു്' എന്നായതു്. (ശഞ്ചു ഹിന്ദുസ്ഥാനി ഭാഷ). തമിഴിൽ കോരക്കൂലി, കോരൽമൂലി എന്നിങ്ങനെ പറയുന്നു. ശിവമൂലി എന്നും പേരുണ്ട്.

[ഇതു ബുദ്ധിക്കു നന്ന്. ഭീഷണമാണ്. മദ്യത്തെ വെല്കും. ഒരു യോഗകല്പമാകുന്നു. മദ്യത്തിന്റെഗുണങ്ങളുംഉണ്ട്]

കഞ്ചിതം-ചീഡിതം.

കഞ്ചുകാലു്-പാമ്പു്.

കഞ്ചുകം-ദ്ര. ഉടുപ്പു്, കുപ്പായം, റവുക. ഉ. പടച്ചട്ട. ബന്ധിക്കപ്പെട്ടതു് എന്നർത്ഥം. ന. പാമ്പിന്റെ വള. സ്ത്രീകൾ തോട്ടുകുടി ബന്ധിച്ചു നിൽക്കുന്നതെന്നർത്ഥം.

കഞ്ചുകി-ദ്ര. സ്ത്രീകൾ വയ്ക്കുന്നതെന്നർത്ഥം. ഉ. രാജസ്ത്രീകളുടെ മുലയുടെ പുറത്തെ രക്ഷാകവചം ധരിക്കുന്നവൻ. കപ്പായമിടീക്കുന്നവൻ എന്നർത്ഥം. ന. യവം. ഭ. കുടവ. ങ. പാമ്പു്. ഏ. കാരകിൽ.

കഞ്ചുകിത-വി. കഞ്ചുകമിട്ട, മറയ്ക്കപ്പെട്ട.

കഞ്ചുളിക-റവുക.

'പ്രാന്തേഷ്വാസ്ഥിതദ്വാരകഞ്ചുകിസഖികളെ!
എന്നതാരെന്നുചൊല്ലീടുക നീ'

(രാമചരിതകാവ്യം)

കഞ്ജ-വി. വെള്ളത്തിലുണ്ടാകുന്ന.

കഞ്ജനം-ദ്ര. ഒരുതരം മരത്തിന്റെ പേരു. ഉ. ഔഷധവൃക്ഷം.

കഞ്ജൻ-ബ്രഹ്മാവു്.

കഞ്ജനൻ-കാമദേവൻ.

കഞ്ജനാടൻ-വ്യ. താഴ്ന്ന താഴ്ന്നു നടക്കുന്നവൻ എന്നർത്ഥം.

കഞ്ജനം-മന്മഥന്റെ പക്ഷി, മൈനാപക്ഷി.

കഞ്ജം-പ. താമരപ്പൂവ്. കം (ജലത്തിൽ) ജം (ജനിച്ചുള്ളത്.) ഉ. അമൃതം, പീയൂക്ഷം.

കഞ്ജരം-പ. എരിക്ക്. ഉ. ആന.

കഞ്ജലം-മൈനാപക്ഷി.

കഞ്ജാരം-പ. എരിക്ക്. ഉ. ആന.

കഞ്ജികാ-ചെറുതേക്ക്.

കഞ്ഞൽ-ചീത്തയായി വെച്ച ചോറ്.

കഞ്ഞി-അരിയിട്ടു വേവിച്ച വെള്ളം. [കായക്കഞ്ഞി, കഴക്കഞ്ഞി, വാൽക്കഞ്ഞി, പാൽക്കഞ്ഞി, കഷായക്കഞ്ഞി, പുടവക്കഞ്ഞി ഇങ്ങിനെ പലവിധമുണ്ട്.] പര്യായങ്ങൾ-യവാഗൂ, ഉണ്ണികം, ശ്രാണം, വിലേപി, തരളം. (അടിതോൽ എന്നതു നോക്കുക.)

കഞ്ഞുണ്ണി-ഒരു പച്ചമരുന്ന്. കയ്യുന്നി, കയ്യുണ്ണം. പര്യായങ്ങൾ-മാക്ഷവം, ഭൃംഗരാജം.

കട-ധാ കലക്കുക.

കട-പ. അഞ്ചാടി. ഉ. മുവട്ട്.

കടകട-വി. വളരെ നല്ലതായ.

കടകടൻ-പ. ശിവൻ. ഉ. ഗണപതി.

കടകതടം-താഴ്വര.

കടകൻ-പൊട്ടനായവൻ.

കടകം-പ. പൊൻവള. ഒരുതരം മറയ്ക്കുന്നതന്നത്തം. ഉ. പവിത്രത്തിന്റെ മദ്ധ്യപ്രദേശം മറയ്ക്കുന്നതെന്നത്തം. ന. നഗരം. ര. മലനാട്. ഖ. രാജ്യം. ന. അരയ്ക്കു താഴെ അടിക്കുന്ന അടി. ഒ. കടലേപ്പ്.

കടകാമുഖം-മൂന്നുവിരലിന്റെയും നടുവിരലിന്റെയും മദ്ധ്യത്തിൽ പെരുവിരൽ അമർത്തി മോതിരവിരൽ ചേർത്തു പിടിക്കുന്ന മുദ്ര.

'കണ്ണന്തംകടകാമുഖാകലിതമെന്ന്
ജ്യാകർഷണംചെയ്യും.....'
(അമരുകശതകം)

കടകൈട്ടവൻ-കൊള്ളരുതാത്തവൻ, അയോഗ്യൻ.

കടകോൽ-മത്ത്, തൈരുകലക്കുന്നതിനുള്ള ഒരു വസ്തു. പര്യായങ്ങൾ-വൈശഖം, മന്ഥം, മന്ഥാനം, മന്ഥാവ്, മന്ഥദണ്ഡകം.

കടക്കണ്ടം-ഇളന്തല.

കടക്കണ്ണ്-കണ്ണിന്റെ പുറത്തെ കോണ്. പര്യായം-അപാംഗം.

കടക്കാരൻ, കടംകാരൻ-പ. കടം വാങ്ങിച്ചവൻ. ഉ. കടം കൊടുത്തവൻ. ന. പീടികയിലിരുന്നു കച്ചവടം ചെയ്യുന്നവൻ.

കടക്കുക-പ. അപ്പുറം പോവുക. ഉ. പ്രവേശിക്കുക. അകത്തേക്കു പ്രവേശിക്കുക. ന. അതിക്രമിക്കുക.

കടക്കോടി-കടപ്പുറത്തു പാർക്കുന്ന ഒരു ജാതിക്കാരൻ, മരയ്ക്കാൻ.

കടഖാദകം-വി. അധികം തിന്നുന്ന.

കടഖാദകം-പ. സ്ഫടികപാത്രം. ഉ. കാക്ക ന. കൂരക്കൻ.

കടങ്കടനി മന്ത്രം.

കടങ്കാരൻ-കടക്കാരൻ.

കടപ്പലാട-മലങ്കാര.

കടച്ചിനാങ്-ഒരുതരം നാര്.

കടച്ചിൽ, കടച്ചുൽ-പ. മൂച്ച് മിനുസം എന്നിവ വരുത്തുവാനും മറവും അച്ച്, കടച്ചിച്ചുണ മുതലായവ ഉണ്ടാക്കുന്ന പ്രയോഗി. ഉ. കഴപ്പ്.

കടച്ചിൽക്കൊല്ലൻ - കടച്ചിൽപ്പണി ചെയ്യുന്ന ഒരു ജാതിക്കാരൻ. പര്യായങ്ങൾ-ശാസ്ത്രമാർജ്ജകൻ, അസിധാവകൻ.

കടച്ചിൽച്ചുണ-ആയുധങ്ങൾ മൂർച്ച വരുത്തുന്നതിനുള്ള ചാണ.

കടച്ചിൽപ്പണി-അരിയിലും മറ്റും വെച്ചു ചെയ്യുന്ന വേല.

കടത്തല-ചുവട്ടം തലയും, അരംഭവും അവസാനവും.

കടത്തൽ-അതിക്രമം.

കടത്തിയൂട്ട്-മറ്റൊരുവന്റെ ഭവനത്തിൽവെച്ചു സദ്യകഴിക്ക.

കടത്തു, കടത്തൽ-തോണിയിലും മറ്റും കയറി മറ്റൊരു സ്ഥലത്താക്കുക. ക. ദൂരത്താക്കുക. ന. കൊണ്ടുപോവുക. ര. അകത്തേയ്ക്കു പ്രവേശിപ്പിക്കുക.

കടത്തുക-ഹ. തോണിയിൽ കേറി അക്കരെ കൊണ്ടുപോയി ഇറക്കുക. ക. വസ്തുക്കളെ വേറൊരു ദിക്കിൽ കൊണ്ടുപോവുക. ന. ദൂരത്താക്കുക. ര. അകത്തേയ്ക്കു ചെലുത്തുക.

കടത്തുകടവ്-വള്ളത്തിൽ കേറുകയും ഇറക്കുകയും ചെയ്യുന്ന സ്ഥലം.

കടത്തുകാരൻ-വള്ളത്തിൽ കയറി അക്കരയും ഇക്കരയും വിടുന്നവൻ.

കടത്തുതോണി-വഴിക്കാരെ അക്കരയും ഇക്കരയും വിടുന്നതിനുള്ള തോണി

കടന്ത, കടന്നൽ-കുത്തുന്നതായ ഒരുമാതിരി ഈച്ച. പര്യായങ്ങൾ-ഗന്ധോളി, വരട.

കടൻപുല്ല്-ഒരുമാതിരി പുല്ല്.

കടപുഴുക്കുക-ചുവടുമറിച്ചുവീഴ്ത്തുക.

കടപ്പിലാവ്-ഒരു വൃക്ഷം.

കടപ്പു-ചീത്തവാക്ക്, ശകാരം.

കടപ്പുവാക്ക്-ശകാരവാക്ക്.

കടപ്പുറത്തിന്റെതാക്കോൽ-ഹ. ഭോഗൻ. ക. കഥയില്ലാത്തതിനുള്ള പൂട്ടുകെട്ട്. (ശൈലി-ഗ്രാമ്യ.)

കടഭി-വലുഴവം എന്ന ചെടി, ചെറുപ്പുന്ന. കടം (പാഠ്യ) പോലെ ശോഭിക്കുന്ന ഇലകളുള്ളതു. തമിഴിൽ 'വലുമുവു', വെംകന്നി എന്ന അർത്ഥവും കാണുന്നു. കടടി-മലയുക്കിയാണെന്നും പറയുന്നു.

കടമരം-ഇരുപ്പുമരം.

[പീനസത്തെ കളയും. കഫഹരമാണ്. ശിരോരോഗം, കുഷ്ഠം, പ്രമേഹം ഇവയെ ജയിക്കും. ദുഷ്ടവ്രണത്തെ ശമിപ്പിക്കും.]

കടമാൻ-ഒരു വലിയ കാട്ടുമൃഗം.

കടമാലിനി-മദ്യം.

കടം-ഹ. പാഠ്യ. മറയ്ക്കുന്നതു് എന്നർത്ഥം. മറ്റൊരുപര്യായം-കിളിഞ്ഞകം. ക. അനയുടെ കവിൾത്തടം (ചെന്നിത്തടം.) മദജലത്തെ വഹിക്കുന്നതു് എന്നർത്ഥം. ന. അരി, ശരീരത്തിന്റെ മദ്ധ്യം. വ സ്രുതികൊണ്ടു മറയ്ക്കപ്പെടുന്നതു് എന്നർത്ഥം. മറ്റൊരുപര്യായം-ശ്രോണീഫലകം. ര. ഒരുമാതിരി പുല്ലു്. ഇ. ശവം. ന. ശവം കൊണ്ടുപോകുന്ന വണ്ടി, ശവമഞ്ചം. ഒ. അസ്രുക്, ശരം. വ. ചിര. ൻ. വേഴൽ. ഹ. (മലയാളം) യുദ്ധവും ങ്ങിച്ച മുതൽ. പര്യായങ്ങൾ-സത്യുനേതം, ഋണം, പര്യുദ്ധനം. [കടം കൊടുക്കുന്നവൻ-'ഉത്തമർണ്ണൻ'. കടം വാങ്ങുന്നവൻ-'അധമർണ്ണൻ'.]

കടങ്കടം-ഹ. അഗ്നി. ക. പൊന്നു്. ന. കൊടുവേലി.

കടംകടി-മരമഞ്ഞൾ, മഞ്ഞൾ.

കടംകടേരി (ക)-മരമഞ്ഞൾ, മഞ്ഞൾ.

കടംകൊള്ളുക-കടം വാങ്ങുക.

കടമ്പു-ഒരു വൃക്ഷം പര്യായങ്ങൾ-നീപം, പ്രിയകം, കദംബം, ഹലിപ്രിയം. ഇതു ത്രിദോഷശമനമാണു്.

കടംപൊട്ടുക-കടത്തിൽ അകപ്പെടുക.

കടമ്പ-വേലി കടപ്പാനുള്ള ഒരു സൂത്രം.

കടമ്പിരു-ഒരു വൃക്ഷം, നീർക്കടമ്പു്.

കടമ്പോ-പലകപ്പയ്യാനി.

കടമ്പോ-ഹ ഒരു പച്ചമരുന്നു്, പ്ലാസാരണി ക. കട്ടുകാരാഹിണി. ന. ചെമ്പരത്തി

കടമ്പു. ൧ വലിയ വശമുച്ചീര, ൨ വെള്ളത്തെഴുതാമ. ൩. പിടിയരണ. ൪ മരോക്കുമരത്തോട്ടി.

കടംവരാ–കടുരോഹിണി.

കടംവാങ്ങ്ങ–പിന്നെ കൊടുക്കാമെന്നു പറഞ്ഞു വാങ്ങുന്ന മുതൽ.

കടാവീട്ടുക–വാങ്ങുവങ്ങിച്ചതു തിരിയെ കൊടുക്കുക.

കടയ്ക്കൽ–അം ചുവട്ടിൽ.

കടയുക–ക്രി. കലക്കുക. ൨. കടച്ചിൽപണിചെയ്യുക. ൩. കഴയ്ക്കുക.

കടൽ–സമുദ്രം. പയ്യായങ്ങം–സമുദ്രം, അംബുധി, അംഭോരാശി, പാരാവാരം, സരിത്പതി, ഉദന്വാൻ, ഉദധി, സിന്ധു, സുരസ്വാൻ, സാഗരം, അർണ്ണവം, രത്നാകരം, ജലനിധി, യാദഃപതി, അപ്പാംപതി,

,, കടലുകളുടെ വകഭേദം.

ക്ഷീരോദം–പാൽപോലെയുള്ളജലത്തോടുകൂടിയതു്.

ലവണോദം–ഉപ്പുരസമുള്ള ജലത്തോടുകൂടിയതു്. (ഇപ്പോൾ നാം കണ്ടുപോരുന്ന കടലാണിതു്.)

മധ്വുദം–തെളിപോലെയുള്ള ജലത്തോടുകൂടിയതു്.

ഘൃതോദം–നെയ്പോലെയുള്ളജലത്തോടുകൂടിയതു്.

സുരോദം–മദ്യംപോലെയുള്ള ജലത്തോടുകൂടിയതു്.

ഇക്ഷൂദം–കരിമ്പിൻനീരുപോലെയുള്ള ജലത്തോടുകൂടിയതു്.

സ്വാദുദം–ശുദ്ധജലത്തോടുകൂടിയതു്.

കടൽക്കന്നി–ഭൂമിമാതു, ലക്ഷ്മീദേവി.

കടൽക്കര–സമുദ്രതീരം.

കടൽക്കാക്ക–സമുദ്രത്തിൽ സഞ്ചരിക്കുന്ന ഒരു പക്ഷി.

കടൽക്കാരൻ–ക്ര. കടലിലുള്ള കാര്. ൨. കടലിൽനിന്നടിക്കുന്ന കാറ്റ്.

കടൽക്കുതിര–ഒരുമാതിരി വലിയ ജലജന്തു.

കടൽക്കുരി–സമുദ്രത്തിലെ ഒരുവക മത്സ്യം.

കടൽക്കോലാ–ഒരുവക മത്സ്യം.

കടൽക്കോഴം–കടലിൽ തിരമാല വലിക്കുക.

കടൽച്ചുരക്ക്–ഇറക്കുമതി (ചുരക്ക്).

കടൽച്ചിറാവു്–സമുദ്രത്തിലുള്ള ഒരുമാതിരി വലിയ മത്സ്യം.

കടൽച്ചുങ്കം–കടൽത്തീരവരി.

കടൽത്തിര–സമുദ്രത്തിലെ ഓളം.

കടൽത്തുറ–സമുദ്രത്തിൽ കപ്പൽ വന്നടുക്കുന്ന സ്ഥലം, തുറമുഖം, അഴിമുഖം.

കടൽത്തെങ്ങു്–ചില ദ്വീപുകളിലുള്ള ഒരുതെങ്ങുമരം.

കടൽത്തേങ്ങ–ചില ദ്വീപുകളിലുണ്ടാകുന്ന ഒരുതേങ്ങ. കായ്.

കടൽത്തോണി–കടലിലേ തോണി. പയ്യായം–'സാമുദ്രികം'.

കടൽപ്പന്നി–ഒരു ജലജന്തു.

കടൽപ്പായൽ–കടലിലേ പായൽ, നീരൊപ്പി.

കടൽപ്പുറം–സമുദ്രതീരം.

കടൽമാക്കു, കടൽമനു–ക്ര. കടപ്പുറത്തുനിന്നു കിട്ടുന്ന ഒരു മനുഷ്യൻ. ൨. ഒരുമാതിരി മത്സ്യത്തിനും പേരുണ്ടു്. പയ്യായങ്ങം– ഡിണ്ഡീരം, അസ്ഥികം, ഫേനം.

[ശീതവും ചക്ഷുഷ്യവുമാണു്. മൂത്രസംഗ്രഹണകരം.]

കടൽമകൾ–ലക്ഷ്മീദേവി.

കടൽവഞ്ചി–കടൽവള്ളം.

കടൽവണ്ണൻ–ക്ര. വിഷ്ണു. ൨. കണ്ണൻ

കടൽവഴി–കടൽമാർഗ്ഗം.

കടൽവാഴയ്ക്ക–മത്സ്യം.

'കടൽവാഴ്ച്ചാരിയുണ്ടോതവക
ടോരോജനമതുകൂടാതില്ല'
(ശ്രീകൃഷ്ണയാത്ര തുള്ളൽ)

കടല-ഒരുമാതിരി പയറുചെടി. പര്യായങ്ങൾ-കളായം, മുന്ദ്രവണകം, വിരോണ, രേണുകം, സതീലകം, ഖണ്ഡികം, ത്രിപുടാ, അതിവസ്തുള, ശമന, നീലക, കണ്ടീ, സതീല, സതീനു, വിരേണുക, സതീനകം. കടല ശബ്ദം കൃഷ്ണാടകമാണ്. ഇംഗ്ലീഷ്-Field pea. ഫീൽഡ് പീ. ലാറ്റിൻ-പൈസം സാതിവം. Pisum sativum.

'കലായഃകഷായോവാതം
പിത്തംരാഹകഫാപഹഃ
രുചിപുഷ്ടിപ്രദോഗുരുഃ
കഷായശ്ചാമദോഷകൃൽ'
(രാജനിഘണ്ടു)

[ഇതു വാതത്തെ വളരെ വർദ്ധിപ്പിക്കും. 'കളായസ്സാതിവാതകൃൽ' എന്നു പ്രമാണം. ബങ്കാളത്തുള്ള കുതിരകളുടെ തീറ്റിക്കുന്നതിനാൽ ഇതിനെ 'ബങ്കാളമുതിര' എന്നു പറയുന്നു. ഘനമുള്ള ഭൂമികളിൽ സാധാരണ ഉണ്ടാകുന്നു. മഴക്കാലത്തിന്റെ അവസാനത്തിലാണ് ഇതിനെ വിതയ്ക്കുന്നതു്. ഇതിനെ ആഴത്തിൽ പൂട്ടി വിതയ്ക്കണം ]

കടലയ്ക്കാ-കടലയുടെ കായ്.

കടലാടി-ഒരു പച്ചമരുന്ന്. പര്യായങ്ങൾ-അപമാർഗ്ഗം, ശേഖരികം, ധാമാർഗ്ഗവം, മയൂരകം, പ്രത്യക്പുഷ്പി, കീശപുഷ്പി, കിണിഹി, ഖരമഞ്ജരി.

[ഇതിനെ 'നായുരവി' എന്നും പറയും. വാതം, കഫം, വസ്തിരോഗം ഇവയെ ശമിപ്പിക്കും. നായ് കടിച്ച വിഷത്തിനും മൂർഖവിഷത്തിനും ഉത്തമം.]

കടലാടുക-കടവൽ കൂടുക.

കടലാന-കടലിലുള്ള ആന, ഒരുമാതിരി വലിയ മത്സ്യം.

കടലാമ-കടലിലുള്ള ആമ.

കടലാവണക്ക്-ഒരു ചെടി, അപ്പയം വണക്കം. കറിയോട്ടി എന്നു ചിലർ പറയുന്നു.

[ഇതു വാതത്തെയും കഫത്തെയും ശമിപ്പിക്കും. ഇതിന്റെ അതി ശ്രേഷ്ഠം വിഷത്തിനും നന്ന്. അരിയിലേ എണ്ണ വാതശമനമാണ് സുഖവിരേചനത്തെ ചെയ്യും. വർത്തമാനം, ഗ്രഹണം, കഫം, വിഷമജ്വരം, മഹോദരം ഇവയെല്ലാം നന്ന്. കായാഗ്നിയെ വർദ്ധിപ്പിക്കും. അരക്കെട്ട്, കോഷ്ഠം, ഗ്രന്ഥി, പ്ലീഹം ഈ സ്ഥലങ്ങളിലെ നീരിനും വേദനയ്ക്കും അത്യുത്തമം.]

കടലാസ്-എഴുതുന്നതിനായിട്ടു പഞ്ഞി കൊണ്ടും മറ്റും ഉണ്ടാക്കുന്ന സാധനം. [ആംഗ്ലിഭാഷ.]

കടലിരുവഗം-ഒരു പച്ചമരുന്ന്.

കടലുപ്പ്-ഉപ്പിൽതരിനം. പര്യായങ്ങൾ-[ഉപ്പു എന്നതു നോക്കുക.]

കടലെട്ടുപ്പ്-പെരുങ്കടൽ.

കടലേടി-കടൽപ്പന്നി.

കടലോരം-സമുദ്രതീരം.

കടവയറു-അടിവയറ്.

കടവാ-ചൊടികം രണ്ടും കൂടി അവസാനിക്കുന്ന സ്ഥലം.

കടവാതിൽ-വാവൽ, വവ്വൽ.

കടവാരിക്കുക-കച്ചവടസ്ഥലങ്ങളിൽ ചരക്കുകൾ നിരത്തിവെയ്ക്കുക [കട + വിരിക്കുക].

കടവുകഴിക്കുക-മലശോധനയ്ക്കുപോവുക [കടവ് + ഇരിക്കുക].

കടവുകൊള്ളുക-മലശോധനകഴിച്ചു പിന്നീടു മലം കൊണ്ടു കളയുക. [കടവ് + ഇറങ്ങുക].

കടവ്-പ. തോണി കൂടാതെ മുതലായ മറ്റുയന്ത്രങ്ങളിൽ കൂടിപ്പോകുന്നതിനുള്ള സ്ഥലം.

ക. വള്ളം അടുക്കുന്ന സ്ഥലം. ന. അവസരം, സമയം.

കടവുക്കുട്ടുക-തടികളും വലിച്ചുവെള്ളത്തിലാക്കുക.

കടവുവഞ്ചി-ആറിലും മറ്റും അക്കരയിക്കരെ കടത്തുന്നതിനുള്ള വഞ്ചി.

കടാക്ഷം-പ്ര. കടക്കണ്ണുകൊണ്ടുള്ളനോട്ടം ക. മയയോടുകൂടിയുള്ള നോട്ടം. അതിശയിതങ്ങളായ അക്ഷികർമ്മോടുകൂടിയത് എന്നർത്ഥം.

കടാക്ഷാഞ്ചലം-കടക്കണ്ണിന്റെ അറ്റം.

'തണ്ടാർമാതിൻകടാക്ഷാഞ്ചലകവലയക-
ച്ഛുണ്ടനാമാത്മിതാത്മാ'
(ഭാഷാരാമായണം ആരണ്യകാണ്ഡം)

കടാക്ഷിക്കുക-പ്ര കടക്കണ്ണുകൊണ്ടുനോക്കുക. ക. മയയോടുകൂടി നോക്കുക. ന. മയചെയ്യുക.

കടാടകൻ-ശിവൻ.

കടാഹൻ-ദമഹരുള്ളവൻ.

കടാവുക-പ്ര തടയുക.

[ഈ പദം പൂന്താനം നംപൂതിരിയുടെ കാലം വരെ ഭാഷയിൽ പ്രചുരപ്രചാരമായിരുന്നു].

'വാരഥമാനുകരത്തിൽ വിരഞ്ഞുകടാവിനനേരം'
(ശ്രീവൽഗീത-മാധവപ്പണിക്കർ)

ക. ചെയ്യുന്നുക.

കടാഹം, കടാഹകം-പ്ര വലിയ കടം ക. ഒരു മാത്രി ചെമ്പുപാത്രം, കിടാരം. ന. ഏഴുമക്കട്ടി ര. അമത്തോട് ഉ. ക്ഷാരം, ക്ഷാരം.

കടായനം-രാമച്ചം.

കടാവരിയ-ചെയ്യിക്കുവാൻ പ്രയാസമായ, ദുർഗ്രമമായ.

കടാഹ്വയം-താമരക്കിഴങ്ങ്

കടി-പ്ര. അര, ശരീരമദ്ധ്യം വസ്ത്രംകൊണ്ടു മറയ്ക്കപ്പെടുന്നത് എന്നർത്ഥം. ക. അനയുടെ ചെന്നിത്തടം. ന. വലിയ കടലാടി. ര. തിപ്പലി. ഉ. കട്ടുരോഹിണി. (മലയാളം). ഗ ചൊറിച്ചിൽ. ഒ. പല്ലുകൊണ്ടുള്ള പ്രവൃത്തി, കടിക്കുക. ച. ചതി.

കടിക-അരയും കോന്തമ്പാവും കയറിൽ കെട്ടി ചെപ്പുക്കടേത്തിൽ ഇടുന്ന മരക്ഷണം

കടിക-അര, ഇളി (ഹാസ്യം).

കടികതരുണം-അരയിലുള്ള ഒരു മർമ്മം.

കടിക്കുട്ടുക-കടിക്കുക.

കടിക്കോൽ-കടിക്കുന്നതിനു ചില മൃഗങ്ങളുടെ വായിലിടുന്ന കോൽ.

കടിക്കുക-പല്ലുകൊണ്ടു മുറിക്കുക [കാ. ക്രി. കടിപ്പിക്കുക].

കടിച്ചി-കടിയന്റെ സ്ത്രീ.

കടിഞാൺ-കുതിരയുടെ വായിലിടുന്ന കടിയിരിമ്പിൽ കെട്ടുന്ന വാറ് പട്ടുനൂലുകൊണ്ടുള്ള ചരടുകൾ. കവികാ, ഖലീനം.

കടിഞ്ഞു്-അ. പ്രയാസപ്പെട്ടു്.

കടിഞ്ഞൂൽ. ഒന്നാമതു പ്രസവിക്കപ്പെട്ട

കടിഞ്ഞൂൽ-ഒന്നാമത്തെ പ്രസവം.

'നിച്ചിരിയത്തി കടിഞ്ഞൂൽപെറ്റൊരു
കൊച്ചിനെയിന്നിവനം കൊല്ലുംതാനും'
(രുക്മിണീസ്വയംവരം തുള്ളൽ)

കടിതടം-അര, ശരീരത്തിന്റെ നടുവു്.

കടിതരുണം-ശരീരത്തിൽ തുണ്ടല്ലും അരയും കൂടുന്ന സ്ഥലം (ചെപ്പു്).

കടിപിടിക്കുട്ടുക-ശണ്ഠപിടിക്കുക (ശൈലി ഗ്രാമ്യം).

കടിപ്പിക്കുക-കടിച്ചെടുപ്പിക്കുക, കടിയുണ്ടാക്കുക

കടിപ്പു്-പല്ലുകൊണ്ടു മുറിക്കുക.

കടിപ്രദേശം-അര, ശരീരത്തിന്റെ മദ്ധ്യം.

കടിപ്രാകാരം-കടിയിൽ ഉന്നതമായ പ്രദേശത്തിന്റെ-ആസനത്തിന്റെ-മേൽ. കടിപ്രദേശത്തെ പുഷ്ടിപ്പെടുത്തുന്നത് എന്നർത്ഥം.

കടിഫലം-അണ്ഡം.

കടിയൻ-പ കടിക്കിക്കാരൻ, ഇടിയൻ. ഉ. കടിക്കുന്ന പട്ടി.

കടിയവൻ-കടപ്പക്കാരൻ.

കടിയർ-'സപ്തർഷികൊണ്ടു കേരളത്തിൽ നിന്നു പരശുരാമങ്ങളിൽ ഓടിപ്പോയ ബ്രാഹ്മണർ തിരിയെ വന്നപ്പോൾ കേരളബ്രാഹ്മണർ അവരെ അവരുടെ ക്ഷേത്രത്തിൽചേർത്തില്ല. ഈങ്ങിനെ തിരിയെ വന്ന പാർത്ത ശേഖരത്തിൽ കൊങ്ങിണികളോടുകൂടി വന്നിട്ടുണ്ടായിരുന്ന കൊങ്കണത്തുള്ളർക്ക 'കടിയർ' എന്ന പേർ കല്പിക്കപ്പെട്ടു'. (മ. ഭാ. ച.)

കടിയാണം-കടിഞാൺ.

കടിയുക-തെരിഞ്ഞെടുക്കുക, വേർതിരിക്കുക.

കടില്ലകം-പ. പാവൽവള്ളി. ഇതിന്റെ കായ്ക്ക് 'പാവയ്ക്ക'. 'കഠില്ലകം' എന്നതിനു അധികം പ്രചാരമുണ്ട്. ഉ. വെന്തഴുതാമ. നു. ചെറുതുളസി.

കടിവായ്-പാമുക്കിടിച്ചു മുറിപ്പാടു്, കോടിവായു്,

കടിവാളം-കടിഞാൺ.

കടിവാളവാറ-കടിഞാണിന്റെ വാറ.

കടിശൃംഖലാ-ചിലങ്കയെകെട്ടിയ അരഞ്ഞാൺ.

കടിസൂത്രം-അരയിൽകെട്ടുന്ന ചരടു്, അരഞ്ഞാണം.

കടീതലം-ഒരു മാതിരി വളഞ്ഞ വാൾ.

കടീരം, കടീരകം-പ. പിൻഭാഗം, ഉ. ശ്രേഷ്ഠം.

കടു-വി. പ. എരിവുള്ള. ഉ. ക്രൂരതയുള്ള. നു. നീരസമുള്ള. ഒ. കോപമുള്ള. ഠ. ചൂടുള്ള. ന. അസഹ്യമായ. ഒ. ഉഗ്രസ്വഭാവമുള്ള. വ. മത്സരമുള്ള. ൻ. അനിഷ്ടമായ.

കടു-പ. എരിവു്. വേണ്ടുവോളം ഉദരത്തെ ഉണ്ടാക്കുന്നതു് എന്നർത്ഥം. തീക്ഷ്ണതകൊണ്ടു മുഖത്തെ ആവരണം ചെയ്യുന്നതു്. ഉ. തീക്ഷ്ണം. ഉത്സാഹമായിട്ടുള്ളതു് നു. കടുകുരോഹിണി. രോഗങ്ങളെ കടുക്കുന്നതു് എന്നർത്ഥം. ഒ. ചെമ്പരത്തിക്കായ്. ഠ. മത്സരം. ന. കർപ്പൂരം. ഒ. കടുക്. വ. ചുക്ക്. ൻ. തിപ്പലി. ൿ. മണിത്തക്കാളി. പ്പ. ഞാഴൽ. ൿപ. എരിവിള്ളതു. പ്നു. കൊഴിഞ്ഞിൽ.

കടുകന്ദം-പ. ഇഞ്ചി. ഉ. മുരിങ്ങ. നു. വെള്ളരുള്ളി.

കടുകൻ-തീക്ഷ്ണൻ.

കടുകപ്പുളിനാരങ്ങാ - വടുകപ്പുളിനാരങ്ങാ എന്നും പറയും. ശീതളമാണ്. അഗ്നിയെ ശമിപ്പിക്കും. അധികം പിത്തകരമല്ല.

കടുകഫലം = തക്കോലം.

കടുകം-പ. മുളകരിയു്. ഉ. എരിവുരസം. നു. മുളക്. ഒ. അഴിഞ്ഞിൽ. ഠ. എരിക്ക്. ന കൈപ്പൻപടവലം. ഒ. കരിങ്കടുക്. വ. കടുകപ്പാല.

കടു(ക)രോഹിണി- ഒരുങ്ങാടിമരുന്നു്. പര്യായങ്ങൾ-കടു, കടുരോഗ, അശോകരോഹിണി, മത്സ്യപിത്താ, കൃഷ്ണഭേദി, ചക്രാംഗി, ശകുലാദനി.

[ഇതു പിത്തരോഗം, ചുട്ടനീറൽ, അരോചകം, ജ്വരം, ശ്വാസകാസം, രക്തപിത്തം, വിഷമജ്വരം, കഫം ഇവയെ ശമിപ്പിക്കും.

കടുകവല്ലി-എരിവുവള്ളി.

കടുക്, കടു-ഒരു ധാന്യം. പര്യായങ്ങൾ-സർഷപ, തീക്ഷ്ണ(തുണ്ഡിക), കടുംബരം.

'കടുക് രക്തശുദ്ധിക്കും ദഹനത്തിനു സഹായിക്കുന്നതും കഫം വിട്ടുപോകുന്നതിനെ ശക്തിയെ കൂട്ടുന്നതുമാണെന്ന് ഹെർഡ്വിക്ക് ഡോക്ടറുടെ അഭിപ്രായത്തിൽ കാണുന്നു. ഇന്ത്യക്കാർ പുരാതനകാലം മുതല്ക്കു കറികളിലും മറ്റും കടുക വളരെയിടുന്നതിന്റെ കാരണം മേല്പറഞ്ഞ ഗുണങ്ങൾ കണ്ടറിഞ്ഞതുതന്നെയാണ്'.

[വെളുത്ത കടുക്, കറുത്ത കടുക്, പെരുംകടുക്, നായ്ക്കടുക്, കാട്ടുകടുക് ഇങ്ങിനെ കടുക് പലവിധമുണ്ട്].

കടുകാ-ഫ. കടുരോഹിണി. വ. പേച്ചുര. സ. കൈപ്പൻകോവ. ര മെറിച്ച കക്കടി. ള പെരുകടുക്.

കടുകാഫലം-ഔഷകസ്തൂരികാ.

കടുകാലാബു(ബൂ)-പേച്ചുര.

കടുകി-ഫ. കടുകരോഹിണി. വ. ഞാഴൽ എന്ന വൃക്ഷം.

കടുകികാ-ഫ. കാട്ടുപൊന്നാവിര. വ. കറുച്ചുലി. സ മുണ്ടയ്യ. ര. വേപ്പ്.

കടുകീട(ക)ം-കൊടുക്ക്.

കടുകേ, കടുകനേ-അ. ഫ. വേഗത്തിൽ. വ. യേകരമായിട്ട.

കടുക്കെ, കടുക്കനേ, കടുക്കെന്നേ-അ. ഫ. വേഗത്തിൽ. വ. കടുപ്പമായി. കടുക്കനേ-വേഗത്തിൽ.

കടുക്കൻ-പുരുഷന്മാർ കാതിലിടുന്ന ഒരാഭരണം.

കടുക്കാ-ഒരുമാതിരിമരുന്ന്. ചുള്ളിയങ്ങാടം-അഭയം, അവ്യഥാ, പഥ്യാ, കായസ്ഥാ (വയസ്ഥാ), പൂതനാ, അമൃതാ, ഹരീതകി, ഹൈമവതി, ചേതകി (രേവതി), ശിവാ, ശ്രേയസി.

[ത്രിദോഷം, വയറുകട്ടൽ, ചുമ, പ്ലീഹ, മേഹം, അർശ്ശസ്, കഫം, വീക്കം, മഹോദരം, കൃമി, സ്വരസാദം, ഗ്രഹണി, കഫപ്രസേകം, കുടവിക്കം, മൂത്രസംഗം, അതിസാരം, ശ്വേതകുഷ്ഠം, പാണ്ഡു, അക്ഷിരോഗം, അഗ്നിമാന്ദ്യം, മൂത്രകൃച്ഛ്രം, മൂത്രാഘാതം, ബോധക്കേട്, മഹാവ്യാധി ഇവയെ ശമിപ്പിക്കും. ഇന്ദ്രിയങ്ങൾക്കും ശുക്ലത്തിനും വർദ്ധിപ്പിക്കും. ഇന്ദ്രിയബലത്തെ ഉണ്ടാക്കും. തടഞ്ഞിരിക്കുന്ന വായുവിനെയും മലത്തെയും നേരെ അയക്കും. അഗ്നിയെ പ്രദീപിപ്പിക്കും. രുചിയെ ഉണ്ടാക്കും. മലത്തെ ഇളക്കും. ദേഹത്തെ തടിപ്പിക്കും. ബുദ്ധിയെ നന്നാക്കും. യൗവനത്തെ നിലനിറുത്തും. കണ്ണിനും അത്യുത്തമം നന്ന്.]

കടുക്കാര-കാര എന്ന മരുന്ന്. അക്ഷോരി എന്നും പറയും. [അക്ഷോരി-നോക്കുക.]

കടുക്കേ-ഫ. കോപിക്കുക. വ. വർദ്ധിക്കുക. സ. കടുപ്പമുണ്ടാകുക.

കടുക്കെന്നേ-വേഗത്തിൽ. ഉ-ം, 'കടുക്കെന്നതെളിഞ്ഞുപുരാന്തകൻ'

കടുകപാണം-ടിട്ടിപ്പക്കി.

കടുഗ്രന്ഥി-ചുക്ക്.

കടുഗ്രന്ഥി(ക)ം-തിപ്പലിമൂലം.

കടുച്ഛദം-തകരം.

കടുതലർ-ശത്രുക്കൾ.

കടുതായി-അ. കഠിനമായി.

കടുതി-വരുത്തം, സുഖമില്ലായ്മ.

കടുതിക്തം-ചണ്ഡ.

കടുതിക്ത(ക)ം-ഫ. നിലവേപ്പ്. വ. ചണ.

കടുതിക്തകാ, കടുതിക്തികാ-പേച്ചുര.

കടുന്ധണി, കടുന്ധണികാ-ഫ. തൊട്ടാപ്പൻകോവ. വ. പേച്ചുര.

കടുന്ധുബി, കടുന്ധുബിനി-പേച്ചുര. പനപാപ്പുള്ളി ചുര എന്നർത്ഥം.

കടുന്നില-വലുത്തവായയാടുകൂടിയവാർപ്പ്. കടുന്നല എന്നും അപൂർവ്വം കാണുന്നുണ്ട്.

കടുത്രയം-ചുക്ക്, തേക്ക്, തിപ്പലി ഇവ മൂന്നിനും കൂടിയുള്ള പേർ. കടുക്കട്ട് എന്നും പാഠം.

[കാസശ്വാസം, പീനസം, അഗ്നിസാദം, സ്തൂലം മുതലായവയ്ക്കു കടുത്രയം നന്ത്.]

കടുത്രികാ-കടുത്രയം.

കടുദലാ-കക്കരി.

കടുനിഷ്പാവാ-ആറന്മര.

കടുന്തിരി-അ. കടുക്കനെ.

കടുന്തുടി-ഫ. ഒരു വാദ്യം, ഏടയ്ക്കാ. [മഡ്ഡു-മനടുന്തുടി. ഡമരു-കടുന്തുടി]. ൨. ഒരു മാതിരി കളിപ്പന്തം.

കടുന്തുക്കം-കിഴക്കു്-തുക്കമായ സ്ഥലം.

കടുന്നിൽ, കടുന്നൽ-കുത്തുന്നതായ ഒരു മാതിരി ഈച്ച, കുളവി. [കടന്ത എന്നതു നോക്കുക].

കടുപത്രി(കി)-ഫ. വെളുത്ത ചെറുതുളസി. ൨. പപ്പടകപ്പുല്ലു്.

കടുപത്രികാ-കാര.

കടുപണ്ണികാ, കടുപണ്ണി-മലംഎരുമ.

കടുപാസ്തു-പെരുംചീര.

കടുഫലാ-ഫ. കുമ്പിളംവൃക്ഷം, ൨. ക്രുവല്ലിൻകായ്. ന. തക്കോലം. ര. കൈപ്പൻപടവലം.

കടുഫലാ-ഫ. കൈപ്പൻപടവലം, ൨. പേച്ചുര. ന. പുളിഞ്ചി.

കടുപ്പട്ടൻ-ശൂദ്രരിൽ താണ ഒരു ജാതി.

കടുപ്പാ-ഫ. മുറപ്പു്. ൨. ദയയില്ലായ്മ. ന. പ്രയാസം.

കടുമ്പീ(വീ)ജാ-തിപ്പലി.

കടുമ്പീജികാ-ഉമ്മാ.

കടുഭംഗാ-ചുക്കു്.

കടുഭദ്രാ-ഫ. ചുക്കു്. ൨. ഇഞ്ചി.

കടുമ-കടുപ്പം.

'കടുമപുനരതിനസമേമാനമില്ലെന്നഹോ'
(ചാണക്യസൂത്രം)

കടുമഞ്ജരികാ-വലിയ കടലാടി.

കടുമാൻ-ഒരു മൃഗം.

കടുമീൻ-ഒരു വക മത്സ്യം.

കടുമൂലാ-തിപ്പലിമൂലം.

കടുമോദം-പച്ചപ്പുഴുവു്.

കടുരം-മോരു്.

കടുമ്പകയാളി-മുഴുത്തശത്രു.

കടുമ്പു്-തുമ്പക്കാറി.

കടുരോഹിണീ-കടുകരോഹിണി.

കടുവാ-തവള.

കടുരസം-വരിയൻകക്കരി.

കടുരോഹിണി-കടുകരോഹിണി.

കടുവൻ-പൂച്ച, പന്നി മുതലായവയിലെ ആൺ, ആൺജന്തു.

കടുവരുപ്പു്-കടുകം കരുവേപ്പിലയുംകൂടെ നെയ്യിൽ വറുത്തു കറിയിലിടുക.

കടുവാ-കാട്ടിലുള്ള ഒരു ദുഷ്ടജന്തു.

കടുവാക്കു്-ചീത്തവാക്കു്, ശകാരം.

കടുവാക്കുട്ടിൽതലയിടുക-ഫ, സാഹസം പ്രവർത്തിക്കുക. ൨. ആപത്തിൽചാടുക. (ശൈലി).

കടുവാത്താകി-വെളുത്തകണ്ടകാരിച്ചുണ്ട

കടുശർക്കരാ-ചുണ്ണാമ്പു്.

കടുശൃഗാലാ-ഔഷധസുവർണ്ണമെന്ന ശാകം.

കടുസ്കന്ധാ-വെങ്കടുക്കു്.

കട്ടടങ്കം-ചുക്കു്.

കട്ടില്ലടം-ഫ. മരമഞ്ഞൾ. ൨. ഇഞ്ചി.

കട്ടു്-ചില ക്ഷേണവസ്തുക്കളിലുള്ളൊരംശം. [മരച്ചീനിയിൽ കട്ടമുൻനാലാണ് അധികം പ്രാവശ്യം ഊറിക്കൂടുന്നതു]

കട്ട-ഫ. കുടിനീരാവു്. ൨. ചില ആഭരണങ്ങളിൽ വെയ്ക്കുന്നപൊന്നിൻശകലം.

കട്ടക്കാണം-ഫ. ഇരിക്കാണം, കൊടുക്കായകാശം. ൨. നിലംകൃഷിക്കാരനെ ഏണമില്ലാത്തവിധമുള്ള അനുഭവം. ന. പ്രത്യേകം കട്ടയിലെ വെയ്പ്പുമ്പോൾ സ്ഥലമുടമസ്ഥനു കൊടുക്കുന്ന പണം.

കട്ടഗൊത്ത-ഒരു വക മുരിങ്ങച്ചീര.

കട്ടക്കിടാവു്-ചോരക്കുഞ്ഞു്, പൊക്കിൾ അറുത്തുകളയാത്ത കുട്ടി.

'കട്ടക്കിടാവുതൻ കൈത്തലംകൊണ്ടുള്ള'
(കൃഷ്ണഗാഥ)

കട്ടക്കരികിൽ-ഒരുവക ചെറിയ പക്ഷി.

കട്ടക്കാൽ-ഫ വിരിച്ചുതിൽപിന്നീട കടകം ഉടപ്പാനുള്ളതും പിടിയുള്ളതുമായ ഒരായുധം. ഉ. മരത്തൊട്ടി.

കട്ടങ്ങം-കാളയുടെ കഴുത്തിലിടുന്ന വള്ളി വളയൽ.

കട്ടപ്പാര-കട്ട കുത്തിയെടുക്കുന്ന അലകുപാര.

കട്ടയ്ക്കുക, കട്ടയ്വു-കട്ടയായിത്തീരുക, ഉറച്ചു കട്ടയാവുക.

കട്ടറ, കട്ടകറ-തുരുമ്പ്.

കട്ടാക്കട്ടി-ഫ. ഗൃഹസംഭാരം, ഗൃഹത്തിലെ തട്ടുമുട്ട (സാമാനങ്ങൾ). ഉ. സ്നേഹിച്ചുള്ള കൂട്ടുകെട്ട്.

കട്ടായം, കട്ടായ്മ-ഫ. കണിശം. ഉ. സത്യം.

കട്ടായം-കൊത്തന്മാർ കല്ല കൂർപ്പിക്കുവച്ചു കെട്ടുക. [കട്ടയം < നെട്ടായം.]

കട്ടാരം, കട്ടാരി, കഠാരി-ഒരു മാതിരി ആയുധം, ചൊട്ട.

കട്ടാർ-ഫ. ചൊട്ട. ഉ. ഒരുമാതിരി മരപ്പാത്രം (ഹിന്ദുസ്ഥാനിഭാഷ).

കട്ടി-ഫ. മുലംസിൽ ഇട്ടു ഉക്കുന്നതിന് ഇരുമ്പു മുതലായവകൊണ്ടുണ്ടാക്കുന്ന വസ്തു. ഉ. ഉറപ്പ്. ന. കാഠിന്യം. ര. കനം.

കട്ടിക്കാരൻ, കട്ടിയക്കാരൻ-ഫ. സമർത്ഥൻ. ഉ. തമിഴ്നാടകങ്ങളിൽ ഹാസ്യരസം പ്രകടിപ്പിക്കുന്ന ഒരു പാത്രം കഥകളിയിൽ ഈ പാത്രത്തിനു 'മീശ' എന്നു പേർ. നാടകത്തിൽ 'വിദൂഷകൻ'

കട്ടിക്കുക-കനം വയ്ക്കുക.

കട്ടിൽ, കട്ടിൽ-കിടക്കുന്നതിനുള്ള വസ്തു. പലകക്കട്ടിൽ, കയറുകട്ടിൽ മുതലായി പലതരമുണ്ട്. പര്യായങ്ങൾ-മഞ്ചം, പള്ളം, പല്യങ്കം, ഖട്വാ

കട്ടിൽസ്ഥാനം-നായന്മാർ അവരവരുടെ ഭാര്യക്കുകാഞ്ഞുങ്ങൾക്കും കൊടുക്കുന്ന വസ്തുക്കൾ.

കട്ടിള-കതകു തൊടുപ്പാൻ മരംകൊണ്ടുണ്ടാക്കി ചുവരിൽ ഉറപ്പിക്കുന്ന വസ്തു.

കട്ടിളക്കാൽ-കട്ടിളയിൽ ഇടത്തും വലത്തും നീളത്തിൽപണിതുനിറുത്തുന്നകാൽ.

കട്ടുമുള്ള്-കോഴിയുടെ കാലിലെ മുള്ള്.

കട്ടോടം-പ്രസവിച്ചുകിടക്കുന്ന സ്ത്രീകൾക്കും ശിശുക്കൾക്കും ഉപകരിക്കുന്ന ഒരു മരപ്പാത്രം, മരത്തൊട്ടി.

കട്ടോടാഛാത്തൻ-ഒരുവക പക്ഷി, തേഴാമ്പൽ.

കടു(ടം)ഫലം-ഫ. ചെറുകുമിഴ്. മരത്തെ മറപ്പാൻ തക്കവണ്ണം ഫലമുള്ളതു് എന്നർത്ഥം. ഉ. കുമ്പിടം. ന. തേക്കുമരം

കടുഫലാ-ഫ. വെളുത്ത ചെറിയ വെള്ളരി. ഉ. മണിത്തക്കാളി. ന. തക്കാരിവഴുതിന. ര. ദേവതാളി. ങ. കുമിഴ്. ന. ചെറുവഴുതിന.

കടുമ്പാലം-കുമ്പിടം വൃക്ഷം.

കടുമ്പാവു്-ഒരു വക ചെമന്ന ശീല.

കടുമ്പഗൻ-ഭിലീപൻ എന്ന രാജാവു്.

കടുമ്പഗം-പലകപ്പയ്യാനി, പെരുമരം.

കടുമ്പരം-മേൽത്തു്.

കടുവി-ഫ. കട്ടരോഹിണി. ഉ. എരിവള്ളി ന. പലകപ്പയ്യാനി.

കഠ-വി. കഠിനമായ.

കഠാകു-ഒരു പക്ഷി.

കഠാരം-കഠാരി, കട്ടാരി.

കഠാഛകം-തത്തു്.

കഠിക-എഴുത്തുകല്ലു്.

കഠിഞ്ഞിമം-ഫ. തുരുസി, ചെറുതുരുസി. ഉ. കഞ്ഞകം, കഠിനമായ വസ്തുവിനെക്കൂടി ഉരിപ്പിക്കുന്നതു് എന്നർത്ഥം. ന. പെരുമ്പുകം.

കഠിന-വി. ഫ. ഉറപ്പുള്ള. ഉ. കട്ടപ്പായ, തുവല്ലായ്മ. ന. ഇരുകണ്ണ.

കഠിനകം-അവ്യ.

കഠിനകോഷ്ഠം-മരുന്നു കൂടിച്ചാലും ഇളകാത്ത വയറ്.

കഠിനപ്രഷ്ഠ(ക)ം-അവ്യ.

കഠിനം-പ്ര. കട്ടപ്പുമയിട്ടുള്ളതു്. പര്യായങ്ങൾ-കർക്കശം, കഠിനം; ക്രൂരം, കഠോരം, നിഷ്ഠുരം, ദുഷ്ടം, ഘോരം, മൂർത്തം, മൂർത്തിമത്തു്. വി. (സംഗീതശാസ്ത്രപ്രകരണം) രീതികളിൽ ഒന്നു്. നാ. വരകു്.

കഠിനാ-പ്ര. ഒരു മൺപാത്രം. വി. ഒരു മധുര പലഹാരം. നാ. എഴുത്തുകല്ലു്. ര. കാട്ടത്തി.

കഠിനി, കഠിനികാ-പ്ര കൽച്ചുണ്ണാമ്പു്. വി. ചെമവിരൽ. നാ. എഴുത്തുകല്ലു്.

കഠിനീഭൂത-വി. കഠിനമായിഭവിച്ച.

കഠില്ലകം-പ്ര. പാവൽവള്ളി. [കടില്ലകം നോക്കുക.] വി. വെന്തഴുതാമ.

കഠേരൻ-ഭിക്ഷുകൻ (പാപ്പർ), ഇരപ്പാളി, ഭിക്ഷക്കാരൻ.

കഠോര-വി. പ്ര. കട്ടപ്പുമയ, കട്ടിയുള്ള. വി. ക്രൂരതയുള്ള. നാ. ഭയങ്കരമായ.

കഠോരഗിരിമാഹാത്മ്യം-ബ്രഹ്മാണ്ഡപുരാണത്തിൽ ഒരു ഭാഗം.

കഡ-വി. പ്ര. ഒച്ചയടപ്പുള്ള. വി. ഉറിയാടാത്ത. നാ. മൂഢതയുള്ള.

കഡംകരം, കഡംഗരം-പ്ര. പതിതൻ. കളത്തിൽ പരക്കുന്നതു് എന്നർത്ഥം. മറെറാരുപര്യായം-ബുസം വി. വയ്ക്കോൽ.

കഡംഗര-ലഹരിയുള്ള മദ്യം.

കഡാഹം-ചീരത്തണ്ടു മുതലായതിന്റെ പേർ മലരാത്ത ചെയ്യുന്നതു് എന്നർത്ഥം.

കഡംബരാ-ചീരത്തണ്ടു്.

കഡംഭി-വലിയ വശമുള്ള ചീര.

കഡാര-വി. കരൾനിറമുള്ള, തവിട്ടുനിറമുള്ള.

കഡാരം-ശരീരത്തിന്റെനിറത്തോടടുത്ത നിറം (പിംഗളവർണ്ണം). കണ്ണിനെ അസ്വാരിപ്പിക്കുന്നതു് എന്നർത്ഥം. കട്ടകത്തിന്റെ കഴുത്തിലെ രോമത്തോടു തുല്യമായ നിറം എന്നും പക്ഷാന്തരം. തവിട്ടുനിറം, കരൾ എന്നു സാധാരണ പറയുന്നു.

കഡിലൃതം-വ്യാധി.

കണ-പ്ര. ദേഹം ചടയ്ക്കുന്നതും സാധാരണ കൂട്ടികഴിക്കേണ്ടതുമായ ഒരു ധാന്യം. വി. തിപ്പലി. ശബ്ദിക്കുന്നതു്, ഏതിലുള്ളതു് എന്നർത്ഥം. നാ. ജീരകം. സൂക്ഷ്മാവയവങ്ങളുള്ളതു് എന്നർത്ഥം. (മലയാളത്തിൽ.) ര. ഇല്ലിയുടെ ശിഖരം, ഇല്ലിക്കണ. ഇ. അമ്പു (ശരം). ന. ചക്കകണ ഏ. വാളിന്റെയും മറവും പിടി.

കണക്കധികാരം-കണക്കു പഠിക്കുന്നതിനുള്ള ഒരു പുസ്തകം.

കണക്കൻ-പ്ര. കണക്കു പഠിച്ചവൻ വി. കണക്കെഴുത്തുകാരൻ, പിള്ള. നാ. ഒരു താണജാതിക്കാരൻ.

കണക്കപ്പിള്ള-കണക്കെഴുതുന്ന ആൾ.

കണക്കാക്കുക-വേണ്ടപ്രകാരമായിത്തീരുക.

[കണക്കാക്കപ്പെടുവാൻ ശക്യമായിട്ടുള്ളതിനു 'ഗണനീയം', 'ഗണ്യം' എന്നും, കണക്കാക്കപ്പെട്ടതിനു 'സംഖ്യാതം' 'ഗണിതം' എന്നും പര്യായങ്ങൾ.]

കണക്കിടുക-എണ്ണുക.

കണക്കിലാക്കുക-പ്ര. വേണ്ടപ്രകാരമാക്കുക, നല്ലവണ്ണമാക്കുക. വി. സാധിപ്പിക്കുക.

കണക്കീ-വി. കൊള്ളാവുന്ന, ഉചിതമായ.

കണക്കു്-പ്ര എണ്ണം, സംഖ്യ. വി. സംഖ്യനിശ്ചയിച്ചെഴുതിയ കടലാസ്സുമറവും. നാ. കണക്കധികാരപ്പുസ്തകം, ര. വരവിനും ചെലവിനും വിവരം എഴുതിയ എഴുത്തു്. ഇ. കണക്കെഴുത്തുകാരന്റെ ഉദ്യോഗം.

കണക്കുത്തു്-വസ്ത്രം ഉടുക്കുമ്പോൾ അരയിൽ ഉറപ്പിച്ചിരിക്കുന്നഭാഗം, വസ്ത്രത്തിന്റെകെട്ടു്, സ്ത്രീകൾ അരയിൽ ഉടുക്കുന്ന വസ്ത്രം അഴിഞ്ഞുപോകാതിരിപ്പാൻവേണ്ടി ഉള്ളിലേയ്ക്കു തിരുകുമ്പോൾ ആ തിരുകൽകൊണ്ടുണ്ടാകുന്ന മുഴ. [സംസ്കൃതത്തിൽ-നീവി.]

കണക്കിസാരാ-കണക്കു പഠിപ്പാനുള്ള ഒരു പുസ്തകം.

കണക്കേ, കണക്കനേ-അതു പോലെ, വിധത്തിൽ.

കണങ്കാൽ-മുഴങ്കാൽ, കാൽമുട്ടിനുതാഴെ പാദത്തിനു മുകളിലുള്ളഭാഗം. പര്യായങ്ങൾ-ജംഘാ, പ്രസൃതാ.

കണങ്കൂത്തു്-കണക്കുത്തു്. [കണക്കുത്തു് എന്നതു നോക്കുക.]

കണങ്കൈ-കൈകഴുടെ പത്തിക്കുമേൽ മുട്ടിനുതാഴെയുള്ള ഭാഗം.

കണജീരകം-കരുജീരകം, വെളുത്ത ജീരകം.

കണജീർണ്ണ-വെളുത്ത ജീരകം.

കണപാ-കുന്തം, ഈട്ടി, വേൽ, ഉടക്കുകി.

കണപ്പൽ-നല്ലകുൺ.

കണപ്പു്-ചതുരശ്രത്തിന്റെ കോണു്.

കണപ്പുമട്ടം-ചതുരശ്രം.

കണപ്പൂട്-മുക്കുറ്റിപ്പൂവു്.

[ഇതിനു കാട്ടുമഞ്ഞൾ എന്നു പറയും. കസ്തൂരിമഞ്ഞളുടെ മൂല, കണ, ശോഭം ഇതൃർത്ഥമിക നാമം.]

കണം-പ. തുള്ളി. ര. വളരെ ചെറിയ അംശം, അല്പം. കണ്ണാൽ കഴിയാത്ത രത്നനാമം. ന. ധാന്യങ്ങളുടെ കണ്ണു്. ഭ. അഗ്നി, രത്നം മുതലായതിൽനിന്നു പുറപ്പെടുന്ന ചെറിയ ശകലം. ഉ. തിപ്പലി. 'ക്രായന്തീമസ്മൃതിംബകലിംഗ കണപദമേതേനു' എന്നു് അമരാംഗഹൃദയം. ന. നവരുങ്ങരി.

കണമരാ-ഇഞ്ച.

കണമ്പു്-ഒരുവക മത്സ്യം.

കണയം-കുന്തം എന്ന ആയുധം.

കണയാഴി-കാലിൽ ഇടുന്ന ഒരാഭരണം. 'പൊൻചിലമ്പണിനല്ല മിഞ്ഞിക്കണയാഴി'

(വാല്മീകിരാമായണം)

കണയെണ്ണ-ചക്കിന്റെ കണ അല്ലെങ്കിൽ ഉലക്കയിൽ നിന്നൊട്ടുക്കുന്ന എണ്ണ.

[ഇതു വാതത്തിനു നന്നു്. രുചിഗുണത്തിനു വിശേഷം. കൃമിഹരമാണു്.]

കണലാഭം-ജലത്തിലുണ്ടാകുന്ന ചുഴി, നീർച്ചുഴി.

കണവൻ-ഭർത്താവു്.

കണവില്ലു്-ഒരുമാതിരി വില്ലു.

കണവീരം-ഒരു പച്ചമരുന്നു്. പര്യായങ്ങൾ-പ്രതിഹാസം(പ്രതീഹാസം) ശതപ്രസം, ചണ്ഡാതം, ഹയമാരകം, കരവീരം. കണവീരം 'അലരി'യുടെ പേരന്നും അഭിപ്രായം കാണുന്നു.

[കണവീരം ബാലന്മാർക്കു നന്നു്. വൃഷ്യവും സർവ്വദോഷഹരവുമാകുന്നു.]

കണശർ-അ. ശകലംശകലമായി, തുള്ളിത്തുള്ളിയായി, കഷ്ടകഷ്ടം.

കണാ-പ. തിപ്പലി. ര. ജീരകം. വെളുത്തജീരകം. ['കണ' എന്ന ശബ്ദം നോക്കുക.]

കണാഖ്യാ-വെൺജീരകം.

കണാടീ(കി)-കരിംകരികിൽ

കണാടൻ-കള്ളൻ.

കണാടൻ, കണാടിക്കുൻ, കണാട്ടുക്കു്-ഒരുവശേഷിക ദർശനം സ്ഥാപിച്ചു ഒരു ദൈവിക ചിഹ്നം കൊടുത്തു പരിഹാസപ്പേർ. അന്നക്കാരെ രക്ഷിക്കുന്നവൻ എന്നർത്ഥം.

കണാമൂലം-കാട്ടുതിപ്പലിവേരു്, തിപ്പലിമൂലം.

കണാഹ്വാ-വെളുത്ത ജീരകം.

കണ്ണി-പ. പക്ഷികളേയും മറ്റും പിടി ക്കുവാൻ വെയ്ക്കുന്ന ഒരു സൂത്രം, കുരുക്ക് ക. രാവിലേ ഉണരുമ്പോൾ ആദ്യം കാണുന്ന വസ്തു. ന. വിഷുക്കണി.

കണ്ണികൻ-ധൃതരാഷ്ട്രരുടെ മന്ത്രിപ്രധാനി. (ബ്രാഹ്മണനാണ്.)

കണ്ണികാ-പ. മുത്ത. ശബ്ദിക്കുന്നതെന്നർത്ഥം. ക. അതിസൂക്ഷ്മമായ വസ്തു, പരമാണു, അല്പം, ശകലം. ന. ക്ഷീരകം ര. തിപ്പലി.

കണ്ണികാണ്ടകം-രാവിലേ ഉണരുമ്പോൾ ആദ്യമായി ഒരു വസ്തുവിനെ കാണുക (ഇതു വിഷുദിവസം പ്രധാനം.)

കണ്ണികം-പ. അല്പമായ വസ്തു. ക. തുള്ളി. ന. ധാന്യങ്ങളുടെ കണ്ണ്. ര. അഗ്നി രത്നം മുതലായവയിൽ നിന്നു പുറപ്പെടുന്ന ശകലം. ഇ. ശത്രു.

കണ്ണിക്കുക-പ. കണ്ണിവെയ്ക്കുക. ക. കടയുടെ ചട്ടം-ഉരുവം-ഉണ്ടാക്കുക.

കണ്ണിപ്പു-അവയവങ്ങളുടെ സന്ധി.

കണ്ണിയട്ട-ഒരുമാതിരി ചെറിയ കറുത്ത അട്ട.

കണ്ണിയാട്ടി-കണിയാത്തിന്റെ സ്ത്രീ.

കണ്ണിയാൻ-കമ്മാളന്മാരിൽ ഒരു ജാതി, ഇവർക്ക് ജ്യോതിശ്ശാസ്ത്രം പഠിപ്പിച്ചുണ്ടായ ജാതി. ചിലർ ഓലക്കടയുണ്ടാക്കുന്നവരായുമുണ്ട്.

കണ്ണിയാരുക്കുറുപ്പു്, കണ്ണിയാരുപ്പണിക്കർ-കണിയാന്മാരിൽ ഒരു ജാതി, അവരുടെ ക്ഷേത്രകർമ്മം മറ്റും.

കണ്ണിയാരം-മുള, ഇല്ലി.

കണ്ണിവെയ്ക്കുക-പ. വിഷുദിവസം രാവിലേ ഉണർന്നാൽ ആദ്യമായിക്കാണുന്നതിനു പുഷ്പം മുതലായതു വെയ്ക്കുക. ക. കരുതിവെയ്ക്കുക.

കണ്ണിശൻ-കണിയാൻ.

കണ്ണിശാ-പ. മനക്കുതിര്, കതിര് കനങ്ങുക (മണികരം) ഉള്ളുകനത്തർത്ഥം. മറ്റൊരു പര്യായം-'സസ്യമഞ്ജരി'. ക. (മലയാളത്തിൽ) രൊക്കം.

കണ്ണിക-വി. പ ഏറ്റവും ചെറുതായ. ക ഇളയ.

കണ്ണീവി-ചെമന്ന കന്നി.

കണ്ണീയസ്സ്-ഏറ്റവും ചെറുതായതു്. [പുല്ലിംഗം-കണീയാൻ. സ്ത്രീ-കണീയസി].

കണ്ണേരം-ചെറുകൊന്ന.

കണ്ണേരു-ചെറുകൊന്ന. ക. പൊന്നാനം.

കൺകരു-കണ്ണിലുണ്ടാകുന്ന പരു.

കൺകുഴി-കണ്ണിന്റെ കുഴി.

കൺകുഴിയൻ-ഒരു വക മസൂരി.

കൺക്കുലി-കണ്ടുപിടിക്കുന്നതിനുള്ളകുഴി

കൺകെട്ടു്-ഇന്ദ്രജാലം, ചെപ്പടിവിദ്യ.

കൺകേടു്-കാഴ്ചക്കുറവു്.

കൺകൊത്തി(പാമ്പു്)-ചിത്രസർപ്പം (പച്ചളിപ്പാമ്പു്, പച്ചിലപ്പാമ്പു്). 'മരതമണ്ഡല' എന്നും പറയുന്നുണ്ടു്. പര്യായങ്ങൾ-മാലുധനം, മാതുലാഹി.

കൺകോച്ചുക-കണ്ണടയ്ക്കുക.

കൺപൊലിയുക-ഉറങ്ങുക.

കണ്ട-വി. ഉള്ളുള്ള.

കണ്ട-ക്രിയ, ചേമ്പു മുതലായ കിഴങ്ങു്.

കണ്ടക-വി. ഉപദ്രവകാരണമായ.

കണ്ടകതാ-ദുഷ്ടത, മൂഢത.

കണ്ടകദ്രുമം-ഇലവു്.

കണ്ടകൻ-പ. കള്ളൻ. ക. ക്രൂരൻ. ന. നിന്ദ്യൻ. ര. ശത്രു.

കണ്ടകപ്രാവൃത-കറുവാഴ.

കണ്ടകപ്രിയ-പ. പ്ലാവു്. ക. വലിയ ഞെരിഞ്ഞിൽ.

കണ്ടകപ്പിണ്ണാക്കു-ഒട്ടകം.

കണ്ടകപ്പുല്ലു്-ഒട്ടകം.

കണ്ടകം-പ രോമഹർഷം. ക. മുള്ളു്. ന. സൂചിയുടെ മുന. ര. സൂചിമുനപോലെ കൂർത്തതു്. ഇ. മത്സ്യത്തിന്റെ മുള്ളു്. ന.

(ജ്യോതിഷം) ഉദയം, നാല്, ഏഴ്, പത്ത് ഈ നാലു രാശികൾ. ൟ. ശത്രു. വ്യ. മൂല.

കണ്ടകവൃക്ഷം-ഇലവ്.

കണ്ടകവൃന്താകി-തക്കാരിവഴുതിന.

കണ്ടകശ്രേണി-പ്ര. കണ്ടകാരിച്ചുണ്ട. ഉ. മുള്ളൻപന്നി.

കണ്ടകാഗാരം-ഒരു മാതിരി പുഴു

കണ്ടകാഢ്യ-ഇലവ്.

കണ്ടകാഢ്യം-മുള്ളുചെമന്തി.

കണ്ടകാര കട്ടക്കാര.

കണ്ടകാരം-വയ്യംകതക്. ഉ. ഇലവ്.

കണ്ടകാരി, കണ്ടകാരികാ-പൂത്തരിച്ചുണ്ട. കണ്ടകാരിച്ചുണ്ട എന്നും പറയുന്നുണ്ട്. കണ്ടകത്തിരി, കട്ടക്കാര എന്നു മറ്റൊരർത്ഥപ്രയോഗം. പര്യായങ്ങൾ-നിദിഗ്ധികാ, സ്പൃശി, വ്യാഘ്രി, ബൃഹതി, കണ്ടകാരികാ, പ്രചോദനി, കപി, ക്ഷുദ്രാ, ദുസ്പർശാ, രാഷ്ട്രികാ.

[ഇതു് ഏരിവും കയ്പും മുള്ളുതാകുന്ന കാസശ്വാസങ്ങൾ, അരോചകം, വാതം, ആമദോഷം, ഹൃദ്രോഗം, പീനസം, അഗ്നിമാന്ദ്യം, കഫവാതജ്വരം ഇവയെ ശമിപ്പിക്കും.]

കണ്ടകാലം-പിലാവ്.

കണ്ടകാലുകാ-വെങ്കൊടിത്തുവ.

കണ്ടകാശനം-ഒട്ടകം.

കണ്ടകി-വി. മുള്ളുള്ള.

കണ്ടകി-പ്ര. മലകാര. ഉ. വലിയതെരിഞ്ഞിൽ. ന. കുവളം. ൽ. ചെറുവഴുതിന ൽ. നിലാവപ്പ്. ന്യ. ചന്ദനമരം. ൟ കരിങ്ങാലി. വ്യ. മുരിക്ക്. ൻ. മുള. പ്രാ. വയ്യംകതക്. പ്രപ്ര. ത്രിവകാവൃക്ഷം

കണ്ടകിമാരുപുകം-ഒരുമാതിരിപുണ്ണ്.

കണ്ടകിനി-വി. മുള്ളുള്ള. ഉ. രാമാത്തുണ്ടാകുന്ന.

കണ്ടകികിലാ-പൂക്കൈത.

കണ്ടകിദ്രുമം-ഇലവ്.

കണ്ടകിനി-പ്ര. കണ്ടകാരിച്ചുണ്ട. ഉ. തേനീച്ച. ന. മുൾക്കൂവഞ്ഞി. ൽ. തക്കാരിവഴുതിന.

കണ്ടകിഫലം, കണ്ടകിഫലാ-പ്ര. പിലാവ്. മുള്ളുള്ള ഫലമുള്ളതെന്നർത്ഥം. ഉ. മാങ്ങാനാറി, വലിയ ഞെരിഞ്ഞിൽ. ൽ. അയിനി

കണ്ടകിശൃംഗകം-മുരിക്ക്.

കണ്ടകിവൃക്ഷം-ഇലവ്.

കണ്ടകീടകം-ഒടമരം.

കണ്ടകീദ്രുമം-കരിങ്ങാലി.

കണ്ടകീഫലം-പ്ലാവ്.

കണ്ടകുബ്ജം-സന്നിപാതം.

[തലവേദന, കഴുത്തുകുറുകെ, മൂട്, ബോധക്ഷയം, വിറയൽ, പനി, രക്തം തുപ്പുക, വായുകോപം, വായ് തുറപ്പാൻ പ്രയാസം, സന്താപം, പിച്ചുപറയുക, ഇന്ദ്രിയസംഭ്രമം ഇവയത്രേ ഇതിന്റെ ലക്ഷണങ്ങൾ. കഷ്ടസാദ്ധ്യമാണ്.]

കണ്ടകുരണ്ടം-മുൾക്കൂവഞ്ഞി.

കണ്ടതന്ന-ചെറുവഴുതിന.

കണ്ടത്തിനായർ-കോഴിക്കോട്ടിലെ ഒരു പ്രസിദ്ധനായ കാവ്യസ്ഥൻ.

കണ്ടദലാ-പൂക്കൈത.

കണ്ടൻ-ആൺ. ഉ-ം, കണ്ടൻപൂച്ച. [സ്ത്രീലിംഗം-ചക്കിപ്പൂച്ച].

കണ്ടപത്രു, കണ്ടപത്രുഫല-ബൃഹദ്ദണ്ഡി

കണ്ടപത്രം-വയ്യംകതക്.

കണ്ടപത്രികാ-തക്കാരിവഴുതിന.

കണ്ടപാദം-വയ്യംകതക്.

കണ്ടപുഷ്പാ, കണ്ടപുഷ്പികാ-മുള്ളൻകൈഞ്ഞിൽ.

കണ്ടഫല-പ്ര. പ്ലാവ്. ഉ. (ചെറിയ) ഞെരിഞ്ഞിൽ. ന. കഴഞ്ചി. ൽ. ഉമ്മത്ത്. ൽ. കവളത്താവണക്ക്,

കണ്ടഫലാ-പ്ര. പാവൽ. ഉ. ബൃഹദ്ദണ്ഡി. ന. ദേവതാളി. ൽ. ഡിണ്ഡിരീടം. ൽ. നെയ്യാവൽ.

കണ്ടം:-വയൽ. പ. കക്ഷണം, ഖണ്ഡം.

കണ്ടംമുണ്ടു്-മുറുക്കത്തിനു യിരിക്കുന്നതരം മുണ്ടു്.

കണ്ടൽ-പ. കായൽത്തീരങ്ങളിലും മറ്റും നില്ക്കുന്ന ഒരു വൃക്ഷം. പ. പാതിപഴുത്ത ഫലം.

കണ്ടലം-പ. കൺതലം. പ. ഒരു ചെടി.

കണ്ടവല്ലി-ചൂരിഞ്ഞി.

കണ്ടവൃന്താകി-തക്കാരിവഴുതിന.

കണ്ടശല്മലി-മുള്ളിലവു്.

കണ്ടശ്ശർക്കര-നിക്കണ്ടിശക്കര, ഒരുവിധം ശക്കര, കട്ടയായശക്കര. പര്യായങ്ങൾ-മത്സ്യണ്ഡി, ഫാണിതം.

കണ്ടകാര-കട്ടക്കാര.

കണ്ടങ്കി, കണ്ടാങ്കി-പണ്ടിയിലും മറ്റും മുള്ളു സ്ത്രീകൾ ഉടുക്കുന്ന ഒരു വക ചേല.

കണ്ടാഫലം-പ്ലാവു്.

കണ്ടാരികാ-കണ്ടകാരിച്ചുണ്ട.

കണ്ടാർത്തഗളാ-മുൾക്കുറുഞ്ഞി. കറുത്ത പൂവുള്ളതു് ഔഷധത്തിനു നന്നു്).

കണ്ടാലം-മലങ്കാര.

കണ്ടാലി, കണ്ടാലികാ-കണ്ടകാരിച്ചുണ്ട.

കണ്ടാലു-പ. മൂ. പ. ചെറുവഴുതിന. ന. വെൾവേലം. ർ. തക്കാരിവഴുതിന. ള. കക്കരി. ന. മുള്ളൻകൊഴിഞ്ഞിൽ.

കണ്ടാലു-അ. പ. അത്ഭുതം തോന്നുമ്പോൾ ചിലർ പറയുന്ന ഒരു വാക്കു്. പ. നോക്കിയാലും, കണ്ണിനു വിശ്വസമാക്കിച്ചെയ്താലും.

കണ്ടി-പ. ഇരുമ്പുതണ്ടു തുലം കുടിയതു. പ. നാലു തുമരമുള്ള തടി. ന. കട്ടയായതു്. ർ പായൽ, ചാണ്ടി. ള, ഞ്ഞാറ്റൽ.

കണ്ടിക്കൻ(ചേല)-കട്ടം പച്ചനിറമുള്ള ഒരു വക ചേല.

കണ്ടിക്കാർ-കട്ടയായുള്ള മേഘം.

കണ്ടിക്കാർകുഴൽ, കണ്ടിക്കാർകുന്തൽ-മേഘം പോലെ കറുത്തും നീണ്ടു മുള്ള തലമുടി.

കണ്ടിക്കുക-മുറിച്ചു വേർതിരിക്കുക.

കണ്ടിലവു്-ഇലയിന്റെ വക്കുഭാഗം, മുള്ളിലവു്.

കണ്ടിവാർകുഴലി-സുന്ദരി, കറുത്ത തലമുടിയുള്ള സ്ത്രീ.

കണ്ടിവെണ്ണ-ഒരുങ്ങാടിമരുന്നു.

[ഉണ്ണിമാങ്ങ്. വ്രണം, ചൊറി ഇവയെ കളയും. കേശത്തിനു നന്നു്. ശ്രീ ദോഷങ്ങളെ കളയും. തുണ്ണാ, ഛർദ്ദി, ഗന്ധരം, വിഷൂചിക ഇവയെ നശിപ്പിക്കും].

കണ്ടുകാഴ്ച-കാഴ്ചവെച്ചു കാണുക.

കണ്ടുകൃഷി-രാജാവിന്റെ വകയായിട്ടുള്ള ഒരു കൃഷി.

കണ്ടുകെട്ടു്-സർക്കാരിൽ നിന്നും ഒരുവന്റെ വസ്തു വില്ക്കുന്നതിനായി നിശ്ചയിക്കുമ്പോൾ അതിനെ കണ്ടെഴുതി സൂക്ഷിക്കുക.

കണ്ടെഴുതുക-പ. നിലം അളന്നു വൃക്ഷങ്ങൾ എണ്ണി തരംതിരിച്ചും കണക്കിൽ പതിക്കുക. പ. ഒന്നിനെക്കണ്ടു മറ്റൊന്നു പോലെ എഴുതുക.

കണ്ടെഴുത്തു്-നിലം പായു മുതലായതു കണ്ടു നിശ്ചയിച്ചു കണക്കെഴുതുക.

'പണ്ടതെക്കണ്ടെഴുത്തെന്നതിനെയനുസരിച്ചിപ്പോഴും നാട്ടിലെല്ലാം
കണ്ടീടും വൃക്ഷമാലം വയൽ പുരയിടമെന്നുള്ള വസ്തുക്കളൊക്കെ
വേണ്ടുംപോൽചൊന്നകണ്ടിട്ടവയിലിടപെട്ടും നല്പതിപ്പൊക്കെ തോക്കേ-
ക്കണ്ടപ്പുത്തൻകരംചേർപ്പാനുറയുടെ പേർ കണ്ടെഴുത്തെന്നുനാമം'

(ഹസ്തർവിലാസം മണിപ്രവാളം)

കണ്ടേടം-അ. എല്ലാടവും, എവിടെയെങ്കിലും.

കണ്ടോ!-(വ്യാകരണത്തിൽ) ഒരു പ്രധാന വ്യക്ഷേപകം.

കണ്ടോഷ്ടം-മുച്ചുണ്ട്.

കണ്ണകാണ്ഡം-കഴുത്തിൻതണ്ട്.

കണ്ണതലാസിക-കുതിരയുടെകഴുത്തിൽ കെട്ടുന്ന തോൽ (കയർ).

കണ്ണദേശം-കഴുത്ത്.

കണ്ണധ്വനി, കണ്ണനാദം-കഴുത്തിനകത്തുനിന്നു പുറപ്പെടുന്ന ശബ്ദം, അട്ടഹാസം.

കണ്ണനാളം-കഴുത്തിൻതണ്ട്.

'കണ്ണനാളമഴകിൽതികിച്ചനപദം'
(അഭിജ്ഞാനശാകുന്തളം)

കണ്ണനീഡികാ-പ്ര. പരുത്ത്. ഉ. അളിക്കൺകുരുവി.

കണ്ണഭൂഷാ-കഴുത്തിൽ കെട്ടുന്ന ആഭരണം, കണ്ഠാലങ്കാരം. മരാറാമുപയ്യായം 'തെയ്വേയകം'.

കണ്ണം-പ്ര. കഴുത്ത്. ഉ. ചങ്ക്. ശബ്ദിക്കുന്നത് എന്നർത്ഥം.

'കണ്ണാശയേ സന്നിധനേ
ധ്വനൌ മദനപാദപേ' (വിശ്വം)
ന. മലങ്കാര.

കണ്ണമാല-പ്ര. കഴുത്തിലുണ്ടാകുന്ന ഒരു മഞ്ഞിരി പക്കം. ഉ. കഴുത്തിലിടുന്ന ഒരാഭരണം.

കണ്ണരോഗം-കഴുത്തിലുണ്ടാകുന്നരോഗം.

കണ്ണശാല്മകം-തൊണ്ടയിൽ മുണ്ടാകുന്ന ഒരു രോഗം.

[തൊണ്ടയിൽ ചന്നക്കുരു പ്രമാണത്തിൽ പരുപരുത്തിട്ടും മുറച്ചിട്ടും മുള്ളു പോലെയോ നെല്ലിൻറെ കുരുപോലെയോ വേദനയോടുകൂടി നീരുണ്ടാകും ഇതു ശസ്ത്രക്രിയകൊണ്ടു സാദ്ധ്യം.]

കണ്ണസൂത്രം-കഴുത്തിൽ കെട്ടുന്ന ചരട്, താലി.

കണ്ണാരാ-ഒരു രാഗം.

കണ്ണാലം-പ്ര. വള്ളം. ഉ. യുദ്ധം. ന. ഒട്ടകം. ര. മൺവെട്ടി. ള. സഞ്ചി. ന. ചേന.

കണ്ണാവകാരാ, കണ്ണാഭരണം-കഴുത്തിൽ കെട്ടുന്ന ആഭരണം.

കണ്ണീരവം-സിംഹം. ഉ. മാടപ്രാവ്.

കണ്ണീരവി-ആടലോടകം.

കണ്ണീലാ-ഒട്ടകം.

കണ്ണേകാളൻ-ശിവൻ.

'കണ്ണേകാളമുടാമംകുരം'
(മക്ഷയാഗംകഥകളി)

കണ്ണ്യാങ്ഗം-പ്ര. കണ്ണത്തെ സംബന്ധിച്ചവ. ഉ. (വ്യാകരണത്തിൽ) ക, ഖ, ഗ, ഘ, ങ, അ, ഹ ഇവ ഏഴും തൊണ്ടയിൽനിന്നു ജനിക്കയാൽ കണ്ണ്യാങ്ഗം.

കണ്ഡനം-ധാന്യം അടിയ്ക്കുക.

കണ്ഡനി-ഉലക്ക.

കണ്ഡാ-ചിരങ്ങ്.

കണ്ഡാനകൻ-ശിവൻറെ ഒരു ഭൃത്യൻ.

കണ്ഡൂരാ-പാവൽ.

കണ്ഡൂര(ല)ാ-പ്ര. വെറിലപ്പുഴി. ഉ. നായ്ക്കുരണ.

കണ്ഡൂരാ, കണ്ഡൂകരി-നായ്ക്കുരണ.

കണ്ഡൂ, കണ്ഡൂതി, കണ്ഡൂയാ-ചൊറി. ശരീരത്തിന്മേൽ മുറയ്ക്കുന്നത്.

കണ്ഡൂമല്ലം-പ്ര. വൻകൊന്ന. ഉ. വെങ്കുടക്.

കണ്ഡൂയനം-ചൊറിയുക.

'കണ്ഡൂയനമനുകൊണ്ടുമയക്കി'
(ദുര്യ്യോധനവധംകഥകളി)

കണ്ഡൂരാ, കണ്ഡൂലാ-നായ്ക്കുരണ. ചൊറിയുണ്ടാക്കുന്നത് എന്നർത്ഥം.

കണ്ഡൂലാ-ചേന.

കണ്ഡൂയം-കമ്പിളിപ്പുഴു.

കണ്ഡാല(ക)ം-പ്ര. ക്രൂരക്കൊട്ട, ക്രൂരക്കൊട്ട, വേഷ്ടിക്കൊട്ട, വല്ലം. മരാറാമുപയ്യായം-'പിടം'. എഴികൊണ്ടു മേഞ്ഞിരിക്കുന്നതുകൊണ്ട് ഈ പേരുണ്ടായി. ഉ. പത്തായം, ശേഖരിപ്പുര. ന. ഒട്ടകം.

കാണ്ഡാലവീണ-കാണ്ഡാലന്റെ (ചാണ്ഡാലന്റെ) വീണ. കാണ്ഡാലവീണ എന്നും പേരയം. മറെറാരുപയ്യായം-ചാണ്ഡാലവല്ലകി.

കാണ്ഡാഷ്ഠം-കമ്പിളിപ്പുഴു, പുഴു.

കണ്ഡൂതി-പ്. പാപം. വ. ദോഷം.

കണ്ണട-മൂക്കിൽ വെയ്ക്കുന്ന കണ്ണാടി.

കണ്ണടയ്ക്കുക-മരിക്കുക (ശൈലി.)

കണ്ണടപ്പുള്ളി-ചില കാളയുടെ കണ്ണിന്റെ മുകളിലുണ്ടായിരിക്കുന്ന വെളുത്ത രേഖ.

കണ്ണൻ-പ്. കൃഷ്ണൻ വ. വിശേഷപ്പെട്ട കണ്ണുള്ളവൻ. നാ. ഒരുവക വാഴ.

'കണ്ണൻ പഴവും പൊന്നൻ
കിണ്ണം നിറച്ചു ചോറും'
(കീരാതം തുള്ളൽ)

കണ്ണഞ്ചിറാവ്-ഒരുമാതിരി ചിറാക് (ശ്രാവ്) മത്സ്യം. [ഇതിന്റെ തല ചുറകല്ലുപോലെയിരിക്കും.]

കണ്ണാക്കുക-മരിച്ചവരുടെ ശേഷക്രിയകൾ ചെയ്കാണുക, ഇഴവനേഷിച്ചു ചെല്ലുക.

കണ്ണാടി-കാചിന്റെ ഉപയോഗത്തിനായി സ്ഫടികം, വെള്ളോട്ട മുതലായതു കൊണ്ടു വാർത്തുണ്ടാക്കുന്ന സാധനം. മുഖക്കണ്ണാടി, മുഖക്കണ്ണാടി, വാൽക്കണ്ണാടി, കഴൽക്കണ്ണാടി മുതലായത്. കണ്ണാടിക്ക പര്യായങ്ങൾ-മുഖദർപ്പണം, മുകുരം, ആദർശം.

കണ്ണാടിക്കുറ്റ്-കണ്ണാടികൾ ഉറപ്പിച്ചു വെയ്ക്കുന്നതിനും സൂക്ഷിക്കുന്നതിനും മരം മുതലായതുകൊണ്ടുണ്ടാക്കുന്ന വസ്തു.

കണ്ണാടിത്തടം-കണ്ണിക്കുതാഴെയുള്ളസ്ഥലം

കണ്ണാടിത്തിണ്ണ-മുറയത്തിനു താഴെയുണ്ടാക്കുന്ന കോലിറയം, ഇടത്തിണ്ണ.

കണ്ണാടിവാതിൽ-കണ്ണാടിവെച്ച വാതിൽ.

കണ്ണായം-പ്. നോക്കിയുള്ളതു്, കട്ടിയില്ലാത്തതു്. വ. നല്ലവസ്ത്രം.

കണ്ണാരം-ഒരുമാതിരി പായ്.

കണ്ണാളി-കാമി, കാമാതുരൻ.

കണ്ണാറ ഒരുവക വെള്ളത്തപക്ഷി, വെള്ളിർ.

കണ്ണി-പ്. ചങ്ങലവളയം. വ. വലക്കണ്ണി. നാ. ഒരുവക മത്സ്യം. ര. വെറിലക്കൊടിയിലുണ്ടാകുന്ന ചിനപ്പ്. ഇ. പയറുകളുടെ പൂക്കുല.

കണ്ണികഴിയുക-ചിലരിക്കിൽ ചാകുന്നതിനുപകരം പറയുന്ന പേർ.

കണ്ണികുത്തുക-പ്. കൊടിമരത്തിൽവെറിലയുണ്ടാകുന്നതിനുള്ള ചിനപ്പുണ്ടാവുക. വ. പയറിനു പൂക്കുലയുണ്ടാവുക.

കണ്ണിണ-രണ്ടു കണ്ണിനും കൂടിപറയുന്ന പേർ.

കണ്ണിപ്പുഴ-ഒരുവക പുഴു.

കണ്ണിമ-കണ്ണിന്റെ പോളയിലെ രോമം, കൺപീലി.

കണ്ണിമയ്ക്കുക-കണ്ണടയ്ക്കുക.

കണ്ണിമാങ്ങ-ചെറിയ ഇളയമാങ്ങ.
[ചവർപ്പ്, ഏര, പുളി എന്നീ രസങ്ങൾ ഉള്ളതും രൂക്ഷവും വാതരക്തപിത്തങ്ങളെ ഉണ്ടാക്കുന്നതും ആകുന്നു.]

കണ്ണിൽമണ്ണിടുക-പ്. ഒരു കാര്യത്തിൽ പ്രയോജനപ്പെടുത്തിയോടുകൂടിയിരിക്കുന്ന ഒരുവനെ മറെറാരുവൻ കബളിപ്പിക്കുക. വ. വഞ്ചിക്കുക.

കണ്ണിലുണ്ണി-പ്. ഏറെറവും പ്രിയമുള്ള ആൾ, വളരെ വാത്സല്യത്തിനു വിഷയമായ സാധനം (ശൈലി). വ. കണ്ണിന്റെ ആകൃതിയുള്ള കൃഷ്ണമണി

കണ്ണിവെറിറില-കണ്ണികത്തുണ്ടാകുന്ന വെറിറില, നല്ലവെറിറില

കണ്ണീർ-കണ്ണിലെവെള്ളം. [കണ്ണീർ=കൺ+നീർ. വെണ്ണിലാവ്=വെൺ

+നിലാവ് ഈ സന്ധിയിൽ ന'ണ' ആയിമാറുന്നു ]

കണ്ണ്-പ. കാഴ്ചയ്ക്കുള്ള ഇന്ദ്രിയം. പര്യായങ്ങൾ-ലോചനം, നയനം, നേത്രം, ഈക്ഷണം, ചക്ഷുസ്സ്, അക്ഷി. ദൃക്, ദൃഷ്ടി 'കണ്ണിൽ ചുണ്ണാമ്പുതേച്ചിയാൽ പച്ചപരുവത്തിൽ പഞ്ചസാര കല്പിക്കിടാരയിട്ടാൽ ഗുണംകിട്ടും. അടയ്ക്കാ ചവച്ചുപരിച്ചു കൊണ്ടുവന്ന് നീരെടുത്തു ധാരയിട്ടാലും നല്ലതാണെന്നു പറഞ്ഞു പ്രസിദ്ധമാണ്.' ഉ. വലക്കണ്ണ് (വലയിലുള്ള ഇട). സ. മുലക്കണ്ണ്. ര. തേങ്ങാക്കണ്ണ്.

കണ്ണുകടി-പ. കണ്ണുകടിക്കുക. ഉ. അസൂയ.

കണ്ണുകാട്ടുക- മനസ്സിലിരിക്കുന്ന ചിലഭാവഭേദം കണ്ണുകൊണ്ടറിയിക്കുക.

കണ്ണുകൊഠിക-കടക്കണ്ണുകൊണ്ടു നോക്കുക, കാണ്മ്.

കണ്ണുചികിത്സ-കണ്ണുചികിത്സ.

കണ്ണുചീനുക-പ കണ്ണുചീത്തയാവുക ഉ. ചീത്തക്കണ്ണുള്ള ഒരുമാതിരി മീനും കണ്ണിനുണ്ടാവുക. സ. കണ്ണടയ്ക്കുക.

കണ്ണുതുള്ളി-പ. വളരെ വാത്സല്യത്തിനു വിഷയമായ സാധനം. ഉ കണ്ണിലെ കൃഷ്ണമണി.

കണ്ണുതുറക്കുക-കടക്കണ്ണുകൊണ്ടു നോക്കുക, കാണ്മ്.

കണ്ണുതുറിയ്ക്കുക-കോപിച്ചോ മാറാരോഗം കൊണ്ടോ മുഴുവൻ തുറന്നു നോക്കുക.

കണ്ണുതെറ്റുക-മോഹം തോന്നുക, ആശിക്കുക.

കണ്ണുനീർ-കണ്ണിലെവെള്ളം. പര്യായങ്ങൾ-അശ്രു, നേത്രാംബു, രോദനം, അസ്രം, അസൃക്

കണ്ണുപറ്റുന്നു-കണ്ണു കാണാതെയാകുന്നു.

കണ്ണുപൊട്ടുന്നു-കണ്ണു മുഴുവൻ തുറന്നു കോപിച്ചു (ഉന്തിട്ടി) നോക്കുക.

കണ്ണുവൈദ്യൻ-കണ്ണിലെ രോഗത്തിനു ചികിത്സിക്കുന്ന ആൾ.

കണ്ണുക്കു്- മരിച്ചവരുടെ ശേഷക്രിയാകരനു ചെന്നുകാണുക, കണ്ണോക്ക്, കണ്ണാക്ക്.

കണ്ണൂർ-ഒരു ദേശം.

കണ്ണെഴുത്തു്-കണ്ണിൽ മഷിയോ മരുന്നോ തേയ്ക്കുക.

കണ്ണെല്ലു-ദൃഷ്ടിദോഷം മായ്ക്കുന്നു

കണ്ണോടു്-നോക്കിക്കൊതിക്കുക.

കണ്ണോക്കു്-കണ്ണുക്കു്.

കണ്ണോട്ടം-പ. കടാക്ഷം. ഉ. വേഗമുള്ള നോട്ടം.

കൺപീള-കണ്ണിലെ മലം.

കൺപൊലിയുക-ഉറങ്ങുക.

കൺപോള-കണ്ണിന്റെ തോലും മകളിലുമുള്ള തൊലിയും രോമവും ക്രടിയതു്.

കണ്ടെട്ടു-കണ്ടിട്ടുള്ള നിശ്ചയം.

കണ്മണി-കണ്ണിന്റെ കൃഷ്ണമണി.

കണ്മതി-കണ്ണുകൊണ്ടു മതിക്കുക

കണ്മയക്കം-ഉറക്കം തൂങ്ങുക, അല്പമുറങ്ങുക.

കണ്മയങ്ങുക ഉറക്കംവന്നു കണ്ണടയുക.

കണ്മയറ്റം-നോക്കി സ്വാധീനമാക്കുക

കണ്മായം-പ. കൺകെട്ടു്. ഉ. വശീകരണം. സ. ഒരു മാതിരി രാപ്പുടിവിദ്യ ര. നോക്കുന്നതിലുള്ള വ്യാജം.

കണ്മായവിദ്യ-ഇന്ദ്രജാലം.

കണ്മെഴുതി-പ. കണ്ണിന്റെ അകത്തുവട്ടത്തിലുള്ളതു്. ഉ. കണ്ണുറക്കുക.

കണ്മുന-കടക്കണ്ണു്, കണ്ണിന്റെ അറ്റം.

കണ്മുനതൊല്ലു-കടക്കണ്ണുകൊണ്ടു അല്പമായിട്ടു നോക്കുക, മയക്കിയെടുക്കുന്ന നോട്ടം.

കണപൻ-ഒരു മഹർഷി.

[ഇദ്ദേഹമാണു ശകനാമാവിനെ വർത്തിയതു്. ഋഗ്വേദത്തിലെ പല മന്ത്രങ്ങളും ഇദ്ദേഹം രചിച്ചിട്ടുണ്ടു്. ഈ പേരുള്ളവർ വേറെയും ഉണ്ടെന്നുകേൾക്കുന്നു.]

കണ്വാശ്രമം-ഹരിശ്ചന്ദ്രന്റെ സമീപം, ശകുന്തളയുടെ ജന്മഭൂമി.

കതകു്, കതവു്-വാതിൽ അടപ്പാനായിട്ടു പണിയുന്ന കട്ടളയിൽ തൊട്ടുകെട്ടുന്ന പലക.

കതം, കതകം-തേറാമ്പൽ.

കതാ-ബലം.

'കതമെന്നവനാരെന്നിക്കവരാകേട്ട്'
(ശിവൽഗീത-മാധവപ്പണിക്കർ)

കതമ-വി. ആര്, ഏതു്. [മൻ, മ, മം]

കതയ്ക്കുക-ക്രി. ക്ഷീണിക്കുക. പ്രേ. അണയ്ക്കുക [നാമം-കതപ്പു്.]

കതറുക-ഭയംകൊണ്ടോ ദുഃഖംകൊണ്ടോ തൊണ്ട പൊട്ടിക്കരയുക, നിലവിളിക്കുക.

കതി-അ. എത്ര.

കതിചിൽ-അ. ചില.

കതിന-വെടിവയ്ക്കുന്നതിനുള്ള ഒരു മാതിരി ഇരിമ്പുകുറ്റി, കതിനാക്കുറ്റി.

കതിനാവെടി-കതിനാകുറ്റിയിൽ മരുന്നിട്ടിച്ചു വെയ്ക്കുന്ന വെടി.

കതിപയ-അ. ചില, കുറഞ്ഞ സംഖ്യ, എതാനും. [അകതിപയ ശബ്ദം നോക്കുക].

കതിപയ-വി. സ്വല്പമായ.

കതിരവൻ-ആദിത്യൻ.

'അതിശയമവനുടെശരനികരത്താൽ
കതിരവനുടെ കിരണങ്ങളുമമന്തു'
(കിരാതം തുള്ളൽ)

കതിരിന്മേൽ വളം വെയ്ക്കുക-ശ്രമിച്ചാൽ സാധിക്കുമെന്നുള്ള കാലത്തു ഒരു നന്മയിനത്തെ അവസാനത്തിൽ ശ്രമം ചെയ്കുക, കാലം തെറ്റി പ്രവർത്തിക്കുക (മരശബ്ദി).

കതിർ, കതിൽ-ക്ര. നെല്ല മുതലായ ചില ധാന്യങ്ങളുടെ കുല. പ്രേ. ആദിത്യന്റെ രശ്മി (കിരണം). നു. നൂലു നൂക്കുന്നതിനുള്ള ഒരു മാതിരി ചെറിയ യന്ത്രം. പച്ചയരിമാവു-കണ്ണിനും, സന്ധ്യ മണ്ണിനും.

കതിർത്തുക്കു്-ക്ര. കതിരിന്റെ വലിപ്പം പ്രേ. രശ്മിയുടെ ശക്തി.

കതിർവോൻ-ആദിത്യൻ.

കതിക്കുക-ക്ര. കതിരുള്ളതായിത്തീരുക. പ്രേ. അതിക്രമിക്കുക. നു. അഹങ്കരിക്കുക. ദ്വി. കയക്കുക.

കതിക്കുല-കതിര്.

കതിർപ്പു്-ക്ര. മത്സ്യം മുതലായവയെ ഉപ്പിലിട്ടുവച്ചു കീറിയതു്. പ്രേ. അടയ്ക്കുക്കുല മുതലായതിൽ ഉള്ള ചെറിയ കഷ്ണം. നു. തടസ്ഥം ദ്വി. ശണ്ഠ

കതിർപ്പുളി-പൂട്ടുകോൽ, പൂട്ടുവെയ്ക്കുന്ന കോൽ.

കതിർമ്മ-ആദിത്യൻ. ഉദിച്ചാൽ ഉടനെയുള്ള രശ്മിയുടെ വരവു്.

കതുണം-ക്ര. പുണ്ണു. പ്രേ. നാക്കുപ്പുല്ലു്.

കത്ത-കുടിപ്പാനുള്ള പാത്രം.

കത്തൻ കത്താ(വിന്റെ ഉത്തമം)

കത്തനാരു-സുറിയാനിപ്പട്ടക്കാരിൽ ചിലർക്കുണ്ടാകുന്ന സ്ഥാനപ്പേർ.

കത്തൽ-കത്തുക, എരിച്ചൽ.

കത്തി ക്ര. ചിച്ചുകത്തി പ്രേ. ചെറുകത്തി നു. മുതിരയുടെകായ്. ദ്വി. കുട്ടപ്പൻ പാനംകലയും മറ്റും ചെത്തുന്ന ഒരു മാതിരി ആയുധം. തി. ഇരയുകാണ്ടുള്ള ഒരു മാതിരി ആയുധം. [കത്തുന്ന (ജ്വലിക്കുന്ന) എന്നതിന്റെ ലുപ്തകാലം] നു. കൊഴുവിന്റെ മുമ്പിലുള്ള പരന്ന ഇരിയുപലകം.

[ഇതിന്റെ കാഴ്ചാ കത്തിപോലെ മൂർച്ചയുള്ളതായിരിക്കും. ഇതു മണ്ണിനെ ആഴത്തിൽ മുറിക്കും. പുല്ലും കളയും അധികമായി നിലത്തിൽ മുണ്ടാകാം. ഈ പക്ഷാമ ഇതു ഉപയോഗപ്പെട്ടതാവു]

കത്തിക്കാരൻ-കള്ളെടുപ്പാൻ പണംകലയും മറവും ചെയ്യുന്നവൻ. ഇഴവൻ, ക്ഷേരകൻ മുതലായവർ.

കത്തിക്കുടുക്ക്-കത്തികം സൂക്ഷിപ്പാനുള്ള ഉറ.

കത്തിപ്പണം-കള്ളെടുക്കുന്നവൻ സക്കാരിയ്ക്ക കൊടുക്കേണ്ടുന്ന പണം; കലാൽ പണം.

കത്തിപ്പിച്ചിൽ-കത്തിക്കുടുക്ക്.

കത്തിയമ്പു-കത്തിയുടെ ഭാഷയിലുള്ള ഒരു മാതിരി അമ്പു.

കത്തിയെഴുത്താണി-പിടി ക്രൂരമെപിച്ചുകത്തിയോടുകൂടിയുള്ള ഒരു വക നാരായം, നാരായമുള്ള പിച്ചുകത്തി.

കത്തിവാൾ, കത്തുവാൾ-ഒരുമാതിരി വലിയ പിച്ചുകത്തി.

കത്തിശ്ശിവിക-ശില്പികളുടെപണിക്കോപ്പു വകകളുള്ള കരം.

കത്തു-പ. ചില ഉദ്യോഗസ്ഥന്മാരുംമറവും എഴുതിയ എഴുത്തു്. ര. എഴുത്തു്. ന. അധികാരം. ഭ. കല്പന. ഉ. ചീട്ടു്. [അനന്തരവിശേഷം].

കത്തുക-പ. ജ്വലിക്കുക, എരിയുക. ര. ഒടിഞ്ഞ അസ്ഥി തമ്മിൽ ചേരുക. [സ. ക്രി. കത്തിക്കുക].

കത്തുകളി-ചീട്ടുകളി.

കത്തുവാൾ-ഒരു മാതിരി വലിയ പിച്ചുകത്തി.

കത്തുണം-നാനുകപ്പുല്ലു്, സുഗന്ധമുള്ള ഒരു മാതിരി പുല്ലു്. കാവട്ടംപുല്ലു് എന്നു മറ്റൊരു പക്ഷം. പുല്ലുകൊണ്ടുള്ള അലക്കു മായുകൊണ്ടു കുസിതമായ ഗുണം എന്നർത്ഥം. ര. കൊടുപ്പായൽ. ന. ഓരില.

കത്തോയം-മദ്യം.

കത്ഥ-പ. ഭിത്തി. ര. കാലിലേ നഖം. ന. തുളിരിക്കുന്ന പഴന്തുണി.

കത്ഥാടം-ഉറവക്കു പാക, അന്നത്തുണി.

കത്രിക, കത്തിരി-ശീല മീശ മുതലായവയെ വെട്ടുവാനുള്ള സാധനം.

കത്രികപ്പൂട്ടു്-പ. കത്രികയുടെ ഭാഷയിൽ രണ്ടു മുഖമോ മറ്റോ കുടുക്കെട്ടിയതു്. ര. നേരിയമുണ്ടും മറവും തലയിൽ കെട്ടുന്നതിന്റെ ഒരു മാതിരിഭേദം.

കത്രിക്കുക-കത്രികൊണ്ടു മുറിക്കുക.

കഥ-വാക്യരചനാവിശേഷം. എന്തിനെ എങ്കിലും കുറിച്ചു വിസ്തരിച്ചുഴുതുകയോ പറകയോ ചെയ്യുന്നതു്.

[ഈ വാക്യരചനാവിശേഷം കുറെ സത്യമായും രസാനുഗുണമായി മറവു ചില സംവേഗങ്ങളും കുട്ടിച്ചേർത്തു ഭംഗി വരുത്തിയതായും ഇരിക്കണം. 'കാദംബരി' ഒരു കഥയാകുന്നു].

കഥക-വി. കഥപറയുന്ന.

കഥകഴിഞ്ഞു-അവസാനിച്ചു, മരിച്ചു (ശൈലി).

കഥകളി-ഒരു വക കളി; വേഷം കെട്ടി കഥകളെ ചൊല്ലിക്കളിക്കുക, ആട്ടം.

[കഥകളി എന്നൊരു പുതിയരീതിയെ ആദ്യമായി കണ്ടുപിടിച്ചതു കൊട്ടാരക്കര കേരളവർമ്മത്തമ്പുരാൻ ആകുന്നു. ഇദ്ദേഹം കൊല്ലവർഷം ൭൫-നും ൭൬-നും മദ്ധ്യേ ജീവിച്ചിരുന്നു. രാമായണം മുഴുവനും എട്ടുദിവസത്തെ കഥയായി ഇദ്ദേഹം എഴുതീട്ടുണ്ടു്. ഇദ്ദേഹം തിരുവിതാംകൂർ രോഹിണിതിരുനാൾ വീര കേരളവർമ്മരാജാവിന്റെ ഒരു മാതിരിയനാകുന്നു. കഥകളിക്കു തുടക്കക്കാർ ആട്ടക്കഥയെന്നാണു പറഞ്ഞുവരുന്നതു്. കോഴിക്കോട്ടു 'കൃഷ്ണാട്ടം' നടപ്പുണ്ടായിരുന്നു. ഒരടിയന്തിരത്തിനു കൃഷ്ണാട്ടക്കാരെ അയച്ചുതരണമെന്നു മറിക്കൽ കൊട്ടാരക്കരത്തമ്പുരാൻ സാമൂതിരിക്കു എഴുതി അയച്ചു. അതിനു തൊണ്ടിക്കിൽ കൃഷ്ണാട്ടത്തിന്റെ രസം ഗ്രഹിപ്പാൻ തക്ക വിവേകമില്ലായ്കയാൽ

അയപ്പാനിടയില്ലെന്നു അദ്ദേഹം ആക്ഷേപമായി മറുപടി അയച്ചു. ഇതു കൊട്ടാരക്കരത്തമ്പുരാനെ തീരെ രസിച്ചില്ല. ഉടൻ തെക്കൻദിക്കിൽ രാമനട്ടം ആകട്ടെ എന്നു നിശ്ചയിച്ചു് അതിലേയ്ക്കായി ഒരുമ്പെട്ടു കഥകളി ആദ്യം അരങ്ങേറ്റം കഴിച്ചതു കൊട്ടാരക്കര ശ്രീമഹാഗണപതിക്ഷേത്രസന്നിധിയിലായിരുന്നു. അന്നു കപ്പായവും കിരീടവും മറ്റും ഉണ്ടായിരുന്നില്ല. കണിശന്മാരുടെ കോലം കെട്ടിയാടുമ്പോലെ കമുകിൻപാളയിൽ വേഷങ്ങൾ എഴുതി വെച്ചു കെട്ടി ആടിവന്നു പാടുന്നതു് ആട്ടക്കാർ തന്നെ ആയിരുന്നു. ചെണ്ട അന്നില്ല. മദ്ദളം ഉണ്ടായിരുന്നു. പിന്നീടു വടക്കേവെട്ടത്തുനാട്ടരാജാവു ചില പരിഷ്കാരങ്ങൾ ചെയ്തു. പാള നിവർത്തി, കിരീടമാക്കി മുഖത്തു മനയോല തേയ്ക്കുകയും കപ്പായമിടുകയും നടപ്പാക്കി. ആട്ടക്കാർതന്നെ പാടിവന്നതിനെ നിവർത്തി വേറെ ആളാക്കി. അപ്പോഴാണു ചെണ്ട നടപ്പിൽ വന്നതു്. പിന്നീടു നിണം അണിയുക ചുട്ടികുത്തുക മുതലായ ചില പുതിയ ഏർപ്പാടുകളും കൂട്ടിങ്ങാട്ടു (കല്ലുവഴിയോട്ടു) നമ്പൂതിരിയും, കലാശത്തിലും മുദ്രകളിലും ചില പരിഷ്കാരങ്ങളും കല്ലുവഴിക്കോട്ടു നമ്പൂരിരിയും ചെയ്തുണ്ടായിട്ടുണ്ടു്. കഥകളിയുടേയും നാടകത്തിന്റേയും രീതികളും വളരെ ഭിന്നങ്ങളാണു്, അവ സ്ഥിതിക്ക അവയെ താരതമ്യപ്പെടുത്തി നിരൂപണം ചെയ്യുന്നതു് അന്യായാപേക്ഷിതമെന്നു തോന്നുന്നില്ല. കഥകളിയുടെ കർത്താക്കന്മാർ നാടകലക്ഷണങ്ങളെ ശ്രദ്ധിച്ചിട്ടായില്ല. കഥകളി ഒരു നല്ല വിനോദവിഭ്യാസമെന്നുള്ളതിനു സംശയമില്ല. അതിൽ രസം തോന്നണമെങ്കിൽ കഥ മുഴുവനും മനസ്സിലാക്കിയിരിക്കേ, സംഗീതജ്ഞാനം, താളപരിചയം, കളിയുടെ ചടങ്ങുകളുടെ ഗ്രഹണം മുതലായവ കൂടിയേ കഴിയൂ].

കഥകഥികൻ-വി. ചോദിക്കുന്ന.

കഥകഥികത-ചോദ്യം.

കഥഞ്ചന-പണിപ്പെട്ടു്, തെരുങ്ങിട്ടു്.

'കൃതാപരാധികയാകഥഞ്ചനപുരഃ
പുരസ്ത്രീണേത്യുക്തിം'

(കിരാതം ഉള്ളൂർ)

കഥഞ്ചിൽ-അ. പണിപ്പെട്ടു, തെരുങ്ങിട്ടു.

കഥന-വി. പറയുന്ന.

കഥനകൻ-കരു ഒട്ടകത്തിന്റെ പേർ.

കഥനം-പാക, പറയുന്ന സ്ഥിതി.

കഥനീയം-പറയത്തക്കതു്.

കഥം അ. എങ്ങിനെ, എന്തു്.

കഥ -മേൽവിരിപ്പു്, ആനയുടെ പുറത്തുള്ളതു് ഇരിക്കുന്നതു്.

'കഥേനനാഗശ്ചരമിവന്ദ്യവാഹനം'

(മാഘം)

കഥമപി-അ. പണിപ്പെട്ടു്, ഏതുവിധേനയെങ്കിലും.

കഥയ-അ. കഥിച്ചാലും, പറഞ്ഞാലും.

കഥാഖന, കഥാഖിത-അ. വല്ല രീതിയിലും.

കഥാപാത്രം-ഒരു കഥയിലെ സംഭവങ്ങളിൽ പങ്കെടുക്കുന്ന ആൾ.

കഥാപുരുഷൻ-കഥാസംഭവങ്ങളിൽ ഏർപ്പെടുന്ന പ്രധാനപുരുഷൻ.

കഥാപ്രസക്തൻ-കഥ കേൾപ്പാനോ പറയുവാനോ ഉള്ളവൻ.

കഥാപ്രസംഗം-ഒരു കഥ പറയുന്നതിൽ അതിനെ സംബന്ധിച്ചു മറ്റാരുടെ വർത്തമാനം വരിക.

കഥാപ്രാണൻ-ആട്ടക്കാരൻ.

കഥാസംഗം-കഥയിലുള്ള താൽപര്യം.

കഥാസ്സംഗ്രഹം-മുപ്പത്തൊമ്പതു കഥകളുടെ ഒരു സംഗ്രഹം. ഒരു ശിവഭക്തൻ ഉണ്ടാക്കിയതു്.

കഥാവശേഷം-കഥ മാത്രം അവസാനിച്ചു്.

കഥാവിശേഷം-കഥകളിലുള്ളതോ, തന്നെ കഥ.

കഥാസരിത്സാഗരം-ഒരു കഥാപുസ്തകം, കാശ്മീരദേശക്കാരനായ സോമദേവഭട്ടൻ സംഗ്രഹിച്ചതു്. പന്ത്രണ്ടായിരം ശ്ലോകമുണ്ടു്.

കഥാസാരം-കഥയുടെ പ്രധാനമായുള്ള അർത്ഥം.

കഥിക-വി. പറയുന്ന.

കഥികൻ-പറയുന്നവൻ.

കഥിക്കുക-പറയുക.

കഥിത-പറയപ്പെട്ട. പറയപ്പെട്ടിട്ടുള്ള.

കഥ്യ-വി. പറയാവുന്ന, പറയാൻ പ്രയാസമില്ലാത്ത.

കദ-വി. അലട്ടുന്ന മനസ്സു ചെയ്യുന്ന.

കദകം-മേലാപ്പു്, വിതാനം.

കദലീവാ-ചീനവഴി. കുത്സിതമായ മാർഗ്ഗമെന്നർത്ഥം.

കദാചൽക്കാ-വല്ലപ്പോഴും കൂടി ഉണ്ടാകുന്നതു്.

കദനം-പ. ദുഃഖം. ൨. കഷ്ടം. ൩. ദുഃഖം. ൪. ഹിംസ. ൫. യുദ്ധം. ൬. നാശം. ൭. പാപം.

കദംബം-മേഘം.

കദംബ, കദംബിക-പ. കൂട്ടം. കോലാഹലത്തോടെ കുത്സിതമായി ശബ്ദിക്കുന്നതെന്നർത്ഥം. ൨. കടുക്. ഹിംസിക്കുന്നതെന്നർത്ഥം. ൩ നീർക്കടയു്, കടയു്. ൪. അയു് ൫. മേഘം.

കദംബക-പ വലിയ വേഴൽ. ൨. മഞ്ഞക്കടമ്പു്.

കദംബഗോളകന്യായം-'കടമ്പുമരത്തിന്മേൽ ഏല്പോഴുള്ളും ഒപ്പമാണ്ടു പൂവുണ്ടാകുന്നതു്. അതിനാൽ ഉണ്ടാവുള്ളു എന്നസംശയങ്ങളിൽ ഈ ന്യായം പ്രയോഗിക്കുന്നു'.

കദംബവാടി-വലിയ കടയു്.

കദംബവി-ദേവതാളി.

കദരം-പ. വെണ്കരിങ്ങാലി. കുത്സിതമായ രോഗത്തെ കളയുന്നതെന്നർത്ഥം. മറ്റൊരു പേരുള്ളതു സോമവല്ക്കം. ൨. അറക്കുന്നതിനുള്ള വാൾ. ൩. ആനത്തോട്ടി. ൪. ക്ഷുദ്രരോഗം. (മുള).

[ക്ഷുദ്രരോഗലക്ഷണം-കാല്കുകൾ ചരക്കല്ലുകൊണ്ടിട്ടു തകർന്നപോലെയും മുള്ളു മുതലായവ കൊണ്ടിട്ടു മുറിഞ്ഞപോലെയും ചെയ്യുന്നതു് ലന്തക്കരു പോലെ മുഴയുണ്ടാകും. ഇതെല്ലാം കദരം. മുള എന്നു ഭാഷ.]

കദര്യ-വി. ഒരുവും ചിലവിടാത്ത, അന്നവസ്ത്രങ്ങളും കൊടുക്കയും ചെയ്യാത്ത.

കദര്യൻ-ലുബ്ധൻ, പിശുക്കൻ, ഒരുവും ചെലവഴിപ്പാനുള്ള മടികൊണ്ടു ദരിദ്രനെപ്പോലെ കഷ്ടപ്പെട്ടു കഴിക്കുന്നവൻ.

കദലം, കദലക-വാഴ.

കദള, കദളി, കദളീ-വാഴ. വായ് പിളർക്കുന്നതെന്നർത്ഥം.

കദളാ-പ ഇലവു്. ൨. ഓരില. ൩. ഭൂമി. ൪ വാഴ. ൫. പലകപ്പയ്യാനി.

കദളി-പ വാഴ. ൨ ഒരു വക മാൻ. ൩. ഒരു കൊടിച്ചുറ. ൪. ഒരു വക പൂച്ചെടി.

[മാൻ എന്നു പറഞ്ഞിട്ടുള്ളതു് പുള്ളിയും പുറത്തു വരയും ഉള്ളതും ഗുഹയിൽ കിടക്കുന്നതുമായ മാൻ എന്നു് അഭിപ്രായം കാണുന്നു. കദളി എന്നതിനു ഒരു ഉള്ളിൽ നീന്തിക്കളിക്കുന്നതെന്നർത്ഥം].

കദളി, കദളിക-വാഴ.

കദളിവാഴ-ഒരു വക വാഴ.

[കദളിവാഴയുടെ മാനം ത്രിലോകശ്രേഷ്ഠമാണ്. പച്ചക്കായ് ശ്ലേഷ്മത്തേയും പിത്തത്തേയും വർദ്ധിപ്പിക്കും. ഇളകായ് രക്തപിത്തത്തിനും ചൂരത്തിനും നന്ന്. മാഞ്ഞിക്കായ് അർശസ്സിനു വളരെ ഉത്തമം. പൂവ് ചോരപോക്കിനും പക്വാതി

സാരത്തിനും കൊള്ളാം. പഴം ഇന്ദ്രിയ വർദ്ധനമാണ്. വളരെ തണുപ്പുകൊണ്ട നന്നായിപ്പഴത്തോ വാതപിത്തങ്ങളിത്തം ണ്ട്. വൃഷ്യവും അതിഗുരുവും തീക്ഷ്ണഹര വുമാകുന്നു].

കദളീകുസുമം-വാഴപ്പൂവ്.

കദളീക്ഷിത-പ്ര. സുന്ദരി. ഉ. ഒരു മാതിരി വെള്ളരിക്ക.

കദളീഗണ്ഡം-വാഴപ്പിണ്ടി.

കദാ-അ. എപ്പോൾ.

കദാചന-അ. ഒരിക്കൽ, ഒരുകാലത്തു്, ചിലപ്പോൾ.

കദാചിൽ-അ ഒരിക്കൽ, ഒരുകാലത്തു്, ചിലപ്പോൾ.

[ചിൽ, ചന ഈ രണ്ടു് അവ്യയത്തിനും കിം ശബ്ദത്തോടല്ലാതെ ഒറ്റയായി പ്രയോഗമുണ്ടെന്നു കാണുന്നില്ല.]

കദാത്തിനുപോകുക- മലശോധനയ്ക്കു പോവുക. [അഭിഭേദം]

കദാപി-അ. ഒരിക്കൽ, ഒരുകാലത്തു്, ചിലപ്പോൾ.

കദ്ദിഷ്ണ-വി. അല്പം ചൂടുള്ള.

കദ്ദിഷ്ണാ-കറഞ്ഞ ചൂടു്. കിഞ്ചിൽ(കറച്ചു) ഉഷ്ണം (ചൂടു്) എന്നർത്ഥം.

കദ്രു-പ്ര. പിംഗളവർണ്ണം (ഗോരോചനത്തിന്റെ നിറം). ശോഭിക്കുന്നതു്, മോഹിപ്പിക്കുന്ന നിറമുള്ളതെന്നർത്ഥം. ചെമപ്പോടുകൂടിയ മഞ്ഞനിറമെന്നും പൊൻനിറമെന്നും കൂടി പറയുന്നുണ്ടു്. ഉ. പ്ലാക്ഷ. ന. സപ്തർണ്ണം.

കദ്രു-ദക്ഷന്റെ പുത്രി, കശ്യപന്റെ പത്നി മുന്നു മാതൃകുലങ്ങളിൽ ഒരുവൾ, ശേഷൻ, വാസുകി മുതലായ പ്രധാന നാഗങ്ങളുടെ മാതാവു്. [അരുണൻ എന്ന ശബ്ദം നോക്കുക].

കദ്രു-വി. പിംഗളവർണ്ണമുള്ള, ചെമപ്പോടുകൂടിയ മഞ്ഞനിറമുള്ള.

കദ്രുപുത്രൻ-പാമ്പു്.

കഥാടം-വി. ചീത്തയായി പറയുന്ന. [കുത്സിതൻ-കുത്സിതമായി വാഴിക്കുന്നവൻ. ഉത്തംക്കി എന്നർത്ഥം] മറ്റൊരുപയോഗം-ശപ്യവാചി.

കധി-കടൽ.

കനകക്കല്ലൂരി-മസൂരിപതിനെട്ടിൽകൊണ്ട്

[ഇതു വന്നാൽ പത്തുദിവസത്തിനകം മരിക്കാത്ത പക്ഷം അതു രാജരോഗത്തിനു തുല്യനായിരിക്കും.]

കനകക്കല്ലൂരിരോഗസ്വലക്ഷണംപറയുന്നു-ഇനി ഉണ്ടായാലുടനേ പിത്തജ്വരമായിട്ടുസൂചകം ॥ മാംസത്തിൽനിന്നരകുരുക്കളുംമണിപോലെനിഴൽപ്പെട്ടും ജ്വരംതുടങ്ങിയാൽമൂന്നാംദിവസത്തിന്നിടയ്ക്കുദിനം ॥ പിന്നെമൂർച്ഛിച്ചുമയക്കമില്ലെന്നാൽ ക്ഷീണിക്കുമതിരിക്കിലും കണ്ണുരണ്ടുംചുവന്നീടും മുഖവാതുപിളർക്കയും ॥ പുറകുകൾനിറഞ്ഞീടും കറഞ്ഞീടുംവിരേചനം ചെമ്പഴുക്കനിറംപോലെ ദേഹത്തിന്റെപ്രകാശവും ॥ അഞ്ചാംനാളിൽമുഖച്ചീടും മുഖച്ചൽസെയ്യുമാമുടൻ ഏഴാംനാളിൽകണ്ണുരണ്ടും കലങ്ങുംതൊണ്ടനോവുന്നീടും ॥ അസ്സമിച്ചൽവിളക്കുള്ള കാണാംപൊന്നണിപോലയാം കരൾപ്പഴുപ്പുദൃശ്യമുണ്ടാംപതിനാലിന്നുമൃത്യു ॥ കരുക്കരുകിരിയുള്ളിൽതാനിരിക്കുംപോലെയോടുടൻ ഉരുക്കുമാകുന്നു മുന്നാൾക്കുമുന്നുള്ളുമൃത്യു ॥ പാരാംനാളിൽമരിക്കുന്നവ്യാധിയെന്നുമുന്നുള്ളുമൃത്യു ഏട്ടിൽശംഖുകഴിച്ചീടുമതിരിഞ്ഞീടുകുമെന്നി ॥ മൂലാധാരങ്ങൾതാന്നീടും രതാങ്ങനാഡ്യുടെയുമാം ഏറ്റം തേരുസ്സുവലിക്കും പോലിരിക്കുതിനുണ്ടു ॥ സിരിക്കയിലുയിർവ്യാധി ഒരുത്തർക്കുവശേഷരു മരുവിച്ചെന്നു വന്നാകിൽ മരിച്ചീടുമനിശ്ചയം ॥ മരിയാതെയിരുന്നാകിലവർക്കുപതിയെയ്വതും മ

രിക്കുമെന്നുവയ്യാതെ ചികിത്സകനുടെ ങ്ങണം ॥ മന്തിരിഞ്ഞപ്പഴംപാല് മുന്നീര മലയ്പ്പാട്ടി പഞ്ചസാരകലംകല്ലുണ്ടം കരിമ്പനക്കരിക്കുനീർ ॥ വെള്ളരിപ്പഴവും പിന്നെ കരിമ്പിൻനീരുമെള്ളുമാം ഭശുമലമൂത്രങ്ങൾ പിന്നെനന്നായ് ങ്ങണങ്ങളും ॥ ആയോളമശനംചെയ്തിട്ടുകൽ താനിരിക്കയും ഈവണ്ണം ചെയ്തുസൂക്ഷിച്ചാൽ ജീവിക്കിലതുഭാഗ്യമാം.

(മസൂരിപടലം)

കനകക്ഷാരം–പൊൻകാരം.

കനകക്ഷീരി–ഫ മലഞ്ഞരിമ ഉ. ഏരിമക്കള്ളി.

കനകഗന്ധം–ഫ. പൊന്നുകൊണ്ടുള്ള വടി. ഉ. പൊന്നുകൊണ്ടു കാലുള്ള കട.

കനകഗലം–ഉമ്മത്തി ല.

കനകൻ–ഹരിണിയുടെ മകനായ ഉമ്മദനു ചിത്രാംഗിയിൽ ജനിച്ചവൻ.

'വേട്ടിയു,ചിത്രാംഗിപേറുണ്ടായികനകനാം

(ബ്രഹ്മാണ്ഡപുരാണം)

കനകപടലം–ഒരു പടം സ്വർണ്ണം.

കനകപ്പല്ലക്ക്–പൊന്നു പൊതിഞ്ഞ പല്ലക്ക്.

കനകപ്പാടി–പൊൻപൊടി.

കനകപ്പുഴ–ഫ. വലിയ വാഴുഴവം. ഉ. മഞ്ഞക്കുറുഴ്.

കനകപ്രസവ–പൊൻതെങ്ക.

കനകം–ഫ. പൊന്ന്, സ്വർണ്ണം. പ്രകാശിക്കുന്നത് എന്നർത്ഥം. ഉ. പ്ലാശ്. ന. നാഗപ്പൂമരം, നാകപ്പൂവ്. ർ. ഉമ്മത്ത് (ഉന്മത്തം). ഇ. മഞ്ഞക്കടിഞ്ഞി. ണ. കണമുഴുല്ല. ത. പൊന്നാവീരം. വ പീതചന്ദനം. ൻ മലയകത്തി. ഫാ. ചെമ്പകം.

കനകമം–സ്വർണ്ണവാഴ.

കനകരസം–അരിതാരം.

കനകലത–ഫ സ്വർണ്ണവള്ളി. ഉ ഒരു സ്ത്രീയുടെ പേർ. ന. കനകലതാസ്വയംവരം ഭാഷാനാടകത്തിലെ നായിക.

['കനകലതാസ്വയംവരം നാടകം' ഈ നിഘണ്ടുകാരനായ ശ്രീകണ്ഠേശ്വരം ജി പത്മനാഭപിള്ളയുടെ ചെറുപ്പകാലത്തെ കൃതിയും കല്പിതകഥയുമാണ്]

കനകലോഭ ഭവം–ചെമ്പല്യം.

കനകവാഴ–കാനകവാഴ, ഒരു മാതിരി ചീര.

കനകശൈലം–സുമേരുപർവ്വതം.

കനകസ്തംഭ–സ്വർണ്ണവാഴ

കനകാചലം–സുമേരുപർവ്വതം. [ശ്രദ്ധിക്കുക ലവണസമുദ്രത്തിൽ നിന്നു ഏകദേശം വടക്ക്. ഐരാമലയാഴി നോക്കുക].

കനകാദ്രി–സുമേരു പർവ്വതം.

കനകാധ്യക്ഷൻ–ഒപൊൻപണം പൊൻനാണ്യം മുതലായവ വെയ്ക്കുന്ന സ്വർണ്ണഭണ്ഡാരത്തിൽ അധികാരമുള്ളവൻ. മറെറാരു പയ്യായം–ഭോഗികൻ.

കനകാഭിഷേകം–സ്വർണ്ണനാണയം ഒരുവന്റെ ശിരസ്സിൽ കോരിച്ചൊരിയുക.

കനകാരം–മലയകത്തി.

കനകാലുക പൊൻകിണ്ടി. കനക (സ്വർണ്ണമയമായ) അലു (കിണ്ടി) എന്നർത്ഥം. പിടിഭാഗമാണ എന്ന പക്ഷവും ഉണ്ട്. തമിഴിൽ കുരാവ് (കുരു) എന്നു കാണുന്നു.

കനകാവതായം–ഫ. ഉമ്മത്ത്. കനകത്തിന്റെ പോലുള്ളതു് അലുക്കിൽ കനകം എന്ന പേരുള്ളതു് എന്നർത്ഥം. ഉ. നാകപ്പൂവ്.

കനകാരുപ്പുകം–മണ്ണും മുതലായ വാർങ്ങും.

കനക്കുവെ–അ. വളരെ, ധാരാളം.

കനക്കുക–ഫ. തട്ടുക. ഉ ഓരം തോണ്ടുക.

കനക്കുറവ്–ഫ. കനമില്ലായ്മ, ലഘുത്വം ഉ. മെലിച്ചിൽ, വണ്ണക്കുറവ്. ന. ഭാരക്കുറവ്.

കനക്കെ-അ. വളരെ, ഏറവും.
'കനക്കെ കൊതി നിനക്കെന്തുചൊല്ലുക
മനുതാരാട്ട മറന്നിതൊ'
(നളചരിതം കഥകളി)
കനക്കേട്ട്-കനക്കുറവ്.
'കനക്കേടുവരുത്തുമക്കഴവേറിയറിഞ്ഞെന്നാം
(കൃഷ്ണലീല തുള്ളൽ) ൽ'
കനത്തുമിനുത്ത-വി. കനത്തും മിനുത്തും മിരിക്കുന്ന. കനത്തും മിനുത്തും ഇരിക്കുന്നവനു പര്യായം-'മേഘുരൻ']
കനം-വി. ക. വണ്ണമുള്ള ഖ. തടിപ്പുള്ള. ന. കട്ടിയുള്ള. ര. ഘനമുള്ള. ങ. ഭാരമുള്ള.
കനം-ക. ഭാരം. ഖ. അധികം. ന. കട്ടി. ര. ഘനം. ങ. വണ്ണം. [ഘനമാണ കനമായതു]. ന. ബലം.
കനം-അ. അധികമായി.
കനയ്ക്കുക - വെളിച്ചെണ്ണയിലുണ്ടാക്കിയ പലഹാരവും മറ്റും പഴകിത്തിന്നാൽ ചുവയ്ക്കുക.
കനയ്പ്-കനയ്ക്കുക.
കനൽ-ക. തീക്കട്ട. ഖ. കൊടുവേലി. ന. ചൊവ്വാ എന്ന ഗ്രഹം. കാർത്തികനക്ഷത്രം.
കനാവു്-കിനാവിന്റെ പൂർവ്വരൂപം.
കനി-വൃക്ഷം മുതലായവയുടെകായ്, ഫലം
കനി-ക. പെൺകുട്ടി, കന്യ. ഖ. പുത്രി.
കനിച്ചിൽ-അല്പമായിട്ട രവള്ളം പുറപ്പെടുക, വാലുക.
കനിയുക-ക. മനസ്സലിയുക, ദയതോന്നുക. ഖ, അല്പമായിട്ടുവെള്ളം പുറപ്പെടുക.
കനിവു്-മനസ്സിന്റെ അലിവ്, ദയ.
കനിഷ്ഠ-വി. ചെറിയ, വയസ്സുകുറഞ്ഞ.
കനിഷ്ഠൻ-ക. അനുജൻ. വയസ്സുകുറഞ്ഞവൻ എന്നർത്ഥം. ഖ. അതൃന്തം യുവാവു്. ന. അത്യല്പൻ. ര. ശിവൻ
കനിഷ്ഠ, കനിഷ്ഠിക-ക. അനുജത്തി ഖ. ചെറുവിരൽ. അത്യല്പം എന്നർത്ഥം. ന. കടുരോഹിണി. ര. കണ്മണി.
കനീചി-ചെമന്ന കന്നി.
കനീനക-കന്യക. കണ്മിഴി.
കനീനകൻ-ക. ഒരുപെരൽ. ഖ. യുവാവു.
കനീനകം-കണ്മിഴി.
കനീനിക-ക. കണ്ണിന്റെ കൃഷ്ണമണി. ശോഭിക്കുന്നതെന്നർത്ഥം. ഖ, ചെറുവിരൽ.
കനീയസ്സ്-ഏറവും ചെറിയ. [പു-ം, -യാൻ. സ്ത്രീ-ം,-യസി].
കനീയാൻ-ക. അനുജൻ. ഖ. താഴെയുള്ളവൻ.
കന്നുജ്-കന്യകുബ്ജം, കന്യാകുബ്ജം,
കനീയസം-ചെമ്പു്.
കനീയസി-അനുജത്തി.
കന്തു്-കുസരി. (സ്ത്രീമല്ല).
കന്ഥരി-ഇലക്കള്ളി.
കന്ഥാ-ക. ശീലയുടെ ശകലങ്ങൾ കൂട്ടിവെച്ചു തച്ചിരിക്കുന്ന പഴന്തുണി.
'കചിൽ കന്ഥാധാരീ കചിദപിച പര്യങ്കശയനഃ'
(ഭർതൃഹരി)
ഖ. നിശ്ചയം. ന. ഭിത്തി. ര. കാലിലെ നഖം.
കന്ഥാ(രി)-ഇലക്കള്ളി.
കന്ദകം-പല്ലക്ക്.
കന്ദഗ്രന്ഥി, കന്ദഗ്രന്ഥ്യാഖി-പോരുഴു്.
കന്ദഗ്രന്ഥി-ചിന്നാടുകൂർചവു്.
കന്ദരം-വെളുത്ത ആമ്പൽ
കന്ദവല്ലീ-ചേനക്കിഴങ്ങു്.
കന്ദം-ക. കിഴങ്ങു് മൂലം. ഖ. ചേന. ദുരാഗങ്ങളെ ഉത്പാദിക്കുന്നതെന്നർത്ഥം. കാട്ടുചേന എന്നും അഭിപ്രായം കാണുന്നു. മറ്റുപര്യായങ്ങൾ-അർബുദം, സൂരണം. ന. താമരക്കിഴങ്ങു്. ര. മേഘം. ങ. പീഡു്, നീർ. ന. ചണ്ഡാളൻ. ഒ. കല്പാം.

കന്ദ-വി. ഉണ്ടാക്കുന്ന. ഉ-ം, 'ശ്രീകന്ദരാഗം.'

കന്ദമൂലം-മുള്ളങ്കി.

കന്ദരം-പ. ഗുഹ, മലയുടേയുംമറ്റും ഗുഹ. 'കന്ദരംതന്നിലേ മന്ദിരമായുള്ള്' (കൃഷ്ണഗാഥ)

പ. കൃത്രിമമായി ഉണ്ടാക്കപ്പെട്ടതും ഗുഹയുള്ളതുമായ മട. കൃത്രിമമോ, അകൃത്രിമമോ, വെള്ളമുള്ളതോ വെള്ളമില്ലാത്തതായ പർവ്വതവിവരം എന്നും അഭിപ്രായം കാണുന്നു.

[കന്ദരം പലവിധത്തിൽ ഉണ്ടാകുന്നു. വെള്ളച്ചാട്ടം ഭൂകമ്പം ഇവകൊണ്ടോ പന്നി മുതലായ മൃഗങ്ങളോ കള്ളന്മാരോ ഉണ്ടാക്കീട്ടോ ഉണ്ടാകാം.]

ന. ഇഞ്ചി.

കന്ദരാളം-പ. കല്ലാല്. ഗുഹാപ്രദേശത്തെ അലങ്കരിക്കുന്നത് എന്നർത്ഥം. പ. മല ഉകുമരം. പർവ്വതസാനുക്കളെ അലങ്കരിക്കുന്നത് എന്നർത്ഥം. [അക്ഷോടം എന്നതു നോക്കുക]. ന. പൂവരശ്ശ്.

കന്ദരാള(ക)ം-ഇത്തിയാല്.

കന്ദരോദ്ഭവ-ചെറിയ കല്ലർവഞ്ചി.

കന്ദരോഹിണി-പേരമൃത്.

കന്ദർപ്പദഹനൻ-ശിവൻ.

കന്ദർപ്പൻ-കാമദേവൻ. [കം=നിന്ദിതം ദർപ്പം=അഹങ്കാരം]. നിന്ദിക്കപ്പെട്ട അഹങ്കാരത്തോടുകൂടിയവൻ, സുഖത്തോടുകൂടിയവരിൽ അഹങ്കരിക്കുന്നവൻ, ഭ്രമാവൽ കൂടിയും അഹങ്കാരത്തെ പ്രവർത്തിക്കുന്നവൻ എന്നിപ്രകാരം അർത്ഥം.

കന്ദർപ്പവർദ്ധനൻ-ശിവൻ.

കന്ദലത-പ. മാലക്കിഴങ്ങ്. പ. നെയ്യാവൽ.

കന്ദലം-പ. ഇഞ്ചി. പ. ചേന. ന. യുദ്ധം. ര. അങ്കുരം, മുള.

കന്ദലീകുസുമം-കുങ്കുമം.

കന്ദവല്ലീനം-ചേന.

കന്ദവല്ലി-പ കരുപാവൽ. പ. മുതക്കു്.

കന്ദശൂരണം-ചേന.

കന്ദസാരം-ഇന്ദ്രന്റെ തോട്ടം.

കന്ദളം, കന്ദലം-പ. മുള, അങ്കുരം തളിർ. ഉ-ം, 'കിരണകന്ദളം'. പ. യുദ്ധം. ന. വാഴ. ഉ-ം, കന്ദളദളോല്ലാസം. ര. ഇഞ്ചി. ഇ. ചേന. ന. കുട്ടം. ഒ. സ്വർണ്ണം.

കന്ദളി-വലിയ വയറും കറുത്ത മുൻകാലുകളും ഉള്ള മാൻ. സസ്യങ്ങളുടെ കിഴങ്ങു കുത്തിപ്പറിച്ചു തിന്നുന്നതെന്നർത്ഥം.

കന്ദളികാ-കുഞ്ഞുതക്കോ.

കന്ദളിത-വി. അംകുരിച്ച, മുളച്ച.

കന്ദാഢ്യം-നിലക്കിഴങ്ങ്.

കന്ദാമൃത-പേരമൃത്.

കന്ദായം-നാലു മാസത്തിന്റെ ഇട.

കന്ദാരാ-പ. പേരാൽവൃക്ഷം. പ. താമരക്കിഴങ്ങ്.

കന്ദാഢ്യാ-ചേന.

കന്ദാലു-പ. കണ്ണൻചേമ്പ്. പ. നാൻകിഴങ്ങ്. ന. നിലക്കിഴങ്ങ്.

കന്ദി-പ. ചേന. പ. മുക്കറി.

കന്ദിരി-നെയ്യുഴം.

കന്ദു-പ. ദോശച്ചട്ടി. അപൂപാദിയെ ശോഷിപ്പിക്കുന്നതെന്നർത്ഥം. പ. മദ്യം വാറുന്നപാത്രം. മറ്റൊരർത്ഥപര്യായം-'സേചനി',

കന്ദുകം-പന്ത്. സുഖത്തെ ദാനം ചെയ്യുന്നത്, ശിരസ്സിനു വേദനയുണ്ടാക്കുന്നത് ആഹ്വാനം ചെയ്യപ്പെടുന്നത് എന്നിങ്ങിനെ അർത്ഥം. മറ്റൊരർത്ഥപര്യായം-'ശേണ്ഡുകം'.

'മൃതേകന്ദുകഖേലനേ ഭ്രമണകക്ഷേപാദി ലീലാന്തരേ'
(ഭാഷാഭരതകൃതമായ)

കന്ദുളം-പെരിച്ചുഴി.

കന്ദോടം-പ. കറുത്ത ആമ്പൽ. പ. വെളുത്ത ആമ്പൽ.

കന്ദോതം-ആമ്പൽ.
കന്ദോത്ഥം-കറുത്ത ആമ്പൽ.
കന്ദോള്ഭവാ-പേരാൽ.
കന്ധം-മേഘം.
കന്ധ(ര)ം-പ്ര. മുത്തങ്ങ. ഉ. മേഘം.
കന്ധരാ-പ്ര. കഴുത്ത്. ശിരസ്സിനെ ധരിക്കുന്നതെന്നർത്ഥം. ഉ. മുത്തങ്ങ. ന. മേഘം. ര. ചെറുചെമ്പീര.
കന്ധി-പ്ര. കഴുത്ത്. ഉ. സമുദ്രം.
കന്നക്കാരൻ-ചതിയൻ.
കന്നക്കഴൽ-കന്നടിക്കുക.
കന്നക്കോൽ-കള്ളന്മാർ ചുവരു തുരക്കുന്ന ആയുധം.

'കന്നൽക്കണ്ണാർമണികളുവിടെ-
ക്കള്ളമോടും കടാക്ഷ-
ക്കന്നൽക്കോലാൽ തരുണതരുടെ ഹൃ-
ത്തട്ടിനമ്പ് ഭിന്നമാക്കി'
(മയൂരസന്ദേശം)

കന്നടം-ഒരു ദേശം.
കന്നടിക്കാരൻ-ഇടയൻ, കന്നിനെ രക്ഷിക്കുന്നവൻ.
കന്നടിക്കുക-കന്നുകാലികളെ തീറ്റുക, മേയ്ക്കുക.
കന്നടിയൻ-കന്നടിദേശക്കാരൻ.
കന്നട്ട-വെള്ളത്തിലുണ്ടാകുന്നവലിയഞട്ട.
കന്നട്ടം, കന്നട്ട-കൊപ്പിറ(കൊപ്ര)ഉണക്കുന്ന സ്ഥലം.
കന്നത്തം, കന്നത്തരം- മുട്ടാളത്തരം, നീചമായ കൌശലം, അവടിപ്പുകേട്, ധൈര്യാമർത്ഥ്യം.
കന്നൻ-പുത്തികെട്ടവൻ, അവടിപ്പില്ലാത്ത പ്രവൃത്തി കാട്ടുന്നവൻ, അസത്യം പറയുന്നവൻ.
കന്നപ്പൂ-ചെവിയുടെ മുകളിൽ അലങ്കരിക്കുന്ന ഒരാഭരണം.
കന്നം-പ്ര. ചെകിട്, കവിൾത്തടം. ഗണ്ഡം എന്നതാണു കന്നം എന്നായത്. ഉ. കണ്ണം, ചെവി (സംസ്കൃതം). ന. പാപം. ര. മോഹാലസ്യം, അബോധക്കേട്.
കന്നമോടി-പുത്തികെട്ടവരുടെ പ്രവൃത്തിയും വാക്കും ഭാവവും.
കന്നമോടിക്കാരൻ- പ്രവൃത്തിയില്ലാത്തവൻ.
കന്നൽ-മത്സ്യം. ഉ-ം, കന്നൽമിഴി = മീനാക്ഷി.

[കന്നൽ ശബ്ദത്തിനു തമിഴിൽ മധുരം, ശർക്കര, കരിമ്പ് ഇത അർത്ഥങ്ങളും കാണുന്നു. ഉ-ം, കന്നലമൊഴി. മിഴിക്കും രമണീയതകൊണ്ടും മാധുര്യം കൊണ്ടും ഈ ശബ്ദം യുക്തമാകയാൽ 'കന്നൽമിഴി' എന്ന പദയമെന്നും അഭിപ്രായം കാണുന്നു. കന്നൽശബ്ദം കറുപ്പിക്കുവാനുപയോഗിച്ചിരുന്നതായും വേറൊരു പക്ഷവുമുണ്ട്. കന്നൽമൊഴി, കന്നൽമിഴി എന്നവ കൂടാതെ കന്നൽമുടിയാൾ എന്ന പദവും കാണുന്നു. കന്നൽമൊഴി കന്നൽമിഴിയായി, അതിനു പുറമേ കന്നൽമുടിയാളുമായിത്തീർന്നു. ഉ-ം, ഏഴാംക്ലാസ് പാഠപുസ്തകം ഒന്നാം ഭാഗത്തിൽ-'കിളിപോയ കൂട്ട്' എന്നതിൽ 'കന്നൽക്കാർമേനിയാൾ' എന്നു കാണുന്നു. ഇതിനു നല്ല കറുത്ത തലമുടിയോടുകൂടിയവൾ, സുന്ദരി എന്നർത്ഥം പറയുന്നതിനേ തരമുള്ളൂ. മത്സ്യവും മധുരവും ശർക്കരയും കരിമ്പും തമ്മിൽ ഇവയ്ക്കു ചേർച്ചയുണ്ടാകുന്നില്ല].
കന്നൽക്കണ്ണി-സുന്ദരി. [കന്നൽശബ്ദം നോക്കുക].
കന്നൽക്കൂത്ത്-ഒരു വക പാട്ടുകളിയും.
കന്നാത്തി-കന്നാന്റെ സ്ത്രീ.
കന്നാൻ-ഓട്ടുപിച്ചളയും കൊണ്ടുവാങ്ങുന്ന ഒരു ജാതിക്കാരൻ.
കന്നാരം-ഒരാഭാഷിമതം.

[ഇതിനെ ശ്ലേഷിച്ചു മലയാളികൾ കഫം, മൂക്ക്, വാല്മീകം, ക്ഷയം, പുക, കാസം ഇവയെ കുറിക്കും].

കന്നി-പ. ഒരു മലയാളമാസത്തിന്റെ പേർ. സ. കന്യക. സം. ക്വനി.

കന്നികായ്ക്കുക-പിലാവു മുതലായ ചില വൃക്ഷങ്ങൾ ഒന്നാമതു കായ്ക്കുക.

കന്നിക്കണ്ടം-കന്നിനെറൽകണ്ടം, ആണ്ടിൽ ഒരിക്കൽ വിളവെടുക്കുന്നവയൽ, കന്നിവിള, കരക്കണ്ടം ഇങ്ങിനെ പല പേരുണ്ട്.

കന്നിക്കുറു-മേടക്കൂറു മുതൽ പന്ത്രണ്ടു കൂറുള്ളതിൽ ആറാമത്തെ കൂറ്.

കന്നിപ്പേറു-ഒന്നാമത്തെ പ്രസവം, കടിഞ്ഞൽ.

കന്നിമാസം-ഒരു മാസത്തിന്റെ പേർ.

കന്നിമൂല-തെക്കുപടിഞ്ഞാറേക്കോണ്.

കന്നിരാശി-ആറാമത്തെ രാശി.

കന്നു-പശുക്കുട്ടി, പശു, കുട്ടി.

[മലയാളത്തിൽ ചിലേടത്തു പോത്തിനേയും എരിമയേയും 'കന്നു' എന്നു പറഞ്ഞുവരുന്നു].

കന്നുകാലി-കന്നു കാള പശു ഇവയുള്ളതു പേർ.

കന്നുകാലിപ്പിള്ളർ-കന്നുകാലികളെ മേയ്ക്കുന്ന പിള്ളർ.

കന്മദം-പാറകളിൽനിന്നു പ്രവേശിക്കുന്ന ഒരു ദ്രവം, വേനൽക്കാലത്തിൽ വെയിലേറ്റു മലമ്പാറകളും തപ്പുമ്പോൾ അതിൽനിന്ന് അരക്കുപോലെ പുറപ്പെടുന്ന ഒരു സാധനം. [കല് + മദം = കന്മദം].

[ഇതിനു ശിലാജതു എന്നും മറ്റും പേർ കാണുന്നു. ഇതു, രസഗന്ധകം, രാജകം, തപ്തം, ആയസം ഇങ്ങിനെ നാലു തരമുണ്ട്. 'നിർമ്മലേ ഘൃതസന്തപ്തേ ധാതുസാരേ ധരാധരേ നിഷ്പീഡനേവൽ പ്രഭവതി തപ്തിലാജതുകീർത്തിതം' എന്നു ദേവനിഘണ്ടുവചനം. കഫം, പ്രമേഹം, കുഷ്ഠം, മൂത്രകൃച്ഛ്രം, ക്ഷയം, വ്രണം, മുട്ടൽ, വാതരക്തം, അർശസ്സ്, പാണ്ഡു, അവസ്മാരം, ഉന്മാദം, വീക്കം, കൃമി, മഹോദരം, കുമി, അഗ്നിമാന്ദ്യം ജ്വരം ഇവയെ ശമിപ്പിക്കും. കല്പനാമുതിയുള്ളതിൽ 'അയസം' ശ്രേഷ്ഠമാകുന്നു. ഇതു വിസ്ഫുപ്രവർത്തിയിൽ ധാരാളമുണ്ടാകുന്നു. ഇരിമ്പ് അവിടെ അധികമുണ്ടാകുന്നില്ല. ഇതിനു ശിലാജതു, അദ്രിജതു, ശൈലനിഷ്യന്ദം, ശൈലേയ, അശ്മജ, ഗിരിജ, ശൈലധാതുജ, അസ്ത്യ, ശിലാജ, അഗജ, ശൈല, ശൈലേയ, ശീതപുഷ്പക, ശിലാവ്യാധി, അശ്മോത്ഥ, അശ്മലാക്ഷ, അശ്മജതുക; ഗതപ്രശ്മക ഇവ പര്യായങ്ങൾ. ഇംഗ്ലീഷിൽ Bitumen കന്മദം എന്നതിനു കല്പനം എന്നോ കന്മദം എന്നോ പറയാം. എന്നാൽ സംസ്കൃതവാക്കായ കല്പനത്തെ കന്മഷമാക്കുന്നതു തെറ്റാകുന്നു.]

കന്മഷം-[കല്മഷം എന്നതു നോക്കുക.

കന്മാടം-കരിങ്കല്ലുകൊണ്ടുള്ള ഭവനം.

കന്യ-പ. പത്തുവയസ്സായ പെൺകുട്ടി. വിവാഹം കഴിച്ചിട്ടില്ലാത്ത പെൺകുട്ടി കാർക്കപൊതുവായി ഈ പേർ പറയാറുണ്ട്. കന്യക എന്നും പറയും. ശോഭയുള്ളവൾ, ആഗ്രഹിക്കപ്പെടുന്നവൾ എന്നിങ്ങിനെ അർത്ഥം. പര്യായങ്ങൾ-കന്യ, കുമാരി.

'ശ്രേഷ്ഠൈകന്യകാപ്രോക്തോ
അതഃ ഉത്കൃഷ്ടാ രജസ്വലാ'
(സ്മൃതി)

സ. രണ്ടു വൃത്തങ്ങളുടെ പേർ. [പ. പ്രതിഷ്ഠാഛന്ദസ്സിൽപെട്ടതു്. മം ശംകന്യാ സ. ജഗതിഛന്ദസ്സിൽപെട്ടതു്. 'അതുഭസനയം വരവരുത കന്യാ,-വൃത്തമഞ്ജരി]. സ. ദുർഗ്ഗാദേവി, കന്യ, കുമാരി. ര. കറവാഴ (കറവർവാഴ). ഇ. അരയൽ. സ്ത്രീകാട്ടുപാവൽ. ഭ. ചേരുവം. വ്യ. പന്ത്രണ്ടിൽ ഒന്നു. പത്നി.

കന്യകാ-പ. കന്യാ. [കന്യാ എന്നതു നോക്കുക]. ഉ. പുത്രി. ന. കല്യാണം കഴിയാത്തവൾ ർ. കറുത്തി. ള. പേരേലം. ഴ. കറവവാഴ.

കന്യകാജാതൻ-കന്യകാപുത്രൻ. കന്യകയിൽ ജനിച്ചവൻ എന്നർത്ഥം, മരറം രൂപയ്യായം-കാനീനൻ.

കന്യകാവൃടം-പേരേലം.

കന്യകാമണി-പ. കന്യകാരത്നം, അതിസുന്ദരിയായ കന്യക. ഉ ഒരു വൃത്തത്തിന്റെ പേർ, ഉൽകൃതിമന്ദസ്സിൽ പെട്ടതാണ്. പാദം ഒന്നിൽ ഒന്നു അക്ഷരം കാണും.

'രേഫവുംജകാരവും കലന്നൊരെട്ടുപിന്നെ
ലംഗവുംധരിക്കുകന്യകാമണിയാം'
(വൃത്തമഞ്ജരി)

കന്യാകുബ്ജം - ഒരു രാജ്യത്തിന്റെ പേർ; ഒരു പഴയ നഗരം. ഇപ്പോൾ കനൗജ് എന്നു പറയപ്പെടുന്നു.

[ഇതു വടക്കേഇൻഡ്യയിൽ ഗംഗയുടെ കൈവഴിയിൽ സ്ഥിതിചെയ്യുന്നു. കാന്യകുബ്ജം എന്നുമുണ്ട്. സംസ്കൃതത്തിൽ ഈ ശബ്ദമാണ് അധികം കാണുന്നതു്. കന്യാകുബ്ജം = കന്യാകുമാരി എന്നു റിച്ചാർഡ്സ് കോളിൻസ്.]

കന്യാകുമാരി-തിരുവിതാംകൂറിൽ അഗസ്തീശ്വരംതാലൂക്കിലേ ഒരു പകുതി. ഇതു തിരുവിതാംകൂറിന്റെ എന്നല്ല ഇൻഡ്യാമഹാരാജ്യത്തിന്റെ തന്നെ ഏറ്റവും തെക്കേ അറ്റത്തേ കോടിയാകുന്നു.

[ഇവിടെ പ്രസിദ്ധപ്പെട്ട ഒരു ദേവതിക്ഷേത്രമുണ്ട്. കന്യാകുമാരി സുഖവാസസ്ഥലങ്ങളിൽ മുന്നാണ്.]

കന്യാത്വം, കന്യകാത്വാ-കന്യകയുടെ സ്ഥിതി.

കന്യാദാനാ-പ്രതിഫലം വാങ്ങിക്കാതെ മകളെ ഒരുവനു വിവാഹംകഴിപ്പിച്ചുകൊടുക്കുക.

കന്യാപ്പെണ്ണ്-വിവാഹം കഴിയാത്ത സ്ത്രീ.

കന്യാവ്രതം-വിവാഹത്തിനു മുമ്പേയുള്ള അവസ്ഥ.

കന്യാസ്ത്രീ-കന്യാപ്പെണ്ണ്.

കപടക്കാരൻ-പ. കള്ളമുള്ളവൻ. ഉ ചതിയൻ.

കപടം-വ്യാജം. ഒരു വസ്തുംഎന്നപോലെ ശിരസ്സിനെ മറയ്ക്കുന്നതെന്നർത്ഥം. കപടപ്രവൃത്തികൊണ്ടുള്ള ദുഷ്കീർത്തി കേൾക്കുള്ള കാലം മുഴുവൻ കാണരുതേ സാരം. ബ്രഹ്മാവിനെപ്പോലും മറയ്ക്കുന്നതു് എന്നുമാകാം. പര്യായങ്ങൾ-കപടം, വ്യാജം, ദംഭം, ഉപാധി, ഛദ്മം, വൈകൃതം, കൈതവം, കൗതി, നികൃതി, ശാഠ്യം.

കപടസൂത്രം-കള്ളക്കൊഴലം, ചതിക്കുന്നതിനുള്ള ഉപായം.

കപടസ്ഥൻ-കപടക്കാരൻ.

കപടി-വി. വ്യാജമുള്ള. [സ്ത്രീലിംഗം-കപടിനി.]

കപടേശ്വരി-വെളുത്തകണ്ടകാരി.

കപർദ്ദം-പ. ശിവന്റെ ജടാഭാരം. ശിരസ്സിനെ നിറയ്ക്കുന്നതു്, ഗംഗാജലംകൊണ്ടു ശുദ്ധമാക്കിച്ചെയ്യുന്നതു് എന്നിങ്ങനെ ശബ്ദാർത്ഥം. ഉ കവടി.

കപർദ്ദി-ശിവൻ, കപർദ്ദം എന്ന ജടയുള്ളവൻ.

കപർദ്ദികാ-കവടി.

കപാടഘ്നൻ-കള്ളൻ, മോഷ്ടാവു മുതലായവൻ.

കപാടം-കതക്, വാതിൽ. വായുവിനെപ്പോലും അകത്തു കടത്താതെയാണു്, കാറ്റു നിമിത്തം ശബ്ദിക്കുന്നതു്, ശിരസ്സിനെ പിടിക്കുന്നതു് എന്നിങ്ങനെ ശബ്ദാർത്ഥം. കവാടം, കവാടം, എന്നും കാണുന്നുണ്ടു്. മറ്റൊരു പര്യായം-അരം.

കപാടിനി-ചീഞ്ഞാമ്പുതാരം.

കപാടോദ്ഘാടനം-ക്രി. വാതിൽ തുറക്കുക, ഉ. താക്കോൽ.

കപാലപാണി-ശിവൻ.

കപാലഭൃത്ത്-ശിവൻ.

കപാലം-ക്ര. തലയോട്ട്. ശിരസ്സിനെ രക്ഷിക്കുന്നതെന്നർത്ഥം. മേറ്റാരുപയോഗം-കപ്പുരം. ഉ. പരന്ന അസ്ഥി. ന. ഭിക്ഷക്കാരന്റെ ഒരു മാതിരി പാത്രം. ഭ. ഒരു കടത്തിന്റെ പാതി.

കപാലമാലി-ശിവൻ.

കപാലമാലിനി-ദുർഗ്ഗ.

കപാലശിരസ്സ്-ശിവൻ.

കപാലി-ശിവൻ.

[ശ്രീപരമേശ്വരൻ തലയോടെടുത്തു് ഭിക്ഷയെന്നതിനുള്ള കാരണം താഴെ പ്രസ്താവിക്കുന്നു. ത്രൈലോക്യാധിപത്യത്തെപ്പറ്റി ഒരിക്കൽ ബ്രഹ്മാവും വിഷ്ണുവും പരസ്പരം വലുതായ വാദം തുടങ്ങി. അങ്ങിനെ വാദിച്ചുപോരുന്ന സന്ദർഭത്തിൽ അവരുടെ മദ്ധ്യേ ഒരു തേജസ്സു കാണപ്പെടുകയുണ്ടായി. ഉടനടി ഒരു അശരീരിവാക്കു് ഉണ്ടായിച്ചു. 'ഈ തേജസ്സിന്റെ അവസാനം ആരാണോ കണ്ടുപിടിക്കുന്നതു അവനത്രേ ത്രൈലോക്യാധിപതി' എന്നായിരുന്നു അശരീരിവാക്കിന്റെ താൽപര്യം. അനന്തരം ബ്രഹ്മാവു മേൽഭാഗത്തെയ്ക്കും വിഷ്ണു കീഴ്ഭാഗത്തെയ്ക്കും പുറപ്പെട്ടുന്നതിനു സമ്മതിച്ചു യാത്ര തുടങ്ങി. ഏറെക്കാലം കഴിഞ്ഞിട്ടും തേജസ്സിന്റെ അവസാനം കാണായ്കയാൽ വളരെ മനസ്സുമുട്ടി. ഇങ്ങിനെ ഇരിക്കെ ഒരു കേതകപ്പൂവ് ഉപരിഭാഗത്തുനിന്നും വരുന്നതു കണ്ടു് എവിടെ നിന്നു വരുന്നു എന്നു ബ്രഹ്മാവു ചോദിച്ചു. ഈ തേജസ്സിന്റെ അവസാനത്തിനുമുകളിൽനിന്നു വരുന്നു എന്നു് അതു് ഉത്തരം പറഞ്ഞതുകേട്ടിട്ടു് അവിടെ ചെല്ലുന്നതിനു മുമ്പിലും ഏതു ദൂരം പോകണമെന്നു ബ്രഹ്മാവുചോദിച്ചു ഞാൻ അവിടെ നിന്നു തിരിച്ചതിൽ പിന്നെ മുന്നൂറ്റാണ്ടുകൾ കഴിഞ്ഞിരിക്കുന്നു എന്നു പുഷ്പം മറുപടി പറകയുണ്ടായി ഇതു കേട്ടിട്ടു നിനക്കു് എന്റെ കരത്തിൽ ഇരിക്കുന്നതിനു മനസ്സുണ്ടോ എന്നു ബ്രഹ്മാവു ചോദിച്ചു. പുഷ്പസമ്മതമെന്നു പുഷ്പം ഉത്തരം പറഞ്ഞു. അവ്വണ്ണം സത്യം ചെയ്യണമെന്നു ബ്രഹ്മാവു അപേക്ഷിച്ചതനുസരിച്ചു കൈതപ്പൂവ് പ്രവർത്തിക്കയും അതിനെ ബ്രഹ്മാവു തന്റെ കരത്തിൽ വച്ചുകൊള്ളുകയും ചെയ്തു. അനന്തരം അദ്ദേഹം വിഷ്ണുവിന്റെ സമീപത്തിൽ ചെന്നുചേർന്നു. തേജസ്സിന്റെ അവസാനം കണ്ടുവോ എന്നു വിഷ്ണു ചോദിച്ചതിന് അതിന്റെ മൂലാവിധിരുന്ന പുഷ്പം ഇതാണെന്നു കൈതപ്പൂവിനെ ചൂണ്ടിക്കാണിച്ചു ബ്രഹ്മാവു പറഞ്ഞു. മൂലാവു കണ്ടുവോ എന്നു പിന്നും വിഷ്ണു സംബന്ധിച്ചു ചോദിച്ചു. ഉടൻ അഞ്ചുതലയുള്ളതിൽ ഒന്നുകൊണ്ടു കള്ളു കുടിച്ചു അനുസരിച്ചു. ഇതു കണ്ടു കൈയിലിരുന്ന പുഷ്പം രുദ്രാക്ഷമിപുണ്ടു കളുക്കിയ തലയെ ഉടൻ അറുത്തു. അനന്തരം 'നീ കപാലം (തലയോട്) എടുത്തു ഇരക്കുക' എന്നു ബ്രഹ്മാവു ശിവനെ ശപിച്ചു ഇതു മുതൽ ശിവനു കപാലി എന്ന പേരുണ്ടായി.

അധികം ഭേദമില്ലാത്ത മറ്റൊരു ഭിന്നപ്രായം.

അന്നു ശിരസ്സുണ്ടെല്ലാം ബ്രഹ്മാവിനു തുല്യം ഉണ്ടായിരുന്നു. പരമേശ്വരന്റെ ആദ്യവസാനം കാണ്മാൻ മഹിക്കൽ വരാഹരൂപത്തെ അവലംബിച്ചു പാതാളത്തോളവും വിഷ്ണു അധോലോകത്തോളവും, ഹംസരൂപവുമെടുത്തു ബ്രഹ്മാവു ശിരോമേൽഭാഗത്തോളവും ഉപരിഭാ

ത്തേക്കും തിരിച്ചു. ഇടക്കു ശിവന്റെ ശിരസ്സിൽനിന്നു കീഴ്പ്പെട്ടുവന്ന ഒരു പുമാലയെ ബ്രഹ്മാവു കണ്ടുകയുണ്ടായി. ഏവിടുന്നാണെന്നു ചോദിച്ചതിൽ അനേകകല്പാന്തങ്ങൾക്കു മുമ്പു പരമേശ്വരന്റെ ശിരസ്സിൽനിന്നു പോന്നതിന്റെ ശേഷവും ഇതുവരയ്ക്കുമേ വന്നെത്തുന്നതിനു സാധിച്ചുള്ളു എന്നു പുമാല പറയുന്നതു കേട്ടു. ബ്രഹ്മാവു തൽക്കാല്യം അസംഖ്യമെന്നുകരുതി മടങ്ങിപ്പോന്നു. അനന്തരം പാരം കാണാതെ വിഷ്ണുവും മടങ്ങി എത്തി. പിന്നീടു വിഷ്ണുവിനോടു 'ഞാൻ ശിവശിരസ്സു് കണ്ടു' എന്നു ബ്രഹ്മാവു കള്ളം പറകയാൽ കള്ളംപറഞ്ഞ ശിരസ്സിനെ ഉടൻ ശിവൻ അറുത്തു. അന്നുമുതൽ ബ്രഹ്മകപാലത്തെ ശിവൻ ധരിപ്പാനിടയായി. ബ്രഹ്മഹത്തിയെ മറച്ചുവെയ്ക്കുന്നതിനുവേണ്ടിയിട്ടാണ് ശിവൻ അതിനെ ധരിച്ചതു്.]

കപാലിക-ഫ. ഒരു മനോരോഗം.

[പല്ലുതേയ്ക്കായ്കകൊണ്ടു് അതിലെ മലം ഹേതുവായി ചരൽക്കല്ലുപോലെയുണ്ടാകുന്ന മനശ്ശർക്കര എന്ന രോഗം പല്ലുകളെ അല്പമായി പിളർക്കും. അതുകൊണ്ടു പല്ലുകൾക്കു നാശം വരും. ഇതത്രേ കപാലിക].

ഉ. പിച്ചകം.

കപി-ഫ. വാനരം, കരണ്ടു്. ഒരു മിക്കിലും ഉറച്ചുനില്ക്കുന്നതെന്നർത്ഥം പറയുന്നുണ്ടു്-കപി, പ്ലവംഗം, പ്ലവതം, ശാഖാമൃഗം, വലീമുഖം, മർക്കടം, വാനരം, കീശം, വനൌകസ്സു്. ഉ. അറബിക്കുന്തുരുക്കം, ന. രക്തചന്ദനം. ഭ. പന്നി. ള. നെല്ലി. ന്ത വലിയ ഉണ്ടു്. ഒ. അന്ന. വ. സൂര്യൻ. ൻ. വിഷ്ണു.

കപിക-ഫ. കടിഞ്ഞൂൽ. ഉ. നായിക്കൊരുണ. ന. കരിനൊച്ചി.

കപിക മതു-നായിക്കൊരുണ. കരണ്ടുന്നതിനു കടിക്കുടി ചൊരിക്കുന്ന ഹേതു എന്നർത്ഥം.

കപികന്ദുകം-തലയോടു്.

കപികേതനൻ-അർജ്ജുനൻ. [അർജ്ജുനന്റെ രഥത്തിൽ ഹനുമാനായതുകൊണ്ടു് ഈ പേരുണ്ടായി.]

കപികൂപം-ഫ. അമ്പഴം. ഉ. കല്ലാൽ. ന. വെള്ളത്തപ്പേരൽ.

കപിജം-അറബിക്കുന്തുരുക്കം.

കപിഞ്ജലം-ഫ ഒരുവക ചെമ്പൽപക്ഷി. ഉ. പിതാരിപ്പുള്ളു്.

കപിതൈലം-അറബിക്കുന്തുരുക്കം.

കപിധ്വജൻ-അർജ്ജുനൻ. [കപികേതനൻ നോക്കുക].

കപിത്ഥത്വക്കു്-ഏലാവാലുകം.

കപിത്ഥഫലിനി-വിളാമ്പശ.

കപിത്ഥം-ഫ. ഏലാവാലുകം. ഉ. വിളാമരം.

കപിനാമ, കപിനാമകം-അറബിക്കുന്തുരുക്കം.

കപിപിണ്ഡ്യാകം-കണ്ടിവെണ്ണ.

കപിപിപ്പലി-ചെറിയ കടലോടി.

കപിപ്രിയം-ഫ. വിളാർ. ഉ. അമ്പഴം. ന. പഴമുൺചാല.

കപിരഥൻ-ഫ. അർജ്ജുനൻ. ഉ. രാമൻ.

കപില-വി കരാൽനിറമുള്ള.

കപിപ്ലവ-നായിക്കൊരുണ.

കപിരോമ, കപിരോമഫല-നായിക്കൊരുണ.

കപിലഭൃതി-സൂക്ഷ്മൻ.

കപിലചന്ദനം-കപിലവർണ്ണമുള്ള ചന്ദനം. പര്യായം-രക്തചന്ദനം.

കപിലഗ്രാക്ഷി-വലിയ ഉന്തിരി.

കപിലധര-ശംഖാനഭി.

കപിലൻ-ഒരു മഹർഷി. കർദ്ദമ ദേവഹൂതിയിലുണ്ടായവൻ.

[ഇദ്ദേ മഹർഷി സഗരന്റെ അശ്വമേധയാഗത്തിനായിരം പുത്രന്മാരെ ദൃഷ്ടിയിൽ എരിച്ചു. സാംഖ്യദർശനം സ്ഥാപിച്ചതു് ഇദ്ദേഹമാണ്. ഇദ്ദേഹത്തിനു കപിലവാസുദേവൻ എന്നും പേരുണ്ടു്.]

കപിലപുരാണം – ഒരു ഉപപുരാണം [അഷ്ടാദശോപപുരാണം നോക്കുക.]

കപിലഫലാ–വലിയ മുന്തിരി.

കപിലം–പ. പിച്ചള. ഉ. അറബിക്കുന്തുരുക്കം. ന. നായ്.

കപിലർ–ഒരു ഒരു ബ്രാഹ്മണകവി.

[ഇദ്ദേഹം പാണ്ടിയിൽ തിരുവടവൂർ എന്ന ദേശത്തു ജനിച്ചു. മലയാളത്തിൽ വന്നു താമസിച്ചു. 'പൊയ്യാനക്കിക്കപിലർ' (പൊയ്യു് പറയാത്തവൻ) എന്ന തിരുപേർ നേടി].

കപിലലോഹം–നല്ല പിച്ചള.

കപിലവസ്തു–ശുദ്ധോദനന്റെ പ്രധാനനഗരം. [ശുദ്ധോദനൻ ഗൗതമബുദ്ധന്റെ പിതാവാണ്.]

കപിലശിംശപാ–ഇരുവുംമരം. [അല്പം മഞ്ഞനിറമുള്ളതു്.]

കപില–പ. അഗ്നിക്കോണിലെ ഗജമായ പുണ്ഡരീകന്റെ പിടി. കപിലവർണ്ണമുള്ളതെന്നർത്ഥം. ഉ. ഇരുമ്പു്. ന. അരണകം. ർ. കറവയുള്ള. ി. പശു. ു. നല്ല പിച്ചള. ൂ. അത്തിത്തിപ്പലി.

കപിലാക്ഷി–പ. ഒരു വക മാൻ. ഉ. അല്പം മഞ്ഞനിറമുള്ള ഇരുവുംമരം. ന. വെളുത്ത ചെറിയ വെള്ളരി.

കപിലൈലാ–അരണകം.

കപിലോമ–നായ്ക്കുരണ.

കപില്ലിക–അത്തിത്തിപ്പലി.

കപിലാഞ്ജനൻ–ശിവൻ.

കപിലാശ്വൻ–ഇന്ദ്രൻ.

കപിലോല–അരണകം.

കപിലോമഫല–നായ്ക്കുരണ.

കപിവക്ത്രൻ–നാരദൻ.

കപിവല്ലി–പ. അത്തിത്തിപ്പലി, കരങ്ങനെപ്പോലെയുള്ള(അരങ്ങാട്ടമിങ്ങോട്ടും) പടർന്ന) വള്ളി. ഉ. വലിയകടലാടി.

കപിവദാന്യം–അമ്പഴം.

കപിശ–വി. കറുപ്പോടുകൂടിയ ചെമപ്പു നിറമുള്ള.

കപിശം–പ. കറുപ്പും മഞ്ഞയും ചേർന്നനിറം (കരിവാളിപ്പു്) കപിശബുദ്ധിയെ ഇവിടെ നിറവിശേഷമെന്നർത്ഥം. വാനരവർണ്ണസദൃശമെന്നു ശബ്ദാർത്ഥം. മറ്റൊരുപയോഗം–ശ്യാവം. ഉ. കറുപ്പോടുകൂടിയ ചെമപ്പുനിറം, പാതിരിപ്പൂനിറം. ന. തവിട്ടുനിറം. ർ. സമ്പ്രാണി. ി. ഒരു വക മദ്യം. ു. അറബിക്കുന്തുരുക്കം.

കപിശാ(ശി)–പ. മാധവീലത. ഉ. ഒരു നദിയുടെ പേർ. ന. ഒരു വക മദ്യം.

കപിശാഞ്ജനൻ–ശിവൻ.

കപിശീക–ഒരു വക മദ്യം.

കപിശീർഷകം–ചായില്യം.

കപീകരീ–നായിക്കൊരണ.

കപീജ്യൻ–പ. രാമൻ. ഉ. സുഗ്രീവൻ.

കപീജ്യം–പഴമുൺപാല.

കപീതനം–പ അമ്പഴം. വാനരന്റെ നിറത്തോടു തുല്യമെന്നർത്ഥം. ഉ. കല്ലാൽ. ഇലത്തെ പീതനിറമാക്കുന്നു. ന. നെന്മനിവാക. ർ. പൂവരശു്. ി. കവുങ്ങു്. ു. ഇന്ത്യാലു്. ൂ. ക്രൗഞ്ചം. ൃ. അരയാൽ.

കപീന്ദ്രൻ–പ. സുഗ്രീവൻ. ഉ. ജാംബവാൻ. ന. ഹനുമാൻ.

കപീലു–പനച്ചി.

കപീഷ്ടം–പഴമുൺപാല. ഉ. വ്ലർമരം.

കപൂയ–വി. പ. ജാത്യാചാരകലർച്ചകളെ രക്ഷാർത്ഥം നിലനിർത്തപ്പെട്ട. [കർത്തവ്യമായി നടിക്കുന്നതു കപൂയം]. ഉ. നീചമായ, നിന്ദ്യമായ, താഴ്ന്ന.

കപോഡവാസം–ഒരുത്തരം പേരാൽ.

കപോണി-കൈമുട്ട് മടക്കുന്നതിനും നിവയ്ക്കുന്നതിനും പ്രയാസമില്ലാത്തതെന്നർത്ഥം. കഫോണി, കഫണി എന്നുമാകാമെന്നും കാണുന്നു. 'കഫോണികേഫണിർ പേയോഃ' (ശബ്ദാർണ്ണവം).

കപോതകം-പ്ര. പ്രാക്കുഞ്ഞ്. ഉ. സെവീരാഞ്ജനം.

കപോതചരണ-പവിഴക്കൊടി. മാടപ്രാവിന്റെ കാലിനു സദൃശമായ വേരുള്ളത് എന്നർത്ഥം.

കപോതനന്ദനം-അഞ്ജനക്കല്ല്.

കപോതപങ്കം-അടയ്ക്കാമണിയൻ.

കപോതപാലി(ളി), കപോതപാലി(ളി)ക-പ്ര. പ്രാവിൻപലക. ഉ. പ്രാക്കൂട്. മറ്റൊരുപര്യായം-വിടങ്കം.

കപോതാ-പ്ര. മാടപ്രാവ്. വായുവിന്റെ സഹായത്തോടുകൂടി പറക്കുന്നതെന്നർത്ഥം ഉ. കരുവിപ്പക്ഷി ന. താരതാവൽ. ര. കാട്ടുപ്രാവ്. ഇ. പൂരയുടെ ഉത്തരത്തിന്റെ താഴത്തു വെയ്ക്കുന്ന മരം.

കപോതയാമുനം-രസാഞ്ജനം.

കപോതവങ്ക-ബ്രഹ്മി.

കപോതവല്ലി, കപോതവല്ലിക-ചിറ്റരത്തം.

കപോതവാണ-പവിഴക്കൊടി.

കപോതവേഗ-ബ്രഹ്മി.

കപോതസമൂഹം-കപോതക്കൂട്ടം. പര്യായം-കപോതം.

കപോതാസ്യം-സ്രോതാഞ്ജനം.

കപോതാംഘ്രി-പ്ര. പവിഴക്കൊടി. ഉ. ഒരു വക മണമുള്ള ചെടി, മാഞ്ചി.

കപോതാഞ്ജനം-സ്രോതാഞ്ജനം.

കപോതാരി-പെരുമ്പരുന്ത്, പരുന്ത്.

കപോതി, കപോതിക-ചേരപ്രാവ്.

കപോലപാളി-കവിൾത്തടം.

കപോലഫലകം-കവിൾത്തടം.

കപോലം-കവിൾത്തടം. കോപം മുതലായവയിൽ വിറയ്ക്കുന്നത്, സുഖത്തിൽ അധികമാകുന്നതെന്നർത്ഥം. മറ്റൊരുപര്യായം-ഗണ്ഡം.

[കണ്ണിനു വളരെ അടുത്ത ഭാഗം കവിളും അതിനു കീഴ്ഭാഗം കപോലവുമാണെന്നു ചിലർക്കഭിപ്രായമുള്ളപ്രകാരം കാണുന്നു].

കപ്പ-കപ്പയാവണക്ക്. [രാമ എന്നുനോക്കുക].

കപ്പക്കിഴങ്ങ്-നട്ടുണ്ടാക്കുന്ന ഒരു വക കിഴങ്ങ്.

കപ്പട, കപ്പണ-കല്ലുവെട്ടാംകഴി.

കപ്പം-രാജാക്കന്മാർ ചക്രവർത്തികൾക്കു കൊടുക്കുന്ന കരം പര്യായങ്ങൾ-ഭോഗധേയം, കരം, ബലി.

കപ്പംകെട്ടുക-കപ്പംകൊടുക്കുക.

കപ്പൽ-പ്ര. സമുദ്രത്തിലേ വാഹനങ്ങളിൽ വെച്ചു വലുതായുള്ളതു്. ഉ. ഉരു. പര്യായങ്ങൾ-യാനപാത്രം, പോതം.



[കപ്പൽക്കച്ചവടക്കാരനു പര്യായങ്ങൾ സാംയാത്രികൻ, പോതവണിക് കപ്പൽക്കൂലിക്കു തുല്യം എന്നു പേർ.]

കപ്പൽച്ചക്ക-ഒരു മരത്തിൽ കൈകയിച്ചുണ്ടാകുന്ന കായ്, കൈതച്ചക്ക.

കപ്പൽച്ചരക്ക്-കപ്പലിൽ കൊണ്ടുവരുന്ന കച്ചവടവസ്തു.

കപ്പൽച്ചാൽ-കപ്പലോടുന്നതിനുള്ളവഴി.

കപ്പൽച്ചേതം-കപ്പലിന്റെ നാശം.

കപ്പൽപായ്-കപ്പലിന്റെ പായ്മരത്തിൽ കെട്ടുന്ന തുണിമരത്തിൽ പായ്.

കപ്പൽമാങ്ങ-കപ്പൽമാവിന്റെ കായ്.

കപ്പൽമാവ്-പാക്കിമാവ്.

കപ്പൽമുളക്-ഒരു വക വലിയ മുളക്, ചീനമുളക്.

കപ്പലണ്ടി-കപ്പൽമാങ്ങയിൽ ഉണ്ടാകുന്ന വിത്ത്, കപ്പങ്ങണ്ടി, പാകിങ്ങണ്ടി

കപ്പലോട്ടം കപ്പൽസഞ്ചാരം.

കപ്പളങ്ങ-കപ്പളത്തിന്റെ കായ്.

കപ്പള്ള-ഉറപ്പില്ലാത്ത ഒരു മാതിരി ചെറിയ വൃക്ഷം, കപ്പയാവണക്ക്.

കപ്പാരിക്കുക-വൃക്ഷണം ഉടയ്ക്കുക.

കപ്പി-തടിയും മറ്റും മുകളിൽ കയറ്റുന്നതിനു കയറിലിടുന്ന ഒരു യന്ത്രം.

കപ്പിത്താൻ - കപ്പലിലെ കായ്സ്ഥൻ. [പോർട്ടുഗീസ് ഭാഷ].

കപ്പിയാത്ത്-പള്ളിയിലെ ഒരു വേലക്കാരൻ.

കപ്പിയോളം-അറ്റം വരെ. (പ-മ).

കപ്പ്-ഗ. കൈകൂട്ടാതെ വായ്കൊണ്ടു കമ്മുക. ഉ. പട്ടിയെപ്പോലെതിന്നുക. നാ. കവരം.

കപ്പുക-കൈയുടെ സഹായംകൂടാതെ കമ്മിത്തിന്നുക.

കപടകാലം-കഫം വർദ്ധിക്കുന്ന സമയം.

കപടക്രുഷ്ടിക-ഉമിനീർ.

കപടപ്പുഴി-ചെറിയ അടയ്ക്കാമണിയൻ.

കപടണി-കൈമുട്ട്. [കപോണി എന്നതു നോക്കുക].

കപടം-ത്രിദോഷങ്ങളിൽ ഒന്ന്, ശ്ലേഷ്മം. വെള്ളം കുടികൊണ്ടു വർദ്ധിക്കുന്നതു്, പറഞ്ഞുചെയ്യുന്നതു് എന്നിങ്ങനെ ശബ്ദാർത്ഥം.

[ശ്ലേഷ്മണൻ, ശ്ലേഷ്മാൻ, കഫി ഇവയുമെല്ലാം കഫരോഗിയുടെ പേർ].

കപടവർദ്ധനം-മലകരം.

കപടവിരോധി-മുളക്.

കപടവിരം-കൈകുപ്പൻപടവലം.

കപടാന്തകം-മുള്ളങ്കി. ഉ. രണ്ടുവേലം.

കപടാരി-ചുക്ക്.

കപടി-വി. ഗ. ശ്ലേഷ്മിയുള്ള. ഉ. കാരുള്ള. നാ. കഫരോഗമുള്ള.

കപടി-കഫരോഗമുള്ളവൻ.

കപടിലു-ശ്ലേഷ്മിയുള്ള, ഉ. കഫമുള്ള.

കപടിലു(ലൂ)-നാവരി.

കപോണി-കൈമുട്ട്. [കപടണി എന്നതു നോക്കുക].

കബന്ധൻ-ഭയങ്കരനും വിരൂപിയുമായ ഒരു രാക്ഷസൻ.

[ശ്രീരാമലക്ഷ്മണന്മാർ വനവാസത്തിൽ സീതാന്വേഷണംചെയ്യും മാർഗ്ഗേ ഈ രാക്ഷസനെ കാണുകയുണ്ടായി. 'വക്ഷസിവദനവും യോജനബാഹുക്കളും ചക്ഷുരാദികളുമില്ലെന്തൊരു സത്വമിതു? പക്ഷിയുംമൃഗവുമല്ലുരുവുംചിത്രംചിത്രം വക്ഷസിവക്ത്രംകാലും തലയുമില്ലതാനും' ഈ രാക്ഷസന്റെ കൈകൈകളകപ്പെടുകയാൽ വലതുകൈ രാമചന്ദ്രനും, ഇടതുകൈ ലക്ഷ്മണനും മുറിച്ചു. അനന്തരം വൃത്താന്തമെല്ലാം കബന്ധനെ അറിയിക്കയാൽ അവൻ സന്തുഷ്ടചിത്തനായി താൻ ഒരു ഗന്ധർവ്വനാണെന്നും അഷ്ടാവക്രമുനിയുടെ ശാപംനിമിത്തം രാക്ഷസനായി എന്നും ഇന്ദ്രൻ വജ്രായുധംകൊണ്ടു ശിരസ്സു മുറിക്കുകയാൽ ഈ രൂപത്തിലായി എന്നും ശാപമോക്ഷം ഇതാ സിദ്ധിച്ചു എന്നും ഉണർത്തിച്ചു. പിന്നീടു കബന്ധനെ അവർ ദഹിപ്പിച്ചു. ഗന്ധർവ്വൻ രാമനെ സ്തുതിച്ചു മടങ്ങി. കബന്ധനു 'ദനു' എന്നും പേരുണ്ടു്. കബന്ധനു വയറിൽ ഒരു കണ്ണുകൂടിയുണ്ടെന്നു അഭിപ്രായം കാണുന്നു.]

ഉ. രാക്ഷ.

കബന്ധനൃത്തം-കബന്ധം തുള്ളുക.

കബന്ധം-ഗ. ജലം. സ്വന്തം വിട്ടുകളയാതെ ബന്ധിച്ചുനിറുത്തുന്നതെന്നർത്ഥം. ഉ. നൃത്തംചെയ്യുന്നതും തലപോയതുമായ ഉടൽ. പ്രാണൻ കേവലം പോയിട്ടില്ലാത്തതു് (വായു ബന്ധിച്ചിരിക്കുന്നതു്) എന്നർത്ഥം.

[തലപോയാൽ ഉടലിൽ കറുപ്പുസമയത്തേക്കു പ്രാണശേഷം നിലനിന്നതുകൊണ്ടു് ഉടൽ തുള്ളും. അതത്രേ കബന്ധം].

സ. വയവ്. ര. മേഘം. ഇ. വാൽനക്ഷത്രം.

കബര-അട്ടനാറിവേള.

കബരി-പ. കെട്ടിവെച്ച തലമുടി. ശിരസ്സിനെ മറയ്ക്കുന്നതെന്നർത്ഥം. ഇതു വകഭേദിയായി കെട്ടിവെച്ച തലമുടിയുടെ പേരാണ്. മറ്റൊരുപയോഗം-കേശവേശം. പ. അട്ടനാറിവേള. കേശത്തോട് തുല്യം എന്നർത്ഥം. സ. കായമുണ്ടാകുന്ന മരം, കായമുണ്ടാകുന്ന മരത്തിന്റെ ഇല. തലമുടിയുടെ സാദൃശ്യം (ഏതൊരുപമാകാരണമാ) ഉള്ളതുകൊണ്ട്. ര. കബരിമാൻ. ഇ. അരേണുകം. ണ. കറിക്കായം. ഒ. നായർവെണ്ണ, ഒരു മരത്തിന്റെ ചെടി, വ. ഒരു വൃത്തം. (അനുഷ്ടുപ് ഛന്ദസ്സിൽപെട്ടതു്).

'തംജംലഷ്ടുംകബരി' (വൃത്തമഞ്ജരി)

കബരീഭരം-കേശഭാരം.

'ദൃഷ്ടനായതവാത്മജൻദ്രുപദാത്മജാകബരീഭരം' (പതിനാലുവൃത്തം)

കബളക്കാരൻ-ചതിയൻ.

കബളം-പ. ഉരു(റു)ള. വെള്ളത്തോടുകൂട്ടുമ്പോൾ തൃപ്തിയെ ചെയ്യുന്നതെന്നർത്ഥം. മറ്റൊരുപയോഗം-ഗ്രാസം. പ. (മലയാളം) വ്യാജം, ചതി.

'കബളമതുതൊരുവരോടും' (ശിവപുരാണം)

കബളിക്കുക-പ. ഉരുട്ടുക പ. കളിപ്പിക്കുക. സ. വിഴുങ്ങുക. ര. ചതിക്കുക.

കബളിത-വി. വിഴുങ്ങപ്പെട്ട.

കബളിപ്പിക്ക-ചതിക്കുക.

കബളീകരിക്ക-മയക്കുക.

കബിത്ഥം-വിളർമരം. വാനരന്മാർ ഇരിക്കുന്നിടം എന്നർത്ഥം.

കബിലേസ്സ്, കവിലിയസ്സ്-വിശേഷിച്ചിവസങ്ങളിൽവെടിവെയ്ക്കുന്നതോക്ക്.

കബുകം-കവുങ്ങ്.

കം-പ. സന്തോഷം. പ. ജലം. സ. കെട്ട്, മുടിച്ചി. ര. മയിൽ. ഇ. ബുദ്ധി. ണ. ശരീരം. ഒ. സമയം. വ. ശിരസ്സ്. ൻ. വാള്. ഫം. മേഘം. ഫപ. വാക്ക്, ശബ്ദം. ഫമ. പ്രകാശം, കാന്തി. ഫസ. ധനം. ഫര. ഇഷ്ടപ്പെടുന്നത്. ഫഭം കടൽ. ഫന കയിൽ. ഫഭ എരിക്ക്. ഫവ. കൊടുവേലി.

കമ-പ. അഴക്. പ. സ്നേഹം, പ്രേമം.

കമട്ടി-ധൂർത്തിക്കുട്ടി, പരിഭ്രമിപ്പിച്ചു.

കമഠം-പ. ആമ. ജലത്തിൽ വസിക്കുന്നതെന്നർത്ഥം. മറ്റൊരുപയോഗം-ക്രൂരം, കപടം. പ. ഈന്തിൽ. സ മുള.

കമഠി-പെണ്ണാമ.

കമണ്ഡലു-പ കിണ്ടി, വ്രതികളുടെ ജലപാത്രം. കം=ജലം. മണ്ഡം=സാരം നല്ല ജലത്തെ സ്വീകരിക്കുന്നതെന്നർത്ഥം പ. ഇത്തിയാല്. സ. കല്ലാല്.

കമണ്ഡലുതരു-ഇത്തിയാല്.

കമണ്ഡലുധരൻ-ഇത്തിയാല്.

കമഠനാഥ-ചിത്രകൂടത്തിലെ ഒരു മല.

[ഇവിടെ യശ്രുക്കൾ അധികം പോകാറുണ്ട്. ഇതിന്റെ ഒരു കൊടുമുടിയിൽ ശ്രീരാമൻ പാന്ഥീരാണ്ട രുപസ്ഥചെയ്ത എന്നു പുരാണവേദികൾ പറയുന്നു. ഈ പർവ്വതം സാമാന്യം പൊക്കമുള്ളതെന്നയാണ്. ഇതിനു ചുറ്റും ചെറുവൃക്ഷങ്ങൾ ചെറുതും വലുതുമായി അനേകം കെട്ടിടങ്ങളുമുണ്ട്. അജയഗഢം, പന്നാ എന്നീ നാട്ടിലെ രാജാക്കന്മാരാണ് ഈ കെട്ടിടങ്ങളും കെട്ടിച്ചതു്. ഇതിനു ഒഴിഞ്ഞ ഒരു ഭാഗത്തു പ്രത്യേകം ഒരു കൊടുമുടിയുണ്ട്. ഇവിടെയാണൊരു ലക്ഷ്മണൻ താമസിച്ചിരുന്നതു്. ആത്മപോക്കിണി ഫാൻറ്റ കക്കിടകം].

കമന-വി. പ. കാമിക്കുന്ന ശീലമുള്ള, പ. രസജ്ഞതയുള്ള.

കമനച്ഛദ-കണ്ണപക്കി.

കമനൻ-പ്ര ബ്രഹ്മാവ്. ര. കാമദേവൻ ന. കാമുകൻ. ര. അനുഗ്രഹം ഏറിയവൻ.

കമനം-അശോകവൃക്ഷം.

കമനി-സൌന്ദര്യമുള്ള സ്ത്രീ.

കമനീയ-വി. പ. ഇഷ്ടിക്കേണ്ടതായ. ര. മനോഹരമായ.

കമനീയത-പ. ഭംഗി. ര. സൌന്ദര്യം.

കമനീയം-പ. ചെമ്പകം. ര. ഒരു വൃത്തം, അഷ്ടിഛന്ദസ്സിൽപെട്ടത്. [പാദം ഒന്നിൽ പന്ത്രണ്ടക്ഷരം വീതം കാണും.]

'കമനീയമതാംസഗണങ്ങളെരു
രഞ്ചൊടുവിൽഗം'

(വൃത്തമഞ്ജരി)

കമന്ധം-ഒഴുക്കം. [കബന്ധത്തിന്റെ പാഠഭേദം.]

കമര-വി. അനുഗ്രഹമുള്ള.

കമക്കുക-ചവയ്ക്കുക.

കമർപ്പ്-ചവയ്പ്.

കമല-വി. താൽപര്യമുള്ള.

കമല-പ. ലക്ഷ്മി. താമരപ്പൂപ്പുരുഷനുള്ളവൾ, ഇഷ്ടിക്കപ്പെടുന്നവൾ എന്നർത്ഥം. ര. ഉത്തമസ്ത്രീ. ന. ദമയന്തിയുടെ ഒരു സഖി.

കമലകം-ചെറിയ താമര.

കമലജൻ-ബ്രഹ്മാവ്. താമരപ്പൂവിൽനിന്നുണ്ടായവൻ എന്നർത്ഥം.

കമലജന്മാവ്-ബ്രഹ്മാവ്.

കമലദിവാകരം-ഒരു വൃത്തം. ആകൃതിഛന്ദസ്സിൽ പെട്ടത്. പാദം ഒന്നിൽ പന്ത്രണ്ടക്ഷരം വീതം കാണും.

'കമലദിവാകരമിഹനജനംസനനമ
ഗുരവേശേവന്നാൽ'

(വൃത്തമഞ്ജരി)

കമലബന്ധു-ആദിത്യൻ. ര. എരിക്ക്.

കമലബീജം-താമരക്കുരു.

കമലഭവൻ-ബ്രഹ്മാവ്.

കമലഭൂവ്-ബ്രഹ്മാവ്.

കമലം-പ ജലം, മറഞ്ഞിരുന്നവർ ആഗ്രഹിക്കുന്നത്. ര. താമര. ജലത്തെ അലങ്കരിക്കുന്നതെന്നർത്ഥം. ന. മാൻ. ഇഷ്ടിക്കപ്പെടുന്നതെന്നർത്ഥം. ര. ചെമ്പ്. ഇ. ഇരുവേലി. ന്യ. താമരവളയം. ഒ. വണ്ടാരംകോഴി.

കമലയോനി-ബ്രഹ്മാവ്. കമലം (താമരപ്പൂവ്) ജനനസ്ഥാനമായുള്ളവൻ.

കമലലോചനം-പ. താമരക്കണ്ണ്. ര. ചെങ്കീരി.

കമലാകരം-പ. താമരപ്പൊയ്ക. ര. താമരക്കൂട്ടം. ന. ഒരു വൃത്തം. ശകലീഛന്ദസ്സിൽപെട്ടത്. പാദം ഒന്നിൽ പത്ത് അക്ഷരംവീതം കാണും.

'നനഭസേകമലാകരമിഹലം ലഘു'

(വൃത്തമഞ്ജരി)

കമലാക്ഷൻ-പ. വിഷ്ണു. ര. താമരക്കണ്ണൻ, താമരപോലെ കണ്ണുള്ളവൻ, സുന്ദരൻ.

കമലാക്ഷം-പ. താമരക്കണ്ണ്. ര. ഒരു വൃത്തം. അതിധൃതിഛന്ദസ്സിൽ പെട്ടത്. പാദം ഒന്നിൽ അക്ഷരം പന്ത്രണ്ട് വീതം കാണും.

'വൃത്തമതുണ്ടാം കമലാക്ഷാഖ്യം ഭര-
യഭസംസഗമോത്താൽ'

(വൃത്തമഞ്ജരി)

കമലാഗ്നി-ചില പൂടകൃയകളിൽ താമരപ്പൂവിന്റെ വലിപ്പത്തിൽ കത്തിക്കുന്ന തീയ്.

കമലാപതി-വിഷ്ണു.

കമലാലയ-ലക്ഷ്മി. കമലം (താമര) ആലയം (വേനം) ആയുള്ളവൾ.

കമലാവരൻ-വിഷ്ണു. ലക്ഷ്മിയുടെ ഭർത്താവെന്നർത്ഥം.

കമലാസഖി-വിഷ്ണു.

കമലാസനൻ-ബ്രഹ്മാവ്. താമരപ്പൂവിലിരിക്കുന്നവൻ എന്നർത്ഥം.

കമലിനി-താമരപ്പെണ്ണു.

കമലേക്ഷണൻ-വിഷ്ണു. താമരക്കണ്ണൻ എന്നർത്ഥം.

കമലോത്തരം-കുങ്കുമത്തിന്റെ (കുങ്കുമിന്റെ) പൂവ്. താമരപ്പൂവിനെക്കാൾ അധികം ശോഭയുള്ളതെന്നർത്ഥം. കമലോത്തരം എന്നതിനെ 'ചപ്പങ്ങം' എന്നും പറയുന്നു

കമലോത്ഭവൻ-ബ്രഹ്മാവ്. താമരയിൽ നിന്നും ഉത്ഭവിച്ചവൻ എന്നർത്ഥം.

കമലോത്ഭവരാജസ്സ്-താമരയല്ലി.

കമാൻ-ആഗ്രഹം, വയ്പ്. [പെർഷ്യൻഭാഷയാണ്.]

കമിതാവ്-പ. കാമുകൻ, കാമമുള്ളവൻ ഉ. ഭർത്താവ്.

കമിതൃ-വി. കാമശീലമുള്ള

കമിതൃി-കാമമുള്ളവൾ.

കമിഴ്ത്തുക-മറിക്കുക, മറിച്ചുവയ്ക്കുക ഉ-ം, കൂടം കമിഴ്ത്തുന്നു.

കമുകു്, കമുങ്ങു്, കവുങ്ങു്-അടയ്ക്കാമരം. [അടയ്ക്ക എന്നതു നോക്കുക.]

കമ്പ-പ. രണ്ടു പലക ഒന്നായി ചേർക്കുമ്പോൾ-കതകിലും മറ്റും-വെച്ചുപിടിപ്പിക്കുന്ന മരക്കഷണം ഉ. ഒരുവകവിളവ്

[കമ്പ വരണ്ട നിലങ്ങളിൽ പയറു്, പരുത്തി ഇവയോടുകൂടി കലർന്നു സംഘാരണ വിതയ്ക്കുന്നു. കനംകുറഞ്ഞ മണ്ണിലാണു കൃഷിചെയ്യുന്നതു്. മഴപെയ്താൽ ഉടൻ വിതയ്ക്കുന്നതു പതിവാണ്. ഇതിൽനിന്നു വളരെ ഉപയോഗമുള്ള ഒരു അരിയുണ്ടാകുന്നു. വിളവിനു് അധികം മൂപ്പുചെന്നതിനുമേൽ വയ്ക്കോൽ അരിയുന്നതുനിമിത്തം അതു് അധികം പതമായും ഉറപ്പുള്ളതുമായിത്തീരുന്നു. അതു സാധാരണ ഉപയോഗിക്കുന്നതു വിട്ടമേയുവാനാണ്.]

കമ്പക്കുട്ടുക-ഒരു പുസ്തകം വായിച്ചുതീർക്കുക.

കമ്പക്കളി-കയറിന്മേൽ കേറിയുള്ള കളി.

കമ്പക്കാൽ-പടർക്കുന്നതിനു വെച്ചുകെട്ടിവെക്കുന്നതിനായി നാട്ടുന്ന മുണ്ട്.

കമ്പക്കുഴുത്തു-കമ്പക്കളി.

കമ്പക്കുത്താടി-കമ്പക്കളിക്കാരൻ.

കമ്പഞ്ചോളം-ഒരുവക വിളവു്.

[ഭക്ഷണത്തിനു നല്ല ഒരു അരിയാണ്. കാഴ്ചക്കു തീരെ നന്നു്.]

കമ്പനം-വി. ഇളക്കമുള്ള.

കമ്പനം-പ. ഇളക്കം, വിറയൽ. ഉ. ശിരസ്സിന്റെ. ന. (മലയാളം) അടിവയറു വീർക്കുക. ർ. ഒരുമാതിരി പനി, സന്നിപാതം.

കമ്പാ-പ. ഇളക്കം, അനക്കം. ഉ. ഭയം. ന. തുണ് ർ. വിറയൽ. ൽ. കമ്പക്കളിക്കാർ നാട്ടുന്ന മുള, കമ്പക്കാൽ. ന. കമ്പവെടി. ൾ. സംശയം. വ. അസംബന്ധം. കമ്പാ=ഇളക്കം. വിറയൽ എന്നതിനുച്ചാരണഭേദം-വേപഥു.

കമ്പാകെട്ട്-പ. കവടിക്കെട്ട്. ഉ. ഒരു മന്ത്രിരീതിയും. നാരങ്ങപ്പോലെ ഒരുവനെ നേരിടുക.

കമ്പാപൊട്ടിക്കുക-വല്ലതും വിളിച്ചുപറയുക. [ശൈലി-ഗ്രാമ്യം.]

കമ്പവെടി-കമ്പക്കാൽ നാട്ടിയതിൽ പടർക്കംവെച്ചുകെട്ടി തീകത്തിച്ചുണ്ടാക്കുന്ന വെടി.

കമ്പളം-കരമ്പടം.

കമ്പാ-ഇളക്കം, അനക്കം.

കമ്പാകം-കാറ്റ്.

കമ്പാവു്-പ. വലിയ കാറ്റ്. ഉ. തടി പൊക്കുന്നതിനുള്ള കാപ്പാവു്. (രണ്ടു മുളയോ മറ്റോ കൂട്ടി കുത്തിപ്പൊക്കെട്ടിയതു്.)

കമ്പി-പ. ലോഹങ്ങൾകൊണ്ടുള്ള നൂൽ. ഉ. വീണയുടെ കമ്പി. ന. ചോഴംകെട്ടി. ർ. കമ്പിത്തപ്പേം കൂടിക്കയ്യോടും രണ്ടു

ചുക്കിണിയും ഓറയായി വീഴുമ്പോൾ പറയുന്ന പേർ.

കമ്പികളിക്ക-ക്രി. ചതിയിൽ പെടുക. ഉ. ബുദ്ധിമോശമാകുക.

കമ്പിക്കുക-ക്രി. വിറയ്ക്കുക. ഉ. വയറു വീർക്കുക.

കമ്പിത-വി. ഇളക്കപ്പെട്ട, ഇളകുന്ന, ഇളകിയ.

കമ്പിതം-ഇളക്കം, ഇളകിയതു്.

കമ്പിത്തായം-ചുക്കിണിയും മൂലംകൊണ്ടുള്ള ഒരുമാതിരി കളി.

കമ്പിനീട്ടുക-വേഗത്തിൽ പുറപ്പെടുക. [ദേശി-ഗ്രാമ്യം.]

കമ്പിപിണയ്ക്ക-ചതിയ്ക്ക.

കമ്പിപ്പാല-പാലുള്ള ഒരുവക ചെറിയ മരം. പര്യായങ്ങൾ-കമ്പില്യം, കർക്കശം, ചന്ദ്രം, രുക്മാംഗം, രോചനി.

[ഇതു വിരേചനദ്രവ്യമാണ്. വീര്യം ഉഷ്ണമാകുന്നു. വ്രണം, വിബന്ധം, കൃമി രോഗം, കഫാരോഗം, ഗുന്മം, മഹോദരം, മേൽവയറുവീർപ്പ് ഇവയെ നശിപ്പിക്കും. മാത്രയും ബലരോഗവും കണ്ടറിഞ്ഞു ഉപയോഗിച്ചാൽ അത്യത്ഭുതമാകുന്നു.]

കമ്പിയച്ചു-കമ്പിവലിച്ചു നീട്ടുവാൻ ഉള്ള ഇരുമ്പുസാധനം.

കമ്പില്യ(ക)ം-കമ്പിപ്പാല. കറുപ്പുള്ളതു്.

കമ്പിവലിക്ക-കമ്പിയെ നീട്ടുക.

കമ്പിളി-ആട്ടുരോമംകൊണ്ടുള്ള വസ്ത്രം, കരിമ്പടം പര്യായങ്ങൾ രല്ലകം; കാമ്പലകം.

"കമ്പിളി എന്നതു കിടപ്പുപായും പുതപ്പുമായും ഉപയോഗിച്ചുവരുന്ന ഒരു സാധനമാകുന്നു. ഇതു ധനികന്മാർക്കു പരിചയം കൊണ്ടുകിലും അറിവുണ്ടായിരിക്കും. കമ്പിളി ചില മൃഗങ്ങളുടെ രോമങ്ങളെ കൊണ്ടാകുന്നു ഉണ്ടാക്കുന്നതു്. ഉണ്ടാകുന്നതും അങ്ങിനെതന്നെയാകുന്നു പക്ഷേ ചിലർ ലാഭത്തിനുമാത്രം കരുതി ഉള്ളിൽ പഞ്ഞിയായി ഉപയോഗിക്കുന്ന പതിവായി. ഇതു നോക്കാതെ പഴയവിലയും കൊടുത്തു ചിലർ കമ്പിളി വാങ്ങാറുണ്ടു്. ഇമ്മാതിരി കിണ്ടത്തം പിണയുന്നവരുടെ കായ്ത്തപറ്റി പായുമ്പോൾ 'അവരുടെ കായ്ം കമ്പിളിരോമം' എന്നിപ്പോലും അഭിപ്രായപ്പെടുന്നു."

കമ്പിളിക്കെട്ടു്-മാറാപ്പു്.

കമ്പിളിപ്പഴം-പട്ടുനൂലുണ്ടാക്കുന്ന പുഴുക്കൾക്കു് ഇല ഭക്ഷണമായി കൊടുക്കുന്നതിനും മറ്റുമുള്ള ഒരുവക വൃക്ഷം.

കമ്പിളിപ്പുഴു-ഒരുമാതിരി രോമമുള്ളപുഴു.

കമ്പിളിപ്പൂച്ചി-ഒരുമാതിരി രോമമുള്ള പുഴു.

കമ്പിളിമാറാപ്പു്-പാണ്ഡന്റെ (വഴിപോക്കന്റെ) ഭാണ്ഡം.

കമ്പിളിയാടു്-രോമത്തിനു നീളമുള്ള ഒരുമാതിരി ആടു്.

കമ്പു്-ക്രി. വടി. ഉ. വൃക്ഷത്തിന്റെ കൊമ്പു്. നു. മുള മുതലായവയുടെ മുട്ടു്. ര. ഗ്രഹത്തിന്റെ പിടി, പൂട്ടുകയു്.

കമ്പൂക്കുലുക്കി-ഒരു ചെടി, കപ്പുമനി.

കമ്പോളം-പലവക കച്ചവടമുള്ളസ്ഥലം.

കമ്പ്ര-വി. ഇളക്കമുള്ള.

കംബരം-വി. പലനിറമുള്ള.

കംബലം-വെള്ളം.

കംബളം(ക)ം-കമ്പിളി.

കംബളം-ക്രി. കർമ്പടം, കമ്പിളി, പുതപ്പു്. ശീതകാലങ്ങളിൽ സഞ്ചാരത്തിനു് ഇതിന്റെ സഹായം അവശ്യമുള്ളതുനിമിത്തം ഈ പേർ സിദ്ധിച്ചു. കസ്തിരം കംബളം, മുറിച്ചപ്പെടുന്നതു് എന്നർത്ഥമാകാം. ഉ. രാട. നു. പായു്.

കംബി–ദ്ര. തവി, ചട്ടകം, കരണ്ടി മുതലായതിനുള്ള പേർ. ആഗ്രഹിക്കപ്പെട്ടന്നതെന്നർത്ഥം. ഉ. മുളയുടെ കംബ്.

കംബു–ദ്ര. ശംഖ്. ജനങ്ങൾ ആഗ്രഹിക്കുന്നതു് ഏതും സുഖത്തെ അർത്ഥിക്കുന്നവരാൽ ഇച്ഛിക്കപ്പെടുന്നതു് ഏതും അർത്ഥമാകാം. മറെറാരുപയ്യായം–ശാഖം. ഉ. കൈവള. ഗമിക്കുന്നതെന്നർത്ഥം. ന. ആന. ര. കഴുത്തു്. ള. പല നിറം. ന. വേഴൽ. ഒ. കാളിലാലം. വ. കക്കാൻ. കൊള്ളുക്കാരൻ.

[കംബു എന്നതു ശംഖജന്തുവാണ്. നാം മംഗളോചനിക്കും മറും ഉപയോഗിക്കുന്ന ശംഖ് ഈ ജലജന്തുവിന്റെ അസ്ഥിയാകുന്നു.]

കംബു–വി. പലനിറമുള്ള.

കംബുക, കംബുകാഷ്ഠ–അമുക്കിരം.

കംബുകണ്ഠി–ശംഖിനോടു തുല്യമായ കഴുത്തുള്ളവൾ.

കംബുകൻ–നിന്ദ്യൻ.

കംബുകാ–കവുങ്ങ്.

കംബുഗ്രീവ–മൂന്നു രേഖയോടുകൂടിയ കഴുത്തു്.

[സാമുദ്രികശാസ്ത്രപ്രകാരം ഇതു് ഉത്തമന്മാർക്കു മാത്രം ഉണ്ടാകുന്നതിനാൽ ഇതു മഹാഭാഗ്യവാന്റെ ഒരു ലക്ഷണമാകുന്നു.]

കംബുപുഷ്പി–ശംഖപുഷ്പി.

കംബുമാലിനി–ശംഖപുഷ്പി.

കംബോജം–ശംഖ്.

കംഭാരി–കമിഴ്.

കംള–രാമച്ചം.

കമ്മട്ടം–നേരമ്പോക്ക്.

'കമ്മട്ടമല്ലീവുലെന്റെ കളിയെന്നിട്ടുകയറച്ചമട്ടിനും വെച്ചിട്ടനായുധത്വം സത്യം'

(കാലവൃത്തം)

കമ്മട്ടി–കളവാക്ക്.

കമ്മട്ടിവള്ളി–ഒരുമാതിരി വള്ളി.

കമ്മട്ടം, കമ്മിട്ടം–നാണയങ്ങൾ അടിക്കുന്ന സ്ഥലം.

കമ്മട്ടമടി–നാണയമുണ്ടാക്കുക.

കമ്മൻ–ദ്ര. പോരാളി, യോദ്ധാവു്. ഉ. പണിക്കാരൻ. ന. അസുരൻ. ര. ബല മുള്ളവൻ.

കമ്മം, കൈമം–ദ്ര. ജ്യോതിഷത്തിൽ ഒരു പ്രധാനഭാഗം, കർത്തവ്യം. ഉ. കമ്മാളന്മാർ നായന്മാരെ എല്ലാവരേയും പറയുന്ന ബഹുമാനപ്പേർ.

കമ്മാട്ടി–കമ്മാളസ്ത്രീ.

കമ്മാരൻ–കൊല്ലൻ. [സംസ്കൃതത്തിൽ കർമ്മാരൻ.]

കമ്മാളൻ–ആശാരി, മൂശാരി, കൊല്ലൻ, തട്ടാൻ.

കമ്മി–നഷ്ടം.

കമ്മുക–കപ്പുക.

കമ്മുക്കം–ദുഷ്പ്രഭാവം, ഡംഭം.

കമ്ര–വി. ദ്ര. മനോഹരമായ. ഉ. കാമമുള്ള. ന. ആഗ്രഹമുള്ള.

കമ്രൻ–കാമുകൻ.

കംരം–ഒട്ടകപ്പാൽ.

കംസകം–മണിവാക്കുന്ന ലോഹം, രവള്ളോട്.

കംസകാരൻ–ഓട്ടുപാത്രപ്പണിക്കാരൻ.

കംസദ്വിട്ട്, കംസാരി, കംസാരാതി–കൃഷ്ണൻ.

കംസൻ–പണ്ടു മഥുരയിൽ ഉണ്ടായിരുന്ന ഒരു രാജാവു്.

[കൃഷ്ണന്റെ അമ്മയായ ദേവകിയുടെ സഹോദരൻ, (ശ്രീകൃഷ്ണന്റെ അമ്മാവൻ) ഉഗ്രസേനന്റെ പുത്രൻ. കംസൻ അംശംകൊണ്ടു് അസുരനായ കാലനേമിയാണു്. അച്ഛനെ സ്ഥാനഭ്രഷ്ടനാക്കി താൻ രാജ്യം വാണു. സഹോദരിയായ ദേവകിയെ വസുദേവൻ വിവാഹം ചെ

യ്ത രഥം കയറിയപ്പോൾ കംസനായിരു ന്ന തേർതെളിച്ചു്. മാർഗ്ഗമദ്ധ്യേ 'ദേ വകിയുടെ എട്ടാമത്തെ ശിശു, കംസാ! നിന്റെ അന്തകനാകുന്നു' എന്നു് ഒരു അശരീരിവാക്യമുണ്ടായി ഉടൻ കംസൻ ദേവകിയെ കൊല്ലുന്നതിനു മുതിർന്നു വസുദേവൻ സമാധാനപ്പെടുത്തി. അപ്പഴപ്പോൾ ദേവകി പ്രസവിക്കുന്ന കുട്ടികളെ കംസനെ ഏൽപ്പിച്ചുകൊള്ളാമെന്നും ഇഷ്ടംപോലെ ചെയ്തുകൊള്ളുന്നതു സമ്മതമാണെന്നും പറഞ്ഞതിനാലാണു് കംസൻ സമാധാനപ്പെട്ടതു്. അനന്തരം ദേവകിയേയും വസുദേവനേയും ബന്ധനത്തിലാക്കി. ദേവകി പ്രസവിച്ച ആറു കുട്ടികളെ കംസൻ കൊല്ലുകയുണ്ടായി പിന്നീടു ഏഴാമതു ഗർഭം ധരിച്ചു. മായ ഈ ശർഭത്തെ വസുദേവന്റെ മറ്റൊരു പത്നിയായ രോഹിണിയിലാക്കി ഇപ്രകാരം ബലരാമൻ ജനിച്ചു. എട്ടാമതും ദേവകിക്കു ഗർഭമുണ്ടായി പ്രസവിച്ചു. അതു സാക്ഷാൽ ശ്രീനാരായണൻതന്നെ കൃഷ്ണനായവതരിച്ചതാണു്. കംസനെ പേടിച്ചു് ഈ ശിശുവിനെ അപ്പോൾതന്നെ നന്ദപത്നിയായ യശോദയുടെ അടുക്കൽ കൊണ്ടു കിടത്തി യശോദ പ്രസവിച്ച പെൺപൈതലിനെ എടുത്തു ദേവകിയുടെ സമീപത്തുമാക്കി. ദുഷ്ടനായ കംസൻ ദേവകി പ്രസവിച്ച വിവരം അറിഞ്ഞു കുഞ്ഞിനെ വന്നെടുത്തു കല്ലിൽ അടിപ്പാനായി കയ്യിൽ പിടിച്ചു ങ്ങി. ഉടൻ ആ ശിശു—

'അമ്പാടിതന്നിൽപിറന്നവളതാ
വമ്പനാം തിന്നേരക്കാലചെയ്തതിന്നിഹ
കമ്പമകന്നൊരു ബാലകനെന്നാ-
മമ്പോടു ചിന്തിക്ക കംസ! ഭൂമതേ'

എന്നു പറഞ്ഞു് ആകാശത്തേക്കു മറഞ്ഞു. പ്രണേതാവു നിമിത്തം കംസൻ കൃഷ്ണനെ അറിഞ്ഞു കൊല്ലുവാൻ കഴിയാഞ്ഞിട്ടു് ആ പ്രായമുള്ള അനേകം ശിശുക്കളെ വധിക്കയും വധിപ്പിക്കുകയും ചെയ്തു. ഒടുക്കം കൃഷ്ണബലദേവന്മാരെ ചതിച്ചുകൊല്ലുന്നതിനായി കംസൻ മഥുരയിൽ വരുത്തി. അവിടെവച്ചു കംസനെ കൃഷ്ണൻ വധിച്ചു. കംസനെ 'കലാകൂരൻ' എന്നും പറയും].

കാംസം-പു. ഒരു ഓട്ടുപാത്രം, കിണ്ണം, പാനഭോജനം. ആഗ്രഹിക്കപ്പെട്ടതു എന്നർത്ഥം. ന. വെള്ളോട്ടു്.

കാംസ(കാ)ം-വെള്ളോട്ടു്.

കാംസാ-കംസന്റെ സഹോദരി.

കാംസാസ്ഥി-വെള്ളോട്ടു്.

കാംസീയം-വെള്ളോട്ടു്.

കാംസോദ്ഭവ-ഇരുമ്പു്.

കായം-വെള്ളക്കഴി, കഴി.

'ജാതമായ് പുഴയതിൻ കയത്തിലവിടെ
ച്ചിരായപരിപുഷ്ടിയെ'
(അന്യാപദേശശതകം)

ആഴം, വളരെ വെള്ളമുള്ള സ്ഥലം. പര്യായം-ഹ്രദം.

കായന്തല-സന്തതി.

കായമ്പം-വിവാദം, തർക്കം. [കയമ്പു് എന്നതു ശരിയല്ല.]

കായ്കിനിക്കൊള്ളുക-(പ. മ.) മൂത്രമൊഴിക്ക.

കായ്ക്കുക-തർക്കിക്കുക.

കായ്ക്കുക-കോപിക്കുക.

കായ്പു്-കോപം.

കായൽ-പു. ഒരുവക മത്സ്യം, 'കെണ്ട' എന്ന മീൻ. ന. കയം. സ. വേർതിരിഞ്ഞുണ്ടാകുന്ന മുള അല്ലെങ്കിൽ കെണ്ടു് (കവരം.)

കായൽക്കണ്ണി-സുന്ദരി. (കായൽപോലെ കണ്ണുള്ളവൾ)

കായൽക്കണ്ണു-മീൻപോലെയുള്ള കണ്ണു്, നല്ലകണ്ണു്.

'എണ്ണവും വൈരോജാംവരയുവതികുല-
ത്തെക്കയൽകണ്ണുകൊണ്ടേ'

കയല-കരട്, തരി.

കയസ്ഥാ-പ്ര. കാകോളി. ഉ. കാട്ടുതുമ്പ് ന. കടുക്ക.

കയറ്-ചകരി മുതലായവകൊണ്ടു പിരിച്ചുണ്ടാക്കിയതു്. പര്യായങ്ങൾ-ദാമം, സന്താനം.

[ശുലപം, വരാടകം, രജ്ജു, വടി, ഗുണം ഇവ ഉ-ം, വലച്ചൂരടിന്റെപേർ. കയറിന്റെ പേർ എന്നും അഭിപ്രായമുണ്ട്. പാശം എന്നതും കയറത്രെന്ന. പക്ഷേ, കെട്ടുവാനുള്ളതാണ്. പ്രഗ്രഹം, പ്രഗ്രഹം ഉ-ം കുതിര മുതലായതിനെ കെട്ടുന്ന കയറാകുന്നു. പശുരജ്ജു, ദാമനീ ഇവ ഉ-ം പശുക്കളെ കെട്ടുന്ന കയറിന്റെ പേർ. ദാമം, സന്താനം ഇവ ഉ-ം പശുക്കളെ കറക്കുന്ന സമയം കാൽകെട്ടുവാനുള്ള കയർ എന്നും സാമാന്യം കയർ എന്നും രണ്ടഭിപ്രായമുണ്ട്].

കയറുക-കേറുക.

കയറുക-കേറുക

കയറുകട്ടിൽ-കയറുകൊണ്ടു കെട്ടുന്ന കട്ടിൽ.

കയറുകൊടി-കയറിന്മേൽ കേറുന്ന വെറ്റിലക്കൊടി.

കയാറാ-കേറ്റം, മീതേകേറുക, മുകളിൽ കേറുക,

കയറുവല-കയറുകൊണ്ടുള്ള വല. പര്യായങ്ങൾ-ശണസൂത്രം, പവിത്രകം.

കയറുവാണം-കയറിന്മേൽ കോണ്ടു തീകൊളുത്തുന്ന വാണം.

കയ്പ-കണ്ടിച്ചൂര, പേച്ചൂര.

[കറുപ്പു എരിപ്പും കൈപ്പുംകൂടെ ഉള്ളിതാണ്. ദീപനത്തിനു നന്ന്. കുരിയേയും കഫത്തേയും കളയും. ഇതിന്റെ ഇലതിക്തവും പാകത്തിൽ കടുവുമാകുന്നു. കഫപിത്തമിത്താണ്. വാതളമാകുന്നു. കരു കടുവും തിക്തവുമാണ്. പിത്തത്തെ വലിപ്പിക്കും. വിഷത്തെ നശിപ്പിക്കും. ദീപനമാണത്രെ].

കയ്പിടി-വാള മുതലായ ആയുധങ്ങളുടെ പിടി.

കയ്പീത്തു്-മെഴി

കയ്പു്-കച്ചിരിക്കുന്നതു്. പര്യായം-തിക്തം.

കയാധു-ഹിരണ്യകശിപുവിന്റെ ഭാര്യ, പ്രഹ്ലാദന്റെ അമ്മ.

കയ്യകലം-ദൂരം.

കയ്യടി-കുട്ടികളുടെ കൈകളിൽ പിടിച്ചു ആശാന്മാർ അടിച്ചുവരുന്ന അടി.

കയ്യണ്ണം-കഞ്ഞുണ്ണി.

കയ്യൻ-പ്ര ദോഷൻ. ഉ. കൊതിയനായ ജാതിക്കാരൻ. ന. ദുഷ്ടൻ. [നാവികക്കയ്യർ =ദുഷ്ടരായ വള്ളക്കാർ].

'വഞ്ചിത്തലൈത്തെഴുമരയരാം
നാവികക്കയ്യരേനീ' (മയൂരസന്ദേശം)

കയ്യന്യം, കയ്യേണ്യം, കയ്യണ്ണം, കയ്യോന്നി, കയ്യോന്ന്യം-കഞ്ഞുണ്ണി എന്ന പച്ചമരുന്ന്. [തമിഴിൽ-'കയ്യാന്തകര'. വടക്കൻദിക്കിൽ-'കഞ്ഞുണ്ണി' തെക്കൻദിക്കുകളിൽ-കൈയോന്നി, കൈതോന്നി എന്നിങ്ങനെ പലവിധം പറയുന്നുണ്ട്]. പര്യായങ്ങൾ-മാർക്കവം, ഭൃംഗരാജം.

[ഇതു കഫരോഗം, ശോഫം, പാണ്ഡുരോഗം, വിഷം, ഏട്ടരോഗം, തൃക്മാക്ഷം ഇവയെ നശിപ്പിക്കും. തലമുടിനല്ല കറുപ്പുണ്ടാക്കും. രസായനമാണ്. മന്ത്രതന്ത്രത്തിൽ ഒരു കഞ്ഞുണ്ണിയുണ്ട്. അതിനു 'സപ്തഭൃംഗാരം' എന്നു പേർ. ഇതു വളരെ പ്രയോഗമുള്ളതാണത്രെ].

കയ്യാലപ്പുറത്തെ തേങ്ങാ ഇരുപക്ഷികൾക്കും ചേരാതെ രണ്ടുപേരും സന്ദേഹിച്ചുകൊണ്ടിരിക്കുന്ന അവസ്ഥ. (ശൈലി).

കയ്യാച്ച-വിവാഹസംബന്ധമായ ആദ്യത്തെ അപേക്ഷ. (പ-മ).

കയ്യാളിക്ക-വല്ലതും വാങ്ങിപ്പാൻ മുൻകൂറായിട്ടു കുറെ ധനം കൊടുത്തയപ്പിക്കുക.

കയ്യിൽ-തവി.

കയ്യൂ-കൈകൊണ്ടു പൊതിയുന്നതിനുള്ള ഒരു തുന്നൽപണി.

കയ്യൊണ്ണ്യം-കഞ്ഞുണ്ണി.

കയ്യോന്നി-കഞ്ഞുണ്ണി.

കയ്യോന്ന്യം-കഞ്ഞുണ്ണി.

കര-ധാ. കണ്ണീരൊലിപ്പിക്ക

കര-ഗ്ര. കടൽ കായൽ മുതലായവയുടെ സമീപസ്ഥലം. ൨. ചെറിയ ദേശം. ൩. ചില വസ്തുക്കളിൽ ചെമന്ന തുലുകൊണ്ടും മറ്റും നീളത്തിൽ നെയ്തുണ്ടാക്കുന്ന കര ൪. ഉതി.

കരക-ഗ്ര. ആലിപ്പഴം. [ആലിപ്പഴംഎന്ന ശബ്ദം നോക്കുക]. സസ്യത്തെ ഇല്ലാതാക്കുന്നതു്, കാറിനാൽ ഭൂമിയിൽ ചിതറപ്പെടുന്നതു് എന്നിങ്ങനെ അർത്ഥം. ൨. പാവൽ.

കരകക്കിണ്ടി-മൺകിണ്ടി.

കരകങ്കണം-കൈവള.

കരകങ്കണന്യായം-'കങ്കണം എന്നതിനു തരുന്ന കൈവള എന്നർത്ഥമുണ്ടായിരിക്കേ കരകങ്കണം എന്നു പ്രയോഗിക്കുന്നതുകൊണ്ടു കൈയിന്മേൽ കിടക്കുന്ന കൈവള എന്നർത്ഥം കാണിക്കുന്നു. ഈ ന്യായത്തിന്റെ ഉപയോഗം പ്രായേണ ബോധവിഷയത്തിലായിരിക്കും'.

കരകടം-ഞാണ്.

കരകന്ദ-സിന്ദൂരി.

കരകം-ഗ്ര. കിണ്ടി. ആനന്ദത്തെ ചെയ്യുന്നതെന്നർത്ഥം. ജലപാത്രം. ൨. ആലിപ്പഴം. ൩. തുളിമരം (ഉദുമ്പരം). മോക്ഷത്തെ ചെയ്യുന്നതെന്നർത്ഥം. ൪. തലയോട്. ൫. ഒരു വക പക്ഷി. ൬. മുയൽതോൽ. ൭. ഇലഞ്ഞി വൃ. മാവ്. ൯. പ്ലാശ്. ൧൦. കതിരം. ൧൧. ചിരട്ട. (പാത്രമായി ഉപയോഗിക്കുന്നതു്). ൧൨. കൈയ്.

കരകമലം-ഗ്ര. താമരപ്പൂപോലെ ശോഭയുള്ള കൈയ്. ൨. ഒരു വൃത്തം. യുതി ക്രമത്തിൽ രചിച്ചതു്. പാദം ഒന്നിൽ ഗ്രഹ്യ അക്ഷരം വീതം കാണും.

'മോദനമനസാ ഗണമിഹ ചേർപ്പതു കരകമലം' (വൃത്തമഞ്ജരി)

കരകവല്ലം-നെയ്യണ്ണി.

കരകാംഭാരം-തെരങ്ങ്.

കരകാമ്പൂ-ഗ്ര മാതളം. ൨. അമ്പഴം.

കരകുക-കരയിലേയ്ക്കു കയറുക.

കരകൌശലം-കൈവേലയിലുള്ള സാമർത്ഥ്യം.

കരക്കൊഞ്ഞിരം-കിരിയാത്തു്.

കരക്കാർ-ദേശത്തുള്ള ജനങ്ങൾ.

കരക്കാറ്റു്-ഉച്ചയ്ക്കു മുമ്പുണ്ടാകുന്ന ഒരു മാതിരി കിഴക്കൻകാറ്റു്.

കരക്കുക-ഗ്ര. ഉണങ്ങിപ്പോവുക. ൨. അലിഞ്ഞോ ദ്രവിച്ചോ പോവുക.

'ഉരുകരന്തകോപം' (രാമചരിതം)

൩. കരളുക.

കരഞ്ഞുപോവുക - അലിഞ്ഞുപോവുക, ദ്രവിച്ചുപോവുക. ൨. നശിച്ചുപോവുക. ൩. ക്ഷയിച്ചുപോവുക.

കരക്കെട്ടു്-പൊടിപ്പു്, കുമ്പം.

കരക്കൊണ്ടു-പുനംകൃഷി.

കരങ്കു-നക്കരിയു്.

കരങ്കുരാലി-നൽക്കരിയു്.

കരഗ്രഹം, കരഗ്രഹണം-ഗ്ര. വിവാഹം. ൨. കൈപിടിക്കുക. ൩. കപ്പംവാങ്ങിക്കുക.

കരഗ്രാഹൻ-ഗ്ര. കപ്പംപിരിക്കുന്നവൻ. ൨. തോവു്.

കരഗ്രാഹി-വി ഗ്ര. കപ്പംവാങ്ങിക്കുന്ന. ൨. കൈപിടിക്കുന്ന.

കരഗ്രഹം-മലങ്കാര.

കരച്ചിൽ-ദുഃഖിച്ചു കണ്ണുനീർപൊഴിക്കുക.

കരച്ചീര-ഒരു മാതിരി ചീര.

കരച്ചുങ്കം-കരമാഗ്രംകൊണ്ടുചോകുന്ന സാമാനങ്ങൾക്കുള്ള തീരുവ.

കരച്ചുളളി-മലങ്കാര.

കരച്ഛദം-ശാഖോടവൃക്ഷം. പ. സിന്ദൂരി.

കരജ-വി. ഫ. കൈയിൽനിന്നുണ്ടായ. പ. രശ്മിയിൽ നിന്നുണ്ടായ.

കരജം-ഫ. കൈനഖം. കരത്തിൽ ജനിച്ചതെന്നർത്ഥം.

'കൈയിന്മേൽ പരിചിൽപരന്നകരജ-
ശ്രീപൂരസമ്മിശ്രിതം'

(അമരുകശതകം)

പ. ഉങ്ങ്. ജലത്തെ രഞ്ജിപ്പിക്കുന്നതെന്നർത്ഥം. ന. പുലിച്ചുവടി. നഖസദൃശം എന്നർത്ഥം. ര. നാഗണം. ള. ആവിവൃക്ഷം (ഉങ്ങിൽ ഒരു വകഭേദം).

കരജാഖ്യം-നാഗണം.

കരഞ്ഞണ്ട്-കരപ്രദേശത്തുള്ള ഒരു വക ഞണ്ട്.

കരഞ്ജ(ക)ം-ഉങ്ങ്.

കരഞ്ജതൈലം-ഉങ്ങെണ്ണ.

കരഞ്ജയുഗ്മം-ഉങ്ങും ആവിയും.

കരഞ്ജഭേദം-ആവിൽ.

കരട-ഫ. ആനയുടെ കവിൾത്തടം. പ. കറക്കാൻ പ്രയാസമുള്ള പാട്ട.

കരട(ക)ം-കാക്ക.

കരടകൻ-ഫ. കാക്ക. പ. ഒരുകൂക്കരന്റെ പേർ.

കരടൻ-ഫ. നാസ്തികൻ. പ. താണനിലയിലുള്ളവൻ.

കരടൻപൊടി-തരി.

കരടം-ഫ. കാക്ക. ആകാശത്തിൽ ശബ്ദിക്കുന്നതെന്നർത്ഥം. പ. ആനയുടെ കവിൾത്തടം. ന. ഒരു വാദ്യം. ര. കങ്കുമം. ള. കണ്ണുമരുന്ന. ഞ. ക്രൗര്യം.

കരടി-ഒരുവക കാട്ടുമൃഗം (നായാട്ടുപോയല്ലാനാപ്പായുന്നു).

കരടിക്കരണ്ടു്-ഒരുമാതിരി കരണ്ടു്. പര്യായങ്ങൾ-ല്ലേകം, ഋക്ഷം, അച്ഛല്ലം, ല്ലേകം ഈ നാലുശബ്ദത്തിനും 'ആരക്കരടി' എന്നും അടിപ്പുറയം കാണുന്നു.

കരടീ-ആന.

'ദിശന്തു ശ്രേയസ്തേമദമലിന
ഗണ്ഡാകരടിനഃ'

കരട്ടു്-വരണ്ട.

കരട്ടു, കരേട്ടു-കൊക്കു് എന്ന പക്ഷി.

കരട്ടു-ഫ. തരി, ചകിരിയുടെ പൊടിയും മറ്റും. പ. പകർപ്പു്, അസലിനുമുമ്പു തയാറാക്കിയതു്.

കരണത്രാണം-തല.

കരണൻ-ഫ. ശൂദ്രസ്ത്രീയിൽ വൈശ്യനു ജനിച്ചവൻ. വിക്ഷേപിക്കപ്പെട്ടവൻ എന്നർത്ഥം. പ. എഴുത്തുകാരൻ.

കരണപ്പിഴ - അച്ചടിയോലയിലല്ലാതെ ആധാരം എഴുതിവാങ്ങിച്ചതിനു ചെയ്യുന്ന പിഴ.

കരണം-ഫ. സാധനം. പ. ഉപകരണം, ഉപകരിക്കുന്ന അവയവം. ന. ചക്ഷുരാദിഇന്ദ്രിയങ്ങൾ. ര. ഏതെങ്കിലും ഒരു ക്രിയ ചെയ്യുന്നതിനു് ആ ക്രിയയെ വേഗം സാധിപ്പിക്കുന്ന വസ്തു. ള. മറ്റുള്ള മുതലായതു കുഴിച്ചെടുക്കുന്ന സ്ഥലം. ഞ. ശരീരം, ക്ഷേത്രം. ഠ. കരണം, വ്യവഹാരി. സ്ഥാനം, ഢ. നിലം. ണ. ആധാരം ത. ജ്ഞാനദ്വാരം. ഥ. ഹോമാദിക്രിയകളിൽ ഉപയോഗിക്കുന്ന വാരം മുതലായതു്. ദ. സംഗീതാദിഭേദങ്ങൾ ധ. ദേഹം.

കരണംമറിച്ചിൽ, കരണംമറിയുക-ഫ. മുമ്പോട്ടോ പുറകോട്ടോ ദേഹം മറിച്ചുചാടുക. പ. ബുദ്ധിമുട്ടുക. (ശൈലീഗ്രാമ്യം).

കരണവിഭ്രമം-(വ്യാകരണത്തിൽ) വർണ്ണങ്ങൾക്ക പലമാതിരി ശ്രുതിവരുത്തുന്നതിനുള്ള അഞ്ചു വക കാരണങ്ങളിൽഒന്ന്.

[ഇതിനു ബാഹ്യപ്രയത്നം എന്നും പറയും. കരണം എന്നാൽ ഉപകരണം. ധ്വനി പുറപ്പെടുവിക്കുന്നതിൽ ഉപകരിക്കുന്ന അവയവം. അതായത് നാവ്. അതിന്റെ വിഭ്രമം = ചേഷ്ടാവിശേഷം. നാവുകൊണ്ടു കണ്ണരമ്പ്രത്തെ അടയ്ക്കുയും തുറക്കയും എന്ന താൽപര്യം. (കേരളപാണിനീയം)].

കരണീയ-വി. ചെയ്യേണ്ടുന്ന.

കരണീയം-ചെയ്യേണ്ടുന്നത്.

കരണീയാന്തരം-മറവുകൃത്യം.

കരണ്ട-കായാവ്.

കരണ്ടകം-ചുണ്ണാമ്പു വെയ്ക്കുന്നതിനുള്ള ഓട്ടപാത്രം, അടപ്പൻ.

കരണ്ടി-വാലുള്ള ഒരു മാതിരി ചെറിയ ഇരിയുപാത്രം.

കരണ്ടിട്ടിക-അരുത്തു കയറുക.

കരണ്ഡകം-ഇരണ്ടപ്പക്ഷി.

കരണ്ഡഫലകം-വ്ഭൂർമരം.

കരണ്ഡം-പ. ചെട്ടകം (സഞ്ചിടം). ക. ചുണ്ണാമ്പുവെയ്ക്കുന്ന പാത്രം. കരണ്ടകം എന്നും പറയാറുണ്ട്. സം. അപ്തുമരം. ര. ചൂരലോ മുളയോ കൊണ്ടുണ്ടാക്കുന്ന ഒരു മാതിരി പെട്ടി.

'ഗോരസസ്യകരണ്ഡപിണ്ഡിതനനു' (ഭട്ടിഹരി)

ഭ. വാരം: സം. തേനീച്ചക്കൂട്. ഗ. കാരണം.

കരണ്ഡി-മീൻ.

കരണ്ഡു-അക്രോധനൻ എന്ന ചന്ദ്രവംശരാജാവിന്റെ പേര്.

കരതം-മാതളനാരകം.

കരതലം-കൈയുടെ അകം.

കരതളിർ-തളിരുപോലെ മൃദുവായുള്ളകൈ

കരതാർ-താമരപ്പൂവുപോലെ മെംഗിയുള്ള കൈ.

കരതോയാ-ഒരു നദി.

[പാർവതീപരിണയസന്ദർഭത്തിൽ ശിവന്റെ കൈയിലെ കന്യാപ്രഭാജലം ഒരു നദിയായി ഒഴുകി എന്നു പ്രസിദ്ധം അതാണ് ഈ നദി. 'നമ്മദാനദി' എന്നു കോളിൻസ്].

കരത്താമര-ഓരിലത്താമര.

കരദീപിക-ചങ്ങലവിളക്ക്.

കരന്തകാളി-കരിങ്കൊടങ്ങൽ.

കരഭോരു-കാഞ്ഞിരം.

കരന്തപോവുക-ദ്രവിച്ചുപോവുക, അലിഞ്ഞുപോവുക, ആവിയായിപ്പോവുക.

കരപത്രം-ഈച്ചവാൾ. കയ്യിൽനിന്നു വീണുകൊണ്ടിരിക്കുന്നതെന്നർത്ഥം. മരമറക്കുന്നതിനുള്ള വാൾ. മറ്റൊരുപായം-ക്രകചം.

കരപണ്ണം-പ. വെണ്ണ. ക. ചെമ്മണ്ണാവണക്ക്.

കരപല്ലവം - തളിരുപോലെ മൃദുവായ കൈ.

കരപാലം-വാരം. കരത്തെ (കൈയെ) പാലിക്കുന്ന (രക്ഷിക്കുന്ന) തെന്നർത്ഥം, കരവാളം എന്ന പാഠാന്തരം.

കരപാലിക-പ. ചെറുവാരം. കയ്യിറക്കുന്നതെന്നർത്ഥം മറ്റൊരുപായം-ഈളി. കരവാളിക എന്നു കരപാലികയുടെ പാഠാന്തരം. ക. ഒരു മാതിരി വടി

കരപീഡനം-വിവാഹം.

കരപ്പൻ-ചൊരുങ്ങിനടക്കുന്ന ഒരുവക മീനം.

'ബാലന്മാക്കുവിച്ചീടും കരപ്പൻവഴിയൊക്കവെ ചൊല്ലുന്നു പുരുകുത്തിൽ അല്ലോകയതായുള്ള വാരപിണ്ഡകം കൂടിഅമ്പതാറുകരപ്പൻ പതിനാറുമയസ്സോളംകൊണ്ടാൽ വ്യാധിവിശേഷമുള്ള പുരുഷനു മരുമ്പോഴുണ്ടാകുന്നതിനുമുമ്പായിട്ടും പിന്നുമരുമ്പോഴുണ്ടാകുന്നതിൽനി

ഠമായിട്ടും॥ ശ്ലേഷ്മംമുമ്പായനീരെങ്കിൽ ശ്വേതവർണ്ണമതായിട്ടും എടന്തന്നില്ലാതെ വന്നീടുംകരപ്പൻവ്യാധിയപ്പൊഴേ॥ അറിഞ്ഞിട്ടങ്ങുചെയ്തീടിൽ പൊറുപ്പണ്ടെന്നു നിശ്ചയം ഇത്രമെല്ലാമറിഞ്ഞിട്ടുചെയ്യുകൊടുംകടിക്കുകടം'

(ബാലചികിത്സ)

കരപ്പോച്ചു്-രത്നങ്ങളിൽ തുലോം വിലകുറഞ്ഞതായുള്ള ഒരുമാതിരി ചായക്കല്ലു്.

കരഭ-തേക്കിട.

കരഭ(ക)ം-ഒട്ടകം.

കരഭകോണ്ഡിക-ഒട്ടകച്ചെടി.

കരഭഞ്ജിക-ചെറുകുറുവു്.

കരഭപ്രിയ-ഉകമരം.

കരഭപ്രിയാ-ചെറിയ കൊടുത്തുവ.

കരഭം-പ്ര. നാഗ്രണം. ഉ. ഒട്ടകക്കുട്ടി. പൊടിപറപ്പിക്കുന്നതെന്നർത്ഥം. നു. കരബന്ധത്തിൽനിന്നു ചെറുവിരൽവരെ ഉള്ളതെങ്കയിൽനിന്നു താഴെയുള്ള ഭാഗം, കൈയുടെ പത്തി. മണിബന്ധംമുതൽ കൈയുടെ ചെറുവിരലിന്റെ മുടുവരെയുള്ള കൈപ്പടത്തിന്റെ പുറംഭാഗം. ര. ആനക്കുട്ടി. ഇ. ആനത്തുമ്പിക്കൈയ്.

കരഭവല്ലഭം-പ്ര. വ്ളാർമരം. ഉ. ഉകമരം.

കരഭാദനിക, കരഭാദനി-ചെറിയ കൊടുത്തുവ.

കരഭി-പ്ര. തേക്കിട. ഉ. ആന.

കരഭിക-തേക്കിട.

കരഭീഫലതം-ഒട്ടകത്തിൻമൈയ്.

കരഭീരു-സിംഹം.

കരഭ്രിവു്-കൈനഖം.

കരഭ്രിഷ്ടനം-പ്ര കൈയിലിടുന്ന ആഭരണം, കൈവള. ഉ. വീരച്ചങ്ങല. മ ഭാരതപ്രസിദ്ധം-കങ്കണം. നു. മുത്തുവള, പവിഴക്കരി, കാപ്പു മുതലായവ.

കരം-പ്ര. കൈയ്. ഉ. രാജാവിനു കൊടുക്കേണ്ടുന്ന നീതി, കപ്പം. നു രശ്മി.

കരമ്പലു്-കൽക്കരം.

കരമട്ടം-കവുങ്ങ്.

കരമർദ്ദകാ-ചെരുങ്കുറുവു്. [തമിഴിൽ-പെരുങ്കരുമുച്ചെടി. ഞെട്ടാഞെട്ടുങ്ങ എന്നും പേരുണ്ടു്.]

കരമരി-പിടിച്ചുകെട്ടി കാരാഗൃഹത്തിലാക്കപ്പെട്ടവൻ.

കരമാലം-പൂക.

കരമാലുവു-പൂക.

കരമുക്തം-വേൽ

കരമൊഴിവു്-സർക്കാരിൽനിന്നു കരംകൊടാതെ അനുഭവിപ്പാൻ കൊടുത്തിരിക്കുന്ന നിലമോ പുരയിടമോ.

കരങ്കം-പ്ര. തലയോടു്. ഉ. ശരീരത്തിലേ എല്ലു്.

കരംബ-വി. വ്യാപിക്കുന്ന.

കരംബം-തൈരിൽ അരിപ്പൊടി മലർപ്പൊടി ഇവ ചേർത്തുണ്ടാക്കുന്ന പലഹാരം.

കരംബിത-വി. വ്യാപിക്കപ്പെട്ട.

കരംഭ-പ്ര. വേലിപ്പത്തി ഉ. തൊഴൽ.

കരംഭം-പ്ര. തൈരിൽ അരിപ്പൊടി മലർപ്പൊടി ഇവ ചേർത്തുണ്ടാക്കുന്ന പലഹാരം. മലത്തോടുകൂടി ചേരുന്നതെന്നർത്ഥം. തൈരിൽ ചേർത്ത വറുത്ത യവം മുതലായതിന്റെ പൊടിയുടെ പേർ എന്നുമുണ്ടു്. 'കരംബം' എന്നുമാകാം. ഉ. ഉമ്മത്തു്. നു. ചെറുതേക്കു്. ര. ഒരു വൃത്തത്തിന്റെ പേർ. [ഉൽകൃതിഛന്ദസ്സിൽ പെട്ടതു്. പാദംതന്നിൽ ഒന്നു അക്ഷരം വീതം കാണും.]

'നമ്രനനയത്തൊടുസനനഗഗ്രവുംചേർന്നു
വരുന്നുചാരുകരംഭം'

(വൃത്തമഞ്ജരി)

ഇ. ശതാവരി. ന. ഞാഴൽ.

കരയൻ-കരയുള്ള വസ്ത്രം.

കരയം-ഒരുമാതിരി വൃക്ഷം.

കരയാമ്പൂ-കിരാമ്പു, ഒരുങ്ങാടിമരുന്നു്.

[ഇതു് കടവും ദീപനവും ഉഷ്ണവുമാണു്. കഫം, അതിസാരം, വായു ഇവ

യെ നശിപ്പിക്കും സന്നിക്കും കരപ്പനും നന്ത്. അജീർണ്ണം, അഗ്നിമാന്ദ്യം, വയറുകടി ഇവയ്ക്കും കൊള്ളാം കഫദോഷം കളയുന്നതാകുന്നു.]

കരയുക-ദുഃഖിച്ചു കണ്ണുനീരൊലിപ്പിക്കുക [സ. ക്രി. കരയിക്കുക.] 'കരയുന്നത്' എന്നതിന്റെ പര്യായങ്ങൾ-ക്രന്ദിതം, രുദിതം, ക്രുഷ്ടം.

കരയേറുക-കേറുക [സ. ക്രി. കരയേറുക.]

കരയേറ്റം-പ്ര. കേറ്റം, കേറുക. വ. വഴിവക.

കരയോരം-കര, ആറിന്റേയുംമറ്റും അടുത്ത പ്രദേശം.

കരരുഹം-കൈനഖം. കരത്തിൽ മുളച്ചുണ്ടാകുന്നതെന്നർത്ഥം.

കരൽ-കര, വക്ക്. ഉ-ം, 'തൊപ്പിയുടെ കരൽ'.

കരവല്ലഭം-കൈകൊണ്ടുള്ളൊരുസംസാരം.

കരവഴി-തോണിയിലും മറ്റും കയറാതെ ഭൂമിയിൽകൂടിയുള്ള വഴി.

കരവാളം-വാൾ. [കരപാലം നോക്കുക]

കരവാളിക-ചെറുവാൾ. [കരപാലിക നോക്കുക.]

കരവി-കറിക്കായം.

കരവീര-മനോജ്ഞ.

കരവീരകം-പ്ര. നീർമരുത്. വ. കണവീരം. സ. ഒരുമാതിരി വാൾ. ര. ഒരു വിഷം.

കരവീരഭുജ, കരവീരഭ്രഷ്ട-നവരപ്പയറ്.

കരവീരം-പ്ര കണവീരം. വ. കൈപ്പ.

കരവെപ്പ്-ഉയർന്ന തറയിൽ നട്ടക കരവെപ്പ് > ആറുവെപ്പ്.

കരശൽമണ്ണ്-പരത്തിക്കളഞ്ഞ കട്ടപ്പമണ്ണ്

[ഈ പരത്തിക്കളയുന്നതു വളരെ ഉപയോഗമുള്ളതാണ്. ഇതിൽ കല്ലുകണമുണ്ടായിരിയ്ക്കും. ഈ മണ്ണ് അധികമുണ്ടായിരുന്നാൽ ഇഷ്ടമായിരിക്കും വേനലിൽ കട്ടപ്പുമുള്ളതാകുന്നു.]

കരശാഖ-കൈവിരൽ [വിരലിന്റെ സാമാന്യമായ പേർ.] കൈയിന്റെ ശാഖാപോലെയുള്ളതെന്നർത്ഥം. മറ്റൊരു പര്യായം-അംഗുലി.

കരശീകരം-ആനയുടെ തുമ്പിക്കൈയിൽ നിന്നു വരുന്ന ജലം.

കരശ്രുകം-കൈവിരൽ.

കരസ്ഥ-വി. കൈയിലിരിക്കുന്ന, കൈയിൽകിട്ടിയ.

കരസ്ഥമാക്കുക-കൈക്കലാക്കുക.

കരസ്ഥാനം-അതതു ദേശത്തു പാർക്കുന്നവന്റെ അവസ്ഥ.

കരസ്ഥിത-വി. കൈയിലിരിക്കുന്ന.

കരള-പ്ര. കരട്, കയല. വ. ഉണങ്ങിയ ഫലം അല്ലെങ്കിൽ പഴം.

കരള-വി. കരടായ, കട്ടിയായ. [കരളുക്ക മായം> <നേരിയ കുമ്മായം.]

കരഹാടക(ം)-പ്ര. മേലങ്കി. കൈപൊള്ളിക്കുന്നതെന്നർത്ഥം. വ. താമരക്കിഴങ്ങ്. കരത്തെ ശോഭിപ്പിക്കുന്നതു്. ഔഷധത്തിനായിട്ട് ഇതുകൊണ്ടു മാലയുണ്ടാക്കി ഉപയോഗിക്കാറുണ്ട്. അതിനാലാണ് ഈ അർത്ഥമുണ്ടായതു്. മറ്റൊരുപര്യായം-ശിഫാകന്ദം.

കരാഞ്ചുക-പ്ര. അറ്റുകയറുക, കടിച്ചുമുറുക്കുക. വ. അല്പമായികരണ്ടുതിന്നുക.

കരാട്-പ്ര. മനസ്സ്. വ. ചങ്ക്.

കരാട്ടുക-പ്ര. അറ്റുകയറുക, കടിച്ചുമുറുക്കുക. വ. എലിയെപ്പോലെ കടിച്ചു തിന്നുക.

കരാമർദ്ദം-കൈപൊരുംക്കുവ്.

കരാർ-ഇന്നപ്രകാരം ചെയ്തുകൊള്ളാമെന്നു സമ്മതിച്ച് എഴുതി മാറുകയും മറ്റും, ഉടമ്പടി, ചട്ടം, തീർപ്പ്.

കരാവി-കരിങ്കുറിഞ്ഞി.

കരാളകം-കരിങ്കുറിഞ്ഞി.

കരാംബുകം-ചെറുക്കാവ്.

കരാമ്ല(ക)ം-പെരുംക്കാവ്.

കരാള-വി. ഫ. ഉയരമുള്ള ക. ഭയങ്കരമായ

'കരാളകളേബരമാകിയകൃത്യം'

(അംബരീഷചരിതംകഥകളി)

ന. കോന്തുപ്പല്ലുള്ള.

കരാളകം-കറുത്ത ചെറുതുളസി.

കരാളം-ഫ. കോപം. ക. കരിഞ്ചീരകം. ന. കറുത്ത ചെറുതുളസി. ര. കസ്തൂരിമുഗം. ങ. ഒരു ദന്തരോഗം

[വായ് പല്ലുകളെ ആസ്ത്രയിച്ചിട്ടു പതുക്കെപ്പതുക്കെ അവയെ നീട്ടിയും വളച്ചും (കോന്തുപ്പല്ലുകളും) ഉണ്ടാക്കും. അത് അസാധ്യമാകുന്നു ഇതരത്തു കരാളലക്ഷണം.]

കരാളാ-ഫ. മൂന്നുദളമുള്ള കടല. ക. നറുനീണ്ടി.

കരാളി-അഗ്നിയുടെ നാക്കുകളിൽ ഒന്ന്.

[അഗ്നി എന്നതു നോക്കുക.]

കരാളിക-ഇഞ്ചി.

കരാളിക-ഫ. ഒരു വൃക്ഷം ക. വാഴ.

കരി-ഫ. ആന. ഭംഗിയായി നടക്കുന്നവൻ എന്നർത്ഥം. [സ്ത്രീലിംഗം-കരിണി.] ക. കലപ്പ. ന ഒരുമാതിരി പുല്ല്. ര. കായലിനു സമീപവും മറ്റും കാലാകാലത്തിനു കൃഷിചെയ്യാതെ കിടക്കുന്ന ഒരുവക കറുത്തനിലം. ങ. (മലയാളത്തിൽ) കരിക്കട്ട.

കരി-വി. കറുത്ത.

കരിക-പീനാറി.

കരികാ-ഫ. നക്ഷത്രം. ക. കാർ.

കരികില്വാഞ്ചി, കരികുവാഞ്ചി-ഫ ഒരു വക പക്ഷി. ക. ഒരുവക വള്ളി.

[ഇതിന്റെ വേരു വ്രണങ്ങൾക്കു നന്ന്. ഇതിനു നാട്ടുപാവു് എന്നുംപേരുണ്ടു്.

കരികോലം, കരുവേല-തിരുവിതാംകൂർമഹാരാജാവു തിരുമനസ്സിലേക്കുള്ള ഒരു.

കരിക്കട്ട-തീക്കനലിൽനിന്നു തീ പോയാലുള്ള വസ്തു, ഇരുന്നൽ.

കരിക്കൽ-ആദിത്യൻ അസ്തമിക്കുന്ന സമയം, ഇരിളുക. [തമിഴിൽ-കരുക്കൽ].

കരിക്കലാക്കുക-ഇരുട്ടാക്കുക, കൂടലാക്കുക.

കരിക്കാടി-ചോറു മുതലായ ക്ഷണവസ്തുക്കളെക്കുറിച്ചു താണജാതികൾ ഉയർന്ന ജാതിക്കാരോടു പറയുന്ന ആചാരവാക്കു്. (അടിതോൽ എന്നതു നോക്കുക.)

കരിക്കു്-ഇളനീർ, ഇളനീർ.

കരിക്കുക-വേവിച്ചു കരിയാക്കുക.

കരിക്കെന്നു്-അ. വേഗത്തിൽ.

കരിക്കോൽ-കലപ്പത്തണ്ടു്. പര്യായങ്ങൾ-ഈഷ, ലാംഗലദണ്ഡം.

കരിഗജ്ജിതം-ആനയുടെ അലർച്ച.

കരികുചേലം-ഒരു ചെടി. പര്യായങ്ങൾ-രാക്ഷസി, ചണ്ഡാ, ത്രാനഹരി, ക്ഷേമം, ദുഷ്പൂരം, ഗണഹാസകം ഇവ ന-ം, അടവികുചേലം, ചോരകുചേലം ഇവയാണെന്നും പാഠാന്തരം.

കരികടൽ-ഫ. കറുത്ത കടൽ. ക. ഇന്ത്യൻ ക്സി എന്ന കടൽ.

കരികുടുക്കു്-കറുത്ത കടുക്. പര്യായങ്ങൾ-ക്ഷവം, ക്ഷുധാരിജനനം, രാജികാ, കൃഷ്ണികാ, ആസുരി ഇവ ങ-ം, ദുരഭിയുടെ പേർ എന്ന അഭിപ്രായക്കാരുണ്ടു്

കരികണ്ണു്-ഫ. കാഴ്ചയില്ലാത്തകണ്ണു്. ക. നോക്കിയാൽ ദോഷം വരുത്തുന്ന കണ്ണു്.

കരികണ്ണൻ-ഫ. നോക്കിയാൽ ദോഷം വരുത്തുവാൻ തക്ക കണ്ണുള്ളവൻ. ക. കണ്ണുകാണാത്തവൻ.

കരിങ്കടളിവാഴ-ഒരു മരതിരി വാഴ.

കല്മാഷം-ഫ. കസ്തൂരിച്ചെമ്പാവു് (ഒരു ധാന്യം.) ഫ. നാനാജാതിനിറം. വെളുപ്പു്, ചെമപ്പു്, കറുപ്പു് മഞ്ഞ ഇവയെ ഇല്ലാതാക്കി ശോഭിക്കുന്നതു്.

കല്മാഷി-ഫ. യമുന. ഫ. ജമദഗ്നിയുടെ ഒരു പത്നി.

കല്യ-വി. ഫ. കലാവിദ്യകളിൽ നൈപുണ്യമുള്ള. ഫ. വിദ്യാവ്യുല്പത്തിയുള്ള. ന. രോഗമില്ലാത്ത. ർ. സന്തോഷം നൽകുന്ന സ്ഥിതിയുള്ള. ൪. ശുഭമായ. ൫ ശക്തിയുള്ള. ൬. പ്രൌഢമായ.

കല്യത്വം, കല്യത-ഫ. രോഗമില്ലായ്മ. ഫ. ശക്തി. ന. സാമർത്ഥ്യം.

കല്യൻ-ഫ. രോഗംമാറി സുഖപ്പെട്ടവൻ. ഫ. തയ്യാറായവൻ.

കല്യം-ഫ. ഉച്ചസ്സ്. ഫ. (ജ്യോതിഷത്തിൽ) ലഗ്നം. ന. മദ്യം. ർ. ഇന്നലെ. ൪. നാളെ. ൫. ശുഭം ൬. കല്പനീയമായതു്, മിഥ്യാഭൂതമായതു്. ൭. ഉണവു്.

കല്യാ-ഫ. കുശലിനിയായവൾ, ശുഭവതി.

'കല്യാമേതദവൽകഥമപിസമുന്മീലിതസ്വാ (മയൂരസന്ദേശം) [നശല്യ' ഫ. മംഗളവചനം, സകലകാര്യത്തിലും നന്നായിട്ടുള്ളതു്. ന. കടുക. ർ. (അരി പ്പൊടിമുതലായവകൊണ്ടുണ്ടാക്കുന്ന)മദ്യം

കല്യാംഗം-പപ്പടകപ്പുല്ല്.

കല്യാണ-വി. ശുഭമായ ഫ. നന്മയുള്ള

കല്യാണഘൃതം-ഒരു നെയ്യ്.

[ത്രിഫലത്തൊണ്ട്, കാട്ടുവെള്ളരി, ചിറ്റേലം, ദേവതാരം, ഏലാവാലുകം, നറുനീണ്ടിക്കിഴങ്ങ്, പാൽവള്ളിക്കിഴങ്ങ്, വരട്ടുമഞ്ഞൾ, മരമഞ്ഞൾതൊലി, ഓരിലവേത്, മൂവിലവേത്, ഞാഴൽപൂവ്, തകരം, ചെറുവഴുതിനവേത്, കൊ

ട്ടം, മഞ്ചട്ടിപ്പൊടി, നാഗപ്പൂവ്, താളി മാതളം, വിഴാലരി, താലീസപത്രം, ഏലത്തരി, പിച്ചകമൊട്ട്, ചെങ്ങഴിനീർക്കിഴങ്ങ്, നാഗദന്തിവേര്, പതുമുകം, ചന്ദനം ഇവ ഓരോ കഴഞ്ചു കല്ക്കമായിട്ടു അരച്ചു നാലിടങ്ങഴി പാലിൽ കലക്കി ഇടങ്ങഴി നെയ്യും ചേർത്തു കാച്ചി മെഴുകപാകത്തിൽ അരിച്ചു സേവിക്ക. ഗർഭമുണ്ടാകും. ശ്രാന്തു, ശ്വാസം, അപസ്മാരം മുതലായവ ശമിക്കും–ബാലചികിത്സ].

കല്യാണബീജം–കറുത്ത ചണംപയറ്.

കല്യാണം–പ്ര. ശുഭം. ഉ: സ്വർണ്ണം. ന. വേങ്ങ. ര.പയിൻ. ●. (മലയാളത്തിൽ) വിവാഹം [അകല്യാണ എന്ന പദം നോക്കുക]

കല്യാണരൂപ–വി. സൌന്ദര്യമുള്ള

കല്യാണരൂപി–സൌന്ദര്യമുള്ളവൻ.

കല്യാണശീല–വി. നല്ല സ്വഭാവമുള്ള.

കല്യാണസൌഗന്ധികം–പ്ര. ഒരു പുഷ്പം, കല്ഹാരം [സൌഗന്ധികം എന്നായാൽ മാത്രം മതി] ഉ. ഒരു പുരാണകഥ [ഭീമൻ പാഞ്ചാലിക്കായിട്ടു സൌഗന്ധികം എന്ന പുഷ്പം തേടിപ്പോകുന്നതായ കഥാവസ്തു].

കല്യാണാംഗ–വി. സൌന്ദര്യം ചേർന്ന അവയവമുള്ള

കല്യാണി–വി. ശുഭമായ, നന്മയുള്ള. സ്ത്രീലിംഗം–കല്യാണിനി.

കല്യാണി–പ്ര. രാമായണം ഇരുപത്തിനാലുവൃത്തത്തിലേ ഒരു വൃത്തം. പാദം ഒന്നിൽ ഏഴ അക്ഷരം വീതം.

ഉ–ം, 'കല്യാണരൂപീവനത്തിനുപാവാൻ
വില്ലും ശരം കൈപ്പിടിച്ചോരുനേരം'
(ഇരുപത്തിനാലുവൃത്തം)

കല്യാണിതരുണനുമുത്തരരണ്ടോടുചേരുകിൽ (വൃത്തമഞ്ജരി) [ൽ' ഉ ഒരുരാഗം. ന. പഴ. ര. കാട്ടഴഞ്ഞ്.

കല്യാണിക–മനയോല.

കല്യാണിനി–കറുന്തൊട്ടി. പ. ശ്യാമവല്ലി

കല്യാപാലൻ–മദ്യം കാച്ചുന്നവൻ.

കല്യാവർത്താ–പ്രാതൽ.

കല്യാവേശം–കലിയുടെ ബാധ.

'കല്യാവേശൽ കലുഷമതിയാം'
(മയൂരസന്ദേശം)

കല്ഹാരം–സൌഗന്ധികപുഷ്പം. തെള്ളിത്തിൽ സന്തോഷിക്കുന്നതു എന്നർത്ഥം. മറ്റൊരുപര്യായം–സൌഗന്ധികം.

കല്ലക്കാരം–പനങ്കല്ലുണ്ടം [കരിയ് എന്നതു നോക്കുക].

കല്ലടക്കൊറ്റൻ–മുള്ളൻ (നായാട്ടുപേർ).

കല്ലടപ്പ്–കല്ലുപോലെ ഒരു രോഗമുണ്ടായി മൂത്രത്തെ തടയുക, അശ്മരി.

കല്ലടിക്കോടൻ–പശ്ചിമപർവ്വതത്തിൻറെ ഒരു ശിഖരം,

'കല്ലടിക്കോടൻ കരത്താൽ
കരകപ്പുഴനിറഞ്ഞു'
(പഴഞ്ചൊല്ല്)

കല്ലൻ–പ്ര. കരിങ്കൽപണിക്കാരൻ. ഉ. ഉറപ്പുള്ളവൻ ന. കഠിനഹൃദയൻ.

കല്ലന്നുള–കട്ടിയുള്ള ഒരു മഞ്ഞരി മുള.

കല്ലാ–സ്ഫടികം കൊണ്ടുള്ളകൊന്ത (കൊന്തക്കരുമാല).

കല്ലായ്ക്ക–ശരീരത്തിലുള്ള നീരോ മറ്റോ ഉറച്ചു കല്ലുപോലെയാവുക.

കല്ലായ്പ്–കല്ലുപോലെയാവുക.

കല്ലാരി–പ്ര. അരി എന്നുള്ളതിനു പകരം ബഹുമാനസൂചകമായി താഴ്ന്ന നിലയിലുള്ളവർ ഉപയോഗിക്കുന്ന വാക്ക്. ഉ. നല്ല അരി [അടിതൊൽനോക്കുക]

കല്ലുക്കടൻ–ധാന്യം അളക്കുന്നതിനുപയോഗിക്കുന്ന ഒരു തൂപ്പ്.

കല്ലുള–പ്ര. കല്ലിലുണ്ടാകുന്ന ചില ഗുണം. ഉ. മൺപാത്രത്തിൽ അല്പമായുള്ള ഉപ്പാരം.

കല്ലറ–പ്രം കല്ലുകൊണ്ടുണ്ടാക്കിയ പുരമുറി. ഉ. പ്രേതക്കുഴി. നു. പാറയിലുണ്ടാക്കിയ ഗുഹ.

കല്ലഴ–കൽച്ചുവര.

കല്ലായി–പാത്രങ്ങളുടെ കേടു തീർത്തു നന്നാക്കുന്നവൻ, വിളക്കുന്നവൻ.

കല്ലാൽ–ഒരു വക വൃക്ഷം. പര്യായങ്ങൾ–ശൽക്കണ്ഡം, കന്ദരാളം, കപീതനം, സുപാർശ്വകം, പ്ലക്ഷം.

കല്ലാശാരി–വെട്ടുകല്ലു പണിയുന്ന ഒരു ജാതിക്കാരൻ.

കല്ലിക്കുക–കല്ലുപോലെ ഉറയ്ക്കുക. കല്ലിപ്പ് > <പതം.

കല്ലിടുക്കൊറ്റൻ–മുള്ളൻ പേട്ടയിലുള്ള പേർ.

കല്ലിടാന്തി–കല്ലിലുണ്ടായഗുഹ, കല്ലിടുക്ക.

കല്ലിടാവ്–കല്ലിടാന്തി, ഗുഹ.

കല്ലിടുക്ക്–പാറകളിലുണ്ടാകുന്ന ചില വിസ്തൃതം, കറുത്ത ഇട.

കല്ലിരിമ്പ്–കല്ലിൽനിന്നെടുക്കുന്നഇരുമ്പ്.

കല്ല്–പ്രം. പാറ, കരിങ്കല്ല്. മറ്റുപര്യായങ്ങൾ–പക്ഷാണം, പ്രസുരം, ഗുഹം, അശ്മം, ഉപലം, ശിലാ, ദൃഷത്ത്. ഉ. രത്നം. നു. മൂത്രമടപ്പുണ്ടാകുന്ന ഒരുരോഗം [കല്ലുകടിക്കുന്ന ചോറ്–ശർക്കരം, ഓമനം. ചരൽക്കല്ലുള്ള പ്രദേശം–ശർക്കരാദേശം, ശാർക്കരാ].

കല്ലുപളപ്പൻ–ഒരുമാതിരി ചെടി.

കല്ലുപ്പ്–കട്ടയായുള്ള ഒരു വക ഉപ്പ്.

കല്ലുമട–കല്മട, കപ്പണ.

കല്ലുവാഴ–മലവാഴ.

കല്ലുളി–കല്ലുപണിയുന്നതിനുള്ള ഉളി, കല്ലുപൊളിക്കുന്ന പാര. പര്യായങ്ങൾ–ടങ്കം, പാഷാണദാരണം.

കല്ലുരി–പ്രം. ഒരു വക മസൂരി. ഇതു പ്രായത്തിനുശേഷമുണ്ടാകുന്നു. പത്തുദിവസത്തിനകം കുറയും. ഉ. ഒരു നദി.

കല്ലുരി എന്ന വ്യാധിക്കു ലക്ഷണംപറയുന്നു പിത്തജ്വരത്തിൽനിന്നിട്ട് രക്തങ്ങൾക്കുണ്ടാകുന്നു. പറഞ്ഞിനിന്നിട്ടൊന്നുരണ്ടിവസംജ്വരമുണ്ടായതുപോലെ തോന്നുന്നു. രോഗം നാൽപതുദിവസം നിലച്ചിട്ടും കുത്തിട്ടുവ്യാധിയും || ചെമ്പരത്തിമൊട്ടിൻതുടക്കം പോലെയുള്ളതിലുള്ളിലായ് പരുവുണ്ടായിത്തന്നീട്ടും വരണ്ടുപൊട്ടിയുന്നു || പൊട്ടിയുമ്പോൾമഞ്ഞുഭാഗം കറുത്തിട്ടുണ്ടിരിക്കയും മുന്തിരിങ്ങത്തൊലിമണംപോലെ രസവൈരൂപ്യമായതിൽ|| ജ്വരംതുടങ്ങിയാൽമുന്നെ ചെമ്പിയുംതലവെട്ടലും നട്ടെല്ലുവേദനയുംതീർച്ചയുംമുക്കിൽനിന്നൊഴുകുംജലം || വിരേചനവുമുണ്ടാകുംമൂലധാരങ്കൽനൊന്തിടും മുച്ചാൽസൌഖ്യമുണ്ടാകും ചികിത്സിച്ചീടുന്നുണ്ടെങ്കിൽ || ചികിത്സരക്ഷ ചെയ്യാഞ്ഞാൽ മരിച്ചീടുമസംശയം പതിനെട്ടുകഴിഞ്ഞെന്നാൽ ഗുണമായ്തുടങ്ങുമപ്പോഴേ|| കണ്ടാലുടൻ തണുപ്പുനായുള്ളോരൌഷധമാദരൽ ക്രമത്താൽ ചെയ്തുകൊള്ളുന്നതിനായ് പറയുന്നു || മക്കിപ്പൂവുടനിരുള്ളി കടുക്കാത്തോൽവയമുമാ ചന്ദനം ജീരകംപിന്നെകൊത്തമ്പാലരിയുംതഥാ|| കഷായംവെച്ചു പഞ്ചാരചേർപ്പിടിച്ചേവയേൽ ഇളന്നീർവസകല്പവും ചേർത്തിട്ടുകൊടുക്കണം || കരിമ്പനക്കരിക്കിൻറെ നീരിലുംനന്നുപിന്നെയും പുല്ലുനാമ്പുതലയ്ക്കിട്ടു വരുമാറുള്ളിനാമൽ|| ചോദ്യമെവൈദ്യരുള്ളിടമെല്ലാമേ ചെയ്തിടേണം പരസ്പരം വരുമെഞ്ഞെളുപ്പിനെന്ന മരുമഞ്ഞുകരിയുവർ || കഷായംവെച്ചു തേൻചേർത്തു കൊടുപ്പുവരുംവരെ താന്നിക്കാരമഞ്ഞൾതൊലി കൊട്ടം മധുകവുംതഥാ || പാതിമൂലങ്ങൾകൂട്ടിട്ടു കഷായങ്ങളുണ്ടാക്കുവോർപൊടിച്ചിട്ടുതേനിലാവോളമാക്കിടാൽ || കൊടുക്കയുകമേയുള്ള വേദനാശം ഗുണംതുലോം.

കല്ലർവഞ്ചി(ഞ്ഞി)–ഒരു പച്ചമരുന്ന്.

[അശ്ലീരി, മൂത്രകൃച്ഛ്രം, രക്തസ്രാവം ഇവ ഇതു നന്ന്. രക്തപിത്തവിനാശനമാണ്].

കല്ലെടമുട്ടി, കല്ലൊട്ടി–ഒരു വകമത്സ്യം.

കല്ലേൽ–കല്ലുകൊണ്ടു എറിയുക.

കല്ലൊട്ടി–ഒരു വക മത്സ്യം.

കല്ലോല–വിരോധമുള്ള, ശത്രുതയുള്ള.

കല്ലോലം–പ. വലിയ തിരമാല. അവ്യക്തമായി ശബ്ദിക്കുന്നതു എന്നർത്ഥം. മറ്റൊരുച്ചയ്യായം–ഉല്ലോലം. ഉ. സന്തോഷം.

കവ–പ. ഒരു വൃക്ഷത്തിന്റെ രണ്ടു കൊമ്പു കൂടിയ ഇട. ഉ. കാലുകളുടെയിട.

കവകം–പ കബളം. ഉ. ക്രൗഞ്ചം.

കവകാൽ–ഇടത്തോട്ടും വലത്തോട്ടും അകന്നിരിക്കുന്ന കാൽ.

കവകാലൻ–കവകാലുള്ളവൻ.

കവകാലി–കവകാലുള്ളവൾ.

കവചനാമകം–പച്ചടകപ്പുല്ല്.

കവചപത്രം–ഭൂർജ്ജമരം.

കവചം–പ. കപ്പായം, ചട്ട, ഉടുപ്പ്. കാറിനെ വഞ്ചിക്കുന്നതു എന്നർത്ഥം. ഉ. പച്ചടകപ്പുല്ല്. ന. കല്ലുമ്മൽ.

കവചി–ചട്ടയിട്ടവൻ.

കവട–ഒരുമാതിരിപുല്ല്.

കവടി–പ. ഗണിക്കുന്നതിനും മറ്റുമുള്ളൊരു മാതിരി കക്ക. ഉ. കതകിന്റെയും മറ്റും കൊളുത്തിരിപ്പലക. കവുടി എന്നു ചിലർ ചൊല്ലുന്നു.

കവട്ട–വേലിയിലുള്ള വാതൽ.

കവട്ടപ്പുല്ല്–ഒരു വക മണമുള്ള പുല്ല്.

കവണ–പ. കല്ലുവെച്ചു എറിയുന്നതിനുള്ള ഒരു മാതിരി വില്ല്. പര്യായങ്ങൾ–ഗിന്ദിപാലം, സ്വഗം.

'എത്രയെന്നാൽകഥിയ്ക്കാമതിശക്തനാം
മത്സ്യമൊന്നതുതൻകവണയിൽകല്പോറി'

(ഹരിശ്ചന്ദ്രചരിതം കിളിപ്പാട്ട്)

ഉ. വെടിയുണ്ട. ന. ഒരു മുഴം നീളമുള്ള തിരുകാത്തടി.

കവണി–കരയുള്ളതും നേരിയതുമായൊരു മാതിരി വെള്ളത്തുണി വസ്ത്രം.

കവനം–പ. കവിത. ഉ. വെള്ളം. ന. ജാഗ്രത, തൽപത്വം.

കവയിത്രി–വിദുഷി.

കവയ്ക്കുക–പ. രണ്ടു കാലും അകറ്റുക. ഉ. ചവുട്ടാതെ കവച്ചുകടക്കുക. ന. കവിതയുണ്ടാക്കുക.

കവയ്പു–പ. കവയ്ക്കുക. ഉ. രണ്ടുകാലും അകറ്റുക.

കവരങ്കി–ബലൻ, ബലാല്ക്കാരമായി പിടിക്കപ്പെട്ടവൻ.

കവരപ്പുല്ല്–ഒരു വക പുല്ല്.

കവരം–വി. മിശ്രമായുള്ള, ക്രിടിക്കലർന്ന.

കവരം–പ. മുപ്പുരസം. ഉ. പുളിരസം, പുളി. ന. തൊട്ടകാര. ര. (മലയാളം) പിന്നിയ തലമുടി. ള. മരത്തിന്റെ കൊമ്പുകളുടെ ചുവട്ട്. ഴ. തുണിന്റെ കുപ്പ്.

കവരസ്ത്രീ–ഒന്നാമതു തൽപം ധരിച്ച സ്ത്രീ.

കവരാ–കറുത്ത കാട്ടുതുളസി.

കവരി–പ. പിന്നിയ തലമുടി. ഉ. നായർ വെണ്ണ.

കവരി–പ. കറുത്ത കാട്ടുതുളസി. ഉ. കറിക്കായം.

കവരുക–ഗ്രഹിക്കുക, കൊള്ളയിടുക.

'കവരുന്നതിലൊരുപാതികൊടുത്താൽ
അവരുമതിനു സഹായംതരുന്നു'

(പ്രദോഷമാഹാത്മ്യം പാട്ട്)

കവർഗ്ഗം–(വ്യാകരണത്തിൽ) ക, ഖ, ഗ, ഘ, ങ ഈ അഞ്ചു വ്യഞ്ജനങ്ങളും.

കവൽ–പ. ബലാൽക്കാരമായുള്ള മോഷ്ടണം, കൊള്ള ഉ. പീനൽകോഡനുസരിച്ചുള്ള ഒരു കുറ്റം.

[ഇൻഡ്യൻ പീനൽകോഡ്-വകുപ്പ് 390. വാറണ്ടു കൂടാതെ പിടിയ്ക്കുകയും. ആയുധം വാറണ്ട്, ജാമ്യം എട്ടുനാളുകൂടാതെ രാജിയായിട്ടുള്ളടം പത്തുകൊല്ലത്തെ കഠിനമായ തടവും പിഴയും ശിക്ഷ. ഒന്നാംക്ലാസുമജിസ്ട്രേട്ടോ വിസ്തരിക്കാം].

കവർനാറ്റം-ചിലതരത്തെ ശരീരത്തിലുണ്ടാകുന്ന ചീത്തഗന്ധം. കവർ എന്നതിന നാറ്റം, ഒന്നു എന്നീ അർത്ഥങ്ങൾ കാണുന്നു.

കവല-പ. വഴികൾ തമ്മിൽ യോജിക്കുന്ന സ്ഥലം, ര. സാരം. ന. ദുഃഖം. ഭ. വിചാരം.

കവളപ്പാറ-ഒരു മിക്ക്.

[ഈ സ്ഥലം പണ്ടു വിദ്വാന്മാരെ കൊണ്ടു പ്രസിദ്ധപ്പെട്ടിരുന്നു]

കവളം-ഉറപ്പ, ഉരുള. [കബളം എന്നതാണ കവളം ആയത്]

കവളി-മരക്കൊമ്പിന്മേൽ ചുവട്.

കവളിക-വിഴുങ്ങുക.

കവറ-പരന്നകൊട്ട (തെങ്ങൻമിക്കിൽ കട്ട) മുതലായവയുണ്ടാക്കുന്ന ഒരു നീളമുരി.

കവറു-ഒരുമാതിരി കളിസാധനം, പകട.

കവറുകണ്ണ്-പകട.

കവാടം, കവാടി-കതക്. [കപാടം എന്നു നോക്കുക].

കവാത്ത്-പട്ടാളം അണിനിരക്കുന്നതിനെ പരിചയിക്കുക, യുദ്ധത്തിനു അണിനിരക്കുന്നതിനെ പരിചയിക്കുക. [അറബി ഭാഷ].

കവാരം-തമര.

കവി-പ. വേണ്ടവിധമുള്ള പഠിത്തത്തോടുകൂടി പാട്ടുകളേയും ശ്ലോകങ്ങളേയും മറ്റും എഴുന്നതാരും. ര. വിദ്വാൻ. ന. അസുരാചാര്യനായ ശുക്രൻ. കാവ്യത്തെ നിർമ്മിക്കുന്നവൻ എന്നർത്ഥം. [സ്ത്രീലിംഗവും കവി എന്നു തന്നെ]. ഭ (മലയാളം ഉത്തരത്തിൽ) ചേനയും മറ്റും നട്ടാൽ മൂട്ടുന്ന ഇല ഭ കവിത (തന്മേവം).

കവികം-കടിഞ്ഞാൺ.

കവികാ-പ. കടിഞ്ഞാണിന്മേലുള്ളകടി. ര. കടിഞ്ഞാൺ. ശബ്ദിക്കുന്നതു എന്നർത്ഥം.

കവിചതുഷ്ടയം-ഉദാത്തൻ, ഉദ്ധതൻ, പ്രൌഢൻ, വിനീതൻ ഇങ്ങിനെ നാലു്.

പ. ഉദാത്തൻ=ഒളിച്ചു അഭിമാനം പറയുന്നവൻ. ര. ഉദ്ധതൻ=അന്യന്മാരെ താഴ്ത്തി തന്നെ പുകഴ്ത്തുന്നവൻ. ന. പ്രൌഢൻ=ഉല്കൃഷ്ടമായ യഥാചിതം പറയുന്നവൻ. ഭ. വിനീതൻ=തന്നെ നിന്ദിച്ചു വിനയം പറയുന്നവൻ.]

കവിച്ചിൽ-പ, വെള്ളവും മറ്റും കൂടും പാത്രം മുതലായവയിൽ നിന്നു കവിഞ്ഞൊഴുക. ര. അധികതരം.

കവിഞ്ഞി-ചമ്മട്ടി, ചവുക്ക്.

കവിജനനി-സരസ്വതി.

കവിട്ടുക, കമിട്ടുക-വെളിയിലേയ്ക്കു് ഒഴുക്കുക. [ക. ക്രി. കവിട്ടിക്കു, കവിട്ടിപ്പിക്കു, കമട്ടിപ്പിക്കു]

കവിണ-കല്ലുവലിച്ചെറിയുന്നതിനു കെട്ടിയുണ്ടാക്കുന്ന കയറു്. [കവണനോക്കുക]

കവിണ്ണു-കമഴ്ന്നു.

കവിത-പ വിദ്വാന്മാരുണ്ടാക്കുന്ന പദ്യങ്ങളും മറ്റും. മനോവികാരങ്ങളെ പ്രതിപാദിക്കുന്ന കല.

[കവിതയുടെ പ്രധാനമായി വാസന, കല്പനാശക്തി, ലോകജ്ഞാനം, ബുദ്ധി, പദപരിചയം ഇവയുണ്ടാകുന്നതു ആവശ്യം. പ. കവിതയുടെ ഉദ്ദേശം-രസം. ര. കവിതയുടെ ഉപകരണം-ആശയങ്ങളെ ശരിയായി കൊണ്ടുവരുന്ന പദങ്ങൾ. ന. കവിതയുടെ യോഗ്യത-വിഷയത്തിന്റെ നന്മയേയും വികാരത്തിന്റെ നി

മലതയേയും അനുസരിക്കുന്നു. ര കവിതയുടെ ശക്തി–മനുഷ്യനെ അകപ്പാടെ സ്പർശിക്കുന്നു.

'നരതപാടുർല്ലുംലോകെവിദ്യാതരുചടുർല്ലുംകവിതപം ടുർല്ലുംതരുശക്തിസ്ഥരുചടുർല്ലുംവ്യുല്പത്തിടുർല്ലുംതരു വിവേകസ്ഥരുടുർല്ലു'

വിവേകം എന്നാൽ തൃഷ്ണാഗ്രാഹ്യജ്ഞാനമാകുന്നു. അതായത് ഒരു വസ്തുവിന്റെ പ്രധാനാംശങ്ങളെ കണ്ടുപിടിക്കാനുള്ള ശക്തിയാണ്. ദോഷങ്ങൾകൊണ്ടു കാവ്യത്വം നശിക്കയില്ല. (കുറേടത്തു മനുഷ്യത്വം ഇല്ലെന്നു പറഞ്ഞുകൂടാ.) ദോഷങ്ങൾ പക്ഷേ കാവ്യത്തിന്റെ ഭംഗിയെ കുറക്കും.]

ക്രി. (മലയാളത്തിൽ) കുളംപറയുക.

കവിതകെട്ട്–കാവ്യം മുതലായ കൃതികൾ ഉണ്ടാക്കുക.

കവിതപാടു–കിലുകിലുപ്പ്.

കവിതപം–കവിത.

കവിയടക്കം–പാരമ്പര്യന്യായം.

കവിയൻ–തലയിണയും മറവും മുക്കിയും തെയിരിപ്പാനിടുന്ന ഉറ.

കവിയം–കടിഞ്ഞാൺ.

കവിയിടുക–ചേനയും മറവും നട്ടതിനെ ഇലകൊണ്ടു മൂടുക, പൊതിയുക.

കവിയുക–ക്രി. നിറഞ്ഞൊഴുകുക, അധികമാവുക. ഉ. അസാമാന്യമായ അഹംഭാവവും മറവും കാണിക്കുക.

കവിരാജൻ–രാഘവപാണ്ഡവീയം എന്ന ഗ്രന്ഥത്തിന്റെ കർത്താവു്.

[രാഘവപാണ്ഡവീയം പ്രസിദ്ധമുള്ള ചേയർത്ഥഗ്രന്ഥമാണ്.]

കവിൾ–കണ്ണും വായും ചെവിടും മൂടിയതിനിടയ്ക്കുള്ള ഭാഗം, ചെകിട് കവിൾത്തടത്തിനു പര്യായങ്ങൾ–ഗണ്ഡം, കപോലം.

കവിൾക്കൊള്ളുക–ക്രി വായിലുണ്ടാകുന്ന ചില ദ്രവങ്ങൾകൊണ്ടു മുറുന്നു വെള്ളം വായിലൊഴിക്കുക, ഉ: കലുക്കഴിയുക.

കവിൾത്തടം–കവിൾപ്രദേശം. [കപോലം എന്നതു നോക്കുക.]

കവിൾവാറ്റ്–കവിളിലുണ്ടാകുന്ന ഒരു ഭീനം.

കവിളൻ–വീർത്ത കവിളുള്ളവൻ.

കവിളലജി–ശണ്ഡഗ്രന്ഥി എന്ന കവിൾരോഗം.

കവിളുക, കവളു–കവിൾകൊള്ളുക.

കവിഴുക–കമിഴുക. [ഭൂതകാലം–കവിണ്ണു.] മലർന്നിരിക്കുന്ന വസ്തുവിന്റെ മുകൾഭാഗം കീഴിലായിത്തീരുക. ഉ. പാത്രവും മറവും മറിയുക സ. മുഖം താഴുക. കവിത്തുക (കമിത്തുക)> <മലത്തുക

കവിഴ്ച–മുഖം താഴ്ത്തുകയും മറവും.

കവിത്തു–ചുവരിന്റെയും മറവും മുകളിൽ പണിയുന്ന കല്ലു്.

കവിഴ്ത്തൽ–കവിത്തുക.

കവിഴ്ത്തു–കമത്തു

കവുങ്ങു്, കമുങ്ങു്, കമുകു്–അടയ്ക്കാമരം. പര്യായങ്ങൾ–ഒഷധീഭൂ, പൂഗം, ക്രമുകം, ഗ്രുവാകം, ഖപൂരം.

[ചൊരുക്കുന്ന അടയ്ക്കയ്ക്കു് ഉദ്ഭേദം എന്നു പേർ]

കവുൽ–തുപ്പുട്ടു്. (അങ്കിടോക്ക.)

കവേരകന്യ–കാവിരിന്റെ.

കവേരം–ഒരു മല.

കവോട്ടി–വി. അല്പമായ മൂടുള്ള

കവോട്ടു–അല്പമായ മൂടു്.

കവ്യം–ചിലുക്കാരിക്കായി പാകംചെയ്ത അന്നം, മന്ത്രപുരസ്സരം മാന്യംചെയ്തുകൊടുന്നതു് എന്നർത്ഥം.

കവ്വ–വി. ക്ര വിചാരമുള്ള ഉ. താല്പര്യമുള്ള. സ. ആവശ്യമുള്ള.

കശ–ക്രി. ചാട്ടുവാറു്, ചമ്മട്ടി (കുതിരയുടെയും മറവും അടിക്കുന്നതിനുള്ളതു്.) ഓടി

ക്കുന്നതും ശംസിക്കുന്നതും എന്നർത്ഥം. ഉ. മാംസാരാഹിണി. ന. (മലയാളത്തിൽ) കലശൽ.

കശകശ–കറുപ്പുതയ്യുടെ കായിൽ ഭരിയിരിക്കുന്ന പൂട്ടിൽ.

(പിത്തഹരവും ശീതളവും ധാതുവർദ്ധനവും ആണ്. കണ്ണിനു നന്ന്.)

കശക്കുക–മർദ്ദിക്കുക, ഞെക്കിത്തിരുമ്മുക.

കശാപ്പ്–കൊല്ലുക.

കശാപ്പ്–ഫ. ചാട്ടവാറ (ചമ്മട്ടി) കൊണ്ടടിക്കപ്പെടത്തക്ക. ഉ. അടിക്കപ്പെടത്തക്ക.

കശിപു–ഫ. അന്നം, ചോറ്. ഉ. വസ്ത്രം. ന. പായ്. ര. തലയിണ. @ അന്നവും വസ്ത്രവും. ദുഃഖത്തെ കളയുന്നതെന്നർത്ഥം.

കശീശ–സുറിയാനിപ്പട്ടക്കാരൻ.

കശുഅണ്ടി–കപ്പലണ്ടി, പറങ്കിഅണ്ടി.

കശുകശു–മുരമുരക്കുക, ചെവിയിൽ പറയുക.

കശുമാങ്ങ–കപ്പൽമാങ്ങ, പറങ്കിമാങ്ങ.

കശുമാവു–കപ്പൽമാവ്.

കശേരു(കം)–നീർമുത്തങ്ങ.

കശേരുകം–തരുണാസ്ഥി. ശബ്ദിക്കുന്നതു എന്നർത്ഥം.

കശ്മനം, കശ്മലൻ–പേരറിയപ്പെടാത്തതിൽ മരുവൽ.

കശ്മല–വി. ഫ. മലിനമായ, അഴുക്കുള്ള, മുഷിഞ്ഞ. ഉ. ലജ്ജാവഹമായുള്ള.

കശ്മലം–ഫ. അഴുക്ക്. ഉ. ലജ്ജാവഹത്വം. ന. മോഹാലസ്യം.

കശ്മീരജം–കുങ്കുമം.

കശ്മീരജന്മാവു്–ഫ കുങ്കുമം. ഉ. കുങ്കുമപ്പൂവ്.

കശ്മീർ, കശ്മീരം–ഒരു രാജ്യം.

കശ്യ–വി. ചമ്മട്ടികൊണ്ടടിപ്പാൻ തക്ക.

കശ്യപൻ–ഒരു മുനി. കശ്യ (മദ്യം) പാനംചെയ്യാതിരുന്നതുകൊണ്ടു ഈ പേർ വന്നു.

(മരീചിയുടെ പുത്രൻ. ഇദ്ദേഹം ഒരു പ്രജാപതിയാണ്. സൃഷ്ടിയിൽ ഇദ്ദേഹം ഒരു പ്രധാനഭാഗം വഹിച്ചുതാണ് ഇതിനു കാരണം. കശ്യപൻ കറെക്കാലം പരശുരാമന്റേയും രാമചന്ദ്രന്റേയും പുരോഹിതസ്ഥാനം വഹിച്ചിരുന്നു. അദിതിയും ദിതിയും ഇദ്ദേഹത്തിന്റെ ഭാര്യമാരാണ്. അദിതിയിൽ ആദിത്യൻ മുതലായവരേയും ദക്ഷന്റെ മറെറാരു പുത്രിമാരിൽ അസുരർ, രാക്ഷസർ പക്ഷിമൃഗാദികളും മുതലായി സർവ്വജീവജന്തുക്കളേയും ജനിപ്പിച്ചതു ഇദ്ദേഹമാണ്. അദിതിയിൽ വിഷ്ണു വാമനമൂർത്തിയായി അവതരിച്ചു)

കശ്യപം–ഫ. ആമ. ഉ. ഒരുവക മത്സ്യം.

കശ്യം–ഫ. കതിരയുടെ മദ്ധ്യപ്രദേശം. കശ (ചമ്മട്ടി) കൊണ്ടു അടികൊള്ളുന്നതു് എന്നർത്ഥം. ഉ. മദ്യം. അകത്തു ചെന്നാൽ ഉറക്കെ ശബ്ദിക്കുന്നതു് എന്നർത്ഥം.

കഷ്ണീകരിക്കുക–ഫ. കഷ്മീകരിക്കുക.

'ഈയുള്ളനാംവിഷയബന്ധവിഷത്തിലുംവീണുഴറും കിടന്ന കഷ്ണിച്ചു നശിച്ചിടുന്നു'

(സംരോചമേശം)

ഉ. കഷണമാക്കുക, നറുക്കുക.

കഷണ്ടി–രോമം ഇല്ലായ്മ. പല്ലായങ്ങൾ–കേശങ്ങൾ, ഇന്ദ്രലുപ്തകം.

(രോമകൂപങ്ങളിലുള്ള പിത്തം വാതത്തോടുകൂടി കോപിച്ചിട്ടു രോമങ്ങളെ പിഴുതുകളകയും ആ രോമങ്ങളിൽ കഫത്തോടുകൂടിയ കഫം അതിനെ വീണ്ടും മുളയ്ക്കാൻ ഇടംകൊടുക്കാതാകയും ചെയ്യുന്നതിനാലാണ് കഷണ്ടിയുണ്ടാകുന്നതു്. കഷണ്ടിത്തലയനു പല്ലായങ്ങൾ–ഖലതി, ഇന്ദ്രലുപ്തികൻ)

കഷായം–ഫ ഉരകല്ല്, (ഉരക്കല്ല്). സ്വർണ്ണം മാറ്റുനോക്കുന്നതിനും മറെറാരുപയോഗമുണ്ട്. ഉ. കഷ്ടികയുന്ന മാണ.

കഷ്ടകം–പ. അഗ്നി. ഉ. സൂര്യൻ.

കഷ്ടായ–വി. പ. ചവർപ്പുരസമായ. ഉ. ചെമപ്പുനിറമുള്ള. ന. തവിട്ടുനിറമായ.

കഷ്ടായക്കഞ്ഞി–മരുന്നുകൊണ്ടു കഷ്ടായമുണ്ടാക്കിയതിൽവെയ്ക്കുന്ന കഞ്ഞി.

[ദാഹത്തിനും വിശപ്പിനും വളരെ നന്ന്. ഭീപനവും ഗ്രാഹിയുമാണ്. നയനരോഗക്കാർക്കും വ്രണമുള്ളവർക്കും മറ്റും ആവശ്യമെങ്കിൽ കൊള്ളാം.]

കഷ്ടായക്കല്ല്–ഒരുമാതിരിക്കല്ല്, കാവിമണ്ണിൻകട്ട, കാവിമണ്ണ്, പൂങ്കാവി.

[കഷ്ടായക്കല്ല് ആന്ത്രത്തിനും അൾസ്സിനും നന്ന്. വാതപിത്തഹരമാണ്. തണുപ്പുകൊണ്ട കണ്ണിന ഗുണം.]

കഷ്ടായഫലം–നെല്ലിക്ക.

കഷ്ടായം–പ. ചവർപ്പുരസം. കണ്ണത്തെ വെറുപ്പിക്കുന്നത് എന്നർത്ഥം. ഉ. കഷായം (ഒരുവക കഷ്ടായം, മരുന്നിട്ടു വേവിച്ചവെള്ളം.) കണ്ണത്തെ ഉപദ്രവിക്കുന്നത് എന്നർത്ഥം. ന. വൃക്ഷാദികളുടെ പശ. ര. തവിട്ടുനിറം. ള. മെഴുക്. ന. ചെമപ്പുനിറം. ഴ. പലകപ്പയ്യാനി. യ. ഞെമ. ൻ. പെരുമരുത്.

കഷ്ടായയാവനാലം–അല്പം ചെമന്ന ചോളം.

കഷ്ടായാ–പ. ചെറിയകൊടിത്തുവ. ഉ. ചെരങ്കൊടിത്തുവ.

കഷ്ടായി–പ. മരുത്. ഉ. അയിനി. ന. ഈത്ത.

കഷ്ടി–വി. അനർത്ഥമുള്ള, ഉപദ്രവിക്കുന്ന.

കഷ്ടികാ–ഒരുമാതിരി പക്ഷി.

കഷ്ടേ(സേ)രുകാ–നീർമുത്തങ്ങ.

കഷ്ടി–വി. പ. ദുഃഖത്തോടു സാധിക്കത്തക്ക. ഉ. ഞെരുക്കമുള്ള. ന. പ്രയാസമുള്ള.

കഷ്ടി–അ. അതോടെ എങ്കിലും ആപത്തുകാണുമ്പോൾ ദുഃഖത്തോടു പറയുന്ന ഒരു വാക്ക്.

കഷ്ടകർമ്മം–ദുഷ്പ്രവൃത്തി, ചെയ്യരുതാത്ത പ്രവൃത്തി.

കഷ്ടകാരക–വി. ദുഃഖമുണ്ടാക്കുന്ന.

കഷ്ടകാരകം–ലോകം.

കഷ്ടകാലം–ദുഃഖമുള്ള സമയം, ചീത്തക്കാലം.

കഷ്ടഗന്ധം–പെരുമരം.

കഷ്ടത–പ. ആപത്ത്. ഉ. ദുഃഖം. ന. അസൗഖ്യം.

കഷ്ടപ്പാട്–പ. ദുഃഖം. ഉ. പ്രയാസം, ബുദ്ധിമുട്ട്.

കഷ്ടഫലം–താന്നി.

കഷ്ടം–പ. ദുഃഖം. ഹിംസിക്കുന്നത് എന്നർത്ഥം. മറവ പയ്യായങ്ങൾ–പീഡാ, ബാധാ, വ്യഥാ, ദുഃഖം, ആമന്ദസ്യം, പ്രസൂതിജം, കൃച്ഛ്രം, ആഭീലം. ഉ. ക്ലേശം. ന. ദുർഗ്ഗമം.

കഷ്ടാനുഭവം–ദുഃഖത്തെ അനുഭവിക്കുക.

കഷ്ടിക്കുക–തികയുന്നതിനു മാത്രമില്ലായ്കയാൽ ഞെരുങ്ങിയോ ചുരുക്കമായിട്ടോ സാധിക്കുക, പണിപ്പെടുക.

കഷ്ടിച്ച്–അ. പ. ചുരുക്കത്തിൽ. ഉ. പ്രയാസത്തോടെ, പണിപ്പെട്ട്.

'കഷ്ടിച്ചുകൂടികൊട്ടിച്ചുഎന്നംവരും'
(കൃഷ്ണലീല 2 അങ്കം)

കഷ്ടിപിഷ്ടി–അ. വേണ്ടുവണ്ണം ചെയ്യാൻ വശമില്ലാഞ്ഞും ഭയമില്ലാഞ്ഞും മറവും പ്രയാസത്തോടെ കഷ്ടിച്ച്.

കഷ്ടിപ്പ്–വേണ്ടതിനുമാത്രമില്ലായ്ക.

കഷ്ണ്യാ–കറിയുടയും മറവും കക്ഷണം.

കസനോത്പാടനം–തുടലോടം.

കസം–ഉരകല്ല്.

കസവ്–പ. പൊന്നോ വെള്ളിയോ കൊണ്ടുണ്ടാക്കിയ ചെറിയ നൂൽ. ഉ. സ്വർണ്ണത്തോടോ വെള്ളിനൂലോ പഞ്ഞിനൂലോടും മറവും ചേർത്തു പിരിച്ചത്. ന. ഈവക നൂലുകൾകൊണ്ടു വസ്ത്രത്തിലുണ്ടാക്കുന്ന കരയും കുറിയും മറവും.

കസവുകര- കസവുതുലുകൊണ്ടു വസ്ത്രത്തിലുണ്ടാക്കുന്ന കര.

കസവുകുറി-കസവുകൊണ്ടു വസ്ത്രത്തിലുണ്ടാക്കുന്ന ഒരു കുറി.

കസേര, കസേല-ഇരിപ്പാനായിട്ടു മരംകൊണ്ടും ചൂരൽകൊണ്ടും മറ്റും ഉണ്ടാക്കുന്ന ഉയർന്ന പീഠം. പര്യായങ്ങൾ-പീഠം, ആസനം. (പോർട്ടുഗീസ് ഭാഷ.)

കസേരു-ഗ്ര. മുത്തങ്ങ ഉ. നീർമുത്തങ്ങ.

കസ്തീര(കം)-ഗ്ര. വെള്ളത്തീയം. ഉ. തകരം.

കസ്തൂരി, കസ്തൂരിക-ഗ്ര. ഒരുവക മൃഗത്തിൽനിന്നെടുക്കുന്ന സുഗന്ധവസ്തു. ഉ. മുരലക്കസ്തൂരി. ഗന്ധംകൊണ്ടു ദൂരദേശത്തെ ഗമിക്കുന്നതു്. മറ്റു പര്യായങ്ങൾ-മൃഗനാഭി, മൃഗമദം.

[ഇതു് ഒരു മൃഗത്തിന്റെ മദം അതുകൊണ്ടാകുന്നു. നാഭിയിൽ നിന്നുണ്ടായതാണു്. സൌരഭ്യമുള്ളതും മനോഹരമായുള്ളതുമാണു്. ഏകദ്രവ്യമാകുന്നു. ശ്ലേഷ്മദോഷത്തെയും മുഖശോഷത്തെയും നശിപ്പിക്കും.]

കസ്തൂരിപ്പിള്ള-മൃഗം.

കസ്തൂരിമഞ്ഞൾ-ഒരുവക ചെടി.

കസ്തൂരിമല്ലിക-കസ്തൂർമുല്ല.

കസ്തൂരിമൃഗം-കസ്തൂരിയുള്ള ഒരു മൃഗം.

കസ്തൂടി-കായാമ്പൂ.

കസ്ബാ-പ്രധാനപട്ടണം, പോലീസ് സ്റ്റേഷൻ.

കസാല-കസേര.

കഹാഹം-കൊക്ക്. 'ക' എന്നു ശബ്ദിക്കുന്നതു്. ജലത്തിലേ മത്സ്യാദികളെക്കൊണ്ടു സ്പഷ്ടമാക്കുന്നതെന്നർത്ഥം. മറ്റൊരുപര്യായം-ബകം.

കഹാഹം-പോത്തു്.

കള-ധാ. ഉപേക്ഷിക്ക.

കള-ഗ്ര. ധാന്യങ്ങളിലേക്കുണ്ടാകുന്ന പുല്ലും മറ്റും.

[കള എന്നതു കൃഷിഭൂമിയിൽ വളർന്നിട്ടു് ഒരു പ്രയോജനവുമില്ലാത്ത എല്ലാ ചെടികളുമാകുന്നു. കളകളുടെ വിത്തുകൾ മറുകണ്ടങ്ങളിലും വിഴുന്നതുകൊണ്ടു് എല്ലാ കൃഷിക്കാരും കളകളെ ഇല്ലാതാക്കിക്കളയുന്നതിൽ ജാഗരൂകന്മാരായിരിക്കണം. ഒരിക്കൽ കള പറിച്ചുകളഞ്ഞാൽ പിന്നെ ചെലവും ശ്രമവും കാണുകയില്ല. കിഴങ്ങുകൾ അധികം ആഴത്തിൽ പോയി കഷ്ണങ്ങളായി ഓരോ ചെടികളെ ഉണ്ടാക്കി നിലത്തെ ചീത്തയാക്കുന്ന മുത്തങ്ങാപ്പുല്ലു് കളകളിൽവെച്ചു ഒന്നാമത്തേതാണു്. കറുക മുതലായതും കളഞ്ഞേതീരുവെന്നു നിർബ്ബന്ധമുള്ളതു കളകളാകുന്നു. കളകളെ വേരോടെ പറിച്ചുകളയുന്നതു കുടഞ്ഞെ ചുട്ടുകളകയുമാം. ഭൂമി നനഞ്ഞിരുന്നാൽ കള പറിക്കരുതു്-കൃഷിശാസ്ത്രം.]

ഉ. (വ്യാകരണത്തിൽ) അനുപ്രയോഗങ്ങളിലേ ഒരു ധാതു.

കളകണ്ണ-ഗ്ര. കയിൽ. ഉ. മാടപ്രാവു്. സ. അരയന്നം.

കളകണ്ണി-കയിൽപ്പേട.

കളകം-ഒരുവക മത്സ്യം.

കളകളം-ജനസമൂഹത്തിൽ നിന്നും പുറപ്പെടുന്ന അവ്യക്തശബ്ദവും, പല മനുഷ്യരിൽ നിന്നോ ജന്തുക്കളിൽ നിന്നോ വാദ്യങ്ങളിൽ നിന്നോ മാറാ ഉണ്ടാകുന്ന അവ്യക്തമായ വലിയ ശബ്ദവും. കളം എന്നാൽ അവ്യക്തമധുരം. കളത്തെക്കാൾ കളം എന്നു ശബ്ദാധിക്യം. മറ്റൊരുപര്യായം-കോലാഹലം.

'കളകളമാടുമരുംകൊടുവനവരം മറവും'

(വിക്രമോർവ്വശീയേകാംകഥകളി)

കളകാഞ്ചി-കിളിപ്പാട്ടു വൃത്തങ്ങളിൽ ഒന്നു്. [രാമായണത്തിലേ സുന്ദരകാണ്ഡം ഈ വൃത്തമാണു്.]

'കംകളിക്കുപ്യപാരമേമ
രണ്ടോ മൂന്നോ ഗണങ്ങളെ
രണ്ടെയുലഘുവാക്കിടി
ലുളവാം കളകാഞ്ചിരകം'
(വൃത്തമഞ്ജരി)

കളങ്കം-പ. അടയാളം, എണ്ണപ്പെട്ടന്നത്, അറിയപ്പെട്ടന്നത് എന്നത്ഥം. ഉ. അപവാദം. [പുത്രീഗമനംകൊണ്ടു ബ്രഹ്മാവിനുള്ള ദുഷ്പേര കളങ്കമണത്രെ.] ന. കറപ്പ്. ര. കറ, കറ.

കളങ്കി-വി. പ. അടയാളമുള്ള. ഉ. അപവാദവും മറ്റുമുള്ള.

കളഭക്ഷ്യം-കയിൽ

കളഭാനി-പ. കയിൽ. ഉ. അരയന്നം. ന. മാടപ്രാവ്. ര. മയിൽ.

കളഞ്ജം-പ. വിഷം തേച്ചിട്ടുള്ള അസ്ത്രം ഏറ്റ മൃഗം. ഉ. പുകയില ന. കഞ്ചാവ്.

കളത്തി-ഒരു ചെടി.

കളത്രം-പ. തുട്ട് ഉ. കടിപ്രദേശം. സന്തോഷിപ്പിക്കുന്നത് എന്നത്ഥം. ന. പ്രകൃതിഛന്ദസ്സിൽപെട്ട ഒരു വൃത്തം പാദം തന്നിൽ അക്ഷരം ഉപ.
നയനയനാത്താടിഹ ജയചേത്താൽ
വരുവതുകർണ്ണക കളത്രം'
(വൃത്തമഞ്ജരി)

കളത്രവാൻ-ഭാര്യയുള്ളവൻ.

കളധൗതം-പ. വെള്ളി. ഉ. സ്വർണ്ണം. കള (ചെളി) കളഞ്ഞത് എന്നത്ഥം. ന. മധുരമായ ശബ്ദം.

കളനാദം-പ. മധുരമായും അസ്പഷ്ടമായുമുള്ള ശബ്ദം. ഉ. കുരവനാം. ന. വണ്ടും കാലും ചെമന്നിരിക്കുന്ന അന്നം.

കളപി ക.(ഗ)ം-ഉരുക്കുതികിൽ [കലപിംഗം എന്നതു നോക്കുക]

കളപ്പുറ-നെല്ലുമെതിക്കുന്ന സ്ഥലത്തു കൂട്ടുന്ന പുറ.

കളപ്പാട്ട്-കളപ്പുര.

കളപ്പിച്ച-നെല്ലുമെതിക്കുന്ന സ്ഥലത്തു കൊടുക്കുന്ന ധർമ്മം.

കളപ്പുര-കൃഷിസ്ഥലത്തിനടുത്തുള്ളതായുള്ള പുര

കളഭക്കുട്ട്-അകിൽ, ചന്ദനം, ഗുഗ്ഗുലു, മഞ്ചി, കുങ്കുമം, കൊട്ടം, ഇരിവേലി, രാമച്ചം (സുഗന്ധദ്രവ്യം എട്ടും.)

കളഭം-പ ഇരിവേലി മുതലായ സുഗന്ധദ്രവ്യം എട്ടും. ഉ. ചന്ദനക്കുട്ട്. ന. ആനക്കൂട്ടി, കുങ്കുമമിട്ടു ശബ്ദിക്കുന്നത്. ര. മറ്റൊരുതരം വാദ്യം-കരിശംഖകം.

കളം-വി. അവ്യക്തമധുരശബ്ദത്തോടുകൂടിയിരിക്കുന്ന, മനോഹരമായ.

കളം-പ. നെല്ലു മെതിക്കുന്നതിനുള്ള സ്ഥലം. ഉ. യുദ്ധത്തിനുള്ള സ്ഥലം. ന. മനോഹരം. ര. പലനിറത്തിലുള്ളപൊടികൊണ്ടുണ്ടാക്കുന്ന രൂപം

കളമ്പൊലി-കളത്തിൽനിന്നു നെല്ലും കൊണ്ടു പോകുമ്പോൾ മറ്റും പോവുക.

കളംബാകൻ-പറകയും കേൾക്കയുമില്ലാത്തവൻ, പൊട്ടൻ

കളംബം-പ. അമ്പു, ശരം തൊടുപ്പിക്കപ്പെടുന്നത് എന്നത്ഥം. ഉ. ചീരത്തണ്ടു മുതലായതിന്റെ പേർ. ഇലക്കറിയ്ക്കു കൊള്ളാവുന്ന ചില ചെടികളുടെ തണ്ട്. മരത്തെ ചൊവ്വുന്നത് എന്നത്ഥം.

കളംബി-വശക്കൂവീര, കൊടിവശക്ക. ഇലത്തിൽ മുള്ളില്ലാത്തതു്.

കളംബു-കൊടിവശക്ക, വശക്കൂവീര.

കളമച്ചുഴ-തേങ്ങോവരി.

കളമം-കുങ്കുമപ്പൂവിരിച്ചുനെല്ലു്, കുങ്കുമപ്പൂച്ചെടി, കുറ.

[കളമം എന്നതു് അധികം ജലത്തിൽ നില്ക്കുന്നതും തണ്ടിനു ബലമുള്ളതും വള രെ മാസംകൊണ്ടു വിളയുന്നതുമായ ഒരു വക നെല്ലാണു്. കളമപ്പാരിച്ചെന്നല്ല മോഷ്യവർഗ്ഗങ്ങളിൽചേർന്ന ശാലിയാണു്. ഇതു മിക്കവാറും മേടം ഇടവം ഈ മാ സങ്ങളിൽ വിതയ്ക്കും. ധനു, മകരം ഈ മാസങ്ങളിൽ കൊയ്യും.]

കളമാറുക-നെല്ലു വിതച്ചുശേഷം ഉഴുക.

കളമാറാഹം-നെല്ലു വിതച്ചതിൽപിന്നെ ചെയ്യുന്ന ഉഴവു്.

കളമൊഴി-പ്ര. മധുരമുള്ള വാക്കു്. ഉ. മ ധുരവാക്കുള്ള സ്ത്രീ.

കളമോത്തമം-കസ്തൂരിച്ചെമ്പാവു്.

കളയായുന്ന-കളയാത്തു്.

'വചനീയംപുനരെന്തിനു ചേർത്തു
ജീവിതമെന്തിനു കളയായുന്നേ'
(ഉത്തരരാമായണം ചമു)

[കളയാ, വാരാ ഇവയ്ക്കു് നിഷേധാ ർത്ഥമാണുള്ളതു്. ഇവയോടു വർത്തമാന പ്രത്യയമായ 'ഉന്നു' ചേർത്തു് കളയായു ന്നു, വാരായുന്നു എന്നാക്കി. ഈ പ്രയോ ഗം ഇപ്പോൾ നടപ്പില്ല ഇപ്പോഴത്തെ രൂപം കളയാത്തു, വരാത്തു എന്നാണു്. മുൻ കാണിച്ച ഉദാഹരണത്തെ വിവ രിക്കുന്നു. പുനരെന്തിനുചേർത്തു ജീവിതം? എന്തിനു ജീവിതം കളയായുന്നു? ഇതു മാത്രം വചനീയം = എനിക്കു ജീവൻ പോന്നതു് എന്തിനു? ഇപ്പോൾ എന്റെ ജീ വൻ എടുത്തുകളയാഞ്ഞതു് എന്തുകൊണ്ടു? ഇതു് ഒന്നു പറഞ്ഞറിയേണ്ടതാണു്].

കളയുക-പ്ര. ഉപേക്ഷിക്കുക. ഉ. ദൂരത്താ ക്കുക. സ. നശിപ്പിക്കുക. [കാ ഫി ക ളയിക്കുക].

കളരവം-പ്ര. മാടപ്രാവു്, അവ്യക്തമധു രമായ ശബ്ദത്തെക്കുറിയതു് എന്നർത്ഥം ഉ. അവ്യക്തമധുരമായ ശബ്ദം. സ. ക രവിപ്പക്ഷി. ര. കത്തിൽ.

കളരി-ആയുധാഭ്യാസത്തിനും മറ്റുമുള്ള ശാല.

കളവാണി-പ്ര. മധുരമുള്ള വാക്കു്. ഉ. മധുരവാക്കുള്ള സ്ത്രീ.

കളവിങ്കം, കളവിങ്കം, കളവിംഗം, കളവിംഗം-ഉപ്പുരികിൽ. മറ്റൊരു പയ്യായ്യം ചടകം.

['കളവിങ്കം പുമാൻ ഗ്രൈവേയചടകേപി കലിംഗകേ' എന്നുള്ള മേദിനീ വചന പ്രകാരം ഈ പക്ഷി നാട്ടുപുറങ്ങളിലു ള്ളതാകുന്നു കളവിങ്കം എന്നാൽ മഞ്ഞി യിൽ നടക്കുന്നതു് എന്നർത്ഥം.]

കളവു്-കക്കുക, മോഷണം, വ്യാജം, ക ള്ളം, പയ്യായങ്ങൾ-ചൌരികാ, കൈസ്ത ന്യം, ചൌര്യം, സ്തേയം.

[കളവു മുതലിനു പയ്യായം-ലോപ്തം]

കളഹംസം-കാരണം, ഒരു മാതിരി അ രയന്നം മധുരവാക്കായ ഹംസം എന്ന ർത്ഥം. ഇരണ്ടു, പാത്ത ഇങ്ങിനെയും അ ർത്ഥം കാണുന്നു.

'കളഹംസാഭിരാമേണ ഗാത്രേണ
കമനിയാണാമേകരതിം'
(സുന്ദോപസുന്ദയുദ്ധം കഥകളി)

കളാക്കാ-ഒരു മാതിരി കായ്.

കളാഞ്ചികാ-കവാറിലത്തട്ടം.

കളാടൻ-തട്ടാൻ.

കളാനാടി-പ്ര. കരിങ്കിൽ. ഉ. പിത്തി പ്പുള്ളു്. സ. വേഴാമ്പൽ.

കളാമകം-കളമപ്പാരിച്ചെന്നല്ലു്.

കളായം-കടല, മലകടല. വാരത്തെ ഉണ്ടാകുന്നതു് എന്നർത്ഥം, [കടല എന്ന തു നോക്കുക] വട്ടപ്പുണായി എന്ന അ ർത്ഥവും കാണുന്നു.

കളായാ-മീൻകണ്ണിക്കുക.

കളാറി-കളരക്കാ

കളി-പ്ര. വിനോദം, നേരംപോക്കു്. ഉ. ആട്ടം, കഥകളി. പയ്യായങ്ങൾ-താണ്ഡ

ഖം, നടനം, നാട്യം, ലാസ്യം, നൃത്തം, നർത്തനം. ന. ശാസ്ത്രകളി. ര. മംഗലാപ്പുറം, (മാങ്ങാ പിഴിഞ്ഞചാറ്.) ള. അടയ്ക്കാംകളി. ഴ. ഒരുമാതിരി പല ഹാരം.

[പന്തുകളി മുതലായതിന് ക്രീഡാ, ഖേലാ, ക്രീഡനം ബാലക്രീഡിതം പറയാം.]

കളിക്കാരൻ–അഭ്യാസക്കാരൻ, വിനോദക്കാരൻ.

കളിക്കുക–ക്രി. വിനോദിക്കുക. ഉ. അഭ്യാസം അഭ്യസിക്കുക, അഭ്യസിക്കുക.

കളിക്കുമ്മായം–നല്ല കുമ്മായം, നല്ല ചുണ്ണാമ്പ്.

കളിക്കൂട്ടർ–കളിച്ചുനടക്കുന്ന പിള്ളർ.

'ക്രൂരച്ചേന്നിട്ടൊരുവകകളിക്കൂട്ടർ
നിന്നെപ്പിടിപ്പാൻ'
(മയൂരസന്ദേശം)

കളിക്കൊട്ടിൽ–അഭ്യാസം മുതലായ ചിലകളികൾക്കായിട്ടു കെട്ടിയുണ്ടാക്കിയ സ്ഥലം

കളിക്കൊട്ട്–അഭ്യാസത്തിന്റെ കൊട്ട്.

കളിക്കോപ്പ്–ക്രി. അഭ്യാസക്കാരുടെ കിരീടവും മറ്റും. ഉ. കളിക്കുന്നതിനുള്ള സാധനം.

കളിച്ചൽ, കളിച്ചിൽ–മത്സ്യത്തിനെ പിടിക്കുന്നതിനുള്ള ഒരു സൂത്രം.

കളിത്തട്ട്–ചില ക്ഷേത്രത്തിനുണ്ടായിരിക്കുന്നതും മുറ്റത്തിൽ കെട്ടിയുണ്ടാക്കുന്നതുമായ പുര. കളിത്തട്ടകം, കളിത്തട്ടം ഇങ്ങിനെയും പറയുന്നു. പര്യായങ്ങൾ –സന്നിവേശം, നികഷ്ടണം.

കളിന്ദകന്യാ–യമുനാനദി, കാളിന്ദി. കളിന്ദപർവ്വതത്തിന്റെ പുത്രി എന്നർത്ഥം.

'കളിന്ദകന്യാജലമർത്ഥവത്തീ'

കളിന്ദജാ–കാളിന്ദി, യമുനാനദി. [ഈ

'ആയുന്നാകംബലവേവീരനോടുംക്രമേപ്പ
ചാതകളിന്ദജാതന്റെ പുലിനംതന്നിൽ'
(കംസവധം വഞ്ചിപ്പാട്ട്)

കളിന്ദനന്ദിനി–കാളിന്ദീനദി.

കളിന്ദം–ഒരു പർവ്വതം.

കളിനിറം–ഇരുണ്ടനിറം.

കളിപ്പന്തൽ–കളിക്കൊട്ടിൽ.

കളിപ്പാട്ട്–കളിപ്പൊരുട്ടിയുണ്ടാക്കിയപാട്ട്

കളിപ്പു്–കളി, മണ്ടത്തം.

കളിപ്പാവ–കളിപ്പാനായി മരം മുതലായതുകൊണ്ടുണ്ടാക്കുന്ന രൂപം.

കളിപ്രാന്തൻ–കളിയിൽ അതിമോഹമുള്ളവൻ.

കളിമണ്ണ്–ഒരുമാതിരി ചോപ്പ്, കശമണ്ണ്.

[കളിമണ്ണിനെ പശിമമണ്ണ് എന്നും പേരുണ്ട്. പാറകളിലുള്ള കല്ലിൻപൊടി വെള്ളത്തിൽക്കലക്കി ഒരു പാത്രത്തിൽ വെച്ച് ശുദ്ധജലം വിട്ടുകളഞ്ഞ് പല പ്രാവശ്യവും ഉരച്ചിയാൽ ഒടുവിൽ നിറമേതുംകൂടാതെ ശുദ്ധജലമായിത്തീരും. അപ്പോൾ പാത്രത്തിന്റെ അടിയിൽ കട്ടപ്പുള്ള തരികൾ കാണും. ഇതിനെ മണൽ എന്നു പറയുന്നു. കലക്കിയ വെള്ളം ഒഴിച്ചുസ്ഥലത്തു ചെളിപോലെ പശിമയായി മൂടുവായിക്കാണുന്നതു കളിമണ്ണ് അല്ലെങ്കിൽ പശിമമണ്ണ് എന്നറിക. ഇപ്രകാരം കളിയും മണലുമായി ഒരു പാറയിൽ രണ്ടുസാധനങ്ങൾ ഉറപ്പെട്ടിരിക്കുന്നു. ചില പാറകളിൽനിന്നു മണൽ മാത്രവും ചിലതിൽനിന്നു കളിമാത്രവും കിട്ടുന്നു. കളിമണ്ണ്–ഇതിൽ ശീതകരം ഉള്ളതിനാൽ നല്ല ഉരമുണ്ട്. എന്നാൽ എല്ലാ നിലങ്ങളിലും കളിമണ്ണിന്റെ നിമിത്തം മണൽപ്രദേശങ്ങളിലെ മാത്രമേ ഉപയോഗപ്പെടുത്താറുള്ളു–ക്ഷിതിശുദ്ധം.]

കളിമ്പം–കളി, ഒരുപാടുള്ളതിനും മറ്റും നേരമ്പോക്ക്, വിനോദം.

കളിവു്–ഓട്ടപാത്രങ്ങളിലും മറ്റും ഉണ്ടാകുന്ന ദ്വാരം.

കളിയടയ്ക്കാ–കളി പൊരുട്ടിയുണ്ടാക്കിയ പാക്ക്.

കളിയാടുക–കളിക്കുക.

കളിയാട്ട്–ചില തിറയിൽ ചില ദേവതകൾക്കായിട്ടു ചെയ്യുന്ന ഒരു കർമ്മം.

കളിയാട്ടം–കളിക്കുക, വിനോദിക്കുക.

കളിയിണക്കുക–കളിക്കുന്നതിനുമുൻകൂട്ടി പഠിച്ചു തയ്യാറാവുക.

കളിവട്ടം–കളിയുടെ മാതിരി.

കളിവള്ളം–കളിപ്പാൻ നല്ലതായ ഒരുമാതിരി വലിയ വഞ്ചി.

കളിവാക്ക്–നേരംപോക്കുപറക.

കളിരു–കൊമ്പനാന. [പഴയ മലയാളം ഇപ്പോൾ നടപ്പില്ല.]

'മദകളിരത്തിൽ'

'മതകളിറീറിനത്തിൻ മുമ്പിൽ പാരിളഞ്ചിങ്കംപോലെ'

(രാമചരിതം)

കളുകളു–അ. സാഹസമായിട്ട്, മുഴുവനും.

'മലയും മുക്കും കളുകളുയരിന്തു'

(രാമചരിതം)

കളുക്ക്–ഉളുക്ക്.

കളുക്കുക–ഉളുക്കുക.

കളേബരം–ശരീരം.

[ഇവിടെ കളശബ്ദത്തിനു ശുക്ലം എന്നും അവ്യക്തമായി മധുരമായിരിക്കുന്ന ശബ്ദം എന്നും അർത്ഥം. പുരുഷശരീരത്തെ പറയുന്ന സമയം ശുക്ലത്തിൽ ശ്രേഷ്ഠം, സ്ത്രീ ശരീരത്തെയാണു പറയുന്നതെങ്കിൽ സംഗീതാദിശബ്ദമാധുര്യത്തിൽ ശ്രേഷ്ഠം. വപുഷോന്നാശേ എന്നതനുസരിച്ചു കളേബരം–കളേവരം ]

'കളേബരം മൃതപുരീക്ഷഭാജനം'

(ഭട്ടാർഹരി)

കഠിനിക്കുക–മോഷ്ടിക്കുക.

കഠിനക്കടിയൻ–മദ്യപാനി, കള്ളുകുടിക്കുന്നവൻ.

കഠിനഫലം–കമ്പിനിമരം.

കഠിനം, കള്ള്–മരങ്ങ്, പന മുതലായ വയുടെ ശുക്ലികകളെ തല്ലി രചത്തി താളി തേച്ചു കിട്ടുന്ന മധു. [ഇതിനെ പുളിപ്പിച്ചു വാറ്റിയാൽ ചാരായമായിത്തീരുന്നു.]

കള്ളൻ–വി. മോഷ്ടിക്കുന്ന, വ്യാജംപറയുന്ന.

കള്ളക്കണ്ണിട്ടം–വ്യാജമുള്ള നോട്ടം.

കള്ളക്കരണം – വ്യാജമായിട്ടുണ്ടാക്കിയ ആധാരം.

കള്ളക്കാട്ട്–വളരെകള്ളം.

കള്ളക്കടം–കടം വാങ്ങിച്ചാൽ കൊടുക്കാത്തവൻ.

കള്ളക്കേട്ട്–കള്ളന്മാരുടെ ബാധ, കള്ളന്മാരിൽ നിന്നുണ്ടാകുന്ന ഉപദ്രവം.

കള്ളക്കോൽ–വ്യാജമുള്ള വെള്ളിക്കോൽ.

കള്ളച്ചക്രം–വ്യാജച്ചക്രം.

കള്ളച്ചരക്ക്–സർക്കാരിനു തീരുവ കൊടുക്കാതെ കൊണ്ടുവന്നു വില്ക്കുന്ന ചരക്ക്.

കള്ളച്ചൂത്–വ്യാജമായി പ്രയോഗിക്കുന്ന ചൂത്.

കള്ളത്തരം–വ്യാജമുള്ള സ്വഭാവം, വഞ്ചന.

കള്ളത്താക്കോൽ–മറുതാക്കോൽ.

കള്ളത്താലി–ഒരുവൻ ഒരു കന്യകയെ വേളികഴിക്കുന്നതിനു താൽപര്യപ്പെടുകയും അവളും അവളുടെ ശേഷക്കാരും സമ്മതിക്കാതെയിരിക്കയും ചെയ്യുമ്പോൾ ശേഷക്കാരറിയാതെ അവൻ ആ കന്യകയെ പിടിച്ചു ബലാൽക്കാരമായിട്ടു കെട്ടുന്ന താലി.

കള്ളത്തി, കള്ളി–കക്കുന്നവൾ, മോക്ഷണം ചെയ്യുന്നവൾ.

കള്ളത്തരിപ്പ്–ഉപായംകണ്ടു പിടിക്കുക.

കള്ളനാണയം–പ. കപടവേശം, ഉ. മടി.

കള്ളൻ–മോക്ഷണംചെയ്യുന്നവൻ, കക്കുന്നവൻ. [സ്ത്രീലിംഗം–കള്ളി]. പര്യായങ്ങൾ–ചോരൻ, തസ്കരൻ, മോഷ്ടാവ്, ദസ്യു, അസുരൻ, മോക്ഷകൻ, പ്രതിരോധി, പരാസുന്ദി, പാടച്ചുരൻ, മലിമ്ലുചൻ.

കള്ളപ്പെട്ടകം–വഞ്ചി, കടൽക്കള്ളന്മാരുടെ വഞ്ചി.

കള്ളപ്പം–ഒരു പലഹാരം.

കള്ളിപ്പൂട്ട്-തുറക്കുന്നതിനു പ്രയാസമുള്ള പൂട്ട്.

കള്ളം-വ്യാജം പ. മോക്ഷണം. നു. മടി.

കള്ളർകാഞ്ഞിപ്പക്ഷി-നീർകോഴി, കരിങ്കോഴി. പര്യായം-കോഴ്ഞി(കം).

[ഇതിന്റെ മാംസം കഫപിത്തങ്ങളെ ശമിപ്പിക്കും. വാതത്തെ വർദ്ധിപ്പിക്കും. മൂത്രത്തെ തടുക്കും. മലത്തെ കുറയ്ക്കും. ഇതിന്റെ കാല് നീണ്ടിരിക്കും ]

കള്ളാടി-അടിമക്കുറുപ്പന്മാരുടെ ഒരു വംശം.

കള്ളി-പ. കക്കുന്നവൾ [പു-ൻ, കള്ളൻ] പ. മടിയുള്ളവൾ. നു. ദേഹം പൊള്ളിക്കുമ്പോൾ കുരുക്കുന്ന ഒരു വൃക്ഷം, ഇലക്കള്ളിമരം, കള്ളിപ്പാല, ചതുരക്കള്ളി മുതലായവ. ര. വള്ളത്തിന്റെ മണിക്കാലുകൾക്കിടയിലുള്ള സ്ഥലം. ഇ. യശസ്, ഭംഗം. ന. അണിനിര.

[കള്ളി-ചതുരക്കള്ളി, എരിമക്കള്ളി, ഇലക്കള്ളി, പയററങ്ങാക്കള്ളി, തിരുകള്ളി, നാഗപടക്കള്ളി ഇങ്ങിനെ പല വിധത്തിലുണ്ട്. കള്ളിയിൽ പ്രധാനം ചതുരക്കള്ളിയും ഇലക്കള്ളിയും ആണ്. ഇവറിന്റെ പൊതുവായ ഗുണം അർശ്ശസ്സ്, പ്ലീഹ, ഉദരം, ഗ്രന്ഥം ഇവയെ നശിപ്പിക്കയാണ്. വാതത്തിനും കൊള്ളാം. വിഷഘ്നകരമാണ്]

കള്ളിപ്പാല-ദേഹം പൊള്ളിക്കുമ്പോൾ കുരുക്കുന്ന ഒരു വൃക്ഷം.

കള്ളിമുള്ളൻ-പ. ഒരു വക മുള്ളൻപന്നി. പ. ഒരു വക ചീര മസൂരിഭിന്നം.

കള്ളുകുടം-മദ്യം വിൽക്കുന്ന സ്ഥലം.

കഴ-(ധാതു)കഴപ്പുതോന്നുക.

കഴ-പ. വണ്ണം കുറഞ്ഞും നീളം കൂടിയുമുള്ള ഒരു മരത്തിരി തടി, ഇഴ. പ. യജ്ഞം ഉണ്ടാക്കുന്ന കമ്പ്.

കഴകക്കാരൻ-ക്ഷേത്രത്തിൽ പരിചാരകവൃത്തി ചെയ്യുന്നവൻ.

കഴകത്തു-പ. നന്മ പ. പുഷ്ടി.

കഴകം-പ. ക്ഷേത്രത്തിലെ പരിചാരകപ്രവൃത്തി

[ആര്യബ്രാഹ്മണർ കലിവർഷം രണ്ടായിരത്തി ഞൊറുനിലപ്പാടം കേരളത്തെ പെരുമ്പെല്ലൂർ, പയ്യന്നൂർ, പാപ്പൂർ, പെരുമ്പന്നൂർ എന്നു നാലായി ഭാഗിച്ചു രാജ്യഭാരം നടത്തി. അവരിൽ ഓരോ ഭാഗത്തിനും 'കഴകം' എന്നു പേർ ]

പ. ക്ഷുദ്രവിഭാഗം.

കഴകി-ഭഗവതി-[വേട്ടയിലുള്ള പേർ.]

കഴഞ്ചി, കഴച്ചി, കഴറി-ഒരു പച്ചമരുന്ന്.

[ഇതിന്റെ ബീജം ശുക്ലത്തിനും ഗുല്മത്തിനും നന്ന്. ഉഷ്ണവും ശ്ലേഷ്മവും കൃമിനാശനവുമാണ്. ഇതു പിത്തം, കഫം, രക്തദോഷം, വീക്കം, വയറുവേദന, ശൂലം, രക്താർശ്ശസ്സ്, പ്രമേഹം, വ്രണം, കുഷ്ഠം, ഛർദ്ദി, കൃമി ഇവയെ നശിപ്പിക്കും. കഴഞ്ചിക്കുരുവിനും വേരിനും ഉള്ള ഗുണവും മേൽപ്രകാരംതന്നെ. ഉള്ളിപ്പുനിക്കു വളരെ ഉത്തമം. ഇതിന്റെ ഇല വാതം, കഫം, കൃമി, അർശ്ശസ്സ് ഇവയെ ശമിപ്പിക്കും. ഇതിന്റെ വേരിനാൽ തൊലി ഉള്ളിപ്പുനിക്കും പിന്നീടുള്ള ക്ഷീണത്തിനും നന്ന്. കഴഞ്ചി മുള്ളുള്ള വള്ളിയാണ്. കായുടെ പുറത്തും മുള്ളുകാണും ഇംഗ്ലീഷ് ( [illegible] ഭാഷ ൻഡകിനട്. തമിഴ്-കഴർച്ച്. സംസ്കൃതത്തിൽ-ലതാകാന്തം.]

കഴഞ്ചു-പന്നുചണമടക്കിയ കെട്ടുഭാരം.

കഴഞ്ചുകാരൻ, കഴഞ്ചി കച്ചവടക്കാരൻ-കഴഞ്ചിവിറ്റാൻ നടക്കുന്ന കച്ചവടക്കാരൻ.

കഴഞ്ചുണ്ടി, കഴഞ്ചിണ്ടി-തുടയിലെ രോമം പൊഴിഞ്ഞുപോയുള്ള സ്ഥിതി.

കഴന്നായ്-കഴനായ്.

കഴനി-പ. വയൽ, കണ്ടം. പ. പാഴ്നിലം.

കഴനെറി-വലിയനെറി.

കഴാ-ഫ. അഴം, കയം. ഉ-ം, നട്ടകഴം. ഫ. ജലാശയം.

കഴമ-ഒരുമാതിരി നെല്ല്. [കളമനോക്കുക]

കഴപ്പ്, കഴയ്പു-ഫ. കഴയ്ക്കുക, അധികം വേലചെയ്താൽ കൈയ്ക്കും മറവും ഉണ്ടാകുന്ന ഒരുമാതിരി വേദന. ഫ. സന്ധി. കാളറ (നീക്കൊയ്) ദിനത്തിൽ കഴപ്പുകാരം ഉണ്ടെങ്കിൽ കേടാം.

കഴമ്പു-ഫ. പഴങ്ങളുടെ അകത്തുള്ള ഭാഗം. ഫ. ചില സസ്യങ്ങളുടെ തണ്ട്. ന. സാരമായ ഭാഗം. 'കളംബം' എന്നതാണ് 'കഴമ്പ്' എന്നായത്.

കഴയ്ക്കുക-സാമാന്യത്തിലധികം വേദനയുണ്ടാവുക.

കഴല, കഴലപ്പാട്ട്-ഫ. നാഭിയുടെ രണ്ടുഭാഗവുമുള്ള സ്ഥലം, ഒട്ടക്. ഫ. ചായുകയിച്ചാലുംമറവുണ്ടാകുന്ന വേദന.

കഴലി-കഴലൊട്ട (പാദത്തൊട്ട) കുടിയവർഗം.

കഴലിണ-കാൽച്ചുവട്ടിരണ്ടും.

കഴലുക-അടരുക. [സ. ക്രി. കഴറുക.]

കഴൽ-ഫ. കാൽച്ചുവട്ട്, പാദം. ഫ. അഴിവാതൽ.

കഴവത്താഴിക-നല്ലതായ്ത്തീരുക.

കഴർ-കയർ.

കഴറുക-കത്തിയടക്കുക.

കഴറുപാര-കത്തിയടക്കുന്ന പാര.

കഴാ-ഫ. കണ്ടത്തിൽ വെള്ളംകടത്തുന്ന തൂമ്പ്. ഫ. വേലിപ്പുഴ.

കഴി-ഫ. ചെളി. ഫ. തുമ്പാരക്കെയ്. ന. നകകഴി. ർ മച്ചുപലകയുടെ അടിയിൽ നിലാത്തിനേൽ പണിതുവെയ്ക്കുന്ന മരം. ങ. മുപ്പിന്റെ അഴുക്ക്. ന. തലയുടെയുള്ളിൽ, തലച്ചോറ്.

കഴിക്കുക-ഫ. നിവർത്തിക്കുക, സാധിക്കുക ഫ. പ്രവർത്തിക്കുക. ന. കണക്കിൽ കുറയ്ക്കുക. ർ. തിന്നുക. ങ. അവസാനിപ്പിക്കുക. ന. ദിവസവൃത്തിചെയ്യുക. ഠ. കൊല്ലുക. വ. ലോഹങ്ങളുടെ കറ കളയുക.

കഴിച്ചിൽ-ദിവസവൃത്തി, ഉപജീവനം.

കഴിഞ്ഞ-അവസാനിച്ച, തീർന്ന, പോയ.

കഴിനാ-ഒരു ജലജന്തു.

കഴിപ്പ്-വി. ചീർത്തതിരിഞ്ഞുതള്ളിപ്പെട്ട.

കഴിമുതങ്ങാ-ഒരു പച്ചമരുന്ന്. പര്യായങ്ങൾ-കടന്നടം, ഭാരപുരം, വനേയം, പരിപേലവം, പ്ലവം, ഗോപുരം, ഗോനർദ്ദം, കൈവർത്തീമുസ്തകം.

[തമിഴിൽ 'ഒപരുമുത്തക്കു' എന്നു പേർ കാണുന്നു. ഇതു കഫം, പിത്തം, രക്തദോഷം, വിസർപ്പം, ചൊറി, വിഷം, കൃമി, സർവ്വാംഗസന്താപം, ആമശൂലം ഇവയെ ശമിപ്പിക്കും. മേധ്യവും ഹിതകരമാകുന്നു. ഇതു തൃക്ഷവും ഗുരുവുമാണ്. നിറത്തെ നന്നാക്കും. സംസ്കൃതത്തിൽ കൈവർത്തീ, മുസ്തകം.]

കഴിയുക-ഫ. അവസാനിക്കുക. ഫ. ചാവുക. ന. ശേഷിയുണ്ടാവുക.

കഴിവ്-ഫ. നിർവ്വാഹം. ഫ. പ്രാപ്തി. ന. നിവൃത്തി.

കഴു-കഴുവേറുന്ന മരം.

കഴുകൻ, കഴുവൻ, കഴുക്, കഴുവു, കഴു-ഒരു വലിയപക്ഷി. പര്യായങ്ങൾ-മാക്ഷായം, ഗൃധ്രം.

[ഇതിന്റെ കൊക്കു, ചുട്ടമുള്ളും കണ്ണിലേ തിമിരത്തിനു ഉത്തമം. കഴുകൻതാക്കു വിഷത്തിനു നന്ന്. ഇതിന്റെ മാംസം പഴകിയ അർശസ്സ്, വാതം, ക്ഷതം, ക്ഷയം, ഉന്മാദം, ഗ്രഹ്യരോഗം, വിശേഷാൽ നേത്രരോഗം ഇവയെ ശമിപ്പിക്കും. അഗ്നിബലം, ആയുസ്സു, മാംസം ഇവയെ വർദ്ധിപ്പിക്കും. മലമൂത്രങ്ങളെ പുറത്തു കളയും.]

കഴുകൽ-ജലംകൊണ്ടു ശുദ്ധിചെയ്യുക.

കഴുകുക-ജലംകൊണ്ടു ശുദ്ധിചെയ്യുക.

കഴുക്കോൽ-ക്ഷ. മേൽത്തായത്തിലും ഉത്തരത്തിലും കുട്ടിച്ചേർത്തു പണിയുന്ന മരം. ഉ. വള്ളം ഊന്നുന്നതിനുള്ള മുളക്കോൽ.

കഴുങ്ങു, കഴുങ്ങൻ, കവുങ്ങു്, കമുങ്ങു്-അടയ്ക്കാമരം

കഴുത-ഏകദേശം കുതിരയെപ്പോലെയുള്ള ഒരു മൃഗം. പര്യായങ്ങൾ-ചക്രീവാൻ, ബാലേയം, രാസഭം, ഖരം, ഗർദ്ദഭം.

[കാട്ടുകഴുതയുടെ മാംസം ഇതിനെക്കാൾ ശ്രേഷ്ഠമാണ്. കഴുതപ്പല്ലു കണ്ണിനു നന്ന്. കഴുതത്തൈര്-വിശേഷാൽ വാതത്തെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. അഗ്നിവർദ്ധനമാണ്. കഴുതനെയ്യ്-വിശേഷാൽ കഫത്തെ വർദ്ധിപ്പിക്കും. മൂത്രദോഷത്തെ നശിപ്പിക്കും. അഗ്നിയേയും ബലത്തെയും അധികമാക്കും. കഴുതപ്പാല്-വിശേഷാൽ വാതത്തെയും വായു മൂട്ടലിനെയും ശമിപ്പിക്കും. ബലത്തെയും അഗ്നിയേയും അധികമാക്കും. ബുദ്ധിയെ കൂറ്റുകും. കഴുതമൂത്രം-വിശേഷാൽ വാതം, വ്രണം, കഫം, കൃമി, കുഷ്ഠവിഷം, ചിരങ്ങു്, ഉന്മാദം, കൃമി, ക്ഷയി, ഗ്രഹണി, വിഷയക്ഷ്, പ്രമേഹം, ഗ്രഹപീഡാ, അപസ്മാരം, ദ്രോവേശം ഇവയെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. ആൺമൂത്രം നന്ന്.]

കഴുതപ്പടവലം-പാണ്ടിപ്പടവലം.

[ഇതു മധുരവും കഫപിത്തഹരവുമാണ്.]

കഴുതാക്കോൽ- താഴികക്കുടിടുമ്പോൾ ഏട്ടപ്പാൻവയ്യാതെ വരുന്ന താക്കോൽ.

കഴുതാരാ-കഴുത്തിൽകെട്ടു്.

കഴുത്തില-സ്ത്രീകൾ കഴുത്തിൽ കെട്ടുന്ന ഒരാഭരണം.

കഴുത്തു്-ക്ഷ. ഉടലും തലയും ക്രൂടുന്ന സ്ഥലം. പര്യായങ്ങൾ-ഗ്രീവാ, ശിരോധി, കന്ധരാ. ഉ. വള്ളിയുടെയും മറ്റും തല.

[കണ്ണൻ, തമ്പാൻ-ഇവ ഉ-ം, കഴുത്തിൽ മോഹോഗത്തിന്റെ പേർ.]

കഴുന്നാ-ഒരു ജലജന്തു, കഴിനാ, നീർനാ.

കഴുന്നു-ക്ഷ. അമ്പു്. ഉ. വില്ലിൽ ഞാൺ കെട്ടുന്നസ്ഥലം.

കഴുപ്പിരാവു-ഒരു ശകാരവാക്കു്, കഴുവേറി.

കഴുമരം-ഒരു വൃക്ഷം.

കഴുവൻ-കഴുകൻപക്ഷി [കഴുകൻ എന്നതു നോക്കുക.]

കഴുവിരൽ-നടുവിലുള്ള വിരൽ.

കഴുവേറി-ഒരു ശകാരവാക്കു്.

കഴുവേറുക-കഴുവിൽ കേറുക [സ. ക്രി. കഴുവേറുക]

കറ-ക്ഷ. വൃക്ഷങ്ങളുടെ പശ ഉ. സ്ത്രീകൾക്കു ഋതുകാലത്തിലുണ്ടാകുന്ന രക്തം. ന. വാഴക്കാ മുതലായതിന്റെ വെള്ളം. ര. ചെളി, അഴുക്കു്. ള. കവപ്പുനിറം. ന്യ. തുരുമ്പു്. ഴ. കളങ്കം. വ. വിക്ഷം. ൻ. കറം.

കറകണ്ഠൻ-ശിവൻ.

കറകണ്ഠം-മുക്കുപ്പൂമ്പിന്റെ കഴുത്തിലും തലയിലുമുള്ള കടുത്ത അടയാളം.

കറക്കുക-ക്ഷ. പാലുവിന്റെയും മറ്റും മുലയിൽ നിന്നു പാലു വലിച്ചെടുക്ക [സ. ക്രി. കറപ്പിക്കുക.] ഉ. ചുറ്റിക്കുക.

കറങ്ങൽ-ക്ഷ. തലതിരിച്ചിൽ ഉ. ചുറ്റിക്കൽ.

കറങ്ങുക-ക്ഷ. വട്ടത്തിൽ തിരിയുക ഉ. തലതിരിയുക, ചില ദീനംകൊണ്ടും മറ്റും തലയ്ക്കു സുഖക്കേടുണ്ടായിട്ടു ചുറ്റുമുള്ള പ്രദേശങ്ങളും തിരിയുന്ന പ്രകാരം തോന്നുക.

കറുത്തുണി-അലക്കാത്ത തുണി, ചീത്തത്തുണി.

കറപിരിക്കുക-ചുമരൊഴിച്ചു വാഴക്കായുടെ കറ കളയുക.

കറവ-പശുവിനേയും മറ്റും കറക്കുക.

കറാവ്-പ. വൃക്ഷങ്ങളിൽ നിന്നു കറ ഒഴുകുക ക. സ്ത്രീകൾക്കുണ്ടാകുന്ന ഒരു ഭീനം; രക്തമൊഴിവ്, രക്തസ്രാവം.

കറവാലുക-കറയൊഴുകുക.

കറവുകാണം, കറവക്കാണം-കറപ്പും നായിട്ടു വാങ്ങിക്കുന്ന പശുവിന്റെയും മറ്റും ഉടയക്കാരനു കൊടുക്കുന്ന ദ്രവ്യം.

കറാടി-ബ്രാഹ്മണരിൽ ഒരു ജാതിക്കാരൻ, കറുകാടി എന്നുമുണ്ട്.

കറാമത്തു്-ഔദാര്യം. [അറബിഭാഷ.]

കറാൽ-കണിശം, ധൈര്യം. [കറാർ-അറബിഭാഷ.]

കറി-ചോറിന്റെ കൂടെ കൂട്ടി ഭക്ഷിക്കുന്നതിനുള്ള സാധനങ്ങളും, കൂട്ടാൻ.

കറിക്കത്തി-കറി സാമാനങ്ങളും നുറുക്കുന്നതിനുള്ള ഒരു മാതിരി പിച്ചാത്തി.

കറിക്കായ-പ. കറിയുണ്ടാക്കുന്നതിനുള്ള വാഴക്കായ. ക. സാമാന്യം മൂത്ത വാഴക്കായ.

കറിക്കാൽ-മൂന്നു കാലുള്ള ഒരു മാതിരി ചെറിയ മേശ.

കറിക്കൊടി-ഒരുവക വള്ളി.

കറിക്കൊഴുപ്പ-ഒരുമാതിരി ചീര.

കറിക്കൊപ്പു്-കറിക്കുള്ള സാമാനം.

കറിച്ചുണ്ട-ഒരുവക ചുണ്ട, പടർചുണ്ട.

[നമസ്യാരി, ശാണ്ഡകുമ്പി, സമംഗാ, ലഘിരാ-ഇവ സം-കൃ കറിച്ചുണ്ടയുടെ പേർ എന്നു ബാലപ്രിയ. മുക്കോറിയുടെ പേർ എന്നു ശബ്ദരത്നാവലിയിൽ നിഘണ്ടു വാളച്ചുണ്ടയുടെ പേർ എന്നു തമിഴ് വ്യാഖ്യാനം. ഇതു മുള്ളുള്ളതാണു്. ഇലകളും ചുരണ്ടുന്നതിനു മുൻപറഞ്ഞ സ ശബ്ദത്തിനും മുകളിൽ എന്ന അർത്ഥത്തിലാണു പ്രയോഗിച്ചിരിക്കുന്നു.]

കറിമുഞ്ഞ-ഒരു മരം.

കറിയുപ്പു്-കറിയിലും മറ്റും ചേർക്കുന്ന ഉപ്പു്.

[പാകത്തിൽ സ്വാദുരസം. ഗുരുവും, ശ്ലേഷ്മവർദ്ധനവും സ്നിഗ്ദ്ധവും കട്ടവും ക്ഷാരവുമാണു്. [ഇതിന്റെ അധികം-പാർശ്വവായു, ശൂല, മഹോദരം, നീർദ്ദോഷം ഇവയ്ക്കുപയോഗം.]

കറിവേപ്പില-കറിവേപ്പിന്റെ ഇല, കറിയിൽ ഇടുന്നതിനുള്ള ഇല.

[ഇതു കണ്ണിനു നന്നു്. രുചിക്കുറവുള്ളതും, ദീപനവും ബുദ്ധിവർദ്ധനവുമാണു്. മേദസ്സു്, കൃമി, ജ്വരം ഇവയെ നശിപ്പിക്കും.]

കറിവേപ്പു്-കറിക്കുപകരിപ്പാൻ തക്കതായ ഇലയുണ്ടാകുന്ന ഒരു വൃക്ഷം, കരിവേപ്പു്.

കറിശൂല-കീഴ്വയറിൽ വാഴക്കായപോലെ ഉണ്ടാകുന്ന ഒരു ഭീനം.

കറു-വി, കരു.

കറുക-ഒരുവക ചെറിയ പുല്ലു്. അറുകൻപുല്ലു്. [തമിഴിൽ-അറുക] പര്യായങ്ങൾ-ദൂർവാ, ശതപർവികാ, സഹസ്രവീര്യാ, ഭാർഗ്ഗവി, ത്രിപർണ്ണാ, അനന്താ

[ഇതു മേദോഹരമാണു്. കണ്ഡൂപിടകം, ശോഫം കാമില ഇവയ്ക്കു നന്നു്. രക്തപ്രകോപത്തെ നിയന്ത്രിക്കുന്നു വീര്യത്തിൽ ഹിമം]

കറുകനമ്പിടി-ശ്രുതികളെ ശ്രാദ്ധത്തിൽ ഭോജിപ്പിക്കുന്ന ഒരുവക താണതരം ബ്രാഹ്മണർ.

കറുകപ്പുഴ-കറിപ്പുറത്തിനും പാട്ടാസ്സിക്കും മരുന്നിനുള്ള ഒരു നദി. [കല്പടിക്കോടൻ എന്നതു നോക്കുക]

കറുകറെ-അ. പ. ഏറ്റവും കറുപ്പു്, ഇരുണ്ടു് ക. ക്രൂരമായിട്ടു്.

കറുക്കനെ-അ. ഏറ്റവും കറുത്ത.

കറുക്കൻവെള്ളി-കറുപ്പുള്ളരുവള്ളി. ചീരയരുവള്ളി.

കറുക്കുക–ക്രി കറുത്തതായിത്തീരുക, ഉരുളുക. [കാ. ക്രി. കറുപ്പിക്കുക.] ഉ. ദേഷ്യപ്പെടുക.

കറുത്ത–വി. കരിക്കട്ടപോലെ നിറമായ, ഇരുണ്ടതായ.

കറുത്തങ്ങരക്കു–കോലരക്ക്.

കറുത്തചാര–ഒരുമാതിരി കറുത്ത നെല്ല്.

കറുത്തന്നാലി–മസൂരി പതിനെട്ടിൽഒന്ന്

[ഇതു അസ്ഥിമേൽനിന്ന് ഉത്ഭവിക്കുന്നു. കരവു വന്നുറച്ചാൽ ജ്വരം വിട്ടുപോകും. പന്ത്രണ്ടുദിവസം കഴിഞ്ഞു പ്രയത്നസാദ്ധ്യമെന്നു ശാസ്ത്രം]

കറുത്തപായിപ്പയർ–കറുത്ത ചെറുപയർ.

കറുത്തഭാവം–കോപിച്ച ഭാവം.

കറുത്തവാവ്–അമാവാസ്യ. പഴയ അങ്ങം–അമാവാസ്യ, അമാവസ്യ, ദർശം, സൂര്യേന്ദുസംഗമം.

കറുത്തീയം–കറുത്ത ഈയം, കാരീയം.

[കരിവങ്കം എന്നും പറയും]

കറുത്തുപ്പ്–കറുത്ത ഉപ്പ്, കാരുപ്പ്.

കറുന്നനേ–അ. ഏറെവും കറുത്ത്.

കറുപ്പൻ–പ്ര കറുത്തവൻ, കറുമ്പൻ. ഉ. ഒരു പിശാചു

കറുപ്പു–പ്ര. ലഹരിയുള്ള ഒരൗഷധം.

[ഇതിനെ അഫിയൻ (അഹിൻ) എന്നും പറയും. മുഷ്കവീര്യമാണ്. പിത്തത്തെ ഉണ്ടാക്കും. ബുദ്ധിയെ ഉറപ്പിക്കും. കഫം, ഗ്രന്ഥവായു, വ്രണം ഇവയ്ക്കു സേവിച്ചാൽ നന്ന്. വാതത്തിനും നീർക്കെട്ടും കൊള്ളാം. മൂത്രം തടഞ്ഞാൽ ഗുണമാണ്. കണ്ണിനു ഹിതം. മദത്തെ ചെയ്യും ഉറക്കത്തെ ഉണ്ടാക്കും. ഇതു പ്രായശ്ചിത്തം അറിഞ്ഞു കൊടുക്കാവൂ]

ഉ. കറുത്ത നിറം.

കറുപ്പുമാട്–തലയിൽ കെട്ടുന്നതിനുള്ള ഒരു മാതിരി കറുത്ത ശീല.

കറുമുറെ–അ. വറുത്ത വസ്തുക്കൾ കടിച്ചു തിന്നുമ്പോൾ ഉണ്ടാകുന്ന ശബ്ദംപോലെ.

കറുമ്പൻ–കറുത്തവൻ.

കറുമ്പി–കറുത്ത നിറമുള്ളവൾ.

കറുമ്പുക–പച്ചയെങ്കിലും പഴുവിനെപ്പോലെങ്കിലും താഴത്തെ പല്ലുകൊണ്ടു ചവച്ചുതിന്നുക.

കറുവാ–ഒരു വൃക്ഷം, കറുപ്പ, കറുപ്പത്തോൽ കറുത്തതു. [ഇലവങ്ങം എന്നതുനോക്കുക]

കറുവാതൈലം–കറുവയിൽ നിന്നെടുക്കുന്ന എണ്ണ.

കറുവാത്തൊലി, കറുവാപ്പട്ട–കറുവമരത്തിന്റെ തൊലി.

കറ്റ–വി. ഏറെവും.

കറ്റ–നെല്ല് മുതലായ ചില ധാന്യങ്ങൾ കൊയ്തുകെട്ടിയ കെട്ട്. ഉ. പുല്ലുകെട്ട്.

കറ്റക്കളം–നെല്ല് കൊയ്തുകെട്ടിയ കെട്ടുകൾ വയ്ക്കുന്ന സ്ഥലം.

കറ്റച്ചിടയൻ–ശിവൻ. കറ്റത്തലയുള്ളവൻ എന്നർത്ഥം (കറ്റക്കുടയോൻ എന്നുമാകാം).

'പറ്റാതന്നിങ്ങിനെപത്തുടെചാൽകിലും
കറ്റച്ചിടയൻതൻപാദത്താണ'

(കൃഷ്ണഗാഥ)

കറ്റച്ചെട, കറ്റച്ചിട–കറുത്ത ചെട.

കറ്റടവ്–ചതിവ്, നേരുകേട്.

കറ്റടിനായക–ഒരൗഷധം.

[ഇതു വിഷത്തിനു നന്ന്. ഇതിന്റെ നീരിനെ ശമിപ്പിക്കും].

കറ്റടിരസം–പ്ര. ചെമ്പകംറെണ്ടി. ഉ. ഏകനായക രസം.

കറ്റൻപുലി–ഒരു മാതിരി ചെറിയപുലി

കറ്റരി–അരി, അവയ്ക്കുമ്പോൾ ഉരലിന്റെയിൽ തവിടുകാരത കിടക്കുന്ന അരി.

കറ്റവാർകുഴലി–അധികം കറുത്തും തിങ്ങിനെറുങ്ങിയുമുള്ള തലമുടിയോടു കൂടിയവൾ, സുന്ദരി.

കറവാർവാഴൽ, കറവാക്കഴൽ–അധികം കറുത്തും തിങ്ങിത്തെരുത്തിയുമിരിക്കുന്ന തലമുടി.

കറാമരം–ഉരലിന്റെ ചുവട്ടിൽ ഭാരത്തെ അടച്ചു പണിയുന്ന മരം.

കറാർവാഴ–ഒരുമാതിരി പോളയായുള്ള പച്ചമരുന്ന്.

[ഇതിന്റെ വീര്യം ശീതമാണ്. കൃമിരോഗം, ഉന്മാദനേത്രരോഗം, ശ്വേതരം, ശൂല, ഗ്രഹണം, ഉദരം കഫം, വിഷം, കാസം ഇവയെ നശിപ്പിക്കും. ഇതിന്റെ നീര് വളരെ തണുപ്പുള്ളതാണ്. വാതപിത്തഹരവും ഗുരുവുമാകുന്നു. പൂവ് ശീതവും വാതപിത്തജിത്തുമാണത്രെ.]

കറു–ക്ര. കൈശലം. ഉ. തക്കത്തരം പറയുന്ന ശീലം. സ. ജ്ഞാനം.

കറുക്കിടാവ്–കാളക്കിടാവ്.

കറുക്രൂലി–ക്ര. ഉഴവു ചെയ്യുന്നവനെ കൊട്ടുക്കുന്ന ശബ്ദം. ഉ. കാളക്കിടാക്കളെ തെളിക്കുന്നവനെ കൊട്ടുക്കുന്ന ക്രൂലി.

കറുങ്കെട്ട്–കയിറുകെട്ട്.

കറുപാകിക–ഒരൗഷധം.

[ഇതു വിഷത്തിന് അത്യുത്തമം ഇതിന്റെ ഒന്നും ചേരുകരപ്പനം ചൊല പുതുവനം നന്ന്.]

കറുനട–ചതിവ്, കറടവ്.

കറുപുലി–ഒരു മൃഗം.

[ഇതിന്റെ മാംസം വാതത്തെ ശമിപ്പിക്കും. കണ്ണിനു ഹിതമാണ്. ശുക്ലത്തെ അധികമാക്കും. മലമൂത്രങ്ങളെ പുറത്തുകളയും. ഗ്രഹണി, വായുമുട്ടൽ, ചുമ, പഴകിയ അർശസ്സ്, രക്തപിത്തം ഇവയെ ശമിപ്പിക്കും. സംസ്കൃതത്തിൽ ഋക്ഷമാർജ്ജാരം.]

കറുവാണിഭം–കാളക്കിടാക്കളെ കച്ചവടം ചെയ്യൽ

കറുവാഴ–കാർവാഴ, തമിഴിൽ–കറവാഴ=അൽപ്പം+തഴ. [കാർവാഴ എന്നതു നോക്കുക].

[വാതം, വിഷം, കഫം, കഫം, കൃമി, ജ്വരം, ശൂലം, പ്ലീഹ, പുഴു, യകൃൽപീഡ, നേത്രരോഗം, ഗ്രന്ഥി, അർശസ്സ്, തീപ്പൊള്ളിയ വ്രണം, മഹോദരം, ശൂലം, രക്തപിത്തം, വായുമുട്ടൽ, ചുമ, വിസ്ഫോടം, ത്വക്കിദോഷം ഇവയെ ശമിപ്പിക്കും. ശുക്ലത്തെയും ബലത്തെയും വർദ്ധിപ്പിക്കും. ദേഹത്തെ തടിപ്പിക്കും. മലത്തെ ഇളക്കും. ജ്വരവ്യാധിയെ നശിപ്പിക്കും. ഇതിന്റെ പൂവ് ഗുരുവും ശീതവീര്യവുമാണ്. വാതം പിത്തം കൃമി ഇവയെ കളയും. ഇംഗ്ലീഷിൽ Barbadesaloes ബാർബഡോസ് ആലോസ്. തമിഴിൽ കറവാക്കഴ. സംസ്കൃതത്തിൽ ഘൃതകുമാരി. കറവാഴയുടെ നിര്യാസംകൊണ്ടു ചെന്നിനായകം ഉണ്ടാക്കുന്നു.]

കറുവിദ്യ–ചതിവ്, കറുനട, തരവഴി.

## കാ

കാ—(ധാതു) സൂക്ഷിക്കുക, രക്ഷിക്കുക, പ്രതീക്ഷിക്കുക.

കാകകുഷ്ഠം–കങ്കുഷ്ഠം, ഒരുവക മലമണ്ണ്.

കാകഗുണചതുഷ്ടയം–ഗൂഢമായ മൈഥുനം, കാലാകാലസംഗ്രഹണം, ഉത്സാഹം, സാവധാനത്വം ഇവ നാലും.

കാകഘണ്ടി–വലിയ ഉണ്ട്.

കാകചിഞ്ച, കാകചിഞ്ചി ചെമന്നകണ്ണി കാക്കയുടെ നിറത്തിലുള്ള കറുത്ത അഗ്രഭാഗമുള്ളതെന്നർത്ഥം. കണ്ണികുത്തിയുടെ അഗ്രഭാഗത്തിൽ ഒരു കറുപ്പുണ്ടെല്ലോ.

കാകച്ഛദ(ടി)–കരിങ്കരിങ്കിൽ.

കാകജംഘ–ആറ്റുതൊവര.

കാകജാതം–കയിൽ

കാകജംഘാ–ഒരു പച്ചിലമരുന്ന്.

[കഫം, പിത്തം, വിഷമജ്വരം, രക്തദോഷം, കൃമി, ജീർണ്ണജ്വരം, വിഷം,

വ്രണം, ബാധിയ്ക്കും, അജീർണ്ണം, രുചി കൃഷ്ണം ഇവയെ ശമിപ്പിക്കും. ഇതു് ഒരു കഫഘ്നദ്രവ്യമാകുന്നു. ഇതു് അധികവും ഉണ്ടാകുന്നതു് ജലാശയങ്ങളുടെ അടുക്കലുള്ള കാടുകളിലാണു്. ഇല നീണ്ടതും പരുപരുത്തതുമാകുന്ന പൂവിന്റെ നിറം നീലമാണു്. ചെറുതായിരിക്കും. സംസ്കൃതത്തിൽ കാകമാംസി].

കാകണ്ടകം–കാവടി.

കാകണകൃഷ്ണം–ഒരു കൃഷ്ണരോഗം.

[ഇതു കുന്നിക്കുരുപോലെ നട്ടവു കറുത്തും വക്കു ചെമന്നുമിരിക്കും. അല്പാതപക്ഷം നട്ടവു ചെമന്നും വക്കു കറുത്തുമിരിക്കും. അതിനു കഠിനവേദനയും പഴുപ്പും ഭേദിക്കും. എല്ലാ കൃഷ്ണങ്ങളുടെ ലക്ഷണങ്ങളും ഇതിൽ ഉണ്ടാകും. ഇതു സാദ്ധ്യമല്ല].

കാകണന്തി, കാകണന്തികാ–ചെമന്ന കുന്നി.

കാകണി–ചെമന്ന കുന്നി.

കാകതാലീയം–യദൃച്ഛാസംഭവം എന്ന അർത്ഥം വരത്തക്ക ഒരു ന്യായത്തിന്റെ പേർ.

കാകതിക്തകാ–പ്ര. ചെമന്ന കുന്നി. ര. വലിയ ഉങ്ങു്.

കാകതിന്ദുകം–കാക്കപ്പനച്ചി.

കാകതുണ്ഡ(കീ)ം–കരകിൽ.

കാകതുണ്ഡഫലാ–വലിയ കാക്കരത്തൻ.

കാകതുണ്ഡി, കാകതുണ്ഡികാ–പ്ര. വലിയ കാക്കരത്തൻ. ര. ചെമന്ന കുന്നി.

കാകദന്തികാ–ചെറിയ കാക്കരത്തൻ.

കാകൻ–കാക്ക.

കാകനഖി–ചെമന്നകുന്നി.

കാകനന്തികാ–ചെമന്നകുന്നി.

കാകനാമാ–ഒരു ഔഷധസാരം.

കാകനായകം–കാവതിക്കായ.

കാകനാസം–വയ്യങ്കതകു്.

കാകനാസാ–വലിയ കാക്കരത്തൻ.

കാകനാസികാ, കാകനാസാ–കാക്കമൂക്കു. ഇതിനു മറ്റുള്ളതിൽ വേറെ പേരില്ലെന്നു തോന്നുന്നു, കാക്കപ്പനച്ചി, കാക്കരത്തൻ എന്നു പറയുന്നുണ്ടു്. കാക്കയ്ക്കു കൊക്കുപോലെയുള്ള ഫലമുള്ളതെന്നർത്ഥം.

കാകനി–പ്ര. നാഭിയുടെ താഴെ. ര. മദ്ധ്യഭാഗം. ന. കവടി.

കാകനീലാ–ആറ്റുതുമ്പ.

കാകകർക്കടി–ചെറിയ ഇരട്ട.

കാകകർക്കടികാ–തേനീച്ച.

കാകപക്ഷം–പ്ര. കുട്ടികളുടെ വലുപ്പത്തിലുള്ള മുടി, ക്ഷൗരംചെയ്യുമ്പോൾ മുഴുവൻ കളയുടെ ഏതാനും തിരഞ്ഞിയിരിക്കുന്നതു്, കുട്ടിമ. കാക്കയുടെ ചിറകുപോലെ കറുത്തിരിക്കുന്നതെന്നർത്ഥം. ര. ജനിക്കുമ്പോൾതന്നെ തലയിലുള്ള മുടി. ന. കാക്കയുടെ ചിറക്.

കാകപണ്ണി–കുട്ടപായ്.

കാകപാടാ–വയ്യങ്കതകു്.

കാകപാലകം–കരട്ടം.

കാകപീലു–പ്ര. പനച്ചി. ര. ചെമന്ന കുന്നി. ന. വെളുത്ത കുന്നി, ഘ. ചെറിയ കാക്കരത്തൻ.

കാകപീലുകം–കാക്കപ്പനിച്ചി. കാക്കയുടെ കൊപ്പിപോലെ ഇഷ്ടമായിട്ടുള്ളതു് എന്നർത്ഥം.

കാകപീലുകാ–വെളുത്തകുന്നി.

കാകപുച്ഛം–കയിൽ.

കാകപുച്ഛാ–കയിൽ.

കാകപ്രാണാ–വലിയ കാക്കരത്തൻ.

കാകഫലം–ചേമ്പു്.

കാകഫലാ–ആറ്റുതുമ്പ.

കാകബീജകം–കാക്കപ്പനച്ചി.

കാകഭാണ്ഡി–പ്ര. വലിയ ഉങ്ങു്. ര. ചെറിയ കാക്കരത്തൻ.

കാകഭീരു–മൂങ്ങ, മൂങ്ങ.

കാകം–പ. കാക്ക. ഉ. കാക്കയുടെ കൂട്ടം. ന. ഒരു മീറ്റ്. ഘ ഒരു വൃക്ഷം.

കാകമട്ട്(ക)ം–കാഞ്ഞിരം.

കാകമടുഗ–നീക്കുക

കാകമാചി–മണിത്തക്കാളി. കരുന്തക്കാളി, കരുമുത്തി ഇങ്ങിനെയും പറയുന്നു. കാക്കകളെ പൂജിക്കുന്നത് എന്നർത്ഥം. [ഇതിന്റെ പഴം കാക്കകൾ തിന്നുന്നു]

കാകമാതാ–മണിത്തക്കാളി.

കാകമുടഗാ–കാട്ടുപയറ്. അല്പമുലംകൊണ്ട് സന്തോഷിക്കുന്നതെന്നർത്ഥം. [കാകം = ഇത്തിരിജലം].

കാകമുഷ്ടികം–വിത്തുമുഷ്ടി.

കാകരുക–വി. നഗ്നമായ. ഉ. ഭയമുള്ള.

കാകരുകൻ–സ്ത്രീയുടെ ചൊല്പ്പീഴിൽ നിൽക്കുന്ന ഭർത്താവ്.

കാകരുഥാ–ഇത്തിക്കണ്ണി.

കാകശ്രുകം–ഉഴമൻ.

കാകലകം–കറുത്ത നവരനെല്ല്.

കാകലം–കാവതിക്കാക്ക.

കാകലീദ്രാക്ഷാ–ഉന്നം ചെറിയമുന്തിരി

കാകവല്ലഭാ–ആവണക്കുവള്ളി.

കാകവൈരി–ഉഴമൻ.

കാകശിംബി–ചെറിയ കാക്കത്തൊണ്ടി.

കാകശീർഷം–കൊക്കമന്താരം.

കാകസ്ത്രീ–കൊക്കമന്താരം.

കാകസ്പർശം–കാക്കപ്പനച്ചി.

കാകളി–പ. മധുരമായ സുഖമുള്ള ശബ്ദം. [ഈ ശബ്ദം മനുഷ്യകണ്ഠംകൊണ്ടു ഉച്ചരിപ്പാൻ പ്രയാസമാണ്].

'മീലയോദ്ഗായതേപികരേശുൽകാകളീരവാഃ
(മാണിയുടെ കഥകളി) [തന്നെ]

ഉ. ഒരു കിളിപ്പാട്ടുവൃത്തം.

'മാതുരഞ്ചക്കുരംമുന്നിൽ
വന്നോരുശ്രോണങ്ങളുടെ
തുടചേർത്തുള്ളിരടിക്ക
ചൊല്ലേം കാകളിയാണുപേർ'
(രുക്മാംഗദചരിതം)

ഉം–'ശാരികപ്പൈതലേ ചാരുശീലവതി
കാരമേലെകഥാശേഷവുംചൊല്ലുനീ'
(ഭാരതം)

ന. ഒരു തുള്ളൽപ്പാട്ടുവൃത്തം ശീതങ്കനിൽ പ്രയോഗം

ഉ–ം 'കല്യാണശീലനാംകാലാരിദേവനും
കല്യാണിയായുള്ള പാർവ്വതീദേവിയും'
(ഹനുമദുത്ഭവം)

(ഇതു കിളിപ്പാട്ടിൽ പറഞ്ഞ കാകളിവൃത്തം തന്നെ. ഉദാഹരണം നോക്കുക).

കാകളീരവം–കുയിൽ.

കാകാ–പ. കാകമംഗ്യ. ഉ. വലിയ കാക്കത്തൊണ്ടി. ന. കാകോളി. ഘ. ചെമന്ന കുന്നി. ങ. മണിത്തക്കാളി. ന. കാട്ടത്തി.

കാകാക്ഷിന്യായം–ഒരേകാര്യത്തിൽ ഉത്സാഹമിരിക്കുക.

[കാക്കയ്ക്ക് രണ്ടുകണ്ണിനും കൂടി ഒട്ടിയൊന്നേയുള്ളൂ. അതിനെ ആവശ്യംപോലെ ഒരോ പുറത്തെ ചക്ഷുസ്ഥാനത്തിലേയ്ക്കും കൊണ്ടു. ഒരു പുറം കാണുമ്പോൾ മറുപുറം കാണില്ല. അപ്രകാരം ഒരു വസ്തു ആവശ്യംപോലെ മറ്റു രണ്ടു പദാർത്ഥങ്ങളിലും ചേരുന്നതുപോലെ കാണിക്കുന്നതിൽ ഈ ന്യായം പ്രവർത്തിക്കുന്നു. മനുഷ്യമണിന്യായം രണ്ടുപുറത്തുള്ളതിനോടും ഒരേ സമയത്തുതന്നെ ചേരുന്ന സമ്പ്രദായമാണ്. പ്രകൃതന്യായപ്രകാരം ഒരു പുറത്തുള്ളതിനോടുചേരുമ്പോൾ മറുപുറത്തുള്ളതിനോട് ചേരുന്നില്ല. ഇതാണ് ഭേദം.]

കാകാംഗി–പ. കാക്കമംഗ്യ. കാക്കയുടെ കണ്ണുപോലെയുള്ള ഫലമുള്ളത്. (കാകതാസിക നോക്കുക.)

കാകാണ്ഡം–പ. കാക്കപ്പനച്ചി. ഉ. വലിയ വെള്ള്.

കാകാണ്ഡാ–ചണ്ടിപ്പയറ്.

കാകാണ്ഡി–പ. ചണ്ടിപ്പയറ്. ഉ. വലിയ വാലുഴവം.

കാകാണ്ഡശലാ-ചണ്ടിപ്പയറ്.

കാകാദനി-പ്ര. ചെറിയ കാക്കരത്തൊണ്ടി. ഉ. ചെമന്ന കന്നി. നു. വെളുത്തകന്നി.

കാകാത്രം-മാങ്ങാണ്ടിനാറി.

കാകാരി-മുങ്ങ.

കാകാലൻ-കാവതിക്കാക്ക.

കാകാഹ്വാ-പ്ര. കാകജംഘാ. ഉ. വലിയ കാക്കരത്തൊണ്ടി. നു. മണിത്തക്കാളി.

കാകി-പ്ര. തുവരപ്പയറ്. ഉ. കാക്കരപ്പട നു. കാകോളി. ശ. വലിയ കാക്കരത്തൊണ്ടി.

കാകിണി, കാകിനി-പ്ര. ചെമന്ന കന്നി. ഉ. കഷ്ടത്തിന്റെ നാലിലൊന്നു, പണത്തിന്റെ (പലത്തിന്റെ) നാലിലൊന്നു.

കാകിനി-മണിത്തക്കാളി.

കാകു-പ്ര. ദുഃഖം, ഭയം, കാമം, ക്രോധം മുതലായതുകൊണ്ടു ഉണ്ടാകുന്ന ധ്വനിയുടെ വികാരം. ഉ. ചോദ്യത്തെ കാണിക്കുന്ന അടയാളം (?) നു. പടകരണ. ശ. ജിഹ്വ.

കാകുകരാ-പടകരണ.

കാകുദം-അണ്ണാക്ക്, കാകു (ജിഹ്വ) ഉത്ഭവിക്കുന്നേടം എന്നർത്ഥം. മറ്റൊരുപയ്യം-താലു.

കാകുൽസ്ഥൻ-സൂര്യവംശത്തിലെ രാജാക്കന്മാരുടെ ഒരു പേർ, കകുൽസ്ഥന്റെ സന്തതിയിലുള്ളവൻ, ശ്രീരാമൻ.

കാകുളകം-പൂവരശു, പടകരണ.

കാകുളി-കുക്കടശൃംഗി.

കാകേക്ഷു-പ്ര. കരുവിക്കരിയു, ഉ. വയൽച്ചുള്ളി.

കാകേന്തു-കാക്കപ്പുന്നു, കാക്കയുടെ ഉത്തമധനം എന്നർത്ഥം.

കാകോഷ്ഠം-വേപ്പു.

കാകോഡുമ്പികാ, കാകോഡുമ്പി-കുന്നൽമീൻ.

കാകോദരം-സപ്പം, കാകനാപ്പാലെയുള്ള ഉദരമുള്ളതു.

'കഴുത്തിൽകിടക്കുംകാകോദരകണപംരല-
റഴുക്കുപുരളാതെയെടുത്തുകളുമ്പോൾ'
(ഭാരതം)

കാകോളുംബരികാ-കാട്ടത്തിമരം.

കാകോളുംബരികാഫലം-അഞ്ജീർ.

കാകോളാ-പ്ര. വിഷം. കാക്കയെപ്പോലെ കറുത്തനിറമുള്ളതു.

'കേകയപുത്രിയാമമ്മതൻവാക്കെയെ
കാകോളവേഗമേ മൂലമരിനുള്ളു'
(അദ്ധ്യാത്മരാമായണം)

ഉ. കാവതിക്കാക്ക. ഒരു കിൽ ഉറച്ചു നില്ക്കുന്നതു എന്നർത്ഥം. ഇതിനു 'കട്ടക്കാക്ക' എന്നും പറക്കാക്ക എന്നും കൂടെ പറഞ്ഞുവരുന്നു.

കാകോളി-ഒരു പച്ചമരുന്നു. പര്യായങ്ങൾ-വായസോളി, സ്വാദുരസാ, വയസ്സ്ഥാ.

[ഇതു വാതപിത്തജ്വരം, ചുട്ടുനീറൽ, ക്ഷയം, രക്തദോഷം, തണ്ണീർദാഹം ഇവയെ തടുപ്പിക്കും. കഫത്തെ കുറയ്ക്കുന്നതുമാണ്. ദേഹത്തെ തടിപ്പിക്കും. ഇതു വലിയ ശതാവരിക്കിഴങ്ങുപോലെ മേരുപർവ്വതം മുതലായ ദേശങ്ങളിലുണ്ടാകുന്ന ഒരു വക കിഴങ്ങാണ്. മറിച്ചുൽപാലെലിക്കും; പാലിന്റെ ഗന്ധം കാരക്ഷീരകാകോളിയെക്കാൾ കുറച്ചാണ്. ഇതു കിട്ടുന്നതിൽ വൈദ്യം അതുകിട്ടിയേക്കും].

കാക്ക-പ്ര. ഒരു കറുത്ത പക്ഷി. പര്യായങ്ങൾ-കാകം, കരടം, ബലിപുഷ്ടം, സതൃൽപ്രിയം, ധ്വാങ്ക്ഷം, ബലഭുക്ക്, വായസം, ചിരജീവി, പുഷ്കണ്ടി, ദൂരേകഷി.

[കാക്കയ്ക്കു ഒരു കണ്ണിലേ ദർശനശക്തിയുള്ളൂ. ഒരു കണ്ണുകൊണ്ടു നോക്കുമ്പോൾ മറ്റേതിനുകൂടി ഇല്ല. അനന്തരം മറ്റേക്കണ്ണുകൊണ്ടു നോക്കുന്നതായാൽ ഈ കണ്ണും അങ്ങിനെതന്നെ. ഇതിന്റെ മാംസം വാതം, ക്ഷയം, ക്ഷതം, നേത്രരോഗം, ഉന്മാദം, ഗ്രഹണി, പഴകിയ അർശസ്സ്, ഭസ്മകജീർണ്ണം ഇവയേയും നശിപ്പിക്കും. ബലം, ആയുസ്സു, മാംസം ഇവയെ അധികമാക്കും. മലത്തെ പുറത്തുകളയും, മൂത്രത്തെ പെരുപ്പിക്കും, മെലിഞ്ഞവക്ക് അധികം നന്ന്. അഗ്നിയെ വർദ്ധിപ്പിക്കും. ഇതു പ്ലവഗവർഗ്ഗത്തിൽപെട്ട സാധാരണ മാംസമാണ് പ്ലവഗവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമെന്നും പക്ഷം. തമിഴിൽ കാക്കൈ. ഇംഗ്ലീഷിൽ (Crow) ക്രോ].

ഉ. മഹമ്മദന്മാർ അമ്മയുടെ സഹോദരൻ, അമ്മാവൻ, കാരണവൻ ഇവക്കു പറയുന്ന വാക്ക്. വയസ്സിനു മൂത്തവരെയും പറയാറുണ്ട്.

കാക്കകുളിച്ചാൽകൊക്കാകുമോ-(പഴഞ്ചൊല്ല്) നീചനായിട്ടുള്ളവൻ എത്രതന്നെ നടിച്ചാലും ശ്രേഷ്ഠനാകയില്ല എന്നർത്ഥം. (ശബ്ദാവലി.)

കാക്കക്കണ്ണ്-കോങ്കണ്ണ്.

കാക്കക്കണ്ണൻ-കോങ്കണ്ണൻ, ചെരിച്ചു നോക്കുന്നവൻ.

കാക്കക്കണ്ണി-കോങ്കണ്ണി.

കാക്കക്കരുവാള-വെള്ളയിൽ കരിനാം.

കാക്കക്കറുത്തി-കാക്കാലത്തി.

കാക്കക്കറവൻ-കാക്കയെ ഭക്ഷിക്കുന്ന ഒരു ജാതി, കാക്കാലൻ.

കാക്കക്കൊടി-ഒരു മരുന്ന്.

[മുഴു, കഫം, ജ്വരം, ശ്വാസം, കുഷ്ഠം, വാതം, പ്രമേഹം ഇവയെ നശിപ്പിക്കും.]

കാക്കച്ചെറുപയറ്-കാട്ടുപയറ്. [കാട്ടുപയറ് നോക്കുക]

കാക്കജംബു, കാകജംബു-ആറാമത്തെ വൽ.

കാക്കത്തമ്പുരാട്ടി-ഒരു പക്ഷി.

കാക്കത്തമ്പുരാൻ-ഒരു പക്ഷി.

[ഇതിന്റെ മാംസം കണ്ണൻപീച്ചി എന്ന പക്ഷിയുടെ മാംസത്തിനു തുല്യമാണ്. സംസ്കൃതത്തിൽ-ഗോനർദ്ദം. ഇംഗ്ലീഷിൽ-(Crane) ക്രേൻ.]

കാക്കത്തുടലി-മുള്ളുള്ള ഒരുമാതിരിച്ചെടി

കാക്കത്തുമ്പ-ഒരു ചെടി.

കാക്കത്തൊണ്ടി-ഒരു വള്ളി.

[ഇതിന്റെ കിഴങ്ങു വിഷത്തിനു നന്ന്]

കാക്കനെപ്പററി-പെരുന്നയേപ്പോലെ ഉരക്കെക്കരയുക. (പ-മ)

കാക്കപ്പനിച്ചു, കാക്കപ്പനച്ചി-ചെറുപനച്ചി, ഒരു കാട്ടുമരം. പര്യായങ്ങൾ-കാകേന്ദു, കാകഫലം, കാകപീലുകം, കാകതിന്ദുകം.

[ഇതിന്റെ പച്ചക്കായ് വാതകരമാണ്. മലത്തെ പിടിപ്പിക്കും. പഴുത്തകായ് പിത്തവികാരം, വാതം, ഛർദ്ദി ഇവയുണ്ടാക്കുന്നു. കഫത്തെ വർദ്ധിപ്പിക്കും. ഇതു മുള്ളുള്ള വൃക്ഷമാകുന്നു. കായ്-ചമച്ചിക്കായെക്കാൾ ചെറുതാണ്. സംസ്കൃതത്തിൽ-കാകതിന്ദു. മേല്പറഞ്ഞ നാലു പര്യായങ്ങളും കർണ്ണാമ്പച്ചെടിയുടേയും ചിറുതുമ്പച്ചെടിയുടെയും കാക്കണ്ണമ്പച്ചെടിയുടെയും പേരാകുന്നതു തമിഴ് വ്യാഖ്യാനം.]

കാക്കപ്പുള്ളി-കണ്ണടിപോലെ കറുത്തുള്ള പുള്ളി. പര്യായങ്ങൾ-തിലകം, തിലകാലകം.

കാക്കപ്പൂവ്-കറുത്ത പൂവുണ്ടാകുന്ന ഒരു ചെടി.

[ഇതിന്റെ സമൂലം കണ്ണിലേ ഉള്ളുത്തിനു നന്ന്.]

കാക്കപ്പൊന്ന്-ഭൂമിയുടെ ധാതുക്കളിൽ ഒന്ന്. അഭ്രം, പഴമാനം. [അഭ്രകം എന്നതു നോക്കുക.]

കാക്കമുല്ല-ഒരു ചെടി.

കാക്കരിക്ക-ഉരടക്കോഴിപോലെ കൊക്കുക, പാത്രംപോലെ ഒച്ചയിടുക.

കാക്കവേള-കണ്ണാടികൊണ്ടുള്ള ഒരു മാതിരി വള.

കാക്കവേളി-ഒരു വള്ളി.

കാക്കവിളക്ക്-ഒരുതരം ഇരിമ്പുവിളക്ക്.

കാക്കാത്തി-കാക്കാലന്റെ സ്ത്രീ.

കാക്കാൻ-കാക്കാലൻ.

കാക്കാലൻ-കാക്കയെ തിന്നുന്ന ജാതിക്കാരൻ, കാക്കക്കുറവൻ, കാക്കാൻ.

കാക്കുക-ക്രി. മേഞ്ഞണം പോകാതെയും മറ്റും സൂക്ഷിക്കുക. പ. നോക്കിയിരിക്കുക. നു. രക്ഷിക്കുക.

കാക്ഷം-കടാക്ഷം, കടക്കണ്ണുകൊണ്ടുള്ള നോട്ടം.

കാക്ഷി-തുവര. മലയിട്ടുകിലുണ്ടാകുന്നതു എന്നർത്ഥം.

കാക്ഷീവകം, കാക്ഷീ(ബ)വം-മുരിങ്ങ.

കാക്ഷീവതി-വൃഷ്ണിതാശവൻ എന്ന പൂരുവംശത്തിലെ ഒരു രാജാവിന്റെ ഭാര്യ. ഇവർ മൂന്നു സംബന്ധക്കാരെയും നാലു മാദ്രന്മാരെയും പെറ്റു.

കാംക്ഷ-ഇച്ഛ.

കാംക്ഷിതം-ഇച്ഛിക്കപ്പെട്ടതു്.

കാങ്കയൻ-ഇടയൻ. (പ-മ)

കാങ്ക-ചൂട്. (പ-മ.)

കാങ്കി-ക്രി. ഒരുവക നീലവസ്ത്രം. പ. ഒരു വക നീലച്ചായം.

കാങ്കു-ഒരുതരുപ്പയം. (പ-മ.)

കാഗം-കാക്ക.

കാഗാ-കവടി.

കാഞ്ചകം-നവരത്നം.

കാഞ്ചകപ്പൂ, കായ്ച്ചുകപ്പൂ, കാഞ്ച.-ക്രി. പുടം വെക്കുന്നതിനുള്ള ഒരുമാതിരി കപ്പി പ. സ്ഫടികകപ്പി.

കാഞ്ചന-അ. ഒരു.

കാഞ്ചനം-ക്രി കടലാസ്സും മറ്റും ഭാണ്ഡമായി ചുറ്റിക്കെട്ടുന്നതിനുള്ള കയർ. പ. ചരടുകൊണ്ടു ചുറ്റുക.

കാഞ്ചഭാജനം-സ്ഫടികപ്പാത്രം.

കാഞ്ചം-ക്രി. കാക്കപ്പൊന്ന്. പ. സ്ഫടിക മുണ്ടാക്കുന്നതിനുള്ള മണൽ, കരുട്ടുകല്ല്. നു. കപ്പി കല്ലുമണി കരുവള മുതലായതിന്റെ പേർ, മണ്ണിൽ ഒരു വകഭേദം. ചരടിൽ കോർത്തുകെട്ടുന്നതു, ശോഭിക്കുന്നതെന്നർത്ഥം. ര. ഉറി. ള. കണ്ണിലേ ഒരു ഭീനം. ന. കാരപ്പു. ഴ. ഒഴുക്ക്.

കാഞ്ചമലം-കാരപ്പു്.

കാഞ്ചലവണം-കാരപ്പു്.

കാഞ്ചസംഭവം-കാരപ്പു്.

കാഞ്ചസൈന്ധവച്ചൂർണം-കാരപ്പു്.

കാഞ്ചസ്ഥാലി-പൂപ്പാത്തിരി. കരുപ്പു നിന്നിരിപ്പിടം എന്നർത്ഥം.

കാഞ്ചാക്ഷം-ബഹുദീപക്ഷി.

കാഞ്ചാവു്, കായാവു്-ഒരു കാട്ടുചെടി.

കാഞ്ചിഘ്നം-ക്രി. പൊന്ന്. പ. എലി.

കാഞ്ചിൽ-അ. ഒരു.

കാഞ്ചിത-വി. ഉറിയിൽ തൂക്കപ്പെട്ട. (കാഞ്ചത്തിൽ ധൃതം=കാഞ്ചിതം)

കാഞ്ജികം-ക്രി. കോഴി. പ. ചക്രവാകപ്പക്ഷി.

കാഞ്ജികാതഥം-കാരപ്പു്.

കാച്ചു്-ക്രി. വസ്ത്രത്തിൽ ചായംപിടിപ്പിക്കുക. പ. പാലും മറ്റും യോജിക്കുക, രണ്ടുമൂന്നും മറ്റും അനുപാതമാക്കുക. നു തുപ്പുക. ര. കൊല്ലുക, തിന്നുക.

കാച്ചുകണ്ണ്-കാലിടുണ്ടാകുന്ന ഒരു മാതിരി വ്രണം.

കാച്ചി-ഒരുവക നെല്ല്.

കാച്ചിക്കാ-കാച്ചിലു വള്ളിയിന്മേലുണ്ടാകുന്ന കായ്.

കാച്ചിൽ, കാച്ചൽ-ഗ. വലിയ കിഴങ്ങുണ്ടാകുന്ന ഒരു വള്ളി. ഉ. അതിന്റെ കിഴങ്ങ്, കായത്തു്. ന. ദേഹത്തിലുണ്ടാകുന്ന ചൂട്ട്, പനി.

[കാച്ചിൽ കഫത്തെ വർദ്ധിപ്പിക്കും. ആമവാതത്തെ വരുത്തും. പിത്തരക്തത്തെ ശമിപ്പിക്കും. പിച്ചിലമാണ്. മലത്തെ ഇളക്കും. സംസ്കൃതത്തിൽ കച്ചി. ഇതു ശാകവർഗ്ഗത്തിൽപെട്ട കന്ദശാകമാണ്.]

കാച്ചിതടം-വലിയ ചിതടം.

കാച്ചുക-ഗ. എണ്ണ പാൽ മുതലായതു വേവിക്കുക. ഉ. മലം മുതലായതു് അനത്തുക ന. ചൂടുവെയ്ക്കുക. ര. അടിക്കുക, തല്ലുക. ങ. വസ്ത്രത്തിന്റെ വക്കുകളിൽ ചായംപിടിപ്പിക്കുക. ന. കൊല്ലുക. ഒ. ഭക്ഷിക്കുക. വ. നിരംകാച്ചുക. [കാ. ക്രി. കാച്ചിക്കുക.]

കാച്ചുപുടവ-വക്കുകളിൽ ചായംകേറിയ രണ്ടുവസ്ത്രം.

കാച്ചുപ്പു്-വിളയിച്ച ഉപ്പു്.

കാച്ചുമുണ്ടു്-വിളുമ്പിൽ ചായം കേറിയ രണ്ടുമുണ്ടു്.

കാച്ചുമുറി-കാച്ചുപുടവ.

കാച്ചുരുളി-മദ്യവും മറ്റും വാറ്റുന്നതിനുള്ള ഉരുളി.

കാജി, കാടി, കാതിയാർ-ജഡ്ജി. (അറബ്മാഷ്.)

കാഞ്ചനഗിരി-മേരുപർവ്വതം.

കാഞ്ചനക്ഷീരി-മല ഏരുമ.

കാഞ്ചനപല്ലവം-ഉമ്മത്തില.

കാഞ്ചനപുഷ്പം-മലമന്ദാരപ്പൂവ്.

കാഞ്ചനശൈലം-മഹാമേരുപർവ്വതം.

കാഞ്ചന(ക)ം-ഗ. വലിയ മലയകത്തി. ഉ. രൂപൻവയ്ക്കുമ്പോന്നുല്ല്. ന. അരിതാരം.

കാഞ്ചനം-ഗ. സ്വർണ്ണം. ശോഭിക്കുന്നതു് എന്നർത്ഥം. ഉ. മലയിലുണ്ടാകുന്ന മന്ദാരം. ന. മല്ലിക. ര. ഉമ്മം. ങ. ധനം. ന. നാകപ്പൂവ്. ഒ. താമരയല്ലി വ. ചമ്പകം. ൻ. പുന്ന ഗ്രം. അത്തിയാലു്.

കാഞ്ചനകദളി-സ്വർണ്ണവാഴ.

കാഞ്ചനകാരിണി-ശതാവരി.

കാഞ്ചനവൃഷ്ണകം-ആവര, രൂപൻവര.

കാഞ്ചനവൃഷ്ണികാ-നിലപ്പന.

കാഞ്ചനവൃഷ്ണി-ശണികാരി.

കാഞ്ചനാര(ക)ം-വലിയ മലയകത്തി.

കാഞ്ചനാഹ്വയം-ഗ. ഉമ്മത്തം, ഉമ്മം. ഉ. താമരയല്ലി. ന. നാകപ്പൂവ്.

കാഞ്ചനി-മഞ്ഞൾ. ശോഭയുള്ളതു് എന്നർത്ഥം.

കാഞ്ചനീകാ-ശോരോചന.

കാഞ്ചി-ഗ. അരഞ്ഞാൺ. ശോഭിക്കുന്നതു്, അരയിൽ കെട്ടുന്നതു് എന്നർത്ഥം

(കാഞ്ചി എന്നുള്ള സ്ത്രീകടം അരയിൽ ഉടുത്ത വസ്ത്രത്തിന്റെ മേലെ കെട്ടുന്നതായ അരഞ്ഞാൺ എന്നു കാണുന്നു. ഇതു പലവിധമുണ്ടു്. 'ഏകയഷ്ടിർദ്വേ കാഞ്ചീമേഖലാരത്നയഷ്ടികാ; രശനാ സോഡശഭിർജ്ഞേയാ കലാപഃപഞ്ചവിംശകം'-ഒരിഴയുള്ളതു കാഞ്ചി. എട്ടിഴയുള്ളതു മേഖല, പതിനാറിഴയുള്ളതു രശനാ, ഇരുപത്തഞ്ചിഴയുള്ളതു കലാപം, ഇവ പറഞ്ഞതു ഗ്രന്ഥാന്തരത്തിലേ വിശേഷമാണ്. ഇവിടെ ഈ ഭേദമില്ല. അരഞ്ഞാൺ സാധാരണ പരന്നിട്ടാണ്. അതുകൊണ്ടു് ഇതു രൂപന്നിൻമുമ്പായിരിക്കണം. അരഞ്ഞാൺ എന്ന ശബ്ദം നോക്കുക.]

ഉ. കാഞ്ചീപുരം. ന. ചെമന്ന കന്നി (മ) ര. തേക്കിന്റെ കാഞ്ചി

കാഞ്ചിക-കാടി.

കാഞ്ചികം-ഹ വെപ്പുകാടി, വായ്ക്കെ ട്ടി സൂക്ഷിക്കുന്നത് എന്നർത്ഥം. ഉ കാടി.

കാഞ്ചിമരം-മയിലെള്ളിൽ ഒരിനം പുല്ലായങ്ങൾ-പിച്ചുളം, ഝാവുകം.

മയിലെള്ളിന്റെ ഗുണം തന്നെ. ഇതു ഉത്തംസവസ്തുത്തിൽ ചേർന്ന പുഷ്പമാണ്. ഇതു നദീതീരത്തിലുണ്ടാവുക സാധാരണ കായ് വളരെ ചെറുതായിരിക്കും. കയ്യുകളിൽ മുള്ളുണ്ട്. തമിഴിൽ പിറായ ഞ്ചൊടി. സംസ്കൃതത്തിൽ ഝാവുകം.

കാഞ്ചീപുരം-ഒരു പട്ടണം

കാഞ്ചുകീയൻ-കോലുകാരൻ, ശിപായി.

കാഞ്ചൊറി-ചൊറിയണം, ആനച്ചൊറിയണം.

കാഞ്ഞിരം-കയ്പുള്ള ഒരു വൃക്ഷം.

[കഫം, രക്തദോഷം, കൃമി, അർശസ്സ്, വാതരോഗം, ഭ്രാന്ത്, ജ്വരം, വ്രണം, കൃമി, ശിരോരോഗം, ആമം; വീക്കം ഇവയെശമിപ്പിക്കും. ലഹരിയെ വരുത്തും. ഇതിന്റെ പച്ചക്കായ് വാതവർദ്ധനകരമാണ്. മലം പിടിത്തമുണ്ടാക്കും. ഇതു ശുദ്ധിചെയ്യേണ്ടതാണ്. സംസ്കൃതത്തിൽ കാരസ്കരം. തമിഴിൽ-എട്ടി. ഇംഗ്ലീഷിൽ-പാരിസൻനട് Poison nut.]

കാഞ്ഞിരാട്ട് ഒരു നദി

കാഞ്ഞൂപ്പോത്തു-ഒരുമാതിരി മലയൻ

കാഞ്ഞി-ഹ. കാടി. ഉ, പെരുമ്പ

കാഞ്ഞികാ-ഹ. വെപ്പുകാടി. വെള്ളത്തിൽ വ്യക്തിയുള്ളത്, വെള്ളമായുള്ളത് എന്നർത്ഥം ഉ. കാടി.

കാഞ്ഞികാ-ഹ കാടി ഉ. പലാശ് ന. അരവതിയിൽ ശ. കടുകിൻ കിഴങ്ങു കൊണ്ടുണ്ടാക്കുന്ന കറി.

കാടി-ഒരു പക്ഷി. പര്യായം-വർത്തകം.

[ഇതിന്റെ മാംസം വാതം, പിത്തം, കഫം, ജ്വരം ഇവയെ ശമിപ്പിക്കും. ബലത്തെയും അഗ്നിയേയും വർദ്ധിപ്പിക്കും. പുഷ്ടിയെ ഉണ്ടാക്കും. അധികം രുചികരമാണ്. ശീതവീര്യമുള്ളതു. തമിഴിൽ-കാടൈ. ഇംഗ്ലീഷിൽ-(Quail) കൈൽ]

കാടത്തുണ്ണി-കട്ടിയുള്ള തുണി, പരുപരുത്ത തുണി.

കാടൻ-ഹ. കാട്ടുപന്നി ഉ കാട്ടുപൂച്ച. ന. കറുകൻ. ശ. കാട്ടിൽപാർപ്പുകാരൻ.

കാടൻപുല്ല്-ഒരു വക പുല്ല്.

കാടൻപൂച്ച-കാട്ടുപൂച്ച.

കാടം-കിണറ്.

കാടയടിയാൻ-ഒരു പക്ഷി. പര്യായം-വർത്തികാ

[ഇതു മിക്കവാറും കാട്ടിൽ സഞ്ചരിക്കുന്നതാണ്. കാടപ്പക്ഷിയുടെ മാംസത്തിന്റെ ഗുണംതന്നെ ഇതിന്റെ മാംസത്തിനുമുള്ളതു. രൂക്ഷമാണ് തമിഴിൽ വിച്ചുള്ളി.]

കാടർ-കേരളത്തിലെ ആദിമനിവാസികളിൽ ഒരു വർഗ്ഗം.

കാടി-ഹ അരി കഴുകിയാലുള്ള വെള്ളം. ഉ. വെപ്പുകാടി, ധാന്യാമ്ലം.

[കാടി വെപ്പുകാടി എന്നും അരി കഴുകിയ കാടി എന്നും കഞ്ഞിവെള്ളം കാടി എന്നും മൂന്നുപ്രകാരമുണ്ട്. ഇവയിൽ വെപ്പുകാടി വിശേഷം. കോതയ്, അരി, മലർ മുതലായ പലേ ഔഷധങ്ങളും ഇട്ടു കഷായമാക്കി രോഗികൾക്ക് അടവെയ്ക്കുക പതിവാണ്. ഇതിനെയാണ് 'നല്ല ദിവസംനോക്കി കാടവെയ്ക്കുക, എന്നു പറയുന്നത്. ഇതു ചുമ്പിപ്പും അഗ്നിമാന്ദ്യവുമകറ്റും. രുചിയെ ഉണ്ടാക്കും. അഗ്നിയെ വർദ്ധിപ്പിക്കും. മലത്തെ ഇളക്കും. വേറെയും പല ഗുണങ്ങളുണ്ട്. കാടി പഥ്യമായി നോട്ട ചേർത്തു കഴിക്കരുത്. വിരോധമാണ്. വാതത്തിനു വളരെ നന്ന്. അരി കഴുകിയ കാടി തീക്ഷ്ണവും പിത്തകൃത്തുമാകുന്നു. മലത്തെ ഇളക്കും കള്ള

പഴകിയ കാടി പുളിപ്പും തീക്ഷ്ണഗന്ധവും കൃമിഹരവും മീപനവും ആണ്. സന്നിക്ക വിശേഷം. കാടിക്ക സംസ്കൃതത്തിൽ കാഞ്ജികം. തമിഴിൽ കാടി. ഇംഗ്ലീഷിൽ സൊയ്ഗ്രുവെൽ Sour gruel].

കാടു്–പ. മരം, വള്ളി, മുള്ള് മുതലായ വ വളരെയുള്ള സ്ഥലം. പര്യായങ്ങൾ–അടവി, അരണ്യം, വിപിനം, ഗഹനം കാനനം, വനം. കാടു് > <നാടു്.

[അടവി മുതൽ ഭ–ം, സാധാരണ കാടിനെറയും കാനനം, വനം ഉ–ം അധികം വൃക്ഷലതാദികളുള്ള കാടിനെറയും പേരാണെന്ന് അഭിപ്രായമുണ്ട്. പെരുങ്കാടിനെ പര്യായങ്ങൾ–മഹാരണ്യം, അരണ്യാനി.]

ഉ. പിഴ, പുസ്തകത്തിലെ പിഴ.

കാടുകേറുക–നിരാധാരമാവുക[ശൈലി]

കാടുതേടുക–മൃഗങ്ങളെ അന്വേഷിക്കുക, നായാടുക, വേട്ടയാടുക.

കാടുമറയുക–മരിക്കുക. രാജാക്കന്മാരേയും മറ്റ. ജനങ്ങളും ഉപയോഗിക്കുന്നതുള്ള വാക്കാണ്.

കാടോടി–പാടിക്കാണുന്നവൻ, മൂഢൻ

കാഠം–പാറ, കല്ല്.

കാട്ടത്തി–പ. പേയത്തി, തേരകം. പര്യായങ്ങൾ–കാരകാദംബരികാ, ഫൽഗു, മലപൂ, ജന്തുഫലാ.

[ഇതിനെറ തൊലി മുതലായതു കഫം, ശ്വിത്രം, പിത്തം, വ്രണം, കൃമി, അർശസ്സ്, പാണ്ഡു, കാമില ഇവയെ ശമിപ്പിക്കും അതിസാരത്തിനു അത്യുത്തമം. കാക്കയുടെ പേരെല്ലാം ഇതിനു പേരായി വരും. ഇല വിശേഷാൽ പത്രപത്തിരിക്കും. മറ്റുള്ള എല്ലാ ലക്ഷണവും അത്തിയുടേതുതന്നെ. തമിഴിൽ പേയത്തി മരം. ഇംഗ്ലീഷിൽ കൗട്ട് Kautree]

ഉ. കാട്ടനെറ സ്ത്രീ

കാട്ടൻ–കാട്ടിൽ പാർക്കുന്ന ഒരു ജാതിക്കാരൻ.

കാട്ടപ്പ–ഒരു ചെടി, പുറമെങ്കനാറി

[കാട്ടപ്പ അപ്പയിൽപെരിനമാണ്. അപ്പ ൻ കാട്ടപ്പ എന്നും പേരു കാണുന്നു. കാട്ടപ്പ അർശസ്സിനു നന്ന്. ശ്ലേഷ്മ വിശേഷം വാതഹരമാകുന്നു. വെള്ളം ഒഴുകൂ കളിപ്പിച്ചാൽ പനിയും കരപ്പനും ശമിക്കും.]

കാട്ടരയാൽ–ഒരു വൃക്ഷം. പര്യായങ്ങൾ–നന്ദം, പൂഗം, ക്രമുകം, ബ്രഹ്മണ്യം, ബ്രഹ്മദാരു, ഭൂലം.

[ഈ വൃക്ഷം അധികം വളരുകയില്ല. ഇലയുടെ രണ്ടരികിലും അറാംവരെ അറപ്പുവാളിനെറ പല്ലുപോലെയുള്ള ചിഹ്നങ്ങൾ കാണാം. തമിഴിൽ മഴുകരച്ചെടി. ഇംഗ്ലീഷിൽ മൾബെറിട്രീ Mulberry tree.]

കാട്ടാടു്–ഒരു വക മാൻ.

കാട്ടാന–കാട്ടിലുള്ള ആന.

കാട്ടാവണക്കു്–ഒരു ചെടി, കടലാവണക്ക് എന്നൊരു പക്ഷം.

കാട്ടാളക്കുടി–കാട്ടാളപ്പുര. പര്യായങ്ങൾ–പക്കണം, ശബരാലയം.

കാട്ടാളത്തി–കാട്ടാളനെറ സ്ത്രീ.

കാട്ടാളൻ–വേടൻ, കാട്ടിൽപാർക്കുന്ന ഒരു ജാതിക്കാരൻ.

കാട്ടി–കാട്ടുപോത്തു്. കാട്ടെരുമ, കടമാൻ ഇങ്ങിനെയും പറയുന്നുണ്ട്.

കാട്ടിക്കുണ്ട–ഒരു സുഗന്ധപ്പുല്ല്. പര്യായം–ദേവജഗ്ധകം.

കാട്ടുമുരിക്കു–ഒരു ചെടി

കാട്ടിലവന്ന–ഉള്ളിലുള്ള ഒരു മരം.

[വാതം, കഫം, ചൊറി, വ്രണം, വീക്കം, ആമദോഷം ഇവയെ ശമിപ്പിക്കും. സംസ്കൃതത്തിൽ ന്യഗ്രോധാ. തമിഴിൽ കാട്ടിലവന്ന.

കാട്ടിലും, കാട്ടിൽ– ഏറക്കുറച്ചിലുകളിൽ ചേർത്തുപറയുന്ന ഒരവ്യയപദം.

കാട്ടീച്ച-ഒരു വക ഈച്ച. പര്യായങ്ങൾ-മംശം, വനമക്ഷികം.

കാട്ടുക-കാണിക്കുക, ചെയ്യുക.

കാട്ടുകടുക-ഒരുമാതിരി ചെടി.

കാട്ടുകദളി-ഒരു ചെടി.

കാട്ടുകന്നു-കടമാൻ.

കാട്ടുകരയാമ്പു-ഒരു വൃക്ഷം.

കാട്ടുകലശം-ഒരു വക ഉതിമരം.

കാട്ടുകസ്തൂരി-കസ്തൂരിപോലെ മണമുള്ള ഒരു ചെടി.

കാട്ടുകവ്-ഒരു വൃക്ഷം

കാട്ടുകാക്ക-ഒരു പക്ഷി. പര്യായങ്ങൾ-ചാഷം, കികീദിവി.

[മാംസം മിക്കവാറും ഗുണംകെട്ടതു കാക്കയുടേതിനൊപ്പം തന്നെ. സംസ്കൃതത്തിൽചാഷം. ഇംഗ്ലീഷിൽ-ബ്ലൂജെ Bluejay.]

കാട്ടുകാച്ചിൽ-ഒരു വക കിഴങ്ങ്.

കാട്ടുകിഴങ്ങു-ഒരുമാതിരി കിഴങ്ങ്.

കാട്ടുകുയ്യുമ്പു-കാട്ടിലുള്ള കുയ്യു്.

[കഫത്തെ ശമിപ്പിക്കും. അഗ്നി വർദ്ധനകരമാണ്. സംസ്കൃതത്തിൽ അരണ്യകസുംഭം.]

കാട്ടുകുരികിൽ-ഒരു പക്ഷി.

[നാട്ടുകുരികിലിന്റെ മാംസത്തേക്കാൾ ഇതിന്റെ മാംസം നന്നു. ഇതു പ്രധാനമായും കാട്ടിൽ ചേർന്ന മാംസലമാംസമാകുന്നു. സംസ്കൃതത്തിൽ അരണ്യചടകം ഇംഗ്ലീഷിൽ ഒവൽഡ് സ്പാരോ wild sparrow].

കാട്ടുകോതമ്പു-തിന മുതലായവയെപ്പോലെയുള്ള ഒരു വക പുല്ലു്.

[പേരുകൊണ്ടു് ഇതിനെ കോതമ്പിന്റെ കൂട്ടത്തിൽ ചേർക്കരുതു്. ഇതു മേച്ചിൽപുറത്തിൽപെട്ട ധാന്യമാണ്. സംസ്കൃതത്തിൽ ഗവേധുകം. തമിഴിൽ കാട്ടുകൊഴുമൈ.]

കാട്ടുകോഴി-കാട്ടിലുണ്ടാകുന്ന ഒരു വക കോഴി.

[മാംസത്തിനു കേരളീയമാംസത്തിന്റെ ഗുണത്തെക്കാൾ അൽപ്പമായ ഗുണമല്ലാതെ വിശിഷ്യവർഗ്ഗത്തിൽ പെട്ട ഭക്ഷ്യമാംസമാകുന്നു. സംസ്കൃതത്തിൽ-അരണ്യകുക്കുടം. ഇംഗ്ലീഷിൽ (Jungle fowl) ജംഗിൾ ഫൗൾ.]

കാട്ടുഗോതമ്പിൻചീര-ശാകവർഗ്ഗത്തിൽചേർന്ന പത്രശാകം.

[ഗുണങ്ങൾ ഗോതമ്പിൻചീരയുടേതുതന്നെ സംസ്കൃതത്തിൽ അരണ്യഗോധൂമി.]

കാട്ടുചക്ക-കടമ്പു്.

കാട്ടുചമ്പകം-പാലുള്ള ഒരുവക ചെറിയ വൃക്ഷം.

[ഇതു് അത്ഭുതരമുണ്ടു്. പുഷ്പങ്ങൾ കൊണ്ടു വ്യത്യാസം അറിയണം. വാതം, കഫം, നേത്രരോഗം, വ്രണം ഇവയെ ശമിപ്പിക്കും. ഒരു ചർമ്മരോഗമുണ്ടു്. സംസ്കൃതത്തിൽ-വനചമ്പകം.]

കാട്ടുചീര-ഒരുവക ചീര.

[ഇതു ധാതു, ബലം, അഗ്നി ഇവയെ വർദ്ധിപ്പിക്കും. പിത്തത്തെ ശമിപ്പിക്കും. ആമത്തെ പചിപ്പിക്കും. അധികവും വർഷകാലത്തിൽ താനേ ഉണ്ടാകുന്നു. പൂവു വെളുത്തതാണ്. സംസ്കൃതത്തിൽ കണഞ്ജരം.]

കാട്ടുചെറുതുളസി-ഒരുവക ചെറുതുളസി.

[ചുമ, പിശാചുബാധ, ശ്വാസപിടി ഇവയെ ശമിപ്പിക്കും. ചെറുതുളസിയുടെ ഗുണങ്ങളേതു തന്നെയും. സുരഭിയാണ്. സംസ്കൃതത്തിൽ വനതുളസികം.]

കാട്ടുചെറുപയറു്-ദ്വിദ്യവർഗ്ഗത്തിൽപെട്ട ശിമ്പിധാന്യം.

[സാമാന്യം ചെറുപയറിന്റെ ഗുണമാണ്. സംസ്കൃതത്തിൽ അരണ്യമുദ്ഗം. ഇതു വള്ളിയായി പടർന്നുകിടക്കും.]

കാട്ടുചേന-കാട്ടിലുണ്ടാകുന്ന ചേന. പ
ര്യായങ്ങൾ-അരണ്യസൂരണം, വനജം,
വനകന്ദം ഇത്യാദി.

[അർശ്ശസിനെ ശമിപ്പിക്കുന്നതിൽ കാ
ട്ടുചേനയ്ക്കു സാമർത്ഥ്യം കൂടും. ഇതു ക
ണ്ടാൽ വളരെ വെളുത്തിരിക്കും. സാമാ
ന്യത്തിലധികം ചൊറിയും. ചൊറിമാ
റി ഭക്ഷിക്കണം. രണ്ടു മൂന്നു തവണ
വെച്ചുവറുക, അല്പരസം ചേർക്കുക. എ
ന്നാൽ ചൊറിമാറും.]

കാട്ടുജന്തു-കാട്ടിലുള്ള മൃഗം.

കാട്ടുജാതി-പന്നി.

കാട്ടുജീരകം-ഒരു ചെടി, ഒരു ഗന്ധദ്രവ്യം.

[ഇതു് അഗ്നിബലത്തെ ഉണ്ടാക്കും.
ജീർണ്ണജ്വരം, കൃമി, വയറടപ്പു, വ്രണം
ഇവയെ ശമിപ്പിക്കും. രുചികരമാണ്.
സംസ്കൃതത്തിൽ വനജീരം തമിഴിൽ-
കാട്ടുചീരകം. ഇംഗ്ലീഷിൽ-(Purple
Fleabane) പർപ്പിൾഫ്ലീബേൻ.]

കാട്ടുതിപ്പലി-ഒരു പച്ചമരുന്ന്.

(രുചികരമാണ്. അഗ്നിയെ വർദ്ധി
പ്പിക്കും. കഫസംബന്ധദ്രവ്യമാകുന്നു. പച്ചക്ക
ഗുണംകൂടും. സംസ്കൃതത്തിൽ വനപി
പ്പലി.)

കാട്ടുതീ-മുളകൾ തമ്മിൽ ഉരുമ്മിയും മര
ങ്ങളും മറ്റും കാടുകളിൽ ഉണ്ടാകുന്ന
തീ, എഴുന്നീ. പര്യായങ്ങൾ-ദാവൻ, ദ
വൻ, വനഹുതാശനൻ.

കാട്ടുതുമ്പ-ഒരു ചെടി.

കാട്ടുതുമ്പ-ഒരു വക തുമ്പ. [കർത്തുമ്പ
നോക്കുക.]

കാട്ടുതുളസി-കാട്ടുതുമ്പ, ഒരു ചെടി.

കാട്ടുതേക്ക്-ഒരു വൃക്ഷം.

കാട്ടുനാരകം, കാട്ടുചെറുനാരകം-കാ
ട്ടിലുണ്ടാകുന്ന നാരകമരം.

കാട്ടുനെറോൻ-ഒരുതരം തിരി കിഴങ്ങ്.

കാട്ടുപന്നി-കാട്ടിലുള്ള പന്നി.

കാട്ടുപയറ്-കുക്കച്ചെറുപയർ, ഒരു പ
ച്ചമരുന്ന്. പര്യായങ്ങൾ-മുഗപർണ്ണി,
കാകമുഗ്ഗ, സഹം.

(നരിപ്പയർ, കോഴിപ്പയർ ഇങ്ങനെ
യും പറയുന്നു. ഇതും കാട്ടുചെറുപയറു
പോലെ വള്ളിയാണ്. മകുഷ്ഠകം, മയൂ
ഷകം, വനമുഗ്ഗം-ഇവ മൂന്നും കാട്ടുപ
യറിന്റെ പര്യായങ്ങളെന്നും കാണുന്നു
ണ്ട്. ത്രിദോഷം, ഗ്രഹണി, അർശ്ശസ്സ്,
ക്ഷതം, ചുട്ടനീറൽ, വീക്കം, അഗ്നിസാ
രം, ജ്വരം, വാതരക്തം, തണ്ണീർ
ദാഹം, ചുമ, വിഷം ഇവയെ ശമിപ്പി
ക്കും. മലംപിടിത്തമുണ്ടാക്കും. കണ്ണിനു
ഹിതമാണ്. ലക്ഷണംകൊണ്ടു ചെറുപ
യറിനു തുല്യമാകുന്നു. ഇല ചെറുതായി
രിക്കും. പൂവു മഞ്ഞനിറമാണ്. സം
സ്കൃതത്തിൽ മുഗപർണ്ണി. തമിഴിൽ-
നരിപ്പയററകൊടി.)

കാട്ടുപരുത്തി-ഒരു മരം.

[ഇതിനെ സൃഷ്ടിച്ചതു ഭരദ്വാജമുനി
യാകയാൽ 'ഭരദ്വാജി' എന്നു വിളിക്കു
ന്നു. ഇതു വ്രണങ്ങൾക്കും വിശേഷിച്ചു
അസ്ത്രായുധംകൊണ്ടുള്ള മുറിവിനും ഉത്തമ
മാകുന്നു. വാതരക്തത്തെ ശമിപ്പിക്കും.
രുചിയെ ഉണ്ടാക്കും. സംസ്കൃതത്തിൽ
വനകാർപ്പാസി. തമിഴിൽ-കാട്ടുപരുത്തി.
യഥാർത്ഥമായ കാട്ടുപരുത്തി ചിത്രകൂട
ത്തിനു സമീപമുണ്ടെന്നുപോലും. ഒരു മുറിവു
ണ്ടായാൽ ഇതിന്റെ ഇലപിഴിഞ്ഞുനീരു
ആ മുറിവിൽ വീഴ്ത്തിയാൽ തൽക്ഷണം
പഴയസ്ഥിതിയിലാകും.]

കാട്ടുപറങ്കി-മുഴക്കോൽപറങ്കി.

[ഇതു വിരേചനകരമാണ്. വിഷം,
ശോകം, കഫം, വാതം, കൃമി ഇവയെ
ശമിപ്പിക്കും.]

കാട്ടുപാവൽ-കാട്ടിലുണ്ടാകുന്ന പാവൽ,
മുള്ളിപ്പാവൽ.

(ഇതിനു കിഴങ്ങും ബീജമില്ലാത്ത കായും ഉണ്ട്. എല്ലാ വിഷത്തേയും കഫത്തേയും വിസൂചിയേയും കളയും. സപ്ത കോപത്തെ അടക്കും. വ്രണശുദ്ധിയെ ചെയ്യും. നയനശിരോരോഗങ്ങൾക്കും കരപ്പനും നന്ന്. സംസ്കൃതത്തിൽ വന്ധ്യാകർക്കോടകി. തമിഴിൽ കാട്ടുപ്പുഴുപാകൽ)

കാട്ടുപിച്ചകം-ഒരു മാതിരി പൂവുണ്ടാകുന്ന വള്ളി.

(ഇതു ചൊറിചിരങ്ങിനും കരപ്പനും നന്ന്).

കാട്ടുപീച്ചിൽ-പൂടൽപ്പീരം.

(ഇതു മിക്കവാറും കാട്ടുവൃക്ഷങ്ങളെ അവലംബിച്ചു പടരുന്നു. പൂവിന്റെ നിറം മഞ്ഞയാണ്. ബീജം കൃമിരിക്കും വീക്കം, പാണ്ഡുരോഗം, കഫം, പിത്തം, വയറുവീർപ്പ്, മഹോദരം, കുഷ്ഠം, കാമില, അർശ്സ് ഇവയ്ക്കു നന്ന്. രുചികരമാണ്. മലത്തെ ഇളക്കും. അഗ്നിയെ വർദ്ധിപ്പിക്കും. സംസ്കൃതത്തിൽ ഘണ്ടാലി. ഇംഗ്ലീഷിൽ ബിറ്റർലൂഫ്ഫ Bitter luffa. ഇതിന്റെ എണ്ണ മലത്തെ ഇളക്കും വാതം, കഫം, കൃമി, പ്രമേഹം, കുഷ്ഠം, ശിരോരോഗം ഇവയെ ശമിപ്പിക്കും. ഈ എണ്ണ അതിന്റെ വിത്തിൽ നിന്നെടുക്കുന്നു)

കാട്ടുപീനാറിയില-ഒരു ചെടി.

(ചൊറിചിരങ്ങിനും കരപ്പനുംനന്ന്)

കാട്ടുപേരീത്ത-ഒരു വൃക്ഷം.

ഇതു പെരീത്തയുടെതന്നെ. വിശേഷിച്ച് പിത്തം, സർവ്വാംഗസന്താപം, രക്തദോഷം, വ്രണങ്ങൾ, മൂത്രം, ശ്രമം ഇവയെ ശമിപ്പിക്കും. പേരീത്തയെക്കാൾ സ്വാദുണ്ട്. സംസ്കൃതത്തിൽ രാജവൃക്ഷാദി.

കാട്ടുപൊന്നാവീരം - ശംഖവൃക്ഷത്തിൽ ചേർന്ന പാഷാണം.

(പിത്തം, പ്രമേഹം, ജ്വരം, വ്രണം, അരുചി, വായുഗുൽമം, രക്തദോഷം, കൃമി ഇവയെ കളയും ഗുദഭ്രംശത്തെ ചെയ്യും. സംസ്കൃതത്തിൽ കടുകി.

കാട്ടുപോത്ത്-കാട്ടിലുള്ളൊരു വകഭേദം, കാട്ടെരുമ എന്നു തമിഴ് വ്യാഖ്യാനം. പത്ത്യായങ്ങൾ-ലൂഖായം, മഹിഷം, വാരുഷികൻ, കാസരം, ഗവയം,

(ഈ പത്ത്യായങ്ങൾ യഥാർത്ഥത്തിൽ നാട്ടുപോത്തിന്റെയും പേരാണ്. കാട്ടുപോത്തു കരിയോടു വൈരമുള്ള മൃഗമാകുന്നു. മാംസഗുണം പോത്തിന്റേതുപോലെതന്നെ. വന്യമാകയാൽ രുചിയും ലഘുത്വവും കൂടും. സംസ്കൃതത്തിൽ ഗവലം).

കാട്ടുപ്രാവ്-ഒരു പക്ഷി, നീർപ്രാവ്.

(ഇതു എല്ലാപ്രാവിലും ശ്രേഷ്ഠമാണ്. മാംസത്തിനു സാമാന്യം പ്രാവിന്റെതിലും കൂടുതലാണ് ഗുണം. സംസ്കൃതത്തിൽ ജലപാരാവതം. തമിഴിൽ കാട്ടുപ്പുറാ. ഇംഗ്ലീഷിൽ വാട്ടർപിജിയൻ Water pigeon.)

കാട്ടുമക്കിപ്പൂവ്-ഒരു ശംഖുപുഷ്പം.

(മലത്തെ വർദ്ധിപ്പിക്കും. മൂത്രത്തെ പാചിപ്പിക്കും. സംസ്കൃതത്തിൽ വന്യമേനം)

കാട്ടുമഞ്ഞാടി-ഒരു മരക്കാടി.

(വാതരക്തം, വിഷം, കൃമി, വായുഗുൽമം, കുഷ്ഠം, ഇക്കിൾ ഇവയെ ശമിപ്പിക്കും. രുചികരമാണ്. അഗ്നിയെ വർദ്ധിപ്പിക്കും. സംസ്കൃതത്തിൽ വനഹരിദ്രാ)

കാട്ടുമരം-നൂണ്ടുകാലത്തു കാട്ടിൽ താനേ മുളയ്ക്കുന്ന വൃക്ഷം.

കാട്ടുമല്ലിക-ഒരു വള്ളി.

കാട്ടുമാങ്ങാൻ-കാട്ടുപൂച്ച.

കാട്ടുമാതളനാരകം-വള്ളിനാരകം.

(വാതം, ആമദോഷം, കഫം, കൃമി, വായുഗുല്മം ഇവക്ക നന്ന്. രുചികരമാണ്. മരവുരിപ്പും മാതളനാരകത്തിന്റെ ഗുണംതന്നെ. സംസ്കൃതത്തിൽ വനബീജപൂരകം)

കാട്ടുമാവ്-ഒരു ചെടി, കാട്ടുമുന്തിരി.

കാട്ടുമുഞ്ഞ-ഒരു ഔഷധി.

(കഫം, മേദസ്സ്, വാതം ഇവയെ ശമിപ്പിക്കും)

കാട്ടുമുതിര-ഒരു പച്ചമരുന്ന്. (വള്ളിയാണ്).

(ഇതു ചെറുതും വലുതും ഉണ്ട്. ഗുണം രണ്ടിനും തുല്യം തന്നെ. അധികവും കാടുകളിലാണുണ്ടാകുന്നത്. അധികം പടരുകില്ല. നയനരോഗം, മലമൂത്രങ്ങളുടെ തടവ്, അർശസ്സ്, വ്രണം, ചൊറി, ശൂലം, വയറുവീർപ്പ്, വിഷം ഇവക്ക നന്ന്. ഗുണം മുതിരയോട് തുല്യം തന്നെ. സംസ്കൃതത്തിൽ കുലത്ഥാ. തമിഴിൽ കാട്ടുകൊള്ളു. ഇംഗ്ലീഷിൽ ഫ്ലോർലീവ്ഡ് കേൾയ Flourleaved Cassia)

കാട്ടുരാമ-ഒരു വൃക്ഷം, മരവിലങ്കം (തമിഴ്).

കാട്ടുവള്ളി-മുല്ലപ്പൂപോലെ പൂവുണ്ടാകുന്ന ഒരു മരുന്നുവള്ളി.

(ഇതിനു മുല്ലയുടെ ഒരു ഗുണമില്ല. കൊച്ചുനാം ചൊറിക്കും നന്ന്. സംസ്കൃതത്തിൽ വനമല്ലികാ. തമിഴിൽ കാട്ടുമുല്ലൈ. ഇംഗ്ലീഷിൽ വൈൽഡ് ജാസ്മിൻ Wild Jasmine.)

കാട്ടുവഴുതിന-ഒരു പച്ചമരുന്ന്. പര്യായങ്ങൾ-മയ്യാ, ചവിക്കാ.

(അതിനു ദീപനവും പാചനവും കടുവുമാണ്. കാസശ്വാസങ്ങളെ ശമിപ്പിക്കും. കൃമിവിഷവും കഫവാതങ്ങളുമാകുന്നു)

കാട്ടുവാൽ-ഒരു വക പായ്.

കാട്ടുവിരൽ-കാട്ടുമുള്ളിന്റെ ഗുണം.

കാട്ടുവൈലോചന-ഒരു പച്ചമരുന്ന്. പര്യായം-ത്രൈരണ്ഡ.

കാട്ടുവൻ-ഒരു ചെടി.

കാട്ടുവാവാ-ഒരൗഷധി, ശബരവ്യം.

(ഇതിനു ഉലുവായിൽ കറുത്ത ഗുണമേയുള്ളു. കയ്പിരകറിക്ക വളരെ നന്ന്. സംസ്കൃതത്തിൽ വനമേഥികാ.)

കാട്ടുവരക്-ധാന്യവർഗ്ഗത്തിൽപ്പെട്ട ഒരു തൃണധാന്യം.

[വരകിന്റെ ഗുണമത്രേ ഇതിനും. വിശേഷിച്ചു വാതത്തെ കോപിപ്പിക്കും. വളരെ മലംപിടിത്തമുള്ളതാണ്. സംസ്കൃതത്തിൽ വനകോദ്രവം.]

കാട്ടുവഴുള-ശാകവർഗ്ഗത്തിൽപ്പെട്ട പത്രശാകം.

[വശളയിൽ കറുത്ത ഗുണമേറിനിൽക്കുന്നുള്ളൂ. വിശേഷിച്ചു രുചികരമാകുന്നു. സംസ്കൃതത്തിൽ വനമാ.]

കാട്ടുവാക-ഒരു മരം.

കാട്ടുവാഴ-മലവാഴ.

[ചുട്ടുനീറൽ, തണ്ണീർദാഹം, പിത്തം, മെലിവു ഇവക്ക നന്ന്. രുചികരമാകുന്നു. ബലത്തെ വർദ്ധിപ്പിക്കും. സംസ്കൃതത്തിൽ ഗിരികദളി. തമിഴിൽ കാട്ടുവാഴൈ.]

കാട്ടുവിണ്ണാക്കാന്തി-ഒരു പച്ചമരുന്ന്.

കാട്ടുവെങ്കായം-രുചിയും പോഷണമുള്ള ഒരു ചെടി, കാട്ടുള്ളി.

കാട്ടുവെള്ളരി-ഒരു പച്ചമരുന്ന്. പര്യായം-ഗവാക്ഷി.

[ഇതു രണ്ടുവിധമുണ്ട്, അത്യുഷ്ണമാണ്. വിഷഹരത്തെ ചെയ്യും.]

കാട്ടുവെള്ളുവൻ-വെളുത്ത ഉപ്പ്.

കാട്ടുശതകുപ്പ-ചെറിയ ശതകുപ്പ.

[വാതം, കഫം, യോനിശൂലം, കൃമി, ചൂട, ചർമ്മി, ചുട്ടുനീറൽ, ശൂലം, അഗ്നിമാന്ദ്യം, പീനസ, അർശസ്സ്, ക്ഷതം ഇവയെ ശമിപ്പിക്കും. എണ്ണയുണ്ടാക്കുക

രമാണ്. മലത്തെ തടുക്കും. ഗുദത്തെ പഴിപ്പിക്കും. സംസ്കൃതത്തിൽ-മധുരികാ. തമിഴിൽ ചതകുപ്പ. ഇംഗ്ലീഷിൽ (Fenel seed) ഫെനൽസീഡ്.]

കാട്ടുള്ളി-ഒരുപച്ചമരുന്ന്, കാട്ടുവെങ്കായം.

[കാട്ടുള്ളി വിഷത്തിനും പുഴുക്കടിക്കും ചൂടുവാതത്തിനും ഉപയോഗം.]

കാട്ടുള്ളിപ്പോള-ഫ. കാട്ടുവെങ്കായത്തിന്റെ ഇല. ഉ. ഒരു ചെടി.

കാട്ടുഴുന്ന-ഒരു പച്ചമരുന്ന്. പെരുങ്കാണം എന്നും പറയും. പയ്യ്യെങ്ങാം-ഹയപുച്ഛി, കാംബോജി, മാക്ഷപർണ്ണി, മഹാസഹാ.

[വാതം, ജ്വരം, ക്ഷയം, പിത്തം, ചുടുനീർൽ, വീക്കം, രക്തദോഷം, ചുമ ഇവയെ ശമിപ്പിക്കും. മലത്തെ തടുക്കും. ബലത്തെയും കഫത്തെയും വർദ്ധിപ്പിക്കും. ഇതിനു മിക്കവാറും ഉഴുന്നിന്റെ ലക്ഷണമാണുള്ളത്. സംസ്കൃതത്തിൽ മാക്ഷപർണ്ണി. തമിഴിൽ-പെരുവിഴുകൊള്ള.]

കാട്ടുവമ്പ്-ഒരുവക കറുത്ത ഉരുപ്പ്.

കാട്ടുരൻ-ഒരു ചെടി.

കാട്ടുരുമ-പെൺകടമാൻ.

കാട്ടുള്ള-ഫലമില്ലാത്തതിലം. പയ്യ്യെങ്ങാം-തിലപർണ്ണം, തിലപിണ്ണാകം.

കാഠിന്യം-ഫ. ഉറപ്പ്. ഉ. കഠിനത, ക്രൂരത.

കാൺവന-കാട്ടു.

കാണ-വി. ഒറക്കണ്ണുള്ള.

കാണകപോതകാ-കരുപ്രാവ്.

കാണക്കാരൻ-മുതലാളിയുടെ ദ്രവ്യം വായ്പകൊടുത്തു നിലം പാട്ടത്തിനു വാങ്ങിച്ചവൻ.

കാണക്കൊട-ഫ. നിലം പാട്ടത്തിനു എഴുതിവാങ്ങിക്കുന്നവൻ മുതലാളിയുടെ ദ്രവ്യം കൊടുക്കുക. ഉ. കാണംകൊടുത്തു വാങ്ങിച്ചിരിക്കുന്ന നിലമെന്നു പറയുന്നു.

കാണജീരകമുള്ളാട-മലയാളത്തിലെ വസ്തു അനുഭവകുറവു തോന്നായവരെ വിവരിക്കുന്ന ഒരു ശബ്ദപ്രസ്താവം.

കാണപ്പാട്ടം-ഫ. കാണമായിട്ടു ദ്രവ്യം വായ്പകൊടുത്തതിനെ തീർത്തു വാങ്ങിച്ചിരിക്കുന്ന കണക്കുമെന്നു പറയുന്നു. ഉ. കാണത്തിന്റെ പലിശനീക്കി ശേഷം മുതലാളിക്കു കൊടുക്കേണ്ടുന്ന പാട്ടം, മിച്ചവാരം.

കാണം-ഫ. തിര. ഉ. ധനം, വസ്തു. നു. നിലവും മറ്റും പാട്ടത്തിനെടുക്കുമ്പോൾ അതിന്റെ ഉടയക്കാരനു വായ്പയായിട്ടു കൊടുക്കുന്ന ദ്രവ്യം. ഭ. കാക്ക.

[പഴഞ്ചൊല്ല്-കാണംവിറ്റുമോണം കൊള്ളണം=വിറ്റനശിച്ചാലും ഓണം ആഘോഷിക്കണമെന്നുള്ളതു ആഘോഷിക്കണം.]

കാണശിഷ്ടം-കാണത്തിന്റെ ഉടയം നീക്കി ശേഷം ഉടയക്കാരനു കൊടുക്കേണ്ടുന്ന പാട്ടം, മിച്ചവാരം.

കാണാകുക-കാണ്മാറാവുക, കാണ്മാൻ തക്കവണ്ണമാവുക.

കാണാക്കോൽ-വഞ്ചന, ചതിവു്.

കാണാതെ-അ. ഫ. കണ്ടറിയാതെ. ഉ. അറിയാതെ. നു. മറഞ്ഞു്. ഭ. കളഞ്ഞു്

[പഴഞ്ചൊല്ല്-കാണെൻപോകുന്നപുരം പറഞ്ഞു കേൾപ്പിക്കണമെ=ഉടൻ അന്വേഷിപ്പാൻപോകുന്ന സംഗതിയെപ്പറ്റി പറഞ്ഞിട്ടാവശ്യമില്ല.]

കാണാപ്പാഠം-പുസ്തകത്തിൽ നോക്കാതെ ചൊല്ലുക.

കാണാരി-കാണക്കാരൻ.

കാണി-ഫ. അല്പം, കുറെ

'കാണിവിളഞ്ഞോരമരതിഹമകളുടെ'

(പ്രദോഷമാഹാത്മ്യം പാട്ട്)

ഉ. ഒന്നിന്റെ എണ്ണത്തിൽ ഒരു പങ്ക്. നു. ഒരുമാതിരി തരമൽ.

കാണിക്കാരം-കാണുന്നവൾ.

കാണിക്ക-ഫ. രാജാക്കന്മാരെയും മറ്റും കാണ്മാൻ ചെല്ലുമ്പോൾ കാഴ്ചയായിട്ടു

വെയ്ക്കുന്ന ദ്രവ്യം ൨. ക്ഷേത്രങ്ങളിൽ വഴിപാടായിട്ട നടയിൽവെക്കുന്നദ്രവ്യം.

കാണിക്കുക-ക്രി. കാട്ടുക. ൨. ചെയ്യുക. ൩. കാണാറാക്കുക.

കാണിക്കുത്തു-മടിശ്ശീലക്കും മറവും പുറമേ ഭംഗിയിൽ തയ്യുന്ന തയ്യൽ.

കാണുക-ക്രി. കണ്ണുകൊണ്ടറിയുക ൨. വിചാരിച്ചുറിയുക.

കാണുകം-ക്രി. കാക്ക. ൨. പൂവൻകോഴി. ൩. ഒരുമാതിരി പാത്ത. ൪. തലമരത്തിൽ തൂങ്ങുന്ന, കൂടുകെട്ടുന്ന ഒരുമാതിരി പക്ഷി.

കാണേനയൻ, കാണേരൻ-ഒറ്റക്കണ്ണുള്ള സ്ത്രീയുടെ മകൻ.

കാണ്ടാമരം-മണ്ണിന്റെയോ വെള്ളത്തിന്റെയും അടിയിൽ കിടക്കുന്ന ഒരുമാതിരി മരം.

കാണ്ടാമൃഗം - ഒറ്റക്കൊമ്പുള്ള ഒരുവക മൃഗം.

കാണ്ഡകടുകം-ചങ്ങലംപരണ്ട.

കാണ്ഡകടാഹം-വലിയ കടലാടി.

കാണ്ഡകം-വയൽ വെള്ളരി.

കാണ്ഡകാണ്ഡകം-കരുവിക്കരയ്യ്.

കാണ്ഡകാരം-കവുങ്ങ്.

കാണ്ഡകീലകം-പാച്ചോറ്റി.

കാണ്ഡഗുണം-മുപ്പിരിപ്പൻപുല്ല്.

കാണ്ഡചതുഷ്ടയം-രണ്ട (ഗോകർണ്ണത്തിനംപെരുംപുഴയ്ക്കും മദ്ധ്യേ), ക്രപം (പെരുംപുഴ, കോട്ട ഇവ നദികൾക്കും മദ്ധ്യേ), കേരളം (പുതുപട്ടണം, കന്നേറി ഇവക്കു മദ്ധ്യേ), മൂഷികം കന്നേറിക്കും കന്യാകുമാരിക്കും മദ്ധ്യേ). ഇവ പരശുരാമക്ഷേത്രത്തിന്റെ കാണ്ഡങ്ങൾ.

കാണ്ഡതിക്ത(ക)ം-നിലവേപ്പ്.

കാണ്ഡനീലം-പാച്ചോറ്റി.

കാണ്ഡപടം-കുരുമുറ.

കാണ്ഡപൃഷ്ഠാ-ഉമ്മം.

കാണ്ഡപ്രഹാ-വില്ലുകുലയ്ക്കുന്നതിന്നായിട്ട ആയുധം കെട്ടുന്നത.

കാണ്ഡപ്രഹ്മൻ- ആയുധവിദ്യകൊണ്ട് ഉപജീവിക്കുന്നവൻ, ശസ്ത്രങ്ങളെ അതുവകവെക്കാത്തവൻ എന്നർത്ഥം.

കാണ്ഡപ്രഹ്മം, കാളപ്രഹ്മം- കണ്ണന്റെ വില്ല്.

കാണ്ഡഭഗ്നം-ഭഗ്നനിദാനത്തിൽ പെട്ട ഒരു രോഗം.

[ഇതു ക്രമവിധമുണ്ട്. ഇരുന്നാലും നിന്നാലും കിടന്നാലും എന്നല്ല ഒരവസ്ഥയിലും സുഖമുണ്ടാകാത്തതാണ് ഭഗ്നത്തിൽ കൈകൊണ്ടമർത്തിയാൽ രക്തമുണ്ടാകും.]

കാണ്ഡം-ക്രി. പുക്കളുടേയും മറ്റും തണ്ട്. ൨. അദ്ധ്യായങ്ങൾ ചേർന്നുണ്ടാകുന്നതു (ഭാഗം) * ന. വടി. ൪. അസ്ത്രം. ൫ കുതിര. ൬ ജലം. ൭. സമയം. ൮. കൂട്ടം. ൯. അവസാനം. ൧൦. സ്വകാര്യസ്ഥലം. ൧൧. സ്തുതി. ൧൨ ഒരളവ്. ൧൩. അമ, പേക്കരിയ്. ൧൪. ഇരുമ്പ്.

[ക്രി. പദങ്ങൾ ചേർന്ന വാക്യവും ൨. വാക്യങ്ങൾ ചേർന്ന വകുപ്പും (ഖണ്ഡികയും) ന. വകുപ്പുകൾ ചേർന്ന അദ്ധ്യായ (സർഗ്ഗ-അങ്ക) വും, ൪. അദ്ധ്യായങ്ങൾ ചേർന്ന കാണ്ഡവും (ഭാഗം) ൫ കാണ്ഡങ്ങൾ ചേർന്ന ഗ്രന്ഥവും ഉണ്ടാകുന്നു.]

കാണ്ഡരുഹാ-കട്ടരോഹിണി.

കാണ്ഡശാഖാ-ഒരുമരവള്ളി

കാണ്ഡവൽ-വി. അസ്ത്രമുള്ള [വാൻ, വതി, വൽ.]

[കാണ്ഡവാൻ- ബാണത്തൊട്ടുകുടിയവൻ എന്നർത്ഥം. കാണ്ഡം = ബാണം. മറ്റൊരുദ്ദ്യായം-കാണ്ഡീരൻ]

കാണ്ഡസ്പൃഷ്ടാ-വി. ആയുധമെടുത്ത

കാണ്ഡിക-മൂന്നു മുതലുള്ള കടല ൨. വയൽവെള്ളരി.

കാണ്ഡീര-വി. അസ്ത്രത്തോടുകൂടിയ, ബാണം ധരിച്ച.

കാണ്ഡീരം-പ്ര ചങ്ങലംപരണ്ട. പ. ചെറുചീര.

കാണ്ഡീരി-മഞ്ചട്ടി.

കാണ്ഡേക്ഷു-പ്ര. വയൽച്ചുള്ളി, നീർച്ചുള്ളി പ. മുള്ളുള്ള ഒരു ചെടി.

കാണ്ഡേരി-നാഗദന്തി.

കാണ്ഡേരുഹാ-കടുരോഹിണി

കാതു്-പ്ര. ചെവി. പ. ചില പാത്രത്തിന്റെ കഴ.

കാതു്-കിണറു്.

കാതന്ത്രം-കത്തികേയന്റെ പ്രീതി ഹേതുവായിട്ടു സർവ്വമാവു് ഉണ്ടാക്കിയ ഒരു വ്യാകരണം.

കാതം-നാലുനാഴികവഴി.

കാതയ്യുവാൻ-കാതയ്യത്തോടു (ഭീരുതയോടു) കൂടിയവൻ.

കാതര-വി. പ്ര. ഭയമുള്ള. പ. പാരവശ്യമുള്ള. ന. ചഞ്ചലമായ. [അകാതര എന്ന ശബ്ദം നോക്കുക]

കാതരൻ-രോഗാദികൊണ്ടു വ്യാകുലമനസ്സായിട്ടുള്ളവൻ. പണിപ്പെട്ടു കഴിച്ചുകൂട്ടുന്നവൻ എന്നർത്ഥം. മറ്റൊരുപയോഗം-അധീരൻ.

കാതരത, കാതരത്വം, കാതര്യം-പ്ര ഭയം, പേടി. പ. പാരവശ്യം. ന. ചാപല്യം.

കാതരാക്ഷി-ചഞ്ചലാക്ഷി, സുന്ദരി.

കാതർ-പ്ര മരത്തിന്റെ അകത്തെ ഉറപ്പുള്ള ഭാഗം, മുള്ളു് പയ്യായങ്കം-സാരം, മജ്ജാ പ. സത്തു് സാരം, ശക്തി. ന. അഗ്രഹം.

'കാതലേകട വിക്ഷയങ്ങളെയുമ്പു'

(ഗോവൽഗീത)

കാതില-ചില സ്ത്രീകൾ കാതിലിടുന്ന ഒരുതരം ആഭരണം.

'കാതിലവളകളുംമാലകളുംകാഞ്ചികളും'

(ചാണക്യസൂത്രം)

കാതിലോല-ചില സ്ത്രീകൾ കാതിൽ ഇടുന്നതിനു തൊങ്ങലോല. [സംസ്കൃതത്തിൽ -കാ + അതിലോല=കാതിലോല=അതിലോല(സുന്ദരി)കാ=സുന്ദരി.]

കാതുകുത്തു്-മനഃപൂർവ്വമോ കൂടാതെയോ ചെവിതുളയ്ക്കുക

കാതോല-പ്ര. കാതിലോല. പ. പനയോലമടലിൽ രണ്ടുഭാഗത്തുമുള്ളതിൽ നീളം കുറഞ്ഞ ഓല.

കാത്തിരിക്കുക-പ്ര. ആദരം കൊണ്ടുപോകാതെയും മറവു സൂക്ഷിച്ചുംകൊണ്ടു നോക്കിയിരിക്കുക. പ. വരവിനെയും മറവു നോക്കിയിരിക്കുക

കാത്തിരിപ്പു്-പ്ര. കാവലായിട്ടു നോക്കിയിരിക്കുക. പ. സമയത്തെ നോക്കിപ്പിടിക്കുക

കാത്തു്-ഒരങ്ങാടിമരുന്നു്.

[കഫം, പിത്തം, കണ്ണുരോഗം, വ്രണം, പ്രമേഹം, കൃമി, വിസർപ്പം, കുഷ്ഠം, മുഖരോഗം, അർശസ്സു്, ഗുല്മം ഇവയെ ശമിപ്പിക്കും. ദീപനവും രുചികരവുമാണു്. കരിങ്ങാലിവിറകിൽ നിന്നെടുക്കുന്നു. ഇതു പാലോടുചേർത്തു ഉപയോഗിക്കുന്നു് ഇതു അധികമായി ക്ഷീണിച്ചുണ്ടാകുന്ന വികാരത്തിൽ പയ്യുവിൻപാൽ കാച്ചി പഞ്ചസാര ചേർത്തു കുടിക്കുടെ കൊടുക്കണം വികാരം തീരുന്നതിനു ഒരു യാമം വേണ്ടിവരും. സംസ്കൃതത്തിൽ ഖദിരസാരം ഇംഗ്ലീഷിൽ-(Catechu) കേടച്ചു കാത്തിനെ 'കാശിക്കട്ടി' എന്നും പറയും].

കാത്തുകളി-കാലുകൊണ്ടുള്ള ഒരുമാതിരി കളി.

കാത്തുനില്ക്കുക-പ്ര. വസ്തുക്കളെ ആദരം കൊണ്ടുപോകാതെയും മറവും നോക്കികൊണ്ടു നിലക്കുക. പ. അകന്നുകൊണ്ടു നോ

രെയും വിടാതെ വസ്തുക്കൾ കാവലായിട്ടു നില്ക്കുക. ന. കാണുന്നതിനും മറവും എപ്പോഴും സമയമുണ്ടാകുമെന്നു വിചാരിച്ചുകൊണ്ട് ശ്രദ്ധയോടെ നിൽക്കുക.

കാത്യായനി-പ. പകതീരുവോളം കാക്കുന്നവസ്ത്രം ധരിച്ചവളായിരിക്കുന്ന വിധവ. ഉ. പാർവ്വതി കത്യായനമഹർഷിയുടെ വംശത്തിലുണ്ടായവൾ എന്നർത്ഥം.

'കാത്യായന്യാലുവീരുവായം
കാക്ഷായവസനാധവാ' (അമരം)

ന. യാജ്ഞവല്ക്യന്റെ ഭാര്യയുടെ പേർ.

കാത്യായനൻ-പ. ഒരു മഹർഷി. ഉ. ഒരു ധർമ്മശാസ്ത്രപ്രവർത്തകൻ.

[ഇദ്ദേഹം പാണിനീയസൂത്രങ്ങളെ പൂർത്തിയാക്കീട്ടുണ്ട്. ശ്രൗതസൂത്രങ്ങളും എഴുതീട്ടുണ്ട്. ഈ മഹർഷിയും 'പ്രാകൃതപ്രകാശം' എന്ന പുസ്തകം ഉണ്ടാക്കിയ വരരുചിയും ഒരാളാണെന്നും അഭിപ്രായക്കാരുണ്ട്. പുഷ്പദന്തന്റെ അവതാരമെന്നു കഥാസരിൽസംഗരം പറയുന്നു. ക്രി. അ-ൻ-ാം നൂറാണ്ടിന്റെ പൂർവ്വാർത്തിൽ ജീവിച്ചിരുന്നു ]

കാഥികൻ-കഥകൾ എഴുതുന്നവൻ.

കാദംബ-മഹാശ്രോണി.

കാദംബകം-അസ്ത്രം.

കാദംബം-പ കാരണം. തൻ കൂട്ടത്തോടുകൂടെ സഞ്ചരിക്കുന്നതു എന്നർത്ഥം. ഉ കടമ്പിൻപൂവ്, കടമ്പുവൃക്ഷം. ന. അമ്പു.

കാദംബരി-പ. ഒരു മഹർഷി മദ്യം, കടമ്പിൻപൂവിൽ നിന്നെടുക്കുന്ന മദ്യം. കദംബരന്റേത് എന്നർത്ഥം. കാദംബരൻ = ബലഭദ്രൻ. കദംബത്തിൽ ഉ രമായ സംസം കാദംബം അതിനെ (രാത്രി) യെ മനോഹരമാക്കുന്നതു എന്നുമാകാം.

കാദംബരീമദ്യം വിശേഷാൽ പിത്തം ശ്രമം ഇവകളെ ശമിപ്പിക്കും. പല വസ്തുക്കളും കൂട്ടിയുണ്ടാക്കുന്നതാണ്.

ഉ. സരസ്വതി ന. പെൺപക്ഷി. ഘ. ചിത്രരഥന്റെ പുത്രി. ങ. ബാണഭട്ടൻ ഉണ്ടാക്കിയ ഒരു ശബ്ദപുസ്തകം. ന. മയിൽപ്പേട. ഠ പഞ്ചവർണ്ണക്കിളി.

കാദംബരം--പ തെരുപ്പാട. ഉ. കാച്ചിയ പാലിന്റെ പാട ന. തൈരിന്റെ മദ്യം.

കാദംബിനി-മേഘക്കൂട്ടം. മേഘങ്ങളുടെ കൂടിയതു്. കാദംബങ്ങളും (കളഹംസങ്ങളും) ഉള്ളതു് എന്നിങ്ങനെ ശബ്ദാർത്ഥം. മറ്റൊരുപേരുപറയുന്നു-മേഘമാല.

ഹംസങ്ങൾക്കു വർഷകാലം അസഹ്യമാണല്ലോ. മേഘംവിഭാവത്തിൽ ഹംസങ്ങൾ അസഹ്യത ഹേതുവായിട്ടു മേഘത്തിന്റെ നേരെ പറന്നു ചെല്ലുന്ന അവസ്ഥയെ ഈ ശബ്ദം സൂചിപ്പിക്കുന്നു.

കാദർ-സർവ്വശക്തൻ (അറബിഭാഷ)

കാദളം-പ. വാഴക്കു, വാഴയുടെ കായ്. ഉ പഴം,

'കാദളീമേകപായസമാലങ്ങൾ'
(കൃഷ്ണഗാഥ)

കാന്തവാൾ-വരക്.

കാന്തവേയൻ-സർപ്പം. കദ്രുവിന്റെ പുത്രൻ എന്നർത്ഥം.

കാന്തവേയന്മാർ എന്നാൽ നാഗങ്ങൾ എന്നാകുന്നു അവർ പത്തിയും വാലുമുള്ളവരും ശേഷം മർത്ത്യസദൃശികളും ദേവയോനികളും നിത്യയൗവനയും ഹരശക്തിയുള്ളവരുമായ സർപ്പശ്രേഷ്ഠന്മാരത്രേ നാഗങ്ങൾ.

കാനക-വി. കനകത്തെ സംബന്ധിച്ച.

കാനകനാഗി-ഒരുതരം പൂവ്. സുഗന്ധവും മുള്ളുമുള്ള ഒരു പൂച്ചെടി.

കാനകവാഴ-ഒരു വക ചീര.

ഇതു വാഴപ്പഴത്തിനു തുല്യമാണെന്നും ഒരു പക്ഷമുണ്ട്. ഇതു കണ്ണുരുചി, കഫരുചി ഇവറിനു നന്ന്.

കാനക്കറിഞ്ഞി–ഒരു രംഗം.

കാനക്കെത്തെ–ഒരു വൃക്ഷം.

കാനജലം–ഗോതമ്പ്.

കാനനം–പ്ര. കാട്ട്. വെള്ളം കൊണ്ടു മാത്രം ഉപജീവിക്കുന്നടം, അന്തകമുഖം പോലെ ഭയങ്കരമായത് എന്നിങ്ങനെ ശബ്ദാർത്ഥം. [കൃ യമൻ]. ഉ. കാവ്. നു. കൻറെ (ബ്രഹ്മാവിൻറെ) ആനനം (മുഖം) ൽ. ഭവനം.

കാനനമല്ലിക–കാട്ടുമുല്ല.

കാനനാരി–പന്നി.

കാനപ്പോഡി–ഒരു ചെടി. ഗ്രന്ഥ്യാംശം വള്ളി.

ഇതു എല്ലാ വ്യാധിയെയും സകലവിഷയങ്ങളേയും ഗ്രഹപീഡ, ഭൂതപീഡ ഇവയേയും ശമിപ്പിക്കും. സംസ്കൃതത്തിൽ കണ്ണസേ ഫാടാ.

കാനം–വനം, കാട്ട്.

കാനൽ–പ്ര. നടക്കാവു, ഉ. മരക്കൂട്ടം. നു. ചൂട്ട്.

കാനാഞ്ചി–ഒരുമരുന്ന്. (വമനകരമാണ്

കാനിഷ്ടികം–ചെറുവിരൽ.

കാനീനൻ–പ്ര. കന്യകാപുത്രൻ. ഉ. സത്യവതീപുത്രനായ വ്യാസൻ നു. കുന്തീപുത്രനായ കർണ്ണൻ.

കാനീനം–ചെമന്ന പാച്ചോറ്റി

കാനീനി–വിവാഹം കഴിയാത്തവൾ പെറ്റ പുത്രി.

കാനേഷുമാരി–ഒരു രാജ്യത്തുള്ള ജനങ്ങളുടെ അകണക്കു എടുക്കുക.

കാന്ത–വി. സുന്ദരമായ, ഒംശി തുള്ള, മനോഹരമായ.

കാന്ത–പ്ര. ഭാര്യ ഉ. പ്രിയ. നു സുന്ദരി. ൽ. ഞാഴൽ. ൽ. പോരേലം. നു അരഞ്ഞാകം ൽ. തിരുസന്ധി. വു. ചെമ്പരത്തി ങ്ങ. ൻ. ഒരു പുത്രൻ, അത്യുഷ്ടിക്കന്ദ സ്സിൽപെട്ടതു. പാരം ഒന്നിൽ അക്ഷരം കൂടി.

'യമംകാന്താനരസഖുവുംശനാഖിനപ (പുത്രമന്ത്രരി) ത്തിനം'

കാന്തകാരി–പ്ര. ഒരു വക ചെറിയ മുള്ളുണ്ടാകുന്ന ചെടി. ഉ. കന്തകാരിയുടെ കായ്, കാന്താരിമുളക്.

കാന്തക്കല്ല്–പ്ര. അയസ്കാന്തം. ഉ. ചന്ദ്രകാന്തം. നു. സൂര്യകാന്തം.

കാന്തങ്ങ–കാട്ടുള്ളി.

കാന്തത്തം–സൌന്ദര്യം.

കാന്തൻ–പ്ര. ഭർത്താവ്. ഉ. പ്രിയൻ. നു. സുന്ദരൻ.

കാന്തപാഷാണം–അയസ്കാന്തം.

കാന്തപുഷ്പം–മലയകത്തി.

കാന്തപ്പക്ഷി–മഞ്ഞിൽ

കാന്തം–പ്ര. സൂര്യകാന്തം. ഉ. ചന്ദ്രകാന്തം. നു. അയസ്കാന്തം. ൽ. കരിമ്പു. ങ. പയിൻ. നു. നീർക്കടമ്പു. ൾ. ചകുവാകപ്പക്ഷി. വു പടുകരണ. ൻ. മാവ്. പ്രം. മനോഹരം. ഇരുമ്പിനെപ്പറ്റുന്നതു് എന്ന ശബ്ദാർത്ഥം.

കാന്തമല–കാന്തക്കല്ലുകൊണ്ടുണ്ടായിരിക്കുന്ന കത്തി.

കാന്തൽ–മുണ്ടിനകൊണ്ടോ തിരിവു കൊണ്ടോ മുണ്ടാകുന്ന വേദന, നീറൽ.

കാന്തല(ള)കം–പടുകരണ. അനേകമാൾ ആഗ്രഹിക്കപ്പെടുന്നതും കേൾക്കപ്പെടുന്നതും എന്നർത്ഥം.

കാന്തലോഹം–അയസ്കാന്തം.

കാന്തസിന്ദൂരം–അയസ്കാന്തവും മറ്റും നീറ്റിയുണ്ടാക്കിയ സിന്ദൂരം.

കാന്താം–മേത്തൊന്നി മേന്തൊന്നി.

കാന്താംസ്ത്രീദോഹദം–അശോകം.

കാന്താവസം–അയസ്കാന്തം.

കാന്താരക്കരിമ്പ്–ഇഴകരിമ്പ്, നീലക്കരിമ്പ്.

[വിശേഷാൽ കഫത്തെ വലിപ്പിച്ചും മലത്തെ പുറത്തു കളയും ദേഹത്തെ തടിപ്പിക്കും.]

കാന്താര(കം)ം–കരിമ്പിന്റെ വകഭേദം, ഇഴക്കരിമ്പ്. രസമുള്ളതെന്നർത്ഥം കാന്താരക്കരിമ്പ്, നീലക്കരിമ്പ് എന്നും പറയുന്നുണ്ട്.

കാന്താരം–ഗ. കൊടുങ്കാട്ട്. ഘ. കാട്ടുപാത, നടപ്പാൻ പ്രയാസമുള്ള വഴി. ഭീതിക്കളെ കടത്തി വിടാത്തതെന്നർത്ഥം. ജലമുള്ള സ്ഥലത്തെ തേടിക്കാണുന്നത് എന്നുമാകാം. കണ്ടാൽ മനോഹരങ്ങളായ അരങ്ങും (മുഖ്യമുള്ള മുള്ളുകളും) ഉള്ളതു് എന്നും അർത്ഥമുണ്ട്. ന. ഇഴക്കരിമ്പ്, കാന്താരക്കരിമ്പ്. ള. മലയകത്തി.

കാന്താരി–ഗ. മുളകുണ്ടാകുന്ന ഒരുമാതിരി ചെടി. ഘ. അതിന്റെ കായ്, കാന്താരിമുളക്. ന. കാന്താരക്കരിമ്പ്.

[കാന്താരിമുളക് വായുശമനത്തിനു നന്ന്. രുക്ഷവും മധുരവുമാണ്. ഒരുത്തരോക്തമുണ്ടെന്നു, അർശസ്സിനു ഗുണമല്ല].

കാന്താഹ്വ–ഞെരിഞ്ഞിൽ.

കാന്തി–ഗ. സാമാന്യശോഭ. ഇമ്പമുള്ളതെന്നർത്ഥം. ഉൽകൃഷ്ടമായ കാന്തിക്കു 'സുഷമ' എന്നു പേർ. ഘ. ഇമ്പം. ന. സൗന്ദര്യം. ള. പൂവ്. ഛ. കാവ്യഗുണങ്ങളിൽ ഒന്ന്. ന. നേപാളരാജ്യത്തിലെ ഒരു രാജധാനി. [ജനങ്ങൾ ഇതിനെ കാഷ്ഠമണ്ഡപം (കടിമണ്ണു) എന്നു വിളിച്ചുവരുന്നു] ഠ. നായികാസ്ത്രീരങ്ങളായ പവ അലങ്കാരങ്ങളിൽ ഒന്ന്.

കാന്തിദ–കാർകോകിൽ.

കാന്തിദം–തൊഴു.

കാന്തിളായകം–പീതചന്ദനം.

കാന്തിമാൻ–ഗ കാമദേവൻ. ഘ. സൂര്യൻ. ന. ചന്ദ്രൻ.

കാന്ത്രുക–എരിവോ പുളിയോ കൊണ്ടു തീറ്റുണ്ടാവുക.

കാന്ദവം–ഒരുമാതിരി അപ്പം, മോദകം. [കന്ദവി (മോശക്കല്ലി)ൽ ഉണ്ടാക്കുന്നതിനാൽ ഈ പേർ വന്നു.]

കാന്ദവികൻ–കന്ദവിൽ(മോശക്കല്ലിൽ) മോശയുണ്ടാക്കുന്നവൻ.

കാന്ദിശീക–വി. ഭയപ്പെട്ടോടിയ.

കാന്ദിശീകൻ–പേടിച്ചോടിയവൻ. 'ഏതു മിക്കിലേയ്ക്കു പോകേണ്ടു' എന്നു പറയുന്നവൻ എന്നർത്ഥം. മറ്റൊന്നുപായമേ–ഭയദ്രുതൻ.

കാന്യകുബ്ജം–ഒരു രാജ്യത്തിന്റെ പേർ. [കന്യാകുബ്ജം എന്നതു നോക്കുക.] Kanouj. [കം'

'ഭൂമീപാലപ്രഥമതയുടൻകാന്യകുബ്ജാഖ്യമാം
(ആംഗലസാമ്രാജ്യം)

കാന്യാജാ–പവിഴക്കൊടി.

കാപടിക–വി. വ്യാജമുള്ള, ചീത്തസ്വഭാവമുള്ള.

കാപടികൻ–ഗ. ശിഷ്യൻ. ഘ. ഇല്ലംപെറയുന്നവൻ.

കാപട്യം–വ്യാജം, നേരുകേട്.

കാപഥം–ഗ. ചീത്ത വഴി, ദുർമ്മാർഗ്ഗം. ഘ. രാമച്ചം.

കാപഥ്യം–മദ്യം.

കാപാലകുഷ്ഠം–ഒരുവക മഹാകുഷ്ഠം.

[മഹാകുഷ്ഠം ഏഴുവിധമുണ്ട്. ഇതു കഫത്തിട്ടും കലഞ്ഞിന്റെ ഓടുപോലെയും രക്തമന്നിട്ടും രുക്ഷമായും പരുപരുപ്പോടുകൂടിയും നേത്തിട്ടും ഇരിക്കും. അധികം കഴിഞ്ഞിനോവു കാണും.]

കാപാലം–കക്കടവൃക്ഷം.

കാപാലി–ഗ. ശിവൻ. ഘ. വിഴാൽ.

കാപാലിക–വി. തലയോടിനെ സംബന്ധിച്ച.

കാപാലികത്വം–ക്രൂരത്വം.

കാപാലികൻ–ഒരു വക ശിവഭക്തരോ ൻ, ഇടുമ്പോടുകൂടെങ്ങും നടക്കുന്ന ഒരു ഭിക്ഷക്കാരൻ.

കാപില-വി. ക. കപിലനിറമായ. പ. കപിലമഹർഷിയെ സംബന്ധിച്ച.

കാപിലൻ-സംഖ്യശാസ്ത്രത്തെ അറിയുന്നവൻ.

കാപിശം-ഒരുമാതിരി മദ്യം.

കാപിശായനം-ഒരുവക മദ്യം.

കാപുരുഷൻ-നിന്ദ്യനായ മനുഷ്യൻ.

കാപേയം-കരങ്ങിനെ സംബന്ധിച്ചത്.

കാപോതം-ക. കപോതസമൂഹം (പ്രാക്കളുടെ കൂട്ടം.) പ. തുവച്ചിലക്കാരം. കപോതവർണ്ണമുള്ളതെന്നർത്ഥം. നാ. ഒരുവക അഞ്ജനം. ര. വേങ്ങവേർ.

കാപോത(ക)ം-സൌവീരാഞ്ജനം, കാപോതാഞ്ജനം.

കാപ്യ-വി. കപിയെ സംബന്ധിച്ച.

കാപ്യകരൻ, കാപ്യകാരൻ-അനന്തപിക്കുന്നവൻ.

കാപ്യകരം, കാപ്യകാരം-അനന്തപാം.

കാപ്പ-സൂര്യനിപ്പട്ടക്കാരരുടെ പുറങ്കുപ്പായം.

കാപ്പകഴൽ-തോക്കിന്റെ അകത്തെ കഴൽ, രവടിമരുന്നിടുന്ന പിള്ളക്കുഴൽ.

കാപ്പട-വളർത്തുന്നതിനായിട്ട പശുക്കിടാവിനേയും മറെ ചിലതിനേയും കൊടുക്കുക.

കാപ്പി-ഒരുമാതിരി ചെറിയ വൃക്ഷം, കാപ്പിമരത്തിന്റെ കുരു. കാപ്പിക്ക സംസ്കൃതത്തിൽ-പീലു. [ഇക എന്നൊരുപക്ഷം -ആ ശബ്ദം നോക്കുക.]

കാപ്പിക്ക-കാക്കുമനാക്കുക.

കാപ്പിരി-ആഫ്രിക്കാദേശത്തിലുള്ള ഒരു ജാതിക്കാർ.

കാപ്പു[1]-ക. സ്ത്രീകളുടെ കൈയിൽ ഇടുന്ന കരാഭരണം. പ. കല്യാണത്തിനുമുമ്പിൽ മണവാളന്റെ കൈയിൽകെട്ടുന്നചരട്, നാ. വാൽ. ര. രക്ഷ. ഇ. കാവൽ.

കാപ്പുകെട്ടുക-ഒരുങ്ങിയിരിക്കുക. [ദേശി.]

കാപ്പുലം-ക. കഴുത്തോവുക. പ. ചെറുകുമിഴ്.

കാമ-വലിയ തൊട്ടിക്കഴിൻമാവ്.

കാമകല-രതി.

കാമക്രൂടൻ-വേശ്യയുടെ ജാരൻ.

കാമക്രൂടാ-വേശ്യാവൃത്തി.

കാമകേളി-സംയോഗം.

കാമക്രീഡ-ക. കാമകേളി. പ. ഒരു വൃത്തം.

[അതിശകലരിക്കുന്നസ്സിൽ പെട്ടതാണ്. പാദം തന്നിൽ ഏഴ അക്ഷരം വീതം കാണും.] [വൃത്തം]

'മംതാനഞ്ചുംചേന്നീടുന്നെങ്കിൽകാമക്രീഡം (വൃത്തമഞ്ജരി)

കാമഖഡ്ഗലാ-പൊൻതൊങ്കെത.

കാമഗ-കയിൽപേട.

കാമഗാമി, കാമംഗാമി-വി. തന്റെ ഇഷ്ടത്തിനു തക്കവണ്ണം നടക്കുന്ന.

കാമഗ്രഹണം-അനുഗ്രഹത്തോടുകൂടിയ സ്നേഹം.

കാമചാരം-തോന്നിയവാസം.

കാമചാരി-വി. ക. ഇഷ്ടംപോലെ സഞ്ചരിക്കുന്ന പ. ഇഷ്ടംപോലെ പ്രവർത്തിക്കുന്ന. നാ. അനുഗ്രഹിക്കുശീലമുള്ള. [സ്ത്രീ-കാമചാരിണി.]

കാമചാരി-ക. ഗരുഡൻ. പ. കാരകിൽ

കാമജ്വരം-ഒരുവക പനി.

[അനുഗ്രഹിക്കപ്പെട്ട സ്ത്രീയെയും മറ്റും ലഭിക്കാനുള്ള മിത്രം ഇണങ്ങാകുന്ന ഇരുപത്തിനാൽ ചിത്തവിഭ്രമം, മടി, അരുചി, ഇവ കാണും.]

കാമതാലം-കയിൽ.

കാമദ-വി. ഇഷ്ടമുള്ളതിനെ കൊടുക്കുന്ന.

കാമദാനം-അനുഗ്രഹിക്കുന്നതിനെ കൊടുക്കുക.

കാമദുതി, കാമദൂത്രിക-ഫ. നഗരമന്ത്രി. ഉ. പാത്തിരി.

കാമദേവൻ-കാമൻ. [കാമൻ എന്നതു നോക്കുക.]

കാമധേനു-സപ്തർഷിമാരിലേ പത്നി.

[പാലാഴിമഥനത്തിൽ കിട്ടിയതാണ്. ഇതു് ആഗ്രഹിക്കുന്നവക്കു സർവ്വം നൽകും. ഇതിന്റെ പാലുകുടിച്ചാൽ "ക്ഷുല്പിപാസാദിവ്യാധിമരണജരാനരാദ്യൽ പത്തിനുണ്ടാം പതിനായിരത്താണ്ടെയ്യില്ല".]

കാമന-വി. ആഗ്രഹമുള്ള, അനുരാഗമുള്ള.

കാമനൻ-കാമുകൻ.

കാമനാ-ആഗ്രഹം, അനുരാഗം.

കാമനാമാ-ഞെട്ടികഴിയൻമാവു്.

കാമനാശനൻ-ശിവൻ.

കാമനീയം-സൌന്ദര്യം.

കാമൻ-ഫ. കാമദേവൻ. അന്യോന്യം കാമിപ്പിക്കുന്നവൻ, സുരതത്തിൽ കാമത്തെ ഉണ്ടാക്കുന്നവൻ, സുരതേച്ഛയെ ഉണ്ടാക്കിത്തീർക്കുന്നവൻ എന്നിങ്ങനെ ശബ്ദാർത്ഥം. ഉ. ബലരാമൻ. നു. പരമാത്മാവു്. പര്യായങ്ങൾ-മദനൻ, മന്മഥൻ, മാരൻ, പ്രദ്യുമ്നൻ, മീനകേതനൻ, കന്ദർപ്പൻ, മന്മഥൻ, അനംഗൻ, കാമൻ, പഞ്ചശരൻ, സ്മരൻ, ശംബരാരി, മനസിജൻ, കുസുമേഷു, അനന്യജൻ, പുഷ്പധന്വാവു്, രതിപതി, മകരധ്വജൻ, ആത്മഭൂവു്, ശൃംഗാരയോനി, ശ്രീവൃന്തൻ, ശൃംഗാരമാതി.

[കാമൻ സ്വർഗ്ഗത്തിൽ കൃഷ്ണനുണ്ടായവനാണ്. മറ്റുള്ളവർ പേർ മതി (ദേവാ) എന്നാകുന്നു. താരകാസുരനെ കൊല്ലുന്നതിനു ദേവകൾ മറ്റും അന്വേഷിക്കവേ ശിവനെ പാർവ്വതിയിൽ ജനിക്കുന്ന പുത്രൻ അതിനു സമർത്ഥനെന്നറിഞ്ഞു. പരമേശ്വരൻ തപസ്സു ചെയ്യുന്ന സന്ദർഭത്തിൽ അദ്ദേഹത്തെ ഭർത്താവായി ലഭിപ്പാൻ പാർവ്വതിയും കഠിനമായ തപസ്സിനെ അവലംബിച്ചിരുന്നു. പാർവ്വതീപരമേശ്വരന്മാരെ യോജിപ്പിപ്പാനായി ദേവകൾ കാമദേവനെ പറഞ്ഞയച്ചു കാമശരത്തിൽവച്ചു പരമേശ്വരന്റെ നയനാഗ്നിയിൽ കാമദേവൻ ഭസ്മമായി. പിന്നീടു രതിയുടെ അഭ്യർത്ഥനപ്രകാരം തൃക്കണിയിൽ പ്രദ്യുമ്നനായി ജനിച്ച കാമൻ ധർമ്മന്റെ പുത്രനാണെന്നും പരമാത്മാവാണെന്നും മറ്റും പല കഥകളും കാണുന്നുണ്ടു്. കാമനു മുൻപറയപ്പെട്ട പേരുകൂടാതെ ഇരുമ്പൻ, ഇഷ്മാ, കിങ്കിരൻ, അഭിരൂപൻ, ഏധു, കലാകേളി, കഞ്ജനൻ, രമണൻ, ഭീപകൻ, മധുഭീപൻ, ശമനാന്തകൻ, മഹിരൻ, ത്രൂപാസ്രൻ, മുമ്മൂരൻ, വാമൻ, പുഷ്പകേതനൻ, മകരകേതു, രതനാരിചൻ, രാഗവൃന്തൻ, സംസാരഹൃത്തു, ശയിങ്ങു, മായം, മായി, കണ്ടു ഇങ്ങിനെ പേരുകളും കാണുന്നുണ്ടു്. അനിരുദ്ധൻ എന്നൊരു മകനും ഉഷാ എന്നൊരു പുത്രിയും കാമനുണ്ടു്. ഇദ്ദേഹത്തിന്റെ വില്ലു കരിയും ശരങ്ങൾ പുഷ്പങ്ങളും വില്ലിന്റെ ചരടു വണ്ടുകളും മകരം ധ്വജമുദ്രയും തത്ത വാഹനവും ആകുന്നു. കാമദേവന്റെ ഉത്ഭവത്തിനു കാരണം പരബ്രഹ്മത്തിന്റെ മുഖത്തിൽ ആദ്യം കാമമുണ്ടായതാണെന്നു കാണുന്നു.]

കാമ്പടി-ഫ ഓടുകൊണ്ടും മറ്റും വാർക്കുന്ന ജാതിക്കാരൻ, മൂശാരി. ഉ. കന്നാൻ.

കാമപാദപം-ഇത്തിക്കണ്ണി.

കാമപാലൻ-ഫ. ബലദേവൻ, കാമനെ രക്ഷിക്കുന്നവൻ, കേതുമാനുകളുടെ ഇഷ്ടത്തെ രക്ഷിക്കുന്നവൻ. ഉ. ശിവൻ.

കാമപ്രിയങ്കു-ഞാഴൽചെടി.

കാമഫലാ-വലിയതൊട്ടികഴിയൻമാവു്.

കാമബാണം–പ. കാമദേവന്റെ അസ്ത്രം.

[കാമബാണങ്ങൾ–അരവിന്ദം, അശോകം, ചൂതം, നവമല്ലിക, നീലോല്പലം ഇവ അഞ്ചും.]

ഉ. സ്ത്രീക്ക പുരുഷനിലോ, പുരുഷന സ്ത്രീയിലോ അധികം ആഗ്രഹം തോന്നുകയും തമ്മിൽ അകന്നിരിക്കയും ചെയ്യുമ്പോൾ ഉണ്ടാകുന്ന സൌഖ്യക്കേടിനെ പറയുന്ന ഒരു പേർ.

കാമം–അ. പ. അങ്ങിനെ ഇരിക്കട്ടെ. ഉ. വേണ്ടുവോളം. ന. നിന്ദയോടെ, കോപത്തോടെ ക്രൂടിയുള്ള അനുസരണം. ഭ. ആഗ്രഹത്തിന്നനുസരണമായി. ഇ. അസൂയയോടുകൂടിയ സമ്മതം. ഗു. ഇഷ്ടംതന്നെ. ഇഷ്ടമില്ലാത്തതിനെ പറയുന്നേടത്തു 'കാമം' എന്നപദം ഉപയോഗിക്കുന്നു. മനസ്സില്ലാമനസ്സോടെ സമ്മതിക്കുക.

'കാമമേവനിലോറംപ്രേമംകൊണ്ടെവക്കിനു
മാമകാധരേവരുവാൻവൈമുഖ്യമുളവാകി
കാമമെന്തിഹ ചോദ്യം.....' [ൽ
(ഭക്തിയുഗം കഥകളി)

കാമം–ക്രി. വി. യഥേഷ്ടം.

കാമം–പ. ഇച്ഛ, ആഗ്രഹം, മനസ്സിലുണ്ടാകുന്ന ഒരു ഭാവഭേദം. ഉ. ഫല കാംക്ഷ.

കാമമന്ഥാ–ഉലുവാ.

കാമമോടി–കസ്തൂരി.

കാമയിതാവു്–കാമുകൻ. കാമിക്കുന്നവനെന്നർത്ഥം.

കാമയിതൃ–വി. കാമിക്ക ശീലമുള്ള, ആഗ്രഹിക്കുന്ന.

കാമരം–തടി അമ്പുപൻതക്കവണ്ണം ചൊക്കി ചെയ്യുന്നതു്.

കാമരൂപം–ശങ്കുമുത്തിന്റെ കീഴ്ഭാഗത്തുള്ള ഒരു ഡിസ്കു്, ക്ഷ്മണാസ്യം,

കാമരൂപി–വി. മനസ്സിൽ തോന്നുന്നപ്രകാരമുള്ള രൂപത്തെ കൈക്കൊള്ളുന്ന, ഇഷ്ടംപോലെ ശരീരം മാറുന്ന.

കാമരൂപിണി–അരക്കിരം.

കാമരേഖാ, കാമലേഖം–വേശ്യാസ്ത്രീ.

കാമലം–ഒരുമാതിരി പിത്തരോഗം.

കാമലിക–തിന.

കാമലേഖ(ന)ം–അന്തരംഗത്തെ വിവരിക്കുന്ന എഴുത്തു്, അന്തരംഗസൂചകമായ എഴുത്തു്.

കാമവതി–മരമഞ്ഞൾ.

കാമവല്ലഭം–പ. മാവു്. ഉ. വണ്ടുരം കോഴി.

കാമവികാരം–കാമനാൽ മനസ്സിലുണ്ടാകുന്ന ഒരവസ്ഥ.

കാമവൃക്ഷ(ക)ം–ഇത്തിക്കണ്ണി.

കാമവ്രന്താ–പാതിരി.

കാമവ്രല്ലി–ഒരൌഷധം. ഗ്രാഹ്യാംശം–ബീജം.

[ഇതു ബലത്തെ വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. കാമോദ്ദീപനത്തെ ചെയ്യും. കണ്ണാടഭേദത്തിൽ 'കാമവല്ലം' എന്ന പ്രസിദ്ധം.]

കാമശരം–പ. കാമബാണം. ഉ. മാവു്.

കാമശാസ്ത്രം – സ്ത്രീപുരുഷലക്ഷണങ്ങളും അറിയുന്നതിനും മനസ്സുള്ള രഹസ്യപുസ്തകം.

കാമശീല–വി. കാമിക്കുക ശീലമുള്ള.

കാമസൂദനി–കാമദഹനം.

കാമസൂത്രം – ശൃംഗാരത്തെക്കുറിച്ചു വാത്സ്യായനൻ എഴുതിയ ഒരു പുസ്തകം.

കാമാക്ഷി–ദുർഗ്ഗാ.

കാമാംഗം–മാവുമരം.

കാമാട്ടി–കല്യാണി.

കാമാഖ്യാ–ദുർഗ്ഗാ.

കാമാതുര–വി. സ്ത്രീയിലോ പുരുഷനിലോ അധികം ആഗ്രഹം തോന്നുകയാൽ അനുകൂലാനുഭവമുള്ള.

കാമാനന്ദ-കസ്തൂരി.
കാമാന്തം-വി. തുപ്പിയകംവണ്ണം.
കാമാന്ധ-കസ്തൂരി.
കാമാന്ധം-കയിൽ.
കാമായു-കഴുവൻ.
കാമായുധൻ- വലിയ ഞെട്ടികഴിയൻമാവ്.
കാമായുസ്സ്-ഗരുഡൻ.
കാമാരി, കാമജിത്തു്-പ. ശിവൻ. ഉ. ഒരു മരുന്ന്, മഞ്ഞീരക്കല്ല്.
കാമാല-സങ്കടം.
കാമാലിക-മദ്യം.
കാമാലു-വലിയ മലയകത്തി.
കാമാവതാരം-പ്രദ്യുമ്നൻ.
കാമാശ്രമം-പണ്ടു ശ്രീപരമേശ്വരൻ തപസ്സുചെയ്ത സ്ഥലം. ഇവിടെവെച്ചാണ് കാമദേവനെ ദഹിപ്പിച്ചതു്.
കാമാഷ്ഠം-ഞെട്ടികഴിയൻമാവ്.
കാമി-പ. വണ്ടാരംകോഴി. ഉ. ചക്രവാകപ്പക്ഷി. ന. മരപ്പാവ്. ര. കാട്ടപ്പാവ്. ഇ. ഇടവകം.
കാമി-വി. കാമമുള്ള, സ്ത്രീയിലും മറ്റും ആഗ്രഹമുള്ള.
കാമികം-കളകോഴി.
കാമിക്കുക-ആഗ്രഹിക്കുക.
കാമിത-വി. ആഗ്രഹിക്കപ്പെട്ട.
കാമിനി-പ. ഭേദിക്കം കാമമുള്ളവൾ. ഉ. ഇന്ദ്രിയക്കണ്ണി. ന. മദ്യം. ര. മരമഞ്ഞൾ.
കാമനീശം-കരിമുരിങ്ങ.
കാമില-ഒരു രോഗം.
[കാമിലയുള്ളവന്റെ കണ്ണ്, തൊലി, നഖം, മുഖം ഇവ മഞ്ഞനിറമായിരിക്കും. മലവും മൂത്രവും രക്തമെന്നിട്ടും മഞ്ഞളിച്ചിട്ടുമിരിക്കും.]
കാമുക-വി. ആഗ്രഹമുള്ള.
കാമുകകാന്താ-മാധവി.
കാമുകൻ-പ. കാമിക്കുന്നവൻ, കാമമുള്ളവൻ, ആഗ്രഹിക്കുന്നവൻ. ഉ. പ്രിയതമൻ.
കാമുകം-പ. കരക്കുത്തിമുല്ല. ഉ. ഞാഴൽ. ന. മലവേപ്പ്. ര. അശോകം. ഇ. കരികിൽ. ന. കാട്ടപ്പാവ്. ഒ. ചക്രവാകപ്പക്ഷി.
കാമുകാ-പ. പുഷ്പം മുതലായവയിലുള്ള ആശയോടുകൂടിയവർ. ഉ. ധനാദികളിൽ താൽപര്യമുള്ളവർ.
കാമുകി-പ. സുരതത്തിൽ അത്യാഗ്രഹമുള്ളവർ. ഉ. വെള്ളപ്പക്ഷി.
കാമേശ്വരൻ-കുബേരൻ.
കാമേഷ്ഠം-ഞെട്ടികഴിയൻമാവ്.
കാംക്ഷ-ആഗ്രഹം.
കാംക്ഷിക്കുക-ആഗ്രഹിക്കുക.
കാംക്ഷിത-വി. ആഗ്രഹിക്കപ്പെട്ട.
കാംക്ഷിതം-അഭിപ്രായം.
കാമ്പു്-പുഷ്പത്തിന്റെ ആധാരമായ തണ്ട്, ആധാരമായ ഭാഗം (മുഖ്യഭാഗം), ഏതു വസ്തുവിന്റെ എങ്കിലും ഉള്ളിലിരിക്കുന്ന സാരാംശം, കാതൽ, കഴമ്പു്, സാരാംശം.
കാമ്പിക്കിണ-കാണിക്കണം. (പ-മ).
കാമ്പില്യം, കാമ്പില്ല-പ. ഒരു മരം, കമ്പിപ്പാല, കമ്പില്യദേശത്തുണ്ടായതു്. ഉ. ദ്രൗപദിയുടെ സ്വയംവരം നടന്ന നഗരം.
കാമ്പീല(ക)ം-കയിപ്പാല.
കാംബലം-കമ്പിളികൊണ്ടു മൂടിയതരം
കാംബവികൻ-പ. ശംഖുകടയുന്നവൻ. ഉ. ശംഖു വിളിക്കുന്നവൻ. [കംബു=ശംഖം].
കാംബുകാ-അരുക്കിരം.
കാംബോജം-പ. കാംബോജദേശത്തിലുണ്ടായ കുതിര. ഉ. കാംബോജദേശം. ന. വെങ്കരിങ്ങാലി. ര. പുന്ന.

കാംബോജി–പ്ര. കുട്ടിയുണ്ട്. കാംബോജദേശത്തിലുണ്ടായതെന്നർത്ഥം. പ. പെരുങ്കായം. ന. കന്നി. ഭ. പീനാരി. ഇ. മഞ്ഞാം. യു. കാർകോകിൽ.

കാംഭോജം–പ്ര. ശംഖ്. പ. ആന.

കാംസ്യകാരൻ–പ്ര. ഓട്ടുകൊണ്ടു പണിയുന്നവൻ, മൂശാരി പ. കന്നാൻ

കാംസ്യം–പ്ര. ഓട്ടുപാത്രം പ. ഒട്ട്. ന. ചേങ്ങില.

കാമ്യ–വി. ആഗ്രഹിക്കേണ്ടുന്ന, ആഗ്രഹിക്കത്തക്ക.

കാമ്യകം–ഖാണ്ഡവപ്രസ്ഥത്തിന്റെ പടിഞ്ഞാറേഭിക്കിലുള്ള മരുഭൂമികളിൽ ഉൾപ്പെട്ടകിടക്കുന്ന ഒരു പുണ്യസ്ഥലം. പാണ്ഡവർ താമസിച്ച വനം.

കാമ്യദാനം – പ്ര. ആഗ്രഹമുള്ളതിനെ കൊടുക്കുക. പ. ഫലേച്ഛയോടുകൂടി ചെയ്യുന്ന ദാനം. ന. തുലാപുരുഷാദിദാനം. കാമ്യമായ (ഫലത്തെ ഇച്ഛിച്ചുകൊണ്ടുള്ള) ദാനം, ആഗ്രഹിക്കപ്പെടത്തക്കതായപശു, ആന, കുതിര മുതലായതിന്റെ ദാനം എന്നർത്ഥം.

കാമ്യം–വേണ്ടേ.

കാമ്യമരണം–ആത്മഹത്തി, തന്നത്താൻ മരിക്കുക.

കാമ്പി–വി. അല്പം പുളിയുള്ള.

കായ്, കാ–പ്ര. വൃക്ഷങ്ങളിലും മറ്റും പൂവിന്റെ ശേഷമായിട്ടുണ്ടാകുന്ന വസ്തു. ഫലം, സസ്യം. പ. പൂക്കാത്ത വൃക്ഷത്തിന്റേയും മറ്റും ഫലം. ന. ദേഹത്തിലുണ്ടാകുന്ന ചില മുഴ, തഴമ്പ്. ഭ. മൃതകളിയിൽ നിരത്തുന്ന വസ്തു.

കായക്കഞ്ഞി–പുഴുങ്ങിയ കഞ്ഞി

'നായർവിശന്നവലത്തുവതമ്പ്രാനും
കായക്കഞ്ഞിക്കരിയിട്ടില്ല'

(രാമചരിതം പുള്ളുപാട്ട്)

കായപ്പുളി–നല്ലമുളകും വറുത്തുപൊടിയും ഉപ്പും ജീരകവും കായവും കുട്ടിയുണ്ടാക്കിയ ചമ്മന്തി.

കായബലനം–പച്ചപ്പുട്ട.

കായബലം–ശരീരശക്തി.

കായമുള്ളുവാള്–ഇതുകൊണ്ടിക്കുമ്പോൾ തരംപോലെ ചേരുന്ന ആയുധം (കൊച്ചി).

കായം–പ്ര. ശരീരം. അന്നപാനാദികൊണ്ടു വർദ്ധിക്കുന്നതു് എന്നർത്ഥം പ. രോഹിതവിരലിന്റെയും ചെമ്പരത്തിയിലിന്റെയും. മരടായ പ്രജാപതിതീർത്ഥം. പ്രജാപതൃതീർത്ഥം. കം=പ്രജാപതി. പ്രജാപതി ദേവതയായിട്ടുള്ളതെന്നർത്ഥം. ന. പീണയുടെ കമ്പി കെട്ടുന്ന മരം. ഭ. ഒരങ്ങാടിമരുന്ന്, ഒരു പശ.

'സഹസ്രവേധിഗുളകം
ബാല്ഹികംഹിംഗുരാമഠം'

(അമരം)

സഹസ്രവേധി, ഗുളകം, ബാല്ഹികം, ഹിംഗു, രാമഠം ഇവ ഇ-ം, കായത്തിന്റെ പര്യായങ്ങൾ.

പെരുങ്കായം സാമാന്യമായിട്ടു രണ്ടുവിധമുണ്ട്. കറിക്കായം പാകത്തിൽ എരിവും ഉപ്പും നീറ്റവുമുണ്ട്. മലത്തെ തടയും. രുചികരമാണ്. മധുരവും പിത്തവർദ്ധനവും വാതനവും ഭീപനവും ആകുന്നു കഫം, വാതം, കൃമി, ഗുന്മം, വസ്തിയിതരമായ രോഗം, പ്ലീഹോദരം, പ്ലീഹ, അർശസ്സ്, ആനാഹം, മാഹരോഗം, ശ്വാസം, അരോചകം, വിഷം, വീർപ്പം, ശൂല, കഫോദരം ഇവയെ ശമിപ്പിക്കും. പെരുങ്കായം മരത്തിന്റെ കറയാണ്. കായത്തിന്റെ ശബ്ദം ഉൽക്കടമാകയാൽ ഈ പേർ വന്നു. കായം ഗുണക്കൂടുതൽകൊണ്ടു അരക്കിനേക്കാൾ ഉല്യമാകുന്നു. കായത്തിനു ഹിംഗു എന്നു സംസ്കൃതം. പെരുങ്കായത്തിനു അസുരാഭിധാനം എന്നു പേർ. ഈ

യിൽ ഒഴിച്ചു പഴുപ്പിച്ച ലോഹപാത്രത്തിൽ നെയ് ചേർത്തു കായം പൊരിക്കണം. അല്പം ചെമ്പരുവത്തിലാകുമ്പോൾ വാങ്ങി പൊടിച്ചു യോഗങ്ങളിൽ ചേർക്കണം ഇതു പഞ്ചാബ് മുതലായ രാജ്യങ്ങളിൽ ഉണ്ടാകുന്ന ഒരു മരത്തിന്റെ കറയാണ കായം ഉണ്ടാകുന്ന മരത്തിനു പര്യായങ്ങൾ–കാരവി, പൂതഹി, ബാഷ്പിക, കന്ധിരി, പൂഢ

ആ. വൃക്ഷത്തിന്റെ കൊമ്പ്. നു. കൂട്ടം. ഒ. പ്രധാനനഗരം. വൃ. വാസസ്ഥലം.

കായൽ–പ്ര. ആറും കടലുമല്ലാതെ വെള്ളം പരന്നു കിടക്കുന്ന വലുതായ സ്ഥലം, സമുദ്രത്തിൽ നിന്നും കരയ്ക്കുള്ളിലേയ്ക്കു തള്ളിക്കിടക്കുന്ന ജലാശയം. ഉ. പൂഴ്, നു. മുള,

കായൽക്കിഴങ്ങ്–കായലിലുണ്ടാകുന്ന ഒരു മാതിരി കിഴങ്ങ്.

കായൽപ്പൂവ്–ജലാശയത്തിലുണ്ടാകുന്ന ഒരു തരം പൂച്ചെടിയുടെ ഫലം പര്യായം മഖന്നം.

ഇതിന്റെ കായ് ഗുണങ്ങൾകൊണ്ടു മിക്കവാറും താമരക്കുരുവിനോടൊപ്പമാണ്.

കായസ്ഥ–പ്ര. കുടുക്ക. ഉ. കാക്കോളി. നു. തൊപ്പി. ഘ. ചിറ്റേലം. ങ. പേരേലം. ഡ. തുളസി.

കായസ്ഥൻ–ചില ജില്ലയിൽ ഒരുദ്യോഗസ്ഥനെ പറയുന്ന പേർ, മേനവൻ

'കായസ്ഥന്മാരെപ്പുന്നാരിക്കാത്ത
കായക്ലേശവുമില്ലക്കാലം'

(ഒഡ്യൂഷ്യരുടെ തുള്ളൽ)

കായസ്ഥിരാ–കാക്കോളി.

കായാഗ്നി–ജഠരാഗ്നി.

ആമാശയപക്വാശയങ്ങളുടെ മദ്ധ്യത്തിലാണ് ഇതിന്റെ ഇരിപ്പ്. ഈ അഗ്നിയുടെ അംശം രസരക്തങ്ങളിൽ ചേർന്നിരിക്കുന്നു. കായാഗ്നി കൂടുന്നാൽ ധാതുക്കളും വർദ്ധിക്കും; മന്ദിച്ചാൽ ധാതുക്കളും ക്ഷയിക്കും. ആദ്യത്തെ ധാതു വർദ്ധിച്ചാലും ക്ഷയിച്ചാലും പിന്നത്തെ ധാതുവിനെയും തന്നോടു സദൃശമാക്കിത്തീർക്കുന്നു

കായാമ്പൂ–കായാവിന്റെ പൂവ്. [കായാവ് എന്നും കാഞ്ഞാംപൂവ് എന്നും പറയുന്നു.]

കായാവ്–കറുത്ത പൂവുണ്ടാകുന്ന ഒരു ചെടി

കായിക–വി. ശരീരസംബന്ധമുള്ള

കായ്കാവൃത്തി–കറവുകാണം

കായിക്കുക–കായുള്ളതായിത്തീരുക.

കായിരം–പ്ര. പൂഴിത്തൂ. ഉ. കടലാസ്.

കായിലും–അ. കാട്ടിലും, കാളും [ഇതു് അതിനെക്കായിലും നല്ലതു് എന്നും മറ്റും പറയുന്ന വാക്കിനോടു ചേരുന്നു].

കായുക–പ്ര ചൂടുള്ളതായിത്തീരുക, അത്തരുക. ഉ. വല്ലതും വെയിലത്തോ തീയത്തോ വെച്ചാൽ അല്പമായിട്ടുണങ്ങുക.

കായ്കനി–പച്ചയും പഴുത്തതുമായുള്ള ഫലങ്ങൾ

കായ്ത്തറി കറിസാധനങ്ങളോടുള്ള കായും ചീരയും മറ്റും

കായ്പണം മകളുടെ വിവാഹത്തിനു മാപ്പിള തീർച്ചപ്പെടുത്തിയ പണം.

കായ്പു–കായിക്കുക.

കായ്പു–പ്ര. കായുക, ചൂടു. ഉ അല്പമായുണങ്ങുക. നു. വേനൽ. ഘ. പനി

കാര–വി. ചെയ്യുന്ന.

കാര–പ്ര. കരഗൃഹം, പുരപ്പു. ഉ. മനുഷ്യരുടെ മേൽ തൊലിയുടെ പുറമേ പരുപരുപ്പുണ്ടാകുന്ന ഒരു രോഗം നു. ഒരുതരം ചെടി

കാര (അവ്യയം) പിന്നത്തെ ശബ്ദിപ്പിക്കും. മുമ്പത്തെ പിടിപ്പിക്കും അഗ്നിയെ വർദ്ധിപ്പിക്കും. കണ്ണുനീരിനെ ചെയ്യും. ഇതു കണ്ണീർ എന്നും അശ്രു

കാരികം എന്നും രണ്ടുതരമുണ്ട്. കണ്ട കാരിയുടെ മുള്ള് നിവന്നിരിക്കും. ആ കക്ഷകാരികയുടെ മുള്ള് കീഴ്പോട്ട വളഞ്ഞിരിക്കും. ഗുണംകൊണ്ട് രണ്ടും തുല്യമാണ്. സംസ്കൃതത്തിൽ കാരി. തമിഴിൽ കാരൈ. കട്ടക്കാര, കറിക്കാര രണ്ടിനും കാര എന്നും പറയും.

ര. കഴുത്തിൽ കെട്ടുന്ന ഒരാഭരണം. (തെക്കൻദിക്കിൽ 'കാറ' എന്നു പറയുന്നു.)

കാരക-വാക്യത്തിന്റെ ഒരംശം. ഇതുസംസ്കൃതമുറയിലേ വരൂ.

കാരക-വി ചെയ്യുന്ന.

കാരകദീപകം-ദീപകാലങ്കാരത്തിന്റെ ഒരിനം.

കാരകം-ഒരു ക്രിയയുടെ ആകാംക്ഷയെ പൂരിപ്പിക്കുന്നതു കാരകം.

കാരകിൽ-ഒരു സുഗന്ധവൃക്ഷം.

വാതം, കഫം, കണ്ണുരോഗം, നേത്രരോഗം, കൃമി, വായുമുട്ടൽ, ക്ലമം, ചുമ, ശ്രമം ഇവയെ ശമിപ്പിക്കും. തോലിനെ നന്നാക്കും. പിത്തത്തെ അധികമാക്കും. ഇതു ഗന്ധവസ്തുക്കളിൽ കൂട്ടുന്നു. അകിലിന്റെ കൂട്ടത്തിൽ ഇതു ശ്രേഷ്ഠമാണ്. നല്ലവണ്ണം കറുത്തതും തുലത്തിലിട്ടാൽ താഴ്ന്നതും ഗുണം കൂടിയതുമാകുന്നു. സൊരശ്മിയില്ലാത്ത ഒരു തരമുണ്ട്. അതിനെ എടുക്കരുത്. സംസ്കൃതത്തിൽ-കൃഷ്ണാഗരു തമിഴിൽ-കാരകിൽ ഇംഗ്ലീഷിൽ (Cedartree, Aquitlaria) സിഡർട്ടി, അകിലിന്റ് ലേറിയ. ഇതു മണ്ണിൽ കഴിച്ചിട്ടാൽ വാസനക്കുറയും.

കാരകോട്ട്-ഒരു വക കല്ലി.

കാരടി-വടി.

കാരണ-വി. ഹേതുവായത്.

കാരണചതുഷ്ടയം-ദുഃഖം, കോപം, ഉപവാസം, ശരീരായാസം. [പ്രസവിച്ച സ്ത്രീകൾക്ക് മുലപ്പാൽ കറയുന്നതിനുള്ളവ].

കാരണത്രയം-സമവായി, അസമവായി, നിമിത്തം ഇങ്ങിനെ മൂന്ന്.

കാരണപ്രതി-വി. എന്തിനെങ്കിലും ഹേതുവായി ഭവിച്ച.

കാരണം-ഹേതു. കാര്യത്തെ ഉണ്ടാക്കുന്നതെന്നർത്ഥം. മറ്റു പര്യായങ്ങൾ-ഹേതു, ബീജം.

കാരണമാല-ഒരലങ്കാരം.

'മുൻപേ ഹേതു കാര്യങ്ങൾ
കേൾപ്പാൽ കാരണമാലയും
നീതിയാലർത്ഥമർത്ഥത്താൽ
ധർമ്മം ധർമ്മേണ സൽകൃതി'

(രാജാലക്ഷണം)

കാരണവൻ-പ. അമ്മാവൻ, അമ്മയുടെ സഹോദരൻ. ര. കുടുംബത്തിലേ മരണകർത്താവ്. (അടിയാൽ എന്നതു നോക്കുക). ന. അച്ഛൻ. ഭ. ഭൈരവൻ.

കാരണവപ്പഴവൻ-രാജാക്കന്മാരുടെ ജനങ്ങളും 'കാരണവൻ' എന്നതിനു പകരം ഉപയോഗിക്കുന്ന ഒരുപചാരവാക്ക്. [അടിയാൽ എന്നതു നോക്കുക].

കാരണവസ്ഥാനം-പ കാരണവരുടെ മുറ. ര. അച്ഛന്റെയും മേലധികാരം.

കാരണാ-നരകവേദന. ഹിംസിക്കുന്നതിനോട് സദൃശം എന്നർത്ഥം. മറ്റു പര്യായങ്ങൾ-യാതനാ, തീവ്രവേദന.

കാരണിക-വി. പരീക്ഷിച്ചു ഗുണദോഷം അറിയുന്ന.

കാരണികൻ-പ. പരീക്ഷിക്കുന്നവൻ. കാരണം കൊണ്ടു ചരിക്കുന്നവൻ എന്നർത്ഥം. ര. പ്രമാണങ്ങളെക്കൊണ്ട് അർത്ഥത്തെ നിശ്ചയിക്കുന്നവൻ. മറ്റൊരു പര്യായം-പരീക്ഷകൻ.

കാരണോപാധി-കാരണകർത്താവ്.

കാരണ്ഡവം-കൂടക്കോഴി. എപ്പോഴും കൂ

രച്ചുകൊച്ചു ക്രീഡിച്ചുകൊണ്ടിരിക്കുന്നത് എന്നർത്ഥം. നീർക്കാക്ക, താമരക്കോഴി, കാരണം.

കാരണ്ഡം-പ. നീർപ്പൂവ്. ൨. താമരക്കോഴി.

കാരണ്ഡ(വ)ം-കളക്കോഴി.

കാരണ്ഡികാ, കാരണ്ഡി-അട്ട.

കാരന്ധമി-കന്നാൻ, മൂശാരി.

കാരന്നം-ഒരു വകപക്ഷി. പയ്യിയെങ്ങാം-കാരംബം, കളഹംസം.

ഇതിന്റെ മാംസം ഗുണങ്ങാംകൊണ്ടു മിക്കവാറും അരയന്നത്തിന്റെ മാംസത്തോടൊപ്പമാകുന്നു. വിശേഷാൽ മലത്തെ പുറത്തുകളയും. സംസ്കൃതത്തിൽ കാരംബം. ഇംഗ്ലീഷിൽ(Black Swan) ബ്ലാക്ക്സ്വാൻ.

കാരഭ-ഞാഴൽ. കറുപ്പു വാഴയുടെ തുല്യതയുള്ളതെന്നർത്ഥം.

കാരാ-പ പൊൻകാരം. ൨. തുവച്ചില്ലകാരം. ൩. പപ്പടക്കാരം. ൪. പടികാരം മുതലായവ. ൫. കറയായുള്ള അക്ഷരത്തെ പറയുമ്പോൾ അതിന്റെ പിന്നാലെ ചേർത്തു പറയുന്ന ഒരു വാക്ക്, ൬. ആവിപ്പുഴം.

കാരമുള്ള്-കട്ടക്കാരമുള്ള്.

കാരയ്ക്ക-ഇന്ദ്രപ്പുഴം ഉണങ്ങിയത്.

കാരൽ-കാന്തിനാക.

കാരലതിക-കയ്പ.

കാരവം-കാക്ക.

കാരവല്ലി-പ. പാവൽ, കയ്പവള്ളി. ൨. ചങ്ങലംപരണ്ട.

കാരവി-പ കാട്ടുപാവൽ, നെയ്പാവൽ. ൨. ശതകുപ്പ. കാറടിക്കുമ്പോൾ ശബ്ദിക്കുന്നതെന്നർത്ഥം. ൩. കരിംജീരകം, ചുരുന്നപ്പാലെ അഗ്നിദീപനകർമ്മത്തിൽ സമർത്ഥം. മരുന്നയേത്തിൽ നിന്നു രക്ഷിക്കുന്നതെന്നർത്ഥം. ൪. മയിലാംശിക. കരവത്തിന്റെറ്റ് (മയൂരത്തിന്റെറ്റ്) എന്നു ശബ്ദിക്കുന്നതു കൊണ്ടു ഈ പേരുണ്ടായി. ൫. കായം ഉണ്ടാകുന്ന മരം അല്ലെങ്കിൽ ആ മരത്തിന്റെ ഇല ശില്പിയെപ്പോലെ എല്ലാ പ്രവൃത്തികളിലും സാമർത്ഥ്യമുള്ളതെന്നർത്ഥം. ൬. കരിക്കായം. ൭ ഞെരിഞ്ഞിൽചുമി. ൮. അയമോദകം. ൯. തുച്ചട പ൦. മലയ. പ൦. കരുട്ടപാവൽ.

കാരവീജം-അയമോദകം, ഓമം.

കാരവേല്ല-പ പാവൽ. പ്രയത്നത്തെ ചെയ്കുന്നതെന്നർത്ഥം. ൨. കാക്കത്തൊടി.

കാരവേല്ലികാ, കാരവേല്ലി-കാട്ടുപാവൽ.

കാരവേശ്മം-കാരാഗൃഹം.

കാരസ്കരം-കാഞ്ഞിരം.

കാരഹ്യം-കരിംജീരകം.

കാരാ-ബന്ധനഗൃഹം, തടവു. [ഇവിടെ കുറെക്കാരെ കൊണ്ടിടുന്നതിനാൽ ഈ പേരുണ്ടായി].

കാരാഗാര-കാരാഗൃഹം, പാറവ്.

'കാരാഗാരകലിതസുഭഗം'

(മയൂരസന്ദേശം)

കാരാഗൃഹ്യ-വി. കാരാഗൃഹത്തിൽ പാർപ്പിക്കപ്പെട്ട.

കാരാഗൃഹ-തടവുകാരെ പാർപ്പിക്കുന്നതിനുള്ള സ്ഥലം, പാറവ്.

കാരാമ-ആമരണാന്തരമുള്ള തടവിൽകഴിക്കൽ.

കാരാപഥ്യ-ഏറ്റവും കഠിനമായ പത്യം.

കാരായ്മ, കാരാഴ്മ-പ. ഏതെന്നോന്നെയും അനുഭവത്തിനായിട്ടു നിശ്ചയിച്ചുകൊടുക്കുന്ന ക്ഷേത്രത്തിലെ പ്രവൃത്തി. ൨. മരുമക്കൾ നിലമോ പുരയിടമോ വിലയീടായ്ക വിൽക്കുക.

കാരായ്മക്കാരൻ-കാരാണ്മയായിട്ടു നിലവും മറ്റും വാങ്ങിച്ചുവൻ.

കാരായിക-രവൺകൊക്ക്, വെള്ളിപ്പക്ഷി.

കാരെയ്മത്തേട്ടം–വി. കാരെയ്മയെയിട്ട് എഴുതിവാങ്ങിച്ച.

കാരാർകുഴൽ–മേഘംപോലെ മനോഹരമായ തലമുടി.

'കാറാർകുഴൽമടവാർമദനായിതു'

(കണ്ണശ്ശരാമായണം)

കാരാളൻ–എന്നും മാറാതെ ക്രൂരതയുള്ള ക്ഷേത്രവേലക്കാരൻ.

കാരി–മ. ഒരുവക മത്സ്യം.

കാരി–ഇതു പദാവസാനത്തിൽ ചേർവരുമ്പോൾ 'ചെയ്യുന്നവൻ' എന്നർത്ഥം വരും. ഉ–ം, ഉപദ്രവകാരി = ഉപദ്രവത്തെ ചെയ്യുന്നവൻ.

കാരിക–പ്ര. തീവ്രവേദന. പ. കൃതി (ക്രിയ). നാ. ചില ശാസ്ത്രങ്ങളുടെ മുഖ്യമായിട്ടുള്ള വ്യാഖ്യാനഗ്രന്ഥം, വൃത്തി. ര. കാവ്യമല്ലാത്ത പദ്യം. ഭ. ആട്ടക്കാരി. ന്യ കണ്ടകാരിച്ചുണ്ട.

കാരിണി–ഇതു പദാവസാനത്തിൽ ചേർവരുമ്പോൾ 'ചെയ്യുന്നവൾ' എന്നർത്ഥം വരും. ഉ–ം, ഉപദ്രവകാരിണി = ഉപദ്രവത്തെ ചെയ്യുന്നവൾ.

കാരിതക്രിയ–(വ്യാകരണത്തിൽ) സ്വാർത്ഥത്തിൽ പ്രയോജകരൂപമുള്ളതു്.

കാരിരുമ്പു്–കട്ടയുള്ള ഇരിമ്പു്.

കാരിയം–കാര്യം, പ്രയോജനം.

'കാവിൽക്കന്തനെപ്പോലെകാണുന്നോരെല്ലാർക്കും
കാരിയമായെന്നതോന്നുംവണ്ണം'

(കൃഷ്ണഗാഥ)

കാരിൽ–ഒരു മരം.

കാരിലവു്–ആരണ്യകവർഗ്ഗത്തിൽ ചേർന്ന ഒരു സംഗ്രാഹിദ്രവ്യം.

[വാതം, അതിസാരം, പ്ലീഹരോഗം, ശ്വാസരോഗം, വ്രണം ഇവയെ ശമിപ്പിക്കും. ഇതിന്റെ നീര് നസ്യംചെയ്യുന്നതുകൊണ്ട് അപസ്മാരം നശിക്കും. സംസ്കൃതത്തിൽ–ഭിംഗനി.]

കാരീയം–ഇരുമ്പു് രണ്ടുതരത്തിലുള്ളതിൽ കറുത്തതു്, കറുത്തീയം. പര്യായങ്ങൾ–നാഗം, സീസകം, യോഗേഷ്ടം, വപ്രം.

[കഫം, വാതം, ആമവാതം, അർശ്സ്സ്, വ്രണം, നേത്രരോഗം ഇവയെ ശമിപ്പിക്കും. പ്രമേഹരോഗത്തിനു വെള്ളത്തീയത്തെക്കാൾ വളരെ നന്ന്. ഗുൽമം, ആയുസ്സ്, കാന്തി ഇവയെ ചെയ്യും. ശുദ്ധിയും മാരണവും ശരിയാംവണ്ണമായിരിക്കുന്ന കാരീയം അറിയാതെ ഭക്ഷിച്ചുപോയാൽ ആ വികാരത്തിൽ വെൺവയമ്പും കട്ടക്കരയും ക്രമേണ പൊടിച്ചു സമം പഞ്ചസാരചേർത്തു മൂന്നുദിവസം സേവിക്കുക. ഇംഗ്ലീഷിൽ–(Lead) ലെഡ്. തമിഴിൽ–കരുവകം]

കാരീരം–ഒരു വൃത്തം. കൃതിച്ഛന്ദസ്സിൽ പെട്ടതു്. പാദം ഒന്നിൽ ഇരുപതു് അക്ഷരം വീതം കാണും.

'ഇഹകിലകാരീരമതാം നംയം
സതനഭഗംഗ്രഹവാടേ'

(വൃത്തമഞ്ജരി)

കാരീഷം–കരീഷങ്ങളുടെ സമൂഹം. [കരീഷം = ഉണങ്ങിയ ചാണകം]

കാരു–പ്ര. തച്ചൻ, മെനയുകാരൻ, ക്ഷൗരക്കാരൻ, അലക്കുകാരൻ, തോൽപണിക്കാരൻ ഇങ്ങിനെ അക്കൂട്ടരുടെ പൊതുവിൽ പറയുന്ന പേർ.

'തക്ഷാചരത്നവായശ്മനാപിതകാരുകസ്തഥാ
പഞ്ചപ്രധാനാശ്ചത്വാരസ്തഥാന്യേപിനരാതഃ'

ഇതനുസരിച്ചു (തച്ചൻ, മൂശാരി, കന്നാൻ, തട്ടാൻ, പൂശാരി ഇവർ അഞ്ചുപേരും.) നാ. ചിത്രകാരികളുടെ പേർ മുകടത്തോഴിലുകാർ എന്നും അഭിപ്രായം കാണുന്നു. ചെയ്യുന്നവൻ, പ്രവൃത്തിയെടുക്കുന്നവൻ എന്നർത്ഥം.

കാരുക-കരളുക, പല്ലുകൊണ്ടു ചുരണ്ടി ത്തിന്നുക.

കാരു(ളകം)-പട്ടകരണ.

കാരുശം-പ്ര. ചിത്രപ്പണിക്കാരൻ ഉണ്ടാക്കപ്പെട്ട വസ്തു. ഉ. കന്ത്. ന. നര. ര. ഒട്ടകം. ള. നാകപ്പൂവ്. ന്യ. കാവി മണ്ണ്.

കാരുണിക-വി. കരുണ (കൃപ) യുള്ള.

കാരുണികൻ-ദയാശീലൻ. മറ്റു പര്യായങ്ങൾ-ദയാലു, കൃപാലു, സുരതൻ.

കാരുണ്യം-കരുണാരസം, കൃപ. കരുണന്റെ ഭാവം എന്നർത്ഥം.

കാരുപ്പു-കറുത്ത ഉപ്പു്. പര്യായം-തിലകം.

[കഫം, ശൂലം, ഗുല്മം, വാതം, സ്രോതസ്സുകളുടെ തടവു് ഇവയെ ശമിപ്പിക്കും. രുചി, ചൂടുനീർ ഇവയെ ഉണ്ടാക്കും. പിത്തം, രക്തദോഷം; അഗ്നി ഇവയെ വർദ്ധിപ്പിക്കും. സംസ്കൃതത്തിൽ-കാചല വണം. തമിഴിൽ-കാരുപ്പു്.]

കാരുമുത്തു്-കറുത്ത മുത്തു്.

കാരെലി-കറുത്ത ഏലി.

കാരെള്ളു്-മലയിൽ വിതയ്ക്കുന്ന ഒരുമാതിരി കറുത്ത എള്ളു്.

കാരണവ-വി. പെണ്ണാനയെ സംബന്ധിച്ച.

കാരാടു്-ചെമ്പിൽ കറുത്തീയം ചേർത്തുണ്ടാക്കിയ ഓടു്

കാരാന്ധകാരം, കാരാന്ധതമസം-കള്ളിച്ചെടിയുടെ തെളിമയ്ക്കു്. കാരം (ക്രിയ) കൊണ്ടു് ശ്രേഷ്ഠം എന്നർത്ഥം. മറ്റൊരു പര്യായം-സുരാമന്ധം.

കാരാവു്-കടം കലം മുതലായ ചില മൺപാത്രം.

കാരാലു രുചിയില്ലാത്ത കരിമ്പനയാലു, കരിമ്പാലു.

കാര്യ-വി. പ്രവർത്തിക്കേണ്ടതായ കാര്യം-ചെയ്യേണ്ട പ്രവൃത്തി, സൽപ്രവൃത്തി.

കാർ-പ്ര. മേഘം, മഴക്കാർ. ഉ. ചില ബഹുവചനത്തിങ്കൽ ചേർത്തുപറയുന്ന വാക്കു്. ന. മുത്തങ്ങ.

കാർകുഴൽ-കറുത്ത തലമുടി.

കാർക്രുന്തൽ-കറുത്ത തലമുടി.

കാർകോകിലരി-കരങ്ങാടിമരുന്നു്. പര്യായങ്ങൾ-അവല്ഗുഞ്ജം, സോമരാജി, സുവല്ലി, സോമവല്ലിക, കാളമേഖി, കൃഷ്ണഫല, വരകുചി, പൂതിഫലി.

[ഇതു കഫം, കൃമി, കഫരോഗം, വിഷം, ചൊറി, ചിരങ്ങു്, രക്തദോഷം, വായുമുട്ടൽ, വിഷ്ടംഭം, പ്രമേഹം, ജ്വരം ഇവയെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. ഹൃദയപ്രസാദകരമാണു്. വാതം, അഗ്നി ഇവയെ വർദ്ധിപ്പിക്കും. മലത്തിനയവുണ്ടാക്കും. കാർകോകിലരിക്കു ദുർഗ്ഗന്ധമുണ്ടു്. ബുദ്ധിയെ നന്നാക്കും. ഇതു കിട്ടിയില്ലെങ്കിൽ പകരം തകരയരി ചേർക്കും. സംസ്കൃതത്തിൽ-വരകുചി. തമിഴിൽ-കാർപാക അരിചി. ഇംഗ്ലീഷിൽ-(Esculent Flacourtia) എസ്കുലന്റ്റഫ്ലാക്കോർഷിയ.]

കാക്കരിക്കുക-തുപ്പുന്നതിനായിട്ടു തൊണ്ടയിൽ നിന്നു കഫത്തിനെയോ തുപ്പലിനെയോ വായിലേയ്ക്കു വരുത്തുക.

കാക്കശ്യം-പ്ര. മയമില്ലായ്മ. ഉ. മാർദ്ദവം, കഠിനത.

കാക്കാണി-ധാരാളം കച്ചവടമുള്ള സ്ഥലം, ധാരാളം പോക്കുവരവുള്ള സ്ഥലം.

കാക്കാലം-മഴക്കാലം. [കാർ=കറുപ്പു്.]

കാക്കോടകൻ-പ്ര. അഷ്ടനാഗങ്ങളിൽ ഒന്നു്. ഉ. വിഷ്ണുപുരാണം.

'അക്കാക്കോടകനാം ശങ്കരഭൂഷയും'
(അമരകോശം)

ന. മയന്തിയുടെ കാലിൽ പിടികൂടിയ പെരുമ്പാമ്പു്.

കാർത്തവീര്യൻ-ഒരു രാജാവു്.

[കൃതവീര്യന്റെ പുത്രനാണ്. കൃതവീര്യൻ ഹൈഹയരാജാവാകുന്നു. മാഹിഷ്മതി എന്ന നഗരത്തിലാണ കാർത്തവീര്യൻ ജനിച്ചത്. അജ്ജുനൻ എന്നതും വിളിക്കുന്നത്. ദത്താത്രേയനെ തപസ്സു ചെയ്ത് ഒരു സപ്തവിമാനവും ആയിരം ഭുജങ്ങളും വാങ്ങി. വിമാനം ആഗ്രഹിക്കുന്നിടത്തെല്ലാം ചെല്ലുന്നതാണ്. വായുപുരാണപ്രകാരം കാർത്തവീര്യൻ വരിഷം വർഷം നീതിയോടെ രാജ്യഭാരം ചെയ്തു എന്നും ഫ്രാഡ്ഡ യാഗം കഴിച്ചു എന്നും കാണുന്നു. അദ്ദേഹം നീതിമാനായിരുന്നു എന്ന ചിലരും ദുഷ്ടനായിരുന്നു എന്ന മറ്റുചിലരും അഭിപ്രായപ്പെടുന്നു. ഒരിക്കൽ രാവണനെ ബന്ധിച്ചു കൊണ്ടു ഗൃഹത്തിലിട്ടു. ജമദഗ്നിയുടെ കാമധേനുവിനെ അപഹരിക്കുകയും അജ്ജുനൻ പരശുരാമനാൽ കൊല്ലപ്പെട്ടു. കാർത്തവീര്യനെ സഹസ്രാജ്ജുനൻ എന്നും പേരും കാണുന്നു.]

കാർത്തസ്വരനാമകം–ഉമ്മത്ത്.

കാർത്തസ്വരം–സ്വർണ്ണം. സ്വരവ്യക്തിയുണ്ടാക്കുന്നതെന്നർത്ഥം.

കാർത്താന്തികൻ–ജ്യോതിഷക്കാരൻ. ആയുർദ്ദായഗണനംകൊണ്ടു മരണദിവസത്തെ മുൻകൂട്ടി അറിയുന്നവൻ എന്നർത്ഥം.

കാർത്തിക–ഇരുപത്തേഴുള്ളതിൽ മൂന്നാമത്തെ നക്ഷത്രം.

കാർത്തികം–കാർത്തിക (വൃശ്ചിക) മാസം. കൃത്തികാനക്ഷത്രയുക്തയായ പൌർണ്ണമിയുള്ളതെന്നർത്ഥം. മറ്റുപര്യായങ്ങൾ–ത്രൈഫലം, ഊർജ്ജം, കാർത്തികികം.

കാർത്തികികം–കാർത്തിക(വൃശ്ചിക)മാസം കൃത്തികാനക്ഷത്രയുക്തയായ പൌർണ്ണമിയുള്ളത്.

കാർത്തികേയൻ–സുബ്രഹ്മണ്യൻ. കൃത്തികകളുടെ പുത്രൻ എന്നർത്ഥം.

[ആറു കൃത്തികകളും വസിഷ്ഠപത്നിമാരിൽ ഓരോ കൃത്തികമാരുടെ പുത്രൻ എന്നു പറയപ്പെടുന്നു. ഇദ്ദേഹത്തിന്റെ ഉത്ഭവവും മറ്റും 'സുബ്രഹ്മണ്യൻ' എന്ന പദം വരുമ്പോൾ വിവരിക്കപ്പെട്ടു.]

കാർത്തോട്ടി–ഒരു പച്ചമരുന്ന്. [ഇതു വാതത്തിനും കരപ്പനും നന്ന്.]

കാർത്മ, കാർത്മിക–വി. ചെയ്തുള്ള.

കാർപ്പടൻ–സങ്കടമുള്ളവൻ, ആവലാതിക്കാരൻ.

കാർപ്പടം–പഴന്തുണി, ജീർണ്ണവസ്ത്രം.

കാർപ്പടികൻ–തീർത്ഥയാത്രക്കാരൻ

കാർപ്പണ്യം–കൃപണഭാവം, ദരിദ്രൻ. ക. ഭാ. സ്ത്രീ. സ. മഹാമനസ്കത.

കാർപ്പാസകം, കാർപ്പാസിക–കരുപ്പുത്തി.

കാർപ്പാസം–പ്ര. പരുത്തിനൂലുകൊണ്ടുണ്ടാക്കിയ വസ്ത്രം. ക. പാഞ്ഞി. സ. പരുത്തി.

'വായ്പാൻനിന്നുള്ള കാർപ്പാസംകൊണ്ടുള്ള
കൂർപ്പാസംമേനിയിൽചേർത്തപ്പൊഴും'
(കൃഷ്ണഗാഥ)

കാർപ്പാസാസ്ഥി–പഞ്ഞിക്കുരു.

കാർപ്പാസി–പരുത്തി. ജനോപകാരത്തെ ചെയ്യാൻ സാമർത്ഥ്യമുള്ളതെന്നർത്ഥം.

കാർമ്മ–വി. പ്രവർത്തിക്കേ ശീലമേയുള്ള.

കാർമ്മണം–അതാതു മന്ത്രത്തിന്റെ ജപം കൊണ്ടുള്ള ഉച്ചാടനാദികർമ്മം, മാരണാദികളുടെ മൂലം മുതലായതുകൊണ്ടു ചെയ്യപ്പെടുന്ന ഉച്ചാടനാദികർമ്മം, വാചികപ്രവൃത്തി, സ്വാധീനമാക്കുന്നതിനുള്ള പ്രയോഗം.

'നിർമ്മായകർമ്മണുചാമയ്യമേഷ്ണീനാം'
(മുദ്രാരാ)

കാർമ്മൻ–പ്ര. ഫലാപേക്ഷകൂടാതെ കർമ്മങ്ങളിൽ പ്രവർത്തിക്കുന്നവൻ. വ. നിത്യമായി മാസാമാസം വേലയെടുക്കുന്നവൻ.

പ്രവൃത്തിയെടുക്കുക ശീലമായിട്ടുള്ളവൻ എന്നർത്ഥം.

കാർമ്മേഘം–കറുത്ത മേഘം.

കാർമ്മുക–വി. വേലചെയ്യാൻ യോഗ്യത യോ സാമർത്ഥ്യമോ ഉള്ള.

കാർമ്മുകം–ഉ. വില്ല്. കർമ്മത്തിനു കഴിവുള്ളത് എന്നർത്ഥം. ൨. മുള. ൩. വലിയ വേഷ്ടി. ൪. വെങ്കരിങ്ങാലി ൫. നിക്കടമ്പ്.

കാർമ്മുകി–ഉ. വില്ലുള്ളവൻ, വില്ലാളി. ൨. പ്രവൃത്തി തികയ്ക്കുന്നവൻ,

കാർമ്മുകിൽ–കർമ്മേഘം.

കാര്യ–വി. ചെയ്യേണ്ടുന്ന.

കാര്യകർത്താവു്–ചെയ്യേണ്ടതിനെ ചെയ്യുന്നവൻ.

കാര്യകുശല–വി. ചെയ്യേണ്ടുന്നതിൽ സാമർത്ഥ്യമുള്ള.

കാര്യക്കാരൻ–കാര്യം വിചാരിക്കുന്ന ഒരുദ്യോഗസ്ഥൻ.

കാര്യക്കുറവു്– വിചാരക്കുറവുകൊണ്ടുള്ള കുറവു്.

കാര്യതഃ–കാര്യവശാൽ.

കാര്യപൂടൻ–ഉ. നാണമില്ലാത്തവൻ. ൨. മടിയൻ. ൩. ഭോഷൻ.

കാര്യപുരുഷൻ–ഉ. മന്ത്രി ൨. പ്രധാനി.

കാര്യബോധം–വേണ്ടതിന്റെ അറിവു്.

കാര്യം–ഉ. സംഗതി. ൨. പ്രവൃത്തി. ൩. വസ്തു. ൪. പ്രയോജനം. (സം). ൫. കാരണത്തിൽ നിന്നുണ്ടായതെന്തെങ്കിലും.

കാര്യംതീർക്കുക–കഥകഴിക്കുക [ശൈലി]

കാര്യലാഭം–ഉപകാരം, വല്ലതെങ്കിലും കിട്ടുക.

കാര്യവിചാരം–അതാതു സ്ഥലങ്ങളിൽ വേണ്ടുന്നതിനെ വിചാരിച്ചു നടത്തുക.

കാര്യവീഴ്ച–ഉ. വിചാരക്കുറവുകൊണ്ടും മറവു മുണ്ടാകുന്ന ദോഷം. ൨. വേണ്ടും പ്രകാരം ചെയ്യാത്തതിനാലുള്ള കുറവു, കാര്യക്കുറവു്.

കാര്യസാദ്ധ്യം–ഉ. ആവശ്യമുള്ളതു വല്ലതും സാധിക്കുക. ൨. ലഭിക്കുകയുമാകും.

കാര്യസിദ്ധി–ആവശ്യമുള്ളതിനെ സാധിക്കുക, കാര്യലാഭം.

കാര്യസ്ഥൻ–ഉ. ചെയ്യേണ്ടുന്നതിൽ തന്നെ ശ്രദ്ധയോടെ നില്ക്കുന്നവൻ. ൨. പ്രമാണി, ൩. കാര്യവിചാരക്കാരൻ.

കാര്യാ–കാര. [കർഷധിയാണ്, മൂലശിക്കം ഗ്രഹ്യാംശം.]

കാര്യാകാര്യ–ചെയ്യേണ്ടതും ചെയ്യേണ്ടാത്തതും, കാര്യവും അകാര്യവും.

കാര്യാവു്–രണ്ടു മുളയോ മറ്റോ കുട്ടികുരിക്കപോലെ കെട്ടിയതു്

കാർല്സ്ന്യം–അ. മുഴുവനും.

കാർവണ്ടു്–അധികം കറുത്ത വണ്ടു്.

കാർവർണ്ണൻ–ശ്രീകൃഷ്ണൻ, കറുത്ത നിറമുള്ളവൻ.

കാർവേണി–ഉ. കറുത്ത തലമുടി. ൨. കറുത്ത തലമുടിയോടുകൂടിയവൾ, സുന്ദരി.

കാശ്യം–ഉ. കൃശത്വം, മെലിവു്. ൨. മരുതു്. കഫപിത്തങ്ങളെ കളയുന്നതെന്നർത്ഥം. പൊതുമരുതു്, മുഴുപ്പുമരുതു്. ൩. അയിനി. ൪. കറ്റോലം.

കാർശ്ശരി, കാശ്മരി–കുമിഴു.

കാർഷികാ, കാർഷാപണം–മുൻകാലത്തു തൂക്കമുള്ള വെള്ളിനാണയം. കർഷപ്രമാണമായ വ്യവഹാരസാധനം എന്നർത്ഥം.

ഈ നാണയത്തിൽ നൂറു പണത്തിന വെള്ളിയുണ്ടായിരിക്കും. ഇതു് ഇപ്പോൾ നടപ്പുള്ള ഇംഗ്ലീഷ് രൂപയെക്കാളും ഏഴു പണത്തിന കൂടുതലാണ്.

കാർഷികൻ–കൃഷിക്കാരൻ.

കാർഷികം–കഴഞ്ചു്.

കാർഷ്ണി–ഉ. ശതാവരി. ൨. മന്മഥൻ.

കാർഷ്ണ്യം–ഉ. കൃഷ്ണത, കൃഷ്ണത്വം, കറുപ്പുനിറം. ൨. ഇരിമ്പിൻകിട്ടം.

കാർഷ്ണരി-കമിഠം.

കാർഷ്ണ്യം-പെരുങ്കുമിഴ്.

കാർഷ്ണ്യം-പെരുമരുത്.

കാലു്-ഒരവയവം. പര്യായങ്ങൾ-പാദം, പത്തു്, അംഘ്രി, ചരണം.

കാലകടംകടൻ-ശിവൻ.

കാലകാ-കശ്യപന്റെ ഭാര്യ.

ഇവർക്ക് അനവധി മക്കളുണ്ട് അവരെ കാലകേയർ എന്നു വിളിക്കുന്നു. ഭർത്താവായിട്ട് ഇവർ വേണ്ടപോലെ ക്ലേശത്തെ പ്രസവിക്കുന്നതിനു വരംവാങ്ങി. മഹാഭാരതപ്രകാരം ദക്ഷന്റെ പുത്രിയെന്നു കാണുന്നു.

കാലകാലൻ-ശിവൻ.

കാലകൃത്തു്-ആദിത്യൻ. പ. എരിക്കു്.

കാലകൃതൻ-ആദിത്യൻ പ. എരിക്കു്.

കാലകേകിയു-നല്ല കാട്ടുകരിമ്പു്, നല്ലൂർനാട്ടിൽ കരിമ്പു്.

കാലകേശി-അമരി.

കാലക്കേടു്-ആപത്തു്.

കാലക്രമം-ക്രമേണയുള്ള കാലം.

കാലക്രമേണ-കുറേനാൾ കഴിയുമ്പോൾ.

കാലക്ഷേപം-കാലം കഴിക്കുക.

കാലഗതി-പ്ര. സമയം പോവുക. പ. മരണം.

കാലഗംഗ-യമുനാനദി.

കാലഗ്രന്ഥി-സംവത്സരം

കാലചക്രം-ജനിക്കുക മരിക്കുക വീണ്ടും ജനിക്കുക മരിക്കുക ഇങ്ങിനെ ചുറ്റുന്നതു്, കാലത്തിന്റെ ചുറവു്, ഗ്രഹങ്ങളുടെ ചുറ്റിസ്സഞ്ചാരം.

കാലജ്ഞ-വി. സമയത്തെ അറിയുന്ന

കാലജ്ഞൻ-പ്ര. ജ്യോത്സ്യൻ പ്രയോഗക്കാരൻ. പ. കോഴി.

കാലജ്ഞനെ കോഴി.

കാലടി-കാഷ്ടത്തിന്റെ ചുവടു്. [കാൽ+അടി].

കാലതാമസം-താമസം താമസിക്കുക.

കാലത്തു്-അ. പ്ര. പകൽ ഒന്നിന്റെ ആദിയിൽ പ. സമയത്തു്.

കാലത്രയം-വർത്തമാനം, ഭൂതം, ഭാവി ഇവ മൂന്നും.

കാലദണ്ഡു്-അന്തകന്റെ ആയുധമെന്ന ഒരു വടി.

കാലദണ്ഡം-മരണം.

കാലദമനി-ദുർഗ്ഗ.

കാലദാനം-ദീനക്കാരനു വേണ്ടി ചെയ്യുന്ന ഒരു ദാനം.

കാലദോഷം-ചീത്തക്കാലം, ആപത്തു്.

കാലധർമ്മം-മരണം, യമന്റെ പ്രവൃത്തി എന്നർത്ഥം.

കാലൻ-യമൻ ധർമ്മാധർമ്മങ്ങളേയോ ആയുസ്സിനേയോ എണ്ണുന്നവൻ, കണക്കറിയുമുള്ളവൻ. ക്ഷീണായുസ്സുകളെ തെരിച്ചു കൊണ്ടു പോകുന്നവൻ എന്നിങ്ങനെ അർത്ഥം. പര്യായങ്ങൾ-ധർമ്മരാജൻ, പിതൃപതി, സമവർത്തി, പരേതരാട്ടു്, കൃതാന്തൻ, യമുനാഭ്രാതാവു്, ശമനൻ, യമരാട്ടു്, യമൻ, കാലൻ, സന്ധ്യാതരൻ, ശ്രാദ്ധദേവൻ, വൈവസ്വതൻ, അന്തകൻ.

കാലൻകോഴി-ഒരു പക്ഷി.

കാലന്നൂർ, കാലന്നൂരു്-കാലന്റെ ഊരു്, യമന്റെ ദിക്കു്, മരണപുരി.

കാലനേമി-പ. ഒരു രാക്ഷസൻ.

രാവണന്റെ അമ്മാവനാണ്. ഹനുമാനെ കൊല്ലുന്നതിനു രാവണൻ ഇയാളെ പറഞ്ഞയച്ചു. അതനുസരിച്ചു സന്യാസിവേഷം ധരിച്ചു ഗന്ധമാദനപർവ്വതത്തെ പ്രാപിച്ചു ഹനുമാനെ ആഹരിക്കുന്നതിനു ക്ഷണിച്ചു ഈ കപടം അദ്ദേഹം സ്വീകരിച്ചില്ല. ഉടൻ പോയി ഹനുമാൻ ഒരു കുളത്തിൽ കുളിക്കാനിറങ്ങി അനന്തരം തന്റെ മുതല കയ്യിൽ പിടിച്ചു. മുതലയെ കയ്യിൽ വധിച്ചിട്ടു് അതിനെ വയിച്ചു. ഉടൻ ദിവ്യശരീരത്തിൽ

നിന്ന് ഒരു അപ്സരസ്ത്രീ പുറപ്പെട്ട 'കാലനേമിയെസൂക്ഷിച്ചുകൊള്ളണം' എ ന്നു പറഞ്ഞു മറഞ്ഞു. ഇവൾ മക്ഷന്റെ ശാപം ഹേതുവായിട്ടു മുതലയായി ഭവിച്ചുകണ്ട്. അനന്തരം ഹനുമാൻ കാല നേമിയോടേറ്റുത്തു അവന്റെ കാലിനു പിടിച്ചു് എറിയുകയുണ്ടായി. അവൻ ആകാശമാർഗ്ഗേണ രാവണന്റെ സിം ഹാസനസമീപം ചെന്നു പതിച്ചു.

൨. വിരോചനന്റെ മകനായ ഒരസു രൻ. [ഇവനെ വിഷ്ണു വധിച്ചു].

കാലപരിമാണവിജ്ഞാനം-കാലവി വരം.

൧൬ നിമിഷം-൧ കാഷ്ഠ.

൩൰ കാഷ്ഠ-൧ കല.

൩൰ കല-൧ മുഹൂർത്തം.

൩൰ മുഹൂർത്തം-൧ ദിവസം.

൩൰ അഹോരാത്രം-൧ മാസം.

രണ്ടു പക്ഷം പിതൃക്കൾക്ക് ഒരഹോ രാത്രം ക്രൂടിയ ഒരു മാസം.

മനുഷ്യവത്സരം ൧-ദേവകൾക്ക് ൧ അഹോരാത്രം.

മകരം മുതൽ മിഥുനാവസാനംവരെ ഉത്തരായണം (ദേവകൾക്കു പകൽ)

കർക്കടകം മുതൽ ധനു വരെ ദക്ഷി ണായനം (ദേവകൾക്കു രാത്രി).

൧൨,൦൦൦ ദിവ്യസംവത്സരം ക്രൂടുന്നതു ഒരു ചതുർയുഗം. ഇതു ദേവകൾക്കു ഒരു യുഗം. ൭൧ ൧,൦൦൦ യുഗം-ബ്രഹ്മാവിനു ഒരു പകൽ.

കാലപാശം-അന്തകന്റെ കയറ്.

കാലപ്പുലിശ-ആണ്ടുതോറുമുള്ള പലിശ.

കാലപ്പഴക്കം-വളരെക്കാലം കഴിക.

കാലഭക്ഷൻ-ശിവൻ.

കാലഭൂതു്-സൂര്യൻ.

കാലഭേദം-സമയഭേദം.

കാലഭൈരവൻ-ശിവൻ.

കാലം-൧. സമയം. ൨. അവസരം. [അ കാലം എന്ന പദം നോക്കുക]. കണ ക്കാക്കുന്നതു്, പ്രേരിപ്പിക്കുന്നതു് എന്നർ ത്ഥം. മറ്റു പര്യായങ്ങൾ-ദിഷ്ടം, അന്തഹസ്സ്, സമയം.

കാലം ഇടയ്ക്കു്-കാലം കഴിയുമ്പോൾ. (പ-മ).

കാലക്കാലം-കൃഷ്ണതുളസി. കറുത്ത തുളസി.

കാലമുഖർ-രാക്ഷസസ്ത്രീകളിൽ മനുഷ്യ രുടെ മക്കളെ.

കാലമൃത്യു-അധികം വയസ്സുചെന്നിട്ടുള്ള മരണം.

കാലംകണ്ടവൻ- സമയമറിഞ്ഞിരിക്കു ന്നവൻ.

കാലയവനൻ-മഥുരാനഗരം ആക്രമി ച്ചു ഒരു യവനരാജാവു്.

ഒരു യവനനൃപന്റെ ഭാര്യയിൽ യാ ദവരുടെ ശത്രുവായ ഗർഗ്ഗൻ എന്ന ബ്രാ ഹ്മണനുണ്ടായ പുത്രനാണെന്നു വിഷ്ണുപു രാണം പറയുന്നു. കൃഷ്ണൻ ഇവനെ ജയി പ്പാൻ പണിയെന്നു കണ്ടു വശീകരിച്ചു മാന്ധാതൃയുടെ പുത്രനും രാജാവുമായ മുചുകുന്ദന്റെ ഗുഹയിൽകൊണ്ടുപോയി. അപ്പോൾ പണ്ടു് അസുരരോടുള്ള യുദ്ധ ത്തിൽ ദേവകൾക്കു സഹായിക്കയാൽ വളരെ വിഷ്ണുക്ലേശത്തെ കീടത്തെറുങ്ങുന്ന തിനു വാങ്ങീട്ടുള്ള വരമനുസരിച്ചു മുചു കുന്ദൻ ഉറങ്ങിക്കിടക്കയായിരുന്നു. അതുകണ്ടു് അദ്ദേഹത്തെ കാലയവനൻ ഒന്നു ചവുട്ടി. ഉടൻ ഉണർന്നു് ഒരു നോട്ടത്തിൽ കാലയവനനെ അദ്ദേഹം ഭസ്മീ കരിച്ചു.]

കാലയാപം, കാലയാപനം-കാലം കഴിക്കൽ, കാലക്ഷേപം.

കാലയുക്തി-അവസരോചിതമായ ഉപായം.

കാലരുദ്രൻ - ജഗത്സംഹാരകാരിയായ ശിവൻ.

കാലവശനാക-മരിക്കുക.

'കാലവശനായവനാക്കരയിൽവീണാൽ'
(രാമായണം ഉ൪ യുദ്ധം)

കാലവർഷം–ഇടവപ്പാതി മുതലുള്ള മഴ.

കാലവാഹനം–പോത്ത്.

കാലവിചാരം–ബ്രാഹ്മണസ്വീകരം മുതലി ചാരം ചെയ്യുൽ അതിനുള്ള ഒരു വിചാരണ.

കാലവിരാധം–സമയത്തിനെ വിരോധിക്കുക.

കാലവിളംബം, കാലവിളംബനം–സമയത്തിന്റെ താമസം.

കാലവേല–കാലത്തിൽ ചെയ്യുന്ന വേല.

കാലവേള–തക്ക സമയം.

കാലവൈഭവം–സമയത്തിന്റെശക്തി

കാലശേയം, കാലസേയം–മേന്തൽ. പുല്ലുലത്തിലുണ്ടായതെന്നത്ഥം.

കാലസംഖ്യ–മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള കാലം.

കാലസൂത്രം–വലിയ കട്ടപ്പുമായ ഒരു നരകം. ഇരിമ്പുസൂത്രങ്ങളും ഉള്ളതു്, പാപികളെ ഉപദ്രവിക്കുന്ന ഇരിമ്പുകമ്പികളും ഉള്ളതു് ഇങ്ങനെ അത്ഥം.

കാലസോമരി–കാമിനി.

കാലസ്കന്ദം–തമാലവൃക്ഷം.

കാലസാത്രുപൻ–ശിവൻ.

കാലാകാലങ്ങൾ–സമയവും അസമയവും.

കാലാഗ്നി–പ. ലോകനാശത്തിനായിട്ടുണ്ടാകുന്ന ഒരു തീ, സംഹാരാഗ്നി. ഉ. ഉപനിഷത്തു്, ഒരു മന്ത്രം.

കാലാന്തനാഡി–പ. പിതാർപ്പുള്ളു്. ഉ. കരികിൽ. ന. വേഴമ്പൽപക്ഷി.

കാലാന്തപ്രയോഗം.(വ്യാകരണത്തിൽ) ഭൂതാദികാലത്രയത്തിൽ ചില താരതമ്യം ചെയ്യുന്നതു്.

കാലാന്തസാരി–പ സംബ്രാണി. ഉ. ശിംശപാവൃക്ഷം.

കാലാന്തകൻ–ശിവൻ.

കാലാന്തരവിഷം–ഏഴി.

കാലാന്തരം–മറെറാരു കാലം.

കാലായ–കൊയ്യു നിലം.

കാലായനിടുക്ക്.

കാലായം–പ. നീളമുള്ള കാലു്. ഉ. കഴിവിന്റെ വേഗം.

കാലാരി–ശിവൻ. കാലന്റെ (യമന്റെ) ശത്രു എന്നത്ഥം.

കാലാവധിചതുഷ്ടയം–ഒരുവൻ മരണം വരെ, യെയ്വോനു പ്രസവം വരെ, കോപം നമസ്സുരേം വരെ, മന്ത്രം യാചിക്കുന്നതു വരെ (നിലനിൽപ്പും).

കാലാഠം, കാലാഠപ്പട–നിലയുണ്ടാക്കുന്നതിനു യുദ്ധം ചെയ്യുന്നവർ. പര്യായങ്ങൾ–പദാതി, പത്തി, പഠാം, പാദാതികം, പദാജി, പദികം.

കാലാഠപ്പടയുടെ പര്യായങ്ങൾ–പാദാതം, പത്തിസംഹതി

കാലാഴി–തൂ, കഴിഞ്ഞുപോയതുതന്നെ.

കാലി–പശു. ഉ. ഒരേ. ന. പോത്തു്.

കാലിക–വി. സമയത്തുണ്ടായതു, തക്കതായ കാലമുള്ള.

കാലിക–കക്കടശൃംഗി.

കാലികം–പ. മരമഞ്ഞൾ. ഉ. ചന്ദനം. ന. അത്തിൽപക്ഷി.

കാലിംഗ–വി. കലിംഗദേശത്തുണ്ടായതു.

കാലിംഗം–പ. കലിംഗദേശത്തെ ആന, ഒട്ടകം. ഉ. കൊടകപ്പാലയരി. ന. കുമ്മട്ടി. ഘ. തണ്ണിമത്തങ്ങ. ങ. പാമ്പു്. ന. ചെറിയ കമ്പളം.

കാലിംഗി–വർഷൻ കഴിഞ്ഞതി.

കാലിംഗിക–തുകൊല്ലുകഴിഞ്ഞ.

കാലിണ–തണ്ടു കാലം.

കാലിന്ദ(ക)ം–തണ്ണിമത്തങ്ങ.

കാലിന്ദി–നാകല്ലുംപുകഴിഞ്ഞ.

കാലിയം–കലിയുഗം.

കാലീയം, കാലീയകം-പ. മരമഞ്ഞൾ ര. പീതചന്ദനം.

കാലുക-പ്ര. ചോരുക. ര. ഛർദ്ദിക്കുക.

[ചുറ്റിയിരിക്കുക എന്നർത്ഥമായിരുന്ന ആ ധാതുവിനെ അർത്ഥം ഇപ്പോൾ വഹിക്കുക, ഉള്ളു, ചേർന്ന എന്നീ അർത്ഥങ്ങളുമുണ്ട്.]

കാലുപിടിക്കുക-അഭിമാനം വിട്ടു സേവിക്കുക. (ശൈലി).

കാലുഷ്യം-പ. അഴുക്ക്. ര. കലക്കം. കലുഷഭാവം = കാലുഷ്യം.

കാലേ-അ. സമയത്തു്.

കാലേയ-വി. കലിയെ സംബന്ധിച്ച.

കാലേയകം-പ. മരമഞ്ഞൾ ര. പീതചന്ദനം. കലിയെ സംബന്ധിച്ചതെന്നർത്ഥം. ന. ചന്ദനം രണ്ടും. ര. കുങ്കുമം. ഭ. നെയ്. ന്യ. മഞ്ഞൾ.

കാലേയം-പ. മരമഞ്ഞൾ. ര. ചെമ്പുള്ളിക്കോടി. ന. കറുത്ത ചന്ദനം. ര. കസ്തൂരിമഞ്ഞൾ. ഭ. താമരക്കുരു.

കാലോചിത-വി. സമയത്തിനു തക്ക.

കാലോൾ നടക്കുമ്പോഴുള്ള കാലിന്റെ ശബ്ദം.

കാല്യ-വി. പ. തക്കസമയത്തുള്ളതായ, സമയത്തുണ്ടാകുവാൻ തക്ക, ഉചിതമായ കാലത്തിലുള്ള. ര. മനോഹരമായ. ന. ശ്രേഷ്ഠമായ.

കാല്യകം-കല്യാണം. കല്യ (നിരാമയത്തിൽ) സാധു എന്നർത്ഥം.

കാല്യൻ-ശുക്രനിൽ.

കാല്യം-പ. രാവിലെ. ര. കാച്ചിലം. ന. ഉചിതമായ കാലത്തിലുള്ളതു്.

കാല്യാ-മംഗളവചനം. [ഇതു 'കല്യാ' എന്ന ശബ്ദത്തിന്റെ പ്രാദേശികരൂപമാണ്].

കാല്യാനകം-ശുഭം, ശ്രേയസ്കരം.

കാൽ-പ്ര. കാല്, രോഗവയവം. ര. പാദം. ന. നാലിൽ ഒരു പങ്ക്. ര. തൂണ്. ഭ. ശ്ലോകത്തിന്റെ മൂന്നാം. ന്യ. ആറിൽ നിന്നു വെള്ളിയിലേയ്ക്കു വെള്ളം പോകുന്നതിനു വെട്ടിയുണ്ടാക്കിയതു്. ഠ. കരിമ്പ്. വൃ. മരത്തിന്റെ പേടു്. ൻ. ഉരൽ. ക്ര. പാവുനൂൽ. ഫ്ര. ചതുരംഗക്കളിയിൽ ഉപയോഗിക്കുന്ന ഒരു വാക്ക്.

കാൽക്കുപ്പായം-കാൽചട്ട.

കാൽക്കെട്ടു്-പ. കാളയെ കാലു കെട്ടിയിടുംകൊണ്ടു വരിയെടുക്കുക. ര. തല്ലുകയിലുമൃഗങ്ങൾക്കു വരുന്ന ഒരു രോഗം, കുളമ്പുപനി.

കാൽക്കോളാമ്പി-തുപ്പുന്നതിനുള്ള ഒരു ഓട്ടുപാത്രം.

കാൽച്ചു-പാത്രത്തിന്റെ ചോറ്റു്.

കാൽച്ചുട്ട-അരയ്ക്കു താഴെയിടുന്നകുപ്പായം

കാൽച്ചിലമ്പു്-കാലിൽ ഇടുന്ന ഒരു വക കിലുങ്ങുന്ന ആഭരണം. പര്യായങ്ങൾ =പാദരംഗദം; തുലാകോടി, മഞ്ജീരം; നൂപുരം.

കാൽച്ചുവട്ടു്-കാലടി, പാദം.

കാൽത്തള-കാലിൽ ഇടുന്ന ഒരു മാതിരി ആഭരണം.

കാൽത്തളിർ-പാദം, കാൽച്ചുവട്ടിനെ മനോഹരിച്ചുപറയുന്ന വാക്കു്.

കാൽത്താർ-പൂപോലെ മംഗിയും മൃദുത്വവുമുള്ള കാൽ.

കാൽനഖം-കാല്പലേ നഖം.

കാൽനട-കാലുകൊണ്ടു നടക്കുക, പോവുക.

കാൽപ്പുടം-ഉള്ളങ്കാൽ.

കാല്പനിക-വി. പ. സങ്കല്പമാത്രമായ. ര. ചേർയായ. [കല്പനയെ സംബന്ധിച്ചതു കാല്പനികം]

കാല്പ(കം-കറുപ്പുലേപം.

കാൽപ്പുറം-കഴിഞ്ഞിന്റെ ചോറ്റു്.

കാൽപിടിക്കുക-പ. കാലിനെ പറ്റുകയോ തിരുമ്മുക. ര. വളരെ വണക്കത്തോടെ ആശ്രയിച്ചു പാകയും മനം ചെയ്യുക.

കാൽപ്പൂഴി-കാൽപ്പൊടി, കാലിലേമണ്ണ്.

കാൽപ്പെരുമാറ്റം-ഫ. കാൽപ്രയോഗം, കാൽകൊണ്ടുള്ള വേല. ക. നടക്കുമ്പോഴുണ്ടാകുന്ന ശബ്ദം.

കാൽപ്രയോഗം-ആട്ടക്കാരനും മറ്റും കാൽമുറുക്കുക.

കാൽമടക്ക്-കാൽമുട്ടിന്റെ പുറകിലത്തെ ഭാഗം.

കാൽമേസ-കാലിൽ ഇട്ടുന്ന ഉറ.

കാൽവണ്ണ-മുട്ടിനു താഴെ പാദത്തിനു മുകളിലുള്ള സ്ഥലം.

കാൽവിരൽ-കാലിന്റെ വിരൽ.

കാൽവിലങ്ങ്-കുറുക്കാരുടെ കാൽ രണ്ടുംകൂടെ കൂട്ടി ബന്ധിക്കുന്ന ഇരിമ്പു ചങ്ങല.

കാവ്-ഫ. മരക്കൂട്ടം. ക. ഭദ്രകാളിയുടെ ക്ഷേത്രം. ന. വാഴിന്റെ പിടി. ര കാവടി. ള. ബ്രാഹ്മണകന്യക.

കാവഛികം-കവചമിട്ടവരുടെ കൂട്ടം.

കാവടി-ഫ. തോളിൽവെച്ചു ചുമക്കുന്നതിനു തക്കവണ്ണം മരംകൊണ്ടുണ്ടാക്കിയ സാധനം [ശ്രീചിത്രം മുതലായപ്രസിദ്ധക്ഷേത്രങ്ങളിൽ നേർച്ചയുള്ള കാവടികെട്ട് ഇന്നും നടന്നുവരുന്നു.] ക. ചില ധൂർത്തക്കാർ കൊണ്ടുനടക്കുന്ന ഒരുമാതിരി കാവടി.

കാവടിക്കാരൻ-കാവടി കൊണ്ടുനടക്കുന്നവൻ.

കാവട്ടപ്പുല്ല്-ഒരുമാതിരി സുഗന്ധപ്പുല്ല്

കാവണ്ടം-കാവടി

കാവതി-ഫ. ക്ഷൗരക്കാരിൽ ഒരു ജാതിക്കാരൻ ക. ശൂദ്രരിൽ ഒരു ജാതി.

കാവതിക്കാക്ക-മലങ്കാക്ക, വലിയ കാക്ക. പര്യായങ്ങൾ ദ്രോണകാകം, കാകോളം. [ഇതിനെ കടക്കാക്ക, പാറക്കാക്ക ഇങ്ങിനെയും പറയുന്നു.]

(ഇതിന്റെ മാംസത്തിന്റെ ഗുണം കാക്കയുടെ മാംസത്തിനോടുപമിക്കുന്നു. ഇത് ഭയങ്കരശബ്ദം ക്രൂരമാണ്. തമിഴിൽ-അണ്ടംകാക്കൈ. ഇംഗ്ലിഷിൽ-(Raven) റേവൻ].

കാവത്ത്-കാഞ്ഞിൽ

കാവലാളി-കാവല്ലാരൻ.

കാവൽ-ഫ മോഷ്ടിച്ചു കൊണ്ടുപോകാതെയും മറ്റും സൂക്ഷിക്കുക. ക. കാക്കുന്നവൻ. ന. പാറാവ്.

കാവല്ലാരൻ-മറ്റൊരുത്തരും കൊണ്ടുപോകാതെയും മറ്റും രക്ഷിക്കുന്നവൻ.

കാവല്ലൂർ-കാവൽക്കാരൻ ഇരിക്കുന്ന പുര.

കാവൽഫലം-കാവൽക്കൂലി.

കാവൽവിളി-കാവൽക്കാരുടെ വിളി.

കാവൽസ്ഥലം-കാക്കുന്ന സ്ഥലം.

കാവളം-ഒരുവക വൃക്ഷം

കാവളംകിളി, കാവളംകാളി-ഒരുവക പക്ഷി.

കാവാരി-കാലില്ലാത്ത കട

കാവാരം-കടപ്പായൽ.

കാവി-ഒരുമാതിരി ചെമന്ന മണ്ണ്. കാവിമണ്ണ്.

കാവിമണ്ണ്-ഒരുമാതിരി ചെമന്ന മണ്ണ്, പർവ്വതത്തിൽനിന്നുണ്ടാകുന്നതാകുന്നു. പര്യായം-ഗൈരികം.

[കഫം, നേത്രരോഗം, ഇക്കിൾ, വിഷം, രക്തപിത്തം, വ്രണം, തീപ്പൊള്ളൽ മുതലായവ നശിപ്പിക്കും. നിറം നന്നാക്കും. ബലവർദ്ധകമാണ്. തമിഴിൽ കാവിക്കൽ. ഇംഗ്ലിഷിൽ (Ochre, Red lumber stone ഓക്കർ, റെഡ് ലംബർസ്റ്റോൺ. ഇതുകൊണ്ടിയാൽ ചുവപ്പുനിറമുണ്ടാകും. ഇതു കാഞ്ഞതു പക്ഷാഘാതശമനകരമാകുന്നു. നാരങ്ങാനീരിൽ സേവനയന്ത്രത്താൽ ചവിട്ടിച്ചു മൂടുവെള്ളത്തിൽ കഴുകി ഉണക്കുക, ശുദ്ധമാകും].

കാവിവസ്ത്രം-കാവിമണ്ണു കലക്കിയതിൽ മുക്കിയ വസ്ത്രം.

കാവുക-കാവടികെട്ടി ചുമക്കുക

കാവൂട്ട്-കാവിൽ കുടിവെച്ചിരിക്കുന്ന ദേവതകൾക്കായി കഴിക്കുന്ന പൂജ.

കാവ്യകം-പ ചക്രവാകപ്പക്ഷി. ഉ. കോഴി. സ. പരുന്ത്.

കാവേരം-കുങ്കുമപ്പൂവ്.

കാവേരി-പ. ഇൻഡ്യയിലെ പ്രധാനനദികളിൽ ഒന്ന്. കാവേരമുനി (അഗസ്ത്യമുനി) സംബന്ധിച്ചതു കാവേരി.

[കം=ജലം. വേരം=ശരീരം. കാവേരൻ=ജലമുത്തിയായ വരുണൻ. കാവേരമുനിന്റെ പുത്രൻ=കാവേരൻ (അഗസ്ത്യൻ) ഗംഗയെ ജലപാത്രത്തിലാക്കി ഒരിക്കൽ അഗസ്ത്യൻ സഹ്യപർവ്വതത്തിൽ തപസ്സുചെയ്യുന്നകാലം ലോകസങ്കടശമനത്തിനായി വിഘ്നേശ്വരൻ കാക്കയുടെ രൂപം കൈക്കൊണ്ടു ജലപാത്രം കൊത്തിമറിച്ചു. അനന്തരം അതിൽനിന്നു ഒഴുകിയുണ്ടായതാണ് കാവേരിനദി. ഈ നദിയിലുള്ള വെള്ളം ചിരങ്ങു, കഫം മുതലായവയെ ശമിപ്പിക്കും. രുചിയുണ്ടാക്കും, അഗ്നിയെ വർദ്ധിപ്പിക്കും, കാമ്പവർദ്ധനത്തും, ബുദ്ധിയുണ്ടാക്കും. ഈ സഹ്യപർവ്വതത്തിന്റെയും മലയപർവ്വതത്തിന്റെയും താഴ്വരയോടടുത്തു ഒഴുകുന്നു].

ഉ. മഞ്ഞൾ.

കാവ്യ-(വ്) പ. പ്രാജ്ഞന്മാരെയും കവിയുടെയും രീതിയുള്ള. ഉ. കവിതാവാസനയുള്ള. സ. ഭീരുക്കൾ, ശിശുക്കൾ മുതലുള്ള

കാവ്യൻ-ശുക്രൻ കവിയുടെ പുത്രൻ എന്നർത്ഥം.

കാവ്യപ്രകാശം-മമ്മടന്റെ ഒരു കൃതി.

കാവ്യം-കവിത, ചമല്ക്കാരപ്രധാനമായ കൃതി.

കാവ്യലിംഗം-കാരകങ്ങൾക്കുതന്നെ പേർ

'ഹേതുവാക്യപദാർത്ഥങ്ങ-
ളാവുകിൽ കാവ്യലിംഗമാം
കണ്ടുപ്പ്! നീ കളിക്കേണ്ട
മന്ദ! ഞാൻ ശിവകുനന്ദനം'

(ഭാഷാഭൂഷണം)

കാവ്യാദർശം-കാവ്യത്തെക്കുറിച്ചു ദണ്ഡി എഴുതിയ ഒരു പുസ്തകം

കാവ്യാലങ്കാരസൂത്രം-വാമന പണ്ഡിതന്റെ കൃതി. ഇദ്ദേഹം ക്രിസ്താബ്ദം ൭൪-നു പിന്നീടു ജീവിച്ചിരുന്നു.

കാശപുഷ്പം-കുങ്കുമപ്പൂവ്.

കാശം-പ. ആറുദർഭ. ഉ. കുശ ശേഖരിക്കുന്നതെന്നർത്ഥം. കുശവിക്കുമെന്നും പറയുന്നുണ്ട്.

കാശമർദ്ദം-പൊന്നാവീരം.

കാശസിതാ-കുങ്കുമത്തിൽനിന്നെടുക്കുന്ന പഞ്ചസാര.

കാശാലുമലി-കണ്ടിലവു്.

കാശി-പ. കാശിരാജ്യം, മോക്ഷദായകനഗരങ്ങളിൽ ഒന്ന്. ഉ. അവിടത്തെ തീർത്ഥസ്ഥലം, അവിടത്തെ ക്ഷേത്രം. കാശിക്കു വാരാണസി എന്നും പറയും. ഇപ്പോൾ 'ബനാറീസ്'

കാശിക്കുപോയോ-തിരിയെ വരാത്തവിധത്തിൽ പോയോ [ക്രൈശ്ലി]

'പൊന്നുത്തടിയനാംനിൻപരംകൃപ
കാശിക്കുപോയെയും കഥിക്കയുകാരേ'

(കല്യാണസൗഗന്ധികം ഉമ്മൽ)

കാശിഗുമ്പ-ഒരു വക മരുന്ന്, ചെടി

കാശിനാഥൻ-ശിവൻ.

കാശ്മീട്ട്-കുമേൽതി കെട്ടിയുള്ള തുണി.

കാശിരാജാവു-പ. അംബ, അംബിക, അംബാലിക ഇവരുടെ അച്ഛനായ രാജാവു്. ഉ. കാശിയിലെ രാജാവു്.

കാശ്-പ. തുരുമ്പുകാശ്. ഉ. ചെമ്പുകാശു. സ. അറബിക്കാശു മുതലായ നാണയം. തെലുങ്കിലും കന്നഡത്തിലും കാസ്.

കശ് എന്നതിനെ സംസ്കൃതത്തിൽ ശോഭിക്കുക എന്നർത്ഥം. ര. സ്വർണ്ണം.

കാശ്മീരതാലി-പൊൻ കാശ്മീരം കഴമ്പുവച്ചു ചില സ്ത്രീകൾ കഴുത്തിൽകെട്ടുന്ന ഒരുതരണം, കാശ്മീരമാല.

കാശ്മീരകാരം-കവുങ്ങ്.

കാശേയി-കാശിരാജാവിന്റെ പുത്രി.

കാശ്മരി-കുമിഴ്. ശോഭയുള്ളതെന്നർത്ഥം

കാശ്മര്യം-കുമിഴ്.

കാശ്മല്യം-ക. കശ്മലത, കശ്മലന്റെ സ്ഥിതി, ദുഷ്ടത.

കാശ്മീരജന്മം-കുങ്കുമം. കാശ്മീരദേശത്തിലുണ്ടാകുന്നതു്. 'കാശ്മീരം' എന്നുമാകാം [ഗ്രന്ഥാംശം-കേസരം)

കാശ്മീര(ജം)-ക. കുങ്കുമം. ഉ. പുഷ്കരമൂലം.

കാശ്മീരജം-കൊട്ടം.

കാശ്മീരജാ-അതിവിടയം.

കാശ്മീരം-ക. പുഷ്കരമൂലം. ഉ. കാശ്മീരരാജ്യം. ന. കുങ്കുമം ര. കാശ്മീരദേശത്തിലുണ്ടാകുന്ന മേട്ടുത്തരമരക്കിഴങ്ങ്. (മേട്ടുത്തരമര-ഓരിലത്തരമര).

കാശ്മീരാ-ക. വലിയമുന്തിരി. ഉ. ഓരിലത്തരമര.

കാശ്മീരി-കുമിഴ.

കാശ്മീര്യം-കുങ്കുമം.

കാശ്യപൻ-ക. ഒരു മഹർഷി. ഉ. കണ്വൻ.

കാശ്യപം-മാംസം.

കാശ്യപി-ക. അരുണൻ. കശ്യപന്റെ പുത്രൻ എന്നർത്ഥം. ഉ. ഗരുഡൻ. ന. ഭൂമി. കശ്യപമുനിയുടേതു് എന്നർത്ഥം കശ്യപമഹർഷിക്കു യാതൊരക്ഷിണയായി പരശുരാമനാൽ കൊടുക്കപ്പെട്ടതു്.

കാശ്യപേയൻ-അരിഷ്ടൻ.

കാശ്യം-മദ്യം.

കാശ്യാ-മുള്ളുപ്പുമരം്.

കാശ്വരി-കുമിഴ്.

കാഷായ-വി. ചെമപ്പുനിറമുള്ള, ചെമന്ന.

കാഷായവസന-വിധവ.

കാഷ്ഠകദളി-മരവാഴ.

കാഷ്ഠകം-രക്തചന്ദനമെന്നുകേരം.

കാഷ്ഠകീടം-നശിച്ചു വിറകിലുള്ള ചെറിയപുഴു

കാഷ്ഠകുടം, കാഷ്ഠക്കുടം-മരംകൊത്തി.

കാഷ്ഠകുട്ടാലം-തോണികെട്ടുന്ന കൊറി. [തോണിയിലുള്ള താന്തംവിധംനീക്കുവാനുപയോഗിക്കുന്ന 'ക്രൂപ്പൻകോൽ' എന്നും അഭിപ്രായമുണ്ടു്].

കാഷ്ഠജംബു-നിലത്തോവൽ.

കാഷ്ഠതക്ഷകൻ-ആശാരി.

കാഷ്ഠതടു-ആശാരി.

കാഷ്ഠതന്തു-തടിയിലുള്ള ഒരു മാതിരി കൃമി.

കാഷ്ഠദാരു-എണ്ണക്കറുത്ത ദേവതാരം. [ഇതിനു ദേവതാരത്തിന്റെയുത്തരവൃക്ഷം, ശതവൃക്ഷത്തിൽ പെടുത്തുന്നു. ഭൂതപീഡക്കു നന്നു്. ഇംഗ്ലീഷിൽ- (Indian Pinetree) ഇൻഡ്യൻപൈൻട്രി]

കാഷ്ഠഗ്ധ-പ്ലാശു്.

കാഷ്ഠപാടലാ-വെൺപാതിരി.

കാഷ്ഠഭേദി-മരംകൊത്തി.

കാഷ്ഠഭാരികൻ-വിറകുചുമക്കുന്നവൻ.

കാഷ്ഠം-ക. മരത്തടി, അഗ്നിയോടു സദൃശം ശോഭിക്കുന്നതെന്നർത്ഥം. മരാറാത പച്ചായം-മാത ഉ. വിറക്. ന. (മലയാളം) മലം.

കാഷ്ഠമണ്ഡപം-നേപാളരാജ്യത്തിൽ കാന്തി എന്ന പേരോടെ ഒരു രാജധാനിയുണ്ടു്. ജനങ്ങൾ അതിനെ വിളിക്കുന്നപോൽ 'കാഷ്ഠമണ്ഡപം' (കട്മണ്ഡു)

കാഷ്ഠമല്ലം-ശവക്കോട്ടി.

കാഷ്ഠവല്ലിക-ഏലിയലരി.

കാഷ്ഠലോഹി-വളഞ്ഞ വടി.
കാഷ്ഠവാടം-കൽച്ചുവട്ട്.
കാഷ്ഠശാരിബാ-നവനീതി.
കാഷ്ഠാ-പ്ര. ദക്ഷന്റെ ഒരു പുത്രി, കശ്യപന്റെ ഭാര്യ. ഉ. മരമഞ്ഞൾ. സ. ദിക്ക്. ശോഭിക്കുന്നതെന്നർത്ഥം. ൪ പതിനെട്ട് നിമേഷകാലം, ഇമച്ചു മിഴിക്രൂടിയ കാലം. [നിമേഷം=മാത്ര.] ൫ സ്ഥലം. ന. ശ്രേഷ്ഠത. ൬. മാർഗ്ഗം.
കാഷ്ഠാഗരു-അല്പം മഞ്ഞനിറമുള്ള ഒരു കിൽ.
[കഫശമനകരമാണ്. ഗന്ധവർഗ്ഗത്തിൽ പെട്ടതും സാമാന്യം അകിലിന്റെ ഗുണമുള്ളതുമാകുന്നു.]
കാഷ്ഠാംബുവാഹിനി-പ്ര. തൊട്ടി. ഉ. മരവി. സ. തോണി.
കാഷ്ഠാലുകം-കണ്ണൻചേമ്പ്.
കാഷ്ഠികാ-മരവാഴ.
കാഷ്ഠിക്കുക-മലം കളക, മലശോധന ചെയ്യുക.
കാഷ്ഠീല-പ്ര. വാഴ. മുറപ്പുകറഞ്ഞ കയ്പുള്ളതെന്നർത്ഥം. ഉ. മരവാഴ.
കാഷ്ഠീലം-മന്താരം.
കാഷ്ഠുകുഷ്ഠു-വെള്ളക്കുരിശ്.
കാഷ്ഠോദുംബരികാ-കാട്ടത്തി.
കാഷ്ഠൗഘം-കുമിഴ്, പെരിങ്കുമിഴ്.
കാഷ്ഠൗരി-കുമിഴ്, പെരിങ്കുമിഴ്.
കാസകന്ദം-കണ്ണൻചേമ്പ്.
കാസാല്പം-കാന്നി.
കാസാല്പി-പ്ര. ചെറുതേക്ക്. ഉ. കണ്ണകാരിച്ചുണ്ട.
കാസാമിത്രു-ചെറുതേക്ക്.
കാസനാസികാ-നാലില്ലാപ്പച്ചക്കൊന്ന.
കാസനാശിനി-കക്കരശൃംഗി.
കാസഭഞ്ജനം-കണ്ണൻപടവലം.
കാസം-പ്ര. ചുമ (കഫ). കഫസംബന്ധമായി ശബ്ദിക്കുന്നതെന്നർത്ഥം. മറ്റൊരുതരപ്പുല്ലും-കാശവും.

[അതിവ്യായാമം, പുകയോ പൊടിയോ മൂക്കിൽക്കൂടിയും വായിൽക്കൂടിയും ഊർപ്പിക്കുക മുതലായതുകൊണ്ടു കാസം ഉണ്ടാകുന്നു.]
ഉ. കരിമുരിങ്ങ. സ. കരിവിക്കരിയ്.
കാസമർദ്ദനം-കുപ്പൻപടവലം.
കാസമർദ്ദം-പൊന്നാവീരം. കാസത്തെ മർദ്ദിക്കുന്നതെന്നർത്ഥം.
കാസശ്വാസം-ഒരു രോഗം.
കാസരം-പ്ര. പോത്ത്. ഉ. കാട്ടുപോത്ത്, കാട്ടെരുമ. വെള്ളത്തിൽ കളിക്കുന്നതെന്നർത്ഥം.
കാസഹാരി-പൊന്നാവീരം.
കാസാരം-പൊയ്ക, കൃത്രിമമായ പൊയ്ക, തടാകം. കറച്ചുസാരമുള്ളത്, ശബ്ദിക്കുന്നത്. [ഇതിലെ സാരസാരിപക്ഷികളുടെ ശബ്ദം ഇതിനേറ്റമാണെന്നു കല്പിക്കുന്നു.] ഇങ്ങിനെ ശബ്ദാർത്ഥം.
കാസാലു-കണ്ണൻചേമ്പ്.
കാസി-വി. ചുമയുള്ള.
കാസികാ-ചുമ.
കാസീസദ്വയം-ധാതുകാസീസവും പുഷ്പകാസീസവും.
കാസീസം-പ്ര. അന്നഭേദി. ഉ. കറുത്തീയം. സ. മയിൽത്തുത്ഥം.
കാസു-പ്ര. കൊഞ്ഞവാക്ക്. ഉ. വേലായുധം.
കാസൂകാരം-കവുങ്ങ്.
കാസൃതി-രഹസ്യവഴി.
കാസേക്ഷു-കരിമ്പുവിക്കരിയ്.
കാസ്തീരം-വെള്ളത്തിയം.
കാസ്മര്യം-കുമിഴ്.
കാഹള-വി. പ്ര. പാടിട്ടുള്ള. ഉ. ഉപദ്രവം ചെയ്യുന്ന. സ. അധികമായ, വലുതായ, വിസ്താരമുള്ള.
കാഹളം-പ്ര. ഒരു വാദ്യം, കഴൽ, കൊമ്പ്. ഉ. പൂച്ച. സ. കോഴി.
കാഹളാപുഷ്പം-മരോട്ടി.

കാണ്ഠി-കടകപ്പുല

കാള-(വി) കറുപ്പുനിറമുള്ള

കാള-പശുവിന്റെ ആൺ, എരുത്ത്. പര്യായങ്ങൾ-ഋക്ഷം, ഭദ്രം, വലീവർദ്ദം, ഋക്ഷഭം, വൃക്ഷഭം, വൃക്ഷം, അനഡ്വാൻ, ഔക്ഷരേയം, ഗൌ:

[കാളകളുടെ സമൂഹത്തിനു പര്യായം-'ഔക്ഷകം' കാളയുടെ മാംസം-അത്യഗ്നി, വിഷമജ്വരം, കേവലവാതം, ശുക്ലക്ഷയം വായുമുട്ടൽ, പീനസം, രക്തപിത്തം, ശ്രമം ഇവയെ ശമിപ്പിക്കും. മേഹത്തെ തടിപ്പിക്കും. മൂത്രം, അഗ്നി, പിത്തം, കഫം, വേഗം ഇവയെ വർദ്ധിപ്പിക്കും. കറുത്ത കാളയുടെ മാംസം ശ്രേഷ്ഠം. തമിഴിൽ എരുത്ത്].

കാളകണ്ഠം-നീലത്തുമരം

കാളകണ്ഠകം-പ. നത്ത് എന്ന പക്ഷി. മരണത്തെ പര്യായം-മൃത്യുഹം, വർഷകാലത്തിൽ ശബ്ദിക്കുന്നതെന്നർത്ഥം കറുത്ത കഴുത്തുള്ളതെന്നുമാകാം. ഉ. വേങ്ങ. ന. നീർക്കാക്ക.

കാളകണ്ഠൻ-പ. ശിവൻ, കറുത്ത കഴുത്തുള്ളവൻ. ഉ. ഉരുക്കരിങ്കിൽ. ന. മയിൽ. ര. വാലാട്ടിപ്പക്ഷി.

കാളകം-ശരീരത്തിനെല്ലുള്ളകറുത്തമാവ്. തണുപ്പിക്കുന്ന ദിക്കിനെ കറുപ്പു നിറമാക്കിത്തീർക്കുന്നതെന്നർത്ഥം.

കാളകണ്ണിക-നിർഗുണ്ടി.

കാളകളി-വേലചെയ്യാതെ കളിച്ചുനടക്കുക.

കാളകളിക്കാരൻ-വേലചെയ്യാതെ കളിച്ചുനടക്കുന്നവൻ.

കാളകുണ്ഡം-കരിങ്കുട്ടം.

കാളക്രൂടകം-കാഞ്ഞിരം

കാളക്രൂടം-പ. കഠിനവിഷം. കേവലനെ കൂടി മോഹിപ്പിക്കുന്നത്, കറുത്ത നിറമുള്ളത് എന്നിങ്ങനെ അർത്ഥം.

[പാലാഴിമഥനസമയം പാലാഴിയുടെ മദ്ധ്യംശം വെളിയിൽ പുറപ്പെട്ടതു മൂലം, കൊക്കരണം മലയം മുതലായ സ്ഥലങ്ങളിൽ കാണപ്പെടുന്നതെന്നും പൃഥുമാലി എന്ന രാജാവിന്റെ ചോരയിൽനിന്നുണ്ടായതെന്നും അഭിപ്രായം കാണുന്നു.]

ഉ. കാക്ക.

കാളക്കിടാവ്-പശുവിന്റെ ആൺകുട്ടി, മൂരി.

കാളഖണ്ഡം-പൃഷ്ഠത്തിനടുത്തിരിക്കുന്ന ഒരു മാംസം.

കാളഗംഗ-യമുനാനദി.

കാളഗന്ധം-കാരകിൽ.

കാളഞ്ജരി-പാമ്പ്. [കാളകേളഞ്ജരീ ഭോഗീ എന്നു വാചസ്പതി.]

കാളതാലം-പച്ചിലമരം.

കാളതുണ്ഡം-കാരകിൽ.

കാളൻ-മോരരച്ചുണ്ടുകുന്ന ഒരുതരം കരി.

കാളനിശ്വാസം-ഇരുൾ.

കാളപച്ചണ്ണം-കുങ്കുമം.

കാളപച്ചണ്ണി-നാലല്ലൂപ്പക്കേന്നം

കാളപാലകം-കങ്കുട്ടം.

കാളപീലുകം-കാക്കപ്പനച്ചി, പനച്ചി.

കാളപുച്ഛ(ക)ം-കറുത്ത വാലുള്ള മൺ.

കാളപൃഷ്ഠം-പ. കണ്ണൻറവില്ല്. അതുകണക്കെയുള്ള മേഘകരമായ പൃഷ്ഠമുള്ളതെന്നർത്ഥം. ഉ. കരുപക്ഷി. ന. കുറുമ്പാല. ര. കരുങ്കാറൽ പക്ഷി.

കാളപ്പനി-നാലല്ലൂപ്പക്കേന്നം.

കാളഭാണ്ഡിക-മുഞ്ഞ.

കാള-പ. കറുപ്പുനിറം മനസ്സിനെ പ്രേരിപ്പിക്കുന്നത്, മനസ്സിനെ വെറുപ്പിക്കുന്നത്, കണക്കാക്കപ്പെടുന്നത് എന്നിങ്ങനെ അർത്ഥം. ഉ. കാവൽ, കഴൽ. ന. ഇരിമ്പ്. ര. മുതലായ പിടിക്കുന്നതു തുടങ്ങിയ ചൂണ്ട. ഉ. സൈന്യവിശേഷം. ഋ. തക്കോലം. ഌ. പീതചന്ദനം. ൠ. ര

യിൽ ൻ. രചഞ്ചല്യം. ഫ കൊടുവേ
ലി. ഫ. പൊന്നാവീരം. ക. പ
ന്നച്ചി.

കാളമാല-കാട്ടുതുളസി.

കാളമുഖം-കരിങ്കുരങ്ങ്.

കാളമൂലം-രചമന്ന കൊടുവേലി.

കാളമേശി,കാളമേഷി-ഫ. കാർകോ
കിൽ ഉ. മഞ്ചട്ടി. ന. തൃകോല്പ
ക്കൊന്ന

കാളമേശിക,കാളമേഷിക-ഫ. മ
ഞ്ചട്ടി. കറുപ്പു നിറത്തോടു സ്പല്യ
മുള്ളത്. ഉ. കാർകോകിൽ ന. നാരില്ലാപ്പ
ക്കൊന്ന.

കാളമേഷി-ഫ. നാരില്ലാപ്പക്കൊന്ന. ഉ
കരിംജീരകം.

കാളയ-മഞ്ഞൾ.

കാളരാത്രി-ഫ. മരണദിവസത്തിന്റെ മു
മ്പേ വരുന്ന രാത്രി.

'ചോരയുമെടുപ്പിച്ചുകാളരാത്രിയെപ്പോലെ
ഘോരയാംനിശാചരിവേഗത്തിൽ നടകൊ
(അല്ലൗത്തരാമയണം) [ണ്ടാൾ'

ഉ ഇരുട്ടുള്ള രാത്രി. മരണഹേതു എ
ന്നർത്ഥം. ന. പാമ്പിന്റെ മൂന്നാമത്തെ
വിഷപ്പല്ല്.

കാളർ-ഫ. മൂട്. ഉ. എരിച്ചിൽ.

കാളലോഹം-ഉരുക്ക്.

കാളവാ-തീയുള്ള സ്ഥലം.

കാളവൃന്തം-മരിച.

കാളവൃന്തി(കാ)-പാതിരി.

കാളശാകാ-ഫ. കാട്ടുപരുത്തി. ഉ കരി
വേപ്പ്. ന. കോഴി.

കാളസർപ്പം-കറുത്ത സർപ്പം

കാളസാരാ-ഫ. പീതചന്ദനം ഉ പന
ച്ചി. ന. കരിമാൻ

കാളസുന്ധം-ഫ. പനിച്ചി. കറുത്ത മര
ത്തടിയുള്ളതെന്നർത്ഥം. ഉ. പച്ചിലാരം
ന. പീനാറി. ഭ അത്തിയാല്. ഇ.
യോജ്ഞ.

കാളസ്ഥാലി-പൂപ്പാതിരിമരം.

കാളഹസ്തി-കണ്ണൂടമേശത്തുള്ള ഒരു മല
യും നഗരവും.

കാളഹീനം-പാഷ്യോററി.

കാളാ-ഫ. പാർവതി [കാളംകാളഞ്ജരീ
ശൈരി എന്നു വാചസ്പതി.] ഉ. പൂ
പ്പാതിരി. ന. അമരി. കറുത്തത് എന്ന
ർത്ഥം. ക്ഷോഭിക്കപ്പെട്ടത് എന്നർത്ഥ
കം. ഭ. നാരില്ലാപ്പക്കൊന്ന. ഇ. ക
രിംജീരകം. ഞ തിപ്പലി. ഏ. മഞ്ചട്ടി.
വ. അമുക്കിരം.

കാളാഗ(ഗ്ല)രു-കാരകിൽ.

കാളാഞ്ചി-ഫ. പൊടിപ്പ്. ഉ. പൊൻ
തൊങ്ങൽ.

കാളാഞ്ജനി-കറുത്ത പൂവുള്ള പയർ.
[ഇതു ജ്വരരോഗത്തെ ശമിപ്പിക്കും.
അതിസാരത്തെയും കൃമിയെയും പുറ
കളയും.]

കാളാണ്ഡജം-കുന്നിൽ.

കാളാനുശാരിബാ-തകരം

കാളാനുസാരക-പീതചന്ദനം.

കാളാനുസാരി-ഫ. ചോലയം. ശീതോ
ഷ്ണർതുകാലത്താൽ അനുസരിക്കപ്പെടുന്ന
തെന്നർത്ഥം. ഉ. വെളുത്ത നറുനീണ്ടി

കാളാനുസായ്യം-ഫ. തകരം, ഗ്രന്ഥി
ശം പുഷ്പം. ഉ. പീതചന്ദനം. ന. കറു
ത്ത ഇരുവുമരം

കാളാനുസായ്യി(കാ)-ചോലയം.

കാളാമുണ്ടാ-വാഴക്കാ എടുത്തതിന്റെശേ
ഷം ഉള്ളിൽ തണ്ട്.

കാളായസം-ഫ. ഇരുമ്പ്. ഉ. ഉരുക്ക്.

കാളാരിമേദാ-കറുത്ത കേരിവലകം.

കാളി-ഫ. പാർവതി. നീലനിറമുള്ളവൾ
എന്നർത്ഥം. ദുർഗ്ഗ. ഉ. മഷകാളി. ന. സ
ത്യവതി. അപ്സരസ്ത്രീയായ അളികാ
യുടെ മകൾ. പരാശരമഹർഷിക്ക് ഇവ
ളിൽ വ്യാസനുണ്ടായി. ഭ കരുമുരിങ്ങ

വാഴ. ഉ അമരി. ന. പെരുംജീരകം. ഒ. കരിംജീരകം. വ. തൃകോല്പൂക്കൊന്ന. ൻ. തേക്കിട. ഫാ. തുവരിമണ്ണ്.

കാളിക–വി. കറുത്ത.

കാളികം–പ. പീതചന്ദനം. ഛ. കാരകിൽ. ന. മരമഞ്ഞൾ. ര. മഷി. ള. കറുപ്പ്.

കാളികാ–പ. മേഘമാല. ഛ. പാർവ്വതി. ന. അണ്ണാൻ. ര. കാക്കോളി. ള. കാളികാ എന്ന യോഗിനി. ന. അമരി. ഒ. കറുത്തവാവ്. വ. കരിംജീരകം. ൻ. തേക്കിട. ഫാ. ഇലവങ്ങം. ഫപ. മഞ്ചി. ഫഛ. കയ്യൻപടവലം. ഫന. സപ്താംഗിധാതുമോക്ഷം. ഫർ. കക്കടശ്ശാംഗി. ഫള. മദ്യം.

കാളികാപുരാണം–ഒരു ഉപപുരാണം കാളിസേവയുടെ വൈശിഷ്ട്യത്തെ കാണിക്കുന്നു.]

കാളിപ്പാട്ട–കൽക്കത്ത.

കാളിദാസൻ–പൌരാണികകാലത്തുണ്ടായിരുന്ന ഇൻഡ്യയിലേ വിശ്വവിശ്രുതനായ ഒരു കവി.

[വിക്രമാദിത്യസഭസ്സിലെ നവരത്നങ്ങളിൽ പ്രധാനനും ഇദ്ദേഹത്തിനാണ്. ഇദ്ദേഹത്തിന്റെ അന്യാദൃശപ്രസിദ്ധിക്കു കാരണം താൻ രചിച്ച ശാകുന്തളം നാടകമാകുന്നു. വിക്രമോർവ്വശീയം, മാളവികാഗ്നിമിത്രം മുതലായവയും ഈ മഹാന്റെ കവനങ്ങൾതന്നെ. കാവ്യത്തിലും താൻ പ്രഥമഗണനീയൻ എന്നതിനു പക്ഷാന്തരമില്ല. പ്രധാനകാവ്യങ്ങൾ–രഘുവംശവും കുമാരസംഭവവുമാകുന്നു. ഈ മഹാനുഭാവൻ നിർമ്മിച്ചിട്ടുള്ള രചനയിയ കാവ്യങ്ങൾ മേഘസന്ദേശവും ഋതുസംഹാരവുമാണ്. ഇവയിൽ അധികം പ്രസിദ്ധി മേഘസന്ദേശത്തിനാകുന്നു. ഈ മഹാകവിയുടെ കൃതികൾകൊണ്ട് അക്കാലത്തെ മനുഷ്യരുടെ സ്വഭാവവും ആചാരവും അനുമാനിക്കാം–കാളിദാസന്റെ അനുകരണികൾ–പ. ഭാരവി. ഛ. ദണ്ഡി. ന. ബാണൻ. ര. സുബന്ധു. ള. ഭർത്തൃഹരി. ന. ഭവഭൂതി മുതലായവരാകുന്നു. കാളിദാസമഹാകവിയുടെ സ്ഥലം ഉജ്ജയിനിയാണെന്നു. ക്രിസ്തുവിനു മുറാംനൂറ്റാണ്ടിൽജീവിച്ചിരുന്നു.]

കാളിന്ദി–പ യമുനാനദി. ഛ. കൃഷ്ണന്റെ പ്രധാനഭാര്യമാരിൽ ഒരുത്തി. ന. ചന്ദ്രവംശത്തിലെ തൽസംജ്ഞനായ രാജാവിന്റെ പുത്രി.

[കാളിന്ദീനദിയുടെ പുണ്യത്തെക്കുറിച്ചും–കാളിന്ദി, യമുന, സൂര്യതനയ, ശമനസ്വസാവു്. കാളിന്ദപർവ്വതത്തിൽ നിന്നുണ്ടാകയാൽ കാളിന്ദി എന്ന പേരുണ്ടായി. കാളിന്ദി സൂര്യന്റെ പുത്രിയാകുന്നു]

കാളിന്ദീഭേദനൻ–ബലഭദ്രർ. തന്റെ ആജ്ഞയെ നിരസിക്കയാൽ കാളിന്ദി എന്ന നദിയെ കലപ്പകൊണ്ടു ഭേദിച്ചവൻ എന്നർത്ഥം.

കാളിമ–കറുപ്പ്.

കാളിയ–വി. കറുത്ത.

കാളിയൻ–ഒരു സർപ്പശ്രേഷ്ഠൻ.

[യമുനാനദിയിൽ കിടന്നു പാരപ്രഭവംചെയ്തു ഈ കാളിയന്റെ മദം ശ്രീകൃഷ്ണൻ നിഗ്രഹിച്ചു ശമിപ്പിച്ചു. കാളിയമർദ്ദനം കഥ വായിക്കുക.]

കാളീകാ–പ. അന്നിൽപക്ഷി. ഛ. കാക്ക.

കാളീഗി–യമന്റെ ന്യായവിസ്താരസ്ഥലം.

കാളീയകം–പ. പീതചന്ദനം. ഛ. മരമഞ്ഞൾ.

കാളീതനയം–പൊന്ന്.

കാളുക–കൊതി ജനിക്കുക, കരിയുക, ഭയിക്കുക.

'വ്യക്തി പാളീശ്ശബ്ദീകേളീകാളീടന്ത കേൾംക്ക (ഭാഷാഭൈനക്ഷധചമ്പു) [ന്നേരം'

കാളം, കാഠം–അ. ഇത് ഒന്നിനെക്കാളും അധികം എന്നും മറവും പറയേണ്ടുന്നിടത്തു ചേരും.

കാളേയകം–ചെറുവള്ളിക്കൊടി.

കാളേയം–പീതചന്ദനം.

കാഠം–രണ്ടു വസ്തുക്കളുടെ താരതമ്യവിവേചനത്തിൽ 'കാഠം' 'കാളം' ഈ പ്രയോഗങ്ങളും വരും.

കാഴ്ച–പ്ര. കണ്ണിന്റെ അനുഭവം, നോട്ടം. ഉ. ആലോക്ഷം. ന. രാജാക്കന്മാരുടേയും മറവും മുമ്പിൽവെച്ചു കാണുന്ന വസ്തു. ഭ. വീണ്ടുവിചാരം.

'തീർച്ചയാക്കിപ്പറഞ്ഞതുകേട്ടിട്ടു
കാഴ്ചപോരാനിനക്കെന്നറച്ചുഞാൻ'
(സന്താനഗോപാലം–പാന)

കാഴ്ചക്കാരൻ–പ്ര. കാണുന്നവൻ. ഉ. വല്ലതും കാഴ്ചയായിട്ടു കൊടുക്കുന്നവൻ.

കാഴ്ചദ്രവ്യം–രാജാക്കന്മാരുടേയും മറവും മുമ്പിൽ വെച്ചു കാണുന്ന വസ്തു. പഞ്ചോപചാരങ്ങൾ–ഉപഗ്രാഹ്യം, ഉപഹാരം, ഉപഭോ, ഉപായനം.

കാഴ്ചപ്പട–ആയുധാഭ്യാസത്തിന്റെ അരങ്ങേറ്റം.

കാറ–പ്ര. കഴുത്തിൽ കെട്ടുന്ന ഒരാഭരണം. ഉ. മുരൽ.

കാറക്കായ–പ്ര. കപ്പലുമാവിന്റെ പഴുക്കാത്തകായ്. ഉ. ചുണ്ടക്കായിൽ അല്പം വലിയതായ ഒരുമാതിരി കായ്.

കാറൽ–പ്ര. വെളിച്ചെണ്ണ മുതലായതു പഴകിയുണ്ടാവുന്ന ചുവ, കനപ്പ്. ഉ. നിലയിളി.

കാറ്–മേഘം, മഴക്കാറ്.

കാറുക–പ്ര. നിലയിളിക്കുക. ഉ. കലിക്കുക.

കാറുകാൻ–ഒരു പക്ഷി.

കാറുകൊള്ളുക–മഴപെയ്യുന്നതിനുള്ള മേഘം വന്നു നിരക്കുക.

കാറുവാൻ–ഒരു പക്ഷി.

കാറുവാർ(റ്)–പ്ര. അധികരം. ഉ. വേല ന. ജോലിത്തിരക്ക്.

കാറോടൻ–കാൽക്കോടകൻ.

കാറാടി–കാറത്തു പറപ്പിക്കുന്ന ഒരു കളിപ്പന്തു.

കാറിൻമകൻ–പ്ര. ഭീമൻ. ഉ. ഭീമസേനൻ.

കാറ്റ്–പഞ്ചഭൂതങ്ങളിൽ ഒന്ന്, വിശ്വംകൊണ്ടു വീശുമ്പോഴും മറവും ഉണ്ടാകുന്നത്.

കാറ്റുകൊള്ളുക–കാറേറൽക്കുക, കാറിനെ ശരീരത്തിൽ കൊള്ളിക്കുക.

കാറ്റുപാങ്ങ്–കാറ്റുതക്കം, കാറിന്റെ അനുകൂലം.

കാറ്റുമറവ്–കാറ്റു കയറാതെയിരിക്കുന്നതിനുള്ള മറ.

കാറ്റുവാ–അധികം കാറ്റു വരുന്ന സ്ഥലം.

കാറ്റുവാക്ക്–കാറിന്റെ ചൊവ്വേ.

കാറ്റൊഴിവ്–കാറ്റു മാറിപ്പോവുക.

കാറ്റോട്ടം–കാറിന്റെ സഞ്ചാരം.

## കി

കികി–പ്ര. കാട്ടുകാക്ക. ഉ. തെങ്ങ്.

കികീളിവി–കാട്ടുകാക്ക. കികീ എന്നു കിലവിളിച്ചു കളിക്കുന്നതെന്നർത്ഥം. പാഠഭേദങ്ങൾ–കികിളിവം, കികിളിവി, കികീളിവം, കികീളീവം, കികീളീവി.

കികി–പ്ര. കറുക്കൻ ഉ. കരടു

കികിളി–കിക്കിളി, കിടിണി. [അക്ഷരം എന്നതു നോക്കുക].

കികണൻ–അല്പദ്രവ്യത്തെ പ്രമാണിക്കുന്നവൻ.

കിങ്കര-വി. പറയുന്നതിനെ കേട്ട വേല ചെയ്യുന്ന, മാനസസ്വരോവരമുള്ള.

കിങ്കരൻ-മാനസൻ. കുത്സിതമായിട്ട ചെയ്യുന്നവൻ എന്നർത്ഥം. എന്തും ചെയ്യേണ്ടതു എന്നു ചോദിക്കുന്നവൻ എന്നു മാകാം. മറ്റു പര്യായങ്ങൾ-ഭൃത്യൻ, ഭുജിഷ്യൻ, പരിചാരകൻ, ഭൃത്യൻ, മാനസേയൻ; മാസേരൻ, മാനസൻ, ശൌപ്യകൻ, ചേടകൻ, നിയോജ്യൻ.

കിങ്കിണി-പ്ര. ഒരുമാതിരി ചെറിയ മണി, കിങ്ങിണിത്തള. കുറച്ചു തഴയുണ്ടാക്കിത്തീർക്കുന്നതെന്നർത്ഥം. മറ്റു പര്യായം-ക്ഷുദ്രഘണ്ടിക. [കിങ്കണി എന്നു മാകാം. സുഖത്തെ ശംസിക്കുന്നതെന്നർത്ഥം]. പ. വയ്യംകതകു്. ന. ചണ. ര. മുന്തിരി. ഇ. ആറഞാവൽ.

കിങ്കിരൻ-കാമദേവൻ.

കിങ്കിരം-പ്ര. കയിൽ. പ. കുതിര. ന. ചെമപ്പു്.

കിങ്കിരാ-ചോര.

കിങ്കിരാതം-പ്ര. അശോകം. പ. മഞ്ഞക്കുറുഞ്ഞി ന. തത്ത. ര. കയിൽ.

കിങ്കിരാത(ല)ം-വെൾവേലം.

കിങ്കിരി-വയ്യംകതകു്.

കിങ്ങിണി-ഒരുമാതിരി ചെറിയ മണി.

കിച്ചടി-ഒരുവകക്കറി.

കിഞ്ചി-അ. അതുമല്ല, അതുതന്നെയുമല്ല.

കിഞ്ചന-അ. അല്പം, കുറച്ചു്.

'വാക്കിനാരാട്ടമിന്നുകിഞ്ചന
തോൽക്കയില്ലുനിശ്ചയം'

(നാരായണീചരിതം ഉള്ളൂർ)

കിഞ്ചനൻ-അല്പൻ.

കിഞ്ചിൽ-അ. കുറഞ്ഞൊന്നു്, അല്പം.

കിഞ്ചിൽ-യാചന.

കിഞ്ചുക-യാചിക്കുക.

കിഞ്ചുളകം, കിഞ്ചിളികം-ഞൊറിഞ്ഞു്. കുറച്ചുകുറച്ചു് ഇളകിക്കൊണ്ടിരിക്കുന്നതെന്നർത്ഥം. മറ്റു പര്യായങ്ങൾ-മഹീലത, ശൈണ്ഡുപടം.

കിണ്ണ(ല)ം-താമരയല്ലി.

കിണ്ണല്ലം-പ്ര. താമരയല്ലി. ഭേരനയനങ്ങളെ കാണ്മാൻ മറയ്ക്കുന്നതെന്നർത്ഥം. മറ്റൊരു പര്യായം-കേസരം. പ. നാകപ്പൂവു്.

കിട-ധാതു. പ്ര. ലഭിക്കുക. പ. ശയിക്കുക.

കിട-പ്ര. ചിറ്റം. പ. എതിർ, തുല്യം, നേരെ ന. മാതിരി, തരം. ര. ആട്ടിൻകുട്ടം.

കിടക്ക-മെത്ത കിടക്കുന്നതിനായിട്ടു ശീലകൊണ്ടുണ്ടാക്കി ചഞ്ഞി നിറച്ചതു്. പര്യായങ്ങൾ-ശയ്യ, ശയനീയം, ശയനം.

കിടക്കപ്പുര-കിടക്കുന്ന മുറി.

കിടക്കുക-പ്ര. കട്ടിലിന്മേലും മീതെയും മറ്റും ശരീരത്തിനെ നീളത്തിൽ വെയ്ക്കുക പ. ചില വസ്തുക്കളും ഇരിക്കുക.

കിടങ്ങു്-പ്ര. കോട്ടകൊത്തളം ചുറ്റുമുണ്ടാക്കുന്ന ഒരുമാതിരി വെള്ളക്കുഴി. പര്യായങ്ങൾ-ഖേയം, പരിഖാ. പ. കോട്ടമതിൽ. ന. കൽച്ചുവരു്. ര. ശത്രുനിഗ്രഹസ്ഥലം.

കിടച്ചിൽ-പ്ര. ശയ്യ പ. വേലാട്ടു്. ന. വല്ലതും നാമിൽ കുട്ടിത്തൊടുക.

കിടച്ചുതൊടുക-കുട്ടിത്തൊടുക.

കിടത്തുക-ശയിപ്പിക്കുക.

കിടപ്പു്-പ്ര. കിടക്കുക, ശയനം പ. അവസ്ഥ.

കിടയ്ക്കുക-പ്ര. ലഭിക്കുക, കിട്ടുക പ. കൂട്ടിസംബന്ധിച്ചു തൊടുക.

കിടയ്പു-പ്ര. ലാഭം. പ. കൂട്ടിത്തൊടുക.

കിടയുക-ക്രി. ശണ്ഠകൂടുക. പ. തൊടുക. ന. മുട്ടുക.

കിടാകുക-ക്രി. കല്ലെറിയുക. പ. ആണി തറയ്ക്കുക.

കിടാക്കൊം-പ്ര. പൈതങ്ങൾ. പ. മൃഗക്കുട്ടികൾ.

കിടാങ്ങൾ-പ്ര. പൈതങ്ങൾ. പ. മൃഗക്കുട്ടികൾ.

കിടാത്തൻ-കുഞ്ഞുങ്ങളുടേയും മറ്റും ആൺപൈതൽ.

കിടാത്തി-കുഞ്ഞുങ്ങളുടേയും മറ്റും പെൺപൈതൽ.

കിടാരൻ-തോൽക്കൊല്ലൻ.

കിടാരം-ചെമ്പുകൊണ്ടുള്ള ഒരുമാതിരി വലിയ പാത്രം. [തമിഴിൽ-കടാരം. സംസ്കൃതത്തിൽ-കടാഹം].

കിടാവു്-പ്ര. പൈതൽ. പ. മൃഗക്കുട്ടി.

കിടാവുക-ക്രി. തെളിക്കുക. ഉ-ം, തേൻ കിടാവുക. പ. കൊളുത്തുക.

കിടി-പ്ര, പന്നി. കാട്ടുപന്നിയെന്നർത്ഥം. പ. പന്നിക്കിഴങ്ങു്.

കിടിഞ്ഞൻ-ഒരുമാതിരി ചെറിയ കൊടി.

കിടിഭം-പ്ര. പോൻ. പ. മുട്ട.

കിടിൽ-കിടുക് (ഓലകൊണ്ടുള്ളചൂറ).

കിടിലം-കിടുക്കം

കിടുക്കു-തൈതൽ, ഓലകൊണ്ടുണ്ടാക്കിയ മറ.

കിടുകിടുക്കുക-ക്രി ഭയംകൊണ്ടോ കുളിരുകൊണ്ടോ വിറയ്ക്കുക. പ. കിടുകിടെ ശബ്ദിക്കുക. ന. മുഴങ്ങുക.

കിടുകിടുപ്പു്-പ്ര. വിറയൽ. പ. തൈമരത്തിന്റെ ശബ്ദം. ന. മുഴക്കൽ.

കിടുക്കം-പ്ര. കൊട്ടുപാത്രങ്ങളുടേയും മറ്റും ശബ്ദം പ. ഒരുമാതിരി കല്ലുകൾ.

കിടുക്കനെ-അ. വേഗത്തിൽ.

കിടുക്കുക-ക്രി. കിലുക്കുക. പ. കക്ഷത്തിൽ എടുക്കുക.

കിടുങ്ങുക-ക്രി. പാത്രങ്ങളോ മരമോ തമ്മിൽ കൂട്ടിമുട്ടി ശബ്ദമുണ്ടാക്കുക. പ. വിറയ്ക്കുക ന. മരിക്കുക

കിടുപിടി-പ്ര. ഒരു വക വാദ്യം. പ. ഒരു ശകാരവാക്ക്.

കിടുമ്മൻ-മുടക്കൻ.

കിടേശ്വര-ഒരു വക ചെടി.

കിട്ടം-പ്ര. ഇരയുംകിടപ്പു പ. മലം. ശമനശീലം എന്നർത്ഥം ന. ഒഴിച്ചുകൂടാതെള്ളതുമായ ഭാഗം.

കിട്ടാക്കാരി-കടം വീട്ടുവാൻ മുതലില്ലാത്തവൻ

കിട്ടാലം-പ്ര. ഇരിമ്പിൻകിട്ടം. പ. ചെമ്പു പാത്രം.

കിട്ടി-ഇട്ടുകോൽ, കോലിട്ടുകുത്തി. (ഏതിനു് എന്ന അർത്ഥവും കാണുന്നു)

കിട്ടിക്കോൽ-ഇട്ടുകുകോൽ.

കിട്ടുക-ക്രി. ലഭിക്കുക; തന്നിൽ കൊള്ളുന്നതായിത്തീരുക. പ. എതിർക്കുക.

കിണ്ടത്തരം-കിണ്ടാട്ടം

കിണ്ടൻ-ഒരുമാതിരി പുതപ്പു്.

'തരു പുല്പുതലയ്ണ കിണ്ടനം'

(മറുപടപ്പാന)

കിണ്ടപ്പൻ- വണ്ണമുള്ളവൻ, തടിയുള്ളവൻ.

കിണ്ടം-പ്ര. ഇരിപ്പുദേശം. പ. ദോക്കു. ന. ദോക്കുപാടം.

കിണ്ടൽ-പ്ര. ഇളക്കുക. പ. ഒറവു്.

കിണ്ടാട്ടം-പ്ര ഒറവു് പ. വഞ്ചന.

കിണ്ടി-തവള്ളം കുടിപ്പാനും മറ്റുമുള്ള വായ്പുള്ളതായ ഒരു ഓട്ടുപാത്രം. പര്യായങ്ങൾ-കർക്കരി, ആമു, ശതന്തികം.

കിണ്ടുക-ഇളക്കുക.

കിണ-ധാ. വശപ്പിടിക്കുക.

കിണം-പ്ര. തഴമ്പു്. പ. മുഴ. മരത്തിൽ കാണുന്ന ഒരുമാതിരി കുമിൾ.

'അരുന്തം മറയത്തതാണ്ടികിണ-
ത്തുടേ മണിബന്ധനാൽ'.
(അഭിജ്ഞാനശാകുന്തളം)

കിണച്ചിൽ-പ്ര. ശണ്ഠ. ഉ. വേർപാട്. ന. കുട്ടിമുട്ടുക.

കിണയുക-പ്ര. ശണ്ഠകൂടുക. ഉ. വേർപെടുക. ന. കുട്ടിമുട്ടുക. [തമിഴിൽ-കിണക്ക. തെലുങ്കിൽ-നികിനി=കോപം എന്നർത്ഥം].

കിണർ(ന്)-ജലം കോരുന്നതിനു വട്ടത്തിൽ കഴിച്ചുണ്ടാക്കുന്നത്. പര്യായങ്ങൾ-അസ്തു, പ്രഹി, കൂപം, ഉദപാനം.

[കിണറിലെ വെള്ളം വസന്തഗ്രീഷ്മങ്ങളിൽ ഉണമേറിയിരിക്കും, ''ഉഷ്ണമെവാനേപ്പവിസ്തരേ ശൈത്യമേരേമണ്ഡലൃകൃതിഃ; ബഹ്വംബുസ്സു ക്രപസ്യാന്തരുദകേനൈവമുച്യതേ'' - ഭാവപ്രകാശം. ''ശീതകാലേവേദുഷ്ണം ഗ്രീഷ്മകാലേസുശീതളം; വസന്തേതുപ്രശസ്തംസ്യാൽ കാലത്രയേൽഗുണത്രയം''-രാജവല്ലഭം. സംസ്കൃതത്തിൽ-ക്രൂപം. തമിഴിൽ-കിണർ. ഇംഗ്ലീഷിൽ-(Well) വെൽ].

കിണ്ടി-വലിയ കടലാടി.

കിണ്ടിഹി-കടലാടി. ഉണപ്പെട്ടുണ്ടാകുന്ന രോഗം. [വലിയ കടലാടി എന്ന് ശബ്ദരത്നാവലി.]

കിണ്ടികിണ്ടിപ്പാല-നിലപ്പാല, ഒരു ചെടി. പര്യായങ്ങൾ-ക്ഷീരവിദാരിക, ദുഗ്ദ്ധികാ.

[ഇതു കഫം, കഫം, കൃമി, പ്രമേഹം ഇവയെ ശമിപ്പിക്കും. ഏതുപ്രയോഗത്തെ ചെയ്യും. വാതത്തെയും കഫത്തെയും പിത്തത്തെയും ധാതുക്കളേയും വർദ്ധിപ്പിക്കും. മലത്തെ പിടിപ്പിക്കും. വയറുപ്പുണ്ടാകുന്നതിനെ ചെയ്യും. ഇതിന്റെ നീര് ചെമന്നിരിക്കും. തമിഴിൽ-ചിറുപാൽചെടി, ചിറുപാൽപ്പച്ചരിചി. സംസ്കൃതത്തിൽ-ദുഗ്ദ്ധികാ.]

കിണ്ടികിണ്ടി-അ. പച്ചപ്പുല്ലുപോലെ.

കിണ്ടിക്കം-പ്ര. വണ്ണം. ഉ. മണ്ണിന്റെ നാരം, കിലുക്കം.

കിണ്ടിക്കുക-കിലുക്കുക.

കിണ്ടിക്കുക-പ്ര. തടിക്കുക ഉ. ബലമുണ്ടാവുക.

കിണുങ്ങുക-പ്ര. കിലുങ്ങുക. ഉ. മുക്കുകൊണ്ടു സ്വരം വലിപ്പിക്കുക.

കിണുപ്പ്-തടിപ്പ്.

കിണ്ണൻ, കിണ്ണം-കഞ്ഞികുടിപ്പാനും മറ്റുമുള്ള ഒരുപാത്രം. പര്യായങ്ങൾ-കംസം, പാനഭോജനം. (കപ്പുമുതലായ മറ്റു പാനപാത്രങ്ങൾക്കും പര്യായം ഇതാകാം.)

കിണ്ണംമുട്ടുക-പ്രസിദ്ധപ്പെടുത്തുക.

കിണ്ണാണം-പിന്നെയും പിന്നെയും ചോദിക്കുക, അനാവശ്യമായതിനെയോ ഒരുകാര്യം തന്നെ തന്നെയും ചോദിക്കുക.

കിണ്ണാണിക്കുക- അറിഞ്ഞതിനെ തന്നെയും വീണ്ടും ചോദിക്കുക.

കിണ്ണമൂലം-കൊക്കരണം.

കിണ്ണം-പ്ര. വളരെ ദ്രവ്യങ്ങളെകൊണ്ടുണ്ടാക്കിയ സുരാബീജം. (ഏതു ദ്രവ്യംകൊണ്ടു മദ്യം ഉണ്ടാക്കുന്നുവോ ആ ദ്രവ്യമത്രേ സുരാബീജം). ഉ. വരുത്ത എല്ലും യവവും പൊടിച്ചു തെരി ചേർത്തുണ്ടാക്കുന്ന മദ്യം. ന. മദ്യപാനംചെയ്ത മത്തന്മാരായവർ നഗ്നന്മാരായി ക്രീഡിക്കുക. മറ്റൊരുപര്യായം-നഗ്നം. പ. പാപം. കിണ്ണം എന്നാൽ ശബ്ദിപ്പിക്കുന്നത് എന്നർത്ഥം.

കിണ്ണീ-കത്തി.

കിത-ധാതു. വേഗത്തിൽ ശ്വസിക്കുക.

കിതവ-യി. പ്ര. ചതിവുള്ള. ഉ. ഉപദ്രവിക്കുന്ന.

കിതയ്ക്കുക-കിഴയ്ക്കുക, നെടുവീർപ്പിടുക.

കിതവൻ-പ്ര. ചതിയൻ. ഉ. ഉപദ്രവം.

ന. മൃതുകളിക്കുന്നവൻ. ജ്ഞാനമെന്ന ഇല്ലാതാക്കുന്നവൻ എന്നർത്ഥം. ര. വ്യാജം മുള്ളവൻ.

കിതവം-ഗ. ഉമ്മം, ഉമ്മത്തു്. ചതിക്കുന്നതു് എന്നർത്ഥം. ഘ. അടവിക്കച്ചോലം

കിത്താബ്-പുസ്തകം. കൊറാൻ (അറബിഭാഷ).

കിത്താൻ-രട്ടുശീല, ചണനൂൽ തുണി.

കിന്തുക-ഗ. കാൽവിരലുകളൂടെ അറാം കൊണ്ടു (കന്തുകാൽകൊണ്ടു) നടക്കുക. ഘ. ഒറക്കാലിൽ ചാടുക. കുട്ടികൾ കൊന്നിക്കൊന്നിക്കളിക്കുക.

കിന്തമാം, കിന്തരാം-അ. എന്തു്, കിം. ഇതു സംശയത്തിലും വരും.

കിന്തു-അ. ഗ. എന്നാൽ. ഘ. പിന്നെയും, ഇനിയും, എന്തു.

കിന്ദേവ-വി. നിരീശ്വരമായുള്ള

കിന്ധി-കതിര.

കിന്ദേവൻ-ഈശ്വരനില്ലെന്നു വാദിക്കുന്നവൻ.

കിനാവു്-സ്വപ്നം.

കിനി-(ധാതു.) ദേവനുണ്ടാക.

കിന്നരൻ-കുത്സിതമായ ദേഹമുള്ള മനുഷ്യൻ എന്നർത്ഥം. പര്യായങ്ങൾ-കിന്നരൻ, കിയുരുക്ഷൻ, തുരംഗവദനൻ, മയൂ

കിന്നരന്മാർ-അശ്വമുഖന്മാർ.

[പത്തു ദേവയോനികളിൽ ഒരു കൂട്ടർ. ഇവർക്കു മനുഷ്യശരീരവും അശ്വമുഖവുമാണു്. ദേവലോകത്തിലെ ഭാഗവതന്മാർ.]

കിന്നരം-ഒരുവക വാദ്യം.

കിന്നരി-ഗ. കിന്നരസ്ത്രീ. ഘ. ചണ്ഡാലന്റെ വീണ.

കിന്നരേശൻ-കുവേരശ്വരനൻ. കിന്നരന്മാരുടെ നാഥൻ എന്നർത്ഥം.

കിന്നു-അ. ഗ. എന്തു. ഘ. എങ്ങിനെ ന. ഇഷ്ടകാരം. ര. പോരെ. ഭ. പിന്നെയും.

കിമപി-അ. അല്പം, ഒന്നും, ഏതെങ്കിലും.

കിമു-അ. എന്തു്?, അതോ ഇതോ എന്നു വികല്പിക്കുന്നതിൽ പ്രയോഗം.

കിമുത-അ. എന്തു്?, അതോ ഇതോ എന്നു വികല്പിക്കുന്നതിൽ പ്രയോഗം.

കിമ്മണൻ-സ്വല്പം കടത്തെ ഖണ്ഡമെന്നു് കരുതാത്തവൻ.

കിം-അ ഗ. എന്തു്. ഘ. അതോ ഇതോ എന്നു വികല്പിക്കുന്നതിൽ പ്രയോഗം.

കിംക്ഷുണ-വി. അല്പകാര്യത്തെ സംശയമില്ലെന്നു വിചാരിക്കുന്ന.

കിംഗാസൻ-ചീത്തയായ ഭക്ഷണം.

കിംപച, കിംപചാന-വി. ലുബ്ധ (പിശുക്കു) ള്ള.

കിംപചാനൻ, കിംപചൻ-ലുബ്ധൻ (പിശുക്കൻ). കുത്സിതമായി പാകംചെയ്യുന്നവൻ എന്നർത്ഥം.

കിംപാക-വി. മോക്ഷമുള്ള.

കിംപാകം-ഗ. കാക്കരത്തണ്ടു് ഘ. കഞ്ഞിരം

കിംബഹുനാ-അ. വളരെ എന്തിനു്. വളരെ പറഞ്ഞിട്ടു ഫലമെന്തു്?.

കിമ്പുരുഷൻ-കിന്നരൻ. അല്പം പുരുഷാകൃതിയുള്ളവൻ എന്നർത്ഥം.

[ഇവർ ചിലപ്പോൾ കുതിരമുഖവും മനുഷ്യശരീരവും മറ്റുചിലപ്പോൾ മനുഷ്യമുഖവും കുതിരശരീരവും കാണും]

കിംഭരാ-പവിഴക്കൊടി.

കിംവദന്തി-ലോകപ്രവാദം. [ഇന്ന വർത്തമാനം എവിടെനിന്നാണെന്നു് എന്നു തിരിച്ചറിയുന്നതിനു നിവൃത്തിയില്ലാത്തതും അനേകംപേർ ധരിച്ചിട്ടുള്ളതുമാകുന്നു. ലോകപ്രവാദം എന്നു പറയുന്നതു്]

പര്യായങ്ങൾ-കിംവദന്തി, ജനശ്രുതി.

കിംവാ-അ. അല്ലെങ്കിൽ.

കിംശാരു-ഗ. തെല്ലിന്റെ ഒക്കെ. ഘ

തെന്നും വേനലപ്പെട്ടുഴലുന്നതു് എന്നർത്ഥം. മരോദ്ധപത്രം-സസ്യശുകം. പ. ഭോജനം. ന. കങ്കപക്ഷി.

കിംശുകം-പ്ലാശു്. തത്തച്ചുണ്ടിനെ തുല്യമായ പുഷ്പമുള്ളതെന്നർത്ഥം.

'കിംശുകപുഷ്പസമംധരിസുമതേ'

(പ്രമോക്ഷമഹാത്മ്യം ഉള്ളൽ)

[കിംശുകത്തിനെ മുതുക് എന്നും അർത്ഥം കാണുന്നു]

കിംശുലുകം-പ്ലാശു്.

കിയത്തി-അ. എത്ര.

കിയൽ-അ. എത്ര.

കിയന്മാത്രം-വളരെ കുറച്ചു്.

കിരണമാലി-ആദിത്യൻ.

കിരണശ്രേഷ്ഠം-തേജോകിരണങ്ങളെ വമിയ്ക്കുക.

കിരാതം-രശ്മി. ഇരുട്ടിനെ നശിപ്പിക്കുന്നതു്, ലോകത്തിൽ ചിതറുന്നതു് ഇങ്ങനെ അർത്ഥം. വിതരപ്പെടുന്നതു് എന്നുമാകാം.

കിരം-പന്നി. [കിരി എന്നതിൻറെ പാഠഭേദം.]

കിരാടിക-പഞ്ചവർണ്ണക്കിളി.

കിരാത(ക)ം-നിലവേപ്പു്.

കിരാതതിക്തം-കിരിയാത്ത. കിരാതദേശത്തിലുണ്ടായ തിക്തരസദ്രവ്യം എന്നർത്ഥം.

[കിരാതതിക്തം, ഭൂനിംബം, അനാര്യതിക്തം ഈ ശബ്ദങ്ങൾക്കു 'പുത്തരിച്ചുണ്ട' എന്ന അർത്ഥം ചിലർ പറയുന്നതു ശരിയല്ല.]

കിരാതൻ-കാട്ടാളൻ, വേടൻ. അസ്ത്രങ്ങളെ അയച്ചുകൊണ്ടു് എപ്പോഴും സഞ്ചരിയ്ക്കുന്നവൻ എന്നർത്ഥം. കിരങ്ങളെ (പന്നികളെ) വേട്ടയാടുന്നവൻ എന്നുമർത്ഥം. മലവാസി.

കിരാതം-കിരിയാത്ത.

കിരാതാർജ്ജുനീയം-അർജ്ജുനനും കിരാതവേഷത്തിൽ ശിവനും തമ്മിലുണ്ടായ യുദ്ധത്തെ വിവരിയ്ക്കുന്ന ഗ്രന്ഥം. കവ്യകർത്താവു് ഭാരവി യാണു്.

കിരാതി-പ. ശംഖുപുഷ്പി, തംഗണപി. പ. കാട്ടാമുസ്ലീ. (മ) വെടിപ്പുഴു്.

കിരാതിനി-മഞ്ഞി.

കിരി-പന്നി. കത്തിയുടെ ചുറ്റിനുമുള്ള ചിന്നിച്ചിതറുന്നതെന്നർത്ഥം.

കിരിയം-ഇരുമ്പിൽ പ്രധാനമായതു് [ഫലം എന്ന ശബ്ദമാണു് 'കിരിയം' എന്നായതു്]

കിരിയാത്ത-ഒരുവക മരമാണു്, നിലവേപ്പു് (തമിഴിൽ) പര്യായങ്ങൾ-കിരാതതിക്തം, ഭൂനിംബം, അനാര്യതിക്തം.

[മലയാളത്തിനു കിരിയാത്ത എന്നതിനു മമിയ്ക്കുന്ന ശ്രേഷ്ഠമാണു്. ഇതു കഫപിത്തരോഗങ്ങളേയും വ്രണം, കുഷ്ഠം, കൃമി, ജ്വരം, രക്തദോഷം, രക്തപിത്തം ഇവയേയും ശമിപ്പിക്കും. കിരാതദേശത്തുണ്ടായതുകൊണ്ടു് കിരിയാത്ത എന്ന പേർ വന്നു.]

കിരീടപതി-കിരീടംധരിച്ച രാജാവു്.

കിരീടം-രാജാവിൻറെ തലയിൽ അലങ്കരിക്കുന്ന ആഭരണം. മരോദ്ധപത്രം-മകുടം. തലയിന്മേലെ വേണ്ടപ്പെട്ടതു് എന്നർത്ഥം.

കിരീടമാലി-അ. അർജ്ജുനൻ

കിരീടി-പ അർജ്ജുനൻ. പ. നീർമരുതു്. ന. ശംഖുപുഷ്പി

കിരീടിക-വെൺകുന്നി.

കിരുകിരുക്കുക-കരിയിലയിലൂടെ വണ്ടി ശബ്ദമുണ്ടാകുക.

കിരുകിരുപ്പു-കരിയിലയിൽക്കൂടെ പ്രാണികൾ സഞ്ചരിച്ചാലുള്ള ശബ്ദം.

കിരുകിരെ-അ കരിയിലയുടെ ശബ്ദം പോലെ.

കിൽമി-പ്ലാശു്.

കിൽമിരം-വി. വിചിത്രവർണ്ണമുള്ള.

കിമ്മീരൻ–ഒരു രാക്ഷസൻ.

[ബകന്റെ സഹോദരനാണ്. ഇവനെ ഭീമൻ കൊന്നു. കാരണം–കാമ്യകവനത്തിൽ പാണ്ഡവർ പ്രവേശനം നൽകാഞ്ഞതുകൊണ്ട്. കിമ്മീരജിത്തു, കിമ്മീരാരി, കിമ്മീരസൂനൻ, കിമ്മീരനിഷൂദനൻ ഇത്യാദി പേരുകളുണ്ട് 'ഭീമൻ' എന്നർത്ഥം. കിമ്മീരൻ എന്ന സംജ്ഞാനാമത്തെ കിമ്മിരൻ, കിമ്പീരൻ ഇങ്ങനെ എഴുതിക്കാണുന്നുണ്ട്.]

കിമ്മീരം–ക്ര. നാനാനിറം. പല വർണ്ണങ്ങൾ കൂടിച്ചേർന്നത് എന്നർത്ഥം. പരന്നു കിടക്കുന്നത് എന്നുമാവാം. പു. നാരകം

കിമ്മീരിത–വി. ചിത്രമാക്കപ്പെട്ട.

കില–അ. വഞ്ചന, സംഭാവ്യം, ഹേതു, അനുചി, അസത്യം ഈ അർത്ഥങ്ങൾ വരും. ക്ര. പൊൽ. പു. നിശ്ചയമില്ലാ എന്നു പറയേണ്ടുന്ന വാക്യങ്ങളിൽ ചേർക്കുന്നു.

കിലകിഞ്ചിതം, കിലികിഞ്ചിതം–രതിയിലുണ്ടാകുന്ന ഭാവങ്ങളിൽ ഒന്നിച്ചുള്ള രോമാഞ്ചം, കണ്ണുനീർ, ചിരി, ഭയം, കോപം, അസൂയ ഇവ ഏകദേശം ഒരുമിച്ചുണ്ടാകുന്നതത്രേ. കിലകിഞ്ചിതം, പ്രിയതമദർശനസംഗമം മുതലായവ ഹേതുവായിട്ടുണ്ടാകുന്ന സന്തോഷത്തിന്റെ ഭാവങ്ങൾ മൂൻപറഞ്ഞവ മിശ്രിക്കുന്നതു്.]

കിലാടി–രൂ.

കിലാസം–പുണ്ണു്. വെളുപ്പുനിറത്തെ ദോഷത്തിനുൽക്ഷേപിക്കുന്നതെന്നർത്ഥം. മറ്റൊരു പര്യായം–സിദ്ധ്മം.

കിലാസഘ്നം–കരുപാവൽ.

കിലാസി–വി. പുണ്ണുള്ള

കിലാസി–കിലാസം (പുണ്ണു്) ഉള്ളവൻ. മറ്റൊരു പര്യായം–സിദ്ധ്മളൻ.

കിലിഞ്ജകം–ക്ര. പായ. പു. തറ, തിര. ന. ഉണ്ടു്.

കിലിമം–മേലാപ്പു്.

കിലുകില–അ ക്ര. പാത്രങ്ങളും മറ്റും കൂട്ടിമുട്ടുന്ന ശബ്ദംപോലെ. പു. ചിരി.

കിലുകിലുക്കുക–ചെറിയ മണികളുടെ ശബ്ദംപോലെ ശബ്ദമുണ്ടാകുക.

കിലുകിലുപ്പ–തന്തലകൊട്ടി, കലിക്കാപ്പുല്ലിൽ. പര്യായങ്ങൾ–ഖണ്ഡാരവം, ശണപുഷ്പികം

[കിലുകിലുപ്പു്, കിലുകിലുപ്പൻ ഇങ്ങിനേയും പറയുന്നുണ്ടു്. കഫം, പിത്തം, അജീർണ്ണം, ജ്വരം, രക്തദോഷം ഇവയെ ശമിപ്പിക്കും. കരിയെ ഉണ്ടാക്കും. പൂവിന്റെ വർണ്ണം മഞ്ഞയാണു്. കായ് ഉണങ്ങിയാൽ ഉള്ളിലെ ബീജം കിലുങ്ങുന്നതുകൊണ്ടു് കിലുകിലുപ്പു് എന്ന പേരുണ്ടായി. സംസ്കൃതത്തിൽ–ശണപുഷ്പി. തമിഴിൽ–കിലുകിലുപ്പൈ.]

കിലുകിലുപ്പു്–കിലുകിലെന്ന ശബ്ദം.

കിലുക്കം–കിലുങ്ങുക.

കിലുക്കാമ്പുട്ടിൽ–ഒരുമാതിരി ചെടി.

കിലുക്കു്–ക്ര. പൈതങ്ങളുടെ ഒരുമാതിരി കളിക്കോപ്പു്. പു. കിലുക്കൽ. ന. കിലുക്കുക.

കിലുക്കുവടി–കിലുങ്ങുന്ന വടി.

കിലുങ്ങുക–ക്ര. മണിയിൽ നിന്നു ശബ്ദമുണ്ടാവുക. പു. ഏകദേശം മണിയുടെ ശബ്ദംപോലെ ശബ്ദം ഉണ്ടാകുക. [സം. ക്രി. കിലുകിലായതേ.]

കിൽബിഷം–ക്ര. പാപം. നരകത്തിൽ ഇടപെടുന്നതെന്നർത്ഥം. വിധിയെങ്കിലിട്ടു കൂട്ടിപ്പിക്കുന്നു് എന്നുമാകാം. പു. കുറ്റം, അപരാധം. ക്ഷേപിക്കപ്പെടുന്നതെന്നർത്ഥം.

കില്ല–കോട്ട. (അറബിഭാഷ.)

കില്ലദാർ–കോട്ടയിലെ അധികാരി.

കില്ലു്–സംശയം.

കിലാടി–കരിമ്പു.

കിലടിന്തി-പെൺകുതിര.

കിശലം, കിശലയം-കിസലയം, തളിർ.

കിശോര-വി. ബാല്യമുള്ള, കുട്ടിപ്രായത്തിലുള്ള.

കിശോരകം-കുട്ടി.

കിശോരൻ-പ്ര ബാലൻ. ദ്വ. സൂര്യൻ. ന. പ്രായ വയസ്സിനു താഴെയുള്ളവൻ.

കിശോരം-പ്ര. കുട്ടിപ്രായം, കൗമാരം. തിളവിളിക്കുന്നതെന്നർത്ഥം. ദ്വ. കുതിരക്കുട്ടി. ന. മൃഗങ്ങളുടെ കുട്ടി.

കിശോരി-യുവതി.

കിഷ്കുപാവ്-പ്ര. മൂള. ദ്വ. കരിമ്പ്. ന. വേഴൽ.

കിഷ്കിന്ധ- രാമായണത്തിൽ പറയുന്ന വാനരന്മാരുടെ രാജധാനി, ഒരിസ്സായിൽ ബാലിയുടെ രാജധാനി, ഒരു മല.

കിഷ്ക്കു-പ്ര. മൂള. ദ്വ. ഒരുചാൺ. ന. ഒരുകയ്.

കിഷ്ക്കു-വി. ഇല്ലാപ്പ് സംവത്സരത്തിലുള്ള, ചീത്തയായ.

കിസലയം, കിശലയം-തളിർ. കുറഞ്ഞാണ്ട് ഇളകിക്കൊണ്ടിരിക്കുന്നതെന്നർത്ഥം. മറ്റൊരുപയ്യായം-പല്ലവം.

കിന്നു്-തവണ, മുറ, ഗന്ധ. (അറബി ഭാഷ.)

കിള-(ധാതു) മണ്ണിൽ പൊട്ടുക.

കിള-പ്ര. കിളയ്ക്കുക. ദ്വ. കളനോണ്ടിയുടെ ഒരു കണക്ക്.

കിളമ്പൽ-കരേറ്റം, വലിവ.

കിളമ്പുക-കരേറുക, മേല്പോട്ടു വലിയുക.

കിളയ്ക്കുക-ഇന്പാകൊണ്ടു മണ്ണു പൊട്ടിമറിക്കുക.

കിളരം-ഉയരം, പൊക്കം.

കിളരുക-പ്ര. വളരുക. ദ്വ. പൊങ്ങുക.

കിളർ-ശോഭ.

കിളുക്കുക-പ്ര. കിളുവുപിടിക്കുക. ദ്വ. കിളുവുവയ്ക്കുക.

കിളുപ്പ്-ഉയപ്പ്, പൊക്കം.

കിളുപ്പുക-പൊങ്ങുക, ഉയരുക.

കിളുപ്പ്-കിളവ്.

കിളുറുക-പ്ര. ഇളകുക. ദ്വ. പൊടിപൊടിക്കുക.

കിളുവ്-കിളർ, ചെമ്പിനുംമറ്റുമുണ്ടാകുന്ന ഒരുമാതിരി കറ.

കിളുവിക്കുക-കിളുക്കുക, ഒരു ചെയ്യ് ഇങ്ങനെയുള്ളതിൽ തെറ്റാതെ കാണുന്നതുവരുക.

കിളിചാതരം പച്ചനിറത്തിലുള്ള പക്ഷി, പക്കി.

കിളികിഞ്ചിതം- (കിലകിഞ്ചിതം നോക്കുക.)

കിളിക്കത്തി-അരിയ്ക്കുകത്തി.

കിളിച്ചിൽ-കരിമ്പ്.

കിളിഞ്ഞകം-പ്ര. പായ. കളിപ്പനയുടെ തെന്നർത്ഥം മറ്റൊരു പയ്യായം-കരം. ദ്വ. മറ, തിര.

കിളിഞ്ഞിൽ-ഒരുവക വൃക്ഷം.

കിളിപ്പാട്ട്-എഴുത്തച്ഛൻപാട്ട്.

കിളിപ്പേട-പെൺകിളി.

കിളിമുക്ക്-ഓട്ടുപാത്രത്തിൽ കേടുന്നതിന് മലകൊണ്ടോ മറ്റോ ഉണ്ടാക്കുന്നു.

കിളിമൊഴി-പ്ര. കിളിപോലെ പറയുന്നവർ. ദ്വ. കിളിയുടെ വാക്ക്. ന. കിളിയുടെ വാക്കുപോലെയുള്ള വാക്ക്.

കിളിർ-കിളുന്ന. (പ-മ.)

കിളിവാകൊട്ട്-മരത്തിൻറെ രണ്ടുകവരകൾക്കുടെ കുടിയിണ്ടുന്നതു്.

കിളിവാതിൽ-വേനത്തിൻറെ മിഞ്ചിയിൽ പെരുത്തിൽ വെയ്ക്കുന്ന കൊച്ചു വാതിൽ. പയ്യായങ്ങൾ-വാതായനം. ഗവാക്ഷം.

കിഴക്കുക-മുളയ്ക്കുക.

കിളുന്ത-തളിര്.

കിളുപ്പ്-വിത്തിൽനിന്ന പുറപ്പെടുന്ന മുള

കിള്ളൽ-നുള്ളിപ്പറിക്കുക

കിള്ളുക-നുള്ളിപ്പറിക്കുക.

കിഴ-(വ്യാകരണത്തിൽ) ഇല്ലാതാക്കുക എന്ന അർത്ഥത്തിൽ ഒന്ന്.

കിഴക്കൻ-വി. കിഴക്കേദിക്കിലുള്ള, കിഴക്കേദിക്കിൽനിന്ന വരുന്ന.

കിഴക്കിനി-നാലുകെട്ടായുള്ള ഭവനത്തിന്റെ കിഴക്കേകെട്ട്.

കിഴക്ക്-സൂര്യൻ ഉദിക്കുന്ന ദിക്ക്. പശ്ചിമം-പ്രാചി.

[കിഴക്കേദിക്കിൽ വെച്ചതിനെ 'പൂർവം' എന്ന പേർ.]

കിഴങ്ങൻ-വിഷ്ണു, മോക്ഷൻ.

കിഴങ്ങ്-ചില വള്ളികളുടെയും ചെറുചെടിയുടെയും ചുവട്ടിൽ നിന്ന മണ്ണിന്റെ അടിയിലേയ്ക്ക ഉണ്ടാകുന്ന സാധനം, കന്ദം.

കിഴപ്പ്-അധികം ഓട്ടകയോമറ്റോ ചെയ്യുൽ തൊണ്ടിലുണ്ടാകുന്ന ഇളക്കവും അധികശ്വാസവും

കിഴയ്ക്കുക, കിഴക്ക-ഒരുമാതിരി വള്ളി കിഴങ്ങ്, ഒരുമാതിരി കാച്ചിൽ.

കിഴയ്ക്കുക-അധികം ഓട്ടകയാൽ മാറത്തു് ഇളക്കവും ശ്വാസവൈഷമ്യവുമുണ്ടാകുക, ക്ഷീണിക്കുക.

കിഴവൻ-അധികം വയസ്സുചെന്നവൻ, വൃദ്ധൻ, മൂപ്പൻ.

കിഴവി-വൃദ്ധ, അധികം വയസ്സുചെന്നവൾ.

കിഴാനെല്ലി-ഒരു പച്ചമരുന്ന്, കിഴകാനെല്ലി. പശ്ചിമം-വിളുന്നകം.

കിഴി-(ധാതു.) താഴുക.

കിഴി-പ്ര. മണലോ അരിയോ പണമോ വല്ലതും തുണിയിൽ മുടിക്കെട്ടിയതു്. ഉ. സമൂഹത്തിലുള്ളവരുടെ മുതലിടപെട്ട അധികാരം. ന. രസവൈദ്യന്മാർ ചെയ്യുന്ന ഒരു ചികിത്സ.

കിഴിക്കാരൻ-പരദേശികളായ സമൂഹബ്രാഹ്മണരുടെ അധികാരി

കിഴിക്കുക-പ്ര. ചിലതിന്റെ തോലുരിക്കുക. ഉ. കണക്കിൽ തള്ളി എഴുതുക. ന. തള്ളുക.

കിഴിക്കെട്ട്-തുണിയിൽമുടിക്കെട്ടിയതു്

കിഴിച്ചിൽ-അധികം ആശ്രയിച്ചു പറയുകയും മറ്റും.

കിഴിപ്പ്-പ്ര. തോലുരിപ്പ്. ഉ. കണക്കിൽ തള്ളിയെഴുതുക. ന. തള്ളുക.

കിഴിയുക-പ്ര. ഉരിയുക. ഉ. ആശ്രയിക്കുക, തൂങ്ങുക. ന. തൂക്കുക.

കിഴിവ്-കിഴിപ്പ്.

കിഴിശ്ശീല-കിഴികെട്ടുന്നതിനുള്ള ശീല, ഒരുമാതിരി മടിശ്ശീല.

കിഴുകാനെല്ലി-ഒരു പച്ചമരുന്ന്. [കിഴാനെല്ലി നോക്കുക].

കിഴുക്കാന്തൂക്ക്-പ്ര. തലകീഴായിട്ട്. ഉ. മലയുടെ ചെരിവ്. കിഴുക്കാംതൂക്കിലുള്ളതു് എന്നതിനു പശ്ചിമം-ഉന്നതാനതം.

കിഴുക്കാമ്പാട്ട്-തല കീഴായിട്ട്.

കിഴുക്കില-കറി വിളയുന്ന ഇല

കിഴുക്ക്-ഒരുകൈ ചുരുട്ടി വിരലിന്റെ മുട്ടുകൊണ്ടു തലയിൽ ഇടിക്കുക.

കിഴുക്കുക-ഒരുകൈ ചുരുട്ടി മുട്ടുകൊണ്ടു തലയിൽ ഇടിക്കുക.

കിഴുത-പാത്രത്തിന്റെയും മറ്റും ചെറിയ ചോരം, ഓട്ട.

കിറച്ചിൽ-ഇറച്ചിൽ.

കിറയുക-പ്ര, പൊരയുക. ഉ. പുറകോട്ടു വലിക്കുക.

കിറിണി-കിക്കിളി. [അക്കിളി എന്നതു നോക്കുക.

കിറുകിണ്ണിപ്പാല-ഒരു വക മരം.

കിറുകിറുക്കുക-ഒരുമാതിരി ശബ്ദം ഉണ്ടാക്കുക.

കിറുകിറുപ്പ്-കതകും കട്ടിലുമുരുകുമ്പോൾ ഉണ്ടാകുന്ന ശബ്ദം, കിറുകിറ എന്നുള്ള ശബ്ദം.

കിറുക്കുക-എഴുത്തിനെ വിലക്കുക.

കിറുത്-നിശ്ചയം, അഹങ്കാരം.

## കീ

കീ- അ. പക്ഷികളുടെ ഒരു ശബ്ദം പോലെ.

കീകടം-കതിര.

കീകടി-പെൺകതിര.

കീകസം-പ്ര. അസ്ഥി, എല്ല്. പഞ്ചായങ്ങം-കല്യം, അസ്ഥി. കീ എന്ന ശബ്ദിച്ചുകൊണ്ട് ചലിക്കുന്നതെന്നർത്ഥം. ഉ. അലക്.

കീകസാത്മജൻ-രാക്ഷസൻ, കീകസയുടെ പുത്രൻ. വംശജനാകൻ എന്നർത്ഥം.

കീകസാത്മജാ-കൈകസി, രാവണാദികളുടെ അമ്മ.

കീകി-കാട്ടുകാക്ക.

കീചകൻ-മഹാഭാരതത്തിൽ പറയപ്പെടുന്ന ഒരു മല്ലൻ, വിരാടരാജാവിന്റെ സേനാധിപതി, വിരാടന്റെ ഭാര്യയുടെ സഹോദരൻ.

[അയോനിജവംശം പാണ്ഡവർ വിരാടരാജ്യത്തിലാണെല്ലാം കഴിച്ചുകൂട്ടിയത്. അന്നു ദ്രൗപദിക്കു മാലിനി എന്നായിരുന്നനാമധേയം. ദ്രൗപദിയുടെ അംശലാവണ്യം ഹേതുവായിട്ടു മന്മഥാതുരനായ കീചകൻ തന്റെ സഹോദരിയുടെ സഹായത്തോടുകൂടി അവളുടെ ചാരിത്രധർമ്മത്തിനു ഹാനിവരുത്തുവാൻ ശ്രമിച്ചു. ഒരിക്കൽ ആ ശ്രമവതി ഈ കാര്യം ഭീമനെ ധരിപ്പിച്ചു. ഭീമൻ ആലോചനപ്രകാരം കീചകനും മാലിനിക്കും തന്നിപ്പാൻ ഒരു സാങ്കേതം ആട്ടപ്പന്തൽ എന്നു തീർച്ചയാക്കി വിവരം അവരും കീചകനെ ധരിപ്പിച്ചു. കഴിച്ച സമയം ഭീമൻ രാത്രി മാറി ആ സ്ഥലത്തു ചെന്നുകിടന്നും കീചകൻ ഇതറിയാതെ മാലിനി വന്നു കിടക്കുകയാണെന്നു വിചാരിച്ചു അവിടെ ശയിച്ചു. അനന്തരം ഭീമൻ കീചകനെ ഞെക്കിക്കൊന്നു].

കീചകാരി-മുള, ഉമ്പി തുടങ്ങിയ മുള. കീച് എന്നാൽ അവ്യക്തമായി ശബ്ദിക്കുന്നതെന്നർത്ഥം.

[ഏതൊരു മുളയാണെങ്കിലും ഉരസപ്പെടുമ്പോൾ ശബ്ദിക്കുന്നതു് അതു കീചകം. അകത്തെങ്ങും വായുവിന്റെ ഹേതുവായിട്ടു ശബ്ദിക്കുന്ന മുള].

കീചകാഹ്വയം-നെല്ലിന്റെ മുള.

കീടക-വി. കട്ടിയുള്ള, സ്നേഹമില്ലാത്ത, കഠിനമായ, കടുപ്പമുള്ള.

കീടകം-പ്ര പുഴു. ഉ. ദൈത്യസ്ത്രീയിൽ ജനിച്ച രാജപുത്രൻ.

കീടഗന്ധം-ഗന്ധകം.

കീടജം-പ്ര. പട്ടുനൂൽ, പട്ട്. ഉ. കോലരക്ക്.

കീടജാ-അരക്ക്.

കീടപാദികാ-ചെമന്ന ചെറുപ്പുള്ളുടി.

കീടഫലം-അത്തിയാപ്പഴം.

കീടം-പ്ര. പുഴു. ഉ. വണ്ട്. ന. പുക്കിലകരശി. (മ) ഇരിയുകീടം, കിട്ടം.

കീടമാതാ-ചെമന്ന ചെറുപ്പുള്ളുടി.

കീടമാരി-ചെമന്ന ചെറുപ്പുള്ളുടി.

കീടോൻ-ഒരുവക കാട്ടുകിഴങ്ങ്.

കീഡോരം-ചെറുചീര.

കീണം-ഗർഭം.

കീർത്തകി, കീർത്തശം-എള്ളിനെയുള്ളു്.

കീനം-മാംസം.

കീനാശ-വി. പ്ര. കുടി പ്രവൃത്തിച്ചു

ന്ന. ക. ദുരാഗ്രഹമുള്ള. നു. ദാരിദ്ര്യമുള്ള. ഭ. സ്വല്പതയുള്ള.

കീനാശൻ-യമൻ.

കീനാശം-കുരങ്ങ്.

കീരനിലയം-ഇലവ്.

കീരം-കിളി, തത്ത. കീ എന്നുശബ്ദിക്കുന്നതെന്നർത്ഥം. അക്ഷരവ്യക്തിയോടെ ശബ്ദിക്കുന്നത് എന്നുമാകാം. മറെറാരു പര്യായം-ശുകം.

കീരവർണ്ണകം-തുണിയുങ്കം.

കീരവല്ലഭം-താമിമാതളം.

കീരി- ഒരു വക ചെറിയ കാട്ടുജന്തു. (നായാട്ടുപേർ-പെരുവാലൻ).

[ഇതിന്റെ മാംസം വായുമുട്ടൽ, വാതം, മെലിവ്, ക്ഷയം, വിഷം, പഴകിയ അൾസ്സ്, ഗ്രഹണി ഇവയെ ശമിപ്പിക്കും. ബലം, മാംസം മുതലായവയെ വർദ്ധിപ്പിക്കും. ഇംഗ്ലീഷിൽ (Mungoose) തമിഴിൽ-കീരി.

കീരിക്കിഴങ്ങ്-വിഷത്തിനുള്ള ഒരു വക മരുന്ന്.

കീരിപ്പല്ല്-ചെറിയ പല്ല്.

കീരിവള്ളി-ഒരു ചെടി.

[ത്രിദോഷം, വ്രണം, കഫം മുതലായവയെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. ഇവയുടെ നീരു ചുരാതിസാരത്തിനു നന്ന്]

കീരുഷ്ടം- ക. വേപ്പ്. ക. മാവ്. നു. മലയുക മരം ഭ നീരിരിപ്പ.

കീർണ്ണപുഷ്പം-പാൽക്കുതമ്പ.

കീർത്തനം-ക. വാക്ക്. ക. കീർത്തിക്കുന്നത്, വിവരിക്കുന്നത്, പറയുന്നത്.

കീർത്തനാ-ക. കീർത്തി ക. വിവരിക്കുന്നത്.

കീർത്തനീയം-കീർത്തിക്കത്തക്കത്, സ്തുതിക്കത്തക്കത്. [അകീർത്തനീയം എന്ന പദം നോക്കുക.]

കീർത്തി-ക. യശസ്സ്, നന്മകൊണ്ടുള്ള പ്രസിദ്ധി, എല്ലാവരാലും നന്നായി പറയപ്പെടുന്നത്. മറെറ പര്യായങ്ങൾ-യശസ്സ്, സമജ്ഞം. ക. വിസ്താരം. നു. വെളിച്ചം. ഭ. ശബ്ദം.

[കീർത്തിശബ്ദത്തിനു 'യശസ്സ്' എന്നുള്ള അർത്ഥമാണു പ്രസിദ്ധം].

കീർത്തികേട്-ദുഷ്കീർത്തി.

കീർത്തിക്കുക-ക. പറയുക. ക. സ്തുതിക്കുക.

കീർത്തിത-വി. ക. കീർത്തിപ്പെട്ട. ക. ചൊല്ലപ്പെട്ട, സ്തുതിക്കപ്പെട്ട.

കീർത്തിപ്പെടുക-പ്രസിദ്ധപ്പെടുക.

കീർത്തിഭാക്ക്-ദ്രോണൻ.

കീർത്തിഭാക്ക്-വി. കീർത്തിപ്പെട്ട.

കീർത്തിമൽ-വി. കീർത്തിയുള്ള. [മൻ, മതി, മൽ].

കീൽ, കീൽ-ക. ചെമ്പുലവും അരുക്കുംകൂടെ കൂട്ടിയുരുക്കിയത്. ക. ശൂ, മൂ.

കീലകം-ക. പശുവിനെ കെട്ടുന്ന കുറ്റി, കുറുക്കുന്നസമയം കാൽ കെട്ടുവാനുള്ള കയറ്. ക. കയർ. ബന്ധിക്കപ്പെടുന്നതെന്നർത്ഥം. മറെറാരു പര്യായം-ഭാരം.

കീലൻ-ശിവൻ.

കീലം-ക. അഗ്നിജ്വാല. പക്ഷി മുതലായവയുടെ ശക്തിയെ തടുക്കുന്നതെന്നർത്ഥം. ക. അല്പം. നു. കുറ്റി. ഭ. ആപ്പ്. ഇ. ആണി, ഇരിമ്പാണിമുതലായതറയ്ക്കുന്ന സാധനം. 'കീല' ശബ്ദത്തിനു ബന്ധിക്കുന്നത്, ബന്ധിക്കപ്പെടുന്നത് എന്നിങ്ങനെ അർത്ഥം. ന. മരക്കുന്തം.

കീലരസ്സ-ആണിയുള്ള.

കീലാ-അഗ്നിജ്വാല.

കീലാലധി-കടൽ.

കീലാലം-പ. വെള്ളം. അഗ്നിജ്വാലയെ കെടുക്കുന്നതെന്നർത്ഥം. ഉ. രക്തം.

'കീലാലാവലിനിർഝരാനവരത
സ്നാനോല്ലസദ്ഭാനോല്ലസ്തരം'
(വിഷ്ണുനാരായണീയകർത്താവ്)

ന. തേൻ.

കീലിഞ്ജം-ഉങ്ങ്.

കീലിത-വി. ബന്ധിക്കപ്പെട്ട, കെട്ടപ്പെട്ട. [കീലം=ആണി. കീലിതം=തറയ്ക്കപ്പെട്ടത്.]

കീലിതൻ-ബന്ധിക്കപ്പെട്ടവൻ.

കീശദ്ധ്വജൻ-അർജ്ജുനൻ, കീശം (വാനരം) കൊടിയടയാളമായുള്ളവൻ.

'കീശദ്ധ്വജനടെ ചിത്തമിളക്കാൻ'
(കിരാതം തുള്ളൽ)

കീശപർണ്ണം-വലിയ കടലാടി.

കീശപർണ്ണി-കടലാടി. വാനരരോമതുല്യങ്ങളായ ഇലകളുള്ളതെന്നർത്ഥം.

കീശം-കുരങ്ങ്. 'കീ' എന്ന ശബ്ദമുള്ളതെന്നർത്ഥം.

കീശരോമാ-നായിക്കുരണ.

കീശവല്ലി-കടലാടി.

കീഴടങ്ങുക-തന്റെ ശാസനയെ അനുസരിച്ചു നടക്കുക. [സ. ക്രി. കീഴടക്കുക.]

കീഴധികാരം-പ്രധാന ഭാഗ്യാശ്രയന്മാരുടെ താഴെയുള്ള ഉദ്യോഗം.

കീഴമ-കുറഞ്ഞസ്ഥിതി.

കീഴര-മുന്തിരിയിൽ പാതി.

കീഴരമ-മുന്തിരികൊണ്ടു നാല്പതു പങ്കുവെച്ചതിൽ ഒരു പങ്ക്, അരമയുടെ മുന്നൂറിലൊന്നിൽ ഒരു പങ്ക്.

കീഴരയ്ക്കാണി-അരയ്ക്കാണിയുടെ മുന്നൂറിലൊന്നിൽ ഒരംശം.

കീഴറുക്കുക-ഉരുക്കുക, ഉരുകുവിടുക

കീഴാകുക-കീഴടങ്ങുക. [സ. ക്രി. കീഴാക്കുക.]

കീഴാണ്ട്-കഴിഞ്ഞ സംവത്സരം, കഴിഞ്ഞയാണ്ടിൽ.

കീഴാനെല്ലി-ഒരു പടരുന്ന ചെടി, ഇതു പച്ചമരുന്ന്. [കിഴുകാനെല്ലിയെന്നും കാണുന്നു.]

കീഴാഠം-പ്രമാണിയുടെ വരുതി കേട്ടു നടക്കുന്ന ആൾ.

കീഴിട്ട്-താഴെ.

കീഴിൽ-അ. പ. പണ്ട്. ഉ. താഴെ.

കീഴിലെ-അ. പ. കഴിഞ്ഞ. ഉ. താഴത്തെ. ന. പണ്ടത്തെ.

കീഴ്-അ. പ. താഴെ. ഉ. പണ്ട്.

കീഴ്ക്കച്ചവടക്കാരൻ-വലിയ കച്ചവടക്കാരന്റെ ആളായിട്ടു കച്ചവടം ചെയ്യുന്നവൻ.

കീഴ്ക്കച്ചവടം-വലിയ മുതലാളിയോടു കടം വാങ്ങിച്ചും അവന്റെ ആളായിട്ടും ചെയ്യുന്ന കച്ചവടം.

കീഴ്ക്കടൽ-വി. പണ്ടത്തെ.

കീഴ്ക്കടൽ-കടൽത്തീരം.

കീഴ്ക്കണക്ക്-മുന്നിൽ കാണുന്ന കണക്ക്.

കീഴ്ക്കരൾ-കീഴ്ക്കരൾ.

കീഴ്ക്കാണി-മുന്തിരിയുടെ എണ്ണത്തിൽ ഒരു പങ്ക്, കാണിയുടെ മുന്നൂറിലൊരു ഭാഗം.

കീഴ്ക്കാന്തുക്ക്-അ. കീഴ്ക്കാമ്പേക്ക്.

കീഴ്ക്കാമ്പാട്ട്-കീഴ്ക്കാന്തുക്ക്.

കീഴ്ക്കാൽ-പ. ആയിരത്തിലൊരംശത്തിന്റെ എണ്ണത്തിൽ ഒന്ന്, ഒരു കീഴ്ക്കണക്ക്. ഉ തൊക്കിന്റെ ചാപ്പ.

കീഴ്ക്കിടപ്പുള-ബാക്കി, ശേഷിപ്പ്, മിച്ചം.

കീഴ്ക്കുട്ടം-സമ്പത്തിപ്പിള്ളയുടെ താഴെയുള്ള കണക്കെഴുത്തുകാരൻ, കീഴ്ക്കുട്ടപ്പിള്ള.

കീഴ്ക്കുറ്-ഇടക്കാലം. [കീഴ്ക്കുർവ്വ്.]

കീഴ്ജാതി-നീചജാതി, തീണ്ടുള്ള ജാതി
ക്കാരൻ.

കീഴ്ത്തൂർ-വി. രണ്ടാംതരം, വിലകറ
ഞ്ഞ.

കീഴ്ത്തെ-ഗ്രാ. കൊച്ചുതെരു. ഉ. ചെറിയ
തെങ്ങിൻ തൈ.

കീഴ്നാളിൽ-അ. കഴിഞ്ഞകാലത്തിൽ.

കീഴ്പ്പെടുക-കീഴാക്കുക. [സം. ക്രി.
കീഴ്പ്പെടുത്തുക.]

കീഴ്പ്പെട്ട്, കീഴ്പോട്ട്-അ. താ
ഴെയ്ക്ക്.

കീഴ്മതിയം-ചോറുപടി.

കീഴ്മണ്ണാട-മുമ്പിനാലുള്ള മറ, പണ്ട
ത്തെ ചട്ടം.

കീഴ്മാടമ്പ്-ഇടപ്രഭുക്കന്മാരുടെ താ
ഴെയുള്ള പ്രഭുത്വം.

കീഴ്മാടമ്പി-ഇടപ്രഭുക്കന്മാരുടെ വക
തി അനുസരിക്കേണ്ടുന്ന ഒരു ചെറിയ
പ്രഭു.

കീഴ്മാറി-മാറാകാഞ്ഞ പൊന്ന്.

കീഴ്മുക്കാൽ-മുന്തിരിയുടെമുക്കാൽഭാഗം

കീഴ്മുന്തിരി-മുന്തിരികൊണ്ടു മുന്താറി
യപ്പോൾ പങ്കുവെച്ചതിൽ ഒരു പങ്ക്, മു
കൊണ്ടു ലക്ഷത്തീരായിരത്തിനാനൂറു പ
കുവെച്ചതിൽ ഒരു പങ്ക്.

കീഴ്മുറി-താഴത്തെ മുറി.

കീഴ്മേൽ-അ. കീഴെയും മേലെയും.

കീഴ്ലോകം-പാതാളലോകം.

കീഴ്വയർ-വയറിന്റെ പാതിക്കുതാ
ഴെയുള്ള ഭാഗം, അടിവയർ.

കീഴ്വാക്ക്-ഗ്രാ. താണജാതിക്കാരുടെ
വാക്ക്. ഉ. ശകാരം.

കീഴ്വിചാരം- കീഴധികാരം, രണ്ടാമ
ന്റെയും മറ്റും അധികാരം.

കീഴ്ശാന്തി-മേൽശാന്തിക്കാരന്റെ താ
ഴെയുള്ള ശാന്തിക്കാരന്റെ വേല.

കീഴ്ശാന്തിക്കാരൻ-മേൽശാന്തിക്കാര
ന്റെ താഴത്തെ ശാന്തിക്കാരൻ.

കീഴകാനെല്ലി-കിഴകാനെല്ലി, കീഴാർ
നെല്ലി.

കീറൽ-വി. കീറിയ.

കീറൽ-ഗ്രാ. ചീന്തൽ, ഉ. വെട്ടി നീളത്തി
ലെടുക്കുക. ന. കീറി വേർതിരിക്കുക.

കീറാമുട്ടി-ഗ്രാ. പ്രയാസമുള്ള വ്യവഹാരം.
ഉ. കീറുവാൻ പ്രയാസമുള്ള വിറക്.

കീറ്-തുണ്ട്, പിളർപ്പ്, ചീന്തൽ.

കീറുക-ഗ്രാ. ചീന്തുക. ഉ. പിളർക്കുക. ന.
പോരുക [കാ. ക്രി. കീറിക്കുക.]

കീറ്റ്-പിളർപ്പ്, കീറി വേർതിരിച്ചുട
ത്ത പങ്ക്.

കീറുനാമം-ഉരുപ്പടിപുണ്ഡ്രം.

## കു

കു-ഭൂമി. ശബ്ദിക്കുന്നതെന്നർത്ഥം.

കു-ചീത്ത. കു> <സു. ഉ-ം, കുമതി> <
സുമതി.

കു-അ. ചില സംസ്കൃതവാക്കുകളുടെ മു
മ്പിയിൽ വന്നുചേരും പാപം, നിന്ദ്യം,
അല്പം, വിരോധം മുതലിങ്ങനെ അർത്ഥ
ങ്ങളും വരും.

കുകുടം-മദ്യം.

കുകുരം-ചക്രവാകപ്പക്ഷി.

കുകുരു-വി. ചൊറിച്ചിലുകയുള്ള, ശോഷിച്ച
കയുള്ള, രോഗാതുരകൊണ്ടു കയിനു
കുകുരുപോറിയ.

കുകർമ്മ-വി. ദുഷ്കർമംചെയ്യുന്ന.

കുകിലം-പദ്മകം.

കുകുടം-നീരാരൽ.

കുകുന്ദരം-ഗ്രാ. താമൽക്കഴി. നിരന്തരം
ദേശത്തെ കാറ്റടിക്കുന്നതെ
ന്നർത്ഥം.

[നിതംബപ്രദേശത്തിലുള്ള (തണ്ടെല്ലിന്റെ താഴെ നിതംബത്തിന്റെ രണ്ടു പാർശ്വങ്ങളിലുമുള്ള) രണ്ടു കഴിക്കീലുകൾ എന്ന പേർ.]

ഉ. കുങ്കുമവൃക്ഷം.

കുകുരം-പ്ര. നായ്. ഉ. തുണിയാങ്കം.

കുക്കുടി-ഇലവ്.

കുക്കുലം-പ്ര കറുകിലും നാട്ടിയകഴി. കുത്സിതമായ കുലം എന്നർത്ഥം. ഉ. ഭൂമിത്തി. സ. കവചം.

കുകോലം-ചെറിയലന്ത.

കുക്കുടം-ചൂടുക. [കുപ്പ്-ചൂട്.]

കുക്കുടഗുണചതുഷ്ടയം-പ്രഭാതത്തിൽ ഉണരുക, ക്ഷുദ്രരോടുതീറ്റി, പോരു്, ആപന്നായയായ നാരിയുടെ രക്ഷണം ഇവ നാലും.

കുക്കുടധ്വജൻ-സുബ്രഹ്മണ്യൻ.

[ശൂരപദ്മാസുരനെ കൊലചെയ്തപ്പോൾ അവന്റെ ശരീരത്തിൽ പകുതി കുക്കുടവും പകുതി മയിലുമായി. രണ്ടിനെയും സുബ്രഹ്മണ്യൻ സ്വീകരിച്ചുതിനാൽ ഈ പേർ വന്നു. സ്കന്ദപുരാണം നോക്കുക.]

കുങ്കുടപുടം-ലോഹാദികളെ സിന്ദൂരിക്കുന്നതിനു തീയിട്ടതിന്റെ ഒരു കണക്ക്. [സിന്ദൂരിക്കുക-പുടത്തിൽവെച്ചു സിന്ദൂരമാക്കുക.]

കുങ്കുടം-പ്ര. പൂങ്കോഴി, കോഴി. കുടിലമായി അഭിനയംചെയ്യുന്നവൻ എന്നർത്ഥം. ഉ. മയിൽക്കോഴി. സ. നായ്.

കുങ്കുടമസ്തകം-ചെവിയം.

കുങ്കുടശിഖം-പ്ര കയ്യമ്പൂവ്. ഉ. കോഴിപ്പൂവ്.

കുങ്കുടാണ്ഡകം-കോഴിമുട്ടൻമൈപ്പൂ.

കുങ്കുടി-പ്ര. പിടക്കോഴി. ഉ. വല്ല്. സ. ഇലവ്.

കുങ്കുടം-കാട്ടുകോഴി. കുക്കു എന്നു ശബ്ദിക്കുന്നതു് എന്നർത്ഥം.

[കുങ്കുപ്പക്ഷിയുടെ മാംസം മൂന്നു ദോഷങ്ങളെയും ശമിപ്പിക്കും. ഇതു കുക്കു എന്നു ശബ്ദിക്കും. നാട്ടുകോഴിയെപ്പോലെയിരിക്കും.]

കുങ്കുരം-പ്ര. നായ്. അനുമാനം ചെയ്യുന്നവനും ശബ്ദിക്കുന്നവനും എന്നർത്ഥം. ഉ. തുണിയാങ്കം. ശ്വാവിന്റെ സ്വഭാവത്തോടുകൂടിയതു് എന്നർത്ഥം. ശ്വാവിന്റെ ശബ്ദമുള്ളതു് എന്നുമാകാം.

കുങ്കുമവൃക്ഷം-ഒരൗഷധം.

[കഫം, രക്തദോഷം, പിത്തം, അതിസാരം, ചുട്ടനീർ, ചൊറി ഇവയ്ക്കു നന്നു്. ഇല പുകയിലപോലെ വലുതാണു്. പൂവിന്റെ നിറം താമരപോലെ.]

കുങ്കുരി-പെണ്ണാട്ടി.

കുങ്കുമം-വയറു്.

കുക്ഷി-പ്ര വയർ മുതലായ ഇൽനിന്നു പുറത്തേയ്ക്കു കൂടുന്നതുകൊണ്ടുള്ള പേർ വന്നു. മറ്റു പര്യായങ്ങൾ-പിചണ്ഡം, ജഠരം, ഉദരം, തുന്ദം. ഉ. ശർപ്പരം. സ. ഏതിന്റെയെങ്കിലും ഉൾവശം (ഉള്ളു്). ര. ഗുഹ. ഭി. കോടരം. യു. വാളിട്ടന്ന ഉറ.

കുക്ഷിപൂരണം-വയറുനിറയ്ക്കുക.

കുക്ഷിംഭരി-തന്റെ വയറു മാത്രം നിറയ്ക്കുന്നവൻ.

കുഗ്ഗള-വിൽനടുങ്ങിയ മൊട്ടു്. കഡ്മളം എന്നും കാണുന്നു. ഒന്നുള്ളതുകൊണ്ടുപാകത്തിലും കുട്ടികൊണ്ടുപാകത്തിലും ചെയ്യപ്പെട്ടതു് എന്നർത്ഥം.

കുഗ്രാമം-നാട്ടിൻപുറം.

കുങ്കുമപ്പട്ട-ഒരു കൊടിമരം.

കുങ്കുമപ്പൂ-കാശ്മീരദേശത്തുള്ള ഒരുതരം ചെമന്ന പൂവു്.

കുങ്കുമപ്പൂടി-കുങ്കുമപ്പൂവിൽ നിർമ്മിക്കുന്ന ചൊടി, കുങ്കുമം.

കുങ്കുമം-പ്ര. കാശ്മീർദേശത്തുള്ള ഒരുമാതിരി പൂവിൽനിന്നെടുക്കുന്ന ചെമന്ന ചായം. ഉ. ഒരുമാതിരി ചെമന്നുള്ള കറിക്കൂട്ട്, കുങ്കുമം-അടുക്കാനായിട്ടുപയോഗപ്പെടുന്നത് എന്നർത്ഥം. പര്യായങ്ങൾ-കുങ്കുമം, കാശ്മീരജന്മാ, അഗ്നിശിഖം, വരാ, ബാല്ഹീകം, പീതനം, രക്തം, സങ്കോചം, പിശുനം, ധീരം, ലൊഹിതചന്ദനം.

[വാതം, പിത്തം, കഫം, ശിരോരോഗം, ക്ഷീണം, ക്ഷയം, വ്യംഗ്യം, കഫം, കൃമി, ചർദ്ദി, വിഷം, കണ്ണുരോഗം, അരുചി, ഇവയ്ക്കും ഇവകൊണ്ടുണ്ടാകുന്നതിനും ഉത്തമം, നിറത്തെ നന്നാക്കും. ബലത്തെ വർദ്ധിപ്പിക്കും. കുങ്കുമത്തിനു പകരം കുങ്കുമപ്പൂവു ചേർക്കാം. ഇംഗ്ലീഷിൽ (Saffron) സേഫ്രൺ]

കുങ്കുമവർണ്ണം-ചെമപ്പ്.

കുങ്കുമി-വലിയ വാല്പഴവം.

കുഡുമ്പ, കുടുമ്പ-പുറുന്തോകുന്നതിനുള്ള ഒരുപാട്.

കുടങ്ങിക്കാ, കുടങ്ങി-ചെറുകുടമ്പാ.

കൊട്ടം–ഒരുങ്ങാടിമരുന്നു്, പയ്യെയങ്ങാം–വ്യാധി, കഫം, പരിഭവം, വാപ്യം, പാകലം, ഉൽപലം.

[വാതം, വിക്കം, വിസൂചി, വാതരക്തം, വായുമുട്ടൽ, ചുമ, ചൊറി, മിരങ്ങു്, കഫം, കഫം, തണ്ണീർരോഗം, തൊണ്ട, ചുമ, ഇക്കിൾ, രക്തദോഷം, മുലപ്പാൽ ഇവയ്ക്കു നന്നു്. കണ്ണിനു ഹിതം. സ്വരം നന്നാക്കും. തമിഴിൽ–കൊട്ടം. ഇംഗ്ലീ–Costus root. കോസ റൂട്ട്. കൊട്ടം അധികമായുണ്ടാകുന്നതു സിന്ധുനദിയിൻകരയിലാണു്. മാൻ കൊമ്പിന്റെ ആകൃതിപോലെയുള്ളതും പുഴുക്കളുകൊണ്ടു പിന്നും വന്നിട്ടില്ലാത്തതുമാണു് ഉപയോഗിക്കേണ്ടതു്. കൊട്ടം അരച്ചു പുറത്തു പിരട്ടിയാൽ വാതവ്യാധിയെ അടിക്കും]

കൊട്ടയാട്ടുക–ക. കടയുക, കലക്കുക, ഉ. തൈരുക, പ്രയാസപ്പെടുത്തുക [സം. ക്രി. കൊടയാട്ടുക].

കൊട്ടയാട്ടം–ക. കടയൽ ഉ. തൈരൽ, ബുദ്ധിമുട്ടു്.

കൊട്ടവൻ(ആല)–ചെമ്പുകൊട്ടി.

കൊട്ടാരം–ക. രാജാക്കന്മാരുടെ രാജധാനി ഉ. ക്ഷേത്രത്തിലെ വകയായ ഭവനം.

കൊട്ടി–ക. ജലത്തിലുള്ള ഒരു ചെടി. ഉ. ചില സ്ത്രീകൾ കഴുത്തിൽകെട്ടുന്ന ഒരാഭരണം. ഗ. കാളയുടെ കഴുത്തിൽകെട്ടുന്ന ഒരു വസ്തു.

കൊട്ടിക്കിഴങ്ങു്–വെള്ളത്തിലുണ്ടാകുന്ന ഒരുമാതിരി ചെടിയുടെ കിഴങ്ങു്.

കൊട്ടിക്കൊല്ലം–ചന്ദ്രഗിരിക്കടുത്തു മലബാറിന്റെ വടക്കേഅറ്റത്തുള്ള പണ്ടത്തെ ഒരു പട്ടണം.

കൊട്ടിച്ചിരിക്കുക–കൈപ്പടങ്ങളും യോജിപ്പിച്ചും ശബ്ദിപ്പിച്ചുംചിരിക്കുക, കൈകൊട്ടിച്ചിരിക്കുക.

കൊട്ടിച്ചൊരിയുക–കടഞ്ഞിടുക.

കൊട്ടിത്തരിക്കുക–രോമാഞ്ചമുണ്ടാവുക.

കൊട്ടിത്തരിപ്പു്–രോമഹർഷം.

കൊട്ടിപ്പാട്ടു്–കൊട്ടുമ്പോൾ കൂടെയുള്ള പാട്ടു്.

കൊട്ടിയമ്പടം–വലിയിലും മറ്റും അകത്തു കടപ്പാനുള്ള (ചെറിയ)വഴി. കൊട്ടിയം=(തമിഴ്)–കാട്ടു].

കൊട്ടിവിളംബുക–വിളംബരം അറിയിക്കുക

കൊട്ടിൽ–ക. കന്നുകാലികളുടെയും മറ്റും വീടു്. ഉ. കടിൽ. ഗ. തൊടുപുര.

'കൊട്ടിൽ ഉണ്ടു കാരിച്ചുന്നോരു'
(രുക്മിണീസ്വയംവരം തുള്ളൽ)
[തൊടുപുര എന്നർത്ഥം].

കൊട്ടുക-ക്രി. വാദ്യങ്ങളും അടിച്ചു ശബ്ദിപ്പിക്കുകയും തല്ലുകയും മറ്റും ചെയ്യുക. പ. മുട്ടിക്കുടയുക [കാ. ക്രി. കൊട്ടിക്കുക].

കൊട്ടുകാൽ-നടക്കുമ്പോൾ തമ്മിൽ ക്ഷുട്ടിമുട്ടുന്ന കാൽ.

[തമ്മിൽ ഏറ്റവും അടുപ്പമുള്ള മുട്ടുകളോടുകൂടിയവനു പശ്ചായങ്ങളും - സംജ്ഞാ., സംഹതജാനുകൻ].

കൊട്ടുകാരൻ-കൊടുന്നവൻ.

കൊട്ടുകോൽ-വാദ്യങ്ങളിൽ കൊട്ടുവാനുള്ള കമ്പു്, കൊട്ടുകമ്പു്.

കൊട്ടുതടി, കൊട്ടുപിടി-ആശാരിയുടെ പണിക്കോപ്പുകളിൽ ഒന്നു്.

കൊട്ടുപണി-പിച്ചളയും മറ്റും കൊണ്ടുള്ള പണി.

കൊട്ടുമാരയാൻ-കൊടുന്ന ഒരു ജാതിക്കാരൻ.

കൊട്ടുമുഴക്കം-വാദ്യത്തിന്റെ പെരുപ്പം.

കൊട്ടുവടി-കൊട്ടുകോൽ

കൊട്ടുവെള്ളം-പൊട്ടുവെള്ളം, വൃക്ഷങ്ങളിൽനിന്നും വീഴുന്ന മഴവെള്ളത്തുള്ളി.

കൊട്ടോട്ട്-കുതിരോട്ടം.

കൊണി-ച്ചം-അറം, മൂല.

കൊണ്ട-ക്ര. സ്ത്രീകളും (ഒരു വസ്തുവിനെയും) കെട്ടിവെച്ച തലമുടി. പ. കേശപാശം.

കൊണ്ടർ-പർവ്വതം വസിക്കുന്നു.

കൊണ്ടൽ-ക്ര. മേഘം പ. ശ്യാമ നിറമുള്ളതായ കൃഷ്ണൻ.

കൊണ്ടൽകോഠം-മഴക്കാറു്.

'കൊണ്ടൽക്കൊമ്പാൽ കലിതകളുകം പീലിയെല്ലാംപതത്തി'

(മയൂരസന്ദേശം)

കൊണ്ടൽവർണ്ണൻ-ശ്രീകൃഷ്ണൻ. മേഘനിറമുള്ളവൻ എന്നർത്ഥം.

കൊണ്ടവാറു-അ. വാങ്ങിച്ചുപോകാരം.

കൊണ്ടൽവേണി-അധികം കറുത്ത തലമുടിയുള്ളവൾ, സുന്ദരി.

കൊണ്ടറി-ചില കളികൾക്കു തറയിൽ ഇട്ടുന്ന (ചെയ്യുന്ന) അടയാളം.

കൊണ്ടാടുക-ക്രി. ആദരിക്കുക. പ. സന്തോഷിക്കുക, വാഴ്ത്തുക. നു. സ്തുതിക്കുക. ഭ. സന്തോഷിച്ചു തലകുലുക്കുക.

കൊണ്ടാട്ടം-ക്ര. സ്തുതി, പ്രശംസ. പ. ആദരിച്ചും സന്തോഷിച്ചുമുള്ള തലകുലുക്കൽ. നു. വത്തൽ, ഉപ്പേരി വറുക്കുന്നതിനു കുമ്പളങ്ങ മുതലായതു നുറുക്കി ഉപ്പിലിട്ടുണക്കിയതു്. ഭ. മുതിരയും മറ്റും കൊണ്ടുണ്ടാക്കുന്ന ഒരു കറി.

കൊണ്ടി-വി. ഇണക്കമില്ലാത്ത, അനുസരണമില്ലാത്ത.

കൊണ്ടി-ക്ര. സ്ത്രീകൾ കഴുത്തിൽകെട്ടുന്ന ഒരാഭരണം.

[ഇതു ചെറിയ താലിപോലെയിരിക്കും-പക്ഷേ താലിയുടെ തല ഇതിനുണ്ടായിരിക്കയില്ല. ഇപ്പോൾ അധികമായി ഉപയോഗപ്പെടുത്തിവരുന്നതു നായർ സ്ത്രീകളാണു്].

പ. പശു കറപ്പിക്കാതെ ഇരിക്കുന്നതിനു ചെയ്യുന്ന ഒരു ക്ഷുദ്രം. [ക്രി-കൊണ്ടിയിടുക].

കൊണ്ടിരിക്കുക-ക്ര. ചേർന്നിരിക്കുക. പ. കൈവശത്തിലിരിക്കുക.

കൊണ്ടിലാൻ-ഒരു ചെറിയ പക്ഷി.

കൊണ്ടിളക്കുക-ആയുധങ്ങളോ മറ്റോ കൊണ്ടുകേറ്റ മുറിവശ്ശു കടുക്കുക.

കൊണ്ടു-അ. തൃതീയ വിഭക്തിയുടെ അർത്ഥത്തിനായിട്ടു ചേർക്കുന്ന ഒരവ്യയം.

കൊണ്ടുചാടുക - വേഗത്തിൽ എടുത്തുകൊണ്ടുപോവുക.

കൊണ്ടുനടക്കുക-ക്ര. കൊണ്ടുപോവുക. പ. എടുത്തുംകൊണ്ടു സഞ്ചരിക്കുക, ചുമക്കുക നു. പ്രസിദ്ധമാക്കുക. ഭ. മോഷ്ടിച്ചു കൊണ്ടുപോവുക.

കൊണ്ടുപിടിക്കുക-ക്ര. തമ്മിൽചേർന്നുരയ്ക്കുക, കുടിപ്പാറുക. പ. നല്ലവണ്ണം ഉത്സാഹിക്കുക നു. അധികമാവുക.

കൊണ്ടുപിടിത്ത -ക്രി. തന്നിൽചേർന്നിരിയ്ക്കുക. ഉ. നല്ലവണ്ണമുള്ള ഉത്സാഹം. നു. അധികത.

കൊണ്ടുരസികുക-നല്ലവണ്ണംമനസ്സിൽ കൊള്ളുകനിമിത്തം അധികം സന്തോഷിക്കുക.

കൊണ്ടുരുക-അസ്ഥിമാംസമുള്ളിടം മറേറം കൊണ്ടുകേറിയതു തിരിയെ ഇറങ്ങുക.

കൊണ്ടൊഴിയുക-ഏറ്റുത്തുകൊണ്ടു മാറിപ്പോവുക.

കൊണ്ടോടി-സൂചി.

കൊത-കൂത, തെങ്ങു മുതലായവയിൽ കയറുന്നതിനും വല്ലതും ഒന്നിച്ചു ചേർക്കുന്നതിനും മറവും ഏച്ചുപണിനുവേണ്ടി അല്പം വെട്ടിയെടുത്തുകളക.

കൊതം-ഇടം.

കൊതി-ക്രി. അത്യാഗ്രഹം. ഉ. ഭക്ഷിച്ചതു മഹിക്കാഞ്ഞാലുണ്ടാകുന്ന ഒരു രോഗം.

കൊതിക്കുട്ടുക-കൊതി ഏൽക്കുക.

കൊതിക്കുക-അത്യാഗ്രഹിക്കുക.

കൊതിത്തരം-കൊതിയുള്ളവന്റെ ശീലം

കൊതിനാം-ക്രി. ഇഞ്ചിയുടേയും മറവും പുറത്തെ തൊലി. ഉ. നാക്ക്, ശംഖം.

കൊതിപ്പുല്ല്-ഒരുമാതിരി പുല്ല്.

കൊതിപ്പേട്ട്-ഭക്ഷിച്ചതു മഹിക്കാഞ്ഞാലുണ്ടാകുന്ന ഏമ്പക്കം.

കൊതിമണം – അജീർണ്ണത്തിലുണ്ടാകുന്ന ഏമ്പക്കത്തിന്റെ നാറ്റം (ദുർഗ്ഗന്ധം)

കൊതിയൻ-ക്രി കൊതിയുള്ളവൻ, ഭോജനപ്രിയൻ. ഉ. ഒരുവക മത്സ്യം.

കൊതിവെയ്ക്കുക-ഒരുവൻ കണ്ടു കൊതിച്ച വസ്തു ഭക്ഷിക്കുകകൊണ്ടു രോഗംവരുക.

കൊതുക്-പറക്കുന്ന ഒരുവക ചെറിയ പ്രാണി.

വീടുകളുടെ മുഖങ്ങളിൽ മഞ്ഞളും തേച്ചു പിടിപ്പിക്കുകയും ഗൃഹങ്ങൾക്കു പുറം മുട്ടിയിലും പിടിപ്പിക്കുകയും ചെയ്താൽ കൊതുകുകളുടെ ഉപദ്രവം ഇല്ലാതെയിരിക്കും.

കൊതുകൊതുക്ക-പല്ലുകടിക്ക.

കൊതുമ്പ്-ക്രി. തെങ്ങിൻപൂക്കുലയുടെ പുറമേയുള്ള പോള. ഉ. തൽക്കതിരിന്റെ പുറമേയുള്ളത്.

കൊത്തു-ക്രി.1 പക്ഷികളുടെ മുണ്ടുകൊണ്ടുള്ള പ്രയോഗം. ഉ. വെട്ടുകത്തി, കത്തി മുതലായവകൊണ്ടു പതുക്കെ വെട്ടുക. നു. വെട്ട്. 2. തെങ്ങുമുതലായതിന്റെ ചാരെവെട്ടുന്നാൽ ശേഷിപ്പുള്ളത്; പിഴിഞ്ഞതിക്കുമ്പോഴുണ്ടാകുന്ന പിശട്ട്. 3. പാമ്പിന്റെ കടി. നു. കല്ല് മരം മുതലായതിൽ പണിയുണ്ടാക്കിയ ചിത്രം. 4. പതുക്കെ കിളയ്ക്കുക. വു. തെങ്ങോപ്പള്ള മുതലായ ചില രക്ഷണം. ൻ. കൊത്തിപ്പണിക. ക്രി. പൂങ്കൊത്തു്, പൂക്കളുടേയോ തളിരുകളുടേയോ കൂട്ടം (കല).

കൊത്ത-വി. മൂക്കാത്ത. ഉം, കൊത്തച്ചുക്ക.

കൊത്തൻ-ധാന്യങ്ങളെ നശിപ്പിക്കുന്ന ഒരുവക പുഴു.

കൊത്തമ്പാലരി-ഒരുമാതിരി നെല്ല്. പയ്യെയങ്കം-ചന്ദനം, വിളക്കുന്നകം, കസ്തൂരി, ധാന്യകം.

[ശ്രീ ഭോക്ഷം, തണ്ണീർമോഹം, ചന്ദനം, മുട്ടുനീറൽ, പൂട്ട്, മഷി, കൃമി, ഒലിവ്, മകരാക്ഷം, അർശസ്സ്, വായുമുട്ടൽ എന്നിവകളെ നശിപ്പിക്കും. കണ്ണിനു ഹിതം. രുചിയെ ഉണ്ടാക്കും. മലത്തെ പിടിപ്പിക്കും. ഇതുകിട്ടാതെവന്നാൽ പകരം ശർക്കര ചേർക്കാം. സംസ്കൃതത്തിൽ–ധാന്യകം. തമിഴിൽ–കൊത്തമല്ലി. ഇംഗ്ലീഷിൽ–Coriander seed കൊറിയാണ്ടർ സീഡ്].

കൊത്തമരം-ഒരുമാതിരി വള്ളിപ്പയറ്.

കൊത്തമല്ലി-ഛ കൊത്തമ്പാലരി. ഛ. ഒരു ദേവി, ഭദ്രകാളി.

കൊത്തരക്കല്ല്-ഭംഗിയില്ലാത്തതും മുനയുള്ളതുമായ കല്ല്.

കൊത്തൽ-കൊത്തുക

കൊത്തവാഠം-(കൊത്തുവാഠംനോക്കുക)

കൊത്തളം-ഛ. കോട്ടയുടെ മുകളിലുള്ള വെടിപ്പഴുത്ത്, തോക്കുവെയ്ക്കുന്നതിനുള്ള ദ്വാരം. ശത്രുക്കളുടെ വരവിനെ ദൂരത്തന്നെ നോക്കി ഗ്രഹിക്കുന്നതിനും അവരെ തടുക്കുന്നതിനുമായി രാജധാനിയോടു ചേർത്തു പണിയുന്നതും, പട്ടണത്തിന്റെ അതിർത്തികളിലും മറ്റും ഉയരത്തിൽ കെട്ടിയുണ്ടാക്കുന്ന തെരുവു മണ്ഡപം. പര്യായങ്ങൾ-അട്ടം, ക്ഷേത്രമം.

[ഇതിൽ എല്ലാ യുദ്ധസാമഗ്രികളും രാജഭടന്മാരും എല്ലാപ്പൊഴും തയാറായിരിക്കും].

ഛ. മരത്തൊട്ടി.

കൊത്തി-ഛ. തോക്കിന്റെ കൊത്തിക്കുന്ന സാധനം. ഛ. മഴു.

കൊത്തിനിരത്തുക- അല്പമായിട്ടു കിടച്ചു നിലം നിരപ്പാക്കുക.

കൊത്തിപ്പിരിക്കുക - പക്ഷികൾ മുട്ടയിൽനിന്നു കുഞ്ഞുങ്ങളെ വേർതിരിക്കുക, പക്ഷികൾ പ്രായംചെന്ന കുഞ്ഞുങ്ങളെ വേർതിരിക്കുക.

കൊത്തിയെടുക്കുക-ഛ. പതുക്കെ വെട്ടിയെടുക്കുക. ഛ. പക്ഷിയോ മറ്റോ മുണ്ടുകൊണ്ടെടുക്കുക.

കൊത്തിവലിക്കുക- പക്ഷിയും മറ്റും മുണ്ടുകൊണ്ടു പിടിച്ചിഴയ്ക്കുക

കൊത്തിവിരിക്കുക-പക്ഷികൾ മുട്ടകളിൽനിന്നു കുട്ടികളെ വേർതിരിക്കുക.

കൊത്തിവിളിക്കുക-പിടക്കോഴി കുഞ്ഞിനെ വിളിക്കുക.

കൊത്തിറം, കൊത്തിൽ - ഒരുവക പക്ഷി,

കൊത്തുക-ഛ പക്ഷി മുണ്ടുകൊണ്ടു പ്രവർത്തിക്കുക. ഛ വെട്ടുകത്തി കത്തി മുതലായവകൊണ്ടു പതുക്കെ വെട്ടുക. ന. വെട്ടുക ർ. പായുകടിക്കുക. ഇ പതുക്കെ കിളയ്ക്കുക. ന. കൊത്തിപ്പണിക. ഒ കല്ലു മരം മുതലായവയിൽ ചിത്രം പണി ഉണ്ടാക്കുക. വ. ചക്കയോ വാഴത്തടയോ മുറിച്ചു ചെറുതാക്കി നുറുക്കുക. [സ. ക്രി. കൊത്തിക്കുക.]

കൊത്തുകരുവ്- കൊത്തിപ്പണിയുന്നതിനുള്ള ഉളി.

കൊത്തുപണി-കരിങ്കല്ലിലും ആനക്കൊമ്പിലും മറ്റും കത്തിയുണ്ടാക്കുന്ന ചിത്രം.

കൊത്തുവശള-ഒരുവക ചീര. പര്യായം-ഉപോദകി.

കൊത്തുവാൾ(ഠം)-ചില ചന്തകളിലെ ഒരു വിചാരിപ്പുകാരൻ, ഒരു ഉദ്യോഗസ്ഥൻ. [പൊർട്ടുഗീസ് ഭാഷ].

കൊന്ത-ഛ. ഒരു വൃക്ഷം ഛ. കൊന്തകൊണ്ടുള്ള മാല.

കൊന്നഷ്ടം, കൊനിഷ്ടം, കുന്നഷ്ടം-വൈഷമ്യം, പ്രയാസം.

കൊന്നൻപല്ല്, കൊന്നറപ്പല്ല്-ഭംഗികേടായിട്ടു ചരിഞ്ഞോ പൊങ്ങിയോ ഇരിക്കുന്ന പല്ല്.

[കൊന്നപ്പല്ലൻ എന്നതിനു പര്യായം-കരാളൻ].

കൊന്നൻപുല്ല്-ഒരുമാതിരി പുല്ല്.

കൊന്നമണി-കൊന്നയുടെ കുരു.

കൊന്ന-വി. അധികം വലുതായി കായ്ക്കുന്ന സമയംകഴിഞ്ഞു നില്ക്കുന്ന.

കൊന്ന-ഒരു വൃക്ഷം. പര്യായങ്ങൾ-അരഗ്വധം, രാജവൃക്ഷം, ശമ്യാകം, ചതു

രംഗമുഖം, ആരേവതം, വ്യാധിഘാതം, കൃതമാലം, സുവർണ്ണകം.

കൊന്നചൂടുംപുരാൻ-ശിവൻ.

കൊന്നത്തെങ്ങ്-കായ്ക്കുന്തെ വലുതായി നില്ക്കുന്ന തെങ്ങ്.

കൊന്നി-കവിൾ.

കൊപ്പ്-ചിലമതി സ്ത്രീകൾ മേൽക്കാതിലിടുന്നതിൽ ഒരാഭരണം.

കൊപ്പം-കാട്ടാനയെ പിടിക്കുന്ന കഴി. ൨. അപകടം.

കൊപ്പര, കൊപ്രാ-ഉണങ്ങിയ തേങ്ങാ.

കൊപ്പിളിക്കുക-കവിൾ കൊള്ളുക, കുലുക്കഴിയുക.

'കട്ടകുടേ വന്നു രുധിരംകൊപ്പിളി
ച്ചുടൽപൊടിയവേ ചവിട്ടിയും തമം'
(പാതാളരാമായണം)

കൊപ്പുരം-പൊക്കിൾ.

കൊമ-൧. കവിൾ. ൨. അടി, തല്ല്.

കൊമ്പ്-൧. കാളയുടെയും മറ്റും തലയിൽ കാണുന്ന കൊമ്പ്. ൨. ആനയുടെ വായിലേ കൊമ്പ്. ൩. കഴൽ, ഉരയ്ക്കുന്നതിനുള്ള ഒരു വളഞ്ഞ വസ്തു. ൪. മരത്തിന്റെ ശിഖരം. ൫. പല്ലക്കിന്റെ തണ്ട്.

കൊമ്പനാന-ആണാന, കൊമ്പുള്ള ആന.

കൊമ്പൻനൈ-എരിമയേന.

കൊമ്പൻ-൧ കൊമ്പനാന. ൨. നട്ടപ്പ മീനം. ൩. ഒരു മത്സ്യം. ൪. ഉറക്കാരൻ.

[കൊമ്പൻമീൻ വാതത്തെ ശമിപ്പിക്കും. രുചികരമാണ്. സാസ്കൃതത്തിൽ-ശ്രംഗി. ഇംഗ്ലീ-(Sheat-fish) ഷീറ്റ് ഫിഷ്].

കൊമ്പൻമീറാക്ക്-ഒരുതരം മത്സ്യം.

കൊമ്പി-പാട്ടു എരിമ പെണ്ണാട് മുതലായ കൊമ്പുള്ള മൃഗസ്ത്രീകൾ. ൨. ഒരു മത്സ്യം.

കൊമ്പിക്ക-കോപിക്ക.

കൊമ്പുകാരൻ-കൊമ്പ് എന്നുള്ള വാദ്യത്തെ ഊതുന്നവൻ.

കൊമ്പേറിമൂക്കൻ-മരത്തിന്റെ കൊമ്പുവഴി സഞ്ചരിക്കുന്ന ഒരുവക പാമ്പ്.

കൊയിഞ്ഞ്-അവപ്പ്, നെല്ലും മറ്റും വിളഞ്ഞാൽ ചെത്തിയെടുക്കുക.

കൊയിത്തരിവാൾ-നെല്ല്, ചാമ മുതലായവ കൊയ്യുന്നതിനുള്ള കത്തി.

കൊയിത്താൾ-കൊയ്യുന്നവൻ.

കൊയിത്തുകാരൻ-കൊയ്യുന്നവൻ.

കൊയിത്തുകൂട്ടുക-കൊയ്ത്തുകഴിയുക.

കൊയിത്തുപിടിക്കുക-കൊയ്ത്തുടങ്ങുക.

കൊയ്കുക-നെല്ല് മുതലായ ധാന്യങ്ങൾ ചെത്തിയെടുക്കുക. [കാ. ക്രി. കൊയ്യിക്കുക]. പയ്യായങ്ങൾ-ലവം, അല്പലവം, ലവനം.

കൊല-കൊല്ലുക.

കൊലക്കളം-കൊല്ലുന്ന സ്ഥലം.

കൊലക്കുറ്റം-വല്ല ആളേയും കൊന്നതിലുള്ള ശിക്ഷ.

[വാറണ്ടുകൂടാതെ പിടിക്കാം. ഈ കുറ്റം വരണ്ടേയ്ക്കണം. ജാമ്യം ഏർപ്പെടുകൂടാ, രാജിയായിപ്പോകാനും പാടില്ല. ജീവപര്യന്തം തടവും പിഴയും വിധിക്കുന്നതാണ്. വിസ്താരം സെഷൻസ് കോടതി. ശ. നി വകുപ്പ് നോക്കുക].

കൊലായുധം-കൊല്ലുന്നതിനു കൊണ്ടുപോകുന്നതും കാരണഭൂതനായ കൊടുക്കുന്ന ഷോറ്.

കൊലായിപ്പ്-കൊല്ലുന്നതിനു കോടതി അനുവദിക്കുന്ന വിധി.

കൊലനിലം-കൊലചെയ്യുന്ന സ്ഥലം.

കൊലപാതകൻ-കൊലചെയ്യുന്നവൻ.

കൊലപാതകം-പ. കൊല, ഉ. കൊല ചെയ്യുന്നതുള്ള പാപം.

കൊലപ്പല്ല്-വ്യാഘ്രത്തിന്റെയും മറ്റും വലിയ പല്ല്.

കൊലപ്പുന്നു്-വയറിലുള്ള വെര.

കൊലമാല-കൊലക്കുറ്റം ചുമത്തപ്പെട്ട വനിടുന്ന മാല.

കൊലയാന-കൊല്ലുന്ന ആന.

കൊലവില്ല്-കൊലചെയ്യാനുള്ള വില്ല്.

കൊലവിളി-പ. മരണത്തിനു മുമ്പു പുറപ്പെടുവിക്കുന്ന വലിയ ശബ്ദം. ഉ. കൊല്ലുന്നസമയത്തുള്ള നിലവിളി.

കൊലു-പ. ദാസവൃത്തി, രാജഭൃത്യത്വം, ഉ. ഐശ്വര്യം, അഭിവൃദ്ധി.

കൊലുമ - അതിശയം, ആഡംബരം. കൊലുമ 'കൊലു' എന്ന ധാതുവിൽ നിന്നു നന്മാത്രുദ്ധിതൻ.

'കാന്തിക്കാതൽ കൊലുമ കലരും
കണ്ണനേത്രന്റെ ബിംബം'

(മയൂരസന്ദേശം)

കൊലുവു്-ഭാഗ്യം.

കൊലുസ്സ്-(നായർ ബാലികമാർ) കാലിൽ ഇടുന്നതും വെള്ളിയിൽ ചെയ്യപ്പെടുന്നതുമായ ഒരാഭരണം. ഉ. ബ്രാഹ്മണസ്ത്രീകളും കൈയിൽ ഇടുന്നതിനായി പൊന്നുകൊണ്ടു മുടവുപോലെ തീർപ്പിക്കുന്ന ഒരാഭരണം.

കൊല്ല-ചിറ, മട, ചെറിയ തോട്ട്.

കൊല്ലക്കുടി-കൊല്ലന്മാരുടെ വീട്ടിൻ കൂട്ടം, കൊല്ലന്റെ ആല.

കൊല്ലക്കുറിപ്പു്-തോൽകൊണ്ടു വേല ചെയ്യുന്ന ഒരു ജാതിക്കാരൻ.

കൊല്ലത്തി-കൊല്ലന്റെ സ്ത്രീ.

കൊല്ലൻ-ഇരിമ്പു പണിയുന്ന ഒരു ജാതിക്കാരൻ.

കൊല്ലമുളകു്-ഒരുമാതിരി വലിയമുളകു്; കപ്പമുളകു്.

കൊല്ലം-ആണ്ടു്, സംവത്സരം. ഉ. ഒരു ദേശം, തിരുവിതാംകൂറിലെ ഒരു താലൂക്കു്.

[കൊല്ലവർഷാരംഭം - കലിവർഷം നൽപതു-ന്ന ക്രിസ്താബ്ദം വുഉ-ൽ തിരുവിതാംകൂറിൽ രാജ്യഭാരംചെയ്തിരുന്ന ഉദയമാർത്താണ്ഡവർമ്മരാജാവു വടക്കൻ കൊല്ലത്തു എഴുന്നള്ളി കേരളത്തിലെ സകല വിദ്വാന്മാരെയും വരുത്തി സൂര്യന്റെ ഗതി കണക്കുകൂട്ടി നോക്കി ചിങ്ങമാസം പ-ാംനു- മുതൽ ഒരു പുതിയ വർഷം നിശ്ചയിച്ചു. അതിനു കൊല്ലവർഷം എന്നു പേർ. ഈ മഹാരാജാവു കൊല്ലം ഇ-ാം ആണ്ടിൽ നാടുനീങ്ങി. കൊല്ലവർഷാരംഭവത്സരമായ വുഉ-ാം വർഷത്തോടു ഏകദേശമടുത്താണു പെരുമാക്കന്മാരുടെ വാഴ്ച അവസാനിച്ചതും ശ്രീ ശങ്കരാചാര്യസ്വാമി അവർകൾ അവതരിച്ചു ദിഗ്വിജയംചെയ്തു അദ്വൈതശാങ്കരമതം സ്ഥാപിച്ചതും. ഈ രണ്ടു സംഗതികളിൽ മന്നിന്റെ സ്മരകമായിട്ടാണു കൊല്ലവർഷം എന്നൊരു ശബ്ദം ആരംഭിച്ചതു എന്നു പ്രബലമായ അഭിപ്രായമുണ്ടു്].

കൊല്ലവർഷം-ആണ്ടു്.

കൊല്ലാക്കൊല-ക്രമത്തിലധികം വേദനപ്പെടുത്തുക; കൊല്ലാതെ കൊല്ലുക.

കൊല്ലായ്ക-നന്മ്മ.

കൊല്ലായി - വരമ്പിന്റെ പൊട്ടൽ, ഉടവു്.

കൊല്ലി-പ. കൊല്ലുന്നവൻ. ഉ. ഒരുമാതിരി തുമ്പ, കുന്തണി. ന. മൂല.

കൊല്ലുക-പ. ശരീരത്തിൽനിന്നു ജീവനെ കളയുക. പര്യായങ്ങൾ-പ്രമാപണം,

നിഷേഹ്നം, നികാരണം, നിശാരണം, പ്രവാസനം, പരാസനം, നിഷൂദനം, നിഹിംസനം, നിവ്വാസനം, സംജ്ഞപനം, നിർഗ്രന്ഥനം, അപാസനം, നിസ്തഹ്നം, നിഹനനം, ക്ഷണനം, പരിവജ്ജനം, നിർവ്വാപണം, വിശസനം, മാരണം, പ്രതിഘാതനം, ഉപാസനം, പ്രഥമനം, കൃതനം, ഉജ്ജാസനം, അലംഭം, പിഞ്ജം, വിശരം, ഘാതം, ഉന്മാഥം, വധം. ൨. പഴയ പായ് പരമ്പു മുതലായവയെ നന്നാക്കുക. [സംക്ഷി. കെല്ലിക്കുക].

കൊവിട്ട്-കവിൾ.

കൊവ്വംപറക്ക-കുട്ടികൾ ഒറ്റക്കാലിൽ ചാടുക.

കൊശി-ചെചി, സ്വാദ്, കൊതി, തൃഷ്ണ.

കൊസ്തുവ്-കൊശി.

കൊസ്രാക്കൊള്ളി-ക്ര. ഉപദ്രവം. ൨. തടസ്സം. ന. വിഷമം.

കൊഠം-ക്ര. മുതിര. ൨. കോണ്.

കൊഠംകുക-കൊള്ളുക.

കൊളകം-വയനാട്ടു മുതലായ സ്ഥലങ്ങളിലെ @ ഇടങ്ങഴി കൊള്ളുന്ന ഒരളവ്.

കൊളുത്തു-ക്ര. തുടലുകളിലും മറ്റും കോർക്കുന്നതിനു ഇരിയു മുതലായതുകൊണ്ടുണ്ടാക്കിയ മത്സ്യാകൃതിയിൽ വളഞ്ഞ സംഗതം. ൨. ശരീരത്തിനുള്ളിലുണ്ടാകുന്ന കോച്ചു്, ഒരു സുഖക്കേടു്, വിലക്ക്. ന. തീകൊണ്ടുചെന്ന വല്ലതിലും പിടിപ്പിക്കുക.

കൊളുത്തുക-ക്ര. ഇരിയു മുതലായതുകൊണ്ടുള്ള കൊളുത്തുകൊണ്ടു തൊടുത്തുക. ൨. ശരീരം (തന്നെയു) കോച്ചുക. ന. തീ പിടിപ്പിക്കുക.

കൊള്ള-ക്ര. വലിയ മോഷണം, കവർച്ച. ൨. കൊതപ്പു.

കൊള്ളകൊടുക്കുക-ബലമായി മോഷ്ടിക്കുക.

കൊള്ളക്കൊടുക്ക-കൊടുക്കയും വാങ്ങിക്കയും ചെയ്ക.

കൊള്ളപ്പുട-കവർച്ചയുള്ള സ്ഥലം.

കൊള്ളയിടുക-ബലാൽക്കാരമായി മോഷ്ടിക്കുക.

കൊള്ളരുതാത്ത-വി. ചീത്തയായ, ഉപകാരമില്ലാത്ത.

കൊള്ളാകുന്ന-വി. നല്ലതായ, ഉപകാരമുള്ള.

കൊള്ളാകുക-നല്ലതായിത്തീരുക.

കൊള്ളാത്ത-വി. കൊള്ളരുതാത്ത. ൨. പാത്രത്തിലോ മറ്റോ ഒതുങ്ങാത്ത.

കൊള്ളാം-വി നല്ല.

കൊള്ളാ-അ. സമ്മതിച്ചു പറയുന്ന ഒരു വാക്ക്. നല്ലതായി, നന്നായ്. (വ്യാകരണത്തിൽ) ഒരു വ്യാക്ഷേപകം.

കൊള്ളായ്ക-ക്ര. ചീത്തത്തം, നന്മകേടു്. ൨. ഒതുങ്ങായ്ക.

കൊള്ളായ്മ-അകായ്മ, ചീത്തത്തം.

കൊള്ളി - തീക്കനലോടുകൂടിയിരിക്കുന്ന വിറക്.

കൊള്ളിമിന്നൽ-ക്ര. തീക്കൊള്ളി വീശുക. ൨. ഇടിവാരം.

കൊള്ളിമീൻ-ചാടുന്ന മത്സ്യാകൃതിയിൽ നക്ഷത്രം.

കൊള്ളിയൻ-തീക്കൊള്ളികൊണ്ടു സഞ്ചരിക്കുന്ന ഒരു പിശാചു്.

കൊള്ളിയാൻ-ഇടിവാരം

കൊള്ളിയുണ്ട-അർത്ഥവ്യക്തമുതലായി അടുപ്പിൽ സംബന്ധിച്ചുള്ള വേല.

കൊള്ളിയുണ്ട്-ശവം മറിച്ചിടുവാൻ വികടങ്ങാക്കിയവക്കു കൊടുക്കുന്ന സദ്യ.

കൊള്ളിവാക്ക്-കേട്ടാൽ മനസ്സിനു വേദനതോന്നുന്ന വാക്ക്, വൃത്തവാക്ക്.

'കൊള്ളിവാക്കല്ലാതെ ചൊൽകയില്ല' (ശീലാവതി)

കൊള്ളു-ക്ര. വയ്യു. ൨. മൂല. ന. മുതൽ.

കൊള്ളുക-ഗ്ര. സ്വീകരിക്കുക. ഉ. വില യ്ക്കുമറ്റും വാങ്ങിക്കുക. ന. നടത്തുക. ര. രക്ഷിക്കുക. ള. പാത്രങ്ങളിലും മറ്റും ഒതുങ്ങുക. ന്യ. എറികയും മറ്റും ചെയ്താൽ അയയാതെ വല്ലതിന്മേലും മുട്ടുകയൊ കൊണ്ടുകേറുകയൊ ചെയ്യുക. ഒ. അടി മുതലായതു ഏല്പുക വ. കൊള്ളാവുന്നതായിത്തീരുക. [ക. ക്രി. കൊള്ളിക്കുക].

കൊഴി-ഗ്ര. നീളം കുറഞ്ഞ ഒരുമാതിരി ചീത്ത വടി. ഉ. കൊഴിക്കുക. ന. കൊള്ളരുതാത്തതു്.

കൊഴിക്കുക-അരിയും മറ്റും മുറത്തിലിട്ടു കലുക്കി തരംതിരിച്ചു താഴെ വീഴിക്കുക.

കൊഴിച്ചിൽ-പൂക്കളും മറ്റും താഴത്തു വീഴുക, പൊഴിക.

കൊഴിഞ്ഞിൽ-ഒരു പച്ചമരുന്നു്.

[കൊഴുവാ, കൊടിക്കൊഴിഞ്ഞിൽ ഇങ്ങിനെയും പറയും. വാതം, കഫം, കൃമി, വിഷം, വായുമുട്ടൽ, വ്യംഗ്യരോഗം, രക്തദോഷം, പ്ലീഹരോഗം, ഗുല്മം, ദുഷ്ടവ്രണം, യകൃത്തു, പ്ലീഹ, ചുമ, ജ്വരം ഇവയ്ക്കു നന്നു്. സംസ്കൃതത്തിൽ-ശരപുങ്ഖം. ഇം-Purple Tephrotia പർപ്പിൾടെഫ്രോഷ്യാ].

കൊഴിയിടുക-കയറുമുറുക്കാൻപിരികൊടുക്കുക.

കൊഴിയുക-പൊഴിയുക, കാറ്റുകൊണ്ടും മറ്റും പൂ മുതലായവ താഴത്തുവീഴുക.

കൊഴിവാൾ-വാളുകൾ പലപ്പോഴും നേരെ എറിയുന്ന വാളിനെ കൊഴിപോലെ ചുഴിച്ചെറിയുമ്പോൾ പറയുന്ന പേരു്.

കൊഴു-വി ഗ്ര. തടിച്ചു. ഉ. കട്ടിയായ, കട്ടയായ.

കൊഴു-ഗ്ര. കലപ്പയുടെ അറ്റത്തു വെച്ചുറപ്പിക്കുന്ന ഇരിമ്പു്. പര്യായങ്ങൾ-ഫാലം, കൃഷകം. ഉ. നിലങ്ങൾക്കു ഓരോ വർഷത്തെയ്ക്കുള്ള അനുഭവമുറ.

കൊഴുക്കുക-തടിക്കുക, വണ്ണംവെയ്ക്കുക

കൊഴുക്കട്ട-അരിമാവുകൊണ്ടു് ഉരുട്ടിയുണ്ടാക്കിയ ഒരു പലഹാരം.

കൊഴുക്കുക-ഗ്ര. വെള്ളമായ വസ്തു കറക്കുക. ഉ. തടിക്കുക. [സ. ക്രി കൊഴുപ്പിക്കുക].

കൊഴുച്ചാൽ-കൊഴു (കരി) മുറിച്ച ചാലിന്റെ പേർ.

കൊഴുന്നു്, കൊഴുന്തു് - സുഗന്ധമുള്ള ഒരു ചെടി, പുഷ്പം.

കൊഴുപ്പ-ഒരു ചീര. പര്യായങ്ങൾ-ഗോജിഹ്വാ, ദാവ്വികാ. തമിഴിൽ-പൊണ്ണങ്കണ്ണി.

[പിത്തരോഗം, രക്തദോഷം, പ്രമേഹം, കൃഷ്ണം, നേത്രരോഗം, ജ്വരം, വ്രണം, വിഷം, മന്ത്രരോഗം ഇവയെ ശമിപ്പിക്കും. ശീതളമാണു്. കൊഴുപ്പയെ തോമുഞ്ഞി എന്നും പറയുന്നു. പൂവിന്റെ മുഖം കീഴ്പെട്ടിരിക്കും].

കൊഴുപ്പു്-കൊഴുത്തതിന്റെ അവസ്ഥ.

കൊഴുപ്പുമടി-പശുക്കളെ കറന്നശേഷം അകിടു ചുരുങ്ങാതെയിരുന്നാലുള്ള പേർ, കല്ലുവിട്ടു്.

കൊഴുമീൻ-ഒരുവക മീൻ. പര്യായങ്ങൾ-ഉലൂപി, ശിശുകം. [കടൽപ്പന്നി എന്നു മറ്റൊരു പക്ഷം.]

[പശുവിനെപ്പോലെ തടിച്ചുരുകയാൽ പശുമീൻ എന്നും പറയുന്നുണ്ടു്. സംസ്കൃതത്തിൽ-ഗോമത്സ്യം. മാംസം വാതത്തെ ശമിപ്പിക്കും].

കൊഴുമുതലായ്മ-കൊഴുവനും മുതലാളനും തമ്മിൽ ഇടപെടുന്നതിന്റെ മുറ

കൊഴുമുള- കൊഴുവുണ്ടാക്കുന്നതിനായിട്ടു് അടിച്ചുപരത്തിയ ഇരിമ്പു്.

കൊഴുമോര–ചില മരുന്നുകളും ചതച്ചിട്ടു വെച്ചിരുന്ന മോര്, മരുന്നുകളും ഇട്ടു കാച്ചിയ മോര്.

കൊഴുലാഭം–കൃഷിയിലുണ്ടാകുന്ന ലാഭം.

കൊഴുവ–പ്ര. ഒരുവക മത്സ്യം. വ. ഒരു പച്ചമരുന്ന്.

കൊഴുവൻ–മുതലാളനോടു നിലമോ പുരയിടമോ എഴുതിവാങ്ങിച്ചനുഭവിക്കുന്നവൻ, കുടിയാൻ.

കൊഴുവായി–ഒരുവക മത്സ്യം.

കൊഴുവിറങ്ങുക–കണ്ടത്തിൽ കൃഷിയുളങ്ങുക. [സ. ക്രി. കൊഴുവിറക്കുക].

കൊഴുവെക്കുക–പ്ര. കൃഷിയിറക്കുക. വ. കലപ്പയിൽ കൊഴുച്ചെലുത്തുക.

കൊറടാ–പ്ര. ചമ്മട്ടി, ചുവുക്ക്. വ. ചരട്.

കൊറി–പ്ര. അരി, പയറു മുതലായവയെ ഒരരുന്നായിട്ടപൊക്കിത്തിന്നുക. [ക്രിയ–കൊറിക്കുക]. വ, കറിയരട്.

കൊറുക്ക്–പ്ര. ദുഷ്കൃതി. വ. അചമ്പും രം, സന്നി.

കൊറുക്കാറ്റപ്പുളി–ഒരുചെടി.

[ഈ ചെടിയെ മരുംസിൽ വേലിക്കു പായോഗപ്പെടുത്തിവരുന്നു. ഇതു നട്ടുവളർത്തിയാൽ ആ വേലിയിൽനിന്നു അതിന്റെ വലിപ്പത്തിനനുസരിച്ചു വേണ്ടുവോളം വിറകുകിട്ടും].

കൊറവക്കൊട–രാജപ്രൗഢിയെ സൂചിപ്പിക്കുന്ന കൊട.

കൊറവൻ–പ്ര. വലിയ ആണരട്. വ. മറയൻപന്നി. ന. പുലയൻ. ഭ. താണജാതിക്കാരൻ. ള എണ്ണക്കീടൻ.

കൊറവം–വി പ്ര. ജയകരമായ. വ. രാജകീയമായ. ന. ശക്തിമത്തായ.

കൊറവവൻ–പ്ര. രാജാവ്.

'ഭൂമിമഹാകൊറവൻ കലമെല്ലാം'
(ശിവൽഗീത–മായാവപ്പണിക്കർ)

വ. തലവൻ.

കൊററി–പ്ര. കൊക്ക്, മുണ്ടി.

[ഇതിന്റെ മാംസം വാതം, പിത്തം, രക്തദോഷം ഇവയ്ക്കു നന്ന്. ചെങ്കൊക്ക്, കരിങ്കൊക്ക് ഇങ്ങിനെ പലതരം മുണ്ട്. സം–ബകം. തമി–കൊക്ക്. ഇം–Crane (ക്രെയിൻ).]

"കൊററിനവകയില്ലാഞ്ഞിട്ടങ്ങൊരു കൊററിപ്പക്ഷികണക്കെമെലിഞ്ഞു"
വ. ചെറിയതു്, കാഞ്ഞു്. ന. പൊൻപൂച്ച. ഭ. പ്രഥമ നക്ഷത്രം. ള. ലുബ്ധുള്ളവൻ.

കൊറവു–ക്ഷേണം.

കൊറവും കോളും–ക്ഷേണസാധനങ്ങൾ.

കൊറവുസാക്ഷി–കള്ളസ്സാക്ഷി.

കൊറവുള്ളവൻ, കൊറവുകാരൻ–ധനവാൻ, കലഹക്ഷേപത്തിനു മുട്ടില്ലാത്തവൻ, സ്വത്തുള്ളവൻ.

## കോ

കോകഡമൃഗം–മലയണ്ണാൻ,

[ഇതിന്റെ മാംസം വാതം, വാതരോഗങ്ങൾ, ചുമ, രക്തപിത്തം ഇവയെ ശമിപ്പിക്കും].

കോകനദം–പൂവു്.

കോകനദച്ഛവി–വി. ചെമന്ന

കോകനദച്ഛവി–ചെമപ്പുനിറം, ചെന്നിരമരപ്പൂവിന്റെ നിറംപോലെയുള്ള നിറത്തിന്റെ പേർ.

കോകനദം–പ്ര. ചെമന്നതാമര. വ. ചെമന്ന ആമ്പൽ. ചക്രവാകപ്പക്ഷികളെ ശബ്ദിപ്പിക്കുന്നതു എന്നർത്ഥം.

കോകം–പ്ര. ചക്രവാകപ്പക്ഷി. ക്ഷേണത്തിനു താമരയുടെയും ആമ്പലിനെയും ഉപയോഗിക്കുന്നതു എന്നർത്ഥം. വ. ചെന്നായ്. മറ്റുള്ളതിനെ പിടിക്കുന്നതു് എന്നർത്ഥം. ന. നായു. ഭ. ഇണ.

കോകാഹ്വം–വെള്ളരുക്കിര.

കോകാഹ്വം–ചെന്നായ്.

കോകി–ചകോരവകി.

കോകിലം–കുയിൽ. ശബ്ദമധുരിമകൊണ്ടു പുരുഷരെത്തെ ആമോദംചെയ്യുന്നതു് എന്നർത്ഥം.

കോകിലാക്ഷം–വയൽച്ചുള്ളി, കുയിലിന്റെ കണ്ണുപോലെയുള്ള പൂക്കൾ ഉള്ളതു എന്നർത്ഥം.

കോക്കട്ടിൽ–കുയറുകൊണ്ടു കെട്ടിയ കട്ടിൽ.

കോക്കരണി–കല്പടവു കെട്ടിയിറക്കിട്ടുള്ള കഴിക്കിണർ.

കോക്കാൻ–കാട്ടുപൂച്ച, കാടുകേറിയപൂച്ച.

കോക്കിറി–ചെടികൊണ്ടു കെട്ടുന്ന ഒരു ശോഷ്ടി, കൊഞ്ഞനം.

കോക്കുറു്–കറി, ശുശ്രൂക്കറി, മാംസോപരീക്ഷ.

കോക്കുറ–അപൽക്കരമായ ഒരുമാതിരി പുഴു.

കോക്കോട്ട്–ഒരുമാതിരി കൊച്ചു പാര.

കോങ്കണ്ണൻ–ചരിച്ചു നോക്കുന്ന കണ്ണു്.
[കോങ്കണ്ണനു പഞ്ചായങ്ങം–വലിരൻ, കൈകരൻ].

കോങ്കാൽ, കോണക്കാൽ–നിര പണിയുന്നതിനുള്ള കോണകളിൽ പണിയുന്ന മരം.

കോചം–വി. ഉണങ്ങുന്ന.

കോച്ച–പ. കോച്ചിൽ. ക. പാമ്പു.

കോച്ചൽ–ശരീരത്തിന്നകത്തു ഞരമ്പിനെ സംബന്ധിച്ചുണ്ടാകുന്ന ഒരു രീതം, കൊളുത്തു് [ക്രിയ–കോച്ചുക].

കോച്ചാട–കോഞ്ഞാട്ട.

കോച്ചിൽ–മുതിരയുടേയും മറവും അരിയെടുത്തുള്ള ശേഷമുള്ള ഇലയും തണ്ടും.

കോഞ്ഞാട്ട, കോച്ചാട്ട–തെങ്ങിനുണ്ടാകുന്ന ഒരുമാതിരി പുഴു, അരിയാട.

കോട്ടു്–പ. അവസാനം. ക. കോണു്.
[കോട്ടിൽ = മൂലയിൽ].
'എല്ലാരുമോരോരോ
കോട്ടിനുപോയപ്പോൾ'
(കൃഷ്ണലീലതുള്ളൽ)

ന. ഒഴിഞ്ഞകോണു്. മ. പ്രദേശം. ഉ–ം, പുളിക്കോട്ടു്, കോഴിക്കോട്ടു്. ഇ. കോട്ട.

കോട–പ. പടിഞ്ഞാറു്. ക. പടിഞ്ഞാറനിന്നു വരുന്ന കാറു്, പടിഞ്ഞാറൻ കാറു്.

കോടക്കാർ–കാലവർഷത്തിലേ മഴക്കാർ.
'കോടക്കാർകൊണ്ടിരുളിയലുമീ-
യംബരംകാണവേമാൻ'
(മയൂരസന്ദേശം)

കോടക്കാറു് – തണുപ്പുധികമുള്ള പടിഞ്ഞാറൻകാറു്.

കോടകഴൽ–ഒടക്കുഴൽ.

കോടങ്കി–പ. ശോഷ്ടികാട്ടുന്നവൻ. ക. കറിപറഞ്ഞും ഭിക്ഷയെടുത്തും നടക്കുന്ന ഒരു ജാതിക്കാരൻ.

കോടപ്പുറം–പടിഞ്ഞാറേവശം.

കോടമഴ–പടിഞ്ഞാറുതുടങ്ങിവരുന്ന മഴ.

കോടരപുഴു–മരപ്പുഴു.

കോടരം–മരത്തിനുള്ളിൽ പൊള്ളു്. കടിലമായിരിക്കുന്നതു് എന്നർത്ഥം.

കോടരി–നഗ്നയായ സ്ത്രീ.

കോടൽ–പ. വടവു്. ക. ചെരിവു്, കോട്ടം.

കോടവി–മൂല യോനി എന്നതുകൊണ്ടു മറ്റുള്ളതെ നഗ്നയായി നടക്കുന്നവൾ, അപകടമായി നടക്കുന്നവൾ എന്നർത്ഥം. കോളവി എന്നുമാകാം.

കോടാകോടി–വി. കണക്കില്ലാത്തതു, അനവധി.

കോടാണി–കോടിക്കുഴക്കോലിൽ ചേർന്ന കഴുക്കോൽ.

കോടാലി-മരം വെട്ടുകയും വിറക കീറുകയും ചെയ്യുന്ന ആയുധം.

കോടാശാരി-ഒരു പാച്ചമരത്തിന്, തപശി മുരിങ്ങ.

വിക്ഷത്തിനാംക്ഷയലപീഡകം നന്ന്.

കോടി-വി. പുത്തനായ.

കോടി-പ്ര. നൂറു ലക്ഷം. ഉ. മേൽ പുരയുടെ കോണ്, മുഴികോടി. നു. വാരം മുതലായ ആയുധങ്ങളുടെ മൂർച്ചയുള്ള ഭാഗം (മുന). കടിലമായിരിക്കുന്നതെന്നർത്ഥം. ഘ. ഇരുപത്തു എന്ന അക്കം. ങ. ശ്രേഷ്ഠം. നു. തുലോം അഗ്രഭാഗം. ഛ. കോണ്. വു. ക്രൂരം. ൻ. വില്ലിന്റെ അറ്റം. ശത്രുക്കളെ പ്രഹരിപ്പിക്കുന്നതെന്നർത്ഥം. ഠാ. ഒരുചെടി. ഠ്ര. മനയ്ക്.

കോടികായ്ക്കുക-കണികായ്ക്കുക, മന്നാമതായി കായ്ക്കുക.

കോടിക്കല്ല്-ഭിത്തിക്കുമറവും മുകളിൽ പണിയുന്ന കല്ല്.

കോടിക്കഴുക്കോൽ-പുരയുടെ കോടിയിൽ പണിത ചേർക്കുന്ന കഴുക്കോൽ.

കോടിക്കൊല്ലം-കോടീശ്വരം, തുളുരാജാവിന്റെ രാജധാനി.

കോടിപ്പുടവ-അലക്കാത്ത പുടവം

കോടിതീർത്ഥം-ചിത്രകൂട പർവ്വതത്തിലെ ഒരു കിണർ.

[ചിത്രകൂടത്തിൽ കമഠനാഥ എന്ന മലയിൽ ലക്ഷ്മണൻ തപസിച്ചു കൊട്ടമുടിയിൽനിന്നു ആറേഴിനാഴിക അകലെയാണ രാമഘട്ടം. ഇതിനു കിഴക്കുവശം ഒരു പർവ്വതമുണ്ട്. അതിന്മൽ കേറുന്നതിനു പല പടവുകളും പടുത്തിട്ടുണ്ട്. അവയിൽ ഏൽറ്റ കല്പടവുകളും കേറിച്ചെന്നാൽ ഒരു കിണറു കാണാം. അതത്രേ കോടിതീർത്ഥം. അതിലെ ജലം പാലുകറപോലെ നിർമ്മലവും ശീതളവുമായിരിക്കുന്നു. അവിടത്തു വലഞ്ഞ യാത്രക്കാർ ഈ വെള്ളം കുടിച്ചു ഉത്സാഹരിതരും ഉന്മേഷപൂർണ്ണരുമായിത്തീരുന്നു. ഈ വെള്ളം അല്പമധുരവുമുണ്ട്. അതു കുടിച്ചാൽ ഉള്ളിൽ വലുതായ കല്മഷങ്ങളെല്ലാം-ആത്മപേക്ഷിണി ക്രാന്ത കർക്കടകം].

കോടിവസ്ത്രം-ഒരു മരത്തിന്, ചോനകപ്പുല്ല്. അഗ്രങ്ങളുകൊണ്ടു സ്വരസത്തെ വർഷിക്കുന്നതെന്നർത്ഥം.

കോടിശം-കട്ടയുടയ്ക്കുന്ന തൊഴിലിനുതകുന്ന തടി, മുട്ടി. കോടി (അഗ്രം) കൊണ്ടു മൺകട്ടയെ ചെത്തുകുന്നതെന്നർത്ഥം.

കോടീരം-പ്ര. പിരിച്ചു വയ്ക്കുന്ന മുടി, മുടി. ഉ. തലയിൽ കെട്ടിയതു്, പ്രതിനിയുന്മാരായവരുടെ ശിഖ.

'കോടീരമാശു പിടിച്ചു നിലത്തടിച്ചീടിനാ-നപ്പോളുവിടെനിന്നെഴുന്നേറ്റും'

(ഭാഗവതം)

കോടീശ്വരൻ-വലിയ ധനവാൻ.

കോട്ടുക-പ്ര. കോട്ടുണ്ടാക്കുക. ഉ. വളയുക. നു. ചെരിയുക. [സ. ക്രി. കോടുക]. ഘ. കളയുക.

കോട്ട-പ്ര. രാജധാനിക്കു ചുറ്റും മറവും പണിയുന്ന വലിയ മതിൽ. ഉ. വലിയ ഒരളവു്. നു. എണ്ണം.

[വാക്കുകൊണ്ടു കോട്ടകെട്ടുക=അധികം സംസാരിക്കുക.

കോട്ടനാഥം-ജീവികമായ, ജാതകം.

കോട്ടപ്പടി-കോട്ടവാതിൽ.

കോട്ടം-ദോഷം.

കോട്ടം, കോട്ടൽ-പ്ര. ചെരിവു്. ഉ. കാറു. നു. ദുഃഖം. ഘ. തെറ്റു.

കോട്ടമൂച്ചൻ-ചില കോട്ടകളിലെ പ്രധാനിക്കു പറയുന്ന പേർ.

കോട്ടവി-പ്ര. വസ്ത്രമില്ലാതെയുള്ള സ്ത്രീ, നഗ-[കോടവി എന്നും ശോകുക]. ഉ. മേനകന്റെ അമ്മ.

'തന്നാതാകോട്ടവീനാമെ
നഗ്നയേകതശിരോരുഹേ

പുരോവതസ്സോകൃഷ്ണസ്യ
പുത്രപ്രണേതരക്ഷയം' (ഭാരതകം)

കോട്ടാവി-കോട്ടുവാ, വായ് പൊളിച്ചു ശ്വാസംവിടുക. [കോട്ടുവാ എന്നതു നോക്കുക].

കോട്ടാരൻ-ദുർവൃത്തൻ. പ. കാമാതുരൻ.

കോട്ടാരം-പ. രാജധാനി, നഗരം. പ. കിണർ. സ. പുഷ്കരണി. ഭ. മുക്ക്.

കോട്ടി-ശോഷ്ടി.

കോട്ടുക-മടക്കുക.

കോട്ടുവാ-മനുഷ്യർക്ക് ഉള്ള വേഗങ്ങളുള്ളതിൽ ഒന്ന്. വായ് പൊളിച്ചു ശ്വാസംവിടുക.

[കോട്ടുവായിടുക, മൂരിനിവരുക മുതലായ അംഗസംകോചവികാസങ്ങൾക്ക് ജൃംഭം, ജൃംഭണം എന്നു പേർ].

കോട്ടൈരുമ-ഒരുമാതിരി പേൻ, എരിവുമൂട.

കോഠം-വട്ടപ്പുണ്ണ്. എല്ലാ മുസംബന്ധങ്ങളിൽനിന്നും മനസ്സിനെ പിന്തിരിക്കുന്നതു എന്നർത്ഥം. മറ്റൊരു പര്യായം-മണ്ഡലകം.

[ദേഹത്തിൽ ചെമന്ന ചൊറിച്ചിലോടുകൂടി വളരെ തിണപ്പുകളുണ്ടാകും. അതിനു ഉപകോഠം എന്നു പേർ. അതുതന്നെ ക്രമേണ ഉണ്ടാവുകയും ക്രമേണ നശിക്കയും ചെയ്താൽ അതിനു കോഠം എന്നു പേർ].

കോഠരം-അഴിഞ്ഞിൽ.

കോണകച്ചെട്ടി-കോണകം നെയ്യുന്ന ഒരു ജാതിക്കാരൻ, നൽചെട്ടി.

കോണകം, കോണം-മുണ്ടുടുക്കുന്നതിനകമേ ഉടുക്കുന്ന ഒരു ശീല, കൌപീനം

കോണകശ്രാദ്ധം-ഒരുമാതിരി മൂട.

കോണൻ-പ. ശനി എന്ന ഗ്രഹം. പ. ചൊവ്വാഗ്രഹം.

കോണം-പ. വായനക്കോൽ. ശബ്ദിപ്പിക്കപ്പെടുന്നതെന്നർത്ഥം. പ. വാരം മുതലായ ആയുധങ്ങളോടു മൂർച്ചയുള്ള മറ്റേ (മുന). സ. വടി, കോൽ. ഭ. (മലയാളം) മൂല.

[ഇതു വീണയും മറ്റും ശബ്ദിപ്പിക്കുന്നതിനു വില്ലിന്റെ മാതിരിയിൽ ചെയ്യുന്നതാണു].

കോണപൻ - നിർൃതി. കോണം-വിരിക. തെക്കുപടിഞ്ഞാറേദിക്ക്. അതിനെ രക്ഷിക്കുന്നവൻ എന്നർത്ഥം.

കോണാകോണി-അ. ഒരു കോണിൽ തുടങ്ങി മാറാകോണുവരെ, ഏകദേശം.

കോണി, കോവണി, കോവേണി പ. ചവുട്ടി മുകളിൽ കേറുന്നതിനു മരം മുതലായതുകൊണ്ടുണ്ടാക്കുന്ന സാധനം, പര്യായങ്ങൾ-നിശ്രേണി, അധിരോഹണി. പ. ശവകട്ടിൽ. സ. കട്ടിയുള്ള തൂണികൊണ്ടുണ്ടാക്കിയ ഒരുമാതിരി ഉരുപ്പ.

കോണിപ്പടി-കോവണിയിൽ ചവുട്ടി കേറുന്ന പടി.

കോണിറയം-വേനത്തിന്റെ കോണിലേ തിണ്ണ.

കോൺ-പ. മൂല, ചതുരത്തിലുള്ള വസ്തുക്കളുടേയും മറ്റും മൂല. പ. വങ്കിന്റേയും മറ്റും മൂർച്ച.

കോൺകുക-കോട്ടുക, ചൊവ്വില്ലാതാക്കുക, വളയുക, ചെരിയുക.

കോൺകത്തി-വളഞ്ഞകത്തി. [കുകത്തി എന്നു ചിലർ].

കോൺകൂട്ട്-പുരയുടേയും മറ്റും മൂലയിൽ പണിയുന്ന കല്ല്.

കോൺകുഴക്കോൽ-കോടിക്കുഴക്കോൽ.

കോതമ്പ്-ഒരുവക ധാന്യം. പര്യായങ്ങൾ-ശോധൂമം, സുമനം.

[ഈ ധാന്യത്തെ ശമിപ്പിക്കുന്നതുകൊണ്ടു ഈ പേരുണ്ടായതാണു. ദേഹത്തെ തടിപ്പിക്കും. തമിഴിൽ-കോതുമൈ. സം-ശോധൂമം].

കോതാണം-ചില ദിക്കിൽ പണിക്കുടി

ത്തിൽ പഠിപ്പിപ്പാൻ ചെല്ലാത്ത പിള്ളരെ ശിക്ഷിക്കുന്നതിനു തുടങ്ങുന്ന ഒരു കയർ, ആയോലു്.

കോതാളി മൂങ്ങ.

കോതു്-തലമുടിയുടെ ഇടയിൽ കളഞ്ഞു നന്നാക്കുക, ചീന്തുക ക. ഒന്നറിയോടടുത്തുള്ള തലമുടി വലിച്ചുവെട്ടി മേശിവെയ്ക്കുക. ന. മരത്തിന്റെ കൊമ്പു പനയോല മുതലായതു വെട്ടിയിട്ടാൽ അവയെ വെട്ടിച്ചെറുതാക്കുക [ക്രിയ-കൊതുക്കുന്നു]. ര. വള്ളത്തിന്റെ രണ്ടറ്റത്തുമുള്ള അകത്തേശേഷങ്ങൾ. ള. കുറവു.

'കോതിയാലതുരകചെയ്യും'
(ശിവൽഗീത-മാധവപ്പണിക്കർ)

കോതുക-തലമുടിയും മറ്റും വകഞ്ഞുകെട്ടുക.

കോതുകാൽ-ആട്ടക്കാർ മെവുട്ടുന്ന ഒരുമാതിരി പുവടു്.

കോദണ്ഡം-ക. വില്ലു്. ക. ഒരു രാഗം. ന. പിരികം, ഭ്രൂ.

കോദണ്ഡി-വില്ലുള്ളവൻ, വില്ലാളി.

'കോമണ്ഡിക്കിളകുന്നലാക്കിലിഷുവെ-
യ്ക്കുംപ്പിച്ചതും രൌദ്രത്വമം'
(അഭിജ്ഞാനശാകുന്തളം)

കോദ്രവം-വരക് എന്ന ധാന്യം. ക്ഷീണിച്ചാൽ വയറ്റിൽ ശബ്ദത്തെയുണ്ടാക്കുന്നതു് എന്നർത്ഥം. മറ്റൊരു പര്യായം-കോരുദ്രം.

കോദ്രവീണം-വരക് വിളയുന്ന സ്ഥലം.

കോന്തക്കാലൻ-കാലിനു നീളം കുടിയവൻ.

കോന്തല്ലു്-തലമുടിരോമക്കെയ്യു പനയോല മുതലായതു കോതുക.

കോന്തലമുറിയൻ-ഉപ്പുകാരൻ.

കോന്തളം-പുരുഷന്റെ മുഖത്തിൽ ഉണ്ടാകുന്ന ഒരുമാതിരി രോഗം.

കോന്തുകോന്തായി-ഉയരം.

കോന്തുളം-കോരാണ്ടം.

കോൻ-ക. രാജാവു്. ക. പ്രമാണി, നായകൻ.

കോപന-വി. കോപിക്കുന്ന ശീലമുള്ള.

കോപനാ-കോപിക്കുന്ന ശീലമുള്ളവൾ, കോപിനി, കോപനി എന്നർത്ഥം.

കോപം-ക. ക്രോധം. ക. നീരസം. പര്യായങ്ങൾ-കോപം, ക്രോധം, അമർഷം, രോഷം, പ്രതിഘം, തുട്ട്, ക്രുദ്ധു്. (അസൂയയെന്നതു നോക്കുക).

കോപാഗ്നി-കോപമാകുന്ന അഗ്നി, തീപോലെ ദഹിപ്പിക്കുന്ന കോപം.

കോപി-വി. ക കോപശീലൻ. പര്യായങ്ങൾ-ക്രോധനൻ, അമർഷണൻ, കോപീ ക കുട്ടപ്പുവു്.

കോപിക്കുക-രസമില്ലാത്ത വിധത്തിൽ നോക്കുകയും മറ്റും ചെയ്യുക.

കോപിഷ്ഠ-വി. അധികം കോപമുള്ള.

കോപ്പു്-ക. സാമാനം, ഉപകരണം. ക. ആട്ടക്കാരുടെ കിരീടം മുതലായതു്. ന. ചതുരംഗക്കരു ൪. തെമ്പാട്ട്, തെക്കൻ. ള. വിരുതു്. ഴ. വെടിപ്പായി ക്രമപ്പെടുത്തിയതു്.

കോപ്പ-ഏതെങ്കിലും മെഴിച്ചു കുടിക്കുവാൻ ഉപയോഗിക്കുന്നതായ ഒരു പാത്രം.

കോപ്പായം-നഷ്ടം.

'കണ്ണുകൊള്ളായ്കിലോ
കോപ്പായമായിപ്പോം'
(കൃഷ്ണഗാഥ)

കോപ്പാള-ചെമ്പും കോരുന്നതിനു കോട്ടിക്കെട്ടിയ ഒരുമാതിരി പാള.

കോപ്പിടുക-അലങ്കരിക്കുക ക. കരിയും ചുണ്ണാമ്പും മറ്റും കൊണ്ടുക ന. യുദ്ധത്തിനായിട്ടു പടയും ആയുധങ്ങളും ധരിക്കുക. ള തെമ്പാടുക.

കോപ്പുകൂട്ടുക-അതാതുകാര്യത്തെ സാധിപ്പാൻ ആവശ്യമുള്ളസാധനങ്ങളെ ശേഖരിക്കുക, ഒരുങ്ങുക.

കോപ്പുറം-പരിചയുടെ അരിക് (വിളയു്).

കോപ്രാട്ടി-ചിരിപ്പിക്കുന്നതിനുള്ള ഒരുമാതിരി കളി, ശോഷ്ടി.

കോമട്ടി-കച്ചവടക്കാരിൽ ഒരു ജാതിക്കാർ.

'പട്ടണികൾ പല ചെട്ടികളും കോമട്ടികളും പല പട്ടന്മാരും'

(രുക്മാംഗദചരിതം തുള്ളൽ).

കോമൻ-കന്നുകാലികൾക്കുണ്ടാകുന്ന ഒരു രോഗം.

കോമൻപാമ്പ്-കോമൻ എന്നുള്ള രോഗത്തിന്റെ വരവ്.

കോമപ്പട്ട-വീരവാളിപ്പട്ട്.

കോമരക്കാരൻ-പിശാചു തുള്ളുന്നവൻ.

കോമരൻ-ചോകന്മാരുടെ ക്ഷേത്രരക്ഷാരൻ.

കോമരം-പ. മൂർത്തി. ഉ. അവതാരം.

'കോപമയിർകൊണ്ടുടനനേകം തനുവേടെ കോമരമായിട്ടു നിന്നുപിന്നെ'

(കൃഷ്ണശതകം)

ഉ. വെളിച്ചപ്പാട്, ആചാര്യൻ.

കോമൽ-വലിയ ഉപദ്രവം. [തമിഴിൽ കോമ്പൽ-കോപം].

കോമള-വി. പ മാർദ്ദവമുള്ള. ഉ. സൌന്ദര്യമുള്ള. ന. മാധുര്യമുള്ള. ഭ. മനോഹരമായ. പദ്മായതങ്ങൾ-സുകുമാരം, കോമളം, മൃദുലം, മൃദു.

കോമളം-പ. മാർദ്ദവം. ഉ. സൌന്ദര്യം. ന. മാധുര്യം. ഭ. മനോഹരം. ര. മദ്യം. ന. രീതികളിൽ ഒന്ന്. [സംഗീതശാസ്ത്രം].

കോമാൻ-രാജാവു്.

കോമ്പു്-വളരാത്ത ചെറിയ തെങ്ങു്.

കോമ്പൻ, കോമ്പൽ-പ. കഴകവച്ചു ചരടിൽ കോർത്തിട്ടുള്ള പോൻ നാണയങ്ങളുടെ കൂട്ടം. ഉ. ചില വലഹാരങ്ങളും മത്സ്യങ്ങളും മറ്റും ഈക്കിലിൽ കോർത്തതു്.

കോമ്പിയച്ചൻ, കോമ്പിച്ചൻ-പാലക്കാട്ടരാജാവു്.

കോമ്പുര-ഭവനത്തിന്റെ കോണിലുള്ള പുരമുറി.

കോയഷ്ടി, കോയഷ്ടിക-കളകോഴി, നീർക്കോഴി. കള്ളർകാണിപ്പക്ഷി എന്നും പറയുന്നു. വെള്ളം ഒരു വടിപോലെ ആധാരമായിട്ടുള്ളതു് (വെള്ളത്തിൽ താണുപോകാത്തതു്) എന്നർത്ഥം

കോയിക്കൽ-കൊട്ടാരം.

'കോയിക്കൽപോയ്ക്കാട്ടുകൊണ്ടാകുന്നേൻ'

(രുക്മാംഗദീസ്വയംവരം തുള്ളൽ).

കോയിക്കൽ-പ ചില രാജാക്കന്മാരുടെ ഭവനത്തിനു പറയുന്ന പേർ. ഉ. ചില മിക്കൽസ്കൂൾവകകൾ കരം പിരിക്കുന്ന സ്ഥലം. ന. ക്ഷത്രിയരിൽ ചിലരുടെ ഭവനത്തിനു പറയുന്ന പേർ.

കോയിമ, കോയ്മ-പ. സ്വാമ്യം. ഉ. അധികാരം. ന. അധികാരകർമ്മം ഇന്നയാൾ കാര്യവിചാരം ചെയ്യുന്ന സ്ഥലം.

കോയിമക്കുർ-പണ്ടാരവകയ്ക്കു ചെയ്യേണ്ടുന്ന അവകാശം.

കോയിമസ്ഥാനം-സ്വാമിയിലെ ഒരധികാരം.

കോയിൽ, കോവിൽ-രാജഭവനം

കോയിലാരു-രാജസേവകൻ.

കോയിലകം-രാജഭവനം. [കോവിലകം നോക്കുക]

കോയിവിള-കാട്ടുതനൽകൃഷിക്കു വിരുദ്ധമായിട്ടുള്ളതു് (തെല്ലു്).

കോര-പ ഒരുവക പുല്ലു്. ഉ. ഒരുവക മത്സ്യം.

കോരകം-പ. പൂവുണ്ടാകുന്നുള്ള ഒരുമ്പു്.

'പോർമുലക്കോരകംപുൽകും പുരുഷോത്തമൻ'

(കൃഷ്ണചരിതം വഞ്ചിപ്പാട്ടു്).

ക. തക്കോലപ്പട്ടിൽ. ന. താമരവള്ളിയം. ര. അടവിക്കാച്ചുവം.

കോരകിതം–മുകളിതം.

കോരണ്ഡം–കരിങ്കുറിഞ്ഞി

കോരണ്ഡി–ചന്ദനമരം

കോരട്ടിഷം–വരക്. രക്തത്തെ ഉറുഞ്ചിപ്പിക്കുന്നതു എന്നർത്ഥം.

കോരപ്പുഴ–കൈയിലാണ്ടിനാടി.

കോരംഗി–ക. ചിറ്റേലം, കച്ചയടപ്പിനെ മറവന്നതു എന്നർത്ഥം ക. തിപ്പലി.

കോരൽ–ക. വെള്ളം മുതലായതു കോരുക. ക. മീൻപിടിക്കുന്ന കൂട.

കോരിക–ക. ചോറു വിളമ്പുന്നതിനു മരംകൊണ്ടോ ചെമ്പുകൊണ്ടോ ഉണ്ടാക്കുന്ന ഒരു പാത്രം. ക. ചോറു പടയ്ക്കുന്നതിനുള്ള ഒരുമാതിരി മുട്ടപാത്രം.

കോരുക–പാത്രം മുതലായതു കൊണ്ടു ജലവും മറ്റും എടുക്കുക.

കോരുവല–മത്സ്യം പിടിപ്പാനുള്ള ഒരുമാതിരി ചെറിയ വല.

കോൾക്കെ–ചരടു മുതലായതു പിരിക്കുമ്പോൾ കടത്തി മറുപുറത്തു വരുത്തുക.

കോപ്പി–യുക്തികരശി.

കോപ്പ്–ക. ചരടു മുതലായതു കോൾക്കുക ക. ചരടിലും മറ്റും കേറ്റുന്ന വസ്തു.

കോർമുതല–ചിറക്.

[മാംസം ചീകുന്നിയുടേതിനു സമമാണ് ഇതു മത്സ്യവർഗ്ഗത്തിൽ ചേർന്ന അനുചമാംസമാകുന്നു. സംസ്കൃതത്തിൽ ഇലകിരാടം].

കോർവൻ–തണ്ണിമുള്ളും മറ്റും കോർത്ത മുച.

കോലകം–ക. നല്ലമുളക്. ക. തക്കോലപ്പട്ടിൽ, കട്ടപിടിച്ചതു എന്നർത്ഥം ന. അഴിഞ്ഞിൽ. ര. നവരി.

കോലകുഴൻ–ഉരുണ്ടിരുമ്പും പുറപ്പെടുവിക്കുന്ന ഒരു മരുന്നു കഴ.

'മേലത്തിൽചാടിനാൻകോലക്കുഴൽതന്നെ' (കൃഷ്ണഗാഥ)

കോലാട–ക. വടികൊണ്ടു തട്ടിത്തടിക്കുന്ന ഒരുമാതിരി കളി. ക. കൈച്ചുവടികൾ കൊണ്ടു ഇരുവരുപേർക്കൂടി അന്യോന്യം തട്ടിത്തടിച്ചുകളിക്കുന്ന ഒരുമാതിരി കളി.

കോലാടിപ്പാട്ട്–കോലാടിക്കളിക്കുമ്പോൾ പാടുന്നതിനായിട്ടു നടന്നു വരുന്ന ഒരു പാട്ട്.

കോലത്തിരി–കോലത്തു രാജാവിന്റെ ഒരു വിശേഷപ്പേർ.

കോലത്തുനാട്–തലശ്ശേരി മുതൽതീരേശ്വരംവരെയുള്ള ദിക്ക്.

[കോലത്തുനാട്ടു രാജാക്കന്മാരുടെ വംശം ഇപ്പോൾ കോട്ടയം നാട്ടകത്തും, പരപ്പനാട്ടേ പ്രധാന ശാഖ അഴിപ്പാട്ട് അനന്തപുരത്തും താമസിക്കുന്നു].

കോലത്തുരാജാവ്–കോലത്തുനാട്ടിലെ രാജാവ്.

കോലരക്കു–ഒരു മരുന്നു, മുറിവു, ഒരുതരം സുഗന്ധദ്രവ്യം, നാകരണം.

കോലവാടികാ–ചങ്ങിപ്പയറ്.

കോലവൃക്ഷം–ഞാറപ്പഴുക്കി

കോലം–ക. പന്നി, കടിച്ചുള്ളതു എന്നർത്ഥം. ക. പൊങ്ങുതടി. വളരെ തടികൊണ്ടു നന്നായിച്ചെത്തി കെട്ടിയുണ്ടാക്കുന്നതു, മാപ്പുള്ളതു എന്നർത്ഥം.

[പൊങ്ങുതടി ചിലേടങ്ങളിൽ തെങ്ങും മരവും മുറം കുട്ടികെട്ടിയും മറ്റു ചിലേടങ്ങളിൽ മുളകൾ മുതലായതു ഉണ്ടാക്കിയും ഉണ്ടാക്കപ്പെടുന്നു].

ന. ഇലഞ്ഞിമരം ലന്തക്കായ്. (മലയാളം) ര. വേഷം, അലങ്കാരം, മേക്കാഞ്ഞിനൊപ്പമുണ്ടാകുന്നതുപോലെ ഉ. ശരീരം. ന. കോലത്തുനാട്ട്. ഒ. തിപ്പലി. വ. മുളക്. ന. കൊടുവേലി.

കോലംതുള്ളൽ–പിശാചും മറ്റും ഉപദ്രവിച്ചാൽ അവയെ കളയുന്നതിനായിട്ടു കണിയന്മാർ കാട്ടുന്ന ഒരുതരത്തിലുള്ള

ള്ളൽ, പാളയിൽ രൂപം എഴുതി മുഖത്തും മറവും വെച്ചു കെട്ടി ഉള്ളുക.

കോലാഹലം-ബഹളക്കേട.

കോലംബകം-വീണയുടെ തണ്ട്. ശബ്ദത്തെ വിസ്തരിപ്പിക്കുന്നത് എന്നർത്ഥം.

കോലംബം-കൊല്ലവർഷം.

കോലയാൻ-ഒരുവക മത്സ്യം, കോലാമത്സ്യം.

കോലരക്ക്-ചില മരത്തിന്റെ ശാഖകളിലുണ്ടാകുന്ന ഒരുമാതിരി ചെമന്ന അരക്ക്. പര്യായങ്ങൾ-ലാക്ഷാ, രക്ഷാ, മധു, യാവം, അലക്തകം, ദ്രുമാമയം.

കോലമാലം-മലയാവണക്ക്.

കോലാവല്ലി-ഒരുങ്ങാടിമരുന്ന്, ആത്തിത്തിപ്പലി, പന്നിക്കുരുമ്പ(ഭൂമിയെ കഴിച്ചു വേരോടുമുള്ള) വള്ളിയുള്ളത് എന്നർത്ഥം.

കോലസാഹി-സമർത്ഥനായ നടൻ.

കോലസ്വരൂപം-പ കേരളത്തുനാട്. പ. കോലത്തുനാട്ടിലെ രാജാവ്.

[ചേരമാൻ പെരുമാൾ മഹാരാജാവിന്റെ ആദ്യത്തെ ഭാര്യയിൽനിന്നുണ്ടായിട്ടുള്ള വംശം. ചേരമാൻപെരുമാൾ മഹാരാജാവിന്റെ മൂന്നാമത്തെ ഭാര്യയിൽനിന്നുണ്ടായിട്ടുള്ളതാണ് തിരുവിതാംകൂർ രാജവംശം. ഇതിനു തുപ്പാദസ്വരൂപം എന്നു പേർ].

കോലാ-പ. ചന്തമരം. പ. തിപ്പലി, രക്തപിത്തിണ്ടാക്കുന്നത് എന്നർത്ഥം.

കോലാഹാരി-ചിത്രപ്പണിക്കാരൻ.

കോലാട്-ഒരുമാതിരി ആട്. പര്യായങ്ങൾ-സ്തംഭോ, ചമരം ബസ്തഃ, ഛഗലകം, അജം. കോലാടിൻകുട്ടിക്കു ഏഡകം' എന്നു പേർ.

കോലാധിനാഥൻ-കോലത്തിരി.

കോലാൻ, കോലാ-ഒരുമാതിരി മത്സ്യം, കോലമത്സ്യം. പര്യായം-കുക്കുടി.

കോലായ-ഇറയം.

കോലാർവണ്ടി-ഒരുമാതിരിചാട്, ഒരു മാതിരി തേര്.

കോലാഹലം-പ. അനേകം മനുഷ്യരിൽ നിന്നോ മൃഗങ്ങളിൽ നിന്നോ പക്ഷികളിൽ നിന്നോ മറ്റോ ഉണ്ടാകുന്നതും അക്ഷരവ്യക്തിയില്ലാത്തതുമായ വലിയ ശബ്ദം. പലതരം ശബ്ദങ്ങളും ഒന്നായിച്ചേർന്നു ഇടകലർന്നതു എന്നർത്ഥം. മറ്റൊരു പര്യായം-കളകളം.

കോളി-ചന്തമരം.

കോലിട്ടുക-കലഹത്തിനു കാരണം ഉണ്ടാക്കുക, കലഹത്തിനു വഴി കാണിച്ചു കൊടുക്കുക.

കോലിറയം, കോലായി-കോലായ, തിണ്ണ.

കോലും, കോലുന്ന-വി. പ്രകാശിക്കുന്ന ക. ചെയ്യുന്ന. ന. ഉള്ള.

'ലോലപല്ലവലീലകോലുമധരൻ'

(ബാണയുദ്ധം കഥകളി)

കോലുക-പ്രകാശിക്കുക. ക. ചെയ്യുക. ന. വഹിക്കുക. ഗ. ധരിക്കുക. ങ. ഉപയോഗിക്കുക. ന. ഉണ്ടാവുക. ം. ചേരുക. വ. കൈക്കൊള്ളുക.

കോലുഴിഞ്ഞ-ഒരുമാതിരി ചെടി.

കോലെഴുത്ത്-ഒരുമാതിരി എഴുത്ത്.

[വട്ടെഴുത്തുമാറി കോലെഴുത്തായി പഴയ മലയാളവും മദ്ധ്യകാല മലയാളവുംഈ എഴുത്തിലാകുന്നു. കൊല്ലവർഷം ൭൦൦ വരെ ഇതുപയോഗിച്ചുവന്നു].

കോല്യാ-തിപ്പലി.

കോൽ, കോല്-പ. ചെറിയ വടി, വടി. ക. മരത്തിന്റെ ചെറിയ കൊമ്പ്. ന. രാജാവിന്റെ അധികാരം, ചെങ്കോൽ. ഗ. ശക്തനും മറ്റും കുത്തുന്നതിനുള്ള കോൽ, മെതിക്കോൽ. ങ. അധികാരമുള്ള.

'നാലുകെട്ടിലധികാരമുളയയെ'
കോലുകിട്ടിയതെനിക്കസംബ്രതം'
(അഭിജ്ഞാനശാകുന്തളം)

കോൽക്കള്ളി – പാലുള്ള ഒരുമാതിരി ചെടി.

കോൽക്കാരൻ–(വടികൊണ്ടു നടക്കുന്ന) ശിപായി.

കോൽക്കുറുപ്പ്, തോൽകുറുപ്പ് – തോൽകൊണ്ടു പണിയുന്ന ഒരു ജാതിക്കാരൻ, തോലെല്ലാല്ലേൻ.

കോൽക്കുറ്റ്–രാജാവിനുള്ള അധികാരമോ അവകാശമോ.

കോൽചൂട്ട്–ഒരുമാതിരിഇരിയു സൂചി.

കോൽതാഴ്–നീളത്തിലുള്ള ഒരുമാതിരി താഴ്.

കോൽത്തള–കുറെക്കാൽക്കും മറവും ഇട്ടുന്ന ഒരുമാതിരി വിലങ്ങ്.

കോൽത്തളം–പ്ര. നീളത്തിലുള്ള ഇറയം, കോലിറയം. ര. രംഗസ്ഥലം.

കോൽപ്പുല്ല്–ഒരുമാതിരി പുല്ല്.

കോൽപ്പുളി–വലുതൻപുളി, വാപ്പുളി.

കോൽമുതല–ഒരുമാതിരി പല്ലി.

കോൽവിലങ്ങ്–കോൽതള.

കോൽവിളക്ക്–ഇരിയുകൊണ്ടു കോലുള്ള വിളക്ക്.

കോവർകഴുത–പെൺകുതിരയിൽ കഴുതയ്ക്കു ജനിച്ചുണ്ടായ കുതിര.

കോവൽ, കോവല്ല്, കോവി – ഒരുമാതിരി വള്ളി. പര്യായങ്ങൾ–തുണ്ടി. കേതി, രക്തഫലാ, ബിംബിക, പീലുപർണ്ണി. തമിഴിൽ–കോവൽവകി.

[കഫപിത്തരോഗങ്ങൾ, കൈകുഷ്ഠം, ശോഫം, പാണ്ഡുരോഗം, ജ്വരം, ശ്വാസം, കൃമി ഇവയെ നശിപ്പിക്കും].

കോവിദ–വി. പ്ര. അറിവുള്ള. ര. മിടുക്കുള്ള. ന. വിദ്യയുള്ള.

കോവിദൻ–വിദ്വാൻ. എല്ലാറ്റിനേയും അറിയുന്നവൻ എന്നർത്ഥം.

കോവിദാരം–മലയകത്തി, കൊങ്ങ. ഭൂമിയെ പിളർക്കുന്നതു് എന്നർത്ഥം. മന്ദാരം എന്നും കാണുന്നു.

കോവി(യി)ലകം–പ്ര. ചില രാജാക്കന്മാരുടെ രാജധാനിക്കു പറയുന്ന പേർ. ര. ക്ഷത്രിയന്മാരുടെ ഭവനം.

[കോവിലകം, കോലകം–തിരുവിതാംകോട്ടെ കൊട്ടാരം എന്നു പറയുന്നതുപോലെ കൊച്ചിയിലും മലബാറിലും ഈ പദം ഉപയോഗിച്ചുവരുന്നു].

കോവിൽ–പ്ര. ക്ഷേത്രം, അമ്പലം. ര. ക്ഷത്രിയജാതി. ന. സാമന്തരിൽ ചിലർക്കു പറയുന്ന ഒരു പേർ.

കോവി(യി)ൽപണ്ടാല–ക്ഷത്രിയന്മാരിൽ ചിലർക്കു പറയുന്ന ഒരു ബഹുമാനപ്പേർ.

കോവി(യി)ൽപ്പാട്ട് – ക്ഷത്രിയന്മാരിൽ ചിലർക്കു ചില ദിക്കിൽ പറയുന്ന ഒരു പേർ.

കോശകം–പ്ര. മുട്ട. ര. വൃക്കണം.

കോശഖണ്ഡു–വണ്ടാരംകോഴി.

കോശഫലം–താക്കോലപ്പുട്ടിൽ. ഉറയിൽ വിത്തുകളം ഉള്ളതു എന്നർത്ഥം.

കോശം–പ്ര ഭണ്ഡാരം. ര. പൊതിഞ്ഞിരിക്കുന്ന വസ്തു ന. കട്ടകരിമ്പു മുതലായതിനെ പൊതിഞ്ഞിരിക്കുന്ന വസ്തു ഭ. പുസ്തകം. യ. സമൂഹം. യു. ധനസമൂഹം, പൊന്നു വെള്ളി മുതലായ. ല. യാജ്ഞവൽക്യൻ മു. മാ. വ. സത്യം ചെയ്തു. ൻ. വൃക്കണം. പ്ര. മുട്ട. പ്ര. ജാതിക്ക. പ്ര. ദിവ്യപുരാണഭേദം. പ്ര. ഒരുമാതിരി കട്ടക്കൊപ്പി. [ഇതു ഇപ്പോൾകാണുന്നതു് പാണ്ഡ്യൻ കൊടുത്തതുകൾ എന്ന പേരുള്ളതായിട്ടു്].

കോശലികം–കൈക്കുടുക്ക.

കോശഗാരം–ഖജനാ.

കോശാതകം-തലമുടി.

കോശാതകി-പ്ര. കച്ചവടം ചെ. കച്ചവടക്കാരൻ. നാ. പിച്ചകം.

കോശി-ചെരിപ്പ്.

കോശികാ-പാന പാത്രം.

കോഷ്ടകം-വൃക്ഷണം, മുട്ട.

കോഷ്ഠം-കോശം.

കോഷ്ഠശായികാ-പിച്ചാങ്കത്തി.

കോഷ്ണപുഷ്പം-പാൽ കുരുമ.

കോഷ്ഠം-പ്ര. വിത്തുകോട്ട, നെല്ലിടുന്നതിനുള്ള പുര. ചെ. അന്തർഭാഗം, ഗർഭാന്തർഭാഗം, പുരുഷകർത്തൃപുരുഷി. നിശ്ചയിക്കപ്പെടുന്നത് എന്നർത്ഥം. നാ. വയററിനകം, അന്തർഗൃഹം, ഉൾവയർ.

[ഇതു ഉദരത്തിന്റെ അന്തർഭാഗമാണ്. ഇതിനെ അന്തർഭാഗമെന്നും മഹാസ്രോതസ്സ് എന്നും ആമാശയ പക്വാശയങ്ങളുടെ ആശ്രയം എന്നും പറയുന്നു. ഇതു ആന്തരമായ രോഗസ്ഥാനമാണത്രേ].

ര. (വ്യാകരണത്തിൽ) ചിഹ്നങ്ങളിൽ ഒന്ന്. ഇതു വലയം ( ) പോലെ തന്നെ ശബ്ദവാക്യത്തിനകത്തും വേറെ ശബ്ദവാക്യം വരുന്നതിക്കിലും മറ്റും ഉപയോഗം. ഉ-ം, [ ]

കോഷ്ണ-വി. കറഞ്ഞ ചൂടുള്ള, അല്പം ചൂടുള്ള.

കോഷ്ണം-കറഞ്ഞ ചൂട്.

കോസടി-വിരിച്ചു കിടക്കുന്നതിനു തുണ കൊണ്ടുണ്ടാക്കി പഞ്ഞിയടച്ചുണ്ടാക്കുന്ന സാധനം, ഒരുമാതിരി ചെറിയ കിടക്ക.

കോസലം, മഹാകോസലം - ഒരു രാജ്യം.

[അയോദ്ധ്യാപട്ടണത്തിന്റെ വടക്കും വിദേഹത്തിന്റെ പടിഞ്ഞാറും ഹിമവാന്റെ തെക്കും പാഞ്ചാലത്തിന്റെ കിഴക്കുമായി കിടക്കുന്ന ദേശം. കോസലത്തിന്റെ പ്രധാന നഗരം അയോദ്ധ്യാ. സരയൂനദി ഈ രാജ്യത്തിലൂടെ ഒഴുകുന്നു. ഇപ്പോൾ ഡക്കാണിന്റെ വടക്കുകിഴക്കുഭാഗം മുതൽ മാൾവാവരെയുള്ള രാജ്യം].

കോഹല(ള)ൻ-അഷ്ടാംഗം നാടകം ഉണ്ടാക്കിയ ഒരു മുനി.

കോഹി-കടൽപ്പാല.

കോളകം-മുളക്.

കോളൻ-കരമന്ദ മഹാരാജാവിന്റെ പുത്രന്മാരിൽ ഒരുവൻ.

കോളംബകം-വീണയുടെ തണ്ട്.

കോളംബം-കൊല്ലവർഷം.

കോളവട-തണ്ണ ജാതിക്കാരുടെ വിവാഹനിശ്ചയം.

കോളാരു-പ്ര. മാർഗ്ഗം. ചെ. വരവ്.

കോളാമ്പി-തുപ്പുന്നതിനുള്ള ഒരുവക ഓട്ടുപാത്രം. പഞ്ചായങ്ങം-പ്രതിഗ്രഹം, പാതൽഗ്രഹം.

'തങ്കക്കോളാമ്പിതാംബൂലചർവ്വണക്കോപ്പും'

(കുചേലവൃത്തം വഞ്ചിപ്പാട്ട്)

കോളാഹം, കോളാളൻ-വിലയ്ക്കു വാങ്ങിക്കപ്പെട്ട മനുഷ്യൻ.

കോളി-ഇലന്തമരം.

കോളിൽ-അ. അതുവഴി, ക്രമേണ, ഒടുക്കത്തിൽ.

കോളുകാരൻ-കൊള്ളുന്നവൻ, വാങ്ങിക്കുന്നവൻ.

കോളെടുക്കുക-കടലിൽ കറവ ചെയ്യുക.

കോളോടം-മീൻ പിടിപ്പാനുള്ള വള്ളം.

കോൾ, കോള്-പ്ര. കൊള്ളുക, വാങ്ങിക്കുക. ചെ. സുകൃതം, കാരുണ്യം. നാ. കർമ്മസ്സംസ്കാരം. ര നോട്ടം. ങ. വിവേകം. ന. കടലിലേ കാറ്റ്. ച. അപമാനം. വ. തന്നത്. ൻ. ആപത്ത്. ക്രി. അടിയന്തരമുതലായവയെ അനുഭവിക്കുക. ക്രി ക. കച്ചവടം. ക്രി. കാറ്റ്.

കോൾമയിർ-അധികമായ സന്തോഷമോ ഭയമോ മുതലാകുമ്പോൾ ദേഹത്തിലെ രോമങ്ങൾ എഴുന്നേറ്റുനില്ക്കുന്ന രോമാഞ്ചം.

കോഴിമുതൽ-വാങ്ങിച്ചുപ്പോൾ കൊടുത്തവില.

കോഴിമുതല-ഒരുമാതിരി വലിയ മുതല.

കോഴിവാ-ശരീരത്തിൽ മുറിവോ വ്രണമോ കൊണ്ടുണ്ടായ കഴി.

കോഴിവില-കോഴിമുതൽ.

കോഴ-ഫ. കായ്യും നേടുന്നതിനായിട്ട് ഉദ്യോഗസ്ഥന്മാർക്കും മറവും കൊടുക്കുന്ന ദ്രവ്യം, കൈക്കൂലി. ഉ. കരം, കപ്പം സ. ഭയം, ശങ്ക, ര. ദുഃഖം. (ശങ്കയ്ക്ക് ഉദാഹരണം.)

'ചൂഴെനിന്നീടുന്നലോകരേനോക്കീട്ട
കോഴ പൂണ്ടേറവും കേഴുംപിന്നെ'

(കൃഷ്ണലീല തുള്ളൽ)

ഇ. കറാം.

കോഴപ്പാട്ട്-ബുദ്ധിമുട്ട്.

കോഴി-ഒരുവക പക്ഷി, പൂവൻകോഴി, പിടക്കോഴി, കൂകുക്കോഴി, മയിൽകോഴി, കാട്ടുകോഴി, പാറകോഴി ഇങ്ങിനെ പലതരമുണ്ട്. സാമാന്യം കോഴി എന്നതിനു പയ്യുയെങ്കിലും-കുകവാകം, താമ്രചൂഡം, കുക്കുടം, ചരണായുധം.

(മാംസം-വാതം, വിഷജ്വരം, ക്ഷയം, മൂർച്ഛി, നേത്രരോഗം ഇവയെ നശിപ്പിക്കും. മേഹത്തെ തടിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. സ്വരത്തെ നന്നാക്കും. നാട്ടുകോഴിക്കു മുമ്പറഞ്ഞ ഗുണങ്ങളുണ്ടെങ്കിലും ഗ്രാമ്യത്വവും കഫവർദ്ധനകരത്വവുമുണ്ട്. സാമാന്യവിധിയിൽ കാട്ടുകോഴി ഉത്തമം. കോഴിമാംസം തെരാതെടെന്നിച്ചു ക്ഷീണിക്കരുത്.)

കോഴിക്കാരം-കോഴിക്കൂട്ടം.

കോഴിക്കൂട്ടൻനെല്ല് - വ്രീഹികളിൽ ഒന്ന്.

[ഇതിനു മിക്കവാറും നവരയുടെ ഗുണങ്ങളും ഉണ്ട്. സംസ്കൃതത്തിൽ-കുക്കുടാണ്ഡം.]

കോഴിക്കൃഷി-കോഴിയെ ധാരാളമായി വളർത്തി ആദായമെടുക്കുന്ന ഒരു തൊഴിൽ.

കോഴിക്കോട്ട് - മലയാളത്തിൽ ഒരു രാജ്യം.

കോഴിപ്പോരു് - കോഴികളെ തമ്മിൽ കൊത്തുക.

കോഴിയങ്കം-കോഴിപ്പോര്.

കോഴിയവര-ഒരു ചെടി.

[അവരയുടെ ഗുണം തന്നെ. ഇതു നാട്ടു വളർത്തുന്നു. കായ് വിരൽപോലെ ഉരുണ്ടിരിക്കും. മൂത്താൽ ഗുണം കുറയും സംസ്കൃതത്തിൽ-വൃത്തനിഷ്പാവികം.]

കോറു-മുറിക്കുക, കീറുക.

കോറ-വി. ഉണങ്ങിയ.

കോറ-ഫ. മുത്താറി. ഉണങ്ങിയപാക്ക്.

കോറുവാ-സംവിധാനത്തിലുള്ള ഒരുമാതിരി ശകാരം.

## കൌ

കൌകൃത്യം - ചീത്തപ്രവൃത്തി, പാപകർമ്മം.

കൌതുകടികൻ-ഫ. കപടഭക്തിക്കാരൻ. ഉ. ഒരുമാതിരി സന്ന്യാസി. കൗതുകടിയെ (മായയെ) കാണുന്നവൻ എന്നർത്ഥം.

[പുഴുക്കളെയും മറ്റും ചവുട്ടിപോകാതിരിക്കുന്നതിനു മുമ്പോട്ടുള്ള നോക്കി നടക്കുന്ന ഭിക്ഷുക്കളെ 'കൌതുകടികർ' എന്നു വിളിക്കുന്നു.]

കൌരക്ഷിയകം-വാരം. കക്ഷിയിൽ ഒതുക്കിവച്ചു് എന്നർത്ഥം.

'രാക്ഷസയിതേ കാംക്ഷിതപിശിതേ
രക്ഷതരം മമ കൌരക്ഷേയകമിദം
വക്ഷസി പതതി പുനർതേ'

കൌരഞ്ജരാണൻ - സുഗ്രീവന്റെ പുത്രൻ.

[കുരങ്ങരാണൻ എന്നതു നോക്കുക.]

കൌടു-വി ഫ സ്വന്തഗൃഹത്തിൽ വസി

ക്കുന്ന. ഉ. സ്വാതന്ത്ര്യമുള്ള. നാ. ചതി യുള്ള. ദ്വി. മര്യ്യാദയില്ലാത്ത.

കൌടകികൻ- മാംസം വില്പാനവൻ, പക്ഷികളെ പിടിക്കുന്നവൻ.

കൌടജം-കുടകപ്പാല. ശിരിക്കുടത്തിലു ണ്ടാകുന്നത് എന്നർത്ഥം.

കൌടതക്ഷൻ-പ്ര. തന്നിഷ്ടമായിട്ട വേല ചെയ്യുന്ന ആശാരി. ഉ. കൌടനായ (കുടിയിൽ പാർക്കുന്ന) തച്ചൻ.

കൌടൻ-കുടിയിൽ പാർക്കുന്നവൻ.

കൌടം-പ്ര. ചതി. ഉ. കളവ്. നാ. കുട കപ്പാല.

കൌടസാക്ഷി- കള്ളസ്സാക്ഷി പറയുന്ന വൻ.

കൌടി-പ്ര. ചതിയുള്ളവൾ. ഉ. സ്വാത ന്ത്ര്യമുള്ളവൾ. നാ. സ്വന്തഗൃഹത്തിൽ താമസിക്കുന്നവൾ. ദ്വി. മര്യ്യാദയില്ലാത്ത വൾ.

കൌടിക-വി. പക്ഷികളെ പിടിക്കുന്ന.

കൌടികൻ-മാംസം വിറ്റ ഉപജീവിക്കു ന്നവൻ. ക്രൂരത്തെ (മൃഗാദികളെ കുടുക്കു വാനുള്ള യന്ത്രത്തെ) കൊണ്ട ചരിക്കുന്ന വൻ എന്നർത്ഥം.

[ഒരു കുടികെട്ടി മേശത്തുപാർക്കുന്ന എ ന്നല്ലാതെ ആ മേശത്തെ അവകാശമൊ ന്നും ഇല്ലെന്ന താൽപര്യം.]

കൌടിലിക-വി. പക്ഷികളെ പിടി ക്കുന്ന.

കൌടില്യൻ- ചാണക്യൻ, ചന്ദ്രഗുപ്ത ന്റെ മന്ത്രി.

കൌടില്യം-പ്ര. കുടിലത, ചതി. ഉ. ദൌഷ്ട്യം. നാ. കളവ്. [അകൌടി ല്യം എന്ന ശബ്ദം നോക്കുക.] ദ്വി വലി യ മുള്ളങ്കി.

കൌടുംബ-വി. ഭവനത്തിലെയ്ക്കുവേണ്ട മുള്ള.

കൌടുംബം-ബന്ധുത്വം.

കൌടുംബികൻ-ഒരു ഗൃഹത്തിലെ നാ യകൻ അല്ലെങ്കിൽ പിതാവ്.

കൌണ്ഡവികം-നാഴിവിത്തു വിതയ്ക്കുന്ന സ്ഥലം.

കൌണ്ഡിന്യ-ഒരു മുനി.

[ശിവനെ കോപിപ്പിച്ചു. അപ്പോൾ വിഷ്ണു രക്ഷിക്കുകകൊണ്ടു വിഷ്ണുഗുപ്തൻ എന്ന പേരുണ്ടായി.]

കൌണപവ്രതം- രാക്ഷസവൃത്തി, ക്രൂ രത്വം.

കൌണപഭന്തൻ-ഭീഷ്മൻ.

കൌണപൻ- രാക്ഷസൻ. കൌണപ ന്റെ വംശത്തിലുണ്ടായവൻ എന്നർത്ഥം. [കൌണപൻ എന്ന പദം നോക്കുക.] ശവം ഭക്ഷിക്കുന്ന ശീലമായിട്ടുള്ളവൻ എ ന്നർത്ഥം.

കൌതുകം-പ്ര. ആഗ്രഹം. ഉ. കാത്തി രിപ്പ്. നാ. സന്തോഷം. ദ്വി. ഉത്സവം. ത്രി. മംഗല്യസൂത്രം. ന്യ. വിനോദം, നേ രമ്പോക്ക്. ഐ. കാഴ്ച. വ്യ. പാട്ട്. ൻ ടുള്ളൽ. പ്രാ. പ്രേക്ഷിണം. പ്രപ്ര. താൽ പര്യം, ഉല്ലാസം.

കൌതുകസർവ്വസ്വം-ഒരു ചെറിയ നാ ടകം.

[കുഞ്ചൻ നമ്പ്യാർ ഹാസ്യ രസപ്രധാനം.]

കൌതുകാഗാരം-നല്ല വീട്.

കൌതുകി-വി. ആഡംബരമുള്ള, വേഷ പ്രൌഢിയുള്ള.

കൌതൂഹലം-പ്ര. ആഗ്രഹം. ഉ. കാത്തി രിപ്പ്. നാ. സന്തോഷം. [അകൌതൂ ഹലം എന്ന ശബ്ദം നോക്കുക.]

കൌതൂഹല്യം-പ്ര. ആഗ്രഹം. ഉ. കാ ത്തിരിപ്പ്. നാ. സന്തോഷം. [അകൌ തൂഹല്യം എന്നതു നോക്കുക.]

കൌത്സവീണം - വരക കൃഷിചെയ്യുന്ന സ്ഥലം.

കൌന്തി-അരേണുകം, കന്തിദേശത്തിലു ണ്ടായത്. കന്തിക്ക ദുർഭിസസ്സുപദേശി ച്ച ശിരോവ്യക്ഷേദമകയാൽ കന്തിയെ സംബന്ധിച്ചതു എന്നുമാവാം.

കൌന്തികൻ-കുന്തക്കാരൻ. കുന്തം ആയുധമായിട്ടുള്ളവൻ എന്നർത്ഥം.

കൌന്തേയൻ-കുന്തിയുടെ പുത്രൻ. [ധർമ്മപുത്രനും മറ്റും.]

കൌന്തേയ -നീർമരുത്.

കൌന്നഖ്യം-നഖങ്ങളിലേ അഴുക്ക്.

കൌപീനം-പ്ര. കോണകം. ഗുഹ്യപ്രദേശത്തെ മറയ്ക്കുന്നതു എന്നർത്ഥം ൨. ഗുഹ്യപ്രദേശം. പാപത്തെ ചെയ്യുന്നതു കൊണ്ടു ഈ പേർ വന്നു. ന. പാപം. ക്ഷപാപത്തനത്തെ അഹിക്കുന്നതു എന്നർത്ഥം.

കൌബേര-വി. കുബേരനെ സംബന്ധിച്ച.

കൌബേരം-കൊട്ടം.

കൌമാര-വി. കുമാരനെ സംബന്ധിച്ച.

കൌമാരകം-അഞ്ചു വയസ്സിൽ താണപ്രായം. [സ്ത്രീകളുടെ സംഗതിയിൽ പതിനാറുവയസ്സിനു താണപ്രായം.] കുമാരനെ സംബന്ധിച്ച എന്നു ശബ്ദാർത്ഥം.

കൌമാരം-കുമാരന്റെ അവസ്ഥ, ബാല്യം, ശിശുത്വം.

കൌമാരി-പ്ര. മാതൃക്കളിൽ ഒരുവൾ, ഒരു ദേവി. [സപ്തമാതൃക്കളും എന്നതിൽ വിവരിക്കപ്പെട്ടു.] കുമാരനെ സംബന്ധിച്ചവൾ, കാർത്തികേയന്റെ ശക്തി എന്നർത്ഥം. ൨. പന്നിക്കിഴങ്ങ്.

കൌമുദ-പ്ര. നിലാവു, ചന്ദ്രന്റെ ശോഭ. കുമുദത്തെ (ആമ്പൽ പൂവിനെ) വിടുവിക്കുന്നതു എന്നർത്ഥം മാറു പല്ലായങ്ങളും-ചന്ദ്രിക, ജ്യോത്സ്നം.

'വന്നാമുതാവങ്മയകൌമുദീയം'

(നളചരിതം കഥകളി.)

൨. വ്യാകരണ പുസ്തകങ്ങളിൽ ഒന്നു. (സിദ്ധാന്തകൌമുദി.)

കൌമോദകി-വിഷ്ണുവിന്റെ ഗദ. കുമോദകനെ (വിഷ്ണുവിനെ) സംബന്ധിച്ചതു എന്നർത്ഥം.

[ഇതു് അഗ്നി കൃഷ്ണനു കൊടുത്തതെന്നു് അഭിപ്രായം കാണുന്നു.]

കൌരവൻ-കുരു എന്ന രാജാവിന്റെ പുത്രൻ, ആ രാജാവിന്റെ വംശത്തിൽ ജനിച്ചവൻ.

കൌരവ്യൻ-പ്ര. കുരുവിന്റെ വംശത്തിലുള്ളവൻ. ൨. കുരുക്കളുടെ നാട്ടുഭാഷി. ഐരാവതകുലത്തിലേ ഒരു നാഗേന്ദ്രൻ, ഉലൂപിയുടെ പിതാവു്.

'കൌന്തേയന്മാർ കൌന്തേയന്മാർ
കൌരവ്യന്മാർ കൌരവ്യന്മാർ'

(രാഘവീയത്തു ഉള്ളിൽ)

കൌവ്വീ-വൃശ്ചികം രാശി

കൌശം-പ്ര. ഒരു കല്പത്തിന്റെ പേർ. ൨. പതിനെട്ടു പുരാണങ്ങളിൽ ഒന്നു.

കൌശല-വി. കുശലത്തെ സംബന്ധിച്ച. ൨. നല്ല വംശത്തിൽ ജനിച്ചതു. ന. പാരമ്പര്യത്തിൽ വന്നിട്ടുള്ള.

കൌശലടിനേയൻ, കൌശലടേയൻ-പതിവ്രതയായി ഭിക്ഷാർത്ഥം വീടുതോറും സഞ്ചരിക്കുന്ന സ്ത്രീയുടെ പുത്രന്റെ പേർ. [കുലട എന്ന പദം നോക്കുക].

[കുലട രണ്ടുതരമുണ്ടു്. പ്ര. അസതിയായ കുലട ൨. സതിയും ഭിക്ഷുകിയുമായ കുലട. അസതിയായ കുലടയുടെ പുത്രനെ കൌശലടേൻ എന്നു വിളിക്കുന്നു].

കൌശലടേയൻ-രണ്ടുതരത്തിലുള്ള കുലടാസ്ത്രീകളുടെയും പുത്രന്റെ പേർ. [കുലട എന്നതു നോക്കുക].

കൌശലടേൻ - വൃശ്ചികത്തിന്റെയുടെ പുത്രൻ.

കൌശലതീനം-തിരുവിതാംകൂറിന്റെ യോഗ്യമായ സ്ഥലം.

കൌശലാലകം-ചീനപ്പിഞ്ഞാണം.

കൌശലിക-പ്ര. വംശത്തിൽ ചേർന്ന. ൨. വംശത്തിൽ പതിവുള്ള.

കൌശലികി-വംശത്തിൽ ചേർന്നവൾ.

കൌശലീനം-പ്ര. നല്ല കുലത്തിലേ ഒരു

നം. ക. ലോകാപവാദം, ന. യശ്ശം. ര. പക്ഷി പക്ഷി സപ്പം ഈ ജന്തുക്കളുടെ യശ്ശം.

[പക്ഷക്കളും പക്ഷുക്കളും, പക്ഷികളും പക്ഷികളും, സപ്പുങ്ങളും സപ്പുങ്ങളും തമ്മിലുള്ള യശ്ശമെന്നറിക].

കൌലീന്യം-കുലീനത്വം, നല്ല വംശത്തിൽ ജനിച്ചിരിക്കുന്ന സ്ഥിതി.

കൌലേയക - വി. നല്ല കുലത്തിൽ ജനിച്ച.

കൌലേയകൻ-വലിയതറവാട്ടുകാരൻ.

കൌലേയകം-പ പട്ടി. കുലത്തിൽ ജവിച്ചത എന്നർത്ഥം. ക. വേട്ടപ്പട്ടി

കൌല്യ-വി. ഉന്നതവംശത്തിൽ ജനിച്ച.

കൌവ്വ്-പ. കായ്ക്കുക. ക. അതിതാൽപര്യം.

കൌശം-കാന്യകുബ്ജം.

കൌശലക്കാരൻ-കൌശലമുള്ളവൻ.

കൌശലം-പ. കുശലത, സാമർത്ഥ്യം. ക. ക്ഷേമം, മോക്ഷം ന. സൂത്രം, ഉപായം ര. സൂത്രപ്പണികളിലും മറവുമുള്ള വാശത.

കൌശലവിദ്യ - കൌശലമുള്ളവന്റെ ചില സൂത്രപ്പണിയും മറവും.

കൌശലി, കൌശലിക-സമ്മാനം.

കൌശലികം-ദേവകുമ്മട്ടി.

കൌശല്യം-കുശലത, സാമർത്ഥ്യം. [ണ കൌശല്യം എന്നും നോക്കുക].

കൌശികൻ-പ. വിശ്വാമിത്രൻ.

(വിശ്വാമിത്രമഹർഷി ഗാധിയുടെ എന്നും പേരുണ്ട്)

ക. ഇന്ദ്രൻ. ന. പാമ്പാട്ടി ര ഒരു സന്ന്യാസി.

(ചിലരോ ചില കള്ളന്മാർ പിടികൂടി. അവർ മൂവിടം കള്ളന്മാരിൽ നിന്നു ഓടി രക്ഷപ്പെട്ടു. ആ മാന്യരായ കള്ളന്മാർക്ക് രത്നമിച്ചുകൊടുത്തു ഈ സന്ന്യാസിയാണ്. അതിനാൽ നരകത്തിൽ വീഴുന്നതിനിടയായി.

കൌശികം - പ. ഗുഗ്ഗുലു. ക. മുള കശങ്ങളിൽ (വൃക്ഷങ്ങളിൽ) സഞ്ചരിക്കുന്നതു എന്നർത്ഥം. ന. കീരി.

കൌശി(ഷി)കം-പ. പെരുമരുന്ന്. ക. ഉഴമൻ. ന. ഗുഗ്ഗുലു. ര. കീരി.

കൌശികായുധം-മേഘത്തിൽ കാണുന്ന വില്ല്.

കൌശികി-പ. മരാവ്. ക. ഉറുമ്പ. ന. ജമദഗ്നിയുടെ മാതാവായ സത്യവതി.

കൌശേയം-പട്ടുനൂൽകൊണ്ടുള്ള വസ്ത്രം. പുഴുക്കളിൽനിന്നെടുത്ത നൂൽകൊണ്ടുണ്ടാക്കിയതു.

കൌഷ്ഠാരവി-ഒരു മൈത്രേയമുനി.

[കൃഷ്ണദ്വൈപായനന്റെ പുത്രനാകയാൽ കൌഷ്ഠാരവൻ എന്നും കൌഷ്ഠാരവി എന്നും പറയുന്നു. ഇദ്ദേഹം വിദുരർക്ക ജ്ഞാനോപദേശം ചെയ്തു].

കൌഷീതകൻ-ബ്രാഹ്മണരിൽ ഒരു ശാഖക്കാർ.

'കൌഷീതകന്നുപത്താമാരംതിപിൻ
ക്രാറിലുംസ്തുതം'

കൌസല്യ- കോസലരാജാവിന്റെ ഒരു പുത്രി. കൌസലരാജ്യക്കാരി. പ. ശ്രീരാമന്റെ അമ്മ, ദശരഥന്റെ ഭാര്യ. ക. പുരുവിന്റെ ഭാര്യ ന. ജനമേജയന്റെ മാതാവു്.

കൌസീദ-വി. പ. ഒരുകയ്യുടെ സഹായിച്ച ക. ആലായത്തിനു അത്യാശയുള്ള.

കൌസീദ്യം-പ. മടി, ചോടിപ്പില്ലായ്മ. ക. അധികപ്പലിശവാങ്ങുക.

കൌസുംഭ - വി കുസുമ്പപ്പൂനിറമായ, ചുമന്ന.

'ധന്യാകൌസുംഭരാഗംതടവിനതരയിൽ-
ക്കണ്ടുമോരോരുഷോനാം'

(ഭാഷാകൃഷ്ണകർണ്ണാമൃതം)

കൌസ്തുതിക-വി. പ്ര ചതിവുള്ള. ഉ ഇന്ദ്രജാലവിദ്യയുള്ള.

കൌസ്തുഭം-പ്ര. വിഷ്ണുവിന്റെ ആരേണമായ ഒരു മണി. കുസ്തുനെ (വിഷ്ണുവിനെ) സംബന്ധിച്ചതു എന്നർത്ഥം. കുസ്തുഭത്തിൽ (സമുദ്രത്തിൽ) നിന്നുണ്ടായതു എന്നുമാകാം. ഉ. ഒരു വ്യാകരണപുസ്തകം (ശബ്ദകൌസ്തുഭം).

---

## ക്ര

ക്രകചം-പ്ര. മരം അറുക്കുന്നതിനുള്ള വാൾ, ഈർച്ചവാൾ, 'ക്ര' എന്നു ശബ്ദിക്കുന്നതു് എന്നർത്ഥം. മറ്റൊരു പര്യായം-കരപത്രം. ഉ. വയ്യംകരുക്ക്.

ക്രകണം, ക്രകരം-പ്ര. ഇരുവാൾ ചാത്തൻ. 'ക്ര' എന്ന ശബ്ദിക്കുശീലമുള്ളതു എന്നർത്ഥം. കരേടുവിൻ വകഭേദമെന്നും അഭിപ്രായമുണ്ടു്. തമിഴിൽ 'കക്കരവു്'

ക്രതു-പ്ര. യാഗം. ചെയ്യപ്പെടുന്നതു എന്നർത്ഥം. ഉ. സങ്കല്പം, നിശ്ചയം. ന. സപ്തർഷികളിൽ ഒരാൾ. ഭ. പത്നീപ്രജാപതികളിൽ ഒരാൾ. ര. ബുദ്ധി, സാമർത്ഥ്യം. ന. ശക്തി. ഒ. യോഗ്യതവു. ആലോചന. ൻ. ഉപാസന, ആരാധനം. പ്ര. അശ്വമേധയാഗം. പ്രപ. ആക്ഷാഢമാസം. പ്രഉ. വിഷ്ണു.

[ക്രതു എന്ന പ്രജാപതിയുടെ പത്നിയായ 'സന്നതി' തള്ള വിരലിന്റെ മുട്ടോളം വലിപ്പമുള്ള നാനൂറു പുത്രന്മാരെ പ്രസവിച്ചു].-(വിഷ്ണുപുരാണം)

ക്രതുധ്വംസി-ശിവൻ. ദക്ഷയാഗത്തെ നശിപ്പിച്ചവൻ എന്നർത്ഥം.

ക്രതുപുരുഷൻ-വിഷ്ണു.

ക്രതുഭുക്ക്-ദേവൻ. യാഗത്തിങ്കൽ ചെല്ലുന്നവൻ. യാഗസാധനങ്ങളും ഉണ്ണുന്നവൻ. യാഗത്തെ വിഘ്നം കൂടാതെ രക്ഷിക്കുന്നവൻ എന്നർത്ഥം.

ക്രതുരാജാവു്-രാജസൂയം.

ക്രഥനം-പ്ര. കൊല്ലുക, കൊല. ഉ. വെട്ടുക.

ക്രന്ദം-വിളി, കരച്ചിൽ.

ക്രന്ദനം-പ്ര. കരച്ചിൽ ഉ. നിലവിളി. ന. പോർവിളി, യോദ്ധാക്കന്മാർ പരസ്പരം സ്പർദ്ധയോടു ചെയ്യുന്ന പോർവിളി. വിളിക്കുക എന്നർത്ഥം. ഭ. പുച്ഛം.

ക്രന്ദിതം-പ്ര. കരച്ചിൽ. ഉ. നിലവിളി.

ക്രയകം-വിലയ്ക്കുവാങ്ങുക.

'ക്രയകഃക്രയഃ' (വൈജയന്തി)

ക്രമ-വി കഴപ്പമില്ലാത്ത, മുടന്തൊറാത്ത, രീതിയുള്ള.

ക്രമക്കേടു്-മുറയില്ലായ്മ.

ക്രമകൻ-ക്രമമായി (ശരിയായി) പഠിക്കുന്ന വിദ്യാർത്ഥി.

ക്രമണം-പ്ര. സഞ്ചാരം ഉ. കയറ

ക്രമശഃ-അ. മുറയ്ക്കു്, ക്രമത്തിൽ.

ക്രമപ്പെടുത്തുക-ക്രമത്തിൽ ആക്കുക.

[ക്രമപ്പെടുത്തുക എന്നതിനെ ചിലർ സംസ്കൃതമാക്കുവാൻ വേണ്ടി 'ക്രമീകരിക്ക' എന്നു പ്രയോഗിക്കാറുണ്ടു്. കരിക്ക എന്നതിനെ കന്നിനെ ഒരുവിധമാക്കിച്ചെയ്ക എന്നാണർത്ഥം. അതുകൊണ്ടു നാമവിശേഷണങ്ങളിൽ മാത്രമേ 'കരിക്ക' ചേർക്കാവു. ക്രിയാരൂപത്തിൽ 'ക്രമം' നാമമാകയാൽ ഇതു യോജിക്കയില്ല. ക്രമപ്പെടുത്തുക എന്ന ലേയപ്രയോഗമത്രേ]. (സാഹിത്യസാഹ്യം)

ക്രമം-പ്ര. മുറ, രീതി, കഴപ്പമില്ലായ്മ. ഉ. മര്യാദ. ന. രീതി. ഭ. നടപ്പു് ര. മേൽ ഇരിക്കുന്ന അവസ്ഥ ന. ഇന്നപ്രകാരം ചെയ്യണം എന്നുള്ള ശാസ്ത്രവിധി.

ക്രമാൽ-അ. പ്ര. ക്രമേണ, കാലിവസം കഴിഞ്ഞുപോയാൽ

ക്രമിക-വി. ഫ. തുടച്ചയ്യായ. ര. വംശാനുഗതമായ.

ക്രമുകം-ഫ. കവുങ്ങ്. മണ്ണു തട്ടുന്നേടത്തെല്ലാം വേരുന്നിപ്പിടിക്കുന്നതു എന്നർത്ഥം. ര. ചെമന്ന പാച്ചോറി. അരുമിക്കുന്നതു എന്നർത്ഥം. ന. കാട്ടരയാൽ. ഭ. പെരുമുണ്ണ.

ക്രമേണ-അ. ഫ. ക്രമത്തിനു്. ര. ക്രമംകൊണ്ടു്, കറെ നേരമോ ദിവസമോ കഴിയുമ്പോൾ.

ക്രമേളകം-ഒട്ടകം. ചവിട്ടിച്ചാടി നടക്കുന്നതു എന്നർത്ഥം.

ക്രമോൽകർഷം-ക്രമത്തിനുള്ള വർദ്ധന.

ക്രയണം-വിലക്കു വാങ്ങിക്കുക.

ക്രയം-വിലയ്ക്കു വാങ്ങിക്കുക.

ക്രയവിക്രയം-കച്ചവടം.

ക്രയവിക്രയികൻ-കച്ചവടക്കാരൻ. ക്രയവിക്രയങ്ങളെക്കൊണ്ടു ജീവിക്കുന്നവൻ എന്നർത്ഥം.

ക്രയാരോഹൻ-കച്ചവടം ചെയ്യുന്നവൻ.

ക്രയികൻ-കച്ചവടക്കാരൻ, വിലക്കു സാമാനം കൊള്ളുന്നവൻ. മറ്റൊരുത്തപ്പുയം-ക്രയകൻ.

ക്രയ്യ-വി. വിലകൊടുത്തു വാങ്ങിപ്പാൻ തക്ക.

ക്രയ്യം-വിൽക്കുന്നതിനായി കച്ചവടക്കാർ അങ്ങാടിയിൽ നിരത്തിവെച്ച സാധനം. വിൽക്കപ്പെടുന്നതു എന്നർത്ഥം.

ക്രവി-മാംസം.

ക്രവ്യം-മാംസം. ശവത്തെ ഭുജിക്കുന്നതു എന്നർത്ഥം.

ക്രവ്യവാഹനൻ-അഗ്നി. [വേഗത്തിൽ പ്രയോഗം.]

ക്രവ്യാദു്-രാക്ഷസൻ. പച്ചമാംസം തിന്നുന്നവൻ എന്നർത്ഥം.

ക്രവ്യാദ-വി. മാംസത്തെ ഭക്ഷിക്കുന്ന.

ക്രവ്യാദൻ-രാക്ഷസൻ.

ക്രവ്യാദം-ഫ. സിംഹം. ര. പന്നു്.

ക്രശിമാവു്-മെലിഞ്ഞിരിക്കുന്ന സ്ഥിതി. [അക്രശിമാവു് എന്ന പദം നോക്കുക.]

## ക്രാ

ക്രാകചികൻ-അറപ്പുകാരൻ. ഈച്ചു വാൾകൊണ്ടു അറക്കുന്നവൻ.

ക്രാഥം-കൊല.

ക്രാന്തം-ഫ. വ്യാപ്തം. ര. കതിർ. ന. നട, പദവിന്യാസം. ക്രാന്തം=കുമിച്ചതു്, അധിവസിച്ചതു്.

ക്രാന്താ-ചെറു വഴുതിന.

ക്രാന്തി-ഫ. ക്രമിക്കുക. ര. കാരാഗൃഹം. ന. പോവുക. ഭ. ജയിക്കുക, തോൽപ്പിക്കുക. ഇ. നട, ചവിട്ടടി.

ക്രാന്തു-ഒരു പക്ഷി.

ക്രായക-വി. കച്ചവടംചെയ്യുന്ന.

ക്രായകൻ, ക്രായികൻ-വിലക്കു സാമാനം കൊള്ളുന്നവൻ.

ക്രാസനം-മാർഗ്ഗം.

ക്രാസി-ഒരുമാതിരി ചെറിയ അഴിക്കാൽ.

## ക്രി

ക്രിമി, ക്രമി-ഫ. കൃത. ര. ഒരുക്കു്.

ക്രിമി, ക്രമി-കാരാമാതിരി ചെറിയപ്രാണികം, പുഴു.

ക്രിമിജം-അകിൽ. കൃമികളാൽ ഭക്ഷിക്കപ്പെടുന്നതു എന്നർത്ഥം.

ക്രിയ-ഫ. പ്രവൃത്തി. മറ്റൊരുപയ്യായം-കർമ്മം. ചെയ്യുക, ചെയ്യപ്പെടുന്നതു് എന്നർത്ഥം. ര. ഉപാസനയിലുള്ള പ്രവൃത്തി. ന. ആരംഭം. ഭ. വാക്യങ്ങളുടെ അവസാനത്തിൽ വെക്കുന്ന പദം. അകർമ്മക്രിയ, സകർമ്മക്രിയ. ഭ. ഉത്സാഹം.

ഉ. പ്രായശ്ചിത്തം. ന. ശിക്ഷ. ഒ. പൂജന. വ. യിച്ചാരം. ൻ. സാമാന്യപാഠം. ക്ര. ചികിത്സാ. ക്രീ. ചെയ്യൽ.

ക്രിയാകാര-വി. വേലചെയ്യുന്ന.

ക്രിയാഗ്രം-അ. പ്രവൃത്തിക്കു മുമ്പ്.

ക്രിയാദീപകാ-ദീപകാലങ്കാരത്തിൽ ഒരിനം.

ക്രിയാനിർദ്ദേശാ-തെളിവ്.

ക്രിയാപഥം-ചികിത്സയുടെ രീതി.

ക്രിയാപദം-ക്ര. കർത്താവിനേയും കർമ്മത്തിനേയും ക്രിയയോടിപ്പിക്കുന്ന പദം. ഉ. കർത്താവിന്റെ പ്രവൃത്തിയെ അറിയിക്കുന്ന പദം.

ക്രിയാബന്ധം-ക്രിയയോടുള്ള സംബന്ധം.

ക്രിയാംഗജം-(വ്യാകരണത്തിൽ.) ക്രിയാംഗം എന്നു പറയുന്ന വിനയെച്ചംതന്നെ ഭേദകമായി നിന്നതു.

ക്രിയാംഗം-(വ്യാകരണത്തിൽ.) പിൻവരുന്ന ക്രിയയാൽ, അർത്ഥം പൂർണ്ണമായി വരുന്ന അപൂർണ്ണക്രിയ. വിനയെച്ചം എന്നും പറയും.

ക്രിയാവൽ-വി. ക്രിയയുള്ള.

ക്രിയാവാൻ-കർമ്മങ്ങളിൽ ഉത്സാഹത്തോടുകൂടിയവൻ.

ക്രിയാസമഭിഹാരം-എന്തെങ്കിലും പ്രവൃത്തിയെ വീണ്ടും വീണ്ടും ചെയ്കു.

ക്രിസ്തവൻ, ക്രിസ്ത്യാൽ-ക്രിസ്ത്യാനി.

ക്രിസ്ത്യാനിമതം-ക്രിസ്തീയന്മാരുടെ വിശ്വാസപ്രകാരമുള്ള മത നിശ്ചയം.

ക്രിസ്തു-ക്രിസ്ത്യാനിമതസ്ഥാപകനായ മത അവതാരപുരുഷൻ.

ക്രിസ്തുമതം-ക്രിസ്തുവിൽ കേന്ദ്രീകരിച്ചുള്ള മത വിശ്വാസം, ക്രിസ്ത്യാനിക്കാരുടെ ആചാരവും മറ്റും.

ക്രിസ്തുവർഷം-ക്രിസ്തു ജനിച്ചതുമുതലുള്ള വർഷം.

ക്രിസ്ത്യാനി-ക്രിസ്തുമതാനുസാരി.

ക്രിസ്ത്വബ്ദം-[ക്രിസ്തു + അബ്ദം] ക്രിസ്തു ജനിച്ച ആണ്ടുമുതൽ എണ്ണിത്തുടങ്ങിയിരിക്കുന്ന (അബ്ദം) വർഷം. ക്രിസ്ത്വാബ്ദം (ക്രിസ്തു + അബ്ദം) എന്നും പ്രചാരമുണ്ട്. ഇംഗ്ലീഷിൽ ഇതിനെ A.D. എന്നു പറയും.

[ക്രിസ്ത്വബ്ദത്തിനു മുമ്പുള്ളതിനെ ക്രിസ്തുവിനു മുൻ (ക്രി മു) ഇത്രാംവർഷം എന്നു പറയുന്നു. ഇംഗ്ലീ B. C. (Before Christ) എന്നാണ്. വേറെയും അബ്ദങ്ങളുണ്ട്. കൊല്ലാബ്ദവും (കൊല്ലവർഷം), വിക്രമാദിത്യാബ്ദവും, കല്യബ്ദവും, ശകാബ്ദവും ഇത്യാദി].

—:o:—

## ക്രീ

ക്രീഡകൻ-ക്ര. കളിക്കാരൻ. ഉ. വാതിൽ കാക്കുന്നവൻ.

ക്രീഡനകം-കളിപ്പാനുള്ള വസ്തു.

ക്രീഡനം-കളി.

ക്രീഡാ-ക്ര. കളി. പഞ്ചായങ്കം-ദ്യൂതം, കേളി, പരിഹാസം, ക്രീഡാ, ലേഖ, നർമ്മം. ൨. സ്ത്രീപുരുഷന്മാർ പരസ്പരം പ്രേമാതിശയം കൊണ്ടു ചെയ്യുന്ന പരിഹാസം. കളിയാട്ടത്തിലുള്ള പാട്ടുകൾ.

[ക്രീഡ' എന്നതും 'ലീല' എന്നതും മനുഷ്യരിൽനിന്നുണ്ടാകുന്ന ചേഷ്ടാവിശേഷം കുറിക്കും. അപൂർവം മനുഷ്യരിതരങ്ങൾക്കും പ്രയോഗം കാണാം. ഉ-ം. അഷ്ടക്രീഡാ.]

ക്രീഡാഗൃഹം-കളിക്കുന്നതിനുള്ള തരത്തിൽ ഉണ്ടാക്കിയ വീട്.

ക്രീണനം-വിലയ്ക്കു വാങ്ങൽ.

ക്രീണിക്കുക-വിലയ്ക്കു വാങ്ങിക്കുക.

ക്രീത-വി. വിലയ്ക്കു വാങ്ങപ്പെട്ടതു.

ക്രീതകൻ-മാതാപിതാക്കന്മാരിൽ നിന്നു വിലയ്ക്കു വാങ്ങിച്ചു വളർത്തപ്പെട്ടന്ന പുത്രൻ.

ക്രീതാനുശയം-വിലക്കു വാങ്ങിച്ച വസ്തുവിനെ തിരിച്ചു കൊടുക്കുക.

—:0:—

## ക്രു

ക്രുങ്ങ്-അന്നിൽപക്ഷി.

ക്രുഞ്ചം-അന്നിൽപക്ഷി.

ക്രുദ്ധ്-കോപം.

ക്രുദ്ധം-വി. കോപിച്ച.

ക്രുധിക്കുക-കോപിക്കുക.

ക്രുധാ-കോപം.

'ക്രോധഃകോപോമഷ്ടരാക്ഷൌ
തസ്യാരുട് ക്രുത് ക്രുധഃസ്ത്രിയഃ'
(ഭൈരുയന്തി)

[ക്രുശബ്ദോത്തിനു പ്രയോഗം കുറവാണ്. ക്രുത് എന്നത് ക്രൻറ തൃതീയൈകവചനമായി പ്രയോഗിക്കപതിവു്.]

ക്രുമുകം-കവുങ്ങ്.

ക്രുശപാ-കഥകൻ.

ക്രുഷ്ട-വി. ക്രോശിക്കപ്പെട്ട, വിളിക്കപ്പെട്ട

ക്രുഷ്ണം-കരുപ്പിൽ.

—:0:—

## ക്രൂ

ക്രൂര-വി. ക്രമകഠിനതയുള്ള. ദയയില്ലാത്ത.

ക്രൂരത-കഠിന്യം, ദയയില്ലായ്മ.

ക്രൂരൻ-പ. പരാദ്രോഹം ചെയ്യുന്നവൻ, ഉപദ്രവിക്കുന്നവൻ എന്നർത്ഥം. ദയയില്ലാത്തവൻ. ന. കഠിനൻ.

ക്രൂരം-ക്രൂരമായിട്ടുള്ളത്. ദയയില്ലാത്തത്. ന. ചെമന്നരളി. ന. പന്നി. ഭ. കരുപക്ഷി.

ക്രൂശ്, കുരിശ്-ക്രൂ. ഒന്നിനുമേൽ മറ്റൊന്നായി വിലങ്ങനെ ഉണ്ടാക്കിയിട്ടുള്ള ഒരു മരത്തിരി കഴു. ക്രിസ്തുവിനെ കുരിശിന്മേൽ തറച്ചു കഴു.

—:0:—

## ക്രേ

ക്രേണി-വിലക്കുവാങ്ങിക്കുക.

'ക്രേണീവിക്രയഃ' (ഭൈരുയന്തി)

ക്രേതവ്യ-വി. വിൽക്കേണ്ടതായ, വിൽക്കപ്പെടുവാൻ തക്ക.

ക്രേതാവു് - വിലകൊടുത്തു വാങ്ങിക്കുന്നവൻ.

ക്രേയ-വി. വിൽപ്പാൻ യോഗ്യമായ.

ക്രേയം-വില്പാൻ കൊള്ളാവുന്ന വസ്തു

—:0:—

## ക്രൈ

ക്രൈസ്തവ-വി. ക്രിസ്തുവിനെ സംബന്ധിച്ചുള്ള.

—:0:—

## ക്രോ

ക്രോഡപാടം-അമ.

ക്രോഡം-പ. പന്നി ന. നെഞ്ച്, ഉരമധ്യം. രണ്ടു രേകയിൻറയും മധ്യപ്രദേശമെന്നർത്ഥം (മധ്യപ്രദേശം) ന. ഗ്രഹ. ഭ. പൊക്കിൾ. ഉ. പന്നിക്കിഴങ്ങ്.

ക്രോഡീകരിക്കുക-പ. പലടത്തുനിന്നു എടുത്തു നെഞ്ചിൽ ചേർക്കുക, എടുക്കുക, ശേഖരിക്കുക. ന. ആലിംഗനംചെയ്യുക.

ക്രോധന-വി. കോപശീലമുള്ള.

ക്രോധനം-പ്രായേണ സംവത്സരങ്ങളിൽ ഒൻപതാമത്തേതു്.

ക്രോധാ, ക്രോധവസാ–പ്ര. ദക്ഷന്റെ ഒരു പുത്രി. കശ്യപന്റെ ഒരു ഭാര്യ. ഉ. മാംസത്തെ ഭുജിക്കുന്നതുകളും ക്രൂരപല്ലുള്ളവയുമായ മൃഗങ്ങളും, മത്സ്യങ്ങളും, പക്ഷികളും മുതലായവയുടെ അമ്മ.

ക്രോധം–കോപം. [ക്രിയ–ക്രോധിക്കുക]. ക്രോധത്തിൽനിന്നുണ്ടാകുന്ന വ കാര്യങ്ങൾ.

'ദേഹപ്രകമ്പം സഹസാ ദുർവാദം
ഈർഷ്യാസൂയാസ്ഥാനക്ഷയം
വാഗ്വൈരുദ്ധ്യം ച പാരുഷ്യം
ക്രോധജോപ്യുദ്ഗുണോഷ്ടകഃ'

ക്രോധസംരംഭം–ക്രോധം കലർന്നുള്ള പ്രവൃത്തി.

ക്രോധാലു–വി. കോപശീലമുള്ള.

ക്രോധി–വി. പ്ര. കോപശീലമുള്ള. ഉ. പ്രഭവാദി സംവത്സരങ്ങളിൽ നവ–മത്തേത്.

ക്രോധി– പ്ര. വാരിമാൻ. [ഗ്രാഹ്യാംശം മാംസം]. ഉ. പോത്ത്.

ക്രോശം–ഒരു വിളിപ്പാടു ദൂരം, കാൽ യോജനദൂരം.

[ഉദ്ഘോഷം കൂടിയതു ഒരു ഹസ്തം (മുഴക്കോൽ). വാദ്യം ഹസ്തം കൂടിയത് ഒരു ക്രോശം].

ക്രോശിക്കുക–പ്ര. വിളിക്കുക. ഉ. നിലവിളിക്കുക.

ക്രോഷ്ടാവ്–കുറുക്കൻ. നിലവിളിക്കുന്നവൻ എന്നർത്ഥം.

ക്രോഷ്ടുകൻ–കുറുക്കൻ.

ക്രോഷ്ടുവിന്ന–മുവില. പെരുമല്ലി എന്നും അഭിപ്രായമുണ്ട്. മരിച്ച എന്നു മാക്ഷിനിഘണ്ടു.

ക്രോഷ്ടുകശീർഷം–ഒരു വാദ്യഭേദം.

[കാലിന്മേൽ മുട്ടിൽ വീക്കുണ്ടാകും. വലിയ വേദനെ കാണും. വീർത്തും വലുതാകുമ്പോൾ കുനിഞ്ഞിരുന്നാൽ തലപൊലിരിക്കും].

ക്രോഷ്ടു – കുറുക്കൻ. 'ധാന്യപുഷ്ടിക്കു ഞാൻ സമർത്ഥൻ' എന്നു വിളിച്ചുപറയുന്ന ഒരുന്നത്തം

—:o:—

## ക്രൗ

ക്രൗഞ്ചഭാരണൻ, കൗഞ്ചഭാരണൻ–പ്ര. സുബ്രഹ്മണ്യൻ. ക്രൗഞ്ചപർവ്വതത്തെ പിളർക്കുന്നവൻ എന്നർത്ഥം. ഉ. പരശുരാമൻ.

'ഭൈകലാസേ ധനദഭവനേ
കൈലാസഃ ക്രൗഞ്ചഭേദീ'

(ബൃഹത്സംഹിത)

ക്രൗഞ്ചൻ – താരകാസുരന്റെ ഒരു സഹായി.

ക്രൗഞ്ചം–പ്ര. അന്നിൽപക്ഷി, കർലു. വളഞ്ഞു ചരിഞ്ഞു പാടുന്നതു് എന്നർത്ഥം. മറ്റൊരു പക്ഷിയും–കൂടി. ഉ. ഒരു പർവ്വതം. സ. സപ്തദ്വീപുകളിൽ ഒന്ന്. ഭ. അഴകരൽ.

[ഒരിക്കൽ ഇന്ദ്രനും സുബ്രഹ്മണ്യനും തമ്മിൽ ഒരു വാദം നടന്നു. അപ്പോൾ അഭിപ്രായം ചോദിച്ചതു ക്രൗഞ്ചപർവ്വതത്തോടായിരുന്നു. അതു കൂടുവാനിഷ്ടമായി ഇന്ദ്രനു അനുകൂലമായി അഭിപ്രായംപറകയാൽ കുമാരസ്വാമി തന്റെ അസ്ത്രത്തെ മലക്ക് എതിരെ എറിഞ്ഞു. തത്സമയം ശരം തറക്കയാൽ മല പിളർന്നു. ഈ പർവ്വതത്തെ ഒരിക്കൽ പരശുരാമനും പിളർന്നിട്ടുണ്ട്. ക്രൗഞ്ചപർവ്വതം ഹിമവാന്റെ പൌത്രനാണ്].

ക്രൗര്യം–ക്രൂരത, കഠിനത.

—:o:—

## ക്ല

ക്ലിന്നം, ക്ലിന്നം, ക്ലിന്നപ്പം–ഗർഭിണിക്കുപ്പുണ്ടാകുന്ന

ക്ലമഥം, ക്ലമം-ശ്രമം, തളർച്ച, ക്ഷീണം, വാട്ടം.

ക്ലാന്തത്വം-ക്ഷീണത.

'ക്ലാന്തത്വത്തൊട്ടൊല്ലുമത്തരുണിയെ'
(അമരുകശതകം)

ക്ലാന്താ-പ്ര. തളർന്നത്.

'ക്ലാന്തം മല്ല്യപ്രദേശം വിനതമനിതരം
തോമനിറം പാണ്ഡരാംഗം'
(അഭിജ്ഞാനശാകുന്തളം)

പ. വാടിയത്. ന. മെലിഞ്ഞത്.

ക്ലാന്തി-തളർച്ച.

ക്ലിന്ന-വി. നനവുതട്ടിയ. [ക്ലേദത്തെ പ്രാപിച്ചത് ക്ലിന്നം].

ക്ലിന്നാ-പ്ര. നനഞ്ഞ. പ. വെളുത്തകണ്ണുകാരി.

ക്ലിന്നാക്ഷി-വി. വെള്ളം ഒഴുകുന്നതായ കണ്ണുള്ള, ചീമ്പക്കണ്ണുള്ള.

ക്ലിന്നാക്ഷം-ചീകണ്ണ്.

ക്ലിപ്തി-പരിച്ഛേദം.

ക്ലിശിത-വി. പ്ര. ക്ലേശിക്കപ്പെട്ട, ക്ലേശിച്ച. [ദാരിദ്ര്യദുഃഖങ്ങളാൽ ബാധിക്കപ്പെട്ടവൻ-ക്ലിശി] മറ്റൊരുപയോഗം-ക്ലിഷ്ടൻ. പ. നിശ്ചയമില്ലാത്ത, പ്രയാസമുള്ള.

ക്ലിഷ്ട-വി. ക്ലേശമുള്ള, തളർച്ചയുള്ള, ദോഷം ഭവിച്ച, തെറ്റുകുറ്റങ്ങളുള്ള, പ്രയാസപ്പെട്ട.

ക്ലിഷ്ടം-പ്ര. അന്യോന്യ വിരുദ്ധാർത്ഥമായ വാക്ക്, ക്ലേശമുള്ളത്. പരസ്പരം ചേർച്ചയില്ലാത്തത് എന്നർത്ഥം. സാഹിത്യസാഹിത്യപ്രകാരം ദോഷങ്ങളിൽ ഒന്ന്.

ക്ലിഷ്ടി-പ്ര. ക്ലേശം, വേദന. പ. പ്രയാസം.

ക്ലീതകം-ഏലത്തിമധുരം. നപുംസകത്വത്തെ കളയുന്നത് എന്നർത്ഥം.

ക്ലീതകി-അമരി.

ക്ലീതകിക-അമരി. കടുക്കയുള്ള വള്ളിമുതൽ. ഇതു കൊടുത്താൽ പുരുഷത്വം വേഗം സാധനം കിട്ടുന്നതെന്നു താൽപര്യം.

ക്ലീബ-വി. പ്ര. നപുംസകലിംഗമായ പരാക്രമമില്ലാത്ത പ. ബലഹീനതയുള്ള. ന. നീചത്വമുള്ള.

ക്ലീബം-നപുംസകത്വമുള്ള ആൾ. ആണും പെണ്ണുമല്ലാത്തത്. ധൃഷ്ടതയില്ലാത്ത ആൾ എന്നർത്ഥം.

ക്ലീബൻ എന്ന മലയാളത്തിൽ പ്രയോഗിക്കുന്നത്.

ക്ലേദനം-പ്ര. നനവ്. പ. പഴുപ്പ്. ന. കഫം.

ക്ലേദം-പ്ര. നനവ്. പ. പഴുപ്പ്.

ക്ലേദി-ചന്ദ്രൻ.

ക്ലേശം-പ്ര. വേദന, ബുദ്ധിമുട്ട്. പ. ദുഃഖം. ന. പ്രയത്നം. ബാധിക്കുന്നത് എന്നർത്ഥം.

ക്ലേശിക്കുക-പ്ര വേദനപ്പെടുക, ബുദ്ധിമുട്ടുക. പ. ദുഃഖിക്കുക. ന. പ്രയത്നപ്പെടുക.

ക്ലേശിത-വി. പ്ര. ക്ലേശിപ്പിക്കപ്പെട്ട, ദുഃഖിപ്പിക്കപ്പെട്ട പ. തെറ്റുകപ്പെട്ട.

ക്ലൈതകികം-ഒരു മദ്യം.

ക്ലൈബ്യം-നപുംസകത്തിന്റെ അവസ്ഥ

ക്ലോദകം-പ്ര. കഫം. പ. കായാഗ്നികളിൽ ഒന്ന്.

ക്ലോമം-പ്ര. മൂത്രാശയം, ഉദരത്തിലുള്ള ഒരു ദ്രവ്യാശയം, പുപ്പുസം എന്ന മാംസവിശേഷം, ശമനശീലം എന്നർത്ഥം. പ. കരൾ.

ക്ലോശം-ഭയം. [വേദത്തിൽ പ്രയോഗം.]

## ക്വ

ക്വ-അ. എവിടെ.

ക്വംഗ്-തിന.

ക്വചന, ക്വചിൽ-അ. പ്ര. ചിലേടത്ത്. പ. ഒരിടത്ത്.

കപണനം-ഗ. ചെമ്പരായുള്ള വാദ്യങ്ങളുടെ ശബ്ദം, വീണയുടെയും മറവും ശബ്ദം ക. ചെറിയ മൺപാത്രം.

കപണം, കപണനം, കപാനം, കപണിതം-ഗ ശബ്ദം, ചെമ്പരായുള്ള വാദ്യങ്ങളുടെ ശബ്ദം, വീണ മുതലായ സകല വാദ്യധ്വനികളുടേയും പേർ ക. ക്ഷേണധ്വനി. ന. ആയുധങ്ങൾ കൂട്ടിമുട്ടുമ്പോൾ ഉണ്ടാകുന്ന ശബ്ദം.

കപഥം, കപഥനം-വേവിക്കുക.

കപഥനപാത്രം-തപ്പുചിന്ത. ഏതെങ്കിലും നീർപണ്ടം തിളച്ചു ആവിയാകുന്നതിനു വേണ്ട മൂട്ട്.

കപഥിത-വി. കരുക്കപ്പെട്ട.

കപഥിതം-ശരിയായ വേവുചെന്ന കഷായം മുതലായത്.

കപാഥനം-കൊല, ഹിംസ.

'കപഥനം പ്രതിസാരണം'

(വൈജയന്തി)

കപാഥാ-ഗ. കഷായം. ക. സങ്കടം, വ്യസനം.

കപാഥാതഭവാ-ഗ. ഒരുമാതിരി തുത്തു. ക. രസാഞ്ജനം.

## ക്ഷി

ക്ഷി-ഹല്ലുകളിൽ മുപ്പത്തഞ്ചാം അക്ഷരം

ക്ഷിതി-നരസിംഹാവതാരത്തിൽ വിഷ്ണുവിനുള്ള ഒരു പേർ

ക്ഷിണകം-ചെമ്പരുവ്വ്

ക്ഷിണത്വ-ദേവ, വ്രണം.

ക്ഷിണദ-ഗ. രാത്രി. അവ്യാപാരസ്ഥികളേയും ഉത്സാഹമുള്ളവരേയും യുദ്ധകർമ്മം ചെയ്യുന്നു എന്നർത്ഥം. ക. മരണം.

ക്ഷിണദൻ-ജ്യോതിഷ്കാരൻ.

ക്ഷിണദം-വെള്ളം.

ക്ഷിണനം-സംഹാരം.

ക്ഷിണപ്രകാശം-മിന്നൽ.

ക്ഷിണപ്രഭാ-മിന്നൽപിണർ. ക്ഷണത്തിൽ ശോഭിക്കുന്നതു് എന്നർത്ഥം.

ക്ഷിണമാത്ര-അല്പനേരം.

ക്ഷിണം-ഗ അല്പനേരം, നാഴികയിൽ അറുപതിലൊരുഭാഗം ക. വേഗം. ന. ഉത്സവം, വിനോദം. ഘ. അവസരം. ങ വിനാശനം. മറവും വിളിക്കുക.

[ന. കലക്കുടിയതു് ഒരു ക്ഷണം. അശുദ്ധത്തെ കളയുന്നതു് എന്നർത്ഥം.]

ക്ഷിണരാമി-മാടപ്രാവു്.

ക്ഷിണിക-വി. ക്ഷണനേരത്തെയുമെങ്കിലും ഒരേസ്ഥിതിയിലിരിക്കുന്ന, ചഞ്ചലസ്വഭാവമുള്ള, [അക്ഷണിക എന്ന ശബ്ദംതോന്നുക].

ക്ഷിണിക്കാ-മിന്നൽ.

ക്ഷിണിക്കുക-വിനാശനം മറവും വിളിക്കുക.

ക്ഷിണിനി-രാത്രി.

ക്ഷിത-വി ഗ. ഭേദിച്ചിട്ടുള്ള ക. ക്ഷയം. (ന്യൂനത) തട്ടീട്ടുള്ള, മുപദ്രവം തട്ടിയ. ന. മുറിപ്പെട്ട, മുറിവുള്ള.

ക്ഷിതജ-ഗ. രക്തം, ചോര. ക്ഷതത്തിൽ (മുറിവിൽ) നിന്നുണ്ടായതു് എന്നർത്ഥം. ക. ചലം.

ക്ഷിതം-ഗ മുറിവു്. ക. വ്രണം ന. ആകാശം.

ക്ഷിതവ്രത-വി വ്രതത്തിനു ഭംഗംവന്ന, മനസ്സും മറവും മുട്ടിയ.

ക്ഷിതവ്രതൻ-ബ്രഹ്മചര്യമെന്ന വ്രതത്തെ ഉപേക്ഷിച്ചവൻ.

ക്ഷിതഹാ-അകിൽ.

ക്ഷിതാഗ-വി. മുറിവോ അംഗഭംഗമോ വരുത്തിയ.

ക്ഷിതി-ഗ. ഭൂമി. ക. വ്രണം. ന. താടി. ഘ. കീടം.

ക്ഷത്താവു്–പ. തേർ നടത്തുന്നവൻ, ര. വാതിൽ കാവൽക്കാരൻ. ന. ക്ഷത്രിയസ്ത്രീയിൽ ശൂദ്രനണ്ടായ പുത്രൻ. ഇവന്റെ ജീവനം ഗോപുരം കാവലാണ്. ഴ. വൈശ്യസ്ത്രീയിൽ ശൂദ്രനുൽപാദിച്ച പുത്രൻ. ങ. ബ്രഹ്മാവു്. ന ദാസിയുടെ പുത്രൻ. ച. ഒരുവക മത്സ്യം. വ കോശാധ്യക്ഷൻ.

തേർ തെളിക്കുന്ന സൂതൻ യുദ്ധയാത്രയിൽ ഇടത്തും വിവാഹയാത്രയിൽ വലത്തും ഭാഗത്തുവേണം ഇരിപ്പാൻ.

ക്ഷത്രു–വി. വേലചെയ്യുന്ന.

ക്ഷത്രുബലം–ക്ഷത്രിയന്റെ ശക്തി.

ക്ഷത്രം–പ. രാജ്യഭരണം. ര. ക്ഷത്രിയവംശം.

ക്ഷത്രി–പ. ശൂദ്രനു ക്ഷത്രിയസ്ത്രീയിലുണ്ടാകുന്നവൻ. ര. ധനം. ന. ജലം. ഴ. മേഘം.

ക്ഷത്രിയധർമ്മചതുഷ്ടയം–പ്രജാപാലനം, ദാനം, വേദാദ്ധ്യയനം, വിഷയവിരക്തി ഇവ ഴ–ം.

ക്ഷത്രിയൻ–നാലു ജാതിക്കാരെ പ്രധാനമായി പറയുന്നതിൽ രണ്ടാമത്തെ ജാതിക്കാരൻ, ബ്രാഹ്മണൻ. പയ്യായങ്ങൾ–മൂർദ്ധാഭിഷിക്തൻ, രാജന്യൻ, ബ്രാഹ്മണൻ, ക്ഷത്രിയൻ, വിരാട്ട്. നാശത്തിൽനിന്നു രക്ഷിക്കുന്നവൻ എന്നർത്ഥം

ബ്രാഹ്മണൻ കപിലവർണ്ണം, ക്ഷത്രിയൻ അരുണവർണ്ണം, വൈശ്യൻ പീതവർണ്ണം, ശൂദ്രൻ കൃഷ്ണവർണ്ണം.

ക്ഷത്രിയൻ എന്ന പദത്തിനു പ്രാധാന്യത്തിൽ ശക്തിമാൻ എന്നർത്ഥം. ഇതു ദേവന്മാരുടെ വിശേഷണമായിട്ടാണു ചേർത്തുവന്നിരുന്നതു്. കാലക്രമേണ 'യോദ്ധാക്കളായ ഒരു ജാതിക്കാർ' എന്നുള്ള അർത്ഥം കല്പിക്കപ്പെട്ടു.

ക്ഷത്രിയാണി, ക്ഷത്രിയാ–ക്ഷത്രിയജാതി സ്ത്രീ.

ക്ഷത്രിയന്റെയും അന്യപുരുഷന്റെയും ഭാര്യയായാലും വിരോധമില്ല. ക്ഷത്രിയകുലത്തിൽ തന്നെ ജനിച്ചിരിക്കണം.

ക്ഷത്രിയി–ക്ഷത്രിയന്റെ ഭാര്യയും ക്ഷത്രിയകുലത്തിൽ ജനിക്കാത്തവളുമായ സ്ത്രീ.

ക്ഷന്തവ്യ–വി. ക്ഷമിക്കത്തക്ക.

ക്ഷന്താവു്–ക്ഷമയുള്ളവൻ.

ക്ഷപ–പ രാത്രി. ര. ഒരു ചെടി, കരിനൊച്ചി. സകല ചേഷ്ടകളേയും ക്ഷയിപ്പിക്കുന്നതു് എന്നർത്ഥം. ന. മഞ്ഞൾ. ഴ. മരമഞ്ഞൾ.

ക്ഷപണ–വി. നാണമില്ലാത്ത.

ക്ഷപണകൻ–പ. ബുദ്ധമുനി. ര. മതവിരോധക്കാരിൽ ബുദ്ധമതക്കാരൻ. ന. വിക്രമാദിത്യസദസ്സിലെ നവരത്നങ്ങളിൽ ഒരുവൻ (ഒരു കവി).

ക്ഷപണൻ–പ. നാണമില്ലാത്തവൻ. ര. ജിനന്മാരിലൊരുവൻ, അർഹതന്റെ പേർ.

ക്ഷപണം–പ. അശ്രദ്ധി, പുത്തരികേട്. ര. നാശം.

ക്ഷപണി–പ. ചൂഴക്കോൽ, തണ്ടു്. ര. വല

ക്ഷപം–വെള്ളം.

ക്ഷപാകരൻ–ചന്ദ്രൻ. ക്ഷപയെ (രാത്രിയെ) ഉണ്ടാക്കുന്നവൻ എന്നർത്ഥം.

ക്ഷപാചരൻ–രാത്രിഞ്ചരൻ, രാക്ഷസൻ

ക്ഷപാടൻ–രാക്ഷസൻ, രാത്രിയിൽ സഞ്ചരിക്കുന്നവനെന്നർത്ഥം.

'ഇതികൃതവചനം സുവർണ്ണപൂർവ
മൃതിരചിതാംഗുലിരുണ്ണനക്ഷപാടം'

(കിർമ്മീരവധം കഥകളി)

ക്ഷപിത–വി. കൊല്ലപ്പെട്ട, നശിപ്പിക്കപ്പെട്ട.

ക്ഷമ–വ. പ സഹനശീലമുള്ള. ര. കരുണയുള്ള. ന. ശക്തിയുള്ള ഴ. യോഗ്യമുള്ള. ങ. ഉചിതമായ.

ക്ഷമണീയ-വി. ക്ഷമിക്കത്തക്ക, മാപ്പു കൊടുക്കത്തക്ക.

ക്ഷമൻ-പ്ര സമർത്ഥൻ പ. ശിവൻ.

ക്ഷമം-പ്ര. ഉചിതമായതു, യുക്തമായിട്ടുള്ളതു്. പ. യുദ്ധം.

ക്ഷമാ-പ്ര. സഹനശക്തി, സഹിഷ്ണുത എന്നർത്ഥം. പ. ഭൂമി. സ. ദുർഗ്ഗാ. ര രാത്രി. പര്യായങ്ങൾ-ക്ഷാന്തി, തിതിക്ഷാ. ഇ. കരിങ്ങാലി.

ഈർഷ്യാ, വൈരം, അസൂയ മുതലായി അനാവശ്യമായി ഹൃദയത്തിൽ തള്ളിക്കൊണ്ടിരിക്കുന്ന ദോഷങ്ങളെ വെളിയിലേക്കു ചാടി പ്രവർത്തിക്കാതെ ഉള്ളിൽ തന്നെ തടുക്കിനിറുത്തുക അല്ലെങ്കിൽ ആ ദോഷങ്ങൾക്കുള്ള ഹേതുക്കൾ പൂർത്തിയായുണ്ടായിരുന്നാലും അവ ഉത്ഭവിക്കാതിരിക്കുക ഇതാകുന്നു ക്ഷമ. അന്യന്റെ ഐശ്വര്യത്തിലുള്ള ദുസ്സഹത്വമത്രേ ഈർഷ്യ.

ക്ഷമാദേവി-ഭൂമി.

ക്ഷമാപണം-ക്ഷമയാചനം, മാപ്പു ചോദിക്കുക.

ക്ഷമാവത്തു്-വി. ക്ഷമയുള്ള, കോപമില്ലാത്ത.

ക്ഷമാവരൻ-ക്ഷമയുള്ളവൻ.

ക്ഷമാവാൻ-ക്ഷമയുള്ളവൻ.

ക്ഷമാശക്തി-ക്ഷമിക്കുന്നതിനുള്ള ശക്തി

ക്ഷമാശീലൻ-സഹനശീലൻ. പര്യായങ്ങൾ-ക്ഷമി, ക്ഷമിതാവു്, തിതിക്ഷു, ക്ഷന്താവു്, സഹനൻ, സഹിഷ്ണു.

ക്ഷമിക്കുക-സഹിക്കുക, മാപ്പുകൊടുക്കുക, കോപിക്കാതെയും മാറാം ഇരിക്കുക.

ക്ഷമിതാവു്-ക്ഷമാശീലൻ.

ക്ഷമിത്വ-വി ക്ഷമാശീലമുള്ള.

ക്ഷമി-പ്ര. ക്ഷമാശീലൻ, സഹനശക്തിയുള്ളവൻ. പ. വെളിപ്രദേശം.

ക്ഷയഥ-ഭേദിതം, ചുര, രോഗക്ഷയം.

ക്ഷയപക്ഷം-കറുത്തപക്ഷം.

ക്ഷയം-പ്ര കാവു്, നാശം. പ. ചെലവു്. സ. യമന്റെ ഭവനം. ഭ. പ്രളയം. പ്രാണികൾ ക്ഷയിക്കുന്നസമയം എന്നർത്ഥം. ഇ. ഭവനം. ണ. രാജയക്ഷ്മാവു്. ഒ. സാമാന്യജീവനം. വ അഷ്ടവർഗ്ഗം ക്രമേണ ക്ഷയിച്ചുപോകുന്നതു്. ൻ. ശത്രുക്കളുടെ പ്രവൃത്തിഹേതുവായിട്ടുണ്ടാകുന്ന മുടച്ചൽ. ക്ര. പ്രവേശിസംവത്സരങ്ങളിൽ ഒന്നാമത്തേതു്.

അഷ്ടവർഗ്ഗം-'കൃഷ്ണനികപാഠത്തിന്റെ സേതുകഞ്ചുകബന്ധനം; ചന്ദ്രകേരവിധാനഞ്ച ശ്രുത്യാനഞ്ച വിവേചനം'.

ക്ഷയരോഗം-രാജയക്ഷ്മാവു്.

ക്ഷയരോഗി-വി. ക്ഷയരോഗമുള്ള.

ക്ഷയിക്കുക-കുറയുക, നശിക്കുക [സം. ക്രി. ക്ഷയിപ്പിക്കുക.]

ക്ഷയോന്മുഖ-വി. നാശം അടുത്തിരിക്കുന്ന, നശിച്ചുവരുന്ന.

ക്ഷയ്യ-വി. ക്ഷയത്തിനു അർഹമായ, ക്ഷയംവരാവുന്ന, ക്ഷയമുള്ള.

ക്ഷര-വി. പ. നശ്വരമുള്ള. ര. ഇടവിടാതുള്ള.

ക്ഷരണം-പ്ര ചൊരിയുക പ. ഒഴുകുക, ഒലിക്കുക സ. ഉള്ളിലുള്ളതിനെ വീഴുക. ഭ. ഉരുക ഇ. വിയർപ്പു്, ഉണ്ണുക.

ക്ഷരത്-സ്രവിച്ചുകൊണ്ടിരിക്കുന്നതു്.

'ദുഷ്ടരക്തസ്രുതിക്ഷാരമുഷ്ണഗന്ധമിപ്രപഞ്ചീകൃതാശം'

(കിരാതവധം കഥകളി)

ക്ഷാര-പ്ര. നാശം. പ. വെള്ളം. സ. ദേഹം. ഭ. ശരീരം. ഇ മൂഢത.

ക്ഷരിതം-വി. പ. ഉള്ളിലുള്ളതു പുറത്തു വീണ പ. ഒലിച്ച. സ. മുറിയ.

ക്ഷരി-മഴക്കാലം.

ക്ഷാവ(കം)-പ്ര. ചെകുടു്. പ. പെരുമ്പറ.

ക്ഷവഥു-പ്ര ചുമ (കര). ഉ. തുമ്മൽ ന. തൊണ്ടയിലുള്ള ഒരു കരകരപ്പ്.

മൂക്കിനെ ആശ്രയിക്കുന്നതായി 'ക്ഷ്വേഡാടകം' എന്നൊരു മർമ്മമുണ്ട്. അതിലുള്ള വായു ഉക്കിച്ചു കഫത്തോടും പല വിധത്തിലും അധികമായ ശബ്ദത്തോടും ചേർന്നതായിട്ടു മൂക്കിൽക്കൂടി പുറപ്പെടും. ഇതത്രേ ക്ഷവഥു.

ക്ഷവം-പ്ര. തുമ്മൽ (തുമ്പൽ). ഉ. ചുമ ന. തൊണ്ടയിലുള്ള ഒരു കരകരപ്പ്. ര. കഫത്തെ കളയുക. തുമ്പിക്കുന്നത് എന്നർത്ഥം.

## ക്ഷാ

ക്ഷാത്ര-വി. ക്ഷത്രിയനെ സംബന്ധിച്ച

ക്ഷാത്രം-പ്ര. ക്ഷത്രിയജാതി. ഉ. ക്ഷത്രിയഗുണങ്ങൾ.

'ശൗര്യം തേജോധൃതിർദ്ദാക്ഷ്യം
യുദ്ധേചാപ്യപലായനം
ദാനമീശ്വരഭാവശ്ച
ക്ഷാത്രം കർമ്മസ്വഭാവജം'
(ഗീത)

ക്ഷാന്ത-വി. സഹിക്കുന്ന.

ക്ഷാന്തം-ക്ഷമിക്കപ്പെട്ടത്. മരാറാത്ത പക്ഷേ-സോഡാ.

ക്ഷാന്തി-ക്ഷമ, സഹനശക്തി എന്നർത്ഥം

ക്ഷാന്തു-വി. സഹിക്കുന്ന, ക്ഷമിക്കുന്ന

ക്ഷാമ-വി. പ്ര. ദുർബ്ബലതയുള്ള ഉ. ക്ഷീണിച്ച.

ക്ഷാമകാല-വേണ്ടുന്ന വസ്തുക്കൾ ധാരാളമായി കിട്ടാത്തസമയം, പഞ്ഞകാലം.

ക്ഷാമൻ-വിഷ്ണു.

ക്ഷാമം-പ്ര. പഞ്ഞം (പഞ്ചം). ഉ. ഇല്ലായ്മ.

ക്ഷാമാസ്യം- ക്രമക്കേടായുള്ള ഭക്ഷണം കൊണ്ടുണ്ടാകുന്ന അപചയം, രോഗശാന്തിനു വിപരീതമായുള്ളത്.

ക്ഷാര-വി. പ്ര കാരമായുള്ള ഉ. ഉപ്പുരസമുള്ള, ഉവർരുള്ള ന. തീക്ഷ്ണമായ. ര. പുളിരസമുള്ള. ഇ. രുചിക്കുന്ന എ ഉഴക്കുന്ന.

ക്ഷാരകം-പ്ര. പുതിയ മൊട്ട്. ഉ. ചവ്, രസം. ന. പക്ഷിയുടേയും മത്സ്യത്തിന്റേയും മുട്ട്. ര. വളരെ ചെറിയ കായ് (പൂവുകൾ) ഇ. മൊട്ടായ് തെളിയുന്നതിനു മുമ്പു കാണുന്ന പുന്നം.

ക്ഷാരകൻ-അലക്കുകാരൻ.

ക്ഷാരണം, ക്ഷാരണാ-കാറം ചുമപ്പുക. [മുഖ്യമായി വ്യഭിചാരം സംബന്ധിച്ചാണ്.]

ക്ഷാരദ്രു-ഒരു വൃക്ഷം.

ക്ഷാരപപ്പടം-കാരം ചേർത്തുണ്ടാക്കിയ പപ്പടം.

[ഇതു് ഏറ്റവും രുചികരമായ ഉണ്ടാക്കം സംസ്കൃതത്തിൽ-പാപഡം.]

ക്ഷാരം-പ്ര ഉപ്പ്. ഉ. ചുമ്പൽ, ടസ്സും ന. കരുട്ടുകല്ല്, കണ്ണാടി, കപ്പി, കരുവ ള, കല്ലുമണി മുതലായതു്. ര. സാരം, ചാറ്. ഇ നീർ, സത്തു്. ന. പൊൻകാരം, പപ്പടക്കാരം, ചവക്കാരം, തുവച്ചിലക്കാരം, വിളയുപ്പ്, പൊടിയുപ്പ്, ചുണ്ണാമ്പു്, ശർക്കര, ഉപ്പുരസം.

ക്ഷാരമണ്ഡ്യ-വലിയ കടലാടി.

ക്ഷാരമൃത്തികാ- കാർപ്പൂരമുള്ള മണ്ണ്. ക്ഷാരരസമുള്ള മണ്ണ് എന്നർത്ഥം.

ക്ഷാരിക-വിശേഷം.

ക്ഷാരിത-വി. പ്ര. കാറമുള്ള ഉ. അപകീർത്തി പറഞ്ഞും മറവു കാറം ചുമത്തപ്പെട്ട. ന. ക്ഷാരമായ് ഭേദിക്കപ്പെട്ട. ര. ഉപ്പും പുളിയും മറ്റുമുള്ള വസ്തുക്കളിൽനിന്നു വാറി എടുക്കപ്പെട്ട.

ക്ഷാരിതൻ-രോഗശാന്തിനിമിത്തം ഉള്ളിലും പുറത്തുമായ് രോഗങ്ങളെ ആരോപിച്ചു നിന്നിക്കപ്പെട്ടവൻ. ഉ. ലോകോപകാരം തിരിഞ്ഞ ഉത്തമപുരുഷൻ.

ക്ഷാരോദധി-ലവണ (ഉപ്പു) സമുദ്രം.
ക്ഷാളനം-കഴുകുക,
ക്ഷാളിക്കുക-കഴുകുക.
ക്ഷാളിത-വി. കഴുകപ്പെട്ട.

## ക്ഷിതി

ക്ഷിതി-പ. ഭൂമി, പ്രാണികളും ഇതിൽ സഞ്ചരിക്കുകൊണ്ടു ഈ പേർ വന്നു. ഉ. ഭവനം, ന. നാശം ർ. പ്രളയകാലം. ള. ഒരു മരുന്നു്, ഴ. കരിങ്ങാലി. റ. തേരോചനം.
ക്ഷിതികമ്പം-ഭൂകമ്പം.
ക്ഷിതികണം-പൂഴി.
ക്ഷിതിക്ഷിണു്-രാജാവു്.
ക്ഷിതിജൻ-പ. ചൊവ്വാ. ഉ. നരകാസുരൻ.
ക്ഷിതിജം-പ. വൃക്ഷം. ഉ. ഭൂനാഗം, ഞാഞ്ഞൂൽ.
ക്ഷിതിജരേഖാ-ഭൂമിയും ആകാശവും തൊട്ടു വൃത്താകാരമായി ഉണ്ടെന്നുതോന്നുന്ന ഒരു ചക്രവാളരേഖ.
ക്ഷിതിജാ-സീത. ഭൂപുത്രി എന്നർത്ഥം.
ക്ഷിതിധരാ-പർവ്വതം.
ക്ഷിതിനാഥൻ, ക്ഷിതിപൻ = രാജാവു്.
ക്ഷിതിപതി, ക്ഷിതിപാലൻ- രാജാവു്.
ക്ഷിതിഭൃത്തു്-പ. പർവ്വതം, ഉ. രാജാവു്
ക്ഷിതിരുഹം-വൃക്ഷം.
ക്ഷിതിവല്ലഭം-ശവം.
ക്ഷിതീശൻ-രാജാവു്.
ക്ഷിപകൻ-യുദ്ധാരംഭി.
ക്ഷിപണം-പ. അയയ്ക്കുക, എറിയുക. ഉ. നിന്ദിക്കുക.
ക്ഷിപണി-പ. ആചാര്യൻ. ഉ. അമ്പു്. ന. വള്ളിത്തിന്റെ തണ്ടു്. ർ. വല. ള. ആയുധം.
ക്ഷിപണു-പ. വില്ലാളി, ഉ. ഒരായുധം. ന. വായു, കാറു്.
ക്ഷിപാ-പ. പ്രേരണം. ക്ഷേപിക്കുക എന്നർത്ഥം. ഉ. രാത്രി.
ക്ഷിപ്ത-വി. പ. വിടപ്പെട്ട. ഉ. അയയ്ക്കപ്പെട്ട. ന. എറിയപ്പെട്ട. ർ. പ്രേരിപ്പിക്കപ്പെട്ട. ക്ഷേപിക്കപ്പെട്ടതു് എന്നർത്ഥം. ള. നീക്കപ്പെട്ട.
ക്ഷിപ്തകക്ഷരം-ഭാഗ്യപരീക്ഷയിട്ടു പട്ടി.
ക്ഷിപ്തം-ഒടിയേറെണ്ടായ ഗുണം.
ക്ഷിപ്താ-രാത്രി.
ക്ഷിപ്നു, ക്ഷിപ്ണു-വി ക്ഷേപിക്കുന്ന, അയയ്ക്കുന്ന, എറിയുന്ന.
ക്ഷിപ്നു-ഉപേക്ഷിക്കുന ശീലമുള്ളവൻ.
ക്ഷിപ്രു-വി വേഗമുള്ള.
ക്ഷിപ്രതമ-വി. ഏറ്റവും വേഗമുള്ള.
ക്ഷിപ്രം-അ, കൈതാരസ്സം കൂടാതെ.
ക്ഷിപ്രം-പ. ഒരു മുഹൂർത്തത്തിന്റെ പതിനഞ്ചിലൊരു ഭാഗം ഉ. രചയിരുപതിനേറയും മൂന്നാണിയിരുപതിനേറയും ദൈർഘ്യമുള്ള കാലം.
ക്ഷിയ-നാശം, ക്ഷയിക്കുന്നു്.
ക്ഷിയ്ണു-ഉപേക്ഷിക്കുന ശീലമുള്ളവൻ.

## ക്ഷീ

ക്ഷീജനം-ഓടക്കുഴൽ ഊതുക.
ക്ഷീണ-വി. പ. തളർച്ചയുള്ള. ഉ. ഒഴിഞ്ഞ.
ക്ഷീണത-പ. തളർച്ച. ഉ. ഒഴിവു്. ന. ബലക്കുറവു്.

ക്ഷീണം-തളർച്ച.

ക്ഷീണലോചനൻ-കണ്ണടച്ചുപോയവൻ, കരുടൻ.

'ക്ഷീണലോചനനായനുപനോടറിയിച്ചാർ' (ഭാരതം)

ക്ഷീണിക്കുക-ക്രി. തളരുക. ഉ. ഒമലിയുക.

ക്ഷീണ്ണ-വി. കടിച്ചു മുറിച്ച.

ക്ഷീണ്ണകം-വലിയ വേപ്പ്.

ക്ഷീണ്ണൻ-മദ്യം മുതലായതുകൊണ്ടു മത്തനായവൻ. മുറിച്ചവൻ എന്നർത്ഥം.

ക്ഷീരകണ്ഠൻ-കൊച്ചുപൈതൽ.

ക്ഷീരകന്ദം-പാൽമുതുക്ക്.

ക്ഷീരകം-പാൽക്കുമ്പ.

ക്ഷീരകാകോളി-ഒരു പച്ചമരുന്ന്.

ക്ഷീരകാണ്ഡ(ക)ം-ചതുരക്കള്ളി.

ക്ഷീരഖർജ്ജൂരം-പേരീത്ത.

ക്ഷീരഗുഡം-ഒരിനം

ക്ഷീരതുംബി-പാൽച്ചുര.

ക്ഷീരദലം-എരിക്ക്.

ക്ഷീരദ്രുമം-അരയാല്.

ക്ഷീരനീരം-ക്ര. ആലിംഗനം. ഉ. ജലവുംപാലും. ന. ജലത്തെപ്പോലെയുള്ള പാല്.

ക്ഷീരപർണ്ണം-എരിക്ക്.

ക്ഷീരപാത്രം-പാൽപാത്രം.

ക്ഷീരപാദപം-ക്ര. അത്തിയാൽ ഉ. കല്ലാൽ.

ക്ഷീരപാനം-പാൽകുടി.

ക്ഷീരപുഷ്പി-ശംഖുപുഷ്പി.

ക്ഷീരബലാ-ഒരു ഔഷധം.

ക്ഷീരഭോജനം-പാൽചോറ്.

ക്ഷീരം-ക്ര. പാൽ. ഹിംസയിൽനിന്നു വിടിച്ചുനിന്നതെന്നർത്ഥം. മറ്റു പല്ലായ്മയുടെയും-ശുഭ്രം, പയസ്സ്. ഉ. ഭഗവാൻ. വിഷ്ണുവിന്റെ നിവാസസ്ഥാനം എന്നർത്ഥം.

ക്ഷീരവികൃതി-പാലിൽ തൈരോ മോരോ പകൻ കാച്ചിയതു്. ക്ഷീരത്തിന്റെ (പാലിന്റെ) വികാരമെന്നർത്ഥം.

ക്ഷീരവിദാരി-ഒരു പച്ചമരുന്ന്, പാൽമുതുക്ക്.

ക്ഷീരവിഷാണികാ-ക്ഷീരകാകോളി.

ക്ഷീരവൃക്ഷം-നാല്പാമരം. ന്യഗ്രോധം, ഉദുംബരം, അശ്വത്ഥം, മധൂകം ഇവ നാലുവൃക്ഷങ്ങളും.

ക്ഷീരവൃക്ഷങ്ങൾ-നാല്പാമരങ്ങൾ.

ക്ഷീരശരം-പാൽപ്പാട.

ക്ഷീരശുക്ലം-ക്ര. പാൽമുതുക്ക്. ഉ. ക്ഷീരകാകോളി. ന. മുരുക്ക്. ര. പഴമുൺപാല.

ക്ഷീരസമുദ്രം-പാൽക്കടൽ.

ക്ഷീരസാഗരകന്യക-ലക്ഷ്മീദേവി.

ക്ഷീരസാഗരം-പാൽക്കടൽ.

ക്ഷീരസാരം-വെണ്ണ.

ക്ഷീരസ്ഫടിക-ഒരു രത്നം.

ക്ഷീരാന്നം-പാൽച്ചോറ്.

ക്ഷീരാബ്ധി-പാൽക്കടൽ.

ക്ഷീരാബ്ധിതനയാ-ലക്ഷ്മീദേവി.

ക്ഷീരാംബുരാശി-പാൽക്കടൽ.

ക്ഷീരാവി-കിണികിണിപ്പാല, ചെറുപാല. ഏരുക്കള്ളി എന്ന മറുചിലർ. ക്ഷീരത്തെ രക്ഷിക്കുന്നതെന്നർത്ഥം.

ക്ഷീരി-ക്ര. എരിക്ക്. ഉ. ചതുരക്കള്ളി. ന. കോതമ്പ്. ര. പഴമുൺപാല. ഇ. കല്ലാൽ. ന്യ. പേരാൽ. ഒ. ചിറ്റരയാൽ. വ. ക്രുവന്നാവ്.

ക്ഷീരിക-ക്ര. പഴമുൺപാല. പാലുള്ളതെന്നർത്ഥം. ഉ. ഒരുവക ചീര.

ക്ഷീരിണി-ക്ര. കിണികിണിപ്പാല. ഉ. കമ്പിപ്പാല. ന. ക്ഷീരകാകോളി. ര. മലയെരുമ. ഇ. കഴഞ്ചി. ന്യ. പാൽച്ചുര. ഒ നറുനീണ്ടി.

ക്ഷീരോദതനയാ-ലക്ഷ്മീദേവി.

ക്ഷീരോദം-പ്ര. പാൽക്കടൽ.

[സമുദ്രം ൧. പ്ര. ലവണോദം. ൨. ഇക്ഷൂദം. ൩. സുരോദം. ൪. ഘൃതോദം. ൫. ദധ്യുദം. ൬. ക്ഷീരോദം. ൭. ജലോദം. 'ലവണേക്ഷുസുരാസർപ്പിർദധിക്ഷീരജലയോമയാഃ' എന്ന പ്രമാണം.]

൨. മണ്ണി.

---

## ക്ഷു

ക്ഷുണ്ണൻ-വേദത്തെ അഭ്യസിച്ചവനെങ്കിലും അതിനെ പഠിപ്പിക്കാൻ പ്രാപ്തിയില്ലാത്തവൻ.

ക്ഷുണ്ണം-പുളിഞ്ഞിമരം.

ക്ഷുണ്ണ-വി. പ്ര. പരിചയിക്കപ്പെട്ട, പിടിക്കപ്പെട്ട. ൨. ചതയ്ക്കപ്പെട്ട, പൊടിക്കപ്പെട്ട, മുറിച്ച, മുറിഞ്ഞ. ൩. തോല്പിക്കപ്പെട്ട. ൪. ജയിക്കപ്പെട്ട. ൫. കറഞ്ഞ. ൬. ചവുട്ടീട്ടുള്ള. ൭. സാധാരണമായ. ൮. അഭ്യസിച്ച.

ക്ഷുണ്ണകം-ശവസംസ്കാരസമയം അടിക്കുന്ന വാദ്യം.

ക്ഷുതകം-ചെങ്കടുക്.

ക്ഷുതം-പ്ര. തുമ്മൽ (തുമ്പൽ). ൨. ചുമ.

ക്ഷുതാഭിജനനം-കവത്ത കടുക്. [ക്ഷുധാഭിജനനം എന്നതിന്റെ പാഠം.]

ക്ഷുത്തു്-പ്ര. വിശപ്പ്. ൨. തുമ്മൽ (തുമ്പൽ). ഒച്ചപ്പെടുത്തുന്നതു് എന്നർത്ഥം.

ക്ഷുദം-മാവ്, അരിപ്പൊടി.

ക്ഷുദ്ര-വി. പ്ര. ഹീനമായ. ൨. ലുബ്ധുള്ള. ൩. നിസ്സാരമായ. ൪. ക്രൂരമായ.

ക്ഷുദ്ര-പ്ര. ചെറിയവർ. ൨. അംഗരോഗങ്ങളുള്ളവർ. ൩. ലുബ്ധുള്ളവർ. ൪. ക്രൂരർ. ൫. അടുക്കളക്കാരി. ൬. വേശ്യ. ൭. തെനീച്ച. ൮. കൊതുക്. ൯. പുത്തരിച്ചുണ്ട. ൧൦. പുളിയരൽ. ൧൧. കണ്ടകാരിച്ചുണ്ട. ൧൨. ചിറ്റരയാൽ. ൧൩. മഞ്ചി. ൧൪. ചെറിയ നീർച്ചീര. ൧൫. ഒരു മീനം, ഇക്കിളിൽ ഒന്ന്. [ഇക്കിളി എന്ന ശബ്ദം നോക്കുക.]

ക്ഷുദ്രകണ്ടകി-ചെറുവഴുതിന.

ക്ഷുദ്രകംബു-പിരിയുള്ള ശംഖ്.

ക്ഷുദ്രക്കാരൻ-അഭിചാരക്കാരൻ.

ക്ഷുദ്രഘണ്ടികാ-കിങ്ങിണി. ചെറിയ മണികം ഉള്ളതു് എന്നർത്ഥം.

ക്ഷുദ്രചന്ദനം-രക്തചന്ദനം.

ക്ഷുദ്രജന്തു-ചെറിയജന്തു; കൃമിയും മറ്റും.

ക്ഷുദ്രജ്വരം-പ്ര. തിലജ്വരം. ൨. തേറൽജ്വരം.

ക്ഷുദ്രതമ-വി. ഏറ്റവും ക്ഷുദ്ര.

ക്ഷുദ്രധാന്യം-തിന മുതലായവ.

ക്ഷുദ്രനാസിക-വി. ചെറിയ മൂക്കുള്ള.

ക്ഷുദ്രൻ-പ്ര. പിള്ളക്കിന്റെ ശക്തികേടുണ്ടു ദരിദ്രൻ എന്നപോലെ കഷ്ടമായി ജീവിക്കുന്നവൻ, ലുബ്ധൻ. പണം തിന്നുന്നവൻ എന്നർത്ഥം. ൨. നിസ്സാരൻ. ൩. ക്രൂരസ്വഭാവി. ൪. ശപ്തസങ്കരജാതികളിൽ ഒന്ന് [ഇതു് ഒരു വേദനയേയും ഉണ്ടാക്കുകയില്ല.]

ക്ഷുദ്രം-പ്ര. അല്പം. ൨. ക്രൂരത. ൩. ക്രൂരപാത്രം, അഭിചാരം. ൪. ചെറുചീര.

ക്ഷുദ്രപണശം-അയ്നി.

ക്ഷുദ്രപ്രയോഗം-അഭിചാരപ്രവൃത്തി.

ക്ഷുദ്രഭണ്ഡികാ-ചെറുവഴുതിന.

ക്ഷുദ്രരോഗം-മന്ദരോഗങ്ങളും മഹാരോഗങ്ങളും ക്രൂരമായും മറ്റുമുള്ള രോഗം.

ക്ഷുദ്രവാർത്താകി-ചെറുവഴുതിന.

ക്ഷുദ്രവാർത്താകിനി-വെളുത്ത കണ്ടകാരിച്ചുണ്ട.

ക്ഷുദ്രശംഖം-പിരിയുള്ള ശംഖ്, ശംഖങ്ങളെക്കൊണ്ടു ചെയ്യാവുന്ന കാര്യമെന്തും ഇല്ലാത്തതു്. ശംഖിന്റെ ആകൃതിമാത്രമുള്ളതെന്നർത്ഥം.

ക്ഷുദ്രശർക്കരികാ-ചോളപ്പഞ്ചസാര.
ക്ഷുദ്രാണ്ഡം-കട്ടിമത്സ്യം.
ക്ഷുദ്രാല്ലാ-ഫ. പൂളിയാരൽ. ഉ. കരട്ട വെള്ളൂരി.
ക്ഷുദ്രികാ-ഫ. ചെറിയ കാട്ടീച്ച. ഉ. ചെറിയ മണി (ആഭരണങ്ങൾക്കുള്ളത്).
ക്ഷുദ്രൈലാ-ചിറ്റേലം.
ക്ഷുധാ-വിശപ്പ്.
ക്ഷുധാകുശലം-വിടത്തൽ, മുള്ളുള്ള ഒരു വൃക്ഷം.
ക്ഷുധാഭിജനനം-കഠത്ത കടുക്. വിശപ്പുണ്ടാക്കുന്നതെന്നർത്ഥം. ക്ഷുതാഭിജനനം എന്നുമാകാം.
ക്ഷുധാനിത, ക്ഷുധാർത്ത, ക്ഷുധിത-വി. വിശപ്പുള്ള.
ക്ഷുധുനൻ-ദുഷ്ടൻ, മൂഢൻ.
ക്ഷുന്നിവൃത്തി- വിശപ്പു ശമിപ്പിക്കയെന്നുള്ളത്.
ക്ഷുപഡോഡുമുഷ്ടി- വിക്കുമുഷ്ടി, ഒരു ഫലശാകം.
ക്ഷുപം-നന്നേ ചെറിയ രോമവും മൃദുത്വമായുള്ള ചെടി. കാട്ടുതീപിടിക്കുന്ന സമയം 'ചടചട' എന്നു ശബ്ദിക്കുന്നതെന്നർത്ഥം.
ക്ഷുബ്ധ-വി. ഫ. ഇളകിയ, കലങ്ങി മറിഞ്ഞ. ഉ. സങ്കടപ്പെട്ട.
ക്ഷുബ്ധം-കടൽകേൽ.
ക്ഷുഭിത-വി. ഫ. ഇളകിയ, ഭയപ്പെട്ട. ഉ. കലങ്ങിയ. കോപിച്ച.
ക്ഷുഭ്യത്തു-വി. ഇളകിക്കൊണ്ടിരിക്കുന്ന.
ക്ഷുഭ്യൻ-ക്ഷോഭിച്ചിരിക്കുന്നവൻ.
ക്ഷുമ-ഫ. അഗശി. ഉ. ക്ഷണ. ന. മുതിര. ർ. അമരി.
ക്ഷുരകൻ-ക്ഷൗരക്കാരൻ.
ക്ഷുരകം-ഫ. ക്ഷൗരക്കത്തി. ഉ. വലിയ ഞെരിഞ്ഞിൽ.
ക്ഷുരകി-ക്ഷൗരക്കാരത്തി.
ക്ഷുരപത്രാ, ക്ഷുരപത്രികാ - ചെഞ്ചീര.
ക്ഷുരപ്രം-ശരവിശേഷം. ക്ഷുരപ്രം എന്നും പാഠമുണ്ട്.
ക്ഷുരപ്രശരം-കത്തിയമ്പ്.

'ബഹുക്ഷുരപ്രശരപ്രഹരപ്രമഥിത
നായിപ്രയതിഷ്ഠം-'

(അംബരീക്ഷചരിതം കഥകളി)

ക്ഷുരം-ഫ. കത്തി, വാൾപോലെ മൂർച്ചയുള്ളത്, ക്ഷൗരക്കത്തി. ഉ. വയൽച്ചുള്ളി, വാൾപോലെ മൂർച്ചയുള്ള മുള്ളുള്ളത്. ന. ഞെരിഞ്ഞിൽ. ർ. കത്തിരിക്കായ്. ി. പട്ടു മുതലായവയുടെ കച്ച. ന്യ. കട്ടിളക്കാലിന്റെ ചുവട്.
ക്ഷുരാംഗം-വലിയ ഞെരിഞ്ഞിൽ.
ക്ഷുരി-ഒരുമാതിരി കത്തി.
ക്ഷുരിക-ഫ. ഒരായുധം, ചുരിക. ഉ. ചെഞ്ചീര.
ക്ഷുരീ-ക്ഷൗരക്കാരൻ. ക്ഷുരം (കത്തി) ഉള്ളവൻ എന്നർത്ഥം.
ക്ഷുല്ല-വി. ചെറിയ.
ക്ഷുല്ലക-വി. ഫ. സൂക്ഷ്മമായ. ഉ. ചെറിയ. ന. കടുപ്പമുള്ള. ർ. മാരിദ്ര്യമുള്ള. ി. ഹീനമായ. ന്യ. ദുഷിച്ച. ം. ഇളയ. യ. വേലനരപ്പെട്ട.
ക്ഷുല്ലകൻ-നീചൻ. ഇരപ്പാളി എന്നർത്ഥം. ക്ഷുല്ലകൻ എന്നുമാവാം. നശിച്ചുപോകുന്നത് എന്നർത്ഥം.
ക്ഷുല്ലകം-ഫ. കർക്കടകം. ഉ. ഞവരത്തു.
ക്ഷുല്ലതാതകൻ-ചിറ്റപ്പൻ.

## ക്ഷേത്ര

ക്ഷേത്ര-(വി) ഫ. വയലുകൾ ഉള്ള. ഉ. കൃഷി ചെയ്തിട്ടുള്ള.
ക്ഷേത്രഗണിതം-ഭൂമിയുടെയും മറ്റും അളവുശാസ്ത്രം.

[ശണിതശാസ്ത്രങ്ങളിൽവച്ചു ക്ഷേത്രശണിതം തത്പരാശിനികരാലത്താണ് (ക്രാഫ-ഫ്രഞ്ച്) മുന്നതിയെ പ്രാപിച്ചതു്. ഇതിന്റെ മൂലത്തിസ്ഥാനം ഇൻഡ്യയാകുന്നു. യജ്ഞവേദികളും പണിയിക്കുവാനുള്ള സൂത്രങ്ങളിൽനിന്നാണ് ഇതുണ്ടായതു്. ഇതിന്റെ സൂത്രങ്ങളും കല്പസൂത്രങ്ങളുടെ ഒരു ഭാഗമായ ശുൽബസൂത്രങ്ങളിൽ പറഞ്ഞിട്ടുണ്ട്].

ക്ഷേത്രജ-(വി) ക. വിളഭൂമിയിൽനിന്നുണ്ടായ. ര. ശരീരം മുതലായവയിൽനിന്നുണ്ടായ.

ക്ഷേത്രജൻ-ക. പുത്രൻ. ര. ഭർത്താവു മുപ്പേരും ഒട്ടത്ത ചാപ്പിക്കാരനാൽ ഭാര്യയിൽ ജനിപ്പിക്കപ്പെട്ട പുത്രൻ, രോഗത്താലോ മൃതിയാലോ പുത്രനെ ഉണ്ടാക്കുവാൻ നിവൃത്തിയില്ലാതെ പുത്രക്ഷേത്രത്തിന്റെയോ തന്റെ സപിണ്ഡന്മാരുടെയോ നിയോഗപ്രകാരം തന്റെ ഭാര്യയിൽ ഒരു സഗോത്രനോ അന്യനോ പ്രാപിച്ചുണ്ടായ പുത്രൻ.

ക്ഷേത്രതന്ത്രം-ക്ഷേത്രത്തിലെ പ്രധാന പൂജാവിധി.

ക്ഷേത്രജ്ഞ-(വി) ക. മിടുക്കുള്ള ര. ക്ഷേത്രത്തെ അറിഞ്ഞ.

[ക്ഷേത്രമെന്നുംകൊണ്ടും ആത്മാവിനെ പറയുമ്പോൾ പുല്ലിംഗമായും ബുദ്ധിയേയും സമർത്ഥനേയും പറയുമ്പോൾ സ്ത്രീലിംഗവുമായും ചിലർ വ്യാഖ്യാനിച്ചുകാണുന്നു].

ക്ഷേത്രജ്ഞൻ-ക. ആത്മാവു്. ക്ഷേത്രം=ശരീരം. ശരീരത്തെ അറിയുന്നവൻ എന്നർത്ഥം. ര. വേശ്യാസംഗം ചെയ്തു നടക്കുന്നവൻ. ന. കൃഷിക്കാരനും മറ്റും.

ക്ഷേത്രപാലൻ-ക. വിളഭൂമി (വയൽ) കാക്കുന്നവൻ. ര. ശിവൻ. ന. അമ്പലം സൂക്ഷിപ്പുകാരൻ.

ക്ഷേത്രം-ക. വിളഭൂമി, നല്ലവയൽ. ര. ശരീരം.

'ഇദംശരീരം കൗന്തേയ-
ക്ഷേത്രമിത്യഭിധീയതേ'
(ഭഗവൽഗീത)

ന. ശവ്വു. ഇതുമൂലം കൃഷിചെയ്യുന്നതിനാൽ ഇതു പേർവന്നു ൪ പുണ്യസ്ഥലം, അമ്പലം. ൫. തല്ല വിദ്യാർത്ഥിയായവൻ (ം) ന പാത്രമായ ഭൂമി. ൬. സ്ഥാനം, ഇരിപ്പിടം.

ക്ഷേത്രവിത്തു്- ആത്മികജ്ഞാനമുള്ള. [ക്ഷേത്രശബ്ദത്തിനു ഇവിടെ ദേഹമെന്നർത്ഥം. അതിനെ അറിഞ്ഞയാൾ എന്നു താൽപര്യം].

ക്ഷേത്രസംബന്ധി-ക. അമ്പലത്തിലേ വേലക്കാരൻ മറവൻ. ര. ക്ഷേത്രത്തിൽ സംബന്ധമുള്ളവൻ.

ക്ഷേത്രസംഭവം-ക. നീർവീര. ര. ഭവണ്ട

ക്ഷേത്രാജീവ-(വി) കൃഷിചെയ്യുന്ന.

ക്ഷേത്രാജീവൻ-കൃഷിക്കാരൻ. ക്ഷേത്രം (കൃഷിസ്ഥലം) ജീവനോപായമായിട്ടുള്ളവൻ എന്നർത്ഥം.

ക്ഷേത്രി-(വി) കൃഷിചെയ്യുന്ന

ക്ഷേത്രി-ക കൃഷിക്കാരൻ. ര. ഭർത്താവു്. [ക്ഷേത്രശബ്ദത്തിനു കളത്രം എന്നർത്ഥമുണ്ട്. കളത്രത്തിന്റെ നാഥനായവൻ =ഭർത്താവു്].

ക്ഷേത്രിയം-ക മേച്ചിൽസ്ഥലം. ര. മന്ത്രിയുടെ കൂടെ ചേർത്തുകൊള്ളുന്ന ശത്രു. ന. പൊറുക്കാത്ത രീതി.

ക്ഷേത്രിക്കു-ചോളം.

ക്ഷേപകം-ക. പ്രേരണം, അയയ്ക്കുക. ര. തോരംപൊക്ക്. ന. നിന്ദ.

ക്ഷേപണി-ക തോണ്ടുകയുന്ന കഴുക്കോൽ. ര. തോണിയുടെ ഇരുപാർശ്വത്തിലും കെട്ടുന്നതും [ഇരുകിയിരുത്തുന്നതു

മയ്യേ കയ്യേവിശേഷം (ഏകദേശം തന്നെ). പ്രേരിപ്പിക്കുന്നതെന്നർത്ഥം. ന. വല. ഭ. കഴിക്കോൽ.

ക്ഷേപം–പ്ര. ഉതകുക.

'ഇതുക്ഷേപംചെയ്യുമ'

(അമരുകശതകം)

പ. അയയ്ക്കുക. ന. ഡംഭം. ഭ. താമസം ഇ. നിന്ദ. ഞ. നേരമ്പോക്ക് ഒ. പുഷ്പസമൂഹം. വ. വീഴുക.

ക്ഷേപിക്കുക–പ്ര. അയയ്ക്കുക പ. എറിയുക, വലിച്ചെറിയുക. ന. താമസിക്കുക. ഭ. നിന്ദിക്കുക. ഇ. ഒഴിക്കുക.

ക്ഷേപിഷ്ഠ–(വി) ഏറ്റവും വേഗമുള്ള. വേഗാതിശയമുള്ള.

ക്ഷേമ–(വി) ഭാഗ്യമുള്ള.

ക്ഷേമകൻ–പ്ര. നിമിയുടെ പുത്രൻ, ചന്ദ്രവംശത്തിലേ ഒടുവിലത്തെ രാജാവ്. പ. ഒരു രാക്ഷസേശ്വരൻ.

[ഇവന്റെ മകൻ ഭീമരക്ഷൻ. ക്ഷേമകനെ മിത്രോദാസൻ (കാശിരാജാവു) വധിച്ചു].

ക്ഷേമകരം, ക്ഷേമകാരം–(വി) നന്മയെ ചെയ്യുന്ന, സുഖത്തെ ചെയ്യുന്ന.

ക്ഷേമപ്രയോജകൻ–സുഖത്തെ ചേർക്കുന്നവൻ.

ക്ഷേമവുങ്കി–പ്ര. സുഖാധിക്യം. പ. ശാലഭരുടെ സേനാപതി.

[ഭോജകന്യയെ ആക്രമിച്ചു കൃഷ്ണപുത്രനായ സാംബൻ തോല്പിച്ചു].

ക്ഷേമം–ദ്രു.

ക്ഷേമി–ക്ഷേമാവസ്ഥയിലിരിക്കുന്നവൻ.

ക്ഷേമേന്ദ്രൻ–ഒരു കവി.

[ഇദ്ദേഹം പതിനൊന്നാംനൂറാണ്ടിന്റെ മദ്ധ്യത്തിൽ ജീവിച്ചിരുന്നു. കാശ്മീരരാജാക്കന്മാരെക്കുറിച്ച്, 'സമയമാതൃക' മുതലായി പല ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്].

ക്ഷേമം–പ്ര. സുഖം. അപ്രാപ്തത്തെ കൈവരുന്നതു് എന്നർത്ഥം. പ. നിത്യാനന്ദം. ന. ഗൃഹം. നിവാസസ്ഥാനം എന്നർത്ഥം. ഭ. അടവിക്കാവോലം. ഹിംസിക്കുന്നതു് എന്നർത്ഥം. ഇ. കരസ്ഥമായ ധനത്തെ സൂക്ഷിച്ചു രക്ഷിക്കുക.

ക്ഷേമ്യ–(വി) പ്ര. ഭാഗ്യമുള്ള. പ. സുഖമുള്ള

—:o:—

## കൈ

ഏകൈ–ത്രം–കൃഷിചെയ്യുന്ന കണ്ടങ്ങളുടെ സമൂഹം, വിളഭൂമിക്കൂട്ടം,

കൈരേയ–വി. പാലിനസംബന്ധിച്ച

കൈരേയി–പാൽക്കഞ്ഞി.

കൈർണ്ണ്യം–പ്ര. നാശം. പ. മെലിവു്.

—:o:—

## കൈ്യാ

കൈ്യാഡം–അനയെകെട്ടുന്ന കാറു്.

കൈ്യാണി–ഭൂമി ശബ്ദിക്കുന്നതു് എന്നർത്ഥം

കൈ്യാണി (ണീ) തലം–ഭൂമി.

കൈ്യാണി (ണീ) പതി–രാജാവു്.

കൈ്യാണി (ണീ) പാലൻ–രാജാവു്.

കൈ്യാദം–പ്ര. അരച്ചുപൊടിച്ച ഔഷധി, ഔഷധി പൊടിക്കപ്പെട്ടതു് എന്നർത്ഥം. പ. കഴിയമ്മി. ന. പൂഴി. ഭ. വെള്ളം. ഇ. ആലോചന.

കൈ്യാദിത–വി. പൊടിക്കപ്പെട്ട.

കൈ്യാദിതം–പൊടിക്കപ്പെട്ടതു്, പൊടി.

കൈ്യാദിമാവു്–അരിപ്പു്.

കൈ്യാദിഷ്ട–വി. പ്ര. അതിക്ഷുഭനായ. പ. അരിപ്പുമായ. ന. നന്നായി പൊടിക്കപ്പെട്ട.

കൈ്യാടണം–കാമദേവന്റെ പഞ്ചശരങ്ങളിൽ ഒന്നു്.

കൈ്യാദം–പ്ര. മനസ്സിന്റെ ഇളക്കം, ഭയം പ. കലുക്കം, കലക്കം. ന. കോപം.

ക്ഷോഭിക്കുക-ക്ര. ഭയപ്പെടുക. ഉ. കോപംകൊണ്ടും മറ്റും അധികം ഇളകുക.

ക്ഷോഭ്യ-വി. ഇളകുന്ന, ഇളക്കാൻ കഴിയുന്ന, ഇളക്കപ്പെടാവുന്ന, സ്ഥിരമല്ലാത്ത

ക്ഷൌമം-പട്ട്.

ക്ഷൌമ(ക)ം-അടവിക്കായ്മരം.

—:o:—

## ക്ഷ്വേ

ക്ഷ്വേണി-ഭൂമി.

ക്ഷ്വേണിപ്രാചീരം-സമുദ്രം.

ക്ഷ്വേളം-ക്ര. തേൻ. ക്ഷുദ്രകളായ മക്ഷികകളാൽ ഉണ്ടാക്കപ്പെട്ടത് എന്നർത്ഥം. ഉ. വെള്ളം. ന. ചമ്പകം.

ക്ഷ്വേമ-വി. ക്ര. നേരിയശീലകൊണ്ടുള്ള ഉ. നേരിയ ശീലകൊണ്ടും മറ്റും തൊഴിഞ്ഞ.

ക്ഷ്വേമം-ക്ര. ഒരുമാതിരി മാളിക, അട്ടം. ഉ. നേരിയവസ്ത്രം, ന. പട്ട്.

[ക്ഷ്വേമം എന്നത് ശത്രുക്കളുടെ വരവിനെ ദൂരത്തെന്നെ നോക്കി ഗ്രഹിപ്പാനും തടുപ്പാനുംവേണ്ടി രാജധാനിയോടു ചേർത്തു പണിചെയ്യുന്ന കെട്ടിടം, തെരുവു മണ്ഡപം എന്നും പറയാം, അതായത് പട്ടണത്തിൻറെ അതിർത്തിയിലും മറ്റും ഒരോകുന്നിൽ കെട്ടിയുണ്ടാക്കുന്നത്. വീരന്മാർ ഇതിലിരുന്നു ശത്രുക്കളെ എന്നർത്ഥം].

ക്ഷ്വേമി-ചണ.

ക്ഷ്വേരകൻ-ക്ഷീരക്കാരൻ.

ക്ഷ്വേരകന്യ-ക്ഷീരകാരകൻറെ കന്നി.

ക്ഷ്വേരകാരൻ-തലമുടി കളയുന്നവൻ. [സ്ത്രീ-ക്ഷ്വേരകാരി.] പര്യായങ്ങൾ-ക്ഷുരി, മുണ്ഡീ, മിശ്രകേശി, നാപിതൻ, അന്തേവാസായി.

ക്ഷ്വേരം-തലമുടി കളയുക. പര്യായങ്ങൾ-ക്ഷൌരം, മുണ്ഡനം, വപനം.

ക്ഷ്വേരികൻ-ക്ഷീരക്കാരൻ.

ക്ഷ്വിണ്ണ-വി. മുച്ചുകുട്ടപ്പെട്ട.

ക്ഷ്വിണ്ണതാ-ചുണയില്ലായ്മയും മറ്റും മൂലം മുച്ചുകുട്ടിയ ശത്രുവിൻറെ മുതലായവ. മുച്ചുകുട്ടിയത്.

ക്ഷ്മാ-ഭൂമി. സഹനശീല എന്നർത്ഥം.

ക്ഷ്മാപതി-രാജാവ്.

ക്ഷ്മാഭൃത്ത്-ക്ര. രാജാവ്. ഉ. പർവ്വതം.

ക്ഷ്വേഡ-വി. ക്ര. വളരെ. ഉ. ദുഷ്ടതയുള്ള.

ക്ഷ്വേഡ-ക്ര. പടവിള്ളി. ഉ. മുറിവടി.

[ക്ഷ്വേഡ എന്നതു വീരന്മാർ ശത്രുക്കളെ പരിഭ്രമിപ്പിക്കുന്നതിനു ചെയ്യുന്ന സിംഹനാദമാകുന്നു. ക്ഷ്വേളാ എന്ന പാഠവും കാണുന്നുണ്ട്.]

ക്ഷ്വേഡ(ള)ം-ക്ര. സാമാന്യവിശേ. ഉ. എതിർക്കൽ.

ക്ഷ്വേഡിഡി(ളി)തം-പടവിള്ളി, അട്ടഹാസം, സിംഹനാദം.

ക്ഷ്വേളം-ക്ര സാമാന്യവിശേ. താൻ പടമില്ലാതാകുന്നതു് എന്നർത്ഥം.

'കാളിയനാരയാത കണ്ണുകുത്തുംതത്തിൽ
ക്ഷ്വേളമിയന്നാരവെള്ളംതരുന്നു'

(കൃഷ്ണഗാഥ)

ഉ. ശബ്ദം.

—:o:—

# ഖ

ഖ-ഹല്ലുകളിൽ ഒന്നും അകാരവും.

ഖഖാ-കിണർ, ഉറവകഴി.

ഖകുഖടം-ക്ര. കഠിനം, കർക്കശം. ഉ. പരുപരുത്തകല്ല്.

ഖങ്കരം-കരയിര.

ഖഗനാൻ-സൂര്യവംശത്തിലെ ഒരു രാജാവ്.

ഖഗധ്വജം-തേര.

ഖഗം-പ. പക്ഷി. അകാശത്തിൽ ഗമിക്കുന്നത് എന്നർത്ഥം. ഉ. എരിക്ക്. ന. ഒരു യുഗത്തിന്റെ പേർ. ര. അമ്പ്. ള. യുഗം. ന. കാറ്റ്.

ഖഗൻ-പ. ആദിത്യൻ. ഉ. ദേവൻ.

ഖഗമൻ-സഹസ്രപദനെ ശപിച്ച ഒരു മുനി.

ഖഗശത്രു-പ. ഗരുഡ. ഉ. പരുന്ത്.

ഖഗേശ്വരൻ-ശരഭൻ. ഖഗങ്ങളുടെ (പക്ഷികളുടെ) ഈശ്വരൻ (രാജാവ്).

ഖചര-വി. അകാശത്തിൽ സഞ്ചരിക്കുന്ന.

ഖചരം-പ. പക്ഷി. ഉ. മേഘം. ന. മുത്തങ്ങ.

ഖചിത-വി. ചേർക്കപ്പെട്ട, പതിക്കപ്പെട്ട, പതിച്ചിട്ടുള്ള.

ഖജനാവ്-പണം വെച്ചുസൂക്ഷിക്കുന്ന സ്ഥലം.

ഖജപം-നെയ്യ്.

ഖജം-പ. തവി, കരണ്ടി. ഉ. കടയുന്നതിനുള്ള കോൽ.

ഖജലം-മഞ്ഞ്.

ഖജാക-തവി, ചട്ടുകം, കരണ്ടി. മഥനം ചെയ്യുന്നത് എന്നർത്ഥം.

ഖജാന-രണ്ടാംപ്രയോഗം.

ഖഞ്ജ-വി. മുടന്തുള്ള.

ഖഞ്ജാ-ശ്ലോകത്തിനുള്ള ഒരുമാതിരി വൃത്തം.

ഖഞ്ജക-ശ്ലോകത്തിനുള്ള ഒരുമാതിരി വൃത്തം.

ഖഞ്ജരീടം-വാലാട്ടിപ്പക്ഷി, കരിങ്കുരികിൽ.

ഖഞ്ജരീലം-വാലാട്ടിപ്പക്ഷി, കരിങ്കുരികിൽ.

ഖഞ്ജൻ-കാറ്റുകൊണ്ട് മുടന്തുള്ളവൻ. നടപ്പിൽ വൈകല്യമുള്ളവൻ എന്നർത്ഥം. മറ്റൊരു പര്യായം-ക്ഷോണൻ.

ഖഞ്ജനം-വാലാട്ടിപ്പക്ഷി.

ഖഞ്ജനാ-ചെങ്കടുക്.

ഖഞ്ജരീടം-കരിങ്കുരികിൽ. മുടന്തനെപ്പോലെ നടക്കുന്നതു എന്നർത്ഥം. വാലാട്ടിപ്പക്ഷി എന്നും കാണുന്നു. മറ്റൊരു പര്യായം-ഖഞ്ജനം.

'അപിഖഞ്ജനമഞ്ജനാഞ്ചിതേ
വിദധാതേരുചിശവ്വിധം'

ഇതുകൊണ്ടു കരിങ്കുരികിലിന്റെ നിറം കറുപ്പ് എന്നു തെളിയുന്നു.

ഖടം-പ. പൊട്ടക്കിണർ. ഉ. കഫം. ന. പുല്ല്. ര. കൈക്കോടാലി. ള. കലപ്പ.

ഖടഖാദകൻ-പ. കരടക്കൻ. ഉ. കാക്ക.

ഖടി-പ. കുമ്മായം, ചുണ്ണാമ്പ്, എഴുത്തുകല്ല്. Chalk. ഉ. രാമച്ചം.

ഖടിനി-കുമ്മായം, ചുണ്ണാമ്പ്, എഴുത്തുകല്ല്. Chalk.

ഖട്ടാ-പ. കട്ടിൽ. ഉ. ഒരുവക പുല്ല്.

ഖട്ടാശം, ഖട്ടാശി-മെത്ത, വൈക്കോൽ.

ഖട്ടാസം-പ. പച്ചപ്പുഴു. ഉ. വൈക്കോൽ, മെത്ത.

ഖട്ടി-ശവക്കട്ടിൽ.

ഖട്ടിക-വി. വേട്ടചെയ്യുന്ന.

ഖട്ടികൻ-വേടൻ.

ഖട്ടൂരക-വി. ഹ്രസ്വകായമുള്ള, ശരീരത്തിനു നീളം കുറഞ്ഞ.

ഖട്വ-പ. കട്ടിൽ (മം). ഉറക്കമുള്ളവരാൽ ആശ്രയിക്കപ്പെടുന്നതു എന്നർത്ഥം. ഉ. ചണ്ടിപ്പുല്ല്.

ഖട്വാംഗം-പ. ശ. ഉ. കൊമ്പടി.

[ഈ ശബ്ദം യോഗികൾ കൊണ്ടുനടക്കുക പതിവാണ്. അവർ അതിനെ ശിവന്റെ ആയുധമായി വിചാരിക്കുന്നു. ഈ ശബ്ദത്തോടു മുറുകിയുള്ള ഒരു കഥയോടു ബന്ധപ്പെടുത്തിയിരിക്കും. ഇതിനു 'ഖിംഖിരം' എന്നും 'പാംശുലം' എന്നും കൂടെ പേർ കാണുന്നുണ്ട്.]

'ഖട്വാംഗംനാമമണിവൈണ്ടേകട്ടുള്ളി'
(വാല്മീകി രാമായണം)

ഖടപാംഗൻ-മിലീപൻ, സൂര്യവംശത്തിലെ ഒരു രാജാവ്.

(ദേവാസുരയുദ്ധത്തിൽ ദേവന്മാർക്ക് സഹായിച്ചു കൊടുത്തിട്ട് എത്രവരം വേണമെന്നു സന്തുഷ്ടന്മാരായ അവർ ചോദിച്ചും തന്റെ ജീവിതം ഇനി എത്ര കാലത്തേക്കുണ്ടെന്നറിയണമെന്നു മിലീപൻ അപേക്ഷിച്ചു. ഒരുനാഴികയേക്കുടിയുള്ളു എന്നറികയാൽ രാജാവ് തന്റെ ലോകത്തേക്കു തിരിച്ചുവന്നു ഭക്തിയോടുകൂടി പരമാത്മാവിൽ ലയിച്ചു)

ഖടപാംഗനാമികാ - ആലിലക്കല്ലുർവഞ്ചി.

ഖഡി-എഴുത്തുകല്ല് (ചോക്ക്), Chalk, ചേടി.

[ലേപനംചെയ്യുന്നപക്ഷം വിഷം കൊണ്ടുള്ള വീക്കം, വ്രണം, കഫം, രക്തദോഷം, പിത്തം, നേത്രരോഗം, പൂട്ടുനീർ ഇവയ്ക്കു നന്ന്, ഭക്ഷിച്ചാൽ മണ്ണിന്റെ ദോഷം ഇതും ചെയ്യും ഒരു ഉപരസദ്രവ്യമാണ് സംസ്കൃതത്തിൽ-ഖടി. ഇംഗ്ലീഷിൽ - Pipe clay, Chalk.]

ഖഡിക-കുമ്മായം, മുണ്ണായ്, എഴുത്തുകല്ല് Chalk.

ഖഡ്ഗം-പ വാൾ. ഇരുമ്പുകൊണ്ടു വണ്ടിക്കുന്നു എന്നർത്ഥം. പ. കാണ്ടാമൃഗം, വാൾപുല്ല്, വാൾമാൻ. പിളർക്കുന്നു എന്നർത്ഥം. ന ശൃംഗം. ര പത്മസംഖ്യ. ള. ഇരുമ്പ്. ന. മരക്കൊമ്പ്.

ഖഡ്ഗകോശ(ക)-വാളുറ.

ഖഡ്ഗധാര-കത്തിക.

ഖഡ്ഗപാണി-വാൾ ധരിച്ചവൻ.

ഖഡ്ഗപാടം-പരിച.

ഖഡ്ഗവിധാനം-വാളുറ

ഖഡ്ഗശിഖി-പെരുമ്പുള്ളിപ്പുൽ.

ഖഡ്ഗി-പ കാണ്ടാമൃഗം. പ വാൾക്കാരൻ. ന. വിഷ്ണുവിന്റെ പത്താമത്തെ അവതാരം

ഖഡ്ഗിക-പ വാളുകൊണ്ടുനടക്കുന്നവൻ. പ ആട്ടമാടുകളുടെ അറുക്കുന്നവൻ.

ഖഡ്ഗിക-ക്ഷുരിവാൾ.

ഖണ്ഡ-വി. മുറിഞ്ഞിട്ടുള്ള, പൂർണ്ണമാകാത്ത, മുഴുവനാകാത്ത

ഖണ്ഡകാവ്യം-മഹാകാവ്യലക്ഷണമില്ലാത്ത ഒരു ചെറിയ കാവ്യം.

ഖണ്ഡന-വി. മുറിഞ്ഞിട്ടുള്ള, പൂർണ്ണമാകാത്ത.

ഖണ്ഡനം-പ. മുറിക്കൽ. പ. വിരോധിച്ചു നശിപ്പിക്കയും മാറ്റലും. ന. ഗ്രന്ഥത്തെ ആക്ഷേപിച്ചു പ്രതിക്രുചരണം ചെയ്യുന്നതു്. (വിമർശനത്തിന്റെ ഒരു ഉപപ്രിവു്).

ഖണ്ഡപരശു-പ ശിവൻ. പരശു എന്ന അസുരനെ ഖണ്ഡിച്ചവൻ, ദുഷ്ടഖണ്ഡനശീലമായ മഴുകൊണ്ടു ഖണ്ഡിക്കുന്നവൻ, വെണ്മഴു എന്ന ആയുധമുള്ളവൻ. പ പരശുരാമൻ ന. വിഷ്ണു ര രാമൻ.

[ഖണ്ഡപർശു എന്നും പാഠം-'ഖണ്ഡപർശുരഹി'-വാചസ്പതി].

ഖണ്ഡപാലൻ ക്ഷയാഹം വരുന്നവൻ.

ഖണ്ഡപ്രപാതം-സാധുക്കൾ തള്ളപ്പെടുന്ന ലോകനാശം.

ഖണ്ഡബന്ധി മുറി (ചട്ടം) കുറയ്ക്കുക.

ഖണ്ഡം-പ [illegible] ഭാഗം-ഭാഗം, ശകലം. പ കഷണം. ന. അംശം ര കൽക്കണ്ടം. ള. കഷ്ണം. ന. പർപ്പടം.

ഖണ്ഡയാചന-വെടിപ്പു്.

ഖണ്ഡവികാരം പ. രോഗവിശേഷം. ഖണ്ഡവികാരം (കുഷ്ഠരോഗത്തിന്റെ) വികാരം എന്നർത്ഥം. ചുട്ടുണ്ട.

ഖണ്ഡവേഷ്ടകം-കടുവക പലഹാരം.
ഖണ്ഡശർക്കര-കല്ലുണ്ടം.
ഖണ്ഡശീല-വൃഭിചാരിണി.
ഖണ്ഡസിതാ-കല്ലുണ്ടം.
ഖണ്ഡിക, ഖണ്ഡികം-ഫ. മലം കടല. ഖണ്ഡം (പരിപ്പ്) ഉള്ളതു് എന്നർത്ഥം. ര. അമര. ന. കക്ഷം. ര. പയർ.
ഖണ്ഡികാ-ഫ. അമരപ്പയർ. ര. വട്ടച്ചണായി. ന. (സാഹിത്യസംഹൃഷ്ടകാരം) വകുപ്പു്, വാക്യങ്ങളം ചേർന്നതു്.
ഖണ്ഡിക്കുക-ഫ. മുറിക്കുക, ഒടിക്കുക. ര. അംശിക്കുക. ന. വേർതിരിക്കുക. ര. പരിച്ഛേദിക്കുക.
ഖണ്ഡിത-വി. ഫ. മുറിക്കപ്പെട്ട, മുറിഞ്ഞ, ഒടിക്കപ്പെട്ട. ര. അംശിക്കപ്പെട്ട ന. പരിച്ഛേദിക്കപ്പെട്ട. ര. വേർതിരിക്കപ്പെട്ട. ര. ഉപദ്രവം തട്ടിയ, ഇടയിട്ട. ന. പൂർണ്ണമല്ലാത്ത.
[ഖണ്ഡമാക്കപ്പെട്ടിട്ടുള്ളതു-ഖണ്ഡിതം].
ഖണ്ഡിതം-നിശ്ചയം.
ഖണ്ഡിതാ-എട്ടുവിധം നായികമാരിൽ ഒരുവർ.
[മറ്റൊരുത്തിയിൽ പ്രവേശിച്ച അടയാളങ്ങളോടുകൂടി ഒരു പുരുഷൻ തന്റെ മുമ്പിൽ വന്നപ്പോൾ ഇവൾ അവനോടു കോപിക്കയാണെങ്കിൽ അവൾക്കു 'ഖണ്ഡിതാ' എന്നു പേർ]
ഖണ്ഡുകടു-കടുക്കരിയം.
ഖണ്ഡ്യം-ഫ. മുറിക്കത്തക്കതു്, ഒടിക്കത്തക്കതു്. ര. അംശിക്കത്തക്കതു്. ന. പരിച്ഛേദിക്കത്തക്കതു്.
ഖതമാലാ-ഫ. പുകം. ര. മേഘം. ന. മുത്തങ്ങ.
ഖദിരപത്രികാ-ഫ. മുക്കുറ്റി, ര. മരകപ്പൻ കരിങ്ങാലി.
ഖദ്ദു-കണ്ണു, കുഴിഞ്ഞു. [അഞ്ചി മാക്ഷി].
ഖദിരാ, ഖദിരം, ഖദിരി-ഫ. കരിങ്ങാലിവൃക്ഷം. മറ്റുള്ളതിനെ ശബ്ദിപ്പിക്കുന്നതു് എന്നർത്ഥം. ര. കറിച്ചുണ്ട. ന. മുക്കുറ്റി. ര. വാളൻചുണ്ടി. ര. പടർച്ചുണ്ട.
ഖദ്യോതൻ-ആദിത്യൻ. ആകാശത്തിൽ ശോഭിക്കുന്നവൻ എന്നർത്ഥം
ഖദ്യോതം- മിന്നാമിനുങ്ങു്. ആകാശത്തിൽ ശോഭിക്കുന്നതു്, ആകാശത്തെ ശോഭിപ്പിക്കുന്നതു് ഇങ്ങനെ ശബ്ദിപ്പിക്കുന്നതു് ഇങ്ങനെ ശബ്ദാർത്ഥം.
ഖദ്യോതാന്വയം-സൂര്യവംശം.
ഖദ്ദു-മരപ്പൊടി.
ഖനക-വി. തുരക്കുന്ന, തുരന്നു മോഷ്ടിക്കുന്ന.
ഖനകൻ-ഫ. എലി. ര. തുരക്കുമിടുന്നവൻ, ന. രത്നാദി കഴിച്ചെടുക്കുന്നവൻ.
ഖനകാ-എലി.
ഖനനം-തുരക്കുക, കഴിക്കുക.
ഖനി-രത്നാദികളം വിളയുന്ന സ്ഥലം. കഴിക്കപ്പെടുന്നതു എന്നർത്ഥം. മറ്റൊരുപയോഗം-ആകരം. [വജ്രം മുതലായ രത്നങ്ങളും സ്വർണ്ണം മുതലായ ലോഹങ്ങളും കഴിച്ചെടുക്കുന്ന സ്ഥലം]
ഖനിതാവു്-ഫ. കലപ്പ പിടിച്ചു ഉഴുന്നവൻ. ര. കഴിക്കുന്നവൻ.
ഖനിത്നു-വി. തുരന്നു മോഷ്ടിക്കുന്ന.
ഖനിത്രം-ഫ. പാരക്കോൽ ര. ഇരുമ്പുകൊണ്ടു മുതലായ കിളയ്ക്കുന്ന ആയുധം. ഇതുകൊണ്ടു കിളയ്ക്കുന്നു എന്നർത്ഥം.
ഖൻ-സൂര്യൻ.
ഖപുരം-ഫ. അടയ്ക്കാമരം, കമുക്, കവുങ്ങു്. ര. കടം. ന. കവളമുള്ളി. ര. പെരുമുത്തങ്ങ. ര. കറുകപ്പുല്ല.
ഖമം-പത്തംരാശി.
ഖം-ഫ. ആകാശം, രൂപമില്ലാത്തതിനാൽ അറിയപ്പെടാൻ പ്രയാസമുള്ളതു്. ര. ഇന്ദ്രിയം. ദ്വാരമിപ്പിക്കുന്നതു എന്നർത്ഥം. ന. പുരം. ര. ക്ഷേത്രം. ര. സ്വർഗ്ഗം, മോക്ഷലോകം. ന. അന്തസ്സാരം, ചിന്ത.

൩. ഗ്രഹ, ചോരം. വ്യ. നവഭാവരങ്ങൾ കുറിക്കും പറയുന്ന ഒരു പേർ. ൻ. വ്രണം. ക്ഷ. സുഖം, സന്തോഷം. ക്ഷ. ബുദ്ധി.

ഖമണി–ആദിത്യൻ.

ഖംഖാ–നായിക്കൊതുണ.

ഖര–വി. ക. കഠിനമായ. ര. മുഷ്കുള്ള. ന. ഏതിരുള്ള.

ഖരകം–പുഷ്പകപുല്ല്.

ഖരകിരണൻ–ക. ആദിത്യൻ. ര. എരിക്ക്.

ഖരകോണം–തിത്തിരിപ്പുള്ള്.

ഖരവിക്കണം–അരക്കപ്പരം.

ഖരച്ഛദം–ക. തേക്കുമരം. ര. ശാഖോടപൂക്കം.

ഖരണസ്, ഖരണസൻ–ക്രൂരമുള്ളവൻ. [ഖര+നസ്].

ഖരത്വകി–തൊട്ടാവാടി.

ഖരത്വം–പരുക്ഷത്വം, [പരുപരുപ്പ് എന്ന ഭേദം].

ഖരദിനം–രൗദ്രവ്യാഴ്ച.

ഖരദൂഷണം–ഉമ്മത്ത്.

ഖരൻ–ക. കഠിനൻ. ര. ഒരു രാക്ഷസൻ. [രാവണന്റെ സഹോദരൻ. ശ്രീരാമൻ വധിച്ചു].

ഖരപുഷ്പി–ക. അട്ടനാഗി വേള. പരുപരുപ്പുള്ള പൂവോടുകൂടിയതു എന്ന ശബ്ദാർത്ഥം. നായ്വേള എന്നും കാണുന്നു. ര. കറുത്ത കാട്ടുതുളസി.

ഖരപ്രിയം–പ്ലാവ്.

ഖരബൃസം–ക. കർപ്പൂരതുളസി. ര. പെരുതുമ്പ. ന. വലിയ കടലാടി.

ഖരമഞ്ജരി–വലിയ കടലാടി. മൂപ്പു തുള്ള പൂക്കലയോടുകൂടിയതു എന്നർത്ഥം.

ഖരം–ക. അത്യുഷ്ണം, വലിയചൂട്. ഇന്ദ്രിയത്തെ ആഭാതം ചെയ്യുന്നതു എന്നർത്ഥം. ര. കഴുത. വലിയ വസ്തുവിനെ എന്നർത്ഥം. ന. ക, ച, ട, ത, പ, ഈ അക്ഷരങ്ങൾക്കു മേലെഴുതി വ്യാകരണപ്രകാരമുള്ള ഭേദം. ൯. ദേവതാളി. ൧. വെൺകൊടിത്തുവ. ൧൧. വെട്ടിക്കതിര. ൧൨. അഴുകാൽ വ്യ. വെളുത്ത മഷ്. ൻ. കങ്കുപക്ഷി. ക്ഷ. കാക്ക. ക്ഷ. പ്ലവോദി അവപ്പാ സംവത്സരങ്ങളിൽ ഇരുപത്താമാമത്തെ സംവത്സരം. ക്ഷ. ര. ഏഴുള്ള സംഖ്യ.

ഖരസ്കന്ദം–മുരുക്ക്.

ഖരാ–ക. ദേവതാളി. പരുപരുപ്പുള്ളതു എന്നർത്ഥം. ര. തെമാതിരി പുല്ല്.

ഖരാംശു–സൂര്യൻ.

ഖരാലികൻ–ക്ഷുരകൻ.

ഖരാശ്വാ– മയിലോരിക, കഴുതക്കിടാവു, ഉഷ്ണത്വത്തെ പ്രാപിക്കുന്നതു ഇങ്ങിനെ അർത്ഥം. ര. കരിഞ്ചീരകം.

ഖരാഹ്വാ–ക. മയിലോരിക. ര. കരിഞ്ചീരകം.

ഖരു–കഠിന.

ഖർജ്ജിക–രുചി, സ്വാദു.

ഖർജ്ജു–ചൊറി, വേദനപ്പെടുത്തുന്നതെന്നർത്ഥം.

ഖർജ്ജൂരം–വെള്ളി.

ഖർജ്ജൂരം–ക. വെള്ളി. ദുഃഖിപ്പിക്കുന്നതു എന്നർത്ഥം. ര. ഈന്തൽ. ന. ഈത്ത (ഈന്തുമരം).

[ഖർജ്ജൂരം–കാളീത്ത, ഖർജ്ജൂരി–സാധാരണ ഈത്തപ്പഴമുണ്ടാകുന്ന ഈത്ത. ഈ അഭിപ്രായവും കാണുന്നു.]

ഖർജ്ജൂരകം–തേരകം.

ഖർജ്ജൂരി–ചിറുനീന്തൽ.

ഖപ്പടം–ക. കുപ്പുമുണ്ട്. ര. കേരണകം.

ഖപ്പരൻ–ക. കള്ളൻ. ര. ചതിയൻ.

ഖപ്പരം–ക. തലയോട്ട്. ര. കപാലം Umbrella.

ഖമ്മം–ക. കപടകം. ര. പട്ട്.

ഖവ്വ–വി. ചെറിയ, നീളം കുറഞ്ഞ, ഹ്രസ്വത്തുള്ള, അപൂർണ്ണത്തുള്ള.

ഖവ്വടം–നാലുവശവും കടിയുള്ള നഗരി, ഗ്രാമ

വും നഗരവും ഇടകലർന്നതു്, ഗ്രാമശരീരത്തിലുള്ള പ്രധാന ഗ്രാമം, ഉപഗ്രാമം, കണ്ടകാവൃതമായ ഗ്രാമം, പർവ്വതപ്രാന്തത്തിലുള്ള ഗ്രാമം, ചന്ദനനഗരം.

ഖവ്വൻ-മുണ്ടൻ.

ഖവ്വം-അയിരംകോടി,(൧൦,൦൦,൦൦,൦൦൦) പ. കറിയതു്. ന. കുബേരന്റെ നവനിധികളിൽ ഒന്നു്. ര. മുള്ളുചെമന്തി.

ഖവ്വരം-ക്ലാവു്.

ഖള-വി. ഹ. നികൃഷ്ടമായുള്ള. പ. ക്രൂരമായുള്ള.

ഖളകം-ഗ്രന്ഥപ്പു

ഖളകം-കളം.

ഖളകുളം-മുതിര.

ഖളതി-വി. കഷണ്ടിയുള്ള.

ഖളതി-കഷണ്ടി.

[രോമഛോരങ്ങളിലുള്ള പിത്തം വാതമെന്നിച്ചു രോമങ്ങളെ പിഴുതുകളയും. ആ ഛോരങ്ങളിൽ രക്തത്തോടുകൂടിയ കഫം അടഞ്ഞുവീങ്ങും. മുളക്കുവാൻ ഇടകൊടുക്കയില്ല. ഇതാണു കഷണ്ടിക്കു കാരണം].

ഖളനാ-ആകാശവള്ളി.

ഖളിനി-ഹ. കളങ്ങളുടെ കൂട്ടം. പ. ഖളന്മാരുടെ സമൂഹം. മറ്റൊരുപയ്യായം-ഖഡ്ഡ.

ഖളൻ-ഹ. ദുഷ്ടൻ, ക്രൂരൻ. പ. സൂചകൻ. ന. ഏഷണിക്കാരൻ. പഴുതാനം ക്കുന്നവൻ എന്നർത്ഥം. ര. ചലിച്ചുകൊണ്ടിരിക്കുന്നവൻ.

[ഖളിക്ക=ചലിച്ചുകൊണ്ടിരിക്ക 'ഖള സഞ്ചലനേ' ഖളൻ=ചലിച്ചുകൊണ്ടിരിക്കുന്നവൻ]

ഖളവു-അടിച്ചുതളി മുതലായ പല വേലകളും ചെയ്യുന്നവൻ. ഉപ്പേരശം ശൂദ്രമാക്കുന്നവൻ എന്നർത്ഥം.

ഖളമൂർത്തി-ഹ മഹാരസങ്ങളിൽ ഒന്നു്, രസം. പ. പഴകിയ കള്ളൻ, ക്രൂരനായ കള്ളൻ.

ഖളം-ഹ. കല്ലും. പ. കളം. ന. കളപ്പുര. ര. ഉമ്മത്തു്. ള. പച്ചിലമരം.

ഖളീകാരം-ദോക്ഷം, അനൃത്തം

ഖളീനം, ഖളിനം-ഹ കടിഞ്ഞാണിന്മേലുള്ള കടി. പ. കടിഞ്ഞാണം.

ഖളിശം-ഒരു മത്സ്യം. [വെള്ളത്തിനു മീതെ പൊങ്ങിച്ചാടുന്ന ഒരുവക മീൻ].

മാംസം ശ്ലേഷ്മത്തിനു നന്നു്. വാതം കോപിക്കും. മലം പിടിക്കും. അനുപമാംസമാണു്. ആമത്തെ കറങ്ങാതെ പചിപ്പിക്കും.

ഖളു-അ. വിരോധം, വാക്യാച്ചേർപ്പു്, അനുസരണം, ജിജ്ഞാസ, അവധാരണം ഇത്യാദി അർത്ഥങ്ങളിൽ പ്രയോഗിക്കുന്ന ഒരവ്യയപദം [പോൽ, ആകട്ടെ].

ഖളൂരിക-ആയുധാഭ്യാസശാല, കളരി.

ഖളേളാത്ഥ-കാള പശു മുതലായതിനെ കെട്ടുന്ന കയർ. മറ്റൊരുപയ്യായം-മേധി.

ഖല്യ-കളങ്ങളുടെ കൂട്ടം, ഖളന്മാരുടെ സമൂഹത്തിന്റെ പേർ. മറ്റൊരുപയ്യായം-ഖളിനി.

ഖല്വാ-ഹ. അമ്മിക്കല്ലു്. പ. മുതിര ന. ചെറിയ അമര. ര. കടല

ഖല്വി-ഒരു വാതവ്യാധി.

'ഖല്വീഗുഹ്യമേഢ്രോരുകരമൂലാവമർദ്ദനി'

(മാധവനിദാനം)

[വായു മൂറുവടി, കണങ്കാൽ, തുട കരമൂലം ഇവയെ പിടിക്കുകയും വേദനപ്പെടുത്തുകയും ചെയ്യും. ഇതാണു ലക്ഷണം.]

ഖല്ലം-ഹ. തിത്തിരക്കല്ലു്. പ. വേഴാമ്പൽ പക്ഷി.

ഖവല്ലരി-ആകാശവള്ളി

ഖല്ലിടം-കഷണിത്തല.

ഖവാരി-മഞ്ഞുവെള്ളം.

ഖവാഷ്പം-മഞ്ഞുവെള്ളം

ഖശ-കശ്യപന്റെ ഒരു പുത്രിയും കശ്യപന്റെ ഭാര്യയുമാണ്.

[യക്ഷന്മാരുടെയും മറ്റും ജനനി, അതിനാൽ അവർക്ക് ഖാശന്മാർ എന്ന പേർ സിദ്ധിച്ചു.]

ഖസ്പം-ക്രി. കോപം. ഉ. ക്രൂരത

ഖസതിലം-കശകശ.

ഖസം-ക്രി. ചിരങ്ങ്. ഉ. കശകശ.

ഖസ്ഖസം-കശകശ.

ഖസ്ഫടികം-ക്രി. പളുങ്ക് ഉ. സ്ഫടികം. ന. ചന്ദ്രകാന്തം.

ഖളകപോതന്യായം-"നെല്ലുണക്കുന്ന കളത്തിൽ പ്രാവുകളെല്ലാം ഒന്നായി ഒരേസമയത്തുതന്നെ വന്നുചേരുന്നു അപ്രകാരം ഏകകാലത്തിൽ തന്നെ അനേകവസ്തുക്കളും ഒരു വസ്തുവിൽ ചേരുന്നുഎന്ന സംഗതികളിൽ ഈ ന്യായം പ്രവർത്തിക്കുന്നു. കളംബകശകുനന്യായപ്രകാരം അനേക വസ്തുക്കളിൽ ഒരു കാര്യം ഏകകാലത്തുണ്ടാവുകയാണ്. പ്രകൃതന്യായപ്രകാരം ഒരു വസ്തുവിനെ അനേക വസ്തുക്കളും ഏകകാലത്തു തന്നെ അനുകരിക്കുകയാകുന്നു."

ഖറാബ് ആകുക-നശിച്ചുപോകുക. [അറബി.]

## ഖാ

ഖാ-നദി.

ഖാടം-ശവക്കുഴി

ഖാടി-ക്രി. ശവക്കുഴി. ഉ. മൂഢത

ഖാഡിക-ശവക്കുഴി.

ഖാണ്ഡം-ഇളയുപ്പ്, കേടുമാലം, ഭേദം, കത്തി, ഉത്തരം, ഹർ, കിയുക്തം, ഖണ്ഡം, ഭേദം ഇങ്ങിനെ ഖാണ്ഡം പല പ്രകാരം പറയുന്നു

ഖാണ്ഡവപ്രസ്ഥം-ഇന്ദ്രപ്രസ്ഥം.

പാഞ്ചാലീസ്വയംവരം കഴിഞ്ഞതിൽ പിന്നെ പാണ്ഡവന്മാരാണ് പാഞ്ചാലിയെ വരിച്ചതെന്ന് എല്ലാ രാജാക്കന്മാർക്കുമാപ്പം ദുര്യോധനാദികളും മനസ്സിലാക്കി. അധികം താമസിയാതെ ഭീഷ്മർ, ദ്രോണർ, കൃപർ എന്നിവരുടെ ഉപദേശപ്രകാരം ധൃതരാഷ്ട്രർ പാണ്ഡവരെ വരുത്തി രാജ്യത്തിലേ ഭാഗം ശം ഞാൻ നിങ്ങൾക്കായി തന്നേക്കുന്നു എന്നു പറഞ്ഞ് അവർക്കായി കേട്ടതും സസ്യസമൃദ്ധവുമായ ഖാണ്ഡവപ്രസ്ഥമെന്ന ഈ കാടാണ്. കൃഷ്ണന്റെ പുരോഗാമിത്വത്തിൽ പാണ്ഡവർ ഈ സ്ഥലത്തു ചെന്നെത്തിയ ഉടനെ അവിടം മുഴുവൻ സ്വർഗ്ഗം എന്നപോലെ അലംകരിച്ചു. അവർ അവിടെ തല്ലുതെ നഗരം പണിതീർത്തു വാണു വരുന്നു. ഇന്ദ്രപ്രസ്ഥനാംപോലെ ശ്രേഷ്ഠമായതാണ് ഈ ഖാണ്ഡവപ്രസ്ഥനഗരത്തിക്കണ്ടശേഷം കൃഷ്ണൻ ദ്വാരകയ്ക്കു പോയി. ശകപുത്രൻ ആ രഹസ്യം സോമനോടരേഷ്ടം മറവു യഥാന്യായം പറഞ്ഞു.

ഖാണ്ഡവം-ക്രി. ഒരു വനം

[ഈ വനം കുരുക്ഷേത്രത്തിലാണ്. ഇന്ദ്രന്റെ സ്വന്തം- അല്ലെങ്കിൽ കൃഷ്ണനും തന്റെ സഹായത്തോടുകൂടി അഗ്നി നശിപ്പിച്ചു. ഇതു യമുനാ തീരത്തിലാണ്. ഖാണ്ഡവവനദഹനത്തിനു സഹായിപ്പാൻ തയ്യാറായ കൃഷ്ണാർജ്ജുനന്മാരുടെ അഭിപ്രായപ്രകാരം അഗ്നി വരുണനോടു് സംഭരിച്ചു വരുത്തിയ ഗാണ്ഡീവം എന്ന വില്ലും, അക്ഷയങ്ങളായ രണ്ടമ്പുറാതൂണികളും, കപിധ്വജത്തോടുകൂടിയ രഥവും, ചക്രായുധവും വാങ്ങി. രഥം വിശ്വകർമ്മാവു തയ്യാറാക്കിക്കൊണ്ടു നിന്നിരുന്നതാണ് താനും കൃഷ്ണനും മറ്റൊരുപ്രാവശ്യം

അല്ലുതനം സ്വീകരിച്ചു. ഇതുകൊണ്ടാണ് അഗ്നി കൃഷ്ണനെ ഒരു തരത്തിലും കൊടുത്തു ഇതന്റെ കേശമേഖലകി.]

ഉ. മധുരയപ്പം, മധുരപ്പലഹാരം.

ഖാണ്ഡികൻ-പലഹാരം വിൽക്കുന്നവൻ.

ഖാത-വി. പ. കഴിച്ചിട്ടുള്ള. ഉ. കഴിച്ചിട്ടിട്ടുള്ള.

ഖാതകൻ-പ. കഴികഴിക്കുന്നവൻ. ഉ. കരേമ്പേട്ടവൻ.

ഖാതകം-കിഴങ്ങ്.

ഖാതമൂലം-കിഴങ്ങ്.

ഖാതം-പ. കൊക്കരണി, സമചതുരശ്രമായ കുളം, കഴിച്ചുണ്ടാക്കപ്പെട്ട കുളം. കഴിച്ചുണ്ടാക്കപ്പെട്ടത് എന്ന അർത്ഥം. ഉ. കുഴി.

ഖാത്രം-മൺകുടം.

ഖാദകൻ-പ. ഭക്ഷിക്കുന്നവൻ. ഉ. വായ്ക്കുവാങ്ങിക്കുന്നവൻ.

ഖാദനം-ഭക്ഷണം, തീറ്റി.

ഖാദി-ഭക്ഷിക്കുന്നവൻ.

ഖാദിക്കുക-പ ഭക്ഷിക്കുക. ഉ. കടിച്ചു തിന്നുക.

ഖാദിതം-ഭക്ഷിക്കപ്പെട്ട അന്നം മുതലായത്.

ഖാദിത-വി. പ. ഭക്ഷിക്കപ്പെട്ട. ഉ. കടിക്കപ്പെട്ട.

ഖാദുക-വി. ഉപദ്രവകരമായ, ദോഷകരമായ, ദോഷോദ്ദേശ്യമുള്ള. [സ്ത്രീ-ഖാദുകി.]

ഖാദ്യ-വി. പ. ഭക്ഷിപ്പാൻ യോഗ്യമായ. ഉ. കടിക്കാനുള്ള, കടിച്ചുതിന്നാനുള്ളത്.

ഖാദ്യം-കടിച്ചുതിന്നാനുള്ളത്.

ഖാന-സ്ഥാനം, വാസസ്ഥലം. [ഹിന്ദുസ്ഥാനിഭാഷ.]

ഖാനി-രത്നാദികം വിളയുന്ന സ്ഥലം. [ഖനി നോക്കുക.]

ഖാനികം-ഉപ്പുഴുവ്.

ഖാനിലൻ-തുരന്നു മോഷ്ടിക്കുന്നവൻ.

ഖാനോദകം-തെങ്ങുവൃക്ഷം.

ഖാപഗാ-ശംഖുനദി.

ഖാരി-പതിനാറു ദ്രോണം, ഉള്ളിൽ വലുതായ സ്ഥലമുള്ളത് എന്നർത്ഥം.

[ഉദാ: ഇടങ്ങഴി കൊള്ളുന്ന തൂപ്പ, ൻറെ ഇടങ്ങഴി, ഇങ്ങിനെയും കാണുന്നു.]

ഖാരീകം, ഖാരീവാപം-പതിനാറു ദ്രോണം വിതയ്ക്കുന്ന നിലം.

ഖാവ്വാടൻ-കക്ഷണ്ഡിത്തലയൻ.

'ഖാവ്വാടോഽിവസേശ്വരസ്യകിരടേന്ദ്രേ'
(ഭർതൃഹരി)

## ഖി

ഖിഖി-കറുക്കൻ, പെരുങ്കറുക്കൻ.

ഖിഖിരൻ, ഖിംഖിര(ൻ)ം-കറുക്കൻ, പെരുങ്കറുക്കൻ.

ഖിദിരൻ-പ. സന്യാസി. ഉ. ദരിദ്രൻ. സ. സ്വത്തുനാശം വന്നവൻ.

ഖിദ്ര-വി. പ. ദാരിദ്ര്യമുള്ള. ഉ. ദോഷമുള്ള.

ഖിദ്രം-പ. ദാരിദ്ര്യം. ഉ. ദോഷം.

ഖിന്ന-വി. പ. സങ്കടമുള്ള. ഉ. തളർച്ചയുള്ള

ഖിന്നത-പ. സങ്കടം. ഉ. ക്ഷീണം. സ. തളർച്ച.

ഖിരഖില്ലം-മയിൽ.

ഖില-വി. തരിശായുള്ള, വന്യമായുള്ള, ശൂന്യമായുള്ള.

ഖിലധാത്വർത്ഥകോശം-(വ്യാകരണത്തിൽ) ഭാഷയിൽ കാണപ്പെടുന്ന രൂപവികല്പങ്ങളായ ധാത്വർത്ഥകോശം. ഉദാ:-, ഉം, എൻ, ഇൽ, അൽ, മൽ ഇത്യാദി.

ഖിലഭൂമി-കൃഷിചെയ്തിട്ടില്ലാത്ത ഭൂമി.

ഖിലം-കരി മുതലായതുകൊണ്ടു മറിക്കലും ഉഴുതാത്ത ഭൂമി.

—:o:—

## ഖു

ഖുരകം-മയിലെള്ള്.

ഖുരണസ-വി. പരിമൃക്കുള്ള, കൂർത്തമൂക്കുള്ള.

ഖുരണസൻ-കൂർത്തമൂക്കൻ.

ഖുരണസ്സ്-പരിമൃക്കുള്ളവൻ. കൂർത്തുപോയെന്തുള്ള മൂക്കോടുകൂടിയവൻ.

ഖുരപ്രം-ബാണവിശേഷം.

'ശശാനനക്ഷിപ്തഖുരപ്രഖണ്ഡിതഃ'
(ഹരിവിലാസം)

ഖുരം-പ. ക്ഷൗരക്കത്തി ക. നാല്ലുംലി കണ്ണാടെ കൂർത്തു. ഭൂമിയെ ഛേദിക്കുന്നതു എന്നർത്ഥം, സ. ഒരു മരമാണ്, നാഗണം. ഭൂമിയെ പിളർക്കുന്നതു എന്നർത്ഥം. ര. പുലിച്ചുവടി.

ഖുരളി-കൂർത്തി.

'പുരമീജനപാഖുരമീളവികളി-
ച്ചുരളുംശിവൻ'
(വല്ലീകിരാമായണം)

ഖുരാളകം-ഇരുമ്പുകൊണ്ടുള്ള അസ്ത്രം.

ഖുല്ലകൻ-നീചൻ.

## ഖേ

ഖേഗമനം-നടപ്പു.

ഖേചര-വി. ആകാശത്തിൽ സഞ്ചരിക്കുന്ന.

ഖേചരം-പ. പക്ഷി. ക. മേഘം. സ. കതിര. ര. രസം.

ഖേട(ക)-വി. നികൃഷ്ടമായ, ജന്മുഷ്യരെ കൊലചെയ്കകൊണ്ടു നിന്ദിക്കപ്പെട്ട. പ. പരിഷ. ക. ഉപദ്രവം. സ. കലഹം.

ഖേടകം-ഖേടകാരന്റെ ഗൃഹം.

ഖേടൻ-നിന്ദ്യൻ.

ഖേദ(ന)-പ. ദുഃഖം, സങ്കടം.

'അഖിലം ഗുഹ ഖേദനോദമോദയോഗം'
(ഭർതൃഹരി)

ക. തളർച്ച.

ഖേദിക്കുക-ദുഃഖിക്കുക.

ഖേയം-കിടങ്ങു്. കഴിച്ചുണ്ടാക്കപ്പെട്ടതു എന്നർത്ഥം.

ഖേല-പ. ക്രീഡ, ഒരുവിഷയത്തിൽ ഇന്നെന്ന സ്ഥിരമായി നിൽക്കാത്തതു എന്നർത്ഥം. സ്ത്രീപുരുഷന്മാർ പരസ്പരം പ്രേമാധിക്യംകൊണ്ടു ചെയ്യുന്ന പരിഹാസം എന്നും അർത്ഥം കാണുന്നു. ക. പന്തുകളി മുതലായ കളി. സ. ബാലക്രീഡ. അവിടവിടെ പായുന്നതു് എന്നർത്ഥം.

ഖേലനം-കളി, മല്ലയുദ്ധം.

ഖേലി-പാട്ടു്.

ഖേസരം-നെയ്ത്തുകാരുടെ, കോവൽകഴുത.

—:o:—

## ഖോ

ഖോഡ-വി. മറ്റവയവങ്ങൾ മുറിഞ്ഞുള്ള.

ഖോഡൻ-മറ്റവയവങ്ങൾ മുറിഞ്ഞവൻ.

ഖോലകം-പ. കറിച്ചട്ടി. ക. തലപ്പാവു്.

ഖോലൻ-മറ്റവയവങ്ങൾ മുറിഞ്ഞവൻ.

ഖോലി-അമ്മാ.

—:o:—

## ഖ്യാ

ഖ്യാതഗവ്ഹന-വി. നിന്ദിക്കപ്പെട്ട, പ്രസിദ്ധപ്പെട്ട നിന്ദയോടുകൂടിയ, സഭയിൽ നിന്ദിക്കപ്പെട്ട. [മറ്റവയവം പറ്റുന്നവൻ-അവഗീതൻ.]

ഖ്യാത-വി. കീർത്തിയുള്ള, യശസ്സുള്ള, പ്രസിദ്ധിയുള്ള.

ഖ്യാതി-കീർത്തി, യശസ്സു്, പ്രസിദ്ധി. നന്നായി പറയുക എന്നർത്ഥം.

ഖ്യാതിമത്തു്-വി കീർത്തിയുള്ള. [മൻ, മതി, മത്.]

ഖ്യാപനം-ക. പരസ്യം, അറിയിപ്പു്. ഉ. രഹസ്യത്തെ വെളിയിലാക്കുക. ന. ഏറപറക. ര. കീർത്തിയുണ്ടാക്കുക.

—:o:—

## ഗ

ഗ-ഹല്ലുകളിൽ മൂന്നാംഅക്ഷരം.

ഗ-ക. ഗണേശൻ. ഉ. ഗന്ധർവ്വൻ.

ഗഗന(പുഷ്പം)കുസുമം-ആകാശപുഷ്പം. വസ്തുവമല്ലാത്ത വസ്തു. കഴിയാത്ത കാര്യം എന്ന താൽപര്യം.

ഗഗനചര-വി. ആകാശത്തിൽ സഞ്ചരിക്കുന്ന.

ഗഗനചരം-ക. പക്ഷി. ഉ. മേഘം. ന. മുത്തങ്ങ.

ഗഗനചാരി-വി. ആകാശത്തിൽ സഞ്ചരിക്കുന്ന.

ഗഗനചാരി-ക. പക്ഷി. ഉ. മേഘം. ന. മുത്തങ്ങ.

ഗഗനതലം-ആകാശം.

ഗഗനധ്വജൻ-സൂര്യൻ.

ഗഗനധ്വജം-ക മേഘം. ഉ. മുത്തങ്ങ. ന. എരിക്ക്.

ഗഗനം-ക ആകാശം, ദേവന്മാർ ഗമിക്കുന്ന വഴി, പക്ഷികൾ ഗമിക്കുന്ന വഴി. ഉ. അളകം.

ഗഗനസിന്ധു-ഗംഗാ.

ഗഗനാന്തചരൻ-രാക്ഷസൻ.

ഗാഗാ-ക, ദേവി. ഉ. ഗംഗാദേവി. ഹരിപാദത്തിൽ നിന്നും ഹരശിരസ്സിൽ നിന്നും ഭൂമിയെ പ്രാപിച്ചവൾ. മറവപര്യായങ്ങൾ-വിഷ്ണുപദി, ജഹ്നുതനയ, സുരനിമ്നഗ, ഭാഗീരഥി, ത്രിപഥഗ, ത്രിസ്രോതസ്സ്, ഭീഷ്മസൂ

[ഗംഗയുടെ പുറപ്പാടു വിഷ്ണുവിന്റെ പെരുവിരലിൽ നിന്നാണ്. സൂര്യവംശത്തിലെ ഏഴ-ാമത്തെ രാജാവായ സഗരൻ പണ്ടു് അശ്വമേധം ചെയ്യുന്നതായി വസിഷ്ഠാദികളോടു് ആലോചിച്ചു് അരംഭിച്ചപ്പോൾ ദേവേന്ദ്രൻ അശ്വത്തെ മോഷ്ടിച്ചു പാതാളത്തു തപസ്സു ചെയ്യുന്ന കപിലവാസുദേവന്റെ പിറകേ കെട്ടിയിട്ടു. അതിനെ ഭൂമിയിലെങ്ങും കാണാഞ്ഞു തിരവനായി സഗരന്റെ അറുപതിനായിരം പുത്രന്മാർ പിതാവിന്റെ ആജ്ഞയാടുക്കുടി ഭൂമിയെ പാതാളത്തോളം വെട്ടിക്കഴിച്ചു കപിലമഹർഷിയുടെ പിറകേ കെട്ടിയിരുന്ന കുതിരയെ കണ്ടുപിടിച്ചു് അദ്ദേഹത്തെ ദ്രോഹിച്ചു. തദനന്തരം അവരെ ഒന്നാഴിയാതെ അദ്ദേഹം ഭസ്മമാക്കി. സമുദ്രം മുഖേന ഒരു തോട്ടുപോലെയിരുന്നതിൽ വെട്ടിക്കഴിച്ചു സ്വയം മുഴുവനും ചേർന്നുകൊണ്ടു് ഇപ്രകാരം വലുതായി ഭവിച്ചു. സഗരപുത്രന്മാർ വഴിപ്പിച്ചതു നിമിത്തം 'സാഗരം' എന്ന സമുദ്രത്തിനു പേരുണ്ടായി. പിന്നീടു് ഈ വംശത്തിലെ ഏഴാമത്തെ രാജാവായ ഭഗീരഥൻ തന്റെ പൂർവ്വന്മാരായ സഗരന്മാർക്കു സൽഗതിക്കുവേണ്ടി ഗംഗയെ പാതാളത്തോളം കൊണ്ടുചെന്നതിനു ബ്രഹ്മാവിനെ മുൻനിർത്തി തപസ്സുചെയ്തു. ഗംഗയെ കൊണ്ടുപോകുന്നതിനു വരം വാങ്ങി, ഗംഗയുടെ പതനം ഭൂമി സഹിക്കുന്നതല്ലാത്തതിനാൽ അനന്തരം ഭഗീരഥൻ തപസ്സുകൊണ്ടു പരമേശ്വരനെ പ്രസാദിപ്പിച്ചു. ഗംഗ ഭൂമിയിൽ ഇറങ്ങിയപ്പോൾ അതിന്റെ ഉഗ്രപ്രവാഹമായിരുന്നതുനിമിത്തം ഭഗീരഥന്റെ അപേക്ഷപ്രകാരം പരമേശ്വരൻ അതിനെ തലയിൽ താങ്ങി. ഇതാത്ര ഗംഗാ

ധരൻ എന്ന പേരിനു കാരണം ശിവന്റെ കടയിൽനിന്നു ഗംഗ സപ്തസിന്ധുക്കളായി ഒഴുകി. പോരുന്ന വഴിക്കു ജഹ്നുമഹർഷിയുടെ യാഗശാലയെ നശിപ്പിച്ചതുകൊണ്ട് അദ്ദേഹം കോപിച്ചു ഗംഗയെ ആചമിച്ചു. പിന്നീടു ദേവകളുടെ പ്രാർത്ഥനമൂലം ചെവികളിൽക്കൂടി ഗംഗയെ പുറത്താക്കി. ഇപ്രകാരം ജഹ്നുമഹർഷിയിൽനിന്നുണ്ടായതുനിമിത്തം ഗംഗയ്ക്കു 'ജാഹ്നവി' എന്ന പേർ സിദ്ധിച്ചു. ഭഗീരഥൻ ഇതുപോലെ പണിപ്പെട്ടു കൊണ്ടുചെന്ന 60000 പിതൃക്കളേയും രക്ഷാവരുത്തി. ഗംഗാജലത്താൽ ഉകേക്രിയ ചെയ്തതുകൊണ്ടു സ്വർഗ്ഗം കിട്ടി എന്നു ഗരുഡന്റെ ഉപദേശത്തെ ഒക്കെക്കൊണ്ടു തന്റെ മുത്തച്ഛന്നു സാധിപ്പാൻ കഴിയാത്ത തപസ്സു ചെയ്തു ഭഗീരഥൻ ഗംഗയെ ഭൂമിയിൽ കൊണ്ടുവരുക നിമിത്തം ഗംഗയ്ക്കു 'ഭാഗീരഥി' എന്ന പേരുണ്ടായി. ആദ്യം സ്വർഗ്ഗപരമേശ്വരന്റെ ശിരസ്സിലും പിന്നീടു് അവിടെനിന്നു ഭൂമിയിലും അവിടെനിന്നു പാതാളത്തിലും ഇപ്രകാരം മൂന്നു മാർഗ്ഗം ഗമിക്കയാൽ 'ത്രിപഥഗാ' എന്നു പേർ സിദ്ധിച്ചു. (ത്രി=മൂന്നു്. പഥം=വഴി ഗ=ഗമിക്കു) ഗംഗ ഹിമവാന്റെയും മേനയുടെയും പുത്രിയും മായുടെ സഹോദരിയുമെന്നും [ബ്രഹ്മാവിന്റെ ശാപം ഹേതുവായിട്ടു ഭോഗവതിയിൽ ശന്തനുവിന്റെ ഭാര്യയായിരുന്ന ഭീഷ്മർ മുതലായി എട്ടുപേരെ പ്രസവിച്ചു. ഇങ്ങിനെയും ഗംഗയെക്കുറിച്ചു] കാണുന്നു. ഖാപഗാ, ഹരശേഖര, ദേവപ്രിയ, ശാന്തിനി, ത്രിസോമ, കിരാതി ഇവയും ഗംഗയുടെ പേരുകളാകുന്നു.

ഗംഗാജൻ, ഗാംഗായനൻ-പ. ഭീഷ്മർ ഉ. കാർത്തികേയൻ.

ഗംഗാടേയം-ഒരു മത്സ്യം.

ഗംഗാദത്തൻ-ഭീഷ്മർ. (എട്ടാമത്തെ വസുവിന്റെ അംശം).

ഗംഗാദ്വാരം-ഹരിദ്വാരമെന്ന സ്ഥലം.

ഗംഗാധരൻ-ശിവൻ. ഗംഗയെ ധരിക്കുന്നവനെന്നർത്ഥം.

ഗംഗാധരാ-കടൽ.

ഗംഗാലഹരി-ജഗന്നാഥപണ്ഡിതന്റെ ഒരു കാവ്യം.

ഗംഗുകം-തിന.

ഗംഗോലം-ഗോമേദകം.

ഗജകണാ-അത്തിത്തിപ്പലി.

ഗജത-ആനക്കൂട്ടം.

ഗജദന്തഫലാ-ആനക്കൊമ്പൻപുളിമര

ഗജദന്താ-ആനക്കൊമ്പു്.

ഗജദിട്ടി-ഏഴിലംപാല.

ഗജൻ-ഒരു രാക്ഷസൻ. ശിവനാൽ വധിക്കപ്പെട്ടു.

ഗജപിപ്പലി-അത്തിത്തിപ്പലി.

ഗജപുടം-ലോഹാദികം മൂശയാക്കുന്നതിന്റെ ഒരു അഗ്നിപ്രയോഗം.

ഗജബന്ധനി-പ. യാത്രക്കാരി, ഉ. ആനപ്പന്തി.

[യാത്രക്കാർ എന്നതു് ആനയെ ചതിച്ചു പാട്ടിലാക്കി ചിട്ടകൊടുത്തു കാട്ടാനകൾ സഞ്ചരിക്കുന്ന കാട്ടിൽ കഴിച്ചുകൂട്ടുന്നതാണു്].

ഗജഭക്ഷ്യ, ഗജഭുക്ഷ്യ-ഭക്ഷണമുള്ള ഭക്ഷണസാധനം എന്നർത്ഥം.

ഗജഭക്ഷ്യാ-കരിമ്പന.

ഗജം-പ. ആന. മദിക്കുന്നതെന്നർത്ഥം. ഉ. മദപ്പു്. (പ്രമാണം=മദപ്പു്. ഗജം=മദമുള്ള ആന)

ഗജരാജൻ-സിംഹം.

ഗജമുഖൻ ഗണപതി.

ഗജമുഖാനുജൻ-സുബ്രഹ്മണ്യൻ.

ഗജവല്ലരി-പ. ഇരുവേലി, ഉ. കാട്ടുവഴ.

ഗജസ്നാനം-ഉപയോഗമില്ലാത്ത പ്രവൃത്തി. (ആനകൾ കുളിച്ചുകഴിഞ്ഞാൽ മണ്ണും ചളിയും കേറ്റ ദേഹത്തിൽ പൂശുക പതിവാണല്ലൊ അതുപോലെ).

ഗജാനനൻ (ദന്തൻ, മുഖൻ, വദനൻ) – ഗണപതി. ആനമുഖനെന്നർത്ഥം.

ഗജാരി-ശിവൻ.

ഗജാശനം-പ. തേമരക്കിഴങ്ങ്. ഉ. അരയൽ.

ഗജാഹ്വാ-അത്തിത്തിപ്പലി.

ഗജേന്ദ്രമോക്ഷം-ഇന്ദ്രദ്യുമ്നന്റെ മോക്ഷം. (ഇന്ദ്രദ്യുമ്നൻ എന്നതു നോക്കുക).

ഗജേഷ്ടാ-പ. മുതക്ക്. ഉ. വാഴ.

ഗഞ്ജ്-പ. മദ്യംവില്ക്കുന്ന സ്ഥലം, കള്ളുഷാപ്പ്. ക്രികിവിളിക്കുന്നേടം എന്നർത്ഥം. ഉ. രത്നങ്ങൾ കെട്ടിയെടുക്കുന്ന സ്ഥലം. ന. തൊട്ടി. ര. പാനപാത്രം. ള. കഞ്ചാവ്.

ഗഞ്ജന-വി. പ പരിഹസിക്കുന്ന. ഉ. അധികരിക്കുന്ന. ന. തോൽപ്പിക്കുന്ന. ര. ജയിക്കുന്ന.

ഗഞ്ജിക-മദ്യം വില്ക്കുന്ന സ്ഥലം.

ഗണ്ഡകം-പ. കട്ടിമത്സ്യം. ഉ. പരൽ.

ഗണ്ഡം-പ. തടവ്. ഉ. മറവ്. ന. കട്ടിമത്സ്യം. ര. പരൽ. ള. മേത്തൊപ്പ്.

ഗണ്ഡികാരം, ഗണ്ഡിയാരം, ഗണ്ഡിയാരം, ഗണ്ഡിയാരം-വാച്ച്, മണി, സമയം അറിയാൻ ഉണ്ടാക്കീട്ടുള്ള ഒരു യന്ത്രം.

ഗണ്ഡു-പ. പിടിപുറത്തുള്ള ചുരുൾ. ഉ. തവണ, പ്രാവശ്യം.

ഗണ്ഡു-വി. ക്രൂരമുള്ള.

ഗണ്ഡുക-പ. കടം. ഉ. മോതിരം.

ഗണ്ഡൂ, ഗണ്ഡൂഷ, ഗണ്ഡൂഷ-തവണ, പണമോ മറ്റുമോ ഒരുപ്പിക്കേണ്ട ഒറ, കണ്ണി.

ഗണ്ഡൂകം-പ കട്ടിമത്സ്യം. ഉ. പരൽ.

ഗണ്ഡൂര-വി. ക്രൂരമുള്ള.

ഗണ്ഡൂരൽ-ക്രൂരൻ.

ഗണ്ഡൂല-വി. ക്രൂരമുള്ള.

ഗണ്ഡൂലൻ, ഗണ്ഡൂ-ക്രൂരൻ.

ഗണ്ഡൂഷി-ചിറ്റാമുട്ട്.

ഗണകൻ-പ. ജ്യോതിഷക്കാരൻ, പ്രശ്നവാതി. ഗണിക്കുന്നവനെന്നർത്ഥം. ഉ. കണക്കെഴുത്തുകാരൻ.

'മാരിചെയ്യുമൊരു ഗീരിവണ്ണമുരചെയ്കയാൽ ഗണകനേകൻ....'

(അന്യാപദേശശതകം)

ഗണചതുഷ്ടയം-തെല്ലിക്ക, കടുക്ക, തിപ്പലി, കൊടുവേലി ഇവ നാലും.


ഗണച്ഛന്ദസ്-സങ്കോചമില്ലാത്ത, സൈരമായുള്ള.

ഗണദേവതകൾ-ദേവകളിൽ ഓരോ കൂട്ടം, ആദിത്യരിൽ ഒമ്പതു വർഗ്ഗക്കാർ. ഒന്നിച്ചു സഞ്ചരിക്കുന്ന ദേവന്മാർ എന്നർത്ഥം.

[പ. ആദിത്യന്മാർ-പദ. ഉ. വിശ്വദേവന്മാർ-പം ന. വസുക്കൾ ര. തുഷിതന്മാർ-ഭന്ന @ ആഭാസ്വരന്മാർ-നൂര് ന. അനിലന്മാർ-ൽൻ. ള. മഹാരാജികന്മാർ-ഉപം. വ. സാദ്ധ്യന്മാർ-പദ. ൻ. രുദ്രന്മാർ-പപ]

ഗണനം, ഗണന പ. കണക്ക്. ഉ എണ്ണുക ന. ഗണിക്ക.

ഗണനയന്ത്രം-മണിഖണ്ഡം, മണിച്ചട്ടം (കുട്ടികൾ കണക്ക് പഠിപ്പാനുള്ളത്).



ഗണനീയ-വി. എണ്ണപ്പെടത്തക്ക, കണക്കാക്കപ്പെടുവാൻ തികയുന്ന.

ഗണപതി-വിഘ്നേശ്വരൻ, ഗണനാഥൻ [ശിവന്റെ പുത്രൻ]. പല്ലായുധം-

വിനായകൻ, വിഘ്നരാജൻ, ഹേരംബൻ, ലംബോദരൻ, ശമനാനനൻ.

[ശിവന്റെ മാസന്മാരായ ഗണങ്ങളുടെ പ്രധാനിയാണ്. ഗണപതിയുടെ ജനനി പാർവ്വതിയാണ്. വിഘ്നങ്ങളെ തീർക്കുന്നതിനാൽ വിഘ്നേശ്വരൻ എന്ന പേരുണ്ടായി. എലിയാണ് വാഹനം. അതുകൊണ്ട് ആഖുരഥൻ എന്ന പേർ സിദ്ധിച്ചു. ഗണപതിയുടെ ശരീരം മഞ്ഞനിറവും കറിയതുമാണ്. വലിയ വയറുണ്ട്. ആനത്തലയും ഒറ്റക്കൊമ്പും രംഭും ചക്രവും ശരയും നാലു കൈയും (ഒരോന്നിലും ആയുധങ്ങൾ പിടിച്ചിട്ടുണ്ട്) ഉണ്ട്. പാർവ്വതിയും പരമേശ്വരനും പിടിയും കൊമ്പനുമായി കാട്ടിൽ സഞ്ചരിച്ചപ്പോൾ ഉണ്ടായ പുത്രനാണ് ഗണപതി. ഒരിക്കൽ ശിവനെ കാണാനായി പരശുരാമൻ കൈലാസത്തിൽ ചെന്നു. അദ്ദേഹം ഉറക്കമാകയാൽ ഗണപതി പരശുരാമനെ അകത്തുവിട്ടില്ല. അവർ തമ്മിൽ കലശൽ കൂടി. ഗണപതി പരശുരാമനെ തുമ്പിക്കൈയിലെടുത്തു. ബോധം വന്നപ്പോൾ പരശുരാമൻ പരശു എടുത്ത് ഗണപതിയെ എറിഞ്ഞു. പരശു ശിവൻ കൊടുത്ത ആയുധമാണെന്നുള്ളതുകൊണ്ട് ഗണപതിയുടെ ഒറ്റക്കൊമ്പിനെ ഒടിച്ചു. 'ഏകദന്തൻ' 'ഏകരംഷ്ടൻ' എന്നപേരിനു കാരണം ഇതാണ്. ഗണപതിക്ക് ആനത്തല വരുവാൻ പല കാരണങ്ങളും പറയുന്നുണ്ട്. ക. പാർവ്വതി ശനിയെ വിളിച്ചു പുത്രനെ കാണിക്കയാൽ ശനിയുടെ നോട്ടം കൊണ്ടു തല കരിഞ്ഞു. അതിനു പകരം ആനത്തല വെച്ചു. ഖ. ഒരിക്കൽ ശിവൻ ആദിത്യനെ കൊന്നിട്ടു ജീവിപ്പിച്ചു. ഉടൻ ശിവന്റെ മകനാനും തല പോകട്ടെ എന്നു കശ്യപൻ ശപിച്ചു. അപ്രകാരം ഇന്ദ്രന്റെ ആനത്തല എടുത്തു പകരം വെച്ചു. ഗ. പാർവ്വതി രതിക്രീഡ കഴിക്കാൻ പോയപ്പോൾ ശിവൻ വന്ന് അകത്തു കടക്കാൻ നോക്കി. ഗണപതി തടുത്തു. ഉടൻ ശിവൻ ഗണപതിയുടെ തലയെ വെട്ടി പകരം ഒരാനത്തല വെച്ചു. ഇങ്ങിനെ പലവിധം പറയുന്നു].

ഗണപതിക്കു കുറിക്ക–ആരംഭിക്കുക. (ശൈലി).

ഗണപീഠകം–മഞ്ചിടം.

ഗണം–പ. കൂട്ടം. ഖ. ശിവന്റെ ഒന്നേമുക്കാൽ കോടി മാസന്മാരായ ഭൂതങ്ങൾ. ഗണപതിയുടെ കീഴിലുള്ള ഒരു കൂട്ടം ദേവകൾ. ഗ. ജ്യോതി. ഘ. സേനാവിഭാഗം. കണക്കാക്കപ്പെടുന്നത് എന്നർത്ഥം. [അക്ഷൗഹിണി എന്നതു നോക്കുക.]

[ഗണം–ഒരു രഥം, ഒരു ആന, വൃഷ കതിര, മന്ത്രി കാലാൾ ഇതുകൂടിയ സൈന്യം.]

ങ. അടവിക്കുറുക്കം. (കരിങ്കുറുക്കം എന്നു തമിഴിൽ), ന വൃത്തശാസ്ത്രപ്രകാരം ന അക്ഷരം കൂടിയുള്ളത്. ഒ നാലുമാത്ര കൂടിയത്.

'ത്രിഗ്രാമാദ്യോപരയോരേ
മധ്യലസ്സോന്തഗോന്തലഃ
തോമധ്യഗുരുമുഖ്യ
മസ്മിന്നലനോഗണനായകഃ
ക്ഷുഭ്നാത്രഗ്നൗ ലഘാക്ഷേന്ദു
സചന്ദ്രാമഗണാനയഃ
ശ്രീവൃക്ഷകൃതിയാത്രാ
തക്കീത്ത്യുത്സവകൃൽ കുമാർ'

| ഗണം | ലക്ഷണം | ഉദാഹരണം | ഭാഷ | വചനം |
|---|---|---|---|---|
| ദേവഗണം | ദയാദാക്ഷിണ്യാദിഗുണമുള്ളവർ | ദക്ഷൻ | തൃ | ബഹു |
| മനുഷ്യഗണം | ദാനശീലാദിഗുണമുള്ളവർ | മനു | തൃ | ബഹു |
| രാക്ഷസഗണം | ക്രൂരകർമ്മാദിഗുണമുള്ളവർ | രാവണൻ | തൃ | ബഹു |
| ഗന്ധർവ്വഗണം | ഗാനാദിഗുണമുള്ളവർ | വിശ്വാവസു | തൃ | ബഹു |
| യക്ഷഗണം | ധനാദിഗുണമുള്ളവർ | കുബേരൻ | തൃ | ബഹു |
| പിശാചഗണം | ഹിംസാദിഗുണമുള്ളവർ | ഭൂതം | തൃ | ബഹു |

ക്ഷ്മാ = ഭൂമി. അംബു = വെള്ളം. അഗ്നി = വഹ്നി. അനിലൻ = വായു ഖം = ആകാശം. അർക്കൻ = സൂര്യൻ. ഇന്ദു = ചന്ദ്രൻ. ഠം = ശൂന്യം. രുക് = രോഗം.

ഗണരാത്രം-രാത്രിസമൂഹം രാത്രികളുടെ കൂട്ടം; അനേകം രാത്രികൾ എന്നർത്ഥം.

ഗണശ്രുപ(കം)ം-ന. ഒരു പൂച്ചെടി, എരിക്ക്. അനേകം സ്വശ്രുപമുള്ളതെന്നർത്ഥം. ര. മന്ദാരം.

ഗണഹാസ(കം)ം-കാട്ടുകായ്പോലം. (തമിഴിൽ - കരിങ്കായ്പോലം.) ആംകൂട്ടത്തെ ചിരിപ്പിക്കുന്നതെന്നർത്ഥം.

ഗണാചലം-കൈലാസപർവ്വതം, ഗണപർവ്വതം.

ഗണാധിപൻ-ഗണപതി. ഭൂതഗണങ്ങളുടെ നായകനെന്നർത്ഥം.

ഗണിക-ന. വേശ്യാസ്ത്രീ. എണ്ണി കണക്കാക്കുന്നവൾ, ജനക്കൂട്ടത്തിനായിട്ടുള്ളവൾ എന്നിങ്ങനെ അർത്ഥം.

[ഗണികകളുടെ സമൂഹത്തിനു 'ഗണികൃം' എന്നു പേർ.]

ര. ഒരു പൂച്ചെടി. വേശ്യയെപ്പോലെ മനുഷ്യരെ ആശ്രയിക്കുന്നതെന്നർത്ഥം. ന. പിടിയാനം.

ഗണികാരിക-മുഞ്ഞവൃക്ഷം. വേശ്യയെപ്പോലെ മോഹിപ്പിക്കുന്നു. ഉത്തമമായ ഔഷധമാകയാൽ കണക്കാക്കപ്പെടുന്നതെന്നർത്ഥം.

ഗണിക്കുക-ക്രി. എണ്ണുക, കണക്കുകൂട്ടുക. ര. സാരമറിയുക, മാനിക്കുക, വകവെക്കുക.

ഗണിത-വി. ക്രി. എണ്ണപ്പെട്ട. ര. മാനിക്കപ്പെട്ട. ന. അറിയപ്പെട്ട

ഗണിതം-ക്രി. ജ്യോതിഷം. ര. കണക്കാക്കപ്പെടുന്നു. ന. നാലുമാത്ര.

'മാത്രനാലതിനൊന്നുഗണിതമെന്നുണ്ടല്ലോ'
(ഭാഗവതം)

ഗണിതശാസ്ത്രം-ജ്യോതിഷം.

ഗണിതസാരം-ഒരു ജ്യോതിഷഗ്രന്ഥം.

ഗണേയ-വി. കണക്കാക്കപ്പെടുവാൻ കഴിയുന്ന.

ഗണേരു-ക്രി. ചൊരുകുന്ന. ര. പിടിയാനം.

ഗണേരുക-വേശ്യാസ്ത്രീയുടെ തൊഴുത്തു്.

ഗണേശകുസുമം-ചെമന്ന അരളി.

ഗണേശഗീതം-ഭഗവൽഗീതയിൽ കൃഷ്ണന്റെ പേരിനു പകരം ഗണപതിയുടെ പേർ ചേർത്തു ഗണപതിക്കേൽ ഉപയോഗിക്കുന്ന ഒരു പുസ്തകം.

ഗണേശൻ-ഗണപതി.

ഗണേശഭ്രഷ്ടനം-സിന്ദൂരം.

ഗണേശ്വരം-സിംഹം.

ഗണ്ഡകം-ന. വരംപുലി. ര. കട്ടിമത്സ്യം. ന. പരൽ, ഴ ന്മലയിലുള്ള'.

ഗണ്ഡകാരിലി, ഗണ്ഡകാളി-മുക്കുറ്റി. കണ്ണുകളിൽകൊഴുപ്പുള്ളതെന്നർത്ഥം.

[കരിച്ചുണ്ട, വാളച്ചുണ്ടി, പരുപ്പുണ്ട ഇങ്ങനെയും അഭിപ്രായം കാണുന്നു.]

ഗണ്ഡകാശില-സാളഗ്രാമം.

ഗണ്ഡകി-പ. കരിയ്. ഉ. ഒരു നദി.

ഗണ്ഡദാസൻ-അഗ്നിമിത്രന്റെ മഹിഷിയായ ധാരിണിദേവിയുടെ നടപ്പൻ.

ഗണ്ഡം-പ. കവിൾത്തടം. മുഖത്തിന്റെ ഒരു ഭാഗമെന്നർത്ഥം. മറ്റൊരു പര്യായം-കപോലം.

[കണ്ണിനോട് വളരെ സമീപിച്ച ഭാഗം ഗണ്ഡവും, അതിനു താഴെ കപോലവുമാണെന്നാണ് ചിലരുടെ അഭിപ്രായം.]

ഉ. ആനയുടെ കവിൾത്തടം.

ഗണ്ഡമാല-കവിൾവാട്ടു് എന്ന രോഗം.

[മേമസ്സും കഫവും കൂടി ഞരമ്പുകൾ, ലസികകൾ, നെല്ലിക്ക ഇവയെപ്പോലെ കക്ഷം, കവിൾ, പിൻകഴുത്തു്, കഴുത്തു്, ഒടികം ഇവയിൽ വളരെ മുഴകൾ ഉണ്ടാക്കും. കാലക്രമേണ പഴുപ്പും. അതു ഗണ്ഡമാല, മാലപോലെ മുഴകൾ ഉണ്ടാകുന്നിമിത്തം ഈ പേർ സിദ്ധിച്ചു.]

ഗണ്ഡമാലിക-മുക്കുറ്റി.

ഗണ്ഡശൈലം-ഒരു ഉത്തരൻപാറ. പർവ്വതങ്ങളിൽ നിന്നു പിരിഞ്ഞു വീണ വലിയ പാറക്കല്ലു്. ഗണ്ഡത്തുല്യമായ ശൈല ഖണ്ഡം എന്നർത്ഥം

ഗണ്ഡാന്തം, കൊണ്ണാന്ത-ശുക്ലകൃഷ്ണപക്ഷങ്ങൾക്കു് ഉപലക്ഷിക്കുന്ന ഒരു സമയം, ആപൽകരമായ സന്ധി, കണ്ണാന്തയുടെ ഇരിപ്പിടം

[അശ്വതി, തൃക്കേട്ട, മൂലം ഈ നക്ഷത്രങ്ങളുടെ ആദിയിൽ ഏതു നാഴികയും, ഞായിറ്റു്, തൃക്കേട്ട, രേവതികൾ ഇവയുടെ നാഴിക മറ്റെന്തിനേക്കാളും ഏതു നാഴികയും ഗണ്ഡാന്ത സമയമാകുന്നു. സപ്തശുക്ലകർമ്മങ്ങൾക്കും ഈ സമയം ഉപേക്ഷിക്കേണ്ടതുതന്നെയാണ്.]

'ഗണ്ഡാന്തേക്ഷ്വപ്യവോമന്ത്യപിതൃമാതൃകയാന്തകയോരിഹീവതിഭൂപാലേശജയാങ്കിസമനപിതാ'

ഗണ്ഡാലി-പ. അമ്മാമൻമുത്തശ്ശി എന്ന മരുന്നു്, വെൺകറുക. കവിൾത്തടത്തെ അലങ്കരിക്കുന്നതെന്നർത്ഥം. (ചിലർ വെൺകറുകയെ കണ്ണാലങ്കാരമായി ഉപയോഗിക്കാറുണ്ടല്ലൊ) ഉ. പേരാത്ത നു. മീൻകണ്ണിക്കറുക

ഗണ്ഡി-പ. തടിയിലുണ്ടാകുന്ന ഒരു മീനം. ഉ. തായ്മരം.

ഗണ്ഡിനി-ഏഴു്

ഗണ്ഡീരം-വാതക്കോടി എന്ന മരുന്നു്, വലിയ ചേന എന്നും അഭിപ്രായമുണ്ടു്. മാങ്ങാന്തോറി എന്നു വേറെ ചിലർ പറയുന്നു. മുഖത്തിനു തന്റെ അവയവം പോലെ ഇഷ്ടമായിട്ടുള്ളതു് എന്നർത്ഥം.

ഗണ്ഡു-പ. തലയിണ. ഉ. സന്ധി.

ഗണ്ഡുകം-പ. നിലവിളക്കു്. ഉ. പന്തു്.

ഗണ്ഡൂപദം-ഞെരഞ്ഞിൽ, ഞരമ്പു്. ഗണ്ഡൂകം (ശരീരഗ്രന്ഥികം-മുഴകം) തന്നെ പാമ്പെന്നിട്ടുള്ളവ എന്നർത്ഥം.

ഗണ്ഡൂപദി-പ. ഞരഞ്ഞിൽപാമ്പു്. ഗണ്ഡൂപദത്തിന്റെ (ഞരഞ്ഞിൽപാമ്പിന്റെ) സ്ത്രീ എന്നർത്ഥം ഉ. രോഗതരം ഞരഞ്ഞിൽ.

ഗണ്ഡൂലം-വട്ടപ്പുഴു.

ഗണ്ഡൂഷം, ഗണ്ഡൂഷ-കവുക്കഴിക, കവിൾകൊള്ളുക, തേവുക തുടങ്ങിയ ക്രിയ.

ഗണ്ഡോളി-കടന്നൽ. പീഡിപ്പിക്കുന്നു് എന്നർത്ഥം.

ഗണ്യ-വി പ. കണക്കു കൂട്ടപ്പെടേണ്ടുന്ന. ഉ. പ്രധാനപ്പെട്ടതെന്നു്, ഗണനയിൽ വരുന്നവകൾക്കുള്ള.

ഗത-വി. ക. പോയ ൨. നശിച്ച

ഗതനാസിക-വി. മൂക്കില്ലാത്ത ൨. മൂക്കടപ്പോയ

ഗതം-നടപ്പ്.

ഗതാക്ഷി൯-അന്ധൻ.

ഗതാഗതം-പോക്കും വരികയും [ഗത + ആഗതം].

ഗതിഭേദം-പലവിധത്തിലുള്ള പോക്ക്, വേറെയുള്ള പ്രകാരം.

ഗതി-ക. നടപ്പ് ൨. രക്ഷ. ൩. സമ്പത്ത്. ൪. മോക്ഷം. ൫. സഹായം ൬. ഉപായം ൭. അവസ്ഥ. ൮. വ്യാകരണപ്രകാരം ഒരു വിഭക്തിയോടു ചേൎന്ന് അതിന്റെ അൎത്ഥത്തെ പരിഷ്കരിക്കുന്ന അവ്യയം. ഉ-ം, രൂപാട്ട്, കൂടെ ഇത്യാദി.

ഗതിലാ-ഗതി.

ഗത്യന്തരം-അന്യഗതി.

ഗദ്ഗദ-വിക്കിപ്പറയപ്പെട്ട.

ഗദ്ഗദം-ഇടറിപ്പറക, തൊണ്ട ഇടറിയയ്ക്.

ഗദ്ഗദവതി-തൊണ്ടയ്ക്കു ഇടർച്ചയോടുകൂടിയവൾ.

'എന്നീവണ്ണമുരച്ചു ഗദ്ഗദവതീ
ദേശാന്തരേ പോകുവാൻ'

(അമരുകശതകം)

ഗദ്ഗദസ്വരം-പൊള്ളൽ.

ഗദ-ഒരായുധം.

ഗദൻ-ഒരു യാദവൻ, ശ്രീകൃഷ്ണന്റെ അനുജൻ.

[ഈ ഗദൻ എന്ന യാദവനാണ് സുദേഷ്ണയുടെ വഞ്ചനം അറിഞ്ഞുകൊണ്ടു പറഞ്ഞത്].

ഗദം-ക വ്യാധി. മറവിരോഗത്തിനുണ്ടാക്കിത്തീൎക്കുന്നു എന്നൎത്ഥം. ൨. കൊട്ടം.

ഗദാഗ്രജൻ-വിഷ്ണു.

ഗദാധരൻ-ഗദയെ ധരിക്കുന്നവൻ, വിഷ്ണു.

ഗദാവസാനം-മാഗധൻ കൃഷ്ണന്റെ നേരെ കരിഞ്ഞ ഗദ തൊണ്ണൂറ്റൊമ്പതു യോജന ദൂരെ കൊണ്ടുവീണു. ആ ഗദവീണ മഥുരാപാൎശ്വത്തിനു ''ഗദാവസാനം'' എന്നു പേരുണ്ടായി.

ഗദിക്കുക-പറയുക.

ഗദിത-വി. പറയപ്പെട്ട.

'മനസാ വചസാ വിദിതം ഗദിതം'

(നളചരിതം കഥകളി)

ഗദ്യ-വി. ഗദിക്കത്തക്ക, പറയപ്പെടുവാൻ തക്ക.

ഗദ്യം-കവികളുടെ കൃതി, കവിതാവിശേഷം.

[ഗദ്യം എപ്പോൾമുതൽ എഴുതിത്തുടങ്ങിയെന്നു നിശ്ചയമില്ല. എങ്കിലും കവിവൎഷം നാലാം-നിപ്പുറം എഴുതിത്തുടങ്ങി എന്നൂഹിക്കാം. നാഗരികവൽക്കരണത്തിനു ഗദ്യം ആവശ്യമാകുന്നു. പദ്യത്തെക്കൊണ്ടുള്ളതിനേക്കാളും ഉപകാരം ഗദ്യത്തെക്കൊണ്ടാണ്. ഇതിനു പ്രധാനകാരണം ഭാഷാകാഠിന്യം (പദപ്രയോഗകാഠിന്യം) എന്നുള്ളതിനു സംശയമില്ല. പദ്യത്തിനു പറയപ്പെടുന്ന നിൎബ്ബന്ധങ്ങളൊന്നും ഗദ്യത്തിനില്ല. 'ഗദ്യം കവീനാം നികഷം വദന്തി' ഗദ്യം എഴുതി ഫലിപ്പിക്കുന്നതിലാണ് കവിയുടെ സാമൎത്ഥ്യം തെളിയുന്നത്. ഇവിടെ കവി ശബ്ദം പ്രയോഗിച്ചിരിക്കയാൽ കാവ്യരൂപമായ ഗദ്യത്തെഴുതുന്നവനേയും കവി എന്നുതന്നെ വിളിച്ചിരിക്കുന്നു എന്ന് സ്പഷ്ടമാകുന്നു].

[പദ്യം എന്നാൽ അക്ഷരം മാത്രയുടെ ക്രമത്തോടുകൂടിയ പാദങ്ങളും ഉള്ളത്. ഗദ്യം എന്നാൽ ആവക വ്യവസ്ഥയില്ലാതെ കേവലം പദയോജനമാത്രമായിട്ടുള്ളത്].

ഗന്തവ്യ-വി. ഗമിപ്പാൻ തക്ക.

ഗന്ധ-വഴിപോക്കൻ.

ഗന്ധകാമ-വി. പോകാനാഗ്രഹമുള്ള.

ഗന്ധി-കാളവണ്ടി. ഗമനശീലം എന്നർത്ഥം. മരാരാതപ്പുത്രായം-കംബുമിവാഹ്യകം.

ഗന്ധികം-ചാട്ട്, വണ്ടി.

ഗന്ധുലം-സിംഹം.

ഗന്ധകമഴ-ഒരുമാതിരി മഴ.

[ക്രൻ ക്രാ-മേ മാസം ക്രാ-ാനു- വണ്ടിപ്പെരിയാറിനു സമീപമുള്ള ആർണ്ണയ്യൻ തോട്ടത്തിൽ ഈ മഴപെയ്തു. ഇതിനു കാരണം നമ്മുടെ കിഴക്കൻ കാട്ടുകളിൽ ഉണ്ടാകുന്ന ഏതോ ഒരുതരം പൂഷ്പങ്ങളുടെ പരാഗങ്ങൾ വായുവിന്റെ വ്യാപാരംകൊണ്ട് ആകാശത്തിലേക്കയച്ച മഴപെയ്ത സമയം മഴത്തുള്ളികളുമായി സംയോജിച്ചു ഭൂമിയിലേക്കു പതിച്ചതാണെന്നാണ് ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെട്ടുന്നത്-കൈരളി പുസ്തകം നാ. ലക്കം ക. ക്രാൻനു-കുംഭം].

ഗന്ധകം-ഒരു മരുന്ന്. പ. നെല്ലിക്കാ ഗന്ധകം. ക. പാൽഗന്ധകം. ഗന്ധമുള്ളതെന്നർത്ഥം മറ്റു പര്യായങ്ങൾ-ഗന്ധാശ്മാ, രസഗന്ധികം. നാ. മുരിങ്ങ.

ഗന്ധകതൈലാദ്യനം-പുരട്ടിവച്ച ഗന്ധകം, ഒരുവക രസായനം.

ഗന്ധകാരി-ചൂരൽ.

ഗന്ധകാളി-പ. പടച്ചുണ്ണ. ക. കരിങ്ങാലി.

ഗന്ധകുടി-മുരാമാടി. ഗന്ധമുള്ളിടം എന്നർത്ഥം.

[ചിറ്റീന്തൽ എന്ന അഭിപ്രായക്കാരും ഉണ്ട്. ചിറ്റീന്തൽ ഒരു ഗന്ധദ്രവ്യമാണെന്നു് ഏതൻകാ പരിശോധനയിൽ കാണുന്നില്ല].

ഗന്ധകോകില-ഒരുതരം വള്ളി, നല്ല ഗന്ധമുള്ളതാണ്.

ഗന്ധചേലിക-പ. കസ്തൂരി. ക. പച്ചപ്പൂവ്.

ഗന്ധജടില-വയമ്പ്.

ഗന്ധദ്വിപ-മദയാന.

ഗന്ധനം-പ. ഉത്സാഹം. ക. ഹിംസ. വിചാരം. നാ. അറിയിക്ക. ഭ. പ്രകാശനം. ഭ. ഗന്ധതൃണം. നു. നവരപാണ്ടി നെല്ല്.

ഗന്ധനാകുലി-പ. ചിറ്റരത്ത. ഗന്ധമുള്ള നാകുലി എന്നർത്ഥം. ക. ചെവിയൻ (കത്തിക്കിപ്പുലിവേഷം). നാ. പേരരത്ത. ഭ. അരത്ത.

ഗന്ധപാഷാണം-ഗന്ധകം.

ഗന്ധപീതാ-നവരമഞ്ഞൾ.

ഗന്ധഫലം-കുമ്പളം. ക. വൻപാർക്കം.

ഗന്ധഫല-പ. ഇഞ്ചിൽ. ക. മുന്തിരി. നാ. ഞാഴൽ. ഭ. മുതക്ക്.

ഗന്ധഫലീ-പ. ചമ്പകമൊട്ട്.

'നക്തംപഭോഗന്ധഫലീമിവാത്മൻ'

ക. ഞാഴൽ. ഗന്ധമുള്ള ഫലങ്ങൾ ഉള്ള തെന്നർത്ഥം.

ഗന്ധബന്ധു-മാവ്.

ഗന്ധം-പ. സൗരഭ്യം, മണം. ക. ചന്ദനം. നാ. വിഷയങ്ങളിൽ ഒന്ന്. ആഘ്രാണിക്കപ്പെടുന്നതു് ഹിംസിക്കപ്പെടുന്നതു് എന്നിങ്ങനെ അർത്ഥം. ഭ. കരിമരിങ്ങ. ഇ. ലേശം, അല്പംപോലും.

'മന്മഥകഥാഗന്ധം ഗ്രഹിക്കാത്തവർ'

(ഒരു ഭാഷാനാടകഗ്രന്ഥം)

'ഗന്ധഗന്ധക ഭൂതലേ
ലേശസംബന്ധേ ഗായേഃ'

ഗന്ധമാദനം-ഒരു പർവ്വതം പുഷ്പശോഭകൊണ്ടു സന്തോഷിക്കുന്നതെന്നർത്ഥം.

[ഇതും മേരുവിന്റെ പര്യായമാണെന്നു കാണുന്നു].

ഗന്ധമാദനൻ-പ. സ്ത്രീരത്നത്തിന്റെ വസ്തുസൗന്ദര്യത്തിൽ, രാവണന്റെ പുത്രനായ

ഇന്ദ്രജിത്തു വധിച്ചു. ഉടൻ ഹനുമാൻ കൈലാസത്തിൽനിന്നു കൊണ്ടുവന്ന മഹൗഷധങ്ങൾകൊണ്ടു ജീവിപ്പിച്ചു. പ. രാവണന്റെ ഒരു പേർ

ഗന്ധമാജ്ജാരൻ–ഒരു മൃഗം, മെരുക്, വെരുക്.

ഗന്ധമാജ്ജാരവീര്യം–പച്ചപ്പച്ചില.

ഗന്ധമാല–ഒരു ക്ഷുദ്രരോഗം.

[പിത്തം കോപിച്ചുണ്ടാകുന്ന കക്ഷം എന്ന രോഗത്തിലുള്ള കുരുക്കളിൽ ഒരു കുരു അധികം വലുതായിട്ടും സ്ഫോടതുല്യമായിട്ടും രോഹിച്ചുറയുന്നുണ്ടാകും അതത്രേ ഗന്ധമാല].

ഗന്ധമുഖ്യം–കസ്തൂരിമൃഗം

ഗന്ധമൂലി–കച്ചോലം, ചെറുകച്ചോലം. ഗന്ധമുള്ള കിഴങ്ങുള്ളതെന്നർത്ഥം. [ചെറുമുണ്ടൻ ചെടിയുടെ പേരെന്നും കാണുന്നു]

ഗന്ധമൂഷി–നരിച്ചുവി.

'ചുഞ്ചുരീ ഗന്ധമൂഷീ
ഭീഷ്മഭേഷീത്യുമുഷികാ'
(ലിംഗാനുശാസനീയം)

ഗന്ധമൃഗം–പ. മെരുക്. ക: കസ്തൂരിമൃഗം.

ഗന്ധമൈഥുനൻ–കാമൻ.

ഗന്ധമോഹിനി–ചമ്പകമരമാണ്ട്.

ഗന്ധരസം–നറുംപശ. ഗന്ധമുള്ള രസത്തോടുകൂടിയതെന്നർത്ഥം.

[രസഗന്ധം എന്ന പാഠവും കാണുന്നു].

ഗന്ധരാജം–പ. ചന്ദനം. ക: പച്ചപ്പഴവു്. ന. കണ്ണുള്ളി.

ഗന്ധലോലുപ–പ. ഈച്ച. ക കൊതുക്.

ഗന്ധവഹൻ–കാറ്റ്, ഗന്ധത്തെ വഹിക്കുന്നവൻ എന്നർത്ഥം.

ഗന്ധവഹം–മൂക്ക്.

ഗന്ധവാഹൻ–കാറ്റ്. ഗന്ധത്തെ വഹിക്കുന്നവൻ എന്നർത്ഥം.

ഗന്ധവാഹം–മൂക്ക്.

ഗന്ധവിഹ്വല:–കോഴയ്.

ഗന്ധവ്യാകുല:–താക്കോലംപുട്ടിൽ.

ഗന്ധഗ്രഹപീഡ–ഒരു രോഗം. ഉന്മാദഭ്രാന്തന്മാരുടെ നിദാനത്തിൽ പെട്ടതാണ്.

[ഗന്ധഗ്രഹത്താൽ പീഡിക്കപ്പെട്ടാൽ മനസ്സിനു സന്തോഷം, മണത്തിട്ടു വനമല്ലയും ഇവിടങ്ങളിൽ സഞ്ചരിക്കും, സംഗീതത്തിലും, ഗന്ധമാല്യങ്ങളിലും പ്രിയം, ശുഭ്രവേഷം, നൃത്തം, ചിരി മനോഹരമന്ദഗമനം ഇവയുള്ളവനായിരിക്കും].

ഗന്ധർവൻ–പ. ദേവകളുടെ പാട്ടുകാരൻ. (ഹാഹാ ഹൂഹൂ തുടങ്ങിയുള്ളവർ ഗന്ധർവന്മാരാകുന്നു) ക. കന്നട. ന. ഒരു വക മാൻ. ഭ. മരിച്ചവനുടെ ആത്മാവു്.

[ഗന്ധർവൻ – ഭൂലോകസഞ്ചാരികളുടെ ഇടയിൽ സഞ്ചരിക്കുന്ന പിശാചവിശേഷം. ഗന്ധർവന്മാർ സോമരസം ഉണ്ണുന്നവരാണെന്നു് അഭിപ്രായമുണ്ടു്. ബ്രഹ്മാവിന്റെ മുക്കിൽനിന്നു ജനിച്ചവരാണെന്നു ചിലരും കശ്യപന്റെ മക്കളാണെന്നു മറ്റു ചിലരും പറയുന്നു. ഇവർക്കു ഭാര്യമാർ അപ്സരസ്സ്രീകളാണു്. ഇവരുടെ പ്രമാണിയുടെ പേർ ചിത്രരഥൻ എന്നാകുന്നു].

ഗന്ധർവനഗരം–മായാനഗരം, ഉണ്ടെന്നു മനസ്സിൽ തോന്നിപ്പിക്കുന്ന നഗരം, മനോഹരമായ ഒരു സങ്കല്പനഗരം, വെറും തോന്നൽ.

[ഈ വാസ്തവത്തിൽ ഇല്ലാത്തതും ഉണ്ടെന്നു തോന്നിക്കുന്നതുമാകുന്നു. മായകൊണ്ടുണ്ടാക്കിയതാകുന്നു ഈ ജഗത്സമുദായമെന്നു് അദ്വൈതമതം പൂജ്യമായ്]

ഗന്ധർവ്വ–പ. കന്നിര. ഗന്ധത്തെ അറിയുന്നതു് എന്നർത്ഥം ക. ഒരുവക മാൻ.

(ഇതിനെ ചെതുത്ത വയറും നീണ്ട വാലും കാണും) സ. യാതനാശരീരം. ഗന്ധവ്വ ശബ്ദത്തിനെ ഗന്ധത്തെ അറിയുന്നതെന്നത്ഥം. ര. വെളുത്തുവണ്ണക്ക്. ഇ. കയ്യിൽ. ന. കസ്തൂരിമൃഗം.

ഗന്ധവ്വവിദ്യ-സംഗീതം.

ഗന്ധവ്വവിവാഹം-എട്ടുവിധം വിവാഹങ്ങളിൽ ഒന്ന്.

[കാമുകൻ അന്തരംകൂടാതെയായ സ്ത്രീയെ ബന്ധുക്കളോടും മറ്റും ആലോചിക്കാതേയും കർമ്മങ്ങളും ക്രിയാതേയും കൈക്കൊള്ളുക].

ഗന്ധവ്വവേദം-സംഗീതത്തെക്കുറിച്ചുള്ള ഒരു ഉപവേദം.

ഗന്ധവ്വഹസ്തകം-അരവണക്ക്. ഗന്ധവ്വം (ഔഷധവിശേഷം-ഗ്രന്ഥവിശേഷം). അതിനെറ കൈപോലെയുള്ള ഇലയുള്ളതെന്നത്ഥം.

ഗന്ധവ്വാ-കയ്യിൽപ്പേട.

ഗന്ധശേഖര-കസ്തൂരി.

ഗന്ധസാരം-ഗ. പുല്ലുവടി. ഉ. മുഞ്ഞരം.

ഗന്ധസാരം-ഗ. ചന്ദനം. ഗന്ധമുള്ള കാതലോടുകൂടിയതെന്നത്ഥം. ഉ. കാഞ്ഞിരം. സ. തേങ്ങമരം. ര. ഇല്ലി. ഇ. മുഞ്ഞരം.

ഗന്ധസുമാ-വെളുത്ത അമ്പൽ.

ഗന്ധാഖു-നായ്ച്ചുവടി.

ഗന്ധാഗര-ഉല്ലുപ്പുനാറിയകിൽ.

ഗന്ധാഢ്യാ-ഗന്ധകം.

ഗന്ധാഹ്വാ-ചെറുനന്നാരി.

ഗന്ധിനി-ചി. മണമുള്ള

ഗന്ധിനി-ജീരകം.

ഗന്ധികാ-ഗന്ധകം.

ഗന്ധിമല്ലികാ-മുണ്ടകം.

ഗന്ധിനി-മുരാമാംസി. പ്രശസ്തഗന്ധമുള്ളതെന്നത്ഥം.

ഗന്ധോത്തു-ചെമ്പകം.

ഗന്ധോത്തമ-മദ്യം. ഗന്ധകൊണ്ടു ശ്രേഷ്ഠമായതെന്നത്ഥം.

ഗന്ധോളി-ഗ. കടുന്നിൽ. (ഗാന്ധാരി എന്നതിന്റെ പാഠം). ഉ. ചെറിയ വാള്.

ഗഭസ്തി-രശ്മി, കിരണം ശമിപ്പിക്കൊണ്ടതെന്ന മിക്കകളെ പ്രകാശിപ്പിക്കുന്നു, ആകാശത്തിൽ ശോഭിക്കുന്നു-ഇങ്ങിനെ അത്ഥം.

'ഭാസ്വാൻ വിവസ്വാൻ
നഭസ്വാൻ ഗഭസ്തിമാൻ'
(അമരോത്തരമായണം)

ഗഭീര, ഗംഭീര-ഗ. ആഴമുള്ള പ്രദേശം. ശമനത്തികൾ ഭയത്തെ കൊടുക്കുന്നതെന്നത്ഥം. ജലജന്തുക്കളും ഇതിലൂടെ ശമിക്കുന്നു എന്നുമാവാം. ഉ. മഹത്വമുള്ള.

ഗഭീരിമ-മഹത്വം, ഗാംഭീര്യം.

'സാരമിയും സൽഗഭീരിമയുമാളും'
(കുഞ്ചിപൂന്തിക്കുഴൽ)

ഗംഭാരി-ഒരു വൃക്ഷം, പെരുംകരിം. ജലത്തെ ശമിക്കുന്നതെന്നത്ഥം.

ഗംഭീര-വി. ബുദ്ധിക്ക് ആഴമുള്ള.

ഗംഭീരയജ്വാം-രസവക മരം.

[ഇതിന് ഉള്ളിൽ വളരെ മണ്ണും തണ്ണീരാഹവും മരുന്നുമുണ്ടാകുന്നു. അധികമായ ശ്വാസവും ദാഹവും കാണും].

ഗംഭീരാത്മ-ഗാംഭീര്യം, ബുദ്ധിയുടെ ആഴം.

ഗംഭീരവൃത്തി-ഒരു രോഗം.

[ദൃഷ്ടിപതനാൽ പീഡിക്കപ്പെട്ടതായിട്ടും വിളർത്തായിട്ടും അകത്തോട്ടു വലിയും. ചെറിയ ദ്രവമനം കാണും].

ഗംഭീര-ഗ. സാഹിത്യസാഹചര്യകാരം തീരക്കുൽ ഒന്ന്. പ്രഥമസ്ഥിതം ഒന്നതിലധികം അന്ധപുസ്തിയുള്ളതു

'ഗംഭീരം'. പലങ്ങളെ ചേർക്കുന്നതിൻറെ മാതിരി ഭേദങ്ങളിൽ ഒന്ന്. ഉ. ബുദ്ധി ക്കാഴമുള്ള

ഗംഭീരാ-ഒരുവക ഇക്ഷു. (ഇക്ഷു എന്നതു നോക്കുക)

ഗമം, ഗമനം-യാത്ര.

ഗമി-വഴിപോക്കൻ.

ഗമിക്കുക-നടക്കുക.

ഗമ്യ-വി. ഗമിക്കത്തക്ക, പ്രാപിക്കപ്പെടുവാൻ കഴിയുന്ന.

ഗയൻ-പ. ഒരസുരൻ. ഉ. ഒരു ഗന്ധർവ്വൻ.

ഗയാ-നഗരം, ഒരു പുണ്യസ്ഥലം (ബീഹാറിൽ)

ഗരം-പ. വിഷം. ഉ. കൃത്രിമവിഷം.

ഗരളം-വിഷം. ഗരത്തെ (കൃത്രിമവിഷത്തെ) ഭാനംചെയ്യുന്നതെന്നർത്ഥം. (കുറച്ചു ശരീരത്തിൽ ചേർന്നാലും കൃത്രിമവിഷത്തെപ്പോലെ പ്രവർത്തിക്കും). മറ്റു പര്യായങ്ങൾ-വിഷം, ക്ഷേചകം.

ഗരളദേവഗം-വിഷത്തിനുള്ള ഒരു മരുന്ന, കരളേകം.

ഗരാഗരി-ഒരു മരുന്ന്, ദേവരാളി (ഖരശരി എന്നുമാവാം).

ഗരി-ദേവരാളി. ശബ്ദിക്കുന്നതെന്നർത്ഥം.

ഗരിമാവ്-കനം, ഗുരുത്വം, അഷ്ടൈശ്വര്യങ്ങളിൽ ഒന്ന്.

ഗരിഷ്ഠ-വി. ഏറ്റവും കനമുള്ള, ഉറപ്പുള്ള.

ഗരീയസ്സ്-വി. ഏറ്റവും കനമുള്ള, ഉറപ്പുള്ള. [യാൻ, യസി, യസ്സ്].

ഗരുഡമന്ത്രം-വിഷം ഇറക്കുന്നതിനുള്ള ഒരു മന്ത്രം.

ഗരുഡധ്വജൻ-വിഷ്ണു. ഗരുഡൻ ധ്വജചിഹ്നമായിട്ടുള്ളവൻ എന്നർത്ഥം [അതായതു ദേവന്മാരുടെ വാഹനങ്ങൾ അവരവരുടെ കൊടിമരത്തിന്മേൽ ചിഹ്നമായിരിക്കും].

ഗരുഡൻ-വിഷ്ണുവിൻറെ വാഹനം, പക്ഷികളുടെ രാജാവ്. ഗരുത്തുക്കളെ (ചിറകുകളെ)ക്കൊണ്ടു പറക്കുന്നവൻ എന്നർത്ഥം. മറ്റു പര്യായങ്ങൾ-ഗരുത്മാൻ, തർക്ഷ്യൻ, വൈനതേയൻ, ഖഗേശ്വരൻ, നാഗാന്തകൻ, വിഷ്ണുരഥൻ, സുപർണ്ണൻ, പന്നഗാശനൻ. (അരുണൻ എന്ന ശബ്ദം നോക്കുക).

[ഗരുഡൻറെ അമ്മ വിനത, അച്ഛൻ കശ്യപപ്രജാപതി. ഗരുഡൻറെ ആകൃതി പകുതി പക്ഷിയും പകുതി മനുഷ്യനുമാണ്. ഗരുഡൻറെ ജനനസമയത്തുണ്ടായ ശോഭ ദേവതകളെ അഗ്നി എന്നു ഭ്രമിപ്പിച്ചു. അതുനിമിത്തം അവർ വന്ദിച്ചു. ഗരുഡനു വിനായകയിൽ സമ്പാതി എന്നൊരു പുത്രനുണ്ടായി. വിനായകയ്ക്കു 'മണ്ണാടി' എന്നും പേരുണ്ട്. ഒരിക്കൽ ഭാര്യാസഹിതം ഒരു ബ്രാഹ്മണനെ ഭക്ഷിക്കയാൽ തൊണ്ട വെന്തുപോയി. ബ്രാഹ്മണരെ ഒഴിച്ചു മറ്റു മനുഷ്യരെ ഭക്ഷിച്ചുകൊള്ളുന്നതിനു മാതാപിതാക്കന്മാരുടെ അനുവാദം ഉണ്ടായിരുന്നു. ഗരുഡൻ ഒരിക്കൽ അമൃതം മോഷ്ടിക്കയാൽ ഇന്ദ്രനുമായി യുദ്ധമുണ്ടായി. ഇന്ദ്രൻ തോറ്റു. വജ്രായുധം പൊടിഞ്ഞു. എന്നിട്ടും അമൃതം ഇന്ദ്രൻ തിരിയെ വാങ്ങി].

ഗരുഡപ്പച്ച-വിഷം ഇറക്കുന്നതിനുള്ള ഒരു കല്ല്.

ഗരുഡാഗ്രജൻ-അരുണൻ. ഗരുഡൻറെ (അനുജൻ) ജ്യേഷ്ഠൻ എന്നർത്ഥം

ഗരുത്തു്-ചിറക്. ശബ്ദിക്കുന്നതെന്നർത്ഥം.

ഗരുത്മൽ-വി. ചിറകുള്ള. [ത്മാൻ, ത്മതി, ത്മൽ].

ഗരുത്മാൻ-പ. ഗരുഡൻ. നല്ല ചിറകുള്ളവൻ എന്നർത്ഥം. ഉ. പക്ഷി. ചിറകുള്ളതെന്നർത്ഥം. ന. കഴുവൻ.

ഗർഗ്ഗൻ-പ. ഒരു ജ്യോതിശ്ശാസ്ത്രജ്ഞനായ മുനി. ഉ. കൃഷ്ണൻറേയും യാദവന്മാരുടെയും ഗുരു.

ഗഗ്ഗം-കാള.

ഗഗ്ഗരം-പ. ഒരുവക മത്സ്യം. ഉ. ഒരുത്തി ലേവുഴി. ന. ഒരുവക സംഗീതയന്ത്രം.

ഗഗ്ഗരി-തേരിൽ കടയുന്ന പാത്രം, മകുഖി, പാക്കേടം. 'ഗഗ്ഗ' എന്ന ശബ്ദിക്കുന്നതെന്നത്രം. (ഗഗ്ഗരി എന്നതിനു 'കലശി' എന്ന പദവും കാണുന്നു.]

ഗജ്ജനം-പ. ശബ്ദം. ഉ. അലച്ച്. ന. ഇടിമുഴക്കം. ര. കോലാഹലം.

ഗജ്ജരം-മഞ്ഞക്കുള്ളങ്കി.

ഗജ്ജിക്കുക-പ. ശബ്ദിക്കുക. ഉ. അലറുക. ന. ഇടിമുഴങ്ങുക.

ഗജ്ജിത-വി. ശബ്ദിച്ച.

ഗജ്ജിതൻ-പ. മദംപൊട്ടിയ ആന ശബ്ദിക്കുന്നവൻ എന്നത്രം മറ്റു പല്ലും യജുർ-മത്തൻ, പ്രതിന്നൻ, ഉ. ശബ്ദിക്കുന്നവൻ.

ഗജ്ജിതം-പ. ഇടി, മേഘശബ്ദം. ഉ. അലച്ച്.

ഗത്തം, ഗത്ത-പ. കഴി, കണ്ടുള്ളിട്ടുമി ഉ. പോത്ത്. ന. ഓമൽച്ചുഴി. സുന്ദരികളെ ഉള്ളിൽ അടക്കിവെക്കുന്നതെന്നത്രം.

ഗത്തിക-ഒരുതിത്തുശാല.

ഗദ്ദഭം-കഴുത.

ഗദ്ദഭാണ്ഡം-പ. പൂവരശ്ശുവൃക്ഷം. ഉ. കല്ലാൽവൃക്ഷം. കഴുതയെപ്പോലെ അതിവേഗത്തിൽ വോരാടുമുള്ളതെന്നത്രം.

ഗദ്ദഭികാ ക്ഷുദ്രരോഗങ്ങളിൽ മന്ത്.

[മണ്ഡലാകാരമായി പരന്നുയരുന കുരുക്കളുണ്ടാകും. വേദന കാണും.]

ഗദ്ധ്യ-വി. ആശയുള്ള, ഭോഗ്യഗ്രഹമുള്ള

ഗദ്ധ്യം-ഭോഗ്യഗ്രഹം.

ഗർഭം-അമ്മയുടെ ഉള്ളിൽ വെച്ചു കെട്ടിയ മാല

ഗർഭവിഘ്ന-ഗർഭത്തെയും ഗർഭിണിയേയും

ഗർഭക്ഷിദ്രം-ഗർഭം കലങ്ങുക.

ഗർഭദീക്ഷ-ഭർത്തൃസ്ത്രീ ഗർഭത്തെയാൽ പ്രസവിക്കുന്നതുവരെയും മദ്യം മുതലായ ലഹരിയും ചെയ്യാതെ ഇരിക്ക.

ഗർഭധാരണം-ഗർഭം ധരിക്ക.

ഗർഭപാതം-ഗർഭം പതിക്കുക

[അഞ്ചും ആറും മാസങ്ങളിൽ ഗർഭം സ്ഥിരശരീരിയായിരിക്കും. അതുകൊണ്ട് അതിനു പാതമരുതു എന്നു കന്നത്.]

ഗർഭപാത്രം-സ്ത്രീകളുടെ വയറ്റിൽ ഗർഭം ഇരിക്കുന്ന സ്ഥലം.

"ഇതു് ആകൃതിയിൽ ഏകദേശം വൃത്തിയ പേരക്കപോലെ തന്നെ മാംസസഞ്ചിയാണ്. ഇതു മാംസപേശികളാൽ പ്രധാനമായി ഉണ്ടാക്കപ്പെട്ടിരിക്കുന്നു. നാലുവശത്തേയ്ക്കും തന്നോടെന്നു പറകച്ചു കിടക്കുന്നു. രക്തസിരകളും വേണ്ടുവോളം ഉണ്ട്. ഇതു രണ്ടു പ്രധാനഭാഗങ്ങളായി പകുക്കപ്പെട്ടിരിക്കുന്നു. മുകളിലത്തെ വലിയതു പിള്ളയുള്ള ഇരിപ്പിടമാണ്. കീഴത്തേതു കട്ടിയുള്ള കഫാശകാണുള്ള അടപ്പിനാൽ ഗർഭകോശത്തെ അടഞ്ഞിരിക്കുന്നു. ഗർഭപാത്രം പിള്ളയുടെ വളച്ചുകൊണ്ടു നാൽ വിരൽ നീളവും രണ്ടുവരയും വലിപ്പം വരുന്നു. മുഴുത്തു മുട്ടയുടെ ആകൃതിയായ പുരുഷബീജകോശങ്ങൾ".

ഗർഭബന്ധം-ഗർഭം ഉൽപാദിച്ചതിനുശേഷം ശുക്ലരക്തങ്ങൾ തമ്മിൽ പിണ്ഡാകാരമായിരിക്കുന്ന ഒരു വസ്തു.

ഗർഭം-പ. പുരുഷന്റെ ശുക്ലം സ്ത്രീയുടെ യോനിയിൽ പതിച്ചു രക്തത്തോടുകൂടെ ചേർന്നു വലിക്കുന്ന വസ്തു. മറ്റൊരു പദ്ധതിയും-ഭ്രൂണം. (അടിയാൽ എന്നതിനോടു കൂടി) ഉള്ളിലിരിക്കുന്നതു്, ശബ്ദിക്കുന്നതു് ഇങ്ങിനെ അർത്ഥം. ഉ. വയറ്റിലിരിക്കുന്ന കുട്ടി ന. അന്തർഗതം

അകം. ർ. ഉള്ളിലുള്ളത്. ഇ. വയറ്. ന. ഭോഷൻ.

[ഗർഭഗ്രഹണത്തിന്ന് 'പ്രജനം' 'ഉപസരം' എന്ന പര്യായങ്ങളും.]

ഗർഭവതി–ഗർഭമുള്ളവൾ, ഗർഭിണി.

ഗർഭശ്രീമാൻ–ഗർഭത്തിൽ അയിരിക്കുമ്പോഴേ ശ്രീയോട് (ഐശ്വര്യത്തോട്) കൂടിയവൻ.

ഗർഭസ്രാവം–പിള്ളയഴിക (മൂഢഗർഭനിർഗമനത്തിൽ പെട്ട ഒരു രോഗമാണ്).

[നാലുമാസംവരെ ഗർഭത്തിനു ദ്രവമുള്ളതിനാൽ അതു സ്രവിക്കും. അതത്രേ ഗർഭസ്രാവം.]

ഗർഭാഗാരം–ഉള്ളറ, കാറ്റു കടക്കാത്തതു നിമിത്തം ഗർഭതുല്യമായ ഗൃഹം. അന്യ ബാധയില്ലാത്തതെന്നർത്ഥം.

ഗർഭാധാനം–പ. ഗർഭം ഉണ്ടാകുന്നതിനു മുമ്പേ ചെയ്യുന്ന ഒരു കർമ്മം. ഫ. ഗർഭോൽപാദനം.

ഗർഭാലംബനം–തത്പദേശനികകാലത്തു ഗർഭം ഉണ്ടാവാൻ ചെയ്തിരുന്ന ഒരു കർമ്മം.

ഗർഭാലയം–ഈറ്റില്ലം.

ഗർഭാശയം–ഗർഭപാത്രം.

ഗർഭാശയം–മറവിള്ള. ഗർഭം ഇതിൽ ശയിക്കുന്നതിനാൽ ഈ പേർ സിദ്ധിച്ചു മറ്റൊരു പര്യായം–ജരായു.

ഗർഭിണി–ഗർഭമുള്ളവൾ. മറ്റു പര്യായങ്ങൾ–ആപന്നസത്വാ, ഗുർവിണി, അന്തർവത്നി.

## ഗർഭിണികൾക്കു പുളികുടിക്കാൻ നല്ല ദിവസങ്ങൾ.

അയർ, ചൊവ്വ, വ്യാഴം ഈ ആഴ്ചകളും പൂണർതം, പൂയം, പൂരുരുട്ടാതി, രോഹിണി, അശ്വതി, തിരുവോണം, കാർത്തിക ഈ നാളുകളും, ചതുർത്ഥിയും നവമിയും, ഏകാദശിയും നാലും ഇടവവും കന്നിമാസവും നിത്യദോഷവും, ഉഭയപക്ഷവും സ്ത്രീകളുടെ ജന്മനാമനക്ഷത്രങ്ങളും വർജ്ജിക്കണം. വേലിയിറക്കവും വേണം.

ഗർഭിണ്യുപേക്ഷണം–പ്രസവസംബന്ധമായ കർമ്മം.

ഗർഭിതം–പ. ഉള്ളിൽ നിറയ്ക്കപ്പെട്ടതു്. ഫ. കാവ്യദോഷങ്ങളിൽ ഒന്ന്.

[ഒരു വാക്യത്തിനകം ഗർഭത്തിൽ മറ്റൊരു വാക്യത്തെ തള്ളിക്കേറ്റുക]

'കല്യാണി കാലാന്തകവല്ലഭേ കേൾ
ചൊല്ലുന്നൻ നൽപ്പല്ലവ തുല്യശോഭേ
(കില്ലില്ല തെല്ലും) തവ പാദപത്മ–
മല്ലാതെനിക്കില്ലവലംബമൊന്നും'
(ഭോക്താക്ഷണം)

ഗർഭീകരിക്കുക–ഉദരത്തിലാക്കുക, ഉള്ളിൽ നിറയ്ക്കുക.

ഗർഭോപഘ്നാതിനി–ഗർഭം അലസിയ്ക്കുന്ന പാമ്പു, കാള ചവിട്ടി ഗർഭം നശിച്ചുപോയ പശു. മറ്റൊരു പര്യായം–വേഹത്തു്. ഗർഭത്തെ ഉപഹനിച്ചുവരുത്തുന്നതെന്നർത്ഥം.

[ഗർഭധാരണത്തിൽ പിന്നീടു കാലോചിതവശാൽ നിമിത്തം പിന്നേയും കാളയെക്കൊണ്ടു ചവിട്ടുന്നതിനെ സമ്മതിക്കുന്നതുകൊണ്ടോ ഒരു ഗർഭം നശിക്കുന്നതു്].

ഗർഭോൽപാദം–ഗർഭത്തെ ഉണ്ടാക്കുക

ഗമ്മുണ്ടു്–പ. ഒരു പുല്ലു്, അരച്ചിപ്പുല്ലു് ഫ. തിന, വേഴൽ ർ സാമ്പ്രാണി.

ഗർവ്വം–അഹങ്കാരം, തന്നെ എല്ലാവരും മാനിക്കണമെന്നുള്ള ദുരഹങ്കാരത്തെ ഉണ്ടാക്കിത്തീർക്കുന്നതെന്നർത്ഥം. മറ്റു പര്യായങ്ങൾ–അഭിമാനം, അഹങ്കാരം.

ഗർവ്വാടൻ–പ. വാതിൽ കാവൽക്കാരൻ. ഫ. കാവൽക്കാരൻ. ന. ഗ്രാമത്തിലെ പ്രമാണി.

ഗർവ്വിക്കുക–അഹങ്കരിക്കുക.

ഗർവ്വിത–വി. അഹങ്കാരമുള്ള

ഗർവ്വിഷ്ഠ–വി. അഹങ്കാരമുള്ള.

ഗർഹണം–നിന്ദ.

'ശംഗാധരന്റെ മഹത്വമറിയാതെ
ഗർഹണ ചെയ്യുന്നതർഹതയല്ലഹോ'
(ദക്ഷയാഗം കഥകളി)

ഗർഹാ–നിന്ദ.

ഗർഹിക്കുക–നിന്ദിക്കുക.

ഗർഹിത–വി നിന്ദിക്കപ്പെട്ട.

ഗർഹ്യ–വി. നിന്ദിക്കപ്പെടേണ്ടുന്ന, നിന്ദിക്കേണ്ടുന്ന, ജാത്യാചാരകുചാടികളെ കൊണ്ടു നിന്ദിക്കപ്പെടത്തക്ക.

ഗർഹ്യവാദി–വി. നിന്ദ്യവാക്കു പറയുന്ന, ചീത്തയായി പറയുന്ന.

ഗലം–അറവുമൃഗം

ഗല് ഗ്)ഗളം–സന്തോഷംകൊണ്ടോ ദുഃഖംകൊണ്ടോ ഇടനെഞ്ചു പൊട്ടി പുറപ്പെടുന്ന വാക്ക്.

ഗല്ഭം–പ. ധൈര്യം. ൨. നിഗളം.

ഗല്ല്യാ–അറവുമൃഗത്തിന്റെ സമൂഹം.

ഗല്ലകം–വീഞ്ഞു കുടിക്കുന്നതിനുള്ള ചെറിയ കുന്നിടിപ്പാത്രം

ഗല്ലാ–കവിൾ,

ഗവയം–ഒരുവക മാൻ, അത്തുമാൻ (ഇതു പശുവിനെപ്പോലെ ഇരിക്കും) ശബ്ദിക്കുന്നതെന്നർത്ഥം.

ഗവരാജി–കാള

ഗവലാൻ–കാട്ടുപോത്ത്.

ഗവലം–കാട്ടുപോത്തിന്റെ കൊമ്പ്. പള്ളക്കത്തെ തട്ടുന്നതെന്നർത്ഥം

ഗവാക്ഷത്രിഫല മനൽവരയൻ മാന്റെ മസ്സ്.

ഗവ്യാന്തം–കിളിവാതിൽ പശുവിന്റെ കണ്ണുപോലെയുള്ളതെന്നർത്ഥം. സൂര്യചന്ദ്രന്മാരുടെ രശ്മി വ്യാപിക്കുന്നതിനുള്ള പഴുത് എന്നർത്ഥം 2നാറായനം–വാതായനം.

ഗവാക്ഷി–പ. ചെറിയ കാട്ടുവെള്ളരി. ശ്രീമതിൽ പടർന്നുകിടക്കുന്നതെന്നർത്ഥം. ൨. ചെറുകുമ്മട്ടി. ൩. ശംഖുപുഷ്പം. ൪. പേക്കുമ്മട്ടി. ൫ ശാഖോടവൃക്ഷം ൬. വള്ളിമുല്ല ൭ മലയാവുക്കി.

ഗവാമി–ഒരുവക മത്സ്യം.

ഗവീശ്വരൻ പശുക്കളുടെ ഉടമസ്ഥൻ. ശോകങ്ങളുടെ നാഥൻ എന്നർത്ഥം.

ഗവേധു, ഗവേധുക, ഗവേധു, ഗവേധുക–ഒരുവക ധാന്യം. (മുനികൾ ഭക്ഷിക്കുന്നതാണ്). ഭൂമിയിൽ വളരുന്നതെന്നർത്ഥം.

ഗവേഷണം, ഗവേഷണ–പ അന്വേഷണം. ൨ ശ്രദ്ധാലുക്കളായ കർമ്മയോഗ്യന്മാരായിട്ടുള്ളവരെ അന്വേഷിക്കുക.

ഗവേഷിത–വി. അന്വേഷിക്കപ്പെട്ട.

ഗവ്യ–വ്. പശുവിനെ സംബന്ധിച്ച.

ഗവ്യ–പാൽ, വെണ്ണ, പശുവിൻനെയ്യ് അവയവം മുതലായി പശുവിനെ സംബന്ധിച്ച എല്ലാ വസ്തുവിനേയും പേർ.

ഗവ്യൂതി–പ പശുക്കൂട്ടം ൨ രണ്ടുനാഴിക ദൂരം.

ഗവ്യൂതി, ഗവ്യൂത–രണ്ടുക്രോശം കൂടിയ ദൂരം. (൨൪ അംഗുലം=ഒരു മുഴക്കോൽ. ൭൦൦ മുഴക്കോൽ ഒരു ക്രോശം) രണ്ടുനാഴിക ദൂരം എന്നു കാണുന്നു.

ഗവ്യൂതിഗാമിനി–അറിയാൻ കഴിയാത്ത വൃത്താന്തങ്ങൾ കൊണ്ടുവരുന്നവൾ.

ഗവ്യൂതി–വ് പ്രവർത്തിപ്പാൻ കഴിയാത്തത്.

ഗഹന–പ കാട്.

'ഗഹനമെന്നോർത്തുമിഹ ഗഹനേ'
(നളചരിതം കഥകളി)

ദുർഗ്ഗമം കലക്കുന്നതെന്നർത്ഥം. (ഇതു സാധാരണ കാണുന്നു) ൨. ദുഃഖമയമായിട്ടുള്ളത്, പ്രവർത്തിക്കാൻ കഴിയാത്തത്.

ഗഹചരം-പ്ര. ഗ്രഹ. ശമനത്തെ കടിച മക്കിച്ചെയ്യുന്നതെന്നർത്ഥം. ഉ. ക്ഷുട് ന വള്ളിക്കടിഞ്ഞിൽ. ഭ ശർവ്വം, ഡംഭം.

ഗഹ്വരി-പ്ര. ഭൂമി, ഗഹചരം (ഗ്രഹ) ളള്ളത്. ഉ ഗ്രഹ

ഗളകംബോളം-പല്ലുകളേടേയും മറവും താ ട. കഴുത്തിൽ കരിമ്പടംപോലെ ളങ്ങി നില്ക്കുന്നതെന്നർത്ഥം.

ഗളഗണ്ഡം-ഒരു ഭീനം, കണ്ണമാല

[കഴുത്തിൽ അനുബന്ധമുണ്ടാകുന്നതാണ്. വലുതായിരിക്കും. അന്നത്തെ തടുക്കും. കഠിനമുചരം കാണും. ഉടനെ വായുവി ന്റെ ഗതിയെ നിഗ്രഹിക്കും].

## ഗാ

ഗാ-പാട്ട്, പദ്യം

ഗാംഗടം-ഒരു മത്സ്യം, കൊഞ്ച്.

ഗാംഗടേയം-ചെമ്മീൻ

ഗാംഗൻ, ഗാംഗായനി-പ്ര. ഭീഷ്മർ. ഉ. കുത്തികേയൻ.

ഗാംഗം-പ്ര. സപ്തസ്സ്, ഉ. നീർമുത്തങ്ങ.

ഗാംഗേയൻ-പ്ര. ഭീഷ്മർ ഉ. സുബ്രഹ്മണ്യൻ.

ഗാംഗേയം-പ്ര. സപ്തസ്സ്. ഗംഗയുടെ അപത്യം എന്നർത്ഥം. ഉ. നിക്കിഴങ്ങ്, കഴിമുത്തങ്ങ മുതലായ, ന ഉമ്മത്തൻ. ഭ. വാള എന്നീൻ

ഗാംഗേരുകി-അനന്തമൂലവള്ളി. (ഉശീര കത്തിന്റെ പേരായും ഈരിപ്രയോഗമുണ്ട്). ശരീരത്തെ പോഷിപ്പിക്കുന്നതെന്നർത്ഥം വലിയ ഉശീരകം.

ഗാഢരം-മഞ്ഞൾപ്പുള്ളകി.

ഗാണ്ഡി-പെരുമ്പാവ്.

ഗാണ്ഡീരം കാട്ടുകരിമ്പ്.

ഗാണ്ഡിവം. (ഹിന്ദുസ്ഥാനിലോക്ക)

ഗാണ്ഡീ-ശ്രപയി.

ഗാഢ-വി പ്ര കട്ടപുള്ളി. ഉ. അധികമായ. ന ഉകിയ.

ഗാഢം-രേ. ഉശീരം, ഏറവും, അധികം.

ഗാഥാ-സാഹിത്യസാഹ്യകാരം കെട്ടുപാട്ടു പ്രമാണിച്ചു വാക്യം രണ്ടുവിധമുള്ള

തിൽ മന്ത്. ഇടമുട്ട് ഒരിടത്തും നില ച്ചുപോകാതെ കടശിവരെ ആകാംക്ഷ തുടൻ നില്ക്കുന്നതുക്ക വിധമുള്ള ബന്ധം 'ഗാഢം'. ഗാഢം ← ശിഥിലം.

ഗാഢമുഷ്ടി-ഢംം.

ഗാഢമുഷ്ടി-വി. ക്ര. കൈ ചുരുട്ടിപ്പിടിച്ച. ക. ലുബ്ധുള്ള.

ഗാഢാശ്ലേഷം-മുറുകെത്തഴുകൽ.

ഗാണപത, ഗാണപത്യ-വി. ഗണപതിയെ സംബന്ധിച്ച.

ഗാണപത്യം-ക്ര. ഒരുമതം. ക. ക്ലുട്ടത്തിലേ പ്രധാനിയുടെ അവസ്ഥ

ഗാണിക്യം-വേശ്യമാരുടെ ക്ലുട്ടം.

ഗാണ്ഡീവം, ഗാണ്ഡിവം-ക്ര. അർജ്ജുനന്റെ വില്ല്. ഗാണ്ഡി (മുന്നി) യോടുകൂടിയതു് എന്നർത്ഥം ക. സാധാരണ വില്ല.

[ഇതു ഖാണ്ഡവവനം ദഹിപ്പിച്ച പ്പോൾ അഗ്നി അർജ്ജുനനു കൊടുത്ത വില്ലാണ്. സോമൻ വരുണനും വരുണൻ അഗ്നിക്കും മുമ്പു കൊടുത്തിരുന്നു.]

ഗാണ്ഡീവി-ക്ര അർജ്ജുനൻ. ക. നീർമരുതു്.

ഗാതാഗതിക-പോകയും വരികയും എന്നതിനെ സംബന്ധിച്ച, ഗതാഗതത്തിലുണ്ടായ.

ഗാതു-ക്ര. പാട്ട്. ക. രാത്രിയിൽ പാടുന്ന ഒരു പക്ഷി. ന. മാർഗ്ഗം. ര. ഭൂമി. ല. അഭിവൃദ്ധി. ന. കയിൽ.

ഗാത്രഭംഗം-നഷ്ടക്ഷീണം,

ഗാത്രം-ക്ര. ശരീരം ക. അവയവം ന. ആനയുടെ മുൻകാൽ, ആനയുടെ മുൻകാലിന്റെ മുട്ടിനു താഴേടം. (പിൻകാലിന്റെ മുട്ടിനു താഴത്തെ ഭാഗത്തിനു 'അവരം' എന്നു പേർ) ഇതുകൊണ്ടു ശുദ്ധിക്കുന്നതിനാൽ ഈ പേർ വന്നു.

ഗാത്രസംസ്കാരചി-മരപ്പട്ടി.

ഗാത്രാന്തരോപനി-കറിക്കത്തി.

ഗാത്രാവരണം-പരിച.

ഗാഥ-ക്ര. പാട്ട് ക. ശ്ലോകം. ന. രാഗം.

ഗാഥകൻ-പാട്ടുകാരൻ

ഗാധം-ക്ര. ഇറങ്ങിക്കേറുന്ന സ്ഥലം, നിലയുള്ള ഭിത്തി. ക. കാമം. ന. ലോഭം.

ഗാധി-വിശ്വാമിത്രന്റെ പിതാവു്.

[ഋചീകന്റെ പുത്രൻ കശ്യപൻ. തൽപുത്രൻ കശ്യപൻ. തൽപുത്രൻ ഗാധി. തൽപുത്രൻ വിശ്വാമിത്രൻ. കൈശികാംബരീഷന്റെ പുത്രൻ എന്നും വിഷ്ണുപുരാണം അനുസരിച്ചു ഇന്ദ്രന്റെ ഒരവതാരമെന്നും കാണുന്നുണ്ടു്]

ഗാധിനഗരം(പുരം)-കന്യാകുബ്ജം.

ഗാധിനന്ദനൻ-വിശ്വാമിത്രൻ.

ഗാധേയൻ-വിശ്വാമിത്രൻ എന്ന മഹർഷി.

ഗാനതാനപ്രകാരം-പാട്ടിന്റെ രീതിക്കുടുക എന്നുള്ളതു്.

ഗാനം-ക്ര. പാട്ട്. ക. വാദ്യം.

ഗാനവൃത്തി വർത്തുള്ളവർ-കൈശികി, ഭാരതി, സാത്വതി, ആരഭടി ഇവ നാലും.

ഗാനി-പാട്ടുകാരൻ.

ഗാന്തു-വി. ഗമിക്കുന്ന, പോകുന്ന.

ഗാന്തു-ക്ര. വഴിപോക്കൻ ക. പാട്ടുകാരൻ.

ഗാന്ധിനി-അക്രൂരന്റെ അമ്മ, ശ്വഫല്കന്റെ ഭാര്യ.

[കാശിരാജാവിന്റെ പുത്രി. മന്ത്രിയുടെ ഗർഭത്തിൽ ചേകേശവർഷം കിടന്നു. പുറത്തു വരണമെന്നു വാശിയിൽ മൂന്നുസംവത്സരം മിസംതോറും കാരോ പുല്ലുവീതം ഭുജിച്ചുകൊണ്ടു മാനംചെയ്തു ണർന്നു് അച്ഛനോടു മറുപടി പറകയുണ്ടായി. അതിനുശേഷം പ്രസവം നന്നായി. അതുകൊണ്ടു 'ഗാന്ധിനി'

എന്ന നാമകരണംചെയ്തു ജീവിതകാലമ
ത്രയും ഈ മാനം ചെയ്തുവന്നു.]

ഗാന്ദിനീസുതൻ-പ. അക്രൂരൻ. പ. ഭീഷ്മർ സ. കാർത്തികേയൻ

ഗാന്ധവ്വ-വി. ഗന്ധർവ്വനെ സംബന്ധിച്ച. [വ്വൻ, വ്വീ, വ്വം.]

ഗാന്ധവ്വകൻ-പാട്ടുകാരൻ.

ഗാന്ധവ്വം-ഒരു വിവാഹം, സ്ത്രീപുരുഷന്മാർ തമ്മിലുള്ള അനുരാഗംനിമിത്തം ബന്ധുക്കളുടെ അറിവും വിധിപ്രകാരമുള്ള ആചാരങ്ങളും കൂടാതെ നടത്തുന്ന വിവാഹം.

ഗാന്ധാരം-പ. സപ്തസ്വരങ്ങളിൽ മൂന്നാമത്തേതു്. പ. ഒരു രാജ്യം (കന്ദഹാർ) സ. നാഗപ്പശ. ര. സിന്ദൂരം.

[ഗാന്ധാരദേശത്തിൽ ഉണ്ടാകയാൽ ഈ സ്വരത്തിനു ഗാന്ധാരം എന്നു പേർ വന്നു സുഖത്തിനു ഹേതുഭൂതമായതെന്നും പറയാം. ആടും കുറിയാടും ഗാന്ധാരസ്വരത്തിൽ ശബ്ദിക്കുന്നു].

ഗാന്ധാരൻ-ഗാന്ധാരരാജ്യത്തെ രാജാവു്

ഗാന്ധാരി-ദുര്യ്യോധനന്റെ മാതുലനായ ശകുനി.

ഗാന്ധാരീ-പ ദുര്യ്യോധനാദിയുടെ അമ്മ [ഗാന്ധാരരാജാവായ സുബലന്റെ മകൾ. ഇതുകൊണ്ടു ഗാന്ധാരിക്കു സൗബലി, സൗബാലയി എന്നും പേരുണ്ടു്. ധൃതരാഷ്ട്രരുടെ പത്നി. ആതിഥ്യം ഹേതുവായിട്ടു ഗാന്ധാരി വ്യാസനെ പ്രസാദിപ്പിച്ചു. അപ്പോൾ അദ്ദേഹം ഒരു വരത്തെ ദാനം ചെയ്യാമെന്നും അപേക്ഷിക്കുകെന്നും പറഞ്ഞു. നൂറു പുത്രന്മാരെ കിട്ടണമെന്നായിരുന്നു അപേക്ഷ. രണ്ടു വർഷം ഗർഭമായിരുന്ന കനമാംസപിണ്ഡത്തെ പെറ. നൂറായിട്ടായി. ബന്ധിച്ചു് അവയെ മരണിക്കുളിലാക്കി. അതിൽനിന്നു ദുര്യ്യോധനൻ ഉത്ഭവിച്ചു. രണ്ടുമാസം കഴിഞ്ഞതിന്റെ ശേഷം ദുശ്ശാസനൻ മുതലായി ൻ പുത്രന്മാരും 'ദുശ്ശള' എന്നു് ഒരു പുത്രിയും മറ്റൊരുവയിൽ നിന്നുണ്ടായി. ഭർത്താവായ ധൃതരാഷ്ട്രരും ഭാര്യയായ ഗാന്ധാരിയും വാർദ്ധക്യത്തിൽ കാട്ടുതീയിൽപ്പെട്ടു നശിച്ചുകാരണം ഭർത്താവു കുരുടനായിരുന്നതിനാൽ ഭാര്യയും കണ്ണുകെട്ടിക്കൊണ്ടു നടന്നതായിരുന്നു].

പ. വെങ്കോടിയുവ. സ. ചെങ്കോടിയുവ.

ഗാന്ധികൻ-പ എഴുത്തുകാരൻ. പ. സുഗന്ധവസ്തുക്കൾ വില്ക്കുന്നവൻ.

ഗാംഭീര്യം-പ ആഴം. പ. മഹത്വം, വലിപ്പം.

ഗാമി-വി. നടക്കുന്ന. [മീ, മിനി, മി]

ഗാമുക-വി. പോകുന്ന. [കൻ, കാ(കീ), കം]

ഗായക-വി പാടുന്ന

ഗായൻ-വി. പാടുന്ന [യൻ, യന്തി, യൽ]

ഗായത്രി-പ. കരിങ്ങാഞ്ചിവൃക്ഷം. പ. ഒരു ഛന്ദസ്സ്. (ഒരു പാദത്തിൽ ആറക്ഷരമുണ്ടായിരിക്കും) സ. ഒരു യന്ത്രം. ഗാനംചെയ്യുന്നവനെ രക്ഷിക്കുന്നതെന്നർത്ഥം.

[ഗായത്രി ഋഗ്വേദത്തിൽ സൂര്യനെപ്പറ്റിയുള്ള സ്തോത്രങ്ങളും അത്യധികം പരിശുദ്ധിയുള്ളതായി ഗണിച്ചിരിക്കുന്ന ഒരു മന്ത്രമാകുന്നു. സന്ധ്യാവന്ദനങ്ങളിൽ ഇപ്പോൾ എല്ലാ ബ്രാഹ്മണരും ജപിക്കാറുണ്ടു്. 'തത്സവിതുർവ്വരേണ്യം ഭർഗ്ഗോ ദേവസ്യധീമഹിധിയോ യോനഃപ്രചോദയാൽ' സൂര്യനോടുള്ള ഒരു പ്രാർത്ഥന. പരബ്രഹ്മ സംബന്ധമുള്ള പ്രകാരം വേദാന്തികൾ വ്യാഖ്യാനിച്ചുകാണുന്നു].

ഗായത്രീവല്ലഭൻ-ശിവൻ.

ഗാരിത്രം-ധാന്യം, അരി.

ഗാന്ധ-വി. ഗന്ധനെ സംബന്ധിച്ച.

ഗാന്ധം-പ. ഗന്ധമന്ത്രം. ഉ. പതിനെട്ടു പുരാണങ്ങളിൽ ഒന്ന്. ന. മുപ്പത്തിരണ്ടുപനിഷത്തുകളിൽ ഒന്ന്. ഭ. സച്ഛം. ഇ. മരതകം.

ഗാന്ധി-പ്രസിദ്ധ ഗന്ധദ്രവ്യക്കാരി.

ഗാന്ധികൻ-പ. വശീകരണക്കാരൻ. ഉ. വിഷവൈദ്യൻ.

ഗാന്ധവിദ്യ-വിഷവൈദ്യം.

ഗാന്ധർമതം-മരതകക്കല്ല്. ഗന്ധർവ്വത്തിൽ നിന്നുണ്ടായതെന്നർത്ഥം.

ഗാർഭ-വി. അന്ത്യഗ്രഹമുള്ള, കൊതിയുള്ള (ളൻ, ളി, ളം).

ഗാർഭം-അന്ത്യഗ്രഹം.

ഗാർഭ്യം-അന്ത്യഗ്രഹം, തുണ്ണം.

ഗാർഭിണം-ഗർഭിണികളുടെ ക്രൂരം.

ഗാർഹപത്യം-ത്രേതാമംഗനികളിൽ ഒന്ന്. ഗൃഹപതിയെ സംബന്ധിച്ചതെന്നർത്ഥം.

ഗാർഹസ്ഥ്യം-ഗൃഹസ്ഥന്റെ ധർമ്മം, ഗൃഹസ്ഥാശ്രമത്തെ സംബന്ധിച്ച.

ഗാർഹ്യ-വി. ഗൃഹത്തെ സംബന്ധിച്ച.

ഗാർഹ്യം-നിന്ദ്യം.

ഗാലം-കഴുക്കൽ, ഒലിപ്പ്.

ഗാലവൻ-ഒരു മുനി.

[വിശ്വാമിത്രന്റെ ഒരു ശിഷ്യനാണ് ഗാലവൻ. പഠിപ്പു മുഴുപ്പിച്ചുശേഷം ഗുരുവിനോട് എന്താണ് ദക്ഷിണ വേണ്ടതെന്നു ഗാലവൻ ചോദിച്ചു. ഇതു വിശ്വാമിത്രനു രുചിച്ചില്ല. ഓരോ കാതും ചെവിയുള്ള വാലിനു വെളുത്ത കരിംകുതിരകളെ ആവശ്യപ്പെട്ടു. ഗാലവൻ പരുങ്ങലിലായി. വിവരം ഗന്ധർവനെ അറിയിച്ചു. ഗന്ധർവൻ ഗാലവനെയയോധ്യാധിപതിയുടെ സമീപത്തേക്കയച്ചു. ആവശ്യപ്പെട്ട കുതിരകളെ നൽകുന്നതിനു യയാതിക്കു സമ്മതമില്ല. എന്നാൽ മകളായ മാധവിയെ ഗാലവനു കൊടുത്തു. ഗാലവൻ മാധവിയെ ക്രമേണ മൂന്നുപേർക്കു നൽകി ഓരോ വീരം നൂറു-കുതിരകളെ വാങ്ങിച്ചു. മൂന്നുപേർ എന്നു പറഞ്ഞതു അയോദ്ധ്യാധിപനായ ഹര്യശ്വൻ, കാശി രാജാവായ ദിവോദാസൻ, ഭോജരാജാവായ ഉശീനരൻ ഇവരെയായിരുന്നു. മൂന്നുവർണ്ണമുള്ള വിവാഹങ്ങളിൽ ഒരു ഭർത്താവിനു ഒരു പുത്രൻവീതം അവർ മൂന്നുപേരെ പ്രസവിച്ചു. പക്ഷേ ഒരു വരം ഹേതുവായിട്ടു മാധവിയുടെ കന്യാത്വം നശിച്ചില്ല. അനന്തരം ഗാലവൻ മാധവിയേയും നൂറു കുതിരകളെയും വിശ്വാമിത്രനു ദക്ഷിണയായി നൽകി. അദ്ദേഹം അതു സ്വീകരിച്ചു. അവളിൽ വിശ്വാമിത്രനുണ്ടായ പുത്രനാണ് അഷ്ടകൻ. വിശ്വാമിത്രൻ വനത്തിൽ പോയി. പിന്നെ മാധവിയെ ഗാലവൻ യയാതിയുടെ സമീപം തിരിയെ കൊണ്ടാക്കി. ഹരിവംശം അനുസരിച്ചു ഗാലവൻ വിശ്വാമിത്രന്റെ പുത്രനായിരുന്നു].

ഗാലവം-പ. പാമ്പോരി എന്ന മരുന്ന്. നയനരോഗത്തെ നശിപ്പിക്കുന്നതെന്നർത്ഥം. ഗാലവമുനിയിൽ നിന്നുണ്ടായതെന്നുമാവാം. ഉ. പനച്ചി.

ഗാല്-പ്രാപ്തൻ, ഉക്കിച്ചുവാക്ക്, ശകാരം.

ഗാഹനം പ. കുഴി. ഉ. പ്രവേശനം.

ഗാളനം-പ. മലയാളത്തിലെ വസ്ത്രരാഹിത്യം അർത്ഥമാക്കുന്ന പദം. ഉ. ഇതുതന്നെ.

ഗാളിക-പ്രകാരി.

## ഗി

ഗിനിപ്പുല്ല്-ഒരുതരം പുല്ല്.

[ഇതു കാലികളുടെ തീറ്റിയാണ്. ഗിനിപ്പുല്ലു വീടിനോടു കൂടുതൽ അടുത്തു നട്ടുപിടിപ്പിച്ചാൽ കൂടുതൽ പാലും മുന്തിയ തരം]

ഗിരണം-വിഴുങ്ങുക.

ഗിര-യം ങ്.

ഗിരാ-വാക്ക്.

'ബ്രഹ്മണീവചനം വാചാ ജല്പിതം തദിതം ഗിരം'

(ശബ്ദാർണ്ണവം)

ഗിരി-വി വണക്കമുള്ള

ഗിരി-പ്ര. പർവ്വതം. രത്നങ്ങളും സിരയുക്ഷധങ്ങളും മുതലായവയെ ഒളിച്ചുവയ്ക്കുന്നതെന്നർത്ഥം. ൨. വിഴുങ്ങൽ. 'ഗീർണ്ണിർഗ്ഗരേ' എന്നമരം. ന. വലിയ പാറ. ൪. ഒരുമാതിരി നയനരോഗം. ൫. പന്ത്. ന. മേഘം. ൭. എലി, ചുണ്ടെലി.

ഗിരിക-ചുണ്ടെലി. ധാന്യം മുതലായവയെ വിഴുങ്ങുന്നതെന്നർത്ഥം. (ചെറിയ എലിക്കും പേരയാമെന്ന പക്ഷമുണ്ട്).

ഗിരികണ്ടകം-പ്ര. ഇന്ദ്രന്റെ ഇടിവാൾ ൨. വൈരം.

ഗിരികർണ്ണി-പ്ര. വിഷ്ണുക്രാന്തി, കൃഷ്ണക്രാന്തി. എലിക്കുഞ്ഞിന്റെ ചെവിപോലെയുള്ള ഇലകളുള്ളതെന്നർത്ഥം. ൨. വെങ്കോടിയുള്ളവ. ന. മലയമുക്കി.

ഗിരികർണ്ണിക-പ്ര. ഭൂമി. ൨. മലയമുക്കി. ന. വെളുത്ത കടുക്കി.

ഗിരികാനൻ-ഒറ്റക്കണ്ണൻ, കുരുടൻ.

ഗിരിജ-പ്ര. പാർവ്വതി പർവ്വതപുത്രി എന്നർത്ഥം. ൨. അമൃത. ന. പർവ്വതകദളി ൪. കാട്ടുമാതളനാരകം ൫ കാട്ടുവാഴ. ന കുറിഞ്ഞി കുറുഞ്ചാമ്പി. ൭ കാരവു വള്ളിയില്ല. ൮. ശതാവരി

ഗിരിജാ-കന്നടം.

ഗിരിജം-പ്ര. ഈയം. പർവ്വതത്തിലുണ്ടായതെന്നർത്ഥം. ൨. കർപ്പൂരം ന. ഇരിമ്പ്. ൪. കറുത്തമണ്ണ്. ൫ ചോരയും. ന. നീർമ്പിപ്പ. ൭. മലയകത്തി.

ഗിരിജാമലം-ഈയം.

ഗിരിജാഹ്വയം-കന്നടം.

ഗിരിജ്വരം-പ്ര. ഇടിവാൾ, ഇന്ദ്രന്റെ വജ്രായുധം. ൨. വൈരം.

ഗിരിതടം-താഴ്വര.

ഗിരിധ്വജം-ഇടിവാൾ

ഗിരിനന്ദിനി, ഗിരിപുത്രി-പ്ര. പാർവ്വതി. ൨. ഗംഗ.

ഗിരിപക്ഷാരി-ദേവേന്ദ്രൻ.

ഗിരിപൃഷ്ഠം-പർവ്വതത്തിന്റെ മുകൾഭാഗം.

ഗിരിമല്ലിക-കടകപ്പാല. പർവ്വതത്തിന്മേൽ മല്ലികപോലെ ശോഭിക്കുന്നതെന്നർത്ഥം.

'സമുന്മിഷന്തീ ഗിരിമല്ലികാനാം
പ്രസൂനരാജിഃ സുരരാഡ്ചകാശേ'

(കൃഷ്ണവിലാസം)

ഗിരിമാനം-ആന.

ഗിരിവർത്തിക-കണ്ണൻപീച്ചി.

ഗിരിശൻ-ശിവൻ. കൈലാസപർവ്വതത്തിൽ ശയിക്കുന്നവനെന്നർത്ഥം.

ഗിരിശരാസനൻ-ശിവൻ. പർവ്വതം വില്ലാക്കിയവൻ എന്നർത്ഥം.

ഗിരിശൃംഗം-പർവ്വതത്തിന്റെ കൊടുമുടി.

ഗിരിസാരം-പ്ര. ഇരിമ്പ്. ൨. വെളുത്തതീയം.

ഗിരീശൻ-പ്ര. ശിവൻ. കൈലാസനാഥൻ എന്നർത്ഥം. ൨. ഹിമാലയൻ.

ഗില-വി. വിഴുങ്ങുന്ന. (ലൻ, ലാ, ലം).

ഗിലഗില-മുതല.

ഗിലഗ്രാഹം-മുതല.

ഗിലനം-വിഴുങ്ങുക

ഗിലം-പ്ര. ജോനനാരകം. ൨. ചിങ്കണ്ണി

ഗിലി-വിഴുങ്ങുക.

ഗിലിത-വി. വിഴുങ്ങപ്പെട്ട

## ഗീ

ഗീഃ-സരസ്വതി, വാക്ക്.

ഗീത-വി. പാടപ്പെട്ട.

ഗീതം-പാട്ട്.

ഗീതാ-ഒരു പുസ്തകം.

[പദ്യരൂപമായിരിക്കും. ഏതെങ്കിലും പ്രത്യേക ധർമ്മവിഷയത്തെയോ തത്വത്തെയോ വ്യാഖ്യാനിക്കുന്നതായിരിക്കും. ഉ-ം, രാമഗീതാ, ഭഗവൽഗീത, ശിവഗീത. സംസ്കാരണയായി ഗീത എന്നു പറഞ്ഞുവരുന്നതു ഭഗവൽഗീതയെയാണ്. കൃഷ്ണൻ അർജ്ജുനനുപദേശിച്ച തത്വങ്ങൾ അടങ്ങീട്ടുള്ള ഭഗവൽഗീത എന്ന കൃതി.]

ഗീതാഗോവിന്ദം-ഒരു കാവ്യം. (പ്രധാനം ശൃംഗാരരസം.)

[ക്രി-പിന്നൂറാണ്ടിൽ ജീവിച്ചിരുന്ന ജയദേവൻ ഉണ്ടാക്കിയതാണ്. ഇതിൽ ശ്രീകൃഷ്ണനും രാധയുമായുള്ള കളികളെ വർണ്ണിച്ചിരിക്കുന്നു.]

ഗീതി-പ്ര. പാട്ട്. ഉ. മാത്രാവൃത്തങ്ങളിൽ ഒന്ന്.

ഗീത്രാ-പ്ര. പാട്ട്. ഉ. പ്രസംഗം.

ഗീർ-വാക്ക്.

ഗീർണ്ണ-വി. പ്ര. വിഴുങ്ങപ്പെട്ട. ഉ. സ്തുതിക്കപ്പെട്ട.

ഗീർണ്ണം-പ്ര. വിഴുങ്ങപ്പെട്ടതു്. ഉ. സ്തുതിക്കപ്പെട്ടതു്. ശപ്തിക്കപ്പെട്ടതെന്നതെന്നർത്ഥം (ശപ്തത്തിനു ഇവിടെ സ്തുതി എന്നു കാൽപര്യം).

ഗീർണ്ണി-വിഴുങ്ങുക, വിഴുങ്ങൽ.

ഗീല്പതാ-വലിയ വാല്യഴവം.

ഗീർവാണ-വി. ദേവസംബന്ധമായ.

ഗീർവാണൻ-ദേവൻ. (ഗീഃ = വാക്ക്. വാണം = അസ്ത്രം.) ശരപ്രയോഗത്തിൽ വാക്കിനെതന്നെ അസ്ത്രമാക്കിപ്രയോഗിക്കുന്നവൻ, ഫലിക്കുന്ന വാക്കുകൾ പറയുന്നവൻ എന്നിങ്ങനെ അർത്ഥം.

ഗീർവാണകുസുമം-ഇലവംഗപ്പൂവ്.

ഗീർവാണം-സംസ്കൃതഭാഷ.

ഗീർവാണവാണി-ദേവഭാഷ, സംസ്കൃതം.

ഗീർഷ്പതി-വ്യാഴം. വാക്കുകളുടെ നാഥൻ എന്നർത്ഥം. ഗീഷ്പതി എന്നുമാകാം. (അഹരഹീനാം പത്യുഃ ഇഷുവാഃ എന്നുള്ള വികല്പരേഫമാത്രം കാരണം).

## ഗ്ല

ഗ്ലഗ്ലു(ലു)-ഒരു മരുന്ന്. മറ്റു പര്യായങ്ങൾ-കുഗ്ഗുലം, ഉലൂഖലകം, കൈശികം, പൂരം. ശരീരത്തെ കൊഴുപ്പിക്കുന്നതെന്നർത്ഥം.

[ഇതു വാതം, വ്രണം, വീക്കം, വിരേചകം, കഫം, കൃമി, അപചി, ഗണ്ഡമാല, ഗ്രന്ഥി, അർശ്ശസ്സ്, പ്രമേഹം, പിടകം, പ്ലീഹ, ആമവാതം, ഗ്രന്ഥി (മുഴ), ഗണ്ഡമാല, ഗുല്മം, ഗ്രഹപീഡ, നലവു്, ഒച്ചയടപ്പു്, മഹോദരം, ഗുദഭ്രംശം എന്നിവയെ നശിപ്പിക്കും. മലത്തിനെയുണ്ടാക്കും. മുറിവിനെ യോജിപ്പിക്കും. ശുക്ലം വർദ്ധിപ്പിക്കുന്നു. ഈ വൃക്ഷം പർവ്വതങ്ങളിലുണ്ടാകുന്നു. ഇല വേപ്പിലയുടെ ആകൃതിയിൽ ചെറുതായിരിക്കും. ഗുഗ്ഗുലു എന്നു് ഈ മരത്തിന്റെ കറയാണ്. ഗുഗ്ഗുലു അഞ്ചുതരമുണ്ട്. പ്ര മഹിഷാക്ഷം (ധൂമവർണ്ണം). ഉ. മഹാനിലം (നല്ല കറുത്തനിറം). ന. കുമുദം (രക്തനിറം). ഭ. പദ്മം (ചെമന്നനിറം). ഖ. ഹിരണ്യം (സ്വർണ്ണനിറം). ഹിരണ്യവും (അതു കിട്ടുന്നപക്ഷം) മഹിഷാക്ഷവും മരുന്നുക്ക് ഉപയോഗിക്കും. മറ്റവയും ഉപയോഗിച്ചുകൂടാ. പുതിയതു നന്ന്. രാത്രിൽ-കൽക്കിൽ.]

ഗ്ലച്ഛകന്ദം-ശാകവൃക്ഷത്തിൽപ്പെട്ട കന്ദശാകം.

ഗുച്ഛകരഞ്ജം-കരിങ്ങോട്ട (കരിഞ്ഞാട്ട)
ഗുച്ഛകം-പ. പൂങ്കുല. ഉ. മാല.
[പൂങ്കുല ഏതാനും വിടിഞ്ഞും ഏതാനും വിടിരിഞ്ഞതുമാണ്. മറെറാരു പയ്യോയം-'സ്തബകം'. ഗുത്സകം എന്ന് പാഠം കാണുന്നു ഗുച്ഛകം എന്നാൽ മധുപാനത്തിൽ അത്യധികം താൽപര്യമുള്ള വണ്ടുകളാൽ ചുറ്റപ്പെടുന്നതെന്നർത്ഥം. ഗുച്ഛം എന്നുമാകാം]
ന. തുണിയാങ്കം.
ഗുച്ഛപത്രം-പനം.
ഗുച്ഛപുഷ്പം-കരിമ്പന, ഏഴിലംപാല.
ഗുച്ഛഫല-മുന്തിരിങ്ങാവള്ളി.
ഗുച്ഛഫലം-വാഴ.
ഗുച്ഛം-പ. പൂങ്കുല. ഉ. ഏഴുപതു ഇഴയുള്ള മാല. ന. ചാമരം ര നെല്ല് യവം മുതലായതിന്റെ തണ്ട്.
ഗുച്ഛാർദ്ധം-ഇരുപത്തിനാലിഴയുള്ള മുത്തുമാല. ഗുത്സാർദ്ധം എന്നുമാവാം.
ഗുജ്-വ്യാധി.
ഗുജറാവ്-പണ്ടത്തെ ഒരുരാഷ്ട്രം.
ഗുഞ്ജ-പ. കുന്നി. ഉ. മദ്യം വിൽക്കുന്ന സ്ഥലം. ന. ഉപ്പുപടന (ഉപ്പു വിളയുന്ന സ്ഥലം).
ഗുഞ്ജാഗ്രന്ഥി. മുത്തങ്ങ. ഉണങ്ങിയാൽ വൃക്കരമല്ലാതെ ശബ്ദിക്കുന്നതെന്നർത്ഥം.
ഗുഞ്ജാഫലാ-കുന്നിക്കുരു.
ഗുഡ-ചതുരക്കള്ളി.
ഗുഡചി-ചിറ്റാമുട്ട്.
ഗുഡജിഹ്വികാന്യായം-"ശർക്കരയും നാവും കൂടിച്ചേർന്നാൽ മധുരരസമാണല്ലോ ഫലം. അപ്രകാരം ഉചിതസമ്മേളനംകൊണ്ടുണ്ടാകുന്ന സൽഫലങ്ങളെ കാണിക്കുന്നതിലാണ് ഈ ന്യായത്തിന്റെ പ്രവൃത്തി"
ഗുഡപുഷ്പാ-ഇരിപ്പവൃക്ഷം. ശർക്കരയുടെ തുല്യമായ പുഷ്പമുള്ളതെന്നർത്ഥം.
ഗുഡഫലാ-പ. ഉകമരം. ശർക്കരയുടെ തുല്യമായ ഫലമുള്ളതെന്നർത്ഥം. ഉ. ലന്ത മരം. ന. തേറ്റാമരം.
ഗുഡഭാ-ചോളപ്പഞ്ചസാര.
ഗുഡം-പ. ശർക്കര. ഉ. ഗുളിക. ന. ശോളം. ചുറ്റുന്നതെന്നർത്ഥം.
ഗുഡശർക്കര-പഞ്ചസാര.
ഗുഡാ-പ. ചതുരക്കള്ളി. ചുറ്റിപ്പിണയുന്നതെന്നർത്ഥം. ഉ. വലിയ മുന്തിരി. ന. കുരുപ്പുത്തി.
ഗുഡാകേശൻ-പ. അർജ്ജുനൻ ഉ. ശിവൻ. [രി'
'മമദേഹേഗുഡാകേശയച്ചാന്യൽ ദ്രഷ്ടുമർഹസി'
(ഭഗവൽഗീത)
ഗുഡൂചി-ചിറ്റാമുട്ട്. (ഗുളൂചിയുടെ പാഠം.)
ഗുണകാര-വി. പെരുക്കുന്നതിനുള്ള.
ഗുണകാരം-പെരുക്കുക.
ഗുണജ്ഞ-വി. ഗുണത്തെ അറിയുന്ന.
ഗുണത, ഗുണത്വം-പ. ആധിക്യം. ഉ. സുകൃതം. ന വിശേഷത. ര പെരുക്കം.
ഗുണത്രയം-സത്വരജസ്തമോഗുണങ്ങൾ.
ഗുണദോഷക്കാരൻ-പ. ഗുണത്തെയും ദോഷത്തെയും അറിയുന്നവൻ. ഉ. ഗുണദർശിയുടെ ഭർത്താവ്.
ഗുണദോഷജ്ഞത-വി. ഗുണത്തെയും ദോഷത്തെയും അറിയുന്ന.
ഗുണദോഷം-പ. നന്മയും തിന്മയും ഉ. ഖണ്ഡനമണ്ഡനം.
ഗുണദോഷവിചാരം-നന്മതിന്മകളെ കുറിച്ചുള്ള വിചാരം.
ഗുണൻ-കയ്യോപുകാരൻ.
ഗുണനം-പ. പെരുക്കം. ഉ. ഓരോന്നായി പറയുക.
ഗുണനിക-ആട്ടം, ഉ. വീണ്ടും പാക
ഗുണനിധി-വി. ഗുണത്തിന്റെ ഇരിപ്പിടമായ.

ഗണനീയ-വി. കണക്കുകൊണ്ടു പെരു
മ കേണ്ടുന്ന.
ഗണനീയൻ-അഭ്യസിക്കുന്നവൻ.
ഗണനീയം-അഭ്യാസം.
ഗണപാഠം - വൈദ്യശാസ്ത്രത്തിൽ ഒരു
ഭാഗം.
ഗണബന്ധനം-വി. ഗണത്തോടുചേർന്ന.
ഗുണം-പ്ര. നന്മ ര. സ്വഭാവം. ന.
തന്തുക്കൾ. ബാണത്തെ തന്നിൽ ചേർത്തു
വിടുന്നതെന്നർത്ഥം. ഭ. വലച്ചരട്. ഇ.
കയർ. പിടിച്ചുവലിക്കുന്നതെന്നർത്ഥം.
ന. സന്ധി മുതലായതു്. ഏ. വൈദ്യശാ
സ്ത്രപ്രകാരമുള്ള സ്നിഗ്ദ്ധാദിയായ ഒരു ഗു
ണങ്ങൾ.

| | |
|---|---|
| പ ഗുരു | പപ ലഘു |
| ര മന്ദം | പര തീക്ഷ്ണം |
| ന ഹിമം | പന ഉഷ്ണം |
| ഭ സ്നിഗ്ദ്ധം | പഭ രൂക്ഷം |
| ഇ ശ്ലക്ഷ്ണം | പഇ പരുഷം |
| ന സാന്ദ്രം | പന ദ്രവം |
| ഏ മൃദു | പഏ കഠിനം |
| വ സ്ഥിരം | പവ സരം |
| ൻ സൂക്ഷ്മം | പൻ സ്ഥൂലം |
| പഠ വിശദം | രഠ വിശ്ലഥം |

(ഗുരു > <ലഘു. ഇത്യാദി എല്ലാം
വിപരീതം.)
വ. രസം. ൻ. തർക്കശാസ്ത്രപ്രകാരമുള്ള
പഭ ഗുണങ്ങൾ. പഠ. ജ്യോതിശ്ശാസ്ത്ര
കാരം കണക്കിന്റെ പെരുക്കം. പപ.
ദ്രവ്യത്തെ ആശ്രയിച്ചിരിക്കുന്ന രൂപാ
സംസ്ഥാനികം. പര. സങ്കോചപ്രസാ
രണങ്ങൾ, പന മുമ്പായ്മ പിമ്പാ
യ്മ മുതലായ ഗുണങ്ങൾ. പഭ. വ്യാക
രണത്തിൽ ഒരു സംജ്ഞ.
ഗുണം, ഗുണനം-കണക്കുശാസ്ത്രത്തിൽ
പെരുക്കുക, പെരുക്കുക.
ഗുണലയിക-ക്ലോരം.
ഗുണവൽ-വി. ഗുണമുള്ള.
ഗുണവൃക്ഷകം-പായ്ക്കരം. കയറുകൊണ്ടു
കെട്ടപ്പെട്ട ചെറിയ വൃക്ഷം എന്നർത്ഥം.
മറ്റൊരു ചായ്പ്പായം-രൂപകം. തോണി
കെട്ടുന്ന കുറ്റിയുടെ പേർ എന്നുമർത്ഥം.
ഗുണശാലി-വി. ഗുണമുള്ള, നന്മയുള്ള.
ഗുണാ-പ്ര. കരിങ്കുരുക്ക ര. മാംസരോ
ഹിണി.
ഗുണാധികാരം-അധികഗുണം.
ഗുണാധിക്യം-അധിക ഗുണം.
ഗുണാംബരാദി-ഗുണങ്ങൾക്കും ഇഴിപ്പി
ടം വളരെ ഗുണമുള്ള എന്നർത്ഥം.
ഗുണി-വി. നന്മയുള്ള.
ഗുണി (കാരി)=ഗുണവാൻ.
ഗുണിക-ചിക്കം, തീത്.
ഗുണിക്കുക-പെരുക്കുക.
ഗുണിത-വി. പെരുക്കപ്പെട്ട.
ഗുണോൽക്കർഷി-വി ഗുണാധികൃതമുള്ള.
ഗുണോൽകൃഷ്ട-വി ഗുണാധികൃതമുള്ള.
ഗുണ്ടിടുക-സമയ സംബന്ധമായി വെടി
വെക്കുക.
[ഖണ്ഡത്തിൽ മുതലായി പാശ്ചാത്യരാ
ജ്യങ്ങളിലും അംഗലേയർ മരിച്ചുവന്ന
ദേഹസംബന്ധത്തിലേ ചില പ്രധാന ന
ഗരങ്ങളിലും പകൽ പ-മണിക്കു മീര
കിരവടി ചൊട്ടിക്കുക എന്നുള്ള ഏർപ്പാടു
ണ്ടു്, അതിന്റെ പേർ, മലയാളപഞ്ചാം
ഗപ്രകാരം മേ തീയതി തുടങ്ങിക്കുന്ന
ദിനകാരാഭ്യത്തിലാണ്. അംഗലേ
യരുടെ തീയതി തുടങ്ങിക്കുന്നതു് അല്പ
മാത്രം തൊട്ടുകൊണ്ടു. തീയതിയുടെ മ
ദ്ധ്യസമയം അറിവാനായിട്ടാണ് അ
വർ മദ്ധ്യാഹ്നത്തിൽ ഗുണ്ടിടുന്നതു്.
ഗുണ്ഡ(ണ്ഡ)നം-പ ഒളിപ്പു്. ര. മൂടി
വെയ്ക്കുക, മറച്ചുവെയ്ക്കുക ന. പൂശുക,
പൂടുക. ഉ-ം 'സ്നേഹഗുണ്ഡനം'
ഗുണ്ഡിത-വി. മൂടപ്പെട്ട, മറിക്കപ്പെട്ട.

ഗ്രന്ഥകം-പൊടി.

ഗ്രന്ഥാലാ-ഒരു വൃക്ഷം.

[രക്തത്തിലുണ്ടാകുന്ന. വളരെ വേഗകോപം. വീക്കം, ക്രിമി, വ്രണം ഇവയ്ക്കു നന്ന്]

ഗ്രന്ഥാസിനി-ഒരുവക പുല്ല്.

[ഇല പരന്നിരിക്കും, ജലത്തിലുണ്ടാകുന്നു. പിത്തം, വ്രണം, ശ്രമം, ചുട്ട നീറൽ ഇവയ്ക്കു നന്ന്. പാമ്പുകടിക്കു വിഷം നശമുണ്ടാകുന്നതാണ്].

ഗ്രന്ഥിത-വി. പ. പൊടിക്കപ്പെട്ട. ചുറപ്പെട്ട.

ഗ്രന്ഥിത-പൊടിക്കപ്പെട്ട രൂപാടിയും മറവും പിരണ്ട സ്വഭാവം മാഞ്ഞുകിടക്കുന്ന എന്നർത്ഥം ഗ്രന്ഥിതം എന്നുമാകാം.

ഗ്രന്ഥ്യൻ-ഗ്രന്ഥവാൻ.

'ഗ്രന്ഥ്യന്മാരായ് ഗുരുവിനയരായ്'

(മയൂരസന്ദേശം)

ഗ്രന്ഥം-കാട്ടുകോതമ്പ്.

ഗ്രന്ഥം-നല ഇഴയുള്ള മുത്തുമാല (ഗ്രന്ഥം എന്നുമാകാം) ചുറുമന്നത് എന്നർത്ഥം.

ഗ്രന്ഥാല്യം-ഇരുപത്തുനാലിഴയുള്ള മുത്തുമാല. (ഗ്രന്ഥാല്യം എന്നുമാവാം)

ഗ്രന്ഥകീലം-അൾസ്സ്.

ഗ്രന്ഥഗ്രഹം-മലത്തിന്റെ തടവ്.

ഗ്രന്ഥിഭാരം-ഒരു മീനം.

ഗ്രന്ഥി-മലബന്ധം. മലത്തെ വിടുന്നത് എന്നർത്ഥം. മറവുപയ്യായങ്ങൾ-അപാനം, പായു.

ഗ്രന്ഥിരോഗം-ഒരു രോഗം.

ഗ്രന്ഥിവ്യധരണം-ചേന.

ഗ്രന്ഥിശൂകരം-അൾസ്സ്.

ഗ്രന്ഥിധര-വി. രക്ഷിക്കുന്ന

ഗ്രന്ഥ-പ. കഴിമുതങ്ങ, നംഗമുതങ്ങ ജലത്തോടുള്ളുണ്ടാകുന്നത് എന്നർത്ഥം. ന. ഞാഴൽ.

ഗ്രന്ഥം-അമ. ആടിക്കളിക്കുന്നത് എന്നർത്ഥം. അംഗപ്പൊട്ടൽ, പേക്കരിയ് ഇങ്ങിനെയും ഭാഷ കാണുന്നു

ഗ്രന്ഥം, ഗ്രല്ഭം-പ. ഒരു മീനം.

[അപഥ്യങ്ങളായവയെ ഭക്ഷിക്കുകകൊണ്ടും അഗ്നി ബലത്തെ കവിഞ്ഞുള്ള ഭക്ഷണനിമിത്തവും ശരീരബലത്തിനനുസരിക്കാത്ത കർമ്മം മൂലവും വാതം മുതലായ ദോഷങ്ങളും അധികം ദുഷിച്ച് ഉദരാന്തർഭാഗത്തിൽ ഗ്രന്ഥിരൂപമായ ഗ്രന്ഥത്തെ ഉണ്ടാക്കുന്നു. ഇതു് അഞ്ചുവിധം. അതിനു രണ്ടു പാൾപ്പദേശങ്ങളും, ഹൃദയം, നാഭി, വസ്തി ഇങ്ങിനെ അഞ്ചു സ്ഥാനങ്ങളും ഉണ്ട്].

പ. കൂടുതൽ. ന. സേനാമുഖം ർ. പുൽക്കൂട്ടം.

ഗ്രന്ഥി-വി. ഗ്രന്ഥമുള്ള.

ഗ്രന്ഥിനി-വള്ളിക്കടിൽ (പടർന്നുപിടിച്ച വള്ളി).

ഗ്രപ്ത-വി. പ. ഒളിക്കപ്പെട്ട. പ. രക്ഷിക്കപ്പെട്ട.

ഗ്രപ്തകർ-രക്ഷിതാവു്, സൂക്ഷിക്കുന്നവൻ.

ഗ്രപ്തൻ-വൈശ്യരുടെ പേരോടുകൂടി സാധാരണ ചേർക്കാറുള്ള ഒരു പ്രത്യയം.

ഗ്രപ്ത്യാ-നായ്ക്കൊരണ.

ഗ്രപ്തി-പ. മറവു് പ. രക്ഷണം. ന. ഒളിപ്പിടം. ർ നിലവര ൪ കാരാഗൃഹം മുതലായതു്.

ഗ്രഹനം-മുളക്.

ഗ്രഹനം-പ. ഉള്ളടക്കം പ. കോപ്പു്. ന. കഥാബന്ധം.

ഗ്രഹം-പ. പദബന്ധം, കാലിന്റെ നരിയാണി പ. വിസ്താരലക്ഷണം

ഗ്രഹിത-വി. പ. കോൾക്കപ്പെട്ട. പ. കെട്ടപ്പെട്ട.

ഗുരുസ്ഥാൻ, ഗുരുസ്ഥാവു്, ഗുരുസ്ഥാ-എഴുത്തുകാരൻ, എഴുത്തുജോലിയോടുകൂടിയ കാര്യസ്ഥൻ. (പെർഷ്യൻഭാഷ).

ഗുരുഗുരു-ശബ്ദവിശേഷം.

'ഗുരുഗുരുയെഴുമാവിയുമേമിച്ചു'

(കുമാരസംഭവം)

ഗുരുനം-ക്ര. ഒരിമ്പാട്ട്, മദ്ദ്യമം, മാങ്ങൽ, മേരുമദ്ധ്യമനം. (ഗോരണം എന്നും പാഠം കാണുന്നു) ഉ. ജാഗ്രത.

ഗുരു-വി. ക്ര. കനമുള്ള. ഉ. ദഹിക്കാത്ത.

ഗുരു-ക്ര. അച്ഛൻ. ഉ. പിതാവു്

[ആരാണോ തന്നെ വിധിച്ചവണ്ണം തന്റെ ശരീരത്തിനും മുതലായ കർമ്മങ്ങളെ ചെയ്യുകയും ചോറുതന്നു വളർത്തുകയും ചെയ്യുന്നു അദ്ദേഹമത്രേ ഗുരു. ഇതു് അച്ഛൻ തന്നെ എന്നു സ്പഷ്ടം].

ന. വ്യാഴം. ര. ശരീരം. ഭ. ഭീഷ്മക്ഷേത്രങ്ങളിൽ ക്ഷേത്രക്ഷരങ്ങളിൽ ഒന്നു. ന്യ. നായികയുടെ ഒരു. ഒ ഒൻപതാംരാശി.

ഗുരുകാം-വി. ക്ര. അല്പം ഘനമുള്ള. ഉ. (മാത്രയിൽ) ദീർഘമുള്ള.

ഗുരുകാര്യം-സാരമുള്ള കാര്യം

ഗുരുക്കൾ-ഒരു കുടുക്ക്.

ഗുരുജനം-ക്ര. ബഹുമാനപൂർവ്വം ഗുരുവിനെ നിർദ്ദേശിച്ചു പറയുന്ന വാക്ക്. ഉ. ഗുരുക്കന്മാരുടെ കൂട്ടം.

ഗുരുതല്പഗൻ-ഗുരുദോഹി.

ഗുരുതമ-വി. ഏറ്റവും മുഖ്യമായ.

ഗുരുതമൻ-ക്ര. വിശിഷ്ടഗുരു. ഉ. വിഷ്ണു.

ഗുരുതാ-ക്ര ദുർഭരത്വം.

'അംഭോജ്യസംഭവനുമെന്നിതുമോർത്തുകൊണ്ടു
മൂഢനടക്കുന്നതും'

(അജ്ഞാതകർത്തൃകം)

ഉ. പ്രയാസം. ന. പ്രബന്ധം, വലിപ്പം. ര. ബഹുമാനം. ഭ. ഭാരക്കൂടുതൽ. ന്യ. ഗുരുസമ്മതം, ഒ. പ്രധാന്യം.

ഗുരുത്വ-ക്ര. കനം, വലിപ്പം (പ്രയാസം) ഉ. ദഹിക്കാത്ത സ്ഥിതി.

ഗുരുദക്ഷിണ-ഗുരുവിനു കൊടുക്കുന്ന ദക്ഷിണ.

[വസ്ത്രമോ പണമോ പശുവോ കുതിരയോ കുടയോ ചെരുപ്പോ ധാന്യമോ വസ്തുക്കളോ ശുക്രമോ ഗുരു ഇഷ്ടപ്പെടുന്നതു കൊണ്ടുവന്നു കൊടുക്കണമെന്നു ദേവീഭാഗവതപുരാണം നാലാം അദ്ധ്യായത്തിൽ പറയുന്നു].

ഗുരുനാഥൻ-ആശാൻ.

ഗുരുപത്നി-ഗുരുവിന്റെ ഭാര്യ

ഗുരുപാരമ്പര്യം-ഗുരുക്കന്മാർപണ്ടുപണ്ടേ ചെയ്തുവന്ന മുറ.

ഗുരുപുഷ്പികാ-കോല്പൂവി.

ഗുരുഭാര്യ-ഗുരുവിന്റെ ഭാര്യ.

ഗുരുഭൃത്തൻ-ആശാൻ.

ഗുരുമണി-പുഷ്യരാഗം.

ഗുരുരത്നം-ശ്രേഷ്ഠരത്നം.

ഗുരുലഘുത്വം-വലുപ്പച്ചെറുപ്പം.

ഗുരുവാരം-വ്യാഴം.

ഗുരുശുശ്രൂഷ-ഗുരുവിനെ ഇഷ്ടംപോലെ ചെയ്യൽ.

ഗുരുശുശ്രൂഷാചതുഷ്ടയം-ആയുസ്സും, അറിവും, സ്ഥാനവും, സന്തോഷവും ഇവ തരുന്നതു്.

ഗുരുസാദ(ക)നം ഇരുമ്പുരുക്കം.

ഗുരുഹാ-ക്ര ഗുരുവിനെ കൊന്നവൻ. ഉ. ഒരു കുടുക്ക്.

ഗുർജ്ജരം-ഗുജറാത്തുദേശം. Gujarat.

ഗുർവ്വി-ശബ്ദമുള്ളവൾ. വലുതുകൊണ്ടു് അർത്ഥം ശബ്ദങ്ങളുടെ കൂടിയവൾ എന്നർത്ഥം

ഗുർവ്വി-ക്ര ശബ്ദമുള്ളവൾ. ഉ. ഗുരുത്വമുള്ളവൾ. ന. കനമുള്ളവൾ.

ഗുല്ഗുലു-ഒരു മരം. (ഗുഗ്ഗുലു എന്ന പാഠം നോക്കുക).

[മലയാളികൾ ഗുല്ഗുലു എന്നും പാഠഭേദികൾ ഗുഗ്ഗുലു എന്നും പറയുന്നു

ഗ്ലഹ്ഗ്ലു എന്ന പദം പാരമേശിക പുസ്തകങ്ങളിൽ കാണുന്നുമില്ല. ഇതു ഒരു മരമാണ്. വാതകഫരോഗങ്ങൾ, വസ്തി, വ്രണം, വാതോദരം, മേദോരോഗം, പ്രമേഹം, പ്ലീഹോദരം, കൃമി, കുഷ്ഠം, അർശ്സ്, ശോഫം, ഭ്രമബാധ ഇവയെ ശമിപ്പിക്കും. ഇതു രസായനോത്തമമാണ്. വസ്ത്രസ്പർശരഹിതമാകുന്നു.

ഗ്ലഹ്ഫം-കാലിന്റെ നരിയാണി, പുറവടി. തച്ചുപൊട്ടുന്നതിൽനിന്നു രക്ഷിക്കപ്പെട്ടുന്നതു്.

ഗ്ലഹ്മം-പ. സേനാവിഭാഗം. (അക്ഷൗഹിണി എന്നതു നോക്കുക). രക്ഷിക്കപ്പെട്ടുന്നതെന്നർത്ഥം. ഉ. ഒരു രോഗം. ന. കൂനത്വം, വേദനം കൊണ്ടുകളും മാത്രമുള്ളതും തടിമരമില്ലാത്തതുമായ ചെടി. മരം. ര. ഗ്രന്ഥം. ഇ. പുല്ലുട്ട.

ഗ്ലഹ്മമൂലം-ഇഞ്ചി.

ഗ്ലഹ്മി-നെല്ലി.

ഗ്ലഹ്മിനി-ഇലകളും മുള്ളികളും ഉള്ളതായ വള്ളി.

ഗ്ലൗകം-കവുങ്ങുമരം. മലശോധനയുണ്ടാക്കുന്നതു് എന്നർത്ഥം. (ഗ്ലൗകോ എന്നും പാഠം കാണുന്നു).

ഗ്ലൗ-പ. പർവ്വതത്തിന്റെ ചേരും പയ്യും യങ്ങും-ദേവഭവനം. ഭൂമി (ഭൂമി) ഗൃഹ, ഗൃഹപതി.

[ആരണ്യാക്കിയതെന്നറിഞ്ഞുകൂടാതെയും, മനുഷ്യരാ മൃഗമോ മുനി കിയതോ മലം മൂത്രമായതോ എന്ന സംശയമുള്ളവനും, പുരാതനവും ദീർഘചിന്തവുമായും ഇരിക്കുന്നതെന്തു ഗൃഹം].

ഉ. മൂർഖ. ന. ഓർമ്മ.

ഗൃഹൻ-പ. സ്വന്തമെന്നുള്ള. ശത്രുക്കളിൽനിന്നു തന്റെ രഹസ്യങ്ങളെ മറയ്ക്കുന്നവൻ എന്നർത്ഥം. ഉ. രാമായണത്തിൽ പറയുന്ന ഒരു മുക്കുവൻ, രാമഭക്തനായ ശൃംഗിവേരരാജാവു്. ഉ. വിഷ്ണു.

ഗൃഹം-കുതിര

ഗൃഹാ-മൂടിയ തൻതം പ്രാവേയത്തെ മറച്ചുവയ്ക്കുന്നതു് എന്നർത്ഥം.

ഗൃഹാരുഢം-പ. സിംഹം. ഉ. വരിയുലി. ന. കരടി. ര. കടുവ. ഇ. എലി.

ഗൃഹ്യകർ-മണിഭദ്രൻ മുതലായ നിധിപാലകന്മാർ. കുബേരന്റെ നിധികളെ രക്ഷിക്കുന്നവർ എന്നർത്ഥം.

[ഗൃഹ്യകന്മാർ പ്രായേണ കുത്സിതമായിട്ടു സംസാരിക്കുന്നവരാകുന്നു].

ഗൃഹ്യകേശ്വരൻ-കുബേരൻ.

ഗൃഹ്യവചനം-അരയാൽ.

ഗൃഹ്യപ്രദേശം-രഹസ്യസ്ഥലം.

ഗൃഹ്യം-വി. രഹസ്യമായ.

ഗൃഹ്യം-പ സ്വകാര്യമായിട്ടുള്ളതു്. ഉ. ലിംഗം. ന. യോനി. ഒളിച്ചുവയ്ക്കുന്നതു് എന്നർത്ഥം. ര. ആധ.

ഗൃഹ്യോപദേശം-രഹസ്യമായിട്ടുള്ള ഉപദേശം.

ഗൃളഫലം-ഉകമരം.

ഗൃളി(ഡി)-ശർക്കര.

ഗൃളിന്നം-ശർക്കരപ്പായസം.

ഗൃളിബം-പനിനീർച്ചെടി.

ഗൃളിബപുഷ്പം-പനിനീർപൂവു്.

ഗൃളിത്തൈലം-ഒരുമാതിരി കഴയു്.

ഗൃളിവു-പനിനീർ, പനിനീർച്ചെടി. (റോസ്സ്യൻഡാക്ട)

ഗൃളിക-അരച്ചുതേടിയുണക്കിയ മരുന്നു.

ഗൃളികൻ-നയഗ്രഹങ്ങളുടെ കൂട്ടത്തിലുള്ള ഒരു സത്വം.

ഗൃളികവേളാ-ഓരോ ദിവസത്തിലും യാതൊരു വേലയും ആരംഭിക്കാൻ പാടില്ലാത്ത അശുഭകരമായുള്ള ഏതാനും കാലഭാഗങ്ങളിൽ ഒന്നായുള്ള.

['കചികവേലം' എന്ന സംസ്കൃതപദമാണ മലയാളത്തിൽ 'ഗ്രന്ഥികവേല' യായിത്തീർന്നത്].

ഗ്രന്ഥികാസ്ഥി-വെടിയുപ്പ.

ഗ്രന്ഥിഗ്രന്ഥി-പഴങ്ങരംമുതലായ മലത്തിൽ വീഴുന്ന ശബ്ദം.

'മലം നന്നായി ഗ്രന്ഥിഗ്രന്ഥിശബ്ദവും'
(പഞ്ചതന്ത്രം)

ഗ്രന്ഥിപ്പം-പുരക്കെട്ട്.

ഗ്രന്ഥിചി-ചിറകുള്ളത്. രക്ഷിക്കുന്നത് എന്നർത്ഥം. (ഗ്രന്ഥിചി എന്നുമാവാം).

## ഗ്ര

ഗ്രഥ-വി. ഒളിക്കപ്പെട്ട, മറയ്ക്കപ്പെട്ട, രഹസ്യമായുള്ള.

ഗ്രഥകർമ്മം-രഹസ്യമായുള്ള പ്രവൃത്തി.

ഗ്രഥകാമി-കാക്ക.

ഗ്രഥജൻ-ഭർത്താവു ദൂരസ്ഥനോ മറ്റൊരാളായിരിക്കുമ്പോൾ മറ്റൊരു പുരുഷനുമായി രഹസ്യസംസർഗ്ഗം കൊണ്ട സമ്പാദിച്ച പുത്രൻ.

ഗ്രഥനീഡം-കരിങ്കുരികിൽ.

ഗ്രഥപത്രം-അഴിഞ്ഞിൽ.

ഗ്രഥപാദു-ക്ര. പാമ്പ്. മറ്റുള്ളവർക്ക് തിരിച്ചറിയുന്നതിനു മുദ്രകളില്ലാത്ത പാദങ്ങളുള്ളതു് എന്നർത്ഥം.

[സർപ്പങ്ങൾക്ക വളരെ പാദങ്ങളുണ്ടെന്നു കേൾവിയുണ്ട്. പക്ഷേ അവയെ കാണാൻ കഴിയുന്നില്ല.]

ഉ. ആമ.

ഗ്രഥപാദീശൻ-ശേഷൻ.

'ഗ്രഥപാദീശാംശജൻ'
(അഭ്യുദയകാവ്യം)

ഗ്രഥപുരുഷൻ-ഒറ്റുകാരൻ, സ്വകാര്യമായി കാര്യങ്ങൾ ഗ്രഹിക്കുന്നതിനു അയക്കപ്പെട്ടവൻ, ചാരപുരുഷൻ.

ഗ്രഥഭോജനം-കതിർ.

ഗ്രഥം-ഒളിച്ചുവെച്ചതു്. ഗ്രഹണം ചെയ്യപ്പെട്ടതു് എന്നർത്ഥം മറ്റൊരു പദ്യത്തോടും ഗ്രഹിക്കുന്നു.

ഗ്രഥമന്ത്രം-ക്ര. രഹസ്യമന്ത്രം കൂടിവിചാരം. ഉ. വശീകരണം.

ഗ്രഥമാർഗ്ഗം-ഇടവഴി.

ഗ്രഥമൈഥുനം-കാക്ക.

ഗ്രഥവച്ചു്-രഹസ്യം.

ഗ്രഥസ്ഥൻ-ആത്മാവു്.

ഗ്രഥാംഗം-ആമ.

ഗ്രഥാസ്ത്രി-പാമ്പു.

ഗ്രഥം-മലം. ശബ്ദത്തോടുകൂടിയതെന്നർത്ഥം.

ഗ്രന-വി ഒഴിയപ്പെട്ട.

ഗ്രനം-മലവിസർജ്ജനംചെയ്തതു്.

ഗ്രവാകം-കവുങ്ങു് (ഗ്രവാക്കം എന്നതിന്റെ പാഠം).

'ഗ്രവാകോപിച ഗ്രവാകഃ'
(രാജപാലവചനം)

ഗ്രഷ്ണാ-മയിൽ വാലിലെ കണ്ണു്

ഗ്രഥനം-ഒളിപ്പു്.

ഗ്രഹിക്കുക-ഒളിക്കുക, മറയ്ക്കുക.

ഗ്രഹിത-വി. ഒളിക്കപ്പെട്ട.

## ഗൃ

ഗൃഞ്ജനാ-ക്ര. ഈരൊള്ളി. അരക്കുമുതലായതു പറ്റിപ്പിടിപ്പിച്ചതെന്നർത്ഥം. ഉ. ചക്കുമുള്ളകി മുതലായവ.

ഗൃസദൻ-കരിങ്കൽ ഉരച്ചതിനുശേഷം ചിലശിൽപങ്ങളുടെ കത്തി വു്.

ഗൃധ്നു-വി ആഗ്രഹമുള്ള, ആശയുള്ള, ലുബ്ധുള്ള

ഗൃധ്നുത-ആഗ്രഹം.

ഗൃധ്രം-കഴുക് (ഴു്)എന്ന പക്ഷി മാംസത്തിൽ അത്യാഗ്രഹമുള്ളതെന്നർത്ഥം.

ഗൃധ്രസി-ഒരു വാതരോഗം.

[വായു തുടയുടെ മേൽഭാഗത്തിലേപിൻ ഭാഗം തുടങ്ങീട്ട് അര, പൃഷ്ഠം, തുട മുട്ട്, കണങ്കാൽ, കാൽച്ചുവട് ഇവയെ ക്രമേണ സ്തംഭനത്തോടും കഠിനവേദനയോടും കൂടി പിടിച്ചുവലിക്കും. ഇതു രണ്ടു വിധമുണ്ട്. മടിയും ശൈത്യവും അതു ചിയും കാണും].

ഗൃഷ്ടി-സ്ത്രീ. ഒരുപ്രാവശ്യം പശു, പശു മുതലായവ പന്നി. (വൃഷ്ടിയുടെ പാഠാന്തരം). നാ. നിലപ്പന, പന്നിക്കിഴങ്ങ്. ര. കുമിഴ്. ഭ. ലന്തമരം.

ഗൃഷ്ടികാ-സ്ത്രീ. പന്നിക്കിഴങ്ങ്. പു. ലന്തമരം. നാ. കുമിഴ്.

ഗൃഹകപോതം-വളർത്തുന്ന പ്രാവ്.

ഗൃഹകുക്കുടം-നാട്ടുകോഴി.

ഗൃഹകൃത്യം-വീട്ടുവേല.

ഗൃഹഗോധിക-ശൈത്യമുള്ള, പല്ലി (ഗൃഹത്തിലെ ഉടമ്പ്, ഉടമ്പിന്റെ സാദൃശ്യമുള്ള ജന്തു)

[പല്ലി കടിച്ചാൽ പൂടം നീരും കുത്തിനോവും വിയർപ്പുമുണ്ടാകും].

ഗൃഹഗോലിക-പല്ലി.

ഗൃഹഗോളിക-പല്ലി.

ഗൃഹഗോധിക-കോടി.

ഗൃഹദേവി-ജരം എന്ന രാക്ഷസി മഗധരാജ്യമായ ജയദ്രഥന്റെ രഥത്തിൽ പാഞ്ഞുവന്നു. മനുഷ്യഗൃഹങ്ങളിൽ താമസിക്കയാണ് ഇവളുടെ പതിവ്. മനുവനാശത്തിനുവേണ്ടി പിതാമഹൻ സൃഷ്ടിച്ചു. ഭയഭക്തിയുക്തരായ പുത്രരെ കൂടാതെ ഇവളെ ഭക്തന്മാർ മുഖരിൽ വരച്ചാൽ അവരുടെ ഗൃഹങ്ങളിൽ വൃദ്ധിയും അല്ലാത്ത വീടുകളിൽ ക്ഷയവും നേരിടും. (ജര എന്ന പദം നോക്കുക)

ഗൃഹനീഡം-ഉരുക്കുരികിൽ എന്നപക്ഷി.

ഗൃഹപതി-പു. ഭവനത്തിന്റെ ഉടയവൻ. പു. അഗ്നിദേവൻ. നാ. ഗൃഹസ്ഥൻ. ര. യാഗംചെയ്തവൻ.

ഗൃഹപ്രവേശം-പു. കുടിവെയ്ക്കുക. പു. പുതിയ വീടുണ്ടാക്കി അതിൽ നന്നാമതായി കടക്കുക.

ഗൃഹം-ഭവനം പത്ന്യേയങ്ങം-ഗൃഹം, ശേഖം, ഉദവസിതം, വേശ്മ, സദ്മ, നികേതനം, നിശാന്തം, വസ്ത്യം, സദനം, ഭവനം, അഗാരം, മന്ദിരം, ധിഷ്ണ്യം, ഓകസ്സ്, നിവസനം, സ്ഥാനം, വാസ്തു, നിവേശനം, ശരണം, ധാമ, സംസ്ത്യായം, നിവാസം, ആവസഥം, ക്ഷയം, വാസതേയി, സദേ, പല്ലി, വസതി, ക്ഷേമം, നികായ്യം, നിലയം, ആലയം, വാസം, കുടി, ശാല. സകലരാലും സ്വീകരിക്കപ്പെടുന്നതെന്നു 'ഗൃഹ'ത്തിന്റെ അർത്ഥം. സമ്പാദിക്കുന്ന ധനം അശേഷവും ഗ്രഹിക്കുന്നതെന്നതുകൊണ്ടു പു. ഇല്ലം. നാ. മനം. ര. മഠം. ഭ. കോയിക്കൽ ന്യ. കോവിലകം. ഭ. കൊട്ടാരം. വ്യു. ഭാര്യ. ധാന്യം മുതലായവയെ എടുത്തു സൂക്ഷിക്കുന്നവൻ എന്നർത്ഥം ൻ. കല്പങ്ങളിൽ ഒരു ഭാഗം ജനനംമുതൽ മരണംവരെയുള്ള സംസ്കാരാദികളെ വർണ്ണിക്കുന്നതു്.

[വീട്, ഇല്ലം, മന, മഠം, കോയിക്കൽ, കോവിലകം, കൊട്ടാരം ഇതിലേതാണ് ഒരു പ്രകൃതത്തിൽ ഉപയോഗിക്കേണ്ടതെന്നു നിശ്ചയമില്ലാതെ വന്നാൽ അവിടെ 'ഗൃഹം' എന്ന സംസ്കൃതപദം പ്രയോഗിക്കുക- സാഹിത്യസാഹ്യം] (അടിത്തോൽ എന്നതു നോക്കുക)

ഗൃഹണി-വിളക്ക്.

ഗൃഹമാർജ്ജകം-നരിച്ചീർ.

ഗൃഹമൃഗം-നായ്.

ഗൃഹമേധി-ഗൃഹസ്ഥൻ, വിവാഹം ചെയ്തവൻ.

ഗൃഹയാചു-ഗൃഹണശീലൻ.

ഗൃഹസ്ഥഗുണചതുഷ്ടയം-മാതൃത്വം, പ്രിയവക്തൃത്വം, ധീരത്വം, ഉചിതജ്ഞത ഇവ നാലും.

ഗൃഹസ്ഥൻ- പ. ഭവനത്തിലിരിക്കുന്നവൻ. ഉ. വിവാഹം ചെയ്തവൻ.

ഗൃഹസ്ഥപാഖ്യചതുഷ്ടയം-ശ്രാന്തനായജ്ഞാതി, നിസ്സ്വനായ കലശ്രോത്രിയൻ, പുത്രനില്ലാത്ത സഹോദരൻ, ദരിദ്രനായ സഖാവ്.

ഗൃഹസ്ഥാശ്രമം, ഗൃഹാശ്രമം-ജീവിതകാലത്തിന്റെ രണ്ടാമത്തെ ഭാഗം.

[ഒരു ഭാര്യയേടുക്കുടി ഗൃഹകൃത്യങ്ങൾ ചെയ്യുകയും പഠിപ്പിക്കയും ബലികർമം കഴിക്കയും ദാനങ്ങൾ കൊടുക്കയും ചെയ്യുണ്ടുന്ന കാലം.]

ഗൃഹസ്ഥാനം- ഭവനത്തിന്റെ തൂണ്, പുരയുടെ തൂണ്.

ഗൃഹാക്ഷം-കിളിവാതിൽ.

ഗൃഹാധിപൻ-ഭവനത്തിന്റെ പ്രമാണി

ഗൃഹാങ്കു-കാഞ്ഞി.

ഗൃഹാങ്കണം-കാടി.

ഗൃഹായണി-ഗൃഹസ്ഥൻ.

ഗൃഹാരാമം-അടുക്കളപ്പൂങ്കാവ്, മുന്നരപ്പൂങ്കാവ്.

ഗൃഹാവഗൃഹണി-ചോരപടി. ഗൃഹത്തിന്റെ അതിർത്തിയെ കാണിക്കുന്നതെന്നർത്ഥം.

ഗൃഹാശയ-ഓററിലക്കോടി.

ഗൃഹി-ഗൃഹസ്ഥൻ. ഗൃഹസ്ഥാശ്രമത്തിലിരിക്കുന്നവൻ, ഗൃഹങ്കൽ (ഭാര്യ) ഉള്ളവൻ എന്നർത്ഥം.

ഗൃഹിണി-ഭാര്യ.

ഗൃഹികൻ-ഗൃഹസ്ഥൻ.

ഗൃഹീത-വി. പ. പിടിക്കപ്പെട്ട. ഉ. അറിയപ്പെട്ട.

ഗൃഹീതാവ്-ഗൃഹണശീലമുള്ളവൻ.

ഗൃഹീതൃ-വി. പ. അറിയുന്ന. ഉ. എടുക്കുന്ന.

ഗൃഹ്യ-വി. പ. ഗൃഹിപ്പാൻ തക്ക. ഉ. വീട്ടിനകത്തിരിയുള്ള.

ഗൃഹ്യക-വി. സ്വാതന്ത്ര്യമില്ലാത്ത.

ഗൃഹ്യക്കങ്ങൾ- ഭവനത്തിൽ കളിപ്പാനായും മറവും വളർത്തുന്ന തത്ത കോഴി മുതലായ പക്ഷികളും മാൻ മുതലായ മൃഗങ്ങളും.

ഗൃഹ്യകൻ-അന്യാനധീനൻ, പാരതന്ത്രൻ

ഗൃഹ്യകം-ഗൃഹത്തിൽ വളർത്തപ്പെട്ടത്.

ഗൃഹ്യകർമ്മങ്ങൾ- ഗൃഹസംബന്ധമായ കർമ്മങ്ങൾ.

[സംസ്കാരങ്ങളിൽ പ്രധാനമായിട്ടുള്ള വിവാഹം, ഗർഭകാലത്തെ ക്രിയകൾ, പ്രസവം, അന്നപ്രാശനം (ചോറൂണ്), ചൌളം, വിദ്യാരംഭം, വീടുപണിയിക്കൽ, ശവദാഹക്രിയകൾ, ശ്രാദ്ധം ഇവയൊക്കെയും.]

ഗൃഹ്യാചാരം- ഗൃഹസ്ഥന്മാരുടെ, വീട്ടാചാരം.

---

## ഗെ

ഗെട്ട, ഗഡു തവണ, പ്രാവശ്യം.

—:ഠ:—

## ഗേ

ഗേണ്ഡുകം-പന്ത്. മേൽപ്പോട്ടയക്കുന്ന ചന്ദ്രനെന്നപോലുള്ളതും ശോഭിക്കുന്നതെന്നർത്ഥം. (ഗേന്ദുകം, ഗേണ്ഡുകം, ഗണ്ഡുകം ഇവ പാഠാന്തരങ്ങൾ.) മരാരതേ പന്ത്രണ്ടാം-കന്ദുകം.

ഗേയം-വി. പാടുവാൻ തക്ക.

ഗേഹം-ഭവനം.

ഗേഹാസന്നസ്ഥലം-മതിലകം.

'ഗേഹാസന്നസ്ഥലിയതിലതി
കൈസ്വരമെയ് സഞ്ചരിക്കും'

(മയൂരസന്ദേശം)

ഗേഹി-വി. ഭവനമുള്ള.

ഗേഹിനി-ഭാര്യ.

'ഗേഹിനീ! സമുദോപഗതയാമയുനാ
വിധിനാ'

(ശാകുന്തളം)

ഗോഹന്താരൻ-പീടിൽ മാത്രം ശൌര്യം കാണിക്കുന്നവൻ, സാമർത്ഥ്യമില്ലാത്ത വെറും നാട്ടുക്കാരൻ.

—:o:—

## ഗൈ

ഗൈരം-കാവിമണ്ണ്.

ഗൈരി-മേത്തോന്നി.

ഗൈരികം-പ. കാവിമണ്ണ്. ഉ. സ്വർണ്ണം. ഗിരിയിങ്കൽ ഭവിച്ചതെന്നർത്ഥം.

[പൊന്ന്, വെള്ളി, ചെമ്പ്, മനോശില, കാവിമണ്ണ്, അഞ്ജനം, കാരിയ്യം, ഇയ്യം, ഇരിമ്പ്, ചായില്യം, ഗന്ധകം, അഭ്രം മുതലായവ പർവ്വതത്തിൽ നിന്നുണ്ടാകുന്ന ധാതുക്കളാകുന്നു.]

ഗൈരേയ-വി. മലയിലുണ്ടായ.

ഗൈരേയം-പ. കല്ലുകം. ഗിരിയിങ്കൽ ഭവിച്ചതെന്നർത്ഥം. ഉ. കാവിമണ്ണ്.

ഗൈർവ്വാണി-സംസ്കൃതഭാഷ.

## ഗോ

ഗോ-പ. പശു. മേഞ്ഞുനടക്കുന്നതെന്നർത്ഥം. (ശമിക്കുന്നവൻ). ഉ. കാള. ഒടുന്നത് എന്നർത്ഥം. ന. സ്വർഗ്ഗം. ര. ശരം. ള. വാക്ക്. ന്യ. വജ്രം. ഴ. ദിക്ക്. വ്യ. നേത്രം. ൻ. രശ്മി. ഫാ. ഭൂമി. ഫഫ. ജലം.

'സ്വർഗ്ഗേഷുപശുവാംഗോജ
മിങ്ങ് നേത്രാഹ്വയണിഭൂജലേ'

(അമരം)

ഫമ. യാഗഭേദം (പശുമേധയാഗം). ഫന. രോമം. ഫര. സരസ്വതി. ഫള. ഇടിവാൾ. ഫന്യ. അമ്മ. ഫഴ. ആദിത്യൻ. ഫവ്യ. ചന്ദ്രൻ.

ഗോകണ്ടകം-കരിങ്ങാലി. ഭൂമി പശു ഇവയ്ക്കുപദ്രവത്തെ ചെയ്യുന്നതെന്നർത്ഥം.

ഗോകർണ്ണം-പ. സർപ്പം. കണ്ണും ചെവിയും ഒന്നായത്. ഉ. ഒരു ദിക്കിന്റെ പേർ. മലയാളത്തിന്റെ വടക്കേഅതിര്. ന. ഒരു പുണ്യക്ഷേത്രം. ര. പെരുച്ചെവിമാൻ. പശുവിന്റെ ചെവി പോലെയുള്ള ചെവിയുള്ളതെന്നർത്ഥം. സുകുമാരകുശം എന്നും പക്ഷമുണ്ട്. ള. മേൽതിരുവിരലും പെരുവിരലും കൂടിയ ചാൺ. പശുച്ചെവിക്ക തുല്യമായതെന്നർത്ഥം. ന്യ. പശുവിന്റെ ചെവി. ഴ. പായ്. വ്യ. വെട്ടിക്കുതിര.

ഗോകർണ്ണി-പെരുംകുമ്പ. പശുച്ചെവിയോട് സദൃശമായ ഇലകളുള്ളതെന്നർത്ഥം

ഗോകിലം, ഗോകീലം-പ കലപ്പ. ഉ. ഉലക്ക.

ഗോകുലം-പ. പശുക്കൂട്ടം. ഉ. തൊഴുത്ത്.

ഗോകുലാഷ്ടമി-കൃഷ്ണാഷ്ടമി (അഷ്ടമിരോഹിണി).

ഗോകൃതം-ചാണകം.

ഗോക്ഷീരം-പശുവിൻപാൽ.

ഗോക്ഷുരം, ഗോക്ഷുരകം-ഞെരിഞ്ഞിൽ. ഭൂമിയിൽ ക്ഷുരസദൃശമായുള്ളതെന്നർത്ഥം.

ഗോഖുരം-ഞെരിഞ്ഞിൽ.

ഗോഘൃതം-പ. പശുവിൻനെയ്. ഉ. മഴവെള്ളം.

ഗോഘ്നൻ-പശുവിനെ കൊല്ലുന്നവൻ.

ഗോചരങ്ങളം-പ. വിഷയങ്ങൾ. ഇന്ദ്രിയങ്ങൾ ഇവയിൽ സഞ്ചരിക്കുന്നു എന്നർത്ഥം. ഉ. അറിയുന്നവ.

ഗോചരൻ-കാണപ്പെട്ടവൻ.

ഗോചരം-ഇന്ദ്രിയങ്ങളെക്കൊണ്ടുള്ള അറിവ്, ഇന്ദ്രിയങ്ങളാൽ അറിയാൻ പാടുള്ളത്, വ്യക്തമായത്, വിഷയീഭവിച്ചത്.

ഗോചരീഭവിക്ക-വിഷയമായിത്തീരുക.

ഗോജിഹ്വ-കൊഴുപ്പ. പശുവിന്റെ നാവുപോലെയുള്ള ഇലകളും ഉള്ളതെന്നർത്ഥം.

ഗോനികാ-പതഞ്ജലിയുടെ അമ്മയുടെ പേർ.

ഗോണ്ഡം-മുഴച്ച പൊക്കിൾ, നീണ്ടപൊക്കിൾ.

ഗോണ്ഡാൻ-നീണ്ട പൊക്കിൾ ഉള്ളവൻ.

ഗോത-പശുക്കൂട്ടം.

ഗോതമൻ-മൂഢൻ.

ഗോതുംബ-ചെറിയ കുടുവെള്ളരി. (ചെറിയ കുമ്മട്ടി, പേയ്ക്കുമ്മട്ടി ഇങ്ങിനെയും പറയുന്നുണ്ട്).

ഗോത്രജ-വി. വംശത്തിൽ ജനിച്ച.

ഗോത്രൻ-പ. ഇന്ദ്രൻ. വ. പശുക്കളെ മേയ്ക്കുന്നവൻ

ഗോത്രഭിത്ത്-ദേവേന്ദ്രൻ.

ഗോത്രം-പ. വംശം. പറയപ്പെടുന്നത് എന്നർത്ഥം. വ. പേർ. ഇതുകൊണ്ടു പ്രസിദ്ധപ്പെടുന്നു എന്നർത്ഥം. ന. പർവ്വതം ശോഭിനെ (ഭൂമിയെ) രക്ഷിക്കുന്നതെന്നർത്ഥം. ര. ക്ഷേത്രം. ള. വഴി. ഴ. ജലം, ഘ. ബലം. വ. തൊഴുത്ത്. ൻ. കൂട്ടം.

ഗോത്രാ-പ ഭൂമി. വ. പശുക്കൂട്ടം ന. അയുറ. ര. ഭയം. ള ഓരിലത്താമര.

ഗോത്രാരി-ദേവേന്ദ്രൻ

ഗോദ-വി. പശുവിനെ കൊല്ലുന്ന

ഗോദം-പ തലച്ചോറ്. വ. മൂത്രാശയം

ഗോദാ-ഗോദാവരി എന്ന ആറ്.

ഗോദാരണം-പ കലപ്പ, കരി, ഭൂമിയെ പിളർക്കുന്നതെന്നർത്ഥം വ. ഉമ്പ.

ഗോദാവരി-ഒരാറ്.

[ഇതു മലയടിവാരത്തിൽനിന്നു പുറപ്പെട്ടു കുഴക്കുന്നു വിന്ധ്യന്റെ തെക്കേ ചെരിവിലൂടിയാണ്. ഇതിലെ ജലം വളരെ തണുപ്പും, പിത്തം, കഫം, വിസർപ്പം, രക്തദോഷം തുടങ്ങിയവ തീർക്കുന്നതും, വ്രണം ഇവയ്ക്കു നന്നല്ല. പാപനാശനവും അഗ്നിവർദ്ധകവുമാണ്. തമിഴിൽ-കോതാവരി.

ഗോദ്ധനൻ ഇടയൻ. ഗോപൻ. കറക്കുന്നവൻ എന്നർത്ഥം

'ഗോപോഗോദ്ധനവല്ലവഃ'

(ത്രികാണ്ഡശേഷം)

ഗോദോഹനി-പശുക്കുഴ.

ഗോധ-പ. ഉടുമ്പ്. വ. കൈവരിയും ന. ഞാണടിച്ചു തട്ടി വേദനയുണ്ടാകാതിരിക്കുന്നതിനായി തോൽ മുതലായവകൊണ്ടുണ്ടാക്കി കൈത്തണ്ടിൽ ചുറ്റുന്ന കൈമൂടി. ചുറ്റപ്പെടുന്നതെന്നർത്ഥം മറ്റൊരു പര്യായം-'തലം'.

'ബദ്ധഗോധാംഗുലിത്രുടകത്രൻ.'

(ഭാരതം)

ഗോധാകടി-പ. ചെമന്ന ചെറുപ്പള്ളി. (ഇതു മൂന്നറിയിൽ തെക്കേ ദേശമെന്നും പക്ഷമുണ്ട്) ഉടുമ്പിന്റെ കഴുത്തിനു തുല്യമായ വേരുകൾ ഉള്ളതെന്നർത്ഥം. വ. നിലപ്പന

ഗോധാരാ - ഉടുമ്പിൽകുട്ടി. ഗോധയുടെ (ഉടുമ്പിന്റെ) അപത്യം എന്നർത്ഥം

[ഇതു സപ്തർഷിന്റെ ശേഷിയിൽ ജനിച്ചതായും ഇതിനു 'ചന്ദനഗോധ' എന്നു പേരുള്ളതായും അഭിപ്രായം കാണുന്നു ഭാഷയിൽ 'ഗോധാരപഡ' എന്നു പറയുന്നുണ്ട്. ഈ ഗോധാരപഡയ്ക്ക് കൃഷ്ണസർപ്പത്തിൽനിന്നു ജനിച്ചതും നാലുകാലുള്ളതും കടിച്ചാൽ നിശ്ചയമായും മനുഷ്യർ മരിച്ചുപോകുന്നതുമെന്നു മറ്റൊരഭിപ്രായം ഇത് ഏതൊരു ജന്തുവർഗ്ഗത്തിൽപ്പെട്ടതാണെന്നു തീർച്ചപ്പെടുത്തിയിട്ടില്ല. സംശയം ഉടുമ്പിൻകുട്ടിയാണെന്നുള്ളതും സംശയംതന്നെ ]

ഗോധി-പ. തോറ്റി. വസ്ത്രം മുതലായവകൊണ്ടു ചുറ്റപ്പെടുന്നതെന്നർത്ഥം. മറ്റു

പര്യായങ്ങൾ-അളികം (അളീകം) ലലാടം. ൨ ഉടയ്യ്.

ഗോധിക-നീരുടയ്യ്. ചുററിപ്പിണഞ്ഞു കിടക്കുന്നതെന്നർത്ഥം. മറെറാരു പര്യായം-നിഹാകം

ഗോധികാത്മജം-ഉടുമ്പിൻകുട്ടി. (ഗോധാരം എന്നതു നോക്കുക.)

ഗോധുക്-പശുക്കളെ മേയ്ക്കുന്ന ഗോപൻ (ഇടയൻ). പശുവിനെ കാക്കുന്നവൻ എന്നർത്ഥം.

ഗോധൂമം-പ്ര. കോതമ്പ്. ചുവന്നതു് എന്നർത്ഥം. മറെറാരു പര്യായം-സുമനം. ൨. നാരകം.

ഗോനർദ്ദം-പ്ര. കഴിമുത്തങ്ങ. തമിഴിൽ പെരുമുത്തങ്ങ. ജലത്തെ ശബ്ദിപ്പിക്കുന്നതെന്നർത്ഥം. ൨. കാക്കത്തമ്പുരാൻ.

ഗോനസം-പെരുമ്പാമ്പ്, (സർപ്പവിശേഷം). പശുവിൻമുകളിലേയ്ക്കുള്ള മുക്കോട്ടു കുടിയതെന്നർത്ഥം. (ഗോനാസം എന്നും ഗോനസി എന്നും പാഠം കാണുന്നു).

ഗോപ-വി പശുവിനെ രക്ഷിക്കുന്ന.

ഗോപക-വി പശുവിനെ രക്ഷിക്കുന്ന ഗോപകം-നറുമ്പശ.

ഗോപതി-പ്ര. ശിവൻ. ൨ ആദിത്യൻ.

'ഗോപതിമാത്രയംചെയ്തതുപോലെ'
(അദ്ധ്യാത്മരാമായണം)

൩. രാജാവ്. ൪. കൃഷ്ണൻ. ൫. ഇടയകം ൬ ചന്ദ്രൻ. ൭. കൃഷ്ണൻ. ൮. വരുണൻ. ൯. ഉടയ്യുത്തമവൻ. സേച്ഛയാ സഞ്ചരിക്കുന്നവനുമായ കാള. പശുക്കളുടെ ഒത്താവെന്നർത്ഥം.

ഗോപതിഭ്രഷ്ടൻ-പ്ര ശിവൻ ൨. കൃഷ്ണൻകൊന്ന ഒരസുരൻ.

ഗോപൻ-പ്ര. സച്ഛൂദ്രസ്ത്രീയിലുണ്ടായ ആഭീരജാതിക്കാരുടെ അധികാരി. രക്ഷിക്കുന്നവൻ എന്നർത്ഥം ൨. ഇടയൻ. ൩. രാജാവ്. ൪. രക്ഷിതാവ്. ൫. പശുവിനെ കാക്കുന്നവൻ. ൬ തൊഴുത്തിലേ അറുകറുറങ്ങൾ നോക്കുന്നവൻ.

ഗോപനം-പ്ര രക്ഷണം. ൨. ഒളിപ്പ് ൩ പച്ചില.

ഗോപനീയ-വി. പ്ര. രക്ഷിക്കപ്പെടുവാൻ തക്ക. ൨ ഒളിക്കപ്പെടുവാൻതക്ക.

ഗോപഭദ്രാ-കുമിഴ്.

ഗോപം-നറുംചശ. മലത്തിൽ നിന്നു രക്ഷിക്കുന്നതെന്നർത്ഥം (ഗോസം എന്നും പാഠം)

ഗോപരസം-നറുമ്പശ.

ഗോപവധു-നറുനീണ്ടി.

ഗോപശശം-നറുമ്പശ.

ഗോപസൂത-പ്ര. ഇടച്ചി. ൨. നറുനീണ്ടി

ഗോപാ-നറുനീണ്ടി. (ഗോപി എന്നതിന്റെ പാഠം.)

ഗോപാനം-സൂര്യകിരണങ്ങളാലുള്ള ശോഷണം.

ഗോപാനസി-മുഖപ്പലക, മുവർമേൽ പൂലിമുഖവും മറവും വളയ്ക്കുന്നതിനു വെയ്ക്കുന്ന വളമരം. ഗോപാനത്തെ (സൂര്യകിരണങ്ങളാലുള്ള ശോഷണത്തെ) നാശിപ്പിക്കുന്നതെന്നർത്ഥം.

ഗോപാംഗന-പ്ര. ഇടച്ചി. ൨. നറുനീണ്ടി.

ഗോപായിത-വി. രക്ഷിക്കപ്പെട്ട.

ഗോപാലൻ-പ്ര. ഇടയൻ ൨. ശ്രീകൃഷ്ണൻ. ൩. രാജാവ്.

ഗോപാലിക-പ്ര. ഇടച്ചി. ൨. നറുനീണ്ടി.

ഗോപി-പ്ര. ഇടച്ചി, ഇടയത്തി. ൨. നറുനീണ്ടി. രക്ഷിക്കുന്നതെന്നർത്ഥം (പാഠം-ഗോപ). ൩. ഒരുമാതിരി മണ്ണ്. ൪. നെറ്റിയിലിടുന്ന ഒരുമാതിരി കറി.

ഗോപിക-പ്ര. ഇടച്ചി. ൨. നറുനീണ്ടി.

ഗോപികാം-കൃഷ്ണന്റെ ബാല്യത്തിലെ സഖികളും, ഗോപസ്ത്രീകളും.

ഗോപികക-പ്ര. രക്ഷിക്കുക. ക. മാ
യ്ക്കുക.

ഗോപിചന്ദനം – കറിയിടുന്ന മണ്ണ്, ഗോപി.

ഗോപിതൊടുവിക്കുക-സാധിക്കണമെ
ന്നുള്ള വിചാരത്തോടെ ഒരുമ്പെടുന്ന ഒ
രു കാര്യത്തിനു പെട്ടെന്നു മറ്റൊരുവൻ
വിഘ്നം വരുത്തുക. (ശൈലി).

ഗോപിത്തം-ഗോരോചന.

ഗോപുരം-പ്ര. രാജധാനിയുടേയും ക്ഷേത്ര
ത്തിന്റേയും ചുറവുള്ള മതിലിൽ നാലു
വശത്തും നേരേയുള്ള മാളിക. ക. കോ
ട്ടവാതിൽ. വന്നുചേരുന്നവരെ രക്ഷിക്ക
ന്നത് എന്നത്രേ. മറ്റൊരു പദ്ധതിയം-
പുരശ്ചാരം. ന. കഴിമുഖങ്ങ. ജലം
സ്ഥാനമായിട്ടുള്ളത്, ജലത്താൽ രക്ഷി
ക്കപ്പെടുന്നത് എന്നിങ്ങനെ അർത്ഥം. ര.
വാതിൽ. ഇ. പട്ടണം, നു. മുഞ്ഞ.

[തിരുവനന്തപുരത്തുള്ള ഗോപുരത്തി
ന്റെ പണി കൊല്ലം 1-ൽ ആദിത്യ
വർമ്മ മഹാരാജാവിന്റെ കാലത്ത് ആ
രംഭിച്ചു. മദ്ധ്യാണ്ഡവർമ്മമഹാരാജാവി
ന്റെ കാലത്തു (ൻന്മ-ൻന്മ ഇര
ണ്ടുകളിൽ) അഞ്ചുനിലവരെ തീർന്നി
രുന്നു. ൻ൭൫-ൽ പണി മുഴുവൻ തീർത്തു]

ഗോപ്തൃ-വി. രക്ഷിക്കുന്ന.

ഗോപ്യ-വി. പ്ര രക്ഷിക്കപ്പെടേണ്ടുന്ന.
ക. രഹസ്യമായുള്ള.

ഗോപ്യകൻ-ദാസൻ. അന്യനാൽ രക്ഷി
ക്കപ്പെടുന്നവൻ എന്നർത്ഥം.

ഗോപ്യചതുഷ്ടയം-ശത്രു, ശത്രുത്വം,
അവമാനം, രാജകോപം ഇവ നാലും.

ഗോപ്യൻ-ദാസൻ.

ഗോപ്യാധി-പണയം.

ഗോഭണ്ഡീരം-നീർക്കോഴി.

ഗോളി-കൊഴുപ്പ

ഗോമകം-സീത.

ഗോമയച്ചൂർണ്ണം-ചാണകത്തിലുണ്ടാകുന്ന
ക്രൺ, കുപ്പക്രൺ.

ഗോമയപ്രിയം-പ്ര. ചാണകത്തിലുണ്ടാ
കുന്ന ക്രൺ. ക. പൂതണക്കുപ്പുല്ല്.

ഗോമയം-പ്ര. ചാണകം, ഗോവിൻമൂ
പുരീഷം. ക. ശവ്യം.

ഗോമലം-ചാണകം.

ഗോമൽ-വി. പച്ചവുള്ള.

ഗോമക്ഷിക-കാട്ടീച്ച.

ഗോമാങ്ങ-കോട്ടമാങ്ങ.

ഗോമാൻ-വളരെ പശുക്കൾ ഉള്ളവൻ,
പശുക്കളുടെ ഉടമസ്ഥൻ.

ഗോമായു-കുറുക്കൻ, കുറനരി. വ്യക്ത
മായ ശബ്ദത്തെ പുറപ്പെടുവിക്കുന്നതെ
ന്നർത്ഥം.

ഗോമാവു്-കോട്ടമാവു്.

ഗോമി-പ്ര. കുറുക്കൻ. ക. പശുക്കളുടെ
ഉടമസ്ഥൻ.

ഗോമി-വി. പച്ചവുള്ള.

ഗോമീനം-കൊഴുമീൻ.

ഗോമുഖം-പ്ര. ഒരു വാദ്യം (വാദ്യവിശേ
ഷം). ക. മുഖം.

ഗോമൂത്രം-പശുമൂത്രം.

[എല്ലാ മൂത്രങ്ങളിലും ശ്രേഷ്ഠമാണ്.
അനേക രോഗങ്ങൾക്കു നന്ന്. തമി
ഴിൽ – പശുനീർ. ഇംഗ്ലീഷിൽ-
(Cow's urine) കൗസ് യൂരൈൻ.]

ഗോമൂത്രികാ-ഒരുതരം വലിയ പുല്ല്.

[ഇതു ചതുപ്പുനിലങ്ങളിൽ പശുക്കൾക്കു
പാകത്തിനു അധികമായുണ്ടാകും. ഈ നില
ങ്ങളിലും കറുത്ത മണ്ണുള്ള പ്രദേശങ്ങളി
ലുമാണ് മിക്കവാറും ഉണ്ടാവുക.]

ഗോമൃഗം-ഞാവൽമാൻ.

ഗോമേദകം, ഗോമേദം-പ്ര. രത്നം,

[ഗോമേദകം കഫം, പിത്തം, ക്ഷ
യം, പാണ്ഡു ഇവയ്ക്കു നന്ന്. രുചിയെ

ഉണ്ടാക്കും അഗ്നി വർദ്ധനകരമാണ് ബുദ്ധിക്കണച്ചയെ വർദ്ധിപ്പിക്കും രോഗങ്ങളെ എല്ലാം ശമിപ്പിക്കും തമിഴിൽ-കോമേതകം. ഇംഗ്ലീഷിൽ- (Onyz Gem) ഓനിക്സ് ജെം.]

ഗോമേധം-പച്ചയാംഗം.

ഗോമൂത്രം-ഗോമൂത്രം.

ഗോരക്ഷകൻ-പ. ഇടയൻ, ര. രാജാവ്.

ഗോരക്ഷി-ഒരു പത്രശാകം.

[പിത്തം, ജ്വരം, ചൂടുനീർ, വിസ്ഫോടം, അതിസാരം, മുട്ടി ഇവക്കു നന്ന്. ഇതിനു നല്ല ഗന്ധം കാണും, അഞ്ചു ഭൂതങ്ങളുള്ള ഇലയുണ്ടായിരിക്കും.]

ഗോരക്ഷണം-ഉദ്യമം, ഓങ്ങൽ. (ഗ്രഹണത്തിന്റെ പാഠം.)

ഗോരസം-പ. പശുവിൻമോര്. ര. പശുവിൻപാൽ. ന. പശുവിൻതൈര്. ഭ. തൈർ (സാമാന്യം)

ഗോരാജൻ-കാള.

ഗോരാടിക-പഞ്ചവർണ്ണക്കിളി.

ഗോരു-വിതയ്ക്കുന്നതിനുള്ള ഒരു യന്ത്രം.

ഗോരോചന-ഒരു സുഗന്ധവസ്തു.

[ഗോരോചന-അലക്ഷ്മി, ഉന്മാദം, കഫം, കൃമി, ക്ഷതം, ഗ്രഹപീഡ, ഗർഭസ്രാവം, ഭ്രമപീഡ, രക്തദോഷം, നേത്രരോഗം വിഷം ഇവയെ നശിപ്പിക്കും. രുചികരമാണ്. ദേഹകാന്തിയുണ്ടാക്കും. വശീകരണത്തിനു നന്ന്. ബുദ്ധിക്കു ഹിതം. നിറം മഞ്ഞയാണ്. തമിഴിൽ-കോരോചനൈ. ഇംഗ്ലീഷിൽ- (Gallstone Bijoor) ഗാൾസ്റ്റോൺ ബിജൂർ.]

ഗോർദ്ദം-തലച്ചോറ്.

ഗോല്ലാ-പ. മനോജ്ഞ ര. ശോഭാവഹ നപു. ന. കവടി. ഭ. നല്ല കോവ

ഗോലാസം-ക്ലൗൺ.

ഗോലി-മിനുസമുള്ള ഒരുതരം കല്ലിന്റെ പേർ.

ഗോലീഢം-വെൺപാതിരിവൃക്ഷം പശുക്കൾ ക്ഷീണിക്കുന്നതെന്നർത്ഥം.

ഗോലോമി-പ. വയസ്സ്. ര. വെൺകറുക. ന. കരിങ്കറുക, പശുവിന്റെ രോമംപോലെയുള്ളതെന്നർത്ഥം. ഭ. ജടാമാഞ്ചി.

ഗോവന്ദനി-ഞെഴൽ. ഭൂമിയിൽ സ്തുതിക്കപ്പെടുന്നതെന്നർത്ഥം.

ഗോവർണ്ണദോർ-ശവർണ്ണർ.

ഗോവർദ്ധനധരൻ-കൃഷ്ണൻ.

ഗോവർദ്ധനാചാര്യൻ — ജയദേവന്റെ സമനേകാലീനനായിരുന്ന കവികളിൽ ഒരാൾ.

ഗോവർദ്ധനം-വൃന്ദാവനത്തിലുള്ള ഒരു പർവ്വതം

[ഇന്ദ്രപ്രീതിക്കായിട്ട് ഒരിക്കൽ നന്ദഗോപർ മഹേന്ദ്രയാഗം തുടങ്ങി, ഇവർക്ക് സ്വന്തമായി നല്ല തൃണവും ജലവുമാണല്ലൊ. ഇതിന് ഇന്ദ്രന്റെ പ്രീതി തന്നെയാണ പ്രധാനം. യാഗം ആരംഭിച്ചപ്പോൾ മുടിഞ്ഞുകായ്ക്കുന്നതിനു കാരണം ദേവേന്ദ്രനല്ലെന്നും ഗോവർദ്ധനപർവ്വതമാണെന്നും മറ്റും കൃഷ്ണൻ പറഞ്ഞു. ഇതു കേട്ടു നന്ദൻ ഗോവർദ്ധനയാഗം തുടങ്ങി കൃഷ്ണൻ ഗോവർദ്ധനപർവ്വതത്തിന്റെ രൂപം ധരിച്ചുവന്നായാഗാംശം സ്വീകരിച്ചു. ദേവേന്ദ്രൻ കോപിച്ചു ഏഴ് അഹോരാത്രം ഒഴിയാതെ ഭയങ്കരമായ മഹാവർഷം തുടങ്ങിച്ചു കണ്ണുകാണികളുടേയും മറ്റും രക്ഷക്കു കൃഷ്ണൻ ഗോവർദ്ധനപർവ്വതത്തെ

കടയക്കെപ്പിടിച്ചു. ഇന്ദ്രന്റെ ശപം അതോടെ തീർന്നു. ഇതിനാൽ കൃഷ്ണനു 'ഗോവിന്ദൻ' എന്നു മറെറാരു പേർ കൂടിയുണ്ടായി].

ഗോവിന്ദൻ-യാദവീരൻ, അസ്സുജ്ഞൻ.

ഗോവിന്ദൻ-വിഷ്ണു (കൃഷ്ണൻ). ഭൂമിയെ വശത്താക്കിയവൻ. (മഹാബലിയിങ്കൽ നിന്നു ഭൂമിയെ സമ്പാദിച്ചുവൻ), പശുക്കളെ വശപ്പെടുത്തുന്നവൻ, വരാഹരൂപത്തോടെ ഭൂമിയെ പ്രളയജലത്തിൽ നിന്നുദ്ധരിച്ചുവൻ, സപ്തർഷികളെ പാലനം ചെയ്തവൻ, കാമധേനുവിനു ഐശ്വര്യത്തെ നൽകിയവൻ, ഗോക്കളുടെ നായകൻ, മത്സ്യാദിരൂപത്തോടെ വേദത്തെ വീണ്ടെടുത്തവൻ എന്നിങ്ങനെ അർത്ഥം (ഗോവലനം എന്നതു നോക്കുക) ഉ. ബ്രഹസ്പതി.

ഗോവിന്ദപുരുഷോത്തമൻ-ശങ്കരാചാര്യരുടെ ഗുരുവായ ഗോവിന്ദസ്വാമിക്കു നാലു ജാതിയിലായി വരരുചി, വിക്രമശിരസ്സ്, ഭട്ടി, തോഹരി ഇങ്ങിനെ ഉണ്ടായ നാലു പുത്രന്മാർ.

ഗോവിഷ്ഠാ-ചാണകം.

ഗോവിഡം-ചാണകം.

ഗോശകൃത്ത്-ചാണകം

ഗോശാല-പ. പശുക്കൂട്ട്, തൊഴുത്ത്. ഉ. തിരുവരത്തിക്കുറവൻ.

ഗോശീർഷം ചെങ്ങഴിനീർപൂവിന്റെ ഗന്ധത്തോടു സദൃശമായ ഗന്ധമുള്ള ചന്ദനം. ഗോവിന്റെ ശിരസ്സുപോലെയുള്ളതെന്നർത്ഥം.

[മലയപർവ്വതത്തോടു ചേർന്ന് 'ഗോശീർഷം' എന്ന പർവ്വതം ഉണ്ടെന്നും അവിടെ ഉണ്ടായതാണെന്നും അഭിപ്രായം കാണുന്നു].

ഗോഷ്ഠം-അമ്പാടി. പശുക്കൾ സ്ഥിതി ചെയ്യുന്നിടം എന്നർത്ഥം. മറെറാരർത്ഥം-ഗോസ്ഥാനകം.

ഗോഷ്ടാഷ്ടമി-കൃഷ്ണാഷ്ടമി (അഷ്ടമിരോഹിണി). ഉഭയപക്ഷത്തിലെ വെളുത്ത അഷ്ടമി എന്നു കോളിൻസ് നിഘണ്ടു.

ഗോഷ്ടി-പ. ഭംഗിയില്ലാത്തപ്രവൃത്തി. ഉ. വഞ്ച്. സ. (സം)സഭ. എല്ലാവരും ഒരുപോലെ ശോഭിക്കുന്നിടം എന്നർത്ഥം.

ഗോഷ്പദം-പ. പശുക്കാൽ മേയുന്ന സ്ഥലം. ഉ. പശുക്കളുമ്പോളുള്ള അടവ്. സ. പശുക്കളുയ്.

ഗോസം-നവംപശു (ഗോപം എന്നതിന്റെ പഠനം)

ഗോസംഖ്യൻ-ഇടയൻ. പശുക്കളെ വ്യക്തമായി വിളിക്കുന്നവൻ എന്നർത്ഥം.

ഗോസമൂഹം-ഗോക്കളുടെ കൂട്ടം. പശുയങ്ങൾ ഗവ്യം, ഗോത്രം.

ഗോസർഗ്ഗം-പ്രഭാതകാലം. പശുക്കളെ വിടുന്ന സമയം എന്നർത്ഥം.

ഗോസ്തനം-പ. നാഭിഴയുള്ള മുത്തുമാല. സംഖ്യകൊണ്ടു പശുവിന്റെ മുലയോടു സദൃശം എന്നർത്ഥം. ഉ. വലിയ മുത്തിരി.

ഗോസ്തനി-മുന്തിരി. പശുവിന്റെ മുലയ്ക്കു തുല്യമായ ഫലമുള്ളതെന്നർത്ഥം.

ഗോസായി-ഭിക്ഷ യാചിച്ചുനടക്കുന്ന ഒരുവക തപസ്വികൾ.

ഗോസ്ഥാനം, ഗോസ്ഥാനകം-അമ്പാടി. പശുക്കളുടെ സ്ഥാനം എന്നർത്ഥം.

ഗോസ്വാമി-പശുക്കളുടെ ഉടമസ്ഥൻ.

ഗോഹത്യ-പശുവധം.

ഗോഹനം-മൂടുക, മൂടിക്കുക.

ഗോഹരീതകം-കുവളം.

ഗോളകൻ-വിധവയുടെ പുത്രൻ. രേതസ്സു മർമ്മത്തിൽപിടിച്ച ജാരസംസർഗ്ഗംകൊണ്ടുണ്ടായ പുത്രൻ. അകത്തിട്ടു വളർത്തപ്പെടുന്നവൻ (പുറത്തു കാണിപ്പാൻ നിവൃത്തിയില്ലാത്തവൻ) എന്നർത്ഥം.

ഗോളം, തോളകം-പ. ഉണ്ട, മണ്ണുകൊണ്ടാക്കിയ ഉണ്ട മുതലായത്. ഉ.

മണ്ഡലം ന. ഇന്ദ്രിയാന്തരമായ അവയവവിശേഷം. ര. പാമ്പ് ഉ. മക്ഷി. ന. മനോലം ഉ. മങ്ങലി.

ഗോളിച്ചീര-ഉപ്പുകീര (ഉപ്പുറി)

[അർശ്ശസ്സ്, അഗ്നിമാന്ദ്യം, വിഷം ഇവയ്ക്കു നന്ന്. വാതം, കഫം ഇവയെ വർദ്ധിപ്പിക്കും. രുചികരമാണ്, വയറുപ്പുണ്ടാക്കും. ശാകവർഗ്ഗത്തിൽപെട്ട പത്രശാകമാകുന്നു. മിക്കവാറും വേനലിൽ ഉണ്ടാകും. വയൽ, തണ്ണീർപ്പള്ള പ്രദേശം ഇവിടങ്ങളിലാണുണ്ടാകുന്നത്. സംസ്കൃതത്തിൽ ഘോലി, ലോണി. ഇംഗ്ലീഷിൽ Purslane പഴ്സ്ലേൻ].

---

## ഗൌ

ഗൌ-ക. പശു. ഉ. വെള്ളം. ന. കാള. ര. ഇടവം. ഇ. ആന

ഗൌഡ, ഗൌഡ-ഒരു ദേശം (ഇപ്പോൾ) ബങ്കാളം.

ഗൌഡൻ-ഗൌഡദേശക്കാരൻ.

ഗൌഡനൃപതി-ഗൌഡരാജാവ്.

ഗൌഡം-ക ഗൌഡം എന്ന ദേശം ഉ ഗൌഡഭാഷ.

ഗൌഡഭാഷ-"ക്രിസ്താബ്ദം ൧൨-ംശതവർഷത്തിൽ പൂരാതനങ്ങളായ രാജകുടുംബങ്ങളും ക്ഷയിച്ചു രാജപുത്രന്മാരെന്ന ജാതിക്കാർ എല്ലായിടത്തും പ്രബലന്മാരായിത്തീർന്നതിനോടുകൂടി പ്രാകൃതഭാഷകളും ഹിന്ദി മുതലായ ഭാഷകളായി പരിണമിച്ചു. ഉത്തര ഹിന്ദുസ്ഥാനിൽ അഞ്ചു ഗൌഡഭാഷകളും ഉണ്ടെന്നു ചിലർ പറഞ്ഞുവരുന്നു. എന്നാൽ ഇപ്പോൾ ഗൌഡഭാഷകളും അതിലധികം ഉള്ളതാകുന്നു. അവ ബംഗാളി, ഒറിയ, ഹിന്ദി, പഞ്ചാബി, സിന്ധി, ഗുജറാത്തി, മഹാരാഷ്ട്രം, കാശ്മീരി, മാർവാഡി ഇവയാകുന്നു".

ഗൌഡരാജ്യം-ബങ്കാളത്തിന്റെ വടക്കുവശം. ഇതിനു പുണ്ഡ്രദേശം എന്നും പേരുണ്ട്.

ഗൌഡഭാഷകൾ-ബങ്കാളി, ഒറിയ, ഹിന്ദി, പഞ്ചാബി, സിന്ധി, ഗുജറാത്തി, മഹാരാഷ്ട്രം, കാശ്മീരി, മാർവാഡി, ഹിന്ദുസ്ഥാനി.

ഗൌഡി-സാഹിത്യസാഹ്യപ്രകാരം (സംസ്കൃത) രീതികളിൽ ഒന്ന്. ഗൌഡദേശക്കാർക്കു പ്രിയമാകയാൽ ഈ പേർ വന്നു. ഇതിന് അക്ഷരാഡംബരം പ്രധാനം.

ഗൌണ-വി. ക. കീഴിലുള്ള, കീഴ്ത്തരമായ, താണ. ഉ. രൂപകമായ, അലങ്കാരരൂപകമായ. ന. ലക്ഷണസംബന്ധമായ, വിശേഷണമായ. ര. ഗണനസംബന്ധമായ [സ്ത്രീലിംഗം-ഗൌണീ]

ഗൌണപക്ഷം-ഒരു തർക്കത്തിന്റെയോ മറ്റോ ബലഹീനമായ ഭാഗം.

ഗൌണികൻ-വി. സത്വഗുണസ്വഭാവത്തോടുകൂടിയവനെ സംബന്ധിച്ച.

ഗൌതമൻ-ക. ഒരു മുനി.

[ബ്രഹ്മാവിന്റെ പുത്രൻ ഉചഥ്യൻ തൽപുത്രൻ ദീർഘതമാവ്. തൽപുത്രൻ ഗൌതമൻ.]

[ഹിന്ദുക്കളുടെ തർക്കശാസ്ത്രം ഉണ്ടാക്കിയതു ഗൌതമമഹർഷിയാകുന്നു. അദ്ദേഹം ജീവിച്ചിരുന്നതു കപിലാചാര്യൻ ജീവിച്ചിരുന്നതിനു ഒന്നോ രണ്ടോ ശതാബ്ദങ്ങൾ കഴിഞ്ഞിട്ടാകുന്നു. അദ്ദേഹം ഉണ്ടാക്കിയ ന്യായസൂത്രം എന്നു തർക്കശാസ്ത്രം അഞ്ചു ഭാഗമായിട്ടാണ് വിഭാഗിക്കപ്പെട്ടിട്ടുള്ളതു്. തത്വമർത്ഥികയും-പ്രാചീനന്യായവൃത്തം.]

ഉ. ശാക്യമുനി. ശാക്യന്മാർ ഗൌതമ (ഗൌതമ) ശ്രീബുദ്ധന്മാരാണ്. ഈ വംശത്തിലുണ്ടാകയാൽ ഗൌതമൻ. പശുവിനെ

ങ്ങളും-ശാക്യമുനി, ശാക്യസിംഹൻ, സർവ്വാർത്ഥസിദ്ധൻ, ശൌദ്ധോദനി, ഗൌതമൻ, അർക്കബന്ധു, മായാദേവീസുതൻ. ന. ഗോതമചാമൻ. ൪. ന്യായദർശനത്തിന്റെ സ്ഥാപകനായ ശതാനന്ദൻ. @ അഹല്യയുടെ ഭർത്താവ്. ന. കൃപൻ. ൬ ബുധൻ.

ഗൌതമി-ക. ഒറ്റ ക. ശോണഭദ്രനദി. ന. ഗോരോചന. ൪. ദ്രോണന്റെ ഭാര്യയായ കൃപി (കൃപ). ൫. ശ്രീമതി നദി. ന. മരുഭയങ്കരരാക്ഷസി.

ഗൌഡാരം-ഉടമ്പിൻകട്ടി. (ശൌഡീരം എന്നതു നോക്കുക)

ഗൌഡ്യമീനം-കൊതുമ്പുവിഭൂയുവാൻ യോഗ്യമായ ക്ഷേത്രം.

ഗൌഡ്യേയം, ഗൌഡീരം-ഉടമ്പിൻകട്ടി.

ഗൌഢ, ഗൌഢ-(ഇപ്പോൾ) ബങ്കാരം.

ഗൌഢവി. ക. വെളുത്ത. ക. മഞ്ഞനിറമുള്ള. ന. ചെമ്പ.

ഗൌഢം-ക. വെള്ളീയ്. മനസ്സ് ഇതിനെപ്പറ്റി ഉത്സാഹമുള്ളതായിരിക്കുന്നതിനാൽ ഈ പേർ സിദ്ധിച്ചു. ക. മഞ്ഞനിറം. ന ചെമ്പ്. ൪. സ്വർണ്ണം. ൫. കർപ്പൂരം ന. താമരയല്ലി. ൭. അതിരസം. വ്യ. വെങ്കടകൻ. ൻ. വേങ്ങ.

ഗൌഢവം-സാഹിത്യസാഹ്യപ്രകാരം ഒരു ശബ്ദാലങ്കാരവിശേഷം. ഭാഷയിലുള്ള ഒരു രസത്തെ ഗണിക്കുമാത്രം ചെയ്യുന്നേടത്തുള്ള ഒരഗുണവം.

ഗൌരവം-ക. യശസ്സ്. ക. അന്തസ്സ്. ന. ശ്രേഷ്ഠത. ൪. ഗുരുത്വം, വിലയേറിയസ്ഥിതി, കനം. ശൌരവത്വ> <ലാഘവം. ൫. ഏറിവ്. ന. ഏതിരെപ്പ്. അതിശയം മാറാം തന്നെ വേഗത്തിൽ വരുമ്പോൾ വേഗം കുറയാനായ് അവയ്ക്ക് ചെയ്യുന്ന സൽക്കാരം. മറ്റൊരു പര്യായം-'അഭ്യുത്ഥാനം'.

ഗൌരാതപത്രം-വെൺകൊറ്റക്കുട

ഗൌരി-ക. പാർവ്വതി. മഞ്ഞനിറമുള്ളവൾ എന്നർത്ഥം. ചെമപ്പുവസ്ത്രമുള്ളവൾ എന്ന മറ്റൊരുപക്ഷം. ക. കന്യക (പത്തുവയസ്സായ പെൺകുട്ടി, എട്ടു വയസ്സായവൾ എന്നും കാണുന്നു.) നിറമുള്ളവൾ വിവാഹത്തെക്കുറിച്ച് ഉത്സാഹമുള്ളവൾ എന്നർത്ഥം.

'അഷ്ടവർഷാഭവേൽകന്യാ
നവവർഷാചരോഹിണി
ദശവർഷാഭവൽഗൌരി
അതഊർദ്ധംരജസ്വലാ' (സ്മൃതി)

ന. ഭൂമി, ൪. വരുണന്റെ ഭാര്യ. ൫. ശ്വേതരോചന. ന. ദുർഗ്ഗ. ൭. മരമഞ്ഞൾ. വ്യ. സ്വർണ്ണവാഴ. ൻ. ആകാശമഞ്ഞി. ക്ര. വള്ളിയില്ല. ക്ര. ജാതി. ക്ര. മഞ്ഞൾ ക്ര. വെങ്കടക. ക്ര. മഞ്ഞട്ടി.

ഗൌരികാ-കന്യക.

ഗൌരിപ്രതിഷ്ഠാനം, ഗൌരീപ്രതിഷ്ഠാനം-വിവാഹമുള്ള ഒരവയവകല്പ്.

ഗൌരലക്ഷണജ്ഞൻ-പശുലക്ഷണം അറിയുന്നവൻ.

ഗൌഷ്ഠീനം-മുമ്പിൽ ശൌചസ്ഥലം പശുക്കളും പാർക്കുന്ന സ്ഥലം. മുഴുവൻ പശുക്കളും മേഞ്ഞിരുന്ന ദേശം.

'വിധായകശ്ചിന്നഗൌഷ്ഠീനമഥകക്ഷാണം'
(നൈഷധചരിതം)

ഗൌഹ്യകം-ക്ര. ഗുഹ്യം അഥവാ രഹസ്യമായുള്ള.

ഗൌളി-പല്ലി. പര്യായങ്ങൾ-ഭുജംഗി, ഗൃഹഗോധിക (ഗൃഹഗോളിക) (ഗൌളിശാസ്ത്രം എന്ന ശബ്ദം നോക്കുക.)

ഗൌളിപാത്തു-ഒരു രോഗം.

ഗൌളിശാസ്ത്രം-പല്ലിയുടെ ശബ്ദത്തെ അറിഞ്ഞു ലക്ഷണം പറയാൻതക്ക ഒരു പ്രമാണഗ്രന്ഥം.

[ഇതിന്റെ ശബ്ദംകേട്ട കാര്യസംശയങ്ങൾ തീർക്കാം. അനേകം ശ്ലോകങ്ങളെയും തിരിച്ചറിയാം. ഒരിക്കൽ മരീചി മുതലായ മഹർഷികൾ ബ്രഹ്മാവിനോട് കാലത്രയസംഭവങ്ങളെ അറിയുന്നതിന് എളുപ്പമായ മാർഗ്ഗം ഏതെന്ന ചോദിച്ചു. അതിന് പരമേശ്വരനെ സേവിക്കയാണ് നന്നെന്ന് അദ്ദേഹം മറുപടി പറഞ്ഞു. അനന്തരം അവർ പരമശിവനെ തപസ്സുചെയ്തു. നാല്പത്തിരണ്ടു സമയപ്പോൾ ഒരു കൃഷ്ണത്രയോദശിനാൾ സന്ധ്യാസമയം പരമേശ്വരൻ മഹർഷിമാരുടെ മുമ്പിൽ പ്രത്യക്ഷനായി. തൃക്കൈയിൽ ഒരു ഗ്രന്ഥിപിണ്ഡവുമുണ്ടായിരുന്നു. അദ്ദേഹം അതിനെ തിരുമ്മിപ്പൊടിച്ച് അണുപ്രായമാക്കി മേല്പോട്ട് എറിഞ്ഞു. ഉടൻ ഒരോരോ ഗ്രഹങ്ങളിൽ നിന്നു വെളുപ്പു, കറുപ്പു, ചെമപ്പു, മഞ്ഞ, പച്ച ഈ നിറങ്ങളിൽ അയ്യഞ്ചു സ്ത്രീകൾ ഉത്ഭവിച്ചു. ഇവ പതനം, സഞ്ചാരം, അരോഹം, അവരോഹം, ശബ്ദം മുതലായവ ഹേതുവായിട്ടു ത്രികാലസംഭവങ്ങളെ അറിയിക്കുന്നു. ഗ്രന്ഥിയിൽനിന്നുണ്ടാകയാൽ 'ഗ്രഹരൂപി' എന്നു പേർവന്നു. കൃഷ്ണത്രയോദശി സന്ധ്യാസമയം ഉത്ഭവിക്കയാൽ ആ സമയം പ്രദോഷവ്രതക്കാർ ഇവരെ കാണുക ശ്രേഷ്ഠമാണ്. വ്രതമില്ലാത്തവർക്കും ആ ഫലമുണ്ടാകും. ഈ സ്ത്രീകളെ കൊല്ലുന്നവർക്ക് ബ്രാഹ്മണശിശുക്കളെ കൊന്നാലുള്ള പാപമുണ്ടാകും. ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്നു നാലു ജാതികളും പുരുഷൻ, സ്ത്രീ, നപുംസകം എന്നു മൂന്നു വകഭേദവുമുണ്ട്. ശൈശ്ലീശബ്ദം അനേകം മുനികളും എഴുതീട്ടുണ്ടെങ്കിലും 'നാരദീയം' എന്നതിനാണ് അധികം പ്രസിദ്ധി.]



## ശ

ശാ-ക്ഷ്മി.



## ഗ്ര

ഗ്രഥനം-കെട്ട്, ബന്ധനം.

ഗ്രഥിത-വി. പ്ര. കോർക്കപ്പെട്ട. ര. കെട്ടപ്പെട്ട.

ഗ്രഥിതം-പ്ര. കോർക്കപ്പെട്ടത്. ര. ഒരു രോഗം.

[കഫനിമിത്തം മിംഗം നെല്ലിന്റെ ഒരുകൊണ്ടു സമം നിറഞ്ഞിരിക്കുന്ന ഏന്നതോന്നും. ഇതരത്ര ഗ്രഥിതം.]

ഗ്രന്ഥകർത്താവ്-പുസ്തകത്തെ ഉണ്ടാക്കുന്നവൻ.

ഗ്രന്ഥകാരൻ-ഗ്രന്ഥമെഴുത്തുകാരൻ

ഗ്രന്ഥക്കെട്ടി-പുസ്തകശാല.

ഗ്രന്ഥനം-ബന്ധനം, കെട്ട്.

ഗ്രന്ഥം-പ്ര. പുസ്തകം. ര. മുപ്പത്തുരണ്ടക്ഷരം ക്രമത്തിയത്.

ഗ്രന്ഥവരി - കോവിലകങ്ങളിലും മറ്റും വിവരങ്ങളും എഴുതിവക്കുന്നത്.

[കലിവർഷം നൂറ്റാണ്ടിന് ഇപ്പുറം കോവിലകങ്ങളിലും മറ്റും കാര്യവസ്ഥകളെ ഗ്രന്ഥവരിയായി എഴുതിവെയ്ക്കുക പതിവുണ്ടായിരുന്നു. ഇവ ശബ്ദത്തിലായിരുന്നു. ചിറക്കൽ ഗ്രന്ഥവരി, തലശ്ശേരിഗ്രന്ഥവരി, കൊച്ചീഗ്രന്ഥവരി, തിരുവിതാംകൂർ ഗ്രന്ഥവരി ഇവ ഇപ്പോഴും ഇരിപ്പുണ്ട്. ആദ്യം കോലെഴുത്തിലായിരുന്നു എഴുതിയത്.]

ഗ്രന്ഥസമുച്ചയം-ഗ്രന്ഥങ്ങളുടെ കൂട്ടം

ഗ്രന്ഥി-വി. പുസ്തകമുള്ള (ന്ഥീ, ന്ഥിനി, ന്ഥി.)

ഗ്രന്ഥി-പ്ര. കെട്ട്. ര. സന്ധി, ന. മുഴ ൪. ഗ്രന്ഥകർത്താവ്. ം. ഒരു രോഗം.

[പ്രത്യേകം ദുഷിച്ചിട്ടുള്ള വാതപിത്ത കഫങ്ങളും മാംസരസങ്ങളും, മേദസ്സ്, ഞരമ്പുകളും ഇവയെ ദുഷിപ്പിച്ചിട്ടു നീരിനെ ഉണ്ടാക്കും. ഇതു ദൃഢമായും വട്ടമായുമിരിക്കും ]

നാ. മുഴയുടെ കയ്യ്. വളയ്ക്കുന്നതു് എന്നർത്ഥം. ഉ. കരിച്ചുണ്ണ വു പൊന്തുമുത്തങ്ങ. ൻ. പിണ്ഡമുളൻചേമ്പു്. ഫാ ശർക്കര

ഗ്രന്ഥികൻ-ഗണിതക്കാരൻ.

ഗ്രന്ഥികാ-ഫ. തിപ്പലിവേങ്ങ്. ഉ ഗുഗ്ഗുലു നാ. കരിഞ്ഞുണ്ണ. ൪ മുള.

ഗ്രന്ഥിതം-ഫ കെട്ടപ്പെട്ടതു്. ഉ. കോർക്കപ്പെട്ടതു്. കൂട്ടിച്ചേർക്കപ്പെട്ടതു് എന്നർത്ഥം.

ഗ്രന്ഥിപർണ്ണാ-തുണിയാങ്കം. ഗ്രന്ഥി സദൃശങ്ങളായ ഇലകൾ ഉള്ളതു് എന്നർത്ഥം. കന്നിൽ ഇലകൾ ഉള്ളതു് എന്നുമാകാം

ഗ്രന്ഥിലം-ഫ. വയ്യങ്കര ഉ. തൂതുവള കയുള്ളതു് എന്നർത്ഥം. നാ ഇഞ്ചി ൪. തിപ്പലിമൂലം. ൫ ചെറുചീര. നാ. പിണ്ഡമുൾചേമ്പു്. ൬. അരവിക്കച്ചോലം.

ഗ്രന്ഥിലാ-ഫ വള്ളിക്കറുക. ഉ. മീൻകണ്ണിക്കറുക നാ വയമ്പു്. ൪. പൊന്തുമത്തങ്ങ.

ഗ്രസനം-ഫ. വിഴുങ്ങൽ. ഉ ആക്രമം.

ഗ്രസിഷ്ണു-ഫ വിഴുങ്ങുക. ഉ. ഭക്ഷിക്കുക.

ഗ്രസ്ത-വി. ഫ. വിഴുങ്ങപ്പെട്ട. ഉ. ഭക്ഷിക്കപ്പെട്ട. നാ. സംശയമില്ലാതെ പറയുന്ന.

ഗ്രസ്തം-ഫ. വ്യാധികളും മറവും കൊണ്ടുള്ള ബുദ്ധിക്ഷയത്താലോ ബാലത്വം ബധിരത്വം മൂകത്വമെന്നിവകൊണ്ടോ പദങ്ങളെയും അക്ഷരങ്ങളെയും ലോപിച്ചു പറയുന്നവനാണ്. ഉ. ഭക്ഷിക്കപ്പെട്ട അന്നാദികൾ.

ഗ്രസ്താസ്തമനം-സൂര്യനും ചന്ദ്രനും ഗ്രഹണം പിടിച്ചു മോചനത്തിനുമുമ്പു അസ്തമിച്ചുപോകുന്നതിന്റെ പേർ. ഈ ദിവസം ശുഭാശുഭകർമ്മങ്ങൾക്കു നിഷേധം; സൂര്യന്റെയും ചന്ദ്രന്റെയും ഗ്രഹമണ്ഡലം കാണുന്നതിനു മുമ്പു് ഉണ്ണുന്നതും പാടില്ല.

ഗ്രഹചാര-ഗ്രഹങ്ങളുടെ സഞ്ചാരം.

ഒരു രാശിയിൽ

ആദിത്യൻ-ഫ മാസം.
ചന്ദ്രൻ-രണ്ടരദിവസം.
ചൊവ്വ-൪൫ ദിവസം.
ബുധൻ-ഫ മാസം.
വ്യാഴം-ഫ വർഷം.
ശുക്രൻ-ഫ മാസം.
ശനി-രണ്ടരവർഷം.
രാഹു-ഒന്നരവർഷം.
കേതു-ഒന്നരവർഷം.

ചില സമയങ്ങളിൽ ഗ്രഹങ്ങളുടെ ഗതി പിറകോട്ടായിരിക്കും. അതിനെ 'വക്രഗതി' എന്നുപേർ.

ഗ്രഹശത്രുമിത്രബന്ധവ്യവസ്ഥ.

ആദിത്യനു-ചന്ദ്രകുജശുക്രന്മാർ ബന്ധുക്കളും ബുധൻ സമനും ശനിശുക്രന്മാർ ശത്രുക്കളുമാകുന്നു.

ചന്ദ്രനു-ആദിത്യബുധന്മാർ ബന്ധുക്കളും ചൊവ്വു, വ്യാഴം, ശുക്രൻ, ശനി ഇവർ സമന്മാരുമാകുന്നു.

ചൊവ്വാകു ആദിത്യചന്ദ്രവ്യാഴന്മാർ ബന്ധുക്കളും ശുക്രനും ശനിയും സമന്മാരും ബുധൻ ശത്രുവുമാകുന്നു.

ബുധനു-ആദിത്യശുക്രന്മാർ ബന്ധുക്കളും ചൊവ്വായും വ്യാഴവും ശനിയും സമന്മാരും ചന്ദ്രൻ ശത്രുവുമാകുന്നു.

വ്യാഴത്തിനു ആദിത്യനും ചന്ദ്രനും ചൊവ്വായും ബന്ധുക്കളും ശനി സമനും ബുധശുക്രന്മാർ ശത്രുക്കളുമാകുന്നു.

ശുക്രൻ–ശനിബുധന്മാർ ബന്ധുക്കളും കുജവ്യാഴന്മാർ സമന്മാരും ആദിത്യചന്ദ്രന്മാർ ശത്രുക്കളുമാകുന്നു.

ശനി–ശുക്രബുധന്മാർ ബന്ധുക്കളും വ്യാഴൻ സമനും ആദിത്യനും ചന്ദ്രനും ചൊവ്വയും ശത്രുക്കളുമാകുന്നു.

## ഗ്രഹങ്ങളുടെ ദൃഷ്ടിക്രമം.

എല്ലാ ഗ്രഹങ്ങൾക്കും നേർ, കീഴ് ഇവയിൽ കാൽ ദൃഷ്ടി. ത്രി, ൻ ഇവയിൽ അരദൃഷ്ടി. ർ, വ് ഇവയിൽ മുക്കാൽ ദൃഷ്ടി ഒ–ൽ പൂർണ്ണദൃഷ്ടി. വിശേഷിച്ചും ശനിക്കു മൂന്നിലും പത്തിലും, വ്യാഴത്തിനു അഞ്ചിലും ഒൻപതിലും, ചൊവ്വാക്കു നാലിലും എട്ടിലും പൂർണ്ണദൃഷ്ടി ഭവിക്കുന്നു.

ഗ്രഹണം–പ. എടുക്കുക, കൈകൊക്കാകുക. ന. അറിവ്. നാ. സൂര്യഗ്രഹണം, ചന്ദ്രഗ്രഹണം. സൂര്യചന്ദ്രന്മാരുടെ ഗ്രഹണത്തിന്നു ഉപരാഗം, ഗ്രഹം (ഗ്രഹണം) എന്നു പര്യായങ്ങളും

(രാഹു എന്ന അസുരൻ ദേവന്മാരോടു കൂടി ചിരഞ്ജീവിയാകുന്നതിന്നു അമൃതപാനം ചെയ്തതു സൂര്യചന്ദ്രന്മാർ അറിഞ്ഞു വിഷ്ണുവിനോടു പറകയാൽ അദ്ദേഹം രാഹുവിന്റെ ശിരസ്സിനെ ഛേദിച്ചു എന്നും അമൃതമഹിമാവുകൊണ്ടു രണ്ടു ഖണ്ഡങ്ങളും അമരനാരായ പ്രാപിച്ചു എന്നും വൈരനിര്യാതനത്തിന്നു രാഹു സൂര്യചന്ദ്രന്മാരെ അപ്പോഴപ്പോൾ ആക്രമിക്കുന്നു എന്നും മറ്റും പുരാണകഥയുണ്ടു. രാഹു ചന്ദ്രനെ വിഴുങ്ങുന്നതായും മറ്റും കവികളും അതിശയോക്ത്യാ വർണ്ണിക്കാറുണ്ടു. ഹിന്ദുക്കളുടെ ഗോളശാസ്ത്രത്തിൽ ലേശവും പരിചയമില്ലാത്ത പാശ്ചാത്യന്മാർ ഈ അന്ധവിശ്വാസത്തെ ഇന്നും ഒഴിച്ചിട്ടില്ലെന്നതെന്ന പറയേണ്ടിയിരിക്കുന്നു. ജ്യോതിർഗ്ഗോളശാസ്ത്രകാരന്മാർ രാഹുവും കേതുവും തമോഗ്രഹങ്ങളാണു്. മറ്റു ഗ്രഹങ്ങളെപ്പോലെ ഇവക്കു ബിംബമില്ല. ഇവ പോകുമ്പോൾ സൂര്യചന്ദ്രന്മാർ സഞ്ചരിക്കുന്ന വൃത്തങ്ങളും തങ്ങളിൽ യോജിക്കുന്ന സമ്പാതസ്ഥലങ്ങളുമാണു് പറയുന്നതു്. സൂര്യചന്ദ്രന്മാർ ഈ രണ്ടു ഗ്രഹങ്ങളിൽ ഒന്നിനോടു അടുത്തു നിന്നാലേ ഗ്രഹണം വരൂ. സൂര്യനെ മറയ്ക്കുന്നതു ചന്ദ്രനും ചന്ദ്രനെ മറയ്ക്കുന്നതു ഭൂഛായയുമാകുന്നു. രാഹുകേതുക്കളോടടുത്തു സൂര്യൻ നില്ക്കുമ്പോൾ വരുന്ന കറുത്തവാവുനാളാണു സൂര്യഗ്രഹണമുണ്ടാകുന്നതു. ചന്ദ്രബിംബം ഭൂഛായയാൽ മറയ്ക്കപ്പെടുമ്പോൾ ചന്ദ്രഗ്രഹണം ഉണ്ടാകുന്നു].

ഗ്രഹണി–ഒരു ഭീതം. ഇതു രോഗിയെ ഗ്രഹിക്കുന്നതു് എന്നർത്ഥം. (എപ്പോഴും മലം പ്രവഹിച്ചുകൊണ്ടിരിക്കും). മറ്റൊരു പര്യായം–പ്രവാഹികാ.

[അതിസാരം ശമിച്ചതിൽ പിന്നീടു അഗ്നിബലം വരുന്നതിനു മുമ്പു അപഥ്യസേവനാദോഷനാശം നിമിത്തം അഗ്നി വീണ്ടും അധികം മന്ദിക്കയും അതുമൂലം ഗ്രഹണിയുണ്ടാകയും ചെയ്യുന്നു. അതിസാരം ഇല്ലാതിരുന്നാലും അഗ്നിബലത്തെ കവിഞ്ഞു ഗുരുദ്രവ്യഭക്ഷണം കഴിച്ചാൽ ഗ്രഹണിയുണ്ടാകാം. അതിസാരം പിടിപെട്ടിരിക്കുന്ന സമയവും അപഥ്യഭക്ഷണം ഗ്രഹണിയെ ഉണ്ടാക്കുന്നതാണ്.]

ഗ്രഹണീഹരം–പ. കരയാമ്പൂവ്. വ. ഗ്രഹണിയെ ശമിപ്പിക്കുന്ന ഒരു മരുന്നു്.

ഗ്രഹനായകം–എരിക്കു്.

ഗ്രഹപതി–പ. ആദിത്യൻ. ചന്ദ്രാദി ഗ്രഹങ്ങളുടെ നാഥൻ എന്നർത്ഥം. വ. എരിക്കു്.

ഗ്രഹപ്പിഴ–നിർഭാഗ്യം, ദുരദൃഷ്ടം, ദൈവികമായ കഷ്ടത.

ഗ്രഹഭോജനം-കുതിര.

ഗ്രഹം-പ. നവഗ്രഹങ്ങൾക്കു പ്രത്യേകം പറയുന്ന ഒമ്പതേർ. ഉ. ഗ്രഹണം. സൂര്യനും ചന്ദ്രനും ഇതിനാൽ ഗ്രഹിക്കപ്പെട്ടുന്നു എന്നർത്ഥം. മറ്റൊരു പര്യായം 'ഉപരാഗം'. ന. പിടിക്കുക. ര. നിർബ്ബന്ധം.

ഗ്രഹയാലു-വി. ഗ്രഹിക്കുന്ന, അറിയുന്ന.

ഗ്രഹരാജം-പ. കർപ്പൂരം, ഉ. എരിക്ക്.

ഗ്രഹസ്ഥിതി-നവഗ്രഹങ്ങളുടെ ഇരിപ്പ്.

ഗ്രഹിക്കുക-പ്ര. അറിയുക. ഉ. പിടിക്കുക. ന. വാങ്ങിക്കുക. ര. പഠിക്കുക. (ക്രി. ഗ്രഹിപ്പിക്കുക).

ഗ്രഹീത, ഗൃഹീത-പ. പിടിക്കപ്പെട്ട. ഉ. അറിയപ്പെട്ട.

ഗ്രഹീതുകാമൻ-പിടിക്കാൻ തുനിയുന്നവൻ, ഗ്രഹിക്കാൻ ആഗ്രഹിക്കുന്നവൻ.

ഗ്രഹീതൃ-വി. പ. അറിയുന്ന. ഉ. എടുക്കുന്ന.

---

## ഗ്രാ

ഗ്രാമടിക-നികൃഷ്ടമായ ഗ്രാമം.

ഗ്രാമണി-പ്ര. ഗ്രാമത്തിൽ പ്രമാണി. ഗ്രാമത്തെ നയിക്കുന്നവൻ, കൊണ്ടു നടത്തുന്നവൻ എന്നർത്ഥം. ഉ. ക്ഷൗരക്കാരൻ. ന. ശ്രേഷ്ഠൻ. ര. അധിപൻ. ഉ. അമരി.

ഗ്രാമത-ഗ്രാമങ്ങളുടെ കൂട്ടം.

ഗ്രാമതക്ഷൻ, ഗ്രാമതക്ഷാവൻ-ഉത്തക്ഷാവൻ, ഗ്രാമക്കാർക്കധീനനായ ആശാരി, അതിൽ അവകാശിയായ തക്ഷാവൻ.

ഗ്രാമം-പ. വേനങ്ങളുടെ കൂട്ടം. പ്രണികളാൽ അനുഭവിക്കപ്പെടുന്നത് എന്നർത്ഥം. ക്ഷേത്രം ചുറ്റിക്കൊണ്ടിരിക്കുന്നതും എന്നുമാകാം. മറ്റൊരു പര്യായം-സംവസഥം ഉ. ദേശം, കര, ഉരു ന. കൂട്ടം. ഉ-ം, ഗുണഗ്രാമം, ശബ്ദഗ്രാമം ഇത്യാദി.

(ഗ്രാമശബ്ദം തനിച്ചു പ്രയോഗിച്ചാൽ അതു ഗൃഹസമൂഹത്തിന്റെയും ക്ഷേത്രത്തിന്റെയും പേരായിരിക്കും.)

'സ്ഫീതവേൽഗ്രാമവിശേഷമൂർജ്ജനാ'

(മാഘം)

(മൂന്നവിധം-ക്ഷുദ്രഗ്രാമം, മധ്യമഗ്രാമം, ഗരിഷ്ഠഗ്രാമം)

ഗ്രാമമുഖം-പ. ദേശത്തിന്റെ മുഖം. ഉ. ചന്തസ്ഥലം.

ഗ്രാമമൃഗം-നായ്.

ഗ്രാമസൂകരം-പോക്ക്.

ഗ്രാമാധിപൻ-ഗ്രാമത്തിൽ പ്രമാണി.

ഗ്രാമാന്തം-ഗ്രാമസമീപദേശം (ഉപശല്യം എന്നതു നോക്കുക). ദേശത്തിന്റെ അവസാനം എന്നും കാണാറുണ്ട്.

ഗ്രാമികൻ-ഗ്രാമക്കാരൻ.

ഗ്രാമീണ-പ. അമരി എന്ന മരത്തിന്റെ നാട്ടുമുറ്റത്തുണ്ടാകുന്നത് എന്നർത്ഥം. ഉ. ക്ഷീരി.

ഗ്രാമീണം-പ. നായ്. ഉ. നാട്ടുപന്നി.

ഗ്രാമേയം-വി. ഗ്രാമത്തിലുണ്ടായ, പരിഷ്കാരമില്ലാത്ത.

ഗ്രാമേയി-പോക്കാസ്.

ഗ്രാമ്യ-വി. പ. ഗ്രാമത്തിൽ വേണ്ടുന്ന, ഗ്രാമസംബന്ധമായ. ഉ. സംസ്കൃതമല്ലാത്ത.

ഗ്രാമ്യധർമ്മം-സ്ത്രീസംഗം, പാമരന്മാരുടെ പ്രവൃത്തി (വൈദികരുള്ളവർ സ്ത്രീസംഗത്തിൽ യാതൊരു നിയന്ത്രണവുമുണ്ടാകുന്നവരാണല്ലോ).

ഗ്രാമ്യൻ-വിടൻ.

ഗ്രാമ്യം-പ. സംസ്കൃതമല്ലാത്തതും അപരിഷ്കൃതന്മാരുടെ ഇടയിൽ കേൾക്കുന്നതുമായ ഗ്രാമ്യവചനം. ഗ്രാമത്തിൽ വേണ്ടുന്ന ശബ്ദാർത്ഥം അപരിഷ്കൃതന്മാരുടെ ഇടയിലുണ്ടായത് എന്നു അൽപ്പം. ഉ.

കാവ്യത്തിൽ പദദോഷങ്ങളിൽ ഒന്ന്. ഗംഭീരം-സത്യം.

ഗാഢാശ്ലേഷം-കഴുത.

ഗാവരോഹകം-അമുക്കിരം.

ഗാവാ, ഗാവം-പ്ര പർവ്വതം. ഉ. കല്ല്.

'ദ്രുമവംഗോഗാഗാഹ്യം'

(ഭാരതം)

(ചീത്ത ഗാവങ്ങളുടെ (കല്ലുകളുടെ) അഗ്രങ്ങൾ കൊണ്ടു ദുർഗമവും അഗാഹ്യമായുമുള്ളതു്. അഗ്രം=മുന. ഉഗ്രം=കട്ടപ്പം. അഗാഹ്യം=സഹിക്കാൻ പാടില്ലാത്തതു.)

(ഗാഹ-ന. പു. പ്ര; ഏ) മറയ്ക്കുന്നതു് എന്നർത്ഥം ശബ്ദിക്കുന്നതു് എന്നു മാവാം.

ഗാവസ്തുത്തു്-ഹനു ജാതിക്കുകളിൽ ഒരാൾ.

ഗാസം-ഉരുള, ഉരുള. ഭക്ഷിക്കപ്പെടുന്നതു് എന്നർത്ഥം.

ഗാഹക-വി. വാങ്ങിക്കുന്ന.

ഗാഹകൻ-പ്ര. വാങ്ങുന്നവൻ. ഉ. പുള്ളു് എന്ന പക്ഷി.

ഗാഹകം-പ്ര. നീരാരൽ. ഉ. ചീങ്കണ്ണി. ന. പരുന്തു്. ര. പുള്ളു്.

ഗാഹം-പ്ര. ചീങ്കണ്ണി. കോർമുതല എന്നും പക്ഷമുണ്ടു്. പ്രാണികളെ പിടിച്ചുകൾ വിടുന്നതു് എന്നർത്ഥം മറ്റൊരു പര്യായം 'അവഹാരം,' ലതാകാരമായി മൂടിക്കിടക്കുന്നു പ്രാണിഹിംസ ചെയ്യുന്നതു്, മത്സ്യവിശേഷമെന്നു മദിംഗാദ്ദീയം, (അവഗാഹം എന്ന ശബ്ദം നോക്കുക) ഉ. കോർമുതൽ. ന. വാങ്ങിക്കുക. ര. മുതല. ൫ പാമ്പു്.

ഗാഹി-വി. പ്ര. വാങ്ങിക്കുന്ന, ഉ. മലബന്ധത്തെ ചെയ്യുന്ന.

ഗാഹി-വിഭീതകം, വ്ലൂമരം മലബന്ധത്തെ ചെയ്യുന്നതു് എന്നർത്ഥം.

ഗാഹിനി-പ്ര. ചെറിയ കൊടിത്തൂവ. ഉ. മുക്കുറ്റി.

ഗാഹ്യ-വി ഗ്രഹിക്കപ്പെടുവാൻതക്ക, കൈക്കൊള്ളുന്നതക്ക.

ഗാഢ്യപാഷ്ണ്യം-അഗാധം വിശ്വത്തിലിരുന്നാലും, സുരക്ഷിതം ഖഡ്ഗനിരന്നാലും, സൽകർമ്മം ശത്രുവിലിരുന്നാലും, സ്ത്രീരത്നം ദുഷ്കുലത്തിൽ ജനിച്ചിരുന്നാലും സ്വീകരിക്കാം.

ഗാഹ്യ-സ്വീകാര്യം.

—:o:—

## ഗ്രീ

ഗ്രീവ, ഗ്രീവം-പ്ര. കഴുത്തു്. ഇതു കൊണ്ടു ഭക്ഷിക്കുന്ന വസ്തുവിനെ ഇറക്കുന്നതിനാൽ ഈ പേർവന്നു ഉ. പിടലി.

ഗ്രീവി-കുട്ടകം.

ഗ്രീഷ്മ (കാല)ം-വേനൽ(ക്കാലം).

ഗ്രീഷ്മജ-പ്ര. കയ്യുച്ചീര. ഉ. തുളസി.

ഗ്രീഷ്മം-വേനൽക്കാലം, ഗ്രീഷ്മജന്തു രസങ്ങളെ ഗ്രഹിക്കുന്ന കാലം എന്നർത്ഥം.

ഗ്രീഷ്മസുന്ദര-വേനൽപ്പച്ച.

(ഗ്രീഷ്മജന്തു-മേടം ഇടവം ഈ രണ്ടു മാസങ്ങളും കൂടുന്ന കാലമാണ്. ഇംഗ്ലീഷിൽ Summer)

—:o:—

## ഗ്രൈ

ഗ്രൈവേയം, ഗ്രൈവേയകം-കഴുത്തിൽ കെട്ടുന്ന ആഭരണം, കണ്ഠാഭരണം. ഗ്രീവയിങ്കൽ ജാതൻ എന്നർത്ഥം.

ഗ്രൈഷ്മി-തുളസി.

—:o:—

## ശ

ശ്ലഥിത-ക്ര. തളർന്ന. ഉ. വാടപ്പെട്ട.

ശ്ലസ്ത-വി വീഴങ്ങപ്പെട്ട.

ശ്ലഥാ-ക്ര. പൂതുകളിയിൽ വാതുചൊല്ലി പണയംകെട്ടുക. ഉ. പൂതു.

## ശ്ലാ

ശ്ലാന-വി. ക്ര. തളർന്ന. ഉ. രോഗമുള്ള.

'ശ്ലാനം ഗ്രാനം മെലിഞ്ഞേൻ'
(അമരുകശതകം)

ശ്ലാനി-തളർച്ച, ക്ഷീണം, വാട്ടം.

ശ്ലാസ്ന-വി. ക്ര. തളർന്ന. ഉ. രോഗമുള്ള.

## ശ്ലൌ

ശ്ലൌഷ്ണ്യ-ക്ര. ചന്ദ്രൻ. മാംസത്തെയും ക്ഷയിക്കുന്നവൻ എന്നർത്ഥം. ഉ. കർപ്പൂരം.

## ഷ

ഷ-ഹല്ലുകളിൽ നാലാം അക്ഷരം.

ഷട-ചേമ്പ്.

ഷടാരൻ-ക്ര. ചേർക്കുന്നവൻ. ഉ. പൊരുത്തം നോക്കുന്നവൻ.

ഷടകം-(വ്യാകരണത്തിൽ) വാക്യത്തിനുള്ളിൽ ഏതു പദത്തിനോടടുത്തിട്ടും നേരെ അന്വയമുള്ള 'ഉം' തുല്യമായ ഘടകങ്ങളാകുന്നു.

ഷടകപ്പുരൻ-വിക്രമാദിത്യ സദസ്സിലെ നവരത്നങ്ങളിൽ ഒരാൾ.

ഷടഷഡം-ശബ്ദവിശേഷം.

'ഷടഹഷ്ടഷ്ടടടയിതം ഘഘക്കി'
(ശ്രീകൃഷ്ണചരിതം)

ഷടന, ഷടനം-ചേർക്കൽ.

ഷടനാ, ഷടാ-ആനകളെ കുടിപ്പിക്കുന്നതിന്റെ പേർ, ആനകളെ നിരത്തുക.

ഷടം-ക്ര. കടം. ചേർത്തിക്കുന്നത് എന്നർത്ഥം. (ഷടി എന്നും പാഠം കാണുന്നു) ഉ. ആനയുടെ പിരടിയിലെ മുഴ. സം. കംബോശി, ഭ. പർണ്ണശാടങ്ങി. തെ. ഞമ.

ഷഡാ-ക്ര. മധുരമാതളനാരകം. ഉ. സമൂഹം.

'ഷണാഷണഷഡപേടുപേതിത
ഗവ്സവ്കൂക്ഷ'
(അംബരീക്ഷചരിതംകഥകളി)

ഷടി-ക്ര. നാഴിക (ഒരു മിന്നിട്ട്). ഉ. നാഴിക വട്ടക. സം ചേങ്ങില. ഭ. കടം. തെ. നില, സ്ഥിതി, അവസ്ഥ.

ഷടിക-നാഴിക.

ഷടികം-മുഖ്യധാരം.

ഷടികാരം-ക്ഷായകങ്ങളെ നാഴിക അറിവാനുള്ള യന്ത്രം.

ഷടികകെ-ക്ര. ചേരുക. ഉ. ലഭിക്കുക. (സ്ത്രീ ഷടിപ്പിക്കുക)

ഷടിഷടൻ-ശിവൻ.

ഷടിചക്ര-കിണറുകളിൽനിന്നും വെള്ളം കയറ്റുന്നതിനുള്ള ഒരു യന്ത്രം.

(ഇതിൽ ചക്രത്തെ തിരിക്കുമ്പോൾ കടങ്ങൾ കിണറിൽ ഇറങ്ങുകയും അതിൽനിന്നും കയറുകയും ചെയ്യും. ഇവ ഇറങ്ങുമ്പോൾ കപ്പികളുണ്ടാകുന്നു. ഇപ്പോൾ ഉത്തരേന്ത്യയിൽ ഉപയോഗിച്ചുവരുന്നുണ്ട്. പക്ഷേ നമ്മുടെ കുടിക്കുവേണ്ടുന്ന വെള്ളം കിണറുകളിൽനിന്നു കോരുന്നതിനു തുടർന്നാൽ ഈ ചക്രം ഉപയോഗിച്ചുവരുന്നു.)

ഷണ്ഡിത-വി. ക്ര. ചേർക്കപ്പെട്ട. ഉ. ലഭിക്കപ്പെട്ട

ഘടീകാരൻ–കലമുണ്ടാക്കുന്നവൻ, കുശവൻ

ഘടീയന്ത്രം–കിണറിൽനിന്നു വെള്ളം കോരുന്ന യന്ത്രം. (ഘടീയന്ത്രം–തുലാം) ഘടികളുടെ യന്ത്രം എന്നർത്ഥം.

ഘടോൽക്കചൻ–ഭീമന്റെ പുത്രൻ.

(പാണ്ഡവരും കൌരവരും തമ്മിലുള്ള യുദ്ധത്തിൽ പാണ്ഡവപക്ഷക്കാരനായിരുന്നു. കർണ്ണൻ ശക്തി എന്ന ആയുധംകൊണ്ടു വധിച്ചു. അമ്മയുടെ പേർ 'ഹിഡിംബി' (ഹിഡിംബ) എന്ന രൌശാചകസ്ത്രീ.

ഘട്ടഗാ–ഒരു നദി.

ഘട്ടദേയം–പ. ചുങ്കം. ഘ. കടവുകൂലി.

ഘട്ടന–പ. നടപ്പു. ഘ. മൂടി. ന. അടി. ഭ. കൂട്ടിമുട്ടുക. ഇ. ഉരയുക.

ഘട്ടനം–അടി.

ഘട്ടം–പ. കടവു. ഘ. ചുങ്കസ്ഥലം.

[മണികർണ്ണഘട്ടം, ദശാശ്വമേധഘട്ടം മുതലായി ഗംഗാതീരപുണ്യനദികളുടെ ഓരോ കടവിനും അതിന്റെ പിൻവക്കത്തിനും കൂടി 'ഘട്ടം' എന്നു പറഞ്ഞുവരുന്നുണ്ട്]

ഘട്ടി–പ. ചെറിയകടവു്. ഘ. കനം. ന. സാമർത്ഥ്യം.

ഘട്ടുക്കാരൻ – മംഗലസ്തുതി ചെയ്യുന്നവൻ.

ഘട്ടുപ്പം–മംഗലസ്തുതി.

ഘണഘണ–മണിയുടെ ശബ്ദം.

ഘണ്ട–പ. വെൺപാതിരിവൃക്ഷം. ഘ. നാക്കുമണി. ന. ചേങ്ങില.

ഘണ്ടൻ–ശിവൻ.

ഘണ്ടാകർണ്ണൻ–പ. ചെവിയിൽ മണികെട്ടിയ ഒരു ദൈവതം, ഒരു ഭൂതദേവത. ഘ. കാതുകളിൽ മണിയുള്ളവൻ.

ഘണ്ടാപഥം–പ. വിശാലമായ രാജവഴി. ന്നാംതരം റോഡു്. മണിയുള്ള മാർഗ്ഗം എന്നർത്ഥം.

(ഈ വഴിയിൽക്കൂടി കല്യാണത്തിനും മറ്റും പ്രമാണിച്ചു വാദ്യഘോഷങ്ങളോടെ ജനങ്ങൾ സഞ്ചരിക്കുന്നതിനാൽ ഈ അർത്ഥം ഉണ്ടായി.

മണികെട്ടിയ ആന സഞ്ചരിക്കുന്ന സ്ഥലം എന്നുമാവാം. ഘണ്ടാപഥം എന്നു പറയുന്നതു പണ്ടു വല്ലാട്ടു വിസ്താരമുള്ള രാജമാർഗ്ഗമാണ് എന്നു ചാണക്യൻ പറയുന്നു.

("ദശധനുശ്ചതുരോരാജമാർഗ്ഗോ ഘണ്ടാപഥഃസ്മൃതഃ")

ഘ. കിരാതാർജ്ജുനീയത്തിനു മല്ലിനാഥൻ എഴുതിയ വ്യാഖ്യാനത്തിന്റെ പേർ.

ഘണ്ടാപാടലി–വെൺപാതിരിവൃക്ഷം. പത്രങ്ങളുടെ ഭക്ഷണാർത്ഥം ഹരിക്കപ്പെടുന്നതും പരപ്പുള്ളതും എന്നർത്ഥം.

ഘണ്ടാപുഷ്പം–ഉമ്മത്തു്.

ഘണ്ടാഭയം–മരണഭയം.

[ഘണ്ടാഭയം എന്നതിനു ഘണ്ടയെ സംബന്ധിച്ച ഭയം എന്നാണർത്ഥം. ഇവിടെ ഘണ്ട എന്നതു് യമന്റെ കാളയുടെ കഴുത്തിലുള്ള മണിയെന്നു അറിയേണ്ടതാണു്]

'ഘണ്ടാഭയംതീർത്തു രക്ഷിക്ക'

(ദേവീമാഹാത്മ്യം)

ഘണ്ടാരവാ–ഒരു ചെടി, കിലുക്കായുടെ, തന്തലക്കൊട്ടി, കിലുക്കിപ്പുൻ, കലിക്കപ്പുട്ടു്. മണിശബ്ദത്തുല്യമായ ശബ്ദമുള്ളതു എന്നർത്ഥം.

ഘണ്ടാരവം–മണിനാദം.

ഘണ്ടികാ–ചെറിയമണി.

ഘന–വി. പ. മാനമുള്ള. ഘ. ശ്രേഷ്ഠതയുള്ള, കനമുള്ള. ന. നിബിഡമായ (ഇടതൂർന്നതായ). ഭ. കഠിനമായിട്ടുള്ള.

ഘനകഠം–അരിപ്പുഴം.

ഘനഘടാ–മേഘസമൂഹം.

ഘനജംഘിപ്രാപ്തം–വളരെ ചെറുതു സ്ഥലം.

ഘനജ്വാല–മിന്നൽ.
ഘനത–പ്ര മഹത്വം. ഉ. തിങ്ങൽ.
ഘനപല്ലവ–കരിമുരിങ്ങ.
ഘനപാഷണ്ഡ–മയിൽ.
ഘനപ്രിയ–ആറ്റുഞാവൽ.
ഘനം–പ്ര. മേഘം. വായുവിനാൽ ഹനിക്കപ്പെടുന്നത് എന്നർത്ഥം. താപത്തെ തീക്ഷ്ണത്തെ എന്നുമർത്ഥം. ഉ. ബഹുമാനം. ന. മണി, ചേങ്ങല, എലത്തരം. ഭ. നാട്ടുത്തിലെ ഒരുവക ഭേദം.

[കൈകൊണ്ടുള്ള ആംശ്വവും കാൽകൊണ്ടുള്ള നൃത്തവും അധികം വേഗത്തിലും അധികം സംവേധനത്തിലുമല്ലാതെ ഇടമട്ടിലായാൽ അതിനു 'ഘനം' എന്നു പേർ]

ഉ. മുരിങ്ങമരം. ഇതുകൊണ്ടു ഹനിക്കുന്നതിനാൽ ഈ പേർ വന്നു. ഇരിമ്പുലക്ക, ഇരിമ്പുഗദ എന്നും കാണുന്നു. ന. മുത്തങ്ങ. ഒ. ഇടതൂർന്നത് (നിബിഡം) വ. കഠിനമായിട്ടുള്ളത്. ൻ. ഏലവങ്ങം. ക്ഷ. മുരങ്ങ്. ക്ഷ. മുളക്. ക്ഷ. വെളുത്തീയം. ക്ഷ. അഭ്രകം.

ഘനരവം–മയിൽ.
ഘനരസം–പ്ര. വെള്ളം. ഉ. പച്ചക്കർപ്പൂരം. ന. കഷായം. മേഘത്തിന്റെ രസം എന്നർത്ഥം. ഭ. പെരുങ്കുരുമ്പ. ഇ പാൽകുരുമ്പ.
ഘനരുചി–മിന്നൽ.
ഘനവാഹനൻ–ശിവൻ.
ഘനവീഥി–ആകാശം.
ഘനസമയ–വർഷകാലം.
ഘനസാര–പ്ര. കർപ്പൂരം. ശീതളത്വം നിമിത്തം മേഘത്തിന്റെ സാരംപോലെ ഇരിയ്ക്കുന്നു. തണുപ്പുള്ളത് സാരം എന്നുമർത്ഥം.

[മുത്തങ്ങയിൽ നിന്നു കർപ്പൂരമെടുക്കുന്നതിനു വിധിയുണ്ട്. 'ഘനസാരസ്തുകപ്പൂരദക്ഷിണാവാർത്തപരാഭ' എന്നു ഭൈമൻ.]

ഉ. വെള്ളം.
ഘനാ–പ്ര. കാട്ടിഞ്ഞിൽ. ഉ. തുമ്പടി.
ഘനാഘന–വി. പ്ര. കടുപ്പമുള്ള. ഉ. ക്രൂരമായ ന. കൊലയിൽ താൽപര്യമുള്ള.
ഘനാഘനൻ–ഇന്ദ്രൻ.
ഘനാഘനം–പ്ര. വർഷിക്കുന്ന മേഘം, കാർമേഘം. ഉ. മദയാന, ആനയുടെ കരിയുന്ന ആന. ഹനിക്കുന്നത് എന്നർത്ഥം. ന. പോത്ത്.

'ശക്രോഘ്നാതുകമത്തരോ
വർഷുകാബ്ദോഘനാഘനഃ'
(അമരം)

ഘനാന്ധം–ശരൽക്കാലം.

'ഘനാഘനാന്ധേതടിതാംഗരാഗിണീവ'
(മായ)

ഘനാമയം–ഈയം.
ഘനാശ്രയം–ആകാശം.
ഘനിക്കുക–പെരുങ്കുക.
ഘനീകരിക്ക, ഘനീഭവിക്ക–കട്ടപിടിക്ക, ഘനമായി ഭവിക്ക.
ഘനോപലം–ആലിപ്പഴം.
ഘനം–മുത്തങ്ങ.
ഘരട്ടം–തിരുവക്കല്ല്.
ഘരം–കതിര.
ഘരഘരാ, ഘരഘരീ–ഗംഗാനദി.
ഘരഘരേ–പ്ര. ഘരഘരത്തോടെ.

[ഘരഘരത്തോടെ വിന്ധ്യപർവ്വതത്തിൽ നിന്നു പുറപ്പെട്ട് വംഗദേശത്തിൽക്കൂടി ഒഴുകി ഗംഗയിൽ ചേരുന്നു. ചമ്പാനഗരിക്കു കുറച്ചു കിഴക്കോഴുകുന്നു കിടക്കുന്നു.]

ഉ. ശബ്ദം. ന. മുരടനക്കം. ഭ. വാതിൽ. ഇ. മുഴ.
ഘമ്മി–വി. പൂട്ടുള്ള.
ഘമ്മാ–പ്ര. ഉഷ്ണം. ഉ. ഉഷ്ണകാലം. ന. വിയർപ്പ്. വിയർത്തു ഴുകുന്നത് എന്നു

സ്ഥം. ര. വെയിൽ. ഇ. പശുവിൻ പാൽ.

ഘർമ്മമാത്ര-കാലത്തിന്റെ ഉഷ്ണവും ശീതവും അളക്കുന്നതിനുള്ള സൂത്രം Thermometer.

ഘർമ്മാതപ-ഉഷ്ണമധിക്കുള്ള വെയിൽ.

ഘർമ്മാംശു-സൂര്യൻ.

ഘൃഷ്ണം-ഉരയ്ക്കൽ, അരയ്ക്കൽ, ഉരുമ്മുക.

ഘൃഷ്ണി-മഞ്ഞൾ.

ഘൃഷ്ണിക്ക-ഉരയ്ക്കുക, അരയ്ക്കുക, ഉരുമ്മുക.

ഘൃതം-നെയ്.

ഘസി-ആഹാരം.

ഘസിക്കുക-വിഴുങ്ങുക.

ഘസ്മര-വി. അധികം ഭക്ഷിക്കുന്ന, ഭക്ഷണം പ്രധാനമായിട്ടുള്ള.

ഘസ്രം-ക്ര. പകൽ. ഇരുട്ടിനെ കളയുന്നതു എന്നർത്ഥം. ഉ. കങ്കുമം.

## ങ്കാറ

ഘാട, ഘാടം-പിടലി, പിടരി, പാരടി, കഴുത്തിലേ മുഴ, പിൻകഴുത്തും തലയും ക്ലേശിപ്പിക്കുന്ന രോഗം. കഴുത്തും തലയും ക്ലേശിപ്പിക്കുന്നതു് എന്നർത്ഥം.

ഘാടം-ക്ര. കടവു്. ഉ. കടം, മംഗലി.

ഘാടിക-പിടലി.

ഘാണ്ടികൻ, ഘാണ്ടികാത്മകൻ-മണിയടിക്കുന്നവൻ.

ഘാതകൻ-കൊല്ലുന്നവൻ, ദുഷ്ടൻ, ഉപദ്രവിക്കുന്നവൻ.

ഘാതകി-കൊലപാതകി.

ഘാതകം-കൊലപാതകം.

ഘാതപക്ഷി-പരുന്തു്.

ഘാതം-ക്ര. കൊല, വധം. ഉ. അടി. ന. ആയുധം. ര. ക്ഷണം. (ഇ-ം, ൈ-ം, തമിഴുള്ള ഘാതം=നാശം.)

ഘാതി-വി. കൊന്ന, കൊല്ലുന്ന. ഉ. ഉപദ്രവിക്കുന്ന. (തീ. തിനി. തി.)

ഘാതുക-വി. ക്രൂരമായുള്ള. (കൻ. കീകം.) ഹിംസാശീലമുള്ള.

ഘാസം-ക്ര. പൈപ്പല്ലു്, ഇളംപുല്ലു്. (പശുക്കൾക്കു തിന്നാവുന്ന എല്ലാത്തരം പുല്ലുകളും ഇതിൽ ഉൾപ്പെട്ടതു) പശുക്കൾ ഇതിനെ തിന്നുന്നതിനാൽ ഈ പേർ വന്നു. ഉ. പയറു്.

ഘാസി-അഗ്നി.

ഘാസുക-ഭക്ഷിയ്ക്കുക.

## ങ്കു

ഘു ഘുകുത്തു്-കാട്ടുപ്രാവു്.

ഘുടം-നരിയാണി.

ഘുടാ-ചന്ദനമരം.

ഘുടി-നരിയാണി.

ഘുടിക-ക്ര. ന(ഞ)രിയാണി. കാലടി തിരിക്കയും മറിക്കയും ചെയ്യുന്നതു് ഇതു കൊണ്ടാകയാൽ ഈ പേർ വന്നു. ഉ. ഉപമാല. ന. ഗുളിക.

ഘുണം-മരം തുളയ്ക്കുന്ന വണ്ടു് മുതലായ ക്ഷുദ്രജന്തുക്കളുടെ പേർ.

ഘുണാക്ഷരന്യായം-യാദൃച്ഛികസംഭവം "പുഴുക്കൾ മരമോ മണലിൽ കുടിയേഴുമ്പോൾ ചില അക്ഷരങ്ങളുടെ ആകൃതി ഇഴഞ്ഞുപോയ സ്ഥലത്തു കാണും. അക്ഷരം എഴുതണമെന്നു വിചാരിച്ചു് ഇഴഞ്ഞിട്ടുള്ളതല്ല യാദൃച്ഛികമായി അക്ഷരങ്ങളായിട്ടു തീരുന്നതാണു്. ഈ കൊണ്ടു "ഘുണാക്ഷരന്യായേന" എന്നു പഠയുന്നു."

ഘുണവല്ലഭോ-ക്ര. അതിവിടയം ഉ. ഇലവു്.

ഘുണ്ടോ-ചന്ദനമരം.

ഘുണ്ഡം-കണങ്കാൽ.

ഝുമുഝുമു-ശംഖിന്റെ ശബ്ദം.
ഝുരണം-ശബ്ദം.
ഝുലഝുലാരവം-ഒരുവക പ്രാവ്, കാട്ടു പ്രാവ്.
ഝുലഞ്ഛം-കാട്ടുകോതമ്പ്.
ഝുഷ്ട-വി. ഉറച്ചു ശബ്ദിക്കപ്പെട്ട.
ഝുഷ്ടം-ഉറച്ചുള്ള ശബ്ദം.
ഝുസ്രണം-കുങ്കുമം.
ഝുസ്രണാപിഞ്ജരതനു-ശംഖനദി.

—:ം:—

## ഝൃ

ഝൃകനാദിനി-ശംഖനദി.
ഝൃകം-മൂങ്ങ, ഉരഗൻ. ഝൃ എന്ന ശബ്ദിക്കുന്നത് എന്നർത്ഥം.
'ഝൃകവൃന്ദമതുകോടരത്തിലും'
(അന്യാപദേശശതകം)
ഝൃകാരി-കാക്ക.
ഝൃകാവാസം-ശാഖോടവൃക്ഷം.
ഝൃണ്ണനം, ഝൃണ്ണം-ചുഴൽച്ച, ഭ്രമം.
ഝൃണ്ണികാവാതം-ചുഴലിക്കാറ്റ്.
ഝൃണ്ണിത-വി. പ. ചുഴലപ്പെട്ട. ര. തിരിയുന്ന.
ഝൃണ്ണിതൻ-പ. ഉറക്കം തൂക്കുന്നവൻ. ര. ഉണർച്ചയില്ലാത്തവൻ. ഝൃണ്ണയുണ്ടാക്കുന്നവൻ എന്നർത്ഥം. മറെറാരു പര്യായം-പ്രചലായിതൻ.

—:ം:—

## ഝൃ

ഝൃണ-പ കരുണാരസം. ആസ്വാദിപ്പിക്കുന്നത് എന്നർത്ഥം. കൃപ, ദയ. ര നിന്ദ ന. ജുഗുപ്സ (ലജ്ജ). ഭ. രോഷം.
ഝൃണാകര-വി. കൃപയുള്ള. ര. നിന്ദയുള്ള
ഝൃണാഫലം-തണ്ണിമത്തൻ.
ഝൃണാവതി-ശംഖനദി.
ഝൃണി-വി. പ കൃപയുള്ള ര. നിന്ദയുള്ള. (ണീ ണി നീ ണ്)
ഝൃണി-പ. രശ്മി. ഭൂമിയെ നനയ്ക്കുന്നതു എന്നർത്ഥം. ജലം ഒഴുകുന്നതു, വെള്ളത്തെ വിടുന്നതു് ഇങ്ങിനെയുമർത്ഥം ര. പന്നി.
ഝൃണിനിധി-ശംഖനദി.
ഝൃതകരഞ്ജ-ഒരു വന്യവൃക്ഷം.
[ഇതിനു പുങ്കിന്റെ ഗുണമാണുള്ളതു്. വാതം, വ്രണം, വിഷം, അർശ്ശസ് തുടങ്ങിയവയ്ക്കു് നന്നു്].
ഝൃതകുമാരി-കറുവപ്പട്ട.
ഝൃതാചി-പ. ഒരപ്സരസ്ത്രീ
[ഒരുദ്ദാലകമഹർഷിയുടെ തപസ്സിനെ ഭംഗപ്പെടുത്തുന്നതിനായി, ഇവർ ഒരു സുന്ദരിയായ സ്ത്രീയായിത്തന്നെയും വായുവിന്റെ ശരീരം കൊണ്ടു അവർ അംഗഹീനരായിത്തീർന്നു എന്നും ഒരു കഥയുണ്ടു്. വായുവിനോടുകൂടെ അവർ ആകാശത്തേക്കു ചെല്ലുന്നു കൊണ്ടാണു് ശപിച്ചതു്. ശാപം തീർന്നശേഷം അവരെ ബ്രഹ്മദത്തൻ കല്യാണം കഴിച്ചു. ബ്രഹ്മദത്തൻ കാമ്പിലരാജാവായിരുന്നു.]
ര. രാത്രി. ന. ഇന്ദ്രസഭ. ഭ. സരസ്വതി. ഉ. പോരുളം.
ഝൃതാചി-വി. പ. തെന പൊതികയ്യ, തെന പൂശിയ. ര. പുകശിക്കുന്ന.
ഝൃതം-പ തെന. നനയ്ക്കുന്നതു എന്നർത്ഥം. ര. ജലം
ഝൃതാമല-തെയ്യാറ്.
ഝൃതാച്ഛിസ്ത-അഗ്നി.
ഝൃതോദ-തെനസ്സുദേ.
ഝൃഷ്ട-വി ഘർഷിക്കപ്പെട്ട.
ഝൃഷ്ടി-പ. സ്ത്രീ. ര രശ്മി ന. പന്നി. ഭ. ഉരയ്ക്കൽ ഉ. പൊടിക്കൽ. ഊ. നിലപ്പന. പന്നിക്കിഴങ്ങു്. ഋ. മലയമുക്കി.

(പന്നികൾ നിലപ്പനക്കിഴങ്ങു കുത്തി തെയ്യുള്ള തിന്നുക സാധാരണമാണ്).

ഘൃഷ്ടി-പന്നി

—:o:—

## ഘോ

ഘോടകം, ഘോടം-കുതിര. ചുറുചുറുക്കിനെത്തോടുന്നത് എന്നർത്ഥം. 'ഘോടകപംക്തികളുനക്കെത്തിലുകളും' (കുചേലവൃത്തം വഞ്ചിപ്പാട്ട്)

ഘോടകാരി-പ. പോത്ത്. ര. കണവീരം.

ഘോണാ-മൂക്ക്, ശബ്ദം ഗ്രഹിപ്പാൻ അതുപകരിച്ചു വിഷയത്തിൽ ചുറ്റിത്തിരിയുന്നത് എന്നർത്ഥം.

ഘോണാന്തരഭേദനം-പന്നി.

ഘോണി-പന്നി. നീണ്ട മൂക്കുള്ളത് എന്നർത്ഥം.

ഘോണ്ട-പ. കമുകുമരം. തൂങ്ങുന്നത് എന്നർത്ഥം. ര. ഇലന്തക്കായ്. ഉരുളുന്നത് എന്നർത്ഥം ഇലന്തമരം എന്നുമാവാം. ന. കാട്ടിലന്ത.

ഘോരം-വി. ഭയങ്കരമായത്തുന്ന.

ഘോരദർശന-വി. ഭയങ്കരനോട്ടമുള്ള.

ഘോരദർശനം-പ ഭയങ്കരനോട്ടം. ര. മൂങ്ങ. ന. ചേരപ്പുലി

ഘോരൻ-പ. ഭയങ്കരൻ. ര. ശിവൻ.

ഘോരം-പ. ഭയാനകരസം. ഭയപ്പെടുത്തുന്നതു എന്നർത്ഥം ര. കുങ്കുമം.

ഘോരാരാസനാ, ഘോരരാസി-കറുക്കൻ.

ഘോരവാശനാ, ഘോരവാശി-കറുക്കൻ.

ഘോരാലജ്ജ-രതന

ഘോരാലം-പ മേന്ത് ര. പാടനീക്കാതെയും തൊലിയാതെയും ഉണക്കിയ മേന്ത്.

ഘോരാലി-ശംഖുപുഷ്പം.

ഘോഷ-വി. പ ഉച്ചത്തിൽ ശബ്ദമുള്ള. ര. ഇടയന്മാരുള്ള

ഘോഷകം, ഘോഷം-പീരം, പീച്ചിൽ. ഉണങ്ങിയാൽ ശബ്ദിക്കുന്നത് എന്നർത്ഥം.

ഘോഷണം, ഘോഷണാ-ഉച്ചത്തിൽ ശബ്ദിക്കുക, ക്രുക്കൽ

ഘോഷം-പ. ഉച്ചത്തിലുള്ള ശബ്ദം. ര. ഇടയന്മാരുടെ കൂടി. ഇടയഗ്രാമം പശുക്കളും ശബ്ദിക്കുന്ന സ്ഥലം എന്നർത്ഥം ന. വെള്ളോട്ട്. ഭ. മുഴക്കം.

ഘോഷയാത്ര-രാജാക്കന്മാരുടെ പ്രൌഢിയോടു കൂടിയ പുറപ്പാട്.

ഘോഷയിത്നു-കയിൽ.

ഘോഷവതി-വീണ.

ഘോഷാ-പ. കാട്ടുശതകുപ്പ ര. കക്കുടുംഗി. ന. കാട്ടുപീച്ചിൽ. ഭ ശതകുപ്പ ങ. വിഴാൽ.

ഘോഷാക്ഷീരം, ഘോഷാങ്ഗഠം-ഖ ഝ. ഡ. ഢ. ഭ ഇവ വ്യഞ്ജനങ്ങൾ

ഘോഷാരവം-ഘോഷശബ്ദം.

ഘോഷി-(വ്യാകരണത്തിൽ) 'ഹ' എന്ന വ്യഞ്ജനം.

ഘോഷിക്കുക-പ. ശബ്ദിക്കുക ര. കോലാഹലമുണ്ടാക്കുക.

ഘോഷിതം-ഘോഷിക്കപ്പെട്ടത്.

ഘോഷിപ്പു-കോലാഹലം.

—:o:—

## ഘ്ര

ഘ്രാണതർപ്പണം-സുഗന്ധം, മൂക്കിനിഷ്ടമുള്ള ഗന്ധത്തോടുകൂടിയ വസ്തു. ഘ്രാണേന്ദ്രിയത്തെ തൃപ്തിവരുത്തുന്നത് എന്നർത്ഥം.

ഘ്രാണഭേദാ-ക്രതുകരം (ഗ്രഹ്യാംശം പത്രാളി).

ഘ്രാണന-പ. മണക്കുക. ര. മണം.

ഘ്രാണം-ഫ. മണക്കുക. ഉ. മണം. ന. മൂക്ക്. ഭ. നാറപ്പെട്ടത്.

ഘ്രാണിക്കുക-മണപ്പിക്കുക (കാ. ക്രി. ഘ്രാണിപ്പിക്കുക).

ഘ്രാണേന്ദ്രിയം-മൂക്ക്.

ഘ്രാത-വി. മണക്കപ്പെട്ട, നാറപ്പെട്ട.

ഘ്രേയ-ഘ്രാണിക്കത്തക്കതായ, മണപ്പിക്കത്തക്കതായ.

—:o:—

## ങ

ങ—ഹല്ലുകളിൽ അഞ്ചാം അക്ഷരം.

—:o:—

## ച

ച—ഹല്ലുകളിൽ ആറാം അക്ഷരം.

ച-(അ) ഫ. ഉം. ഉ. വിശേഷിച്ചും. ന. എങ്കിലും. ഭ. കൂടെ. ഇ. എന്നാൽ. ന. അന്യോന്യമായി. ഒ. അതുഹേതുവായി. സ. തുല്യമായി. ൻ. അല്ലെന്നവരികിൽ ഫ. ഗ്രന്ഥപൂരണം.

ചഃ ശിവൻ.

ചകട്ട്-ശകടം.

[ശകടം എന്നതാണ് ചകട്ട എന്ന് ആയത്].

ചകരി-തേങ്ങയിലുള്ള മറ്റവിധം നാര്.

ചകരിക്കണ്ണി-കൊശവന്റെ ചക്രം.

ചകലാസ്സ്-ഒരുവക ചെടിന്ന റോപ്പുകമ്പിളി.

ചകലം-വി. ഉരുണ്ട, വൃത്തമായ.

ചകാരം-ച എന്ന അക്ഷരം.

ചകിണി, ചവിണി, ചേണി-ചക്കയുടെ അകത്തു ചുള്ളുമുറവും പറ്റിയിരിക്കുന്ന വസ്തു.

ചകിത-വി. ഭയപ്പെട്ട, ഭയമുള്ള. ഉ-ം ചകിത ശശപോതങ്ങൾ.

ചകിതൻ-ഭീരു(ഭയന്നവൻ), ഭീരുകിയവൻ, തുപ്പിയെ പ്രാപിച്ചവൻ.

ചകിതം-ഫ. ഭയം. ഉ. പ്രത്യക്ഷമായ കാരണമില്ലാതെ തന്റെ സമീപസ്ഥയായ നായികയുടെ അകാരണമായ ഭയസംഭ്രമം. ഇതു നായികാസ്തനങ്ങളായ ഉപ്പു അലംകാരങ്ങളിൽ ഒന്നാണ്.

ചകിരി-തേങ്ങയുടെ തൊണ്ടിനകത്തുള്ള നാര.

ചകിരിക്കണ്ണി-കുശവന്റെ ചക്രം.

ചകിരിക്കയറു-തേങ്ങയുടെ മടൽ ചതച്ചു പിരിച്ചു വസ്തു.

ചകുതി-ചതിവു, വഞ്ചന.

ചകോരം, ചകോരകം-ഒരു പക്ഷി, ഉപ്പൻ. ചെമ്പോത്ത്, ഈശ്വരൻകക്കേ ഇങ്ങിനെയും പറയുന്നു. ചന്ദ്രികാപാനം ഹേതുവായിട്ടു തുപ്പിപ്പെടുന്നതു എന്നത്രേ

[ചകോരപ്പക്ഷിയുടെ മാംസം വിശേഷാൽ വാതത്തെ ശമിപ്പിക്കും. പുഷ്ടിയെ ഉണ്ടാക്കും. ബലത്തെ വർദ്ധിപ്പിക്കും. ഈ പക്ഷി തീക്കനൽ തിന്നുകയും ചെയ്യും. വിഷത്തെ സൂചിപ്പിക്കും. ചന്ദ്രരശ്മിയെ പാനം ചെയ്യും. തമിഴിൽ നിലാക്കോഴി ഈ ഗ്രീക്ക് ൽ ഗ്രീക്കുപാർട്ടിഡ്ജ് The Greek Partridge].

ചകോരിക-പെൺചകോരം.

ചക്കു-എള്ളു തേങ്ങ മുതലായവ ആട്ടുന്ന യന്ത്രം, കരിമ്പാട്ടുന്ന യന്ത്രം.

ചക്ക-ഫ പ്ലക്ഷായ്. ഉ. കൈതയുടെ കായ്. ന. കഴയുടെ കായ്. ഭ. ആഞ്ഞിലിക്കായ്. ഇ. മരത്തിന്മേലുണ്ടാകുന്നതു.

ചക്കകൊട്ടിക-കൈകൊണ്ടു കൊട്ടുന്ന ഒരുതരം തിരി അധിക്ഷേപം.

ചക്കപ്രഥമൻ-ചക്കപ്പഴംകൊണ്ടുണ്ടാക്കുന്ന ഒരു മധുരക്കറി.

ചക്കമുല്ല-കറമൊഴി എന്ന പൂച്ചെടി.

ചക്കമുള്ള്-ചക്കയുടെ മുള്ള്.

ചക്കമുള്ളൻ-ഒരുവക കൈവള.

ചക്കര - മധുരക്കള്ള് കറക്കിയുണ്ടാക്കുന്ന ഒരു വസ്തു. ['ശർക്കര' അണ് 'ചക്കര' യായതു്.]

ചക്കരക്കള്ള്-മധുരമുള്ള കള്ള്.

ചക്കരക്കള്ളൻ-ഒരുമാതിരിച്ചെമ്പന്ന മുയൽ.

ചക്കരക്കൊമ്മട്ടി-ഒരുമാതിരി കക്കരിക്കാ

ചക്കരപ്പാവു്-ഉരുക്കിയ ചക്കര.

ചക്കരപ്പുകയില-ചക്കരവെള്ളം തളിച്ചു പുകയില.

ചക്കാട്ടു്-ചക്കിൽ എണ്ണ കരിയു് മുതലായവയാട്ടുക.

ചക്കാത്തി-ചക്കകാരത്തി.

ചക്കാൻ-ചക്കകാരൻ.

ചക്കാല-പ. ശൂദ്രരിൽ ഒരു താണജാതി. ക. ചക്കപുര.

ചക്കി-പ. ചില ജാതിക്കാരുടേ സ്ത്രീകൾക്കുള്ള പേർ, [ശക്തി എന്നതാണ് ചക്കി ആയതു്] ക. പെൺപൂച്ച.

ചക്കിപ്പൂച്ച- പെൺപൂച്ച. ചക്കിപ്പൂച്ച >< കുണ്ടൻപൂച്ച (കണ്ണൻപൂച്ച).

ചക്കിലിയൻ-ചെരിപ്പുണ്ടാക്കുന്ന ജാതിക്കാരൻ.

ചക്കിവത്തിച്ചീര-വാസ്തുകം, ചീര.

ചക്കുകൊക്കു്-ചക്കുകണയുടെ മുകളിൽ കൊള്ളിച്ചുവെയ്ക്കുന്ന ഒരു മരക്കഷണം.

ചക്കുതോക്കു്-ഒരുവക വലിയ തോക്ക്.

ചക്കുപോര-ചക്കിൽ നിന്നു പിണ്ണാക്കു കത്തിയെടുക്കുന്ന കോൽ.

ചക്കുപുര-ചക്കാല.

ചക്കുമുക്കി-തീക്കല്ലിൽ നിന്നു തീ പുറപ്പെടുവിക്കുന്ന ഒരു വസ്തു.

ചക്കുമ്മുട്ടു്-ചക്കുപുര.

ചക്കുരൽ-ചക്കിന്റെ മുരൽ.

ചക്കുലിമീൻ-ഒരുവക മത്സ്യം (ഇതു വിശേഷാൽ മലത്തെ പിടിപ്പിക്കും. ഏയേപ്പ്യസകേരമാണു് )

ചക്കുവരി-ചക്കിനുള്ള കരം.

ചക്കുവെടി-ഒരുവക വലിയവെടി.

ചക്കുഴക്കു്-ചക്കുകുലി എടുക്കുന്ന എണ്ണ.

ചക്രകണ്ടകം-പ, ചതുരക്കള്ളി. ക. ചന്ദനമരം.

ചക്രകൻ-(തർക്കശാസ്ത്രത്തിൽ) യുക്തികൂടാതെ വാദിക്കുന്നവൻ.)

ചക്രകം-വി. വണ്ടിപോലുള്ള, വൃത്തമായ

ചക്രകാരകം-പുലിച്ചുവടി എന്ന ചെടി. ചക്രതുല്യത്തെ ചെയ്യുന്നതു എന്നർത്ഥം.

ചക്രകുല്യാ-ഓരില.

ചക്രക്രടം-ചക്രത്തിന്റെ മദ്ധ്യത്തിൽ അല്ലികളെല്ലാം ചെന്നുചേരുന്ന ഉരുണ്ട ഒരു സാധനം. പദ്ധ്യായങ്ങൾ-പിണ്ഡിക, നാഭി.

ചക്രഗജം-തകര.

ചക്രജീവകൻ-കുശവൻ.

ചക്രദീപട്ടി-ഒരുമാതിരി വലിയ ദീപട്ടി.

ചക്രദംഷ്ട്രം-പന്നി.

ചക്രധരൻ-വിഷ്ണു

ചക്രധരം-പാമ്പു്.

ചക്രനഖ-പുലിച്ചുവടി.

ചക്രനാമാ-ചക്രവാകപ്പക്ഷി.

ചക്രപാണി-വിഷ്ണു, ചക്രായുധത്തെ ധരിച്ചവൻ, കൈയിൽ സുദർശനം എന്ന ചക്രമുള്ളവൻ എന്നർത്ഥം.

ചക്രപാദ(കം)-പ. വണ്ടി. ക. ആന.

ചക്രപ്പുതായ-വെള്ളം വറ്റിക്കുന്ന ചക്രം ഇട്ടു തിരിക്കുന്നതിനുള്ള ഒരു പണി.

ചക്രപ്രട-പ ധനപ്രദ. ക. നീർച്ചുഴിയുടെ പ്രദ. ന. സുദർശനം എന്ന ആയുധത്തിന്റെ പ്രദ.

ചക്രബന്ധം—ശബ്ദാലംകാരങ്ങളിൽ ഒന്ന്. ചിത്രം എന്ന അലങ്കാരത്തിന്റെ വകഭേദം.

ചക്രബാണം—വണ്ടിച്ചക്രംപോലെ തിരിയുന്ന ഒരു ബാണം.

ചക്രബാലധി—പട്ടി.

ചക്രപാണി—വിഷ്ണു.

ചക്രഭേദിനി—രാത്രി.

ചക്രം—പു. ചുഴി. ഉ. ഒരുമാതിരി ആയുധം. ന. വണ്ടി. ര. ചക്ക്. ള. ജലം വാറിക്കുന്നതിനുള്ള ഒരു യന്ത്രം. ന്യ. ചകിരിക്കണ്ണി. ഒ. തിരുവിതാംകൂർ രാജ്യത്തിൽ നടപ്പായിരുന്ന ഒരു ചെറിയ വെള്ളിനാണയം. വ്യ. നീർച്ചുഴി. ൻ. രാജ്യം. തൃപ്തിയെ ചെയ്യുന്നതെന്നർത്ഥം. പ്രാ. കൂട്ടം. പ്രപ. ദേശം, ദിക്ക്. പ്രഭ. അണിഭേദം. പ്രന. കാലചക്രം. പ്രർ. വൃത്തം. പ്രള. രാശികളുടെ ഗതി. പ്രന പിടിപ്പാത്ത പ്രള പാമ്പിന്റെ തലയിലേ ഒരടയാളം. പ്രവ. മണ്ഡലം. പ്രൻ. ക്ഷ്മി. ഗാ. ചൊറി, ചിരങ്ങ്. ഗപ്ര ചക്രവാകപ്പക്ഷി. പ്രഭാതകാലത്തിൽ പ്രിയാലാപംകൊണ്ട് തൃപ്തിപ്പെടുന്നതു എന്നർത്ഥം. ഗഗ. തകരം. ഗന. വിഷ്ണുവിന്റെ ആയുധം (ഹയഗ്രീവനെക്കൊന്ന ചക്രവും പഞ്ചജനനെക്കൊന്ന ശംഖവും ലഭിച്ചു) ഗർ. ചക്രാകാരേണ ജലത്തിന്റെ കീഴ്പ്പോട്ടുള്ള പോക്ക്. ചക്രംകാരേണ ഗമിക്കുന്നു എന്നർത്ഥം ഗള തേർച്ചക്രം. ഗതിയെ ചെയ്യുന്നതു എന്നർത്ഥം. ഗന സേന പ്രസിദ്ധപ്രയുക്തകളെ ചെയ്യുന്നതു എന്നർത്ഥം.

ചക്രംതിരിപ്പു—വട്ടത്തിൽ മുറിക്കുക.

ചക്രംതിരിയുക—വട്ടത്തിൽ മുറിക്കുക (സ. ക്രി. ചക്രം തിരിക്കുക)

ചക്രമത്സ്യം—ഒരുവക മീൻ, പയ്യോയം—ശാഖം.

ചക്രമർദ്ദകം—തകര. ചൊറി ചിരങ്ങു ഇവയെ മർദ്ദനം ചെയ്യുന്നതു എന്നർത്ഥം. (ചക്രം=ചൊറി, ചിരങ്ങ്)

ചക്രമുഖം—പന്നി.

ചക്രയാനം—വണ്ടി, രഥം.

ചക്രരേഖ—ചിലരുടെ കൈയിലുള്ള ഒരു അടയാളം.

ചക്രല—കണ്ടുമുത്തങ്ങ. പെരുമുത്തങ്ങ, പെരുങ്കാരപ്പുല്ല് ഇങ്ങിനെയും പറയുന്നു. ചക്രസാദൃശ്യമുള്ളതു എന്നർത്ഥം.

ചക്രലക്ഷണം—ചിറ്റാമൃതു.

ചക്രവണ്ടി—ചക്രപ്പലകകൾ കൂട്ടി ഇണക്കുന്ന വണ്ടി.

ചക്രവർത്തി—സാർവ്വഭൌമനായ രാജാവു്, രാജരാജൻ, ആസമുദ്രക്ഷിതീശ്വരൻ. രാജമണ്ഡലത്തിൽ അല്ലെങ്കിൽ ഭൂമണ്ഡലത്തിൽ സർവ്വോൽകൃഷ്ടനവർക്കുശീലമുള്ളവൻ, ഔന്നത്യചക്രത്തെ ഭൂമണ്ഡലമൊട്ടുക്കു കൊണ്ടുചെല്ലുന്നവൻ എന്നുമാവാം. മറ്റൊരു പര്യായം—സർവ്വഭൌമൻ. ഉ. ചീര.

ചക്രവർത്തിനി—പു. രാജരാജന്റെ (ചക്രവർത്തിയുടെ) മഹിഷി ഉ. രവുങ്ങ്യോപം. കർക്കാപ്യോപം, ഇന്ദ്രഗോപി ഇങ്ങിനെ പലവിധം പറയുന്നു. അരക്കു ഈ മരത്തിന്റെ കറയാണ്. ചക്രാകാരേണ വർത്തിക്കുന്നു എന്നർത്ഥം ന. മാണ്ഡ.

ചക്രവല്ലരി ഇലക്കള്ളി.

ചക്രവല്ലി—പുഷ്പാകാരം.

ചക്രവാകം—ഒരു പക്ഷി. പയ്യോയം—ശാകം, ചക്രം, ചക്രവാകം, രഥാംഗം, രഥാനാമകം. (പകൽ ഇണ പിരിഞ്ഞിരിക്കും; രാത്രിയിൽ പിരിഞ്ഞുപോകും.)

[മാംസവിശേഷാൽ അഗ്നിയെ വർദ്ധിപ്പിക്കും. The ruddy goose, Brahmany goose മിംഗ്ലിഷ്,

ബ്രാഹ്മണി ഗ്ലസ്. ചക്രപക്ഷിയെങ്കിലെല്ലാം ഇതിനെപ്പറ്റിയും പക്ഷിയെങ്കിലുമുണ്ട്.]

ചക്രവാതം–പുഴുക്കിക്കാറ്റ്.

ചക്രവാളം–പ്ര. കൂട്ടം. ര. കണ്ണിനെത്തുന്നദൂരം. ന. മണ്ഡലം. ചക്രം എന്നപോലെ വൃത്താകാരമായത്. ശ. ഭിന്നമണ്ഡലം. ഇ. ലോകാലോകപർവ്വതം ഭൂമണ്ഡലത്തെ പുറത്തിക്കൊണ്ടിരിക്കുന്നതു എന്നർത്ഥം. (ചക്രം = ഭൂമണ്ഡലം). 'ചക്രവാഡം' എന്നുമാവാം.

(ലോകാലോകപർവ്വതം സപ്തദ്വീപസപ്ത സമുദ്രത്രയമായ ഭൂമിയുടെ പുറമേ ചക്രാകാരേണ പുറത്തിക്കൊണ്ടിരിക്കുന്നു എന്നു പ്രസിദ്ധി. ചക്രവാളം = ഭൂമിയെ പുറത്തിട്ടുള്ളതും അപ്പുറം ഇരുട്ടും വെളിച്ചവും ഇല്ലാത്തതുമായ ഒരു പർവ്വതം, ചക്രവാളം–മണ്ഡലം, ചക്രാകാരമായ വലയം (പരിവേഷം) ഉള്ളതെന്നു വ്യുല്പത്തി.

'അതിക്രമിച്ചുരഥചക്രവാളം'

(ശ്രീകൃഷ്ണചരിതം മണിപ്രവാളം.)

ചക്രശ്വാസം–മരണസമയത്തു പുറത്തിറിഞ്ഞു വലിക്കുന്ന വായു.

ചക്രസാജ്ഞം–പ്ര. വെളുത്തനിറം. ര. ചക്രവാകപ്പക്ഷി.

ചക്രസാഹ്വയം–ചക്രവാകപ്പക്ഷി.

ചക്രാ–പ്ര. കക്കടകശൃംഗി. ര. പെരുമരുങ്ങ.

ചക്രാകാര–വി. ചക്രത്തിന്റെ മാതിരിയുള്ള.

ചക്രാകാരം–പ്ര. ചക്രസ്വരൂപം. ര. വട്ടം തിരിച്ചിൽ.

ചക്രാകാ–തകരം.

ചക്രാഖ്യ–തകരം.

ചക്രാംഗം–പ്ര. അരയന്നം. ചക്രാകാരമായ അംഗങ്ങളോടുകൂടിയതു എന്നർത്ഥം. ര. തേര.

ചക്രാംഗി–പ്ര. [illegible] ര. അരയന്നപ്പിട. ന. കടുക്കാരണി. ചക്രാകാരമായിരിക്കുന്ന അംഗത്തോടുകൂടിയതു എന്നർത്ഥം. 'വക്രാംഗി' എന്നുമാവാം. ശ. ചക്രവാകപ്പക്ഷി. ഇ. മരപ്പട്ടി. നു. കക്കടശൃംഗി.

ചക്രാധിവാസി–നാരകം.

ചക്രാഹ്വം–പ്ര. ചക്രവാകപ്പക്ഷി. ര. തകര.

ചക്രി–പ്ര. പാമ്പ്. പുരണ്ടുകിടക്കുന്നതു എന്നർത്ഥം. ര. കുശവൻ. ന. വിഷ്ണു. ശ. ചക്രവർത്തി. ഇ. അന്നം. നു. ഗൃധ്രപുരുഷൻ. ഒ. ചക്രവാകപ്പക്ഷി. വൃ. ആട്ട്. ൻ. കാക്ക. ഫ്ര. കഴുത. ഫ്ര. തകര. ഫ്ര. തെരുട്ടകാര. ഫ്ന. പുഴിച്ചുവടി.

ചക്രീവാൻ–പ്ര. കഴുത. ചക്രംപോലെ പുറത്തിരിയുന്നതു എന്നർത്ഥം. ര. ഒരു രാജാവിന്റെ പേർ.

ചക്രോദരൻ–വിഷ്ണു. ര. ചക്രവർത്തി.

ചക്ഷുർവാഹനം–ആട്ടുകൊട്ടപ്പാല.

ചക്ഷുശ്രവസ്സ്–പാമ്പ്. കണ്ണുചെവിയായിട്ടുപകരിക്കുന്നതു എന്നർത്ഥം.

(സർപ്പത്തിന് കാണണമെന്നും കേൾക്കുന്നതിനും കേൾക്കണമെന്നും കാണുന്നതിനും നിയമമില്ല.)

ചക്ഷുശ്രവണം–പ്ര. കണ്ണും ചെവിയും. ര. പാമ്പ്. [ചക്ഷുശ്രവണൻ എന്നുമുണ്ട്.]

'ചക്ഷുശ്രവണഗമ്യമാം ഒട്ടും'

(രാമായണം)

ചക്ഷുഷ്യ–വി പ്ര. കണ്ണിനു കൊള്ളാവുന്ന. ര. കാഴ്ചയ്ക്കു ഭംഗിയുള്ള. ന. കണ്ണിൽനിന്നുണ്ടായ.

ചക്ഷുഷ്യാ–പ്ര. കലഹാഞ്ജനം. (ഇതിൽ ഒരു വകഭേദമാണം കാണുന്നു) ര. ആട്ടുകൊട്ടപ്പാല. ന. കാട്ടുതിര.

ചക്ഷുഷ്യം–പ്ര. കണ്ണിനു ഹിതമായത്. ര. നിലക്കല്ല്. ഞങ്ങണക്കല്ല, രസാഞ്ജനം. ന. തേറാമ്പരൽ. ശ. രസവീരാഞ്ജനം. ഇ. കരിങ്ങഴി. നു. പൂരക്കുരു.

ചക്ഷുസ്സ്-കണ്ണ്. സ്വതുപരത്തെ മനസ്സിലാക്കിത്തരുന്നതു എന്നർത്ഥം.

ചങ്കൻ, ചങ്കൻകരി-ഒരു മത്സ്യം.

ചങ്കിടി-ഏറുപാട്ടക, ക്രൂടപ്പാട്ടക.

ചങ്കിടിക്കാരൻ-പാട്ടകാരനെ സഹായിച്ചു പാടുന്നവൻ.

ചങ്കു്-പ. കഴുത്തിന്റെ മേലേഭാഗം, പ
ഴുപ്പായം-കണ്ണും, ശരീരം. ക. ശംഖം.
[ശംഖം എന്നതാണ് ചംകു് എന്നായതു]

ചംക്രമണം-നടപ്പു്, സഞ്ചാരം.

'രാജന്നു ഗൃഹചംക്രമണേന'
(കിമ്മീരവധം കഥകളി)

ചങ്ങു്-പ. ചന്തമുള്ള. ക. സാമർത്ഥ്യമുള്ള.

ചങ്ങ-താക്കോലുകൊണ്ടു തുക്കുന്നതിനുള്ള ചെറിയ തുടൽ.

ചങ്ങല-തുടൽ(ർ).

[ശൃംഖല എന്നതാണ് 'ചങ്ങല'ആയതു]

ചങ്ങലപ്പുറത്തഴി-കന്നറി നദിയുടെ മുഖം
(മധ്യകേരളത്തിന്റെ അതിര്).

ചങ്ങലംപരണ്ട-ഒരു വള്ളി.

(വാതം, കൃമി, കഫം, നേത്രരോഗം, അർശ്സ്സു, അഗ്നിമാന്ദ്യം, ഗ്രഹണീദോഷം, ഗുല്മം, പ്ലീഹ, മഹോദരം, മൂത്രവിഷം, ദുഷ്ടവ്രണം ഇവയെ നശിപ്പിക്കും. അസ്ഥിയെക്കൂട്ടിപ്പിടിപ്പിക്കും. സംസ്കൃതത്തിൽ—അസ്ഥിസംഹാരിക. തമിഴിൽ-പിരണ്ടൈ. ഇംഗ്ലീഷിൽ Heliotropium Indicum-ഹെലിയോട്രോപിയം ഇൻഡിക്കം)

ചങ്ങലവട്ടക-ചങ്ങലവിളക്കു്.

ചങ്ങലവിളക്കു്-കൊണ്ടുനടക്കുന്ന ഒരു തരത്തിലെ തൂക്കുവിളക്കു്.

ചങ്ങാടം-വെള്ളത്തിനു മീതെക്കൂടെ വല്ലതും കൊണ്ടുപോകുന്നതിനുവേണ്ടി വള്ളമൊ തടിയൊ ചേർത്തു കെട്ടിയുണ്ടാക്കുന്നതു്.

ചങ്ങാതം-പ. വിരുത്തി. ക. സ്നേഹം.

ചങ്ങാതി-സ്നേഹിതൻ, കൂട്ടുകാരൻ.

ചങ്ങാതിത്വം, ചങ്ങായ്ത്തം, ചെങ്ങാത്തം-സഖിത്വം, സ്നേഹിതന്റെ നില.

ചങ്ങാളൻ-ചങ്ങാതി, സ്നേഹിതൻ.

ചഞ്ചരീകം-വണ്ടു്. ചരിക്കുശീലമുള്ളതു എന്നർത്ഥം.

ചഞ്ചലപ്പെട്ടക-കഴപ്പത്തിപ്പാവുക.

ചഞ്ചലപ്പി. ഇളകുന്ന.

ചഞ്ചല-പ. മിന്നൽ. ഇളകുന്നതു് എന്നർത്ഥം. ക. തിപ്പലി.

ചഞ്ചലത, ചഞ്ചലത്വം-ഇളക്കം, ചാപല്യം.

ചഞ്ചലബുദ്ധി-വി. ബുദ്ധിക്കിളക്കമുള്ള

ചഞ്ചലം-ഇളക്കം.

ചഞ്ചലാക്ഷി-കണ്ണിനു സൌന്ദര്യമുള്ള വർ, സുന്ദരി.

ചഞ്ചലാളി-മിന്നൽക്കൂട്ടം.

ചഞ്ചലിഷ്ഠക-ഇളകുക.

ചഞ്ചളീകം-വണ്ടു്.

'ചഞ്ചരീകങ്ങൾപോലെ
ചഞ്ചോത്തേരുകവും'
(വാല്മീകി രാമായണം.)

ചഞ്ചു-വി. പ കിഞ്ഞിപ്പെട്ട. ക. സൗന്ദര്യമുള്ള

ചഞ്ചു-പ. പക്ഷിയുടെ കൊക്കു്. ആഹാരത്തെ തിരഞ്ഞു ചെല്ലുന്നതു എന്നർത്ഥം. ക. കുവണ്ണം. തെങ്ങിന്റെ ഉറപ്പില്ലാത്തയാൾ കാറടിച്ചാൽ ഇളകുന്നതു എന്നർത്ഥം. ചെമ്പനാവണക്കു്, വെളുത്താവണക്കു്.

ചഞ്ചുപുടം-കൊക്കിന്റെ അകം.

ചഞ്ചുപുടം-തീർച്ചീര

ചഞ്ചുവായസി മരപ്പക്കി, കൂരകൊഴി

ചട-ഇട. [ഇടയാണു് 'ചട'ആയതു്.]

ചടകം-പ. ഉൾക്കരിക്കിഴിവു ക. തിപ്പലിവേർ.

ചടകാ-ഗ്രാ. ഉഴർക്കരികിൽ. ധാന്യം മുതലായവയെ കൊഴിഞ്ഞിയെടുക്കുന്നത് എന്നർത്ഥം. മറ്റൊരു പര്യായം-'കളപ്പുകം.' (ഇതിന്റെ പിടയ്ക്ക് ചടകാ' എന്നു പേർ.) ഉ. പടക്കം

ചടകാശിരസ്സ്, ചടകാശിരാ-തിപ്പലിവേര്. ചടകയുടെ ശിരസ്സുപോലെയുള്ളത് എന്നർത്ഥം.

ചടക്കം-ഗ്രാ. വിരോധം. ഉ. ശാഠ്യം.

ചടയ്ക്കുക-ഗ്രാ. മെലിയുക. ഉ. ക്ഷീണിക്കുക.

ചടങ്ങ്-ഗ്രാ. ക്ഷുദ്രാംശം എന്നതിന്റെ രൂപാന്തരം. ഉ. മതസംബന്ധമായ ഒരു അടിയന്തരം. കെട്ടുകല്യാണം. നാ. വട്ടം, ക്രമം, ഏർപ്പാട്, ഭ. സംപ്രദായം, രീതി

ചടച്ചി-പീതപ്രതിത്തിൽ ചേർന്ന ഒരു പിത്തഘ്നദ്രവ്യം.

(കഫം, കുഷ്ഠം, കൃമി, പിത്തം, ചുട്ട നീറൽ, ശൂലം, മഹോദരം, ആനാഹം, വീക്കം, വിഷം, ജ്വരം ഇവയ്ക്ക നന്ന്. ഇതിന്റെ പൂവു ചെമന്നിരിക്കും. ചടച്ചി മലയത്തെ ഇളകുന്നതാണ്. സംസ്കൃതത്തിൽ-ഗുഡൂചി.)

ചടന്ത്-മുടന്ത്.

ചടന്തൻ-മുടന്തൻ.

ചടന്തുക-മുടന്തുക.

ചടന്തുകാൽ-മുടന്തുള്ള കാൽ.

ചടന്തുകാലൻ-മുടന്തുകാലുള്ളവൻ.

ചടപിട-മുച്ചത്തിൽ കേറുകൂന്ന ശബ്ദം, ചെടിവെടിപ്പോഴത്തെ ശബ്ദം.

ചടപ്പ്-മെലിച്ചിൽ, ക്ഷീണം.

ചടയൻ-ഒരു വകപ്പുല്ല്, ജടയൻ,

ചടയൻകഞ്ഞാവ്-ഒരു ലഹരി ദ്രവ്യം.

(കഞ്ഞാവിനുള്ള ഗുണങ്ങളും ഇതിനു ഏറിയിരിക്കും. പേപ്പട്ടിയും മറ്റും കടിച്ച വികാരത്തിനു നന്ന്. ഉറക്കം വരുത്തും. സംസ്കൃതത്തിൽ-ഹർഷിണി.)

ചടവ്-മെലിച്ചിൽ.

ചട(ടി)കാ-ഗ്രാ. തിപ്പലിമൂലം. ഉ. കരികിൽപേട.

ചട്ട-ഗ്രാ. വയറ്. ഉ. ഇഷ്ടവാക്ക്, സ്നേഹനിമിത്തം പൊളിപറയുക.

ചട്ടപിടെ-അ. സാവധാനംകൂടാതെ.

ചട്ടല-വി. ഗ്രാ ഇളകുമുള്ള ഉ. സൌന്ദര്യമുള്ള.

ചട്ടല-മിന്നൽ.

ചട്ടലം-ഗ്രാ. സുന്ദരം. ഉ. ഇളകുന്നതു. പര്യായങ്ങൾ- ചഞ്ചലം, ചട്ടലം.

ചട്ടലാക്ഷ-വി. നല്ല കണ്ണുള്ള (ക്ഷൻ. ക്ഷി. ക്ഷം)

ചട്ടലാക്ഷി-സുന്ദരി.

ചട്ട്-ഗ്രാ. മുടന്ത്. ഉ. കാറം, കറവ്.

ചട്ട-ഗ്രാ. കൂപ്പായം. പര്യായങ്ങൾ-കഞ്ചുകം, വാരവാണം. ഉ. തോക്കിന്റെ മരം

(ചട്ടയിട്ടവന്റെ പര്യായങ്ങൾ-സന്നദ്ധൻ, വർമ്മിതൻ, സജ്ജൻ, കൃതൻ, വ്യൂഢകങ്കടൻ.)

ചട്ടക്കട്ടിൽ-ഉഴഞ്ഞാക്കട്ടിൽ.

ചട്ടക്കാരൻ-ഒരു ജാതിക്കാരൻ, യൂറോപ്യൻമതിരി ഉടുപ്പിട്ടുനടക്കുന്നവൻ.

ചട്ടക്കാലൻ-മുടന്തൻ.

ചട്ടക്കൈ-ചട്ടയുടെ (ഉടുപ്പിന്റെ) കൈ.

ചട്ടത്തല, ചട്ടിത്തല-കക്ഷണ്ടി.

ചട്ടൻ-മുടന്തൻ, മുടവൻ.

ചട്ടനെ-പൊടുന്നനെ.

ചട്ടപ്പാത്തി-തോക്കിന്റെ മരം.

ചട്ടമഴിക്കുക-മര്യാദലംഘനം ചെയ്യുക.

ചട്ടമറിപ്പുകൊടുക്ക-പൂകോട്ട കൈ പിടിച്ചു കൊടുക്ക

ചട്ടമാകുക-ഒരുങ്ങുക,

ചട്ടമാക്കുക-ഒരുക്കുക

ചട്ടമായിട്ട്-അ. ഗ്രാ. പതിവായിട്ട ഉ. ക്രമമായിട്ട്.

ചട്ടമിടുക-ഗ്രാ. അടിയിൽ കരണ്ടെഴുന്നതിനായിട്ട മേൽ എഴുത്തെഴുതുക. ഉ. വരുതി കൊടുക്കുക.

ചട്ടം–പ. ക്രമം, ന്യായം. ഉ. കല്പന. ന. മെരുകിന്റെ ആമാശയം. ഭ. തിട്ടം. ഇ. രീതി, മാതിരി. ന മരംകൊണ്ടു അരികിട്ടക ഒ. മോഷ. വ പുത്തിൻ. സമയം പ്ര. ഒരുമാതിരിവരെകാൽ ചട്ടം–അ നിത്യമായ്.

'ഉപച രങ്ങാം ചെയ്യുന്നു ചട്ടം'

(മയൂരസന്ദേശം)

ചട്ടംകെട്ടുക–പ. ഏർപ്പാടുചെയ്യുക ഉ. ക്രമപ്പെടുത്തുക ന. പ്രമാണിക്കുക ഭ ന്യായം സ്ഥിരപ്പെടുത്തുക.

ചട്ടംമറിക്ക–ചട്ടവം.

ചട്ടംവരയ്ക്കുക–ഒരുവരയ്ക്കുക (പണ്ടു ആശാൻമാരുടെ കൂലത്തു).

ചട്ടവട്ടം–പ. ക്രമം. ഉ. അവസ്ഥ. ന. ഏർപ്പാട്.

ചട്ടവാരം–അറുപ്പുവാരം.

ചട്ടവും–വി. പൂർണ്ണമായ.

ചട്ടറവ–വി. പ. കുറവില്ലാത്ത ഉ. കാറമില്ലാത്ത.

'ചട്ടറവില്ലുമയും വട്ടപ്പരിശവാളും'

(പ്രമോഷമാഹാത്മ്യം തുള്ളൽ)

ചട്ടി–ഒരുമാതിരി മൺപാത്രം.

ചട്ടിക്കാലി–ഒരുമാതിരി മൺപാത്രം.

ചട്ടിണി–ചമ്മന്തിക്കറി.

ചട്ടിത്തലച്ചി–ചട്ടിപോലെയുള്ള തല.

ചട്ടിത്തലയൻ–ചട്ടിപോലെ തലയുള്ളവൻ.

ചട്ടിപ്പുണ്ണ–കലാൽ ചന്നം പിന്നെന്നു നുള്ളി കൊടുക്കുന്നതു.

ചട്ട്–പ. കാറം, കറുപ്പ്. ഉ. ന്യൂനത. ന. കേടുള്ളത് ഭ ചുരുട്ട്.

ചട്ടകപ്പായ–സ്ഥിരമില്ലാതെ ഇടുന്നതു

ചട്ടകം–അടുപ്പുള്ള വെന്ന വസ്തുക്കൾ ഇളക്കുന്നതിനു തവിയോ കരണ്ടിയോ പോലെ ഒരു സംഗതി.

ചട്ടകാൽ–മുടന്തുകാൽ.

ചട്ടകാലൻ–മുടന്തൻ, കാലിൽ തെറ്റുള്ളവൻ.

ചട്ടകാലി–മുടന്തുള്ളവൾ.

ചണ–വി. സാമർത്ഥ്യമുള്ള.

ചണ–ഒരു ചെടി, വക്ക്.

(വാതകഫങ്ങൾക്കു നന്ന്. ചൂർണ്ണത്തെ ഉണ്ടാക്കും, തൊലി ചതച്ചിട്ടു കെട്ടിയാൽ. വളരെ ബലമുള്ളതാണ്. ശണം എന്നതാണ് ചണം എന്നായതു്.)

ചണക–പ ചെറുചണം. ഉ ചെറുപയറ്.

ചണകൻ–ചാണക്യന്റെ അച്ഛൻ.

ചണ(കി)–കടല. ചണം പയറു എന്നും കാണുന്നു. സുഖത്തെ ദാനം ചെയ്യുന്നതു എന്നർത്ഥം. മറ്റൊരു പര്യായം–ഹരിമന്ഥകം.

ചണകാപ്പൊടി–ചണപ്പൊടി.

ചണനാരു, ചണനൂൽ–ചണം ചതച്ചുണ്ടാക്കുന്ന നാരു്.

ചണവിത്തു–ചണത്തിന്റെ വിത്തു്. പര്യായങ്ങൾ–മാതുലാനി, ഭേദം.

(ഈ പര്യായങ്ങൾ ഉ–ം 'ചെറുകടുനെല്ലിനം' ഉടയതായിട്ടു കാണുന്നു)

ചണംചവ്വു–തടവുകപ്പുല്ലു്.

[പശുക്കൾക്കു പാൽ വർദ്ധനം ചെയ്തിനും നന്നു്. സംസ്കൃതത്തിൽ–'ഗവനിധാ' ]

ചണംപുല്ലു–കട്ടപുരയുടെ തണ്ടു മുതലായവ മൂടുന്നതിനുപയോഗിക്കുന്ന ഒരുതരം കടലാസ്.

[ഈഗിയെ വലിപ്പിക്കും. അതിസ്വാദും, ശ്രമം, മലമൂത്രങ്ങളുടെ തടവ് ഇവയുണ്ടാക്കുന്നു. ഇതിനെ പലരും സംസ്കൃതത്തിൽ–ചണകാമ്ലം ]

ചണായ ഒരുതരം പയറ്.

ചണ്ടി–പഴക്കു, കലർപ്പു [ശുദ്ധം അല്ലാതെ ചണ്ടി ആയതു്.]

ചണ്ടിപ്പാറ്റ–ധാന്യങ്ങളുടെ പേരു.

ചണ്ഡാൾ–ശത്രുക്രൂരൻ.

ചണ്ടി-പ ദുർബുദ്ധി.

'ശണ്ഠകളില്ലാ രാഗകളില്ലാ
ചണ്ടികളുകിയമനസ്സുമില്ല'

(ഷോംക്ഷയാത്ര തുള്ളൽ)

ഉ വിലക്ഷണം. ന. പായൽ. ര. വയ്ക്കോൽ, പതിര് ഇ കരിമ്പിൻചണ്ട്.

ചണ്ടിത്തം, ചണ്ടിത്വം, ചണ്ടിത്തരം-പ. വിലക്ഷണം. ഉ. വേണ്ടാതനം ന. യുക്തികേട്. ര. അധികപ്രസംഗം.

ചണ്ടിപ്പയറു-ശംകവർഗ്ഗത്തിൽ ചേർന്ന ഫലശാകം, ഭോജ്യവർഗ്ഗത്തിൽ ചേർന്ന ശിംബിധാന്യം എന്നും അഭിപ്രായമുണ്ട്.

(പിത്തം, സന്താപം, അരുചി ഇവ ക്കു നന്ന്. ഗുണം ഉഴുന്നിനോടൊക്കും. കായ് ആകൃതികൊണ്ട് നാടയ്ക്കായുടെ കായ്പോലെയിരിക്കും. നിറം കറുപ്പാണ്, സംസ്കൃതത്തിൽ-ഭടിപുഷ്പി.)

ചണ്ഡ-വി. വളരെ കോപമുള്ള, ക്രൂരതയുള്ള.

ചണ്ഡകൌശികൻ-ഒരു മുനി.

ചണ്ഡത-അതികോപം.

ചണ്ഡദീധിതി-സൂര്യൻ. ചണ്ഡങ്ങളായ (ഉഗ്രങ്ങളായ) ദീധിതികൾ (കിരണങ്ങളോട്) കൂടിയവൻ

ചണ്ഡൻ-അതികോപശീലൻ. മറ്റൊരു പര്യായം-അത്യന്തകോപനൻ.

ചണ്ഡപ്പായിൽ-വെള്ളത്തിലുണ്ടാകുന്ന ഒരു ഞെടി.

ചണ്ഡാ-പ കാട്ടുകറ്റാർവാഴ. തീക്ഷ്ണസ്വഭാവമുള്ളതെന്നർത്ഥം. നാടൻചണ്ണ, ചണ്ണക്കിഴങ്ങ്. ഉ ഒരു പുല്ല്. ന. കാട്ടുകിഴങ്ങ് ര. ദുർഗ്ഗാദേവതാ. ഇ. വലിയ മന്ത്. ന. വെങ്കറുക. ഒ ശംഖപുഷ്പി. വ എഴിലംപാല. ൻ നായ്ക്കൊരണ്ടപ്പാ. ഐവിരലിക്കോവ. ഫ പ. ചകാപക്കാ ഫാ. വരസ്ത്രീ.

ചണ്ഡം-പ. കോപ്പുള്ളി. ഉ. അടവിക്കായ്പോലെ, ന ചതുരം. ര. ചെമന്ന അരുളി. ഇ. ഉഗ്രം

ചണ്ഡമുണ്ഡാ-ദുർഗ്ഗാ.

ചണ്ഡരശ്മി-പ. കഠിനരശ്മി. ഉ. പ്രളയകാലസൂര്യൻ.

ചണ്ഡാതകം-പട്ടുടുക്കുന്ന വരസ്ത്രീകൾ തുടയുടെ മദ്ധ്യംവരെ ഉടുക്കുന്ന വസ്ത്രം. മറ്റൊരു പര്യായം-അരയ്ക്കുടുക്കം.

['ചാണ്ഡാ' എന്നതിനു 'കോപാഗ്നി' എന്നർത്ഥമാണെങ്കിലും ഇവിടെ വരസ്ത്രീ എന്നു താൽപര്യം.]

ചണ്ഡാതം-പ. കണവീരം. ക്രൂരമായി പരാക്രമിക്കുന്ന ശക്തിയുള്ളതു് എന്നർത്ഥം. ഉ ചെമന്ന അരുളി.

ചണ്ഡാലൻ, ചാണ്ഡാലൻ - പറയൻ, ബ്രാഹ്മണസ്ത്രീയിൽ ശൂദ്രനുണ്ടായവൻ. കോപിക്കുന്നവൻ എന്നർത്ഥം നീചൻ, അധമൻ.

(ഇവരുടെ വാസം ശ്മശാനത്തിങ്കലാണ്. നിന്ദ്യമാംസമാണ് ഭക്ഷണം. ഉടുക്കുന്നതു ശവത്തിന്മേൽ നിന്നെടുത്ത വസ്ത്രമാകുന്നു. കിരാതാദികളായ മ്ലേച്ഛജാതികളും ചണ്ഡാലന്റെ വകഭേദങ്ങളാകുന്നു)

ചണ്ഡാലവല്ലകി- കിന്നരി, ഒരുവക വാദ്യം, ചണ്ഡാലന്റെ വീണ.

ചണ്ഡാലവീണ-ചണ്ഡാലന്റെ വീണ. പര്യായങ്ങൾ-ചണ്ഡാലിക, കണ്ഡാലവീണ, ചണ്ഡാലവല്ലകി, കിന്നരി എന്നും പേരുണ്ട്.

ചണ്ഡാലി-പറച്ചി.

ചണ്ഡാലികാ-പ. കിന്നരി. ചണ്ഡാലന്റെ വീണ. ഉ പറച്ചി ന ദുർഗ്ഗാ. ര. ഐവിരലിക്കോവ.

ചണ്ഡാംശു-പ. ആദിത്യൻ. ക്രൂരങ്ങളായ രശ്മികൾ ഉള്ളവൻ എന്നർത്ഥം ഉ. ഘൃതകുമാരി

ചണ്ഡി-അതികോപമുള്ളവൾ

ചണ്ഡി, ചണ്ഡിക-പ. ദുർഗ്ഗാ. ഉ. കോപമുള്ളവൾ. ന. പാർവ്വതി. ചണ്ഡൻ എന്ന അസുരനെ കൊന്നവൾ, കോപിക്കുന്നവൾ, ദുഷ്ടന്മാരുടെ നേരെ കോപമുള്ളവൾ ഇങ്ങിനെ ശബ്ദാർത്ഥം.

ചണ്ഡിലം-ചീര.

ചണ്ഡീഗോമയം-കരിമാട്ടുചാണകം.

ചണ്ഡീദാസൻ-ഒരു സംസ്കൃത കവി, സാഹിത്യദർപ്പണകർത്താവായ വിശ്വനാഥകവിയുടെ മുത്തച്ഛന്റെ സഹോദരപുത്രനാണ്. കാവ്യപ്രകാശടീക ഉണ്ടാക്കി

ചണ്ഡീപഥ-ദേവീമാഹാത്മ്യം.

ചണ്ഡീമാഹാത്മ്യം-ദേവീമാഹാത്മ്യം

[ദുർഗ്ഗാസുരന്മാരെ ജയിച്ചതു സംബന്ധിച്ചുള്ള ഒരു കാവ്യം. മാർക്കണ്ഡേയപുരാണത്തിന്റെ ഒരു ഭാഗം. 'ചണ്ഡീപഥ' എന്നും പറയും.]

ചണ്ഡീശൻ-ശിവൻ.

ചണ്ണ-ഒരു ചെടി, ചണ്ണക്കുവ. പര്യായങ്ങൾ-ശംഖിനി, ചോരപുഷ്പി, കേശിനി

ചണ്ണക്കുവ-ഒരു ചെടി.

ചണ്ണമുള്ളകി. ശാകവർഗ്ഗത്തിൽ ചേർന്ന മൂലശാകം.

[മുള്ളകിയിൽ കാണുന്ന ഗുണമേ ഇതിനുള്ളൂ. വാതം, കഫം, ശ്രമം ഇവയെ നന്ന്, ഇതു മുള്ളിയുടെ ആകൃതിയിൽ വലുതായിട്ടുള്ള ഒരുതരമാണ്. സംസ്കൃതത്തിൽ-ഗുഞ്ജനം.]

ചണ്ണുക-അധികം ആഗ്രഹത്തോടെ ഭക്ഷിക്കുക.

ചത-പ. മർമ്മം. ഉ. ഇടി. ന. മാംസം.

ചതകുപ്പ-ഒരുതരം ഔഷധസസ്യം.

ചതക്കത്തി-വൈദ്യന്മാർ ചതയ്ക്കുന്ന ഒരായുധം.

ചതയ്ക്കുക-തല്ലുക, തല്ലിപ്പരത്തുക, മർദ്ദിക്കുക.

ചതച്ചിൽ, ചതപ്പ്-ചതവ്.

ചതയം-ഇരുപത്തിനാലാം നക്ഷത്രം.

('ശതഭിഷക്' എന്നതാണ് 'ചതയം' എന്നായത്.)

ചതയുക-ഇടിക്കുമ്പോൾ പരക്കുക.

ചതവു-ഇടിക്കുമ്പോൾ പരക്കുന്ന സ്ഥിതി.

ചതസ്സ്-നഖം.

ചതി, ചതിവു-വഞ്ചന, കപടം.

[ചതി-പീനൽ കോഡിൻപ്രകാരം ഒരു കുറ്റമാകുന്നു. തി. ശി. നി. വകുപ്പ് ൪൨൦-വാറണ്ടുകൂടാതെ പിടിച്ചുകൂടാ. ആജന്മം തടവോ വാണിഭക്കുറ്റം. ഇരുപത്തഞ്ചുകൊല്ലം. രാജ്യത്തായിരുന്നുകൂടാ. ഒരുകൊല്ലത്തേ രണ്ടിലേതുവിധമെങ്കിലുമായ തടവോ പിഴയോ രണ്ടുംകൂടിയോ വിധിക്കാം, ഒന്നാംക്ലാസ്സു മജിസ്ട്രേട്ടിനോ രണ്ടാംക്ലാസ്സു മജിസ്ട്രേട്ടിനോ വിസ്തരിക്കാം ]

ചതിക്കുക-വഞ്ചിക്കുക

ചതിക്കുഴി-ആരേയും പിടിക്കുന്ന കെണിപ്പു.

ചതിമരണം-പെരുവഴിയിലുള്ള മരണം.

ചതിയൻ-വി. വിശ്വസിക്കാവുന്നവനല്ല.

ചതിവൻ-വഞ്ചകൻ, പൂയ്കൻ.

ചതിവു്-വഞ്ചന.

ചതുക്കു്, ചതേപ്പു്-പ ചതവു്. ഉ. മുടപ്പ് ന. മുടിവു്. ഭ കാട്ടിലുള്ള മനോഹരമായ വർണ്ണം ആരോഗ്യത്തിൽ പണിതുയരുന്ന മുടിവും പരപ്പും ഇ. താഴ്ന്ന നിലം.

ചതുക്കുക-പ. ചതയ്ക്കുക. ഉ. മുടയ്ക്കുക. ന. മുടിവുണ്ടാക്കുക.

ചതുർ-വി നാല്(പദം, തസ്സ്, പ്രാ.)

ചതുര-വി. സാമർത്ഥ്യമുള്ള, അതിരുകടക്കാതെ കാര്യങ്ങൾ പ്രയത്നിക്കുന്ന.

ചതുരക്കള്ളി-ഒരു പച്ചമരുന്ന്. പയ്യായങ്ങം സീമ്മൂണ്ഡം, വജ്രദ്രു, സ്നുക്, സ്നുഹി, ഗ്രുഡാ, സമന്തദുഗ്ധാ.

(കഫം, വാതം, കഫം, മഹോദരം, ശൂലം, വിഷം, ഈർസ്സ്യ, ഗ്രന്ഥൻ, ദുഷ്ടവ്രണം, വീക്കം, അശ്മരി മുതലായവയെ ശമിപ്പിക്കും. ഇതു അത്യുഷ്ണവും ഉപവിഷവുമാണ്. ഇതിനെ പഞ്ചശവ്യത്തിൽ ശുദ്ധിചെയ്യുക. ഇതിന്റെ പാലു് തീപോലെ പൊള്ളിക്കുന്ന ഗുണമുള്ളതാകുന്നു. മുള്ളുള്ളതാണ്. ഇതിന്റെ പാലിന്റെ വിഷവികാരത്തിൽ കോൽപ്പുളിയില അരച്ചു ലേപനം ചെയ്യുന്നതും തണുത്ത ജലം പാനം ചെയ്യുന്നതും നന്ന്. തമിഴിൽ ചതുരക്കള്ളി. ഇംഗ്ലീഷിൽ Milk hedge plant, Prickly pear മിൽക്ക് ഹെഡ്ജ്പ്ലാൻറ്, പ്രിക്കിപീയർ. വൈരക്കള്ളി എന്നും പേർ കാണുന്നു)

ചതുരാഗ്രകരു—ചതുരംഗം കളിക്കുന്ന ചൂതു

ചതുരാഗഖണ്ഡം-ചതുരംഗം കളിക്കുന്ന വര.

ചതുരംഗപ്പട-ആന കുതിര തേർ കാലാൾ ഇവ നാലുംകൂടിയുള്ള സൈന്യം.

ചതുരംഗപ്പടം-ചതുരംഗഖണ്ഡം വരച്ച കടലാസ്.

ചതുരംഗപ്പലക-ചതുരംഗഖണ്ഡം വരച്ച പലക.

ചതുരംഗപ്പുലി-ചതുരംഗക്കളി.

ചതുരംഗബലം-ചതുരംഗപ്പട.

ചതുരാഗം-ക യുദ്ധത്തിനുള്ള നാലവയവം, ആന തേർ കുതിര കാലാൾ ഇവ ഒരു കൂട്ടം.

[ചതുരംഗം രണ്ടുപേർ തങ്ങളിൽ ചെയ്യുന്ന ഒരു കളിയാകുന്നു. സമബലവാന്മാരായ രണ്ടു രാജാക്കന്മാർ തങ്ങളിൽ ധർമ്മയുദ്ധം ചെയ്യുന്നു എന്നാണ് ഈ കളിയുടെ ഭാവന].

ചതുരംഗംപൊരുതുക-ചതുരംഗം കളിക്കുക.

ചതുരംഗസേന-ആനയും കുതിരയും തേരും കാലാളും കൂടിയ ഒരു സൈന്യം.

ചതുരംഗി-വി. ആന മുതലായ നാലംഗമുള്ള. (ഗീ, ഗിണീ, ഗി)

ചതുരംഗിണി-നാലംഗപ്പട.

ചതുരംഗുലം-ക. നാലുവിരൽ നീളം. ഉ. ഒരുതരം വൃക്ഷം. ഒരേകമ്പിനും നന്നാലംഗുലം അകലമുള്ളതു എന്നർത്ഥം

ചതുരത-സാമർത്ഥ്യം.

ചതുരന്തം, ചതുരന്തയാനം-പല്ലക്ക്.

ചതുരബ്ജ-നാലുവയസ്സു കഴിഞ്ഞ പശു.

ചതുരാ-വി. നീളവും വീതിയും ഒരുപോലെയുള്ള, നാലുവശവും ഒരുപോലെയുള്ള.

ചതുരം-ക. വട്ടിത്തലയിണ. ഉ. ആനലായം. ന. സാമർത്ഥ്യം. ര. കാക്ക.

ചതുരശ്രം-ക. നാലുകോണുള്ള. ഉ. ലഗ്നത്തിൽനിന്നും നാലാംരാശിക്കും അഷ്ടമരാശിക്കുമുള്ള പേർ.

ചതുരാനനൻ-ക. ബ്രഹ്മാവു്. നാനുഖൻ എന്നർത്ഥം. (ചതുർ=നാലു ആനനം=മുഖം. നാലു മുഖങ്ങളുള്ളവൻ) ഉ. ചാതുർവ്വർണ്ണ്യമുള്ള മുഖമുള്ളവൻ.

ചതുരായം-ചതി.

ചതുരാശ്രമം-ബ്രഹ്മചാരി, ഗൃഹസ്ഥൻ, വാനപ്രസ്ഥൻ, ഭിക്ഷു ഇവരുടെ ആശ്രമം നാലും.

ചതുരുപായം-സാമം ദാനം ഭേദം ദണ്ഡം ഇവ നാലിനും കൂടിയ പേർ.

ചതുർഗതി-ആമ.

ചതുർഗുണം-നാലിനെ നാല് കൊണ്ടു പെരുക്കിയതു.

ചതുർജ്ജാതം-ഏലം ഏലവങ്ങം പച്ചില നാകപ്പൂവ് ഇവ നാലും.

ചതുർത്ഥ-വി. നാലാമത്തെ

ചതുർത്ഥമദാ-ഒരു രോഗം. (മദ്യത്തിൽനിന്നു നാലാമത്തെ അവസ്ഥ)

ചതുർത്ഥി-പ്ര. നാലാമത്തെപക്കം. ഉ. നാലാമത്തെ വിഭക്തി. (ഉദ്ദേശിക)

ചതുർദന്ത-ഇന്ദ്രന്റെ ആന.

ചതുർദലം-നീരാരൽ.

ചതുർദശ-വി പതിന്നാല്.

ചതുർദശമനുക്കൾ-പതിനാലുമനുക്കൾ. പ്ര. ഉത്തമൻ. ഉ. താപസൻ. ന. സുധ്യൻ. ർ. സ്വായംഭുവൻ. ള. സ്വാരോചിഷൻ. ന. രൈവതൻ. ഴ ചാക്ഷുഷൻ. വ. വൈവസ്വതൻ. ൻ. രോച്യൻ. ൽ. രോച്യൻ. പ്രാ. വൈവസ്വതൻ. പ്രപ്രാ. ബ്രഹ്മാ. പ്രഉ. മക്ഷൻ. പ്രന. ധർമ്മൻ. പ്രർ. രുദ്രൻ.

ചതുർദശരത്നങ്ങൾ-പതിനാലു രത്നങ്ങൾ (സമുദ്രമഥനത്തിൽ കിട്ടിയവ)

[പ്ര. ലക്ഷ്മി. ഉ. കൌസ്തുഭം. ന. പാരിജാതം. ർ. സുര. ള. ധന്വന്തരി. ന. ചന്ദ്രൻ. ഴ. കാമധേനു. വ. ഐരാവതം. ൻ. രംഭാദികൾ. പ്രാ. ഉരഗാശ്വം. പ്രപ്രാ. വിഷം. പ്രഉ. ശാർങ്ഗം. പ്രന. ശംഖം. പ്രർ. അമൃതം.]

'ലക്ഷ്മീഃകൌസ്തുഭപാരിജാതകസുരാ-
ധന്വന്തരിശ്ചന്ദ്രമാഃ
ഗാവഃകാമദുഘാഃ സുരേശതനയാ
രംഭാദേവാംഗനാഃ
അശ്വഃസപ്തമുഖോവിഷം ഹരിധനുഃ
ശംഖോമൃതംചാംബുധേ
രത്നാനീഹചതുർദശപ്രതിദിനാ
കുർയ്യുഃസതാമംഗളം.'

ചതുർദശലോകങ്ങൾ-പതിനാലു ലോകങ്ങൾ.

[അതലം, വിതലം, നിതലം, സുതലം, തലാതലം, മഹാതലം, രസാതലം, പാതാളം, ഭൂലോകം, ഭുവർലോകം, സ്വർലോകം, മഹർലോകം, ജനോലോകം, തപോലോകം, സത്യലോകം ഇങ്ങിനെ പ്രർ. ആദ്യത്തെ ഏഴുതരം, മറ്റേവകകളിൽ]

ചതുർലോകസാക്ഷികം-സർവ്വസാക്ഷികം.

[ആദിത്യചന്ദ്രന്മാർ, അഗ്നി, മഴ, ഹൃദയം, കാലൻ, പകൽ, രാത്രി, രണ്ടു സന്ധ്യകൾ, ധർമ്മം, വായു, ആകാശം, മഹി.

ചതുർശവിദ്യകൾ-പതിനാലുവിദ്യകൾ

അംഗങ്ങൾ ന്യ. വേദങ്ങൾ ർ. മീമാംസ, ന്യായശാസ്ത്രം, പുരാണം, ധർമ്മശാസ്ത്രം ആക പ്രർ.

'ഷഡംഗമിശ്രിതാവേദാ
ധർമ്മശാസ്ത്രംപുരാണകം
മീമാംസാതർക്കമിശ്ര
ഏതാവിദ്യാശ്ചതുർദ്ദശ'

ചതുർശാത്മപ്രബോധനങ്ങൾ-പ്രർ ആത്മപ്രബോധനങ്ങൾ.

[സംയോഗം, വിപ്രയോഗം, സാഹചര്യം, വിരോധിതാ, അർത്ഥം, പ്രകരണം, ലിംഗം, ശബ്ദാന്തരസമഭാഗം, സാമർത്ഥ്യം, ഔചിത്യം, ദേശം കാലം, വ്യക്തി, സ്വരാദി.]

ചതുർശി-പതിനാലാമത്തെപക്കം.

ചതുർവർഗ്ഗ-ധർമ്മം, അർത്ഥം, കാമം, മോക്ഷം ഇവ നാലിനുംകൂടിയുള്ള പേർ. ഇതിൽ നാലും ശ്രേഷ്ഠമാകുന്നു എന്നു ശബ്ദാർത്ഥം.

[ഭൂമിയിൽ ഒന്നിനു അധികം ഫലവും മറ്റൊന്നിനു ഫലക്കേടും ഉണ്ടായിരിക്കുന്നതു മേൽ തിരിയിലിരിക്കണം.]

ചതുർഭുജൻ-വിഷ്ണു. നാലുകൈയുള്ളവൻ എന്നർത്ഥം.

ചാതുർമാസ്യ-നാലുമാസത്തെ സന്ന്യാസവൃത്തി.

[കർക്കടകമാസത്തിൽ വെളുത്തപക്ഷത്തിൽ ഏകാദശി തുടങ്ങി തുലാം വെളുത്തപക്ഷം ദ്വാദശിവരെ ഇതു സന്ധ്യാസികൾക്ക് അനുഷ്ഠേയമുള്ള വ്രതമാണ്.]

ചതുർമ്മുഖൻ-ബ്രഹ്മാവ്.

ചതുർയ്യുഗം -കൃതയുഗം, ത്രേതായുഗം, ദ്വാപരയുഗം, കലിയുഗം ഇവ നാലും. (കാലപരിമാണവിജ്ഞാനം, കല്പം ഇവ നോക്കുക.)

ചതുർവ്വർഗ്ഗം-ധർമ്മം, അർത്ഥം, കാമം, മോക്ഷം ഇവ നാലിനും കൂടിയുള്ള പേർ. (ധർമ്മം=യാഗാദി. കാമം=യഥാവിധി, സ്ത്രീസേവ. അർത്ഥം=ധനം. മോക്ഷം=മുക്തി.) മോക്ഷത്തോടുകൂടിയ ധർമ്മകാമാർത്ഥങ്ങളുടെ- ധർമ്മാർത്ഥകാമമോക്ഷങ്ങളുടെ പേർ. മോക്ഷം=സംസാരബന്ധത്തിൽ നിന്നുള്ള മോചനം. ചതുർവ്വർഗ്ഗത്തിന നാലിന്റെ സമൂഹം എന്നു ശബ്ദാർത്ഥം.

ചതുർവ്വർണ്ണം - ബ്രാഹ്മണൻ ക്ഷത്രിയൻ വൈശ്യൻ ശൂദ്രൻ ഈ നാലുജാതിക്കും കൂടിയുള്ള പേർ.

ചതുർവ്വിധം-വി. നാലുപ്രകാരമുള്ള.

ചതുർവ്വിംശതി-ഇരുപത്തിനാല്.

ചതുർവ്വേദം-ഋക്, യജുസ്സ്, സാമം, അഥർവ്വണം ഈ നാലു വേദങ്ങൾക്കും കൂടെയുള്ള പേർ.

ചതുശ്ശതം-വി. നാനൂറ്.

ചതുശ്ശാലം-നാലുകെട്ടുള്ള ഭവനം.

ചതുഷ്കം, ചതുഷ്കയം-വി. നാലായുള്ള.

ചതുഷ്കോണം-നാലുകോണ്.

ചതുഷ്ടയം-പ നാല് തട്ടി, നാലുകൂടിയ. വ. ചതുരം. സ. പുരുഷന്റെ നാട്ടവ് ൪. പ-൪-൦-പ ഈ രാശികൾ.

ചതുഷ്ടോമം-അശ്വമേധത്തിന്റെ മുമ്പിലെ ദിവസം.

ചതുഷ്പത്തു്-ഒരു വിഷരോഗം.

[പുലി മുതലായ നാല്പാടികളുടെയും മനുഷ്യൻ മുതലായ ദ്വിപാത്തുകളുടെയും നഖമോ പല്ലോ ഏറെ വിഷമപ്പെട്ടാൽ ആ സ്ഥലത്തു പഴുപ്പും പൂട്ടും ഉണ്ടായി ചലമൊലിക്കും, ജ്വരവും കാണും.]

ചതുഷ്പഥം-പ. നാൽക്കവലയുള്ള വ. ശ്ലോകം. സ. നാൽക്കൂട്ടപ്പെരുവഴി, നാലു വഴി കൂടിയതു് എന്നർത്ഥം. മറ്റൊരു പര്യായം-ത്രിംശാടകം.

ചതുഷ്പദി-ശ്ലോകം

ചതുഷ്പാടി-നദി.

ചതുഷ്പാത്തു്-നാൽക്കാലിമൃഗം.

ചതുഷ്ഷഷ്ടി-അറുപത്തുനാല്.

ചതുഷ്ഷഷ്ടികലാ-അറുപത്തുനാലു കലാവിദ്യകൾ.

ചതുസ്തനാ-പശു.

ചതുസ്സമം-പ. നാലു ചതുരം. വ. ചന്ദനം മുതലായവകൊണ്ടുള്ള കുറിക്കൂട്ട്.

ചതുസ്സരിൽപതി-സമുദ്രം.

ചതുഷ്ടായണി-നാലുവയസ്സുചെന്നപശു.

ചത്വരം-പ. (നട്ട) മുറ്റം. ദരിദ്രർ ഇവിടെ വന്നുനിന്നു യാചിച്ചാൽ കിട്ടുന്നതിന് ഈ പേരുണ്ടായി. വ. മെഴുക്കിയനിലം. അഗ്നിഹോത്രം വെക്കുന്നതിനു സംസ്കരിച്ചുണ്ടാക്കിയ സ്ഥലം. ഇതിൽ യാഗഫലത്തെ യാചിക്കുന്നു എന്നർത്ഥം. (ചത്വരങ്ങൾ - നാലോ അതിലധികമോ പാതകൾ വന്നു കൂടുന്നേടങ്ങൾ)

ചത്വാരിംശത്തു്, ചത്വാരിംശം-നാല്പത്തു്.

ചന്ദിരം-പ. ആന. വ. പാമ്പ് സ. കപ്പൂരം.

ചന-അ പ. ഇതു കിം ശബ്ദത്തിന്റെ രൂപങ്ങളിൽ ചേരുമ്പോൾ ഒരുത്തൻ ഒരുത്തി ഒരിക്കൽ ഇങ്ങനെ അർത്ഥം വരും വ. തികയെയുള്ളു, കഷ്ടി.

ചന-ക്രി കന്നുകാലികളുടെ ഗർഭൽപ്പാദനം. ര. പുഴുക്കാറായ സമയം.

ചനകം-ചണകം, കടല, ചണം പയറ്.

ചനപ്പു-ശിഖരംപൊട്ടുന്നതിന്റെ പേർ

ചനപ്പ്"-ക്രി. പുഴുക്കാറാകുക. ര. ശിഖരം പൊട്ടുക.

ചനചന അ ചാറലുള്ളതായി.

ചന്ത-ക്രി കച്ചവടസ്ഥലം. ര. വില്ക്കുന്നതിനും കൊള്ളുന്നതിനും മനങ്ങൾ കൂടുന്ന ദിവസം.

ചന്തക്കാരൻ-ക്രി. അഴകുള്ളവൻ ര. ചന്തയിലിരുന്നു കച്ചവടം ചെയ്യുന്നവൻ

ചന്തനഗരം-കച്ചവടത്തെരുവ്.

ചന്തം-ഭംഗി, അഴക്.

ചന്തമരം, ചന്തമരി-പൂവരശ്ശു

ചന്തി-ക്രി അസനം ര. പിൻപുറം, പൃഷ്ഠം [സന്ധി എന്നതാണ് ചന്തി ആയത് ]

ചന്തു-സന്ധി, ഏപ്പ്.

ചന്തുക്കാരൻ-മുതൽ പിടിച്ചു ചെലവിടുന്ന ഒരു ഉദ്യോഗസ്ഥൻ.

ചന്തുപ്പുര-ചന്തുക്കാരൻ ഇരുന്നു പണം പിരിച്ചു സൂക്ഷിക്കുന്ന സ്ഥലം.

ചന്തുരം-ചന്തുക്കാരന്റെ വേല.

ചന്ദൻ-ചന്ദനം.

'ഹിമംശുശ്ചന്ദ്രമശ്ചന്ദ്രഃ
ശശീചന്ദ്രോഹിമദ്യുതിഃ'
(ശബ്ദരത്നാവലി)

ചന്ദനക്കുറട്-ചന്ദനമുട്ടി.

ചന്ദനക്കുട്ട്-കറിക്കുട്ട, അഷ്ടഗന്ധം.

ചന്ദനഗോപി-ഒരുതരിണ്ട്.

ചന്ദനത്തൈലം-ചന്ദനത്തിന്റെഎണ്ണ

ചന്ദനപ്പുട്ടിയിട്ടിരിക്കുക-ചന്ദനംകൊണ്ടു പൊതിഞ്ഞിരിക്കുക.

ചന്ദനം-ഒരു സുഗന്ധവൃക്ഷം. മറ്റു പല പ്രയോഗങ്ങൾ-ഗന്ധസാരം, മലയജം (മലയം), ഭദ്രശ്രീ അതുകൊണ്ടിരിക്കുന്നത് എന്നർത്ഥം.

(ചന്ദനം കഫം, കൃമി, പിത്തം, രക്തദോഷം, ശ്രമം, തലചുറ്റൽ, മുഖരോഗം, മൂർച്ഛ, മദം, തണ്ണീർദാഹം, വിഷം, വിസർപ്പം, ചൂടുനീരൽ, ക്ഷയി ഇവയ്ക്കു നന്ന്. ആലേപനങ്ങളിൽവെച്ചു ശ്രേഷ്ഠം എന്നു സംഗ്രഹം. അരച്ചുതേച്ചാൽ നിറം വരുത്തും. തമിഴിൽ-ചന്ദനം. ഇംഗ്ലീഷിൽ-Sandal wood.)

ചന്ദനമുട്ടി, ചന്ദനമുട്ടി-പിടിച്ചരയ്ക്കുവാൻ കൈയിലെടുത്തുപയോഗിക്കുന്ന ചന്ദനത്തടിക്കഷണം.

ചന്ദനാനരനീണ്ട്.

ചന്ദനാചലം-മലയപർവ്വതം.

ചന്ദനാദ്രി മലയപർവ്വതം.

ചന്ദനാലയം-മലയപർവ്വതം ചന്ദനവൃക്ഷങ്ങൾക്കിരിപ്പിടം എന്നർത്ഥം.

ചന്ദനീയം-ഗോരോചന

ചന്ദ്രൻ-ചന്ദ്രൻ

'ചന്ദിരൻചന്ദ്രഹസ്സിനെ'-കോടമന്ത്രം)

ചന്ദിരം ക്രി. ആന ര. കല്പുരം.

ചന്ദ്രകല-ചന്ദ്രന്റെ ചതിരത്തിൽ ഒരംശം. (മലയാളത്തിൽ 'ചന്ദ്രക്കല' എന്ന പ്രയോഗമാണ് അധികം.)

ചന്ദ്രകലിക-ചന്ദ്രക്കല

ചന്ദ്രകം-ക്രി പീലിക്കണ്ണ്. ചന്ദ്രനെപ്പോലെയുള്ളത് എന്നർത്ഥം. മയൂരത്തെ പക്ഷത്തിനും-മയൂരപക്ഷം'. ര. കർപ്പൂരം. ത. വിരൽ, നഖം. ശ വെളുത്തുള്ളി.

ചന്ദ്രകാന്തൻ-ശിവൻ.

ചന്ദ്രകാന്തം-ചന്ദ്രശോഭനൻ.

ചന്ദ്രകാന്തം-ക്രി ഒരു രത്നം. ചന്ദ്രകാന്തക്കല്ല്-ചന്ദ്രശക്തിയിൽ ഇരുമ്പുരുകിപ്പോകുന്ന, ചന്ദ്രമണി എന്നും പേരുള്ള. ര. രതിമന്ത്രം. ത. വെള്ളത്തുള്ളി.

(പിത്തം, വിഷം നേത്രരോഗം, രക്തദോഷം, സർവ്വാംശസന്താപം ഇവകളെ നന്ന്. ശിവപ്രീതികരമാണ്. ധരിച്ചാൽ അലക്ഷ്മിയെ കളയും. വെളുത്തതും മിനുത്തതും ചന്ദ്രരശ്മി തട്ടിയാൽ ജലമൊഴുകുന്നതുമായ ചന്ദ്രകാന്തം നന്ന് തമിഴിൽ-ചന്തിരകാന്തം. ഇംഗ്ലീഷിൽ-Moon-stone, Moongem. മൂൺ സ്റ്റോൺ, മൂൺജെം )

ചന്ദ്രകാവി-ചെമന്ന ഉറുമാൽ

ചന്ദ്രകി-മയിൽ.

ചന്ദ്രകിരണം-നിലാവ്.

ചന്ദ്രകേതു-പ്ര. ലക്ഷ്മണന്റെ പുത്രൻ ര. ചകോരദേശത്തിലെ ഒരു രാജാവ്.

ചന്ദ്രക്കല- ചന്ദ്രന്റെ പതിനാറിൽ ഒരംശം.

ചന്ദ്രക്കലാധരൻ-ശിവൻ.

ചന്ദ്രഗുപ്തൻ-മൗര്യവംശത്തെ സ്ഥാപിച്ചവൻ.

[മഗധാദേശത്തിൽ വാണ. മുരാരക്ഷസം' നാടകകർത്താവേ നായകനാക്കുന്ന ഈ രാജാവിന്റെ പേർ അലക്സാണ്ടരുടെ ചരിത്രത്തിൽ 'സന്ദ്രകോട്ടസ്സ്' എന്നു കാണുന്നു. അലക്സാണ്ടർ ഇൻഡ്യയെ ആക്രമിച്ച മക്കദൊന്യരാജാവാണ്. ഇൻഡ്യാചരിത്രസംബന്ധമായ ചില സംഭവങ്ങളുടെ കാലം നിശ്ചയിക്കുന്നതിൽ ചന്ദ്രഗുപ്തന പ്രാധാന്യമുണ്ട്. നന്ദവംശത്തിലെ ഒരു രാജാവിനെ 'മുര' എന്ന ഒരു ശൂദ്രസ്ത്രീയിൽ ജാതനായ പുത്രൻ [ഖി സി. നൊ-ൻ] മഗധയിലെ രാജാവായ ചന്ദ്രഗുപ്തൻ മരിച്ചിട്ട് ഇപ്പോൾ ൨൨൭൦-ൽ ചിലപ്പോൾ കൊല്ലമായിട്ടുണ്ട് ]

ചന്ദ്രഗോലിക-ന്ന് ലാവ്.

ചന്ദ്രഗ്രഹണം ചന്ദ്രനുണ്ടാകുന്ന ഒരു മറവ്. (ഗ്രഹണം എന്നതു നോക്കുക )

ചന്ദ്രചഞ്ചലാ-തിങ്കൾമീൻ.

ചന്ദ്രചൂഡൻ-ശിവൻ.

ചന്ദ്രജോപലം-ചന്ദ്രകാന്തം.

ചന്ദ്രത്താവു- ഒരുവക പുഷ്പം.

ചന്ദ്രദേവൻ-ഒരു കവി

ചന്ദ്രദാരകം-ദക്ഷന്റെ പുത്രിമാരായ ൨൭-നക്ഷത്രങ്ങളും ഇവരെ ചന്ദ്രൻ വേട്ടു

ചന്ദ്രദ്രുതി-ചന്ദനം.

ചന്ദ്രൻ-രാത്രി വെളിച്ചം തരുന്ന ദേവൻ' അമ്പിളിയമ്മാമൻ. സന്താപിപ്പിക്കുന്നവൻ എന്നർത്ഥം. പര്യായങ്ങൾ-ഹിമാംശു, ചന്ദ്രമസ്സ്. ഇന്ദു, കുമുദബാന്ധവൻ, വിധു, സുധാംശു, ശുഭ്രാംശു, ഓഷധീശൻ, നിശാപതി, അബ്ജൻ, ജൈവാതൃകൻ, സോമൻ, മുയലുള്ളവൻ മൃഗാങ്കൻ, കലാനിധി, ഉഡുരാജൻ, ശശധരൻ, നക്ഷത്രേശൻ, ക്ഷപാകരൻ

(ചന്ദ്രൻ അനസൂയയിൽ അത്രിമഹർഷിക്കുണ്ടായവനാണ്. അത്രിയോരുമിച്ചു തപസ്സുചെയ്തുകൊണ്ടിരിക്കേ കണ്ണിൽ നിന്നുണ്ടായി എന്നു കാണുന്നു 'അസ്യർക്ഷത്രിനേത്രപ്രഭവഃ കലാത്മാ ശശീതി നക്ഷത്രഗണസ്യനാഥഃ' പാലാഴിമഥനത്തിൽ ഉദിച്ചവനാണെന്നും ധർമ്മന്റെ പുത്രനെന്നും സൂര്യന്റെ പുത്രനെന്നും കൂടെ കാണുന്നുണ്ട് ചന്ദ്രന്റെ രഥത്തിനു മൂന്നു ചക്രവും അതു വലിക്കുവാൻ പത്തു കുതിരകളുമുണ്ട്. ഒരിക്കൽ ശിവൻ തന്റെ ശൂലംകൊണ്ടു ചന്ദ്രന്റെ രഥമായ രണ്ടായി മുറിച്ചു. ഇതിനു കാരണം ചന്ദ്രൻ ബൃഹസ്പതിയുടെ ഭാര്യയായ താരയെ മോഷ്ടിച്ചതാണ് ചന്ദ്രൻ ദക്ഷന്റെ ൨൭-പുത്രിമാരെ (നക്ഷത്രങ്ങളെ) വേട്ടു. ചന്ദ്രൻ രോഹിണിയോടുമാത്രം വളരെ വാത്സല്യം കാണിച്ചു. ഇതിനാൽമറ്റുള്ളവർ ദക്ഷനോടു അവലത്തി

പറഞ്ഞു ക്ഷൻ ഇന്നദോക്കിച്ചു. ഫലിച്ചില്ല. അദ്ദേഹം ചന്ദ്രനെ ശപിച്ചു തന്നിമിത്തം ചന്ദ്രൻ മക്കളില്ലാതെ ക്ഷയരോഗിയായി ഭവിച്ചു. അനന്തരം ദേവന്മാർ വ്യസനിച്ചു മലയസ്ഥനെയ്തു. ശാപം മൂഴുവനും പിൻവലിക്കാൻ ക്ഷനു നിവൃത്തിയുണ്ടായില്ല. ചന്ദ്രന്റെ ക്ഷയത്തെ അനുകാലികമാക്കിച്ചെയ്തു ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങൾക്കു ഇതാണ് കാരണമെന്നു പറയുന്നുണ്ട്]

ചന്ദ്രനാഗം-പു. ഒരുവക കറുത്ത സർപ്പം ഉ. പെരുമ്പാമ്പിന്റെ തല. നു. രണ്ടേ.

ചന്ദ്രനാമാ, ചന്ദ്രനാമകം-കർപ്പൂരം.

ചന്ദ്രബാല-ഏലം. ചന്ദ്രം=കർപ്പൂരം. ഗന്ധസാദൃശ്യംകൊണ്ടു 'ചന്ദ്രബാല' എന്നു പേർ സിദ്ധിച്ചു.

ചന്ദ്രബിംബം-ചന്ദ്രന്റെ പ്രതിമ.

ചന്ദ്രഭവനം-കക്കടകം.

ചന്ദ്രഭാഗാ-ഒരു നദി.

(ചന്ദ്രഭാഗി എന്നർത്ഥം. അളന്നുതീയനായ ചന്ദ്രനെ പാനംചെയ്യാൻ വേണ്ടി ദേവകൾ പങ്കിട്ട അനന്തരം അതിൽ നിന്നു ഏതാനും അമൃതുള്ളികൾ വീണു അതു പ്രവഹിച്ചതാണ് ഈ നദി. ചന്ദ്രന്റെ ഭാഗത്തിൽ നിന്നുണ്ടായതു. ചന്ദ്രഭാഗങ്ങൾ എന്നു പേരുള്ള രണ്ടു പർവ്വതങ്ങളുടെ നടുവിൽ നിന്നുത്ഭവിച്ചതു എന്നുമാവാം. ഇതു ഹിമവാനോടടുത്തുള്ള ചന്ദ്രഭാഗം എന്ന പർവ്വതത്തിൽ നിന്നു പുറപ്പെട്ട് കാശ്മീരദേശത്തിൽ കൂടി ഒഴുകുന്നു)

ചന്ദ്രം-പു. സ്വർണ്ണം. ആഹ്ലാദിപ്പിക്കുന്നത് എന്നർത്ഥം. ഉ. കർപ്പൂരം. നു. രാജാവു. ര. കമ്പിപ്പുല്ല. ങ. ദേവരാജൻ. ന്യ. ചന്ദ്രകാന്തം.

ചന്ദ്രമണ്ഡലം-ചന്ദ്രബിംബം.

[ചന്ദ്രമണ്ഡലത്തിന്റെ വ്യാസം ഫ്രഞ്ചു ഭാഷക്കാർ. ഭൂവ്യാസത്തിന്റെ നാലിൽ ഒന്ന്.)

ചന്ദ്രമണി-ചന്ദ്രകാന്തം.

ചന്ദ്രമസ്സ്-പു. ചന്ദ്രൻ. കർപ്പൂരംപോലെയുള്ള വെണ്മനിറം. ഉ. കർപ്പൂരം.

ചന്ദ്രമാസം, ചാന്ദ്രമാസം-ചന്ദ്രന്റെ ഗതിയെ അടിസ്ഥാനപ്പെടുത്തിയുള്ള മാസം.

ചന്ദ്രമൌലി-ശിവൻ.

ചന്ദ്രരശ്മി-നിലാവ്.

ചന്ദ്രലേഖ-പു. ചന്ദ്രക്കല ഉ. ഒരു മരം, കാർകോകിൽ.

ചന്ദ്രലോഹകം-വെള്ളി.

ചന്ദ്രവംശം-സോമവംശം.

[ഒരു രാജവംശം; ചന്ദ്രനിൽനിന്നുത്ഭവം. യാദവർ എന്നും പൌരവർ എന്നും രണ്ടായി പിരിഞ്ഞിരിക്കുന്നു. കൃഷ്ണൻ യദുകുലത്തിൽ ജനിച്ചു. പാണ്ഡവർ, കൌരവർ, ദുഷ്മന്തൻ മുതലായവർ പൌരവരാകുന്നു. ഈ വംശക്കാരുടെ പേർ വിഷ്ണുപുരാണം കൊണ്ടറിയാം]

ചന്ദ്രവല്ലരി-സോമലത.

ചന്ദ്രവിഹാരം-കോഴി.

ചന്ദ്രശാല-പു. നിലാമുറം. ഉ. നിലാവ്. നു. മുറ്റുപ്പുര.

ചന്ദ്രശില-ചന്ദ്രകാന്തക്കല്ല്.

'ചന്ദ്രികയായിട്ടിനി
ചന്ദ്രശിലാമണി'

(കൃഷ്ണഗാഥ)

ചന്ദ്രശേഖരൻ-പു. ശിവൻ. ചന്ദ്രനെ തലയിൽ അലങ്കരിച്ചിരിക്കുന്നവൻ എന്നർത്ഥം. ഉ. ഒരു സംസ്കൃതകവി. പ്രസിദ്ധമായ വിശേഷാർത്ഥകൌമുദി

താവു. പുഷ്പമാല, മഹാഷ്ണവം എന്ന ഗ്രന്ഥങ്ങളും ഉണ്ടാക്കീട്ടുണ്ട്.

ചന്ദ്രസംഭവാ-ചിറേറലം.

ചന്ദ്രസംജ്ഞാ-പച്ചക്കല്പൂരം. ചന്ദ്രന്റെ പര്യായങ്ങളാകുന്ന സംജ്ഞകളും ഉള്ളതു് എന്നർത്ഥം.

ചന്ദ്രഹാസൻ-ഒരു കേരളരാജാവു്.

[യാഗം ചെയ്യുന്നതിനുള്ള കുതിരയും കൊണ്ടു കൃഷ്ണനും അർജ്ജുനനും ചന്ദ്രഹാസന്റെ രാജ്യത്തിൽ ചെന്നു. അവിടെ വെച്ചു ചന്ദ്രഹാസൻ അവരുടെ ഒരു ഇഷ്ടനായിത്തീർന്നു. അച്ഛന്റെ പേർ സുധാമികൻ. ജനനത്തിനുശേഷം മാതാപിതാക്കന്മാർ മരിച്ചു. വലിയ മന്ത്രിയുടെ പെട്ടെ ഒടുവിൽ രാജാവായി]

ചന്ദ്രഹാസം-പ. വാൾ. ചന്ദ്രനെപ്പോലെ ശോഭയുള്ളതു് എന്നർത്ഥം. ഉ. രാവണന്റെ വാൾ.

'ചന്ദ്രഹാസോസിമാതൃകേ ഭരശ്രീവ
കൃപാണച കനീയസി ച ഗുൽഗുലൌ'
(ഹൈമൻ)

ന. വെള്ളി.

ചന്ദ്രാർദ്ധപ്രഭം-വി. അർദ്ധചന്ദ്രാകാരമായിരിക്കുന്ന.

'ചമച്ചു ചന്ദ്രാർദ്ധപ്രഭമാകംവ്യൂഹം'
(ഭാരതം)

ചന്ദ്രാലോകം-ഒരു അലങ്കാരഗ്രന്ഥം

ചന്ദ്രാംശു-പ. വിഷ്ണു. ഉ. ചന്ദ്രരശ്മി.

ചന്ദ്രിക-പ. നിലാവു്. ചന്ദ്രന്റെ പ്രകാശം, ചന്ദ്രനോടുകൂടിയതു, ചന്ദ്രനെന്നു അറിയിക്കുന്നതു് ഇങ്ങനെ ശബ്ദാർത്ഥം. 'ചന്ദ്രിമാ' എന്നുമാവാം.

'ചന്ദ്രികാ ചന്ദ്രിമാചാരീ'
(ശബ്ദാർണ്ണവം)

ഭൂമധ്യരേഖയിൽനിന്നു ചന്ദ്രന്റെ ഒരേദേശത്തെ സൂര്യരശ്മി സ്പർശിക്കുമ്പോൾ ആ ദേശത്തുനിന്നു പ്രകാശിച്ചു അവിടെ നിന്നു ഉദ്ഭവിയിട്ടുണ്ടാകുന്ന രശ്മികളുടെ ചന്ദ്രിക.

ഉ. ഏലം. ന. ചന്ദ്രരേഖാനഭി പ. വെളുത്ത കണ്ണകോരിച്ചുണ്ട. ഇ. തിങ്കൾമീൻ. ന. കാനഫോസ്തി. ഒ. കാർകോകിൽ. വൃ. ഉലുവാ. ൻ. വെളുത്ത നൊച്ചി. ഫ. വള്ളിമുല്ല.

ചന്ദ്രികാകാന്തം-നിലാവുമുറ്റം.

ചന്ദ്രിമാ-ചന്ദ്രികാ.

ചന്ദ്രിലം-ചീര.

ചന്ദ്രോദയം-ചന്ദ്രൻ ഉദിക്കുക.

ചന്ദ്രോപലം-ചന്ദ്രകാന്തക്കല്ലു്.

ചന്ദ്രോത്സവകാലം—ശരൽക്കാലത്തിലേ ശുക്ലപക്ഷത്തിൽ ഏകാദശിനാൾ തുടങ്ങി ആ വെളുത്തവാവുവരെ.

ചന്നം-ഒരു പൊൻകെട്ടണം.

ചപല-വി. പ. ഇളക്കമുള്ള. ഉ. അല്പനേരത്തേക്കുള്ള. ന. വേഗമുള്ള. ഭ. വിറയ്ക്കുന്ന.

ചപല-പ. ലക്ഷ്മി. ഉ. തിപ്പലി. ആശ്വസിപ്പിക്കുന്നതു് എന്നർത്ഥം. ന. മിന്നൽ. മനസ്സുപോലെ ഗമിക്കുന്നതു് എന്നർത്ഥം. ഭ. നാവു്. ഇ. വേശ്യ. ന. മദ്യം. ഒ. നദി. വൃ. അഗശി.

ചപലത-പ. ഇളക്കം. ഉ. ഭയം.

ചപലൻ-പ. പെരുട്ടൻ(തെറ്റു തിരിച്ചുയാക്കാതെ) കൊല താഡനം മുതലായതു ചെയ്യുന്നവൻ, മറെറാരു പര്യായം. ചികുരൻ ഉ. അസ്ഥിരൻ.

ചപലവാതം-അരയാൽ. ഇലകൾ സദാ ഇളകിക്കൊണ്ടിരിക്കുന്നതിനാൽ ഈ പേരുണ്ടായി.

ചപലം-കാലമാസംക്രാന്തി (ക്രിയാവിശേഷണമവ്യയം)

ചപലം-പ. രസം. ഒരു ഭിത്തിൽ സ്ഥിരമായി നിൽക്കാത്തതു എന്നർത്ഥം. ഉ. വ്യാകുലം. ന. രസംപയറു്. ഭ. ഇടവിക്കുള്ള ചൂല. ഇ. മാൻ. ന. കരണ്ടു്.

ചപലാംഗം-ചീകണ്ണി.

ചപലാവക്രുദ്ധ:—ഒരു പുരാണത്തിന്റെ പേർ.

ചപേടം-പ. ഉള്ളംകൈ. വിരലെല്ലാം ഞരിഞ്ഞി പരത്തിയ കൈപ്പടം. പത്രാദികളെ ആശ്വസിപ്പിക്കുന്നതു എന്നർത്ഥം. ഇതരരെ അനുഗ്രഹിക്കും ചെയ്യുന്ന കൈ. ഉ. അടി.

ചപ്പ്-വി. പ. കൊള്ളരുതാത്ത, ചീത്ത. ഉ. സ്വാദില്ലാത്ത.

ചപ്പ്-പ. കരിയില. ഉ. അടിച്ചുകൂട്ട്. സ. ചവയ്ക്കൽ.

[ശപ്തം എന്നതു ചപ്പ് എന്നായി]

ചപ്പ-ചപ്പട്ട.

ചപ്പങ്ങം-ചെമന്ന ചായം എടുക്കുന്ന ഒരു വൃക്ഷം. പത്രാംഗകം-കമലോത്തരം, കസുംഭം, വഹ്നിശിഖം, മഹാരജനം.

ചപ്പടാച്ചി-പ. നേരംപോക്ക്, ഉ. മയക്കം.

ചപ്പട്ട-പ. ചീത്ത. ഉ. സ്വാദില്ലാത്ത. സ. മടിയുള്ള.

ചപ്പത്തിട്ടുന്ന-കൊല്ലുന്ന.

ചപ്പൻ-പ, അയഷ്ഗൻ. ഉ. മടിയൻ.

ചപ്പം-ചപ്പ്.

ചപ്പൽ-ചവയ്ക്കൽ.

ചപ്പാണി-പ. തൊണ്ടി. ഉ. പൊങ്ങുമണി.

ചപ്പിടാച്ചി, ചൊപ്പിടാച്ചി-പ. നേരംപോക്ക്. ഉ. മയക്കം.

ചപ്പിലി-ഉണക്കില.

ചപ്പിളാഞ്ചി-തടിയില്ലാത്ത മരം.

ചപ്പിളി-ചീത്തമരം.

ചപ്പുക-പ. ചവയ്ക്കുക. ഉ. പരത്തുക, ഉ-ം, ചപ്പിയരയ്ക്ക്, സ. മുണ്ടുകൊണ്ടു കൊണ്ടു മച്ചുണ്ടാക്കിക്കെടുക്കുക. ഉ-ം, ഒ ചപ്പൽ ചപ്പി കഴിഞ്ഞു. ദ. ഉരച്ചു കൂട്ടുക.

ചപ്രതാലയൻ-ചപ്രത്തലയൻ, ഒരു തിയില്ലാത്ത തലമുടിയുള്ളവൻ.

ചപ്രം, ശപ്രം-പടം വെച്ചു പൂമിപ്പാൻ കെട്ടിയുണ്ടാക്കുന്നതു.

ചപ്രാഞ്ചം-ചായംപിടിപ്പിച്ച കട്ടിൽ.

ചമ-പ. ആമ. ഉ. ചാകോരപ്പക്ഷി. സ. അരഞ്ഞിക്കുന്നതുകല്ല്.

ചമത-പ്ലാശുവൃക്ഷം. പത്ത്രായങ്കം-പ്ലക്ഷസ്സ്, സമിത്തു്. (ചമതയ്ക്കു 'ഇധ്മം' എന്നൊരു പര്യായം കൂടിയുള്ളതായിക്കാണുന്നു.)

[സമിത്തു് അരഞ്ഞ ചമതയെയത്രേ.]

ചമത്തു്-ശക്തി. ഉ. പ്രാപ്തി.

ചമത്തൻ-പ. ശക്തൻ. ഉ. പ്രാപ്തൻ.

ചമയപ്പാട്ട-കഴിക്കണം.

ചമയം-പ. ഉടുപ്പ്. ഉ. ആഭരണം. സ. വേഷം. ദ. ഏലുക.

ചമയൽ-പ. അണിയിപ്പ്. ഉ. ആഭരണം. സ. അരിവെപ്പ്.

ചമയ്ക-പ. അലങ്കരിക്കുക. ഉ. ഉടുക്കുക. സ. ആയിത്തീരുക. ദ. ഒരുങ്ങുക. ഇ. വേഷംകെട്ടുക (സ. ക്രി. ചമയിക്കുക)

ചമയ്ക്കുക-പ ഉണ്ടാക്കുക. ഉ പാകം ചെയ്യുക.

ചമരം-ഒരുവക മാൻ, ചമരമൃഗം. ചമരിമാൻ. തുണ്ടത്തെ രക്ഷിക്കുന്നതു് എന്നർത്ഥം.

ചമരി-ഒരുവക മാൻ

ചമരിക-പ. ഒരുവക മാൻ. ഉ. മലയകത്തി, കാക്ക, പെണ്ണാമാടക്ക സുരാമയ രോഗങ്ങൾ ഉള്ളവൾ എന്നർത്ഥം

ചമരികം-മന്ദാരം എന്ന പൂവു

ചമര്മാൻ-ഒരുവക മാൻ.

(ഇതിന്റെ മാംസം വാതം, പിത്തം, ശ്രമ ഇവയെ നശിപ്പിക്കുന്നു. രോമത്തിൽ, ചമരിമാൻ)

ചമൽക്കാരം-അത്ഭുതം. ഉ. സാമർത്ഥ്യം. സ. വലിയ കടലാടി. ദ. മംഗി. ഇ.

സഹൃദയന്മാരുടെ ഹൃദയത്തിന് അത്ഭുതമുണ്ടാക്കുന്ന കവിതാധർമ്മം.

ചമൽക്കൃതി-പ്ര. ഞെട്ടൽ ഉ. സാമർത്ഥ്യം.

ചമസം-യജ്ഞപാത്രവിശേഷം. (സോമപാനത്തിനുള്ള പാത്രമാണ്.) ഉ. തവി.

ചമസി-പ്ര. അരിമാവ്. ഉ. എള്ളുണ്ട. സ. ദോശ.

ചമൂ-പ്ര. സേനാവിഭാഗം (അക്ഷൗഹിണി നോക്കുക). ഉ. സേന. ശത്രുസൈന്യത്തെ നശിപ്പിക്കുന്നത് എന്നർത്ഥം.

ചമൂരു-ഒരുവക മാൻ.

[ഇതിന്റെ നിറം വെളുത്തോ കറുത്തോ ഇരിക്കും. വാൽ കാണുകില്ല ഒരു പക്ഷേ ഉണ്ടെന്നേ വരുകിൽ അല്പമേ കാണൂ, കൃഷ്ണമൃഗം എന്നും പറയുന്നുണ്ട്.]

ചമ്പു-ഇറച്ചി.

ചമ്പ-പ്ര. ഒരു നാമം. ഉ. ഉണക്കമീൻ. സ. ജലത്തിലുണ്ടാകുന്ന ഒരു ചെടി. ര. ഒരു പ്രധാന ദിക്ക്. ഇ. മിന്നൽ (ശബ്ദ

ചമ്പകം-പ്ര. ഒരു വൃക്ഷം. പുഷ്പാഹരണത്തിൽ അഗ്രഹമുള്ളവരാൽ ഗണിക്കപ്പെട്ടുന്നത് എന്നർത്ഥം. ഉ. കുഞ്ഞ്, സ. സപ്തവാഴ.

(ചമ്പകം-കഫം, പിത്തം, വൃണനീർ, മൂർഖാരോഗം, കൃമി, കുഷ്ഠം, വിഷം, വ്രണം, ചൊറി, ജ്വരം, വാതരക്തം, മൂത്രകൃച്ഛ്രം ഇവകളെ നശിപ്പിക്കും. പൂവിനു സൗരഭ്യമുണ്ട്. നിറം മഞ്ഞയാണ്. തമിഴിൽ-ചെമ്പകപൂ. ലാറ്റിൻ-Michelia Champaca മിച്ചേലിയാ ചംപകാ)

ചമ്പകമാല-ഒരു വൃത്തം.

[ഇതു പ്രകൃതിച്ഛന്ദസ്സിൽ പെട്ടതാണ്. പാദം തോറും അക്ഷരം പത്തുവീതം കാണും. 'രോ സംഗതേകം ചമ്പകമാലാ' ഇതിനു 'രശവതി' എന്നും പേരുണ്ട്-വൃത്തമഞ്ജരി.]

'ചമ്പകമാലാവൃത്തമതിന്നൻ
ചമ്പകമാലാനേർതനു! ഭീഷ്മം
മുമ്പുനാലഞ്ചാറഥപത്തി-
ങ്ങൊമ്പതുമേഴഞ്ചിങ്കൽ വിരാമം'
-(കാന്തവൃത്തം)

ചമ്പടം-വൃത്തികെട്ടവസ്ത്രം.

ചമ്പൻ-മുക്കുത്തിപാക്ക്.

ചമ്പൻ-യയാതിയുടെ സന്തതിയിൽ ഒരു വനായ വൃഥുലാക്ഷന്റെ മകൻ. ചമ്പു നഗരം പണിയിച്ചു.

ചമ്പളം, ശമ്പളം-മാസപ്പടി.

ചമ്പാരിപ്പടം-അനയുടെ ചമയക്കോപ്പ്.

ചമ്പാവ്, ചെമ്പാൻ, ചമ്പാ-ഒരു വക ചെമ്മരത്തനെല്ല്.

ചമ്പ്രംപടിഞ്ഞിരിക്കുക-കാലുമടക്കിയിരിക്കുക. (ചമ്മരം, ചമ്പം, ചമ്മണം)

ചമ്പ്രാവള്ളി-ഒരുവള്ളി.

ചമ്പു, ചംബു-ഒരു ഗ്രന്ഥം.

[ശബ്ദപദ്യസമ്മിശ്രമായ ഒരു കാവ്യം ഉ-ം രാമചമ്പു (രാമായണം). നളചമ്പു, ഭാരതചമ്പു, ഉത്തരരാമായണം ചമ്പു, ഉഷാകല്യാണചമ്പു ഇത്യാദി]

ചമ്മട്ടി-കൊരടാവ്.

ചമ്മണം-കാലുമടക്കിയിരിക്കൽ, ചപ്പണംകൂട്ടുക, ചമ്പരം.

ചമ്മന്തി-ഒരു കറി, ചട്ടിണി.

ചമ്മൽ-പ്രയാസം, ഉപദ്രവം, ഒരുവക്ഷമുള്ള സംഗതി.

ചമ്മി-ചണ്ടി, പായൽ

ചമ്മനം-ഒരുമിച്ചു കൂട്ടുക

ചയം-പ്ര. കൂട്ടം. വലിപ്പം എന്നർത്ഥം. ഉ. മൂടി. സ. ഭവനം. ര. മതിലടി, ചുമരടിയിൽ. (ഈ മതിലിന്റെ അടിയിൽ ഉറപ്പിനായി കെട്ടിയുണ്ടാക്കുന്നതാണ്) ഇ. മൺതിണ്ണ. (കോട്ടയുടെ പുറമുള്ള കിടങ്ങു കീറുമ്പോൾ ആ വക മണ്ണും കല്ലും

കൂടി കൂട്ടിയുയത്തിയുണ്ടാക്കുന്നതു് ) ന. മരുമരം. ൪. പപ്പടകെപ്പുല്ലു്.

ചര-വി. ക്രി. നടക്കുന്ന. ഗ. ഇളകുന്ന.

ചരകൻ-ചരകം എന്ന വൈദ്യഗ്രന്ഥക്കാരന്റെ കർത്താവു്.

[വംഗ്ദേടന്റെ അഷ്ടാംഗഹൃദയം ചരകന്റെയും സുശ്രുതന്റെയും കൃതികളുടെ സംഗ്രഹമാണു്. ചരകൻ അനന്തന്റെ അവതാര പുരുഷനാണെന്നും പറയുന്നു].

ചരകം-ഒരു വൈദ്യഗ്രന്ഥം.

ചരക്കു്-ക്രി. സമീപം, കച്ചവടത്തിനുള്ള പലമാതിരി പദാർത്ഥങ്ങൾ. ഗ. വസ്തു.

ചരക്കുമേനി-വൻതരം വള്ളം.

ചരടു്-നൂലു്, രോമം പിരിച്ചുണ്ടാക്കുന്നതു്, നാര, നാരുപിരിച്ചുണ്ടാക്കുന്നതു്.

ചരടം-കരിങ്കുരികിൽ.

ചരട്ടപഞ്ചരം-ഏകപഞ്ചരം.

ചരട്ടപ്പുല്ലു-കയറുകെട്ടിയ പാട്ടുപുല്ലു.

ചരണനതളിർ-കാൽച്ചുവടു്, പാദം.

ചരണനാർ-കാൽച്ചുവടു്, പാദം.

ചരണം-കാൽ. ചരിക്കുന്നതു എന്നർത്ഥം. മറ്റു പദ്യാംശങ്ങൾ-പാദം, പദ്യം, അംഘ്രി. ഗ. മുടവു് ന. സഞ്ചാരം. ങ. മന്ത്രം. ച. ശ്രീകൃഷ്ണന്റെ തൃപാദം. ഞ. പാട്ടുകളുടെ ഓരോ ഖണ്ഡം.

ചരണംചെയ്ക-നമിക്കുക.

ചരണമുദ്ര-കാൽച്ചുവടു്.

ചരണായുധ-കോഴി. ചരണം ആയുധമായിട്ടുള്ളതു് എന്നർത്ഥം.

ചരണ്ടി-വി. വാഹം കഴിഞ്ഞവളും ഭർത്തൃജീവനുള്ളവളുമായ സ്ത്രീ. (ചിരഞ്ജീവി എന്നതിന്റെ പൗരാ)

ചരതം-ക്രി. സുകൃതം. ഗ. സുഖിച്ചുകൊണ്ടു കഴിയുന്നു. ന. വാസനാ, സ്വൈരമായിട്ടു്. ങ. മരണം.

ചരതിക്കുക സുഖിക്കുക. സുഖിച്ചു രമിക്കുക.

ചരതിച്ചു്-സരസമായിട്ടു്, സുഖിച്ചു്.

ചരൻ-ഒറുകാരൻ, സ്വകാര്യമായി കണ്ടുകൊണ്ടു ഗുഹിപ്പാൻ അയക്കപ്പെടുന്ന ഗൂഢപുരുഷൻ, ചാരൻ.

ചരമ-വി ക്രി പിന്നുള്ള, ഒടുക്കത്തുള്ള. ഗ. പടിഞ്ഞാറുള്ള.

ചരമകാലം-ക്രി. അവസാനകാലം, മരണസമയം. ഗ. സന്ധ്യ.

ചരമക്ഷ്മാഭൃത്തു്-അസ്തമനപർവ്വതം, ദ്വിതീയചന്ദ്രന്മാർ സഞ്ചരിക്കുന്ന പർവ്വതം എന്നർത്ഥം. മറ്റൊരു പദ്യാംശം-അസ്തം.

ചരമഗിരി-അസ്തപർവ്വതം

ചരമഗതി-മരണം, നാശം.

ചരമം-ക്രി അസ്തമനശേഷം ഗ. ഒടുവിലുള്ളതു്, ഒടുവിലുണ്ടായതു്. ന. മരണം.

ചരം-ക്രി. നടക്കുന്ന വസ്തു ചരം> <അചരം. (ജംഗമം> <സ്ഥാവരം). മറ്റു പദ്യാംശങ്ങൾ-ചരിഷ്ണു, ജംഗമം, ത്രസം, ജംഗം, ചരാചരം. ഗ. ക്രൂരം. ന. കവടി. ങ. കരിങ്കുരിക്കിൽ.

ചരയ്ക-അയയ്ക, കാണുക.

ചരരാരി-മേടം, കർക്കടകം, തുലാം, മകരം ഇതു നാലു രാശികൾക്കും കൂടെയുള്ള പേർ.

ചരൽ-ഉരുണ്ട ചെറിയ കല്ലു്.

[ശർക്കര എന്നതാണു് ചരൽ എന്നായതു് ]

ചരവു്-ക്രി. അന്വേഷിക്ക, തേടുക. ഗ. കഴിവു്. ന. കാവു്.

ചരാളം-ഒരു വൃക്ഷം. ചരുമരം. സരളദാരു എന്നുപേരുള്ളതു്. മറ്റു പദ്യാംശങ്ങൾ-ദീർഘദാരു, സരളം, പൂതികാഷ്ഠം. ചുരുക്കപ്പേരു മാത്രം.

[ചരളം, കണ്ണാരോഗം, കണ്ണാരോഗം എന്നിവയുടെ പേരായതിനെ നോക്കുക. ഇതരം രണ്ടു തരമുണ്ടു് പുതിയതു നന്നല്ല. സംസ്കൃതത്തിൽ-സരളം. തമിഴിൽ-ചരുമരവെന്നു പേരു. ഇംഗ്ലീഷിൽ Long leaved pine ലോങ്ലീവ്ഡ്പൈൻ.]

ചരാകം-ചട്ടി.

ചരാചരങ്ങൾ-മനുഷ്യാദികളും വൃക്ഷാദികളും.

ചരാചരഗുരു-സ്ഥാവരജംഗമങ്ങളായ സകലതിനേയും നടത്തുന്നവൻ, ദൈവം.

ചരാചരം-നടക്കുന്ന വസ്തു ചരിക്കുന്നതു എന്നർത്ഥം. [പി'

'ചരാചരംജംഗമേസ്യാൽമിശ്രേവിഷ്ടപയോരസ'

(ഭോഹമചരൻ)

ചരാത്, ചരാവ്-പ. ചട്ടി. ക. ഇടിഞ്ഞിൽവിളക്ക്. ചരുയങ്ങൾ-ശരാവം, വലുമാനകം.

ചരിക്കുക-പ. ഒരുവശം ദഹിക്കുകയും മറേവശം തണുക്കുകയും ചെയ്യുക. ക. സഞ്ചരിക്കുക, നടക്കുക, ഇളകുക. ന. വെള്ളമായ വസ്തുക്കളിൽ ഒന്നിൽ നിന്നും മറൊന്നിലേയ്ക്കു ആക്കുക.

ചരിച്ചിൽ-ഒരുവശം പൊക്കി മറേറവശം താഴ്ത്തിവെക്കുക.

ചരിതൻ-(പരമന്തത്തിൽ) ചരിത്രത്തോടുകൂടിയവൻ, സചരിതമുള്ളവൻ. ഇതു സാമാന്യം പരമന്തത്തിലേ കാണാനുള്ളൂ. ദു-, പാവനചരിതൻ= ശുദ്ധമായുള്ള ജീവിതത്തോടുകൂടിയവൻ. സച്ചരിതൻ =നല്ല സചരിതമുള്ളവൻ.

ചരിതം-പ. ചരിത്രം, വൃത്തം, കഥ, ഒകട്ടുകഥ. ക. നിശ്ചയിച്ച ചട്ടം. ന. നല്ലനടപ്പ്.

(ചരിതം എന്നും ചരിത്രം എന്നുമുള്ളതിൽ ചരിതം എന്നതു പദ്യസംബന്ധമായ കൃതിക്കും ചരിത്രം എന്നതു ഗദ്യസംബന്ധമായ കൃതിക്കും ഉപയോഗിച്ചുവരുന്നു ഉ-ം, ശ്രീകൃഷ്ണചരിതം, ഇൻഡ്യാചരിത്രം.)

ചരിതാർത്ഥത-തൃപ്തി, കൃതാർത്ഥത.

ചരിത്രം പ. കഥ, വൃത്തം. ക. കല്പനച്ചട്ടം. ന. നല്ലനടപ്പ്. ര നന്നായിട്ടോ ചീത്തയായിട്ടോ ഉള്ള ലക്ഷണം.

ചരിയുക-പ. ഒരുവശത്തേക്കാവുക. ക. കിടക്കുക. ന. ഒരുവശത്തു കിടക്കുക. ര. ആന ചാവുക.

ചരിവ്, ചരുവ്, പരിവ്-പ ഇറക്കം, മലയുടെ ഇറക്കം. ക. ചരിച്ചിൽ, ചൊവ്വല്ലായ്മ. ന. കിടക്കുക. ര ഒരുവശത്തു കിടക്കുക

ചരിഷ്ണു-നടക്കുന്നവസ്തു, ജംഗമം. സഞ്ചരിക്കുശീലമായതു എന്നർത്ഥം.

ചരു-പ. ഹോമത്തിനായിട്ടു വെയ്ക്കുന്ന ചോറു, അഗ്നിമുഖത്തിൽ ഹോമിക്കപ്പെടുന്ന അന്നം. ദേവന്മാരിൽ ക്ഷിക്കപ്പെടുന്നതു എന്നു ശബ്ദാർത്ഥം. ക. ഹവിസ്സു പാകംചെയ്യുന്നതുള്ള പാത്രം. ന. ഹവിസ്സു.

'ഏഹീതപാപായസംചരും'

(ശ്രീരാമോത്തരം)

ചക്കരാ-ശരൽക്കല്ലുപ്രായം.

ചക്കരിതരൂപം-(വ്യാകരണത്തിൽ) ഒരു ക്രിയയെ തുടരത്തുടരേയും വിശേഷവിധിയായിട്ടോ ചെയ്യുക എന്നർത്ഥത്തിൽ ഉണ്ടാവുന്ന രൂപഭേദം.

ചക്കുക, ചാക്കുക-തെറ്റുക, വഴുക്കുക.

ചച്ച്-പ. വിചാരം. ക. സുഗന്ധലേപനം. ന. വിവാഹം.

ചച്ചം-നവനിധികളിൽ ഒന്നു. സൂക്ഷിക്കപ്പെടുന്നതു എന്നർത്ഥം. അജ്ഞനപ്രയോഗം മുതലായതു കൊണ്ടു തിരയപ്പെടുന്നതു എന്നുമാവാം.

ചച്ചുരി-പ. സ്ത്രീവിശേഷം. ക. ഉത്സവം. ന. കൈകൊട്ടുകളി. ര ഘോഷശബ്ദം, ഒരുവക പാട്ടു ഇ. ചുരണ്ടുമരം.

ചച്ചൂ-പ. വ്യഭിചാരിണി. ക. പ്രമാണം കൊണ്ടുള്ള അർത്ഥപരീക്ഷ, വിചാരിക്കപ്പെടുന്നതു എന്നർത്ഥം. ന. ചന്ദനം കുങ്കുമം മുതലായതു പൂശുക. അഭ്യഞ്ജനം

ന്നേതുവായിട്ടു മനഃപരിഷ്കാരം സിദ്ധിക്കുന്നതുപോലെ ഇതുകൊണ്ടു ശരീരത്തിനു പരിഷ്കാരമുണ്ടാകുന്നു എന്നർത്ഥം.

ചച്ചിക-ഭൃംഗം, ചാമുണ്ഡാദേവി, പാർവ്വതി

ചച്ചിക്യാ-സുഗന്ധലേപനം.

ചച്ചിത-വി. ഗ. പൂശപ്പെട്ട. ഉ-ം, ചന്ദനാ. ഉ. ചച്ചിതം. വ്യാപിക്കപ്പെട്ട ഉ-ം, ചന്ദ്രികാചച്ചിതം.

ചപ്പടം-വിരലെല്ലാം നിവർത്തിപ്പരത്തിയ കൈപ്പടം. (ചപേടം എന്നതിന്റെ പാഠം.)

'ചപ്പുടഃ സ്യാദ്വിപൂലേച
പേടേ ചപ്പടേവിച'
(ഭരതിനി)

ചപ്പടം-കക്കരി.

ചമ്മകഷ-ഗ. ഒരു ചെടി, ചമ്മലന്ത അരച്ചുതേച്ചാൽ ചമ്മരോഷത്തെ കളയുന്നത് എന്നർത്ഥം. ഉ. മുരിക്ക.

ചമ്മകാരൻ-ചെരുപ്പുകാരൻ, ചെരിപ്പുണ്ടാക്കുന്നവൻ, തോൽകൊല്ലൻ.

ചമ്മകി-വാവൽ.

ചമ്മകീല-ഒരുമാതിരി അർശ്ശസ്സ്.

(ഇതിനെ 'താമരമുള്ള്' എന്നു പേരുള്ള സർവ്വശരീരസഞ്ചാരിയായ വ്യാധനാൽ കഫത്തെ സഹിക്കരിച്ചിട്ടു തൊക്കിനെ പുറപ്പെടുവിക്കുന്ന അർശ്ശസ്സെന്നു. ഇതു ആണി പോലെയും മാപ്പോട്ടം പരുപരുപ്പോട്ടം കൂർത്തുമിരിക്കും.)

ചമ്മഗന്ധികാ-വാവൽ.

ചമ്മചടാ(ടി)കാ, ചമ്മടി-വാവൽ.

ചമ്മചൂഡം-കോഴി.

ചമ്മജം-ഗ. രോമം. ഉ. ചോര.

ചമ്മജന്വതി-ഗ. വാഴ. ഉ ഒരു നദി.

(ചന്ദ്രവംശത്തിലെ രാജാവായ രന്തിദേവനെ ലക്ഷ്യം പാചകനാകുന്നതിനായിട്ടു ദിവസംതോറും ഗോവധംചെയ്തുകൊണ്ടിരുന്നു. അതുകൊണ്ടു ഗോക്കളുടെയും അതുടെയും മറ്റു ശരീരങ്ങളുടെയും കൊഴുപ്പു പചിച്ചു ആവശ്യമുള്ള ഇതരഭക്ഷണസാധനങ്ങളോടുകൂടി പാവപ്പെട്ടവർക്ക് കൊടുത്തുവന്നു. ഇപ്രകാരം വധിക്കപ്പെട്ട മൃഗങ്ങളുടെ ചോര ഒരു നദിയായി പ്രവഹിച്ചിരുന്നു. ആ നദിയുടെ പേർ 'ചർമ്മണ്വതി'.)

ചമ്മണ്ഡാ-ചക്കട്ടി.

ചമ്മപത്രു-തരിച്ചീര്.

ചമ്മപിടകാ-തേവക അസുരി.

[അരുചി, ചൊയട്ടപ്പ്, സ്തംഭനം ഇവ കാണും. പേ പാടേയും. അതുകൊണ്ടാകാം ]

ചമ്മപ്രഭേദിക-തേക്കുമി.

ചമ്മപ്രസേവിക(ം)-ഉപജീവനത്തിനു, ഉപായത്തോൽ, തോൽകൊണ്ടു ഉണ്ണിയുണ്ടാക്കിയതു എന്നർത്ഥം.

ചമ്മഭേദിക-തേക്കുമി.

ചമ്മം-ഗ. തോൽ. ചരിക്കുന്നതു് എന്നർത്ഥം മറ്റു പദ്യായങ്ങൾ-കൃത്തി, അജിനം. ഉ. ചരിച, ശത്രുവിന്റെപ്രഹരണത്തെ നോക്കി നടക്കുന്നതു എന്നർത്ഥം.

ചമ്മുണ്ഡാ-ഭൃംഗം.

ചമ്മയഷ്ടി-ചക്കട്ടി.

ചമ്മലന്ത-ഒരു ചെടി. പദ്യായങ്ങൾ-സപ്തച്ഛദാ, വിഷമച്ഛദാ, സപ്തപർണ്ണി, ശാരദീ, ചമ്മകഷാ

(കഫപിത്തരോഗങ്ങൾ, വിസ്ഫോടം, രക്തദോഷം, ഉദരവ്രണം, ശ്വിത്രം, കുഷ്ഠം, ശോഫം, മേൽവായ്പ് വീർപ്പ്, മഹോദരം, വിസർപ്പം, കൃമി, ശൂലം, പ്രമേഹകൻ, പലവിധത്തിലുള്ള വ്രണങ്ങൾ ഇവയെ നശിപ്പിക്കും പൂവ് സപ്തപർണ്ണിപോലെയിരിക്കും. കരിനിൽ-കായ്ക്കുന്നു).

ചമ്മസംഭവ-മുഖം.

ചമ്മാരം-ചായില്യത്തിൽ ഒരിനം (നിറം വെള്ളപ്പാണ്.)

ചമ്മി-വി. തൊലിയുള്ള.

ചമ്മി-പ്ര. പരിചക്കാരൻ, വാളും പരിചയും ധരിച്ചവൻ. വ. പൂതണക്ക. ചമ്മം പോലെയുള്ള ഇലകളും മുള്ളും എന്നർത്ഥം. ന. എഴുതുന്നതിന് ഉപകരിക്കുന്ന ഒരു മരത്തിന്റെ തൊലി. ര. വാഴ.

ചയ്യ്-വി. ചരിക്കേണ്ടുന്ന.

ചയ്യ്-പ്ര. നടപ്പ്. വ. ആചരിക്ക. ന. യോഗമാർഗ്ഗത്തിനുവേണ്ടുള്ള സ്ഥിതി. ഒരു വസ്തുവിൽ മനസ്സിനെ ശമിപ്പിക്കുക എന്നർത്ഥം.

ചവ്വണം-പ്ര. ചവയ്പു, വ. പുഴുക്ക്, (പല കറിസാമഗ്രികളും കൂടിയിട്ടുണ്ടാക്കുന്നത്)

ചവ്വാ-ഇച്ച, കറുത്ത ഇച്ച, ചെറുതേനീച്ച.

ചവ്വിക്കുക-ചവയ്ക്കുക, തിന്നുക.

ചവ്വിത-വി. ചവയ്ക്കപ്പെട്ട.

ചവ്വിതചവ്വണം-പ്ര. അയവിറക്കുക, ചവച്ചതിനെ പിന്നെയും ചവയ്ക്കുക. വ. പറഞ്ഞുകഴിഞ്ഞതിനെപ്പറ്റി വീണ്ടും പറയുക

ചവ്വിതം-ഭക്ഷിക്കപ്പെട്ട അന്നാദികളും ചവ്വണം ചെയ്യപ്പെട്ടത് എന്നർത്ഥം.

ചല-വി ഇളക്കമുള്ള.

ചല-പ്ര വൃദ്ധിചാരിണി. വ. അറബിക്കുതിര.

ചലചഞ്ചു-ചാകരപ്പക്ഷി.

ചലചല-മണിയടിക്കുന്ന ശബ്ദം.

ചലജിഹ്വ-നായ്.

ചലട-വല്യ മുറം, അരിപ്പ്.

ചലത്തു്-വി. ഇളക്കമുള്ള (ലൻ, ലന്തി, ലൽ.)

ചലദന്തം-ഇളകുന്ന പല്ല്.

ചലദലം-അരയാൽ വൃക്ഷം. എപ്പോഴും ഇളകിക്കൊണ്ടിരിക്കുന്ന ഇലകളും ഉള്ളതു എന്നർത്ഥം

ചലനം-പ്ര ഇളക്കം. വ ഉഴൽച്ച. ന. വിറയൽ. ര. കാൽ. ഭ. മാൻ.

ചലപത്രം-കരിങ്ങാലി

ചലം പ്ര ദുഷ്ട്, ദുഷിച്ചരക്തം വ ഇളക്കം ന. ഇളകുന്നത്. ര നവംപശ. ഭ. മുപ്പുകാരം ന. ചമ്പകം. ഒ. രസം.

ചലന്മുന്ന-പൂവയുന്ന.

ചലലാ, ചപല-ലക്ഷ്മി.

ചലവിക്കുക-പഴുക്കുക, ചലം ഒലിക്കുക.

ചലാചല-വി. ഇളക്കമുള്ള, ഇളകുന്ന.

ചലാചലം-പ്ര കാക്ക. വ. ഇളകുന്നത്.

ചലിക്കുക-പ്ര. ഇളകുക വ. സഞ്ചരിക്കുക. ന. ഭയംകൊണ്ടിളകുക.

ചലിത-വി. പ്ര. ഇളക്കപ്പെട്ട, ഇളകിയ. ന. സഞ്ചരിച്ച.

ചലിതം-പുറപ്പെട്ട സൈന്യം. മറ്റൊരു പര്യായം-'പ്രചക്രം'

ചലിപ്പു-പ്ര. ക്ഷീണത. വ. അലട്ട്. ന. ഇളക്കം, ചാഞ്ചല്യം ര. അരുചി. ഭ. ഭയംകൊണ്ടുള്ള ഇളക്കം.

ചലിപ്പൻ-പോങ്ങൻ, വല്ലാതെ ചുമക്കുന്നവൻ.

ചലിപ്പിക്കുക-പ്ര. ഇളക്കുക വ. അരപ്പിക്കുക. ന ക്ഷീണിപ്പിക്കുക ര അലട്ടുക ഭ. ഭയപ്പെടുത്തുക

ചലിപ്പിയാതെ-ഇളക്കാതെ.

ചല്ല-വി. ചീത്ത, ഉപകാരമില്ലാത്ത

ചല്ലടം, ചല്ലട-അരിപ്പ്. പര്യായങ്ങൾ-ചാലനി (ചാലനം), തിരുമ്പു. മുറത്തിന്റെ പര്യായങ്ങൾ-പ്രാസ്ഫോടനം, സൂര്പ്പം.

ചല്ലടം-ഒരുമാതിരി അരിപ്പ.

ചല്ലം-പ. കടയ്ക്കോണി. ഉ. ചങ്ങാടം. ന. വള്ളക്കാരന്റെ കോൽ. ഭ. ഓവറി ചെപ്പട്ടി, പണപ്പെട്ടി.

ചല്ലരിപ്പുറ, ചല്ലരി-ഒരുമാതിരി വാദ്യം, ഒരുവക ചെണ്ട.

ചല്ലാവ്, ചല്ലാ-നേരിയശീല, മസ്‌ലിൻ.

ചല്ലി-പ. ജലത്തിലുണ്ടാകുന്ന ഒരുവക പുല്ല്. ഉ. അല്പൻ ന. മേഷ്ടിക്കുന്നവൻ. ഭ. ചെയ്കുകാരൻ.

ചവ, ചവെച്ചൽ, ചവെപ്പ്-ചപ്പുക, വായിലിട്ടു നന്നായി ചവയ്ക്കുക.

ചവയ്ക്കുന്ന-വായിലിട്ടു കടിക്കുന്ന, ചപ്പുന്ന.

ചവയ്പ്-വായിലിട്ടു നന്നായി ചവയ്ക്കുക, ചപ്പുക.

ചവടി-കഴുത്തിലിടുന്ന ഒരുമാതിരി ആഭരണം

ചവട്ട-ഒരു കിഴങ്ങിനം. സന്യാസനെന്മണി, ഇൽ പ ആഴക്ക്.

ചവണ-കൊടിൽ, ഇരുമ്പുകോൽ,

ചവണി-ചക്കിണി, ചേണി.

ചവതി-ക്ഷയരോഗം.

ചവരി-ചാമരം.

ചവക്കായ്-പാക്ക്.

ചവക്കാരം-ചവല്ക്ഷാരം.

[വാതം, കഫം, ക്ഷുദ്രജന്തുക്കൾ, ഗ്രഹണി, വയറുവേദന മുതലായവയ്ക്ക് നന്ന്. മലത്തെ ഇളക്കും. സംസ്കൃതത്തിൽ-യവക്ഷാരം. തമിഴിൽ-ചവുക്കാരം. ഇംഗ്ലീഷിൽ-Carbonate of Potash, Nitrate of potash. കാർബണേറ്റ് ഓഫ് പൊട്ടാഷ്, നൈട്രേറ്റ് ഓഫ് പൊട്ടാഷ്.]

ചവക്കിക-കരക്കുക

ചവർക്കാ-(വ്യാകരണം) ച, ഛ, ജ, ഝ, ഞ ഈ വ്യഞ്ജനങ്ങളും.

ചവർപ്പ്-കയ്പ്, കഷായരസം.

[യാതൊന്നു തുടർച്ചയിട്ടുള്ളിൽ നാവിനെ തടിപ്പിക്കയും അണ്ണാക്കിൽ തടവിനേയും മനംപിരട്ടിനേയും ഉണ്ടാക്കുകയും ചെയ്യുന്നു, അതുപോലെ ചവർപ്പ് രസമുള്ള വസ്തു.]

ചവല-പ. ഒരുതരം ധാന്യം. ഉ. പൊള്ള. ന. ലോഹങ്ങളിൽ വരുന്ന പൊടി. ഭ. നേരിയ. ഇ മെലിച്ചിൽ.

ചവലം-വലിയ ഉഴുന്ന്.

ചവല്ക്ഷാരം-കാരം വകയിൽ പെട്ട്. പുരുഷന്മാരും യവക്ഷാരം, യവാഗ്രജം, പാക്യം.

[ഇത് യവാങ്കുരങ്ങളും പുല്ലു ചെത്തിയെടുത്തി അതിൽ നിന്നെടുക്കുന്ന ക്ഷാരമാകുന്നു]

ചവളക്കാരൻ-പ. മുക്കുവൻ. ഉ. തായരിൽ ഒരു താണജാതിക്കാരൻ. ന. വേല്ലാരൻ.

ചവളം-പ മുതലായതിന്റെ കന്നം.

'കന്നം ചവളം വില്ലും ശരവും'
(പ്രാചീനമഹത്ത്വമുള്ളവർ)

ഉ. ക്ഷയം

ചവള് ഉണ്ണുക്കുള്ള ചവ മുതലായ ചരക്കുകൾ.

ചവളിപ്പുകയിലയും ശീല കുള്ള മുതലായ സാധനങ്ങളും.

ചവളിയം-സഹോദരഭാര്യ. (വ-മ.)

ചവഴുക-പ അഴുക്കാകുക. ഉ. വിരുപമായുക ഉദാ, 'മുഖം ചവഴിഞ്ഞിരിക്കുന്നു.'

ചവഴുപ്പ് അഴുക്കായുക.

ചവറ്-പ കച്ച ഉ. വസ്ത്രം

ചവറില മൊഴി.

ചവറൻ-ഹീനൻ, അയോഗ്യൻ, മോഷ്ടാവ്.
ചവറില-ഉണങ്ങിയ ഇല.
ചവിക, ചവികം-പ. കാട്ടു മുളക കൊണ്ടി ചവ്വണം ചെയ്യപ്പെട്ടന്നത് എന്നർത്ഥം. ക. കാട്ടതിപ്പുലി.
ചവിട്ട്, ചവുട്ട്-പ. കാൽകൊണ്ടു ഇടിക്കുക. ക. കാൽവെക്കുക. ന. തൊഴി. ര. ഉതപ്പ്. ങ. ചവുട്ടിത്തിരുമ്മുക. ഞ മണ്ണോ ചെളിയോ ചവുട്ടി മയം വരുത്തുക. ഠ. ചവിട്ടുചിരട്ട. വ കന്നുകാലി, പക്ഷി മുതലായവയുടെ സംയോഗം. ൻ. കീഴ്പ്പെടുക്കൽ. ഫ്ര. ചുവടിന്റെ പതിച്ചിൽ ഫ്ര. ധാന്യം മെതിക്കുക. ഫ്ര. ചക്രം തിരിക്കുക. ഫ്ര. നിന്ദ. ഫ്ര. നൃത്തംചെയ്യുക.
ചവിട്ടി-കണ്ടത്തിൽ മണ്ണു നിരത്തുന്നതിനു മരം കൊണ്ടുണ്ടാക്കിയ ഒരു കരു.
ചവിട്ടുക-പ അടിയടുപ്പുക, നടക്കുക. ക. ചവുട്ടിക്കൂട്ടുക. ന. തൊഴിക്കുക. ര. മണ്ണു വരുത്തുക. ങ. നശിപ്പിക്കുക. ഞ മറയ്ക്കുക.
ചവിട്ടുകല്ല്-നടക്കല്ല്.
ചവിട്ടുപടി-വള്ളത്തിന്റെ അറ്റത്തുനിന്ന് ഉണ്ടാക്കുന്ന പടി, കാൽവെക്കുന്ന മരക്കഷണം, ചവുട്ടിക്കേറുന്ന പടി.
ചവിണി-പ. ഇരുമ്പുകോൽ. ക. ചെറുകൊടിൽ. ന. തിരി തെളിക്കുന്ന കത്രിക.
ചവുക്ക്-ചമ്മട്ടി.
ചവുട്ടുകളം-പുകസ്ഥലം. [പെഷ്യൽ ഭാഷയാണ്]
ചവുട്ടുകളം-ഒരുമാതിരി വരയുള്ള പുല്ല്.
ചവുക്കിളി, ചവുക്കളി-കാതിലിടുന്ന ഒരുമാതിരി ആഭരണം.
ചവുട്ടുകാരൻ, ചവുട്ടുകാൽ-ചവുട്ടുപണിസ്ഥലത്തിൽ പ്രധാനി.
ചവ്വം, ചവ്വാ-പ. കാട്ടുമുളക്. ക. കാട്ടതിപ്പുലി. ചവ്വണം ചെയ്യപ്പെട്ടന്നത് എന്നർത്ഥം.
ചവ്വാ-പ. വയമ്പ്. ക. കരുപ്പത്തി. ന. കരിംകറുക.
ചവ്വ്-നെയ്വല.
ചവ്വരി-ഒരുവക പനയിൽ നിന്നെടുക്കുന്ന സാധനം. (ഇതു ഭക്ഷണത്തിനുപയോഗിക്കുന്നു.)
ചവ്വാതു-ബങ്കാളത്തു ഉണ്ടായിക്കൊണ്ടിരുന്ന ഒരുമാതിരി സുഗന്ധ ദ്രവ്യം.
ചഷകം-പാനപാത്രം, ഒഴിച്ചു കുടിക്കുന്നതിനുള്ള പാത്രം, മദ്യം സേവിപ്പാനുള്ള പാത്രം. ഭക്ഷിപ്പാനുള്ളതു എന്നർത്ഥം.

'കഞ്ചനചഷകവും വെടിഞ്ഞു'
(ഹരിശ്ചന്ദ്രോ)

ചഷാലം-പ. യൂപത്തിന്മേലെ വള. ക. യൂപത്തിൻ മുകളിലേ ഇരിയുവള.

[ഇതു യജ്ഞസ്തംഭത്തിന്റെ മുകളിൽ വളയമായി മരംകൊണ്ടുണ്ടാക്കിവെക്കുന്ന ഒരു വസ്തുവാണ്. ഇതു യൂപത്തിൽ ചേർത്തുകൊണ്ട് യൂപം ഇതിനെ ഭക്ഷിക്കുന്നതായി കല്പിക്കുന്നു. (ചഷഭക്ഷണേ)]

ചളങ്ങ, ചളങ്ങ-ഒരു വൃക്ഷം.
ചളത്ത്-ചരൽമരം.
ചള്ള്-പ. ചേർ.

ചളിമയമായ പ്രദേശത്തിന് 'പങ്കിലം' എന്നു പേർ.

ക. വയറുകടിയിൽ വയറ്റിൽനിന്നു പോകുന്ന ഒരുവക മലം.

ചളിക്കുക-പ കറി മുതലായവ പഴകി കൊള്ളരുതാതാകുക. ക. ബുദ്ധി മടിക്കുക, ലജ്ജിക്കുക, കണ്ണിതം മറിക്കുക.
ചളിപ്പ്-പ. കറി മുതലായവ പഴകി കൊള്ളരുതാതാവുക. ക ബുദ്ധിമടിപ്പ്. ന. അറപ്പ്.
ചളിപ്പുരം-ചളിപോലെയുള്ള.

ചളുക്കം-പിളുക്കം, ഞെരുക്കം, ചതുക്കം.

ചളുങ്ങ്-ചണ്ണനാങ്ങ്, വക്കനാങ്ങ്.

ചളുങ്ങ, ചളുങ്ങ-ഒരു വൃക്ഷം. (കയറി നുപയോഗമുണ്ട്.)

ചളുങ്ങുക-പിളുങ്ങുക, ഞെരുങ്ങുക, ചതുങ്ങുക. (സ. ക്രി. ചളുക്കുക)

ചളുപിളെ - ചളിയിൽ നടന്നാലുള്ള സ്ഥിതി.

ചളുമ്പ്-പ. മൂക്കാത്ത അടയ്ക്കാ, ചമ്പൻ ക. ചളിപ്രദേശം.

ചളുള-ചളി.

ചളുള-വി. പ. പ്രയാസമുള്ള. ക. ചീത്തയായ. സ. കലശൽകൂട്ടുന്ന.

ചളുള്ളക്കൻ-മൻകോപമുള്ള, കോപിഷ്ടൻ

ചളുളത്തം-ചാപല്യം, ഹീനത.

ചളുള്ള്-വി. പ. പ്രയാസമുള്ള, ക. വെറുപ്പുള്ള. സ. മൂക്കാത്ത. മ. ചീത്ത.

ചളുള്ളുക-ചളുങ്ങുക, ചതുങ്ങുക.

ചളുള്ളുപറക-ചീത്തപറക.

ചളുള്ളുപിണയുക-ശണ്ഠകൂടുക.

ചറുക്കുക, ചറ്റുക-തെറ്റുക, വഴുക്കുക

ചറുചറെ-അ. ഇറ്റിറ്റ്.

ചറവ്വാത്തൻ-ഒരു പറവക.

[ഇതു ചിലേടങ്ങളിൽ രാത്രിയിൽ വൃക്ഷങ്ങൾതോറും പറന്ന് ഇരതേടുന്ന ഒന്നുവാണ്]

## ചാ

ചാക-ചാവുക, മരിക്കുക.

ചാകചക്യം-ശോഭ, കാന്തി.

ചാകാച്ചാവ്-ചാകാതെ ചാവുക, ചത്തതിനെപ്പോലെ.

'ചാകാച്ചാവിന്നകപ്പെട്ടിതുപോരുടയോർ'
(ഉത്തരരാമചരിതം ചമ്പു)

ചാകുക, ചാവുക-മരിക്കുക.

ചാകൊലി - ചത്തതുതിന്നുന്ന കഴുകിൽ.

ചാക്കടി-ചാക്കിൽ കെട്ടി വരുന്ന അരി.

ചാക്ക്-പ. മരണം. ക. ഒരുപാതിരി ശീല. സ. കച്ചവടച്ചരക്ക് ഇട്ടു തോളിൽ വഹിച്ചുംകൊണ്ടു നടക്കുന്ന ഒരുമാതിരി സഞ്ചി.

ചാക്കടി, ചാകടി-വംശം അന്യം നിൽക്കുക.

ചാക്കാല(o)-ചാവുപുല.

ചാക്കി-ചാക്യാർ.

ചാക്കിയാൽ-ബ്രാഹ്മണർക്ക് അല്പമായി ജാതിക്കുറവു വന്നാൽ തള്ളപ്പെട്ടുന്ന ഒരു ജാതിക്കാരൻ, നാട്ടുക്കരൻ. (ചാക്യാർ എന്നതു നോക്കുക)

ചാക്കിരി-ഭോഷത്തി, പരികർമം.

ചാക്കുശീല-ഒരുവക കട്ടിയുള്ള ശീല.

ചാക്കു-വി. ചക്രത്തെ സംബന്ധിച്ച

ചാക്കി, ചാക്കിടി-താഴെ.

ചാക്രിക-വി. ചക്രസംബന്ധമുള്ള. (കൻ, കീ, കം.)

ചാക്യാർ-ചാക്കിയാർ.

[ചാക്യാരും ചാക്യാർകൂത്തും-പണ്ട് പരശുരാമന്റെ കാലത്ത് പരമശിവനിൽനിന്ന് സൂതകലശോത്ഭവന്മാർ കേരളത്തിൽ വന്നു. കേരളത്തിലേ ഉത്തമകലശത്തിലേ ബ്രഹ്മതിമാരിൽ നിന്ന് വ്യഭിചാരംകൊണ്ടു അനുലോമമായി ജനിക്കപ്പെട്ടാൽ പാരുമാ ഈഴമാ ഒന്നേ ശൂദ്രവും ഒന്നേ അമ്പലവും ആയിരിക്കുമ്പോൾ ജനിച്ചു പുരുഷന്മാരെ പരശുരാമൻ സൂതകലക്കാരോട് ചേർത്ത് ശ്രാദ്ധകലത്തൂണ്ടാരായിരുന്നതിനാൽ അവർക്ക് 'ചാക്യാർ' എന്നു പേർ കൊടുക്കയും സംസ്കൃതനാടകം, അലങ്കാരശാസ്ത്രം, വ്യാകരണശാസ്ത്രം, മാതൃക, തോറ്റങ്ങൾ, പുരാണങ്ങൾ, തന്ത്രശാസ്ത്രം ഇവ പഠിപ്പിച്ചു പുരാണകഥകളെ പ്രബന്ധമാക്കിടുള്ളതിനു സഭയിൽ പ്രകാശിപ്പിച്ചു ജനങ്ങൾ

ക്ക അറിവുണ്ടാക്കി കൊടുക്കുകയും നാടകങ്ങളും സയേൽ അഭിനയിച്ചു ആട്ടുകയും ചെയ്യു. ദേവനും ജനങ്ങൾക്കും സന്തോഷം വരുത്തുന്നതു അവർക്ക വൃത്തിയായി കപ്പിക്കുകയും ചെയ്യു. ഈ ആജ്ഞാനുസരണം പ്രവർത്തിക്കുന്നതിനെ കേരളത്തിൽ 'ചാക്യാർകൂത്തു' എന്നു പറയുന്നു. ഈ കൂത്തു ക്ഷേത്രത്തിൽവെച്ചു മാത്രമേ നടത്തുവു എന്നാണ് ഏർപ്പാട്. കുഞ്ഞിനെ ചാക്യാർ, നമ്പ്യാർ, നങ്ങ്യാർ ഇങ്ങിനെ മൂന്നുപേർ വേണം. സ്ത്രീ-ഇല്ലോടത്തു, ചില്ലടത്തു.]

ചാക്രികൻ-പ. ചക്രകാരൻ. ക. മണിയടിക്കുന്നവൻ. ന. വണ്ടിക്കാരൻ, വണ്ടി ഓടിക്കുന്നവൻ. ര. കുശവൻ.

ചാക്ഷുഷ, ചാക്ഷുഷിക-വി. പ്രത്യക്ഷമായുള്ള, കണ്ണിനെ സംബന്ധിച്ച.

ചാക്ഷുഷൻ-ആറാമത്തെ മനു.

ചാക്ഷുഷപ്രത്യക്ഷം-കണ്ണുകൊണ്ടു കാണുക.

ചാക്ഷുഷി-ഒരു വിദ്യ.

[ഇതു ഞാജ്ഞനനു അംഗാരവല്ലൻ കൊടുത്തതാണു.]

'മാനിയംനിനക്കുഞാൻ
ചാക്ഷുഷിയെന്നവിദ്യ
ദാനംചെയ്യുന്നുണ്ടി
പ്രാണനെരക്ഷിക്കയാൽ
കാമദരഥാശ്വസൂത
യുധാദികളുണ്ടാം
സോമവംശോത്ഭവനാം
നിനക്കധനഞ്ജയ'

(ഭാരതം)

(ഈ വിദ്യ സോമനായി മനു കൊടുത്തതും അവിടുന്നു വിശ്രവസ്സിനു കിട്ടീട്ടു അവൻ അംഗാരവല്ലനു കൊടുത്തിട്ടുള്ളതുമാകുന്നു). ഈ വിദ്യയുടെ ഫലം.

'യച്ചക്ഷുഷാഗൃഹ്യമിദം തുലിഷ്യലോകേഷുകിഞ്ചന
തൽപശ്യൽയാദൃശംചേദ്ദൽ
തദൃശംദൃഷ്ടമിതി'

(എന്നു മൂലം)

ചാംഗം-പുള്ളിയാരൽ.

ചാംഗേരി-പുള്ളിയാരൽ.

ചാച്ചിൽ, ചാച്ചൽ-ചെരിച്ചിൽ, ചായ്ച്ചു, ചായുക.

ചാഞ്ചല്യം-പ. ചഞ്ചലത, അനക്കം, ഇളക്കം. ക. പാരവശ്യം. ന. വേഗമായ ശക്തി. ര. സ്ഥിരമില്ലാത്ത സ്വഭാവം. ങ. അനിശ്ചിതം.

ചാഞ്ചാട്ടുക-തെന്നിത്തെറിച്ചു നടക്കുക. (ചാൺചാട്ടുക.)

ചാഞ്ചാട്ടം-തെന്നൽ.

ചാട്ട്-പ. വണ്ടി, ചുമട്ടുവണ്ടി. ക. കുഞ്ഞുങ്ങളെ പിടിച്ചു നടക്കുന്ന ചെറിയ വണ്ടി.

ചാട-ജാതി, തട്ടിപ്പു.

ചാടകേരം, ചാടകൈരം - ഉൾക്കരിക്കിൽ പക്ഷി.

ചാടൻ-വഞ്ചകൻ, കള്ളത്താനമുള്ളവൻ.

ചാടി, ശാടി-രേണി, കട്ടിയുള്ള വലിയ കലം.

ചാട്ടു-ഇഷ്ടവാക്ക്, മോഹനവാക്ക്.

ചാട്ടുകാരം = മോഹനവാക്കു കാരം.

ചാട്ടുക-പ. കുതിക്കുക, ചാടുക, ആട്ടുക. ക. പായുക. ന. ഒഴിഞ്ഞുപോവുക. ര. അകപ്പെട്ടുക, വീഴുക. ങ. ചാട്ടുക.

ചാട്ടുകാര-വി. ഇഷ്ടമായിട്ടു നല്ല വാക്കു പറയുന്ന. (രൻ, രി, രം)

ചാട്ടുകാരം - പൊന്നുണ്ണിയും മുത്തും കൂട്ടിക്കോർത്ത മാല.

ചാട്ടുപാട്ട്-ഫലിതക്കാരൻ, പുറാട്ടുകാരൻ, കളി പറയുന്നവൻ.

ചാട്ടുവാക്ക്- സ്തുതിയെയും പ്രീതിയെയും കൊണ്ടുക്കുന്ന വാക്ക്.

ചാട്ടുകുതി-ക. ആത്മപ്രശംസ വ. ഒന്നെയെയും സ്തുതിയേയും തോന്നിക്കുന്ന വാക്ക്.

ചാട്ട്-ക. ശ്ലേഷ്മ വ. ഏറികം. ന. ചാട്ടം

ചാട്ടി-വി ക. കൊല്ലുന്ന. വ. ചാണുന്നതിനുള്ള.

ചാട്ട-ചമ്മട്ടി.

ചാട്ടം-ക. കുതിപ്പ്, ഉള്ളൽ. വ. പാച്ചിൽ. ന. ഒഴുക്കിൽ. ര. തെറ്റിപ്പോവുക. ങ കോപം.

ചാട്ടുക-കുന്തം എറിയുക

ചാട്ടുകുന്തം-വേൽ, കുന്തം.

ചാട്ടുമാട്ട-വഞ്ചന, തക്കം.

ചാട്ടുവാറ്-ചമ്മട്ടി. (കുതിര മുതലായതിനെ അടിപ്പാനുള്ളതാണ്. സംസ്കൃതത്തിൽ-കശാ.)

ചാട്ടുവില്ല്-കുന്തംചാണുന്നതിനുള്ളവില്ല്.

ചാട്ടുളി-ചാണുന്ന ഉളി.

ചാണ-ക. മുഷ്കുകുന്ന കല്ല്. വ. തേപ്പുകല്ല്. ന. ചന്ദനവും മറ്റും അരയ്ക്കുന്നതിനുള്ള കല്ല്. ര. ഉളികയും മറ്റും ഉരയ്ക്കുന്നത് നുള്ള കല്ല്.

ചാണകം-കന്നകാലികളുടെ മലം. പശുയുടെ-ശോവിട്ട്, ശോമയം.

[ചാണകം-ഇക്കിരം, വയറുമുതൽ ഇവയെ ശമിപ്പിക്കും സാമാന്യവിധിയിൽ പശുവിൻചാണകം എടുക്കുക].

ചാണകവരളി-ചാണകം പരത്തി ഉണങ്ങിയത്. ഉണക്കുചാണകം.

ചാണകീനം-പശുവ വിളയുന്നതിനയോഗ്യമായ ക്ഷേത്രം.

ചാണക്കല്ല്-ക. ചന്ദനവും മറ്റും അരയ്ക്കുന്ന കല്ല്, ചാണം വ. മുഷ്കുകുന്ന കല്ല്. ശാ. മേൽ മണിയായത്.

ചാണകൊല്ലൻ-ചെമ്പിക്കൊല്ലൻ

ചാണക്യൻ-ക. യജ്ഞോപവീതത്തിന്റെ മറ്റൊരു പേർ. വ. നന്ദകുലത്തെ നശിപ്പിച്ച് ചന്ദ്രഗുപ്തനെ രാജാവാക്കിയ ഉപായിയും മഹാബുദ്ധിമാനുമായിരുന്ന ഒരു ബ്രാഹ്മണൻ. മുദ്രാരാക്ഷസം നാടകത്തിലെ മുഖ്യ പ്രധാന പാത്രം. വിഷ്ണുഗുപ്തൻ, കൗടില്യൻ ഇങ്ങിനെയും പേരുണ്ട്.

ചാണക്യസൂത്രം-ഒരു പുസ്തകത്തിന്റെ പേർ.

ചാണപ്പുളി-ക. ചാണപിടിച്ചു വെയ്ക്കുള്ള പുളി വ. പഴുത്തുണങ്ങിയ വാളൻപുളി മുഖത്ത് തെരട്ടിപ്പിഴിഞ്ഞെടുത്തു കനക്കി ശർക്കരപ്പാകത്തിൽ വാങ്ങി കാച്ചു കാച്ചിയ ഉപ്പും ചേർത്തിട്ടുണ്ടാക്കി ശർക്കരയുണ്ടപോലെ ഉരുട്ടുന്ന വസ്തു.

ചാണപ്പായി-ചൊടിപ്പുള്ളകുടി.

ചാണി-ക. കരിയെ അണിപ്പെടുത്തുന്നവൻ. വ. ചാണകം.

ചാണൂരൻ-കംസന്റെ അന്തഃചരന്മാരായ ഒരു മല്ലൻ.

(ചാണൂരനെ കംസവധാവസരത്തിൽ കൃഷ്ണൻ കൊന്നു)

ചാണൂരമർദ്ദനൻ-കൃഷ്ണൻ.

ചാൺ-ക. ചെറുവിരലും പെരുവിരലും കൂട്ടി അകത്തുന്ന രേഖ, പത്തുവിരൽ അകലം, അളവ്. വ. ഒരുതരം മത്സ്യം (ശാൺ)

ചാണ്ടു. ചാണ്ടൽ-നീട്ടി എറിയുക.

ചാണ്ടുക-ക. നീട്ടിയെറിയുക. വ. ചാടുക.

ചാണ്ഡാ-ബലം, ശക്തി.

ചാണ്ഡാലൻ-ചണ്ഡാലൻ.

ചാണ്ഡാലിക-ക. ചണ്ഡാലസ്ത്രീ. വ. കിന്നരം. ചണ്ഡാലകന്റെ വീണ. ചണ്ഡാലൻറെ പുത്രൻ. ന. ഒരു.

[ചാണ്ഡാലികാകിന്നരയോഗേന ദേശഭാഷയിൽ ഏഴിനി]

ചാതകം-ആകാശത്തിൽ പക്ഷി പറ്റുന്ന അതിസൂക്ഷ്മം, സ്നേഹകണം.

ചാതകാനന്ദനം-ക. മഴക്കാലം. വ. മേഘം.

ചാതിരോദനം-അനുതാപം, ചെയ്തുപോയ്ക്കുള്ള വേല.

ചാത്തൻ-വി. ക. നാഴിയെ സംബന്ധിച്ച. വ. സംഖ്യയുള്ള.

ചാതുര(ക)ം-പ്ര. ചെറിയ വട്ടത്തലയിണ, ഉ. നാലു ചക്രമുള്ള വണ്ടി.

ചാതുരി-സാമർത്ഥ്യം, നിപുണത.

ചാതുരികൻ-തേരാളി.

ചാതുർജ്ജാതം — ഏലത്തരി, ഇലവങ്ങത്തൊലി, പച്ചില, നാഗപ്പൂവ് ഇവ നാലിനും ക്രമേയുള്ള പേർ.

ചാതുർത്ഥകജ്വരം-ഒരുമാതിരി ജ്വരം

ചാതുർത്ഥികം, ചാതുർത്ഥ്യം- ഒരുമാതിരി പനി.

ചാതുർമ്മാസ്യം-നാലുമാസം അനുഷ്ഠിക്കുന്ന ഒരു വ്രതം. [ആഷാഢം ശുക്ലപക്ഷം ദശമി മുതൽ കാർത്തികമാസം പൌർണ്ണമിയോടെ അനുഷ്ഠിക്കുന്ന ഒരു വ്രതം].

'ആഷാഢേ ദശമീം ശുക്ലാ-
മാരഭ്യസ്യാത്തു കാർത്തികീ
പൌർണ്ണമാസീതാവദിദം
ചാതുർമ്മാസ്യവ്രതാഭിധം'

(വരാഹപുരാണം)

ചാതുര്യം-പ്ര. സാമർത്ഥ്യം ഉ. വാചാലത ന. വിദഗ്ധത ര. സ്നേഹം. ഇ. അഴക്. ന. മനോഹരത

ചാതുർവർണ്യ-വി. ബ്രാഹ്മണക്ഷത്രിയ വൈശ്യ ശൂദ്രന്മാർ നാലു ജാതിക്കാരേയും സംബന്ധിച്ചുള്ള (ചാതുർവർണ്യം എന്നതിനു നാലു ജാതികൾ കൂടിയത്, നാലുനിറമായി കല്പിച്ചത് എന്നിങ്ങനെ ശബ്ദാർത്ഥം). [ബ്രാഹ്മണൻ കപിലനിറവും, ക്ഷത്രിയൻ അരുണ നിറവും, വൈശ്യൻ പീതനിറവും, ശൂദ്രൻ കൃഷ്ണനിറവും ആകുന്നു].

'കപിലാരുണപീതാഃ കൃഷ്ണാശ്ചേതി പൃഥക് പൃഥക്
ബ്രാഹ്മണാഃ ക്ഷത്രിയാ വൈശ്യാഃ
ശൂദ്രാശ്ചേശ്വരയഥാക്രമം'

(വിഷ്ണുപുരാണം)

ചാതുർവർണ്യം മയാസൃഷ്ടം
ഗുണകർമ്മവിഭാഗശഃ'

(ഗീത)

ചാതുർവിദ്യം-നാലു വേദം

ചാത്തൻ ഒരു സേവാമൂർത്തി, കട്ടിച്ചാത്തൻ. (കർത്തവ്യം-ശാസ്ത്രം)

ചാത്തം-മരിച്ചവർക്കുവേണ്ടി കഴിക്കുന്ന ഒരു കർമ്മം ശ്രാദ്ധം (ശ്രാദ്ധം എന്നതാണ് ചാത്തം ആയത്)

ചാത്താവ്-ശാസ്ത്രാവ്. (ശാസ്ത്രാവാണു ചാത്താവായത്).

ചാന്ത്-പ്ര. ചുണ്ണാമ്പ് ഉ. കുമ്മായം കരിപ്പെട്ടി മണൽ ഇവ ചേർത്ത് കഴച്ചു കെട്ടിടങ്ങളുടെ പുറമേകും പൂശുന്നതു ക. ചില മരത്തിന്റെ പൊള്ള. ര. സ്ത്രീകൾ നെറ്റിയിൽ തൊടുന്ന ചാന്ത്.

[സ്ത്രീകൾ തൊടുന്ന ചാന്ത്-തെറ്റിപ്പൂവ് ജലത്തിലിട്ട മൂന്നു നാലു ദിവസം വെച്ചേക്കണം. അഴുകിയതിന്റെ ശേഷം, ഉണക്കലരി വറുത്ത് അതു കരിയുമ്പോൾ തെറ്റിപ്പൂവെള്ളം അതിൽ ഒഴിക്കണം. പിന്നീട് ഞവടിക്കല്ലിൽ തട്ടിയരിച്ചെടുത്ത രണ്ടാമതും വറുത്ത് ചട്ടിയിലോ മറ്റോ സൂക്ഷിച്ചുവെക്കുക. ഇതിനു നനഞ്ഞാൽ ചാന്താവും.]

ചാന്താട്ടം-ചാന്തു തേയ്ക്കുക, ചുണ്ണാമ്പു പൂശുക.

ചാന്താർ-ചാന്തുള്ള. ഉ-ം, ചാന്താർ മുലയിണ.

ചാന്ദ്ര-വി. ചന്ദ്രനെ സംബന്ധിച്ച(ന്ദ്രൻ, ന്ദ്രീ, ന്ദ്രം)

ചാന്ദ്രകം-പ്ര തേൻ. ഉ. മുക്ക്.

ചാന്ദ്രഭാഗ-ചന്ദ്രഭാഗാനദി.

ചാന്ദ്രമസി-ബൃഹസ്പതിയുടെ ഭാര്യ.

ചാന്ദ്രമാനം-ചന്ദ്രന്റെ ഗതികൊണ്ടുള്ള ഒരു കണക്ക്.

ചാന്ദ്രമാസം-ചന്ദ്രഗതികൊണ്ടു വരുന്ന മാസം

ചാന്ദ്രം-പ്ര. ചന്ദ്രസംബന്ധമായ മാസം, ഉ. ചന്ദ്രകാന്തം. ന. ചാന്ദ്രായണവ്രതം.

ചാന്ദ്രായണം—ചന്ദ്രന്റെ ക്ഷയവൃദ്ധി പോലെ ഓരോ ദിവസം ഓരോ ഉരുള കുറച്ചും കൂട്ടിയും ഉണ്ണുന്ന ഒരു വ്രതം.

'കൃഛ്രചാന്ദ്രായണാദിക്രിയകൊണ്ടു'
(ശീലാവതി)

[വെളുത്തവാവിന്റെ പതിനഞ്ചു വരെ ഭക്ഷണത്തിൽ തുടങ്ങി ദിവസേന ഓരോന്നു കുറച്ചു കറുത്ത വാവിന്റെ ഭക്ഷണമില്ലാതാക്കി പിന്നീടു ദിവസത്തോടും ഓരോന്നു വെളുത്തവാവുവരെ വർദ്ധിപ്പിക്കുക.]

ചാന്ദ്രി-പ്ര. ബുധൻ. ര. നിലാവു്. ന. വെളുത്ത കണ്ടകാരിച്ചുണ്ട. ര. കാർകോകിൽ.

ചാന്നാട്ടി-ചാന്നാന്റെ സ്ത്രീ.

ചാന്നാൻ-കരിമ്പനചെത്തുന്ന ഒരു താണ ജാതിക്കാരൻ.

ചാപം-പ്ര. വില്ലു്. ര. ധനരാശി. ന. മഴവില്ലു്. ചാപം എന്ന പേരായ തുണ വിശേഷത്തിന്റെ വികാരം എന്നർത്ഥം.

ചാപയഷ്ടി-വിൽക്കോൽ.

ചാപലം, ചാപല്യം-ഇളക്കം, നിലകേടു്, അസ്ഥിരത, ദ്രുതഗതി, സംശയം, ഭയിവേക്കം.

ചാപി-ചാപം ധരിച്ചവൻ. ര. ശിവൻ.

ചാപ്പ-പ്ര. തോക്കിന്റെ കൊത്തു്. ര. അടയാളം.

ചാപ്പിടുക-മുദ്രവെക്കുക.

ചാപ്പിള്ള-ചാവുപിള്ള, ചാവുകിടാവു്.

ചാമ-ഒരുവക ധാന്യം.

[കഫം, വിഷം, പിത്തം ഇവയ്ക്കു നന്നു്. ശരീരം ചാടപ്പിക്കും. വാതവർദ്ധനകരമാണു്. മലത്തെ പിടിക്കും. സംസ്കൃതത്തിൽ-ശ്യാമാകം].

ചാമ്പൽപുഷ്പം-പ്ര കറുപ്പു്. ര. പൂരക്കെ ന. ന കരുവിലരിപ്പു്. ര. മരവു്.

ചാമരം-പ്ര. ചമരിമൃഗത്തിന്റെ വാൽ. ര. വെഞ്ചാമരം. മരോടുള്ള പരിചരണം പ്രകീർത്തനം.

[ചാമരം എന്നതിന്റെ പ്രാചീനരൂപമായ പ്രയോഗം. 'ചാമര'-ഉ-ം. 'അതുപോരുവൻ ചാമരവിധാനം'
(രാമച്ചരിതം)

ചാമരി-കരിങ്കുരങ്ങു്.

ചാമത്തം, ചാമാത്തം-സമം വർത്തിക്കുന്നതു് എന്നുള്ള കർമ്മം.

ചാമീകരം-പ്ര. പൊന്നു്. ചാമീകരം എന്ന പേരായ ആകരത്തിലുണ്ടായതു് എന്നർത്ഥം.

'ചാമീകരപ്രഭപൂണ്ടശരീരകാന്തി'
(അദ്ധ്യാത്മരാമായണം)

ര. ഉമ്മത്തു്.

ചാമുണ്ഡാ-കാളി, ദുർഗ്ഗ, സ്ത്രീപ്രതിഷ്ഠകളിൽ ചണ്ഡമുണ്ഡന്മാരെ നിഗ്രഹിച്ചവൾ എന്നർത്ഥം.

ചാമുണ്ഡി-കാളി, ദുർഗ്ഗ.

ചാമ്പ, ചാമ്പു്-പ്ര ഒരുവക വൃക്ഷം, അതിന്റെ.

'മാമ്പഴം തിന്നേണം ചാമ്പയ്ക്കു നിന്നാലും'
(കൃഷ്ണഗാഥ)

ര. നീരാളം.

ചാമ്പൽ-പ്ര. ചാരം, മണ്ണും. ര. കണ്ണിന്റെ അടപ്പു്. ന. പൂരിക്കുക കുത്തുക.

ചാമ്പുക-പ്ര. കണ്ണു് അടപ്പു് അടയ്ക്കുക, കുത്തുക.

'ചാമ്പിയടയ്ക്കുന്ന കണ്ണിയും'
(കൃഷ്ണഗാഥ)

ര. മയങ്ങുക. ന. കുത്തുക.

ചാമ്പോയ്-പ്ര. ചാമ്പുക. ചാമ്പ എന്ന മരത്തിന്റെ മുന്തിയ 2 എന്നർത്ഥം. ര. നല്ല പുകയില. ന സഹിപ്പു്. ര. അരപ്പയല്ലി. ന ഉമ്മത്തു്.

ചാമ്പ്-ആഹാരം, ഭക്ഷണം.

ചായംതേയില

ചായക്കാരൻ-പ്ര. ചായം പിടിപ്പിക്കുന്നവൻ. ഉ അലക്കുകാരൻ

ചായപ്പുടവ-ചായംകേറിയ വസ്ത്രം

ചായം-നിറം, വർണ്ണം.

ചായൽ-പ്ര. തലമുടി, ഉ നിറം. ന. ഭൂഷ്യത. ര. ചായ, നിഴൽ. ഇ പാട്ട, പാശ്ചാ. ന്യ. ചാച്ചൽ.

ചായ്-പ്ര. മഞ്ഞി, ചായൽ. ഉ. ചായി, ചാഴി.

ചായിക്കുക-പ്ര. വഴുക്കുക, വഴയ്ക്കുക. ഉ. ഒരു പക്ഷത്തിൽ ചേരുക.

ചായിപ്പ്, ചായ്പു-പ്ര. പുരയോടു കൂടി ചായിച്ച് കെട്ടിയുണ്ടാക്കുന്ന മുറി, ഒരു ഭാഗത്തോടുള്ള ചേർവ്. ഉ. നിലം തല്ലി.

ചായില്യം-ഒരുങ്ങാടിമരുന്ന്; ഒരുമാതിരി ചെമന്ന ചായം.

[ഇതു കഫം, പിത്തം, കൃമി, കുഷ്ഠം, ക്ഷുദ്രവിഷം, നേത്രരോഗം, നെഞ്ചുകഫിപ്പ്, ത്രിദോഷജ്വരം, ദ്വിദോഷജ്വരം, ആമവാതം, പ്ലീഹ, ചൊറി ഇവയ്ക്കു നന്ന്. ഇതു മൂന്നുവിധം ഉണ്ട്. (പ്ര. ചർമ്മാരം. ഉ. ശുകതുണ്ഡകം. ന. ഹംസപാദം.) മൂന്നാമത്തേതു ഉത്തമം സംസ്കൃതത്തിൽ-ഹിംഗുലം. തമിഴിൽ-ചാതിലിംഗം, ഇംഗ്ലീഷിൽ-Sulphate of Mercury, Vermilion

ചായിവ്, ചായ്വ്-പ്ര വളവ്, കുനിച്ചിൽ ഉ ഇറക്കം. ന. ചെരിച്ചിൽ.

ചായുക, ചായ്ക-പ്ര. ചെരിയുക. ഉ. കിടക്കുക ന. വീഴുക, വൃക്ഷവും മറ്റും വീഴുവാൻ തുടങ്ങുക. ര. ആശ്രയിക്കുക ഇ ഒരുവശത്തേക്കു ചരിയുക.

'കവത്തുമല്ലെന്ന് രമെക്കു ചേറും
വെളുത്തുമല്ലുമുലചാഞ്ഞുമില്ല'.
'നീലാതിലകം'

ചായ്മാനം-ഉയരം, ഉത

ചാര-വി. ചരിക്കുന്ന പോകുന്ന, നടക്കുന്ന

ചാര-ഒരുമാതിരി അരി.

ചാരകൻ-പ്ര. കുതിരക്കാരൻ ഉ. കൂട്ടുകാരൻ. ന. ദൂതൻ, ചാരൻ.

ചാര(കം)-മുരിങ്ങമരം.

ചാരചക്ഷുസ്സ്-പ്ര ചാരന്മാരെ (ഗൂഢപുരുഷന്മാരെ)ക്കൊണ്ടു ദൂരത്തുള്ള വസ്തുതകളെ കാണുന്നവൻ. ഉ. ചാരന്മാർ (ഗൂഢപുരുഷന്മാർ) ആകുന്ന ചക്ഷുസ്സ് (നേത്രം.)

'ചാരചക്ഷുസ്സും വിചാരവുമില്ലേതും നിത്യം'
(അദ്ധ്യാത്മരാമായണം)

ചാരടി-പ്ര. ഒരിലത്താമര. സഞ്ചരണശീലം എന്നർത്ഥം. തമിഴ് വ്യാഖ്യാനത്തിൽ 'ഒരിതഴം താമര. നിലത്താമര, എന്ന് മറെറാരിടിപ്പായം. ഉ. കിഴങ്ങനെല്ലി.

ചാരടികാ-അമരി. ഉ. പവിഴക്കൊടി.

ചാരണ-തഴുതാമ.

ചാരണനൃത്തം-നാട്ടുവിദ്യ, ആട്ടം.

ചാരണൻ-പ്ര. നാട്ടുക്കാരൻ. ഉ. ദേവഗായകൻ. ന. വഴിയാത്രക്കാരൻ, പരദേശയാത്രക്കാരൻ ര. ചാരൻ.

ചാരണന്മാർ-വണ്ടികളിൽ നടന്നു പാടുകയും കഥപറകയും ചെയ്യുന്നവരുടെ പേർ. കീർത്തിയെ പരത്തുന്നവർ എന്നർത്ഥം.

ചാരത്തു-(അ) സമീപത്തു.

ചാരൻ-ദൂതൻ, വേഷംമാറി നടന്നു വർത്തമാനങ്ങളും അറിയുന്നവൻ. പര്യായങ്ങൾ-യഥാർഹവർണ്ണൻ, പ്രണിധി, അപസർപ്പൻ, ചരൻ, സ്പശൻ, ചാരൻ, ഗൂഢപുരുഷൻ (ചാരൻ = ഗമനശീലൻ)

ചാരപഥം-രണ്ടു റോട്ട്(വഴി)കൂടുന്ന സ്ഥലം.

ചാരഫലം-ഇട്ടിച്ച ക്രിയ നിന്ന് അതതു ഭാഗത്തിൽ അതതു ഗ്രഹങ്ങൾ നില്ക്കുമ്പോൾ ഉണ്ടാകുന്ന ഫലം.

ചാരം-പ്ര. ഗമനം, സഞ്ചാരം. (മലയാളത്തിൽ) ഭസ്മം. (സംസ്കൃതത്തിൽ-ക്ഷാരം) പു. മുരിങ്ങമരം.

ചാരൽ-പ്ര. മറെറാന്നിൽ തൊട്ടിരിക്കുകയോ ചെയ്കയെ. പു. ചായിവ്. നു. ആഗ്രഹം.

ചാരവായു-പടിഞ്ഞാറൻകാറ്റ്.

ചാരവേ-(അ) അടുത്തു്.

ചാരഴി-ചാരിയിരിപ്പാനുള്ള അഴി.

ചാരായക്കട-ചാരായം വില്ക്കുന്ന സ്ഥലം

ചാരായക്കുത്തുമതി-ചാരായക്കുത്തക.

ചാരായം-കള്ളുവാറി എടുത്തതു്. (അരക്കാനി എന്നതു നോക്കുക).

ചാരിക-വേലക്കാരി, പരിജനത്തിലൊരുവൾ, പരിചാരിക.

ചാരിക്കുക-ചാലിക്കുക.

ചാരിതാർത്ഥ്യം—ചരിതാർത്ഥത, സംതൃപ്തി, അഭിലാഷനിവൃത്തി, തൃപ്തി.

ചാരിത്രദൂഷണം-മാനംകേടു്, പാതിവ്രത്യഭംഗം.

ചാരിത്രഭംഗം-പാതിവ്രത്യഹാനി, മാനംകേടു്.

ചാരിത്രം, ചാരിത്ര്യം-പാതിവ്രത്യം, മാനം, ആചാരം, ശീലഗുണം.

ചാരിത്രശീല-മാനംകെട്ടവൾ.

ചാരിത്രശുദ്ധി-പാതിവ്രത്യശുദ്ധി, നല്ല ശീലമുള്ള ആചാരം.

ചാരിത്രാ-കോപ്പുകൂ.

ചാരിയാവു്-ചെമന്ന രോമംകൊണ്ടുള്ള പുതപ്പു് (ചർക്കുൽമോഷ).

ചാരു-പ്ര. കാകമം. 'കാശ്മീരം ചാരുഖാൽഫ്കം സങ്കാശം വിദ്ധി നംവരം' എന്ന പ്രമാണം. പു. പാറുക.

ചാരു-വി. ഭംഗിയുള്ള, മനോഹരമായ. ചാരു എന്നതിനു ചിത്രത്തെ ശമിക്കുന്നതു എന്നർത്ഥം.

ചാരു-പ്ര. ബൃഹസ്പതി. പു. കൃഷ്ണനു രുക്മിണിയിലുണ്ടായ പുത്രൻ.

ചാരുക-പ്ര. ചാരിയിരിക്കുക. പു. ഒരു പക്ഷത്തിൽ കൂടുക. നു. ഒരു വസ്തുവെ മറെറന്നിനേൽ ചേർത്തു നിറുത്തുക. ഭ. കരകടയുക. ഇ. ആശ്രയിക്കുക. നു. കരകടയ്ക്കുക ഒ. ഏല്പിക്കുക.

ചാരുകാരൻ-മൂന്നാംസ്ഥാനക്കാരൻ.

ചാരുത, ചാരുത്വം-ഭംഗി.

ചാരു്-പ്ര. നായന്മാരുടെ പേരുകൾക്കു പിന്നു വയ്ക്കുന്ന ഒരു വാക്കു്.

ചാരുഗുപ്തൻ—കൃഷ്ണനു രുക്മിണിയിലുണ്ടായ പുത്രൻ.

ചാരുഭത്തൻ-മൃച്ഛകടീ നാടകത്തിൻറെ നായകൻ.

ചാരുഭത്താ-ഭാസൻറെ ഒരു നാടകം.

ചാരുദർശനം-പ്ര. കല്യാണു. പു. ഇന്ദ്രിയജ്ഞാനം.

ചാരുദേഷ്ണൻ, ചാരുദേവൻ-കൃഷ്ണനു രുക്മിണിയിലുണ്ടായവൻ.

ചാരുധാരാ-ശചി.

ചാരുധാരാ-ശചി.

ചാരുനാളകം-ചെന്താമര

ചാരുനേത്രം-പ്ര ഭംഗിയുള്ള കണ്ണു്. പു. മാൻ.

ചാരുപടി-ചാരിയിരിക്കുന്ന പലക.

ചാരുപല്ലവ-മുന്തിരിങ്ങ.

ചാരുമതി-കൃഷ്ണനു രുക്മിണിയിലുണ്ടായ ഒരു പുത്രി.

ചാരുമതിൻ-മതിപ്പിനെ അടിയിൽ മുപ്പിനായി കെട്ടിയുണ്ടാക്കുന്ന മരം. പ്രയോഗം-ചായം, വർണ്ണം.

ചാരുമരം-ഉന്നു്, താന്നു്.

ചാരുമനാ-മറെറാരുത്തന്റെ പേരുവച്ചു ഏഴുതി വങ്ങിക്കുന്ന ഏഴുത്തു്.

ചാരുമാളാ-കവുമുഴി.

ചാരുരാവാ-ശചി.

ചാരുലോചനം-പ. ഭംഗിയുള്ള കണ്ണു്. ഉ മാൻ.

ചാരുശീല-വി. നല്ല ശീലമുള്ള.

ചാരുശീല-രത്നം.

ചാരുഹംസിനി-പ. രുക്മിണി. ഉ. ലക്ഷ്മണാ.

ചാരുസ്മിതം-പുഞ്ചിരി.

ചാരെഴുത്തു-വിശ്വസ്തമായ പ്രമാണം.

ചാരേക്ഷണൻ-ദൂതൻ, ചാരചക്ഷുസ്സു്.

ചാർ-പ. നായന്മാരുടെ പേരിനു പിമ്പു ചേർക്കുന്ന ഒരു ഉപചാരവാക്കു്. ഉ. മരുന്നും മറ്റും പിഴിഞ്ഞെടുക്കുന്ന ദ്രവം.

[ചാർ എന്ന ധാതുവിൽനിന്നും ചാരു് (കസേരയുടെയും മറ്റും) ചാരു; (ചാരു് ഏഴുതുക എന്നതിലേ); ചാർ (രംഗച്ചാർ എന്നതിലേ) ഇവ കാണുക. ചാവു് (ചാർ + ച) എന്നതിന്റെ ഒടുവിലേ 'ച' നാമപ്രത്യയമാണു്. ചോർ, ചോർച്ച; തീർ, തീവു്, വീഴു് വീഴ്ച; കാണുക. മ എന്നതു ഒരു നാമപ്രത്യയമുണ്ടു്; നൽ, നന്മ, വലി, വലിമ; ഒരു, ഒരുമ മുതലായവ നോക്കുക].

ചാവു്-സംബന്ധം, രക്തസംബന്ധം, ഉടപ്പം.

ചാവുകൂടം-ചന്ദനം കുങ്കുമം മുതലായവ കൊണ്ടു മേൽ പൂശുക. അദ്ധ്യയനം മനുഷ്യചരിഷ്ണുവാകുന്നു എന്നവണ്ണം ഇതു നിമിത്തം ദേഹത്തിനു പരിഷ്കാരമുണ്ടാകുന്നു എന്നർത്ഥം.

ചാവ്വു്, ചാത്തു്-പ. എഴുത്തു്. ഉ. ബിംബങ്ങൾ ചന്ദനം, അരേണു, വസ്ത്രം മുതലായവ അലങ്കരിക്കുക. സ വയ്ക്കുക. ശ. അധ്വരം. ഷ ചുട്ടോലു. സ. രക്ഷണങ്ങളും തമ്മിലുള്ള ചേർപ്പു്. ഹ. നാല്പാമികളുടെ നെറ്റിയിലുള്ള ചാവു്.

ചാവ്വു്-പ. മേൽ. ഉ. ക്രമം.

ചാവ്വുക-പ. അലങ്കരിക്കുക, ഞണിയുക. ഉ. എഴുതുക. സ. ചേർക്കുക.

ചാവ്വുചാടി-പേർവഴി എഴുതിയ കണക്കു

ചാവ്വുമുറി-നിലം പുരയിടങ്ങളുടെ അതിരു്.

ചാവ്വു-വി. സംബന്ധമുള്ള, ഉടപ്പമുള്ള.

ചാവ്വുണം-പ. ചാവുകളുടെ സമൂഹം. ഉ. പരിചക്രം.

ചാവ്വിണം-പരിചക്കാരുടെ കൂട്ടം.

ചാവ്വാകൻ-പ. വൈദികമില്ലെന്നും മറ്റും തർക്കിക്കുന്ന ഒരു മതക്കാരൻ, ദൈവത്തെ വാഴിയായ ബുദ്ധമതക്കാരൻ. മറ്റൊരു പര്യായം-ലൌകായതികൻ (ലോകായതികൻ).

[സ്വർഗ്ഗം എന്നൊന്നില്ല, ഇഹലോകസുഖം തന്നെ സ്വർഗ്ഗം എന്നും മറ്റും ഉപദേശിക്കുന്ന ഈ മതത്തിനു പേർ ചാവ്വാകമതം.]

ഉ. ദുര്യോധനന്റെ ഇഷ്ടനായ ഒരു രാക്ഷസൻ.

ചാവ്വാകം-ചാവ്വാകമതം, വൈദികമായ മതങ്ങളിൽ ഒന്നു്, ചാവ്വാകൻ ഉണ്ടാക്കിയതു്.

ചാവ്വാംഗി-സുന്ദരി.

ചാവ്വി-പ. സുന്ദരി. ഉ. നിലവു്. സ. കാന്തി, ശോഭ. ഷ. ബുദ്ധി. ഹ. യോഗമഹത്ത്വം.

ചാല-അധികം.

ചാലകം-പ. ഉള്ളിലുള്ള അരി, മുട്ടരി. ഉ. ജാലകം, ജന്നൽ. (ജാലകം എന്നതിന്റെ രൂപഭേദം)

ചാലനം-പ ചലിപ്പിക്കൽ. ഉ. അനക്കം, ഇളക്കം.

ചാലനി-ചല്ലടം. ചലിപ്പിക്കുന്നതു, അട്ടുന്നതു എന്നർത്ഥം.

ചാലം-പ്ര. വീട്ടിന്റെ മേല്പുര. ഉ. അനങ്ങുന്നതുതന്നെ.

ചാലവേ, ചാലേ-അ. നല്ലവണ്ണം.

ചാലിക്കുക-അലിക്കുക, യോജിപ്പിക്കുക

ചാലിടുക-പ്ര. മുഴവു ചാൽചെയ്യുക. ഉ. വയലുകളിൽ ചെറിയ തോടുകൾ ഉണ്ടാക്കുക.

ചാലിയത്തി-ചാലിയന്റെ സ്ത്രീ.

ചാലിയൻ-തുൽച്ചെട്ടി, നെയിത്തുകാരൻ. പഴ്സ്യഭാഷ-തന്തുവായൻ, കവിന്ദൻ.

ചാലിയപ്പരിച-ചെമന്ന പരിച.

ചാലിയപ്പരിഷ-തുൽച്ചെട്ടിയുടെവംശം

ചാലിയം-ചായില്യം, ചെമന്ന ചായം.

ചാല്-പ്ര. മുഴപ്പൊളി. ഉ. തോട്. സ. തുറമുഖം. ര. തവണ, സമയം. ള. നിലം, ഭൂമി.

ചാലേ, ചാലവേ-അ. നല്ലവണ്ണം, നന്നായി.

ചാലേകവാതിൽ-കിളിവാതിൽ.

ചാല്പണി-പ്ര. കണ്ടത്തിൽ മുഴവു ചാൽചെയ്യുക. ഉ. ജലം ഒഴുകുവാൻ തക്കവണ്ണം തോടുണ്ടാക്കുക.

ചാല്യ, ചാലനീയ-പ്ര. അനുകൂലത്തക്ക. ഉ. അയവുകൊണ്ടതക്ക.

ചാല്യൻ-ചാപല്യമുള്ളവൻ, ഇളകുന്നതക്കവൻ.

ചാല്യം-ചഞ്ചില്യം.

ചാവു്-മരണം, ചാക്കാല.

ചാവടി-പ്ര. തെ കച്ചേരി. ഉ. വ്യവസ്ഥാനം. സ. ചാവുക, കാറുകൊണ്ടു് ഇരിക്കുന്നതിനും മറ്റുമുള്ള ചെറിയ മേടം. ര. കൽമെത്ത.

ചാവട്ട-ചാതുരയിണ.

ചാവൽ-പ്ര. പൂവൻകോഴി. ഉ. പക്ഷികളിൽ ആൺ.

ചാവല്-ഒതുമ്പാടില്ലാത്ത.

ചാവറം-മരണധർമ്മം.

ചാവറക്കാർ-സംശപ്തകന്മാർ.

ചാവാളൻ-മർത്ത്യൻ, മനുഷ്യൻ.

ചാവി-പ്ര. ചള്ള, ധാന്യങ്ങളിലെ പതിര്. ഉ. വണ്ടിച്ചക്രത്തിലെ ആണി. സ. ഒരുവക പുഴു.

ചാവുകുടി-ശൂന്യം പോയ്ച്ച വംശം.

ചാവുപിള്ള, ചാവിപ്പിള്ള-പ്ര. പ്രസവിക്കുമ്പോൾ ജീവനില്ലാതാകുന്നു. ഉ. കഥയില്ലാത്തവൻ.

ചാവുപുല-സാധാരണക്കാരൻ മരിച്ചാലുള്ള അശുദ്ധി.

ചാവുറ-വി. മരണഭയം കൂടാതെ യുദ്ധത്തിനു ചെല്ലുന്ന.

ചാവുറവൻ-മരണഭയം കൂടാതെ യുദ്ധത്തിനു ചെല്ലുന്നവൻ.

ചാവേറ്-മരണഭയം കൂടാതെ യുദ്ധത്തിനു ചെല്ലുക.

ചാവേറുക-മരണഭയം കൂടാതെ യുദ്ധത്തിനു ചെല്ലുക.

ചാവേറുവിരുത്തി-യുദ്ധത്തിൽ മരിച്ചുവരുടെ വീട്ടുകാർക്കു വേണ്ടി സർക്കാർ നിന്നു് കൊടുത്തിരിക്കുന്ന നിലമോ പുരയിടമോ.

ചാവോല-ചത്തവിവരം എഴുതിയോല.

ചാഷ്ഠാ-കാട്ടുകാക്ക, ക്ഷേണപ്രിയം എന്നർത്ഥം.

ചാസം-കാട്ടുകാക്ക, ഹിംസാശീലം എന്നർത്ഥം.

ചാള-ഒരുവക കടൽമീൻ. ഉ. കടൽ. സ കാവൽപുര. (ശാല എന്നതിന്റെ തദ്ഭവം)

ചാളിക-പണസ്സഞ്ചി.

ചാളിക-കള്ളുകുടിച്ചവനെപ്പോലെ നടക്കുക.

ചാളവാ–വയിൽനിന്നൊലിക്കുന്ന രക്തം.

ചാഴി–പ. നെല്ല് നശിപ്പിക്കുന്നതും പറക്കുന്നതുമായ ഒരുവക വണ്ട്, ചെള്ള്. ക. ചാവി, പതിര്.

ചാഴിക്കോൽ–ചാഴിയെ ഓടിപ്പാൻ ഉപയോഗിക്കുന്ന ഒരു മരത്തിന്റെ കോയ്.

ചാറ്–പ. പച്ചമരുന്ന് മുതലായവ ഇടിച്ചു പിഴിഞ്ഞെടുക്കുന്ന നീര്. ക. നല്ലമുളക്, പുളി മുതലായവ കലക്കി കായവും ചേർത്ത് തിളപ്പിക്കുന്ന വസ്തു. ന. വല്ലതിന്റെയും നീര്. ഭ. രസം.

ചാറ–ഒരുമാതിരി വലിയ മൺപാത്രം.

ചാറൽ, ചാറ്റൽ–തുറൽ, ചന്നംചന്നം പെയ്യുന്ന മഴ.

ചാറുക–തുറക, ചന്നംചന്നം മഴപെയ്യുക.

ചാറ്റ്, ചാറ്റൽ–പ. ഉച്ചത്തിൽപറക. ക. കണിയാൻ മുതലായ ചില മന്ത്രവാദികൾ തങ്ങളുടെ മൂത്തികളെ വിളിച്ചു പാടുക.

ചാറ്റുക–പ. ഉച്ചത്തിൽ പറയുക, ക. മൂത്തികളെ വിളിച്ചു പാടുക.

## ചി

ചികയുക–അല്പമായിട്ട മണ്ണുമാന്തുക.

ചികിത–വി. അറിയപ്പെട്ട, മനസ്സിലാക്കിയ.

ചികിത്സ–രോഗത്തെ മാറുവാനുള്ള പ്രവൃത്തി, വൈദ്യം. ചികിത്സാപദ്ധതി–രോഗപ്രതിക്രിയ. ആരോഗ്യം ഇതിന്റെ ധീനമാകയാൽ ഈ പേർ വന്നു.

[അസാദ്ധ്യരോഗത്തിലും ചികിത്സകൂടിയേകഴിയൂ. അതല്ലാത്തപക്ഷം രോഗത്തിന്റെ ഹേതുവായ പാപം തീരാതെ പുനർജ്ജന്മത്തിൽ ആ രോഗം തന്നെ പിന്നും വന്നുചേരും.]

ചികിത്സകൻ–വൈദ്യൻ. വ്യാധിപ്രതീകാരത്തെ ചെയ്യുന്നവൻ എന്നർത്ഥം.

ചികിത്സാക്രമം–പ. വൈദ്യം ചെയ്യുന്നതിനുള്ള മുറ. ക. ഒരു വൈദ്യഗ്രന്ഥം.

ചികിത്സാപാദചതുഷ്ടയം–വൈദ്യൻ ഔഷധം, പരിചാരകൻ, രോഗി (നാലും).

ചികിത്സിക്കുക–വൈദ്യം ചെയ്യുക

ചികിലം–ചെളി, പങ്കം.

ചികീഷ്–ചെയ്വാനുള്ള ആഗ്രഹം.

ചികീഷ്ഠിതം–ആഗ്രഹം, താൽപര്യം, നോട്ടം.

ചികുര–വി. അനങ്ങുന്ന, അസ്ഥിരമായ.

ചികുരൻ–ഉരഃശ്ചനിമിത്തം ചഞ്ചലനായവൻ.

ചികുരം–പ. തലമുടി. 'ചി'എന്നു വ്യക്തമല്ലാതെ ശബ്ദിക്കുന്നതു, വലിച്ചുകൾ സ്തുതിക്കപ്പെടുന്നത് ഇങ്ങിനെ ശബ്ദാർത്ഥം

'താഞ്ചന്നഖനിരകരം മുതൽ
പൂഞ്ചികുരതതിയവതി'

(നളചരിതം കഥകളി)

ക. പർവ്വതം, ന. പായ്. ഭ. വളയുന്ന കീരി.

ചിക്കുരം–തലമുടി.

ചിക്രോധം–അണ്ണാൻ.

ചിക്കാ–പ. ചൂണ്ടലി. ക. പാക്ക്.

ചിക്കം–നരച്ചെലി.

ചിക്ക്–പ. ധാന്യം, ഉണങ്ങുന്നതിനു വേണ്ടി വെയിലത്തു നിരത്തുക. ക. തലമുടി ചീകുക. ന. തലമുടിക്കെട്ടിനുള്ളിലുണ്ടാകുന്ന അഴുക്ക്.

ചിക്കണം–പ. അടക്കം. ക. കവുങ്ങ്, ന. നെയ്യ് മുതലായതുചേർത്തു സ്നിഗ്ധമായ വസ്തുക്കിയ അന്നവും മറ്റും.

ചിക്കണം–വി. മെഴുകുപോലെയായ.

ചിക്കണി–പ. അടയ്ക്കാമരം. ക. അടയ്ക്ക. ന. കടുക്ക.

ചിക്കസം-യവം മുതലായതു് അരച്ചുണ്ടാക്കിയ മാവു്.
ചിക്കറോ-അ. വേഗത്തിൽ.
ചിക്കുരുക്കുക-തലമുടിയുടെ ഉടക്കുമാറുക
ചിക്കുരുക്കി-ചീപ്പു്.
ചിക്കിണി-വി ചെറുതായ.
ചിക്കുക-ക്ര. ഉണങ്ങുന്നതിനു ധാന്യം വെയിലത്തു നിരത്തുക ക. തലമുടിചീകുക.
ചിക്കുപരുവു്-ധാന്യം നിരത്തുന്നതിനുള്ള പരപ്പു്.
ചിക്കെന്നു്-അ. വേഗത്തിൽ, ഉടനെ,
ചിങ്കടി(ഡി)-ഒരുവകമത്സ്യം.
[ചിങ്കടിമത്സ്യത്തിന്റെ മാംസം-പിത്തം, രക്തദോഷം, മേദസ്സു് ഇവയുണ്ടാക്കുന്നു. മലം പിടിത്തമുള്ളതാണു്. വാതം ബലം, കഫം ഇവയെ വർദ്ധിപ്പിക്കും].
ചിങ്കലം, ചിങ്കളം, ചിങ്ങലം-ക്ര. ഒരുമാതിരി കനത്ത വലിയ താടിമീശയുള്ള കരടു്. ക. ചിങ്കളഗേക്കെ. നാ. ലങ്ക
ചിങ്കളക്കരടു്-ഒരു മാതിരി കനത്ത വലിയ കരടു്.
ചിങ്കളൻ-ലങ്കക്കാരൻ, സിലോൺകാരൻ,
ചിങ്കാരാ-ആരോഹണം, ദംഗി.
ചിങ്കാരിക്കുക-അലങ്കരിക്കുക.
ചിങ്കി, ചിങ്കിക്കള്ളി-കാക്കാലന്മാരുടെ ഒരുമാതിരി കമ്പി, ചിങ്കുകമ്പി.
ചിങ്കികളിപ്പിക്കു, ശിങ്കികളിപ്പിക്കു-വട്ടത്തിലാക്കുക.
ചിങ്കിടെ-വിശ്വം കൂട്ടിയ ക്ഷോണവസ്തു.
ചിങ്കു്-ധാന്യം മുതലായവയിൽ ചെല്ലാതെ കൊള്ളുന്നതായുള്ള ഭാഗം.
ചിങ്ങക്കുറു്-ചന്ദ്രൻ ചിങ്ങരാശിയിൽ നിൽക്കുന്ന സമയം.
ചിങ്ങൻ-വാഴയിൽ ഒരു ഇനം.
ചിങ്ങനാടു്-ദേശിങ്ങനാടു്.
ചിങ്ങൻപഴം-ചിങ്ങൻവാഴയിലുണ്ടാകുന്ന പഴം.
ചിങ്ങമാസം-ഒരു മാസത്തിന്റെ പേർ.
ചിങ്ങം-ക്ര ചിങ്ങമാസം. ക. ചിങ്കരം
ശി സ. സിംഹം.
[സിംഹം എന്നതു ചിങ്ങം എന്നായി]
ചിങ്ങംപുഴു-ഒരു മാതിരി പുഴു.
ചിങ്ങംരാശി-അഞ്ചാമത്തെ രാശി.
ചിങ്ങളം, ചിങ്കളം-സിംഹളം, ലങ്ക.
ചിങ്ങംവാഴ-ഒരു മംഗലിരിവാഴ.
ചിങ്ങംവ്യാഴം-വ്യാഴം എന്ന ഗ്രഹം ചിങ്ങം എന്ന രാശിയിൽനിൽക്കുന്ന കാലം.
[വ്യാഴത്തിന്റെ ഒരു പരിവർത്തനത്തിനു ഏകദേശം പന്ത്രണ്ടു കൊല്ലം വേണം.]
ചിങ്ങിഡം-വലിയപടവലം.
ചിങ്ങീ നിഷേധിച്ചു പറയുന്ന ഒരു വാക്കു്.
ചിഞ്ചു-വാളയുടെ, പുളി, കോൽപുളി. പുളിമരം വൃക്തമല്ലാത്ത ശബ്ദത്തെ പുറപ്പെടുവിക്കുന്നതു എന്നർത്ഥം. പുളിമരത്തിന്റെ മറ്റു പര്യായങ്ങൾ-ചിന്തിഡി (തിന്തിണി), ഭണ്ഡിക (ആഞ്ഞിക).
ചിഞ്ചാടകം-ഒരുമാതിരി പുല്ലു്.
ചിഞ്ചാല്ലാ-ചാണപ്പുളി.
ചിട-രോമാദികളുടെ പാശ്ചം സ്നേഹം കൂടി ചിരിക്കുന്ന തലമുടി, ജട.
ചിടയൻ, ചെടയൻ-ക്ര ജടയുള്ളവൻ. ക. ഒരു മഹർഷിയുടെ പേരു, കമ്പവു്.
ചിട്ടി-ക്ര കടയാദ്യവസ്തുക്കൾ സഞ്ചിയിൽനിന്നു കടുന്ന ആധാരങ്ങൾക്കുള്ള ക. ഭാര്യ മുതലായവു്, ചീട്ടു്.
ചിട്ടിക്കാരൻ-ചിട്ടിയിൽ കൂടിയവൻ.
ചിട്ടിപാറി-ചിട്ടികൂടുന്നതിനു എഴുതിയിട്ടുള്ള കടി, ഭാര്യപാറി.
ചിണക്കുക, ചിണുങ്ങുക-തടിക്കുക, വീർക്കുക.
ചിണുങ്ങുക-ക്ര. പിടിപിടപ്പോടെ കരയുക, മേങ്ങുക. ക. കണ്ണുചോരുക കരയുക.

ചിട്ടിപ്പുതിവു്-നിലം പൂയിടങ്ങൾക്കു പണ്ടാരവകയിൽ നിന്നും കടിയാനവന്മാക്കു കൊടുക്കുന്ന ഒരുധാരം.

ചിണ്ടു്-പൂങ്കുല, പൂക്കരം പൂങ്കുലമാതിരി കുട്ടിക്കെട്ടിയതു.

ചിത-വി. ഫ. കൂട്ടപ്പെട്ട. (മലയാളത്തിൽ) യോഗ്യമായ. ക. ശേഖരിക്കപ്പെട്ട. ന. ലഭിക്കപ്പെട്ട.

ചിത-ഫ. പട്ടട, കട്ട, ചുടല. മറവു ചെയ്യുവാങ്കരം-ചിതൃാ, ചിതി. ക. കുമ്പാരം. ന. ശവദഹനത്തിനു കൂട്ടുന്ന വിറക്. ര. ശവം ദഹിപ്പിക്കുന്ന സ്ഥലം. ചിത എന്നതിനു വിറകുകൊണ്ടു നിറഞ്ഞതു് എന്നർത്ഥം.

ചിതക്കേടു്-ഫ. അയോഗ്യതം ക. ചേച്ചുകേടു്. ന. രോഗം, ക്ഷീണം.

ചിതനാടു്-കേരളം എന്നു പറഞ്ഞുവരുന്ന ചേരരാജ്യത്തിനുണ്ടായിരുന്ന ഏഴു വിഭാഗങ്ങളിൽ ഒന്നു്.

ചിതം-യോഗ്യത. ക. ചേച്ചു. ന. സുഖം.

ചിതൽ-മരവും മറവും തിന്നുന്ന ഒരു വക ചെറിയ പ്രാണി.

ചിതൽതിന്നി-ഒരു പക്ഷി.

ചിതൽപ്പുറ്റു്-ചിതൽ മണ്ണുകൊണ്ടുണ്ടാക്കുന്ന കൂടു്.

ചിതറൽ-പൊട്ടി നാലുകളായി വീഴുക.

ചിതറുക-ഫ. പൊട്ടി പല നാലുകളായി വീഴുക. ക. തൂകുക, ചിന്തുക. ന. തകരുക. (സ കി ചിതറിക്കുക).

ചിതർനൈ-ഉരുക്കുന്നതു.

ചിതാഗ്നി-പട്ടടയിലെ അഗ്നി, ശവം ദഹിപ്പിക്കുന്ന അഗ്നി.

ചിതി-ഫ. പട്ടട. ക. കുമ്പാരം.

ചിൽ-അ. കിംശബ്ദത്തിൽ മൻറമുകളിൽവരുന്ന ഉ-ം, കശ്ചിൽ=ഒരുത്തൻ, കാചിൽ=ഒരുത്തി, കിഞ്ചിൽ=ഒരു അല്പം.

ചിൽക്കാരൽ-ബോധം തന്നെയുള്ളതു്, ഈശ്വരചൈതന്യം.

ചിത്തു്-ബോധം, ബുദ്ധി, ജ്ഞാനം, വിശേഷജ്ഞാനകാരണം.

ചിത്തകലാത-വി. മുമ്പേ വിചാരിക്കുന്ന, മൻഗ്രഹിക്കുന്ന, കാത്തുകൊണ്ടിരിക്കുന്ന.

ചിത്തകാമ്പു്-മനസ്സു്.

ചിത്തചാഞ്ചല്യം-ഫ. ഭയം. ക. സംശയം, മനസ്സിന്റെ ഇളക്കം.

ചിത്തജൻ-കാമദേവൻ.

ചിത്തജന്മാവു്-കാമദേവൻ.

ചിത്തനിരോധനം-മനസ്സിനെ തടുക്കുക.

ചിത്തപഞ്ചാനിലകർമം-നാലുണ്ടു്. ഫ. "ക്ഷിപ്തം(രജോഗുണത്താൽ വിക്ഷയത്തിലേക്കു വിടപ്പെടുന്നതു). ക. വിക്ഷിപ്തം (രജസ്തമോഗുണങ്ങളിലശം കൂടിയ സത്വഗുണമുള്ളതിനാൽ ചില സന്ദർഭത്തിൽ ധ്യാനത്തോടിരിക്കുകൊണ്ടു് ക്ഷിപ്തത്തിലും ശ്രേഷ്ഠമായതു്.) ന. മൂഢം (ആലസ്യം, നിദ്ര മുതലായ തമോഗുണവൃത്തികളോടു കൂടിയതു്). ര. ഏകാഗ്രം (രജസ്സും തമസ്സും അശേഷം നീങ്ങിയ ശുദ്ധസത്വം ഹേതുവായിട്ടു് ഏക ലക്ഷ്യത്തിൽ സ്ഥിരമായി നിൽക്കുന്നതു്). ങ. നിരുദ്ധം (വൃത്തികളെല്ലാം അടങ്ങി സംസാരം മാത്രം ശേഷിച്ചതു)."

ചിത്തപത്മം-മനസ്സു്, ചിത്തം.

ചിത്തപരികർമ്മങ്ങൾ - പുണ്യവാന്മാരിൽ സ്നേഹം, ദുഃഖികളിൽ കരുണ, സുഖികളിൽ സന്തോഷം, പാപികളിൽ ഉപേക്ഷ. (ഇവ എല്ലാം).

ചിത്തപ്രസന്നത-മനസ്സിന്റെ തെളിവു

ചിത്തഭൂവു്-കാമദേവൻ.

ചിത്തഭ്രമം-മനസ്സിനുണ്ടാം ഇളക്കം, ഭ്രാന്തു.

ചിത്തം-ഫ. മനസ്സു്. ക. ഏതയം. വിശേഷജ്ഞാനമുള്ളതു് എന്നർത്ഥം. ഇതുകൊണ്ടു് അറിയുന്നതിനാൽ ഈ പേർ വന്നു.

ചിത്തയോനി-കാമദേവൻ.

ചിത്തരാഗം-മനസ്സ്.

ചിത്തലം-പുള്ളിമാൻ.

ചിത്തവിപ്ലവം-ഭ്രാന്ത്.

ചിത്തവിഭ്രമം-പ്ര ഭ്രാന്ത, മനസ്സിന്റെ ഇളക്കം, ഭ്രാന്താവേശവും മറവും കൊണ്ടുണ്ടാകുന്ന ചിത്തചാഞ്ചല്യം. ഉ. ഒരു ജ്വരം.

[ചിത്തവിഭ്രമം എന്ന സന്നിപാതത്തിൽ അസഹ്യമായ തലതിരിവിൽ ബുദ്ധിഭ്രമം, സന്താപം, ബോധക്ഷയം, ഇക്കിൾ ഇവയുണ്ടായിരിക്കും. കണ്ണുരുട്ടുക, ചിരിക്കുക, പാടുക, ആടുക, പിച്ചുപാടുക ഇവയും കാണും].

ചിത്തവിലോഭനം-മനസ്സിളക്കുന്നത്.

ചിത്തവൃത്തി-മനസ്സിന്റെ പ്രവൃത്തി, മനോവ്യാപാരം.

ചിത്തവൈവശ്യം-മനസ്സിന്റെ പരവശത.

ചിത്തശല്യസപ്തകം-"പകലത്തെ ചന്ദ്രൻ, യൌവനം മറഞ്ഞ നാരി, വിദ്യാവിഹീനനായ സുന്ദരൻ, താമരയില്ലാത്ത പൊയ്ക, ദരിദ്രസജ്ജനം, ധനത്തിൽ അത്യാഗ്രഹമുള്ള പ്രഭു, ദുഷ്ടനായ രാജസേവകൻ" ഇങ്ങനെ ഏ.

ചിത്തശാന്തി-മനസ്സടക്കം.

ചിത്തശുദ്ധി-മനശ്ശുദ്ധി.

ചിത്തസമുന്നതി-അഭിമാനം തടിപ്പ്. ചിത്തത്തിന്റെ (മനസ്സിന്റെ) സമുന്നതി (വലിപ്പം)=താൻ ഉൽകൃഷ്ടൻ എന്നുള്ള മനസ്സ്.

ചിത്തസമോജം-മനസ്സ്. [സമോജം (താമരപ്പൂ)പോലെ ഉത്തമമുള്ളത്.]

ചിത്താനന്ദം-സന്തോഷം, ആനന്ദം.

ചിത്താനുവർത്തനം-ഇഷ്ടം അനുസരിക്കുക.

ചിത്താഭിലാഷം-മനസ്സിലെ ആഗ്രഹം.

ചിത്താഭോഗം-മനോവൃത്തി, കേട്ടതിനെ മനസ്സിൽ ഉറപ്പിക്കുക, ഒരേ കാര്യത്തിൽ തന്നെ സ്ഥിരമായി നിൽക്കുക, മനസ്സിനെ സുഖമായി താൽപര്യം.

ചിത്തിൾ-അത്തം.

ചിത്തോത്പത്തി-പ്ര. ചിത്തസമുന്നതി, അഹങ്കാരം. ഉ. ഏഴാംകാരി.

ചിത്തോദ്രേകം-ധൈര്യം, അഹംകരം.

ചിത്ര-പട്ടട, ചുടല.

ചിത്ര-വി. പ്ര. രംഗിയുള്ള. ഉ. പലനിറമുള്ള.

ചിത്ര-പ്ര. പതിനാലാം നക്ഷത്രം, ചിത്തിര. ഉ. ഏഴിലച്ചുവി (യൻ). ന. ചൊറകുമ്മട്ടി ൪. മീൻകണ്ണിക്കേക. ൫. ചെറിയ കാട്ടുവെള്ളരി. ന. ഡമ്പിയ ഒന്തി. ൭. ചെറിയ മന്തി.

ചിത്രകണ്ണാ-പ്ലാവ്. (മാടപ്ലാവ്. കാട്ടപ്ലാവ്.)

ചിത്രകം-പ്ര. തൊട്ടകറി, രംഗിയുള്ളതെന്നത്. ഉ. പുലി. ന. വെളുത്താവണക്ക്. ആവണക്ക്. ൪. കൊട്ടുവേലി, ചിത്രകത്തെ രക്ഷിക്കുന്നതെന്നത്. ൫ സിംഹം.

ചിത്രകാ-തൊട്ടകറി.

ചിത്രകംവല്ലം-തേവക തെങ്ങയിടി.

ചിത്രകാരൻ-ചിത്രം എഴുന്നവൻ.

ചിത്രകർമ്മം-പ്ര. ചിത്രപ്പണി. ഉ. തൊട്ടകാര.

ചിത്രകാരൻ, ചിത്രകാമകൻ-ചിത്രകാരൻ.

ചിത്രകായം-പ്ര. കടുവ. ഉ. പുലി. ന. സിംഹം.

['പുണ്ഡരീകം പണ്ടേ വെടിഞ്ഞതുകൊണ്ടു ശ്രേഷ്ഠം' എന്ന മഹാപ്രയോഗംകൊണ്ടു 'സിംഹം' എന്ന അർത്ഥം സ്പഷ്ടമാകുന്നു.]

**ചിത്രകണ്ഡവൻ**-ധൃതരാഷ്ട്രന്റെ പുത്രൻ

**ചിത്രക്കടക്കല്ല്**-നാഗക്കല്ല്.

**ചിത്രക്കൂടം**-പ്ര ചിത്രങ്ങൾ കൊണ്ടു അലങ്കരിച്ചിരിക്കുന്ന ഭവനം. ഉ പ്രയാഗക്ഷേത്രത്തിനു സമീപമുള്ള ഒരു പർവ്വതം.

"വാല്മീകിയുടെ ആശ്രമമുണ്ടായിരുന്ന സ്ഥലം, ശ്രീരാമനും സീതയും ഇവിടെ താമസിച്ചിട്ടുണ്ട്. ഇതു യമുനയുടെ ദക്ഷിണതീരത്താണ്. ശ്രീരാമന്റെ ദണ്ഡകാരണ്യയാത്രയിൽ ഇവിടെയെത്തി വാല്മീകിയെ കണ്ടു. 'ചിത്രകൂടാചലേ ഗംഗയോരന്തരേ' ഗംഗകളുടെ മദ്ധ്യഭാഗത്തിൽ എന്നു ഇതുകൊണ്ടു തെളിയുന്നു രണ്ടാമതുള്ളതും ഗംഗാനദി ഒഴുകുന്നതായ സ്ഥലം, ആഗ്രാ, അയോദ്ധ്യ എന്നീ രാജ്യങ്ങളുൾപ്പെട്ട സംയുക്തസംസ്ഥാനങ്ങളുടെ വടക്കേഅറ്റത്തു 'ബാന്ദാ' എന്ന ജില്ലയിലാണ് ചിത്രകൂടപർവ്വതം. അതിനു സമീപം ആ പേരുള്ള ഒരു ചെറിയ നാട്ടുണ്ട്. ഇതിൽ താമസിക്കുന്നവരെ 'പാണ്ഡയർ' എന്നു വിളിച്ചു വരുന്നു. ഇതിലൂടെയാണ് 'മന്ദാകിനി' എന്ന പുണ്യനദി കിഴക്കോട്ടു പ്രവഹിക്കുന്നത്. ചിത്രകൂടം വൈഷ്ണവന്മാരുടെ പുണ്യയാത്രാസ്ഥലമാകുന്നു. അത്രിമുനി നിവസിച്ചിരുന്ന പുണ്യാശ്രമത്തിന്റെ ഭഗ്നശിഷ്ടങ്ങളും യാത്രക്കാർക്ക് അവിടെ കാണാം. ശ്രീരാമന്റെ താമസം മുതൽ ചിത്രകൂടം ഒരു പുണ്യതീർത്ഥമായിത്തീർന്നു. ആണ്ടുതോറും ഗംഗാസ്നാനത്തിനായി പോകുന്നവരിൽ മിക്കവരും പ്രയാഗക്ഷേത്രം സന്ദർശിക്കുക പതിവാണ്. അവിടെ ചെല്ലുന്നതിനുള്ള വഴിയിൽ നിന്നുള്ള ഒരു രഥയിലൂടെ കാറും നടക്കുന്നതായാൽ ചിത്രകൂടത്തിൽ എന്നും" സ്വ. സുപ്രസിദ്ധിപ്പിപ്പാനായി കല്ലുകൊണ്ടുണ്ടാക്കുന്ന ഒരു പണി.

**ചിത്രകൃത്ത്**-പ്ര. ചിത്രം എഴുതുന്നവൻ. ഉ. തൊട്ടുകാരൻ.

[കനം കുറവാണെങ്കിലും വളരെ ഉറപ്പുള്ളതിനാൽ അത്യുത്തമകരമാകുന്നു, എന്ന തൊട്ടുകാരനെ സംബന്ധിച്ചു ചിത്രകൃത്തിന്റെ ശബ്ദാർത്ഥം.]

**ചിത്രകേതു**-പ്ര. ദ്രുപദന്റെ പുത്രൻ, ഇയാളെ ദ്രോണർ കൊന്നു. ഉ. ശൂരസേന്റെ പുത്രൻ.

**ചിത്രക്കാരൻ**-ചിത്രമെഴുത്തുകാരൻ, ചിത്രവേലക്കാരൻ. പച്ചയങ്ങാടം-രംഗജീവൻ, ചിത്രകാരൻ.

**ചിത്രക്കെട്ട്**-പ്ര. നല്ലകെട്ടിടം. ഉ. നന്നായിക്കെട്ടുക.

**ചിത്രഗുപ്തൻ**-അന്തകന്റെ എഴുത്തുകാരൻ മനുഷ്യരുടെ നല്ല സൽപ്രവൃത്തികളെയും ദുഷ്പ്രവൃത്തികളേയും എഴുതിവെക്കുന്നവൻ.

**ചിത്രഗ്രീവം**-പ്രാവ്.

**ചിത്രചിത്രം**-വി. അത്യുത്തമമായ.

**ചിത്രതണ്ഡുല**-പ്ര. വിഴാൽ, പേരിയുള്ള അരിയുള്ളതു എന്നർത്ഥം. (വിഴാലരി ഇതിൽ നിന്നുണ്ടാകുന്നതു്.) ഉ. ആവണക്കു്.

**ചിത്രതനു**-ചീവൽപക്ഷി.

**ചിത്രത്തയ്യൽ**-ചിത്രവേലയായിട്ടു തയ്യുന്നതു്.

**ചിത്രദർശനൻ**-ധൃതരാഷ്ട്രരുടെ പുത്രൻ.

**ചിത്രദണ്ഡകം**-ചേന.

**ചിത്രനേത്രാ**-പഞ്ചവർണ്ണക്കിളി.

**ചിത്രപടം**-പ്ര ചിത്രം ഉ. അച്ചടിശീല

**ചിത്രപത്രകം**-പ്ലാശു.

**ചിത്രപദാ**-ഒരു പുത്തിന്റെ പേർ.

[രണ്ടു ഗണവും രണ്ടു ഗുരുവും, ഉദാ-ം 'ചീർത്തോരു ചിത്രപടത്തിം' ഇത്യാദി അനുഷ്ടുപ്പിൽ ചേർന്നതാണ്. 'ഭംഗേ ചിത്രപദാഗം' എന്നു പ്രമാണം.]

ചിത്രപട്ട-പ്ര. ഒരില. ഉ. നീർത്തിപ്പ
ലി. സ. ത്വ. ര. മഞ്ഞട്ടി, ഇ. കാന്ത
ഫോഡി.

[മൂവില എന്നും അഭിപ്രായം കാ
ണുന്നു.]

ചിത്രപാദാ-പഞ്ചവർണ്ണക്കിളി.

ചിത്രപ്പണി-ചിത്രവേല, രൂപംകൊത്തി
യുണ്ടാക്കുകയും മറ്റും.

ചിത്രപ്പുല്ല്-ചായമിടുന്ന പുല്ല്, തൂലിക.

ചിത്രഫലാ-പ്ര. വെളുത്ത (ചെറിയ)
വെള്ളരി. ഉ. തക്കാരിയഴുതിന. സ.
കണ്ടകാരിച്ചുണ്ട. ര. ഒഴുവിരലിക്കോവ.

ചിത്രബഹ്വൻ-ഗന്ധർവ്വന്റെ പുത്രൻ.

ചിത്രബാണൻ-ധൃതരാഷ്ട്രരുടെ പുത്രൻ.

ചിത്രബർഹം-മയിൽ.

ചിത്രഭാനു-പ്ര. അഗ്നി, പല നിറങ്ങ
ളുള്ള കിരണങ്ങളോടുകൂടിയവൻ എന്ന
ർത്ഥം. ഉ. ആദിത്യൻ.

ചിത്രഭാനുക്കൾ-സൂര്യനും ചന്ദ്രനും. വി
ചിത്രമായ രശ്മികളോടുകൂടിയവർ എ
ന്നർത്ഥം.

ചിത്രം-പ്ര. അത്ഭുതരസം. മനസ്സിനെ പ
ലവിധമാക്കിത്തീർക്കുന്നതു എന്നർത്ഥം. ഉ
ചായം തേയ്ക്കുക, രൂപം (പടം) വര
യ്ക്കുക. സ. രൂപം ര ചിത്രം എഴുത്തു
കാർ എഴുതുന്ന ചിത്രം. ഇ. പലനിറം
ഒരുമിച്ചു ചേർന്നു, താനാമോതിനിറം.
മറ്റു പറ്റായങ്ങൾ-കിമ്മീരം, കല്പാക്ഷം,
ശബളം, ഏതം, കബുരം തു. അശോകം.
൨. ചെറിയതരത്തി വു ചീവൽപക്ഷി
ൻ. തണ്ണിമത്തൻ പ്ര ം അത്ഭുതകരമായ
വസ്തു. പ്രമ. ശബ്ദാലങ്കാരങ്ങളിൽ ഒന്ന്.

ചിത്രമൃഗാ-പുള്ളിമാൻ.

ചിത്രമെഴുതുക-ചായംകൊണ്ടു വല്ലതി
നേയും രൂപം വരയ്ക്കുക.

ചിത്രമെഴുത്തു-രൂപം വരയ്ക്കുക, ചായം
മിടുക.

ചിത്രമേഖലാ-മയിൽ.

ചിത്രയജ്ഞം-ഒരു നാടകപ്രസ്ഥം.

(ഇതു വൈദ്യനാഥവായചസ്പതിയു
ണ്ടാക്കിയതാണ്. ക്ഷേമീശ്വരന്റെ കഥയാതു
പ്രമേയം).

ഉ. ഒരു ഗന്ധർവ്വൻ.

ചിത്രയോധി-പ്ര നിർമ്മലൻ. ഉ ഒരു
രാക്ഷസൻ. രാവണന്റെ ഒരു മന്ത്രി.

ചിത്രരഥൻ-പ്ര. ഒരു ഗന്ധർവ്വരാജാവു്,
കശ്യപന്റെ ഭാര്യയായ മുനിയുടെ പു
ത്രന്മാരിൽ ഒരുവൻ. ദൃഢന്റെ പുത്രൻ.
(ദ്രോണർ വധിച്ചു).

ചിത്രലേഖാ-പ്ര. ഉഷാപുത്രിയായ ഉ
ഷയുടെ സഖി. നല്ല ചിത്രമെഴുത്തുകാരി
യാണ്. (ഉഷാപത്ത് എന്നതു നോക്കുക).
ഉ. ഒരു അപ്സരസ്ത്രീ

ചിത്രലേഖനം-ചിത്രമെഴുത്തു്.

ചിത്രലോമനാ-പഞ്ചവർണ്ണക്കിളി.

ചിത്രവാലം-ഒരു പക്ഷി.

ചിത്രവാഹനൻ-ചിത്രാംഗദയുടെ പി
താവു്, മണിപൂരരാജ്യത്തിലെ രാജാവു്.

ചിത്രവീര്യാ-ചെമന്നാവണക്കു്.

ചിത്രശലഭം-കണ്ണൻപാമ്പു്.

ചിത്രശിഖണ്ഡി-അംഗിരസ്സുമുതലായ
വർ.

ചിത്രശിഖണ്ഡികൾ-മരീചി മുതലായ
മഹർഷിമാർ, ഏഴു്, ഏഴു നക്ഷത്ര
ങ്ങളും.

ചിത്രശിഖണ്ഡിനി-പുത്രൻ ചിത്ര
ശിഖണ്ഡിയുടെ (അംഗിരസ്സിന്റെ) പു
ത്രൻ എന്നർത്ഥം.

ചിത്രസേനൻ-പ്ര. ധൃതരാഷ്ട്രരുടെ ഒരു
പുത്രൻ ഉ. യക്ഷന്മാരുടെ ഒരു രാജാവു്.
സ. ഒരു ഗന്ധർവ്വൻ. ര. കൃഷ്ണന്റെ ഒരു
പുത്രൻ. നകുലനാൽ വധിക്കപ്പെട്ടു.

ആ. ദ്രുപദന്റെ ഒരു പുത്രൻ. കണ്ണൻ വധിച്ചു. ന്യ. ജരാസന്ധന്റെ ഒരു സൈന്യാധിപൻ.

ചിത്രസേനാ-ഒരു നദി.

ചിത്രാക്ഷി-പഞ്ചവർണ്ണക്കിളി.

ചിത്രാന്നം-പലനിറമുള്ള ചോറ്.

ചിത്രാംഗാ-ക്ഷ. ചായില്യം ഉ. അരിതാരം. ന. വട്ടച്ചുവൽ. ര. കൊട്ടവേലി.

ചിത്രാംഗദൻ-ക്ഷ. ശന്തനരാജാവിന്റെ പുത്രൻ, അമ്മ-കാളി (സത്യവതി). ഭീഷ്മരുടെ സഹോദരൻ. ഉ. ഒരു ഗന്ധർവ്വൻ.

(ചിത്രാംഗദൻ എന്ന ഗന്ധർവ്വനാൽ ചിത്രാംഗദൻ വധിക്കപ്പെട്ടു)

ചിത്രാംഗദാ-അർജ്ജുനന്റെ മറ്റൊരു ഭാര്യയും ബഭ്രുവാഹനന്റെ മാതാവും. ചിത്രവാഹനരാജാവിന്റെ മകളും

ചിത്രാംഗദസു-സത്യവതി. (വ്യാസന്റെ അമ്മ)

ചിത്രാപൂർണ്ണിമ-മേടമാസം വെളുത്തവാവ്.

ചിത്രാംബരം-ചിത്രമുള്ള വസ്ത്രം.

ചിത്രായസം-ഉരുക്ക്.

ചിത്രാസനം-സിംഹാസനം.

ചിത്രി-പുലി.

ചിത്രിക-പുസ്തകത്തിൽഇടുന്ന അടയാളം

ചിത്രിണി-നാലുവക സ്ത്രീകളിൽ രണ്ടാമത്തെവർഗം. (സ്ത്രീ എന്നതു നോക്കുക).

ചിത്രിത-വി. നാനാവർണ്ണമാക്കപ്പെട്ട, പുള്ളിയുള്ള, ചായമിട്ട.

ചിത്രീകൃത-ചിത്രമാക്കിച്ചെയ്യപ്പെട്ട, ചിത്രത്തിലെഴുതപ്പെട്ടപോലെ സുഭഗമായിത്തീർന്ന. ഉ. ചിത്രത്തിലാക്കിയ.

ചിത്രോപലാ-ഒർസ്സം രാശിയിലെ ഒരു നദി.

ചിത്സ്വരൂപം-പരമാത്മാവ്.

ചിദംബരൻ-ശിവൻ.

ചിദംബരം-ഒരു ക്ഷേത്രം.

ചിദാത്മാവ്-പരമാത്മാവ്.

ചിദാനന്ദം-സന്തോഷം.

ചിദാനന്ദൻ-ചിദ്രൂപനായും ആനന്ദരൂപനായുമുള്ളവൻ.

ചിദാഭാസൻ-ജീവാത്മാവ്.

ചിദ്രൂപ-ക്ഷ. ജ്ഞാനമായുള്ള. ഉ. ഗുണജ്ഞാനമുള്ള. ന. ബുദ്ധിയുള്ള.

ചിദ്രൂപൻ-പരമാത്മാവ്.

ചിന-ക്ഷ. നാല്പാമ്പിക്കും ഗർഭം കെടുക. ഉ. മരത്തിന്റെയോ കലയുടെയോ കൊമ്പ്. ന. ഒട്ടുപഴത്തിന്റെ കായ്. ര. കോപം.

ചിനക്ക്-ക്ഷ. നാക്ക്, ഒരംശം. ഉ. ചീനർ, ചീനത്തൽ.

ചിനക്കുക-ക്ഷ. ഒച്ചകാട്ടുക, കീഴ്ജാതിക്കാർ മേൽജാതിക്കാരെ മാനിച്ചില്പാൻ ശബ്ദം പുറപ്പെടുവിക്കുക, ഹാ ഹാ ഹ ഹ ഇത്യാദി. ഉ. മുറുമുറുക്കുക, കലഹിക്കുക, കോപിക്കുക. ന. നഖം കൊണ്ടു മാന്തുക, ചീയുക.

ചിനയ്ക്കുക-ക്ഷ. മുളയ്ക്കുക, കിളുക്കുക. ഉ. ഗർഭം ഉണ്ടാവുക. ന. പഴുക്കുക.

ചിനങ്ങുക-നുറുങ്ങുക. (സ. ക്രി. ചിനക്കുക.)

ചിനുചു-വി. അല്പമായുള്ള.

ചിനം-ക്ഷ. കോപം. ഉ. മദം.

ചിനുചു-അ. കുറച്ചു, അല്പം.

ചിനയ്പു-ക്ഷ. മുളയ്പു, കുയ്. ഉ. ഇളംകൊയ്. ന. പഴുക്കുക.

ചിനിപ്പു-കോപം.

ചിന്ത്-മുളിപ്പാട്ട്, പാട്ട്.

ചിന്ത-വിചാരം. ഓർമ്മവെയ്ക്കുക എന്നർത്ഥം.

"ചിന്തായാശ്ച ചിന്തായാശ്ച
ജ്ഞമാത്ര വിശേഷതഃ।

ചിന്തയതി നിഷ്ജീവം
ചിന്തയതി ജീവിനം॥"

ചിന്തനം–വിചാരം.

ചിന്തനീയ–വി. വിചാരിക്കേണ്ടുന്നതു.

ചിന്താമണി– പ. ഒരുവക വൈദ്യശാസ്ത്രം. ഉ. വിചാരിക്കുന്നതിനെ എല്ലാം കൊടുക്കുന്ന ഒരു ദിവ്യരത്നം.

ചിന്താരത്നം–പ. ജ്ഞാനസമ്പാദനത്തിനുതകുന്ന ഒരു പുസ്തകം. ഉ. ചിന്താമണി.

ചിന്താവശ–വി. വിഷാദമുള്ള.

ചിന്തിക്കുക–വിചാരിക്കുക, നിരൂപിക്കുക, ധ്യാനിക്കുക.

ചിന്തിത–വി. വിചാരിക്കപ്പെട്ട.

ചിന്തുക–ചിന്തുക, ചിന്തുക, ത്തുകുക.

ചിൻതൂരം–പ. കറിയിടുവാനുള്ള ഒരുമാതിരി ചെമന്ന വസ്തു, സിന്ദൂരം. ഉ. ഔഷധത്തിന്നായിട്ടു രസം, സ്വർണ്ണം മുതലായവ പുടംവെച്ചു ഭസ്മം.

ചിൻതൂരിക്കുക– സിന്ദൂരത്തിനായിട്ടു രസവും മറ്റും പുടംവെക്കുക, ഔഷധം നീറുക.

ചിന്തേരു്–മിനുസം വരുത്തുന്ന ഒരുമാതിരി ഉളി, ചീവുളി. (പോർട്ടുഗീസു ഭാഷ.)

ചിന്തേരിടുക–ചിന്തേരുളി കൊണ്ടു ചീകി മിനുക്കുക.

ചിന്ത്യ–വി. പ. വിചാരിപ്പാനുള്ള. ഉ. ഊഹിക്കത്തക്ക.

ചിന്ന–വി. ചെറിയ.

ചിന്നൻ–പ. ചെറിയവൻ. ഉ. ഞങ്ങൾ ശ്വാസേട്ടന്മാരിൽ ഒരു്.

[ചിന്നശ്വാസം–കുറഞ്ഞുള്ള ശ്വാസത്തെ അഥവാ ശക്തി വിട്ടും. ഉച്ഛ്വാസത്തിനു വിപരീതമായി. മരിക്കും മുമ്പിൽ എന്നിതെന്നും അല്പാല്പമായുള്ള വേഗം കുറഞ്ഞും. ചത്തുവീഴ്പ്, വിയപ്പ്, ഇന്ദ്രിയങ്ങൾ, മുഖാദ്യങ്ങളിലെ ദ്വാരങ്ങൾ ഇവ ഉണ്ടാകും. കണ്ണു ഇളകും, അല്ലെങ്കിൽ കണ്ണുനീർ നിറയും. തുറിച്ചു കാണും. ഒരു കണ്ണു ചെമന്നിരിക്കും. ചൈതന്യം നശിക്കും. മുഖം വാടും. കാന്തി കുറയും. പേ പറയും. സന്ധിബന്ധം വേർപെടും. ഈ രോഗി ഉടൻ മരിക്കും ]

ചിന്നൽ–പ. ചിതറൽ. ഉ. പൊട്ടിക്കുക. ന. ചൊരിച്ചിൽ.

ചിന്നി–ഒരു ചെറിയ അളവു, തുടത്തിന്റെ നാലിലൊന്നു്.

ചിന്നുക–പ. ചിതറുക. ഉ. പൊട്ടുക. ന. തകരുക.

[ചിന്നിച്ചിതറിയതു= പത്രാദ്യങ്ങൾ–വ്യസ്തം, അകലം, അപ്രയുക്തം.]

ചിന്മയ – വി. ആനന്ദസ്വരൂപമായ. ജ്ഞാനസ്വരൂപമായ.

ചിന്മയി–മഹാമായ.

ചിന്മാത്രൻ–ജ്ഞാനമയൻ.

ചിപിടിക–അയിൽ.

ചിപ്പം–ഉരുട്ടിക്കെട്ടിയ മുടി്.

ചിപ്പി–പ. മുത്തു വിളയുന്ന കക്ക. ഉ. ഒരു ചെറിയ തൊപ്പി.

ചിപ്പുളി–ചീവുളി, ചീകുളി, ചിന്തേരു്.

ചിബുകം–താടി, മുഖത്തിന്റെ കീഴറ്റത്തുള്ള ഭാഗമോ. ശിരസ്സിനെ സഹിക്കുന്ന ഉപാംഗമെന്നർത്ഥം.

ചിമികം–തവള.

ചിമിട്ടൻ–കരണ്ടു്, കട്ടി.

ചിമിട്ടു്–പ. മുറുക്കു്. ഉ. മിടുക്കു്.

ചിമിട്ടു്–വി. ചെറിയ.

ചിമിട്ടുക–പ. മുറുകെപ്പിടിക്കുക. ഉ. മിടുക്കോടെ ചെയ്യുക.

ചിമിഴ–അടുക്കു്, ആനക്കൊമ്പുകൊണ്ടും മറ്റും കടഞ്ഞുതീർക്കുന്ന തരത്തിലുള്ള ചെറിയ പാത്രം.

ചിമുക്കുക–തരത്തിലുള്ളതിനെയും ഇരിക്കുക

'തള്ളുകയത്തൊരുലക്കയെടുത്തു
ചെള്ളുക്കൊന്തുചിമുക്കിണകണ്ടു'
(നളചരിതം തുള്ളൽ)

ക. അനങ്ങുക. ന. സംസരിക്കുക. ര മയപ്പെടുക.

ചിമുക്കു്-ബലം.

ചിമ്മൽ-കണ്ണിമപ്പു്.

ചിമ്മുക - കണ്ണടയ്ക്കുക, കണ്ണിമയ്ക്കുക (ചിമ്മുക എന്നും കാണുന്നുണ്ടു് )

ചിമ്പരാഗം-ഒരു രാഗം. ചിമ്പ = ശബ്ദിക്ക. (തമിഴു്.)

ചിമ്പാകം-ഒരു വൃക്ഷം.

'ചെമ്പകം ചിമ്പാകവും'
(നളചരിതം)

ചിയ്യാൻ-പല്ലുക്കു ചുമക്കുന്ന ഒരു കൂട്ടക്കാരൻ. (തമിഴിൽ-ചിവിയാൻ.)

ചിര- പ്ര. ശിരസ്സു്. ക. അഗ്രം. ന. കൊമ്പു്.

ചിര-ക്ഷരംചെയ്ക. (തത്ഭവം-ക്ഷുരം)

ചിരകാലം-വളരെക്കാലം.

ചിരയ്ക്കുക-ക്ഷരംചെയ്കുക.

ചിരക്രിയ-വി. മടിയുള്ള, വളരെ താമസിച്ചുകൊണ്ടു കാര്യങ്ങളെ നടത്തുന്ന. (മറ്റൊരുപര്യായം-ദീർഘസൂത്രൻ.)

ചിരങ്ങു-ശരീരത്തിൽ തെളിമേലുണ്ടാകുന്ന ഒരുവക രോഗം, ചൊറി. പര്യായങ്ങൾ-കച്ചു, പാമ, വിചർച്ചിക. [ചിരങ്ങുള്ളവൻ-കച്ചൂരൻ, പാമനൻ.]

ചിരങ്ങൻ-ചൊറിയുള്ളവൻ.

ചിരജീവികൾ-മരണമില്ലാത്തഏഴുപേർ

അശ്വത്ഥാമാവു, ബലി, വ്യാസൻ, ഹനുമാൻ, വിഭീഷണൻ, കൃപർ, പരശുരാമൻ.

'അശ്വത്ഥാമാബലിർവ്യാസോ
ഹനുമാംശ്ചവിഭീഷണഃ
കൃപഃ പരശുരാമശ്ച
സപ്തൈതേചിരജീവിനഃ'

ചിരഞ്ജീവി-പ്ര. വളരെക്കാലം ജീവിക്കുന്നവൻ. പര്യായങ്ങൾ-മൈവാതൃകൻ, ആയുഷ്മാൻ. ക. ഇലവു്. ന. ജീവകാ. ര. കാക്ക. (വളരെക്കാലം ജീവിച്ചിരിക്കുന്നതു എന്നർത്ഥം.)

ചിരഞ്ജീവിത്വം-വളരെക്കാലത്തെ ജീവിച്ചിരിപ്പു്.

ചിരട്ട-തേങ്ങയുടെ പുറത്തോടു്.

ചിരണ്ടി-പ്ര. യുവതി, വിവാഹം കഴിഞ്ഞവളും പ്രായമുള്ളയൌവനയുക്തയുമായ സ്ത്രീ. ക. ശംഖപുഷ്പി. മറ്റൊരു പര്യായം-സുവാസിനി.

ചിരണ്ടുക-ചുരണ്ടുക.

ചിരതിക്തം-കിരിയാത്തു.

ചിരന്തന-വി. പണ്ടേയുള്ള.

ചിരന്തനം-പുരാതനം, പഴയതു്.

ചിരന്തനൻ-ദൈവം, പുരാതനൻ. പുരാണപുരുഷൻ.

ചിരം-ശിരസ്സു്.

'ഉരത്തിനൻ ചിരത്തിനാലും'
(രാമചരിതം)

ചിരം-അ. ദീർഘകാലം.

[ചിരായ, ചിരരാത്രായ, ചിരസ്യ, ചിരേണ, ചിരാൽ ഇവയെല്ലാം അവ്യയമാണു്. 'ദീർഘകാലം' എന്നർത്ഥം].

ചിരമേഹി-കഴുത.

ചിരയ്ക്കുക-ക്ഷരം ചെയ്കുക.

ചിരരാത്രായ-അ. ദീർഘകാലം, വളരെക്കാലം.

ചിരരാത്രം-വളരെ രാത്രി കൂടിയതു്.

ചിരവ-തേങ്ങ ചെരണ്ടുവാനുള്ള ഒരു സാധനം.

ചിരവത്തടി-ചിരവയുടെ തടി.

ചിരവനാക്കു്-ചിരവത്തടിയിൽ ഇട്ടുറപ്പിക്കുന്ന ഇരിമ്പുസാധനം.

ചിരവിലപം-ഉങ്ങു്.

ചിരസ്മൃത-ക്ര. ഒരുവന പലനാളും കഴിഞ്ഞവരം. ഉ. കുടി വരവനായ പാപ്പ.

ചിരസ്യ-അ വളരെക്കാലം.

ചിരാതീത-വളരെക്കാലം മുമ്പു കഴിഞ്ഞത്.

ചിരായ-അ വളരെക്കാലം

ചിരായുസ്സ്-വി. ക്ര വളരെക്കാലം ജീവിച്ചിരിക്കുന്ന.

ചിരായുസ്സ്-ക്ര. കരിമ്പന ഉ. കുക്കെ. ന. ഇലവുമരം.

ചിരാൽ-ശരഡൻ.

ചിരാൽ-അ. വളരെക്കാലം.

ചിരി(കം)-തത്ത.

ചിരിണ്ടി-യുവതി. (ചിരണ്ടി എന്നതു നോക്കുക)

ചിരി-ക്ര. സന്തോഷമുണ്ടാകുമ്പോൾ മുഖത്തിനുണ്ടാകുന്ന ഒരു ഭാവം. ഉ. സന്തോഷം നിമിത്തം പല്ലുകാണിച്ചു ശബ്ദിക്കുക. [ചിരി എന്നതു തെക്കൻ. ചിറി എന്നതു വടക്കൻ]

[പൊട്ടിച്ചിരി=അത്യുച്ചരിതകം. പുഞ്ചിരി=സ്മിതം. ഇടമട്ടിലുള്ള ചിര്=വിഹസിതം.

ചിരിക്കുക-ക്ര. സന്തോഷംകൊണ്ടു പല്ലുകാട്ടി ശബ്ദിക്കുക. ഉ. മുഖത്തിലുള്ള സന്തോഷത്തെ മുഖത്തു കാണിക്കുക സന്തോഷംകൊണ്ടു ശബ്ദിക്കുക ന. പരിഹസിക്കുക. (സ ക്രി. ചിരിപ്പിക്കുക.)

ചിരിവിലപ്പ—ക്ര. അവിവേകം. ഉ. ഉണ്ട്.

ചിരുത-ക്ര. തെരുതിരി അനുഗ്രഹം. ഉ. ശ്രീദേവി ന. ഒരു സ്ത്രീയുടെ പേർ

ചിരേണ-അ. വളരെക്കാലം.

ചിർട്ടം-ക്ര വലിയ വെള്ളരി. ഉ. ചെറിയ വെള്ളരി.

ചില-വില്ല്.

'ബഹുവീര്യാംബുധി വിജയൻ നിജകല
ചിലയും കൈയിലെടുത്തുപാടുക്കേ'
(സന്താനഗോപാലം പാട്ട്)

ചില്ല-വി. ഏതാനും, കുറെ.

ചിലചില-വി. ഏതാനും, ഏറെക്കുറെ.

ചിലയ്ക്കുക-ക്ര പക്ഷികൾ ശബ്ദിക്കുക. ഉ. പക്ഷികളെപ്പോലെ ശബ്ദിക്കുക. ന. കിലുങ്ങുക.

ചിലതു-വല്ലതും, കുറെ.

ചിലന്തി(ന്തി)-കുട്ടികൾ. പര്യായങ്ങൾ-ലൂതാ, തന്തുവായാ, ഉഴുന്നാലം, മക്കടകം. ഉ. ഒരുപ്രത്യേകതരം കാലിൽ വരുന്ന പൊറി. [ചിലന്തിക്കരപ്പൻ=ഒരുവക കരപ്പൻ]

ചിലപ്പോൾ-അ. ചില സമയത്തു്.

ചിലയ്പ്പ്-ക്ര. ശബ്ദം. ഉ. പക്ഷികളുടെ ശബ്ദം. ന. കിലുക്കം, (ക്രിയ-ചിലയ്ക്കുക).

ചിലമ്പു-കിലുങ്ങുന്നതിനായി പൊന്നുകൊണ്ടോ മറ്റോ ഉണ്ടാക്കി കാലിൽ ഇടുന്ന ഒരുതരം തള.

ചിലമ്പൽ-കിലുക്കം.

ചിലമ്പാണ്ടി—ബ്രാഹ്മണരിൽ താണജാതി.

'മുമ്പനപണംപ്പെട്ടനമ്പിയെ-
ക്കൊണ്ടുകാച്ച ചിലമ്പാണ്ടിക്ക്'
(രുക്മിണീസ്വയംവരം പാട്ട്)

ചിലമ്പുക-കിലുങ്ങുക.

ചിലമ്പൊലി-ചിലമ്പിന്റെ താളം, കിലുകിലുക്കമായ ശബ്ദം

ചിലർ-ഏതാനംപേർ.

ചിലയ്ക്കുക-ക്ര പക്ഷി മനുഷ്യനെപ്പോലെ ശബ്ദിക്കുക. ഉ. ഉച്ചരിക്കുക.

ചിലവ്-ചെലവു് [എന്നതു നോക്കുക.]

ചിലിചി(ചീ)രം-ചെമ്മീൻ. ചി (ചി) ചീ ചിമി എന്നും കാണുന്നു)

ചിലിമ്പി-ഉക്കാവലിക്കുമ്പോൾ തീയിടുന്ന സ്ഥലം. (ഹിന്ദുസ്ഥാനിയിൽ)

ചിലിചി(ചീ)മം-ചെമ്മീൻ (ചിലിചീമി എന്നുമുണ്ട്.)

ചിലുക-ദോഷം, ഉപദ്രവം.

ചിലുകൻ-ഉപദ്രവി, വക്കാണക്കാരൻ.

ചിലുക്ക്-നിലത്തു തറച്ച ആണി.

ചിലുചിലേ-അ. കിലുകിലെ.

ചിലുത്തു-മതിയായി.

ചിൽപ്പുരുഷൻ — പരമാത്മസ്വരൂപൻ, ഈശ്വരൻ.

ചിലെടത്തു്-ചില ദിക്കിൽ.

ചില്ലം-ഒരു ക്ഷുദ്രരോഗം.

[വാതവും പിത്തവും നഖമാംസങ്ങളിൽ നിന്നിട്ടു ചൂടും പഴുപ്പുമുണ്ടാകും]

ചില്ല്-ഗ. വട്ടത്തിലുള്ള സ്ഫടികം. ഘ. സ്ഫടികം. ങ. ഒടിവയ്ക്കുമ്പോൾ തേക്കിലിടുന്നതിനായിട്ടു ഈയം കൊണ്ടു വാർത്തുണ്ടാക്കുന്ന ഒരു ഉരുണ്ട വസ്തു.

ചില്ലകഠം-(വ്യാകരണം) ണ,ന,ര,റ,ല,ള,ഴ ഇവ ഏഴും (ഇവയുടെ തമിഴ് പേർ 'ഒറു', എന്നാകുന്നു. ചില്ലകഠംക്ക സംസ്കൃതപദം ഇല്ല)

ചില്ലൻ-ചീത്തക്കണ്ണോടുകൂടിയവൻ, ചീകണ്ണൻ (ചുല്ലൻ എന്നും പില്ലൻ എന്നും കൂടെ പാഠം കാണുന്നു.)

ചില്ല-വി. ചീത്തക്കണ്ണുള്ള.

ചില്ലകം-പാത്രച്ചോറി.

ചില്ലടാ-ചാക്യാരുടെ സ്ത്രീ. [ചാക്യാൻ എന്നതിന്റെ സ്ത്രീലിംഗം.]

ചില്ലുക-ചീവിട്. (തമിഴിൽ ചിലവുട്)

ചില്ലിക എന്നതിന്റെ പാഠം

ചില്ലം-ഗ. ചീത്തക്കണ്ണ്. ഘ. ഒരുവക പത്തേ. ങ. അളിക്കൺകരുവി. മറ്റു പക്ഷികളെ തകർക്കാറാകുന്നതു് എന്നർത്ഥം. ഭ. മലകുരികിൽ. ഞ. ചിന്നപ്പരുന്ത്.

ചില്ലറ-വി. ഗ. ചുരുക്കമായ, കുറഞ്ഞ, സാരമില്ലാത്ത. ങ. ചില.

ചില്ലറക്കച്ചവടം-ചുരുങ്ങിയ കച്ചവടം.

ചില്ലാങ്കുരി-ഒരുവക മീൻ

ചില്ലി-കലം കടം മുതലായതിലുള്ള ചെറിയ ഭാഗം. ഘ. കണ്ണാടി മുതലായതു് ഉടഞ്ഞ തുണ്ട്. ങ. മരത്തിന്റെ ചെറിയ കൊമ്പ്. ഭ. ചീവിട്. ഞ. പുരികം. ന. അളിക്കൺ കരുവി.

ചില്ലിക്കരുത്തു്— പാത്രങ്ങൾക്കുണ്ടാകുന്ന ചെറിയ ഭാഗം.

ചില്ലിക്കൊടി-പുരികം

ചില്ലീലത-പുരികം

ചിലചാന്നാ-ഒരു തുക തികഞ്ഞിട്ടു കുറെക്കുടെയുള്ള, ശിഷ്ടമുള്ള.

ചിവില്ലിക-ഒരുവക ചെറിയ ചീര.

[അതിസാരം, അജീർണ്ണം, മുട്ടി, ഉദരം ഇവയ്ക്കു നന്ന. ഇല അഗശിയുടേതിനു തുല്യമാണ്. വിശേഷിച്ചു നിറം ചെമന്നിരിക്കും. പരുപരുപ്പും കാണും.]

ചിവുകം-താടി.

ചിഹ്നധാരിണി-വെള്ളത്ത നറുനീണ്ടി.

ചിഹ്നം-ഗ. അടയാളം അറിവു തരുന്നതു് എന്നർത്ഥം.

ചിഹ്നിതം-അങ്കിതം, അടയാളപ്പെടുത്തിയതു

ചിഹ്നനം-(വ്യാകരണപ്രകാരം) അങ്ങോട്ടും ഇങ്ങോട്ടും അന്വയിക്കാവുന്ന വാക്കുകളെ ഇന്നതിൽ ചേരേണ്ടതെന്നു വ്യവസ്ഥപ്പെടുത്താൻ വേണ്ടി ഉപയോഗിക്കുന്ന അടയാളം.

ചിഹ്നങ്ങളുടെ പേരും അടയാളവും

| | |
|---|---|
| ഗ അംകുശം— | , |
| ഘ. ബിന്ദു— | . |
| ങ. രോധിനി.— | ; |
| ഭ. ദീർഘിക— | : |
| ഞ. വലയം— | ( ) |

ന. കോഷ്ടം— [ ]
ഒ. ഉത്തരണി— « »
വ. കാക— ?
ൻ. വിക്ഷേപണി — !
ക്ക. ശംഖല— -
ക്ക. രേഖ — —
ക്ക. വിശ്ലേഷം — ,
ക്ക. പ്രശ്ലേഷം— S

ചിരം-കമ്മട്ടയ്യുന്ന മലത്തിന്റെ ശബ്ദം.

ചിളിചിമം, ചിളിചിമി, ചിളീചിമി-ഒരുവക മീൻ, ചെമ്മീൻ. വിലം സന്തോഷത്തോടെ സഞ്ചരിക്കുന്നത് എന്നർത്ഥം

ചിള്ളങ്ക്-വെട്ടിയുണക്കിയ പാക്ക്, വെട്ടപാക്ക്.

ചിള്ളുക, ചെള്ളുക-കിണ്ടുക, മാന്തുക, അള്ളുക.

ചിറ-ക്ര. വെള്ളത്തെ തടുക്കുന്നതിനു കല്ലും മണ്ണും കൊണ്ടുണ്ടാക്കിയത്, അണ. പര്യായങ്ങൾ-സേതു, ആളി. ഉ. വലിയ കുളം. ന. കൃത്രിമമായ ജലാശയം. പര്യായങ്ങൾ-അഖാതം, ദേവഖാതകം. ൽ. സ്ത്രീ. (പഴയ മലയാളം).

(ഒഴുകുന്നതുകൊണ്ട് 'ചിറ' യെക്കാൾ 'ഒഴ' എന്നതാണ് നന്ന്.)

ചിറക്-പക്ഷികൾക്കു പറക്കുന്നതിനുള്ള ഒരവയവം. പര്യായങ്ങൾ-ഗരുത്ത്, പക്ഷം, ഛദം, പത്രം, പതത്രം, തനുരുഹം.

ചിറകിൻകടയ്ക പര്യായങ്ങൾ -പക്ഷതി, പക്ഷമൂലം.

ചിറക്കഴി-പൊയ്ക.

[സംസ്കൃതത്തിൽ- പല്വലം. തമിഴിൽ-കുളത്ത. ചിറകഴിയിലേ വെള്ളം തിരേക്കുശരനകരമാകുന്നു. വിസ്തൃതമുണ്ടാകും. കഥത്തെ ഉറപ്പിക്കും.]

ചിറഞ്ഞു-കേപ്പത്തോടുകൂടി ഉറപ്പിച്ചതോക്കിട്ട്.

ചിറപ്പ്-ക്ര. ക്ഷേത്രങ്ങളിലും മഠം കെട്ടിവിതനിച്ചു കഴിക്കുന്ന ഒരു വഴിപാട്. ഉ. ഒഴുപ്പ്.

ചിറപ്പുടയ-വി. കൊള്ളാവുന്ന, ഒഴുപ്പുള്ള.

ചിറാക്-ഒരു വലിയ കടൽ മീൻ, ശ്രാവ്, ചിറാവ്.

ചിറാലിക്കുക-കണ്ണീർ കരയുക.

ചിറാലിപ്പ്-കണ്ണീരൊഴുക്ക്.

ചിറി-ക്ര. ചുണ്ട്, ചൊടി. ഉ. ചിരി. (ചിറി എന്നതു വടക്കൻ. ചിരി എന്നതു തെക്കൻ.)

ചിറു-വി. ചെറിയ, ചെറു.

ചിറുതുമ്പ-ഒരു ചെടി.

ചിറ്റ-വി. ചെറിയ. ഉ-ം, ചിറ്റാട.

ചിറ്റ, ചിറ്റു-അമ്മയുടെ അനുജത്തി.

ചിറ്റപ്പൻ-ക്ര. അച്ഛന്റെ അനുജൻ. ഉ. അമ്മയുടെ അനുജത്തിയുടെ ഭർത്താവു

ചിറ്റമൃത്, അമൃത്-ഒരു തരം വള്ളി. പര്യായങ്ങൾ-വത്സാദനി, ഛിന്നരുഹ, ഗുഡൂചി, തന്ത്രിക, അമൃത, ജീവന്തിക, സോമവല്ലി, വിശല്യ, മധുപർണ്ണി.

(ചിറ്റമൃത് അനേകം രോഗങ്ങൾക്കു നന്ന്. അഗ്നിയെ വർദ്ധിപ്പിക്കും. രക്തം പിടിക്കുമുള്ളതാണ്. ആയുസ്സ്, മേധ, ബലം, അഗ്നി ഇവയെ വർദ്ധിപ്പിക്കും. സംസ്കൃതത്തിൽ-ഗുഡൂ (ളൂ) ചി. തമിഴിൽ-ചിന്തിൽകൊടി.)

ചിറ്റമ്മ-ക്ര. അമ്മയുടെ അനുജത്തി.

[ചിറ്റമ്മയുടെ മകൻ= മാതൃഷ്വസേയൻ, മാതൃഷ്വസ്രീയൻ]

ഉ. അച്ഛന്റെ അനുജന്റെ ഭാര്യ.

ചിറ്റരത്ത-ഒരുതരം ഓഷധി.

[ഇതു പല രോഗങ്ങളെയും ശമിപ്പിക്കും. ഇതിന്റെ ഇല ചെമന്നിരിക്കും. കീഴിന്റെ തല്ല ശുദ്ധം കാണും. സംസ്കൃതത്തിൽ-നാകലി. തമിഴിൽ-ചിറുസപ്പുക്കി.]

ചിറ്റാമ്പാൽ-ഒരു വൃക്ഷം.

[കഫം, പിത്തം, ക്ലേദവിഷം, രക്തദോഷം ഇവ കുറയ്ക്കുന്നു. അരയാലിനെക്കാൾ ചെറുതാകയാൽ 'ചിറ്റരയൽ' എന്നു പറയുന്നു. സംസ്കൃതത്തിൽ-നന്ദീവൃക്ഷം.]

ചിറാട-ചെറിയ വസ്ത്രം.

ചിറാണി-മരയാണി.

ചിറാമ്പൽ - വെള്ളത്തിലെ ഒരുവക ചെടി.

ചിറായ്മ-ക്ഷുദ്രം.

ചിറാവണക്ക-ചെറിയ ആവണക്ക്.

ചിറാശം-ഫ. ചെറിയ ആശ. ഉ. ചെറുപ്പക്കാരനായ വേലക്കാരൻ.

ചിറാറു-ചെറിയ പുഴ.

ചിറിമ്പം-ചെറുതായ (തുച്ഛമായ) സുഖം, വിഷയസുഖം.

'ചിറിമ്പം ചേരാനിഹലോകേ'

(ഭഗവൽഗീത)

ചിറീച്ച-തേനീച്ചയിൽ ഒരു വകഭേദം. (സാധാരണയെക്കാൾ ചെറുതായിരിക്കും)

ചിറീന്ത-ഒരുവക ഈന്തൽമരം, മുരം.

ചിറുളി-വീതി കുറഞ്ഞതായ ഒരുമാതിരി മുളി, ചെറിയ ഉളി.

ചിറൂർ-ഒരു രാജ്യം.

[മഹമ്മദുബിൻതുഗ്ലക്കിന്റെ കാലത്തു ഉത്തരഇൻഡ്യയിൽ സ്വതന്ത്രങ്ങളായി ഭവിച്ച ഹിന്ദുരാജ്യങ്ങളിൽ പ്രധാനമായതു്.]

ചിറൈനി-ചീനരാജ്യത്തു നിന്നു വരുന്ന ഒരുമാതിരി (അരി), ഒരുവക നെല്ലു്.

[ചിറൈനി നെല്ലിനു നവരയോടടുത്ത ഗുണമുണ്ടു്. സംസ്കൃതത്തിൽ-ചീനം]

ചിറൈള്ളു-കറുപ്പുകുറഞ്ഞതായ ഒരുവക എള്ളു്.

ചിറൊലാ- ചെറിയ ഏലം. പര്യായങ്ങൾ-ഉപകുഞ്ചിക, ഗുഹ്യ, കോരംഗീ, ത്രിപുട, ത്രുടീ.

[ഈ ഗർഭിണികൾക്കു ഹിതമല്ല വളരെ രുചിയെ ഉണ്ടാക്കുന്നതാണു്. അരി കുറഞ്ഞിരിക്കും. ഛർദ്ദി, വാതം, കഫം, വായുമുട്ടൽ, തണ്ണീർദാഹം, മൂത്രകൃച്ഛ്രം ഇവ അൽപ്പം, അഗ്നിയെയും വർദ്ധിപ്പിക്കും.]

ചിറൊന്തു-ചെറിയ ഒന്തു്.

ചിറൊഷധം- പ്രയോജനമില്ലാത്ത മരുന്നു്.

## ചീ

ചീ-അ. വെറുപ്പിക്കലോ ലജ്ജയിക്കലോ പ്രയോഗിക്കുന്ന ഒരു വാക്കു്.

ചീക-ഒരുവക മീൻ.

ചീകൽ-ഫ. മിനുസം വരുത്തുക. ഉ. തലമുടി വിടിക്കുക.

ചീകുക-ഫ. തലമുടി വിടിക്കുക. ചീവുക. ഉ. മിനുസം വരുത്തുക.

ചീകുളി- മിനുസം വരുത്തുന്ന ഉളി, ചീവുളി

ചീക്ക-വി. ചീത്ത.

ചീക്കു-ചിരങ്ങു്.

ചീക്കണ്ണു്-പഴുത്തു വെള്ളം ഒഴുകുന്നതായ ഒരുവക കണ്ണിലെ ദീനം.

ചീക്കണ്ണൻ-ചീക്കണ്ണുള്ളവൻ. പര്യായങ്ങൾ-പുല്ലൻ, ചില്ലൻ, പില്ലൻ.

ചീക്കാതു- കാതിനകത്തു ഉണ്ടാകുന്നതും പഴുപ്പുള്ളതുമായ ഒരു ദീനം.

ചീങ്കണ്ണി-ഒരുവക വലിയ മത്സ്യം.

[ഇതിന്റെ മാംസം വാതത്തിനു നന്നു്. മലം പിടിക്കും.]

ചീങ്കണ്ണിപ്പാറ-ഒരുമാതിരിക്കല്ലു്.

ചീങ്കല്ലു്-കട്ടപ്പം കുറഞ്ഞ കല്ലു്.

ചീങ്കഴൽ-ഒരുമാതിരി ഉരുളുകഴൽ, ഒരു കഴൽ.

ചീച്ചിൽ-അഴുക്കൽ.

ചീട-ഒരുമാതിരി പലഹാരം. (ആകൃതിയിൽ പിള്ളർ കളിക്കുന്ന ശോഷിപോലെയിരിക്കും.)

ചീട്ട്-പ. കനിമരം. ഉ. തഹശീൽദാർ പാവ്വുകാരനുമാക്ക കൊടുത്തയക്കുന്ന എഴുത്ത്. സ. ഒരുമാതിരി അച്ചുടി ശീല, ചീട്ടി. ഭ. കുറി, നാക്ക. ഇ. കളിക്കുന്നതിനുള്ള ഒരുമാതിരി ചിത്രം പതിച്ച കട്ടി കടലാസുകരം.

ചീട്ടി-ഒരുമാതിരി ശീല.

ചീഡാദേവതാരം-നല്ല ഗന്ധമുള്ള ഒരുവക ദേവതാരം.

[വാതത്തിനു നന്ന്. ഇതു പശ്ചിമഘട്ട പ്രദേശത്തിൽ ഉണ്ടാകുന്നു. അഗ്നിവർദ്ധനകരമാണ്.]

ചീനാകക്കടികാ-ചീനരവള്ളരി.

ചീണ്ടുക-തമ്മിൽ കലഹിക്കുക.

ചീണ്ടൽ-ഉപദ്രവം.

ചീത്ത-വി. ഹീനമായ, ദുഷ്ടതയുള്ള.

ചീത്തത്തം-കൊള്ളരുതായ്മ.

ചീത്തസ്ത്രീ-കൊള്ളരുതാത്ത സ്ത്രീ, വഷളത്തം.

ചീത്തത്തരം-വി കൊള്ളരുതാത്തം

ചീത്തം-പ. ശക്തി. ഉ. മിടുക്ക്.

ചീന(കം)-ചീനക്കർപ്പൂരം.

ചീനകം-തിന

ചീനഗണ്ണാടി-കഴൽക്കണ്ണാടി.

ചീനക്കർപ്പൂരം-ചീനദേശത്തിലുള്ള കൃത്രിമമായ കർപ്പൂരം.

[കഫം, കൃമി, കുഷ്ഠം, കണ്ണുരോഗം, ക്ഷയം, രക്തദോഷം ഇവയ്ക്ക് നന്ന്. ബുദ്ധിയെ നന്നാക്കും സംസ്കൃതത്തിൽ-ചീനകം]

ചീനക്കാരം-ചീനഭൂമിയിൽ ഉണ്ടാകുന്ന കാരം.

ചീനക്കിഴങ്ങ്-മധുരമുള്ള ഒരുതരം കിഴങ്ങ്.

ചീനക്കോട-ഒരുമാതിരി വിശേഷമുള്ള കട.

ചീനക്കുഴൽ-പ. കുഴൽക്കണ്ണാടി ഉ. ചീനക്കുഴൽ.

'തങ്ങളുമെന്നിച്ചുലർശരചീനക്കുഴൽവിളിപോലെ'

(ഉത്തരരാമചരിതം ചമ്പു)

ചീനച്ചട്ടി-പ. വാരത്തട്ടുള്ള ഇരിയ്ക്ക. ഉ. ഒരുമാതിരി ഇരിയ്ക്കുപാത്രം.

ചീനജം-ഉരുക്ക്.

ചീനപട്ടം-ഈയം.

ചീനപിഷ്ടം-കാരീയം. ഉ. സിന്ദൂരം.

ചീനപ്പാവ്-ഒരുങ്ങാടിച്ചരക്ക്.

ചീനപ്രിയം-മുളക്.

ചീനമുളക്-ഒരുവക മുളക്; കപ്പൽ മുളക്.

ചീനം-പ. ഒരു രാജ്യത്തിന്റെ പേർ. (ചൈനാരാജ്യം) ഉ. ഒരുവക മീൻ സ. ഒരുമാതിരി തുണി ഭ. രസ്സൽ ഇ. കാരീയം. സ. പിണ്ഡതൈലം. ഒ. ചിറാനിനെല്ല്.

[ചീനം എന്നു മാനിനെ മാടപ്രാവിന്റെ നിറവും മുപ്പതുഴലം പൊക്കവും കാണും.]

ചീനാരഗം-കാരീയം, ഈയം.

ചീനപ്പട്ട്-ചീനപ്പട്ട്; പട്ട്.

ചീനവെടി-ഒരുവക വെടിക്കെട്ട്.

ചീനവല-ഒരുവക അഴിക്കൊണ്ടുള്ള വേലി.

ചീനാകം-ഒരുവക കർപ്പൂരം.

ചീനാംശുകം-ചീനപ്പട്ട്.

ചീനി-പ. സംഖ്യം. ഉ. വലിയമുളക്. സ. കരിമീൻ. ഭ. മുള്ളുള്ള ചെടി.

ഒ ഒരു മരം. ഗു. മധുരമുള്ള ഒരുവക കിഴങ്ങ്. ൩ മുളകുണ്ടാകുന്ന ഒരുജാതിരി ചെടി.

ചീനിക്കാ-പൂളിഞ്ഞിക്കാ.

ചീനിക്കിഴങ്ങു-മധുരക്കിഴങ്ങ്.

ചീനിപ്പടൽ-ചീനിക്കിഴങ്ങിൻ വള്ളി.

ചീൻ-വലിയ വള്ളം.

ചീനോഷ്ണം-വാൽമുളക്.

ചീന്തൽ-കീറൽ.

ചീന്തു-കീറു, പിളപ്പ്.

ചീന്തുക-ഗ. കീറുക. ൨. പിളക്കുക.

ചീപ്പു-ഗ. തലമുടി ചീകുന്ന വസ്തു, ഈർകൊല്ലി. പര്യായങ്ങൾ-പ്രസാധനി, കങ്കതികാ ൨. വെള്ളം കേറാതന്നതിനും ഇറക്കുന്നതിനും ഉള്ള വാതിൽ. ന. സാക്ഷ.

ചീമ്പ-വി. ചീത്ത, അളിഞ്ഞ.

ചീമ്പക്കണ്ണൻ-കണ്ണടഞ്ഞിരിക്കുന്നവൻ

ചീമ്പക്കണ്ണി-കണ്ണടഞ്ഞിരിക്കുന്നവൾ

ചീമ്പൽ-കണ്ണടയ്ക്കുക

ചീമ്പുക-കണ്ണടയ്ക്കുക, കണ്ണടയ്ക്കുക.

ചീമ്പ്ര-വി. ചീത്ത

ചീമ്പ്രക്കണ്ണു-ചീമ്പക്കണ്ണ്.

ചീയക്കാ, ചീനിക്കാ-പൂളിഞ്ഞിക്കാ.

ചീയുക-ഗ അഴുകുക ൨. അധികം വേകുക. (സ. ക്രി. ചീയിക്കുക.)

ചീരു-ഗ. വർദ്ധന. ൨. വസ്ത്രം.

ചീര-ഒരുവക ഇലക്കറിസാധനം.

[ചീര മൂന്നുതരം ഇലക്കറിസാധനങ്ങൾക്കു പര്യായങ്ങൾ-ശാകം, ഹരിതകം, ശിഗ്രു ചീര(വാസ്തുചീര)-ത്രിദോഷം, രക്തപിത്തം, പ്ലീഹ, കൃമി, അർശസ്സ്, മൂത്രാതാപം, ജ്വരം ഇവയ്ക്കു നന്ന്. മലത്തെ ഇളക്കും. ശുക്ലത്തെ വർദ്ധിപ്പിക്കും രുചിയെ ഉണ്ടാക്കും. അഗ്നിബലം വർദ്ധിപ്പിക്കും. മൂത്രിയെ നന്നാക്കും.]

ചീരകച്ചെമ്പാവു-ഒരുതരം വെളുത്ത നൂല്ല്. [ചീരച്ചമ്പാവു് എന്നും കാണുന്നുണ്ടു്].

[ഇതിനു ചെന്നല്ലിനെ ഒട്ടുംകൊണ്ടു തുല്യമാണു്. അഗ്നിവർദ്ധനകരമാകുന്നു. സംസ്കൃതത്തിൽ-സുകുമാരശാടി. പിത്തം, രക്തദോഷം, സന്താപം വമനം ഇവകളെ നന്നു്].

ചീര(ക)ം-കാര്യം.

ചീരകം-ഗ. ഒരുങ്ങാടിമരുന്നു്, ജീരകം. ൨. ഒരുമാതിരി ഏഴുന്നു്.

ചീരകമുല്ല-ഒരുവക മുല്ല.

ചീരം-ഗ. മരത്തൊലികൊണ്ടുള്ള വസ്ത്രം, മരവിരി. ൨. ജലം.

ചീരാപ്പു-ഒരുവക മീനം, ജലദോഷം.

ചീരാമ്പരം-മരയുരി.

ചീരി-ഗ. ചീവിടു്. വർദ്ധിക്കുന്നതെന്നർത്ഥം. ൨. കണ്ണിനുള്ള മൂടുപടം.

ചീരിപത്രം-പാവൽ.

ചീരു-ക്രമം.

ചീരുക, ചീരിക-ചീവിടു്. 'ചീ' എന്നു ശബ്ദിക്കുന്നതെന്നർത്ഥം.

ചീരുള്ളി-ചെമന്നുള്ളി.

ചീർക്കുക-വർദ്ധിക്കുക; കനക്കുക, തടിക്കുക, വീർക്കുക.

ചീർണ്ണ-വി. ഗ ചെയ്യപ്പെട്ട, നടത്തപ്പെട്ട ൨. അഭ്യസിക്കപ്പെട്ട. ന. ഭോഗിക്കപ്പെട്ട.

ചീർത്ത-വി. വർദ്ധിച്ച.

ചീർപ്പു-ഗ. തടിപ്പു. ൨. സാക്ഷ; തടവു്. ന. തലമുടി ചീകുന്ന വസ്തു, ചീപ്പു്, ഈർകൊല്ലി ശ. വെള്ളം കേറാതന്നതിനും ഇറക്കുന്നതിനും ഉള്ള വാതിൽ.

ചീൽ-ചിറപ്പു്, ശ്രീ.

ചീലാന്തി-ഗ. ഒരു വൃക്ഷം. ൨. പൂയുടെ ഒരുമാതിരി തുലാം.

ചീലികാ-ചീവിട്ട്. (ഝില്ലിക എന്നതിന്റെ പാഠം).

ചീവ-ഒരുമാതിരി കിഴങ്ങുണ്ടാകുന്ന ചെടി, ക്രൂക്ക (ചീവക്കിഴങ്ങ്=ചീവയുടെ കിഴങ്ങ).

ചീവ്രത-ക്ഷേത്രങ്ങളിൽ ബിംബത്തെ തണ്ടിന്മേൽ വെച്ചു എഴുന്നെള്ളിക്കുവാനുള്ള ഒരുതരം വാഹനം. (ജീവത നോക്കുക)

ചീവരം-പ. പിച്ചക്കാരന്റെ കീറത്തുണി. ര. ബുദ്ധോപസന്യാസിയുടെ ഉടുപ്പ്. (വസ്ത്രം). ന. വസ്ത്രം, ഉടുപ്പ്. ഭ. തൊലി ഉ-ം തരുചീവരം.

ചീവരി-തപസ്വി, ഭിക്ഷു.

ചീവൽ-ഒരുവക പക്ഷി, ചീവൽപ്പക്ഷി.

[ഇതിന്റെ മാംസം ആവണക്കെണ്ണയിൽ വറുത്തതും ആവണക്കിൻവിറകുകൊണ്ടു തീയെരിച്ചു വേവിച്ചും ഭക്ഷിക്കരുതു്. മാംസം-പിത്തം, ക്രൂരവിഷം, വാതം ഇവക്കു നന്നു്. രുചികരമാണു്. മലം പിടിക്കും. ഈ പക്ഷി പല വർണ്ണങ്ങളോടു കൂടിയതാകുന്നു. സംസ്കൃതത്തിൽ ലാവം. തമിഴിൽ-ചീവലുകരുമിള്ള].

ചീവാടി-ഒരുവക ചെറിയ കപ്പൽ.

ചീവിട്ട്, ചീരംവിട്ട്, ചീവീട്ട്-ഇടവിടാതെ രാത്രിയിൽ ശബ്ദിക്കുന്ന ഒരുവക ചെറിയ പ്രാണി. പര്യായങ്ങൾ-ടിംഗരി, ചീരുക, ചീരി, ഝില്ലിക.

ചീള-പഴഞ്ചനി.

ചീളന്ന-അ. ചെറുത്തു, ഉടനെ, യോഗത്തിൽ.

ചീളി-പ. കീറത്തുണി. ര. കിളിവാതിലിൽ പണിയുന്ന ഒരു പണി.

ചീളിചിമം-ഉലക്കയിൽ.

ചീളു-അരുപ്പു, പൂളു.

ചീറൽ-പ. കോപം. ര. മുരടനക്കുക.

ചീറുക-പ. കലഹിക്കുക, കോപിക്കുക. ര. മുരടനക്കുക.

ചീറാ-പ. കോപം. ര. പാമ്പിന്റെ ഉഴുന്നു്.

ചീറാൽ-പ. പാമ്പിന്റെ ഉഴുന്നു്. ര. കോപം.

ചീറാവു-പ. പാമ്പിന്റെ ഉഴുന്നു് ര. ശ്വാസം ശക്തിയോടെ മൂക്കിൽക്കൂടി കളക.

ചീറുക പ. പാമ്പു് ഉഴുക ര കോപിക്കുക. ന. ഭയപ്പെടുത്തുക, ശ്വസിക്കുക. ഭ. ശ്വാസത്തെ ശക്തിയോടെ മൂക്കിൽക്കൂടെ കളക.

---

## ചു

ചുകപ്പു്-രക്തമപ്പു്, ചുമപ്പു്.

ചുകവുക-നഖംകൊണ്ടു ചൊറിയുക.

ചുക്ക-പ. കാടി (ചക്കി). ര. മുട്ടു്.

ചുക്കു്-ഉണങ്ങിയ ഇഞ്ചി. പര്യായങ്ങൾ-ശുണ്ഠി, മഹൗഷധം, വിശ്വം, നാഗരം, വിശ്വഭേഷജം.

[ചുക്കു്-വാതം വയറുമുട്ടൽ, വയറുനോവു്, വയറുളപ്പു്, പീക്കു, വയർവീർപ്പു്, കഫം, ചുമ, ചർദ്ദി, രുചിക്കുറവു്, ആമവാതം, ഗുൽമം, മഹോദരം, പാണ്ഡു, ശ്വിത്രം, ഇക്കിൾ ഇവയെ നന്നു്. അഗ്നിയെ വർദ്ധിപ്പിക്കും. സ്വാദിനെ തെളിയിക്കും. പിത്തം കോപിക്കയില്ല].

ചുക്കള്ളു-കോട.

ചുക്കാൻ, ചുക്കാണ്ടു-തോണിയെ തലതിരിക്കുന്നതിനു തടിയിൽ അറ്റത്തു പണിയുവക്കുന്ന ഒരു യന്ത്രം, തൂറ, പങ്കായം. പര്യായങ്ങൾ-അരിത്രം, കേനി, പാരകം.

ചുക്കാനം-തോണി ഇറക്കിയതിന്റെ മിച്ചൽ.

ചുക്കാങ്കാരൻ-ചുക്കാൻ പിടിക്കുന്നവൻ.

ചുക്കാരം-സിംഹത്തിന്റെ അലർച്ച.

ചുക്കിണ്ണി-അറ പാട്ടമുള്ള ഒരുമാതിരി പകിട.

ചുക്കിരി-കടിക്കുന്ന പാത്രം.

ചുക്കിലി-ചിലന്തി(ന്നി)വല.

ചുക്കിലിവല-ചിലന്തി(ന്നി)വല

ചുക്കുക-അ ക്രി. ഫ. ഉണങ്ങുക. ഉ. ചുരുങ്ങുക. ന. ചുളുങ്ങുക.

ചുക്കുനാറിപ്പുല്ല്-ഏതുമപ്പുല്ല്.

ചുക്രം-ഫ. ഞെരിഞ്ഞാമ്പുളി, രോഗങ്ങളെ തടസ്ഥപ്പെടുത്തുന്നത്. വ്യസനപ്പെടുത്തുന്നതെന്നർത്ഥം. ഉ. മരപ്പുളി. ന. പുളിരസം, ഭ. ചുത്തപ്പുളി. ഇ. കാടി. ന. പുളിയഞ്ചീര.

ചുക്രിക, ചുക്രാ, ചുക്രി-ഞെരിഞ്ഞാമ്പുളി.

[പുളിയാരൽ എന്നും പറയുന്നുണ്ട്]

ചുക്ഷാ-ഫ. ഉപദ്രവിക്കുക, കൊല്ലുക. ഉ. കഴുകുക.

ചുക്ക-ഹുക്കാ, പുകവലിപ്പാനുള്ള സാധനം.

ചുങ്കക്കടവ്-തീരുവസ്ഥലത്തിന്നരികെ വള്ളം അടുക്കുന്ന സ്ഥലം.

ചുങ്കക്കാരൻ-തീരുവ തീർപ്പിക്കുന്ന ഉദ്യോഗസ്ഥൻ.

ചുങ്കക്കുലി-ചുങ്കപ്പുര (ചാവടി) കളിൽ കൂടെ കടത്തി കൊണ്ടുപോകുന്ന സാധനങ്ങളിൽ നിന്നും കടന്നുപോകുന്ന ആളുകളിൽ നിന്നും രാജാവു പിരിച്ചെടുക്കുന്നു. പര്യായം ശുല്കം.

[ചുങ്കപ്പുര സാധാരണ നഗരങ്ങളുടേയും രാജ്യത്തിന്റേയും അതിർത്തികളിൽ സ്ഥാപിക്കപ്പെടുന്നു. സമുദ്രം നദി മുതലായവ കടക്കുമ്പോളുള്ള കടപ്പുൽക്കുലി തോണിക്കൂലി മുതലായവയും ശുല്കം എന്നതെന്ന പറയപ്പെടുന്നു.]

ചുങ്കച്ചാവടി-തീരുവ തീർപ്പിക്കുന്നവരുടെ കാര്യാലയം, ചാവുക.

ചുങ്കത്താൻ-ചുങ്കവസൂലാക്കുന്നവൻ. (തമിഴ്പ്പറമ്പ് മുതൽ.)

ചുങ്കം-തീരുവ, ചരക്കുകൾക്കുള്ള കരം.

ചുങ്കസ്ഥലം - തീരുവസ്ഥലം, ചുങ്കച്ചുവട.

ചുങ്കിക്കുന്നു-ചെലവിൽ കുറച്ചു സൂക്ഷിക്കുന്നു.

ചുങ്കിപ്പു-ചെലവിൽ കുറച്ചു സൂക്ഷിക്കുക

ചുങ്ങുക-ഫ. ഉണങ്ങിയും മറ്റും ചുരുങ്ങുക, മെലിയുക, ശോഷിക്കുക. ഉ. ഉണങ്ങുക. ന. ചുരുങ്ങുക.

ചുഞ്ചുന്ദരി-നച്ചെലി. മറ്റൊരു പര്യായം-ഗന്ധമൂഷി.

ചുഞ്ചു-ഫ. വിത്തം. ഉ. പ്രസിദ്ധം. ന. ചുണ്ടെലി. ഭ. ഒരു ക്ഷുദ്രകൃമിയുടെ ജാതി. ഇ നച്ചെലി. ന. കൊക്ക്.

ചുഞ്ചു-(പദങ്ങളുടെ ഒടുവിൽ ഉപയോഗിക്കുന്ന ഒരു പ്രത്യയം). കീർത്തി, സാമർത്ഥ്യം.

'മരണചുഞ്ചുക്കളായിവിളങ്ങിയുള്ളോരണൻ'

(കൃഷ്ണഗാഥ)

ചുഞ്ചുപുടം-കൊക്ക്.

'മിണ്ടാതാക്കുന്നചുഞ്ചുപുടനികടമതിൽ'

(അമരുകശതകം)

ചുടർ-അഗ്നി, പ്രകാശം, ശോഭ.

'തൊഴുതേൻ ഞാൻ ഭീപം
ഭീപത്തിൻചുടരാളി'

(ഭാഗവൽഗീത-മാധവപ്പണിക്കർ)

ചുടല-ശവംചുടുന്ന സ്ഥലം, പാട്ട.

[ചുടലക്കാടിനു പര്യായങ്ങൾ-ശ്മശാനം, പിതൃവനം.]

ചുടലക്കളം-ശവംചുടുന്ന സ്ഥലം, പാട്ട.

ചുടലക്കുഴി-ശവംചുടുന്ന സ്ഥലം.

ചുട്ടുക-ഫ. വേവിക്കുന്നതിനായിട്ടതീയിൽ ഇടുക. ഉ. ദഹിക്കുക. ന. ചുടുതോന്നുക, വേദനതോന്നുക.

ചുട്ടുകൊള്ളി-ഭസ്മം തേക്കുന്നവിധമുള്ള വാക്ക്.

ചുട്ടുപൊടെ-അ. അനുഭവത്തോടെ

ചുട്ടമുളക്-വി. നല്ലമുളക വേകാത്ത ചുവയോടുകൂടിയ

ചുട്ടവാക്ക്-ദണ്ഡംതോന്നത്തക്ക വാക്ക

ചുട്ടവാതം-കാലിന്റെ അകത്തുള്ള ഒരു ഞീനം.

ചുട്ടി-പ്ര. ആട്ടക്കാരുടെ മുഖത്ത് അരിമാവുകൊണ്ടുണ്ടാക്കുന്നത്. വ. നാല്പാമാലികളുടെ നെറ്റിക്കുള്ള ചായ്പ്പ്. സ. വസ്ത്രത്തിന്റെ അറ്റത്തു ചെമപ്പുനൂൽകൊണ്ടുണ്ടാക്കുന്ന ഒരുടയാളം. ര. വേഗത, ചുറുക്ക്.

ചുട്ടിത്തുണി – ആട്ടക്കാരന്റെ നെറ്റിമേൽ വെച്ചുമുറുക്കുന്ന ചുട്ടിയുള്ള തുണി.

ചുട്ടിത്തേവാങ്കം-ഒരുവക മന്ത്രം.

ചുട്ടിരുമ്പ്-ഒരുവക കറുത്ത ഉരുമ്പ്.

ചുട്ട്-നാല്പാമാലികളുടെ നെറ്റിമേലുള്ള ചായ്പ്പ് (കുറി).

ചുട്ടെഴുത്തുകഠം-(വ്യാകരണം) 'അ, ഇ, എ' എന്ന വിവേചക സർവ്വനാമങ്ങളും തമിഴിൽ ചെയ്തിട്ടുള്ള പേർ.

ചുണ്ട മുള്ളുള്ള ഒരു ചെടി.

[ഇതു പലമാതിരിയുണ്ട്. പ്ര. കറുത്തചുണ്ട. വ. ചുവപ്പുചുണ്ട. സ. പുതർച്ചുണ്ട. ര. പടപ്പുചുണ്ട. ഇ. കണ്ടകാരിച്ചുണ്ട. ന പാണ്ടിച്ചുണ്ട. ഒ. അനന്തചുണ്ട.]

ചുണ്ടക്കായ്-ചുണ്ടയുടെ കായ്.

ചുണ്ടൻ-പ്ര ഒരുമാതിരി ഇമ്പ. വ. കുന്താലി. സ. ചുണ്ടൻവള്ളം

ചുണ്ടൻ വി. ചുണ്ടുള്ള, ക്രൂരമനസ്സുള്ള

ചുണ്ടപ്പന ക്രൂരപ്പന.

[പിന്തം, തണ്ണീർമോഹം, ശ്രീം. ചുട്ടനീർ ഇവക്കു നന്ന്. തമിഴിൽ-കൂന്തൽപ്പനെ. സംസ്കൃതത്തിൽ-മന്ഥം തമിഴിൽ-കൂന്തൽപ്പനെ. ഇംഗ്ലീഷ്-Toddy palm, Marshy date tree.]

ചുണ്ടപ്പുല്ല്-ഒരു സുഗന്ധമുള്ള പുല്ല്.

ചുണ്ടമുഴുതിന-ഒരുവക ചെറിയമൺവെട്ടി.

ചുണ്ടവില്ല്-പാത്തിവില്ല്, തൊറവില്ല്.

ചുണ്ടി ഒരുവക ചെറിയ പക്ഷി.

ചുണ്ടിപറക-കലശൽകൂട്ടുക.

ചുണ്ട്-പ്ര. അധരം, ചിറി. പക്ഷിയുടെ-ത്തും-ഒഷ്ഠം, അധരം. [അധരം എന്നു നോക്കുക.]

[ചുണ്ടിന്റെ നേരവസാന സ്ഥലങ്ങൾ=സുക്കിണി.]

വ. പക്ഷിയുടെ കൊക്ക്. സ. വള്ളത്തിന്റെ തല. ര. ഈരവും മുതലായ ആയുധങ്ങളുടെ മുന. ഇ. വാഴക്കുലയുടെ അറ്റത്തുള്ള മൊട്ട്.

ചുണ്ടെലി-ചെറിയ എലി. പല്ലുയുള്ളതും ഗിരിക, ഖരമൂഷിക.

[മാംസം എലിമാംസത്തിനൊക്കും.]

ചുണ-ചൊടിപ്പ്, മിടുക്ക്.

ചുണകെട്ടവൻ-ചൊടിപ്പുംമിടുക്കുമില്ലാത്തവൻ.

ചുണകേട്-ചൊടിപ്പും മിടുക്കുമില്ലായ്മ.

ചുണങ്ങ്-ചെറിയതോതിൽ കയ്പുരോഗം.

[ചുണങ്ങുള്ളവൻ- കിലാൻ, സിമ്മൻ]

ചുണങ്ങുക-ഉരിക്കുക, തൊലി നീക്കുക

ചുണയ്ക്കുക-ചൊടിക്കുക.

ചുണയ്പ്-ചൊടിപ്പ്

ചുണ്ണ-ആനയുടെ തുമ്പിക്കൈ.

ചുണ്ണാമ്പ്-കക്കയോ കല്ലോ നീറ്റിയുണ്ടാക്കുന്ന കറുപ്പ്.

ചുണ്ണാമ്പ്-മുതുകം ഏരിക്ക് കടകപ്പാലുകല്ല് ഇങ്ങനെ സ്ഫടികം പലതും ചിപ്പി ഇവയെയും ശംഖു തുടയവയെയും നീറ്റിയുണ്ടാക്കുന്നു.

ചുണ്ണാമ്പുകല്ല്-ചുണ്ണാമ്പു നീറ്റുന്നതിനുള്ള തരം തിരിച്ച കല്ല്.

ചുണ്ണാമ്പുകാരൻ-ചുണ്ണാമ്പു നിറയ്ക്കുന്നവൻ.

ചുണ്ണാമ്പുവള്ളി-ഒരുവക വള്ളി.

ചുണ്ണി-പുരുഷാംഗത്തിന്റെ ലിംഗം. (സത്യമല്ല)

ചുണ്ഡാ-പ്ര. കിണ്ണം. ര. തൊട്ടി.

ചുത്തപ്പുള്ളി-മിന്നാംവിരി.

[വാതം, കഫാധിക്യമായ പാണ്ഡു, കൃമി ഇവകൾ നന്ന്. ഇതു ശർക്കര കരിമ്പിൻനീര് കള്ള് മുന്തിരിങ്ങ മുതലായവകൊണ്ടുണ്ടാക്കുന്നതാണ്.]

ചുന-മഞ്ഞുയുടേയും മറ്റും ഞെട്ടിൽ ഉണ്ടാകുന്ന നീർ.

ചുനയ്ക്കുക-ചുന ചുവയ്ക്കുക.

ചുനയ്പ്-ചുന.

ചുനിക്കുക-കുനിക്കുക, ചുരുക്കുക.

ചുനിപ്പ്, ചുനിവ്-കുനിവ്, വളവ്.

ചുമ-ഒരു മീനം, കുര. പര്യായങ്ങൾ-കാസം, ക്ഷവഥു.

(കണ്ടകാരിച്ചുണ്ട വേര കഷായം വെച്ച് തിപ്പലി പൊടിച്ചു ചേർത്തു കുടിച്ചാൽ ചുമകളൊക്കെയും മാറുന്നതാണ്.)

ചുമക്കുക-പ്ര. ചുമടെടുക്കുക. ര. സഹിക്കുക. സ. അനുസരിക്കുക.

ചുമക്കുരക്ക-ഒരു പച്ചമരുന്ന്.

ചുമടു-ഭാരം.

ചുമടുതാങ്ങി-ചുമടു് ഇറക്കുന്നതിനായിട്ടു വഴിയിൽ കല്ലോ മരമോ കൊണ്ടുണ്ടാക്കിയതു്.

ചുമട്ടാൾ-ചുമട്ടുകാരൻ.

ചുമട്ടുകാള-ചുമടെടുക്കുന്ന കാള.

ചുമതല-പ്ര. ഉത്തരവാദിത്വം, അധികാരം. ര. പണ്ടാരവക പണവും മറ്റും ചെലവു നീക്കി അധികം ഇരിക്കുന്നതു്

ചുമത്തുക-പ്ര. എടുപ്പിക്കുക ര. ഒരുത്തന്റെ മേൽ ഒരു ചുമടുവെയ്ക്കുക. സ. കുറ്റവിചാരമെങ്കിലും കഠാരമെങ്കിലും ഒരുത്തന്റെ പേരിലുള്ളതു മറ്റൊരുത്തന്റെ പേരിലാക്കുക.

ചുമയ്ക്കുക-കുര പുറപ്പെടുവിക്കുക, കുരയ്ക്കുക, മീനംകൊണ്ടു തൊണ്ടയിൽനിന്നു ശബ്ദം പുറപ്പെടുക.

ചുമരു്, ചുവരു് ഭിത്തി. പര്യായങ്ങൾ-ഭിത്തി, കുഡ്യം.

ചുമൽ-തോളു്. പര്യായങ്ങൾ-അംസം, ദ്വയശിരസ്സു്, സ്കന്ധം.

ചുംബകം-അയസ്കാന്തം.

ചുംബനം-മുത്തം.

ചുംബിക്കുക-ഉമ്മകൊടുക്കുക, ഉമ്മവെയ്ക്കുക.

ചുംബിത-വി. പ്ര. ഉമ്മകൊടുക്കപ്പെട്ട (വെയ്ക്കപ്പെട്ട). ര. മധുപാനത്തിനായി മുഖത്തോടു ചേർക്കപ്പെട്ട.

ചുമ്മ-അ. പ്ര. വെറുതെ.

'ചുമ്മാതെന്തേപടഞ്ഞെംഗുഡാതരമരത്താൽ
കൊണ്ടുഖണ്ഡിച്ചു'
(അമരുകശതകം)

ര. മടിയായി. സ. സംശയിക്കുന്നതെ. ര. ഒരു അനക്കവും ക്രിയയും ഇല്ലാതെ ഇരിക്കുന്നതിനെ പറയുന്നു.

ചുമ്മൽ-ചുമയ്ക്കുക.

ചുമ്മാടു്-ചുമടിന്റെ അടിയിൽ തലയോ കാതെയിരിപ്പാൻ വെയ്ക്കുന്നതു്.

ചുമ്മുക-ചുമയ്ക്കുക.

ചുര-പ്ര ഒരുവക കറിസാധനമുണ്ടാകുന്ന വള്ളി. പര്യായങ്ങൾ-തുംബി, അലാബു. ര പഞ്ഞിനെ നിവർത്തി കറക്കുന്നതിന്റെ പേർ സ പിരിയാണിയുടെ പല്ലു്. ര. ആയുധങ്ങളിൽ പിടിയ്ക്കേണ്ടതിനായി കോവണ്ണത്തിനുള്ള മുന, പിച്ചാത്തിയുടെ തണ്ടു്.

ചുരകുക-പിഴിയുക.

ചുരകെട്ടുക-പഞ്ഞുവിനെ കൊണ്ടിയിടുക.

ചുരക്കണ്ടി-മലയിടുക്കുവഴി.

ചുരക്കുടുക്ക-ഉണങ്ങിയ ചുരയ്ക്ക ഇടിച്ചു ഉണ്ടാക്കുന്ന പാത്രം.

ചുരക്കുക-മുലയിൽ പാൽ വന്നു തിങ്ങുക.

ചുരങ്ങ, ചുരയ്ക്ക-ചുരയുടെ ഫലം.

[ഇതു ഭക്ഷിക്കുന്നതുകൊണ്ടും സാദുള്ളതാണ്. ചുരങ്ങ രണ്ടുവിധമുണ്ട്. പാൽ ചുരങ്ങ, കറുത്ത ചുരങ്ങ. കറുത്ത ചുരങ്ങ ഭക്ഷിക്കാൻ കൊള്ളുകയില്ല. ചിലേടങ്ങളിൽ ബ്രാഹ്മണർ ചുരങ്ങ തിന്നാറില്ല.]

ചുരണ്ടൽ-ചീകൽ.

ചുരണ്ടുക-ചീകുക.

ചുരത്തുന്നു—മുലയിൽ പാൽ വന്നു തിങ്ങുന്നു.

ചുരപ്പാത്രം-ചുരക്കുടുക്ക.

ചുരം-പ. തുക്കെയുള്ള വലിയ കേറ്റം. ക. ഉയർന്ന നിലം.

ചുരമാന്തൽ-കാള ഗവേഷണത്തെ കൈകൊണ്ടു മണ്ണു മാന്തുക.

ചുരമാന്തുക-കാള ഗവേഷണത്തെ കൈകൊണ്ടു മണ്ണുമാന്തുക.

ചുരയ്ക്കാ, ചുരങ്ങ-ചുരവള്ളിയുടെ കായ്.

ചുരരിവേന്തൻ-ത്രിമൂർത്തിമാർ മൂന്നുപേർ

ചുരവ-ചിരവ.

ചുരവലിയ്ക്കുക-പാലും മറ്റും ചുരത്തിയ പാൽ അകത്തേക്കു വലിക്കുക.

ചുരി-വി. ചുരുണ്ടിരിക്കുന്നു.

ചുരി-കാല തുന്നുന്നതിനുള്ള ഒരു ഇരിയുപകരണം.

ചുരിക-ഒരുമാതിരി ഇരുമ്പായുധം. പര്യായങ്ങൾ-ശസ്ത്രി, അസിപുത്രി, അസിധേനുകം, ക്ഷുരികം

ചുരികക്കോൽ- വേലുണ്ടാക്കുന്നവർക്കു ചുരികപോലെ മരം കൊണ്ടുള്ള ഒരായുധം.

ചുരികഴൽ-ചുരുണ്ടിരിക്കുന്ന തലമുടി.

ചുരികഴലാടം-പുള്ളുകുത്തുകാരുടെ കുടിയവകാശം=സ്വത്തു. (ചുരി=ചുരുണ്ടിരിക്കുന്നു)

ചുരിനാരായം—തുന്നുന്നതിനുള്ള ചുരി.

ചുരീകരിക്ക-തൊഴിക്കുക.

ചുരുക്കം-വി. ഏറെയില്ലാത്തത്.

ചുരുക്കം-പ ഏറെയില്ലായ്മ. കാവ്. ക. സംക്ഷേപം. ന. വിളക്കം.

ചുരുക്കൽ-ചുരുക്ക്, സങ്കോചം.

ചുരുക്ക്-പ. വിളക്ക്. ക. കരുക്ക്. ന. സഞ്ചിയുടെ കഴുത്തിൽ കോർക്കുന്ന ചരട്. ഭ. സഞ്ചിയുടെ വായ് മുറുപ്പിച്ചു കെട്ടുന്നതിനുള്ള തുകൽക്കഴ.

ചുരുക്കുകാൽ-വലയുടെ ചുരുക്കുചരട്.

ചുരുക്കുമാനം-ചുരുക്കം.

ചുരുക്കുവട്ടി-ചരടുകെട്ടിച്ചു വലിച്ചു മുറുക്കിക്കെട്ടുന്ന പുല്ലുവട്ടി.

ചുരുക്കുസഞ്ചി-ചുരുക്കിക്കെട്ടുന്ന സഞ്ചി.

ചുരുങ്ങിടമാർ-സുന്ദരികമാർ, കൃശോദരിമാർ, സുമധ്യമമാർ.

ചുരുങ്ങുക-പ. കരുകുക, കരുതുക. ക. വിളങ്ങുക. ന. മടങ്ങുക. ഭ. ഒളുങ്ങുക [ചുരുക്ക-സം-ക്രി].

ചുരുട്ടപ്പം — തേനരിച്ചിരി പലഹാരം. (biscuit)

ചുരുട്ടൽ-പ. ഉരുട്ടുക. ക. കൈ ചുരുട്ടിപ്പിടിക്കുക.

ചുരുട്ട്-പ. ഏറ്റുമുരുകം. ക. ഉരുട്ടൽ. ന. ചുരുട്ടിയത്. ഭ. പുകയില തെറുത്തത് ൽ. തേനപലഹാരം.

ചുരുട്ടുക-പ. ചുരുട്ടുക, ഉരുട്ടുക, തെറുക്കുക. ക. കൈ ചുരുട്ടിപ്പിടിക്കുക. ന. മടക്കുക.

ചുരുട്ടപ്പാമ്പു, ചുരുട്ടുപ്പാമ്പു'—ചുരുണ്ടിരിയ്ക്കുന്ന തരത്തിലുള്ള ചെറിയ പാമ്പു, കേരള.

ചുരുണ-പ. ചുരുട്ടുക. ക. ചുരുട്ടിയ തെറുപ്പുകുട്ട്. ന. കണക്കുകെട്ട്. ഭ. കയറിൻ കെട്ട്.

ചുരുളുക-ഉരുളുക, ചുരുണ്ടുപോകുക.

ചുരുൾ-ഫ. എഴുത്തുചുരുൾ. ക വൊറിലതെന്തയ്യ്, പട്ട മുതലായവ് തെറുത്തുന്നയ്യ്. ന. വള്ളത്തിന്റെ ചുരുണ്ടുള്ള അറ്റം ർ പൂകയില തെറുത്തയ്യ്. ഇ തിരുമല.

ചുരുൾച-ഫ. ചുരുൾച ക. ചുരുങ്ങിയിരിക്ക

ചുലുകി-ഫ. ഉടയുമീൻ. ക. ചീങ്കണ്ണി.

ചുല്ല-യി ചീങ്കണ്ണുള്ള.

ചുല്ലകീ-ഫ. കടൽപ്പന്നി. ക. കടം.

ചുല്ലം-ചീങ്കണ്ണ

ചുല്ലി,ചുല്ലിക-അടപ്പ്.

ചുവ-ഫ. ദുസ്വാദ്, രുചികേട്. ക. രസം

ചുവക്കുക-ചുവപ്പുനിറമാകുക. [ചുവപ്പിക്കുക സ. ക്രി ]

ചുവട്ട-ഫ. പാദംകൊണ്ടുള്ള അളവ്. ക. കാലടി. ന. വല്ലതിന്റെയും അടി ർ അടിസ്ഥാനം, മൂലാധാരം ഇ. മൂലം. ന ഉദ്ഭവം, കാരണം, ഒ. ആരംഭം. വ. അട്ടക്കാരുടെ കാലുവെപ്പ്. ൻ. നിലം [ചുവട്ടിൽ=നിലത്തിൽ] ഫാ മരത്തിന്റെ നിഴൽ. ഫഫ. യോജ്യത. [ചുവടിനു 'ചോട്ട്' എന്നും പ്രയോഗം കാണുന്നു.]

ചുവട്ടടി-കാലടി.

ചുവത്ര-യി. പച്ചക്കറിയിൽചെമപ്പുനിറമുള്ള

ചുവന്ന, ചുമല, ചുവല-യി. ചെമപ്പുനിറമായ.

ചുവന്നാമ്പുളി-ഈനപ്പുളി.

.[ഇതിനു ഈഴപ്പുളി, ചെന്തായപ്പുളി, നീരുപ്പുളി ഇങ്ങനെയും പേർ കാണുന്നു വെള്ളപ്പുളിയിൽ കറുത്ത ഗുണമേ ഇതിനുള്ളൂ. അൽസ്സിനം ഗ്രഹണിരം ഉത്തമം സംസ്കൃതം-ഗുഞ്ജനം. തമിഴിൽ ഇരവകയും.]

ചുവപ്പ്, ചോപ്പ്-ഒരു നിറം.

ചുവപ്പുമായം-ചെമന്ന ചായം.

ചുവയ്ക്കുക-ഫ. ദുസ്വാദു തോന്നുക ക ഇഷ്ടക്കേടു തോന്നുക

ചുവരു്, ചുമരു്-മതിൽ, ഭിത്തി. പ ഭൂമിയെങ്ങും ഭിത്തി, കഡ്യം

ചുവരുതാരു-ഭിത്തിമേൽ വെക്കുന്ന ഉത്തരം.

ചുവല-യി. ചുവന്ന, ചെമന്ന

ചുള-ചക്ക ഉള്ളി മുതലായവയുടെ അകത്തു് അടുക്കടുക്കായിരിക്കുന്ന ചെറിയ പങ്കുകൾ.

ചുളിക്കുക-ഫ, ചുരുങ്ങുക, ഞൊറിയുക, മടങ്ങുക. ക. നീരസഭാവം കാട്ടുക.

ചുളിപ്പ്, ചുളിവ്-ഫ. നീരസഭാവം കാട്ടുക. ക. വസ്ത്രത്തിന്റെയുമടക്കിയുടേയും ഞൊറിവ്, ചുളുക്ക്. ന. മടക്ക്.

ചുളുകം-ഫ. ചെമ്പ്. ക ചെറിയ പാത്രം ന. ഉള്ളം കൈയുടെ കഴി.

ചുളുക്കം-ഞൊറിവ്.

ചുളുക്ക്-ഫ. ചുളിവ്, ഞൊറിവ്. ക. നീരസഭാവം കാട്ടുക.

ചുളുക്കുക-ചുളിവുണ്ടാക്കുക, ഞൊറിവുണ്ടാക്കുക

ചുളുങ്ങുക-ഫ. ചുരുങ്ങുക, ഞൊറിയുക. ക ഭയപ്പെടുക.

ചുള്ളുചുള്ളിക്കുക - വേദനതോന്നുക, വിങ്ങുക.

ചുള്ളുചുള്ളുപ്പ്-വിങ്ങൽ, വേദനതോന്നൽ

ചുള്ളുചുള്ള-അ. അധ്വാനവേദനയായാടെ

ചുള്ളു -സഹായം. (ചുള്ളിൽ സഹായത്തിൽ )

ചുള്ളൻ-മൂട.

ചുള്ളൽ-നോവു്: ശകലം, കഷണം.

ചുള്ളി-ഫ ഉണങ്ങിയ ചെറിയ കൊമ്പ്. ക. ഒരുവക ചെടി.

ചുള്ളിക്കാട്ട്-ഫ. കരുക്കാട്ട്. ക, ചുള്ളിയുള്ള സ്ഥലം.

ചുള്ളിക്കൊഴ-ഒരുമരത്തിന്റെ കൊഴ.

ചുള്ളിക്കോൽ-ചെറിയ കോൽ.

ചുള്ളിവിറക്-വണ്ണംകുറഞ്ഞ വിറക്.

ചുള്ളു-വി. സാരമില്ലാത്ത, ചെറിയ.

ചുഴകോൽ-കൊല്ലൻ തീയിൽ പെരുമന്ന ഇരുമ്പുകോൽ.

ചുഴനീർ-തച്ചന്മാർ അടുപ്പിൽ തീ പടർന്നു കത്താതിരിക്കുവാൻ തളിക്കുന്ന വെള്ളം.

ചുഴന്ന-വി. ചുറ്റിയ.

ചുഴപ്പ്-പ്രതിജ്ഞ, ആണ.

ചുഴലം-അ. ചുറ്റും, നാലുപുറത്തും, വട്ടത്തിൽ.

ചുഴലവും-അ ചുറ്റും, വട്ടമായി.

ചുഴലവെ-അ. ചുറ്റും.

ചുഴലി-ഗ. ചുഴലിദീനം. ഉ. ചുഴലിക്കാറ്റ്. ന. ചുഴൽപ്പ, ചുറ്റൽ. ര. നീർച്ചുഴി.

ചുഴലിദീനം-അപസ്മാരം.

ചുഴലുക-ഗ. ചുറ്റുക, ചക്രം തിരിയുക. ഉ. തലതിരിയുക. ന. കണ്ണുമൂക്കുണ്ടാക്കുക

ചുഴൽ-ഗ. ചുറ്റൽ, ചുഴി. ഉ. നീർച്ചുഴി.

ചുഴൽക്കാറ്റ്-ചുറ്റിയടിക്കുന്ന കാറ്റ്.

ചുഴൽപ്പ-ചുറ്റൽ, വട്ടം തിരിച്ചിൽ.

ചുഴപ്പ-ചുറ്റൽ, വട്ടം തിരിച്ചിൽ.

ചുഴപ്പുകോൽ-ഇരുമ്പുചാര.

ചുഴറുക-ആണയിടുക.

ചുഴറ്റി-ഗ. വിരുത്. ഉ. തലകുത്തുന്ന ചക്രത്തിന്റെ അച്ചുതണ്ട്. ന. കയറ ചുറ്റുന്നതിനുള്ള യന്ത്രം.

ചുഴറ്റുക-ഗ. ചുറ്റുക. ഉ. തലതിരിയുക ന. വട്ടത്തിരിക്കുക.

ചുഴി-ഗ. നീർച്ചുഴി ഉ. ചെറിയ വൃത്തം ന. വൃത്തം. ര ചുഴൽപ്പ ങ. ഭൂമിയുടെ ഒത്തമദ്ധ്യത്തിൽ വട്ടത്തിലുള്ള ഒരു രേഖയും. ന. ചുഴിമണൽ. ഒ. തലമുടി വട്ടത്തിൽ തിരിയുന്നത്. വ. വട്ടച്ചിൽ

ചുഴികോടി-തെക്കുവടക്കു നീളത്തിലും കിഴക്കുപടിഞ്ഞാറു നീളത്തിലുമുള്ള പുരത്തിൽ കുട്ടന്നേടം.

ചുഴിക്കുക-ചുറ്റിക്കുക.

ചുഴിക്കുറി-കട്ടിളയിൽ കതക് ഇടുന്നതിനു കഴിച്ചിട്ടുള്ളത്.

ചുഴിച്ചൽ-ഗ. വെള്ളത്തിന്റെ ചുറ്റൽ ഉ. അധികം മനസ്സിരുത്തിയുള്ള വിചാരം. ന. ചുറ്റൽ.

ചുഴിഞ്ഞു-ചുറ്റുവീണ.

ചുഴിപ്പു-ഗ. ചുഴിച്ചിൽ. ഉ. ചുരുക്കം.

ചുഴിയം ചുഴിയമായി-വട്ടംവട്ടമായി.

ചുഴിയുക-ചുറ്റുക, വട്ടം ചുറ്റുക.

ചുഴിവ്-ഗ. നീർച്ചുഴിവ്. ഉ. വട്ടത്തിൽ തിരിക.

ചുറ-ഗ. കയറുചുറിയത്ത്. ഉ. വൃത്തം, വട്ടം.

ചുറഞ്ഞവൻ-വക്രബുദ്ധി.

ചുറപ്പൻ-ഉരുട്ടും പിരട്ടും പറയുന്നവൻ.

ചുറപ്പ്-വക്രത, വളവ്.

ചുറയുക-ചുറിക്കുക, ചുഴറുക.

ചുറയ്ക്കുക-ഗ. ചുറിക്കെട്ടുക. ഉ. വീഴ്ത്തുക

ചുറുക്ക-മദ്യം.

ചുറുക്ക്-വേഗം, ചൊടിപ്പ്.

ചുറുക്കെ-അ. വേഗത്തിൽ.

ചുറുചുറുപ്പ്-ചൊടിചൊടിപ്പ്, ചുണ, വേഗത.

ചുറുമ്പ്-ചുകാരസ്യം.

ചുറ്റാങ്കാരൻ-സ്നേഹിതൻ.

ചുറ്റാടവു-ചതിവ്, വഞ്ചന.

ചുറ്റാ-ഗ സ്നേഹം, ചങ്ങാത്തം, സേവ, സംബന്ധം. ഉ. വൃത്താകാരം, വട്ടം.

'ചുറ്റാതിലിയന്നിട്ടു പുഴുങ്ങുന്നിടുന്ന'

(കുഞ്ചനമ്പ)

ചുറ്റാകൂട്ടുക-ചങ്ങാത്തം കൂടുക, സ്നേഹിക്കുക.

ചുറമ്പലം-നാലമ്പലം, ശ്രീകോവിലിന്റെ ചുറുമുള്ള അമ്പലം.

ചുറൽ-ക്രി. വസ്ത്രം ധരിക്കുക. പ. ചുറിസ്സഞ്ചരിക്കുക, ചുറുക. നാ. വളവു. ര. ചുറൽവു്. ങ. വിരോധം, തടവു്.

ചുറിക, ചുത്തിക-ഇരുമ്പുകൊട്ടുപിടി.

ചുറിക്കാലിൽ-നാലുവശവും.

ചുറിക്കുക-ക്രി. വട്ടത്തിൽ തിരിക്കുക. പ. തുലുംമറവും വല്ലതിലും ചുറിക്കുക. നാ. ഉടുപ്പിക്കുക. ര. ചതിക്കുക.

ചുറിക്കൂട്ടുക-വിടാതെ കൂടെ നടക്കുക, വല്ലതും സാധ്യത്തിനുവേണ്ടി പരിചരിക്കുക.

ചുറിക്കെട്ടുക-വളച്ചുകെട്ടുക.

ചുറിപ്പു-ക്രി. ചുറിക്കുക, പ. തുലുംമറവും ചുറുക. നാ. ഉപദ്രവിക്കുക.

ചുറു്-വി. ക്രി ഉരുണ്ടതായ പ. ചുറുമുള്ള നാ. വളവുള്ള.

ചുറു-ക്രി. തിരിവു്. പ. ചുറാളവു്, മണ്ഡലം. നാ. വളയം, ഇരുമ്പുചുറു്. ര. സ്ത്രീകളം കാലിൽ ഇട്ടുന്ന ഒരു മേംതിരം. ങ. വസ്ത്രം ധരിക്കുക. ന. കുഴിനഖം. ച. വൈക്ലബ്യം. വ. ബ്രാഹ്മണസ്ത്രീകളം കാതിൽ ഇട്ടുന്ന ഒരാഭരണം.

ചുറുക-ക്രി. ചുറിക്കൊട്ടുക. പ. ചുറിസ്സഞ്ചരിക്കുക നാ. ചുറിയളയുക

ചുറുത്തോ-ഉത്തരത്തിന്റെ മുകളിൽ കഴുക്കോൽ പിടിപ്പിക്കുന്നതിനു പതിക്കുന്ന മരം.

ചുറുനിര-പുരയ്ക്കു ഉത്തരത്തിന്റെകീഴെ പലകകൊണ്ടു പണിതതു്.

ചുറുപടി-അ. നാലുപുറത്തും, അതായതു പക്കം.

ചുറുപാടു്-അയൽപക്കം.

ചുറുമ്പു, ചുറിലും-വി. ചുഴലവുമുള്ള.

ചുറുപു-അ, ക്രി. ചുഴലവും. പ. നാലുപുറത്തും.

ചുറുവിളക്കു് = നാലുവശത്തുമുള്ള വിളക്കു്.

## ചൂ

ചൂചുകം-മുലക്കണ്ണു്. കുട്ടികളുടെ പേരു ചൊല്ലിപ്പറയുന്നതു് എന്നു ശബ്ദാർത്ഥം. 'അയ്യോകുമരകാ! ചൂചുകം മോചിക്കു്'

(കൃഷ്ണലീല തുള്ളൽ)

ചൂടൻ-ഒരുവക കപ്പൽ.

ചൂടൻകപ്പൽ-ഒരുവക മരുന്നു്.

ചൂടൻകുറി-ശോഭിക്കുറി.

ചൂടൽ-ക്രി. തലയിൽ അലങ്കരിക്കുക. പ. കുടവിടിക്കുക. നാ. വൃക്ഷങ്ങളുടെ തണലുള്ള പ്രദേശം, ചോല.

ചൂടി-ചകരിപിരിച്ചു് ഉണ്ടാക്കിയ കയറു്.

ചൂടിടുക-ചൂടുവെയ്ക്കുക; കാച്ചുവെയ്ക്കുക.

ചൂടു്-വി. അനച്ചുയുള്ള.

ചൂടു്-ക്രി. ഉഷ്ണം. പ. എരിച്ചിൽ, കത്തൽ. നാ. വൈരാഗ്യം.

ചൂടുക-ക്രി. തലയിൽ അലങ്കരിക്കുക. പ. കുടവിടിക്കുക. [ചൂടിക്കുക കാ. ക്രി.]

ചൂടുകോൽ-ചൂടുവെയ്ക്കുന്ന ഇരിയ്ക്കു്.

ചൂടുപാള-കുടയ്ക്കു പകരം തലയിൽ വെക്കുന്ന പാള.

ചൂടുപുട്ടിയ-കുടയ്ക്കു പകരം തലയിൽ ഇടുന്ന ഒരുമാതിരി പായു്.

ചൂടുവെക്കുക-ചില ഭീനങ്ങൾക്കു് നാടികളിൽ ഇരുമ്പുമറവും പഴുപ്പിച്ചു വെക്കുക, കാച്ചുവെക്കുക.

ചൂടുകൊടുക്കുക-ഉഷ്ണം കൊണ്ടു വ്യസനിക്കുക.

ചൂടോടെ-അ. അനച്ചുയോടെ.

ചൂട്ടുവിപ്പു്-തീച്ചുട്ടി.

ചൂട്ടൻ-വി. തന്നെക്കാൾ മേൽ ചാതിയുള്ള.

മൂട്ടൻകറി–ശോപിക്കറി.

മൂട്ടാല–മുള്ള.

മൂട്ട്–തെങ്ങിന്റെ ഓലയോ കോഞ്ഞാട്ടയോ കരിമ്പിൻ ചണ്ടിയോ കൊതുമ്പോ അലകോ ഓരോ പിടിയായിട്ടു കെട്ടി തീ കൊളുത്തി വഴി നടക്കുമ്പോൾ വെളിച്ചം കാണുമാറായിട്ടു രാത്രിയിൽ കൊണ്ടുനടക്കുന്ന വസ്തു. പ. അഹംഭാവം. സ. ചില നാല്ക്കാലിമൃഗങ്ങളുടെ മൊറ്റിയിൽ ഉള്ള ചാരുത്ത്.

മൂട്ടുക–മൂടിയും മറച്ചും മൂടുക.

മൂട്ടുകളം–പട്ടട, ചുടല.

മൂട്ടുകാട്ടുക–പ. രവളിച്ചം കാണുന്നതിനു മൂട്ടു കത്തിച്ചു കാണിക്കുക. പ. വാഴക്കാ പഴുപ്പിക്കുന്നതിനു പത്തായത്തിൽ രവച്ചു തീ കത്തിച്ചു പുകക്കുക. സ. ഏണി പറഞ്ഞു കൊടുക്കുക.

മൂട്ടുകോൽ–പ. മൂടുവെയ്ക്കുന്ന ഇരിയ്ക്ക്. പ. ഇറച്ചി ചുടുന്ന ഇരിയ്ക്ക്.

മൂട്ടുനിര–പ. ഭിത്തിയുടെ മീതെ ചില മൂലകളിലും മറവും മരംകൊണ്ടു അടച്ചു പണിയുന്നത്.

മൂട്ടുവെക്കുക–മൂട്ടുകത്തിച്ചു വല്ലതിനും തീ രവക്കുക.

മൂട്ടുവെളിച്ചം– മൂട്ടുകത്തിച്ചിട്ടുള്ള പ്രകാശം.

മൂഡ–പ. കട്ടമ, തലമുടി. പ. മയിലിന്റം തലയിലേ ശിഖ (മയിൽ കട്ടമ). സ. കിരീടം, ഉയർന്നു നിലക്കുന്നത് എന്നർത്ഥം. ഭ. രവളുത്ത കന്നി. ഇ. ശിരസ്സ്. ങ. അഗ്രഭാഗം. ഒ. ഗൃഹത്തിന്റെ മുപരിഭാഗത്തുള്ള മുറി. വ. രോമരോമം. ൻ. കിണ്ണം.

മൂഡകം–കിണ്ണം.

മൂഡാകർമ്മം–കട്ടമയക്കുന്ന ഒരു കർമ്മം. (രചയും എന്നതു നോക്കുക.)

മൂഡാമ്പാ–മരപ്പട്ടി.

മൂഡാമണി–പ. തലയിൽ അലകരിക്കുന്ന രത്നം (ശിരോരത്നം), മൂഡയിലുള്ള മണി എന്നർത്ഥം. പ. രചമന്ന കന്നി.

മൂഡാരത്നം–പ. മൂഡാമണി, മൂഡയിൽ (ശിരസ്സിൽ) അണിയുന്ന രത്നം. പ. അശ്വത്ഥാമാവിന്റെ തലയ്ക്കുള്ള ഒരു രത്നം.

കൊന്നെടുക്കണം മൂഡാരത്നമെന്നോരയേട്ട (ഭാരതം)

മൂഡാർമണി–വിക്കം ഇറക്കുന്നതിനു ഉപകരിക്കുന്ന ഒരു പച്ചമരുന്ന്.

മൂഡാല–പ. രണ്ടുവക പുല്ല്. കണ്ടുമുത്തങ്ങ. ഇതിന്റെ കതിർ കണ്ടാൽ കട്ടമയുടെ സാദൃശ്യമുള്ളതിനാൽ ഈ പേരുണ്ടായി. മൂഡയുള്ളത് എന്നർത്ഥം. പ. രവളുത്ത കന്നി.

മൂഡാലൻ–പ. കട്ടമയുള്ളവൻ. പ. മയിൽ.

മൂഡാലം–തലം

മൂണ്ട–പ. മീൻപിടിക്കുന്ന കൊട്ടയ്ക്ക്. (മൂണ്ടൽ എന്നതു നോക്കുക.) പ. ചില ക്ഷേത്രങ്ങളിൽ നേദ്യം കഴിക്കുന്നതിനു ശുക്കരാരന്റെ പാത്രം കമുന്ന ഇരുമ്പു കൊട്ടയ്ക്ക്.

മൂണ്ടകമുക്കുക–ശുക്കരാരന്റെ പാത്രം ഇരിയ്ക്ക് കൊട്ടയ്ക്കൊണ്ടു കമുക.

മൂണ്ടക്കാരൻ–മൂണ്ടകൊണ്ടു മീൻ പിടിക്കുന്നവൻ.

മൂണ്ടക്കാൽ–മൂണ്ടച്ചൂടുകെട്ടുന്നകോൽ

മൂണ്ടച്ചൂട്–മൂണ്ടകെട്ടുന്ന ചരട്.

മൂണ്ടപ്പന–കള്ളുചെത്തിയെടുക്കുന്ന ഒരു വക പന, ക്രൗഞ്ചപ്പന.

[ക്രൗഞ്ചപ്പന–ചട്ടയിൽ, ഗുരം, പിണ്ടം, വെള്ളിനാര് ഇവയെ നന്ന്. ഇതികരമാണ്. സംസ്കൃതത്തിൽ–മേഡം. തമിഴിൽ–കുന്തർപ്പനൈ.]

ചൂണ്ടൽ-പ. മീൻപിടിക്കുന്ന ഇരുമ്പുകൊളുത്ത്. പര്യായങ്ങൾ-ബഡിശം, മത്സ്യവേധനം. [ചൂണ്ട, ചൂണ്ടൽ. തമിഴിൽ-ചുണ്ടിൽ.] ക്രി. ചൂണ്ടിക്കാണിക്കുക. സ. ഉണ്ടവില്ലുകൊണ്ടു തെറുക. ര ഒരുകളി.

ചൂണ്ടാണി, ചൂണ്ടാണിവിരൽ-ചെറിയ വിരലിന്റെ നാലാം വിരൽ. പര്യായങ്ങൾ-തർജ്ജനി, പ്രദേശിനി.

ചൂണ്ടുക-പ. ചൂണ്ടിക്കാണിക്കുക. ക്രി. തെറവില്ലിൽ കല്ലുവെച്ചു തെറുക. സ. വിളക്കിലേ തിരി നീട്ടുക.

ചൂണ്ടുകോൽ-വിളക്കിലേ തിരി നീട്ടുന്നതിനുള്ള കോൽ.

ചൂണ്ടോന്നി, ചൂണ്ടോന്നിവിരൽ-ചെറിയ വിരലിന്റെ നാലാംവിരൽ.

ചൂതകം-പ. മാവ് (വൃക്ഷം). ക. ചെറിയ കിണ്ണം.

ചൂതപുഷ്പം-മാവിന്റെ പൂവ്.

ചൂതഫലം-മാങ്ങ.

ചൂതബീജം-മാങ്ങയണ്ടി.

ചൂതം-പ മാവുവൃക്ഷം. ക. മാവിൻപൂ. സ. മാങ്ങ. ചൂതം എന്നതിനു പാനം ചെയ്യത്തക്ക രസമുള്ളതു എന്നർത്ഥം.

ചൂതാടുക-ചൂതുകളിക്കുക.

ചൂതാട്ടം-ചൂതുകളി.

ചൂതായുധൻ-കാമദേവൻ.

ചൂതാളി-ചൂതുകളിക്കാരൻ, ധൂർത്തൻ.

ചൂതു്-പ. പകിട മുതലായ കളി. ക. പകിടയും മറ്റും കളിക്കുമ്പോൾ എണ്ണിവയ്ക്കുന്ന കരു. സ. ചതുരംശക്കരു.

ചൂതുകളി-പകിട കമ്പിത്തായം മുതലായ കളി.

[ചൂതുകളി എന്നതിനു പര്യായങ്ങൾ-ദ്യൂതം, അക്ഷവതി, കൈതവം, പണം. ചൂതിന്റെ പേർ ഏതും അഭിപ്രായമുണ്ട്. ചൂതുകളിയിൽ വാതു പറഞ്ഞു പണയംകെട്ടുന്നതിൻ പര്യായങ്ങൾ-പണം, ദ്രവ്യം. ചൂക്കിണിക്കു പര്യായങ്ങൾ-അക്ഷം, ദേവനം, പാശകം.]

കൌരവസഹോദരന്മാരിലേ പ്രധാനപ്പെട്ട കാരണവർ-ശകുനി, വിവിംശതി, ചിത്രസേനൻ, സത്യവ്രതൻ, പുരുമിത്രൻ, ജയൻ.

ചൂതുകളിക്കുക-പകിട കമ്പിത്തായം മുതലായവ കളിക്കുക.

ചൂതുപടം-ചൂതുകളിപ്പാൻ വരച്ചിട്ടുള്ള ശീലയോ കടലാസോ. പര്യായങ്ങൾ-അക്ഷഫലകം, ശാരിഫലം.

[ചൂതുവക്കുന്നതിനുള്ള കളിക്കളം വരച്ചിട്ടുള്ള പലകയുടേയും അതുപോലെ വരച്ചിട്ടുള്ള പ്രദേശത്തിന്റേയും പേർ ഇതുതന്നെ.]

ചൂതുപൊരുതുക-ചൂതുകളിക്കുക.

ചൂതുപോര്-ചൂതുകളി.

ചൂത്തു്-പ. പുരുഷൻ. ക. ക്രൂരി. സ. പുരുഷണം. ര. പുരുഷന്റെ ലിംഗം.

ചൂന്നെടുക്കുന്നു-തുരന്നെടുക്കുന്നു.

'ചൂന്നെടുത്തവിടെച്ചെന്നിച്ചുബന്ധുവംതീർത്തു' (ഭാഗവതം)

ചൂരടിക്കുക-മണക്കുക.

ചൂരൽ-മുള്ളുള്ള ഒരുതരം ചെടി, പിരയ്ൽ.

[ഇതിന്റെ അഗ്രം കൃമിയെ നശിപ്പിക്കും. രുചികരമാണ്. മലത്തെ ഇളക്കും. സംസ്കൃതത്തിൽ-വേത്രം. തമിഴിൽ-പിരയ്ൽ.]

ചൂരി, ചൂരിക-ചെറിയ കിണ്ണം.

ചൂരിവാഠം-ഒരുതരം തിരി വാദ്യം.

ചൂർ്-മണം.

ചൂർ-പ. വാട, നാറ്റം, ദുർഗ്ഗന്ധം. ക. ദുഃഖം, അനർത്ഥം. സ. വെറുപ്പ്, അരുചി. ര. പിശാച്. ഇ. ശത്രു. ആ. രാക്ഷസൻ.

ചൂർണ്ണകം-കാരേരാക്ഷരങ്ങളും സമസ്തങ്ങളും ഇല്ലാത്ത ഒരുമാതിരി പദ്യം.

ചൂർണ്ണകുന്തളം-കുനിര, നെറിക്കു നേരെയുള്ള ചെറുതായ, ചുരുണ്ട തലമുടി. നെറിയുടെ മേലേ വണ്ടിന്റെ ആകൃതിയിൽ വേറെവേറെ മംഗിയിൽ വെട്ടി നിറുത്തുന്ന തലമുടി. കച്ചൂരിക്കിഴങ്ങു മുതലായ വാസനാദ്രവ്യങ്ങളും പൊട്ടിച്ചിട്ട സുഗന്ധമുണ്ടാക്കിത്തീർത്ത കുന്തളങ്ങളും എന്നർത്ഥം.

ചൂർണ്ണനം-പൊടിക്കുക.

ചൂർണ്ണപാരദം-ചായില്യം.

ചൂർണ്ണം-പ. പൊടി, ഗന്ധദ്രവ്യവിശേഷം. ഉ. അരച്ചുപൊടിച്ച പൊടി. ന. ചൂർണ്ണായു്.

[വസ്ത്രാദികൾക്കു സൌരഭ്യമുണ്ടാക്കുന്നതിനു് ഉപയോഗിക്കുന്ന പൊടി പുകയെലം മുതലായവക്കു ചൂർണ്ണം എന്നു പറയാറുണ്ടു്.]

ചൂർണ്ണയന്ത്രം-പൊടിയാക്കുന്ന യന്ത്രം.

ചൂർണ്ണി-പ. നാറകവടി കുടിയതു്. ഉ. ഭാക്ഷ്യം.

[ഈ ഭാക്ഷ്യം പാണിനിസൂത്രത്തെ അടിസ്ഥാനമാക്കി പതഞ്ജലിയുണ്ടാക്കിയ മഹാഭാഷ്യം സംബന്ധിച്ചതാണു്.]

ന. ഉട. ൪ പൊടി. ൫. തേയില (സംജ്ഞ).

ചൂർണ്ണിക-പ. നാടകങ്ങളിൽ പറയുന്ന ഒരുമാതിരി സംസ്കൃതവാക്യം, ശ്ലോകം

[വാക്യങ്ങൾക്കു മൂന്നുവിധം സ്വരൂപമുള്ളതിൽ ഒന്നു്. അന്തരംഗിഭാഷയില്ലാതെ മറ്റെയായി നീണ്ടുപോകുന്ന വാക്യം 'ചൂർണ്ണിക'. ഉ-ം, 'ഏണ്ണാക്കു വെള്ളത്തേക്കാൾ കനം കനവും' (സാഹിത്യസംഗ്രഹം)]

ഉ. വറുത്തുപൊടിച്ച ധാന്യം.

ചൂർണ്ണിതകം-പൊടിക്കുക.

ചൂർണ്ണിത-വി. പൊടിക്കപ്പെട്ട, ഉടയ്ക്കപ്പെട്ട, ഉണ്ടുണ്ടായി ചിതറപ്പെട്ട.

ചൂർണ്ണീകൃത്തു്-ഭാക്ഷ്യക്കാരൻ.

ചൂൎണ്ണ്-തൂൎണ്.

ചൂലം-തലമുടി.

ചൂല്, ചൂൽ-തറപ്പ, അടിച്ചുവാരുന്നതിനു ഈർക്കിലും മറ്റും കൊണ്ടു കെട്ടിയുണ്ടാക്കുന്ന വസ്തു. പര്യായങ്ങൾ-സംമാർജ്ജനി, ശോധനി

ചൂലിക-പ. കോഴിയുടെ പൂവു്. ഉ. ആനയുടെ ചെവിക്കാറി.

ചൂഷ, ചൂഷ്യ-കച്ചക്കായ്. (ആനയുടെ തുടർമാംസത്തെ കെട്ടുന്നതു്)

ചൂള-പ വായ്ക്കുൾനിന്നു പുറപ്പെടുവിക്കുന്ന ഒരുമാതിരി ശബ്ദം, ചൂളകുത്തു്. ഉ. കക്കായും മറ്റും നീറ്റുന്നതിനുള്ള ഒരുമാതിരി അടുപ്പു്. ന. ഒരുവക വൃക്ഷം.

ചൂളക്കാരൻ-കക്കായും മറ്റും നീറ്റുന്നവൻ.

ചൂളക്കുഴി-ചൂളയടുപ്പിന്റെ കുഴി.

ചൂളൻ-ചുളക്കു്.

ചൂളപാടുക-പ വായ്കൊണ്ടു് ഒരുമാതിരി ശബ്ദം പുറപ്പെടുവിക്കുക, ചൂളകുത്തുക. ഉ. നശിക്കുക.

ചൂളപ്പാട്ടു്-പ വായ്കൊണ്ടു് ഒരുമാതിരി ശബ്ദം പുറപ്പെടുവിക്കുക, ചൂളകുത്തുക ഉ. നാശം.

ചൂളപ്രാവു്-ഒരുമാതിരി പക്ഷി, പച്ചക്കിളി. പര്യായം-ഹാരീതം.

[പച്ചനിറവും കഴുത്തിനു ചെമന്ന വരയുമുള്ളതാണു്. തലയിൽ പരപ്പുള്ളതുമാണു്. മാംസം-പിത്തകഫങ്ങൾക്കു നന്നു്. തലിക്കരമാണു്. കണ്ണു നന്നാക്കും. മൂത്രത്തെ തടുക്കും.]

ചൂളയിടുക-പ. ചൂളകുത്തുക. ഉ. ചൂള തട്ടുപ്പിൽ തീയിടുക.

ചൂളവെക്കുക-ക്രി. ചൂളയടുപ്പുണ്ടാക്കുക. ഉ. ചൂളയടുപ്പിൽ കക്കയും മറ്റും നിരത്തി വെക്കുക.

ചൂളി-തലമുടി.

ചൂളിക-ക്രി ആനയുടെ ചെവിക്കുറി. പൊന്തിനില്ക്കുന്നതെന്നർത്ഥം. ഉ നാടകത്തിലെ ഒരു പൂർവ്വാംശം-അണിയറയിൽ നിന്നു സംഗതികളും വെളിവാക്കുന്നതു്. (നാടകം എന്നതു നോക്കുക.)

ചൂളുന്നു-ചുളുങ്ങുന്നു.

ചൂഴ-അ. ചുറ്റും.

ചൂഴം, ചൂഴ്ം-ചുറ്റും.

ചൂഴവും, ചുഴലവും-അ ചുറ്റിലും.

ചൂഴവേ-അ. ചുറ്റിലും.

ചൂഴിക-ദിഗ്ഭ്രമം വരുത്തുന്ന ഉത്തരം

ചൂഴുന്നു-ക്രി. ചുറ്റുന്നു.

'ഒന്നാമതേഴഴികൾചൂഴുമൂഴിയും'
(മയൂരസന്ദേശം)

ഉ. വട്ടത്തിൽ തൂത്തുവെടുക്കുക.

ചൂഴ്റ്റ-വി. ചുറ്റപ്പെട്ട.

## ചെ

**ചെ**കതി-നാശം, തോൽവി.

ചെകം-ശത്രു. (പ-മ.)

ചെകിടൻ, ചെവിടൻ-ചെവി കേൾപ്പാൻ കഴിയാത്തവൻ. പര്യായങ്ങൾ-ബധിരൻ, ബധിരൻ.

ചെകിടടപ്പു്-ചെവി കേൾക്കാതാവുക.

ചെകിടടയുക-ക്രി. ചെവി കേൾക്കാതാവുക. ഉ. ചെവി അടയുക.

ചെകിടടയ്ക്കുക-ചെവികേൾക്കാതാവുക

ചെകിടി-ചെവി കേൾക്കാത്തവൾ.

ചെകിടിക്കുന്നു-അമർപിടിക്കുന്നു.

ചെകിടിപ്പു്-അമർപിടിക്കുക

ചെകിട്ടു്-ക്രി. ചെവി. ഉ. ചെള്ള. സ്ത്രീകൾ കാതിന്റെ ഭാരത്തിനു ഇടയുവാൻ പുഷ്ടം കാണുന്നേടത്തു ബ്രാഹ്മണസ്ത്രീകളും മറ്റും ഇട്ടുന്ന ഒരാഭരണം. (കല്ലുവെച്ച തായിരിക്കും.)

ചെകിട്ടിലാകുക-കേൾക്കുക. (സം. ക്രി. ചെകിടിലാക്കുക)

ചെകിള-ക്രി മീനിന്റെ തൊക്കു. ഉ. ഒരു മത്സ്യം.

ചെക്കൻ ചെറുക്കൻ.

ചെക്കലേ-അ. രാവിലേ.

ചെക്കൽ-പുലർകാലം.

ചെക്കാലി-വിക്കുള്ള ഒരുമാതിരി ചെറിയ കടന്നൽ.

ചെക്കിടി-ഇടിമുഴക്കം.

ചെക്കിടിമിന്നൽ—മിന്നൽ, കൊള്ളിയാൻ.

ചെക്കിലിപ്പട്ടി-എല്ലുംപോഴും കരയുന്ന പട്ടി.

ചെങ്കടൽ-സമുദ്രത്തിന്റെ ഒരു ഭാഗം.

ചെങ്കടലാടി-ഒരുവക മരുന്നു്.

ചെങ്കണ്ണു്-ക്രി. ചുവന്ന കണ്ണു്. ഉ. ഒരു മീനം, ചീമ്പക്കണ്ണു്.

ചെങ്കതിരോൻ-ആദിത്യൻ.

ചെങ്കനൽ-തീക്കട്ട.

ചെങ്കമലം-ചെന്താമര.

ചെങ്കരപ്പൻ-ഒരുവക മസൂരി.

[ആറ് അല്ലെങ്കിൽ പത്തു ദിവസം കഴിഞ്ഞാൽ പ്രയത്നസാദ്ധ്യം]

ചെങ്കരപ്പൻ—കുട്ടികൾക്കുണ്ടാകുന്ന ഒരു മീനം.

[ഈ കരപ്പനു-പനി, കരപ്പിൽ, വായു വലിക്കുക, അതിസാരം, മൂലംതള്ളൽ, സ്വരമടപ്പു്, ശരീരം മെലിച്ചിൽ ഇവ കാണും. ഇതിനു കരിഞ്ജീരകം, ചന്ദനം, പാവട്ടാവേരു്, ഉള്ളി, ജാതിക്ക ഇവ സമം ഒരുതരത്തിൽ മുടി സേവിക്കു].

ചെങ്കരിങ്ങാലി-ഒരുവക വൃക്ഷം.

[ഇതിനു സംസ്കൃതം കരിങ്ങാലിയുടെ ഗുണങ്ങളുണ്ട്. വിശേഷിച്ച് ആമവാതം, ജ്വരം, വ്രണം, ക്ഷതപീഡ, ഒന്ത രോഗം, രക്തവാതം ഇവക്കു നന്ന്. സംസ്കൃതത്തിൽ-രക്തഖദിരം].

ചെങ്കലശം-ഒരുവക വൃക്ഷം.

ചെങ്കല്ല്-വെട്ടുകല്ല്, ചെമന്ന കല്ല്.

ചെങ്കവരിമാൻ-ഒരുവക മാൻ.

[ഇതിന്റെ മാംസം വാതപിത്തങ്ങൾക്കു നന്ന്. സംസ്കൃതത്തിൽ-രോഹിതം തമിഴിൽ-കേസരിയെങ്കിറ മൃഗം].

ചെങ്കവരിമീൻ-ഒരുവക നല്ല മത്സ്യം.

[മാംസം-വാതം, ശിരോരോഗം, ക്ഷയി, അർശസ്സ് ഇവക്കു നന്ന്. സംസ്കൃതത്തിൽ-രോഹിതം. തമിഴിൽ-ചെങ്കയൽമീൻ].

ചെങ്കളത്തി-ഒരു പച്ചമരുന്ന്.

ചെങ്കള്ളു്-ചക്കരക്കള്ളു്.

ചെങ്കറുക-ചെമന്ന കറുക.

[കരിങ്കറുകയ്ക്കു തുല്യമായ ഗുണം തന്നെ. സംസ്കൃതം-അരുണദൂർവ്വ].

ചെങ്കാറു്-കഠിനമായ കിഴക്കൻ കാറു്

ചെങ്കുട്ടുവൻ-കുട്ടനാടിന്റെ അധിപതിയായിരുന്ന ഒരു പ്രഭു, കുട്ടം എന്ന നാടു വാഴുന്നവൻ.

ചെങ്കുത്തു-കിഴക്കോട്ടുള്ള ചരിവ്.

ചെങ്കുന്നി-ഒരുവക വള്ളി.

ചെങ്കുമ്മട്ടി-ഒരുവക കറിസാധനമുണ്ടാകുന്ന വള്ളി.

ചെങ്കുരുമ്പ-ചെമന്ന നിറമുള്ള കരിക്കു്, നല്ല കരുമ്പു്.

ചെങ്കുറുഞ്ഞി-ഒരുവക പൂച്ചെടി, ചെമന്ന വാടാമല്ലി.

[കഫം, പിത്തം, വീക്കം, വയറുവീർപ്പു്, രക്തദോഷം, വയറുളുക്കു്, വാതരോഗം, ശ്വാസം, പുഴു ഇവക്കു നന്നു്. പൂവു് ചെന്നിരിക്കും. സംസ്കൃതത്തിൽ-രക്തമാനം. തമിഴിൽ-ചെകപ്പുപ്പൂവുള്ള വാടാമല്ലി. ഇംഗ്ലീഷിൽ-(Amaranth) അമരന്തു്].

ചെങ്കൊടി-ചെമന്ന നിലകൊണ്ടുണ്ടാക്കിയ കൊടിക്കൂറ.

ചെങ്കൊടിത്തുവ-ഒരു വിരേചനീയദ്രവ്യം, തൊട്ടാൽ ചൊറിയുന്ന ഒരു പച്ചമരുന്നു്.

[വെൺകൊടിത്തുവയുടെ ഗുണംതന്നെ ഇതിനുമുള്ളതു്. വിശേഷിച്ചു വാതം, വിഷമജ്വരം, പിത്തം, പ്രമേഹം, ഗുല്മം, മേഹം ഇവക്കു നന്നു്. സംസ്കൃതത്തിൽ-ദുരാലഭ. തമിഴിൽ-ചിറുകാഞ്ചൊറി].

ചെങ്കൊട്ടവേലി-ചെത്തിക്കൊട്ടവേലി.

ചെങ്കൊമ്പു്-മറ്റു മൃഗത്തെ കൊല്ലുന്ന കൊമ്പുള്ള മൃഗത്തിന്റെ പേരു്.

ചെങ്കോൽ-പ. രാജചിഹ്നം.

'മണിമയവിസ്തൃതകം
മലർചേരുചെങ്കോൽ'

(ഉത്തരരാമചരിതം ചമ്പു)

2. രാജശക്തി.

ചെങ്ങഴിനീർക്കിഴങ്ങു്-ഒരുവക കാട്ടി. 2. ഒരുവക താമരക്കിഴങ്ങു്.

ചെങ്ങഴിനീർപ്പൂ-ഒരുവക താമരപ്പൂവു്.

ചെങ്ങഴിനീർ-തല്ലിയാലും ചെമന്നും, സന്ധ്യാകാലത്തിൽ വികസിക്കുന്നതും, ഒരുതരം ആമ്പൽ.

[ഗുണങ്ങളും കാവി സൌഗന്ധികത്തിനൊക്കും. സംസ്കൃതത്തിൽ-ഹല്ലകം. തമിഴിൽ-ചെങ്കുനീർ].

ചെങ്ങോതി-സ്നേഹിതൻ, പാർശ്വയങ്കരൻ, സ്നിഗ്ധൻ, വയസ്യൻ, സഖാവു്.

ചെങ്ങാലപ്പൂവൻ-ഒരുവക കരപ്പൻ.

[ഒരുതരം പുളിച്ചപോലെ പൂപ്പെടും. ഉടനടി ചോരയിറം വരും. ചില മൊഴികം, തല ഉണ്ടാകും].

ചെങ്ങാലി-ഒരുവക പക്ഷി.
ചെങ്ങിന-വി. ചെമന്ന
ചെങ്ങി-ചെമന്ന.
ചെങ്ങുക-ചുവക്കുക.
'ചെങ്ങിയിളകുന്ന മിഴി'
(രാമചരിതം)
"വക്ത്രം നേത്രേ ചിലസലിലവും
ചെങ്ങുമെൻ വല്ലഭേയോ"
ചെങ്ങുമ്മിഴി-ചുവന്ന കണ്ണ്.
ചെഞ്ചമ്മേ-അ. നേരെ, ചൊവ്വേ, ഏറ്റവും, നല്ലവണ്ണം.
ചെഞ്ചല്ല്യം-പയിനംപ്രദേ.
[വമനം, വിഷം, വിസർപ്പം, വിയർപ്പ് മുതലായ പല രോഗങ്ങൾക്കും നന്ന്. സംസ്കൃതത്തിൽ-രാലം. തമിഴിൽ-കക്കിഷിയം].
ചെഞ്ചാന്ത്-ചെമന്ന സുഗന്ധവസ്തുക്കൾ അരച്ചുണ്ടാക്കിയത്.
ചെഞ്ചൊലി-ചെന്നെല്ല്.
ചെഞ്ചൊയം-ചെമന്ന ചായം.
ചെഞ്ചാറ്-ചായില്യം.
ചെഞ്ചിട-ചെമന്ന ജട.
ചെഞ്ചീര-ചെമന്ന ചീര.
[മലം, മൂത്രമുടൽ, പിത്തം, കഫം, രക്തദോഷം ഇവക്ക നന്ന്. മലത്തെ ഇളക്കും, വാതവലിനകരമാണ്. ഇതിന വാസ്തുച്ചീരയുടെ അതൃതിയുണ്ട്. സംസ്കൃതത്തിൽ-പാലക്യം. ഇംഗ്ലീഷിൽ-(Spinage)
ചെഞ്ചൊടി-ചെമന്ന നിറമുള്ള ചുണ്ട്.
ചെഞ്ചോരി-ഒരുവക ചെടി.
ചെഞ്ചോളം-ഒരുവക ധാന്യം.
ചെടി-പ്ര. ചെറിയ മരം. ഉ. വളം.
ചെട്ടക്കനെ-തെരിക്കനെ, പെട്ടെന്ന്. തമിഴിൽ-ചട്ടെൻറ്.
ചെടിക്കുക-പ്ര. അരോചകപ്പെടുക. ഉ. മതി എന്നു തോന്നുക.
ചെടിപ്പ്-പ്ര. അരോചകം ഉ. മതി എന്നു തോന്നൽ.
ചെട്ടി-പ്ര. ശൂദ്രരിൽ താണ ഒരു ജാതി. ഉ. കച്ചവടക്കാരൻ.
ചെട്ടിച്ചി-ചെട്ടിയുടെ സ്ത്രീ.
ചെട്ടിപ്പുല്ല്-ഒരുവക ധാന്യം.
ചെട്ടിവെള്ളരി-ഒരുവക വള്ളി.
[പിത്തം, അശ്മരി, പ്രമേഹം, മൂട്ട നീരൽ, മൂത്രകൃച്ഛ്രം മെലിവു ഇവക്ക നന്ന്. സംസ്കൃതത്തിൽഗോപാലകക്കർക്കടി]
ചെട്ടിയാർ-ചെട്ടി.
ചെട്ട-സിദ്ധാന്തം.
ചെണ്ട-ഒരുവക കൊട്ടുന്ന വാദ്യം. പര്യായം-ഡിണ്ഡിമം.
ചെണ്ടകൊട്ടിക്കുക-പ്ര. ചെണ്ട അടിപ്പിക്കുക ഉ. ചതിക്കുക. ന. അബദ്ധത്തിൽ ചാടിക്കുക ർ. വഞ്ചിക്കുക.
ചെണ്ട്-പ്ര. പൊടിപ്പ്, കുമ്പം. ഉ. പൂച്ചെണ്ട്. ന. ഭംഗി. ർ. പൂങ്കുല. ൽ. പൂക്കളും പൂങ്കുലമാതിരി കൂട്ടിക്കെട്ടിയത്.
ചെണ്ടകൊട്ട്-ചെണ്ട അടിച്ച് ശബ്ദിക്കുക
ചെണ്ടകൊട്ടുക-പ്ര ചെണ്ട അടിക്കുക. വാദ്യം കൂട്ടുക. ഉ. വഞ്ചനയിൽ പെടുക.
ചെണ്ടക്കാരൻ—ചെണ്ട കൊട്ടുന്നവൻ. ഉ. ചതിക്കുന്നവൻ
ചെണ്ടക്കോൽ-ചെണ്ടകൊട്ടുന്ന കോൽ.
ചെണ്ടത്തം-ദോഷത്വം. ഉ. അബദ്ധം.
ചെണ്ടൻ-മടിയനായ ഖലൻ.
ചെണ്ടപിണച്ചിൽ-പ്ര. ദോഷത്തിൽ അകപ്പെടുക ഉ. വഞ്ചിക്കപ്പെടുക.
ചെണ്ടപിണയുക-ദോക്ഷത്തിൽ അകപ്പെടുക. ഉ. വഞ്ചിക്കപ്പെടുക.
ചെണ്ടാർ-ബന്ധു (പ-മ)
ചെണ്ടുമല്ലിക-ഒരുവക മഞ്ഞപ്പുഷ്പം.
ചെണ്ടുമുറിയൻ-നേന്ത്രപ്പഴം മുറിച്ച് വേകിച്ചുണ്ടാക്കുന്ന, പഴംനുറുക്ക്.

ചെറുക്ക്-വി. ക കേടുള്ള, ചീത്തയായ. ഉ. നിന്ദ്യമായ.

ചെറുങ്ങ്-കേട്ട്, ചീത്തത്തം.

ചെറുമ്പൽ-മത്സ്യത്തിന്റെ പുറത്ത് വട്ടത്തിൽ ഇരിക്കുന്ന വസ്തു.

ചെന്ത-വി. ഉപയോഗമില്ലാത്ത, ജീർണ്ണിച്ച

ചെന്താ-ശബ്ദം.

ചെന്തൽ-ക. ചെത്തുക. ഉ. മത്സ്യത്തിന്റെ ചെറുമ്പൽ. ന. പല്ലിൽ ഇരിക്കുന്ന അഴുക്ക്.

ചെന്തി-ഒരുവക ചെമന്ന പൂവുള്ള ചെടി

ചെന്തിക്കൊട്ടവേലി-ചെമന്ന കൊട്ടവേലി.

ചെന്നു് മുറിക്കുക, കണ്ടിക്കുക.

ചെന്നുക-ക. മുറിക്കുക. ഉ. കള്ളുചെത്തി ഒഴുക്കുക. ന. സമമാക്കുക, കനംകുറയ്ക്കുക. ര. ചെത്തിപ്പറിക്കുക. ള. കൊയ്യുക

ചെന്നുകാരൻ-ക. ചെത്തുന്നവൻ. തെങ്ങു മുതലായവ ചെത്തി കള്ളുണ്ടാക്കുന്നവൻ. ഉ. മുറിക്കുന്നവൻ.

ചെന്നുപന-കള്ളുണ്ടാക്കുന്ന പന.

ചെന്നുപാട്ട്-ക. ചെത്തിയപാട്ട്. ഉ. ശബ്ദം.

ചെന്നുപാട്ടം-ചെത്തി കള്ളുണ്ടാക്കുന്നതിനു മുമ്പായിട്ടു കൊടുക്കുന്ന ദ്രവ്യം.

ചെന്നുപൂള-മരം ചെത്തുമ്പോഴുണ്ടാകുന്ന കനം കുറഞ്ഞ കഷണം.

ചെൻ-വി. ചെമപ്പുനിറമുള്ള, നന്മയുള്ള.

ചെന്തളിർ-ചെമന്ന തളിർ.

ചെന്തഴ-ചെമന്ന തഴ.

ചെന്താന്നി-ഒരു ചെടി.

ചെന്താമര-ചെമന്ന താമര.

[ഇതിനു ചെമ്മുത്തുമയിൽ കണ്ണ എന്നുമേയുള്ള സംസ്കൃതത്തിൽ ഉ കരുകമം. തമിഴിൽ-ചെന്താമരൈ]

ചെന്താമരാക്ഷി-വി ചെന്താമരപ്പൂപോലെ കണ്ണുള്ള.

ചെന്താമരാക്ഷൻ-ക. ചെന്താമരപ്പൂപോലെ കണ്ണുള്ളവൻ ഉ. വിഷ്ണു. ന. സുന്ദരൻ.

ചെന്താരടി-ചെമന്ന പുഷ്പം പോലുള്ള കാലടി.

ചെന്താർ-ചെമന്ന പൂവ്.

ചെന്താർബാണൻ-കാമദേവൻ.

ചെന്താർമാനിനി ലക്ഷ്മീദേവി.

ചെന്താർശരൻ-കാമദേവൻ.

ചെന്തിന-ചെമന്ന തിന.

ചെന്തീ-ജ്വലിക്കുന്ന തീ.

ചെന്തുവ ഒരു ചെടി.

ചെൻതുരകം-ചീത്തയായിട്ടുള്ള കരകം.

ചെന്തെങ്ങ്-ചെമന്ന തേങ്ങയുണ്ടാകുന്ന തെങ്ങ്.

ചെന്തേം-സ്ത്രീകൾ കുഴമ്പിൽ ഇടുന്ന ഒരു ഔഷധം.

ചെന്ന-പഞ്ഞിനൂലിൽ കാണപ്പെടുന്ന സാരമില്ലാത്ത ഇഴയും, മുഴയും.

ചെന്നപട്ടണം—മദിരാശി, [മദ്രാസ്, Madras.

ചെന്നം-ചെക്ക്.

ചെന്നായ്-കാട്ടുനായ്. പട്ടിയെക്കാൾ കോപം, ഇഴകിച്ചേരൽ, ക്രൂരത.

[ഇതിന്റെ വാസസ്ഥലം, പകിയുന്ന ശബ്ദം മുതലായവ നന്ന്. രൂപമെന്നാക്കം.]

ചെന്നി-ചെവിക്കു മേലോരം, തലയുടെ അവസാനം.

ചെന്നികുത്തു്-തലകുത്തു്.

ചെന്നികുത്തുക-തലകുത്തിമറിയുക.

ചെന്നിനായകം-ഒരു ഔഷധം.

ചെന്നീർ വൃണങ്ങളിൽ നിന്നു പുറപ്പെടുന്നതും അപ്പുചെന്നുറയുന്നതുമായ വെള്ളം.

ചെന്നെല്ല്-ചെമന്നനെല്ല്, ചെഞ്ചാലി.

[ത്രിദോഷം, രക്തദോഷം മുതലായ പല രോഗങ്ങൾക്കും നന്ന് ശാലികളിൽ വച്ചു ഉത്തമമാണ്. സംസ്കൃതം രക്തശാലി]

ചെപ്പം-ഭണ്ഡാരം, നിക്ഷേപപാത്രം.

ചെപ്പടി, ചെപ്പടികളി-പ. ചെപ്പം പന്തുംകൊണ്ടുള്ള കളി. ക. ഉപായം.

ചെപ്പടിക്കാരൻ—ചെപ്പടിവിദ്യ ഉള്ളവൻ.

ചെപ്പടിവിദ്യ-പ. ചെപ്പം പന്തും കൊണ്ടു കളിക്കുന്ന ഒരു സമ്പ്രദായം. ക. വഞ്ചന, ഉപായം.

ചെപ്പി-പ. ചെവി ക. ചെകിട്ട്. ന. കർണ്ണമലം. പര്യായം-പിഞ്ജൂഷം.

ചെപ്പിക്കാട്ടം-ചെവിയിലെ മലം, ചെവിക്കായം.

ചെപ്പിത്തോണ്ടി-ചെവിത്തോണ്ടി.

ചെപ്പു-പ. അടപ്പുള്ളതായ ഒരുമാതിരി ചെറിയ മരപ്പാത്രം പര്യായങ്ങൾ-സമുൽഗകം, സമുടം(കം). ചിമിഴ് ക. നിക്ഷേപപാത്രം. ന. ചെമ്പു.

ചെപ്പുകുടം-ചെമ്പുകൊണ്ടുള്ള കുടം.

ചെപ്പുട്ട്-ആധാരം ചെയ്യുന്ന ചെമ്പുരുക്കിട്ട്.

ചെമ്പ-പ. ചെമന്ന. ക. ഭംഗിയുള്ള. (ഒരു ശുദ്ധ ദേശകം)

ചെമ്പു-ചെമന്ന നിറം.

ചെമ്പുവി-ചെമന്ന, ചെമ്പുനിറമുള്ള.

ചെമ്പു്-പ. രോഗങ്ങളിൽ ഒരുവക പര്യായങ്ങൾ താപകം, ശൂലബം, മെല്ലെ മുഖം, ഭീഷ്ണം, വരിഷ്ടം, ഉദുംബരം.

[ചെമ്പു്-കഫം, പിത്തം, മഹോദരം പാണ്ഡു മുതലായ പല രോഗങ്ങൾക്കും നന്ന്. വിശപ്പിനെ വരുത്തും. കണ്ണിനു നന്ന്. ശുദ്ധിയും മാരണവും ശരിയാംവണ്ണം ചെയ്തിരിക്കുന്ന ചെമ്പു് അറയാരെ ക്കേടിച്ചു ണ്ടാകുന്ന വികാരത്തിൽ നിന്നു വരിനെല്ലിന്റെ അരി അല്ലെങ്കിൽ വേര കാച്ചിയ അരത്ത വെള്ളത്തിൽ അരച്ചു കലക്കി പഞ്ചസാര ചേർത്തു മൂന്നുദിവസം പ്രാതലിനു കൊടുക്കുക]

ക. ഒരു വലിയ ചെമ്പുപാത്രം. ന. ചെമ്പുകൊണ്ടുള്ള ഏതെങ്കിലും വസ്തു. ഗ. വഞ്ചന.

ചെമ്പകപ്പൂ — ചെമ്പകവൃക്ഷത്തിന്റെ പൂവ്.

ചെമ്പകം-ഒരു സൌരഭ്യമുള്ള പൂവുണ്ടാകുന്ന മരം. മറവ പര്യായങ്ങൾ-ചാമ്പേയം, ഹേമപുഷ്പകം.

[ഇതു ചുട്ടനീറൽ, കഫം, വ്രണം, ചൊറി ഇവയ്ക്കു നന്ന്. ചെമ്പകമൊട്ട് മൂത്രകൃച്ഛ്രത്തിനും അത്യുത്തമമാകുന്നു].

ചെമ്പകരാമൻ, ചെമ്പകരാമപ്പട്ടം-തിരുവിതാംകൂർ മഹാരാജാവു കൊടുത്തിട്ടുള്ള ഒരു സ്ഥാനപ്പേർ.

[കൃത്യനിഷ്ഠ, സ്വാമിഭക്തി, വിശ്വാസം ഇവകൾ ഗുണങ്ങൾ ഉള്ള സർക്കാർ ഉദ്യോഗസ്ഥന്മാരെ ഉത്സാഹിപ്പിക്കുന്നതിനു തിരുവിതാംകൂറിൽ ഏർപ്പെടുത്തപ്പെട്ട സ്ഥാനപ്പേർ].

ചെമ്പകശ്ശേരി-ഇടവകകളിൽ ഒന്ന്.

[എ. ഡി ഏഴാം-ൽ തിരുവിതാംകൂർ ഒരനേകം ഇടവകകളായി ഭാഗിച്ചിരുന്നു. അവയിൽ ഒന്ന് അമ്പലപ്പുഴ താലൂക്കു മുഴുവൻ ചെമ്പകശ്ശേരി രാജാവു ഭരിച്ചു].

ചെമ്പഞ്ഞി-ചെമപ്പു ചായം ഏടുക്കുന്നതിനുള്ള ഒരുമാതിരി പഞ്ഞി.

ചെമ്പഞ്ഞിച്ചാറു്—ചെമ്പഞ്ഞി തിരുമ്മി പിഴിഞ്ഞെടുക്കുന്ന ചെമന്ന ചായവെള്ളം.

ചെമ്പട-ഒരു താളം.

ചെമ്പടുപ്പു്-വലിയ ചെമ്പുപാത്രം ഉറയ്ക്കുന്ന അടുപ്പു്.

ചെമ്പൻ-വി. ചെയുനിറമുള്ള.

ചെമ്പന്തല-ചെയുനിറമുള്ള തലമുടി.

ചെമ്പന്മീശ-ചെയുനിറമുള്ള മീശ.

ചെമ്പരത്തി-ഒരുമാതിരി ചെമന്ന പൂവുള്ള പൂച്ചെടി. പര്യായങ്ങൾ-ഓഡ്യപുഷ്പം, ജവാ (പാ)പുഷ്പം.

[ചൂട്ടി, പ്രമേഹം, പ്രദരം ഇവകൾക്കു നന്ന്. ഗർഭപാതിനിയെ ചെയ്യും. മലത്തെ പിടിക്കും. പൂവു ആർത്തവ പുഷ്ടിക്കു നല്ലതു്. തമിഴിൽ-ചെമ്പരുത്തി. ഇംഗ്ലീഷിൽ (Shoe flower; China rose) ഷുഫ്ളവർ, ചൈനാറോസ്.]

ചെമ്പരുത്തിത്തടിയൻ-ഒരുവക കരപ്പൻ.

[ചെമ്പരത്തിപ്പൂപോലെ തടിച്ചു മാംസം പെരുകുകയും. തലനോവു്, പനി, ഒരുതരം ജ്വരം വീണ്ടുക ഇവ ലക്ഷണം].

ചെമ്പരുന്തു്-ചെമന്ന പരുന്തു്.

ചെമ്പലക-കനംകുറഞ്ഞ മരപ്പലക.

ചെമ്പല്ലി-പ. ഒരുവക ചെമന്ന മീൻ. ക. ഒരുമാതിരി ചെമന്ന നെല്ലു്.

ചെമ്പഴുക്ക-പ. പഴുത്ത അടയ്ക്ക. ക. പഴുത്തുടങ്ങിയ കായ്.

ചെമ്പറക്കണ്ണൻ-കണ്ണു ചെമന്നിട്ടുള്ളവൻ.

ചെമ്പറം-പ. ചെമപ്പു നിറം. ക. പഴുത്തുടങ്ങിയ കായ്.

ചെമ്പാതി-ഒരേ പാതി.

ചെമ്പാൻ-ചമ്പാവു്, ഒരുവക നെല്ലു്.

ചെമ്പാലിപ്പടം, ചെമ്പാരിപ്പടം-പ ചെമപ്പു വസ്ത്രം. ക. ആനയുടെ ചമയക്കോപ്പുകളിൽ ഒന്നു്, ആനപ്പുറത്തു വിരിക്കുന്ന കമ്പിളി. പര്യായങ്ങൾ-പ്രാവണി, ആസ്തരണം, വസ്ത്രം, കഥം, പരിസ്തോമം.

ചെമ്പിക്കുക-ചെമപ്പു നിറമായിതീരുക

ചെമ്പിച്ച-വി ചെയുനിറമായ.

ചെമ്പിടുന്നു-ചെമ്പുപലക തറയ്ക്കുന്നു.

ചെമ്പിപ്പു്-ചെമപ്പുനിറമാക്കുക.

ചെമ്പുകപ്പൽ-ചെമ്പിട്ട കപ്പൽ.

ചെമ്പുകൊട്ടി-ചെമ്പുപണിക്കാരൻ. പര്യായങ്ങൾ-ശൌല്ബികൻ, താമ്രകുട്ടകൻ.

ചെമ്പുതെളിയുക-വഞ്ചന തെളിയുക. [സ-ക്രി ചെമ്പുതെളിയിക്കുക].

ചെമ്പുതൊട്ടി-വെള്ളം കോരി നിറയ്ക്കുന്നതിനുള്ള ഒരുതരം തൊട്ടി ചെമ്പുപാത്രം.

ചെമ്പുപട്ടയം-ചെമ്പുകെട്ടു്.

ചെമ്പുപലക-ചെമ്പുകൊണ്ടു പലക പോലെ ഉണ്ടാക്കിയതു്.

ചെമ്പുലി-പഴക്കാപ്പുലി.

ചെമ്പോടു്-ചെമ്പുചട്ടം.

ചെമ്പൊൽത്തളിർ-ചെമന്ന തളിർ.

ചെമ്പൊൽത്താർ-ചെന്താമരപ്പൂവു്, ചെമന്ന പൂവു്.

ചെമ്പൊല്ലാ-ചെന്താമരപ്പൂപോലുള്ള നിറമുള്ള കാൽച്ചുവടു്.

ചെമ്പൊന്നു്-തല്ലുനിറമുള്ള പൊന്നു്, ഒന്നാംതരം സ്വർണ്ണം.

ചെമ്പോത്തു്-ഒരു ചെമന്ന പക്ഷി, മുപ്പൻ.

[മാംസം-വാതം, തേരുരോഗം മുതലായവക്കു നന്ന്. സംസ്കൃതത്തിൽ-രക്തമാരം. തമിഴിൽ-ചെമ്പോത്തു്. ഇംഗ്ലീഷിൽ- (Snake bird) സ്നേക്ക് ബേഡ്.]

ചെമ്പ്രാക്കൊടി-പ. തകരം. ക. ചെമ്പരത്തിപ്പൂ. [ഇതു പൂരത്തെവ്യാകരണം.]

ചെമ്പ്രാവള്ളി-ഒരുവക വള്ളി.

ചെമ്മണ്ണു്-ചെമന്ന മണ്ണു്.

ചെമ്മരം-ഒരു വൃക്ഷം. പര്യായങ്ങൾ-രോഹി, രോഹിതകം, പ്രിയകരു, മാധവപുഷ്പകം.

[ഇതു പ്ലീഹ, യകൃത്ത്, വിക്കം, ഉദരം, ഗുല്മം, കണ്ഠരോഗം, രക്തദോഷം, കൃമി, നേത്രരോഗം, വ്രണം ഇവകൾക്കു നന്ന്.]

ചെമ്മരിയാട്-ഒരുവക നല്ലയാട്.

ചെമ്മാന്ത്-ചോന്ത്, നിന്ദിച്ചുകാട്ടുന്ന ഒരു കൈക്രിയ.

ചെമ്മാൻ-പ. ചെരിപ്പുകുത്തി. ക. ഒരുവക ചെമന്ന മാൻ.

ചെമ്മാനം-ചെമന്ന ആകാശം.

ചെമ്മാശ്ശ-കത്തനാരാകുന്നതിനു മുൻപുള്ള ഒരു സ്ഥാനം.

ചെമ്മീൻ-ഒരുവക മീൻ, കൊഞ്ച്. പര്യായങ്ങൾ-നാളമീനം, ചിളിചിമം.

[ചെമ്മീനിന്റെ മാംസം മൂന്നുദോഷങ്ങളേയും കോപിപ്പിക്കും. മത്സ്യങ്ങളിൽ വച്ചു ചീത്തയാണ്. വല്ലതും ചൊറുമുണ്ട്. ഇംഗ്ലീഷിൽ-(Shrimp)ഷ്റിമ്പ്]

ചെമ്മു-പ. ഭംഗി. ക. നന്മ, അനുഗ്രഹം.

'ഇങ്ങിനെനണ്ണുമ്പോൾചെമ്മുള്ളോരിമ്മിക്കല്ലുങ്ങൾതാകോണത്തുകാണാസ്സനം'

(കൃഷ്ണഗാഥ)

നാ. സ്വന്തം, സ്വത്ത്.

ചെമ്മുക-ചേർത്തിടുക.

ചെമ്മുരങ്ങ-ഒരുവക മുരിങ്ങമരം.

[മുരിങ്ങയുടെ ഗുണംതന്നെ. വിശേഷിച്ചു വീക്കത്തിനു നന്ന്. പിത്തത്തെ കോപിപ്പിക്കയില്ല. പൂവു ചെമന്നിരിക്കും. സംസ്കൃതത്തിൽ-രക്തശിഗ്രു. തമിഴിൽ-ചെമ്മുരങ്ങ.]

ചെമ്മുള്ളി-ഒരുവക മുള്ളുള്ളചെടി.

ചെമ്മൊക്കൻ-മുഖചെമന്നവൻ.

ചെമ്മൊ-ണ. പ. നല്ലവസ്തുക്കൾ, നല്ലതുപോലെ, ചൊവ്വേ. ക. വിശേഷാൽ.

ചെമ്മോത്ത-അനുഗ്രഹവാക്ക്.

ചെയ്തം-പ. ഒഴുക്കു. ക. സാമർത്ഥ്യം. (പ മ.)

ചെയ്യരുതാത്ത-വി. പ്രവർത്തിച്ചുകൂടാത്ത

ചെയ്യുക-പ്രവർത്തിക്കുക, നടത്തുക.

ചെയ്തി, ചേതി-കർത്തവ്യം, പ്രവൃത്തി, ചെയ്യുകായ്യം.

'ഇച്ചെയ്തിയെല്ലാം രായസംപിള്ള
യായിച്ചു...'

(പഴയരായസം)

[ഇവിടത്തെച്ചെയ്തി ആവിത്. ഇ കൃതി നോക്കുക.]

ചെയ്തിപെടുക-വസ്തുതയറിവാനായി. (പ-മ)

'ചെയ്തിപെടച്ചോദിച്ചുവനോടേ'

(ഭാഗവൽഗീത മാധവപ്പണിക്കർ)

ചെക്ക-കാടി.

ചെരിപ്പ്-പ. കാലിനു രക്ഷയ്ക്കായിട്ടു തോലുകൊണ്ടുണ്ടാക്കുന്ന സാധനം, ഒരു തിയടി, പാദരക്ഷ പര്യായങ്ങൾ-പാദുക, പാദു, ഉപാനത്ത്. ക. അടിസ്ഥാനം, പൂരത്തറയ്ക്കും മറ്റും ആളിയിൽ പണിയുന്ന കല്പണി.

ചെരിപ്പുകുത്തി-ചെരിപ്പുണ്ടാക്കുന്ന ഒരു ജാതി.

ചെരിപ്പുവാറ്-ചെരിപ്പു കുട്ടിക്കെട്ടുന്ന വാറ്.

ചെരിവ്, ചരിവ്, ചരുവ്-മലയുടെ ഇറക്കം.

ചെരുമൽ-ഞെരുക്കം.

ചെറ്റുത്തു-ചോമ്പാത്തു, ചകോരം.

ചെല്വം-നിക്ഷേപം, ധനം, ഐശ്വര്യം

ചെലത്ത-ശ്ലഥ.

ചെലവ്-പ. തനിക്കാവശ്യമുള്ള കാര്യങ്ങൾക്കായിട്ടു കൊടുക്കുന്ന മുതൽ, ചെലവുകൾ. ക. ചെലവിനായിട്ടു നിശ്ചയിച്ചു വെച്ചിരിക്കുന്ന മുതൽ. ന. വില-

മലവഴിക്കുക-ക്രി. ചെലവിടുക. പ. നശിപ്പിക്കുക.

ചെലവാകുക-ക്രി. ചെലവിടുക. പ. നശിപ്പിക്കുക [ക കൃ. ചെലവാക്കുക]

ചെലവുപ്പ്-ചെലവാകുക.

ചെലവിടുക-ചെലവാകുക.

ചെലുചെലുക്കുക-എണ്ണയിൽ വല്ലതും കിടന്നു വെന്തു ശബ്ദിക്കുക.

ചെലുചെലുപ്പ്-എണ്ണയിൽ വല്ലതും കിടന്നു ചൊരിയുമ്പോഴുണ്ടാകുന്ന ശബ്ദം.

ചെലുചെലെ-അ. ക്രമമില്ലാത്ത ശബ്ദത്തോടെ

ചെലുത്തുക-ക്രി. കടത്തുക. പ. അടിച്ചു കേറുക നു. നടത്തുക ർ നടപ്പാക്കുക. ഇ. തീർത്തുകൊടുക്കുക. നു നിവർത്തിക്കുക ൈ വളരെ തിന്നുക, ചെലുത്തുക, ചെലുത്തൽ.

ചെല്ലുപ്പിള്ള-വാത്സല്യമുള്ള പൈതൽ.

ചെല്ലം-ക്ര രാജഭണ്ഡാരം. പ. ചെറിയ പിച്ചളപ്പെട്ടി, ചെല്ലം എന്ന പാത്രം. നു. പ്രോത്സാഹിപ്പിക്കൽ. ഉം-ം, ചെല്ലക്കിടാവ്, ചെല്ലംകൂട്ടുകാർ

ചെല്ലവിലാസം-തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലെ ഭണ്ഡാരവ്യാപാരം

ചെല്ലി-ക്ര കണ്ടത്തിൽ ഉണ്ടാകുന്ന ഒരുതരി പുല്ല്. പ. കുട്ടത്തിൽ നിന്ന് ഒരാളിപ്പായ മുഖം നു മനസ്സു നശിപ്പിക്കുന്ന ചെല്ലൽ ർ ചെറുതിരി പുഴു

ചെല്ലുക ക്ര പോകുക പ. ഏല്ക്കുക നു. പ്രവേശിക്കുക ർ. കഴിയുക, കടന്നുപോകുക ൽ സംഭവിക്കുക നു മരിയ്ക്കുക. ഭ ചെല്ലൽ, ചെലവു്

ചെവ്-ശബ്ദത്തെ അറിയുന്ന അവയവം (കാതു്). പല്ലുതേക്കുക, കണ്ണും, ശബ്ദം, ഗ്രഹം, ശ്രോത്രം, ശ്രുതി, ശ്രവണം, ശ്രവസ്സു്.

ചെവികടി-ക്ര. ചെവി ചൊറിച്ചിൽ. പ ചെവിക്കിൽ പറക.

ചെവികൊടുക്കുക-ശ്രദ്ധിക്കുക.

ചെവിക്കല്ലു്-ചെവിയുടെ അകത്തു് ശബ്ദം തട്ടുന്ന മധ്യഭാഗം.

ചെവിക്കുറ്റി-ചെവിയിലെമെഴു.

ചെവിക്കുടെ-ചെവിയുടെ മേൽഭാഗം.

ചെവിക്കുത്തു്-ചെവി വേദന. വെള്ളത്തെ എരിക്കിന്റെ ഇലയിൽ ഇത്തപ്പൂ പൊടിയും തുളസിനീരും ചുടിച്ചു അല്പമായി പൂരിയാശക്തം ആവിയിൽ വാട്ടിപ്പിഴിഞ്ഞ നീര് മൂന്നു തുള്ളിവീതം ചെവിയിലൊഴിച്ചാൽ ഏതുമാതിരി ചെവിക്കുത്തും ഉടൻ ശമിക്കും.

ചെവിക്കുന്നി-ചെവിയുടെ മേ ഭാഗം

ചെവികൊള്ളുക-കേൾക്കുക.

ചെവിട്ട്-ക്ര ചെവി. പ. ചെവികേൾക്കായ്ക.

ചെവിത്ത-ബധിര

ചെവിത്തട്ട്-ചെവിയുടെ കീഴ്ഭാഗം.

ചെവിത്തായ്ക്കി ചെവിപ്പിടി എടുക്കുന്ന വസ്തു

ചെവിപാക്കുക-കേൾക്കുന്നതിനുവേണ്ടി മറ്റൊരാളോടു ചെവികൊടുക്കുക.

ചെവിപ്പുണ്ണു്-ചെവിയ്ക്കിൽ കേറുന്ന ഒരു ചെറിയ പ്രാണി.

ചെവിപ്പൂ ചെവിയുടെ പേ ഭാഗം.

ചെവിപ്പൂ ചിലസ്ത്രീകൾ കാതിൽ ഇടുന്ന ഒരാഭരണം.

ചെവിമടൽ-ഉൾച്ചെവി.

ചെവിയാ-അത്തിക്കിഴുവിവേഷ്.

[വാതം, കഫം, പൂയ് മുതലായ പല രോഗങ്ങൾക്കും നസ്യം. സംസ്കൃതത്തിൽ-ഖാവിക. തമിഴിൽ-ചെവ്വിയം.]

ചെവിയോർമ്മ-കേൾക്കുന്നതിലെ ജാഗ്രത, ചെവിയുടെ സൂക്ഷ്മം.

ചെവ്വ്-ചൊവ്വ്, ഋജുത്വം, വളവില്ലായ്മ

ചെവ്വേ-അ. നേരേ.

ചെളി-ചേറ്, അഴുക്ക്.

ചെളിപ്പു-പൊതപ്പം (പ-മ.)

ചെളിക്ക-മത്സ്യത്തിന്റെ ചെതുമ്പൽ.

ചെള്ള്-പ. ഒരുവക ഈച്ച. ക. തെങ്ങിന്മേൽ ഉപദ്രവിക്കുന്ന ഒരുവക പറക്കുന്ന ചെറിയ പ്രാണി.

ചെള്ളകിഴി-ചെളിക്കഴി.

ചെള്ളകിഴി-ചെളിക്കഴി.

ചെള്ളം-ഒരുവക വൃക്ഷം.

ചെള്ളി-ചെങ്ങീൻ.

ചെഴ-വി. പ നല്ലതായ. ക. ബലമുള്ള. സു. മനോഹരമായ.

ചെഴുന്ന-വലുതായുള്ള (പ-മ.)

ചെഴും-ധാരാളമായുള്ള. (പ-മ.)

ചെറിയ-വി. പ. ചെറുതായുള്ള, അല്പമായുള്ള, സാരമില്ലാത്ത ക. ഇളയ പ്രായമുള്ള.

ചെറിയ കണ്ടകാരിവ്വുണ്ട-തൂതുവള.

ചെറിയ കാട്ടുവെള്ളരി-പേക്കുമ്മട്ടി.

ചെറിയ കിവുകിലുപ്പു-പുണ്ണില.

ചെറിയ കുമ്പളം-ഒനയ്ക്കുമ്പളം.

ചെറിയ കുരുവിക്കുരുമു-ചെറിയ കശ.

ചെറിയതു-ചെറുതായുള്ളതു, താഴ്ന്നതു

ചെറിയവൻ-പ. ഇളയപ്രായമുള്ള ഒരാൾ. ക. താഴ്ന്ന ആൾ.

ചെറിയിക്കുന്ന-ചെറുതാക്കുന്ന

ചെറുക്കുക-പ എതിർക്കുക. ക തടുക്കുക

ചെറുചക്കി മുഖം വെളുത്ത കരടു.

ചെറു (ഒരു ശ്രേഷ്ഠഭേദകം) പ ചെറിയ. ക. ഇളയപ്രായമുള്ള.

ചെറുക-ദേഹം.

[ചെറുകയടുക്കുക=ദേഹം മുഴുക്കുക. ഉ-ം, 'മൂർന്നു വക്കുറങ്ങുമനന്തരമുണരും ചെറുകയടുക്കും'.]

(ഭഗവൽഗീത-മാധവപ്പണിക്കർ)

ചെറുകച്ച കോണകം.

ചെറുകച്ചോലം-ഒരു സൌരഭ്യമുള്ള മരുന്നു പുൽമഞ്ഞൾ, കൂവ ചായ്യാങ്ങം-ശടി, ഗന്ധമൂലി, ക്ഷുദ്രഗ്രന്ഥിക, കർപ്പൂരം, പലാശം.

[സന്നിപാതജ്വരം, വ്രണം, കാസം, കഫരോഗം, അരോചകം, ചൊറി, രക്തദോഷം, വക്ത്രരോഗം ഇവക്കു നന്നു].

ചെറുകടലാടി ഒരുവക പച്ചമരുന്നു

ചെറുകടുക്ക-കടുക രണ്ടുതരമുള്ളതിൽ ഒന്നു.

ചെറുകത്തി-ഒരുമാതിരി പിച്ചാത്തി.

ചെറുകദളി-ഒരുവക ചെടി.

ചെറുകമുക്ക-ഒരുവക കമുകുമരം.

ചെറുകഴക്കോൽ-പുരയുടെ കഴുക്കോലിന്റെ ഇടയിൽ കോൽക്കുന്ന വാരി.

ചെറുകറിക്കൊപ്പു-പുണ്ട (പുണ്ടയ്ക്കും), അച്ചിങ്ങ, അമരാക്ക, വഴുതിനങ്ങ ഇത്യാദി.

ചെറുകാഞ്ഞിരം-ഒരുവക കൈപ്പുള്ള മരം

ചെറുകാര-ചെറിയ മുള്ളുകാട്ടു.

ചെറുകിട-വി ഇളയ പ്രായമുള്ള കൊച്ചായുള്ള

ചെറുകിഴങ്ങു-ഒരുമാതിരി ചെറിയ കിഴങ്ങു.

ചെറുകിഴുകാനെല്ലി-ഒരുവക ചെടി

ചെറുകുക-കായുക, കൊച്ചാകുക, മുരങ്ങുക, മുളുങ്ങുക.

ചെറുകുടൽ-ചെറിയ കുടൽ.

ചെറുകുഴിഞ്ഞു-വസ്ത്രത്തിൽച്ചേർന്ന ഒരു കാസസ്സുദ്രവ്യം.

ചെറുകുമ്മട്ടി-കുമ്മട്ടിവകയിൽ ഒന്നു.

ചെറുകുടുംബൻ-ക്രൂരൻ(നായാട്ടുപേർ)
ചെറുകുറുഞ്ഞി-ഒരുവക ചെടി.
ചെറുകെ-അ. ചെറുതായിട്ട, അല്പമായിട്ട്.
ചെറുകൈത-വിരകൈത
ചെറുകൈയ്പ്പ-വി. കാഞ്ഞ കയ്പ്പുള്ള.
ചെറുകൊന്ന-ഒരുവക വൃക്ഷം. തമിഴിൽ കോങ്കുമരം.
ചെറുകോൽപനച്ചി-ഒരു ചെടി.
ചെറുക്കാവ്-ഒരു വൃക്ഷം. തമിഴിൽ ചെറുകടം.
ചെറുക്കൻ-പ്ര ബാലൻ. ഉ. ശിഷ്യൻ.
ചെറുക്കുക-ക്രി. നിറുത്തുക. ഉ. വിരോധിക്കുക. ന. തടുക്കുക. ര. കൊല്ലുക.
ചെറുചന്നം-ചന്നം തണ്ടുള്ളതിൽ ചെറിയമാതിരി.
ചെറുചാര-ഒരുവക നെല്ല്.
ചെറുചീര-ഒരുവക ചീര.
ചെറുചുണ്ട—ഒരുവക ചെടി, പുത്തരിച്ചുണ്ട.
ചെറുചൂട്-അല്പചൂട്, മന്ദോഷ്ണം.
ചെറുചൂരൽ-ഒരുവക ചൂരൽ.
ചെറുഞാഞ്ഞാലി-ഞാണിന്റെ മറ്റൊരു
ചെറുത-വി കൊച്ചായിട്ടുള്ള, ഇളയ.
ചെറുത്-കൊച്ച്.
ചെറുതണ്ടി-വി. ചെറിയ തരത്തിലുള്ള
ചെറുതര-വി. ചെറിയ കൂട്ടത്തിലുള്ള.
ചെറുതാളി-ഒരുവക താളി.
ചെറുതുടലി ഒരുവക മുൾക്കാട്.
ചെറുതുളസി-ഒരുവക തുളസി.
ചെറുതേക്ക്-ഒരുവക പച്ചമരുന്ന്.
ചെറുതേൻ-ചെറിയ ഈച്ചയിൽ നിന്നുണ്ടാകുന്ന തേൻ.
ചെറുനാരകം-ജംഭീരകനാരകം.
ചെറുനാരങ്ങ-പ്ര. ജംഭീരകനാരങ്ങ. ഉ. മധുരനാരങ്ങ.
ചെറുനാവ്-ചെറുനാക്ക്, കനംകുറഞ്ഞ നാക്ക്.
ചെറുനാഴി-ഇടങ്ങഴിയിൽ നാലിൽ ഒരംശം.
ചെറുനീര്-മൂത്രം.
ചെറുപഞ്ചമൂലം-ഒരിരിക്ക മുതലായ അഞ്ചുവേര മരുന്നിനം കൂടെയുള്ള പേർ.
ചെറുപയറ്-ഒരു പച്ചനിറമായ പയറ [കഫം, പിത്തം, നേത്രരോഗം, രക്തദോഷം, ജ്വരം, ഇവയ്ക്കു നന്ന്. കാഞ്ഞിരാന്ന വരുത്തെ കേടുപിപ്പിക്കും. ഗർഭകാന്തിയെ ഉണ്ടാക്കും. മലത്തെ പിടിക്കും കണ്ണിനു ഹിതമാണ്. ശിംബിധാന്യങ്ങളിൽവെച്ചു ശ്രേഷ്ഠമാണ്. ഇതു പലതരത്തിലുണ്ട്. സംസ്കൃതത്തിൽ മുദ്ഗം]
ചെറുപിടക്കോൽ-ഒരു ദേശാടിച്ചെടി.
ചെറുപിന്നേറുതടി-ചെറിയ കനം.
ചെറുപുളി-അല്പമായിട്ടുള്ള പുളി.
ചെറുപുള്ളി-അല്പബുദ്ധി മുതലുള്ള കളിയാൻ.
ചെറുപൂള-ഒരു പച്ചമരുന്ന്.
ചെറുപ്പകാലം-ബാല്യകാലം, വയസ്സു കുറഞ്ഞിരിക്കുന്ന സമയം
ചെറുപ്പക്കാരൻ-ബാല്യക്കാരൻ, വയസ്സ് കുറഞ്ഞവൻ.
ചെറുപ്പക്കാരി-ബാല്യക്കാരത്തി, വയസ്സു കുറഞ്ഞവൾ.
ചെറുപ്പ-വി. ഇളയവയസ്സുള്ള, ചെറിയ.
ചെറുപ്പം-ബാല്യം.
ചെറുപ്പുന്ന-ഒരുമാതിരി വൃക്ഷം, വലുപ്പവും.
ചെറുപ്പുന്നയില-ചെറുപ്പുന്ന വൃക്ഷത്തിന്റെ ഇല, ഒരുതരം അരി, രോഗശമനത്തിന്.
ചെറുപ്പുള്ളടി-ഒരു പച്ചമരുന്ന്, നിലപ്പനയുടെ.
ചെറുപ്പ-ചെറുപ്പം.
ചെറുമണലി-ഒരു ചെടി.

ചെറുമൻ-പുലയൻ.

ചെറുമന്തി-മുഖം വെളുത്ത കരടു്.

ചെറുമപ്പാട്ടു്-പുലയരുടെ തീണ്ടാവഴി യകലം

ചെറുമരപാ-ഒരുവകവൃക്ഷം.

ചെറുമി-പുലയന്റെ സ്ത്രീ, പുലക്കള്ളി.

ചെറുമുല്ല-ഒരുവക പൂവുള്ള ചെടി.

ചെറുമുഞ്ഞ-കാട്ടുമുഞ്ഞ.

ചെറുവന്നി-കാട്ടുവന്നി. ചെറിയ ഇല യുള്ള ഒരു വൃക്ഷം.

ചെറുവഴുതിന-കാട്ടുവഴുതിന, ഒരു പ ച്ചമരുന്നു. കറുത്തുമുണ്ടു. അനവധുണ്ടു

ചെറുവാഠം-ഒരുമാതിരി ചെറിയ വാഠം

ചെറുവിത്തു്-മുപ്പുകുറഞ്ഞ വിത്തു്, വേ ഗത്തിൽ വിളയുന്ന ഒരുമാതിരി നെല്ലു്.

ചെറുവിരൽ-അഞ്ചുവിരലുള്ളതിൽ കൊ ച്ചു വിരൽ.

ചെറുവേലം-ഒരു വൃക്ഷം.

[കഫം, വാതരോഗം ഇവയ്ക്കു നന്നു്. പിത്തത്തെ വർദ്ധിപ്പിക്കും.]

ചെറുവേള-ഒരു ചെടി.

ചെറുശ്ശേരി-ഒരു ഗ്രന്ഥത്തിന്റെ പേരു്, കൃഷ്ണപ്പാട്ടു്, കൃഷ്ണഗാഥ

ചെറൂരൻ-ഒരുവക ചെടി.

ചെറു്-വി. അല്പം, കുറവു. (തമിഴിൽ-ചെത്ത)

ചെറാ-ഗ. വള്ളികൊണ്ടോ ഓലകൊ ണ്ടോ മേഞ്ഞുണ്ടാക്കുന്ന വസ്തു. ഉ. പാവപ്പെട്ടവന്റെ വീടു്, കുടിൽ.

ചെറാമ്പീടി-ചെറാകൊണ്ടുണ്ടാക്കിയ വീ ടു്.

ചെറാത്തരം-ഹീനത, ആഭാസത്വം.

ചെറും-അ. അല്പമെങ്കിലും.

## ചേ

ചേകവത്തി, ചോവത്തി-ഇഴച്ചി.

ചേകവൻ, ചോവൻ, ചേകോൻ-ഈഴവൻ, കള്ളുചെത്തുന്നവൻ.

ചേകവർ സേവകർ

ചേകിതാനൻ-ഗ ശിവൻ ഉ കേകയ രാജാവായ ധൃഷ്ടകേതുവിന്റെ പുത്രൻ, ഒരു യാദവരാജാവു്. മഹാഭാരതയുദ്ധത്തിൽ പാണ്ഡവരുടെ പക്ഷത്തിൽ ചേർന്നു യുദ്ധം ചെയ്തു.

ചേക്കുക-ഗ. വൃക്ഷങ്ങളിൽ കയറുക. ഉ. പക്ഷികൾ ചേക്കയേറുക.

ചേക്ക-പക്ഷികൾ രാത്രിയിൽ ഒരു വൃക്ഷത്തിൽ ഇരിക്കുക.

ചേക്കയിരിക്കുക-പക്ഷികൾ രാത്രിയിൽ ഒരു വൃക്ഷത്തിൽ കൂടി ഇരിക്കുക.

ചേക്കയിരിപ്പു്-പക്ഷികൾ രാത്രിയിൽ വൃക്ഷത്തിൽ കൂടിയിരിക്ക.

ചേക്കയേറുക, ചേക്കേറുക-പക്ഷി കൾ രാത്രിയിൽ ഉറങ്ങുവാൻ കേറുക.

'കൂട്ടുന്നതുമേറ്റുക്കാം
വിടിരുന്നിതുമാലതി
പ്രാക്കളംവന്നുചേക്കേറു-
ന്നക്കനസ്സമിതദ്ധ്രുവം'

(ഭാഷാകൃഷ്ണം)

ചേക്കൽ-അഴുകുക, ചീയുക.

ചേങ്ങു്-പണംവെച്ചു കളിക്കുന്ന ഒരു കളി

ചേങ്കില, ചേങ്ങില-ഓട്ടുകൊണ്ടുള്ള ഒരു വാദ്യം.

ചേടക്കോഴി-കേരപ്പുല്ലു് പാലക്കാട്ടുഭാ ഷയിൽ ഇട്ടുകൊണ്ടുണ്ടാക്കുന്നതു.

ചേടകൻ, ചേടൻ-ഭൃത്യൻ, വേലക്കാ രൻ. അന്യൻ പറഞ്ഞതു കേട്ടു നടക്കു ന്നവൻ എന്നർത്ഥം ഉ. ജാരൻ.

ചേടൻ-നായകന്റെ സഹായി, നായി കാനായകന്മാരെ അന്യോന്യം ചേർക്കുന്ന തിൽ വിരുതൻ. (നായകസഹായിക ചതുഷ്ടയം നോക്കുക)

ചേടി-പ്ര ദാസി. [ചേട്ട്=അഴക്-ത മിഴിൽ.] പ. ഒരുതരം മണ്ണ്.

ചേടിമണ്ണ്-വെളുത്തമണ്ണ്.

ചേട്ട-പ്ര. വൃത്തികേടിനുള്ള ഒരു മൂത്തി, മൂദേവി, ലക്ഷ്മിയുടെ ജ്യേഷ്ഠത്തി. പ. ചേട്ടത്തി. ന. മരുമാതിരി പായു്. ര. ദുർബുദ്ധിയുള്ളവൻ.

ചേട്ടക്കാരൻ-വകയ്ക്കൊള്ളാത്തവൻ.

ചേട്ടത്തി-പ്ര. മൂത്തസഹോദരി. പ ജ്യേഷ്ഠൻറെ ഭാര്യ.

ചേട്ടൻ-പ്ര. മൂത്തസഹോദരൻ, ജ്യേഷ്ഠൻ. പ. നായർ വർഗ്ഗത്തിൽ അനന്തരത്തി ജ്യേഷ്ഠത്തിയുടെ ഭർത്താവിനെ വിളിക്കുന്ന പേർ.

ചേട്ടവക-ഒരുവക പാമ്പു്.

ചേണ്-പ്ര. ശക്തി, ബലം. പ. ഭംഗി. ന. സ്ഥിരതം. ര. മീൻപിടിപ്പാൻ വേ കൊണ്ടുണ്ടാക്കുന്നതു്. ഇ. അരിപ്പു്.

ചേണം-നാട്ടുകാരുടെ ഒരുമാതിരി ജീനി.

ചേണാന്ന-വി. ബലമുള്ള, ഉറപ്പുള്ള. ചേൺ=ഉയർച്ച. ആർ=അപൂർവം.] ഉയർച്ചയുള്ളതും അപൂർവവുമായ എന്നർത്ഥം

ചേണി-ഏണി, ശ്രേണി.

ചേണിയൽ-ഭംഗിയുള്ള. (പ-മ)

ചേണുറ-വി. ശക്തിയുള്ള.

ചേതകി-കടുക്കമരം. വിശേഷജ്ഞാനത്തെ ഉണ്ടാക്കുന്നതു് എന്നർത്ഥം.

ചേതന-വി. ജീവനുള്ള.

ചേതന-പ്ര. ബുദ്ധി. ഇതുനിമിത്തം ജ്ഞാനത്തോടു കൂടിയിർക്കുന്നു. അതിനാൽ ഈ പേരുണ്ടായി. പ. ജ്ഞാനം. ന. ജീവൻ.

[മനസ്സു സങ്കല്പവികല്പവും ബുദ്ധി നിശ്ചയാത്മികയുമാകുന്നു.]

ചേതനകി-കടുക്ക.

ചേതനൻ-പ്രാണിജ്ഞാനമുള്ളവൻ, ജീവനുള്ളവൻ.

ചേതനാ-ജീവജ്ഞാ.

ചേതപാതം-നഷ്ടം, നാശം

ചേതം-പ്ര. ഹാനി, നഷ്ടം, കാച്ചിൽ. പ. ഉപദ്രവം, നാശം. ന. ആപത്തു്.

ചേതയുഗം-ചേതസ്സിൽ. (പ-മ)

ചേതസ്സു്-മനസ്സു്. ഇതു കൊണ്ടറിയുന്നതിനാൽ ഈ പേരുണ്ടായി. വിശേഷജ്ഞാനമുള്ളതു് എന്നർത്ഥം.

ചേതി, ചെയ്തി-വർത്തനം.

ചേതിക-ചിച്ചകം.

ചേതിരിവു-കേടിക്കുഴക്കോലിൽ നിന്നു ഇരുപുറത്തോട്ടും ഇറക്കുന്ന കട്ടക്കോൽ.

ചേതോരംഗം-മനസ്സു്.

ചേതോഹരം-വി പ. ആനന്ദജനകം. പ. ഇഷ്ടമുള്ള.

ചേദി-ഒരു പുരാതനരാജ്യം.

[ഇതിൽ ബന്ധുഖ്യു് മധ്യപ്രദേശങ്ങൾ എന്നീ ആധുനിക വിഭാഗങ്ങൾ ഉൾപ്പെട്ടിരുന്നു.]

ചേദിരാജൻ-ചേദിരാജ്യത്തെ രാജാവു്.

[ശിശുപാലൻ ഒരു ചേദിരാജാവാണു്.]

ചേന-ഒരുമാതിരി വട്ടത്തിലുള്ള കിഴങ്ങു്. പര്യായങ്ങൾ- അർശോഘ്നം, സൂരണം, കന്ദം.

[കാട്ടുചേനയ്ക്കു വന്യസൂരണം എന്നു പറയപ്പെടുന്നു. 'വന്യസൂരണകന്ദസ്തു വിശേഷാൽസംഹിത' എന്നു പ്രമാണം. ചേന-കഫവാതരോഗങ്ങൾ, പ്ലീഹ, കൃമിരോഗം, ഗുല്മം, ശ്വാസം, ചുമ, അർശസ്സു്, മൂലക്ഷതം, ഹൃദ്രോഗം, ഗുല്മം, രക്തദോഷം ഇവയ്ക്കു നന്നു്. രുചികരമാണു്. അല്പം പുഴുവിരസമുണ്ടു്. അഗ്നിബലത്തെ ഉണ്ടാക്കും. മേദസ്സിനെ ക്ഷയിപ്പിക്കും. പാചനമാകുന്നു. രക്തപിത്തം, ചൊറി, കുഷ്ഠം ഇവ രോഗങ്ങളുള്ളവർക്കു നന്നല്ല താനും. അർശസ്സിനു നന്നു്. രക്തപിത്തം, കുഷ്ഠം എന്നിവ

ഇംഗ്ലീഷിൽ-A kind of yam ഏ കൈൻഡ് ഓഫ് യാം. കാട്ടുചേനാക്ക ഓ ശബ്ദം നോക്കുക.]

ചേനത്തണ്ടൻ-പ ഒരുമാതിരി പായ്. ക ഒരുമാതിരി വസ്ത്രം.

ചേനത്തലയൻ-കക്ഷണ്ടിയുള്ളവൻ.

ചേനാണ്ണ-നിലം, വയൽ.

ചേന്തൽ-ചെരിച്ചു ചെത്തുക.

ചേന്തുക-ചെരിച്ചു ചെത്തുക.

ചേപ്പ്-കീശ, കുപ്പായസഞ്ചി.

ചേമന്തി-ഒരുമാതിരി പൂച്ചെടി.

[വാതം, പിത്തം, കഫം, വായ്പുണ്ണ് മുതലായവക്കു നന്ന്. പൂവ് വെളുത്തിരിക്കും. സംസ്കൃതത്തിൽ- ശതപത്രി.]

ചേമ്പ്-ചൊറിയുന്ന ഒരുമാതിരി ചെറിയ കിഴങ്ങ്.

[പിത്തത്തിനും രക്തദോഷത്തിനും നന്ന്. മൂലപ്പാലിനെ വർദ്ധിപ്പിക്കും കഫവാതങ്ങളെയും ബലത്തെയും അധികമാക്കും. വിഷ്ടംഭത്തെ ഉണ്ടാക്കും. മലമൂത്രങ്ങളെ പുറത്തു കളയും. ഇതിനോടു വെണ്ണചേർത്തു ഭക്ഷിക്കരുത്. ഇതുപോലെയുള്ള മറ്റു കിഴങ്ങുകളും ഭക്ഷിച്ചുണ്ടാകുന്ന അജീർണ്ണങ്ങൾ തൃകടുകഷായത്തിൽ കായം ചേർത്തു സേവിക്കുക. സംസ്കൃതത്തിൽ-അലുകം.]

ചേരു-പ ഒരുവക വൃക്ഷം. പര്യായങ്ങൾ-വീരവൃക്ഷം, അരിഷ്ടകം, അഗ്നിമുഖ, മല്ലാതകി. ക. ഒരുവൃക്ഷം. നെല്ലടുപ്പിനുമീതെ വല്ലവും വയ്ക്കുന്നതിനായിട്ട് ചെങ്കല്ലുണ്ടാക്കുന്നതു്.

[ചേർ ഒരു ഉപവൃക്ഷമാകുന്നു. പ്രധാനമായ വൃക്ഷത്തിന്നു താങ്ങിയാണു ചേർക്കു ചേർച്ചുണ്ടാകുന്ന വികാരത്തിന്നു ചെറുചീര നീര പടലാസാരം ചേർത്തു സേവിക്കുക. ഇതു തട്ടിയുണ്ടാകുന്ന ശോഫാദി വികാരത്തിൽ ചെറുചീര സമൂലം കടുക് ഇവ സമം വെണ്ണചേർത്തരച്ചു തേക്കുക. തമിഴിൽ-ചോകാടെട്ടെ. ഇംഗ്ലീഷിൽ - Marking-nut plant. മാർക്കിങ് നട്ട് പ്ലാൻറ്.]

ചേറു-ഒരുവക വിഷമില്ലാത്ത പായ്. പര്യായങ്ങൾ-രാജിലം, ഡുണ്ഡുഭം (ഉണ്ടുഭം). (നായാട്ടുപേർ-എഴുത്തണിയാലൻ)

ചേരഉദയമാർത്താണ്ഡവർമ്മാ-ഒരു മഹാരാജാവു്.

[എ-ഡി ഏഴാം ശതകത്തിൽ തിരുവിതാംകൂറിൽ സിംഹാസനാരോഹണം ചെയ്തു.]

ചേരട്ട-പ പെരിക്കാലട്ട. പര്യായങ്ങൾ-കണ്ണുകളെകസ്സ്, ശതപദി ഇവ ക-ം പഴന്തമിഴരുടെ പേരെന്നും പക്ഷമുണ്ട്. തമിഴിൽ-ചെവ്വട്ട. ക. ചൊറന്ന അട്ട.

ചേരൻ-കേരളരാജ്യത്തിലേ പണ്ടത്തെ ഒരു രാജാവിന്റെ പേർ. കരമന്ദമഹാരാജാവിന്റെ ഒരു പുത്രൻ.

ചേരക്കോഴു-കിഴക്കൻ കാറ്റ്.

ചേരട്ടപ്പാമ്പ്-ഒരുവക പായ്.

ചേരം-കേരളരാജ്യം, മലയാളം.

[പുരാതനകാലങ്ങളിൽ ചേരം, കേരളം ഒരു രാജ്യമായിരുന്നു. എ-ഡി-നൂവൻ-ൽ രണ്ടു രാജ്യങ്ങളായി ഭവിച്ചു. ചേരരാജ്യത്തിൽ കോയമ്പത്തൂർ ജില്ലയും സൌസൂർ സേലം ഇവയുടെ തെക്കിണ്ടാഗങ്ങളും, കേരളത്തിൽ തിരുവിതാംകൂർ കൊച്ചി മലബാർ ഇവയും ഉൾപ്പെട്ടിരുന്നു.]

ചേരമാൻ കേരളൻ-കലി നൂറ്റാണ്ടിൽ കേരളത്തെ ഭരിച്ച ഒരു രാജാവു്.

ചേരമാൻ പെരുമാൾ- കേരളത്തിലേ ഒടുവിലത്തെ മഹാരാജാവു്.

[ദാസ്യൂരരവിപ്പെരുമാൾ എന്നും പറയും. കലി സ൪൪൭-ൽ കേരളം ഭരിച്ചിരുന്നു. വളരെകാലം വാണതായിട്ടാണ് അറിവ്.]

ചേരാത്ത-വി. ചേച്ചയില്ലാത്ത, ഒരുമിപ്പില്ലാത്ത.

ചേരാമ്പതിവ്, ചേരമാമ്പതിവ്-ചേരമാൻ പെരുമാൾ മലയാളത്തിൽ പണ്ട് കല്പിച്ചിരുന്ന ചട്ടം.

ചേരായിസ്വരൂപം-കായംകുളം രാജാവ്.

ചേരായ്ക-യോജിപ്പില്ലായ്ക.

ചേരായ്മ-ചേച്ചകേട്, ഒരുമിപ്പുകേട്.

ചേരി-പ. പട്ടണം. ക. ചെറിയ ഗ്രാമം, ഗ്രാമം. ന. അയൽപക്കം. ര. ജനക്കൂട്ടം. ങ പട്ടാമ്പത്തിൽ ഒരു ദേശം.

ചേരിക്കൽ-പ. കൃഷിചെയ്യുന്ന മല. ക. മേയുക്കുന്ന സ്ഥലം. ന. രാജാക്കന്മാരുടേയും ക്ഷേത്രങ്ങളുടേയും വകയായ ഏതാനും ഭൂമി. ര. സങ്കേതം.

ചേരിക്കാർ-കരക്കാർ.

ചേരുക-പ. സമീപിക്കുക. ക. കിട്ടുക. ന. സംബന്ധിക്കുക. ര. കൂട്ടുക. ങ. ഒന്നിക്കുക. ന. ഉടമപ്പെടുക. [ചേർക്കുക. സ. ക്രി.]

ചേരുംവണ്ണം-അ. ചേരുന്നപ്രകാരം, യുക്തംപോലെ

ചേരുമാനക്കാരൻ-ഒരു താഴ്ന്ന സക്കാർ ഉദ്യോഗസ്ഥൻ. ക. ഒരു ഗ്രാമത്തിലെ പ്രമാണി.

ചേരുമാനം-പ. ശേഖരം. ക. സക്കാരിൽ ഒരു താഴ്ന്ന ഉദ്യോഗം. ന. സംബന്ധം. ര. കലച്ച, മിശ്രം.

ചേരുവ-ചേച്ച, കലച്ച.

ചേർ-വി. ചേരുന്ന. (പ-മ.)

ചേർക്കുക-ചേരുമരത്തിന്റെ കായ്.

ചേർച്ച-പ. സ്നേഹം. ക. യോജിപ്പ്, സംബന്ധം. ന യോഗ്യത. ര. അടുപ്പം.

[ചേർ എന്ന ധാതുവിൽനിന്ന്. ചേർ, ചേർപ്പ്, ചേർക്ക മുതലായതു നോക്കുക]

ചേർച്ചകേട്-യോജിച്ചില്ലായ്മ.

ചേർച്ചക്കാരൻ-ചേർച്ചയുള്ളവൻ.

ചേർത്ത-വി. അരികെയുള്ള, മുറിച്ച.

ചേർന്ന-വി. അരികെയുള്ള, യോജിച്ച, സംബന്ധിച്ച.

ചേർന്നവൻ-സ്നേഹിതൻ, ഉടപ്പക്കാരൻ.

ചേർന്നുകൂട്ടുക-പ. കൂട്ടുക. ക. ഒന്നിച്ച് കൂട്ടുക. ന. വല്ലതും സാധിക്കുന്നതിനു വേണ്ടി സ്നേഹം ഭാവിക്കുക.

ചേപ്പടം-മുക്കിഞ്ഞ മുണ്ട്.

ചേർപ്പ്-പ. ഒന്നിപ്പ്. ക. യോജന, ചേർക്ക.

ചേർമങ്ങലം-ചേങ്ങില.

'മേളത്തിൽനിന്നതകിലുംമുരശും
താളംപിഴക്കാതെചേർമങ്ങലവും'
(അത്തോനകാരം)

ചേർലാഭം-കൊഴലാഭം.

ചേൽ(ല്)-ഭംഗി.

ചേലു(ൽ)-വി. പ ഭംഗിയുള്ള. [ചേൽ=ചെല്ലും. ഉ-ം, ചേൽക്കണ്ണാൾ] ക. നിറമുള്ള. ന. യോഗ്യമായുള്ള. ര. സ്നേഹമുള്ള. ങ. ആശ്വാസമുള്ള. ന. തരമുള്ള.

ചേൽക്കണ്ണാൾ-സുന്ദരി. (ചേല് എന്നതു നോക്കുക.)

ചേവ-വി. നിന്ദ്യമായ

ചേവൽ-പ സ്വീകരിച്ചു ഉടുക്കുന്ന കളിയുള്ള വസ്ത്രം. ക. ചേലാകൽ. ന. തെക്കൻ വൃക്ഷം (ഇതു വൃക്ഷത്തിന്റെ തൊലി.)

ചേവൽകം-ഒരു സുഗന്ധമുള്ള പുല്ലിന്റെ പേർ.

ചേവലപ്രക്ഷാളകൻ-കേളുത്തോടൻ, അലക്കുകാരൻ.

ചേവൽ-പ. വസ്ത്രം. മറയ്ക്കപ്പെടുന്നതെന്നർത്ഥം.

'ചേലാന്തനു തിരോധത്തേ സ്തനതടം
ബിംബാധരം പാണിനാ'
(കുവലയാനന്ദം)

[ചേലം എന്ന ശബ്ദം പടങ്ങളുടെ ഒടുവിൽ വരുമ്പോൾ 'ചീത്ത' എന്നർത്ഥം വരും. ഉ-ം, ഭേഷ്യാചേലം].

ഏ. ഒരു പട്ടണം.

ചേലമരം-ഒരുമാതിരി വൃക്ഷം.

ചേലാ-വസ്ത്രം.

ചേലാകമ്മം-മാഗ്ഗല്യസ്നാനം.

ചേലാകുക-ഗ. നിരപ്പാവുക. ഉ. യോഗ്യമാകുക. ങ. അനുകൂലമാകുക. ര. സുഖം വരുക. [ചേലാക്കുക. സ. ക്രി.]

ചേലാലം-വെള്ളരിക്ക.

ചേലിക-റവുക്ക.

ചേലിച്ചീമം, ചേലിമം-ചെമ്മീൻ.

ചേലേയകം, ചേലേയം-ഗ. ഒരുങ്ങാടിമരുന്ന്, കൽപ്പൂവ്. പര്യായങ്ങൾ-കാളാനുസാര്യം, വൃദ്ധം, അശ്മപുഷ്പം, ശീതശിവം, ശൈലേയം.

[ചേലേയം-ജ്വരം, ചുട്ടനീറൽ, കഫം, പിത്തം, രക്തദോഷം, ദാഹം, ഛർദ്ദി, ശ്വാസം, വിഷം, കൃമി, രക്തപിത്തം, വായുമുട്ടൽ, ചൊറി, കുഷ്ഠം, അശ്മരി, വ്രണം ഇവക്കു നന്ന്. ശീതളമാണ്. രുചിയെ ഉണ്ടാക്കും. തമിഴിൽ-കൽമുന്ന്. ഇംഗ്ലീഷിൽ-(Permelia, Benzoin)പെർമേലിയാ ബെൻസോയ്ൻ].

ഉ. ചാന്തിലൈം.

ചേൽ-അ. ഗ. ഏങ്കിൽ. മറ്റൊരു പര്യായം-യദി. ഉ. എന്ന്.

ചേൽക്കണ്ണി-നല്ല കണ്ണുള്ളവൾ, സുന്ദരി.

ചേവകക്കാരൻ-ഗ. ഭൃത്യൻ. ഉ. ഭടൻ.

ചേവകൻ-ഗ. സേവകൻ. ഉ. ഭൃത്യൻ. ന. ഭടൻ. ര. ശിപായി.

ചേവകം-ഗ. സേവ. ഉ. ഉദ്യോഗം. ന. യുദ്ധസാമർത്ഥ്യം.

ചേവകമോടി-സേവകന്മാരുടെ ചര്യ

ചേവടി-ഗ. പാദം, കാൽ ചുവട്. ഉ. വണങ്ങുവൻ തക്ക പാദം. ന. (ചെ + അടി) ചെമന്ന കാൽ.

ചേവടിത്തളിർ, ചേവടിത്താർ-ദേവിയുള്ള കാൽ ചുവട്.

ചേവൽ-പൂവൻകോഴി.

[ചാവൽ എന്നതു അധികം നടപ്പ്]

ചേഷ്ട, ചേഷ്ടനം-ഗ. ഗോഷ്ടി. ഉ. വ്യാപാരം. ന. പ്രവൃത്തി. ര. ഹിതാഹിതപ്രാപ്തിപരിഹാരാർത്ഥക്രിയ.

ചേഷ്ടിക്കുക-പ്രവർത്തിക്കുക.

ചേഷ്ടിതം-പ്രവൃത്തി.

ചേള-ഒരുവക മീൻ. ചെമ്മീൻക്കോര.

ചേളാകം-കച്ചവടച്ചരക്ക് ഇട്ട് തോളിൽ വഹിച്ചുംകൊണ്ട് നടക്കുന്ന ഒരുമാതിരി സഞ്ചി, ചാക്ക്.

ചേറൽ-അരിയും മറവും മുറത്തിലിട്ട് തിരിക്കുക. പോറുക (പാറുക).

ചേറ്-ഗ. ചെളി. ഉ ചേർമരം.

ചേറുക-നെല്ല് മുതലായതിന്റെ പതിർ കളഞ്ഞു ശുദ്ധിയാക്കുക, പാറുക (പോറുക).

ചേറുമീൻ-ഒരുവക മത്സ്യം.

ചേറുമുറം—അരിയും മറവും തിരിക്കുന്ന മുറം. പോറുന്ന (പാറുന്ന) മുറം.

ചേറുകണ്ടം—പാടം. (ചേറുകണ്ടം > <പുഴിക്കണ്ടം). നീരുവിതയ്ക്കുള്ള കണ്ടം.

ചേറുകത്തി-ചോകോന്മാരു കൊണ്ടു നടക്കുന്ന ഒരുമാതിരി വീതിയുള്ള കത്തി

ചേറുവടി-ഗ. നിരയില്ലുള്ള അടിപ്പടി. പര്യായങ്ങൾ-ഗൃഹാവഗ്രഹണി, ദേഹളി. ഉ പിച്ചാത്തി മുതലായവ തേയ്ക്കുന്ന മരക്കഷണം.

ചോറുപാട്ട്-ചോറുള്ള മണ്ണ് (നിലം).
ചോറുവിത-കണ്ടത്തിൽ വിതയ്ക്കുക.

## ചൈ

ചൈതന്യചന്ദ്രോദയം-ഒരു നാടകം [ഇതു കവികർണ്ണപൂരൻ ഉണ്ടാക്കിയതാണ്. ചൈതന്യൻ ഒരു വൈഷ്ണവപരിഷ്കാരിയായിരുന്നു. വിഷ്ണുവിന്റെ ഒരവതാരമെന്നു ചിലരുടെ അഭിപ്രായം].
ചൈതന്യൻ-ഒരു വൈഷ്ണവപരിഷ്കാരി
ചൈതന്യഭേദചതുഷ്ടയം— പ്രമാതൃചൈതന്യം, പ്രമാണചൈതന്യം, പ്രമാണചൈതന്യം, പ്രമേയ ചൈതന്യം (വിക്ഷയചൈതന്യം)
ചൈതന്യാ-പ. ആത്മാവിന്റെ അവസ്ഥ ഉ. ജീവശക്തി. സ. വീര്യം.
ചൈത്താൻ, ചൈകിത്താൻ-പിശാച്, രാക്ഷസൻ. (അറബിഭാഷ).
ചൈത്യ-വി. ഈശ്വരാരാധനയ്ക്കുള്ള.
ചൈത്യ-പ. യജ്ഞസ്ഥാനവിശേഷം. അഗ്നിയുടേതെന്നർത്ഥം. ബുദ്ധിക്കുള്ള സ്ഥലം, ബലിപീഠം. ഉ. ദേവാലയം, ക്ഷേത്രം. സ. രാജപുജിതവൃക്ഷം. ര ബുദ്ധന്റെയുകത്തക്ക അടയാളം ല. ബുദ്ധക്ഷേത്രം.
ചൈത്യകം-അരയാൽ.
ചൈത്യതരു-അരയാൽ.
ചൈത്രമാസം, ചൈത്രം —മേടമാസം. ചിത്തിരനക്ഷത്രത്തോടുകൂടിയ പൂർണ്ണിമ ഈ മാസത്തിൽ വരുന്നതിനാൽ ഈ പേരുണ്ടായി.
ചൈത്രരഥം-കുബേരന്റെ പൂങ്കാവ്. ചിത്രരഥൻ എന്ന ഗന്ധർവനാൽ നിർമ്മിക്കപ്പെട്ടതുകൊണ്ട് ഈ പേരുണ്ടായി.
ചൈത്രി-ചൈത്രമാസത്തിലെ പൂർണ്ണിമ.
ചൈത്രികം, ചൈത്രി-മേടമാസം.
ചൈദ്യൻ-ചേദിരാജ്യത്തെ രാജാവ്.
ചൈല-വി. വസ്ത്രംകൊണ്ടുണ്ടാക്കിയ.
ചൈലധാവൻ-വെള്ളത്തേടൻ, അലക്കുകാരൻ.
ചൈലം-പ വസ്ത്രം [ചേലം എന്നതിന്റെ പഴയരൂപം]. ഉ. മാസം.

## ചൊ

ചൊക്കുക്കാൻ ഒരുമാതിരി പൂതുകളി.
ചൊക്കട്ടാമണ്ഡപം-പ. ഒരുമാതിരി ആസ്ഥാനമണ്ഡപം. ഉ. ഒരുമാതിരി കളിസ്ഥലം.
ചൊക്കൻ-പ. കാവൽ കാക്കുന്ന പട്ടി. ഉ. കരടു. സ. പട്ടി.
ചൊക്കനാഥൻ—യുധിഷ്ഠിരവിജയവ്യാഖ്യാനത്തിന്റെ കർത്താവ്. ചൊക്കം = (തമിഴിൽ) മംഗ.
ചൊക്കി—പ. ക്രൂത്തിപ്പട്ടി. ഉ. പെൺപൂച്ച. സ. ചെണ്ടുമല്ലിക (ചീനരച്ചൊക്കി) ര പെൺകരടു.
ചൊക്കിളി-സ്തംഭശരവിനോദം.
ചൊങ്കൻ-ഒരു ശോങ്കിച്ചിട്ടുള്ളവൻ.
ചൊങ്കുകൈയൻ-ഒരു ശോങ്കിച്ചിട്ടുള്ളവൻ
ചൊങ്കുകൈയ്-ശോങ്കിച്ച കൈയ്.
ചൊടി-പ മനുഷ്യരുടെ ചുണ്ട്. ഉ. വേഗം സ. പൂട്ട്. ര. കോപം, കുടപ്പം.
ചൊടിക്കുക-പ പുറപ്പെടുവിക്കുക. ഉ. കോപിക്കുക.

'ചൊടിച്ചു മാറ്റാരുമടുക്കുകണ്ടേ-
ടിച്ചു ശബ്ദം ക്രൂരം'
(നാലുതരിചരിതം തുള്ളൽ)

സ. വേഗത്തിൽ പോകുകയോ പ്രവർത്തിക്കുകയോ ചെയ്യുക
ചൊടിപ്പു-പ. വേഗം. ഉ. പൂട്ട്. സ. കോപം.

ചൊടിയൻ-ഒരുവക മത്സ്യം.

ചൊട്ട്-പ. നഷ്ടം. ഉ. ചൂട്ട്. ന. ഉള്ളി, ഇറിന്റെ ര. മുഷ്ടികൊണ്ടു തലക്കിട്ടിടിക്കുക.

ചൊട്ട-വി. ചെറിയ.

ചൊട്ട-പ. ഒരുവക ചെറിയ വ്രണം ഉ. ഒരണ്ടു മുതലായവയുടെ കല വരുന്നതു് ന. വിളിരാത്ത പൂക്കുല. ര. പൈതങ്ങളുടെ ഒരുമാതിരി കളി.

ചൊട്ടക-ഒരുമാതിരി ചെറിയ വ്രണം.

ചൊട്ടപ്പാൺ-കൈയുടെ പെരുവിരലും ചൂണ്ടാണിയും കൊണ്ടുള്ള ഒരളവു്.

ചൊട്ടപ്പൂട്ട്-പറങ്കിത്താഴ്.

ചൊട്ടാൽ-ചെറിയ ആൾ.

ചൊട്ടി-പ കക്ഷണ്ടി. ഉ. ചൊട്ടവ്രണം. ഉം 'ചൊട്ടികൾ ഇട്ടികൾ'. ന. രണ്ടു കയുകൊണ്ടുള്ള ഒരുമാതിരിക്കളി, ചൊട്ടിയും കോലും (കണിയും) കൊണ്ടുള്ള കളി. ചൊട്ടി-വലിയ കമ്പു്. കണി= ചെറിയ കമ്പു്.

ചൊട്ടിത്തല-കക്ഷണ്ടിത്തല.

ചൊട്ടിപ്പു്-പ. വഞ്ചന. ഉ. ഇല്ലാഭാവം. ന. നഷ്ടം. ര. കൃത്രിമം.

ചൊട്ടുക-പ. ഇറിന്റെ വീഴുക. ഉ. കൈ മുട്ടിപ്പിടിച്ചുകൊണ്ടു തലക്കിടിക്കുക, കിഴുക്കുക. ന. വഞ്ചിക്കപ്പെടുക. ര. ഭംഗം വരുക. (ചൊട്ടിക്കുക സ. ക്രി).

ചൊട്ടുകായ്പ്-നിസ്സാരകായ്പു്.

ചൊത്തി-വി. കാച്ചിലുള്ള, ശോഷിച്ച.

ചൊത്തി-പ. അവയവങ്ങളിലേ കാവു്, കാച്ചിൽ. ഉ. ശോഷിച്ച രോഗം.

ചൊത്തിക്കൈയൻ-കൈ വളഞ്ഞോ ശോഷിച്ചോ ഉള്ളവൻ

ചൊത്തിക്കുക-വളഞ്ഞോ ശോഷിച്ചോ ഉള്ളതാകുക.

ചൊത്തു്-ചെളുക്കുപിടിച്ച വസ്തുവിലുള്ള മാലം

ചൊന-ചെമപ്പുനിറം.

ചൊന്നാൻ-ചൊൻപണിക്കാരു് ചില മിക്കിൽ കൊടുക്കുന്ന ബ്രാഹ്മണപ്പേർ.

ചൊരുകുന്തു-ചൊറിച്ചു് അടയ്ക്കുക.

ചൊരി-ചോര.

ചൊരികലമ്മന്നി-പിശുക്കൻ.

ചൊരിച്ചിൽ-പ ഒഴിക്കുക, ഒഴുകുക ഉ. അധികമായി പെയ്യുക, വർഷിക്കുക.

ചൊരിമഴ-ചെരുമഴ.

ചൊരിയുക-ഒഴിക്കുക. പൊഴിക്കുക ഉ. ചിന്തുക (കർ. ക്രി. ചൊരിയിക്കുക).

ചൊരിവു്-ഒഴുക്കൽ, പൊഴിച്ചിൽ.

ചൊരുകുക-(ചൊരുക) തിരുകുക

ചൊരുക്കു്-പ. അമലുള്ള വസ്തുക്കളും ഭക്ഷിച്ചാലുള്ള ഉപദ്രവം, പക ഉ. ലഹരി.

ചൊരുക്കൻ-വി. ചൊരുക്കുണ്ടാക്കുന്ന, ലഹരി പിടിക്കുന്ന.

ചൊരുക്കൽ-അമലുള്ള വസ്തുക്കളും ഭക്ഷിച്ചാലുണ്ടാകുന്ന ഉപദ്രവം പക, ലഹരി.

ചൊരുക്കുക-ലഹരിപിടിക്കുക, തലയ്ക്കു മന്ദ്യം വരുക.

ചൊൽ-പ. കീർത്തി. ഉ. ആജ്ഞ.

ചൊല്ലുണ്ണി-സുന്ദരി.

ചൊല്ലുഴിഞ്-വി. അനുസരണമുള്ള.

ചൊല്ലൊണ്ട വി. കേമവിപ്പെട്ട, പ്രസിദ്ധമായ.

ചൊല്ലൊള്ളുക-കേമവിപ്പെടുക, പ്രസിദ്ധമുണ്ടാകുക.

ചൊവ്നായിക-വാശേവ്.

ചൊവ്വുന്തു, ചൊവ്ത്തു-വയ്ക്കുക. ഉ. പാടുക.

ചൊവ്വടി-വി. അനുസരണമുള്ള, കീഴ് വഴക്കമുള്ള.

ചൊവ്വെറ-വി. ചൊല്പൊങ്ങുന്ന, കീർത്തിയേറുന്ന.

ചൊവ്വൊങ്ങുന്ന-വി. കേമവിയുള്ള.

ചൊല്ലപ്പെട്ട–ഫ. കേൾവിപ്പെട്ട. ഉ. പ
റയപ്പെട്ട.
ചൊല്ലാർ–വി പ്രസിദ്ധമായ. (പ–മ)
ചൊല്ലാന്ന, ചൊല്ലൊറ്റ–വി. കീർത്തി
യുള്ള, കേൾവിപ്പെട്ട. [ചൊല്ലാർ = പ്ര
ശസ്തമായ]
ചൊല്ലി–അ. കരിച്ച്. ഉ. വിചാരിച്ച്.
ചൊല്ലിക്കൊടുക്കുക–പഠിപ്പിക്കുക, പ
റഞ്ഞു കേൾപ്പിക്കുക.
ചൊല്ലിത്തെളിയുക–പറഞ്ഞു നന്നാ
കുക.
ചൊല്ലിയന്ന–വി. കേൾവിപ്പെട്ട.
ചൊല്ലിയാടുക —പാട്ടുചൊല്ലുന്നതിനെ
അനുസരിച്ച് കൈകാണിച്ചാടുക.
ചൊല്ലിയാട്ടം–പാട്ടുചൊല്ലുന്നതിനെ അ
നുസരിച്ചു കൈകാണിച്ചുള്ള ആട്ടം.
ചൊല്ലിവിടുക–പറഞ്ഞയയ്ക്കുക.
ചൊല്ലിവിലക്കുക–പറഞ്ഞു വിരോധി
ക്കുക.
ചൊല്ല്–ഫ. വാക്ക്, വാചകം. ഉ. കേ
ൾവി. സ. പഴഞ്ചൊല്ല്.
ചൊല്ലുക–ഫ. പറയുക, അനുസരിക്കുക.
ഉ. ഉരുക്കഴിക്കുക, പാടുക. [കാ. ക്രി.
ചൊല്ലിക്കുക.] ചൊല്ലൽ.
ചൊല്ലുവിളി—കീഴ്വഴക്കം, അനുസ
രണം.
ചൊല്ലുവേല–പറയുന്ന പ്രവൃത്തി.
ചൊല്ലുള്ള–വി. കീർത്തിയുള്ള.
ചൊല്ലുഴന്ന–വി. കീർത്തിയുള്ള.
ചൊല്ലുറന്ന–വി കീർത്തിയുള്ള.
ചൊവ്വ്–വി. നേരായുള്ള, നൂറുമുള്ള.
ചൊവ്വ്–ഫ. വളവില്ലാഞ്ഞ്മ, നേരം. ഉ.
നീക്കുപോക്ക്. സ. നിരവ്. ദ. നി
ശ്ചയം.
ചൊവ്വള്ളിക്കൊടി–ഒരുവക വൃക്ഷം.
ചൊവ്വാ–ഫ. ചൊവ്വാ എന്ന ഗ്രഹം. പ
ര്യായങ്ങൾ–അംഗാരകൻ, കുജൻ, രക്ത
മൻ, ലോഹിതാംഗൻ, മഹീസുതൻ. ഉ.
ചൊവ്വാഴ്ച.
ചൊവ്വാഴ്ച–ആഴ്ചവട്ടത്തിൽ മൂന്നാം ദി
വസം.
ചൊവ്വിടുക–ഫ. നേരെയാക്കുക. ഉ. നി
രവ്വരുത്തുക. സ. വഴിയുണ്ടാക്കുക.
ചൊവ്വുള്ള–വി. ഫ. നേരെയുള്ള. ഉ. സ
മമായുള്ള.
ചൊവ്വേ, ചൊവ്വോടെ–അ. നേരെ,
കരിയമായിട്ട്.
ചൊള്ള്–പുഴുക്കേടുള്ള ധാന്യം മുതലാ
യത്.
ചൊള്ള–ഫ. മേലിച്ചിൽ. ഉ. വയറ്റ്
മുഴവനും വരുന്നതിനു മുമ്പെ ഉണങ്ങി
പ്പോകുന്ന ഫലം.
ചൊറി–ചിരങ്ങ്. പര്യായങ്ങൾ–കണ്ഡൂ
(കണ്ടു), ഖർജ്ജു, കണ്ഡൂയം.
[കാട്ടിയിൽ ചൊറിയ തരത്തിലുള്ള
ചൊറി. വലുതായിക്കാണുന്നതു ചി
രങ്ങ്.]
ചൊറിച്ചിൽ–ഫ. ചൊറിയുക. ഉ. മ
ന്നൽ.
ചൊറിപ്പുഴ–തൊട്ടാൽ ചൊറിയുന്ന തര
മുള്ളിരി പുഴു.
ചൊറിമധുരം–വി. അല്പമധുരമുള്ള.
ചൊറിയണങ്ങ്, ചൊറിയണം–തൊ
ട്ടാൽ മേൽ ചൊറിയുന്ന തരമായിരി
വള്ളി.
ചൊറിയൻ–ചിരങ്ങുള്ളവൻ, ചൊറിയു
ള്ളവൻ.
ചൊറിയുക–മാന്തുക, നഖംകൊണ്ടു ഉര
സുക.
ചൊറിവാക്ക്–മനഃപൂർവം കോപം ഉ
ണ്ടാക്കുന്ന വാക്ക്.
ചൊരുക്ക്–ഫ. മന്നൽ. ഉ. ഉരസുക,

ചൊറുക്ക-(ചൊറുക) ചൊറിയുക, മാന്തുക.

ചൊറുചൊറെ-അ. ധാരയായിട്ട്.

## ചോ

ചോകൻ-ഈഴവൻ.

ചോകം-മലംതന്നെയായത്.

ചോക്ഷ-ഗ. പരിശുദ്ധമായ. ഉ. സമർത്ഥമായ. ന. ബുദ്ധിമത്തായ, ര. ബഹുമാനമുള്ള.

ചോഷ(ക്ഷ)ം-ഇലവങ്ങം, പ്രശസ്തമായ വല്ലൂരുള്ളതെന്നർത്ഥം.

ചോഷം-ഗ. ഇലവങ്ങം. ഉ. തത്തയും മറ്റും കൊത്തിയ മാങ്ങ മുതലായ ഫലം. ന. കരിമ്പനത്തേങ്ങ. ര. വാഴപ്പഴം. ള. വൃക്ഷത്തിന്റെ തൊലി (പട്ട). ഴ തേങ്ങ. ഒ. ഒരു പഴത്തിന്റെ തിന്നാൻ പാടില്ലാത്ത ഭാഗം.

ചോടയം-ഭംഗി.

ചോടി-പട്ടട, സ്ത്രീകളുടെ അകത്തെ ഉടുപ്പ്, ചെറിയ ഉടുപ്പ്.

ചോട്ട്-ഗ. ഇണ, രണ്ട്. ഉ. വലുപ്പത്തിൽ ഒന്നുപോലെയിരിക്കുന്നത്. ന. ചുമട്. ര. ചുവട്. ള. ജോട്ട്.

ചോട്ടാക്കാരൻ-വളഞ്ഞ വടികൊണ്ടു നടക്കുന്നവൻ, അകമ്പടിക്കാരൻ.

ചോട്ടാവടി-വളഞ്ഞ വടി.

ചോണൽ, ജോനൽ-ഉപദ്രവിക്കാത്ത ഒരുമാതിരി ചെമന്ന ഉറുമ്പ്.

ചോതടി-ഗ. ചാവടി. ഉ. ഒരുവക വാഴപ്പഴം.

ചോതന-ഗ. കൊളുത്തിച്ചെണ്ണ മുതലായതു അളക്കുന്ന ഒരു അളവുപാത്രം. ഉ. പരീക്ഷ. ന. ശോധന, കറന്തീർക്കുക. ര. ലോഹാദികൾക്ക് ശുദ്ധിയുണ്ടാക്കുക. ള. കൊടിപ്പാക്കുക.

ചോതനക്കാരൻ- കച്ചവടത്തിനായിട്ട് കൊണ്ടുനടക്കുന്ന ചാക്കുകൾക്ക് തിരുവതിൻകിട്ടണ്ടേ എന്നു നോക്കുന്നതിന് സർക്കാരിൽ നിന്ന് നിശ്ചയിച്ചിരിക്കുന്ന ഒരു ഉദ്യോഗസ്ഥൻ.

ചോതി-പതിനഞ്ചാംനക്ഷത്രം, സ്വാതി.

ചോത്തു-വി. പച്ചക്കറിയിൽ ചെമന്ന.

ചോദന-ഗ. കല്പന. ഉ. കല്പിച്ചുണ്ടാക്കുക.

ചോദനി-കൊടുത്തുവ. (രോദനി എന്നതിന്റെ പാഠം.)

ചോദിക്കുക-ഗ. പറഞ്ഞയക്കുക. ഉ. തരണമെന്നു പറയുക.

ചോദിത-വി. അയക്കപ്പെട്ട, പ്രേരിപ്പിക്കപ്പെട്ട.

ചോദ്യ-വി. അയക്കപ്പെടുവാൻ തക്ക.

ചോദ്യപ്പെടുക-ഗ വിസ്തരിക്കപ്പെടുക. ഉ. അറിയപ്പെടുക.

ചോദ്യം-ഗ. യാചന, അന്വേഷണം. പര്യായങ്ങൾ-പ്രശ്നം, അന്വയോഗം, പൃച്ഛ. ഉ. ശിക്ഷ. ന. ഒരുവശിക്ഷ. ര. ന്യായസ്ഥലത്തു വാദിപ്രതികളെയും സാക്ഷിക്കാരെയും കൂട്ടി വിസ്തരിക്കുക.

[അനുഭവപ്പെട്ട ചോദിക്കുന്നതിന് പര്യായങ്ങൾ- ചോദ്യം, ആക്ഷേപം, അഭിയോഗം.]

ചോദ്യോത്തരം-ചോദ്യവും ഉത്തരവും.

ചോനകൻ-ചോനകമാപ്പിള.

ചോനകനാരകം-ഒരുമാതിരി നാരങ്ങ ഉണ്ടാകുന്ന വൃക്ഷം.

ചോനകനാരങ്ങ-ചോനകനാരകത്തിൻ കായ്.

ചോനകപ്പുല്ല്-ഒരുവക സൌരഭ്യമുള്ള പുല്ല്. പര്യായങ്ങൾ-മരുന്നാവ, പിപ്പുന, സ്വൃക്ക, ദേവ, ഖര, ലാമ്പു, സുഗന്ധ, വധൂ, കോടിവാല, ധാരകപ്പിക.

[ഇതു ഗുൽമഹം, കാസം, മൂത്രകൃച്ഛ്രം, അശ്മരി, വിഷം, കഫം, കൃമി,

യിയപ്പ്, സർവ്വാംഗസന്താപം, ചുട്ടനീറൽ, അലക്ഷ്യം, ശൂലം, ജ്വരം, ദൌർഗ്ഗന്ധ്യം, പ്രമേഹം, രക്തമോക്ഷം, ക്ഷോഭി, ത്രിദോഷം, ചുമ ഇവയെ നശിപ്പിക്കും. സുഗന്ധദ്രവ്യമാകുന്നു ഇതിനെ 'ചോനകപ്പുല്ല്' 'സപ്തകപ്പുല്ല്' ഇങ്ങിനെയും വിളിക്കുന്നു ]

ചോനാട്ടപുല്ല്-പഞ്ഞപ്പുല്ല്, റാഗി.

ചോപ്പിളാങ്കി-ചുണയില്ലാത്തവൻ(വം)

ചോമ്പേറി-മടയൻ.

ചോമാതിരി-യാഗംചെയ്ത ബ്രാഹ്മണൻ, സോമയാഗം കഴിഞ്ഞവൻ.

ചോര-പ്ര. രക്തം. പര്യായങ്ങൾ-രുധിരം, അസൃക്, ലോഹിതം, അസ്രം, രക്തം, ക്ഷതജം, ശോണിതം. ഉ. ഒരുമാതിരി പുല്ല്.

ചോര(കം)-അടവിക്കുറ്റാലം.

ചോരകുമളൻ(കുമള)-പ്ര. ഉന്മദം. ഉ. കലഹപ്രിയം.

ചോരക്കരപ്പൻ-ഒരുവക കരപ്പൻ.

[നിറയെ തുഴം. വായ് ചുട്ടം, ചൊറ നീരടക്കും. ചുട്ടം വീഴും. ഉടനെ ചോരത്തുള്ളി വീഴും. ഉടനടൻ വലിക്കയും മറുകയും ചെയ്യും. ചൂടുവെള്ളം അരിസരിക്കും. മുലകടി ഒഴിയും തെളിഞ്ഞു കരയും].

ചോരക്കിഞ്ഞു്-പ്രസവിച്ചു പത്തുദിവസം കഴിയുന്നതിനു മുമ്പുള്ള കുഞ്ഞ്, കുട്ടിക്കിടാവു്.

ചോരക്കുരു-ഒരുമാതിരി ചൊറിച്ചൽ.

ചോരചൊറിച്ചിൽ-രക്തം ചൊറിച്ചിൽ.

ചോരച്ചോപ്പ്-പ്ര. രക്തംകൊണ്ടുള്ള ഉടുപ്പു്. ഉ. കള്ളന്മാരോടുള്ള വെറുപ്പു്.

ചോരണം-മോഷണം, കള്ളം.

ചോരതുടച്ച-കൊടിയുടെ പുറകിയ നായ്, മുതിരിങ്ങാവള്ളിയുടെ ഭേ.

ചോരത്തിളപ്പു്-യൌവനത്തിലുണ്ടാകുന്ന അഹമ്മതി.

ചോരത്തുള്ളി-ചോരയുടെ തുള്ളി.

ചോരധർമ്മം-പ്ര കള്ളന്റെ ഗുണം, മോഷണം. ഉ. ചതിവു്.

ചോരൻ-കള്ളൻ.

ചോരനീരു്-കരപ്പനിൽ ഒരുവക.

[പനി, കര, തലകറക്കു്, ശരീരത്തിന്റെ ചീയൽപോലെ കൊട്ടുക, ശ്വാസകോശംപോലെ തിണർക്കുക, അരയ്ക്കു കീഴ്പെട്ട തണുപ്പ്, ഛർദ്ദി, അതിസാരം-ഇതിനു അയമോദകം ജീരകം ഉള്ളി വയയ് ഇവ സമം അരച്ചു മോരിൽ വിഴുങ്ങി സേവിക്കുക].

ചോരപുഷ്പി-ഒരു പച്ചക്കറി, ചണ്ണ, (ചണ്ണ ഗുണം). രാത്രിയിൽ വിടർന്ന പൂവുള്ളതു് എന്നർത്ഥം. (ചോരനാമം യുക്തിസംഗതം രാത്രിയിലാണല്ലോ) ചകരുപ്പിയുടെ പേരുണ്ടെന്നും കാണുന്നുണ്ടു്.

ചോരപ്പുട്ടകുളം-കണ്ണീർക്കുളം.

ചോരപ്പുലവായിൽ-പ്ര. കള്ളന്മാരുടെ കൊട്ടം ഉ. ചോരയൊഴുക്കു.

ചോരപ്പുഴ രക്തനദി.

ചോരപ്പൂക്കു്-പ്ര. ചോര ഒഴുകുക. ഉ. കള്ളന്മാരുടെ പോക്കു്.

ചോരമധുരം-ചോരയെന്നും, രക്തവഴിക്കുള്ള മടുപ്പു്.

ചോരവാകുളം-ചോരവാക്കുളം.

ചോരവാവു്—ചോരവാക്കുളം, ഒരു ഭീനം.

ചോരവാവു്-ഒരുവക കരപ്പൻ.

[പനി, തലനോവു്, കണ്ണുചോപ്പു് ഇവ ലക്ഷണം].

ചോരവാതി-മോഷണം.

ചോരസ്സായു-വലിയ കള്ളനെന്നർത്ഥം.

ചോര(സം)ബന്ധം-ഗ. രക്തവഴിക്കുള്ള ഉടപ്പം ഘ. കള്ളന്മാരോടുള്ള ചേർച്ച

ചോരി-വി. ചെന്നേ. ഉ-ം'ചെരിവായ്'

ചോരി-രകരം. (ചോരയുടെ പൂർവ്വരൂപം) 'ചോരി കട്ടകട കടിത്തു'

(രാമച.)

ചോരിക-മേഷണം.

ചോരിച്ചോവ്വാ-ചുണ്ട്.

'മന്മഖപുണ്ഡരം ചോരി-
ച്ചോവ്വപോലെ'

(ഉത്തരരാമചരിതം)

ചോരിവാ-ചെമന്ന ചുണ്ട്, മനുഷ്യരുടെ ചൊടി.

ചോരുക-ഗ. പാത്രങ്ങളുടെ സുഷിരത്തിൽക്കൂടെ ഒഴുകിപോകുക, നിറഞ്ഞൊഴുകുക. മുകളിൽ നിന്ന് മഴവെള്ളം പുരക്കകത്തു വീഴുക ഘ. മാറിക്കളയുക. ന. കൈവിടുക. [ചോക്കുക. ചോണ്ടുക]

ചോർപ്പ്-മാട്ടയിൽ കൂടെ വെള്ളം ഒലിക്കുക.

ചോർപ്പ്-രവച്ചൂറി.

ചോല-ഗ മലയിൽനിന്നു വരുന്ന ഉറവ്, മലയുറവ്. ഘ. തണൽ. ന. നടക്കാവ്. ര. തോപ്പ്.

ചോലകം-ഗ. മാർച്ചട്ട. ഘ. ഒരുമാതിരി പുല്ല്.

ചോലകി-നാരകം.

ചോലത്തവുടി-ധാരാളമായ തലമുടി,

ചോലപ്പുലവൻ-ഒരുവക കരപ്പൻ.

[പനിച്ചു മൂടുപൂകുമ്പോൾ പുളകപ്പോ, ലെ പൂകുപൊന്തിയമ്പോൾ ചിരങ്ങുപൊ തുകും. പനി.]

ചോലവെള്ളം-മലയുറവു വെള്ളം.

ചോലി-ഗ. കായ്ക്കുരു, വേല, ചോലി. ഘ. പ്രയാസമുള്ള വേല. ന. കടം ബങ്കിൽ നിന്നുണ്ടാകുന്ന അസഹ്യത.

ചോന്നം-നല്ലജാതിതിര.

ചോപ്പ്-ഏഴുപ്പം.

ചോളകം-ഗ. മാർച്ചട്ട. ഘ. ഒരുമാതിരി പുല്ല്.

ചോളകുലവള്ളി— ചോളരാജകുടുംബത്തിലെ ഒരു കന്യക.

[ഈ സ്ത്രീയെ എ. ഡി. ഫർണർ-ൽ യേണാട്ടധിപനായി ഭവിച്ച ഉത്തമവീരപാണ്ഡ്യൻ ഉടയമാർത്താണ്ഡവർമ്മമഹാരാജാവു വിവാഹം ചെയ്തു].

ചോളൻ-ഗ. ചോളദേശത്തെ രാജാവ്, ചോഴൻ, കരമണ്ഡലമഹാരാജ്യത്തിന്റെ ഒരു പുരുൻ. ഘ. ചോളദേശത്തെ കുടിയാനവൻ.

ചോളം-ഗ. കൂപ്പായം. ഇതുകൊണ്ടു ശ്രേഷ്ഠത ഭവിക്കുന്നതിനാൽ ഈ പേരുണ്ടായി. മറ്റൊരു പദ്ധതിയേ- 'കുപ്പാസകം' ഘ. മുലപ്പടം ന. കാലടിവരെ ഇറക്കമുള്ളതായ സന്ന്യാസികൂപ്പായം (സ്ത്രീകളും അത്ഭുദനത്തിന്നായി അടിവരെ മൂടുന്ന കൂപ്പായം).

[ചോളം എന്നതിനു സാധാരണ കൂപ്പായം എന്നർത്ഥം കാണുന്നു. എന്നാൽ റവുക്ക മുതലായതു് ഇതിൽ ഉൾപ്പെടും. ചോളം ചെറിയതാണെങ്കിൽ 'ചോളി' എന്നു പറയും].

ര ഒരുവക ധാന്യം.

[ചോളം എന്ന ധാന്യം-കഫം, പിത്തം, രക്തദോഷം ഇവകളെ നശിപ്പിക്കും. തണുപ്പുള്ളതാണ്. സംസ്കൃതത്തിൽ-യാവനാലം. ഇംഗ്ലീഷിൽ-(Great millet) ഗ്രേറ്റ് മില്ലെറ്റ്].

ങ. ചോളദേശം.

[ചോളദേശം-പാണ്ഡ്യരാജ്യത്തിന്റെ (ഇപ്പോഴത്തെ മധുര തിരുനൽവേലിയുടെ വടക്കു ഭാഗത്തായിട്ടു പണ്ടുണ്ടായിരുന്ന ഒരു രാജ്യം. തലസ്ഥാനം കാഞ്ചീപുരം. ചോളരാജ്യം കാവേരി തിരമ

യിരുന്നു പൂഴക്കോട്ടക്കു വടക്കു നെല്ലൂർ വരെയുള്ള ദേശങ്ങളും ഇതിൽ ഉൾപ്പെട്ടിരുന്നു. ചോളരാജ്യത്തിന്റെ പുരാതന തലസ്ഥാനം തിരുനാപ്പള്ളിക്കു സമീപം 'വെംരയൂർ' എന്ന സ്ഥലമായിരുന്നു].

ചോളവിനേതാ–ചോളരാജാവു.

ചോളി–പ. കപ്പായം. ഉ. മറപ്പുര.

ചോളിയലു–കള്ളപ്പണം, വിലകുറഞ്ഞതു്

ചോഴൻ–ചോളൻ, ഒരു രാജാവു്.

ചോഴ(ള)ം–ഒരു ദേശം (കാവേരിനദിക്കു സമീപം).

ചോഴമണ്ഡലം–ഇൻഡ്യയുടെ കിഴക്കേ സമുദ്രതീരത്തിന്റെ ഒരു ഭാഗം.

ചോഴിയൻ — ചോഴദേശത്തെ ബ്രാഹ്മണൻ.

ചോറപ്പുല്ലു്–ഒരുമാതിരി ചെമന്ന പുല്ലു്.

ചോറു്–അരി വെള്ളത്തിലിട്ടു വെന്തു് ഊറ്റി എടുത്തതു്. പര്യായങ്ങൾ–ഭിസ്സാ, കേതം, അന്ധസ്സു്, അന്നം, ഓദനം, ദീദിവി.

[സ്സേടാ, മദ്ധികാ ഇവ രണ്ടും കരിഞ്ഞ ചോറു്].

ചോറുണ്ണു്–പ. ക്ഷേണം കഴിക്കുക. ഉ. കുട്ടികൾക്കു നല്ലപ്പോൾ ചോറു കൊടുക്കുക.

[മനിച്ചു ദിവസത്തിന്റെ മുൻ-ാം ദിവസം മുതൽ ൩൦-ദിവസം വിധികാലം. അതിനു മേൽ ൩൦-ദിവസം വിധിപരം. ആ സമയത്തു മുഹൂർത്തം ഉണ്ടായിരുന്നാലും അന്നപ്രാശനം അതുപിന്നീടു മുഹൂർത്തം ഉള്ളപ്പോൾ കൊള്ളാം. ചോറൂണിനു മന്ത്രനക്ഷത്രം യോജിക്കണം].

ചോറുകഞ്ഞി–വറ്റുകഞ്ഞി.

ചോറുകുത്തു്–രക്തിതാവു്.

ചോറുകാരൻ–അരിവെപ്പുകാരൻ.

ചോറുപണിക്കാരൻ–അരിവെപ്പുകാരൻ. പര്യായങ്ങൾ–ആരാളികൻ, ആന്ധസികൻ, സൂദൻ, ഭോജനികൻ, ഗുണൻ.

ചോറുപാളയം — ക്ഷേണത്തിനായിട്ടു കാത്തിരിക്കുന്നവൻ.

## ചൊ

ചൊകുക–പ. തീരെവസ്ഥലം. ഉ. കാവൽസ്ഥലം.

ചൊകുക്കടൊരൻ–ചൊക്കേയിൽ പ്രമാണി.

ചൊകുക്കാളം–ഒരുവക കട്ടിയുള്ള തുണി.

ചൊകുക്കി–ചവുക്കു.

ചൊകുക്കിളി–ആണ്ടങ്ങൾ കാതിൽ ഇടുന്ന ഒരു പൊന്നാഭരണം.

ചൊകുക്കു്–കൊരടംവു, ചമ്മട്ടി.

ചൊണ്ണ്യം, ചൊണ്ഡ്യം – കൽത്തൊട്ടിയിലുള്ള വെള്ളം.

ചൊതരൻ–കള്ളൻ.

ചൊതരാ–അടവിക്കുച്ചോലം.

ചൊതരി(കു)–മോക്ഷണം, കളവു്, കക്കുക എന്ന പ്രവൃത്തി.

ചൊതരികൻ–കള്ളൻ.

ചൊതരികം–മോക്ഷണം.

ചൊതയ്യം–മോക്ഷണം.

ചൊതാര–കുമിഴുതു.

ചൊതളം–മൂന്നവയസ്സിൽ കുട്ടിയിൻ രോഗകാരിയെ തലച്ചിരയ്ക്കുന്ന കർമ്മം. കുട്ടിമിയ്പു്.

[ഇതിനു മൂഡകർമ്മം എന്നു പേരുണ്ടു്. പ, ഉ, ന ഈ കോപ്പുകളിലും ഇതുകാണാം

'തൃതീയേവത്സരേപുത്രേ
മൂഡകർമ്മവിധീയതേ
ചിരീയേവാഥതീയേവാ
കർത്തവ്യാശ്രുതിചോദനാൽ'

(തമസ്സുക്കു്.)

'തൃതീയേവാഷ്ടമൂധാകൽപഞ്ചമേ'
(ശംഖസ്മൃതി)
ഇപ്രകാരമുണ്ട് അഞ്ചാംവർഷത്തിലുമാകാമെന്നു തെളിയുന്നു.]

## ച്യ

ച്യവനൻ-ഒരു മഹർഷി.

[അച്ഛൻ ഭൃഗു. അമ്മ പുലോമ. പുലോമയെ പുലോമൻ എന്ന രാക്ഷസൻ സൂകരവേഷം ധരിച്ച് കട്ടുകൊണ്ടുപോയി. ആ സമയം അവളുടെ ഗർഭപാത്രത്തിൽ നിന്നും വീഴുകയാൽ 'ച്യവനൻ' എന്നു പേർ സിദ്ധിച്ചു. ച്യവനൻ ഒരിക്കൽ നർമ്മദയുടെ തീരത്തിൽ തപസ്സു ചെയ്തിരിക്കെ ശര്യാതനുപന്റെ പുത്രിയായ സുകന്യ അതിലേ പോവുകയുണ്ടായി. ചിതൽപുറ്റുകൊണ്ടു കണ്ണടഞ്ഞുകിടക്കുന്ന ച്യവനന്റെ ശരീരം മുഴുവനും മൂടിയിരിക്കയായിരുന്നു. ചിതൽപുറ്റിൽ രണ്ടു കണ്ണുമാത്രം കാണുകയാൽ സുകന്യ ഒരു കോൽകൊണ്ടു കുത്തിനോക്കി. മഹർഷി കോപിച്ചു. ഉടൻ ശര്യാതൻ അവളെ അദ്ദേഹത്തിനു ഭാര്യയായി നൽകി. അപ്പോൾ മഹർഷിയുടെ കോപം ശമിച്ചു. ഒരിക്കൽ അശ്വനികൾ ച്യവനന്റെ അടുക്കൽ ചെന്നു. പുലോമം വിരൂപിയുമായ മഹർഷിയെ ഉപേക്ഷിച്ചു തങ്ങളോടു ചേരണമെന്നു സുകന്യയോടപേക്ഷിച്ചു. സാധിച്ചില്ല. അനന്തരം ച്യവനനും തങ്ങളുമായി ഒരു കളത്തിൽ ചെന്നു കുളിച്ചു മൂവരും ഏകരൂപരൂപന്മാരായി സുകന്യയെ പ്രാപിച്ചു. അവർ മൂന്നാൾക്കും തിരിച്ചറിഞ്ഞു. ച്യവനൻ പിന്നീട് ഇന്ദ്രനെ നിഗ്രഹിച്ചു സമ്മതിപ്പിച്ച് അവരെ സോമയാഗത്തിൽ ചേർത്തു. ഇങ്ങിനെ മറ്റേതിൽ കാണുന്നുണ്ട്. ശതപഥബ്രാഹ്മണത്തിലും മറ്റും വേറെവിധമാണു കാണുന്നത്.]

ച്യവനം-പ. അനക്കം വ. നാശം ന. മരണം. ര. വീഴ്ച, പതനം.

ച്യുത-വി. പ. വീണുപോയ വ ഇളകിയ

ച്യുതം-മാവുവൃക്ഷം.

ച്യുതസംസ്കാരം-പ. വ്യാകരണശുദ്ധിയില്ലായ്മ. വ. കാവ്യത്തിൽ പദദോഷങ്ങളിൽ ഒന്ന്. വ്യാകരണപ്രകാരം തെറ്റായ ശബ്ദം. ഉ-ം, മനോസാക്ഷി [മനസ്സാക്ഷി എന്നു വേണം.] ന. വേർപാട്. ര. നന്മപൊപ്പോയ്മ.

ച്യുതസ്നായകൻ- വി. ലാക്ക പിഴച്ചവൻ.

ച്യുതി-പ. വീഴ്ച. വ. അപാനവായു.

ച്യുവം-പ. മുഖം. വ. വായു.

## ഠ

ഠ-ഹല്ലുകളിൽ ഏഴാംതാക്ഷരം.

ഠഗം-അടയ്ക്ക.

ഠഗണം-ഉണക്കച്ചുണ്ണാമ്പ്.

ഠഗലൻ-അത്രിമഹർഷി.

ഠഗലം-പ. മറിക്കുന്നി. വ. ഒരു മാപ്പ് ന. നീലവസ്ത്രം.

ഠഗലകം ഒരുമുട്ട്, അടയ്ക്ക.

ഠഗലാ- പ. അടിനിരപ്പ. വ. മറിക്കുന്നി.

ഠഗലന്ത്രി, ഠഗലാന്ത്രി, ഠഗലാണ്ഡി, ഠഗലാ-മറിക്കുന്നി.

ഠട-പ. കുട്ടം.

'അനഭ്രതിരശ്ശീരാമുകേടീ
മാണിക്യകുകാന്തിപ്പുടം'

വ. ശോഭ, മുഖ്യ.

ഠഠാഗലം-കവുങ്ങ്.

ഛത്രം, ഛദ്മം—വ്യാജം.

ഛത്രകാ—പ്ര പൊൻമാൻ. ഉ. വില്ലു പോലെ വളച്ചു പണിതിട്ടുള്ള അമ്പലം. സ. ക്ഷൗര നീക്കുക.

ഛത്രാപത്രാ—ഒരിലത്താമര

ഛത്രഭംഗാ—പ്ര പതിവ്രത. ഉ വൈധവ്യം സ. രാജ്യം നഷ്ടമാവുക.

ഛത്രാ—പ്ര. കുട വെൺകുറുക്കുട. മറയ്ക്കുന്നത് എന്നർത്ഥം മറ്റൊരു പര്യായം—ആതപത്രം ഉ പൂതണക്കപ്പുല്ല്.

ഛത്രാകാ പ്ര കൊത്തമ്പാലരി ഉ. കാട്ടുശതകുപ്പ ഭൂമിയെ മറയ്ക്കുന്നു, കുടപോലെയുള്ള പൂങ്കുലയുള്ളതു് എന്നർത്ഥം. സ. തക്കോലപ്പുട്ടിൽ. ര. കണ്ടപ്പുല്ല് (കടപ്പുല്ല്) ള മഞ്ചട്ടി. ന. ക്ഷൗര.

ഛത്രാകാ—പ്ര ക്ഷൗര ഉ ചെറുവേലം.

ഛത്രാകീ—ഒരങ്ങാടിമരുന്നു്, അരത്ത. കടയോടു സമ്മിശ്രമായ ഇലകളും ഉള്ളതു് എന്നർത്ഥം

ഛത്രാണി—പൂമ്പ

ഛത്രാതിഛത്രം—പ്ര ഒരു രോഗത്തിനുള്ള പുല്ല്, ശതകുപ്പ.

ഛത്രാധാന്യാ—കൊത്തമ്പാലരി.

ഛത്രി—വി. കടയുള്ള [സ്ത്രീ, സ്ത്രീണി, സ്ത്രി.]

ഛത്രിക—പ്ര. ശതകുപ്പ. ഉ ക്ഷൗര.

ഛത്രിക—കുടപിടിക്കുന്നവൻ.

ഛത്രീ—പ്ര രാജാക്കൻമാർ. ഉ പുഴിഞാ പാല

ഛദനാ—ഗൃഹ

ഛദ്മാ—മഞ്ചട്ടി

ഛദികാ—പ്ര ചിറകുള്ളു. ഉ. മഞ്ചട്ടി

ഛദിരാ പ്ര പച്ചില ഉ. ഇലവസ്ത്രം

ഛദനാ, ഛദിഷാ—പ്ര ഇല പുറപ്പെടുവിക്കുന്നു എന്നർത്ഥം. ഉ ചിറക് അംഗത്തെ മറയ്ക്കുന്നു എന്നർത്ഥം സ. മുറ.

ഛദിഷാ—പ്ര. പച്ചില ഉ. പച്ചിലമരുന്നു, കർഞ്ചെണ്ണ സ. ഇരുൾ.

ഛദിസ്സ്, ഛർദി—പുരമേയുന്നതിനുള്ള സാധനങ്ങൾ (ഓല, പുല്ല്, വൈക്കോൽ, മാട്, ചെമ്പു പലക മുതലായവ) പുര മറയ്ക്കുന്നതെന്നർത്ഥം.

ഛന്ദകൻ—പ്ര. രക്ഷാകർത്താവു് ഉ. യാഗവൻ

ഛന്ദനം—പ്ര തൂടി. ഉ ചിറക്. സ. ഇല. ര ഉറ.

ഛന്ദനാമം—മറയ്ക്കപ്പെട്ട പേർ

ഛന്ദാ, ഛന്ദസ്സ്—പ്ര. അടിപ്രായം മറച്ചുവയ്ക്കുന്നതെന്നർത്ഥം. ഉ. സ്വാധീനം.

ഛന്ദസ്സ്—പ്ര. ആര ശാസ്ത്രങ്ങളിൽ ഒന്ന് ഉ. വേദങ്ങൾക്കർത്ഥം തെളിയുന്നതിനായ ഛന്ദസ്സുകളുടെ പേർ. അടച്ചുമൂടിപ്പിക്കുന്നു എന്നർത്ഥം. സ. പുരുഷന്റെ നാശത്തിനുള്ള ഉപകരണങ്ങളിലൊന്നു്.

## വൃത്തശാസ്ത്രപ്രകാരമുള്ള ഛന്ദസ്സുകൾ.

[ഒരു പാദത്തിൽ തുടങ്ങി അക്ഷരം—

| | |
|---|---|
| ഉക്ഷ്ണിക് പ്ര. | ശക്വരീ പ്രഥ. |
| അത്യുക്ഷ്ണിക് ഉ. | അതിശക്വരീപ്രതി |
| മധ്യക്ഷ സ. | അഷ്ടി പ്രത്യ. |
| പ്രതിഷ്ഠക്ഷ ര. | അത്യഷ്ടി പ്രദ. |
| സുപ്രതിഷ്ഠക്ഷ ള | ധൃതി പ്രവ. |
| ഗായത്രി ന | അതിധൃതി പ്രൽ. |
| ഉഷ്ണിക്ക ശ | കൃതി ഉറ. |
| അനുഷ്ടുപ്പിന വ. | പ്രകൃതി ഉപ. |
| ബൃഹതി ഷ. | ആകൃതി ഉഉ. |
| പംക്തി ഷ പ്ര. | വികൃതി സ ഉസ. |
| തിഷ്ടുപ്പിന പ്രപ | സംകൃതി ഉഴ. |
| ജഗതിക പ്രഉ. | അഭികൃതി സ ഉള. |
| അതിജഗതി സ പ്രസ | ഉൽകൃതി ഉന. |

ഛന്ദസ്സ്—(രാഗം, വൃത്തം) പോലുള്ള അക്ഷരങ്ങൾ ഒന്ന്, ഇതിനെ സംബന്ധിച്ചുള്ള പൂർവവും പുരാതനവുമായ ചിന്ത

ലൻ ഉണ്ടാക്കിയ ഛന്ദശ്ശാസ്ത്രം അതുകൊണ്ട്] ര. വേദം. ഇ. ഇല്ലു. നു. തൊന്തം നിറഞ്ഞ

ഛന്ദിത-(വി) സന്തർപ്പിക്കപ്പെട്ട

ഛന്ദോഭംഗം-ശ്ലോകത്തിൽ അക്ഷരക്കുറവ്.

ഛന്ദോമയൻ-വി വേദസ്വരൂപൻ.

ഛന്ന-വി. മറയ്ക്കപ്പെട്ട, നിഗൂഢനായുള്ള

ഛന്നചാരി-ഗൂഢമായി നടക്കുന്നവൻ

ഛന്നത-മറവ്.

ഛന്നൻ-മറഞ്ഞവൻ.

ഛന്നപാപ-വി. പാപത്തെ മറച്ച.

ഛന്നം-ഫ. വിജനപ്രദേശം. മറവുള്ള ടമെന്നർത്ഥം. ഉ. മറയ്ക്കപ്പെട്ടത്.

ഛന്നവേഷ-വി. വേഷത്തെ മറച്ച.

ഛർദ്ദന -ഫ. മുലങ്കുര. ഉ. വേപ്പ്.

ഛർദ്ദി-ഭക്ഷിച്ചവസ്തു വായിൽക്കൂടി പുറത്തോട്ടു പോക, കക്കൽ. പര്യായങ്ങൾ-പ്രഛർദ്ദിക, വമി, വമഥു.

ഛർദ്ദികാ-വിഷ്ണുക്രാന്തി.

ഛർദ്ദിക്കുക-ഭക്ഷിച്ചവസ്തു വായിൽക്കൂടെ പുറത്തേക്ക് പോകുക, കക്കുക. [സ. ക്രി. ഛർദ്ദിപ്പിക്കുക.]

ഛർദ്ദില്ലം-കരിവയമ്പു.

ഛലനം, ഛലം-ഫ. വ്യാജം. ഉ. വഞ്ചന.

ഛവം-ഫ. യുഗോപ്പുദേശത്തിൽ നിന്നു തെറുക മറ്റൊരു പര്യായം-സ്ഖലിതം. ഉ ചതി. നു. മുടൻ, പിരടി.

ഛല്ലി-ത്വക്ക്, തൊലി.

ഛവി ഫ ദിവ് (സംമന്യുശോഭ) ഇതിനെ നശിപ്പിക്കുന്നതെന്നർത്ഥം. ഉ. രശ്മി. നു. ശുഭ.

ഛാ-രസം

ഛാഗകണ്ണം-മേയ്ക്കണ്ണ്.

ഛാഗം-കോലാട്ട്. ഭൂലകളെക്കൂടി മുറിച്ചുതിന്നുന്നതെന്നർത്ഥം.

ഛാഗമുഖൻ-കാർത്തികേയൻ.

ഛാഗരഥൻ-അഗ്നി

ഛാഗ(ല)ം-ആട്ട്, കോലാട്ട്.

ഛാഗിക-പെൺകോലാട്ട്.

ഛാഗീ-പെൺകോലാട്ട്.

ഛാഗീവൃതം-ആട്ടിൻനെയ്യ്.

ഛാത-വി ഫ. മുറിയ്ക്കപ്പെട്ട, ഛേദിക്കപ്പെട്ട. ഉ. മെലിഞ്ഞ, ക്ഷീണിച്ച ബലഹീനമായ. ചെത്തിക്കുറച്ചുപോലെ ബലം കുറഞ്ഞ എന്നർത്ഥം

ഛാതൻ-ഭൂബ്ബുലൻ.

ഛാത്രൻ-ശിഷ്യൻ, ഗുരുവിന്റെ ദോഷങ്ങളെ മറച്ചുവെക്കുന്നവൻ എന്നർത്ഥം.

ഛാത്രം-ഛാത്രം എന്ന പേരുള്ള തേൻ.

[ഈ തേൻ വിശേഷിച്ചു രക്തപിത്തം, പ്രമേഹം, കൃമി, തണ്ണീർദാഹം, ഭ്രമം, ശ്വിത്രം, വിഷം, മോഹം ഇവയ്ക്കു നന്ന്. ധാതുപുഷ്ടിയെ ചെയ്യും. നിറം അല്പം ചെമപ്പാണ്. എന്നാൽ മഞ്ഞളിപ്പു കൂടും. ഇതു മിക്കവാറും ഹിമവൽ പർവ്വതത്തിന്റെ താഴ്വരയിലുള്ള വനങ്ങളിൽ ഉണ്ടാകുന്നുണ്ട്.]

ഛാദനം, ഛാദം-ഫ. മറവ്. ഉ. വസ്ത്രം പറഞ്ഞു ഭയപ്പെടുത്തുക.

ഛാദനാം-കരിങ്കുറഞ്ഞി.

ഛാദം-പൂരമേയുന്നതിനുള്ള സാധനം.

ഛാദിക്കുക-ഫ. കണ്ടിക്കുക ഉ. മറയ്ക്കുക നു. വസ്ത്രം പറയുക.

ഛാദിത-വി. ഫ. മറയ്ക്കപ്പെട്ട. ഉ. മുറിക്കപ്പെട്ട

ഛാദ്യ-വി ഫ. മറയ്ക്കപ്പെടത്തക്ക. ഉ. മുറിക്കപ്പെടത്തക്ക.

ഛാന്ദസ്-വി. വേദത്തെ സംബന്ധിച്ച.

ഛാന്ദസൻ-വേദ്യൻ, വേദത്തെ അറിയുന്ന ബ്രാഹ്മണൻ, വേദാധ്യയനം ചെയ്യുന്നവൻ. മറ്റൊരു പര്യായം-ശ്രോത്രിയൻ.

ഛായാന്ദോഗ്യം-യോഗോപദേശം, സാമവേദത്തിന്റെ ഉപനിഷത്ത്, വേദം.

ഛായ-പ്ര. നിഴൽ. താപാദികളെ കളയുന്നതു് എന്നർത്ഥം. പ. പ്രതിബിംബം. ന. രൂപം, വടിവു്, ഭംഗി. ര. ആതിരുന്റെ ഭാര്യ.

[വിശ്വകർമ്മാവിന്റെ പുത്രിയും സൂര്യന്റെ ഭാര്യയുമായ സംജ്ഞാ സവർത്താവിന്റെ തീവ്രതയെ സഹിക്കവയ്യാഞ്ഞ ഛായ എന്ന തന്റെ ദാസിയെ അദ്ദേഹത്തിന്റെ സമീപത്താക്കിയും വെച്ചു ഗമിക്കുകയുണ്ടായി. അക്കാലത്തു ഛായയിൽ ഉണ്ടായവരാണ് ശനി സാവർണ്ണി എന്ന പുത്രന്മാരും തപതി എന്ന പുത്രിയും. ഒരിക്കൽ സംജ്ഞയുടെ പുത്രൻ ഇവരെ ചവുട്ടുന്നതിനു കാലുയർത്തി. ഇതിനു കാരണം ഛായ ഇവരോടു പക്ഷഭേദം കാണിച്ചതായിരുന്നു കാലുപൊക്കിയപ്പോൾ ഛായ അവനെ ശപിച്ചു. അതുകൊണ്ടു കാലിൽ വ്രണം വന്നു. ഇതുനിമിത്തം ഛായ തന്റെ ഭാര്യയായ സംജ്ഞയല്ലെന്നു സൂര്യൻ ഗ്രഹിച്ചു. പിന്നീടു അദ്ദേഹം സംജ്ഞയെ അന്വേഷിച്ചു കരസ്ഥമാക്കി.]

ഉ. ശോഭ. ന. പോഷണം. ഒ. മണവാട്ടി.

ഛായം-ശോഭിക്കുന്നതു്. ഉ-ം, കാശഛായം.

ഛായാതരു-പ്ര. പടർപ്പുള്ള വൃക്ഷം. പ. സുരപുന്നാഗം (ദേവപുന്ന)

ഛായാദേവി-ആദിത്യന്റെ ഭാര്യ

ഛായാനാഥൻ-സൂര്യൻ.

ഛായാപതി-ആദിത്യൻ.

ഛായാപഥം-ആകാശം.

ഛായാപുത്രൻ-ശനി. (സൂര്യഭാര്യയായ ഛായയുടെ പുത്രൻ)

ഛായാമൃഗധരൻ-ചന്ദ്രൻ.

ഛായാവൃക്ഷം-പ്ര കല്പവൃ. പ. സുരപുന്നാഗം (ദേവപുന്ന.)

ഛിദി-അ. വെട്ടുകയോ വിഭജിക്കുകയോ പ്രയോഗിക്കപ്പെടുന്ന ഒരു അവ്യയം.

ഛിക്ക-ഭയങ്കരൻ.

ഛിക്കനി-ഭയങ്കരം (ഉമ്മി). ഇതു പുല്ലിംഗമായിട്ടും ലതയെന്നിട്ടും രണ്ടുതരമുണ്ടു്.

ഛിന്ന-വി. മുറിക്കപ്പെട്ട, ഛേദിക്കപ്പെട്ട.

ഛിന്നി-ഭയം.

ഛിന്നപര-വി പ്ര. കണ്ടുപിടിക്കപ്പെട്ട പ. ആശയുള്ള ന. ഭയപ്പെട്ട.

ഛിദ-പ്ര. ഖണ്ഡനം. പ. നാശം.

ഛിദകം-ഈർച്ചവാൾ.

ഛിദി-കോടാലി.

ഛിദ്രക്കാരൻ-കലഹക്കാരൻ.

ഛിദ്രോദര-ഉദരനിർഗ്ഗമനത്തിലുണ്ടാകുന്ന ഒരു രോഗം.

[മുള്ള്, തല്ല്, കല്ല്, പല്ല് മുതലായവ അന്നന്നോടു കൂടി വിദഗ്ദ്ധന്മാർ ഉള്ളിൽ ചെന്നാൽ കടൽമാല തിന്നു ഛിദ്രമാക്കുന്നതാകും.]

ഛിദ്ര-പ്ര. ദ്വാരം. ഛേദിക്കപ്പെടുന്നതു് എന്നർത്ഥം. പ. കാരം. ന. കലഹം. ര. അവസരം, തക്കം.

ഛിദ്രവൈദേഹി-അതിബുദ്ധിമതി.

ഛിദ്രിക്കുക-പ്ര. ഭേദിക്കുക. പ. കലഹിക്കുക. ന. പൊട്ടുക. ര അവസരമുണ്ടാക്കുക. ഒ. പിരിയുക ന. ഭംഗപ്പെടുക. [കാ. ക്രിയാപ്രയോഗം ഛിദിപ്പിക്കുക.]

ഛിദ്രിതം-വി. ഭേദിക്കപ്പെട്ട.

ഛിന്ന-ഖണ്ഡം.

ഛിന്ന-വി. മുറിക്കപ്പെട്ട, ഛേദിക്കപ്പെട്ട, പൊട്ടിയ.

ഛിന്നഗ്രന്ഥനിക-നാൻകിഴങ്ങു്.

ഛിന്നഭിന്നം-ചിന്നിച്ചിതറിയതു്, ശിഥിലമാക്കിയതു്. [ഛിന്നം=ഛേദിക്കപ്പെട്ടതു്. ഭിന്നം=ഭേദിക്കപ്പെട്ടതു്].

ഛിന്നരുഹ-പ്ര അമൃതവള്ളി, ചിറ്റമൃത്. മുറിച്ചാൽ പൊടിക്കുന്നതെന്നർത്ഥം. ഉ. മയിലെള്ള്. സ. പൊൻകൈത. ര. ഈന്തിൽ.

ഛിന്നിക-ഭാഗമാവുക, പലതായി പിരിക്കുക. (കം. ക്രി. ഛിന്നിപ്പിക്ക.)

ഛിന്നോത്ഭവ-അമൃതവള്ളി, ചിറ്റമൃത്.

ഛിലിഛിണ്ഡാം-പാതാളഗന്ധക്കൊടി

ഛുഛുകാ-നച്ചെവി.

ഛുഛുന്ദരം, ഛുഛുന്ദരി-നച്ചെവി.

ഛുരിതം-പ്ര. പകരം വീട്ടുക, പ്രതിക്രിയ. ഉ. രശ്മി (വെളിച്ചത്തിന്റെ.)

ഛുരി-കത്തി.

ഛുരിക-പ്ര. കത്തി, ചുരിക എന്ന ആയുധം. ഛേദിക്കുന്നതെന്നർത്ഥം. ഉ. ചെഞ്ചീര.

ഛുരിത-വി. പതിക്കപ്പെട്ട.

ഛുരിതം-പ്ര. പതിക്കപ്പെട്ടത്. ഉ. വ്യാപ്തം.

ഛേക-വി. ഇണക്കമുള്ള.

ഛേകൻ-വിദഗ്ദ്ധൻ, സമർത്ഥൻ.

ഛേകം-കളിക്കുന്നതിനും മറ്റും ഏഴഞ്ചിൽ വളർത്തുന്ന തത്ത കോഴി മുതലായ പക്ഷികളുടേയും മാൻ മുതലായ മൃഗങ്ങളുടേയും പേർ.

ഛേകാനുപ്രാസം-ശബ്ദാലങ്കാരങ്ങളിൽ ഒന്ന്. അനുപ്രാസത്തിന്റെ ഉൾപ്പിരിവ്.

ഛേകാപഹ്നുതി-അപഹ്നുതി എന്ന അലങ്കാരത്തിന്റെ ഒരു പിരിവ്.

ഛേകോക്തി-സൂചകവാക്ക്.

ഛേദനം, ഛേദം-പ്ര. ഖണ്ഡനം, കണ്ടിക്കുക, മുറിക്കുക. ഉ. ഖണ്ഡം.

ഛേദനീയം-പ്ര. തേറാമ്പരൽ. ഉ. തോറമരം. സ. ഛേദിക്കത്തക്കത്.

ഛേദിക്കുക-കണ്ടിക്കുക.

ഛേദ്യ-വി ഛേദിക്കപ്പെടുവാൻ തക്ക

ഛേവകം ആട്ട്, കോലാട്ട്.

ഛേഷ്ടി-മുക്കുവൻ.

ഛോലംഗം-ചെറുനാരങ്ങ, മാതളനാരങ്ങ.

ഛോഹാര-പാമ്പിൻമുഖംപോലെ നീളമുള്ള ഈത്തപ്പഴം.

## ജ

ജ-ഹല്ലുകളിൽ എട്ടാംഅക്ഷരം.

ജ, (ജൻ, ജാ, ജം). ജന്മാവ്-ജനിച്ച എന്നർത്ഥം വരുത്തുവാൻ പദാന്തത്തിൽ ചേർക്കുന്നത്. ഉ-ം, പത്മജൻ=പത്മത്തിൽ (താമരയിൽ) ജനിച്ചവൻ-ബ്രഹ്മാവ് (പത്മജന്മാവ്). ഗിരിജം=ഗിരിയിൽ ജനിച്ചവം (പാർവ്വതി). നീരജം=നീരിൽ (ജലത്തിൽ) ജനിക്കുന്നത്-താമര.

ജകുടം-പ്ര. മലയപാവൽ. ഉ. പട്ടി.

ജകുടാ, ജക്രുടം-പട്ടി.

ജക്ഷകൻ-ഭക്ഷിക്കുന്നവൻ,

ജക്ഷണം, ജക്ഷി-ഭക്ഷണം.

ജക്ഷ്മ, ജക്ഷ്മാവ്-രാജയക്ഷ്മാവ് എന്ന രോഗം.

ജഗച്ചക്ഷുസ്സ്-ആദിത്യൻ, ലോകത്തിന്റെ കണ്ണ്.

ജഗൽ, ജഗത്ത്-പ്ര. ലോകം. ഭൂതകാലത്തിൽ നൽകുന്നതെന്നർത്ഥം. ഉ. ജനം സ. വായു ഗമിക്കുന്നതെന്നർത്ഥം. ര. ജംഗമം. ഗമിക്കുന്നതെന്നർത്ഥം.

ജഗത്കർത്താവ്-ജഗദീശ്വരൻ.

ജഗത്കാരണം-ഈശ്വരൻ.

ജഗത്ഗുരു-പ്ര ശിവൻ ഉ. വിഷ്ണു സ. ബ്രഹ്മാവ്. ര നാരദൻ

ജഗത്ത്രയം-മൂന്നുലോകം.

ജഗൽപതി-ലോകനാഥൻ, ദൈവം.

ജഗൽപിതാ- പ. ബ്രഹ്മാവ്. ഉ. ദൈവം.

ജഗൽപ്രാണൻ-വായു, കാറ്റ്. പ്രപഞ്ചത്തിന്റെ ജീവൻ എന്നർത്ഥം.

ജഗൽസ്ഥിതി-പ. ലോകത്തിന്റെ ഇരിപ്പ്. ഉ. ലോകരക്ഷ.

ജഗതി-പ. ലോകം. പ്രളയകാലത്തിൽ നശിക്കുന്നതെന്നർത്ഥം. ഉ. ഒരു പാദത്തിൽ പതിനൊന്നക്ഷരമുള്ള ഛന്ദസ്സ്. ന. ഭൂമി. ജനമുള്ളതെന്നർത്ഥം, ര ജനം.

ജഗദണ്ഡകാരനൻ - ജഗദാധികാരനൻ.

'പുണ്യപുരുഷ! വിഭോ! ജയജഗദണ്ഡകാരണ! വിധോ!'

(കിമ്മീരവധം കഥകളി)

ജഗദൻ-പ രക്ഷകൻ. ഉ. അകമ്പടിക്കാരൻ.

ജഗദംബ, ജഗദംബിക-ദുർഗ്ഗ, ദേവി.

ജഗദാധാരാ-പ. സമയം ഉ. കാറ്റ്.

ജഗദാശ്രയൻ - ലോകത്തെ താങ്ങുന്നവൻ, ദൈവം.

ജഗദീശ-പ. പാർവ്വതി. ഉ. ലക്ഷ്മി.

ജഗദീശൻ-പ. ദൈവം. ഉ. വിഷ്ണു.

ജഗദീശ്വരൻ-ദൈവം.

ജഗദീശ്വരി-പ. പാർവ്വതി, ഉ. ലക്ഷ്മി. ന. ദേവി.

ജഗദുത്ഭവാ-ലോകത്തിന്റെ ഉത്ഭവം.

ജഗദ്ഗുരു-ദൈവം.

ജഗദ്വാസി-ലോകവാസി.

ജഗദ്വേഷ്ടി-പ. ലോകത്തെ ഉപദ്രവിക്കുന്ന. ഉ. ലോകത്തെ ഉപദ്രവിക്കുന്ന.

ജഗജ്ജനൻ-വേണീസംഹാരം മാലതീമാധവം ഇവയുടെ വ്യാഖ്യാതാവായ ഒരു പ്രസിദ്ധനായ ഗ്രന്ഥകാരൻ. ഭാര്യ-ഭട്ടനന്തി. പിതാവു-ഭട്ടഗോപാലൻ.

കിന്നു പക്ഷേ ക്രി-ം നൂറാണ്ടിനു ശേഷം ജീവിച്ചിരുന്നു.

ജഗന്നാഥൻ-പ. ലോകനാഥൻ, ദൈവം. ഉ. വിഷ്ണു. ന. ദക്ഷാരാധ്യൻ. ര. ജഗന്നാഥപുരത്തിലെ ഒരു ബിംബം.

[കൃഷ്ണനെ ജരാസൻ കൊന്നതിന്റെ ശേഷം മരത്തിന്റെ ചുവട്ടിൽ കിടന്നിരുന്ന ആ അഴകിയ അസ്ഥികളെ ചില കേതന്മാർ കാണുകയും എടുത്തു പെട്ടിയിൽ സൂക്ഷിക്കയും ചെയ്തുവന്നു. പിന്നീടു ജഗന്നാഥൻ ഒരു ബിംബം ഉണ്ടാക്കി അതിനുള്ളിൽ കൃഷ്ണന്റെ അസ്ഥികളെ സൂക്ഷിക്കേണ്ടതാണെന്നു ഇന്ദ്രദ്യുമ്നനോടു കല്പിച്ചു. ഈ രാജാവു ഒരു വിഷ്ണുഭക്തനായിരുന്നു. പണി അശേഷം തീർന്നതിന്റെ ശേഷമല്ലാതെ അതിനെ കാണുന്നതിനായിട്ടു് ആരും വരുകയില്ലെങ്കിൽ ആ പ്രകാരം താൻ ഏറ്റവും എന്നു വിശ്വകർമ്മാവു് പറഞ്ഞു. കൈയും കാലും കാണിക്കുന്നതിനു മുമ്പു ക്ഷമയില്ലാതെ ഇന്ദ്രദ്യുമ്നൻ പണി നോക്കുന്നതിനായി ചെന്നു. അപ്പോൾ പതിനഞ്ചു ദിവസം കഴിഞ്ഞതേയുള്ളു. ഇന്ദ്രദ്യുമ്നനെ കണ്ടിട്ടു വിശ്വകർമ്മാവു് ബിംബത്തെ ഇട്ടുകളഞ്ഞു പോയി. അനന്തരം ഇന്ദ്രദ്യുമ്നന്റെ അപേക്ഷ നേടുവാനായിട്ടു ബ്രഹ്മാവു് ആ ബിംബത്തെ മനോഹരമായ രത്നസിംഹാസനത്തിൽ കൂടി ഒരു മുഖമായുള്ള സ്ഥാനം വഹിക്കുന്നതും ചെയ്തു.]

ജഗന്നാഥപണ്ഡിതൻ-തെലുങ്കു നായ ഗ്രന്ഥകർത്താവു്.

[ഇദ്ദേഹത്തിന്റെ പ്രധാനകൃതി രസഗംഗാധരം ആകുന്നു. ഗംഗാലഹരി, കരുണാലഹരി, അമൃതലഹരി, പീയൂഷലഹരി, സുധാലഹരി, ലക്ഷ്മീലഹരി

സം ഈ പുസ്തകങ്ങളും രചിച്ചിട്ടുണ്ട്. ക്രിസ്താബ്ദം ൧൭൩൦ നടുപ്പിച്ചം ജീവിച്ചിരുന്നിരിക്കണം.]

ജഗന്നാഥം-ബങ്കാള ഉൾക്കടലിന്നരികെ ഒരു കേരവിപ്പെട്ട സ്ഥലം.

ജഗന്നായകൻ-ദൈവം.

ജഗന്നാശം-ലോകനാശം.

ജഗന്നിവാസൻ-ദൈവം.

ജഗന്മംഗലൻ-ദൈവം.

ജഗന്മംഗല-പ. ലക്ഷ്മി. ൨. പാർവ്വതി.

ജഗന്മണ്ഡപം-വിശ്വംമുഴുവൻ.

ജഗന്മയൻ-ദൈവം, ജഗത്തുകളാകുന്ന രൂപത്തോടുകൂടിയവൻ.

ജഗന്മയി-പാർവ്വതി.

ജഗന്മാതാ-പ. മായാദേവി. ൨. പാർവ്വതി.

ജഗന്മോഹന-വി. സൌന്ദര്യമുള്ള.

ജഗരം-കവചം, കുപ്പായം. ദേഹത്തെ രക്ഷിക്കുന്നതിന സദാ തയാറുള്ളതു് എന്നർത്ഥം.

ജഗള(ലി)-പ. കൊഴുത്തമദ്ദ്യം. ൨. മദ്ദ്യത്തിന്റെ അടിയിൽ ഉറഞ്ഞിരിക്കുന്ന കല്ലും. നാ. ചണകം.

ജഗ്ധ-വി. ഭക്ഷിക്കപ്പെട്ട.

ജഗ്ധം-ഭക്ഷണം.

ജഗ്ധി-പ. ഭക്ഷണം (ഉണ്ണൽ). ൨. ഭക്ഷണകർമ്മം. നാ. സഹഭോജനം. ഭക്ഷിക്കുക എന്നർത്ഥം.

ജഘനം-സ്ത്രീകളുടെ അരയുടെ പിൻഭാഗം. സുരതസമയം പുരുഷന്മാർ വന്നിരിക്കുന്നതിനാൽ ഈ പേർ സിദ്ധിച്ചു. ജഘനം > <നിതംബം.

ജഘന്യഫല-പ. കാട്ടത്തി. ൨. പേയത്തി.

ജഘന്യ-വി. പ. ഒടുക്കത്തെ ൨. നിന്ദ്യമായുള്ള.

ജഘന്യജൻ-പ. അനുജൻ. ഒടുവിൽ ജനിച്ചവനെന്നർത്ഥം. ൨. ശൂദ്രൻ.

ജഘന്യൻ-പ. ഒടുവിൽ ജനിച്ചവൻ. ൨. അധമൻ.

ജഘന്യാ-പ. ഒടുവിലുള്ളതു്. ൨ ഒടുവിലുണ്ടായതു്. ജഘനത്തിൽ ഭവിച്ചതെന്നർത്ഥം. നാ. അധമം.

ജൻ-പ ശിവൻ. ൨. വിഷ്ണു.

ജം-പ. ജലം. ൨. ജനനം. നാ. വിഷ്ണു. ര. സുഖം. ലോകങ്ങൾക്കു കുടിയെ കൊടുക്കുന്നവൻ എന്നർത്ഥം.

ജംഗമ-വി. ഇളകുന്ന, സഞ്ചരിക്കുന്ന.

ജംഗമം-സഞ്ചരിക്കുന്ന വസ്തു. [ജംഗമം > <സ്ഥാവരം] കടിലമായി ശമിക്കുന്നതെന്നർത്ഥം. കടിലം എന്നതു പ്രായികമാണ്. വളയാതെ നടന്നാലും ജംഗമം തന്നെ. മറ്റു പത്തുമായങ്ങൾ-ചരിഷ്ണു, ചരം, ത്രസ്നു, ജംഗം, ചരാചരം.

'ചരാചരംജംഗമേസ്യാദംഗവിഷ്ണുപയേരപി' എന്നു പ്രമാണം.

ജംഗമകുടി-കുടി.

ജംഗമേതരം-അചരം, സ്ഥാവരം. ജംഗമത്തിന്റെ (നടക്കുന്ന വസ്തുവിന്റെ) ഇതരം (വിപരീതം); നടക്കാത്തവസ്തു, വൃക്ഷലതാദികൾ. മറ്റൊരു പത്തുമായം-സ്ഥാവരം.

ജംഗല-വി വിജനമായുള്ള.

ജംഗാലം-അതിര്, വരമ്പു്.

ജംഗ്ലം-വിജനം

ജംഘ (മുഴങ്കാൽ). ഉണ്ടാകുന്നു, വളരുന്നു (നിൽക്കുന്നു) എന്നിങ്ങനെ അർത്ഥം. കാൽവണ്ണ.

'ജംഘകാം ഒരുകരുപ്പുകരിസമാനം'

(ഒരു പഴയ കൃതി)

ജംഘാലാ-ഒരു രാഗം.

ജംഘാലം-കണങ്കാൽ, കാൽ.

ജംഘാകാരികൻ-പ. അമ്പുകുക്കാരൻ. ൨. ദൂതിനും മറ്റും വേണ്ടി വഴിനടക്ക

ന്നവൻ ജംഘാബലംകൊണ്ടു ജീവിക്കുന്നവൻ എന്നർത്ഥം. മറെറാരു പര്യായം–ജംഘികൻ.

ജംഘാത്രാണം–കാൽകുപ്പായം

ജംഘാലൻ–വളരെ വേഗം നടക്കുന്നവൻ. വേഗത്തിൽ നടക്കുമ്പോൾ കണങ്കാലുകൾ നല്ലവണ്ണം ഇളകുന്നതുകൊണ്ടു ഈ പേരു സിദ്ധിച്ചു. മറെറാരു പര്യായം–അതിജവൻ.

ജട–ഫ. പേരാലിന്റെ പാലും ഭസ്മവും കൂട്ടിപ്പിരിച്ചു തലമുടി, എണ്ണതേച്ചു കുളിയുംമറവും ഉപേക്ഷിച്ചു വ്രതാനുഷ്ഠാനത്തോടിരിക്കുന്നവരുടെ ശിഖ. കൂട്ടിപ്പിണഞ്ഞുകിടക്കുന്നതു് എന്നർത്ഥം. മറെറാരു പര്യായം–സടം. ഉ. വിടുവേത്.

ജടാ–ഫ മഞ്ഞി, ജടയുള്ളതു്. കൂട്ടിപ്പിണഞ്ഞു കിടക്കുന്നതെന്നർത്ഥം. ഉ. നായികക്കാരണ. സ. ശതാവരി.

ജടാജൂടം–ഫ. ജട. ഉ. ശിവന്റെ ജട.

'പ്രേമസ്ഫൂർത്തിയൊടഭ്രനിർത്ഥരണിയെ–
ക്കാറഴജടാജൂടമാം'
(മദനകാമചരിതം നാടകം)

ജടാജ്വാലം–വിളക്ക്.

ജടാധാരി–വി. ജടയുള്ള.

ജടാമഞ്ഞി, ജടാമാംസി–ഫ. ഒരുങ്ങാടിമരത്തു്, ശൈലേയം, ഭൂതകേശം. ഉ. വയമ്പിൽ ഒരു വകഭേദം.

ജടാമൂലാ–ശതാവരി.

ജടായു(സ്സ്)–ഫ. ശ്യേനിയിൽ ഭാനുമാന്റെ പുത്രനായ ഒരു പക്ഷിരാജാവു്.

[സീതയെ രാവണൻ മോഷ്ടിച്ചുകൊണ്ടുപോകുന്നമദ്ധ്യേ സീതയുടെ കരച്ചിൽകേട്ടു ജടായു എത്തി തടയുകയും ചന്ദ്രഹാസംകൊണ്ടു മുറിവാറ നിലത്തു പതിക്കുകയും മരിക്കുമുമ്പു വന്നതാണെന്നു ശ്രീരാമനെക്കണ്ടു രാവണനെന്നായി നടന്ന സംഭവങ്ങളെയെല്ലാം മറവും വിവരിക്കയും ചെയ്തു. അനന്തരം മരിച്ചു. ശേഷക്രിയകളും രാമലക്ഷ്മണന്മാർ ചെയ്തു. ജടായുവിനു മോക്ഷം ലഭിച്ചു. പരമേശ്വരനായ ജടായു ദശരഥന്റെ ഒരു മിത്രമായിരുന്നു. ശനിയുടെ കോപത്തിൽനിന്നു ആ നൃപനെ രണ്ടുതവണ രക്ഷിക്കയുണ്ടായിട്ടുണ്ടുപോലും. ജടായു ശതഡന്റെ പുത്രനാണെന്നും ചിലർ അഭിപ്രായപ്പെട്ടു കാണുന്നുണ്ടു്.]

ഉ. ഇണ്ണൽ.

ജടാലംകാരം–ഒരാഭരണം.

[തലപിന്നി പൂമ്പട്ടയെച്ചു കെട്ടുന്നതാണു്.]

ജടാസുരൻ–ഒരു അസുരൻ.

[ജടാസുരൻ ബ്രാഹ്മണവേഷം ധരിച്ചു ധർമ്മപുത്രർ, സഹദേവൻ, നകുലൻ, പാഞ്ചാലി ഇവരെ അപഹരിക്കയും ഭീമനാൽ വധിക്കപ്പെടുകയും ചെയ്തു.]

ജടി–ഫ. ഇഞ്ചി. ഉ. ചിറാമു് സ പേരാമു്. ഭ. താപസൻ ജടയുള്ളവനെന്നർത്ഥം.

ജടില–വി. ജടയുള്ള.

ജടില–ഫ. മഞ്ഞി. ജടകൊണ്ടു ഉള്ളതു എന്നർത്ഥം. ഉ. വയമ്പു. സ. തിപ്പലി. ഭ. കിഴുകാനെല്ലി. ങ. ശൈലേയം പുത്രി, ഏഴിലംപാലയുടെ പര്യായമായ ഒരു സ്ത്രീ.

ജടിലൻ–ഫ. സിംഹം. ഉ. തിപ്പലി. സ. ജടയുള്ളവൻ.

ജടില–ഫ സിംഹം. ഉ. മഞ്ഞിപ്പു്. സ ഞെരിഞ്ഞി.

ജട്ടലം, ജഡുലം–ശരീരത്തിലുള്ള കറുത്ത മറവു്. ശരീരത്തെ ചീത്തയാക്കിത്തീർക്കുന്നതെന്നർത്ഥം.

ജട്ടുഡുലൻ–ശരീരത്തിന്മേൽ കറുത്ത മറവുള്ളവൻ.

ജഠര–വി. ഫ കട്ടപ്പുളള. ഉ ബന്ധിക്കപ്പെട്ട. ന. പഴകിയ.

ജഠരം–ഫ. വയറ്. ജന്തു അല്ലെങ്കിൽ മഖം ഇതിൽ ഉണ്ടാകുന്നതിനാൽ ഈ പേർ വന്നു. ഉ. കഠിനമായ വസ്തു. ന. ഗുഹ, ൪. ഗർഭപാത്രം.

ജഠരാഗ്നി–വയററിലെ അഗ്നി.

ജഠരാമം–നീരാഴിവ്.

ജഠരാമയം–വയററിലെ ദീനം.

ജഡ–വി ഫ. തണുപ്പുളള. ഉ. മൂഢതയുള്ള ന. ജീവനില്ലാത്ത.

ജഡക്രിയ–വി. താമസിച്ചു ചെയ്യുന്ന

ജഡത, ജഡത്വം–ഫ. തണുപ്പ്. ഉ. മൂഢത. ന ജാഡ്യം. ശരീരാവയവങ്ങളെക്കൊണ്ടും മനസ്സുകൊണ്ടും ഒന്നും പ്രവർത്തിപ്പാൻ കഴിവില്ലായ്ക.

ജഡൻ–മൂഢൻ, ജളബുദ്ധി. ലോകസ്ഥിതിയെ അറിയാത്തവൻ എന്നർത്ഥം. മറെറാരു പദ്ധതിയം–അജ്ഞൻ.

['ഇഷ്ടം വാനിഷ്ടം വാസുഖദുഃഖം വാനവേത്തിയോരാമഹാൽ; പരവശശരീ, സരോവമിഹനാമ്നാജഡസംജ്ഞകഃപുരുഷഃ' = യാവനൊരുവനാണോ അജ്ഞാനം ഹേതുവായിട്ടു ഇഷ്ടാനിഷ്ടങ്ങളേയും സുഖദുഃഖങ്ങളേയും അറിയാത്തവനും മറൊരുള്ളവർക്കു അധീനനും ആയിരിക്കുന്നു അവനത്രേ ജഡൻ ]

ജഡഭരതൻ–ഒരു മുനി.

ജഡം–ഫ. ദേഹം ഉ. മാംസം ന. വിചാരമുട്ടി ൪ വ്യാപാരമില്ലാത്തതു്. ൫. വെള്ളം. ന. കാരീയം. ൭ തണുപ്പോട്ടുകുടയുന്നു.

ജഡാ–ഫ നാഴ്യൂരിനാ. ഉ. കിഴക്കു നെല്ലി.

ജഡിമാ–തണുപ്പ്.

ജഡീകൃത–ജഡമാക്കിത്തീർത്തു.

ജഡീഭൂത–ജഡമായി മെരിച്ചു.

ജഡുലാ–മരക്, ശരീരത്തിൽ കാണുന്ന കറുത്ത പുള്ളി.

ജതു–കോലരക്ക്, അരക്ക്. വൃക്ഷത്തിന്മേലുണ്ടാകുന്നതെന്നർത്ഥം.

ജതുകാ, ജതുകി–വാവൽ, ആവൽ. അരക്കിന്റെ നിറമുള്ളതു് എന്നർത്ഥം.

ജതുകം–ഫ ചെമ്പകം. ജതുവിനെ (അരക്കിനെ) പ്പോലെ ഒട്ടുന്നതു എന്നർത്ഥം. ഉ. അരക്ക്.

ജതുഗൃഹം–അരക്കില്ലം

ജതുനി–വാവൽ, ആവൽ.

ജതുമണി–മരക് (മറ), രത്നക്കുഴമ രോഗം.

[കഫരക്തം നിമിത്തം ജനിക്കുമ്പോൾ രണ്ടുതന്നെ സമമായിട്ടും ഉയർന്നിട്ടും വേദനയോടു കൂടാതെയും മണ്ഡലാകൃതിയായിട്ടും ഉണ്ടാകുന്ന ലാഞ്ഛനം ]

ജതുരസം–കറുത്ത അരക്ക്.

ജതുകാ–ഫ. വാവൽ. ഉ. വെങ്കുറിഞ്ഞാലം. അരക്കുണ്ടാക്കുന്നതു് എന്നർത്ഥം.

[അരക്ക് ഈ മരത്തിന്റെ കറയെന്നു കാണുന്നു.]

ജതുമുഖാ–പുഴക്കണ്ണിനെല്ലു്.

ജതു–പൂണെല്ലു്, യജ്ഞോപവീതം. കണ്ണാടിയുണ്ടാക്കുന്നതു് എന്നർത്ഥം.

[പൂണെല്ലു് മുലിന്റെയും കക്ഷത്തിന്റെയും സന്ധിയാണു്.]

ജനകൻ–ഫ. പിതാവു്. ജനിപ്പിക്കുന്നവൻ എന്നർത്ഥം. മറെറാരു പദ്ധതിയുമാം–താതൻ, പിതാവു്. ഉ. മിഥിലാരാജാവു്.

[ജനകൻ വിദേഹം അല്ലെങ്കിൽ മിഥില എന്ന രാജ്യത്തിലെ രാജാവും സീതയുടെ വളർത്തച്ഛനുമാണു്. പരിശുദ്ധത, വിജ്ഞാനം ഇവകൊണ്ടു ജനകൻ വിഖ്യാതനായിരുന്നു. ഒരു മഹാസത്രം സീതയെ ഉപക്ഷിച്ചതിന്റെ ശേഷം അദ്ദേഹം

സർവ്വം വെടിഞ്ഞു വനവാസിയായി ബ്രഹ്മജ്ഞാനിയായി വേഷിച്ചു. അദ്ദേഹത്തിന്റെ ഭ്രമവും ഉപദേഷ്ടാവും യാജ്ഞവല്ക്യൻ എന്ന മഹർഷിയായിരുന്നു ജനകനെ വിദേഹൻ എന്നും മിഥിലൻ എന്നും കൂടി വിളിക്കാറുണ്ട്. വിദേഹരാജാവായ ജനകൻ മഹാകാവ്യകാലത്തു (ക്രൈ-ക-ക്രാ) എങ്ങും പ്രസിദ്ധപ്പെട്ട ഒരാളായിരുന്നു ]

ജനകം - കാരണം. ജനിപ്പിക്കുന്നതെന്നർത്ഥം.

ജനതാ-ജനക്കൂട്ടം.

ജനനദിവസം-ജനിച്ചദിവസം.

ജനനചതുഷ്ടയം, ജന്തുചതുഷ്ടയം-ജരായുജം അണ്ഡജം സ്വേദജം ഉദ്ഭിജം ഇങ്ങിനെ നാല്.

ജനനഭൂമി-ക്ര. ജനിച്ചദിക്ക്. ക. അട്ടിപ്പേർ.

ജനനമരണങ്ങൾ-ജനനവും മരണവും.

ജനനം-ക്ര. ഉത്ഭവം, പിറവി. ക. വംശപാരമ്പര്യം. പര്യായങ്ങൾ-ജനി, ജനനം, ജന്മം, ജനി, ഉല്പത്തി, ഉത്ഭവം.

ജനനി-ക്ര. മാതാവ്, അമ്മ. ജനിപ്പിച്ചവൾ എന്നർത്ഥം. മറ്റുപര്യായങ്ങൾ-ജനയിത്രി, പ്രസൂ, മാതാ. ഉ. ജനനം. ഗ. കരികാലച്ചോളൻ. (രജനി എന്നതിന്റെ പാഠം) ഘ. കവുങ്ങ്. ങ. യാത്രാ. ന. മക്കൾ. ഛ. കവുങ്ങിന്റെ അരയ്ക്കവുമാണ്. ൻ കട്ടരേഖാഭേദം.

ജനപദം-ക്ര രാജ്യം. ഉ. സമൂഹം. ന. ജാതി ഘ. നാട്ടിൻപുറം

ജനപുഷ്ടി-ജനങ്ങൾ വർദ്ധിക്കുക, പെരുപ്പെരുപ്പ്.

ജനപുഷ്ടികര-വി. ജനങ്ങൾക്കു പുഷ്ടി വരുത്തുന്ന.

ജനപ്രഭസൂരി-ഒരു സംസ്കൃതകവി. ഒരു നാടകക്കാരൻ. സിദ്ധാന്തശേഖരസ്തവം, പാർശ്വനാഥസ്തവം, ശ്രീതമാസ്തോത്രം, വീരസ്തവം, ചതുർവ്വിംശതിജിനസ്തവം, വീരനിർവ്വാണ കല്യാണകസ്തവം ഇതു പോരാതെ ഏഴെട്ടു പുസ്തകങ്ങൾകൂടി ഉണ്ടാക്കിയതായി കേൾവിയുണ്ട്.

ജനപ്രവാദം-കേൾവി.

ജനപ്രിയം-ക്ര കൊണ്ടാടപ്പെടുന്ന. ഉ. കതിരുകിള്ള

ജനബാധ-അസഹ്യത, അലട്ട്.

ജനം-ക്ര. ജനക്കൂട്ടം. ഉ. പ്രജ.

ജനംഗമൻ-ചണ്ഡാലൻ. ധർമ്മികനും രജസ്വലയുടെ അടുക്കൽ ചെല്ലുന്നവൻ എന്നർത്ഥം. മറ്റൊരുപര്യായം-ജനംഗമൻ

ജനമേജയൻ-ക്ര. പരീക്ഷിത്തിന്റെ പുത്രൻ. (ജനൻ ഏജയതി കമ്പയതി = ശത്രുക്കളെ വിറപ്പിക്കുന്നവൻ)

(പരീക്ഷിത്തു് ജനമേജയന്റെ പൌത്രനാകുന്നു.)

[ജനമേജയൻ ഒരു കീർത്തിപ്പെട്ട രാജാവാണ്. ഹസ്തിനപുരിയിൽ വാണു. ഈ നൃപനോടാണ് വൈശമ്പായനൻ മഹാഭാരതം ചൊല്ലിക്കേൾപ്പിച്ചതു്. ഇദ്ദേഹം സർപ്പസത്രം കഴിച്ചു ഇതിനു കാരണം പിതാവായ പരീക്ഷിത്തു തക്ഷകനന്ന മഹാസർപ്പത്തിന്റെ വിഷം തീണ്ടി മരിച്ചതാണ്. സർപ്പയാഗത്തിൽ തക്ഷകൻ ഒഴികെ എല്ലാനാഗങ്ങളും വീണു. തക്ഷകൻ രക്ഷപ്പെട്ടതു ആസ്തികൻ എന്ന മുനിയുടെ അപേക്ഷ കേട്ടു വാഗ്ദാനം ചെയ്തിരുന്നതുകൊണ്ടത്രേ. മഹാഭാരതകഥ വൈശമ്പായനനിൽനിന്നു പഠിച്ചതുകൊണ്ടു പിന്നെ രാജ്യത്തു ബ്രഹ്മഹത്യാപാപത്തിൽ നിന്നു മോചനം വരിച്ചുവത്രേ. ജനമേജയനെ 'സർപ്പശത്രു' എന്നും പേർ കാണുന്നു ]

ക. പുരുവിനു കൌസല്യയിൽ ഉണ്ടായ രാജാവ്.

ജനയൽ, ജന്നൽ, ജനൽ, ജനവാതിൽ–കാറവയന്നതിനുള്ള ചെറിയ വാതിൽ, വാതായനം.

ജനയിതാ–പിതാവു്.

ജനയിത്രി–മാതാവു്.

ജനയിഷ്ണു പൂവ്വൻ, കാരണവൻ, പഴവൻ.

ജനരഞ്ജനം–മനുഷ്യസ്നേഹം, സൽഗുണശീലം.

ജനരാടം, ജനരാട്ട്–ജനവൽ, ജനാധിപതി

ജനലോകം–ലോകങ്ങളും പതിനാലുള്ളതിൽ മൂന്നു്.

ജനവാടം–വത്തമാനം.

ജനശ്രുതി–എവിടെനിന്നുണ്ടായിച്ചു എന്നു തിരിച്ചറിവാൻ പാടില്ലാത്തതും പലരും ധരിച്ചിട്ടുള്ളതുമായ വർത്തമാനം. മറ്റൊരാപ്തവാക്യം–കിംവദന്തി.

ജനസ്ഥാനം – ദണ്ഡകവനത്തിൽ ഒരു ദേശം

'ശൈലേമനീരേമഹാകാനനേപഞ്ചവടീതടേരമണോഹരേസഞ്ചരിച്ചീടുന്നനേരത്തുയാമിനീചരിജനസ്ഥാനവാസിനിയായ'

(അദ്ധ്യാത്മരാമായണം)

ജനാർദ്ദനൻ–വിഷ്ണു. ദുഷ്ടജനങ്ങളെ അർദ്ദനം ചെയ്യുന്നവൻ (പീഡിപ്പിക്കുന്നവൻ), കടൽ നടുവിൽ സ്ഥിതിചെയ്യുന്ന ജനങ്ങൾ എന്ന രാക്ഷസന്മാരെ പീഡിപ്പിച്ചവൻ, മധുവിനാശനൻ, ജനത്തെ (ജന്മത്തെ) ഇല്ലാതാക്കുന്നവൻ, മോക്ഷത്തിന്നായി കൈതൊഴുതു ജനങ്ങളാൽ യാചിക്കപ്പെടുന്നവൻ ഇങ്ങനെ അർത്ഥം. പ. കൃഷ്ണൻ.

ജനാർദ്ദനം–പക്കം

ജനാല–കിളിവാതൽ.

'കൂത്തിനൊരുനേരത്തുള്ളജനാലയിൽ'

(മാളവികാഗ്നിമിത്രംനാടകം)

ജനാശനം–രാജന്നായ്.

ജനാശ്രയം–വഴിയമ്പലം, മണ്ഡപം. ജനങ്ങൾക്കിരിപ്പാനുള്ള സ്ഥലം എന്നർത്ഥം.

ജനി–പ്ര. ജനനം. പ. സ്ത്രീ. നു. കാര്യം. ര. പുത്രഭാര്യ. ഇവളിൽ വംശം ഉത്ഭവിക്കുന്നതിനാൽ ഈ പേർ സിദ്ധിച്ചു.

ജനിക്കുക–പ്ര. പിറക്കുക, പ. ഉത്ഭവിക്കുക [ജനിപ്പിക്കുക. സ. ക്രി]

ജനിതാവു്–പിതാവു്.

ജനിത്രി–അമ്മ

ജനിത്വൻ–പിതാവു്

ജനിത്വാ–മാതാവു്.

ജനിപ്പിക്കുക–ഉണ്ടാക്കുക.

ജനിഭ്രവു്–പിറന്ന ഗൃഹം.

'ജന്മഭൂവിദമയന്ത്യാം'

(നളചരിതംകഥകളി)

ജനിമാ–ജനനം, ഉൽപാദനം.

ജനിമൃതികൾ–ജനനവും മരണവും.

ജനീ–പ്ര. ജനനം. പ. സ്ത്രീ. നു. മാതാവു്. ര. മകന്റെ ഭാര്യ. ഇ. വെണ്ടക്കായ്ക്കും ഒരു കട്ടേരാഹണി.

ജനീതാത്മാനുരാഗം – വാത്സല്യമുണ്ടാകുന്ന സ്നേഹമുണ്ടാക്കുന്ന സ്ത്രീ

ജനു–ജനനം.

ജനുസ്സു്–ജനനം. ജനിക്കുന്നതു്.

ജനുഷാന്ധരൻ–പ്ര. മഹത്വം പ. ശ്രേഷ്ഠത

ജനുഷാപകാരം–ജനങ്ങളുടെ പ്രയാസജനകം.

ജനുഷാപദ്രവം–ജനപീഡ

ജനുഷ്ടലം–ജനസമൂഹം.

ജന്തു–പ്രാണി. മറ്റു പര്യായങ്ങൾ–പ്രാണി, ചേതനം, ജന്തി, ജന്യു, ശരീരി.

[ജന്തു എന്നുള്ള ശബ്ദം മനുഷ്യരെ ഒഴിച്ചുള്ള പ്രാണികൾക്കാണ് അധികം പ്രയോഗിക്കാറു നടപ്പു്.]

ജന്തുക്കൾ നാലുവിധം-പ്ര ജരായുജം (പ്രസവിച്ചുണ്ടാകുന്നവ). ര. അണ്ഡജം (മുട്ടയിൽനിന്നു വിരിയുന്നവ). സ. സ്വേദജം (വിയർപ്പിൽനിന്നുണ്ടാകുന്നവ) ര. ഉദ്ഭിജം (മുളച്ചുണ്ടാകുന്നവ)

ജന്തുകാ-അരക്ക്.

ജന്തുക്കഠം-മനുഷ്യൻ മുതലായ പ്രാണികൾ.

ജന്തുത്വം-മൃഗസ്വഭാവം.

ജന്തുധർമ്മങ്ങൾ-ആഹാരം, വിഹാരം, മൈഥുനം, നിദ്ര ഇവ നാലും.

ജന്തുധർമ്മം-ജന്തുക്കളുടെ സ്വഭാവഗുണം.

ജന്തുനാശനം-പ്ര. ചെന്തുകുരയം. ര. വിഴാൽ.

ജന്തുപ്രായ-വി. മൃഗസ്വഭാവമുള്ള.

ജന്തുഫലം-അത്തി, ഫലത്തിൽ ജന്തുക്കളുള്ളതു് എന്നർത്ഥം.

[അത്തിക്കുരുവിൽനിന്നു് ഈച്ചയുണ്ടാകുമെന്നുള്ളതു പ്രസിദ്ധമാകുന്നു]

ജന്തുമതി-ഭൂമി.

ജന്തുവൃത്തം-മൃഗങ്ങളുടെ ശീലം.

ജന്തുവൃത്തി-മൃഗങ്ങളുടെ സ്വഭാവം.

ജന്തുവിനാശനം-വിഴാൽ.

ജന്തുഹിംസ-പ്രാണിവധം.

ജന്മകാരൻ-മുതലാളൻ, പുരുഷൻ, ഭർത്താവു്.

ജന്മതാരം-പ്ര ജനനദിവസം ര. ജനിച്ചപ്പോളുള്ള നക്ഷത്രം

ജന്മദിനം-ജനിച്ച ദിവസം.

ജന്മനക്ഷത്രം-പ്ര ജന്മദിവസം. ര. ജന്മത്തിലുണ്ടായ നക്ഷത്രം.

ജന്മനക്ഷത്രം വരുന്ന രാശിയുടെ പേർ.

മേടം-അശ്വതി.
ഇടവം-ഭരണി, കാർത്തിക 1/4.
മിഥുനം-കാർത്തിക 3/4, രോഹിണി, മകയിരം 1/2.
കർക്കടകം-മകയിരം 1/2, തിരുവാതിര, പുണർതം 3/4.
ചിങ്ങം-പുണർതം 1/4, പൂയം, ആയില്യം.
കന്നി-മകം, പൂരം, ഉത്രം 1/4.
തുലാം-ഉത്രം 3/4, അത്തം, ചിത്തിര 1/2.
വൃശ്ചികം-ചിത്തിര 1/2, ചോതി, വിശാഖം 3/4.
ധനു-വിശാഖം 1/4, അനിഴം, തൃക്കേട്ട.
മകരം-മൂലം, പൂരാടം, ഉത്രാടം 1/4.
കുംഭം-ഉത്രാടം 3/4, തിരുവോണം, അവിട്ടം 1/2.
മീനം-അവിട്ടം 1/2, ചതയം, പൂരുരുട്ടാതി 3/4.

ജന്മനാമം-ജനിച്ച ദിവസം.

[വിവാഹത്തിനു പുത്രന്മാരുടെ ജന്മനാമം വർജ്ജിക്കണം. നാമകരണം, ചോറൂണ്, ഉപനയനം ഇവകൾക്കു ജന്മനാമം നന്നല്ല]

ജന്മപക-ജന്മനക്ഷത്രം.

ജന്മപത്രിക-ജാതകം.

ജന്മപാപം-മൂലപാപം.

ജന്മപ്പുക-കുടിപ്പക, വംശപരമ്പരയായുള്ള പക.

ജന്മപ്രകൃതി-സ്വഭാവം, ജനിച്ചപ്പോഴേയുള്ള ശീലം

ജന്മപ്രവൃത്തി-ജനനംമുതൽ, ജനിച്ചതുതൊടങ്ങി.

ജന്മഭം-പ്ര. ജന്മനക്ഷത്രം. ര. ജനിച്ച ദിവസത്തെ നാൾ, പിറന്നാൾ,

ജന്മഭൃത്തൻ-ജന്മിയായ്ൻ,

ജന്മം-പ്ര. ജനനം ര. മുതലാളന്റെ വസ്തു, അടിയ്ക്കുപ്പെൺ.

ജന്മർക്ഷം-പിറന്നാൾ.

ജന്മവാടം-മുതലാളന്റെ വസ്തു സംബന്ധിച്ചുള്ള തൊടി

ജന്മസാഫല്യം-ജനിച്ചതിന്റെ സഫലത, ജന്മമുണ്ടായ ഫലിക്കേണ്ടതുണ്ട്, കൃതാർത്ഥത, പ്രത്യുപകാരസുഖം

ജന്മനിഷ്ക്രയം-പ്ര ജന്മസാഫല്യം. ര. ജന്മം കിട്ടുക എന്നുള്ളതു്.

ജന്മാധികാരം-ജന്മത്തിന്റെ അധികാരം

ജന്മാധികാരി-വി. ജന്മത്തിനു് അധികാരമുള്ള.

ജന്മാന്തരകൃതം-വി. മുജ്ജന്മത്തിൽ ചെയ്ത, മേറെയുള്ള ജന്മത്തിൽ ചെയ്ത

ജന്മാന്തരം-ക്ര. വേറൊരു ജന്മം. ഉ. അന്യ (മുൻ) ജന്മം, മുൻപിലത്തെയോ ഇനിയത്തെയോ ജന്മം. ന. സങ്ക്രമണശീലം, നന്ദി.

ജന്മാന്തരവാസന - പൂർവ്വജന്മവാസന, മറെറാരു ജന്മവാസന.

ജന്മാഷ്ടമി-ശ്രാവണമാസത്തിൽ കൃഷ്ണപക്ഷത്തെ അഷ്ടമി, കൃഷ്ണന്റെ ജനനദിവസം.

ജന്മി-ക്ര. ഭൂമിയുടെ ഉടയവൻ, മുതലാളി. ഉ. മനുഷ്യൻ മുതലായ പ്രാണികളുടെ പേർ. ജനനമുള്ളവൻ എന്നർത്ഥം.

ജന്മിഭോഗം-ജന്മിക്കുള്ള അവകാശം.

ജന്മിമാറാട്ടം-മുതലാളിയുടെ വസ്തുവിനെക്കുറിച്ചുള്ള തർക്കം.

ജന്യ-വി. ജനിക്കത്തക്ക.

ജന്യ-ക്ര. മാതാവു്. ഉ. മാതാവിന്റെ സഖി ന. തോഴി. ര. ഇഷ്ടം, സന്തോഷം.

ജന്യന്മാർ-ക്ര വേൾക്കുന്നതിനു വരുമ്പോൾ വരൻ ഒന്നിച്ചു വന്നിരിക്കുന്ന അയാളുടെ ബന്ധുക്കളും സ്നേഹിതന്മാർ മുതലായവർ. ഉ. കെട്ടിവയ്പാൻ വരുമ്പോൾ കൂടിവന്നിച്ചുള്ള അവളുടെ ബന്ധുക്കളും സഖികളും മുതലായവർ.

ജന്യൻ-ക്ര. പിതാവു്. ഉ. തോഴൻ. ന. ജനങ്ങൾക്കു ഹിതമായതിനെ ചെയ്യുന്നവൻ. ര. കല്യാണപ്പെണ്ണിന്റെ ഭർത്താവിന്റെ സ്നേഹിതൻ ന. വാഹകൻ.

ജന്യം-ക്ര യുദ്ധം, ജനിക്കുക, ഇപ്പോൾ മരിക്കുമെന്നു തീർച്ചയാക്കിയിരിക്കുക, ഒട്ടു ജന്മത്തെ തീർച്ചയാക്കുക ഇങ്ങനെ അർത്ഥം.

'ജന്യമഹോത്സവമതികേലോഹം'
(പ്രബോധചന്ദ്രോദയം ഉള്ളൂർ)

ഉ. സ്തുതി, ജനവാദം. ന. ചന്ദനക്കുട്ടം. ര. കാര്യം. ഉണ്ടാകുന്നതെന്നർത്ഥം.

ജന്യു-പ്രാണി.

ജപമാല, ജപമാലിക-ജപിക്കുന്ന മാല, രുദ്രാക്ഷമാല.

ജപ, ജാപ്യ, ജപനം-പ്രാർത്ഥനയോ വേദത്തിലെ ചില വാക്യങ്ങളോ അതുമേ നാമങ്ങളോ ചൊല്ലുക, വേദാധ്യയനം. മനസികമായ അധ്യയനം എന്നർത്ഥം. മറെറാരു പര്യായം -സ്വാധ്യായം.

ജപപരായണ-ജപത്തിൽ താൽപര്യമുള്ള.

ജപ്യ, ജവ്യ-ചെമ്പരത്തി.

ജപ്യാകുസുമ -ചെമ്പരത്തിപ്പൂവ്.

[ചെമ്പരത്തിപ്പൂവിനു പര്യായങ്ങൾ-ജവം (ജപ്യ) പുഷ്പം, രക്തപുഷ്പം]

ജപിക്കുക-പ്രാർത്ഥനയും മറ്റും ചൊല്ലുക

ജപ്ത്-വി. ജപിക്കപ്പെട്ട.

ജപ്തി-കണ്ടുകെട്ടുക, ഒരുവൻ മറെറാരുവനു കൊടുപ്പാനുള്ള പണത്തിനു വ്യവഹാരപ്പെട്ടാൽ കടക്കാരന്റെ വസ്തുവകയെ കടം വീട്ടുന്ന വകയ്ക്കു സർക്കാരധീനത്തിൽ വെയ്ക്കുക (അറബിഭാഷ.)

ജപ്യം-വി. ജപിക്കേണ്ടുന്ന. 'കിംജപ്യം കിന്നുളക്ഷണം'.

ജട-ശേഖരിപ്പു്, കരംപിരിവു്.

ജാതകാളി, ചാതുകാളി, ചാവുകാളി-ചൊരുപ്പു്. [രോഷ്ണൻഭാഷ.] യിരിച്ചു കിടക്കുന്നതിനു മനാഹരമായ യിരിപ്പുണി

ജടച്ചു്-വരവിനും ചിലവിനും ഉള്ള കണക്കു്.

ജമദഗ്നി-ഒരു മുനി, പരശുരാമന്റെ പിതാവു്.

[ജമദഗ്നിയുടെ അച്ഛൻ ഋചീകൻ. ഉൽകൃഷ്ടദൈവത്തെക്കുറിയുള്ള ജമദഗ്നി ഭൃഗുവംശജനാണ്. അമ്മ സത്യവതി. സത്യവതി ക്ഷത്രിയരാജാവായ ഗാധിയുടെ പുത്രിയാകുന്നു. സത്യവതി ഗർഭിണിയായിരിക്കുമ്പോൾ ഋചീകൻ ബ്രാഹ്മണഗുണങ്ങളോടുകൂടിയ ഒരു പുത്രനെ ഇച്ഛിച്ച് ഒരു ആഹാരം നൽകി. ഈ സന്ദർഭത്തിൽ തന്നെ സത്യവതിയുടെ മാതാവിനും ഒരു ആഹാരം കൊടുത്തു. ഇതു യഥാവൈദഗ്ധ്യമുള്ള ഒരു പുത്രനെ പ്രസവിപ്പാൻ വേണ്ടിയായിരുന്നു സ്ത്രീകൾം രണ്ടുപേരും ആഹാരം വെച്ചുമാറി. അതിനാൽ ഋചീകപുത്രനായ ജമദഗ്നി ക്ഷത്രിയഗുണമുള്ള ബ്രാഹ്മണനായും ഗാധിസൂനുവായ വിശ്വാമിത്രൻ ബ്രാഹ്മണഗുണങ്ങളോടുകൂടിയ ക്ഷത്രിയനായും ജനിച്ചു. ജമദഗ്നി രേണുകയെ വിവാഹം ചെയ്തു. രേണുക സൂര്യവംശത്തിലേ രേണുരാജാവിന്റെ മകളാണ്. ജമദഗ്നി വിവാഹംചെയ്തശേഷം വേദാഭ്യാസം പൂർത്തിയായതിൽ പിന്നീടായിരുന്നു രേണുക ആശ്രമത്തിൽവച്ച് അഞ്ചു പുത്രന്മാരെ പ്രസവിച്ചു അവരുടെ പേർ രുമണ്വാൻ, സുഷേണൻ, വസു, വിശ്വാവസു, പരശുരാമൻ എന്നിങ്ങനെയായിരുന്നു. രേണുക ഒരിക്കൽ അഗ്നിഹോത്രത്തിനു ജലം കൊണ്ടുവരുവാൻ കുളത്തിൽ പോയപ്പോൾ ജലക്രീഡയിൽ ആസക്തനായ ചിത്രരഥനെ കണ്ടു നോക്കിക്കൊണ്ടു നിന്നുപോയി. ചിത്രരഥനും രേണുകയിൽ കൂടി മല്ലാസുമായി ഭർത്താവുകയായിരുന്നു രേണുക പതിവിൻപ്രകാരം വരുണജലം കൊണ്ടു മടങ്ങിയപ്പോൾ ഭർത്താവുകയാകട്ടെ തനിക്കു വിരോധമുണ്ടാകയാകട്ടെ ചെയ്തില്ല. രേണുക കടവുംകൊണ്ടു രേണുക താമസിച്ചു വരികയാൽ കോപസന്ധനായ ഋഷി വസ്തുവം അറിഞ്ഞു രേണുകയുടെ ശിരസ്സു ഛേദിപ്പാൻ പുത്രന്മാരോടാജ്ഞാപിച്ചു. പരശുരാമൻ മാതൃം ആജ്ഞയെ അനുസരിച്ച് മാതാവിനെ വധിച്ചു. ജമദഗ്നിയുടെ ശാപംനിമിത്തം മറ്റുള്ള പുത്രന്മാർ ഭ്രാന്തന്മാരായ് ഭവിച്ചു. ജമദഗ്നി പരശുരാമനെ അനുഗ്രഹിച്ചു സന്തോഷിച്ച് എന്തു വരം വേണമെന്നു ചോദിച്ചു. രാമൻ അമ്മയെ ജീവിപ്പിക്കണമെന്നും സഹോദരന്മാരെ പൂർവ്വസ്ഥിതിയിലാക്കണമെന്നും അദ്ദേഹം അപേക്ഷിച്ചു പിതാവു അപ്രകാരം ചെയ്തു. ജമദഗ്നി ഹൈഹയരാജാവായ കാർത്തവീര്യാർജ്ജുനന്റെ പുത്രന്മാരാൽ കൊല്ലപ്പെട്ടു ഇതിനു കാരണം ജമദഗ്നിയുടെ മകനായ പരശുരാമൻ കാർത്തവീര്യനെ വധിച്ചതായിരുന്നു. ഒരിക്കൽ കാർത്തവീര്യൻ ജമദഗ്നിയുടെ ആശ്രമത്തിൽ ചെന്നു യഥായോഗ്യം സൽക്കരിക്കപ്പെട്ടതിന്റെ ശേഷം തിരിച്ചുപോകുമ്പോൾ ആശ്രമത്തിനു ചുറ്റുമുള്ള വൃക്ഷങ്ങളെ നശിപ്പിക്കയും സുരഭി എന്ന പശുക്കിടാവിനെ അപഹരിക്കയും ചെയ്തു ഇതുകൊണ്ടാണ് പരശുരാമൻ കാർത്തവീര്യനെ വധിപ്പാനിടയായത്.]

ജമദഗ്നി-പുരാണപ്രസിദ്ധനായ ഒരു മഹർഷി. [ഋഗ്വേദം.]

ജമദഗ്നി (പുരുഷൻ). [ഭാരതം ഏന്നതിന്റെ പര്യായം.]

ജമദഗ്നി, ഒരു ബ്രാഹ്മണൻ. ഇയാൾ ഒരു ഗോത്രകാരനും ഒരു ഋഷിയുമാകുന്നു. ഇയാളുടെ പേരിൽ കാണുന്ന ഗോത്രത്തിനും പ്രവരത്തിനും ഇയാൾ തന്നെ കർത്താവുമാകുന്നു.

'നാട്ടിൽഞ്ചാലേ! റവന്യൂ വകനിഖിലകണ-
ക്കൊക്കെയെന്നല്ല പ്രസ-
ക്തേട്ടലേംചൊല്ലുവൻതൻമുതൽചെലവുകളും
സൂക്ഷ്മമായ്ഗ്രഹിപ്പാൻ
കേട്ടംക്രമേണതെറ്റില്ലാതുറയെ
ജമാബന്ദിയെന്നോതിടുന്നു ...'

ജമാവസുഴ്ബൊക്കി-പിരിവും കടിഞ്ഞി കയും.

ജമീദാർ, ജമേദാർ-പട്ടാളത്തിലെ ഒരു ഉദ്യോഗപ്പേര്.

ജംപതികർമം-ഭാര്യാഭർത്താക്കന്മാർ. (ഭാര്യയുടേയും ഭർത്താവിന്റെയും കൂടിയ പേർ). മറ്റു പര്യായങ്ങൾ-ദമ്പതി, ഭാര്യാപതി, ജായാപതി.

ജംപാ-ചെമ്പരത്തി.

ജമ്പാല(ള)ം-പ്ര. ചെളി (ചളി). ഗതിയെയോ വസ്തുവിനെയോ ശ്രമിക്കുന്നതു്, ഗമനത്തെ തടസ്ഥപ്പെടുത്തുന്നതു് എന്നർത്ഥം. ഉ. ചിറ. നി. നിർവാളം. ര. കട്ടലാവണക്കു്.

ജംബാലം-പ്ര. കരിമ്പായൽ. ഉ. പൂക്കൈത.

ജംബാലിനി-നദി.

ജംബീരഫല-ചെറുനാരങ്ങാ.

ജംബീരം, ജംബിരം-ജോനകനാരകം, ചെറുനാരകം. ഭക്ഷിക്കപ്പെടുന്നതു് എന്നർത്ഥം.

ജംബു, ജംബൂ-പ്ര. ചമ്പു, ചാമ്പയ്ക്കാ. ഉ. ഞാവൽ (ക്കായ്). ഭക്ഷിക്കപ്പെടുന്നതു് എന്നർത്ഥം. നി. കറുക്കൻ.

ജംബു-പലകപ്പയ്യനി.

ജംബുകൻ-പ്ര. കറുക്കൻ. മാംസം ഭക്ഷിക്കുന്നവൻ എന്നർത്ഥം. ഉ. വമ്പൻ.

ജംബുമാലി-ഒരു രാക്ഷസൻ.

[രാവണന്റെ സേനാനായകനാണ്. ഹനുമാനാൽ വധിക്കപ്പെട്ടു.]

ജംബൂ-പ്ര ചാമ്പ, മാമ്പക്കാ. ഉ. ഞാവൽ. നി. കറുക്കൻ.

ജംബുകൻ-കറുക്കൻ

'ഖരംഷ്ടുകപിജംബുക
വ്യാഘ്രസംഘൈരാവൃതേ'

(രാമചരിതം)

ജംബുകം-പ്ര. പൂക്കൈത. ഉ. പലകപ്പയ്യനി.

ജംബൂദ്വീപം-ലവണ സമുദ്രത്തിനകത്തുള്ള ഭൂമി.

[ഇതു സപ്തദ്വീപങ്ങളിൽ ഒന്നാണ്. മഹാമേരു അതിന്റെ മദ്ധ്യവും ഭാരതവർഷം അതിന്റെ പ്രധാനവർഷവുമാണ്. അതിന്റെ വർഷങ്ങൾ-പ്ര. ഭാരതം. ഉ. കിംപുരുഷം. നി. ഹരിവർഷം. ര. (മേരുവുള്ള) ഇളാവൃതം. ള. രമ്യകം. ഴ. ഹിരണ്മയം. ഠ. ഉത്തരകുരു. ഡ. ഭദ്രാശ്വം. ൻ. കേതുമാലം.]

ജംബൂനദി-മേരുവിങ്കൽനിന്ന് ഒഴുകുന്ന ഒരു നദി.

ജംബൂഫലം-പ്ര. ചാമ്പക്കാ. ഉ. ഞാവൽക്കാ.

ജംബൂല(ള)-പ്ര. പൂക്കൈത. ഉ. ഞാവൽ.

ജംഭകൻ-പ്ര. തിന്നുന്ന, വിഴുങ്ങുന്ന. ഉ. കൊല്ലുന്ന, നശിപ്പിക്കുന്ന. നി. മൃഗനിവിരുന്ന.

ജംഭൻ-പ്ര. ഇന്ദ്രന്റെ ശത്രുവായ ഒരു അസുരൻ. ഉ. ഒരു രാക്ഷസൻ.

[ജംഭാസുരൻ ഇന്ദ്രന്റെ ശത്രുവാകയാൽ ജംഭാരി, ജംഭരിപു എന്നിങ്ങനെ ഇന്ദ്രനു പേരുണ്ടായി. ജംഭൻ എന്ന രാക്ഷസൻ അഞ്ജനനോടു യുദ്ധംചെയ്തും കൃഷ്ണനാൽ വധിക്കപ്പെടുകയും ചെയ്തു. ജംഭൻ എന്ന പേരു പല രാക്ഷസന്മാർക്കും ഉള്ളതായി കാണുന്നു.]

ജംഭഭേദി-ഇന്ദ്രൻ. ജംഭൻ എന്ന അസുരനെ ഭേദിച്ചവൻ (കൊന്നവൻ) എന്നർത്ഥം.

ജംഭാ-പ്ര. ജ്യോനകനാരകം, ചെറുനാരകം. പുളിപ്പുഹേതുവായിട്ട് ദേഹോത്ത തിരിക്കയും മറിക്കയും ചെയ്യുന്നത്. ഉ. പല്ല്. ന. കോട്ടവായിട്ടക, മൂരിനിവിരുക

ജംഭരിപു-ഇന്ദ്രൻ.

ജംഭല(ര)ം-ജ്യോനകനാരകം, ചെറുനാരകം

ജംഭാ, ജംഭികാ, ജംഭകാ-കോട്ടവായിട്ടക.

ജംഭാരി-പ്ര. ഇടിവാരം. ഉ. ഇന്ദ്രൻ.

ജംഭീര(ല)ം-പ്ര. ജ്യോനകനാരകം, ചെറുനാരകം. ഉ. കപ്പൂരതുളസി. ന. മണിക്കുഞ്ഞകം, സമുദ്രപ്പച്ച.

ജയന്തക-ചേങ്ങില.

ജയന്താളം-ഒരുവക താളം

ജയദേവർ-സുപ്രസിദ്ധമായ ഗീതാഗോവിന്ദം എന്ന ഗാനകാവ്യത്തിന്റെ കർത്താവ്.

[കലിവർഷം ൪൨൦൦-ന്നിടക്ക ജീവിച്ചിരുന്നു. പ്രധാനകൃതികളം-ചന്ദ്രാലോകം, ഗീതാഗോവിന്ദം(അഷ്ടപദി). ഇവരണ്ടും സംസ്കൃതകൃതികളാണ്. ജയദേവരുടെ പിതാവ് 'ശ്രീഭോജദേവൻ' എന്ന ബ്രാഹ്മണനും മാതാവ് 'പദ്മാവതി'യും ആകുന്നു. കലഗ്രാമത്തിന്റെ പേർ 'ബിന്ദുബിലപം'.]

ജയദ്രഥൻ-ഒരു സിന്ധുരാജാവ്. കൊരവന്മാരുടെ സഹോദരിയായ ദുശ്ശളയുടെ ഭർത്താവ്.

[ജയദ്രഥൻ കൊരവരുടെ സഹായിയാണ്. മറിക്കൽ ജയദ്രഥൻ വേട്ടക്കായി വനത്തിൽ പോയപ്പോൾ പാണ്ഡവരുടെ വനവാസസമയത്തു ചെന്നു. അപ്പോൾ പാഞ്ചാലി മറ്റാരു സ്ത്രീയുടെ ഉണ്ടായിരുന്നില്ല. ആ സ്ത്രീരത്നം അക്ഷയപാത്രത്തിന്റെ സഹായത്താൽ ആ യദ്രഥനും കൂടെ വന്ന ആറു സഹോദരന്മാർക്കും പരിവാരങ്ങൾക്കും തൃപ്തിയാകംവിധം ഭക്ഷണം നൽകി. അഞ്ഞൂറു മാനകളുടെ മാംസവും മറ്റു പലഭക്ഷണങ്ങളും ഉണ്ടായിരുന്നു. ഭക്ഷണാനന്തരം ജയദ്രഥൻ പാഞ്ചാലിയിൽ മോഹപരവശനായി അവളെ തന്നൊന്നിച്ചു പോരണമെന്നു ക്ഷണിക്കയും ക്ഷണം തിരസ്കരിക്കയാൽ ബലാൽക്കാരമായി ഹാൽ പിടിച്ചുകൊണ്ടുപോകയും ചെയ്തു. പാണ്ഡവർ തിരിയെ വന്നപ്പോൾ വിവരം അറിഞ്ഞു ജയദ്രഥനെ പിടിച്ചു കെടവിലാക്കി. ഭീമൻ നന്നേ അടിക്കുകയും ചവുട്ടുകയും ചെയ്തു 'ഞാൻ പാണ്ഡവരുടെ അടിമയാണ്' എന്നു അവനെക്കൊണ്ടു പറയിച്ചു. ഒടുവിൽ പാണ്ഡവിയുടെ മദ്ധ്യസ്ഥതയിൽ വിട്ടയച്ചു ധർമ്മപുത്രരുടെ കല്പനഹേതുവായിട്ടു അവനെ വധിച്ചില്ല. ഭാരതയുദ്ധത്തിന്റെ പത്താംദിവസം ജയദ്രഥൻ അർജ്ജുനനാൽ വധിക്കപ്പെട്ടു.]

ജയദ്ബലൻ-അജാതശത്രുവായ ധർമ്മപുത്രരുടെ സഹോദരന്റെ പേർ.

ജയന-പ്ര. ആന കയറിരുന്നുകൊള്ളുന്ന കവചം. ഉ. ജയിക്കുക.

ജയൻ-പ്ര. സൂര്യൻ. ഉ. അർജ്ജുനൻ. ന. ധർമ്മപുത്രൻ. ഭ. വിഷ്ണുവിന്റെ ഒരു കാവൽക്കാരൻ. ങ. ശിവന്റെ ഒരു മകൻ. ഗ ജയന്തൻ

ജയന്തൻ-പ്ര. ഇന്ദ്രന്റെ പുത്രൻ ജയശീലൻ എന്നർത്ഥം. മഹാഭാരതവ്യാഖ്യാകർത്താവ്. ഉ. ശിവൻ ന. വിഷ്ണു ഭ. അജാതശത്രുവായ ധർമ്മപുത്രരുടെ പേർ

ജയന്തി-പ്ര. ദുർഗ്ഗാദേവി. ഉ. ഇന്ദ്രന്റെ പുത്രി. ന. പുഴുങ്ങി, തഴുതാവൽ എന്നും പേരുണ്ട്. ഭ. ഇത്തിക്കണ്ണി. ങ.

മുഞ്ഞ. ന. ശ്രീകൃഷ്ണൻ എന്ന രാജാവിന്റെ മാവ്. ൩. ജയിച്ചിരിയങ്ങുന്നവളായ സ്ത്രീ വൃ. നാരായണൻ. ൻ തഴുതാവലി. ഫം. കൊടിക്കൂറ, കൊടി ഫ. ശിവന്റെ അവതാര ദിവസങ്ങളിൽ മത്സ്യജയന്തി, കൂർമ്മജയന്തി ഇത്യാദി.

ജയപത്രം - ഫ. ജയപത്രമാനം ൨. തീർപ്പ്.

ജയപാലം-നേർവാളം.

ജയഭേരി-ജയത്തിങ്കൽ കൊട്ടുന്ന ഒരുവക വാദ്യം.

ജയം-വെല്ലുക, ഉൽകൃഷ്ടസിദ്ധി, സർവോൽകൃഷ്ടേന വർത്തിക്കുന്ന സ്ഥിതി. മറെറാരുപര്യായം-വിജയം.

[ജയശീലൻ എന്നതിനു പര്യായങ്ങൾ-ജേതാവു്, ജിഷ്ണു. ജിതചരൻ. ഇതുകൂടാതെ ജൈത്രൻ എന്നും കാണുന്നു. അമരകോശം സങ്കീർണ്ണവർഗ്ഗത്തിൽ 'ജയിക്കുക' എന്നതിന്റെ പേരായി 'ജയം' 'ജയനം' ഇങ്ങിനെ രണ്ടു ശബ്ദം കാണുന്നതിനെക്കൂടി ഗ്രഹിച്ചുകൊള്ളുക.]

ജയമാർഗ്ഗചതുഷ്ടയം-മനുഷ്യരെ സത്യംകൊണ്ടും, ദീനതയെ ദാനംകൊണ്ടും, ശത്രുവിനെ ശുശ്രൂഷകൊണ്ടും, ശത്രുവിനെ ആയുധംകൊണ്ടും ജയിക്കണം.

ജയവിജയന്മാർ-വിഷ്ണുപാർഷദന്മാർ, ജയനം വിജയനം.

[സനകാദികൾ ഒരിക്കൽ വിഷ്ണുവിനെ കാണ്മാൻ ചെന്നപ്പോൾ ജയവിജയന്മാർ തടുത്തു 'ദുർജ്ജനാഗ്രേസരന്മാരായ നിങ്ങൾ പോയ് നിർജ്ജരദേഹികളാകെന്നു ശപിച്ചു. മഹർഷിമാർ പോയശേഷം 'നിങ്ങൾ മൂന്നു ജന്മംകഴിഞ്ഞു നിങ്ങൾ എന്നോടുചേർന്നുകൊള്ളുവിൻ; അതുവരെ വിദ്വേഷഭക്തിയോടെ എന്നെ സേവിപ്പിൻ;ഞാൻ തന്നെ നിങ്ങളെ വധിക്കാം" എന്നു വിഷ്ണു ജയവിജയന്മാരോടു കല്പിച്ചു സമാധാനപ്പെടുത്തി. ൧. ജന്മം-ഹിരണ്യാക്ഷൻ, ഹിരണ്യകശിപു. ൨-ം ജന്മം-രാവണൻ, കുംഭകർണ്ണൻ. ൩-ാം ജന്മം ശിശുപാലൻ, ദന്തവക്രൻ.]

ജയശബ്ദം-ജയിച്ചിട്ടുള്ള ശബ്ദം.

ജയശംഖ്-ജയിച്ചിട്ടുള്ള ശംഖനാദം.

ജയശേഖരൻ-രാജാവു്.

ജയശ്രീ ജയംകൊണ്ടുള്ള ഐശ്വര്യം.

ജയസന്തോഷം- ജയിച്ചിട്ടുള്ള സന്തോഷം.

ജയസേനൻ-ഫ. ചന്ദ്രവംശത്തിൽ സാവ്ഭൗമന വസുന്ധരയിൽ ഉണ്ടായവൻ. ൨. അജ്ഞാതവാസത്തിൽ നകുലന്റെ പേർ.

ജയസ്തംഭം-ജയക്കൊടി, യുദ്ധത്തിൽ കിട്ടിയ വിരുതു്.

ജയാ-ഫ. പാവ്വതി. ൨. പാവ്വതിയുടെ ഒരു തോഴി ന. തൃതീയ, അഷ്ടമി, ത്രയോദശി. ര. കടുക്ക. ള. മുഞ്ഞ, പൂഴമുഞ്ഞ. ന. കഞ്ചാവു്. ൦ അറുപതിൽ ഇരുപത്തഞ്ചാംവർഷം. വൃ. ചെറുവഴുതിന. ൻ. കരിങ്കുരുക. ഫം. മത്തൻ. ഫ. വിഷ്ണുകാന്തി.

ജയാജയം-ജയവും തോൽവിയും.

ജയാദ്വയം-മുഞ്ഞയും കടുക്കയും.

ജയാപീഡൻ-(എട്ടാംനൂറ്റാണ്ടിലെ)ഒരു കാശ്മീരരാജാവു്.

ജയി-വി. ജയിക്കുന്നവൻ.

ജയിതൃൻ-ജയശീലൻ.

ജയിൽ, ജൈയിൽ, ജേൽ-ബന്ധനഗൃഹം. പര്യായങ്ങൾ- ബന്ധനാലയം, കാര.

ജയൈഷി-ജയിപ്പാനായിട്ടുതന്നെ ഇച്ഛിക്കുന്നവൻ.

ജയ്യ-വി. ജയിപ്പാൻ കഴിയുന്ന

ജര-പ്ര വാർദ്ധക്യം, വാർദ്ധക്യംകൊണ്ടു ശരീരത്തിൽ മുഴുക്കുമുതലായതു വരുക, മാംസങ്ങളുടെ ഞൊറി, വാർദ്ധക്യത്തിൽ ശരീരത്തിനുണ്ടാകുന്ന പ്രകൃതിമാറ്റം. മറെറാരു പയ്യായം-'വിസ്രസ്'. യൌവ്വനത്തെ കളയുന്നതു് എന്നർത്ഥം. ൨ ഒരു വ്യാധി. [ജരസൻ എന്നതു നോക്കുക]

ജരഞ്ജനി-വൃദ്ധനായ ഒരു മന്ത്രവാദി.

ജരഠ-വി. പ്ര. വാർദ്ധക്യമുള്ള, പഴയ. ൨. കഠിനമായിട്ടുള്ള. ജരം എന്നാൽ നശിക്കുന്നതു എന്നർത്ഥം. ൩. വളഞ്ഞ. ൪. മഞ്ഞനിറമുള്ള.

ജരഠൻ-പ്ര വൃദ്ധൻ.

'ജരഠനാമെന്നുടെതാതനരികിൽകൊണ്ടുഞാൻ'
(വിഷ്ണുനാഭിഷേകംകഥകളി)

൨. പാണ്ഡു (പാണ്ഡവരുടെ പിതാവു്).

ജരഡി-ഒരുമാതിരിയിലുണ്ടാകുന്ന ഒരുതരം പുല്ലു്.

ജരണ-വി. പ്ര. പഴകിയ. ൨. നശിച്ച.

ജരണം-പ്ര. ജീരകം. അന്നത്തെ ദഹിപ്പിക്കുന്നതു് എന്നർത്ഥം. ൨ വാർദ്ധക്യം. ൩. ഒരുതരം കായം. ൪ തുവരപ്പരിപ്പു്. ൫. കൊട്ടം. ൬. കരിഞ്ജീരകം. ൭ വെളുത്തജീരകം. ൮ കൊട്ടവേഖി ൻ. ഒരുന്നാവീരം. ൧൦. ഒരുവക ഔഷധം

ജരതൻ-വൃദ്ധൻ.

ജരതി, ജരതിക-വൃദ്ധയായ സ്ത്രീ.

ജരത്ഗവ-മൂരാച്ചി. ജരന്നായശോവു് എന്നർത്ഥം.

ജരത്ഗവി മൂരാച്ചി.

ജരത്ഥ-പാഷാണം.

ജരയ്യുന്ന അ. തരയ്യുന്ന, വയസ്സുചെല്ലുന്ന.

ജരൽ-വ്. പ്ര. വാർദ്ധക്യമായ ൨. പഴക്കമായ.

ജരല്ലൻ-പ്ര. ഒരു മുനി. ൨. സ്വർഗ്ഗത്തെ ഏകനായ വാസുകിയുടെ സഹോദരി.

[ജരല്ലതെ എന്ന മുനി ജരല്ലതെ എന്നവളെ വേട്ടു അവളിൽ അസ്തികൻ ജനിച്ചു സർപ്പസത്രത്തെ ഒഴിച്ചതു് ഈ അസ്തികൻ എന്ന മുനിയാകുന്നു. ഒരിക്കൽ ജരല്ലതെ തൻറെ പണിയുടെ മടിയിൽ നിദ്രയിൽ ശയിക്കേ സൂര്യൻ ജരല്ലതെ ഉണർത്തി. സൂര്യനസ്തമനം കണ്ടു സന്ധ്യാവന്ദനത്തിനായിട്ടാണ് ഉണർത്തിയതു്. ഇതുകൊണ്ടു കോപാന്ധയായി ഒരു ശാപവും മറ്റുമെ ഉപേക്ഷിച്ചു പോയി. പോകുമ്പോൾ 'നിനക്കു ഗർഭമുണ്ടു്. നാശവംശത്തിനു രക്ഷിതാവായ ഒരു പുത്രനെ നീ പ്രസവിക്കും' എന്നു ശാപമുണ്ടായി. ഈ പുത്രനത്രെ ആസ്തികൻ.]

ജരസൻ-കൃഷ്ണനെ അറിയാതെ കൊന്ന വേടൻ

[ഇവൻ കൃഷ്ണശേവാൻറെ പാദത്തെ മൃഗമാണെന്നു വിചാരിച്ചു് അതിനെ ലക്ഷ്യമാക്കി ഒരു അമ്പു് എയ്തു. ഉടൻ അയാൾ ശ്രീകൃഷ്ണൻറെ അടുക്കൽ ചെന്നു ശേവാനത്തെ വ്യാധൻ പാദം അമ്പിച്ചു കളഞ്ഞതിനായ ശ്രീകൃഷ്ണൻ വ്യാധനു സൽഗതി കൊടുത്തു. ശ്രീകൃഷ്ണൻ വൈകുണ്ഠലോകം പ്രാപിച്ചു പാണ്ഡവർ പ്രാപ്തപ്പോൾ ശ്രീകൃഷ്ണനെ കാണ്മാൻ വയസ്സുചെന്നവരെ]

ജരസ്സു്-വൃദ്ധത

ജരാ ഒരു രാക്ഷസി. (ജരാസന്ധൻ, ഏഹായേ ഇവനെ നോക്കുക.)

ജരാതുര വാർദ്ധക്യംകൊണ്ടു ക്ഷീണിച്ച

ജരാനരകം-ജരയും നരയും, വാർദ്ധക്യം.

ജരായണി-ജരാസന്ധൻ.

ജരായു-പ്ര. ഗർഭപാത്രത്തിൽ കിടക്കുന്ന പ്രജയെ പൊതിഞ്ഞിരിക്കുന്ന ഒരു തൊലി, മറപിള്ള. ഗർഭം വെളിയിൽ പോന്നാൽ ജീർണ്ണമായിത്തീരുന്നു് എന്നർത്ഥം. ൨ പാമ്പിൻറെ പടം.

ജരായുജ-വി. ജരായുവിൽ ജനിച്ച

ജരായുജങ്ങഠം-മനുഷ്യർ പശുക്കൾ മുതലായവ ശർഭാശയത്തിൽ നിന്നു ജനിക്കയാൽ ഈ പേർ സിദ്ധിച്ചു നേരെ പ്രസവിച്ചുണ്ടാകുന്നവ.

ജരാസന്ധൻ-ഒരു മഗധരാജാവു്.

[ബൃഹദ്രഥന്റെ പുത്രനാണ്. വളരെക്കാലം മക്കളില്ലാതിരുന്ന ബൃഹദ്രഥപത്നിമാർ രണ്ടുപേരും ഒരു പുത്രന്റെ പിപ്പാതി പ്രസവിക്കയും അതുപേക്ഷിച്ചു ദൂരെ എറിഞ്ഞുകളകയും ചെയ്തു. അനന്തരം ജര എന്ന പേരുള്ള നരമാംസഭോജിനിയായ രാക്ഷസി അവയെ എടുത്തു കൊണ്ടുപോയി ഒന്നായി ചെച്ചു. രണ്ടും ഒന്നിച്ചു ചേർന്നു ഒരു ശിശുവായി മാറുകയാൽ കരച്ചിൽതുടങ്ങി. കരച്ചിൽകേട്ടു വന്നവർ രാക്ഷസിയിൽനിന്നു കിട്ടിയ വിവരങ്ങളും രാജാവിനെ മനസ്സിലാക്കി. രാജാവു ശിശുവിനു ജരാസന്ധൻ (ജരയാൽ ചേർക്കപ്പെട്ടവൻ) എന്ന നാമധേയം നൽകി ശിവഭക്തനായിത്തീർന്ന ജരാസന്ധൻ ഒട്ടുവളരെ രാജാക്കന്മാരെ ജയിച്ചു കീഴടക്കി. ഒടുവിൽ കൃഷ്ണനോടെതിർത്തു. ഇതിനു കാരണം കൃഷ്ണൻ കംസനെ വധിച്ചതാണ്. കംസൻ ജരാസന്ധന്റെ മകളുടെ ഭർത്താവായിരുന്നു ജരാസന്ധൻ കൃഷ്ണനെ മഥുരയിൽ വെച്ചു പതിനെട്ടുപ്രാവശ്യം എതിർത്തു. എങ്കിലും ജരാസന്ധനു തോൽവിയായിരുന്നു ഫലം. പ്രാക്ഷ ശക്തിക്ഷയം ഹേതുവായിട്ടു കൃഷ്ണൻ മഥുരയിൽനിന്നു പോരുകയും പോകേണ്ടിവന്നു ജരാസന്ധൻ വളരെ നൃപന്മാരെ തടവുകാരായി പാർപ്പിച്ചിരുന്നു. അവരെ മോചിപ്പിക്കുന്നതിനു ഭീമനോടും അർജ്ജുനനോടുംകൂടി കൃഷ്ണൻ ജരാസന്ധനെ പ്രേരിച്ചു. തടവുകാരെ വിട്ടയച്ചില്ല. ഭീമനുമായുള്ള ദ്വന്ദ്വയുദ്ധത്തിൽ ജരാസന്ധൻ വധിക്കപ്പെട്ടു ജരാസന്ധനു 'ജരായണി' എന്ന പേരും കാണാം. ജരാസന്ധൻ മാനവനായ വിപ്രചിത്തിയുടെ അംശമാണ്. ജരാസന്ധന്റെ ഉത്ഭവം ഭോജകുലത്തിലാണ് യയാതി വംശത്തിൽ നിന്നാണ് ഭോജകുലത്തിന്റെ ഉത്ഭവം ]

ജരിക്ക-അ. ക്രി. ജരപിടിക്കുക, തൊലിച്ചുളിയുക ര. ജഹിക്ക

ജരിതാ-ഒരു പക്ഷി.

[അനപത്യത്വം ഹേതുവായിട്ടു മന്ദപാലൻ എന്ന മുനി ഒരു ആൺപക്ഷിയുടെ രൂപത്തിൽ ജരിതാവോടു സംസർഗ്ഗംചെയ്തു. അവരിൽ നാലു പുത്രന്മാർ ജനിച്ചു. അവരുടെ പേർ ജരിതാരി, സാരിസൃക്കൻ, സ്തംബമിത്രൻ, ദ്രോണൻ എന്നായിരുന്നു. മന്ദപാലൻ അവരെ കൈവെടിഞ്ഞു ശമിച്ചു. ഖാണ്ഡവവനത്തിൽ ദഹിപ്പാൻ തുടങ്ങിയ അഗ്നി പുത്രന്മാരെ മന്ദപാലൻ അഗ്നിയോടു സ്തുതിചെയ്തു രക്ഷിച്ചു. സ്വപുത്രരെ രക്ഷിക്കുന്നതിനു അവർ ചെയ്യുന്ന ഉത്സാഹം കണ്ടിട്ടു മന്ദപാലനു ആർങ്ഗരത്വം നിന്നിയാണ് അഗ്നിയോടു സ്തുതിച്ചത്. ]

ജരുത്ഥാ-ക്ര. മാംസം. ര. വാൽമീകിയുണ്ടു തൊലി ഞൊറിഞ്ഞതു്.

ജർജ്ജര-വി. ക്ര. പഴയ, കീറിയ. ര. തകർന്ന, പൊടിഞ്ഞ, ശകലങ്ങളായി ഭവിച്ച.

ജർജ്ജരം-ക്ര. ഇന്ദ്രന്റെ കൊടി ര. കരിമ്പായൽ. ന. ചെമന്നമുത്തു്.

ജർണ്ണം-കർപ്പൂരം

ജർത്തിലം-കാട്ടുതുളസി.

ജർഭുർ-ഞാന

ജമ്മൻകാരൻ-ജർമ്മനി എന്ന രാജ്യത്തി ലുള്ളവൻ.
ജലകണം-വെള്ളത്തിന്റെ തുള്ളി.
ജലകന്ദ കം-നീർക്കിഴങ്ങ്.
ജലകം-ശംഖ്.
ജലകരകം-പ. ശംഖ്. ര. താമര. ന. തേങ്ങ. ഭ. കിണ്ണം. ഇ. തിര. ന. മേഘം.
ജലകമ്മാ-ഒരു മീനം.
ജലകല്ലോ-ചെമ്മീ, വെള്ളത്തിലെ അടി മട്ട്.
ജലകാന്തം-കരവ്.
ജലകാന്തവർൻ-വരുണൻ.
ജലകാംക്ഷീം, ജലകാംക്ഷി-ആന.
ജലകുന്തളം, ജലകേശം-പായൽ.
ജലക്രുപി-പ. കുളം. ര. ഉറവ്, ഉറവ്. ന. കിണ്ണം. ഭ. നീർച്ചുഴി.
ജലക്രീഡ-വെള്ളത്തിൽ കിടന്നുള്ളകളി
ജലംഗമൻ-ചന്ദ്രമാൻ. (ജനംഗമൻ എന്നതു നോക്കുക.)
ജലഗാ-നദി.
ജലഗുല്മം-ആമ.
ജലചര - വി. വെള്ളത്തിൽ സഞ്ചരിക്കുന്ന.
ജലചരം-മീൻ.
ജലചാരി-മീൻ.
ജലജ-വി വെള്ളത്തിലുണ്ടാകുന്ന.
ജലജാ-ചകിരി.
ജലജന്തുക-അട്ട.
ജലജന്തുകാരം-വെള്ളത്തിലേ ജന്തുക്കളം. മറ്റേ ത പക്ഷിയം-യാതൊന്നുകളം.
ജലജപം-മഴപെയ്തു ജലം കിട്ടുന്നതിനുള്ള ജപം.
ജലജം-പ. മത്സ്യം. ര. താമര.
'ജലജമുഖചോദനമവമൃശതോനേരം'
(ഭാഗവതം ൮൪ പുറം)
ന. കക്കാ, ശംഖ്. ഭ. മുത്തുകക്കാ. ഇ. കരിംപായൽ നു നീർക്കായ്. ഉ ചന്ദനച്ചി. ഋ ആറാവയമ്പി.
ജലജിഹ്വാ-പ മുതല. ര. തുടലം. ന. നായ്.
ജലജീവി-മുക്കുവൻ.
ജലതാപികം-വാള എന്ന മീൻ.
ജലദ-വി. വെള്ളത്തെ കൊടുക്കുന്ന.
ജലദം-പ. മേഘം. ര. മുത്തങ്ങ.
ജലദാനം-വെള്ളം കൊടുക്കുക.
ജലദാശനം-മത്തി.
ജലദോഷം-ഒരു മീനം.
ജലദ്രോണി-വെള്ളം വെക്കുന്ന ഒരു വലിയ പാത്രം.
ജലദ്വാരം-കുക്ക്, ഒഴുവ്.
ജലധര-വി. വെള്ളത്തെയറിക്കുന്ന.
ജലധരം-പ. മേഘം. ര. സമുദ്രം. ജലത്തെ ധരിക്കുന്നത് എന്നർത്ഥം. ന. ശംഖ്. ഭ. മുത്തങ്ങ. ഇ. തെങ്ങ്.
ജലധാര-വെള്ളംകൊണ്ടുള്ള യാഗം.
ജലധാരണം-വെള്ളംകൊണ്ട് കഴുകുക, തിക്ഷണമാക്കുക.
ജലധി-പ. സമുദ്രം. ര. സംഖ്യാവിശേഷം.
ജലധികാ-നദി.
ജലധിഫേ-ചകിരി.
ജലനകലം-കഴനം, തീപ്പുച്ച
ജലനിധി-സമുദ്രം. ജലത്തിനിരിപ്പിടമെന്നർത്ഥം.
ജലനിർഗ്ഗമം-പ. ചാല്, തോട് (ഒഴുവ്). ര. ചക്രകാരമായ ജലത്തിന്റെ കീഴ്പ്പോട്ടുള്ള പോക്ക്, ഉറവ് പുഴ കിണറ് കുളം മുതലായവയിൽ നിന്നുള്ള അനന്തരഗതിയിലിരിക്കുന്ന ജലം തെക്കോട്ടു പോകുക, ഉറവ്. ജലമാകട്ടെ ഇവയിൽ നിന്ന പുറപ്പെട്ടു പോകുന്നതുകൊണ്ട് ഈ പേർ സിദ്ധിച്ചു.

ജലനീലി-കരിമ്പായൽ, കറുത്തചണ്ട. വെള്ളത്തെ നീലനിറമാക്കുന്നതെന്നർത്ഥം

ജലപതി-വരുണൻ

ജലപക്ഷി-വെള്ളത്തിൽ സഞ്ചരിക്കുന്ന പക്ഷി.

ജലപാത്രം-കിണ്ടി മുതലായത്.

ജലപാനം-വെള്ളംകുടി.

ജലപിപ്പലികം-മീൻ.

ജലപിശാചു-ഒക്കെയും അസുലഭമെന്നു വിചാരിക്കുക

ജലപുഷ്പം-പ. താമര, ആമ്പൽ ഇത്യാദി. ഉ. ആവി.

ജലപ്രവാഹം-ഒഴുക്ക്. പര്യായങ്ങൾ-വാരിപ്രവാഹം, നിർത്തരം, തരം(തരം, തരി) ഇവ മൂന്നും അരുവിയുടെ പേരെന്നും പക്ഷമുണ്ട്.

ജലപ്രസാദം-പ. തേറാമ്പരൽ ഉ. വെള്ളത്തിന്റെ തെളിവ്.

ജലപ്രളയം-വെള്ളപ്പൊക്കം, ലോകനാശം.

ജലപ്രായം-വെള്ളം അധികമുള്ള അന്തപ്രദേശം.

ജലപ്രിയം-പ. മീൻ. ഉ. വേഴാമ്പൽ പക്ഷി.

ജലപ്ലവം-കഴുന്നു, നീർപ്പച്ച.

ജലബന്ധകം-കെട്ടിയ ചിറ.

ജലബന്ധു-മീൻ.

ജലബാധ-മലമൂത്രങ്ങൾ ഒഴുക്കുന്നതിനു പറയുന്ന ഒരു വാക്ക്.

ജലബ്ബി(വി)ലവം-ഞണ്ട്.

ജലബ്രഹ്മി-ഒരുവക പച്ചമരുന്ന്.

ജലമണ്ഡൂകം-സ്ത്രീകളുടെ വെള്ളത്തിലേ മുടി.

ജലമയം-വി. വെള്ളമുള്ള.

ജലമസി-കർപ്പൂരം.

ജലമാർജ്ജാരൻ-കഴുന

ജലമുക്-പ. മേഘം ജലത്തെ മോചിക്കുന്നതു എന്നർത്ഥം ഉ മുത്തങ്ങാ നു. കർപ്പൂരം.

ജലമുക് പുഷ്പത്തു-മഴയിൽ

ജലമൂർത്തിക-പ. ആലിപ്പഴം ഉ മേഘം

ജലരോദം-രോമച്ചം.

ജല-പ വെള്ളം. ജഡമായിരിക്കുന്നതു, തണുപ്പുള്ളതു, തടുക്കപ്പെടുന്നതു എന്നർത്ഥം. പര്യായങ്ങൾ-ആപഃ (അപ്പുകൾ), വാർ, വാരി, സലിലം, കമലം, ജലം, പയസ്സ് കീലാലം, അമൃതം, ജീവനം, ഭുവനം, വനം, കബന്ധം, ഉദകം, പാഥസ്സ്, പുഷ്കരം, സർവതോമുഖം, അംഭസ്സ്, അർണസ്സ്, തോയം, പാനീയം, നീരം, ക്ഷീരം, അംബു, ശംബരം, മേഘപുഷ്പം, ഘനരസം, ഉ. ഇരുവേലി.

ജലയന്ത്രം-ജലം കയറുവാൻ എന്തുസൂത്രം ഉപയോഗിച്ചാലും അതിനുള്ള പേർ.

ജലരംകം-കൊക്ക്.

ജലരാശി-സമുദ്രം.

ജലരാശികഠം-കക്കടകം, പുരുഷികം, മീനം, മകരം.

ജലരുഹം-താമര.

ജലശൃപൻ-കാമദേവന്റെ കൊടിയിന്മേലുള്ള മകരമത്സ്യം

ജലരേഖ-വെള്ളത്തിലേ വര.

ജലലത-ഓളം, തിരമാല.

ജലവല്ലി-വർഷർതുപോലെ ആപൽകരമായ ജലസമൂഹം, മേഘത്തിനുള്ള ഭാവഭേദം.

ജലവാഹനം-തോണി മുതലായത്.

ജലവാസം-രോമച്ചം.

ജലവാഹം-മേഘം.

ജലവിഷുവം-ഉഷ്ണസംക്രമം. ആദിത്യൻ ഉഷ്ണരാശിയിൽ ചെല്ലുന്ന സമയം.

ജലവൃശ്ചികം-ചെമ്മീൻ, ചിംകടമത്സ്യം.
ജലവേണി-മുഴക്ക്.
ജലവ്യാളം-നീർക്കോഴി, വെള്ളത്തിലേ പാമ്പ് എന്നർത്ഥം. മറ്റൊരു തപ്പായം-അലശർഷം.
ജലശയൻ, ജലശായി-വിഷ്ണു. പ്രളയകാലത്തു ശേഷസർപ്പത്തിന്മേൽ ജലത്തിൽ കിടക്കുന്നതിനാൽ ഈ പേരുണ്ടായി.
ജലശായി-പ. വിഷ്ണു. ഉ. നീർക്കോഴി.
ജലശുക്തി-പ. ഞവണിക്ക. ജലസംസർഗ്ഗത്തിലെല്ലാം ഉണ്ടാകുന്നത്; ജലസംസർഗ്ഗത്തിലുള്ള ശിപ്പി എന്നിങ്ങിനെ അർത്ഥം. ഉ. കക്ക.
ജലശൂല-ആന്ത്രശൂല.
ജലശൂ(സൂ)കരം-മുതല.
ജലസന്ധി-കടലിടുക്ക്.
ജലസൂചി-പ. അട്ട. ഉ. ചീനക്കണ്ണി. സ. കോലാമീൻ. ര. കക്കപ്പുഴു.
ജലസൂത്രം-വെള്ളംകൊണ്ടുപോകുന്ന തടിയിട്ട.
ജലസ്തംഭനം, ജലസ്തംഭം-വെള്ളത്തിൻമേൽ ചെയ്യുന്ന മന്ത്രപ്രതിരോധം കൺകെട്ടുവിദ്യ.
ജലസ്ഥലദ്രുമം-ചെടിമുള്ളതും സ്ഥലത്തും സ്ഥലം ചെടിമുള്ളതാണെന്നും തോന്നിക്കുന്നതുമായ തരം.
ജലഹസ്തി-കടൽപന്നി, നീരാന.
ജലഹാസം-കൈതപ്പൂവ്.
ജലാകാന്താരൻ-വരുണൻ.
ജലാകാംക്ഷി-ആമ.
ജലാക്ഷു-കഴുത്താ, തീപ്പുഴു.
ജലാജ്ഞലം-കരിമ്പായൽ.
ജലാടനം-കൊറ്റിപ്പക്ഷി, കൊക്കപ്പക്ഷി.
ജലാണ്ഡകം-ചിറ്റാകാശി.
ജലാധാരം-പ. ജലം നിലനിൽക്കുന്ന പ്രദേശത്തിന്റെ സാമാന്യമായ പേർ. മറ്റൊരു തപ്പായം-ജലാശയം. ഉ. പൊയ്ക. സ. കടൽ.
ജലാധിപൻ-വരുണൻ.
ജലാംബികാ-കിണ്ണം.
ജലാമോദം-രാമച്ചം.
ജലാർദ്ര-വസ്ത്രഖണ്ഡംകൊണ്ടു മൂടിക്കെട്ടിയ വിശറി.
ജലാലു-നീർച്ചേമ്പ്.
ജലാവർത്തം-നീർച്ചുഴി.
ജലാശയം-പ. ജലം നിലനിൽക്കുന്ന പ്രദേശത്തിന്റെ സാമാന്യമായ പേർ. മറ്റൊരു തപ്പായം. ജലാധാരം. ഉ. രാമച്ചം. സ. കടൽ. ര. മീൻ. ള. പൊയ്ക.
ജലാശ്രയം-വെള്ളിപ്പക്ഷി.
ജലേന്ദ്രൻ-വരുണൻ.
ജലേശൻ-വരുണൻ.
ജലേശയൻ-പ. മീൻ. ഉ. വിഷ്ണു.
ജലോത്പിവാസം-വാതുക്കൽ, വെള്ളം കയിക്കുന്ന ചാൽ.
ജലോദ്ഭവം-മാഹേയം എന്ന ലവണം.
ജലൌകസ്സ്-അട്ട.
ജലൌകാ-അട്ട.
ജല്പി, ജൽപ്പിതി-വി. വേഗത്തിൽ.
ജല്പക-വി. മുമ്പില്ലാതെ പറയുന്ന
ജല്പനം, ജല്പം-പ. മുമ്പില്ലാതെ സംസാരം. ഉ. പിണക്കം, മുറിവ്.
ജല്പാക-വി. മുമ്പില്ലാതെ പറയുന്ന.
ജല്പിക-ച്ചവയ്പ്.
ജല്പിത-വി. പറയപ്പെട്ട.
ജല്പിതം-വാക്ക്.
ജവന-വി. അധികവേഗത്തുള്ള.
ജവനൻ-അതിവേഗം ഓടുന്ന കുതിര. മറ്റൊരു പര്യായം-ഇരുശികൻ.

ജവനം-പ. കതിര. ക. ക്ഷവ്.

ജവനിക, ജവനി-തിരശ്ശീല, ക്ഷുദ്രമറ. എളുപ്പം തുളയ്ക്കുന്നതിനും ഉയയ്ക്കുന്നതിനും കഴിയുന്നത്. പാഠഭേദങ്ങൾ-യവന്തികാ, യവനികാ. മറ്റു പര്യായങ്ങൾ-പ്രതിസീരം, തിരസ്കരിണി.

ജവന്തിപുഷ്പം-ചേമന്തി.

ജവ-വി. വേഗമുള്ള.

ജവം-വേഗം.

ജവളി, ജൈവളി, ചവളി-തുണി, കച്ച, ചേല മുതലായ ചരക്കുകൾ.

ജവാതുക്കുട്ടിക്ക-മൈതുകിനെ (പച്ചപ്പുഴുവിനെ) സംബന്ധിച്ച ഒരു പഴയ കരം.

ജവാദ് (ത്തു)-പ. ഒരുവക കസ്തൂരി. ക. കസ്തൂരിമൃഗം. ന. മൈതുക്.

ജവാദി-പച്ചപ്പുഴു.

ജവാധിക-വി. അധികവേഗമുള്ള.

ജവാധികൻ-വളരെ വേഗം ഓടുന്ന കതിര. മറ്റൊരു പര്യായം-ജവനൻ.

ജവാപുഷ്പം, ജപാപുഷ്പം-ചെമ്പരത്തി, ചെമ്പരത്തിപ്പൂവ്. ജവപുഷ്പം എന്നതിനു വേഗത്തിൽ വാടുന്ന പുഷ്പം എന്നർത്ഥം. ജപാപുഷ്പം എന്നും പറയാം. 'ജവായാന്തു ജപാസ്ത്രീയാം' എന്നു ധന്വന്തരി.

ജവാബ്-മറുപടി (അറബിഭാഷ.)

ജവി-വി. വേഗമുള്ള. (വി, വിനി, വി)

ജവി-പ. കതിര. ക. ഒട്ടകം.

ജവീയസം-വെള്ളി.

ജസദം-നാകം.

ജസുരി-ഇന്ദ്രന്റെ വജ്രായുധം.

ജഹക-വി. ഉപേക്ഷിക്കുന്ന.

ജഹകം-പ. രോഷം. ക. സമയം. ന. പാമ്പിന്റെ പടം.

ജഹാ-നാശിക്കുക. ഹ്രീ എന്നതിന്റെ പരാജയം. ചെറിയുകകൊണ്ട് എല്ലാവരും ത്യജിക്കുന്നതെന്നർത്ഥം.

ജഹ്നുപുത്രർ-ജഹ്നുപുത്രർ.

ജഹ്നു-പ. ഒരു മുനി.

[ഈ മുനി പുരുവംശിയിലുള്ളവനാണ്. ഗംഗ തന്റെ തപോവിഘ്നത്തിനു ദോഷിച്ചുതായി തോന്നുകകൊണ്ട് ഗംഗയെ മുഴുവൻ കുടിച്ചുകളഞ്ഞു. പിന്നീടു ചെവിയിൽക്കൂടി പുറത്താക്കി. ഇതുകൊണ്ടാണു ഗംഗയ്ക്കു ജാഹ്നവി, ജഹ്നുകന്യാ, ജഹ്നുതനയാ, ജഹ്നുസുതാ എന്നും മറ്റും പേരുണ്ടായതു്. 'ഗംഗ' എന്ന ശബ്ദം നോക്കുക.]

ക. വിഷ്ണു.

ജഹ്നുകന്യാ, ജഹ്നുതനയാ, ജഹ്നുസുതാ-ഗംഗാനദി. ജഹ്നുമുനിയുടെ പുത്രി എന്നർത്ഥം. (ഗംഗ എന്ന ശബ്ദം നോക്കുക)

ജളത, ജളതാ-പ. മന്ദതാ, ബുദ്ധിമാന്ദ്യം. ക. അറിവില്ലായ്മ. ന. അപമാനം.

ജളൻ-പ. മന്ദബുദ്ധിയുള്ളവൻ. ക. ഭോഷൻ.

ജളബുദ്ധി-അറിവില്ലാത്തവൻ. പര്യായങ്ങൾ-ജഡൻ (ജളൻ), അജ്ഞൻ.

ജളമതി-മന്ദബുദ്ധി, ബുദ്ധിയില്ലായ്മ.

ജള്ളകം-അട്ട.

ജള്ളികാ-അട്ട.

ജളൌകാ-അട്ട. ജലത്തിൽ കിടക്കുന്നു എന്നർത്ഥം.

ജളൌകസ്സ്-അട്ട.

## ജാ

ജാ-ഗംഗാനദി.

ജാഗര-വി. ഉണർച്ചയുള്ള.

ജാഗരണം-ഉണ്ണൽ, ഉറക്കമൊഴിക്കുക.

ജാഗരം-പ. കപ്പായം. മോഹരക്ഷയ്ക്ക് എപ്പോഴും തയാറുള്ളത് എന്നർത്ഥം. ക. ഉറക്കമൊഴിക്കുക.

ജാഗരാ-ഉറക്കമൊഴിക്കുക.

ജാഗരി-വി. ഉണർച്ചയുള്ള.

ജാഗരിക്കുന്ന-ഉണർച്ചയുണ്ടാകുന്ന.

ജാഗരിത-ഉണർച്ചയുള്ള, ഉണർന്നിരിക്കുന്ന.

ജാഗരൂക-ഉണർച്ചയുള്ള, ഉണർന്നിരിക്കുന്ന, ജാഗ്രതയുള്ള.

ജാഗർത്തി-ജാഗരണം, ഉണർച്ച, ഉറക്കമൊഴിക്കുക.

ജാഗർപ്പ-ഉണർച്ച, ഉറക്കമൊഴിക്കുക.

ജാംഗലഭൂമി-മാൻ മുതലായവ.

ജാംഗലം-പ. മാംസം. ക. കിംഗിയുള്ള ദേശം, മാങ്ങലദേശം. ന. വൃക്ഷഹരണമന്ത്രം. ശ. പ്രതിരിപ്പുള്ള്.

ജാംഗലി-പ വിഷവൈദ്യ. ക. നായികൊതുണ.

ജാംഗലി, ജാംഗലികൻ-സർപ്പവശീകരക്കാരൻ, പാമ്പുപിടിക്കുന്നവൻ.

'തൽക്ഷണംചെയ്യിപ്പിച്ചു
ജാംഗലികാഢ്യനാരവം'
(ഭാഗവതം)

ജാംഗ്രിയം-കണ്ണിറം.

ജാംഗ്ലവം-പ കാട്ടുപീച്ചലിന്റെ കായ്. ക വിഷം.

ജാംഗ്ലി-ഒരു

ജാംഗ്ലികൻ, ജാംഗ്ലി-പ. വിഷവൈദ്യൻ ജാംഗ്ലി (വിഷവൈദ്യം) അറിയുന്നവൻ എന്നർത്ഥം. ക. പാമ്പുപിടിക്കുന്നവൻ.

ജാഗ്രത-പ ഉറക്കമൊഴിച്ചിൽ ക സൂക്ഷ്മം, താൽപര്യം.

ജാഗ്രതപ്പെടുന്ന-പ. സൂക്ഷ്മം ഉണ്ടാകുന്ന. ക. താൽപര്യപ്പെടുന്ന. [സ. ക്രി. ജാഗ്രതപ്പെടുന്നു.]

ജാഗ്രൽ-വി ഉണർന്നിരിക്കുന്ന, ജാഗ്രതയുള്ള.

ജാഗ്രബുദ്ധി-ജാഗ്രതയുള്ള നേസ്സ്.

ജാഗ്രിയാ-ജാഗരണം.

ജാഘന്യൻ-ഗുദ

ജാംഘികൻ-കുട്ടാളൻ, കാട്ടുന്നവൻ, അംഘ്രിബലംകൊണ്ടു ജീവിക്കുന്നവൻ.

ജാംഘികം-അതിവേഗത്തിൽ പോകുന്നത്.

'ഒരുലോകൃംകണ്ണാരംഷ്കിക്കോണ്ടേളുമാ-
ടോപേതയേനാമനി'
(അംബരീഷചരിതംകഥകളി)

ജാംഘികം-പ. കുട്ടകം. ക. ഞാവ..

ജാജലി-ഒരു ബ്രാഹ്മണൻ.

[തപസ്സുചെയ്തു ഇരുന്നുപോലെ സത്യം രിക്കുന്നതിനുള്ള അഹങ്കാരംകയറി തനിക്കു തുല്യൻ ആരും ഇല്ലെന്നു തോന്നിപ്പോയി. അങ്ങിനെയിരിക്കെ തനിക്കു വൈശ്യനായ തുലാധാരനെക്കാളും യോഗ്യതയില്ലെന്നു മരശരീരിവാക്കുണ്ടായി. അതു കേട്ടു ഉടൻ തുലാധാരന്റെ ശിഷ്യത്വമെടുത്തു അഭ്യസിപ്പാൻ തുടങ്ങി.]

ജാജ്വല്യമാന-വി. വീണ്ടും വീണ്ടും ശോഭിക്കുന്ന.

ജാട-തട്ടിപ്പ്.

ജാടലി-പാതിരിവൃക്ഷം.

ജാഠ-വി. വയറിനെ സംബന്ധിച്ച.

ജാഠരാഗ്നി-വയറിലെ അഗ്നി.

ജാഡ്യം-പ. തണുപ്പ്. ക. അലസത. ന. മടി, മന്ദത. ശ. ആലസ്യം. ഷ. മരവിപ്പ്.

ജാഡ്യമി-ജോതകത്തിലെ.

ജാത-വി ജനിച്ച.

ജാതകകഥകം - ആയുർവേദത്തിലെ ഏറ്റവും പഴക്കമുള്ള കഥകം.

[ഇവ ക്രിസ്താബ്ദത്തിനു വളരെ മുമ്പിൽതന്നെ ഇൻഡ്യയിൽനിന്നു പുറപ്പെട്ട ത്രപദേശങ്ങളോടുകൂടി യൂറോപ്പിൽ എല്ലാദേശങ്ങളിലും വ്യാപിച്ചു.]

ജാതകപദ്ധതി-ഒരു ജ്യോതിഷഗ്രന്ഥം.

ജാതകബ്രാഹ്മണൻ – ജ്ഞാനമോകർമ്മമോ സുകൃതമോകൂടാ ഇല്ലാതെ ജനനം കൊണ്ടു മാത്രം ബ്രാഹ്മണനായുള്ളവൻ.

ജാതകം-ക്ലീ. ജന്മപത്രിക, ജനനഫലം അറിയുന്നതിനു എഴുതുന്നതു്. വി. അപ്പോൾ പ്രസവിച്ച കുഞ്ഞു്.

ജാതകർമ്മം-ഒരു വൈദികൻ ജനിക്കുമ്പോൾ കഴിക്കുന്ന ഒരു കർമ്മം.

[ഇതു ബുദ്ധിവർദ്ധനയ്ക്കായുണ്ടാക്കുന്ന ഒരു സംസ്കാരമാകുന്നു.]

'പ്രഥമേ നാഭിവർദ്ധനാൽപുംസോ
ജാതകർമ്മവിധീയതേ'

(മനു)

ജാതകസാരം-ഒരു ജ്യോതിഷഗ്രന്ഥം.

ജാതഖേദം-അ. സങ്കടത്തോടെ.

ജാതപുത്രാ-പുത്രനോ പുത്രന്മാരോ ജനിച്ചിട്ടുള്ള സ്ത്രീ.

ജാതപ്രേത-വി. ജനിച്ചുമരിച്ച.

ജാതമാകുന്ന-ജനിക്കുന്ന.

ജാതമാത്ര-വി. അപ്പോൾ ജനിച്ച.

ജാതമോദം-അ. സന്തോഷത്തോടെ.

ജാതരം-ക്ലീ. ശിശു. വി. തരം. നു. കുട്ടം. ഭ. ജനനം.

ജാതരൂപ-വി. സൌന്ദര്യമുള്ള.

ജാതരൂപം-ക്ലീ സ്വർണ്ണം. പ്രശസ്തമായതു് എന്നർത്ഥം. വി ഉത്തമൻ.

ജാതരോഷം-അ കോപത്തോടെ.

ജാതവത്-ജനിച്ചവനം

ജാതവേദസ്സ്-ക്ലീ. അഗ്നി. വേദങ്ങളും ഹിരണ്യം മുതലായ ധനങ്ങൾ നിറഞ്ഞതായതുകൊണ്ടു് ഈ പേർ വന്നു ശ്രുതിയേയും അനുഭവത്തേയും അറിയുന്നവൻ, ജനിച്ചുവരുടെ ഹൃത്തിലെല്ലാം അന്തരാത്മാവായി സ്ഥിതിചെയ്യുന്നവൻ, യജ്ഞത്തിനുൽപത്തിസ്ഥാനം ഇങ്ങിനെയും അർത്ഥമുണ്ടു്. പു. കൊടുവേലി.

ജാതാപത്യ- പ്രസവിച്ചുവരം പുത്രൻ പിറന്നവരം എന്നർത്ഥം.

[അപ്പോൾ പ്രസവിച്ചുവളുടെ (അപ്പോൾ പിറന്നുള്ളതായവളുടെ) പേർ എന്നും കാണുന്നുണ്ടു്.]

ജാതാഭിഷംഗം-അ. അതികോപത്തോടെ.

ജാതാലസ്യ- വി. അലസ്യത്തോടുകൂടിയ.

ജാതി-ക്ലീ. തരം, മാതിരി, വക. പു. ശൌചം, മനുഷ്യത്വം മുതലായ സാമാന്യത്തിന്റെ പേർ. നു. ജനനം. ഭ. വംശം. ഇ. ജാതിക്കാമരം. നു. പിച്ചകം. സുഖം ഇതിൽ നിന്നുണ്ടാകുന്നതിനാൽ ഈ പേർ വന്നു. ഏ. നെല്ലി. വൃ. കമ്പിപ്പാലേ. (മ) ഒട്ടും കുറയില്ലാത്തു്. ൻ. (വ്യാകരണത്തിൽ) പൊതുവെ പല എണ്ണങ്ങൾക്കു ചേരുന്ന ഒറ്റയായ പദാർത്ഥം ഉ-ം, തെങ്ങു എന്ന വ്യക്തിക്കു വൃക്ഷം എന്നതു ജാതി. (ആകൃതിഗ്രഹണാജാതിഃ എന്നു ജാതിലക്ഷണം.) ബ്രാഹ്മണനു 'ശർമ്മ', ക്ഷത്രിയനു 'വർമ്മ', വൈശ്യനു 'ഗുപ്തൻ', ശൂദ്രനു 'ദാസൻ'. (ഇതിനു ജാതിദ്യോതകനാമധേയം എന്നു പേർ. ശർമ്മ, വർമ്മ, ഗുപ്തൻ, ദാസൻ ഇവ നോക്കുക.)

ജാതികർത്തവ്യം-ഒരുജാതിക്കാരെ തടുക്കുക.

ജാതികന്നാവു-ഒരു ജാതിക്കാരിൽ പ്രധാനി, പ്രമാണി.

ജാതികോശം-ക്ലീ. ജാതിക്കായ്. പു. ജാതിപത്രി.

ജാതികോശി-ജാതിപത്രി.

ജാതിക്കാ-ഒരുമരം. ഇതിന്റെ പഴുത്ത അണ്ടിയുടെ പുറത്തുള്ള തോടിനെയും ജാതിപത്രി എന്നു പറയുന്നു. [കഫം, കണ്ഠരോഗം, കൃമി, ഛർദ്ദി, വായുഗുൽമം മുതലായ പല രോഗങ്ങളും കഴിക്കുന്നു. രേതസ്സിനേയും രുചിയേയും ഉണ്ടാക്കും അഗ്നിയേയും ബലത്തേയും വർദ്ധിപ്പിക്കും. മലത്തെ പിടിപ്പിക്കും. തമിഴിൽ-ചാതിക്കാ. ഇംഗ്ലീഷിൽ-nutmeg നട്മെഗ്.]

ജാതിക്രുട്ടം-വംശക്കൂട്ടം, ഇനക്കൂട്ടം

ജാതിക്കെട്ട്-പ്ര. ജാതിബന്ധം. ഉ. ജാതിമര്യാദ.

ജാതിഭ്രോതകനാമചതുഷ്ടയം - പ്ര ബ്രാഹ്മണന്റെ ശർമ്മ, ക്ഷത്രിയന്റെ വർമ്മ, വൈശ്യന്റെ ഗുപ്തൻ, ശൂദ്രന്റെ ദാസൻ. ഉ. ബ്രാഹ്മണന്റെ ദേവൻ, ക്ഷത്രിയന്റെ രാ° താവു്, വൈശ്യന്റെ ഭൂതി, ശൂദ്രന്റെ ഭത്തൻ.

ജാതിധർമ്മം-ജാതിമര്യാദ.

ജാതിപത്രി-ഒരു മരുന്നു്.

[കഫം, കൃമി, ചുമ, ഛർദ്ദി, വായുഗുൽമം, വിഷം, തണ്ണീർദാഹം, ഉദ്ദ്രംസം ഇവയ്ക്കു നന്നു്. രുചിയെയുണ്ടാക്കും. തമിഴിൽ-ചാതിപത്തിരി. ഇംഗ്ലീഷിൽ-mace മേസ്. സംസ്കൃതത്തിൽ-ജാതിപത്രി.]

ജാതിപുഷ്പം-പിച്ചകപ്പൂവു്.

ജാതിഫലം-ജാതിക്കാ.

ജാതിഭ്രഷ്ടം-ജാതിഭ്രഷ്ടു്, ജാതിക്കുകെട്ടു്

ജാതിഭ്രഷ്ടു-വി. ജാതിയിൽ നിന്നു തള്ളപ്പെട്ട.

ജാതിഭ്രഷ്ടു്-ജാതിക്കു പുറത്തു്.

ജാതിമര്യാദ-ജാതിയുടെയോ വംശത്തിന്റെയോ മര്യാദ.

ജാതിമാത്രം-വി. ജാതിമര്യാദയ്ക്കു മാത്രം.

ജാതിമാത്രോപജീവി-പ്ര. ജാതിമാത്രം കൊണ്ടു ജീവിക്കുന്നവൻ. ഉ. ബ്രാഹ്മണവംശത്തിൽ ജനിച്ചും ബ്രാഹ്മണകർമ്മത്തെ ചെയ്യാതെയും ഇരിക്കുന്നവൻ

ജാതിമാനം-സ്വജാതിയേക്കുറിച്ചുള്ള അഭിമാനം.

ജാതിലിംഗം-ചായില്യം.

ജാതിവഴക്കു-വംശവഴക്കു.

ജാതിവൈരം-പ്ര. സ്വഭാവേനയുള്ള വൈരം. [കീരിയും സർപ്പവും തമ്മിൽ, എണ്ണയും പുണ്ണാക്കും തമ്മിൽ-എന്നപോലെ.] ഉ. അടുത്ത ചാർച്ചക്കാർ തമ്മിലുള്ള പക.

ജാതിവ്യവഹാരം-ജാതിവഴക്കു.

ജാതിശ്രേഷ്ഠൻ-വി. ജാതിയിൽ പ്രധാനിയായ.

ജാതിസാരം-ജാതിക്കാ.

ജാതിഹീനൻ-പ്ര. താണജാതിയിലുള്ളവൻ, ജാതിയില്ലാത്തവൻ.

ജാതീകോശം-ജാതിക്ക.

ജാതിഫലം-ജാതിക്ക.

ജാതു-അ. പ്ര. ഒരിക്കൽ (ഒരു കാലത്തു്).

'കംസമംഭോരുഹാക്ഷോ ജഘാനേതി ജാതുചിൽ'
(കൃഷ്ണയാദം കഥകളി)

'ജീവലോഭാൽ ജാതു സാഹസം'
(നളചരിതം കഥകളി)

ഉ. ചിലപ്പോൾ

ജാതുകം-ചതുരക്കാടു

ജാതുകി-കറുകപ്പുല്ലു.

ജാതുഷി-അ. ലാക്ഷ.

ജാതുധാനൻ-രാക്ഷസൻ, പിശാചു.

ജാതുഷ-വി. അരക്കുകൊണ്ടുള്ള, അരക്കിനെ സംബന്ധിച്ച.

ജാതുഷാഗ്നി-അരക്കുകൊണ്ടുണ്ടാക്കിയ വായുരൂപമായതിനാൽ പേർ.

ജാതുകർണ്ണൻ-ശിവൻ.

ജാതോക്ഷി-ഫ. കണ്ണുയുടെ സ്വഭാവത്തെ പ്രാപിച്ച കണ്ണുകൂടി (ആരുടെയെങ്കിലുമാവസ്ഥനായ കണ്ണ), അപ്പുറം പിറന്ന കണ്ണ. ഉ. കാണ്ണ.

ജാത്യന്ധ-വി. കണ്ടുകൊണ്ടായി ജനിച്ച.

ജാത്യം-വി. ഫ. സഹജമായുള്ള, സ്വഭാവികമായുള്ള. ഉ. നല്ല വംശത്തിൽ ജനിച്ച. ന. ഉത്തമമായ, ര. ഇമ്പമുള്ള, ഭംഗിയുള്ള.

ജാത്യാ-വി. ജനനംകൊണ്ടുള്ള, ജനനംകൊൽ തന്നെ, സ്വഭാവികമായി.

ജാത്യാചാരം-ജാതിക്കടുത്ത ആചാരം.

ജാത്യാദി-പിച്ചകത്തിന മുതലായവകൊണ്ടുള്ള ഒരൗഷധയോഗം.

ജാത്യാന്ധൻ-പിറവിക്കുരുടൻ.

ജാത്യാഭിമാനം-ജാതികൊണ്ടുള്ള അഭിമാനം.

ജാത്യാവൈരം-സ്വഭാവേനയുള്ളവൈരം.

ജാന-വി. അറിഞ്ഞ.

ജാനകീ-സീത, ജനകരാജാവിന്റെമകൾ

ജാനപദ-ഫ. ജനം ഉ. നാട്ട്, രാജ്യം. ജനങ്ങൾ ഇതിൽ നടന്നുകൊണ്ടിരിക്കുന്നതിനാൽ ഈ പേരുണ്ടായി.

ജാനി-(സമാസപദാന്ത്യത്തിൽ) ഭാര്യ. ഉദാ, ഭൂജാനി-ഭൂ (ഭൂമി) ഭാര്യയായിട്ടുള്ളവൻ=രാജാവ്.

ജാന്ത-മുട്ട. വളരുന്നതു എന്നർത്ഥം.

ജാന്തഫല്ലം-അ. മുട്ടാളം.

ജാപകൻ-ഫ. ജപിക്കുന്നവൻ. ഉ. മന്ത്രിക്കുന്നവൻ. ന. ദുരാലോചനക്കാരൻ.

ജാപകാ-ഫ. പീതചന്ദനം [ജായകം എന്നതിന്റെ പാഠം.] ഉ. പൊന്നുള്ളി. ന. സാമ്പ്രാണി. ര. വെള്ള ചന്ദനം.

ജാപന-ഫ. ജപ്പ്, രഹസ്യം. ഉ. ന്യൂനത്വം.

ജാപം-വേളാക്കുന്നതു. (ജപം എന്നതിന്റെ പാഠാന്തരം) 'പ്രജാപോഷ്യക്ഷേണഇവ' എന്നുദാഹരണം.

ജാബാലൻ-ഫ. ആട്ടുമേയ്ക്കുന്നവൻ. ഉ. ഒരു മുനി.

ജാബാലി-ഫ. ഒരു നിരീശ്വരവാദിയായ ബ്രാഹ്മണൻ.

[ദശരഥന്റെ ഒരാചാര്യൻ. ദശരഥന്റെ കല്പനയെ അനുസരിച്ചിട്ടാവശ്യമില്ലെന്നും കാട്ടിൽ പോകാതെ ഭരതനോടു രാജ്യം വാങ്ങി മടങ്ങിപോകുകയാണുത്തമമെന്നും ഭരതനെ ഉപദേശിച്ചു.]

ഉ. ഒരു നീതിശാസ്ത്രഗ്രന്ഥത്തിന്റെ കർത്താവു്.

ജാമദഗ്ന്യൻ-പരശുരാമൻ.

ജാമാ-ഫ. പുത്രി. ഉ. മകന്റെ ഭാര്യ.

ജാമാതാ(വു്)-മകളുടെ ഭർത്താവു്. ഭാര്യയെ അനുഭവിക്കുന്നവൻ (ഭാര്യാഗുണങ്ങളെ പരിശോധിച്ചു കൃതാർത്ഥപ്പെടുന്നവൻ) എന്നർത്ഥം. ഉ. തൊഴുകണ്ണി. ന. പുത്ര. ര. സൂര്യകാന്തിപൂച്ചം.

ജാമി-ഫ. കുലസ്ത്രീ. ഉ. ഉടപ്പിറന്നവൾ. സുഖം അനുഭവിക്കുന്നവൾ എന്നർത്ഥം. ന. മകന്റെ ഭാര്യ ര. പുത്രി.

ജാമിത്ര-ഏഴാമിടം.

ജാമേയൻ-സഹോദരിയുടെ പുത്രൻ.

ജാമ്യക്കാരൻ-ജാമ്യം ഏല്ക്കുന്നവൻ. പയ്യായങ്ങളെ ലഗ്നകൻ, പ്രതിഭൂവു്.

ജാമ്യം, ജാമീൻ-ഫ. മുന്നാമൻ. ഉ. രക്ഷ, രക്ഷ. [അരക്ഷിതോക്ഷ]

ജാമ്യമെല്ലു-മൂന്നാമനായിനിൽക്ക. [ജാമ്യമല്ലിക്ക. സ ക്രി.]

ജാംബവാ-ഫ. സപ്തർഷികളെ, ചാമ്പക്കയ്.

ജാംബവതി-ഫ. ജാംബവാന്റെ പുത്രി. ശ്രീകൃഷ്ണന്റെ ഭാര്യ, സാംബന്റെ അമ്മ. ഉ. നാഗമല്ലി, (സപ്തപ്പോള).

ജാംബവാൻ–കരടികളുടെ രാജാവ്, കപിശ്രേഷ്ഠൻ.

[ജാംബവാൻ ബ്രഹ്മാവിന്റെ പുത്രനാണ്. കൃഷ്ണനും ജാംബവാനും തമ്മിൽ ഘോരയുദ്ധം ഉണ്ടായി. ഇതിനു കാരണം–സൂര്യൻ സത്രാജിത്തെന്ന യാദവശ്രേഷ്ഠനു കൊടുത്ത മണിയെ അണിഞ്ഞുകൊണ്ടു ഒരിക്കൽ സത്രാജിത്തിന്റെ അനുജൻ പ്രസേനൻ നായാട്ടിനായി വനത്തിൽ പോയി. അവിടെവച്ചു ഒരു സിംഹം പ്രസേനനെക്കൊന്നു മണിയുംകൊണ്ടു കടന്നു. മണിയുടെ പേർ സ്യമന്തകം എന്നായിരുന്നു. സിംഹത്തിന്റെ പക്കൽനിന്നും മണി ജാംബവാൻ കൈക്കലാക്കി. ഇതിനെ അന്വേഷിച്ചുപോയ മാർഗ്ഗത്തിലാണ് കൃഷ്ണനും ജാംബവാനും തമ്മിൽ യുദ്ധമുണ്ടായതു്. യുദ്ധത്തിൽ ജാംബവാൻ തോറ്റു. സ്യമന്തകത്തേയും തന്റെ പുത്രിയായ ജാംബവതിയേയും കൃഷ്ണനായിട്ടു നൽകി. ശ്രീരാമനു ജാംബവാൻ സീതാന്വേഷണത്തിൽ വേണ്ട സഹായം ചെയ്തിട്ടുണ്ടു്. ജാംബവാൻ ചിരംജീവികളിൽ ഒരുവനാണ്.]

ജാംബൂനദം–പൊന്നു്. ജംബൂനദിയിലുണ്ടായതു എന്നർത്ഥം.

'ജാംബൂനദവും പട്ടും വളയും'
(സ്യമന്തകം തുള്ളൽ)

ജായ–പു. വിവാഹം കഴിച്ച ഭർത്താവു പുത്രശ്രാദ്ധങ്ങളിൽ ഇരിക്കുന്നതിനാൽ ഈ പേർ സിദ്ധിച്ചു.

ജായകം–പീതചന്ദനം. ഗന്ധാന്തരത്തെ ജയിക്കുന്നതു എന്നർത്ഥം. പു. പുഴുങ്ങിയ

ജായാജീവൻ–നടൻ (വേഷക്കാരൻ) ജായയെക്കൊണ്ടുപജീവിക്കുന്നവൻ എന്നർത്ഥം.

ജായാനുജീവി–കൊങ്ങ്.

ജായാപതികം–ഭാര്യാ ഭർത്താക്കന്മാർ, ഭാര്യയുടെയും ഭർത്താവിന്റെയും ക്രിയ

ജായു–ഒരുരക്ഷാധം, മരുന്നു്, രോഗത്തെ അകറ്റിക്കളയുന്നതു് എന്നർത്ഥം.

ജായു–ഒരുവൃക്ഷം.

ജാരജൻ–വ്യഭിചാരിപുത്രൻ.

ജാരജാ–വ്യഭിചാരിപുത്രി.

ജാരണി–പൊന്നാങ്ങാണിരകം.

ജാരത്വം–വ്യഭിചാരം.

ജാരൻ–രഹശയനക്കാരൻ, കൂട്ടുകാരൻ, രഹസ്യക്കാരൻ. പരസ്ത്രീയുടെ യെഴുന്നള്ളുന്നവൻ എന്നർത്ഥം. മറ്റൊരുത്തന്റെ ഭാര്യയും–ഉപപതി.

ജാരവൃത്തി–ജാരന്റെ പ്രവൃത്തി, വ്യഭിചാരം.

ജാരി–ഭൂമി.

ജാരിണി–വ്യഭിചാരിണി.

ജാല–കഴുക്കോലിന്റെ താഴത്തെ വളവു്.

ജാലക–പു. വഞ്ചനയുള്ളവൻ. ന. ചെറ്റിടിവിട്ടയുള്ള. ന. വലയുള്ള.

ജാലകാ–സ്ത്രീ. പുതിയരമാട്ടു്. ന. വളരെ ചെറുതായകായ്, പിഞ്ചു്. ന. മൊട്ടായ് പ്രകാശിക്കുന്നതിനു മുമ്പു് അടച്ചു കാണുന്ന ഭാഗം. ഭ. മൊട്ടു് ൪ കിളിവാതിൽ. ന. ക്രിട്ടം ൧ വല വു പൂമൊട്ടു്. ൻ അഹങ്കാരം. ക്ര. വാഴക്കാ.

ജാല(ക)ം–കട്ടുമുഖം.

ജാലകാരകൻ–ചിലന്തി, ചിലന്തി

ജാലകിനീ–പെണ്ണാട്ടു്.

ജാലകാരൻ–ജാലവിദ്യക്കാരൻ.

ജാലഗർദ്ദഭം–തെക്കുള്ളരോഗം.

[പിത്തപ്രധാനമായും തന്നെ വായും അല്പമായും വഴുവഴുപ്പുള്ള കുരുക്കളും മാംസത്തെയും ചർമ്മത്തെയും ഉണ്ടാക്കുന്നതായും, വിസർപ്പംപോലെ വ്യാപിക്കുന്നതായുമിരിക്കുന്ന രോഗം]

ജാലപാത്തു് – അരയന്നം, പാത്തയും മറവും.

ജാലപാദം–പ. അരയന്നം. ഉ. താറാവു.

ജാലം–പ. കൺകെട്ടുവിദ്യ, ക്ഷുദ്രം, മായ. ഉ. മൊട്ട്. നു. കിളിവാതിൽ, ജനൽ. ര. ക്ഷുദ്രം. ഉ. വല. ജലത്തിൽ ഇട്ടന്നതു്. ജാലം (കിളിവാതിൽ) പോലെയുള്ളതു്, കണ്ണികളുള്ളതായി നെയ്തുണ്ടാക്കിയതു് ഇങ്ങനെ അർത്ഥം. മറ്റൊരുപയോഗം–'ആനായം'. ന്യ. പൂമൊട്ട്. ഒ. അഹമ്മതി. വ. ഒരുവക കണ്ണിമീനം. ൻ. കടമ്പുവൃക്ഷം. ഗ്രാ. കവലം. ഫ്ര വനം.

ജാലയക്കട്ടിള–കട്ടിളച്ചട്ടം.

ജാലി–പ. പടവലം. (പടേവലം.) വല പോലെ സൂക്ഷ്മങ്ങളായ കണ്ണികളോടുകൂടിയ പൂവുള്ളതു് എന്നർത്ഥം. ഉ. കാട്ടുപീച്ചിൽ. നു. ചണ. ര. വല.

ജാലികൻ–പ. വലവെച്ചു മൃഗങ്ങളെ പിടിക്കുന്നവൻ. ജാലംകൊണ്ടു ചരിക്കുന്നവൻ എന്നർത്ഥം. ഉ. ഒരു ദേശത്തിലെ പ്രധാന ഭരണക്കാരൻ. നു. ചതിയൻ ര. ചെപ്പടിവിദ്യക്കാരൻ. ഇ. മുക്കുവൻ. ന്യ. വലക്കാരൻ.

ജാലികം–കരങ്ങ്.

ജാലിനീ–പ ചായമിടുന്നതിനുള്ള മുറി. ഉ. വേശ്യാളി. നു. കാട്ടുപീച്ചിൽ.

ജാല്മ–അവിദ്വകമുള്ള. ഉ. ഹീനതയുള്ള.

ജാല്മൻ–പ. നീചൻ, ഇരപ്പാളി, ഹീനൻ. കാര്യങ്ങൾ മറച്ചുവെപ്പാനറിയുന്നവൻ എന്നർത്ഥം. ഉ. അവിവേക്, ആലോചനക്കുറവോടെ പ്രവർത്തിക്കുന്നവൻ.

ജാവുകം–പ. ചൊവ്വുള്ളിക്കൊടി. ഉ. കറുത്ത ചേരക്ക്.

ജാഷ്കികം–പീതചന്ദനം [ജയകം എന്നതിന്റെ പാഠം]

ജാഹക(ൻ)–പ. പൂച്ച. ഉ. മരപ്പട്ടി.

ജാഹ്നവി–ഗംഗാനദി.

(ഒരിക്കൽ ജഹ്നു എന്ന മഹർഷി ഒരു യാഗംകഴിപ്പിച്ചുകൊണ്ടിരുന്നു. ഭഗീരഥൻ ഗംഗയെ ആകാശത്തു നിന്നു പാതാളത്തേക്കു കൊണ്ടുവരുന്നവഴിക്കു അതിലെ (ഗംഗയിലെ) ജലം യാഗശാലയേ മുക്കി. അനന്തരം ക്രുദ്ധിച്ച മഹർഷി ജലം അശേഷം പാനംചെയ്തു. പിന്നെ ഭഗീരഥന്റെയും മറവും പ്രാർത്ഥനഹേതുവായിട്ടു മുനി ഗംഗാജലത്തെ കാതുവഴിയേ പുറത്താക്കി. ഇപ്രകാരം ജഹ്നുവിൽനിന്നുണ്ടാകയാൽ ഗംഗക്കു 'ജാഹ്നവി' എന്ന പേർ സിദ്ധിച്ചു. ഗംഗ എന്ന ശബ്ദം നോക്കുക.)

ജാളി(കി), ചാളി(കി)–പണസ്ത്രീ.

ജാള്യം–ജളത, ദോഷത്വം.

ജാള്യത–ജളത, ദോഷത്വം.

## ജി

ജിഗത്നു–ശ്വാസം, പ്രാണൻ.

ജിഗമിഷാ–ഗമിപ്പാനുള്ള ആഗ്രഹം.

ജിംഗിണി–കാരിലവു്.

ജിംഗീ–മഞ്ചട്ടി.

ജിഗീഷാ–പ ജയിപ്പാനുള്ള ആഗ്രഹം. ഉ. മത്സരം, പിണക്കം. നു ഉന്നതി, ബലത ര. ഉത്സാഹം, ശ്രമം.

ജിഘത്സാ–തിന്നാനുള്ള ആഗ്രഹം.

ജിഘത്സു–വി. വിശപ്പുള്ള.

ജിഘാംസ–പ. കൊല്ലാനുള്ള ആഗ്രഹം. ഉ പകമീളുക, വൈരപ്രതിക്രിയ.

ജിഘാംസക–പ കൊലചെയ്യുന്ന. ഉ. പകമീളുന്ന.

ജിഘാംസു–വി. കൊല്ലുന്ന.

ജിഘാംസു–ശത്രു.

ജിഹ്മക്ഷ–പ. ക്ഷേത്രനേത്ര. ഉ. കൈക്കലാക്കാനുള്ള ആഗ്രഹം.

ജിജ്ഞാസ-പ്ര. അറിവാനുള്ള ആഗ്രഹം. ഉ അന്വേഷണം, ശോധന, വിചാരണ.

ജിജ്ഞാസു-പ്ര. അറിവാനാഗ്രഹിക്കുന്ന ഉ. മോചനം ലഭിപ്പാനാഗ്രഹമുള്ള

ജിത-വി ജയിക്കപ്പെട്ട.

ജിതക്രോധൻ-പ്ര. വിഷ്ണു ഉ ശിവഭക്തനായ ഒരു മുനി.

ജിതശ്രമം-അ. പ്രയാസംകൂടാതെ

ജിതാക്ഷര-വി. നല്ലവണ്ണം വായിക്കുന്നു, വേഗം വായിക്കുന്ന.

ജിതാത്മാവു്– ആത്മാവിനെ നിയന്ത്രണം ചെയ്തവൻ, ഉള്ളടക്കമുള്ളവൻ.

ജിതാമിത്രൻ-പ്ര. വിഷ്ണു. ഉ. ശത്രുകളെ ജയിച്ചവൻ

ജിതി-പ്ര. ജയം. ഉ. ലാഭം.

ജിതേന്ദ്രിയ-വി ഇന്ദ്രിയങ്ങളെ ജയിച്ച, അടക്കമുള്ള.

ജിതേന്ദ്രിയൻ–അടക്കമുള്ളവൻ, മുനി. ഇന്ദ്രിയസമൂഹത്തെ ജയിച്ചവൻ.

ജിത്തു്–വി. ജയിച്ച

ജിത്യ-വി. ജയിക്കപ്പെടുവാൻതക്ക.

ജിത്യ-കൊഴ.

ജിത്വര-വി. ജയിക്കുന്ന.

ജിനൻ-പ്ര. ബുദ്ധൻ, ബുദ്ധമുനി. ഉ. വിഷ്ണു. നു. വൃദ്ധൻ.

ജിനവല്ലഭസൂരി - ഒരു സംസ്കൃതകവി. ജിനശതകം. സംസ്കൃതത്തിലും പ്രാകൃതത്തിലും സമമായി മഹാവീരസ്വാമിസ്തോത്രം എന്നാൽ പുസ്തകം ഉണ്ടാക്കി.

ജിനിസ്സു്, ദിനിസ്സു്, ദിനുസ്സു്-പ്ര. മാർഗ്ഗി, ജൈനി, തരം [ജൈനിമുനി] ഉ. സാധനം

ജിനുലനി-ഒരു ചെടിഭാഗം.

[ശേഷമുള്ള ഭാഗം കഴിച്ചു പാകപ്പെടുത്തി തെങ്ങിൻ കള്ളു പാകപ്പെടുത്തി തെങ്ങിൻ കള്ളു പാകപ്പെടുത്തി ഒരു മൺകുടത്തിൽ നെയ്യിൽ കാച്ചി, പഞ്ചസാര പാവുകാച്ചി അതിൽ ഇട്ടു് ഏടുക്കുന്നു് ]

ജില്ല-പ്ര. മണ്ഡപത്തിന്റെ വാതിൽ. ഉ. കോവിലകത്തിന്റെ വാതിൽ നു. താഴുക്കു്. ഭ. തുക്കിടി. ഇ ദേശപ്പുരം. നു. ദേശം. ഋ രാജ്യം. വൃ ഏതാനും താലൂക്കുകൾ കൂടിയതു്. സിവിൽ വ്യവഹാരങ്ങൾക്കേട്ടു തീർപ്പുകല്പിക്കുന്നതിനായി തിരിക്കപ്പെട്ടിട്ടുള്ള രാജ്യത്തിന്റെ പിരിവുകളം ൽ. ഒരുതരം കേടുകൾ. [അഞ്ചു ജില്ല].

ജിഷ്ണു-വി. ജയമുള്ള.

ജിഷ്ണു–പ്ര. വിഷ്ണു, കൃഷ്ണൻ. ഉ. ഇന്ദ്രൻ. നു. അർജ്ജുനൻ. ഭ. ജയശീലൻ.

ജിഹാനകം–ലോകത്തെ.

ജിഹ്മ-വി. പ്ര. വളഞ്ഞ. ഉ. ചതിവുള്ള. നു. ദുഷ്ടതയുള്ള. ഭ. അന്യോന്യതയുള്ള. ഇ. മടിയുള്ള. നു. വേഗമില്ലാത്ത.

ജിഹ്മഗ-വി. പ്ര. വളഞ്ഞുനടക്കുന്ന. ഉ. സാവധാനത്തിൽ നടക്കുന്ന (ഴയുന്ന).

ജിഹ്മഗാ–പാമ്പു്.

ജിഹ്മം–പ്ര വളഞ്ഞതു്. ഉ. ഒരു രോഗം. നു. രോഗം.

ജിഹ്മശിഷ്ട-വി. കോങ്കണ്ണുള്ള.

ജിഹ്മമേഹനം-തവള

ജിഹ്മയോധി ഭീമൻ (ഭീമസേനൻ എന്ന പദം നോക്കുക).

ജിഹ്വ-നാക്കു്.

ജിഹ്വക -ഒരുവക സന്ന്യാസം.

ജിഹ്മല-വി അത്യാശയുള്ള, കൊതിയുള്ള.

ജിഹ്വാഗ്ര: നാക്കിന്റെ അഗ്രം.

ജിഹ്വാമം-പ്ര കടുവ. ഉ. പുലി. നു. കരടി ഭ. തവള, പൂച്ച

ജിഹ്വാമൂലം-നാവിന്റെ മൂലഭാഗം.

ജിഹ്വാസ്തംഭം-ഒരു രോഗം.

[വാശിനിനി എന്നപേരോടുകൂടിയ സിരയെ ആശ്രയിച്ചു വായു കോപിച്ചു നാക്കിനെ സ്തംഭിപ്പിക്കുക ഇതുകൊണ്ടു ഭക്ഷിപ്പാനും ജലപാനം ചെയ്യാനും സംസാരിപ്പാനും വയ്യാതെ വരും.]

ജിഹ്വിക-നാക്ക്.

ജിഹ്വികാ-ഒരു സന്നിപാതം.

[ഇതിന് ശ്വാസാവശം, ചുമ, സന്താപം ഇവയുണ്ടാകും നാക്കു തേരകത്തിലെപോലെയിരിക്കും. അധികം പുറത്തേക്കു തള്ളും. ചെവിണ്ടടക്കും, സംസാരിക്കയില്ലാ, ബലംനശിക്കും ]

## ജീ

ജീതി-പ്ര. ജയം. ഉ. ക്ഷയം, താഴ്ച. സ. നഷ്ടം.

ജീന-വി. പഴയ, വയസ്സുചെന്ന.

ജീൻ, ജീനി-കുതിരക്കോപ്പുകളിൽ ഒന്ന്, കുതിരപ്പുറത്തിരുന്നു ഓടിപ്പാനുള്ള തോൽപീഠം. [പെഷ്യൻ മാക്ഷ ]

ജീമൂതൻ-പ്ര. ഒരു മല്ലൻ.

[ഗിരാടരാജാവിന്റെ സഭയിൽവച്ചു ഭീമനാൽ കൊല്ലപ്പെട്ടു].

ഉ. ഇന്ദ്രൻ. സ. രക്ഷിക്കുന്നവൻ.

ജീമൂതനാമാ-വസുമനസ്സ് എന്ന രാജാവിന്റെ വരുണൻ കൊടുത്ത ഒരു കുതിര

ജീമൂത -പ്ര. മേഘം. ഉ. പർവ്വതം. സ. ദേവതാളി. ൪. കാട്ടുപീച്ചിൽ

ജീമൂതവാഹനൻ-പ്ര. ഇന്ദ്രൻ ഉ. ഭാഗ്യദേശം എന്ന ഗന്ധർവ്വന്റെ കുതിരാവു്. സ. ഒരു വിദ്യാധരരാജാവു്, നാഗാനന്ദം എന്ന നാടകത്തിന്റെ നായകൻ.

[ഭർത്താവു് മരിച്ചുപോയ ഭാര്യയുടെ മുമ്പിൽ ഗുണങ്ങളുംകൊണ്ടു പ്രസിദ്ധനായിരുന്നു. പിതാവു് ജീമൂതകേതുവാണെങ്കിലും ഇദ്ദേഹത്തിന്റെ രാജ്യം ബന്ധുക്കളാകുമിച്ചു. അച്ഛനും അതിനെ അവർക്കു നൽകീട്ടു മലയപർവ്വതത്തിൽ ചെന്നുതപസ്സുചെയ്യണമെന്നു നിർബന്ധിച്ചു. ഒരിക്കൽ അവിടെ ശത്രുഭക്ഷണാർത്ഥം നിശ്ചയിച്ചിരുന്ന ഒരു ചെറിയ സർപ്പത്തിനു പകരം ശത്രുസമീപം പ്രാപിച്ചു തന്റെ സൗശീല്യംകൊണ്ടു് നാഗക്ഷേണം ഉപേക്ഷിക്കണമെന്നു് ശത്രുവിനോടു് നിർബന്ധിക്കയും സമ്മതിപ്പിക്കയും ചെയ്തു].

ജീമൂതവാഹി-പൂക.

ജീരകം-ചീരകം. അന്നത്തെ ദഹിപ്പിക്കുന്നതെന്നർത്ഥം. മറവപയ്യിയങ്ങം-ജീരണം, അജാജി, കണം.

[വാതം, വയറടപ്പു്, കഫം, കൃമി, ഗുല്മം, ഗ്രഹണി, വ്രണം, അതിസാരം അരുചി, ജീർണ്ണജ്വരം ഇവകളെന്നു്, ഒരു ശസ്ത്രദ്രവ്യമാകുന്നു. അഗ്നിയേയും പിത്തത്തേയും വർദ്ധിപ്പിക്കും. വല്ലകരണവശാലും കൂട്ടാൻ പുകയുകയോ കരിയുകയോ ചെയ്താൽ അല്പം പച്ചജീരകം അരച്ചൊഴിച്ചാൽ പുകസ്വാദിനു ശമനം വരും. തമിഴിൽ ചീരകം. ഇംഗ്ലീഷിൽ-(Cumin Seed) കുമിൻസീഡ് ]

ജീർണ്ണ-വി. പ്ര. വൃദ്ധതയുള്ള, പഴയതായ. ഉ. ദഹിക്കപ്പെട്ട.

ജീർണ്ണജ്വരം-പഴകിയ പനി.

ജീർണ്ണത-പ്ര. വൃദ്ധത, പഴയതായസ്ഥിതി. ഉ ദഹിക്കപ്പെട്ടതു്.

ജീർണ്ണപർണ്ണം-പ്ര. പഴത്ത ഇല ഉ. കടയു്.

ദൃഢവം-ജ്ഞാനസ്വരൂപം.

ദൃഢ-വി. ക. മുറുക്കമുള്ള. ഉ. കഠിനമായിട്ടുള്ള. വലിപ്പിക്കുന്നത് എന്നർത്ഥം. ന. ബലമുള്ള. ര. നിശ്ചയമുള്ള. ള. അധികമായ. ന. വലുപ്പമുള്ള. ഒ. വണ്ണമുള്ള.

ദൃഢഗായത്രിക-മുറുകിയപാന്ത്രി.

ദൃഢത-ഉറപ്പ്.

ദൃഢദേശകം-ദ്രാവ്.

ദൃഢൻ-ക. ശക്തിയുള്ളവൻ. ഉ. തടിച്ചവൻ.

ദൃഢനീരം-തെങ്ങ്.

ദൃഢപുഷ്പകം-ആമ

ദൃഢപ്രരോഹം-അത്തിവൃക്ഷം

ദൃഢഫല-തെങ്ങ്.

ദൃഢം-ഏറെവും.

ദൃഢം-ക ഉത്തരം. ഉ. ഏലവാലുകം. ന. കോട്ട.

ദൃഢമുഷ്ടി-വി ക കൈ ചുരുട്ടിപ്പിടിച്ച. ഉ പിശുക്കുള്ള, ലോഭസ്വഭാവമുള്ള.

ദൃഢമുഷ്ടി-പിടിയുള്ള ആയുധം, വാൾ.

ദൃഢമൂല-തെങ്ങുമരം.

ദൃഢവല്ക്ക-കവുങ്ങ്.

ദൃഢസന്ധി-വി സന്ധികൾ തമ്മിൽ നന്നായ് ചേർന്നുള്ള, ഉറപ്പുള്ള, ദൃഢമായി കൂടിച്ചേർന്നുള്ള

ദൃഢസൂത്രിക-പെരുങ്കുമ്പവള്ളി.

ദൃഢാംഗ-വൈദ്യം.

ദൃഢായുധൻ-ശിവൻ.

ദൃഢീകരിക്കുന്നു-ഉറപ്പിക്കുന്നു, ദൃഢമാക്കുന്നു

ദൃതി-ക. തോൽസഞ്ചി. ഉ. തോൽക്കുടം

ദൃതിഹരി-നായ്.

ദൃഷ്ടത്രാണ-പായു.

ദൃപ്ത-വി. അഹങ്കാരമുള്ള.

ദൃബ്ധ-വി. ക കെട്ടപ്പെട്ട. ഉ. ബന്ധിക്കപ്പെട്ട.

ദൃശ്യ-വി. കാണപ്പെടുവാൻതക്ക.

ദൃശ്യകാവ്യം-രംഗമാതിരി കാവ്യം.

ഇതു മൂന്നുവിധം. ക. നാട്യം-വാക്യാർത്ഥബോധകം. ഉ. നൃത്യം-പദാർത്ഥബോധകം. ന. നൃത്തം-താളലയാശ്രയം.

ദൃഷൽ-ക. കല്ല്, പാറ. പിളർക്കുന്നതെന്നർത്ഥം. ഉ. അരകല്ല്.

ദൃഷ്ടസാരം-ഇരിമ്പ്.

ദൃഷദ്വതി-ഒരു നദി. ഇതു ആര്യാവർത്തത്തിന്റെ കിഴക്കേഅതിരാകുന്നു.

ദൃഷ്ട-വി. കാണപ്പെട്ട.

ദൃഷ്ടകർമ്മം-കാണപ്പെട്ടപ്രവൃത്തി.

ദൃഷ്ടം-തന്റെയും ശത്രുവിന്റെയും സൈന്യത്തിൽ നിന്നുണ്ടാകുന്ന ഭയം. കാണപ്പെടുന്നത് എന്നർത്ഥം.

ദൃഷ്ടരജസ്സ്-ഋതുവായവൾ, തിരണ്ടവൾ. കാണപ്പെട്ട ആർത്തവത്തോട് കൂടിയവൾ എന്നർത്ഥം.

ദൃഷ്ടാന്ത-ക ഉദാഹരണം ഉ. സാക്ഷി. ന. ശാസ്ത്രം. ര. പ്രകൃതാർത്ഥം. (ദൃഷ്ടാന്തമായി കാണിക്കുന്നത്.) അക്കരകണ്ടത് എന്നർത്ഥം. ള. ഒരലങ്കാരം അപ്രകൃതമായ ഉപമാനം.

ദൃഷ്ടാന്തലങ്കാരം-'ചക്ഷുശ്രവണം ചീറിയടുത്തതു പക്ഷിപ്രവരനു ഭക്ഷണകാലം'. (ദശരഥരാജാവ് കഥകളി)

ദൃഷ്ടി-ക. കണ്ണ്. ഉ. കാഴ്ച. ന. അറിവ്. ജ്ഞാനം എന്നർത്ഥം.

നേത്രത്തിന്റെ കൃഷ്ണമണ്ഡലമദ്ധ്യത്തിൽ പഞ്ചഭൂതപ്രസാദമായും, ആലോചകപിത്തമയമായും, ശീഘ്രസഞ്ചാരിയായും, സൂക്ഷ്മരൂപമായും ഇരിക്കുന്ന ഒരു

തേജസ്സുകൊണ്ട എന്ന് ധന്വന്തരി പറയുന്നു.

ദൃഷ്ടിക്ക-നോക്കുക.

'ദൃഷ്ടിച്ചുനിന്നാനക്കങ്ങാട്ടനേരം'
(കൃഷ്ണഗാഥ)

ദൃഷ്ടിദോഷം- കാണുക കൊണ്ടുണ്ടാകുന്ന ദോഷം, കൊതി.

ദൃഷ്ടിപാതം-നോട്ടം.

ദൃഷ്ടിബാധ-കാണുക കൊണ്ടുണ്ടാകുന്ന ഉപദ്രവം

ദൃഷ്ടിവിക്ഷേപം-കടാക്ഷം.

ദെന്പടി-പൈസാ.

## ദേ

ദേയ-വി. കൊടുക്കത്തക്ക.

ദേവകൻ— കൃഷ്ണന്റെ അമ്മാത്തുമൂത്തമ്മൻ, ദേവകിയുടെ പിതാവ്.

ദേവകന്യാസ്ഥാനം- ചിത്രകൂടത്തിലെ പ്രസിദ്ധിയുള്ള ഒരു ദേവാലയം.

ദേവകം-ദേവന്മാർ.

ദേവകാര്യം- ഒടൊവാസവ, ദേവന്റെ സംഗതി.

ദേവകാഷ്ഠം-പ. ദേവതാരം. വ. ചന്ദനം

ദേവകി- കൃഷ്ണന്റെ അമ്മ; വസുദേവന്റെ ഭാര്യ.

അതിതിയുടെ ഒരവതാരമായി ജനിച്ചു എന്നും രോഹിണി സുതപസ്സുരുപാവിന്റെ ഭാര്യയായ പ്രശ്നിയായി ജനിച്ചു എന്നും ഒരു കഥകാണുന്നു.

ദേവകീകീർത്തനം-സംകീർത്തനം.

ദേവകീനന്ദനൻ-കൃഷ്ണൻ. ദേവകിയുടെ പുത്രൻ എന്നർത്ഥം

ദേവകുലം-പ. ദേവകളുടെ വംശം. വ. സത്രം.

ദേവകുല്യാ-നദികാശേഷം.

ദേവകുസുമം-ഒരുങ്ങാടിമരുന്ന്, ഇലവങ്കപ്പൂവ്. ശ്രീദേവതിയുടെ പേരുകൊണ്ടുള്ളത് എന്നർത്ഥം.

ദേവകോപം-ഈശ്വരകോപം.

ദേവഖാത(ക)ം-കഴിച്ചുണ്ടാക്കാത്തകുളം, അകൃത്രിമമായ ജലാശയം (ചിറ). ദേവനാൽ (അദൃശ്യശക്തികളാൽ) കഴിച്ചുണ്ടാക്കപ്പെട്ടത് എന്നർത്ഥം.

ദേവഗണം-ദേവകളുടെ കൂട്ടം.

ദേവഗന്ധാ-മഹാമേദ.

ദേവഗാന്ധാരം-ഒരു രാഗം.

ദേവഗായകൻ-ഗന്ധർവ്വൻ.

ദേവഗുരു-പ. വ്യാഴൻ. വ. കശ്യപൻ.

ദേവചികിത്സകർ-അശ്വിനികൾ.

ദേവച്ഛന്ദം-നാലുപാദവുള്ള (ഇഴയുള്ള) മുത്തുമാല. ദേവന്മാരാൽ അനുഗ്രഹിക്കപ്പെടുന്നത് എന്നർത്ഥം

ദേവജഗ്ദ്ധികം-ഒരു പച്ചമരുന്ന്, നറുകുപ്പുല്ല്, കാവട്ടംപുല്ല്. ദേവന്മാരാൽ ഭക്ഷിക്കപ്പെടുന്നത് എന്നർത്ഥം.

ദേവടൻ-സൂത്രപ്പണിക്കാരൻ.

ദേവത-പ. ദേവൻ. വ. പിശാചു മുതലായത്. സ. ഉമ്മത്ത്.

ദേവതരു-പ കല്പകവൃക്ഷം. വ. ദേവതാരവൃക്ഷം.

ദേവതരുക്കൾ-മന്ദാരം, പാരിജാതം, സന്താനം, കല്പവൃക്ഷം, ഹരിചന്ദനം.

ദേവതാഗോഷ്ഠി-പിശാചു ബാധിച്ചവളുക.

ദേവതാതൻ-കശ്യപൻ.

ദേവതാഡം, ദേവതാളം-ദേവതാൽ, ഇന്ദ്രിയങ്ങളെ താഡനം ചെയ്യുന്നതെന്നർത്ഥം. അതുയും തീക്ഷ്ണം എന്നു താൽപര്യം ഒരു മരുന്ന്, ഏഴിലംപാല എന്നും പറയുന്നു. പര്യായങ്ങൾ-വേണി, ഖരാ, ഗിരി, ദേവതാഡം, ഭീരുകം.

ഇല പതി, കരു, വീപ്പുട്ടൽ, അരോചകം, ഇക്കിൾ, ക്ഷയം, കാമില, മൂലക്കുരു, ശോഫം, പാണ്ഡു ഇവ നശ്ശ്. മൂർദ്ധവിഷത്തിനു അത്യുത്തമമാകുന്നു.

രേകവിരേചനം ഛർദ്ദിപ്പിപ്പാനും ഒരു മരുന്നു. ദേവതാളിയെണ്ണ വാതം, കഫം, കൃമി, ശിരോരോഗം, പ്രമേഹം, കുഷ്ഠം ഇവ നശ്ശ്. ഇതു വിഷ്ണുതൈലത്തിനു ചേർക്കുന്ന എണ്ണയാകുന്നു. ദേവതാരുവൃക്ഷം-മലയാളത്തിൽ ദേവതാളി. ഒരു വമനദ്രവ്യമാകുന്നു. ശ്രുതബോധയേയും കളയും.

ദേവതാരം-തേവതാരം.

ദേവതാരം-വയറു വീപ്പ്, വയറുടപ്പ്, ഇക്കിൾ, ജ്വരം മുതലായവയ്ക്കു നന്ന്. ഇംഗ്ലീഷിൽ-Pinus Deodora. സ്നിഗ്ധദാരു എന്നും കാഷ്ഠദാരു എന്നും രണ്ടുതരം ഉണ്ടു്. ആദ്യത്തേതിൽ അധികമായി എണ്ണ കിട്ടും. ദേവതാരുവൃക്ഷമെന്ന 'മദകരിവേയു്' എന്നും പറയും.

ദേവതാളി-ഒരു വൃക്ഷം. ദേവതാരം എന്നതു നോക്കുക.

ദേവതാപം-പ. ദേവസായുജ്യം.

ഇതു യജ്ഞാദിപുണ്യകർമ്മംകൊണ്ടു സിദ്ധിക്കപ്പെടുന്നതാകുന്നു.

ഉ. ദേവസപദം.

ദേവദത്ത-പി. ദേവന്മാരാൽ കൊടുക്കപ്പെട്ട.

ദേവദത്തൻ-പ. പ്രാണാദിവായുക്കളുടെ അവാന്തരഭേദങ്ങളിൽ ഒന്നു്. കോട്ടുവായിടുമ്പോൾ ഇതു സ്ഥിതിചെയ്യുന്നു. ഉ. ബുദ്ധമുനിയുടെ അനുജൻ.

ദേവദത്തം-പ. വേപ്പു്. ഉ. അർജ്ജുനന്റെ ശംഖം.

ദേവദാരു-തേവതാരം. മറ്റു പഞ്ചായങ്ങൾ-ശക്രപാദപം, പാരിഭദ്രകം, ഭദ്രദാരു, ദ്രുകിളിമം, പീതദാരു, ദാരു, പൂതികാഷ്ഠം. (ദേവതാരം നോക്കുക).

ദേവദാസൻ-ദേവനെ സ്തുതിക്കുന്നവൻ.

ദേവദാസി-പ. ഉപാസിമുതലായവർ. ഉ. ദേവനെ സ്തുതിക്കുന്നവർ. ന. കാട്ടുമാതളനാരകം.

ദേവദുന്ദുഭി-തുളസി.

ദേവദൂതി-പ. കാട്ടുമാതളനാരകം. ഉ. മധുരമാതളനാരകം.

ദേവദേവൻ-പ. ശിവൻ, ദേവന്മാർക്കു ദേവനായുള്ളവൻ. ഉ. വിഷ്ണു. ന. ബുദ്ധൻ.

ദേവദ്രുങ്ങ്-വി. പ. ദേവകളെ ദ്രോഹിക്കുന്ന ഉ. ദേവകളെ പൂജിക്കുന്ന.

ദേവധർമ്മത്രയം- യജ്ഞാദിക്രിയകളും, സ്വാധ്യായതത്പരബോധം, വിഷ്ണുപൂജ ഇവ ന-ം.

ദേവധാനി-ഇന്ദ്രന്റെ രാജധാനി.

ദേവൻ-പ. ദേവകളിൽ ആരെങ്കിലും ഒരുവൻ. ക്രീഡിക്കുന്നവൻ എന്നർത്ഥം. ഉ. രാജാവു്. ജയിപ്പാനിച്ഛയുള്ളവൻ എന്നർത്ഥം. ന. ഈശ്വരൻ.

ദേവന്മാർ-ദേവകൾ. പഞ്ചായങ്ങൾ-അമരന്മാർ, നിർജ്ജരന്മാർ, ത്രിദശന്മാർ, വിബുധന്മാർ, സുരന്മാർ, സുപർവ്വാക്കൾ, സുമനസ്സുകൾ, ത്രിദിവേശന്മാർ, ദിവൌകസ്സുകൾ, ആദിത്യേയന്മാർ, ദിവിഷത്തുകൾ, ലേഖന്മാർ, അദിതിനന്ദനന്മാർ, ആദിത്യന്മാർ, ഋഭുക്കൾ, അസപത്നന്മാർ, അമർത്ത്യന്മാർ, അമൃതാന്ധസ്സുകൾ, ബർഹിർമ്മുഖന്മാർ, കൂടസ്ഥകൾ, ഗീർവ്വാണന്മാർ, ദാനവാരികൾ, പുരന്ദരകന്മാർ, ദേവതകൾ, ദൈവതങ്ങൾ. ദേവന്മാർ എന്നാൽ ക്രീഡിക്കുന്നവർ എന്നർത്ഥം.

ദേവനദി-ഗംഗാ.

ദേവനന്ദി-ഇന്ദ്രന്റെ ദ്വാരപാലകൻ.

ദേവനം–പ്ര. കളി. ഉ. ചൂതുകളി.
'ദേവനംവിനോദനായദേവനിമ്മിതം'
'കരണീയംദേവനമെന്നനിക്കുതോന്നി'
(നളചരിതം കഥകളി)
നാ. ചുങ്ങിണി, പകിട. ഭ. ജയിപ്പാനാ
ഇച്ഛ. ഇ. ശോഭിക്കുക. ന. സ്തുതിക്കുക. ഒ. വ്യവഹരിക്കുക. വ. സന്തോഷിക്കുക. ൻ. ഉറങ്ങുക. ഫ്ര. മദിക്കുക. ഫ്ര. നടക്കുക. ഫ്ര. വിലാസം. ഫ്ര. താമര. ഫ്ര. സ്വപ്നം. ഫ്ര. കാന്തി. ഫ്ര. ശക്തി. ഫ്ര. ദുഃഖം.

ദേവനാഗരം–സംസ്കൃതാക്ഷരം.

ദേവനിർമ്മിതാ–ചിറ്റമൃത്ത്.

ദേവനീതി–ദേവസംബന്ധമായ നീതി.

ദേവപതി–ഇന്ദ്രൻ.

ദേവപഥാ–ആകാശം, ദേവകളുടെവഴി.

ദേവപുരി–ഇന്ദ്രന്റെ നഗരമായ അമരാവതി.

ദേവപൂജ–ദൈവത്തെ പൂജിക്ക.

ദേവപ്പിറകുപുല്ല് — ഒരുവക പുല്ല്. (ഔഷധിക്കാം.)

ദേവപ്രയത്നം–ഈശ്വരപരീക്ഷ.

ദേവഭൂതി–ശംഭു.

ദേവഭൂമി–സ്വർഗ്ഗം.

ദേവഭൃത്യം–ദേവതാപ്രാപ്തി.
ഇതു യജ്ഞാദിപുണ്യകർമ്മം കൊണ്ടു സിദ്ധിക്കുന്നതാണ്.

ദേവമണി–പ്ര. കതിരയുടെ ചുഴി, കതിരയുടെ കുഴത്തിന്റെയും മുറുവിന്റെയും സന്ധിദേശത്തിലുള്ള രോമാവർത്തം. ഉ. മഹാമേദ നാ. മേദ ഭ. വിഷ്ണുവിന്റെ കൗസ്തുഭം എന്ന പേരായ രത്നം.
'ഖണ്ഡാബന്ധസമീപസ്ഥാ
നിഗൂഢകീർത്തിരാബുദ്ധേഃ
തസ്മിൻദേവമണിർന്നാമ
രോമാലുള്ളൈനന്മതാ'
(അഷ്ടാംഗഹൃദയം)

ദേവമാതാവ്–ദേവകളുടെ അമ്മ, അദിതി.

ദേവമാതൃകം–മഴകൊണ്ടു വിളയുന്ന ഭൂമി. ദേവൻ (ഇന്ദ്രൻ അല്ലെങ്കിൽ മേഘം) മാതാവിനെപ്പോലെ രക്ഷാകർത്താവായിട്ടുള്ളതു് എന്നർത്ഥം.

ദേവമാനകം–കൈതച്ചക്ക.

ദേവമീഢൻ – സൂര്യവംശത്തിലെ ഒരു രാജാവു്.

ദേവമുനി–നാരദൻ.

ദേവയജ്ഞം–ഹോമം. (പഞ്ചമഹായജ്ഞങ്ങളിൽ ഒന്നു്.)
ഹോമം–ദേവന്മാരെ ഉദ്ദേശിച്ചു ചെയ്യുന്നരൂപാസനരൂപശ്രുതിവിഹിതമായ ഹോമം

ദേവയാനം–വിമാനം.

ദേവയാനി – ശുക്രമഹർഷിയുടെ മകളും. (കചൻ എന്ന ശബ്ദം നോക്കുക.)
ദേവയാനിയുടെ അമ്മയുടെ പേർ 'ഉശനസ്പതി' എന്നാകുന്നു. ദേവയാനി ദൈത്യരാജപുത്രിയായ സഖിയോടുകൂടി താമസിച്ചുവന്നു. ഒരിക്കൽ രണ്ടുപേരും ഒരുമിച്ചു കുളിപ്പാൻ പോയി. ആടകൾ അഴിച്ചു വച്ചിട്ടു സരസ്സിലിറങ്ങി കുളിതുടങ്ങി. ഉടൻ ഒരു വലിയ കാറ്റുവന്നു് ആടകളെ അടിച്ചുപാറ്റി. ഇതുകണ്ടു് അവർ കരയിൽ കേറി. രണ്ടുകയിൽ കിട്ടിയ പുടവയെ വേഗം എടുത്തുടുത്തു. ദേവയാനിയുടെ പുടവ അറിയാതെ ശർമ്മിഷ്ഠ എടുത്തുടുത്തുപോയി. ആയതിനിമിത്തം അവർ തമ്മിൽ വലിയ വഴക്കായി. ഒടുക്കം ശർമ്മിഷ്ഠയും സഖിമാരും കൂടി ദേവയാനിയെ ഒരു പൊട്ടക്കിണറ്റിൽ തള്ളിയിട്ടു. മലംമോഹിച്ചു അവിടെ എത്തിയ യയാതി അവളെ കിണറ്റിൽനിന്നെടുത്തു രക്ഷിച്ചു. വൃഷപർവ്വാവിന്റെ പുത്രി ശർമ്മിഷ്ഠ ചെയ്ത ഈ കൃത്യം വിവരമായി പറഞ്ഞു. ഏതൻറെ

കൈപിടിച്ചു കരേറി രക്ഷിച്ച അവിടെ ത്തെ മഴിച്ചു മേറാരുവനെറ കൈ പിടിക്കുന്നതല്ലെന്നും തോവ് അവിടുന്നു തന്ന എന്നും ദേവയാനി പറഞ്ഞു പിന്നീട് യയാതി ശുക്രഹേതിയെ പേടിച്ചും, ദേവയാനി യയാതിയെ നിന്ദിച്ചു വ്യസനിച്ചും പിരിഞ്ഞു. അന്തിയായിട്ടും മകളെ കാണാഞ്ഞു ശുക്രമഹർഷി തിരിച്ചു. കിണറിനു സമീപം കരഞ്ഞുകൊണ്ടു നില്ക്കുന്ന മകളെ അദ്ദേഹം കണ്ടു. കാര്യമെല്ലാം ഗ്രഹിച്ചു. ശുക്രനെ പേടിച്ച് ഉടൻ രാജർഷിരാജാവ് ദേവയാനിയുടെ കാൽക്കൽ പതിച്ചു. അവളുടെ ഇഷ്ടംപോലെ ശർമ്മിഷ്ഠയെയും അവളുടെ 1000 ദാസികളേയും ദേവയാനിക്കു ദാസികളായി നൽകി. പിന്നീട് ദേവയാനിയെ യയാതി പാണിഗ്രഹണംചെയ്തു. കാലക്രമേണ യയാതിക്കു ശർമ്മിഷ്ഠയിൽ അനുരാഗംതുടങ്ങി. അവർ ഒരു പുത്രനെ പ്രസവിച്ചു. ഇതിൽ ദേവയാനി കോപിച്ചു പിതാവിന്റെ അടുക്കലാക്കു കലഹിച്ചുപോയി. അനന്തരം യയാതിക്കു വാർദ്ധക്യപീഡകരം വരട്ടെ എന്നു ശുക്രൻ ശപിച്ചു. പുത്രന്മാരിൽ ആരെങ്കിലും തന്റെ വാർദ്ധക്യത്തെ നൽകി യൗവനം വാങ്ങിക്കൊൾകെ എന്ന ശാപമോക്ഷവും ശുക്രൻ കൊടുക്കുകയുണ്ടായി. ശർമ്മിഷ്ഠയുടെ പുത്രരിൽ ഇളയവനായ പുരു 1000 വർഷം പിതാവിന്റെ വാർദ്ധക്യം സ്വീകരിച്ചിരുന്നശേഷം യൗവനം തിരിയെ വാങ്ങി പകരം രാജാവായി. ദേവയാനിയുടെ പുത്രരായ യദുവും തുർവ്വസുവും ശർമ്മിഷ്ഠയുടെ പുത്രന്മാരായ ദ്രുഹ്യുവും അനുഹ്യുവും തന്റെ യൗവനം കൊടുത്തു പിതാവിന്റെ വാർദ്ധക്യം ഏറ്റുകൊള്ളുന്നതുകൊണ്ടു് ശപിക്കപ്പെട്ടു. പുരുവിന്റെ സന്തതിയത്രേ കൗരവരും പാണ്ഡവരും.

ദേവയോനി-ദേവജാതി.

വിദ്യാധരന്മാർ, അപ്സരസ്സുകൾ, യക്ഷന്മാർ, രക്ഷസ്സുകൾ, ഗന്ധർവ്വന്മാർ, കിന്നരന്മാർ, പിശാചന്മാർ, ഗുഹ്യകന്മാർ, സിദ്ധന്മാർ, ഭൂതങ്ങൾ-ഇവർ 8-ാം, ദേവയോനികൾ അത്രെ. ദേവാംശസംഭൂതന്മാർ എന്നർത്ഥം. ഈ പത്തും വിദ്യാധരാദികളുടെ പേരെന്നു ചിലർ പറയുന്നു.

ദേവരൻ-ഭർത്താവിന്റെ അനുജൻ. ജ്യേഷ്ഠത്തിമാരോടുകൂടി നേരമ്പോക്കു പറഞ്ഞു കളിക്കുന്നവൻ എന്നർത്ഥം. പൂതു കളിക്കുന്നവനെന്നുമാവാം.

'മതിയായുള്ളവരരനെറ
പതിയുംദേവരൻതാനും'

(ലങ്കാമർദ്ദനം തുള്ളൽ)

മലയാളബ്രാഹ്മണരുടെ ഇടയിൽ ജ്യേഷ്ഠപത്നിയെ പ്രത്യക്ഷമായി കാണ്മാൻപോലും പാടില്ലാത്ത സ്ഥിതിക്കു ഈ ആഭാസമായി തോന്നിക്കുന്ന വ്യവഹാരം അവരുടെ ഇടയിൽ ചേരുന്നതല്ലെന്നു പറവാനേ തരമുണ്ടെന്നുള്ളൂ.

ദേവരാജൻ-ഇന്ദ്രൻ.

ദേവരാതൻ-ശിവന്റെ വില്ലു സൂക്ഷിച്ചിരുന്ന സൂര്യകുലത്തിലെ ഒരു രാജർഷി.

ദേവർകോൻ-ദേവേന്ദ്രൻ.

ദേവർഷി-ദേവകളിലുള്ള മഹർഷി, നാരദനും മറ്റും.

ദേവലൻ-പ. ദേവസേവകൊണ്ടു ഉപജീവനം കഴിക്കുന്നവൻ, കൂലിക്കു ദേവതാർച്ചനം ചെയ്യുന്നവൻ.

ഈ സേവ ഉപജീവനം കഴിക്കുന്നതിനാണ്. കേൾകൊണ്ടുള്ള സേവയല്ല. ര. ഹല്ല എന്ന ശബ്ദത്തെ ശപിച്ച ഒരു മുനി.

ദേവലിംഗം-പ. ദേവന്റെ അടയാളം. ഉ. ശിവലിംഗം.

ദേവലോകം-ഇന്ദ്രന്റെ സ്വർഗ്ഗം.

ദേവവത്സരം-മനുഷ്യവർഷങ്ങൾ മനുഷ്യവത്സരം കൂടിയത്, ദിവ്യസംവത്സരം.

ദേവവർദ്ധകി-വിശ്വകർമ്മാവ്. (ദേവലോകശില്പി).

ദേവവർഷം-നൂറു മനുഷ്യവർഷം.

ദേവവല്ലഭം-പ. പുന്നമരം. ദേവന്മാർക്ക് പ്രിയമായിട്ടുള്ളത് എന്നർത്ഥം. ഉ. ദേവതാരം.

ദേവവാഹനൻ-അഗ്നി.

ദേവവാഹിനി-പ. ദേവകളുടെ സൈന്യം. ഉ. ഗംഗാനദി, ആകാശഗംഗ.

ദേവവൃക്ഷങ്ങൾ-മന്ദാരം, പാരിജാതകം, സന്താനം, കല്പവൃക്ഷം, ഹരിചന്ദനം ഇവ 5-ം.

ദേവവൃക്ഷം-പ. ഏഴിലംപാല. ഉ. ഗുഗ്ഗുലു.

ദേവശത്രു-അസുരൻ.

ദേവശാകം-നീർമരുത്.

ദേവശില്പി-ദേവകളുടെ ആശാരി, വിശ്വകർമ്മാവ്.

ദേവശ്രേണി-ഒരു തരം തുമ്പ.

ദേവസഭ-പ. ദേവന്മാരുടെ ആസ്ഥാനഗൃഹം. (സഭ=എല്ലാവരും മന്നിച്ചിരുന്നു ശോഭിക്കുന്നത്.) മരാമരം പയ്യോയ്-സുധർമ്മ. ഉ. ദേവകളുടെ കൂട്ടം.

ദേവസർഷപകം-ഒരു വന്യവൃക്ഷം, (ഔഷധം)

ഇതു കഫം, കൃമി, മുഖരോഗം ഇവയ്ക്കു നന്ന്.

ദേവസായുജ്യം-ദേവതാപദം. യജ്ഞാദി പുണ്യകർമ്മം കൊണ്ടു സിദ്ധിക്കപ്പെടുന്നത്.

ദേവസുന്ദരി-ദേവി.

ദേവസേനാ-സുബ്രഹ്മണ്യന്റെ ഭാര്യ.

ദേവസേനാപതി-സുബ്രഹ്മണ്യൻ. ദേവന്മാരുടെ പടനായകൻ എന്നർത്ഥം.

ദേവസ്വം-ദേവന്റെ മുതൽ.

ദേവഹൂതി-കപിലവാസുദേവന്റെ മാതാവ്.

കർദ്ദമമുനിയുടെ ഭാര്യ. സ്വായംഭുവമനുവിന്റെ പുത്രി. ദേവഹൂതിക്കു കർദ്ദമനിൽ നിന്നു സ്ത്രീകളും കപിലമുനിയും ജനിച്ചു. സ്ത്രീകളെ മരീചി മുതലായവർക്കു നൽകി.

ദേവാ-വലിയമുരുകം.

ദേവാക്രീഡം-നന്ദനവനം (ഇന്ദ്രന്റെ ഉദ്യാനം)

ദേവാജീവൻ, ദേവാജീവി-ദേവപൂജകൊണ്ടു തന്നെ ജീവനം കഴിക്കുന്നവൻ. (ദേവലൻ എന്ന ശബ്ദം നോക്കുക)

ദേവാത്മാ-അരയാൽ.

ദേവാതിഥി-ചന്ദ്രവംശത്തിലെ ആക്രോധനൻ എന്ന രാജാവിനു കരണ്ഡുവിലുണ്ടായ പുത്രൻ.

ദേവാധിദേവൻ-പ. ശിവൻ. ഉ. വിഷ്ണു. ന. ബുദ്ധൻ.

ദേവാന്നം-ദേവപൂജയ്ക്കുള്ള ചോറ്.

ദേവാപി-ഒരു സോമവംശരാജാവ്.

ദേവാപി ഇന്നും കലാപഗ്രാമത്തിൽ തപസ്സുചെയ്തുകൊണ്ടിരിക്കുന്നുണ്ട്. ഇദ്ദേഹവും സുഹൃവംശരാജാവായ മരുവും കൃതകൽക്കി അവതാരശേഷം ലോകത്തിൽ ധർമ്മികളെ വീണ്ടുമുണ്ടാക്കുമെന്നും ഭാഗവതത്തിൽ പറഞ്ഞിട്ടുണ്ട്.

ദേവാംഗന-അപ്സരസ്ത്രീ.

ദേവാംശം-പ. ദേവന്റെ അംശം. ഉ. ദേവന്മ കൊടുക്കുന്ന പങ്ക്.

ദേവാരണ്യം-നന്ദനവനം (ഇന്ദ്രന്റെ ഉദ്യാനം)

ദേവാലയം-ക്ഷേത്രം, ദേവഭവനം.

ദേവാവ്–ദേവേന്ദ്രന്റെ അനുജൻ (ദേവൻ എന്നു നോക്കുക)

ദേവാദ്രി–ദേവകളുടെ കുന്ന്.

ദേവാസുരന്മാർ – ദേവന്മാരും അസുരന്മാരും.

പ്രജകളുടെ ക്ഷേമത്തിനു ദേവന്മാരും അസുരന്മാരും തമ്മിൽ പല യുദ്ധവും ഉണ്ടായിട്ടുണ്ട്. നരസിംഹം, വാമനം, വാരാഹം, അമൃതമഥനം, തൈകാമേയം. അന്ധകവധം, ത്രൈപുരം, അന്ധകവധം, വൃത്രവധം, ധ്വജപാതം, ഹാലാഹലം, കോലാഹലം ഇങ്ങിനെ പല.

ദേവി–പ. ദേവസ്ത്രീ. പ. പട്ടാഭിഷേകം ചെയ്യപ്പെട്ട രാജസ്ത്രീ. മറ്റുള്ള രാജ്ഞിമാരെക്കാൾ ശ്രേഷ്ഠയുള്ളവൾ എന്നർത്ഥം.

പട്ടാഭിഷേകസമയത്തിൽ വരനൊന്നിച്ചു സിംഹാസനാരൂഢയായി അഭിഷേകം ചെയ്യപ്പെട്ടവളത്രേ രാജപട്ടമഹിഷി.

ന. ശ്രേഷ്ഠതയുള്ള സ്ത്രീ. ര. പെരുമയുള്ള ശ്രേഷ്ഠിക്കുന്നവൾ എന്നർത്ഥം. ഇ. ചോന്നകല്ലുപ്പ്. ദേവപുത്രി എന്നു പേരുള്ളവൾ എന്നർത്ഥം. ന. ചിറ്റമൃത്. ഒ. തൊഴുകണ്ണി വ പെരുമ്പുന്ന. ൻ നിലച്ചീര. ഫ. ഐവിരലിക്കോവ ഫ പെരുമരുങ്ങ. ഫ. വെള്ളത്ത ചെറിയ വെള്ളരി. ഫ. അശോകം. ഫ. കരുട്ടപ്പാവൽ. ഫ. കടുക്ക. ഫ. മുയിലു. ഫ. വലിയ കാട്ടുവെള്ളരി. ഫ. കാട്ടുപാവൽ. ഫ. പാട. പ. ഹിമവാന്റെ പുത്രി, ശിവന്റെ പത്നി.

ഈ ദേവിക്കു സ്വഭാവം രണ്ടു പ്രകാരത്തിലാകുന്നു. ഒന്നു ഭയങ്കരവും മറ്റൊന്നു ശാന്തവുമാണ്. ഭയങ്കരസ്വഭാവത്തിനനുസരണമായി കാളി, ചണ്ഡി, ദുർഗ്ഗ, ഭൈരവി, ശ്യാമാ ഇങ്ങിനെയും ശാന്തസ്വഭാവം അനുസരിച്ചു ഉമാ, ഗൌരി, ഭഗന്തോ, പാർവ്വതി, ഭവാനി, ഭദ്രകാളി ഇങ്ങിനെയും നാമധേയങ്ങളും കാണുന്നു സംഗ്രഹണമായി പുരിക്കപ്പെട്ടുവരുന്നു ഭയങ്കരരൂപത്തിലാണ്. ചണ്ഡീമാഹാത്മ്യത്തിൽ ദുർഗ്ഗ, ഭദ്രകാളി, ജഗദ്ധാത്രി, കാളി, സിംഹവാഹിനി, മഹിഷമർദ്ദിനി, താരാ, ജഗൽഗൗരി, ഛിന്നമസ്തകാ എന്ന നാമധേയങ്ങളും പറഞ്ഞിട്ടുണ്ട്. പരമശിവന്റെ പത്നിയായതുകൊണ്ടു ഈശാനി, ഭദ്രവീ, ഭവാണി, ഭവതി, ത്ര്യംബകി, ശർവ്വാണി എന്നും ഉത്സവം നിമിത്തം ശിതിമാ, ഭക്ഷജാ, അഭിജാ, കാമാ എന്നും അംബികാ, കന്യാ, അപരാ, വിജയാ, അനന്താ, സതി, നിത്യാ, ഭക്ഷിണാ, ഭ്രമരീ, കർബുരീ, ആര്യാ, കണ്ണമേരി, ശിവദൂതി, സർവ്വമംഗളാ, ചാമുണ്ഡാ, ഭദ്രകാളി, ഭീമദേവി, മഹാമാരി, മഹേശ്വരി, രജസി എന്നിങ്ങനെ വേറെയും വളരെ പേർ കാണുന്നു.

പ. സാവിത്രി. പ. സരസ്വതി.

ദേവീപൂജയ്ക്കു ആവശ്യമുള്ള പ. സാധനങ്ങൾ.

ജലം, പാൽ, ദർഭനാക്കു, അരി, നെയ്യ്, അക്ഷതം, കരിങ്കുറിഞ്ഞി, കൂട്ടു്, കറുക, കുങ്കുമം, രോചനം, തേൻ.

ദേവിക–സഹ്യപർവ്വതത്തിൽ നിന്നു പുറപ്പെടുന്ന ഒരു നദി.

ദേവിലി–യി. പ. സുകൃതമുള്ള. പ. നീതിയുള്ള ന. ദേവനെ സംബന്ധിച്ച.

ദേവീമാഹാത്മ്യം–ഒരു കാവ്യം.

ഇതിൽ അസുരന്മാരുമായുള്ള യുദ്ധത്തിൽ ദേവിയുടെ മഹത്ത്വം പ്രസ്താവിക്കുന്നു. മാർക്കണ്ഡേയ പുരാണത്തിന്റെ ഒരു ഭാഗമാണ്.

ദേവേന്ദ്രൻ-ദേവകളുടെ രാജാവ്, ഇന്ദ്രൻ.

ദേവേന്ദ്രനെ "കണ്ണീശിഷ്യവാൻ" എന്നു കല്ലൂർനമ്പൂരിപ്പാടിന്റെ ബാലിവിജയം ആട്ടക്കഥയിൽ പറഞ്ഞു കാണുന്നു. (കഥ അറിയുന്നതിനു ദേവീമാഹാത്മ്യം നോക്കുക)

ദേവേന്ദ്രപ്പുള്ള-ചിറ്റൂരിലുള്ള ഭഗവതി പ്രീതികരമായ കളിക്കുള്ള ഒരു പഴയ പാട്ട്.

ദേവേശൻ-പ. ഇന്ദ്രൻ, ഉ. ശിവൻ. ന. വിഷ്ണു. ഭ. ബ്രഹ്മാവ്.

ദേവേഷ്ടം-പ. ഗുഗ്ഗുലു. ഉ. ചെഞ്ചല്യം.

ദേവോത്സവം-ക്ഷേത്രങ്ങളിലേ കൊടിയേറ്റു മുതലായ ആഘോഷം.

ദേവോദ്യാനം-പ. നന്ദനവനം (ഇന്ദ്രന്റെ ഉദ്യാനം) ഉ. ക്ഷേത്രത്തിലെ പൂന്തോട്ടം.

ദേവൈദ്യൻ-ബൃഹസ്പതി.

ദേശക-വി. കാണിച്ചുകൊടുക്കുന്ന, പറഞ്ഞുകൊടുക്കുന്ന.

ദേശകൻ-പ. ദേശാധികാരി. ഉ ഗുരു.

ദേശകാലജ്ഞ-വി. അതാതു ദിക്കുകളുടേയും സമയങ്ങളുടേയും ഗുണദോഷങ്ങളെ അറിയുന്ന.

ദേശകാലോചിതം-ദിക്കിനും സമയത്തിനും ചേരുന്നതു്.

ദേശപ്രമാണി-കരമേൽ മുഖ്യൻ.

ദേശഭാഷ-അതാതു ദേശങ്ങളിലുള്ള ഭാഷ.

ദേശം-ദിക്ക്, കര. സുഖത്തെ കൊടുക്കുന്നതുഎന്നർത്ഥം. നഗരാദിപ്രദേശം മറവു പറ്റുയേങ്ങും-വിഷയം, ഉപവർത്തനം.

ദേശം എന്നതു മനുഷ്യസമൂഹം എന്നു ചിലതും, സ്ഥാനമാത്രമാകുന്നു എന്നു മറ്റു ചിലതും, ഗ്രാമസമൂഹവാചകമത്രേ വേറെ ചിലതും, മനുഷ്യം എന്നു ഇനി ചിലതും പറയുന്നതായി കാണുന്നു.

ദേശകൃത്യം-പ. ദിക്കിന്റെ സ്വഭാവം. ഉ. നീതിന്യായം.

ദേശവഴി-ഇടപ്രദേശക്കാർക്കുള്ള ദേശം.

ദേശവാർത്ത-നാട്ടിലേ വർത്തമാനം.

ദേശവാഴി-ഇടപ്രഭു

ദേശവിശേഷം-ദിക്കിന്റെ ദോഷം, ദിക്കിലേ ഗുണം.

ദേശാക്ഷി-ഒരു രാഗം.

ദേശാധികാരി-ദേശത്തെ അധികാരി.

ദേശാന്തരം-അന്യദേശം.

ദേശാന്തരി-വി, ദേശാന്തരം നടക്കുന്ന.

ദേശികൻ-പ. ഗുരു. ഉ. സന്ന്യാസി.

ദേശിങ്ങനാട്ട്-ഇതിൽ പണ്ടുകൊല്ലവും അതിനു സമീപമുള്ള ദേശങ്ങളും അടങ്ങിയിരുന്നു.

ദേശിനി-ചൂണ്ടോന്നിവിരൽ.

ദേശീയ-വി. ദേശത്തെ സംബന്ധിച്ച.

ദേശോചിതം—അതാതുദേശത്തേക്കു യുക്തം.

ദേശ്യ-വി. ദേശത്തിനടുത്ത.

ദേശ്യം-ദേശഭാഷ,

ദേഷ്യം-ദ്വേഷം, കോപം.

ദോഹണം-പ. വേല, അഭ്യാസം. ഉ. അടുക്കളപ്രവൃത്തി.

ദോഹദം-രസം.

ദോഹനം ചെയ്ക-പൂരിപ്പിക്ക.

ദോഹപരിമാണദ്രവ്യം-ശുക്ലം, ശോണിതം.

ദോഹപ്രകൃതി-ശരീരസ്വഭാവം

ദോഹിയ്ക്കുന്നു-ജീവൻ.

ദേഹം-ശരീരം. വളരുന്നതെന്നർത്ഥം. മറവു പറ്റുയേങ്ങും-കളേബരം, ഗാത്രം, വപുസ്സ്, സംഹതനം, ശരീരം, വർഷ്മം,

വിഗ്രഹം, കായം, മൂർത്തി, തനു, തനു (മനുഷ്യൻ എന്നും തോന്നുക).

ദേഹലാ–മല്യം.

ദേഹലീദിപന്ന്യായം – രണ്ടുകൂട്ടുള്ള ഒരു ദോഷമായുള്ള നിവർത്തിക്കത്തക്ക പ്രവൃത്തി.

ദേഹളി–പുരയുടെ ചോരപടി. മഴുക മ്പോൾ ചാണകവും കരിയും ഇതിന്മേൽ പറന്നതിനാൽ ഈ പേർ സിദ്ധിച്ചു. അകത്തേയ്ക്കു കടക്കുന്നവരുടെ ദേഹത്തെ (പാദത്തെ) സ്പർശിക്കുന്നതെന്നുമാവാം.

ദേഹാഭിമാനം–തന്റെ ശരീരത്തെക്കുറിച്ചുള്ള അഹംഭാവം.

ദേഹാഭിമാനി–വി. ശരീരത്തെക്കുറിച്ച് അഹംഭാവമുള്ള.

ദേഹി–വി. ദേഹമുള്ള, ശരീരമുള്ള.

ദേഹി–പ. ജീവൻ. ര. ആത്മാവ്.

## ദൈ

ദൈതേയൻ–അസുരൻ. ദിതിയുടെ പുത്രൻ എന്നർത്ഥം.

ദൈത്യഗുരു–ശുക്രമഹർഷി. അസുരന്മാരുടെ ആചാര്യൻ എന്നർത്ഥം.

ദൈത്യദേവൻ–വരുണൻ.

ദൈത്യൻ–അസുരൻ. ദിതിയുടെ പുത്രൻ എന്നർത്ഥം.

ദൈത്യനിഷൂദനൻ–വിഷ്ണു.

ദൈത്യപതി–പ. ഹിരണ്യകശിപു. ര. അസുരാധിപൻ.

ദൈത്യപുരോധസ്സ്–ശുക്രൻ.

ദൈത്യപൂജ്യൻ–ശുക്രൻ.

ദൈത്യയുഗം–പ൫൦൦ ദിവ്യവർഷങ്ങളും കൂടിയ ദേവന്മാരുടെ ഒരു യുഗം.

ദൈത്യാ–പ. ദുരാത്മാവ്. ദുർ എന്ന ദൈത്യനെ പോലുള്ളവൾ എന്നർത്ഥം. ര. മദ്യം.

ചിറവീന്തൽ എന്ന അനിഷ്ടക്രിയയും കാണുന്നു.

ദൈത്യാരി–വിഷ്ണു: ദൈത്യന്മാരുടെ ശത്രു എന്നർത്ഥം.

ദൈന്യം–പ. ദീനത, ദുഃഖം. ര. പരവശം. ന. ക്ഷീണം, ശ. അപമാനം. ഭീ. ലോഭം, ഗു. ലജ്ജ.

ദൈർഘ്യം, ദീർഘത, ദൈർഘ്യം–ദീർഘം. ദീർഘത്തിന്റെ ഭാവം എന്നർത്ഥം. മറവ പയ്യായുർദൈർഘ്യം–ആയുസ്സമം, ആനാരോഗ്യം.

ദൈവ–വി. ദൈവത്തെ സംബന്ധിച്ച.

ദൈവകോവിദൻ–ലക്ഷണം പറയുന്നവൻ.

ദൈവകോവിദാ–ലക്ഷണം പറയുന്നവൾ.

ദൈവഗതി–അറിയാൻ പാടില്ലാത്ത ഏതോ ഒരു കാരണം, ദൈവത്തിന്റെ ഇഷ്ടം, വിധി.

ദൈവജ്ഞ–വി. ലക്ഷണം പറയുന്ന.

ദൈവജ്ഞൻ–ജ്യോതിഷക്കാരൻ. പൂർവ്വജന്മങ്ങളിൽ ചെയ്ത ശുഭാശുഭങ്ങളെ അറിയുന്നവൻ എന്നർത്ഥം.

'മൽപ്പുണ്ടരൈവജ്ഞവരം വരുത്തി
ക്കല്പിച്ചുകല്യാണദിനം തരാനീം'

(ഭാഷാനൈഷധചമ്പു)

ദൈവജ്ഞാ–പ. ജ്യോത്സ്യക്കാരി, ശുഭാശുഭലക്ഷണം പറയുന്നവൾ. മറ്റൊരു പദ്ധ്യായം–ഇക്ഷണികാ.

ദൈവത–പ. സമ്പത്ത്. ര. സൗഭാഗ്യം. ന. ഗുണശീലം.

ദൈവതം-ദൈവം, ദേവൻ, ദേവത.

ദൈവതീർത്ഥം—വിരലുകളുടെ അഗ്രഭാഗം.

അംഗുല്യഗ്രേദൈവംതീർത്ഥം = വിരലുകളുടെ അഗ്രഭാഗത്തിങ്കൽ ദൈവതീർത്ഥമാകുന്നു. ദൈവതീർത്ഥേനതർപ്പയേൽ = ദൈവതീർത്ഥംകൊണ്ടു തർപ്പിക്കണം. വിരലുകളുടെ അഗ്രംകൊണ്ടു തർപ്പിക്കണം എന്നർത്ഥം.

ദൈവദൂതൻ-ദൈവത്തിന്റെ ദൂതൻ.

ദൈവദോഷം — ദൈവികമായുണ്ടാകുന്ന ദോഷം.

ദൈവപരീക്ഷ-പ്രശ്നംനോക്കുക.

ദൈവപ്പാല-ഒരു വൃക്ഷം, ഏഴിലംപാല

ദൈവപ്രശ്നം-ദൈവപരീക്ഷ.

ദൈവബലം-ദൈവത്തിന്റെ ശക്തി.

ദൈവം-പ. ഈശ്വരൻ. ര. ഭാഗ്യം, പൂർവ്വജന്മകൃതമായ പുണ്യം, പൂർവ്വജന്മങ്ങളിൽ ചെയ്തു ശുഭാശുഭകർമ്മങ്ങളുടെ പേർ, ശുഭകർമ്മം. പരമേശ്വരങ്കൽ ഭവിച്ചത് എന്നർത്ഥം. ദേവകൾനിന്നാഗതം എന്നർത്ഥം. സ. ദൈവതീർത്ഥം. ദേവന്മാർ ദേവതയായിട്ടുള്ളത് എന്നർത്ഥം. [ദൈവതീർത്ഥം എന്നതു നോക്കുക.]

ദൈവയുഗം-പന്തീരായിരം ദിവ്യസംവത്സരം.

ദൈവവിരോധം-ദൈവത്തിന്റെ ഇഷ്ടക്കേട്.

ദൈവവിലാസം-ദൈവത്തിന്റെകളി.

ദൈവാധീന-വി. ദൈവത്തിന്റെ ഇഷ്ടത്തെ അനുസരിക്കുന്ന.

ദൈവാസുരം-ദേവകളും അസുരരും പരസ്പരമുള്ള സ്വാഭാവികവൈരാഗ്യം

ദൈവിക-വി. ദൈവത്തിങ്കൽനിന്നുണ്ടാകുന്ന.

ദൈവേച്ഛ-ദൈവത്തിന്റെ ഇഷ്ടം.

ദൈവൈക്യം-ദൈവവുമായുള്ള ചേർച്ച, മോക്ഷം.

ദൈവോപാസന-ഈശ്വരസേവ.

ദൈഹിക-വി. ദേഹത്തെ സംബന്ധിച്ച

## ദോ

ദോഗ്ധ്രി-പശു.

ദോട്ടിപ്പാഷാണം-ഒരുവക പാഷാണം.

ദോന്നാ, തൊന്ന, തുന്ന-വാഴയില വാട്ടിക്കെട്ടിയ കെട്ടില.

ദോരന്തരാളം-തോളുകളുടെ മധ്യപ്രദേശം, നെഞ്ച്.

'ചാരുദോരന്തരാളം'

(ശ്രീകൃഷ്ണചരിതം)

ദോർദ്ദണ്ഡം-കൈത്തണ്ട്.

ദോവി- അലക്കുകാരൻ. (ഹിന്ദുസ്ഥാനി ഭാഷ.)

ദോശ-ഒരുമാതിരി പലഹാരം.

ദ്വ+ഒശ=ദോശ. ദ്വ=രണ്ട്. ഒശ=ഒച്ച. രണ്ടുതവണ ഒച്ചയുണ്ടാക്കുന്നത്. ദോശ തിരിച്ചും മറിച്ചും രണ്ടു പ്രാവശ്യം ഇട്ടുകയും ആ സമയങ്ങളിൽ ശബ്ദം കേൾക്കയും ചെയ്യുന്നുണ്ടല്ലോ. അതുകൊണ്ടു ദോശ അല്ല 'ദ്വോശ'യാണെന്നു ചിലർ പറയുന്നു. എങ്കിലും മലയാളത്തിൽ നടപ്പിൽ വന്നിട്ടുള്ള 'ദോശ'യത്രേ എനിക്കു രുചിക്കുന്നതു്.

ദോശക്കല്ല്-ദോശചുടുന്നതിനുള്ള പാത്രം, ദോശച്ചട്ടി. ചപ്പാത്തിയുടെയും ദോശയുടെയും പിണ്ഡപചനം.

ദോഷചതുഷ്ടയം-ഭയം, ക്രോധം, തെറ്റിലേർപ്പിക്കണമെന്നുള്ള വിചാരം, കരണാപാടവം ഇവ നാലും.

ദോഷജ്ഞ-വി. അറിവുള്ള.

ദോഷജ്ഞൻ-പ. വിഭോൻ ഭാവിയായ ദോഷത്തെക്കുറിച്ചു അറിയുന്നവൻ എന്നർത്ഥം. ഉ. ഭവൈദ്യൻ.

ദോഷത്രയം-പ. വാതം പിത്തം കഫം. ഉ. അവ്യാപ്തി അതിവ്യാപ്തി അസംഭവം ഇവ മൂന്നും.

പ. അവ്യാപ്തി (ലക്ഷ്യൈകദേശത്തിൽ മാത്രം ലക്ഷണം ചേർന്നിരിക്കുന്നതു്.) ഉ-ം, (ഗോവിന്റെ ലക്ഷണം) ശ്യാമത്വം. ഉ. അതിവ്യാപ്തി (അലക്ഷ്യത്തിലും കൂടി ലക്ഷണംചേരുന്നതു്). ഉ-ം, (പശുലക്ഷണം) ശൃംഗിത്വം. ന. അസംഭവം (ലക്ഷ്യത്തിൽ ഒരിടത്തുമില്ലാത്ത ലക്ഷണത്തെ പറയുന്നതു്). ഉ-ം (പശുലക്ഷണം) മറക്കുട.

ദോഷപരിഹാരം-ദോഷനിവൃത്തി, ദോഷം തീരുവാനായിട്ടുള്ള പ്രായശ്ചിത്തം.

ദോഷപ്പെടുന്നു-പ. അപ്രിയമാകുന്നു. ഉ. മതിക്കുറവുവരുന്നു. [സ. ക്രി. ദോഷപ്പെടുത്തുന്നു.]

ദോഷം-പ. പാപം. ഉ. കുറ്റം. ന. വ്യഭിചാരം.

ദോഷവാൻ-ദോഷമുള്ളവൻ. [സ്ത്രീ-ദോഷവതി.]

ദോഷവിചാരം-പ. ദോഷത്തെ ആലോചിക്കുക. ഉ. ബ്രാഹ്മണസ്ത്രീക്കു വ്യഭിചാരശങ്കയുണ്ടായാൽ അതിന്റെ നിശ്ചയം അറിയുന്നതിനായിട്ടുള്ള വിചാരം

ദോഷാ-അ. രാത്രിയിൽ.

ദോഷാ-പ. രാത്രി. ഉ. കൈയ്.

'ദോർദ്ദോഷാ ചഷ്ടമാബ്ധൗ ഹൃദ്
പാണിഷ്വസ്ത്രം കരസ്ഥഃ'

(ധനഞ്ജയകോശം)

ന. മഞ്ഞൾ.

ദോഷാകര-വി. കുറവുള്ള.

ദോഷാകരൻ-ചന്ദ്രൻ.

ദോഷാഗമനം-പ. രാത്രിയുടെ വരവു്.

ഉ. ദോഷത്തിന്റെ വരവു്.

'ദോഷാഗമനേശശ്വദനന്യേ
തോഷംകണ്ടീലാക്കരേന്തന്നാരം'

(രാമായണം കിഷ്കിന്ധാകാണ്ഡം)

ദോഷാരോപണം-ഗുണങ്ങളിൽ ദോഷമുണ്ടാക്കിത്തീർക്കുക.

ദോഷാംശം-ദോഷമുള്ള ഭാഗം.

ദോഷി-വി. ദോഷമുള്ള.

ദോഷൈകദൃക്-ഒരുവനുള്ള ഗുണദോഷങ്ങളിൽ ദോഷമാത്രം ദർശിക്കുന്നവൻ (അറിയുന്നവൻ) മറ്റൊരുപയോഗം-പുരോഭാഗി

ദോഷോപക്രമണം-ദോഷചികിത്സ.

ദോസ്സ്-കൈ. ശത്രുക്കളെ അടക്കുന്നതെന്നർത്ഥം.

ദോഹദം-പ. ആഗ്രഹം; ഇച്ഛ. ഉ. ഗർഭിണിയുടെ ആഗ്രഹം. പുത്രിയെ ചെയ്യുന്നു് എന്നർത്ഥം. ഇച്ഛയുടെ പര്യായം.

ദോഹദം എന്നതിനു 'ഗർഭിണീമനോരഥം' എന്ന അർത്ഥം പ്രസിദ്ധം. 'ഉപപത്യസാ ദോഹദദുഃഖശീലതാം' (രഘുവംശം) 'ദൌഹൃദം' എന്നും കാണുന്നുണ്ടു്. 'ദോഹളം' എന്നാവാമെന്നു മറ്റൊരിടത്തും പ്രയോഗം ഇങ്ങനെയില്ലെന്നില്ല.

ന. അശോകവൃക്ഷം പുഷ്പിക്കുന്നതിനായി കുലസ്ത്രീകൾ അതിന്റെ ചുവട്ടിൽ ചവുട്ടുകയെന്നുള്ളതു്. ര. ഗർഭം. ⊛ വളം.

ദോഹദവതി-പ. ആഗ്രഹമുള്ളവൾ. ഉ. വ്യാക്ഷണ്ണയുള്ളവൾ ദോഹദം=ഗർഭിണിമനോരഥം, അതോടുകൂടിയവൾ എന്നർത്ഥം.

വ്യാക്ഷണ് എന്നതു ഗർഭിണിക്കു് അതായതു വസ്തുക്കളിലുണ്ടാകുന്ന ഓരോരോ അഭിലാഷങ്ങൾ ആകുന്നു, അതോടുകൂടിയവൾ ഈ ദോഹദവതി.

മോഹനം-കാമുകൻ.

മോഹം-പു. കാമുകൻ. ഉ. പല്ലവൻ.

മോഹലി(ളി)-അശോകം.

മോഹളം-ഇല്ലം. പൂമരങ്ങൾകൊണ്ടു ചുറ്റപ്പെട്ടതും (കുയിൽ, മുതലായ) വണ്ടുകൾക്കു പാർക്കുവാൻ തക്കതുമായ ഗൃഹം, ശാലിനികളുടെ ആശ്രമം. (മോഹമെന്നതു നോക്കുക.)

'മോഹളമെന്നിതുപൂമരങ്ങൾകൊല്ലിം'
(കൃഷ്ണഗാഥ)

മോഹ്യം-പാൽ.

മോള-പു. ഒരു ചെടി, അമരി. കാറ്റിനാൽ ഉൽക്ഷേപിക്കപ്പെടുന്നതു് എന്നർത്ഥം. ഉ. മുറഞ്ഞാൽ. നാ. പല്ലക്ക്. ര. സംശയം.

മോളാന്ദോളനം-മുറഞ്ഞാലാട്ടം.

## മൌ

മൌനത്വം-മൂകന്റെ പ്രവൃത്തി.

മൌഗ്ദ്ധ്യം-ദുർബുദ്ധത, ദുർബുദ്ധിസ്ഥിതി.

മൌർഗ്രഹം-അശ്വമേധം.

മൌർജ്ജിന്ന്യം-ദുർജ്ജനത്തിന്റെ ലക്ഷണം.

മൌർഖ്യം-ദുർബുദ്ധത.

മൌർമ്മനസ്യം-ദുർമ്മനസ്യം, മനസ്സുകേടു്.

മൌർവൃത്തം. ദുരാത്മത, ദുശ്ശീലം, ദുർബുദ്ധി.

മൌലധനം-ധനം.

മൌലേയം-ആത്മ.

മൌവാരികൻ-വാതിൽ കാവല്ലുള്ളവൻ.

മൌവാരികി-വാതിൽ കാവൽക്കാരത്തി.

മൌഷ്ണികൻ-മോഷ്ടിച്ചുകൊണ്ടു നീങ്ങുന്നവൻ.

മൌഷ്ട്യം-മുഷ്ടിത.

മൌഷ്യായനി-ദുഷ്ടന്റെ പുത്രൻ എന്നർത്ഥം.

മൌഹിത്രൻ-മകളുടെ മകൻ.

മൌഹിത്രായണൻ-മകളുടെ മകന്റെ മകൻ

മൌഹിത്രി-മകളുടെ മകൾ.

മൌഹൂർത്തികൻ-ശുഭാശുഭം പറയുന്നവൻ.

മൌഹൂർത്തിക-ശുഭാശുഭം പറയുന്നവൾ.

മൌഹൂർത്തിനി-ശുഭാശുഭം പറയുന്നവൾ.

## ദ്യ

ദ്യാവാപൃഥിവികം - ആകാശവും ഭൂമിയും.

ദ്യാവാഭൂമികം-ആകാശവും ഭൂമിയും.

ദ്യൂകം-മുങ്ങം.

ദ്യൂകാരി-കാക്ക.

ദ്യൂക്ഷൻ-പു. ഇന്ദ്രൻ. ഉ. വരുണൻ. നാ. അഗ്നി. ര. സോമൻ. ഇ. അഗ്നിമാ.

ദ്യുതി-പു. ശോഭ, സൗന്ദര്യശോഭ, ശോഭയ്ക്കു കാരണം എന്നർത്ഥം.

'മധുനേവം ദ്യുതിഹാകേസരദ്യുതിഃ'
(മാഘം)

ഉ. പ്രഭ.

ദ്യുതിത-വി. ശോഭിപ്പിക്കപ്പെട്ട.

ദ്യുമ്നം-പു. ദ്രവ്യം, ധനം. യാഗംതുടങ്ങിയുള്ള സുകൃതകർമ്മങ്ങളെ ചെയ്തിട്ടു സ്വർഗ്ഗലോകപ്രാപ്തിയെ സാധിപ്പിക്കുന്നതെന്നർത്ഥം. ഉ. ശക്തി.

ദ്യുമണി-പു. സൂര്യൻ. ആകാശത്തിൽ രത്നംപോലെ ശോഭിക്കുന്നവൻ എന്നർത്ഥം. ഉ. ഹരി.

ദ്യുമൽസേനൻ-ഒരു ശാല്വരാജാവു്, സത്യവാന്റെ പിതാവു്.

ദ്യുസ്-അ. ആകാശം.

ദ്യുസദ്-ദേവൻ. സ്വർഗ്ഗത്തിൽ സ്ഥിതി ചെയ്യുന്നവൻ എന്നർത്ഥം

ഘൃതകാരകൻ-പൂളുകളിപ്പിക്കുന്നവൻ. രണ്ടുകക്ഷികളിലും തുല്യഭാവത്തോടു പൂളവച്ചുകൊടുക്കയും മറ്റും ചെയ്യുന്ന കളിയരുള്ളുന്നവർക്കും പറയാമെന്നു കാണുന്നു.

ഘൃതകാരൻ-പൂളുകളിക്കാരൻ.

ഘൃതകൃത്ത്-പൂളുകളിക്കാരൻ.

ഘൃതബീജം-കവടി.

ഘൃതം-പൂള്, പൂളുകളി.

'ക്ഷപാഘൃതേനതുല്ല്യംവിദുരനിലയനേ
മന്തരംസന്നിധായ'
(കിമ്മീരവധം കഥകളി)

ഘൃനം-ഏഴാമിടം.

ദ്യോതകം-കാണിക്കുന്നതു്, പ്രകാശിപ്പിക്കുന്നതു്, സൂചിപ്പിക്കുന്നതു്.

ദ്യോതനം-പ്ര. വെയിൽ. ശോഭിക്കുന്നതു് എന്നർത്ഥം. ഉ. പ്രകാശം. നാ. വിളക്കു്.

ദ്യോതം-പ്ര. വെയിൽ. ഉ. പ്രകാശം.

ദ്യോതിത-വി. പ്ര. പ്രകാശിപ്പിക്കപ്പെട്ട. ഉ. പ്രകാശിച്ച.

ദ്യൗവു്-പ്ര. സ്വർഗ്ഗം. ഉ. ആകാശം.

ദ്യൗസ്-വേദങ്ങളിൽ പറഞ്ഞിട്ടുള്ള ഒരു ദേവൻ, ഉക്ഷസ്സിന്റെ പിതാവു്.

## ധ

ധക(ഗ)ടം-ഉറക്കം ഉണർത്തുവാനുള്ള ഒരു വക വാദ്യം.

ധഡിമാവു്-ഉറപ്പു്.

ധഡിഷ്ഠ-വി. ഉറപ്പുള്ള.

ധസ്മ-തെർവെള്ളം, കൊഴുപ്പുകാഞ്ഞ തെർ. ധപ്സ്യം എന്ന പാഠവും കാണുന്നുണ്ടു്.

ചിലർ അളിതെർ-ധപ്സം, നട്ടതെർ-ഘനം, മേൽതെർ-ശരം (സരം) ഇങ്ങിനെയും പറയുന്നു.

ധമിഡന്മാർ-ചോളന്മാർ, കേരളന്മാർ, പാണ്ടിക്കാർ ഇവർ.

ധമില്ലം-ഒരു രാജ്യം. ഇതിന്റെ കടലോരമാണ് കേരളം.

ധവണം-പ്ര. പോക്കു്. ഉ. ഉരുകൽ.

ധവത്തു്-വി. ഓടുന്ന.

ധവന്തീ-പ്ര. ഒരു പച്ചമരുന്നു്, ഏലച്ചെവി(യൻ), ഓടുന്നതു്, വേഗം പടർന്നുപിടിക്കുന്നതു് എന്നർത്ഥം. ഉ. നദി. നാ. വലിയഭരണി.

ധവം-പ്ര. ഉരുകൽ. ഉ. പോക്കു്. നാ. ക്രീഡ. മനസ്സുവിയുന്നതു് എന്നർത്ഥം. ര. സാരം. ള. ഓട്ടം. ന. പശു. ഹ. പവിഴം. വ. മോന്തു്. ഷ. മീൻ.

ധവംഗം-കുതിര.

ധവരസാ-അരക്കു്.

ധവിക്കുന്നു-പ്ര. ഉരുകുന്നു. ഉ. ഓടുന്നു. [സ. ക്രി. ധവിപ്പിക്കുന്നു.]

ധവിണം-പ്ര. ധനം.

'നാനാരത്നധവിണമണിയു-
ന്നാവണാഗ്രണിതോഹം'
(ഉണ്ണുനീലിസന്ദേശം)

ഉ. ശക്തി. നശിച്ചുപോകുന്നതു് എന്നർത്ഥം. നാ. പരാക്രമം. ഒന്നായതിനെ പ്രാപിപ്പിക്കുന്നതെന്നർത്ഥം. ര. സമ്പൂർണ്ണം.

ധവ്യ-വി. തക്കതായ, ചേർച്ചയുള്ള.

ധവ്യകൻ-ചുമട്ടുകാരൻ.

ധവ്യങ്ങൾ-ഭൂമി, ജലം, അഗ്നി, വായു, ആകാശം, കാലം, ദിക്കു്, ആത്മാവു്, മനസ്സു് ഇവ ഒൻപതും.

ധവ്യദണ്ഡം-പ്രായശ്ചിത്തം നിശ്ചയിക്ക

ധവ്യനാശം-ചോരം, മുതൽനഷ്ടം.

ധവ്യം-പ്ര. സമ്പത്തു്, വസ്തു, ധനം. നശിച്ചുപോകുന്നതെന്നർത്ഥം.

ദ്രവ്യം കൊടുക്കയും വാങ്ങിക്കയും ചെയ്യുന്നതിനുള്ള നല്ലദിവസം.

'കാർത്തികാഭോഗ്യമൂലാശ്ച
മകരം ചിത്രാചരേവതി।
അദാതവ്യംനഭാതവ്യം
തദ്ഗൃഹേ ശത്രുവിനശ്യതി॥'

ഇതിവചനേന—കാർത്തിക, ഉത്രം, മൂലം, മകരം, ചിത്തിര, രേവതി ഈ നക്ഷത്രങ്ങളിൽ കൊടുക്കുന്ന ദ്രവ്യം തിരിയെ കിട്ടുകയില്ല. ശേഷം ഇരിക്കുന്ന ദ്രവ്യം നശിക്കയും ചെയ്യും. അതുകൊണ്ട് ഈ നക്ഷത്രങ്ങളിൽ ഒരു ദ്രവ്യവും അയ്ക്കും കൊടുക്കരുതു്.

ദ്രവ്യം, ഗുണം, സാമാന്യം, കർമ്മം, വിശേഷം, സമവായം ഇവയത്രേ ദ്രവ്യാദിക്രമം.

ക. പിച്ചള. ന. അരക്ക്. ര. മദ്യം. ഉ. സമുദ്രം. ന ഗുണങ്ങൾക്കാശ്രയഭൂതമായ പൃഥിവ്യാദികം.

ദ്രവ്യശക്തി—ധനപുഷ്ടി.

ദ്രവ്യശക്തിചതുഷ്ടയം—രസം, വിപാകം, വീര്യം, പ്രഭാവം ഇവ നാലും.

ദ്രവ്യസ്ഥൻ—ധനവാൻ.

ദ്രവ്യാഗമം—ധനലാഭം.

ദ്രഷ്ടാവു്—കാണുന്നവൻ, ആലോചിച്ചുനിയന്ത്രണത്തിനു ശേഷിയുള്ള ആൾ.

ദ്രാക്—അ. വേഗത്തിൽ.

'അഹന്യഹന്യമങ്ക്ഷുദ്ധഗിതിദ്ധടിതി
സ്രാഗ്ദ്രാഗ്കരേശഷ്ഠ്യേ'
(ഗണരത്നമഹോദധി)

'തിരോഹിതേദ്രാഗമൃതാത്മനീശ്വരേ'
(ഭക്തിയോഗം കഥകളി)

ദ്രാക്ഷാ—മുന്തിരിങ്ങ. ഒരുതരിക്കപ്പെട്ടന്നതു് എന്നർത്ഥം.

ദ്രാക്ഷാപാകം—നീരുസമനകമാകുന്നതുവരെ മട്ടിൽ സംസ്കൃതപ്രയോഗങ്ങളെയും മലയാളപദങ്ങളെയും യോജിപ്പിക്കുന്നതു്. ഇതു പാകത്രയത്തിൽ ഒന്നാണത്രേ. (മുദ്രാലങ്കാരം എന്ന ശബ്ദം നോക്കുക)

ദ്രാക്ഷാരസം—മുന്തിരിങ്ങച്ചാറു്.

ദ്രാഘിഷ്ഠ—വി. വളരെ നീളമുള്ള.

ദ്രാമിളൻ—ചാണക്യന്റെ ഒരു പേർ.

ദ്രാവ—ഇരപ്പാളി.

ദ്രാവകം—ക്ര. ഉരുകി വെള്ളമായതു്. ക. ഇടിച്ചുപിഴിഞ്ഞെടുത്ത വെള്ളം, പശ. ന. വെങ്കാരം. ര ഒഴുക്ക്. ഉ. ചന്ദ്രകാന്തം. ന. പൊൻകാരം.

ദ്രാവണം—തേറാമ്പരൽ.

ദ്രാവം—ക്ര. ഓട്ടുക, ഓളം. ക. പശ. ന. വേഗം.

ദ്രാവി—പൊൻകാരം.

ദ്രാവിഡകം—ക്ര. കച്ചോലം. ദ്രാവിഡദേശത്തിലുണ്ടായതു് എന്നർത്ഥം. ക. വിളയുപ്പു്.

ദ്രാവിഡദേശം—തെക്കൻഇൻഡ്യ.

ദ്രാവിഡൻ—ദ്രാവിഡദേശത്തു ജനിച്ചവൻ

ദ്രാവിഡഭാഷകൾ—ക്ര. മലയാളം. ക. തമിഴ്. ന. തെലുങ്ക്. ര. കർണ്ണാടകം. ഉ. തുളു. ഇവ ദ്രാ-ം.

ദ്രാവിഡം—ക്ര. തമിഴ്. ക. പഞ്ചദ്രാവിഡങ്ങൾക്കു പൊതുവായ ഒരു പേർ.

ദ്രാവിഡാവർത്തം—ദക്ഷിണഹിന്ദുസ്ഥാൻ

ദ്രാവിഡി—ചിറ്റേലം.

ദ്രു—വൃക്ഷം. മേലോട്ടുയരുന്നതു് എന്നർത്ഥം. വൃക്ഷശബ്ദം 'ദ്രു' എന്ന പദത്തിൽനിന്നാണെന്നു കാണുന്നു.

ദ്രുകിളിമം—തേവതാരവൃക്ഷം. ശ്വേതവർണ്ണമായ വൃക്ഷം എന്നർത്ഥം. (ദ്രുവതം എന്നും പാഠം.)

ദ്രുഹിണൻ—ബ്രഹ്മാവു്. സംസാരവൃക്ഷത്തെ വഹിക്കുന്നവൻ എന്നർത്ഥം. ദ്രുഹിണൻ എന്നതിന്റെ പാഠം.

'ദ്രുഷദ്വത്യാസ്തീരേ പശുപാലൈർവ്രതമിദം
ദ്രുവണശ്ചചാരാർക്കമഹം'

(ഭാഗവതം)

ദ്രുവണം-പ്ര ഒരുതരം തടി. വൃക്ഷം ഇതു കൊണ്ടു വന്ന് ക്കപ്പെടുന്നതിനാൽ ഈ പേർ വന്നു. പ. ഇരിയുക്ക ന. ഇരിയുഗ. ഭ. കോടാലി. വൃക്ഷം ഇതു കൊണ്ടു വന്ന് ക്കപ്പെടുന്നു എന്നർത്ഥം @ കോട്ടലവകം

ദ്രുണം-ക്രൂരം. ഹിംസിക്കുന്നതു എന്നർത്ഥം.

ദ്രുണി-പ്ര മലപാത്രം (തൊട്ടി). പ. അമ ന. ചെയിട്ടാമ്പായു ഭ മുട്ടയു.

ദ്രുത-വി. പ്ര. ഉതകിയ. പ. അലിഞ്ഞ. ന ഒഴുകിയ ഭ. ഓടിയ. @ ഉതുക്കപ്പെട്ട ന. അലിക്കപ്പെട്ട.

ദ്രുതഗതി-വി. വേഗത്തിൽ പോകുന്ന

ദ്രുതഗതി-വേഗത്തിലുള്ള നടപ്പ്.

ദ്രുതം-പ്ര. കാലതാമസം കൂടാതെ എന്ന അർത്ഥത്തിൽ പ്രയോഗം. ദ്രുതം> <മന്ദം. പ. ഉതുക്കപ്പെട്ട സ്വർണ്ണം മുതലായവ. ഉരുവിപ്പിക്കപ്പെട്ടതെന്നർത്ഥം. ന ഉതുകിയതു.

ദ്രുതം-വി. വേഗത്തിൽ.

ദ്രുപദൻ-ഒരു പാഞ്ചാലരാജാവു്, പൃഷതന്റെ പുത്രൻ.

ഭരദ്വാജനോടു (ദ്രോണരുടെ പിതാവോടു) ധനുർവിദ്യ അഭ്യസിക്കുന്ന കാലത്തു് ദ്രുപദനും കൌരവപാണ്ഡവരുടെ ഗുരുവായ ദ്രോണനും സഹപാഠികൾ ആയിരുന്നു. ദ്രുപദൻ സിംഹാസനാരോഹണം ചെയ്യുമ്പോൾ ദ്രവ്യക്കുറവു നിമിത്തം ബുദ്ധിമുട്ടിക്കൊണ്ടിരുന്ന ദ്രോണർ പണ്ടത്തെ സ്നേഹം ആസ്പദമാക്കി ദ്രുപദനെ പ്രാപിച്ചു. എന്നാൽ അയാളെ ദ്രുപദൻ അശേഷം ബഹുമാനിക്കാതെ പരിത്യജിച്ചു. ഇതിനുപകരമായി ദ്രോണർ തന്റെ ശിഷ്യനായ അർജ്ജുനനെക്കൊണ്ടു ദ്രുപദനെപിടിച്ചുകെട്ടിച്ചു; കൊന്നില്ല. പകുതി രാജ്യം എടുത്തുകൊണ്ടുവിട്ടയച്ചു. ഈ പകുതിരാജ്യത്തിനു തന്നിക്കു ഒരു പുത്രനുണ്ടാകണമെന്നുള്ള പ്രാർത്ഥനയോടുകൂടി ദ്രുപദൻ ഒരു യാഗം തുടങ്ങി. അനന്തരം ധൃഷ്ടദ്യുമ്നൻ എന്ന ഒരു പുത്രനും ശിഖണ്ഡി എന്ന ഒരു പുത്രിയും ഹോമാഗ്നിയിൽനിന്നും ഉല്പതിച്ചു. അർജ്ജുനൻ പാഞ്ചാലിയെ(ദ്രൌപദിയെ) വിവാഹം ചെയ്തതിൽ ദ്രുപദൻ പാണ്ഡവർക്കു സഖിയായിത്തീർന്നു. ഭാരതയുദ്ധം പതിനഞ്ചാം ദിവസം ദ്രുപദനെ ദ്രോണർ വധിച്ചു. അടുത്തദിവസം ധൃഷ്ടദ്യുമ്നനാൽ ദ്രോണനും വധിക്കപ്പെട്ടു. ദ്രുപദനു ശിഖണ്ഡി എന്ന ഒരു പുത്രനും ശിഖണ്ഡിനി എന്നൊരു പുത്രിയുംകൂടി ഉണ്ടായിരുന്നു.

'അർജ്ജുനനപിടിച്ചുകെട്ടിപ്പിച്ചുപരിഭവം
വെച്ചുകൊണ്ടിരിക്കുന്ന ധൃഷ്ടദ്യുമ്നനും-
[മമടോ
നിശ്ചയം ദ്രോണർതന്നെകൊന്നീ-
[ടുമവൻതന്നും'

(ഭാരതം)

ദ്രുമം-പ്ര. വൃക്ഷം. കൊയ്യുകയും ഉള്ളതെന്നർത്ഥം. പ. ദേവതാരം.

ദ്രുമശ്രേഷ്ഠം-കരിമ്പന.

ദ്രുമാമയം-അരക്ക്, കോലരക്ക്, വൃക്ഷത്തിന്റെ രോഗം. വൃക്ഷത്തിൽ നിന്നു പൊട്ടി ഒലിച്ചുണ്ടാകുന്നതുകൊണ്ടു ഈ പേരുണ്ടായി.

അരക്കുതന്നെ ചെമ്പഞ്ഞിച്ചുറയിട്ടും മറ്റും ഉപയോഗിച്ചുവരുന്നു.

ദ്രുമോൽപലം-പ്ര. കൊങ്ങുമന്താരം. പ. ചെറുകൊന്ന. വൃക്ഷത്തിൽ ഉൽപലതുല്യമായ പുഷ്പങ്ങളും ഉള്ളതു എന്നർത്ഥം.

ദീപ്തിപതാക-ചിലപ്പോൾ കൊടിക്കൂറയുടെ ആകൃതിയിൽ കാണപ്പെടുന്ന ധ്രുവദീപ്തി.

ദ്രുവയം-അരുവു്, നാഴിമുതലായതു്. വൃക്ഷവികാരം എന്നർത്ഥം.

ളുഷംസ്സു മുതലായതു്-ഒപ്പു (രയേ) തവം. നാഴി മുതലായതു-ദ്രുവയാ. കോൽ മുതലായതു-പായ്യം.

ദുഹൻ-പുത്രൻ.

ദുഹം-കായൽ.

ദുഹി-പുത്രി.

ദുഹിണൻ, ദുഹണൻ-ഹ ബ്രഹ്മാവു്. അസുരന്മാരെ-ദുഷ്ടന്മാരെ-ദ്രോഹിക്കുന്നവൻ എന്നർത്ഥം. ഉ. വിഷ്ണു. ന. ശിവൻ.

ദ്രുഹ്യു-ശർമ്മിഷ്ഠയിൽ യയാതിയുടെപുത്രൻ.

പിതാവിനു തന്റെ യൌവ്വനം നൽകി വാങ്ങുകയെന്ന തൻ സ്വീകരിക്കായ്കയാൽ രാജ്യാധികാരം കിട്ടുകയില്ലെന്നു പിതാവിനാൽ ശപിക്കപ്പെട്ടു.

ദ്രുഘണം-ചുറകല്ല്.

ദ്രേക്കാണം-ഒരു രാശിയെ മൂന്നായി ഭാഗിച്ചതു്.

ദ്രോണക്ഷീര-പതിനാറിടങ്ങഴി പാൽ കറക്കുന്ന പശു (ദ്രോണം = ഏനു ഇടങ്ങഴി)

ദ്രോണകാകൻ-കാവതിക്കാക്ക.

ദ്രോണദുഗ്ധ-പതിനാറിടങ്ങഴി പാൽ കറക്കുന്ന പശു. (ദ്രോണം=പതിനാറിടങ്ങഴി)

ദ്രോണൻ-പാണ്ഡവന്മാരുടേയും ദുര്യോധനാദികളുടേയും ഗുരുവായ ബ്രാഹ്മണൻ.

ഭരദ്വാജൻ ഗംഗയിൽ കുളിക്കാൻ പോയപ്പോൾ ഘൃതാചി എന്ന അപ്സരസ്സിനെ കണ്ടു് ഇന്ദ്രിയസ്ഖലനമുണ്ടായി. അതിനെ ഒരു ദ്രോണത്തിൽ (മരപ്പാത്രത്തിൽ) അക്കി വളർത്തി. അതിനാൽ ഈ പേർ സിദ്ധിച്ചു. ഈ ബാലനെ വേണ്ടവിദ്യ അഭ്യസിപ്പിച്ചതിനു ശേഷം ഭരദ്വാജൻ തന്റെ സഖിയും പാഞ്ചാലരാജാവുമായ പൃഷതനെ ഏൽപ്പിച്ചു. ദ്രോണൻ ഇതിനിടയിൽ പരശുരാമനിൽ നിന്നും ധനുർവ്വേദം മുഴുവനും പഠിച്ചു. പൃഷതൻ മരിച്ചതിന്റെ ശേഷം രാജാവായ ദ്രുപദൻ ധനുർവിദ്യ അഭ്യസിച്ചു മടങ്ങിവന്ന ദ്രോണഛാത്രരെ ഉപേക്ഷിക്കയാണു ചെയ്തതു അതിനാൽ നിസ്സഹായനായ് ഭവിച്ച ഈ ആചാര്യൻ ഭീഷ്മരുടെ വരുതിപ്രകാരം പാണ്ഡവകൌരവന്മാരെ ബാല്യത്തിൽ ധനുർവിദ്യ അഭ്യസിപ്പിച്ചു രാമസിച്ചു ഭീഷ്മന്റെ സഹോദരിയായ കൃപയെപാണിഗ്രഹണം ചെയ്തു. ദ്രോണർ ബ്രാഹ്മണനായിരുന്നു എങ്കിലും പരശുരാമനിൽ നിന്നു ആയുധവിദ്യ അഭ്യസിച്ചു് അതിൽ പ്രസിദ്ധി നേടിയിരുന്നു. പിന്നീടു ആയുധവിദ്യയും ധനുർവിദ്യയും ദ്രോണർ പാണ്ഡവരെയും കൌരവരെയും പഠിപ്പിച്ചു. ഭാരതയുദ്ധത്തിൽ ദ്രോണർ കൌരവപക്ഷക്കാരനായിരുന്നു. ഭീഷ്മർ ജീവഹാനി വരുത്തുക നിലയിൽ മുറിപ്പെട്ടതിന്റെ ശേഷം ശരക്കൂടത്തിൽ ശയിച്ചു. പിന്നീടു ദ്രോണർ പ്രശസ്തമാകംവണ്ണം നാലുദിവസം യുദ്ധം നടത്തി. പാണ്ഡവപക്ഷത്തിൽ അനേകംപേരെ കൊന്നു പതിനാലാംദിവസം രാത്രിയിലും യുദ്ധമുണ്ടായിരുന്നു. പ്രഭാതത്തിൽ കൃഷ്ണന്റെ ഉപദേശപ്രകാരം ഭീമൻ അശ്വത്ഥാമാവു മരിച്ചുപോയി എന്നു ദ്രോണർ കേൾക്കുമാറു ഉറക്കെ പറഞ്ഞു. വാസ്തവത്തിൽ ആ പേരുള്ള ഒരു ഗജമാണു മരിച്ചതു്. വാസ്തവം അറിയുന്നതിനു ദ്രോണർ ധർമ്മപുത്രരോടു ചോദിച്ചു. ധർമ്മപുത്രർ കൃഷ്ണന്റെ ഉപദേശാനുസരണം സത്യത്തെ വിട്ടു അശ്വത്ഥാമാവു എന്നുച്ചത്തിലും ഗജം എന്നു പതുക്കയും പറഞ്ഞു. ഇതു കേട്ട ഉടൻ ദ്രോണർ മൂർച്ഛിതനായി നിലത്തു പതിച്ചു. ധൃഷ്ടദ്യുമ്നനാൽ ഉടൻ ദ്രോണർ വധിക്കപ്പെട്ടു ദ്രോണക്കൂടാതെ, ഭരദ്വാജൻ എന്ന നാമധേയങ്ങളും ഉള്ളതു പ്രകാരം കാണുന്നു.

ദ്രോണപുത്രി–ദ്രൗ ദ്രൗ, ഉമ.

ദ്രോണം–പ. പതിനാറിടങ്ങഴി. ര. കടം. ന. ഉമ്മ ൪. കവതിക്കാക്ക. ൫ തവ ൬. നു. തേൻ. ൭. തേരത്തിലെ തടി പലക

ദ്രോണാ–ഉമ.

ദ്രോണി–പ. തേങ്ങി. ര. അമരി. രോഗത്തെ പിൻതുടരുന്നതു എന്നർത്ഥം. ന. വെള്ളം നിറപ്പാനുള്ള പാത്രം, തൊട്ടി. ൪. രചിയ കുട്ടവെള്ളരി. ൫. വേലിപ്പത്തി. നു. മരക്കല ഉപ്പു ൭ വാഴ.

ദ്രോണികാ–പ. അമരി. ര. പതിനാറിടങ്ങഴി വിതയ്ക്കുന്ന നിലം. ന. മരവി. ൪. തൊട്ടി.

ദ്രോഹചിന്തനം–ഉപദ്രവിക്കേണമെന്നുള്ള വിചാരം. മറ്റൊരാളുടെ പണ്ടിയം–വ്യാപാരം.

ദ്രോഹം–ഉപദ്രവം, അനിഷ്ടവേല, കുറ്റം.

ദ്രോഹവിചാരം–അന്യനെ കെടുക്കണമെന്ന വിചാരം. പണ്ടിയങ്ങൾ–വ്യാപാരം, ദ്രോഹചിന്തനം.

ദ്രോഹി–വി. ഉപദ്രവിക്കുന്ന.

ദ്രോഹി–ഉപദ്രവം ചെയ്യുന്നവൻ

ദ്രോഹിക്കുന്നു–ഉപദ്രവിക്കുന്നു.

ദ്രൗണം–മരക്കലഉപ്പു.

ദ്രൗണായനൻ, ദ്രൗണായനി–അശ്വത്ഥാമാവു്.

'യദാമേനകൃതാന്തദേവകൽപതേ
ദ്രൗണായനിർമ്മാക്രുധനം'

(വേണീസംഹാരം)

ദ്രൗണി–അശ്വത്ഥാമാവു്, ദ്രോണന്റെ പുത്രൻ

'ആവൃത്യമഹാബാഹു
'യതോദ്രൗണിസ്തതോഹയാൻ'

(മഹാഭാരതം)

ദ്രൗണികം–പതിനാറിടങ്ങഴി വിതയ്ക്കുന്ന നിലം.

ദ്രൗണേയം–മരക്കല ഉപ്പു.

ദ്രൗപദി–പാഞ്ചാലി, ദ്രുപദരാജപുത്രി.

യജ്ഞസേനനായ ദ്രുപദരാജാവിന്റെ യജ്ഞവേദിയിൽ നിന്നു ജനിച്ചവളാണു്.

ദ്രൗപദി അതിസുന്ദരിയായിരുന്നു. വിവാഹാനന്തരം പാണ്ഡവർ ദ്രൗപദിയേയുംകൊണ്ടു ഗൃഹത്തിൽ വന്നു് അമ്മയോടു് 'ഇന്നു ഞങ്ങൾക്കു് ഒരു നല്ല സാധനം കിട്ടി' എന്നു പറഞ്ഞു. ഇതിനന്തരം 'അമ്മുപോലെ നോപോലെ അനുഭവിച്ചുകൊള്ളുക' എന്നായിരുന്നു. ഇതു നിമിത്തം അമ്മുപോലുടേയും മാപ്പുയായിത്തീർന്നു. ചൂതുകളിയിൽ പാണ്ഡവർ തോറ്റതുനിമിത്തം ദുശ്ശാസനൻ ചെയ്ത ദുശ്ശേഷ്ടിതകളും ദുര്യ്യോധനന്റെ മാപ്പുയുടെ അധിക്ഷേപങ്ങളും ഈ സാധുമതി സഹിക്കേണ്ടിവന്നു. ദുർവ്വാസസ്സിന്റെ ശാപത്തിൽനിന്നും കൃഷ്ണന്റെ കൃപ ഹേതുവായിട്ടു ദ്രൗപദി പാണ്ഡവരെ സംരക്ഷിച്ചു. രജസ്വലയായിരുന്ന ഈ ദ്രൗപദിയെ ദുശ്ശാസനൻ തലമുടിക്കു ചുറ്റിപ്പിടിച്ചു മഹാസഭയിൽ കൊണ്ടുവന്നു വസ്ത്രം ഉരിഞ്ഞുകളയുന്നതിനു തുടങ്ങിയപ്പോൾ ഉരിയുന്തോറും അരയിൽ വേറെ വസ്ത്രങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നതും ശ്രീകൃഷ്ണകൃപാകടാക്ഷം തന്നെയായിരുന്നു ദുശ്ശാസനന്റെ രക്തം ഭീമൻ കുടിക്കുമെന്നും അവന്റെ മാറു പിളർന്നു രക്തംപിരണ്ട കൈകൊണ്ടു മാത്രമേ തന്റെ ഈ അഴിഞ്ഞുകിടക്കുന്ന തലമുടി ബന്ധിക്കുമെന്നും അവൾ ശപഥം ചെയ്തു. വനത്തിൽവച്ചു ദ്രൗപദിയെ കണ്ടു മോഹാന്ധനായി ജയദ്രഥൻ പിടിച്ചു കൊണ്ടുപോയി. അവന്റെ അപേക്ഷയെ ദ്രൗപദി തിരസ്കരിച്ചുകളഞ്ഞതായിരുന്നു പ്രധാനകാരണം. പാണ്ഡവർ പിന്നാലെ ചെന്നു, ജയദ്രഥൻ ദ്രൗപദിയെ

രവടിഞ്ഞിട്ട് ഓടി. ഭീമൻ അവനെ പിടികൂടി. താൻ പാണ്ഡവന്മാരുടെ അടിമയാണെന്നു പറയുന്നതുവരെ ഭീമൻ അവനെ അടിക്കയും ചവിട്ടുകയും ചെയ്തു. ദ്രൗപദി അവനുവേണ്ടി മദ്ധ്യസ്ഥം വഹിക്കയും ധർമ്മപുത്രർ അവനെ കൊല്ലരുതെന്നു പറകയും ചെയ്തതു നിമിത്തം അവനെ വെറുതെ വിട്ടയച്ചു. അജ്ഞാതവാസത്തിൽ ഈ ദ്രൗപദിയെ കീചകൻ മോഹിക്കയും ചതിവഴിയി കീചകനെ ഭീമൻ വധിക്കയും ചെയ്തു. ദ്രൗപദി ദാസവൃത്തിയിലായിരുന്ന വിരാടരാജധാനിയിൽ കഴിച്ചുകൂട്ടിയതു. കീചകമരണത്തിനു കാരണം ദ്രൗപദിയുടെ ഗന്ധർവന്മാരാണെന്നു ശങ്കിച്ചു അവളെയും കൂടി കെട്ടി ചിതയിൽ വച്ചു തീവയ്ക്കാറായപ്പോൾ ഭീമൻ ഒരു മരംപിഴുതു ഗദയാക്കി അടുത്തു. ഗന്ധർവന്മാരെന്നറിഞ്ഞ ഈ വരുന്നവരെന്നു പറഞ്ഞു എല്ലാവരും ഓടി ഒളിച്ചു. ഇങ്ങനെ ദ്രൗപദി രക്ഷയെ പ്രാപിച്ചു. യുധിഷ്ഠിരനാൽ പ്രതിവിന്ധ്യൻ, ഭീമനാൽ ശ്രുതസേനൻ, അർജ്ജുനനാൽ ശ്രുതകീർത്തി, നകുലനാൽ ശതാനീകൻ, സഹദേവനാൽ ശ്രുതകർമ്മാവു് ഇങ്ങനെ ദ്രൗപദിക്കു അഞ്ചു പുത്രന്മാരുണ്ടായിരുന്നു. ഇവരെ യുദ്ധത്തിന്റെ അവസാനദിനത്തിന്റെ തലേദിവസം രാത്രി അശ്വത്ഥാമാവു മുതൽപേർ വധിച്ചു. അനന്തരം അർജ്ജുനൻ അശ്വത്ഥാമാവു ധരിച്ചിരുന്ന ശ്രുതിരത്നം എടുത്തു ദ്രൗപദിക്കു നൽകാൻ ഭീമനെ ഏൽപ്പിച്ചു. ദ്രൗപദിക്കു കൃഷ്ണാ, പാഞ്ചാലി, പാഞ്ചാലി, യാജ്ഞസേനി, പാഞ്ചമി, നിത്യയൗവനി എന്ന നാമധേയങ്ങളും ഉണ്ടായിരുന്നു. പാണ്ഡവർ ഇഹലോകവാസം വെടിഞ്ഞു് ഇന്ദ്രസ്വർഗ്ഗത്തിലേക്കു പോയപ്പോൾ ദ്രൗപദിയും അവരെ അനുഗമിച്ചു.]

ദ്രൗപദേയൻ-ദ്രൗപദിയുടെ പുത്രൻ.

—:0:—

## ദ്വ

ദ്വന്ദ്വചരം, ദ്വന്ദ്വചാരി—സ്ത്രീയും പുരുഷനുംകൂടി ഒരുമിച്ചു സഞ്ചരിക്കുന്ന ജന്തു, ചക്രവാകപ്പക്ഷി.

ദ്വന്ദ്വഭാവം-പ. ദ്വന്ദ്വത്തിന്റെ അവസ്ഥ, രണ്ടെന്നുള്ള ഭാവം, ശത്രുമിത്രഭാവം. ഉ. കലഹം.

'ഇന്നുനീപരിപാലിക്കുകൊണ്ടല്ലോ
ദ്വന്ദ്വഭാവംധരിത്രിയിലില്ലാതെ'

(സന്താനഗോപാലംപാന)

ദ്വന്ദ്വം-പ ഇരട്ട, ജോടി, ഇണ. ഉ. യുഗ്മം. ന. ഒരു സ്ത്രീയും ഒരു പുരുഷനും കൂടിയ ഇരട്ട സഹകാരിയുമായി ചേരുന്ന രണ്ടെണ്ണം എന്നർത്ഥം. ഭ. സംശയം. ഇ. രഹസ്യം. ന ഒരു സമാസം. രണ്ടു നാമം കൂട്ടിച്ചേർത്ത വാക്ക്.

ദ്വന്ദ്വയുദ്ധം-രണ്ടുപേർതമ്മിലുള്ളയുദ്ധം

ദ്വന്ദ്വരാശി-മിഥുനംരാശി.

ദ്വന്ദ്വസഹിഷ്ണു-സുഖദുഃഖങ്ങളെ സഹിക്കുന്നവൻ, വിപരീതമായുള്ള രണ്ടിനേയും സഹിക്കുന്നവൻ, വിപരീതകാര്യങ്ങളിൽ സമബുദ്ധിയുള്ളവൻ.

ദ്വന്ദ്വഹീനൻ-വിരോധവും അനുകൂലവും ഇല്ലാത്തവൻ, രണ്ടില്ലാത്തവൻ.

ദ്വയം-രണ്ടു്.

ദ്വയാതിഗൻ—അധഃപതനവും മദ്ധ്യമത്തെയും അതിക്രമിച്ചവൻ ഉത്തമൻ, രജോഗുണവും തമോഗുണവും നിശ്ശേഷം വർത്തിക്കുകകൊണ്ടു ശുദ്ധസത്വഗുണവാനായവൻ.

ദ്വയാത്മകം-രണ്ടുഗതിയിലും രണ്ടർത്ഥം ഉണ്ടായിരിക്കുന്നതു്.

ദ്വാതിരിശൽ(ത്തു) വി. മുപ്പത്തുരണ്ടു്.

ദ്വാതിരിശദുപചാരങ്ങൾ-മുപ്പത്തുരണ്ടു് ഉപചാരങ്ങൾ.

അർഘ്യം പാദ്യം ആചമനീയം മധുപർക്കം പുനരാചമനം സ്നാനം നീരാജനം വസ്ത്രം ആചമനം ഉപവീതം പുനരാചമനം ആഭരണം കണ്ണാടിനോക്കുക ഗന്ധം പുഷ്പം ധൂപം ദീപം നിവേദ്യം പാനീയം തോയം പുനരാചമനം കൈ തുടയ്ക്കുക താംബൂലം ചന്ദനം പുഷ്പം ഗീതം വാദ്യം നൃത്തം സ്തുതി പ്രദക്ഷിണം പുഷ്പാഞ്ജലി നമസ്കാരം.

ദ്വാദശചാന്ദ്രമാസങ്ങൾ-മേടം, ഫാൽഗുനം, ചൈത്രം, വൈശാഖം, ജ്യൈഷ്ഠം, ആഷാഢം, ശ്രാവണം, പ്രൌഷ്ഠപദം, ആശ്വിനം, കാർത്തികം, മാർഗ്ഗശീർഷം, പൌഷം ഇവ ക്ര.പ്ര.

ദ്വാദശപുത്രന്മാർ-പന്ത്രണ്ടുവിധം പുത്രന്മാർ.

ക്ര. ഔരസൻ-ഒരുവനു തന്റെ ധർമ്മപത്നിയിലുണ്ടായ പുത്രൻ.

പ്ര. പുത്രികാസുതൻ-സർവ്വസ്വദാനസമ്പ്രദായത്തിൽ വിവാഹം കഴിച്ച പുത്രിയുടെ മകൻ.

ന. ക്ഷേത്രജൻ-രോഗത്താലോ മൃതിയാലോ പുത്രനെ ഉണ്ടാക്കുവാൻ നിവൃത്തിയില്ലാതെ വന്ന പുത്രഷ്ടാന്റെയോ തന്റെ സപിണ്ഡന്മാരുടേയോ നിയോഗപ്രകാരം തന്റെ ഭാര്യയിൽ ഒരു സഗോത്രനോ അന്യനോ പ്രാപിച്ചുണ്ടായ പുത്രൻ.

ര. ഗൂഢജൻ-ഭർത്താവു് ദൂരസ്ഥനാ മറ്റോ ആയിരിക്കുമ്പോൾ ഭാര്യ ജാരസംസർഗ്ഗത്താൽ സമ്പാദിച്ച പുത്രൻ.

ങ. കാന്തീനൻ-കന്യകയായ മകൾക്കു ജാരസംസർഗ്ഗത്താലുണ്ടായ പുത്രൻ.

ത. പൌനർഭവൻ-വിവാഹം കഴിഞ്ഞു ഭർത്താക്കന്മാരുടെ മുമ്പേയോ ഭർത്താവിൽ പിന്നീടെയോ പുനർവിവാഹം കഴിഞ്ഞ സ്ത്രീയിലുണ്ടായ പുത്രൻ.

ഥ. ദത്തകൻ-മാതാവോ പിതാവോ താനായിച്ചു പുത്രൻ.

വ. കൃതകൻ-മാതാപിതാക്കന്മാരുടെ അടുക്കൽ നിന്നു വിലയ്ക്കുവാങ്ങിയ കുട്ടി.

ന. കൃത്രിമൻ-ഒരുവൻ മരിക്കാറാവുമ്പോൾ തന്റെ രക്ഷാക്രിയാദികൾ ചെയ്യുവാൻ വേണ്ടി തന്റെ സകല മുതലിനും അവകാശിയാക്കി സ്വീകരിക്കുന്ന പ്രായം തികഞ്ഞ ഒരു അന്യൻ.

ഫ. സ്വയംദത്തൻ-തന്നത്താൻ മറ്റൊരുവനു വിറ്റവൻ.

ഫ്ര. സഹോഢജൻ-വിവാഹകാലത്തുതന്നെ സ്ത്രീയുടെ ഗർഭത്തിലുണ്ടായിരുന്ന പുത്രൻ.

ഫ്ര. അപവിദ്ധൻ-മാതാപിതാക്കന്മാരാൽ ഉപേക്ഷിക്കപ്പെട്ടതിനാൽ അന്യൻ എടുത്തു വളർത്തുകുട്ടി.

(ഇതു ഗൌതമന്റെ അഭിപ്രായമാകുന്നു.)

ദ്വാദശപ്രാസം - ശബ്ദാലങ്കാരങ്ങളിൽ ഒന്നു്.

ദ്വാദശം-വി. പന്ത്രണ്ടു്.

ദ്വാദശരത്നങ്ങൾ-(നവരത്നങ്ങൾ നോക്കുക)

ദ്വാദശരാശികൾ-മേടം, ഇടവം, മിഥുനം, കർക്കടകം, ചിങ്ങം, കന്നി, തുലാം, വൃശ്ചികം, ധനു, മകരം, കുംഭം, മീനം ഇവ ക്ര.പ്ര.

ദ്വാദശാദിത്യന്മാർ-ക്ര. ധാതാവു്, പ്ര. മിത്രൻ, ന. അര്യ്യമാ, ര ശക്രൻ, ങ.

വരുണൻ, ന. സൂര്യൻ, ഒ ശേഷൻ, വൃ. വിവസ്വാൻ, ൻ. പൂഷാവ്, ഫാ. സവിതാവ്, ഫ്ര. ത്വഷ്ടാവ്, ഫ്ര. വിഷ്ണു.

ദ്വാദശാംഗുലം-നെടുമ്പാൺ, ചെവിയിലും പെരുവിരലും കൂടിയ ചാൺ. (തികഞ്ഞചാൺ ഇതാകുന്നു)

ദ്വാദശി-പന്ത്രണ്ടാമത്തെ തിഥി.

ദ്വാദശിനാളിൽ വൈഷ്ണവന്മാർ വഴ്ത്തിപ്പാനുള്ള ഫല സാധനങ്ങൾ.

ഒട്ടുപാത്രം, മാംസം, മദ്യം, തേൻ, ഹിംസ, തൈലം, അസത്യം, പൂതുകുളി, പകലുറക്കം, വ്യായാമം, കോപം, മൈഥുനം.

'കംസ്യംമാംസംസുരാംക്ഷൗദ്രം
ഹിംസാംതൈലമസത്യമാം
പൂതകീഡാംദിവാനിദ്രാം
വ്യായാമംക്രോധമൈഥുന
ദ്വാദശ്യാംപ്രാപ്തദേശേതാനി
വൈഷ്ണവർപേർ വഴ്ത്തുയേൽ'

ദ്വാപരൻ-മൂന്നാംയുഗത്തിന്റെ അധിപൻ

ദ്വാപരം-ഫ മൂന്നാംയുഗം. ഫ. സംശയം. രണ്ടു പക്ഷങ്ങളും പ്രധാനങ്ങളായി വെച്ചുള്ളത് എന്നർത്ഥം.

നമ്മുടെ മനുഷ്യവർഷം=ഒരു ദേവവർഷം. 360 ദേവവർഷം=ഒരു ദ്വാപരയുഗം.

ദ്വാരു-ദ്വാരം.

ദ്വാരക-കൃഷ്ണന്റെ പ്രധാന നഗരം. ദ്വാരിക, ദ്വാരവതി, ദ്വാരാവതി എന്നീ രൂപങ്ങളും ഉണ്ട്.

കൃഷ്ണൻ ഉത്തരായണം പ്രാപിച്ച ഒരു ദിവസം ഈ നഗരം കേറി നശിച്ചു.

ദ്വാരദേശം-തെക്കേരം.

ദ്വാരപാലൻ-വാതിൽ കാക്കുന്നവൻ.

ദ്വാരപാലലക്ഷണചതുഷ്ടയം - ഒരു ചിന്ത, കൈക്കരുത്ത്, സൌമുഖ്യം, ചാതുര്യം ഇവ നാലും.

ദ്വാരപിധാനം-വാതിലിന്റെ പൂട്ട്.

ദ്വാരബലിളക്ക്-കൊക്ക്.

ദ്വാരം-ഫ. വാതിൽ, അകത്തേയ്ക്കു കടപ്പാനുള്ള വഴി. മറയ്ക്കുന്നത്, അപരിചിതന്മാരുടെ ഗതിയെ തടുക്കുന്നത് എന്നിങ്ങനെ അർത്ഥം. മറ്റൊരു പര്യായം-പ്രതീഹാരം (പ്രതിഹാരം). ഉ. സുക്കിരം, ഓട്ട.

ദ്വാരയന്ത്രം-പൂട്ട്.

ദ്വാരവതി, ദ്വാരാവതി-ദ്വാരക.

ദ്വാരവൃത്തം-മുക്ക്.

ദ്വാരസ്തംഭം-പടിക്കാൽ.

ദ്വാരസ്ഥ-വി. വാതിലിങ്കൽ നില്ക്കുന്ന.

ദ്വാരസ്ഥൻ-വാതിൽ കാക്കുന്നവൻ.

ദ്വാരിക-ദ്വാരക.

ദ്വാരികൻ-വാതിൽ കാക്കുന്നവൻ.

ദ്വാസ്ഥ-വി. വാതിലിങ്കൽ നില്ക്കുന്ന.

ദ്വാസ്ഥചതുഷ്ടയം-ശ്രീകൃഷ്ണന്റെ ശ്രീപുരം സൂക്ഷിപ്പുകാരായ നാലുപേർ. കിഴക്കു പീതൻ, തെക്കു നീലപ്രഭൻ, പടിഞ്ഞാറു ശോണൻ, വടക്കു രുക്മൻ.

ദ്വാസ്ഥൻ-വാതിൽ കാവല്ലാരൻ.

'ദ്വാസ്ഥന്മാരതുകേട്ടു വേഗേനചെന്നു
തെഴുന്നുദ്വാസ്ഥയാ'

(അദ്ധ്യാത്മരാമായണം)

ദ്വാസ്ഥലക്ഷണചതുഷ്ടയം - ഒരുചിന്ത്യം, കൈയ്യുക്ക്, സുമുഖത, ചതുരത.

ദ്വാസ്ഥിതദർശകൻ-വാതിൽ കാവല്ലാരൻ.

ദ്വാസ്ഥിതൻ-വാതിൽ കാവല്ലാരൻ.

ദ്വാസ്ഥിതാദർശി-വാതിൽകാവല്ലാരൻ

ദ്വി-വി. രണ്ടുമടങ്ങായ.

ദ്വികകാകം-ഫ. ചക്രവാകപ്പക്ഷി. ഉ. കാക്ക.

ദ്വികകുത്ത്-ഒട്ടകം.

ദ്വികം-ഫ. രണ്ട്. ഉ. ചക്രവാകപ്പക്ഷി. ന. കാക്ക

ദ്വിഗുണ-വി. ഇരട്ടിയുള്ള, ഇരട്ടിച്ച.

ദ്വിഗുണാകൃത-വി. ഇരച്ചുവലുപ്പമുള്ള.

ദ്വിഗുണാകൃതം-ഇരച്ചുവലുപ്പമുള്ള നിലം.

ദ്വിഗുണിതം-ഇരട്ടിക്കപ്പെട്ട.

ദ്വിഗുണീകരിക്ക-ഇരട്ടിക്ക.

ദ്വിഗുണീകൃതം-ഇരട്ടിക്കപ്പെട്ട.

ദ്വിജ-ഒരങ്ങാടിമരുന്ന്, അരണകം.

ദ്വിജൻ-പ. ബ്രാഹ്മണൻ. ഉ. ക്ഷത്രിയൻ. നു. വൈശ്യൻ. ഭ. ചന്ദ്രൻ.

ദ്വിജന്മാവ്-പ. ബ്രാഹ്മണൻ. ഉ. ക്ഷത്രിയൻ. നു. വൈശ്യൻ. ഭ. പല്ല്. ഇ. മുട്ടയിൽനിന്നു ജനിക്കുന്ന ജന്തു.

ദ്വിജപതി-പ. ചന്ദ്രൻ. ഉ. കർപ്പൂരം.

ദ്വിജം-പ. പക്ഷി. ആദ്യം മുട്ടയായിട്ടും അതിന്റെ ശേഷം മുട്ടവിരിഞ്ഞു കുട്ടിയായിട്ടും ഇപ്രകാരം രണ്ടുപ്രാവശ്യം ജനിക്കുന്നതു എന്നർത്ഥം. ഉ. സർപ്പം. നു. പല്ല്. ഭ. ബ്രാഹ്മണൻ. ഇ. ക്ഷത്രിയൻ. നു. വൈശ്യൻ. ദ്വിജശബ്ദത്തിനു രണ്ടുപ്രാവശ്യം ജനിക്കുന്നതു എന്നു ശബ്ദാർത്ഥം.

ദ്വിജരാജൻ-പ. ചന്ദ്രൻ. ദ്വിജന്മാരുടെ (ബ്രാഹ്മണരുടെ) രാജാവു (നാഥൻ) എന്നർത്ഥം. ഉ. ബ്രാഹ്മണശ്രേഷ്ഠൻ. നു. ശരഭൻ. ദ്വിജങ്ങളുടെ (പക്ഷികളുടെ) നാഥൻ എന്നർത്ഥം.

ദ്വിജാ-പ. ചെഞ്ചീര. ഉ. അരേണുകം. രണ്ടുതരത്തിലുണ്ടാകുന്നതു്, രണ്ടുതവണയുണ്ടാകുന്നതു് എന്നർത്ഥം. നു. ചെറുതേക്കു്.

ദ്വിജാതി-ബ്രാഹ്മണൻ. രണ്ടു ജനനമുള്ളവൻ എന്നർത്ഥം.

മാതാവിൽനിന്നും ജനിക്കുന്നതു ഒരു ജന്മം; ഉപനയനം മറെറാരുജന്മം. ഉപനയനസമ്പ്രദായത്തിൽ ഉണ്ണിയെ ദേവകളുടെ കൈയിൽ കൊടുക്കുകയും അനന്തരം ഉപനയനാർത്ഥമായി അവരോടു യാചിക്കയും ചെയ്യുന്നു എന്നതത്രേ സംകല്പം. ദേവലോകത്തുപോയി തിരിയെ വന്നതു രണ്ടാമത്തെ ജന്മമായി വിചാരിച്ചിരിക്കുന്നു.

'ദ്വിജാതിരേവാദുപപന്നചാപലഃ'
(കുമാരസംഭവം)

ദ്വിജാംഗി-കടുരോഹിണി.

ദ്വിജിഹ്വൻ-പ. പാമ്പു്. ഉ. ഏഷണിക്കാരൻ. രണ്ടു നാവുള്ളതിനാൽ ഈ പേർ വന്നു

'കേമത്വംപുണ്ഡരീകശതിയാ
മബ്ജേജംശദ്വിജിഹ്വ
സ്തോമത്തോടസ്ഥയത്രവസവേ!
സാധുബുധ്യാവിചാരാധം'

ദ്വിജിഹ്വശബ്ദത്തിനു 'പാമ്പു്' എന്നും 'ഏഷണിക്കാരൻ' എന്നും അർത്ഥമുണ്ടെന്നു ഈ ഉദാഹരണം തെളിയിക്കുന്നു.

ശരഭൻ പണ്ടു മന്ഥരവിന്റെ ഭാസ്യം ഒഴിപ്പാൻ ദേവലോകത്തുനിന്നു അമൃതകലശം കൊണ്ടുവന്നു സർപ്പങ്ങൾക്കു നൽകി. അതിനെ അവർ ഭക്ഷിച്ചിരിച്ചു അതിന്മേൽ വെച്ചിട്ടു കളിപ്പാനായി പോയപ്പോൾ ഇന്ദ്രൻ അതിനെ മോഷ്ടിച്ചുകൊണ്ടു പോയി. സ്നാനം കഴിഞ്ഞു തിരിയെ വന്ന സർപ്പങ്ങൾ അമൃതകലശം കാണാഞ്ഞു വിഷമിച്ചു അന്തിന്നു ഭക്ഷയെ നക്കി. അനന്തരം അവരുടെ നാവു രണ്ടായി കീറി. ഇതുകൊണ്ടത്രേ അവർ ദ്വിജിഹ്വന്മാരായി തീർന്നതു്.

ദ്വിജിഹ്വാ-പാമ്പു്. രണ്ടുനാവുള്ളതെന്നർത്ഥം.

ദ്വിട്ടു്-ശത്രു ദ്വേഷിക്കുന്നവൻ എന്നർത്ഥം.

ദ്വിതയം-രണ്ടു്.

ദ്വിതീയ-വി. രണ്ടാമത്തെ.

ദ്വിതീയ-പ്ര. രണ്ടാംതിഥി. ഉ. രണ്ടാംവിരേതി. സ. മാസ്സ്. രണ്ടു തികയ്ക്കുന്നവരം എന്നർത്ഥം. സീതാദ്വിതീയൻ = സീതയാകുന്ന മാസ്സയെ കൂടിയവൻ. സീതയെ കൂടിയപ്പോൾ രണ്ടാം തികഞ്ഞു എന്നു താൽപര്യം.

ദ്വിതീയവയസ്സ്-പ്രായപൂർണ്ണം.

ദ്വിതീയാകൃത-ഇരുച്ചാലുഴുത നിലം.

ദ്വിതീയാഭാ-മരമഞ്ഞൾ.

ദ്വിത്രിരുക്തം-രണ്ടു മൂന്നുവട്ടം പറക.

ദ്വിത്വം-രണ്ടെന്നുള്ള ഭാവം.

ദ്വിധാ-അ. രണ്ടുപ്രകാരം.

ദ്വിധാഗതി-ഞണ്ട്.

ദ്വിധാത്മകം-ദ്വൈതിക്ക.

ദ്വിപക്ഷം-വിക്ഷമാവട്ടം. ഒരേ സമയത്തു സൈകര്യമില്ലാതെ രണ്ടു പ്രവൃത്തികളും ചെയ്യേണ്ടതത്യാവശ്യമായി വരുക

ദ്വിപദ-വി. രണ്ടു കാലുള്ള.

ദ്വിപൻ-പ്ര. ആന. 'ദ്വിപാദ്യം ഗൃണ്ഡാമുഖാദ്യം പിബതി' കൈകൊണ്ടും മുഖംകൊണ്ടും പാനം ചെയ്യുന്നത്. ആദ്യം തുമ്പിക്കൈകൊണ്ടു പാനം ചെയ്യുക; പിന്നീട് ആ കൈതന്നെ വായിലാക്കി കുടിക്കുക.

'മത്തദ്വിപപ്രൈഷമേത്തസങ്ഗാരിണീ' ഉ. നാകപ്പൂവ്.

ദ്വിപാ-പിടിയാന,

ദ്വിപാത്തു-വി. രണ്ടു കാലുള്ള.

ദ്വിപാദ്യം-ഇരട്ടിയ്ക്കൽ, നിയമപ്രകാരം ശിക്ഷിക്കേണ്ടതിൽ ഇരട്ടിയായ ശിക്ഷ. രണ്ടു പാദങ്ങളും (പരിണാമങ്ങളും) ഉള്ളതു എന്നർത്ഥം.

ദ്വിഭാഷി-രണ്ടുഭാഷ സംസാരിക്കുന്നവൻ

ദ്വിഭുക്ക്-കീരി.

ദ്വിമാതൃജൻ-പ്ര. ഗണപതി. ഉ. രണ്ടമ്മമകൻ.

ദ്വിരദനം-ആന.

ദ്വിരദം-ആന. രണ്ടു വിശേഷപ്പെട്ട പല്ലുകളും (കൊമ്പുകളും) ഉള്ളതു എന്നർത്ഥം.

'ദ്വിരദമുഖനനാകം ദേവമേകദന്തം [പ്രമോദേൽ'

ദ്വിരദാന്തകം-സിംഹം.

ദ്വിരദാരാതി-പ്ര. സിംഹം. ഉ. കൊട്ടിമൻ.

ദ്വിരദാശനം-പ്ര. സിംഹം. ഉ. അരയാൽ.

ദ്വിരസനം-പാമ്പ്, രണ്ടു നാവുള്ളതു എന്നർത്ഥം.

ദ്വിരാപം-പാമ്പ്.

ദ്വിരുക്തം-വി. രണ്ടുവട്ടം പറയപ്പെട്ട.

ദ്വിരുക്തി-രണ്ടുപ്രാവശ്യം ഒരു പദം പ്രയോഗിക്ക.

ദ്വിരേഫം-വണ്ട്. ഭ്രമരം എന്ന പദ്യാംശത്തിൽ രണ്ടു രേഫാക്ഷരങ്ങളും ഉള്ളതുകൊണ്ടു ഈ പേർ സിദ്ധിച്ചു

ദ്വിവചനം-രണ്ടു വാക്ക്, രണ്ടാമത്തെ വചനം.

ദ്വിവർഷാ-രണ്ടു വയസ്സ് പ്രായമായ പശു.

ദ്വിവിദൻ-പ്ര. വാനരരൂപിയായ ഒരസുരൻ.

ബലരാമനുമായി യുദ്ധം ഉണ്ടായി. കാരണം ദ്വിവിദൻ ഹലായുധം മോഷ്ടിച്ചതായിരുന്നു. ദ്വിവിദൻ തോല്പിക്കപ്പെട്ടു. ഇവൻ ഒരു പർവതത്തിനുമേൽ വീണു. അനന്തരം അതു ദ്വിവിദന്റെ ദേഹത്തിനും ഭാരം നിമിത്തം യുഗക്ഷയമായി ചിതറി.

ഉ. ശ്രീരാമന്റെ ഒരു വാനരസേനാപതി.

ദ്വിവിധം-വി. രണ്ടുപ്രകാരത്തുള്ള.

ദ്വിഷ്, ദ്വിഷം(ട്ട്)-ശതൃ. ദ്വേഷിക്കുന്നവനെന്നർത്ഥം.

ദ്വിഷൽ-ശതൃ. ദ്വേഷിക്കുന്നവനെന്നർത്ഥം

ദ്വിഷന്തപ-വി. ശതൃവിനെ ദുഃഖിപ്പിക്കുന്ന

ദ്വിഷാംപതി-സുഗ്രീവൻ പന്ത്രണ്ടു കോടിയുള്ളവൻ.

ദ്വിഷ്ടതാ-ദ്വേഷം.

'ഇഷ്ടപ്രാണേശ്വരിയുടെ വിയോഗത്തിനാലും നാരേന്ദ്ര ദ്വിഷ്ടതയാൽ'
(മയൂരസന്ദേശം)

ദ്വിഷ്ടൻ-ശതൃ.

ദ്വിഷ്ടം-ചെമ്പ്.

ദ്വിഷ്ടി-വി. ദ്വേഷിക്കപ്പെട്ട.

ദ്വിസപ്തതി-വി. എഴുപത്തുരണ്ട്.

ദ്വിസീത്യം-ഇരുപ്പുറപ്പുഴുത നിലം.

ദ്വിഹല്യം-ഇരുപ്പുറപ്പുഴുത നിലം.

ദ്വിഹായനി-രണ്ടുവയസ്സുചെന്ന പശു

ദ്വീപ-പ്ര തുരുത്ത്, നാലുപുശവും വെള്ളത്തുകൽ ചുറപ്പെട്ട സ്ഥലം, വെള്ളത്തിനെറ മദ്ധ്യത്തിലുള്ള തട്ടം. ഭൂമിയെ രണ്ടായി ഗണിപ്പിക്കുന്നതു, രണ്ടു പ്രകാരത്തിലുള്ള അപ്പുകളോടുകൂടിയതു്. (ഒഴുകുന്ന വെള്ളം ദ്വീപിന്മേൽ ചെന്നു മുട്ടി രണ്ടായി പിരിഞ്ഞു ഒഴുകാവുണ്ടല്ലൊ) ഉം കാവേരിനദിയുടെ മദ്ധ്യസ്ഥിതമായ 'ശ്രീരംഗപട്ടണം'. ഉ. തക്കോലം.

ദ്വീപവതി-നദി, പുഴ. തുരുത്തുകൾ ഉള്ളതു്.

ദ്വീപവാൻ-കടൽ.

ദ്വീപശതു-ശതാവരി.

ദ്വീപാന്തരം-അന്യ ദ്വീപു്.

ദ്വീപി-പ്ര. കടുവാ. ഉ. പുലി. രണ്ടുതരം നിറമുള്ളതു് എന്നർത്ഥം. ദ്വീപം വാസസ്ഥാനമായിട്ടുള്ളതു എന്നുമർത്ഥം, ന. ചെറുവഴുതിന.

ദ്വീപികാ-ശതാവരി.

ദ്വീപുകം—ലോകം മേരുപർവ്വതത്തിനെറ ചുറമുള്ള ഏ ദ്വീപുകളായി മറഞ്ഞിരിക്കപ്പെട്ടിരിക്കുന്നു.

ദ്വീപുകം-പ്ര. ജംബുദ്വീപം. ഉ. ശാകമേകദ്വീപം ന. ശാല്മലിദ്വീപം. ഭ കുശദ്വീപം. ങ. ക്രൌഞ്ചദ്വീപം. ന ശാകദ്വീപം. ഒ. പുഷ്കരദ്വീപം. ഇവയത്രേ സപ്തദ്വീപുകം. ഇവയുടെ ചുറമുള്ള സമുദ്രങ്ങളും-പ ലവണസമുദ്രം ഉ. ഇക്ഷുസമുദ്രം. ന. സുരാസമുദ്രം. ഭ. ഘൃതസമുദ്രം. ങ. ദധിസമുദ്രം. ന. ക്ഷീരസമുദ്രം. ഒ. ജലസമുദ്രം. ഇവകളെ സപ്തസമുദ്രങ്ങളും എന്നു പേർ.

ജംബുദ്വീപത്തിനു ൻ വർഷങ്ങളും ഉണ്ടു്. പ. ഭാരതവർഷം. ഉ. കിംപുരുഷവർഷം ന. ഹരിവർഷം ഭ. ഇളാവൃതവർഷം. ങ. രമ്യകവർഷം. ന. ഹിരണ്മയവർഷം. ഒ. ഉത്തരകുരുവർഷം വ. ഭദ്രാശ്വവർഷം. ൻ. കേതുമാലവർഷം ഇവയാകുന്നു.

ഇവയിൽ ഭാരതവർഷം പ. ഇന്ദ്രദ്വീപം ഉ കശേരുമദ്വീപം. ന. താമ്രവർണ്ണദ്വീപം. ഭ ഗഭസ്തിമദ്വീപം. ങ നാഗദ്വീപം ന സൌമ്യദ്വീപം. ഒ. ഗന്ധർവ്വദ്വീപം വ. വാരുണദ്വീപം ൻ. കുമാരകദ്വീപം ഇങ്ങിനെ ഒമ്പതായും മറഞ്ഞിരിക്കുന്നു.

ദ്വീപ്യൻ-പ്ര. വ്യാസൻ. ഉ. ശുകൻ.

ദ്വീപ്യാ-പ്ര. പേരീത്തം. ഉ. ശതാവരി.

ദ്വേധാ-അ. രണ്ടുപ്രകാരം.

ദ്വേഷ്ണൻ-ശതു. ദ്വേഷശീലൻ എന്നർത്ഥം.

ദ്വേഷ്(ണ)ം-പ്ര. ശതുത, രണ്ടുവരം, ഇങ്ങോട്ട് ഉപദ്രവിച്ചുവരെ അങ്ങോട്ടും ഉപ

ദ്വേഷിക്കുന്നതെന്തുള്ള ആധ്യാത്മം. ക. ദ്വേഷസാധനങ്ങളിൽ ഉണ്ടാകുന്ന നിന്ദ.

ദ്വേഷി-ത്രി.

ദ്വേഷിക്കുന്ന-നിന്ദിക്കുന്ന, വെറുക്കുന്ന, പകയ്ക്കുന്ന.

ദ്വേഷ്ടാവു്-നിന്ദിക്കുന്നവൻ, വെറുക്കുന്നവൻ, പകയ്ക്കുന്നവൻ.

ദ്വേഷ്യ-വി. ദ്വേഷിക്കപ്പെടുവാൻതക്ക.

ദ്വേഷ്യപ്പെടുന്നു, ദ്വേഷ്യപ്പെടുന്നു-കോപിക്കുന്നു.

ദ്വൈഗുണ്യം-ക. ഇരട്ടിപ്പു് ക. സത്വരജസ്തമോഗുണങ്ങളിൽ വച്ചു രണ്ടു ഗുണങ്ങളുണ്ടായിരിക്കുക.

ദ്വൈതം-ക. രണ്ടുണ്ടെന്നുള്ള ഭാവം. ക. ഒരു വാദം.

(ദ്വൈതവനത്തിൽ പാണ്ഡവർ വസിച്ചിട്ടുണ്ടു്.)

'വാരിജാക്ഷൻ തന്നെയന്ന
[വാസരംഭജിച്ചു
രെധൗമ്യമോടേദ്വൈതകാന
[നാന്തരേവസിച്ചു'
(കിരാത കഥാപ്രസംഗം)

ദ്വൈതമതം-ജീവേശ്വരന്മാർക്കു ഭേദത്തെ സ്ഥാപിക്കുന്ന ഒരു മതം. (ഈ മതക്കാർ താർക്കികന്മാർ, മധ്വാചാര്യർ മുതലായവർ).

ദ്വൈതീയക-വി. രണ്ടാമതുള്ള

ദ്വൈധ-വി. രണ്ടുപ്രകാരമായ.

ദ്വൈധം-ക രണ്ടുപ്രകാരം. ക. സന്ധിമുതലായ ആറു(ക്ഷാം)ഗുണങ്ങളിൽ ഒന്നു് രണ്ടുപ്രകാരം=ബലവാനോടു സന്ധിക്കുക, ബലഹീനനോടു വിഗ്രഹിക്കുക (ഇപ്രകാരം തരാതരംപോലെ ചെയ്യുക)

ദ്വൈധീഭാവം-ക. രണ്ടുണ്ടെന്നുള്ള ഭാവം. ക. ആറു നയങ്ങളിൽ ഒന്നു്, ശത്രുവിനെയും സ്വന്തം നിലയിൽ വർത്തിക്കുന്നതിനെയും സേനയെ രണ്ടായി തിരിച്ചു രണ്ടു സ്ഥലത്തിൽ ഏർപ്പെടുത്തുന്നതിനും ഭേദോപായം എന്നു പേർ.

ദ്വൈപം-ക പുലിത്തോൽകൊണ്ടു മറയ്ക്കപ്പെട്ട തേർ. ദ്വീപിയുടെ (വ്യാഘ്രത്തിന്റെ) ചർമ്മംകൊണ്ടു് ആവൃതമെന്നർത്ഥം. ക. പുലിത്തോൽ.

ദ്വൈപായനൻ- വേദവ്യാസമഹർഷി, ദ്വീപത്തിലുണ്ടായവൻ

ദ്വൈപമാതുര-വി. പെറന്നമ്മയും വളർത്തമ്മയും ഇങ്ങിനെ രണ്ടമ്മമാരോടുള്ള.

ദ്വൈപമാതുരൻ-ക ഗണപതി. പാർവ്വതിയും ഗംഗയും ഇങ്ങിനെ രണ്ടമ്മമാരോടുകൂടിയവൻ എന്നർത്ഥം. രണ്ടു മാതാക്കന്മാരുടെ പുത്രൻ-പാർവ്വതി ആത്മാഹസ്തനിവേക്ഷവും പിന്നീടു് അതിനെ ത്യജിച്ചു സ്വവേക്ഷവും അംഗീകരിച്ചിരുന്നവല്ലോ. ആ പാർവ്വതിയുടെ പുത്രൻ എന്നമ്മയാവാം. ബാല്യത്തിൽ ദുർഗ്ഗയും ചാമുണ്ഡയുംകൂടി രക്ഷിച്ചതിനാൽ ഈ പേരുണ്ടായി എന്നും അഭിപ്രായം കാണുന്നു. ക. ജരാസന്ധൻ.

ദ്വൈപമാരുകം-മഴയാലും നദികളാലും പോഷിപ്പിക്കപ്പെട്ട രാജ്യം.

ദ്വൈപമായനൻ—രണ്ടമ്മമകൻ. മറ്റൊരു പര്യായം-ദ്വിമാതൃജൻ.

ദ്വൈരാജ്യം – രണ്ടു രാജാക്കന്മാരാൽ വിഭാഗിച്ചുകൊടുക്കപ്പെട്ട ഒരു രാജ്യം.

ദ്വൈവാർഷികം- വി. രണ്ടുവർഷങ്ങൾകൂടുമ്പോളുണ്ടാകുന്ന.

ദ്വൈവിദ്ധ്യം-രണ്ടുപ്രകാരമുള്ള ഭേദം.

ദ്വൈസമിക-വി. രണ്ടുവർഷം കഴിഞ്ഞ.

ദ്വൈഹായനം-രണ്ടുവർഷകാലം.

ദ്വ്യഗ്രദന്തം-രണ്ടറ്റങ്ങളിലുമുള്ള പല്ലു്.

ദ്വ്യർത്ഥം-ചെമ്പു്. സ്വർണ്ണം വെള്ളി ഇവ രണ്ടിലും ചേരുന്നതെന്നർത്ഥം.